# കേരളസഭാപ്രതിഭകൾ

## ഒന്നാം ഭാഗം



ജോൺ കച്ചിറമറ്റം

# കേരളസഭാപ്രതിഭകൾ

(ഒന്നാം ഭാഗം)

ജോൺ കച്ചിറമറ്റം

www.malankaralibrary.com

MALAYALAM

**KERALA SABHA PRETHIBHAKEL**

FIRST PUBLISHED : 30-05-2006
PUBLISHED BY : DR. KACHIRAMATTAM FOUNDATION
COPY RIGHT : DR. KACHIRAMATTAM FOUNDATION
DTP SETTING : C-CAD COMPUTERS, ERATTUPETTA Ph:272852
COVER DESIGN : MILEN JACOB (GRATIA KOTTAYAM)
PRINTED AT : DEEPIKA OFFSET PRINTERS, KOTTAYAM
PRICE : Rs. 1200/-

## ഡോ.കച്ചിറമററം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

1. കേരളസഭാ പ്രതിഭകൾ - ജോൺ കച്ചിറമറ്റം
2. നായർ ഈഴവ ഐക്യം - ജോൺ കച്ചിറമറ്റം
3. തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ - ജോൺ കച്ചിറമറ്റം
4. തച്ചിൽ മാത്തുത്തരകൻ - ജീവചരിത്രം - ജോൺ കച്ചിറമറ്റം
5. പാപ്പായുടെ നാട്ടിൽ - യാത്രാവിവരണം - ജോൺ കച്ചിറമറ്റം
6. പ്രസിഡണ്ടിന്റെ കത്തുകൾ - ജോൺ കച്ചിറമറ്റം
7. കേരള സഭാരത്നങ്ങൾ - ഒന്നാംഭാഗം - ജോൺ കച്ചിറമറ്റം
8. കേരള സഭാരത്നങ്ങൾ - രണ്ടാംഭാഗം - ജോൺ കച്ചിറമറ്റം
9. ഷെവ. ഇലഞ്ഞിക്കൽ കുഞ്ഞിത്തൊമ്മൻ ജീവചരിത്രം - ജോൺ കച്ചിറമറ്റം
10. ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും - ജോൺ കച്ചിറമറ്റം
11. വചനപ്രകാശം - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
12. കുരിശിന്റെ വഴി - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
13. Homilies and Reflections (1st part) - Rev.Dr.A.Kachiramattam
14 Homilies and Reflections (2nd part) - Rev.Dr.A.Kachiramattam
15. Why American youth Turn to Budha "
16. Evolution in the human concept of God "
17. Re-discovery of India "
18. Catholic Eastern Churches "
19. Prepare the way of the Lord "
20. ഓശാന - ഗവേഷണങ്ങളുടെ തനിനിറം - ജോൺകച്ചിറമററം

## പണിപ്പുരയിൽ

ജാത്യൈക്യസംഘം (ചരിത്രം) - ജോൺകച്ചിറമററം
കേരള സഭാരത്നങ്ങൾ - മൂന്നാം ഭാഗം - ”
കേരളദാസൻ എം.എം.വർക്കി ജീവചരിത്രം - ”

www.malankaralibrary.com

# കേരളസഭാപ്രതിഭകൾ

(ഒന്നാം ഭാഗം)

ജോൺ കച്ചിറമറ്റം

പ്രസിദ്ധീകരണം

ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ

വിഴക് പി.ഒ., കോട്ടയം ജില്ല, കേരള - 686655
ഫോൺ - 04822 - 260434, 261102, 260071

www.malankaralibrary.com

## ജോൺ കച്ചിറമറ്റം

രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരുപതാ കോർപ്പറേററ് എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെൻറ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.

കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്നനിലയിൽ മഹാ സമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാരവിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്ത രാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മഭടൻ എന്നീ നിലകളിൽ അറി യപ്പെടുന്നു.

1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ, കാനഡ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും പര്യടനം നടത്തി.

1988 -ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തി യിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർ ത്തോമ്മാ അവാർഡ് 2003-ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്)

നാലുദശാബ്ദക്കാലമായി എ.കെ.സി.സിയുടെയും കേരള കാത്തലിക് ഫെഡ റേഷന്റെയും നേതൃസ്ഥാനത്ത് പ്രവർത്തിക്കുന്ന കച്ചിറമറ്റം ക്രൈസ്തവ വിദ്യാഭ്യാസ അവകാശസംരക്ഷണ സമിതിയുടെ ജനറൽ സെക്രട്ടറിയുമാണ്. മററു വിവിധ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ

www.malankaralibrary.com



# സമർപ്പണം

ക്ലാരസഭാംഗമായ എന്റെ പ്രിയസഹോദരി സി. ആനി ജോൺ കച്ചിറമറ്റത്തിന്റെ പ്രഥമവ്രതവാഗ്ദാനത്തിന്റെ കനക ജൂബിലി വർഷമാണ് 2006 - 2007, ജൂബിലി വർഷത്തിലാണ് 75 വയസ്സ് സിസ്റ്ററിന് പൂർത്തിയാകുന്നതും. (29-10-2006) ക്ലാരസ ഭയുടെ അവിഭക്ത തലശ്ശേരി പ്രോവിൻസിലും പാലാ പ്രോവിൻ സിലും വിവിധ ഭവനങ്ങളിൽ സുപ്പീരിയറായും വിവിധ സ്കൂളു കളിൽ അദ്ധ്യാപികയായും സേവനം അനുഷ്ഠിച്ച സി. ആനി ജോൺ തലശ്ശേരി രൂപതയിലെ ആദ്യകാല പ്രേഷിത പ്രവർത്ത കയുമാണ്.

സിസ്റ്ററിന്റെ കനകജൂബിലി വർഷത്തിന്റെ ആരംഭദിവസ മായ മേയ് 30 ന് ഈ ഗ്രന്ഥം പ്രകാശനം ചെയ്യാൻ സാധി ച്ചതും ഒരു ഭാഗ്യമായി കരുതുന്നു. ജൂബിലി - ജന്മദിന ആഘോ ഷങ്ങളുടെ ശാശ്വതസ്മരണക്കായി കേരളസഭാപ്രതിഭകൾ എന്ന ഈ ബൃഹദ്ഗ്രന്ഥം ആനന്ദത്തോടും അതിലേറെ അഭിമാന ത്തോടും കൂടി സവിനയം സമർപ്പിക്കുന്നു.

www.malankaralibrary.com

# ഉള്ളടക്കം


ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
ഉപോദ്ഘാതം : പ്രൊഫ. മാത്യു ഉലകംതറ
ആമുഖം
1 അഗസ്റ്റിൻ ഇല്ലിക്കൽ ............ 697
2 അഗസ്റ്റിൻ വല്ലൂരാൻ Fr. ............ 1319
3 അഗസ്റ്റിൻ വാലുമ്മേൽ Fr. ............ 1043
4 അഗസ്റ്റിൻ വി.വി. ............ 1022
5 അന്തോനി എ.ഡി. ............ 559
6 അനസ്താസിയാ H.M. Sr. ............ 97
7 അലക്സാണ്ടർ പയ്യപ്പള്ളി Mgr. ............ 237
8 അലക്സാണ്ടർ പി. വർഗ്ഗീസ് ............ 372
9 അൽഫോൻസ് ലിഗോറി ............ 689
10 അന്നമ്മ പൈകട ............ 299
11 അബ്രാഹം അടപ്പൂർ Fr. ............ 209
12 അബ്രാഹം അറയ്ക്കൽ ............ 794
13 അബ്രാഹം കൈപ്പൻപ്ലാക്കൽ Fr. ............ 42
14 അബ്രാഹം മറ്റം Bp. ............ 133
15 അബ്രാഹം പോണാട്ട് Fr. ............ 1191
16 അബ്രാഹം വലിയപറമ്പിൽ Fr. ............ 25
17 ആന്റണി അമ്പാട്ട് ............ 1167
18 ആന്റണി ഇരിമ്പൻ Fr. ............ 291
19 ആന്റണി ഇ.പി. ............ 269
20 ആന്റണി ഐസക് ............ 1110
21 ആന്റണി കളരിക്കൽ ............ 348
22 ആന്റണി കൊല്ലംപറമ്പിൽ Mgr. ............ 1437
23 ആന്റണി ചിറയത്ത് Bp. ............ 1027
24 ആന്റണി ചിറപ്പണത്ത് Fr. ............ 1103
25 ആന്റണി വള്ളമറ്റം ............ 777
26 ആന്റണി വാഴപ്പള്ളി ............ 799
27 ആന്റണി വെള്ളാറ ............ 848
28 ആന്റണി പുളിക്കുന്ന് ............ 837
29 ആന്റണി പ്ലാക്കൽ Fr. ............ 1154
30 ആന്റണി നരിതൂക്കിൽ Fr. ............ 35
31 ആന്റണി നിരപ്പേൽ Fr. ............ 764
32 ആന്റണി മഞ്ഞിൽ Fr. ............ 81
33 ആന്റണി മണിപ്പാടം Fr. ............ 130
34 ആന്റണി വി.സി. ............ 664
35 ആന്റണി സി.വി. ............ 681
36 ആന്റോ തോപ്പിൽ ............ 975
37 ആൻഡ്രൂസ് താഴത്ത് Bp. ............ 1391
38 ആൽബർട്ട് നമ്പ്യാപറമ്പിൽ ............ 490
39 ആലീസ്കുട്ടി സി.സി. ............ 1131
40 ഇസഡ് എം. മുഴൂർ Fr. ............ 1259
41 ഇസ്ബെൽ മുഴയിൽ Sr. ............ 1059
42 ഈപ്പൻ എറത്തയിൽ Fr. ............ 1112
43 ഈനാശ് ഒറ്റത്തെങ്ങുങ്കൽ Mgr. ............ 729
44 ഉമ്മൻ അയ്യനേത്ത് Fr. ............ 250
45 എബ്രാഹം കാക്കനാട്ട് Fr. ............ 1214
46 എബ്രാഹം കുര്യൈപ്പ് ............ 309
47 എബ്രാഹം സി.എ. Fr. ............ 105
48 എബ്രാഹം പല്ലാട്ടുകുന്നേൽ ............ 190
49 എമിലിൻ സി.എസ്.എസ്.റ്റി. Sr. ............ 1095
50 എമ്മാനുവൽതെള്ളി Fr. ............ 184
51 എലിസേവൂസ് Sr. ............ 1015
52 എലിസബത്ത് വില്യംസ് Sr. ............ 1316
53 എസ്. പൈനാടത്ത് Fr. ............ 1084
54 എസ്. വെങ്ങാലൂർ Fr. ............ 876
55 ഐസക്മാർക്ലീമിസ് Abp. ............ 1452
56 ഓസ്റ്റിൻപോൾ ............ 818
57 ഔസേഫ് ചാക്കോ Chev. ............ 555
58 ഔസേഫ് എൻ.എ. Chev. ............ 321
59 ഔസേഫ് കെ.റ്റി. ............ 572
60 കമിൽ Fr. ............ 326
61 കിടങ്ങൂർ കെ.സി. ............ 564
62 കിഴക്കേടം എൽ. ............ 470
63 ക്ലിയോപാട്ര Sr. ............ 576
64 കുര്യാക്കോസ് കച്ചിറമറ്റം Fr. ............ 1133
65 കുര്യാക്കോസ് കുന്നശ്ശേരി Abp. ............ 336
66 കുര്യൻ കെ.വി. ............ 345
67 കുര്യൻ മറ്റം Fr. ............ 1261
68 കുര്യൻ മാതോത്ത് Fr. ............ 907
69 കുര്യൻ വേമ്പേനി ............ 148
70 കുര്യാസ് കുമ്പളക്കുഴി ............ 1349
71 കൊർണേലിയസ് ഇലഞ്ഞിക്കൽ Abp. ............ 67
72 ഗബ്രിയേൽ Fr. ............ 46
73 ഗീവർഗീസ് മാർ തിമോത്തിയോസ് Bp. ............ 301
74 ഗീവർഗീസ് പണിക്കർ Fr. ............ 163
75 ഗീവർഗീസ് ചേടിയത്ത് Fr. ............ 1218
76 ഗ്രിഗറി കരോട്ടെമ്പ്രയിൽ Bp. ............ 560
77 ചാൾസ് പൈങ്ങോട്ട് Fr. ............ 500
78 ചാക്കോ കാഞ്ഞൂപറമ്പൻ Fr. ............ 205
79 ചാക്കോ കെ.ജെ. ............ 386
80 ചാക്കോ ജെ.എ. ............ 201
81 ചാക്കോ പി.റ്റി. ............ 323
82 ചാക്കോ വെള്ളിരിങ്ങാട്ട് ............ 1000
83 ചാക്കോ തോട്ടുമാരിക്കൽ Bp. ............ 1321
84 ചെറിയാൻ ആൻഡ്രൂസ് ............ 59
85 ചെറിയാൻ കുനിയന്തോടത്ത് Fr. ............ 1198
86 ചെറിയാൻ തലക്കുളം Fr. ............ 1230
87 ചെറിയാൻ ഗുഡല്ലൂർ ............ 830
88 ചെറിയാൻ സി.എം. Fr. ............ 75
89 ജസ്സി മരിയ Sr. ............ 1283
90 ജിയോ മരിയ Sr. ............ 1338
91 ജിയോ പയ്യപ്പള്ളി Fr. ............ 1222
92 ജിയോ പുളിക്കൽ Fr. ............ 1302
93 ജെയിംസ് എറത്തയിൽ Fr. ............ 960


www.malankaralibrary.com

202 ജോസഫ് മാർ തോമസ് Bp. .......... 1399
203 ജോസഫ് പള്ളിക്കാപറമ്പിൽ Bp. .......... 259
204 ജോസഫ് പവ്വത്തിൽ Abp. .......... 427
205 ജോസഫ് പതാലിൽ Bp. .......... 786
206 ജോസഫ് പനയ്ക്കൽ .......... 1244
207 ജോസഫ് പി.ജെ. .......... 1062
208 ജോസഫ് പൂങ്കുടി .......... 1144
209 ജോസഫ് പാസ്റ്റർ നീലങ്കാവിൽ Bp. .......... 389
210 ജോസഫ് പെരുന്തോട്ടം Bp. .......... 1305
211 ജോസഫ് പൊരുന്നേടം Bp. .......... 1426
212 ജോസഫ് എൻ.യു. .......... 41
213 ജോസഫ് ചാഴൂർ Fr. .......... 683
214 ജോസഫ് ചിറയിൽ Fr. .......... 637
215 ജോസഫ് സി.എച്ച്. .......... 1042
216 ജോസഫ് വി.എ. .......... 1385
217 ജോസഫ് വട്ടോലി .......... 1076
218 ജോസഫ് വൈറ്റില .......... 913
219 ജോസഫ് വന്നേരി .......... 521
220 ജോസഫ് നെച്ചിക്കാട്ട് Fr. .......... 802
221 ജോസഫൈൻ ഓസ്റ്റിൻ .......... 1140
222 ജോയി ജോസഫ് Chev. .......... 784
223 ജോവാൻ ചുങ്കപ്പുര Sr. .......... 1236
224 ജോഷ്വാ മാർ ഇഗ്നാത്തിയോസ് Bp. .......... 1354
225 ടോം ജോസ് .......... 761
226 ടോണി ഫെർണാണ്ടസ് .......... 610
227 ട്രീസാ Sr. .......... 315
228 ഡാനിയേൽ അച്ചാരുപറമ്പിൽ Abp. .......... 910
229 ഡൊമനിക്ക് അക്കര .......... 726
230 ഡൊമനിക്ക് കെ.എ. .......... 676
231 ഡൊമനിക്ക് കോക്കാട്ട് Bp. .......... 509
232 ഡൊമനിക് പ്രസന്റേഷൻ .......... 1323
233 ഡൊമിഷ്യൻ മാണിക്കത്താൻ Fr. .......... 376
234 തങ്കമ്മ അന്ത്രപ്പേർ .......... 99
235 തോമസ് ഇലവനാൽ Bp. .......... 1346
236 തോമസ് ഐക്കര Fr. .......... 722
237 തോമസ് കണിയംപ്ലാവൻ .......... 748
238 തോമസ് കാടൻകാവിൽ Fr. .......... 758
239 തോമസ് കാലായിൽ Fr. .......... 808
240 തോമസ് കെ.വി. .......... 1232
241 തോമസ് കെ.റ്റി. .......... 595
242 തോമസ് ചക്യത്ത് Bp. .......... 813
243 തോമസ് ചക്യത്ത് ജർമനി .......... 1271
244 തോമസ് ചെട്ടിപറമ്പിൽ Fr. .......... 827
245 തോമസ് ചെരിവുപുരയിടം Fr. .......... 889
246 തോമസ് പാറന്നൂർ .......... 805
247 തോമസ് മാർ കുറിലോസ് .......... 1446
248 തോമസ് പി.സി. .......... 1365
249 തോമസ് പി.യു. .......... 1328
250 തോമസ് പൈകട .......... 129
251 തോമസ് സി.എഫ്. .......... 924
252 തോമസ് ജോസഫ് .......... 779
253 തോമസ് മലേക്കുടി Mgr. .......... 790
254 തോമസ് മാത്യു കൊട്ടാരത്തുംകുഴി .......... 480
255 തോമസ് മുണ്ടയ്ക്കൽ .......... 528
256 തോമസ് മുളയ്ക്കൽ .......... 922
257 തോമസ് മേനാംപറമ്പിൽ Abp. .......... 775
258 തോമസ് വി.പി. Chev. .......... 1021
259 തോമസ് വിരുത്തിയിൽ Fr. .......... 381
260 തോമസ് തലച്ചിറ Mgr. .......... 496
261 തോമസ് തിരുതാളിൽ Bp. .......... 707
262 തോമസ് തോപ്പിൽ Fr. .......... 419
263 തോമസ് തൈത്തോട്ടം Fr. .......... 896
264 തെരേസാ കൂട്ടിയാനിയിൽ Sr. .......... 1163
265 തേക്കുംകാട് ജോസഫ് .......... 1093
266 ദേവസ്യാ എ.റ്റി. .......... 312
267 ദേവസ്യാ കെ.പി. .......... 123
268 ദേവസ്യാ പി.സി. .......... 27
269 നോറ Sr. .......... 1052
270 പയസ് Sr. .......... 360
271 പീറ്റർ ചേനപ്പറമ്പിൽ Bp. .......... 374
272 പീറ്റർ തുരുത്തിക്കോണം Bp. .......... 370
273 പീറ്റർ കെ.വി. .......... 1300
274 പീറ്റർ സെലസ്റ്റീൻ എളമ്പാശ്ശേരി Bp. .......... 863
275 പുന്നൂസ് എം.സി. .......... 158
276 പെലാജിയ Sr. .......... 737
277 പോൾ ചിറ്റിലപ്പള്ളി Bp. .......... 592
278 പോൾ പുത്തനങ്ങാടി Fr. .......... 608
279 പോൾ പൊറത്തൂർ .......... 839
280 പോൾ എം.സി. .......... 135
281 പോൾ മാമ്പിള്ളി .......... 546
282 പോൾ വളപ്പില .......... 144
283 പൈലി എം.വി. പത്മഭൂഷൺ .......... 82
284 പ്ലാസിഡ് റോഡ്റിംഗ്സ് .......... 1003
285 ഫിലപ്പ് ഞരളക്കാട് Mgr. .......... 997
286 ഫിലോമിൻ മേരി Sr. .......... 456
287 ഫെർഡിനാന്റ് കായാവിൽ Mgr. .......... 647
288 ഫെലിക്സ് പൊടിമറ്റം Fr. .......... 662
289 ഫ്രാൻസീസ് കെ.സി. .......... 587
290 ഫ്രാൻസീസ് തങ്കശ്ശേരി .......... 1284
291 ഫ്രാങ്കോ Sr. .......... 423
292 ബഞ്ചമിൻമേരി Sr. .......... 1009
293 ബർണർഡിൻ വല്ലത്തറ Fr. .......... 117
294 ബെൻസ് എ.ജെ. .......... 945
295 ബേബൻ വെട്ടിക്കാടൻ .......... 972
296 മത്തായി എ.എം. .......... 713
297 മത്തിയാസ് മുണ്ടാടൻ Fr. .......... 151
298 മാത്യു അറയ്ക്കൽ Bp. .......... 1179
299 മാത്യു ആനിക്കുഴിക്കാട്ടിൽ Bp. .......... 1081
300 മാത്യു ഓലിക്കൽ .......... 1138
301 മാത്യു ഏറത്തയിൽ Fr. .......... 1280
302 മാത്യു ഉഴുന്നാലിൽ Fr. .......... 223
303 മാത്യു ഉലകംതറ .......... 475
304 മാത്യു കണ്ണം .......... 740
305 മാത്യു കണിയാംപറമ്പിൽ Fr. .......... 1088
306 മാത്യു കീമറ്റം Mgr. .......... 1228
307 മാത്യു കെ.എം., പാലാ .......... 247


www.malankaralibrary.com

308 മാത്യു കെ.എം. .................................... 734
309 മാത്യു കെ.എസ്. Fr. ................................ 915
310 മാത്യു കൊച്ചുപറമ്പിൽ ............................ 1117
311 മാത്യു ചാലിൽ Mgr. ................................ 872
312 മാത്യു ചെരിപുറത്ത് Fr. ............................ 771
313 മാത്യു ചെമ്മരപ്പള്ളി Fr. ............................ 503
314 മാത്യു മടുക്കക്കുഴി ................................ 162
315 മാത്യു മഠത്തിക്കുന്നേൽ Fr. ........................ 617
316 മാത്യു മൂലക്കാട്ട് Abp. ............................ 1415
317 മാത്യു മലേപറമ്പിൽ Fr. ............................ 1370
318 മാത്യു മൂഴിയിൽ Fr. ................................ 168
319 മാത്യു വടക്കേമുറിയിൽ Fr. ........................ 1036
320 മാത്യു വാണിശ്ശേരി Fr. ............................ 644
321 മാത്യു വാൾട്ടർ Fr. ................................ 866
322 മാത്യു വെള്ളാങ്കൽ Mgr. ........................ 179
323 മാത്യു വെള്ളാനിക്കൽ Mgr. ........................ 653
324 മാത്യു പൈകട Fr. ................................ 1402
325 മാഞ്ഞൂസ് കളപ്പുരയ്ക്കൽ Fr. ........................ 242
326 മാഗി മേനാംപറമ്പിൽ ............................ 1309
327 മാണി കെ.എം. .................................... 540
328 മാണി എൻ.എം. .................................... 186
329 മാണി പുതിയിടം Fr. ................................ 1334
330 മെറീനാ മദർ Sr. ................................ 399
331 മെറ്റിൽഡാ Sr. .................................... 597
332 മേരി ഇസ്പിരിത്ത് Sr. ............................ 155
333 മേരി ഇടമറ്റം .................................... 366
334 മേരി ജയിൻ Sr. .................................... 1292
335 മേരി ജോസഫൈൻ Sr. ................................ 986
336 മേർളി സി.എം.സി. Sr. ............................ 1430
337 മേബൽ ലിഗോറി .................................... 1126
338 മേരി ലിറ്റി Sr. .................................... 692
339 മേരി തെരാസാ Sr. ................................ 820
340 മോനമ്മ കോക്കാട്ട് ................................ 1290
341 മൈക്കിൾ ഫ്രാൻസീസ് Sr. ........................ 378
342 മൈക്കിൽ കള്ളിവയലിൽ ............................ 172
343 മൈക്കിൾ പനയ്ക്കൽ Fr. ............................ 58
344 ലിനോ മരിയാ സുക്കോൾ Fr. ........................ 54
345 ലിയോ പോൾഡ് വിതയത്തിൽ ........................ 154
346 ലൂക്ക് ഒ.എഫ്.എം. Fr. ............................ 253
347 ലൂക്കോസ് ഇ.ജെ. .................................... 538
348 ലൂക്കോസ് വിത്തുവീട്ടിക്കൽ Fr. .................... 72
349 ലോറൻസ് മുക്കുഴി Bp. ............................ 1388
350 വർക്കി വിതയത്തിൽ Cardinal .................... 274
351 വർക്കി കെ.പി. കുന്നേൽ ............................ 861
352 വർഗീസ് കരിപ്പായിൽ Chev. ........................ 575
353 വർഗീസ് കാഞ്ഞിരത്തുങ്കൽ ........................ 126
354 വർഗീസ് ചക്കാലയ്ക്കൽ Bp. ........................ 1412
355 വർഗീസ് ഒ.എം. .................................... 221
356 വർഗീസ് മേച്ചേരി ................................ 485
357 വർഗീസ് പുത്തൻപുര Mgr. ........................ 918
358 വിക്ടർ ഇസഡ് നരിവേലി Fr. ........................ 782
359 വിജയാനന്ദ് നെടുമ്പുറം Bp. ........................ 884
360 സഖറിയാസ് എലുപ്പുലിക്കാട്ട് Fr. .................... 594
361 സഖറിയാസ് നടയ്ക്കൽ Fr. ............................ 835
362 സഖറിയാസ് പറനിലം Fr. ............................ 1211
363 സ്ഫടികം ജോർജ് .................................... 1364
364 സാധു ഇട്ടിയവിര .................................... 119
365 സിറിൽ ജോൺ ........................................ 1435
366 സിറയക് കണിച്ചായ് Fr. ............................ 860
367 സിറിയക് ജോസഫ് .................................... 1264
368 സിറിയക് തോമസ് .................................... 1136
369 സിറിയക് വാഴയിൽ Fr. ............................ 1046
370 സിറിയക് വി.ജി .................................... 29
371 സിബിയ Sr. ........................................ 966
372 സിറിൽ മാർ ബസേലിയോസ് Abp. .................... 701
373 സിസിലി തോണക്കര എഫ്. സി.സി. Sr. .. 1343
374 സിസിലിയാമ്മ പെരുമ്പനാനി ........................ 947
375 സിപ്രിയൻ ഇല്ലിക്കമുറി Fr. ........................ 454
376 സിപ്പി പള്ളിപ്പുറം ................................ 1100
377 സിഫേറിയ Sr. ........................................ 1115
378 സുധാ വർഗീസ് (പത്മഭൂഷൺ) Sr. .................... 1170
379 സെബാസ്റ്റ്യൻ എടയന്ത്രത്ത് Bp. .................... 1443
380 സെബാസ്റ്റ്യൻ കാഞ്ഞിരത്തുങ്കൽ .................... 1147
381 സെബാസ്റ്റ്യൻ കുന്നത്തൂർ Mgr. .................... 1091
382 സെബാസ്റ്റ്യൻ കെ.ടി. ................................ 279
383 സെബാസ്റ്റ്യൻ വടക്കുംപാടൻ Fr. .................... 1069
384 സെബാസ്റ്റ്യൻ വി.റ്റി. ................................ 405
385 സെബാസ്റ്റ്യൻ വടക്കേൽ Bp. ........................ 1408
386 സെബാസ്റ്റ്യൻ പോൾ ................................ 1270
387 സെബാസ്റ്റ്യൻ തെക്കേത്തെച്ചേരിൽ Bp. ..... 1419
388 സെയ്ത്താൻ ജോസഫ് ................................ 227
389 സേവ്യർ കുടപ്പുഴ Fr. ................................ 603
390 സ്കറിയ കെ.എസ്. .................................... 307
391 സ്കറിയ റ്റി.വി. .................................... 934
392 സ്കറിയ സഖറിയ .................................... 1273
393 സ്റ്റീഫൻ അത്തിപ്പൊഴിയിൽ Bp. .................... 1152
394 ഹിപ്പോളിറ്റസ് കുന്നുങ്കൽ Bp. .................... 109
395 ഹെലേനാ എസ്.ഐ.സി. Sr. ............................ 472
396 ഹെൻട്രി ഓസ്റ്റിൻ .................................... 100
397 ഹെൻട്രി സുസ്ലോ Sr. ................................ 851
398 ലൂയിസ് മഞ്ഞിളി Bro. ................................ 383
399 റാഫേൽ ചീനത്ത് Abp. ................................ 668
400 റാഫേൽ കെ.കെ. .................................... 807
401 റാഫേൽ തറയിൽ Fr. ................................ 524
402 റെക്സ് കണ്ണങ്കേരി ................................ 950
403 റെജീസ് Sr. ........................................ 626
404 റൊമുവാൾഡ് Sr. .................................... 451
405 റോയി കെ.എം. .................................... 905
406 റോബിൻ സി.ജെ. .................................... 557
407 റോബിൻ എ.പി.എ. .................................... 1239
408 റോസ് ആന്റണി Sr. ................................ 870
409 റോസ് വില്യംസ് .................................... 398
410 റോസ്മിൻമേരി Sr. ................................ 797
411 റോസമ്മ ചാക്കോ .................................... 409
412 റോസക്കുട്ടി കാപ്പൻ Sr. ............................ 364


www.malankaralibrary.com



# ഡോ.കച്ചിറമററം ഫൗണ്ടേഷൻ

കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 –ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 –ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ.ബി.യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ്

www.malankaralibrary.com

ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.


അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 –ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 –ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിററരിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28–ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവന സ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ 1993 ജൂൺ 12 –ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8–ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം പത്തൊമ്പത് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. “കേരളസഭാപ്രതിഭകൾ’ എന്ന ഈ ഗ്രന്ഥം ഇരുപതാമത്തെ പുസ്തകമാണ്.

www.malankaralibrary.com



# ഉപോദ്ഘാതം

ഇരുപതാം നൂറ്റാണ്ടിന്റെ അന്തിമദശകങ്ങളിലും ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആദിമദശകങ്ങളിലുമുള്ള കേരള കത്തോലിക്ക സമുദായത്തിന്റെ ചരിത്രം എഴുതപ്പെടാൻ പോകുന്നത് ശ്രീ ജോൺ കച്ചിറമറ്റത്തിലൂടെയായിരിക്കും. ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യസമരത്തിലും തുടർന്നുള്ള ജനാധിപത്യഭരണത്തിന്റെ ബാല്യദശയിലും ഇവിടുത്തെ ക്രൈസ്തവർ വഹിച്ച പങ്ക് എന്തായിരുന്നു എന്നു സൂക്ഷ്മമായറിയാൻ അദ്ദേഹത്തിന്റെ "ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും" എന്ന ഗ്രന്ഥത്തെ ആശ്രയിക്കാതെ ഭാവി ചരിത്രകാരന്മാർക്ക് മറ്റൊരു മാർഗ്ഗമില്ല. സ്വതന്ത്ര ഭാരത ചരിത്രത്തിലെ ആദ്യത്തെ അറുപതു കൊല്ലത്തിനുള്ളിൽ കേരള ക്രൈസ്തവർ നേരിട്ട കാർഷിക വിദ്യാഭ്യാസ രാഷ്ട്രീയ പ്രതിസന്ധികളെ ആഴത്തിലപഗ്രഥിക്കുന്നതിന് സ്വാനുഭവനിഷ്ഠമായി അദ്ദേഹമെഴുതിവച്ച മുഖപ്രസംഗങ്ങളുടെയും കത്തുകളുടെയും മറ്റും സമാഹാരങ്ങൾ വായിക്കേണ്ടി വരും. കത്തോലിക്കാ സമുദായാഭ്യുന്നതിക്കും ദേശിയാഭിവൃദ്ധിക്കും വേണ്ടി ജീവിതം ഹോമിച്ച പൂർവ്വസുരികളുടെ ചരിത്രവും സംഭാവനകളുമറിയാൻ ശ്രീ കച്ചിറമറ്റത്തിന്റെ കേരള സഭാ രത്നങ്ങൾ എന്ന ബൃഹദ്ഗ്രന്ഥമല്ലാതെ മറ്റൊരവലംബമില്ല. സമുദായം ആക്രമിക്കപ്പെടുകയോ അധിക്ഷേപിക്കപ്പെടുകയോ ചെയ്ത സമരമുഖങ്ങളിലെല്ലാം പ്രതിരോധസജ്ജനായി മുൻ നിരയിൽത്തന്നെ കച്ചിറമറ്റം ഉണ്ടായിരുന്നു. കത്തോലിക്ക യുവജന സംഘടനയുടെയോ കർഷക തൊഴിലാളി പാർട്ടിയുടെയോ അഖിലകേരളകത്തോലിക്കാ കോൺഗ്രസിന്റെയോ നേതൃസ്ഥാനം വഹിച്ചു കൊണ്ടോ അല്ലാതെയോ അദ്ദേഹം സാമൂഹ്യ നീതിക്കു വേണ്ടി സ്വരമുയർത്തിപ്പോന്നു. കഴിഞ്ഞ അര നൂറ്റാണ്ടു കാലത്തെ കത്തോലിക്കാ പത്രപ്രവർത്തന ചരിത്രമോ കലാസാംസ്കാരിക രംഗങ്ങളോ അദ്ദേഹത്തിന്റെ കരസ്പർശമേൽക്കാതിരുന്നിട്ടില്ല. പതിനെട്ടു വാദ്യവും ചെണ്ടയ്ക്കു കീഴായിപ്പോകുന്ന കത്തോലിക്കരുടെ സാമൂഹിക ഘടനയിൽ ഇതൊന്നും ആരും ശ്രദ്ധിച്ചിട്ടുണ്ടാവുകയില്ലെന്നു മാത്രം. ശ്രദ്ധിച്ചിട്ടുള്ളവർ തന്നെ സഹാനുഭൂതിയോടെയല്ല അതു ചെയ്തതെന്നും വരാം. അതും ഈ സാമൂഹിക ഘടനയുടെ സവിശേഷതയാണ്. മറ്റുള്ളവർ അംഗീകരിച്ചാലും ഇല്ലെങ്കിലും "എന്റെ വിശ്വാസം, എന്റെ സഭ, എന്റെ സമുദായം എനിക്കു വലുത്" എന്ന ദൃഢപ്രത്യയത്തോടെ അദ്ദേഹം എതിർപ്പുകളും നഷ്ടങ്ങളും അവഗണിച്ചു കർമ്മ നിരതനായി ജീവിക്കുന്നു.

കഴിഞ്ഞ അര നൂറ്റാണ്ടു കാലവും കച്ചിറമറ്റത്തെ പല രംഗങ്ങളിലും അടുത്തറിയാനും അദ്ദേഹത്തിന്റെ രചനാ സംരംഭങ്ങളിൽ സഹകരിക്കാനും കഴിഞ്ഞിട്ടുള്ള എനിക്ക് ഒട്ടേറെ കാര്യങ്ങളിൽ അദ്ദേഹത്തോടു കടപ്പാടുണ്ട്.

www.malankaralibrary.com

ഗദ്യത്തിലെന്ന പോലെ പദ്യത്തിലും അല്പമൊക്കെ രചനാ കൗശലം വശമാക്കി യിട്ടുള്ള എനിക്കു പുറം ലോകത്തു നിന്നു കിട്ടാവുന്ന സ്ഥാനമാനങ്ങളാൽ പ്രലോഭിതനാകാതെ സാഹിത്യ രംഗത്ത് വിശ്വാസ പ്രതിബദ്ധതയോടെ ചുവടുറപ്പിച്ചു നില്ക്കാൻ ധൈര്യം തന്നത് ഒരുപരിധിവരെ ശ്രീ കച്ചിറമറ്റത്തെ പോലുള്ളവരുടെ നിഷ്കളങ്ക സൗഹൃദമാണ്. നിസ്വാർത്ഥവും നിരന്തരവുമായ പ്രയത്നവും സാമ്പത്തിക ലാഭ നഷ്ടങ്ങൾ പരിഗണിക്കാതെയുള്ള സേവന വ്രതവും ആദർശ നിഷ്ഠയും ശ്രീ ജോൺ കച്ചിറമറ്റത്തെ സമകാലിക വ്യക്തികളിൽ നിന്നു വേർതിരിച്ചു നിർത്തുന്നു.


സമീപനങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും ഇതേ ലക്ഷ്യങ്ങളോടു കൂടി പ്രവർത്തിക്കുന്നവർ വേറെയും കത്തോലിക്കരുടെയിടയിലുണ്ട്. വൈദികരും അവൈദികരും സന്യാസികളും കർഷകരും വ്യവസായികളും കലാകാരന്മാരുമൊക്കെ അക്കൂട്ടത്തിലുണ്ടാകാം. മൺമറഞ്ഞു പോയവരെ അനുസ്മരിക്കാൻ ഒരു കച്ചിറമറ്റമുണ്ടായെങ്കിൽ ജീവിച്ചിരിക്കുന്നവരെക്കുറിച്ച് എഴുതിവയ്ക്കാൻ അടുത്ത തലമുറയിൽ ഇങ്ങനെയൊരാൾ ഉണ്ടാകണമെന്നില്ല. ഉണ്ടാവാതിരിക്കാനാണ് സാധ്യത കൂടുതലെന്ന് അനുഭവം പറയുന്നു. അതുകൊണ്ട് ഇന്ന് ജീവിച്ചിരിപ്പുള്ള സമുദായ സ്നേഹികളുടെ ലഘു ജീവചരിത്രങ്ങളടങ്ങുന്ന ഒരു പുസ്തകം കൂടി എഴുതുവാൻ കേരള സഭാ രത്നങ്ങളുടെ പ്രകാശനവേളയിൽ ഞാനദ്ദേഹത്തോടു പറയുകയുണ്ടായി. ആദ്യം ഞങ്ങളിരുവരും ഒരു ഫലിതമായിട്ടേ അതു കരുതിയുള്ളു എങ്കിലും ശ്രീ കച്ചിറമറ്റം അതു പിന്നീട് സഗൗരവം പരിഗണിച്ചു. സമുദായ സംഘടനാരംഗത്തുണ്ടായ തിരിച്ചടികളും ശാരീരികമായി നേരിട്ട അവശതകളും കൊണ്ടു നഷ്ടധൈര്യനാകാതെ അദ്ദേഹം പണിപ്പുരയിൽ കയറി. നൂറുകണിക്കിനു കത്തുകളയച്ചു വിവരങ്ങൾ ശേഖരിച്ചു. ടെലഫോൺ വിളികൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു പ്രവഹിച്ചു.

പ്രതികരണങ്ങൾ എപ്പോഴും ആശ്വാസ്യമായിരുന്നില്ല സമുദായാംഗങ്ങളുടെ പൊതുവംശസ്വഭാവമറിയാവുന്ന അദ്ദേഹത്തെ അതൊന്നും ഭഗ്നാശനാക്കിയില്ല. രാഷ്ട്രീയാന്തരീക്ഷത്തിൽ നിരന്തരം അസ്വസ്ഥതയും ഭീഷണിസ്വരങ്ങളുമുയർത്തുന്ന ഇതര സമുദായങ്ങളിൽ പോലും ആരും ചെയ്യാനൊരുമ്പടാത്ത ഒരു അസാധാരണ കൃത്യം അദ്ദേഹം ഏറെക്കുറെ പൂർത്തീകരിച്ചിരിക്കുന്നു. ഇന്നു ജീവിച്ചിരിക്കുന്ന കത്തോലിക്ക പൊതുപ്രവർത്തകരുടെ ഒരു സംക്ഷിപ്ത ജീവചരിത്രസമാഹാരം അദ്ദേഹം എഴുതിത്തന്നിരിക്കുന്നു. ഒരു പക്ഷേ ഇതിന്റെ മൂല്യമെന്തെന്നു തിരിച്ചറിയുന്നത് വരാൻ പോകുന്ന തലമുറകളായിരിക്കും. അവർക്കു വേണ്ടിയാണ് അദ്ദേഹം ഈ കഷ്ടങ്ങളെല്ലാം സഹിക്കുന്നത്. അവർക്കു വേണ്ടിത്തന്നെ ഈ മഹാ പ്രയത്നങ്ങൾക്ക് ജീവചരിത്ര നിർമ്മാണ അഡ്വൈസറിക്കമ്മറ്റിയുടെ കൺവീനറെന്ന നിലയിൽ ഞാൻ അദ്ദേഹത്തോടു നന്ദി പറയുന്നു.

**പ്രൊഫ. മാത്യു ഉലകംതറ**

കോട്ടയം - 41
30-5-2006

www.malankaralibrary.com



# ആമുഖം

കേരളസഭാപ്രതിഭകൾ എന്ന ഈ ഗ്രന്ഥത്തിന്റെ ജോലിയിലേർപ്പെട്ടിരിക്കുമ്പോൾ ചെറിയ ഒരു ഹൃദയാഘാതത്തിന് ഞാൻ വിധേയനായി. ഈ ഗ്രന്ഥത്തിന്റെ പണിപൂർത്തിയാക്കുവാൻ സാധിക്കുമോയെന്ന് ഞാൻ സംശയിച്ചു. എങ്കിലും നല്ലവനായ ദൈവം എന്നെ അതിന് ശക്തനാക്കി. ദൈവത്തിന് നന്ദി.

സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയ മഹനീയ വ്യക്തികളെ സംഭാവനചെയ്ത ഒരു സമുദായമാണ് കേരളത്തിലെ ക്രൈസ്തവരുടേത് - സത്യസന്ധരായ അർപ്പണബോധമുള്ള ആ സമുദായപ്രവർത്തകരെ ആദരിക്കാനോ, അനുസ്മരിക്കാനോ നാം തയ്യാറല്ല. ഇത് നമ്മുടെ സമുദായത്തിന്റെ മാത്രം ഒരു പ്രത്യേകതയാണ്. ഇതെന്നെ വേദനിപ്പിക്കുന്നു. സ്വന്തം സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും അഭ്യുന്നതിക്കുവേണ്ടി ജീവിതമർപ്പിച്ച തച്ചിൽ മാത്തൂത്തരകൻ, ഷെവ. തര്യതുകുഞ്ഞിത്തൊമ്മൻ, ഷെവ. ഐ.സി. ചാക്കോ, ബാരിസ്റ്റർ ജോർജ് ജോസഫ്, എം.എം. വർക്കി തുടങ്ങിയ അൽമായ പ്രമുഖരുടെയും നിധീരിക്കൽ മാണിക്കത്തനാർ, ഫാ. പ്ലാസിഡ് സി.എം.ഐ. തുടങ്ങിയ വൈദിക പ്രമുഖരുടെയും സേവനങ്ങളെ ആദരിക്കുവാനും അതിൽ അഭിമാനംകൊള്ളുവാനും തയ്യാറാകാതെ, സ്ഥാപനങ്ങൾ പടുത്തുയർത്തി സാമ്പത്തിക മേധാവിത്വം നിലനിർത്തുവാൻ ശ്രമിക്കുന്ന ഈ മനോഭാവത്തിൽ ഞാൻ ദുഃഖിക്കുന്നു. മേൽപറഞ്ഞ മഹാത്മാക്കൾ മറ്റേതെങ്കിലും സമുദായത്തിലായിരുന്നു ജനിച്ചതെങ്കിൽ അവർക്ക് ഇന്ന് എന്തു മാത്രം സ്മാരകങ്ങൾ ഉയരുമായിരുന്നു!

ആർക്കും താല്പര്യമില്ലാത്ത ഈ പ്രശ്നം എന്നെ ദീർഘനാളുകളായി അലട്ടിക്കൊണ്ടിരുന്നു. അവരുടെ ജീവിതത്തിലെ ശ്രദ്ധേയമായ സംഭവങ്ങൾ ഇന്നത്തെ തലമുറക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുക്കണമെന്ന ചിന്ത എന്നിലുണ്ടായി. പ്രമുഖ ചരിത്രകാരനായിരുന്ന ശ്രീ. എം.ഒ. ജോസഫ്

www.malankaralibrary.com

നെടുങ്കുന്നവുമായിട്ടുള്ള സൗഹൃദമാണ് ഈ വഴിക്ക് തിരിയാൻ എന്നെ പ്രേരിപ്പിച്ചത്. മൺമറഞ്ഞ 750 പ്രമുഖ സമുദായ സേവകരുടെ ചരിത്രം 1500 പേജുകളിലായി രണ്ടു വാല്യങ്ങളിൽ ഞാൻ എഴുതി പ്രസിദ്ധീകരിച്ചു. ദിവംഗതരായവരെപ്പറ്റി മാത്രം എഴുതുക എന്ന ലക്ഷ്യമേ എനിക്കുണ്ടായിരുന്നുള്ളു. അപ്പോഴാണ് പ്രൊഫ. മാത്യു ഉലകംതറ ജീവിച്ചിരിക്കുന്നവരെപ്പറ്റിക്കൂടി എഴുതുന്നത് ഉചിതമായിരിക്കുമെന്നും ഇപ്പോൾ നാമതു ചെയ്തില്ലെങ്കിൽ മറ്റാരും അതു ചെയ്യാനുണ്ടാവുകയില്ലെന്നും അഭിപ്രായപ്പെട്ടത്. ആ നിർദ്ദേശം ഞാൻ ആദ്യം അവഗണിക്കുകയാണ് ചെയ്തത്. ജീവിതകാലം മുഴുവൻ സഭയ്ക്കും സമുദായത്തിനുംവേണ്ടി പ്രവർത്തിച്ച് ദിവംഗതരായ മഹാത്മാക്കളുടെ അന്ത്യകാലവും ചെറുപുഷ്പമിഷൻലീഗിന്റെ സ്ഥാപക നേതാവ്, പി.സി. അബ്രാഹം പല്ലാട്ടുകുന്നേലി (കുഞ്ഞേട്ടൻ) നെപ്പോലുള്ള പൊതുപ്രവർത്തകർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളും എന്റെ ഓർമ്മയിൽവന്നു. പ്രൊഫ. മാത്യു ഉലകംതറ വച്ച നിർദ്ദേശം ഞാൻ പുനരാലോചിക്കുകയും അദ്ദേഹവുമായി ഈ പ്രശ്നം ചർച്ച ചെയ്യുകയും ചെയ്തു. ഈ സംരംഭത്തിലേക്ക് ഇറങ്ങിപ്പുറപ്പെട്ടാലുണ്ടാകുന്ന നഷ്ടങ്ങളെപ്പറ്റിയും ഉലകംതറസാർ എന്നേക്കാളും നിശ്ചയമുള്ളയാളാണ്. അത് അദ്ദേഹം തുറന്നുപറയുകയും ചെയ്തു. എങ്കിലും ഇതിനും ആരെങ്കിലുമുണ്ടാകണ്ടേ എന്ന ചോദ്യത്തിന് ഞാൻ പ്രാധാന്യം നൽകി.

എന്റെ ഗ്രന്ഥങ്ങളെല്ലാം ചരിത്രഗ്രന്ഥങ്ങളാണ്. ഔദ്യോഗികസഭ ചെയ്യേണ്ടജോലിയാണിതെന്നും എനിക്കറിയാം. അങ്ങനെയൊരു നീക്കം ഒരിക്കലും ഉണ്ടാവുകയില്ലന്ന നിശ്ചയമുള്ളതിനാൽ ഞാൻ ഈ രംഗത്തേക്ക് കടക്കുകയാണ് ചെയ്തത്. ജനിച്ചുവളർന്ന സമുദായത്തോടുള്ള പ്രതിബദ്ധത എന്നെ അതിന് പ്രേരിപ്പിക്കുന്നു.

ഈ മാതിരിയുള്ള സംരംഭങ്ങളോട് താല്പര്യം കാണിക്കുന്ന മൂന്നു നാലുപേരെങ്കിലും നമ്മുടെ സമുദായത്തിലുണ്ടെന്നുള്ളത് ആശ്വാസകരമാണ്. ആർച്ച്ബിഷപ്പ് മാർ ജോസഫ് പവ്വത്തിലും മാർ മാത്യു ആനിക്കുഴിക്കാട്ടിലും മോൺ ഫെർഡിനാന്റ് കായാവിലും (കൊല്ലം) മോൺ മാത്യു വെള്ളാങ്കലും ഇങ്ങനെയുള്ള സംരംഭങ്ങളോടു കാണിക്കുന്ന പ്രോത്സാഹക മനോഭാവത്തെ എത്ര പ്രശംസിച്ചാലും അധികമാവുകയില്ല.

ഈ പുസ്തകരചനയിൽ എന്നെ സഹായിച്ചവർ പലരുണ്ട്. ഇതിന്റെ അഡ്വൈസറി ബോർഡുമെമ്പർമാരായ ഷെവ.വർഗീസ് കരിപ്പായിൽ, പ്രൊഫ. കെ.വി.ജോസഫ്, ജോസ് തോമസ് കാനപ്പിള്ളി, ഇ.ജെ.ലൂക്കോസ്, ഫാ. ജോർജ് ശ്രാമ്പിക്കൽ എന്നിവരോടും ഇതിന് സദയം ഒരു ഉപോദ്ഘാതം എഴുതിയ പ്രസ്തുത കമ്മറ്റിയുടെ കൺവീനർ പ്രൊഫ. മാത്യു

www.malankaralibrary.com

ഉലകംതറ അവർകളോടും എനിക്കുള്ള നന്ദിപ്രകാശിപ്പിക്കട്ടെ. ചരിത്രത്തോട് വളരെയധികം താല്പര്യം കാണിക്കുന്ന ഒരു സാമൂഹ്യ പ്രവർത്തകനാണ് ശ്രീ.എ.ജെ. ബെൻസ് ആളൂക്കാരൻ. കേരളസഭാരത്നങ്ങളുടെ പ്രസിദ്ധീകരണാവസരത്തിലും ഇപ്പോഴും അദ്ദേഹം ചെയ്ത സേവനങ്ങൾ ഒരിക്കലും വിസ്മരിക്കാവതല്ല. അതുപോലെ തന്നെ ഫാ.തോമസ് പൈകട ഒ.എഫ്.എം. ക്ലാരമഠം പ്രൊവിൻഷ്യാൽ സി. ലിസാ മാർട്ടിൻ, തലശ്ശേരി രൂപതയിലെ മതാദ്ധ്യാപക ഡയറക്ടർ ഫാ. തോമസ് മേൽവട്ടം, ടോം ജോസ് അങ്കമാലി, ജോസ് വട്ടോലി, മാത്യു കണ്ടം തുടങ്ങിയവരും ഈ സംരംഭത്തിൽ സഹകരിക്കുകയുണ്ടായി എന്ന് നന്ദിപൂർവ്വം സ്മരിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ ഡി.റ്റി.പി. ജോലി ഭംഗിയായും കൃത്യസമയത്തും തയ്യാറാക്കി തന്ന സി-കാഡ് കമ്പ്യൂട്ടേഴ്സ് (ഈരാറ്റുപേട്ട) പ്രവർത്തകരോടും ഭംഗിയായി അച്ചടിച്ചുതന്ന ദീപിക ഓഫ്സെറ്റ് പ്രിന്റേഴ്സ് പ്രവർത്തകരോടും നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

ജോൺ കച്ചിറമറ്റം

രാമപുരം-പിഴക്
30-05-2006


## പ്രത്യേക ശ്രദ്ധയ്ക്ക്

പ്രായക്രമമനുസരിച്ചാണ് ഈ ഗ്രന്ഥത്തിൽ വ്യക്തികളുടെ ജീവചരിത്രക്കുറിപ്പുകൾ ചേർത്തിരിക്കുന്നത്. ഉള്ളടക്കം അക്ഷരമാലാ ക്രമത്തിലും.

www.malankaralibrary.com

# 1

# ഫാ. അബ്രാഹം വലിയപറമ്പിൽ



പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും ഭരണകർത്താവുമായ ഫാ. അബ്രാഹം വലിയപറമ്പിൽ ഭരണങ്ങാനം ഇടവകയിൽ വർഗീസ്-മറിയം ദമ്പതികളുടെ മകനായി 1905 ജൂലൈ 16-ന് ജനിച്ചു. ഭരണങ്ങാനം, പാലാ എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. പാളയംകോട് സെന്റ് സേവിയേഴ്സിൽ നിന്ന് കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കി. കാൻഡി പേപ്പൽ സെമിനാരിയിലായിരുന്നു വൈദിക വിദ്യാഭ്യാസം. 1937 ൽ ബിഷപ്പ് മാർ റെനോയിയിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു.

ഭരണങ്ങാനം സ്കൂളിൽ അദ്ധ്യാപകനായിട്ടായിരുന്നു ആദ്യനിയമനം. തുടർന്ന് ചങ്ങനാശ്ശേരി സെന്റ് ജോസഫിലും സെന്റ് ബർക്കുമാൻസിലും അദ്ധ്യാപകനായിരുന്നു. ഭരണങ്ങാനം പ്ലാശനാൽ എന്നീ സ്കൂളുകളിൽ ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിച്ച അദ്ദേഹം റിട്ടയർമെന്റിനുശേഷം നീലൂർ ഇംഗ്ലീഷ്മീഡിയംസ്കൂളിലും അരുവിത്തുറ ജോർജിയൻ കോളേജിലും പ്രധാനാദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. ഭരണങ്ങാനം സ്കൂളും വിശാലമായ ഗ്രൗണ്ടും നിർമ്മിക്കുന്നതിന് നേതൃത്വം നൽകിയത് അദ്ദേഹമാണ്. കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിച്ച അദ്ദേഹം സ്കൂളുകളിൽ പാഠ്യേതരപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. കായിക-കലാമത്സരങ്ങളിൽ ഉജ്ജ്വലവിജയം നേടുന്നതിനും പരിശ്രമിച്ചു. പ്രൈവററ് സ്കൂളുകളോട് സർക്കാരും മാറിമാറിവരുന്ന ഉദ്യോഗസ്ഥന്മാരും കാട്ടുന്ന ദ്രോഹപരമായ നയങ്ങളെ വിട്ടുവീഴ്ചയില്ലാതെ എതിർക്കുന്നതിൽ അദ്ദേഹം കാണിച്ചിട്ടുള്ള ധീരത ആർക്കും വിസ്മരിക്കുവാൻ സാധിക്കുകയില്ല. അത്യുദ്ധ്വാനത്തിന്റെയും അർപ്പണമനോഭാവത്തിന്റെയും അടിപതറാത്ത ആത്മധീരതയുടെയും പര്യായമായി വിലയപറമ്പിലച്ചൻ ഇന്നും നിലകൊള്ളുന്നു. ആയിരങ്ങൾക്ക് വിജ്ഞാനം വിളമ്പിയ ആയിരങ്ങളെ ലക്ഷ്യബോധമുള്ളവരും കർമ്മനിരതരുമാക്കിയ ഒരു വലിയ വിദ്യാഭ്യാസ പ്രവർത്തകനാണ് വലിയപറമ്പിലച്ചൻ.

1976 ൽ അമ്പാറനിരപ്പേൽ പള്ളിവികാരിയായി നിയമിതനായി. വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുമായി അടുത്തുപരിചയമുള്ളയാ

www.malankaralibrary.com

ളായിരുന്നു വലിയപറമ്പിലച്ചൻ. അൽഫോൻസാമ്മയുടെ സഹനത്തെപ്പററിയും അവളുടെ വിശുദ്ധിയെപ്പററിയും മററുള്ളവരോടുള്ള പെരുമാററരീതിയെപ്പററിയുമെല്ലാം അദ്ദേഹം അൽഫോൻസാമ്മയുടെ നാമകരണ സ്മരണികയിൽ എഴുതിയിട്ടുണ്ട്.

1950 ൽ അഭിവന്ദ്യകാവുകാട്ടുപിതാവിന്റെയും വയലിൽ പിതാവിന്റെയും മെത്രാഭിഷേകചടങ്ങിൽ പങ്കെടുക്കുവാൻ ഫാ. അബ്രാഹം വലിയപറമ്പിലച്ചനും റോമിന് പോയിരുന്നു. തിരികെവരുംവഴി അദ്ദേഹം കറാച്ചി വഴി ബോംബെയിലും അവിടെ നിന്ന് മദ്രാസിലും വന്നെത്തി. തന്റെ സഹയാത്രികനായ കാവുകാട്ടുകൊച്ചും അച്ചനും കൂടി കൊച്ചിക്കുള്ളവിമാനത്തിൽ കയറാനായി മദ്രാസ് വിമാനത്താവളത്തിൽ എത്തി. രണ്ടുപേർക്ക് സീററൊഴുവില്ല ഒരാളെ മാത്രം വിമാനത്തിൽ കയററാം എന്ന് വിമാനാധികൃതർ അറിയിച്ചു. രണ്ടുപേരുംകൂടി ഒന്നിച്ചുമാത്രമേ പോകുന്നുള്ളുവെന്ന് അവർ മറുപടി പറഞ്ഞു. അങ്ങനെയെങ്കിൽ അടുത്ത ഫ്ളൈററിൽ വിടാമെന്ന് അധികൃതർ പറഞ്ഞതിനാൽ അവർ പിന്തിരിഞ്ഞു. അവരെ സീററില്ലാത്തതിന്റെ പേരിൽ കയററാതെ പുറപ്പെട്ട വിമാനം കോട്ടഗിരിയിൽ വച്ച് തകർന്നു വീണു. ആ വിമാനത്തിൽ യാത്ര ചെയ്തിരുന്ന എല്ലാവരും മരണപ്പെട്ടു. ദൈവത്തിന്റെ അനന്തകരുണയിൽ ആ മഹാദുരന്തത്തിൽനിന്നും വലിയപറമ്പിലച്ചൻ രക്ഷപെട്ടു. ഭരണങ്ങാനം ഫൊ. പള്ളിവികാരി ഫാ. കുര്യാക്കോസ് നരിതൂക്കിൽ ദീപനാളം വാരികയിൽ എഴുതിയ ലേഖനത്തിലെ ഏതാനും ഭാഗം ഉദ്ധരിക്കട്ടെ. "മററുള്ളവരുമായി സംസാരിക്കുമ്പോൾ, ഈ നൂറാം വയസ്സിലും അച്ചന്റെ നർമ്മബോധം കേൾവിക്കാരെ വിസ്മയിപ്പിക്കത്തക്കതാണ്..... 1985 ൽ അച്ചൻ ദീർഘനാൾ ഭരണങ്ങാനം മേരിഗിരി ആശുപത്രിയിൽ കോമായിൽ കടന്നതാണ്. അന്ന് അത്യാസന്നനിലയിൽ എന്ന് പത്രത്തിൽ അറിയിപ്പുവന്നതാണ്. അതെല്ലാം അതിജീവിച്ച് 1986 ഫെബ്രുവരി 8 ന് വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെയും വാഴ്ത്തപ്പെട്ട ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെയും നാമകരണ ചടങ്ങുകളിൽ ആദ്യന്തം പങ്കെടുക്കുവാൻ ബഹു. വലിയപറമ്പിലച്ചന് ഭാഗ്യം ലഭിച്ചു. അച്ചൻ പള്ളിമുറിയിൽ വിശ്രമിക്കുന്ന കാലങ്ങളിൽ നടക്കുവാൻ ബുദ്ധിമുട്ട് ഉള്ളപ്പോഴും എല്ലാദിവസവും ഉച്ചകഴിഞ്ഞ് കൃത്യം 4.30 ന് അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചിരുന്നു.


അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ചു കാണാനുള്ള ഭാഗ്യവും ആയുസ്സും ദൈവം പ്രദാനം ചെയ്യുമെന്നു ഉറച്ചവിശ്വാസത്തിലാണ് 100-ാം വയസ്സിലും വലിയപറമ്പിലച്ചൻ കഴിയുന്നത്. ഭരണങ്ങാനം പള്ളിയുടെ സഹസ്രാബ്ദിസമ്മേളനത്തിൽവച്ച് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ അച്ചനെ പൊന്നാടയണിയിച്ച് ആദരിക്കുകയുണ്ടായി. അച്ചന്റെ ശിഷ്യഗണത്തിൽപ്പെട്ടവരിൽ പ്രമുഖനാണ് ആർച്ച് ബിഷപ്പ് മാർ ജേക്കബ്തൂങ്കുഴി.

വിലാസം - ഫാ. എബ്രാഹം വലിയപറമ്പിൽ, ഭരണങ്ങാനം

www.malankaralibrary.com

# 2

# പ്രൊഫ.പി.സി. ദേവസ്യാ



"പ്രതിഭാധനനായ മഹാകവി, ഭാഷാഗവേഷകൻ, സംസ്കൃതപണ്ഡിതൻ, പത്രാധിപർ, പ്രസാധകൻ, കലാലയാധ്യാപകൻ എന്നീ നിലകളിലെല്ലാം ലബ്ധപ്രതിഷ്ഠനായ ഇദ്ദേഹം "ക്രിസ്തുഭാഗവതം" എന്ന മഹാകാവ്യരചനയിലൂടെ ആധുനിക സംസ്കൃതകവികളുടെ ഗണത്തിൽ അഗ്രിമസ്ഥാനികൂടിയാണ്. ഈടുററവിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യുകയും അതിൽ തനതായ വ്യക്തിത്വം പതിപ്പിക്കുകയും ചെയ്യുന്ന പ്രകൃതം ഇദ്ദേഹത്തിലെന്നപോലെ മററ് അധികംപേരിൽ കാണുകയില്ല. അതുകൊണ്ടുതന്നെ ഈ മനീഷി ഒററപ്പെട്ട് ഉയർന്നുനിൽക്കുന്നു." കെ.സി.ബി.സി. പ്രസിദ്ധീകരിച്ച ക്രൈസ്തവ സാഹിത്യകാരന്മാരുടെ ഡയറക്ടറിയിൽ പ്രൊഫ. പി.സി. ദേവസ്യായെപ്പററി രേഖപ്പെടുത്തിയിരിക്കുന്ന ഭാഗമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

പ്രൊഫ. പി.സി. ദേവസ്യാ കോട്ടയം താലൂക്കിൽ കുടമാളൂർ ഇടവകയിൽ ആർപ്പൂക്കരയിൽ പ്ലാക്കിയിൽ കുടുംബത്തിൽ ചാക്കോ-അന്ന ദമ്പതിമാരുടെ പുത്രനായി 1906 മാർച്ച് 24-ാം തീയതി ജനിച്ചു. കുടമാളൂർ സർക്കാർ പ്രൈമറി സ്കൂളിലും മാന്നാനം സെൻറ് എംഫ്രേംസ് ഹൈസ്കൂളിലും കോട്ടയം സി.എം.എസ്സ് കോളേജിലും തിരുവനന്തപുരം ഗവൺമെൻറ് ആർട്ട്സ് കോളേജിലും വിദ്യാഭ്യാസം നിർവഹിച്ചു. മദ്രാസ് യൂണിവേഴ്സിററിയിൽ നിന്ന് മലയാളത്തിലും സംസ്കൃതത്തിലും എം.എ. ഡിഗ്രി കരസ്ഥമാക്കി. 1931 മുതൽ തൃശൂർ സെൻറ് തോമസ് കോളേജിൽ ഭാഷാവകുപ്പിൽ, മുണ്ടശ്ശേരി, എടമരത്ത് സെബാസ്റ്റ്യൻ എന്നിവരോടൊപ്പം അദ്ധ്യാപകനായിരുന്നു. ഈ കാലഘട്ടത്തിനിടയ്ക്ക് ശ്രീ.പി.സി ദേവസ്യാ അതി സമർത്ഥനായ അദ്ധ്യാപകൻ, സരസഗദ്യകാരൻ, കലാനിരൂപകൻ എന്നീ നിലകളിൽ ഖ്യാതി സമ്പാദിച്ചുകഴിഞ്ഞിരുന്നു. 1945 മുതൽ തേവര എസ്സ്.എച്ച്. കോളേജിൽ ഭാഷാവകുപ്പിൽ സീനിയർ ലക്ചററായും 1958 മുതൽ തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ മലയാളം പ്രൊഫസ്സറായും സേവനം അനുഷ്ഠിച്ചു.

1938 ൽ കോട്ടയത്തുനടന്ന സമസ്തകേരള സാഹിത്യപരിഷത്ത് സമ്മേളനസെക്രട്ടറി, തൃശൂർ കേരള ചരിത്ര കലാസമിതിയുടെ വൈസ് പ്രസിഡൻറ്, കൊച്ചി സർക്കാരിൻെറ ടെക്സ്റ്റ് ബുക്ക് കമ്മററിയംഗം, കോഴിക്കോട് യൂണിവേഴ്സിററി ഓറിയൻറൽ ടൈററിൽ പരീക്ഷാബോർഡ് ചെയർമാൻ, മദ്രാസ് യൂണിവേഴ്സിററി അക്കാഡമിക് കൗൺസിൽ അംഗം, വിശ്വവിജ്ഞാനകോശം ഉപദേശകസമിതിയംഗം, മഹാത്മാഗാന്ധി

www.malankaralibrary.com

യൂണിവേഴ്സിററി സംസ്കൃതപഠന ബോർഡംഗം, തുടങ്ങിയ നിരവധി മണ്ഡലങ്ങളിൽ തന്റെ പാടവം പ്രകടമാക്കിയിട്ടുള്ള ഈ ഗുരശ്രേഷ്ഠൻ യൂണിവേഴ്സിററി ഗ്രാന്റ്സ് കമ്മീഷന്റെ അവാർഡോടുകൂടി ഗവേഷണം നടത്തി പ്രസിദ്ധപ്പെടുത്തിയതാണ് "കഥാസരിത് സാഗര"ത്തിന്റെ മലയാള തർജ്ജമ.

ഒളശ്ശ മാത്തു ആശാൻ, പന്തളം കൃഷ്ണവാരിയർ എന്നീ ഗുരുക്കന്മാരിൽ നിന്ന് ശ്രീ ദേവസ്യാ സംസ്കൃതത്തിന്റെ കാവ്യനാടകാദികളും വിദ്യാഭൂഷണൻ ശ്രീ വെങ്കിടരാമശർമ്മയിൽ നിന്നും വേദോപനിഷത്തുകളും വൈയാകരണഭൂഷണം തൃശൂർ രാമപ്പൊതുവാളിൽനിന്ന് വ്യാകരണവും അഭ്യസിച്ചു.

തൃശൂരിൽനിന്നും പ്രസിദ്ധീകരിച്ചിരുന്ന കേരളം മാസികയുടെ സഹപത്രാധിപരായി ശ്രീ എം.പി. പോളിന്റെ ഒഴുവിൽ ശ്രീ. പി.സി. ദേവസ്യാ നിയമിതനായി. തേവരയിൽനിന്ന് 12 പ്രൊഫസർമാർ ചേർന്ന് 1949 ൽ പ്രസിദ്ധീകരിച്ചു തുടങ്ങിയ ജയഭാരതം മാസിക 1950 ൽ ശ്രീ ദേവസ്യാ ഏറെറടുത്തു. പിൽക്കാലത്ത് കവികളായും നിരൂപകന്മാരായും പ്രസിദ്ധിനേടിയ പലയുവാക്കൾക്കും ഔന്നത്യസോപാനമായിരുന്ന ആ മാസികയുടെ മാനേജിംഗ് എഡിററററായി 20 ൽ പരം വർഷം പ്രവർത്തിക്കുകയും ചെയ്തു. മാക്ക്യവെല്ലിയുടെ രാജനീതി, സോമദേവന്റെ കഥാസരിത് സാഗര എന്നീ വിവർത്തനങ്ങളുൾപ്പെടെ പ്രബന്ധം, ജീവചരിത്രം, കഥ, കവിത മുതലായ വിഭാഗങ്ങളിൽ മലയാളത്തിൽ 16 കൃതികൾ ശ്രീ ദേവസ്യാ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശ്രീ. പി.സി.യുടെ സാഹിത്യപരിശ്രമങ്ങൾക്ക് മകുടം ചാർത്തിയ ക്രിസ്തുഭാഗവതം എന്ന സംസ്കൃത മഹാകാവ്യം 1977 ലാണ് പ്രസിദ്ധീകരിച്ചത്. ഈ മഹാകാവ്യത്തിന് 1980 ലെ കേന്ദ്രസാഹിത്യഅക്കാഡമി അവാർഡും 1979 ലെ മഹാറാണി സേതുപാർവതീബായി അവാർഡും ലഭിച്ചു. കാവ്യകർത്താവിന് 1982 ൽ എറണാകുളത്തുനടന്ന വിശ്വസംസ്കൃത പ്രതിഷ്ഠാനത്തിന്റെ കേരള ശാഖയിൽനിന്ന് പണ്ഡിതരത്നം എന്ന ബിരുദവും എഴുകോൺ ശ്രീ ശങ്കര സംസ്കൃത വിദ്യാപീഠത്തിന്റെ സാഹിത്യരത്നം അവാർഡും ക്രൈസ്തവ സാഹിത്യ അക്കാഡമിയുടെ മഹാകവി കെ.വി. സൈമൺ അവാർഡും 1985 ൽ അഖില കേരള കത്തോലിക്കാകോൺഗ്രസ്സിന്റെ സാഹിത്യഅവാർഡും കെ.സി.ബി.സിയുടെ സാഹിത്യ അവാർഡും ലഭിക്കുകയുണ്ടായി.


പണ്ഡിതാഗ്രേസരനായ ശ്രീ ഐ.സി. ചാക്കോയുമായുള്ള സമ്പർക്കം പി.സി. ദേവസ്യാക്ക് സാഹിത്യപരിശ്രമങ്ങളിൽ അത്യധികം ഉത്തേജനം നൽകിയിരുന്നു. ശ്രീ. ഐ.സി. ചാക്കോയുടെ അനശ്വരകൃതിയായ "പാണനീയ പ്രദ്യോതം" വാൽമീകിയുടെ ലോകത്തിൽ, ചില ശബ്ദങ്ങളും രൂഢാർത്ഥങ്ങളും എന്നിവ ശ്രീ ദേവസ്യായാണ് പ്രസാധനം ചെയ്തിട്ടുള്ളത്. ശ്രീ ദേവസ്യാ രചിച്ചിട്ടുള്ള മററു ഗ്രന്ഥങ്ങൾ താഴെപറയുന്നവയാണ്. 1.

www.malankaralibrary.com

ഭാരതമഹാശില്പികൾ 2. ബാലനഗരം 3. പതിമൂന്നുകഥകൾ 4. രാജനീതി 5. പോലീസ് കഥകൾ 6. അമേരിക്കൻ സംസ്കാരം 7. മതം ഇരുപതാം നൂററാണ്ടിൽ 8. ഓരിഗൺഗിരിപഥം 9. കലാസൗരഭം 10. കഥാസരിത്സാഗരം 11. ക്രിസ്തുഭാഗവതം 12. ജനകീയകാവ്യം 13. കർഷക ഗീതം 14. സാർവ്വലൗകീകോധർമ്മം വ്യതിക്രമ: 15. ശ്രീ നാരായണ സൂക്തങ്ങൾ. സംസ്കൃതസാഹിത്യത്തിന് പ്രൊഫ. ദേവസ്യാ നൽകിയ സംഭാവനകൾ എന്നും സ്മരിക്കപ്പെട്ടു.

വിലാസം - പ്രൊഫ. പി.സി. ദേവസ്യാ, ജയഭാരതം
നാലാഞ്ചിറ - തിരുവനന്തപുരം - 15

# 3



# വി. ജി സിറിയക്ക് ഐ. എ. എസ്സ്
## (റിട്ടയേർഡ്)

പ്രഗൽഭനായ അഭിഭാഷകൻ, നീതിഷ്ഠനായ ഭരണാധികാരി, സേവന സന്നദ്ധനായ സമുദായ സ്നേഹി എന്നീ നിലകളിലെല്ലാം പരക്കെ അറിയ പെടുന്ന വി.ജി സിറിയക്ക് കുറവിലങ്ങാടിനു സമീപമുള്ള കാഞ്ഞിരത്താനം ഇടവകയിൽ വടക്കേക്കര വീട്ടിൽ ഷെവ: വി.സി ജോർജ്ജ് ബി.എ, എൽ.റ്റി യുടെയും കുഞ്ഞുമറിയത്തിന്റേയും പ്രഥമ സന്താനമായി 1909 ജനുവരി മാസം 3-ാം തിയതി ഭൂജാതനായി. (ചവറ കുര്യാക്കോസ് ഏലിയാസച്ചൻ സ്വർഗ്ഗത്തിലേക്ക് എടുക്കപെട്ടതും ജനുവരി 3-ാം തിയതിയാണ്.) ചാവറ പിതാവിന്റേയും വി.ജി സിറയക്കിന്റേയും പേര് ഒന്നു തന്നെയാണ്. അതു കൊണ്ട് പ്രത്യേക ഭക്തിയും ബഹുമാനവും ആദരവും ചവറ പിതാവിനോട് അദ്ദേഹത്തിനുണ്ട്.

സിറിയക്കിനെ അക്ഷരങ്ങൾ പഠിപ്പിച്ചതും ഒന്നാം പാഠപുസ്തകവും കണക്കും പഠിപ്പിച്ചതും വല്ല്യമ്മയാണ്. ചെറുപ്പത്തിലെ പ്രാർത്ഥനകളും വല്ല്യമ്മ പഠിപ്പിച്ചിരുന്നു. തന്റെ ബാല്യകാല ജീവിതം രസകരമാക്കി തീർത്തതും വല്ല്യമ്മയാണെന്ന് വി.ജി സിറിയക്ക് 97-ാം വയസ്സിലും അനു സ്മരിക്കുന്നു. രണ്ട് മുതൽ നാലുവരെ ക്ലാസ്സുകളിൽ കാഞ്ഞിരത്താനം സെന്റ് ജോൺസ് സ്കൂളിലും തുടർന്ന് കുറവിലങ്ങാട് ഇംഗ്ലീഷ് മീഡിയം സ്കൂളിലും പഠിച്ചു. ഹൈസ്കൂൾ വിദ്യഭ്യാസം മാന്നാനം സ്കൂളിലായിരുന്നു. മാന്നാ നത്തെ ബോർഡിംഗിൽ താമസിച്ചുകൊണ്ടാണ് വിദ്യഭ്യാസം നിർവ്വഹിച്ചത്. ദിവസവും വിശുദ്ധ കുർബ്ബാനയിൽ പങ്ക് കൊണ്ട് ദിവ്യകാരുണ്യം സ്വീകരി

www.malankaralibrary.com

ക്കണം എന്ന രീതി തന്നിൽ രൂഢമൂലമാക്കിയത് മാന്നാനം ബോർഡിംഗിലെ ജീവിതമാണെന്നാണ് അദ്ദേഹം പറയുന്നത്.

ചങ്ങനാശ്ശേരി എസ്സ്.ബി കോളേജിൽ ഇന്റർ മീഡിയറ്റിനും തിരുനവന്തപുരം ഗവൺമെന്റ് കോളേജിൽ ബി.എയ്ക്കും പഠിച്ചു.ബോട്ടണി പ്രധാന വിഷയമായി എടുത്താണ് ബി.എ ഡിഗ്രി കരസ്ഥമാക്കിയത്. ഏതാനും നാൾ കുറവിലങ്ങാട് സ്കൂളിൽ അധ്യപകനായി ജോലി നോക്കിയ സിറിയക്ക് തിരുവനന്തപുരം ലോ കോളേജിൽ എഫ്.എൽ ക്ലാസ്സിൽ ചേർന്നു. മദ്രാസ് യൂണിവേഴ്സിററിയിൽ ഒന്നാം റാങ്ക് നേടി എഫ്.എൽ പരീക്ഷ പാസ്സായി. തുടർന്ന് ബി.എൽ ന് പഠിച്ചു. രണ്ടാം റാങ്കോടെയാണ് ബി.എൽ പരീക്ഷ പാസ്സായത്.1932-ൽ കോട്ടയം ജില്ലാ കോടതിയിലേക്ക് സന്നത് എടുക്കുകയും കോട്ടയത്തെ അന്നത്തെ ഏററവും പ്രഗത്ഭനായ ജോൺ നിധീരി വക്കീലിന്റെ കീഴിൽ പരിശീലനം നേടുകയും ചെയ്തു. പല കേസുകളിലും സാക്ഷി വിസ്താരം നടത്തുന്നതിനും വാദം പറയുന്നതിനും അവസരം ലഭിച്ചു.

1933-ൽ നടത്തിയ ഹൈക്കോടതി പരീക്ഷയിൽ ഒന്നാമനായി പാസ്സായ സിറിയക്ക് ഹൈക്കോടതിയിൽ സന്നതെടുത്തു. സർക്കാർ ജോലിയിൽ പ്രവേശിക്കണമെന്ന ആഗ്രഹമാണ് തിരുവന്തപുരത്തേക്ക് മാറുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഹൈക്കോടതി വക്കീലായിരുന്ന ശ്രീ തോമസ് മാതേക്കലിന് മുൻസിഫായി നിയമനം ലഭിച്ചപ്പോൾ അദ്ദേഹം നടത്തി വന്നിരുന്ന എല്ലാ കേസുകളും സിറിയക്കിനെയാണ് ഏൽപ്പിച്ചത്. ഹൈക്കോടതി വക്കീലായി 5 വർഷം പൂർത്തിയാക്കിയാൽ മാത്രമേ മുൻസിഫ് ഉദ്യോഗത്തിന് അർഹതയുള്ളു.അതിന് വേണ്ടി ശ്രമിച്ചു. 1940-ൽ സ്റ്റേഷനറി മജിസ്ട്രേറ്റായി ജോലിയിൽ പ്രവേശിച്ചു. വിവിധ തസ്തികകളിൽ വിവിധ സ്ഥലങ്ങളിൽ അദ്ദേഹം തുടർന്ന് സേവനം ചെയ്തു. 1960-ൽ ഐ.എ.എസ്സി ലേക്ക് തിരഞ്ഞെടുക്കപെട്ടു. തുടർന്ന് സെക്രട്ടറിയേററിൽ ഡെപ്യൂട്ടി സെക്രട്ടറിയായും എറണാകുളം, കണ്ണൂർ, കൊല്ലം എന്നിവിടങ്ങളിൽ ജില്ലാ കളക്ടറായും സേവനം അനുഷ്ഠിച്ചു. 1964-ൽ കേരള ലാന്റ് ബോർഡ് രൂപീകരിച്ചപ്പോൾ അതിന്റെ ആദ്യത്തെ സെക്രട്ടറിയായി നിയമിക്കപെട്ടതും സിറിയക്കിനെയായിരുന്നു. ആ തസ്തികയിൽ നിന്നാണ് വിരമിച്ചത്.

ശ്രീ എ.ജെ. ജോൺ മുഖ്യമന്ത്രിയായിരുന്നപ്പോഴും ആഭ്യന്തര മന്ത്രിയായിരുന്നപ്പോഴും അദ്ദേഹത്തിന്റെ പ്രൈവററ് സെക്രട്ടറിയായി സേവനം ചെയ്യുന്നതിനുള്ള അവസരം ലഭിച്ചു. കേരളം പ്രസിഡണ്ട് ഭരണത്തിലായിരുന്ന കാലത്ത് ഗവർണ്ണരുടെ ഉപദേഷ്ടാവായിരുന്ന ശ്രീ പി.എസ്. റാവു ഐ.എ.എസ്സിന്റെ പ്രൈവററ് സെക്രട്ടറിയായും അദ്ദേഹം സേവനം അനുഷ്ഠിക്കുകയുണ്ടായി.

താൻ എവിടെയെല്ലാം ഭരണം നിർവ്വഹിച്ചുവോ അവിടെയെല്ലാം ജനങ്ങൾക്ക് നീതി ലഭിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമവും നടത്തുകയുണ്ടായിട്ടുണ്ട്. തന്റെ ആഫീസ്സിൽ നിന്നും അഴിമതി തുടച്ച് നീക്കുന്ന

www.malankaralibrary.com

തിനുള്ള ശ്രമവും നടത്തിയിട്ടുണ്ട്.

സിറിയക്ക് ചേർത്തല തഹസീൽദാർ ആയിരുന്ന കാലത്ത് പഞ്ചസാരക്കും മണ്ണെണ്ണയ്ക്കും കടുത്ത ക്ഷാമം നേരിട്ടിരുന്നു. ധാരാളം അപേക്ഷകൾ താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഓഫീസിലേക്ക് വരും. അപേക്ഷയുടെ പേരിൽ വേണ്ട നടപടികൾ സ്വീകരിക്കാതെ വെച്ച് താമസിപ്പിക്കുവാൻ ഓഫീസ് ജോലിക്കാർ ശ്രമിച്ചിരുന്നു. ഇങ്ങനെ മനപ്പൂർവ്വം താമസിപ്പിക്കുന്നത് കൈമടക്ക് വാങ്ങിക്കുന്നതിനു വേണ്ടിയായിരുന്നു. ഇതിന് ഒരു മാറ്റം വരുത്തിയത് സിറിയക്കിന്റെ ഒരു നേട്ടമായിരുന്നു. അപേക്ഷയിൽ തഹസീൽദാരുടെ ഒപ്പ് പതിച്ചുകൊടുത്താൽ അവർക്ക് കടകളിൽ നിന്നും നേരിട്ട് പഞ്ചസാരയും മണ്ണെണ്ണയും വാങ്ങാം. അതാത് ദിവസം കച്ചവടക്കാർ കണക്കടക്കം അപേക്ഷകളുമായി ആഫീസിൽ ഹാജരായി സ്റ്റോക്കിന്റെ നീക്കിയിരുപ്പ് ബോദ്ധ്യപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചു. ഈ രീതി സ്വീകരിച്ചതുമൂലം ഓഫീസ് ജോലിക്കാർക്ക് കിട്ടികൊണ്ടിരുന്ന കൈമടക്ക് ഇല്ലാതായി. ഇതേ തുടർന്ന് ഏതാനും പരാതികൾ സിവിൽ സർവ്വീസ് കമ്മീഷണർക്ക് ലഭിച്ചു. കമ്മീഷണർ അന്വേഷണത്തിന് വന്നു. സിറിയക്കിന്റെ വിശദീകരണം കമ്മീഷണർ അംഗീകരിക്കുകയും ഇങ്ങനെ ജനോപകാര പ്രദമായ നടപടി സ്വീകരിച്ച സിറിയക്കിനെ അനുമോദിക്കുകയും ചെയ്തു.

ചെങ്കോട്ട തഹസീൽദാർ ആയിരുന്ന കാലത്തും ഇതുപോലെയുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. വില്ലേജുകളിലെ നെല്ല്, ഉള്ളി, വറ്റൽ മുളക് എന്നിവയുടെ വിളവ് താലൂക്കുകളിലെ തഹസീൽദാർമാരും കൃഷി ഉദ്യോഗസ്ഥരും ചേർന്ന് പരിശോധന നടത്തി നിശ്ചയിച്ച് അവിടങ്ങളിലെ ആവശ്യം കഴിഞ്ഞ് ബാക്കി കേരളത്തിലേക്ക് കൊണ്ട് വരാൻ അനുവദിച്ചിരുന്നു. അതിനുള്ള പെർമിറ്റ് കൊടുക്കുന്നത് ചെങ്കോട്ട തഹസിൽദാർ ആയിരുന്നു. താലൂക്ക് ഓഫീസ് ഉദ്യോഗസ്ഥരും കൃഷി ഉദ്യോഗസ്ഥരും ചേർന്ന്, അതിർത്തി കടന്ന് കേരളത്തിലേക്ക് വരുന്ന ലോറികളിൽ ഉള്ള ചാക്കുകൾ ഇറക്കി കയറ്റി പരിശോധിച്ചതായി വൗച്ചറുകൾ ഉണ്ടാക്കി അവ പാസ്സാക്കുന്നതിന് സിറിയക്കിനെ സമീപിക്കുക പതിവായിരുന്നു. ചില അവസരങ്ങളിൽ സിറിയക്ക് തന്നെ ലോറിയിൽ സഞ്ചരിക്കുകയും ഈ കൃത്രിമം മനസ്സിലാക്കുകയും ചെയ്തു. കള്ള വൗച്ചറുകളുമായി തന്നെ സമീപിക്കരുതെന്ന് കർശന നിർദ്ദേശം നൽകുവാനും അദ്ദേഹം തയ്യാറായി.

അമ്പലപ്പുഴ തഹസീൽദാർ ആയിരുന്ന കാലം താലൂക്ക് ഓഫീസ് ആലപ്പുഴയിലായിരുന്നു. നെല്ലെടുപ്പിനും റേഷൻ വിതരണത്തിനും പ്രത്യേകം ആഫീസറെ നിയമിക്കുന്നതുവരെ രണ്ടു ജോലികളും തഹസീൽദാർ തന്നെ ചെയ്തിരുന്നു. റേഷൻ വിതരണത്തിന് മൊത്തക്കടകളും ചില്ലറകടകളും നിശ്ചയിക്കുന്നതും തഹസീൽദാർ ആയിരുന്നു. റേഷൻ കട അനുവദിച്ച് കിട്ടുന്നതിനായി 20 പവന്റെ ആഭരണങ്ങൾ അടങ്ങുന്ന ഒരു പെട്ടിയുമായി ഒരു കടക്കാരൻ വന്നു. കട അനുവദിച്ച് കൊടുത്തതിനുശേഷമാണ് ഈ പെട്ടി

www.malankaralibrary.com

യുടെ കഥ അറിയുന്നത്. ആ പെട്ടി മടക്കികൊടുക്കുകയും ഇത് ആവർത്തിക്കരുതെന്ന് ഉപദേശിച്ചയക്കുകയും ചെയ്തു. ഇതു പോലെ പണം അടങ്ങിയ കവറുമായി വരുന്നവരെയും മടക്കി അയച്ചിട്ടുണ്ട്. കറ പുരളാത്ത കൈകളുമായി അധികാരത്തിൽ നിന്നും വിരമിച്ച സിറിയക്ക് സർക്കാർ ഉദ്യോഗസ്ഥർക്ക് എന്നും മാതൃകയാണ്.


1967–ൽ റിട്ടയർ ചെയ്ത വി.ജി സിറിയക്കും കുടുംബവും തിരുവനന്തപുരത്ത് തന്നെ സ്ഥിരതാമസമാക്കി. തിരുവനന്തപുരത്തെ ലൂർദ്ദ് പള്ളിയാണ് ഇടവകയെങ്കിലും സമീപമുള്ള ഹോളിക്രോസ്സ് പള്ളിയിലാണ് പതിവായി പൊയ്ക്കൊണ്ടിരിക്കുന്നത്. അവിടുത്തെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു.ലൂർദ്ദ് പള്ളിയിലെ പാരീഷ കൗൺസിലിലും പ്രവർത്തിച്ചിരുന്നു.

പാങ്ങോട്ട് കാർമ്മൽ പള്ളിയുടെ അടുത്ത് താമസിച്ചിരുന്ന കാലത്ത് ക്രിസ്ത്യൻ കൾച്ചർ മൂവ്മെന്റ് എന്ന പ്രസ്ഥാനം ആരംഭിക്കുകയും അതിന്റെ സ്ഥാപക സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തു. പ്രസിഡണ്ട് വി.വി ജോസഫ് ഐ.എ.എസ്സിന്റെ നിര്യാണത്തിനുശേഷം സി.സി.എം.ന്റെ പ്രസിഡണ്ട് പദവിയും വഹിച്ചു. മുട്ടടയിൽ താമസിച്ചിരുന്ന കാലത്ത് മുട്ടട പള്ളിയിൽ നിന്നും ദാനമായി ലഭിച്ച സ്ഥലത്ത് കോസ്മോ പൊളിറ്റിക്കൽ ക്ലബ്ബ് സ്ഥാപിക്കുകയും അതിന്റെ സ്ഥാപക സെക്രട്ടറിയും പിന്നീട് അതിന്റെ പ്രസിഡണ്ടും ആയും പ്രവർത്തിക്കുകയും ചെയ്തു. അനുദിനം പള്ളി കർമ്മങ്ങളിൽ പങ്കെടുക്കണെമെന്നുള്ള ആഗ്രഹം കൊണ്ടാണ് പള്ളിക്ക് സമീപം താമസമാക്കിയത്. 2004 ഡിസംബർ വരെ എല്ലാ ദിവസവും പള്ളി കർമ്മങ്ങളിൽ സംബന്ധിച്ചിരുന്നു. ഇപ്പോൾ സാധിക്കുന്നില്ല.

തിരുവതാംകൂർ പ്രജാസഭയിലെ അംഗമായിരുന്ന തോട്ടാശ്ശേരി സി. മാത്യുവിന്റെ പ്രഥമ പുത്രി തങ്കമ്മെയാണ് വി.ജി സിറിയക്ക് വിവാഹം കഴിച്ചിരിക്കുന്നത്. വി.ജി സിറിയക്കിന്റെ മകൻ, ഭാരതത്തിനും വ്യോമസേനക്കും അഭിമാനമായിരുന്ന സ്ക്വാഡ്രൺ ലീഡർ മാത്യു സിറിയക്ക് പ്രധാനമന്ത്രി ശ്രീ മൊറാർജി ദേശായിയെ ആസാമിലെ ജോർഘട്ടിലേക്ക് വിമാനത്തിൽ കൊണ്ടുപോകും വഴി 1977 നവംബർ നാലിന് വിമാന അപകടത്തിൽ മരണമടഞ്ഞു. വിമാനത്തിന്റെ എഞ്ചിൻ തകരാറായതിനെ തുടർന്ന് വെള്ളപാടത്തേക്ക് വിമാനം ഇടിച്ചിറക്കുകയും വിമാനത്തിലെ എല്ലാ ജോലിക്കാരും മാത്യു സിറിയക്കിനൊപ്പം മരണമടയുകയും പ്രധാനമന്ത്രി ശ്രീ മൊറാർജി ദേശായി ഉൾപ്പെടെയുള്ളവർ അപകടത്തിൽ നിന്ന് രക്ഷപെടുകയും ചെയ്തു. പ്രധാനമന്ത്രി അടക്കമുള്ളവരെ അത്ഭുതകരമായി രക്ഷപെടുത്തി സ്വജീവൻ മറ്റുള്ളവർക്കുവേണ്ടി ബലിയർപ്പിക്കുകയും ചെയ്ത സ്ക്വാഡ്രൺ ലീഡർ മാത്യു സിറിയക്ക് നമുക്കേവർക്കും ആദരണീയനാണ്.

വിലാസം - വി.ജി. സിറിയക്ക് ഐ.എ.എസ്സ് (റിട്ടയേർഡ്), മുട്ടട പി.ഒ.,
തിരുവനന്തപുരം 695025

www.malankaralibrary.com



# 4

# ഫാ. ജോൺ അന്തീനാട്

വിവാഹിതനായ ഒരു വൈദികനാണ് ഫാ.ജോൺ അന്തീനാട്. അദ്ദേഹത്തിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി 2000-ാമാണ്ട് വിപുലമായ തോതിൽ ആഘോഷിക്കുകയുണ്ടായി. അത്യപൂർവ്വമായ പൗരോഹിത്യ സുവർണ്ണജൂബിലിയാഘോഷിച്ച ഫാ.ജോൺ 1909 ജനുവരി 16-ാം തീയതി പാലാ രൂപതയിലെ കുടക്കച്ചിറ ഇടവകയിൽ അന്തീനാട് മത്തായി അന്നമ്മ ദമ്പതികളുടെ മൂത്ത പുത്രനായി ജനിച്ചു. കുറിച്ചിത്താനം പ്രൈമറിസ്കൂളിലും ഉഴവൂർ ഒ.എൽ.എൽ. സ്കൂളിലുമായിരുന്നു വിദ്യാഭ്യാസം. പിതൃസഹോദരി പുത്രനായ മരങ്ങാട്ടുമാലിൽ ബഹു.ജോണച്ചനും അന്തീനാട് തറവാട്ടിലാണ് ബാല്യകാലം ചിലവഴിച്ചത്. രണ്ടു ജോണച്ചന്മാരും ചെറുപ്പത്തിൽ വൈദികനാകണമെന്ന ആഗ്രഹത്തോടെയാണ് വളർന്നത്. എന്നാൽ ചെറുപ്പത്തിൽത്തന്നെ അന്തീനാട് ജോണിനെ വിവാഹം കഴിപ്പിക്കുവാൻ മാതാപിതാക്കൾ തീരുമാനിച്ചു. 14-ാമത്തെ വയസ്സിൽ വലവൂർ കുഴികുളത്തിൽ ജോസഫ് അന്ന ദമ്പതികളുടെ മൂത്ത പുത്രിയും സുപ്രസിദ്ധ വചനപ്രഘോഷകനും എം.എസ്സ്.എം.ഐ സന്യാസസഭയുടെ സ്ഥാപകനുമായ സി.ജെ. വർക്കിയച്ചന്റെ സഹോദരിയുമായ അന്നമ്മയെ 1923 ഫെബ്രുവരി 28-ാം തിയതി ജോൺ വിവാഹം ചെയ്തു. അന്ന് അന്നമ്മക്ക് 12 വയസ്സ് മാത്രമായിരുന്നു പ്രായം. അന്നമ്മ വിവാഹിതയാവാൻ ആഗ്രഹിച്ചിരുന്നില്ലന്നതാണ് യാഥാർത്ഥ്യം. വിവാഹത്തിനുശേഷം മൂന്നു വർഷം കൂടി പഠനം തുടർന്നു. തേർഡ് ഫാറം പാസ്സായ ജോൺ മാതാപിതാക്കളൊടൊത്ത് കൃഷികാര്യങ്ങളിൽ വ്യാപൃതനായി. ജോണച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയോടനുബന്ധിച്ച് അച്ചടിച്ച് പ്രസിദ്ധീകരിച്ച ചെറിയ ജീവിചരിത്രക്കുറുപ്പിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "വളരെ ചെറുപ്പത്തിൽത്തന്നെ വൈദികനാകണമെന്നു മോഹം മനസിൽ കൊണ്ടു നടന്ന ജോണച്ചന്റെയും, വിശുദ്ധ കൊച്ചു ത്രേസ്യായുടെ ഭക്തയായിരുന്ന അന്നമ്മയുടെയും ജീവിതം ഉഭയ സമ്മതപ്രകാരം പരിശുദ്ധ കന്യമറിയത്തിന്റെയും നിസാൽ വ്രതമെടുത്ത വി.യൗസേപ്പിന്റെയും വിവാഹജീവിതം അനുകരിക്കാൻ വാഗ്ദാനം ചെയ്തതു വഴി നിർമ്മലമായ ഒരു സ്നേഹജീവിതം അവരിൽ നിറഞ്ഞുനിന്നു. പന്ത്രണ്ടു വർഷത്തെ കുടുംബജീവിതത്തിനിടയിൽ അന്നമ്മ ഒരു മാസക്കാലം കഠിന രോഗബാധിതയായി ആശുപത്രിയിൽ കഴിഞ്ഞു. ആ സമയമത്രയും ജോണച്ചൻ തന്നെയായിരുന്നു അന്നമ്മക്ക് ആവശ്യമായ ശുശ്രൂഷകളും നൽകിയത്. 24-ാമത്തെ വയസിൽത്തന്നെ അന്നമ്മ ജോണ

www.malankaralibrary.com

ച്ചന്റെ കരങ്ങളിൽ ശിരസ്സർപ്പിച്ച് ഭാഗ്യമരണം പ്രാപിച്ചതോടെ അവരുടെ കുടുംബജീവിതത്തിന് തിരശ്ശീല വീഴുകയായിരുന്നു"

ജോണച്ചൻ ഒരു വൈദികനായിത്തീരണമെന്ന് പ്രിയതമനെ അറിയിച്ചതിനു ശേഷമാണ് അന്നമ്മ അന്ത്യയാത്ര പറഞ്ഞത്. അന്നമ്മയുടെ ആഗ്രഹം പിൽക്കാലത്ത് പൂവണിയുകയും ചെയ്തു. അന്നമ്മയെന്ന ആ പുണ്യ ചരിതയുടെ ജീവിത മാതൃകയാണ് സഹോദരൻ സി.ജെ. വർക്കിയച്ചനും സഹോദരി സാലമ്മയും സന്യാസ സഭയിലേക്കാകർഷിച്ചതെന്ന് അവർ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

1937 ൽ ഇരുപത്തിയെട്ടാം വയസ്സിൽ ജാഫ്നയിലുള്ള റൊസാരിയൻ കോൺഗ്രിഗേഷനിൽ ചേർന്ന് ജോൺ സന്യാസ പരിശീലനം നടത്തി. ആയിടക്ക് വത്സലമാതാവിനുണ്ടായ അസുഖത്തെ തുടർന്ന് ശുശ്രൂക്ഷക്കായി ജോണിനെ ജാഫ്നയിൽ നിന്നും തിരിച്ചു വിളിച്ചു. അമ്മയെ ശുശ്രൂഷിക്കുന്നതിനായി നാട്ടിലെത്തിയ ജോൺ കിടങ്ങൂർ, മാന്നാനം ഹൈസ്കൂളിൽ പഠിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് വൈദികനാകണമെന്ന ആഗ്രഹത്താൽ പല വൈദികമേലദ്ധ്യക്ഷന്മാരെയും സമീപിച്ചു. ആരും അനുകൂലമായി സംസാരിച്ചില്ല. വ്യക്തിപരമായ വളരെ അടുപ്പമുണ്ടായിരുന്ന അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവിനെ സമീപിച്ചു ചൂളപ്പറമ്പിൽ പിതാവ് മാർ തോമസ് കുര്യാളശ്ശേരി പിതാവിനെ നേരിൽക്കണ്ട് ശുപാർശ ചെയ്തു. കുര്യാളശ്ശേരി മെത്രാൻ തിരുവനന്തപുരത്തെ മാർ ഇവാനിയോസ് തിരുമേനിയുടെ മൈനർ സെമിനാരിയിലേക്ക് പറഞ്ഞയച്ചു. ഒരു മിഷനറിയായി തീരണമെന്ന തന്റെ ആഗ്രഹം അധികാരികളെ അറിയിക്കുകയും അവരുടെ ശുപാർശയോടെ മദ്രാസ് അതിരൂപതാദ്ധ്യക്ഷനായിരുന്ന മത്തിയാസ് തിരുമേനിയുടെ പൂനമലയിലുള്ള തിരുഹൃദയസെമിനാരിയിൽ ചേർന്ന് പഠിക്കുകയും ചെയ്തു

സ്വർഗ്ഗത്തിലിരുന്ന് അന്നമ്മയും ഭൂമിയിലിരുന്ന് ജോണച്ചനും നിരന്തരമായി നടത്തിയ പ്രാർത്ഥനയുടെ ഫലമായി വിവാഹിതർക്ക് അഗമ്യമായിരുന്ന പൗരോഹിത്യത്തിലേക്ക് ജോണച്ചൻ വിളിക്കപ്പെട്ടു. 1951 ഏപ്രിൽ 22-ാം തീയതി ഡോ. മത്തിയാസ് തിരുമേനിയിൽ നിന്നും ജോൺ വൈദികപട്ടം സ്വീകരിച്ചു. തുടർന്നുള്ള വൈദിക ജീവിതത്തെപ്പറ്റി ശ്രീ. വി.വി. പോൾ വള്ളോപ്പള്ളിൽ ദീപനാളത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു "ദളിതരുടെ വിദ്യാഭ്യാസത്തിനും സാമൂഹിക ഉന്നമനത്തിനും കുഷ്ഠരോഗികളുടെ പുനരധിവാസത്തിനും മുന്തിയ പ്രാധാന്യം അദ്ദേഹം നൽകിയിരുന്നു. പാവന സ്മരണാർഹരായ തേവർപറമ്പിൽ കുഞ്ഞച്ചൻ, ഫാ.ഡാമിയൻ, മദർ തെരേസാ എന്നിവരുടെ പ്രവർത്തനശൈലിയാണ് അദ്ദേഹം സ്വീകരിച്ചത്.

വൈദിക ജീവിതം ആരംഭിക്കുന്നത് വെല്ലൂർ രൂപതയിലാണ്. വെല്ലൂർ രൂപതയുടെ വിഭജനത്തെ തുടർന്ന് നെല്ലൂർ, കടപ്പ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചു. സേവനം അനുഷ്ഠിച്ച പള്ളികളിലെല്ലാം ദളിതരുടെ വിദ്യാ

www.malankaralibrary.com

ഭ്യാസത്തിനും സാമൂഹ്യ പുരോഗതിക്കും വേണ്ടി അക്ഷീണം പരിശ്രമിച്ചു. തമിഴ്നാട്ടിലും ആന്ധ്രപ്രദേശിലും ഉള്ള കുഷ്ഠ രോഗികളുടെ ശുശ്രൂഷയ്ക്കും പുനരധിവാസത്തിനും വേണ്ടി പ്രത്യേകം ശ്രദ്ധചെലുത്തുകയും അധിവാസകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്തു. അതുപോലെ തന്റെ പ്രവർത്തനമേഖലകളിലെല്ലാം ധാരാളം സ്കൂളുകളും സ്ഥാപിച്ചു. അവിടെ പഠിച്ച പലരും ഉന്നത ജോലികളിൽ എത്തിച്ചേരുകയുണ്ടായി.

കടപ്പ രൂപതയിൽ പെട്ട ചിറ്റൂർ ൗണിന്റെ ഹൃദയ ഭാഗത്ത് അതിമനോഹരമായ ഒരു ദേവാലയവും സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടക്കുന്ന ഇംഗ്ലീഷ്മീഡിയം ഹൈസ്കൂളുകളും കുഷ്ഠരോഗ ബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്രവും ആശുപത്രികളും മറ്റും വളരെ ശ്രദ്ധേയമാണ്. ഇവയെല്ലാം ബഹു. ജോണച്ചന്റെ പരിശ്രമഫലമായി രൂപംകൊണ്ടതാണ്.

1988-ൽ ഇടവക ഭരണത്തിൽ നിന്നും വിരമിച്ചു. പിന്നീട് ആന്ധ്രപ്രദേശിലെ ബംഗാരപ്പാളയമെന്ന സ്ഥലത്ത് ഒരു ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ സ്ഥാപിച്ചു. ഇന്ന് അത് നല്ലനിലയിൽ കുളത്തുവയിൽ എം.എസ്.എം.ഐ. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടക്കുന്നു. ചിറ്റൂരും, ബംഗാരപ്പാളയത്തും വച്ച് അവിടുത്തെ പൊതുജനങ്ങൾ നേതൃത്വം നൽകി അദ്ദേഹത്തിന്റെ പൗരോഹിത്യസുവർണ്ണ ജൂബിലിയാഘോഷിക്കുകയുണ്ടായി. അന്നാട്ടുകാർക്ക് ജോണച്ചനോടുള്ള ആദരവ് ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും.


14 വർഷത്തെ ബാല്യകാല ജീവിതവും 12 വർഷത്തെ കുടുംബ ജീവിതവും 55 വർഷത്തെ വൈദിക ജീവിതവും പിന്നിടാൻ കഴിഞ്ഞ ജോണച്ചൻ ഇന്ന് വിശ്രമജീവിതം നയിക്കുന്നു.

Address - Rev. Fr. John Anthinattu, Kudakkachira P.O, Pin. 686 635.

# 5

# ഫാ. ആന്റണി നരിതൂക്കിൽ

## സി.എം.ഐ.



പ്രശസ്തനായ വിദ്യാഭ്യാസപ്രവർത്തകൻ, പ്രഗത്ഭനായ പത്രപ്രവർത്തകൻ, പ്രമുഖനായ കർഷകബന്ധു എന്നീ നിലകളിൽ അറിയപ്പെടുന്ന ഫാ. ആന്റണി നരിതൂക്കിൽ പാലാ രൂപതയിലെ പൈക ഇടവകയിൽ പുരാതനവും പ്രശസ്തവുമായ നരിതൂക്കിൽ കുടുംബത്തിൽ ജോസഫ് അന്ന ദമ്പതികളുടെ പുത്രനായി 1909 സെപ്റ്റംബർ 26-ാം തീയതി ഭൂജാതനായി.

www.malankaralibrary.com

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം സി.എം.ഐ. സന്യാസസഭയിൽ 1929 –ൽ ചേരുകയും 1930 സെപ്റ്റംബർ 14ന് ആദ്യവ്രതം അനുഷ്ഠിക്കുകയും ചെയ്തു. മാന്നാനം സെന്റ് എഫ്രേംസിലും നൊവിഷ്യറ്റ് അമ്പുഴക്കാട്ട് സെന്റ് തെരേസാസിലുമായിരുന്നു. ഫിലോസഫി പഠനം മുത്തോലിയിലും തിയോളജി പഠനം ചെത്തിപ്പുഴയിലും നിർവ്വഹിച്ചു. 1938 ജൂൺ 11–ാം തീയതി പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു. ദീപികപത്രം മാന്നാനത്തു നിന്നും കോട്ടയത്തേക്ക് മാറ്റി സ്ഥാപിച്ചപ്പോൾ അദ്ദേഹം ഡീക്കൻ ആയിരുന്നു. അന്നുമുതൽ അദ്ദേഹം ദീപികയുമായി ഉറ്റബന്ധം പുലർത്തിപ്പോന്നു. കുറേക്കാലം അമ്പഴക്കാട് ലാറ്റിൻ നൊവിഷ്യറ്റ് വിദ്യാർത്ഥികളെ പഠിപ്പിച്ചു. പിന്നീട് ഒരു വർഷക്കാലം ദീപിക എഡിറ്റോറിയൽ ബോർഡിൽ സേവനം അനുഷ്ഠിച്ചു. തുടർന്ന് മദ്രാസ് ലയോളാ കോളേജിൽ പഠിച്ച് 1944 ബി.എ. ഡിഗ്രിയും 1945–ൽ എം.എ. ഡിഗ്രിയും കരസ്ഥമാക്കി.

തേവര കോളേജിൽ ലക്ചററായും പ്രിൻസിപ്പാൾ ആയും 1946 – 53 കാലങ്ങളിൽ പ്രവർത്തിക്കുകയുണ്ടായി.

1953–ൽ ജേർണലിസത്തിൽ ഉപരിപഠനത്തിനായി അമേരിക്കയിലേക്കുപോയി. 1955ൽ അമേരിക്കയിൽനിന്നും തിരിച്ചെത്തിയ നരിതൂക്കിലച്ചൻ ദീപികയുടെ മാനേജിംഗ് എഡിറ്ററായി. 1955 മുതൽ 1961 വരെ ആ ജോലിയിൽ അദ്ദേഹം തുടർന്നു. അക്കാലത്ത് ദീപിക എടുത്ത പല ധീരമായ നടപടികളും സമൂഹത്തിന്റെ വികാരമുൾക്കൊണ്ടുകൊണ്ടുള്ളതായിരുന്നു. വിദ്യാഭ്യാസ പ്രശ്നത്തിലും കാർഷികപ്രശ്നത്തിലും ഉറച്ച നിലപാടെടുത്തുകൊണ്ടായിരുന്നു അദ്ദേഹം ദീപികയുടെ യശസ്സ് ഉയർത്തിയത്.

1957–ലാണല്ലോ കേരളത്തിൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തെരഞ്ഞെടുപ്പിലൂടെ ലോകത്തിലാദ്യമായി അധികാരമേറ്റെടുത്തത്. അവർ അധികാരമേറ്റെടുത്ത ഉടനെ ജയിലിൽ കിടന്ന ക്രിമിനൽ പുള്ളികളെ തുറന്നു വിട്ടുകൊണ്ടാണ് സന്തോഷംപ്രകടനം നടത്തിയത്. മുണ്ടശ്ശേരി സ്വകാര്യ വിദ്യാലയങ്ങളുടെ മേൽ നിയന്ത്രണമേർപ്പെടുത്തുവാൻ ഒരു വിദ്യാഭ്യാസ പദ്ധതിക്ക് രൂപംകൊടുത്തു. ആ പദ്ധതിയുടെ അപകടവശങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ദീപിക ആരംഭിച്ച സമരം ഐതിഹാസികമായിരുന്നു. ഒറ്റയ്ക്കുള്ള ദീപികയുടെ ഈ പോരാട്ടത്തിൽ ഗവൺമെന്റിനെതിരെ ദീപിക നടത്തിയ വിമർശനങ്ങൾ തീപ്പൊരി പാറുന്നതായിരുന്നു. അറിയാത്തപിള്ളയ്ക്ക് ചൊറിയുമ്പം അറിയാം എന്ന ആശയം പ്രകടിപ്പിച്ചുകൊണ്ട് സങ്കടകരമായ പാഠം എന്ന പേരിൽ 1958 ഓഗസ്റ്റ് 14ന് ദീപിക പ്രസിദ്ധപ്പെടുത്തിയ മുഖപ്രസംഗത്തിൽ ഇപ്രകാരം എഴുതി. "അനുഭവം ഒരു മഹാവിദ്യാലയമാണ്. ആ വിദ്യാലയത്തിലെ ചിലർ പഠിക്കുകയുള്ളൂ. അവിടെ പോലും പഠിക്കാത്തവർ വിഡ്ഢികളാണ്. .. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിൽനിന്ന് ജനങ്ങൾക്ക് എന്തെങ്കിലും ആനുകൂല്യമോ അവകാശമോ നേടണമെങ്കിൽ ഗവൺമെന്റിന് മുന്നോട്ടുപോകുവാൻ വയ്യാത്തവണ്ണം ബലപ്രയോഗം ജന

www.malankaralibrary.com

ങ്ങൾ നടത്തിയേ തീരൂ. ഇത് സങ്കടകരമായ ഒരു അവസ്ഥയാണ്. പക്ഷെ അനുഭവത്തിൽനിന്നും നാം പഠിക്കുന്ന പാഠം ഇതാണ്. ..... ബലപ്രയോഗ ത്തിന്റേയല്ലാതെ ഡമോക്രസിയുടെ ഭാഷ നമ്മുടെ ഗവൺമെന്റിന് മനസ്സി ലാകുന്നില്ല." ഗവൺമെന്റ് നെതിരെ ബലപ്രയോഗം കൂടിയേ തീരുവെന്ന് ദീപിക ഉറക്കെ പറഞ്ഞപ്പോൾ ദീപികക്കെതിരെ ഗവൺമെന്റ് കോടതിയിൽ പോയി. കേസ് വിചാരണ ചെയ്തു ദീപികയെ ശിക്ഷിക്കാനുള്ള അവസരം കമ്മ്യൂണിസ്റ്റ് മന്ത്രിസഭയ്ക്ക് ലഭിച്ചില്ല. അതിനുമുമ്പ് മന്ത്രിസഭ അധികാര ത്തിൽനിന്നും തൂത്തെറിയപ്പെട്ടു. ന്യൂനപക്ഷാവകാശനിഷേധം മൗലികാവ കാശധ്വംസനമാണെന്ന് ദീപിക പ്രഖ്യാപിച്ചു. വിദ്യാഭ്യാസസമരം അഗ്നി യായി പടർന്ന് വിമോചനസമരമായി മാറി. അധികാരത്തിൽനിന്നും അവരെ നീക്കം ചെയ്തു.

കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ ഭരണകാലത്ത് കുടിയിറക്കുകൾക്കെതിരെ ദീപിക നടത്തിയ പടയോട്ടത്തെപ്പറ്റി ദീപികയുടെ ചീഫ് എഡിറ്റർ ഫാ. ജോസ് പന്തപ്ലാംതൊട്ടി 1986-ൽ എ.കെ.സി.സി. പ്രസിദ്ധീകരിച്ച മാർപ്പാപ്പാ സന്ദർശനസ്മരണികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. (പുറം. 83). "കുടി യേറ്റ മേഖലയിൽ കഠിനാദ്ധ്വാനം ചെയ്ത കർഷകജനതയ്ക്കെതിരെ അധികം താമസിയാതെ കുടിയിറക്കു ഭീഷണി പടവാളുയർത്തിയപ്പോൾ കർഷകരെ തുണയ്ക്കുവാൻ പത്രമെന്ന നിലയിൽ ദീപിക മാത്രമേ ഉണ്ടാ യിരുന്നുള്ളൂ. 1958 മാർച്ച് 26-ന് ദീപിക ഇപ്രകാരം തുറന്നെഴുതി:നിങ്ങൾക്ക് കൈയിലെ വിലങ്ങല്ലാതെ മറ്റൊന്നും നഷ്ടപ്പെടുവാനില്ലെന്ന് മാർക്സ് പറഞ്ഞ അവസ്ഥയിലെത്തിയിട്ടുള്ളതാണീ കർഷകകുടുംബങ്ങൾ.... 1950 മുതൽ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും സർക്കാർ നടപടികളും ഉളവാക്കിയ ആശ യുടെ ഫലമായും മററു മാർഗ്ഗങ്ങളില്ലായ്കയാലും സർക്കാർ ഭൂമിയിൽ കുടി ലുകൾകെട്ടി പാർപ്പായവരെ ഇറക്കിവിടുകയാണ് സർക്കാർ ചെയ്തത്. അദ്ധ്വാനിക്കുന്ന ഈ വിഭാഗത്തിന് വേണ്ടി നിലകൊള്ളുന്നു എന്ന് പ്രചാ രണം നടത്തിയ കമ്മ്യൂണിസ്റ്റുകാർ മറ്റാർക്കോ വേണ്ടിയാണ് നിലകൊള്ളു ന്നതെന്ന് വ്യക്തമാക്കുന്നതാണ് കർഷകരോടുള്ള അവരുടെ പെരുമാറ്റം...... ഏറ്റവും ചെറിയ ഭൂവുടമകൾപോലും കുടികിടപ്പുകാരെ ഒഴിപ്പിക്കരുതെന്ന് നിഷ്കർഷിക്കുന്ന ഗവൺമെന്റ് ഈ കർഷരെ അവരുടെ പ്രതീക്ഷകൾക്കും വിരുദ്ധമായി ഇറക്കിവിട്ട് നിരാധാരമാക്കിയത് വിചിത്രമാണ്."

കുടിയിറക്കിനെതിരെ ദീപിക തിരികൊളുത്തിയ കർഷകസമരം 1958 ഏപ്രിൽ 17-നുണ്ടായ ഒത്തുതീർപ്പിനനുസരിച്ച് കർഷകർക്ക് അനുകൂലമായി അവസാനിക്കുകയുണ്ടായി. ഉടുമ്പൻചോല താലൂക്കിൽ നടന്ന ഈ കുടി യിറക്കിനുശേഷം പിന്നീട് കാട്ടാമ്പള്ളി - കീഴ്പ്പള്ളി ഭാഗത്ത് കുടിയിറക്കു ണ്ടായപ്പോഴും ദീപിക കർഷകരുടെ സംരക്ഷണത്തിനു ഓടിയെത്തുകയു ണ്ടായി." വിമോചനസമരത്തിനുശേഷം അധികാരമേറ്റെടുത്ത ഐക്യജ നാധിപത്യമുന്നണിയുടെ കർഷകദ്രോഹനടപടികളെ വിമർശിച്ചുകൊണ്ട്

www.malankaralibrary.com

ദീപിക നടത്തിയ പോരാട്ടത്തെപ്പറ്റി ഫാ. പന്തപ്ലാംതൊട്ടി എഴുതിയിരിക്കുന്ന ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കാം.

"ദീപികയോട് കൈകോർത്തുനീങ്ങി വിമോചനസമരം നയിച്ച പ്രഗത്ഭനായ പി.ടി. ചാക്കോ മന്ത്രിയായപ്പോൾ ഹൈറേഞ്ചുകർഷകർക്കെതിരെ വീണ്ടും കുടിയിറക്കുഭീഷണി ഉയർന്നു. കുടിയിറക്കിനെതിരെ കർഷകരെ സംഘടിപ്പിച്ചുകൊണ്ട് ഫാ. വടക്കൻ മലനാട് കർഷകയൂണിയൻ സംഘടിപ്പിച്ചപ്പോഴും അമരാവതിയിലെ കർഷകർക്കുവേണ്ടി എ.കെ. ഗോപാലൻ സമരരംഗത്തുവന്നപ്പോഴും അവരെ തുണയ്ക്കാൻ ദീപികയുണ്ടായിരുന്നു. തലമറന്ന് എണ്ണതേച്ച പി.ടി ചാക്കോയുടെയും ജനാധിപത്യഗവൺമെന്റിന്റെയും തെറ്റായ കർഷകനയത്തെ തുറന്നെതിർത്ത ദീപികയുടെ മുഖപ്രസംഗങ്ങളിലെ ചില ഭാഗങ്ങൾ താഴെ കൊടുക്കുന്നു. "ആനപ്പുറത്ത് ഇരിക്കുന്നവർക്ക് പട്ടിയെ പേടിക്കേണ്ട" എന്ന മട്ടിലാണ് ചില മന്ത്രിമാരുടെ പോക്ക്. ഇടുക്കി പദ്ധതിക്കുവേണ്ട സ്ഥലങ്ങളിൽനിന്ന് കൃഷിക്കാരെ ഒഴിപ്പിച്ചേ തീരൂ. പക്ഷെ അതിനുമില്ലേ ഒരു മര്യാദയും ക്രമവുമൊക്കെ. ഇന്ന തീയതിക്കകം ഒഴിഞ്ഞുമാറണമെന്ന് ഒരു നോട്ടീസെങ്കിലും കൊടുക്കാമായിരുന്നില്ലേ. അതിനുപകരം അല്പന് അർത്ഥം കിട്ടിയാൽ അർദ്ധരാത്രിക്ക് കുടപിടിക്കുമെന്നുപറയുംപോലെ യാതൊരു മുന്നറിയിപ്പുംകൊടുക്കാതെ അധികാരം കാട്ടുന്ന നടപടിയാണ് മന്ത്രിമാർ അവലംബിച്ചിരിക്കുന്നത്...... ഹാ മന്ത്രിമാരെ! ജനപ്രതിനിധികളേ! മനുഷ്യത്വം ലേശമില്ലാതെ കുടിയിറക്കപ്പെട്ടിരിക്കുന്ന ഈ കർഷകരും അവരുടെ ബന്ധുക്കളുമാണ് അധികാരസ്ഥാനങ്ങളിൽ നിങ്ങളെ കയററിയതെന്നും വോട്ടുചോദിച്ചുകൊണ്ട് ഇനിയും ഇവരെത്തന്നെയാണ് നിങ്ങൾ സമീപിക്കേണ്ടതെന്നും ഓർത്താൽ കൊള്ളാം....."(ദീപിക 1961 മെയ് 7). കമ്മ്യൂണിസ്റ്റ് വിരുദ്ധരെന്നപേരിൽ അധികാരത്തിലെത്തിയ ആ ജനാധിപത്യമന്ത്രിസഭയുടെ നയങ്ങൾക്കും ഫാസിസത്തിനും തമ്മിൽ വലിയ വിത്യാസമില്ലെന്നാക്ഷേപിച്ചുകൊണ്ട് 1961 ഓഗസ്റ്റ് 30-ന് കർഷകന്റെ കറുത്തവർഷം എന്ന പേരിൽ ദീപിക എഴുതി: "പാവപ്പെട്ടവരെ കൂട്ടിക്കൊണ്ടല്ലാതെ അവർക്കെതിരെ ഒരു കമ്മ്യൂണിസ്ററ് വിരുദ്ധമില്ല. ഉണ്ടെങ്കിൽ അത് ഫാസിസമാണ്. ഫാസിസം കമ്മ്യൂണിസത്തെപ്പോലെ എതിർക്കപ്പെടേണ്ടതാണ്.''

കർഷക താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി എത്രയെത്ര കോളങ്ങളാണ് നരിതൂക്കിലച്ചന്റെ കാലത്ത് ദീപിക വിനിയോഗിച്ചത്. അദ്ദേഹത്തിന്റെ ധീരത അഭിനന്ദനാർഹമാണ്. നരിതൂക്കിലച്ചനോട് ഒന്നിച്ച ദീപികയിൽ പത്രാധിപരായി വർത്തിച്ച കെ.എം. ജോസഫ് ആയിരുന്നു മുഖപ്രസംഗങ്ങൾ എഴുതിയത്. അദ്ദേഹത്തിന്റെ മൂർച്ചയുള്ള തൂലികയ്ക്ക് ദീപികയിൽ ഇടം നൽകാൻ നരിതൂക്കിലച്ചൻ കാണിച്ച ധീരതയെ എത്ര പ്രശംസിച്ചാലും അധികമാവുകയില്ല.

www.malankaralibrary.com

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെപ്പറ്റി നാമെല്ലാം അഭിമാനപൂർവ്വം സ്മരിക്കാറുണ്ട്. രാമകൃഷ്ണപിള്ളയുടെ മൂർച്ചയേറിയ തൂലികയെ നാം പ്രശംസിക്കാറുണ്ട്. അദ്ദേഹം സ്വദേശാഭിമാനി പത്രത്തിലാണ് എഴുതിയത്. അദ്ദേഹത്തെ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെന്നു വിളിക്കുന്നത് അതുകൊണ്ടാണ്. രാമകൃഷ്ണപിള്ളയുടെ ദേശാഭിമാനത്തെപ്പറ്റി വാതോരാതെ പ്രസംഗിക്കുമ്പോൾ സ്വദേശാഭിമാനി പത്രത്തിന്റെ ഉടമയെ നാം വിസ്മരിക്കുന്നു. രാമകൃഷ്ണപിള്ളയുടെ ശക്തമായ വാക്കുകൾക്ക് ഇടംനൽകിയത് സ്വദേശാഭിമാനി പത്രത്തിന്റെ ഉടമയായ സ്വാതന്ത്ര്യചിന്തകനായ വക്കം അബ്ദുൾഖാദറാണ്. അദ്ദേഹം മുതൽമുടക്കി നടത്തിയ പത്രത്തിലാണ് രാമകൃഷ്ണപിള്ള സർക്കാരിനെതിരെ എഴുതിയത്. രാമകൃഷ്ണപിള്ളയേപ്പോലെയോ അതിനേക്കാൾ ശക്തമായോ മനുഷ്യാവകാശസംരക്ഷണത്തിനുവേണ്ടി എഴുതാൻ കഴിവുള്ളവർ നമ്മുടെ നാട്ടിലുണ്ട്. അവരുടെ ധീരമായ വാക്കുകൾ വെളിച്ചം കാണിക്കുവാൻ പത്രഉടമകൾ തയ്യാറാകുന്നില്ലെന്നുള്ളതാണ് സത്യം. എഴുത്തുകാർ ഇല്ലാഞ്ഞിട്ടല്ല. അവരെ നിർഭയമായി എഴുതുവാൻ പത്ര ഉടമകൾ അനുവദിക്കുന്നില്ലെന്നതാണ് സത്യം.

സ്വദേശാഭിമാനി പത്രത്തിന്റെ ഉടമ വക്കം അബ്ദുൾ ഖാദറെയാണ്, ഫ. നരിതൂക്കിൽ ആന്റണിയച്ചനെ ഉപമിക്കേണ്ടത്. ദീപികയുടെ പരമാധികാരിയായ അദ്ദേഹം കെ.എം. ജോസഫിന്റെ തൂലികയ്ക്ക് യഥാവസരം പ്രവർത്തിക്കാൻ അനുവാദം നൽകിയില്ലായിരുന്നുവെങ്കിൽ ദീപികയുടെയും ഇവിടുത്തെ കർഷകരുടയും ചരിത്രം മറ്റൊന്നാകുമായിരുന്നു.

കുടിയിറക്കുകൾക്കെതിരെ കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ചപ്പോൾ അതിനെ എതിർത്ത വൈദികമേലദ്ധ്യക്ഷന്മാർ നിരവധിയായിരുന്നു. ആ എതിർപ്പുകൾ അറിഞ്ഞുകൊണ്ടുതന്നെയാണ് തുറന്നെഴുതുവാൻ കെ.എം. ജോസഫിന്, നരിതൂക്കിലച്ചൻ പച്ചക്കൊടി കാട്ടിയത്. ഒരു അഞ്ചുവർഷക്കാലം കൂടി ദീപികയുടെ സാരഥിയായി നരിതൂക്കിലച്ചൻ പ്രവർത്തിച്ചിരുന്നുവെങ്കിൽ ഇവിടുത്തെ രാഷ്ട്രീയരംഗം മറ്റൊരു രീതിയിൽ ചലിക്കുമായിരുന്നു ... കർഷകദ്രോഹം നടത്തിയവരെ പൂവിട്ടുപൂജിക്കാനും അവരെ വെള്ള പൂശാനും അദ്ദേഹം തയ്യാറാവുകയില്ലായിരുന്നുവെന്നതാണ് സത്യം.

ദീപികയിൽനിന്നും അദ്ദേഹം ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ ലക്ചററായിട്ടാണ് സ്ഥലംമാറിയത്. ഇരിങ്ങാലക്കുടയിൽനിന്നും ചെത്തിപ്പുഴ ആശ്രമത്തിൽ പ്രിയോരായിട്ടാണ് അദ്ദേഹം പോകുന്നത്. 1963–65 വർഷങ്ങളിൽ ദേവഗിരി സെന്റ് ജോസഫ് കോളേജിൽ പ്രിൻസിപ്പലായി നിയമിതനായി. അക്കാലത്താണ് ദേവഗിരി കോളേജിനെ പിടിച്ചുകുലുക്കിയ സമരങ്ങൾ നടന്നത്. അവിടുത്തെ പിരിച്ചുവിടീലുകളും അച്ചടക്ക നടപടികളും ഒരു ഇതിഹാസം കുറിക്കലായിരുന്നു. 1965–68 വർഷങ്ങളിൽ

www.malankaralibrary.com

തൃക്കാക്കര ഭാരതമാതാ കോളേജ് പ്രിൻസിപ്പലായും 1968-70 കാലങ്ങളിൽ മാന്നാനം കെ.ഇ. കോളേജ് പ്രിൻസിപ്പലായും സേവനം അനുഷ്ഠിച്ചു. 1970 -72 കാലഘട്ടത്തിൽ ധർമ്മാരം കോളേജിൽ തിയോളജി സെക്ഷൻ സുപ്പീരിയർ ആയിരുന്നു. 1972-78 കാലഘട്ടത്തിൽ എറണാകുളത്ത് പ്രിയോർ ജനറാളായും സേവനം അനുഷ്ടിച്ചു. പിന്നീട് പൂഞ്ഞാർ, മുത്തോലി ആശ്രമങ്ങളിൽ സേവനം അനുഷ്ടിച്ചു. പിന്നീട് 1982 മുതൽ 6 വർഷക്കാലം ധർമ്മാരാം കോളേജ് സ്പിരിചൽ ഡയറക്ടറായിരുന്നു. 1988 പാലാ സെന്റ് വിൻസന്റ് ആശ്രമത്തിൽ പൗരോഹിത്യശുശ്രൂഷ നടത്തി.

സന്യാസസഭാരംഗത്ത് നിസ്തുല സേവനങ്ങൾ അനുഷ്ഠിച്ച അദ്ദേഹത്തിന്റെ അനുഭവജ്ഞാനത്തിന്റെ അംഗീകാരമായിരുന്നു വിവിധ പദവികൾ.

ഫാ. ആന്റണി: പത്രപ്രവർത്തനരംഗത്തെ തേരാളിയും പോരാളിയും എന്ന ശീർഷകത്തിൽ ദീപനാളം വാരികയിൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്ന പ്രൊഫ. ജോസഫ് മറ്റം എഴുതിയ ലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "അന്തോനിയച്ചൻ മാനേജിംഗ് എഡിറ്ററും പിന്നീട് ചീഫ്എഡിറ്ററുമായി സേവനം അനുഷ്ഠിക്കുന്ന കാലം, ദീപികയുടെ ചരിത്രത്തിലെ സുവർണ്ണകാലമായിരുന്നു. ഒരു മലയാള പത്രത്തിന് വിദേശത്ത് ജേർണലിസപഠനവും പരിശീലനവും നടത്തിയ ഒരു പത്രാധിപരുണ്ടാവുന്നത് ഫാ.ആന്റണിയോടു കൂടിയായിരുന്നു എന്നു തോന്നുന്നു. എഡിറ്റിംഗ്, വാർത്തകൾക്ക് ആകർഷകമായ ശീർഷകം നൽകൽ, പേജ് മേക്കപ്പ്, ഫോട്ടോ എഡിറ്റിംഗ്, അടിക്കുറുപ്പ് നൽകൽ തുടങ്ങിയ സാങ്കേതികരംഗങ്ങളിലെല്ലാം അദ്ദേഹത്തിന്റെ കൈവിരൽപ്പാടുകളുണ്ടാകുമായിരുന്നു. വാർത്തകൾക്ക് ഒരു ലീഡ് വേണമെന്നും, തലവാചകങ്ങൾ ക്രിയാത്മകമാകണമെന്നും ഫസ്റ്റ് സ്റ്റോറി എന്ന മുഖ്യവാർത്ത പത്രത്തിന്റെ വലതുഭാഗത്ത് ചേർക്കണമെന്നും മറ്റും അദ്ദേഹം നിർദ്ദേശിച്ചിരുന്നത് ഓർക്കുന്നു.

ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ വിദ്യാഭ്യാസനയത്തിനെതിരെ ഉയർന്ന ജനരോഷത്തെ ബഹുജനപ്രക്ഷോഭണമായി, ചരിത്രപ്രസിദ്ധമായ വിമോചനസമരമായി ചാലുകീറിയൊഴുക്കിയത് അന്തോനിയച്ചനും അന്നത്തെ മുഖപ്രസംഗരചയിതാവായ ശ്രീ.കെ.എം.ജോസഫുമായിരുന്നു. "ഗ്വാട്ടിമാലയും കേരളവും" "സങ്കടകരമായ പാഠം" തുടങ്ങി തീപ്പൊരി ചിതറുന്ന ആ മുഖലേഖനങ്ങളിലൂടെ ദീപിക സമരത്തിന് ആവേശം നൽകി. മറ്റു പത്രങ്ങളും നേതാക്കളും അറച്ചുനിന്ന കാലത്ത് ഒറ്റയ്ക്ക് പോരാടുകയായിരുന്നു അന്ന് ദീപികയും അന്തോനിയച്ചനും. സമരം ശക്തമായതിനെത്തുടർന്നാണ് 'മന്നശങ്കരന്മാർ' എന്ന് അന്ന് വിശേഷിപ്പിച്ചിരുന്ന സമുദായ രാഷ്ട്രീയ നേതാക്കളും മറ്റു പത്രങ്ങളും സമരരംഗത്തു വന്നത്. അന്ന് അന്തോനിയച്ചനെതിരെ അഞ്ചോ ആറോ കേസുണ്ടായിരുന്നു. അറസ്റ്റു ഭീഷണിയുമുണ്ടായിരുന്നു.


www.malankaralibrary.com

കാഞ്ഞിരപ്പള്ളി പ്രശാന്തഭവനിൽ വിശ്രമജീവിതം നയിക്കുന്ന നരി തൂക്കിൽ ആന്റണിയച്ചന്റെ സന്യാസസമർപ്പണത്തിന്റെ പ്ലാറ്റിനം ജൂബിലി വിപുലമായ തോതിൽ 2005 സെപ്റ്റംബറിൽ പാലായിൽ വെച്ച് ആഘോഷി ക്കുകയുണ്ടായി.

വിലാസം - ഫാ. ആന്റണി, നരിതൂക്കിൽ, സി.എം.ഐ., പ്രശാന്തഭവൻ, സി.എം.ഐ. ആശ്രമം, കാഞ്ഞിരപ്പള്ളി

# 6

# എൻ.യു. ജോസഫ്



സഭാപഠനങ്ങൾക്കനുസൃതമായ രചനകൾ നടത്തി ക്കൊണ്ട് കേരളസഭയിൽ നിറഞ്ഞുനിൽക്കുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് എൻ.യു. ജോസഫ്. ഇദ്ദേഹം ഇടപ്പള്ളി പാലാ രിവട്ടത്ത് നടുവിലേവീട്ടിൽ ശൗരി ഉണ്ണി മറിയാമ്മ ദമ്പതികളുടെ പുത്രനായി 1913 ഡിസംബർ 24-ന് ഭൂജാതനായി. അന്ന് നാട്ടുനടപ്പനുസരിച്ച് കുടിപ്പള്ളി ക്കൂടത്തിലാണ് വിദ്യാഭ്യാസം ആരംഭിക്കുന്നത്. സെന്റ് റാഫേൽ എൽ.പി.എസ്സ്, കൃഷ്ണവിലാസം മിഡിൽ സ്കൂൾ ഇടപ്പള്ളി, സെന്റ് ആൽ ബർട്സ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് പാസ്സായി. അദ്ധ്യാപക ജോലിയിൽ പ്രവേശിച്ച ജോസഫ് 1974-ൽ റിട്ടയർ ചെയ്തു. പി.ഒ.സി. ബൈബിൾ (1981) സാങ്കേതിക വിഭാഗം അംഗമായി പ്രവർത്തിച്ചു. ഡോൺബോസ്കോ ബുള്ളറ്റിൻ, താലത്ത് മാസിക, പാക്സ്മാസിക എന്നീ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപസമിതികളിൽ അംഗമായിരുന്നിട്ടുണ്ട്.

നിരവധിഗ്രന്ഥങ്ങളുടെ കൈയെഴുത്ത് പ്രതികൾ പരിശോധിച്ചു കൊടുത്തിട്ടുള്ള ജോസഫ് കഥാകവിത, ലേഖനങ്ങൾ, ജീവചരിത്രം തുടങ്ങി യവ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ എഴുതിയിട്ടുണ്ട്. മലബാർ മെയിൽ, കേരളാടൈംസ്, തൊഴിലാളി, ചിത്രോദയം, കർമ്മലകുസുമം, സത്യദീപം,സത്യനാദം, ചെറുപുഷ്പം തുടങ്ങിയ പത്രമാസികകളിലെ സ്ഥിരം എഴുത്തുകാരനായിരുന്നു അദ്ദേഹം. ഉതിർമണികൾ എന്ന കവിതാ സമാഹാരം അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സഭാപഠനങ്ങൾക്കനുസൃതമായ രചനകളാണ് അദ്ദേഹം നടത്തി യിട്ടുള്ളത്. പ്രസാദാത്മകൻ, പരോപകാരമേ പുണ്യം പാപമേ പര പീഡനം എന്നിവയാണ് ജോസഫിന്റെ ആദർശ മുദ്രാവാക്യങ്ങൾ. അഭിവന്ദ്യ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനി, ഫാ. വടക്കൻ, എം.എം.

www.malankaralibrary.com


വർക്കി, ഫാ.എബ്രാഹാ അടപ്പൂർ, പ്രൊഫ മാത്യു ഉലകംതറ തുടങ്ങിയവരുടെ അഭിനന്ദനങ്ങൾ സാഹിത്യപരിശ്രമങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

ശ്രീ. ജോസഫിന്റെ സേവനങ്ങളെ പരിഗണിച്ച് കെ.സി.ബി.സി. 1997 -ൽ പൊന്നാട അണിയിച്ച് ആദരിച്ചു. പാലയൂർ ഫൊറോനാ സി.എൽ.സി. സംസ്ഥാനാടിസ്ഥാനത്തിൽ നടത്തിയ സംഗീതമത്സരത്തിൽ (1989) ഒന്നാം സമ്മാനം കരസ്ഥമാക്കിയിട്ടുണ്ട്. സെന്റ് ജോൺ ബാപ്റ്റിസ്റ്റ് പള്ളി കുടുംബയോഗവും ജോസഫിന്റെ നവതിയോടനുബന്ധിച്ച് പൊന്നാടയണിയിച്ച് ആദരിച്ചു. മററനവധി പാരിതോഷികങ്ങളും സാക്ഷ്യപത്രങ്ങളും ലഭിച്ചിട്ടുണ്ട്. എൻ.യു. ജോസഫിന്റെ തൂലികാനാമം "അനിലൻ" എന്നാണ്.

വിലാസം - എൻ.യു. ജോസഫ് നടുവിലെ വീട് 32/718, പാലാരിവട്ടം-682025

# 7

# ഫാ. അബ്രാഹം കൈപ്പൻപ്ലാക്കൽ



അവശരുടെയും ആർത്തരുടെയും ആലംബഹീനരുടെയും സംരക്ഷണത്തിനായി ജീവിതം ഉഴിഞ്ഞുവച്ച ഫാ. അബ്രാഹം കൈപ്പൻപ്ലാക്കൽ 1914 ഏപ്രിൽ 16-ാം തീയതി കൊഴുവനാൽ ഇടവകയിൽ കൈപ്പൻപ്ലാക്കൽ കുടുംബത്തിൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം വൈദിക വിദ്യാഭ്യാസത്തിനായി മൈനർ സെമിനാരിയിൽ ചേർന്നു. ആലുവാ സെന്റ് ജോസഫ് അപ്പസ്തോലിക സെമിനാരിയിൽ നിന്നും വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി 1939 ൽ തിരുപ്പട്ടം സ്വീകരിച്ചു. അതിരംപുഴ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യനിയമനം. ഒരു മിഷനറിയാകണമെന്നതായിരുന്നു കൈപ്പൻപ്ലാക്കലച്ചന്റെ ആഗ്രഹം. ബൽജിയം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ബനഡികടെയിൽ സന്യാസസഭയിലേക്ക് ഫാ. അബ്രാഹം കൈപ്പൻപ്ലാക്കലും അദ്ദേഹത്തിന്റെ സഹോദരൻ ഫാ. ഫിലിപ്പ് ഒ.സി.ഡി.യും ആകർഷിക്കപ്പെടുകയും ആ സഭയുടെ ഒരു ശാഖ സേലത്തിനടുത്ത് സിൽവഗിരിയിൽ സ്ഥാപിച്ചുകൊണ്ട് 1945-ൽ മിഷൻ പ്രവർത്തനത്തിലേർപ്പെടുകയും ചെയ്തു. ഇന്ന് സഭയിൽ ഭാരതീയവൽക്കരണം പ്രധാനചർച്ചാവിഷയമാണ്. എല്ലാവരും അത് അംഗീകരിക്കുകയും ചെയ്യുന്നു. എന്നാൽ ഈ ആശയം ആദ്യമായി അവതരിപ്പിച്ച് ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിച്ച രണ്ടു പേരാണ് ഫാ. അബ്രാഹം, ഫാ. ഫിലിപ്പ് എന്നിവർ. ഭാരതീയരീതിയിലുള്ള കാവിവസ്ത്രമായിരുന്നു അവർ ധരിച്ചിരുന്നത്. ഏഴെട്ടുവർഷത്തിനുശേഷം അവർ ഇരുവരും തിരികെ പോന്നു. ഫാ. അബ്രാഹം പാലാരൂപതയിൽ സേവനം ആരംഭിച്ചു.

www.malankaralibrary.com

പിഴക് (ഉറുമ്പുകാവ്) ദേവാലയത്തിന്റെ വികാരിയായിട്ടാണ് ആദ്യ നിയമനം. പിഴക് ദേവാലയം പുതുക്കിപണിയുകയും മലമുകളിൽ വ്യാകുലസങ്കേതം കപ്പേള സ്ഥാപിക്കുകയും ചെയ്തു. ഇടവക ജനങ്ങളെ എല്ലാവരെയും ദേവാലയം പണിയിൽ സഹകരിപ്പിച്ചു വെന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. പിഴകിൽ നിന്നും പിന്നീട് മല്ലികശ്ശേരി പള്ളിയിലേക്കും അവിടെ നിന്നും പാലാ ളാലം പഴയ പള്ളിയിലേക്കും വികാരിയായി നിയമിക്കപ്പെട്ടു. രണ്ടിടത്തും ദേവാലയങ്ങൾ പുതുക്കി പണിതു. പൊതുകാര്യങ്ങളിൽ ജനപങ്കാളിത്തം കൂടുതൽ ഉണ്ടാക്കിയെന്നതാണ് അച്ചന്റെ നേട്ടം. പാലാ ളാലം പള്ളിയിൽ നിത്യസഹായമാതാവിന്റെ നൊവേന ആരംഭിച്ചത് ഫാ.അബ്രാഹമാണ്. ളാലം പള്ളിയിൽ വികാരിയായിരിക്കുമ്പോൾ മുതൽ സാമൂഹ്യസേവന രംഗത്ത് വിപ്ലവാത്മകമായ ചലനങ്ങൾ സൃഷ്ടിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. വിൻസന്റ് ഡി പോൾ സഖ്യത്തിന്റെ രൂപതാ ആദ്ധ്യാത്മികോപദേഷ്ടാവ് എന്ന നിലയിൽ ആ രംഗത്ത് വിലപ്പെട്ടസേവനം അനുഷ്ഠിച്ചു. അവിടംകൊണ്ടും അച്ചന്റെ സേവനം അവസാനിച്ചില്ല. അവശരുടെയും ആർത്തരുടെയും ആലംബഹീനരുടെയും കണ്ണിലുണ്ണിയായി മാറിയ അദ്ദേഹം അനാഥ ബാലികാ ബാലന്മാർക്കായി രണ്ടു സ്ഥാപനം കരൂർ ആരംഭിച്ചു. ബോയ്സ് ടൗണും ഗേൾസ് ടൗണും. അനാഥരായ നൂറു കണക്കിന് കുട്ടികളെ അവിടെ പാർപ്പിക്കുകയും അവരെ സ്കൂളുകളിലയച്ച് വിദ്യയഭ്യസിപ്പിക്കുകയും വിവിധ തൊഴിലുകളിൽ പരിശീലനം നൽകുകയും ചെയ്തു. ബാലികാബാലന്മാരെപ്പോലെതന്നെ വികലാംഗർ, വൃദ്ധജനങ്ങൾ തുടങ്ങി ആയിരക്കണക്കിന് നിസ്സഹായരെ അച്ചന്റെ സ്നേഹസ്പർശംകൊണ്ട് കരകയറ്റിയിട്ടുണ്ട്. ഇരുപതുവർഷത്തെ ഇടവകശുശ്രൂഷക്കുശേഷം പൂർണ്ണമായും നിസഹായരായവരെ സംരക്ഷിക്കുന്നതിലാണ് ശ്രദ്ധചെലുത്തിയത്. അദ്ദേഹം പടുത്തുയർത്തിയ സ്ഥാപനങ്ങളും അവയിലൂടെ ജീവിതം കരുപ്പിടിച്ച അഗതികളും അനേകരാണ്. അദ്ദേഹം പടുത്തുയർത്തിയ സ്ഥാപനങ്ങൾ താഴെപറയുന്നവയാണ്. ബോയ്സ് ടൗൺ (പാലാ 1959) ഗേൾസ് ടൗൺ (കൊഴുവനാൽ 1963) ദയാഭവൻ (പാലാ 1969) സ്നേഹാലയം (കരൂർ 1969) കരുണാലയം (പാലാ 1969) സ്നേഹഗിരി സന്യാസസഭ (പാലാ 1969) ശാന്തി നിലയം (ഏന്തയാർ 1970) രക്ഷാഭവൻ (മണിയംകുളം 1971) നിർമ്മലഭവൻ (പൂവത്തിളപ്പ് 1972) ആശാസദൻ (മുണ്ടൻകുന്ന് 1973) ആശാഭവൻ (നെന്മേനി 1975) ഓസ്സാനാം ഭവൻ (പാലാ 1977) ദൈവദാസൻ സെന്റർ (കോളയാട് 1982) ജൂബിലി ആശാഭവൻ (മലയാററൂർ 1994) ചെറുപുഷ്പം ഭവൻ മലയാററൂർ (1996) ദൈവദാസൻ സന്യാസനീസഭ (മലയാററൂർ 1998) മരിയഭവൻ (മലയാററൂർ 1999) ദൈവദാസൻ സെന്റർ (വടക്കാഞ്ചേരി 2000) ബഥാനിയാഭവൻ (കോളയാട് 2001) ഈ സ്ഥാപനങ്ങളുടെയെല്ലാം

www.malankaralibrary.com

ജീവാത്മാവും പരമാത്മാവും ഫാ. കൈപ്പൻപ്ലാക്കലാണ്. ഇക്കഴിഞ്ഞ മാസം ഇടുക്കി രൂപതയിലും ഒരു സ്ഥാപനം അദ്ദേഹം ആരംഭിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളെ ബസിലും ട്രെയിനിലും യാത്രചെയ്ത് സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുകൊണ്ടിരിക്കുന്നു.


യേശുദാസനെപ്പോലുള്ള പ്രഗത്ഭർ ഈ സ്ഥാപനം സന്ദർശിക്കുകയും ഗാനമേള സൗജന്യമായി നടത്തുകയും ചെയ്തിട്ടുണ്ട്. അച്ചന്റെ മഹത്തായ സേവനങ്ങളെ ആദരിച്ച് നിരവധി അവാർഡുകൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്. റോട്ടറി ഇന്റർനാഷണൽ അവാർഡ് കേരള തമിഴ്നാട് ലയൺസ്ക്ലബ്ബ് ഇന്റർനാഷണൽ അവാർഡ് (1993) മുൻസിപ്പൽ കൗൺസിൽ അവാർഡ് പാലാ (1994) സോഷ്യൽ സർവ്വീസ് അവാർഡ് ഫോർ - കേരള തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാ (1994) ഹ്യൂമാനിറേറിയൻ ഓഫ് ദ ഇയർ അവാർഡ് ഫോർ ഇന്ത്യാ (1994) കെയർ ഷെയർ അവാർഡ് യു.എസ്.എ. (1994) ബെസ്റ്റ് സോഷ്യൽ വർക്കർ ഓഫ് ഇന്ത്യാ അവാർഡ് - ഇന്ത്യൻ മർച്ചന്റ് ചേംബർ ബോംബെ (1995), പാലാ ടൗൺ ജൂണിയർ ചേംബർ അവാർഡ് (1998) ഫ്ളോറിഡാ മിയാമി കേന്ദ്രമായി പ്രവർത്തിക്കുന്ന മലയാളി അസോസിയേഷന്റെ അമലാ അവാർഡ് (2004) മേരിവിജയം ഡോ. ജോൺ ചിറയാത്ത് അവാർഡ് (2004) ഫാ. എമ്മാനുവൽ ചാരിററബിൾ ട്രസ്റ്റ് അവാർഡ് (2004).

91-ാം വയസ്സിലും യുവസഹജമായ ചുറുചുറുക്കോടെ ഓടി നടന്ന് അനേക സ്ഥലങ്ങളിലായി ആയിരങ്ങളെ സംരക്ഷിക്കുന്ന ഫാ. എബ്രാഹം കൈപ്പൻപ്ലാക്കൽ ഈ നൂററാണ്ടിലെ ഏററം വലിയ സാമൂഹ്യ പ്രവർത്തകനാണ്.

വിലാസം - ഫാ. അബ്രാഹം കൈപ്പൻപ്ലാക്കൽ, ദേവദാൻ സെന്റർ,
ചെത്തിമറ്റം, പാലാ.

# 8

# ജോസഫ് മാൻവെട്ടം



ചെറുകഥാകൃത്ത്, കവി എന്നീ നിലകളിൽ അറിയപ്പെടുന്ന ജോസഫ് മാൻവെട്ടം 1914 മേയ് 28-ന് വൈക്കം താലൂക്കിൽ മാഞ്ഞൂർ മേമുറി ദേശത്ത് മാൻവെട്ടം തടിക്കൽ പുത്തൻപുരയിൽ പൈലി ഏലിയാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. പ്രൈമറിവിദ്യാഭ്യാസാനന്തരം മുട്ടുചിറസ്കൂളിൽ ചേർന്നു പഠിച്ചു.

www.malankaralibrary.com

ഏഴാംക്ലാസിൽ പബ്ലിക്ക് പരീക്ഷയായിരുന്നു. നല്ല രീതിയിൽ വിജയം കൈവരിച്ചു. പിതാവിന് അസുഖം ബാധിക്കുകയും അകാലചരമം പ്രാപിക്കുകയും ചെയ്തതിനാൽ മുമ്പോട്ട് തുടർന്നുപഠിക്കുവാൻ സാധിച്ചില്ല. മൂത്തജ്യേഷ്ഠനോടൊപ്പം കൃഷി കാര്യങ്ങൾ നടത്തി. 30 ഏക്കർ നിലം, പുരയിടം ഉൾപ്പെടെ ഉണ്ടായിരുന്നു. അതിൽ നെല്ല്, കപ്പ, ഇഞ്ചി, വാഴ, തെങ്ങ്, റബ്ബർ മുതലായ കൃഷി ചെയ്തു പോന്നു. ഇവയ്ക്കെല്ലാം ജോസഫും സഹോദരനും നേതൃത്വം നൽകി. മുട്ടുചിറസ്കൂളിൽ മലയാളം പഠിപ്പിച്ചിരുന്നത് തിരുവല്ലാ സ്വദേശി പയ്യംപള്ളിൽ ഗോപാലപിള്ളയായിരുന്നു. പണ്ഡിതനും കവിയും ഗ്രന്ഥകാരനുമായ ഗോപാലപിള്ളയുമായുള്ള അടുപ്പം ജോസഫിനെ ഒരു സാഹിത്യകാരനാക്കിത്തീർത്തു. അദ്ദേഹം പഠിപ്പിക്കുന്നത് രസകരമായ രീതിയിലായിരുന്നു. അദ്ദേഹത്തിന്റെ ഈണത്തിലുള്ള പദ്യം ചൊല്ലൽ ആരെയും ആകർഷിക്കുന്നതായിരുന്നു. നിരവധി ഗ്രന്ഥകാരന്മാരുടെ കൃതികൾ വായിക്കുവാനും അവയിൽ പലതും ഹൃദിസ്ഥമാക്കുവാനും ശ്രമിച്ചു. കൈപ്പുഴസ്കൂളിലെ മലയാളം അദ്ധ്യാപകൻ മുകളേൽ ജോസഫ് സാറുമായി ജോസഫ് മാൻവെട്ടം പരിചയപ്പെട്ടു. ശിഷ്യത്വം സ്വീകരിച്ചു. നല്ല കവിയും പല ഗ്രന്ഥങ്ങളുടെയും രചയിതാവുമായിരുന്നു ജോസഫ് മുകളേൽ. ചില കവിതകൾ എഴുതി ജോസഫ് മാൻവെട്ടം, മുകളേൽ സാറിനെ കാണിച്ചു. പല കവിതകളും തെറ്റുകൾ തിരുത്തി കൊടുത്തു. പല കാര്യങ്ങളും ഉപദേശരൂപേണ മാൻവെട്ടത്തിന് പറഞ്ഞുകൊടുത്തു. ചെറുപുഷ്പത്തിന്റെ ചിന്തകൾ എന്ന കവിത കർമ്മല കുസുമത്തിൽ പ്രസിദ്ധീകരിക്കുന്നതിന് മുകളേൽ സാർ ശ്രമിച്ചു. കർമ്മല കുസുമവും തുടർന്ന് മലബാർ മെയിലും ആ കവിത പ്രസിദ്ധം ചെയ്തു. ഇതിനിടയിൽ നോവൽ, കഥകൾ എന്നിവ വായിക്കുന്നതിൽ ജോസഫിന് താല്പര്യം തോന്നി. ആയാംകുടി പി. ആർ ശങ്കരപ്പിള്ള കഥ എഴുതുവാൻ ജോസഫിനെ പ്രേരിപ്പിച്ചു. ആ പാതയിൽ ഏറെ നാൾ സഞ്ചരിച്ചെങ്കിലും കവിതയിലേക്കു തന്നെ മടങ്ങിപ്പോന്നു. കുറെക്കാലം മാൻവെട്ടം ഇംഗ്ലീഷ്സ്കൂളിൽ മലയാളം അദ്ധ്യാപകനായും ജോലി നോക്കിയിട്ടുണ്ട്.

കഥ, കവിത, ബാലസാഹിത്യം, ഖണ്ഡകാവ്യം, ജീവചരിത്രം, കുടുംബചരിത്രം, പള്ളിയുടെ ചരിത്രം ഇങ്ങനെ 22 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്മരണ, വെള്ളിപ്പൂക്കൾ, സായംകാലം (കവിതാസമാഹാരം) കല്ലറിയേണ്ടവൾ, സ്നേഹസീമ, ജീവജലം (ഖണ്ഡകാവ്യം) തളിരിലകൾ, അനുഭവങ്ങളുടെ താഴ്വര, അഴകുള്ളചിരി, ആരും മോശമില്ല. ആഴങ്ങളിൽ (കഥാസമാഹാരം) ഒരുമിച്ചൊഴുകിയ കാട്ടാറുകൾ (നോവൽ) വിജ്ഞാനമുരളി (ബാലസാഹിത്യം) ഫാ. ഷെവ. സി.കെ. മററം (ജീവചരിത്രം) എന്നിവയാണ് മാൻവെട്ടം രചിച്ച പ്രധാനകൃതികൾ.

മാൻവെട്ടത്തിന്റെ സാഹിത്യസംഭാവനകളെ ആദരിച്ച് അഖിലകേരള കത്തോലിക്കാകോൺഗ്രസ്സ്, പി.ഒ.സി., നിമിഷകവി കുടകശ്ശേരി എന്നീ

www.malankaralibrary.com


നാമത്തിലുള്ള സംഘടനകൾ അവാർഡ് നൽകിയിട്ടുണ്ട്. കവിതയും കഥയും നടന്നമത്സരങ്ങളിൽ 13 സമ്മാനങ്ങളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. കേരളത്തിലെ മിക്ക പ്രസിദ്ധീകരണങ്ങളിലും ഇപ്പോഴും അദ്ദേഹം എഴുതിക്കൊണ്ടിരിക്കുന്നു.

മൂത്ത ജ്യേഷ്ഠന്റെ മരണശേഷം മാൻവെട്ടത്തുനിന്നും സഹോദരൻ പോൾ മാൻവെട്ടത്തിന്റെ കൂടെ എറണാകുളത്താണ് ജോസഫ് ഇപ്പോൾ താമസിക്കുന്നത്. അദ്ദേഹം അവിവാഹിതനാണ്.

വിലാസം - ജോസഫ് മാൻവെട്ടം, കലൂർ പി.ഒ. കൊച്ചിൻ - 17

# 9

# ഫാ. ഗബ്രിയേൽ സി.എം.ഐ



" ഉന്നത വിദ്യഭ്യാസ വിചക്ഷണനും,ശിഷ്യഗണത്തിന്റെ സ്നേഹാദരവുകൾക്ക് അർഹനുമായ പൂജ്യ ഗുരുവും,ശാസ്ത്ര ലോകത്ത് ചിരപ്രതഷ്ഠ നേടിയ ഗവേഷകനും,കലാ സാംസ്കാരിക നായകനും,അഗതികളുടേയും നിരാലംബരുടേയും വിമോചകനും,ആതുരരുടെ ശുശ്രൂഷകനും,സർവ്വോപരി വിശുദ്ധിയും വിജ്ഞാനവും വികസനോന്മുഖ പ്രവർത്തനങ്ങളും സമഞ്ജസമായി സമന്വയിപ്പിക്കുന്ന നിഷ്കാമ കർമ്മയോഗിയും ആത്മീയാചാര്യനുമായ ബഹു.ഗബ്രിയേൽ സി.എം.ഐ" എന്നാണ് ആളൂർ ബെറ്റർലൈഫ് മൂവ്മെന്റ് കേരള സഭാതാരം അവാർഡ് നൽകി ആദരിച്ചപ്പോൾ ഗബ്രിയേലച്ചനെ വിശേഷിപ്പിച്ചിരിക്കുന്നത്.

ബഹുമുഖ പ്രതിഭയായ ഫാ.ഗബ്രിയേൽ,തൃശ്ശൂർ ജില്ലയിലെ അരണാട്ട് കരയിൽ നിന്ന് മണലൂർ താമസമാക്കിയ ചിറമൽ പെരിങ്ങോട്ടുകരക്കാരൻ പാവു-കുഞ്ഞില ദമ്പതികളുടെ പുത്രനായി 1914 ഡിസംബർ 14-ന് ജനിച്ചു. നാലു വയസ്സുള്ളപ്പോൾ മാതാവ് നിര്യാതയായി. പിതാവിന്റെ സംരക്ഷണയിൽ ഉത്തമ ക്രൈസ്തവ വിശ്വാസത്തിൽ ഗബ്രിയേൽ വളർന്നു വന്നു.

മണലൂർ സർക്കാർ സ്കൂളിലായിരുന്നു പ്രീപ്രൈമറി_ വിദ്യഭ്യാസം. തുടർന്ന് കണ്ടശ്ശാംകടവ് ഹൈസ്കൂളിൽ ചേർന്നു. ഒൻപതാം ക്ലാസ്സ് വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ തന്റെ ദൈവവിളി തിരിച്ചറിഞ്ഞ് സി.എം.ഐ സഭയിലെ ഒരു യോഗാർത്ഥിയായി ചേരുകയും പാവറട്ടി സെന്റ് ജോസഫ് ഹൈസ്കൂളിൽ ചേർന്ന് പഠനം ആരംഭിക്കുകയും ചെയ്തു. 1932 -ൽ ഹൈസ്കൂൾ വിദ്യഭ്യാസം പൂർത്തിയാക്കി. തുടർന്ന് അമ്പഴക്കാട് സന്യാസ ഭവനത്തിൽ ചേർന്നു. ബഹു ബർത്തലോമിയോ പെരുമാലിൽ

www.malankaralibrary.com

നവസന്ന്യാസ ഗുരുവായി അക്കാലത്ത് നിയമിതനായി.പുണ്യ ശ്ലോകനായ ബർത്തലോമിയോ അച്ചന്റെ നേതൃത്തിലുള്ള നവസന്ന്യാസ പരിശീലനകാലം ഗബ്രിയേലിന്റെ ജീവിതത്തിൽ പുതിയ പ്രബുദ്ധതയും അദ്ധ്യാത്മിക ദർശനവും ഉളവാക്കി. 1933 നവംബർ 24-ന് വ്രത വാഗ്ദാനം നടത്തി. ഭാഷാ പഠനത്തിനായി പിന്നീട് കൂനമ്മാവിലെ പഠന ഗൃഹത്തിൽ പോയി.ലത്തീൻ,സുറിയാനി ഭാഷകളിലും അലങ്കാര ശാസ്ത്രത്തിലും പ്രാവീണ്യം നേടി. ഭാഷാ പഠനത്തിനു ശേഷം മുത്തോലിയിലെ തത്വശാസ്ത്ര പഠന ഗൃഹത്തിലും തുടർന്ന ചെത്തിപ്പുഴയിലെ തിരുഹൃദയ പഠന ഗൃഹത്തിലും ചേർന്നു.ഡോ. പ്ലാസ്സിഡ് പൊടിപ്പാറയായിരുന്നു അവിടത്തെ പ്രധാന പ്രൊഫസ്സർ. ഫാ. പ്ലാസിഡിന്റെ അതിരില്ലാത്ത പാണ്ഡിത്യത്തിന്റെ മടിതട്ടിലിരുന്നാണ് അദ്ദേഹം വേദശാസ്ത്രത്തിന്റെ പൊരുൾ ഹൃദിസ്ഥമാക്കിയത്.സുദ്ദീർഘമായ വൈദിക ശാസ്ത്ര പഠനം കഴിഞ്ഞ് 1942 മെയ് 30-ന് മാർ ജെയിംസ് കാളാശ്ശേരിയിൽ നിന്നും തിരുപട്ടം സ്വീകരിച്ചു.ജൂൺ രണ്ടിനാണ് അദ്ദേഹം പ്രഥമ ദിവ്യബലി അർപ്പിച്ചത്.

ചമ്പക്കുളം യു.പി സ്കൂളിൽ അദ്ധ്യാപകനായിട്ടായിരുന്നു ആദ്യ നിയമനം.ഒരു വർഷത്തിനുശേഷം മാന്നാനം ആശ്രമത്തിൽ അദ്ധാപകനായി.തുടർന്ന് ചങ്ങനാശ്ശേരി സെന്റ് ബെർക്കുമാൻസിൽ ചേർന്ന് ഇന്റർമീഡിയറ്റ് പഠനം ആരംഭിച്ചു.1944-ൽ മദ്രാസ് പ്രസിഡൻസ്സിയിൽ സുവോളജിയിൽ ഓണേഴ്സിന് ചേർന്നു. 1949-ൽ ബി.എസ്സ്.സി ഓണേഴ്സിൽ ബിരുദം കരസ്ഥമാക്കി.പല വൈദികരും ഓണേഴ്സ് പരീക്ഷക്ക് പരാജയപെട്ടതിനാൽ ഇനി ആരെയും ഓണേഴ്സിന് അയക്കേണ്ടെന്നായിരുന്നു സഭാധികാരികളുടെ തീരുമാനം.ഫാ.ഗബ്രിയേൽ ഇന്റർ മീഡിയറ്റിന് റാങ്കോടെ പാസ്സായതിനാലാണ് അധികാരികൾ അദ്ദേഹത്തെ ഓണേഴ്സിന് അയക്കാൻ സമ്മതിച്ചത്.1949-ൽ തേവര കോളേജിൽ ബയോളജി വകുപ്പു മേധാവിയായും 1952-ൽ സുവോളജി പ്രൊഫസ്സറായും നിയമിക്കപെട്ടു.അധ്യാപനത്തോടൊപ്പം ഗവേഷണത്തിലും അദ്ദേഹം ഏർപ്പെട്ടു.ക്ലാസ്സു മുറിയിലും ലബോറട്ടറികളിലും മാത്രമായി അധ്യാപനം ഒതുക്കി നിർത്താൻ ഗബ്രിയേലച്ചൻ തയ്യാറായില്ല. കടലോരങ്ങളിലും കായലോരങ്ങളിലും ചുറ്റി സഞ്ചരിച്ച്,ജന്തുക്കളെ അവയുടെ സ്ഥായിസ്ഥാനങ്ങളിൽ തന്നെ കണ്ടെത്തുകയും നിരീക്ഷിക്കുകയും ചെയ്യുകയെന്ന അദ്ധ്യാപനരീതി ഗബ്രിയേലച്ചൻ സ്വീകരിച്ചു. കപ്പൽ തുളയ്ക്കുന്ന ഒരു പുതിയ ജീവിയെ കണ്ടെത്തുവാൻ അദ്ദേഹത്തിന് സാധിച്ചു. അന്ന് മദ്രാസ്സ് സർവ്വകലാശാലയിൽ ഗവേഷണം നടത്തിയിരുന്ന ഡോ.ബാലകൃഷ്ണൻ നായർ ആ ജീവിക്ക് ബാങ്കിയ ഗബ്രിയേല എന്ന് നാമകരണം ചെയ്തു.ഫാ.ഗബ്രയേലിന്റെ ഗവേഷണത്തോടുള്ള ബഹുമാന സൂചകമായിരുന്നു ആ നടപടി.

1953-ൽ സി.എം.ഐ സഭയെ സംബന്ധിച്ചടത്തോളം ഒരു പ്രധാന ഘട്ടമായിരുന്നു. സി.എം.ഐ സഭയെ മൂന്ന് പ്രധാന പ്രൊവിൻസുകളായി

www.malankaralibrary.com

വിഭജിക്കപ്പെട്ടു.ഗബ്രിയേലച്ചൻ സ്വഭാവികമായി തൃശ്ശൂരുള്ള ദേവമാത പ്രൊവിൻസിലേക്ക് ചേരേണ്ടതായിരുന്നുവെങ്കിലും സേക്രട്ട് ഹാർട്ട് പ്രൊവിൻസിന്റെ ആവശ്യവും നിർബന്ധവും പരിഗണിച്ച് മൂന്ന് വർഷം അവിടെ തുടർന്നു. പിന്നീട് തൃശ്ശൂർ പ്രൊവിൻസിൽ ചേർന്നു.

ഇരിങ്ങാലക്കുടയിൽ ഒരു കോളേജ് ആരംഭിക്കാനുള്ള ശ്രമം നടന്നു. കണ്ടംകുളത്തി കെ.പി ജോൺ,അദ്ദേഹത്തിന്റെ ഇളയപ്പൻ തുടങ്ങിയവരുമായി പ്രാഥമിക കൂടിയാലോചന ഗബ്രിയേലച്ചൻ നടത്തി.അവരുടെ സമീപനം അച്ചന് ആവേശമായി മാറി. നിരന്തര പരിശ്രമത്തിന്റെ ഫലമായി കോളേജ് പ്രവർത്തനം 1956 ജൂൺ 16-ന് ആരംഭിച്ചു.

ഫാ.ഗബ്രിയേൽ പ്രിൻസിപ്പലായി ചാർജെടുത്തു. തുടർന്ന് കോളേജിന് അഭൂതപൂർവ്വമായ വളർച്ചയാണുണ്ടായത്. ബിരുദകോഴ്സുകളും ബിരുദാനന്തര കോഴ്സുകളും ആരംഭിക്കുകയും ക്രൈസ്റ്റ് കോളേജിൽ വനിതാ വിഭാഗം ആരംഭിക്കുകയും ചെയ്തു. വനിതാ വിഭാഗം പിന്നീട് സെന്റ് ജോസഫ് കോളേജായി മാറി. ഒരു സ്പോർട്സ് പ്രേമിയായ ഗബ്രിയേലച്ചന്റെ ഭരണകാലത്ത് ക്രൈസ്റ്റ് കോളേജ് കലയ്ക്കും കായിക വിനോദത്തിനും മുൻനിരയിലായിരുന്നു. കണ്ടംകുളത്തിൽ ലോനപ്പൻ മെമ്മോറിയൽ ടൂർണ്ണമെന്റ് 1956-ൽ ആരംഭിക്കുകയും ചെയ്തു. പിൽക്കാലത്ത് ഡിഗ്രികോഴ്സിന് ഫിസിക്കൽ എഡ്യുക്കേഷൻ ഐച്ഛിക വിഷയമായി എടുക്കാവുന്ന സംസ്ഥനത്തെ ഏക കോളേജായി ക്രൈസ്റ്റിന് വളരാൻ കഴിഞ്ഞത് കായിക വിദ്യഭ്യാസത്തിന് ആദ്യം മുതൽക്കേ കൊടുത്ത ഈ അടിത്തറയുടെ ഫലമാണ്. കലാരംഗത്താണെങ്കിൽ സർവ്വകലാശാലാ യുവജനോൽസവത്തിൽ ഒന്നാം സ്ഥാനം പലവട്ടം ക്രൈസ്റ്റ് കരസ്ഥമാക്കിയിട്ടുണ്ട്. സെന്റ് ജോസഫ് വനിതാ കോളേജിന്റെ സ്ഥാപനത്തിന് മുന്നോട്ട് വന്ന ഹോളി ഫാമിലി സഹോദരികളുടെ പിൻപിൽ ഉറച്ച് നിന്ന് പ്രവർത്തിച്ചത് ഫാ,ഗബ്രിയേലായിരുന്നു.

കാലക്രമേണ വിദ്യാർത്ഥികൾ രാഷ്ട്രീയ സാമൂഹ്യ നേതൃത്വത്തിന്റെ ആകർഷണവലയത്തിലേക്ക് നീങ്ങികൊണ്ടിരുന്നു. കാമ്പസിന് പുറത്ത് അവരെ കണ്ടെത്താൻ വേണ്ടിയാണ് ഇരിങ്ങാലക്കുട കാത്തലിക് സെന്റർ അദ്ദേഹം ആരംഭിച്ചത്. 1975 മാർച്ച് 31-ന് ഫാ.ഗബ്രിയേൽ ക്രൈസ്റ്റിൽ നിന്ന് വിരമിച്ചപ്പോൾ അദ്ദേഹത്തിന് നൽകിയ യാത്രയയപ്പ് അതിഗംഭീരമായിരുന്നു.

ട്രാവൻകൂർ യൂണിവേഴ്സിറ്റിയിലും കാലിക്കട്ട് യൂണിവേഴ്സിറ്റിയുലുമുള്ള ഔദ്യോഗിക സമിതികളായ ബോർഡ് ഓഫ് സ്റ്റഡീസിലും അക്കാഡമിക് കൗൺസിലിലും സെനറ്റിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. റിട്ടയർ ചെയ്തതിനുശേഷം കാലിക്കട്ട് സർവ്വകലാശാലാ സിൻഡിക്കേറ്റിലേക്ക് അദ്ദേഹത്തെ തിരഞ്ഞെടുത്തത് അദ്ദേഹത്തിന്റെ വിദ്യഭ്യാസ രംഗത്തെ പ്രവർത്തനത്തിന്റെ അംഗീകാരമായിട്ട് കാണാം. 1972-ലെ കോളേജ് സമരത്തെപ്പറ്റി ടി.ആർ ശങ്കുണ്ണി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു."പ്രൈ

www.malankaralibrary.com

വറ്റ് കോളേജ് അദ്ധ്യാപകർക്ക് നേരിട്ട് ശമ്പളം നേടിയെടുക്കാനുള്ള ആ അവകാശ സമരത്തിൽ ഗവൺമെന്റിനും മാനേജ്മെന്റിനും ഒരുപോലെ സ്വീകാര്യമായ വ്യവസ്ഥകൾ രൂപപെടുത്താൻ എന്റെ എളിയ സേവനം ഉപ കരിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകൾ രൂപം കൊണ്ടത് ഇരിങ്ങാലക്കുടയിലുള്ള ശ്രീ കെ.പി ജോണിന്റെ ഭവനത്തിലും ക്രൈസ്റ്റ് കോളേജിലും നടന്ന ചർച്ച കളിലാണ് എന്ന് ഞാൻ ഓർക്കുന്നു. ഈ വ്യവസ്ഥകൾ ഉന്നത വിദ്യഭ്യാസ രംഗത്ത് ശാശ്വത സമാധാനം നിലനിർത്താൻ പര്യാപ്തമായി എന്ന് കൂടി പറയട്ടെ".

കാലിക്കട്ട് സർവ്വകലാശാലയുടെ വിവിധ സമിതികളിൽ കാലി ക്കട്ട് സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകൾക്ക് അർഹ മായ പ്രാതിനിധ്യം ലഭിച്ചിരുന്നില്ല. ഇത് പരിഹരിക്കാനായി സർവ്വകലാ ശാലയുടെ കീഴിലെ ക്രൈസ്തവ കോളേജുകളെ തൃശ്ശൂർ ബിഷപ്പിന്റെ നേതൃത്തിൽ സംഘടിപ്പിച്ച് അവർക്കായി ഒരു ഹയർഎഡ്യൂക്കേഷൻ കൗൺസിൽ 1986-ൽ ഫാ.ഗബ്രിയേൽ രൂപീകരിച്ചു. ഈ സംഘടന ഉന്നത വിദ്യഭ്യാസ രംഗത്ത് ഉന്നത നിലവാരം പുലർത്തുന്നതിനും തിരഞ്ഞെടു പ്പുകളിലൂടെ സർവ്വകലാശാല സമിതികളിൽ അർഹമായ പ്രാതിനിധ്യം നേടിയെടുക്കുന്നതിനും കഴിവുള്ള ശക്തമായ സംഘടനയായി നിലകൊ ണ്ടു. ഈ കൗൺസിലിന്റെ സൂത്രധാരനായ അദ്ദേഹം ദീർഘകാലം അതിന്റെ പ്രസിഡണ്ടായും പ്രവർത്തിച്ചു. നാടിന്റെ വളർച്ചയിൽ ക്രൈസ്തവ സമൂഹത്തിന്റെ സംഭാവനയെ കുറിച്ച് പഠിക്കുന്നതിനും ഗവേഷണം ഏറ്റെടുക്കുന്നതിനും വേണ്ടി 1983-ൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ് എന്ന ഒരു സൊസൈറ്റിക്ക് ഗബ്രിയേലച്ചൻ രൂപം നൽകി. ഈ സമിതിയുടെ ആഭിമുഖ്യത്തിൽ കാലിക്കട്ട് സർവ്വക ലാശാലയിൽ 1986-ൽ ഒരു ക്രൈസ്തവ വിദ്യാപീഠം സ്ഥാപിക്കാൻ ശ്രമി ച്ചു. സി.എം.ഐ സഭയിൽ നയരൂപികരണത്തിനായി സ്ഥാപിതമായ സി. എം.ഐ ബോർഡിന്റെ ആദ്യത്തെ സെക്രട്ടറിയും പിന്നീട് ദീർഘകാലം അതിന്റെ പ്രസിഡണ്ടും അദ്ദേഹമായിരുന്നു.

ഇതിനിടയിൽ അദ്ദേഹം സി.എം.ഐ സഭയിൽ പല ഉത്തരവാദിത്വ ങ്ങളും ഏറ്റെടുത്ത് പ്രവർത്തിക്കുകയുണ്ടായി. ക്രൈസ്റ്റ് ആശ്രമത്തിന് പുതിയ ആസ്ഥാനം കണ്ടുപിടിച്ചത് അദ്ദേഹമാണ്. സി.എം.ഐ സഭയുടെ കൗൺസി ലർ ആയും വികാർ പ്രൊവിൻഷ്യലും ആയും 1966-ൽ അദ്ദേഹം തിരഞ്ഞെ ടുക്കപ്പെട്ടു. ഈ കാല ഘട്ടത്തിലാണ് പൗരോഹിത്യ രജത ജൂബിലി ആഘോ ഷിച്ചത്.ഇരിങ്ങാലക്കുടയിലെ സ്നേഹസദനം ആരംഭിച്ചതും ഇദ്ദേഹമാണ്. 1974-ൽ ആർട്സ് കേരള ഉൽഘാടനവും നടന്നു.

1975-ൽ ഗബ്രിയേൽ അച്ചൻ ദേവമാതാ പ്രവശ്യയുടെ പ്രൊവിൻ ഷ്യൽ ആയി തിരഞ്ഞെടുക്കപെട്ടു.ചാലക്കുടിയിൽ ഒരു വിദ്യഭ്യാസ സമു ച്ചയം പടുത്തുയർത്താൻ നാട്ടുകാരുടെ സഹകരണത്തോടെ ശ്രമിച്ചു.1975

www.malankaralibrary.com

ജൂൺ ഒന്നിന് കാർമൽ സ്കൂൾ ആരംഭിച്ചു.കേരള ഗവർണ്ണർ ആണ് ഉൽഘാടനം നിർവഹിച്ചത്.1975 ആഗസ്റ്റ് 21 ന് അദ്ദേഹം വിദേശ പര്യടനത്തിന് പുറപ്പെട്ടു.ദേവമാതാ പ്രൊവിൻസിന്റെ ആഭിമുഖ്യത്തിൽ ഒരു ആശുപത്രി തുടങ്ങണമെന്നുള്ള ആശയം രൂപം കൊണ്ടു.

തൃശ്ശൂർ ബിഷപ്പ്മായി ഇക്കാര്യം ചർച്ച ചെയ്തു.അനുകൂലമായ നിലപാടാണ് ബിഷപ്പ് സ്വീകരിച്ചത്.1976-ൽ അമല ആശുപത്രി സ്ഥാപിക്കാൻ നയപരമായ തീരുമാനം എടുത്തു.തുടർന്ന് അമലയുടെ പ്ലാൻ,.കൗൺസിൽ അംഗീകരിക്കുകയും തൃശ്ശൂരിൽ പ്രവർത്തനം ആരംഭിച്ചിരുന്ന കാൻസർ സൊസൈറ്റിമായി ഒരു ഉടമ്പടിക്ക് രൂപം കൊടുക്കുകയും ചെയ്തു. അമലയുടെ നിർമ്മാണ പ്രവർത്തനം 1976 സെപ്റ്റംബറിൽ ആരംഭിച്ചു.1978-ൽ അമലയുടെ ആശിർവാദകമ്മം നിർവഹിച്ചു.1976-ൽ നടത്തിയ വിദേശപര്യടനത്തിൽ ജർമ്മനി,ആസ്ട്രിയ,സ്വിറ്റ്സർലന്റ്,ഫ്രാൻസ്,ബെൽജിയം,ഇംഗ്ലണ്ട്,അയർലന്റ്,ഇറ്റലി മുതലായ യൂറോപ്യൻ രാജ്യങ്ങളും അമേരിക്ക,കാനഡ തുടങ്ങിയ രാജ്യങ്ങളും സന്ദർശിച്ചു.ആ സന്ദർശനം അമലയുടെ സാമ്പത്തിക നേട്ടത്തിന് കളമൊരുക്കി.

അനേകം രോഗികളെ കിടത്തി ചികിൽസിക്കുവാനുള്ള ഒരു ക്യാൻസർ ആശുപത്രിയുടെ ആവശ്യങ്ങൾ ദേശീയ തലത്തിലുള്ള പരിശ്രമങ്ങളിൽ ഒതുങ്ങി നിൽക്കുന്നതല്ല എന്ന് അദ്ദേഹത്തിന് മനസ്സിലായതുമൂലം അന്തർദേശീയ സമൂഹത്തിന്റെ സഹകരണം കൂടി ലഭ്യമാക്കാനുള്ള പരിശ്രമം 1977-ൽ തന്നെ ആരംഭിച്ചു. 1978 മാർച്ച് 25-ന് അമല ആശുപത്രിയുടെ ആശിർവാദ കർമ്മം തൃശ്ശൂർ ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം നിർവഹിച്ചു. ഔപചാരികമായ ഉൽഘാടനം രാഷ്ട്രപതി നീലം സഞ്ജീവറെഡ്ഡി 1978 ഏപ്രിൽ 25-ന് നിർവഹിച്ചു. കേരള ഗവർണ്ണർ ജ്യോതി വെങ്കടാചലം മുഖ്യമന്ത്രി എ.കെ ആന്റണി തുടങ്ങിയവർ പങ്കെടുത്തു.1979 ജൂലൈ ഒന്നിന് ഫാ.ഗബ്രിയേൽ അമലയുടെ ഡയറക്ടറായി ചാർജെടുത്തു.

1979-ൽ സി.എം.ഐ സെന്റ്ജോസഫ് പ്രൊവിൻസിന്റെ വിഭജനം സംബന്ധിച്ച കമ്മീഷനിൽ ഗബ്രിയേലച്ചൻ അംഗമായി. ഗബ്രിയേലച്ചന്റെ നേതൃത്തിൽ അമല ആശുപത്രി ഒന്നിനൊന്ന് വികസിച്ച് കൊണ്ടിരുന്നു. 1980 ജനുവരിയിൽ നേഴ്സിംഗ് സ്കൂൾ ആരംഭിച്ചു. 1981 ഒക്ടോബറിൽ ആയുർവേദ യൂണിറ്റിന് തറക്കല്ലിടുകയും റേഡിയേഷൻ തെറാപ്പി ബ്ലോക്ക് ഉൽഘാടനം ചെയ്യുകയും 1982-ൽ ഗവേഷണ വകുപ്പ് ആരംഭിക്കുകയും ചെയ്തു. 1982-ൽ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, അമലക്ക് അംഗീകാരം നൽകി. 1982 ജൂൺ 18-ന് ആയുർവേദ ഗവേഷണ കേന്ദ്രം ആരംഭിച്ചു. അതേ വർഷം ഡിസംബർ 12-ന് അമല ഫെല്ലോഷിപ്പ് ഉൽഘാടനം ചെയ്തു. 1983 നവംബർ 20-ന് ഫാ.ഗബ്രിയേൽ റിസർച്ച് ബ്ലോക്ക് ഉൽഘാടനം ചെയ്തു. 1983 നവംബർ 24-ന് ഫാ.ഗബ്രിയേൽ വ്രത വാഗ്ദാനം നടത്തിയതിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുകയുണ്ടായി. 1984-ൽ

www.malankaralibrary.com

പ്രത്യേക ഗവേഷണ സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. 1985-ൽ കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ അംഗീകാരം നേടുകയുണ്ടായി. അമലയിൽ 1985 നവംബർ 23-ന് ടെറാട്രോൺ 780 ഉൽഘാടനം ചെയ്തു. 1987 ജനുവരി നാലിന് അമല മൊബൈൽ യുണിറ്റ് ഉൽഘാടനം ചെയ്തു. അതേ വർഷം ഡിസംബർ 14-ന് പുതിയ കാൻസർ വാർഡിന് തറക്കല്ലിട്ടു. 1988-ൽ ആയുർവേദ ചികിൽസാഭവനുകൾ ആരംഭിക്കുകയും 1990-ൽ ഹോമിയോപ്പതി യൂണിറ്റ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.1990-ൽ സേക്രട്ട് ഹാർട്ട് പ്രൊവിൻസ് വിഭജനം സംബന്ധിച്ചുള്ള കമ്മീഷനിൽ അംഗമായി. 1992 മെയ് 30-ന് പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ചു. സി.എം.ഐ സഭ മൂന്നായി വിഭജിക്കപ്പെട്ടപ്പോൾ ദേവമാതാ പ്രവിശ്യയുടെ ആവേശമുൾകൊണ്ട ഒരു യുവവൈദികനായിരുന്നു അദ്ദേഹം. പ്രവിശ്യയുടെ ജീവധാരയിൽ പൂർണ്ണമായി ലയിക്കുകയും അതിന്റെ വളർച്ചക്ക് വേണ്ടി സ്വയം അർപ്പിക്കുകയും ചെയ്തിട്ടുണ്ട് .കോയമ്പത്തൂർ റീജിയൺ ഉടലെടുക്കാനും അതുവളരാനും ആത്മാർമായി അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി .കോയമ്പത്തൂർ റീജിയണിലെ ആദ്യകാല സ്ഥാപനങ്ങളായ ലിറ്റിൽ ഫ്ളവർ മിഷൻ സെന്റർ,പൊള്ളാച്ചി വിശ്വദീപ്തി സ്കൂൾ,പാലക്കാട് ഭാരത മാതാ സ്കൂൾ മുതലായ സ്ഥാപനങ്ങളുടെ വളർച്ചയിൽ ആദ്ദേഹം നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.

1953-നു ശേഷമുള്ള എല്ലാ പ്രവിശ്യ കൗൺസിലുകളിലും പൊതു സംഘങ്ങളിലും ഇടമുറിയാതെ തിരഞ്ഞെടുക്കപ്പെടാനും അതുവഴി സഭയെ ദീർഘകാലം സേവിക്കാനും അദ്ദേഹത്തിന് സാധിച്ചു.സംഘത്തിൽ നിന്ന് നിശ്ചയിച്ച സമിതികളിലൂടെ സഭയുടെ നയപരിപാടികൾക്ക് രൂപം കൊടുക്കാനും നിർണ്ണായക തീരുമാനങ്ങളിൽ പങ്കുചേരാനും അദ്ദേഹത്തിനു സാധിച്ചു. പുതിയ ഭരണഘടനക്ക് രൂപം കൊടുത്ത പൊതുസംഘത്തിലെ കമ്മിറ്റിയംഗമെന്ന നിലയിലും നിയമ നിർമ്മാണത്തിൽ നിർണ്ണായക പങ്കു വഹിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.ദേവഗിരി കോളേജിലെ ചില ആഭ്യന്തര പ്രശ്നങ്ങൾ പരിഹരിക്കാനും ബാഗ്ലൂരിലെ ധർമ്മരാം പഠന ഗൃഹത്തോടനുബന്ധിച്ച് സർവ്വകലാശാല കോളേജ് ആരംഭിക്കാനും ധർമ്മാരം കോളേജിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും നിയമിക്കപെട്ട ഉന്നതാധികാര സമിതിയിലെ മെമ്പറായോ കൺവീനറായോ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.സഭയിലെ പ്രവിശ്യ വിഭജനത്തോടനുബന്ധിച്ച് വരുന്ന അതിർത്തി തർക്കങ്ങളും മറ്റ് വിവാദങ്ങളും പരിഹരിക്കാൻ നിയമിക്കപെടുന്ന മിക്കവാറും എല്ലാ കമ്മീഷനുകളിലും ഫാ.ഗബ്രിയേൽ പ്രവർത്തിച്ചിട്ടുണ്ട്.1979-ൽ സെന്റ് ജോസഫ് രണ്ടായി വിഭജിക്കപെട്ടപ്പോഴും 1985-ൽ കോയമ്പത്തൂർ റീജിയൺ പ്രേഷിത വൈസ് പ്രോവിൻസായി തിരിച്ചപ്പോഴും 1990-ൽ സേക്രട്ട് ഹാർട്ട് പ്രൊവിൻസ് തിരിക്കാനുള്ള നിർദ്ദേശം വന്നപ്പോഴും അദ്ദേഹം അതിർത്തി കമ്മീഷനിലെ അംഗമായിരുന്നു.

www.malankaralibrary.com

ഗബ്രിയേലച്ചന്റെ വിവിധരംഗങ്ങളിലെ സേവനങ്ങൾ കണക്കിലെടുത്ത് തൃശ്ശൂരിലെ സാംസ്കാരിക സദസ്സ് അദ്ദേഹത്തെ അവാർഡ് നൽകി ആദരിച്ചു.അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് 1993-ൽ സാമൂഹ്യ സാംസ്കാരിക രംഗത്തെ മികച്ച പ്രവർത്തനങ്ങളെ ആധാരമാക്കി ഗബ്രിയേലച്ചന് അവാർഡ് നൽകി.ആളൂർ ബെറ്റർ ലൈഫ് മൂവ്മെന്റ് 2000-മാണ്ട് കേരള സഭാതാരം അവാർഡ് നൽകിയും ഗബ്രിയേലച്ചനെ ബഹുമാനിക്കുകയുണ്ടായി.കേരള സഭാതാരം പുരസ്കാര പത്രികയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു."1954-ൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് ആരംഭിച്ചപ്പോൾ ഗബ്രിയേലച്ചൻ അതിന്റെ പ്രിൻസിപ്പൽ ആയി.ചുരുങ്ങിയ കാലം കൊണ്ട് അതിനെ കേരളത്തിലെ എണ്ണപ്പെട്ട വിദ്യാലയങ്ങളിൽ ഒന്നാക്കി വളർത്തി.ബഹു.അച്ചന്റെ ആത്മാർത്ഥതയും അർപ്പണബോധവും കാര്യക്ഷമതയും കൃത്യനിഷ്ഠയും കർമ്മധീരതയും ആരുടേയും പ്രശംസ പിടിച്ച് പറ്റുന്നതാണ്.ഏവർക്കും മാതൃകായോഗ്യവുമാണ്.പ്രതിബന്ധങ്ങളിൽ പതറാതെ,ദൈവത്തിന്റെ ശക്തിയിലാശ്രയിച്ച്,ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി ലക്ഷ്യം നേടിയെടുക്കുക എന്നതായിരുന്നു ബഹു.അച്ചന്റെ പ്രവർത്തനശൈലി.തൊട്ടതെല്ലാം പൊന്നാക്കുന്ന കൃപ സർവ്വശക്തൻ അച്ചന് നൽകിയിരിക്കുന്നു എന്ന് പറഞ്ഞാൽ അതിശോയക്തിയില്ല".

വിദ്യഭ്യസ രംഗത്തും ആതുരശുശ്രുഷാരംഗത്തും സാംസ്കാരികരംഗത്തും സമൂഹത്തിലെ നിരാലംബർക്ക് താങ്ങാകാൻ അച്ചൻ കച്ച കെട്ടിയിറങ്ങിയപ്പോൾ ഇരിങ്ങാലക്കുട മങ്ങാടികുന്നിലും,തൃശ്ശൂർ വിലങ്ങൽ താഴ് വാരയിലും,ചാലക്കുടി പരിസരത്തും,കേരളത്തിൽ മറ്റ് പലയിടങ്ങളിലും ദൈവാനുഗ്രഹത്തിന്റെ പൂമഴ പെയ്തു.ക്രൈസ്റ്റ് കോളേജും അമല ക്യാൻസർ ആശുപത്രിയും കാർമ്മൽ ഹൈസ്കൂളും ഉയർന്ന് പൊങ്ങി.അമ്പഴക്കാട്ടും കടലുണ്ടിയിലും ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു. ഇരിങ്ങാലക്കുട കാത്തലിക് സെന്റർ,തൃശ്ശൂർ കലാവിഹാർ,കെസ്സ്,കുരിയിച്ചിറ ഗലീലി, ചേതന,ജ്യോതി ബുക്ക് സെന്റർ,അഴീക്കോട് ആശുപത്രി,കോഴിക്കോട് ദീപ്തി ഭവൻ,പാലക്കാട് സ്നേഹഭവൻ,പൊള്ളാച്ചി ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിങ്ങനെ എത്രയോ സ്ഥാപനങ്ങൾ ബഹുമാനപ്പെട്ട അച്ചനിലൂടെ ദൈവാനുഗ്രഹത്തിന്റെ ചാലുകീറി.

പ്രമുഖ സാഹിത്യകാരനായ ടി.ആർ ശങ്കുണ്ണി ഫാ.ഗബ്രിയേലുമായി ഒരു അഭിമുഖം നടത്തി, ഫാ.ഗബ്രിയേൽ എന്ന പേരിൽ ഒരു ഗ്രന്ഥം 1992-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അഭിമുഖത്തിന് ഒരാമുഖം എന്ന ശീർഷകത്തിൽ അദ്ദേഹം എഴുതിയിരിക്കുന്ന ലേഖനത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു. "അഹങ്കാര സ്പർശമില്ലാത്തതും ദൈവസ്നേഹവും നിർമ്മലമായ സേവനോൽസുകതയും ദൃഢ നിശ്ചയം തിളങ്ങുന്ന കർമ്മകുശലതയും അത്യപൂർവ്വവും അവാച്യവുമായ ഏതോ രാസപാകത്തിൽ ഉൾചേർന്നതാണ് ഋഷി തുല്യനായ ഫാ.ഗബ്രിയേലിന്റെ

www.malankaralibrary.com

വിസ്മയം ജനിപ്പിക്കുന്ന വ്യക്തിത്വം.പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ച ആത്മീയാചാര്യൻ,ഉന്നത വിദ്യഭ്യാസ രംഗത്ത് വ്യാഴവട്ട ചതുഷ്ടയം തികച്ച വിദ്യഭ്യാസ വിചക്ഷണൻ,കലാലയ പഠനത്തിന്റെ രജതജൂബിലി കൊണ്ടാടിയ അദ്ധ്യാപക വരേണ്യൻ, ഐതിഹാസിക പ്രസ്ഥാനങ്ങൾക്ക് ചുവടൊരുക്കിയ സംഘാടക ശ്രേഷ്ഠൻ,ജനഹൃദയങ്ങളിൽ അശ്വമേധം നടത്തിയ പൊതുപ്രവർത്തകൻ---ഋതുദശക സമാപ്തിയിൽ ശതാഭിഷ്ക്തനാവാനിരിക്കുന്ന ദീർഘായുഷ്മാനായ ഗബ്രിയേലച്ചൻ എന്തൊക്കെ തുറകളിൽ തലയുർത്തി നിൽക്കുന്നില്ല!യുഗപ്രഭാവന്റെ കർമ്മയോഗവും ത്രികാലജ്ഞാനിയുടെ ക്രാന്തദർശനിത്വവും നിർലോപന്റെ നിരാമയിത്വവും ജൈവസാഹസികന്റെ കർമ്മ ബന്ധുരതയ്ക്ക് ഊടും പാവുമൊരുക്കുന്നു. പാദധൂളികളിൽ നിന്ന് അപ്സര ലാവണ്യങ്ങളെ ഉയർത്ത് എഴുന്നേൽപ്പിക്കുവാൻ കഴിവുള്ള ഇതിഹാസ നായകനായ ശ്രീരാമനെ പോലെ തന്റെ ചവുട്ടടികളിൽ ഐതിഹാസിക പ്രസ്ഥാനങ്ങൾക്ക് ജന്മം നൽകാൻ ഫാ.ഗബ്രിയേലിന് നിരായസം സംസാധ്യമായിരുന്നു. ഇരിങ്ങാലക്കുടയിലെ മങ്ങാടിക്കുന്നിലദ്ദേഹം ക്രൈസ്റ്റ് കോളേജ് പടുത്തിയർത്തിയത് അറബിക്കഥയിലെ അത്ഭുത വിളക്കിനുടമയായ അലാവുദ്ദീന്റെ കയ്യടക്കം കാട്ടികൊണ്ടാണ്. തൊട്ടതെല്ലാം പൊന്നാക്കുന്ന യവനനായകനായ മൈഡസ്സിന്റെ കൈപുണ്യം കരതലത്തിലൊരുക്കി വിലങ്ങൻ താഴ്വാരയിലെ കന്നിമണ്ണിലദ്ദേഹം അമലയ്ക്ക് വിത്തിറക്കി. തെർമോമീറ്ററിൽ മെർക്കുറി ഉയരുന്നത് അതിന്റെ ചൂടുകൊണ്ടല്ല, സമ്പർക്ക മാധ്യമത്തിന്റെ ഊഷ്മാവ് കൊണ്ടാണ് എന്ന വെളിപാട് ഏറ്റ് കൊണ്ട് ജനസഹകരണത്തിന്റെ കമ്രജ്ജ്വാലകൊണ്ടദ്ദേഹം തന്റെ കർമ്മരംഗങ്ങൾക്ക് ഊഷ്മള ചൈതന്യം പങ്കിട്ട് നൽകി.വിജയ വീഥികൾ തേടുന്ന അദ്ദേഹത്തിന്റെ കർമ്മപദ്ധതികളിലെ തന്നെ ജനപങ്കാളിത്തത്തിന്റെ എല്ലുറപ്പ് അന്തർലീനമായിരുന്നു".

ആ ഗ്രന്ഥത്തിന്റെ അവസാനം ഡോ.ശങ്കുണ്ണി ചോദിച്ച രണ്ടു ചോദ്യങ്ങളും അവയ്ക്ക് ഫാ.ഗബ്രിയേൽ നൽകിയ മറുപടിയും ചേർത്തിട്ടുണ്ട്. ആ ചോദ്യങ്ങളും അവയ്ക്ക് നൽകിയ ഉത്തരങ്ങളും ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കുകയാണ്.

ചോദ്യം?. ഒരു പുരുഷായുസ്സിൽ ചെയ്ത് തീർക്കാവുന്നതിലപ്പുറം കാര്യങ്ങൾ ചെയ്ത് തീർത്ത അങ്ങയോട് ചോദിക്കട്ടെ:ഇനിയൊരു ജന്മമുണ്ടെങ്കിൽ ഏതുരംഗത്താണ് കർമ്മനിരതനാവുക.?

ഉത്തരം: ഇനിയൊരു ജന്മമെന്നത് എന്റെ വിശ്വാസ പ്രമാണത്തിലില്ല.കഴിയുന്നടത്തോളം വേഗം ഈശ്വരസന്നിധിയിൽ എത്തി ചേരണമെന്ന വ്യഗ്രതയിലാണ് ഞാൻ.എങ്കിലും,ചോദ്യത്തിന്റെ സത്ത ഉൾകൊണ്ട് കൊണ്ട് പറയട്ടെ.കഴിവും ചുറ്റുപാടും അനുസരിച്ചേ ആർക്കും പ്രവർത്തിക്കനാവൂ. ഒരു പരിധി വരെ സാഹചര്യത്തെ നിയന്ത്രിക്കാനാവുമെങ്കിലും ഒരുവന്റെ

www.malankaralibrary.com


പ്രവർത്തന വിജയത്തിൽ സാഹചര്യത്തിന് വലിയൊരു സ്ഥാനമുണ്ട്. ഒരുവനെ ഒരുവനാക്കുന്നത് മറ്റുള്ളവരാണ്. ഇതാണെന്റെ ദർശനം. ഇന്നത്തെ ക്രൈസ്തവ സമൂഹത്തിലെ വലിയൊരു പോരായ്മ,കലാ-സാംസ്കാരിക-സാഹിത്യ മണ്ഡലങ്ങളിലെ ശുഷ്കത-അല്ലെങ്കിൽ പിന്നോക്കാവസ്ഥ ആണ് എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ഈ മണ്ഡലത്തിൽ മുന്നേറാതെ ക്രൈസ്തവർക്ക് ഈ മണ്ണിൽ ചുവടുറപ്പിക്കാനാവില്ല. ക്രൈസ്തവ ദർശനം സ്വീകരിക്കപെടുകയുമില്ല.ക്രൈസ്തവ സമൂഹത്തെ ഭാരതീയ സംസ്കാരത്തിലൂടെ വളർത്തുക എന്നതായിരിക്കണം അടുത്ത തലമുറ ചെയ്യേണ്ട ശ്രമകരമായ കാര്യം.

ചോദ്യം: കർമ്മയോഗിയായ അങ്ങേയോട് ഇനി ഒറ്റ ചോദ്യം മാത്രം: ജീവിതത്തോടുള്ള കാഴ്ചപാട് എന്താണ്?

ഉത്തരം: ഈശ്വരേച്ഛയാണ് എന്റെ ജീവിത ലക്ഷ്യം.പരസ്നേഹത്തിലൂടെ ഞാനത് പ്രാപിക്കുന്നു.വിദ്യാർത്ഥികളെ വളർത്തിയെടുക്കുന്നതിലും രോഗികളെ ശുശ്രൂഷിക്കുന്നതിലും ഞാൻ ഈശ്വരേച്ഛ കാണുന്നു.

വിലാസം - റവ: ഫാ. ഗബ്രിയേൽ സി.എം.ഐ,
അമല ക്യാൻസർ ഹോസ്പിറ്റൽ, അമലനഗർ-680553

# 10



# ഫാ. ലിനോ മരിയാ സുക്കോൾ എസ്.ജെ.

"ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!" എന്നതാണ് 86 വയസ്സുകാരനായ ഈ യുവമിഷനറിയുടെ പ്രചോദക മുദ്രാവാക്യം. സന്തോഷവും പ്രത്യാശയും നിറഞ്ഞുതുളമ്പുന്ന, നല്ല ബുദ്ധിയും ഫലിതവും നിറഞ്ഞ, തന്റെ ഭാരതീയ പൗരത്വത്തെക്കുറിച്ച് അഭിമാനം കൊള്ളുന്ന, ദിവസം 18 മണിക്കൂർ പണിയെടുക്കുന്ന, ദിവസം മുഴുവൻ തന്റെ ഓഫീസ് തുറന്നു വച്ചിരിക്കുന്ന ഫാദർ സുക്കോൾ. കുർബാന, ഓഫീസ് ജോലി, മതാദ്ധ്യാപനം, ഭവന സന്ദർശനങ്ങൾ, കൂദാശകൾ നൽകൽ, പ്രശ്നങ്ങൾ, പരിഹരിക്കൽ, സഞ്ചാരം, തന്റെ "സഹമിഷനറി"മാരുടെയെല്ലാം കത്തുകൾക്കു മറുപടിയെഴുതൽ, വരവുചെലവുകളുടെയെല്ലാം കണക്കെഴുതൽ, രജിസ്റ്ററുകളെല്ലാം എഴുതി upto date ആക്കി സൂക്ഷിക്കൽ, എല്ലാം അദ്ദേഹത്തിന്റെ പ്രതിദിനകൃത്യപരമ്പരയിൽപ്പെടും. മിക്കവാറും പഴങ്ങൾ മാത്രമാണു ഭക്ഷണം. ഇങ്ങനെ, ഉത്തരകേരളത്തിലുള്ള തന്റെ "സ്വർഗ്ഗ"ത്തിൽ

www.malankaralibrary.com

അദ്ദേഹം ജീവിതം ആസ്വദിക്കുകയാണ്. പിറുപിറുക്കൽ, വിമർശിക്കൽ, കലഹിക്കൽ എന്നിവയെല്ലാം അദ്ദേഹം രൂക്ഷമായി വെറുക്കുന്നു. ആര് എന്തു നല്ല കാര്യം ചെയ്താലും അതുകാണുന്നതാണ് അദ്ദേഹത്തിന്റെ സന്തോഷം.

ഇംഗ്ലീഷും മലയാളവും അനായാസമായും കറതീർന്ന ആത്മവിശ്വാസത്തോടുകൂടിയും സംസാരിക്കുവാൻ അദ്ദേഹത്തിന് സാധിക്കും. പ്രസ്തുത രണ്ടു ഭാഷകളും പഠിക്കുന്നതിന് ഔപചാരികമായ യത്നമൊന്നും അദ്ദേഹം നടത്തിയിട്ടില്ല. ഉത്തര ഇറ്റലിയിലെ സാർനോനിക്കോ എന്ന ആൽപ്പൈൻ ഗ്രാമത്തിൽ ജനിച്ച അദ്ദേഹം കേരളത്തിലെ വേനൽക്കാലത്തും തണുപ്പകറ്റാൻ രണ്ടു പുതപ്പ് ഉപയോഗിക്കാറുണ്ട് കുറെ വർഷങ്ങളായി അദ്ദേഹം തന്റെ പ്രായം നൂറിൽ നിന്നു താഴേയ്ക്ക് എണ്ണുകയാണ്. അതനുസരിച്ച് ഇപ്പോൾ പ്രായം പതിന്നാലു വയസ്സ്.

ലിനോ ജനിച്ചത് 1916 ഫെബ്രുവരി എട്ടാം തീയതിയായിരുന്നു. മാതാപിതാക്കളുടെ മൂന്നാമത്തെ സന്താനം. മൂത്തരണ്ടു കുട്ടികളും ശൈശവത്തിൽത്തന്നെ മരിച്ചു. സംഭ്രാന്തയായ അമ്മ, മൂന്നാമത്തെ മകൻ ജീവിച്ചു കിട്ടിയാൽ അവനെ 'ദൈവത്തിനു കൊടുത്തുകൊള്ളാം' എന്നു നേർന്നു. ആ കുട്ടി ജനിച്ച പിറ്റേദിവസം തന്നെ ജ്ഞാനസ്നാനം നൽകപ്പെട്ടു. പേര് ലിനോ മരിയാ. കുട്ടി മരിച്ചില്ല, ഉത്സാഹിയും തകൃതക്കാരനുമായ ഒരു ബാലനായി അവൻ വളർന്നു. മാതാപിതാക്കൾ അവരുടെ നേർച്ച പാലിച്ചു. ലിനോയെ അവർ യഥാകാലം ട്രെന്റിലെ രൂപതാ സെമിനാരിയിൽ ചേർത്തു. 24-ാ മത്തെ വയസ്സിൽ ആ മകന് വൈദികാഭിഷേകം ലഭിച്ചു. 1940-ൽ മറ്റ് 41 പേരോടൊപ്പമാണ് അദ്ദേഹം വൈദികനായി അഭിഷേകം ചെയ്യപ്പെട്ടത്. മൂന്നു കൊല്ലത്തെ ഇടവക സേവനത്തിനു ശേഷം അദ്ദേഹം ഈശോസഭയിൽച്ചേർന്നു. ഒരു മിഷനറിയാകുകയായിരുന്നു ലക്ഷ്യം. ഈശോ സഭയിലെ നൊവീഷ്യേറ്റും മറ്റുപരിശീലനങ്ങളും കഴിഞ്ഞ് 1948-ൽ ഫാദർ ലിനോ മരിയാ സുക്കോൾ കോഴിക്കോട്ടു വന്നിറങ്ങി.

"ഭാഷ പഠിക്കാൻ" മൂന്നുമാസം ചെലവാക്കിയതിനോടൊപ്പം 'ക്രൈസ്റ്റ് ഹാളിലെ ശുശ്രൂഷയും നിർവഹിച്ചു. അതിനുശേഷം, കോഴിക്കോട്ടു മെത്രാനായിരുന്ന പത്രോണിപ്പിതാവ് അദ്ദേഹത്തെ വയനാട്ടിലെ ചുണ്ടേൽ എന്ന ഇടവകയിലെ വികാരിയായി നിയമിച്ചു. മൂന്നു വർഷത്തിനുശേഷം പള്ളിക്കുന്ന് എന്ന ഇടത്തേക്കു സ്ഥലം മാറ്റി. ക്രിസ്തുമതം സ്വീകരിച്ച നാനൂറ് കുറിച്ച്യ കുടുംബങ്ങൾ ആ ഇടവകയിൽ ഉണ്ടായിരുന്നു. പള്ളിയുടെ വകയായി നൂറുകണക്കിന് ഏക്കർ വളപുഷ്ടി നിറഞ്ഞ ഭൂമിയും.' അവിടെ നിന്നു ഫാദർ ലിനോക്കു സ്ഥലംമാറ്റം ലഭിച്ചത് ചിറക്കൽ മിഷനിൽപ്പെട്ട മടായീ എന്ന സ്ഥലത്തേക്കായിരുന്നു. പീറ്റർ കൈറോണി, ജോൺ സെക്വെയ്റാ, ജോസപ് ടഫാറെൽ എന്ന വലിയ മിഷനറിമാർ സ്ഥാപിച്ചതായിരുന്നു ചിറക്കൽ മിഷൻ. ഫാ. ലിനോ ഇവിടെ ഒരു പള്ളിയും ഇടവകക്കാർക്കുവേണ്ടി 50 വീടുകളും പണിയിച്ചു. അടുത്തുതന്നെയുള്ള പയങ്ങാടി എന്ന സ്ഥലത്തു

www.malankaralibrary.com

ചെറിയൊരു കാലഘട്ടം സേവനം ചെയ്തിട്ട് 'ചുണ്ടേലി'ൽ അദ്ദേഹം തിരിച്ചെത്തി അവിടെ അദ്ദേഹം ഒരു ഹൈസ്കൂൾ സ്ഥാപിച്ചു. 1963-ൽ വീണ്ടും പയങ്ങാടിയിൽ എത്തി.

മേലധികാരികളുടെ നിർദ്ദേശമനുസരിച്ച് എങ്ങോട്ടു വേണമെങ്കിലും പോകാൻ ഫാദർ സുക്കോൾ തയ്യാറായിരുന്നു. എങ്കിലും പയങ്ങാടിപ്പുഴയ്ക്കു സമീപമുള്ള പട്ടുവം എന്ന സ്ഥലമാണ് തന്റെ ദൈവനിശ്ചിതമായ പ്രവർത്തനമണ്ഡലം എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. അവിടെ അദ്ദേഹം തന്റെ ആദ്യത്തെ മിഷൻസ്റ്റേഷൻ സ്ഥാപിച്ചു. പുതിയ തുറവികളെക്കുറിച്ചുള്ള അന്വേഷണത്തോടുകൂടി അദ്ദേഹം കാൽനടയായിട്ടും ബോട്ടിലും സൈക്കിളിലും ബസ്സിലും ജീപ്പിലുമൊക്കെ സഞ്ചരിച്ചു. കണ്ണാടിപ്പറമ്പ്, മരിയാപുരം, വെള്ളികിൽ, അരിപ്പമ്പ്ര, കാരക്കുണ്ട് എന്നിവിടങ്ങളിൽ മിഷൻസ്റ്റേഷനുകൾ സ്ഥാപിച്ചു. അവയെല്ലാം ഇന്ന് ഇടവകകളാണ്.

1974-ൽ ഫാ. സുക്കോൾ പട്ടുവത്തുനിന്ന് മരിയാപുരത്തേക്കു മാറി. അദ്ദേഹത്തിന്റെ വരവിനു മുമ്പ് ഇവിടെ ക്രിസ്ത്യാനികളുണ്ടായിരുന്നില്ല. ഇന്നിവിടെ ഇരുപത് ഇടവക സമൂഹങ്ങളാണുള്ളത്. (ഒരു സമൂഹത്തിൽ ശരാശരി 100 കുടുംബങ്ങൾ ഉണ്ട്.) ഇതുപത്തഞ്ചോളം കന്യാസ്ത്രിമഠങ്ങളുണ്ട്. കന്യാസ്ത്രീകൾ വിവിധതരം സേവനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. സ്പെഷ്യൽ സ്കൂളുകൾ, വൃദ്ധഭവനങ്ങൾ, ശാരീരികാവശതകളുള്ളവർ, മാനസികവൈകല്യമുള്ളവർ എന്നിവർക്കെല്ലാം പ്രത്യേക ശുശ്രൂഷ നൽകുന്ന സ്ഥാപനങ്ങൾ അവർ നടത്തുന്നുണ്ട്. ഫാ. സുക്കോൾ 17 പുതിയ ഇടവക സമൂഹങ്ങൾ രൂപീകരിക്കുകയും നേരത്തേ ഉണ്ടായിരുന്നവയെ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അമ്പതിലേറെ പള്ളികളോ പ്രാർത്ഥനാഭവനങ്ങളോ അദ്ദേഹം പണിയിച്ചു. 6000 ത്തിലധികം ഭവനങ്ങൾ പണിയിച്ചു. 1700 ലധികം കിണറുകൾ കുഴിപ്പിച്ചു. അദ്ദേഹം തന്നെ വാങ്ങിയ ഭൂമിയിലാണ് ഈ നിർമ്മാണ പ്രവർത്തനങ്ങളധികവും നടത്തിയിട്ടുള്ളത്. മുപ്പത്തിയഞ്ചോളം കോൺവെന്റുകളുടെയും അവയോടനുബന്ധിച്ച സേവന കേന്ദ്രങ്ങളുടെയും സ്ഥാപനത്തിൽ അദ്ദേഹത്തിന്റെ സേവനം ഉപകാരപ്പെട്ടിട്ടുണ്ട്.

പരിയാരം മാർക്സിസ്റ്റുകാരുടെയും ആർ.എസ്.എസ്.ന്റെയും മുസ്ലീങ്ങളുടെയും ശക്തികേന്ദ്രമാണ്. എന്നാൽ ജനങ്ങളുടെ വീരനായകനായ ഫാ. സുക്കോളിന് ഇവരിൽ നിന്നോ ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ എന്തെങ്കിലും അവഗണനയോ അന്യായമോ അനുഭവപ്പെട്ടതായി ഇതുവരെ പരാതിപ്പെടേണ്ടി വന്നിട്ടില്ല.

ടെലിവിഷൻകാരും മറ്റുംചോദിച്ച പല ചോദ്യങ്ങൾക്കും അദ്ദേഹം മറുപടി പറഞ്ഞില്ല. "ആർക്കും വിഷമമുണ്ടാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല" എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. അദ്ദേഹം പറയുന്നു – "ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഒരു ഈശോസഭക്കാരനായിരിക്കാനാണ് എനിക്ക് ഏറ്റവും സന്തോഷം. എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷം നിറഞ്ഞ

www.malankaralibrary.com

സന്ദർഭങ്ങൾ, ഞാൻ ജ്ഞാനസ്നാനം നൽകിയവരുടെ വ്രതവാഗ്ദാനങ്ങളും ഗുരുപ്പട്ട സ്വീകരണങ്ങളുമാണ്. ഞാൻ മാനസാന്തരപ്പെടുത്തിയവർക്ക് ജ്ഞാനസ്നാനം നൽകുന്നതും അതുപോലെ തന്നെ സന്തോഷകരം." ജീവിതത്തിൽ താൻ പഠിച്ച പാഠങ്ങളെക്കുറിച്ച് അദ്ദേഹം പറയുന്നു. "അവനവന്റെ സങ്കല്പങ്ങളനുസരിച്ചു ചെയ്യുന്ന പ്രവർത്തനങ്ങളെക്കാളധികമായീ ദൈവാനുഗ്രഹത്തിനു വിഷയമാകുന്നതു ഫലം പുറപ്പെടുവിക്കുന്നതും അധികാരികളുടെ നിർദ്ദേമനുസരിച്ച് ഏറ്റെടുക്കുന്ന ചുമതലകളുടെ നിർവ്വഹണമാണ്. എന്നാൽ ഫലപ്രാപ്തിക്കു മുമ്പായി വളരെ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവരും. ഈ ലോകത്തിൽ ജീവിക്കുന്ന എല്ലാവർക്കും വേണ്ടി വരുന്നതാണു കഷ്ടപ്പാടുകൾ." ഇന്നത്തെ ഭാരതസഭയും സമൂഹവും പലതരം വിശിഷ്ടസേവനങ്ങളും നിർവ്വഹിക്കുന്നുണ്ട്, എന്നാൽ സുവിശേഷവത്കരണം മാത്രം അവഗണിക്കുന്നു എന്നതിൽ അദ്ദേഹത്തിനു വളരെ മനോവിഷമമുണ്ട്.


തന്റെ ജീവിതത്തെ പൂർവ്വികരായ മിഷനറി സഹോദരങ്ങളുടെയും തന്റെ സമകാലികരായ മറ്റു മിഷനറിമാരുടെയും ജീവിതത്തോടു താരതമ്യപ്പെടുത്തി ഫാ. സുക്കോൾ ദൈവത്തിനു നന്ദി പറയാറുണ്ട്. തന്റെ ജീവിതം എത്രയോ കൂടുതൽ സന്തോഷപൂർണ്ണമാണ് എന്ന് അദ്ദേഹം പറയുന്നു. തന്റെ ജീവിതത്തിന്റെ കൗണ്ട് ഡൗൺ ഇനി 125 മുതലാക്കിയാലോ എന്ന് ഫാ. സുക്കോൾ ആലോചിക്കുന്നു. അദ്ദേഹത്തിന്റെ ആഗ്നേയമായ ആവേശത്തിലും ശാന്തമായ ജീവിതത്തിലും നിന്നും സമൃദ്ധമായ ഉത്തേജനം ഉൾക്കൊണ്ടിട്ടുള്ള അദ്ദേഹത്തിന്റെ സുഹൃത്തുക്കളും സഹപ്രവർത്തകരും ആയിരിക്കണക്കിനുള്ള ദൈവമക്കളും സേവനൈക നിരതനായ ആ പുണ്യപുരുഷൻ നൂറ്റിഇരുപത്തഞ്ചുസംവത്സരങ്ങളിലധികം ആരോഗ്യപൂർണ്ണനായി, കർമ്മനിരതനായി ജീവിച്ചിരിക്കട്ടെ എന്ന് നിറഞ്ഞ മനസ്സോടെ പ്രാർത്ഥിക്കുന്നു.

Addrerss - Fr. Lino Maria Zucol S.J.,
Christ Hall,
Malaparambu,
Calicut Dist.

www.malankaralibrary.com

# 11

# റവ. ഫാ. മൈക്കിൾ പനക്കൽ



പ്രശസ്ത ഗാനരചയിതാവും ചിത്രകാരനുമായ ഫാ. മൈക്കിൾ പനക്കൽ എറണാകുളം ജില്ലയിലെ വൈപ്പിൻകരയിൽ മാനാട്ടുപറമ്പിൽ, നായരമ്പലം മാനാട്ടുപറമ്പിൽ പനക്കൽ ജോസഫ് മറിയം ദമ്പതികളുടെ മകനായി 1916 മാർച്ച് 24 ന് ജനിച്ചു.

വിദ്യാഭ്യാസാനന്തരം മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. സിലോണിലെ കാൻഡി പേപ്പൽ സെമിനാരിയിലാണ് വൈദികപഠനം പൂർത്തിയാക്കിയത്. 1942 ഡിസംബർ 19 ന് വൈദികനായി അഭിഷിക്തനായി. വരാപ്പുഴ അതിരൂപതയിലെ വൈദികനായി പട്ടമേറ്റ ഫാ. മൈക്കിൾ കൊടുങ്ങല്ലൂർ സെന്റ് തോമസ് പള്ളിയിൽ വികാരിയായിട്ടായിരുന്നു ആദ്യനിയമനം. തുടർന്ന് 1944 ൽ എറണാകുളം ഉണ്ണിമിശിഹാ പള്ളിയിൽ സഹവികാരിയും ഡോൺബോസ്കോ സ്കൂളിൽ അദ്ധ്യാപകനുമായി നിയമിതനായി. പിന്നീട് ബോസ്കോ കലാസമിതിക്ക് രൂപം കൊടുത്തു. റെക്സ് ഐസക്ക്, ജോബ് ആൻഡ് ജോർജ്, ജറി അമൽദേവ്, സി.ജെ. ആന്റോ, തബലവിദ്വാൻ ഗോപാലൻ തുടങ്ങിയപ്രഗത്ഭ സംഗീതജ്ഞർ ഫാ. മൈക്കിളിന്റെ ശിഷ്യന്മാരാണ്.

ഫാ.ആന്റണി എഴുതിയിട്ടുള്ള ദൈവരാജ്യത്തിന്റെ കഥ എന്ന ആംഗലേയഭാഷയിലുള്ള ഗ്രന്ഥം സ്വർഗ്ഗസന്ദേശം എന്നപേരിൽ മലയാളത്തിലേക്ക് ഫാ. മൈക്കിൾ വിവർത്തനം ചെയ്തിട്ടുണ്ട്. അതിന്റെ അനേകായിരം കോപ്പികൾ വിറ്റഴിഞ്ഞു. ഒരു ചിത്രകാരൻ എന്ന നിലയിൽ പ്രസിദ്ധനായ മൈക്കിളച്ചൻ എറണാകുളത്തെ ചില സ്ഥാപനങ്ങളുടെ ഭിത്തികളിൽ വരച്ചചിത്രങ്ങൾ ഇന്നും ഏവരുടെയും ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്നു.

ബോസ്കോ കലാസമിതിയെന്ന കൊച്ചി നഗരത്തിലെ പ്രഥമ സംഘടിതകലാപ്രസ്ഥാനത്തിലൂടെ നിരവധി പ്രതിഭകൾക്ക് വളരാനുള്ള സാഹചര്യം അദ്ദേഹം സൃഷ്ടിച്ചിട്ടുണ്ട്. പിന്നീടാണ് കേരളസഭയിലെ പ്രഥമസാംസ്കാരിക കലാകേന്ദ്രമായ സി.എ.സി. (കൊച്ചിൻ ആർട്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ്) മൈക്കിളച്ചൻ സ്ഥാപിക്കുന്നത്. വരാപ്പുഴ അതിരൂപത ഈ സ്ഥാപനം ആരംഭിക്കാൻ മൈക്കിളച്ചനെ ചുമതലപ്പെടുത്തുകയാണ് ചെയ്തത്. അതിന്റെ ആഭിമുഖ്യത്തിൽ മൂന്നുഭാഗങ്ങളിലായി മൂന്നു കാസറ്റുകളിലായി ബൈബിൾ സന്ദേശഗീതങ്ങൾ പ്രസിദ്ധീകൃതമായി. ഫാ. മൈക്കിളിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി സ്മാരകമായി നൂറുഗാനങ്ങൾ - മധുരപ്രതീക്ഷകൾ എന്ന പേരിൽ പ്രകാശനം ചെയ്യപ്പെട്ടു.

എറണാകുളം ഉണ്ണിമിശിഹാപ്പള്ളി, ചെട്ടിക്കാവ് സെന്റ് ആന്റണീസ്

www.malankaralibrary.com

പള്ളി, ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ പള്ളി, കൂട്ടുകാട്ട് തിരുക്കുടംപള്ളി, ചേന്നൂർ സെന്റ് ആന്റണീസ് പള്ളി എന്നിവിടങ്ങളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

കേരളത്തിലെ പ്രഥമ ഇൻഡസ്ട്രിയൽ സ്കൂൾ പ്രസ്സിന്റെ (ഐ.എസ്സ്. പ്രസ്സ്) മാനേജർ, സെന്റ് ആൽബർട്സ് കോളേജ് ചാപ്ലിൻ, സി.എ.സി. യുടെ ഡയറക്ടർ എന്നീ സ്ഥാനങ്ങളും അദ്ദേഹം വഹിച്ചിട്ടുണ്ട്.

ചിറ്റൂർ ഗോപി, ഫ്രെഡി പള്ളൻ തുടങ്ങിയ ഒരു വലിയനിരയെ സി.എ.സി. സംഭാവന ചെയ്തത് പനക്കലച്ചന്റെ മേൽനോട്ടത്തിലായിരുന്നു.


അഞ്ഞൂറിലേറെ ഗാനങ്ങളുടെ രചന നിർവ്വഹിച്ച ഇദ്ദേഹത്തിന്റേതായി 25 ഓഡിയോകാസറ്റുകൾ പ്രകാശനം ചെയ്തിട്ടുണ്ട്. ചിത്രകലാരംഗത്തും ഏറെ സവിശേഷതകൾ പ്രകടമാക്കിയിട്ടുള്ള ഇദ്ദേഹം വരച്ച ചിത്രങ്ങൾ ഏറെ ശ്രദ്ധയാകർഷിച്ചിട്ടുള്ളതാണ്.

എറണാകുളം ജില്ലയിൽപെട്ട ചെമ്പുമുക്കിലെ ആവിലാഭവനിൽ ഇന്നും കർമ്മനിരതനാണ് അദ്ദേഹം. ചിത്രം വരച്ചും പാട്ട്പാടിയും നർമ്മങ്ങൾ പറഞ്ഞും ഇന്ന് നല്ലൊരു ആതിഥേയനായി കഴിയുകയാണ് മൈക്കിളച്ചൻ.

വിലാസം - റവ.ഫാ. മൈക്കിൾ പനക്കൽ,
ആവിലഭവൻ, തൃക്കാക്കര പി.ഒ.

# 12

# ചെറിയാൻ ആൻഡ്രൂസ്



മലയാള സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ വ്യാപരിച്ച് സ്വന്തമായൊരു വ്യക്തിമുദ്രപതിപ്പിച്ച ചെറിയാൻ ആൻഡ്രൂസ് കൊച്ചിക്കണയന്നൂർ താലൂക്കിൽ ചെല്ലാനത്ത് വാഴക്കൂട്ടത്തിൽ തറവാട്ടിൽ 1917 ഫെബ്രുവരി 25-ാം തീയതി ജനിച്ചു. പിതാവ് സരസഗായകകവി വി.എസ്സ്. ആൻഡ്രൂസ്സ്. മാതാവ് തുരത്തൽ പ്രഗസ്തീനാമ്മയും. പ്രാഥമിക വിദ്യാഭ്യാസം ചെല്ലാനത്തും ഹൈസ്കൂൾ വിദ്യാഭ്യാസം തുറവൂരിലും സാങ്കേതിക പഠനം ആലപ്പുഴയിലും ആണ് നടത്തിയത്.

ഹൈസ്കൂൾ വിദ്യാഭ്യാസകാലത്ത് ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ ആകൃഷ്ടനായി, സ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു. ഗാന്ധിഭക്തനായി മാറിയ ചെറിയാൻ ആൻഡ്രൂസ് ഖാദി പ്രചാരണപരിപാടികളിൽ സജീവമായി പങ്കെടുത്തു. ഗാനം, കവിത തുടങ്ങിയ സർഗ്ഗരചനകളിൽ വ്യാപൃതനായി. നടനും കഥാപ്രസംഗകനുമായി അദ്ദേഹം പരക്കെ അറിയപ്പെട്ടു. സംഗീതനാടകരചനയിൽ പിച്ചവെച്ചു തുടങ്ങിയകാലത്ത്

www.malankaralibrary.com

ജോലി സംബന്ധമായ കാരണങ്ങളാൽ കേരളത്തിൽ നിന്നും മറുനാട്ടിലേക്ക് മാറേണ്ടിവന്നു. 1941 -ൽ കേന്ദ്രഗവൺമെന്റിന്റെ സുരക്ഷാവിഭാഗത്തിൽപ്പെട്ട ഓർഡിനൻസ് ഫാക്ടറികളിൽ ഉദ്യോഗാർത്ഥം പൂനെ, ജബൽപൂർ, കാൺപൂർ മേഖലകളിൽ താമസിക്കേണ്ടിവന്നു. ഈ കാലഘട്ടത്തിൽ ജബൽപൂർ സർവ്വകലാശാലയിൽ നിന്നും ബി.എ.,എൽ.എൽ.ബി. ബിരുദങ്ങൾ കരസ്ഥമാക്കി. അതോടൊപ്പം മലയാളി സമാജങ്ങൾ രൂപീകരിച്ചും സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയും സർഗ്ഗരചനകളും ഗ്രന്ഥകർതൃത്വവും കഥാപ്രസംഗങ്ങളും ആയി ജീവിതം സന്തോഷകരമായി നയിച്ചുകൊണ്ടിരുന്നു. സാഹിത്യപ്രവർത്തനങ്ങളോടൊപ്പം സ്വന്തമായ വീടും കാർഷികവിളകളും പൂന്തോട്ടനിർമ്മാണവും പ്രത്യേക ഹോബികളായി അദ്ദേഹം സ്വീകരിച്ചു. സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ എട്ടു കൃതികൾ ജബൽപൂരിൽ നിന്നു തന്നെ പ്രസിദ്ധപ്പെടുത്തി.

1946-ൽ തുമ്പോളിയിൽ തോട്ടുങ്കൽ തറവാട്ടിൽ അഗസ്തമ്മയെ വിവാഹം ചെയ്തു. ഭാര്യയുടെ നിര്യാണത്തിനുശേഷം ഉത്തരേന്ത്യൻ ജീവിതം അവസാനിപ്പിച്ച് 1990-ൽ എറണാകുളത്തിനു സമീപമുള്ള തമ്മനത്ത് സ്ഥിരതാമസമാക്കി. തുടർന്നു സർഗ്ഗരചനകളിൽ ഏർപ്പെട്ടു. ആറു ഗ്രന്ഥങ്ങൾകൂടി പ്രസിദ്ധീകരിച്ചു. ആനുകാലികസാംസ്കാരിക രംഗങ്ങളിൽ സജീവസാന്നിദ്ധ്യം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. പിതാവിന്റെ അനുസ്മരണയ്ക്കായി സ്ഥാപിതമായ വി.എസ്സ്. ആൻഡ്രൂസ് ഫൗണ്ടേഷന്റെ സ്ഥാപക രക്ഷാധികാരികൂടിയാണ് ചെറിയാൻ ആൻഡ്രൂസ്. 2000-2003 കാലഘട്ടത്തിൽ മൂന്നു കൃതികൾ കൂടി പ്രസിദ്ധീകരിച്ചു. കേരളസാഹിത്യഅക്കാഡമി ഡയറക്ടറിയിൽ അംഗമായ ചെറിയാൻ ആൻഡ്രൂസ് RIFACIMENTO INTERNATIONAL WHO IS WHO എന്ന ഗ്രന്ഥാവലിയിലും ലത്തീൻ കത്തോലിക്കരുടെ WHO IS WHO എന്ന ഗ്രന്ഥത്തിലും ഉൾപ്പെട്ടിട്ടുണ്ട്.

പതിനാലുഗ്രന്ഥങ്ങൾ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇനി ആറു ഗ്രന്ഥങ്ങൾ കൂടി രചിച്ചിട്ടുണ്ട്. അവ പ്രസിദ്ധീകരിച്ചിട്ടില്ല. ചെറിയാൻ ആൻഡ്രൂസിന്റെ കൃതികൾ മലയാള സാഹിത്യത്തിന് ഒരു മുതൽക്കൂട്ടു തന്നെയാണ്. അദ്ദേഹം രചിച്ച വിദൂഷക ശാകുന്തളം എന്ന കൃതിയെപ്പററി അവതാരികയിൽ ശൂരനാട് കുഞ്ഞൻപിള്ള ഇപ്രകാരം എഴുതിയിരിക്കുന്നു. “നാടകാന്തം കവിത്വം എന്ന ചൊല്ലിന്റെ അർത്ഥം എന്തുതന്നെയായാലും, ശാകുന്തളം നാടകത്തെപ്പററി ആ വാക്യം നൂറുശതമാനവും ശരിയെന്നു കാണാം. ആ വസ്തുതവെളിപ്പെടുത്തുന്നതാണല്ലോ മലയാളത്തിൽ അതിന് വന്നിട്ടുള്ള ഭാഷാന്തരങ്ങൾ. വലിയകോയിത്തമ്പുരാൻ, രാജരാജവർമ്മ, വള്ളത്തോൾ നാരായണമേനോൻ മുതലായ മഹാരഥന്മാരെ പരിഭാഷ്യക സമാരാധകരാക്കിയ ശാകുന്തളം, ശ്രീ ചെറിയാൻ ആൻഡ്രൂസിനെയും ആകർഷിച്ചത്, രസികതാപാരമ്പര്യം അനുസരിച്ചു തന്നെ എന്നു കരുതാം. എന്നാൽ ആൻഡ്രൂസ് ഒരു തർജ്ജിമക്കാരനായി നിൽക്കാനല്ല പേനയെടുത്തത്,

www.malankaralibrary.com

ഭാവനാസമ്പൂർണ്ണവും പരിഹാസരസവുമായ ഒരു സ്വതന്ത്രകൃതിനിർമ്മിച്ച് തന്റെ ആരാധന വെളിപ്പെടുത്തുവാനാണ്."

ഈ കൃതിയെപ്പററി കൊടുപ്പുന്ന ഇപ്രകാരം എഴുതിയിരിക്കുന്ന "ശ്രീ ചെറിയാൻ ആൻഡ്രൂസ് കവിത്വത്തേയും തദനുരൂപമായ ഭാവനയേയും അഭിജ്ഞാനശാകുന്തളത്തിൽ വ്യാപരിപ്പിച്ച് നവമായ ഒരു ശാകുന്തളം സൃഷ്ടിച്ചിരിക്കുന്നു..................നവധീരമായ രീതിയിൽ ചില കല്പനകളും ചെറിയാൻ ആൻഡ്രൂസിന്റെ തൂലികയിൽ നിന്നും ആവിർഭവിച്ചിട്ടുണ്ട്. വിശ്വാമിത്രമഹർഷി, ത്രിശങ്കുമഹാരാജാവിനെ ഉടലോടെ സ്വർഗ്ഗത്തിലേയ്ക്കയക്കാൻ സ്പുട്നിക്ക് ഒരുക്കിയതായും ഹൈജാക്കിംഗ് സമ്പ്രദായമനുസരിച്ച് ശകുന്തളയെ മേനക കൊണ്ടുപോകുന്നതായും മററുമുള്ള കാര്യങ്ങളും ചെറിയാൻ ആൻഡ്രൂസ് ഉപജ്ഞാനം ചെയ്യുന്നുണ്ട്. ഇങ്ങനെ നോക്കുമ്പോൾ വിദൂഷകശാകുന്തളം ആപാദചൂഡം രമണീയമാകുന്നു എന്ന് കാണാൻ വിഷമമില്ല"

ചെറിയാൻ ആൻഡ്രൂസിന്റെ മറെറാരു പ്രാധാന കൃതിയാണ് "സംഗീതനാടകസവ്യസാചി" അരനൂററാണ്ടുകാലം മലയാള നാടകവേദിയെ നിസ്വാർത്ഥമായി സ്നേഹിച്ച, തന്റെ പിതാവ് വി.എസ്. ആൻഡ്രൂസിന്റെ ബഹുമുഖവ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്ന ഒരു ഗ്രന്ഥമാണിത്. കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ ഏറെ കോളിളക്കങ്ങൾ സൃഷ്ടിച്ച, ക്രിസ്ത്യൻ, സമത്വവാദി തുടങ്ങിയ പത്രങ്ങളുടെ നായകത്വം വഹിച്ചുകൊണ്ട് ആദർശം ഉയർത്തിപ്പിടിക്കുവാൻ ആൻഡ്രൂസ് ശ്രമിച്ച സംഭവങ്ങൾ വെളിച്ചം കാണുവാൻ ഈ ഗ്രന്ഥം സഹായിക്കുകതന്നെ ചെയ്തു.


ചെറിയാൻ ആൻഡ്രൂസിന്റെ പ്രസിദ്ധീകരിച്ച കൃതികൾ താഴെ പറയുന്നവയാണ്. അഭിനവഗാനമഞ്ജുഷ, ഭക്തിഗീതങ്ങൾ, പ്രണാമം (ചെറുകഥകൾ) പ്രണയപാതകം (ടോൾസ്റ്റോയ് നോവൽ തർജ്ജമ) സാഫല്യം (കാവ്യനാടകം) പുതിയഭൂമി (കൊളംബസിന്റെ ചരിത്രനാടകം) മധുരോക്തിയും മന്ദഹാസവും (ഹാസ്യസമാഹാരം) കല്പവാടി (കവിതാസമാഹാരം) ജാതകദോഷം (കവിതാസമാഹാരം) തെരേസാ മുതൽ സുമതി വരെ (കവിതാസമാഹാരം) ചിതയുടെ വിശ്വരൂപം (ഹാസ്യസമാഹാരം) വിദൂഷകശാകുന്തളം (ഹാസ്യകാവ്യനാടകം) സംഗീത നാടക സവ്യസാചി (സംഗീതനാടകചരിത്ര പഠനവും ആത്മകഥയും) സ്വപ്നശാകുന്തളം (നാടകം തിരക്കഥാ രൂപത്തിൽ)

പ്രസിദ്ധീകരിക്കാനുള്ള കൃതികൾ താഴെപറയുന്നവയാണ്. എന്റെ കഥാപ്രസംഗങ്ങളും വേദിയിലെ അനുഭവങ്ങളും, ദേശാഭിമാനിസൂക്തങ്ങൾ, മാനസമയൂരം (തെരഞ്ഞെടുത്തകൃതികൾ) കിണ്ണാംകൃതികൾ (ഹാസ്യനിർവചനകവിതകൾ, നാടൻപാട്ടുകളും പാഠകവും, അപരാധിനി (കഥാപ്രസംഗ കവിത)

വിലാസം - ചെറിയാൻ ആൻഡ്രൂസ് കല്പവാടി, തമ്മനം പി.ഒ. 682032 കൊച്ചി

www.malankaralibrary.com

# 13



# ജോർജ്ജ് തെക്കയ്യം

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം ഉപരിപഠനത്തിന് കോളേജിൽ ചേരാൻ ആഗ്രഹിച്ചു. സാഹചര്യങ്ങൾ അനുവദിച്ചില്ല. തുടർന്ന് സാങ്കേതിക വിദ്യാഭ്യാസം നേടി വിദേശരാജ്യങ്ങളിൽ ജോലിക്കായി പുറപ്പെട്ടു. തിരികെ വന്നപ്പോഴും ഉപരിപഠനത്തിന് അവസരം ലഭിച്ചില്ല. ജീവിക്കാനായി വിവിധ തൊഴിലുകളിൽ ഏർപ്പെടേണ്ടിവന്നു. അപ്പോഴും ഉന്നതവിദ്യാഭ്യാസം എന്ന ആശയം മനസ്സിൽ സൂക്ഷിച്ചു കൊണ്ടിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസംകഴിഞ്ഞ് അരനൂറ്റാണ്ട് കഴിഞ്ഞ് 1986 ൽ 68-ാം വയസ്സിൽ കറൻസ്പോണ്ടൻസ് കോഴ്സുവഴി യൂണിവേഴ്സിറ്റി പഠനം ആരംഭിച്ചു. 71-ാം വയസ്സിൽ ബി.എ. ഡിഗ്രിയും 75-ാം വയസ്സിൽ എം.എ. ബിരുദവും നേടി. തുടർന്ന് മൈസൂർ യൂണിവേഴ്സിറ്റിയിൽ സോഷ്യോളജിയിൽ എം.എ. ബിരുദവും നേടി. തുടർന്ന് മൈസൂർയൂണിവേഴ്സിറ്റിയിൽ സോഷ്യോളജിയിൽ എം.എ. ബിരുദത്തിന് പഠനം തുടർന്നു. ഒരു ബസപകടത്തെ തുടർന്ന് പഠനം ഉപേക്ഷിക്കേണ്ടിവന്നു. ഉന്നതബിരുദങ്ങൾ നേടിയതൊന്നും സാമ്പത്തികലക്ഷ്യംവച്ചുകൊണ്ടായിരുന്നില്ല. കൂടുതൽ കൂടുതൽ അറിവു നേടുക എന്നതു മാത്രമായിരുന്നു ലക്ഷ്യം. ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള ജീവിതം വീരോചിതമായിരുന്നു. സ്വന്തം പരിശ്രമംകൊണ്ട് ഉന്നതങ്ങളിൽ എത്തിച്ചേർന്ന ജോർജജ് തെക്കയ്യമായിരുന്നു ആ വിജ്ഞാനദാഹി. രണ്ടാംലോകമഹായുദ്ധകാലത്ത് സിംഗപ്പൂരിൽ താമസിച്ചിരുന്ന തെക്കയ്യം നേതാജി സുഭാഷ്ചന്ദ്രബോസ് രൂപീകരിച്ച ഇന്ത്യൻ നാഷണൽ ആർമിയിൽ ചേരുവാൻ പേര് രജിസ്റ്റർ ചെയ്തിരുന്നു. ജപ്പാൻഗവൺമെന്റിന്റെ ഇടപെടൽ അതിനുള്ള അവസരവും നിഷേധിച്ചു. ആ സ്വാതന്ത്ര്യദാഹി ശ്രീ ജോർജ്ജ് തെക്കയ്യം 1918 ജനുവരി 25-ാം തീയതി മാതൃകുടുംബമായ കടവൂർ തൊടിയിൽ ജനിച്ചു. തൃക്കടവൂർ മഹാക്ഷേത്രത്തിന് രണ്ടുകിലോമീറ്റർ അകലെയുള്ള തെക്കയ്യം കുടുംബത്തിലെ ലിയോൺ പിതാവും എലിസബത്ത് മാതാവുമായിരുന്നു.

ഇംഗ്ലീഷ് മിഡിൽസ്കൂളിന് തെക്കുഭാഗത്ത് ഒരു സായാഹ്ന ചന്തയുണ്ടായിരുന്നു. അതിന് തൊട്ടടുത്ത് സാമാന്യം വിസ്തൃതിയുള്ള ഒരു പുൽത്തകിടിയിൽ വൈകുന്നേരം സ്ഥലവാസികളായ അഭ്യസ്തവിദ്യരും ശ്രോതാക്കളായ ചെറുപ്പക്കാരും ഒന്നിച്ചുകൂടുക സാധാരണമായിരുന്നു. കവിത്രയങ്ങളുടെ കവിതകൾ വായിച്ച് ചർച്ചാവിഷയമാക്കുന്നതും അർത്ഥം വിവരിച്ചുകൊടുക്കുന്നതും ജോർജ്ജ് തെക്കയത്തിന്റെ പിതാവായിരുന്നു. പണമോ മറ്റു പ്രതാപങ്ങളോ ഇല്ലായിരുന്നുവെങ്കിലും ഒരു വിജ്ഞാനിയായിട്ടും

www.malankaralibrary.com

സാമാന്യം നല്ല പ്രാസംഗികനായിട്ടും പിതാവ് അറിയപ്പെട്ടിരുന്നു. നാട്ടിൽ കൂടെക്കൂടെ അവതരിപ്പിക്കപ്പെടാറുള്ള നാടകങ്ങളിൽ അവതരണ പ്രസംഗങ്ങൾ നടത്തുന്നതും പിതാവുതന്നെയായിരുന്നു. പാരമ്പര്യമായി കുടുംബം നടത്തി വന്നിരുന്ന വ്യാപാരാവശ്യങ്ങൾക്കായി പിതാവ് ആലപ്പുഴയ്ക്ക് പലപ്പോഴും പോകുക പതിവായിരുന്നു.

കളരിവിദ്യാഭ്യാസവും പ്രൈമറിവിദ്യാഭ്യാസവും മിഡിൽസ്കൂൾ വിദ്യാഭ്യാസവും നടന്നു. ഇതിനിടയിൽ പിതാവ് വിഷബാധയേറ്റ് മരണമടയുകയും ജോർജിനെയും മാതാവിനെയും സഹോദരങ്ങളെയും മാതൃഭവനത്തിലേക്ക് മാറ്റുകയും ചെയ്തിരുന്നു. അന്ന് നാട്ടിൻപുറങ്ങളിൽ തുടർച്ചയായി നടത്തികൊണ്ടിരുന്ന സംഗീതനാടകങ്ങളും ആട്ടക്കഥകളും കാണുക ജോർജിന് വലിയ താല്പര്യമായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം ഉപരിപഠനത്തിന് കോളേജിൽ ചേരണമെന്നാഗ്രഹിച്ചെങ്കിലും സാധിച്ചില്ല. വീട്ടുജോലകളിൽ ഏർപ്പെട്ട് ദിവസങ്ങൾ തള്ളിനീക്കി. വീട്ടിലെ കയർപിരി, ആലപ്പുഴയ്ക്കുള്ള കയർകെട്ട്, തൊണ്ടഴുക്ക്, പുരയിടങ്ങളിൽ നിന്നുള്ള തേങ്ങാവെട്ട് മുതലായ വീട്ടുജോലികളുടെ മേൽനോട്ടംവഹിച്ച് ഒരു വർഷം കഴിഞ്ഞുകൂടി. തുടർന്ന് പറവൂരിലെ സിവിൽ എഞ്ചിനീയറിംഗ് സ്കൂളിൽ ചേർന്നു പഠിക്കുകയും രണ്ടുവർഷംകൊണ്ട് ഹയർ ഗ്രേഡ് പരീക്ഷപാസ്സാകുകയും ചെയ്തു. ജോർജ്ജ് ഹൈസ്കൂൾ വിദ്യാഭ്യാസം നിർവ്വഹിച്ച സെന്റ് അലോഷ്യസ് സ്കൂളിൽ ലൈബ്രേറിയനായും അദ്ധ്യാപകനായും ഏതാനും മാസം ജോലി നോക്കി. തന്റെ അമ്മാവൻമാരും സുഹൃത്തുക്കളും ബന്ധുക്കളും അക്കാലത്ത് സിംഗപ്പൂരിൽ ജോലിനോക്കുന്നുണ്ടായിരുന്നു. ജോർജ്ജിന് സിംഗപ്പൂരിൽ ജോലി തരപ്പെട്ടതിനാൽ അവിടേക്കുപോയി. വിവിധ കമ്പനികളിൽ ജോലി നോക്കി. ഇതിനിടയിൽ ഓസ്ട്രിയായിലെ മെൽബൺ യൂണിവേഴ്സിറ്റിയിൽ സിവിൽ എഞ്ചിനീയറിംഗ് കോഴ്സിന് ചേർന്നു. അവിടുത്തെ പഠനം പൂർത്തിയാക്കിയതിനുശേഷം വീണ്ടും സിംഗപ്പൂരിൽ എത്തിച്ചേർന്നു.

വിദേശത്തെ ജോലിയുംമറ്റും ക്ലേശകരവും അതേസമയം ആഹ്ളാദകരവുമായിരുന്നു. ശ്രീ ജോർജ്ജ് തെക്കയം രചിച്ച തന്റെ ആത്മകഥയായ ഗതകാലസ്മരണകളിൽ അക്കാലത്തെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "എന്റെ വിദേശ ജീവിതത്തിൽ മറ്റു സഹപ്രവർത്തകർ അധികമൊന്നും കണ്ടിട്ടില്ലാത്ത ഉൾനാടൻ പ്രദേശങ്ങളും മലമ്പ്രദേശങ്ങളും, വനാന്തരങ്ങളും സന്ദർശിക്കുവാനും വന്യപക്ഷിമൃഗാദികളെയും വനവാസികളെയും കാണുവാനും പരിചയപ്പെടുവാനും അവരോടൊത്ത് ജീവിക്കാനും സാധിച്ചിട്ടുണ്ട്. മലകളും പുഴകളും പാമ്പകളും, വന്യമൃഗങ്ങളും നിറഞ്ഞ വനത്തിൽ വനവാസികളുടെ ആഹാരം കഴിച്ച് ഏതാണ്ട് അവരെപ്പോലെ തന്നെ ഒൻപതു മാസം ചിലവഴിച്ച അനുഭവം എന്നെ സംബന്ധിച്ചിടത്തോളം ജീവിതത്തിലെ

www.malankaralibrary.com

അത്യപൂർവ്വമായ സംഭവമായിരുന്നു."

ജീവിതമാർഗ്ഗം തേടി സിംഗപ്പൂർ, മലയാ, ഇൻഡോനേഷ്യാ, സരവാക്ക്, ബോർണിയോ, ബ്രൂണൈയ് എന്നിവിടങ്ങളിൽ ജീവിക്കാനും പുത്തൻ അനുഭവങ്ങൾ അയവിറക്കാനും എനിക്ക് സാധിച്ചിട്ടുണ്ട്.

രണ്ടാം ലോകമഹായുദ്ധകാലത്ത് നേതാജി സുഭാഷ് ചന്ദ്രബോസ് ഒരു ജർമ്മൻ മുങ്ങിക്കപ്പലിൽ സുരക്ഷിതമായി മലയാതീരത്ത് എത്തിച്ചേർന്നു. അവിടെനിന്ന് അദ്ദേഹം സിംഗപ്പൂരിലെത്തി. കോരിത്തരിച്ച ഹൃദയത്തോടെ ജനങ്ങൾ അദ്ദേഹത്തെ സ്വീകരിച്ചപ്പോൾ ജോർജ് തെക്കയവും അവരോടൊപ്പം പങ്കുചേർന്നു. ഇന്ത്യൻ നാഷണൽ ആർമിയിൽ ചേരാനുള്ള ബോസിന്റെ ആഹ്വാനത്തിൽ ആകൃഷ്ടനായി തെക്കയം അതിനായി പേരു രജിസ്റ്റർ ചെയ്തു. ജപ്പാൻ പട്ടാളവകുപ്പിന്റെ കോൺട്രാക്റ്റിംഗ് കമ്പനിയായ ഓബയാഷിഗുമിയ്ക്ക് വേണ്ടി യൂറോപ്യൻ കോൺട്രാക്ടർ ആളുകളെ ശേഖരിക്കുന്ന സന്ദർഭമായിരുന്നു അത്. ആ കമ്പനി ജോർജ്ജ് തെക്കയത്തെ ജോലിക്ക് ക്ഷണിക്കുകയുണ്ടായി. ഇന്ത്യൻ നാഷണൽ ആർമി ക്യാമ്പിൽ നിന്ന് ഉടനെ എത്തണമെന്നുള്ള കത്തും തെക്കയത്തിന് ലഭിച്ചു. ഐ.എൻ.എയിൽ നിന്ന് ലഭിച്ച കത്തുമായി ഓബയഷോഗുമി ഓഫീസിലെത്തി. ഈ വിവരം ജപ്പാൻ ഭരണാധികാരികളെ കമ്പനി അറിയിക്കുകയും ജപ്പാൻ ഭരണാധികാരികൾ ഐ.എൻ.എ. ഓഫീസിൽ വിളിച്ച് ജോർജ് തെക്കയത്തിനെ അതിൽനിന്ന് ഒഴിവാക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്തു. ജപ്പാൻ പട്ടാളത്തിന്റെ സുമാട്രായിലുള്ള പണിയിൽ ആവശ്യമുണ്ടായിരുന്നതുകൊണ്ടാണ് അവർ അങ്ങനെ നിർദ്ദേശം നൽകിയത്. തെക്കയത്തിന്റെ സുഹൃത്തുക്കളിൽ പലരും ഐ.എൻ.എ. ക്യാമ്പിൽ എത്തി പരിശീലനം തുടങ്ങിയിരുന്നു. അവരോടൊപ്പം പരിശീലനം നടത്തുന്നതും ആയുധധാരിയായി ബർമ്മാ അതിർത്തിയിൽ എത്തി യുദ്ധത്തിൽ ഏപ്പെടുന്നതും മറ്റും സ്വപ്നം കണ്ടിരുന്ന തെക്കയം നിരാശനായി ഐ.എൻ.എ. ഓഫീസിൽ നിന്നു മടങ്ങി .

സരവാക്കിൽ ജോലി ചെയ്യാനായി എത്തി ഒരുമാസം കഴിഞ്ഞപ്പോൾ സരവാക്ക് ഇന്ത്യൻ അസോസിയേഷൻ പ്രസിഡണ്ടായി ജോർജ് തെക്കയം ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടു. അതേത്തുടർന്ന് സരവാക്ക് മുൻസിപ്പൽ അഡ്വൈസറി കൗൺസിലിൽ ഇന്ത്യൻ പ്രതിനിധിയായി തിരഞ്ഞെടുത്തതും തൈക്കയത്തിനെ ആയിരുന്നു. ഇന്ത്യൻ ഹൈക്കമ്മീഷണർ സരവാക്കിൽ എത്തിയപ്പോൾ അദ്ദേഹത്തിന് അതിഗംഭീരമായ സ്വീകരണം നൽകുന്നതിനും ഇന്ത്യാക്കാരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനും അസോസിയേഷൻ പ്രസിഡണ്ട് എന്ന നിലയിൽ തെക്കയത്തിന് സാധിച്ചു. സരവാക്കിൽ പിന്നീട് നാലുവർഷത്തേക്ക് സർക്കാർ സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചു.

സരവാക്ക് ഗവൺമെന്റുമായുള്ള കോൺട്രാക്ട് അവസാനിച്ചതിനെ

www.malankaralibrary.com

ത്തുടർന്ന് 20 വർഷത്തെ സംഭവബഹുലമായ വിദേശവാസത്തിനുശേഷം നാട്ടിൽ തിരിച്ചെത്തി. ബിസിനസ്സിൽ ഏർപ്പെട്ടു. കോക്കനട് ഓയിൽ മിൽ സ്ഥാപിക്കുകയാണ് ചെയ്തത്. പിന്നീട് കാൾടെക്സ് കമ്പനിയിൽ ജോലിയിൽ പ്രവേശിച്ചു.

1972 ലാണ് കേരള കാത്തലിക് അസോസിയേഷൻ രൂപം കൊള്ളുന്നത്. ആർച്ച് ബിഷപ്പ് കേളന്തറയുടെ സാന്നിദ്ധ്യത്തിൽ സെന്റ് ആൽബർട്സ് കോളേജിൽ ചേർന്ന സമ്മേളനത്തിൽവച്ച് ലാറ്റിൻ കാത്തലിക് അസോസിയേഷന്റെ പ്രസിഡണ്ടായി ഷെവ. കെ.ജെ. ബർളി തിരഞ്ഞെടുക്കപ്പെട്ടു. കെ.എൽ.സി.എ. മാനേജിംഗ് കമ്മറ്റിയിലേക്ക് കൊല്ലം രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അഞ്ചുപേരിൽ ഒരാൾ തെക്കയ്യം ആയിരുന്നു. കെ.ജെ. ബർളി 12 വർഷക്കാലം കെ.എൽ.സി.എ. പ്രസിഡണ്ടായിരുന്നു. അതിനുശേഷം ജോർജ്ജ് തെക്കയ്യം ആണ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടത്. അദ്ദേഹം ഒൻപതുവർഷക്കാലം ആ സ്ഥാനത്ത് തുടർന്നു.

ജോർജ്ജ് തെക്കയ്യം പ്രസിഡണ്ടായിരുന്ന കാലത്താണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതും അത് ഗവൺമെന്റ് അംഗീകരിക്കുന്നതും അതിൻമേൽ കഴിയുന്നതും വേഗം നടപടി ഉണ്ടാകുമെന്ന് പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പ്രഖ്യാപിക്കുന്നതും. ഇന്ദിരാഗാന്ധിയുടെ നിര്യാണത്തിനുശേഷം അധികാരമേറ്റെടുത്ത രാജീവ്ഗാന്ധിയും ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചില്ല. ഇതിൽ പ്രതിഷേധിച്ച് പിന്നോക്കവിഭാഗങ്ങൾ രാജ്യവ്യാപകമയ പ്രക്ഷോഭം ആരംഭിച്ചു. അതിന് സമാന്തരമായിട്ടാണ് എസ്.എൻ.ഡി.പി. യോഗം പ്രസിഡണ്ടായിരുന്ന ശ്രീ.വിശ്വനാഥന്റെ നേതൃത്വത്തിൽ ഒരു പിന്നോക്ക സമുദായമുന്നണി രൂപംകൊണ്ടത്. അത് പിന്നീട് സംവരണസമുദായമുന്നണിയായി രൂപാന്തരപ്പെട്ടു. ഈ മുന്നണിയിൽ ആദ്യംതന്നെ കെ.എൽ.സി.എ. സജീവ പങ്കാളിയായി. കെ.എൽ.സി.എ.യുടെ പ്രസിഡണ്ട് ജോർജ്ജ് തെക്കയ്യം ആ മുന്നണിയുടെ വൈസ് പ്രസിഡണ്ടായും തിരഞ്ഞെടുക്കപ്പെട്ടു. സംവരണ സമുദായമുന്നണിയുടെ എറണാകുളം, കൊച്ചി, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം, വിഴിഞ്ഞം, തുത്തൂർ വരെ ഒരു സംവരണജാഥ നടത്തുകയുണ്ടായി. 13 ദിവസം നീണ്ടുനിന്ന പ്രസ്തുതജാഥ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിന് മുന്നിൽ ഒരു പ്രകടനം നടത്തി. ജാഥക്ക് വിവിധ ഭാഗങ്ങളിൽ അല്മായരും വൈദീകരും ചേർന്ന് ഗംഭീര സ്വീകരണങ്ങൾ നൽകുകയുണ്ടായി.

1979 ൽ കൊല്ലത്ത് ലയൺസ്ക്ലബ് ഓഫ് ക്വയിലോൺ ഈസ്റ്റ് എന്ന സംഘടന നിലവിൽവന്നു. അതിന്റെ സ്ഥാപകാംഗമായ തെക്കയ്യം 1983 ൽ അതിന്റെ പ്രസിഡണ്ടുമായി. അംഗസംഖ്യ വർദ്ധിച്ചതിനെത്തുടർന്ന് ലയൺസ്ക്ലബ്ബ് ഓഫ് കൊല്ലം ഗ്രേറ്റർ എന്ന പേരിൽ 1992 ൽ പ്രവർത്തനമാരംഭിച്ചു. ഇതിന്റെയും സ്ഥാപകാംഗമാണ് തെക്കയ്യം.

ഉന്നതവിദ്യാഭ്യാസം നേടണമെന്നുള്ള അഭിലാഷം പൂർത്തീകരിക്കാൻ

www.malankaralibrary.com

അദ്ദേഹം പ്രൈവറ്റായി ബി.എയും എം.എ യും പഠിച്ചു. മറ്റൊരു എം.എ. ഡിഗ്രിയും കൂടി എടുക്കുവാൻ ശ്രമിക്കുന്നതിനിടയിൽ അപ്രതീക്ഷിതമായി ഒരു ബസപടകടത്തിൽപെടുകയും (1995) തുടർന്നുള്ള പഠനം ഉപേക്ഷിക്കുകയും ചെയ്തു.

കാര്യങ്ങൾ വളവും തിരിവുമില്ലാതെ വെട്ടിത്തുറന്നു പറയുന്ന സ്വഭാവക്കാരനാണ് തെക്കയ്യം. ലത്തീൻ രൂപതകളുടെ നേതൃത്വത്തിൽ കെ.ആർ.എൽ.സി.എ. രൂപീകരിച്ചപ്പോൾ അത് ലത്തീൻ കത്തോലിക്കാ അസോസിയേഷനെ ക്ഷീണിപ്പിക്കുന്നതാണെന്ന് തുറന്നുപറയുവാനും ആ വിവരം കാണിച്ചുകൊണ്ട് ഒരു ലഘുലേഖ പ്രസിദ്ധീകരിക്കാനും തെക്കയ്യം തയ്യാറായി.

ആൾ ഇന്ത്യാ കാത്തലിക് യൂണിയന്റെ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തിരുന്ന തെക്കയ്യം അതിന്റെ റീജയണൽ സെക്രട്ടറിയായും (ലത്തീൻ റീജിയൻ) പ്രസിഡണ്ടായും പ്രവർത്തിച്ചിട്ടുണ്ട്.


കേരളത്തിൽ തിരിച്ചെത്തിയ തെക്കയ്യം വിവിധരംഗങ്ങളിൽ പ്രവർത്തിക്കുകയുണ്ടായി. ദക്ഷിണേന്ത്യയിലെ കർണ്ണാടക, ആന്ധ്ര, തമിഴ്നാട്, കേരളം എന്നിവിടങ്ങളിൽ ദിവസം 200ലധികം കിലോമീറ്റർ ട്രെയിനിലും ബസിലും യാത്രചെയ്തും കേരളത്തിലെ തെക്കുമുതൽ വടക്കുവരെയുള്ള ഇടവകകളിൽ സമുദായപ്രവർത്തനങ്ങളിൽ പങ്കെടുത്തും കഴിഞ്ഞിരുന്ന തെക്കയ്യം ബസപകടത്തെത്തുടർന്ന് പിടിച്ചുകെട്ടപ്പെട്ടതുപോലെ സ്വഭവനത്തിൽ കഴിയേണ്ടിവരുകയാണ്. ഇതിനിടയിലാണ് 1999 ൽ തന്റെ ആത്മകഥ ഗതകാലസ്മരണകൾ തയ്യാറാക്കിയത്. ഈ ആത്മകഥയെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "സ്വന്തം പരിശ്രമംകൊണ്ട് ഉന്നതതലങ്ങളിൽ എത്തിച്ചേർന്ന കടവൂർ സ്വദേശിയായ ഒരു വ്യക്തിയുടെ ഹൃദയസ്പർശിയായ കഥയാണ് ഇതിൽ അനാവരണം ചെയ്യപ്പെടുന്നത്. സിംഗപ്പൂർ, ബോർണിയ, സുമാത്ര, മലേഷ്യ എന്നിവിടങ്ങളിൽ കഴിഞ്ഞുകൂടിയ യുദ്ധകാലത്തെ സംഭവങ്ങൾ ആരെയും ആകർഷിക്കുന്ന വൃത്താന്തമാണ്. യുദ്ധാനന്തരം നാട്ടിൽ മടങ്ങിയെത്തിയ തെക്കയ്യം സമുദായസേവനത്തിന് ദശാബ്ദക്കാലം മുന്നോട്ടിറങ്ങിയതും ഒടുവിൽ സംഭവിച്ച ആകസ്മികമായ അപകടംമൂലം വീട്ടിനുള്ളിൽ ഏകാകിയായി കഴിയുന്ന അവസ്ഥ വായനക്കാരെ ആർദ്രചിത്തരാക്കുമെന്നതിന് പക്ഷാന്തരമില്ല. ജീവിതത്തിന്റെ സായാഹ്നവേളയിൽ വിദ്യാഭ്യാസം തുടരുകയും ബിരുദവും ബിരുദാനന്തര ബിരുദവും നേടുകയും ചെയ്ത ഗ്രന്ഥകർത്താവിന്റെ ഈ കൃതി ജീവിതത്തിൽ ഔന്നത്യം പ്രാപിക്കണമെന്ന് താല്പര്യമുള്ളവർ ഒരു മാർഗ്ഗരേഖയായി കരുതി സൂക്ഷിക്കേണ്ടതാണ്."

ഹൈസ്കൂൾ ഹെഡ്മിസ്ട്രസായി റിട്ടയർ ചെയ്ത മേരിയാണ് ഭാര്യ.
വിലാസം - ജോർജ്ജ് തെക്കയം, കൊല്ലം-6

www.malankaralibrary.com

# 14

# ആർച്ച് ബിഷപ്പ് ഡോ. കോർണേലിയസ് ഇലഞ്ഞിക്കൽ



"കൈരളിയ്ക്ക് കാവ്യഭാവനയുടെ ഇലഞ്ഞിപ്പൂ മണം പകർന്നു നൽകിയ അജപാലകൻ ഒന്നേയുള്ളു - ആർച്ചു ബിഷപ്പ ഡോ. കൊർണേലിയസ് ഇലഞ്ഞിക്കൽ. വിശ്വാസ തീഷ്ണതയോടെ ഒരു സമൂഹത്തെ നയിക്കുമ്പോഴും ഇടവേളകളിൽ അദ്ദേഹം ദൈവവചനങ്ങളുടെ കീർത്തനങ്ങളൊരുക്കി. ഒരുവട്ടം കേൾക്കുന്നമാത്രയിൽ ഹൃദയത്തെ തൊട്ടുണർത്തുന്ന ദേവസങ്കീർത്തനങ്ങൾ വിശ്രമജീവിതത്തിലും അദ്ദേഹം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്." കേരള ലത്തീൻ കത്തോലിക്കാ ഡയറക്ടറിയിൽ ആർച്ച് ബിഷപ്പ് കൊർണേലിയസ് ഇലഞ്ഞിക്കൽ പിതാവിനെപ്പറ്റി എഴുതിയ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്.

ആർച്ച് ബിഷപ്പ് കൊർണേലിയസ് "മങ്ങാത്ത സ്മരണകൾ" എന്ന പേരിൽ തന്റെ ആത്മകഥ രചിച്ചിട്ടുണ്ട്. മറ്റു ആത്മകഥകളിൽ നിന്നും വിത്യസ്തമാണ് ആർച്ചു ബിഷപ്പിന്റെ ആത്മകഥ. അദ്ദേഹം രചിച്ച നിരവധി കവിതകൾ അതിൽ ചേർത്തിട്ടുണ്ടെന്നതാണ് അതിന്റെ പ്രത്യേകത. ആത്മകഥയിൽ ധ്യാനപ്രസംഗകന്മാരെപ്പറ്റി പറയുന്ന ഒരു ഭാഗവും അതോട് ചേർത്തുള്ള ഒരു കവിതയും താഴെ ചേർക്കുന്നു.

"ഒരു വസ്തുത നമ്മൾ മറക്കരുത്. ധ്യാനപ്രസംഗകന്മാർ ടെലഫോൺ എക്സ്ചേഞ്ചിലിരുന്ന് സംസാരിക്കാൻ കണക്ഷൻ കൊടുക്കുന്നവരെപ്പോലെയാണ്. ധ്യാനിക്കുന്നവർ ദൈവത്തോടാണ് യഥാർത്ഥത്തിൽ സംസാരിക്കുന്നത്. അവിടുന്നാണ് ധ്യാനിക്കുന്നവരോട് സംസാരിക്കുന്നത്, അവരെ രൂപാന്തരപ്പെടുത്തുന്നത്.

അവിടുത്തോട് ഐക്യപ്പെടുമ്പോൾ, തന്റെ ദിവ്യ ജീവൻ നമ്മിലേക്കുപകരുന്നു. നമ്മൾ തഴച്ചുവളർന്ന് സൽഫലങ്ങൾ പുറപ്പെടുവിക്കുന്നു. മുന്തിരിവള്ളിയുടെ ശാഖളെപ്പോലെ

നീ നല്ലൊരു മുന്തിരിവള്ളി
ഞാനതിൻ ശാഖയുമാണല്ലോ - ദിവ്യനാഥാ
ഞാനതിൽ ശാഖയുമാണല്ലോ
നിന്നോട് ചേർന്ന് നിൽക്കുമ്പോഴൊക്കെയും
നിൻ ജീവനെന്നിൽ പകർന്നിടുന്നു.

അതിവേഗം വളരും ഞാൻ പുതുപൂക്കൾ ചൂടും ഞാൻ
മാധുര്യമേറും ഫലങ്ങൾ നൽകും
നിന്നിൽ നിന്നല്പം ഞാൻ വേർപെട്ടുപോയെന്നാൽ

www.malankaralibrary.com

വാടിയുണങ്ങി നിലം പതിക്കും
വളരില്ല, പൂക്കില്ല, ഫലമൊന്നുമണിയില്ല;
വെറുമൊരു ചുള്ളിക്കമ്പായി മാറും
വിലയില്ല, ചാമ്പലായ്ത്തീരും ഞാൻ മന്നതിൽ
ആർക്കാർക്കും വേണ്ടാത്ത ചാമ്പലാകും."

എത്രയോ ആശയ സമ്പുഷ്ടമായ കവിതയാണിത്. ഇതുപോലെ ചിന്തോദ്ദീപകങ്ങളായ നിരവധി കവിതകൾ ചേർത്താണ് അദ്ദേഹം തന്റെ ആത്മകഥ രചിച്ചിരിക്കുന്നത്.

ഗദ്യവും കവിതയും ഒന്നുപോലെ കൈകാര്യം ചെയ്യുന്നതിൽ അതിപ്രഗത്ഭനായ കൊർണേലിയസ് തിരുമേനി കൊടുങ്ങല്ലൂരിനടുത്ത് കാരയിലെ ഇലഞ്ഞിക്കൽ തറവാട്ടിൽ 1918 സെപ്റ്റംബർ 8-നായിരുന്നു ജനനം. ജ്ഞാനസ്നാനം നടന്നത് വിശുദ്ധ കൊർണേലിയസിന്റെ തിരുനാൾ ദിവസമാണ്. വികാരിയുടെ നിർദ്ദേശമനുസരിച്ച് കുട്ടിക്ക് കൊർണേലിയൂസ് എന്ന് പേര് നൽകി. വീട്ടിൽ വിളിച്ചത് ഇട്ടിയവിരാ എന്നും. അദ്ദേഹത്തിന്റെ ബാല്യകാലജീവിതം ക്ലേശകരമായിരുന്നു ടൈഫോയിഡ് പിടിപെട്ട് രോഗം മൂർച്ഛിച്ചു. രണ്ടുമൂന്നു പ്രാവശ്യം വെള്ളത്തിൽ വീണു. ജീവൻ നഷ്ടപ്പെട്ടെന്നുതന്നെ സംശയിച്ചു. അവയെല്ലാം അതിജീവിച്ച് ഇട്ടിയവിര പഠനം തുടർന്നു. കാരയിലെ പ്രൈമറി സ്കൂളിലും എടവിലങ്ങ ഗവണ്മെന്റ് സ്കൂളിലും ഏറിയാട് ഗവണ്മെന്റ് സ്കൂളിലും പഠിച്ചു. ഏഴാം ക്ലാസ്സ് പാസ്സായവരെയാണ് അന്ന് സെമിനായിരിയിൽ പ്രവേശിപ്പിക്കുക. ആഴമായ വിശ്വാസവും ഭക്തി തീഷ്ണതയുമുള്ള മാതാപിതാക്കളുടെ സംരക്ഷണയിൽ വളർന്നുവന്ന ഇട്ടിയവിരാ ചെറുപ്പം മുതലേ വൈദികനാകാനാഗ്രഹിച്ചിരുന്നു.

1933 മെയ് മാസത്തിൽ മൈനർ സെമിനാരിയിൽ പ്രവേശിച്ചു. അതോടൊപ്പം സെന്റ് ആൽബർട്സ് സ്കൂളിൽ ചേർന്ന് ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. മൈനർ സെമിനാരിയിൽ ലത്തീൻ പഠനം ആരംഭിച്ചു. തുടർന്ന് മംഗലപ്പുഴ പൊന്തിഫിക്കൻ സെമിനാരിയിൽ 1938-ൽ ചേർന്നു. ഒരു വർഷം തത്വശാസ്ത്രപഠനം നടത്തി. തുടർന്ന് റോമിലെ പ്രൊപ്പഗാന്താ കോളേജിൽ ചേർന്ന് പഠനം നടത്തുവാനായി റോമിലേക്ക് അയച്ചു. 1939 ഒക്ടോബർ 10-ാം തീയതി കപ്പൽ മാർഗ്ഗം റോമിലേക്കു പുറപ്പെട്ടു. റോമിൽ എത്തി പഠനം തുടർന്നു. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായെ പല പ്രാവശ്യം സന്ദർശിക്കാനുള്ള അവസരം കൊർണേലിയസ് ബ്രദറിന് ലഭിച്ചു. രണ്ടാം ലോകമഹായുദ്ധത്തിൽ ഇറ്റലി പങ്കുചേർന്നതോടെ ശത്രുവിമാനങ്ങളുടെ വരവും, സൈറന്റെ അപകട സൂചനാസ്വരവും എല്ലാം ഭയപ്പെടുത്തുന്നവയായിരുന്നു. അനേകം മണിക്കൂറുകൾ അണ്ടർ ഗ്രൗണ്ടിൽ സെമിനാരി വിദ്യാർത്ഥികൾ കഴിച്ചു കൂട്ടേണ്ടി വന്നിട്ടുണ്ട്. അമേരിക്കയുടെ ബോംബുവർഷം വിവരിക്കാനാവാത്ത ഭയങ്കര കാഴ്ചയായിരുന്നു. ആറുവർഷത്തെ പഠനത്തിനു ശേഷം 1945 മാർച്ച് 18-ന് കർദ്ദനാൾ ഫുമ സോണിബിയോണ്ടിയിൽ നിന്നും

www.malankaralibrary.com

കൊർണേലിയോസ് വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് റോമിൽ നിന്ന് കാനൻ ലോയിലും തത്ത്വശാസ്ത്രത്തിലും ഡോക്ടർ ബിരുദം നേടുകയും ചെയ്തു. ഡോക്ടറേറ്റിനുള്ള വിഷയം ബൃഹദാരണ്യക ഛാന്ദോഗോപനിഷത്തുകളിലെ ദൈവാശയപരിണാമം എന്നുള്ളതായിരുന്നു.

സെമിനാരി റെക്ടറായിരുന്ന മോൺ ബ്രിസ്സി, ഓസിമോ – സിംഗൊളി എന്ന സംയുക്ത രൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടു. അദ്ദേഹത്തെ ഓസിമോ രൂപതയിലേക്ക് അനുഗമിക്കാൻ വേണ്ടി തിരഞ്ഞെടുക്കപ്പെട്ടവരിൽ ഒരാൾ കൊർണേലിയസ് അച്ചനായിരുന്നു. ഓസിമായിൽ വലിയ ഒരു ജനക്കൂട്ടം പുതിയ മെത്രാനെ സ്വീകരിക്കാൻ എത്തിയിരുന്നു. തുടർന്നു നടന്ന പൊതുയോഗത്തിൽ ഇറ്റാലിയൻ ഭാഷയിൽ കൊർണോലിയസ് അച്ചൻ നടത്തിയ പ്രസംഗം ഇറ്റാലിയൻ ഭാഷയിലെ ആദ്യത്തെ പ്രസംഗമായിരുന്നു.

1947–ൽ അട്ടിപ്പേറ്റി തിരുമേനി റോമിലെത്തിയപ്പോൾ അദ്ദേഹത്തെ സ്വീകരിക്കുന്നതിനും വേണ്ടസഹായങ്ങൾ ലഭ്യമാക്കുന്നതിനും കൊർണോലിയസച്ചൻ പരിശ്രമിക്കുകയുണ്ടായി. പ്രൊപ്പഗാന്തായിലെ പഠനം കഴിഞ്ഞ് നാട്ടിലേക്ക് തിരിക്കാൻ തുടങ്ങിയപ്പോൾ യൂണിവേഴ്സിറ്റിയിൽ ഹൈന്ദവതത്വശാസ്ത്രം പഠിപ്പിക്കാമോയെന്ന് അധികാരികൾ ചോദിച്ചു. നാട്ടിൽ ചെന്ന ശേഷം പിതാവന്റെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കാമെന്ന് അദ്ദേഹം മറുപടി നൽകി. മടക്കയാത്രയിൽ ലൂർദ്ദിൽ പത്തുദിവസം താമസിച്ചു. അവിടെ നിന്നും ഇംഗ്ലണ്ടിലേക്കുപോയി കപ്പൽ മാർഗ്ഗം ബോംബെയിൽ എത്തി. അവിടെനിന്നും മദ്രാസ് വഴി എറണാകുളത്തെത്തി.

ചത്യാത്ത് ഇടവകയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യ നിയമനം. ഒൻപതു മാസത്തിനുശേഷം പിതാവിന്റെ സെക്രട്ടറിയായി നിയമിച്ചു. മൂന്നുവർഷത്തിനുശേഷം കത്തീഡ്രൽ പള്ളിയിൽ അസിസ്റ്റന്റായി. അന്ന് നൊവേന ഇംഗ്ലീഷിലായിരുന്നു. ആ ഇംഗ്ലീഷ് പുസ്തകം മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് അച്ചൻ പ്രസദ്ധീകരിച്ചു. പിന്നീട് മൈനർ സെമിനാരി റെക്ടറായി നിയമിതനായി. സെമിനാരി വിദ്യാർത്ഥികൾ യോഗാഭ്യാസം പരിശീലിക്കുവാൻ അവസരം നൽകി. 20 മിനിട്ട് ദിവസവും യോഗാഭ്യാസം ചെയ്യണമെന്നും നിർദ്ദേശിച്ചു. റെക്ടർ സ്ഥാനത്തുനിന്നും വികാർ ജനറാളിന്റെ സഹായിയായി അരമനയിലേക്ക് മാറ്റി. തുടർന്ന് പ്രോ–വികാർ ജനറൽ, വികാരി ജനറൽ, വികാരി കാപ്പിറ്റലർ എന്നീ നിലകളിലും പ്രവർത്തിച്ചു.

വത്തിക്കാൻ സൂനഹദോസിനെ തുടർന്ന് തിരുക്കർമ്മങ്ങൾ മാതൃ ഭാഷയിലേക്ക് ആക്കുന്നതിനുവേണ്ടി നിയുക്തമായ കമ്മറ്റിയിൽ ഡോ. കൊർണോലിയസ് അച്ചനുമുണ്ടായിരുന്നു. അത് വിജയകരമായി പൂർത്തീകരിച്ചു.

ആർച്ച് ബിഷപ്പ് അട്ടിപ്പേറ്റി ദിവംഗതനായപ്പോൾ അഡ്മിനിസ്റ്ററേറ്റർ ആയി നിയമിതനായത്, ഡോ. കൊർണേലിയസ് ആയിരുന്നു. 1971 ഏപ്രിൽ നാലിന് വിജയപുരം രൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടു. കാർഡി

www.malankaralibrary.com

നൽ ലൂർദ്ദ് സ്വാമിയായിരുന്നു മെത്രാഭിഷേക കർമ്മത്തിന്റെ പ്രധാന കാർമ്മികൻ. 1971 ഏപ്രിൽ 28-ന് വിജയപുരത്തെത്തി അധികാരമേറ്റു. 8999 ച. കിലോമീറ്റർ വിസ്തീർണ്ണമുള്ള ഒരു വലിയ രൂപതയാണ് വിജയപുരം. വിവിധ റീത്തുകളിൽപ്പെട്ടവരും വിവിധസഭാവിഭാഗങ്ങളിൽപ്പെട്ടവരും കോട്ടയത്ത് ഉണ്ട്. കത്തോലിക്കാ മെത്രാന്മാരോടും വൈദികരോടും ജനങ്ങളോടും മാത്രമല്ല മറ്റു സഭാവിഭാഗങ്ങളോടും അദ്ദേഹം സൗഹൃദം പുലർത്തിപ്പോന്നു. എല്ലാ സഭാവിഭാഗങ്ങളും ഒത്തൊരുമിച്ചു നടത്തിയിരുന്ന സംയുക്ത ക്രിസ്തുമസ് ആഘോഷം പ്രത്യേകം സ്മരണീയമാണ്.

വിജയപുരത്തിന്റെ രക്ഷ വിജയപുരത്തിന്റെ മക്കളിൽ തന്നെയായിരിക്കണമെന്ന തത്വമനുസരിച്ച് വിജയപുരത്തുനിന്നും വൈദികാന്തസ്സിലേക്കും സന്യാസാന്തസ്സിലേക്കുമുള്ള ദൈവവിളി പ്രോത്സാഹിപ്പിച്ചു. മതബോധന കാര്യത്തിൽ സവിശേഷ ശ്രദ്ധ പതിപ്പിച്ചു. മതബോധനകേന്ദ്രത്തിന് രൂപം കൊടുത്തു. മതബോധന പ്രവർത്തനങ്ങൾ സമന്വയിപ്പിക്കുന്നതിനും ശ്രമിച്ചു. 1976 സെബ്റ്റംബർ 26-ാം തീയതി മതബോധന നവീകരണദിനമായി ആചരിച്ചു. മിതവ്യയം പരിശീലിക്കുന്നതിനും മദ്യപാനവും മറ്റും ഉന്മൂലനം ചെയ്യുന്നതിനും എല്ലാവിഭാഗിയചിന്തകളും ഉപേക്ഷിച്ച് ഐക്യത്തിലും കൂട്ടായ്മയിലും ജീവിക്കണമെന്നും അജഗണങ്ങളെ ഉപദേശിച്ചും ദിവ്യകാരുണ്യ ഭക്തിയും മരിയ ഭക്തിയും ശക്തിപ്പെടുത്തി. ദേവാലയസംഗീതാലാപം കൂടുതൽ സജീവവും ഭക്തിമയവുമാക്കാൻ സംഗീത മത്സരങ്ങൾ സംഘടിപ്പിച്ചു. കോട്ടയത്ത് നല്ല ഇടയൻ ദേവാലയത്തിൽ നാല്പതു മണിയാരാധന ആരംഭിച്ചു. കുടുംബപ്രാർത്ഥന മുടങ്ങാതെ ചൊല്ലുവാൻ പ്രേരിപ്പിച്ചു. വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ പ്രവർത്തനം രൂപതയിൽ സജീവമാക്കി.

ദളിത് ക്രൈസ്തവരെ കൂടുതൽ സഹായിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തു. നൂറിലധികം പദ്ധതികൾ ഉൾക്കൊള്ളുന്ന ഒരു പാക്കേജ് ഡവലപ്മെന്റ് പ്രോഗ്രാം തയ്യാറാക്കി ഇൻഡ്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡണ്ട് ഫാ. ഫൊസേക്കയ്ക്കു സമർപ്പിച്ചു. അതിനുള്ള അംഗീകാരം ലഭിച്ചു. ദളിത് വിഭാഗത്തിൽപ്പെട്ടവരെ പൗരോഹിത്യത്തിലേക്കും സന്യസ്ത ജീവിതത്തിലേക്കും ആനയിക്കുന്നതിനും കൊർണേലിയസ് തിരുമേനി നടപടികൾ സ്വീകരിച്ചു. 1980-ൽ രൂപതയുടെ സുവർണ്ണ ജൂബിലിയവസരത്തിൽ 50 വികസനപദ്ധതികൾ സമർപ്പിക്കപ്പെട്ടു. അത് വിജയകരമായി. 3000-ത്തോളം ശിശുക്കളുടെ വൈദ്യപരിശോധന നടത്തി. 1974-ൽ മദർ തെരേസായെ കൽക്കത്തയിൽ എത്തി സന്ദർശിച്ചു. വിജയപുരം രൂപതയിലേക്ക് മദർ തേരേസായുടെ ഉപവിയുടെ പ്രേഷിതർ എന്നറിയപ്പെടുന്ന സിസ്റ്റേഴ്സിനെ ക്ഷണിച്ചുവരുത്തുവാൻ ഈ സന്ദർശനം സഹായിച്ചു.

1979 ഏപ്രിൽ രണ്ടിന് തിരുവനന്തപുരത്ത് കേരളാ ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ സംഘടിപ്പിച്ച (മതത്തിന്റെ പേരിലുള്ള വിവേചനത്തിനെതിരെ) വൻപ്രകടനത്തിന്റെയും പൊതുയോഗത്തിന്റെയും

www.malankaralibrary.com

വിജയത്തിന് മുഖ്യപങ്കുവഹിച്ചത് കൊർണേലിയസ് പിതാവായിരുന്നു. നിരാലംബർക്ക് സ്നേഹവും അംഗീകാരവും പകർന്നു നൽകിയ അദ്ദേഹത്തിന്റെ സേവനം കോട്ടയത്തെ സാംസ്കാരിക മേഖലകളിലുമെത്തി. ഒന്നരപതിറ്റാണ്ടു നീണ്ടുനിന്ന അവിസ്മരണീയ അജപാലന ശുശ്രൂഷക്കുശേഷം 1987 മാർച്ച് 18-ന് വരാപ്പുഴ അതിരൂപതാ ആർച്ച് ബിഷപ്പായി.

ലത്തീൻ കത്തോലിക്കാ സമൂഹത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നമനം ലക്ഷ്യമാക്കിയാണ് അദ്ദേഹം പ്രവർത്തിച്ചത്. അതിരൂപതയുടെ പൊതുഅജപാലനകേന്ദ്രമായ ആശീർഭവൻ അദ്ദേഹത്തിന്റെ വിശ്വാസതീഷ്ണ പ്രവർത്തനങ്ങളുടെ ഭാഗമാണ്.

അഖിലേന്ത്യാ മെത്രാൻ സമതിയുടെ ബൈബിൾ കമ്മീഷൻ ചെയർമാനായും അദ്ദേഹം 6 വർഷക്കാലം പ്രവർത്തിക്കുകയുണ്ടായി. അതിരൂപതയിൽ കുടുംബയൂണിറ്റുകൾ സജീവമാക്കുന്നതിനും തിരുമേനി വളരെയധികം പരിശ്രമിച്ചിട്ടുണ്ട്. വിജയപുരം രൂപതയുടെ മെത്രാനായി സ്ഥാനാരോഹണം ചെയ്തപ്പോൾ ദീപിക പ്രസദ്ധീകരിച്ച സപ്ലിമെന്റിൽ സാഹിത്യനിപുണൻ ടി.എം. ചുമ്മാർ ഇപ്രകാരം കൊർണേലിയസ് പിതാവിന്റെ കുടുംബത്തെപ്പറ്റി എഴുതിയിരിക്കുന്നു.


"ക്രിസ്തുവിന്റെ സന്ദേശവുമായി കേരളക്കരയിലെത്തിയ തോമസ് അപ്പസ്തോലനാണല്ലോ ഇന്നാട്ടിൽ ക്രിസ്തുമതത്തിന് ബീജാവാപം ചെയ്തത്. അദ്ദേഹം അന്നു നൽകിയ സന്ദേശം സ്വീകരിച്ചു ക്രിസ്തുമാർഗ്ഗത്തിൽ മുന്നോട്ടു നീങ്ങിയവരാണ് ഇന്നു കേരളത്തിൽ അധിവസിക്കുന്ന ക്രൈസ്തവരുടെ പൂർവ്വികന്മാർ. പോർട്ടുഗീസ് മിഷ്യനറിമാരുടെ കേരള പ്രവേശനവും തുടർന്നുണ്ടായ പരിവർത്തനവും വഴി പഴയ ക്രിസ്ത്യാനികളിൽ ഒരു വിഭാഗം ലത്തീൻ റീത്തിൽ ഉൾപ്പെടുകയും, അങ്ങനെ ഇന്നവർ ലത്തീൻ കത്തോലിക്കർ എന്ന പേരിൽ സുവിദിതരായിത്തീർന്നിരിക്കുകയുമാണ്. മദ്ധ്യകേരളത്തിൽ വാരാപ്പുഴ, കൊച്ചി എന്നീ രൂപതകളിൽപ്പെട്ട ലത്തീൻ കത്തോലിക്കരിൽ ഗണ്യമായ ഒരു വിഭാഗം ഇങ്ങനെ അക്കാലങ്ങളിൽ ലത്തീൻ റീത്തിലേയ്ക്കു പരിവർത്തനം ചെയ്ത പുരാതനമായ മാർത്തോമ്മാ ക്രിസ്ത്യാനികളാണെന്നുള്ളത് ഒരു ചരിത്രസത്യം മാത്രമാകുന്നു. അങ്ങനെയുള്ള തോമ്മാ ക്രിസ്ത്യാനികളുടെ പരമ്പരയിൽ ഉൾപ്പെട്ട ഒന്നത്രെ കൊടുങ്ങല്ലൂരിനു സമീപം കാര എന്ന സ്ഥലത്തു സ്ഥിതി ചെയ്യുന്ന ഇലഞ്ഞിക്കൽ കുടുംബം.

പ്രസ്തുത കുടുംബത്തിലാണ് നമ്മുടെ അഭിവന്ദ്യ തിരുമേനി ജാതനായത്. ആര്യവൈദ്യം പരമ്പരാഗതമായി ആദരിച്ചും ആചരിച്ചും വരുന്ന മേല്പറഞ്ഞ ഗ്രുഹത്തിലെ ഇന്നത്തെ കാരണവരും പ്രശസ്ത ഭിഷഗ്വരനുമായ കുഞ്ഞവരാ വൈദ്യനാണ് അവിടത്തെ പിതാവ്."

വിലാസം - ആർച്ച് ബിഷപ്പ് ഡോ. കൊർണോലിയസ് ഇലഞ്ഞിക്കൽ, വില്ല സൊക്കോർസോ, ചെമ്പുമുക്ക്, തൃക്കാക്കര, കൊച്ചി - 21.

www.malankaralibrary.com

# 15



# റവ. ഡോ. ലൂക്കോസ് വിത്തുവട്ടിക്കൽ സി.എം.ഐ.

പ്രായത്തിൽ മുതിർന്നവൻ, വ്യക്തിത്വത്തിൽ അതുല്യൻ, പ്രകൃതത്തിൽ ശാന്തൻ, സ്വഭാവത്തിൽ സ്നേഹമയൻ, വീക്ഷണത്തിൽ ആധുനികൻ, അറിവിൽ അത്യാധുനികൻ, ക്രിസ്തുശിഷ്യത്വത്തിൽ പരിപൂർണ്ണൻ, എന്ന് വിശേഷിപ്പിക്കപ്പെടാവുന്ന റവ. ഡോ. ലൂക്കോസ് വിത്തുവട്ടിക്കൽ 1918 സെപ്റ്റംബർ 9–ാം തീയതി ജനിച്ചു.

ഹൈസ്കൂൾ വിദ്യാഭ്യാസം 1936 ൽ പൂർത്തിയാക്കിയ ലൂക്കോസ് 1936 സെപ്റ്റംബർ 18–ാം തീയതി സന്യാസാർത്ഥിയായി മാന്നാനത്തു ചേർന്നു. ആദ്യ പറഞ്ഞൊപ്പ് അമ്പഴക്കാട്ട്വച്ച് 1938 നവംബർ 24നും നിത്യവ്രതം മംഗലാപുരത്തുവച്ച് 1941 നവംബർ 24നും നടന്നു. ഫിലോസഫി പഠനവും മംഗലാപുരത്തുവച്ചായിരുന്നു. അവിടെനിന്നും തിയോളജിപഠനത്തിനായി 1943 ൽ പൂനയിലെ ഡിനോബിലി കോളേജിൽ ചേർന്നു. തിയോളജി പഠനം പൂർത്തിയാക്കി 1946 ഫെബ്രുവരി 18–ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. അതേ വർഷംതന്നെ കാൻഡിയിൽനിന്ന് താത്ത്വിക ദൈവശാസ്ത്രത്തിൽ ലൈസൻഷിയേറ്റ് എടുത്തു. തുടർന്ന് ചെത്തിപ്പുഴ പ്രസ്തുത വിഷയത്തിൽ പ്രൊഫസർ ആയി നിയമിതനായി. 1949 ൽ റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉപരിപഠനത്തിനായി ചേർന്നു. 1953 ൽ പൗരസ്ത്യ ദൈവശാസ്ത്രത്തിലും ആരാധനാക്രമത്തിലും ഡോക്ടർ ബിരുദം നേടി. റോമിൽ നിന്നും തിരിച്ചെത്തിയ ലൂക്കാസ് അച്ചനെ വീണ്ടും ചെത്തിപ്പുഴ സെമിനാരിയിൽ താത്ത്വിക ദൈവശാസ്ത്രം പഠിപ്പിക്കാനായി പ്രൊഫസ്സർ ആയി നിയമിച്ചു. 1955 ൽ ചെത്തിപ്പുഴയിൽ മാസ്റ്റർ ഓഫ് ജൂണിയേഴ്സ് ആയിരുന്നു.

1957 ൽ ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ പ്രൊഫസറായ അദ്ദേഹം 1972 വരെ ആ ജോലിയിൽ തുടർന്നു. താത്ത്വിക ദൈവശാസ്ത്രവും ആരാധനാക്രമവുമായിരുന്നു പഠിപ്പിക്കുന്ന വിഷയങ്ങൾ. തിയോളജിവകുപ്പിന്റെ ഡീനായും പ്രീഫക്ട് ഓഫ് സ്റ്റഡീസും ആയി സേവനം അനുഷ്ഠിക്കുകയും ചെയ്തു.

ചാവറപിതാവിന്റെയും ദൈവദാസൻ തോമസ് കുര്യാളശ്ശേരിയുടെയും ദൈവദാസി എവുപ്രാസ്യാ സി.എം.സിയുടെയും ദൈവദാസൻ മാത്യു കദളിക്കാട്ടിന്റെയും നാമകരണ നടപടികൾക്കായുള്ള പോസ്റ്റുലേറ്റർ ആയും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. ചാവറപിതാവിന്റെ നാമകരണ നടപടികൾക്കായുള്ള ട്രൈബ്യൂണലിന്റെ പ്രസിഡണ്ടായി 1967 ലാണ് ഫാ.ലൂക്കാ

www.malankaralibrary.com

സിനെ നിയോഗിക്കുന്നത്. പ്രസ്തുതകാര്യത്തിന്റെ രൂപതാതലപ്രവർത്തനങ്ങൾ 1970 ൽ സമാപിക്കുകയുണ്ടായി. ചാവറപിതാവിന്റെ ജീവിതത്തെയും സുകൃതങ്ങളെയും കുറിച്ചുള്ള Positio തയ്യാറാക്കുന്നതിന് അദ്ദേഹം റോമിലേക്ക് 1972 ൽ പോയി. 1978 ൽ Positio സമർപ്പിച്ചു. 1981 ൽ അത്ഭുതം സംബന്ധിച്ച Positio സമർപ്പിക്കുകയും ചെയ്തു.

സി.എം.ഐ. സഭയുടെ സെന്റ് ജോസഫ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യാളായി, 1978 ൽ ഫാ. ലൂക്കാസ് തിരഞ്ഞെടുക്കപ്പെട്ടു. 1979 ൽ തിരുവനന്തപുരം പ്രൊവിൻസ് രൂപംകൊണ്ടപ്പോൾ ആ പ്രോവിൻസിന്റെ പ്രൊവിൻഷ്യാലായി. തുടർന്ന് റോമിൽ പ്രൊക്കുറേറ്റർ ജനറൽ ആയി നിയോഗിച്ചു. 1987 വരെ റോമിൽ സേവനം അനുഷ്ഠിച്ച ലൂക്കാസ് വിത്തുവട്ടിക്കൽ അച്ചനെ തിരുവനന്തപുരം പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ ആയി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. മൂന്നുവർഷത്തിനുശേഷം 1991 മുതൽ 1993 വരെ Tioli Vallimpreda സെന്റ് മൈക്കിൾസ് ദേവാലയത്തിൽ ഇടവക വൈദീകനായി ജോലി ചെയ്തു. 1993 ൽ വീണ്ടും റോമിൽ പ്രൊക്കുറേറ്റർ ജനറൽ ആയി അദ്ദേഹത്തെ നിയമിച്ചു. ആറുവർഷത്തിനുശേഷം വീണ്ടും ധർമ്മാരാം കോളേജിൽ പ്രൊഫസ്സറായി പ്രവർത്തിച്ചു.

ദൈവദാസൻ തോമസ് കുര്യാളശ്ശേരിയുടെ നാമകരണത്തിനായുള്ള നടപടികളുടെ പോസ്റ്റുലേറ്റർ ആയി 1983-ൽ നിയമിച്ചു. 1986 ൽ രൂപതാ പ്രവർത്തനം ആരംഭിക്കുകയും 1991 ൽ സമാപിക്കുകയും 1996 ൽ മൂന്നു വാല്യങ്ങളുള്ള Positio റോമിലെത്തി സമർപ്പിക്കപ്പെടുകയും ചെയ്തു.

ദൈവദാസി എവുപ്രാസ്യാ സി.എം.സിയുടെ നാമകരണ നടപടികൾക്കായുള്ള പോസ്റ്റുലേറ്റർ ആയി 1987 ൽ അദ്ദേഹത്തെ നിയോഗിച്ചു. 1991 ൽ ട്രൈബ്യൂണൽ സമാപിക്കുകയും 1994ൽ രണ്ടു വാല്യങ്ങളുള്ള Posittio സമർപ്പിക്കുകയും അദ്ഭുതം സംബന്ധിച്ച Posittio 2001 ൽ സമർപ്പിക്കുകയും ചെയ്തു.

ദൈവദാസൻ മാത്യു കദളിക്കാട്ടിൽ അച്ചന്റെ നാമകരണത്തിനായുള്ള ട്രൈബ്യൂണലിന്റെ പോസ്റ്റുലേറ്റർ ആയി 1987 ൽ അച്ചനെ നിയോഗിച്ചു. ട്രൈബ്യൂണൽ പ്രവർത്തനം 1991 ൽ സമാപിച്ചു. 1994 ൽ Positio സമർപ്പിച്ചു.

1960 കളിൽ ബാംഗ്ലൂർ ധർമ്മാരാം കോളേജിന്റെ ആരംഭകാലത്ത് അവിടുത്തെ അദ്ധ്യാപകനായിരുന്ന ഫാ. ലൂക്കാസ് ആ സ്ഥാപനം കെട്ടിപ്പടുക്കുന്ന വിഷയത്തിൽ അത്യന്തം വ്യഗ്രതയോടെ പ്രവർത്തിച്ചു. തന്റെ ശിഷ്യന്മാരോടൊപ്പമായിരിക്കുവാൻ അദ്ദേഹത്തിന് എപ്പോഴും ഇഷ്ടമായിരുന്നു. അദ്ദേഹം മൃദുഭാഷിയായിരുന്നു. സാമർത്ഥ്യം കുറഞ്ഞ വിദ്യാർത്ഥികളോട് സവിശേഷമായ സഹതാപവും പരിഗണനയും കാട്ടിയിരുന്നു. എന്നാൽ കൃത്യനിഷ്ഠയിലും കാര്യക്ഷമതയിലും അനുസരണത്തിലും കർശന നിഷ്ഠ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

കൂട്ടായി പുറത്തുപോകുന്ന സന്ദർഭങ്ങളിലാണ് അദ്ദേഹത്തിന്റെ നന്മ

www.malankaralibrary.com

ഏറ്റവും പ്രകടമായിരുന്നത്. എല്ലാ വിശദാംശങ്ങളും വളരെ സൂക്ഷ്മതയോടെ പ്ലാൻ ചെയ്തിരുന്നു.

അദ്ദേഹത്തിനു മുഖംമൂടിയില്ല. വിദ്യാർത്ഥികളുമായി സ്നേഹപൂർവ്വം അലിഞ്ഞുചേരും. വീട്ടിൽ നിന്ന് ആദ്യമായി അകന്ന് സെമിനാരിയിലെത്തുന്ന കുട്ടികൾ പലവിധ രോഗങ്ങൾക്കും ഇരയായിത്തീരും. ഫാ. ലൂക്ക് ഊണും ഉറക്കവും അവഗണിച്ച് അവരുടെ കാര്യത്തിൽ ദത്തശ്രദ്ധനാകും. ഈ പരിഗണനാവൈശിഷ്ട്യമാണ് അദ്ദേഹത്തെ സി.എം.ഐ. സമൂഹത്തിനു പ്രിയങ്കരനാക്കിയത്.

"ഓരോ വൃക്ഷവും അതിന്റെ ഫലത്താൽ തിരിച്ചറിയപ്പെടുന്നു" എന്ന സുവിശേഷ വാക്യം അദ്ദേഹം തന്റെ മുദ്രാവാക്യമാക്കിയിരുന്നു. തന്റെ ശിഷ്യന്മാരിൽ ഈ അവബോധം വളർത്താൻ അദ്ദേഹം പരമാവധി ശ്രമിച്ചു. വ്യക്തികൾക്ക് ഉന്നതാദർശങ്ങളും ഉത്തമ അവബോധങ്ങളും ഉണ്ടെങ്കിലേ സമൂഹം രക്ഷപെടുകയുള്ളു എന്ന് അദ്ദേഹം വിശ്വസിച്ചു.

സി.എം.ഐ. സമൂഹം തന്റെ ഒന്നാമത്തെ അമ്മയും ധർമ്മാരാം തന്റെ രണ്ടാമത്തെ അമ്മയും ആണെന്ന് അദ്ദേഹം വിശ്വസിച്ചു. അവയിൽ നിന്നു വ്യതിരക്തമായി തനിക്കൊരസ്തിത്വമില്ലെന്ന് അദ്ദേഹം കരുതി, ധർമ്മരാമിലുള്ളവർ ഈശോയിൽ തന്റെ സഹോദരങ്ങളാണെന്നും. "നാം ഒരു കുടുംബം" എന്ന ആശയം ഉദ്ബോധനംകൊണ്ടും മാതൃകകൊണ്ടും തന്റെ ശിഷ്യന്മാരിൽ അദ്ദേഹം പ്രോജ്ജ്വലിപ്പിച്ചു.

ജീവിതവിശുദ്ധിയെ വളരെ വിലമതിച്ചിരുന്ന ഒരു വ്യക്തിയാണ് ഫാ. വിത്തുവട്ടിക്കൽ. അദ്ദേഹം നാലുദൈവദാസന്മാരെ വിശുദ്ധരായി പ്രഖ്യാപിക്കാനുള്ള നടപടികളിൽ നിർണ്ണായകമായ പങ്കുവഹിക്കാനിടയായയതു യാദൃച്ഛികമല്ല.

തന്റെ വിദ്യാർത്ഥികളുടെ സവിശേഷമായ അഭിരുചികളും പ്രാപ്തികളും കണ്ടെത്താനും അവരെ സഭാസേവനത്തിന്റെ ഉപയുക്തമേഖലകളിൽ നിയോഗിക്കാനും അസാധാരണമായ കഴിവാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. വിദ്യാർത്ഥികളെ സംബന്ധിച്ച വിശദാംശങ്ങൾ ഓർത്തിരിക്കാനും ചെറിയ ആവശ്യങ്ങൾ പോലും ശ്രദ്ധിക്കാനും അദ്ദേഹം താത്പര്യം പ്രകടിപ്പിച്ചു. അദ്ദേഹം നൽകിയിരുന്ന സമ്മാനങ്ങൾ അവയുടെ മൂല്യംകൊണ്ടല്ല, അവയിലൂടെ പ്രകടമായ പരിഗണനാഭാവം കൊണ്ടാണ് വിദ്യാർത്ഥികൾക്കു പ്രിയങ്കരമായത്. വിദ്യാർത്ഥികളെ മൈസൂർ, വൃന്ദാവൻ, ജലഹള്ളി തുടങ്ങിയ സമീപസ്ഥലങ്ങളിലേയ്ക്ക് അദ്ദേഹം ഉല്ലാസയാത്രയ്ക്കു കൊണ്ടുപോകുമായിരുന്നു. ആകെക്കൂടി ധർമ്മാരാമിലെ ജീവിതം സി.എം.ഐ.ക്കാർക്ക് കുളിർമ്മയുള്ള ഓർമ്മയായിത്തീർന്നു. സ്നേഹം, പരിഗണന എന്ന രണ്ടു ഭാവങ്ങളുടെ മൂർത്തീഭാവമായിട്ടാണ് അദ്ദേഹത്തിന്റെ ശിഷ്യത്വം അനുഭവിച്ച സകലരും അദ്ദേഹത്തെ ഓർമ്മിക്കുന്നത്.


അദ്ദേഹത്തെക്കുറിച്ച് ഇങ്ങിനെ പറയാം - പ്രായത്തിൽ മുതിർന്നവൻ,

www.malankaralibrary.com

വ്യക്തിത്വത്തിൽ അതുല്യൻ, പ്രകൃതത്തിൽ ശാന്തൻ, സ്വഭാവത്തിൽ സ്നേഹമയൻ, വീക്ഷണത്തിൽ ആധുനികൻ, അറിവിൽ അത്യാധുനികൻ, ക്രിസ്തുശിഷ്യത്വത്തിൽ പരിപൂർണ്ണൻ. ഇതാണ് ലൂക്കാസ് വിത്തു വീട്ടിക്കലച്ചന്റെ വിശേഷണം.

വിലാസം - ഫാ. ലൂക്കോസ് വിത്തുവട്ടിക്കൽ സി.എം.ഐ., നസ്രത്ത് കാർമ്മൽഹൗസ്, മുഹമ്മ, 688525, ആലപ്പുഴ

# 16



# ഫാ. സി.എം. ചെറിയാൻ കുരീക്കാട്ട് എസ്.ജെ.

ധ്യാനഗുരു, എഴുത്തുകാരൻ, ആത്മീയോപദേഷ്ടാവ് എന്നീ നിലകളിലുള്ള പ്രേഷിത പ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ ആത്മീയരംഗത്ത് ശ്രദ്ധേയനായിതീർന്ന ഫാ. സി.എം. ചെറിയാൻ പാലായിൽ കുരീക്കാട്ടുകുടുംബത്തിൽ അഡ്വ. സി.എം. മാത്യു - മറിയം കുടക്കച്ചിറ ദമ്പതികളുടെ രണ്ടാമത്തെ മകനായി 1919 മാർച്ച് 2-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം പാലായിലും പ്രീ-യൂണിവേഴ്സിറ്റി സെന്റ് ബെർക്കുമാൻസ് കോളേജ് ചങ്ങനാശ്ശേരിയിലും ആയിരുന്നു. തുടർന്ന് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ ചേർന്ന് ബി.എ. ബിരുദം 1939-ൽ കരസ്ഥമാക്കി. അക്കാലത്ത് ചെറിയാന്റെ അമ്മാവൻ തോമസ് കുടക്കച്ചിറ മദ്രാസിൽ നിന്നും എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കി പാലായിൽ പ്രാക്ടീസ് ചെയ്തുകൊണ്ടിരുന്നു. ഡോ. തോമസ് ക്ലിനിക്കിൽ തനിച്ചായിരുന്നു. ഡോക്ടറുടെ സെക്രട്ടറിയും വീട്ടുകാര്യസ്ഥനുമായി പ്രവർത്തിക്കാൻ ചെറിയാൻ എത്തിച്ചേർന്നു. ഒരിക്കൽ വൈകുന്നേരം മീനച്ചിലാറ്റിൽ കുളിക്കാൻ പോയപ്പോൾ ഡോ. തോമസ് അപ്രതീക്ഷിതമായി ഒരു ചോദ്യം തൊടുത്തുവിട്ടു. ചെറിയാൻ കുഞ്ഞേ നിനക്ക് ഒരു വൈദികനായിക്കൂടെ? അഞ്ചുമിനിട്ട് തികച്ച് പ്രാർത്ഥിക്കാൻ കഴിയാത്ത ഞാൻ എങ്ങനെ ഒരു വൈദികനാകും. ഇതായിരുന്നു ചെറിയാന്റെ മറുപടി. രണ്ടാഴ്ചക്കുശേഷം വൈകിട്ട് പള്ളിയിലെത്തി പ്രാർത്ഥിച്ചുകൊണ്ടിരിക്കെ "നീ ഒരു വൈദികനാകണം" എന്ന സന്ദേശം തന്റെ ചെവിയിൽ മാറ്റൊലിക്കൊണ്ടു. തനിക്കു ലഭിച്ച ആ വെളിച്ചം ഏറ്റുവാങ്ങി വൈദികനാകാൻ തന്നെ തീരുമാനിച്ചു. സ്കൂൾ ലൈബ്രറിയിൽ ചെന്ന് വായിക്കാനായി ഒരു കൊച്ചുപുസ്തകം തിരഞ്ഞെടുത്തു. "വി. ഇഗ്നേഷ്യസിന്റെ ആദ്ധ്യാത്മികാഭ്യാസങ്ങൾ" എന്ന ഗ്രന്ഥമായിരുന്നു അത്. ക്ലിനി

www.malankaralibrary.com

ക്കിലെ സ്വന്തം മുറിയിൽ ഇരുന്ന് ആ പുസ്തകം വായിച്ചു. അതിലെ തത്ത്വവും അടിസ്ഥാനവും ചെറിയാന്റെ ഹൃദയത്തിൽ ആഴമായി പതിച്ചു. വി. ഇഗ്നേഷ്യസ് എന്ന മിസ്റ്റിക്കിന്റെ വാക്കുകൾ അദ്ദേഹത്തെ ഒരു പുതിയ അവസ്ഥയിലെത്തിച്ചു.

തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളേജിൽ ചേർന്ന് പഠനം ആരംഭിച്ചു. വൈദികനാകാനുള്ള താല്പര്യം തന്റെ സ്നേഹിതനോടു പറഞ്ഞപ്പോൾ അങ്ങനെയെങ്കിൽ ഈശോസഭയിൽ ചേരരുതോ എന്ന് സ്നേഹിതൻ ചോദിച്ചു. അയാളിൽനിന്നും ലഭിച്ച വിലാസത്തിൽ വൈസ് പ്രൊവിൻഷ്യാൾക്ക് ചെറിയാൻ ഒരു കത്തയച്ചു. വി. ഇഗ്നേഷ്യസിന്റെ കൃതിയുടെ ശ്രദ്ധാപൂർവ്വമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് താൻ സന്യാസജീവിതം തിരഞ്ഞെടുത്തതെന്ന് ചെറിയാൻ ആ കത്തിൽ സൂചിപ്പിച്ചിരുന്നു. വൈസ് പ്രൊവിൻഷ്യാൽ ഫാ. ആൻഡ്രൂ. എയ്റോയുടെ മറുപടി മടക്കത്തപാലിൽ വന്നു. ചെറിയാനെ സഭയിലേക്ക് സ്വീകരിക്കാൻ തയ്യാറാണെന്നായിരുന്നു ചുരുക്കം.

ഈശോ സഭയിൽ ചേരുന്നതിനായി കൊടൈക്കനാൽ ഷമ്പഗന്നൂരിലേക്ക് പോയി. പാലായിൽ ക്ലിനിക് നടത്തിക്കൊണ്ടിരുന്ന അമ്മാവൻ ഡോ. തോമസ് പ്രാക്ടീസ് ഉപേക്ഷിച്ച് കർമ്മലീത്താ സഭയിൽ ചേരുകയും ഫാ. റാഫേൽ എന്നപേര് സ്വീകരിക്കുകയും ചെയ്തു. അദ്ദേഹം അടുത്ത നാളിലാണ് ദിവംഗതനായത്.

1939 ൽ ചെറിയാൻകുഞ്ഞ് ഈശോസഭയിൽ ചേർന്നു. സന്യാസജീവിതകാലഘട്ടത്തിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ. ബിരുദത്തിനായി മദ്രാസ് പ്രസിഡൻസി കോളേജിൽ ചേർന്നു. ഫസ്റ്റ് റാങ്കോടെ അദ്ദേഹം പ്രശസ്തവിജയം കരസ്ഥമാക്കി. ഈ വൻവിജയം അന്ന് എല്ലാവരുടെയും ഇടയിൽ വലിയ വാർത്തയായിരുന്നു. പിന്നീട് ദൈവശാസ്ത്രംപഠിക്കാൻ വെസ്റ്റ്ബംഗാളിലുള്ള കേഴ്സിയോങ്ങിൽ ചേർന്നു. 1952 ൽ വൈദികപദവിയിലേക്കുയർത്തപ്പെട്ടു. ബൈബിൾ പഠനത്തിലെ ചെറിയാന്റെ താല്പര്യവും ശ്രദ്ധയും നിരീക്ഷിച്ച പ്രമുഖ ബൈബിൾ പണ്ഡിതനും ചെറിയാന്റെ ബൈബിൾ പ്രൊഫസറുമായിരുന്ന ഫാ. വോൾക്കാട്ട് ഈ കോളേജിൽ വി. ലിഖിതം പഠിപ്പിച്ച് എന്ന സഹായിക്കുമോയെന്ന് ഫാ. ചെറിയാനോട് ചോദിച്ചു. അത് അദ്ദേഹത്തിന് ഏറ്റം സന്തോഷകരമായിരുന്നു. 1954 ഫാ. വോൾക്കാട്ട് ഫാ. ചെറിയാനെ റോമിലേയ്ക്ക് കൂട്ടിക്കൊണ്ട് പോയി. ബിബ്ളിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർത്തു. അവിടെ രണ്ടുവർഷം പഠനം നടത്തി. എന്നുവച്ചാൽ ബൈബിളിന്റെ മൂലഭാഷകളായ ഹീബ്രു, ഗ്രീക്ക്, അറാമായ എന്നിവ പഠിക്കാൻ ഏറെ സമയം ചിലവഴിച്ചു. ഈ പഠനത്തിന് ഉപോൽബലകമായി പ്രധാന യൂറോപ്യൻ ഭാഷാ പഠനവും നടത്തി. ബിബ്ളിക്കോ പരിശീലനം ലക്ഷ്യമാക്കുന്നത് ബൈബിളിന്റെ മൂലങ്ങൾ പഠിക്കാനുള്ള ശരിയായ രീതി വികസിപ്പിച്ചെടുക്കുകയും ആധുനിക പാണ്ഡിത്യം ഉപയോഗപ്പെടുത്തി

www.malankaralibrary.com

ദൈവശാസ്ത്രപരമായ സമ്പന്നത അന്വേഷിക്കുകയുമത്രെ.

ഇന്ത്യയിലേക്കുള്ള മടക്കയാത്രയിൽ പലസ്തീനായിൽ ഏതാണ്ട് അഞ്ചുമാസം താമസിക്കുന്നതിനുള്ള ഭാഗ്യം ഫാ. ചെറിയാനു ലഭിച്ചു. യേശുവിന്റെയും ബൈബിളിലെ വിശുദ്ധരുടെയും സാന്നിദ്ധ്യത്താലും പ്രവർത്തനങ്ങളാലും പവിത്രീകൃതമായ സ്ഥലങ്ങളിലേയ്ക്ക് തീർത്ഥയാത്ര ചെയ്യുക, അവയോട് ബന്ധപ്പെട്ട സംഭവങ്ങൾ പഠിക്കുക, ധ്യാനിക്കുക ഇവയെല്ലാം ബൈബിൾ ലോകത്തിലെ അന്തേവാസിയാകാൻ ഒരാളെ സഹായിക്കുന്നതാണ്. 1957 ൽ കഴ്സിയോങ്ങിലേക്ക് മടങ്ങി. അദ്ധ്യാപനജോലി തുടങ്ങി. ബൈബിൾ ഭാഗങ്ങൾ പഠനവിഷയമാക്കിയാൽ മാത്രംപോരാ എന്ന ബോദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. എല്ലാ വിശുദ്ധ ഗ്രന്ഥകാരന്മാരിലുടെയും നമ്മോട് സംസാരിക്കുന്നത് യേശുവാണ്. യേശു ആശയങ്ങളും ആദർശങ്ങളും നമുക്ക് തരിക മാത്രമല്ല ചെയ്യുന്നത്, എപ്പോഴും നമ്മെ മാനസാന്തരത്തിലേക്ക് ക്ഷണിക്കുന്നുമുണ്ട് എന്നാണ് ഫാ. ചെറിയാന്റെ അഭിപ്രായം.

വേദപുസ്തകവും വ്യക്തിപരമായ മാനസാന്തരവും രൂപാന്തരപ്പെടലും തമ്മിലുള്ള ബന്ധം മനസ്സിലാക്കാൻ ഫാ. ചെറിയാനെ സഹായിച്ചത് പൗരസ്ത്യകത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാരുമായി പരിചയപ്പെട്ടതാണ്. വാഗമണ്ണിലെ കുരിശുമല ആശ്രമത്തിൽ പരേതനായ ഫ്രാൻസീസ് ആചാര്യയുടെ സ്നേഹപൂർവ്വമായ ആതിഥ്യത്തിലൂടെ കുരിശുമല ആശ്രമത്തിൽ മദ്ധ്യവേനൽ അവധിക്കാലത്ത് ചിലവഴിച്ചത്; ബൈബിളിനെ ധ്യാനാത്മകമായി സമീപിക്കുക എന്ന രീതി വികസിപ്പിച്ചെടുക്കാൻ ഫാ. ചെറിയാന് സഹായകമായി. ആശ്രമത്തിലെ അന്തരീക്ഷം അതിന് സഹായകരമായിരുന്നു. "ബൈബിൾ അടിസ്ഥാനപരമായി ദൈവവചനമാണ്. നമ്മെ പശ്ചാത്താപിപ്പിക്കാനും ജീവിതം നവീകരിക്കാനും പുതിയ ഒരു ആളായിത്തീരാനും ആഹ്വാനം ചെയ്യുന്നതാണ് ദൈവത്തിന്റെ വാക്കുകൾ. ബൈബിളിൽ യേശു തന്നെയാണ് നമ്മുടെ ഗുരു. ഇതുപോലെ വേറൊരു ഗുരു ഇല്ല. പഴയനിയമവും പുതിയനിയമവും നമുക്ക് തന്നത് അവിടുന്നു തന്നെയാണ്. ആ ഗ്രന്ഥങ്ങളുടെ രചയിതാക്കൾ യേശുവിന്റെ അജ്ഞാനുവർത്തികൾ മാത്രം. പഴയനിയമത്തിലും പുതിയനിയമത്തിലും ഒട്ടേറെ പുണ്യചരിതർ ഉണ്ട്. അവരിലൂടെ യേശു നമ്മെപഠിപ്പിക്കുന്നു." ബൈബിൾ പണ്ഡിതനായ ഫാ. ചെറിയാന്റെ വാക്കുകളാണിവ.

പ്രമുഖ ദൈവശാസ്ത്രജ്ഞനായ ഫാ. അടപ്പൂർ എസ്.ജെ. ഇപ്രകാരം എഴുതിയിരിക്കുന്നു.

ഈശോസഭയിൽ ചേർന്ന ശേഷം അഞ്ചുപതിറ്റാണ്ടുകാലം അദ്ദേഹം കേരളത്തിനു വെളിയിലായിരുന്നു. വായനയും എഴുത്തും സംഭാഷണവുമെല്ലാം മലയാളേതര ഭാഷകളിലും, ഫലമോ? ദീർഘകാലം ഉപയോഗിക്കാതിരുന്നാൽ മാതൃഭാഷ പോലും തുരുമ്പുപിടിച്ചു പോകുമെന്നു അനുഭവത്തിൽ നിന്നും അദ്ദേഹം പഠിച്ചു.

www.malankaralibrary.com

72-ാം വയസ്സിൽ കേരളത്തിലേയ്ക്കു മടങ്ങിവന്ന് എറണാകുളത്തെ ജസ്വിട്ട് സമൂഹത്തിൽ ചേർന്നു. ഒരു സ്കൂൾ വിദ്യാർത്ഥിയുടെ ഉത്സാഹ വായ്പോടെ ലൂമൻ ലൈബ്രറിയിലെ മലയാള പുസ്തകങ്ങളെല്ലാം അദ്ദേഹം വായിച്ചു പഠിച്ചു. അതോടെ വിദഗ്ദ്ധമായും അവസരോചിതമായും ഭാഷ കൈകാര്യം ചെയ്യാനുള്ള വൈഭവം സ്വന്തമായി. ധ്യാനഗുരു, എഴുത്തുകാ രൻ, പ്രഭാഷകൻ, ആത്മീയോപദേഷ്ടാവ് എന്നീ നിലകളിലുള്ള പ്രേഷിത പ്രവർത്തനങ്ങളുടെ രണ്ടാം തഴപ്പ് (Second Spring) ആയിരുന്നു അത്. തുടർന്നു ള്ള വർഷങ്ങൾ, അക്ഷരാർത്ഥത്തിൽതന്നെ, വിശ്രമരഹിതങ്ങളായിരുന്നു.

വചനപ്രഘോഷണംവഴി സമൂഹത്തെ നവീകരിക്കുക - ഇതായിരുന്നു ചെറിയാനച്ചന്റെ പ്രവർത്തനങ്ങളുടെയെല്ലാം ലക്ഷ്യം. അത് മുൻനിർത്തി അദ്ദേഹം ധ്യാനപ്രസംഗങ്ങൾ നടത്തി. ലഘുലേഖകൾ എഴുതി. ബൈബിൾ ക്ലാസ്സുകൾ പലേടത്തും സംഘടിപ്പിച്ചു. എറണാകുളത്തെ ഭിന്ന പ്രാർത്ഥനാഗ്രൂപ്പിൽപ്പെട്ട അനേകമാളുകൾ അദ്ദേഹത്തെ ശ്രവിക്കാൻ ആഴ്ച തോറും "ലൂമനി" ൽ വരാറുണ്ടായിരുന്നു. ആലുവായിലെ ജസ്വിട്ട് നോവീ ഷേറ്റിലേക്ക് സ്ഥലംമാറിപ്പോയശേഷവും ശിഷ്യഗണം ചെറിയാനച്ചനെത്തേടി എത്തുക പതിവായിരുന്നു.

ഇതിനെല്ലാം പുറമേ ഫാദർ ചെറിയാൻ കേരളസഭയിലെ സംഭവ വികാസങ്ങൾ സശ്രദ്ധം നിരീക്ഷിക്കുകയും അപ്പപ്പോൾ പ്രതികരിക്കുകയും ചെയ്തിരുന്നു. സീറോ - മലബാർ സഭയിലെ ആരാധനാക്രമ വിവാദം കത്തിപ്പടർന്ന കാലത്ത് ക്രൈസ്തവ കൂട്ടായ്മയുടേതായ സ്നേഹത്തിലും തുറവിയിലും ഇരുകൂട്ടരെയും അനുരഞ്ജിപ്പിക്കാൻ വേണ്ടി അദ്ദേഹം ആരം ഭിച്ച കത്തെഴുത്ത് യജ്ഞം വമ്പിച്ച വിജയമായിരുന്നു. മെത്രാന്മാരുടെ മാത്രം വിഷയമായി കരുതപ്പെട്ടിരുന്ന ആരാധനാക്രമനവീകരണത്തിന്റെ പ്രാധാന്യ ത്തെപ്പറ്റിയുള്ള അവബോധം സഭാസമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിലും വളർത്തിയെടുക്കാൻ ചെറിയാനച്ചന്റെ കത്തുകൾ ഉപകരിച്ചു. കൗദാശിക ജീവിതം, ബൈബിൾ ധ്യാനം, പ്രാർത്ഥനാരീതി തുടങ്ങിയവയെപ്പറ്റി കത്തോ ലിക്കാ പ്രസിദ്ധീകരണങ്ങളിലൂടെ അദ്ദേഹം പ്രകാശിപ്പിച്ചു വരുന്ന അഭി പ്രായങ്ങളും വിലപ്പെട്ടവയാണ്.

ബൈബിൾ പഠനം പൂർണ്ണമാകുന്നത് തുറന്ന ഹൃദയത്തോടെ വചനം ശ്രവിക്കുമ്പോൾ മാത്രമാണെന്നാണ് ഫാ. ചെറിയാന്റെ അഭിപ്രായം. വിശ്വാ സികൾ എല്ലാവരും ബൈബിൾ ധ്യാനത്തിലുടെ നവീകരിക്കപ്പെടണം എന്ന ബോദ്ധ്യമാണ് വർഷങ്ങൾ നീണ്ടുനിന്ന ബൈബിൾ ശുശ്രൂഷയിൽ ഫാ. ചെറിയാനെ നയിച്ചത്. അമൃത്സർ തുടങ്ങി കൊൽക്കത്ത വരെയും, സിംല തുടങ്ങി കന്യാകുമാരി വരെയും ഉള്ള പ്രദേശങ്ങളിൽ വ്യക്തികളെയും ഗ്രൂപ്പു കളെയും ബൈബിൾ പഠനത്തിലൂടെയും ധ്യാനത്തിലൂടെയും നവീകരിക്കു ന്നതിലേക്ക് നയിക്കുന്നതിനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി.

അദ്ദേഹം രചിച്ച "Meet jesus in the Bible" pondering Gods word എന്നീ

www.malankaralibrary.com

ഗ്രന്ഥങ്ങൾ അദ്ദേഹം കണ്ടെത്തിയ തിരുവചന പഠനങ്ങൾ ആണ്. The Word of God call to personal Transformation എന്ന മറ്റൊരു ഗ്രന്ഥം 2004 ലും പ്രസിദ്ധീകരിക്കുകയുണ്ടായി.


വിശുദ്ധ ഗ്രന്ഥത്തെ അറിയുക, ആഴത്തിൽ പഠിക്കുക, ഹൃദിസ്ഥമാക്കുക, ചെറിയാനച്ചന്റെ വാക്കുകളുടെ പൂർണ്ണരൂപം ഇതുതന്നെ.

മെലിഞ്ഞുണങ്ങിയ ശരീരം. വെളുത്ത താടിമീശ, നെഞ്ചിന് താഴെയെത്തി നിൽക്കുന്നു. കാഴ്ചയിൽ ഭാരതീയ മഹർഷിമാരെ അനുസ്മരിപ്പിക്കുന്ന പ്രകൃതം. അതാണ് ഫാ. ചെറിയാൻ എസ്.ജെ.

വിലാസം - ഫാ. ചെറിയാൻ കുരീക്കാട്ട് എസ്.ജെ., ക്രൈസ്റ്റ് ഹാൾ, മലാപറമ്പ്, കോഴിക്കോട്.

# 17

# പി.എം. ജൂസേ



പ്രമുഖവിദ്യാഭ്യാസപ്രവർത്തകനും ചരിത്രകാരനും പത്രപ്രവർത്തകനും ഗ്രന്ഥകാരനുമായ പി.എം. ജൂസേ, വടക്കൻ പറവൂരിനടുത്ത് ചേന്ദമംഗലത്ത് പൊയ്യത്തുരുത്തി മാത്യു - റോസ ദമ്പതികളുടെ ഒൻപത് സന്താനങ്ങളിൽ മൂന്നാമനായി 1919 ജൂൺ 19-ന് ഭൂജാതനായി. ഗോതുരുത്ത് ഹൈസ്കൂൾ, തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളേജ്, അണ്ണാമലയൂണിവേഴ്സിററി എന്നിവിടങ്ങളിൽ പഠിച്ച് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദം സമ്പാദിച്ചു. പഠനത്തിലും കായികരംഗത്തും മികവുതെളിയിച്ച ജൂസേ അണ്ണാമലയൂണിവേഴ്സിററി സ്റ്റുഡന്റ്സ് യൂണിയൻ സെക്രട്ടറിയായിരുന്നു. പഠിച്ച കോളേജിലും യൂണിവേഴ്സിററിയിലും തുടർന്ന് കാരക്കുടി അളഗപ്പകോളേജിലും ഇംഗ്ലീഷ് അദ്ധ്യാപകനായി. 1962 -മുതൽ കോഴിക്കോട് റീജയണൽ എൻജിനീയറിംഗ് കോളേജിൽ ഹുമാനിററീസ് വകുപ്പ് മേധാവിയായി സേവനം അനുഷ്ഠിച്ചു. 1979-ൽ അദ്ധ്യാപകവൃത്തിയിൽ നിന്ന് വിരമിച്ചു.

ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്നെങ്കിലും ചരിത്രത്തിൽ പ്രത്യേകിച്ച് പ്രാചീനചരിത്രത്തിൽ അദ്ദേഹം പ്രത്യേകം അഭിരുചി പ്രകടിപ്പിച്ചിരുന്നു. കേരളത്തിലെ യഹൂദ സമുദായത്തെക്കുറിച്ച് അദ്ദേഹം നടത്തിയ പഠനങ്ങളിൽ തൽപരരായ അമേരിക്കയിലെ ഫൗണ്ടേഷൻ ഫോർ ജൂസ് സ്റ്റഡീസ് കൂടുതൽ ഗവേഷണത്തിനായി ഇസ്രായേലിൽ പോകുവാൻ ഫെല്ലോഷിപ്പ് നൽകി. 1981-ൽ ആറുമാസക്കാലം ഇസ്രായേലിൽ പ്രസിദ്ധചരിത്ര

www.malankaralibrary.com

ഗവേഷണകേന്ദ്രമായ ബെൻസ് വീ ഇൻസ്റ്റിസ്റ്റ്യൂട്ടിൽ അദ്ദേഹം ഗവേഷണം നടത്തി. അവിടെ നിന്നു പ്രസിദ്ധീകരിച്ച പ്രധാനമായ പ്രബന്ധങ്ങൾ അന്താരാഷ്ട്രപ്രസിദ്ധിയാർജ്ജിച്ചു. ആ വർഷം ജറുസലേമിൽ നടന്ന World convention for jews studies എന്ന സമ്മേളനത്തിന്റെ അദ്ധ്യക്ഷപദം അലങ്കരിക്കുവാൻ ക്ഷണിക്കപ്പെട്ടു. അക്കാലത്തെ ഇസ്രായേൽ പ്രസിഡന്റ് യിററ്സാക്ക് നവോൺ ജൂസെയുടെ ഗവേഷണങ്ങളിൽ ആകൃഷ്ടനായി ജൂസേയ്ക്ക് ഒരു അഭിമുഖം അനുവദിക്കുകയും അഭിനന്ദിക്കുകയും ചെയ്തു.

കേരളാടൈംസിന്റെ മുഖ്യപത്രാധിപരായി നിയമിക്കപ്പെട്ട ജൂസ്സേ, അയർലണ്ടിലെ ഡബ്ളിനിൽ നടന്ന ലോക കത്തോലിക്കാ പത്രാധിപന്മാരുടെ സമ്മേളനത്തിലും പിന്നീട് ബാങ്കോക്കിൽ നടന്ന ഏഷ്യൻകത്തോലിക്കാ പത്രാധിപന്മാരുടെ സമ്മേളനത്തിലും പങ്കെടുക്കുകയുണ്ടായി.

ഇന്ത്യാഗവൺമെന്റിന്റെ. ആന്ത്രോപോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന പത്തുവാല്യങ്ങളുള്ള ബൃഹദ്ഗ്രന്ഥത്തിൽ കേരളത്തിലെ നരവംശങ്ങളെക്കുറിച്ച് പ്രബന്ധങ്ങൾ തയ്യാറാക്കിക്കൊടുക്കാൻ ക്ഷണിക്കപ്പെട്ട നാലുപേരിൽ ഒരാളായിരുന്നു പ്രൊഫ. ജൂസ്സേ.

ഇന്ത്യയിലെ പ്രശസ്ത ചരിത്രസംഘടനയായ ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിന്റെ ഒരു സജീവപ്രവർത്തകൻ കൂടിയാണ് പ്രൊഫ. ജൂസ്സേ. പ്രസ്തുതസംഘടനയുടെ വാർഷിക സമ്മേളനങ്ങളിൽ അവതരിപ്പിച്ചിട്ടുള്ള പ്രബന്ധങ്ങൾ കേരളത്തിൽ യഹൂദസമുദായത്തെക്കുറിച്ചുള്ള ആധികാരിക രേഖകളായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞു.


കേരളത്തിലെ മുഖ്യ പ്രസിദ്ധീകരണങ്ങളിലെല്ലാം തന്നെ ചരിത്രം, തത്വശാസ്ത്രം, സാഹിത്യം മുതലായവയെ അധികരിച്ചുള്ള അദ്ദേഹത്തിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിലാസം - പ്രൊഫ. പി.എം. ജൂസ്സേ
XLI/2131 പൊയ്യാത്തുരുത്തി
സെന്റ് ബനഡിക്ട് റോഡ്
കൊച്ചി - 682018

www.malankaralibrary.com

# 18

# ഫാ. ആന്റണി മഞ്ഞിൽ എസ്സ്.ജെ.



ചിത്രമെഴുത്ത്, ഛായാഗ്രഹണം, ഷോർട്ട് ഫിലിം നിർമ്മാണം, ലേഖന രചന എന്നിവയിലൂടെ ജനശ്രദ്ധയാകർഷിച്ച ഈശോസഭാംഗമായ ഫാ. ആന്റണി മഞ്ഞിൽ 1919-ാമാണ്ട് ജൂൺ 21-ന് ജനിച്ചു. തൃശൂർ പുത്തൻപള്ളിയുടെ പിൻവശത്തുള്ള എരിഞ്ഞേരി അങ്ങാടിയിൽ മഞ്ഞില കുടുംബത്തിൽ (നടക്കാവുകാരൻ കുടുംബാംഗം) വറീതു കത്രീന ദമ്പതികളുടെ പത്തു മക്കളിൽ മൂത്തവനായിട്ടാണ് ജനനം. നിരവധി വൈദീകരെയും കന്യാസ്ത്രീകളെയും സഭയ്ക്ക് സംഭാവന ചെയ്തിട്ടുള്ള കുടുംബമാണ് മഞ്ഞിൽ കുടുംബം.

പ്രൈമറി - മിഡിൽ സ്കൂൾ വിദ്യാഭ്യാസം തൃശൂരിലും ഹൈസ്കൂൾ വിദ്യാഭ്യാസം എറണാകുളും സെന്റ് ആൽബർട്ട്സിലുമായിരുന്നു. തുടർന്ന് തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളേജിൽനിന്നും ബി.എസ്സ്.സി. ബിരുദം നേടി. വിദ്യാർത്ഥിയായിരിക്കുമ്പോൾ സ്കൗട്ടിൽ ചേർന്നു പ്രവർത്തിക്കുകയുണ്ടായി. കോളേജ് വിദ്യാഭ്യാസാനന്തരം ഈശോസഭയിൽ ചേർന്നു. പൂനയിലും കെർസിയോങ്ങിലും ആയിട്ടാണ് വൈദികവിദ്യാഭ്യാസം പൂർത്തിയാക്കിയത്.

ഗുരുപ്പട്ടസ്വീകരണാനന്തരം ഈശോസഭയുടെ പല സ്ഥാപനങ്ങളിലും സേവനം അനുഷ്ഠിച്ചു. പാളയങ്കോട്ട (തമിഴ്നാട് ) സെന്റ് സേവ്യേഴ്സ് കോളേജിൽ സസ്യശാസ്ത്രാദ്ധ്യാപകനായും കാഞ്ഞിരപ്പള്ളി എ.കെ. ജെ.എം. ഹൈസ്കൂൾ, കോഴിക്കോട് സെന്റ് ജോസഫ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഹെഡ്മാസ്റ്ററായും സേവനം അനുഷ്ഠിച്ചു.

വിവിധങ്ങളായ പ്രവർത്തനങ്ങൾക്കിടയിൽ ഇംഗ്ലണ്ടിൽ പോയി റേഡിയോപ്രഭാഷണങ്ങളും ദൂരദർശൻ പരിപാടികളും അവതരിപ്പിക്കുകയും ചെയ്തു. ജർമ്മനി, ഡെന്മാർക്ക്, ഹോളണ്ട്, ഇംഗ്ലണ്ട് തുടങ്ങിയ വിദേശ രാജ്യങ്ങളിൽ സന്ദർശനം നടത്താനും ഫാ. മഞ്ഞിലിന് സാധിച്ചു. ലേഖന രചന, ചിത്രമെഴുത്ത്, ഛായാഗ്രഹണം, ഷോർട്ട് ഫിലിം നിർമ്മാണം എന്നിവയ്ക്കായി മുഴുവൻ സമയവും വിനിയോഗിക്കുകയുണ്ടായി.


യാത്രയിൽ ഒരു തോൽസഞ്ചിയും ഉപയോഗിക്കുക സാധാരണമാണ്. ആ സഞ്ചിയിൽ മൂവിക്യാമറയും സ്റ്റിൽ ക്യാമറയും ഉണ്ടായിരിക്കും. കൺമുൻപിൽ പെടുന്ന നല്ല ദൃശ്യങ്ങൾക്യാമറായിൽ പകർത്തും. കുട്ടികൾക്കുവേണ്ടി ധാരാളം ഹ്രസ്വചിത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. പ്രസിദ്ധ സാഹിത്യനിരൂപകനും മാതൃഭൂമി വാരികയുടെ പത്രാധിപരുമായിരുന്ന ശ്രീ. എൻ. വി. കൃഷ്ണവാരിയരുടെ നിർബന്ധപ്രകാരം വാരികയിൽ എഴുതി

www.malankaralibrary.com

പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെ സമാഹാരമാണ് " വിദ്യാർത്ഥികളെ സ്നേഹിക്കുക. അവർ നല്ലവരാണ്." എന്ന ഗ്രന്ഥം. 1973ൽ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിന് 1993ൽ ഡി.സി. ബുക്സിൽനിന്നും രണ്ടാം പതിപ്പുണ്ടായി. പ്രസ്തുത പുസ്തകത്തിന്റെ അവതാരികയിൽ ശ്രീ. കൃഷ്ണവാരിയർ ഇപ്രകാരം എഴുതിയിരിക്കുന്നു. "പല നിറങ്ങളിലുള്ള ചോക്കുകൾ ഉപയോഗിച്ച് ഛായാചിത്രങ്ങൾ വരക്കുവാൻ അസാധാരണമായ നൈപുണ്യം ഫാ. മഞ്ഞിലിനുണ്ട്. ചിത്രരചനയിൽ അല്പമെങ്കിലും വാസനയുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിൽ അദ്ദേഹം അനുഭവിക്കുന്ന ആഹ്ളാദം അനല്പമാണ്. തന്റെ വിദ്യാർത്ഥികളുടെ അഭിവൃദ്ധിയിൽ അദ്ദേഹം എപ്പോഴും തല്പരനാണ്. ഈ അസാധാരണവ്യക്തിയുടെ സൗഹാർദ്ദത്തെ ഞാൻ അത്യധികം വിലമതിക്കുന്നു. അദ്ദേഹവുമൊന്നിച്ച് ഏതാനും നിമിഷങ്ങൾ ചിലവഴിക്കുവാൻ കഴിയുകയെന്നത് എന്നെ സംബന്ധിച്ചിടത്തോളം അനർഘമായ ഒരനുഭവമാണ്. മനുഷ്യനിലുള്ള എന്റെ വിശ്വാസത്തിനും സ്നേഹത്തിനും ഈ അനുഭവം ശക്തി നൽകുന്നു."

വിവിധ രംഗങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ഫാ. മഞ്ഞിൽ കോഴിക്കോട് മലാപ്പറമ്പ് ക്രൈസ്റ്റ് ഹാളിൽ വിശ്രമജീവിതം നയിക്കുകയാണ്.

വിലാസം - ഫാ. മഞ്ഞിൽ, ക്രൈസ്റ്റ് ഹാൾ, മലാപ്പറമ്പ് പി.ഒ., കോഴിക്കോട്



# 19

# പത്മഭൂഷൺ പ്രഫ. ഡോ. എം.വി. പൈലി

കേരളം കണ്ട മികച്ച വിദ്യാഭ്യാസ വിചക്ഷണരിൽ അതുല്യനാണ് അന്തർദ്ദേശീയ പ്രശസ്തിനേടിയ പ്രഫ. ഡോ. എം. വി. പൈലി. ഭരണഘടനാവിദഗ്ദ്ധൻ, മാനേജ്മെന്റ് വിദ്യാഭ്യാസരംഗത്തെ അതികായൻ, ഗ്രന്ഥകാരൻ, പ്രഭാഷകൻ എന്നിങ്ങനെ വിവിധനിലകളിൽ മായാത്ത വ്യക്തിമുദ്ര പതിച്ച അനുപമവ്യക്തിത്വത്തിന് ഉടമയായ ഡോ.പൈലി ജാജ്ജ്വല്യമാനമായ ഒട്ടേറെ നേട്ടങ്ങളിലൂടെ ഇന്ത്യയ്ക്ക്, പ്രത്യേകിച്ച് കേരളത്തിന്, ആഗോളതലത്തിൽ പ്രശസ്തി നേടിത്തന്നു.

അനുകൂല്യസാഹചര്യങ്ങളുടെ ആധിക്യത്തിന്റെ പശ്ചാത്തലത്തിൽ പ്രതിഭ വളർത്തിയ ഭാഗ്യശാലി അല്ല, പ്രത്യുത പ്രതികൂലസാഹചര്യങ്ങളുടെ രൂക്ഷതയിൽ ജീവിതത്തോടു മല്ലടിച്ചുയർന്ന അതിമാനുഷനായിരുന്നു ഡോ.പൈലി. കഠിനാദ്ധ്വാനമാണ് ജീവിത വിജയത്തിനുള്ള ഏക മാർഗ്ഗ

www.malankaralibrary.com

മെന്ന് തെളിയിക്കുന്ന ജീവിതസാക്ഷ്യമാണ് അദ്ദേഹത്തിന്റേത്.

ജീവിതത്തിന്റെ ഏറെക്കുറെ സമസ്തമേഖലകളിലും ത്യാഗോജ്ജ്വലമായ സേവനമനുഷ്ഠിക്കാൻ സന്നദ്ധനായ ഡോ.പൈലി തൊട്ടതെല്ലാം പൊന്നാക്കാനുള്ള അത്യപൂർവ്വ സിദ്ധി വിശേഷത്തിനുടമയാണ്. അനേക പുരുഷായുസ്സുകൾകൊണ്ടു മാത്രം നേടാവുന്നവയാണ് ഇതിനകം അദ്ദേഹം നേടിക്കഴിഞ്ഞിരിക്കുന്നത്.

സമൃദ്ധവും അനുകരണീയവുമായ ഒരു ആദർശസമുച്ചയം കൈമുതലായുള്ള ഡോ. പൈലി ആർജ്ജവത്തിന്റെ ആൾരൂപമാണ്. ഒരിക്കലും മുഖംമൂടി അണിയാത്ത അദ്ദേഹത്തിന് പൊയ്മുഖം എന്നത് എന്നും തികച്ചും അന്യമത്രേ. മനസ്സാക്ഷിയുടെ പ്രേരണയ്ക്കനുസൃതം ചിന്തിക്കയും ചിന്തകൾക്കു നിരക്കുന്നതുമാത്രം പറയുകയും വാക്കുകളോടു നീതി പുലർത്തുന്ന രീതിയിൽ മാത്രം പ്രവർത്തിക്കയും ചെയ്യുന്ന അദ്ദേഹം അക്കാരണത്താൽത്തന്നെ മിക്കവർക്കും അഭിമതനും ചുരുക്കം ചിലർക്ക് അനഭിമതനുമായതിൽ അതിശയമില്ല.

വഹിച്ച ഉന്നതപദവികൾ, ലഭിച്ച ബഹുമതികൾ, അവാർഡുകൾ, രചിച്ചഗ്രന്ഥങ്ങൾ, പ്രബന്ധങ്ങൾ, നടത്തിയ പ്രഭാഷണപരമ്പര, ലോകപര്യടനം, ആർജ്ജിച്ച അതിവിപുലമായ സമുന്നതശിഷ്യസമ്പത്ത് മുതലായവയൊക്കെ ഒരു ഉന്നതവിദ്യാഭ്യാസവിദഗ്ദ്ധന്റെ നേട്ടങ്ങളും പ്രശസ്തിയും മഹത്വവും വിലിയിരുത്താനുള്ള മാനദണ്ഡങ്ങളാണെങ്കിൽ ഡോ. പൈലി ഏവരുടെയും സ്നേഹാദരങ്ങൾക്ക് സമർഹൻതന്നെ.

യൂണിവേഴ്സിററി ഗ്രാന്റ്സ് കമ്മീഷൻ, വിവിധ യൂണിവേഴ്സിററികൾ - പ്രത്യേകിച്ച് കൊച്ചിൻ, കേരളാ, കാലിക്കട്ട്, മഹാത്മാഗാന്ധി യൂണിവേഴ്സിററികൾ, നിരവധി കോളേജുകൾ-വിശിഷ്യ കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, ചങ്ങനാശ്ശേരി സെന്റ് ബെർക്ക്മാൻസ് കോളേജ്, ഒട്ടേറെ മാനേജ്മെന്റ് വിദ്യാഭ്യാസസ്ഥാപനങ്ങൾ, പൊതുമേഖലാ - അർദ്ധസർക്കാർ - സ്വകാര്യസ്ഥാപനങ്ങൾ മുതലായവ ഡോ. പൈലിയുടെ സേവനത്താൽ ഏറെ ധന്യമായിട്ടുണ്ട്.

ഒരു സാധാരണ കർഷകുടുംബത്തിൽ ജനിച്ച് പരിമിതികളുടെയും പരാധീനതകളുടെയും മൂർദ്ധന്യത്തിൽ ഭഗ്നാശനാകാതെ പ്രശംസാർഹമായ ആത്മ ധൈര്യത്തോടെ വിവിധ കർമ്മരംഗങ്ങളിൽ ഐതിഹാസിക നേട്ടങ്ങൾ കൈവരിച്ച ഡോ. പൈലി സാമൂഹ്യ പ്രതിബദ്ധതയിൽ ഏറെ മുന്നിട്ടുനിൽക്കുന്നു എന്നതിനു മകുടോദാഹരണമാണ് കൊച്ചിൻ യൂണിവേഴ്സിററിയിൽ അദ്ദേഹം ഏർപ്പെടുത്തിയ ഇന്ത്യയിലെ ഏററവും മികച്ച വിദ്യാഭ്യാസപ്രവർത്തകനുള്ള പ്രൊഫ. ഡോ.എം.വി. പൈലി അവാർഡ്.

രണ്ടുലക്ഷം രൂപയും പ്രശംസാഫലകവും പാരിതോഷികവും അടങ്ങുന്ന ഈ ദ്വൈവാർഷിക അവാർഡ് ഇതിനകം ലഭിച്ചിട്ടുള്ളത് അതിപ്രശസ്തരായ പ്രൊ. എം. എൻ. ശ്രീനിവാസ് (കർണ്ണാടക) പ്രഫ.

www.malankaralibrary.com

ജയന്ത് നർലികർ, (മഹാരാഷ്ട്ര) ഡോ. എം.എസ്. വല്യത്താൻ (കേരളം) ഡോ. വെങ്കടസുബ്രഹ്മണ്യം (തമിഴ്നാട്) എന്നിവർക്കാണ്. വർണ്ണ ശബളമായ പൊതുയോഗത്തിൽ കൊച്ചിൻ യൂണിവേഴ്സിററി കാമ്പസിൽ വച്ചാണ് അവാർഡ് ദാനം നടത്തപ്പെടുന്നതും.

ഉന്നതവിദ്യാഭ്യസരംഗത്തെ ദേശീയ എക്യുമെനിക്കൽ സംഘടനയായ ഓൾ ഇൻഡ്യാ അസോസിയേഷൽ ഫോർ ക്രിസ്റ്റ്യൻ ഹയർ എഡ്യൂക്കേഷൻ (AIACHE) നിർവ്വാഹകസമിതിയിൽ ദീർഘകാലം വിദ്യാഭ്യാസ വിദഗ്ദ്ധൻ എന്നനിലയിലും, രാജ്യത്തെ പ്രഥമ ക്രൈസ്തവ യൂണിവേഴ്സിററിയായ അലഹബാദ് അഗ്രിക്കൾച്ചറൽ ഡീംഡ് യൂണിവേഴ്സിററി നിർവ്വാഹകസമിതി അംഗം എന്ന നിലയിലുമൊക്കെ ക്രൈസ്തവ ഉന്നത വിദ്യാഭ്യാസരംഗത്ത് അദ്ദേഹം അനുഷ്ഠിക്കുന്ന അർപ്പണമനസ്ക്കതയോടെയുള്ള വിശിഷ്ട സേവനം അതീവശ്രദ്ധേയമാണ്. മണിപ്പാൽ അക്കാഡമി ഓഫ് ഹയർ എഡ്യൂക്കേഷൻ (ഡീംഡ് യൂണിവേഴ്സിററി) ഡയറക്ടർ ബോർഡ് അംഗവുമാണ് ഡോ. പൈലി.

1977 ൽ കൊച്ചിൻ യൂണിവേഴ്സിററി വൈസ്ചാൻസലറായി നിയമിതനായ അദ്ദേഹത്തിന് വീണ്ടും ഈ പദവി ലഭിച്ചെങ്കിലും അദ്ദേഹം സ്വയം വിരമിക്കുകയായിരുന്നു. 'സ്വരം നന്നായിരിക്കുമ്പോൾ പാട്ടു നിർത്തുക' എന്നതിൽ ഡോ. പൈലി ഉറച്ചു വിശ്വസിച്ചിരുന്നു. കളമശ്ശേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഏഷ്യൻ ഇൻസ്റ്റിററ്യൂട്ട് ഫോർ ഡവലപ്മെന്റ് ആന്റ് എന്റർപ്രണർഷിപ് എന്ന സ്ഥാപനത്തിന്റെ സ്ഥാപക ഓണററി ഡയറക്ടർ ജനറൽ എന്ന നിലയിലും കർമ്മനിരതനാണ് ഡോ. പൈലി. സംസ്ഥാനാന്തരതലത്തിൽ നിരവധി മാനേജ്മെന്റ് ട്രെയിനിംഗ് കോഴ്സുകൾ ഈ സ്ഥാപനം നടത്തിവരുന്നു.

മൂവാററുപുഴയ്ക്കു സമീപസ്ഥമായ പെരിങ്ങഴ എന്ന ഗ്രാമത്തിൽ പിട്ടാപ്പിള്ളി എന്ന മൂലകുടുബത്തിന്റെ ശാഖയായ മൂലമററം കുടുംബത്തിൽ ചെറിയാൻവർക്കി – മറിയാമ്മ ദമ്പതികളുടെ മൂത്തപുത്രനായി 1919 ഒക്ടോബർ 5 നായിരുന്നു ഡോ.പൈലിയുടെ ജനനം. അദ്ദേഹത്തിന് ഏഴ് സഹോദരീസഹോദരന്മാരുണ്ട്. തികച്ചും കഠിനാദ്ധ്വാനിയായിരുന്ന പിതാവ് സമൃദ്ധമായ തന്റെ കാർഷിക വിളകളിൽ ഏറെ അഭിമാനിക്കുകയും ചാരിതാർത്ഥ്യം അനുഭവിക്കുകയും ചെയ്തിരുന്നു. പരോപകാരതത്പരതയിലും കാര്യക്ഷമതയിലും മുന്നിട്ടുനിന്ന ഉത്തമകുടുംബിനിയായിരുന്നു മാതാവ്. പിതാമഹൻ ചെറിയാൻ വക്കീൽ പ്രശസ്തനായിരുന്നു. പിതാവ് 94-ാം വയസ്സിലും മാതാവ് 102-ാം വയസ്സിലുമാണ് മരിച്ചത്.

ഡോ. പൈലിയുടെ ബാല്യവും കൗമാരവും യുവത്വവും ഏറെ ഊർജ്ജസ്വലമായിരുന്നു. വായന, എഴുത്ത്, ചതുരംഗംകളി, വള്ളംകളി, നീന്തൽ, മത്സ്യബന്ധനം, നായാട്ട്, മലകയററം, സ്പോർട്സ്, ഗെയിംസ് എന്നിവയൊക്കെയായിരുന്നു വിനോദങ്ങൾ.

www.malankaralibrary.com

പ്രസംഗം, ലേഖനരചന, കവിതാരചന, അക്ഷരശ്ലോകം എന്നിവയിലൊക്കെ കുട്ടിക്കാലത്തുതന്നെ മികവു പ്രകടിപ്പിക്കുകയും മത്സരങ്ങളിൽ പ്രഥമസ്ഥാനം നേടുകയും ചെയ്തു.

സാമ്പത്തികബുദ്ധിമുട്ടുകൾ നിറഞ്ഞ അഗ്നിപരീക്ഷണങ്ങളുടെ തീച്ചൂളയിൽ സ്ഫുടം ചെയ്ത് എടുക്കപ്പെട്ടതായിരുന്നു ആ ജീവിതം. ആഗോളാടിസ്ഥാനത്തിൽ സാമ്പത്തികാധോഗതി അതിരൂക്ഷമായിരുന്ന 1930 കളിൽ കാർഷികോത്പ്പന്നങ്ങൾക്ക് കുത്തനെ ഉണ്ടായ വിലയിടിവ് സാധാരണകർഷകർ മാത്രമായിരുന്ന മാതാപിതാക്കൾക്ക് സഹിക്കാവുന്നതിൽ ഏറെയായിരുന്നു. മിക്ക ഉത്പന്നങ്ങൾക്കും വിപണി ഇല്ലായിരുന്നു. 100 തേങ്ങായ്ക്ക് ലഭിച്ചിരുന്ന വില 3 രൂപാ മാത്രം.

സ്കൂൾ ഫീസായ 5.25 രൂപാ നൽകാനാകാതെ വന്നതിനാൽ 8-ാം സ്ററാൻഡാർഡ് ജയിച്ചപ്പോൾ ഡോ. പൈലിക്ക് തന്റെ വിദ്യാലയത്തോട് തത്ക്കാലം വിടപറയേണ്ടിവന്നു. പക്ഷേ, 3 വർഷം മുമ്പ് പാസ്സായിരുന്ന നാട്ടുഭാഷാപരീക്ഷാ (വി.എസ്.എൽ.സി.) യോഗ്യതയുടെ അടിസ്ഥാനത്തിൽ 8 രൂപാ ശമ്പളത്തിൽ പ്രൈമറിസ്കൂൾ അദ്ധ്യാപകനായി അദ്ദേഹം നിയമിക്കപ്പെട്ടു. ഉന്നതവിദ്യാഭ്യാസം നേടാനുള്ള അതിശക്തമായ ഉൾവിളിയാൽ 8 മാസത്തിനുശേഷം അദ്ധ്യാപകജോലി രാജിവച്ച് പഠനം തുടർന്നു.

മൂവാററുപുഴ ഗവൺമെന്റ് ഹൈസ്കൂൾ, പുളിങ്കുന്ന് സെന്റ് ജോസഫ്സ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠിച്ച് മെട്രിക്കുലേഷൻ പാസ്സായ ശേഷം ഡോ. പൈലി ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ ഇന്റർമീഡിയററ് - ബിരുദപഠനം നടത്തി പ്രശസ്തമായ രീതിയിൽ പാസ്സായി. എസ്.ബി. കോളേജിൽ 50 രൂപാ ശമ്പളത്തിൽ ട്യൂട്ടറായി നിയമിതനായെങ്കിലും ജോലിയിൽ പ്രവേശിക്കാതെ 200 രൂപാ ശമ്പളത്തിൽ ആർമി ഓർഡിനൻസ് വകുപ്പിൽ കമ്മീഷൻസ് ഓഫീസർ തസ്തികയിൽ ഉദ്യോഗം നേടി. മൂന്നുവർഷം ആ ഉദ്യോഗത്തിൽ തുടർന്നു. അതിൽ സിംഹഭാഗവും സിലോണിലെ കൊളംബോ നഗരത്തിലായിരുന്നു. പക്ഷേ, വിജ്ഞാനത്തിനായുള്ള അദമ്യമായ അഭിനിവേശത്താൽ അദ്ദേഹം ഏറെ താമസിയാതെ ലക്ക്നോ യൂണിവേഴ്സിററിയിൽ രാഷ്ട്രമീമാംസാ വിദ്യാർത്ഥിയായി. സ്വതവേ കഠിനാദ്ധ്വാനിയായിരുന്ന അദ്ദേഹം അതോടൊപ്പം നിയമപഠനവും നടത്തി. 1918 ൽ ഒന്നാം റാങ്കോടുകൂടെയാണ് ഫസ്റ്റ്ക്ലാസ്സിൽ ഡോ. പൈലി എം.എ. ബിരുദം നേടിയതും.

ലക്ക്നോയിൽ നിന്ന് നിയമബിരുദവും ഫസ്റ്റ്ക്ലാസ്സോടുകൂടി നേടി കേരളത്തിൽ എത്തിയ അദ്ദേഹം ജില്ലാക്കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു. പക്ഷെ, രണ്ടാഴ്ചയ്ക്കകം ലക്ക്നോ യൂണിവേഴ്സിററിയിൽ അദ്ധ്യാപകനായി ഡോ. പൈലി നിയമിക്കപ്പെട്ടു. ഉയർന്ന വിദ്യാഭ്യാസയോഗ്യതനേടാനും പൂർവ്വോപരി കഠിനാദ്ധ്വാനം ചെയ്യാനും ഉന്നതവിദ്യാഭ്യാസരംഗത്ത് അടിക്കടി ഉയർന്നപദവികൾ നേടാനും ഈ നിയമനം ഒരു നിമിത്തമായി ഭവിച്ചു.

www.malankaralibrary.com

പാററ്നാ യൂണിവേഴ്സിററി രണ്ടുവർഷത്തിനുശേഷം അദ്ദേഹത്തിന് ബിരുദാനന്തരബിരുദവകുപ്പിൽ നിയമനം നൽകി. 1953 ൽ ഫുൾബ്രൈററ് സ്കോളർഷിപ്പോടെ അദ്ദേഹത്തിന് അമേരിക്കയിൽ ഉപരിപഠനത്തിന് അവസരം ലഭിച്ചു. സുപ്രസിദ്ധമായ ഹാർവാർഡ് യൂണിവേഴ്സിററിയിൽ ഭരണഘടനാ നിയമമായിരുന്നു വിഷയം. ലക്ക്നോയൂണിവേഴ്സിററിയിൽ നേരത്തെ ആരംഭിച്ചിരുന്ന ഗവേഷണപഠനവും ഹാർവാർഡിൽ അദ്ദേഹം തുടർന്നു.

1954 ൽ ഇൻഡ്യയിൽ തിരിച്ചെത്തിയ ഡോ. പൈലി 1956 ൽ ഡി.ലിററ് ബിരുദം നേടി. താമസിയാതെ ഡൽഹി യൂണിവേഴ്സിററിയിൽ ഇക്കണോമിക്സ് അഡ്മിനിസ്ട്രേഷൻ വകുപ്പിന്റെ തലവനായി നിയമിതനായി. 1962 ൽ ഹൈദരാബാദിലെ അഡ്മിനിസ്ട്രേററീവ് സ്റ്റാഫ് കോളേജിൽ ഡയറക്ടറായി നിയമിതനായ അദ്ദേഹം ആ പദവിയിൽ മൂന്നുവർഷം തുടർന്നു. അക്കാലത്ത് (1963) പെൻസിൽ വേനിയാ യൂണിവേഴ്സിററിയിൽ വിസിററിംഗ് പ്രഫസറായും അദ്ദേഹം സേവനമനുഷ്ഠിക്കുകയുണ്ടായി.

1964 ൽ കേരളാ യൂണിവേഴ്സിററിയിൽ പ്രൊഫസറും സ്കൂൾ ഓഫ് മാനേജ്മെന്റിന്റെ ഡയറക്ടറുമായി ഡോ. പൈലി നിയമിതനായി. 14 വർഷം ആ സ്ഥാനത്തു തുടർന്ന അദ്ദേഹം രാജ്യത്തെ മുഖ്യസ്ഥാപനമായി ഇതിനെ വളർത്തി. ഇക്കാലഘട്ടത്തിൽ എഫ്.എ.സി.ററി. പോലെയുള്ള വ്യവസായ സ്ഥാപനങ്ങൾക്കും അദ്ദേഹം വിദഗ്ദ്ധമാർഗ്ഗദർശനം നൽകിയിരുന്നു. റഷ്യാ, ഹാവായി, കുലാലമ്പൂർ മുതലായ സ്ഥലങ്ങളിൽ വിസിററിംഗ് പ്രൊഫസറായും ഇക്കാലത്ത് ഡോ. പൈലി സേവനമനുഷ്ഠിക്കുകയുണ്ടായി.

1977 ൽ കൊച്ചിൻ ശാസ്ത്ര – സാങ്കേതിക യൂണിവേഴ്സിററി വൈസ് ചാൻസലറായി നിയമിതനായ ഡോ. പൈലി യൂണിവേഴ്സിററിയെ ബാലാരിഷ്ടതകളിൽ നിന്നു വിമുക്തമാക്കി ദേശീയാംഗീകാരം നേടിക്കൊടുത്തു. അത്യപൂർവ്വമായ രീതിയിൽ യു.ജി.സിയിൽ നിന്ന് 115 ശതമാനം ഗ്രാന്റ് കൊച്ചിൻ യൂണിവേഴ്സിററിക്ക് ഇക്കാലത്തു നേടാനായത് ഡോ. പൈലിയുടെ പ്രശസ്തിയുടെ കിരീടത്തിൽ മറെറാരു രത്നം കൂടിയായി പരിശോഭിച്ചു.

എൻഡോവ്മെന്റുകൾ സ്ഥാപിക്കാനും വിദ്യാഭ്യാസ-സാംസ്ക്കാരിക-ഉപവി പ്രവർത്തനങ്ങൾക്കായും "പ്രൊഫ. ഡോ. എം.വി. പൈലി ഫൗണ്ടേഷൻ എന്ന പേരിൽ ഒരു പബ്ലിക്ക് ചാരിററബിൾ ട്രസ്റ്റ്" അദ്ദേഹം രൂപീകരിച്ചിട്ടുണ്ട്.

പരിസ്ഥിതസംരക്ഷണം, പൊതുജനാരോഗ്യസംരക്ഷണം, ദാരിദ്ര്യ നിർമ്മാർജ്ജനം, ഉപഭോക്തൃതാത്പര്യസംരക്ഷണം, പൗരാവകാശ-മനുഷ്യാവകാശ സംരക്ഷണം എന്നിവയും ഫൗണ്ടേഷൻ ലക്ഷ്യമാക്കുന്നു. കൊച്ചിൻ യൂണിവേഴ്സിററി, ചങ്ങനാശ്ശേരി സെന്റ് ബെർക്ക്മാൻസ് കോളേജ്, പുളിങ്കുന്ന് സെന്റ് ജോസഫ്സ് ഹൈസ്കൂൾ, മംഗലാപുരം സെന്റ് ആഗ്നസ്

www.malankaralibrary.com

കോളേജ്, കേരളാ ഹയർ എഡ്യൂക്കേഷൻ ട്രസ്റ്റ്, ഗുഡ്സമരിററൻ പ്രോജക്ട് ഇന്ത്യാ, മുതലായി ഒട്ടുവളരെ സ്ഥാപനങ്ങളിൽ എൻഡോവിമെന്റുകൾ സ്ഥാപിക്കാനും ഈ ഫൗണ്ടേഷൻ ധനസഹായം ചെയ്തിട്ടുണ്ട്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം നൽകുക എന്നത് എല്ലാവർഷവും അദ്ദേഹത്തിന്റെ പരിപാടികളുടെ ഒരു സുപ്രധാന ഭാഗമായിരുന്നു. പദവികളുടെയും അവാർഡുകളുടെയും അംഗീകാരത്തിന്റെയും പ്രശസ്തിയുടെയും പിന്നാലെ ഒരിക്കലും പരക്കം പാഞ്ഞ വ്യക്തി ആയിരുന്നില്ല ഡോ. പൈലി. അവയൊക്കെത്തന്നെ അദ്ദേഹത്തെ തേടി എത്തിയിട്ടേയുള്ളു. അക്ഷീണനും സദാ കർമ്മോത്സാഹിയുമായ അദ്ദേഹം വാർദ്ധക്യത്തിലും യുവസഹജമായ ഊർജ്ജസ്വലത പുലർത്തുന്നു.

1954 നുശേഷം ദേശീയ-അന്തർദ്ദേശീയരംഗങ്ങളിൽ നടത്തപ്പെട്ട നിരവധി കോൺഫറൻസുകളിൽ അദ്ദേഹം അദ്ധ്യക്ഷതവഹിക്കയോ മുഖ്യപ്രബന്ധം അവതരിപ്പിക്കയോ ചെയ്തിട്ടുണ്ട്. ഇപ്പോഴും തുടരുകയും ചെയ്യുന്നു.

ഏഷ്യാ, യൂറോപ്പ്, ആഫ്രിക്കാ, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിൽ ഡോ. പൈലി പല പ്രാവശ്യം വ്യാപകമായി പ്രഭാഷണപര്യടനം നടത്തിയിട്ടുണ്ട്. ഇംഗ്ലീഷ്, മലയാളം എന്നിവയിൽ പ്രാവീണ്യവും ഹിന്ദി, തമിഴ് എന്നിവയിൽ സാമാന്യജ്ഞാനവും അദ്ദേഹത്തിനുണ്ട്.

തികഞ്ഞമാനവികതയും സഹജരോടുള്ള കരുണാർദ്രമായ സ്നേഹവും സ്നേഹോഷ്മളവും ക്രിയാത്മകവുമായ കരുതലുമാണ് ഡോ. പൈലിയുടെ മുഖ്യമുഖമുദ്രകൾ. മികവാർന്നദർശനവും ദൗത്യബോധവും അദ്ദേഹത്തിന്റെ പ്രദാന സവിശേഷതകളാണ്. തക്കസമയത്ത് ഉചിതമായ തീരുമാനങ്ങൾ എടുക്കാനും അവ യഥാസമയം യഥോചിതം പ്രാവർത്തികമാക്കാനും ഡോ. പൈലിക്ക് അനായാസം കഴിയുന്നു.

അതീവസങ്കീർണ്ണമായ പ്രശ്നങ്ങളുടെ പോലും കുരുക്കുകൾ നിഷ്പ്രയാസം അഴിക്കാനും ഫലപ്രദമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ഡോ. പൈലിക്ക് എളുപ്പത്തിൽ കഴിയുന്നു. നിരവധി സ്ഥാപനങ്ങൾക്കും സംഘടനകൾക്കും വ്യക്തികൾക്കും നിതാന്തപ്രചോദന സ്രോതസ്സായി ഇനിയും ദീർഘകാലം കർമ്മചൈതന്യധന്യതയോടെ അദ്ദേഹം വിരാജിക്കട്ടെ.

**ഡോ. പൈലി രചിച്ച പ്രധാന ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ**

1. ഇൻഡ്യാസ് കോൺസ്റ്റിറ്റ്യൂഷൻ അററ് വർക്ക് 2. കോൺസ്ററിറ്റ്യൂഷണൽ ഗവൺമെന്റ് ഇൻ ഇൻഡ്യാ - 5 പതിപ്പുകൾ, 3. ഇൻഡ്യാസ് കോൺസ്റ്റിറ്റ്യൂഷൻ - 11 പതിപ്പുകൾ, 4. ഫെഡറൽ കോർട്ട് ഓഫ് ഇൻഡ്യാ - മൂന്നു പതിപ്പുകൾ 5. കോൺസ്റ്റിറ്റ്യൂഷണൽ ഹിസ്റ്ററി ഓഫ് ഇൻഡ്യാ

www.malankaralibrary.com

-മൂന്നു പതിപ്പുകൾ 6. ഇന്റർനാഷണൽ ജോയിന്റ് ബിസിനസ് വെന്റുവേഴ്സ് 7. ഇൻഡസ്ട്രിയൽ പോളിസ് 8. വർക്കർ പാർട്ടിസിപ്പേഷൻ ഇൻ മാനേജ്മെന്റ് – മിഥ് ആൻഡ് റിയാലിററി – 2 പതിപ്പുകൾ 9. റഷ്യാ ഓഫ് മൈ എക്സ്പീരിയൻസ് – രണ്ടു പതിപ്പുകൾ 10. പ്രഫഷണൽ മാനേജ്മെന്റ് ഇൻ ഇൻഡ്യാ – പ്രോംബ്ലംസ് ആന്റ് പ്രോസ്പെക്ടസ് (എഡി) ഫൗണ്ടേഷൻ ഫോർ മാനേജ്മെന്റ് എഡ്യൂക്കേഷൻ, കൊച്ചിൻ യൂണി-രണ്ടു പതിപ്പുകൾ 11. കയർ ഇൻഡസ്ട്രി: പ്രോബ്ലംസ് ആൻഡ് പ്രോസ്പെക്ടസ് (കയർബോർഡ് ഗവ. ഓഫ് ഇൻഡ്യാ) 12. ആൻ ഇൻട്രോസക്ഷൻററു മാനേജീരിയൽ ഇക്കണോമിക്സ് – രണ്ടു പതിപ്പുകൾ 13. ഇസ്സൻഷ്യൽസ് ഓഫ് മെററീരിയൽസ് മാനേജ്മെന്റ് (എഡി) 14. ക്രൈസിസ്, കോൺഷ്യൻസ് ആന്റ് ദി കോൺസ്റ്റിററ്യൂഷൻ 15. ആൽ ഇൻട്രോസക്ഷൻ ററു ദി കോൺസ്റ്റിററ്യൂഷൻ ഓഫ് ഇൻഡ്യാ 16. ഇൻട്രോസക്ഷൻ ററു ദി കോൺസ്റ്റിററ്യൂഷൻ ഓഫ് ഇൻഡ്യാ 17. ഇൻഡസ്ട്രിയൽ റിലേഷൻസ് ആന്റ് പേഴ്സണൽ മാനേജ്മെന്റ് 18. എമേർജിംഗ് ട്രെൻഡ്സ് ഇൻ ഇൻഡ്യൻ പോളിററിക്സ് 19. അവർ കോൺസ്റ്റിററ്യൂഷൻ, ഗവൺമെന്റ് ആന്റ് പൊളിററിക്സ് 21. കോൺസ്റ്റിററ്യൂഷണൽ അമൻഡ്മെന്റ്സ് 22. സെലക്ട് കോൺസ്റ്റിററ്യൂഷൻസ് ഓഫ് ദി വേൾഡ്. അദ്ദേഹം രചിച്ച പ്രധാന മലയാളം ഗ്രന്ഥങ്ങൾ താഴെപ്പറയുന്നവയാണ്

1. ഇന്ത്യൻ ഭരണഘടന (2) 2. രാഷ്ട്രപതി പ്രതിക്കൂട്ടിൽ 3. മാനേജ്മെന്റിൽ തൊഴിലാളി പങ്കാളിത്തം 4. വിദേശത്തുനിന്നും കുറെ കത്തുകൾ 5. ഇൻഡ്യയുടെ ഭരണഘടനാചരിത്രം 6. ഭാരതത്തിന്റെ ഭരണഘടനയ്ക്ക് ഒരു ആമുഖം 7. റഷ്യയിലെ കാഴ്ചകളും അനുഭവങ്ങളും 8. ഉന്നത വിദ്യാഭ്യാസം പുനരുദ്ധരിക്കൽ 9. വിദ്യാഭ്യാസപ്രശ്നങ്ങൾ – ഇന്നലെ, ഇന്ന്, നാളെ 10. വ്യവസായം അമേരിക്കയിൽ 11. ഇൻഡ്യൻ രാഷ്ട്രീയത്തിലെ നൂതന പ്രവണതകൾ 12. വ്യവസായം അമേരിക്കയിൽ 13. ടൂറിസം അമേരിക്കയിലും യൂറോപ്പിലും 14. ഇൻഡ്യയുടെ ഭരണഘടന – പത്തുപതിപ്പുകൾ.

ദേശീയ-അന്തർദ്ദേശീയ പ്രാധാന്യമുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ 200 ലധികം പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**പ്രൊഫ. പൈലി നടത്തിയ പ്രധാന കോൺവോക്കേഷൻ – സ്മാരക പ്രഭാഷണങ്ങൾ താഴെപ്പറയുന്നവയാണ്.**

1. വാസ്തുവിദ്യാകുശല ബാലകൃഷ്ണറാവു സ്മാരക പ്രഭാഷണം – തിരുവനന്തപുരം (1977) 2. ധർമ്മാരാം പൊന്തിഫിക്കൽ ഇൻസ്റ്റിററ്യൂട്ട് കോൺവോക്കേഷൻ പ്രഭാഷണം – ബാംഗ്ലൂർ (1979) 3. വി.എസ്. കുടുവ സ്മാരകപ്രഭാഷണം – മംഗലാപുരം (1982) 4. എൽ.എസ്. മിശ്ര സ്മാരക പ്രഭാഷണം – പാററ്നാ (1984) 5. ഡോ. ജോൺ മത്തായി എൻഡോവ്മെന്റ് ലക്ചർ – കേരള യൂണി (1984) 6. ഇൻഡ്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസേർച്ച് വാർഷികപ്രഭാഷണം – നോർത്ത് ഈസ്റ്റേൺ ഹിൽ

www.malankaralibrary.com

യൂണി. ഷില്ലോംഗ് (1996) 7. അമരാവതിയൂണി. കോൺവോക്കേഷൻ പ്രഭാഷണം (1996) 8. ബനാറീസ് ഹിന്ദു യൂണിവേഴ്സിററി കോൺവോക്കേഷൻ പ്രഭാഷണം (1997) 9. മൂസാ ബേക്കർ എൻഡോവ്മെന്റ് ലക്ചർ – കാലിക്കററ് യൂണി (1998) 10. മോൺ. തോമസ് നെടുങ്കല്ലേൽ എൻഡോവ്മെന്റ് പ്രഭാഷണം – നിർമ്മലാ കോളേജ്, മൂവാററുപുഴ (1999)

**ഡോ. പൈലിക്ക് ലഭിച്ച ബഹുമതികളും അവാർഡുകളും താഴെപറയുന്നവയാണ്**

കൊച്ചിൻ യൂണി. എമരിററസ് പ്രഫസർഷിപ്പ് (1986), കേരളാ മാനേജ്മെന്റ് അസോസിയേഷന്റെ മാനേജ്മെന്റ് ലീഡർഷിപ് അവാർഡ് (1986), പ്രസിഡണ്ട് ഇൻഡ്യൻ അസോസിയേഷൻ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് (1980–81), പ്രസിഡണ്ട്, കേരളാ മാനേജ്മെന്റ് അസോസിയേഷൻ (1973–74), ഓണററിമെംബർഷിപ്പ്, കേരളാ മാനേജ്മെന്റ് അസോസിയേഷൻ (1985), ഓണററി മെമ്പർഷിപ്പ്, കേരളാ സ്റ്റേററ് പ്രൊഡക്ടിവിററി കൗൺസിൽ (1985), പ്രഫഷണൽ മാനേജ്മെന്റ് സംബന്ധിച്ച് കാലിക്കട്ടിൽ നടന്ന അഖിലേന്ത്യാ സെമിനാറിൽ ലഭിച്ച മാനേജ്മെന്റ് ലീഡർഷിപ്പ് അവാർഡ് 1990, അദ്ധ്യാപന-മാനേജ്മെന്റ് രംഗത്തെ മികച്ച സേവനത്തിന് ഇന്റർനാഷണൽ ഡയറക്ടറി നൽകിയ ഡിഷ്ററിംഗ്വിഷ്ഡ് ലീഡർഷിപ്പ് അവാർഡ് 1990, ന്യൂഡൽഹി എസ്. ചന്ദ് ആന്റ് കമ്പനി പബ്ലിക്കേഷൻസിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ചു നൽകപ്പെട്ട അതുല്യഗ്രന്ഥകാരനുള്ള അവാർഡ് (1990), മലയാളത്തിലെ ഏററവും നല്ല ചരിത്രഗ്രന്ഥത്തിനുള്ള കേരളാ ഹിസ്ററി കോൺഗ്രസിന്റെ നെടുങ്കുന്നം അവാർഡ് (1991), മാനേജ്മെന്റ് രംഗത്തെ അതുല്യനേട്ടങ്ങൾക്ക് ഗാന്ധിനഗറിൽ (ഗുജറാത്ത്) നൽകിയ അക്ഷരധാം അവാർഡ് (1991), ബനാറീസ് ഹിന്ദു യൂണി. നൽകിയ ഓണററി ഡി.ലിററ് ബിരുദം (1977), സി.എസ്.ആർ നൽകിയ നാഷണൽ സൂപ്പർ ബ്രെയിൽ അവാർഡ്, ന്യൂഡൽഹി 1998, മാൻ ഓഫ് ദി ഇയർ അവാർഡ്, കേംബ്രിഡ്ജ് (1998), ആഗോളതലത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് അനുഷ്ഠിച്ച വിശിഷ്ടസേവനത്തിന് I FACHE ബേത്ലഹമിൽ നൽകിയ അന്തർദ്ദേശീയ അവാർഡ് (2000), മാനേജ്മെന്റ് വിദ്യാഭ്യാസരംഗത്തെ മികച്ച സേവനത്തെമാനിച്ച് കൊച്ചിൻ യൂണി. സ്കൂൾ ഓഫ് മാനേജ്മെന്റ് നൽകിയ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് (2000), വിദ്യാഭ്യാസരംഗത്തെ ദീർഘകാലസംഭാവനയ്ക്ക് നൽകപ്പെട്ട ശ്യാംലാൽ ഗുപ്താ അവാർഡ് (2001), സെഞ്ചൂറിയൻ ട്രസ്റ്റ് (മദ്രാസ്) നൽകിയ പരമാചാര്യ അവാർഡ് (2003), മികച്ച സാംസ്കാരിക പ്രവർത്തകനുള്ള എ.കെ.സി.സി. അവാർഡ് (2001).

പ്രൊഫ. ഇപ്പോൾ വഹിക്കുന്നതോ അടുത്തകാലംവരെ വഹിച്ചിരുന്നതോ ആയ ഇതരപദവികൾ താഴെപ്പറയുന്നവയാണ്.

1. കോയമ്പത്തൂരിലെ ഗുരുവായൂരപ്പൻ ഇൻസ്റ്റിററ്യൂട്ട് ഓഫ്

www.malankaralibrary.com

മാനേജ്മെന്റ് ചെയർമാൻ 2. കളമശ്ശേരി രാജഗിരി ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഉപദേശകസമിതി ചെയർമാൻ 3. ചങ്ങനാശ്ശേരി സെന്റ് ബെർക്ക്മാൻസ് ഇൻസ്റ്റിററ്യൂട്ട് ഓഫ് മാനേജ്മെന്റ് ഉപദേശകസമിതി ചെയർമാൻ 4. റാഡോ ടയേഴ്സ് ലിമിററഡ്, ഇന്ത്യാ ചെയർമാൻ 5. കൊച്ചിൻ ലീസിംഗ്കമ്പനി ലിമിററഡ് ചെയർമാൻ 6. കേരളാസ്റ്റേററ് പ്രൊഡക്ടിവിററി കൗൺസിൽ ചെയർമാൻ 7. സ്വകാര്യ സ്വയംഭരണ പ്രഫഷണൽ സ്ഥാപനങ്ങൾക്കായുള്ള യു.ജി.സി. കമ്മററി ചെയർമാൻ 8. കേരളസംസ്ഥാന വിദ്യാഭ്യാസഉപദേശകസമിതി ചെയർമാൻ 9. ഉന്നത വിദ്യാഭ്യാസ കയററുമതിക്കായുള്ള യു.ജി.സി. കമ്മററി അംഗം 10. കൊച്ചിയിലെ ജെ.വി. ഇൻവെസ്റ്റ്മെന്റ്സ് പ്രൈവററ് ലിമിററഡ് ചെയർമാൻ 11. കൊച്ചിയിലെ ജീവാ ഓർച്ചിഡ് ആന്റ് അഗ്രോ എക്സ്പോർട്സ് ലിമിററഡ് ചെയർമാൻ 12. കൊച്ചിയിലെ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ചെയർമാൻ 13. തമിഴ്നാട്ടിലെ ഹൊസൂർ ആധിയാമാൻ വിദ്യാഭ്യാസ - ഗവേഷണസ്ഥാപനങ്ങൾക്കായുള്ള ഉപദേശകസമിതി ചെയർമാൻ 14. ഒ.ഇ.എൽ. കണക്ടേഴ്സ് ഇൻഡ്യാ ലിമിററഡ് വൈസ് ചെയർമാൻ 15. കൊച്ചിയിലെ കേരളാ സ്റ്റേററ് ഇൻഡസ്ട്രിയൽ കൺസൽട്ടൻസി ഓർഗനൈസേഷൻ ലിമിററഡ് ഡയറക്ടർ 16. സൗത്ത് ഇൻഡ്യാ വൈർ റോപ്സ് ഇൻഡ്യാ ലിമിററഡ് ഡയറക്ടർ 17. പീയർലസ് വൈർ പ്രോഡക്ട്സ് ലിമിററഡ് ഡയറക്ടർ 18. പ്രസ് കൗൺസിൽ ഓഫ് ഇൻഡ്യാ അംഗം 19. യു.ജി.സി. ഉന്നതാധികാര സമിതി അംഗം 20. കർണ്ണാടകസംസ്ഥാന യൂണിവേഴ്സിററീസ് റിവ്യൂ കമ്മീഷൻ അംഗം 21. തിരുവനന്തപുരത്തെ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മററി എന്നിവയിൽ അംഗം. 22. അലഹബാദ് അഗ്രിക്കൾച്ചറൽ ഡീംഡ് യൂണി. എക്സിക്യൂട്ടീവ് കൗൺസിൽ അംഗം 23. വെസ്റ്റ് ബംഗാൾ വിശ്വഭാരതി യൂണി. കോർട്ട് അംഗം 24. ജവഹർലാൽനെഹ്റു യൂണി. കോർട്ട് അംഗം 25. പോണ്ടിച്ചേരി യൂണി. കോർട്ട് അംഗം 26. ഷില്ലോംഗ് നോർത് ഈസ്റ്റേൺ ഹിൽ യൂണി. പ്ലാനിംഗ് ബോർഡ് അംഗം 27. ന്യൂഡൽഹി ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണി. പ്ലാനിംഗ്ബോർഡ്, അക്കാഡമിക് കൗൺസിൽ എന്നിവയിൽ അംഗം 28. സിംലയിലെ ഇൻഡ്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് അംഗം 29. ഇൻഡ്യാ ഗവൺമെന്റിന്റെ ഓൾ ഇൻഡ്യാ ബോർഡ് ഓഫ് മാനേജ്സ്റ്റഡീസ് അംഗം 30. എറണാകുളം ഡിസ്ട്രിക്ട് ടൂറിസം ഡവലപ്മെന്റ് കൗൺസിൽ അംഗം 31. കേരളസംസ്ഥാന സാക്ഷരതായജ്ഞ സമിതി അംഗം 32. ഇൻഡ്യൻ കൗൺസിൽ ഓഫ് സോഷ്യൽസയൻസ് റിസേർച്ച് ഓണററികൺസൽട്ടന്റ് 33. ഓൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ ഓണററി കൺസൽട്ടന്റ് 34. ചാണ്ടിഗർ പഞ്ചാബ് യൂണിവേഴ്സിററി ഫെലോസെനററ് അംഗം 35. ആന്ധ്രാപ്രദേശ് യൂണി.

www.malankaralibrary.com

റിവ്യൂകമ്മററി അംഗം 36. ലുധിയാനാ ക്രിസ്റ്റ്യൻ മെഡിക്കൽ കോളേജ് ഗവേണിംഗ് ബോർഡ് അംഗം 37. കേരളാ ഗവൺമെന്റ് തൊഴിൽ അധിഷ്ഠിതകോഴ്സ് കമ്മററി ചെയർമാൻ 38. കേരളാഗവൺമെന്റ് ഐ.എച്ച്.ആർ.ഡി.ഇ. പുനസംഘടനാസമിതി അംഗം 39. കൊച്ചിൻ സ്റ്റോക്ക് എക്സ്ചേഞ്ച് ഡയറക്ടർ ബോർഡ് അംഗം 40. കുററിപ്പുറം എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഉപദേശകസമിതി അംഗം 41. കേരളത്തിൽ കാർഷികരംഗത്തെ ഗാട്ട് സ്വാധീനത്തെപ്പററി വിലയിരുത്താൻ ഗവൺമെന്റ് നിയോഗിച്ച വിദഗ്ദ്ധസമിതി ചെയർമാൻ 42. യു.ജി.സി. നിയോഗിച്ച കേന്ദ്രീയ യൂണിവേഴ്സിററികൾക്കുള്ള ധനസഹായ തുടർപ്രക്രിയാസമിതി ചെയർമാൻ 43. കൊച്ചിൻ പൗരമുന്നണി ചെയർമാൻ 44. കേരളാ താരതമ്യപഠന അസോസ്യേഷൻ പ്രസിഡണ്ട് 45. ന്യൂഡൽഹി എ.ഐ.സി.ററി ഇന്റർനാഷണൽ ബോർഡ് ഓഫ് അക്രഡിറേഷൻ അംഗം 46. എ.ഐ.സി.ററി.ഇ. സൗത്ത് വെസ്റ്റേൺ റീജണൽ കമ്മററി അംഗം 47. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിററി റിവ്യു കമ്മററി അംഗം 48. ഗുഡ്സമരിററൻ പ്രോജക്ട് ഇന്ത്യാ അംഗം 49. മണിപ്പാൽ മാഹികൺസൽട്ടൻസി സർവ്വീസ് അംഗം 50. മണിപ്പാൽ അക്കാഡമി ഓഫ് ഹയർ എഡ്യൂക്കേഷൻ (ഡീംഡ് യൂണിവേഴ്സിററി) അംഗം 51. യു.ജി.സി. മനുഷ്യാവകാശസ്റ്റാൻഡിംഗ് കമ്മററി കൺവീനർ 52. ഓശാനനഗർ സി.ആർ.എൽ.എസ്. ചെയർമാൻ

**നേടിയ ബഹുമതികൾ**

1. ട്രാവൻകൂർ യൂണി. തലത്തിൽ 1942 ൽ ഏററവും മികച്ച പ്രസംഗകനുള്ള സചിവോത്തമഷഷ്ട്യബ്ദ പൂർത്തി സ്മാരക സ്വർണ്ണ മെഡൽ. 2. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽനിന്നും 1943 ൽ ഗുഡ് കോൺടക്ററ്പ്രൈസ് 3. ഡിബേററ്, പ്രസംഗം, അക്ഷരശ്ലോകം, ദ്രുതകവനം, ലേഖനരചന എന്നീ മത്സരങ്ങളിൽ 1943 ൽ ഒന്നാംസമ്മാനം. 4. ലക്ക്നോ യൂണി. എം.എ. ഡിഗ്രിപരീക്ഷയിൽ ഒന്നാംക്ലാസ്സോടെ പ്രഥമസ്ഥാനം നേടിയതിന് 1948 ൽ വംഗല നരസിംഹഗഗാരു സ്മാരക സ്വർണ്ണമെഡൽ 5. ഹാർവാർഡ് യൂണി. ഫുൾബ്രൈററ് സ്മിത് മന്റ് സ്കോളർപദവി (1953–54) 6. 1977–81 കാലഘട്ടത്തിൽ കൊച്ചിൻ യൂണി. വൈസ് ചാൻസലർ പദവി 7. കൊച്ചിയിൽ കളമശ്ശേരിയിലെ ഏഷ്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഡവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ് ഓണററി ഡയറക്ടർ ജനറലായി 1982 മുതൽ സേവനമനുഷ്ഠിക്കുന്നു.

**മുൻകാലപദവികൾ**

1. 1964–77കേരളായൂണി. മാനേജ്മെന്റ് വകുപ്പ് സ്ഥാപകഡയറക്ടർ, പ്രഫസർ (1964–71) കൊച്ചിൻ യൂണി. മാനേജ്മെന്റ് ഫാക്കൽററിഡീൻ (1971–77) 2. 1962 – ഇൻഡ്യൻ അഡ്മിനിസ്ട്രേററീവ് സ്റ്റാഫ് കോളേജ് (ഹൈദരാബാദ്) സ്റ്റാഫ്ഡയറക്ടർ 3. 1955–62 – ഡൽഹി യൂണി. സ്കൂൾ ഓഫ് ഇക്കണോമിക്സ് – ഇക്കണോമിക് അഡ്മിനിസ്ട്രേഷൻ ബിരുദാനന്തര

www.malankaralibrary.com

ബിരുദ വകുപ്പുമേധാവി 4. 1950-55 - പാററ്നാ യൂണി. രാഷ്ട്രമീമാംസ നിയമബിരുദാനന്തരബിരുദവകുപ്പുകളിൽ രാഷ്ട്രമീമാംസ പൊതുഭരണ ലക്ചറർ 5. 1948-50 - ലക്ക്നോ യൂണി. രാഷ്ട്രമീമാംസവിഭാഗം ലക്ചറർ 6. 1963 - പെൻസിൽവേനിയ യൂണിവേഴ്സിററിയിലെ ധനകാര്യ-വാണിജ്യ വകുപ്പായ വാർട്ടൺസ്കൂൾ വിസിററിംഗ് പ്രൊഫസർ 7. 1971 - ഇന്ത്യാ-യു.എസ്.എസ്.ആർ ഗവൺമെന്റുകളുടെ സാംസ്ക്കാരിക വിനിമയ പരിപാടി അനുസരിച്ച് മോസ്ക്കോ-നോവോബിബിർസ്ക് യൂണിവേഴ്സിററി വിസിററിംഗ് പ്രൊഫസർ 8. 1972-ഏഷ്യൻ യൂണിവേഴ്സിററികൾക്കായി ബിരുദതലത്തിൽ അനുയോജ്യമായ മാനേജ്മെന്റ് പഠനപദ്ധതി ആവിഷ്ക്കരിക്കാൻ മലയായിൽ രൂപീകൃതമായ യുനെസ്കോ വിദഗ്ദ്ധസമിതി അംഗം. 9. 1976 - ഹാവായിലെ ഹോണോലുലു ഈസ്റ്റ് വെസ്റ്റ് സെന്റർ വിസിററിംഗ് പ്രഫസർ 10. 1982 - ഹരിയാനാകുരുക്ഷേത്രയൂണി. മാനേജ്മെന്റ് വകുപ്പ് ഓണററി പ്രഫസർ 11. 1984- വികസ്വരരാജ്യങ്ങളിലെ വികസന പ്രശ്നങ്ങളെപ്പററി ഇന്ത്യയെ പ്രത്യേകം പരാമർശിച്ച് ക്യാനഡായിലെ 16 യൂണിവേഴ്സിററികളിൽ പ്രഭാഷണപരമ്പരയ്ക്കായി കനേഡിയൻ ഏഷ്യൻ സ്റ്റഡീസ് അസോസേയ്ഷൻ (CASA) നൽകിയ ക്ഷണമനുസരിച്ച് പ്രഭാഷണപരമ്പര നടത്തി. 12. 1980-84 - ഇൻഡ്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസേർച്ച് (ന്യൂഡൽഹി) അംഗം 13. 1979-82 - യുനെസ്കോയുമായി സഹകരിക്കാൻ ഇൻഡ്യാ ഗവ.രൂപീകരിച്ച ഇൻഡ്യൻ നാഷണൽ കമ്മററി അംഗം 14. 1981-83, 1995-97 ന്യൂഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിററി എക്സിക്യൂട്ടീവ് കൗൺസിൽ അംഗം 15. 1971-86 തിരുവനന്തപുരത്തെ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് ഗവേണിംഗ്ബോർഡ് അംഗം 16. 1977-88 തിരുവനന്തപുരത്തെ ഇൻസ്റ്റിററ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് ഗവേണിംഗ് ബോർഡ് അംഗം 17. 1982-85 ബനാറീസ് ഹിന്ദു യൂണി. കോർട്ട് അംഗം 18. 1980-83 ഹൈദരാബാദിലെ സെൻട്രൽ യൂണി. കോർട്ട് അംഗം. 19. 1982-90 പാററ്നായിലെ എൽ.എൻ. മിശ്രാ ഇൻസ്റ്റിററ്യൂട്ട് ഓഫ് സോഷ്യൽ ആന്റ് ഇക്കണോമിക് ഡവലപ്മെന്റ് ഗവേണിംഗ് ബോർഡ് അംഗം 20. 1988-91 കേരളാ ഗവ. ടൂറിസം ഉപദേശകസമിതി അംഗം 21. 1981-84 കേരളാ സ്റ്റീൽ ഇൻഡസ്ടീസ് ഡയറക്ടർ 22. 1980-90 വെൽട്ടൻ പ്രഫാബ് എലമെന്റ്സ് ലിമിററഡ് ഡയറക്ടർ 23. 1972-90 ഒ.ഇ.എൻ. ഇൻഡ്യാ ലിമിററഡ് ഡയറക്ടർ

**ഔദ്യോഗിക ദൗത്യങ്ങൾ അനുഭവപരിചയം**

1. 967-75 കേരളാ യൂണി. ഫാക്കൽററി ഓഫ് കൊമേഴ്സ് ഡീൻ 2. 1969-76 കൊച്ചിൻ യൂണി. ഫാക്കൽററി ഓഫ് സോഷ്യൽ സയൻസസ് ഡീൻ 3. 1956-62 ഡൽഹി യൂണി. പി.എച്ച്.ഡി. വിദ്യാർത്ഥികളുടെ റിസേർച്ച് ഗൈഡ് 4. 1964-72 കേരളായൂണി. പി.എച്ച്.ഡി. വിദ്യാർത്ഥികളുടെ റിസേർച്ച് ഗൈഡ് 5. 973-74 കേരളാ മാനേജ്മെന്റ്

www.malankaralibrary.com

അസോസിയേഷൻ പ്രസിഡണ്ട് 6. 1975 ഇൻഡ്യയിലെ യൂണിവേഴ്സിററികളിൽ എം.ബി.എ. കോഴ്സിന് കറസ്പോണ്ടന്റ് കോഴ്സ് ആരംഭിക്കുന്നതിനെപ്പററി പഠന റിപ്പോർട്ട് അവതരിപ്പിക്കാൻ യു.ജി.സി. നിയോഗിച്ച കമ്മററി ചെയർമാൻ. 7. 1957-62 ഇൻഡ്യ ഗവ. പ്ലാനിംഗ് കമ്മീഷൻ നിയോഗിച്ച ഗവേഷണപരിപാടിസമിതി അംഗം 8. 1972-75 നാഷണൽ പ്രൊഡക്ടിവിററി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മററി അംഗം 9. 1973-78 ഓൾ ഇൻഡ്യാ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടീവ് കൗൺസിൽ അംഗം 10. 1978-82 ഇൻഡ്യൻയൂണിവേഴ്സിററീസ് അസോസിയേഷൻ സ്റ്റാൻഡിംഗ് കമ്മററി അംഗം 11. 1975-82 കൊമേഴ്സ് വിദ്യാഭ്യാസത്തിനായുള്ള യു.ജി.സി. പാനൽ അംഗം 12. 1971-2000 ഓൾ ഇൻഡ്യാ ബോർഡ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് അംഗം 13. 1972-73 കേന്ദ്രവിദ്യാഭ്യാസവകുപ്പ് മാനേജ്മെന്റ് വിദ്യാഭ്യാസത്തിനായി നിയോഗിച്ച വിലയിരുത്തൽ സമിതി അംഗം 14. 1957-62 ഡൽഹി യൂണി. വിദ്യാർത്ഥിയൂണിയൻ ഓണററി ട്രഷറർ, പ്രഫസർ ഇൻചാർജ് 15. 1954-56 പാററാനായിലെ 'സോഷ്യൽസ്റ്റഡീസ്' എഡിററർ 16. 1962-64 ഹൈദരാബാദിലെ അഡ്മിനിസ്ട്രേററീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യയുടെ ജേർണൽ എഡിററർ 17. 1970-78 'ഇൻഡ്യൻ മാനേജർ' എഡിററർ ഇൻ ചീഫ് 18. 1969-78 സ്കൂൾ ഓഫ് മാനേജ്മെന്റ് - മാനേജ്മെന്റ് ഇൻഫർമേഷൻ സർവ്വീസ് ബോർഡ് ഓഫ് എഡിറേറഴ്സ് ചെയർമാൻ 19. 1964-72 കേരളായൂണി ബോർഡ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ചെയർമാൻ 20. 1965-72 എഫ്.എ.സി.ററി. മാനേജ്മെന്റ് ഡവലപ്മെന്റ് ആന്റ് ട്രെയിനിംഗ് ഓണററി അഡ്വൈസർ 21. 1950-55 പാററ്നായിലെ ഗവൺമെന്റേതര ഏജൻസി യുണൈററഡ്നേഷൻസ് വോളണ്ടറി കറസ്പോണ്ടന്റ് 22. 1969-77 മധുരയൂണി. ബിസിനസ് മാനേജ്മെന്റ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗം 23. 1973-78 മൈസൂർ യൂണി. ബിസിനസ് മാനേജ്മെന്റ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗം 24. 1972-80 കർണ്ണാടക യൂണി. ബിസനസ് മാനേജ്മെന്റ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗം 25. 1975-80 മദ്രാസ് യൂണി. ബിസനസ് മാനേജ്മെന്റ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗം 26. 1965-69, 1982-87 കേരളാ ഗവ. ആസൂത്രണ ഉപദേശകസമിതി അംഗം 27. 1972-73 പ്ലാനിംഗ് കമ്മീഷൻ ഇൻഡസ്ട്രി ടാസ്ക്ഫോഴ്സ് അംഗം 28. 1965-69 എറണാകുളം ജില്ലാ വികസനസമിതി അംഗം 29. 1969-75 കേരളാ യൂണി. സിൻഡിക്കേററ് അംഗം 30. 1964-75 കേരളാ യൂണി. സെനററ് അംഗം 31. 1969-76 കേരളാ യൂണി. അക്കാഡമിക് കൗൺസിൽ, സ്റ്റാൻഡിംഗ് കമ്മററി അംഗം 32. 1967-72 കേരളാ യൂണി. ജനറൽ ഇൻസ്പെക്ടർ കമ്മീഷൻ അംഗം 33. 1964-71 കേരളാ യൂണി. റിസേർച്ച് കൗൺസിൽ അംഗം 34. 1969-78 കാലിക്കററ് യുണിവേഴ്സിററി കോമേഴ്സ്, മാനേജ്മെന്റ് ഫാക്കൽററി അംഗം 35. 1974-77 കേരളാ

www.malankaralibrary.com

അഗ്രികൾച്ചറൽ യൂണി. ജനറൽ കൗൺസിൽ, റിസേർച്ച് കൗൺസിൽ അംഗം 36. 1967-70 കേരളാസ്റ്റേററ് പ്രൊഡക്ടിവിററി കൗൺസിൽ ഓണററി സെക്രട്ടറി - 1965-76 ഓണററി വൈസ് പ്രസിഡണ്ട്.

**ഇതരപദവികൾ**

ഇൻഡ്യൻ പൊളിററിക്കൽ സയൻസ് അസോസിയേഷനിലും, ഇൻഡ്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷനിലും, ഇൻഡ്യൻ ലോ ഇൻസ്റ്റിററ്യൂട്ടിലും ആയുഷ്ക്കാലാംഗമാണ് ഡോ. പൈലി.

B അംഗത്വം

1. ഇൻസ്റ്റിററ്യൂട്ട് ഓഫ് ഇക്കണോമിക് ആൻഡ് സോഷ്യൽ ചേഞ്ച്, ബ്ലാംഗ്ലൂർ (സ്ഥാപകാംഗത്വം)
2. ഇന്റർനാഷണൽ പൊളിററിക്കൽ സയൻസ് അസോസിയേഷൻ
3. അസോസിയേഷന്റെ താരതമ്യപ്രാതിനിധ്യത്തിനും തെരഞ്ഞെടുപ്പു സമ്പ്രദായത്തിനുമായുള്ള ഗവേഷണസമിതി എക്സിക്യൂട്ടീവ്
4. താരതമ്യപഠനങ്ങൾക്കായുള്ള കേരളാ അസോസിയേഷൻ പ്രസിഡണ്ട്

**ഇംഗ്ലീഷ് ലേഖനങ്ങളിൽ ഏററവും ശ്രദ്ധേയമായവ താഴെപ്പറയുന്നവയാണ്.**

1. Stop singing while your voice is still good 'The vice chancellors Remember' 2. Party Politics in Campuses 'Urgency of value Education and Primary of Girl Child' 3. The Grievances of Teachers and their Redressal P.297 Higher Education in India 4. Looking Back p.59 On Being a Teacher 5. Governance of Universites P.139 'Indian University System' 6. Nehru and secularism in India Minorites and secularism' 7. General Elections in India, 1989 (Leaflet) 8. Higher Education in Kerala- Problems and solutions (Leaflet) 9. Reforming Higher Education (Leaflet) Dr. John Mathai Enviornment Lectures, 1994.


പ്രമുഖ വിദ്യാഭ്യാസപ്രവർത്തകനായ ഡോ. എം.വി. പൈലിക്ക് പത്മ ഭൂഷൺ ബഹുമതി 2006 ൽ നൽകി കേന്ദ്രഗവൺമെന്റ് ആദരിച്ചു.

വിലാസം - ഡോ.എം.വി. പൈലി,
മൂലവട്ടം,
എച്ച്.എം.റ്റി. കോളനി പി.ഒ.,
കളമശ്ശേരി,
കൊച്ചി - 680503

www.malankaralibrary.com

# 20

# അഡ്വ. ജെയിംസ് മാക്കീൽ



അഭിഭാഷക പ്രമുഖനായ അഡ്വ. ജെയിംസ് മാക്കീൽ കോട്ടയത്തെ പുരാതനവും പ്രസിദ്ധവുമായ മാക്കീൽ കുടുംബത്തിൽ തോമസ് മറിയാമ്മ ദമ്പതികളുടെ പുത്രനായി 1920 മേയ് 14-ന് ജനിച്ചു. മഹത്തായ ചരിത്രവും പാരമ്പര്യവും സംസ്കാരവുമുള്ള ക്നാനായ സമുദായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിയ്ക്കും പ്രശസ്തിക്കും വേണ്ടി പ്രവർത്തിക്കുകയും അംഗങ്ങളിൽ സമുദായബോധവും ആത്മാഭിമാനവും വളർത്തുന്നതിന് നിർണ്ണായകമായ പങ്കു വഹിക്കുകയും ചെയ്ത ക്നാനായ കത്തോലിക്ക കോൺഗ്രസിന്റെ സ്ഥാപക പിതാക്കളിൽ ഒരാളും സ്ഥാപക വൈസ് പ്രസിഡണ്ടുമാണ് അദ്ദേഹത്തിന്റെ പിതാവ്. സഭയ്ക്ക് മാർ മത്തായി മാക്കിൽ മെത്രാനടക്കം പ്രഗത്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്ത കുടുംബമെന്ന നിലയിൽ മാക്കിൽ കുടുംബം പ്രസിദ്ധമാണ്.

കോട്ടയത്തെ എം.ഡി. സെമിനാരി സ്കൂൾ, സി.എം.എസ്സ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനു ശേഷം എറണാകുളത്തെ മഹാരാജസ് കോളേജിൽ ചേർന്ന് ബിരുദവും തിരുവനന്തപുരത്ത് ലോ കോളേജിൽ നിന്ന് നിയമബിരുദവും നേടി. തുടർന്ന് അഭിഭാഷകനായി എൻറോൾ ചെയ്തു. 1959-ൽ അസോസിയേഷൻ ഓഫ് പ്ലന്റേഴ്സ് ഓഫ് കേരള (എ.പി.കെ) യിൽ ജോലി സ്വീകരിച്ചു. എ.പി.കെ യുടെ അഡ്വൈസറായി ഇപ്പോഴും പ്രവർത്തിക്കുന്നു. ഇൻഡസ്ട്രിയൽ ലോയിലാണ് അദ്ദേഹം പ്രത്യേകം ശ്രദ്ധ പതിപ്പിച്ചത്. "മാക്കീൽസ് ഗൈഡ് റ്റു ഇൻഡസ്ട്രിയൽ ലോ" എന്ന ഗ്രന്ഥം രചിച്ചു. അതിന്റെ അഞ്ചു പതിപ്പുകൾ പുറത്തിറങ്ങി. അഖിലേന്ത്യാടിസ്ഥാനത്തിൽ നിയമജ്ഞരുടെയിടയിൽ വളരെയധികം ശ്രദ്ധപിടിച്ചു പറ്റിയ ഈ ഗ്രന്ഥത്തിന്റെ തുടർ പതിപ്പുകൾ പ്രസിദ്ധീകരിക്കുവാൻ ആരോഗ്യപരമായ കാരണങ്ങളാൽ സാധിച്ചില്ല.

നിയമജ്ഞനായ അഡ്വ. ജെയിംസ് മാക്കീൽ ഒരു ബൈബിൾ പണ്ഡിതൻ കൂടിയായിരുന്നു. ദൈനംദിന വായനക്കു വേണ്ടി ബൈബിൾ ഭാഗങ്ങൾ ചെറു പുസ്തകങ്ങളായി പ്രസദ്ധീകരിക്കുകയുണ്ടായി. സാധാരണക്കാരെ ഈ ചെറു പുസ്കങ്ങൾ വളരെയധികം ആകർഷിച്ചു.

ക്നാനായ കത്തോലിക്കാ സമുദായത്തിന്റെ ഔദ്യോഗിക സംഘടനയായ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരുകയുണ്ടായി. രണ്ടു പ്രാവശ്യം അദ്ദേഹം ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ പ്രസിഡണ്ട് സ്ഥാനം വഹിച്ചു. സംഘട

www.malankaralibrary.com

നയ്ക്ക് ഒരു പുതു ജീവൻ നൽകുന്നതിനും കോൺഗ്രസിന്റെ പോഷക സംഘടനകൾ ശക്തിപ്പെടുത്തുന്നതിനും അദ്ദേഹം ശ്രമിച്ചു. മാർപാപ്പയുടെ ഭാരത സന്ദർശാവസരത്തിൽ അഡ്വ. ജെയിംസ് മാക്കീൽ ക്നാനായ കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ടായിരുന്നു. കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തനങ്ങളിൽ സജീവമായി പങ്കു ചേർന്ന അദ്ദേഹം എ.കെ.സ.സി. ഇല്കഷൻ ബോർഡിലും ഇല്കഷൻ ട്രൈബ്യൂണലിലും അംഗമായി പ്രവർത്തിച്ചിട്ടുണ്ട്.

ക്നാനായ സമുദായത്തിന്റെ ഔദ്യോഗിക വക്താവെന്ന നിലയിൽ ചെറു ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. മാക്കീൽ പിതാവിന്റെ ദെക്രേത്തിനെപ്പറ്റി അദ്ദേഹം രചിച്ച ഗ്രന്ഥം പ്രസിദ്ധമാണ്. മാർ മാക്കീൽ രചിച്ച ആ ദക്രേത്ത് പുസ്തകത്തിന്റെ പൂർണ്ണമായ പേര് താഴെ ചേർക്കുന്നു. "ചങ്ങനാശ്ശേരി ശ്ലീഹായ്ക്കടുത്ത വികാരിയാത്തിലെ പള്ളി ഭരണത്തിനായി വിശ്വാസം, വൈദികർ, വിശ്വാസികൾ, കൂദാശകൾ, ദേവാലയങ്ങൾ, പെരുനാൾ, പള്ളിക്കും പട്ടക്കൾക്കുമുള്ള വരുമാനങ്ങൾ മുതലായി മറ്റും പല സംഗതികൾ സംബന്ധിച്ചുള്ള നിയമങ്ങളും കല്പനകളും അടക്കിക്കൊള്ളുന്ന ദക്രേത്ത് പുസ്തകം".

മാർ മാത്യു മാക്കീലിന്റെ ദക്രേത്തു പുസ്തകത്തിന്റെ ചരിത്രപരവും നിയമപരവുമായ പഠനം ആദ്യം നടത്തിയത് അഡ്വ. ജെയിംസ് മാക്കീലായിരുന്നു. ആ ഗ്രന്ഥം അതിനാൽ തന്നെ പ്രാധാന്യം അർഹിക്കുന്നുണ്ട്. അതിനുശേഷം ഫാ. മാത്യു മൂലക്കാട്ട് (ഇപ്പോഴത്തെ ആർച്ച് ബിഷപ്പ്) ഒരു പഠനം വിപുലമായി തോതിൽ നടത്തിയിട്ടുണ്ട്.

ഇപ്പോൾ ജെയിംസ് ഒരു ക്യാൻസർ രോഗ ബാധിതനാണ്. ക്യാൻസർ രോഗം ബാധിച്ചതിനെ തുടർന്ന് അദ്ദേഹം "ഒരു ക്യാൻസർ രോഗിയുടെ ആത്മകഥ" എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചു. ഈ ഗ്രന്ഥം അനേകർക്ക് ആശ്വാസം നൽകുന്ന ഒരു ഗ്രന്ഥമാണ്.

അഡ്വ. ജെയിംസ് മാക്കീലിന്റെ സേവനങ്ങളെ ആദരിച്ച് പ. ജോൺപോൾ രണ്ടാമൻ മാർപാപ്പ 1988-ൽ പ്രൊ-എക്ലേസിയ എത് പൊന്തിഫിച്ചെ എന്ന ബഹുമതി നൽകി ആദരിച്ചു.

വിലാസം - അഡ്വ. ജെയിംസ് മാക്കീൽ,
കോട്ടയം - 4

www.malankaralibrary.com

# 21



# മദർ അനസ്താസ്യാ എച്ച്.എം.

കേരളക്രൈസ്തവസഭയ്ക്ക് പല പ്രഗത്ഭരായസമുദായ നേതാക്കളെയും സംഭാവനചെയ്ത കോതമംഗലത്തെ പുരാതനവും പ്രശസ്തവുമായ ഇലഞ്ഞിക്കൽകുടുംബത്തിൽ സ്വാതന്ത്ര്യസമരസേനാനിയും പൊതു പ്രവർത്തകനുമായിരുന്ന വി.ജോസഫിന്റെ പത്തുമക്കളിൽ ഏറ്റംമൂത്തവളായി 1920 ജൂൺ 10-ാം തീയതി മദർ അനസ്താസ്യാ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം കോതമംഗലത്തുതന്നെ നടത്തി.

മതപഠനക്ലാസ്സുകളിൽ ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ മിഷനറിമാർ നടത്തുന്ന സേവനങ്ങളെയും അവർ അനുഭവിക്കുന്ന ത്യാഗങ്ങളെയുംപറ്റി കേട്ടറിഞ്ഞു. വിദൂരസ്ഥലങ്ങളിൽ പോയി മിഷനറിപ്രവർത്തനം നടത്തി, ക്രസ്തുസന്ദേശം പ്രചരിപ്പിക്കണമെന്നും ആതുരശുശ്രൂഷയിൽ ഏർപ്പെടണമെന്നും അന്നേ അവർ തീരുമാനിച്ചിരുന്നു. അക്കാലത്ത് കുരിശിന്റെ ദാസിസമൂഹത്തിലെ സന്യാസിനികൾ അർത്ഥിനികളെ സ്വീകരിക്കാൻ കേരളത്തിൽ എത്തി. അവരുടെ കൂട്ടത്തിൽ 15 വയസ്സുള്ള ചരിത്രനായിക കൽക്കത്തയിലേയ്ക്ക് പോയി. ആദ്യവ്രതം കെർസിയോങ്ങിൽ വച്ച് 1938 ഒക്ടോബർ 22ന് നടന്നു. വ്രതവാഗ്ദാനത്തിനുശേഷം ഗാംഗപൂർ മിഷനിൽ പ്രവർത്തിക്കുന്നതിനായി സിസ്റ്ററിനെ നിയോഗിച്ചു. അവിടെ അദ്ധ്യാപികയായിരുന്നെങ്കിലും ഭവന സന്ദർശങ്ങളും മതാദ്ധ്യാപനവും നടത്തി. സഭാസ്ഥാപകനായ ഫാ. എഡ്മണ്ട് ഹാരിസൺ, സിസ്റ്ററിന്റെ പ്രവർത്തനത്തിൽ സംതൃപ്തനായി. സി. അനസ്താസ്യായുടെ മിഷൻ സ്പിരിറ്റ് എല്ലാവരെയും അകർഷിച്ചു. കൽക്കത്തയിൽവച്ച് 1945 ജനുവരി 11 -ന് അനസ്താസ്യാ നിത്യവ്രതം അനുഷ്ഠിച്ചു.

മോൺ ഹെർമാൻ വെസ്റ്റർമാൻ, എസ്. വി.ഡി, പുതിയ സാംബൽപൂർ രൂപതയുടെ മെത്രാനായി സ്ഥാനാരോഹണം ചെയ്തു. അദ്ദേഹം മരിയ ദാസിസമൂഹത്തിന് പ്രത്യേകപരിഗണന നൽകുകയുണ്ടായി. അവരുടെ നൊവിഷ്യറ്റ് ഭവനം തന്റെ ബിഷപ്സ് ഹൗസിന്റെ സമീപത്തേക്കു മാറ്റുകയും അവർക്ക് പരിശീലനം നൽകാൻ കുരിശിന്റെ പുത്രിമാരുടെ സമൂഹത്തെ ക്ഷണിക്കുകയും ചെയ്തു. ഈ ചുമതല സി. അനസ്താസിയെയാണ് ഏല്പിക്കപ്പെട്ടത്. 1952 -ൽ ഈ ചുമതല ഏറ്റെടുത്ത അനസ്താസിയ ക്രമേണ ആ ഭവനവുമായി ഇഴുകിചേർന്നു. സിസ്റ്റർ സ്വന്തം മാതൃസമൂഹം വിട്ട് മരിയ ദാസിസമൂഹത്തിൽ 1954 മാർച്ച് 25-ാം തീയതി അംഗത്വം സ്വീകരിച്ചു. കുരിശിന്റെ പുത്രി സമൂഹത്തിൽ 18 വർഷം സേവനമനുഷ്ഠിച്ചതിനുശേഷമാണ് പുതിയ സഭയിൽ അംഗമാകുന്നത്. 1958 -ൽ ആണ്

www.malankaralibrary.com

മരിയദാസി സമൂഹത്തിന്റെ ഭരണഘടന അംഗീകൃതമായത്. അതേവർഷം നടന്ന ജനറൽ ചാപ്റ്ററിൽ വച്ച് സി. അനസ്താസിയായെ സുപ്പീരിയർ ജനറലായി തുരഞ്ഞെടുക്കപ്പെട്ടു. നോവീസ് മിസ്റ്ററസ്, സ്ഥലത്തെ സുപ്പീരിയർ, സുപ്പീരിയർ ജനറൽ എന്നീ മൂന്നു ചുമതലകളും അവർ ഒരേ കാലത്ത് നിർവ്വഹിച്ചു. സമൂഹത്തിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനായി വർഷംതോറും കേരളത്തിൽ പര്യടനം നടത്തുകയും ചെയ്തിരുന്നു.

കേരളത്തിൽ നിന്നുവന്ന അർത്ഥിനികൾ പലരും വിദ്യാഭ്യാസം കുറഞ്ഞവരായിരുന്നു. നൊവിഷ്യേറ്റ് പരിശീലന മാധ്യമം ഇംഗ്ലീഷ് ആയിരുന്നതുകൊണ്ട് മനസ്സിലാക്കാൻ പ്രയാസപ്പെടുകയും ചെയതു. തന്മൂലം നോവീസ് മിസ്റ്ററസിന്റെ ജോലി വളരെ ക്ലേശകരമായിരുന്നു. അർത്ഥിനികൾക്ക് പ്രേഷിതരംഗത്ത് ഫലപ്രദമായ സേവനം ചെയ്യുവാൻ തക്ക സുശക്തമായ പരിശീലനം സി. അനസ്താസിയ നൽകുകയുണ്ടായി.

1964 -ൽ സിസ്റ്റർ വീണ്ടും സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടു. പരിശീലകയുടെ വ്യക്തിമാഹാത്മ്യത്തിൽ ആകൃഷ്ടരായ അർത്ഥിനികൾ അവരുടെ ഉന്നതാദർശങ്ങൾ അനായാസം സ്വായത്തമാക്കി. സ്ഥലത്തെ സുപ്പീരിയർ എന്നനിലയിൽ സി. അനസ്താസിയ കർശനക്കാരിയെങ്കിലും സ്നേഹമുള്ള അമ്മയായിരുന്നു. എല്ലാവരുടേയും പ്രശ്നങ്ങൾ ശ്രദ്ധിച്ചു കേൾക്കുകയും വേണ്ട നടപടികൾ അപ്പഴപ്പോൾ സ്വീകരിക്കുകയും ചെയ്തിരുന്നു.

സുപ്പീരിയർ ജനറൽ എന്ന നിലയിൽ അവരുടെ സംഘടനാപാടവവും പ്ലാനിംഗും അസാധാരണമായിരുന്നു. കീഴിലുള്ളവരുടെ കഴിവുകളും അഭിരുചികളും തിരിച്ചറിഞ്ഞ് ഓരോരുത്തരെയും യുക്തമായ ചുമതലകൾ ഏല്പിച്ചു. കീഴിലുള്ളവർ എത്ര തന്റേടികളാണെങ്കിലും അവരുടെ തെറ്റായ നിലപാടുകൾക്ക് മദർ അനസ്താസിയാ വഴങ്ങിയിരുന്നില്ല. എന്നാൽ ആരെയും അനാദരിച്ചുമില്ല. പ്രശ്നസ്ഥലങ്ങളിൽ ചെന്നെത്താൻ അനേകം മൈലുകൾ അവർ കാൽനടയായി സഞ്ചരിച്ചിട്ടുണ്ട്. അവർ ഒരേ സമയം ഏറ്റുമുട്ടുന്ന ധീരവനിതയും ക്ഷമിക്കുന്ന അമ്മയും കഠിനമായി അദ്ധ്വാനിക്കുന്നവളും മിതഭാഷിണിയും ആയിരുന്നു. പ്രാർത്ഥനാ, വായനാ. എഴുത്ത്, എന്നിവയ്ക്കെല്ലാം അവർക്ക് നിശ്ചിത സമയമുണ്ടായിരുന്നു. അവർ നല്ലൊരു എഴുത്തുകാരിയും വിദഗ്ദയായ പാചകിയും ആയിരുന്നു. കൽപ്പണി, ആശാരിപ്പണി എന്നിവയിലും വൈദഗ്ദ്ധ്യമുണ്ടായിരുന്നു.

വാർത്തകൾ ഒപ്പിയെടുക്കുന്ന മനസ്സും ഫലിതവാസനയുമുള്ള അവരുടെ ഭാഷണവും സന്യാസികൾക്ക് എന്നും പ്രയോജനകരമായിരുന്നു. കുരിശിന്റെ ദാസിസമൂഹത്തിന്റെ ഒരു പ്രൊവിൻഷ്യൽ പറഞ്ഞതുപോലെ "സിസ്റ്റർ അനസ്താസ്യായുടെ സഭാമാറ്റം ഞങ്ങൾക്ക് വലിയ നഷ്ടവും മരിയദാസി സമൂഹത്തിന് വൻനേട്ടവും ആയി."

സി. അനസ്താസിയായുടെ നേതൃത്വത്തിൽ മരിയദാസിസമൂഹം

www.malankaralibrary.com

വമ്പിച്ച വളർച്ച നേടി. ഇപ്പോൾ അവരുടെ സമൂഹത്തിൽ സ്വദേശത്തും വിദേശത്തും പരിശീലനം നേടിയ ഡോക്ടർമാർ , വിദ്യാഭ്യാസപ്രവർത്തകർ , സാമൂഹ്യപ്രവർത്തകർ എല്ലാമുണ്ട്. സഹോദരിമാർ ഇന്ന് പ്രേഷിത പ്രവർത്തനത്തിനുപുറമെ , ഹൈസ്ക്കൂളുകൾ, ആശുപത്രികൾ, കുഷ്ടരോഗികൾക്കുള്ള അഭയകേന്ദ്രം എല്ലാം നടത്തുന്നുണ്ട്.

ഒറീസ്സായിലെ ഗോത്രവർഗ്ഗക്കാരുടെയിടയിൽ ദീർഘനാൾ സിസ്റ്റർ പ്രവർത്തിച്ചിട്ടുണ്ട്. ഈ ഗോത്രവർഗ്ഗക്കാരുടെയിടയിലെ പ്രവർത്തനങ്ങളെ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി പ്രശംസിച്ചിട്ടുണ്ട്. പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയെ നേരിട്ട് സന്ദർശിക്കുന്നതിനുള്ള അവസരവും സിസ്റ്ററിന് ലഭിച്ചിട്ടുണ്ട്. ഈ സന്യാസസമൂഹത്തിന് വടക്കേഇന്ത്യയിൽ 54 ഭവനങ്ങളും കേരളത്തിൽ രണ്ടുഭവനങ്ങളും ഉണ്ട്. ഇപ്പോൾ സിസ്റ്റർ വിശ്രമജീവിതം നയിക്കുന്നു.

Address - Rev. Mother Mary Anastasia H.M., Hand Maids of Mary Covent, Kansbahaly, Suntrar Tara Dist., Orissa, 770034

# 22



## മിസ്സിസ് തങ്കമ്മ അന്ത്രപ്പേർ

പ്രമുഖ സാമൂഹ്യപ്രവർത്തയായ മിസ്സിസ് തങ്കമ്മ ജെ. അന്ത്രപ്പേർ എഴുപുന്നപാറായിൽ പുത്തൻവീട്ടിൽ തറവാട്ടിൽ 1920 സെപ്റ്റംബർ 4-ാം തീയതി ജനിച്ചു. പിതാവിന്റെ പേര് അവിരാതരകൻ. മാതാവ് ഏലീശ്വാ, അരങ്ങംപറമ്പിൽ ഷെവ. എ.സി.എം. അന്ത്രപ്പേരുടെ മകൻ എ.എം.ജെ. അന്ത്രപ്പേർ 1939-ൽ തങ്കമ്മയെ വിവാഹം ചെയ്തു. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിലും വനിതാക്ഷേമപ്രവർത്തനങ്ങളിലും പ്രത്യേകം ശ്രദ്ധ പതിപ്പിച്ച തങ്കമ്മ പൊതു പ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തു.

ഭർത്താവ് എ.എം. ജോസഫ് അന്ത്രപ്പേർ സ്വാതന്ത്ര്യസമരസേനാനിയായിരുന്നു. വിമോചനസമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ അന്ത്രപ്പേരെ അറസ്റ്റ് ചെയ്ത് പത്തു ദിവസം ജയിലിൽ പാർപ്പിച്ചു. ആ സന്ദർഭത്തിൽ ബോംബെയിലായിരുന്ന തങ്കമ്മ നാട്ടിൽ ഉടനെ തിരിച്ചെത്തി. ദേവകീകൃഷ്ണനെയും കൂട്ടി സ്തീകളെ സംഘടിപ്പിച്ച് ആദ്യത്തെ സ്ത്രീജനജാഥാ നയിച്ചു. വിമോചനസമരക്കാലത്ത് നടന്ന രാജ്ഭവൻമാർച്ചിൽ തങ്കമ്മയും പങ്കെടുത്തു. മന്നത്തുപത്മനാഭന്റെ ഏററവും അടുത്ത സുഹൃത്തുക്കളായിരുന്നു.

1975-ൽ വനിതാവർഷത്തോടനുബന്ധിച്ച് ശ്രീമതി തങ്കമ്മ ചേർത്തല

www.malankaralibrary.com


വിമൻസ് വെൽഫയർ കോ-ഓപ്പറേററീവ് സൊസൈററിക്ക് രൂപം നൽകി. അതിന്റെ പ്രസിഡണ്ടായി 1981 വരെ പ്രവർത്തിച്ചു. 500 പേർക്ക് ജോലി നൽകുന്ന ഒരു സ്വതന്ത്ര സ്ഥാപനമായി ഈ സ്ഥാപനം മാറിക്കഴിഞ്ഞു. ശ്രീമതി തങ്കമ്മ കൗൺസിൽ ഓഫ് കാത്തലിക് വിമൻ ഓഫ് ഇന്ത്യയുടെ കേരളാ റീജിയൻ പ്രസിഡണ്ടായി പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ ഗിൽഡ് ഓഫ് സർവ്വീസ് എന്ന സാധുജനസംരക്ഷണ സംഘടനയുടെ വൈസ് പ്രസിഡണ്ടായും പത്തനാപുരം റീജിയൻ ലയൺ ലേഡിസ് പ്രസിഡണ്ടായും സേവനം അനുഷ്ഠിക്കുകയുണ്ടായി. വിമൻ വെൽഫയർ സർവ്വീസിന്റെ എക്സിക്യൂട്ടീവ് അംഗമായി 1963 മുതൽ മൂന്നു ദശാബ്ദക്കാലം പ്രവർത്തിച്ച തങ്കമ്മ ഇടവക അതിരൂപതാ സംസ്ഥാനതലങ്ങളിൽ മതപരമായ പല സാമൂഹ്യപ്രവർത്തനങ്ങൾക്കും നേതൃത്വം വഹിച്ചിട്ടുണ്ട്. കത്തോലിക്കാ കോൺഗ്രസ് വർക്കിംഗ് കമ്മററിയിൽ ദീർഘകാലം അംഗമായി പ്രവർത്തിച്ച തങ്കമ്മ വാർഷികത്തോടനുബന്ധിച്ച് നടത്തപ്പെട്ട പല വനിതാസമ്മേളനങ്ങളിലും ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.

സംഘടനാ രംഗത്തും വനിതാക്ഷേമപ്രവർത്തനങ്ങളിലും മാതൃകാപരമായി നേതൃത്വം നൽകുന്ന - ജാതിമതചിന്തകൾക്കതീതമായി പാവങ്ങളുടെയും സമ്പന്നരുടെയും ആപ്തമിത്രമായി പ്രവർത്തിക്കുന്ന, ഏതൊരു നല്ല കാര്യത്തിലും യാതൊരു മടിയും ഇല്ലാതെ സഹകരിക്കുന്ന തങ്കമ്മ അന്ത്രപ്പേരിന് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് 1998-ൽ അശീതി അവാർഡ് നൽകി ആദരിച്ചു.

വിലാസം - ശ്രീമതി തങ്കമ്മ അന്ത്രപ്പേർ, അന്ത്രപ്പേർ ഗാർഡൻസ്,
ചേർത്തല, 688524.

# 23

# ഡോ. ഹെൻറിഓസ്റ്റിൻ



ഭാരതത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക നയതന്ത്ര മണ്ഡലങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ഹെൻട്രി ഓസ്റ്റിൻ കൊല്ലം ശക്തികുളങ്ങര കുരിശടി വീട്ടിൽ ഓസ്റ്റിൻ — ഫിലോമിന ദമ്പതികളുടെ എട്ടാമത്തെ സന്താനമായി 1920 ഒക്ടോബർ 24-ന് ജനിച്ചു. നാഗർ കോവിൽ കാർമ്മൽ ഹൈസ്ക്കൂൾ, മംഗലാപുരം സെന്റ് അലോഷ്യസ് കോളേജ്, തിരുവനന്തപുരം ആർട്ട്സ് കോളേജ്, എന്നിവിടങ്ങളിൽ പഠിച്ച് ബി.എ. ബിരുദം നേടി. തുടർന്ന് തിരുവനന്തപുരം ലോ കോളേജിൽ നിന്ന് 1944-ൽ നിയമബിരുദവും നേടി. തുടർന്ന് അമേരിക്ക

www.malankaralibrary.com

യിലെ വാഷിംഗ്ടൺ ഡി.സി. യിലുള്ള അമേരിക്കൻ യൂണിവേഴ്സിറ്റിയിൽ പഠിച്ച് എം.എ., പി.എച്ച്.ഡി. ബിരുദങ്ങൾ കരസ്ഥമാക്കി. India in Asia എന്നതായിരുന്നു ഡോക്ടറേറ്റിനുള്ള പ്രബന്ധവിഷയം.

ഇന്ത്യയിൽ മടങ്ങിയെത്തിയ ഹെൻട്രി ഓസ്റ്റിന് ഇന്ത്യാ ഗവൺമെന്റിന്റെ ലോ കമ്മീഷന് കീഴിൽ ഒരു Bibliographical Work ലഭിച്ചു. ഈ ജോലിയുമായി ബന്ധപ്പെട്ട് അമേരിക്കയിലെ ഹാർവാർഡ് സർവ്വകലാശാലയിൽ പോയി ഗവേഷണം നടത്തി. " A Bibliography Literature in United States on Judicial Administration and reforms of statue Law" എന്ന പ്രബന്ധം തയ്യാറാക്കി. അദ്ദേഹം കേരളാ സർവ്വകലാശാലയിലെയും കൊച്ചി സർവ്വകലാശാലയിലെയും സെനറ്റ് മെമ്പർ ആയിരുന്നിട്ടുണ്ട്. വിദ്യാർത്ഥിയായിരുന്നപ്പോൾ തന്നെ പാഠ്യരംഗത്തും പാഠ്യേതര രംഗത്തും ഉജ്ജ്വലപ്രകടനം കാഴ്ച വയ്ക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ഹൈസ്ക്കൂളിലും കോളേജിലും ഫുട്ബോൾ, ഹോക്കി ടീമുകളുടെ ക്യാപ്റ്റനായിരുന്നു അദ്ദേഹം. സ്ക്കൂളിൽ സ്കൗട്ട് ഗ്രൂപ്പ് ലീഡർ, യൂണിവേഴ്സിറ്റി ലേബർ കോറിൽ നോൺ കമ്മീഷൻഡ് ഓഫീസർ, കോളേജിൽ ഹിസ്റ്ററി അസോസിയേഷൻ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹം അമേരിക്കയിലായിരുന്നപ്പോൾ അവിടുത്തെ ഇന്ത്യൻ സ്റ്റുഡൻസ് അസോസിയേഷൻ സെക്രട്ടറിയുമായിരുന്നു.

കൊല്ലം സെന്റ് ജോസഫ്സ് ഹൈസ്ക്കൂളിൽ ഹെഡ്മാസ്റ്ററായി ഔദ്യോഗിക ജീവിതം ആരംഭിച്ച ഹെൻട്രി അധികം താമസിയാതെ തിരുവനന്തപുരം ഹൈക്കോടതിയിൽ വക്കീൽ ആയി എൻറോൾ ചെയ്തു. കൊല്ലം പഞ്ചായത്ത് കോടതിയിൽ മജിസ്ട്രേട്ട് ആൻഡ് ജഡ്ജ് ആയും സേവനം അനുഷ്ഠിച്ചു. ചെറുപ്പം മുതലേ പത്രപ്രവർത്തനത്തിൽ തല്പരനായിരുന്നു ഹെൻട്രി. കേരളാ പ്രസ്സ് സർവ്വീസിന്റെ റോവിംഗ് കറസ്പോണ്ടന്റായും മലയാളരാജ്യം, ദീപിക, ദിനമണി തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ ഫോറിൻ കറസ്പോണ്ടന്റായും പ്രവർത്തിച്ചു. എറണാകുളത്തു നിന്ന് Weekly Kerela, ബോംബെയിൽ നിന്ന് Christian people എന്നീ ആനുകാലികങ്ങൾ പ്രസിദ്ധീകരിച്ചു. എറണാകുളത്തു നിന്നും കേരളാ ടൈംസ് പ്രസിദ്ധീകരിക്കുന്നതിനോടും ദീനബന്ധു പത്രം പ്രസിദ്ധീകരിച്ച ഡെമോക്രാറ്റിക് പബ്ലിക്കേഷൻസിനോടും ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ഹെൻട്രി ഓസ്റ്റിൻ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഔദ്യോഗിക ജിഹ്വയായിരുന്ന Socialist India യോടും ബന്ധം പുലർത്തിയിരുന്നു.

വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയ പ്രവർത്തകനായി മാറിയ അദ്ദേഹം സ്വാതന്ത്ര്യ സമരകാലത്ത് തിരുവിതാംകൂർ വിദ്യാർത്ഥി കോൺഗ്രസിൽ ചേരുകയും സംസ്ഥാന കമ്മറ്റിയിൽ അംഗമായി പ്രവർത്തിക്കുകയും ചെയ്തു. സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭണകാലത്ത് തിരുവിതാംകൂർ രാജഭരണത്തിനെതിരായി ബ്രിട്ടീഷ് ടെറിട്ടറിയായ തങ്കശ്ശേരി കേന്ദ്രമായി സംഘ

www.malankaralibrary.com

ടിപ്പിക്കപ്പെട്ട സത്യാഗ്രഹികളുടെ രഹസ്യ ക്യാമ്പിന്റെ ചുമതല ഹെൻട്രി ഓസ്റ്റിനായിരുന്നു. സി.കേശവൻ, ടി. എം. വർഗീസ് തുടങ്ങിയ വൻകിട നേതാക്കളോടൊത്ത് സ്വാതന്ത്ര്യ പ്രക്ഷോഭണത്തിൽ പങ്കെടുത്ത അദ്ദേഹം 1949 -ൽ കൊല്ലം താലൂക്ക് കമ്മറ്റിയിൽ അംഗമായി പ്രവർത്തിച്ചു.

അമേരിക്കയിലെ പഠനം കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ 1957-ൽ കെ. പി.സി.സി. സെക്രട്ടറിയായി അദ്ദേഹത്തെ നിയോഗിച്ചു. അതേ വർഷം തന്നെ എ.ഐ.സി.സി. അംഗമായും തിരഞ്ഞെടുക്കപ്പെട്ടു. ദീർഘകാലം ആ പദവിയിലിരുന്ന് സേവനം അനുഷ്ഠിച്ചു. 1960-ൽ കേരളാ നിയമസഭയിലേക്ക് മത്സരിക്കുവാൻ കോൺഗ്രസ് പാർട്ടി ആവശ്യപ്പെട്ടെങ്കിലും ആ ക്ഷണം വിനയപൂർവ്വം നിരസിച്ച് സംഘടനാപ്രവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. വിമോചന സമരത്തിനു ശേഷം നടന്ന തിരഞ്ഞെടുപ്പിൽ കെ.പി.സി.സി. തിരഞ്ഞെടുപ്പു കമ്മറ്റിയുടെ സെക്രട്ടറി എന്ന നിലയിൽ സ്തുത്യർഹമായി പ്രവർത്തിച്ചു. 1965-ലെ തിരഞ്ഞെടുപ്പിൽ അദ്ദേഹം നിയമസഭാംഗമായി.

കോൺഗ്രസിലെ പിളർപ്പിനു ശേഷം നടന്ന 1969-ലെ ചരിത്ര പ്രധാനമായ കോൺഗ്രസിന്റെ ബോംബെ സമ്മേളനത്തിൽ പങ്കെടുക്കുകയും കോൺഗ്രസ് വർക്കിംഗ് കമ്മറ്റിയിൽ അംഗമാവുകയും ചെയ്തു. 1977 വരെ ആ സ്ഥാനത്തു തുടർന്നു. 1971-ലും 1977-ലും എറണാകുളം മണ്ഡലത്തിൽ നിന്നും പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1971-1973 കാലത്ത് എ.ഐ.സി.സി. ജനറൽ സെക്രട്ടറിയായിരുന്നു അദ്ദേഹം. ബംഗ്ലാദേശ് വിഭജനകാലത്ത് എ.ഐ.സി.സി. രൂപീകരിച്ച ബംഗ്ലാദേശ് ഡസ്കിൽ അംഗമായിരുന്നു ഹെൻട്രി ഓസ്റ്റിൻ.

1936 മുതൽ ട്രേഡ് യൂണിയൻ രംഗത്ത് പ്രവർത്തിക്കുന്ന അദ്ദേഹം 1949-ൽ ഇന്ത്യയിലാദ്യമായി ഒരു ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ രൂപീകൃതമായപ്പോൾ ശ്രീ ഹെൻട്രി ഓസ്റ്റിൻ കേരളാ സെറാമിക് ഫാക്ടറി വർക്കേഴ്സ് യൂണിയൻ പ്രതിനിധിയായി അതിലുണ്ടായിരുന്നു. വ്യവസായ തർക്ക രംഗത്ത് തൊഴിലാളികൾക്ക് ഇന്ത്യയിൽ ആദ്യമായി നൽകപ്പെട്ട കുഞ്ഞി - കൃഷ്ണ പിള്ള അവാർഡ് തരപ്പെടുത്തിയത് അദ്ദേഹമാണ്. പെട്രോളിയം വർക്കേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി, ശ്രീചിത്രാ ടെക്സ്റ്റൈൽ മിൽ വർക്കേഴ്സ് യൂണിയൻ പ്രസിഡന്റ്, കേരളാ നോൺ അവാർഡ് ബാങ്ക് എംപ്ലോയിസ് യൂണിയൻ പ്രസിഡന്റ്, തമിഴ്നാട്ടിലെ അണ്ണാമലൈ പ്ലാന്റേഷൻ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ പ്രസിഡന്റ്, കേരളാ പ്രൈവറ്റ് സ്കൂൾ നോൺ- ടീച്ചിംഗ് സ്റ്റാഫ് അസ്സോസിയേഷൻ സ്ഥാപക പ്രസിഡന്റ്, കേരളാ ഫിഷർ മെൻസ് യൂണിയൻ പ്രസിഡന്റ്, എന്നിങ്ങനെ വിവിധ തൊഴിലാളി പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്.

ഗ്രാമവികസനം ചെറുപ്പം മുതലേ അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. 1939-ൽ അദ്ദേഹം വെസ്റ്റ് ക്വയിലോൺ റൂറൽ ഡവലപ്പ്മെന്റ് സൊസൈറ്റി സ്ഥാപിച്ചു. അതിന്റെ ആഭിമുഖ്യത്തിൽ അഡൾററ് എഡ്യുക്കേഷൻ നൈറ്റ്

www.malankaralibrary.com

സ്ക്കൂൾ സ്ഥാപിക്കപ്പെട്ടു. ആ സ്ക്കൂളിന്റെ പ്രിൻസിപ്പൽ ഹെൻട്രി ഓസ്റ്റി നായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം സർക്കാർ നടത്തിയ പുനർനിർമ്മാണനപ്രവർത്തനങ്ങളിൽ സഹകരിക്കുവാൻ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് തീരുമാനിച്ചു. അപ്പോൾ അദ്ദേഹം കൊല്ലം താലൂക്കിലെ പീപ്പിൾസ് റിലീഫ് കമ്മറ്റിയുടെ സെക്രട്ടറിയായി. പിന്നീട് കല്ലടയാർ വെള്ള പ്പൊക്ക ബാധിതർക്കാശ്വാസം പകരാൻ റിലീഫ് കമ്മറ്റി രൂപീകരിച്ചപ്പോഴും അദ്ദേഹം സെക്രട്ടറിയായി. പിന്നീട് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ എറ ണാകുളത്ത് മൂന്നു കിലോമീറ്റർ ദൂരത്തിൽ കോന്തുരുത്തി തേവര റോഡ് നിർമ്മിച്ചു. ബി.എസ്.എസിന്റെ എറണാകുളം ജില്ലാ പ്രവർത്തകസമിതി യിലും പിന്നീട് ദേശീയപ്രവർത്തക സമിതിയിലും അദ്ദേഹത്തെ അംഗമായി തിരഞ്ഞെടുത്തു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ബി.എസ് എസ്. നൈറ്റ് ഷെൽട്ടർ ഹോമുകളും സ്ത്രീകൾക്കായി തയ്യൽ പരിശീലന കേന്ദ്രങ്ങളും സ്ഥാപിച്ചു.

ഹെൻട്രി ഓസ്റ്റിൻ കേരളാ ടൂറിസ്റ്റ് അഡ്വൈസറി കമ്മറ്റിയുടെ ചെയർമാ നായിരിക്കുമ്പോഴാണ് കോവളം ബീച്ച് ടൂറിസ്റ്റ് കേന്ദ്രമായി അംഗീകരിക്ക പ്പെട്ടത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി കോ- ഓപ്പ റേറ്റീവ് ഹൗസിംഗ് കോളനികൾ സ്ഥാപിക്കുകയും ചെയ്തു. ദി കോസ്റ്റൽ ഡവലപ്പമെന്റ് കൊ- ഓപ്പറേറ്റീവ് സൊസൈറ്റി കൊല്ലം, ക്വയിലോൺ റൗൺ കോ- ഓപ്പറേറ്റീവ് സൊസൈറ്റി, എറണാകുളം ഇൻഡസ്ട്രിയൽ കോ- ഓപ്പ റേറ്റീവ് സൊസൈറ്റി, ശക്തികുളങ്ങര കോ -ഓപ്പറേറ്റീവ് സൊസൈറ്റി, മുത ലായവ കെട്ടിപ്പെടുക്കുന്നതിന് മുൻനിന്ന് പ്രവർത്തിച്ചതും അദ്ദേഹമാണ്.

ഡോ. ഹെൻട്രി ഓസ്റ്റിൻ കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി കേരളാ കടൽത്തീര പ്രദേശത്തിനും അവിടുത്തെ നിവാസികൾക്കും വേണ്ടി നിര ന്തരം പ്രവർത്തിക്കുന്നുണ്ട്. ട്രാവൻകൂർ കോസ്റ്റൽ ഡവലപ്പ്മെന്റ് ബോർ ഡിന്റെ സ്ഥാപക പ്രസിഡന്റ്, ആന്റി—സീ എറോഷൽ കമ്മറ്റിയുടെ സെക്ര ട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. മുക്കുവരുടെ താല്പര്യ സംര ക്ഷണാർത്ഥം അദ്ദേഹം നയിച്ച പ്രക്ഷോഭണത്തെ തുടർന്നാണ് ഇവിടെ ഇൻഡോ—നോർവീജിയൻ പ്രോജക്ട് നടപ്പിലായത്. അതിനെ തുടർന്നാണ് മീൻ പിടുത്ത വള്ളങ്ങളുടെ യന്ത്രവത്കരണം നടന്നത്. അദ്ദേഹം സമു ദ്രോൽപ്പന്നക്കയറ്റുമതി പ്രൊമോഷൻ കൗൺസിൽ അംഗവും പിന്നീട് പ്രസി ഡന്റുമായി. ഇൻഡ്യൻ ട്രാളേഴ്സ് അസ്സോസിയേഷൻ പ്രസിഡന്റുമായിരുന്നു അദ്ദേഹം. ആ നിലകളിൽ സമുദ്രോൽപന്ന കയറ്റുമതിക്ക് ആവുന്ന പ്രോത്സാ ഹനം നൽകി. കടലാക്രമണ നിരോധനത്തിനു വേണ്ടി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് കേരള തീരത്തെ കടൽ ഭിത്തി നിർമ്മാണം.

തെങ്ങുരോഗ നിവാരണത്തിനും കയർവ്യവസായ പുനരുദ്ധാരണ ത്തിനു വേണ്ടിയും അദ്ദേഹം പരിശ്രമിച്ചിട്ടുണ്ട്. സുഗന്ധ വ്യഞ്ജന കയറ്റു

www.malankaralibrary.com

മതി രംഗത്തും പ്രത്യേകം ശ്രദ്ധപതിപ്പിച്ച് പ്രവർത്തിച്ചു. ഏലം ബോർഡിന്റെ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചു. കൊച്ചി വികസനസമിതി യുടെപ്രവർത്തനത്തിന്റെ ഫലമായിട്ടാണ് കൊച്ചി സൂപ്പർ ടാങ്കർ ബർത്ത് യാഥാർത്ഥ്യമായത്. ദേശീയതുറമുഖ ബോർഡിൽ അംഗമായിരുന്ന അദ്ദേഹം നാട്ടിലെ തുറമുഖങ്ങളുടെ വികസനത്തിനു വേണ്ടി വാദിച്ചു.

കേരളത്തിന്റെ നാനാവിധ വികസനത്തിനു വേണ്ടി പാർലമെന്റിൽ നിരന്തരം അദ്ദേഹം വാദിച്ചു കൊണ്ടിരുന്നു. കൊച്ചിൻ ബൈപ്പാസ്, എറ ണാകുളം ലിങ്ക് റോഡ്, നാഷണൽ ഹൈവേ -17, കുറ്റിപ്പുറം — എറണാ കുളം റോഡ്, കൊച്ചി അന്തർദേശീയ വിമാനത്താവളം, കൊച്ചിയിലെ സ്വതന്ത്ര വ്യാപാര മേഖല, കൊച്ചി ഫിഷറീസ് ഹാർബർ എന്നിവയുടെ യെല്ലാം ആവിർഭാവത്തിന് പിന്നിൽ ഹെൻട്രി ഓസ്റ്റിന്റെ ശക്തമായ പ്രവർത്ത നമുണ്ട്. കേരളതീരത്തെ എണ്ണ പര്യവേഷണത്തിനും കേരളത്തിന്റെ വ്യവ സായവത്കരണത്തിനും കേരളത്തിലെ ട്രെയിൻ വൈദ്യുതീകരണത്തിനും വേണ്ടി അദ്ദേഹം നിരന്തരം വാദിച്ചു കൊണ്ടിരുന്നു.

പാർലമെന്റിൽ അദ്ദേഹം പ്രവിലേജസ് കമ്മറ്റിയുടെയും സെയിൽ ടാക്സ് അമെൻഡ്മെന്റ് ബില്ലിനുള്ള സെലക്ട് കമ്മറ്റിയുടെയും ജഡ്ജസ് എൻക്വയറി കമ്മറ്റിയുടെയും ചെയർമാനായിരുന്നു. മറ്റു പല പാർലമെന്റ്ക മ്മറ്റികളിലും അംഗവുമായിരുന്നു. 1971- മുതൽ വിദേശകാര്യ ഉപദേശ സമി തിയിലെ അംഗമാണ് വിദേശ ഇന്ത്യക്കാരുടെ ക്ഷേമത്തിനായി രൂപീകരിച്ച സബ് കമ്മറ്റിയുടെ കൺവീനറുമായിരുന്നു. നാഷണൽ ഹാർബർ ബോർഡ്, ഏലം ബോർഡ്, കയർ ബോർഡ് എന്നവയിലും അദ്ദേഹം അംഗമായിരുന്നു.

ശ്രീലങ്കയിൽ നടന്ന 20-ാം കോമൺ വെൽത്ത് കോൺഫറൻസിലേ ക്കുള്ള ഇന്ത്യൻ പാർലമെന്ററി ഡെലഗേഷനെ ഹെൻട്രി ഓസ്റ്റിനാണ് നയി ച്ചത്. അവിടെ വച്ച് കോമൺവെൽത്ത് പാർലമെന്ററി അസ്സോസിയേഷൻ എക്സിക്യൂട്ടീവ് കമ്മറ്റിയംഗമായും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

അമേരിക്കയിലെ പഠനം കഴിഞ്ഞ് 1957-ൽ ഇംഗ്ലണ്ട് യൂറോപ്യൻ രാജ്യ ങ്ങൾ, പശ്ചിമേഷ്യൻ രാജ്യങ്ങൾ എന്നിവ സന്ദർശിച്ചിട്ട് കരമാർഗ്ഗം ഇന്ത്യയി ലെത്തി. 1971-ൽ കെയ്റോവിൽ വച്ചു നടന്ന ആഫ്രോ— ഏഷ്യൻ സോളി ഡാരിറ്റി കോൺഫറൻസിൽ ഇന്ത്യൻ ഡെലഗേഷന്റെ നേതാവായി അദ്ദേഹം പങ്കെടുത്തു. ആ യാത്രയിൽ മിക്ക അറബി രാജ്യങ്ങളും അദ്ദേഹം സന്ദർശി ച്ചു. ബംഗ്ലാദേശ് സ്വാതന്ത്ര്യം നേടിയ കാലത്ത് അവിടുത്തെ സ്ഥിതിഗതികൾ വിശദീകരിക്കുന്ന പാർലമെന്ററി സംഘത്തിന്റെ നേതാവായി യൂറോപ്പിലെയും പശ്ചിമ ഏഷ്യയിലേയും വിവിധ രാജ്യങ്ങൾ സന്ദർശിച്ചു. 1972-ൽ ബൾഗേ റിയായിലെ സോഫിയായിൽ വച്ചു നടന്ന ലോകകാർഷിക സമ്മേളനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സൗഹൃദ സംഘത്തിന്റെ നേതാവാ യി. 1976-ൽ ടാൻസാനിയാ, സാംബിയാ, കെനിയാ, മാലാവി,മൗറീഷ്യസ് എന്നീ രാജ്യങ്ങളും സന്ദർശിച്ചു. 1979—ൽ ഇൻഡോ—ആരബ് ഫ്രൺണ്ട് ഷിപ്പ്

www.malankaralibrary.com

സൊസൈറ്റിയുടെ പ്രസിഡന്റ് എന്ന നിലയിൽ ഇറാക്കും ഗൾഫ് രാജ്യങ്ങളും സന്ദർശിച്ചു.


1979-80 കാലത്ത് ഇദ്ദേഹം കോമേഴ്സ്, സിവിൽ സപ്ലൈസ് കോ-ഓപ്പറേഷൻ എന്നീ വകുപ്പുകളുടെ ചുമതലയുള്ള സ്റ്റേറ്റ് മന്ത്രിയായി ഭാരത സർക്കാരിന് സേവനം നൽകി. 1987-90 കാലഘട്ടത്തിൽ പോർട്ടുഗലിലെ ഇന്ത്യൻ അംബാസിഡർ ആയും സേവനം അനുഷ്ഠിച്ചു. മതനിരപേക്ഷതയുടെ അനുഭാവിയായിരുന്നു ഡോ. ഹെൻട്രി ഓസ്റ്റിൻ. സാമ്പ്രദായികതാ വിരോധി സമിതിയുടെ നിർവ്വാഹക സമിതി അംഗവുമായിരുന്നു. (സാമ്പ്രദായികത= Communalism). കോൺഗ്രസ് സോഷ്യലിസ്റ്റ് ഫോറത്തിലെ അംഗമായിരുന്ന അദ്ദേഹം ഒരു സമത്വാധിഷ്ഠിത സമൂഹത്തിനു വേണ്ടി എന്നും നിലകൊണ്ടിരുന്നു. എറണാകുളത്തുള്ള കേരളാ ഫൈൻ ആർട്ട്സ് സൊസൈറ്റി, ഭാരതീയ വിദ്യാഭവൻ, കേരള കലാപീഠം, കേരള ലളിതകലാ അക്കാഡമി, ചിത്രാ ആർട്ട് ഗാലറി, എന്നീ സാംസ്കാരിക പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളിൽ സജീവമായി സഹകരിച്ചു വരുന്നു. അയൽ പക്ക സംഘം, സ്നേഹ സംഗമം എന്നീ സംഘങ്ങളുടെ രക്ഷാധികാരിയുമാണ്. 1993 മുതൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനിലെ അംഗമാണ്. ഹൈക്കോടതി ജഡ്ജിയുടെ പദവിയിലാണ് ഈ നിയമനം.

ഹെൻട്രി ഓസ്റ്റിന്റെ സഹധർമ്മിണി ഒരു സജീവ സാമൂഹ്യ പ്രവർത്തകയായിരുന്ന ശ്രീമതി ഗ്രേസ് ഓസ്റ്റിൻ ആണ്. കോൺഗ്രസിന്റെ വനിതാ സംഘടനകളിൽ സജീവ ഭാഗഭാഗിത്വമുണ്ടായിരുന്ന ഗ്രേസ് കേരളാ വനിതാ കോൺഗ്രസിന്റെ എറണാകുളം ജില്ലാ സമിതിയുടെ കൺവീനറായി പ്രവർത്തിച്ചിരുന്നു.

Address: Dr. Hentry Austin, Kurisady, Old Railway Station Road, Cochin-682018.

# 24

# റവ : ഡോ. സി. എ. എബ്രാഹം



ആമോസ് ആടുകളെ നോക്കികൊണ്ടിരിക്കുമ്പോൾ "നീ ചെന്ന് എന്റെ ജനമായ ഇസ്രയേലിനോട് പ്രവചിക്ക" എന്ന് കൽപ്പിച്ചതിന് സമാനമായ സാഹചര്യങ്ങളിൽ വൈദിക വൃത്തിയിൽ നിയുക്തനായ വ്യക്തിയാണ് ഡോ. സി. എ എബ്രാഹം. മാതാവിന്റേയും പിതാവിന്റേയും പിതാമഹിയുടേയും മാതാമഹിയുടേയും വഴികളിലൂടെ ഒലിച്ചിറങ്ങിയ അഭിഷേക തൈലത്തിന്റെ നറുമണത്തിന് നേരവകാശിയായിരുന്നുവെങ്കിൽപോലും ജ്യേഷ്ഠസഹോദരൻ വൈദികനായി കഴിഞ്ഞിരുന്നതിനാൽ സാധാരണഗതിയിൽ കാട്ടത്തിപ്പഴം പെറുക്കുന്നവനായി കഴിയേണ്ട

www.malankaralibrary.com

തായിരുന്നു. ആമോസിനെ പിടിച്ചവൻ അവറാച്ചനേയും പിടിച്ചു. എത്ര അവിചാരിതമാണ് ഓരോരോ വഴികൾ!

പോത്താനിക്കാട്ട് ചീരാതോട്ടം ആദായിയുടെയും കുറുപ്പംപടി മരങ്ങാട്ട് മറിയയുടെയും പത്ത് മക്കളിൽ ഒമ്പതാമനായി 1921 ജനുവരി 2-ാം തിയതി സി.എ എബ്രാഹം ജനിച്ചു. ആദായി എന്ന പേര് അനിത സാധാരണമാണ്. പശ്ചിമേഷ്യയിൽ ഒരു മെത്രാനോടൊപ്പം വരികയും ഇവിടെ സ്ഥിരതാമസമുറപ്പിക്കുകയും ചെയ്ത ഒരു ആദായിശെമ്മാശനിൽനിന്നാണ് ഈ പേര് ഉത്ഭവിക്കുന്നത്. ആദായി ശെമ്മാശ്ശന് ഈ നാട്ടിൽ തോലാനിക്കൽ എന്നായി വീട്ടുപേര്. തോലാനിക്കൽ ആദായി കത്തനാരുടെ ദൗഹിത്രനാണ് ഈ ആദായി. അദ്ദേഹത്തിന്റെ പിതാവ് ചീരോത്തോട്ടം യാക്കോബ് കോർ എപ്പിസ്കോപ്പാ പോത്താനിക്കാട് ഉമ്മണിക്കുന്ന് മർത്തമറിയം യാക്കോബായപള്ളിയുടെ ആദ്യവികാരിയായിരുന്നു. ആദായി കുടുംബത്തിൽപ്പെട്ടവർ പിൽക്കാലങ്ങളിൽ ഈ പള്ളി വികാരിമാരായി സേവനം അനുഷ്ടിച്ചിട്ടുണ്ട്.

പോത്താനിക്കാട് ചീരാത്തോട്ടം കുടുംബം മുൻകൈയെടുത്ത് സ്ഥാപിച്ച പള്ളിയിൽ, ആ കുടുംബത്തിൽപ്പെട്ട ഒരാൾ വൈദീകനായി ഉണ്ടാകണമെന്ന് കുടുംബക്കാർ ആഗ്രഹിച്ചു. അതിന്റെ ഫലമായിരുന്നു സി.എ. എബ്രാഹം വൈദികനായത്. യാക്കോബായ ഓർത്തഡോക്സ് സഭാംഗമായിരുന്ന അദ്ദേഹം പിൽക്കാലത്ത് പുനരൈക്യത്തിലൂടെ കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. ഡോക്ടർ സി.ബാബു പോൾ ഐ.എ.എസ്സ് ഇപ്രകാരം എഴുതിയിരിക്കുന്നു. "സി.എ. എബ്രാഹം അച്ചൻ ഒരു ബഹുമുഖപ്രതിഭയാണ്. പഠനത്തിൽ അതിസമർത്ഥൻ. പഠിപ്പിക്കുന്നതിൽ അതികേമൻ. പാണ്ഡിത്യത്തിൽ അതുല്യതയോടടുത്ത സ്ഥാനം അർഹിക്കുന്നയാൾ. ഭാഷാജ്ഞാനത്തിലും ഭാഷാപ്രയോഗത്തിലും മുടിചൂടാമന്നൻ. അറിയപ്പെടുന്ന ഇൻഡോ-ആംഗ്ളിയൻ എഴുത്തുകാരിൽ സൽമൻ റുഷ്ദിയോ, ഡോമൊറെയ്സോ, ശശിതാരുരോ, അരുന്ധതിയോ, അമിതാവോ ആരുമാവട്ടെ - ഒരാൾപോലും ഇംഗ്ലീഷിന്റെ പദചാരുതിയിലോ ശയ്യാസുഖത്തിലോ പ്രയോഗവൈവിദ്ധ്യത്തിലോ എബ്രാഹം അച്ചന് തുല്യമാവുകയില്ല. അച്ചന് പ്രധാനമായുള്ള ദോഷം എഴുതുന്നതിനേക്കാൾ കൂടുതൽ വായിക്കുന്നു എന്നതാണ്."

എബ്രാഹം അച്ചന്റെ പ്രാഥമിക വിദ്യാഭ്യാസം പോത്താനിക്കാട്ടായിരുന്നു. എം.ജി.എം. ഹൈസ്കൂൾ കുറുപ്പംപടി, ആശ്രമം ഹൈസ്കൂൾ പെരുമ്പാവൂർ എന്നിവിടങ്ങളിലെ പഠനശേഷം കോട്ടയം സി.എം.എസ്സ്. കോളേജിൽ ചേർന്ന് ഇന്റർമീഡിയറ്റ് ജയിച്ചു. ഇന്റർമീഡിയറ്റ് വിജയം മാനവികവിഭാഗത്തിൽ സർവ്വകാല റിക്കാർഡ് സ്ഥാപിച്ചുകൊണ്ടാണ്. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ചേർന്ന് ബി.എ. ഓണേഴ്സ് ബിരുദം 1947 ൽ കരസ്ഥമാക്കി. മദിരാശി സർവ്വകലാശാലയിൽനിന്നും ഒന്നാംറാങ്കും യൂണിവേഴ്സിറ്റി ഗോൾഡൻ ജൂബിലി മെഡലും നേടിയാണ് ഈ വിജയം കരസ്ഥമാ

www.malankaralibrary.com

ക്കിയത്. ഒരുവർഷം അവിടെ ട്യൂട്ടറായി ജോലി ചെയ്തശേഷം വേദശാസ്ത്രപഠനത്തിലേക്ക് തിരിഞ്ഞു. സുറിയാനിപഠനം ഇതിന് മുൻപുതന്നെ പൂർത്തീകരിച്ചിരുന്നു. മഞ്ഞനിക്കര ദയറായിൽ അബ്ദുൽ ആഹാദ് റമ്പാൻ (പിന്നീട് യൂക്കൂബ് തൃതീയൻ പാത്രയർക്കീസ്) എന്ന മല്പാന്റെ ശിക്ഷണത്തിലായിരുന്നു അത്. അക്കാലത്ത് യൂലിയോസ് ബാവാ എന്ന ശ്ലൈഹിക പ്രതിനിധിയുടെ ...സംഗങ്ങൾ സുറിയാനിയിൽനിന്നും വിവർത്തനം ചെയ്തിരുന്നു. പാശ്ചാത്യവേദശാസ്ത്രജ്ഞാനത്തിന്റെ അനുപേക്ഷണീയതയാണ് എം.എ. കഴിഞ്ഞപ്പോൾ അച്ചനെ കൽക്കട്ട ബിഷപ്സ് കോളേജിൽ പോകാൻ പ്രേരിപ്പിച്ചത്. 1948 ൽ ആലുവാതൃക്കുന്നത്ത് സെമിനാരിയിൽവച്ച് വലിയ തിരുമേനി മാർ അത്തനാസ്യോസും നവാഭിഷിക്തസഹായകൻ മാർ ഗ്രിഗോറിയോസും ചേർന്ന് വൈദികപദവിയിലേക്കുയർത്തി. അതുകൊണ്ട് ബിഷപ്സ് കോളേജിൽ പഠിക്കുമ്പോൾതന്നെ കൽക്കട്ടയിലെ യാക്കോബ്യ (ഓർത്തഡോക്സ്) പള്ളിയുടെ വികാരിയും ആയിരുന്നു. 1950 ൽ ബി.ഡി. ജയിച്ചതിനുശേഷം കുറെക്കാലം അവിടെ പഠിപ്പിച്ചു. പിന്നീട് കൽക്കട്ടയിലെ സെന്റ് പോൾസ് കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി തുടരവെയാണ് കാന്റബറി സെന്റ് അഗസ്റ്റിൻസ് കോളേജിൽ സ്കോളർഷിപ്പ് ലഭിച്ചത്. അവിടെനിന്നും ബിരുദാനന്തര ഡിപ്ലോമ നേടി. ഇപ്പോഴത്തെ മാർത്തോമ്മാ മെത്രാപ്പോലീത്ത (ഫിലിപ്പോസ് ക്രിസോസ്തം) സതീർത്ഥ്യനായിരുന്നു. കാന്റബറിയിലെ പഠനം കഴിഞ്ഞ് ഓക്സ്ഫോർഡിൽ പ്രവേശനം ലഭിച്ചു. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽനിന്നും 1954 ൽ ഇംഗ്ലീഷ് സാഹിത്യത്തിൽ എം.ലിറ്റ് ബിരുദം നേടി. സർവ്വകലാശാലയുടെ ഹോക്കി ടീമിലും അദ്ദേഹം അംഗമായിരുന്നു.

കാന്റബറിയിലേക്ക് പോവുന്നതിന് മുൻപുള്ള ഇടവേളയിൽ സ്വദേശത്തെ പുതിയ ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്ററായിരുന്നു ഈ പണ്ഡിതൻ. ഇംഗ്ലണ്ടിൽനിന്നും മടങ്ങിയെത്തിയപ്പോൾ ആലുവാ യു.സി. കോളേജിൽ അദ്ധ്യാപകനായി. രണ്ടുവർഷം ആ ജോലി തുടർന്നു. 1958 ൽ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. തിരുവനന്തപുരം ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മുൻപാകെയാണ് പുനരൈക്യം നടന്നത്. തുടർന്ന് മൂവാറ്റുപുഴ നിർമ്മല കോളേജൽ നാലുവർഷം അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. പിന്നീട് തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ ഇംഗ്ലീഷ് പ്രൊഫസ്സറായും വൈസ് പ്രിൻസിപ്പലായും അഞ്ചുവർഷക്കാലം പ്രവർത്തിച്ചു. എറണാകുളം മെത്രാപ്പോലീത്ത കാർഡിനൽ മാർജോസഫ് പാറേക്കാട്ടിലിന്റെ നിർബന്ധപൂർവ്വമായ അഭ്യർത്ഥനയെ മാനിച്ച് എറണാകുളത്തെ ഭാരതമാതാ കോളേജ് പ്രിൻസിപ്പലായി ജോലി ഏറ്റെടുത്തു. ആ സ്ഥാനത്ത് 12 വർഷം തുടർന്നു. പെൻസൽവേനിയാ യൂണിവേഴ്സിറ്റിയിൽ നിന്നും 1973 ൽ ഡോക്ടറേറ്റ് നേടുകയും ചെയ്തു.

തിരുവനന്തപുരത്ത് കേരളാ എഡ്യൂക്കേഷണൽ റിസർച്ച് സെന്റർ

www.malankaralibrary.com

ഡയറക്ടറായി അച്ചൻ പ്രവർത്തിക്കുകയുണ്ടായി. ക്രൈസ്തവവിദ്യാഭ്യാസം സംബന്ധിച്ച് അഖിലേന്ത്യാ സമിതി സ്ഥാപിക്കുന്നതിന് മുൻകൈയെടുത്തതും എബ്രാഹം അച്ചനാണ്. ആൾ ഇന്ത്യാ അസ്സോസിയേഷൻ ഫോർ ക്രിസ്ത്യൻ ഹയർ എഡ്യൂക്കേഷന്റെ സ്ഥാപക മെമ്പറായ അച്ചൻ 9 വർഷക്കാലം അതിന്റെ എക്സിക്യൂട്ടീവ് മെമ്പർ ആയിരുന്നു. കേരള – കൊച്ചി സർവ്വകലാശാലകളിൽ സെനറ്റ് – അക്കാഡമിക് കൗൺസിൽ അംഗം, കേരളസർക്കാർ സ്വയംഭരണ കോളേജുകളെയും ഇംഗ്ലീഷ്മീഡിയം സ്കൂളുകളെയും കുറിച്ച് പഠിക്കാൻ നിയമിച്ച വിദഗ്ദ്ധ സമിതികളിൽ അംഗം, സി.ബി.സി.ഐ.ഉപദേശകസമിതി അംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി.

എബ്രാഹം അച്ചൻ എറണാകുളം സെന്റ് മേരീസ് കത്തോലിക്കാ പള്ളി വികാരിയായിരുന്ന കാലത്താണ് അവിടെ മലങ്കരസെന്ററും പാരീഷ്ഹാളും പണിതത്. തുടർന്ന് കോതമംഗലത്തേയ്ക്ക് മാറി. വിമലഗിരി പബ്ലിക് സ്കൂളായിരുന്നു തന്റെ പ്രവർത്തനരംഗം. വിമലഗിരി പബ്ലിക് സ്കൂളിന് ഇന്ന് ലഭിച്ചിട്ടുള്ള അംഗീകാരത്തിന്റെയും സദ്യശസ്സിന്റെയും മുഖ്യശില്പി ഡോ. സി.എ. എബ്രാഹം അല്ലാതെ മററാരുമല്ല. ശതാഭിഷേകം കഴിഞ്ഞ് നവതിയോടടുക്കുന്ന ഈ വേളയിലും അച്ചൻ സ്കൂളിന്റെ റെക്ടറായി തുടരുന്നു. ഒരു സാധാരണ മിഡിൽ സ്കൂളിനെ പ്രശസ്തമായ ഹയർ സെക്കണ്ടറി സ്കൂൾ ആക്കി വളർത്തിയെടുത്തത് പ്രായത്തെപ്പോലും അവഗണിച്ചുകൊണ്ടാണ്.

കത്തോലിക്കാ വൈദീക സെമിനാരികളിൽ ലിറ്റർജി സംബന്ധിച്ച വിസിറ്റിംഗ് പ്രൊഫസ്സറായി സേവനം അനുഷ്ഠിച്ചിട്ടുള്ള അച്ചൻ 1960 ൽ മ്യൂണിക്കിലും 1964 ൽ ബോംബെയിലും നടന്ന ദിവ്യകാരുണ്യകോൺഗ്രസ്സുകളിൽ പങ്കെടുത്തു. ബോംബെയിലെ മലങ്കര കത്തോലിക്കാ സഭാപരിപാടികളുടെ കൺവീനറും പൊതുപരിപാടികളുടെ മുഖ്യകമന്റേറ്ററും എബ്രാഹം അച്ചൻ ആയിരുന്നു. മാഡ്രിഡിലും പാരീസിലും നടന്ന വിദ്യാഭ്യാസ സെമിനാറുകളിൽ അച്ചൻ അവതരിപ്പിച്ച പ്രബന്ധങ്ങൾ പ്രശംസ പിടിച്ചുപറ്റുകയും, സെമിനാറിന്റെ ചർച്ചകൾക്ക് പുതിയ വഴിയൊരുക്കുകയും ചെയ്തു.

പ്രഗത്ഭവാഗ്മി കൂടിയാണ് അച്ചൻ. തിരുവിതാംകൂർ മദ്രാസ് സർവ്വകലാശാലകളിൽ ഇംഗ്ലീഷ് പ്രസംഗമത്സരങ്ങളിൽ ഒന്നാംസമ്മാനം നേടിയ ഈ ഗോൾഡ് മെഡലിസ്റ്റ് ഓക്സ്ഫോർഡ് യൂണിയനിലെ സജീവാംഗവും ആയിരുന്നു. ക്രൈസ്തവ വിദ്യാഭ്യാസസമിതിയുടെ (AIACHE) എമിനന്റ് എഡ്യൂക്കേഷണിസ്റ്റ് അവാർഡ് ലഭച്ചിട്ടുണ്ട്. ദി വെബ് ഓഫ് ലൈഫ് അച്ചന്റെ അശീതി സ്മരണയ്ക്കായി രൂപകല്പനചെയ്തിട്ടുള്ള ഒരു ഫെറ്റ്സ്ഷ്റിഫ്റ്റ് ആണ്.

നിരവധി ലേഖനങ്ങൾ വിദ്യാഭ്യാസത്തെപ്പറ്റിയും എക്യുമിനിസത്തെ


www.malankaralibrary.com

പ്പറ്റിയും അദ്ദേഹം രചിച്ചിട്ടുണ്ട്. അന്ത്യോഖ്യായിൽനിന്ന് റോമായിലേക്ക് എന്ന ഗ്രന്ഥം അദ്ദേഹം രചിച്ചതാണ്. കൂടാതെ A matter of Rite, A church at Risk, A Jarring Note, Human Ascent (Book on the late Arch Bishop Mar gregorious) എന്നിവയും അദ്ദേഹം രചിച്ച കൃതികളാണ്. ഇപ്പോൾ മാർയാക്കോബിന്റെ തക്സാ സംബന്ധിച്ച് ഒരു മഹാകൃതിയുടെ രചനയിലാണ് ഫാ. സി.എ. എബ്രാഹം.

ഒരു കുടുംബത്തിന്റെ അഭിമാനം, ഒരു പ്രദേശത്തിന്റെ പ്രകാശഗോപുരം, ഒരു സമുദായത്തിന്റെ പൊതുസ്വത്ത്. ഒരു സഭയുടെ സമശീർഷരില്ലാത്ത ദീപസ്തംഭം - എല്ലാമാണ് റവ. ഡോ. സി.എ. എബ്രാഹമച്ചൻ.

വിലാസം - റവ. ഡോ. സി.എ. എബ്രാഹം,
വിമലഗിരി പബ്ലിക് സ്കൂൾ, കോതമംഗലം.

# 25



## ബിഷപ്പ് ഡോ. ഹിപ്പോളിറ്റസ് കുന്നുങ്കൽ

ലോകത്തിന്റെ പറുദീസാ എന്നറിയപ്പെടുന്ന കാശ്മീരിലെ ജമ്മുകാശ്മീർ രൂപതയുടെ അദ്ധ്യക്ഷനായി രണ്ടുദശാബ്ദക്കാലം സേവനം അനുഷ്ഠിച്ചതിനുശേഷം ഭരണങ്ങാനത്ത് വിശ്രമജീവിതം നയിക്കുന്ന ബിഷപ്പ് ഹിപ്പോളിറ്റസ് കുന്നുങ്കൽ ആലപ്പുഴ പൂന്തോപ്പിൽ കുന്നുങ്കൽ കുടുംബത്തിൽ വർക്കി -മേരി ദമ്പതികളുടെ മകനായി 1921 മാർച്ച് 14-ാം തീയതി ജനിച്ചു. കുന്നുങ്കൽ കുടുംബം ശങ്കരപുരി കുടുംബത്തിലെ ഒരു ശാഖയാണ്. പിതാവ് അന്നത്തെ ബ്രട്ടീഷ് കമ്പനിയോട് ചേർന്ന് കയർ വ്യവസായത്തിൽ പങ്കെടുത്തിരുന്നു. കച്ചവടത്തിനായി മദ്രാസ്, പെനാങ്ങ് തുടങ്ങിയ സ്ഥലങ്ങളിൽ പലപ്പോഴും പോകുമായിരുന്നു. കേരളാ ഫ്രാൻസിസ്കൻ അൽമായ സഭയുടെ സ്ഥാപകനായ പുത്തൻപറമ്പിൽ തൊമ്മച്ചനുമായി നല്ലപരിചയം അദ്ദേഹത്തിനുണ്ടായിരുന്നു. കുര്യാളശ്ശേരി പിതാവിന്റെ ശിഷ്യനായിരുന്നു പുത്തൻപറമ്പിൽ തൊമ്മച്ചൻ. കുര്യാളശ്ശേരിപിതാവും ഹിപ്പോളിറ്റസ് മെത്രാന്റെ പിതാവും അടുത്തസുഹൃത്തുക്കളായിരുന്നു. മൂന്നാംസഭയ്ക്കുവേണ്ടി ഒരുദേവാലയം പണിയുന്നതിന് പൂന്തോപ്പ് ഭാഗത്ത് 10 ഏക്കർ സ്ഥലം തൊമ്മച്ചന് നൽകിയതും കുന്നങ്കൽ വർക്കി ആയിരുന്നു. അവിടെയാണ് ഫ്രാൻസിസ് അസ്സീസിയുടെ നാമത്തിലുള്ള കേരളത്തിലെ ആദ്യത്തെ ദേവാലയം പണികഴിപ്പിച്ചത്. പിന്നീട് ആ ദേവാലയം ഇടവകപള്ളിയായിതീർന്നു.

ഹിപ്പോളിറ്റസ് പിതാവിന്റെ ജ്ഞാനസ്നാനപ്പേര് ആന്റണി എന്നായിരുന്നു. ആന്റണിയുടെ കുടുംബം ഒരു വലിയ കുടുംബമായിരുന്നു. ഇസ്ര

www.malankaralibrary.com

യേൽ ജനമെന്നായിരുന്നു ആന്റണിയുടെ പിതാവ് തന്റെ കുടുംബത്തെപ്പറ്റി സുഹൃത്തുക്കളോട് പറഞ്ഞിരുന്നത്. ആലപ്പുഴയിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. മാന്നാനത്ത് സി.എം.ഐ. സഭക്കാർ നടത്തിയിരുന്ന ഹൈസ്ക്കൂളിലായിരുന്നു ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. സി.എം.ഐ ക്കാരുടെ ഹോസ്റ്റലിലായിരുന്നു താമസം. സ്പോർട്സിലും ഗെയിംസിലും മികച്ച പ്രകടനം കാഴ്ചവെച്ചിരുന്ന ആന്റണി സ്ക്കൂൾ ടീമിലെ അംഗമായിരുന്നു. നിരവധിസമ്മാനങ്ങൾ നേടിയിട്ടുണ്ട്. കുന്നുങ്കൽ കുടുംബത്തിലെ ആദ്ധ്യാത്മിക പരിശീലനരീതികൾ പ്രത്യേകം പരാമർശിക്കേണ്ടതാണ്. കുടുംബപ്രാർത്ഥന വളരെദീർഘമായിരുന്നു. ദിവസവും പള്ളിയിൽ പോയി ദിവ്യബലിയിൽ പങ്കെടുക്കുമായിരിന്നു. അന്ന് വീട്ടിൽ എത്തുന്ന വൈദികരുടെ കാൽ ചുംബിക്കുകയും ചെയ്യുമായിരുന്നു. ഫ്രാൻസിസ് അസ്സീസിയുടെ ജീവിതചര്യകൾ സ്വജീവിതത്തിൽ പ്രാവർത്തികമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മഠങ്ങളെ സഹായിക്കുന്നതിലും ആന്റണിയുടെ പിതാവ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം കൊല്ലത്ത് കപ്പൂച്ചിൻ സഭയിൽ ചേർന്നു. ചെറുപ്പകാലത്തുതന്നെ അപ്പനിൽ നിന്നും കപ്പൂച്ചിൻ സഭയെപ്പറ്റി കൂടുതൽ കേട്ടിരുന്നു. കൊല്ലത്തുനിന്നും ലത്തീൻ പഠിക്കുവാനും നൊവിഷ്യറ്റ് നടത്തുവാനുമായി മംഗലാപുരത്തിനുപോയി. വളരെയധികം പ്രായശ്ചിത്തം അനുഷ്ഠിച്ചുകൊണ്ടുള്ള ജീവിതമായിരുന്നു അന്നു കപ്പൂച്ചിൻ സഭയിൽ നിലനിന്നിരുന്നത്. തെറ്റു ചെയ്യുന്നവർ കുറ്റം ഏറ്റുപറഞ്ഞ് സ്വയം പ്രായശ്ചിത്തം അനുഷ്ഠിച്ചിരുന്നു. നേർത്ത കമ്പിച്ചെയിനുകൾ കൊണ്ടുണ്ടാക്കിയ ചമ്മിട്ടി കൊണ്ട് തന്നത്താൻ കാലിൽ അടിക്കുക പതിവായിരുന്നു. 1945 ഏപ്രിൽ 11-ാം തീയതി ആദ്യവ്രതവും 1947 ൽ നിത്യവ്രതവും അനുഷ്ഠിച്ചതിനുശേഷം തൃശിനാപ്പള്ളിയിലേക്ക് ദൈവശാസ്ത്രപഠനത്തിനായി പോയി. തൃശ്ശിനാപ്പള്ളിയിലെ സെമിനാരി കോട്ടഗിരിയിലേക്കു മാറ്റിയപ്പോൾ പഠനം കോട്ടഗിരിയിലുമായി. 1951 ഏപ്രിൽ 11 ന് വൈദികനായി അഭിഷിക്തനായി.

വൈദികപട്ടമേറ്റതിനുശേഷം കൊല്ലത്തെ തില്ലേരി ആശ്രമത്തിലായിരുന്നു ആദ്യനിയമനം ലഭിച്ചത്. പ്രസംഗം പറയുക, ഇടവകകളിൽ ജോലി ചെയ്യുക, ധ്യാന പരിപാടികൾ നടത്തുക തുടങ്ങിയ ജോലികൾ ഏറ്റെടുത്തു. ഒരുവർഷത്തിനുശേഷം ഭരണങ്ങാനത്തേക്ക് സ്ഥലംമാറ്റം ലഭിച്ചു. സീറോ മലബാർ സഭയിലെ ആദ്യത്തെ കപ്പൂച്ചിൽ ആശ്രമമായിരുന്നു ഇത്. ലളിത ജീവിതമാണ് എല്ലാവരും അനുഷ്ഠിച്ചിരുന്നത്. ഭരണങ്ങാനത്തെ ആശ്രമവും മറ്റിതര കെട്ടിടങ്ങളും പണിയുവാൻ ഭിക്ഷാടനം നടത്തുകയായിരുന്നു മാർഗ്ഗം. ഹിപ്പോളിറ്റസ് അച്ചനെ ഭിക്ഷാടനത്തിനായി ആലപ്പുഴയിലേക്കാണ് അയച്ചത്. മിഷൻ ധ്യാനം നടത്തുക കപ്പൂച്ചിൻ സഭക്കാരുടെ പ്രധാന പ്രവർത്തന രംഗമായിരുന്നു. ആ പരിപാടിയിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. 1960

www.malankaralibrary.com

ൻ കാവാലം സെന്റ് തോമസ് ആശ്രമം സുപ്പീരിയർ ആയി നിയമിക്കപ്പെട്ടു. മുരിക്കുംമൂട്ടിൽ ഔതച്ചന്റെ സംഭാവനയായിരുന്നു ആ ആശ്രമം. മൂന്നാം സഭാപ്രവർത്തനം, മിഷൻധ്യാനം, കുമ്പസാരം മുതലായവ നടത്തിവന്നു. പലസ്ഥലങ്ങളിലും ഏകാന്തധ്യാനം നടത്തുവാനും നേതൃത്വം നൽകി. 1966 ൽ തൃശൂർ കാൽവരി ആശ്രമത്തിലെ സുപ്പീരയർ ആയി സ്ഥലംമാറ്റം ലഭിച്ചു. അക്കാലത്താണ് അവിടെ ശാന്തിഭവനം നിർമ്മിച്ചത്. അതുപോലെ കാൽവരി സോഷ്യൽ സെന്റർ വളരെ ചെറിയ തോതിൽ ആരംഭിക്കുകയും ചെയ്തു. ഫാ. റെയ്മണ്ടും, ഫാ.ക്ലോഡും ഇതിനുവേണ്ടി വളരെയധികം പ്രവർത്തിച്ചു.

ഫാ. ലെംബാർഡി അച്ചന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ബറ്റർ വേൾഡ് മൂവ്മെന്റിൽ ചേരുവാൻ അച്ചന് സാധിച്ചു. ഈ പ്രസ്ഥാനത്തെപ്പറ്റി കൂടുതലായി പഠിക്കുവാൻ ബാംഗ്ലൂർ ഹോളി ഗോസ്റ്റ് സെമിനാരിയിൽ നടന്ന മൂന്നുമാസത്തെ കോഴ്സിൽ പങ്കെടുത്തു. ഈ കോഴ്സിനു ശേഷം അതിൽ പങ്കെടുത്ത 12 പേർ ഈ വിഷയത്തിൽ ഉപരിപരിശീലനം നേടാൻ റോമിലെ റോക്കാ ദി പാപ്പാ എന്ന കേന്ദ്രത്തിൽ എത്തി. വളരെയധികം അനുഭവങ്ങൾ നേടിയാണ് കേരളത്തിൽനിന്നുമുള്ള അംഗങ്ങൾ തിരിച്ചെത്തിയത്. ലത്തീൻ നേതൃത്വത്തിലായിരുന്ന സെന്റ് ജോസഫ് പ്രോവിൻസ് ഔദ്യോഗികമായി സീറോ-മലബാർ സഭയുടെ ഭാഗമായത് 1988 മെയ് 30-ാം തീയതിയാണ്. കേരളത്തിൽ രാഷ്ട്രീയമാറ്റങ്ങൾ അടിക്കടി സംഭവിച്ചുകൊണ്ടിരുന്നു. സാംസ്കാരികമേഖലയിലും ആദ്ധ്യാത്മികരംഗത്തും അനുഷ്ഠാനങ്ങളിലുമെല്ലാം വലിയമാറ്റത്തിന്റെ സ്വരം പുറപ്പെട്ടുകൊണ്ടിരുന്നു. കമ്മ്യൂണിസ്റ്റ് ആധിപത്യം കേരളത്തിൽ ശക്തിപ്പെട്ടുകൊണ്ടിരുന്നു. ഈ കാലഘട്ടത്തിൽ കപ്പൂച്ചിൻ സമൂഹം കപ്പൂച്ചിൻ മിഷൻ ധ്യാനം സംഘടിപ്പിച്ചു. അൽമായരെ സഭാകര്യങ്ങളിൽ പ്രബുദ്ധരാക്കി സഭ നേരിടുന്ന വെല്ലുവിളികളെ നേരിടുവാൻ ജനതയെ ശക്തമാക്കി. അക്കാലത്ത് കേരളത്തിലങ്ങോളമിങ്ങോളം 250 ൽപരം ഇടവകകളിൽ അച്ചൻ ധ്യാനപ്രവർത്തനങ്ങളിൽ പങ്കെടിത്തിട്ടുണ്ട്. മൂന്നാംസഭയുടെ ശാഖകൾ സ്ഥാപിക്കുന്നതിനും മറ്റും ഹിപ്പോളിറ്റസ് അച്ചൻ ഇക്കാലങ്ങളിൽ സജീവമായി പ്രവർത്തിക്കുകയുണ്ടായി.

കപ്പൂച്ചിൻ സഭയുടെ പ്രൊവിൻഷ്യാൽ ആയി ഹിപ്പോളിറ്റസ് അച്ചൻ തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. 1972 മുതൽ 1978 വരെ ആ ജോലിയിൽ അദ്ദേഹം തുടർന്നു. പ്രൊവിൻഷ്യൽ ജീവിതത്തിൽ സഭാംഗങ്ങളിലെല്ലാം ഫ്രാൻസിസ്കൻ ജീവിതം അനുഭവിക്കണമെന്നും ആത്മീയജീവിത്തിൽ വളരണമെന്നുമുള്ള ആഗ്രഹങ്ങളോടുകൂടിയാണ് പ്രവർത്തിച്ചത്. അന്നത്തെ കപ്പൂച്ചിൻ സഭയിലെ വളരെ മാതൃകാപരവും സജീവമുമായ പ്രൊവിൻസുകളിലൊന്ന് സെന്റ് ജോസഫ് പ്രൊവിൻസാണെന്നുള്ള അംഗീകാരം സഭയുടെ മേലധികാരികളിൽ നിന്നും ലഭിക്കുകയുണ്ടായി. പ്രൊവിൻഷ്യൻ അച്ചന്റെ സഹപ്രവർത്തകരായ കൗൺസിലർമാരുടെ സ്തുത്യർഹമായ

www.malankaralibrary.com

സേവനമാണ് ഈ അംഗീകാരം നേടാൻ ഇടയാക്കിയതെന്നാണ് അച്ചന്റെ അഭിപ്രായം. ആന്ധ്രാമിഷനിൽ ആദ്യമായി ദൈവവിളികൾ ഏറ്റെടുക്കാൻ ശ്രമം നടത്തിയത് ഹിപ്പോളിറ്റസ് അച്ചനാണ്. ഇന്ന് ആ പ്രൊവിൻസ് അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്. തന്റെ പ്രൊവിൻഷ്യൽ ജീവിതകാലത്തെപ്പറ്റി ഹിപ്പോളിറ്റസ് പിതാവ് തന്റെ ആത്മകഥയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "പ്രൊവിൻഷ്യൻസ് ജീവിതം മനോഹരമാക്കിയതിന് മറ്റൊരു കാരണം മൊത്തം സഭാംഗങ്ങൾക്കുമുണ്ടായിരുന്ന ആദ്ധ്യാത്മിക ചൈതന്യവും ഫ്രാൻസിസ്കൻ തീക്ഷ്ണതയുമായിരുന്നു. അതുകൊണ്ട് വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യത്തിൽ സഭയെ നയിക്കാൻ താരതമ്യേന എളുപ്പമായിരുന്നു. ബറ്റർ വേൾഡ് മൂവ്മെന്റിന്റെ അംഗമെന്ന നിലയിൽ എനിക്ക് നാട്ടിലും റോമിലും കിട്ടിയ പരിശീലനംവഴി വത്തിക്കാൻ കൗൺസിലിന്റെ സുപ്രധാനമായ ആശയങ്ങളും സാമൂഹിക ജീവിതത്തിന്റെ പ്രാധാന്യവും വ്യക്തികൾക്ക് കൊടുക്കേണ്ട ബഹുമാനവും പ്രാർത്ഥനയുടെ ആവശ്യവും മറ്റു പഠിച്ചറിഞ്ഞതുകൊണ്ട് ജോലി എളുപ്പമായിരുന്നു. പ്രായമായവരും പ്രായം കുറഞ്ഞവരും തമ്മിലുള്ള വിടവ് അന്ന് സഭയിൽ രൂക്ഷമായിരുന്നു. വത്തിക്കാൻ കൗൺസിലിൽ വരുത്തിയ മാറ്റങ്ങൾ കാരണം പ്രായമായ പലരും വിഷമസന്ധിയിലായി. അതേസമയംതന്നെ ഉടൻ മാറ്റങ്ങൾ വരുത്താനുള്ള നിർബ്ബന്ധം ചെറുപ്പക്കാർക്കും ഉണ്ടായിരുന്നു. ഇതു തമ്മിൽ സംയോജിപ്പിക്കുന്നതിനും എല്ലാവരേയും ഒരുമിച്ചുചേർത്ത് പരസ്പരധാരണയുള്ള ഫ്രാൻസിസ്കൻ സമൂഹമാക്കുന്നതും പ്രയാസമായിത്തീർന്നു. അപ്പോഴാണ് സംവാദത്തിന്റെ ആവശ്യവും ഉപയോഗവും കൂടുതൽ മനസ്സിലാകുന്നത്. ആ സമയത്ത് ഭരണങ്ങാനം അസ്സീസിയിൽ നടന്ന സുപ്രധാന നവീകരണ ചാപ്റ്റർ റോമിൽ നടന്ന ജനറൽ ചാപ്റ്റർ എന്നീ സമ്മേളനങ്ങളിൽ നിന്ന് എനിക്ക് കിട്ടിയ ചില ഉൾക്കാഴ്ചകൾ പ്രൊവിൻസിന്റെ നന്മയ്ക്ക് സഹായകമായിരുന്നു. അതിലൊന്ന് ജനറൽ പാസ്ക്കൽ റവൻസ്കി നൽകിയ മുദ്രാവാക്യമാണ് "നല്ലവണ്ണം പ്രാർത്ഥിക്കുക, അദ്ധ്വാനിച്ച് ജോലി ചെയ്യുക, സന്തോഷമായി ജീവിക്കുക അപ്പോൾ എല്ലാം നന്നായിരിക്കും"

ഇന്ത്യൻ കപ്പൂച്ചിൻസഭ പ്രൊവിൻസുകളായി തിരിച്ചതിന് അടിസ്ഥാനപരമായ കാരണങ്ങൾ ഉണ്ടായിരുന്നുവെങ്കിലും വീണ്ടും വീണ്ടും പ്രൊവിൻസുകൾ തിരിക്കുന്നത് ഫ്രാൻസിസ്കൻ ചൈതന്യത്തിന് ചേർന്നതല്ലെന്ന അഭിപ്രായക്കാരനായിരുന്നു ഹിപ്പോളിറ്റസച്ചൻ.

ഫാ. ഹിപ്പോളിറ്റസ് കപ്പൂച്ചിൻ സഭാസേവനം കഴിഞ്ഞാൽ പിന്നെ ചെയ്ത മറ്റൊരു പ്രധാനസേവനം സന്യസ്തർക്കുവേണ്ടിയുള്ളതായിരുന്നു. 1963 ൽ അച്ചൻ കാവാലത്ത് പ്രവർത്തിച്ചിരുന്നകാലത്ത് സി.എം.സി. സഭ സംയോജിപ്പിക്കുന്നതിനും നവീകരിക്കുന്നതിനുംവേണ്ടി പരിശുദ്ധ പിതാവ് അച്ചനെ പേപ്പൽ ഡലഗേറ്റായി നിയമിക്കുകയുണ്ടായി. നിയമാവലിയുമായി റോമിലെത്തിയപ്പോൾ പോപ്പ് പോൾ ആറാമൻ അച്ചന്റെ സേവനങ്ങളെ

www.malankaralibrary.com

പ്രത്യേകം പ്രശംസിക്കുകയുണ്ടായി. അച്ചന്റെ പ്രവർത്തനങ്ങളിൽ സംതൃപ്തരായ റോമിലെ അധികാരികൾ ക്ലാരമഠത്തിന്റെ സഭാസംയജനത്തിനും പേപ്പൽ ഡലഗേറ്റായി അച്ചനെത്തന്നെ നിയമിക്കുകയുണ്ടായി. കൂടാതെ തിരുക്കുടുംബസഭ, മരിയമക്കളുടെ സമൂഹം, അസ്സീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ്, അഗതികളുടെ സിസ്റ്റേഴ്സ്, സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് തൃശൂർ എന്നീ സഭകളുടെ സംയോജനത്തിനും അച്ചനെത്തന്നെ കേരളത്തിലെ മെത്രാൻ സംഘം ചുമതലപ്പെടുത്തുകയുണ്ടായി.

1978 ൽ കപ്പൂച്ചിൻ പ്രൊവിൻസിലെ സേവനത്തിനുശേഷം മൂവാറ്റുപുഴയിലേക്ക് സ്ഥലംമാറി. ശെമ്മാശന്മാരുടെ ചുമതലയായിരുന്നു അച്ചന് നൽകിയിരുന്നത്. അവിടെ ജോലിചെയ്തുകൊണ്ടിരിക്കുമ്പോൾ 1978 ഡിസംബർ 28-ാം തീയതി ജമ്മുകാശ്മീരിലെ മിഷൻ സേവനത്തിനായി പരിശുദ്ധ സിംഹാസനം അച്ചനെ നിയോഗിച്ചു. മിഷൻ പ്രദേശം കപ്പൂച്ചിൻ സഭയെ ഏല്പിക്കുന്നതിനുള്ള ചർച്ചകൾ റോമും സഭാധികാരികളും തമ്മിൽ നടന്നുകൊണ്ടിരുന്ന സമയമായിരുന്നു അത്. സഭയുടെ പ്രൊവിൻഷ്യൽ എന്ന നിലയിൽ അച്ചനും ആ ചർച്ചയിൽ പങ്കെടുത്തിരുന്നു. മിഷൻ പ്രദേശത്തിന്റെ പ്രീഫക്ട് അപ്പസ്തോലിക് ആയിട്ടാണ് അച്ചനെ ആദ്യം പരിശുദ്ധ സിംഹാസനം നിയമിച്ചത്. സുറിയാനിയിൽ എക്സാർക്കേറ്റ് എന്നുപറയും. മെത്രാൻപട്ടമില്ലാത്ത മറ്റെല്ലാ അധികാരങ്ങളോടുംകൂടിയ സഭാമേലദ്ധ്യക്ഷൻ എന്നുചുരുക്കം. മിഷൻപ്രദേശത്ത് ജോലി ചെയ്ത് പരിചയമില്ലാതിരുന്ന തിരുമേനിക്ക് അഞ്ചുഭാഷകൾ സംസാരിക്കുന്ന ജനങ്ങളുടെയിടയിൽ ജോലി ചെയ്യുന്നത് പുതിയ ഒരു അനുഭവമായിരുന്നു. അന്ന് സഭയുടെ പ്രൊവിൻഷ്യൻ ആയിരുന്ന ക്ലോഡച്ചന്റെ പ്രോത്സാഹനങ്ങൾ ഹിപ്പോളിറ്റസ് പിതാവിന് തുണയായി. കാശ്മീരിൽ ഒരു കൊച്ചുദേവാലയവും പ്രീഫക്ടിന് താമസിക്കാൻ ഒരു ചെറിയ ഭവനവും ഉണ്ടായിരുന്നു. ശ്രീനഗർ കേന്ദ്രമായി സെന്റ് ജോസഫ് പ്രൊവിൻസ് ആദ്യം മിഷൻ പ്രവർത്തനം ആരംഭിച്ചു.

പിതാവിന് അവിടെ അടിയന്തിരമായി ചെയ്യണ്ട രണ്ടുകാര്യങ്ങൾ ഉണ്ടായിരുന്നു. വൈദികർ ആവശ്യത്തിന് ഇല്ലാതിരുന്നതിനാൽ രൂപതാവൈദികരെ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സെമിനാരിയിലേക്ക് കുട്ടികളെ സ്വീകരിക്കുകയെന്നതായിരുന്നു ഒന്നാമത്തെ കാര്യം. അതിനായി കേരളത്തിലും തമിഴ്നാട്ടിലും എത്തി ദൈവവിളിയുള്ള കുട്ടികളെ കണ്ടുപിടിച്ച് സെമിനാരിയിൽ ചേർക്കുക. അക്കാര്യത്തിൽ അദ്ദേഹം വിജയിച്ചു. അന്ന് രൂപതയ്ക്ക് സാമ്പത്തിക വരുമാനം ഒന്നും ഇല്ലായിരുന്നു. നല്ല ഉപകാരികളെ കണ്ടുപിടിക്കുക എന്നതായിരുന്നു മറ്റൊരുകാര്യം. അതിനുവേണ്ടി വിദേശത്തുപോവുകയും സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. പല രൂപതകളും വിദേശ ഏജൻസികളും അതിന് തയ്യാറായി മുന്നോട്ടുവന്നു.

1979ൽ ക്രിസ്ത്യൻ കോളനിയായിരുന്ന കലീറ്റ് എന്ന സ്ഥലത്ത് ആദ്യത്തെ ദേവാലയം സ്ഥാപിച്ചു. മിഷന്റെ കേന്ദ്രം ജമ്മുവിലാക്കേണ്ടത്

www.malankaralibrary.com

ഒരു ആവശ്യമായിരുന്നു. ജമ്മുവിലുള്ള സൈനികർക്ക് വേണ്ടി ഒരു കുതിര ഷെഡ് ഉണ്ടായിരുന്നത് പള്ളിയായി ഉപയോഗിക്കാൻ അവരുടെ അനുവാദം തേടി. കുതിരകളെ മാത്രം കെട്ടുന്ന ഷെഡുകളിൽ ഞായറാഴ്ച ദിവ്യബലി അർപ്പിച്ചു. പ്രേംനഗറിൽ ഗവൺമെന്റ് വക സ്ഥലത്ത് ഞായറാഴ്ച കുർബാനയർപ്പിക്കാനുള്ള അവസരം ലഭിച്ചിരുന്നു. തുടർന്ന് കൊച്ചുകൊച്ചു മഠങ്ങളും സ്കൂളുകളും ഉയർന്നു തുടങ്ങി. ക്രമേണ 22 സന്യാസഭവനങ്ങളുടെ പ്രവർത്തനകേന്ദ്രങ്ങളായി ഈ രൂപത മാറി. 15 സ്കൂളുകളും കുറെ ഡിസ്പെൻസറികളും സ്ഥാപിതമായി. 1986-ൽ പ്രീഫക്ടായിരുന്ന ഹിപ്പോളിറ്റസ് തിരുമേനിയെ ബിഷപ്പായി നിയമിച്ചു. 1986 ജനുവരി 29-ന് മെത്രാൻപട്ടം റോമിൽവച്ച് സ്വീകരിച്ചു. അധികം താമസിയാതെ കത്തീഡ്രൽപള്ളി പണിതു. തമിഴ്നാട്ടിൽനിന്നും പെയിന്റർമാരെ കൊണ്ടുവന്ന് ബൈബിൾ ചരിത്രം മുഴുവൻ ആ പള്ളിയിൽ ആലേഖനം ചെയ്തു.

ജമ്മുവിന്റെ വിവിധഭാഗങ്ങളിൽ സ്കൂളുകളും ദേവാലയങ്ങളും വൈദികമന്ദിരങ്ങളും ഉയർന്നു. പുരുഷന്മാരുടെ സന്യാസസമൂഹമായ ഒ.എഫ്.എം.(Cap) ഐ.എം.എസ്., മോണ്ട്ഫോർട്ട് ബ്രദേഴ്സ്, സി.എം.ഐ., ജസ്യൂട്ട് തുടങ്ങിയ സന്യാസസമൂഹങ്ങൾ ജമ്മുവിൽ പ്രവർത്തനത്തിനായി എത്തി. പൂഞ്ചുഭാഗം സഭാപ്രവർത്തനത്തിനും വികസനത്തിനുമായി സി.എം.ഐ സഭയെ ഏല്പിച്ചു. സി.എം.സി. സിസ്റ്റേഴ്സും അവിടെ സഹായത്തിനെത്തി. ലോകത്തിലെ ഏറ്റവും ഉയരമുള്ള പ്രദേശമായ ലേയിൽ ഒരു ദേവാലയം നിർമ്മിച്ചു. 1978 മുതൽ 1998 വരെ ജമ്മു കാഷ്മീരിൽ അദ്ദേഹം സേവനം ചെയ്തു. റിട്ടയർമെന്റിനുള്ള അപേക്ഷ കൊടുത്തെങ്കിലും കാലാവധി മൂന്നു വർഷത്തേക്കുകൂടി നീട്ടി. 1998 സെപ്റ്റംബർ 16-ാം തീയതി തന്റെ പിൻഗാമിയായി ബിഷപ്പ് സെലസ്റ്റിനെ വാഴിച്ചശേഷം 10-ാം തീയതി ആലുവാ സെന്റ് ജോസഫ് പ്രോവിൻസിലേക്കു തിരികെ പോന്നു. ആ സമയമായപ്പോഴേക്കും വിശ്വാസികളുടെ എണ്ണം 15000 ആയി ഉയർന്നു. 30 ഓളം സന്യാസസന്യാസിനീ സമൂഹങ്ങളും രണ്ടു ആശുപത്രികളും ഒരു നിത്യാരാധനാ മഠവും അവിടെ സ്ഥാപിക്കപ്പെട്ടു.


നാട്ടിൽ തിരിച്ചെത്തിയ ഹിപ്പോളിറ്റസ് പിതാവ് മൂവാറ്റുപുഴ ലൊരേത്ത് ആശ്രമത്തിലും രണ്ടുവർഷം താമസിച്ചു. പുസ്തകമെഴുത്തിലും വായനയിലുമായിരുന്നു പിന്നീട് ശ്രദ്ധ ചെലുത്തിയത്. ദൈവം നൽകിയ ആരോഗ്യവും ഓർമ്മശക്തിയും കാഴ്ചയും ഉപയോഗിച്ചുകൊണ്ട് ധാരാളം നല്ല പുസ്തകങ്ങൾ വായിക്കുകയും ഏതാണ്ട് 5 പുസ്തകങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും രചിക്കുകയും ചെയ്തു. ഇപ്പോൾ എഴുത്തും വായനയുമായി ഭരണങ്ങാനം ആശ്രമത്തിൽ കഴിയുന്നു. അദ്ദേഹത്തിന്റെ ആത്മകഥയാണ് ദൈവപരിപാലനയിൽ എന്റെ തീർത്ഥയാത്ര എന്ന ഗ്രന്ഥം.

വിലാസം : ബിഷപ്പ് ഡോ. ഹിപ്പോളിറ്റസ് കുന്നുങ്കൽ, കപ്പൂച്ചിൻ ആശ്രമം, ഭരണങ്ങാനം.

www.malankaralibrary.com

# 26

# മാർ ജോൺ പെരുമാറ്റം



ഒരു കാലത്ത് ഭാരതമാകെ വ്യാപിച്ചു കിടന്നിരുന്ന സുറിയാനി സഭയുടെ അതിർത്തി വടക്കു ഭാരതപുഴ വരെയും തെക്ക് പമ്പാ നദിവരെയും എന്ന് പരിമിതിപ്പെടുത്തിയിരുന്നു. ഈ അതിർത്തിക്കു വെളിയിൽ പ്രേഷിത പ്രവർത്തനം നടത്തണമെങ്കിൽ ജനിച്ചു വളർന്ന റീത്ത് ഉപേക്ഷിക്കണമായിരുന്നു. അതിന് നമ്മുടെ പൂർവ്വികർ താല്പര്യം പ്രകടിപ്പിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽപോലും പ്രേഷിത ചൈതന്യത്താൽ പ്രചോദിതരായി കേരളത്തിന് പുറത്ത് മിഷൻ പ്രവർത്തനം ചെയ്യാൻ തയ്യാറായി പലരും മുന്നോട്ടുവന്നു. അവരുടെ ഈ രംഗത്തെ തീഷ്ണത വളരെ അഭിമാനകരമായിരുന്നു. ദൈവവിളികളുടെ കാര്യത്തിൽ ഏറ്റം മുൻപന്തിയിൽ നിൽക്കുന്ന രൂപതയാണ് പാലാരൂപത. രൂപതയിലെ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം രൂപതയിലും കേരളത്തിലും വളർന്നു വരുന്ന ദൈവവിളികൾ ഭാരതസഭയ്ക്ക് ആകമാനം, പ്രയോജനകരമായിത്തീരുമെന്ന ആഗ്രഹത്താൽ പ്രേരിതനായി, വളരെനാളത്തെ ചിന്തയുടെയും ആലോചനയുടെയും ഫലമായി അഭിവന്ദ്യവയലിൽ പിതാവ് വളർത്തിക്കൊണ്ടുവന്ന ഒരു ആശയമാണ് ഏതദ്ദേശീയ മിഷനറി സൊസൈറ്റി. വയലിൽ പിതാവിന്റെ ഈ ആശയത്തെ കേരളത്തിലെ സുറിയാനി ഹൈരാർക്കി സന്തോഷത്തോടെ സ്വീകരിക്കുകയും റോമിലേക്ക് എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തു. അതിനുവേണ്ട നേതൃത്വം വഹിക്കുവാൻ വയലിൽ പിതാവിനെ ചുമതലപ്പെടുത്തി. ലോകപ്രഖ്യാത മിഷനറി സമൂഹങ്ങളായ പാരീസ് ഫോറിൻ മിഷനറി സൊസൈറ്റി, മിലാൻ ഫോറിൻ മിഷനറി സൊസൈറ്റി, മിൽഹിൽ ഫാദേഴ്സ് തുടങ്ങിയവയുടെ മാതൃകയിൽ മിഷൻ പ്രവർത്തനം നടത്തുന്നതിനായി, സൗകര്യം നൽകുന്നതിന് കേരളത്തിലെ സുറിയാനി ഹയരാക്കിക്കായി സ്ഥാപിതമായതാണ് സെന്റ് തോമസ് മിഷനറി സൊസൈറ്റി. 1967 ജൂൺ 13-ന് റോമിൽ നിന്നും അംഗീകാരം ലഭിച്ച പ്രസ്തുത സൊസൈറ്റി 1968 ഫെബ്രുവരി 22-ന് അമ്പാറയിൽ ഉത്ഘാടനം ചെയ്യപ്പെട്ടു. ഭാരതത്തിന്റെ വിവിധഭാഗങ്ങളിലും ഭാരതത്തിനുവെളിയിലും മിഷൻ പ്രവർത്തനം നടത്തുകയെന്നതാണ് ഈ സൊസൈറ്റിയുടെ ലക്ഷ്യം.

കേരളത്തിലെ പ്രേഷിത ചൈതന്യവും ദൈവിളികളും പ്രയോജനകരമായി തീർക്കുന്നതിന് മിഷൻ പ്രദേശങ്ങളെ കേരള സഭക്ക് പ്രത്യേകമായി ഏൽപ്പിക്കേണ്ടതാണെന്ന് പ. സിംഹാസനത്തിന് ബോദ്ധ്യമായി. ഭാരതപ്പുഴക്കും പമ്പാനദിക്കും ഇടയിൽ ഒതുക്കപ്പെട്ടിരുന്ന സുറിയാനി സഭയെ, ഭാരതത്തിന്റെ വിവിധ ഭാഗങ്ങൾ ഏൽപിച്ചാൽ വൻ വളർച്ച ഉണ്ടാകുമെന്നും

www.malankaralibrary.com

ബോദ്ധ്യം വന്നു. 1962-ൽ സി.എം.ഐ. സഭയെ ഏൽപ്പിച്ച ഛാന്ദാ മിഷന്റെ അത്ഭുതകരമായ വളർച്ച, കൂടുതൽ മിഷനുകൾ കേരളസഭയെ ഏല്പിക്കുവാൻ റോം തയ്യാറായി. 1968-ൽ മദ്ധ്യപ്രദേശത്ത് മൂന്ന് മിഷൻ കേന്ദ്രങ്ങൾ കൂടി സ്ഥാപിതമായി. അതിൽ ഉജ്ജയിൻ എക്സാർക്കറ്റിന്റെ ചുമതല പാലായിൽ ആരംഭിച്ച സെന്റ് തോമസ് മിഷനറി സൊസൈറ്റിയെ ആണ് പരിശുദ്ധസിംഹാസനം ഏല്പിച്ചത്. 7131 ച. മൈൽ വിസ്തീർണ്ണമുള്ള ഉജ്ജയിൻ മിഷനിലെ ആകെ ജനസംഖ്യ 21 ലക്ഷത്തിലധികം ആയിരുന്നു. ഇതിൽ കത്തോലിക്കർ 500 പേർ മാത്രം. ഈ എക്സർക്കേറ്റിന്റെ ചുമതല വഹിക്കുവാൻ പ. സിംഹാസനം നിയോഗിച്ചത് സൊസൈറ്റിയുടെ പ്രഥമ സുപ്പീരിയർ അഭിവന്ദ്യ ജോൺ പെരുമറ്റം തന്നെയായിരുന്നു.

ഉജ്ജയിൻ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ ജോൺ പെരുമറ്റം 1921 നവംബർ മൂന്നിന് കാക്കൂരിൽ ആണ് ജനിച്ചത്. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം മംഗലപ്പുഴ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കി. 1951 മാർച്ച് 11-ന് വൈദിക പട്ടം സ്വീകരിച്ചു. തുടർന്ന് ഉപരിപഠനാർത്ഥം റോമിലേക്കയച്ചു. റോമിലെ ലാറ്റിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് കാനൻ നിയമത്തിലും സിവിൽ നിയമത്തിലും ഡോക്ടറേറ്റ് നേടി. പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ദീർഘകാലം വൈസ് റെക്ടറായും തുടർന്ന് റെക്ടറായും സേവനം അനുഷ്ഠിച്ചു. മലബാർ മിഷനറി സൊസൈറ്റിയുടെ പ്രഥമ സുപ്പീരിയർ ആയി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. 1968-ൽ ഉജ്ജൈയിൻ എക്സാർക്കേറ്റ് രൂപീകൃതമായപ്പോൾ അതിന്റെ അപ്പസ്തോലിക് എക്സാർക്കായി, എം.എസ്.ടി.യുടെ സുപീരിയർ ജനറലായ ഫാ. ജോൺ പെരുമാറ്റത്തെ നിയമിച്ചു. 1977 ഫെബ്രുവരി 26-ന് എക സാർക്കേറ്റ് രൂപതയായി ഉയർത്തിയപ്പോൾ ആ രൂപതയുടെ മെത്രാനായി അതേ വർഷം മെയ് 15-ന് മെത്രാഭിഷേകം നടക്കുകയും ചെയ്തു. ജൂലൈ 3-ന് രൂപതയുടെ മെത്രാനായി സ്ഥാനമേറ്റു. 1968-ൽ എക്സാക്കേറ്റായപ്പോൾ തുടങ്ങി സെന്റ് തോമസ് മിഷനറി സൊസൈറ്റിയംഗങ്ങൾ മാർ പെരുമറ്റത്തിന്റെ നേതൃത്വത്തിൽ ഉജ്ജ്വലമായ പ്രവർത്തനം കാഴ്ചവച്ചു. ഹിന്ദു, ഉറുദു, മാൽവി, ഭാഷകൾ സംസാരിക്കുന്ന ജനങ്ങളുടെയിടയിൽ അതേ ഭാഷകൾ പഠിച്ച് മിഷനറിമാർ പ്രവർത്തനം തുടങ്ങി. മുവായിരത്തിലധികം കത്തോലിക്കർ ഇന്നുണ്ട്. ഇടവകകളും മിഷൻ സ്റ്റേഷൻസും ഉൾപ്പെടെ നാല്പതോളം കേന്ദ്രങ്ങൾ ഉണ്ട്. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന അവിടുത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി ഏഴ് ഹയർ സെക്കണ്ടറി സ്കൂളും 15-ൽപരം ഹൈസ്കൂളും നിരവധി പ്രൈമറി സ്കൂളുകളും സ്ഥാപിച്ചു പ്രവർത്തിക്കുന്നുണ്ട്.

ഉജ്ജൈയിനിൽ നിന്നും ധാരാളം ദൈവവിളികൾ ഉണ്ടാകണമെന്നുള്ളതായിരുന്നു പെരുമറ്റം പിതാവിന്റെ ലക്ഷ്യം. ഉജ്ജൈയിനിൽ മൈനർ സെമിനാരിയും മേജർ സെമിനാരിയും സ്ഥാപിച്ചു പ്രവർത്തിക്കുന്നു. റൂഹാ

www.malankaralibrary.com

ലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫി ആന്റ് തിയോളജിയാണ് മേജർ സെമിനാരി. റിലീജയൻസ് സിസ്റ്റേഴ്സിന്റെ പ്രവർത്തനം രൂപതയിൽ സജീവമാണ്. വൃദ്ധമന്ദിരങ്ങളും ആശുപത്രികളും, ഡിസ്പൻസറികും ഹോസ്റ്റലുകളും രൂപതവകയായിട്ടുണ്ട്. ഉജ്ജൈയിൻ രൂപതയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച മാർ ജോൺ പെരുമറ്റം 1998-ൽ വിരമിച്ചു. മാർ സെബാസ്റ്റ്യൻ വടക്കേൽ പുതിയ ബിഷപ്പായി നിയമിച്ചു. ഉജ്ജൈയിനിൽ തന്നെ അദ്ദേഹം വിശ്രമജീവിതം നയിക്കുന്നു. മിഷനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സഭാത്മക കാഴ്ചപ്പാട് സീറോമലബാർസഭക്ക് ഏറെ പ്രയോജനപ്പെട്ടു.
Address - John Perumattam, Bishops House, P.B. No. 234 - Ujjain - 456010 (M.P.)

# 27



# ഫാ. ബർണർഡിൻ വല്ലാത്തറ

## ഒ. സി. ഡി.

ദൈവശാസ്ത്രത്തിലും സന്മാർഗ്ഗശാസ്ത്രത്തിലും പ്രാവണ്യം നേടിയ പക്വമതിയും വിശാലഹൃദയനുമായ ഫാ. ബർണർഡിൻ വല്ലാത്തറ ഒ.സി.ഡി. 1921 ഡിസംബർ 20-ന് മാന്നാനത്ത് അതിരമ്പുഴ ഇടവകയിൽ ഭൂജാതനായി. ജേക്കബ്ബ് എന്നായിരുന്നു പേര്. പിതാവ് വി.ഡി. ജോസഫും മാതാവ് മറിയവും. പിതാവ് മാന്നാനം സെന്റ് ജോസഫ് സ്കൂളിൽ ഹെഡ്മാസ്റ്ററായും മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്ക്കൂളിൽ ചീഫ് അക്കൗണ്ടന്റായും മാന്നാനം സെന്റ് ജോസഫ് പ്രസ്സിൽ മുഖ്യകാര്യദർശിയായും പ്രവർത്തിച്ചു. കത്തോലിക്കാ കോൺഗ്രസ്സിന്റെ സജീവപ്രവർത്തകനുമായിരുന്നു. മാന്നാനത്തെ കത്തോലിക്കാസമാജം സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചിരുന്നു. നല്ല കത്തോലിക്കാ അന്തരീക്ഷത്തിൽ വളർന്നുവന്ന ജേക്കബ്ബ് മാന്നാനം സെന്റ് ജോസഫ്സ് പ്രൈമറി സ്കൂളിലും സെന്റ് ജോർജ് ഹൈസ്ക്കൂളിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. ഹൈസ്ക്കൂൾ വിദ്യാഭ്യാസാനന്തരം 1940 ഏപ്രിൽ 15-ന് നിഷ്പാദുക കർമ്മലീത്താ സഭയുടെ മലബാർ പ്രോവിൻസിന്റെ നവസന്യാസഭവനമായ കാർമ്മൽഹിൽ ആശ്രമത്തിൽ യോഗാർത്ഥിയായി ചേർന്നു. 1942 ജൂൺ 9-ന് വ്രതവാഗ്ദാനം നടന്നു. 1945 ജൂൺ മാസത്തിൽ ആഘോഷവ്രതവാഗ്ദാനവും നടത്തി. അതോടെ ബർണാർഡിൻ എന്ന പേര് സ്വീകരിച്ചു. കാർമ്മൽ ഫിലോസഫി കോളേജിലും ദൈവശാസ്ത്രപഠനത്തിന്റെ ആദ്യവർഷം തക്കല ദൈവശാസ്ത്രകോളേജിലും, തക്കല കോളേജ് തിരുവനന്തപുരത്തേക്കു മാറ്റിയപ്പോൾ തിരുവ

www.malankaralibrary.com

നന്തപുരത്തും പഠനം തുടർന്നു. തത്വശാസ്ത്രദൈവശാസ്ത്രപരീക്ഷക ളിൽ പ്രശസ്തമായ വിജയം കൈവരിച്ചു. 1949 ഏപ്രിൽ രണ്ടാംതീയതി പാളയം സെന്റ് ജോസഫ് കത്തീഡ്രലിൽവച്ച് തിരുവനന്തപുരം മെത്രാൻ അഭിവന്ദ്യ വിൻസെന്റ് വി. ഡിരേറായുടെ കൈവയ്പുശുശ്രൂഷയിലൂടെ പുരോ ഹിതനായി. പിറ്റേദിവസം കാർമ്മൽഹിൽ ആശ്രമത്തിൽവച്ച് പ്രഥമദിവ്യ ബലി ആഘോഷമായി അർപ്പിച്ചു. 1950-1956 മാർച്ചുവരെ ഫിലോസഫി, ഡോഗ്മാറ്റിക് തിയോളജി, മോറൽ തിയോളജി എന്നിവയുടെ പ്രൊഫസ്സ റായും പ്രൊവിൻഷ്യൽ സെക്രട്ടറിയായും വേദോപദേശ ഡയറക്ടറായും ചെറുപുഷ്പ ഭക്തസഖ്യഡയറക്ടറായും കർമ്മലീത്താ മൂന്നാംസഭയുടെ ഡയ റക്ടറായും സേവനം അനുഷ്ഠിച്ചു. തിരുവനന്തപുരം സെൻട്രൽ ജയിൽ ചാപ്ലിനുമായിരുന്നു അദ്ദേഹം.

മലബാർ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ കൗൺസിലർ, (പതിനാലു വർഷക്കാലം) വികാർ പ്രൊവിൻഷ്യൽ, കർമ്മലാരാം തിയോളജി കോളേ ജിന്റെ വൈസ് റെക്ടർ, ദൈവശാസ്ത്രശെമ്മാശ്ശന്മാരുടെ ഗുരു, പ്രൊവിൻഷ്യൽ പ്രീഫെക്ട് സ്റ്റഡീസ്, ഫിലോസഫി കോളേജിന്റെ റെക്ടർ, പ്രിയോർ, ബൻസിഗർ മെമ്മോറിയൽ ധ്യാനമന്ദിരം ഡയറക്ടർ വരാപ്പുഴ ഇട വകയുടെ വികാർ കൊ ഓപ്പറേറ്റർ എന്നീ പദവികളും ബർണാർഡിൻ അച്ചൻ വഹിച്ചിട്ടുണ്ട്. നല്ലൊരു എഴുത്തുകാരനും വാഗ്മിയും അറിയപ്പെടുന്ന ധ്യാന പ്രസംഗകനുമാണ് അദ്ദേഹം.

കർമ്മലസഭയുടെ നവീകരണ നാലാം ശതാബ്ദിയാഘോഷങ്ങളുടെ സംഘാടകൻ, അമ്മ ത്രേസ്യായുടെ വേദപാരംഗത പ്രഖ്യാപന മഹാസമ്മേ ളനത്തിന്റെ സംഘാടകൻ, ഏതദ്ദേശീയർക്കുവേണ്ടി ആരംഭിച്ച നവസന്യാസ ഭവനത്തിന്റെ സുവർണ്ണജൂബിലിയാഘോഷങ്ങളുടെ സംഘാടകൻ എന്നീ നിലകളിൽ ബർണർഡിൻ അച്ചൻ പ്രശസ്തസേവനം ചെയ്തു. പിഡക ളുടെ മനുഷ്യൻ, ധ്യാനം ബൈബിളിലൂടെ, Souvenir of the 4th Century of Carmalite Reforms, എന്നീ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഞാൻ കണ്ട വിശു ദ്ധൻ, ആർച്ച് ബിഷപ്പ് അലോഷ്യസ് മരിയ ബൻസിഗർ എന്നീ പുസ്തക ങ്ങൾ ഉടനെ പ്രസിദ്ധീകരിക്കുന്നതാണ്. സത്യദീപം, കാർമ്മൽ, ന്യൂഡീ ലർ എന്നീ പ്രസിദ്ധീകരണങ്ങളിൽ അനേകം ലേഖനങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും എഴുതിയിട്ടുണ്ട്.

സേക്രട്ട് ഹാർട്ട് മൗണ്ടിലെ Oblatesന്റെ എപ്പിസ്കോപ്പൽ വിസിറ്റർ ആയി ദിവംഗതനായ അഭിവന്ദ്യ തോമസ് തറയിൽ പിതാവ് ഫാ.ബർ ണാർഡിനെ 1961-ൽ നിയമിക്കുകയുണ്ടായി. ഹൈസ്ക്കൂൾ വിദ്യാർത്ഥിയാ യിരിക്കുമ്പോൾ മാന്നാനം കെ.സി.സി.ഏ.യുടെ വാർഷികത്തിൽ അന്നത്തെ വി.ജെ.ജേക്കബ്ബ് സ്വാഗതം പറയുകയുണ്ടായി. ആ പ്രസംഗം ശ്രവിച്ച എസ്. ബി. കോളേജ് പ്രഫസ്സർ എം.സി.മത്തായി, അനതിവിദൂരഭാവിയിൽ കേരള ത്തിലെ അറിയപ്പെടുന്ന ഒരു പ്രസംഗകനായി അദ്ദേഹം തീരുമെന്ന് പ്രവചി

www.malankaralibrary.com


ക്കുകയുണ്ടായി. 1940-ൽ മതപഠനത്തിന് സ്കോളർഷിപ്പ് ലഭിക്കുകയുണ്ടായി. പ്രസംഗ മത്സരത്തിന് നിരവധി സമ്മാനങ്ങളും നേടിയിട്ടുണ്ട്.

ദിവംഗതനായ കാവുകാട്ട് തിരുമേനി ഫാ. ബർണർഡിനെ ചങ്ങനാശ്ശേരി അതിരൂപതയിലെ എല്ലാ സന്യാസിനി ഭവനങ്ങളുടെയും അസാധാരണ കുമ്പസാരക്കാരനായി 1960-ൽ നിയമിക്കുകയുണ്ടായി. ദിവംഗതനായ ആർച്ച് ബിഷപ്പ് കാർഡിനൽ മാർ ആന്റണി പടിയറയുടെ കുമ്പസാരക്കാരനും ആദ്ധ്യാത്മിക പിതാവും ഫാദർ ബർണർഡിനായിരുന്നു. നാമകരണ നടപടികളുടെ വൈസ്പോസ്റ്റുലേറ്ററായും പ്രവർത്തിച്ചിട്ടുണ്ട്.

വിലാസം - ഫാ.ബർണർഡിൻ വല്ലാത്തറ ഒ.സി.ഡി., മൗണ്ട് കാർമ്മൽ ആശ്രമം, വെള്ളാപ്പാട്ട്, പാലാ, കോട്ടയം 686575.

# 28

# സാധു ഇട്ടിയവിര



"ദൈവത്തിന്റെ സന്ദേശവാഹകൻ" . സാധു ഇട്ടിയവിരായെക്കുറിച്ച് ഇതിലും ലളിതമായിട്ട് ഒന്നും പറഞ്ഞു തുടങ്ങുക വയ്യ. ഇംഗ്ലീഷിലും മലയാളത്തിലുമായി ഇദ്ദേഹം എഴുതിയത് നൂറ്റിനാല്പുസ്തകങ്ങൾ. പുസ്തകരൂപത്തിൽ സമാഹരിക്കാത്ത ലേഖനങ്ങൾ ഏഴായിരം. ഒപ്പം അമ്പതിനായിരത്തിലേറെ പ്രസംഗങ്ങൾ. എല്ലാം സ്നേഹത്തെക്കുറിച്ച്, ദൈവസ്നേഹം, സഹോദരസ്നേഹം, അയൽവക്ക സ്നേഹം, അന്യമതസ്നേഹം, പ്രകൃതിസ്നേഹം, സാധു ഇട്ടിയവിരായുടെ പുസ്തകങ്ങളും പ്രസംഗങ്ങളും സ്നേഹത്തെക്കുറിച്ചു മാത്രമാണ്.

അമ്പതു വർഷത്തിലേറെയായി സാധു ഇട്ടിയവിരാ നടന്ന വഴികൾ നേർരേഖയിലായിരുന്നുവെങ്കിൽ ഭൂമിയുടെ പകുതിയിലേറെ ദൂരവും പിന്നിടുമായിരുന്നു. കേരളമെങ്ങും പലവട്ടം നഗ്നപാദനായി ഇളംകാററു പോലെ അദ്ദേഹം നടന്നുകഴിഞ്ഞു. സ്കൂളുകളിലും കോളേജ് കാമ്പസുകളിലും പള്ളികളിലും നഗരങ്ങളിലും ആരാലും ക്ഷണിക്കപ്പെടാതെ അതിഥിയായി എത്തി സ്നേഹസന്ദേശം പങ്കുവെച്ചു. വിതച്ച വചനങ്ങൾ കുറെയേറെ മനസ്സുകളിൽ സ്നേഹചൈതന്യം വിളയുന്നതുകണ്ട് എൺപത്തിരണ്ടാം വയസ്സിൽ സാധു ഇട്ടിയവിരാ ചിരിക്കുന്നു. നിഷ്കളങ്കനായ ഒരു കുഞ്ഞിനെപ്പോലെ. നരച്ച മുടിയും താടിയും പ്രകാശമുള്ള ചിരിക്ക് അകമ്പടിയാകുന്നു.

ഈ ചിരിയിൽനിന്ന് വചനങ്ങളിൽനിന്ന് ആർക്കും മുഖം തിരിക്കാനാവില്ല. അകന്ന് നിൽക്കുന്നവർപോലും തന്റെ വചനങ്ങളിലേക്ക് കാന്തശക്തിയാലെന്നപോലെ ആകർഷിക്കപ്പെടുന്നതാണ് അരനൂററാണ്ടുകാ

www.malankaralibrary.com

ലത്തെ ഇദ്ദേഹത്തിന്റെ അനുഭവം."

2003-ാമാണ്ട് ജൂലായ് 13-ാം തീയതിയിലെ ദീപിക ദിനപത്രത്തിൽ ബിജു പഴയമ്പള്ളി എഴുതിയ ലേഖനത്തിലെ ഒരു ഭാഗമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. എല്ലാവരോടും സ്നേഹത്തോടെ സമീപിക്കുകയും വിനയത്തോടെ പെരുമാറുകയും ചെയ്യുന്ന സാധു ഇട്ടിയവിരാ ഈ നൂററാണ്ടിൽ ഒരു വിസ്മയം പോലെ നമ്മുടെയിടയിൽ ജീവിക്കുന്നു.

മീനച്ചിൽ താലൂക്കിൽ കൊല്ലപ്പള്ളി ഗ്രാമത്തിൽ അന്തീനാട് ഇടവകയിൽ പെരുമാട്ടിക്കുന്നേൽ മത്തായി അന്ന ദമ്പതികളുടെ മകനായി 1922 മാർച്ച് 18-ാം തീയതി ഭൂജാതനായി. അന്തീനാട് ഗവ. എൽ.പി.സ്കൂൾ, കടനാട് സെന്റ് സെബാസ്റ്റ്യൻസ് സ്കൂൾ, പ്രവിത്താനം സെന്റ് മൈക്കിൾസ് സ്കൂൾ, പാലാ സെന്റ് തോമസ് സ്കൂൾ തേവര സേക്രട്ട് ഹാർട്ട് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ഇന്റർമീഡിയററ് പരീക്ഷ പാസ്സായതിനുശേഷം എറണാകുളത്ത് ഒരു കമ്പനിയിൽ മാനേജരായി മൂന്നു വർഷക്കാലം പ്രവർത്തിച്ചു. തുടർന്ന് രണ്ടാം ലോകമഹായുദ്ധക്കാലത്ത് സൈന്യത്തിൽ ചേർന്നു. 1942മുതൽ 1947വരെ പട്ടാളജീവിതം നയിച്ചു. യുദ്ധത്തിലെ തന്ത്രങ്ങളും കുതന്ത്രങ്ങളും ഇട്ടിയവിരായുടെ ജീവിതത്തെ സ്വാധീനിച്ചില്ല. പട്ടാളക്കാരന് അവന്റെ ജീവിതത്തിൽ സ്നേഹത്തിനോ സഹതാപത്തിനോ സ്ഥാനം നൽകാൻ സാധിച്ചെന്നുവരികയില്ല. യുദ്ധകാലത്ത് മുറിവേററവരെ - സഹപ്രവർത്തകരെ ശുശ്രൂഷിക്കുന്നത് ഒരു ദൈവശുശ്രൂഷയാണെന്ന് അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. പട്ടാള ജീവിതത്തിലെ ചട്ടക്കൂടുകളും മററും കണ്ട് മടുത്ത ഇട്ടിയവിര ഒരു പുതിയ ജീവിതപാത കണ്ടെത്തുന്നതിനുള്ള ശ്രമത്തിലായിരുന്നു. പട്ടാളജീവിതത്തിൽനിന്നും അദ്ദേഹം പോയത് ഒരു സന്യാസ സഭയിലേക്കായിരുന്നു. ഈശോസഭയിലേയ്ക്ക്. ജസ്യൂട്ട് സഭയിലെ ജീവിതം അദ്ദേഹത്തിന്റെ ജീവിതബോധ്യങ്ങളെ കൂടുതൽ തെളിച്ചമുള്ളതാക്കിത്തീർത്തു. 1950-ൽ ഈശോസഭയിൽ ചേർന്ന അദ്ദേഹം കോഴിക്കോട്ട് ക്രൈസ്റ്റ് ഹാൾ, പൂന ഡിനോബലി കോളേജ്, ഷെമ്പഗന്നൂർ എസ്സ്.എച്ച്.കോളേജ്, ഡാർജിലിംഗിനടുത്തുള്ള കഴ്സിയോങ്ങിലെ സെന്റ് മേരീസ് കോളേജ് എന്നിവിടങ്ങളിലായിരുന്നു ഈശോസഭയിലെ പരിശീലനം.

വൈദികപട്ടത്തിന് ഒൻപതുമാസമുള്ളപ്പോൾ, അദ്ദേഹം ഈശോസഭയിൽനിന്നും വിട്ടുപോന്നു. ഒരു പരദേശിയെപ്പോലെ നടന്ന് നാടുനീളെ ദൈവസ്നേഹത്തെപ്പററി പ്രസംഗിക്കുന്നതിന് സഭാധികാരികളിൽനിന്നും അനുവാദവും വാങ്ങിയാണ് ഇട്ടിയവിരാ പുതിയവഴിയിൽ എത്തിച്ചേർന്നത്. ബിജു പഴയമ്പള്ളിയുടെ ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. "പിന്നീട് ദൈവവചനങ്ങളും സങ്കീർത്തനങ്ങളുമായി കേരളമെങ്ങും സഞ്ചരിച്ചു കൊച്ചുകഥകളും ലഘുവായ ഉദാഹരണങ്ങളും ധാരാളം ചേർത്ത് താനറിഞ്ഞ ദൈവവചനങ്ങളും സങ്കീർത്തനങ്ങളുമായി കേരളമെങ്ങും സഞ്ചരിച്ചു.

www.malankaralibrary.com

കൊച്ചുകഥകളും ലഘുവായ ഉദാഹരണങ്ങളും ധാരാളം ചേർത്ത് താന റിഞ്ഞ ദൈവവചനം അനേകർക്ക് പകർന്നുകൊടുത്തു. കാക്കി പാന്റ്സും വെള്ളബനിയനും ആയിരുന്നു അപ്പോൾ വേഷം. ബനിയനിൽ 'ദൈവം നമ്മെ സ്നേഹിക്കുന്നു' എന്ന് ഇംഗ്ലീഷിലും മലയാളത്തിലും എഴുതിയിരുന്നു. ഇട്ടിയവിരാ ചെല്ലുന്നിടത്ത് കേൾവിക്കാരായി ധാരാളം പേർ എത്തുമായി രുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽനിന്ന് അവർക്ക് ജീവിതത്തിൽ പ്രകാശ ത്തിന്റെ മിന്നലാട്ടമുണ്ടായി. പാപത്തിന്റെ ചതുപ്പിൽ സ്വയം താഴ്ന്ന് പൊയ് ക്കൊണ്ടിരുന്നവർക്ക് കരകയറാനായി.

അങ്ങനെ ഇട്ടിയവിരാ അക്രൈസ്തവർക്ക് സ്വാമി ഇട്ടിയവിരായായി. ക്രൈസ്തവർക്ക് ബ്രദറും. പിന്നീട് എല്ലാവരുടെയും ഇടയിൽ സാധു ഇട്ടിയവിരാ എന്നും മാത്രം അറിയപ്പെടാൻ തുടങ്ങി. അരനൂററാണ്ടു കാല ത്തിനിടയ്ക്ക് സാധു ഇട്ടിയവിരായെ പിന്തുടർന്ന് മാനസാന്തരവഴിയിലൂടെ നടന്നവർ ഒട്ടനവധി. യാത്രകളിൽ പലരും തങ്ങളെ രക്ഷിച്ചതിന് കണ്ണീരോടെ നന്ദി പറഞ്ഞിട്ടുണ്ട്. ഇത്തരം ചില നിമിഷങ്ങളാണ് തന്റെ ജീവിതത്തിലെ ഏററവും ധന്യ നിമിഷങ്ങളെന്ന് സാധു ഇട്ടിയവിരാ പറയുന്നു."

ശാസ്ത്രപുരോഗതി എങ്ങനെയായിരിക്കണമെന്ന് ഒരു ഉൾക്കാഴ്ച അദ്ദേഹത്തിനുണ്ടായിരുന്നു. സമകാലിക മലയാളം വാരികയിൽ 2004 ഡിസംബർ 31-ലെ ലക്കത്തിൽ എം.ആർ. മഹേഷ് എഴുതിയിരിക്കുന്ന ഭാഗം താഴെ ചേർക്കുന്നു. "ഒരാൾ ജീവിക്കുന്ന ഇടം അയാളെ സംബന്ധിച്ച് വള രെ പ്രധാനമാണെന്ന് സാധു തിരിച്ചറിയുന്നു. സ്വയംപര്യാപ്തതകളുടെ മേഖലകളിലേക്കുള്ള അന്വേഷണം വിപുലമാക്കുന്നത് ഇതുകൊണ്ടാണ്. ശാസ്ത്രത്തോടുള്ള അടങ്ങാത്ത അഭിനിവേശം, നിരന്തരമായ അന്വേഷണ ങ്ങളിലേക്കും പരീക്ഷണങ്ങളിലേക്കുമാണ് അദ്ദേഹത്തെ നയിച്ചത്. ശാസ്ത്രത്തിന്റെ പ്രായോഗികതകളിൽ ഊന്നൽ നൽകുകയായിരുന്നു അദ്ദേഹം. സൗരോർജ്ജത്തെ എങ്ങനെയെല്ലാം പ്രായോഗികമായി ഉപയോഗ പ്പെടുത്താം എന്ന അന്വേഷണങ്ങൾക്കായി, 1973 ൽ അനുസന്ധാൻ എന്ന പേരിൽ മദ്ധ്യപ്രദേശിലെ റായ്പൂരിൽ ഒരു സംഘം അദ്ദേഹം രൂപീകരിച്ചു. തനിക്കലഭിച്ച ആൽബർട്ട് ഷ്വൈററ്സർ അവാർഡ് തുകയിൽ നിന്ന് നല്ലൊരുഭാഗം ഇത്തരം പ്രവർത്തനങ്ങൾക്കായി സാധു നീക്കിവച്ചു. നമ്മുടെ നാട്ടിലെ ഭൂരിപക്ഷം ശാസ്ത്രാദ്ധ്യാപകരും വിദ്യാർത്ഥികളും പാശ്ചാത്യ അറിവുകളും പരീക്ഷണങ്ങളും കേവലമായി ആവർത്തിക്കുകമാത്രമാണ് ചെയ്യുന്നതെന്നും സ്വന്തമായി ഒരു പരീക്ഷണംപോലും നടത്താത്തവരാണേ റെയുമെന്നും അദ്ദേഹം പരിതപിക്കുന്നു. ഒരു നാടിന്റെ ജീവിതരീതികൾക്കാ യുള്ള അന്വേഷണമായിരിക്കണം ശാസ്ത്രപരീക്ഷണങ്ങൾ എന്ന ബോധ മാണ് സാധു മുൻപോട്ടുവയ്ക്കുന്നത്."

റായ്പൂരിൽ ആരംഭിച്ച ആ ഗവേഷണകേന്ദ്രം ആരോഗ്യപരമായ കാരണങ്ങളാൽ തുടർന്നുനടത്തിക്കൊണ്ടുപോകുവാൻ അദ്ദേഹത്തിന്

www.malankaralibrary.com

സാധിച്ചില്ല.

ഏകദേശം ഇരുപതുവർഷക്കാലം കാൽനടയായി നടന്ന കർത്താവിന്റെ സ്നേഹത്തെക്കുറിച്ച് സ്കൂളുകളിലും കോളേജുകളിലും ഇടവകകളിലും പൊതുസ്ഥലങ്ങളിലും സംസാരിച്ച സാധു ഇട്ടിയവിരാ, ഇതിനിടയിൽ പത്രമാസികകളിൽ നിരന്തരം എഴുതിക്കൊണ്ടിരുന്നു. കേരളത്തിലും ഇന്ത്യയുടെ വിവധ ഭാഗങ്ങളിലും അമേരിക്ക, ക്യാനഡ, തായ്‌ലാന്റ്, ഇസ്രായേൽ മുതലായ രാജ്യങ്ങളിലും പ്രസംഗിക്കാൻ പോയിട്ടുണ്ട്. കേരളത്തിലും വിദേശത്തും ററി.വി. യിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. 61 പുസ്തകങ്ങൾ ഇംഗ്ലീഷിലും 40 പുസ്തകങ്ങൾ മലയാളത്തിലും എഴുതി. പല ഗ്രന്ഥങ്ങൾക്കും അനേകപതിപ്പുകളുണ്ടായി. മരണത്തിൽ നിന്നും ജീവനിലേക്ക് എന്ന ഗ്രന്ഥത്തിൽ മരണത്തെ ആരും ഭയപ്പെടേണ്ടന്നും നിത്യജീവിതത്തിലേക്കുള്ള കവാടമാണ് മരണമെന്നും നല്ല ഫോട്ടോയ്ക്കുമുമ്പുള്ള നെഗററീവാണ് മരണമെന്നും സമർത്ഥിച്ചിരിക്കുകയാണ് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ ലിസ്റ്റ് സ്ഥലപരിമിതിമുഖാന്തിരം ഈ ലേഖനത്തിൽ ചേർക്കുന്നില്ല എങ്കിലും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളെ പ്രധാനമായി എട്ട് ഇനങ്ങളായി തിരിക്കാം. 52 books on god, his love, care and compassion, 9 books on prayer, 5 books on science and research etc.8 books about freturnd love. 5 books about pain, suffering, death, broken nature, 10 value education books.

നിസ്വാർത്ഥവും നിശബ്ദവുമായ സേവനത്തിന്റെ പേരിൽ നിരവധി അവാർഡുകളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 1981 ൽ ലഭിച്ച അന്താരാഷ്ട്രതലത്തിലുള്ള ആൽബർട്ട് ഷൈററ്സർ അവാർഡാണ് ഇതിൽ ഏററം പ്രധാനം. അഞ്ചുവർഷത്തിലൊരിക്കൽ മാത്രം നൽകുന്ന ഈ അവാർഡ് മദർതെരേസായ്ക്ക് ലഭിച്ചിട്ടുണ്ട്. മൂല്യവത്തായകൃതിക്കുള്ള അൽബറിയോണാ അവാർഡും അദ്ദേഹത്തിന് ലഭിച്ചു. കൂടാതെ ദർശനാ അവാർഡ്, മങ്കുഴിക്കരി അവാർഡ്, സുവർണ്ണരേഖാ അവാർഡ് എന്നിവയും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.


തന്റെ സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും നിർബ്ബന്ധത്തിനുവഴങ്ങി 1975 ൽ കോതമംഗലത്തിനടുത്ത് എരമല്ലൂരിൽ കുറെ സ്ഥലംവാങ്ങി താമസം അവിടെയായി. ജീവജ്യോതി എന്നാണ് പ്രസ്തുത താമസസ്ഥലത്തിന് പേര്. എല്ലാവർക്കുംവേണ്ടി എന്നും ജീവിച്ച സാധു ഇട്ടിയവിരാ 1978 ൽ 56-ാം വയസ്സിൽ തിരുവല്ലാരൂപതയിൽ പ്ലാങ്കമൺ ഇടവകയിൽ മണലേൽ കുടുംബത്തിലെ ലാലിക്കുട്ടിയെ വിവാഹം ചെയ്തു.

വിലാസം - സാധു ഇട്ടിയവിരാ,
ജീവജ്യോതി,
ഇരമല്ലൂർ പി.ഒ.,
കോതമംഗലം 686691

www.malankaralibrary.com

# 29

# അഡ്വ. കെ. പി. ദേവസ്സി.



വിമോചന സമരത്തിലെ മുന്നണി പോരാളി, ന്യൂന പക്ഷാവകാശ സംരക്ഷണ സമരത്തിലെ ധീരപടനായകൻ, കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുടെ ആദ്യകാല പ്രവർത്തകൻ, കമ്മ്യൂണിസ്റ്റുകാരുടെ ആക്രമണങ്ങളെ നേരിടുവാനായി സംഘടിപ്പിയ്ക്കപ്പെട്ട സോഷ്യൽ സ്കൗട്ടിന്റെ ക്യാപ്റ്റൻ എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ച് ജനങ്ങളുടെ ആദരവും അംഗീകാരവും നേടിയ അഡ്വ. കെ.പി. ദേവസ്സി, തൃശൂർ- അയ്യന്തോളിൽ കണ്ണനായ്ക്കൽ കാഞ്ഞിരപ്പറമ്പിൽ പൊറിഞ്ചു-കത്രീന ദമ്പതികളുടെ മകനായി 1922 മേയ് രണ്ടാം തീയതി ജനിച്ചു. തൃശൂർ സെന്റ് ആൻസ് സ്കൂൾ, തൃശൂർ സെന്റ് തോമസ് കോളേജ് ഹൈസ്കൂൾ, തൃശൂർ സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. 1942-ൽ ബി.എയ്ക്ക് ഉപവിഷയമായി സംസ്കൃതമെടുത്തു പഠിച്ച ഏക ക്രിസ്ത്യൻ വിദ്യാർത്ഥിയായിരുന്നു ദേവസ്സി. ബി. എ. പാസ്സായതിനു ശേഷം ബാംഗ്ളൂരിൽ റോയൽ ഇന്ത്യൻ എയർഫോഴ്സിൽ ചേർന്നു. രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത് ഇന്ത്യ മുഴുവനും സഞ്ചരിച്ചിട്ടുണ്ട്. ബർമ്മ, റങ്കൂൺ എന്നിവിടങ്ങളിലും യുദ്ധത്തിന്റെ ഭാഗമായി സഞ്ചരിച്ചു.

റങ്കൂണിൽ വച്ച്, വീട്ടു തടങ്കലിൽ കഴിഞ്ഞിരുന്ന, നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ക്യാബിനറ്റിൽ മന്ത്രിയായിരുന്ന മലയാളിയായ ക്യാപ്റ്റൻ ലക്ഷ്മിയെ കാണാനും അവരെ സഹായിക്കാനും ദേശീയ ബോധം ജ്വലിച്ചുനിന്നിരുന്ന ദേവസ്സിക്ക് കഴിഞ്ഞു. വളരെക്കാലമായി വീട്ടുകാരുമായി ബന്ധപ്പെടാൻ കഴിയാതിരുന്ന ക്യാപ്റ്റൻ ലക്ഷ്മിക്ക് കത്തുമായും പണമായും ബന്ധപ്പെടാൻ വേണ്ട സഹായങ്ങൾ ദേവസി ചെയ്തു കൊടുത്തു. വീട്ടു തടങ്കലിലായിരുന്ന ഇന്ത്യൻ നാഷണൽ ആർമിയിലെ സിവിലിയൻ ഉദ്യോഗസ്ഥനും മലയാളിയുമായ കണ്ണമ്പള്ളി കരുണാകരന് ആവശ്യമായ സഹായം ചെയ്തു കൊടുക്കുവാനും ശ്രീ ദേവസിക്ക് അവസരം ലഭിച്ചു.

1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കുകയും ബ്രിട്ടീഷുകാർ പരാജയപ്പെടുത്തുകയും ചെയ്ത അവസാനത്തെ മുസ്ളീം ഭരണാധികാരിയായിരുന്ന ബഹദൂർഷായെ സംസ്കരിച്ച റങ്കൂണിലെ കബറിടം കണ്ണമ്പള്ളി കരുണാകര മേനോനും ദേവസ്സിയും കൂടി 1945-ൽ സന്ദർശിക്കുകയുണ്ടായി. യുദ്ധത്തിനു ശേഷം 1946-ൽ നാട്ടിൽ തിരിച്ചെത്തിയ ദേവസ്സി, രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത് തിരിച്ചു വന്ന വിമുക്ത ഭടന്മാർക്കുള്ള വിദ്യാഭ്യാസാനുകൂല്യം ഉപയോഗപ്പെടുത്തി നിയമ ബിരുദം തിരുവനന്തപുരം ലോ കോളേജിൽ നിന്നും പഠിച്ച് കരസ്ഥമാക്കി. ലോ കോളേജിൽ ദേവസി

www.malankaralibrary.com

യുടെ സഹപാഠികളായിരുന്നു മലയാറ്റൂർ രാമകൃഷ്ണൻ, ജസ്റ്റിസ് ഫാത്തിമാ ബീവി, മുൻ മന്ത്രി എം. പി. ഗോവിന്ദൻ നായർ മുതൽ പേർ. 1997 വരെ അഭിഭാഷകനായി തൃശൂർ പ്രവർത്തിച്ചു. പിന്നീട് വാതരോഗം പിടിപെട്ടതിനാൽ പ്രാക്ടീസ് തുടരുവാൻ സാധിച്ചില്ല.

തൃശൂർ ബാർ അസ്സോസിയേഷൻ പ്രസിഡന്റ്, കളക്ടർ ചെയർമാനായ സോൾജേഴ്സ് - സെയിലേഴ്സ്- എയർമെൻ ബോർഡിന്റെ മെമ്പർ എന്നീനിലകളിൽ സേവനം അനുഷ്ഠിച്ചു. യുദ്ധത്തിനുശേഷം വിമുക്ത ഭടൻ എന്ന നിലയിലുള്ള ആനുകൂല്യ പ്രകാരം കൊച്ചിൻ കളക്ടറേറ്റിൽ ക്ലാർക്കായി 1947-ൽ താൽക്കാലിക നിയമനം ലഭിച്ചു. 1949-ൽ വിമുക്ത ഭടൻ എന്ന പരിഗണനയിൽ വെല്ലൂർ വച്ച് നടത്തിയ പോലീസ് സബ് ഇൻസ്പെക്ടർ ട്രെയിനിംഗിനുള്ള ഉത്തരവും കൊച്ചി കളക്ടറേറ്റിലെ ക്ലാർക്കായുള്ള സ്ഥിര നിയമനവും സ്വീകരിക്കാതെ വീട്ടുകാരുടെ ഉപദേശം സ്വീകരിച്ച് തൃശൂർ അഭിഭാഷകനായി പ്രാക്ടീസ് തുടർന്നു. അഭിഭാഷക വൃത്തിയോടൊപ്പം പൊതു പ്രവർത്തനവും തുടർന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിലൂടെ രാഷ്ട്രീയ പ്രവർത്തനവും അയ്യന്തോളിലെ അപ്പൻ തമ്പുരാൻ വായനശാലയിലുടെയും അയ്യന്തോൾ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലൂടെയും സാംസ്കാരിക പ്രവർത്തനവും തുടർന്നു. കേരളത്തിലെ മുൻ നിരയിൽ നിൽക്കുന്ന അപ്പൻ തമ്പുരാൻ വായനശാലയുടെ സ്ഥാപകമെമ്പറായ അഡ്വ. ദേവസി 17 വർഷക്കാലം തുടർച്ചയായി അതിന്റെ പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്. ലൈബ്രറിക്ക് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം പണിയുവാൻ ദേവസിയുടെ നേതൃത്വത്തിന് കഴിഞ്ഞു. അയ്യന്തോളിനടുത്തുള്ള പുതൂർക്കരയിലെ ദേശീയ വായനശാലയുടെ ആജീവനാംഗമായ ദേവസി അതിന്റെയും പ്രസിഡന്റായി ദീർഘകാലം പ്രവർത്തിക്കുകയും ചെയ്തു. ഈ കാലയളവിൽ ആ ലൈബ്രറിക്കും സ്വന്തമായി കെട്ടിടം ഉണ്ടാക്കുവാൻ ദേവസിക്കുസാധിച്ചു. മുൻ മന്ത്രി ജോസഫ് മുണ്ടശ്ശേരി പ്രസിഡണ്ടും മുൻ മന്ത്രി പ്രൊഫ. എൻ. കെ. ശേഷൻ വൈസ് പ്രസിഡന്റുമായ അപ്പൻ തമ്പുരാൻ സാംസ്കാരികമണ്ഡലത്തിന്റെ സെക്രട്ടറിയായും അനേക വർഷം ദേവസി പ്രവർത്തിച്ചിട്ടുണ്ട്. പുതൂർക്കര ശ്രീനാരായണ സംഘത്തിന്റെ ആജീവനാന്ത അംഗമായ ദേവസി അതിന്റെ പ്രസിഡണ്ടായും പ്രവർത്തിക്കുകയുണ്ടായി.

1945-ൽ തുടങ്ങിയ അയ്യന്തോൾ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റായി ദീർഘകാലം പ്രവർത്തിച്ച ദേവസി സൊസൈറ്റിക്ക് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുവാൻ പരിശ്രമിച്ചു. അത് വിജയം വരിച്ചു. 1953-ൽ തിരു- കൊച്ചിയിലെ സൊസൈറ്റികളിൽ - ആദ്യമായി സ്വന്തം കെട്ടിടം നിർമ്മിയ്ക്കാൻ കഴിഞ്ഞ സൊസൈറ്റി എന്ന ബഹുമതിയും ശ്രീ ദേവസിയുടെ സേവനകാലത്ത് നിർമ്മിച്ച ഈ കെട്ടിടത്തിനാണ്. തൃശൂർ വച്ച് നടത്തിയ അപ്പൻ തമ്പുരാൻ - ആറ്റൂർ ജന്മശതാബ്ദിയുടെ ജോയിന്റ് സെക്രട്ടറി, ഉള്ളൂർ ജന്മ ശതാബ്ദി ആഘോഷത്തിന്റെ സെക്രട്ടറി, വൈലോ

www.malankaralibrary.com

പ്പള്ളി ചരമവാർഷികാചരണ കമ്മറ്റിയിലെ എക്സിക്യൂട്ടീവ് അംഗം എന്ന നിലകളിലും സേവനം അനുഷ്ഠിച്ചു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തീരുമാനപ്രകാരം തൃശൂർ രൂപതയിൽ 1968-ൽ പാസ്റ്ററൽ കൗൺസിൽ രൂപീകരിച്ചപ്പോൾ ആദ്യത്തെ ജോയിന്റ് സെക്രട്ടറി അഡ്വ. ദേവസ്സിയായിരുന്നു. (സെക്രട്ടറി സ്ഥാനം രൂപതാ ചാൻസലറായ വൈദികനായിരുന്നു.) അൽമായർക്കുള്ള ഏറ്റം ഉന്നതസ്ഥാനം ആയിരുന്നു ഈ ജോയിന്റ് സെക്രട്ടറി സ്ഥാനം. 1968 മുതൽ 83 വരെ 15 വർഷക്കാലം ശ്രീ ദേവസി തെരഞ്ഞെടുക്കപ്പെട്ട ജോയിന്റ് സെക്രട്ടറി ആയിരുന്നു. (അഞ്ചു ടേം). അവിഭക്ത തൃശൂർ രൂപതയിലെ വിൻസന്റ് ഡി പോൾസൊസൈറ്റിയുടെ രൂപതാ പ്രസിഡന്റായി 1972 മുതൽ 1977 വരെ തുടർന്നു. പർട്ടിക്കുലർ - ഫൊറോനാ പ്രസിഡന്റ് - പാരീഷ് കൗൺസിൽ പ്രസിഡന്റ് എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. 1968 -ൽ തുടങ്ങിയ തൃശൂർ രൂപതയിലെ അൽമായ നേതൃപരിശീലന കേന്ദ്രത്തിന്റെ മാനേജിംഗ് ഡയറക്ടറായി നാലു വർഷമായി സേവനം അനുഷ്ഠിച്ചു വരുന്നു. ഷെവ. കെ. സി. ചാക്കോ പ്രസിഡന്റായിരുന്ന കാലത്ത് എ.കെ.സി.സി. വർക്കിംഗ് കമ്മറ്റിയിലേക്ക് നോമിനേറ്റ് ചെയ്യുകയുണ്ടായി. 1972 - ലെ കോളേജ് വിദ്യാഭ്യാസ സമരത്തിൽ പങ്കെടുത്ത ദേവസി, പിക്കറ്റിംഗിൽ പങ്കെടുത്ത് അറസ്റ്റു ചെയ്യപ്പെടുകയും ശക്ഷ അനുഭവിക്കുകയും ചെയ്തു. അഞ്ചു ബിഷപ്പുമാർ നയിച്ച നവീകരണ ഘോഷയാത്രയുടെ പതാകാ വാഹകനും കൂടിയായിരുന്നു ദേവസി. വിമോചനസമരത്തിലെ സജീവ പ്രവർത്തകനായിരുന്ന അഡ്വ. ദേവസ്സി, 139 അഭിഭാഷകർ നയിച്ച വിമോചന സമരജാഥയിൽ പങ്കെടുത്തതിന്റെ പേരിൽ അറസ്റ്റ് ചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്ട്, കെ. കരുണാകരൻ എന്നിവരോടൊപ്പം തൃശൂർ നിയോജക മണ്ഡലം കമ്മറ്റിയിൽ പ്രവർത്തിച്ച ദേവസ്സിയുടെ നേതൃത്വ ഫലമായി പുതുർക്കരയിൽ കോൺഗ്രസ്സ് പാർട്ടിയ്ക്ക് 1959- ൽ സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിക്കുകയുണ്ടായി. ശ്രീമതി ഇന്ദിരാഗാന്ധിയാണ് പ്രസ്തുത കെട്ടിടത്തിന്റെ ഉൽഘാടനം നിർവ്വഹിച്ചത്. ആ കാലഘട്ടത്തിലെ കോൺഗ്രസ്സ് പാർട്ടിയുടെ ആദ്യത്തെ ഓഫീസ് കെട്ടിടമായിരുന്നു അത്. 1969-ലെ കോൺഗ്രസിന്റെ പിളർപ്പോടെ ശ്രീ ദേവസ്സി സജീവ രാഷ്ട്രീയം ഉപേക്ഷിച്ചു. കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുടെ തലശ്ശേരി സമ്മേളനം ദേവസ്സിയെ ട്രഷററായി തിരഞ്ഞെടുത്തു. ഫാ. വടക്കൻ തൃശൂർ സംഘടിപ്പിച്ച സോഷ്യൽ സ്കൗട്ടിന്റെ ക്യാപ്റ്റനായിരുന്നു ദേവസ്സി. കമ്മ്യൂണിസ്റ്റുകാരുടെ അക്രമങ്ങളെ നേരിടുവാൻ സംഘടിപ്പിക്കപ്പെട്ടതാണ് സോഷ്യൽ സ്കൗട്ട്. സർദാർ ചന്ദ്രോത്ത് കുഞ്ഞുരാമൻ നമ്പ്യാരായിരുന്നു സ്കൗട്ടിന്റെ പരിശീലകൻ. സംസ്കൃത പണ്ഡിതനായ ദേവസ്സി, ഇന്തോ - ആഗ്ലേയ സാഹിത്യകാരനായ ശ്രീ. പി. തോമസ്, മഹാകവി സി. എ. ജോസഫ്, അഡ്വ. എ. എസ്. ദിവാകരൻ എന്നിവർ പത്രാധിപന്മാരായി "കാലം"

www.malankaralibrary.com

എന്ന മാസിക പ്രസിദ്ധീകരിച്ചിരുന്നു. കാലം പ്രസിദ്ധീകരണത്തിൽ ദേവസ്സിയുടെ ഒരു ലേഖന പരമ്പര "കള്ള നാണയം" എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. സുകുമാർ അഴിക്കോട്, മുൻ മുഖ്യമന്ത്രി സി. അച്യുതമേനോൻ, മുൻ മന്ത്രി പ്രൊഫ. എൻ. കെ. ശേഷൻ, പ്രൊഫ. എം. അച്യുതൻ എന്നിവരുൾപ്പെടെയുള്ള മഹാരഥന്മാരുടെയും മറ്റുള്ളവരുടെയും ലേഖനങ്ങളിലെ വ്യാകരണ തെറ്റുകൾ ചൂണ്ടിക്കാണിക്കുകയായിരുന്നു ലേഖന പരമ്പരയുടെ ലക്ഷ്യം. ഇത് വളരെയേറെ ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. ഈ ലേഖനപരമ്പര ഒരു പുസ്തകമാക്കാനുള്ള ശ്രമത്തിലാണ് ദേവസ്സി.

വിലാസം - അഡ്വ. കെ. പി. ദേവസ്സി, കണ്ണനായ്ക്കൽ കാഞ്ഞിരപ്പറമ്പിൽ, അയ്യന്തോൾ - തൃശൂർ

# 30

# വർഗീസ് കാഞ്ഞിരത്തുങ്കൽ



കഴിഞ്ഞ ആറുദശാബ്ദത്തിനുള്ളിൽ അറുപതിൽ പരം ഗ്രന്ഥങ്ങൾ സാഹിത്യത്തിന്റെ വിവിധശാഖകളിൽ രചിച്ച ശ്രീ വർഗീസ് കാഞ്ഞിരത്തുങ്കൽ കടത്തുരുത്തി താഴത്തുപള്ളി ഇടവകയിൽ, പാഴുത്തുരുത്ത് കാഞ്ഞിരത്തുങ്കൽ അവിരാ അന്നമ്മ ദമ്പതികളുടെ സീമന്തസന്താനമായി 1922 ജൂൺ 15-ന് ജനിച്ചു. പള്ളിപ്പുറം, കടത്തുരുത്തി, മുട്ടചിറ എന്നിവിടങ്ങളിലെ സർക്കാർ സ്കൂളുകളിൽ പ്രാഥമിക വിദ്യാഭ്യാസം നിർവ്വഹിച്ചു. കോട്ടയം തിരുഹൃദയക്കുന്നിൽ നിന്നും മലയാളം മുഖ്യ പരീക്ഷ പാസ്സായി. ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സാഹിത്യരചനയിൽ താല്പര്യം പ്രകടിപ്പിച്ചിരുന്നു. ജില്ലാതല പ്രസംഗ മത്സരങ്ങളിൽ ഒന്നാം സമ്മാനം കരസ്ഥമാക്കിയ വർഗീസ് സ്കൂൾ സാഹിത്യ സമാജം സെക്രട്ടറിയായും പ്രവർത്തിച്ചു. കത്തോലിക്കാ കോൺഗ്രസിന്റെ അതിരംപുഴ സമ്മേളനത്തിൽവച്ച് പ്രസംഗമത്സരത്തിനുള്ള സമ്മാനം നേടി "കുഞ്ഞിത്തൊമ്മൻ മെഡലിന്" അർഹനായി. ഞീഴൂർ, എഴുപുന്ന, മഞ്ഞപ്പുറം, പൂഴിക്കോൽ എന്നിവിടങ്ങളിലെ സ്കൂളുകളിൽ പഠിച്ചതിനുശേഷം 1944 ൽ അമ്പലപ്പുഴ കക്കാഴം ട്രെയിനിംഗ് സ്കൂളിൽ നിന്ന് ററി.ററി.സി.യും പാസ്സായി. 1955-ൽ ഗവ.സ്കൂളിൽ അദ്ധ്യാപകനായി ചേർന്ന അദ്ദേഹം 1977-ൽ മുട്ടുചിറ ഗവൺമെന്റ് യു.പി. സ്കൂളിൽ നിന്നും റിട്ടയർ ചെയ്തു. 1973-ൽ അദ്ധ്യാപകർക്കുവേണ്ടി നടത്തപ്പെട്ട പ്രബന്ധമത്സരത്തിൽ സമ്മാനിതനായി. 1974-ൽ പ്രശസ്തസേവനത്തിനുള്ള അദ്ധ്യാപക അവാർഡ് ലഭിച്ചു. അവാർഡ് ലഭിച്ചപ്പോൾ പ്രൊഫ. മാത്യു ഉലകംതറ ദീപികയിൽ

www.malankaralibrary.com

എഴുതിയ ഒരു ലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തി. 1940 നും 50 നും ഇടക്കുള്ള കാലഘട്ടത്തിൽ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന ഏററവും ശ്രദ്ധേയനായ കഥാകൃത്ത് ശ്രീ കാഞ്ഞിരത്തുങ്കലായിരുന്നുവെന്ന് അതിശയോക്തി കൂടാതെ പറയാം. ഇന്നും ആ സവിശേഷ സിദ്ധിക്ക് മങ്ങലേൽക്കാതെ നിത്യയുവാവായി അദ്ദേഹം ശോഭിക്കുന്നത് കണ്ട് അദ്ഭുതപ്പെടുകയാണ്. പുതിയ വിജ്ഞാനമെന്തും ആർത്തിയോടെ തേടി നടക്കുന്ന ഒരു വിദ്യാർത്ഥിയാണ് അദ്ദേഹം ഇന്നും. മാനസികമായ ആ നിത്യകൗമാരത്തിന്റെ ബാഹ്യാവരണം മാത്രമാണ് ശാരീരകമായ ആ ചിരന്തനയൗവനം.

1945–ൽ ആ പുരോഗമനസാഹിത്യകാരൻ എന്ന പേരിൽ അദ്ദേഹം രചിച്ച നോവൽ കുസുമം ഗ്രന്ഥാവലിയിൽപ്പെടുത്തി പ്രസിദ്ധീകരിക്കുകയുണ്ടായി. സഹൃദയരുടെ മുക്തകണ്ഠമായ പ്രശംസപിടിച്ചു പററിയ ആ ഗ്രന്ഥത്തിന്റെ ആയിരം കോപ്പികളും ഒററ ദിവസംകൊണ്ട് വിററുതീർന്നു. തുടർന്ന് ബോട്ടു യാത്രയിൽ, അണുബോംബ്, വിദ്വത്സദസ്സ്, നനഞ്ഞ കണ്ണുകൾ, കാറുംകറുപ്പും, മരണപത്രിക തുടങ്ങിയ പത്തോളം കൃതികൾ കുസുമം ഗ്രന്ഥാവലിയിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചു. ജയിച്ചുപോയി, പുന്നാരമോൻ എന്ന രണ്ടു നാടകങ്ങളും മാന്നാനം പ്രസ്സിൽ നിന്നും പുറത്തിറക്കി. അദ്ദേഹം സത്യദീപത്തിലെഴുതിയ നാലുമക്കളുടെ തള്ള, കരയുന്ന ലോകം, ഇരുണ്ടദിനങ്ങൾ തുടങ്ങി കഥകളെ ആസ്പദമാക്കി കാർഡിനൽ മാർ പാറേക്കാട്ടിൽ തന്റെ ആത്മകഥയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. “ഒരുകഥാകൃത്ത് എന്ന നിലയിൽ അദ്വിതീയ പാടവം പ്രകടിപ്പിച്ചിരുന്നു ശ്രീ വർഗീസ് കാഞ്ഞിരത്തുങ്കൽ”

ചാവറ നാമകരണ നടപടിയുടെ വൈസ് പോസ്റ്റുലേററുടെ താല്പര്യമനുസരിച്ച് “ചാവറയച്ചൻ മാന്നാനത്തും കൂനമ്മാവിലും” എന്ന പേരിൽ ഒരു ഗവേഷണപ്രബന്ധവും ചാവറ ചരിതം ആധാരമാക്കി ഒരു തിരക്കഥയും എഴുതിയിട്ടുണ്ട്. സി.എം.ഐ. സ്ഥാപകപിതാക്കന്മാരായ പാലയ്ക്കൽ, പേരൂക്കര, ചാവറ എന്നിവരുടെയും സ്ഥാപക സഹകാരിയായിരുന്ന ബ്ര. കണിയന്തറയുടെയും ജീവചരിത്രങ്ങൾ ഒന്നുനുപുറകേ ഒന്നായി എഴുതി പ്രസിദ്ധീകരിച്ചു. കെ.സി.ബി.സി. മാദ്ധ്യമക്കമ്മീഷൻ ക്രൈസ്തവസാഹിത്യകാരന്മാരുടെ ഒരു സമ്പൂർണ്ണ ഡയറക്ടറി തയ്യാറാക്കുവാൻ ചുമതലപ്പെടുത്തി. ശ്രീ. വർഗീസ് കാഞ്ഞിരത്തുങ്കലിനെ ആയിരുന്നു. ആലപ്പുഴ മെത്രാൻ ഡോ. പീററർ ചേനപ്പറമ്പിലിന്റെ നിർദ്ദേശാനുസരണം വിവിധ സാമൂഹിക പ്രശ്നങ്ങൾ ആധാരമാക്കി ഏതാനും ലഘുലേഖകൾ തയ്യാറാക്കി അച്ചടിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി. ജസ്റ്റീസ് ജോസഫ് തളിയത്തിന്റെ പുഷ്പാഞ്ജലി ഗ്രന്ഥപരമ്പരക്കുവേണ്ടി ജോൺ സി. ബ്രിട്ടോ (അരുളാനന്ദ സ്വാമി), ഫാത്തിമായിലെ കുട്ടികൾ എന്ന രണ്ടു ഗ്രന്ഥങ്ങൾ ഇംഗ്ലീഷിൽ നിന്നു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. എറണാകുളത്തുനിന്നും

www.malankaralibrary.com

ആരംഭിച്ച പ്രതിമാസ ഗ്രന്ഥക്ലബ്ബിനുവേണ്ടി രണ്ടു ഇംഗ്ലീഷുനോവലുകൾ, ഏഴകളുടെ തോഴർ, മണവാട്ടി എന്നീ പേരുകളിൽ ഭാഷാന്തരം ചെയ്തിട്ടുണ്ട്.

പ്രസിദ്ധ ദൈവവചന പ്രഘോഷകയായ വാസുലാഗ്രയിന്റെ True life in good എന്ന വിശ്രുത ഗ്രന്ഥത്തിന്റെ പതിനൊന്നു വാല്യങ്ങളുടെ തർജ്ജിമയിൽ ജനറൽ എഡിററായി പ്രവർത്തിച്ച കാഞ്ഞിരത്തുങ്കൽ 8-ാം വാല്യം അദ്ദേഹം തന്നെ തർജ്ജിമ ചെയ്യുകയുണ്ടായി. സംസ്കാരമാധുരി, റെഡ്ക്രോസ്, തെങ്ങും മൂട്ടിൽ വർഗീസ് മാപ്പിള, തീർത്ഥാടകന്റെ പുരോഗതി, ചെറിയവർ, വലിയവർ, തിരുഹൃദയദൂതൻ, കാർഡിനൽ പാറേക്കാട്ടിലിന്റെ എല്ലാം നിനക്കുവേണ്ടി, സ്പർശമാപിനി, ഫ്രെഡറിക്ക് ഓസ്സാനാം, യുഗപ്രഭാവാനായ മാർ മത്തായി മാക്കിൽ തുടങ്ങിയ കൃതികൾ പ്രത്യേക പരാമർശം അർഹിക്കുന്നു ഉൽകൃഷ്ടരചനകളാണ്.

വിശ്വദീപ്തി, കർമ്മലകുസുമം മാസികകളുടെ പത്രാധിപസമിതിയിൽ വർഗീസ് കാഞ്ഞിരത്തുങ്കൽ അംഗമായിരുന്നിട്ടുണ്ട്. സഭ വർഗ്ഗ വിവേചനത്തിനെതിരേ എന്ന വത്തിക്കാൻ രേഖ മലയാളത്തിലേക്ക് മൊഴിമാററം നടത്തുകയുണ്ടായി.

ഫാ. ജോസ് അക്കരക്കാരൻ സ്ഥാപിച്ച ആളൂർ ബററർ ലൈഫ് മൂവ്മെന്റിന്റെയും കേരള സഭാമാസികയുടെയും പ്രവർത്തനങ്ങളുമായി സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്. അഞ്ച് ഏകാങ്കങ്ങൾ, കുടുംബങ്ങളിലൂടെ എന്നീ കൃതികൾ ആളൂർ ബി.എൽ.എം. ആണ് പ്രസദ്ധീകരിച്ചത്.

പാലാ രൂപതാ സുവർണ്ണ ജൂബിലി സ്മരണികയുൾപ്പെടെ നിരവധി സ്മരണികകളുടെ കമ്മിററിയംഗമായി പ്രവർത്തിച്ചിട്ടുള്ള കാഞ്ഞിരത്തുങ്കൽ നിരവധി സ്മരണികകളിൽ ഈടുററ ചരിത്രലേഖനങ്ങൾ എഴുതിയിട്ടുണ്ട്. പ്രസിദ്ധ മതബോധനപ്രേഷിതനും ബൈബിൾ പുനരാഖ്യാതാവുമായിരുന്ന ഫാ. മാത്യു നടയ്ക്കലിന്റെ എന്റെ ഓട്ടം, സഭയുടെ മൗലികപ്രബോധനം തുടങ്ങിയ രചനകളുടെ എഡിററിംഗ് നിർവ്വഹിച്ചതും അദ്ദേഹം തന്നെ. നിരവധി എഴുത്തുകാരുടെ എഡിററിംഗ് നിർവ്വഹിച്ചതും അദ്ദേഹം തന്നെ. നിരവധി എഴുത്തുകാരുടെ കൃതികളുടെ കൈയ്യെഴുത്തു പ്രതികളുടെ സംശോധനവും ശൈലീസംയോജനവും നിർവ്വഹിച്ചിട്ടുണ്ട്. ചേർത്തല ഗ്രീൻഗാർഡൻ ചരിത്രം, മൂക്കന്നൂർ സി.എസ്.ററി. ചരിത്രം, പെരിയപ്പുറം കുടുംബചരിത്രം, കുന്നശ്ശേരി കുടുംബചരിത്രം, കുഴിവേലി കുടുംബചരിത്രം, മണിയങ്ങാട്ട് കടുംബചരിത്രം തുടങ്ങിയ ഏതാനും കുടുംബചരിത്രങ്ങളും ക്രോഡീകരിച്ചിട്ടുണ്ട്. ഇടവകയിലും നാട്ടിലും പല സാമൂഹ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം വഹിച്ചിട്ടുള്ള കാഞ്ഞിരത്തുങ്കൽ വിവിധ സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡ് അംഗമായും വിവിധ കലാസാമൂഹിക സ്ഥാപനങ്ങളുടെ നിർവ്വാഹക സമിതിയംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ സ്ഥാപക നേതാവായ ഫാ. വടക്കനോടൊത്ത് ജനകീയ സാഹിത്യമുന്നണി കെട്ടിപ്പെടുക്കുന്നതിന് ശ്രമിച്ച

www.malankaralibrary.com

കാഞ്ഞിരത്തുങ്കൽ ആ പ്രസ്ഥാനത്തിന്റെ പ്രഥമ സെക്രട്ടറിയായും പ്രവർത്തിച്ചു.


കടത്തുരുത്തി വിശ്വദീപ്തികലാഭവൻ, സഹൃദയസമിതി, കുലശേഖരപുരം നവജ്യോതി ഗ്രന്ഥശാല, മാർത്തോമ്മാ ദാസ യുവജനസഖ്യം, എന്നീ കലാസാംസ്കാരിക സംഘടനകളുടെ പ്രസിഡണ്ടായും അമ്പലപ്പുഴ ചേർത്തല, കയർ വ്യവസായ തൊഴിലാളി യൂണിയൻ ഓർഗനൈസറായും അദ്ധ്യാപകയൂണിയൻ ഭാരവാഹിയായും പാലാരൂപതാ മതബോധന അഡ്വൈസറി ബോർഡ് മെമ്പറായും പാസ്റ്ററൽ കൗൺസിൽ മെമ്പറായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

1981-ലെ കത്തോലിക്കാ കോൺഗ്രസ്സിന്റെ സാഹിത്യ അവാർഡ് പ്രകാശം പബ്ലിക്കേഷന്റെ പുരസ്കാരം, കെ.സി.ബി.സി. പ്രശസ്തിപത്രം, ബഞ്ചമിൻ ബയ്‌ലി പുരസ്കാരം, എ.കെ.സി.സി.യുടെ സിറിയക്ക് കണ്ടത്തിൽ അവാർഡ്, മൈത്രിപുരസ്കാരം, ഭാരതീയ ക്രൈസ്തവപഠനകേന്ദ്രത്തിന്റെ ആദരപത്രം തുടങ്ങിയവയും കാഞ്ഞിരത്തുങ്കലിന് ലഭിച്ചിട്ടുണ്ട്. കുഴിവേലികുടുംബാംഗമായ ഏലിയാമ്മയാണ് സഹധർമ്മിണി.

മേൽവിലാസം-വർഗീസ് കാഞ്ഞിരത്തുങ്കൽ, പാഴൂത്തുരുത്ത്, കടത്തുരുത്തി.

# 31

# തോമസ് പൈകട



സംസ്കൃത പണ്ഡിതനായ തോമസ് പൈകട കിഴതടിയൂരിലുള്ള പൈകട തറവാട്ടിൽ 1098 കന്നിമാസം 29-ന് (1922 ഒക്ടോബർ 15) ചാണ്ടി - റോസ ദമ്പതികളുടെ മകനായി ജനിച്ചു. സാമാന്യ വിദ്യാഭ്യാസത്തിനുശേഷം 13-ാമത്തെ വയസുമുതൽ സംസ്കൃതം പൂഞ്ഞാർ കൊട്ടാരത്തിൽ സി.എസ്സ്. പരമേശ്വരൻ തമ്പി എന്ന ഗുരുവിൽ നിന്നും അഭ്യസിച്ചു. തുടർന്ന് ആലുവാ അദ്വൈതാശ്രമത്തിലും സംസ്കൃതപഠനം നടത്തി. സംസ്കൃതഭാഷയിൽ 65 വർഷത്തെ പഠനം തോമസിനുണ്ട്.

സംസ്കൃതത്തിന്റെ ശാസ്ത്ര ശാഖകളായ ജ്യോതിഷം, ആയുർവേദം, വാസ്തുശില്പം എന്നിവയിൽ അസാമാന്യമായ അവഗാഹം നേടി. അതുകൊണ്ട് വിശ്വസംസ്കൃത പ്രതിഷ്ഠാനത്തിന്റെ ശാസ്ത്രരത്നം എന്ന ബഹുമതിയും ലഭിച്ചു.

വൈദ്യരംഗത്ത് ശ്രദ്ധേയങ്ങളായ ഒട്ടനവധി നേട്ടങ്ങൾ കൈവരിച്ച തോമസ് വൈദ്യൻ, പാരമ്പര്യവൈദ്യസംഘടനയുടെ കോട്ടയം ശാഖാ

www.malankaralibrary.com


രക്ഷാധികാരിയായി വളരെക്കാലം സേവനമനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ ശ്രമഫലമായി ഒട്ടേറെ ക്യാൻസർ രോഗികൾ രക്ഷപെടുകയും മരണാസന്നരായവർക്ക് ആശ്വാസം കിട്ടുകയും ചെയ്തിട്ടുണ്ട്. വൈദ്യരംഗത്തെ സേവനങ്ങളെ ആദരിച്ച് പല ബഹുമതികളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. പങ്കജകസ്തൂരി ആയുർവ്വേദ കോളേജിൽ നിന്ന് ശില്പവും പൊന്നാടയും ലഭിച്ചു. കൂടാതെ പല പ്രസ്ഥാനങ്ങളും പൊന്നാട നൽകിയും നിലവിളക്ക് കൊളുത്തിയും അദ്ദേഹത്തെ ആദരിച്ചു.

കത്തോലിക്കാ കോൺഗ്രസ്സ് നടത്തിയ കവിതാമത്സരങ്ങളിൽ തുടർച്ചയായി മൂന്നു പ്രാവശ്യം സമ്മാനം നേടിയിട്ടുണ്ട്. മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ പേരിലുള്ള മത്സരമായിരുന്നു അത്. അതിൽ രണ്ടെണ്ണം പ്രസിദ്ധീകരിച്ചിട്ടുണ്ട്. "പാട്ടുകളിൽ പാട്ടിലെ മണാട്ടി", ക്രിസ്തുവിന്റെ യറൂശലേം പ്രവേശനം ഇവയാണ് പ്രസിദ്ധീകരിച്ചത്. ക്രിസ്തുവിന്റെ യറൂശലേം പ്രവേശനം എന്ന കവിതയെപ്പററി മഹാകവി വള്ളത്തോൾ ഇപ്രകാരം എഴുതിയിരിക്കുന്നു. ശ്രീമാൻ തൊമ്മൻ പൈകടയാൻ യേശുമിശിഹായുടെ ജറൂസലേം പ്രവേശമാകുന്ന വിശുദ്ധ വിഷയത്തെ അധികരിച്ച് എഴുതിയ ഖണ്ഡകാവ്യം സഹൃദയരെ സമാഹ്ലാദിപ്പിക്കും.

മഹാകവി കട്ടക്കയം മെഡലിനായി അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ 1949-ൽ നടത്തപ്പെട്ട കവിതാമത്സരത്തിൽ രണ്ടാമനായി ജയിച്ച ഒരു യുവകവിയാണ് ശ്രീ. പൈകട. ആ വിജയത്തിന് തികച്ചും അർഹൻ തന്നെയാണ്. ശ്രീ. തൊമ്മനെ, 'ക്രിസ്തുവിന്റെ യറൂസലേം പ്രവേശം' വായിക്കുന്നവർ ഹൃദയപൂർവ്വം അഭിനന്ദിക്കാതിരിക്കുകയില്ല. ഭഗവതി വാഗ്ദേവത ഈ കവിയെ വീണ്ടും കടാക്ഷിയ്ക്കട്ടെ. തോമസ് വൈദ്യൻ ഇപ്പോൾ സ്വഭവനത്തിൽ വിശ്രമിക്കുന്നു.
വിലാസം - പൈകട തോമസ് വൈദ്യൻ, കിഴപറയാർ പി.ഒ., പാലാ

# 32

# ഫാ. ആന്റണി മണിപ്പാടം എസ്. ജെ.



ദരിദ്രരുടെയും നിരക്ഷരരുടെയും അധഃസ്ഥിതരുടെയും വേദനകളും ബലഹീനതകളും സ്വാനുഭവമാക്കിക്കൊണ്ട് അവരിൽ ഒരാളായിനിന്ന് അവരുടെ ഉന്നമനത്തിനും വികസനത്തിനുംവേണ്ടി നിരവധിപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയ ഫാ. ആന്റണി മണിപ്പാടം വൈക്കത്ത് മുവാറ്റുപുഴയാറിന്റെതീരത്ത് മണി

www.malankaralibrary.com

പ്പാടം വീട്ടിൽ വർഗീസ്-ഏലിയാമ്മ ദമ്പതികളുടെ മകനായി 1922 നവംബർ ഒന്നാം തീയതി ജനിച്ചു. ആന്റണിയുടെ പ്രാഥമിക വിദ്യാഭ്യാസം എസ്.എം.ഇ.എം. സ്ക്കൂളിലായിരുന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസം വൈക്കം ഗവൺമെന്റ് ഹൈസ്ക്കൂളിലും. തുടർന്ന് ബിരുദപഠനത്തിനായി തിരുവനന്തപുരം യൂണിവേഴ്സിറ്റികോളേജിലെത്തി. വത്സലപിതാവിന്റെ നിര്യാണത്തെത്തുടർന്ന് പിന്നീടുള്ള നാലുവർഷം വീട്ടിൽ തന്നെ കഴിയേണ്ടിവന്നു. പിന്നീട് 1947 -ൽ ഈശോസഭയിൽ ചേർന്നു.

വൈദികപഠനകാലത്തുതന്നെ സാധുക്കളെ കഴിയുംവിധം സഹായിക്കാൻ അദ്ദേഹം തയ്യാറായി. തന്റെ ജീവിതം എല്ലാഅർത്ഥത്തിലും സാധുജനത്തോടൊത്തായിരുന്നു. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും ശ്രമിച്ചിരുന്നു. തമിഴ്നാട്ടിലെ ഷെമ്പഗന്നൂരിൽ സെമിനാരിയിൽ പഠിച്ചുകൊണ്ടിരിക്കെ അടുത്ത ഗ്രാമങ്ങളായ അടുക്കം, വിൽപ്പട്ടി, പൂമ്പാറ, പള്ളങ്കി, കവിഞ്ചി മുതലായ സ്ഥലങ്ങളിൽ അദ്ദേഹം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അതിന് ദൃഷ്ടാന്തമായെടുക്കാവുന്നതാണ്. ഷെമ്പഗന്നൂർ മലയോര ഗ്രാമങ്ങളെ ചേർത്ത് ഷെമ്പഗ് സോഷ്യൽ സർവ്വീസ് സൊസൈറ്റി (എസ്.എസ്.എസ്.) തുടങ്ങുന്നതിന് അദ്ദേഹം നേതൃത്വം നൽകി. ഈ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഗ്രാമവാസികൾക്കായി പഠനശാലകൾ തുടങ്ങുകയും അദ്ധ്യാപകരെ നിയമിക്കുകയും ചെയ്തു. പിന്നീട് ഈ സംരംഭം സർക്കാർ ഏറ്റെടുത്തു.

കേരളത്തിലെ പിന്നോക്ക വിഭാഗങ്ങൾക്കായി പലവികസന പ്രവർത്തനങ്ങളും അദ്ദേഹം ആരംഭിച്ചിട്ടുണ്ട്. പിന്നോക്ക വിഭാഗത്തിലെ കുട്ടികൾക്കായി പഠനസൗകര്യങ്ങളും സമാന്തര വിദ്യാഭ്യാസ പരിപാടികളും ആരംഭിച്ചു. അതേ സമയം മുതിർന്നവർക്കായി സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുകയും ചെയ്തു.

1958 -ൽ വൈദികപട്ടമേറ്റശേഷം അദ്ദേഹം കണ്ണൂരിലെ മാടായി എന്ന സ്ഥലത്ത് വികാരിയായി നിയമിതനായി. വളരെ പിന്നോക്കാവസ്ഥയിലായിരുന്ന ഈ ഇടവകയിൽ വികസനത്തിനായി പല ശ്രമങ്ങളും അദ്ദേഹം നടത്തി. സഹകരണാടിസ്ഥാനത്തിൽ തുടങ്ങിയ സോമില്ലും തൊണ്ടഴുക്കൽ പരിപാടിയും അതിൽ പ്രധാനപ്പെട്ടവയായിരുന്നു. മാടായിക്കുശേഷം തിരുവനന്തപുരത്തെ പൂവാർ തീരപ്രദേശമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തന മണ്ഡലം. പൂവാറിൽ താമസിച്ചുകൊണ്ട് വിവിധ വികസന പ്രവർത്തനങ്ങൾ അദ്ദേഹം നിയന്ത്രിച്ചു. നഴ്സറിസ്ക്കൂൾ, ഒന്നു മുതൽ പത്തുവരെ ക്ലാസ്സിലെ കുട്ടികൾക്കായി സമാന്തര വിദ്യാഭ്യാസ പദ്ധതി എന്നിവ ആരംഭിച്ചു. കൂടാതെ പെൺകുട്ടികൾക്കായി നൂൽനൂൽപ്പ്, ബീഡിതെറുപ്പ്, ചുരുട്ട് നിർമ്മാണം, വലനെയ്ത്ത്, തുടങ്ങിയ ചെറുകിട വ്യവസായങ്ങളും ആരംഭിച്ചു. സഹകരണാടിസ്ഥാനത്തിൽ രണ്ടുബോട്ടുകൾ വാങ്ങി, ആഴക്കടലിൽ മത്സ്യബന്ധനത്തിനായി പ്രയോജനപ്പെടുത്തി. ഇത്തരം പരിപാടികളിലൂടെ

www.malankaralibrary.com


പൂവാറിലെ അനേകം തൊഴിൽ രഹിതർക്ക് ജീവിതമാർഗ്ഗം ലഭിച്ചു

പൂവാറിലെ 19 വർഷത്തെ സേവനത്തിനുശേഷം അദ്ദേഹം തിരുവനന്തപുരം ജില്ലയിലെ തന്നെ അഞ്ചുതെങ്ങിൽ എത്തി. അവിടെ രണ്ട് ഏക്കറോളം സ്ഥലവും ഒരു കെട്ടിടവും വാങ്ങി കുട്ടികൾക്കായി സമാന്തരവിദ്യാഭ്യാസം ആരംഭിച്ചു. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിന്നിരുന്ന അഞ്ചുതെങ്ങിൽ ഇത് വലിയ മാറ്റങ്ങൾക്കിടവരുത്തി. സ്ക്കൂൾ സമയത്തിനുശേഷവും ഒഴിവുദിവസങ്ങളിലും കുട്ടികളെ ഒരുമിച്ചുകൂട്ടി പാഠങ്ങൾ പഠഞ്ഞുകൊടുക്കുകയും പഠനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ഇതിലേയ്ക്കായി പുറമേനിന്ന് അദ്ധ്യാപകരെ അദ്ദേഹം നിയമിച്ചു. ഏഴു വർഷം അദ്ദേഹംതന്നെ ഈ സ്ഥാപനത്തെ നയിച്ചു. ഇന്ന് ഈ സ്ഥാപനം സ്നേഹാരാം എന്നപേരിൽ വളരെ നന്നായി പ്രവർത്തിക്കുന്നു. പിന്നീട് ചെമ്പൂർ, മൈലച്ചൻ എന്നീ സ്ഥലങ്ങളിലും വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് ആന്റണിയച്ചൻ തുടക്കം കുറിച്ചു. നിർദ്ധന കുട്ടികൾക്ക് വിദ്യാഭ്യാസം പ്രാപ്തമാക്കുക എന്നതായിരുന്നു ലക്ഷ്യം. അതിനായി കെട്ടിടങ്ങൾ പണിയുകയും സമാന്തരവിദ്യാഭ്യാസസ്ഥാപനങ്ങൾ ഏർപ്പെടുത്തുകയും അദ്ധ്യാപകരെ നിയമിക്കുകയും ചെയ്തു. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ കലകൾക്കുള്ള സ്ഥാനത്തെപ്പറ്റി അദ്ദേഹം തികച്ചും ബോധവാനായിരുന്നു. വിവിധതരം കലകളിൽ ശിക്ഷണം നൽകുകയും ചെയ്തു. വർഷാവസാനം കലാപരിപാടികൾക്കായും കായിക മത്സരത്തിനായും ഓരോ ദിവസവും വിനിയോഗിക്കുകയും അർഹിക്കുന്നവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. കുട്ടികളുടെ ആവശ്യത്തിനായി പല നാടകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. സമറിയായിലെ മറിയം എന്ന ബാലേയും നിരവധിസാമൂഹ്യ സംഗീതനാടകങ്ങളും രചിച്ച് കുട്ടികളെക്കൊണ്ട് അഭിനയിപ്പിക്കുകയും ചെയ്തു. ആരോഗ്യസ്ഥിതി മോശമായതിനെത്തുടർന്ന് പിന്നീട് പ്രവർത്തനമണ്ഡലത്തിൽനിന്നും വിട്ടുനിൽക്കാൻ അദ്ദേഹം നിർബന്ധിതനായി. ഇപ്പോൾ അദ്ദേഹം തുമ്പ സെന്റ് സേവിയേഴ്സ് ജസ്യൂട്ട് ഭവനിൽ വിശ്രമജീവിതം നയിക്കുന്നു.

ദൃഢചിത്തതയും അർപ്പണമനോഭാവവും ആന്റണിയച്ചനെ വ്യത്യസ്ഥനാക്കി. പ്രാർത്ഥനയിൽ അടിയുറച്ച ദൃഢതയോടെ പ്രവർത്തനമേഖലയിലെ പ്രതിബന്ധങ്ങളെയെല്ലാം അദ്ദേഹം സൗമ്യതയോടെ തരണം ചെയ്തു, അദ്ദേഹം തുടങ്ങിവെച്ച പല പ്രവർത്തനങ്ങളും ഇന്നും അനേകർക്ക് സഹായകരമായി ഭവിച്ചുകൊണ്ടിരിക്കുന്നു.

വിലാസം - ഫാ. ആന്റണി മണിപ്പാടം, എസ്സ്.ജെ.
സെന്റ് സേവിയേഴ്സ് കോളേജ്,
തുമ്പ, തിരുവനന്തപുരം-695586.

www.malankaralibrary.com



# 33

# മാർ അബ്രാഹംമറ്റം

നൂറ്റാണ്ടുകളായി നടത്തിയ പരിശ്രമങ്ങൾക്കും കാത്തിരിപ്പിനുംശേഷമാണ് സീറോ - മലബാർ സഭയ്ക്ക് ഉത്തരേന്ത്യയിൽ പ്രേഷിത പ്രവർത്തനത്തിനുള്ള പ്രവേശനം ലഭിച്ചത്. ഇതിന് പ്രധാനമായും നാം കടപ്പെട്ടിരിക്കുന്നത് പൗരസ്ത്യതിരുസംഘത്തിന്റെ പ്രീഫെക്ട് ആയിരുന്ന കാർഡിനൽ ടിസറന്റ് തിരുമേനിയോടാണ്. കേരളത്തിന് പുറത്ത് പ്രേഷിത പ്രവർത്തനം നടത്തുന്നതിന് സുറിയാനിക്കാരെ അനുവദിക്കുന്നതിനെ പലരും ശക്തിയായി എതിർത്തിരുന്നു. 1962 ൽ ഛാന്ദാ യിൽ സ്വയം ഭരണാധികാരമുള്ള സഭാഘടകമായി ഒരു മിഷൻകേന്ദ്രം രൂപീകരിച്ചതിനുശേഷം അവിടെയുണ്ടായ പുരോഗതി മറ്റുപലഭാഗങ്ങളിലും സീറോ മലബാർ സഭയെ പ്രവർത്തിക്കാൻ അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്ന് മിക്കവർക്കും തോന്നി. ഇതിന് ആത്മാർത്ഥമായ പിന്തുണ പ്രഖ്യാപിച്ച ഒരു വൈദികമേലദ്ധ്യക്ഷനായിരുന്നു ഭോപാൽ ആർച്ചു ബിഷപ്പായിരുന്ന എവുജിൻ ഡിസൂസ. അദ്ദേഹവും മറ്റ് നാല് സാമന്ത മെത്രാന്മാരും ചേർന്ന് തങ്ങളുടെ കീഴിലുള്ള ചില പ്രദേശങ്ങൾ പ്രേഷിതപ്രവർത്തനത്തിനുവേണ്ടി സീറോ - മലബാർ സഭയെ ഏൽപിക്കാമെന്ന് പരിശുദ്ധ സിംഹാസനത്തെ അറിയിച്ചു. മദ്ധ്യഭാരതത്തിലും ഉത്തരേന്ത്യയിലും ഉള്ള രൂപതകളിൽ വിശാലമായ പ്രദേശങ്ങൾ മിശിഹായുടെ സുവിശേഷ സന്ദേശം ശ്രവിക്കുവാൻ അവസരം ലഭിക്കാതെ കിടക്കുന്നുവെന്നും പ്രേഷിതരുടെ അഭാവം രൂക്ഷമാണെന്നു ഈ സാഹചര്യത്തിൽ പ്രേഷിത ചൈതന്യവും ധാരാളം ദൈവവിളികളുമുള്ള സീറോ - മലബാർ സഭയെ ഈ പ്രദേശങ്ങൾ ഏല്പിക്കുന്നത് ഉചിതമാണെന്നും അവർ അഭിപ്രായപ്പെട്ടിരുന്നു.

അവരുടെ ഈ നിലപാട് സഭാചരിത്രത്തിലെ സുപ്രധാന സംഭവമാണ്. 1968 ജൂലൈ 29-ാം തീയതി മദ്ധ്യപ്രദേശത്ത് മൂന്ന് എക്സാർക്കേറ്റുകൾ സ്ഥാപിച്ചുകൊണ്ട് പോൾ ആറാമൻ മാർപാപ്പാ കൽപന പുറപ്പെടുവിച്ചു. മൂന്ന് എക്സാർക്കേറ്റുകളും കേരളത്തിലെ ഓരോ സന്യാസ സമൂഹങ്ങളെയാണ് ഏല്പിച്ചത്. 1962 ൽ ആരംഭിച്ച ഛാന്ദാ മിഷൻ കേന്ദ്രത്തെ സി.എം.ഐ.സഭയെയാണ് ഏല്പിച്ചിരുന്നത്. ഇപ്പോൾ രൂപീകരിച്ച ഉജ്ജെയിൻ എക്സാർക്കേറ്റിനെ സെന്റ് തോമസ് മിഷനറി സൊസൈറ്റിയേയും സത്നാ എക്സാർക്കേറ്റിനെ വിൻസെൻഷൽ സഭയേയും സാഗർ രൂപതയെ സി.എം.ഐ. സഭയേയുമാണ് ഏല്പിച്ചത് സത്നാ എക്സാർക്കേറ്റിന്റെ ചുമതല വിൻസെൻഷ്യൽ സഭാംഗമായ മാർ അബ്രാഹം മറ്റത്തിന് നൽകി. ആരാധനാക്രമങ്ങളെപ്പറ്റിയും സഭയുടെ ചരിത്രത്തെപ്പറ്റിയും അവബോധ

www.malankaralibrary.com

മുള്ള ഒരാളായിരുന്നു അബ്രാഹം മറ്റം.

മാർ അബ്രാഹം മറ്റം നരിയങ്ങാനം ഇടവകയിൽ 1922 നവംബർ 21-ാം തീയതി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അങ്കമാലിയിലെ വിൻസെൻഷ്യൽ സെമിനാരിയിൽ ചേർന്നു. 1950 മാർച്ച് 15-ാം തീയതി വൈദികനായി. 1968 ൽ സത്നാ എക്സാർക്കേറ്റ് സ്ഥാപിതമായപ്പോൾ അവിടെ പ്രേഷിത പ്രവർത്തനം നടത്താൻ വിൻസെൻഷ്യൻ സഭയെ ആണ് ഏല്പിച്ചത്. വിൻസെൻഷ്യൻ സഭാംഗമായ പണ്ഡിതനും പക്വമതിയുമായ എബ്രാഹംമറ്റം എക്സാർക്കായി ചുമതലയേറ്റു. 1977 ൽ സത്നാ എക്സാർക്കേറ്റ് രൂപതാ പദവിയിലേക്ക് ഉയർത്തിയപ്പോൾ മെത്രാനായി അഭിഷിക്തനായി. യാതൊരുവിധ സൗകര്യങ്ങളുമില്ലാതിരുന്ന ഒരു പ്രദേശമായിരുന്നു ഇത്. മദ്ധ്യപ്രദേശിലെ ഉൾനാടൻ ഗ്രാമങ്ങളിൽ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കും സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾക്കും മാർ മറ്റം നേതൃത്വം നൽകി. മിശിഹായുടെ സുവിശേഷം അറിയിക്കുന്നതോടൊപ്പം ജനങ്ങളെ വിദ്യാഭ്യാസപരമായി ഉയർത്തുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞു. വൈദിക പരിശീലനത്തിനായി സെന്റ് എഫ്രേം തിയോളജിക്കൽ കോളേജും സന്യാസിനികൾക്കായി ബേസ്നിയ ദൈവശാസ്ത്രപരിശീലനകേന്ദ്രവും സ്ഥാപിച്ചത് മാർ അബ്രാഹം മറ്റത്തിന്റെ അവിസ്മരണീയമായ നേട്ടമാണ്. പൗരസ്ത്യസഭാ പൈതൃകവും ഭാരതസംസ്കാരവും കോർത്തിണക്കി രൂപതയെ സമർത്ഥമായി മുന്നോട്ടു നയിച്ചു.

സത്നാരൂപതയേയും പ്രാദേശിക പരിതസ്ഥിതികളേയും പറ്റി അബ്രാഹം മറ്റം ചങ്ങനാശ്ശേരിയിൽ മാർത്തോമ്മാ വിദ്യാനികേതനത്തിൽ നിന്നും പുറപ്പെടുന്ന പ്രസിദ്ധീകരണത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. സീറോ മലബാർ സഭയെ അതിന്റെ വ്യക്തിത്വത്തിൽ വളർത്താൻ ഏറ്റവും അധികം യത്നിച്ച ഉജ്ജ്വലസഭാസ്നേഹിയായ മാർ മറ്റത്തിന്റെ വാക്കുകൾ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. "ജബൽപൂർ രൂപതയിൽനിന്ന് ആറു ജില്ലകൾ വേർപെടുത്തി രൂപംനൽകിയ സത്നാ എക്സാർക്കേറ്റിന്റെ വിസ്തീർണ്ണം കേരളത്തിന്റെ ഒന്നേകാലിരട്ടി (45,0000 ച.കി.മി.) ആണ്. എന്നാൽ ഇത്ര വിസ്തൃതമായ ഈ പ്രദേശത്ത് ഒരേയൊരു വൈദികനാണ് വൈദികശുശ്രൂഷയ്ക്ക് ഉണ്ടായിരുന്നത്. അതുപോലെ ഒരേയൊരു മിഷൻ സ്റ്റേഷനും - റീവാ ജില്ലാതലസ്ഥാനത്ത് ജില്ലാതലസ്ഥാനപട്ടണങ്ങളിലെല്ലാം കേരളത്തിൽ നിന്നുള്ള ക്രൈസ്തവർ വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിൽ ജോലി ചെയ്തിരുന്നു. പ്രത്യേകിച്ച് ആശുപത്രികളിൽ കേരളീയരായ നേഴ്സുമാർ നിയുക്തരായിരുന്നു. എക്സാർക്കേറ്റിൽ അന്നുണ്ടായിരുന്ന ആകെ കത്തോലിക്കരുടെ സംഖ്യ ഏകദേശം 500 (അഞ്ഞൂറുമാത്രം) മറ്റു ക്രൈസ്തവവിഭാഗങ്ങളെല്ലാംകൂടി മാർത്തോമ്മാ, യാക്കോബായ, പ്രൊട്ടസ്റ്റന്റ് എന്നിവ മറ്റൊരു അഞ്ഞൂറോളം വരുമായിരുന്നു.


സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ രംഗങ്ങളിൽ

www.malankaralibrary.com

ഈ പ്രദേശങ്ങൾ വളരെ പിന്നോക്കമായിരുന്നു. ജനസംഖ്യയിൽ വലിയൊരു വിഭാഗം അക്ഷരജ്ഞാനംപോലും ഇല്ലാത്തവർ. പട്ടണപ്രദേശങ്ങൾ ഒഴിച്ചാൽ മറ്റുസ്ഥലങ്ങളിൽ, ഗ്രാമപ്രദേശങ്ങളിൽ വിദ്യാഭ്യാസത്തിനോ ചികിത്സക്കോ വേണ്ട സൗകര്യങ്ങൾ നാമമാത്രമേ ഉണ്ടായിരുന്നുള്ളു. ഗ്രാമവാസികൾ ദാരിദ്ര്യത്തിലാണ് കഴിഞ്ഞത്. ജനങ്ങളിൽ നല്ലൊരുപങ്കും അധഃകൃതവർഗ്ഗത്തിൽപ്പെട്ടവരായിരുന്നു. ഉയർന്നജാതിക്കാരുടെ അടിമകൾക്ക് സമമായിരുന്നു അവരുടെ നില. എക്സാർക്കേറ്റിലുള്ള വിവിധ പട്ടണങ്ങളും കേന്ദ്രങ്ങളും സന്ദർശിക്കന്നത് ദുഷ്കരമായി അനുഭവപ്പെട്ടു. കിഴക്കുപടിഞ്ഞാറ് ഒരതിർത്തിയിൽനിന്ന് മറ്റേ അതിർത്തിവരെ അഞ്ഞൂറുകിലോമീറ്ററാണ് ദൈർഘ്യം. റോഡുകളുടെ സ്ഥിതി വളരെ മോശവും. എങ്കിലും പ്രധാന സ്ഥലങ്ങളിലെ കത്തോലിക്കരെ കണ്ടു പരിചയപ്പെടുവാൻ മാർ മറ്റം ശ്രമിച്ചു. അവർക്കെല്ലാം സ്നേഹപിതാവായിരുന്നു അദ്ദേഹം. സത്നാ രൂപതയുടെ വളർച്ച മാർ അബ്രാഹം മറ്റത്തിന്റെ കഠിനാധ്വാനത്തിന്റെ ഫലമാണ്. നിരവധി ഗ്രന്ഥങ്ങളും ആനുകാലികങ്ങളിൽ നിരവധി ലേഖനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്.

വിലാസം - മാർ എ.ഡി.മറ്റം., വിൻസെൻഷ്യൽ ഹൗസ്, ചാലക്കുടി.

# 34



# എം.സി. പോൾ

വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിലും ബൃഹത്തായ ഒരു വ്യാപാരമേഖല വളർത്തിയെടുക്കുന്നതിലും അസാമാന്യമായ പാടവം പ്രകടിപ്പിച്ച ശ്രീ. എം.സി. പോൾ, ഇരിങ്ങാലക്കുടയിലെ പ്രശസ്തമായ മാമ്പുള്ളി കുടുംബത്തിൽ വ്യാപാരപ്രമുഖനായ ശ്രീ. തോമസ് ചാക്കോയുടെയും ശ്രീമതി ആലപ്പാട്ട് അന്നം ചാക്കോയുടുയും രണ്ടാമത്തെ പുത്രനായി 1923 മെയ് 23-ാം തീയതി ജനിച്ചു. ഇരിങ്ങാലക്കുട ബോയിസ് ഗവണ്മെന്റ് ഹൈസ്കൂളിലായിരുന്നു പോളിന്റെ സ്കൂൾ വിദ്യാഭ്യാസം. സ്കൂൾ സാഹിത്യ സമാജം സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുള്ള പോൾ സ്കൂൾ ഫുട്ബോൾ ടീം അംഗമായി വിവിധ ടൂർണമെന്റുകളിൽ പങ്കെടുക്കുകയും വിജയം വരിക്കുകയും ചെയ്തിട്ടുണ്ട്. സ്പോർട്ടിസിലും കളികളിലും സാഹിത്യസമാജം പ്രവർത്തനങ്ങളിലും സജീവമായ താല്പര്യം പ്രകടിപ്പിച്ചിരുന്നുവെങ്കിലും ഉയർന്ന മാർക്കോടെ ഓരോ ക്ലാസ്സിലും പഠിച്ചു കയറാനും പോളിന് സാധിച്ചിരുന്നു.

വളരെ ചെറുപ്പത്തിൽ തന്നെ 17-ാമത്തെ വയസ്സിൽ പോളിന് കുടും

www.malankaralibrary.com

ബവ്യാപാരത്തിൽ പ്രവേശിക്കേണ്ടിവന്നു. തികഞ്ഞ ഉത്തരവാദിത്വത്തോടെ തന്റെ കർമ്മ മേഖലയറിഞ്ഞുവെന്നതിന് പിൽക്കാലം സാക്ഷിയാണ്. തേടി വന്ന പദവികളും നേട്ടങ്ങളും ഒട്ടനവധി.

എളിയരീതിയിൽ ആരംഭിച്ച വ്യാപാരം പടിപടിയായി ഉയർന്ന് കേരള സർക്കാരിന്റെ റേഷൻ റീട്ടയിൽ ഡീലർ, പഞ്ചസാര മൊത്തവ്യാപാരി എന്നീ നിലകളിൽ എത്തി. പിന്നീട് റേഷൻ മൊത്തവ്യാപാരിയായി. പതിനാലു വർഷക്കാലം കേരളസംസ്ഥാന റേഷൻ ഹോൾസെയിൽ ഡീലേഴ്സ് ഫെഡറേഷൻ പ്രസിഡണ്ടായി പ്രവർത്തിച്ചു. വ്യാപാരമേഖലകൾ വികസിപ്പിച്ചു. പുതിയ പ്രവർത്തനമേഖലകൾ കണ്ടെത്തുന്നതിൽ അദ്ദേഹം വിജയം വരിച്ചു. വ്യവസായ സംരഭങ്ങളിലേക്കും ശ്രദ്ധതിരിച്ചു. കരുവന്നൂരിൽ മികച്ച നിലയിൽ പ്രവർത്തിച്ചു വരുന്ന യൂണിയൻ ടൈൽ ഫാക്ടറിയുടെ സീനിയർ മാനേജിംഗ് ഡയറക്ടർ വരെയെത്തി. ഇരിങ്ങാലക്കുട സെന്റ് ജോസഫ് ഓയിൽ മില്ലിന്റെ സീനിയർ പാർട്ണറുമായി. കുടുംബസ്ഥാപനങ്ങളായ എം.സി.പി. ട്രേഡേഴ്സ്, എം.സി.പി. എന്റർ പ്രൈസസ്, എം.സി.പി. ഏജൻസീസ്, എം. സി. പോൾസൺസ് എന്നിവ ആരംഭിച്ചു. വ്യവസായ മേഖലയിൽ എം.സി. പി. ഗ്രൂപ്പ് ഓഫ് ഇൻഡസ്ട്രീസിന്റെ ഏറ്റം പുതിയ സംരംഭമായ എം.സി.പി. അഗ്രോടെക്ടനോളജിസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ചെയർമാനുമാണ് പോൾ.

പ്രമുഖ സഹകാരി കൂടിയായ പോൾ ഇരിങ്ങാലക്കുട പീപ്പിൾസ് കോപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡന്റായി 14 കൊല്ലം പ്രവർത്തിച്ചു. തൃശ്ശൂരിലെ സർവ്വോദയയുടെ ചെയർമാനായും ദീർഘനാൾ പ്രവർത്തിക്കുകയുണ്ടായി. തൃശ്ശൂരിലെ തന്നെ മെജസ്റ്റിക് കമ്പനിയുടെ ഡയറക്ടർ, ഇരിങ്ങാലക്കുട ബ്ലെസ് കുറീസ് ആൻഡ് ലോൺസിന്റെ സ്ഥാപക ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു.

ഇരിങ്ങാലക്കുട മുൻസിപ്പിൽ കൗൺസിൽ ചെയർമാനായി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട ഏക ചെയർമാനാണ് എം.സി. പോൾ. 1953-ൽ ആണ് കൗൺസിലർ ആയി തരിഞ്ഞെടുക്കപ്പെടുന്നത്. പിന്നീട് മുപ്പതുവർഷക്കാലം മുൻസിപ്പൽ കൗൺസിലർ എന്ന നിലയിൽ ഇരിങ്ങാലക്കുട നഗരത്തിന്റെ വികസന പ്രവർത്തനങ്ങളിൽ വ്യാപൃതനായി. കക്ഷിഭേദമന്യേ ഇരിങ്ങാലക്കുടയിലെ ജനങ്ങളുടെ പോളേട്ടനായി തീർന്നു. മുൻസിപ്പൽ കൗൺസിലർ ആയിരുന്ന കാലത്ത് ജനോപകാര പ്രദമായ പലകാര്യങ്ങളും നടപ്പിലാക്കുവാൻ പോളേട്ടൻ മുൻനിന്നു പ്രവർത്തിച്ചു. മുൻസിപ്പാലിറ്റിയിലെ സ്ക്കാവഞ്ചിംഗ് സിസ്റ്റം നിർത്തലാക്കിയത് ശ്രീ. പോളിന്റെ കാലത്താണ്. ഇരിങ്ങാലക്കുട ഠൗൺ ഹാൾ കോംപ്ലക്സിന്റെ സ്ഥലനിർണ്ണയം നടന്നതും ബൃഹത്തായ ശുദ്ധജലവിതരണപദ്ധതി ആവിഷ്ക്കരിച്ചതും അതിന് ആരംഭം കുറിച്ചതും ഇരിങ്ങാലക്കുടയിലെ പ്രശസ്തമായ ആയുർവ്വേദ ആശുപത്രി സ്ഥാപിച്ചതും എം.സി. പോളിന്റെ നേട്ടങ്ങളിൽ എടുത്തുപറയത്തക്കതാണ്.

കേരള മുൻസിപ്പിൽ ചെയർമെൻസ് ചേമ്പർ അംഗമായി ഇരിങ്ങാല

www.malankaralibrary.com

ക്കുട മുൻസിപ്പിൽ കൗൺസിലിൽ നിന്നും ആദ്യമായി തിരഞ്ഞെടുക്കപ്പെട്ടതും ശ്രീ. എം.സി. പോൾ തന്നെ. സാമൂഹ്യപ്രവർത്തനങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തിയ പോൾ, ലയൺസ് ക്ലബ്ബ് പ്രസിഡന്റ്, സോണൽ ചെയർമാൻ, റീജയണൽ ചെയർമാൻ, ജില്ലാ ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചു. 1989-ൽ ലയൺ ഓഫ് ദി ഇയർ എന്ന ബഹുമതിക്ക് അദ്ദേഹം അർഹനായി. ഇരിങ്ങാലക്കുട ലയൺ ക്ലബ്ബിൽ നിന്നും ഈ ബഹുമതി മറ്റാർക്കും ഇന്നുവരെ ലഭിച്ചിട്ടില്ലായെന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. ഇരിങ്ങാലക്കുട റിക്രിയേഷൻ ക്ലബിന് (ഐ.ആർ.സി.) സ്വന്തമായി കെട്ടിടം പണിയാൻ സ്ഥലം വാങ്ങിയതും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതും ശ്രീ. പോൾ പ്രസിഡന്റായിരിക്കുമ്പോഴാണ്. ക്ലബ്ബ് മന്ദിരത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചതും പോൾ തന്നെയായിരുന്നു.

സഭാ പ്രവർത്തനങ്ങളിലും അദ്ദേഹം എന്നും സജീവമായ നേതൃത്വം നൽകിയിരുന്നു. തൃശ്ശൂർ രൂപതാ സോഷ്യൽ വെൽഫെയർ സെന്റർ ഡയറക്ടർ എന്ന നിലയിൽ ദീർഘകാലം പ്രവർത്തിച്ച പോൾ, ഇരിങ്ങാലക്കുട സോഷ്യൽ ഫോറത്തിന്റെ ചെയർമാൻ, അവിഭക്തതൃശ്ശൂർ രൂപതിയിൽ രൂപംകൊണ്ട കാത്തലിക് യൂണിയൻ ഓഫ് തൃശ്ശൂരിന്റെ ട്രഷറർ എന്നീ നിലകളിലും പ്രവർത്തിക്കുകയുണ്ടായി.

ഇരിങ്ങാലക്കുട കാത്തലിക് സെന്ററിന്റെ പ്രൊമോട്ടർ ഡയറക്ടർ, തൃശ്ശൂർ അമലാ ക്യാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ, വികലാംഗരുടെയും അനാഥരുടെയും ആലംബകേന്ദ്രമായ സ്നേഹഭവന്റെയും, മന്ദബുദ്ധികൾക്കുവേണ്ടിയുള്ള പ്രതീക്ഷാഭവന്റെയും ഡയറക്ടർ എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിക്കുന്ന ശ്രീ. പോൾ, ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിന്റെമാനേജിംഗ് കമ്മറ്റിയംഗമായും ട്രസ്റ്റിയായും ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. അവിഭക്ത തൃശൂർ രൂപതയിലും ഇരിങ്ങാലക്കുട രൂപതയിലും പാസ്റ്ററൽ കൗൺസിൽ അംഗമായി പ്രവർത്തിച്ചു. ഇപ്പോഴും ഇരിങ്ങാലക്കുട രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമാണ്. സി.എം.ഐ. ദേവമാതാ പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ ബൃഹത്തായ സാമൂഹ്യസേവനം നടത്തിവരുന്ന കുര്യാക്കോസ് ഏലിയാസ് സർവ്വീസ് ഡയറക്ടറായി പ്രവർത്തിക്കുന്ന പോൾ ഇരിങ്ങാലക്കുടയിൽ ഡയബറ്റിക് റിസേർച്ച് സെന്ററിന്റെ രൂപീകരണം മുതൽ ഡയറക്ടറായി പ്രവർത്തിക്കുന്നു. ഇരിങ്ങാലക്കുട രൂപതയുടെ കീഴിൽ ചാലക്കുടിയിൽ സ്ഥാപിതമായ സെന്റ് ജെയിംസ് ആശുപത്രിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് രൂപീകരിച്ച സ്റ്റിയറിംഗ് കമ്മറ്റിയിൽ അദ്ദേഹം അംഗമായിരുന്നു.

എ.കെ.സി.സി. ബുള്ളറ്റിനിൽ 1998 മാർച്ച് ലക്കത്തിൽ ശ്രീ. പോളിനെപ്പറ്റി പ്രൊഫ. വി.എ. വർഗ്ഗീസ് എഴുതിയ ലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. “കലാലയ വിദ്യാർത്ഥികൾക്കായി കലോത്സവങ്ങൾ സംഘടിപ്പിക്കാറുള്ള ആർട്സ് കേരള എന്ന സംഘടനയുടെ പ്രസിഡന്റാണ്

www.malankaralibrary.com

ഇന്നും ശ്രീ. എം.സി. പോൾ. കലാകേരളത്തിന് ഇരിങ്ങാലക്കുടയുടെ സംഭാവനകളിലൊന്നാണ് ഉണ്ണായിവാര്യർ സ്മാരക കലാനിലയം. കഥകളിയുടെ വിവിധ മേഖലകളിൽ ശാസ്ത്രീയമായ പരിശീലനം നൽകുന്ന ഈ മികച്ച കലാസാംസ്കാരികസ്ഥാപനത്തിന്റെ ആജീവനാംഗമായ ശ്രീ.പോൾ ദീർഘകാലം കലാനിലയം ഭരണസമിതിയംഗമായിരുന്നിട്ടുണ്ട്. തുടർച്ചയായി ഒരു വ്യാഴവട്ടക്കാലം അദ്ദേഹം കലാനിലയം സെക്രട്ടറിയായി പ്രവർത്തിച്ചു. വിദ്യാർത്ഥി ഹോസ്റ്റൽ നിർമ്മാണം ആരംഭിച്ചത് ഇക്കാലത്തായിരുന്നു. ഹോസ്റ്റൽനിർമ്മാണ കമ്മറ്റിയുടെ അദ്ധ്യക്ഷനും അദ്ദേഹം തന്നെയായിരുന്നു.

ഇരിങ്ങാലക്കുടയിലെ വിദ്യാഭ്യാസമേഖലയുടെ വളർച്ചക്ക് ശ്രീ.പോൾ നൽകിയ സംഭാവനകൾ നിത്യസ്മരണീയങ്ങളാണ്. കലാലയവിദ്യാഭ്യാസ സൗകര്യങ്ങൾ സ്വപ്നം മാത്രമായിരുന്ന ഒരുകാലത്ത് ഈ നാട്ടിൽ ഒരു ആർട്സ് കോളേജാരംഭിക്കുവാൻ മുന്നോട്ടുവരുന്ന വ്യക്തിക്കോ സ്ഥാപനത്തിനോ ഇരിങ്ങാലക്കുട മുൻസിപ്പാലിറ്റിയുടേതായ മങ്ങാടിക്കുന്നിലുള്ള 28 ഏക്കർ സൗജന്യമായി നൽകാൻ തയ്യാറാണെന്നുള്ള ഇരിങ്ങാലക്കുട മുൻസിപ്പൽ കൗൺസിലിന്റെ പ്രമേയം നിർണ്ണായകമായ ഒരു വഴിത്തിരിവായിരുന്നു. ഈ പ്രമേയത്തിന്റെ അവതാരകൻ ശ്രീ.എം.സി.പോളും അനുവാദകൻ യശ്ശശ്ശരീരനായ ശ്രീ.ടി.ടി. ജോണുമായിരുന്നു. പിന്നീട് ക്രൈസ്റ്റ് കോളേജിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി കമ്മറ്റിയുണ്ടാക്കിയപ്പോൾ അതിലും അദ്ദേഹത്തിന്റെ സജീവപങ്കാളിത്തമുണ്ടായിരുന്നു. ആരംഭം മുതൽ ഇന്നുവരെ ക്രൈസ്റ്റ് കോളേജ് മാനേജിംഗ് കമ്മറ്റി അംഗമായി അദ്ദേഹം തുടർന്നുപോരുന്നു." സെന്റ് ജോസഫ് കോളേജ്, ഡോൺബോസ്കോ സ്കൂൾ എന്നീ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുവാൻ രൂപീകരിച്ച കമ്മറ്റികളിലും പിന്നീട് ആ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രൂപീകരിച്ച മറ്റുപലകമ്മറ്റികളിലും ശ്രീ പോൾ സജീവമായിട്ടുണ്ടായിരുന്നു. ക്രൈസ്റ്റ് കോളേജിലെയും സെന്റ് ജോസഫ് കോളേജിലെയും ഗാർഡിയൻസ് ആൻഡ് വെൽവിഷേഴ്സ് അസോസിയേഷൻ അംഗമാണദ്ദേഹം. പ്രാരംഭം തൊട്ടിന്നുവരെ.

താൻപഠിച്ച വിദ്യാലയത്തിലെ അദ്ധ്യാപകരക്ഷാകർത്തൃസംഘടനയുടെ പ്രസിഡണ്ടായി മുപ്പതുവർഷക്കാലത്തോളം പ്രവർത്തിച്ച പോൾ, ജില്ലാതലത്തിൽ അദ്ധ്യാപക രക്ഷാകർതൃസംഘടന രൂപീകരിക്കാൻ മുൻകൈയെടുത്തു പ്രവർത്തിച്ചു. ജില്ലാഘടകത്തിന്റെ പ്രസിഡണ്ടായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ആ സ്ഥാനത്തും ദീർഘകാലം അദ്ദേഹം പ്രവർത്തിച്ചു. ഇരിങ്ങാലക്കുട ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിന്റെ പി.ടി.എ. പ്രസിഡണ്ടായിരുന്ന കാലത്ത് ഒരൊറ്റ യോഗത്തിൽപോലും അദ്ദേഹം പങ്കെടുക്കാതിരുന്നിട്ടില്ല. സ്കൂളിൽ ജലവിതരണസംവിധാനം ഏർപ്പെടുത്തുവാനും കോൺഫറൻസ്ഹാളിൽ വായനശാലയ്ക്ക് രൂപം കൊടുക്കുവാനും മുൻകൈ

www.malankaralibrary.com

യെടുത്ത് പ്രവർത്തിച്ചത് ശ്രീ പോളായിരുന്നു.

സ്കൂളിൽവച്ച് സംസ്ഥാന യുവജനോത്സവം സംഘടിപ്പിച്ചപ്പോഴും ശാസ്ത്രപ്രദർശനങ്ങൾ, കായികമേളകൾ മുതലായവ നടത്തപ്പെട്ടപ്പോഴും അതിന് മുഖ്യനേതൃത്വം നൽകിയത് ശ്രീ പോൾ തന്നെയായിരുന്നു. ഭാരത സ്ക്കൗട്ട്സ് ആന്റ് ഗൈഡ്സ് പ്രസ്ഥാനവുമായി അടുത്ത ബന്ധം പുലർത്തുന്ന വ്യക്തിയാണ് പോൾ. മൂന്നുദശാബ്ദക്കാലമായി ഇരിങ്ങാലക്കുട വിദ്യാഭ്യാസജില്ലയിലെ സ്ക്കൗട്ട്സിന്റെ പ്രസിഡണ്ടാണദ്ദേഹം. സംസ്ഥാനതലത്തിൽ സ്ക്കൗട്ട് പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ മാനിച്ച് 1991 ൽ ബാർ ടു മെഡൽ ഓഫ് മെറിറ്റ് എന്ന ബഹുമതി അന്നത്തെ വിദ്യാഭ്യാസമന്ത്രി ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ ശ്രീ പോളിന് സമ്മാനിച്ചു.

ഇന്ത്യൻനാഷണൽ കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനായിരുന്ന പോൾ പത്തുവർഷത്തിലേറെക്കാലം നിയോജകമണ്ഡലം പ്രസിഡണ്ടായിരുന്നു. പ്രൊഫ. വി.എ.വർഗീസിന്റെ ലേഖനത്തിലെ ഒരുഭാഗംകൂടി ഉദ്ധരിക്കട്ടെ.

"സ്വന്തം വ്യാപാരസംരംഭങ്ങൾക്കുമപ്പുറത്ത് കൂടുതൽ വിശാലമായ വ്യവസായ വ്യാപാരസ്ഥാപനങ്ങൾ കെട്ടിപ്പെടുക്കുന്നതിൽ ചെറുപ്പം മുതൽക്കേ അദ്ദേഹം താല്പര്യം പ്രകടിപ്പിച്ചിരുന്നു. മുപ്പതുവയസ്സ് തികയുന്നതിനുമുൻപാണ് അദ്ദേഹം മറ്റേതാനും യുവ സുഹൃത്തുക്കളുമായി ചേർന്ന് സൗത്ത് ഇൻഡ്യൻ കമ്മേർഷ്യൽ കോർപ്പറേഷൻ (പ്രൈവറ്റ്) ലിമിറ്റഡ് ആരംഭിച്ചതും അതിന്റെ മാനേജിംഗ്ഡയറക്ടറായതും. കമ്മേർഷ്യൽ പ്രിന്റേഴ്സ് എന്ന പേരിൽ മറ്റൊരു സ്ഥാപനവും പോൾ മാനേജിംഗ് ഡയറക്ടറായി ആരംഭിച്ചു. ഇരിങ്ങാലക്കുടയിൽ ഒരു നല്ല ഹോട്ടൽ വേണമെന്ന ആഗ്രഹത്തിന്റെ പേരിൽ ഡെലീഷ്യസ് ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ആരംഭിച്ചു. അപ്പോളോ ഹോട്ടൽ തുടങ്ങുന്നതിന് മുൻനിന്ന് പ്രവർത്തിച്ചവരിലും ശ്രീ പോൾ ഉണ്ടായിരുന്നു."

കോർപ്പറേറ്റ് മാനേജ്മെന്റ് തലത്തിൽ ശ്രീ. എം.സി. പോളിന്റെ പ്രധാനപ്രവർത്തനമേഖലയും പ്രശസ്തിയുടെ ഉരകല്ലുമായ കേരളാസോൾവന്റ് എക്സ്ട്രാക്ഷൻസ് ലിമിറ്റഡ് ആരംഭിക്കുമ്പോൾ പ്രമോട്ടർ ഡയറക്ടർമാരിൽ അദ്ദേഹവുമുണ്ടായിരുന്നു. 1976 ൽ അദ്ദേഹം ഫുൾടൈം ഡയറക്ടറായി നിയമിതനായി. 1978 ൽ എക്സിക്യൂട്ടീവ്ഡയറക്ടറായി. 1994 നവംബറിൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമെന്ന പരമോന്നത പദവിയിലേക്കുയർത്തപ്പെട്ടു. ആ സ്ഥാനത്ത് ഇപ്പോഴും പ്രവർത്തിച്ചുവരുന്നു.

തേങ്ങാപിണ്ണാക്കിൽനിന്ന് എണ്ണയെടുക്കുക, എന്ന പ്രക്രിയയിൽ ഇന്ത്യയിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന സ്ഥാപനമാണിത്. ഇപ്പോൾ മിശ്രിതകാലിത്തീറ്റയും ഈ കമ്പനിയിൽ നിർമ്മിക്കുന്നു. ഭാരതത്തിലെ മിശ്രിത കാലിത്തീറ്റവ്യവസായത്തിന് നൽകിയ വിലയേറിയ സേവനങ്ങളെ

www.malankaralibrary.com

മുൻനിർത്തി 1991 ൽ ബാംഗ്ലൂരിൽ ചേർന്ന അന്താരാഷ്ട്രസമ്മേളനത്തിൽവച്ച് ശ്രീ.എം.സി. പോളിനെ പ്രത്യേകബഹുമതി നൽകി ആദരിക്കുകയുണ്ടായി. മിശ്രിതകാലിത്തീറ്റ നിർമ്മാതാക്കളുടെ അഖിലേന്ത്യാ സംഘടനയായ 'ക്ലഫ്മ'യുടെ കേന്ദ്രഭരണസമിതിയംഗവും കേരളയൂണിറ്റിലെ പ്രസിഡണ്ടുമായി ദീർഘകാലമായി പോൾ പ്രവർത്തിക്കുന്നു. കേരളാലൈവ് സ്റ്റോക്ക് ഫീഡ് മാനുഫാക്ചേഴ്സ് അസോസിയേഷൻ പ്രസിഡണ്ടുമാണദ്ദേഹം.

ഔദ്യോഗികകാര്യങ്ങളുമായി ബന്ധപ്പെട്ട് രണ്ടുപ്രാവശ്യം അദ്ദേഹം വിദേശപര്യടനം നടത്തുകയുണ്ടായി. സിംഗപ്പൂർ, മലേഷ്യാ, ഇൻഡോനേഷ്യാ, ഹോങ്കോംഗ്, ഫിലിപ്പൈൻസ്, ബാങ്കോംഗ് തുടങ്ങിയ സ്ഥലങ്ങളെല്ലാം അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. ശ്രീ. പോൾ ഒരു വ്യവസായിയാണെങ്കിലും ഒരു കർഷകൻ എന്ന നിലയിലാണ് അറിയപ്പെടാൻ ആഗ്രഹിക്കുന്നത്. ശ്രീ. പോളിന്റെ വിവിധങ്ങളായ സാംസ്കാരികപ്രവർത്തനങ്ങൾ കണക്കിലെടുത്ത് കത്തോലിക്കാകോൺഗ്രസ്സ് അദ്ദേഹത്തിന് 1998 ൽ അവാർഡ് നൽകിയാദരിച്ചു. മറ്റുനിരവധി അവാർഡുകൾക്കും അദ്ദേഹം അർഹനായിട്ടുണ്ട്. അതിൽപ്രധാനപ്പെട്ടത് താഴെ പറയുന്നവയാണ്. ലയൺസ്ക്ലബ്ബ് ഇന്റർനാഷണലിന്റെ ലയൺ ഓഫ് ദ ഇയർ (1990) തൃശൂർ ചെയമ്പർ ഓഫ് കോമേഴ്സിന്റെ തൃശൂർ ജില്ലയിലെ മികച്ച വ്യവസായിക്കുള്ള അവാർഡ് (1996) ബിസിനസ് ദീപികയുടെ ബിസിനസ് മാൻ ഓഫ് കേരള(1996) തൃശൂർ മാനേജ്മെന്റ് അസോസിയേഷന്റെ മാനേജ്മെന്റ് എക്സലൻസ് അവാർഡ് (1999) പ്രൊഫ. എം.പി. മന്മഥൻ മെമ്മോറിയൽ ട്രസ്റ്റിന്റെ അക്ഷയപുരസ്കാരം (2000) ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് ന്യൂഡൽഹി "താങ്ക്സ് ബാഡ്ജ്" (2000) അസോഷിയേറ്റഡ് ചേംബർ ഓഫ് കോമേഴ്സിന്റെ (അസോച്ചം) ലൈഫ് ടൈം എച്ചീവ്മെന്റ് അവാർഡ് (2004) മികച്ചവ്യവസായ സംരംഭത്തിനുള്ള നാഷണൽ പ്രൊഡക്റ്റിവിറ്റി അവാർഡ് കരസ്ഥമാക്കിയ വ്യവസായ നായകനുള്ള ഇരിങ്ങാലക്കുട മുൻസിപ്പാലിറ്റിയുടെ അംഗീകാരം (2004) അനിമൽ ന്യൂട്രീഷൻ സൊസൈറ്റി ഓഫ് ഇൻഡ്യയുടെ ബഹുമതി, അസോസിയേഷൻ ഓഫ് ഫുഡ് സൈന്റിസ്റ്റ് ആൻഡ് ടെക്നോളജിസ്റ്റ് (ഇന്ത്യ) തൃശൂർ ചാപ്റ്ററിന്റെ Award of Excellence in Management of food processiong Industries.

ശ്രീ.എം.സി. പോൾ ഇരിങ്ങാലക്കുടയിലും സമീപപ്രദേശങ്ങളിലും പോളേട്ടൻ എന്നാണ് പരക്കെ അറിയപ്പെടുന്നത്. നാട്ടുകാരുടെ പോളേട്ടൻ ഇന്നും ഊർജ്ജസ്വലതയോടെ പൊതുരംഗത്ത് പ്രവർത്തിക്കുന്നു.

വിലാസം - ശ്രീ. എം.സി. പോൾ മാമ്പിള്ളി,
ഇരിങ്ങാലക്കുട

www.malankaralibrary.com

# 35



# റമ്പാൻ ജോൺ മേളാംപറമ്പിൽ

അമേരിക്കയിൽ ആദ്യമായി മലങ്കര സഭാമക്കൾക്കായി ഇടവക ആരംഭിക്കുകയും മലങ്കര കത്തോലിക്കരുടെ ഒരു കൺവെൻഷൻ വിളിച്ചുകൂട്ടുകയും ചെയ്ത റമ്പാൻ ജോൺ മേളാംപറമ്പിൽ, ഉമ്മച്ചൻ-അക്കാമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായി 1923 ജൂൺ 10-ാം തീയതി തിരുവല്ലായ്ക്കു സമീപമുള്ള പൊടിയാടിയിൽ ജനിച്ചു. പ്രൈമറി വിദ്യാഭ്യാസം പൊടിയാടിസ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം കാവുംഭാഗത്തെ ഹിന്ദുസ്കൂളിലുമായിരുന്നു. (ഹിന്ദുസ്കൂൾ ഇപ്പോൾ എൻ.എസ്.എസ്. മാനേജ്മെന്റിലാണ്.) ജോൺ മേളാംപറമ്പിൽ യാക്കോബായ സഭയിലാണ് ജനിച്ചത്. 1930 ൽ മാർ ഇവാനിയോസ് കത്തോലിക്കാ സഭയെ ആശ്ലേഷിച്ചത് ഒരു വലിയ മഹാസംഭവമായിരുന്നു. അതേത്തുടർന്ന് അനേകർ കത്തോലിക്കാ സഭയിൽ ചേരുകയുണ്ടായി. 1931 ൽ ജോണിന്റെ കുടുംബം ഒന്നടങ്കം ഇവാനിയോസ് തിരുമേനിയെ അനുഗമിച്ച് കത്തോലിക്കാസഭയിൽ ചേർന്നു.

അക്കാലത്ത് വാളക്കുഴി യാക്കോബായ സമുദായത്തിലെ പ്രമുഖ വൈദീകനായ ജോസഫ്, പുനരൈക്യപ്രസ്ഥാനത്തെ ശക്തമായി എതിർത്തുകൊണ്ടിരുന്നു. അധികംതാമസിയാതെ അദ്ദേഹവും കത്തോലിക്കാസഭയിൽ ചേർന്നു. ഇക്കാലത്ത് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോൺ മേളാംപറമ്പിൽ തിരുവല്ലാ രൂപതവക സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദീകപഠനം ആരംഭിച്ചു. മേളാംപറമ്പിൽ കുടുംബം അന്നത്തെ ഒരു സമ്പന്നകുടുംബമായിരുന്നു. ഉന്നതമായ നിലയിൽ ഭൗതിക ജീവിതം നയിക്കാമായിരുന്ന ജോൺ അതെല്ലാം ഉപേക്ഷിച്ചാണ് വൈദീകനാകാൻ ഇറങ്ങിത്തിരിച്ചത്. വൈദീകപഠനം പൂർത്തീകരിച്ചത് തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിലായിരുന്നു. 1951 ജനുവരി 27-ാം തീയതി തിരുവല്ലാ രൂപതാ ബിഷപ്പ് ജോസഫ് മാർ സെവേറിയോസ് (യാക്കോബായ സഭയിൽ നിന്നും കത്തോലിക്കാ സഭയിലേക്കു ചേർന്ന വാളക്കുഴി ജോസഫ് അച്ചൻ) തിരുമേനിയിൽനിന്നും വൈദീകപട്ടം സ്വീകരിച്ചു. സെവേരിയോസ് തിരുമേനി ഏറ്റംകൂടുതൽ സ്നേഹിച്ചിരുന്ന ഒരാളായിരുന്നു മേളാംപറമ്പിൽ ജോണച്ചൻ. സഭയ്ക്ക് വലിയ പ്രതീക്ഷ നൽകിയ ജോണച്ചനെ 1951 ൽതന്നെ നിരണംപള്ളിയിൽ അസിസ്റ്റന്റ് വികാരിയായി നിയമിച്ചു. 1951 സെപ്റ്റംബറിൽ ഉപരിപഠനാർത്ഥം റോമിലേക്കയച്ചു. ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് ലിറ്റർജിയിൽ സ്പെഷ്യലൈസു ചെയ്തു. നാലു വർഷത്തിനുശേഷം ലിറ്റർജിയിൽ ഡോക്ടറേറ്റ് എടുത്തു. റോമിൽ പഠിച്ചു

www.malankaralibrary.com

കൊണ്ടിരുന്ന സന്ദർഭത്തിൽ പൗരസ്ത്യതിരുസംഘത്തിന്റെ പ്രീഫക്ട് കാർഡിനൽടിസ്സറിന്റ് തിരുമേനിയുമായി നല്ല ബന്ധം സ്ഥാപിക്കുവാൻ ജോണച്ചനു സാധിച്ചു. 1953 ൽ ടിസറാന്റ് തിരുമേനി കേരളത്തിൽ പര്യടനം നടത്തിയപ്പോൾ തിരുവല്ലായിൽ മേളാംപറമ്പിൽ കുടുംബം സന്ദർശിച്ചു. ആ പര്യടനത്തിൽ ഒരാളുടെ ഭവനത്തിൽ മാത്രമേ കാർഡിനൽ ടിസറന്റ് സന്ദർശിച്ചുള്ളു. അത് ജോൺ മേളാംപറമ്പിലിന്റെ ഭവനത്തിലും. ഇതിൽനിന്നും കർദ്ദിനാൾ തിരുമേനിയ്ക്ക് മേളാംപറമ്പിലച്ചനോടുള്ള താല്പര്യം എന്തുമാത്രമെന്ന് മനസ്സിലാക്കാൻ നമുക്ക് സാധിക്കും.

റോമിൽനിന്നും ജോണച്ചൻ 1954 ൽ ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ ചേർന്നു. മോഡേൺ ഹിസ്റ്ററിയിൽ ചേർന്ന് പഠിക്കാൻ തുടങ്ങി. ആ പഠനം പൂർത്തീകരിക്കുന്നതിന് മുൻപ് കാർഡിനൽ ടിസറന്റ് തിരുമേനി ലബനിലെ ബേയ്റൂട്ടിലെ സിറിയൻ പേട്രിയർക്കൽ സെമിനാരിയിൽ പഠിപ്പിക്കാനായി നിയോഗിച്ചു. അദ്ധ്യാപനത്തോടൊപ്പം സുറിയാനിയിൽ വേണ്ടത്ര പാണ്ഡിത്യം നേടുവാനും ശ്രമിച്ചു. ബേയ്റൂട്ടിൽ നിന്നും ജോണച്ചൻ തിരുവല്ലായിൽ എത്തി.

1956 ൽ തിരുവല്ലാ കത്തീഡ്രലിൽ അസിസ്റ്റന്റ് വികാരിയായി ജോണച്ചനെ അഭിവന്ദ്യപിതാവ് നിയമിച്ചു. 1958 ഫെബ്രുവരി 14-ാം തീയതി തിരുവല്ലാ രൂപതയുടെ അതിർത്തി മലബാറിലേക്കുംകൂടി വ്യാപിപ്പിച്ചുകൊണ്ട് റോമിൽനിന്നും ഉത്തരവായി. അതേത്തുടർന്ന് മലബാറിലെ മൈക്കാവ്പള്ളി വികാരിയായി അദ്ദേഹത്തെ നിയമിച്ചു. മൈക്കാവ് മിഷന്റെ സ്ഥാപകനുമായി. അദ്ദേഹം. മൂന്നുവർഷത്തിനുശേഷം തിരുവല്ലായ്ക്കു സമീപമുള്ള തോട്ടഭാഗം പള്ളിവികാരിയായി. 1966 സെപ്റ്റംബറിൽ വീണ്ടും ഉപരിപഠനത്തിനായി അമേരിക്കയിലേക്ക് പോയി. ബോസ്റ്റൺ യൂണിവേഴ്സിറ്റിയിൽ ചേർന്ന് എക്യുമിനിസത്തെപ്പറ്റി ഉപരിപഠനം നടത്തി. പ്രോട്ടസ്റ്റന്റ് യൂണിവേഴ്സിറ്റിയായിരുന്നു അത്. ആ യൂണിവേഴ്സിറ്റിയിൽ പഠിച്ച ആദ്യത്തെ കത്തോലിക്കാ പുരോഹിതൻ ആയിരുന്നു ഫാ. ജോൺ മേളാംപറമ്പിൽ. എക്യുമിനിസത്തെപ്പറ്റി ഡോക്ടറേറ്റ് എടുത്തതിനുശേഷം 1970 ൽ ഈശോസഭാവൈദീകർ നടത്തുന്ന ഊസ്റ്റർ (Worster) അന്ന മരിയാ കോളേജിൽ പഠിച്ചു. വേൾഡ് റിലീജിയസ് ആയിരുന്നു പഠനവിഷയം. അമേരിക്കയിലെ ആദ്യത്തെ കത്തോലിക്കാ കോളേജായിരുന്നു അത്. മാസച്ചൂട്ട്സ് കോളേജിൽനിന്ന് (Massachutts) നിന്ന് എം.എഡ്. ഡിഗ്രിയും എടുത്തു. തുടർന്ന് ന്യൂയോർക്കിനു സമീപമുള്ള ലോംഗ്ഐലന്റിലെ ബ്രന്റിവുഡ് (Brente wood) കോൺവെന്റിലെ മദർ ഹൗസിലെ ചാപ്ലയിൻ ആയി സേവനം അനുഷ്ഠിച്ചു. ആ സഭയിൽ 3000 ത്തോളം അംഗങ്ങൾ ഉണ്ടായിരുന്നു. ഈ സഭയുടെ ചാപ്ലെയിൻ ആയി ഏഴുവർഷക്കാലം ജോലിചെയ്തു. അവിടെ നഴ്സറി സ്കൂൾ തുടങ്ങി കോളേജുതലംവരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നു. സെന്റ് തോമസ് ഭാരതത്തിന്റെ പ്രേഷിതനാ

www.malankaralibrary.com

ണെന്ന് പ്രസ്താവിക്കാൻ റോമിനെ പ്രേരിപ്പിച്ചത് മേളാംപറമ്പിൽ ജോണച്ച നാണെന്ന് ഷംസാബാദ് ബിഷപ്പ് മാർ ജനുവാരിയൂസ് കോട്ടയത്ത് സി.ബി.സി.ഐ. മീറ്റിംഗിൽ പങ്കെടുക്കാൻ 1988-ൽ എത്തിയപ്പോൾ മറ്റു മെത്രാന്മാരോടായി പറയുകയുണ്ടായി. അതിന് ഒരു ചരിത്രമുണ്ട്. റോമൻ കത്തോലിക്കാ സഭയുടെ ഔദ്യോഗിക വാർത്താപത്രമായ ഒസ്സർവത്തോരെ റോമാനയിൽ വി. ഫ്രാൻസീസ് സേവ്യരുടെ 400-ാം ചരമവാർഷികത്തിൽ പങ്കെടുക്കുവാൻ പേപ്പൽ പ്രതിനിധിയായി പ. പിതാവ് ആസ്ത്രേലിയക്കാരനായ കർദ്ദിനാൾ ഗിൽറോയിയെ നിയമിച്ചതായി ഒരു വാർത്തവന്നു. ആ വാർത്ത വന്നപ്പോൾ മേളാംപറമ്പിലച്ചൻ മിലാനിൽ ആയിരുന്നു. ഉടനെ അദ്ദേഹം റോമിൽ പാഞ്ഞെത്തി മോൺ. മൊന്തീനിയെ കണ്ടു. (പിന്നീട് മാർപ്പാപ്പാ). മാർത്തോമ്മായുടെ ഭാരതാഗമനത്തെക്കുറിച്ച് അദ്ദേഹവുമായി സംസാരിച്ചും ഏറെ താമസിയാതെ ഒസ്സർ വത്തോരെ റൊമാനയിൽ ഒരു തിരുത്തു വന്നു. മലബാറിലെ ജനങ്ങൾ വിശ്വസിക്കുന്ന പ്രകാരം മാർത്തോമ്മാശ്ലീഹായുടെ ഭാരതാഗമനത്തിന്റെ രണ്ടായിരാം വാർഷികത്തിന്റേതുകൂടിയാണ് ആഘോഷം. ഈ വാർത്തയിലെ തിരുത്ത് പലരെയും ക്ഷോഭിപ്പിച്ചു.

ബത്തേരി രൂപതാ സ്ഥാപനത്തിനുശേഷം ജോണച്ചൻ ബത്തേരി രൂപതയിൽ ചേർന്നു. രണ്ടുവർഷത്തെ സേവനത്തിനുശേഷം വീണ്ടും ന്യൂയോർക്കിലേക്കു പോയി. മാൻഹാട്ടനിൽ അജപാലന ശുശ്രൂഷനിർവ്വഹിച്ചു. ന്യയോർക്ക് അതിരൂപതയിൽ ജോലി ചെയ്യുന്ന സമയത്താണ് ന്യൂയോർക്കിൽ ഒരു മലങ്കരമിഷൻ സ്ഥാപിതമാകുന്നത്. അമേരിക്കയിലെ കൊളറാഡോയിൽ രണ്ടുവർഷം സേവനം അനുഷ്ഠിച്ചു. 1991 ജൂൺ 28 ന് മലങ്കര മക്കളുടെ ഒരു കൺവെൻഷൻ ന്യൂയോർക്കിൽ വിളിച്ചുകൂട്ടി. മലങ്കരയുടെ ചാർജ് വഹിച്ചുകൊണ്ടിരിക്കെ ബയ്റൂട്ടിലെ അന്ത്യോഖ്യായിലെ സിറിയൻ പേട്രിയേക്ക് മുനിയേച്ചർ (Monunayar) ഫാ. ജോൺ മേളാംപറമ്പിലച്ചന് റമ്പാൻ സ്ഥാനം നൽകി.

പിന്നീട് ഏതാനുംനാൾ കൊളറാഡോയിലും പിന്നീട് കേരളത്തിൽ എത്തി ബത്തേരിയിലും കോട്ടയത്ത് സീരിയിലും ആയി താമസിച്ചു. ഇപ്പോൾ കോട്ടയത്തിനു സമീപമുള്ള കൈപ്പുഴയിലാണ് താമസം - എക്യുമിനിക്കൽ ഹെറിറ്റേജിൽ.


ഒരു സമ്പന്നകുടുംബത്തിൽ ജനിച്ച അദ്ദേഹം തന്റെ സമ്പാദ്യങ്ങളിൽ ഭൂരിഭാഗവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ വിദ്യാഭ്യാസത്തിനുവേണ്ടിയാണ് വിനിയോഗിച്ചത്. അച്ചൻ പഠിപ്പിച്ച കുട്ടികൾ ഇന്ന് ഉന്നതനിലയിൽ എത്തിയതിൽ അച്ചന് സംതൃപ്തിയുണ്ട്.

വിലാസം - റമ്പാൻ മേളാംപറമ്പിൽ,
എക്യുമിനിക്കൽ ഹെർമിറ്റേജ്,
കൈപ്പുഴ.

www.malankaralibrary.com

# 36

# പോൾ വളപ്പില



"എൺപതിലേക്ക് എളിമയോടെ അടിവച്ചുനീങ്ങുമ്പോഴും ആയിരം പൂർണ്ണചന്ദ്രന്മാരുടെ അനുഗ്രഹങ്ങൾ ഏറ്റുവാങ്ങുവാൻ അധികം അകലെയല്ലാത്ത ആ മനുഷ്യസ്നേഹി ഇന്നും പതിനെട്ടുകാരന്റെ പ്രസരിപ്പോടെ കർമ്മനിരതൻ. കഫുള്ള നീണ്ട ഖദർ ഷർട്ടും മുണ്ടും കണ്ണടയും ധരിച്ച് പഴയ ഹാന്റ് ബാഗിന് വഴിമാറിയ തുണി സഞ്ചി തോളിൽ തൂക്കിയിട്ട് കറുത്ത ഷൂസും സോക്സുമണിഞ്ഞ് കാലത്ത് കണ്ണംകുളങ്ങരയിൽ നിന്നാരംഭിക്കുന്ന ആ പദസഞ്ചലനം വർഷങ്ങളായി തൃശൂർ നഗരം കാതോർക്കുന്നു. കരുത്തുറ്റ അസ്ഥികൾക്ക് മീതെ മാംസവും വെളുത്തചർമ്മവും ആനുപാതികമായി മാത്രം തേമ്പിപ്പിടിപ്പിടിച്ച ശരീരം. ജീവിതത്തിലൊരിക്കലും കുനിയാത്ത ശിരസ്സിന്റെ ഉടമ. ഓർമ്മവച്ചനാൾ മുതൽ തൃശൂർ പുത്തൻപള്ളിയുടെ നിഴലിൽ നിലയുറപ്പിച്ചപ്പോഴും അതിരുകടന്ന സാമുദായിക തീവ്രത അദ്ദേഹത്തിന് അന്യമാണ്. സത്യത്തിന് സാക്ഷിപറയാൻ മാത്രം ഉഴിഞ്ഞുവച്ച ജീവിതം. വറ്റാത്തപുഞ്ചിരിയുടെ ഉടമയായ ആ ശോഷിച്ച മനുഷ്യൻ എന്നും എളിമയുടെ ആൾ രൂപം. ജീവിതത്തിന്റെ സപ്തതി കഴിഞ്ഞിട്ടും നാടിനും സമൂഹത്തിനും വേണ്ടി ജീവിക്കുകയും സ്വയം ജീവിക്കാൻ മറക്കുകയും ചെയ്ത നന്മനിറഞ്ഞ മനുഷ്യൻ. അതേ, അതാണ് എല്ലാവരുടെയും വളപ്പിലമാഷായ തൃശൂരിന്റെ പോൾവളപ്പില." പോൾ വളപ്പിലയുടെ സഹപ്രവർത്തകനായ തോമസ് പാറന്നൂർ 2003 ജൂൺ 30 ന് പ്രോഗ്രസ്സ് വാരികയിൽ എഴുതിയലേഖനത്തിലെ ഒരു ഭാഗമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

പോൾ വളപ്പില എന്ന ഇതിഹാസ പുരുഷൻ 1923 ജൂലൈ 3-ാം തീയതി തൃശൂരിൽ ജനിച്ചു. പിതാവ് ചാലിശ്ശേരി വളപ്പില ലോനപ്പൻ മാതാവ് റോസ. തൃശൂർ സെന്റ് തോമസ് കോളേജ് ഹൈസ്കൂളിലായിരുന്നു വിദ്യാഭ്യാസം. തുടർന്ന ഇന്റർമീഡിയറ്റിന് തൃശൂർ സെന്റ് തോമസ് കോളേജിൽ ചേർന്നു.

അക്കാലം വിദ്യാഭ്യാസം നടത്തുകയെന്നത് ഒരു ഭാരിച്ച ബാദ്ധ്യതയായിരുന്നു. വിദ്യാർത്ഥിയായിരുന്ന കാലം മുതൽ സാമ്പത്തികമായി അടിത്തറ തകർന്ന കുടുംബമായിരുന്നു പോളിന്റെ കുടുംബം. സ്വയം അദ്ധ്വാനിച്ച് പണമുണ്ടാക്കിയാണ് കോളേജ് വിദ്യാഭ്യാസം നടത്തിയത്. വിദ്യാർത്ഥിയായിരുന്ന കാലത്ത് കുടുംബഭാരം ചുമലിൽ ഏൽക്കേണ്ടി വന്ന പോൾ കോളേജ് പഠനാനന്തരം മലബാർ ബാങ്കിൽ ജോലിയിൽ പ്രവേശിച്ചു. തൃശൂരിൽ അറിയപ്പെടുന്ന ഒരു ഐ.എൻ.ടി.യു.സി. പ്രവർത്തകനായി ഇതിനകം അദ്ദേഹം മാറിക്കഴിഞ്ഞിരുന്നു. ആദർശശുദ്ധിയുള്ള ഒരു കോൺഗ്രസ്സുകാ

www.malankaralibrary.com

രനായി എല്ലാവരും അംഗീകരിച്ചു. അതേസമയം സമുദായ പ്രവർത്തനങ്ങ ളിലും അദ്ദേഹം സജീവമായി പങ്കെടുത്തു. തൃശൂർ പുത്തൻപള്ളിയിൽ ബസ്ലീക്കാപള്ളിയിൽ വേദോപദേശ ക്ലാസിൽ മറ്റൊരദ്ധ്യാപകനു പകരക്കാ രനായി ബ്രദർ വടക്കൻ വന്നപ്പോഴാണ് പോൾ വളപ്പില അദ്ദേഹത്തെ ആദ്യ മായി പരിചയപ്പെടുക. അന്ന് വേദോപദേശ ഹെഡ്മാസ്റ്റർ കൂടിയായിരുന്നു പോൾ വളപ്പില. കുരിയച്ചിറ പള്ളിയിലെ മരിയസഖ്യം വാർഷികത്തിന്റെ പ്രസംഗകനായി ബ്രദർ വടക്കനെ വിളിക്കണമെന്ന് പോൾവളപ്പില നിർദ്ദേ ശിച്ചു. അങ്ങനെ വടക്കന്റെ ആദ്യപ്രസംഗം കുരിയച്ചിറയിൽ ആയിരുന്നു. ആ പ്രസംഗത്തിന്റെ വശ്യത മനസ്സിലാക്കിയ പോൾ വളപ്പിലയും ഫാ. ജേക്കബ് ചൊവ്വല്ലൂരും കൂടി സംഘടിപ്പിച്ച തൃശൂർ കിഴക്കേക്കോട്ടയിലെ സണ്ണി റീഡിംഗ്സ് കെട്ടിടത്തിന്റെ രണ്ടാം നിലയിലെ യോഗത്തിൽ ബ്രദർ വടക്കൻ തന്റെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രസംഗം അരങ്ങേറി. തുടർന്നുള്ള ദിവസങ്ങളിൽ പോൾവളപ്പിലയുടെയും മറ്റും നിർദ്ദേശമനുസ രിച്ച് തൃശൂർ നഗരത്തിലെ എല്ലാ കോർണറുകളിലും ബ്രദർ വടക്കൻ ഈ പ്രസംഗപരിപാടി തുടർന്നു. തുടർന്നാണ് ജേക്കബ് ചൊവ്വല്ലൂരച്ചൻ അസി സ്റ്റന്റ് വികാരിയായിരുന്ന തൃശൂർ ലൂർദ്ദ്പള്ളിയിലെ അച്ചന്റെ മുറിയിൽവെച്ച് കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി രൂപംകൊണ്ടത്. ഈ യോഗത്തിൽ ബ്ര.വട ക്കനോടൊപ്പം പോൾ വളപ്പിലയും മഞ്ഞില കുഞ്ഞുവറീതും ഉണ്ടായിരു ന്നു. ആദ്യത്തെ ജനറൽ സെക്രട്ടറി പോൾ വളപ്പിലുമായിരുന്നു. തുടർന്ന് വിരുദ്ധമുന്നണിയുടെ സ്റ്റഡീക്ലാസ്സുകൾ കേരളത്തിൽ അങ്ങോളമിങ്ങോളം സംഘടിപ്പിക്കുന്നതിൽ പോൾ വളപ്പില നിർണ്ണായകമായ പങ്കുവഹിച്ചു.

സ്വാതന്ത്ര്യപ്രാപ്തിയെത്തുടർന്ന് കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ശക്തിപ്രാപിച്ചുവരികയായിരുന്നു. തൊഴിലാളി മേഖലയായ തൃശൂർ കമ്മ്യൂണിസ്റ്റുകൾ നിലയുറപ്പിച്ചുകഴിഞ്ഞിരുന്നു. ഈ സന്ദർഭത്തി ലാണ് കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രങ്ങളുടെ നേരെ വിരൽചൂണ്ടിക്കൊണ്ട് കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുമായി ബ്ര.വടക്കൻ രംഗത്തിറങ്ങുന്നത്. കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ ഔദ്യോഗികജിഹ്വയായി തൊഴിലാളി വാരികയും വടക്കനച്ചൻ ആരംഭിച്ചു. അന്ന് ഫാ. വടക്കൻ സെമിനാരി വിദ്യാർത്ഥിയായിരുന്നു. അന്ന് ഫാ. വടക്കന്റെ സഹായിയായും വലംകൈ യായും ആദ്യം തന്നെ തൃശൂർ നിന്നും രംഗത്തുവന്ന ഒരു സാമൂഹ്യ പ്രവർത്ത കനായിരുന്നു വളിപ്പില മാഷ്. അവിടംകൊണ്ടുതീർന്നില്ല. ജീവിതമാർഗ്ഗ മായി താൻ സ്വീകരിച്ച ബാങ്ക് ഉദ്യോഗം എട്ടു വർഷത്തിനുശേഷം മോൺ സഖറിയാസ് വാഴപ്പള്ളിയുടെ ഉപദേശപ്രകാരം രാജിവച്ചു. വടക്കനെച്ചന്റെ കൂടെ മുഴുവൻ പ്രവർത്തകനായി മാറി. ബാല്യത്തിലെ ദാരിദ്ര്യം വീണ്ടും തുടർന്നു. മീൻ പിടിച്ചുകൊണ്ടിരുന്ന മുക്കവരെ യേശു തന്റെ ശിഷ്യന്മാ രായി സ്വീകരിച്ചതുപോലെയായിരുന്നു അത്. എല്ലാം ഉപേക്ഷിച്ച് എന്റെ പിന്നാലെ വരിക ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം.

www.malankaralibrary.com

ബ്രദർ വടക്കൻ അതൊന്നും വളപ്പിലമാഷിനോട് പറഞ്ഞില്ല. "പാവങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിലെ മുന്നണി പോരാളിയാക്കാം" എന്നായിരിക്കാം വടക്കനച്ചൻ പറഞ്ഞത്. ഏതായാലും അധൈര്യപ്പെടാതെ തന്നെ വളപ്പില അച്ചന്റെ കൂട്ടത്തിൽ ഉറച്ചുനിന്നു. കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ മുന്നണിപ്രവർത്തകനായി മാറി. തൊഴിലാളി പത്രം ആരംഭിക്കാൻ (ആദ്യംവാരിക) അച്ചന്റെ വലം കൈയ്യായി നിന്നു പ്രവർത്തച്ചവരിൽ പ്രമുഖനായിരുന്നു അദ്ദേഹം. ബ്രദർ വടക്കൻ അന്ന് സെമിനാരി വിദ്യാർത്ഥിയായിരുന്നു. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിലും തൊഴിലാളിപത്രം മുടക്കം വരുത്താതെ പുറത്തിറക്കി. മോൺ. സഖറിയാസ് വാഴപ്പള്ളിയും ഫാ.ജെ.ചെമ്മണ്ണൂരും എല്ലാം ആ സംരഭത്തിന് സഹായികളായി മാറി.

1957 ൽ കമ്മ്യൂണിസ്റ്റ് ഭരണത്തിന് കേരളം വഴിമാറിയപ്പോൾ, കമ്മ്യൂണിസ്റ്റ് ഭീകരതക്കെതിരെ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി പ്രവർത്തകർ അണിനിരന്നപ്പോൾ മുന്നണി നേതാക്കളായി ബി.വെല്ലിംഗ്ടൺ, വർഗീസ് മേച്ചേരി തുടങ്ങി പലരും കത്തിക്കുത്തും മർദ്ദനങ്ങളും ഏറ്റ് രക്തം ചീന്തിയപ്പോൾ യാതൊരു സാമ്പത്തിക ഭദ്രതയും ഇല്ലാതിരുന്ന തൊഴിലാളി പത്രം ദിനംതോറും അച്ചടിച്ചിറക്കുവാൻ പോൾ വളപ്പില അനുഭവിച്ച ത്യാഗങ്ങൾ വിവരിക്കുവാൻ വാക്കുകളില്ല. വിമോചന സമരപോരാട്ടത്തിലും വിമോചനസമരത്തിനുശേഷം നടന്ന ജനാധിപത്യമുന്നണിയുടെ ഭരണകാലത്തു നടന്ന കുടിയിറക്ക് വിരുദ്ധ പ്രക്ഷോഭണത്തിലും കൊട്ടിയൂർ ജാഥയുടെ പിന്നിലും മലനാട് കർഷകയൂണിയൻ, കർഷകതൊഴിലാളി പാർട്ടി തുടങ്ങിയ പ്രസ്ഥാനങ്ങളുടെ പോരാട്ടങ്ങളിലും വളപ്പില മാഷിന്റെ ത്യാഗത്തിന്റെയും അർപ്പണമനസ്ഥിതിയുടെയും കഥകൾ അനവധിയാണ്.

കൊട്ടിയൂർ ജാഥയുടെ പ്രധാന ഓർഗനൈസറായിരുന്ന പോൾ വളപ്പില, കൊട്ടിയൂർ മുതൽ തിരുവനന്തപുരം വരെ, ജാഥയുടെ മുമ്പേ സഞ്ചരിച്ച് ജാഥയ്ക്കുവേണ്ട സ്വീകരണ പരിപാടികളും മറ്റും സംഘടിപ്പിക്കുകയെന്ന ശ്രമകരമായ ദൗത്യം വിജയകരമായി നിർവ്വഹിച്ചു. കെ.ടി.പിയുടെ സെക്രട്ടറിയേറ്റ് അംഗവും ജോ.സെക്രട്ടറിയുമായി പ്രവർത്തിച്ച വളപ്പില മലനാട് കർഷകയൂണിയന്റെ ഓർഗനൈസർ കൂടിയായിരുന്നു.

1971 ൽ തൊഴിലാളി പത്രം നിർത്തലാക്കി. ഏതാണ്ട് രണ്ടുദശാബ്ദക്കാലം തൊഴിലാളിയെപ്പിടിച്ചുനിർത്തുന്നതിന് പരസ്യങ്ങൾ ശേഖരിച്ചതിൽ മുഖ്യപങ്കും അദ്ദേഹം തന്നെയായിരുന്നു. തൊഴിലാളി നിർത്തലാക്കിയപ്പോൾ ആ പരസ്യശേഖരണകലയെ മറ്റൊരു വിധത്തിലേക്ക് തിരിച്ചുവിടുവാൻ അദ്ദേഹത്തിന് സാധിച്ചു. കേരളത്തിലെ എല്ലാ പ്രസിദ്ധീകരണശാലകൾക്കും അദ്ദേഹം പരസ്യങ്ങൾ പിടിച്ചു. ബാങ്കു ഉദ്യോഗം ഉപേക്ഷിച്ചതുകൊണ്ടുണ്ടായ നഷ്ടത്തിൽ അദ്ദേഹം പതറിയില്ല. പരസ്യ ശേഖരണത്തിലൂടെ ലഭിക്കുന്ന കമ്മീഷനിലൂടെ അദ്ദേഹത്തിന്റെ ജീവിതം തള്ളിവിട്ടു. 1977 ൽ പോൾ വളപ്പില ആധുനികസജ്ജീകരണങ്ങളോടെ വളപ്പില അഡ്വൈർ

www.malankaralibrary.com

ടൈസിങ്ങ് സർവ്വീസ് എന്ന എളിയ സ്ഥാപനത്തിന് ആരംഭം കുറിച്ചു. ഈ സ്ഥാപനത്തെപ്പറ്റി തോമസ് പാറന്നൂർ എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "മക്കളായ ജോൺവളപ്പിലയുടെയും ജെ.പി. വളപ്പിലയുടെയും സഹകരണത്തോടെ ആ സ്ഥാപനത്തിന് വൈകാതെ പുതിയ ചിറകുകൾ മുളച്ചു. പരിഷ്കൃതലോകത്തിലെ കമ്പ്യൂട്ടർവൽകൃത പരസ്യകലയുടെ മാസ്മരശക്തികളുമായി ജോൺസ് വളപ്പിലയും ജെ.പി. വളപ്പിലയും പുതിയ ഇതിഹാസം രചിച്ചപ്പോൾ മലയാളക്കരയിൽ അതൊരുവിസ്മയമായി മാറി. പിന്നീട് അടിവച്ച് അടിവച്ച് മുന്നോട്ടുള്ള കയറ്റത്തിന്റെ ധന്യമുഹൂർത്തങ്ങൾ. വളപ്പില കമ്യൂണിക്കേഷൻസ് എന്ന പുതിയകിരീടത്തിന് കീഴെ അതൊരു വടവൃക്ഷമായി പന്തലിച്ചു. ഇന്ന് പരസ്യകലാരംഗത്തെ അത്യാധുനിക സാങ്കേതികസൗകര്യങ്ങളുടെ അകമ്പടിയോടെ കേരളത്തിലെ ഏറ്റവും വലിയ അഡ്വൈർടൈസിങ്ങ് സ്ഥാപനമെന്ന പദവി വളപ്പില കമ്യൂണിക്കേഷൻസിന് സ്വന്തം. തൃശൂർ ബസ്ലിക്കാ ബിൽഡിംഗിൽ ഏറ്റവും ആധുനികവും ആകർഷകവുമായ കോർപ്പറേറ്റ് ഓഫീസും കേരളത്തിലെ വ്യവസായ-വാണിജ്യ കേന്ദ്രങ്ങളായ കൊച്ചിയിലും കോഴിക്കോട്ടും റീജയണൽ ഓഫീസുകളുമായി 6 ജില്ലാകേന്ദ്രങ്ങളിൽ വളപ്പില കമ്യൂണിക്കേഷൻസിന് ഇന്ന് സുസജ്ജമായ ശാഖകളും കേരളത്തിൽ മറ്റാരും പരീക്ഷിക്കാത്ത മൊബൈൽ യൂണിറ്റുമുണ്ട്. ജീവിക്കാൻമറന്ന് സമൂഹത്തിനുവേണ്ടി സേവനം അർപ്പിച്ച പോൾ വളപ്പിലേക്ക് നന്മവറ്റാത്തസമൂഹം നിറച്ചുനൽകുന്ന പൊലിയളവാണ് തന്റെ അഡ്വൈർടൈസിങ്ങ് സ്ഥാപനങ്ങളുടെ വിജയഗാഥ"

ബാങ്ക് ഉദ്യോഗം രാജിവച്ചതുകൊണ്ടുള്ള സാമ്പത്തിക നഷ്ടം, മറ്റൊരു വരുമാനവുമില്ലാത്ത സാഹചര്യം, തൊഴിലാളിപത്രം നിലനിർത്താൻ വേണ്ടി അനുഭവിച്ച ത്യാഗങ്ങൾ ഇവയെല്ലാം അഗ്നിപരീക്ഷണങ്ങളായിരുന്നു. എന്നിട്ടും നിരാശനാകാതെ പ്രത്യാശാപൂർവ്വം മുന്നേറിയതിന്റെ പ്രതിഫലമായി ദൈവം നൽകിയതാണ് വളപ്പില കമ്മ്യൂണിക്കേഷൻസ്.

പോൾ വളപ്പില ഭക്തസംഘടനാപ്രവർത്തകൻ കൂടിയായിരുന്നു. കത്തോലിക്കാ കോൺഗ്രസ്സിന്റെ ആദ്യ രൂപതാ സെക്രട്ടറി, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, രൂപതാ പ്രസിഡണ്ട്, ലീജിയൻ ഓഫ് മേരി രൂപതാ പ്രസിഡണ്ട്, സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ മെമ്പർ എന്നീ നിലകളിൽ ദീർഘകാലം പ്രവർത്തിച്ചു. തൃശൂർ പുത്തൻപള്ളിയിലെ വേദോപദേശ അദ്ധ്യാപകനും ഹെഡ്മാസ്റ്ററുമായി അൻപത്തിരണ്ട് വർഷം അദ്ദേഹം പ്രവർത്തിച്ചു. പുത്തൻപള്ളി പ്ലാറ്റിനം ജൂബിലി സുവനീറിന്റെ എക്സിക്യൂട്ടീവ് എഡിറ്റർ കൂടിയായിരുന്നു പോൾ വളപ്പില. തൃശൂർ പുത്തൻപള്ളിയിലെ 68 വർഷത്തെ പ്രശസ്ത സേവനത്തിന്റെ അംഗീകാരമായി ബസ്ലിക്കാ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് പോൾ വളപ്പിലയെ മാർ ജെയിംസ് പഴയാറ്റിൽ പൊന്നാട അണിയിച്ച് ആദരിച്ചു.

ഫാ.വടക്കൻ തുടങ്ങിവച്ച എല്ലാ നല്ല സംരംഭങ്ങൾക്കും പിന്നണി


www.malankaralibrary.com

പ്രവർത്തകനായി നിന്ന് പ്രവർത്തിച്ച് പടപൊരുതിയ അദ്ദേഹം ഫാ. വടക്കന്റെ വേർപാടിൽ ദുഃഖിതനാണ്. വടക്കച്ചൻ തുടങ്ങിവച്ച സാമൂഹ്യപ്രവർത്തനങ്ങൾ ഭവനനിർമ്മാണം, സമൂഹവിവാഹം തുടങ്ങിയ പദ്ധതികൾ മുടക്കംകൂടാതെ കൊണ്ടുപോകണമെന്ന ആഗ്രഹത്തിൽ ഫാ.വടക്കൻ ചാരിററബിൾ ട്രസ്റ്റ് അദ്ദേഹം മുൻനിന്ന് പ്രവർത്തിച്ച് രൂപീകരിച്ചു. ട്രസ്റ്റിന്റെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടത് ശ്രീ. പോൾ വളപ്പില തന്നെയാണ്. വടക്കനച്ചന്റെ അഭിലാഷപൂർത്തീകരണത്തിന് വാർദ്ധക്യത്തിൽ ഒരു യുവാവിന്റെ പ്രസരിപ്പോടെ അദ്ദേഹം ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്. യുവത്വം യാതനാപൂർണ്ണമായിരുന്നതുപോലെ, ത്യാഗപൂർണ്ണമായിരുന്നതുപോലെ വാർദ്ധക്യത്തിലും യുവത്വകാലഘട്ടം ത്യാഗപൂർണ്ണമാക്കുവാൻ ഉള്ള തന്ത്രപ്പാടിലാണ് വളപ്പിലമാഷ്.

വിലാസം - പോൾ വളപ്പില, വളപ്പില കമ്മ്യൂണിക്കേഷൻസ്, തൃശൂർ

# 37

# എസ്സ്. കുര്യൻ വേമ്പേനി



ആയിരക്കണക്കിന് അദ്ധ്യേതാക്കളുടെ അകത്തളങ്ങളിൽ അറിവിന്റെ വെളിച്ചം പകർന്നുനൽകി കർമ്മപഥങ്ങളിലേക്ക് അവരെ കൈപിടിച്ചാനയിക്കാൻ അനവരതം യത്നിച്ച ആചാര്യശ്രേഷ്ഠൻ, അനന്യസുലഭവും നർമ്മമധുരവുമായ ആശയപ്രകശനചാതുരിയാൽ അനുഗ്രഹീതനായ വാഗ്മി, ലാളിത്യവും സംഗീതാത്മകത്വവും സമുചിതം സമ്മേളിച്ചൊഴുകുന്ന സവിശേഷമായൊരു ഭാഷാശൈലി മുഖേന സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ സർഗ്ഗശക്തിയുടെ ചൈതന്യം പ്രചരിപ്പിച്ച എഴുത്തുകാരൻ, സ്വന്തം മനസ്സും വചസ്സും കർമ്മങ്ങളുംകൊണ്ട് സഹജീവികൾക്ക് സ്നേഹസാന്ത്വനമേകാൻ സദാസന്നദ്ധനായ ഹൃദയാലു, പദവിയോ പ്രശസ്തിയോ തേടാതെ വിനയത്തോടെ സ്വന്തം മാനവദൗത്യനിർവ്വഹണത്തിൽ നിസ്വാർത്ഥമായ നിഷ്ഠവയ്ക്കുന്ന കർമ്മയോഗി, ശ്രീ. എസ്സ്. കുര്യൻ വേമ്പേനിയുടെ വ്യക്തിവൈശിഷ്ട്യത്തെ സൂചിപ്പിക്കുന്ന, ഇനിയും പൂർണ്ണമല്ലാത്ത ഒരു രൂപരേഖയാണിത്. ഏറ്റുമാനൂരിനടുത്ത് വെട്ടിമുകൾ ഗ്രാമത്തിലെ ഒരു പുരാതന കർഷകകുടുംബമായ വേമ്പേനി വീട്ടിൽ 1923 -ാമാണ്ട് ജൂലൈ 6-ാം തീയതി കുര്യൻ ഭൂജാതനായി. പിതാവിന്റെ പേര് സെബാസ്റ്റ്യൻ. മാതാവ് പണ്ടാരക്കുളം കുടുംബാംഗം ഏലിയാമ്മയുമായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം പൗരസ്ത്യഭാഷയിൽ പാണ്ഡിത്യം നേടി. മലയാളം സംസ്കൃതം ഭാഷകളിൽ അവഗാഹം നേടിയ

www.malankaralibrary.com

കുര്യൻ പൂഞ്ഞാർ കേംബ്രിഡ്ജ് സ്കൂളിൽ ഔദ്യോഗികജീവിതം ആരംഭിച്ചു, ഭരണങ്ങാനം സെന്റ് മേരീസ് ഹൈസ്കൂൾ, പാലാ സെന്റ് തോമസ് ബേസിക്ട്രെയിനിംഗ്സ്കൂൾ എന്നിവിടങ്ങളിലും തുടർന്ന് സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടിലും മാതൃകാദ്ധ്യാപകനായി ദീർഘകാലം സേവനം അനുഷ്ഠിച്ചു. പാലാ സെന്റ് തോമസ് ട്രെയിനിംഗ് കോളേജിൽ 1991 വരെയുള്ള ഒരു വ്യാഴവട്ടക്കാലം കാറ്റകെറ്റിക്കൽ മെതഡോളജിയുടെ പ്രൊഫസ്സർ എന്ന നിലയിൽ സേവനമനുഷ്ഠിച്ചു. അനുകരണീയനായ ഈ ആചാര്യൻ അദ്ധ്യാപകർക്കുള്ള ഇൻസർവ്വീസ് കോഴ്സുകളിൽ റിസോഴ്സ് പേഴ്സണായും പ്രവർത്തിച്ചു. ആകാശവാണി അനേകം തവണ ഇദ്ദേഹത്തിന്റെ മാതൃകാക്ലാസുകൾ പ്രക്ഷേപണം ചെയ്തിട്ടുണ്ട്.

വശ്യശക്തിയുള്ള ഒരു തൂലികായോദ്ധാവാണ് കുര്യൻ വേമ്പേനി. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ പത്രമാസികകളിൽ ഗദ്യകവിതകളും ലേഖനങ്ങളും എഴുതി പ്രസിദ്ധീകരിച്ചിരുന്നു. ഓർമ്മകളുടെ വഴിത്താരയിൽ, തിരകൾ തീരങ്ങൾ, കലാമുകുളം, ചിതറിയ ചിത്രങ്ങൾ എന്നിവയുൾപ്പെടെ വൈവിദ്ധ്യമാർന്ന ഇരുപത്തിയഞ്ചിൽപരം ഉൽകൃഷ്ടഗ്രന്ഥങ്ങളുടെ രചയിതാവ് കൂടിയാണ് എസ്സ്. കുര്യൻ. സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച നൂറിലധികം പുസ്തകങ്ങൾ എഡിറ്റു ചെയ്യുന്നതിലും ഇദ്ദേഹം വഹിച്ചപങ്ക് നിസ്തുലമാണ്.

പി.ഒ.സി. യിൽ മതാദ്ധ്യാപന പരിശീലനരംഗത്ത് വ്യക്തമുദ്രപതിപ്പിച്ച എസ്സ്. കുര്യൻ വേമ്പേനി താലന്ത് മാസികയുടെ ഉപജ്ഞാതാവും ദുക്റാനാമാസികയുടെ എഡിറ്ററും കുടുംബജ്യോതിസ് മാസികയുടെ ജനറൽ എഡിറ്ററുമായിരുന്നു. ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന കതിരൊളിമാസികയിൽ കുര്യൻസാർ എഴുതുന്ന ബോധനവീഥിയിലൂടെയെന്ന അദ്ധ്യാപന നിപുണമായ പരമ്പര കേരളത്തിലെ മതാദ്ധ്യാപകർക്ക് വിലപ്പെട്ട ഒരു മാർഗ്ഗരേഖയാണ്. മാധ്യമ പ്രചാരണരംഗത്ത് അവിസ്മരണീയമായ ഒരു സ്ഥാനം ഇദ്ദേഹത്തിനുണ്ട്.

കേരളത്തിലെ ക്രൈസ്തവ വിശ്വാസ പരിശീലന വേദിക്ക് പുതിയ രൂപവും ഭാവവും നൽകുന്നതിൽ ഏറ്റം പ്രമുഖമായ പങ്കുവഹിച്ച എസ്സ്. കുര്യൻ വേമ്പേനിയോട് കത്തോലിക്കാസഭയും ക്രൈസ്തവസമുദായവും എക്കാലവും കടപ്പെട്ടിരിക്കുന്നു. ഈ രംഗത്ത് അദ്ദേഹം ചെയ്ത സേവനങ്ങൾ അക്കമിട്ട് എടുത്തുകാട്ടാവുന്നതാണ്.

ദീർഘകാലമായി തുടർന്നുപോന്ന അശാസ്ത്രീയമായ ചോദ്യോത്തര രീതിയുടെ വിരസതയിൽ നിന്ന് നമ്മുടെ മതപാഠാവലികളെയും തദ്വാര മതാദ്ധ്യാപകാദ്ധ്യേതാക്കളെയും മോചിപ്പിക്കുകയും മനശാസ്ത്രാധിഷ്ഠിതവും അത്യാകർഷകവുമായ ഒരു നവീനമതബോധനശൈലിക്കു രൂപം നൽകുകയും ചെയ്തു.

നൃത്തം നാട്യം സംഗീതം മുതലായ കലാമാദ്ധ്യമങ്ങൾ മുഖേന ദൈവ

www.malankaralibrary.com

വചനാധിഷ്ഠിതമായ പാഠങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുന്ന നൂതനമായ ഒരു അദ്ധ്യാപനരീതികേരളത്തിലെ മതബോധനവേദിക്കുസംഭാവന ചെയ്തു.

ദൈവവചനപ്രബോധനം കൂടുതൽ ആകർഷകവും കാര്യക്ഷമവും കാലാനുസൃതവുമാക്കുവാൻ മതപാഠാവലികളിൽ സാഹിത്യത്തിന് സന്നിവേശം നൽകി.

ആർക്കുംയഥേഷ്ടം വ്യാഖ്യാനിച്ച് പഠിപ്പിക്കാം എന്ന ലാഘവബുദ്ധിയോടെ കൈകാര്യം ചെയ്യപ്പെട്ടിരുന്ന 'വേദോപദേശ' സമ്പ്രദായത്തിന്റെ അലകുംപിടിയും മാറ്റി ഗൗരവവും പ്രാധാന്യവും പ്രയോജനപരതയും പ്രദാനം ചെയ്തു.

മതപഠനം മരണാനന്തരജീവിതത്തിന് ഒരുക്കാൻവേണ്ടി മാത്രമല്ല, ദൈവരാജ്യത്തിലെന്നപോലെ ആനന്ദവും ശാന്തിയും സംതൃപ്തിയും അനുഭവവേദ്യമാക്കുന്ന ഒരു ഇഹലോക ജീവിതത്തെ കെട്ടിപ്പെടുക്കാൻ കൂടിയാണെന്ന ആശയത്തിന് പരമപ്രാധാന്യം നൽകി. വിശിഷ്ടദൈവദാനമായ മാനവജീവിതത്തിന്റെ ചൂരും ചൂടുമേകി, നമ്മുടെ വിശ്വാസപരിശീലനപ്രസ്ഥാനത്തെ ധന്യമാക്കി.

കോട്ടയം കാമ്പസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കപ്പെട്ട റിലീജിയൻ ടെസ്റ്റുകളുടെ മുഖ്യരചയിതാവും ചീഫ് എഡിറ്ററുമാണ് അദ്ദേഹം. ദൈവവിജ്ഞാനീയം ലളിതകോമള പദാവലികളിൽ അനുഭവങ്ങളുടെ വെള്ളിത്തളികയിൽ പകർന്നുതരുന്ന ഒരു നവ്യരചനാശൈലി വ്യക്തമാക്കുന്നതാണ് റവ. ഡോ. ജേക്കബ്ബ് വെള്ളിയാനോട് ചേർന്ന് എസ്സ്. കുര്യൻ വേമ്പേനി രചിച്ചിട്ടുള്ള കൈക്കുമ്പിളിൽ കനകനിധി, ഓർമ്മകളെ ഉണരൂ, എന്നീ ഗ്രന്ഥതല്ലജങ്ങൾ. ചരിത്രരചനയിൽ ആരും ഇന്നോളം സ്വീകരിക്കാത്ത ഒരു പുതിയ അവതരണരീതികണ്ടെത്താവുന്ന ഒരു ചരിത്രസാഹിത്യഗ്രന്ഥമാണ് ഡോ. വെള്ളിയാനോടൊപ്പം വേമ്പേനി സാർ എഴുതിയിട്ടുള്ള "തനിമയിൽ പുലരുന്ന ഒരു ജനത"

പക്വതയാർജ്ജിച്ച നല്ല ഒരു ശിക്ഷണ വിദഗ്ദ്ധൻ കൂടിയാണ് വേമ്പേനിസാർ. സീറോ-മലബാർ, ലത്തീൻ എന്നീ മൂന്നു റീത്തുകളിൽപ്പെട്ട അഭ്യസ്ഥവിദ്യർക്കായി പി.ഒ.സിയിൽ നടത്തുന്ന മതാദ്ധ്യാപകപരിശീലനരംഗത്ത് ഇദ്ദേഹത്തിന്റെ സജീവസാന്നിദ്ധ്യമുണ്ട്. കേരളത്തിലെ എല്ലാ രൂപതകളിലും വർഷാവർഷം മതാദ്ധ്യാപകർക്കും സ്കൂൾ ടീച്ചേഴ്സിനുമായി മദ്ധ്യവേനൽ അവധിക്കാലത്ത് നടത്തിവരുന്ന ലക്ഷ്യോന്മുഖമായ പരിശീലന പരിപാടിയിൽ ക്ലാസുകൾ എടുത്തുകൊണ്ട് വേമ്പേനിസാർ ചെയ്തസേവനം ഒരിക്കലും വിസ്മരിക്കുവാൻ സാദ്ധ്യമല്ല.

ജീവിതത്തിൽ ഏറിയപങ്കും കേരളകത്തോലിക്കാസഭയ്ക്കും സമുദായത്തിനും സേവനം ചെയ്തുകൊണ്ട് വരുംതലമുറയെ വിശ്വാസാധിഷ്ഠിതമായ ജീവിതത്തിലേക്കു നയിക്കാൻ വഴിതെളിച്ചിരിക്കുന്ന മഹാചാര്യനാണ് വേമ്പേനിസാർ. പാലാരൂപതാമതബോധന കേന്ദ്രത്തിൽ നിന്ന് പ്രസിദ്ധീക

www.malankaralibrary.com

രിച്ചിട്ടുള്ള മതപഠനഗ്രന്ഥാവലികളുടെയും മുഖ്യരചയിതാവും ചീഫ് എഡിറ്ററുമാണദ്ദേഹം. കേരളത്തിലെ കത്തോലിക്കാവിദ്യാലയങ്ങളിൽ ഇന്നുപഠിപ്പിക്കുന്ന സന്മാർഗ്ഗപാഠാവലികളുടെ മുഖ്യരചയിതാവും ചീഫ് എഡിറ്ററുമാണ്. പി.ഒ.സി. യിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുള മതബോധന ഗ്രന്ഥാവലികളുടെ രചനയിൽ മുഖ്യപങ്കുവഹിക്കുകയും ഇരുപത്തിയഞ്ചിൽപരം വർഷങ്ങളിൽ കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള അഭ്യസ്തവിദ്യർക്കായി പി.ഒ.സി. യിൽ നടത്തപ്പെടുന്ന മതാദ്ധ്യാപകപരിശീലനപരിപാടികളുടെ സൂത്രധാരകനുമാണദ്ദേഹം.

വൈവിദ്ധ്യമാർന്ന ഇരുപത്തിയഞ്ചിൽപരം ഗ്രന്ഥങ്ങൾ രചിച്ച അദ്ദേഹം ഡോ. ജേക്കബ്ബ് വെള്ളിയാനുമായി ചേർന്ന് അഞ്ചുഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇതിൽ തനിമയുടെ മധുഗീതി എന്ന കൃതി കാലടിസംസ്കൃത സർവ്വകലാശാലയിൽ എം.എ. മലയാളത്തിലുള്ള ടെക്സ്റ്റുബുക്കുകളിലൊന്നായി അംഗീകരിച്ചിട്ടുണ്ട്. പത്തുവർഷം കോട്ടയത്തെ പൗരസ്ത്യവിദ്യാപീഠത്തിൽ കാറ്റിക്കെറ്റിക്കൽ മെതഡോളജി അദ്ധ്യാപകനായും പല സെമിനാരികളിലും ദൈവശാസ്ത്രപഠനകേന്ദ്രങ്ങളിലും പൗരസ്ത്യ സന്ന്യാസക്രമം, മതാദ്ധ്യാപനരീതി എന്നിവയെക്കുറിച്ച് ക്ലാസ്സുകൾ കൈകാര്യം ചെയ്യുകയും ചെയ്തിട്ടുണ്ട്.

വേമ്പേനിസാറിന്റെ സമർപ്പണതൃഷ്ണക്കും അദ്ധ്യാപന പ്രാവീണ്യത്തിനും അംഗീകാരമായി പല അവാർഡുകളും അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. 1990 ൽ കെ.സി.ബി.സി.യുടെ ഗാനരചനയ്ക്കുള്ള അവാർഡ് അദ്ദേഹത്തിനു ലഭിച്ചു. 1994 ൽ കലാമാധ്യമങ്ങളിലൂടെ ദൈവവചന പ്രഘോഷണരീതിക്ക് രൂപം നൽകിയതിനും സാഹിത്യാത്മകമായ മതപാഠാവലികളുടെ രചനയ്ക്കായി അഖിലേന്ത്യാ ക്രൈസ്തവകലാകേന്ദ്രം ഏർപ്പെടുത്തിയിരിക്കുന്ന ഹാദൂസ അവാർഡും ലഭിച്ചു. 1997 മികച്ച സമുദായപ്രവർത്തകനുള്ള കത്തോലിക്കാകോൺഗ്രസ്സ് അവാർഡും 2000-ൽ അതിരമ്പുഴ ഫൊറോനാ മഹാജൂബിലി അവാർഡും ലഭിച്ചിട്ടുണ്ട്.


ക്രൈസ്തവ ആരാധനാക്രമം അടിസ്ഥാനമാക്കിയുള്ള വിശ്വവിജ്ഞാനകോശത്തിന്റെ എഡിറ്റിംഗിൽ ഏർപ്പെട്ടിരിക്കുകയാണ് വേമ്പേനിസാർ.

വിലാസം - എസ്സ്. കുര്യൻവേമ്പേനി,
വെട്ടിമുകൾ പി.ഒ.,
ഏറ്റുമാനൂർ

www.malankaralibrary.com

# 38

# റവ.ഡോ. മത്തിയാസ് മുണ്ടാടൻ സി.എം.ഐ.



ഭാരതത്തിലെ സഭാരംഗത്ത് ഏറെ ശ്രദ്ധേയനായ ദൈവശാസ്ത്ര പണ്ഡിതനും ചരിത്രകാരനുമായ റവ. ഡോ മത്തിയാസ് എറണാകുളം ജില്ലയിലെ കരിങ്ങാത്തുരുത്ത് എന്ന ദേശത്ത് മുണ്ടാടൻ കുടുംബത്തിൽ വറീത് തെരേസാദമ്പതികളുടെ മകനായി 1923 നവംബർ 12-ാം തീയതി ഭൂജാതനായി. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 1940 ൽ സി.എം.ഐ സഭയിൽ ചേർന്നു. പ്രാഥമിക പരിശീലനത്തിനുശേഷം 1945-ൽ പ്രഥമ വ്രത വാഗ്ദാനം നടത്തി. തുടർന്ന് വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി 1953 ൽ പൗരോഹിത്യം സ്വീകരിച്ചു. 1954 ൽ പൂനയിലെ പൊന്തിഫിക്കൽ അത്തനേവുമിൽനിന്ന് എം.ടെക്. ബിരുദം നേടി.

പൗരോഹിത്യസ്വീകരണത്തിന് ശേഷം ഒരു വർഷക്കാലം ആലുവായിൽ വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനായി നിയോഗിച്ചു. ഒരു വർഷത്തെ സേവനത്തിനുശേഷം ഉപരിപഠനത്തിന് റോമിലേക്ക് അയക്കപ്പെട്ടു. സഭാചരിത്രത്തിൽ 1957 ൽ ലൈസൻഷ്യേറ്റും 1960 ൽ ഡോക്ടറേറ്റും ഉയർന്ന ഗ്രേഡിൽ ഗ്രീഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും കരസ്ഥമാക്കി. നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം ബംഗ്ലൂരിലെ ധർമ്മാരാംകോളേജിലും ധർമ്മാരം വിദ്യാക്ഷേത്രത്തിലും അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. (1960 മുതൽ 1990 വരെ) ഇതിനിടയിൽ 1975 മുതൽ 78 വരെ ധർമ്മാരാം കോളേജ് റെക്ടറായും ധർമ്മാരാം വിദ്യാക്ഷേത്രത്തിന്റെ പ്രസിഡന്റായി 1976 മുതൽ 1980 വരെയും സേവനം അനുഷ്ഠിച്ചു. (ധർമ്മാരാം വിദ്യാക്ഷേത്രം അന്ന് ധർമ്മാരാം പൊന്തിഫിക്കൽ ഇൻസ്റ്റിസ്റ്റ്യൂട്ട് എന്നാണ് അറിയപ്പെട്ടത്) ഇതിനിടയിൽ മൂന്നുപ്രാവശ്യം 1975 മുതൽ 1978 വരെയും 1990 മുതൽ 1996 വരെയും സി.എം.ഐ. സഭയുടെ (കളമശ്ശേരി) പ്രൊവിൻഷ്യൽ സുപ്പീരിയർ ആയും പ്രവർത്തിക്കുകയുണ്ടായി.

1996 ൽ ആലുവായിൽ ആചാര്യപാലയ്ക്കൽ ജീവസ് കേന്ദ്രം സ്ഥാപിച്ചു. ജീവസ് കേന്ദ്രത്തിന്റെ സ്ഥാപകഡയറക്ടറായി പ്രവർത്തിക്കുകയാണിപ്പോൾ. ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങളെല്ലാം നിഷ്ഠയോടും പൂർണ്ണ സമർപ്പണത്തോടുംകൂടി നിർവ്വഹിക്കുന്നതിൽ അദ്ദേഹം എന്നും വിജയം വരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് ഉതിർന്നിട്ടുള്ള വിവിധ ഗ്രന്ഥങ്ങളും എണ്ണമറ്റ ലേഖനങ്ങളും ദൈവശാസ്ത്രത്തിലും സഭാചരിത്രത്തിലും അദ്ദേഹത്തിനുള്ള അവഗാഹവും വീക്ഷണവും വിളിച്ചോതുന്നവയാണ്. ലളി

www.malankaralibrary.com

തമായ ജീവിതവും ഉദാത്തമായ ചിന്താധാരയും ആഖ്യാനശൈലിയുമൊക്കെ വ്യക്തിത്വത്തിന്റെ അനന്യതയായി മാറിക്കഴിഞ്ഞു. ദേശീയവും അന്തർദേശീയവുമായ വിവിധ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹത്തിന്റെ നിരവധി ഈടുറ്റ ഗവേഷണ പ്രബന്ധങ്ങളും ലേഖനങ്ങളും സ്ഥാനംപിടിച്ചിട്ടുണ്ട്. വലിയശിഷ്യസമ്പത്തുള്ള ആത്മീയാചാര്യനും പ്രബോധകനുമാണദ്ദേഹം. അദ്ദേഹം രചിച്ച പ്രധാനഗ്രന്ഥങ്ങൾ ഇവയാണ്. 1. Arrival of the Portugues in India and the St. Thomas Christians (1498-1552) 1967 ലാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത് 2. 16th Century Traditions of St. Thomas Christians (1970) 3. History of Christianity in India (1984) ഇതിന്റെ പുതിയ പതിപ്പ് 2001 ൽ പ്രസിദ്ധീകരിച്ചു. 4. Indian Christians search for Identity and struggle for Autonomy (1984) 5. History and Beyond (1997) 6. Paths of Indian Theology (1998) 7. The Tomb of St. THomas (മാർത്തോമ്മായുടെ കബറിടം 1974) 8. Indian Christan Churches (ഭാരതീയ ക്രൈസ്തവസഭകൾ 2003) ഇവ കൂടാതെ ആറ് ചെറുഗ്രന്ഥങ്ങളും അറുപതോളം ഗവേഷണപ്രബന്ധങ്ങളും രചിച്ചിട്ടുണ്ട്.

ദേശീയവും അന്തർദേശീയവുമായ നിരവധി അസോസിയേഷനുകളിലെ അംഗമായ ഫാ. മുണ്ടാടൻ സെന്റ് തോമസ് ക്രിസ്ത്യൻ അക്കാഡമി ഫോർ റിസേർച്ചിന്റെ കൺവീനർകൂടിയാണ്. ഹിസ്റ്ററി ഓഫ് ക്രിസ്ത്യാനിറ്റി സീരീസിന്റെ (Chai) ജനറൽ എഡിറ്റർ, ബാംഗ്ളൂർനിന്നും പ്രസിദ്ധീകരിക്കുന്ന 'ഇന്ത്യൻ ചർച്ച് ഹിസ്റ്ററി റിവ്യൂ' വിന്റെ അസോസിയേറ്റ് എഡിറ്റർ, 1993 ൽ പ്രസിദ്ധീകരണം ആരംഭിച്ച 'തനിമ' എന്ന പ്രസിദ്ധീകരണത്തിന്റെ സ്ഥാപക പത്രാധിപർ രാജ്കോട്ട് നിന്നും 1998 ൽ പ്രസിദ്ധീകരണം ആരംഭിച്ച 'തേർഡ് മില്ലേനിയ'ത്തിന്റെ വൈസ്പ്രസിഡന്റ്, ബുക്ക് റിവ്യൂ എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ഫാ. മത്തിയാസ് നിരവധി പ്രസിദ്ധീകരണങ്ങളുടെ (Periodicals) പത്രാധിപസമിതിയിൽ അംഗംകൂടിയാണ്. ചർച്ച് ഹിസ്റ്ററി അസോസിയേഷൻ ഓഫ് ഇന്ത്യാ, സെന്റ് തോമസ് അക്കാഡമി ഫോർ റിസേർച്ച് എന്നിവയുടെ രൂപീകരണത്തിലും പുരോഗതിയിലും നിർണ്ണായക പങ്കുവഹിച്ചിട്ടുള്ള ഫാ. മത്തിയാസ്, ഇന്ത്യൻ തിയോളജിക്കൽ അസോസിയേഷനിലും ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിലും അംഗമാണ്.

ഫാ. മത്തിയാസ് മുണ്ടാടന്റെ നിരവധിയായ പ്രവർത്തനങ്ങളെ അംഗീകരിച്ചുകൊണ്ട് കേരളാഹിസ്റ്ററികോൺഗ്രസ്സ് എം.ഒ.ജോസഫ് നെടുംകുന്നം അവാർഡ് നൽകിയാദരിച്ചു. ആളൂർ ബറ്റർ ലൈഫ് മൂവ്മെന്റ് 2003 ലെ കേരള സഭാതാരം അവാർഡ് നൽകി ആ ചരിത്രകാരനെ ബഹുമാനിക്കുകയുണ്ടായി. കേരളസഭാതാരം പുരസ്കാരപത്രികയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ഭാരതത്തിലെ സഭാരംഗത്ത് ഏറെ ശ്രദ്ധേയനായ ദൈവശാസ്ത്രപണ്ഡിതനും ചരിത്രകാരനുമാണ് വെരി. റവ. ഡോ. മത്തിയാസ് മുണ്ടാടൻ സി.എം.ഐ. അമ്പത് വർഷത്തോളമായി ചരിത്രഗവേഷണരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹം ഭാരതസഭാചരിത്രത്തിൽ

www.malankaralibrary.com

നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുള്ള അതുല്യപ്രതിഭയാണ്. അനിതരസാധാരണമായ ഗവേഷണപാടവവും സർഗ്ഗാത്മകമായ ചിന്താധാരയും കൈമുതലായുള്ള മികവുറ്റ ഒരു ദൈവശാസ്ത്രജ്ഞനും കൂടിയാണ് ഇദ്ദേഹം. സഭയുടെയും ലോകത്തിന്റെയും ചിന്താഗതികളെ ക്രിസ്തുവിൽ സമന്വയിപ്പിക്കാനാണ് ആ ഉത്തമവിശ്വാസിയുടെ കഠിനശ്രമം. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരെ തന്റെ ക്രൈസ്തവപ്രത്യയശാസ്ത്രത്തെ തേച്ചുമിനുക്കി, മനുഷ്യന്റെ അനിവാര്യമായ ധർമ്മസങ്കടങ്ങൾക്ക് ശരീരത്തിന്റെ താൽക്കാലികതയിലും ആത്മാവിന്റെ അക്ഷയത്വത്തിലും ഉത്തരം കണ്ടെത്താൻ ഈ കർമ്മയോഗി തപസ്സനുഷ്ഠിക്കുന്നു."


ആത്മീയരംഗത്തും സഭാതലത്തിലും സാമൂഹികവേദിയിലും ആത്മീയതയുടെ പരിവേഷം പരത്തി തികവാർന്ന തനിമ പകർന്നു നിൽക്കുന്ന ആത്മായാചാര്യനായ ഫാ.മുണ്ടാടൻ സി.എം.ഐയുടെകാഴ്ചപ്പാടുകളും ആഭിമുഖ്യങ്ങളും വ്യക്തമാക്കിതരുന്നതാണ് ആലുവാ കേന്ദ്രമായി പ്രവർത്തിക്കുന്ന ജീവാസ് എന്ന ഗവേഷണകേന്ദ്രവും തനിമ എന്ന പ്രസിദ്ധീകരണവും.

പ്രായത്തെവെല്ലുന്ന കർമ്മധീരതയോടെ സജീവമായി ചരിത്രരംഗത്തും ഗവേഷണരംഗത്തും പ്രവർത്തിക്കുന്ന ഫാ. മത്തിയാസ്മുണ്ടാടന്റെ ജീവിതശൈലി ഏവർക്കും പ്രചോദനമേകുക തന്നെ ചെയ്യും.

വിലാസം - ഫാ. മത്തിയാസ് മുണ്ടാടൻ സി.എം.ഐ., ജീവസ്സ് കേന്ദ്രം,
സെന്റ് ആന്റണീസ് മൊണാസ്റ്ററി ആലുവാ - 683101

# 39

# ലിയോ പോൾഡ് വിതയത്തിൽ



"മണികിണി നോക്കാത്ത ജീവിതം" എന്ന ഗ്രന്ഥരചനയിലൂടെ മലയാളികളുടെ ശ്രദ്ധയാകർഷിച്ച ലിയോ പോൾഡ് വിതയത്തിൽ തൃശൂർ ജില്ലയിലെ കാട്ടൂരിൽ വിതയത്തിൽ ജോസഫ്-കുഞ്ഞന്ന ദമ്പതികളുടെ പുത്രനായി 1923 നവംബർ 23-ന് ജനിച്ചു.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ബാങ്ക് ഉദ്യോഗസ്ഥനായിട്ടാണ് ഔദ്യോഗികജീവിതം ആരംഭിക്കുന്നത്. പിന്നീട് റെയിൽവേ സർവ്വീസിൽ ജോലി നോക്കി. രണ്ടാ ലോകമഹായുദ്ധകാലത്ത് ഇന്ത്യൻ സൈന്യത്തിൽ ചേർന്നു. 1947-ൽ എറണാകുളം കോ-ഓപ്പറേററീവ് ഇൻസ്പെക്ടറായി ജോലിയിൽ പ്രവേശിച്ചു. തുടർന്ന് സെന്റ് തോമസ് കോളേജിൽ (തൃശൂർ) ചേർന്ന് പഠിച്ച് ബി.എ. ബിരുദം നേടി. തുടർന്ന് ഹാൻഡ്ലൂം ഡവലപ്മെന്റ് ഓഫീസർ, അസി. കോ-ഓപ്പറേററീവ് രജിസ്ട്രാർ, സെൻട്രൽ

www.malankaralibrary.com

കയർ മാർക്കററിംഗ് കോ-ഓപ്പറേററീവ് സെക്രട്ടറി, റിസർവ്വ് ബാങ്ക് സ്പെഷ്യൽ ഓഫീസർ, ജില്ലാ വ്യവസായ ഓഫീസർ, വ്യവസായ പ്രോജക്ട് ഓഫീസർ, ഡപ്യൂട്ടി കമ്മീഷണർ, വ്യവസായ ഡെപ്യൂട്ടി ഡയറക്ടർ എന്നീ പദവികളിലൂടെ കടന്നുവന്ന് വ്യവസായ ജോയിന്റെ ഡയറക്ടറായി റിട്ടയർ ചെയ്തു.

1946-ൽ കാട്ടൂരിൽ ആരംഭിച്ച ആഗസ്റ്റ് ക്ലബ്ബിന്റെ സ്ഥാപക ഡയറക്ടറായ അദ്ദേഹം തൃശൂർ അതിരൂപതാപാസ്റ്ററൽ കൗൺസിൽ അംഗം, തൃശൂർ മെട്രാപോളിററൻ കത്തീഡ്രൽ ട്രസ്റ്റി, പെരിങ്ങണ്ടൂർ മന്ദബുദ്ധികേന്ദ്രം കമ്മററി മെമ്പർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

സംഭവബഹുലമായ ജീവിതത്തിനിടയിലും സാഹിത്യ പരിശ്രമങ്ങൾക്ക് ലിയോപോൾഡ് സമയം കണ്ടെത്തിയിരുന്നു. 1960-ൽ എക്സ്പ്രസ്സ് പത്രത്തിൽ വന്ന ക്രിസ്തുമസ് ട്രീ എന്ന ലേഖനമാണ് ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ട സാഹിത്യ രചന. മുൻമന്ത്രിയും തന്റെ ഭാര്യാപിതാവുമായ സി.ആർ. ഇയ്യുണ്ണിയുടെ ജന്മശതാബ്ദി പ്രമാണിച്ച് അദ്ദേഹത്തിന്റെ ജീവചരിത്രം ലിയോ പോൾഡ് രചിച്ചു. ആ ഗ്രന്ഥത്തിന്റെ പേര് മണികിണി നോക്കാത്ത ജീവിതം എന്നാണ്. രാഷ്ട്രീയവും, സാമുദായികവും സാംസ്കാരികവുമായ ചരിത്രം വിവരിക്കുന്ന പ്രസ്തുത ഗ്രന്ഥം ജീവചരിത്രശാഖയ്ക്ക് ഒരു വിലപ്പെട്ട സംഭാവനയാണ്.

വിലാസം - ലിയോപോൾഡ് വിതയത്തിൽ, മ്യൂസിയം റോഡ് (east) P.O.
തൃശൂർ - 20

# 40



# സി.മേരി ഇസ്പിരിത്ത്

## എസ്.എ.ബി.എസ്.

വിവിധ രൂപതകളിൽ വ്യാപിച്ചുകിടന്ന ആരാധനാസന്യാസിനി സമൂഹത്തെ സംയോജിപ്പിച്ച് ആലുവായിലെ സെനക്കിൾ കേന്ദ്രമാക്കി ഒരു സുപ്പീരിയർ ജനറലിന്റെ അധീനതയിലാക്കാൻ ശ്രമിക്കുകയും വിജയം വരിക്കുകയും ചെയ്ത സി.മേരി ഇസ്പിരിത്ത് ചങ്ങനാശ്ശേരി അതിരൂപതയിലെ ചമ്പക്കുളം കല്ലൂർക്കാട് ഇടവകയിൽ പോരൂക്കരപുത്തൻപുരയിൽ (പേരയിൽ) ഈപ്പച്ചന്റെയും അന്നമ്മയുടെയും അഞ്ചാമത്തെ സന്താനമായി 1924 ജനുവരി 3-ാം തീയതി ജനിച്ചു. ത്രേസ്യാ എന്നായിരുന്നു ജ്ഞാനസ്നാനപ്പേര്. കുഞ്ഞമ്മ എന്ന ഓമനപ്പേരിലാണ് വിളിക്കപ്പെട്ടിരുന്നത്. മലയാളം ഹയറും

www.malankaralibrary.com

ഇ.എസ്സ്.എൽ.സി.യും പാസ്സായതിനുശേഷം വി.കുർബ്ബാനയുടെ ആരാധനാ സന്യാസിനീസമൂഹത്തിൽ ചേരുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ഡിഗ്രി എടുത്തതിന് ശേഷം മഠത്തിൽ പോയാൽ മതിയെന്ന് ജ്യേഷ്ഠസഹോദരൻ പറഞ്ഞെങ്കിലും മാതാപിതാക്കൾ ആഗ്രഹത്തിന് വഴങ്ങി. 1946 ൽ വി.കുർബ്ബാനയുടെ ആരാധനാ സന്യാസിനി സമൂഹത്തിൽചേർന്ന് സി.മേരി ഇസ്പിരിത്ത് എന്ന പേരിൽ സഭാവസ്ത്രം സ്വീകരിച്ച് ആദ്യവ്രത വാഗ്ദാനവും 1951 ൽ നിത്യവ്രത വാഗ്ദാനവും നടത്തി.

വാഴപ്പള്ളി സെന്റ് തെരേസാസ് ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളിൽ നിന്നും റ്റി.റ്റി.സി. പാസ്സായതിനുശേഷം വാഴപ്പള്ളി സെന്റ് തെരേസാസ് സ്കൂൾ, തുരുത്തി സെന്റ് മേരീസ് യു.പി. സ്കൂൾ (എച്ച്.എം.) തത്തംപള്ളി സെന്റ് മൈക്കിൾസ് സ്കൂൾ തുടങ്ങിയ സ്കൂളുകളിൽ 7 വർഷത്തോളം അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു. തുടർന്ന് ഹിന്ദിസാഹിത്യവിശാരദ് പാസ്സായി. പിന്നീട് ഉപരിപഠനാർത്ഥം അമേരിക്കയിലേക്ക് പോയി. അമേരിക്കയിലെ ചിക്കാഗോയിലുള്ള Mundelein വനിതാകോളേജിൽ നിന്ന് ബി.എ. (ഇംഗ്ലീഷ്ലിറ്ററേച്ചർ) ഡിഗ്രിയും 1959 ൽ ചിക്കാഗോയിലെ ഡിപോൾ യൂണിവേഴ്സിറ്റിയിൽനിന്ന് എം.എ. ഡിഗ്രിയും എടുത്തു.

1959 മുതൽ 1965 വരെ ചങ്ങനാശ്ശേരിയിലെ അസംപ്ഷൻ കോളേജിൽ ഇംഗ്ലീഷ് ലക്ചററായി ജോലി ചെയ്തു. നാലുവർഷക്കാലം അസംപ്ഷൻ ഹോസ്റ്റലിന്റെ വാർഡനായും ഇക്കാലയളവിൽ പ്രവർത്തിച്ചു. അതേസമയം കോളേജിലെ കാത്തലിക് സ്റ്റുഡന്റ്സ് യൂണിയന്റെ ചാപ്ലൈനായി പ്രവർത്തിക്കാനും അവസരം ലഭിച്ചു. തുടർന്ന് അമലഗിരി ബിഷപ്പ് കുര്യാളശ്ശേരി കോളേജിന്റെ ആരംഭംമുതൽ 5 വർഷം (1965-70) വൈസ് പ്രിൻസിപ്പലായും 1970 മുതൽ ഒൻപതുവർഷക്കാലം പ്രിൻസിപ്പലായും സേവനം അനുഷ്ഠിച്ചു.

കേരളത്തിൽ സ്ത്രീകൾക്കും ഉന്നതവിദ്യാഭ്യാസം നേടാനുള്ള സൗകര്യം പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ തീർത്തും അപര്യാപ്തമായിരുന്നതുകൊണ്ട് ആ കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് അമലഗിരി ബിഷപ്പ് കുര്യാളശ്ശേരി കോളേജ് സ്ഥാപിച്ചത്. (B.K. College) സ്ത്രീവിദ്യാഭ്യാസത്തിലൂടെ നാടിനെ സംസ്കാരസമ്പന്നമാക്കുക എന്ന സ്ഥാപകപിതാവ് ദൈവദാസൻ തോമസ് കുര്യാളശ്ശേരിയുടെ വിദ്യാഭ്യാസദർശനവും ഇതിന് പ്രചോദനമായി. ഈ കോളേജ് ആരംഭിക്കുന്നതിനും അതിന്റെ പുരോഗതിക്കും വേണ്ടി യത്നിക്കുന്നതിനും സി.മേരി ഇസ്പിരിത്ത് വളരെയേറെ പരിശ്രമിച്ചിട്ടുണ്ട്. കോളേജിന്റെ ആദ്യത്തെ മാനേജരും സി.മേരി ഇസ്പിരിത്ത് തന്നെയായിരുന്നു. 1976 മുതൽ 1982 വരെ വി. കുർബ്ബാനയുടെ ആരാധനാസന്യാസിനി സമൂഹത്തിന്റെ ചങ്ങനാശ്ശേരി സെന്റ് തോമസ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ എന്ന നിലയിലും കോളേജിന്റെ മാനേജർസ്ഥാനം വഹിച്ചിട്ടുണ്ട്. ആരാധനാ സമൂഹത്തിന്റെ സുപ്പീ

www.malankaralibrary.com

രിയർ ജനറൽ ആയിരുന്നപ്പോൾ തലശ്ശേരിയിലെ കൂത്തുപറമ്പ് നിർമ്മല ഗിരി കോളേജിന്റെ സ്ഥാപനത്തിനും കോളേജിന്റെ ആദ്യകാല പ്രവർത്തനങ്ങൾക്കും തലശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി തിരുമേനിയോട് സഹകരിച്ച് പ്രവർത്തിക്കുവാനും സിസ്റ്ററിന് അവസരമുണ്ടായി.

വിവിധ രൂപതകളിലായി വ്യാപിച്ചുകിടന്ന ആരാധനാ സന്യാസിനി സമൂഹത്തെ സംയോജിപ്പിച്ച് ആലുവായിലെ സെനക്കിൾ കേന്ദ്രമാക്കി ഒരു സുപ്പീരിയർ ജനറലിന്റെ അധീനതയിലാക്കാൻ ഉള്ള ശ്രമത്തിന് നേതൃത്വം നൽകിയതും സി.മേരി ഇസ്പിരിത്ത് ആണ്. 1963 സെപ്റ്റംബർ 15ന് അത് യാഥാർത്ഥ്യമായി. ഏകീകരിക്കപ്പെട്ട ആരാധനാ സന്യാസിനീസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ എന്ന നിലയിൽ പത്തുവർഷക്കാലം (രണ്ട് ടേം) സമൂഹത്തിന് നേതൃത്വം കൊടുക്കാൻ സിസ്റ്ററിന് സാധിച്ചു. സമൂഹത്തിന്റെ വിവിധ പ്രോവിൻസുകൾ തമ്മിലും സമൂഹാംഗങ്ങൾ തമ്മിലും സ്നേഹവും കൂട്ടായ്മയും വളർത്തുവാൻ സഹായകരമായ പരിപാടികൾ ഈ കാലഘട്ടത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. ഏകീകരണവേളയിൽ കേവലം നാലു പ്രോവിൻസുകൾ മാത്രമുണ്ടായിരുന്ന ആരാധനാ സന്യാസിനി സമൂഹത്തിന് ഇപ്പോൾ പതിനേഴു പ്രൊവിൻസുകളും 4500 ഓളം അംഗങ്ങളുമുണ്ട്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും വിവിധരാഷ്ട്രങ്ങളിലും ക്രിസ്തുസന്ദേശം എത്തിക്കാൻ സമൂഹാംഗങ്ങൾ പ്രതിജ്ഞാബദ്ധരാണ്. സി. മേരി ഇസ്പിരിത്ത് സുപ്പീരിയർ ജനറൽ പദവിയിലിരിക്കുമ്പോൾ 1968 ഫെബ്രവരി 11 ന് ആരാധനാസന്യാസിനി സമൂഹത്തിന് പൊന്തിഫിക്കൽ പദവി ലഭിക്കുകയുണ്ടായി. 1969 നവംബറിൽ റോമിൽ വച്ചുനടന്ന അന്തർദ്ദേശീയ സുപ്പീരിയേഴ്സ് കോൺഫറൻസിൽ (International Superiours Conference) സംബന്ധിക്കാനും സിസ്റ്ററിന് സാധിച്ചു. തുടർന്ന് പരിശുദ്ധപിതാവ് ആറാംപോൾ മാർപാപ്പായെ വ്യക്തിപരമായിക്കണ്ട് സംസാരിക്കുവാനും സിസ്റ്ററിന് ഭാഗ്യം സിദ്ധിച്ചു. ജർമ്മനി, അമേരിക്ക, ഇംഗ്ലണ്ട്, അയർലണ്ട്, ആസ്ടേലിയ, തുടങ്ങിയ രാജ്യങ്ങളും ഫാത്തിമായിൽ പരിശുദ്ധ കന്യാമറിയം പ്രത്യക്ഷപ്പെട്ട സ്ഥലവും സന്ദർശിക്കാനും സിസ്റ്ററിന് സാധിച്ചു.

1976 മുതൽ 1982 വരെ രണ്ടുതവണകളായി ചങ്ങനാശ്ശേരി പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി സേവനമനുഷ്ഠിക്കുകയുണ്ടായി.

ആരാധനാസന്യാസിനി സമൂഹത്തിന്റെ സ്ഥാപനവളർച്ചയുടെ ഇതിഹാസം സഭാംഗങ്ങൾക്ക് പരിചിതമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി സി. ബഞ്ചമിൻ മേരിയുടെ ഭാഗഭാഗിത്വത്തോടെ കാലിത്തൊഴുത്തിൽനിന്ന് സെഹിയോനിലേയ്ക്ക് എന്ന ചരിത്രഗ്രന്ഥത്തിനും ആരാധനാ സന്യാസിനിസമൂഹത്തിന്റെ സ്ഥാപകനും വി. കുർബ്ബാനയുടെ പ്രേഷിതനുമായ ദൈവദാസൻ തോമസ് കുര്യാളശ്ശേരിയുടെ വി. കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതം നയിക്കുവാൻ ദൈവജനത്തിന് പ്രചോദനം നൽകുന്ന "ഓർമ്മകളുടെ ഓളങ്ങളിൽ" എന്ന ഗ്രന്ഥത്തിനും രൂപംകൊടുക്കുവാൻ പ്രവർത്തിച്ചിട്ടുണ്ട്. ആനു

www.malankaralibrary.com

കാലിക പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ എഴുതുവാനും വിവിധവേദികളിൽ പ്രഭാഷണങ്ങൾ നടത്തുവാനും സിസ്റ്ററിന് സാധിച്ചിട്ടുണ്ട്.

വി.കുർബ്ബാനയുടെ വിവിധമാനങ്ങളും ദൈവദാസൻ മാർ തോമസ് കുര്യാളശ്ശേരിയുടെ ജീവിതത്തെ പ്രകാശിതമാക്കുന്ന ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ലേഖനങ്ങളും ഉൾപ്പെടുന്ന Eucharistic Frame ന്റെ എഡിറ്ററായി 1991-2004 കാലങ്ങളിൽ സിസ്റ്റർ പ്രവർത്തിച്ചിട്ടുണ്ട്.

സി.ആർ.ഐ യുടെ കോട്ടയം യൂണിറ്റിന്റെ വൈസ് പ്രസിഡണ്ട്, പ്രസിഡണ്ട്, കേരള മേജർ സുപ്പീരിയേഴ്സ് കോൺഫറൻസിന്റെ വൈസ്പ്രസിഡണ്ട് എന്നീ നിലകളിലും സിസ്റ്റർ സമയം കണ്ടെത്തി.


ദൈവദാസൻ തോമസ കുര്യാളശ്ശേരിയുടെ നാമകരണ നടപടികൾക്കുള്ള വൈസ്പോസ്റ്റുലേറ്ററായി 1985 മുതൽ 20 വർഷക്കാലം സിസ്റ്റർ പ്രവർത്തിക്കുകയുണ്ടായി. ദൈവദാസൻ മാർ മാത്യു കാവുകാട്ടു തിരുമേനിയുടെ നാമകരണ പ്രവർത്തനങ്ങളുടെ വൈസ് പോസ്റ്റുലേറ്ററായും സിസ്റ്റർ പ്രവർത്തിക്കുകയുണ്ടായി. 2004 ജൂലൈ മുതൽ അനാരോഗ്യം നിമിത്തം ഈവിധ ജോലികളിൽനിന്നും വിരമിച്ച് വാഴപ്പള്ളി ലിറ്റിൽഫ്ളവർ ആരാധന മഠത്തിൽ വിശ്രമജീവിതം നയിക്കുകയാണ്.

വിലാസം - സി. മേരി ഇസ്പിരിത്ത്, എസ്.എ.ബി.എസ്,
ലിറ്റിൽ ഫ്ളവർ അഡറോഷൻ കോൺവെന്റ്,
വാഴപ്പള്ളി പി.ഒ., ചങ്ങനാശ്ശേരി - 686103.

# 41

# എം.സി. പുന്നൂസ്

## (നവോദയാ അപ്പച്ചൻ)



സിനിമാ വ്യവസായരംഗത്തെ ഒരു ഇതിഹാസമായി മാറിയ നവോദയാ അപ്പച്ചൻ എന്ന പേരിൽ പരക്കെ അറിയപ്പെടുന്ന എം.സി. പുന്നൂസ് ഉദയാ കുഞ്ചാക്കോയുടെ മകനായി പുളിംകുന്ന് മാളിയമ്പുരയ്ക്കൽ കുടുംബത്തിൽ, 1924 ജനുവരി 11-ാം തീയതി ജനിച്ചു. മാതാവ് ഏലിയാമ്മയും. അപ്പച്ചന്റെ നവോദയാ സ്റ്റുഡിയോ വലിയൊരളവിൽ മലയാള സിനിമാ വ്യവസായത്തിന്റെ കഥതന്നെയാണ്.

1945-ൽ കേരളത്തിലെ ആദ്യ മൂവിസ്റ്റുഡിയോ ആരംഭിച്ച ഒരു കുടുംബത്തിൽ ജനിച്ച നവോദയാ അപ്പച്ചൻ 1947-ൽ കോളജ് പഠനം കഴിഞ്ഞ് തന്റെ സഹോദരനോടുകൂട്ടുചേർന്ന് ഉദയാ സ്റ്റുഡിയോയുടെ മാനേജിംഗ് ഡയ

www.malankaralibrary.com

റക്ടറായി. അന്നുമുതലുള്ള 40 വർഷങ്ങളിൽ ഉദയാസ്റ്റുഡിയോ നൂറിലേറെ ചലച്ചിത്രങ്ങൾ നിർമ്മിച്ചു. അക്കാലത്തെ കേരള ചലച്ചിത്രങ്ങളുടെ സിംഹ ഭാഗം ആയിരുന്നു അത്. 1975 മുതൽ 80 വരെ അപ്പച്ചൻ കേരള ഫിലിം ചേംബർ ഓഫ് കോമേഴ്സിന്റെ പ്രസിഡന്റായിരുന്നു. 1989–90–ൽ അദ്ദേഹം സൗത്തിൻഡ്യൻ ഫിലിംചേംബർ ഓഫ് കോമേഴ്സിന്റെ പ്രസിഡണ്ട് പദവി അലങ്കരിച്ചു.

തന്റെ നവോദയാ സ്റ്റുഡിയോ വഴി അപ്പച്ചൻ ഇന്ത്യൻ സിനിമാരംഗത്ത് പല പുതുമകളും കൈവരുത്തി. അദ്ദേഹത്തിന്റെ സിനിമകൾ അക്കാലത്തെ പ്രവണതാ സ്ഥാപകർ (Trendsetters) ആയിരുന്നു. പുതിയ സങ്കേതങ്ങളും സാങ്കേതികവിദ്യകളും അവയിലൂടെ സുപ്രതിഷ്ഠിതങ്ങളായി. 1980 –ൽ അദ്ദേഹം പുറത്തിറക്കിയ "തച്ചോളി അമ്പു" മലയാളത്തിലെ ആദ്യത്തെ സിനിമാ സ്കോപ്പ് ചിത്രമായിരുന്നു. ഈ ഫിലിമിന്റെ വിജയത്തോടുകൂടി ദക്ഷിണേന്ത്യയിലെ ഫിലിം നിർമ്മാണ കേന്ദ്രങ്ങളും ആയിരക്കണക്കിനു തീയേറ്ററുകളും Anamorphic Optic സമ്പ്രദായത്തിലേക്കു തിരിഞ്ഞു.

1984–ൽ അപ്പച്ചൻ പുറത്തിറക്കിയ "പടയോട്ടം" ഇൻഡ്യയിൽ പൂർണ്ണമായി നിർമ്മിച്ച ആദ്യത്തെ 70 mm സിനിമയായിരുന്നു. അതിന്റെ ആറുട്രാക്ക് റിക്കോർഡിംഗും പോസ്റ്റ് പ്രൊഡക്ഷൻ ടെക്നിക്കും ഇന്ത്യൻ സിനിമാചരിത്രത്തിലെ നാഴികക്കല്ലായി.

അപ്പച്ചന്റെ മകൻ ജിജോ സംവിധാനം നിർവ്വഹിച്ച് 1985–ൽ പുറത്തിറങ്ങിയ ഛോട്ടാ ചേട്ടൻ ഇൻഡ്യയിലെ ആദ്യത്തെ ത്രിമാന ചിത്രമായിരുന്നു. കുട്ടികൾക്കു വേണ്ടിയുള്ള ഈ മായാ സങ്കല്പചിത്രം സകലഭാരതീയ ഭാഷകളിലേയ്ക്കും ഡബ്ബ് ചെയ്യപ്പെടുകയും 1985–ലെ പ്രസിഡന്റിന്റെ സ്വർണ്ണ മെഡൽ നേടുകയും ചെയ്തു. ഈ ചിത്രം നേടിയ ബോക്സ് ഓഫീസ് വിജയം സമകാലീകസിനിമാ ഇതിഹാസങ്ങൾ രചിക്കപ്പെടുന്നതിന്റെ ഒരു മാതൃകയാകുന്നു.

കിഷ്കിന്ധ – ഇൻഡ്യയിലെ ആദ്യത്തെ തീം പാർക്ക് – മദ്രാസിനടുത്ത് 110 ഏക്കർ ഭൂമിയിൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. അപ്പച്ചന്റെ നേതൃത്വത്തിൽ പ്രവർത്തിച്ച ഭാവനാ സമ്പന്നരുടെ ഒരു സംഘമാണ് ഇതിന്റെ നിർമ്മാണം നിർവ്വഹിച്ചത്. ഇത് ദക്ഷിണേന്ത്യയിലെ ഒരു പ്രധാന ടൂറിസ്റ്റ് ആകർഷണമാകുന്നു. 1992–ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. കിഷ്കിന്ധയെപ്പറ്റി ബാലകൃഷ്ണൻ മാങ്ങാട്ട് മലയാളമനോരമ പത്രത്തിൽ 1994 മെയ് 2–ന് ഇപ്രകാരം എഴുതിയിരിക്കുന്നു.

"വിവിധങ്ങളായ മരങ്ങളാലും ചെടികളാലും പുഷ്പങ്ങളാലും പുൽമേടുകളാലും ഉദ്യാനഭംഗി തുളുമ്പി നിൽക്കുന്ന പാർക്കിലേക്കുള്ള പ്രവേശനം തന്നെ ചിലപടവുകൾ കയറിയിറങ്ങി മുകളിൽ നിന്നും പാർശ്വങ്ങളിൽനിന്നും ജലധാരക് വീഴുന്നതു കണ്ടുകൊണ്ടു വിസ്മയങ്ങളിൽ മുങ്ങിയാണ്. അവിടെ നിന്നു നടപ്പാലങ്ങളിലൂടെയും പുൽമേടുകളിലൂടെയും ഗുഹകളിലൂടെയും

www.malankaralibrary.com

ഓരോ ലോകങ്ങളിൽ എത്തിച്ചേരുമ്പോൾ കുട്ടികൾക്കും മുതിർന്നവർക്കും രസിക്കാനും അറിയാനും ഒട്ടേറെ. കുട്ടികളുടെ കളിനിലത്തു നിലകൊള്ളുന്ന 12-ാം നൂറ്റാണ്ടിലേതു പോലുള്ള കൊട്ടാരം അവരുടെ മനസ്സ് പിടിച്ചെടുക്കും.

തലയോട്ടി ഗുഹയിലൂടെയുള്ള മടിയൻ ബോട്ടുയാത്ര, ഉറങ്ങുന്ന സുന്ദരിയുടെ അരമന, സ്വർണഖനി, പാരമ്പര്യസംഗീതവിരുന്ന്, മരങ്ങളിലെ വീടുകൾ, കയറിയാലും കയറിയാലും മതിവരാത്ത വൃത്താകൃതിയിലുള്ള പുൽതിട്ടകൾ തുടങ്ങിയവയെല്ലാം കുട്ടികൾക്കു വിട്ടുപോകാനാവാത്ത ഹരമാവും.

വളഞ്ഞുപുളഞ്ഞു കിടക്കുന്ന ഒട്ടേറെ ജലാശയങ്ങളുള്ള കിഷ്ക്കിന്ധയിൽ ഒരു ജലാശയത്തിലെ മരനിബിഡ ദ്വീപ് മായാജാലങ്ങളുടെ കേന്ദ്രമത്രേ. ഇവിടെ അറിയപ്പെടാത്ത ചെകുത്താൻമാരും ഭീകരസംഭവങ്ങളും ഒളിഞ്ഞിരിക്കുന്നു. അസ്തമയത്തിനുശേഷം ഈ ദ്വീപു സന്ദർശിക്കുന്നത് ഉചിതമല്ലെന്നാണ് മുന്നറിയിപ്പ്.

ഇളകിക്കളിക്കുന്ന വെള്ളത്തിലൂടെയുള്ള വൈറ്റ്വാട്ടർ റൈഡ് ഏഷ്യയിൽ നടാടെയാണ്. ആറു പേർക്കിരിക്കാവുന്ന വലിയ റബർബോട്ടുകളിൽ കുത്തനെയുള്ള പാറക്കുന്നുകൾക്കിടയിലൂടെ തട്ടിയും തടഞ്ഞും ഉലഞ്ഞും അതിവേഗത്തിലുള്ള യാത്ര ശ്വാസം അടക്കിപ്പിടിച്ചിരുന്നേ നടത്താനാവൂ. ഉയരത്തിൽ കറങ്ങിയെത്തുന്ന ബോട്ടുകൾ മുകളിൽനിന്ന് താഴേക്ക് വെള്ളത്തിൽ കുത്തനെ നിപതിക്കുമ്പോൾ കാഴ്ചക്കാരുടെ ശ്വാസം പോലും നിലയ്ക്കും. നാലു മിനിട്ടു മാത്രം നീളുന്ന യാത്രയാണെങ്കിലും നാഴികകൾ സഞ്ചരിച്ച അനുഭൂതി യാത്രക്കാരനും.

'ശൂന്യാകാശ ഉപഗ്രഹം' കിഷ്ക്കിന്ധയുടെ മാത്രം സവിശേഷതയാണ്. ഇതിൽ കയറിയിരുന്നുള്ള പറക്കൽ അതിസാഹസികമെന്നുമാത്രമല്ല, ഭൂമിയിൽനിന്ന് ദശലക്ഷംപ്രകാശവർഷങ്ങൾ അകലെ എത്തിക്കഴിഞ്ഞുവെന്ന പ്രതീതി ഉളവാക്കുന്നതുമാണ്.

കാണികൾക്ക് സിനിമാഭിനയത്തിനു സൗകര്യം നൽകുന്നതാണ് 'ഷൂട്ട്ഡ് ഓഡിയൻസ്' വേദി. പോലീസും കള്ളനും തുടങ്ങിയ പല കഥകളും ഫിലിമിൽ ഷൂട്ട് ചെയ്തുവച്ചിരിക്കും. സന്ദർശകനോട് അകത്തു കയറിനിന്ന് ഏതെങ്കിലും കഥയിൽ അഭിനയിക്കാൻ പറയുന്നു. അതു ചിത്രീകരിച്ച ശേഷം മുമ്പ് എടുത്തുവച്ച സീനുകളുമായി മിക്സ് ചെയ്ത് എഡിറ്റ് ചെയ്ത് അടുത്ത നിമിഷം സ്ക്രീനിൽ പ്രദർശിപ്പിക്കും. മറ്റു കഥാപാത്രങ്ങൾക്കൊപ്പം സന്ദർശകനും അഭിയനിക്കുന്നതായി കാണാം. കമലഹാസൻ, ശ്രീദേവി തുടങ്ങിയവരോടൊപ്പം സിനിമയിൽ നൃത്തം ചെയ്യണമെങ്കിൽ അതും ആവാം. രജനികാന്തുമായി സ്റ്റണ്ട് നടത്തണമെങ്കിൽ അതും ആവാം.

'കപ്പും സോസറും' അറേബ്യൻകഥകളെയും ഒമർ ഖയ്യാമിനെയും ഓർമ്മിപ്പിക്കുന്നു. ചുറ്റും എണ്ണപ്പനകൾ നിറഞ്ഞുനിൽക്കുന്ന അന്തരീക്ഷത്തിൽ അറേബ്യൻ സംഗീതം ഉയർന്നു കേൾക്കാം. അലങ്കരിക്കപ്പെട്ട 12 കപ്പുകൾ ഒന്നു മറ്റൊന്നിനു ചുറ്റും കറങ്ങുന്നു. ഒപ്പം കൂറ്റൻ ഡിസ്കിനുമു

www.malankaralibrary.com

കളിൽ നാലെണ്ണം വീതം ചുറ്റിത്തിരിയും. കണ്ടുനിൽക്കേ തല കറങ്ങും.

ഇതിഹാസത്തിലെവാനരരാജ്യത്തിന്റെ പേരിലുള്ള നഗരിയിൽ നൂറടി നീളത്തിൽ പകുതി ഭാഗം മണ്ണിൽ പൂണ്ട നിലയിൽ കൈമുട്ടുകുത്തി കിടക്കുന്ന തടിമാടനും ആളുകൾക്കും കൗതുകമാവും. ഈ കൂറ്റൻ മനുഷ്യന്റെ മുകളിൽ ചവിട്ടിനടക്കുകയും കൈവെള്ളയിൽ കയറിയിരിക്കുകയും ചെയ്യാം. ആദ്യം രാവണനെ സൃഷ്ടിക്കാമെന്നാണത്രേ തീരുമാനിച്ചത്. അസുരരാജാവിനെ ചവിട്ടുന്നത് ആരെങ്കിലും ഇഷ്ടപ്പെടാതെ പോയെങ്കിലോ എന്നു കരുതി രൂപമാറ്റം വരുത്തിയതാണ്.

കുറ്റാലം വെള്ളച്ചാട്ടത്തിനു സമാനമായി 60 അടി ഉയരത്തിൽനിന്നും കൃത്രിമമായി ഉണ്ടാക്കിയ വെള്ളച്ചാട്ടത്തിൽ ആളുകൾക്ക് കുളിക്കാം. കൂറ്റൻ പാറക്കുന്നുകളിൽ നിന്ന് ചിതറിവീഴുന്നതുപോലെ നിർമ്മിച്ചിരിക്കുന്ന ജലപാതം ഉയർന്ന സാങ്കേതിക വിദ്യയുടെ നിദർശനമായി കരുതുന്നു."

കൃത്രിമ കടലലകളിലെ സ്നാനം, വെള്ളത്തിനടയിലെ കാഴ്ചകൾ, തടാകത്തിലെ ബോട്ടുയാത്ര, പുൽമേടുകയറ്റങ്ങൾ, കാടുകളിലെ ഒറ്റപ്പെടലുകൾ എല്ലാം വാരാന്ത്യത്തിൽ വൈവിധ്യമാർന്ന അനുഭൂതികൾ നൽകുന്നവയാണ്. ഫിലിം ഷൂട്ടിംഗിനും സജ്ജീകരണങ്ങളുണ്ട്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നു മൂവായിരത്തോളം മരങ്ങൾ പറിച്ചുകൊണ്ടുവന്ന് കൃഷി വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ മാറ്റിനട്ടു. ഇപ്പോൾ ഇന്ത്യയിൽ എങ്ങുമുള്ള മരങ്ങളും മുളകളും കിഷ്കിന്ധയിൽ കാണാൻ സാധിക്കും. നവോദയാ അപ്പച്ചന്റെ ഭാവന ചിറകടിച്ച് ഉയർന്നു നിൽക്കുന്ന കാഴ്ച ആരെയും അത്ഭുതപ്പെടുത്തും.

ബൈബിൾ കഥകൾ 39 ഭാഗങ്ങളുള്ള ഒരു ടിവി സീരിയലാണ്. ബൈബിൾ കഥകൾ മുഴുവനായി ടിവി സീരിയൽ രൂപത്തിൽ ആവിഷ്കരിക്കാനുള്ള ആദ്യസംരംഭമായിരുന്നു ഇത്. ആധുനിക പുരാവസ്തു ഗവേഷണങ്ങളുടെ പിൻബലത്തിൽ പൗരസ്ത്യവീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണിതു നിർമ്മിക്കപ്പെട്ടിരിക്കുന്നത്.

അപ്പച്ചന്റെ നേതൃത്വത്തിൽ ആരബ്ധമായ എക്സൽഗ്ലാസ്സസ് ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ഗ്ലാസ്സ് നിർമ്മാണ ഫാക്ടറിയാണ്.

അപ്പച്ചന്റെ നവോദയാ സ്റ്റുഡിയോ ഇന്ത്യൻ ചലച്ചിത്രചരിത്രത്തിലെ ശ്രദ്ധേയമായ സംഭവമാകുന്നു. ദൃശ്യശ്രാവ്യമാധ്യമരംഗത്തെ സമർപ്പിത ചേതസ്സുകളായ ഉജ്ജ്വലപ്രതിഭകളുടെ സംഗമസ്ഥാനമായ ഈ പ്രസ്ഥാനം അപ്പച്ചന്റെ വീക്ഷാവിരുതിന്റെയും സംഘടനാ വൈഭവത്തിന്റെയും വിശിഷ്ടോത്പന്നമത്രേ. അവിടെ പ്രവർത്തിക്കുന്ന പ്രതിഭകളുടെ ഗവേഷണബുദ്ധിയും സമർപ്പണബോധവും കലാത്മകചൈതന്യവും നേട്ടങ്ങൾ വളരെയേറെ കരഗതമാക്കി.


കൊച്ചിക്കു സമീപം നൂറേക്കർ വിസ്തൃതിയിൽ ഗാംഭീര്യത്തോടെ നിലകൊള്ളുകയാണ് നവോദയസ്റ്റുഡിയോ. എല്ലാ വിശദാംശങ്ങളിലും ശ്രദ്ധ

www.malankaralibrary.com

ചെലുത്തിക്കൊണ്ട് അപ്പച്ചൻ തന്റെസ്ഥാപനത്തിന്റെ അതുല്യമികവിനു വേണ്ടി ജാഗ്രത്തായിരിക്കുന്നു.

Address - M.C. Punnus (Appachan) Navodaya Mass Entertainments Ltd.,
Varadarajapuram, Darkas, Ward - II - Chennai - 600044

# 42



# മാത്യു മടുക്കക്കുഴി

പത്രപ്രവർത്തകൻ, ഗ്രന്ഥകാരൻ, സഹകാരി, സാമ്പത്തിക വിദഗ്ദ്ധൻ എന്നീ നിലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിച്ച മാത്യു മടുക്കക്കുഴി 1924 ഫെബ്രുവരി 25-ാം തീയതി കാഞ്ഞിരപ്പള്ളിയിൽ ജനിച്ചു. അദ്ധ്യാപകനും സഹകാരിയും ഗ്രന്ഥകാരനുമായിരുന്ന എം.എം. മാത്യു പിതാവ് ത്രേസ്യാമ്മ മാതാവും.

മലയാളം ഹയർ, എസ്സ്.എസ്സ്.എൽ.സി. എന്നിവ പാസ്സായതിനുശേഷം ഇന്റർമീഡിയററിന് പ്രൈവററായി പഠിച്ചു. ടൈപ്പ് റൈററിംഗ്, ഷോർട്ട് ഹാൻഡ്, ടെലഗ്രാഫി, ബാങ്കിംഗ് എന്നിവയിൽ പരിശീലനം നേടി. വിദ്യാഭ്യാസാനന്തരം 1943-മുതൽ കോട്ടയം ബാങ്ക്, പാലാ സെൻട്രൽ ബാങ്ക്, കോമൺവെൽത്ത് ബാങ്ക് എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചു. 1957 മുതൽ 1962 വരെ ദീപികയിൽ പത്രപ്രവർത്തനരംഗത്ത് പ്രവർത്തിച്ചു. ഇക്കാലത്ത് പ്ലാന്റേഷൻ കുറിപ്പുകൾ എന്ന ഒരു ലേഖന പരമ്പര ദീപികയിൽ ആഴ്ചതോറും തുടർച്ചയായി പ്രസിദ്ധപ്പെടുത്തി. ദീപിക മാനേജിംഗ് എഡിററർമാരായിരുന്നു റവ.ഫാ. ആന്റണി നരിതൂക്കിൽ, റവ. ഫാ. റോമുളൂസ്, റവ.ഫാ. വില്യം തുടങ്ങിയ സി.എം.ഐ. വൈദീകരും മുട്ടത്തുവർക്കി പ്രൊഫ. ജോസഫ്മററം തുടങ്ങിയ സാഹിത്യകാരന്മാരുമായുള്ള ഇടപെടലുകളും അവരിൽ നിന്ന് ലഭിച്ച ഉപദേശവും സഹായവും ഇന്നു മാത്യു സ്മരിക്കുന്നു.

ആയുർവ്വേദവൈദ്യസംബന്ധമായ ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഒരു ആയുർവ്വേദ വൈദ്യകുടുംബത്തിലെ അംഗമെന്ന നിലയിൽ ലഭ്യമായ പുരാതനതാളിയോലഗ്രന്ഥങ്ങൾ പശ്ചാത്തലമാക്കി "ഔഷധസസ്യങ്ങളുടെ അത്ഭുത പ്രപഞ്ചം" (രണ്ടുഭാഗങ്ങൾ) "രോഗനിർണ്ണയവും ഒററ മൂലികപ്രയോഗങ്ങളും" ആയുർവ്വേദം വീട്ടമ്മമാർക്കൊരുവഴികാട്ടി, അമൂല്യ ആയുർവ്വേദ ചികിത്സാ വിധികൾ (4 ഭാഗങ്ങൾ) എന്നീ ആയുർവ്വേദഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇതു കൂടാതെ പുരാതന ക്രൈസ്തവകേന്ദ്രങ്ങളിലൂടെ (രണ്ടു ഭാഗങ്ങൾ) മുത്തുമണികൾ, മുത്തുച്ചിപ്പികൾ, നിലയ്ക്കൽ, വിജ്ഞാനം - വിചിന്തനം, നന്മയുടെ പൂക്കൾ, Queen of Malanadu , ചാലിയാർ പുഴയും

www.malankaralibrary.com

കടന്ന്, ശ്രീയേശു സൂക്തങ്ങൾ (നാലുഭാഗങ്ങൾ) മിന്നാമിനുങ്ങ് (ചെറുകഥകൾ) എന്നീ പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ തുടർച്ചയായി ലേഖനങ്ങളും കഥകളും പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു.


കാഞ്ഞിരപ്പള്ളി രൂപതാ പാസ്റ്ററൽ കൗൺസിൽ, വിൻസെന്റ് ഡിപോൾ സഖ്യം സെൻട്രൻ കൗൺസിൽ, റെഡ്ക്രോസ്, ഹാബിററാററ് ഫോർ ഹ്യുമാനിററി, എ.കെ.സി.സി., നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റ് എന്നീ സംഘടനകളിൽ കമ്മററിയംഗമായി പ്രവർത്തിക്കുന്നു. കേരള പ്രൈവററ് ബാങ്കേഴ്സ് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മററി മെമ്പറും ബുള്ളററിൻ എഡിററുമാണ്. സഹകരണാരാമം എന്ന മാസികയുടെ മാനേജിംഗ് എഡിറററായും പ്രവർത്തിച്ചിട്ടുണ്ട്.

കാഞ്ഞിരപ്പള്ളി ഏറത്തയിൽ എബ്രാഹം - ഏലിയാമ്മ ദമ്പതികളുടെ സീമന്തപുത്രി റോസമ്മയാണ് ഭാര്യ

വിലാസം - മാത്യു മടുക്കക്കുഴി, നിർമ്മലട്രസ്റ്റ്, കാഞ്ഞിരപ്പള്ളി

# 43

# റവ.ഡോ. ഗീവർഗീസ് പണിക്കർ



പ്രമുഖവിദ്യാഭ്യാസപ്രവർത്തകനും ദൈവശാസ്ത്രജ്ഞനും പ്രഭാഷകനും ലേഖകനുമായ റവ.ഡോ. ഗീവർഗീസ് പണിക്കർ കാർത്തികപള്ളി താലൂക്കിൽ കാരിച്ചാൽ ഗ്രാമത്തിൽ (ഹരിപ്പാട്) 1924 മാർച്ച് 31-ാം തീയതി ജനിച്ചു. മാവേലിക്കര പണിക്കർ കുടുംബമാണ് അദ്ദേഹത്തിന്റെ തറവാട്. മാതാപിതാക്കൾ പ്രൈമറിസ്കൂൾ അദ്ധ്യാപകരായിരുന്നു. ഗീവർഗീസിന്റെ ജനനത്തെത്തുടർന്ന് മാതാവ് ജോലിയുപേക്ഷിച്ചു. മൂത്തപുത്രനായ അദ്ദേഹത്തെ ഗീവർഗീസ് പണിക്കർ എന്നു വിളിച്ചു. പുനരൈക്യപ്രസ്ഥാനത്തിന്റെ സ്ഥാപകൻ മാർഇവാനിയോസ് പിതാവിന്റെയും പേര് ഗീവർഗീസ പണിക്കർ എന്നായിരുന്നു. അദ്ദേഹത്തിന്റെയും തറവാട് മാവേലിക്കര പണിക്കർ കുടുംബമായിരുന്നു. മാതാപിതാക്കൾ ഓർത്തഡോക്സ് സിറിയൻ സഭാംഗങ്ങളായിരുന്നു.

പ്രൈമറി വിദ്യാഭ്യാസം കാരിച്ചാലിലും ഹൈസ്കൂൾ വിദ്യാഭ്യാസം കരുവാറ്റായിലുമായിരുന്നു നിർവ്വഹിച്ചത്. ഒരു വൈദികനാകണമെന്നുള്ള ആഗ്രഹം മാതാപിതാക്കളെ അറിയിച്ചപ്പോൾ ഓർത്തഡോക്സ് സുറിയാനി സഭയിൽ വൈദീകനാകാൻ നിർദ്ദേശിച്ച. പണിക്കർ കുടുംബത്തിൽപ്പെട്ട മാർ ഇവാനിയോസ് സ്ഥാപിച്ച മലങ്കര കത്തോലിക്കാസഭയിൽ വൈദികനാകു

www.malankaralibrary.com

ന്നതിനായിരുന്നു ഗീവർഗീസ് പണിക്കർക്ക് താല്പര്യം. മാതാപിതാക്കൾ അതിനെ ആദ്യം എതിർത്തെങ്കിലും അവർ പിന്നീട് അതിനു സമ്മതിക്കേണ്ടിവന്നു. ഗീവർഗീസ് പണിക്കർ തിരുവനന്തപുരത്തെത്തി മാർ ഇവാനിയോസിനെ സന്ദർശിച്ച് വിവിരം ധരിപ്പിച്ചു. മാർഇവാനിയോസ് അദ്ദേഹത്തെ കത്തോലിക്കാസഭയിൽ ചേർക്കുകയും സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്ന് പഠിക്കുവാൻ അനുവദിക്കുകയും ചെയ്തു. 1940 മുതൽ 1942 വരെ മൈനർ സെമിനാരിയിൽ പഠിച്ചു. 1942 ൽ മാർ ഇവാനിയോസ് സിലോണിൽ കാൻഡിയിലുള്ള പേപ്പൽ സെമിനാരിയിൽ ഉപരപഠനത്തിനയച്ചു. തത്വശാസ്ത്രത്തിൽ എൽ.പി.എച്ച്. ഡിഗ്രിയും തിയോളജിയിൽ എൽ. റ്റി.എച്ച്. ഡിഗ്രിയും പണിക്കർക്ക് ലഭിച്ചു. 1949 ഓഗസ്റ്റ് 24-ാം തീയതി അദ്ദേഹം വൈദികപട്ടം സ്വീകരിച്ചു. 1950 ഡിസംബറിൽ തിരുവനന്തപുരത്ത് തിരിച്ചെത്തി. പള്ളിയിലെ ജോലിക്കുപുറമെ പള്ളിയിൽ താമസിച്ചുകൊണ്ട് യൂണിവേഴ്സിറ്റി കോളേജിൽ ഇംഗ്ലീഷ് സാഹിത്യം ഐഛികമായി എടുത്ത് ബി. എ. ഓണേഴ്സിന് പഠിക്കാൻ നിർദ്ദേശിച്ചു. 1953 ൽ ബി.എ. ഓണേഴ്സ് ഡിഗ്രി ലഭിച്ചു. തുടർന്ന് മാർഇവാനിയോസ് കോളേജിൽ അദ്ധ്യാപകനായും ഹോസ്റ്റൽ വാർഡനായും നിയമിക്കപ്പെട്ടു. 1953 ൽ മാർ ഇവാനിയോസ് ദിവംഗതനായി. അദ്ദേഹത്തിന്റെ പിൻഗാമി ആർച്ച് ബിഷപ്പ് ബനഡിക്ട് മാർഗ്രിഗോറിയോസ് തിരുമേനി, ഗീവർഗീസ് പണിക്കരച്ചനെ ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് സമ്പാദിക്കാനായി അമേരിക്കയിലെ വാഷിംഗ്ടൺ ഡി.സി യിലുള്ള കാത്തലിക് യൂണിവേഴ്സിറ്റി ഓഫ് അമേരിക്ക എന്ന യൂണിവേഴ്സിറ്റിയിലേക്കയച്ചു. ബനഡിക്ട് തിരുമേനി തന്റെ അമേരിക്കൻ യാത്രയിൽ പണിക്കരച്ചനെ കൂട്ടിക്കൊണ്ടുപോവുകയും യൂണിവേഴ്സിറ്റിയിൽ ചേർക്കുകയും ചെയ്തു. 1955 മുതൽ 1959 വരെ അവിടെ പഠിച്ച് ഡോക്ടറേറ്റ് നേടി. 1959 ൽ തിരുവനന്തപുരത്ത് തിരിച്ചെത്തിയ പണിക്കരച്ചനെ മാർഇവാനിയോസ് കോളേജിൽ വൈസ്പ്രിൻസിപ്പലായും ഇംഗ്ലീഷ് പ്രൊഫസറായും ഹോസ്റ്റൽ വാർഡനായും നിയമിച്ചു.

മാർ ഇവാനിയോസ് കോളേജ് പ്രിൻസിപ്പലായിരുന്ന മോൺ.ഫ്രാൻസിസ് കാളാശ്ശേരി 1961 ൽ ചങ്ങനാശ്ശേരി എസ്സ്.ബി. കോളേജിൽ പ്രിൻസിപ്പലായി പോയപ്പോൾ ഫാ. ഗീവർഗീസ് പണിക്കരെ പ്രിൻസിപ്പാളായി നിയമിച്ചു. 1961 മുതൽ 1979 വരെ പ്രിൻസിപ്പാളായി പ്രവർത്തിച്ചു. അക്കാലത്താണ് മാർഇവാനിയോസ് കോളേജിൽ ബിരുദാനന്തര ഡിഗ്രികളും ചില വിഷയങ്ങളിൽ പി.എച്ച്.ഡിയ്ക്കായുള്ള ഗവേഷണപഠനരീതിയും ആരംഭിച്ചത്. മാർഇവാനിയോസ് കോളേജ് അക്കാഡമിക് തലത്തിലും പാഠ്യേതര തലത്തിലും സ്പോർട്സ് & ഗെയിംസ് തലങ്ങളിലും ഉന്നതമായ നിലവാരം അക്കാലത്ത് പുലർത്തിയിരുന്നു.

1979 ൽ റവ.ഡോ.ഗീവർഗീസ് പണിക്കർ കോളേജിൽ നിന്നും സ്വയം മാറി. (Voluntary Retirement) അഞ്ചുവർഷം മുൻപേയാണ് സ്വയം വിരമിച്ചത്.

www.malankaralibrary.com

പ്രിൻസിപ്പലായിരിക്കെ കേരളായൂണിവേഴ്സിറ്റി സെനറ്റുമെമ്പറായും, അക്കാഡമിക് കൗൺസിൽ മെമ്പറായും സേവനം അനുഷ്ഠിച്ചു. പ്രൈവറ്റ് കോളേജ് പ്രിൻസിപ്പൽ കൗൺസിലിന്റെ പ്രസിഡണ്ടായും (1973 - 1979) പ്രവർത്തിച്ചു. സാഹിത്യപഠനത്തിലെ ബിരുദാനന്തര പഠനസംബന്ധമായ കേരളയൂണിവേഴ്സിറ്റിയുടെ സമിതിയിലെ ഒരു അംഗമായിരുന്നു പണിക്കരച്ചൻ. കേരളയൂണിവേഴ്സിറ്റിയിൽ ഇംഗ്ലീഷ് സാഹിത്യവിഭാഗത്തിന്റെ ഡോക്ടറൽ ബിരുദം നൽകുന്നതിനായി രൂപീകരിച്ച സമിതിയിലെ ഒരംഗമായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കേരളായൂണിവേഴ്സിറ്റിയുടെ സിറിയക്, ഹീബ്രു ഭാഷകളിലെ അദ്ധ്യയനപാഠ്യവിഭാഗത്തിന്റെ ചെയർമാനായും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി.

മാർ ഇവാനിയോസ് കോളേജിൽനിന്നും റിട്ടയർ ചെയ്തപ്പോൾ വിദ്യാർത്ഥികളും സഹപ്രവർത്തകരും നൽകിയ സ്നേഹാദരവുകൾ പ്രത്യേകം പ്രശംസാർഹമായിരുന്നു. പൂർവ്വവിദ്യാർത്ഥികളും പേരന്റ് ടീച്ചേഴ്സ് അസോസിയേഷനും ഹൃദ്യമായ യാത്രയയപ്പു നൽകി.

മാർ ഇവാനിയോസ് കോളേജിൽ നിന്നും വിരമിച്ച ഉടനെതന്നെ കേരളത്തില മെത്രാന്മാരുടെ ഉപദേശമനുസരിച്ച് റോമിലെ സഭാധികാരികൾ പണിക്കരച്ചനെ ആലുവാമംഗലപ്പുഴസെമിനാരിയിൽ റെക്ടറായും പ്രസിഡണ്ടായും നിയമിച്ചു. ആറുവർഷക്കാലം സെമിനാരിയിൽ പ്രവർത്തിച്ചു. അധികാരികൾക്കും വിദ്യാർത്ഥികൾക്കും പ്രിയങ്കരനായിരുന്നു അദ്ദേഹം. ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസ (കേരള) സംസ്ഥാന അഡ്വൈസറി ബോർഡിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉപദേശകസമിതിയിലും കേരളാസ്റ്റേറ്റിലെ ഓട്ടോണമസ് കോളേജുകളുടെ പ്രവർത്തനത്തിനായി രൂപീകരിച്ച കമ്മറ്റിയിലും പണിക്കരച്ചൻ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു.

1985 മുതൽ 1987 വരെ സീറോ-മലങ്കര സഭയുടെ സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയുടെ റെക്ടറായി സേവനം അനുഷ്ഠിച്ചു. 1987 മുതൽ കോട്ടയം സെന്റ് എഫ്രേംസ് എക്യുമിനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഡീൻ ആയി പ്രവർത്തിക്കുന്നു. ഫാ. എമ്മാനുവൽ തെള്ളി സി.എം.ഐ, ഹാർപ്പ് എന്ന പ്രസിദ്ധീകരണത്തിൽ പണിക്കരച്ചനെപ്പറ്റി എഴുതിയിരിക്കുന്ന ഇംഗ്ലീഷ് ലേഖനത്തിന്റെ സംഗ്രഹം കുറിക്കട്ടെ. ആകൃതിയിലും അകക്കാമ്പിലും പ്രത്യക്ഷത്തിൽ അദ്ദേഹമൊരു സിംഹമാണ്-എന്നാൽ അദ്ദേഹത്തെ സമീപിക്കുന്നവർക്കും മനസ്സിലാക്കുന്നവർക്കും അദ്ദേഹം ഒരു ആട്ടിൻകുട്ടിയെപ്പോലെ ലളിതഹൃദയനാണ്. തിരിച്ചുകടിക്കാത്ത എന്തിനെയും ഭക്ഷിച്ചിരുന്ന ഈ സിംഹം ഇപ്പോൾ തികച്ചും സസ്യഭുക്കായി ജീവിക്കുന്നു എന്നത് എന്റെ ഉപമയെ കൂടുതൽ അർത്ഥവത്താക്കുന്നു. വന്യമൃഗങ്ങളെ തന്റെ ഗർജ്ജനംകൊണ്ടു വിറപ്പിക്കുന്ന ഒരു സിംഹമാണദ്ദേഹം. എന്നാൽ ഹൃദയശുദ്ധിയും നന്മയുമുള്ളവർക്ക് അദ്ദേഹം ഒരാട്ടിൻകുട്ടിതന്നെ. കാറ്റിനനുസരിച്ച് അങ്ങോട്ടുമിങ്ങോട്ടുമാടുകയും വെള്ളത്തിലെ തിരകളിൽ ഒതളങ്ങ

www.malankaralibrary.com

പോലെ ഉരുണ്ടുകളിക്കുകയും ചെയ്യുന്ന അഡ്ജസ്റ്റുമെന്റുകാർക്കും അവസരവാദികൾക്കും മുന്നിൽ അദ്ദേഹം ഒരു സിംഹമാണ്. എന്നാൽ വിദ്വേഷലേശമെന്യേ ഏവരെയും സ്നേഹിക്കുന്ന ഒരാട്ടിൻ കുട്ടിയുമാണ്. തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിലും ആലുവാ അപ്പസ്തോലിക്കു സെമിനാരിയിലും അദ്ദേഹം ഒരു സിംഹമായിരുന്നു. എന്നാൽ അവിടെത്തന്നെ ശുദ്ധഗതിക്കാരായ പാവങ്ങൾക്ക് അദ്ദേഹം ഒരു കുഞ്ഞാടായി വഴങ്ങിക്കൊടുത്തു. വിജ്ഞാനത്തിന്റെ ഘനഗൗരവം അദ്ദേഹത്തെ സിംഹതുല്യനാക്കി. എന്നാൽ അറിവുതേടി വരുന്നവർക്ക് അതുപകർന്നു കൊടുക്കുന്നതിൽ ഒരു കുഞ്ഞാടിന്റെ സൗമ്യതയും സ്നേഹവും അദ്ദേഹം പ്രദർശിപ്പിച്ചു. ഒരു കഠിനശിലയാണദ്ദേഹം - എന്നാൽ നല്ല മിനുസവും മാർദ്ദവവുമുള്ള ശില എന്നുകൂടി പറയണം. അടുത്തുചെന്നു തൊടുമ്പോൾ എന്തൊരുസൗമ്യത - ശാന്തത. സൂക്ഷ്മ ദൃഷ്ടിയും വിദൂരവീക്ഷണവുമുള്ള ഒരു പുരുഷകേസരിയാണെങ്കിലും ഏതുദിക്കിലും മടികൂടാതെ ചെന്നെത്തി തിരുത്തിയും തലോടിയും ക്രമപ്പെടുത്തിയും കൊടുക്കുന്നതിനു സന്നദ്ധതയുള്ള ചടുലപാദവും ശാന്തശീലവുമുള്ള ഒരു അജകിശോരവുമാണ്." ഫാ. ജേക്കബ്ബ് തെക്കേപ്പറമ്പിൽ പറയുന്നത് ആത്മീയതയിലും ദൈവശാസ്ത്രത്തിലും നല്ല ഉൾക്കനവും തലക്കനവുമുള്ളയാളാണ് പണിക്കരച്ചനെന്നാണ്. മുന്നിലെത്തുന്ന ആരുടെയും തലകുനിപ്പിക്കുന്ന അത്യന്തവന്ദ്യരായ മാതാപിതാക്കന്മാരുടെ നിരയിലാണദ്ദേഹത്തിന്റെ സ്ഥാനമെന്നും ജേക്കബ്ബച്ചൻ കൂട്ടിച്ചേർക്കുന്നു. പണിക്കരച്ചൻ ഇംഗ്ലീഷിലും മലയാളത്തിലും നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അവയിൽ പ്രധാനമായവ താഴെപറയുന്നവയാണ്. ഇംഗ്ലീഷിൽ രചിച്ച ലേഖനങ്ങൾ Vocation and Role of the Malankara Catholic Church (Malankara rite) in India, Reflections on being a Uniate, Ecumenial Thoughts, The Malankara Church and its litugy, The Indian Identity of Thomas christians in India (Kerala), Ecclesial Tradition, God and Creation in Christianity, The pneumatological dimension of the Mission of the Church, Culture and Christianity, The consecrated life and its role in the church and in the world, Apostolic Traditon of spirituality of St. Thomas christians (denominational units, A crisis of Truth and the faith erosion of the faith community, Inculturation and the two syriac liturgies of India, Keenling before the world on the "Temporalisation" of spirituality, An analysis of the present reclasial situation in India, The second mystery of the unity of the church, Malankara catholic church, An 'engagement' or venture in full reclasial communion, Eschatology liturgy and the life of the Religious, Symbolic Theology Syrian aserticism, History of Interaction between faith and culture in the patristic tredion eastern and western, The liturgy of St. James and Theology of the Trinity, Liturgy and unity of the church, Theology and Litergy, An oriental christaian perspective.

മലയാളത്തിൽ രചിച്ചിട്ടുള്ള പ്രധാന പ്രബന്ധങ്ങൾ താഴെപ്പറയുന്നവയാണ്. ക്രൈസ്തവജീവിതവും ഭക്ത്യാനുഷ്ഠാനങ്ങളും, മനുഷ്യാവതാരം മനുഷ്യകുലത്തിന്റെ ദൈവീകരണം, മാർ ഇവാനിയോസ് കോളേജ് എന്റെ

www.malankaralibrary.com

ഓർമ്മക്കുറിപ്പുകൾ, വലിയനോയമ്പുകാലം, ക്രിസ്തു വിജ്ഞാനീയവിവാദം വി.സി. സാമുവലിന്റെ വീക്ഷണത്തിൽ, ദൈവത്തിന്റെ ജീവനുള്ള വചനം, മരിയഭക്തിയും മലങ്കരസഭാ ആരാധനാക്രമവും, സത്യ ഇടയാ സമാധാന ത്താലെ വരിക, നല്ല ഇടയാ സമാധാനത്താലേ വരിക, യാത്രാമദ്ധ്യേ, മരി യഭക്തി പൗരസ്ത്യസഭാപാരമ്പര്യങ്ങളിൽ, നിങ്ങൾ എന്തന്വേഷിക്കുന്നു, ക്രൈസ്തവജീവിതവും ആരാധനാക്രമവും, മലങ്കര കത്തോലിക്കാസഭയും പുസ്തകങ്ങളും, പാശ്ചാത്യസുറിയാനി സഭയിലെ മരിയഭക്തി, പാശ്ചാത്യ സുറിയാനി ആരാധനാപൈതൃകത്തിൽ പരിശുദ്ധമറിയത്തിനുള്ള സ്ഥാനം, മലങ്കര കത്തോലിക്കാ സഭയും മതബോധനവും, യേശുക്രിസ്തുവിന്റെ ജന നം, ദൈവത്തിന്റെ ജീവനുള്ള വചനങ്ങൾ, വേദപുസ്തകചിന്തകൾ (യോ ഹന്നൻ 1-18) ഇതല്ല നിങ്ങൾ ക്രിസ്തുവിൽ നിന്ന് പഠിച്ചത്, ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ, നിങ്ങൾ എന്ത് അന്വേഷി ക്കുന്നു, വേദപുസ്തകചിന്തകൾ (e ph 1-4), മിശിഹായുടെസഭ, പ്രഥമസ്ഥാ നത്തിൽ പത്രോസിന്റെ പിൻഗാമി മാർപ്പാപ്പായോ, ഇന്നത്തെ ദൈവവിജ്ഞാ നീയ രീതി, മലങ്കരകത്തോലിക്കാസഭയുടെ വളർച്ചയും തളർച്ചയും, മാർ ഇവാനിയോസ് പിതാവിന്റെ ഹംസഗാനം, കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനം ആത്മവർഷമോ വികാരവർഷമോ, അസാമാന്യനായ മഹാവ്യ ക്തി, സഭദൈവത്തിന്റെ ജനം, കുർബ്ബാനയിൽ സന്നിഹിതനാകുന്നത് മഹ ത്വീകൃതനായ യേശു, ദൈവജനം, സ്വർണ്ണനൂല്, ആരാധനാ കേന്ദ്രീകൃത മായ ആദ്ധ്യാത്മികത, യേശുവിന്റെ സഭ ഒരു ധ്യാനാത്മക അവലോകനം, സഭയിലും ലോകത്തിലും അൽമായരുടെ വിളിയും ദൗത്യവും, രണ്ടാംവ ത്തിക്കാൻ സൂനഹദോസിനുശേഷം ഇരുപത് വർഷങ്ങൾ കഴിഞ്ഞ്, ആരാ ധനാക്രമസംബന്ധമായ രൂപവൽക്കരണം, രാജാധിരാജൻ വസിച്ച രഹസ്യ ങ്ങളുടെ കൊട്ടാരം, മലങ്കര കത്തോലിക്കാസഭയുടെ ദൗത്യം, ക്രിസ്തീയ ജീവിതവും ആരാധനാക്രമവും, ക്രൈസ്തവജീവിതം അല്ലെങ്കിൽ ക്രൈസ്തവ ആദ്ധ്യാത്മികത, ഇന്ത്യയിലെ പൗരസ്ത്യകത്തോലിക്കാ സഭയും എക്യുമിനിക്കൽ ദൗത്യവും, മലങ്കര കത്തോലിക്കാസഭയും ആരാ ധനാധിഷ്ഠിതമായ ജീവിതവും, സഭൈക്യപ്രസ്ഥാനത്തിൽ പ്രതിസന്ധി, ശിമ യോൻകേപ്പായുടെയും പിൻഗാമികളുടെയും പ്രഥമസ്ഥാനം, വലിയനോമ്പ് ജീവൻ പെസഹായിലേക്കുള്ള യാത്ര, പാരമ്പര്യകുർബ്ബാനയും പരിശുദ്ധാ ത്മാവും, മാർ ജോസഫ് പൗവ്വത്തിൽ മെത്രാപ്പോലീത്തായും രണ്ടാം വത്തി ക്കാൻ കൗൺസിലും, സഭൈക്യപ്രസ്ഥാനത്തിനൊരു മാർഗ്ഗസൂചി, വൈദീ കപരിശീലനത്തെ സംബന്ധിക്കുന്ന ഡിക്രി രണ്ടാം വത്തിക്കാൻ കൗൺസി ലിൽ, മലങ്കരകത്തോലിക്കാസഭയുടെ ദൈവവിജ്ഞാനീയം, സർവ്വമതസം ഗമം, ആരാധനാകേന്ദ്രീകൃതവും സഭാത്മകവുമായ മതബോധനം.

വിലാസം - റവ. ഡോ. ഗീവർഗീസ് പണിക്കർ, സെന്റ് എഫ്രേം എക്യുമി നിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സീരി), കോട്ടയം.

www.malankaralibrary.com

# 44

# ഫാ. മാത്യു മൂഴിയിൽ എസ്സ്.ജെ.



ക്രൈസ്തവരായ എഴുത്തുകാരെയും പത്രപ്രവർത്തകരെയും ഒന്നിപ്പിച്ച് ഒരു സംഘടന രൂപീകരിക്കാനായി ആദ്യം ശ്രമിച്ച ഫാ. മാത്യു മൂഴിയിൽ എസ്സ്.ജെ. കോട്ടയം വല്യങ്ങാടിയിൽ മൂഴിയിൽ മാത്യു കൊച്ചുമാത്യുവിന്റെയും മറിയാമ്മയുടെയും പുത്രനായി 1924 ഏപ്രിൽ 23ന് ജനിച്ചു. കോട്ടയത്ത് ഇടയ്ക്കാട്ട് വി.ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള പള്ളിയിലാണ് ജ്ഞാനസ്നാനം നൽകിയത്. ഇടയ്ക്കാട്ട് പള്ളിവകസ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. തുടർന്ന് കോട്ടയത്ത് സി.എ.ഐ. എന്ന പേരിലറിയപ്പെട്ടിരുന്ന സി.എം.എസ്സ്കാർ നടത്തിയിരുന്ന സ്കൂളിൽ പഠിച്ചു. ഭക്തിഗാനങ്ങളോടും ബൈബിൾ വായനയോടും കൂടിയായിരുന്നു ഈ സ്കൂളിൽ ഓരോ ദിവസവും പഠനം ആരംഭിച്ചിരുന്നത്. അത് മാത്യുവിനെ വല്ലാതെ ആകർഷിച്ചു. പഠനത്തിൽ സമർത്ഥനായിരുന്ന കൊച്ചുമാത്യുവിനെ അദ്ധ്യാപകർക്കെല്ലാം വലിയതാല്പര്യമായിരുന്നു.

കോട്ടയത്ത് ആയിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസം. തുടർന്ന് ഈശോസഭയിൽ ചേർന്നു. എൽ.പി.എച്ച്., എൽ.ഡി എന്നീ ബിരുദങ്ങൾ നേടി. വൈദികപരിശീലനം ഷെമ്പഗംന്നൂർ, കൊടൈക്കനാൽ, കഴ്സിയോഗ് എന്നിവിടങ്ങളിലായിരുന്നു. 1956 മാർച്ച് 23 ന് വൈദീകപട്ടം സ്വീകരിച്ചു. വചനശുശ്രൂഷവഴി അനേകരെ ദൈവരാജ്യത്തിൽ ചേർക്കണം എന്ന ലക്ഷ്യത്തോടെയാണ് അദ്ദേഹം തന്റെ വൈദീക ജീവിതം ആരംഭിച്ചത്.

സെന്റ് ബ്രിട്ടോസ്കൂൾ ഗോവാ, സെന്റ് പോൾസ് സ്കൂൾ ബൽഗാം എന്നീ സ്കൂളുകളിൽ കുറേക്കാലം അദ്ധ്യാപകനായിരുന്നു. കാഞ്ഞിരപ്പള്ളിയിൽ ജോലി ചെയ്തിരുന്നപ്പോൾ ക്രിസ്തുരാജൻ മാസികയുടെ പത്രാധിപരുമായിരുന്നു. ഈ മാസിക സ്നേഹസേന എന്ന പേരിൽ കാഞ്ഞിരപ്പള്ളിയിൽ നിന്ന് പ്രസിദ്ധീകരിച്ചത് ഫാ. മൂഴയിലാണ്. സ്നേഹസേന പ്രകാശനം ചെയ്തത് ഒരു ദളിത് കുട്ടയെക്കൊണ്ടാണ്. ദളിത് വിഭാഗത്തോടുള്ള അച്ചന്റെ പ്രതിബദ്ധതയാണ് ഇതിൽ നാം കാണുന്നത്. സ്നേഹസേനയ്ക്ക് അന്ന് ഒരു ലക്ഷം കോപ്പികൾ ഉണ്ടായിരുന്നു. കേരളാ ക്രിസ്റ്റ്യൻ റൈറ്റേഴ്സ് ആൻഡ് ജേർണലിസ്റ്റ് ഫെല്ലോഷിപ്പ് എന്ന സംഘടന രൂപീകരിക്കാൻ മുൻനിന്ന് പ്രവർത്തിച്ചത് അദ്ദേഹമായിരുന്നു. പ്രമുഖരായ സാഹിത്യകാരന്മാർക്ക് അവാർഡ് നൽകിയാദരിക്കുന്ന പതിവ് ആരംഭിച്ചതും മൂഴിയിൽ അച്ചനായിരുന്നു.

പോർട്ടുഗലിൽനിന്ന് ഫാത്തിമാമാതാവിന്റെ രൂപംകൊണ്ടുവന്ന് കുമാ

www.malankaralibrary.com

രനല്ലൂർ ശാന്തിനിലയത്തിന്റെ മുൻവശത്ത് പ്രതിഷ്ഠിച്ചതും അദ്ദേഹം തന്നെയാണ്. മരിയഭക്തനായ അദ്ദേഹം നിരവധി ഭക്തിഗാനങ്ങൾ രചിച്ച് അച്ചടിച്ച് വിതരണംചെയ്തിട്ടുണ്ട്. "പരിശുദ്ധമാതാവിന്റെ വിമലഹൃദയത്തിന് എന്റെ പ്രതിദിന പ്രതിഷ്ഠ"എന്ന കവിത ആയിരക്കണക്കിന് കോപ്പികൾ അച്ചടിച്ചുവിതരണം ചെയ്തു. 1917 ൽ ഫാത്തിമായിൽ പ. കന്യകാമാതാവിനെ ദർശിച്ച സിസ്റ്റർ ലൂസിയുടെ വാക്കുകൾ "ഇന്നത്തെ ഏറ്റം വലിയ തിന്മ മനുഷ്യൻ പ്രാർത്ഥിക്കുന്നില്ലായെന്നതാണ്." ആ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് മഞ്ജരി വൃത്തത്തിൽ കൂരിരുളിൽ, നീ വെളിച്ചം തരേണമേ എന്ന ഒരു ഗാനം എഴുതി പ്രസിദ്ധീകരിച്ചു ആ ഗാനത്തിലെ ഏതാനും ഭാഗം താഴെ ചേർക്കുന്നു.

മായാമോഹങ്ങളിൽ വഞ്ചിതരാകാതെ
സ്നേഹത്തിൻമാർഗത്തിൽ മുന്നേറുവാൻ
സ്നേഹസ്വരൂപാ, നീ ഞങ്ങൾക്കു നൽകണേ
സ്നേഹത്തിൻ പാവന ചൈതന്യത്തെ
ഏഴകൾക്കേവർക്കും സന്തോഷസന്ദേശം
നൽകുവാൻ ഞങ്ങളെ പ്രാപ്തരാക്കൂ
വേദനയാലേ വലയുന്ന മർത്യർക്കു
ശാന്തിപകരുവാൻ ശക്തിനൽകൂ
മർദ്ദിതർ ബന്ധിതർ ദുഃഖിതരൊക്കെയും
മോചിതരായ് നിന്നെ വാഴ്ത്തീടുവാൻ
ജീവിതം ഞങ്ങളിന്നർപ്പണം ചെയ്യുന്നു
ഏകണേ ശക്തിയും മുക്തിയും നീ
കൂരിരുട്ടിൽ നീ വെളിച്ചം തരേണമേ
നേരായമാർഗ്ഗം തെളിക്കേണമേ
സ്നേഹത്തെ സേവനമാക്കിപ്പകർത്തുവാൻ
ആത്മധൈര്യം ഞങ്ങൾക്കേകിയാലും

എന്നും രാവിലെ ഈ കീർത്തനം ഭക്തിപൂർവ്വം പാടി ശക്തിനേടുവാൻ അദ്ദേഹം എല്ലാവരെയും ആഹ്വാനം ചെയ്യുകയുണ്ടായി.

കത്തോലിക്കാപത്രാധിപരുടെ ലോകസമ്മേളനത്തിൽ പങ്കെടുക്കുവാൻ ഇന്ത്യയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട മൂന്നുപേരിൽ ഒരാളായിരുന്നു ഫാ. മാത്യുമൂഴിയിൽ. പശ്ചിമജർമ്മനിയിൽവച്ച് നടന്ന ലോകമഹാസമ്മേളനത്തിൽ മൂഴിയിൽ അച്ചനോടൊപ്പം കൽക്കട്ടാ ആർച്ചുബിഷപ്പും ഉണ്ടായിരുന്നു. ലൂർദ്ദ്, റോം, അസ്സീസി, ലിസ്യു വിശുദ്ധനാടുകൾ എല്ലാം അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. എറണാകുളത്തും കുമാരനല്ലൂരും എടത്വായിലും അദ്ദേഹം സേവനം അനുഷ്ഠിച്ചു. ഫാ. പോൾ വെനീഷ് എസ്സ്.ജെ. രചിച്ച് ശ്രീ. പി. സി.ചാക്കോ, വിവർത്തനം ചെയ്ത വളർച്ചയും നേർവഴിയും, ലില്ലിപ്പൂക്കൾ എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചതും ഫാ. മൂഴിയിൽതന്നെ. കുഞ്ഞാത്മാ

www.malankaralibrary.com

ക്കൾക്ക് ഒരു സ്നേഹാർദ്രസന്ദേശം എന്ന ഗ്രന്ഥത്തിന്റെ തർജ്ജമയിലും ഫാ. മൂഴിയലിന് പങ്കുണ്ട്. അദ്ദേഹം രചിച്ച പ്രധാനകൃതികൾ താഴെപറയുന്നവയാണ്. നമ്മുടെ കുർബ്ബാന, യൂറോപ്പിലും യേശുവിന്റെ നാട്ടിലും, ഒരു കുടുംബഫോട്ടോ, ധീരതയോടെ മുമ്പോട്ട്, ഒരു മധുര പലഹാരം, കുട്ടികളുടെ ഫ്രാൻസീസ് സേവ്യർ, കൊച്ചുറാണി (വിവർത്തനം). കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ മിഴിയൂന്നിയുള്ളതാണ് ഫാ. മൂഴിയിലിന്റെ കൃതികളെല്ലാംതന്നെ. ഇതുകൂടാതെ അമ്മയെ ഓർക്കുമ്പോൾ എന്ന ഒരു കൃതിയും അദ്ദേഹം രചിച്ചിട്ടുണ്ട്.


വൈദീകർ, വൈദീകവസ്ത്രം എപ്പോഴും ധരിക്കണമെന്ന അഭിപ്രായക്കാരനാണ് അദ്ദേഹം. അതുപോലെ അച്ചടക്കമുള്ളവരായിരിക്കണമെന്നും അച്ചൻ നിർദ്ദേശിക്കുന്നു. മരിയൻ ദൈവികപ്രസ്ഥാനം ഇന്നൊരു ആഗോള പ്രസ്ഥാനമാണ്. ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളിലും പ്രസ്ഥാനം മുളയെടുത്തുകഴിഞ്ഞു. പ്രസ്ഥാനത്തിന്റെ മൂലഗ്രന്ഥമായ മറിയം വൈദീകരോട് പ്രഭാഷിക്കുന്നു എന്ന ഗ്രന്ഥം ഏകദേശം മുപ്പതോളം ഭാഷകളിലേക്ക് വിവർത്തനം ചെയ്തുകഴിഞ്ഞു. ബൈബിൾ കഴിഞ്ഞാൽ ഏറെ വിവർത്തനം ചെയ്യപ്പെടുന്നത് ഈ ഗ്രന്ഥമാണ്. മരിയൻ ദൈവികപ്രസ്ഥാനത്തിന്റെ നല്ലൊരു പ്രചാരകനും കൂടിയാണ് അദ്ദേഹം.

കണ്ണൂർ ചിറയ്ക്കൽ പ്രേഷിതവേലയിൽ ഏർപ്പെടുവാനും അദ്ദേഹത്തിനുസാധിച്ചു. മൂത്തവൻ പുലയനായാലും അവൻ വിളിച്ചാൽ എന്തോ എന്ന് വിളികേൾക്കണമെന്നാണ് മാതാപിതാക്കൾ മൂഴിയിലച്ചനെ ചെറുപ്പത്തിൽ പറഞ്ഞുവിശ്വസിപ്പിച്ചിരുന്നത്. ദളിത് വിഭാഗത്തോട് എന്നു ആദരവ് തോന്നാൻ ഇത് സഹായിച്ചിട്ടുണ്ട്.

വിലാസം - ഫാ. മാത്യു മൂഴിയിൽ എസ്സ്.ജെ. ക്രൈസ്റ്റ്ഹാൾ മലാപറമ്പ്, കോഴിക്കോട്, 673009.

# 45

# ടി.എൽ. ജോർജ്ജ്



മികച്ച കായികതാരം, സമർത്ഥനായ സംഘാടകൻ, ഗ്രന്ഥകാരൻ,സാമൂഹ്യസാംസ്കാരിക പ്രവർത്തകൻ, കറപുരളാത്ത സർക്കാർ ഉദ്യോഗസ്ഥൻ എന്നീ നിലകളിൽ ശ്രദ്ധേയനായ ടി.എൽ. ജോർജ്ജ് തൃശൂർ ജില്ലയിൽ അരണാട്ടുകരയിൽ തേറാട്ടിൽ ലോനപ്പൻ-ത്രേസ്യ ദമ്പതികളുടെ പുത്രനായി 1924 മേയ് 18-ന് ജനിച്ചു.

വിദ്യാഭ്യാസാനന്തരം സർക്കാർ സർവ്വീസിൽ പ്രവേശിച്ച് കേരള

www.malankaralibrary.com

സാഹിത്യ അക്കാഡമി ജനറൽ മാനേജർ, ഡപ്യൂട്ടി തഹസീൽദാർ, സിവിൾ സപ്ലൈ ഓഫീസർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. എൻ.ജി.ഒ. യൂണിയന്റെ ആരംഭകാലത്ത് ജില്ലാ-സംസ്ഥാനപ്രസിഡണ്ട്, സെക്രട്ടറി, കേരളാ റവന്യൂ അസോസിയേഷൻ പ്രസിഡണ്ട്, തൃശൂർ കോസ്മോ പോളിററിൻ ക്ലബ്ബ് പ്രസിഡണ്ട്, തൃശൂർ റൈഫിൾ ക്ലബ്ബ് ട്രഷറർ, അരുണാട്ടുകര ഡവലപ്മെന്റ് കമ്മിററി സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തനം നടത്തിയിട്ടുണ്ട്. ശ്രീ. ജോർജ് റവന്യൂ ഡിപ്പാർട്ട്മെന്റിൽ ജോലിയിലിരുന്നപ്പോൾ കൊച്ചീ മഹാരാജാവിന്റെ കൊട്ടാരത്തോടു ചേർന്നു കിടന്നിരുന്ന പോലീസ് ഗ്രൗണ്ടിന്റെ ചാർജ്ജ് ചില നിബന്ധനകളോടുകൂടി ഏറ്റെടുത്തു. പ്രസ്തുത ഗ്രൗണ്ട് എൻസൈക്ലോപീഡിയായിൽ നിർദ്ദേശിച്ച പ്രകാരം ഒരു ഇന്റർനാഷണൽ ഫുട്ബോൾ കോർട്ട് ആക്കുന്നതിന് ശ്രമിച്ചു. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡണ്ടു കൂടിയായി ജില്ലാ കളക്ടർ ജോർജ്ജിന്റെ നിർദ്ദേശം അംഗീകരിക്കുകയും ഗ്രൗണ്ടിന്റെ വടക്കേ ഭാഗത്ത് 1 ഏക്കർ 20 സെന്റ് സ്ഥലം സർക്കാരിൽനിന്ന് അക്വയർ ചെയ്ത് നൽകുകയും കൊട്ടാരം കോട്ടമതിൽ ഇടിച്ചുതാഴ്ത്തി നിരപ്പാക്കുകയും ചെയ്തു. മുനിസിപ്പാലിറ്റി സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനും ജോർജിന്റെ ജ്യേഷ്ഠനുമായ തേറാട്ടിൽ ജെ. ആന്റണിയെക്കൊണ്ട് പത്തുനില സിമന്റു ഗ്യാലറി പണിയിപ്പിക്കുകയും ചെയ്തു. ചാക്കോള ഗോൾഡ് ട്രോഫി ടൂർണമെന്റ് ഈ ഗ്രൗണ്ടിലാണ് നടത്തിയിരുന്നത്. ഈ ഗ്രൗണ്ടിന്റെ കിഴക്കുവടക്കുഭാഗത്ത് 40 സെന്റ് സ്ഥലത്ത് ഒരു ഇൻഡോർ സ്റ്റേഡിയും കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെയും നാട്ടുപ്രമാണിമാരുടെയും സഹായത്തോടെ 21 ലക്ഷം രൂപാ മുടക്കി പണിയിക്കുകയും ചെയ്തു.

തൃശൂരിലെ ആദ്യത്തെ എംപ്ലോയീസ് ലേഡീസ് ഹോമിന്റെ സ്ഥാപകനും സ്ഥിരം പ്രസിഡണ്ടു കൂടിയായ ജോർജ്ജ് സാഹിത്യസംഘടനയായ തൂലികയുടെ വൈസ് പ്രസിഡണ്ടായും തൃശൂർ അതിരൂപതയുടെ പാസ്റ്ററൽ കൗൺസിൽ അംഗമായും പ്രവർത്തിച്ചുവരുന്നു.


ഫാ. സെബാസ്റ്റ്യൻ അറയ്ക്കൽ 1980-ൽ ആരംഭിച്ച ചേരിപുനരധിവാസ-പുനരുദ്ധാരണ പ്രസ്ഥാനമായ സ്ലം സർവ്വീസ് സെന്ററിന്റെ മുഴുവൻ സമയ പ്രവർത്തകനായി ടി.എൽ. ജോർജ്ജ് ഇപ്പോഴും പ്രവർത്തിക്കുന്നു. ഇപ്പോൾ ആ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടാണ് അദ്ദേഹം. ചേരി നിവാസികളെ മിതവ്യയം ശീലിപ്പിക്കുകയും നിരവധി ആളുകൾക്ക് കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുകയും ചെയ്തു. വിചാര മഞ്ജരി (8ഭാഗങ്ങൾ) പ്രകാശം, നായാട്ടുകഥകൾ എന്നിവയാണ് അദ്ദേഹത്തിന്റെ കൃതികൾ. അദ്ദേഹത്തിന്റെ ചേരി പ്രവർത്തനങ്ങളെ പരിഗണിച്ചുകൊണ്ട് ഡൽഹിയിലെ ഫ്രണ്ട്ഷിപ്പ് ഫോറം ഓഫ് ഇന്ത്യ എന്ന പ്രസ്ഥാനം ഭാരത എക്സലൻഡ് അവാർഡും ഗോൾഡുമെഡലും നൽകി അദ്ദേഹത്തെ ആദരിക്കുകയുണ്ടായി. ഭാര്യ സെലിൻ കുരുകുളങ്ങര പെല്ലിശ്ശേരി അന്തോ

www.malankaralibrary.com

നിയുടെ മകളാണ്.
വിലാസം - ടി.എൽ. ജോർജ്ജ് തേറാട്ടിൽ വീട് - പുത്തോൾ റോഡ് പി.ഒ.
പുത്തോൾ - 680004

# 46

# മൈക്കിൾ കള്ളിവയലിൽ



1943-ൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ കാഞ്ഞിരപ്പള്ളിയിൽ ചേർന്ന വാർഷിക സമ്മേളനത്തിൽ വച്ച് ഒരു ഹെഡ്ഓഫീസ് നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് രൂപീകരിക്കാൻ ഒരു കമ്മറ്റിയെ തിരഞ്ഞെടുത്തു. കമ്മിറ്റിയുടെ നേതൃത്വത്തിൽ കുറെ ഫണ്ട് ശേഖരിക്കുകയും കമ്മിറ്റിയുടെ സ്ഥാനത്ത് ഒരു ട്രസ്റ്റ് രൂപീകരിക്കുകയും ആ ട്രസ്റ്റിന്റെ പേരിൽ കോട്ടയം പട്ടണത്തിൽ രണ്ടേക്കറിലധികം സ്ഥലം വാങ്ങിക്കുകയും ചെയ്തു. പിന്നീടുള്ളകാൽ നൂറ്റാണ്ടു കാലം കേരളാ കാത്തലിക് ട്രസ്റ്റ് പ്രവർത്തനരഹിതമായി കിടന്നുവെന്നു പറയാം. അങ്ങനെയിരിക്കെയാണ് 1971-ൽ കേരളാ കാത്തലിക് ട്രസ്റ്റ് പ്രസിഡണ്ടായി ശ്രീ മൈക്കിൾ കള്ളിവയലിൽ തിരഞ്ഞെടുക്കപ്പെട്ടത്. അതോടെ ട്രസ്റ്റ് പ്രവർത്തനം സജീവമായി. കാര്യമായ ഒരു മൂലധനവുമില്ലാതെ 1975 -ൽ 5 ലക്ഷം രൂപമുടക്കി ഒരു കെട്ടിടം ട്രസ്റ്റ് വകസ്ഥലത്ത് പണിയുവാൻ അദ്ദേഹം ഇറങ്ങി പുറപ്പെട്ടു. അതിന്റെ ശിലാസ്ഥാപനകർമ്മത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽവച്ച് ട്രസ്റ്റ് പ്രസിഡണ്ട് മൈക്കിൾ ട്രഷററെ 20000 രൂപാ ഏല്പിച്ചു. കെട്ടിടം പണിക്കുവേണ്ടി ചിലർ നൽകിയ സംഭാവനയാണെന്നും അദ്ദേഹം പറയുകയും ചെയ്തു. അത് ഒരു ചെറിയ നുണ തന്നെയായിരുന്നു. സ്വന്തം കൈയ്യിൽ നിന്നും കെട്ടിടം പണിക്ക് നൽകിയതായിരുന്നു. അന്ന് 5 ലക്ഷം രൂപ മുടക്കി പണിതകെട്ടിടത്തിലാണ് ട്രസ്റ്റിന്റെയും കാത്തലിക് കോൺഗ്രസ്സിന്റെയും ആഫീസുകൾ പ്രവർത്തിക്കുന്നത്. ട്രസ്റ്റിന് സ്ഥിരമായ ഒരുവരുമാനവും ആ കെട്ടിടത്തിൽ നിന്നും ലഭിക്കുന്ന വാടകയായിരുന്നു. തുടർന്ന് ഏതാനും നാളുകൾക്കു ശേഷം ഇപ്പോഴത്തെ മൂന്നുനില കെട്ടിടം നിരവധി ഷട്ടറുകളോടെ പണിയുകയുണ്ടായി. പ്രതിവർഷം മൂന്നര ലക്ഷംരൂപാ വരുമാനം ഉണ്ടാക്കുന്ന കെട്ടിടങ്ങളാണ് മൈക്കിളിന്റെ നേതൃത്വത്തിൽ പണിതുയർത്തിയത് 24 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം ട്രസ്റ്റ് പ്രസിഡണ്ട് പദത്തിൽ നിന്നും അദ്ദേഹം മാറി. പുതിയ ഭരണസമതി അധികാരമേറ്റെടുത്തു. പിന്നീടുള്ള ട്രസ്റ്റിന്റെ ചരിത്രം ദുഃഖപൂർണ്ണമാണ്. ആകാലഘട്ടത്തിൽ പതിനാലുലക്ഷ

www.malankaralibrary.com

ത്തോളം രൂപാ ട്രസ്റ്റിൽ നിന്നും അപ്രത്യക്ഷമായി. ശ്രീ. മൈക്കിൾ പ്രസിഡണ്ടായിരുന്നകാലത്ത് എല്ലാം ഭദ്രമായിരുന്നു. അദ്ദേഹത്തിന്റെ നിരന്തരമായ പ്രവർത്തനങ്ങളും ഓഫീസ് കാര്യങ്ങളിലുള്ള നിയന്ത്രണവും കുറ്റമറ്റതായിരുന്നു. ട്രസ്റ്റിന്റെ സ്വത്ത് കൈകാര്യം ചെയ്യുന്നതിൽ അദ്ദേഹം തികഞ്ഞ ആത്മാർത്ഥത കാണിച്ചിരുന്നു. ഈ സന്ദർഭത്തിലാണ് 2003-മെയിൽ ട്രസ്റ്റിന്റെ വാർഷിക പൊതുയോഗം ചേർന്നത്. ആ പൊതുയോഗത്തിൽ വച്ച് "മൈക്കിളിനെ വിളിക്കൂ ട്രസ്റ്റിനെ രക്ഷിക്കൂ" എന്ന ഉൾവിളി അംഗങ്ങൾക്കുണ്ടായി. അതിന്റെ ഫലമായി വീണ്ടും ട്രസ്റ്റിന്റെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. നഷ്ടപ്പെട്ട തുക തിരികെ ലഭിക്കുന്നതിനുവേണ്ടിയുള്ള നിയമയുദ്ധത്തിലാണ് അദ്ദേഹം.

സത്യസന്ധനും ധർമ്മിഷ്ഠനും ആയ മൈക്കിൾ കള്ളിവയലിൽ പാലാ രൂപതയിലെ വിളക്കുമാടം ഇടവകയിൽ എലിക്കുളം വില്ലേജിൽ 1924 ജൂൺ 16-ന് ജനിച്ചു. പ്രമുഖ തോട്ടം ഉടമയായിരുന്ന കൊണ്ടുപറമ്പിൽ പാപ്പൻ എന്നറിയപ്പെട്ടിരുന്ന കെ.സി. അബ്രാഹം കള്ളിവയലിന്റെ ഇളയമകനാണ് മൈക്കിൾ. കേരളത്തിലെ കിഴക്കൻ മലയോരങ്ങളെ കനകംവിളയിക്കുന്ന ഗ്രാമങ്ങളാക്കിമാറ്റിയെടുത്തതിലും ഹൈറേഞ്ചിൽ ടൂറിസത്തിന്റെ വികസനത്തിന് തുടക്കം കുറിച്ചതിലും നിർണ്ണായകമായ പങ്കുവഹിച്ച കൊണ്ടുപറമ്പിൽ പാപ്പൻ അതിസാഹസികനായ ഒരു കർഷക പ്രമുഖനുമായിരുന്നു.

വിളക്കുമാടം പള്ളി വക സ്കൂളിലായിരുന്നു 7-ാം ക്ലസ്സ് വരെ പഠിച്ചത്. തുടർന്ന് മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്കൂളിലും നാഗർകോവിലിനുസമീപമുള്ള കോട്ടാർ ഐറീഷ് വൈദികർ നടത്തിയിരുന്ന ഹൈസ്കൂളിലും പഠിച്ച് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് ബോംബെയിലെ സെന്റ് സേവിയേഴ്സ് കോളേജിൽ നിന്നും ബി.എ. ബിരുദം നേടി. അതേ വർഷംതന്നെ അദ്ദേഹം കുരുവിനാക്കുന്നേൽ കുടുംബാംഗമായ മറിയമ്മയെ വിവാഹം ചെയ്തു. അക്കൊല്ലം തന്നെ തോട്ടം വ്യവസായത്തിൽ ഏർപ്പെടുകയും ചെയ്തു. മാരുതി എസ്റ്റേറ്റിൽ റബ്ബറും, പുല്ലുപാറ എസ്റ്റേറ്റിൽ തേയിലയും കൃഷി ചെയ്തു. 1952-ൽ മേക്കുന്നം എസ്റ്റേറ്റ് വിലക്കുവാങ്ങി. അവിടെ തേയിലയും കാപ്പിയും ഏലവും കൃഷിചെയ്തു. 1957-ൽ ജെ.ജെ. മർഫിയിൽ നിന്ന് ഏന്തയാർ എസ്റ്റേറ്റ് വാങ്ങിയ സ്ഥാപനത്തിൽ പങ്കാളിയായി.

1958-ൽ ശ്രീ. മൈക്കിൾ അബ്രാഹം മുണ്ടക്കയത്തെ പൈൻഗാനിയിലുള്ള ഗ്ലെൻറോക്ക് ടീ ഫാക്ടറി വിലക്കു വാങ്ങി. പുല്ലുപാറ, മേക്കുന്നം തോട്ടങ്ങളിലെ തേയില കൊളുന്തുകൾ പാകപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നു അത്. അതോടൊപ്പം തന്നെ ഉടുമ്പൻചോല താലൂക്കിലുള്ള കമ്പംമേട്ട് എസ്റ്റേറ്റ് വിലക്കു വാങ്ങി. അവിടെ തേയിലയും കാപ്പിയും കൃഷി ചെയ്തു. 1959-ൽ അദ്ദേഹം കോട്ടയത്തുള്ള മോട്ടാർ ട്രാൻസ്പോർട്ട് കമ്പിനിവിലക്കുവാങ്ങി. തോട്ടം ഉല്പന്നങ്ങൾ നീക്കം ചെയ്യുന്നതിന് ബ്രിട്ടീഷ്കാർ

www.malankaralibrary.com

ആരംഭിച്ച ഒരു കമ്പനിയായിരുന്നു അത്. 1904-ൽ സ്ഥാപിക്കപ്പെട്ടതും തിരുവിതാംകൂർ രാജ്യത്ത് ആദ്യം ഉണ്ടായതുമായ ഒരു ലിമിറ്റഡ് കമ്പനിയായിരുന്നു അത്. ആ കമ്പനിക്ക് കോട്ടയം, പാലാ, മുണ്ടക്കയം, പീരുമേട് എന്നിവിടങ്ങളിൽ വർക്ക്ഷോപ്പും സ്പെയർപാർട്ട്സ് കടയും പെട്രോൾ പമ്പും ഡീസൽ പമ്പും ഉണ്ടായിരുന്നു.

1960 മുതൽ പത്തുകൊല്ലത്തേക്ക് ശ്രീ മൈക്കിൾ എബ്രാഹം പെരുവന്താനം പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഒരംഗമായിരുന്നു. രണ്ടുതവണ പെരുവന്താനം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെയും ബാങ്കിന്റെയും പ്രസിഡന്റും ആയിരുന്നു.

1962-ൽ, കുട്ടിക്കാനത്തുള്ള ഹോട്ടൽ ഇന്റർ നാഷണൽ വിലക്കുവാങ്ങി. ഈ സ്ഥാപനം തിരുവിതാംകൂറിലെ റീജന്റ് മഹാറാണിയുടെ വേനൽക്കാല വസതിയായിരുന്നു

1977-ൽ പൈകയിലെ ഹെവിക്രംബ് പ്രൈവറ്റ് ലിമിറ്റഡ് വാങ്ങി. അത് ഇൻഡ്യയിലെ ആദ്യത്തെ ബ്ലോക്ക് റബ്ബർ പ്രോസസിംഗ് ഫാക്ടറി ആയിരുന്നു. 1988-ൽ മാരുതി എസ്റ്റേറ്റ് വിറ്റു. 1989-ൽ ടാസ്ഹിൽ കാർഡ് മാസ് പ്രൈവറ്റ് ലിമിറ്റഡ് വാങ്ങി. ഉടുമ്പൻചോല താലൂക്കിലെ ആന വിലാസം എന്ന സ്ഥലത്താണ് ആ എസ്റ്റേറ്റ്.

ശ്രീമാൻ മൈക്കിൾ കള്ളിവയലിൽ വളരെക്കാലത്തേയ്ക്ക് മുണ്ടക്കയം പ്ലാന്റേഴ്സ് അസ്സോസിയേഷന്റെ പ്രസിഡന്റായിരുന്നു. 1976 മുതൽ 1978 വരെ മുണ്ടക്കയം ക്ലബ്ബിന്റെ പ്രസിഡന്റ് ആയിരുന്നു. മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രി സ്ഥാപിച്ച കോർ ഗ്രൂപ്പിൽ അദ്ദേഹം അംഗമായിരുന്നു. ദീർഘകാലം അതിന്റെ സെക്രട്ടറിയുമായിരുന്നു.

1958-72 കാലത്തും പിന്നീട് 1984-90 കാലത്തും ശ്രീ. മൈക്കിൾ റബ്ബർ ബോർഡ് മെമ്പർ ആയിരുന്നു, 1984 മുതൽ 90 വരെ അതിന്റെ വൈസ് ചെയർമാനും. 1959 മുതൽ 84 വരെ കോട്ടയം ജില്ലാ അമച്വർ അത്‌ലെറ്റിക് അസ്സോസിയേഷന്റെ പ്രസിഡന്റ് ആയിരുന്നു. 1971 മുതൽ കേരള കാത്തലിക് ട്രസ്റ്റിന്റെ ചെയർമാനാണ്. 1959 മുതൽ പീരുമേട് വന്യജീവിസംരക്ഷണ സമിതിയുടെ അംഗമാണ്. 1975 മുതൽ 1985 വരെ അതിന്റെ പ്രസഡന്റ് ആയിരുന്നു. കുട്ടിക്കാനത്തെ മരിയൻ കോളജിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗമാണ്.

എന്തായാറിലുള്ള ജെ.ജെ. മർഫി മെമ്മോറിയൽ ഹയർ സെക്കണ്ടറിയ സ്കൂളിന്റെയും ജെ.ജെ. മർഫി മെമ്മോളിയൽ പബ്ലിക് സ്കൂളിന്റെയും മാനേജരാണ്. മുണ്ടക്കയം ഈസ്റ്റിലെ കള്ളിവയലിൽ പപ്പൻ മെമ്മോറിയൽ പബ്ലിക്ക് സ്കൂളിന്റെ മാനേജരുമാണ്.

കുട്ടിക്കാനത്തെ സെന്റ് പയസ് X കോൺവെന്റിനും സ്കൂളിനും കുട്ടിക്കാനത്തെ മരിയൻ കോളജിനും ഏന്തയാറിലെ സേവനാലയത്തിനും (ഈ സേവനാലയം വൃദ്ധജനങ്ങളുടെ അഭയ കേന്ദ്രമാണ് സ്നേഹഗിരി സഹോ

www.malankaralibrary.com


ദരിമാർ അതു നടത്തുന്നു.) സ്ഥലം നൽകി. ഏന്തയാർ, തെക്കേമല, മുറിഞ്ഞപുഴ, പെരുവന്താനം എന്നീ സ്ഥലങ്ങളിൽ പള്ളികൾക്കായി സ്ഥലം നൽകി. ഉടുമ്പൻചോല താലൂക്കിലെ കമ്പംമേട്ടിൽ പള്ളി, മഠം, സ്കൂൾ, ആസ്പത്രി എന്നിവയ്ക്കും സ്ഥലം നൽകിയിട്ടുണ്ട്.

മൈക്കിൾ ഇന്ന് സജീവപ്രവർത്തനരംഗത്തു നിന്നും വിരമിച്ചിരിക്കുന്നു. ബിസിനസ്സ് കാര്യങ്ങളെല്ലാം നോക്കി നടത്തുന്നത് ഏകമകൻ ജോസഫ് ആണ്. എങ്കിലും സമുദായസ്നേഹിയായ മൈക്കിൾ കേരളാ കാത്തലിക് ട്രസ്റ്റിന്റെ പ്രസിഡന്റ് സ്ഥാനം വഹിക്കുന്നു ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ ശരിയായി ക്രമീകരിക്കുവാൻ മൈക്കളിന് സാധിക്കുമെന്ന പ്രതീക്ഷയിൽ.

വിലാസം - ശ്രീ. മൈക്കിൾ കള്ളിവയലിൽ, കുട്ടിക്കാനം പി.ഒ., പീരുമേട്.

# 47

# ഒ.പി. ജോസഫ്



സാഹിത്യസാംസ്കാരിക സാമൂഹ്യരംഗങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ഒ.പി. ജോസഫ് ആലുവായിൽ ഊരകത്ത് കുടുംബത്തിൽ കുഞ്ഞുപൈലോ-മറിയം ദമ്പതികളുടെ മകനായി 1924 ഡിസംബർ 20-ന് ജനിച്ചു.

ആലുവാ അദ്വൈതാശ്രമസംസ്കൃത പാഠശാലയിൽ നിന്നും ശാസ്ത്രപരീക്ഷപാസായതിനുശേഷം ഹൈസ്കൂൾ പഠനം ആലുവായിൽ തന്നെ നടത്തി. ആലുവാ യു.സി. കോളേജിൽ നിന്നും ബി.എ. ഡിഗ്രി കരസ്ഥമാക്കി. കോളേജുവിദ്യാഭ്യാസകാലത്ത് സി.പി.യുടെ പോലീസ് നടത്തിയ അതിക്രൂരമായ മർദ്ദനത്തിന് ജോസഫ് വിധേയനായി. സെന്റ് ആൽബർട്സ് കോളേജിൽ ചെയർമാൻ സ്ഥാനവും വഹിച്ചു. സെന്റ് ആൽബർട്സ് കോളേജിലെ സഹവിദ്യാർത്ഥികളായിരുന്നു വർക്കല രാധാകൃഷ്ണനനും നിത്യചൈതന്യയതിയും. കൽക്കത്തായൂണിവേഴ്സിററിയിൽ നിന്നും ബി.കോം., എൽ.എൽ.ബി. പരീക്ഷകൾ പാസ്സായി. തുടർന്ന് മാർക്കററിംഗ് പബ്ലിസിററി, ഇൻഡസ്ട്രിയിൽ എഡിററിങ്ങ്, പബ്ലിക് റിലേഷൻസ് എന്നിവയിൽ ഡിപ്ലോമ കരസ്ഥമാക്കി.

കൽക്കത്തയിലെ ജെ. വാൾട്ടർ തോംസൺ എന്ന അമേരിക്കൻ കമ്പനിയിൽ, അഡ്വർടൈസിങ്ങിൽ മൂന്നുകൊല്ലം ജോലി ചെയ്തു. അതിനുശേഷം ബോംബെയിലെത്തി, ഇൻഡ്യ ഗവൺമെന്റിന്റെ കയർബോർഡിൽ എക്സിബിഷൻ അസിസ്റ്റന്റായിച്ചേർന്നു.

www.malankaralibrary.com

1957-ൽ കേരളത്തിൽ മടങ്ങിയെത്തി. എക്സ്പ്രസ്സ് പത്രത്തിന്റെ (മലയാളം) ദിനപ്പത്രത്തിൽ പത്രാധിപസമിതിയിൽ ജോലി നോക്കി. 1959-ൽ കലാമണ്ഡലം കൃഷ്ണൻനായരുടെ കഥകളി ട്രൂപ്പിന്റെ മാനേജരായി പ്രവർത്തിച്ചു. ഇൻഡ്യയൊട്ടാകെ സഞ്ചരിക്കുന്നതിന് ഈ അവസരം സഹായിച്ചു.

1960-ൽ ഫാക്ടിൽ പബ്ലിക് റിലേഷൻസ് മാനേജരായി നിയമിതനായി. 25 വർഷക്കാലം ആ ജോലി ഭംഗിയായി നിർവ്വഹിച്ചു. റിട്ടയർ ചെയ്തശേഷം ഏരീസ് അഡ്വർടൈസിംഗ് കമ്പനിയുടെ റീജണൽ ഡയറക്ടറായി കൊച്ചിയിൽ സേവനമനുഷ്ഠിച്ചു. വിവിധ സാഹിത്യസംഘടനകളിൽ ഉന്നതമായ സ്ഥാനം വഹിക്കുന്നതിന് ഒ.പി. ജോസഫിന് സാധിച്ചു.

സമസ്തകേരള സാഹിത്യപരിഷത്തിന്റെ ജനറൽ സെക്രട്ടറി (1975) വൈസ് പ്രസിഡണ്ട് (1994) കേരള സംഗീതനാടക അക്കാദമി ജനറൽ കൗൺസിൽ അംഗം (1978) കേരള സാഹിത്യഅക്കാദമി എക്സിക്യൂട്ടീവ് അംഗം (1991-1994) എന്നീ നിലകളിലും അദ്ദേഹം സ്തുത്യർഹമായ സേവനം കാഴ്ചവച്ചു.

പബ്ലിക് റിലേഷൻസ് സൊസൈററി ഓഫ് ഇന്ത്യയുടെ സ്ഥാപകാംഗങ്ങളിൽ ഒരാളാണ് ഒ.പി. ജോസഫ്. 1984-ൽ അദ്ദേഹം പ്രസ്തുത സ്ഥാപനത്തിന്റെ നാഷണൽ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.

തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലും ആസ്ത്രേലിയായിലും അദ്ദേഹം പര്യടനം നടത്തിയിട്ടുണ്ട്. ജോസഫിന്റെ സാഹിത്യ കലാ സാംസ്കാരിക രംഗങ്ങളിലെ പ്രശസ്തസേവനം കണക്കിലെടുത്ത് പല അവാർഡുകളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. കേരള സാഹിത്യഅക്കാദമി അവാർഡ് (1993) ഫിലിം ക്രിട്ടിക്സ് അവാർഡ് (1994) അക്ഷയപുസ്തകനിധി അവാർഡ് (1993) കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ അവാർഡ് (1998) പി.എ. സെയ്തുമുഹമ്മദ് അവാർഡ് (2003) എന്നിവയാണ് അദ്ദേഹത്തിന് ലഭിച്ച പ്രധാന അവാർഡുകൾ.

1986-മുതൽ കേരളപ്രസ്സ് അക്കാഡമിയുടെ ഫാക്കൽററി അംഗമായി പ്രവർത്തിച്ചുവരുന്ന ജോസഫിന് സ്വാതന്ത്ര്യസമരസേനാനികൾക്കുള്ള താമ്രപത്രം 1972 ആഗസ്റ്റ് 15-ാം തീയതി പ്രധാനമന്ത്രി ശ്രീമതി. ഇന്ദിരാഗാന്ധിയിൽ നിന്നും ലഭിക്കുകയുണ്ടായി.

കഴിഞ്ഞ 31 വർഷമായി ലയൺസ്ക്ലബ് ഇന്റർനാഷണലിന്റെ അംഗമായി പ്രവർത്തിക്കുന്നു. ഈ വർഷം ലയൺസ് ഡിസ്ട്രിക്ട് 324 E-4 ന്റെ ക്യാബിനററ് അഡ്വൈസർ കൂടിയാണ്.

മൗലികങ്ങളും വിവർത്തനങ്ങളുമായി 23 പുസ്തകങ്ങൾ ജോസഫ് രചിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.

മിസ്സ് ചെറിയാന്റെ മരണം, ഓർമ്മകളുടെ രാജപഥവും ജനപഥവും, കാട്ടുപൂക്കൾ, കുറെയധികം വേദനകളും കൂടെ കുറെ സത്യങ്ങ

www.malankaralibrary.com

ളും, ജീവിതാഹ്ലാദത്തിന്റെ നിറനിലാവ്, ഐസോൾ കുന്നുകളിൽ വിരിഞ്ഞ മഞ്ഞ റോസപ്പൂവ്, ഫ്രാങ്ക് സിനാട്ര പാടിക്കൊണ്ടിരിക്കുന്നു, ചാറ്റർലി പ്രഭ്വിയുടെ കാമുകൻ, ഗെഞ്ചിയുടെ കഥ, ഇലിയഡ്, വിശപ്പ്, ജീൻ ക്രിസ്റ്റോഫ്, ഇടുങ്ങിയ വാതിൽ, ചോരയും കല്ലുകളും, സ്വാതന്ത്ര്യത്തിന്റെ ചേരിയിൽ (രണ്ടു ഭാഗങ്ങൾ) ഞാൻ കണ്ട ചൈന, കൊസ്സാക്കുകൾ, ജീവിത സഹാറ, സാത് ഹിന്ദുസ്താനി, സ്വാതന്ത്ര്യത്തിന്റെ കൂടുകൾ, മാനദണ്ഡം മനുഷ്യൻ.

ആദ്യത്തെ കഥ 14-ാമത്തെ വയസ്സിൽ മഞ്ഞുമ്മേൽ നിന്നും തിരുഹൃദയമാസികയിൽ പ്രസിദ്ധീകരിച്ചു. പിന്നീട് ചെറുപുഷ്പത്തിലും.


ചെറുപ്പം മുതലേ മതപരമായ കാര്യങ്ങളിൽ ശ്രദ്ധചെലുത്തിയിരുന്ന ജോസഫ് അൾത്താരബാലനായി ബാല്യത്തിൽ പ്രവർത്തിച്ചിരുന്നു.

പൊയ്യയിലെ മാഞ്ഞൂരാൻ കുടുംബാംഗമായ കാതറൈൻ ആണ് ജോസഫിന്റെ ഭാര്യ.

വിലാസം - ഒ.പി. ജോസഫ്, സിറിയൻ ചർച്ച് റോഡ്, ആലുവാ 683101

# 48

# ഫാ. ജോർജ് കണ്ടത്തിൽ എസ്സ്. ജെ.



കേരള ക്രൈസ്തവ സഭയ്ക്ക് വൈദിക മേലദ്ധ്യക്ഷനടക്കം നിരവധി പ്രമുഖ വൈദികരേയും കന്യാസ്ത്രീകളേയും അൽമായ പ്രമുഖരേയും സംഭാവന ചെയ്തിട്ടുള്ള എറണാകുളം അതിരൂപതയിലെ ചെമ്പ് ഇടവകയിലെ കണ്ടത്തിൽ ജേക്കബ്ബ്-എലിസബത്ത് ദമ്പതികളുടെ പുത്രനായി 1924 ഡിസംബർ 24-ാം തിയതി ഫാ. ജോർജ് കണ്ടത്തിൽ എസ്സ്.ജെ ജനിച്ചു. ചെമ്പ് സെന്റ് തോമസ് സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസവും കടുത്തുരുത്തി സെന്റ് മൈക്കിൾസ് സ്കൂളിൽ സെക്കന്ററി വിദ്യാഭ്യാസവും നിർവ്വഹിച്ചു. ചങ്ങനാശ്ശേരി സെന്റ് ബെർക്ക്മാൻസ് കോളേജിലും തിരുച്ചിറപ്പള്ളി സെന്റ് ജോസഫ്കോളേജിലും പഠിച്ച് ഡിഗ്രി എടുത്തു.

ഒരു സന്യാസ വൈദികനാകണമെന്ന ആഗ്രഹം ചെറുപ്പം മുതൽ അദ്ദേഹത്തിൽ വളർന്നു വന്നു. 1941 നവംബർ 13-ാം തീയതി ഈശോ സഭയിൽ ചേർന്നു. കൊടൈക്കനാലിലെ ഷെമ്പഗന്നൂരിൽ തത്വശാസ്ത്രവും പൂനായിലെ ഡിനോബിലി കോളേജിൽ ദൈവശാസ്ത്രവും പഠിച്ചു. 1954 മാർച്ച് 24-ന് പൗരോഹിത്യ സ്വീകരണവും 1959 ഫെബ്രുവരി 2-ാം തീയതി നിത്യവ്രത വാഗ്ദാനവും നടത്തി. പുനരൈക്യപ്പെട്ട സീറോ-മലങ്കര സഭയിലെ വൈദികർക്ക് ദൈവശാസ്ത്ര പഠനത്തിൽ സഹായിയായി ബഹു. കണ്ടത്തി

www.malankaralibrary.com

ലച്ചൻ നിയമിക്കപ്പെട്ടു. തിരുവനന്തപുരത്തെ മെത്രാപ്പോലീത്തൻ പള്ളിയിൽ ആയിരുന്നു ജോലി. തുടർന്ന് ആലപ്പുഴയിലെ സേക്രട്ട് ഹാർട്ട് സെമിനാരി യിൽ അദ്ധ്യാത്മികോപദേഷ്ടാവായും ഈശോസഭാ നവസന്യാസികളുടെ അസിസ്റ്റന്റ് ഡയറക്ടറായും നിയമിതനായി. ഡിൻഡിഗലിലെ ബെസ്കി യിലെത്തി ആ ജോലി ഏറ്റെടുത്തു.

1960-ൽ തിരുവനന്തപുരം മലങ്കര രൂപതയിലേക്ക് പ്രവർത്തനത്തി നായി കണ്ടത്തിലച്ചനെ നിയോഗിച്ചു. ഉണ്ടന്നൂർ ഇടവക വികാരിയായി നിയ മിതനായത് കണ്ടത്തിലച്ചന്റെ വൈദിക ശുശ്രൂഷയിൽ ഒരു വഴിത്തിരിവിന് നിമിത്തമായി. പത്ത് വർഷത്തോളം ഉണ്ടന്നൂരെ ക്രൈസ്ത സമൂഹത്തിന് ഉറപ്പും ഉന്മേഷവും വിശ്വാസ ദാർഢ്യവും സ്വജീവിതമാതൃകയിലൂടെയും കർമ്മധീരതയിലൂടെയും പകർന്ന് കൊടുത്തു. അവിടെ നിന്നും ഉപരിപഠന ത്തിനായി അമേരിക്കയിലെ കാലിഫോർണിയായിലേക്ക് യാത്രയായി.


പാസ്റ്ററൽ കൗൺസിലിംഗിൽ Transactional Analysis എന്ന നൂതന മന ശാസ്ത്ര ശാഖയിൽ ഉന്നത ബിരുദം (TM) നേടി. 1973-ൽ കണ്ടത്തിലച്ചൻ കേരളത്തിൽ തിരിച്ചെത്തി. ഒട്ടും താമസിയാതെ അദ്ദേഹം കളമശ്ശേരിയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കൗൺസിലിംഗ് ആൻഡ് ട്രാൻസാക്ഷണൽ എന്ന സ്ഥാപ നത്തിന് (ICTA) തുടക്കം കുറിച്ചു. കളമശ്ശേരിയിലേക്ക് താമസവും മാറ്റി. ഇന്ന് ഇൻഡ്യയിലും അമേരിക്കൻ ഐക്യ നാടുകളിലും യൂറോപ്പിലും അറി യപ്പെടുന്ന സ്ഥാപനമാണ് കളമശ്ശേരിയിലെ ശാന്തി ഗ്രാം. ICTA യുടെ പരി ശീലന കേന്ദ്രം. മനശാസ്ത്ര രംഗത്ത് ഐ.സി.റ്റി.എയിലൂടെ അറിയപ്പെടുന്ന ഗുരുവും കൗൺസിലറുമാണ് കണ്ടത്തിലച്ചൻ. 85-ാം വയസ്സിലും ആരോഗ്യ വാനായി, സ്വതന്ത്രനായി, അഗാധമായ അത്മീയതയുടെ പര്യായമായി യുവ ത്വത്തിന്റെ ചുറുചുറുക്കോടെ ലളിതവും നിർമ്മലവും സുതാര്യവുമായ ജീവിത ശൈലിയുമായി കണ്ടത്തിലച്ചൻ സജീവ പ്രവർത്തനം നടത്തുന്നു. തിരുവനന്തപുരത്തും ചേർത്തലയിലും തൃശ്ശൂരും കോയമ്പത്തൂരും ചെന്നെ യിലും ദുബായിലും ഹൈദരാബാദിലും കൊൽക്കത്തയിലും നൂറുകണക്കിന് യുവജനങ്ങളെ (വിവിധ തൊഴിൽ മേഖലകളിലും പദവികളിലും കഴിയുന്ന വരെ) ട്രാൻസാക്ഷണൽ അനാലിസിസ് പഠിപ്പിച്ചും ഗവേഷണങ്ങൾക്ക് നേതൃത്വം നൽകിയും ഈശോ സഭാംഗമായ ബഹു. കണ്ടത്തിലച്ചൻ ആയി രങ്ങളുടെ മനസ്സിൽ ഇന്നും നിറഞ്ഞു നിൽക്കുന്നു. "നീയും ഞാനും" എന്ന ICTA പ്രസിദ്ധീകരണത്തിലൂടെ ഏവർക്കും സമീപസ്ഥനാണദ്ദേഹം.

വിലാസം - ഫാ. ജോർജ് കണ്ടത്തിൽ എസ്സ്. ജെ,
ഐ.സി.റ്റി.എ,
കളമശ്ശേരി

www.malankaralibrary.com

# 49

# മോൺ മാത്യു വെള്ളാങ്കൽ



ദൈവശാസ്ത്രജ്ഞൻ, ഗവേഷകൻ, ബഹുഭാഷാ പണ്ഡിതൻ, പ്രഭാഷകൻ, ധ്യാനഗുരു, സാമൂഹ്യപ്രവർത്തകൻ, അൽമായമിത്രം എന്നിങ്ങനെ വിവിധനിലകളിൽ പ്രകീർത്തിതനാണ് മോൺ മാത്യു വെള്ളാങ്കൽ. അദ്ദേഹത്തെ ഒരു ബഹുമുഖ പ്രതിഭയെന്ന് വിശേഷിപ്പിക്കാം. കഠിനാദ്ധ്വാനവും സേവനതൽപരതയും അദ്ദേഹത്തിന്റെ ജീവിതത്തെ ധന്യമാക്കി.

മോൺമാത്യുവെള്ളാങ്കൽ 1925 ജനുവരി 15-ന് ആയവന ഇടവകയിൽ (ഇപ്പോൾ രണ്ടാർ) ഔസേപ്പ് അന്ന ദമ്പതികളുടെ മൂന്നാമത്തെ മകനായി ജനിച്ചു. ശൈശവ-ബാല്യ-കൗമാരഘട്ടങ്ങളിൽ മത്തായി എന്ന് വിളിക്കപ്പെട്ടു. കളരി വിദ്യഭ്യാസത്തിനുശേഷം ആയവന, വടകര, വാഴക്കുളം സ്കൂളുകളിൽ പഠിച്ച് ഇ.എസ്സ്.എൽ.സി. പാസ്സായി. വിദ്യാഭ്യാസകാലത്ത് സ്പോർട്ട്സിലും ഗെയിംസിലും അതീവതല്പരനായിരുന്നു. ഹൈജംപിലും പോൾവാട്ടിലും നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. വിൻസ്റ്റൻ്റ് ചർച്ചലിന്റെ പ്രസംഗം മനഃപാഠമാക്കി സ്കൂൾ വാർഷികപരിപാടിയിൽ ഡിക്ലറേഷൻ ആയി അവതരിപ്പിച്ചത് എല്ലാവരുടെയും അഭിനന്ദനത്തിന് വിധേയമായി. പഠനത്തിൽ എന്നും മുതിർന്ന സ്ഥാനം ലഭിച്ചിരുന്നു.

ഒരു മിഷനറി വൈദീകനാകാൻ ചെറുപ്പം മുതൽ ആഗ്രഹം പ്രകടിപ്പിച്ചിരുന്ന മത്തായിയെ വീട്ടുകാർ അതിൽ നിന്ന് പിന്തിരിപ്പിച്ചു. എറണാകുളം മൈനർ സെമിനാരിയിൽ ചേരാനാണ് പിന്നീട് ഒരുങ്ങിയത്. ഒരു വർഷം വീട്ടിൽ നിൽക്കേണ്ടതായി വന്നു. ആ ഒരു വർഷക്കാലം അദ്ധ്വാനത്തിന്റെ കാലഘട്ടമായിരുന്നു. ഒരു ഇടത്തരം കർഷകകുടുംബത്തിലെ അംഗമായ അദ്ദേഹം എല്ലാവിധ കാർഷികജോലികളിലും ഏർപ്പെട്ടു. അന്നത്തെ അദ്ധ്വാനജീവിതം, അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ കഷ്ടപ്പാടുകളുടെ വിത്തുകൾ അദ്ദേഹത്തിൽ വിതച്ചു. ഒരു വർഷത്തെ കാത്തിരിപ്പിനുശേഷം എറണാകുളത്ത് മൈനർ സെമിനാരിയിൽ പ്രവേശനം ലഭിച്ചു. 1946-ൽ ഉപരിപഠനത്തിന് മംഗലപ്പുഴ സെമിനാരിയിൽ ചേർന്നു. അതേവർഷം ജൂലൈ 16-ന് സഭാവസ്ത്രം സ്വീകരിച്ചു. സെമിനാരിയിലെ എസ്സ്.എച്ച്. ലീഗും, പ്രേഷിത കേരളവും യൗവനത്തിന്റെ ബഹുമുഖ സിദ്ധികളെ വികസിപ്പിച്ചു. പ്രീഫെക്ട്, സെരിമണിമാസ്റ്റർ, സാഹിത്യസമാജം സെക്രട്ടറി, ഗായകസംഘാംഗം, പ്രേഷിതകേരളം എഡിററർ എന്നിങ്ങനെ വിവിധ ജോലികൾ സെമിനാരി ജീവിതകാലത്ത് നിർവ്വഹിച്ചു. എല്ലാ വിദ്യാലയങ്ങളിലും ബ്രദർ മാത്യു ഒന്നാമനായിരുന്നു. 1952 ഡിസംബർ 21-ാം

www.malankaralibrary.com

തീയതി മംഗലപ്പുഴ സെമിനാരിയിൽവച്ച് മാർ മാത്യു കാവുകാട്ടിൽ നിന്ന് പൗരോഹിത്യം സ്വീകരിക്കുകയും 23-ാം തീയതി പ്രഥമദിവ്യകാരുണ്യ ബലിയർപ്പിക്കുകയും ചെയ്തു. മോൺ വെള്ളാങ്കൽ തന്റെ ആത്മകഥയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "സെമിനാരി ജീവിതത്തിൽ ആദ്ധ്യാത്മികതയിൽ വളരാൻ ഏറെ സഹായിച്ചത് പുണ്യശ്ലോകരായ ഔറേലിയസ്, സഖറിയാസച്ചന്മാരുടെ അതിവിശുദ്ധമായ ജീവിതമാതൃകയായിരുന്നു. തലമുറകളെ അവർ ഉദ്ബുദ്ധരും തീഷ്ണതയുള്ള പ്രേഷിതരുമാക്കിത്തീർത്തു."

പറവൂർ കൊട്ടേക്കാവുപള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യനിയമനം. തൊഴിലാളികളും പാവപ്പെട്ടവരും ധാരാളം ഉള്ള സ്ഥലമായിരുന്നു കൊട്ടേക്കാവ് ഇടവക. തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ പള്ളിയിൽ നിന്നും മൂലധനം മുടക്കി ഏതാനും പദ്ധതികൾ ആസൂത്രണം ചെയ്തു. ചകരിശേഖരം ചെളിക്കുഴിയിലാഴ്ത്തി ചീയിച്ച് തല്ലി ചകരിനാരാക്കി വിൽക്കുന്നതായിരുന്നു ഒരു പദ്ധതി. മറ്റൊന്ന് വെള്ളിപ്പണിയായിരുന്നു. തൊഴിലാളി സമൂഹത്തിന് നൽകപ്പെട്ട വെള്ളിക്കട്ടികൾ അദ്ധ്വാനത്തിലൂടെ ആഭരണങ്ങളായി രൂപാന്തരപ്പെടുത്തുക. ഈ രണ്ടുരംഗത്തു കൂടി തൊഴിലാളിക്ക് മെച്ചപ്പെട്ട കൂലി ലഭിക്കുമായിരുന്നു. ഫാ. മാത്യുവിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ ഇടവക സമൂഹം സംതൃപ്തരായിരുന്നു. ഇടവകയിലെ ബാലികാബാലന്മാരുടെ കലാവാസനകളെയും ഭക്തിചൈതന്യത്തെയും പ്രോത്സാഹിപ്പിക്കുവാൻ ശ്രമിച്ചു. പ്രമുഖ നാടകകർത്താവായ ശ്രീ. പറവൂർ ജോർജ്ജ് 12-ാം വയസ്സിൽ കഥകൾ എഴുതുകയും കഥാപ്രസംഗങ്ങൾ നടത്തുകയും ചെയ്തിരുന്നു. പറവൂർ ജോർജ്ജ് പിൽക്കാലത്ത് എന്നെ ഞാനാക്കിയത് വെള്ളാങ്കലച്ചനാണെന്ന് പറയുമായിരുന്നു.

1954 ഒക്ടോബറിൽ പുറപ്പുഴപള്ളിയുടെ വികാരിയായി നിയമിച്ചു. പുറപ്പുഴപള്ളി പണിയുവാൻ തുടക്കം കുറിച്ചപ്പോഴാണ് ആ നിയമനം. ജനങ്ങളുടെ പൂർണ്ണ സഹകരണം തേടി അവരിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ വരെ സംഭാവനയായി സ്വീകരിച്ച് പള്ളി പണി ധൃതഗതിയിലാക്കി. അപ്പോഴാണ് റോമിൽ പഠിക്കാനുള്ള അനുവാദം അദ്ദേഹത്തിന് ലഭിച്ചത്. പള്ളിപണി ഒന്നു രണ്ടു മാസംകൊണ്ട് പൂർത്തിയാക്കി അദ്ദേഹം അവിടെ നിന്നും പിരിഞ്ഞു.

1957 സെപ്ററംബർ 26-ാം തീയതി ഒരു സിഡ്നികപ്പലിൽ കൊച്ചിയിൽ നിന്നും റോമിലേക്കു പുറപ്പെട്ട അദ്ദേഹം 14-ാം ദിവസം നേപ്പൾസിൽ എത്തി. അവിടെനിന്നും ഏതാനും മണിക്കൂറുകൾക്കകം റോമിലും. റോമിലെ വിശ്വവിശ്രുതമായ ഗ്രിഗോറിയൽ സർവ്വകലാശാലയിൽ നിന്നും ഡോക്ടറേററ് എടുത്തു. കേരളത്തിൽ കമ്മ്യൂണിസം വളർന്നതിന്റെ പശ്ചാത്തലം ആസ്പദമാക്കിയാണ് ഡോക്ടറേററിനുള്ള തീസ്സിസ് തയ്യാറാക്കിയത്. റോമിലെ വാസത്തിനിടയിൽ യൂറോപ്യൻ രാജ്യങ്ങൾ പലതും സന്ദർശിച്ചു.

www.malankaralibrary.com

കോതമംഗലം മെത്രാൻ മാർ പോത്തനാംമുഴി തിരുമേനി റോമിൽ ചെന്ന് യൂറോപ്യൻ പര്യടനം നടത്തിയപ്പോൾ ഫാ. വെള്ളാങ്കലിനെയാണ് തന്റെ സെക്രട്ടറിയായി കൊണ്ടുപോയത്. പോത്തനാംമുഴി തിരുമേനിയോടൊപ്പം മാർപ്പാപ്പാ തിരുമേനിയെ നേരിൽക്കണ്ട് ദീർഘനേരം സംസാരിക്കാനും അദ്ദേഹത്തിന് ഭാഗ്യം സിദ്ധിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ളവർ പഠിക്കുന്ന റോമിലെ ഗ്രിഗോറിയൽ സർവ്വകലാശാല ഒരു ഐക്യരാഷ്ട്രസമിതിയുടെ പകർപ്പുതന്നെയാണ്.

നാട്ടിൽ തിരിച്ചെത്തിയ വെള്ളാങ്കലച്ചനെ 1961-ൽ മൂവാററുപുഴ നിർമ്മലാ കോളേജ് പ്രൊഫസറും ഹോസ്റ്റൽ വാർഡനുമായി നിയമിച്ചു. 13 വർഷക്കാലം ആ ജോലി സ്തുത്യർഹമായി നിർവ്വഹിച്ചു. ഈ കാലഘട്ടത്തിലാണ് കത്തോലിക്കാ കോൺഗ്രസ്സ് ബിഷപ്സ് ഡലിഗേററായി കെ.സി.ബി.സി. നിയമിച്ചത്. ഒരു വ്യാഴവട്ടക്കാലത്തിലധികം ആ പദവി വഹിച്ചു. കത്തോലിക്കാ കോൺഗ്രസ്സിന് ഒരു യുവജന വിഭാഗം കെട്ടിപ്പെടുക്കുന്നതിന് അദ്ദേഹം നിർണ്ണായകമായ പങ്കുവഹിച്ചു. എ.കെ.സി.സി.യുടെ പ്രവർത്തകയോഗങ്ങളിൽ പങ്കെടുത്ത് ഒരു പുതിയ പ്രവർത്തനശൈലിക്ക് രൂപം കൊടുത്തു. സംഘടനയുടെ ദൈനംദിനകാര്യങ്ങളിൽ അദ്ദേഹം ഇടപെട്ടിരുന്നില്ല. ചില സന്ദർഭങ്ങളിൽ കോൺഗ്രസ്സിൽ ഉണ്ടായിട്ടുള്ള അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കുന്നതിൽ അദ്ദേഹം അസാമാന്യവൈഭവം പ്രകടിപ്പിച്ചു.

1972-ലെ കോളേജ് വിദ്യാഭ്യാസ പ്രക്ഷോഭണം കേരള ചരിത്രത്തിലെ ഒരു പ്രധാന സംഭവമാണല്ലോ. ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും സ്വകാര്യകോളേജുകളുടെ പ്രവർത്തനസ്വാതന്ത്ര്യം നിലനിർത്തുന്നതിനും വേണ്ടി നടന്ന ആ ജനകീയപ്രക്ഷോഭണത്തിന് പങ്കാളികളാകാൻ രാഷ്ട്രീയകക്ഷികൾ ആദ്യം മടിക്കുകയാണ് ചെയ്തത്. ഗവൺമെന്റിന്റെ നീക്കത്തിനെതിരെ ജനങ്ങളെ അണിനിരത്തുവാൻ വേണ്ടി ആദ്യം ശ്രമിച്ചത് അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സായിരുന്നു. എറണാകുളത്ത് മാസ് ഓഡിറേറാറിയത്തിൽ വിളിച്ചുകൂട്ടിയ മഹാസമ്മേളനം ഉൽഘാടനം ചെയ്തത് മോൺ. വെള്ളാങ്കലായിരുന്നു. ഒരു വലിയ ജനകീയ പ്രക്ഷോഭണത്തിന് ജനങ്ങളെ സജ്ജമാക്കാനുതകുന്ന ഒരു പ്രസംഗമാണ് അദ്ദേഹം നടത്തിയത്. ആവേശപൂർവ്വമായിരുന്നില്ല ആ പ്രസംഗം. എന്നാൽ പ്രസംഗം കഴിഞ്ഞപ്പോൾ ജനങ്ങൾ ആവേശഭരിതരായിത്തീർന്നു എന്നതാണ് സത്യം. ഒരു കാര്യം ജനങ്ങളെ പറഞ്ഞു ബോദ്ധ്യപ്പെടുത്തുന്നതിൽ അദ്ദേഹത്തിനുള്ള കഴിവിൽ എല്ലാവരും അഭിമാനംകൊണ്ടു. സമരരംഗത്ത് വരാൻ മടിച്ചുനിന്ന രാഷ്ട്രീയകക്ഷികളെ സമരത്തിന്റെ മുൻനിരയിലേക്കാനയിക്കാൻ മോൺ. വെള്ളാങ്കലിന് സാധിച്ചു. 1972- കോളേജ് വിദ്യാഭ്യാസ പ്രക്ഷോഭണത്തിന്റെ സൂത്രധാരകർ എ.കെ.സി.സിയും മോൺ. വെള്ളാങ്കലുമായിരുന്നു. അതു പുറത്ത് പറഞ്ഞ് ആരുടെയും കൈയ്യടി വാങ്ങാൻ അദ്ദേഹം ശ്രമിച്ചില്ല.

www.malankaralibrary.com

മോൺസിഞ്ഞോർ വികാരി ജനറാളായിരിക്കുമ്പോഴാണ് ചുരുളി കീരിത്തോട് കുടിയിറക്ക് (1964)നടന്നത്. 7000 ലധികം കുടുംബങ്ങളെ- 15 വർഷമായി കുടിയേറി പാർത്തിരുന്ന കർഷകരെയാണ് കുടിയിറക്കിയത്. ശതകണക്കിന് പോലീസുകാരെക്കൊണ്ട് ഒരു ഇരുമ്പു മറ സൃഷ്ടിച്ചുകൊണ്ടാണ് കുടിയിറക്കു നടത്തിയത്. അവിടുത്തെ കർഷകരെ സഹായിക്കാൻ കോതമംഗലം രൂപതയാണ് മുന്നോട്ടു വന്നത്. 1968-69 കാലത്ത് 3000 കുടുംബങ്ങളെ കുടിയിറക്കാനുള്ള നീക്കത്തെയും എതിർത്ത് പരാജയപ്പെടുത്തുന്നതിന് മോൺ വെള്ളാങ്കലിന്റെ നേതൃത്വം സഹായിച്ചു. മണിയങ്ങാടൻ കമ്മററി റിപ്പോർട്ടിനെപ്പോലും അവഗണിച്ചാണ് കുടിയിറക്ക് നീക്കം നടത്തിയത്.

1974-ൽ ഹൈറേഞ്ചിലുണ്ടായ ഉരുൾപൊട്ടലിന്റെ ഫലമായി ദുരിതമനുഭവിച്ചവരെ സഹായിക്കുവാൻ കർമ്മപദ്ധതി മോൺ തയ്യാറാക്കി. മോൺ വെള്ളാങ്കൽ ഉരുൾപൊട്ടലിനെപ്പററി തന്റെ ആത്മകഥയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഇടുക്കിജില്ലയിൽ ഏകദേശം 400 ചതുരശ്രകിലോമീററർ സ്ഥലത്തുണ്ടായ മേഘപതനങ്ങളും ഉരുൾപൊട്ടലും ജലപ്രളയവും തജ്ജന്യമായ വമ്പിച്ച നാശനഷ്ടങ്ങളും പ്രസ്തുത പ്രദേശത്ത് അണുബോംബ്കൊണ്ട് തകർന്ന ഹിരോഷിമയുടെ പ്രതീതി ഉളവാക്കി. ജലപ്രവാഹങ്ങൾ കോൺക്രീററ് പാലങ്ങൾ തച്ചുടച്ചു. വൻമരങ്ങൾ കടപുഴകി ഫർലോംഗുകൾ ദൂരത്തിൽ എറിഞ്ഞിട്ടു. പ്രപഞ്ചാരംഭംമുതൽ പർവ്വതശിഖരങ്ങളിൽ നിലയുറപ്പിച്ചിരുന്ന വൻപാറകളെ മറിച്ചുരുട്ടി മിനിട്ടുകൾകൊണ്ട് താഴ്വരകളിലും മൈതാനങ്ങളിലും പ്രതിഷ്ഠിച്ചു. നെൽപ്പാടങ്ങളിൽ മണൽക്കൂനകൾ ഉയർത്തി നാണ്യവിളകൾ നിറഞ്ഞ കൃഷി ഭൂമികളെ ആഴത്തിലും പരപ്പിലും പിഴുതുകളഞ്ഞു. 34 മനുഷ്യജീവികളെ മരണത്തിന്റെ തിരികല്ലിൽ അരച്ചു പൊടിച്ചു. 1000 പാർപ്പിടങ്ങളെ പൂർണ്ണമായോ ഭാഗികമായോ തകർത്തു. 900 ഏക്കർ സ്ഥലത്തെ കരക്കൃഷികളും നശിപ്പിച്ചു. 200 കിലോമീററർ റോഡ് ഉപയോഗശൂന്യമായി"

പത്തുകോടിരൂപായുടെ നഷ്ടം സംഭവിച്ചുവെന്നാണ് സർക്കാർ കണക്ക്. വെള്ളാങ്കലച്ചന്റെ മനുഷ്യ സ്നേഹവും സാമൂഹ്യദർശനവും അപ്പോഴാണ് നമുക്ക് ദൃശ്യമായത്. വാനുകളിലും ലോറികളിലുമായി വസ്ത്രങ്ങളും ആഹാരസാധനങ്ങളുമായി മലയോരങ്ങളിലേക്ക് കുതിച്ച വെള്ളാങ്കൽ തന്റെ മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങളിലൂടെ സർക്കാരിന്റെ കുററകരമായ അനാസ്ഥയെ വെല്ലുവിളിച്ചു. മനുഷ്യസ്നേഹപരമായ ആത്മാർപ്പണബോധം അനേകം കുതിരശക്തികളായി വെള്ളാങ്കലെന്ന പടുകൂററൻ ട്രാൻസ്ഫോർമറിൽ നിന്ന് കുടിയേററ ഗ്രാമങ്ങളിലേക്ക് പ്രവഹിച്ചു. വൈദികരും അൽമായരുമടങ്ങുന്ന ലൈൻകമ്പികളിലൂടെ.

1977 മുതൽ 1990 വരെ വടവാതൂർ സെമിനാരിയിൽ പ്രൊഫസ്സറും ആദ്ധ്യാത്മികോപദേഷ്ടാവുമായി സേവനം അനുഷ്ഠിച്ചു. സെമിനാരിയിൽ

www.malankaralibrary.com

നിന്നും റിട്ടയർ ചെയ്ത വെള്ളാങ്കലച്ചന്റെ സേവനം പല രൂപതാദ്ധ്യക്ഷന്മാരും ആവശ്യപ്പെട്ടു. മാനന്തവാടി രൂപതാദ്ധ്യക്ഷന്റെ ക്ഷണം സ്വീകരിക്കുകയും കല്ലൂർപള്ളി വികാരിയായി നിയമിക്കുകയും ചെയ്തു. കെല്ലൂർ പള്ളിയുടെ സുവർണ്ണകാലഘട്ടമായിരുന്നു മോൺ. വെള്ളാങ്കലിന്റെ ഭരണകാലഘട്ടം. പള്ളിയിൽനിന്നും അഞ്ചു കിലോമീററുള്ള അഞ്ചുകുന്നിൽ ഒരു ചെറിയദേവാലയം നിർമ്മിച്ചു. പള്ളിയുടെ സിമിത്തേരി മനോഹരമാക്കി 40 വർഷം പഴക്കമുള്ള പള്ളി പൊളിച്ച് മനോഹരമായ ഒരു ദേവാലയം നിർമ്മിച്ചു. സമയലഭ്യതയനുസരിച്ച് വിവിധ സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും പ്രസംഗകനായി - ധ്യാനഗുരുവായി - പോയിട്ടുണ്ട്. ഇടവകയിൽ നടത്തിയ കരിസ്മാററിക് ധ്യാനങ്ങളും ഇടവക കേന്ദ്രമാക്കി നടത്തിയ മദ്യ വിരുദ്ധ സമരവും പ്രത്യേകം എടുത്തുപറയേണ്ടതാണ്.

മാനന്തവാടിയിൽ നിന്നും മാതൃരൂപതയിലേക്ക് തിരികെ പോയ വെള്ളാങ്കലച്ചനെ മൂവാററുപുഴ ഹോളിമാഗിപ്പള്ളി വികാരിയായി നിയമിച്ചു. പള്ളിക്കടുത്തുള്ള മാതാവിന്റെ കപ്പേളയുടെ പണിയും മേക്കടമ്പ് സെന്റ് ജൂഡ് പള്ളി സ്ഥാപനവും അദ്ദേഹത്തിന്റെ നേട്ടങ്ങളാണ്.

വെള്ളാങ്കലച്ചന്റെ മറെറാരു പ്രധാന പ്രവർത്തനരംഗം സെന്റ് വിൻസന്റ് ഡി പോൾ സഖ്യമായിരിക്കും. ആ സംഘടനയുടെ ദേശീയ ഡയറക്ടറായി ദീർഘകാലം പ്രവർത്തിച്ചു. ദേശീയസമ്മേളനങ്ങളിലും അന്തർദ്ദേശീയ സമ്മേളനങ്ങളിലും അദ്ദേഹം പങ്കെടുക്കുകയും പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. സഖ്യത്തിന്റെ പാരീസിൽ നടന്ന സമ്മേളനം വെള്ളാങ്കലച്ചന്റെ സാന്നിദ്ധ്യംകൊണ്ട് ശ്രദ്ധേയമായി. രൂപതയിൽ ആദ്ധ്യാത്മിക ചൈതന്യം വളർത്തുക, ഭക്തസംഘടനകൾ രൂപവൽക്കരിക്കുക, ഐക്കഫ് എന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിന് കരുത്തേകുക, അൽമേയയുവജനപ്രസ്ഥാനങ്ങളെ പോഷിപ്പിക്കുക, വിൻസെന്റ് ഡി പോൾ സഖ്യം സോഷ്യൽ സർവ്വീസ് ലീഗം ഭവനനിർമ്മാണപദ്ധതിയിൽ വ്യാപിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ അദ്ദേഹം വ്യാപൃതനായിരുന്നു. കോതമംഗലം രൂപതാമെത്രാൻ മാർ പോത്തനാംമുഴിക്കു പകരം കെ.സി.ബി.സി. യോഗങ്ങളിൽ ദീർഘകാലം പങ്കെടുത്തു വെള്ളാങ്കലച്ചനെ പല പ്രശ്നങ്ങളെപ്പററിയും പഠിക്കാനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും കെ.സി.ബി.സി. പല പ്രാവശ്യം നിയോഗിച്ചിട്ടുണ്ട്. അതെല്ലാം വിജയകരമായി നിർവ്വഹിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

1977 ൽ അദ്ദേഹത്തിന് പരി. സിംഹാസനം മോൺ. സ്ഥാനം നൽകിയാദരിച്ചു. രണ്ടായിരാമാണ്ടിൽ മോൺ. മാത്യു വെള്ളാങ്കലിനെ എ.കെ.സി.സി., മഹാജൂബില അവാർഡ് നൽകിയും ആദരിച്ചു.

അദ്ദേഹത്തിന്റെ 75-ാം ജന്മദിനം സ്വന്തം ഇടവകയിലും മൂവാററുപുഴയിലും അതിഗംഭീരമായി ആഘോഷിച്ചു. പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലിയാഘോഷവും വൈദികമേലദ്ധ്യക്ഷന്മാരുടെയും നേതാക്കളുടെയും


www.malankaralibrary.com

സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. വെള്ളാങ്കൽ മോൺ. അച്ചൻ ജൂബിലി വർഷത്തിൽ ഒരു ആത്മകഥ എഴുതി പ്രസിദ്ധീകരിച്ചു. ആത്മകഥയുടെ പേര് "നല്ല ഇടയന്റെ പാതയിൽ" എന്നാണ്. മററുള്ള ആത്മകഥയിൽ നിന്നും വ്യത്യസ്തമാണ് ഈ ആത്മകഥ. തന്നെപ്പററിയുള്ള പ്രശംസയല്ല തന്നോടൊത്ത് പ്രവർത്തിച്ചവരെപ്പററിയുള്ള പ്രശംസയാണ് ഈ പുസ്തകത്തിൽ ആദ്യന്തം. തന്റെ കൂട്ടത്തിൽ പ്രവർത്തിച്ച അസിസ്റ്റന്റ് വികാരിമാരേയും മററു സഹപ്രവർത്തകരെയും പ്രശംസിക്കുന്നതിൽ - അവരുടെ കഴിവുകളെ അംഗീകരിക്കുന്നതിൽ ഒരു ലോപവും അദ്ദേഹം കാണിച്ചിട്ടില്ല. മുതലക്കോടത്തുള്ള സാൻജോ വൈദികമന്ദിരത്തിൽ ഇപ്പോൾ വിശ്രമ ജീവിതം നയിക്കുന്നു.

വിലാസം - മോൺ. മാത്യു വെള്ളാങ്കൽ, സാൻജോഭവൻ, മുതലക്കോടം, തൊടുപുഴ

# 50

## ഫാ. എമ്മാനുവൽ തെള്ളി



സുറിയാനി ഭാഷാപണ്ഡിതൻ, കവി, ഗ്രന്ഥകർത്താവ്, മിഷനറി എന്നീ നിലകളിലെല്ലാം അറിയപ്പെടുന്ന സി.എം.ഐ. സഭാംഗമായ ഫാ. എമ്മാനുവൽ (ജോർജ്) തെള്ളി പൂഞ്ഞാററിൽ തെള്ളിയിൽ കുഞ്ഞാക്കോ - ഏലിയാമ്മ ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായി 1925 ഫെബ്രുവരി 5 ന് ഭൂജാതനായി. പൂഞ്ഞാർ സെന്റ് ആന്റണീസ് എൽ.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. എസ്സ്.എം.വി. ഹൈസ്കൂളിൽനിന്ന് ഫിഫ്ത്ഫോറം പാസ്സായി. 1942ൽ മാന്നാനം സെന്റ് അപ്രേംസ് ഹൈസ്കൂളിൽ 10-ാം ക്ലാസിൽ ചേർന്നു. 10-ാം ക്ലാസിൽ ചേർന്ന ജോർജ്ജ് സി.എം.ഐ. സഭയിലെ ഒരു യോഗാർത്ഥിയുമായിരുന്നു. ലത്തീൻ, സുറിയാനി തുടങ്ങിയ ഭാഷകൾ പഠിച്ചതിനു ശേഷം 1945 ൽ അമ്പഴക്കാട്ട് നൊവിഷ്യററിൽ പ്രവേശിച്ചു. കൂനമ്മാവിൽ Rhetoric-ഉം ഫിലോസഫിയും പഠിച്ചു. കൂനമ്മാവിൽ വച്ചായിരുന്നു നിത്യവ്രതം. ഫിലോസഫിയുടെ അവസാനഭാഗവും തിയോളജിയും ചെത്തിപ്പുഴയായിരുന്നു പഠിച്ചത്. റവ. ഡോ. പ്ലാസിഡ്, ഡോ.കനീഷ്യസ്, ഡോ. ജോനാസ്, ഡോ.ലൂക്കാ തുടങ്ങിയ സി.എം.ഐ. വൈദികരുടെ കീഴിലാണ് വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ആലുവ മംഗലപ്പുഴ സെമിനാരിയിൽവച്ച് 1953 ഡിസംബർ 8 ന് പൗരസ്ത്യതിരുസംഘത്തിന്റെ പ്രീഫെക്ട് കാർഡിനൽ ടിസറന്റിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

www.malankaralibrary.com

സുറിയാനിഭാഷയോടും സുറിയാനിറീത്തിനോടും ഫാ. എമ്മാനുവൽ പ്രത്യേകമാംവിധം സ്നേഹം പുലർത്തിയിരുന്നു. 1954 ഡിസംബറിൽ മാന്നാനത്ത് വന്ന് പള്ളിശുശ്രൂഷയിലും സുറിയാനി ഭാഷപഠിപ്പിക്കലിലും ഏർപ്പെട്ടു. 1961 ൽ സുറിയാനി വ്യാകരണം നവീകരിച്ച് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. 1964 ൽ ഇറാക്കിനുപോയി മിഷ്യൻ പ്രവർത്തനത്തിലേർപ്പെട്ടു മൂന്നുവർഷത്തിനുശേഷം കേരളത്തിൽ തിരിച്ചെത്തിയ ഫാ. തെള്ളി മാന്നാനം കോളേജിൽ കുറെക്കാലം സുറിയാനി ഭാഷപഠിപ്പിച്ചു. തുടർന്ന് മുത്തോലി ആശ്രമത്തിൽ യോഗാർത്ഥികളെ സുറിയാനി പഠിപ്പിച്ചു. 1968 ൽ കോഴിക്കോട് ദേവഗിരി കോളേജിൽ സുറിയാനി പഠിപ്പിക്കുകയും അതേസമയം മേരിക്കുന്നിൽ സി.എം.ഐ. സഭയിലെ സെമിനാരിക്കാർക്ക് ക്ലാസ്സെടുക്കുകയും ചെയ്തിരുന്നു. മലബാറിലെ കുടിയേററ കേന്ദ്രമായ കൂടത്തായിയിൽ ഉള്ള സി.എം.ഐ ആശ്രമത്തിൽ ആറുമാസത്തോളം സേവനം അനുഷ്ഠിച്ചു. അക്കാലത്ത് വേനപ്പാറ ക്ലാരിസ്സ് ജൂണിയറേററിൽ ക്ലാസ് എടുക്കുകയും ചെയ്തു. തുടർന്ന് നാലു വർഷക്കാലം പൂഞ്ഞാർ അശ്രമത്തിലായിരുന്നു. അക്കാലഘട്ടത്തിൽ മഠങ്ങളിൽ മാസധ്യാനം നടത്തുവാനും സ്കൂളുകളിലും മഠങ്ങളിലും കുമ്പസാരം നടത്താനും സമയം കണ്ടെത്തി.

1974 മുതൽ 1984 വരെ അമനകര ആശ്രമത്തിലായിരുന്നു സേവനം അനുഷ്ഠിച്ചത്. ഇതിൽ മൂന്നുവർഷക്കാലം സി.എം.ഐ. വക ഐ.ററി.സി യുടെ പ്രിൻസിപ്പലായിരുന്നു.

സീറോ-മലബാർ സഭയുടെ യാമപ്രാർത്ഥനാതയ്യാറാക്കുന്നതിന് നിയുക്തമായ സബ്കമ്മററിയിൽ 15 വർഷത്തോളം അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. യാമപ്രാർത്ഥനാ പ്രസിദ്ധീകരണത്തിന് സഹായിച്ചു. 1984 മുതൽ 89 വരെ പാലാ സെന്റ് വിൻസെന്റ് ആശ്രമമായിരുന്നു ഫാ.എമ്മാനുവലിന്റെ പ്രവർത്തനമേഖല. നിരവധി ഗ്രന്ഥങ്ങൾ രചിക്കുവാൻ ഈ കാലഘട്ടം സഹായകരമായി.

1989 മുതൽ അഞ്ചുവർഷക്കാലം അമേരിക്കയിൽ അജപാലന ശുശ്രൂഷനിർവഹിച്ചു. അക്കാലത്ത് ലഭിച്ച മിച്ചസമയം ഉപയോഗിച്ച് സുറിയാനി - ഇംഗ്ലീഷ് - മലയാള ലെക്സിക്കൺ നിഘണ്ടുവിന്റെ പണി ആരംഭിച്ചു. 1994 - 2000 വർഷങ്ങളിൽ പാലായിൽ സെന്റ് വിൻസെന്റിൽ താമസിച്ച് നിഘണ്ടുവിന്റെ പണി പൂർത്തിയാക്കി പ്രസിദ്ധീകരിച്ചു. പിന്നീട് മൂന്നുവർഷം അമനകര ആശ്രമമായിരുന്നു പ്രവർത്തനരംഗം. അക്കാലത്ത് ആറുമാസത്തോളം മാനന്തവാടി രൂപതയിലും മൂന്നുമാസത്തോളം ദോഹയിലും അജപാലനശുശ്രൂഷനടത്തി. മാനന്തവാടി മൈനർസെമിനാരിയിൽ കുറേനാൾ സുറിയാനി പഠിപ്പിച്ചു. An Intre direction to syriac studies എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. 2003 ൽ പൂഞ്ഞാർ ആശ്രമത്തിലേക്ക് സ്ഥലം മാറി. ധാരാളം കവിതകൾ മലയാളത്തിലും ഇംഗ്ലീഷിലും

www.malankaralibrary.com


സുറിയാനിയിലും എഴുതിയിരുന്നു. Whispenings of the wind എന്ന പേരിൽ രണ്ടുചെറുഗ്രന്ഥങ്ങൽ ഇക്കാലത്ത് പ്രസിദ്ധപ്പെടുത്തി. പല കവിതകളും അമേരിക്കയിൽ മത്സരത്തിനായി നൽകിയിട്ടുണ്ട്. ആറുപ്രാവശ്യം കവിതകൾക്ക് പ്രോത്സാഹന അവാർഡുകളും ലഭിക്കുകയുണ്ടായി.

നമ്മുടെ കുർബ്ബാനയിലും സുറിയാനി രീതിയിൽ പലഗാനങ്ങളും രചിക്കുകയും അവ സഭ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം രചിച്ച പലഗാനങ്ങളും പ്രസിദ്ധീകരിക്കപ്പെടാതെയുണ്ട്. 85 ൽ അധികം സങ്കീർത്തനങ്ങൾ ഗാനമാക്കി. ലാസറിന്റെ പുനരുത്ഥാനം, മുത്തുമാല, കാലത്തിന്റെ കാൽപാടുകൾ, അടുക്കളക്കാരി, ബൈബിൾ ഗായകൻ മുതലായ ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. സീറോ - മലബാർ സഭാ സിനഡ് ആവശ്യപ്പെട്ടതനുസരിച്ച് സുറിയാനി യാമപ്രാർത്ഥനാ ഗ്രന്ഥത്തിൽ നിന്ന് പൊതുവായവക്കു പുറമേ സുബാറ, ശ്ലീഹാ, കൈത്താ ഏലിയാ സ്ലീവാ മൂശേ, കൂദാശ് ഏത്താക്കാലങ്ങൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ദെനഹാക്കാലവും പണിപൂർത്തിയായിയെന്ന് പറയാം.

ലിററർജിക്കൽ കമ്മീഷൻ ആവശ്യപ്പെട്ടതനുസരിച്ച് പീത്തായിൽ നിന്നുള്ള സങ്കീർത്തനവിവർത്തനത്തിൽ ബഹുമാനപ്പെട്ട ചാൾസ് പൈങ്ങോട്ടച്ചനെ അദ്ദേഹം സഹായിക്കുന്നു. ഗാന്ധിജി യുണിവേഴ്സിററിയിൽ സിറിയക് ബോർഡ് അംഗവും കൂടിയാണ് ഫാ. തെള്ളി. ആത്മാർത്ഥതയും കഠിനാദ്ധ്വാനവും ആണ് ഫാ. തെള്ളിയുടെ കൈമുതൽ.

വിലാസം - ഫാ. എമ്മാനുവൽ തെള്ളി സി.എം.ഐ.,
സെന്റ് ആന്റണീസ് മൊണാസ്ട്രി, പൂഞ്ഞാർ.

# 51



# എൻ. എം. മാണി നെടുംതടത്തിൽ

## (ചൂരക്കുഴി മാണി)

സാമാന്യ വിദ്യാഭ്യാസം മാത്രം നേടിയ ഒരു കർഷകനാണ് എൻ.എം. മാണി. ചെറുപ്പംമുതലേ പൊതു പ്രവർത്തനത്തിലേർപ്പെട്ട മാണി മലയോര കർഷകരുടെ മണ്ണിലുള്ള അവകാശം നേടിയെടുക്കാനുള്ള സമരത്തിലെ മുഖ്യ പങ്കാളിയായി. നാടിന്റെ സമഗ്രവികസനംമാത്രം ലക്ഷ്യമാക്കി പ്രവർത്തിച്ച മാണി സ്കൂളുകളും പള്ളികളും സ്ഥാപിക്കുന്നതിനും റോഡുകൾ വെട്ടുന്നതിനും മുൻപന്തിയിൽ നിന്ന് പ്രവർത്തിച്ചു. മലയോര കർഷകരുടെ ഹൃദയവികാരങ്ങൾ ഏറ്റുവാങ്ങി അവരിലൊരുവനായി പ്രവർത്തിച്ച

www.malankaralibrary.com

മാണിയുടെ ജീവിതം ത്യാഗത്തിന്റേയും സഹനത്തിന്റേതുമാണ്.

മൂവാറ്റുപുഴക്കു സമീപമുള്ള കടവൂർ ഇടവകയിൽ പുന്നമറ്റം കരയിൽ നെടുംതടത്തിൽ മത്തായി-ഏലി ദമ്പതികളുടെ 8-ാമത്തെ സന്താനമായി 1925 മാർച്ച് 5-ാം തീയതി ഭൂജാതനായി. മാതാവ് ഏലി ആര്യപ്പള്ളി കുടുംബാംഗ മാണ്.

പൈങ്ങോട്ടൂർ, കുളപ്പുറം, കലൂർ സ്കൂളുകളിലായിരുന്നു വിദ്യാഭ്യാസം. മിഡിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാതെ കർഷകവൃത്തിയിലേക്ക് മാണി തിരിഞ്ഞു. വണ്ണപ്പുറത്തുണ്ടായിരുന്ന കുടുംബവക സ്ഥലത്ത് ജ്യേഷ്ഠൻ മത്തായി ഐപ്പിന്റെ കൂടെ കൃഷിപ്പണികളിൽ പങ്കെടുത്തു. എട്ടു വർഷക്കാലം അവിടെ പ്രവർത്തിച്ച മാണി പുന്നമറ്റത്ത് താമസമുറപ്പിക്കുകയും പാറക്കുന്നേൽ അഗസ്തിയുടെ മകൾ അന്നക്കുട്ടിയെ വിവാഹം കഴിക്കുകയും ചെയ്തു. പുന്നമറ്റത്ത് താമസിക്കുമ്പോൾ 1952-ൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ പൈങ്ങോട്ടൂർ നിന്നും സ്വതന്ത്രനായി മത്സരിച്ചു. വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിച്ചു. മാണിയുടെ സഹോദരൻ കർഷക നേതാവ് എൻ.എം വർഗ്ഗീസ് മറ്റൊരു വാർഡിൽ നിന്നും കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിക്കുകയും വിജയം വരിക്കുകയും ചെയ്തു. ജ്യേഷ്ഠൻ വർഗ്ഗീസ് അത്തവണ പഞ്ചായത്ത് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. ഇന്നത്തേതുപോലെ പൊതു പ്രവർത്തനം ആദായകരമായിരുന്നില്ല അന്ന്. മാണിയുടെ പൊതു പ്രവർത്തനം സാമ്പത്തിക തകർച്ചയ്ക്ക് ഇടം നൽകി. അതിനാൽ സ്വന്തം സ്ഥലം വിറ്റ് വാഴത്തോപ്പിൽ സ്ഥലം വാങ്ങി താമസം മാറ്റി. അന്ന് വാഴത്തോപ്പിൽ ഏതാനും ദിവസം മാത്രമേ അച്ചൻ വന്ന് ദിവ്യബലി അർപ്പിച്ചിരുന്നുള്ളു. ഉടുമ്പന്നൂർ നിന്ന് അച്ചൻ വരികയായിരുന്നു പതിവ്. അവിടെ ഒരു പള്ളി സ്ഥാപിക്കുന്നതിന് മാണി മുന്നിൽ നിന്നും പ്രവർത്തിച്ചു. വാഴത്തോപ്പിൽ ഒരു പഞ്ചായത്ത് സ്കൂൾ സ്ഥാപിക്കുന്നതിനും വാഴത്തോപ്പ് സഹകരണ ബാങ്ക് സ്ഥാപിക്കുന്നതിനും മാണി നേതൃത്വം നൽകി. ഫാ. തോമസ് പീച്ചാട്ട് വികാരിയായി വന്നു. മാർ പോത്താനംമുഴി തിരുമേനിയാണ് പള്ളിക്ക് കല്ലിട്ടത്. മെത്രാനച്ചനെ ജീപ്പിൽ കൊണ്ടു വരുന്നതിനായി മാണിയുടെ നേതൃത്വത്തിൽ ഒരു ദിവസം കൊണ്ട് വഴിവെട്ടി തീർന്നത് ഒരു വലിയ സംഭവമായിരുന്നു.

സർക്കാർവകയായ ഏലക്കാട്ടിൽകൂടി വഴിവെട്ടുക അന്ന് നിയമവിരുദ്ധമായിരുന്നു. പുളിപരപ്പ് നിന്നും ഏലക്കാട്ടിൽകൂടി കൂട്ടക്കീഴിലേക്ക് അഞ്ചു കിലോമീറ്റർ ദൂരം റോഡ് 500 ആളുകളെ കൂട്ടി മുന്നു മണിക്കൂർകൊണ്ട് മാണിയുടെ നേതൃത്വത്തിൽ വെട്ടിത്തീർത്തു. മാണിയുടെ പേരിൽ കേസെടുത്തു. ഒരു രൂപാ ശിക്ഷയും വിധിച്ചു. ചെറുതോണിയിൽനിന്നും വാഴത്തോപ്പുപള്ളിവരെ 4 കിലോമീറ്റർ ദൂരത്തിൽ ശ്രമദാനത്തോടുകൂടി വെട്ടിയ റോഡിൽ കൂടിയാണ് മാർ പോത്തനാംമുഴി തിരുമേനിയെ വാഴത്തോപ്പിലേക്ക് ആനയിച്ചത്. ഫാ. സഖറിയാസ് തുടിയൻപ്ലാക്കൽ വികാരിയായി വാഴത്തോ

www.malankaralibrary.com

പ്പിൽ ചാർജ്ജെടുത്തു. വാഴത്തോപ്പ്പള്ളി പണി പൂർത്തിയാക്കുന്നതിൽ തുടിയൻപ്ലാക്കലച്ചനോട് ഒപ്പംനിന്ന് മാണിയും പ്രവർത്തിച്ചു. പള്ളിവക സ്കൂൾ സർക്കാരിലേക്ക് വിട്ടുകൊടുക്കുകയും സ്കൂൾ കെട്ടിടം സർക്കാർ നിർമ്മിക്കുകയും ചെയ്തു. അവിടെ ഒരു യു.പി. സ്കൂൾ സ്ഥാപിക്കുകയും ചെയ്തു.

വാഴത്തോപ്പിൽ താമസമാക്കിയ മാണി വീണ്ടും അവിടെനിന്നും ഉപ്പുതോട്ടിലേക്ക് താമസം മാറ്റേണ്ടിവന്നു. 1960 ൽ ഉപ്പുതോട്ടിൽ താമസമാക്കി. ഉപ്പുതോട് പള്ളി നിർമ്മാണത്തിനും വികാരിയോടൊത്ത് അക്ഷീണം പരിശ്രമിച്ചു. ഇടുക്കിയിൽ നിന്ന് മരിയാപുരം വിമലഗിരി കൂടി ഉപ്പുതോട്ടിലേയ്ക്ക് റോഡുവെട്ടുന്നതിനും മാണിയാണ് നേതൃത്വം നൽകിയത്. ശ്രമദാനമായിട്ടായിരുന്നു റോഡുവെട്ടൽ. ഭക്ഷണം മാത്രം നൽകി ജനങ്ങളെ സഹകരിപ്പിച്ചു. മരിയാപുരം, വിമലഗിരി, ഉപ്പുതോട് പള്ളിവികാരിയായി ഫാ. സഖറിയാസ് തുടിയംപ്ലാക്കലും ചാർജ്ജെടുത്തു. ഉപ്പുതോട് പള്ളിയുടെ നിർമ്മാണത്തിലും വിമലഗിരി പള്ളി നിർമ്മാണത്തിലും വികാരിയോടൊത്ത് സജീവമായി മാണി പങ്കുചേർന്നു.

ഉപ്പുതോട് സ്കൂളിന് ആവശ്യമായ തടിയുംമറ്റുംകൊണ്ടുവന്ന് രാത്രിയിൽതന്നെ മേയുകയും പണിപൂർത്തിയാക്കുകയും ചെയ്തു. അതിന്റെ പേരിൽ മാണിക്ക് 25 രൂപാ പിഴ ഇട്ടു. ഉടുമ്പന്നൂർ പഞ്ചായത്തിന്റെ 8-ാം വാർഡാണ് ഇന്നത്തെ കഞ്ഞിക്കുഴി പഞ്ചായത്തും വാഴത്തോപ്പ് പഞ്ചായത്തും. ഈ വാർഡിൽപ്പെട്ട സ്ഥലമാണ് ചുരുളികീരിത്തോട്. ഈ സ്ഥലം ഇന്ന് കഞ്ഞിക്കുഴി പഞ്ചായത്തിലാണ്. ഒ.വി. ലൂക്കോസ് അന്ന് കർഷകസംഘടനയുടെ പ്രസിഡണ്ടായിരുന്നു. മച്ചിപശു പ്രസവിച്ചാലും അവിടെ കുടിയിറക്കുണ്ടാകില്ലെന്ന് അദ്ദേഹം തുടരെത്തുടരെ പ്രസംഗിച്ചുകൊണ്ടിരുന്നു.

1964 ൽ എൻ.എം. മാണി ഉടമ്പന്നൂർ പഞ്ചായത്ത് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. ഉടുമ്പന്നൂർ പഞ്ചായത്ത് ഓഫീസിൽ ഇരിക്കുമ്പോഴാണ് ചുരുളികീരിത്തോട്ടു് കുടിയിറക്കും, കർഷകരുടെ കുടിലുകൾ കത്തിക്കലും പോലീസ് മർദ്ദനവും നടക്കുന്നത്. ഉടനെ ചുരുളി കീരിത്തോട്ടിലേക്ക് മാണി പുറപ്പെട്ടു. വഴിയിൽ കണ്ട ഒരു ലോറിയിൽ കയറി അടിമാലിയിൽ എത്തി, ചുരുളികീരിത്തോട്ടിലേക്ക് പുറപ്പെട്ടു. തമിഴ്നാട് റിസർവ്വ് പോലീസിനെ അണിനിരത്തിക്കൊണ്ടാണ് കുടിയിറക്ക് നടത്തിയത്. പ്രശ്നസ്ഥലത്തേക്ക് കടക്കാൻ പഞ്ചായത്ത് പ്രസിഡണ്ടിനെപ്പോലും അനുവദിച്ചില്ല. മാണിയുടെ ജ്യേഷ്ഠൻ എൻ.എം. വർഗീസുമൊന്നിച്ച് ഇരുവരും ചുരുളിയിൽ എത്തി. മലനാട് കർഷകയൂണിയൻ നേതാവ് ജോൺമാഞ്ഞൂരാനെ പോലീസ് മർദ്ദിക്കുന്നത് കണ്ടുകൊണ്ടിരിക്കുവാൻ വർഗീസിന് സാധിച്ചില്ല. വർഗീസ് തിരിച്ചടിച്ചു. പിന്നീടുള്ള സംഭവം വിവരിക്കുവാൻ വാക്കുകളില്ല. വർഗീസിനെ പോലീസ് അതിക്രൂരമായി മർദ്ദിച്ചു. വർഗീസിന്റെ മീശ ഓരോരോന്നോരാന്നായി വലിച്ചുപറിച്ചു. ഷൂസ് ഇട്ട് ചവിട്ടിയപാട് ദേഹമാസകലം കാണാൻ സാധി

www.malankaralibrary.com

ച്ചു സബ്ജയിലിലേക്കുമാറ്റി. കർഷകർക്കുവേണ്ടി പടപൊരുതിയ വർഗീസ് ആ മർദ്ദനമേറ്റതോടെ നിത്യരോഗിയായി മാറി. അവശനായി വർഷങ്ങൾ കഴിഞ്ഞുകൂടി. 1967 ലെ ഇ.എം.എസ്സ്. മന്ത്രിസഭ ചുരുളികീരിത്തോട്ടിൽനിന്നും കുടിയിറക്കിയവർക്ക് 5 ഏക്കർ സ്ഥലം വാഗ്ദാനം ചെയ്തു. ആ വാഗ്ദാനം എൻ.എം. വർഗീസ് നിഷേധിച്ചു. കർഷകർക്കുവേണ്ടി പോരാടിയത് അഞ്ചേക്കർ സ്ഥലത്തിനുവേണ്ടിയായിരുന്നില്ല എന്ന നിലപാട് ആയിരുന്നു വർഗീസിന്റേത്.

വാഴത്തോപ്പ് പഞ്ചായത്തിന്റെ സ്ഥാപനത്തിന് എം.എൽ.എ. ആയിരുന്ന എം.എം. തോമസും എൻ.എം. മാണിയുമാണ് മുൻനിന്ന് പ്രവർത്തിച്ചത്. ഉപ്പുതോടിന്റെ വികസനത്തിൽ ഫാ. ജോസ് കോയിക്കക്കുടി വികാരിയായിരുന്ന കാലമാണ് സുപ്രധാനം. ചിലിസിറ്റി - വെട്ടിക്കാമറ്റം റോഡ് 6 കിലോമീറ്റർ ദൂരത്തിൽ നിർമ്മിച്ചത് അക്കാലത്താണ്. അവിടെ ഹൈസ്കൂൾ ആരംഭിച്ചതും അക്കാലത്തുതന്നെ.

തടിയമ്പാട് ചപ്പാത്തിന്റെ നിർമ്മാണത്തിന്റെ കൺവീനർ ആയും മാണി പ്രവർത്തിക്കുകയുണ്ടായി. അക്കാലത്ത് ഫോറസ്റ്റുകാർ വീടുകളിൽ കയറി ബലമായി കോഴി തുടങ്ങിയ മൃഗങ്ങളെ പിടിച്ചുകൊണ്ടുപോകുമായിരുന്നു. ഒരുവീട്ടിൽ കയറി കോഴിയെപിടിച്ചുകൊടുക്കാൻ ഫോറസ്റ്റുകാർ ആവശ്യപ്പെട്ടപ്പോൾ കുടുംബനാഥ അത് ഗീവർഗീസ് പുണ്യാളന് കൊടുക്കാനുള്ളതാണെന്നു പറഞ്ഞു. പുണ്യാളന് പിന്നെ കൊടുക്കാമെന്ന് പറഞ്ഞ് ആ കോഴിയേയുംകൊണ്ട് ഫോറസ്റ്റ് ഉദ്യോഗസ്ഥർ പോയി. വിവരം അറിഞ്ഞ എൻ.എം. മാണി ഏതാനും ആളുകളെയും കൂട്ടി ഫോറസ്റ്റ് ആഫീസിൽ എത്തി. വിവരം ആരാഞ്ഞു. ഫോറസ്റ്റുകാർ പുഛിച്ച്, കൊണ്ടുപോയി പരാതികൊടുക്കുവാൻ മാണിയോട് പറഞ്ഞു. പരാതികൊടുക്കുന്നതിന് അനുമതി ചോദിക്കാനല്ല താനിവിടെ വന്നതെന്ന് ആയിരുന്നു മാണിയുടെ മറുപടി. ഫോറസ്റ്റുകാർ അല്പം ഭയന്നു. കോഴിയുടെ ഉടമസ്ഥന് നഷ്ടപരിഹാരവുമായി എത്തി. നഷ്ടപരിഹാരം വാങ്ങിച്ചില്ല. ഇനി ഇത് ആവർത്തിക്കരുതെന്ന് മുന്നറിയിപ്പുനൽകി പ്രശ്നം അവസാനിച്ചു. 1984 ൽ കരിമ്പൻ കോ-ഓപ്പറേറ്റീവ് സഹകരണ ബാങ്കിന്റെ പ്രസിഡണ്ടായി മാണി തിരഞ്ഞെടുക്കപ്പെട്ടു.

ഒരു സാധാരണക്കാരനായ മാണി, നിശ്ചദാർഢ്യംകൊണ്ടും അർപ്പണബോധംകൊണ്ടും ജനങ്ങളുടെയിടയിൽ ഇന്നും സേവനനിരതനായി കഴിയുന്നു.

വിലാസം : എൻ.എം. മാണി നെടുംതടത്തിൽ (ചൂരക്കുഴി),
ഉപ്പുതോട് പി.ഒ.,
ഇടുക്കിജില്ല

www.malankaralibrary.com

# 52

# പി.സി എബ്രഹാം പല്ലാട്ടുകുന്നേൽ



വാഴ്ത്തപ്പെട്ട അൽഫോൺസാമ്മയുടെ ജീവിതം കൊണ്ട് ധന്യമായ ഭരണാങ്ങാനത്ത് സ്ഥാപിതമായ ചെറുപുഷ്പ മിഷൻ ലീഗിന് ഭാരത സഭാ ചരിത്രത്തിൽ വലുതായ പ്രാധാന്യമുണ്ട്. ദൈവവിളികൾ വർദ്ധിപ്പിക്കുന്നതിലും മിഷൻ ചൈതന്യം ബാലികാ ബാലന്മാരിലും യുവതീ യുവാക്കളിലും വളർത്തുന്നതിനും നിർണ്ണായകമായ പങ്ക് വഹിച്ച സംഘടനയാണ് മിഷൻ ലീഗ്.

കേരളത്തിന്റെ പ്രേഷിത പ്രവർത്തന ചരിത്രത്തിൽ സുപ്രധാന നാഴിക്കല്ലായ മിഷൻ ലീഗിന്റെ സ്ഥാപക നേതാവാണ് പി.സി എബ്രഹാം പല്ലാട്ടുകുന്നേൽ. ഭാരത സഭയുടെ പ്രേഷിത പ്രവർത്തന രംഗത്ത് ത്യാഗനിർഭരമായ സേവനങ്ങൾ അനുഷ്ഠിച്ച പി.സി എബ്രഹാം, സാമ്പത്തികമായ നഷ്ടം സഹിച്ച് കൊണ്ട്, അവഗണനകൾ ഒന്നിന് പുറകെ ഒന്നായി ഏറ്റുവാങ്ങി കൊണ്ട് നിശബ്ദമായ സേവനം അനുഷ്ഠിച്ച പി.സി എബ്രഹാം, ഒരു പുരുഷായസ്സ് മുഴുവൻ മിഷൻ പ്രവർത്തനത്തിന് നീക്കിവെച്ച പി.സി എബ്രഹാം, 1925 മാർച്ച് 19-ന് ഭരണങ്ങാനത്ത് അമ്പാറയിൽ പല്ലാട്ടുകുന്നേൽ കുടുംബത്തിൽ ജനിച്ചു. പിതാവ് ഇട്ടി അവിരാ ചാണ്ടിയും മാതാവ് തറപ്പേൽ ഈപ്പൻ മകൾ മറിയവും ആയിരുന്നു.

ഭരണങ്ങാനം സെന്റ് മേരീസ് ഹൈസ്കൂൾ, പാവറട്ടി സെന്റ് ജോസഫ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യഭ്യാസം. 1954-ൽ ചെമ്മലമറ്റത്ത് തനിക്ക് പിതൃസ്വത്തായി ലഭിച്ച സ്ഥലത്തേക്ക് താമസം മാറി. ഇന്ന് പ്രേഷിത പ്രവർത്തനത്തിൽ ശ്രദ്ധചെലുത്തി നാടു മുഴുവൻ ഓടി നടക്കുന്ന പി.സി എബ്രഹാം, ഒരു രാഷ്ട്രീയ പ്രവർത്തകൻ കൂടിയായിരുന്നുവെന്ന വസ്തുത പലർക്കും അറിയുവാൻ പാടില്ല. സ്വാതന്ത്ര്യസമര കാലത്തും വിമോചന സമര കാലത്തും സജീവമായി പ്രവർത്തിച്ച പി.സി എബ്രഹാം കേരളത്തിൽ പഞ്ചായത്ത് രൂപം കൊണ്ടപ്പോൾ തിടനാട് പഞ്ചായത്തിലെ ഒന്നാം വാർഡിൽ നിന്നും എതിരില്ലാതെ തിരഞ്ഞെടുക്കപെട്ടിരുന്നു. 9 വർഷക്കാലം പഞ്ചായത്തിലൂടെ സേവനം ചെയ്തു.

1938 മുതൽ വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുമായി അടുത്തു പരിചയപെടുവാനുള്ള ഭാഗ്യം പി.സി എബ്രഹാമിന് ലഭിച്ചു. അദ്ദേഹത്തിന്റെ സഹോദരി, ഭരണാങ്ങാനം മഠത്തിൽ താമസിച്ചിരുന്ന സി.റീത്താ അൽഫോൻസാമ്മയോടൊപ്പം വസിക്കുകയും ഒരുമിച്ച് നൊവിഷ്യറ്റ് കഴിക്കുകയും ചെയ്ത ആളായിരുന്നു. സഹോദരിയെ കാണാൻ മഠത്തിൽ പോകുമ്പോഴെല്ലാം ബാലനായ അവിരാച്ചൻ അൽഫോൻസാമ്മയേയും സന്ദർശി

www.malankaralibrary.com

ച്ചിരുന്നു. സി.അൽഫോൻസാ സുകൃതങ്ങളും ത്യാഗങ്ങളും അനുഷ്ഠിച്ച് മിഷനെ സഹായിക്കാൻ ഉപദേശിച്ചിരുന്നു. സി അൽഫോൻസായിൽ നിന്ന്, ആ വിശുദ്ധയിൽ നിന്ന് ലഭിച്ച പ്രചോദനമാണ് ഒരു അൽമായ മിഷിനറിയായി ജീവിക്കാൻ പി.സി എബ്രഹത്തിന് പ്രേരണ നൽകിയത്. 1946–ൽ അൽഫോൻസാമ്മ ദിവംഗതയായി. 1947 ഒക്ടോബറിൽ പി.സി എബ്രഹത്തിന്റെ ശ്രമഫലമായി ചെറുപുഷ്പ മിഷൻ ലീഗ് എന്ന പ്രേഷിത പ്രവർത്തന സംഘടന രൂപം കൊണ്ടു. വി.കൊച്ചുത്രേസ്യയായുടെ മരണത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഭരണങ്ങാനം പള്ളി മൈതാനിയിൽ കൂടിയ മഹാ സമ്മേളനത്തിൽ മാർതോമസ് തറയിൽ തിരുമേനി മിഷൻ ലീഗിന്റെ ഉൽഘാടനകർമ്മം നിർവ്വഹിച്ചു. അൽഫോൻസാമ്മയുടെ മുദ്രാവാക്യമായിരുന്ന സ്നേഹം, ത്യാഗം, സഹനം എന്നിവ മിഷൻ ലീഗിന്റെ മുദ്രാവാക്യമായി സ്വീകരിച്ചു. ചെറുപുഷ്പ മിഷൻ ലീഗിന്റെ ദേശീയ ഡയറക്ടറായിരുന്ന റവഃഡോ.കുര്യൻ മാതോത്ത് ഇപ്രകാരം എഴുതിയിരിക്കുന്നു. "സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ ഇടയിലേക്ക് ഒരു അൽമായ പ്രേഷിതനായി പി.സി ഇറങ്ങിചെന്നപ്പോൾ പലർക്കും അത് ഒരു അൽഭുതമായിരുന്നു. ചിലപ്പോഴെല്ലാം പിള്ളേരെ പിടുത്തക്കാരനെന്നുപോലും അദ്ദേഹം തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. മുഖം നിറയെ പുഞ്ചിരിയുമായി ആരെയും സമീപിക്കുവാനുള്ള അദ്ദേഹത്തിനുള്ള കഴിവ് ഒന്നു പ്രത്യേകം തന്നെ. മിഷനെ പറ്റി, മിഷൻ പ്രവർത്തനങ്ങളെ പറ്റി, മാർപാപ്പമാരുടെ മിഷൻ ചാക്രിക ലേഖനങ്ങളെപ്പറ്റി എത്ര പറഞ്ഞാലും അവിരാച്ചന് മടുപ്പില്ല. ആത്മാർത്ഥത നിറഞ്ഞ വാക്കുകളുടെ അനർഗള പ്രവാഹങ്ങളാണ് ആ പ്രസംഗങ്ങൾ. അരനൂറ്റാണ്ടിനപ്പുറം ഇങ്ങനെ പ്രസംഗത്തിനായി പോകുമ്പോൾ ചില സ്ഥലങ്ങളിൽ കടതിണ്ണയിലും പൊടിമണ്ണിലും മരത്തണലിലും കിടന്നുറങ്ങേണ്ടി വന്നിട്ടുണ്ട്. പ്രസംഗസ്ഥലത്ത് നിന്നും ഓടേണ്ടി വന്നിട്ടുള്ള അനുഭവങ്ങളും ഉണ്ടായിട്ടുണ്ടെന്നാണറിവ്."

വിദ്യാർത്ഥിയായിരിക്കുമ്പോൾ ഒരു കപ്പൂച്ചിൻ വൈദികനാകാൻ ആഗ്രഹിച്ച ആളാണ് പി.സി എബ്രഹാം. കൊല്ലത്തുള്ള കപ്പൂച്ചിൻ ആശ്രമത്തിൽ, ഒരു ദിവസം വീട്ടുകാരറിയാതെ താമസിക്കുകയും ചെയ്തു.പക്ഷേ ആരോഗ്യം കുറവായതിനാൽ സന്യാസ ജീവിതത്തിന് യോഗ്യതയില്ലെന്ന് പറഞ്ഞ് അവർ വിട്ടു.

1946–ൽ കുഞ്ഞേട്ടൻ വിവാഹിതനായി.അദ്ദേഹം എഴുതുന്നു: "ഇന്ന് തിരിഞ്ഞ് നോക്കുമ്പോൾ വിവാഹ ജീവിതമായിരുന്നു എന്റെ ദൈവവിളി എന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. സന്യാസ സഭയിൽ ചേർന്ന് വൈദികനായാൽ ചെയ്യാവുന്നതിലേറെ കാര്യങ്ങൾ അൽമായന്റെ സ്വാതന്ത്രത്തോടെ എനിക്ക് ചെയ്യാൻ സാധിച്ചു. സാധിക്കുന്നു. അതിൽ വളരെയേറെ ചാരിതാർത്ഥ്യമുണ്ട്. എനിക്കുണ്ടായ ഏഴു മക്കളിൽ (മിഷൻ ലീഗിന്റെ ഒരു ഗ്രൂപ്പ്) മൂന്ന് പേർ സന്യാസിനിമാരായി മിഷൻ പ്രവർത്തനം നടത്തുന്നുണ്ട്.

www.malankaralibrary.com

ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ പ്രേഷിത പ്രവർത്തനത്തിന്റെ ചുമതല ദൈവം എന്നെ ഭാരമേൽപ്പിച്ചു എന്ന ബോദ്ധ്യം എനിക്കുണ്ട്. ആ ബോദ്ധ്യം എന്നെ നയിക്കുകയും ചെയ്യുന്നു."

ഭാഗ്യ സ്മരണാർഹനായ പിയൂസ് XII-ാം മാർപാപ്പ മിഷൻ പ്രവർത്തനരംഗത്ത് തനിക്കുപോലും അസാദ്ധ്യമായ കാര്യങ്ങൾ അൽമായ പ്രേഷിതന് സാധിക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. മാർപാപ്പ എഴുതി. ഞാൻ വിശ്വലേഖനങ്ങളെഴുതാം. റേഡിയോ പ്രഭാഷണങ്ങൾ നടത്താം. സാമൂഹിക തത്വങ്ങളെ പറ്റി എഴുതാം. പക്ഷേ, തൊഴിൽ ശാലകളിലേക്കും കടകളിലേക്കും പോകാൻ എനിക്ക് കഴിയുകയില്ല.......മെത്രാൻമാർക്കോ, സാധാരണ വൈദികർക്കോ ഇത് സാദ്ധ്യമല്ല. അവർക്ക് അവിടെയും പ്രവേശനമില്ലല്ലോ. ആകയാൽ ജോലി സ്ഥലങ്ങളിൽ സഭയുടെ പ്രാതിനിധ്യം വഹിക്കുവാൻ സമര സന്നദ്ധരായ ആയിരകണക്കിന് മിഷനറിമാരെ ആവശ്യമുണ്ട്........യഥാർത്ഥത്തിൽ ഇത്തരത്തിലുള്ള പ്രേഷിത സൈന്യത്തിന് രൂപം കൊടുക്കാനുള്ള പരിശ്രമത്തിലായിരുന്നു ഇക്കാലമത്രയും കുഞ്ഞേട്ടൻ. 1947 മുതൽ ഇന്നു വരെ തീഷ്ണമതിയായ ഒരു പ്രേഷിതനായി കേരളത്തിലെ എല്ലാ രൂപതകളും ഒട്ടുവളരെ മിഷൻ രൂപതകളും സന്ദർശിച്ചു. സുവിശേഷ ദൗത്യം നിർവ്വഹിച്ച് പോരുന്ന കുഞ്ഞേട്ടന്റെ പാതകൾ എല്ലാകാലത്തും സഞ്ചാര യോഗ്യമായിരുന്നില്ല. പ്രതിബന്ധങ്ങളും അധിക്ഷേപങ്ങളും ഒന്നിനു പുറകെ ഒന്നായി നേരിടേണ്ടി വന്നപ്പോഴൊന്നും അദ്ദേഹം പതറിയില്ല. ലൗകികമായ യാതൊരു നേട്ടങ്ങളും കാംക്ഷിക്കാതെ സംഘടനയിൽ ഏതെങ്കിലും ഔദ്യോഗിക ഭാരവാഹിത്വംപോലും സ്വീകരിക്കാതെ, ക്രിസ്തുവിനു വേണ്ടി മാത്രം സമർപ്പിതമായ ഒരു ജീവിതയാത്രയായിരുന്നു അത്. ഒരു നല്ല കമ്മ്യൂണിസ്റ്റാകാൻ മാത്രം അവഗണന ചില കേന്ദ്രങ്ങളിൽ നിന്നുണ്ടായിട്ടുണ്ടെന്ന് അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി.

ഇന്ന് മിഷൻ ലീഗ് കേരളത്തിലെ എല്ലാ രൂപതകളിലും കേരളം ഒഴിച്ചുള്ള ഭാരതത്തിലെ വിവിധ സ്റ്റേറ്റുകളിലുമായി മുപ്പതിൽ പരം രൂപതകളിലും പ്രവർത്തിക്കുന്നുണ്ട്. ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാം പിയൂസ് മാർപാപ്പ തുടങ്ങിയുള്ള എല്ലാ പിതാക്കൻമാരും ആശിർവ്വാദാശ്ശിസുകളാൽ മിഷൻലീഗിനെ അനുഗ്രഹിച്ചു പോന്നു. 1977-ൽ കെ.സി.ബി.സിയും 1981-ൽ സി.ബി.സി.ഐയും മിഷൻലീഗിനെ അംഗീകരിച്ചു. ലക്ഷകണക്കിന് അംഗങ്ങൾ ഇന്ന് മിഷൻലീഗിന് ഉണ്ട്. ഭാരതത്തിലെ അറുപതിലേറെ രൂപതകളിലായി അനാഥശാലകൾ, ആതുരാലയങ്ങൾ, നിർദ്ധനായവരുടെ പഠനം എന്നിവയ്ക്കായി ലക്ഷങ്ങൾ മിഷൻലീഗ് വിനിയോഗിച്ച് വരുന്നു. മിഷൻലീഗിന്റെ പ്രവർത്തകരായ 30000-ത്തിൽ അധികം പേർ ഇന്ന് വൈദികരായി, കന്യാസ്ത്രീകളായി, ബ്രദേഴ്സായി, വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. 26 പേർ മെത്രാൻമാരായി വിവിധ രൂപതകളിൽ സേവനം അനുഷ്ഠിക്കുന്നു. ഭാരത്തിലെ വിവിധ സംസ്ഥാനങ്ങളിലായി 52 രൂപതകളിലും ഭാരതത്തിന്

www.malankaralibrary.com

പുറത്ത് അമേരിക്ക, ഫിജി, അയർലന്റ്, കുവൈറ്റ്, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലായി 2400 ശാഖകളും.

മിഷൻ ലീഗിന്റെ വളർച്ചയിൽ കുഞ്ഞേട്ടൻ നിർണ്ണായകമായ പങ്ക് വഹിക്കുകയുണ്ടായി. കേരളത്തിലെ സ്കൂളുകളിൽ കയറിയറങ്ങി പ്രസംഗങ്ങൾ,ക്ലാസ്സുകൾ, സെമിനാറുകൾ, എന്നിവ നടത്തിയും ലഘുലേഖകൾ വിതരണം ചെയ്തും അർപ്പിത ജീവിതത്തിലേക്ക് വേണ്ട പ്രചോദനവും താൽപ്പര്യവും ജനിപ്പിക്കാൻ ശ്രമിച്ചിരുന്നു. പ്രേഷിതർ എന്ന മാസികയും തുടർന്ന് കുഞ്ഞു മിഷിനറി എന്ന പ്രസിദ്ധീകരണവും ആരംഭിച്ച് നടത്തി. ഇന്ന് കുഞ്ഞു മിഷിനറി മിഷൻലീഗിന്റെ ചുമതലയിലാണ് പ്രസീദ്ധീകരിക്കുന്നത്. കുഞ്ഞേട്ടൻ എന്ന പേരിൽ യുവതി യുവാക്കൾക്കും ബാലികാ ബാലൻമാർക്കും ആയി ആണ്ടുതോറും രണ്ടായിരത്തിലധികം കത്തുകൾ എഴുതി ദൈവവിളിയെ പ്രോൽസാഹിപ്പിച്ചിരുന്നു. തനിക്ക് ലഭിച്ചിട്ടുള്ള കത്തുകളെല്ലാം കെട്ടുകളാക്കി കുഞ്ഞേട്ടൻ സൂക്ഷിക്കുന്നുണ്ട്.

കുഞ്ഞ് മിഷനറിമാർക്ക് എളുപ്പത്തിൽ കത്തെഴുതുന്നതിന് വേണ്ടിയാണ് പി.സി എബ്രഹാം കുഞ്ഞേട്ടൻ എന്ന തൂലികാ നാമം സ്വീകരിച്ചത്. റവ.ഡോ.കുര്യൻ മാതോരിന്റെ ലേഖനത്തിൽ കേരള വൊക്കേഷൻ സർവ്വീസ് സെന്ററിനെ പറ്റിയും മിഷൻ ലീഗ് വൊക്കേഷൻ ബ്യൂറോയെ പറ്റിയും ഇപ്രകാരം എഴുതിയിരുക്കുന്നു.

"ദൈവവിളി പ്രോൽസാഹനാർത്ഥം ആരംഭിച്ച സ്ഥാപനമാണല്ലോ ഭരണാങ്ങാനത്തുള്ള കേരള വൊക്കേഷൻ സർവ്വീസ് സെന്റർ. ദേവവിളി പ്രോൽസാഹനം മിഷൻ ലീഗിന്റെ ഒരു ലക്ഷ്യമായി ആദ്യമേ തന്നെ കണക്കാക്കിയിരുന്നു. ആരംഭം മുതലേ കുഞ്ഞേട്ടന്റെ നേതൃത്വത്തിൽ മിഷൻലീഗ് വൊക്കേഷൻ ബ്യൂറോ ഏതാണ്ട് വ്യവസ്ഥാപിത രൂപത്തിൽ പ്രവർത്തിക്കുവാൻ തുടങ്ങി. ക്രമേണ ഭാഗ്യസ്മരണാർഹനായ ബഹു. എബ്രഹാം ഈറ്റകുന്നേലച്ചന്റെ നേതൃത്വത്തിലും പ്രേൽസാഹനത്തിലും വൊക്കേഷൻ ബ്യൂറോകൾ പാലാ രൂപതയിലും മറ്റ് രൂപതകളിലും സ്ഥാപിതമായി. ഇപ്രകാരം എളിയതോതിൽ പി.സി എബ്രഹാം മിഷൻലീഗിലൂടെ ആരംഭിച്ച ബ്യൂറോയാണ് കേരള വൊക്കേഷൻ സർവ്വീസ് സെന്ററായി വളർന്നത്. ഈ സെന്ററിന്റെ ഉൽഘാടനം 1970 ഒക്ടോബർ നാലിന് ഭരണങ്ങാനത്ത് കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ നിർവ്വഹിച്ചു.

1991 ഏപ്രിൽ 17-ാം തിയതിയിലെ സത്യദീപത്തിൽ കുഞ്ഞേട്ടനുമായി നടത്തിയ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ സത്യദീപം തയ്യാറാക്കിയ ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ജ്ഞാന സ്നാനം സ്വീകരിച്ചപ്പോൾ പ്രേഷിത പ്രവർത്തനത്തിന്റെ ചുമതല എന്നെ ഏൽപ്പിച്ചു എന്ന ബോദ്ധ്യം എനിക്കുണ്ട്. ആ ബോദ്ധ്യം എന്നെ നയിക്കുകയും ചെയ്യുന്നു. നല്ല ഒരു കമ്മ്യൂണിസ്റ്റ് കാരാനാകാനുള്ള സാഹചര്യങ്ങൾ എനിക്ക് സഭാധികാരികളിൽ നിന്ന് ഉണ്ടായിട്ടുണ്ട്. പക്ഷേ ഞാൻ പ്രവർത്തിക്കുന്നത് സഭാ

www.malankaralibrary.com

ധികാരികൾക്ക് വേണ്ടിയല്ല. ദൈവം എന്നെ സ്നേഹിച്ച് നയിക്കുന്നു എന്ന അവബോധത്തോടെയാണ് ഞാൻ പ്രവർത്തിക്കുന്നത്. ഈ വക പ്രവർത്തനങ്ങളിൽ നിന്ന് പിന്തിരിയുവാൻ പല തവണകളിൽ താനൊരുങ്ങിയിട്ടുണ്ട്. പക്ഷേ അങ്ങനെ ചെയ്താൽ ദൈവത്തിന്റെ അനുഗ്രഹത്തിന്റെ ചാല് ഞാൻ അടയ്ക്കുകയായിരിക്കും എന്ന ബോധമാണ് തുടരാൻ എന്നെ നിർബന്ധിക്കുന്നത്.

സഭാ നേതൃത്വത്തിൽ നിന്ന് പുതിയ തലമുറ, പഴയ തലമുറയിൽ നിന്ന് ഭിന്നമാകുന്നതുപോലെ തോന്നുന്നു. സഭയുടെ പൊതുലക്ഷ്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നവർ കുറയുകയാണ്. മറിച്ച്, ഓരോരുത്തരുടേയും ബോദ്ധ്യങ്ങൾക്കനുസരിച്ച് ഭരിക്കുന്ന പ്രവണത കാണുന്നു. ക്രിസ്തുവിന്റെ സുവിശേഷത്തേക്കാൾ സ്വന്തം സന്ദേശങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നവർ സഭയിൽ വർദ്ധിക്കുന്നു.

വിശ്വാസത്തിൽ അടിയുറച്ച ഒരു തലമുറയെ വാർത്തെടുക്കാൻ നമുക്ക് കഴിയുന്നോയെന്ന് സംശയമാണ്. പ്രസ്റ്റീജ്, ലാഭം എന്ന ചിന്തകൾ എവിടെയും ഭരിക്കുകയാണ്. നല്ലവരായ ചെറുപ്പക്കാർക്കുപോലും ലഭിക്കുന്ന സാക്ഷ്യം നന്മയിൽ വളരാൻ പര്യാപ്തമാകാതെ പോകുന്നു. സഭയ്ക്കായി പ്രതിഷ്ഠതാരായവരുടെ പ്രതി സാക്ഷ്യങ്ങൾ നിസ്സാരമല്ല.

ഇന്ന് നിരീശ്വരവാദികൾ കുറഞ്ഞിരിക്കുന്നു എന്നത് ശരിയാണ്. കരിസ്മാറ്റിക് പോലുള്ള പരിപാടികൾക്ക് ലക്ഷങ്ങൾ കൂടുന്നുണ്ട്. ഇതൊക്കെ വിശ്വാസ വർദ്ധനവിന്റെ ലക്ഷണമാണെന്ന് പറയുവാൻ വിഷമമാണ്. നേർച്ച കാഴ്ചകൾ കൂടുന്നുണ്ട്. ശബരിമലയിലും മറ്റും തീർത്ഥാടകർ കൂടുന്നുണ്ട്. മനുഷ്യർ അസംതൃപ്തരാണെന്നാണ് ഇതൊക്കെ സൂചിപ്പിക്കുന്നത്."

ഒരു പുരുഷായുസ് മുഴുവൻ സഭാ ശുശ്രൂഷ ചെയ്ത സഭാസ്നേഹി പി.സി എബ്രഹാത്തിന്റെ വിലയിരുത്തലുകളാണ് സത്യദീപം ലേഖനത്തിലൂടെ വെളിച്ചത്ത് വന്നിരിക്കുന്നത്. അദ്ദേഹത്തിന്റെ ഈ അഭിപ്രായം സമുദായം തുറന്ന മനസ്സോടെ കേൾക്കണം.

2001 ആഗസ്റ്റിൽ സണ്ടേ ശാലോമിൽ സിജി ഉലഹന്നൻ ഇപ്രകാരം എഴുതിയിരിക്കുന്നു. "മിഷൻലീഗിന്റെ ശാഖകൾ സ്ഥാപിക്കാനുള്ള നെട്ടോട്ടത്തിനു പിന്നിൽ ത്യാഗനിർഭരമായ അനുഭവത്തിന്റെ കഥയുണ്ട്. കല്ലും മുള്ളും ചവുട്ടി തുപ്പും ആക്ഷേപങ്ങളും സഹിച്ച് സംഘടന വളർത്തിയെടുക്കാനുള്ള സഹന സാക്ഷ്യം ക്രിസ്തുവിന്റെ കുരിശിന്റെ ഒരു വശം നമുക്കുള്ളതാണല്ലോ എന്ന് കരുതി എല്ലാ വെല്ലുവിളികളേയും നേരിട്ടെന്ന് കുഞ്ഞേട്ടൻ പറയുന്നു. മിക്കവാറും നടന്നായിരുന്നു യാത്ര മുഴുവൻ. ഒരു പള്ളിയിൽ നിന്ന് ഇറങ്ങുമ്പോൾ, അടുത്ത പള്ളിയിലേക്കുള്ള ദൂരം അധികമില്ലല്ലോ. അവിടെവരെ നടക്കാമെന്നു കരുതിയുള്ള ദീർഘയാത്ര".

കയ്പേറിയതും മധുരിക്കുന്നതുമായ അനുഭവങ്ങളിലൂടെ കടന്നുപോയ കുഞ്ഞേട്ടന്റെ ജീവിതവും മിഷൻലീഗിന്റെ ചരിത്രവും ഒന്നു തന്നെ. ഭാരത

www.malankaralibrary.com

വിരിക്കാവുന്ന രീതിയിൽ ഉണ്ടാക്കിയ നാലുഷീറ്റുകൾ കുഞ്ഞേട്ടന്റെ കൈവശമുണ്ട്. തീരെ ചെറിയ കടലാസ്സുകൾ ഒന്നൊന്നായി ചേർത്ത്വച്ച് ഒട്ടിച്ചാണ് ഇപ്രകാരമുള്ള ഷീറ്റുകൾക്ക് രൂപംകൊടുക്കുന്നത്"

കുഞ്ഞേട്ടന്റെ സ്വഭാവസവിശേഷതകളെപ്പറ്റി മനസ്സിലാക്കുവാൻ മാതോത്തച്ചന്റെ ഈ വാക്കുകൾ മതിയാകും എന്നതിനാൽ ഞാൻ വിവരിക്കുന്നില്ല. പ്രേഷിതപ്രവർത്തനരംഗത്ത് കുഞ്ഞേട്ടനെപ്പെലെ തീഷ്ണതയോടെ, അർപ്പണബോധത്തോടെ, തളരാതെ, കാലിടറാതെ പ്രവർത്തിച്ച മറ്റൊരു വ്യക്തിയെ ചൂണ്ടിക്കാണിക്കുവാൻ ഇല്ലെന്നതാണ് യാഥാർത്ഥ്യം. ഒരു പ്രസ്ഥാനത്തിനുവേണ്ടി ജീവിതകാലംമുഴുവൻ ഉഴിഞ്ഞുവച്ച ജീവിതമാണ് കുഞ്ഞേട്ടന്റേത്. പ്രശംസകളേക്കാൾ കൂടുതൽ ക്രൂരമായ അമ്പുകൾ അദ്ദേഹത്തിന്റെ നേർക്ക് തൊടുത്തുവിട്ടവർ ഉണ്ട്. അതൊക്കെപറഞ്ഞ് ആരെയും വേദനിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. തന്റെ നേർക്കുപതിച്ച ആ കൂരമ്പുകൾ അന്നുതന്നെ വലിച്ചൂരികളഞ്ഞ് അത് വിസ്മരിക്കുകയാണ് കുഞ്ഞേട്ടന്റെ പതിവ്. അത് കുഞ്ഞേട്ടന്റെ ശൈലി. എന്നാൽ കേൾവിക്കാരും കാണികളും അതിനെ എങ്ങിനെയാണ് വിശേഷിപ്പിക്കുക.

കുഞ്ഞേട്ടനെപ്പോലെ ദീർഘകാലമായി ഒരു പ്രസ്ഥാനത്തിനുവേണ്ടി പണിയെടുത്ത മറ്റൊരാളെ ചൂണ്ടിക്കാണിക്കാൻ നമുക്കില്ല. മറ്റേതെങ്കിലും പ്രസ്ഥാനത്തിലായിരുന്നു കുഞ്ഞേട്ടൻ പ്രവർത്തിച്ചിരുന്നതെങ്കിൽ എത്രയെത്ര അവാർഡുകൾ അദ്ദേഹത്തിന് ലഭിക്കുമായിരുന്നു. എത്രയെത്ര സ്വീകരണങ്ങൾ അദ്ദേഹത്തിനു ലഭിക്കുമായിരുന്നു. കുഞ്ഞേട്ടൻ ജയന്തി ഒരു ദേശീയോത്സവപ്രതീതിയിൽ കൊണ്ടാടുമായിരുന്നു. ഇതൊന്നും കുഞ്ഞേട്ടൻ ആഗ്രഹിച്ചിരുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. വിളമ്പുന്നവൻ അറിഞ്ഞില്ലെങ്കിലും ഉണ്ണുന്നവൻ അറിയണമെന്ന് ഒരു ചൊല്ലുണ്ടല്ലോ. കുഞ്ഞേട്ടനെ സംബന്ധിച്ച് വിളമ്പുന്നവൻ അറിഞ്ഞില്ലെങ്കിൽ കേൾക്കുന്നവരെങ്കിലും അറിയണമായിരുന്നു.

കുഞ്ഞേട്ടനെ ആദ്യമായി ആദരിക്കുന്നത് ആളൂർ ബറ്റർ ലൈഫ് സെന്ററിന്റെ സ്ഥാപകൻ ഫാ. ജോസ് അക്കരക്കാരനാണ്. രൂപതകളോ മറ്റു പ്രസ്ഥാനങ്ങളോ സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ളവരെ ആദരിക്കുവാൻ യാതൊരു നടപടിയും സ്വീകരിക്കാതിരുന്ന ഒരു കാലഘട്ടത്തിലാണ് ഫാ. ജോസ് അക്കരക്കാരൻ ഇങ്ങനെയൊരു സംരംഭത്തിന് തുടക്കം കുറിച്ചത്. അദ്ദേഹം വിശിഷ്ടസേവനം നൽകുന്നവരെ ആദരിക്കാനാണ് കേരളസഭാതാരം അവാർഡ് ഏർപ്പെടുത്തിയത്. 1984 ൽ ഈ അവാർഡിന് കുഞ്ഞേട്ടനെയാണ് തിരഞ്ഞെടുത്തത്. (ഫാ. അക്കരക്കാരൻ ഈ അവാർഡ് സമ്പ്രദായം ആരംഭിക്കുമ്പോൾ കത്തോലിക്കാ കോൺഗ്രസ്സ് മാത്രമായിരുന്നു വിശിഷ്ടവ്യക്തികളെ ആദരിക്കുവാൻ ഒരു സംവിധാനം ഏർപ്പെടുത്തിയിരുന്നത്. കെ.സി.ബി.സി. പോലും അനേകം വർഷങ്ങൾ കഴിഞ്ഞാണ് ആ രംഗത്ത് പ്രവേശിച്ചത്.) കുഞ്ഞേ

www.malankaralibrary.com

ട്ടൻ ഈ അവാർഡ് സ്വീകരിക്കുമോ പലരും സംശയിച്ചു. അദ്ദേഹത്തിന് അവാർഡു നൽകുന്ന വാർത്തപത്രങ്ങളിൽ കൊടുക്കണം അതിന് അദ്ദേഹത്തിന്റെ ഫോട്ടോ എങ്ങിനെ സംഘടിപ്പിക്കും. കുഞ്ഞേട്ടനെ ഈ അവാർഡ് സ്വീകരിക്കാൻ സമ്മതിപ്പിക്കുവാനും അദ്ദേഹത്തിന്റെ ഫോട്ടോ സംഘടിപ്പിക്കുവാനും എന്നെയാണ് ജോസച്ചൻ ഭരമേല്പിച്ചത്.

അതിനെന്താണ് ഒരുവഴി. കുഞ്ഞേട്ടൻ സമ്മതിക്കുമോ ഏതായാലും ശ്രമിക്കാമെന്ന്തന്നെ ഞാൻ വിചാരിച്ചു. അന്ന് ഞാൻ കടനാട് സ്കൂളിൽ പഠിപ്പിക്കുകയായിരുന്നു. ഞാൻ കുഞ്ഞേട്ടന് ഒരു എഴുത്ത് എഴുതി. "ഈ എഴുത്ത് കിട്ടിയാൽ ഉടൻ കടനാട് സ്കൂളിൽ വരണം. ഉപേക്ഷ വിചാരിക്കരുത്. വന്ന് എന്നെ സഹായിച്ചേ പറ്റൂ" ഇത്രമാത്രമേ എഴുതിയുള്ളു. എന്തെങ്കിലും അത്യാവശ്യകാര്യമെന്ന് വിചാരിച്ച് കുഞ്ഞേട്ടൻ എഴുത്തയച്ച് മൂന്നാം ദിവസം കടനാട് സ്കൂളിൽ എത്തി. കാര്യമന്വേഷിച്ചു. നമുക്ക് ഉടനെ കൊല്ലപ്പള്ളിവരെപോകണം അവിടെച്ചെന്ന് നടത്തേണ്ട ഒരു കാര്യമാണ്. എന്റെ സൈക്കിളിൽ പുറകിലിരുത്തി ഞാൻ കൊല്ലപ്പള്ളിക്ക് കുഞ്ഞേട്ടനെയും കൊണ്ടുപോയി. യാത്രക്കിടയിൽ കാര്യം അന്വേഷിച്ചെങ്കിലും വിഷയം മാറ്റി സംസാരിച്ച് കൊല്ലപ്പള്ളിയിൽ എത്തി. അവിടെചെന്നിട്ട് ഒരു സ്റ്റുഡിയോയിൽ കയറ്റി. ഫോട്ടോഗ്രാഫറുമായി നേരത്തെ ഇടപാട് ചെയ്തതനുസരിച്ച് ഫോട്ടോ എടുത്തു. അതിനുശേഷമാണ് ഞാൻ കേരളസഭാതാരം അവാർഡ് വിവരം പറയുന്നത്. കുറേനേരം നിശ്ശബ്ദനായി നിന്നതിനുശേഷം മനസ്സില്ലാമനസ്സോടെ കുഞ്ഞേട്ടൻ സമ്മതിച്ചു. ഇതാണ് കുഞ്ഞേട്ടന് അവാർഡുകളോടുള്ള സമീപനം. അദ്ദേഹത്തിന്റെ സമീപനം ഇതാണെങ്കിലും അദ്ദേഹത്തെ ആദരിക്കാൻ സമൂഹത്തിന് കടമയുണ്ട്. ആ കടമ നിറവേറ്റാൻ തയ്യാറാകാത്തവർ കുറ്റക്കാരായി വിധിക്കപ്പെടും എന്നാണ് എന്റെ വിശ്വാസം. കേരളസഭാതാരം അവാർഡ് വിവരം പത്രത്തിൽ വന്നു. നാടാകെ സ്വീകരണം കുഞ്ഞേട്ടന് ലഭിച്ചു. എല്ലാ പത്രങ്ങളും മാസികകളും വാരികകളും എല്ലാം കുഞ്ഞേട്ടനെപ്പറ്റി നല്ല റിപ്പോർട്ടുകൾ ചെയ്തു. കുഞ്ഞേട്ടന് ഒരു സ്വീകരണം നൽകുന്നതിനെപ്പറ്റിയും അതിൽ പ്രസംഗം ചെയ്ത് അനുഗ്രഹിക്കണമെന്നും പറയുന്നതിനായും ഞാൻ ഒരു വലിയ നേതാവിനെ സമീപിച്ചു. കേരളസഭാതാരം സഭയുടെ ഔദ്യോഗികബഹുമതിയൊന്നുമല്ലല്ലോ ഇരിങ്ങാലക്കുടയിലെ ഒരച്ചന്റെ ഏർപ്പാടല്ലേ എന്ന് അദ്ദേഹം എന്നോടു ചോദിച്ചു. വർഷങ്ങൾ കഴിഞ്ഞപ്പോൾ സഭയുടെ ഔദ്യോഗികബഹുമതിയല്ലാത്ത കേരളസഭാതാരം അവാർഡ് സ്വീകരിക്കാൻ അദ്ദേഹം സന്മനസുകാണിച്ചപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. കേരളസഭാതാരം അവാർഡ് ജേതാക്കളിൽ കുഞ്ഞേട്ടനുമാത്രമാണ് നൂറുകണക്കിന് സ്വീകരണങ്ങൾ ലഭിച്ചത്. മറ്റുപലർക്കും ഒരൊറ്റ സ്വീകരണംപോലും ലഭിച്ചില്ലെന്ന യാഥാർത്ഥ്യം കുഞ്ഞേട്ടനെ താഴ്ത്തിക്കെട്ടാൻ ശ്രമിച്ചവർ ഓർക്കുന്നത് നന്ന്.

കുഞ്ഞേട്ടൻ അനുഭവിക്കേണ്ടി വന്ന മാനസിക പ്രയാസങ്ങളും മറ്റും

www.malankaralibrary.com

ഞാൻ ശരിക്കും മനസ്സിലാക്കിയിട്ടുണ്ട്. അങ്ങനെയിരിക്കെയാണ് 1988 ൽ കുഞ്ഞേട്ടന്റെ സഭാതലത്തിലുള്ള സേവനത്തെ അംഗീകരിച്ച് ഒരു അവാർഡ് കത്തോലിക്കാകോൺഗ്രസ്സ് നൽകിയാദരിച്ചത്. കാർഡിനൽ മാർ ആന്റണി പടിയറയാണ് അവാർഡ് നൽകിയത്.

ചെറുപുഷ്പമിഷൻ ലീഗുമായിട്ട് ബന്ധപ്പെട്ടാണല്ലോ കുഞ്ഞേട്ടൻ തന്റെ ജീവിതം ചിലവഴിക്കുന്നത്. അതിന്റെ സ്ഥാപകനും കുഞ്ഞേട്ടനാണല്ലോ. ആ പ്രസ്ഥാനത്തിന്റെ ആദ്യകാല സാരഥികൾ എല്ലാം മൺമറഞ്ഞു കഴിഞ്ഞിരിക്കുന്നു. അവശേഷിക്കുന്ന ഏകനേതാവ് കുഞ്ഞേട്ടനെ ചെറുപുഷ്പമിഷൻലീഗ് സുവർണ്ണജൂബിലിയാഘോഷിച്ചപ്പോൾ ഒരു പൊന്നാടയണിയിച്ച് ആദരിച്ചു. അർഹിക്കുന്ന അംഗീകാരം ഒരിക്കലും അദ്ദേഹത്തിന് ആരും നൽകിയിട്ടില്ലെന്നതാണ് സത്യം.

2000–ാ മാണ്ട് മഹാജൂബിലി വർഷമായിരുന്നല്ലോ. അന്നാണ് കുഞ്ഞേട്ടന്റെ ജനനത്തിന്റെ പ്ലാറ്റിനം ജൂബിലി വർഷവും. കുഞ്ഞേട്ടനെ അർഹിക്കുന്ന വിധത്തിൽ ആദരിക്കണമെന്ന് കത്തോലിക്കാകോൺഗ്രസ്സ് തീരുമാനിച്ചു. 75–ാം ജന്മവാർഷികദിനത്തിൽ അദ്ദേഹത്തെ കോട്ടയത്ത് എ.കെ.സി.സി. ഓഫീസിൽ ക്ഷണിച്ചുവരുത്തുകയും ജന്മദിനം ആഘോഷിക്കുകയും ചെയ്തു. കുഞ്ഞേട്ടന്റെ ദീർഘകാലത്തെ സേവനങ്ങളെ ആദരിച്ച് അദ്ദേഹത്തിന് നൂറ്റാണ്ടിന്റെ അൽമായ പ്രേഷിതൻ എന്ന ബഹുമതി കത്തോലിക്കാ കോൺഗ്രസ് നൽകിയാദരിക്കാൻ തീരുമാനിച്ചു. അതുമാത്രമല്ല എല്ലാ വർഷവും "പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ നൂറ്റാണ്ടിന്റെ അൽമായ പ്രേഷിതൻ"എന്ന അവാർഡ് എ.കെ.സി.സി.യിൽ ഏർപ്പെടുത്താനും അതിന് ഒരുലക്ഷംരൂപാ ശേഖരിക്കാനും എ.കെ.സി.സി. തീരുമാനിച്ചു. ആ ഫണ്ടു ശേഖരണത്തിൽ സഹകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഭാരതത്തിലെ എല്ലാ മലയാളി മെത്രാന്മാർക്കും സന്യാസ സന്യാസിനി ഭവനങ്ങളിലേക്കുമായി 3237 പേർക്ക് കത്തയച്ചു. വിരലിലെണ്ണാവുന്നത്രമാത്രം സന്യാസഭവനങ്ങൾ അതിൽ സഹകരിച്ചു. പല മെത്രാന്മാരും ആത്മാർത്ഥമായി സഹകരിച്ചു. സഹകരിച്ചവരെയെല്ലാം വരവുചിലവ് കണക്ക് എഴുതി അറിയിച്ചു. അത് പ്രസിദ്ധീകരിക്കാതിരുന്നത് മറ്റാരെയും വേദനിപ്പിക്കണ്ടായെന്നു കരുതി മാത്രമാണ്. ഈ ഫണ്ടുശേഖരണത്തിൽ ഏറ്റം കൂടുതൽ തുക സംഭാവന ചെയ്തത് ഇപ്പോഴത്തെ ജസ്റ്റീസ് കുര്യൻ ജോസഫ് ആയിരുന്നുവെന്നുള്ളത് ഒരു അൽമായനായ ഞാൻ സന്തോഷപൂർവ്വം സ്മരിക്കുന്നു. സഹായിക്കേണ്ടവരിൽ പലരും അതിൽ സഹകരിച്ചില്ല. കേരളത്തിലെ 27–ൽപരം വൈദികമേലദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യത്തിൽ ആണ് കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് കുഞ്ഞേട്ടന് നൂറ്റാണ്ടിന്റെ അൽമായ പ്രേഷിതൻ എന്ന ബഹുമതി നൽകിയാദരിച്ചത്. കാർഡിനൽ മാർ വർക്കി വിതയത്തിലാണ് അവാർഡുദാനം നിർവ്വഹിച്ചത്. സമാഹരിച്ച് തുക 75000 രൂപാ സ്ഥിരനിക്ഷേപമായി ഇട്ടുകൊണ്ട് വർഷംതോറും അതിന്റെ പലിശകൊണ്ട്

www.malankaralibrary.com

കുഞ്ഞേട്ടന്റെ പേരിലുള്ള അവാർഡ് നൽകികൊണ്ടിരിക്കുകയും ചെയ്യുന്നു."

കേരള സഭയുടെ ചരിത്രത്തിൽ കുഞ്ഞേട്ടനെപ്പോലെ പ്രേഷിത പ്രവർത്തനരംഗത്ത് പ്രവർത്തിച്ച മറ്റൊരു വ്യക്തിയെ ചൂണ്ടിക്കാണിക്കുവാനില്ല. വലിയ മിഷൻ സമ്മേളനങ്ങൾ നടത്തുമ്പോൾ കാണികളുടെയിടയിൽ ഒരു സാധാരണക്കാരനെപ്പോലെ നിൽക്കുന്ന കുഞ്ഞേട്ടനെയാണ് കാണാൻ സാധിക്കുക. അദ്ദേഹത്തെ അർഹിക്കുന്ന സ്ഥാനത്ത് ഇരുത്തുവാൻ ആരുംമെനക്കെടാറില്ല. ഇരിക്കാനുള്ള ആഗ്രഹം അദ്ദേഹം പ്രകടിപ്പിച്ചിട്ടുമില്ല.

2007 ൽ മിഷൻലീഗ് ആരംഭിച്ചിട്ട് 60 വർഷം തികയും. ആ വജ്രജൂബിലിയാഘോഷം കുഞ്ഞേട്ടനെ കേന്ദ്രീകരിച്ചുംകൂടി നടത്തികാണാൻ ഞാൻ ആഗ്രഹിക്കുന്നുവെന്ന് സാന്ദർഭികമായി പറയട്ടെ.

സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും വിലപ്പെട്ട സേവനങ്ങൾ ചെയ്ത 750 പേരുടെ ജീവചരിത്രം രചിക്കുവാനും ഇപ്പോൾ ജീവിച്ചിരിക്കുന്ന 400 ൽ അധികം പേരുടെ ചരിത്രം രചിക്കുവാനും എന്നെ പ്രേരിപ്പിച്ചത് "കുഞ്ഞേട്ടന്റെ" ചരിത്രമാണ്. എത്ര മഹത്തായ സേവനങ്ങൾ അനുഷ്ഠിച്ചാലും അവരെ ആദരിക്കുവാൻ ആരും ഉണ്ടാവുകയില്ല. സമൂഹത്തിനു വേണ്ടി ജീവിതം ബലിയർപ്പിച്ച മഹതീമഹാന്മാരെ അവഗണിക്കുകയോ വിസ്മരിക്കുകയോ ചെയ്യുന്ന ചരിത്രം മാറ്റിയെഴുതാൻ വേണ്ടിയാണ് ദിവംഗതരായവരെടുയും ജീവിച്ചിരിക്കുന്നവരുടെയും ചരിത്രം എഴുതുവാൻ ഞാൻ തയ്യാറായത് എന്നുകൂടി സൂചിപ്പിക്കട്ടെ.

1946 നവംബർ 12 ന് മാന്നാനത്ത് പെരുമാലിൽ കുടുംബാംഗമായ തെയ്യാമ്മയെയാണ് കുഞ്ഞേട്ടൻ വിവാഹം ചെയ്തത്. കുഞ്ഞേട്ടന്റെ ദുഃഖങ്ങളിലും മറ്റും പങ്കുചേർന്ന ആ വനിതയുടെ ത്യാഗപൂർണ്ണമായ ജീവിതം നമുക്ക് മാതൃകയാക്കാം.

വിലാസം : പി.സി. അബ്രാഹം, പല്ലാട്ടുകുന്നേൽ (കുഞ്ഞേട്ടൻ),
ചെമ്മലമറ്റം പി.ഒ., കോട്ടയം ജില്ല.

# 53

# ജോസ് പ്രകാശ്



ഗായകൻ, ചലച്ചിത്രനടൻ, നാടകനടൻ, സംവിധായകൻ എന്നീ നിലകളിലെല്ലാം കലപ്രേമികളുടെ ആദരവ് നേടിയ ജോസ് പ്രകാശ് 1925 ഏപ്രിൽ 14 ന് ചങ്ങനാശ്ശേരിയിൽ ജനിച്ചു. പിതാവ് കുന്നേൽ കെ. ജെ.ജോസഫും മാതാവ് ചങ്ങനാശ്ശേരിയിലെ കടന്തോട്ടെ കുടുംബാംഗമായ ഏലിയാമ്മയും. ഈ ദമ്പതികൾക്ക് ജനിച്ച

www.malankaralibrary.com


എട്ടു മക്കളിൽ ഏററംമുമ്പനായിരുന്നു ജോസ്പ്രകാശ്. അദ്ദേഹത്തിന്റെ ചെറുപ്പത്തിലെ പേര് ബേബി എന്നായിരുന്നു. സിനിമയിൽ വന്നപ്പോൾ നടൻ തിക്കുറിശ്ശി സുകുമാരൻ നായർ നല്കിയ നാമധേയമാണ് ജോസ് പ്രകാശ്. ബാല്യം ചങ്ങനാശ്ശേരിയിലായിരുന്നുവെങ്കിലും വളർന്നതും വിദ്യാഭ്യാസം നടത്തിയതും കോട്ടയത്തായിരുന്നു. കോട്ടയംമുൻസിഫ് കോടതിയിലായിരുന്നു പിതാവിന് ജോലി. അതുകൊണ്ട് കുടുംബം അവിടെ താമസമാക്കി.

1942-ൽ 17-ാമത്തെ വയസ്സിൽ ജോസ്പ്രകാശ് പട്ടാളത്തിൽ ചേർന്നു. ഇപ്പോഴത്തെപാക്കിസ്ഥാനിലെ ഫിറോസ്പൂരിൽ ആയിരുന്നു ആദ്യത്തെ നിയമനം. രണ്ടാം മഹാലോകയുദ്ധകാലത്ത് വടക്കേ ഇന്ത്യയിലെ പല സ്ഥലങ്ങളിലും ധീരജവാനായി സേവനമനുഷ്ഠിച്ചു. ഭാരത സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം 1949-ൽ സർവ്വീസിൽ നിന്നും പിരിഞ്ഞു പോന്നു. ഏഴുവർഷത്തെ പട്ടാളജീവിതം. കോട്ടയം സ്വദേശിയായ ഫിലോമിനയെ അദ്ദേഹം ഇക്കാലത്ത് വിവാഹം ചെയ്തു. (ഊട്ടിയിലെ ഗുഡ്ഷെപ്പേർഡ് ഇന്റർനാഷണൽ സ്കൂൾ നടത്തുന്നത് ഇദ്ദേഹത്തിന്റെ മൂത്തമകൾ എത്സമ്മയാണ്.) ശാസ്ത്രീയമായി സംഗീതം പഠിച്ചിട്ടില്ലെങ്കിലും കുട്ടിക്കാലം മുതൽ ബേബി സംഗീതപ്രിയനായിരുന്നു. ജന്മവാസനയായി ലഭിച്ചകഴിവ് വികസിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. ഒരു നല്ല ഗായകനാകണമെന്ന മോഹവുമായിട്ടാണ് ചലച്ചിത്രരംഗവുമായി ബേബി ബന്ധപ്പെടുന്നത്. 1952-ൽ പുറത്തു വന്ന ഒ.ജെ. തോട്ടാൻസംവിധാനം ചെയ്ത അൽഫോൻസ എന്നചിത്രത്തിൽ പാടുകയും ചെറിയ വേഷം അഭിനയിക്കുകയും ചെയ്തു. തുടർന്ന് പ്രേമലേഖ, വിശപ്പിന്റെവിളി, അവകാശി, ശരിയോതെറേറാ, തുടങ്ങിയ ചിത്രങ്ങളിലെല്ലാം പാടി അഭിനയിച്ചു. അതോടൊപ്പം കോട്ടയത്ത് നാടകങ്ങളും നടത്തിപോന്നു. നാടകങ്ങളിൽ നടനും സംവിധായകനുമായിരുന്നു. കലാകാരന്റെ വരുമാനം നിശ്ചിതമല്ലന്നതുകൊണ്ട് ജോസ്പ്രകാശ് ബിസ്സിനസ് രംഗത്തേക്കും ശ്രദ്ധതിരിക്കുകയുണ്ടായി. എറണാകുളത്തേക്ക് താമസം മററി. അവിടെ റെഡിമെയ്ഡ് ഡ്രസ് വില്പനയും ടെയിലറിംഗ് ഷോപ്പും ആരംഭിച്ചു. സിനിമ രംഗത്ത് തിരക്കു വർദ്ധിച്ചപ്പോൾ നാടകരംഗം പൂർണ്ണമായി ഉപേക്ഷിച്ചു. അറിയപ്പെടാത്തരഹസ്യം, കൂടെവിടെ, കണികാണുംനേരം, സ്വന്തമെവിടെ, ബന്ധമെവിടെ തുടങ്ങി 400-ൽ പരം സിനിമകളിൽ മലയാളത്തിലും തമിഴിലുമായി അഭിനയിച്ചു. വില്ലനായും പിതാവായും പുരോഹിതനായും വിത്യസ്ത വേഷങ്ങളിൽ തിളങ്ങിയിട്ടുണ്ട്. മലയാളത്തിനു പുറമേ ഇംഗ്ലീഷ്, ഹിന്ദി, തമിഴ് എന്നീ ഭാഷകളും വളരെ അനായാസമായി കൈകാര്യം ചെയ്യുവാൻ ജോസ്പ്രകാശിന് സാധിക്കും. 1994-ൽ ഭാര്യ മരിച്ച വേദന ഉള്ളിലൊതുക്കി നടന്ന ഈ കലാകാരൻ 2002-ൽ കാൽവഴുതി കുളിമുറിയിൽ വീഴുകയുണ്ടായി. അന്നത്തെ വീഴ്ചയിൽ നിന്നും ഇതുവരെ എഴുന്നേല്ക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടില്ല. പ്രാഥമിക ആവശ്യങ്ങൾ നിറവേററാൻ പോലും പരസഹായം ആവശ്യമാണ്. ഇപ്പോൾ

www.malankaralibrary.com

വടുതല ചിന്മയാ മിഷൻസ്കുളിനു പരിസരത്ത് ഇളയ മകന്റെ കൂടെ താമസിക്കുന്നു.

വിലാസം : ജോസ്പ്രകാശ്, പള്ളിക്കാവ് ടെമ്പിൾ റോഡ്, വടുതല, കൊച്ചി.



# 54

# ജെ.എ. ചാക്കോ

കറപുരളാത്ത രാഷ്ട്രീയ പ്രവർത്തനത്തിനുടമയായ ജെ.എ. ചാക്കോ 1925 ജൂലൈ 25-ാം തീയതി കുരുവിനാൽ ചോതിരക്കുന്നേൽ കുടുംബത്തിന്റെ ഒരു ശാഖയായ ജീരകത്ത് വീട്ടിൽ ജനിച്ചു. പിതാവിന്റെ പേര് അവിരാ. മാതാവ് കടനാട്പള്ളി ഇടവക ചിറപ്പുറത്തേൽ കുടുംബാംഗമായ റോസമ്മ. പിതാവ് അവിരായ്ക്ക് മുത്തോലിയിൽ കച്ചവടമായിരുന്നു. പാലായിലും, പൈകയിലും, കൊരട്ടി, എരുമേലി എന്നിവിടങ്ങളിലും കച്ചവടം വ്യാപകമായി നടത്തി. ചാക്കോയ്ക്ക് 2 വയസ്സുള്ളപ്പോൾ പിതാവ് ഉരുളികുന്നത്ത് കുറെസ്ഥലം വാങ്ങി താമസം അങ്ങോട്ടുമാറ്റി.

വിളക്കുമാടം കർമ്മലീത്താമഠം വക സ്കൂളിലായിരുന്നു നേഴ്സറി വിദ്യാഭ്യാസം. പിന്നീട് ചെങ്ങളം സെന്റ് ആന്റണീസ് മലയാളം സ്കൂൾ, മണലുങ്കൽ സെന്റ് അലോഷ്യസ് യു.പി.സ്കൂൾ എന്നിവിടങ്ങളിൽ പഠിച്ചു. തേർഡ് ഫാറം മണലുങ്കൽ സ്കൂളിൽനിന്നു പാസ്സായ ചാക്കോ മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്കൂളിൽ ചേർന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ചെങ്ങളം സ്കൂളിൽ പഠിക്കുന്ന കാലത്ത് സ്വാതന്ത്ര്യസമരം സജീവമായിരുന്നു. അന്ന് സ്വാതന്ത്ര്യസമരകാലത്ത് കീജെയ് വിളിച്ചതിന് അദ്ധ്യാപകരുടെ തല്ല് പലപ്രാവശ്യം ചാക്കോയ്ക്ക് ലഭിക്കുകയുണ്ടായി. മാന്നാനം സ്കൂളിൽ ബോർഡിംഗിൽനിന്നാണ് പഠിച്ചത്. അവിടുത്തെ ബഹു.വൈദികരുടെ ഉപദേശവും മാർഗദർശനവും ശ്രീ. ചാക്കോയുടെ ജീവിതവിജയത്തിന് ഏറെ സഹായിച്ചു. മാന്നാനത്തെ ബഹു.വൈദികരുടെ നിർദേശാനുസരണം തേവര സേക്രട്ട് ഹാർട്ട് കോളേജിൽ ചേർന്നു ഹോസ്റ്റലിൽ നിന്നാണ് പഠിച്ചത്. ബി.എ. എക്കണോമിക്സ് ഡിഗ്രി എടുത്തശേഷം എറണാകുളം ലോ കോളേജിൽ ചേരുകയും 1953-ൽ നിയമപഠനം പൂർത്തിയാക്കുകയും ചെയ്തു.

കോളേജ് വിദ്യാഭ്യാസകാലത്ത് പ്രസംഗമത്സരത്തിനും അഭിനയത്തിനും ഒട്ടേറെ സമ്മാനങ്ങൾ അദ്ദേഹത്തിന് ലഭിച്ചു. ബാസ്ക്കറ്റ് ബോളും ഫുട്ബോളും കളികളിൽ അദ്ദേഹം സമർത്ഥനായിരുന്നു. തേവര കോളേ

www.malankaralibrary.com

ജിൽ പഠിച്ചിരുന്ന കാലത്ത് തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി. രാമസ്വാമി അയ്യർ ഒരു പ്രൈവറ്റ് സ്കൂളിന്റെ ഉൽഘാടനത്തിന് അവിടെ വരികയുണ്ടായി. തിരുവിതാംകൂറിൽ ക്രിസ്ത്യാനികൾക്കെതിരായി പ്രവർത്തിച്ചുകൊണ്ടിരുന്ന സർ സി.പി.യെ കരിങ്കൊടി കാണിക്കുന്നതിനും മറ്റും തിരുവിതാംകൂർകാരായ വിദ്യാർത്ഥികൾ മുന്നിട്ടിറങ്ങി. ചാക്കോയുടെ സഹപാഠികളായിരുന്ന പിൽക്കാലത്ത് മന്ത്രിമാരായിരുന്ന ബേബി ജോൺ, ബി. വെല്ലിംഗ്ടൺ തുടങ്ങിയവരും മന്ത്രിയായിരുന്ന പി.റ്റി.ചാക്കോയുടെ സഹോദരൻ പി.റ്റി. തോമസും പി.ജെ.ജോസഫ് കുഞ്ഞും, ആന്റണി അധികാരവും എല്ലാം ഒത്തൊരുമിച്ച് സി.പി.യെ കരിങ്കൊടി കാണിക്കാൻ ചാക്കോയും മുന്നിട്ടിറങ്ങി. കോളേജിലെ മറ്റു സുഹൃത്തുക്കളും വൈദികരും പ്രതിഷേധ ജാഥയേയും സമരത്തേയും പിന്താങ്ങിയിരുന്നു. അതേ തുടർന്നുണ്ടായ ലാത്തി ചാർജിൽ ബേബി ജോണിനും, ആന്റണി അധികാരത്തിനും, ബി.വെല്ലിംഗ്ടണും, പി.റ്റി.തോമസിനും, ജെ.എ. ചാക്കോയ്ക്കും ഗുരുതരമായി പരിക്കുപറ്റുകയുണ്ടായി. പോലീസ് ലാത്തിചാർജിനെത്തുടർന്ന് കല്ലേറും ഉണ്ടായി.

തേവരയിൽ പഠിച്ചുകൊണ്ടിരുന്ന കാലത്ത് അവധിക്ക് വീട്ടിലേക്കു പോരുമ്പോൾ സ്വാതന്ത്ര്യസമരത്തെപ്പറ്റി വിശദീകരിക്കുന്ന പത്രങ്ങളും ലഘുലേഖകളും വാങ്ങി ആരുംകാണാതെ ബാഗിനുള്ളിൽവച്ച് നാട്ടിൽ കൊണ്ടുവരികയും മറ്റുള്ളവർക്ക് വായിക്കുവാൻ കൊടുക്കുകയും ചെയ്തിരുന്നു. ഒരു ദിവസം പോലീസുകാർ വൈക്കം തണ്ണീർമുക്കം ജെട്ടികളിൽവച്ച് ചാക്കോയെപിടികൂടി ചോദ്യം ചെയ്യുകയും പത്രങ്ങളും ലഘുലേഖകളും പോലീസ് കൈയടക്കുകയും മർദ്ദിക്കുകയും ചെയ്തു. കോളേജിൽ പഠിക്കുന്ന കാലത്ത് പാലായിലെ ഒരു രഹസ്യകേന്ദ്രത്തിൽ വച്ച് കോൺഗ്രസ്സ് മെമ്പർഷിപ്പ് ശ്രീ. ആർ.വി.തോമസ്, ചാക്കോയ്ക്ക് നൽകി. അപ്പോൾ പ്രൊഫ.കെ.എം.ചാണ്ടിയും അവിടെ സന്നിഹിതനായിരുന്നു. സ്വാതന്ത്ര്യത്തിനുശേഷം കോട്ടയം പാർലമെന്റ് മണ്ഡലത്തിൽനിന്നും പി.റ്റി.ചാക്കോ കോൺസ്റ്റിറ്റ്യുവൻസ് അസംബ്ലിയിലേക്ക് മത്സരിച്ചപ്പോൾ അദ്ദേഹത്തെ വിജയിപ്പിക്കുവാൻ ജെ. എ. ചാക്കോയും അഹോരാത്രം പരിശ്രമിക്കുകയുണ്ടായി.

1953-ൽ മുഹമ്മയിൽ പട്ടാറയിൽ അലക്സാണ്ടറുടെയും തെറമ്മയുടെയും മൂത്തമകൾ കാതറൈനിനെ വിവാഹം ചെയ്തു. 1955 ജൂൺ 21-ാം തീയതി അഭിഭാഷകനായി എൻറോൾ ചെയ്തു. മുൻ അഡ്വ.ജനറൽ എസ്സ്. നാരായണൻ പോറ്റിയാണ് ചാക്കോയെ ചീഫ് ജസ്റ്റീസിന് പരിചയപ്പെടുത്തി കൊടുത്തത്. നാരായണൻപോറ്റിയുടെ ഉപദേശപ്രകാരം കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിൽ മുളവേലി നീലകണ്ഠപിള്ളയുടെ ജൂണിയറായി പ്രാക്ടീസ് ആരംഭിച്ചു. അവിടെനിന്നും കോട്ടയത്തേക്കും പിന്നീട് 1956-ൽ പാലായിൽ സബ്കോടതിയാരംഭിച്ചപ്പോൾ പി.റ്റി. ചാക്കോയുടെ നിർദ്ദേശാനുസരണം പാലായിലേക്കും പ്രാക്ടീസ് മാറ്റി.

അഭിഭാഷകവൃത്തിയോടൊപ്പം സജീവകോൺഗ്രസ് പ്രവർത്തന

www.malankaralibrary.com

ത്തിലും അദ്ദേഹം പങ്കാളിയായി. 1957-ൽ നടന്ന കെ.പി.സി.സി. തിരഞ്ഞെടുപ്പിൽ മീനച്ചിൽ നിയോജകമണ്ഡലത്തിൽനിന്നും ചാക്കോ തിരഞ്ഞെടുക്കപ്പെട്ടു. ആ തിരഞ്ഞെടുപ്പിൽനിന്നും പിന്മാറിയാൽ അയ്യായിരം രൂപാ പാരിതോഷികം തരാമെന്ന് എതിർസ്ഥാനാർത്ഥി ഏജന്റുമാർ മുഖാന്തിരം അഭ്യർത്ഥിച്ചെങ്കിലും ചാക്കോ അതിന് തയ്യാറായില്ല.

1957-ലെ മുണ്ടശ്ശേരി വിദ്യാഭ്യാസപദ്ധതിക്കെതിരായി നടന്ന സമരത്തിലും വിമോചനസമരത്തിലും സജീവമായി ചാക്കോ പങ്കെടുത്തു. കളക്ടറേറ്റ് ഉപരോധത്തിന്റെ പേരിൽ അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയും രണ്ടാഴ്ച കോട്ടയം ജയിലിൽ പാർപ്പിക്കുകയും ചെയ്തു. പിന്നീട് നടന്ന തിരഞ്ഞെടുപ്പിൽ പി.റ്റി. ചാക്കോ ആഭ്യന്തരമന്ത്രിയായി. അപ്പോൾ പാലാ കോടതിയിലെ ഗവൺമെന്റ് പ്ലീഡറായി പി.റ്റി.ചാക്കോ, ജെ.എ. ചാക്കോയെ നിയമിച്ചു.

1964-ൽ ഗവൺമെന്റ് പ്ലീഡർ സ്ഥാനം രാജിവയ്ക്കുകയും പി.റ്റി.ചാക്കോയോട് കോൺഗ്രസ്സ് കാണിച്ച അവഗണനയെ തുടർന്ന് കേരളാ കോൺഗ്രസ്സ് എന്ന രാഷ്ട്രീയപ്രസ്ഥാനത്തിന് രൂപം കൊടുക്കുവാൻ മാത്തച്ചൻ കുരുവിനാക്കുന്നേൽ, കെ.എം.ജോർജ്, ചെറിയാൻ കാപ്പൻ, ഇ.ജോൺ ജേക്കബ്ബ് തുടങ്ങിയ നേതാക്കളോടൊപ്പം പ്രവർത്തിക്കുകയും ചെയ്തു. 1965-ൽ നടന്ന തിരഞ്ഞെടുപ്പിൽ അകലക്കുന്നം നിയോജകമണ്ഡലത്തിൽനിന്നും വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിക്കുകയും ചെയ്തു. അന്ന് മന്ത്രിസഭ ഉണ്ടാക്കാൻ അനുവദിക്കാതെ കേരളത്തിൽ പ്രസിഡന്റു ഭരണം ഏർപ്പെടുത്തി. പിന്നീട് 1967-ൽ നടന്ന തിരഞ്ഞെടുപ്പിൽ സപ്തകക്ഷിമുന്നണി വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിക്കുകയും കേരളാകോൺഗ്രസ്സിന് 6 സീറ്റും കോൺഗ്രസ്സിന് 9 സീറ്റും ലഭിക്കുകയും ചെയ്തു. വിജയിച്ച ആറു പേരിൽ ഒരാൾ ശ്രീ. ജെ.എ. ചാക്കോയായിരുന്നു. സപ്തകക്ഷിമന്ത്രിസഭയുടെ പതനത്തെത്തുടർന്ന് 1970-ൽ നടന്ന തിരഞ്ഞെടുപ്പിലും ജെ.എ. ചാക്കോ വൻഭൂരിപക്ഷത്തോടെ വിജയിച്ചു. എന്നാൽ 1976-ൽ നടന്ന നിയമസഭാമണ്ഡലങ്ങളുടെ പുനർനിർണ്ണയത്തിൽ അകലക്കുന്നം മണ്ഡലം ഇല്ലാതാക്കാൻ ചിലർ ഗൂഢശ്രമം നടത്തി. അദ്ദേഹത്തിന് വൻഭൂരിപക്ഷം കിട്ടിയിരുന്ന എലിക്കുളം പഞ്ചായത്ത് കാഞ്ഞിരപ്പള്ളി മണ്ഡലത്തിലും കൊഴുവനാൽ പാലാ മണ്ഡലത്തിലും കിടങ്ങൂർ കടത്തുരുത്തി മണ്ഡലത്തിലും ചേർത്ത് അകലക്കുന്ന്മണ്ഡലം ഇല്ലാതാക്കി.

10 വർഷം നിയമസഭാംഗമായിരുന്ന ശ്രീ.ചാക്കോ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും സന്ദർശിക്കുകയും നിയമസഭാകമ്മിറ്റികളുടെയും പാർലമെന്ററികമ്മറ്റികളുടെയും യോഗത്തിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. നിയമസഭാംഗമായിരിക്കുമ്പോൾ കേരളസഹകരണ നിയമംപോലുള്ള നിരവധി നിയമങ്ങളുടെ സെലക്ട് കമ്മറ്റിയിൽ അംഗമായിരുന്നിട്ടുണ്ട്. പബ്ലിക് അക്കൗണ്ട്സ് കമ്മറ്റി, പബ്ലിക് അണ്ടർടേക്കിംഗ് കമ്മറ്റി എന്നിവയുടെ ചെയർമാനായും പലപ്രാവശ്യം പ്രവർത്തിച്ചിട്ടുണ്ട്.

www.malankaralibrary.com

കേരളാകോൺഗ്രസ്സിലെ സ്ഥാപകനേതാക്കന്മാരായ മാത്തച്ചൻ കുരുവിനാക്കുന്നേലിനെയും ഇ.ജോൺ ജേക്കബ്ബിനെയും കേരളാകോൺഗ്രസ്സിൽനിന്നും സസ്പെന്റ് ചെയ്തപ്പോൾ ഒറിജിനൽ കേരളാകോൺഗ്രസ്സ് എന്ന ഒരു രാഷ്ട്രീയപാർട്ടി രൂപീകരിക്കുന്നതിൽ ചാക്കോസാർ നിർണ്ണായക പങ്കുവഹിച്ചു. 1977-ൽ ആ പാർട്ടി കോൺഗ്രസ്സിൽ ലയിച്ചു. കോൺഗ്രസ്സിൽനിന്നും ഉണ്ടായ അവഗണനയെ തുടർന്ന് ഒറിജിനൽ കേരളാകോൺഗ്രസ്സുകാർ കോൺഗ്രസ്സിൽനിന്നും രാജിവച്ചു. ജെ.എ. ചാക്കോ രാഷ്ട്രീയത്തോട് വിടപറഞ്ഞ് അഭിഭാഷകവൃത്തിയിൽ തുടർന്നു.

1977-ൽ നിയമസഭാംഗമായിരിക്കുമ്പോൾ ഹൈദ്രാബാദിൽ നടന്ന കത്തോലിക്കാ ബിഷപ്പുമാരുടെ യോഗത്തിൽ പങ്കെടുക്കുകയും ചെങ്ങളത്ത് ഇറ്റാലിയൻ കന്യാസ്ത്രികളുടെ വകയായ മേഴ്സി ഹോസ്പിറ്റൽ സ്ഥാപിക്കുന്നതിന് കോൺഫ്രൻസിന്റെ അനുമതി വാങ്ങിക്കുകയും ചെയ്തു. 1982-ൽ പാലാ നിയോജകമണ്ഡലത്തിൽനിന്നും ഇടതുപക്ഷത്തിന്റെ പിന്തുണയോടെ സ്വതന്ത്രസ്ഥാനാർത്ഥിയായി ശ്രീ.കെ.എം.മാണിക്കെതിരെ മത്സരിച്ചു. ചെറിയഭൂരിപക്ഷത്തിന് അദ്ദേഹം പരാജയപ്പെട്ടു. പിന്നീട് സഹകരണരംഗത്ത് പ്രവർത്തിക്കുകയും പാലാ മിൽക്ക് സൊസൈറ്റിയിൽ പലപ്രാവശ്യം പ്രസിഡന്റ് പദവി അലങ്കരിക്കുകയും ചെയ്തു. 1980 മുതൽ പാലാ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ബോർഡ് മെമ്പറായും പ്രവർത്തിക്കുന്നു. മീനച്ചിൽ കാർഷിക വികസന ബാങ്ക്, പൂവരണി സഹകരണ ബാങ്ക്, എലിക്കുളം സഹകരണ ബാങ്ക്, പാലാ കോ-ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി തുടങ്ങിയ സഹകരണസ്ഥാപനങ്ങളുടെ നിയമോപദേഷ്ടാവായും കടനാട്, കൊഴുവനാൽ, ഈരാറ്റുപേട്ട, മീനച്ചിൽ ഗ്രാമപഞ്ചായത്തുകളുടെ നിയമോപദേഷ്ടാവായും പ്രവർത്തിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു.

മീനച്ചിൽ താലൂക്കിലെ 2000-ാമാണ്ടിലെ മികച്ച സഹകാരിക്കുള്ള അവാർഡും പ്രശസ്തി പത്രവും അദ്ദേഹത്തിന് ലഭിച്ചു. സഹകരണ സർക്കിൾ യൂണിയന്റെ അവാർഡ് 2001-ലും ലഭിച്ചു. അഭിഭാഷക വൃത്തിയിൽ 50 വർഷം 21-06-2005-ൽ പൂർത്തിയാക്കി. പാലാ അർബൻ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ അഭിഭാഷകവൃത്തി സ്വീകരിച്ചതിന്റെ സുവർണ്ണജൂബിലിയാഘോഷിക്കുകയും ചെയ്തു. ജൂബിലിയാഘോഷചടങ്ങിൽവച്ച് ഹൈക്കോടതി ജഡ്ജി ബഹു.സി.എൻ. രാമചന്ദ്രൻനായർ, ചാക്കോസാറിന് അവാർഡ് നൽകിയാദരിച്ചു. ചാക്കോസാറിന്റെ ജൂണിയർ അഭിഭാഷകർ ഒരു മെമന്റോയും സമ്മാനിച്ചു.


2001-ൽ വിവാഹത്തിന്റെ സുവർണ്ണജൂബിലിയും വിപുലമായ തോതിൽ ആഘോഷിക്കുകയുണ്ടായി.

ജഗദൽപൂർ ബിഷപ്പായിരുന്ന ദിവംഗതനായ മാർ പൗലീനോസ് ജീരകത്തിന്റെ പിതൃസഹോദരന്റെ പൗത്രനാണ് ചാക്കോ സാർ.

വിലാസം : ജെ.എ ചാക്കോ, ജീരകത്തിൽ, ഞണ്ടുപാറ പി.ഒ., പൂവരണി.

www.malankaralibrary.com

# 55



# റവ. ഫാ. ചാക്കോ കാഞ്ഞൂപറമ്പിൽ SDB

## (മണിമലത്തറ ചാക്കോച്ചൻ )

പത്തുമക്കളും ഇരുപത്തഞ്ച് കൊച്ചുമക്കളും അവരുടെ മക്കളുമെല്ലാമുള്ള ഒരു കുട്ടനാടൻ കർഷകപ്രമാണി-നിരവധി ബോട്ടുസർവ്വീസുകളുടെ ഉടമ-പമ്പിംങ്ങ് കോൺട്രാക്റ്റർ-സർക്കാർ വക ജലഗതാഗതവകുപ്പിലെ ഉദ്യോഗസ്ഥൻ-പൊതു ജനസേവകൻ-എന്നീ നിലകളിലെല്ലാം കുട്ടനാട്ടുകാർക്കു ഏറെ പരിചിതനായ മണിമലത്തറ ചാക്കോച്ചൻ എന്നറിയപ്പെടുന്ന ചാക്കോ കാഞ്ഞൂപറമ്പിൽ ഇന്ന് ഒരു സലേഷ്യൻ സന്യാസവൈദികനാണ്. കുടുംബപരമായ ഉത്തരവാദിത്തങ്ങളെല്ലാം ഭംഗിയായി പൂർത്തിയാക്കിയ ശേഷം എഴുപതാം വയസ്സിൽ വൈദികനായ അദ്ദേഹം ഇന്ന് ആലപ്പുഴയിലും പരിസരപ്രദേശങ്ങളിലും ആദ്ധ്യാത്മിക ശുശ്രൂഷ നടത്തുകൊണ്ടിരിക്കുന്നുവെന്നത് കേരളസഭയുടെ ആധുനിക കാലചരിത്രത്തിലെ ഒരു അപൂർവ്വ സംഭവമാണ്. ഇന്നും ചുറുചുറുക്കോടെ പൗരോഹിത്യ ശുശ്രൂഷ നടത്തികൊണ്ടിരിക്കുന്ന ചാക്കോച്ചന്റെ ജീവിതം ദൈവവിളിയുടെ ചില നിഗൂഢതകൾ വെളിപ്പെടുത്തുകയാണ്. ഏത് പ്രായത്തിലും ജീവിതാന്തസിലുമുള്ളവരെ ദൈവം പ്രത്യേകമായ ചില ദൗത്യങ്ങളുടെ നിർവഹണത്തിനായി വിളിയ്ക്കുന്നുവെന്നുള്ളതിന്റെ ഉദാഹരണമാണ് അദ്ദേഹത്തിന്റെ ജീവിതം.

കുട്ടനാട്ടിലെ ചേന്നങ്കരി ഗ്രാമത്തിലെ കാഞ്ഞുപറമ്പിൽ കുഞ്ചെറിയ-മറിയാമ്മ ദമ്പതികളുടെ പതിനൊന്നു മക്കളിൽ മൂത്തവനായി 1925 ആഗസ്റ്റ് 5 ന് ജനിച്ച ഇദ്ദേഹത്തിന്റെ സ്ക്കൂൾ വിദ്യാഭ്യാസം ചേന്നങ്കരിയിലും പുളിങ്കുന്നിലുമായിരുന്നു. കോളേജ് വിദ്യാഭ്യാസം ത്രിശ്ശിനാപ്പള്ളി സെന്റ് ജോസഫ്സിൽ ഈശോ സഭാവൈദികരുടെ ശിക്ഷണത്തിലും. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുമുമ്പ്തന്നെ മാതാപിതാക്കളുടെ ആഗ്രഹപ്രകാരം 19-ാം വയസ്സിൽ വിവാഹിതനായി. ആലപ്പുഴ വടക്കേക്കളം ഷെവ. പോത്തൻ ജോസഫിന്റെ കൊച്ചുമകൾ മേരി (തങ്കമ്മ ) യായിരുന്നു വധു. കുട്ടനാട്ടിലെ പലയിടങ്ങളിലുമായി വ്യാപിച്ചുകിടക്കുന്ന കുടുംബ വക നെൽപാടങ്ങളിലെ കൃഷികാര്യങ്ങളിൽ അപ്പനെ സഹായിച്ചുകൊണ്ട് ജീവിതം ആരംഭിച്ചു. തുടർന്ന് പാടശേഖരങ്ങളിലെ പമ്പിങ്ങ് കോൺട്രാക്റ്റ് ഏറ്റെടുത്തു. 1950 മുതൽ ചങ്ങനാശ്ശേരി-ആലപ്പുഴ, അമ്പലപ്പുഴ തകഴി-തലവടി തുടങ്ങിയ സ്ഥലങ്ങളിലേക്ക് സ്വന്തം നിലയിൽ ബോട്ടുസർവ്വീസ് നടത്തി. 1957 -ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് സ്വകാര്യബോട്ടുസർവ്വീസുകൾ (ജലഗതാഗതം) ദേശസാൽക്കരിച്ചപ്പോൾ സ്വന്തം ബോട്ടു സർവ്വീസ് ഇല്ലാ

www.malankaralibrary.com

തെയായി. ബോട്ടുടമയെന്ന നിലയിൽ അദ്ദേഹത്തിന്റെ സേവനവും ഗവൺമെന്റ് ഏറ്റെടുത്തു. അങ്ങനെ സർക്കാർ വക ജലഗതാഗതവകുപ്പിൽ ഡിസ്ട്രിക്റ്റ് സ്റ്റേഷൻ മാസ്റ്ററായി അദ്ദേഹം നിയമിതനായി. ചങ്ങനാശ്ശേരി-ആലപ്പുഴ, കൊല്ലം-കൊച്ചി, എന്നീകേന്ദ്രങ്ങളിൽ അദ്ദേഹം ജോലി ചെയ്തു. അതോടൊപ്പംതന്നെ കൃഷികാര്യങ്ങളിലും, P.W.D.കോൺട്രാക്റ്റ്, ബാങ്കിംഗ് സഹകരണം തുടങ്ങിയ പലമേഖലകളിലും അദ്ദേഹത്തിന് നല്ലസേവനം കാഴ്ചവെയ്ക്കാൻ സാധിച്ചു. പ്രവർത്തിച്ച മേഖലകളിലെല്ലാം അദ്ദേഹം തികഞ്ഞ ആത്മാർത്ഥതയും, സാമൂഹ്യപ്രതിബദ്ധതയും പുലർത്തിയിരുന്നു.

അദ്ദേഹത്തിന്റെ സാമൂഹ്യപ്രതിബദ്ധതയ്ക്ക് ഒരുദാഹരണം. ബോട്ടുസർവ്വീസ് സർക്കാർ ദേശസാൽക്കരിച്ചശേഷം തിരുവിതാംകൂർ ഭാഗത്ത് അവശേഷിച്ച എക സ്വകാര്യബോട്ട് ഓപ്പറേറ്റർ ചാക്കോച്ചനായിരുന്നു. ഈ സൗകര്യം പ്രയോജനപ്പെടുത്തി അദ്ദേഹം ബോട്ടുമാസ്റ്റർ, ബോട്ട് ഡ്രൈവർ, സ്രാങ്ക്, ലാസ്കർ, തുടങ്ങി ജലഗതാഗതവുമായി ബന്ധപ്പെട്ട ജോലികളിൽ നിരവധി ചെറുപ്പക്കാർക്ക് പരിശീലനം നൽകുകയും ഈ പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ അവർക്കു ജലഗതാഗത വകുപ്പിൽ ജോലി ലഭിക്കുകയും ചെയ്തു. സർക്കാരിന് ഇങ്ങനെയൊരു പരിശീലന പരിപാടി ഇല്ലായിരുന്നുവെന്ന കാര്യം കണക്കിലെടുക്കുമ്പോഴാണ് ചാക്കോച്ചന്റെ സേവനത്തിന്റെ മഹത്ത്വം നാം മനസ്സിലാക്കുക.

ചാക്കോച്ചന്റെ കുടുംബ ജീവിതം ഏതർത്ഥത്തിലും ദൈവാനുഗ്രഹം നിറഞ്ഞതായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ തങ്കമ്മ ഒരു കുടുംബിനിയെന്നനിലയിൽ ഒരു മാതൃകാ വനിതയായിരുന്നു. കുടുംബത്തിനുവേണ്ടി കഠിനമായി അദ്ധ്വാനിക്കുകയും അതോടൊപ്പം തന്നെ പ്രാർത്ഥനയുടേതായ ഒരു ജീവിതം നയിക്കുകയും ചെയ്ത ആ സാധ്വി ചാക്കോച്ചന്റെ ജീവിതത്തെ ഏറെ സ്വാധീനിച്ചു. അവരുടെ ജീവിതത്തിന്റെ അവസാന നാളുകളിലൊരു സംഭവമുണ്ടായി. ഭാര്യയുടെ നിരന്തരമായ പ്രാർത്ഥന കണ്ടുകൊണ്ടിരുന്ന ചാക്കോച്ചൻ ഒരു ദിവസം തമാശയായിട്ടിങ്ങനെ പറഞ്ഞു "ഏതെങ്കിലും മഠത്തിൽ ചേർന്നാൽ നിനക്കു സമാധാനമായി ദീർഘനേരം പ്രാർത്ഥിക്കാമായിരുന്നല്ലോ" എന്ന് . "ഏതെങ്കിലും സന്യാസാശ്രമത്തിൽ ചേർന്ന് പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് ഞാനും പഠിക്കുവാൻ പോവുകയാണ്" എന്നുകൂടി ചാക്കോച്ചൻ കൂട്ടിച്ചേർത്തു. പിന്നീടൊരിക്കൽ ഭാര്യ ഗൗരവമായിതന്നെ ചാക്കോച്ചനോട് പറഞ്ഞു "എന്റെ പൊന്നെ, ഞാൻ താമസിക്കാതെ തന്നെ മരിക്കും. അപ്പോൾ നിങ്ങൾക്ക് ആശ്രമത്തിൽ ചേർന്ന് പ്രാർത്ഥനാ ജീവിതം ആകാമല്ലോ." അപ്രതീക്ഷിതമായി വന്ന ഈ വാക്കുകൾ ചാക്കോച്ചന്റെ ജീവിതത്തെ വല്ലാതെ ഉലച്ചു. നാലഞ്ചുമാസങ്ങൾക്കുശേഷം അവർ രോഗിണിയായി. പല ആശുപത്രികളിലും ചികിത്സിച്ചുനോക്കിയെങ്കിലും ഫലമുണ്ടായില്ല. വൃക്കയുടെ പ്രവർത്തനത്തിലെ തകരാറും കുറഞ്ഞ രക്തസമ്മർദ്ദവുമായിരുന്നു അസുഖം. 41 വർഷത്തെ കുടുംബജീവിതത്തിന് അന്ത്യം

www.malankaralibrary.com

കുറിച്ചുകൊണ്ട് ആ പുണ്യചരിത ഇഹലോകവാസം വെടിഞ്ഞു. ഭാര്യമരിക്കുമ്പോൾ ചാക്കോച്ചന് അറുപതുവയസ്സായിരുന്നു. ഭാര്യയുടെ പുണ്യജീവിതവും പെട്ടെന്നുണ്ടായ മരണവും വേർപാടിന് മുമ്പ് ആശ്രമജീവിതത്തെക്കുറിച്ച് അവർ നല്കിയ സൂചനയുമെല്ലാം ചാക്കോച്ചന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായി.

1945 മുതൽ 1985 വരെയുള്ള 41 വർഷത്തെ കുടുംബജീവിതം ചാക്കോച്ചൻ - തങ്കമ്മ ദമ്പതികൾക്കു പത്തുമക്കളെ (5 ആണും 5 പെണ്ണും) സമ്മാനിച്ചു. ഇവരിൽ മൂത്തകുട്ടി ഏതാനും മണിക്കൂറുകൾ മാത്രമെ ജീവിച്ചിരുന്നുള്ളു. ബാക്കി ഒമ്പതുമക്കൾക്കു പുറമെ 25 പൗത്രീ പൗത്രന്മാരും അവരുടേതായ കുഞ്ഞുമക്കളുമെല്ലാമുള്ള ഒരു വലിയ കുടുംബത്തിന്റെ തലവനായിരുന്ന ചാക്കോച്ചൻ കുടുംബസംബന്ധമായ ചുമതലകളും ഉത്തരവാദിത്തങ്ങളുമെല്ലാം ഭംഗിയായിതന്നെ നിർവ്വഹിച്ചുകൊണ്ടിരുന്നു.

ഭാര്യയുടെ മരണത്തിന് പുറമെ സന്യാസ ജീവിതത്തെ കുറിച്ച് ചിന്തിക്കുവാൻ മണിമലത്തറ ചാക്കോച്ചനെന്ന കർഷകപ്രമാണിയെ പ്രേരിപ്പിച്ച മറ്റൊരു മരണംകൂടി കുടുംബത്തിലുണ്ടായി. സലേഷ്യൻ സന്യാസസഭയിൽ വൈദികനായി ചേർന്ന അദ്ദേഹത്തിന്റെ രണ്ടാമത്തെ മകൻ ഫിലിപ്പിന്റെ അകാലത്തിലുള്ള നിര്യാണമായിരുന്നു അത്. സലേഷ്യൻ സന്യാസസമൂഹത്തിന് ഏറെ പ്രതീക്ഷകൾ നൽകിയ ഫിലിപ്പ് വൈദികപഠനം പൂർത്തിയാക്കി 1976 ഡിസംബറിൽ പൗരോഹിത്യം സ്വീകരിച്ച് റോമിൽ ഉന്നതപഠനം നടത്തിയശേഷം ഷില്ലോങ്ങിലുള്ള തിയോളജി കോളേജിൽ ബൈബിൾ പ്രൊഫസറായി നിയമിതനായി. രണ്ടുവർഷങ്ങൾക്കുശേഷം അദ്ദേഹത്തിന് ഗുരുതരമായ രോഗം ബാധിച്ചു. മജ്ജസംബന്ധമായ രോഗത്തിന് വെല്ലൂരിൽ വിദഗ്ധ ചികിത്സ നടത്തിയെങ്കിലും ഫലമുണ്ടായില്ല. എല്ലാവരെയും ദുഃഖത്തിലാഴ്ത്തികൊണ്ട് 1983 ജൂലൈ 7 ന് ആ യുവവൈദികൻ ഇഹലോകവാസം വെടിഞ്ഞു. സലേഷ്യൻ സഭയുടെ തിരുപത്തൂരുള്ള സേക്രട്ട് ഹാർട്ട് കോളേജ് സെമിത്തേരിയിൽ അദ്ദേഹത്തെ സംസ്കരിച്ചു.

യുവവൈദികനായിരുന്ന മകന്റെയും സ്നേഹനിധിയായ ഭാര്യയുടെയും അടുത്തടുത്തുള്ള വേർപാട് ചാക്കോച്ചന്റെ ജീവിതത്തെ വല്ലാതെ വേദനിപ്പിച്ചു എന്നുമാത്രമല്ല ദൈവവുമായി കൂടുതലടുക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിക്കുകയും ചെയ്തു. ആഴത്തിലുള്ള ക്രിസ്തീയ വിശ്വാസവും വിശ്വാസത്തിലധിഷ്ഠിതമായ ജീവിതവും ചാക്കോച്ചനെ പുതിയൊരു ജീവിതരീതി സ്വീകരിക്കുവാൻ - സന്യാസവൈദികനാകുവാൻ - വഴിയൊരുക്കി. സലേഷ്യൻ സന്യാസ സഭയുടെ നഷ്ടപ്പെട്ട നവ വൈദികനു പകരം സ്വന്തം ജീവിതം തന്നെ ബലി അർപ്പിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. നിരന്തരമായ പ്രാർത്ഥനയിലൂടെ അദ്ദേഹത്തിന്റെ ആഗ്രഹം ദൈവം സാധിച്ചു കൊടുത്തു. സലേഷ്യൻ സഭയുടെ മുഖ്യ പ്രവർത്തന മേഖലയായ വടക്കുകിഴ

www.malankaralibrary.com

ക്കൻ സംസ്ഥാനങ്ങളിലെ സഭാധികാരികളുമായി അദ്ദേഹം ബന്ധപ്പെട്ടു. ചാക്കോച്ചന്റെ ജീവിത പശ്ചാത്തലവും വിശ്വാസ തീഷ്ണതയും മനസ്സിലാക്കിയിരുന്ന സലേഷ്യൻ സന്യാസ സഭാധികൃതർ അനുഭാവപൂർവ്വമായ ഒരു നിലപാട് സ്വീകരിച്ചു. സഭയിലേയ്ക്കു സ്വീകരിക്കുവാൻ അവർ രണ്ടു വ്യവസ്ഥകൾ വച്ചു. ഒന്ന്, സഭയിൽ ചേരുന്നതിനുമുൻപ് വീട്ടുകാര്യങ്ങളെല്ലാം സെറ്റിൽ ചെയ്യണം. രണ്ട് വീട്ടുകാരുടെയെല്ലാം സമ്മതം ഉണ്ടാവണം. എന്നാൽ മക്കളുടെ പ്രത്യേകിച്ച് പെൺമക്കളുടെ, സമ്മതം അത്ര എളുപ്പമല്ലായിരുന്നു. അമ്മയെ നഷ്ടപ്പെടുന്നവർക്കു അപ്പനെയും നഷ്ടപ്പെടുക എന്നത് ദുഖഃകരമായി. എന്നാൽ കുറച്ചുനാളുകൾക്കുശേഷം അവരും അപ്പന്റെ ആഗ്രഹത്തിനു വഴങ്ങി.

അങ്ങനെ വീട്ടുകാര്യങ്ങളെല്ലാം തീർപ്പാക്കിയശേഷം മക്കളുടെ സമ്മതത്തോടുകൂടി പുതിയൊരു ജീവിതത്തിലേക്ക് – സന്യാസവൈദികാന്തസിലേക്ക്-പ്രവേശിക്കുവാനായി സലേഷ്യൻ സഭയുടെ ആസ്സാം പ്രവിശ്യയുടെ കേന്ദ്രമായ ഗുവാഹത്തിയിലേക്ക് യാത്രയായി. കൊച്ചുമക്കളുടെ മാത്രം പ്രായമുള്ള യുവാക്കളോടൊപ്പം നൊവീഷ്യേറ്റു നടത്തി. തുടർന്ന് ഫിലോസഫിയും ദൈവശാസ്ത്രവും പഠിച്ചു. മകൻ ഫിലിപ്പു പ്രഫസറായിരുന്ന ഷില്ലോങ്ങിലെ സേക്രട്ട് ഹാർട്ട് തിയോളജിക്കൽ കോളേജിലായിരുന്നു ദൈവശാസ്ത്രപഠനം. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്ന സലേഷ്യൻ കേന്ദ്രങ്ങളിലായിട്ടായിരുന്നു പഠനവും പരിശീലനവും. പരിശീലനം പൂർത്തിയാക്കി നാട്ടിലെത്തിയ ചാക്കോച്ചൻ 1995 മെയ് നാലാം തീയതി സ്വന്തം ഇടവകയായ ചേന്നങ്കരിയിലെ സെന്റ് ജോസഫ്സ് ദേവാലയത്തിൽവെച്ച് ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പൗവത്തിലിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. നവപുരോഹിതനപ്പോൾ പ്രായം 70 ആയിരുന്നു. ഭാര്യമരിച്ചിട്ട് അപ്പോൾ പത്തുവർഷം കഴിഞ്ഞിരുന്നു.

സലേഷ്യൻ സന്യാസവൈദികനായ ശേഷം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഏതാനും ഇടവകകളിലും സ്ക്കൂളുകളിലും അദ്ദേഹം സേവനം അനുഷ്ഠിച്ചു. എന്നാൽ അവിടുത്തെ നിരവധിയായ ഗിരിവർഗ്ഗക്കാരുടെ വ്യത്യസ്ഥമായ ഭാഷകൾ പഠിച്ചെടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. ഫലപ്രദമായ അജപാലന ശുശ്രൂഷയ്ക്കു ഭാഷ തടസ്സമായതിനാൽ രണ്ടര വർഷങ്ങൾക്കുശേഷം അദ്ദേഹത്തെ ആദ്യം ബാംഗ്ലൂരിലേക്കും പിന്നീട് കേരളത്തിലേക്കും സ്ഥലം മാറ്റി. കേരളത്തിലെ അദ്ദേഹത്തിന്റെ ആദ്യ സേവനകേന്ദ്രം പള്ളുരുത്തിയിലുള്ള ഡോൺ ബോസ്കോ ഭവനമായിരുന്നു. അവിടെ അനാഥ ബാലൻമാർക്കായി സഭ നടത്തിയിരുന്ന സ്നേഹഭവന്റെ മേൽനോട്ടമായിരുന്നു അദ്ദേഹത്തിന്റെ ആദ്യ ദൗത്യം. അടുത്തുള്ള ആശുപത്രികളിലെ രോഗികളെ കാണുവാനും വീടുകൾ സന്ദർശിക്കാനും അടുത്തുള്ള ദേവാലയങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും ബലി അർപ്പിക്കുവാനും കുമ്പസാരം കേൾക്കുവാനും അദ്ദേഹം സമയം കണ്ടെത്തുമായിരുന്നു. ബലി അർപ്പി


www.malankaralibrary.com

ക്കുവാനും കുമ്പസാരം കേൾക്കുവാനും പ്രാർത്ഥനാ ശുശ്രൂഷകൾ കഴിപ്പിക്കുവാനും അടുത്തുള്ള ഏത് സ്ഥലത്തുനിന്നു ആവശ്യപ്പെട്ടാലും അദ്ദേഹം പോകുമായിരുന്നു. ഇപ്പോൾ അദ്ദേഹം അജപാലനശുശ്രൂഷ നടത്തുന്നത് ആലപ്പുഴനോർത്തിലുള്ള മംഗലത്ത് വിശുദ്ധ മാക്മിലൻ കോൾബിയുടെ നാമത്തിലുള്ള സലേഷ്യൻ ഇടവകയിലെ അസിസ്റ്റന്റ് എന്ന നിലയിലാണ്. എൺപത് വയസ്സ് കഴിഞ്ഞെങ്കിലും പഴയ കുട്ടനാടൻ കർഷകന്റെ ചുറുചുറുക്കോടെയാണ് അദ്ദേഹം പൗരോഹിത്യ ശുശ്രൂഷ നടത്തുന്നത്.

വിലാസം - റവ. ഫാ. ചാക്കോ കാഞ്ഞൂപറമ്പിൽ, അസിസ്റ്റന്റ് വികാരി,
മാക് മിലൻ കോൾബി ചർച്ച്, മംഗലം,
ആലപ്പുഴ നോർത്ത് 688007

# 56

# ഫാ. അബ്രാഹം അടപ്പൂർ എസ്.ജെ.



രാഷ്ട്രീയ പ്രസ്ഥാനങ്ങളും ബഹുജന സംഘടനകളും അവയുടെ ഔദ്യോഗിക നിലപാടുകൾ പ്രഖ്യാപിക്കുന്നതിനും വിശദീകരിക്കുന്നതിനുമായി ഔദ്യോഗിക വക്താവായി ഒരാളെ ചുമതലപ്പെടുത്താറുണ്ട്. ഭാരതത്തിലെ കത്തോലിക്കാ സഭയോ കേരളസഭയോ അങ്ങനെയൊരു വക്താവിനെ നിയമിച്ചിട്ടില്ല. എങ്കിലും ഭാരതീയർ വിശിഷ്യ കേരളീയർ സഭയുടെ ഔദ്യോഗിക വക്താവായി ഒരാളെ അംഗീകരിച്ചിട്ടുണ്ട്. വിവിധ വിഷയങ്ങളിൽ സഭയുടെ ഔദ്യോഗിക നയം എന്താണെന്നറിയാൻ പത്രമാധ്യമങ്ങൾ എല്ലാം എപ്പോഴും സമീപിക്കുന്ന ഒരാളുണ്ട്. അദ്ദേഹമാണ് ഫാ. അബ്രാഹം അടപ്പൂർ എസ്.ജെ.

അടപ്പൂരച്ചൻ സഭയുടെ ഔദ്യോഗിക വക്താവല്ലെങ്കിലും അദ്ദേഹം നൽകുന്ന മറുപടിയിൽ സഭാ നേതൃത്വവും മറ്റിതരരും സംതൃപ്തരാണ്. സഭയുടെ ഔദ്യോഗിക വക്തവല്ലെങ്കിലും ഔദ്യോഗികവക്താവെന്ന് സർവ്വരും സമ്മതിച്ചിട്ടുള്ള ഫാ. അബ്രാഹം മൂവാറ്റുപുഴയ്ക്കടുത്ത് ആരക്കുഴയിൽ അടപ്പൂർ കുടുംബത്തിൽ ജോൺ - മറിയം ദമ്പതികളുടെ സന്താനമായി 1926 ജനുവരി 8-ന് ജനിച്ചു. മാതാവ് മറിയം ആരക്കുഴ മാതേക്കൽ കുടുംബത്തിൽപ്പെട്ട കണ്ണാത്തുഴി ശാഖയിലെ അംഗമാണ്. ആരക്കുഴ സെന്റ് മേരീസ് സ്കൂൾ വാഴക്കുളം ഇൻഫന്റ് ജീസസ് സ്കൂൾ എന്നിവിടങ്ങളിലായിരുന്നു പ്രഥമഘട്ട വിദ്യാഭ്യാസം. സ്കൂൾ വിദ്യാഭ്യാസാനന്തരം 1944-ൽ ഈശോസഭയിൽ ചേർന്നു. മംഗലാപുരത്തെ സെന്റ് അലോഷ്യസ് കോളേജിൽ ആയിരുന്ന ധനതത്വശാസ്ത്രപഠനം നടത്തിയത്. ഫാ. ജിയോ പയ്യപ്പള്ളി

www.malankaralibrary.com

എഴുതിയ ലേഖനത്തിൽ ഫാ. അടപ്പൂരിന്റെ സാഹിത്യരംഗത്തേക്കുള്ള പ്രവേശനത്തെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "മംഗലാപുരത്തെ സെന്റ് അലോഷ്യസ് കോളേജിൽ ധനതത്വശാസ്ത്രത്തിൽ ബിരുദപഠനം നടത്തുമ്പോഴാണ് ഫാ. അടപ്പൂർ സാഹിത്യസപര്യയ്ക്ക് നാന്ദികുറിച്ചത്. സെന്റ് അലോഷ്യസ് കോളേജ് ചാപ്പലിലെ ചുമരുകളും തൂണുകളും മേൽത്തട്ടും ഉൾപ്പെടെ 829 ചതുരശ്രമീറ്റർ പ്രതലത്തിൽ ഈശോ സഭാംഗമായ ബ്രദർ അന്തോനിയോ മൊസ്കേനി എസ്.ജെ. (ഡിസംബറിൽ അദ്ദേഹത്തിന്റെ ചരമശതാബ്ദിയാദരിച്ചു.) വരച്ച ബൈബിൾ സംബന്ധമായവിശിഷ്ട ചിത്രങ്ങളെക്കുറിച്ച് കലാകാരനും വാസ്തു ശില്പിയും നിരൂപകനുമായ എം.വി. ദേവന്റെ നിർദ്ദേശമനുസരിച്ച്, അദ്ദേഹം എഴുതിയ ലേഖന പരമ്പര മാതൃഭൂമി ആഴ്ചപ്പതിപ്പിൽ അന്നത്തെ പ്രസിദ്ധ പത്രാധിപരായിരുന്ന എൻ.വി. കൃഷ്ണവാരിയർ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു." ഒപ്പം മൊസ്കേനി ചിത്രങ്ങളുടെ ഫോട്ടോകളും ചേർത്തിരുന്നു.

മംഗലാപുരത്തെ പഠനത്തിനുശേഷം പൂനെയിലെ ഡിനൊബിലി കോളേജിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയ അദ്ദേഹം 1959 മാർച്ച് 19-ന് പൗരോഹിത്യം സ്വീകരിച്ചു. പൗരോഹിത്യ സ്വീകരണത്തിനുശേഷം ഒരു വർഷം തിരുവല്ലയിലെ ശാന്തിനിലയത്തിൽ സഭൈക്യപ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ മുഴുകി. തുടർന്ന് 1962 സെപ്റ്റംബറിൽ ഫാ. അടപ്പൂർ റോമിലെത്തി. റോമിലെ ഈശോസഭാസുപ്പീരിയർ ജനറലിന്റെ കൂരിയായിൽ റീജയണൽ സെക്രട്ടറിയായി നിയമിതനായി. രണ്ടാം വത്തിക്കാൻ സൂനഹദോസ് നടക്കുന്ന കാലമായിരുന്നു അത്. ആധുനിക സഭയിലെ വസന്തമെന്നറിയപ്പെടുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മുഖ്യപ്രമേയങ്ങളും പ്രമാണ രേഖകളുടെ വ്യാഖ്യാനങ്ങളും അഞ്ചുവർഷക്കാലം തുടർച്ചയായി മാതൃഭൂമിയിലൂടെ എഴുതികൊണ്ടിരുന്നു. അടപ്പൂരച്ചനിലൂടെയാണ്, മാതൃഭൂമി റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തിയത്. വിഷയങ്ങൾ അപഗ്രഥിച്ചു തയ്യാറാക്കിയ ഫാ. അടപ്പൂരിന്റെ ലേഖനം മാതൃഭൂമി വളരെ പ്രാധാന്യത്തോടെ തന്നെ പ്രസിദ്ധീകരിച്ചു. തുടർന്ന് നിരവധി തവണ സഭയിലെ നിർണ്ണായക സംഭവങ്ങൾനടക്കുമ്പോൾ അദ്ദേഹം തന്റെ തൂലിക പടവാളാക്കി. മാതൃഭൂമി ഈ സംഭവങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെ പ്രസദ്ധീകരിക്കുകയും ചെയ്തു. സഭയിൽ നിർണ്ണായക സംഭവങ്ങളുണ്ടാകുമ്പോഴും സഭ പ്രതിസന്ധികളെ നേരിടുമ്പോഴും സഭയുടെ ശബ്ദമെന്ന നിലയിൽ മാധ്യമ പ്രതിനിധികൾ ആദ്യം സമീപിക്കുന്നത് അടപ്പൂരച്ചനെയായിരിക്കും.പോപ്പ് ജോൺ പുറപ്പെടുവിച്ച മാത്തർ എത്മജിസ്ത്രേ (അമ്മയും ഗുരുനാഥയും, പാച്ചെം ഇൻ തേരീസ് (ഭൂമിയിൽ സമാധാനം) എന്നീ ചാക്രിക ലേഖനങ്ങളെപ്പറ്റിയുള്ള പ്രബന്ധങ്ങൾ അക്കൂട്ടത്തിൽപ്പെടും.

അമേരിക്കയിലെ മിൽവോക്കി മാർക്വെറ്റ് സർവ്വകലാശാലയിൽ നിന്ന് മനശാസ്ത്രത്തിൽ ബിരുദാനന്തബിരുദവും ഫ്രാൻസിലെ സ്റ്റാസ്ബുർഗ്

www.malankaralibrary.com

സർവ്വകലാശാലയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റും നേടി. മതാന്തര - സംവാദത്തിന്റെ കാഴ്ചപ്പാടിൽ പാശ്ചാത്യ സമൂഹത്തിലും ഭാരതത്തിലും സംഭവിച്ച സാംസ്കാരിക പ്രവർത്തനങ്ങളെപ്പറ്റി ഫാ. അടപ്പൂർ രചിച്ച ഗവേഷണ പ്രബന്ധം Cultured Crisis in India and the West പുസ്തകരൂപത്തിൽ പുറത്തുവന്നു.

സഭാവിരുദ്ധ നീക്കങ്ങൾക്ക് ആര് ഒരുമ്പെട്ടാലും അതിനെതിരെ ശക്തമായി ഉടൻതന്നെ പ്രതികരിക്കാൻ അടപ്പൂരച്ചൻ തയ്യാറാകും. കോഴിക്കോട് സർവ്വകലാശാലയിൽ The Last Temptation of the Christ പാഠ്യവിഷയമാക്കിയപ്പോഴും ക്രിസ്തുവിന്റെ ആറാം തിരുമുറിവ് എന്ന പേരിൽ ഒരു ക്രിസ്തുവിരുദ്ധ നാടകം ക്രിസ്തുവിനെ പരിഹസിച്ചുകൊണ്ട് എഴുതി അവതരിപ്പിച്ചപ്പോഴും അച്ചന്റെ ധാർമ്മികശബ്ദം മുഴങ്ങി. ആവിഷ്കാര സ്വാതന്ത്ര്യം അനുവദിക്കണമെന്ന് മുറവിളികൂട്ടിയവർക്ക് തക്ക മറുപടി നൽകികൊണ്ട് അദ്ദേഹം എഴുതിയ ലേഖനങ്ങൾ പ്രത്യേകം എടുത്തുപറയേണ്ടതാണ്. നാടകം നിരോധിക്കാനും പാഠ്യപുസ്തകത്തിൽനിന്നും ക്രിസ്തുവിനെ അവഹേളിക്കുന്ന ഭാഗം നീക്കം ചെയ്യാനും ഇടവരത്തക്കവിധത്തിൽ ജനവികാരങ്ങൾ ഉണർത്തുവാൻ അടപ്പൂരച്ചന്റെ ലേഖനങ്ങൾക്ക് സാധിച്ചു. മാതൃഭൂമി ആഴ്ചപതിപ്പിൽ യേശുവിനെ പരിസഹിച്ച് സക്കറിയ എഴുതിയ കണ്ണാടി കാഞ്ചോളവും എന്ന കഥ പ്രത്യക്ഷപ്പെട്ടപ്പോഴും അതിനെ എതിർക്കുകയുണ്ടായി. കഴിഞ്ഞ കാൽനൂറ്റാണ്ടുകാലമായി എറണാകുളത്തെ ലൂമെൻ ഇൻസ്റ്റിറ്റ്യൂട്ടിൽ എഴുത്തിലും അതിലേറെ സമയം വായനയിലും വ്യാപൃതനായി കഴിയുന്ന അടപ്പൂരച്ചൻ ഒരു പ്രഭാഷകൻ എന്ന നിലയിലും അറിയപ്പെടുന്നു. ഈ എൺപതാം വയസ്സിലും അദ്ദേഹം പ്രഭാഷണങ്ങൾക്ക് സമയം കണ്ടെത്തുന്നു.

റോമിൽ ജസ്യൂട്ട് ജനറലിന്റെ ഇന്ത്യയ്ക്കായുള്ള സെക്രട്ടറി, ആഗ്ലിക്കൻ - റോമൻ കത്തോലിക്കാ അന്തർദേശീയ സമിതിയംഗം, എറണാകുളത്തെ ലൂമൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ, ന്യൂമൻ അസോയിയേഷൻ കേരളാ റീജയണൽ ചാപ്ലിൻ എന്നീ നിലകളിലും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സാഹിത്യരംഗത്ത് മാത്രമല്ല, മതരംഗത്തും വേദിയിലും അടപ്പൂരച്ചൻ ക്രൈസ്തവരുടെ ശബ്ദമായി നിലകൊള്ളുന്നു. വചനാനുസൃതമായ ജിവിതം നയിക്കുക എന്നതാണ് ക്രൈസ്തവന്റെ പരമപ്രധാനമായ ദൗത്യമെന്ന് എഴുത്തിലൂടെയും പ്രഭാഷണത്തിലൂടെയും അച്ചൻ വ്യക്തമാക്കുന്നു.

അടപ്പൂരച്ചൻ 19 പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. അതിൽ 18 എണ്ണം മലയാളത്തിലും ഒരെണ്ണം ഇംഗ്ലീഷിലുമാണ്. കൂടാതെ നൂറുകണക്കിന് ലേഖനങ്ങളും എഴുതി പ്രസിദ്ധീകരിച്ചു. എൻ.വി. കൃഷ്ണവാരിയർ ആവശ്യപ്പെട്ടിരുന്നതനുസരിച്ച് മാതൃഭൂമിയിൽ എഴുതിയ ലേഖനത്തെപ്പറ്റി നേരത്തെ പരാമർശിച്ചുവല്ലോ. "എതിർപ്പിലൂടെ മുന്നോട്ട്" എന്ന വിഖ്യാതമായ കൃതിയിൽ

www.malankaralibrary.com

കസാൻദ് സാക്കിസിന്റെ ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം, ക്രിസ്തുവിന്റെ ആറാം തിരുമുറിവ്, ആവിഷ്ക്കാരസ്വാതന്ത്ര്യം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നു. അടപ്പൂരച്ചന്റെ അഭിപ്രായത്തിൽ വിശ്വാസത്തിന്റെ വിശ്വാസത്തെ പ്പറ്റിയുള്ള യുക്തിഭദ്രമായ പരിചിന്തനത്തിനുമാത്രമേ വൈദവശാസ്ത്രം എന്നുപറയുവാൻ പറ്റു. വിശ്വാസവരുദ്ധമോ വിശ്വാസബാഹ്യമോ ആയ പ്രത്യശാസ്ത്രങ്ങൾക്ക് സാമൂഹ്യനീതി കൈവരുത്തുവാൻ സാദ്ധ്യമല്ലന്നാണ് എതിർപ്പിലൂടെ മുന്നോട്ട് എന്ന ഗ്രന്ഥത്തിൽ അച്ചൻ സ്ഥാപിക്കുന്നത്.

വിമോചന ദൈവശാസ്ത്രത്തിന്റെ വിവിധ രൂപഭാവങ്ങൾ സമഗ്രമായി വിവരിക്കുന്ന ഗ്രന്ഥമാണ് പാളം തെറ്റിയ ദൈവശാസ്ത്രം. കമ്മ്യൂണിസ ത്തിന്റെ പാളിച്ചകൾ ചൂണ്ടിക്കാട്ടിയപോലെ വിമോചന ദൈവശാസ്ത്രത്തിന്റെ മുഖംമൂടികൾ ഈ ഗ്രന്ഥത്തിലൂടെ എടുത്തുമാറ്റുവാൻ അദ്ദേഹത്തിന് സാധി ച്ചു. വത്തിക്കാനിൽ നിന്ന് 1984-ൽ പുറപ്പെടുവിച്ച പ്രബോധനരേഖ വിമോ ചനദൈവശാസ്ത്രത്തിന് സഭനൽകിയ അംഗീകാരമാണെന്നുള്ള വാദത്തെ പൊളിച്ചു കാട്ടുവാൻ അടപ്പൂരച്ചന്റെ തൂലികക്ക് സാധിച്ചു.

ശ്രീ. പോൾ മണലിൽ അടപ്പൂരച്ചന്റെ ഏതാനും കൃതികളെപ്പറ്റി നട ത്തിയ വിലയിരുത്തൽ താഴെ ചേർക്കുന്നു.

"നാസ്തികനും യുക്തിവാദിയും ആയിരുന്ന ഡോ. അലക്സിസ് കരേൽ ഈശ്വരസന്നിധിയിലേക്കു വന്ന കഥയാണ് 'ഈശ്വരനുണ്ടെങ്കിൽ' എന്ന പേരിൽ അടപ്പൂർ വിവർത്തനം ചെയ്തത്. മാരകമായ രോഗം ബാധിച്ച മരീഫെറാണ്ട് എന്ന പെൺകുട്ടിയെ ഫ്രാൻസിലെ വൈദ്യശാസ്ത്രം കൈവെ ടിയുന്നു. മരണത്തിന്റെ വക്കിൽ നിന്നു മരീഫെറാണ്ട് രക്ഷപ്രാപിക്കുന്നു. പ്രാർത്ഥനയുടെ ശക്തിയാൽ മരീഫെറാണ്ട് തന്റെ കൺമുമ്പിൽ വച്ചു രക്ഷ പ്രാപിക്കുന്നത് നോബൽ സമ്മാനജേതാവായ ഡോ. കരേൽ കാണുന്നു. അസാധാരണമായ ആ അനുഭവത്തെപ്പറ്റിയുള് കരേലിന്റെ തീവ്രമ്പേഷണ മാണ് അദ്ദേഹം എഴുതിയ 'ലൂർദ്ദ്യാത്ര.' വിവർത്തനം വായിച്ചു മിനുക്കുപ ണി നടത്തിയതും 'മാതൃഭൂമി'യിൽ പ്രസിദ്ധപ്പെടുത്തിയതും എൻ.വി.യാണ്.

മൂലകൃതിയുടെ ആത്മാവിനെ ഉൾക്കൊണ്ട് അടപ്പൂർ നടത്തിയ വിവർത്തനം ഋജുവും ലളിതവും സുഭഗവുമാണെന്ന് മാത്യു ഉലകംതറ അതിന്റെ അവതാരികയിൽ എടുത്തുപറയുന്നുണ്ട്. ലൂർദ്ദിലെ അത്ഭുത സംഭവം പോലെ 'ഈശ്വരനുണ്ടെങ്കിൽ' എന്ന കൃതി ഒരു അത്ഭുതാനുഭവം തന്നെയായി നമുക്കും അനുഭവപ്പെടുന്നു.

ഒരു വിവർത്തകൻ എന്ന നിലയിൽ തന്റെ പ്രാഗത്ഭ്യം അണുബോംബ് വീണപ്പോൾ (1962) എന്ന കൃതിയിലും വെളിപ്പെടുത്തുന്നു. വലിയൊരു മനസ്സിന്റെ സന്നിധാനത്തിലേക്കാണ് അടപ്പൂർ നമ്മെ കൂട്ടിക്കൊണ്ടുപോ കുന്നത്. നാഗസാക്കി മെഡിക്കൽ കോളേജിലെ എക്സറേ വിദഗ്ദ്ധനായി രുന്ന ഡോ. തകാഷി നാഗായി അണുരോഗം പിടിപെട്ട് മരണ ശയ്യയിൽ കിടന്നെഴുതിയ പുസ്തകമാണിത്. എം.കെ. സാനുവിന്റെ വാക്കുകളിൽ

www.malankaralibrary.com

ഈ ഗ്രന്ഥം വിശുദ്ധിയുടെ ആർദ്രത പകരുന്നു. ഫ്രെഞ്ചു ഭാഷയിൽ നിന്നു നേരിട്ടാണ് ഫ്രെഞ്ചുപണ്ഡിതനായ അടപ്പൂർ ഈ ഗ്രന്ഥം വിവർത്തനം ചെയ്തത്. ഡോ. തകാഷി നാഗായിയുടെ ആത്മീയതേജസ് ഒട്ടും ചോർന്നു പോകാതെ ഈ കൃതിയുടെ ഭാഷാന്തരണം നിർവ്വഹിച്ച അടപ്പൂർ തന്റെ കലാവിരുത് കണ്ണീരിൽ കുതിർന്ന വിശുദ്ധിയായി പ്രകടിപ്പിക്കുന്നു.

സാഹിത്യത്തിന്റെ ധർമ്മം മനുഷ്യബന്ധങ്ങളെ ഉത്തേജിപ്പിക്കുന്നതും വളർത്തുന്നതും ആകണമെന്ന ചിന്തയിലേക്ക് നയിക്കുന്നതാണ് 'ആദവും ദൈവവും' (1986) എന്ന കൃതി. സത്യദർശനവുമായി ബന്ധമില്ലാത്ത സൗന്ദര്യചർച്ചയോ സ്വാതന്ത്ര്യമോ മനുഷ്യോചിതമാകുകയില്ലെന്നു ഇതിലെ പ്രബന്ധങ്ങളിൽ വ്യക്തമാക്കുന്നു. എം. തോമസ് മാത്യു അവതാരികയിൽ സൂചിപ്പിക്കുന്നതുപോലെ, അടപ്പൂർ എന്തെഴുതുമ്പോഴും അദ്ദേഹത്തിന്റെ നിലപാട് എന്താണെന്നതിനെക്കുറിച്ച് സംശയമുണ്ടാകില്ല. അക്ലിഷ്ടമായി, സുദൃഢമായ ഒരു നിലപാടിന്റെ വ്യക്തതയോടുകൂടി അദ്ദേഹം തനിക്കു പറയാനുള്ളതു പറഞ്ഞുവയ്ക്കുന്നു. മനുഷ്യന്റെ ബുദ്ധിയെയും ചിന്തയെയും പീഡിപ്പിക്കുന്ന പ്രത്യശാസ്ത്രങ്ങളെയും ആശയങ്ങളെയും അദ്ദേഹം അടിമുടി എതിർക്കുന്നു.

അടപ്പൂർ പലപ്പോഴായി വിദേശത്തു പോയിട്ടുണ്ടെങ്കിലും ഒരു യാത്രാ വിവരണമേ എഴുതിയിട്ടുള്ളു. 'ഞാൻ കണ്ട പോളണ്ട്' (1964). ഇന്നത്തെ 'സോളിഡാരിറ്റി' പോളണ്ടിൽ ഉടലെടുക്കാത്ത ഘട്ടത്തിലായിരുന്നു അദ്ദേഹത്തിന്റെ യാത്ര. എന്നാൽ അതിന്റെ അഗ്നിനാമ്പുകൾ അദ്ദേഹം ദർശിച്ചു. ആ 'സോഷ്യലിസ്റ്റ്' തെരുവിൽ നിന്നു പിന്നീട് അപ്പം വേണം ഉടുതുണി വേണം എന്ന മുദ്രാവാക്യം ഉയർന്നപ്പോൾ അടപ്പൂരിന്റെ പ്രവചനം ശരിയെന്നു വായനക്കാർ വിലയിരുത്തി. ആധുനിക പോളണ്ടിനെ ആഴത്തിൽ മനസ്സിലാക്കാൻ ഈ കൃതി സഹായിക്കുന്നു."

അടപ്പൂരച്ചന്റെ പത്തു ഉപന്യാസങ്ങളുടെ സമാഹാരമാണ് മനുഷ്യനും മൂല്യങ്ങളും എന്ന കൃതി. മാറി വരുന്ന സമൂഹതതിൽ ഉരുത്തിരിഞ്ഞുവരുന്ന മൂല്യങ്ങൾ സമൂഹത്തിന്റെ സമഗ്രമായ വികസനത്തിന് ഇണങ്ങുന്നവയാണോയെന്ന അടപ്പൂരച്ചന്റെ ചോദ്യം അദ്ദേഹത്തിന്റെ ഉന്യാസങ്ങളിൽ ഉടനീളം കാണും. അടപ്പൂരച്ചന്റെ ഉപന്യാസങ്ങളെ ചിന്തോദ്ദീപകങ്ങൾ എന്നാണ് എൻ.വി. കൃഷ്ണവാരിയർ അവതാരികയിൽ വിശേഷിപ്പിച്ചിരിക്കുന്നത്.

മനുഷ്യനും മൂല്യങ്ങളും എന്ന കൃതിയിലെ ഉപന്യാസങ്ങളെപ്പോലെ 'ഇരുളും വെളിച്ചവും' എന്ന ഉപന്യാസ സമാഹാരത്തിലും മുഖ്യ ചിന്ത മനുഷ്യനെപ്പറ്റി തന്നെയാണ്. നന്മയുടെ വിജയത്തിന് ധാർമ്മിക തീരുമാനം എടുക്കേണ്ടത് മനുഷ്യൻ തന്നെയാണ് എന്ന് ഈ ലേഖനങ്ങളിൽ അദ്ദേഹം തറപ്പിച്ച് പറയുന്നുണ്ട്. ദാർശനികവും പ്രത്യയശാസ്ത്രപരവുമായ വിഷയങ്ങളെപ്പറ്റിയുള്ള പഠനങ്ങളാണ് ജോണും പോളും ജോൺപോളും എന്ന കൃതി. ഈ ഗ്രന്ഥത്തെപ്പറ്റി സി.പി. ശ്രീധരൻ ഇപ്രകാരം അഭിപ്രായപ്പെട്ടി

www.malankaralibrary.com

രിക്കുന്നു. "അടപ്പൂരിന്റെ ആശയസ്ഫുടതയ്ക്കും ആന്തരമായ ബോധ്യത്തിനും ഉത്തമദൃഷ്ടാന്തമാണ് ഇതിലെ തെളിവുറ്റ ഭാഷാശൈലി. ഇതിലെ പ്രധാനമായ ഒരദ്ധ്യായം മാക്സിസ്റ്റ് - ക്രൈസ്തവ സംവാദമാണ്. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ അടപ്പൂരച്ചൻ മാർപാപ്പായും കമ്മ്യൂണിസവും എന്ന ഒരു ലേഖനം എഴുതി. അതിന് മറുപടിയായി അച്ചുതമേനോൻ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി. അതിന്റെ പ്രതികരണമായി എഴുതിയതാണ് മാർക്സിസ്റ്റ് - ക്രൈസ്തസംവാദം.

കമ്മ്യൂണിസത്തിന്റെ തകർച്ച എന്ന ഗ്രന്ഥത്തിന് പിന്നാലെ മറ്റൊരു ഗ്രന്ഥം കൂടി അദ്ദേഹം പ്രസിദ്ധപ്പെടുത്തി. "കമ്മ്യൂണിസത്തിന്റെ ചരമക്കുറിപ്പ്" ആണ് ആ ഗ്രന്ഥം.

"കമ്മ്യൂണിസത്തിന്റെ തകർച്ചയിൽ കമ്മ്യൂണിസത്തിന്റെ അപൂർണ്ണമായ മാനവികതയിലേക്കാണ് അടപ്പൂർ നമ്മെ കൂട്ടികൊണ്ടുപോകുന്നത്. മനുഷ്യന്റെ അധ്യാത്മികതയെ പരിഗണിക്കാത്ത മാർക്സിസത്തിന്റെ കേവല ഭൗതികവാദത്തിന്റെ ശൂന്യതയെ തുറന്നു കാണിക്കാൻ അടപ്പൂരിനു ഈ ഗ്രന്ഥത്തിൽ കഴിഞ്ഞു. കമ്യൂണിസവും മതവും വച്ചുപുലർത്തുന്ന വീക്ഷണങ്ങൾ ഇതിൽ വ്യക്തമാക്കുന്നുണ്ട്. കമ്യൂണിസത്തെപ്പറ്റി അടപ്പൂരിനുള്ള ധാരണ വളരെ തെളിഞ്ഞതാണ്. അദ്ദേഹത്തിന്റെ ചിന്തയിൽ പകയില്ല. പ്രകോപനമില്ല. അതുകൊണ്ടാണ് ഈ പുസ്തകം മാർക്സിസ്റ്റ് ക്രൈസ്തവർക്കും വിമോചന വൈദികർക്കും ഒരു അഞ്ചാം സുവിശേഷമാണെന്നു കെ.പി. അപ്പൻ അതിന്റെ അവതാരികയിൽ വിലയിരുത്തിയത്."


"കമ്യൂണിസം ഒരു ചരമക്കുറപ്പ്" പുറത്തിറങ്ങുമ്പോൾ സോവിയറ്റ് യൂണിയൻ എന്ന രാജ്യം തന്നെ ലോകത്തുനിന്ന് ഇല്ലാതായിരിക്കുന്നു. സോവിയറ്റ് യൂണിയൻ ചരിത്രത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. ക്രെംലിൻ മന്ദിരത്തിൽ നിന്നും അരിവാൾ ചുറ്റിക അടയാളമുള്ള ചെങ്കൊടിയും താഴ്ന്നു. സോവിയറ്റ് റിപ്പബ്ലിക്കുകളിൽ കമ്യൂണിസ്റ്റ് പാർട്ടികൾ പിരിച്ചുവിട്ടു. രണ്ടു വർഷം മുമ്പ് കിഴക്കൻ യൂറോപ്പിലെ മുൻ കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളിൽ ഉണ്ടായ മാറ്റങ്ങളുടെ തുടർച്ചയെന്നോണമാണ് സോവിയറ്റ് റിപ്പബ്ലിക്കുകളിൽ ഉണ്ടായ ഈ മാറ്റമെന്നു മനസ്സിലാക്കുക.

ഗ്രന്ഥകാരനും ലേഖകനുമായ അടപ്പൂരച്ചന്റെ ലക്ഷ്യം ഒരു വ്യക്തിയെന്നനിയിലും ചിന്തകനെന്ന നിലയിലും മനുഷ്യനന്മയാണ്.

കെ.സി.ബി.സി മാനവിക സാഹിത്യ അവാർഡ്, ക്രൈസ്തവ സാംസ്കാരികവേദിയുടെ അവാർഡ്, എ.കെ.സി.സി. സാഹിത്യ അവാർഡ്, പോൾ കാക്കശ്ശേരി അവാർഡ് തുടങ്ങിയനിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

Address -Rev. Fr. Abraham Adappur S.J., Lumen Institute,
Ponothara Road, Kaloor,
Eranakulam.

www.malankaralibrary.com



# 57

# മോൺ. ജോസഫ് കച്ചിറമറ്റം

ഭാരതക്രൈസ്തവസഭയ്ക്ക് പല പ്രഗത്ഭരായ മിഷനറിമാരെയും വൈദികരെയും കന്യാസ്ത്രികളെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ പ്രസിദ്ധവും പുരാതനവുമായ കച്ചിറമറ്റം കുടുംബത്തിൽ അബ്രാഹം-മേരി ദമ്പതികളുടെ ഏഴുമക്കളിൽ നാലാമനായി 1926 മാർച്ച് 12-ാം തീയതി മോൺ. ജോസഫ് കച്ചിറമറ്റം ജനിച്ചു. മാതാപിതാക്കൾ പ്രത്യേകിച്ചും മാതാവ് മേരി തന്റെ മക്കളെ ദൈവശുശ്രൂഷയ്ക്കായി വിളിക്കണമെന്ന് നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ജോസഫിൽ ഒരു മിഷനറിയാകണമെന്ന ആഗ്രഹം വളർന്നുവന്നു. രാമപുരത്തുതന്നെയായിരുന്നു പ്രൈമറി-മിഡിൽ സ്കൂൾ വിദ്യാഭ്യാസം നിർവ്വഹിച്ചത്. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത് ഭരണങ്ങാനം ഹൈസ്ക്കൂളിലായിരുന്നു. അത് ഒരു ദൈവാനുഗ്രഹമായിട്ടാണ് മോൺ.ജോസഫ് ഇന്നു കണക്കാക്കുന്നത്. വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയെ നേരിട്ട് പരിചയപ്പെടാൻ തന്മൂലം അവസരം ലഭിച്ചു. ഒരു പ്രേഷിതനാകാൻ-മിഷനറിയാകാൻ ഈ പരിചയപ്പെടൽ പ്രചോദനമേകി. തേർഡ്ഫോമിൽ ഭരണങ്ങാനത്തു പഠിച്ച ജോസഫ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം തുടർന്നത് രാമപുരം ഹൈസ്ക്കൂളിലായിരുന്നു.

ജോസഫിന്റെ പിതൃസഹോദരൻ ഫാ.കുര്യൻ കച്ചിറമറ്റം (ചീങ്കല്ലേൽ കുര്യച്ചൻ) വടക്കേ ഇന്ത്യയിൽ ദീർഘകാലം മിഷനറി പ്രവർത്തനം നടത്തിയിരുന്നു. കുര്യച്ചൻ, മിഷൻ പ്രവർത്തനത്തെപ്പറ്റിയും വടക്കേ ഇന്ത്യയിലെ മിഷൻ പ്രവർത്തനത്തിന്റെ സാദ്ധ്യതകളെപ്പറ്റിയുമെല്ലാം ജോസഫിനോട് പറയുകയും ലറ്റീൻഭാഷ പഠിപ്പിക്കുകയും ചെയ്തു. പല മിഷൻ പ്രദേശങ്ങളിലെയും മെത്രാന്മാരുമായി ജോസഫിനുവേണ്ടി കത്തിടപാടുകൾ നടത്തുകയും ചെയ്തു. മദ്രാസ് അതിരൂപതാദ്ധ്യക്ഷനായിരുന്ന ലൂയീസ് മത്യാസ് തിരുമേനി, ജോസഫിനെ തന്റെ രൂപതയിലേക്ക് ക്ഷണിക്കുകയും മൈനർ സെമിനാരിയിൽ പ്രവേശനം നൽകുകയും ചെയ്തു. 1948 ജൂലൈ 27-ന് യേർക്കാട് പരി.ദൈവമാതാവിന്റെ നാമത്തിലുള്ള മൈനർ സെമിനാരിയിൽ ചേർന്നു. മദ്രാസ് അതിരൂപതയുടെ മൈനർ സെമിനാരി പൂനമലയിലായിരുന്നു പ്രവർത്തിച്ചിരുന്നത്. രണ്ടാം ലോകമഹായുദ്ധകാലത്ത് ആ സ്ഥലം പട്ടാളക്കാരുടെ കൈവശമായി പോയതിനാലാണ് യേർക്കാട് സെമിനാരി സ്ഥാപിച്ചത്. യേർക്കാട്ടുനിന്നും സെമിനാരി 1949-ൽ പൂനമലയ്ക്ക് തന്നെ മാറ്റപ്പെട്ടു. അങ്ങനെ ബ്രദർ കച്ചിറമറ്റം തന്റെ സെമിനാരി ജീവിതം മുഴുവൻ പൂനമലയിൽത്തന്നെ പൂർത്തിയാക്കി. സലേഷ്യൻ സഭക്കാരും

www.malankaralibrary.com

രൂപതാവൈദീകരും ഉൾപ്പെട്ടവരായിരുന്നു സെമിനാരിയിലെ അദ്ധ്യാപകർ. അക്കാലത്ത് സെമിനാരി റെക്ടർമാരായിരുന്നത് വെരി.റവ.ഫാ.മോറാ എസ്സ്.ഡി.ബി.യും ഫാ.മൗരി (MAURI) എസ്സ്.ഡി.ബി.യും ആയിരുന്നു. ഇക്കാലത്താണ് മദ്രാസ് മൈലാപ്പൂർ രൂപത വിഭജിച്ച് വെല്ലൂർ രൂപതയ്ക്ക് രൂപം കോടുക്കുന്നത്. (1952) ബ്രദർ കച്ചിറമറ്റം വെല്ലൂർ രൂപതയിലെ അംഗമായി.

ആസാം പ്രദേശങ്ങളിൽ വിദേശമിഷനറിമാരുടെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുവാനുള്ള ശ്രമങ്ങൾ നടക്കുന്ന കാലമായിരുന്നു. അതിനാൽ വിദേശമിഷനറിമാർ ഇന്ത്യയുടെ വടക്ക്കിഴക്ക് ഭാഗങ്ങളിലേക്ക് വരുന്നതിനെ ഇന്ത്യാഗവൺമെന്റ് നിരുത്സാഹപ്പെടുത്തുകയും ചെയ്തിരുന്നു. അതുകൊണ്ട് മറ്റു സ്ഥലങ്ങളിൽനിന്ന് മിഷനറിമാരെ കൊണ്ടുവരേണ്ടിവന്നു. മദ്രാസ്-മൈലാപ്പൂർ അതിരൂപതയുടെ മെത്രാപ്പോലീത്താക്കായിരുന്നു ഷില്ലോംഗ് പ്രദേശത്തിന്റെ അധികാരം. അദ്ദേഹത്തിന്റെ സഹായി അഭിവന്ദ്യ ഡേവിഡ് പിതാവും സലേഷ്യൻ സഭാംഗമായിരുന്നു. അതുകൊണ്ട് ഡിബ്രുഗാർ രൂപതാദ്ധ്യക്ഷനായിരുന്ന ഒരേസ്തസ് മരിഗോ (ORESTES MARENGO) സഹായത്തിനായി പൂനമല സെമിനാരിയെ സമീപിച്ചു. ആ സമയത്ത് ഷില്ലോംഗ് രൂപതയ്ക്കുവേണ്ടി പൂനമല സെമിനാരിയിൽ അനേകം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടായിരുന്നു. മരിഗോ പിതാവും ഫാ. ഡാൾസോബ് എസ്സ്.ഡി.ബി.(ഡിബ്രുഗാർ രൂപതാ വികാരി ജനറാൾ)യും ചേർന്ന് പൂനമല സെമിനാരി അധികൃതരെ സമീപിച്ചു. മണിപ്പൂരിന്റെ നല്ല ഭാവിയെപ്പറ്റിയും സാദ്ധ്യതകളെപ്പറ്റിയും വിദേശമിഷനറിമാർ പുറന്തള്ളപ്പെട്ടതിനെപ്പറ്റിയും വിശദമായി സംസാരിച്ചു. ബ്രദർ കച്ചിറമറ്റം സമ്മതിച്ചതനുസരിച്ച് അദ്ദേഹത്തെ 1957-ൽ ഡിബ്രുഗാർ രൂപതയിലേക്ക് സ്വീകരിക്കുകയും ചെയ്തു. 1958 ഏപ്രിൽ 24-ന് വൈദികപട്ടം സ്വീകരിച്ചു. തിരുപ്പട്ടവും പുത്തൻ കുർബ്ബാനയും ഏതാനും ദിവസങ്ങളിലെ അവധിയും കഴിഞ്ഞ് ഫാ. ജോസഫ് കച്ചിറമറ്റം ഡിബ്രുഗാറിലെത്തിയപ്പോൾ ബിഷപ്പ് മരീഗോ പിതാവും ജനറാളച്ചനും ചേർന്ന് ഉജ്ജ്വലസ്വീകരണം നൽകി. താനാണ് മണിപ്പൂരിലേക്കു പോകുന്ന ആദ്യരൂപതാവൈദികനെന്നു കേട്ടപ്പോൾ ആഹ്ളാദിച്ചു. ട്രെയിനിൽ ജോസഫ് അച്ചനോടൊപ്പം മരിഗോ പിതാവും മണിപ്പൂരിലേക്ക് യാത്ര ചെയ്തു. ട്രെയിനിറങ്ങി ബസിൽ മാവോയിൽ കൊണ്ടുപോയി എത്തിച്ചതും ബിഷപ്പു തന്നെ. പിതാവിന്റെ വ്യക്തിപരമായ സ്നേഹവും പരിഗണനയും ജോസഫ് അച്ചനെ സന്തോഷവാനും സംതൃപ്തനുമാക്കി. 1958 ജൂലൈ 27-ന് ഇംഫാലിൽ കച്ചിറമറ്റത്തിലച്ചൻ ജോലി തുടങ്ങി. ആദ്യനിയമനം 'ചിംഗ്വെയിറോഗ്' എന്ന സ്ഥലത്തെ ഡോൺബോസ്കോ പള്ളിയിലെ അസിസ്റ്റന്റായിട്ടായിരുന്നു. ഇംഫാലിന്റെ നെടുംതൂണായി അറിയപ്പെട്ട ഫാ.റാവലിക്കോത്ത് ആയിരുന്നു വികാരി. അവിടെ 1964 വരെ ആറുവർഷം സ്ഥിരം സഞ്ചരിക്കുന്ന ഒരു മിഷനറിയായിരുന്നു ജോസഫച്ചൻ. മണിപ്പൂരിഭാഷ പെട്ടെന്ന് വശമാക്കിയിരുന്നതുകൊണ്ട്

www.malankaralibrary.com

ജനങ്ങളുടെയിടയിൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

ഒരു മിഷനറി എന്ന നിലയിൽ ക്ലേശകരമായ പല യാത്രകളും അദ്ദേഹം നടത്തേണ്ടി വന്നിട്ടുണ്ട്. സുഗുനു (SUGNU) വിലേക്കുള്ള യാത്ര (1958-ൽ) പ്രത്യേകം എടുത്തുപറയേണ്ടതാണ്. ഒരു മുൻപരിചയവും ഒരുക്കങ്ങളുമില്ലാത്ത ഒരു യാത്രയായിരുന്നു അത്. അവിടെ സിൻഗ്തും (SINGTHUM) ഗ്രാമത്തിൽപ്പെട്ട കത്തോലിക്കർ വളരെ ഉച്ചത്തിൽ മുദ്രാവാക്യങ്ങൾ മുഴക്കി നൽകിയ സ്വീകരണം മിഷൻ പ്രവർത്തനത്തിന് ഉത്തേജനം നൽകുന്നതായിരുന്നു. മണിപ്പൂരി ഭാഷ വശമാക്കിയ അച്ചൻ അവിടുത്തെ ജനങ്ങളുടെയിടയിൽ വിശ്വാസദീപം ആളി കത്തിച്ചു.

ചുരംചന്ദപൂരിൽനിന്നും (CHURACHANDAPUR) റാവക്കോട്ട് (RAWAKOT) എന്ന സ്ഥലത്തേക്ക് നടന്ന നാനൂറ് കിലോമീറ്റർ ദൈർഘ്യമുള്ള യാത്ര പേടിപ്പെടുത്തുന്നതായിരുന്നു. ഭാഷ പരിചയമില്ലാതെ റാവുകോട്ടിലെ സാംസ്കാരികത നിശ്ചയമില്ലാതെ ജീവിതരീതികൾ മനസ്സിലാക്കാതെ, ദൈവത്തിൽ ശരണംവച്ച്, പേടിപ്പെടുത്തുന്ന ഭീകരവനത്തിലൂടെ കിഴുക്കാംതൂക്കായ മലഞ്ചെരിവുകളും കുന്നുകളും താണ്ടി 8 ദിവസത്തെ വഴി നടന്ന് റാവുകോട്ടിലെത്തി. അവിടെ അച്ചൻ ബൈബിൾ ക്ലാസ്സുകളും പ്രസംഗങ്ങളും നടത്തിയത് ഉപദേശി മൊഴിമാറ്റം നടത്തി. ജനങ്ങൾക്ക് അത് വളരെയേറെ ഇഷ്ടപ്പെട്ടു. ഒരു മാസത്തെ സഹവാസംകൊണ്ട് ഭൂരിപക്ഷം ഗ്രാമവാസികളും കത്തോലിക്കരായി. തോരാമഴയെതുടർന്ന നദികളെല്ലാം കരകവിഞ്ഞ് ഒഴുകാൻ തുടങ്ങി. മടക്കയാത്രയ്ക്ക് വള്ളമോ ബോട്ടോ ഒന്നുമില്ല. നാട്ടുകാർ കാട്ടിൽ കയറി മുളവെട്ടി ചങ്ങാടമുണ്ടാക്കി. പത്തു നാട്ടുകാരും അച്ചനുംകൂടി ദൈവത്തിലാശ്രയിച്ച് മുളചങ്ങാടത്തിൽ രണ്ടു ദിവസം ഭക്ഷണംപോലുമില്ലാതെ യാതൊരു സുരക്ഷാക്രമീകരണങ്ങളുമില്ലാതെ യാത്ര ചെയ്തു. അവസാനം ആസാമിൽ ലക്കംപൂർ (LAKHIMPUR) എന്ന സ്ഥലത്തെത്തി. ചങ്ങാടം മുപ്പതുരൂപയ്ക്ക് വിറ്റ് സിൽചാറിലേക്ക് (SILCHAR) യാത്ര തിരിച്ചു. സിൽച്ചാറിൽനിന്നും അച്ചനെ ഷില്ലോംഗിലേക്ക് ക്ഷണിച്ചു. ഷില്ലോംഗിൽ അഭിവന്ദ്യ ഫെർണാൻഡോ പിതാവിനെ കണ്ടിട്ട് മണിപ്പൂർ കുക്കിയാത്രയ്ക്ക് തീരുമാനിച്ചു. ഗ്രാമങ്ങളിൽനിന്ന് ഗ്രാമങ്ങളിലേയ്ക്ക് പ്രസംഗങ്ങളും അദ്ധ്യാപനവും ആയി നീങ്ങി. നിരവധിപേർ സുവിശേഷം സ്വീകരിച്ചു മാനസാന്തരപ്പെട്ടു. നിരവധിപേർക്ക് ജ്ഞാനസ്നാനം നൽകി സംതൃപ്തിയോടുകൂടിയ യാത്ര. മണിപ്പൂർ സ്റ്റേറ്റിൽ ചുരചഢൻപ്പൂർ താലൂക്കിലും ചാൻഡെൻ താലൂക്കിലും ഇന്നു കാണുന്ന പല കത്തോലിക്കാ സമൂഹങ്ങൾക്കും അടിത്തറ പാകിയത് ജോസഫ് അച്ചനാണ്. ഇംഫാലിൽനിന്ന് വൈദികർ ചിലപ്പോഴെല്ലാം ഈ സമൂഹങ്ങൾ സന്ദർശിക്കാൻ എത്തിയിരുന്നു. താമസംവിനാ സുഗ്നുവിൽ വി. യൗസേപ്പ് പിതാവിന്റെ നാമത്തിലുള്ള പള്ളി പണിപൂർത്തിയായപ്പോൾ 1964 സെപ്റ്റംബർ 8-ന് ആ പള്ളിയുടെ വികാരി

www.malankaralibrary.com

യായി നിയമിച്ചു. അച്ചൻ അവിടെ സ്കൂൾ, ക്ലാരമഠം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ബോർഡിംഗ് മുതലായവ ആരംഭിച്ചു. അച്ചന്റെ ശാന്തവും കരുണ നിറഞ്ഞതുമായ പെരുമാറ്റം പല ഗ്രാമങ്ങളിലെയും ജനങ്ങളെ കത്തോലിക്കാ വിശ്വാത്തിലേക്ക് ആനയിച്ചു. 1965-ൽ ഫാ. ജോർജ്ജ് കണ്ടത്തിൻകര അസിസ്റ്റന്റ് വികാരിയായി ചാർജ്ജെടുത്തു. ഈ കാലഘട്ടത്തിൽ പല തരത്തിലുള്ള വിഷമതകളും അദ്ദേഹത്തിന് നേരിടേണ്ടിവന്നു. നിരന്തരമായ മോട്ടോർസൈക്കിൾ യാത്രയും ക്ലേശംനിറഞ്ഞ ജീവിതസാഹചര്യങ്ങളും കുന്നും താഴ്വരകളും നിറഞ്ഞ ഭൂപ്രകൃതിയും അച്ചന്റെ ആരോഗ്യം തകർത്തു. ശ്വാസകോശരോഗം അദ്ദേഹത്തെ പിടികൂടി. ഒരു വർഷത്തെ വിശ്രമം ഡോക്ടർമാർ വിധിച്ചു. ആറുമാസത്തെ ചികിത്സയും വിശ്രമവും കഴിഞ്ഞ് തിരിച്ചു ചെന്നപ്പോൾ അദ്ദേഹത്തെ ഡിബ്രുഗാർ മെത്രാനായിരുന്ന ഹ്യൂബട്ട് റൊസാരിയോ എസ്സ്.ഡി. ബി. ഡിബ്രൂഗാർ സെന്റ് ജോസഫ്സ് സെമിനാരിയുടെ ആദ്ധ്യാത്മിക പിതാവായി നിയമിച്ചു. മിഷൻ പ്രവർത്തനത്തിലുള്ള താല്പര്യം നിമിത്തം ആ ജോലിയിൽ ഒരു വർഷക്കാലം പ്രവർത്തിച്ചതിനുശേഷം വീണ്ടും മിഷൻ രംഗത്തേക്ക് പോകുവാൻ താല്പര്യം പ്രകടിപ്പിച്ചു.

മണിപ്പൂരിൽ കച്ചിറമറ്റത്തച്ചനെ ചുരചന്ദ്പൂർ ഇടവക വികാരിയായി 1968 ജൂൺ 5-ന് നിയമിച്ചു. നീണ്ട എട്ടുവർഷക്കാലം അവിടെ സേവനം അനുഷ്ഠിച്ചു. ക്ലേശകരമായ ജീവിതമായിരുന്നു അവിടെയും. രൂപതാകേന്ദ്രത്തിൽനിന്നും ആവശ്യമായ സംരക്ഷണവും സഹകരണവും കിട്ടിയില്ല. ചുരചന്ദ്പൂരിലെ സ്കൂൾ ഹെഡ്മാസ്റ്ററായി ഫാ. ജോയി പാലംകുന്നേൽ ചാർജ്ജെടുത്തത് കുറെ ആശ്വാസമായി. തുടർന്ന് ഫാ. ദേവസി പുതുശ്ശേരി എന്ന യുവവൈദികനും വന്ന് സഹായിച്ചു. ക്ലാരമഠത്തിന്റെ ഒരു ശാഖ ചുരചന്ദ്പൂരിൽ ആരംഭിക്കുന്നതിനും അച്ചൻ മുൻകൈയെടുത്തു. ഗ്രാമങ്ങളിലൂടെ ചുറ്റി സഞ്ചരിച്ച് സിസ്റ്റേഴ്സിന്റെയും ഉപദേശിയുടെയും നാട്ടിലെ നേതാക്കന്മാരുടെയും സഹായത്തോടെ പുതിയ സഭാസമൂഹങ്ങൾക്ക് തുടക്കമിട്ടു. പുതുതായി രൂപംകൊണ്ട ഇടവകകൾ 1975-ൽ താൻലോൻ (THANLON) 1978ൽ സിൻഗാട്ട് (SINGET) എന്നിവയാണ്. ഇതിനിടയിൽ സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തപ്പെടുകയും ചെയ്തു.

എട്ടു വർഷത്തെ സേവനത്തിനുശേഷം ചുരചന്ദ്പൂരിൽനിന്നും ഇംഫാലിലെ പാസ്റ്ററൽ സെന്ററിൽ നിയമിച്ചു. പ്രേഷിത പ്രവർത്തനത്തിന് അച്ചന്മാരെ സഹായിക്കാനുള്ള "ഉപദേശി"മാരെ പരിശീലിപ്പിക്കുകയെന്നതായിരുന്നു പാസ്റ്ററൽ സെന്ററിൽ കച്ചിറമറ്റത്തച്ചന്റെ പ്രധാന ജോലി. 1977 മാർച്ചു മുതൽ 1977 സെപ്റ്റംബർ വരെയാണ് അവിടെ ജോലി നോക്കിയത്. അതിനുശേഷം കോഹിമ-ഇംഫാൽ രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ മാർ അബ്രഹാം ഇലഞ്ഞിമറ്റം ഡിമാപ്പൂരിലെ ഹോളിക്രോസ് പള്ളി വികാരിയായി അച്ചനെ നിയമിച്ചു. 1980 വരെ ആ ജോലി തുടർന്നു.

www.malankaralibrary.com

1980-ൽ ഇംഫാൽ, രൂപതയായി ഉയർത്തിയപ്പോൾ മാർ ജോസഫ് മിറ്റത്താനി ആദ്യ മെത്രാനായി നിയമിക്കപ്പെട്ടു. ജോസഫച്ചനെ പിതാവ് മണിപ്പൂരിലേക്ക് ക്ഷണിച്ചു. ആ ക്ഷണം കച്ചറമറ്റത്തച്ചൻ സസന്തോഷം സ്വീകരിച്ചു. ഉപദേശികളെ പരിശീലിപ്പിക്കുന്ന ചുമതലയാണ് അദ്ദേഹത്തെ ഏല്പിച്ചത്. 1980 മുതൽ 1983 വരെ അദ്ദേഹം റീജയണൽ പാസ്റ്ററൽ സെന്റർ ഡയറക്ടറായി തുടർന്നു. 1980 ജൂലൈ 22 മുതൽ അദ്ദേഹം രൂപതാ കോടതിയിലെ ജൂഡീഷ്യൽ വികാരി (വിവാഹകോടതി ജഡ്ജി)യായി നിയമിതനായി. സാധാരണ കാനൻ ലോയിൽ പാണ്ഡിത്യമുള്ളവരെയാണ് ഈ ജോലിയിൽ നിയമിക്കാറുള്ളത്. അച്ചന്റെ നിയമനം പ്രത്യേക പരിഗണനയായിരുന്നു.

ഇംഫാൽ രൂപതാകേന്ദ്രം മാന്ത്രിപുക്ഹറി (MANTRIPUKHRI) യിലേക്ക് 1984 ജനുവരിയിൽ മാറ്റുകയുണ്ടായി. അതോടെ വികാരി ജനറാളായി ജോസഫച്ചനെ നിയമിച്ചു. 1998 മാർച്ച് 26-ന് പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ തിരുമേനി ജോസഫ് അച്ചനെ മോൺസിഞ്ഞോർ പദവി നൽകിയാദരിച്ചു. വടക്കേ ഇൻഡ്യൻ രൂപതകളിൽ ഒരു ഇടവക വൈദികന് മോൺസിഞ്ഞോർ പദവി നൽകുന്നത് ആദ്യമായാണ്. 1999 ഡിസംബർ 18-ന് പുതിയതായി നിർമ്മിച്ച വി. യൗസേപ്പു പിതാവിന്റെ നാമത്തിലുള്ള കത്തീഡ്രൽ പള്ളി വികാരിയായി ജോസഫച്ചനെ നിയമിച്ചു. 75 വയസ് പൂർത്തിയായതനുസരിച്ച് കാനൻ നിയമം അനുശാസിക്കുന്ന വിധത്തിൽ മോൺ. ജോസഫ് തന്റെ രാജി മെത്രാപ്പോലിത്തായ്ക്ക് നൽകി. അത് സ്വീകരിച്ചു. എന്നാൽ റിട്ടയർമെന്റിനുശേഷവും എല്ലാ മിഷനറിമാർക്കും ആവശ്യമുള്ള സഹായസഹകരണങ്ങൾ നൽകിക്കൊണ്ട് ഒരു "പേട്രിയർക്കായി" രൂപതാ കേന്ദ്രത്തിൽ തന്നെ താമസിക്കുന്നു. വളരെ മനോഹരമായ ഒരു വൈദികന്ദിരം 2003-ൽ തുറക്കപ്പെട്ടെങ്കിലും താരതമ്യേന സൗകര്യം കുറഞ്ഞ രൂപതാകേന്ദ്രത്തിൽതന്നെ മോൺ. ജോസഫ് കച്ചിറമറ്റം താമസിക്കുന്നു.

ഒരുപാട് വിഷമതകൾ തന്റെ ജീവിതത്തിൽ അനുഭവിക്കേണ്ടിവന്നെങ്കിലും എല്ലാം സംതൃപ്തിയോടെയാണ് അദ്ദേഹം അവ സ്വീകരിച്ചത്. തന്റെ ദൈവവിളിയിൽ അദ്ദേഹം എന്നും സംതൃപ്തനാണ്. ഭാഷ നന്നായി കൈകാര്യം ചെയ്യാൻ സാധിക്കുന്നതുകൊണ്ട് പ്രശ്നങ്ങളുമായി വരുന്ന ജനങ്ങളെ സ്വാന്തനപ്പെടുത്തി പറഞ്ഞയക്കാൻ അദ്ദേഹത്തിന് സാധിക്കുന്നു. അതിരൂപതയിൽ ധാരാളം ദൈവവിളി ലഭിക്കുന്നതിൽ അദ്ദേഹം അഹ്ളാദിക്കുന്നു. മണിപ്പൂരിൽ തന്നെ തുടരാനും അവിടെത്തന്നെ അവസാനംവരെ ജീവിക്കാനും അദ്ദേഹം ആഗ്രഹിക്കുന്നു. അത്രമാത്രം ആ പ്രദേശവുമായി അദ്ദേഹം ഇഴുകി ചേർന്നിരിക്കുന്നു.

മോൺ. ജോസഫ് കച്ചിറമറ്റം ഒരിക്കൽ തന്റെ അനുഭവം പങ്കുവച്ചത് ഇപ്രകാരമാണ്. "ഞാൻ പുറകോട്ട് തിരിഞ്ഞു നോക്കുമ്പോൾ പലതും ഒരു സ്വപ്നമാണെന്ന തോന്നലാണ്. ആദ്യമിഷൻ യാത്ര അത്ഭുതകരവും പുതിയ കണ്ടെത്തലുകൾ നിറഞ്ഞതുമായിരുന്നു. എന്നെ സംബന്ധിച്ച് ആ

www.malankaralibrary.com

സ്ഥലം അജ്ഞാതമായിരുന്നു. സഹയാത്രികരായി ആരുമില്ല. ഒരു പരിചയവുമില്ലാത്ത ഭാഷയും സംസ്കാരവും പുറജാതിക്കാരന്റെ വിശ്വാസങ്ങളും. ദൈവം കാണിച്ചുകൊടുത്ത സ്ഥലത്തേക്കുള്ള അബ്രാഹത്തിന്റെ യാത്രപോലെ. ദൈവത്തിൽ പൂർണ്ണ ആശ്രയം വച്ചുകൊണ്ട് ഗ്രാമങ്ങൾതോറും ചുറ്റി സഞ്ചരിച്ചു. ഘോരവനങ്ങളിലൂടെ, നിറഞ്ഞുകവിഞ്ഞൊഴുകുന്ന നദികളിലൂടെ, കിഴുക്കാംതൂക്കായ മലഞ്ചെരിവുകളും കുന്നുകളും താണ്ടിയുള്ള പ്രത്യേക അനുഭൂതി നൽകിയുള്ള യാത്ര. ഇവിടെയെല്ലാം ദൈവത്തിന്റെ ഒരു ഉൾവിളി ഞാൻ കേൾക്കുന്നുണ്ടായിരുന്നു. യാത്രക്കിടയിൽ നദിക്കരയിൽ മുളകൊണ്ട് അൾത്താരയുണ്ടാക്കി ആ പ്രദേശത്തെ ജനങ്ങൾക്കുവേണ്ടി ബലിയർപ്പിക്കുമായിരുന്നു. ഫ്രാൻസീസ് സേവ്യറിന്റെ മിഷനറിയാത്ര എനിക്ക് വലിയ പ്രചോദനമായിരുന്നു. വി. ഇഗ്നേഷ്യസ് ലയോളയുടെ വെല്ലുവിളിയിൽ പ്രചോദിതനായ ഫ്രാൻസീസ് സേവ്യർ മാനസാന്തരപ്പെട്ട്, ആത്മാക്കളുടെ രക്ഷയെപ്പറ്റിയുള്ള തീഷ്ണതയിൽ ജ്വലിച്ച്, അദ്ദേഹം നീണ്ട യാത്രകൾ നടത്തി. ക്രിസ്തുവിനെ പ്രസംഗിച്ചു. അക്ഷരങ്ങൾക്ക് ജ്ഞാനസ്നാനം നൽകി. ഫ്രാൻസിസ് സേവ്യർ അജ്ഞാതസ്ഥലത്തേക്ക് പോയതുപോലെ ഞാനും യാത്ര ചെയ്തു. അഭിവന്ദ്യ മാർ മരിംഗോ പിതാവ് മണിപ്പൂരിലേക്ക് പോകാൻ ഒരു ഇന്ത്യൻ വൈദികനെ ആവശ്യമുണ്ടെന്ന് ആഹ്വാനം ചെയ്തത് എന്നെ ഹഠാദാകർഷിച്ചു. മണിപ്പൂർ ഒരു വാഗ്ദത്തഭൂമിയാണെന്ന് ഞാൻ മനസ്സിലാക്കി. ദൈവവിളി പ്രോത്സാഹിപ്പിക്കാനും മിഷൻ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാനുമായി ഭരണങ്ങാനത്ത് ആരംഭിച്ച ചെറുപുഷ്പമിഷൻ ലീഗ് എന്ന സംഘടന, മിഷൻലീഗിന്റെ മദ്ധ്യസ്ഥയായി വി. കൊച്ചുത്രേസ്യാ പുണ്യവതി ഇവയെല്ലാം എന്റെ മിഷ്യൻ ചിന്തയെ തട്ടിയുണർത്തി. ഫ്രാൻസീസ് അസീസിയുടെ ജീവചരിത്രവും ഒരു മിഷനറിയാക്കാൻ വളരെ സ്വാധിനിച്ചു. അസ്സീസിയുടെ സുപ്രസിദ്ധമായ സമാധാനപ്രാർത്ഥനയും പ്രകൃതിസ്നേഹവും ദൈവസ്നേഹത്തിലുള്ള ഉറച്ച നിലനിൽപ്പും എല്ലാം. ഒരു മിഷനറിയാക്കാൻ വളരെയധികം സഹായിച്ചു. ഭരണങ്ങാനത്ത് പഠിക്കാൻ സാധിച്ചതും സിസ്റ്റർ അൽഫോൻസായുമായി പരിചയപ്പെടാൻ സാധിച്ചതും എന്നെ മിഷനറിയാക്കാൻ സഹായിച്ചു."

മോൺ. ജോസഫ് കച്ചിറമറ്റം, ഫാ. മറ്റം എന്ന ഓമനപ്പേരിലാണ് അറിയപ്പെടുന്നത്. ഇംഫാൽ അതിരൂപതയിലെ ഏറ്റവും മുതിർന്ന രൂപതാവൈദികനുമാണദ്ദേഹം. അദ്ദേഹത്തിന്റെ കൃത്യനിഷ്ഠയും സേവനസന്നദ്ധതയും കഠിനാദ്ധ്വാനവും അദ്ദേഹത്തെ എല്ലാവരുടെയും പ്രിയങ്കരനാക്കി തീർത്തു. അദ്ദേഹത്തിന്റെ നരച്ച മുടിയും വെളുത്ത താടിയും വെള്ള ളോഹധരിച്ചും വെള്ള ഷോൾ പുതച്ചും ഉള്ള നടപ്പും അദ്ദേഹത്തെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തനാക്കി തീർക്കുന്നു.

Address - V. Rev. Mgs. Joseph Kachiramattam,
Arch - Bishops House, P.B. No. 35,Imphal - 795 001

www.malankaralibrary.com

# 58

# ഒ.എം. വർഗ്ഗീസ് ഓലിക്കൽ



പ്രമുഖവിദ്യാഭ്യാസപ്രവർത്തകനും ചരിത്രകാരനുമായ ഒ.എം. വർഗീസ് ഓലിക്കൽ 1926 ജൂൺ 23-ാം തീയതി വാഴക്കുളത്തെ പുരാതനവും പ്രസിദ്ധവുമായ ഓലിക്കൽ കുടുംബത്തിൽ ഔസേഫ് മത്തായി - മറിയം ദമ്പതികളുടെ ഇളയപുത്രനായി ജനിച്ചു. വാഴക്കുളം ഇൻഫന്റ് ജീസസ് ഹൈസ്കൂളിൽ നിന്നും ഇ.എസ്സ്.എൽ.സി. പാസ്സായതിനുശേഷം തേവരസേക്രട്ട് ഹാർട്ട് കോളേജ്, തൃശൂർ സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിൽ പഠിച്ച് സർവ്വകലാശാലാ ബിരുദം നേടി. ചങ്ങനാശ്ശേരി എൻ.എസ്സ്.എസ്സ്. കോളേജ്, തൃശൂർ ബേസിക്ക് ട്രെയിനിംഗ് കോളേജ്, മധുരഗാന്ധിഗ്രാം, ബാംഗ്ലൂർ ഇംഗ്ലീഷ് ട്രെയിംനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളിൽനിന്നും അദ്ധ്യാപകട്രെയിനിംഗും നേടി. വാഴക്കുളം ബേസിക്ക് ട്രെയിനിംഗ് സ്കൂളിൽ നിന്നും റിട്ടയർ ചെയ്തതിനുശേഷം രചിച്ച ഗ്രന്ഥമാണ് "വാഴക്കുളം ഒരു ചരിത്ര വീക്ഷണം"

വാഴക്കുളം പ്രദേശത്തിന്റെ കഴിഞ്ഞകാലവളർച്ച നമ്മുടെ രാജ്യത്തിന്റെയും ക്രൈസ്തവസഭയുടെയും ചരിത്രവുമായി ബന്ധപ്പെടുത്തി തികച്ചും ശാസ്ത്രീയമായി വിലയിരുത്തുകയും നൂതനമായ വിധത്തിൽ കൈകാര്യം ചെയ്യുകയും ചെയ്യുന്ന ഒരു ഗ്രന്ഥമാണ് വാഴക്കുളം ഒരു ചരിത്രവീക്ഷണം എന്ന കൃതി. ഇന്നലെ നടന്ന സംഭവങ്ങളെ നിഷ്പക്ഷബുദ്ധ്യാ ഒന്നാകെ കാണുവാനും അപഗ്രഥനം ചെയ്യുവാനും ഒ.എം. വർഗ്ഗീസിന് സാധിച്ചിട്ടുണ്ട്. ചരിത്രം സംഗ്രഹിച്ച് സാമാന്യക്കാർക്കുപോലും സുഗ്രാഹ്യമായ വിധത്തിൽ സമാഹരിക്കപ്പെട്ടിട്ടുള്ള ഈ ഗ്രന്ഥം കഴിഞ്ഞകാലഘട്ടത്തിലെ രാഷ്ട്രീയവും സാമുദായികവും മതപരവുമായ നിരവധി സംഭവങ്ങളിലേക്കും വിരൽചൂണ്ടിയിട്ടുണ്ട്. കഴിഞ്ഞ രണ്ടു നൂറ്റാണ്ടിനിടയിൽ തിരുവിതാംകൂറിലും ക്രൈസ്തവസമുദായത്തിലും നടന്ന പ്രധാനസംഭവങ്ങളുമായി ബന്ധപ്പെടുത്തിയാണ് വാഴക്കുളത്തെ ഗ്രന്ഥകാരൻ അവതരിപ്പിച്ചിരിക്കുന്നത്. 650 ഓളം പേജുകളുള്ള ഈ ചരിത്രഗ്രന്ഥം വാഴക്കുളം ഗ്രാമത്തിന്റെ ചരിത്രം മാത്രമല്ല, വാഴക്കുളവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുള്ള വ്യക്തികളുടെ ചരിത്രവും വാഴക്കുളത്തെ കുടുംബങ്ങളുടെ ചരിത്രവും സവിസ്തരം ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിന് ആശംസയർപ്പിച്ചുകൊണ്ട് കോതമംഗലം മെത്രാൻ മാർജോർജ്ജ് പുന്നക്കോട്ടിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"'ചരിത്രം സാധാരണമായി രാഷ്ട്രീയചരിത്രമാണ്. അത് ഒരു ജനപദത്തിന്റെയോ രാജ്യത്തിന്റെയോ ചരിത്രം. ശ്രീമാൻ വർഗീസ് ശ്രമിക്കുന്നത്

www.malankaralibrary.com

താൻ ജനിച്ചുവളർന്ന ഗ്രാമത്തിന്റെ ചരിത്രം വിവരിക്കുവാനാണ്. ദേശത്തിന്റെയും സമുദായത്തിന്റെയും രാഷ്ട്രീയവും സാംസ്കാരികവും സാമ്പത്തികവും വിദ്യാഭ്യാസപരവും മതപരവുമായ ചരിത്രം പശ്ചാത്തലമായി സ്വീകരിച്ചുകൊണ്ട് ഈ പശ്ചാത്തലത്തിന് മുമ്പിൽ സ്വഗ്രാമത്തിന്റെ ചരിത്രം അദ്ദേഹം അവതരിപ്പിക്കുന്നു. ചരിത്രം ചലനാത്മകമാണ്. അതുവളർച്ചയാണ്. വാഴക്കുളത്തിന്റെ വളർച്ചയുടെ ചരിത്രം ഈ ഗ്രന്ഥത്തിൽ കാണാം."

വാഴക്കുളത്തിന്റെ വളർച്ചയോടൊപ്പം സഭയുടെയും രാജ്യത്തിന്റെയും ചരിത്രത്തിന് വാഴക്കുളം ചെയ്യുന്ന സംഭാവനയുടെ വലിപ്പം ശ്രീമാൻ വർഗീസ് പരിശോധിക്കുന്നു. ഈ അവലോകനത്തിൽ രണ്ടുനൂറ്റാണ്ടിനപ്പുറമുള്ള കാര്യങ്ങൾ വ്യക്തമായി കാണാനുള്ള മാർഗ്ഗമില്ല. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വാഴക്കുളത്തെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യമർഹിക്കുന്നതായിരുന്നു. വിമർശനപാടവത്തോടെ ഗ്രന്ഥകാരൻ അന്നത്തെ ചരിത്രത്തെ വിലയിരുത്താൻ ശ്രമിക്കുന്നു. വാഴക്കുളം കൊവേന്തയും സെമിനാരിയുമെല്ലാം കേരളസഭാചരിത്രത്തിലെ സുപ്രധാന ഏടുകളാണ്. കാനാട്ടച്ചനും, വലിയവീട്ടിലച്ചനും കേരളസഭയിലെ സമുന്നതരായ നേതാക്കന്മാരിൽപെടും. സഭയുടെ ചരിത്രത്തിൽ അവർ അഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. എറണാകുളം മിസത്തിന്റെ സ്ഥാപനത്തിൽ വാഴക്കുളത്തിന് സുപ്രധാനമായ പങ്കുണ്ടെന്ന് ശ്രീ വർഗീസ് വാദിക്കുന്നു. വാഴക്കുളം ചുറ്റുപാടുമുള്ള പ്രദേശങ്ങളുടെ തറവാടുകൂടിയാണ്. കുടിയേറ്റംവഴി സമീപവിദൂര പ്രദേശങ്ങളെ നാടാക്കി മാറ്റിയ വാഴക്കുളംകാരുടെ കുടുംബചരിത്രമാണ് ഏറ്റവും സവിശേഷതയുൾക്കൊള്ളുന്നത്. വാഴക്കുളം പ്രദേശത്തെ, ഓരോ കുടുംബത്തിന്റെയും ഉത്സവവും വളർച്ചയും ബന്ധങ്ങളും വാഴക്കുളംകാർക്കും അവിടെനിന്നും കുടിയേറിയവർക്കും അത്യന്തം വിജ്ഞാനപ്രദമായിരിക്കും.

ഈ ഒരൊറ്റഗ്രന്ഥംകൊണ്ടുതന്നെ വർഗീസ് ചരിത്രസാഹിത്യത്തിന് വിലപ്പെട്ട സംഭാവനയാണ് നൽകിയിരിക്കുന്നത്. മറ്റുപല ഗ്രന്ഥങ്ങളുടെയും പണിപ്പുരയിലാണ് അദ്ദേഹം. അഖില കേരളകത്തോലിക്കാ കോൺഗ്രസ്സ് 1999 ൽ ഒ.എം. വർഗീസിന്റെ സാംസ്കാരികചരിത്ര രംഗത്തെ സേവനത്തെ ആദരിച്ച് അവാർഡു നൽകുകയുണ്ടായി. ഓലിക്കൽ കുടുംബയോഗത്തിന്റെ പ്രഥമ പ്രസിഡണ്ടുകൂടിയാണ് വർഗീസ്. ഓലിക്കൽ കുടുംബത്തിന്റെ സമ്പൂർണ്ണചരിത്രം രചിച്ചതും അദ്ദേഹം ചീഫ് എഡിറ്ററായിട്ടുള്ള കമ്മറ്റിയാണ്.

വർഗീസിന്റെ സഹധർമ്മണി തുടങ്ങനാട്ട് കല്ലറക്കൽ തോമസിന്റെയും ഏലിയുടെയും പുത്രി മറിയക്കുട്ടിയാണ്.

വിലാസം - ഒ.എം. വർഗീസ്,
ഓലിക്കൽ,
വാഴക്കുളം പി.ഒ., മൂവാറ്റുപുഴ

www.malankaralibrary.com

# 59



# ഫാ.മാത്യു ഉഴുന്നാലിൽ എസ്സ്.ഡി.ബി.

"മുസ്ലീം തീവ്രവാദികൾ കടുത്ത വെല്ലുവിളി ഉയർത്തുന്ന, സാക്ഷാൽ ഉസ്മാബിൻ ലാദന്റെ സ്വന്തം നാട്ടിൽ കത്തോലിക്കാ സഭയുടെ അജപാലന തീക്ഷ്ണത ഏറ്റുവാങ്ങിക്കൊണ്ട് യമനിലെ കത്തോലിക്കാവിശ്വാസികളുടെ അഭിമാനമായി സേവനനിരതനാകുന്നു 79 കാരനായ ഫാ.മാത്യു. ദുഷ്ക്കരമായ നിയോഗങ്ങൾ ഏറ്റെടുത്ത് വിജയകരമായി പൂർത്തിയാക്കുകയും കർമ്മനിർവ്വഹണത്തിൽ മുമ്പേനടന്ന് മറ്റുള്ളവർക്ക് പാതയാവുകയും ചെയ്യുന്ന ഉഴുന്നാലിലച്ചൻ സമർപ്പിത സഭാജീവിതത്തിന്റെ തുടക്കം മുതൽതന്നെ ശ്രദ്ധേയവും ആദരണീയവുമായ വ്യക്തിത്വത്തിനുടമയായിരുന്നു. ഇന്ത്യയുടെ വടക്കുകിഴക്കൻ ഭാഗങ്ങളിൽ കേരളീയരായ മിഷനറിമാരുടെ മിഷൻ പ്രവർത്തനത്തിന് തിരികൊളുത്തുകയും മലയാളി സന്യാസികളെ അവിടങ്ങളിൽ കൊണ്ടുവരികയും ചെയ്തുകൊണ്ട് കത്തോലിക്കാസഭയുടെ സുവിശേഷവൽക്കരണ ദൗത്യത്തിനും നാടിന്റെ വികസനത്തിനും കളമൊരുക്കുകയും ചെയ്ത ഈ സലേഷ്യൻ വൈദികൻ ദൈവത്തിന്റെ കൈയൊപ്പുവീണ കർമ്മസന്നദ്ധതയുടെ ഉടമയാണ്."

സലേഷ്യൻ സഭാംഗമായ ഫാ.മാത്യു ഉഴുന്നാലിൽ അവർകളെപ്പറ്റി 2005 ഒക്ടോബർ 20-ാം തീയതിയിലെ ദീപനാളം വാരികയിൽ എഴുതിയിരുന്ന ലേഖനത്തിലെ ഏതാനും വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ആ മഹാമിഷനറി രാമപുരം ഇടവകയിൽ ഉഴുന്നാലിൽ മത്തായി വർഗീസിന്റെയും എലിസബത്തിന്റെയും മകനായി 1926 മാർച്ച് 30-ന് ജനിച്ചു. രാമപുരം സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിലായിരുന്നു വിദ്യാഭ്യാസം. 1945-ൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഫാ.മാത്യു വെല്ലൂരിനു സമീപമുള്ള തിരുപ്പത്തൂർ സലേഷ്യൻ സെമിനാരിയിൽ ചേർന്നു. 1949-ൽ സലേഷ്യൻ സഭയിൽ വ്രതവാഗ്ദാനം ചെയ്തു. സലേഷ്യൻ സഭയിൽ പാലാരൂപതയിൽനിന്നുള്ള പ്രഥമ അംഗമായിരുന്നു മാത്യു. തുടർന്ന് ഫിലോസഫി പഠനത്തിനായി ഡാർജിലിംഗിലുള്ള സൊണാഡാ സലേഷ്യൻ മേജർ സെമിനാരിയിൽ ചേർന്നു. അതോടൊപ്പം കോളേജുപഠനവും നടത്തി. 1952-ൽ മദ്രാസിൽ എത്തി മൂന്നുവർഷത്തെ സലേഷ്യൻ ടീച്ചിംഗ് പരിശീലനം നേടി. മദ്രാസിലും ബോംബെയിലും ജോലി നോക്കി. തുടർന്ന് 1956-ൽ ദൈവശാസ്ത്രപഠനത്തിനായി ഷില്ലോംഗിൽ എത്തി. 1960 ജൂലൈ 2-ന് സേലത്തുള്ള ഏർക്കാഡ് സെമിനാരിയിൽ പൗരോഹിത്യം സ്വീകരിച്ചു. പിറ്റേന്ന് തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വദിനത്തിൽ പ്രഥമദിവ്യബലിയർപ്പിച്ചു.

സലേഷ്യൻസഭ ഷില്ലോംഗിൽ നടത്തികൊണ്ടിരുന്ന കോളേജിനോട

www.malankaralibrary.com

നുബന്ധിച്ചുള്ള ഹോസ്റ്റൽ വാർഡനായിട്ടാണ് ഫാ.മാത്യുവിന്റെ ആദ്യനിയമനം. പിന്നീട് ആസാമിലെ ഡിബ്രുഗാർ രൂപത തന്റെ പ്രവർത്തനരംഗമായി. പ്രസ്തുത രൂപത വക മൈനർ സെമിനാരിസ്ഥാപിക്കുന്നതിന് നേതൃത്വം നൽകുവാൻ ഉഴുന്നാലിലച്ചനെയാണ് ചുമതലപ്പെടുത്തിയത്. ഈ സെമിനാരിയുടെ ആരംഭം സഭയുടെതന്നെ ചരിത്രത്തിൽ ഒരു സുപ്രധാന വഴിത്തിരിവായിരുന്നു. ഭാരതസഭയ്ക്ക് ധാരാളം വൈദികരെയും കന്യാസ്ത്രികളെയും സംഭാവന ചെയ്യുന്ന ഒരു പ്രദേശമാണല്ലോ കേരളം. ഡിഫ്രുഗർ രൂപതയിലെ മൈനർ സെമിനാരി ആരംഭിച്ചതിനു ശേഷമാണ് കേരളത്തിൽനിന്നും ആസാം, നാഗാലാന്റ്, മണിപ്പൂർ പ്രദേശങ്ങളിലേക്ക് വൈദിക വിദ്യാർത്ഥികൾ കടന്നുചെല്ലുന്ന സാഹചര്യം ഉണ്ടായത്. കേരളത്തിൽ പ്രബലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സന്യാസിനീ സഭകളാണല്ലോ കർമ്മലീത്താ, ഫ്രാൻസിസ്കൻ, ആരാധന, മെഡിക്കൽ മിഷൻ മുതലായവ. ഈ സന്യാസ സഭാംഗങ്ങളുടെ സേവനം ആ മേഖലകളിൽ ലഭിക്കുന്നതിനുള്ള കളമൊരുക്കിയതും ഫാ.മാത്യു തന്നെയായിരുന്നു.

ദീപനാളം ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ, "നാഗാലാൻഡിലെ കോഹിമയിൽ അമേരിക്കൻ ബാപ്റ്റിസ്റ്റ് സഭക്കാർ വളരെ ശക്തമായിരിക്കയും കത്തോലിക്കാസഭയോട് വളരെ നീരസം പ്രകടിപ്പിക്കുകയും ചെയ്ത ആ കാലങ്ങളിൽ ഉഴുന്നാലിലച്ചൻ അവിടെ ഇടവക പ്രവർത്തനങ്ങളിലായിരുന്നു. അധോലോക നാഗായുടെ ഭാഗത്തുനിന്ന് ധാരാളം എതിർപ്പുകൾ അച്ചന് നേരിടേണ്ടിവന്നിട്ടുണ്ട്. ഒരു തവണ കത്തോലിക്കാവിശ്വാസികളെ ജയിലറകളിൽ തടവിലാക്കിയപ്പോൾ അന്നത്തെ നാഗാമുഖ്യമന്ത്രി ജോൺ ബോസ്കോ ജാസോക്കിയെയും കൂട്ടി ജയിലിൽ വന്ന് അച്ചൻ അവരെയെല്ലാം ജയിൽ വിമുക്തരാക്കി.

മൂന്നുവർഷത്തിനുശേഷം ആസാമിൽ ഡുംഡുമോ എന്ന സ്ഥലത്ത് ഒരു ഇടവക യൂറോപ്യൻ മിഷനറിമാർ നോക്കിനടത്തിയിരുന്നു. ഇടവക ഏറ്റെടുക്കുന്ന ആദ്യ ഇന്ത്യൻ വികാരിയായിരുന്നു ഫാ.മാത്യു ഉഴുന്നാലിൽ. അന്ന് പ്രശ്ന കലുഷിതമായിരുന്ന ഡീഫ്രുഗാർ ഡോൺബോസ്കോ ഹൈസ്കൂളിൽ റെക്ടറും പ്രിൻസിപ്പലുമായി മൂന്നുവർഷം വിജയകരമായി സേവനം ചെയ്തതിനുശേഷം സലേഷ്യൻസഭയുടെ ബാംഗ്ലൂർ പ്രോവിൻസ് തുടങ്ങുന്നതിന് ബാംഗ്ലൂർക്ക് പുതിയ നിയമനമായി. പ്രൊവിൻസ് തുടങ്ങി 6 വർഷം പ്രൊക്യുറേറ്ററായി സേവനം ചെയ്തു. അതിനുശേഷം വിജയവാഡായ്ക്കടുത്ത് നൻഡിഗാമായിൽ ബി.എഡ്.കോളേജ് സ്ഥാപിക്കാനാണ് ഫാ. മാത്യു നിയോഗിക്കപ്പെട്ടത്. അതും വിജയകരമായി പൂർത്തിയാക്കിയ അച്ചന്റെ പ്രവർത്തനരംഗം പിന്നീട് കേരളമായി."

കണ്ണൂർജില്ലയായിരുന്നു പിന്നീട് ഉഴുന്നാലിലച്ചന്റെ പ്രധാന പ്രവർത്തനരംഗം. മാട്ടൂൽ എന്ന സ്ഥലത്ത് ഈശോ സഭക്കാർ നടത്തിക്കൊണ്ടിരുന്ന ലിറ്റിൽ ഫ്ളവർ ഓർഫനേജും ഇടവകയും സലേഷ്യൻകാർ ഏറ്റെടുക്കുന്ന

www.malankaralibrary.com

തിന് ഫാ.മാത്യു ഉഴുന്നാലിൽ നേതൃത്വം നൽകി. അതുപോലെതന്നെ കൊല്ലംജില്ലയിലെ കൊട്ടിയത്ത് ഉണ്ടായിരുന്ന ഒരു ടെക്നിക്കൽ സ്കൂളിന്റെ റെക്റും പ്രിൻസിപ്പലുമായി പ്രവർത്തിച്ചു. വളരെ കുറച്ചു മാസങ്ങൾ മാത്രമേ കൊട്ടിയത്ത് പ്രവർത്തിച്ചുള്ളൂ. അബുദാബി മെത്രാൻ സലേഷ്യൻ സഭക്കാരുടെ സേവനം ആവശ്യപ്പെട്ടത് ഇക്കാലത്താണ്. തെക്കെ യെമനിൽ മിഷൻ പ്രവർത്തനത്തിനായി അബുദാബി മെത്രാന്റെ താല്പര്യപ്രകാരം ഫാ.മാത്യുവിനെ സലേഷ്യൻ സുപ്പീരിയർ ജനറൽ നിയോഗിച്ചു. തികച്ചും അപ്രതീക്ഷിതമായിരുന്നു ആ നിയമനം. 1991-ൽ 65-ാം വയസ്സിൽ ആണ് തെക്കേ യെമനിലേക്ക് ഫാ.മാത്യു പുതിയ ജോലിക്കായി പുറപ്പെട്ടത്.

പീപ്പിൾസ് ഡമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് യെമൻ (യെമൻ സൗത്ത്) 463576 ച.കിലോമീറ്റർ വിസ്തീർണ്ണമുള്ള ചെറിയ ഒരു രാജ്യമാണ്. ഇരുപത്തിയഞ്ച് ലക്ഷത്തോളം ജനസംഖ്യയാണ് യെമനിൽ ഉള്ളത്. അവിടുത്തെ ഭാഷ അറബിയാണ്. അവിടുത്തെ മതം ഇസ്ലാംമതമാണ്. അവിടുത്തെ ജനങ്ങളുടെ തൊഴിൽ പ്രധാനമായും കൃഷിയാണ്. തെക്കൻ യെമന്റെ തലസ്ഥാനം ഏഡൻ ആണ് (അസ്ഷാബ്).

ഫാ.ഉഴുന്നാലിയുടെ യെമനിലെ പ്രവർത്തനങ്ങളെപ്പറ്റി ദീപനാളം ലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "അറേബ്യൻനാടുകളിൽ യാതൊരു മുൻപരിചയവും ഇല്ലാതിരുന്ന അദ്ദേഹം ദൈവപരിപാലനയിൽ ദൃഢമായി വിശ്വസിച്ച് മുന്നോട്ടു പോയി. 1991 സെപ്റ്റംബർ 4-ന് ഇന്ത്യയിൽനിന്ന് പറന്ന് യമനീസ് മണ്ണിൽ കാലുകുത്തുമ്പോൾ മനസ്സിന്റെ ആകുലതകൾക്ക് വിരാമമിട്ടത് പരിശുദ്ധ കന്യകാമറിയത്തോടുള്ള പ്രാർത്ഥനകളിലായിരുന്നു. തന്നെയും തന്റെ സഭയുടെ ദൗത്യത്തെയും പരിശുദ്ധ അമ്മയ്ക്ക് പൂർണ്ണമായി സമർപ്പിച്ചുകൊണ്ടായിരുന്നു ഫാ.മാത്യു നാട്ടിലും മറുനാട്ടിലും മിഷൻ രംഗത്ത് പ്രവർത്തിച്ചു പോന്നിട്ടുള്ളത്. ഭരണകൂടങ്ങളുമായുള്ള ആശയവിനിമയത്തിൽ താൻ തയ്യാറാക്കിയിട്ടുള്ള കത്തിടപാടുകൾ, ക്രൈസ്തവാവകാശങ്ങൾ നേടിയെടുക്കുന്നതിനായുള്ള പരിശ്രമങ്ങൾ, അതേക്കുറിച്ച് തനിക്ക് വ്യക്തിപരമായുള്ള കാഴ്ചപ്പാടുകൾ - എല്ലാം ..... പരിശുദ്ധ കന്യാസ്ത്രിമറിയത്തിന്റെ മുമ്പിലും, ദിവ്യകാരുണ്യ ഈശോ വസിക്കുന്ന സക്രാരിയുടെ മുമ്പിലും സമർപ്പിച്ചല്ലാതെ മുന്നോട്ടുപോയിട്ടില്ലെന്ന് ഫാ.മാത്യു വെളിപ്പെടുത്തുന്നു. കന്യകാ മാതാവിന്റെ സഹായം തേടിയിട്ടുള്ള ഒരു കാര്യവും പരാജയപ്പെട്ടിട്ടില്ലെന്ന് ഈ വൈദികൻ ഏറ്റുപറയുമ്പോൾ കണ്ണുകൾ ഈറനണിയും.

വളരെയേറെ എതിർപ്പും ശത്രുത തന്നെയും ക്രൈസ്തവർക്ക് പ്രത്യേകിച്ച് ക്രൈസ്തവസഭാനേതാക്കൾക്ക് നേരിടേണ്ടി വരുന്ന നാടാണ് യമൻ. അറേബ്യൻ രാജ്യങ്ങളിൽ ക്രൈസ്തവസഭ ഏറ്റവും കൂടുതൽ ഞെരുങ്ങുന്നത് ഇവിടെയാണ്. സഭയുടെ ഭാവി ഇവിടെ ഒട്ടുംതന്നെ ശോഭനമല്ല. മരണത്തിന്റെ നിഴൽവീണ താഴ്വാരമാണ് യമൻ മിഷണറിമാർക്ക്. എങ്കിലും

www.malankaralibrary.com

ഭൂമിയെയും സർവ്വചരാചരങ്ങളെയും സൃഷ്ടിക്കുകയും ചരിത്രത്തെ മുന്നോട്ടുനയിക്കുകയും ചെയ്യുന്ന സർവ്വശക്തനായ ദൈവപിതാവ് അറിയാതെ യാതൊന്നും നടക്കുന്നില്ലെന്നുള്ള ഉറച്ച വിശ്വാസത്തിൽ മുന്നോട്ട് പോകുന്നുവെന്ന സമാധാനമാണ് മാത്യു അച്ചന് പറയാനുള്ളത്.

മുസ്ലീംതീവ്രവാദികൾ പ്രവർത്തിക്കുന്ന യമനിലെ ഇസ്ലാം പാർട്ടിയുടെ ചില ഘടകങ്ങൾ ക്രൈസ്തവരോട് വളരെ വിദ്വേഷം പ്രകടിപ്പിക്കുന്നവരാണ്. കത്തോലിക്കാവൈദികരും സിസ്റ്റേഴ്സും യമനിൽ വരുന്നതും പ്രവർത്തിക്കുന്നതും അവർക്ക് തീരെ ഇഷ്ടമില്ല. 4 വൈദികരാണ് യമനിൽ ആകെയുള്ളത്. മിഷനറീസ് ഓഫ് ചാരിറ്റിയുടെ നാലുമഠങ്ങളും. വൈദികരിൽ ഫാ. മാത്യു ഉഴുന്നാലിൽ മാത്രമാണ് ഔദ്യോഗികരേഖകളിൽ "വൈദികൻ" എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. മറ്റു മൂന്നുപേരും മദർ തെരേസാ സിസ്റ്റേഴ്സിന്റെ വർക്ക് കോ-ഓർഡിനേറ്റേഴ്സ് എന്ന പേരിലാണ് യമനിൽ എത്തിയിട്ടുള്ളതും അവിടെ കഴിഞ്ഞുകൂടുന്നതും. യമനിൽ ഇന്ന് സേവനം അനുഷ്ഠിക്കുന്ന 4 വൈദികരും കേരളത്തിൽനിന്നുള്ള മാർത്തോമ്മായുടെ മക്കളാണെന്നുള്ളതിൽ നമുക്ക് അഭിമാനിക്കാം.

ഉഴുന്നാലിലച്ചൻ സേവനം ചെയ്ത നാടുകളിലെല്ലാം ഭരണത്തിന്റെ ഉന്നതതലങ്ങളിലുള്ളവരുമായും ശക്തമായ വ്യക്തിബന്ധങ്ങൾ പുലർത്തിയിരുന്നത് ശ്രദ്ധേയമാണ്. അദ്ദേഹത്തിന് മാത്രമായി സിദ്ധിച്ചിട്ടുള്ള ഒരു അപൂർവ്വകൃപയാണത്. യമനിൽ ഇപ്പോഴുള്ള കൂട്ടുകക്ഷി മന്ത്രിസഭയിൽ അംഗങ്ങളായ പല നേതാക്കളുമായും പാർലമെന്റ് അംഗങ്ങളുമായും അദ്ദേഹം അടുത്ത സൗഹൃദം സൂക്ഷിക്കുന്നു. തീവ്രവാദിഗ്രൂപ്പുകളുടെ കടുത്ത എതിർപ്പുകൾക്ക് നടുവിലും രണ്ട് കത്തോലിക്കാപള്ളികൾ പുനരുദ്ധരിക്കുന്നതിനും വിശ്വാസികളുടെ ആത്മീയാവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുന്നതിനും മാത്യു അച്ചന് സാധിക്കുന്നത് ഉന്നതതലങ്ങളിലുള്ള ഈ പിടിപാടുകൊണ്ടാണ്. അത് ദൈവസഹായമാണെന്ന് അച്ചന് ഉറച്ച ബോദ്ധ്യമുണ്ട്. യമനിൽ 14 വർഷക്കാലം കഴിഞ്ഞുകൂടിയതിനിടയിൽ രണ്ടുപ്രാവശ്യം ഇസ്ലാം പാർട്ടിയിലെ ചില തീവ്രവാദികൾ ഫാ.മാത്യുവിന് നേരെ തോക്കു ചൂണ്ടിയിട്ടുണ്ട്. ഒരു തവണ കാറിൽനിന്ന് ഇറങ്ങിവരാനും പറഞ്ഞ് നെറ്റിക്കുമേൽ തോക്കുചൂണ്ടി കാഞ്ചിവലിക്കാൻ വിരലുകൾ ചലിപ്പിച്ച് ഭയപ്പെടുത്തുകപോലും ചെയ്തു. എന്നാൽ ആ രണ്ടുപ്രാവശ്യവും എവിടെനിന്നോ പാഞ്ഞെത്തിയ മന്ത്രി കേണൽ ഹുസൈൻ അൽ റാഡിയാണ് അച്ചനെ ആ കശ്മലന്മാരിൽനിന്ന് രക്ഷിച്ചത്.

1988 മുതൽ അറേബ്യൻ രാജ്യങ്ങൾക്ക് മുഴുവനായും 7 മെത്രാന്മാർ ഏഡനിൽനിന്നും ഉണ്ടായിരുന്ന പാരമ്പര്യം യമനുണ്ട്. എന്നാൽ 1967-ൽ റഷ്യൻ കമ്മ്യൂണിസ്റ്റുകൾ യമൻ പിടിച്ചടക്കുകയും ബ്രിട്ടീഷുകാരെ തുരത്തുകയും ചെയ്തപ്പോൾ മെത്രാന്മാരെയും വൈദികരെയും സിസ്റ്റേഴ്സിനെയും നാടുകടത്തുകയാണ് ചെയ്തത്. പള്ളികളും പള്ളി സ്ഥാപനങ്ങളും കമ്മ്യൂ

www.malankaralibrary.com

ണിസ്റ്റ് സർക്കാരിന്റേതായി മാറി. അങ്ങനെ യമനിൽ ക്രൈസ്തവവിശ്വാസം നാമാവശേഷമായി. അറേബ്യൻ നാടുകൾക്കായി ഇപ്പോൾ അബുദാബിയിലാണ് മെത്രാൻ താമസിക്കുന്നത്. അഭിവന്ദ്യ ബിഷപ്പ് പോൾ ഹിൻഡർ എന്ന കപ്പൂച്ചിൻ സഭാംഗമായ മെത്രാനാണ് ഇപ്പോൾ യമനടക്കമുള്ള അറേബ്യൻ രാജ്യങ്ങൾക്കുള്ള ഇടയശ്രേഷ്ഠൻ."

യമൻ ഒരു ഇസ്ലാമിക രാഷ്ട്രമാണ്. വിദ്യാഭ്യാസ സാമൂഹ്യസാംസ്കാരിക മേഖലകളിൽ വളരെ പിന്നോക്കം നിൽക്കുന്ന ജനങ്ങളാണ് അവിടെയുള്ളത്. സ്ത്രീ വിദ്യാഭ്യാസം തന്നെ വളരെ കുറവാണ്. സ്ത്രീസ്വാതന്ത്ര്യത്തിനുവേണ്ടി ശബ്ദിക്കുവാൻപോലും ആളുകളില്ല. ബഹുഭാര്യാത്വ സംവിധാനമാണ് അവിടെ നിലനിൽക്കുന്നത്.

സംഘർഷഭരിതമായ അന്തരീക്ഷമാണ് യമനിൽ നിലനിൽക്കുന്നത്. ശാന്തിയും സമാധാനവും കളിയാടുന്ന നാളുകൾ യെമനിൽ അടുത്തെങ്ങും എത്തുമെന്ന് പ്രതീക്ഷയുമില്ല. ഇസ്ലാംമതത്തിൽ പെടാത്തവർക്ക് അവിടെ ജീവിതം സുരക്ഷിതവുമല്ല. ഉഴുന്നാലിലച്ചന് അവിടെ സർക്കാരിലും ഏറെക്കുറെ സ്വാധീനമുണ്ട്. കാലം ചെയ്ത ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായുടെ സ്ഥാനാരോഹണത്തിന്റെ രജതജൂബിലിയാഘോഷത്തിലും മദർ തെരേസായുടെ നാമകരണനടപടികളിലും പങ്കെടുക്കാനായി യമൻ സർക്കാർ ഒരു പ്രതിനിധിസംഘത്തെ റോമിലേക്കയക്കുകയുണ്ടായി. ആ പ്രതിനിധി സംഘത്തിൽ കേരളീയനായ ഫാ.മാത്യു ഉഴുന്നാലിയേയും ഉൾപ്പെടുത്തുകയുണ്ടായി. ഫാ.മാത്യുവിന് സർക്കാരിലുള്ള സ്വാധീനമാണ് ഇത് വിളിച്ചറിയിക്കുന്നത്.

വാർദ്ധക്യത്തിന്റെ ക്ഷീണമൊന്നും ഏൽക്കാതെ എഴുപത്തിയെട്ടാം വയസ്സിലും ഊർജ്ജസ്വലതയോടെ യമനിൽ പ്രവർത്തിക്കുന്ന എസ്സ്.ഡി.ബി. സഭാംഗമായ ഫാ.മാത്യു ഉഴുന്നാലിൽ എന്ന വൈദികനിൽ നമുക്ക് അഭിമാനിക്കാം.

Address - Fr. Mathew, Uzhunnalil SDB, St. Francies Church, P.O. Box - 1155,
Tawahi - ADEN, Republic of Yemen

# 60

# സെയ്ത്താൻ ജോസഫ്



നാടക കലാരംഗത്ത് സ്വന്തമായ ഒരു വ്യക്തിമുദ്ര പതിപ്പിക്കുകയും സ്വന്തമായ ഒരു പ്രവർത്തന ശൈലിക്ക് രൂപം കൊടുക്കുകയും ക്രിസ്തീയാദർശങ്ങൾ പ്രശംസനീയമാംവിധം അവതരിപ്പിക്കുകയും ചെയ്ത സെയ്ത്താൻ ജോസഫ് 1926 മെയ് 16-ാം തീയതി

www.malankaralibrary.com

ആലപ്പുഴയിൽ ജനിച്ചു. ഒന്നാം ലോക മഹായുദ്ധകാലത്ത് നാട്ടിലെങ്ങും ജനങ്ങൾ ഭീതിയിൽ കഴിഞ്ഞിരുന്ന കാലം, അന്ന് കൊച്ചിയിൽ താമസമായിരുന്ന സെയ്ത്താൻ ജോസഫിന്റെ പിതാവ് നാടുവിട്ട് ആലപ്പുഴ കാഞ്ഞിരംചിറയിൽ ഒരു ജന്മിയുടെ പുരയിടത്തിൽ കുടികിടപ്പുകാരനായി വന്നു ചേർന്നു. ആലപ്പുഴ ഗുസേക്കറിൽ അപ്പൻ കയർ ഫാക്ടറി തൊഴിലാളിയായി ചേർന്നു. ഫാക്ടറിയിലെ വേസ്റ്റ് ഉപയോഗിച്ച് പുതിയ കയർ തടുക്കുകൾ നിർമ്മിക്കുന്നതിൽ പിതാവ് വിജയിച്ചു. അതോടെ കയർ വ്യവസായത്തിലേക്ക് പിതാവ് ശ്രദ്ധ തിരിച്ചു. കയർ വ്യവസായത്തിനിടയിലും അപ്പൻ പിതാവിൽനിന്നും കിട്ടിയ കലാപാടവം കൈവെടിഞ്ഞിരുന്നില്ല. വീട്ടിൽ കളരി കെട്ടി നാടകഅദ്ധ്യാപനവും നാടകംകളിയും തുടർന്നു.

കലാരംഗത്തേക്കുള്ള സെയ്ത്താൻ ജോസഫിന്റെ പ്രവേശനത്തെപ്പറ്റി എന്റെ നാടകാനുഭവങ്ങൾ എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു. "വീടിനോട് ചേർന്നുള്ള കളരിയിൽ ബൈബിൾ കഥകളെ ആസ്പദമാക്കിയുള്ള മലയാള നാടകങ്ങളുടെ ഈണവും താളവും കേട്ടുവളർന്ന എന്നിലും ആ കലാസത്ത ഊറിക്കൂടുകയായിരുന്നു. കണ്ണിൽ ഉറക്കം പിടിക്കുംവരെ കളരിയുടെ ആ കോണിലിരുന്ന് കണ്ണിമയ്ക്കാതെ നാടകം കണ്ടുകൊണ്ടിരുന്ന എന്റെ കലാവാസന അപ്പനും ശ്രദ്ധിക്കാൻ തുടങ്ങി.

ആ അവസരത്തിൽ ബൈബിളിലെ ദാവീദിനെ കേന്ദ്രകഥാപാത്രമാക്കി അപ്പൻ ഒരു നാടകമെഴുതി. ആ നാടകത്തിൽ ബാലനായ ദാവീദായി അഭിനയിക്കുവാൻ ഒരു കുട്ടിയെ വേണമായിരുന്നു. നാടകത്തിൽ ശ്രദ്ധാലുവായ എന്നെ ഒരു ദിവസം അപ്പൻ അരികിലേക്കു വിളിച്ചു ചോദിച്ചു...

നിനക്ക് നാടകത്തിൽ അഭിനയിക്കാമോ? ആ ചോദ്യം കേൾക്കേണ്ട താമസം ഞാൻ അതീവ താല്പര്യത്തോടെ അഭിനയിക്കാം എന്ന അർത്ഥത്തിൽ തലയാട്ടി. അന്നുതന്നെ വലംകൈയ്യിലെ തള്ളവിരൽ കൊണ്ട് എന്റെ നെറ്റിയിൽ കുരിശടയാളം വരച്ച് അപ്പൻതന്നെ കൈപിടിച്ച് കളരിയിലേക്ക് കയറ്റി. അന്ന് എനിക്ക് 12 വയസ്സായിരുന്നു. നാടകരംഗത്തേക്കുള്ള എന്റെ ആദ്യത്തെ കാൽവെയ്പായിരുന്നു അത്. അഭിനയരംഗത്തെ ഒരു കന്നിക്കാരന്റെ ഭയവിഹ്വലതകൾ എന്നെ തെല്ലുപോലും അലട്ടിയിരുന്നില്ല. ആദ്യനാടകംകൊണ്ടുതന്നെ ഒരു നല്ല അഭിനേതാവെന്നു നാട്ടുകാരുടെ മുക്തകണ്ഠമായ പ്രശംസ ഞാൻ പിടിച്ചു പറ്റിയെന്ന് അപ്പൻ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. ആ നാടകത്തോടെ അപ്പൻ നാടകം നിർത്തുകയും പിന്നീട് കയർ വ്യവസായത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു".

നാടകരംഗത്തുനിന്ന് പിതാവ് പിന്മാറിയെങ്കിലും സെയ്ത്താൻ ജോസഫ് നാടകത്തിൽനിന്നും പിന്മാറിയില്ല. ആലപ്പുഴ ലിയോ തേർട്ടീന്തിലായിരുന്നു പഠനം. അക്കാലത്ത് സ്കൂളിൽ വാർഷികത്തോടനുബന്ധിച്ച് നടത്തിയ നാടകത്തിൽ ആനയുടെ വേഷം അഭിനയിക്കാൻ തിരഞ്ഞെടുത്തത് ഇദ്ദേഹത്തെയായിരുന്നു. ഈ രണ്ടു നാടകാഭിനയങ്ങളിലൂടെ നട

www.malankaralibrary.com

നെന്ന നിലയിലുള്ള അംഗീകാരം നേടി. ഇതിനിടയിലാണ് ജോസഫിന്റെ ജ്യേഷ്ഠൻ അകാലത്തിൽ നിര്യാതനായത്. കയർ വ്യവസായത്തിൽ പിതാവിന് സഹായിയായിരുന്ന ജ്യേഷ്ഠന്റെ നിര്യാണം ജോസഫിന്റെ പഠനത്തെ ബാധിച്ചു. 8-ാം ക്ലാസ്സിൽ വച്ച് പഠിത്തം ഉപേക്ഷിച്ച് പിതാവിന്റെ വ്യവസായിക സംരംഭങ്ങളിൽ സഹായിയായി മാറി. പഠനം നിർത്തിയെങ്കിലും കലാരംഗത്തുനിന്ന് പിന്മാറിയില്ല.

പല പ്രൊഫഷണൽ നാടകക്കമ്പനികളും സെയ്ത്താൻ ജോസഫിനെ നാടകാഭിനയത്തിന് ക്ഷണിച്ചു. പല നാടകക്കമ്പനികളും ചില്ലിപ്പൈസാ പോലും കൊടുക്കാതെ ജോസഫിനെ ചൂഷണം ചെയ്യുകയാണുണ്ടായത്. സെയ്ത്താൻ ജോസഫ് എന്ന പേര് ലഭിക്കാനും ഒരു കാരണമുണ്ട്. പിതാവ് നല്ല ഒരു നടനായിരുന്നുവെന്നു പറഞ്ഞല്ലോ. ഒരു ചവിട്ടുനാടകത്തിൽ മാലാഖയുടെയും ചെകുത്താന്റെയും ഇരട്ടവേഷം കെട്ടിയ പിതാവിന് ചെകുത്താൻ അന്ത്രയോസ് എന്ന പേരാണ് വീണുകിട്ടിയത്. ജോസഫ് നാടകരംഗത്തേക്കു കടന്നുവന്നപ്പോൾ അപ്പന്റെ ചെല്ലപ്പേരു കൂട്ടി മകനെയും ചെകുത്താൻ ജോസഫ് എന്നു വിളിച്ചു. ചെകുത്താൻ എന്ന പേരു ലോപിച്ച് സെയ്ത്താൻ ആയി മാറുകയാണുണ്ടായത്.

പ്രൊഫഷണൽ നാടകക്കമ്പനിക്കാരുടെ ചൂഷണത്തിൽനിന്നും മോചനം അദ്ദേഹം ആഗ്രഹിച്ചു. ചങ്ങനാശ്ശേരിയിലെ ഒരു നാടകക്കമ്പനിയിലെ പതിമൂന്ന് നാടകങ്ങളിൽ അഭിനയിച്ചിട്ടും പത്തുപൈസാപോലും നൽകാൻ മാനേജർ തയ്യാറായില്ല. നിർബന്ധത്തിന്റെ ഫലമായി 10 രൂപ കൊടുത്തു. ഈ ദുരവസ്ഥ പുതിയ ഒരു നാടകക്കമ്പനി തുടങ്ങുന്നതിനുള്ള പ്രേരണയായി. പലരുമായി ആലോചിച്ച് ഒരു നാടകക്കമ്പനിക്ക് രൂപം കൊടുത്തു. ആലപ്പുഴയിലെ കാഞ്ഞിരംചിറമാളികമുകളിലുള്ള പഴയ ഇരുനിലകെട്ടിടത്തിലായിരുന്നു സമതി ആരംഭിച്ചത്. സെയ്ത്താൻ കലാമന്ദിർ എന്നായിരുന്നു സമിതിയുടെ ആദ്യത്തെ പേര്. പിന്നീട് അത് ആലപ്പി തീയേറ്റേഴ്സ് എന്ന് പുനർനാമകരണം ചെയ്തു. 1960ലായിരുന്നു സമിതിയുടെ തുടക്കം. നാടകരംഗത്തെ കുലപതിയായിരുന്ന സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞുഭാഗവതരായിരുന്നു പുതിയ നാടകസമിതിയുടെ ആരംഭത്തിന് തീ കൊളുത്തിയത്.

ആലപ്പി മഹേഷ് എഴുതിയ അഞ്ചുസെന്റ് ഭൂമിയായിരുന്നു സമിതിയുടെ ആദ്യനാടകം. സെയ്ത്താന് ജോസഫ് തന്റെ നാടകാനുഭവങ്ങൾ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. (പുറം. 22,23) "സമകാലിക രാഷ്ട്രീയ പ്രാധാന്യമുള്ള ഈ നാടകം ഫ്യൂഡൽ വ്യവസ്ഥിതിക്കെതിരെയുള്ള ഒരു ചാട്ടവാറായിരുന്നു. ഇത്തരമൊരു പ്രമേയം ആദ്യനാടകത്തിൽതന്നെ തിരഞ്ഞെടുക്കാൻ ഒരു പ്രത്യേക കാരണമുണ്ട്. ആ നാടകത്തിലെ പ്രമേയം എന്റെ അനുഭവമായിരുന്നു. കുട്ടിക്കാലത്ത് ഞാൻ നേരിട്ട് അനുഭവിച്ച ഒരു സംഭവം. എന്റെ കുരുന്നു മനസ്സിൽ അത് ഇന്നും ഉണങ്ങാത്ത മുറിവാണ്.

www.malankaralibrary.com

അന്നെനിക്ക് ആറുവയസ്സായിരുന്നു. യുദ്ധംമൂലം കൊച്ചിയിൽനിന്നും പലായനം ചെയ്ത ഞങ്ങളുടെ കുടുംബം കാഞ്ഞിരംചിറയിലെ ഒരു ജന്മിയുടെ പുരയിടത്തിലാണ് പാർപ്പിടം കണ്ടെത്തിയത്. ഭൂപ്രഭുക്കൾ കൊടികുത്തി വാണിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. തല ചായ്ക്കാൻ ഒരു തുണ്ടു ഭൂമിയില്ലാത്തതിന്റെ പേരിൽ ജന്മിയുടെ മുന്നിൽ ഓച്ഛാനിച്ചു നിൽക്കേണ്ട ഗതികേട്. തിരുവായ്ക്ക് എതിർവായില്ലാത്ത അവസ്ഥ. ഒരുതരം അടിമത്തം. ജന്മിയുടെ കല്പനകൾ അനുസരിക്കാതിരുന്നാൽ അന്ന് പലവിധത്തിലുള്ള ശിക്ഷകൾ കുടിയാന്മാർ അനുഭവിക്കണമായിരുന്നു. ജന്മിമാരുടെ പിണിയാളുകളായ കാര്യസ്ഥന്മാർക്കും ജന്മി അധികാരം നൽകിയിരുന്നു.

പുരയിടത്തിലെ തെങ്ങുകൾ നനയ്ക്കേണ്ട ചുമതല അന്നൊക്കെ കുടിയാന്മാർക്കായിരുന്നു. ഇന്നത്തെപ്പോലെ മോട്ടോറും പമ്പുസെറ്റുമൊന്നും ഇല്ലാതിരുന്ന കാലമായതുകൊണ്ട് മൺകുടംകൊണ്ട് കുളത്തിൽനിന്ന് വെള്ളം കോരിയാണ് തെങ്ങുകൾ നനച്ചിരുന്നത്. തെങ്ങു നനയ്ക്കേണ്ട ചുമതല ഞങ്ങൾക്കായിരുന്നു.

ഒരു ദിവസം നന മുടങ്ങി. അന്നു സന്ധ്യയായപ്പോൾ ജന്മിയുടെ കാര്യസ്ഥൻ വീട്ടിലെത്തി. കാര്യസ്ഥൻ വീട്ടിലെത്തിയപ്പോൾ അമ്മ അത്താഴത്തിനുള്ള കഞ്ഞി വെച്ചുകൊണ്ടിരിക്കുകയായിരുന്നു. നന മുടങ്ങിയെന്ന കാരണത്താൽ അമ്മയോട് തട്ടിക്കയറിക്കൊണ്ട് അടുക്കളയിൽ കയറി കഞ്ഞിക്കലം ഇറക്കി താഴെ വച്ചു. തുടർന്ന് ഞങ്ങളുടെ അനുഭവതെങ്ങ് കെട്ടിപ്പൊത്തുവെയ്ക്കുകയും ഞങ്ങളെ കുടിയിറക്കുകയും ചെയ്തു. ഒരു നന മുടങ്ങിയതിന്റെ പേരിൽ അപ്പൻ ഇല്ലാത്ത നേരത്ത് എന്നെയും മൂന്നു സഹോദരിമാരെയും അമ്മയേയും കുടിയിറക്കിയ ആ രംഗം ആരുടെയും കരളലിയിക്കുന്നതായിരുന്നു. ആ നേരത്ത് എങ്ങോട്ടു പോകണമെന്നറിയാതെ നാലു മക്കളെയും അടക്കിപ്പിടിച്ച് അമ്മ കണ്ണീരൊഴുക്കി.

അടുത്ത വീട്ടിലെ ഒരു ചേടത്തി ഈ രംഗം കണ്ടു നിൽക്കുകയായിരുന്നു. ഞങ്ങളെ കുടിയിറക്കിയിട്ട് കാര്യസ്ഥൻ ഭൂമി കുലുക്കി നടന്നു നീങ്ങിയപ്പോൾ ആ സ്ത്രീ ഞങ്ങളുടെ അടുത്തേയ്ക്കു വന്നു. അവരെ കണ്ടതും അമ്മയുടെ ദുഃഖം അണപൊട്ടിയൊഴുകി.

എട്ടുംപൊട്ടും തിരിയാത്ത ഈ കുഞ്ഞുങ്ങളെയുംകൊണ്ട് ഞാനീ നേരത്ത് എങ്ങോട്ടു പോകും...? അമ്മയുടെ കണ്ണുകളിൽനിന്നും കണ്ണീർ ധാരധാരയായൊഴുകി. ആ ദുഃഖം കണ്ട് ചേടത്തി അമ്മയെ ആശ്വസിപ്പിച്ചു.

ലൂസിച്ചേടത്തി ഒന്നുകൊണ്ടും വിഷമിക്കണ്ട. ചേടത്തി പിള്ളേരേം വിളിച്ചുകൊണ്ട് എന്റെ കൂടെ വാ. നിങ്ങൾക്ക് എന്റെ കൂടെ താമസിക്കാം.

ഞങ്ങൾ ഒരു ദിവസം നന മുടക്കിയതിന്റെ പേരിൽ മൂവന്തി നേരത്ത് ഞങ്ങളുടെ കഞ്ഞിക്കലം ഇറക്കി വയ്ക്കുകയും ഞങ്ങളുടെ അനുഭവതെങ്ങ് പൊത്തുകെട്ടുകയും ഞങ്ങളെ കുടിയിറക്കുകയും ചെയ്തആ അനുഭവം ഒരു കനലായി എന്റെ മനസ്സിൽകിടന്ന് എരിഞ്ഞുകൊണ്ടിരുന്നു. ആ അനു

www.malankaralibrary.com

ഭവമായിരുന്നു അഞ്ചുസെന്റു ഭൂമി എന്ന നാടകം ആദ്യംതന്നെ ഞാൻ തിരഞ്ഞെടുക്കാൻ കാരണം."

തലചായ്ക്കാൻ ഒരു തുണ്ട് ഭൂമി ഇല്ലാത്തവർക്ക് കുടികിടപ്പ് അവകാശമായി 5 സെന്റ് ഭൂമി നൽകണമെന്ന പ്രമേയം അടങ്ങിയ ആ നാടകത്തിന്റെ ഉദ്ഘാടനവും സമാപനവും ഒരേ വേദിയിൽ വെച്ചു നടന്നു. പ്രതികൂല സാഹചര്യങ്ങൾ ആ പതനത്തിൽ എത്തിച്ചു.

പിന്നീട് ഭൂനയബിൽ പാസ്സാകുകയും കുടികിടപ്പ് അവകാശമായി മൂന്നു സെന്റ് ഭൂമി നൽകാൻ നിയമമുണ്ടാകുകയും ചെയ്തപ്പോൾ അഞ്ച് സെന്റ് ഭൂമി നാടകത്തിന്റെ പ്രയോക്താവായ സെയ്ത്താൻ ജോസഫ് ദൈവത്തോട് നന്ദി പറഞ്ഞു. ജന്മി കുടിയിറക്കിയ സ്ഥലത്തുനിന്നും 60 സെന്റ് സ്ഥലം വിലയ്ക്കുവാങ്ങി പ്രതികാരം വീട്ടാനും സെയ്ത്താൻ ജോസഫിന് പിന്നീട് സാധിച്ചു.

ആലപ്പി തീയേറ്റേഴ്സിന്റെ രണ്ടാമത് നാടകമാണ് 'മുപ്പതു വെള്ളിക്കാശ്'. ആലപ്പി തീയേറ്റേഴ്സിന്റെ ആദ്യ ബൈബിൾ നാടകവും ഇതുതന്നെയായിരുന്നു. നാടകരംഗത്തെ അതിപ്രശസ്തനായിരുന്ന സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ ഈ നാടകത്തിൽ അഭിനയിച്ചിട്ടുണ്ട്. മനുഷ്യമനസ്സിനെ ദൈവത്തിലേക്ക് അടുപ്പിക്കുവാനും മനുഷ്യനെ സത്യത്തിന്റെ പാതയിലൂടെ മുന്നോട്ടു നയിക്കാനും ബൈബിൾ നാടകങ്ങൾക്കു വലിയ പങ്കുവഹിക്കാൻ സാധിക്കുമെന്ന തിരിച്ചറിവാണ് സെയ്ത്താൻ ജോസഫിനെ ബൈബിൾ നാടകമെടുക്കാൻ പ്രേരിപ്പിച്ചത്. ക്രിസ്തുവിനെ കേന്ദ്രകഥാപാത്രമായി രംഗത്തവതരിപ്പിച്ച ആ നാടകം ആലപ്പി തീയേറ്റേഴ്സിന്റെ വളർച്ചയുടെ ഒരു നാഴികക്കല്ലായിരുന്നു. ഏകദേശം 200ലധികം വേദികളിൽ ഈ നാടകം അവതരിപ്പിക്കപ്പെട്ടു. കാണികളുടെയും മതമേലദ്ധ്യക്ഷന്മാരുടെയും മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റിയ ഒരു നാടകമായിരുന്നു അത്.

സെയ്ത്താൻ ജോസഫ് തന്റെ നാൽപ്പതു വർഷക്കാലത്തെ രസകരങ്ങളും ഉദ്വേഗജനകങ്ങളുമായ അനുഭവങ്ങൾ കുറിച്ചിരിക്കുന്ന ഒരു ഗ്രന്ഥമാണ് എന്റെ നാടകാനുഭവങ്ങൾ. ഒരു നാടകഗ്രൂപ്പിനും അതിന്റെ നേതാവിനും അഭിമുഖീകരിക്കേണ്ടിവരുന്ന അനുഭവങ്ങൾ വികാരതീവ്രതയോടെയാണ് അദ്ദേഹം അവതരിപ്പിക്കുക. ഒരു നാടകം അവതരിപ്പിക്കുന്നതുതന്നെ പ്രയാസമേറിയ കാര്യമാണ്. ഭിന്നസ്വഭാവക്കാരായ ആളുകളെ കൂട്ടിച്ചേർത്ത് നാടകങ്ങൾ അവതരിപ്പിക്കുന്ന ഗ്രൂപ്പ് നടത്തിക്കൊണ്ടുപോവുക വളരെ പ്രയാസമാണ്. ചിലപ്പോൾ നാടകം നടത്തേണ്ട സ്ഥലത്തേക്കു പുറപ്പെടുന്ന വാഹനത്തിന് കേടുപറ്റുകയോ മിന്നൽബന്തും മറ്റും നടത്തുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന പ്രയാസം ഊഹിക്കാവുന്നതേയുള്ളു. ചില നടീനടന്മാർ നാടകാഭിനയത്തിന് കൃത്യസമയത്ത് എത്താതെ വരികയും സഹകരിക്കാതിരിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ എങ്ങിനെയാണ് പരിഹരിക്കുക? നാടകട്രൂപ്പ് കൃത്യസമയത്ത് എത്താതെ വരുന്ന സന്ദർഭങ്ങളിൽ

www.malankaralibrary.com

പ്രേക്ഷകരിൽനിന്നും നാടകം ബുക്കുചെയ്തവരിൽനിന്നും അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങൾ വർണ്ണിക്കാൻതന്നെ വാക്കുകളില്ല. നാടകത്തിന് എന്തെങ്കിലും അപാകതകളുണ്ടാകുമ്പോഴും അനുഭവിക്കേണ്ടിവരുന്ന മാനസികപ്രയാസങ്ങളും എത്രയോ ഭയങ്കരമായിരിക്കും. നാടകാവതരണത്തിന് കൃത്യസമയത്ത് എത്തിക്കഴിയുമ്പോൾ നാടകം ബുക്കുചെയ്തവരെ കാണാതിരിക്കുക, യഥാസമയം പണം നൽകാതിരിക്കുക തുടങ്ങിയ സംഭവങ്ങളും സാധാരണമാണ്. ഇങ്ങനെയുള്ള സന്ദർഭങ്ങൾ സെയ്ത്താൻ ജോസഫിനെയും ആലപ്പിതീയേറ്റേഴ്സിനെയും ബാധിച്ചിട്ടുണ്ട്. അപ്പോഴൊക്കെ അത്ഭുതകരമായ അനുഭവങ്ങൾ സെയ്ത്താൻ ജോസഫിനുണ്ടായിട്ടുണ്ട്.

എന്റെ നാടകാനുഭവങ്ങളിൽ പ്രതിപാദിക്കുന്ന ഒരു കാര്യംകൂടി ഉദ്ധരിക്കാം. (പേജ് 30). "ഒടുവിൽ നാടകത്തിന്റെ അവസാനരംഗമെത്തി. ക്രിസ്തുവിന്റെ കുരിശുമരണമായിരുന്നു അവസാനരംഗം. ഒരു അദ്ധ്യാപകനായിരുന്ന ജെ. മാസ്റ്റർ ആയിരുന്നു ക്രിസ്തുവിന്റെ വേഷം അഭിനയിച്ചിരുന്നത്. രൂപത്തിലും ഭാവത്തിലും ക്രിസ്തുവിനോട് സാദൃശ്യമുള്ള ഒരാളായിരുന്നു ജെ. മാസ്റ്റർ. സെറ്റിട്ടോ, നിഴൽ രൂപമോ ആയിട്ടായിരുന്നില്ല ഞങ്ങൾ കുരിശുമരണം അവതരിപ്പിച്ചിരുന്നത്. രംഗത്ത് ഉറപ്പിച്ച യഥാർത്ഥ കുരിശിൽ ക്രിസ്തുവായി അഭിനയിക്കുന്ന നടൻ തന്നെയായിരുന്നു കുരിശുമരണം അഭിനയിച്ചിരുന്നത്.

ആ രംഗമെത്തിയപ്പോൾ ജനം വീർപ്പടക്കിപ്പിടിച്ചിരുന്നു. കാണികളുടെ നിശ്വാസങ്ങൾപോലും ഞങ്ങൾക്ക് വ്യക്തമായി കേൾക്കാമായിരുന്നു. ക്രിസ്തു ദേഹമാസകലം ചോരയിൽ കുളിച്ച് കുരിശിൽ കിടന്ന് പിടഞ്ഞു മരിക്കുന്ന രംഗം കണ്ട് ജനം കോരിത്തരിച്ചു.

ആ രംഗം കഴിഞ്ഞ് കർട്ടൻ വീണപ്പോൾ ജനം ഇളകിവശായി. കുരിശുമരണം ഒരിക്കൽക്കൂടി കാണിക്കണം എന്ന അർത്ഥത്തിൽ കാണികൾ ഓഡിറ്റോറിയത്തിൽനിന്ന് വിളിച്ചു പറഞ്ഞു.

വൺസ് മോർ..... വൺസ് മോർ

ആ മുറവിളി വർദ്ധിച്ചതോടെ ആഗസീഞ്ഞു (നാടകം ബുക്കു ചെയ്തയാൾ) സ്റ്റേജിലേക്കു വന്നു. അയാൾ മൈക്കിനു മുന്നിൽ വന്നിട്ട് അനൗൺസ് ചെയ്തു. "കുരിശുമരണം വീണ്ടും കാണിക്കുന്നതാണ്. എല്ലാവരും നിശ്ശബ്ദരായിരിക്കണം. ആരോടും ഒരു വാക്കുപോലും ഉരിയാടാതെ ആഗസീഞ്ഞു അപ്രകാരം ഉരിയാടിയപ്പോൾ ഞങ്ങളാകെ ഞെട്ടി. അനൗൺസ്മെന്റ് കഴിഞ്ഞ് ആഗസിഞ്ഞ് ഞങ്ങളുടെ അടുത്തേക്കു വന്നപ്പോൾ അയാളോട് ഞാൻ ചോദിച്ചു.

"ആഗസീഞ്ഞുചേട്ടൻ എന്തു പണിയാണ് കാണിച്ചത്?

ചെകുത്താൻ എന്തൂട്ടായീ പറേണത്. ആൾക്കാർ വിളിച്ചു പറേണത് കേൾക്കണില്ലേ.... കുരിശുമരണം ഒന്നുകൂടി കാണിക്കണം."

അതുകേട്ട് ഞാൻ മൂക്കത്ത് വിരൽ വെച്ചു. എന്നിട്ട് ഞാൻ ചോദിച്ചു.

www.malankaralibrary.com

ക്രിസ്തു മരിച്ചു കഴിഞ്ഞാൽ പിന്നെ എങ്ങിനെയാ കുരിശുമരണം കാണിക്കുന്നത്. അതൊന്നും പറഞ്ഞിട്ട് കാര്യമില്ലിഷ്ടാ,.... കുരിശുമരണം ഒന്നൂടെ കാണിച്ചേ പറ്റൂ, അല്ലെങ്കിൽ ചെകുത്താനെ ഞാൻ കുരിശേ കേറ്റും. വേണ്ടാട്ടോ..... എന്നോടു വേല വേണ്ട".....

.... ഏതായാലും നാടകത്തിൽ ഒരിക്കൽകൂടി ക്രിസ്തുവിനെ കുരിശിൽ കയറ്റേണ്ടിവന്നു. നാടകചരിത്രത്തിൽ ഇത് ആദ്യത്തെ സംഭവമായിരുന്നു. ഒരു കഥാപാത്രം മരിച്ചതായി അവതരിപ്പിച്ച ഒരു രംഗം തന്നെ അതേ വേദിയിൽത്തന്നെ വീണ്ടും അവതരിപ്പിക്കേണ്ടി വരിക. ആ രംഗം വീണ്ടും അവതരിപ്പിച്ചു കഴിഞ്ഞപ്പോൾ ഓഡിറ്റോറിയത്തിൽ നീണ്ട കരഘോഷം മുഴങ്ങി. നാടകം കണ്ടിറങ്ങിയ കാണികളുടെ മുഖങ്ങളിൽ ആത്മസംതൃപ്തി ഓളം തല്ലുന്നത് എനിക്ക് കാണുവാൻ കഴിഞ്ഞു. നാടകം വിജയിച്ച സംതൃപ്തി എനിക്കുണ്ടായി. പക്ഷെ പെട്ടെന്നാണ് ആ സന്തോഷത്തിന്റെ തൂവൽ കൊഴിഞ്ഞത്."

നാടകം ഗംഭീരവിജയമായിരുന്നുവെന്ന് എല്ലാവരും അംഗീകരിച്ചു. കരാർ പ്രകാരം ഉള്ള പ്രതിഫലത്തുക കൊടുക്കാതെ ആഗസീഞ്ഞുകുട്ടി സ്ഥലം വിട്ടു. ആ പ്രതിസന്ധി എങ്ങനെ പരിഹരിക്കാം. വണ്ടിക്കാരന് കൂലി കൊടുക്കണം. വാടകക്കെടുത്ത സാധനങ്ങളുടെ വാടക കൊടുക്കണം. എല്ലാവരെയും വീടുകളിൽ തിരിച്ചെത്തിക്കണം. എന്തു ചെയ്യണം. ആ പ്രതിസന്ധിയെപ്പറ്റി കാണികൾക്കോ നാടകപ്രേമികൾക്കോ ചിന്തിക്കാൻ സാധിക്കുമോ. അന്ന് ആ നാടകത്തിൽ ആദ്യമായി അഭിനയിക്കാൻ വന്ന ചന്ദ്രികയുടെ അരപവൻ തൂക്കമുള്ള മാല വാങ്ങി പണയംവെച്ചാണ് തൽക്കാലം അവിടെനിന്ന് രക്ഷപെട്ടത്. ഇതുപോലുള്ള അനുഭവങ്ങൾ എത്രയെത്ര നേരിട്ടാണ് ഒരു നാടകട്രൂപ്പ് മുന്നോട്ടു നീങ്ങുന്നതെന്ന് ആരറിയുന്നു?

ആർട്ടിസ്റ്റുകൾ തമ്മിലുള്ള നേരിയ അഭിപ്രായ വ്യത്യാസത്തെത്തുടർന്ന് നാടകാവതരണത്തിന് എത്താത്ത മൂന്നുപേർ ഒരിക്കൽ പ്രശ്നം സൃഷ്ടിച്ചു. അവർക്കു പകരം ആളെ കരുതിയിരുന്നില്ല. സംഘാടകരും കാണികളും ബഹളം വെയ്ക്കാൻ തുടങ്ങി. മൂന്നു പ്രധാന നടന്മാരില്ലാതെ എന്തു ചെയ്യും? മുപ്പതുവെള്ളിക്കാശ് നാടകമഭിനയിക്കുമ്പോഴാണ് ഈ സംഭവം. മുപ്പതു വെള്ളിക്കാശിൽ പത്രോസിന്റെ വേഷമായിരുന്നു സെയ്ത്താൻ ജോസഫിന്. യൂദാസിന്റേയും അരുമത്യാജോസഫിന്റേയും വേഷം അഭിനയിക്കേണ്ടവരാണ് വരാതിരുന്നത്. ഒടുവിൽ ആ വേഷങ്ങളും സെയ്ത്താൻ ജോസഫ് തന്നെ എടുത്തു. മൂന്നു കഥാപാത്രങ്ങളും ഒരേ സമയത്ത് രംഗത്ത് കൂട്ടിമുട്ടുന്ന രംഗം നാടകത്തിൽ ഇല്ലാതിരുന്നതുകൊണ്ട് ആർക്കും തിരിച്ചറിയാനാവാത്തവിധം ആ വേഷങ്ങൾ കൈകാര്യം ചെയ്യുവാനും നാടകം വിജയിപ്പിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. അതേസമയം മൂന്നുകഥാപാത്രങ്ങളും ഒന്നിച്ച് രംഗത്തെത്തുന്ന സന്ദർഭങ്ങൾ നാടകത്തിൽ ഉണ്ടായിരുന്നുവെങ്കിൽ നാടകം അവതരിപ്പിക്കാൻ പറ്റാത്ത അവസ്ഥ ഉണ്ടാവുകയും കമ്മ

www.malankaralibrary.com

റ്റിക്കാരുടെയും കാണികളുടെയും കയ്യേറ്റത്തിന് വിധേയമാകുകയും ചെയ്യേണ്ടിവരുമായിരുന്നു. കലാകാരന് കലയോട് ആത്മാർത്ഥതയില്ലെങ്കിൽ സംഭവിക്കുന്ന ദുരവസ്ഥകളാണിവയെല്ലാം.

ആലപ്പിതീയേറ്റേഴ്സിലെ പ്രധാന നടനായിരുന്നു ജോസഫ് ചാക്കോ. അദ്ദേഹത്തിന് സിനിമയിൽ അഭിനയിക്കാൻ അവസരം ലഭിച്ചു. ജോസഫ് ചാക്കോ സിനിമയിൽ അഭിനയിക്കാൻ പോകുന്നത് തന്നേപ്പോലെതന്നെ കഴിവുള്ള ഒരാളെ കണ്ടെത്തി ട്രെയിനിംഗ് കൊടുത്തതിനുശേഷമാണ്. ജോസഫ് ചാക്കോയുടെ ഉത്തരവാദിത്വബോധം സെയ്ത്താൻ ജോസഫിന് ആത്മധൈര്യം നൽകിയിട്ടുണ്ട്. മന്മഥ എന്ന ഒരു പ്രമുഖനടിക്ക് വിവാഹം ഉറപ്പിച്ചു. നാടകം തുടർച്ചയായി അഭിനയിച്ചുകൊണ്ടിരുന്ന സന്ദർഭത്തിലാണ് വിവാഹം ഉറപ്പിക്കൽ. വിവാഹം ഉറച്ചാൽ പിന്നെ നടികൾ അഭിനയത്തിന് വരാറില്ല. അതേസമയം മന്മഥ വിവാഹത്തിന് രണ്ടു ദിവസം മുമ്പുവരെയും അഭിനയത്തിന് വരികയും നൃത്തം അറിയാവുന്ന ഒരു നടിയെ പഠിപ്പിച്ച് തന്റെ അഭാവം പരിഹരിക്കുകയും ചെയ്തു. ഇതേയനുഭവങ്ങൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്.

അപമൃത്യുവിനിരയായ സ്വന്തം പുത്രിയുടെ ജഡം അടക്കം ചെയ്തതിനുശേഷം സ്റ്റേജിലെത്തി അഭിനയിച്ച സന്ദർഭം സെയ്ത്താൻ ജോസഫിന്റെ ജീവിതത്തിലുണ്ട്. മറ്റൊരു ദിവസം നാടകത്തിലഭിനയിക്കാൻ ഉള്ള പ്രധാനനടന്റെ മാതാവ് മരിച്ചു. 6 മണിക്ക് ശവസംസ്കാരം നടന്നു. ആ നടൻ 8 മണിക്ക് സ്റ്റേജിലെത്തി അഭിനയിച്ചു. അവരുടെയൊക്കെ ഉത്തരവാദിത്വം ഏറെ പ്രശംസിക്കപ്പെടേണ്ടതാണ്.

1959-ൽ ആയിരുന്ന അദ്ദേഹത്തിന്റെ പിതാവിന്റെ മരണം. അതോടെ കയർ ഫാക്ടറിയുടെ പൂർണ്ണചുമതലയും അദ്ദേഹം ഏറ്റെടുത്തു. 1927ൽ ആറു തറികളുമായി അപ്പൻ തുടങ്ങിയ ആ വ്യവസായത്തെ അനേകം തറികളുള്ള ഫാക്ടറികളോടുകൂടി വികസിപ്പിക്കുവാനും വിദേശരാജ്യങ്ങളിലേക്ക് കയർ ഉല്പന്നങ്ങൾ കയറ്റി അയക്കുന്ന ഒരു വൻകിടവ്യവസായമായി ഉയർത്തുവാനും സെയ്ത്താൻ ജോസഫിന് കഴിഞ്ഞു.

ഫാക്ടറിയിൽ തൊഴിലാളി സമരങ്ങൾ ഉണ്ടാവുക സാധാരണമാണ്. എല്ലാ വെല്ലുവിളികളെയും നേരിടാൻ ദൈവം അദ്ദേഹത്തിന് ശക്തി നൽകി. ആലപ്പുഴ ജില്ലാ സ്മോൾ സ്കെയിൽ കയർ മാനുഫാക്ചേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചു.

ആദ്യകാലങ്ങളിൽ നാടകകലാകാരന്മാർക്കോ നാടക ഗ്രൂപ്പുകൾക്കോ ഒരു സംഘടനയില്ലായിരുന്നു. കലാകാരന്മാരുടെ ഒരു സംഘടനയ്ക്ക് രൂപം കൊടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ചിന്തിക്കുകയും മറ്റുള്ളവരുമായി ആലോചിക്കുകയും ചെയ്തു. തൽഫലമായി രൂപംകൊണ്ടതാണ് ആൾകേരള ഡ്രമാറ്റിക് അസ്സോസിയേഷൻ. അതിന്റെ സ്ഥാപകസെക്രട്ടറി സെയ്ത്താൻ ജോസഫായിരുന്നു.

www.malankaralibrary.com

കോൺഗ്രസ്സ് അനുഭാവിയായി വളർന്ന അദ്ദേഹം 1964 ൽ കോൺഗ്രസ്സിൽ അംഗത്വമെടുത്തു. സ്വന്തമായ ഒരു ആഫീസ്കോൺഗ്രസ്സിന് ഉണ്ടാകണമെന്നാഗ്രഹിച്ചു. അദ്ദേഹം വാർഡ് പ്രസിഡണ്ടായിരുന്നപ്പോൾഅതിനുള്ളശ്രമവും ആരംഭിച്ചു. ഓഫീസ് പണിയാൻ മൂന്നുസെന്റ് സ്ഥലം സംഭാവനയായി നൽകി.കോൺഗ്രസ് ഹൗസ് പൂർത്തിയാക്കി. എ.ഐ.സി.സി. അഖിലേന്ത്യാ പ്രസിഡണ്ട് ശ്രീ കാമരാജാണ് കോൺഗ്രസ്സ് ഹൗസ് ഉത്ഘാടനം ചെയ്തത്. 1979 ൽ മുൻസിപ്പൽ കൗൺസിലർ ആയി തിരഞ്ഞെടുക്കപ്പട്ട അദ്ദേഹം 11 വർഷക്കാലം ആ സ്ഥാനത്തു തുടർന്നു.

തന്നെ കലാരംഗത്തേയ്ക്ക് കൈപിടിച്ചുയർത്തിയ തന്റെ പിതാവിന് ഒരു സ്മാരകം നിർമ്മിക്കണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. തന്റെ കലാപ്രവർത്തനങ്ങൾക്ക് തണലേകിയിരുന്ന അദ്ദേഹത്തിന്റെ കെട്ടിടം ഇശോഭവൻ സെയ്ത്താൻ മെമ്മോറിയൽ കൾച്ചറൽ സെന്റർ എന്ന പേരിൽ ആലപ്പുഴ രൂപതയ്ക്ക് കൈമാറുകയുണ്ടായി. കുട്ടികൾക്ക് സാങ്കേതിക വിദ്യാഭ്യാസം കൈവരിക്കാൻ പര്യാപ്തമായ വിധത്തിൽ ആലപ്പുഴ രൂപതയുടെ ചിലവിൽ കമ്പ്യൂട്ടർ സെന്റർ, ഐ.റ്റി.സി. തുടങ്ങിയ സ്ഥാപനങ്ങൾ ആരംഭിക്കാനാണ് സ്ഥലം നൽകിയിട്ടുള്ളത്. ആലപ്പുഴ കാഞ്ഞിരംചിറ വാർഡിൽ കടപ്പുറത്ത് വിശുദ്ധ യൗസേപ്പ് പിതാവിന്റെ നാമധേയത്തിൽ ഒരു കുരിശടിയും നിർമ്മിച്ചുകൊടുത്തു.

കഴിഞ്ഞകാലത്തെ കലാരംഗത്ത സേവനങ്ങൾ നിരവധി അവാർഡുകൾക്ക ആലപ്പിതിയേറ്റേഴ്സിനേയും സെയ്ത്താൻ ജോസഫിനെയും അർഹനാക്കി . 1976 ലും 84 ലും പ്രൊഫഷണൽ നാടകങ്ങൾക്കുള്ള സംസ്ഥാന അവാർഡ്, 1983 ൽ ആൾകേരളാ കാത്തലിക് കോൺഗ്രസ്സിന്റെ അവാർഡ്, 1985 ൽ സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ഹരിജന ഗിരിജന വർഷം പ്രമാണിച്ചുള്ള നാടകമത്സരത്തിൽ മികച്ചസംവിധായകനുള്ള അവാർഡ്, 1988 ൽ ചാവറ അവാർഡ്, 1997 ൽ കേരള സംഗീത നാടക അക്കാഡമിയുടെ പ്രത്യേക അവാർഡ് എന്നിവ അവയിൽ ചിലതു മാത്രമാണ്. ഇതിനേക്കാളേറെയായി ഉൽകൃഷ്ട കലാസേവനത്തിന് മാർപാപ്പായിൽനിന്ന് ബേനേമെരേന്തി എന്ന അംഗീകാരവും അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി.

സെയ്ത്താൻ ജോസഫ് രചിച്ച എന്റെ നാടകാനുഭവങ്ങൾ എന്നഗ്രന്ഥത്തിന് പ്രൊഫ. എം.കെ. സാനു എഴുതിയ അവതാരികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഉപജീവനമാർഗ്ഗമെന്ന നിലയിൽ സെയത്താൻ ജോസഫ് ആശ്രയിച്ചത് കലാപ്രവർത്തനത്തെയല്ല - കയർ വ്യവസായത്തെയാണ്. അതുകൊണ്ട് കലാപ്രവർത്തനത്തിലുണ്ടായ ബുദ്ധിമുട്ടുകളെയും നഷ്ടങ്ങളെയും തന്റേടത്തോടെ നേരിടാൻ അദ്ദേഹത്തിനു സാധിച്ചു. ക്ലേശങ്ങളും ദുഃഖങ്ങളും ചില്ലറയല്ല അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്നത്. അപ്പോഴൊക്കെയും അചഞ്ചലമായ സമചിത്തത ദീക്ഷിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അതിന്റെ പിന്നിലെ ബലം ദൈവവിശ്വാസമല്ലാതെ മറ്റൊ

www.malankaralibrary.com

ന്നുമല്ല. അതിലൂടെ അദ്ദേഹം വലിയ വിജയമാണ് നേടിയത്."

കഴിഞ്ഞനാല്പതു വർഷങ്ങളായി ശ്രീ . സെയ്ത്താൻ ജോസഫ് ആലപ്പിതീയേറ്റേഴ്സിന്റെ നടുനായകത്വം വഹിച്ചുകൊണ്ട് കേരളക്കരയിൽ അങ്ങോളമിങ്ങോളവും കേരളത്തിന് വെളിയിലും ലക്ഷക്കണക്കിന് പ്രേക്ഷകരെ ആസ്വദിപ്പിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്തു. അഞ്ചുസെന്റ് ഭൂമി, കടലിന്റെ മക്കൾ, രക്തചുംബനം, ഹിരോഷിമ, ഏഴാംസ്വർഗ്ഗം, കടലിന്റെ മക്കൾ, മലനാടിൻമക്കൾ, കയർ, സ്ത്രീ തുടങ്ങിയ 22 സാമൂഹ്യനാടകങ്ങൾവഴി അദ്ദേഹം സാമൂഹ്യതിന്മകൾക്കെതിരെ പോരാടി. 30 വെള്ളിക്കാശ്, പത്തുകൽപ്പനകൾ, സെന്റ് പോൾ, പീലാത്തോസ്, ക്വോവാദിസ്, ദാവീദും ഗോലിയാത്തും, അബ്രാഹമിന്റെ ബലി, ബൽഗൻ, സെന്റ് സേവ്യർ, മഹാനായ അലക്സാണ്ടർ, സാംസൺ, ദലീല, ക്രിസ്തു എന്ന വിപ്ലവകാരി തുടങ്ങിയ 27 ബൈബിൾ നാടകങ്ങൾവഴി അദ്ദേഹം നന്മയുടെ സന്ദേശം ബഹുലക്ഷങ്ങളിലേക്ക് എത്തിച്ചു.

നാടകംപോലെതന്നെ സിനിമയിലും അദ്ദേഹം അഭിനയിച്ചിട്ടുണ്ട്. കടലമ്മ, കണ്ടംബച്ചകോട്ട്, ഇണപ്രാവുകൾ, ഭാര്യ, പോസ്റ്റുമാനെ കാണാനില്ല തുടങ്ങിയ നിരവധിചിത്രങ്ങളിൽ അദ്ദേഹം അഭിനയിച്ചിട്ടുണ്ട്.

എന്റെ നാടകാനുഭവങ്ങളിൽ നിന്ന് ഒരുഭാഗം കൂടി ഉദ്ധരിക്കട്ടെ. "കല ജീവിതവ്രതമാക്കിയ ഒരുവന് ജീവിതത്തിൽ ദുഃഖം മാത്രമായിരിക്കും മിച്ചം. ചിട്ടയോടുകൂടി ജീവിതം നയിക്കുവാൻ സാഹചര്യം അവനെ അനുവദിക്കുകയില്ല. വിശ്രമം അവന് അന്യമാണ്. അസമയത്തെ ഭക്ഷണം....ഉറക്കക്കുറവ്....നീണ്ടയാത്രകൾ....അരങ്ങിലെ സ്പോട്ട്ലൈറ്റുകളുടെ തീഷ്ണമായ ചൂട് ഇവയൊക്കെ അവന് രോഗവും ദുരിതവും സമ്മാനിക്കുന്നു. ആലപ്പി തിയേറ്റേഴ്സിന്റെ ബൈബിൾ നാടകങ്ങളിലൂടെ നന്മയുടെ സന്ദേശമാണ് ഞങ്ങൾ പ്രചരിപ്പിച്ചിരുന്നതെങ്കിൽ സാമൂഹ്യനാടകങ്ങളിലുടെ തിന്മകൾക്കെതിരായ പോരാട്ടമാണ് ഞങ്ങൾ നടത്തിയിരുന്നത്. സമൂഹമനസാക്ഷിയെ കുത്തിനോവിച്ചിരുന്ന ബന്ദ്, മണ്ണ് എന്നീ നാടകങ്ങളിലൂടെ ഞങ്ങൾ പ്രതികരിച്ചിരുന്നു. പിന്നീട് ബന്ദും റാഗിംഗും സുപ്രീംകോടതി നിരോധിച്ചപ്പോൾ ഏറ്റം കൂടുതൽ അഭിമാനിച്ചത് ഞാനാണ്. നാടകങ്ങളിലൂടെ ഉന്നയിച്ച ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടുവല്ലോ. ആ രണ്ടു നാടകങ്ങളും എഴുതിയത് ഞാനായിരുന്നു."


കാഞ്ഞിരംചിറവെളിയിൽ വീട്ടിൽ ചെല്ലമ്മയായിരുന്നു സഹധർമ്മിണി. 1997 ൽ ചെല്ലമ്മ നിര്യാതയായി.

വിലാസം - സെയ്ത്താൻ ജോസഫ്,
കല്ലുപുരയ്ക്കൽവീട്,
കാഞ്ഞിരപ്പള്ളി, ആലപ്പുഴ

www.malankaralibrary.com

# 61

# മോൺ. അലക്സാണ്ടർ പയ്യമ്പള്ളി



മലങ്കര സഭയുടെ വിശിഷ്യാ തിരുവല്ലാ രൂപതയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കു വഹിച്ച മോൺ അലക്സാണ്ടർ മല്ലപ്പള്ളിയിൽ 1926 ജൂൺ 28-ാം തീയതി പയ്യമ്പള്ളി കുടുംബത്തിൽ കുരുവിള-അന്നമ്മ ദമ്പതികളുടെ മകനായി ജനിച്ചു. അദ്ധ്യാപകരായിരുന്നു മാതാപിതാക്കൾ.

ഹൈസ്കൂൾ വിദ്യഭ്യാസനന്തരം തിരുവല്ലാ രൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്നു. രണ്ടു വർഷത്തിനു ശേഷം ആലുവായിലെ മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിൽ ചേർന്ന് വൈദിക പഠനം പൂർത്തിയാക്കുകയും 1952 ഡിസംബർ 26 ന് വൈദികപദവിയിലേക്കുയർത്തപ്പെടുകയും ചെയ്തു. പഠനകാലത്ത് പ്രസംഗം, കഥാപ്രസംഗം, അഭിനയം, കലാപരിപാടികൾ എന്നിവയിൽ പ്രത്യേകം വൈദഗ്ധ്യം പ്രകടിപ്പിച്ചിരുന്നു. മംഗലപ്പുഴ സെമിനാരിയിൽ ലിറ്ററി അസോസിയേഷന്റെ സെക്രട്ടറിയായിരുന്ന ബ്രദർ അലക്സാണ്ടർ വൈദികനായതിനുശേഷം ആറു വർഷക്കാലം പല ഇടവകകളിൽ വികാരിയായി പ്രവർത്തിച്ചിരുന്നു.

1959-ൽ ആണ് തിരുവല്ല രൂപത വകയായി പുഷ്പഗിരി ആശുപത്രി പ്രവർത്തനം ആരംഭിച്ചത്. ആശുപത്രിയുടെ നടത്തിപ്പിലേക്ക് ഇറ്റലി, ജർമ്മനി, കാനഡാ മുതലായ രാജ്യങ്ങളിൽ നിന്ന് "ഇന്റർനാഷണൽ ലേയ് ഓക്സിലിയറിസ്" എന്ന സംഘടനയുടെ അംഗങ്ങളായ ഏതാനം സഹോദരികളുടെ സേവനം ലഭിച്ചു. അവരോടൊത്ത് പ്രവർത്തിക്കാനും ആശുപത്രിയെ വിജയപൂർവ്വം നയിക്കുന്നതിനും അലക്സാണ്ടർ അച്ചനെ നിയമിച്ചു. ആശുപത്രി ജോലിക്കുപുറമേ കാറ്റക്കിസം, ഭക്ത സംഘടനകൾ, സ്റ്റുഡന്റ് സമ്മർ ക്യാമ്പ്, സോഷ്യൽ വർക്കിന്റെ ഡയറക്ടർ എന്നീ ജോലികളും അലക്സാണ്ടർ അച്ചനെ ഏല്പിച്ചിരുന്നു. വേദപഠനത്തിന്റെ കാര്യമായ നടത്തിപ്പിനു വേണ്ടി അഞ്ചു ടെക്സ്റ്റുകൾ അച്ചൻ രചിച്ചു. ഈ കാലയളവിൽ ഓഡിയോവിഷ്വൽ കാര്യങ്ങൾക്ക് സഹായകരമായിരിക്കത്തക്കവണ്ണം ഫോട്ടോഗ്രാഫിയിൽ പരിശീലനം നേടി.

1964 ൽ ഇടവകഭരണത്തിലും ഭക്തസംഘടനകളുടെ ചുമതലയിലും അച്ചനെ നിയമിച്ചു. 1971 ൽ പുഷ്പഗിരി ആശുപത്രിയുടെ പൂർണ്ണ ചുമതലയുള്ള അഡ്മിനിസ്ട്രേറ്ററായിട്ടാണ് അച്ചനെ നിയമിച്ചത്. 25 വർഷക്കാലം ഈ സ്ഥാനത്തു തുടർന്നു. ആശുപത്രിയുടെ വളർച്ചയിലെ സുപ്രധാന കാലഘട്ടമായിരുന്നു ഇത്. 600-ഓളം രോഗികളെ കിടത്തി ചികിത്സിക്കാനുള്ള മുറികളും ജനറൽ വാർഡുകളും ഉണ്ടായി. പല സ്പെഷ്യാലിറ്റി

www.malankaralibrary.com

കളും സൂപ്പർ സ്പെഷ്യാലിറ്റികളും ഉണ്ടായി. നൂറോടടുത്ത് ഡോക്ടർമാരും പ്രവർത്തിച്ചിരുന്നു. സി.റ്റി. സ്കാൻ ഉൾപ്പെടെയുള്ള വിലകൂടിയ ചികിത്സാ ഉപകരണങ്ങൾ വാങ്ങി. പ്രതിവർഷം 50 കുട്ടികളെ എടുക്കുന്നതിന് അനുവാദമുള്ള നഴ്സിംഗ് സ്കൂൾ, മൾട്ടി പർപ്പസ് ഹെൽത്ത് വർക്കേഴ്സ് സ്കൂൾ, സി.എം.എ.ഐ ലബോറട്ടറി ട്രെയിനിംഗ് സ്കൂൾ, ഡിഫാം സ്കൂൾ, ഡോക്ടേഴ്സിന്റെ പോസ്റ്റ് ഗ്രാഡ്യുവേറ്റിനുള്ള DIPNB കോഴ്സ് എന്നിവ ആരംഭിച്ചു. മദ്ധ്യതിരുവിതാംകൂറിലുള്ള ഏറ്റവും വലിയ ആശുപത്രിയായി പുഷ്പഗിരിയെ ഫാ. അലക്സാണ്ടർ പയ്യപ്പള്ളി വളർത്തിയെടുത്തു.

മെഡിക്കൽ കോളേജായി ഉയർത്തുന്നതിനുള്ള അപേക്ഷ സർക്കാരിലേക്ക് സമർപ്പിച്ചു. പ്രൈവറ്റ് മാനേജ്മെന്റിന് യാതൊരു കാരണവശാലും മെഡിക്കൽ കോളേജ് അനുവദിക്കുകയില്ലെന്ന നിലപാടിൽ സർക്കാർ ഉറച്ചുനിന്നു. തന്മൂലം എല്ലാ യോഗ്യതകളും ഉണ്ടെങ്കിലും ഒരു മെഡിക്കൽ കോളേജായി ഉയർത്തുവാൻ സാധിച്ചില്ല.

അഖിലേന്ത്യ കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷന്റെ പത്ത് ഗവേണിംഗ് ബോർഡ് അംഗങ്ങളിൽ ഒരാളായി ഫാ. അലക്സാണ്ടറെ പൊതുയോഗം തിരഞ്ഞെടുത്തു. അദ്ദേഹത്തിന്റെ കാര്യമായ പ്രവർത്തനം കണ്ട് ജനറൽ ബോഡി രണ്ടാമതൊരു ടേം കൂടി ഗവേണിംഗ് ബോർഡ് അംഗമായി തിരഞ്ഞെടുത്തു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ഗവേണിംഗ് ബോർഡ് യോഗങ്ങളിലും വാർഷിക പൊതുയോഗങ്ങളിലും അദ്ദേഹം പങ്കെടുത്തിരുന്നു. അസോസിയേഷന്റെ ചീഫ് എക്സിക്യൂട്ടീവ് ജോലിയിൽ നിന്നും അന്നത്തെ ഡയറക്ടർ അപ്രതീക്ഷിതമായി വിരമിക്കേണ്ടി വന്നു. ബോർഡിന്റെ അടിയന്തരയോഗം ചേർന്ന് മോൺസിഞ്ഞോറെ എക്സിക്യൂട്ടീവ് ഡയറക്ടറായി തെരെഞ്ഞെടുത്തു. ന്യൂഡൽഹിയിലുള്ള ഓഫീസിൽ താമസിച്ചു കൊണ്ട് ആ ജോലി ഭംഗിയായി നിർവ്വഹിച്ചു. കേരള വോളണ്ടിയർ ഹെൽത്ത് അസോസിയേഷന്റെ ഗവേണിംഗ് ബോർഡ് അംഗമായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിലെ പ്രൈവറ്റ് മാനേജ്മെന്റിൽപെടുന്ന എല്ലാ ആശുപത്രികളും ചേർന്ന് രൂപീകരിച്ച സംഘടനയാണിത്. പുഷ്പഗിരി ആശുപത്രിയുടെ അഡ്മിനിസ്റ്റേറ്ററായിരുന്ന കാലത്ത് തിരുവല്ലായിലെ എല്ലാ പൊതു പ്രവർത്തനങ്ങളിലും സജീവമായ നേതൃത്വം നൽകിയിരുന്നു. തിരുവല്ലായിലെ പബ്ലിക് സ്റ്റേഡിയം നിർമ്മാണ കമ്മറ്റിയിലെ അംഗമായിരുന്നു മോൺ അലക്സാണ്ടർ. ആശുപത്രിയുടെ വികസനത്തിനുവേണ്ടി വാങ്ങിയ സ്ഥലത്തു നിന്നും രണ്ടേക്കർ സ്ഥലം സ്റ്റേഡിയം നിർമ്മാണത്തിന് വേണ്ടി സൗജന്യമായി നൽകുകയും ചെയ്തു. തിരുവല്ലായിലെ റോട്ടറി ക്ലബ് അദ്ദേഹത്തെ ആറു വർഷക്കാലത്തേക്ക് ഓണററി മെമ്പറായി സ്വീകരിച്ചു. ക്ലബിന്റെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തു.

ആശുപത്രിയുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ച അദ്ദേഹം സാധുക്കളുടെ ചികിത്സയിൽ കാണിച്ചിരുന്ന താല്പര്യം ഏവരുടെയും പ്രശംസ

www.malankaralibrary.com

ക്കർഹമായി. തിരുവല്ലായിലെ ക്രൈസ്തവ സാംസ്ക്കാരിക സംഘടനകളും മർച്ചന്റ് അസോസിയേഷനും അദ്ദേഹത്തെ ആദരിക്കുകയും പാരിതോഷികങ്ങൾ നൽകി ബഹുമാനിക്കുകയും ചെയ്തു.

പുഷ്പഗിരി ആശുപത്രിയോടനുബന്ധിച്ച് സർക്കാരിന്റെ പ്രത്യേക അനുവാദം വാങ്ങി ഒരു മൃഗശാല സ്ഥാപിക്കുകയുണ്ടായി. വിവധ ഇനങ്ങളിൽപെട്ട 300-ൽ പരം മൃഗങ്ങളെ അവിടെ വളർത്തുകയും ചെയ്തിരുന്നു. ആശുപത്രിയിൽ വരുന്നവർക്കും നാട്ടുകാർക്കും അവിടെയുണ്ടായിരുന്ന വിവിധ മാനുകളും പാമ്പുകളും എല്ലാം മാനസികോല്ലാസത്തിന് ഇട നൽകിയിരുന്നു.

അദ്ദേഹം വികാരിയായിരുന്ന സ്ഥലങ്ങളിൽ സാമൂഹ്യപ്രവർത്തനങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകിയിരുന്നു. ഫുഡ് ഫോർ വർക്ക് പദ്ധതി പ്രകാരം പല പദ്ധതികളും ആസൂത്രണം ചെയ്തു. തയ്യിൽ, പപ്പട നിർമ്മാണം, പലഹാരം ഉണ്ടാക്കൽ, തുടങ്ങിയ പദ്ധതികളിലൂടെ സാധു സ്ത്രീകൾക്ക് സാമ്പത്തികമായ ഉന്നതി നേടുന്നതിന് ശ്രമിക്കുകയുണ്ടായി.

മോൺ അല്ക്സാണ്ടർ പയ്യമ്പള്ളി ഒരു വൃക്ഷ സ്നേഹികൂടിയാണ്. ഒരു കാലത്ത് നമ്മുടെ നാട്ടിൽ ഉണ്ടായിരുന്ന പല വൃക്ഷങ്ങളും ഇന്ന് നാമാവിശേഷമായി തീർന്നിരിക്കുകയാണ്. വൃക്ഷങ്ങൾ മാത്രമല്ല പല ചെടികളും, അങ്ങനെ അന്യം നിന്നു പോയ വൃക്ഷലതാദികൾ തേടി കണ്ടെത്തി അവ വച്ചു പിടിപ്പിക്കുന്നതിൽ വളരെ ശ്രദ്ധ ചെലുത്തുന്ന വ്യക്തിയാണ് മോൺസിഞ്ഞോർ. അദ്ദേഹം ഇടവകവികാരിയായിരുന്നപ്പോൾ ആരംഭിച്ച കോഴി വളർത്തൽ സ്കീം വളരെ ആദായകരമായിരുന്നു. സാധു കുടുംബങ്ങൾക്ക് ഒരു ജീവിത മാർഗ്ഗവുമായിരുന്നു.

സഭയ്ക്കും സമുദായത്തിനും ഫാ. അലക്സാണ്ടർ നൽകിയ മഹത്തായ സേവനങ്ങളെ ആദരിച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1997-ൽ "പ്രലേറ്റ് ഓഫ് ഓണർ" എന്ന പദവി (മോൺസിഞ്ഞോർ) സ്ഥാനം നൽകിയാദരിച്ചു. റൈറ്റ് റവ: മോൺസിഞ്ഞോർ എന്ന സ്ഥാനപേരിലാണ് ഈ പദവിയുള്ളവരെ അഭിസംബോധന ചെയ്യുന്നത്. 1997-ൽ രൂപതയുടെ വടക്കൻ ഡിസ്ട്രിക്ടുകളായ തൃശൂർ, കുന്നംകുളം എന്നീ ജില്ലകളുടെ ഭരണചുമതല മോൺസിഞ്ഞോറിനെ ഏല്പിച്ചു. "എപ്പിസ്കോപ്പൻ വികാരി" എന്ന സ്ഥാനപേരാണ് ഈയവസരത്തിൽ അദ്ദേഹത്തിന് നൽകിയത്.

1998-ൽ തിരുവല്ലാ രൂപതയുടെ വികാരി ജനറളായി മോൺസിഞ്ഞോർ നിയമിക്കപ്പെട്ടു. ഈ ചുമതല അദ്ദഹം നാലു വർഷക്കാലം നിർവഹിച്ചു.


പല സന്ദർഭങ്ങളിലായി ഇന്ത്യക്കകത്തും വിദേശത്തും പര്യടനം നടത്തിയിട്ടുണ്ട്. ഇറ്റലി, ഫ്രാൻസ്, ജർമ്മനി, സ്വിറ്റ്സർലണ്ട്, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങൾ അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. അമേരിക്കൻ ഐക്യനാടുകളും കാനഡയും വിശുദ്ധനാടുകളും, സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലും അദ്ദേഹം പര്യടനം നടത്തിയിട്ടുണ്ട്.

www.malankaralibrary.com

സഭക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ ഇപ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

വിലാസം - മോൺ. അലക്സാണ്ടർ പയ്യമ്പള്ളി, സ്നേഹസദൻ,
പള്ളിമല, കുറ്റൂർ. P.O,. 689106

# 62



# പി.ജെ. ജോസഫ് കുഞ്ഞ്

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പ്രവർത്തനങ്ങളിലൂടെ രാഷ്ട്രീയരംഗത്ത് പ്രവർത്തനം ആരംഭിച്ച പ്രമുഖ സഹകാരിയും സാമൂഹ്യപ്രവർത്തകനും പത്രപ്രവർത്തകനുമായ പി.ജെ. ജോസഫ് കുഞ്ഞ് നെടുംകുന്നത്ത് പുതിയാപറമ്പിൽ വർഗീസ് ഔസേഫ് ഏലിയാമ്മ ദമ്പതികളുടെ മകനായി 1926 ആഗസ്റ്റ് 21-ാം തീയതി ജനിച്ചു. നെടുംകുന്നം ഗവൺമെന്റ് യു.പി.സ്കൂൾ, കറുകച്ചാൽ എൻ.എസ്.എസ്. ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. തുടർന്ന് തേവര എസ്.എച്ച്. കോളേജിൽനിന്നും ഇക്കണോമിക്സിൽ ബിരുദവും എറണാകുളം ഗവൺമെന്റ് ലോ കോളേജിൽനിന്നും ബി.എൽ. ബിരുദവും നേടി. 1954 ൽ അഡ്വക്കേറ്റായി എൻറോൾ ചെയ്തു.

സ്വതന്ത്രഭാരതത്തിൽ ആദ്യതിരഞ്ഞെടുപ്പ് നടന്നത് 1952 ലാണല്ലോ. ആ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് പാർട്ടിക്കുവേണ്ടി പ്രചരണരംഗത്തിറങ്ങി രാഷ്ട്രീയപ്രവർത്തനം ആരംഭിച്ചു. നെടുങ്കുന്നം കോൺഗ്രസ്സ് മണ്ഡലം കമ്മിറ്റി പ്രസിഡണ്ട്, വാഴൂർ ബ്ലോക്ക് കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡണ്ട്, കെ.പി.സി.സി. മെമ്പർ, കോട്ടയം ഡി.സി.സി. സെക്രട്ടറി, ഡി.സി.സി. പ്രസിഡണ്ട്, എ.ഐ.സി.സി. മെമ്പർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വിമോചനസമരത്തിൽ സജീവമായി പങ്കെടുക്കുകയും 1959 ജൂലൈ 3-ാം തീയതി കോട്ടയം കളക്ടറേറ്റ് പിക്കറ്റ് ചെയ്ത് അറസ്റ്റുവരിക്കുകയും 14 ദിവസം ജയിൽവാസം അനുഭവിക്കുകയും ചെയ്തു.

കോൺഗ്രസ്സിലെ അന്നത്തെ യുവജനങ്ങൾക്ക് ഏറ്റം പ്രിയങ്കരനായിരുന്നു ജോസഫ്കുഞ്ഞ്. കോൺഗ്രസ്സിന്റെ സംഘടനാപ്രവർത്തനം 1950 മുതൽ ഒരു വ്യാഴവട്ടക്കാലം സജീവമായിരുന്നു. കോൺഗ്രസ്സിലേക്ക് യുവജനങ്ങളെ ആകർഷിക്കാൻ പല കർമ്മപദ്ധതികളും ആസൂത്രണം ചെയ്തിരുന്നു. കോൺഗ്രസ്സ് പ്രവർത്തകർക്ക് രാഷ്ട്രീയ പ്രവർത്തനത്തിലെ സദാചാരത്തെപ്പറ്റിയും മൂല്യങ്ങളെപ്പറ്റിയും ശരിയായ അറിവ് നൽകുന്നതിനായി പഞ്ചായത്ത്തലം മുതൽ ദേശീയതലംവരെ നിരവധി സെമിനാറുകളും ചർച്ചാക്ലാ

www.malankaralibrary.com

സ്സുകളും നടത്തിയിരുന്നു. കോൺഗ്രസ്സിന്റെ അഖിലേന്ത്യാ നേതൃത്വവും സംസ്ഥാന നേതൃത്വവും എടുക്കുന്ന തീരുമാനങ്ങൽ അപ്പഴപ്പോൾ സാധാരണ പ്രവർത്തകരിലെത്തിക്കാൻ നിരവധി സമ്മേളനങ്ങൾ പഞ്ചായത്തുതലംമുതൽ നടത്തിക്കൊണ്ടിരുന്നു. അധികാരത്തിൽകയറിപ്പറ്റാനുള്ള കുറുക്കുവഴികളെപ്പറ്റി അന്ന് രാഷ്ട്രീയ പ്രവർത്തകർ അധികം ചിന്തിച്ചിരുന്നില്ല. പ്രവർത്തകർക്ക് നല്ലമാർഗ്ഗദർശനം നൽകാനാണ് രാഷ്ട്രീയ നേതൃത്വം ശ്രമിച്ചിരുന്നത്. ആ മാർഗ്ഗദർശനം നൽകുവാൻ കോൺഗ്രസ്സ് പാർട്ടി ഒരു ബുദ്ധിജീവികളുടെ ഗ്രൂപ്പിനെതന്നെ തയ്യാറാക്കിയിരുന്നു. അതിൽ ഏറ്റം പ്രഗത്ഭനായിരുന്നു ജോസഫ് കുഞ്ഞ്. യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർക്കും കോൺഗ്രസ്സ് പ്രവർത്തകർക്കുമായി നടത്തപ്പെട്ട മാർഗ്ഗദർശക ക്യാമ്പുകളിലെ മുഖ്യപരിശീലകനായിരുന്നു ജോസഫ് കുഞ്ഞ്. അദ്ദേഹത്തിന്റെ ക്ലാസുകൾകേട്ട് വളർന്നവർ പിൽക്കാലത്ത് രാഷ്ട്രീയത്തിൽ ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. 1965 ന് ശേഷം അപ്രകാരമുള്ള ഒരു പ്രവർത്തനശൈലി കോൺഗ്രസ്സ് പാർട്ടിക്കില്ലാതായി. എല്ലാ രാഷ്ട്രീയപാർട്ടികളുടെയും സ്ഥിതിയും അങ്ങനെതന്നെയായി. അധികാരത്തിനുവേണ്ടി പരക്കംപായാതെ-ഒരു തലമുറയെ രൂപപ്പെടുത്തുന്നതിനുവേണ്ടി അക്ഷീണം പരിശ്രമിച്ച ജോസഫ് കുഞ്ഞിന്റെ പ്രവർത്തനങ്ങളുടെ ഫലം അനുഭവിച്ച് വളർന്നുവന്ന കഴിഞ്ഞതലമുറ ഇന്നും ജോസഫ്കുഞ്ഞിനെ ബഹുമാനപൂർവ്വം സ്മരിക്കുന്നുണ്ട്. ഇന്നത്തെ തലമുറ അങ്ങനെയുള്ളവരെ സ്മരിക്കാൻ തയ്യാറല്ല.

ജോസഫ്കുഞ്ഞിന്റെ മറ്റൊരു പ്രധാനപ്രവർത്തനരംഗം സഹകരണമേഖലയായിരുന്നു. നെടുംകുന്നം സർവ്വീസ് സഹകരണബാങ്ക്, ചങ്ങനാശ്ശേരി താലൂക്ക് സഹകരണബാങ്ക്, ചങ്ങനാശ്ശേരി റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം എന്നിവയുടെ പ്രസിഡണ്ടായി ദീർഘകാലം ജോസഫ്കുഞ്ഞ് പ്രവർത്തിച്ചിട്ടുണ്ട്. റബ്ബർ ഫാക്ടറി കെട്ടിടത്തിന്റെ പണിപൂർത്തിയാക്കി പി.സി.സി. ഫാക്ടറി ഉദ്ഘാടനം ചെയ്തത് ജോസഫ്കുഞ്ഞ് പ്രസിഡണ്ടായിരുന്ന കാലഘട്ടത്തിലാണ്.

കോട്ടയംജില്ലാബാങ്കിന്റെ വൈസ് പ്രസിഡണ്ടായി ഒൻപതുവർഷക്കാലവും ബോർഡ് മെമ്പറായി 15 വർഷക്കാലവും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കേരളസ്റ്റേറ്റ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ ബോർഡുമെമ്പറായി ആറുവർഷം സേവനം അനുഷ്ഠിക്കുകയുണ്ടായി.


റബ്ബർബോർഡ് മെമ്പറായി മൂന്നുവർഷക്കാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ചെറുകിട റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും നിയോഗിച്ച ആറംഗസംഘത്തിന്റെ നേതാവായിരുന്നു ജോസഫ് കുഞ്ഞ്. ഗുജറാത്തിൽ സന്ദർശനം നടത്തി അവിടുത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി സമർപ്പിച്ച റിപ്പോർട്ടിന്റെയടിസ്ഥാനത്തിലാണ് റബ്ബർ ബോർഡിന്റെ മേൽനോട്ടത്തിൽ കളക്ഷൻ സെന്ററുകൾ ആരംഭിച്ചത്. ഇപ്പോഴത്തെ റബ്ബർ ഉൽപാദകസംഘങ്ങൾ അതിന്റെ തുടർച്ചയാണ്.

www.malankaralibrary.com

കെ.പി.സി.സി. മെമ്പർ, എ.ഐ.സി.സി. മെമ്പർ, കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ്കമ്മറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള കരിപ്പാപ്പറമ്പിൽ കുടുംബാംഗമായ റോസമ്മയാണ് സഹധർമ്മിണി. റോസമ്മ ആലപ്പുഴ സെന്റ് ജോസഫ് കോളേജിലെ പ്രൊഫസറായിരുന്നു.

വിലാസം - അഡ്വ. ജോസഫ് കുഞ്ഞ്, പുതിയാപറമ്പിൽ, പാറത്തോട് പി.ഒ., കോട്ടയം - 686512.

# 63



# ഫാ. മാഞ്ഞൂസ് കളപ്പുരയ്ക്കൽ

## സി.എം.ഐ.

ദീപികബാലസഖ്യത്തിന്റെ സാരഥിയായി ഒന്നര വ്യാഴവട്ടക്കാലം പ്രവർത്തിച്ച് കുട്ടികളുടെ ബഹുമുഖമായ കഴിവുകൾ വളർത്തിയെടുക്കുന്നതിന് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി ലക്ഷക്കണക്കിന് ബാലികാബാലന്മാരുടെ ആദരവുകൾ ഏററുവാങ്ങിയ, കുട്ടികളുടെ പ്രിയങ്കരനായ കൊച്ചേട്ടനാണ് ഫാ. മാഞ്ഞൂസ് കളപ്പുരയ്ക്കൽ. എടത്വായിലെ പ്രസിദ്ധമായ കളപ്പുരയ്ക്കൽ കുടുംബത്തിൽ ജോസഫ് ഏലിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായി 1926 സെപ്ററംബർ 26-ാം തീയതി മാഞ്ഞൂസച്ചൻ ഭൂജാതനായി. ജ്ഞാനസ്നാനപേര് ജോസഫ് എന്നായിരുന്നു. എടത്വാഹൈസ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം 19-ാം വയസ്സിൽ സി.എം.ഐ. സഭയിൽ ചേർന്നു. കൂനമ്മാവ് ചെത്തിപ്പുഴ് സെമിനാരികളിൽ വൈദികപഠനം. 1955 ഡിസംബർ 6-ാം തീയതി മാന്നാനത്ത് വച്ച് വൈദികപട്ടം സ്വീകരിച്ചു.

മാഞ്ഞൂസച്ചന്റെ പ്രധാന പ്രവർത്തനരംഗം ദീപിക ബാലസഖ്യമായിരുന്നു. 18 വർഷക്കാലം ദീപിക ബാലസഖ്യം പ്രസിഡണ്ടായും കൊച്ചേട്ടനായും കുട്ടികളുടെ ദീപിക ചീഫ് എഡിററായും പ്രവർത്തിച്ചു. ഈ സ്ഥാനങ്ങളൊന്നും തന്റെ വ്യക്തിപരമായ പ്രശസ്തിക്കുവേണ്ടി ഒരിക്കലും ഉപയോഗിച്ചിട്ടില്ലെന്നതാണ് സത്യം. മാഞ്ഞൂസച്ചൻ കൊച്ചേട്ടൻ സ്ഥാന വഹിച്ചിരുന്ന 18 വർഷത്തിനിടയിൽ 15 വാർഷിക ക്യാമ്പും കുടുംബമേളയും കലോത്സവവും നടത്തുകയുണ്ടായി. ക്യാമ്പിൽ ആയിരത്തോളം കുട്ടികൾ ശരാശരി പങ്കെടുത്തിരുന്നു. മൂന്നും നാലും ദിവസം നീണ്ടു നിൽക്കുന്ന ക്യാമ്പുകളായിരുന്നു അവ. ഇത്രയും കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ഉള്ള പരിപാടികൾ ആദ്യമായി സംഘടിപ്പിച്ചതും അദ്ദേഹം തന്നെ. ക്യാമ്പിലെ

www.malankaralibrary.com

വിവിധ മത്സരങ്ങളും ക്ലാസ്സുകളും പുതുമപകരുന്നതായിരുന്നു. ഏതു പ്രശ്ന ത്തെയും സമചിത്തതയോടെയും പ്രാർത്ഥനയിലൂടെയും പരിഹരിക്കുന്ന തിന് മാഞ്ഞൂസച്ചന് അപാരമായ വൈഭവമുണ്ടായിരുന്നു. കുട്ടികൾക്കായി നേതൃത്വപരിശീലനം - പ്രസംഗ പരിശീലനം, വ്യക്തിത്വ വികസനം, ഡാൻസ് പരിശീലനം തുടങ്ങിയവയ്ക്കായി പ്രഗത്ഭരായവരെ നിയോഗിച്ച് നടത്തി യിരുന്നു. കുട്ടികളുടെ മാസികയിൽ കുഞ്ഞുകലാകാരന്മാരെ പ്രോത്സാ ഹിപ്പിക്കാൻ പ്രത്യേക കോളം ഏർപ്പെടുത്തി. സ്കോളർഷിപ്പ് പരീക്ഷകൾ നടത്തുകയും വിദേശ സഹായത്തോടെ സ്കോളർഷിപ്പ് നൽകുകയും ചെയ്തിരുന്നു. കൂമ്പൻപാറയിൽ 1966 ൽ ഉരുൾപൊട്ടൽ ഉണ്ടായപ്പോൾ ബാലസഖ്യാംഗങ്ങൾ ശേഖരിച്ച അരി കപ്പ വസ്ത്രങ്ങൾ എന്നിവയുമായി ആദ്യം അവിടെയെത്തിയത് ബാലസഖ്യ പ്രവർത്തകരും കൊച്ചേട്ടനായ മാഞ്ഞൂസ് അച്ചനുമായിരുന്നു.

മാഞ്ഞൂസച്ചന്റെ സാമൂഹ്യ പ്രതിബദ്ധതയാണ് ഇതിൽ തെളിഞ്ഞു കാണുന്നത്. രാഷ്ട്രപതിയായിരുന്ന ശ്രീ. വി.വി. ഗിരിയെ ബാലസഖ്യ ത്തിന്റെ രക്ഷാധികാരിയായി ലഭിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുകയും അക്കാര്യം വിജയകരമായി തീരുകയും ചെയ്തു. രാഷ്ട്രപതികേരളത്തിൽ എത്തുമ്പോഴെല്ലാം കൊച്ചേട്ടനും ബാലസഖ്യഭാരവാഹികളും അദ്ദേഹത്തെ സന്ദർശിക്കുമായിരുന്നു. മാഞ്ഞൂസച്ചന്റെ ഭാവനാപൂർണ്ണമായ പ്രവർത്ത നഫലമായിട്ടാണ് ഇത് സാധിച്ചത്. ബാലസഖ്യത്തിന്റെ അംഗസംഖ്യ ലക്ഷമായപ്പോൾ, അതിന്റെ ആഘോഷം പാലായിൽവച്ച് അതിവിപുലമായ തോതിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുകയുണ്ടായി. ലക്ഷം പുഷ്പമേളയിൽ ഏഴുലക്ഷത്തോളം ആളുകൾ പങ്കെടുത്തുവെന്നാണ് പത്രങ്ങൾ റിപ്പോർട്ട് ചെയ്തത്. ആഴ്ചതോറുമുള്ള ദീപികയിലെ ബാലപംക്തിയിലൂടെയും കത്തിലൂടെയും ബാലസഖ്യസംബ ന്ധമായ കാര്യങ്ങൾ അറിയിക്കുകയും സാമൂഹ്യ രാഷ്ട്രീയ കാഴ്ചപ്പാടുകൾ വിലയിരുത്തുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. ഒന്നര വ്യാഴവട്ടക്കാലത്തെ മാഞ്ഞൂസച്ചന്റെ നേതൃത്വം ആർക്കും വിസ്മരിക്കാൻ സാധ്യമല്ല.

ബാലസഖ്യം കൊച്ചേട്ടൻ സ്ഥാനത്തുനിന്നും പിരിഞ്ഞ മാഞ്ഞൂസച്ചൻ കർമ്മലകുസുമം മാസികയുടെ ചീഫ് എഡിററായി 11 വർഷം പ്രവർത്തിച്ചു. കാലികങ്ങളായ രാഷ്ട്രീയ - സാമൂഹിക - സഭാബന്ധിയായ പ്രശ്നങ്ങളെ ക്കുറിച്ചുള്ള തുറന്ന വിമർശനങ്ങൾ പലപ്പോഴും വിമർശനത്തിന് ഇടനൽകി യിട്ടുണ്ട്.

സി.എം.ഐ. സഭയുടെ മൈനർ സെമിനാരിയിൽ 15 വർഷത്തോളം അദ്ധ്യാപകനായിരുന്നു. മൂന്നുപ്രാവശ്യം റെക്ടർ പദവിയും അലങ്ക രിച്ചിട്ടുണ്ട്. ചെത്തിപ്പുഴ ഇടവകയിൽ മൂന്നുവർഷം ഇടവകജോലിയിൽ വ്യാപൃതനായിരുന്നു. രണ്ടുവർഷം ഉപരിപഠത്തിനായി റോമിലേക്ക് പോയി. അഞ്ചേലിക്കാ യൂണിവേഴ്സിററിയിൽ തിയോളജി പഠിച്ചു. അതിനിടയിൽ

www.malankaralibrary.com

ഇററലി, ഫ്രാൻസ്, ഇംഗ്ലണ്ട്, ജർമ്മനി, സ്വിററ്സർലണ്ട്, ഇസ്രായേൽ, അമേരിക്ക എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

ആരാധന, കർമ്മലീത്ത, തിരുഹൃദയം, ചാരിററി സിസ്റ്റേഴ്സ്, ജോസഫൈൻ സന്യാസസഭകളിൽ നൊവിഷ്യററിലും പ്രീ നൊവിഷ്യററിലും 36 വർഷത്തോളം മാസ്റ്ററായി സേവനമനുഷ്ഠിച്ചു. ഇടവകകളിലും സ്കൂളുകളിലും കോൺവെന്റുകളിലുമായി 400 ൽ പരം ധ്യാന പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. സി.എസ്. ആർ. പരിയാരം ധ്യാനകേന്ദ്രത്തിൽ 3 വർഷം ടീം മെമ്പറായി സേവനം അനുഷ്ഠിച്ചു.

വിവിധ വിഷയങ്ങളെ അധികരിച്ച് ഇരുപത് ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. വൈററ്ഹൗസ് വരെ എന്ന പംക്തിയിലൂടെ പ്രസിദ്ധീകരിച്ച യൂറോപ്യൻ അമേരിക്ക യാത്രാവിവരണം വായനക്കാരിൽ നല്ല പ്രതികരണം ഉളവാക്കി. താൻ സന്ദർശിച്ച വിദേശരാജ്യങ്ങളിലെ അനുഭവങ്ങളാണ് കർമ്മലകുസുമത്തിലൂടെ വായനക്കാരുമായി പങ്കുവച്ചത്. വിവിധ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ എഴുതിക്കൊണ്ടിരിക്കുന്നു. അദ്ദേഹം രചിച്ച ഗ്രന്ഥങ്ങൾ താഴെപ്പറയുന്നവയാണ്. കൊച്ചേട്ടന്റെ കത്തുകൾ, Vocation Formation, മൊഴിമുത്തുകൾ, കാഴ്ചയും കാഴ്ചപ്പാടും, ചാവറോക്തികൾ, അൽഫോൻസാ സൂക്തങ്ങൾ, ശിക്ഷയും ശിക്ഷണവും, ഒരമ്മയുടെസ്നേഹം, ചിന്തയും ചിന്താഗതിയും, കാഴ്ചയും ഉൾക്കാഴ്ചയും, ശൈലിയും ശീലും, അഗ്നിശുദ്ധി, അഗ്നിശുദ്ധി രണ്ടാംപതിപ്പ്, കാരുണ്യ ജ്യോതിസ്സ്, മനുഷ്യനിലെ മാനവികത, ചാവറയച്ചന്റെ ഹൃദയത്തുടിപ്പുകൾ, സന്നിധാനെ, ചിന്തയും ചിന്താഗതിയും, ജോൺ പോൾ രണ്ടാമൻ.

വിലാസം - ഫാ. മാഞ്ഞൂസ് കളപ്പുരയ്ക്കൽ സി.എം.ഐ., സെന്റ് ജോസഫ്സ് മൊണാസ്ട്രി മാന്നാനം, കോട്ടയം - 680001

## 64

# കെ.പി.ജോൺ



അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ മുൻ പ്രസിഡണ്ടും റേരും നൊവേരും എന്ന ചാക്രിക ലേഖനത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന വ്യവസായിയും സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ പ്രവർത്തകനുമായ ശ്രീ. കെ. പി. ജോൺ ഇരിങ്ങാലക്കുടയിലെ അതിപുരാതനവും പ്രശസ്തവുമായ കണ്ടംകുളത്തി കുടുംബത്തിൽ ലോനപ്പൻ പൈലോത് - ത്രേസ്യാ ദമ്പതിമാരുടെ ഏക മകനായി 1926 ഡിസംബർ 26-ാം തീയതി ജനിച്ചു. ഇരിങ്ങാലക്കുടയിൽ

www.malankaralibrary.com

നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോൺ തേവര എസ്സ്.എച്ച്. കോളേജിൽ നിന്നും ഇന്റർമീഡിയറ്റും മദ്രാസ് ലയോളാ കോളേജിൽ നിന്ന് ബി.എ.യും പാസ്സായി. തുടർന്ന് ലക്നൗ യൂണിവേഴ്സിററിയിൽ ചേർന്ന് എം.എ., എൽ.എൽ.ബി. പരീക്ഷകൾ പാസ്സായി.

കാരാഞ്ചിറ ആലപ്പാട്ടുകുടുംബത്തിൽ എ.ഡി. പോൾ - കുഞ്ഞമ്മ മകൾ ലീലയെ വിവാഹം കഴിച്ചു. വിദ്യാഭ്യാസാനന്തരം കുടുംബം പാരമ്പര്യമായി തുടർന്നുപോന്ന കശുവണ്ടി വ്യവസായത്തിൽ ശ്രദ്ധപതിപ്പിച്ച് പ്രവർത്തനമാരംഭിച്ചു. ഡിലീഷ്യസ് കാഷ്യു കമ്പനിയുടെ മാനേജിംഗ് പാർട്ണറായ ജോൺ കാഷ്യു പ്രൊമോഷൻ കൗൺസിലിലെ ഒരംഗമെന്ന നിലയിലും സ്വന്തം വ്യാപാരാഭിവൃദ്ധിക്കുവേണ്ടിയും എല്ലാ ഭൂഖണ്ഡങ്ങളിലും പര്യടനം നടത്തിയിട്ടുണ്ട്. ആയിരത്തിലധികം തൊഴിലാളികൾ തന്റെ തൊഴിൽശാലകളിൽ സേവനം അനുഷ്ഠിച്ചിരുന്നു. തന്റെ വ്യവസായശാലയിൽ എന്നും മാനേജ്മെന്റും തൊഴിലാളികളും തമ്മിൽ നല്ല ബന്ധം നിലനിന്നിരുന്നുവെന്നത് ഏവർക്കും അഭിമാനിക്കാവുന്നതാണ്. വ്യവസായരംഗത്ത് ശ്രദ്ധ പതിപ്പിച്ച് പ്രവർത്തിക്കുമ്പോഴും തന്റെ നാടിന്റെ നാഡീസ്പന്ദനങ്ങൾ മനസ്സിലാക്കി സാമൂഹ്യ പ്രവർത്തനരംഗത്ത് നൂതനമായ ഒരുപാത വെട്ടിത്തുറക്കുവാൻ ജോണിനു സാധിച്ചു. രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ സ്വന്തമായ ഒരു വ്യക്തി മുദ്ര പതിപ്പിച്ച ജോൺ 1962 മുതൽ 1968 വരെ ഇരിങ്ങാലക്കുടമുൻസിപ്പൽ ചെയർമാനായി സേവനമനുഷ്ഠിച്ചു. മുൻസിപ്പാലിററിയുടെ വികസനത്തിൽ നിർണ്ണായകമായ ഒരു പങ്കുവഹിക്കുവാൻ ജോണിനുസാധിച്ചു. രാഷ്ട്രീയത്തിനതീതമായി മുൻസിപ്പാലിററിയുടെ വികസന പ്രവർത്തനങ്ങളിൽ എല്ലാവരുടെയും സഹകരണം നേടുവാൻ ജോണിനു സാധിച്ചുവെന്നത് ഒരു നേട്ടമാണ്.

കാഷ്യു പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നടന്ന വിവിധ ഡലഗേഷനെ നയിക്കുവാൻ ശ്രീ ജോണിന് സാധിച്ചിട്ടുണ്ട്. ബിസിനസ് സംബന്ധമായ കാര്യത്തിൽ അമേരിക്കൻ ഐക്യനാടുകളിലും ആഫ്രിക്ക, ആസ്ട്രേലിയ, മിഡിൽ ഈസ്റ്റ്, ഈജിപ്ത് എന്നിവിടങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിലും പലതവണ ജോൺ പര്യടനം നടത്തിയിട്ടുണ്ട്.

മികച്ച ഒരു സംഘാടകനാണ് ശ്രീ.ജോൺ. 1967 ൽ അദ്ദേഹം മുൻസിപ്പൽ ചെയർമാനായിരിക്കുന്ന കാലത്താണ് അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ വാർഷികം ഇരിങ്ങാലക്കുടയിൽ വച്ച് ചതുർദിനപരിപാടികളോടെ നടത്തപ്പെട്ടത്. കോൺഗ്രസ്സിന്റെ ചരിത്രത്തിലെ ഒരു മഹാസമ്മേളനമായിരുന്നു ഇരിങ്ങാലക്കുട സമ്മേളനം. കത്തോലിക്കാ കോൺഗ്രസ്സിന് ഒരു യുവജനവിഭാഗം രൂപീകരിച്ചതും ഈ സമ്മേളനത്തിൽ വച്ചാണ്. ഇരിങ്ങാലക്കുട സമ്മേളത്തിന്റെ വൻവിജയം കണ്ട് ബോദ്ധ്യപ്പെട്ട എ.കെ.സി.സി. പ്രവർത്തകർ, 1968 ൽ നടന്ന തിരഞ്ഞെടുപ്പിൽ കെ.പി. ജോണിനെ പ്രസിഡണ്ടായി തിരഞ്ഞെടുത്തു. ആ നേതൃത്വം ഏറെറടുക്കുവാൻ ജോൺ ആദ്യം

www.malankaralibrary.com

തയ്യാറായില്ല. ഷെവ. ജോസഫ് വിതയത്തിലിനെപ്പോലുള്ള സമുദായനേതാക്കളും പല വൈദികമേലദ്ധ്യക്ഷന്മാരും ചെലുത്തിയ സമ്മർദ്ദത്തിന്റെ ഫലമായാണ് കോൺഗ്രസ്സ് പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്തത്. 1968 മുതൽ മൂന്നു വർഷക്കാലം അദ്ദേഹം എ.കെ.സി.സി. പ്രസിഡണ്ടായി പ്രവർത്തിച്ചു. മലബാറിലെ മലയോരങ്ങളിൽ ഇന്നത്തേതുപോലെ യാത്രാസൗകര്യങ്ങൾ ഒന്നും ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ കത്തോലിക്കാകോൺഗ്രസ്സ് പ്രവർത്തനം വ്യാപിപ്പിക്കുവാൻ ശ്രീ. ജോൺ കഠിനാദ്ധ്വാനം ചെയ്തു. മലയോര കർഷകരുടെ വിശിഷ്യ ഗൂഡല്ലൂരിലെ മലയാളികർഷകരുടെ മണ്ണിലുള്ള അവകാശം രക്ഷിക്കുന്നതിനുവേണ്ടി ജോൺ സജീവമായി പ്രവർത്തിച്ചു.

കേരളാ കാത്തലിക്ട്രസ്റ്റിന്റെ ഡയറക്ടർ ബോർഡിൽ അദ്ദേഹം ദീർഘകാലം അംഗമായിരുന്നിട്ടുണ്ട്.

രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങൾ സഭയിൽ എങ്ങിനെ നടപ്പിലാക്കാമെന്ന വിഷയത്തെപ്പറ്റി ചർച്ചചെയ്യുവാൻ ആലുവായിൽ നടന്ന റീജയണൽ സെമിനാറിലും (1968) ബാംഗ്ലൂർ നടന്ന ദേശീയ സെമിനാറിലും (1969) ശ്രീ. ജോൺ പങ്കെടുക്കുകയും സെമിനാറിന്റെ വിജയത്തിനുവേണ്ടി പരിശ്രമിക്കുകയും ചെയ്തു. ജോൺ പ്രസിഡണ്ടായിരിക്കുന്ന കാലത്താണ് കേരളത്തിൽ നിന്നും ആദ്യമായി കർദ്ദിനാൾ പദവിയിലേക്ക് ഒരാളെ ഉയർത്തുന്നത്. ആദ്യം കർദ്ദിനാൾ പദവി ലഭിച്ചത് എറണാകുളം ആർച്ച് ബിഷപ്പ്മാർ ജോസഫ് പാറേക്കാട്ടിലിനായിരുന്നു. ആ വാർത്തയറിഞ്ഞ ഉടനെ ജോൺ കേരളത്തിലെ കത്തോലിക്കരുടെ പേരിൽ ആറാം പോൾ മാർപ്പാപ്പായ്ക്ക് കേരളസഭയ്ക്ക് നൽകിയ അംഗീകാരത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് കേബിൾ സന്ദേശം അയക്കുകയുണ്ടായി. മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ കർദ്ദിനാൾ സ്ഥാനാരോഹണചടങ്ങിൽ പങ്കെടുക്കുവാൻ പാറേക്കാട്ടിൽ തിരുമേനിയോടൊപ്പം വത്തിക്കാനിലേക്കു പോയി. ആ വത്തിക്കാൻ സന്ദർശനത്തിനിടയിൽ ആറാംപോൾ മാർപ്പാപ്പാതിരുമേനിയെ സന്ദർശിക്കുകയും ചെയ്തു.

1964-ൽ ഇരിങ്ങാലക്കുട ലയൺസ്ക്ലബ് സ്ഥാപിക്കുന്നതിൽ മുൻനിന്നുപ്രവർത്തിച്ച ജോൺ 1991-ലെ 324-E2 ലയൺസ് ഡിസ്ട്രിക് ഗവർണ്ണറായി തിരഞ്ഞെടുക്കപ്പെട്ടു. കെ.പി.എൽ. ഓയിൽ മിൽസിന്റെ ചെയർമാനായും കേരളസോൾവെന്റ് എക്സാട്രൻസിന്റെ ഡയറക്ടർ ബോർഡ് മെമ്പറായും ശ്രീ. ജോൺ പ്രവർത്തിച്ചിട്ടുണ്ട്.

കേരള ക്രൈസ്തവസമുദായത്തിനും ജനസമൂഹത്തിനും രാഷ്ട്രത്തിനും വേണ്ടി കഴിഞ്ഞ അരനൂറ്റാണ്ടുകാലം ശ്രീ. ജോൺ അർപ്പിച്ചുപോന്നിട്ടുള്ള ബഹുമുഖമായ സേവനങ്ങളെ മുൻനിറുത്തിയും തൊഴിലാളികളുടെ മാഗ്നാകാർട്ടാ എന്നു വിശേഷിപ്പിക്കുന്ന "റേരും നൊവേരും" എന്ന ചാക്രിക ലേഖനത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് സഭയുടെ സാമൂഹ്യ പ്രബോധനങ്ങൾക്കനുസൃതമായി തൊഴിലാളികളുടെ മൗലികാവകാശങ്ങൾ

www.malankaralibrary.com


അംഗീകരിച്ചും ആദരിച്ചും വ്യവസായസ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോരുന്ന ശ്രീ. ജോൺ തൊഴിലാളികളുമായി മെച്ചപ്പെട്ട ബന്ധം പുലർത്തിപ്പോരുന്നതിനെ കണക്കിലെടുത്തും ആളൂർബററർലൈഫ്മൂവ്മെന്റ് 1992-ലെ കേരളസഭാതാരം അവാർഡ് ശ്രീ. ജോണിന് നൽകിയാദരിക്കുകയുണ്ടായി. അവാർഡ് ഏററുവാങ്ങാൻ ജോൺ ആളൂർ എത്തിച്ചേർന്നപ്പോൾ തന്റെ വ്യവസായസ്ഥാപനത്തിലെ തൊഴിലാളികൾ നൽകിയ ആവേശോജ്ജ്വലമായ സ്വീകരണം ജോണിന് തൊഴിലാളികളുടെയിടയിൽ ഉള്ള സ്വാധീനവും ആദരവും വിളിച്ചറിയിക്കുന്നതായിരുന്നു.

ജോൺ കത്തോലിക്കാകോൺഗ്രസ്സിനും സമുദായത്തിനും രാഷ്ട്രത്തിനും നൽകിയ മഹത്തായ സംഭാവനകൾ കണക്കിലെടുത്ത് കത്തോലിക്കാ കോൺഗ്രസ്സ് അശീതി അവാർഡ് നൽകിയാദരിച്ചു. ആയിരക്കണക്കിനാളുകളെ സാക്ഷിനിറുത്തി മേഘാലയാ ഗവർണ്ണർ ശ്രീ. എം.എം. ജേക്കബ്ബ് ഇരിങ്ങാലക്കുടവച്ച് ജോണിന് അശീതി അവാർഡ് നൽകുകയുണ്ടായി. ജോണിന്റെ സമുദായ സാമൂഹ്യസേവനം ഇനിയും സമൂഹത്തിന് ലഭിക്കുമാറാകട്ടെ.

മേൽവിലാസം കെ.പി. ജോൺ, കണ്ടംകുളത്തി, ഇരിങ്ങാലക്കുട

# 65

# പാലാ കെ.എം. മാത്യു



പ്രമുഖ രാഷ്ട്രീയ-സാമൂഹികനേതാവ്, പ്രശസ്ത ഗ്രന്ഥകാരൻ, ബാലസാഹിത്യ മീമാംസകൻ, സാംസ്കാരിക നായകൻ, സീനിയർ പത്രപ്രവർത്തകൻ, പാർലമെന്റ് അംഗം എന്നിങ്ങനെ വിവിധ നിലകളിൽ വിലപ്പെട്ട സംഭാവനകളും സേവനങ്ങളുമാണ് ശ്രീ പാലാ കെ.എം. മാത്യുവിനെ വേറിട്ട വ്യക്തിയാക്കുന്നത്.

1927 ജനുവരി 11-ന് പാലായിൽ കിഴക്കേൽ ചാണ്ടിമത്തായിയുടെയും മറിയാമ്മയുടെയും മൂന്നാമത്തെ മകനായി ജനിച്ച മാത്യു, പ്രാഥമിക വിദ്യാലയത്തിൽ സ്വാതന്ത്ര്യസമരം നടത്തിയാണ് തന്റെ പൊതുപ്രവർത്തനമാരംഭിച്ചത്. പത്താമത്തെ വയസ്സിൽ പാലാ കണ്ണാടിയുറുമ്പു പ്രൈമറി സ്കൂളിലെ വിദ്യാർത്ഥികളെ ക്ലാസ്സുകളിൽ നിന്ന് പുറത്തിറക്കി ജാഥ നടത്തുകയും യോഗം ചേർന്ന് സ്വാതന്ത്ര്യപ്രമേയം പാസ്സാക്കിക്കുകയും ചെയ്തു. അക്കാലത്ത് അതൊക്കെ വളരെ സാഹസിക പ്രവർത്തനങ്ങളായിരുന്നു. പിന്നീട് പാലാ സെന്റ് തോമസ് സ്കൂളിലും ഈ പ്രവർത്തനങ്ങൾ സജീവമായി തുടർന്നു. അറസ്റ്റുവാറന്റ് ഉണ്ടെന്നറിഞ്ഞപ്പോൾ നേതാ

www.malankaralibrary.com

ക്കളായ ശ്രീ. ആർ.വി.തോമസിന്റെയും സ്വസഹോദരൻ കെ.എം. ചാണ്ടിയുടെയും നിർദ്ദേശപ്രകാരം അണ്ടർ ഗ്രൗണ്ടിൽ പോയി സമരഭടന്മാരെ സംഘടിപ്പിച്ചു. രാമപുരം, ഞണ്ടുപാറ, പാലാക്കാട് (മീനച്ചിൽ) മുതലായ സ്ഥലങ്ങളിലാണ് അന്ന് ഒളി പ്രവർത്തനം നടത്തിയത്.

സ്വതന്ത്ര ഭാരതത്തിൽ തന്റെ എല്ലാകർമ്മരംഗങ്ങളിലും സർവ്വാംഗീകൃതമായ പ്രവർത്തനങ്ങൾ നടത്തി. 1949-ൽ തേവര കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി, 1951 ൽ തൃശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജ് ലിറ്ററസി അസ്സോസിയേഷൻ സെക്രട്ടറി, 1952 ൽ എറണാകുളം ലോ കോളേജ് അസ്സോസിയേഷൻ പ്രസിഡണ്ട് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. ഇക്കാലങ്ങളിലെല്ലാം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ വിദ്യാർത്ഥി യൂണിയൻ, യൂത്ത് കോൺഗ്രസ്സ് മുതലായ സംഘടനകളിൽ സജീവപ്രവർത്തകനായിരുന്നു.

മൂവാറ്റുപുഴ ഡിസ്ട്രിക്ട് യൂത്ത് കോൺഗ്രസ്സ് പ്രസിഡണ്ട്, ആദ്യത്തെ സംസ്ഥാന യൂത്ത് കോൺഗ്രസ്സ് കൺവീനർ എന്നീ നിലകളിൽ ശ്രീ മാത്യു ആരംഭിച്ച യൂത്ത് കോൺഗ്രസ്സ്, സംസ്ഥാനത്തെ പ്രമുഖ പ്രസ്ഥാനമായി മാറി.

പിന്നീട് 30 വർഷക്കാലം കെ.പി.സി.സി. മെമ്പർ (15 വർഷത്തെ കെ.പി.സി.സി. എക്സിക്യൂട്ടീവ് അംഗത്വമുൾപ്പെടെ)അഞ്ചുവർഷക്കാലം കോട്ടയം ഡി.സി.സി. പ്രസിഡണ്ട്, 2001 മുതൽ കോൺഗ്രസ്സ് ഡിസിപ്ലിനറി ആക്ഷൻ കമ്മറ്റി, എക്സിക്യൂട്ടീവ് കമ്മറ്റി എന്നിവയിലെ അംഗം മുതലായ ചുമതലകൾ വഹിച്ചു. കോൺഗ്രസ്സിന്റെ ബുദ്ധിജീവി വിഭാഗമായ വിചാർ വിഭാഗ് ദേശീയകൺവീനറായി നാലുവർഷം എ.ഐ.സി.സി.യിൽ പ്രവർത്തിച്ചു. മിക്കസംസ്ഥാനങ്ങളിലും വിചാരവിഭാഗം സമിതികൾ സംഘടിപ്പിച്ചു.

1937 മുതൽ കോൺഗ്രസ്സ് പ്രവർത്തകനാണ്. കോൺഗ്രസ്സ് പാർട്ടിയുടെ കേരളത്തിലെ പ്രധാനസൈദ്ധാന്തികരിലൊരാളും പ്രമുഖ വാഗ്മിയുമാണ്. കറപുരളാത്ത പൊതുജീവിതത്തിനുടമയാണ് ശ്രീ.മാത്യു.

1960 മുതൽ മലയാളമനോരമയിൽ സഹ പത്രാധിപരായും അഖില കേരള ബാലജനസഖ്യം രക്ഷാധികാരിയായും സംഘാടകനുമായി പ്രവർത്തിച്ചു. ഇക്കാലത്ത് നൂറുകണക്കിന് ബാല-യുവജനങ്ങളുടെ വ്യക്തിത്വ വികസനത്തിനും ജീവിതത്തിനും മാർഗ്ഗദർശനം നൽകി. ശ്രീ. ഉമ്മൻചാണ്ടി, എം.എം. ഹസ്സൻ, വി.എം. സുധീരൻ, കെ.സി. ജോസഫ്, തിരവഞ്ചൂർ രാധാകൃഷ്ണൻ തുടങ്ങി എത്രയോ യുവനേതാക്കൾ ശ്രീ. മാത്യുവിന്റെ ശിഷ്യതുല്യരാണ്. ശ്രീ വയലാർ രവിയുടെ പ്രാരംഭഘട്ടങ്ങളിലെ വളർച്ചയ്ക്ക് ശ്രീ. മാത്യുവും കെ.എം. ചാണ്ടിയും ഗണ്യമായ സഹായവും പ്രോത്സാഹനവും നൽകിയിട്ടുണ്ട്.

മനോരമ കുട്ടികളുടെ വിശേഷാൽ പ്രതി ഇയർബുക്ക്, ബാലപംക്തി എന്നിവയുടെ എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. ബാലരമയുടെ സ്ഥാപക

www.malankaralibrary.com

സഹപത്രാധിപരായിരുന്നു. "തളിരു"മാസികയുടെ സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നൂറിൽപരം ഗ്രന്ഥങ്ങളുടെയും എഡിറ്ററുമാണ്.

ഒരു ഗാന്ധിയനായ ശ്രീ. മാത്യു കേരളഖാദി-ഗ്രാമ വ്യവസായ ബോർഡിന്റെ വൈസ്ചെയർമാനായി പ്രവർത്തിച്ച കാലഘട്ടം, ബോർഡിന്റെ "സുവർണ്ണകാല"മായിരുന്നെന്ന് അന്നത്തെ ഖാദി കമ്മീഷൻ അഖിലേന്ത്യാ ചെയർമാൻ ശ്രീ. എം.എം. തോമസ് പ്രസ്താവിച്ചിരുന്നു. നാലുവർഷം കേരള അഗ്രോ-മെഷിനറി കോർപറേഷൻ ചെയർമാനായും പ്രവർത്തിച്ചു.

1989-1996 കാലഘട്ടത്തിൽ ലോക്സഭാംഗമായിരുന്ന ശ്രീ. മാത്യു പാർലമെന്റിന്റെ മിക്ക പ്രമുഖ കമ്മറ്റികളിലും അംഗമായിരുന്നു. ഇക്കാലത്ത് ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി (ജെ.എൻ.യു) യുടെ ഉന്നതാധികാരസമിതി (കോർട്ട്) അംഗമായിരുന്നു. കൂടാതെ പ്രസ്സ് കൗൺസിൽ ഓഫ് ഇന്ത്യയിലും അംഗമായി. ശ്രീ. കെ.ആർ നാരായണൻ കേന്ദ്രമന്ത്രിയും പിന്നീട് ഉപരാഷ്ട്രപതിയുമായപ്പോഴുണ്ടായ ഒഴിവുകളിലാണ് ശ്രീ. മാത്യുവിന് ഈ രണ്ട് സ്ഥാനങ്ങളും നൽകിയത്. ആ നിലയിൽ അതു വലിയൊരു അംഗീകാരവുമായിരുന്നു.

വിപുലമായ വായനയും ലോകരാഷ്ട്രങ്ങളിലെ യാത്രകളും വഴി നേടിയ അറിവും അനുഭവപരിചയങ്ങളും ശ്രീ. മാത്യുവിന്റെ ഗ്രന്ഥങ്ങളെയും പ്രസംഗങ്ങളെയും സ്റ്റഡിക്ലാസ്സുകളെയും ആഴമുള്ളതാക്കാൻ സഹായിച്ചിട്ടുണ്ട്. അദ്ദേഹം മുൻകൈയെടുത്ത് സ്ഥാപിച്ച കേരളബാലസാഹിത്യ പരിഷത്തിലും, സംഘടിപ്പിച്ചിട്ടുള്ള എണ്ണമറ്റ ശില്പശാലകളിലും സെമിനാറുകളിലും സിംപോസിയങ്ങളിലും ശ്രീ. മാത്യു നടത്തിയ പ്രഭാഷണങ്ങളും അവതരിപ്പിച്ച പ്രബന്ധങ്ങളും പ്രസിദ്ധങ്ങളാണ്. താൻ രചിച്ച 25 ഗ്രന്ഥങ്ങളിൽ 16 എണ്ണം കുട്ടികൾക്കുള്ള കഥകളും നാടകങ്ങളും ലേഖനങ്ങളും നോവലും ആണ്. ബാലസാഹിത്യ രചന സംബന്ധിച്ച മറ്റു നാല് മീമാംസാഗ്രന്ഥങ്ങൾ ഇന്ത്യയിൽ ആദ്യത്തേതാണ്. ധാർമ്മികമൂല്യങ്ങളുടെ അടിത്തറയിൽ രചിച്ച രണ്ടു ദാർശനിക ഗ്രന്ഥങ്ങളാണ് "ചിന്താശകലങ്ങ"ളും "ഉൾപ്പൊരുളും". സഹധർമ്മിണിയുടെ ദേഹവിയോഗത്തെതുടർന്ന് ശ്രീ. മാത്യു രചിച്ച ഗ്രന്ഥമാണ് ഞങ്ങളുടെ ഒരു കൊച്ചു ജീവിതം എന്ന ഗ്രന്ഥം. ആ പുസ്തകത്തിന്റെ ആമുഖത്തിൽ ശ്രീ. മാത്യു ഇപ്രകാരം എഴുതിയിരിക്കുന്നു

"ഈ ഭൂമിയിൽ എവിടെതിരഞ്ഞാലും ഇനിയൊരിക്കലും
കാണാനൊക്കാത്തവിധം ജീവിതപങ്കാളിയെ നഷ്ടപ്പെട്ടവർക്ക്....;
കൂടുതൽ സ്നേഹം നൽകി സ്വപങ്കാളിയെ സ്നേഹ നിറവിൽ
വീർപ്പുമുട്ടിക്കാൻ, കൊതിക്കുന്ന ദമ്പതികൾക്ക് ....;
മഹാദുരന്തങ്ങളിലും കൊടുംവേദനകളിലും ജീവിതം
തകർന്നവർക്ക് ....;
പ്രിയപ്പെട്ടവരുടെ വേർപാടിൽ തീരാദുഃഖമനുഭവിക്കുന്ന
എണ്ണമറ്റ മനുഷ്യാത്മാക്കൾക്ക് .....;

www.malankaralibrary.com

ഇത്തരക്കാർക്കെല്ലാം ദൈവത്തിന്റെ പദ്ധതി, സാന്ത്വനം,
സാഫല്യം, മനഃശാന്തിയെല്ലാം അർത്ഥവത്തായി
ഗ്രഹിക്കാനുള്ള ഉൾകാഴ്ചയും ദർശനവും ആവശ്യമാണ്;
താങ്ങാൻ അത്താണിയും ജീവിക്കാൻ സ്വന്തം ഒരു
തത്വശാസ്ത്രവും കൂടിയേതീരു.
അനന്തമായ, ആഴമറിയാത്ത ജീവിതസാഹചര്യത്തിൽ കാറ്റും
കോളുമറിഞ്ഞ ഒരു കൊച്ചുജീവിത നൗക ആത്മസഖിയും ഒത്ത്
ഒന്നിച്ചുതുഴഞ്ഞ ഹൃദയസ്പർശിയായ ജീവിത കഥ,
മേൽ സൂചിപ്പിച്ചവർക്കുവേണ്ടി തുറന്നുവെയ്ക്കുകയാണ്
ഗ്രന്ഥകാരൻ
സ്വഹൃദയത്തിന്റെ ആഗാധതയിൽനിന്നുള്ള സംഭവബഹുലവും
അനുഭവ തീക്ഷ്ണവുമായ ഈ പ്രവാഹത്തിൽ
മാന്യവായനക്കാരുടെ മുഖങ്ങളും പ്രതിഫലിക്കുന്നുണ്ടാവും"

ഇപ്പോൾ സംസ്ഥാനബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറാണ്. സാഹിത്യത്തിലെ മികച്ച സംഭാവനയ്ക്ക് കെ.സി.ബി.സി. അവാർഡും ബാല സാഹിത്യ രചനയിലെ മികച്ച പ്രവർത്തനത്തിന് ഭീമാ അവാർഡും 1998 ലെ സജീവ് സ്മാരക ബാലസാഹിത്യ അവാർഡും 2000 ലെ അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് സാഹിത്യ അവാർഡും മികച്ച സാമൂഹ്യ സാംസ്കാരിക പ്രവർത്തനത്തിന് ദർശന അവാർഡും (തൃശൂർ) ലഭിച്ചു.

ഭാര്യ : യശഃശ്ശരീരയായ മേരിയമ്മ.

വിലാസം - ശ്രീ. കെ.എം. മാത്യു Ex. MP, കിഴക്കേൽ, കോട്ടയം - 1

# 66

# റവ. പ്രൊഫ. ഉമ്മൻ അയ്യനേത്ത്



കവി, സംഗീതജ്ഞൻ, സാഹിത്യവിമർശകൻ, പ്രഭാഷകൻ, ഭാഷാപണ്ഡിതൻ, തുടങ്ങി നിരവധി മേഖലകളിൽ മായാത്ത വ്യക്തിമുദ്രപതിപ്പിച്ച ആദ്ധ്യാത്മിക ആചാര്യൻ റവ. പ്രൊഫ. ഉമ്മൻ അയ്യനേത്ത്, പത്തനംതിട്ട താലൂക്കിൽ വള്ളിക്കോട് വില്ലേജിൽ കുടമുക്ക് എന്ന കരയിൽ കാടുവെട്ടൂരായ അയ്യനേത്ത് വീട്ടിൽ ഉമ്മൻ കോശി-മറിയാമ്മ ദമ്പതികളുടെ മകനായി 1927 ഫെബ്രുവരി 27-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം നാട്ടിൽ തന്നെയായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസനന്തരം 1947 ൽ പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. തുടർന്ന് മംഗലപ്പുഴ ആലുവാ

www.malankaralibrary.com

മേജർ സെമിനാരിയിൽ മൂന്നുകൊല്ലം ഫിലോസഫിയും നാലുകൊല്ലും തിയോളജിയും പഠിച്ചു. 1956 ൽ വൈദീപട്ടം സ്വീകരിച്ചു. വികാരിയായി ആദ്യനിയമനം 1956 ജൂണിൽ അഞ്ചലിലായിരുന്നു. തുടർന്ന് പല പള്ളികളിലും സേവനം അനുഷ്ഠിച്ചു. പുനലൂരിൽ തുടങ്ങിയ ഒരു പുതിയ മിഷൻ കേന്ദ്രത്തിലെ പള്ളി ഓലപ്പുരയിലായിരുന്നു.

പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ ചേർന്ന് പഠിച്ച് എം.എ. ബിരുദം നേടി. മാർ തിയോഫിലസ് അഞ്ചൽ സെന്റ് ജോൺസ് കോളേജ് ആരംഭിച്ചപ്പോൾ അതിന്റെ നിർമ്മാതാവായി ഉമ്മനച്ചനെ അഞ്ചലിലേക്കയച്ചു. കോളേജ് കെട്ടിടങ്ങൾ എല്ലാം നിർമ്മിക്കുന്നതിൽ സജീവമായ നേതൃത്വം നൽകി. അതേസമയം അഞ്ചൽ കോളേജിൽ മലയാളം അദ്ധ്യാപകനായും ജോലി നോക്കിയിരുന്നു. 1969 ൽ മാർ ഇവാനിയോസ് കോളേജിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. 1982 മാർച്ച് അവസാനത്തിൽ പ്രൊഫസർ ഗ്രേഡിൽ റിട്ടയർ ചെയ്തു. തെക്ക് നെയ്യാറ്റിൻകരമുതൽ വടക്കു കുമ്പഴവരെ ഏതാണ്ട് മുപ്പത്തിമൂന്നോളം ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൂടുതൽ കാലവും ദളിതരുടെയിടയിലായിരുന്നു ഭരണം നടത്തിയിരുന്നത്. മാർ ഇവാനിയോസ് കോളേജിൽനിന്നും റിട്ടയർ ചെയ്തതിനുശേഷം കുറേക്കാലം തിരുവനന്തപുരത്ത് കോട്ടൺ ഹില്ലിലുള്ള കാർമ്മൽ ഫിലോസഫിക്കൽ കോളേജിലും തിരുവനന്തപുരം ലത്തീൻ രൂപതയിലെ സെന്റ് വിൻസെന്റ് സെമിനാരിയിലും ഏതാനുംവർഷം അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു.

സണ്ടേശാലോം 2006 ഫെബ്രുവരിയിലെ ലക്കത്തിൽ ഫാ. അയ്യനേത്തിനെപ്പറ്റി ക്രൈസ്തവ സാഹിത്യസൂനങ്ങൾ എന്ന പംക്തിയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "സി.പി. രാമൻപിള്ള ഫൗണ്ടേഷൻ മെമ്പർ, ചർച്ചാവേദി, സഹൃദയവേദി, വഞ്ചിനാട് കലാവേദി എന്നീ സാഹിത്യസംഘടനകളുടെ പ്രവർത്തകൻ, ആകാശവാണിയിലും ദൂരദർശനിലും പ്രോഗ്രാം അവതാരകൻ, കേരളാഗവൺമെന്റ് സാംസ്കാരിക വകുപ്പ് മെമ്പർ, കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി അക്കാദമിക് കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രശോഭിച്ചു നിന്ന ഫാ. ഒ. അയ്യനേത്ത് ഇരുപതോളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നാടകം, പ്രബന്ധം, കവിത, നിരൂപണം, ഗാനം, ബാലെ എന്നീ വിവിധ ശാഖകളിൽ രചനകൾ നിർവ്വഹിച്ച അച്ചൻ ഇന്ന് മതപരമായ ആരാധനക്രമ പരിഷ്ക്കരണകമ്മറ്റിയിലെ പ്രധാന അംഗമായി പ്രവർത്തിക്കുന്നു. സമയക്കുറവ് ഉണ്ടെങ്കിലും കവിയരങ്ങുകളിലും സാംസ്കാരിക സമ്മേളനങ്ങളിലും ഫാ. അയ്യനേത്ത് പങ്കെടുക്കാറുണ്ട്."

ബൈബിൾ സംബന്ധമായ പ്രവാചകന്മാർ എന്ന ഗവേഷണഗ്രന്ഥം മലയാള സാഹിത്യത്തിലെ ഒരു അമൂല്യനിധിതന്നെയാണ്. കർണ്ണാട്ടിക് സംഗീതം അഭ്യസിച്ച അച്ചൻ നല്ലൊരു ഗായകനാണ്. അടുത്തിടെ പുറത്തിറക്കിയ നാഥന്റെ രാജ്യം എന്ന കാസറ്റ് വളരെയേറെ പുതുമയുള്ളതാണ്.

www.malankaralibrary.com

ചിത്രലേഖാ ഫിലിംസൊസൈററിയുടെ അഡ്മിനിസ്റ്ററേറ്റീവ് മെമ്പറായി ജോലി നോക്കിയിട്ടുള്ള അച്ചൻ ഇപ്രകാരം എഴുതിയിരിക്കുന്നു. "ദേശീയവും അന്തർദേശീയവുമായ പുരസ്കാരങ്ങൾ നേടിയിട്ടുള്ള ശ്രീ അടൂർ ഗോപാലകൃഷ്ണന്റെ സ്വയംവരം എന്ന പ്രഥമ സിനിമയിൽ എന്നെ പ്രവേശിപ്പിച്ചിട്ടുണ്ട്. ശബ്ദപരിശോധന നടത്തിയിട്ട് സിനിമയിൽ ഡബ്ബിംഗിനും ഗാനാലാപനത്തിനും എന്നെ ക്ഷണിച്ചതാണ്. സിനിമാരംഗവുമായി ബന്ധപ്പെട്ടുപോകാൻ എന്നെ നിർബന്ധിച്ചതുമാണ്. വൈദീകവൃത്തിയും സിനിമയും ഒന്നിച്ചു കൊണ്ടുപോകുന്നത് ശരിയല്ലെന്ന്കണ്ട് ഹൃദയനൊമ്പരത്തോടെ ഞാൻ പിന്മാറി. ആകാശവാണി, ദൂരദർശൻ എന്നീ സ്ഥാപനങ്ങളിൽ പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്."

സണ്ടേശാലോം ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. "കലാസാഹിത്യപ്രവർത്തനങ്ങളിൽ ആത്മീയത ഒരു വിഘാതമായിട്ടില്ല എന്നാണ് അച്ചന്റെ അഭിപ്രായം. എങ്കിലും പരിമിതികളുണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് ക്രിസ്തീയസാഹിത്യം എന്ന ഒരുതരം പ്രത്യേക സാഹിത്യം ഉണ്ടാകുക പ്രയാസമാണെന്ന് ക്രൈസ്തവസാഹിത്യകാരന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. ഭാവനയുടെയും പദപ്രയോഗത്തിന്റെയും കാര്യത്തിൽ ക്രൈസ്തവനായ ഒരു സാഹിത്യകാരൻ സ്വതന്ത്രനല്ല. ക്രൈസ്തവ സാഹിത്യമൊന്നില്ല എന്ന് കാടടച്ച് വെടിവയ്ക്കുന്നില്ലെങ്കിലും അതിൽ ചിന്തനീയമായ ചില പ്രശ്നങ്ങളുണ്ട്. നേരെ മറിച്ച് വള്ളത്തോൾ ക്രിസ്ത്യാനിയല്ലെങ്കിലും അദ്ദേഹമെഴുതിയ മഗ്ദലനമറിയം ക്രൈസ്തവസാഹിത്യമാണ്. എങ്കിലും അദ്ദേഹത്തെക്കൊണ്ട് ഇമ്മട്ടിലുള്ള രചനാ വ്യാപാരം നടത്താൻ അന്നത്തെ ഗവർണ്ണർ സമ്മതിച്ചില്ല എന്ന് അച്ചൻ പറയുന്നു. ക്രിസ്തുദേവൻ എന്ന പ്രയോഗത്തിലെ ദേവശബ്ദം വേദശാസ്ത്രവിരുദ്ധമെന്ന് ബഹളം വച്ച ഒന്നായിരുന്നു ഗതകാലഘട്ടം. സുബ്ബലക്ഷ്മിപാടിയ 'എങ്കും നിറൈ നാദബ്രഹ്മം' എന്ന ഈശ്വരഭക്തിഗാനം സിനിമാപാട്ടിന്റെ ലേബൽകുത്തി നിഷിദ്ധകോടതിയിൽ തള്ളിയ അനുഭവമുണ്ട്. കേരളത്തിൽ ക്രൈസ്തവ സാഹിത്യകാരന്മാരിൽ പ്രത്യേകിച്ച് വൈദീക സാഹിത്യകാരന്മാരിൽ മുൻപന്തിയിൽ നിൽക്കുന്ന ഫാ. ഒ. അയ്യനേത്ത് മലയാള സാഹിത്യത്തിലും ആദ്ധ്യാത്മിക രംഗത്തും ഒരു ബഹുമുഖ പ്രതിഭ തന്നെയാണ് എന്നതിൽ സംശയമില്ല."

പുണ്യശ്ലോകനും പുനരൈക്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവും പ്രണേതാവും മലങ്കര കത്തോലിക്കാസഭയുടെ രാജശില്പിയുമായ അഭിവന്ദ്യ മാർ ഇവാനിയോസ് തിരുമേനിയുടെ അൻപതാം ചരമവാർഷികത്തോടനുബന്ധിച്ച് കാവ്യരൂപത്തിൽ ഫാ. അയ്യനേത്ത് എഴുതിയ ജീവചരിത്ര കാവ്യം പ്രത്യേകം പ്രശംസയർഹിക്കുന്നതാണ്. അദ്ദേഹം രചിച്ച ഇതര ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ്. ഭിക്ഷു (നാടകം) ഞാനും വരുന്നു (നാടകം) പോർവിളി (മാർക്സിസം അപഗ്രഥനം) മാർക്സിസം റഷ്യയിൽ, കലകമ്മ്യൂണിസ്റ്റ് റഷ്യയിൽ, കമ്മ്യൂണിസവും മതവും, ഗാനങ്ങൾ അലയടി

www.malankaralibrary.com

ക്കുന്നു, ആന്ദ്രേ ജീദ് (ജീവചരിത്രം)തുള്ളുന്ന കൈരളി (കവിത) അപാരേ കാവ്യ സംസാരേ (സാഹിത്യനിരൂപണം) മാർ ഇവാനിയോസ് (ബാലേ) പഞ്ചരത്നബാലേ, പ്രവാചകൻ സംസാരിക്കുന്നു (രണ്ടു ഭാഗങ്ങൾ) ത്രിത്വദർശനം, ആദ്ധ്യാത്മികതിയുടെ നേർവര, വി. കുർബ്ബാനയെപ്പറ്റി, ധീരസമീരേ (കവിതാസമാഹാരം) ദൈവം മരിച്ചോ, പ്രവാചകന്മാർ (ബൈബിൾ).


മലയാളികൾ ഫാ. അയ്യനേത്തിന്റെ ഷഷ്ടിപൂർത്തി തിരുവനന്തപുരം വി.ജി.റ്റി. ഹാളിൽ വച്ച് വിപുലമായ തോതിൽ ആഘോഷിക്കുകയുണ്ടായി. ഗവൺമെന്റ് സെക്രട്ടറി ശ്രീ ആർ. രാമചന്ദ്രൻ നായരായിരുന്നു (ഐ.എ. എസ്) കൺവീനർ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ്, പത്മശ്രീ ഡോ. ശൂരനാട് പി.എൻ. കുഞ്ഞൻപിള്ള, മലയാള മനോരമ ചീഫ് എഡിറ്റർ ശ്രീ. കെ.എം. മാത്യു എന്നിവരായിരുന്നു രക്ഷാധികാരികൾ.

മലയാള സാഹിത്യരംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയ പ്രമുഖ സാഹിത്യകാരനായ ഫാ. അയ്യനേത്ത് അശീതിയോടടുത്തെങ്കിലും സജീവമായി പ്രവർത്തനരംഗത്ത് നിലനിൽക്കുന്നു.

വിലാസം - ഫാ. ഒ. അയ്യനേത്ത്, ക്ലർജി ഹൗസ്, കേശവദാസപുരം,
തിരുവനന്തപുരം- 4.

# 67

## ഫാ. ലൂക്ക് O.F.M. Cap.



അൻപതിൽ അധികം ഭാഷകളിൽ അഗാധ പാണ്ഡിത്യമുള്ള ഏക ഭാരതീയവൈദികൻ എന്ന് വിശേഷിപ്പിക്കാവുന്ന ഫാ. ലൂക്ക് ഒ.എഫ്.എം. ക്യാമ്പ് പാലാ രൂപതയിൽ ഭരണങ്ങാനം ഇടവകയിലെ അമ്പാറ എന്ന സ്ഥലത്ത് പ്ലാത്തോട്ടത്തിൽ മാത്യുവിന്റേയും വലിയവീട്ടിൽ അന്നയുടേയും മൂത്തമകനായി 1927 മാർച്ച് 24-ാം തീയതി ജനിച്ചു. ലൂക്കച്ചന് ജ്ഞാനസ്നാനസമയത്ത് നൽകപ്പെട്ട പേര് കുര്യാക്കോസ് എന്നാണ്. കുര്യാക്കോസ് തന്റെ ഹൈസ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ ഭാവിജീവിതത്തെക്കുറിച്ച് വളരെ ഗഹനമായി ചിന്തിച്ച് തുടങ്ങിയിരുന്നു. സന്യാസജീവിതത്തിലേയ്ക്കുള്ള ഉൾവിളി തിരിച്ചറിഞ്ഞ കുര്യാക്കോസ് കപ്പൂച്ചിൻ സന്യാസസമൂഹത്തിൽ ചേർന്ന് മാംഗ്ലൂരിലുള്ള 'മോന്തേ മരിയാനോ' നോവിഷ്യേററിൽ വച്ച് 1946 ജൂൺ 12ന് സന്യാസവസ്ത്രം സ്വീകരിക്കുകയും 1947 ജൂൺ 13 ന് വ്രതവാഗ്ദാനം നടത്തി 'ലൂക്ക്' എന്ന പേര് സ്വീകരിക്കുകയും ചെയ്തു. കൊല്ലത്തുള്ള കപ്പൂച്ചിൻ ആശ്രമത്തിൽ മൂന്ന് വർഷത്തെ തത്വശാസ്ത്ര പഠനവും കോട്ടഗിരിയിലുള്ള

www.malankaralibrary.com

കപ്പൂച്ചിൻ ഫ്രയറിയിൽ നാല് വർഷത്തെ ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി. 1953 ൽ വൈദീകനായി അഭിഷിക്തനാവുകയും 1954 ൽ സന്യാസവൈദീക പരിശീലനം പൂർത്തീകരിക്കുകയും ചെയ്തു.

ദൈവശാസ്ത്രപഠനകാലത്ത് തന്നെ ബൈബിൾ പഠനത്തിലും ഭാഷാ പഠനത്തിലും പ്രത്യേക കഴിവും മികവും കാണിച്ച ലൂക്കച്ചനോട് ദൈവശാസ്ത്രത്തിൽ റോമിലെ 'ഗ്രിഗോറിയാനം' യൂണിവേഴ്സിററിയിൽ ബിരുദാനന്തരപഠനം നടത്താൻ സഭാധികാരികൾ ആവശ്യപ്പെട്ടു. 1956 ൽ ഗ്രിഗോറിയാനത്തിലെ പഠനം വിജയകരമായി പൂർത്തിയാക്കിയ ശേഷം Biblicum ൽ വച്ച് 'ബൈബിൾ ശാസ്ത്ര'ത്തിൽ കൂടി ബിരുദാനന്തരപഠനം പൂർത്തിയാക്കി. 1958 ൽ ഒരു ഡിഗ്രികൂടി സ്വന്തമാക്കി ഇന്ത്യയിലേക്ക് മടങ്ങി. ഇന്ത്യയിൽ തിരിച്ചെത്തിയ അച്ചൻ കോട്ടഗിരി ഫ്രയറിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിൽ വ്യാപൃതനായി. അതേസമയം തന്നെ മററ് പല സ്ഥാപനങ്ങളിലും അദ്ദേഹം പഠിപ്പിച്ചിരുന്നു.

കാര്യങ്ങളുടെ ഗഹനത്തിലേയ്ക്ക് ആഴ്ന്നിറങ്ങാനുള്ള ലൂക്കച്ചന്റെ ബുദ്ധികൂർമ്മതയും, വസ്തുതകളെ ഒരു ഛായാഗ്രഹണത്തിലെന്നോണം ഓർമ്മയിൽ ഒപ്പിയെടുക്കാനുള്ള കഴിവും അദ്ദേഹത്തിന്റെ ശിഷ്യഗണ ത്തേയും സഹപ്രവർത്തകരേയും അതിശയിപ്പിച്ചിരുന്നു. അവരിൽ ചിലരുടെ നിരന്തരമായ നിർദ്ദേശത്തെമാനിച്ച് 1965 ൽ അന്നത്തെ പ്രൊവിൻഷ്യൽ ആയിരുന്ന ഫാ. ബെർക്കുമാൻസ്, ലൂക്കച്ചനെ അമേരിക്കയിലെ ചിക്കാഗോ യൂണിവേഴ്സിററിയിൽ ഡോക്ട്രേററ് പഠനത്തിനായി അയച്ചു. അക്കാലത്ത് അമേരിക്കൻ യൂണിവേഴ്സിററിയിൽ ഒരു ഇന്ത്യൻ കത്തോലിക്കാ പുരോഹിതന് പോയി പഠിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. കാരണം അമേരിക്കൻ കലാശാലകളിൽ കത്തോലിക്കാ വിരുദ്ധമനോ ഭാവവും മതവിരുദ്ധ നിലപാടുകളും വളരെ ശക്തിപ്രാപിച്ച് വരുന്ന കാലഘട്ട മായിരുന്നു. ആയതിനാൽ കത്തോലിക്കാ പുരോഹിതരും വിശ്വാസികളും അവിടെ പഠിക്കുന്നതിൽ റോമിലെ തിരുസഭ ഏറെ വിലക്കുകൾ കല്പിച്ചി രുന്നു. 'പൗരസ്ത്യഭാഷാശാസ്ത്ര'ത്തിൽ അറിവിന്റെ ആഴങ്ങളും ബുദ്ധി ശക്തിയുടെ പ്രാവീണ്യവും തെളിയിച്ചുകൊണ്ട് ചിക്കാഗോയിൽ തന്റെ ഡോക്ട്രേററ് പഠനം പൂർത്തിയാക്കിയപ്പോൾ ചിക്കാഗോ യൂണിവേഴ്സിററി യിലെ തന്നെ പ്രൊഫസറാകാൻ കലാശാല (ഒപ്പം മററ് പല യൂണിവേഴ്സി ററികളും) ക്ഷണിച്ചതാണ്. പക്ഷെ സ്നേഹത്തിന്റെ കടപ്പാടുകൾക്കും സന്യാസജീവിതത്തിന്റെ മൂല്യങ്ങൾക്കും ഏറെ വില കൽപിക്കുന്ന ലൂക്കച്ചൻ ഒത്തിരിയേറെ ബുദ്ധിമുട്ടുകൾ സഹിച്ച് തന്നെ ഉപരിപഠനത്തിനായി യു.എസ്.എ. യിലേക്ക് അയച്ച ഇൻഡ്യൻ പ്രൊവിൻസിന് തന്നെക്കൊണ്ടുള്ള ആവശ്യങ്ങളെ മറക്കാനായില്ല. 1971 ൽ തന്റെ സഹോദരങ്ങൾക്കായി സേവനം ചെയ്യാൻ അദ്ദേഹം ഇൻഡ്യയിൽ തിരിച്ചെത്തി. തൃശൂരുള്ള കപ്പൂച്ചിൻ തത്വശാസ്ത്രപഠനകേന്ദ്രത്തിൽ 1989 വരെ പ്രൊഫസറായി

www.malankaralibrary.com

സേവനമനുഷ്ഠിച്ചു. ഈ കാലഘട്ടത്തിൽ ഇന്ത്യയിലെ പല മേജർ സെമനാരികളിലും അദ്ദേഹം ദൈവശാസ്ത്രം പഠിപ്പിച്ചിരുന്നു. 1989 മുതൽ കോട്ടയത്തെ കപ്പൂച്ചിൻ തിയോളജിക്കൽ കോളേജിൽ (വിദ്യാഭവൻ, തെള്ളകം) ദൈവശാസ്ത്രം പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഭാഷയുടെ മൂലങ്ങളിൽ അറിവിന്റെ നിധിതേടിപ്പോവുക (philology) എന്നത് ലൂക്കച്ചന് അടക്കാനാവാത്ത മനസ്സിന്റെ ജിജ്ഞാസയായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന് മുൻപ്, കത്തോലിക്കാ പുരോഹിതർക്ക് അകത്തോലിക്കമായ പുസ്തകങ്ങൾ വായിക്കുന്നത് അനുവദിനീയമല്ലാതിരുന്ന കാലത്ത്, ജനറലിന്റെ പ്രത്യേക അനുവാദം വാങ്ങി ഇൻഡോ-യൂറോപ്യൻ, സെമിററിക്, ഇൻഡിക് സംസ്ക്കാരങ്ങളുടെ ഭാഷകളുടെയും സംസ്ക്കാരങ്ങളുടെയും ഗഹനമായ പഠനത്തിൽ മുഴുകി. ഇന്ന് അച്ചന് ഏകദേശം അൻപതോളം ഭാഷകളിൽ അഗാധപാണ്ഡിത്യമുണ്ട്. ഈ മേഖലയിൽ ഇന്ന് ലോകത്ത് ജീവിച്ചിരിക്കുന്ന അപൂർവ്വം ചില പ്രതിഭകളിൽ ഒരാളാണ് ലൂക്കച്ചൻ. ഏഴ് പുസ്തകങ്ങളും, 1971 ശേഷം ഏകദേശം 200 ഓളം ലേഖനങ്ങളും അച്ചൻ എഴുതിയിട്ടുണ്ട്.

**അച്ചൻ രചിച്ച ഗ്രന്ഥങ്ങൾ താഴെപ്പറയുന്നവയാണ്.**

1. Non- Paradigmatic forms of weak verbs in Mazoretic Hebrew (Quilon 1973)
2. Studies on the Book of genesis (Aluva, 1975)
3. Israel before Yahaveh: An exposition of selected Psalms (Aluva, 1978)
4. Genesis I-III An exposition (Aluva, 1980)
5. TPI companion to the Bible, Vol I: Old Testament (Bangalore, 1987)
6. TPI companion to the Bible, Vol II New Testament (Bangalore, 1988)
7. Taste and See (Delhi, 1996)
8. The cultural background of the Old Testament (Bangalore, 2002)

എല്ലാക്കാലത്തും സന്യാസജീവിതം അതിന്റെ തീഷ്ണതയിൽ ജീവിക്കാൻ ശ്രമിച്ച ഒരു സഹോദരനാണ് ഫാ. ലൂക്ക്. അദ്ദേഹം ഒരു തികഞ്ഞ കപ്പൂച്ചിൻ സന്യാസിയാണ് എന്ന് പറയാൻ അദ്ദേഹത്തോടൊപ്പം ജീവിച്ചിട്ടുള്ള ആർക്കും നിഷ്പ്രയാസം കഴിയും. ദാരിദ്ര്യവ്രതം ജീവിത വ്രതമാക്കിപ്പകർത്തിയ അച്ചന്റെ ഏക സമ്പാദ്യം താൻ ഏറെ വിലമതിക്കുന്ന കുറെ പുസ്തകങ്ങളാണ്. ഒരു യോഗിവര്യന്റെ ശാന്തസൗമ്യമായ ദൈവ ഭക്തിയോടെ അദ്ദേഹം ധ്യാനപൂർവ്വം ദൈവസാന്നിദ്ധ്യത്തിൽ ചിലവഴിക്കുന്ന നിമിഷങ്ങൾ കണ്ടാൽ "ദൈവഭക്തി ജ്ഞാനത്തിന്റെ ആരംഭം" എന്ന വിശുദ്ധ ഗ്രന്ഥവാക്യം അക്ഷരാർത്ഥത്തിൽ സത്യമെന്ന് തോന്നിപ്പോകും. ജ്ഞാനത്തിന്റെ ഉറവിടം ദൈവമായതിനാലാവാം ജ്ഞാനം ലൂക്കച്ചനെ ഇത്രയേറെ ശാന്തനും വിനീതനുമാക്കുന്നത്. അഹംഭാവത്തിന്റെ ജാടകളും ധാർഷ്ട്യവുമില്ലാത്ത പരിശുദ്ധ ജ്ഞാനം. ചർച്ചകളിൽ അദ്ദേഹം പൊതുവിൽ നിശബ്ദനാണ്. എന്തെങ്കിലും കാര്യത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായം പ്രത്യേ

www.malankaralibrary.com

കിച്ച് ചോദിച്ചാലല്ലാതെ വാചാലനാകാറില്ല.


പഴയകാല കപ്പൂച്ചിൻ രീതികളേയും പാരമ്പര്യങ്ങളേയും വളരെ ആദരിക്കുന്ന അച്ഛൻ തന്റെ ചെറുപ്പകാലങ്ങളിൽ എല്ലാ ദിവസവും ഉപവസിച്ചിരുന്നു. ഏതൊരു ചെറിയ കാര്യം ചെയ്യുന്നതിന് മുൻപും ആശ്രമത്തിലെ സുപ്പീരിയറിന്റെ അനുവാദം ചോദിക്കുന്ന പതിവ് ഇന്നും അച്ചൻ തുടരുന്നു. അധികാരങ്ങളോടും സ്ഥാനമാനങ്ങളോടും അദ്ദേഹം ഒരിക്കലും താത്പര്യം കാണിച്ചിട്ടില്ല. ഒരു പ്രാവശ്യം പ്രൊവിൻഷ്യൽ ചാപ്ററിന്റെ പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അത് സ്നേഹപൂർവ്വം നിരസിക്കുകയാണുണ്ടായത്. ഈ ജ്ഞാനിയുടെ ഉള്ളിൽ പൂക്കളേയും മരങ്ങളേയും പക്ഷികളേയും മൃഗങ്ങളേയും സ്നേഹിച്ചിരുന്ന അസ്സീസ്സിയിലെ ആ മഹാവിശുദ്ധന്റെ അരൂപി ചലനാത്മകമാണ്.

പൂർണ്ണ ആരോഗ്യവാനായി ഏറെക്കാലം സ്വാസ്ഥ്യമനുഭവിക്കാൻ അച്ചന് കഴിഞ്ഞിട്ടില്ല. എന്നും എന്തെങ്കിലുമൊക്കെ രോഗപീഡകൾ അലട്ടിയിരുന്നു. ഒരു കുഞ്ഞിന്റേതുപോലെ ദുർബലമായ ഒരു ശരീരം. ഇന്ന് അദ്ദേഹത്തിന്റെ നാഡീഞരമ്പുകൾ ദുർബലമാണ്, ശരീരത്തെ മനസ്സിനൊപ്പം കൂട്ടിക്കൊണ്ടുപോകാൻ സാധിക്കുകയില്ല, അവയവങ്ങളെയൊക്കെ 'പാർക്കിൻസൺസ്' എന്ന രോഗം കീഴ്പെടുത്തിയിരിക്കുന്നു. എന്നിരുന്നാലും മനസ്സിന്റെ കൂർമ്മയും, ഓർമ്മയുടെ വ്യക്തതയും ഇന്നും കൈമുതലായുണ്ട്. ഒരു കൊച്ചുകുഞ്ഞിന്റെ അറിവിനോടുള്ള ജിജ്ഞാസയോടെ ജ്ഞാനത്തിന്റെ ലോകത്ത് ദുർബലമായ കാഴ്ചശക്തിയോടെ ഇന്നും ആ കണ്ണുകൾ പരതിനടക്കുകയാണ്.

വിലാസം - ഫാ. ലൂക്ക് ഒ.എഫ്.എം. കപ്പൂച്ചിൻ, സെന്റ് ഫ്രാൻസീസ് തിയോളജിക്കൽ കോളേജ്, തെള്ളകം പി.ഒ., കോട്ടയം

# 68

# ഫാ. ജെയിംസ് വെട്ടിക്കാട്ട്



കേരളത്തിലെ കിഴക്കൻ മലയോരങ്ങളിലും മലബാറിലെ സ്വകാര്യ വനപ്രദേശങ്ങളിലും അധിവസിച്ചിരുന്ന ഇരുപത്തിയഞ്ചുലക്ഷത്തോളം വരുന്ന കുടിയേറ്റ കർഷകരെ കുടിയിറക്കാനുള്ള സർക്കാരിന്റെ നീക്കത്തിനെതിരെ നടന്ന ബഹുജന പ്രക്ഷോഭണത്തിന്റെ മുന്നണി പോരാളികളിൽ ഒരാളായിരുന്ന ഫാദർ ജെയിംസ് ചങ്ങനാശ്ശേരിക്കു സമീപമുള്ള പായിപ്പാട്ടെ പൗരാണികവും പ്രശസ്തവുമായ വെട്ടിക്കാട്ട് കുടുംബശാഖയിൽപ്പെട്ട പുത്തൻപുരയ്ക്കൽ പോത്തൻസാറിന്റെയും

www.malankaralibrary.com

റോസമ്മയുടെയും സീമന്തപുത്രനായി 1927 മാർച്ച് 27-ന് ഭൂജാതനായി. പായിപ്പാട്ട് ഗവൺമെന്റ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തി. ഹൈസ്കൂൾ വിദ്യാഭ്യാസം ചങ്ങനാശ്ശേരി എസ്. ബി.യിലായിരുന്നു. തുടർന്ന് എസ്.ബി. കോളേജിൽ ചേർന്ന് ഇന്റർമീഡിയറ്റ് പരീക്ഷ പ്രശസ്തമായ നിലയിൽ പാസ്സായി. പഠനത്തിലും കലാപരിപാടികളിലും ഉന്നതനിലവാരം പുലർത്തിയിരുന്ന ജെയിംസ് കലാസാഹിത്യമത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ നേടി. നല്ലൊരു വാഗ്മി എന്ന നിലയിൽ പ്രശസ്തനായി.

ഒരു വൈദികനാകണമെന്ന ആഗ്രഹം ചെറുപ്പം മുതലേ അദ്ദേഹത്തിൽ നിലനിന്നിരുന്നു. പാറേൽ പെറ്റി സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. തുടർന്ന് ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ ഫിലോസഫിയും തിയോളജിയും പഠിച്ച് വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി. പൗരസ്ത്യ തിരുസംഘം പ്രീഫെക്ടായിരുന്ന അത്യുന്നതകർദ്ദിനാൾ ടിസറന്റ് തിരുമേനിയിൽനിന്നും 1953 ഡിസംബർ 8-ന് പൗരോഹിത്യം സ്വീകരിച്ചു. എടത്വാ, ഉപ്പുതറ, ഫൊറോനാ പള്ളികളിൽ അസിസ്റ്റന്റ് വികാരിയായി പ്രവർത്തിച്ച ജെയിംസച്ചന്റെ പിന്നീടുള്ള പ്രവർത്തനം കുടിയേറ്റ പ്രദേശമായ മേരികുളത്തായിരുന്നു. തുടർന്ന് എരുമേലി, തോട്ടയ്ക്കാട്, തുരുത്തി, നെടുങ്കുന്നം, തിരുവനന്തപുരം, വില്ലൂന്നി, മാന്നില, പെരുന്ന വെസ്റ്റ്, കൊടുനാട്ടുകുന്ന് തുടങ്ങിയ ഇടവകകളിൽ വികാരിയായി പ്രഗത്ഭമായ രീതിയിൽ അജപാലന ശുശ്രൂഷ നിർവഹിച്ചു.

കിഴക്കൻ മേഖലയായ ഹൈറേഞ്ചിന്റെ വികസനത്തിൽ ജെയിംസച്ചൻ ചെയ്ത സേവനം ഉജ്ജ്വലമായിരുന്നു. ഹൈറേഞ്ച് മേഖലയിൽ നിരവധി ആരാധനാലയങ്ങളും സ്കൂളുകളും പോസ്റ്റാഫീസുകളും ബാങ്കുകളും സ്ഥാപിക്കുന്നതിൽ നിർണ്ണായക പങ്കാണ് ജെയിംസച്ചൻ നിർവഹിച്ചിട്ടുള്ളത്. ആ പ്രദേശം എന്നെന്നും അദ്ദേഹത്തോട് കടപ്പെട്ടിരിക്കും. ചങ്ങനാശ്ശേരി അതിരൂപതാ വൈദിക സെനറ്റ്, പാസ്റ്ററൽ കൗൺസിൽ, സ്കൂൾ എഡ്യൂക്കേഷൻ കമ്മറ്റി, സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ബോർഡ് ഇവകളിൽ ദീർഘകാലം അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. പൂനയിൽ ചേർന്ന വൈദികരുടെ ദേശീയ ആലോചനാസമിതിയിലും തുടർ കമ്മിറ്റികളിലും സേവനം അനുഷ്ഠിക്കുകയുണ്ടായി. അതിരൂപത നിയോഗിച്ച പല കമ്മീഷനുകളുടെയും കൺവീനറും ദീർഘകാലം പബ്ലിക് റിലേഷൻസ് ഓഫീസറുമായിരുന്നു. അദ്ദേഹത്തിൽ പ്രകടമായിരുന്ന അഭിപ്രായധീരതയും ആജ്ഞാശക്തിയും പ്രത്യേകം എടുത്തുപറയേണ്ടഗുണങ്ങളാണ്.

കാർഷിക സാമ്പത്തിക മേഖലകളിലും ജെയിംസച്ചൻ നിസ്തുല സേവനം അനുഷ്ഠിക്കുകയുണ്ടായി. 1957ലെ കമ്യൂണിസ്റ്റ് ദുർഭരണത്തിനുശേഷം അധികാരത്തിലേറിയ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്താണ്, അതിക്രൂരമായ കർഷകദ്രോഹനടപടികൾ ആരംഭിച്ചത്. മലബാറിലെ സ്വകാര്യ വനപ്രദേശങ്ങളിൽ സർക്കാർ ഏർപ്പെടുത്തിയ

www.malankaralibrary.com

മേൽച്ചാർത്ത് സമ്പ്രദായം ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയെ അരക്കിട്ടുറപ്പിക്കുന്നവയായിരുന്നു. അതേസമയം കേരളത്തിലെ ഹൈറേഞ്ചിൽ ഭീകരമായ കുടിയിറക്കും നടന്നു. 60-കളിൽ നടന്ന ഉടമ്പൻചോല കുടിയിറക്കും, അമരാവതിയിലെ കുടിയിരുത്തും ലോകരാഷ്ട്രങ്ങളെപ്പോലും ഞെട്ടിക്കുകയുണ്ടായി. തുടർന്ന് അയ്യപ്പൻ കോവിലിലും ചുരുളി കീരിത്തോട്ടിലും നടന്ന കുടിയിറക്കുകൾ കേരളമനസാക്ഷിയെ ഞെട്ടിപ്പിച്ച സംഭവങ്ങളാണ്. ഈ കർഷകദ്രോഹനടപടികൾക്കെതിരായി നടന്ന ഐതിഹാസികമായ കൊട്ടിയൂർ ജാഥായും മലനാട് കർഷകയൂണിയൻ രൂപീകരണവും കേരള രാഷ്ട്രീയത്തിൽ പുത്തൻ ധ്രുവീരണത്തിനിടനൽകി. ഫാ. വടക്കനും എ.കെ.ജിയും കൂടി ചേർന്ന് നടത്തിയ പ്രക്ഷോഭണങ്ങളും കേരളരാഷ്ട്രീയത്തിൽ കോളിളക്കം സൃഷ്ടിച്ചു. ഈ സമരത്തിൽ എല്ലാം മുൻപന്തിയിൽ ഫാ. ജെയിംസ് നിലകൊണ്ടു. അയ്യപ്പൻകോവിൽ അദ്ദേഹത്തിന്റെ പ്രധാന പ്രവർത്തനരംഗമായിരുന്നു. അക്കാലത്ത് ഹൈറേഞ്ചിൽക്കൂടി നടന്ന വൻ പ്രകടനങ്ങളും പിക്കറ്റിംഗുകളും ഫാ. ജെയിംസിന്റെ സംഘടനാപാടവത്തിന്റെ തെളിവുകളായിരുന്നു. ചെറുകിടകർഷകപ്രശ്നങ്ങൾക്ക് ഗവൺമെന്റ് നിയോഗിച്ച പഠനക്കമ്മറ്റി അംഗം എന്ന നിലയിലും ജെയിംസച്ചൻ സ്തുത്യർഹമായ സേവനം കാഴ്ചവെച്ചു.

നല്ലൊരു വാഗ്മിയും മികച്ച സംഘാടകനും സാംസ്കാരികസാമൂഹ്യ പ്രവർത്തകനുമാണദ്ദേഹം. ദിനപത്രങ്ങളിലും ആനുകാലികങ്ങളിലുമായി നിരവധി ലേഖനങ്ങൾ എഴുതി ജനങ്ങളെ ഉൽബുദ്ധരാക്കിയിട്ടുണ്ട്. കുടുംബപ്രേഷിതരംഗത്ത് ഫലപ്രദമായ സേവനം കാഴ്ചവെച്ച ജെയിംസച്ചൻ കൊണ്ടോടി- വെട്ടിക്കാട്ട് കുടുംബയോഗത്തന്റെ മുഖ്യ ഉപദേഷ്ടാവ്, കൺസോൾ ഇന്ത്യാ നാഷണൽ ട്രസ്റ്റ് രക്ഷാധികാരി എന്നീ നിലകളിൽ സേവനനിരതനാണ്.

കേരള ട്രാൻസ്പോർട്ട് മന്ത്രി കെ. നാരായണക്കുറുപ്പ് ദീപികയിൽ സപ്തതിയാഘോഷത്തോടനുബന്ധിച്ച് എഴുതിയ ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ആദ്ധ്യാത്മിക മേഖലയിൽ മാത്രമായി പ്രവർത്തനം ഒതുക്കി നിർത്തിയ വൈദികനെയല്ല ഇക്കഴിഞ്ഞ വർഷങ്ങളിൽ കേരളീയർ വെട്ടിക്കാട്ടച്ചനിൽ കണ്ടത്. മലയോരകർഷകർ അദ്ദേഹത്തിൽ തങ്ങളുടെ നേതാവിനെയും വക്താവിനെയും ദർശിച്ചു. അദ്ദേഹം കയറിയിറങ്ങാത്ത പ്രദേശങ്ങൾ ഇടുക്കി ജില്ലയിൽ ഉണ്ടാവുമെന്നു തോന്നുന്നില്ല. പാവപ്പെട്ടവരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കാൻ അദ്ദേഹം അവരുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെന്നു. താൻ കണ്ടെത്തിയ കാര്യങ്ങൾ പിന്നീട് അദ്ദേഹം അധികൃതശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തു. അസാധാരണ ബുദ്ധിവൈഭവം ആ വ്യക്തിത്വത്തിന് കരുത്തു പകരുന്നു. ഒരേ ബഞ്ചിൽ ഒരുമിച്ചിരുന്ന് പഠിച്ച് രണ്ടുവഴിക്ക് പിരിഞ്ഞു പോയവരാണ് ഞങ്ങൾ. ഇന്നു രണ്ടു മേഖലകളിൽനിന്ന് സഹജീവികൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ട് ഞങ്ങൾ

www.malankaralibrary.com

ഈശ്വരസേവ ചെയ്യുകയാണ്. സമ്പത്തിന്റെയും സമയത്തിന്റെയും പാതി അന്യർക്കായി മാറ്റി വയ്ക്കണമെന്ന പുരാണവാക്യം അദ്ദേഹം പാലിച്ചിട്ടുണ്ട്. എന്നെ പ്രസംഗത്തിൽ തല്പരനാക്കിയതും അദ്ദേഹമാണെന്നത് മറക്കാൻ കഴിയില്ല.

സപ്തതിയാഘോഷത്തിൽ അദ്ധ്യക്ഷം വഹിച്ച കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ ജെയിംസച്ചനെ ഹൈറേഞ്ചിന്റെ ശില്പി എന്നാണ് വിശേഷിപ്പിച്ചത്. പാവങ്ങളുടെ പക്ഷം ചേർന്ന് ഐതിഹാസികമായ സമരം നടത്തിയ ഫാ. ജെയിംസ് ഇന്ന് അടരാടിത്തളർന്ന ഒരു വ്യാഘ്രത്തെപ്പോലെ ഇത്തിത്താനത്തെ പ്രീസ്റ്റ്ഹോമിൽ പ്രാർത്ഥനയിൽനിന്നാർജ്ജിച്ച ആത്മഹർഷപൂർണ്ണമായ സംതൃപ്തിയോടെ പ്രശാന്തമായൊരു ജീവിതസായാഹ്നം ആസ്വദിക്കുകയാണ്.

വിലാസം - ഫാ. ജെയിംസ് വെട്ടിക്കാട്ട്, സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം,
ഇത്തിത്താനം പി.ഒ., ചങ്ങനാശ്ശേരി.

## 69

# മാർ ജോസഫ് പള്ളിക്കാപറമ്പിൽ



ആരാധ്യനായ പിതാവ്, ആദരണീയനായ ആചാര്യൻ, ആത്മാർത്ഥതനിറഞ്ഞ സുഹൃത്ത്, അർപ്പിതമനസ്കനായ അജപാലകൻ, സമർത്ഥനായ സഭാസാരഥി, നേട്ടങ്ങൾക്കുവേണ്ടി തത്ത്വങ്ങളെ ബലികഴിക്കാൻ തയ്യാറാകാത്ത ധീരനായ സഭാസ്നേഹി, ക്രൈസ്തവവിശ്വാസങ്ങൾക്കുവേണ്ടിയും നീതിക്കുവേണ്ടിയും ധാർമ്മികതയ്ക്കുവേണ്ടിയും കർക്കശവും കഠിനവുമായ നിലപാടെടുക്കാൻ മടിക്കാത്ത ഭരണാധികാരി എന്നിങ്ങനെ വിവിധ നിലകളിൽ അറിയപ്പെടുന്ന മാർജോസഫ് പള്ളിക്കാപറമ്പിൽ 1927ഏപ്രിൽ 10ന് മുത്തോലപുരത്ത് പള്ളിക്കാപറമ്പിൽ ദേവസ്യാ - കത്രീനാ ദമ്പതികളുടെ രണ്ടാമത്തെ പുത്രനായി ജനിച്ചു.

കളരി വിദ്യാഭ്യാസത്തിനുശേഷം മുത്തോലപുരം ഗവൺമെന്റ് പ്രൈമറിസ്കൂൾ, ഇലഞ്ഞിസെന്റ് പീറ്റേഴ്സ് ഇംഗ്ലീഷ് മിഡിൽ സ്കൂൾ, വാഴക്കുളം ഇൻഫന്റ് സ്കൂൾ, മാന്നാനം ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠിച്ച് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് ചങ്ങനാശ്ശേരി എസ്സ്.ബി. കോളേജിൽ ഇന്റർമീഡിയറ്റിന് ചേർന്നു. സെന്റ് ജോസഫ്സ് ഹോസ്റ്റലിലായിരുന്നു താമസം. ഹോസ്റ്റൽ നിയമങ്ങൾ പാലിക്കുന്നതിൽ ജോസഫ് യാതൊരു മടിയും കാണിച്ചിരുന്നില്ല. 1945 ൽ ഇന്റർമീഡിയറ്റ് പാസ്സായ പി.ഡി. ജോസഫ് ഉപരിപഠനാർത്ഥം തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളേജിൽ ചേർന്നു

www.malankaralibrary.com

ധനതത്വശാസ്ത്രം വിഷയമെടുത്ത് ബി.എ.യ്ക്ക് പഠിച്ചു. ബി.എ. പരീക്ഷ ഒന്നാംക്ലാസ്സിൽ പാസ്സായ ജോസഫ് ഒന്നാംസ്ഥാനത്തിനുള്ള മെഡലും കരസ്ഥമാക്കി. എം.എയ്ക്ക് മദ്രാസ് ലയോളാകോളേജിൽ ആയിരുന്നു ചേർന്നത്. ഇന്ത്യൻ ഭരണഘടനാ നിർമ്മാണസമിതിയിൽ അംഗമായിരുന്ന ഫാ. ജറോം ഡിസൂസാ ആയിരുന്നു അന്ന് ലയോളാ കോളേജ് പ്രിൻസിപ്പൽ. അദ്ദേഹത്തിന്റെ പ്രീതി സമ്പാദിക്കുവാൻ ജോസഫിന് കഴിഞ്ഞു.

1949 ൽ എം.എ. പാസ്സായ ജോസഫിന് ചങ്ങനാശ്ശേരി എസ്സ്.ബി. കോളേജിൽ അദ്ധ്യാപകനാകാൻ ക്ഷണം കിട്ടി. ആ ക്ഷണം സ്നേഹപൂർവ്വം നിരസിച്ചു. വിദ്യാർത്ഥിയായിരുന്ന കാലത്ത് കർഷക പുത്രനായ ജോസഫ് കൃഷികാര്യങ്ങളിൽ പിതാവിനെ സഹായിച്ചിരുന്നു. പശു, എരുമ, കാള മുതലായവയെ തീറ്റാനും വെള്ളം കൊടുക്കുവാനും ഉഴുകാളകളെ പാടത്ത് എത്തിക്കാനും ഒക്കെ വളരെ ഉത്സാഹപൂർവ്വം പ്രവർത്തിച്ചിരുന്നു. ഐ.എ. എസ്സ് ന് പോകാൻ പലരും നിർബ്ബന്ധിച്ചതും അദ്ദേഹം സ്വീകരിച്ചില്ല. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ 1949 ൽതന്നെ അദ്ദേഹം ചങ്ങനാശ്ശേരി അതിരൂപതവക പാറേൽ മൈനർ സെമിനാരിയിൽ ചേർന്നു. മംഗലാപുരം സെമിനാരിയിൽ ആണ് ഉപരിപഠനത്തിന് ചേർന്നത്. അവിടെനിന്നും തത്വശാസ്ത്രപഠനം ആരംഭിച്ചതിനുശേഷം ശെമ്മാശ്ശനെ റോമിലേക്കയച്ചു. പാലാരൂപത സ്ഥാപിതമായതിനുശേഷം 1952 ൽ റോമിലെ പ്രൊപ്പഗാന്താ കോളേജിലേക്ക് അയക്കപ്പെട്ട പ്രഥമ വൈദിക വിദ്യാർത്ഥിയായിരുന്നു ജോസഫ് പള്ളിക്കാപറമ്പിൽ. തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചുകഴിഞ്ഞ് റോമിൽവച്ച് തന്നെ അദ്ദേഹം വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു. 1958 നവംബർ 23ന് റോമിലെ ഉർബൻ കോളേജിന്റെ ചാപ്പലിൽവച്ച് പ്രൊപ്പഗാന്താതിരുസംഘത്തിന്റെ പ്രീഫക്ട് കർദ്ദനാൾ ഗ്രിഗറി പീറ്റർ അഗജിയാനിയാനിൽ നിന്നാണ് വൈദികപട്ടം സ്വീകരിച്ചത്. റോമിൽവച്ച് പൗരോഹിത്യം സ്വീകരിച്ചതിനാൽ ആ ചടങ്ങിൽ പങ്കെടുക്കാൻ ബന്ധുക്കളോ, സുഹൃത്തുക്കളോ എത്തിയിരുന്നില്ല.

പൗരോഹിത്യസ്വീകരണത്തിനുശേഷം വീണ്ടും ഉപരിപഠനം നടത്താൻ റോമിൽ കൊച്ചച്ചൻ വീണ്ടും താമസിക്കേണ്ടിവന്നു. തത്വശാസ്ത്രത്തിൽ ഉപരിപഠനം നടത്തുവാൻ തീരുമാനിച്ചു. ഈ കാലഘട്ടത്തിലാണ് സീറോ-മലബാർ സഭയ്ക്കുവേണ്ടി ഒരു സെമിനാരി റോമിൽ ആരംഭിയ്ക്കുവാൻ പൗരസ്ത്യതിരുസംഘം സെക്രട്ടറിയായിരുന്ന കർദ്ദനാൾ എവുജിൻ ടിസ്സറന്റ് തീരുമാനമെടുത്തത്. മറ്റു പൗരസ്ത്യസഭകൾക്ക് റോമിൽ കോളേജ് ഉണ്ടായിരുന്നു. അംഗസംഖ്യയിൽ പൗരസ്ത്യസഭകളുടെയിടയിൽ രണ്ടാംസ്ഥാനത്ത് നിൽക്കുന്ന സീറോ-മലബാർ സഭക്ക് മാത്രം ഒരു കോളേജ് റോമിൽ ഉണ്ടായിരുന്നില്ല. മിഷൻ രാജ്യങ്ങളിൽ നിന്നുള്ളവർക്ക് പ്രവേശനം നൽകിയിരുന്ന പ്രൊപ്പഗാന്താകോളേജിൽ സീറോ-മലബാർ സഭയിൽപ്പെട്ടവർക്ക് അർഹമായ പ്രവേശനം ലഭിച്ചിരുന്നില്ല. യുക്രേനിയൻ സഭയ്ക്കുവേണ്ടി റോമിൽ

www.malankaralibrary.com

സ്ഥാപിതമായിരുന്ന സെന്റ് ജോസഫാത്ത് കോളേജിൽ അന്നത്തെ രാഷ്ട്രീയ സാഹചര്യംമൂലം വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു പോവുകയും ചെയ്തു. ആ കോളേജിന്റെ ഒരുഭാഗം സീറോ-മലബാർ സഭയ്ക്കുവേണ്ടി മാറ്റിവയ്ക്കുവാൻ ടിസ്സറന്റ് തിരുമേനി നിശ്ചയിച്ചു. പണ്ഡിതനും സീറോ-മലബാർ സഭയുടെ അഭിമാനഭാജനവുമായ ഫാ. പ്ലാസിഡ് പൊടിപാറ സി.എം.ഐ. ഓറിയന്റൽ കോൺഗ്രിഗേഷന്റെ ആലോചനസമിതിയിൽ അംഗവുമായിരുന്നു. പ്ലാസിഡച്ചനെ സീറോ-മലബാർ സഭക്കുവേണ്ടി സ്ഥാപിതമായ മലബാർ കോളേജിന്റെ റെക്ടറായി നിയമിച്ചു. നമ്മുടെ കഥാനായകൻ ഫാ. ജോസഫ് പള്ളിക്കാപറമ്പനെ വൈസ് റെക്ടറുമായി നിയമിച്ചു. അങ്ങനെ ഡോക്ടറേറ്റിന് പഠിക്കുന്ന ജോസഫ് അച്ചൻ സെമിനാരിയുടെ ഭരണതലവന്മാരിൽ ഒരാളുമായി.

1962 ൽ തത്വശാസ്ത്രത്തിൽ ഏറ്റം പ്രഗത്ഭമായ വിധത്തിൽ ഡോക്ടറേറ്റ് സമ്പാദിച്ച പള്ളിക്കാപറമ്പിലച്ചൻ നാട്ടിലേക്ക് തിരിച്ചു. കേരളത്തിൽനിന്നും റോമിന് പോയതിന്റെ 11-ാം വർഷം വൈദിക പട്ടമേററതിനുശേഷം 4-ാം വർഷം സ്വന്തം ഇടവകയായ മുത്തോലപുരത്തെത്തി ദിവ്യബലിയർപ്പിച്ചു. 1962 ജൂലായ് 3ന് വടവാതൂർ സെമിനാരി ആരംഭിച്ചപ്പോൾ തത്വശാസ്ത്രപ്രൊഫസ്സറായി പള്ളിക്കാപറമ്പിലച്ചൻ നിയമിതനായി. 1965ൽ വീണ്ടും തന്റെ മാതൃവിദ്യാലയമായ റോമിലെ പ്രൊപ്പഗാന്താ ഉർബൻ കോളേജിൽ വൈസ് റെക്ടറായി നിയമിക്കപ്പെട്ടു. 1965 ഒക്ടോബറിൽ ജോലിയിൽ പ്രവേശിച്ചു.

പാലാ രൂപതസുവർണ്ണ ജൂബിലി ഗ്രന്ഥത്തിൽ റവ. ഡോ.കുര്യൻമറ്റം ഇപ്രകാരം എഴുതിയിരിക്കുന്നു. "നാലുകൊല്ലത്തിനുശേഷം വടവാതൂർ സെമിനാരിക്ക് പുതിയ സാരഥിയെ ആവശ്യമായി വന്നപ്പോൾ ഫാ. പള്ളിക്കാപറമ്പിൽ അല്ലാതെ മറ്റൊരാളെ കണ്ടെത്താൻ മെത്രാൻ സമിതിക്ക് കഴിഞ്ഞില്ല. 1969 മേയിൽ അദ്ദേഹം നാട്ടിലെത്തി. സെമിനാരിയുടെ നടത്തിപ്പിൽ ധീരമായ പല തീരുമാനങ്ങളും എടുക്കേണ്ട അവസരമായിരുന്നു അത്. പല പ്രതിസന്ധികളും ഉണ്ടായിരുന്നുവെങ്കിലും അവയെല്ലാം വിജയപ്രദമായി തരണം ചെയ്യുന്നതിന് പുതിയ റെക്ടറച്ചന് സാധിച്ചു."

വടവാതൂർ സെമിനാരിയിൽ റെക്ടർ ആയിരിക്കുമ്പോഴാണ് പാലാ രൂപതയിൽ അഭിവന്ദ്യവയലിൽ പിതാവിന്റെ സഹായമെത്രാനായി ഫാ. പള്ളിക്കാപറമ്പിൽ തിരഞ്ഞെടുക്കപ്പെടുന്നത്. 1973 ആഗസ്റ്റ് 15ന് പാലാ സെന്റ് തോമസ് കോളേജ് അങ്കണത്തിൽ നിർമ്മിച്ച പ്രൗഢമായ പന്തലിൽവച്ച് മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. കർദ്ദിനാൾ മാർ പാറേക്കാട്ടിൽ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന മെത്രാഭിഷേകചടങ്ങിൽ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയും മാർസെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനിയും ആയിരുന്നു സഹകാർമ്മികർ.

മെത്രാനായി നിയമിക്കപ്പെട്ടപ്പോൾതന്നെ അദ്ദേഹത്തിന്റെ നയവും

www.malankaralibrary.com

വ്യക്തമാക്കുകയുണ്ടായി. രൂപത എന്തു സമ്മാനമാണ് പള്ളിക്കാപറമ്പിൽ തിരുമേനിക്ക് നൽകേണ്ടതെന്നതിനെപ്പറ്റിയാലോചന നടന്നു. രൂപതാതലത്തിൽ സ്ഥിരമായി പ്രവർത്തിക്കുന്ന ഒരു കുടുംബ സഹായഫണ്ട് രൂപീകരിക്കുന്നതായിരിക്കും ഏറ്റം ഉചിതമെന്ന് പള്ളിക്കാപറമ്പിൽ തിരുമേനിയുടെ ആഗ്രഹം കൂടി മാനിച്ച്, മെത്രാഭിഷേക ദിനത്തിൽതന്നെ ഒരുകുടുംബസഹായഫണ്ട് രൂപീകരിക്കുവാനാണ് തീരുമാനിച്ചത്. ഒരു വർഷത്തിനകം രണ്ടു ലക്ഷം രൂപാ ശേഖരിക്കുവാൻ സാധിച്ചു. ആ ഫണ്ട് വിപുലപ്പെടുത്തി കുടുംബക്ഷേമ പ്രവർത്തനങ്ങൽ കാര്യക്ഷമമാക്കുവാൻ വർഷംതോറും ഒരുദിവസം ക്രിസ്മസിനോടനുബന്ധിച്ച് പിരിവ് നടത്തുന്നുണ്ട്. ഈ ഫണ്ട് രൂപീകരണം പള്ളിക്കാപറമ്പിൽ തിരുമേനിയുടെ സ്വപ്നസാക്ഷാൽക്കാരമാണെന്നുപറയാം. സാമ്പത്തികക്ലേശമനുഭവിക്കുന്ന കുടുംബങ്ങൾക്ക് കുറെയെങ്കിലും ആശ്വാസം നൽകുവാൻ സാധിക്കുന്നുണ്ട്. വിവാഹസഹായം, ഭവനനിർമ്മാണം എന്നീ ആവശ്യങ്ങൾക്കാണ് ഈ ഫണ്ട് ഇന്ന് വിനിയോഗിക്കുന്നത്.

എല്ലാ അർത്ഥത്തിലും വയലിൽ പിതാവിന്റെ പിൻഗാമിയായിരുന്നു പള്ളിക്കാപറമ്പിൽ തിരുമേനി. ദൈവവിളികളുടെ വിളനിലമായ പാലാ രൂപതാദ്ധ്യക്ഷൻ വയലിൽ തിരുമേനി കെ.സി.ബി.സി. ദൈവവിളികമ്മീഷൻ ചെയർമാനായിരുന്നു. 1975 മുതൽ ആ ചുമതല പള്ളിക്കാപറമ്പിൽ തിരുമേനി വഹിക്കുകയുണ്ടായി. എന്നുതന്നെയുമല്ല സി.ബി.സി.ഐ.യുടെ ബൈബിൾ കമ്മീഷൻ ചെയർമാനായും രണ്ടുവർഷക്കാലം പള്ളിക്കാപറമ്പിൽ തിരുമേനി പ്രവർത്തിക്കുകയുണ്ടായി.

മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ മുൻപന്തിയിൽ പ്രവർത്തിച്ചിരുന്ന അഭിവന്ദ്യവയലിൽ പിതാവിന്റെ പിൻഗാമിയും, ആ പാതയിലൂടെയാണ് സഞ്ചരിച്ചത്. അഖിലകേരള സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതിയുടെ പ്രസിഡണ്ടായി 1976 മുതൽ സേവനം അനുഷ്ഠിച്ചു. അഖിലകേരള ജനകീയ മദ്യവിരുദ്ധമുന്നണി ചെയർമാനെന്ന നിലയിൽ പിതാവ് അനുഷ്ഠിച്ച സേവനങ്ങൾ ഒരിക്കലും വിസ്മരിക്കാവതല്ല. മദ്യവർജ്ജനത്തിനുവേണ്ടി ജാഥനയിക്കുവാനും, ഉപവാസം അനുഷ്ഠിക്കുവാനും അദ്ദേഹം തയ്യാറായിട്ടുണ്ട്. നായനാർ സർക്കാരിന്റെ മദ്യനയത്തിനെതിരെ ഉപവാസം അനുഷ്ഠിക്കുമെന്ന് ബിഷപ്പ് പള്ളിക്കാപറമ്പിൽ പ്രഖ്യാപിച്ചു കഴിഞ്ഞ് 24 മണിക്കൂറിനകം നയം പിൻവലിക്കുവാൻ സർക്കാർ ധൃതികാട്ടുകയും പാലാ അരമനയിലേക്ക് സർക്കാർ പ്രതിനിധികൾ പാഞ്ഞെത്തുകയും ചെയ്ത സംഭവം നമുക്കാർക്കും വിസ്മരിക്കാറായിട്ടില്ല.

കേരളത്തിന് വെളിയിലും ഇന്ത്യയ്ക്കു വെളിയിലും അധിവസിക്കുന്ന ലക്ഷക്കണക്കിന് സീറോ-മലബാർ സഭാംഗങ്ങളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കാൻ നമുക്ക് സാധിച്ചിരുന്നില്ല. മാർജോസഫ് പള്ളിക്കാപറമ്പിൽ കൃപാവരത്തിന്റെ രജതവർഷങ്ങൾ എന്ന മെത്രാഭിഷേക രജത

www.malankaralibrary.com

ജൂബിലി സ്മരണികയിൽ റവ. ഡോ. കുര്യൻ മാതോത്ത് ഇപ്രകാരം എഴുതിയിരിക്കുന്നു. "കേരളത്തിൽ നിന്നു തൊഴിൽ തേടി വിദേശങ്ങളിലെത്തിയ സീറോ-മലബാർ സഭാതനയരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ സശ്രദ്ധം നടത്തികൊടുക്കേണ്ട ചുമതല മാതൃസഭയ്ക്കുണ്ട് എന്ന ബോദ്ധ്യം വത്തിക്കാൻ കൗൺസിലിനോടുകൂടിയാണ് ശക്തമായത്. ഇൻഡ്യയിൽത്തന്നെ മുംബൈ, കൽക്കട്ട, ഡൽഹി, ചെന്നെ, ബാംഗ്ലൂർ തുടങ്ങിയ വൻനഗരങ്ങളിലെല്ലാം നമ്മുടെ സഭയിൽപ്പെട്ട അനേകായിരങ്ങൾ താമസിക്കുന്നുണ്ട്. കുറെപ്പേരൊക്കെ തങ്ങളുടെ സമീപത്തുള്ള പള്ളികളിൽ പോയി ആദ്ധ്യാത്മികാവശ്യങ്ങൾ നിർവ്വഹിച്ചിരുന്നുവെങ്കിലും അവരെപ്പററി അന്വേഷിക്കുന്നതിനോ, കുട്ടികളുടെ വിശ്വാസപരിശീലന കാര്യത്തിൽ ശ്രദ്ധിക്കുന്നതിനോ, ഉത്തരവാദിത്വമുള്ളവരും ഉണ്ടായിരുന്നില്ല. പ്രതിവർഷം വർദ്ധിച്ചുവന്നിരുന്ന ഈ ആളുകളെയെല്ലാം വേണ്ടവിധം പരിഗണിക്കുവാൻ സ്ഥലത്തെ ലത്തീൻ സഭാധികാരികൾക്ക് സാദ്ധ്യമായിരുന്നില്ല. തങ്ങളുടെ മാതൃസഭയെ മലബാർ സഭയിൽ നിന്ന് അവർ വിച്ഛേദിക്കപ്പെട്ടിരുന്നുവെന്ന് മാത്രമല്ല, വിശ്വാസത്തിൽ നിന്നുതന്നെ പലരും അകന്നുപോകുവാനിടയാകുന്ന സാഹചര്യവുമാണ് നിലവിലിരുന്നത്.

കേരളത്തിന് വെളിയിൽ ഇങ്ങനെ താമസിക്കുന്നവരുടെ കാര്യങ്ങൾ അന്വേഷിക്കുന്നതിന് സീറോ - മലബാർ ബിഷപ്സ് കോൺഫറൻസ് (SMBC) ഒരു കമ്മീഷന് രൂപം കൊടുക്കുകയും അതിന്റെ ചെയർമാനായി മാർ പള്ളിക്കാപറമ്പിലിനെ തെരഞ്ഞെടുക്കുകയും ചെയ്തു. ബോംബെയിലും മററും നമ്മുടെ വൈദികരെ അയക്കുന്നതിനും നമ്മുടെ സഭാംഗങ്ങളായ വിശ്വാസികളുടെ ബഹുമുഖങ്ങളായ പ്രശ്നങ്ങളെപ്പററി പഠിക്കുന്നതിനും കാലോചിതമായ പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനും ഇപ്രകാരം അയക്കപ്പെട്ട ഫാ. സെബാസ്റ്റ്യൻ തുരുത്തേലിനേപ്പോലുള്ളവർക്ക് സാധിച്ചു. ഈ വിധപ്രവർത്തനങ്ങളാണ് കാലക്രമത്തിൽ കല്യാൺ രൂപതാസ്ഥാപനത്തിന് കളമൊരുക്കിയത്. എങ്കിലും സഭാതലങ്ങളിൽ ഉത്തരവാദിത്വപ്പെട്ട ചില ആളുകളുടെ സഹകരണക്കുറവും ഇടുങ്ങിയ മനോഭാവവും മൂലം ഇന്ത്യയിലെ മററു പ്രമുഖകേന്ദ്രങ്ങളിൽ സ്വന്തമായ രൂപതകൾ സ്ഥാപിക്കുന്നതിന് മലബാർ സഭയ്ക്ക് സാധിച്ചില്ല. ഇപ്രകാരമുള്ള ചുമതലയുടെ ഭാഗമായി പിതാവ് അമേരിക്കയിലും പര്യടനം നടത്തി. ടെക്സാസിലും മററു ചില സ്ഥലങ്ങളിലും ഇടവകപ്പള്ളികൾ സ്ഥാപിക്കുന്നതിനും വൈദീകരെ നിയമിക്കുന്നതിനും പിതാവ് മുൻകൈയെടുത്തു. ജർമ്മനി, ഇററലി, ഓസ്ട്രിയ, സ്വിററ്സർലണ്ട് തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലും ഒരു നല്ല സംഖ്യ സീറോ-മലബാർ സഭാംഗങ്ങൾ കുടുംബസമേതം താമസിക്കുന്നുണ്ട് എന്ന വിവരം ഈയടുത്ത കാലത്താണ് വത്തിക്കാന് ബോദ്ധ്യപ്പെട്ടതെന്ന് തോന്നുന്നു. പക്ഷെ അവരെത്രപേരുണ്ട്, അവരുടെ ആദ്ധ്യാത്മകികാര്യങ്ങൾ എങ്ങിനെനടക്കുന്നു എന്നതിനെപ്പററി ആർക്കും വ്യക്തമായ അറിവൊ

www.malankaralibrary.com

ന്നുമുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ യൂറോപ്യൻ രാജ്യങ്ങളിലേക്ക് അപ്പസ്തോലിക് വിസിററർ ആയി മാർപാപ്പാ നിയോഗിച്ചത് നമ്മുടെ പിതാവിനെയാണ്. 1996 ൽ വന്ദ്യപിതാവ്, വിവിധ യൂറോപ്യൻ രാജ്യങ്ങളിലെ റോമാ, ഫ്രാങ്ക്ഫർട്ട്, ബോൺ, വിയന്ന തുടങ്ങിയ ഒട്ടേറെ പ്രമുഖനഗരങ്ങൾ സന്ദർശിക്കുകയും സഭാതനയരുമായി ചർച്ചകൾ നടത്തി വിവരങ്ങൽ മനസ്സിലാക്കുകയും ചെയ്തു. ഏല്പിക്കപ്പെട്ട ദൗത്യം പൂർത്തിയാക്കി റോമിൽ തന്റ് പഠനറിപ്പോർട്ട് പിതാവ് സമർപ്പിച്ചു. ഈ റിപ്പോർട്ട് സീറോ-മലബാർ സഭയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ചു.

വയലിൽ പിതാവിന്റെ വിദ്യാഭ്യാസ ദർശനം തന്നെയായിരുന്നു പള്ളിക്കാപറമ്പിൽ പിതാവിന്റെയും ദർശനം. ഉന്നതവിദ്യാഭ്യാസരംഗത്തെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുകളും ബോദ്ധ്യങ്ങളും പിതാവിനുണ്ട്. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വളർച്ചയിൽ തിരുമേനിയുടെ ഭരണകാലം വൻപുരോഗതിനേടിയിട്ടുണ്ട്. പിതാവ് രൂപതാഭരണം ഏറെറടുക്കുമ്പോൾ പാലാ രൂപതയിൽ 5 കോളേജുകളും 42 സെക്കണ്ടറിസ്കൂളുകളും 34 യു.പി. സ്കൂളുകളും, 74 എൽ.പി. സ്കൂളുകളും, 111 നഴ്സറി സ്കൂളുകളുമാണുണ്ടായിരുന്നത്. ഇന്ന് രൂപതയിൽ ഒൻപത് കോളേജുകളും 24 ഹയർസെക്കണ്ടറി സ്കൂളുകളും, 60 സെക്കണ്ടറിസ്കൂളുകളും, 90 യു.പി. സ്കൂളുകളും, 130 പ്രൈമറിസ്കൂളുകളും, 178 നഴ്സറി സ്കൂളുകളും ഉണ്ട്. വിദ്യാഭ്യാസ രംഗത്തുണ്ടായ ഈ വളർച്ച പള്ളിക്കാപറമ്പിൽ തിരുമോനിയുടെ നേട്ടങ്ങളിൽപെട്ടതുമാണ്. നമ്മുടെ കലാലയങ്ങളിൽ മാതൃകാപരമായ അച്ചടക്കം ഉണ്ടായിരിക്കണമെന്ന് പിതാവിന് നിർബന്ധമുണ്ടായിരുന്നു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിനുവേണ്ടി എപ്പോഴും വാദിക്കുന്നയാളാണ് തിരുമേനി. സ്കൂളുകളിലും കോളേജുകളിലും മതപഠനവും മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും നൽകേണ്ടതിന്റെ ആവശ്യകതയെപ്പററി ലഭ്യമാകുന്ന എല്ലാ അവസരങ്ങളിലും പിതാവ് അദ്ധ്യാപകരെ ഉദ്ബോധിപ്പിക്കാറുണ്ട്. പാലാരൂപതയുടെ വിദ്യാഭ്യാസരംഗത്ത് സാങ്കേതിക പഠനങ്ങൾക്ക് കൂടുതൽ ശ്രദ്ധനൽകിയിട്ടുണ്ട്. പുതിയ നൂററാണ്ടിലെ തൊഴിലവസരങ്ങൾ മുൻകൂട്ടിക്കണ്ട് പള്ളിക്കാപറമ്പിൽ പിതാവ് പാലായിലാരംഭിച്ച കമ്പ്യൂട്ടർ പഠനകേന്ദ്രം ഇതനോടകം പ്രശസ്തമായൊരു സ്ഥാപനമായി മാറിയിരിക്കുന്നു. ഉന്നതനിലവാരമുള്ള വിവിധ കമ്പ്യൂട്ടർ കോഴ്സുകൾ കുറഞ്ഞ ചിലവിൽ പഠിക്കുന്നതിനും അങ്ങനെ തൊഴിൽ നേടുന്നതിനും ആയിരക്കണക്കിന് വിദ്യാർത്ഥികളെ ഈ കേന്ദ്രം സഹായിച്ചിട്ടുണ്ട്.

ബിഷപ്പ് വയലിൽ തിരുമേനിയുടെ സ്മരണാർഥം സ്ഥാപിച്ചതാണ് ബിഷപ്പ് വയലിൽ ലൈബ്രറി. യു.പി.എസ്സ്.സി., പി.എസ്സ്.സി., ബി.എസ്സ്.ആർ.ബി എന്നിങ്ങനെ ഇന്ത്യയിലെ വിവിധ റിക്രൂട്ടിംഗ് ഏജൻസികൾ നടത്തുന്ന മത്സരപ്പരീക്ഷകൾക്ക് പരിശീലനം നൽകുന്ന ഈ കേന്ദ്രം ഒട്ടനവധി പാവപ്പെട്ട വിദ്യർത്ഥികൾക്ക് തൊഴിൽ നേടിക്കൊടുത്തു. ചങ്ങനാശ്ശേരി,

www.malankaralibrary.com

പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ പാലായിൽ സ്ഥാപിതമായ ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ്സെന്ററും സിവിൽ സർവ്വീസ് ട്രെയിനിംഗ് കോളേജും പ്രശസ്തസ്ഥാപനമായി തീർന്നിരിക്കുകയാണ്. പള്ളിക്കാപറമ്പിൽ പിതാവിന്റെ ദീർഘവീക്ഷണത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും സേവനതൽപരതയുടെയും നേതൃവൈഭവത്തിന്റെയും മകുടോദാഹരണമായി മേൽപറഞ്ഞ സ്ഥാപനങ്ങൾ പ്രശോഭിക്കും.

ഡോ. ബാബു സെബാസ്റ്റ്യൻ മെത്രാഭിഷേക രജതജൂബിലി സ്മരണികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള സാധുക്കളായ ചെറുപ്പക്കാർക്ക് തൊഴിൽ പലിശീലനം നൽകാനായി പിതാവാരംഭിച്ച സ്ഥാപനമാണ് സേവാനികേതൻ സൊസൈററി. പാവപ്പെട്ടവർക്ക് തൊഴിലും തൊഴിൽ പരിശീലനവും നൽകാനായി രൂപതയുടെ വിവിധ ഭാഗങ്ങളിൽ അഭിവന്ദ്യപിതാവാരംഭിച്ച തൊഴിൽ പരിശീലനകേന്ദ്രങ്ങളിൽ ഫർണിച്ചർ നിർമ്മാണം, വസ്ത്രനിർമ്മാണം, തീപ്പെട്ടി നിർമ്മാണം, കുടനിർമ്മാണം, ക്രിസ്മസ് കാർഡ് നിർമ്മാണം എന്നിവയിൽ ആയിരക്കണക്കിന് യുവതീയുവാക്കന്മാർക്ക് പരിശീലനം നൽകിവരുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി അഭിവന്ദ്യപിതാവിന്റെ നേതൃത്വത്തിൽ പാലാ രൂപതയിൽ നിരവധി പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. പാവപ്പെട്ട കുടുംബത്തിലെ സ്ത്രീകൾക്കുള്ള സ്വയംതൊഴിൽ പരിശീലനപദ്ധതിയായ സഞ്ജീവനി, നല്ലകുടുംബിനികളാകാനുള്ള പരിശീലനം നൽകുന്ന ജീവവർദ്ധിനി, പെൺകുട്ടികൾക്ക് ഹോം നഴ്സിംഗിൽ പരിശീലനം നൽകുന്ന ഗൃഹലക്ഷ്മി, കുട്ടികളുടെ സർവ്വതോന്മുഖമായ പുരോഗതിയെലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ശിശുസദൻ, പാവപ്പെട്ടെ കുടുംബങ്ങളെ ദത്തെടുത്ത് അവർക്ക് സാമ്പത്തിക സഹായം നൽകുന്ന സേവ് എ ഫാമിലി പ്ലാൻ, കുടുംബോദ്ധാരണ പദ്ധതിയായ റെഗുലർ ബനിഫിഷ്യറി പ്രോഗ്രാം, വിവിധ ഇടവകകളിലായി വ്യാപിച്ചുകിടക്കുന്ന സ്വാശ്രയസംഘങ്ങൾ, കുടുംബങ്ങളുടെ ആരോഗ്യ ബോധനത്തിനായി രൂപം നൽകിയ ജനസൗഭാഗ്യപദ്ധതി എന്നിവയെല്ലാം പാലാരൂപതയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാമൂഹിക സേവന പദ്ധതികളിൽ ചിലതുമാത്രം."

ഈ പ്രവർത്തനങ്ങൾക്കെല്ലാം മഹനീയ നേതൃത്വം നൽകിയത് പള്ളിക്കാപറമ്പിൽ തിരുമേനിയായിരുന്നു. സമൂഹത്തിലെ അവഗണിക്കപ്പെട്ടവരും വേദനയനുഭവിക്കുന്നവരുമായ ജനവിഭാഗങ്ങൾക്ക് ആശ്വാസം നൽകാനുള്ള നിരവധി പദ്ധതികൾക്ക് പള്ളിക്കാപറമ്പിൽ തിരുമേനി ആരംഭംകുറിക്കുകയുണ്ടായി. അശരണരുടെയും ആലംബഹീനരുടെയും ഉന്നമനത്തിനായി ജീവിതം സമർപ്പിച്ച പള്ളിക്കാപറമ്പിൽ പിതാവ് അവശ ജനവിഭാഗങ്ങളോടുള്ള അനുകമ്പയും കാരുണ്യവും നിമിത്തം നിരവധി ജീവകാരുണ്യ പ്രസ്ഥാനങ്ങൾ പടുത്തുയർത്തുകയുണ്ടായി.

പാലാ രൂപതയിലെ വിശ്വാസികളിൽ 12 ശതമാനത്തിലധികം ദളിത്

www.malankaralibrary.com

ക്രൈസ്തവരാണ്. അവരുടെ ഉന്നമനത്തിനായി പ്രവർത്തിച്ച പല നേതാക്കളും നമ്മുടെ രൂപതയിൽ ഉണ്ട്. നിധീരിക്കൽ മാണിക്കത്തനാർ, മേൽവട്ടം യാക്കോബച്ചൻ, പള്ളിക്കാപറമ്പിൽ പൗലോസച്ചൻ, ദൈവദാസൻ കദളിക്കാട്ടിൽ മത്തായിയച്ചൻ, വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ തുടങ്ങിയവർ ഈ രംഗത്ത് വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിച്ചവരാണ്. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വയലിൽ ദളിത് സഹോദരങ്ങളുടെ താല്പര്യസംരക്ഷണാർത്ഥം നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു. ഡി.സി.എം.എസ്. എന്ന സംഘടനയെ പ്രോത്സാഹിപ്പിച്ചു. ആ മാതൃകതന്നെയാണ് പള്ളിക്കാപറമ്പിൽ പിതാവും പിന്തുടർന്നത്. കേരളത്തിലെ മറ്റൊരു രൂപതയും നൽകാത്ത പരിഗണനയും അംഗീകാരവുമാണ് പാലാരൂപത ദളിത് ക്രൈസ്തവസഹോദരങ്ങൾക്ക് നൽകുന്നത്. രൂപതയുടെ കീഴിലുള്ള കോളേജുകളിലെയും നഴ്സിംഗ് സ്കൂളുകളിലെയും സീററുകളിൽ അർഹമായ ഒരു പങ്ക് ദളിത് ക്രൈസ്തവർക്കായി പള്ളിക്കാപറമ്പിൽ പിതാവ് നീക്കിവച്ചിരിക്കുകയാണ്. രൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലുണ്ടാകുന്ന ജോലി ഒഴിവുകളിലും അവർക്ക് അർഹമായ പരിഗണനനൽകുന്നു. കൂടാതെ ഭവന നിർമ്മാണ സഹായം, പഠനസഹായം, വിവാഹ സഹായം എന്നിങ്ങനെ വിവിധ തരത്തിൽ ദളിത് ക്രൈസ്തവരെ സഹായിക്കുന്ന പദ്ധതികൾ പള്ളിക്കാപറമ്പിൽ പിതാവ് ആസൂത്രണം ചെയ്തു. ദളിത്ക്രൈസ്തവരുടെ താല്പര്യസംരക്ഷണത്തിനായി മഹായോഗങ്ങൾ സംഘടിപ്പിക്കുവാനും റാലികൾ നയിക്കാനും തിരുമേനി തയ്യാറായിട്ടുണ്ട്. 1979 ഏപ്രിൽ 2ന് തിരുവനന്തപുരത്ത് നടന്ന മതത്തിന്റെ പേരിലുള്ള വിവേചനത്തിനെതിരെ നടന്ന പ്രകടനത്തിന് നേതൃത്വം നൽകി തിരുവനന്തപുരം പട്ടണത്തിലൂടെ നടത്തിയ പ്രകടനത്തിന്റെ മുൻനിരയിൽ പള്ളിക്കാപറമ്പിൽ തിരുമേനിയുണ്ടായിരുന്നു.

പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി സ്മാരകമായി നാലു ജീവകാരുണ്യ പദ്ധതികൾക്കാണ് രൂപം നൽകിയത്. അതിലൊന്ന് പാവപ്പെട്ടവർക്കുവേണ്ടി 1000 വീടുകൾ നിർമ്മിച്ചു കൊടുക്കുകയെന്നതായിരുന്നു. വൃദ്ധജനങ്ങൾക്കായി ഒരു പുവർഹോം ആയിരുന്നു മറെറാരുപരിപാടി. കടനാട്ടിലെ വൃദ്ധമന്ദിരം വിപുലപ്പെടുത്തുകയാണ് അതിനുവേണ്ടി ചെയ്തത്. ഒരു ക്യാൻസർ ഹോസ്പിററലും എയ്ഡ്സ് രോഗികൾക്കായി ഒരു പരിചരണ കേന്ദ്രവും ആയിരുന്നു മററുപദ്ധതികൾ.

സമൂഹത്തിന്റെ അടിത്തറയാണ് കുടുംബമെന്ന് ഉറക്കെ പ്രഖ്യാപിക്കുന്ന പള്ളിക്കാപറമ്പിൽ തിരുമേനി, കുടുംബത്തിന്റെ പരിശുദ്ധിയേയും അതിനെക്കുറിച്ചുള്ള ദൈവിക പദ്ധതിയേയും തകർക്കുന്ന യാതൊന്നും ചെയ്യരുതെന്ന് ഇടയലേഖനങ്ങളിലൂടെ ഊന്നിപ്പറയുന്ന തിരുമേനി, ഇക്കാര്യത്തിൽ വേണ്ടത്ര നടപടികൾ സ്വീകരിക്കുവാൻ ഇടവക വികാരിമാരോടും ആവശ്യപ്പെടുകയുണ്ടായി. തന്റെ ഇടവകസന്ദർശനവേളയിൽ കുടുംബങ്ങളുടെ വിശുദ്ധിയെപ്പററിയും പ്രാർത്ഥനാചൈതന്യത്തെപ്പററിയും

www.malankaralibrary.com

ധാർമ്മിക ബോധത്തെപ്പററിയും കൂട്ടായ്മയെപ്പററിയും പ്രത്യേകം ഊന്നൽനൽകി സംസാരിക്കാറുണ്ട്. കുടുംബകൂട്ടായ്മകൾ ശക്തിപ്പെടുത്താൻ പിതവ് വളരെയധികം പരിശ്രമിക്കുകയുണ്ടായി.

ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സെന്റ് വിൻസെന്റ് ഡിപോൾ സഖ്യം, പാലാ സോഷ്യൽവെൽഫെയർ സൊസൈററി, സേവാനികേതൻ തുടങ്ങിയവയുടെ പ്രവർത്തനങ്ങളിൽ പള്ളിക്കാപറമ്പിൽ തിരുമേനി പ്രത്യേകം ശ്രദ്ധാലുവാണ്. വിശ്വാസ പരിശീലന പ്രവർത്തനങ്ങളും ഫാമിലി അപ്പസ്റ്റലേററ്, വൊക്കേഷൻ ബ്യൂറോ, കമ്മ്യൂണിക്കേഷൻ മീഡിയ, സുവിശേഷവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയ അജപാലനപരമായ പ്രവർത്തനങ്ങളിൽ പള്ളിക്കാപറമ്പിൽ പിതാവ് നൽകുന്ന നേതൃത്വം പ്രശംസാർഹമാണ്. കാത്തലിക് സ്റ്റുഡന്റ്സ് മൂവ്മെന്റ്, ലീജിയൻ ഓഫ് മേരി, മാതൃജ്യോതി, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്, സൊഡാലററി, ഫ്രാൻസിസ്കൻ മൂന്നാംസഭ, തിരുബാലസഖ്യം, ജപാപ്പസ്തോല സഖ്യം മുതലായ സംഘടനകളുടെ പ്രവർത്തനത്തെ പിതാവ് വളരെയധികം പ്രോത്സാഹിപ്പിക്കുന്നുണ്ട്.

പാലാരൂപതയിൽ ആരംഭിച്ച ചെറുപുഷ്പമിഷൻ ലീഗിന്റെ വളർച്ചയിൽ പള്ളിക്കാപറമ്പിൽ തിരുമേനി നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്. മിഷൻലീഗിന്റെ സുവർണ്ണജൂബിലിയാഘോഷം വൻവിജയമാക്കിയതിൽ തിരുമേനിയുടെ പങ്ക് നിസ്തുലമാണ്. കെ.സി.വൈ.എം. എന്ന യുവജന പ്രസ്ഥാനത്തെ ശക്തമാക്കുന്നതിലും തിരുമേനി പ്രത്യേകം ശ്രദ്ധിച്ചു. കത്തോലിക്കാകോൺഗ്രസ്സിനോട് എന്നും പ്രത്യേകം താല്പര്യം കാണിച്ചിരുന്ന പള്ളിക്കാപറമ്പിൽ തിരുമേനിയേയാണ് എ.കെ.സി.സി.യുടെ ബിഷപ്പ്സ് അഡ്വൈസറായി സീറോ-മലബാർ സഭാസിനഡ് നിയോഗിച്ചത്. പാലാ രൂപതയിലെ പ്രവർത്തനങ്ങൽ ശക്തിപ്പെടുത്തുവാൻ പ്രത്യേകം സർക്കുലർ പുറപ്പെടുവിക്കുകയും രൂപതാസംഘത്തിലേക്ക് പ്രത്യേക ഉപകരണങ്ങൾ വാങ്ങുവാൻ സാമ്പത്തിക സഹായം നൽകുകയും ചെയ്തകാര്യങ്ങൾ പ്രത്യേകം സ്മരണീയമാണ്.

റവ.ഡോ. പ്ലാസിഡ് പൊടിപാറ, റോമിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ മാർപള്ളിക്കാപറമ്പിലിന്റെ ഗുരുവായിരുന്നു. ഫാ. പ്ലാസിഡിന്റെ ആശയങ്ങളോട് പിതാവ് വളരെയേറെ യോജിച്ചിരുന്നു. മാതൃസഭയുടെ തനിമയേയും പാരമ്പര്യത്തെയും സംബന്ധിച്ച് അടിയുറച്ച ബോദ്ധ്യങ്ങളിലേക്ക് അഭിവന്ദ്യപിതാവിനെ കൈപിടിച്ച് നടത്തിയത് പ്ലാസിഡച്ചനാണെന്ന് പറയുവാൻ സാധിക്കും. പൗരസ്ത്യ-സുറിയാനി പാരമ്പര്യങ്ങളെക്കുറിച്ചുള്ള തികച്ചും തീവ്രമായ അഭിമാനബോധമാണ് പള്ളിക്കാപറമ്പിൽ തിരുമേനിക്കുള്ളത്. പാലാ രൂപതയുടെ സ്ഥാപനത്തിന്റെ കനക ജൂബിലി അതിഗംഭീരമായി ചതുർദിനപരിപാടികളോടെ പാലായിൽവച്ച് 2001 ൽ നടത്തുകയുണ്ടായി. കനകജൂബിലിയോടനുബന്ധിച്ച് വിവിധ പരിപാ

www.malankaralibrary.com

ടികൾ സംഘടിപ്പിക്കുകയുണ്ടായി.

പള്ളിക്കാപറമ്പിൽ തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലി സ്മരണികയിൽ ആർച്ച് ബിഷപ്പ് മാർജോസഫ് പവ്വത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു."ശ്ലീഹന്മാരുടെ പിൻഗാമികൾ പഠിപ്പിക്കാനും സത്യത്തിന് സാക്ഷ്യം വഹിക്കാനും പ്രത്യേകം ചുമതലപ്പെട്ടവരാണെന്ന് അഭിവന്ദ്യ പിതാവിന്നറിയാം. അവർ സാക്ഷ്യം വഹിക്കേണ്ടത് അറിയപ്പെട്ട സത്യത്തിനാണ്. അവരുടെ സാക്ഷ്യം സ്വജീവിതത്തിലൂടെയും വാക്കുകളിലൂടെയുമെല്ലാമായിരിക്കണം. ഈ ധർമ്മത്തിൽ നിന്ന് ഒഴിഞ്ഞുമാറി നിൽക്കാൻ ഒരു മെത്രാനും കഴിയില്ല. പ്രത്യേകിച്ച്, അറിയിക്കപ്പെട്ട സത്യവും വിശ്വാസ പാരമ്പര്യവുമെല്ലാം അവഹേളിക്കപ്പെടുകയോ നിഷേധിക്കപ്പെടുകയോ ചെയ്യുമ്പോൾ ഈ സാക്ഷ്യത്തിന് കൂടുതൽ തെളിവും ശക്തിയും കൈവരേണ്ടതുണ്ട്. ചുററുപാടുമുള്ള ശരാശരിധാരണകൾ ശരിവച്ചുകൊണ്ട് സ്വസ്ഥനായികഴിയാൻ ഒരു മെത്രാനും പാടില്ലാത്തതാണ്. ഇതിന് വിരുദ്ധമായ മാതൃകകൾ ഒരുപക്ഷേ നമുക്ക് കാണാൻ കഴിഞ്ഞേക്കും. അവരെക്കുറിച്ചാണ് അത്യുന്നതകർദ്ദിനാൾ റാററ്സിംഗർ തന്റെ ജീവചരിത്ര ഗന്ഥിയായ ഗ്രന്ഥത്തിൽ ഇങ്ങനെ പറയാനിടയായത്" "The words of the Bible and of the church Fathers rang in my ears, there sharp condemnction of shepherds who are like mutedogs, in order to avoid conflicts, they let the poison spread, piace is not the first civre duty, and a bishop where only concern is not to have any problem and it glor over as many conflicts as possible is an image I find repulsive"

റാററ്സിംഗർ ചൂണ്ടികാണിക്കുന്ന ചിത്രത്തിൽ നിന്ന് പാടേ വ്യത്യസ്തമാണ് അഭിവന്ദ്യപള്ളിക്കാപറമ്പിൽ പിതാവിന്റെ നിലപാട്, മെത്രാന്മാരുടെയും വൈദീകരുടെയും സമിതികളിലും, വിശ്വാസികളുടെയിടയിലും തന്റെ ഈ നിലപാട് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിശ്വാസപാരമ്പര്യം ചിലയാളുകളുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് വളച്ചൊടിക്കാൻ ബലപ്രയോഗം വരെ നടക്കുന്ന ഒരു കാലഘട്ടത്തിൽ, ഈ ശ്ലൈഹിക പാരമ്പര്യത്തെ നീതീകരിക്കാനും ബോധ്യപ്പെടുത്താനും അദ്ദേഹം നടത്തുന്ന പരിശ്രമങ്ങൾ തലമുറകൾ ഓർമ്മിക്കേണ്ടതാണ്. തന്റെ ഓർമ്മശക്തിയും ആരെയും വേദനിപ്പിക്കാതെ കാര്യങ്ങൾ വിശദമാക്കാനുള്ള കഴിവും ഇതിനായി അദ്ദേഹത്തിന് ധാരാളം ധാരാളം ഉപയോഗിക്കേണ്ടിവന്നിട്ടുണ്ട്.

സഭയുടെ പാരമ്പര്യങ്ങൾ സംരക്ഷിക്കുന്നതിലും വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശങ്ങളനുസരിച്ച് സഭാപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിലും പള്ളിക്കാപറമ്പിൽ പിതാവ് പ്രത്യേകം ശ്രദ്ധിക്കാറുണ്ടെന്നാണ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനി രേഖപ്പെടുത്തിയിരിക്കുന്നത്.

ആകാരസൗഷ്ഠവംകൊണ്ടും നിഷ്കളങ്കമായ പുഞ്ചിരികൊണ്ടും ഏവരെയും ആകർഷിക്കുന്ന അസാധാരണമായ വ്യക്തിത്വമാണ് പള്ളിക്കാപറ

www.malankaralibrary.com

മ്പിൽ പിതാവിനുള്ളത്. അദ്ദേഹത്തിന്റെ ആദ്ധ്യാത്മകവിശുദ്ധിയും ലാളിത്യവും പാണ്ഡിത്യവും സംഭാഷണചാതുര്യവും കൊച്ചുകൊച്ചു ഫലിതങ്ങളും ഏവരെയും ആകർഷിക്കുന്നതാണ്.

2004 ൽ മാർ പള്ളിക്കാപറമ്പിന്റെ ഭരണസ്ഥാനത്തുനിന്നുമുള്ള രാജി റോം അംഗീകരിക്കുകയും മാർ ജോസഫ് കല്ലറങ്ങാടിനെ പിൻഗാമിയായി നിയമിക്കുകയും ചെയ്തു. ഇന്നു ഊർജ്ജസ്വലനായി എല്ലാ കാര്യങ്ങളിലും നേതൃത്വം വഹിച്ചുകൊണ്ട് മെത്രാസനമന്ദിരത്തിൽ വസിക്കുന്നു.

വിലാസം - മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ബിഷപ്സ് ഹൗസ്, പാലാ

# 70

# ഡോ. ഇ.പി. ആന്റണി



ബഹുമുഖപ്രതിഭയായ ഇ.പി. ആന്റണി 1927 ഏപ്രിൽ 27-ാം തീയതി എട്ടുരുത്തിൽ ലോനൻപൈലിയുടെയും എലസബത്തിന്റെയും നാലാമത്തെ സന്താനമായി എറണാകുളത്തു ജനിച്ചു.

സെന്റ് ആൽബർട്സ് ഹൈസ്കൂളിൽ 8-ാം ക്ലാസിൽ പഠിക്കുമ്പോൾ 1942 ലെ ക്വിറ്റ് ഇൻഡ്യ മൂവ്മെന്റിൽ പങ്കെടുത്ത് ക്ലാസ്സ് ബഹിഷ്കരിച്ച് പ്രകടനം നടത്തി. 1942 ആഗസ്റ്റ് 9-ാം തീയതി ആസാദു മൈതാനത്തു നടന്ന പ്രതിഷേധയോഗത്തെതുടർന്ന് കൊച്ചിസംസ്ഥാനത്തെ ആദ്യത്തെ ലാത്തി ചാർജ്ജിനു വിധേയനായി. നേതാക്കളായ പനമ്പിള്ളി ഗോവിന്ദമേനോൻ, പി.കെ. ഡീവർ, ചൊവ്വര പരമേശ്വരൻ മുതലായവരെ അറസ്റ്റു ചെയ്തതിനെ തുടർന്നുണ്ടായ കല്ലേറിൽ പങ്കെടുക്കുകയുമുണ്ടായി.

അടുത്തദിവസം പോലീസ് ഇൻസ്പെക്ടർ ജോർജ്ജും കൂട്ടരും ഹെഡ്മാസ്റ്ററുമായി നടന്ന സംഭാഷണത്തെത്തുടർന്ന് ജാഥയിൽ പങ്കെടുത്തവരെയും ആസാദുമൈതാനത്തു സന്നിഹിതരായിരുന്നവരെയും സ്കൂളിൽനിന്നും ഡിസ്മിസ്ചെയ്യുകയും, 24 മണിക്കൂറിനുള്ളിൽ കൊച്ചി സംസ്ഥാനം വിട്ടുപോകണമെന്ന് ഉത്തരവിടുകയും ചെയ്തു. മുതിർന്നകുട്ടികളും നേതാക്കളും പട്ടാളത്തിൽ ചേർന്നു രക്ഷപെട്ടു.

അയൽവാസിയായിരുന്ന ജോർജ്ജ് ഇൻസ്പെക്ടറുടെ കരുണയും, ബന്ധുവായ വക്കൊ ഇൻസ്പെക്ടറുടെ ശുപാർശയും കാരണം 15 വയസ്സു മാത്രം പ്രായമായിരുന്നതിനാൽ പോലീസ് സ്റ്റേഷനിലും ഹെഡ്മാസ്റ്റർക്കും ക്ഷമാപണം എഴുതിക്കൊടുക്കുകയും എസ്.എസ്.എൽ.സി. പരീക്ഷ കഴിഞ്ഞാൽ ഉടനെ സ്ഥലം വിടാമെന്നും വാഗ്ദാനം എഴുതിക്കൊടുക്കുകയും

www.malankaralibrary.com

പതിനഞ്ചുദിവസത്തോളം ക്ലാസിനുപുറത്ത് ശിക്ഷയായി നിൽക്കുകയുമുണ്ടായി. എസ്.എസ്.എൽ.സി. പരീക്ഷ കഴിഞ്ഞളടനെ, 17 വയസ്സിനു മൂന്നു ദിവസംമുമ്പ് ഇൻഡ്യൻ എയർഫോഴ്സിൽ ചേർന്നു നാടുവിട്ടു വാക്കുപാലിക്കുകയും ചെയ്തു.

ഒരു ഉന്നത വിദ്യാസമ്പന്നനാകുവാൻ ചെറുപ്പം മുതലേ ഉണ്ടായിരുന്ന ആഗ്രഹം കാലക്രമേണ പ്രൈവറ്റ് സ്റ്റഡീസിലൂടെ നേടുകയുമുണ്ടായി.

മദിരാശിയൂണിവേഴ്സിറ്റിയിൽ നിന്ന് ഇന്റർമീഡിയറ്റും പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ് ഡബിൾ മെയിനായി ബി.എ. പാസ്സാകുകയുണ്ടായി.

1962 ൽ പൂനായൂണിവേഴ്സിറ്റിയിൽനിന്നും ഹിസ്റ്ററി എം.എ. രണ്ടാം ക്ലാസിൽ പാസ്സായി. 1963 ൽ അതേ സർവ്വകലാശാലയിൽനിന്നും പൊളിറ്റിക്കൽ സയൻസിൽ രണ്ടാംറാങ്കോടെ പാസ്സാവുകയും പബ്ലിക്ക് അഡ്മിനിസ്ട്രേഷൻ പേപ്പറിൽ ഒന്നാംസ്ഥാനം ലഭിച്ച് സ്വർണ്ണമെഡലിന് അർഹനാവുകയും ചെയ്തു.

1964 ൽ 20 വർഷത്തെ സേവനത്തിനുശേഷം വൈമാനികസേനയിൽനിന്നും പിരിഞ്ഞുപോന്നു. വൈമാനികനായിരുന്ന ആന്റണി മൂവായിരം മണിക്കൂർ എച്ച്.ബി, ജി.ആർ. (Heavy Banker, General Reconnaissance), Maritime Reconnaissance, Target Touring, Transport മുതലായ വിമാനങ്ങൾ പറത്തിയിട്ടുണ്ട്. വളരെ അപായങ്ങളിൽ നിന്നും അത്ഭുതകമായി രക്ഷപെട്ടിട്ടുള്ള ആന്റണി എയർഫോഴ്സിൽനിന്നും പിരിഞ്ഞുപോന്നിട്ട് അദ്ധ്യാപകനായി പുതിയ ജീവിതം തുടങ്ങി.

1964 ൽ പൂനാ സെന്റ്.വിൻസെന്റ്സ് ഹൈസ്കൂളിൽ ഇംഗ്ലീഷ്, സാമൂഹ്യശാസ്ത്രം പഠിപ്പിച്ച് വിദ്യാഭ്യാസരംഗത്തെ പ്രവർത്തനം ആരംഭിച്ചു. അദ്ധ്യാപകരനായിരിക്കെ 1965 ൽ പൂനാ തിലക് കോളജ് ഓഫ് എഡ്യൂക്കേഷനിൽ നിന്നും ബി.എഡ്. പാസ്സായി. 1965 ൽ കളമശ്ശേരി സെന്റ് പോൾസ് കോളജിലെ സാമൂഹ്യശാസ്ത്രവകുപ്പുമേലധികാരിയായി കോളദ്ധ്യാപനം ആരംഭിച്ചു.

1968 ൽ ഇന്നത്തെ സഭ എന്ന കേരളറീജിയണൽ സെമിനാറിൽ വിദ്യാഭ്യാസ വർക്ക്ഷോപ്പിന്റെ ലീഡർ ആയിരുന്നു. മോൺസിഞ്ഞോർമാരായ കാളാശ്ശേരി, കണിയാമ്പുറം, ഷെവലിയർ എൽ.എം. പൈലി, പ്രിൻസിപ്പൽ ഫിലിപ്പ് തയ്യിൽ, സിസ്റ്റർ ഡിഗ്ന മുതലായ വിദ്യാഭ്യാസ വിദഗ്ദ്ധരാണ് ഏറ്റം പ്രായംകുറഞ്ഞ ആന്റണിയെ ലീഡറായി തിരഞ്ഞെടുത്തത്. സെമിനാറിന്റെ നിർവ്വാഹകസമിതിയുടേയും സ്റ്റീയറിങ്ങ് കമ്മിറ്റിയുടെയും അംഗവും പബ്ലിസിറ്റി കമ്മിറ്റിയുടെ കൺവീനറുമായിരുന്നു. 1969 ൽ ബാംഗ്ലൂരിൽ നടന്ന "ഇന്നത്തെ ഇൻഡ്യയിലെ സഭ" സെമിനാറിൽ അന്ന് പ്രശ്നം നിറഞ്ഞ കേരളത്തിലെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പ്രബന്ധം അവതരിപ്പിച്ചപ്പോൾ കിട്ടിയ ഹർഷാരവം വലിയ ഒരു അംഗീകാരമായി അദ്ദേഹം ഇന്നും കരുതു

www.malankaralibrary.com

ന്നു. സെമിനാറിൽ വളരെ സജീവ പങ്കുവഹിച്ച ആന്റണിയെ സി.ബി.സി. ഐയുടെ നാഷണൽ അഡൈ്വസറി കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. 1976 വരെ ആ സ്ഥാനത്തു തുടർന്നു.

1970 ൽ ജനീവയിലെ വേൾഡ് ഫെഡറേഷൻ ഓഫ് യുണൈറ്റഡ് നേഷൻസ് അസ്സോസിയേഷന്റെ D.U.N.I.U (Diploma in United Nations and International Understanding) എന്ന international diploma, ഒമ്പതുമാസത്തെ കറസ്പോണ്ടൻസ് കോഴ്സിലൂടെ ഡിസ്റ്റിങ്ഷനോടെ പാസ്സായി.

1972 ൽ ഭാരതീയ വിദ്യാഭവനിൽ നിന്നും ജേർണലിസത്തിൽ ഗ്രാജുവേറ്റ്സ് ഡിപ്ലോമ നേടുകയുണ്ടായി. 1966–68 ൽ സെന്റ് ആൽബർട്സ് കോളേജിൽ പാർട്ട് ടൈം അദ്ധ്യാപകനായി. ടെലികമ്മ്യൂണിക്കേഷൻ എൻജിനീയറിങ്ങും പഠിപ്പിക്കുകയുണ്ടായി.

കേരളയൂണിവേഴ്സിറ്റി എക്സാമിനറും ചീഫ് എക്സാമിനറും ആയി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പൂനായിൽ ഇൻഡ്യൻ വ്യോമസേനയിലായിരുന്നപ്പോൾ പൂനയിലെ കാത്തലിക് അസോസിയേഷന്റെ സ്ഥാപകസെക്രട്ടറിയായിരുന്നു. പിന്നീട് അതിന്റെ പ്രസിഡണ്ടും ആയി.

1967 ൽ വരാപ്പുഴ അതിരൂപത കത്തോലിക്ക അസോസിയേഷൻ സ്ഥാപിക്കുന്നതിന് മുൻനിന്നു പ്രവർത്തിച്ചു. 1971 ൽ കാത്തലിക് യൂണിയൻ ഓഫ് ഇൻഡ്യയുടെ ആദ്യത്തെ ഓർഗനൈസിങ് സെക്രട്ടറിയായി നിയമിതനായി.

ഓർഗനൈസിഗ് സെക്രട്ടറി എന്ന നിലയിൽ കേരളത്തിലെ വിവിധ രൂപതകളിലും തമിഴ്നാട്, കർണ്ണാടക മുതലായ സംസ്ഥാനങ്ങളിലും കാത്തലിക് അസോസിയേഷനുകൾ സ്ഥാപിച്ചു. 1972 ൽ കേരളലാറ്റിൻ കാത്തലിക് അസോസിയേഷൻ സ്ഥാപിക്കുകയും സ്ഥാപക ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തു.

1972 ൽ കേരളസർക്കാർ, കേരളത്തിലെ ന്യൂനപക്ഷ കോളേജുകളെ ദേശസാൽക്കരിക്കാൻ ശ്രമം ആരംഭിച്ചപ്പോൾ എ.കെ.സി.സി. പ്രസിഡണ്ട് അഡ്വ. ഇ.എം. ജോസഫുമായി ചർച്ച ചെയ്ത് സമരപരിപാടികൾ ആസൂത്രണം ചെയ്യുകയും ഒരുവലിയ സമരം ആരംഭിക്കുകയുമുണ്ടായി. അഭിവന്ദ്യപിതാക്കന്മാരും കേരളക്രൈസ്തവസമൂഹം മുഴുവനും ഒന്നിച്ച് ന്യൂനപക്ഷാവകാശ സംരക്ഷണത്തിനിറങ്ങി. എൻ.എസ്.എസും. ക്രൈസ്തവരുടെ കൂടെ യോജിച്ചു. സമരം വളരെ ശക്തമായി. സ്വകാര്യ കോളജുകളെല്ലാം മൂന്നു മാസത്തേക്ക് അടഞ്ഞുകിടന്നു. ജാഥകളും പ്രതിഷേധയോഗങ്ങളും കേരളരാഷ്ട്രീയത്തെ കുലുക്കി.

സമരപരിപാടികൾക്ക് ഒമ്പതംഗകമ്മിററിയായിരുന്നു നേതൃത്വം നൽകിയിരുന്നത്. ആന്റണി കമ്മിററി അംഗമായിരുന്നു. കേരളത്തിൽ വിദ്യാഭ്യാസരംഗം സ്തംഭിക്കുമെന്നായി. കേരള മന്ത്രിസഭയുമായി ആഴ്ചകൾ നീണ്ടുനിന്ന സംഭാഷണം പരാജയപ്പെട്ടു. ന്യൂനപക്ഷങ്ങളെ പീഡിപ്പിച്ചാ

www.malankaralibrary.com

ലുണ്ടായേക്കാവുന്ന പ്രശ്നങ്ങളുടെ ഗൗരവം മനസ്സിലാക്കിയ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി സമരനേതാക്കളെ ഡൽഹിയിലേക്കു ക്ഷണിച്ചു. എൻ.എസ്.എസിനെ പ്രതിനിധീകരിച്ച് കളത്തിൽ വേലായുധൻനായർ, സ്വകാര്യകോളജ് മാനേജർമാരുടെ സംഘടനയുടെ സെക്രട്ടറി ഫാദർ. വള്ളമററം,. ന്യൂനപക്ഷങ്ങളെ പ്രതിനിധീകരിച്ച് ഈ.പി. ആന്റണിയും ഡൽഹിക്കു പുറപ്പെട്ടു.

മൂന്നുദിവസം ബന്ധപ്പെട്ട മന്ത്രിമാരുമായി ചർച്ചനടന്നു. നാലാം ദിവസം പ്രധാനമന്ത്രിയുമായുള്ള ചർച്ചയ്ക്കുശേഷം വമ്പിച്ച വിജയത്തോടെ തിരികെ പോന്നു. 1972 ൽ കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. 1973 കാത്തലിക് യൂണിയൻ ഓഫ് ഇൻഡ്യയുടെ ആദ്യത്തെ വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനായും തുടർന്ന് വിജിലൻസ് കമ്മീഷൻ ചെയർമാനായും തിരഞ്ഞെടുക്കപ്പെടുകയുണ്ടായി.

1974 ൽ കേരളപിന്നോക്കസമുദായ ഫെഡറേഷൻ രൂപീകരിച്ചു. അതിന്റെ സ്ഥാപക ജനറൽ സെക്രട്ടറിയായി ആന്റണിയെ തിരഞ്ഞെടുത്തു. എസ്.എൻ.ഡി.പി., മുസ്ലീം ലീഗ് മുതലായ 33 സംഘടനകളുടെ ഫെഡറേഷനായിരുന്നു അത്.

1975 ൽ കൽക്കട്ടാ സമ്മേളനത്തിൽവച്ച് കാത്തലിക് യൂണിയൻ ഓഫ് ഇൻഡ്യയുടെ വൈസ്പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. 1975 ജൂണിൽ കേരളപബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പറായി നിയമിക്കപ്പെട്ടു. അതോടെ തൽക്കാലത്തേക്ക് എല്ലാ പ്രവർത്തനങ്ങളും അവസാനിച്ചു. എല്ലാ സ്ഥാനങ്ങളും രാജിവച്ചു.

പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും റിട്ടയർ ചെയ്തശേഷം 1984 മുതൽ 1987 വരെ നാഗാലാൻഡ് ബിഷപ്പിന്റെ ക്ഷണപ്രകാരം നോർത്ത് ഈസ്റ്റ് റിസോഴ്സ് സെന്റർ സ്ഥാപിക്കാൻ സേവനം അനുഷ്ഠിച്ചു. നാഗന്മാരുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവും മതപരവുമായ വളർച്ചയെക്കുറിച്ച് ആഴത്തിൽ പഠനം നടത്തി. 3000 കുടുംബങ്ങളെ സന്ദർശിച്ചാണ് പഠനം നടത്തിയത്.

1995 ൽ സുപ്രീംകോടതി, കേരളത്തിൽ അടിയാൻ (Bonded labour) സമ്പ്രദായം നിലവിലുണ്ടോ എന്നു അന്വേഷിക്കാൻ ആന്റണിയെ ഏകാംഗ കമ്മീഷനായി നിയമിക്കുകയുണ്ടായി. ഒമ്പതുമാസത്തെ പഠനത്തിനുശേഷം സമർപ്പിച്ച റിപ്പോർട്ട് സുപ്രീംകോടതി സ്വീകരിക്കുകയുണ്ടായി.

കേരളഹിസ്റ്ററി അസോസിയേഷന്റെ സെക്രട്ടറി, സിററി ഇംപ്രൂവ്മെന്റ് ഫോറത്തിന്റെ വർക്കിംഗ് പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ആന്റണി, പാടിവട്ടം റസിഡന്റ്സ് അസോസിയേഷന്റെയും എറണാകുളം ജില്ലാ എയർഫോഴ്സ് അസോസിയേഷന്റെയും സീനിയർ സിററിസൺ യൂണിയന്റെയും സ്ഥാപക പ്രസിഡണ്ടു കൂടിയായി സേവനം അനുഷ്ഠിക്കുകയാണ്.

www.malankaralibrary.com

സിററിസൺസ് കമ്മീഷൻ ഓൺ ബോൺഡഡ് ആൻഡ് ചൈൽഡ് ലേബർ - കമ്മീഷനിൽ മുൻ രാഷ്ട്രപതി ഗ്യാനിസെയിൽസിംഗ്, മുൻപ്രധാന മന്ത്രി വി.പി. സിംഗ്, സ്വാമി അഗ്നിവേഷ്, ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ എന്നിവരോടൊപ്പം ആന്റണിയും അംഗമായി പ്രവർത്തിക്കുകയുണ്ടായി. ബോൺഡഡ് ലിബറേഷൻ ട്രസ്റ്റ് ഓഫ് ഇന്ത്യാ, ചർച്ച് ഹിസ്റ്ററി അസോസിയേഷൻ ഓഫ് ഇന്ത്യാ, ഹിസ്റ്ററി കോൺഗ്രസ്സ് ഓഫ് ഇന്ത്യ, പൊളിററിക്കൽ സയൻസ് അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവയിൽ അദ്ദേഹം മെമ്പറായിരുന്നിട്ടുണ്ട്.

ശ്രീ. ആന്റണി ഇംഗ്ലീഷിലും മലയാളത്തിലും പല ഗ്രന്ഥങ്ങൾ രചിക്കുകയും നിരവധി ലേഖനങ്ങൾ എഴുതുകയും ചെയ്തിട്ടുണ്ട്. A Hand book of Civics, Marital Heritge of Latin Catholics, ഗ്രാന്റ് ഷെവ.എൽ.എം. പൈലി, കേരളത്തിലെ ലത്തീൻ കത്തോലിക്കരുടെ ചരിത്രം, കേരളത്തിലെ ലത്തീൻ കത്തോലിക്കർ എന്നിവയാണ് ആന്റണി രചിച്ച ഗ്രന്ഥങ്ങൾ. കേരളാഹിസ്റ്ററി അസോസിയേഷൻ പ്രസിദ്ധീകരിച്ച ലത്തീൻ കത്തോലിക്കർ എന്ന ഗ്രന്ഥത്തിലും, ക്രിസ്ത്യൻ ഹെറിറേറജ് ഓഫ് കേരള എന്ന ഗ്രന്ഥത്തിലും ഇന്ത്യൻ ക്രിസ്റ്റ്യൻ ഡയറക്ടറിയിലും ഓരോ അദ്ധ്യായം എഴുതിയിരിക്കുന്നതും ശ്രീ. ആന്റണിയാണ്.

പല സമ്മേളനങ്ങളിലും അദ്ദേഹം അവതരിപ്പിച്ചിട്ടുള്ള പ്രബന്ധങ്ങൾ പ്രത്യേകം എടുത്തു പറയേണ്ടതാണ്. ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പെടുക്കുന്നതിൽ വൈദികരുടെയും സന്യസ്തരുടെയും പങ്കിനെപ്പററി ബാംഗ്ളൂർ ധർമ്മാരം കോളേജിൽ 1996 ലും, ഇന്റർനാഷണൽ കാത്തലിക് ജേർണലിസ്റ്റുകളുടെ എറണാകുളത്തുചേർന്ന സെമിനാറിൽ ക്രിസ്റ്റ്യാനിററി ഇൻ ഇന്ത്യാ എന്ന വിഷയത്തെപ്പററിയും പ്രബന്ധം അവതരിപ്പിച്ചു. സിനഡ് ഓഫ് ഹിസ്റ്ററി ഓഫ് ക്വയിലോൺ, ജുഡീഷറി ആന്റ് ഹ്യുമൻ റൈററ്സ്, നാഗാലാൻഡ് ഹണ്ടേഴ്സ് ആൻഡ് ലിവർ കുക്കീസ് എന്നീ വിഷയങ്ങളെപ്പററിയുള്ള പ്രബന്ധങ്ങൾ കേരളാഹിസ്റ്ററി അസോസിയേഷന്റെ വിവിധ സമ്മേളനങ്ങളിൽ ആന്റണി അവതരിപ്പിച്ചിട്ടുണ്ട്.

1991 ൽ റോയൽ ഏഷ്യാററിക് സൊസൈററി ഓഫ് ഗ്രേററ് ബ്രിട്ടൺ ആൻഡ് അയർലണ്ടിലെ ഫെലോ ആയി ആന്റണിയെ തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. 1997 ൽ മനുഷ്യകുലശാസ്ത്രജ്ഞന്മാരുടെ ലോകത്തിലെ പ്രഥമസംഘടനയായ റോയൽ ആന്ത്രോപ്പോളജിക്കൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഗ്രെയിററ് ബ്രിട്ടൺ ആൻഡ് അയർലണ്ടിന്റെ ഫെലോ ആയും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. നാഗാലാന്റിലെ 'ആദാ' എന്ന വർഗ്ഗത്തെക്കുറിച്ചുള്ള ഡോ. ആന്റണിയുടെ പ്രബന്ധം കൂടുതൽ ഗവേഷകർക്ക് ഉപകാരപ്പെടുവാനായി കേംബ്രിഡ്ജ് സർവ്വകലാശാലക്ക് കൈമാറുകയുണ്ടായി. ഇങ്ങനെ കൈമാററം ചെയ്യുമ്പോൾ രണ്ടു ഫെലോസിന്റെ ശുപാർശവേണമെന്ന നിയമത്തിൽനിന്നും ഡോ.ആന്റണിയെ ഒഴിവാക്കുകയുണ്ടായി. ആന്റണി


www.malankaralibrary.com

യുടെ പ്രബന്ധം കേംബ്രിഡ്ജ് യൂണിവേഴ്സിററി പ്രൊഫ. ആലൻമാക് ഫെർലെയിൻ സൂക്ഷിച്ചിരിക്കുകയാണ്. വിരലിൽ എണ്ണാവുന്ന ഭാരതീയർമാത്രമേ ഡ്യൂക്ക് ഓഫ് ഗ്ളസ്റ്റർ രക്ഷാധികാരിയായിട്ടുള്ള ഈ സംഘടനയിൽ ഫെലോ ആയിട്ടുള്ളു.

മഹാരാഷ്ട്രാഇലവൻസ് ഫുട്ബോൾടീമിൽ 1952-1956 വർഷങ്ങളിൽ അംഗമായിരുന്ന ആന്റണി, ഇന്ത്യൻ എയർഫോഴ്സ് പൂനാഡിവിഷന്റെ ക്യാപ്ററനായും പ്രവർത്തിച്ചു. ഹ്രസ്വദൂരകായികമത്സരങ്ങളിൽ വളരെയധികം കഴിവ് തെളിയിച്ചിട്ടുള്ള വ്യക്തിയാണ് ആന്റണി. ലണ്ടൻ കേന്ദ്രമായി പ്രവർത്തിക്കുന്ന ബ്രിട്ടീഷ് ഫിലാററലിക് അസോസിയേഷനിലെ തിരഞ്ഞെടുക്കപ്പെട്ട അംഗമായ ആന്റണി, കൊച്ചിൻ ഫിലാററലിക് സൊസൈററിയുടെ സെക്രട്ടറിയായും പ്രവർത്തിക്കുന്നു.

വിലാസം - ഡോ. ഇ.പി. ആന്റണി, എട്ടുരുത്തിൽ, പാടിവട്ടം, ഇടപ്പള്ളി കൊച്ചി-24.

# 71



# കാർഡിനൽ മാർ വർക്കി വിതയത്തിൽ

സീറോ - മലബാർ സഭയുടെ തലവനും എറണാകുളം അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തായുമായ കാർഡിനൽ മാർ വർക്കി വിതയത്തിൽ എറണാകുളം അതിരൂപതയിലെ വടക്കൻപറവൂരിൽ 1927 മേയ് 29 ന് ജനിച്ചു. പിതാവ് ഷെവ.ജോസഫ് വിതയത്തിൽ, തിരുവിതാംകൂർ ശ്രീമൂലം അസംബ്ലിയിൽ മെമ്പറും തിരു-കൊച്ചി ഹൈക്കോടതി ജഡ്ജിയുമായിരുന്നു. മാതാവ് ത്രേസ്യാമ്മ. ഈ ദമ്പതികളുടെ ഒൻപതുമക്കളിൽ രണ്ടാമനാണ് മാർ വിതയത്തിൽ. വിശുദ്ധമായ ജീവിതം നയിച്ച ഷെവ. ജോസഫ് വിതയത്തിലിന്റെ സംരക്ഷണയിൽ വളർന്ന വർക്കി, ഒരു വൈദികനാകണമെന്ന ആഗ്രഹത്തോടെയാണ് വളർന്നുവന്നത്.

തിരുവനന്തപുരം സെന്റ് ജോസഫ് ഹൈസ്കൂളിലും യൂണിവേഴ്സിറ്റി കോളേജിലും പഠിച്ച വർക്കി തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളേജിൽ നിന്നു കെമിസ്ട്രിയിൽ ബിരുദം നേടി. തുടർന്ന് ബാംഗ്ലൂർ ദിവ്യരക്ഷക സഭയിൽ ചേർന്നു. തുടർന്ന് വൈദീകവിദ്യാഭ്യാസം പൂർത്തിയാക്കി 1954 ജൂൺ 12 ന് പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് ഉപരിപഠനത്തിനായി ഫാ. വർക്കിയെ റോമിലേക്കയച്ചു. റോമിലെ ആൻജലിക്കം യൂണിവേഴ്സിറ്റിയിൽനിന്നും കാനൻനിയമത്തിൽ ഡോക്ടറേറ്റ് നേടി. 25 വർഷക്കാലം ബാംഗ്ലൂരിലെ ദിവ്യരക്ഷക, സലേഷ്യൻ, ഫ്രാൻസിസ്കൻ സെമിനാരികളിലും

www.malankaralibrary.com

കോട്ടഗിരി കപ്പൂച്ചിൻ സെമിനാരിയിലും കാനൻനിയമവും മറ്റു വിഷയങ്ങളും പഠിപ്പിച്ചു. കർണ്ണാടക യൂണിവേഴ്സിറ്റിയിൽ നിന്ന് 1972 ൽ ഇന്ത്യൻ ഫിലോസഫിയിൽ മാസ്റ്റർ ബിരുദം നേടിയ ശേഷം ബാംഗ്ലൂർ റിഡംപ്റ്ററിസ്റ്റ് സെമിനാരിയിൽ ഭാരത തത്ത്വശാസ്ത്രം പഠിപ്പിച്ചുവന്നു. വടവാതൂർ സെമിനാരിയിലും ദൈവശാസ്ത്രാദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ദിവ്യരക്ഷകസഭയുടെ ബാംഗ്ലൂർ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി 1978 മുതൽ 84 വരെ പ്രവർത്തിച്ച വർക്കി വിതയത്തിൽ അച്ചനെ 1990 മുതൽ 1996 വരെ ബാംഗ്ലൂരിലെ ആശീർവനം ബനഡിക്ടൈൻ ആശ്രമത്തിന്റെ അപ്പസ്തോലിക് അഡ്മിനിസ്റ്ററേറ്ററായി നിയമിച്ചു. തുടർന്ന് എറണാകുളം അതിരൂപതാതിർത്തിയിൽ ഉള്ള ചൊവ്വരയിലെ ദിവ്യരക്ഷക ഭവനത്തിലേക്ക് സ്ഥലം മാറി. ദിവ്യരക്ഷകസഭയുടെ സീറോ - മലബാർ വൈസ് പ്രോവിൻസ് രൂപവൽക്കരിക്കാൻ മുന്നിട്ടു പ്രവർത്തിച്ചത് ഫാ. വിതയത്തിലായിരുന്നു.

സീറോ - മലബാർ സഭ വളരെ പഴക്കവും വിശ്വാസതീഷ്ണതയും ഉള്ള സഭയായിരുന്നുവെങ്കിലും, ഭാരതം മുഴുവൻ ഒരു കാലത്ത് അതിന് പ്രവർത്തനസ്വാതന്ത്ര്യമുണ്ടായിരുന്നെങ്കിലും പോർട്ടുഗീസുകാരുടെ വരവിനുശേഷം നമ്മുടെ പ്രവർത്തനമേഖല ചുരുക്കുകയും പ്രവർത്തനസ്വാതന്ത്ര്യം ഒരു പരിധിവരെ പരിമിതപ്പെടുത്തുകയും ചെയ്തു. ആരാധനാക്രമം, സഭാഭരണസംവിധാനം എന്നീ കാര്യങ്ങളിൽ സീറോ - മലബാർ സഭയിൽ കഴിഞ്ഞ കുറേനാളുകളായി അഭിപ്രായ വ്യത്യാസം നിലനിൽക്കുകയും ചെയ്തിരുന്നു. ആ അഭിപ്രായ വ്യത്യാസം സകല പരിധികളെയും അതിലംഘിച്ച് പ്രകടനങ്ങളിലേക്കും പ്രസ്താവനായുദ്ധത്തിലേക്കും തിരിയുകയുണ്ടായി. സാധാരണ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം അത് ദുഃഖകരമായിരുന്നു. അപ്പസ്തോലിക പാരമ്പര്യമുള്ള സീറോ - മലബാർ സഭക്ക് ഒരു തലവനെ നിയമിക്കുന്നതായിരിക്കും പ്രശ്നപരിഹാരത്തിനുള്ള പോംവഴിയെന്ന് സമുദായസ്നേഹികൾ ചിന്തിച്ചു. ഈ പ്രശ്നത്തെപ്പറ്റി പഠിക്കാൻ കേരളത്തിലെത്തിയ പൊന്തിഫിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് സീറോ-മലബാർ സഭയെ ഉയർത്തി. പൗരസ്ത്യസഭയിൽ ഉക്രേനിയൻ സഭക്കുശേഷം ആദ്യമായിട്ടാണ് ഒരു സഭാവിഭാഗത്തിന് മേജർ ആർക്കി എപ്പിസ്കോപ്പൽ പദവി നൽകുന്നത്. കാർഡിനൽ മാർ ആന്റണി പടിയറ തിരുമേനിയേയാണ് സഭയുടെ തലവനായി നിയോഗിച്ചത്. സാധാരണ എപ്പിസ്കോപ്പൽ പദവിയുള്ള സമൂഹത്തിന് ലഭിക്കുന്ന എല്ലാ അവകാശങ്ങളും നമുക്ക് തന്നിരുന്നില്ല. അത് കുറെയെല്ലാം റോമിന്റെ കൈവശംതന്നെ നിലനിർത്തിയിരുന്നു. നമ്മുടെ സഭയിലെ അനൈക്യമാണ് അതിന് വഴിതെളിച്ചത്. സിനഡ്പ്രവർത്തനം ആരംഭിച്ചു. എങ്കിലും അഭിപ്രായവ്യത്യാസങ്ങൾ പൂർണ്ണമായും പരിഹരിക്കുകയുണ്ടായില്ല. ആർച്ച് ബിഷപ്പ് മാർ കാട്ടുമനതിരുമേനിയുടെ നിര്യാണവും

www.malankaralibrary.com

കാർഡിനൽ മാർ ആന്റണി പടിയറയുടെ രാജിയും മൂലം പുതിയ ഒരു തലവനെ സഭക്ക് കണ്ടെത്താൻ ഉള്ള ശ്രമം നടന്നു. ഒരു സന്യാസിയായ, ദിവ്യരക്ഷകസഭയിലെ അംഗമായ വിതയത്തിൽ വർക്കിയച്ചനെയാണ് റോം അതിനായി കണ്ടെത്തിയത്.

സീറോ മലബാർ സഭയുടെ അപ്പസ്തോലിക് അഡ്മിനിസ്റ്റ്രേറ്ററായും റവ. ഡോ. വർക്കി വിതയത്തിലിനെ ജോൺപോൾ രണ്ടാമൻ മാർപാപ്പാ നിയോഗിച്ചു. 1996 ഡിസംബറിലാണ് ഇതു സംബന്ധിച്ച് പ്രഖ്യാപനമുണ്ടായത്. 1997 ജനുവരി 6–ാം തീയതി അദ്ദേഹം മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെട്ടു. മേജർ ആർച്ചുബിഷപ്പിന്റെയും മെത്രാപ്പോലീത്തായുടെയും ചുമതല അദ്ദേഹത്തിന് നൽകുകയും ചെയ്തു. മാർ വർക്കി വിതയത്തിലിനെ അക്രിദയുടെ സ്ഥാനിക മെത്രാപ്പോലീത്തായുമായിട്ടാണ് നിയമിച്ചത്.

സീറോ – മലബാർ സഭയുടെ കേന്ദ്രകാര്യാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ (കാക്കനാട് സെന്റ് തോമസ് മൗണ്ട്) അദ്ദേഹത്തിന് സാധിച്ചു. സഭയിലെ പ്രശ്നങ്ങൾ വീണ്ടും തുടർന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഭരണത്തിന്റെ ആരംഭഘട്ടത്തിൽ സീറോ – മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി 1998 നവംബറിൽ വിളിച്ചുകൂട്ടുകയുണ്ടായി. സീറോ-മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിനെതുടർന്ന് 5 വർഷത്തിലൊരിക്കൽ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി കൂടണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. ഒരു വർഷം നീണ്ടുനിന്ന ഒരുക്കങ്ങളുടെ ഫലമായിട്ടാണ് ഈ അസംബ്ലി ചേർന്നത്. സീറോ-മലബാർ സഭ മൂന്നാം സഹസ്രാബ്ദത്തിലേക്ക് "ദൗത്യവും സാക്ഷ്യവും" എന്നത് അസംബ്ലിയുടെ അടിസ്ഥാന പ്രമേയമായി തിരഞ്ഞെടുത്തു.

സീറോ – മലബാർ സഭയുടെ തനിമ, ആരാധനാക്രമം, ഭരണസംവിധാനം, സഭയിൽ നൂറ്റാണ്ടുകളായി ഉപയോഗിച്ചിരുന്ന മാർത്തോമ്മാ കുരശ് തുടങ്ങിയ വിഷയങ്ങളെപ്പറ്റി വളരെയധികം വിവാദങ്ങൾ നിലനിന്ന സന്ദർഭത്തിലാണ് സീറോ – മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി വിളിച്ചു കൂട്ടുവാൻ മെത്രാന്മാരുടെ സിനഡ് തീരുമാനിച്ചത്. ഈ തർക്കങ്ങളും അതേത്തുടർന്നുണ്ടായിരുന്ന സംഘർഷാന്തരീക്ഷവും അസംബ്ലിയിൽ പ്രതിഫലിപ്പിക്കുമെന്നും അസംബ്ലി ഒരു ബലാബല പരീക്ഷണത്തെ നേരിടേണ്ടി വരുമെന്നും സ്വാഭാവികമായി സമുദായാംഗങ്ങൾ പ്രതീക്ഷിച്ചു. സഭയിലെ ഏതാനും അംഗങ്ങൾ രാജ്യത്തുടനീളം നടത്തിയ പ്രസംഗപരിപാടികളും മാർത്തോമ്മാകുരിശും പള്ളിയോഗ നടപടികളും അഗ്നിദാഹം ചെയ്യാൻ നടത്തിയ ശ്രമങ്ങളും എല്ലാ സമുദായാംഗങ്ങളെയും ഉൽകണ്ഠാകുലരാക്കിയെന്നത് യാഥാർത്ഥ്യമാണ്. ഇങ്ങനെയൊരു പ്രത്യേകാന്തരീക്ഷത്തിൽ ചേർന്ന അസംബ്ലി എല്ലാ കണക്കുകൂട്ടലുകളെയും തെറ്റിച്ച് തികഞ്ഞ സംയ

www.malankaralibrary.com

മനത്തോടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് സഭയുടെ അഭിമാനം കാത്തുസൂക്ഷിച്ചുവെന്ന് പറയാൻ അതിയായ സന്തോഷമുണ്ട്. മേജർ ആർച്ച് ബിഷപ്പിന്റെ നേതൃത്വം ഇക്കാര്യത്തിൽ നൂറുശതമാനവും വിജയിക്കുകയുണ്ടായി. 2004 ൽ നടന്ന എപ്പിസ്കോപ്പൽ അസംബ്ലിയും വിജയകരമാക്കുവാൻ തിരുമേനിയുടെ നേതൃത്വത്തിന് സാധിച്ചു.

2001 ജനുവരിയിൽ മേജർ ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിലിനെ കർദ്ദനാൾ സ്ഥാനത്തേക്കുയർത്തപ്പെട്ടുകൊണ്ട് പോൾ ആറാമൻ മാർപാപ്പായുടെ പ്രഖ്യാപനം ഉണ്ടായി. ഭാരതസഭയ്ക്ക് പൊതുവിലും സീറോ - മലബാർ സഭയ്ക്ക് പ്രത്യേകിച്ചും സന്തോഷകരമായ ഒരു വാർത്തയായിരുന്നു അത്. സീറോ - മലബാർസഭ ഉയർത്തിപ്പിടിച്ച ക്രൈസ്തവമൂല്യങ്ങളുടെ അംഗീകാരമാണ് കർദ്ദനാൾ പദവിക്ക് മാർ വിതയത്തിലിനെ അർഹനാക്കിയത്. 1999 ഡിസംബർ 23 ന് സീറോ - മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പായും മാർ വിതയത്തിലിനെ നിയമിച്ചിരുന്നു. സഭയുടെ രാജകുമാരന്മാർ എന്ന നിലയിലാണ് കർദ്ദനാളന്മാർ അറിയപ്പെടുക. കർദ്ദനാളന്മാർ മാർപാപ്പായുടെ പ്രധാന ഉപദേഷ്ടാക്കളാണ്. സഭയുടെ നടത്തിപ്പിൽ സഹായിക്കുക, മാർപാപ്പായുടെ തിരഞ്ഞെടുപ്പിൽ പങ്കുവഹിക്കുക എന്നിവ കർദ്ദനാളന്മാരുടെ ചുമതലയാണ്.

കേരളസഭക്ക് ഇതിനുമുൻപ് രണ്ടു കർദ്ദനാളന്മാരെയാണ് ലഭിച്ചിട്ടുള്ളത്. പ്രഥമ കർദ്ദനാൾ മാർ ജോസഫ് പാറേക്കാട്ടിലായിരുന്നു. രണ്ടാമതായി ഈ സ്ഥാനത്തേക്കുയർത്തപ്പെട്ടത് മാർ ആന്റണി പടിയറ തിരുമേനിയേയാണ്. പിന്നീട് മാർ വർക്കി വിതയത്തിലും. 2001 ഫെബ്രുവരി 21-22 തീയതികളിലായിരുന്നു സ്ഥാനാരോഹണ ചടങ്ങുകൾ. റോമിൽവച്ചു നടന്ന സ്ഥാനാരോഹണ ചടങ്ങിൽ റോമിലും ജർമ്മനിയിലും അമേരിക്കയിലുമെല്ലാമുള്ള പിതാവിന്റെ കുടുംബക്കാരും സ്നേഹിതരും പങ്കെടുത്തിരുന്നു. കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് ജോൺ കച്ചിറമറ്റവും കേരളത്തിൽനിന്നും പങ്കെടുക്കുകയുണ്ടായി. തിരിച്ച് കേരളത്തിലെത്തിയ തിരുമേനിക്ക് ഉജ്ജ്വലവരവേൽപ്പാണ് നൽകിയത്.

വർക്കി വിതയത്തിൽ തിരുമേനിയുടെ ഭരണകാലത്ത് സീറോ - മലബാർ സഭക്ക് വൻ വളർച്ചയാണുണ്ടായത്. ബൽത്തങ്ങാടി, ഇടുക്കി, അദിലാബാദ്, അമേരിക്കയിലെ ചിക്കാഗോ എന്നിവിടങ്ങളിൽ സഭക്ക് പുതിയ രൂപതകളുണ്ടായത് ഇക്കാലത്താണ്.

സമകാലീന പ്രശ്നങ്ങളോട് പ്രതികരിക്കുന്നതിലും ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിലും തിരുമേനി പ്രത്യേകം ശ്രദ്ധപതിപ്പിക്കാറുണ്ട്. സുനാമി ദുരിതബാധിതർക്ക് സഹായമെത്തിക്കാൻ തിരുമേനി നൽകിയ ആഹ്വാനം സഭ ഒന്നാകെ സ്വീകരിക്കുകയുണ്ടായി. വിതയത്തിൽ തിരുമേനി കർദ്ദനാൾ സ്ഥാനത്തേക്കുയർത്തപ്പെട്ടപ്പോൾ സത്യദീപം പ്രതിനിധിയുമായി നടത്തിയ അഭിമുഖത്തിലെ ഏതാനും കാര്യങ്ങൾ ഉദ്ധരിക്കട്ടെ.

www.malankaralibrary.com

പിതാവിന്റെ ചിന്തയും പ്രവർത്തനങ്ങളും ഏതുവിധത്തിലാണെന്ന് മനസ്സിലാക്കാൻ അത് സഹായിക്കും.

"കുടുംബപ്രാർത്ഥനയിലൂടെയും കൗദാശികാനുഷ്ഠാനങ്ങളിലൂടെയും ദൈവവുമായി ഒന്നുചേർന്നു ജീവിതത്തെ ആഴപ്പെടുത്തണമെന്നാണ് എനിക്കു പറയാനുള്ളത്. ഒപ്പം, വി. പത്രോസിന്റെ സിംഹാസനത്തോടുള്ള വിശ്വസ്തത നാം പ്രദർശിപ്പിക്കുകയും വേണം. ഉപവിപ്രവർത്തനങ്ങൾ അനുഷ്ഠിക്കുന്നതിൽ നാം അഭിമാനംകൊള്ളണം. കുടുംബപ്രശസ്തിക്കോ ഇടവകയുടെ മാഹാത്മ്യത്തിനോ വേണ്ടിയല്ല നാം യത്നിക്കേണ്ടത്. സേവനത്തിന്റെ മഹത്ത്വത്തിലാണു നാം അഭിമാനിക്കേണ്ടത്.

രൂപതാവൈദികരും വലിയ ഗണമായ സന്ന്യസ്തരും തമ്മിലും വർദ്ധിച്ച സഹകരണം വേണം എന്നാണ് എന്റെ ആഗ്രഹം. രൂപതയിലെ ദൗത്യങ്ങളിൽ കൂടുതൽ ധാരണയും ബഹുമാനവും സഹകരണവും ഇവരുടെ തലങ്ങളിൽ ഉണ്ടാകേണ്ടതാണ്. ഇപ്പോൾ രൂപതാവൈദികർ സന്ന്യാസികളെ വിമർശിക്കുന്നു. സന്ന്യാസികൾ രൂപതാവൈദികരെയും. പരസ്പരം മനസ്സിലാക്കാത്തതുകൊണ്ടാണിത്. പ്രധാനമായും. രൂപതയിൽ സാങ്കേതികമായും ദൈവശാസ്ത്രപരമായും ഒരു ദൗത്യമേയുള്ളു - അതു മെത്രാന്റെ ദൗത്യമാണ്. അപ്പസ്തോലപിൻഗാമിയുടെ ഈ ദൗത്യത്തിലാണു രൂപതാവൈദികനും സന്ന്യാസിയും പങ്കുചേരുന്നത്. രൂപതയിലെ ഈ ദൗത്യത്തിന് ഐക്യമുണ്ട് - ആ ഐക്യം കാത്തുസൂക്ഷിക്കുന്നതു മെത്രാനാണ്. ദൈവശാസ്ത്രപരമായ ഈ തത്ത്വം എല്ലാവരും മനസ്സിലാക്കണം. അല്ലെങ്കിൽ ക്രിസ്തുവിന്റെ ഹിതത്തിനു വിരുദ്ധമായി നാം പ്രവർത്തിക്കും. അതുകൊണ്ടു വൈദികരും സന്ന്യസ്തരും തങ്ങളുടെ പ്രത്യേകമായ വിളിയും കടമകളും മനസ്സിലാക്കി പരസ്പരം പഴിചാരുകയോ വിമർശിക്കുകയോ ചെയ്യാതെ ഐക്യത്തിൽ പ്രവർത്തിക്കണം.

എങ്കിൽ മാത്രമേ തിന്മയ്ക്കെതിരെ പ്രതികരിക്കാൻ നമുക്കു സാധിക്കൂ; ദൈവവുമായുള്ള ബന്ധവും മതപരമായ മൂല്യങ്ങളുമൊക്കെ വളരെ കുറച്ചു മാത്രമാണു പ്രചരിപ്പിക്കപ്പെടുന്നത്. തിന്മയുടെ മാർഗങ്ങളാണു വ്യാപകമാകുന്നത്. ക്രിസ്ത്യാനികളായ നാം ദൈവത്തിന്റെ കല്പനകളോട് എപ്പോഴും വിധേയത്വം പുലർത്തേണ്ടവരാണ്. സ്വയം പുകഴ്ത്താൻവേണ്ടി ചെലവിടുന്ന ഭീമൻതുകകൾ ഭയങ്കരമാണ്.

സമത്വസുന്ദരമായ ഒരു സമൂഹം ഉണ്ടാകണം. സ്വന്തം വിഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിൽ സന്തോഷവും മഹത്ത്വവും കാണുന്ന മനുഷ്യരുണ്ടാകണം. സ്വയം മഹത്ത്വപ്പെടാനുള്ളതല്ല ഇതൊക്കെ. വലതുകരം ചെയ്യുന്നത് ഇടതുകരം അറിയരുത്. ദൈവത്തോടും ദൈവമക്കളോടുമുള്ള സ്നേഹത്തിന്റെ പ്രദർശനമാകണം അത്. വിശ്വാസികൾ ഇത്തരത്തിൽ പ്രവർത്തിക്കും എന്നാണെന്റെ പ്രതീക്ഷ. യഥാർത്ഥ ഉപ്പാകാനും അജപാലനകാര്യങ്ങളിൽ സഹായികളാകാനും സമാധാനം, നീതി, സത്യം, ദരിദ്ര


www.malankaralibrary.com

രോടുള്ള പക്ഷംചേരൽ എന്നിവ പരിപോഷിപ്പിക്കാനും അവർക്കു സാധിക്കും. ഇതരമതസ്ഥരുമായി നല്ല ബന്ധങ്ങൾ സ്ഥാപിക്കാനും നമുക്കു കഴിയണം. ഓരോരുത്തർക്കും അവരുടെ വിശ്വാസത്തിൽ ജീവിക്കാനുള്ള അവകാശമുണ്ട്." പക്വപൂർണ്ണമായ തിരുമേനിയുടെ ഈ അഭിപ്രായം ശിരസ്സാവഹിക്കുവാൻ നാം തയ്യാറാകണം.

വിലാസം - മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ മാർ വർക്കി വിതയത്തിൽ,
കാർഡിനൽ ഹൗസ്, എറണാകുളം, കൊച്ചി.

# 72

# പ്രൊഫ. കെ.ടി. സെബാസ്റ്റ്യൻ



കഴിഞ്ഞ അരനൂറ്റാണ്ടുകാലമായി മതസാംസ്കാരിക വിദ്യാഭ്യാസ മേഖലകളിൽ വിലപ്പെട്ട സംഭാവനകൾ നല്കിക്കൊണ്ടിരിക്കുന്ന പ്രൊഫസർ കെ.ടി. സെബാസ്റ്റ്യൻ അല്മായ പ്രേഷിതരംഗത്ത് കേരളത്തിലെന്നല്ല, ഭാരത-ആഗോളതലങ്ങളിൽ തന്നെയും അറിയപ്പെടുന്ന ഒരു സഭാസ്നേഹിയാണ്. അല്മായ പ്രേഷിതത്വം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു ദൈവ നിയോഗം തന്നെയാണ്. ഈ രംഗത്തുള്ള അദ്ദേഹത്തിന്റെ നേതൃത്വപരമായ കഴിവുകളും പ്രതിബദ്ധതയും സഭയുടെ ഉന്നതതലങ്ങളിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.

വത്തിക്കാൻ സൂനഹദോസിന്റെ സഭാനവീകരണ ചൈതന്യത്തിൽ അല്മായർക്കുവേണ്ടി സഭയുടെ കേന്ദ്രഭരണസംവിധാനത്തിൽ ഒരു സമിതി (Pontifical council for the Laity) രൂപീകരിച്ചപ്പോൾ അതിലെ ഭാരതത്തിൽ നിന്നുള്ള ഏക പ്രതിനിധിയായി നിയമിതനായത് പ്രൊഫ. സെബാസ്റ്റ്യനാണ്. അതുപോലെ തന്നെ ഭാരതത്തിലെ ദൈവശാസ്ത്രജ്ഞന്മാരുടെ സമിതി (Indian Theological Association) യിൽ ആദ്യമായി അംഗത്വം ലഭിച്ചതും അദ്ദേഹത്തിനാണ് ഭാരതത്തിൽ ആദ്യമായി സ്ഥാപിതമായ അല്മായർക്കുവേണ്ടിയുള്ള ദൈവശാസ്ത്രപഠനകേന്ദ്രത്തിന്റെ (Theological Institute for the Laity) ആദ്യത്തെ അല്മായ പ്രിൻസിപ്പൽ; അല്മായ ദൈവശാസ്ത്ര സംബന്ധമായി ഭാരതത്തിൽ ആദ്യമായി പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥത്തിന്റെ കർത്താവ് എന്നിങ്ങനെ പ്രൊഫ. സെബാസ്റ്റ്യൻ സഭാതലത്തിൽ നല്കിയിട്ടുള്ള നേതൃത്വപരമായ സംഭാവനകൾ പലർക്കും അറിവുള്ളതാണ്. വിദ്യാഭ്യാസ മത-സാംസ്കാരിക മേഖലകളിൽ ഇപ്പോൾ അദ്ദേഹത്തിന്റെ സജീവ സാന്നിദ്ധ്യമുണ്ട്.

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിക്കു സമീപമുള്ള കുരിശുങ്കൽ

www.malankaralibrary.com

പറമ്പിൽ ഭവനത്തിൽ ഔസേപ്പച്ചന്റെയും അന്നമ്മയുടെയും ഇളയ മകനായി 1927 ജൂലൈ 13-ന് ജനിച്ചു. സമീപത്തുള്ള സെന്റ്മേരീസ് എൽ.പി.സ്കൂളിലും ഗവൺമെന്റു സ്കൂളിലും പ്രാഥമിക വിദ്യഭ്യാസം, ഹൈസ്കൂൾ വിദ്യാഭ്യാസം സെന്റുബർക്കുമാൻസിൽ, ബി.എ. വരെയുള്ള കോളേജ് വിദ്യാഭ്യാസം സെന്റ്ബർക്കുമാൻസ് കോളേജിൽ (1945-49) സ്കൂളിലും കോളജിലും ഐച്ഛികഭാഷ സംസ്കൃതം. കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപകരായി പ്രൊഫ. എം.പി. പോൾ, പ്രൊഫ.സി.എ.ഷെപ്പേർഡ് തുടങ്ങിയവർ. ബി.എ.യ്ക്ക് മുഖ്യപാഠ്യവിഷയം സാമ്പത്തികശാസ്ത്രമായിരുന്നു.

ബി.എ. കഴിഞ്ഞു കുറഞ്ഞോരുകാലം ബോംബെയിൽ പത്രപ്രവർത്തനത്തിലേർപ്പെട്ടു. 1949-51 രണ്ടുവർഷം തേവരകോളജിലും തുടർന്നൊരു വർഷം എസ്.ബി. കോളജിലും ട്യൂട്ടറായിരുന്നു. തേവരയിലെ പ്രിൻസിപ്പലായിരുന്ന തിയോഡോഷ്യച്ചനും എസ്.ബി. പ്രിൻസിപ്പലായിരുന്ന ബ. വില്യമച്ചനും സെബാസ്റ്റ്യൻ സാറിന്റെ വ്യക്തിത്വവകിസനത്തിൽ ഏറെ സഹായിച്ചിട്ടുള്ളവരാണ്. 1952-54 ൽ മദ്രാസ് ക്രിസ്ത്യൻ കോളജിൽ (താംബരം) എം.എ. ഇംഗ്ലീഷ് ഭാഷയും സാഹിത്യവും. ഇംഗ്ലീഷ്പഠനത്തോടൊപ്പം പ്രശസ്തമായ ആ കലാലയത്തിൽ നിന്നു പ്രിൻസിപ്പൽ ഡോ. ബോയ്ഡുൾപ്പെടെയുള്ള സ്കൊട്ടിഷ് മിഷനറിമാരുടെ സേവനതല്പരതയും പെരുമാററരീതികളും കലാലയ വിദ്യഭ്യാസത്തെക്കുറിച്ച് വിലപ്പെട്ട ഉൾക്കാഴ്ചകൾ നൽകി.

1954 ൽ എസ്.ബി. കോളജിൽ ലക്ചററായി മടങ്ങിവന്നു. സഭാകാര്യങ്ങളിൽ ഏറെ തല്പരനായിരുന്ന പ്രൊഫ. സെബാസ്റ്റ്യനെ ആർച്ചു ബിഷപ്പ് കാവുകാട്ട് ഏറെ പ്രോത്സാഹിപ്പിച്ചിരുന്നു. ദൈവവിളിയെക്കുറിച്ചു പിതാവുമായി സംസാരിച്ചപ്പോൾ പിതാവുപറഞ്ഞു. "ഒരു വൈദികനെന്നതിനെക്കാൾ കൂടുതൽ കാര്യങ്ങൾ സെബാസ്റ്റ്യന് ഒരു അല്മായനെന്ന നിലയിൽ ചെയ്യുവാൻ സാധിക്കും." അത് സെബാസ്റ്റ്യന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. അല്മായ പ്രേഷിതത്വത്തിനുള്ള ദൈവനിയോഗമായിട്ടാണ് ഇതിനെ അദ്ദേഹം കണ്ടത്.

കാവുകാട്ടു പിതാവിന്റെ താല്പര്യ പ്രകാരം 1960 മുതൽ 63 വരെ പ്രൊഫ. സെബാസ്റ്റ്യൻ അമേരിക്കയിലെ ലയോള സർവ്വകലാശാലയിൽ (ഷിക്കാഗോ) M.Ed. ന് പഠിച്ചു. ചങ്ങനാശ്ശേരിയിൽ രൂപതയുടെതായി ഒരു ട്രെയിനിങ്ങ് കോളജ് തുടങ്ങാമെന്ന പദ്ധതിയുടെ ഭാഗമായി കൂടിയാണ് അദ്ദേഹത്തെ അദ്ധ്യാപന പരിശീലനത്തിനുവിട്ടത്. പിതാവിന് ഈ കാര്യത്തിൽ മറെറാരുദ്ദേശ്യം കൂടിയുണ്ടായിരുന്നിരിയ്ക്കണം. ദൈവശാസ്ത്രപരമായ ചിന്തയുടെ ചക്രവാളങ്ങൾ വികസിപ്പിക്കുവാൻ ഷിക്കാഗൊയിലെ വിദ്യാഭ്യാസം സഹായിക്കുമെന്നു പിതാവു കരുതിയിരുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ കാലത്ത് തന്നെയായിരുന്നു അദ്ദേഹത്തിന്റെ ഷിക്കാഗോയിലെ പഠനവും. സൂനഹദോസിന്റെ പുത്തൻകാഴ്ചപ്പാടുകളും വെളിപ്പെടുത്തലുകളും ഷിക്കാഗോയിലെ പ്രബുദ്ധരായ അല്മായരുടെ

www.malankaralibrary.com

ഇടയിൽ ചർച്ചാവിഷയമായിരുന്നു. അല്മായ ദൈവശാസ്ത്ര ( Theology of the Laity) സംബന്ധമായ ആദ്യപാഠങ്ങൾ അദ്ദേഹം പഠിച്ചത് ഷിക്കാഗോയിൽ നിന്നായിരുന്നു. സഭയെക്കുറിച്ചുള്ള പുത്തൻ സ്വപ്നങ്ങളുമായിട്ടാണ് അദ്ദേഹം 1963 ൽ നാട്ടിൽ മടങ്ങിയെത്തിയത്.

അമേരിക്കയിലുണ്ടായിരുന്ന മൂന്നുവർങ്ങളൊഴിച്ചാൽ 1954 മുതൽ വകുപ്പ് മേധാവിയായി 1983-ൽ റിട്ടയർ ചെയ്യുന്നത് വരെ എസ്.ബി.യിൽ തന്നെയായിരുന്നു സേവനം. റിട്ടയർമെന്റിനുശേഷം കുറച്ചുകാലം ബ.തോമസ് മൂർ സി.എം.ഐ. ആലപ്പുഴയിൽ തുടങ്ങിവച്ച 'ഗുരുകുലം' കോളജിലും 1986 മുതൽ അഞ്ചുവർഷക്കാലം അതിരൂപത വക കുരിശുമ്മൂട്ടിലുള്ള 'യുവദീപ്തി' കോളേജിലും പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. രണ്ടിടത്തെയും കുട്ടികളിൽ മിക്കവരും പഠിക്കുവാൻ സമർത്ഥരല്ലാത്ത സാമ്പത്തികമായി ബുദ്ധിമുട്ടുള്ളവരായിരുന്നതുകൊണ്ട് അത് ശരിക്കും സാമൂഹ്യ സേവനം തന്നെയായിരുന്നു.

പ്രൊഫ. സെബാസ്റ്റ്യൻ പൊതുജീവിതത്തിലേക്കു കടന്നു വരുന്നത് സാമൂഹ്യസേവനത്തിലൂടെയായിരുന്നു. കോളജ് വിദ്യാർത്ഥിയായിരിക്കുമ്പോൾ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററിയുടെ സ്ഥാപകനായിരുന്ന ഫ്രെഡറിക്ക് ഓസാനാമാന്റെ ജീവിതം ഒരു പ്രചോദനമായി. ഇടവകയിലെ സെന്റ് വിൻസെന്റ് ഡി പോൾ സെന്റ് മേരീസ് കോൺഫറൻസിലെ അംഗമായി. പർട്ടിക്കുലർ കൗൺസിൽ പ്രസിഡന്റ് ചങ്ങനാശ്ശേരി അതിരൂപതാ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് എന്നീ നിലകളിൽ പരസ്നേഹ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. അമേരിക്കയിൽ ഉപരിപഠനത്തിന് പോകുന്നതുവരെ ഈ രംഗത്ത് പ്രവർത്തിച്ചു. അമേരിക്കയിൽ നിന്നു മടങ്ങി വന്നതിനുശേഷം സാമൂഹ്യ വീക്ഷണത്തിൽ മാററം ഉണ്ടായി. ദുരിതാശ്വാസവും ഉപവിപ്രവർത്തനങ്ങളും വഴി പാവപ്പെട്ടവർക്കു താൽക്കാലികാശ്വാസം ഉണ്ടാകുമെങ്കിലും വികസനത്തിനും വിമോചനത്തിനുമായുള്ള പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ മാററങ്ങൾക്ക് വഴിയൊരുക്കുകയാണ് വേണ്ടതെന്ന് ബോദ്ധ്യമായി. സമൂഹത്തോടു പ്രതിബദ്ധതയുള്ള ഒരു കത്തോലിക്കാ അദ്ധ്യാപകനെന്ന നിലയിൽ വിദ്യാർത്ഥികളെ ഒരു പുത്തൻ സാമൂഹ്യ വ്യവസ്ഥതിക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള പരിശീലന പരിപാടികളിൽ പങ്കുചേർന്നു. സർവകലാശാലാവിദ്യാർത്ഥികൾക്കുവേണ്ടിയുള്ള കത്തോലിക്കാ വിദ്യാർത്ഥി സംഘടനയായ ഐക്കഫിലൂടെയായിരുന്നു മുഖ്യപ്രവർത്തനം.

1964 മുതൽ 70 വരെ കേരളകത്തോലിക്കാ വിദ്യാർത്ഥിസഖ്യ (K.C.S.L.) ത്തിന്റെ സംസ്ഥാന പ്രസിഡന്റായി നിയോഗിക്കപ്പെട്ടു. ദീർഘകാലം സംഘടനയുടെ നേതൃസ്ഥാനത്ത് പ്രവർത്തിച്ച് ത്യാഗോജ്ജ്വലമായ സേവനം കാഴ്ചവച്ച പ്രൊഫ. പി.ടി. തോമസിന്റെ പിൻഗാമിയായി ചാർജെടുക്കുമ്പോൾ പ്രായം നാല്പതിൽ താഴെ. ഒരു കാലത്ത് കേരളത്തിലെ

www.malankaralibrary.com

ക്രൈസ്തവ വിദ്യാർത്ഥികളുടെ - പ്രത്യേകിച്ചും കോളജ് വിദ്യാർത്ഥികളുടെ നേതൃത്വപരിശീലന വേദിയായിരുന്ന ഈ സംഘടന ഫാദർ ഒണേരയുടെ കാലശേഷം ഏതാണ്ടൊരു 'ഭക്തസംഘടന'യുടെ രീതിയിലായി. മാത്രമല്ല അതിന്റെ പ്രവർത്തനം മദ്ധ്യ കേരളത്തിലെ ഏതാനും രൂപതകളിൽ മാത്രം ഒതുങ്ങി. വത്തിക്കാൻ സൂനഹദോസിന്റെ ചൈതന്യത്തിൽ ഈ സംഘടനയെ നവീകരിക്കുകയും, അതിന്റെ പേര് അന്വർത്ഥമാകുന്ന രീതിയിൽ കേരളത്തിലെ എല്ലാ രൂപതകളിലും അതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാനുമുള്ള പുതിയ പ്രസിഡണ്ടിന്റെ ശ്രമങ്ങൾക്കു നല്ല പ്രതികരണമുണ്ടായി. 1967-ൽ സംഘടനയുടെ സുവർണ്ണ ജൂബിലി ആലപ്പുഴ ലിയോ തർട്ടീന്ത് സ്കൂളിൽ ആഘോഷിച്ചപ്പോൾ കേരളത്തിൽ അന്നുണ്ടായിരുന്ന എല്ലാ രൂപതകളിലെയും പിതാക്കന്മാരുടെയും പിന്തുണയും സഹകരണവും ഉണ്ടായി. റീത്ത് വ്യത്യാസം കെ.സി.എസ്.എൽ ന്റെ സംഘടിത പ്രവർത്തനത്തിനും ഐക്യത്തിനും തടസ്സമായില്ല. ജൂബിലിവേള K.C.S.L. ന്റെ വളർച്ചയുടെ ഒരു പുത്തൻ അദ്ധ്യായത്തിന്റെ ആരംഭമായിരുന്നു.

1970 ൽ പ്രസിഡന്റു സ്ഥാനം ഒഴിഞ്ഞെങ്കിലും ഈ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രാധാന്യവും സഭയ്ക്കും സമൂഹത്തിനും അതിലൂടെ ലഭിക്കാവുന്ന നേട്ടങ്ങളും കണക്കിലെടുത്ത് ഈ പ്രസ്ഥാനത്തിന്റെ നവീകരണത്തിനും വളർച്ചയ്ക്കും വേണ്ടി അദ്ദേഹം തുടർന്നു പ്രവർത്തിച്ചുകൊണ്ടിരുന്നു.

സംഘടനയെ വത്തിക്കാൻ സൂനഹദോസിന്റെ ചൈതന്യത്തിലും മാറിവരുന്ന സാമൂഹ്യ സാഹചര്യങ്ങൾക്കും അനുസൃതമായി നവീകരിക്കുവാനുള്ള ഒരവസരം അദ്ദേഹത്തിനും കേരളത്തിൽ നിന്നുള്ള ഏതാനും യുവജന ഉത്തേജകർക്കും (animators) ലഭിക്കുകയുണ്ടായി. 1973 ൽ യുവജനോത്തേജകർക്കായി (Youth animators) ബാംഗ്ലൂരിൽ സംഘടിപ്പിച്ച തീവ്ര പരിശീലന പരിപാടിയായിരുന്നു ഇതിനവസരം ഒരുക്കിയത്. ദേശീയ അന്തർദ്ദേശീയ തലങ്ങളിലുള്ള വിദഗ്ദ്ധരുടെ സഹായത്തോടെ നടത്തപ്പെട്ട ഒരു മാസം ദീർഘിച്ച പരിശീലന പരിപാടിയിൽ നിന്നും ദൈവശാസ്ത്രം, ലിററർജി, സാമൂഹ്യനീതി, ക്രിസ്തീയ വിദ്യാഭ്യാസം, ഗ്രൂപ്പു ഡൈനാമിക്സ്, കൗൺസിലിങ്ങ് തുടങ്ങിയ വിഷയങ്ങളിൽ പല പുത്തൻ ഉൾക്കാഴ്ചകളും ഒപ്പം പ്രായോഗികപരിശീലനവും ലഭിച്ചു. സഭാപ്രവർത്തനങ്ങളിൽ പ്രത്യേകിച്ചും യുവജനപ്രേഷിതപരിപാടികളിൽ കൂടുതൽ പ്രതിബദ്ധതകൈവരിക്കുവാൻ ഈ പരിശീലന പരിപാടി സഹായമായി. വത്തിക്കാൻ സൂനഹദോസിന്റെ ചൈതന്യത്തിൽ കെ.സി.എസ്.എൽനെ കാലോചിതമായി നവീകരിക്കുവാനും ശക്തിപ്പെടുത്തുവാനും ഈ പരിപാടി അദ്ദേഹത്തെയും പുതിയ സംഘടനാഭാരവാഹികളെയും ഏറെ സഹായിച്ചു. ദീർഘമായ ചർച്ചകൾക്കും ആലോചനകൾക്കും ശേഷം കെ.സി.എസ്. എൽ ന്റെ പ്രവർത്തനങ്ങൾക്ക് ഒരു പുത്തൻ മാർഗ്ഗരേഖയുണ്ടായി. സംഘടനയുടെ ചരിത്രത്തിലെ

www.malankaralibrary.com

ഒരു വഴിത്തിരിവായിത്തീർന്ന ഈ പരിപാടികൾക്കു മുൻകൈയെടുക്കുവാൻ സാധിച്ചതിൽ പ്രൊഫ. സെബാസ്റ്റ്യൻ സന്തുഷ്ടനാണ്.

തുടർന്നുള്ള ഏതാണ്ടു രണ്ടു മൂന്നു ദശാബ്ദക്കാലം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സഭാതലങ്ങളിലുള്ള - കേരള, ഭാരത, ആഗോള തലങ്ങളിലുള്ള - തുടർച്ചയായ പ്രവർത്തനങ്ങളുടെ കാലമായിരുന്നു. ഒരു കോളജ് പ്രൊഫസറെന്ന നിലയിൽ കലാലയത്തോടും വിദ്യാർത്ഥികളോടു മുള്ള ചുമതലയ്ക്ക് യാതൊരു കോട്ടവും വരാത്ത രീതിയിലായിരുന്നു ഈ പ്രവർത്തനങ്ങൾ.

വത്തിക്കാൻ സൂനഹദോസിനെ തുടർന്നു രൂപതാ പാസ്റ്ററൽ കൗൺസിലുകൾ രൂപീകരിക്കുവാനുള്ള റോമിന്റെ നിർദ്ദേശം ഉണ്ടായപ്പോൾ അന്നത്തെ ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷനായിരുന്ന കാവുകാട്ട് പിതാവ് അതിനുള്ള നടപടികളാരംഭിച്ചു. ആദ്യത്തെ പാസ്റ്ററൽ കൗൺസിൽ വിളിച്ചുകൂട്ടിയ 1967 മുതൽ ഇന്നുവരെയും തുടർച്ചയായി ഈ കൗൺസിലിന്റെ അംഗമായിട്ടുള്ള ഏക വ്യക്തി പ്രൊഫ. സെബാസ്റ്റ്യനാണ്. കാവുകാട്ടു പിതാവിന്റെ പിൻഗാമിയായിരുന്ന പടിയറ പിതാവ് ഊട്ടി രൂപതയിൽ നിന്നു വന്നപ്പോൾ പാസ്റ്ററൽ കൗൺസിലിന്റെ നവീകരണത്തിനും പുനഃസംഘടനയ്ക്കും അദ്ദേഹത്തിന് എല്ലാവിധ പിന്തുണയും നൽകി. ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലിനുവേണ്ടി സെബാസ്റ്റ്യൻ സാർ മുൻകൈ എടുത്ത് എഴുതിയുണ്ടാക്കിയ ഭരണഘടന പിന്നീട് ഭാരതത്തിലെ എല്ലാ രൂപതകൾക്കും മാതൃകയായി.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ചൈതന്യത്തിനും പ്രമാണരേഖകൾക്കും അനുസൃതമായി ഭാരതസഭയെ നവീകരിക്കുന്നതിനായി സംഘടിപ്പിക്കപ്പെട്ട ഭാരതസഭാ സെമിനാറിന് (Church in India Seminar) ഒരുക്കമായി ആലുവായിൽ നടത്തപ്പെട്ട റീജണൽ സെമിനാറിന്റെ നടത്തിപ്പിൽ സെബാസ്റ്റ്യൻ സാറിന് കാര്യമായ പങ്കുണ്ടായിരുന്നു. തുടർന്ന് 1969-ൽ ബാംഗ്ലൂരിൽ നടന്ന ദേശീയ സെമിനാറിലും പ്രൊഫ. സെബാസ്റ്റ്യൻ നേതൃത്വം നല്കിയത് സഭയിലെ നേതൃത്വ (Leadership in the Church) ത്തെക്കുറിച്ചുള്ള ചർച്ചകൾക്കായിരുന്നു.

വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണ രേഖകളുടെയും ഭാരതസഭാ സെമിനാറിന്റെ ശുപാർശകളുടെയും അടിസ്ഥാനത്തിൽ ഭാരത സഭയെ നവീകരിക്കുവാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ വേണ്ടി രൂപീകൃതമായ ദേശീയ ഉപദേശകസമിതിയിലേക്കു തെരഞ്ഞെടുക്കപ്പെട്ട പ്രൊഫ. സെബാസ്റ്റ്യൻ പത്തുവർഷം തുടർച്ചയായി (1974-1983) ഈ സമിതിയിലെ അംഗമായിരുന്നു. ഭാരതസഭയെ വിലയിരുത്തിക്കൊണ്ടും ഭാരതത്തിന്റെ ആനുകാലിക പ്രശ്നങ്ങളോടു സഭ എങ്ങനെ പ്രതികരിക്കണമെന്ന് നിർദ്ദേശിക്കുന്നതുമായ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചർച്ചകൾക്കു നേതൃത്വം നല്കുകയും ചെയ്തു. ഭാരതത്തിലെ വിവിധ രൂപതകളിലായി

www.malankaralibrary.com

നടത്തപ്പെട്ട ഈ സമ്മേളനങ്ങളിൽ പങ്കെടുക്കുക വഴി ഭാരതസഭയെക്കുറിച്ച് ആഴത്തിൽ പഠിക്കുവാനവസരമുണ്ടായി. ദേശീയ ഉപദേശകസമിതിയുടെ ശുപാർകൾക്കനുസൃതമായി മെത്രാൻ സമിതി മുന്നോട്ടുപോകുന്നില്ലായെന്നു പരാതി ആരംഭം മുതലെയുണ്ടായിരുന്നു. ദേശീയ ഉപദേശകസമിതി മെത്രാൻ സമിതിയിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നതിനെക്കുറിച്ചു NAC യുടെയും CBCI യുടെയും സംയുക്തയോഗത്തിൽ സംസാരിക്കുവാൻ പ്രെഫ. സെബാസ്റ്റ്യനെയായിരുന്നു നിയോഗിച്ചത്. 1977 ൽ ബോംബെയിൽ നടന്ന പ്രസ്തുത സമ്മേളനത്തിൽ ദേശീയ ഉപദേശകസമിതി ശക്തിപ്പെടുത്തുവാനുള്ള പല നിർദ്ദേശങ്ങളും മുന്നോട്ടുവച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ NAC യെ പുനഃസംഘടിപ്പിച്ച് അതിന്റെ പ്രവർത്തനം ഫലപ്രദമാക്കുവാനുള്ള ശുപാർശകൾ നൽകുവാനായി മെത്രാൻസമിതി ഒരു മൂന്നംഗ സമിതിയെ നിയോഗിച്ചു. C.B.C.I. യുടെ അക്കാലത്തെ ഡെപ്യൂട്ടി സെക്രട്ടറിയായിരുന്ന ഫാ. ജോൺ വള്ളമററം കൺവീനറായിരുന്ന പ്രസ്തുത കമ്മററിയിൽ പ്രൊഫ. വി.വി. ജോൺസാറും പ്രൊഫ. സെബാസ്റ്റ്യനും അംഗങ്ങളായിരുന്നു. ഈ കമ്മിററിയുടെ ശുപാർശ പ്രകാരമാണ് NAC (ദേശീയ ഉപദേശകസമിതി) കാത്തലിക്ക് കൗൺസിൽ ഓഫ് ഇന്ത്യയായി CCI പുനഃസംഘടിപ്പിക്കപ്പെട്ടത്.

ഈ കാലയളവിൽ തന്നെ ഭാരതത്തിലെ മെത്രാൻ സമിതിയുടെ അല്മായർ, ക്രിസ്തീയ ജീവിതം, വിദ്യാഭ്യാസം തുടങ്ങിയ കമ്മീഷനുകളിലെ അംഗമായിരുന്നു. പ്രൊഫ. സെബാസ്റ്റ്യൻ മുൻകൈയെടുത്താണ് അല്മായർക്കുവേണ്ടി ഒരു പ്രത്യേക കമ്മീഷൻ രൂപീകൃതമായത്. ഇതിന്റെ പ്രവർത്തനം സംബന്ധിച്ച് അദ്ദേഹം മെത്രാൻ സമിതിക്കു സമർപ്പിച്ച നിർദ്ദേശങ്ങൾ 1979 ൽ റാഞ്ചിയിൽ നടന്ന മെത്രാൻ സമിതിയുടെ പൊതുസമ്മേളനം അംഗീകരിച്ചു. ഇതിനുമുമ്പ് അല്മായർക്കും കുടുംബത്തിനും വേണ്ടി പൊതുവായ ഒരു കമ്മീഷൻ മാത്രമെ ഉണ്ടായിരുന്നുള്ളു. അല്മായർക്കുവേണ്ടിയുള്ള പ്രത്യേക കമ്മീഷൻ രൂപീകൃതമാവുകയും ബിഷപ്പ് പാട്രിക്ക് ഡിസൂസാ അതിന്റെ അദ്ധ്യക്ഷസ്ഥാനത്തേക്കു വരുകയും തിരുവനന്തപുരത്തുനിന്നുള്ള ഫാ. ബനഡിക്ട് ജോസ് സെക്രട്ടറിയാവുകയും ചെയ്തതിനുശേഷണാണ് അല്മായ പ്രേഷിതത്വത്തിനു ഭാരതസഭയിൽ ഒരുണർവുണ്ടായത്.

ഭാരതസഭയിലെ എല്ലാ വിധഅജപാലന പ്രവർത്തനങ്ങൾക്കും പ്രചോദനവും നേതൃത്വവും നല്കിയിരുന്ന NBCLC (ബാംഗ്ലൂർ), കേരളത്തിലെ പൊതുഅജപാലനകേന്ദ്രമായിരുന്ന P.O.C. എന്നിവയുടെ സ്ഥാപനകാലം മുതൽ ബന്ധപ്പെട്ടിരുന്ന പ്രൊഫ. സെബാസ്റ്റ്യന് ഭാരതസഭയുടെയും കേരളസഭയുടെയും നാഡീസ്പന്ദനങ്ങൾ മനസ്സിലാക്കാൻ ഈ കേന്ദ്രങ്ങളുമായുള്ള അടുത്തബന്ധം സഹായകമായി.

ദേശീയതലത്തിൽ അല്മായ പ്രേഷിതത്വത്തിനു നൽകിയ സംഭാവനകൾക്കു ഒരംഗീകാരമെന്ന നിലയിലാണ് വത്തിക്കാനിൽ പുതുതായി സ്ഥാപി

www.malankaralibrary.com

തമായ അല്മായർക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിലേക്കു ഇന്ത്യയിൽ നിന്നുള്ള ഏക പ്രതിനിധിയായി (ഏഷ്യൻ ഭൂഖണ്ഡത്തിൽ നിന്നുള്ള മൂന്നുപേരിലൊരാൾ) പോൾ ആറാമൻ മാർപ്പാപ്പാ അദ്ദേഹത്തെ നിയമിച്ചത്. സമിതി സ്ഥാപിതമായ 1977 മുതൽ 1983 വരെയുള്ള ഏഴു വർഷക്കാലം - പോൾ ആറാമൻ -ജോൺപോൾ ഒന്നാമൻ, ജോൺപോൾ രണ്ടാമൻ എന്നീ പിതാക്കന്മാരുടെ ഭരണകാലം - കൗൺസിലിന്റെ പരിപാടികളിൽ സജീവമായി പങ്കെടുത്തിരുന്നു. രണ്ടാം വർഷത്തെ സമ്മേളനം ആരംഭിക്കുന്നതിന്റെ തലേരാത്രിയിലായിരുന്നു ജോൺ പോൾ ഒന്നാമൻ പാപ്പായുടെ പെട്ടെന്നുള്ള ദേഹവിയോഗം. അതുകൊണ്ട് ആ പുണ്യ പുരുഷന്റെ സംസ്കാരചടങ്ങിൽ പങ്കെടുക്കുവാൻ സാധിച്ചു. കൗൺസിലിലെ അംഗത്വവും റോമിൽ നടന്ന ചർച്ചകളും അല്മായ ദൈവശാസ്ത്ര സംബന്ധമായ ആഴത്തിലുള്ള പഠനങ്ങൾ നടത്തുവാൻ പ്രൊഫ. സെബാസ്റ്റ്യനെ സഹായിച്ചു. ഇതിൽ നിന്നെല്ലാം ഉരുത്തിരിഞ്ഞതാണ് പ്രൊഫ. സെബാസ്റ്റ്യന്റെ അല്മായ ദൈവശാസ്ത്രസംബന്ധമായ The Era of the Lay People എന്ന ഗ്രന്ഥം. ഇതിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്തു നടത്തിയത് ദേശീയ അജപാലന കേന്ദ്രമായ N.B.C.L.C. (ബാംഗ്ലൂർ) ആണ്.

പൊന്തിഫിക്കൽ കൗൺസിലിലെ അംഗത്വവും അല്മായ ദൈവശാസ്ത്രസംബന്ധമായ സംഭാവനകളും കണക്കിലെടുത്ത് ഇന്ത്യയിലെ ദൈവശാസ്ത്രജ്ഞന്മാരുടെ സംഘടനയായ ഇന്ത്യൻ തിയോളജിക്കൽ അസോസിയേഷനിൽ അദ്ദേഹത്തിനു അംഗത്വം നൽകി. അങ്ങനെ അസോസിയേഷന്റെ പ്രഥമ അല്മായ മെമ്പറായ അദ്ദേഹം ഇന്നും ഇതിന്റെ എല്ലാ പരിപാടികളിലും പങ്കെടുക്കുന്നു. മാത്രമല്ല, ഭാരതത്തിലെ മെത്രാൻ സമിതിയും ദൈവശാസ്ത്രജ്ഞന്മാരുമായി നടത്തുന്ന ചർച്ചാ സമ്മേളനങ്ങളിൽ (Colloquium) അദ്ദേഹം ഒരു ക്ഷണിതാവാണ്.

പൊന്തിഫിക്കൽ കൗൺസിലിലെ ഒരംഗമെന്ന നിലയിലും ഒരല്മായ ദൈവശാസ്ത്രജ്ഞനെന്ന നിലയിലും പ്രൊഫ. സെബാസ്റ്റ്യൻ പല അന്തർദ്ദേശീയസമ്മേളനങ്ങളിലും പങ്കെടുക്കുകയും പ്രബന്ധങ്ങളവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1987 ൽ റോമിൽ നടന്ന മെത്രാന്മാരുടെ സിനഡിന്റെ വിഷയം അല്മായ ദൗത്യം സഭയിലും ലോകത്തിലും എന്നതായിരുന്നല്ലോ. ഇതിന് പ്രാരംഭമായി റോമിൽ വിളിച്ചു കൂട്ടിയ ആലോചനാ യോഗത്തിൽ പ്രൊഫ. സെബാസ്റ്റ്യൻ പങ്കെടുത്തിരുന്നു.

അല്മായ ദൗത്യത്തെക്കുറിച്ചുള്ള ആഴത്തിലുള്ള അറിവും അല്മായ പ്രേഷിതത്വത്തിലുള്ള പരിചയസമ്പത്തും കണക്കിലെടുത്ത് ഡൽഹിയിലുള്ള ഈശോ സഭക്കാരുടെ വിദ്യാജ്യോതി ദൈവശാസ്ത്രപഠനകേന്ദ്രത്തിൽ കുറേക്കാലം വിസിററിങ്ങ് പ്രൊഫസറായിരുന്നു. കൂടാതെ ഈശോ സഭക്കാരുടെ തന്നെ കാലടിയിലുള്ള ദൈവശാസ്ത്ര പഠന കേന്ദ്രമായ സമീക്ഷയുടെ ഭാഗമായി നടത്തി പോരുന്ന അല്മായ പരിശീലനവേദി (ജ്ഞാന

www.malankaralibrary.com

സമീക്ഷ) യിലും ക്ലാസ്സുകളെടുക്കാറുണ്ട്. അല്മായ ദൈവശാസ്ത്ര പഠനകേന്ദ്രമായ മാർത്തോമ്മാ വിദ്യാ നികേതനിലും (ചങ്ങനാശ്ശേരി) സ്ഥാപനകാലം മുതൽ അല്മായ ദൈവശാസ്ത്രത്തിൽ പ്രൊഫസറാണ്.

ഒരു കോളേജദ്ധ്യാപകനായിരുന്ന കാലം മുതൽ മുതിർന്നവരുടെ മതബോധനത്തെക്കുറിച്ചു ചിന്തിക്കുകയും ഈ രംഗത്ത് ഏറെ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള ഒരു അല്മായ നേതാവാണ് പ്രൊഫ. സെബാസ്റ്റ്യൻ. അഭ്യസ്തവിദ്യരായ നമ്മുടെ യുവജനങ്ങളിൽ കാണുന്ന വിശ്വാസരാഹിത്യത്തിന്റെ പ്രധാന കാരണം ഭൗതികവിഷയങ്ങളിലുള്ള അവരുടെ വിജ്ഞാനത്തിന്റെ വളർച്ചയ്ക്കനുസരിച്ചു മതവിഷയങ്ങളിലുള്ള അറിവു വർദ്ധിക്കാത്തതാണെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ബോദ്ധ്യം. തേവരകോളേജിലദ്ധ്യാപകനായിരുന്നകാലത്ത് അന്നത്തെ പ്രിൻസിപ്പലായിരുന്ന റവ. ഡോ. തെയോഡേഷ്യസച്ചന്റെ ഒരു സൂക്തം 'Know your Faith and Lire your Faith' (വിശ്വാസമെന്താണെന്നറിയുക അതനുസരിച്ചു ജീവിക്കുക) അദ്ദേഹത്തെ ആകർഷിച്ചു. എസ്.ബി. കോളജിലദ്ധ്യാപകനായിരിക്കുമ്പോളാണ് ഫാ. മാത്യു നടയ്ക്കലിന്റെ നേതൃത്വത്തിൽ പഠിക്കുക, പഠിപ്പിക്കുക എന്ന ലക്ഷ്യവുമായി അദ്ധ്യയനമണ്ഡലം എന്ന പേരിൽ മുതിർന്നവരുടെ ഒരു മതബോധന പ്രസ്ഥാനം രൂപപ്പെട്ടത്. ഇതിനു കാവുകാട്ടുപിതാവിന്റെ ആത്മാർത്ഥമായ പിന്തുണയുണ്ടായിരുന്നു. ഏതാണ്ട് ഒരു ദശവർഷക്കാലം പ്രൊഫ. സെബാസ്റ്റ്യൻ മതബോധന പരിപാടികൾക്കായി ചങ്ങനാശ്ശേരി രൂപതയിലും പുറത്തും പൊയ്ക്കൊണ്ടിരുന്നു. (കോളജിലെ ജോലിക്കു കോട്ടം വരുത്താതെ തന്നെ)

രണ്ടാം വത്തിക്കാൻ സൂനഹദോസിന് ശേഷം അല്മായ പരിശീലനത്തിന് മാർപ്പാപ്പായും ദേശീയ തലത്തിലുള്ള മെത്രാൻ സമിതിയും കൂടുതലായ ഊന്നൽ നൽകി. ഈ പശ്ചാത്തലത്തിലാണ് അഭിവന്ദ്യ പടിയറ പിതാവിന്റെ താല്പര്യ പ്രകാരം അന്നത്തെ വികാരിജനറാളായിരുന്ന ബ. ജോസഫ് കരിമ്പാലിലച്ചന്റെ ഉത്സാഹത്തിൽ ചങ്ങനാശ്ശേരി രൂപതയുടേതായ ഒരു ദൈവശാസ്ത്ര ഇൻസ്റ്റിററ്യൂട്ട് തുടങ്ങാനായിരുന്നു ഉദ്ദേശ്യം. വടവാതൂർ സെമിനാരി പൗരസ്ത്യപീഠവുമായി അഫിലിയേററ് ചെയ്ത് ഡിഗ്രിതലത്തിൽ കോഴ്സ് നടത്താനായിരുന്നു പരിപാടി. അല്മായരിൽ ഏറെ പ്രതീക്ഷയും വിശ്വാസവുമുണ്ടായിരുന്ന പടിയറപ്പിതാവ് പ്രൊഫസർ സെബാസ്റ്റ്യനെയാണ് പ്രിൻസിപ്പലായി നിയമിച്ചത് (1984 - April) സ്ഥാപനത്തിനു ഭാരതത്തിലെന്നല്ല ആഗോളതലത്തിലും വളരെ വാർത്താ പ്രാധാന്യം ലഭിച്ചു. രണ്ടുകാരണങ്ങളുണ്ടായിരുന്നു ഇതിന്. ഒന്ന് അല്മായർക്കുവേണ്ടി അഖിലേന്ത്യാതലത്തിൽ ഒരുപരിശീലനകേന്ദ്രം ഉണ്ടാകുന്നതിന്റെ പേരിൽ. രണ്ട് ഇതിന്റെ പ്രിൻസിപ്പലായി ഒരു അല്മായനെ നിയമിച്ചതിന്റെ പേരിൽ. ഏറെ പ്രതീക്ഷയോടുകൂടിയാണ് സെബാസ്റ്റ്യൻ സാർ ഈ ചുമതല ഏറെറടുത്തത്. പക്ഷേ പ്രായോഗികതലത്തിലേക്കു കടന്നപ്പോൾ ഏറെ

www.malankaralibrary.com

ബുദ്ധിമുട്ടുകളുണ്ടായി. വൈദികരുടെ മാത്രം തട്ടകമായ ദൈവശാസ്ത്രപഠന കേന്ദ്രത്തിന്റെ നായകസ്ഥാനം ഒരല്മായനെ ഏല്പിച്ചത് പലർക്കും രസിച്ചില്ല. ദൈവശാസ്ത്രത്തിൽ ഡിഗ്രിയെടുത്തു പുറത്തുവരുന്നവർ സഭാ സ്ഥാപനങ്ങളിൽ ഏതെങ്കിലും നിയമനം കിട്ടുമെന്നുള്ളതിന് മെത്രാന്മാരിൽ നിന്നു യാതൊരുറപ്പും കിട്ടിയില്ല. മൂന്നാമത്തെ കാരണം ഏററവും പ്രധാന മായിരുന്നു. ഓരോ വ്യക്തിസഭയും അതിന്റേതായ രീതിയിൽ വേണം പരിശീ ലനം നല്കേണ്ടതെന്നും ഇന്ത്യയിലെ വിവിധ വ്യക്തിസ്വ സഭകളിൽപ്പെട്ട വർക്ക് പൊതുവായ രീതിയിൽ പരിശീലനം നല്കുന്നത് ശരിയാവുകയില്ലെ ന്നുമായിരുന്നു അഭിവന്ദ്യ പൗവ്വത്തിൽ പിതാവിന്റെ അഭിപ്രായം. അങ്ങനെ തിയോളജിക്കൽ ഇൻസ്റ്റിററ്യൂട്ട് ആദ്യം ഉദ്ദേശിച്ച രീതിയിൽ നടക്കുകയില്ലെന്ന് ബോദ്ധ്യമായി. പ്രൊഫ. സെബാസ്റ്റ്യൻ ഈ കാര്യത്തിൽ പിതാക്കന്മാരുടെ അഭിപ്രായത്തിനു വഴങ്ങുകയായിരുന്നു. എന്നാൽ അല്മായർക്കുവേണ്ടി യുള്ള ഒരു വിദ്യാപീഠം മാർത്തോമ്മാ വിദ്യാനികേതൻ എന്ന പേരിൽ 1990 ജൂലൈ 3 ന് യാഥാർത്ഥ്യമായി. ഒരുത്തരോടും പരിഭവം കൂടാതെ പുതിയ സ്ഥാപനത്തിന് അദ്ദേഹം എല്ലാവിധ പിന്തുണയും നൽകിപ്പോരുന്നു.

ആഗോളസഭയിലെ ഒരല്മായ പ്രേഷിതനായി പ്രവർത്തിക്കുമ്പോഴും അദ്ദേഹം തന്റെ പൗരസ്ത്യ നസ്രാണി പൈതൃകം മറക്കാറില്ലായെന്നു മാത്രമല്ല അതിൽ അഭിമാനിക്കുകയും ചെയ്യുന്നു. മാത്രമല്ല ഈ സഭയുടെ ചിരപുരാതനവും അമൂല്യവുമായ പാരമ്പര്യങ്ങൾ - പ്രത്യേകിച്ചും പള്ളിയോഗത്തിന്റെ അല്മായ പങ്കാളിത്തം - പുനസ്ഥാപിക്കുവാൻ വേണ്ടി ശക്തമായി വാദിക്കുന്നു. സീറോമലബാർസഭ ഒരു മേജർ എപ്പിസ്കോപ്പൽ - സ്വയാധികാര - സഭയായി ഉയർത്തപ്പെട്ടതിനെത്തുടർന്ന് ഈ സഭയ്ക്ക് അവകാശപ്പെട്ടതായ പ്രത്യേക നിയമത്തിലൂടെ പള്ളിയോഗത്തിന്റെ പാര മ്പര്യം (പങ്കാളിത്തമുള്ള സഭ) വീണ്ടെടുക്കുന്നതിനായി മെത്രാന്മാർക്ക് എഴുതുകയും ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ഇതിനായി നിയമിതമായ സബ് കമ്മററിയിൽ വാദിക്കുകയുമുണ്ടായി. അദ്ദേഹത്തിന്റെ വാദഗതികൾ ശരിയാണെന്ന് അംഗീകരിച്ചവർ പോലും പള്ളിയോഗത്തെ തീരുമാനമെ ടുക്കുന്ന (decision making) സമിതിയായി ഉയർത്തുവാൻ വിസമ്മതിച്ചു. ഈ കാര്യത്തിൽ പുതിയൊരവബോധം സൃഷ്ടിക്കുവാൻ സാധിച്ചുവെന്നു മാത്രം.

ബോംബെയിലും പരിസര പ്രദേശങ്ങളിലും സീറോ മലബാർ വിശ്വാസികൾക്കുവേണ്ടി കല്യാൺ എന്ന പേരിൽ ഒരു പുതിയ രൂപത സ്ഥാപിതമായപ്പോൾ എതിർപ്പുകാരുടെ മുൻപന്തിയിലുണ്ടായിരുന്നതു കേരളത്തിൽ നിന്നുള്ള സീറോ മലബാർ വിശ്വാസികൾ തന്നെയായിരുന്നു. ഇവരെ മുന്നിൽ നിർത്തിക്കൊണ്ടായിരുന്നു ലത്തീൻ സഭയിൽപെട്ട ചില വൈദികരും അല്മായരും പുതിയ രൂപതയെ എതിർത്തത്. എതിർപ്പിന്റെ പിന്നിലുണ്ടായിരുന്നത് വിശ്വാസ സംബന്ധമായ കാരണങ്ങളൊന്നുമാ യിരുന്നില്ല. പലരെയും സ്വാധീനിച്ചത് ചില മുൻവിധികളും ഉപരിപ്ലവമായ

www.malankaralibrary.com

ചില ആശയങ്ങളും സ്ഥാപിത താല്പര്യങ്ങളുമാണെന്നും മനസ്സിലാക്കിയിരുന്ന സെബാസ്റ്റ്യൻ സാർ ബോംബെ അതിരൂപതയുടെ തന്നെ മുഖപത്രമായ എക്സാമിനർ വാരികയിൽ 'Who is afraid of perestroika in the Indian Church'? എന്ന പേരിൽ ഒരു ലേഖനം എഴുതി (1989 ഡിസംബറിൽ) എതിർപ്പുകാരുടെ വികാരങ്ങളെ വ്രണപ്പെടുത്താതെ തന്നെ വത്തിക്കാൻ സൂനഹദോസിന്റെ ബൈബിളിന്റെയും ദൈവശാസ്ത്രത്തിന്റെയും സഭാപാരമ്പര്യങ്ങളുടെയും അടിസ്ഥാനത്തിൽ കല്യാൺ രൂപതയെ ന്യായീകരിച്ചുകൊണ്ടെഴുതിയ പ്രസ്തുത ലേഖനത്തെ ബോംബെ ആർച്ചുബിഷപ്പും മററു പല ലത്തീൻ സഭാമെത്രാന്മാരും അന്നത്തെ ഇന്റർനൂൺഷ്യോതന്നെയും അഭിനന്ദിക്കുകയുണ്ടായി.

കത്തോലിക്കാ കോൺഗ്രസ്സുമായി ഏതാണ്ടു മൂന്നു ദശാബ്ദക്കാലത്തെ ബന്ധമാണ് സെബാസ്റ്റ്യൻ സാറിനുള്ളത്. കോൺഗ്രസ്സിന്റെ ഒരായുഷ്ക്കാല മെമ്പറായ അദ്ദേഹം വളരെ കാലം കോൺഗ്രസ്സിന്റെ വർക്കിംഗ് കമ്മററി മെമ്പറും ഉപദേശകസമിതി അംഗവുമാണ്. കോൺഗ്രസ്സിന്റെ പല നേതൃസമ്മേളനങ്ങളിലും മുഖ്യ പ്രബന്ധാവതാരകൻ സെബാസ്റ്റ്യൻ സാറായിരുന്നു. എ.കെ.സി.സി. പ്രമുഖ സമുദായ പ്രവർത്തകനുള്ള അവാർഡ് 1986 ൽ ചാലിൽപ്പള്ളിയിൽ നടന്ന വാർഷികസമ്മേളനത്തിൽവച്ച് നൽകി. കാർഡിനൽ മാർ ആന്റണി പടിയറയാണ് അവാർഡുദാനം നിർവ്വഹിച്ചത്. 2002ൽ കത്തോലിക്കാ കോൺഗ്രസ് അദ്ദേഹത്തിന്റെ 75-ാം ജന്മവാർഷികമായ സമ്മേളനത്തിൽ വച്ച് സിറിയക്ക് കണ്ടത്തിൽ അവാർഡു നൽകുകയുണ്ടായി.

സാഹിത്യ-സാംസ്കാരിക പ്രവർത്തനങ്ങളിലും പൊതുജീവിതത്തിലും സെബാസ്റ്റ്യൻ സാർ മൗലികമായ സംഭാവനകൾ നൽകിയിരുന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ഇംഗ്ലീഷിലും മലയാളത്തിലും ധാരാളം ലേഖനങ്ങളും പ്രബന്ധങ്ങളും എഴുതിയിട്ടുള്ള അദ്ദേഹം ഭാഷാപോഷിണിയുടെ വിവിധ ലക്കങ്ങളിൽ ഈടുറ്റ ലേഖനങ്ങളെഴുതിയിട്ടുണ്ട്.

അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പിതാവിന്റെ പിന്തുണയോടുകൂടി തുടങ്ങിയ 'മനീഷ' എന്ന സാംസ്കാരിക സംഘടനയുടെ ഡയറക്ടറായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

പാർട്ടിരാഷ്ട്രീയത്തിൽ പൊതുവെ താല്പര്യം ഇല്ലെങ്കിലും ചങ്ങനാശ്ശേരി മുനിസിപ്പൽ കൗൺസിലറായി ഒരു ടേം പ്രവർത്തിച്ചിട്ടുണ്ട്. അതിനിടെ ഒരു മാസം ജയിൽ വാസവും അനുഭവിച്ചു, വിമോചനസമരകാലത്ത്. അരനൂററാണ്ടുകാലം മതസാംസ്കാരിക വിദ്യാഭ്യാസ മേഖലകളിൽ നൽകിയ തനതായ സംഭാവനകളുടെ പേരിൽ ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നും ഏർപ്പെടുത്തിയ ഷെവ. ഐ.സി.ചാക്കോ അവാർഡ് 1997 ൽ അദ്ദേഹത്തിന് ലഭിച്ചു.

പുതിയ ദൈവശാസ്ത്രഗ്രന്ഥങ്ങളും സാഹിത്യകൃതികളും വായിക്കു

www.malankaralibrary.com


കയാണ് സെബാസ്റ്റ്യൻസാറിന്റെ മുഖ്യ ഹോബി. ദൂരയാത്രചെയ്യുവാൻ അദ്ദേഹത്തിന് ഇന്ന് സാധിക്കുന്നില്ലങ്കിലും മേഘാലയത്തിലെ ഷില്ലോഗിൽ പോയി അൽമായരുടെ മൂന്നാം സഹസ്രാബ്ദത്തിലെ മിഷൻ ദൗത്യത്തെ ക്കുറിച്ച് പ്രബന്ധം ഈയടുത്തകാലത്ത് അവതരിപ്പിക്കുകയുണ്ടായി.

ചങ്ങനാശ്ശേരി പുല്ലാംകുളം തോമസ് അന്നമ്മ ദമ്പതികളുടെ മകൾ ലിസ്സിയാണ് ഭാര്യ.

വിലാസം - പ്രൊഫ. കെ.റ്റി. സെബാസ്റ്റ്യൻ, കുരിശുങ്കൽ, അങ്ങാടി, ചങ്ങനാശ്ശേരി - 686101

# 73

# ചെമ്പിൽ ജോൺ



നാടകം, നീണ്ടകഥ, നോവൽ രചനകളിലൂടെ മലയാളികളുടെ ശ്രദ്ധപിടിച്ചുപററിയ ചെമ്പിൽ ജോൺ, ചെമ്പ് സെന്റ് തോമസ് കത്തോലിക്കാപള്ളിഇടവകയിൽ തുടിയനാതറയായ കത്ത നാകുററ് മത്തായി ത്രേസ്യാ ദമ്പതികളുടെ നാലുമക്കളിൽ ഇളയവനായി 1927 ഒക്ടോബർ 13-ാം തീയതി ഭൂജാതനായി. സാമാന്യവിദ്യാഭ്യാസംമാത്രം നേടിയിട്ടുള്ള ജോൺ സാഹിത്യത്തിന്റെ വിവിധമേഖലകളിൽ വ്യാപരിച്ച് സഹൃദയരുടെ ആദരവുകൾ ഏററുവാങ്ങി. താൻ പ്രവർത്തിച്ച എല്ലാ രംഗങ്ങളിലും തനതായൊരു വ്യക്തിമുദ്രപതിപ്പിക്കുവാൻ ജോണിന് സാധിച്ചിട്ടുണ്ട്.

കലാപ്രവർത്തനത്തിന്റെ തുടക്കം കഥാപ്രസംഗത്തിലൂടെയാണ്. അതിനുശേഷമാണ് സാഹിത്യപ്രവർത്തനത്തിലേക്ക് തിരിഞ്ഞത്. ജോണിന്റെ ആദ്യകൃതി കള്ളസന്ന്യാസി എന്ന നാടകമാണ്. ആലുവാ മംഗലപ്പുഴ സെമിനാരിയിൽ നിന്നും എസ്.എച്ച്. ലീഗാണ് ഇത് പ്രസിദ്ധീകരിച്ചത്. ഈ നാടകപ്രസിദ്ധീകരണത്തിന്റെ പ്രണേതാവ് അന്ന് ചെമ്പുപള്ളി വികാരിയായിരുന്ന ഫാ. ജോസഫ് മുട്ടുമനയായിരുന്നു. ഇത് എഡിററ് ചെയ്ത് പ്രസിദ്ധീകരിച്ചത് എസ്സ്.എച്ച്.ലീഗ് സെക്രട്ടറിയും പിന്നീട് എറണാകുളം അതിരൂപതാ സഹായമെത്രാനുമായിത്തീർന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയായിരുന്നു.

1957 ൽ എറണാകുളത്തു നടന്ന അഖിലകേരള കത്തോലിക്കായുവജനോത്സവത്തിൽ നാടക രചനാ മത്സരത്തിൽ രൂപതാടിസ്ഥാനത്തിലും കേരളാടിസ്ഥാനത്തിലും രണ്ടാം സമ്മാനം ലഭിച്ചു. സമ്മാനാർഹമായ നാടകത്തിന്റെ പേര് “മനുഷ്യൻ നരകം സൃഷ്ടിക്കുന്നു എന്നതായിരുന്നു.” സ്ത്രീധനത്തിനെതിരെ മനുഷ്യമനസ്സാക്ഷിയെ ഇളക്കിവിടാൻ സഹായ

www.malankaralibrary.com

കരമായിരുന്നു പ്രസ്തുത നാടകം.

ചെമ്പിൽ ജോണിന്റെ നാടകങ്ങൾ പ്രസിദ്ധിയാർജ്ജിച്ചു. അതേത്തുടർന്ന് വിവിധ പ്രസിദ്ധീകരണങ്ങൾ ജോണിന്റെ സാഹിത്യസൃഷ്ടികൾ പ്രസിദ്ധീകരണത്തിനായി ചോദിച്ചു വാങ്ങി. പ്രസിദ്ധീകരണങ്ങളുടെ താല്പര്യമനുസരിച്ച് നീണ്ടകഥ, നോവൽ രചനകളിലേക്ക് അദ്ദേഹം തിരിഞ്ഞു.

കേരളത്തിലെ വിഭിന്ന പ്രസിദ്ധീകരണശാലകൾ അറുപതിൽപരം പുസ്തകങ്ങൾ പ്രകാശനം ചെയ്തു. അതിൽ നാലെണ്ണം നാടകങ്ങളായിരുന്നു. സ്വർഗ്ഗം ആരംഭിക്കുന്നു എന്ന നാടകത്തിന് പ്രൗഢോജ്ജ്വലമായ അവതാരിക എഴുതിയത് ശ്രീ.മുട്ടത്തുവർക്കിയായിരുന്നു. മിക്ക ആനുകാലിക പ്രസിദ്ധീകരണങ്ങളിലും കഥകൾവന്നു. ലക്ഷക്കണക്കിന് വായനക്കാർ ജോണിന്റെ കഥകൾ വായിക്കാൻ മുന്നോട്ടുവന്നു. ആൾഇന്ത്യാ റേഡിയോ ജോണിന്റെ ചെറുകഥയും ഗാനവും പ്രക്ഷേപണം ചെയ്തു. ബാലയുഗത്തിൽ കുട്ടികളുടെ കവിതകൾ വന്നു. അന്ന് കാർട്ടൂണിസ്റ്റ് യേശുദാസനായിരുന്നു പത്രാധിപർ.


കല്യാണഫോട്ടോ, കോട്ടയം കൊലക്കേസ്, അമൃതചുംബനം, നാടൻ പെണ്ണ്, കരിംപൂച്ചതുടങ്ങി ആറെണ്ണം ചച്ചിത്രങ്ങളാക്കി. മനോരമ, മാതൃഭൂമി, ദീപികയടക്കം നിരവധി പ്രസിദ്ധീകരണങ്ങളുടെ വിശേഷാൽ പ്രതികളിൽ ജോസിന്റെ കഥകൾ വന്നു.

മലയാള മനോരമ എം.എം. പബ്ലിക്കേഷൻ, കേരളഭൂഷണംബുക്ക് ഹൗസ്, വിദ്യാർത്ഥിമിത്രം കോട്ടയം, റോയൽബുക്ക്ഹൗസ് കോട്ടയം, നാഗാർജ്ജുന കൊല്ലം, സെന്റ് ജോസഫ് ബുക്ക്സ്റ്റാൾ മാന്നാനം, സി.ഐ.സി.സി. ബുക്ക്സ് എറണാകുളം പൂർണ്ണാപബ്ലിക്കേഷൻ കോഴിക്കോട്, കറന്റ് ബുക്സ് കോട്ടയം ജനപ്രിയ പ്രസിദ്ധീകരണം കോട്ടയം തുടങ്ങിയ സ്ഥാപനങ്ങൾ ജോണിന്റെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി.

വൈക്കം കൂടെല്ലിൽ വർക്കി അന്നമ്മ മകൾ ചിന്നമ്മയാണ് ജോണിന്റെ ഭാര്യ.

വിലാസം - ചെമ്പിൽ ജോൺ,
ചെമ്പ് പി.ഒ.,
വൈക്കം.

www.malankaralibrary.com



# 74

# ഫാ. ആന്റണി ഇരിമ്പൻ

കേരളത്തിലെ സുറിയാനി കത്തോലിക്കാസഭയുടെ ചരിത്രത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടേണ്ട പല മഹത്‌വ്യക്തികളെയും സംഭാവനചെയ്തകുടുംബമാണ് ഇരിമ്പൻ കുടുംബം. സഭാസ്വാതന്ത്ര്യ സമരത്തിൽ ഏർപ്പെട്ട് കർമ്മലീത്താസഭയിൽ നിന്നും ബഹിഷ്കൃതനായ ഏഴുവ്യാകുലങ്ങളിൽ ഒരാളായ ഇരിമ്പൻ ബഹു ഗീവർഗീസ് അച്ചനെ സഭക്കുസംഭാവനചെയ്ത കുടുംബമാണ് ഇരിമ്പൻകുടുംബം. പാലക്കാട് രൂപതയുടെ പ്രഥമ ബിഷപ്പ് മാർജോസഫും ഇരിമ്പൻ കുടുംബാംഗമാണ്.

എറണാകുളം ജില്ലയിലെ പൂവത്തുശ്ശേരിയിലെ ഇരിമ്പൻകുടുംബത്തിൽ കുഞ്ഞുവറീത് - താണ്ടമ്മദമ്പതികളുടെ ഏറ്റവും ഇളയമകനായി 1927 നവംബർ 6-ാം തീയതി ഫാ. ആന്റണി ജനിച്ചു. പാലക്കാട് രൂപതയുടെ പ്രഥമബിഷപ്പായിരുന്ന മാർജോസഫ് ഇരിമ്പൻ പിതാവിന്റെ ഏറ്റവും ഇളയ സഹോദരനാണ് ഫാ. ആന്റണി. സെന്റ് ജോസഫ് പ്രൈമറിസ്കൂൾ പൂവ്വത്തുശ്ശേരി, സെന്റ് മേരീസ് മലയാളം മിഡിൽസ്കൂൾ മൂവിക്കുളം, ഇംഗ്ലീഷ് മീഡിയം സ്കൂൾ പാറക്കടവ്, സെന്റ് ആന്റണീസ് ഹൈസ്കൂൾ മാള, സെന്റ് അലോഷ്യസ് ഹൈസ്കൂൾ എൽതുരുത്ത് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. തുടർന്ന് തൃശൂർ മൈനർ സെമിനാരിയിൽ വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി. ആലുവാപൊന്തിഫിക്കൽ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി. തൃശൂർ ബിഷപ്പ് മാർ ജോർജ്ജ് ആലപ്പാട്ടു തിരുമേനിയിൽനിന്നും 1958 മാർച്ച് 13 ന് ഗുരുപ്പട്ടം സ്വീകരിച്ചു. സെമിനാരിയിലെ തത്വശാസ്ത്രപഠനത്തിനുശേഷം മലബാർ മിഷനറിയൂണിയനിലെ അംഗമെന്ന നിലയിൽ സ്പെഷ്യൽ ട്രെയിംനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു. വൈദിക പരിശീലനത്തിലും പിന്നീട് വൈദിക ജീവിതത്തിലും ആ ട്രെയിനിംഗ് ഒരു മുതൽക്കൂട്ടായിതീർന്നുവെന്നു പറയാം. സെമിനാരിയിൽ വച്ചുതന്നെ സഭയുടെ സാമൂഹ്യപഠനങ്ങളിൽ - സോഷ്യോളജിയൽ പ്രത്യേകം ശ്രദ്ധ ചെലുത്തി വളർന്നു വന്നു.

ഒല്ലൂർ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യ നിയമനം. വിമോചനസമരം നടക്കുന്നകാലമായിരുന്നു അത്. ഇരിമ്പനച്ചന്റെ പ്രൗഢഗംഭീരമായ പ്രസംഗങ്ങൾ വിമോചന സമരത്തിന് ആവേശം നൽകി. ഒല്ലൂരിൽ നടന്ന കാത്തിലിക് ലേബർ അസോസിയേഷന്റെ ദിവ്യകാരുണ്യപ്രദക്ഷണത്തോടുകൂടിയ കൺവെൻഷൻ, വിജയിപ്പിക്കുന്നതിലും ഇടവകയിൽ ഒരു യുവജനപ്രസ്ഥാനം കെട്ടിപ്പെടുക്കുന്നതിനും ശ്രമിച്ചു. ആദ്യ

www.malankaralibrary.com

മായി അദ്ദേഹം വികാരിയാകുന്നത് കാരമുക്കിലും, കമ്മ്യൂണിസ്റ്റ് കേന്ദ്രങ്ങളായ അന്തിക്കാടും കാഞ്ഞാണിയിലുമാണ്. കണ്ടശ്ശാംകടവ് ഫൊറോനയിലെ ഇടവകകളുടെ സംയുക്താഭിമുഖ്യത്തിലും വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ പ്രത്യേക പരിശ്രമത്തിലും ഓസ്സാനാം നഗറിൽ നടന്ന കൺവെൻഷൻ ആന്റണിയച്ചന്റെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി വൻവിജയമാക്കി. വിവിധമതവിഭാഗങ്ങളിൽപ്പെട്ടവരുടെ കൂട്ടായ്മ വളരാൻ ഇതു സഹായകമായി. കാരമുക്കിൽ നടത്തിയ മതതത്ത്വ പ്രബോധനക്ലാസ്സുകളും അനേകർക്ക് സാക്ഷാൽ ക്രിസ്തുദർശനം പകർന്നു. അദ്ദേഹം വികാരിയായിരുന്ന സ്ഥലങ്ങളിലെല്ലാം ഭവനസന്ദർശനം നടത്തുകയും ശരിയായ ഒരു സ്ഥിതി വിവരക്കണക്ക് ശേഖരിക്കുകയും യുവജനങ്ങളുടെ വിവിധ കഴിവുകൾ വികസിപ്പിക്കുന്നതിനായി യുവജനക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്തു.

തൊഴിൽ മേഖലയിലുള്ള അച്ചന്റെ സജീവ താല്പര്യവും ശ്രദ്ധയും പരിഗണിച്ച് കാത്തലിക് ലേബർ അസോസിയേഷന്റെ രൂപതാ ഡയറക്ടറായി ബിഷപ്പ് ആലപ്പാട്ട് തിരുമേനി ആന്റണിയച്ചനെ നിയമിച്ചു. ഒല്ലൂർ മേഖലയിൽ ഫാ. ജെനേസീയൂസ് സി.എം.ഐ. സ്ഥാപിച്ച സി.എൽ.എ. പ്രസ്ഥാനവുമായി സെമിനാരി പഠനകാലത്തുതന്നെ സഹകരിച്ച ആന്റണിയച്ചന് പുതിയനിയമനം സന്തോഷകരമായിരുന്നു. പല ഇടവകകളിലും സി.എൽ.എയുടെ യൂണിറ്റുകൾ സ്ഥാപിക്കുകയും കൈത്തൊഴിലുകൾ പഠിക്കാൻ വേദിയൊരുക്കുകയും ചെയ്തു. അരിമ്പൂർ നോർത്ത്, സൗത്ത് ഇടവകകൾ തമ്മിൽ അസാസ്ഥ്യം നിലവിലിരുന്ന കാലത്ത് അതിന് പരിഹാരമുണ്ടാക്കാൻ ആന്റണിയച്ചനെ അങ്ങോട്ടയച്ചു. രണ്ടു ഗ്രൂപ്പുകളേയും തമ്മിൽ യോജിപ്പിച്ച് അവിടുത്തെ പ്രശ്നം പരിഹരിച്ചു. കേരളത്തിലാദ്യമായി വിവാഹത്തിന് ഒരുക്കമായിട്ടുള്ള ജീവിത മാർഗ്ഗദർശന ക്ലാസ് വളരെ ഫലപ്രദമായി സംഘടിപ്പിച്ചത് അരിമ്പൂർ ഇടവകയിലാണ്. ടെയിലറിംഗ്, പായ്നെയ്ത്ത്, ബീഡി നിർമ്മാണം, മെഴുകുതിരി നിർമ്മാണം തുടങ്ങിയ കൈതൊഴിലുകൾ, തൊഴിൽരഹിതരെ പരിശീലിപ്പിച്ചു തൃശൂർ ൗൺ ഹാളിൽ നടത്തിയ സി.എൽ.ഐ. യുടെകൺവെൻഷൻ വൻവിജയമായിരുന്നു. തൊഴിലാളികൾക്കു വേണ്ടിയുള്ള ഭവനനിർമ്മാണപദ്ധതിക്ക് രൂപം കൊടുത്തു. കൊട്ടേക്കാട് പള്ളി വികാരിയായിട്ടായിരുന്നു ആന്റണിയച്ചന്റെ അടുത്ത നിയമനം. അവിടെ നടത്തിയ കപ്പൂച്ചിൻ മിഷൻധ്യാനം, രൂപീകരിച്ച മാതൃസംഘം, മതാദ്ധ്യാപകർ നടത്തിയ പരിശീലനക്ലാസുകൾ തുടങ്ങിയവ ഇടവകയുടെ ആദ്ധ്യാത്മിക പുരോഗതിക്ക് സഹായിച്ചു.

കുരിയച്ചറപള്ളിവികാരിയായിട്ടായിരുന്നു അടുത്തനിയമനം. ഫാ. വടക്കൻ ഇടവകയിൽ രൂപംകൊടുത്ത വിവിധപദ്ധതികൾ മുടങ്ങാതെ അദ്ദേഹം മുന്നോട്ടുകൊണ്ടുപോയി. പാലയൂർ ഫൊറോനായിൽപ്പെട്ട പറപ്പൂരിലേക്കായിരുന്നു അടുത്ത നിയമനം. 1972ലെ കോളജ് സമരകാലത്ത് പാലയൂർ ഫൊ. കീഴിലുള്ള സമരപരിപാടികൾ ക്രോഡീകരിച്ചത് ആന്റണിയച്ചനായിരുന്നു.

www.malankaralibrary.com

അവിടെ നടത്തിയ ഭവനസന്ദർശനപരിപാടികൊണ്ട് ആന്റണിയച്ചന് ഒരു കാര്യം മനസ്സിലായി. സാമ്പത്തികമായ പ്രശ്നംകൊണ്ട് അവിവാഹിതരായി നിൽക്കുന്ന പെൺകുട്ടികൾ ആ ഇടവകയിൽ കൂടുതലുണ്ടെന്ന്. ഫാമിലി വെൽഫയർ ഓർഗൈനൈസേഷൻ രൂപീകരിച്ചു. കുട്ടികൾക്കുവേണ്ടി ലിറ്റിൽ ഫ്രണ്ട്സ് ഓഫ് ജീസസ് എന്ന സംഘടനയും രൂപീകരിച്ചു. ഈ രണ്ട് സംഘടനകളും സജീവമായപ്പോൾ പ്രശ്നത്തിന്റെ ഗൗരവം കുറയാൻ ഇട വന്നു.

ചാലക്കുടി ഫൊറോനായിലേക്കായിരുന്നു പിന്നീടുള്ള നിയമനം. ചാലക്കുടിയിൽ പല പ്രാവശ്യം ധ്യാനഗുരുവായി എത്തിയിട്ടുള്ള ആന്റണിയച്ചൻ ചാലക്കുടിക്കാർക്ക് സുപരിചിതനായിരുന്നു. തൊഴിൽരഹിതരായ നൂറുകണക്കിന് യുവജനങ്ങൾ ചാലക്കുടിയിൽ ഉണ്ടായിരുന്നു. അവർക്കുവേണ്ടി ചാലക്കുടി എംപ്ലോയ്മെന്റ് സ്കീം ഓർഗനൈസേഷൻ രൂപീകരിച്ചു. ഐക്കഫ്, സി.എൽ.സി. തുടങ്ങിയ സംഘടനകൾ സജീവമാക്കി. 68 കുടുംബസമ്മേളനയൂണിറ്റുകൾ ആരംഭിച്ചു. തരംഗം എന്ന ഇടവകബുള്ളറ്റിൻ പ്രസിദ്ധീകരിച്ചു. തൊഴിൽ നൽകാനുള്ള ലക്ഷ്യംവച്ച് നെയ്ത്തുകേന്ദ്രം ആരംഭിച്ചു. പഠനത്തിന് പിന്നോക്കം നിൽക്കുന്ന കുട്ടികളെ ലക്ഷ്യമാക്കി ട്യൂഷൻ സെന്റർ ആരംഭിച്ചു. തൊഴിൽരഹിതരെ ഉദ്ദേശിച്ച് 5 വ്യവസായയൂണിറ്റുകൾ ആരംഭിച്ചു. അതിനുവേണ്ടി ചാലക്കുടി പള്ളി ലക്ഷക്കണക്കിന് രൂപാ കടംവാങ്ങിയാണ് നടത്തിയത്.

ഇരിങ്ങാലക്കുട രൂപത സ്ഥാപിതമായപ്പോൾ ആന്റണിയച്ചൻ ഇരിങ്ങാലക്കുടരൂപതയിൽ ചേർന്നു. രൂപതയിലെ പ്രഥമ ആലോചനാസമിതിയിലും നിയമാവലി തയ്യാറാക്കാനുള്ള കമ്മറ്റിയിലും ആരാധനക്രമ കമ്മറ്റിയിലും, പ്ലാനിംഗ്കമ്മറ്റിയിലും അദ്ദേഹം അംഗമായിരുന്നു. ഇരിങ്ങാലക്കുട രൂപതയിൽ കാത്തലിക് യൂത്ത് കമ്മ്യൂണിറ്റിക്ക് രൂപം നൽകി. ഇതാണ് പിന്നീട് കെ.സി.വൈ.എം. ആയി മാറിയത്. മദ്യവർജ്ജന പ്രചരണത്തിനായി പല പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി. ആളൂർ നവ ചൈതന്യ ഈ രംഗത്തെ പുതിയ സംരംഭമായിരുന്നു. ഇടവകലൈബ്രറികൾ സജീവമാക്കി. വചനംമാസിക പ്രസിദ്ധീകരിച്ചു. തുടർന്ന് മാള ഫൊറോനായിലേക്കായിരുന്നു നിയമനം. മാളയിൽ വച്ചാണ് ആന്റണിയച്ചന്റെ പൗരോഹിത്യ രജതജൂബിലിയാഘോഷിച്ചത്. ഇരിങ്ങാലക്കുടരൂപതയുടെ ആഭിമുഖ്യത്തിൽ നടന്ന ക്രിസ്ത്യൻ ലൈഫ് എക്സിബിഷൻ വിജയിപ്പിക്കുന്നതിലും അദ്ദേഹം മുൻനിന്നു പ്രവർത്തിച്ചു. തെക്കൻ താണിശ്ശേരി, പറപ്പൂക്കര എന്നിവിടങ്ങളിലും പിന്നീട് സേവനം അനുഷ്ഠിച്ചു.

ഫാ. ജോസ് അക്കരക്കാരൻ സ്ഥാപിച്ചതും പിന്നീട് ഇരിങ്ങാലക്കുട രൂപത ഏറ്റെടുത്തതുമായ ആളൂർ ബറ്റർ ലൈഫ്സെന്റർ ഡയറക്ടറായി അദ്ദേഹം നിയമിക്കപ്പെട്ടു. ബി.എൽ.എം. ൽ നടന്നു വരുന്ന കേരള സഭാ സെമിനാർ, കേരള സഭാതാരം അവാർഡുദാനം കേരളസഭാമാസികയുടെ

www.malankaralibrary.com

പ്രസിദ്ധീകരണം തുടങ്ങിയ കാര്യങ്ങളിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധചെലുത്തിപ്രവർത്തിച്ചിരുന്നു.

കുഴിക്കാട്ടുശ്ശേരി ഹോളിഫാമിലികോൺവെന്റ് കപ്ലോനായും വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ നാമകരണ കോടതി പ്രൊമോട്ടറായും തുടർന്ന് ആറുവർഷക്കാലം പ്രവർത്തിച്ചു. ഇപ്പോൾ ചാലക്കുടി സെന്റ് ജോസഫ് ഭവനിൽ വിശ്രമ ജീവിതം നയിക്കുന്നു.

കർഷകകുടുംബത്തിൽ പിറന്ന ആന്റണിയച്ചൻ ചെറുപ്പംമുതലേ ഒരു വിപ്ലവകാരിയായിരുന്നു. ജന്മിമാരുടെ കണ്ണിൽചോരയില്ലാത്ത പ്രവർത്തികൾ കണ്ട് അദ്ദേഹം കരഞ്ഞിട്ടുണ്ട്. ധാരാളം കറ്റക്കെട്ടുകൾ അച്ചന്റെ കുടുംബ വളപ്പിൽ കൂട്ടിയിട്ടിരുന്നു. പക്ഷെ കർക്കിടകമാസത്തിൽ അരിവാങ്ങേണ്ടി വന്ന കാര്യം ആന്റണിയെ ഇരുത്തിചിന്തിപ്പിച്ചു. "ജന്മിക്ക് പാട്ടം അളന്നുകഴിയുമ്പോൾ നമുക്ക് ചിലപ്പോഴൊക്കെ അരി വാങ്ങേണ്ടിവരും" അമ്മയുടെ ഈ വാക്കുകൾ ആന്റണിയിൽ ഒരു തരത്തിൽ പ്രതികാരമനോഭാവം വളർത്തിയിരുന്നു. അതാണ് പിൽക്കാലങ്ങളിൽ ആന്റണിയച്ചനെ പാവങ്ങളുടെയും തൊഴിലാളികളുടെയും തൊഴിൽരഹിതരുടെയും ദരിദ്രരുടെയും പക്ഷംചേർന്ന് പ്രവർത്തിക്കുവാൻ പ്രേരിപ്പിച്ചത്.

മേൽവിലാസം - ഫാ. ആന്റണി ഇരിമ്പൻ, സെന്റ് ജോസഫ് ഭവൻ, സെന്റ് ജയിംസ് ഹോസ്പിറ്റൽ, ചാലക്കുടി 680307

# 75



# ഫാ. ജോസഫ് കോയിൽപറമ്പിൽ

അര നൂറ്റാണ്ടിലേറെ ഇന്ത്യയിലും അമേരിക്കൻ ഐക്യനാടുകളിലും സഭയക്കും, രാഷ്ട്രത്തിനും, സമുദായത്തിനും നിസ്തുല സേവനങ്ങൾ നൽകി അംഗീകാരങ്ങൾ ഏറ്റു വാങ്ങിയിട്ടുള്ള ഫാ. ജോസഫ് കോയിൽപറമ്പിൽ ആലപ്പുഴ സേവ്യർ - റബേക്കാ ദമ്പതികളുടെ പുത്രനായി 1927 ഡിസംബർ 15-ാം തീയതി ഭൂജാതനായി. കോയിൽപറമ്പിൽ കുടുംബം പന്ത്രണ്ടിലധികം വൈദികരെ സഭയ്ക്ക് സംഭാവനചെയ്തിട്ടുണ്ട്. ഇതുപോലെതന്നെ മാതൃകുടുംബത്തിലും പ്രമുഖരായ പല വൈദികരും ഉണ്ടായിരുന്നു. അമ്മയുടെ പിതൃസഹോദരനായ വെ. റവ. ഫാ. പാസ്ക്കൽ ബൈലോനെക്കുറിച്ച് വാഴ്ത്തപ്പെട്ട ചാവറകുര്യാക്കോസച്ചൻ തന്റെ നാളാഗമം ഒന്നാം വാല്യത്തിൽ ഇങ്ങനെ എഴുതുന്നു. "മുമ്പിനാൽ പട്ടസുഖം കൈക്കൊണ്ടു ബഹുമാനപ്പെട്ട പസ്ക്കാൾ വൈളോൻ ദെയേസു മരിയ (Pascal Baylan de Jesu Maria) എന്നുപേരുവിളിക്ക

www.malankaralibrary.com

പ്പെട്ട പാദ്രിയച്ചൻ ബോംബെയിൽ പാർക്കയിൽ ഈ നമ്മുടെ മെത്രാനച്ചൻ അവിടെ വന്നു (പേജ്. 18) ഈ ദേഹത്തിന്റെ സുഭാവവും പുണ്യശീലവും അറിവും നെറിവും കണ്ട വിശ്വാസമുള്ള മന്ത്രിയായിട്ടും അദ്ദേഹത്തിന്റെ കമ്പസ്സോരായിട്ടും (confessor) തിരഞ്ഞെടുത്തു ഇവിടെ വന്നപ്പോൾ കൂടെ കൊണ്ടുപോരുകയും എശമിനദോരായിട്ടു കല്പിക്കയും യിങ്ങനെ ഇരുവരും ശെക്രത്താരിയായിട്ടും എശമിനദോരായിട്ടും (Chancellor) ബഹുമാനപ്പെട്ട മെത്രാനച്ചനോടുകൂടെ പാർത്തിരിക്കയിൽ..." വാഴ്ത്തപ്പെട്ട ചാവറയച്ചൻ തന്റെ നാളാഗമത്തിൽ സ്നേഹബഹുമാനാദരവുകളോടെ പല പരാമർശന ങ്ങളും നടത്തിയിട്ടുണ്ട്. ബൈച്ചേനച്ചനെപ്പറ്റി.

ചാവറയച്ചന് അർത്തുങ്കൽ പള്ളിയിൽ വച്ച് വൈദികപട്ടം നൽകിയ പ്പോൾ സ്തബിലീനിമെത്രാപ്പോലീത്തയുടെ സെക്രട്ടറിയായിട്ട് തിരുകർമ്മ ങ്ങളിൽ സഹായിച്ചത് പാസ്ക്കൽ ബൈലോനച്ചനാണ്. ഇന്നു മുപ്പത്തി ഒന്നു മെത്രാന്മാർ ഭരിക്കുന്ന കേരള സഭയെ അർത്തുങ്കൽ ഇരുന്നുകൊണ്ട് ഒരു മെത്രാൻ (സ്തബിലീനി) ഭരിച്ചിരുന്നകാലം സഭാ ചരിത്രകാരന്മാർ വിസ്മ രിക്കുന്ന ഭാഗം മാത്രം. ചരിത്രത്തിൽ ആദ്യമായി ഒരു ഇന്ത്യാക്കാരൻ ജസ്വിറ്റു സഭയിൽ റക്ടറായി അവരോധിക്കപ്പെട്ട വെരി. റവ. ഫാ. ജോസഫ് കോയിൽ പറമ്പിൽ എസ്.ജെ.യുടെ പിതൃസഹോദരപുത്രനാണ് ഫാ. ജോസഫ്. അന്ന് കോയിൽപറമ്പിൽ കുടുംബത്ത് 12 വൈദികരുണ്ടായിരുന്നു.

അന്നത്തെ തിരുവിതാംകൂർ സംസ്ഥാനത്തിലെ ഏക ജസ്യൂട്ടു സ്ഥാപ നമായിരുന്ന ആലപ്പുഴ ലിയൊ തേർട്ടിത് ഹൈസ്കൂളിൽ നിന്നും ലത്തീൻ ഐശ്ചികമയെടുത്ത് റാങ്കോടുകൂടി സെക്കൻഡറി വിദ്യാഭ്യാസം പൂർത്തീ യാക്കി. തുടർന്ന് കാൻഡി സെമിനാരിയിലേയ്ക്കാണ് അയക്കപ്പെട്ടത്. 1953 -ൽ പുതുതായി രൂപം കൊണ്ട ആലപ്പുഴ രൂപതയുടെ പ്രഥമ പുരോഹിത നായി അദ്ദേഹം അഭിഷേകം ചെയ്യപ്പെട്ടു.

രൂപതയിൽ തിരിച്ചെത്തിയ ഫാ. ജോസഫ്, ബിഷപ്പ് ആറാട്ടുകള ത്തിന്റെ സെക്രട്ടറിയായും തുമ്പോളി, ഓമനപുഴ ഇടവകകളുടെ വികാരി യായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അർത്തുങ്കൽ ഹൈസ്കൂളിൽ അഞ്ചു വർഷം അദ്ധ്യപനം നടത്തിയ ഫാ. ജോസഫ്, കാട്ടൂർ ഹോളി ഫാമിലി ഹൈസ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്ററായി നിയമിതനായി. ഹെഡ്മാസ്റ്റർ ആയിരുന്നകാലത്ത് ആലപ്പുഴ ഡിസ്ട്രിക്ടിലെ ഏറ്റം ഉയർന്ന എസ്.എസ്. എൽ.സി. റിസൽട്ട് ഹോളി ഫാമിലിലേതായിരുന്നു. ഗ്രാമപ്രദേശത്ത് സ്ഥിതി ചെയ്യുന്ന ആ സ്കൂൾ സന്ദർശിക്കാൻ രണ്ടു ഗവർണ്ണർമാരും കേന്ദ്രമന്ത്രി എ.എം. തോമസും പല ഉന്നത ശീർഷകരും എത്തിയിട്ടുണ്ട്. സ്കൂൾ ബാന്റ്, എൻ.സി.സി., ഗേൾ സ്കൗട്ട്സ്, ബുൾബുൾസ് തുടങ്ങിയ സംഘടനകളി ലൂടെ വിദ്യാർത്ഥികളിൽ അച്ചടക്കബോധം വളർത്താൻ ഏറെ പരിശ്രമിച്ചി ട്ടുണ്ട്. സാമ്പത്തിക സ്വാശ്രയപരിശീലനം നൽകാൻ എല്ലാ കുട്ടികളെയും നാഷണൽ സേവിംഗ് സ്കീമിൽ ചേർത്ത് ആ രംഗത്തും ഡിസ്ട്രിക്ടിൽ ഒന്നാം

www.malankaralibrary.com

സ്ഥാനം നേടിയിട്ടുണ്ട്. മൂന്നു നിലകളിൽ സംവിധാനം ചെയ്ത സ്റ്റെയ്ജിൽ ഒരേ സമയം മുന്നൂറുകുട്ടികൾ നിർവ്വഹിച്ച ബാലേ നൃത്തത്തിലൂടെ ക്രിസ്തു ചരിതം മുഴുവൻ അവതരിപ്പിച്ചത് കുട്ടികളിൽ കലാപ്രേമം വളർത്തിയെടു ക്കാൻ ഏറെ സഹായിച്ചിട്ടുണ്ട്. നാല്പതു വർഷങ്ങൾക്കു മുൻപ് കേട്ടു കേഴ്വി പോലുമില്ലാത്ത നവീന സംരംഭങ്ങളായിരുന്നു അവ. മറ്റു മതങ്ങളെ സംബന്ധിച്ച ആഴമായ ജ്ഞാനവും ബഹുമാനവുമുള്ള ഒരു വിദ്യാഭ്യാസ പ്രവർത്തകനെന്ന നിലയിൽ ജാതിമതഭേദമെന്യെ എല്ലാതരം സമ്മേളനങ്ങ ളിലും സന്തത ക്ഷണിതാവും പ്രഭാഷകനുമായിരുന്നു ഫാ. ജോസഫ്. വിദ്യാലയത്തിന്റെ നാലുമതിലുകൾക്കുള്ളിൽ ഒതുങ്ങി നല്ക്കുന്നതായിരു ന്നില്ല അദ്ദേഹത്തിന്റെ സേവനം. സ്കൂൾ സമയം കഴിഞ്ഞാൽ ഗ്രാമപ്രദേ ശത്തുള്ള ഭവനങ്ങൾ സന്ദർശിച്ച് കുടുംബങ്ങളെ ലഘുനിക്ഷേപപദ്ധതി കളിൽ ചേർത്ത് സാമ്പത്തിക ഭദ്രതയിലേയ്ക്ക് അവരെ നയിച്ചിരുന്നു, പ്രത്യേ കിച്ചും സുനിശ്ചിതവരുമാനമില്ലാത്ത മത്സ്യതൊഴിലാളികളെ.

ആലപ്പുഴ രൂപതയുടെ പ്രാരംഭകാലത്ത് രൂപതയെ പ്രതിനിധീകരിച്ച് ചണ്ടിഗാർ തുടങ്ങി തിരുവനന്തപുരംവരെ ഓൾ ഇൻഡ്യാ എഡ്യൂക്കേഷൻ കോൺഫറൻസുകളിലും, അഖില ഭാരത സാമൂഹ്യ പ്രവർത്തന നേതൃസ മ്മേളനങ്ങളിലും പുരോഹിത കൂട്ടായ്മകളിലും പങ്കെടുത്തിരുന്നത് ഫാ. കോയിൽ പറമ്പിലായിരുന്നു. റ്റീംസ് ഓഫ് ഔർ ലേഡിയുടെ നാഷണൽ ചാപ്ലിനായിരിക്കെ സംഘടനയെ പ്രതിനിധീകരിച്ച് ഫാത്തിമായിൽ നടന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ - ഇരുപത്താറു രാഷ്ട്രങ്ങളിലെ പ്രതിനി ധികൾ വന്നുചേർന്നിരുന്നു - രണ്ടു കർദ്ദിനാളന്മാരും എട്ടു മെത്രാന്മാരും നാനൂറ്റി അൻപതോളം വൈദികരും ചേർന്നു അർപ്പിച്ച സമൂഹബലിയിൽ സുവിശേഷ പ്രഘോഷണം നിർവ്വഹിച്ചത് ഫാ. കോയിൽപറമ്പിലായിരു ന്നു.അമേരിക്കയിൽ ഫോഡം യൂണിവേഴ്സിററിയിൽനിന്നും, സ്റ്റെയ്ററ് യൂണിവേഴ്സിററിയിൽ നിന്നും ഉന്നതബിരുദങ്ങൾ നേടിയ ഫാ.ജോസഫ്, ഫോഡം അഡ്മിനിസ്ട്രേഴ്സ് സംഘടനയുടെ അംഗം എന്ന നിലയിൽ പല വിദ്യാഭ്യാസ സമ്മേളനങ്ങളിലും സജീവ സാന്നിദ്ധ്യമായിരുന്നു.

വിയററ്നാം യുദ്ധത്തിന്റെ സമാപനകാലത്ത് യുദ്ധത്തിന്റെ ന്യായാന്യായകാരണങ്ങളെക്കുറിച്ച് അമേരിക്കൻ ടെലിവിഷൻ സംഘടിപ്പിച്ച വിവാദചർച്ചകളിൽ മോഡറേററായി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അമേരിക്കൻ ടെലവിഷനിൽ ആദ്യമായി "ഇന്ത്യൻ റീത്തിൽ" ദിവ്യബലി അർപ്പിച്ചത് പത്രങ്ങളിൽ തുടർച്ചയായ സംവാദവിഷയമായിരുന്നു. എഴുപതുകളിൽ അമേരിക്കയിൽ ഇന്ത്യാക്കാർ കുറവായിരുന്നതിനാൽ അമേരിക്കൻ യുവതികളെ സാരിയുടുപ്പിച്ച് പങ്കെടുപ്പിച്ചതും സംസാരവിഷയമായിരുന്നു അക്കാലത്ത്. ഈസ്റ്റർ, ക്രിസ്തുമസ് സന്ദേശങ്ങൾ നൽകാനായി പല പ്രാവശ്യം അമേരിക്കൻ ടെലവിഷനുകളിൽ കാണാമായിരുന്നു കോയി പറമ്പിലച്ചനെ. ടെലിവിഷനിൽ ഞായറാഴ്ച ബലി അർപ്പിക്കുന്നതും അപൂർ

www.malankaralibrary.com

വ്വമായിരുന്നില്ല. ന്യൂയോർക്കിലും വാഷിംഗ്ടണിലും ബർളിനിലും (ജർമ്മനി) നടന്ന ലോകമലയാളി സംഗമങ്ങളുടെ സംഘാടകരിൽ പ്രമുഖനായിരുന്നു ഫാ.ജോസഫ്. ന്യൂജർസിയിലെ കേരളകൾച്ചറൽ അസോസിയേഷന്റെ സ്ഥാപകപ്രസിഡന്റായിരുന്നു അദ്ദേഹം. ന്യൂയോർക്കിലെ സർഗ്ഗവേദി, സാഹിതീസംഘം, കേരളസമാജം ഇവയിലൊക്കെ സജീവ പ്രവർത്തകനായിരുന്നു ഫാ. ജോസഫ്. ഇന്ത്യാ കാത്തലിക് അസോസിയേഷനിലും ലാററിൻ കാത്തലിക് അസോസിയേഷനിലും ഇന്ത്യാകാത്ത്ലാക്ക് അപ്പോസ്റ്റോലെററിലും വിലപ്പെട്ട സേവനങ്ങളാണ് അദ്ദേഹം നൽകിയിട്ടുള്ളത്. മതാന്തരസമ്മേളനങ്ങളിൽ തല്പരനായിരുന്ന ഫാ.ജോസഫ് രണ്ടുപ്രാവശ്യം സെന്റ് തോമസ് എക്യുമിനിക്കൽ ഫെഡറേഷന്റെ അദ്ധ്യക്ഷനായിരുന്നിട്ടുണ്ട്. ആസ്ട്രേലിയൻ മിഷനറി സ്റ്റെയിൽസിനെയും മക്കളെയും കൊലപ്പെടുത്തിയതിനോടനുബന്ധിച്ചു രാജ്യ വ്യാപകമായുയർന്ന പ്രതിഷേധ ഗർജ്ജനങ്ങൾ അന്താരാഷ്ട്രരംഗത്ത് പ്രതിഫലിപ്പിക്കാൻ ന്യൂയോർക്കിൽ സംഘടിപ്പിച്ച "ക്രിസ്ത്യൻ ഫോറത്തിന്റെ" സംഘാടകസമിതിയ്ക്കും നേതൃത്വം നൽകി, സ്റ്റെയിൽസിന്റെ വിധവയ്ക്കും മക്കൾക്കും യുണൈററഡ് നേഷൻസ് ഹാളിൽതന്നെ സ്വീകരണം നൽകി ലോകമനസ്സാക്ഷിയെ തട്ടിയുണർത്തിയ സംരംഭങ്ങൾക്ക് ഫാ. ജോസഫ്നേതൃത്വം നൽകിയത് സെന്റ് തോമസ് എക്യുമിനിക്കൽ ഫെഡറേഷന്റെ പ്രസിഡന്റ് എന്ന നിലയിലാണ്. ജീവൻ ററി.വിയുടെ പ്രാരംഭകാലത്ത് ഷെയറുകൾ വിററഴിക്കാൻ ന്യൂയോർക്കിലെത്തിയ തൃശൂർ ബിഷപ്പിന് എക്യുമിനിക്കൽ ഫെഡറേഷൻ മീററിംഗിലാണ് അവസരം ഒരുക്കിയത്. അന്നു ഷയറുകൾ വിററഴിക്കുന്നതിനാരംഭിച്ച കമ്മിററിയുടെ ചെയർമാനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആണ്ടുതോറും പിരിവുകൾ നടത്തി, സുനാമിക്ക് ഏറെ മുൻപുതന്നെ കേരളത്തിൽ ഭവനനിർമ്മാണ പദ്ധതിയ്ക്ക് രൂപം കൊടുത്തത് സെന്റ് തോമസ് എക്യുമെനിക്കൽ ഫെഡറേഷനാണ്.

ഡാർലിംഗ്ടൺ സെമിനാരിയിൽ നിന്നും "വാററിക്കൻ കൗൺസിൽ ദൈവശാസ്ത്രത്തിൽ" ബിരുദാനന്തരബിരുദം നേടിയ ഫാ. ജോസഫ്, മൗണ്ട് സെന്റ്മേരീസിലും, സെന്റ് ആന്റണീസ് ഹൈസ്കൂളിലും (ന്യൂജർസി) തിയോളജി പഠിപ്പിച്ചിട്ടുണ്ട്. കാലസാൻക്ഷസ് ഹൈസ്കൂൾ ഫോർ ഗിഫ്ററഡു ചിൽഡ്രനിൽ ലാററിൻ അദ്ധ്യാപകനായും, ന്യൂയോർക്കിലും, ന്യൂജർസിയിലും പല ഇടവകകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ന്യൂജർസിയിൽ സേവനമനുഷ്ഠിക്കുന്ന കാലത്ത് ജയിലറകൾ സന്ദർശിക്കുകയും ജയിൽ വാസികൾക്കായി ദിവ്യബലിയർപ്പിക്കുകയും അവർക്ക് അവരുടെ കുടുംബങ്ങളുമായി ബന്ധം പുലർത്തുന്നതിന് സഹായിക്കുകയും ചെയ്യുമായിരുന്നു. ആശുപത്രികൾ സന്ദർശിച്ച് രോഗികൾക്കു സാന്ത്വനം നൽകുക ഒരു ശുശ്രൂഷയാക്കിതന്നെ രൂപംനൽകി, ഡോക്ടർമാരെയും, നേഴ്സ്മാരെയും സംബന്ധിപ്പിച്ച് ആശുപത്രികളിൽ.

www.malankaralibrary.com

സമൂഹശുശ്രൂഷ നടത്തുമായിരുന്നു,

പഠനാനന്തരം അമേരിക്കയിൽനിന്നും തിരിച്ചെത്തിയ ഫാ. ജോസഫ് ഏറെറടുത്തത് ആലപ്പുഴ സെന്റ് ആന്റണീസ് അനാഥശാലയുടെ നേതൃത്വമാണ്. പ്രൈമറി മുതൽ I.T.C. കോളേജ് വരെ പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകളിൽ ആത്മാഭിമാനം നൽകുക മുന്നിൽകണ്ടുകൊണ്ട് വിവിധരംഗങ്ങളിൽ പ്രോത്സാഹനം നൽകി. ആ സ്ഥാപനത്തെ സാമ്പത്തിക ഭദ്രതയിലെത്തിച്ചശേഷമാണ് അവിടെനിന്നും വിടവാങ്ങുന്നത്. അതിലൂടെ കടന്നുപോന്ന വിദ്യാർത്ഥികൾ നിരവധി ഉന്നത രംഗങ്ങളിൽ ശ്രേഷ്ഠമായ സേവനം നൽകുന്നെന്നത് ചാർതാർത്ഥ്യമാണ് അദ്ദേഹത്തിലെ ആത്മസംതൃപ്തി.

അമേരിക്കൻ പ്രവാസികാലത്ത് ഫാ.കണ്ടത്തിലിന്റെ "സേവ് എ ഫാമിലി പ്രേഷതത്വത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് അമേരിക്കയിൽ ആരംഭിച്ച" ഫ്രാൻസിസ്ക്കൻ ഫാമിലി അപ്പോസ്റ്റലിലൂടെ ഇന്ത്യയിൽ രണ്ടായിരത്തോളം കുടുംബങ്ങൾക്ക് ഇന്നും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. സഭാ, സാമൂഹ്യ, സാംസ്കാരിക രംഗത്ത് ഫാ. കോയിൽ പറമ്പിൽ നൽകിയിട്ടുള്ള വിശിഷ്ട സേവനങ്ങൾ വിലമതിച്ച് അന്താ രാഷ്ട്രസംഘടനയായ നൈററ്സ് ഓഫ് കൊളംബസ്സ് (KNIGHTS OF COLUMBUS) സംഘടനയിൽ അംഗത്വവും KNIGHTHOOD പ്രശസ്തി പത്രവും സ്വർണ്ണകാസയും അദ്ദേഹത്തിന് സമ്മാനിക്കുകയുണ്ടായി.


രൂപതയുടെ മുഖപത്രമായ "കത്തോലിക്ക ജീവിത"ത്തിന്റെ എഡിററർ പദവിയിലാരംഭിച്ച സാഹിത്യസേവനം കാലികപ്രസിദ്ധീകരണങ്ങളിലൂടെ ഇന്നും തുടരുകയാണ്. 1986 ലെ മാർപ്പാപ്പയുടെ സന്ദർശനവേളയിലെ, മനോരമ, ദീപിക, കേരളറൈറംസ്, കേരള കൗമുദി പത്രങ്ങളിലെ മാർപ്പാപ്പായെ സംബന്ധിക്കുന്ന കവർപേജ് ലേഖനം ഫാ. ജോസഫ് എഴുതിയതാണ്. ഇന്ത്യയിലെ Examiner, New Leader, Herald തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ എഴുതുമായിരുന്നു. അമേരിക്കയിലെ Cedengrave Times എന്ന ഇംഗ്ലീഷ് പത്രത്തിന്റെ വാരാന്ത്യപതിപ്പിൽ ഒരു വാരാന്ത്യവിചിന്തനം എഴുതമായിരുന്നു. അമേരിക്കയിലെ "കൈരളി"യിൽ നമ്മുടെ പംക്തി എന്ന പേരിലും ആഴ്ചതോറും എഴുതുമായിരുന്നു. മററു ആനുകാലിക പ്രസിദ്ധീകരണങ്ങളിലും എഴുതുന്നത് ഒരു ഹോബിയായിരുന്നു ഫാ. ജോസഫിന്.

വിലാസം - ഫാ. ജോസഫ്, കോയിൽപറമ്പിൽ,
മൗണ്ട് കാർമ്മൽ കത്തീഡ്രൽ,
ആലപ്പുഴ - 688 001.

www.malankaralibrary.com

# 76

# അന്നമ്മ പൈകട



"ശ്രീമതി അന്നമ്മ പൈകടയുടെ അഭിജാത കവിതകളിലൂടെ കടന്നുപോകുമ്പോഴെല്ലാം 'സ്വയമേവാഗതാ വരാ' എന്ന പഴയൊരു സൂക്തമാണ് ഞാൻ ഓർമ്മിക്കാറ്. ഇങ്ങനെ കൈത്തോടുപോലെ താനേ ഉറന്നൊഴുകുന്ന കവിതയിൽ മനോമജ്ജനം ചെയ്യുകയെന്നത് ഈ കാലഘട്ടത്തിൽ സഹൃദയത്വത്തിനു കിട്ടുന്ന ഭാഗ്യമാണ്! കാരണം, തെളിനീരൊഴുക്കുകൾ-കവിതയിൽ മാത്രമല്ല ജീവിതത്തിൽ ആകെത്തന്നെയും - വറ്റിക്കൊണ്ടിരിക്കുന്ന ഹതഭാഗ്യമായ ഒരു കാലമാണല്ലോ ഇത്. വേനലറുതിയോളം അൽപം പൊന്നു കാത്തുപോരുന്ന കണിക്കൊന്നയെപ്പോലെ, വിശിഷ്ട സ്വപ്നങ്ങളുമായി പുലരുന്ന ചില കവി പ്രതിഭകൾ നമുക്കിടയിൽ ഇന്നുമുണ്ട്. അന്നമ്മ പൈകട ഈ ഗണത്തിൽ പെടുന്നു." കൈനകരി ഷാജി അന്നമ്മ പൈകടയെപ്പറ്റി ദീപനാളത്തിൽ എഴുതിയ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചത്.

സാഹിത്യസാംസ്കാരിക രംഗങ്ങളിൽ നിസ്തുലസേവനം അനുഷ്ഠിച്ച പ്രമുഖ വിദ്യാഭ്യാസപ്രവർത്തകയായ അന്നമ്മ പൈകട പാലായ്ക്കടുത്ത് പൂവരണി കൊച്ചുകൊട്ടാരത്തിൽ 'മംഗലത്തിൽ' ചാക്കോ ഏലിയാമ്മ ദമ്പതികളുടെ പുത്രിയായി 1928 ജനുവരി 3 ന് ജനിച്ചു. മലയാളം ഹയർ, ററി.ററി.സി., സാഹിത്യ വിശാരദ് എന്നീ പരീക്ഷകൾ പാസ്സായി. പാലാ ഗവൺമെന്റ് ഹൈസ്കൂൾ അദ്ധ്യാപികയായി ജോലി നോക്കി.

1952 ജനുവരി 17 ന് ശാസ്ത്രരത്നം - പൈകട തോമസ് വൈദ്യരെ വിവാഹം ചെയ്തു. ശാസ്ത്രസാഹിത്യ പരിഷത്ത് കവിതാ മത്സരത്തിൽ പങ്കെടുത്ത് കട്ടക്കയം അവാർഡും പാലാ അക്ഷരശ്ലോക സമിതിയുടെ സമസ്യപൂരണ മത്സരത്തിൽ ഒന്നാം സമ്മാനവും നേടിയിട്ടുണ്ട്. അന്നമ്മ പൈകടയുടെ സാഹിത്യ സംഭാവനകളെ ആദരിച്ച് ഏററുമാനൂർ കാവ്യവേദി, കോട്ടയം കവിസംഘം, സെന്റ് തോമസ് കോളേജ് പാലാ എന്നിവിടങ്ങളിൽ നിന്നും പൊന്നാടയണിക്കുകയുണ്ടായി.

വാടാമലരുകൾ എന്നൊരു ഖണ്ഡകാവ്യവും രചിച്ചിട്ടുണ്ട്. കൂടാതെ നീ അധികമാകുന്നു എന്ന കവിതാസമാഹാരം സഹൃദയാബുക്സ് പുലിയന്നൂരും രാഗസൗഗന്ധികം എന്ന കവിതാസമാഹാരം കോട്ടയം കവിസംഘവും, മധുരാക്ഷരമന്ത്രം എന്ന കൃതി ആർട് ഓഫ് ലിവിംഗ് പാലാ ചാപ്ററും അഭിജാതം എന്ന കൃതി പെൻബുക്സ് ആലുവായും പ്രസിദ്ധീകരിച്ചു. ഭരണങ്ങാനം ജീവൻ ബുക്സ് പ്രസിദ്ധീകരിച്ചവയാണ് അൽഫോൻസാ ഗീതം, നിന്നെപ്പിന്നെക്കണ്ടോളാം (ബാലസാഹിത്യം), സ്പന്ദനം,

www.malankaralibrary.com

ദിവ്യസ്വാന്തനം എന്നിവ.

ദിവ്യസാന്ത്വനം എന്ന കൃതിയുടെ അവതാരികയിൽ പ്രൊഫ. മാത്യു ഉലകംതറ ഇപ്രകാരം എഴുതിയിരിക്കുന്നു. "അരനൂററാണ്ടിലേറെ പഴക്കമുണ്ട് ശ്രീമതി അന്നമ്മയുടെ കാവ്യ സപര്യയ്ക്ക്. ആരബ്ധ യൗവനകാലത്ത് തന്നെ അവരുടെ രചനാ സൗകുമാര്യം എന്നെ വിസ്മയിപ്പിച്ചിട്ടുണ്ട്. കാവ്യ വിദൂരമായ ഒരു സമൂഹത്തിൽ പിറന്നു വളർന്ന് ഒരു വനിതയ്ക്ക് ഈ അപൂർവ്വസിദ്ധി എങ്ങനെ കൈവന്നുവെന്നും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന കുടുംബഭാരങ്ങളിൽ ഞെരിഞ്ഞമർന്നു പോകാതെ എങ്ങിനെ അതിനെ നിലനിർത്തിക്കൊണ്ടു പോകാൻ കഴിയുന്നുവെന്നുമാണ് ഇന്നെന്റെ വിസ്മയം. പൂർവ്വികപുണ്യമെന്നോ, ജന്മാന്തരസുകൃതമെന്നോ പറയാവുന്ന എന്തോ ഒന്ന് അവരിൽ പ്രവർത്തിക്കുന്നുണ്ട്. ഭാഗ്യവശാൽ ജാതിമതലിംഗ ഭേദങ്ങളൊന്നും നോക്കിയിട്ടല്ലല്ലോ ഈശ്വരൻ സുകുമാരകലാവാസനകൾ മനുഷ്യമസ്തിഷ്കത്തിൽ നിക്ഷേപിക്കുക. സിസ്റ്റർ മേരി ബനീഞ്ഞാ മുതൽ അന്നമ്മ പൈകടവരെയുള്ളവർക്ക് സരസ്വതീക്ഷേത്രകവാടം തുറന്നുകൊടുക്കുന്നത് അവിടുന്നാണ്. വായിക്കാനാളുകളില്ലാതായാലും അവർ എഴുതും. കേൾക്കാനാളില്ലെങ്കിലും കുയിൽ പാടും. പ്രേക്ഷകരില്ലാത്ത വനാന്തരങ്ങളിലും മയിലുകൾ നൃത്തം ചെയ്യും. ആത്മീയമായ ഒരു ഉൾവിളിയാണിത്. ദൈവികമായൊരു ദൗത്യനിർവ്വഹണമാണിത്. ഈ ദൗത്യനിർവ്വഹണത്തിന് കാതോർക്കാൻ സമൂഹത്തിന് കടമയുണ്ട്. സമൂഹം അതിന് വിസമ്മതിച്ചാൽ കാലിലെ പൊടി അവിടെ തട്ടിയിട്ടിട്ട് മടങ്ങിപ്പോരുവാനാണ് യേശുതമ്പുരാൻ പറഞ്ഞിരിക്കുന്നത്. അന്നമ്മയും ആ കല്പന അനുസരിക്കേണ്ടിയിരിക്കുന്നു."

യേശുവിന്റെ തിരുപ്പിറവിപ്പുലരി വർണ്ണിക്കുന്ന ഈ രമണീയ രചന മഞ്ഞിൽ മരവിക്കുന്ന ഒരു ഹേമന്തപ്രഭാതത്തെയല്ല ഭാഷയ്ക്ക് പണ്ടെന്നോ കൈവിട്ടുപോയ ഒരു വസന്തതിലകത്തിന്റെ തിരിച്ചു വരവിനെയാണ് ഉൽഘോഷിക്കുന്നത്. ദിവ്യസാന്ത്വനം പോലുള്ള കൃതികൾ അന്നമ്മ പൈകടയുടെ തൂലികയിൽ നിന്നും ഇനിയും ഉണ്ടാകട്ടെ.

മേൽവിലാസം : അന്നമ്മ പൈകട,
കിഴതടിയൂർ പി.ഒ.

www.malankaralibrary.com

# 77

# ഗീവർഗീസ് മാർ തിമോത്തിയോസ്



“മെത്രാൻ സ്ഥാനം ഒരു ഭാരമേറിയ ദൗത്യമാണ്. ഈ കുരിശ് ചുമക്കലിൽ എന്റെ പ്രിയ ജനമായ നിങ്ങൾ ശിമയോനെപ്പോലെ സഹായിക്കുകയും വെറോനിക്കയെപ്പോലെ ആശ്വസിപ്പിക്കുകയും ചെയ്യുമ്പോൾ ഈ ഭാരം ചുമക്കുക എളുപ്പമാണ്.” ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവ് തന്റെ മെത്രാഭിഷേക വേളയിൽ നടത്തിയ മറുപടി പ്രസംഗത്തിൽ പറഞ്ഞ വാക്കുകളാണ് മുകളിൽ ചേർത്തിരിക്കുന്നത്. പിതാവ് ആഗ്രഹിച്ചതുപോലെയും പ്രാർത്ഥിച്ചതുപോലെയും തിമോത്തിയോസ് തിരുമേനിയുടെ കുരിശു ചുമക്കലിൽ രൂപതയിലെ എല്ലാ ജനങ്ങളും സഹായിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തുവെന്നത് ഒരു വസ്തുതയാണ്.

നിന്റെ വചനത്തിൽ ഞാൻ വലയിറക്കാം (IN Verbo tuo, Laxalo rete) എന്ന മുദ്രാവാക്യം സ്വീകരിച്ചുകൊണ്ട് തിരുവല്ലാ രൂപതയുടെ അഞ്ചാമത്തെ അദ്ധ്യക്ഷൻ ആയി അധികാരമേറ്റെടുത്ത ഗീവർഗീസ് മാർ തിമോത്തിയോസ് കോട്ടയം ജില്ലയിൽ അയർക്കുന്നം പഞ്ചായത്തിൽ അയർക്കുന്നം ഗ്രാമത്തിൽ ചുണ്ടേവാലിയിൽ കുടുംബത്തിൽ ബഹു. ജേക്കബ്ബ് അച്ചന്റെയും ശ്രീമതി അന്നമ്മയുടേയും പ്രഥമ സന്താനമായി 1928 ഫെബ്രുവരി 2–ാം തിയതി ഭൂജാതനായി. പിതാവ് ചൂണ്ടേവാലിൽ ജേക്കബ്ബ് അച്ചൻ 1928–ൽ വൈദിക പട്ടം സ്വീകരിച്ചതിനുശേഷം യാക്കോബായ പത്രിയാർക്കീസ് വിഭാഗം നടത്തിയിരുന്ന വെട്ടൂർ പള്ളിയിൽ വികാരിയായി. യാക്കോബായ സഭയിലെ കക്ഷി വഴക്കുകളും കേസുകളും സഭയെ കുറിച്ച് ചിന്തിപ്പിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. മാർ സെവറിയോസ് തിരുമേനിയുമായി വളരെ സ്നേഹബന്ധത്തിലായിരുന്ന ജേക്കബ്ബ് അച്ചൻ, തിരുമേനിയുമായി ആലോചിച്ച് കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുവാൻ തീരുമാനിച്ചു. 1940 ജൂൺ 14–ന് തിരുവല്ലാ ചെറുപുഷ്പഗിരി അരമനയിൽ വെച്ച് ജേക്കബ്ബ് അച്ചൻ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. സ്വഭവനത്തിൽ വെച്ച് അച്ചന്റെ കുടുംബാംഗങ്ങളും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. അങ്ങനെ പന്ത്രണ്ടാം വയസ്സിൽ തിമോത്തിയോസ് തിരുമേനിയും കത്തോലിക്കാ സഭയിൽ അംഗമായി. വീട്ടുകാരും നാട്ടുകാരും സണ്ണി എന്ന ഓമന പേരിലായിരുന്നു തിരുമേനിയെ വിളിച്ചിരുന്നത്. പിതാവായ ജേക്കബ്ബ് അച്ചനേക്കാൾ കൂടുതൽ സണ്ണിയിൽ ശ്രദ്ധചെലുത്തിയിരുന്നത് വല്ല്യപ്പൻ വർക്കി ആയിരുന്നു. ബാലന്റെ അദ്ധ്യാത്മിക വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിച്ചിരുന്നത് വല്ല്യപ്പനായിരുന്നു.

www.malankaralibrary.com

സണ്ണിച്ചന്റെ പ്രാഥമിക വിദ്യഭ്യാസം അമയന്നൂർ ഗവ. എൽ. പി സ്കൂളിലും മിഡിൽ സ്കൂൾ വിദ്യാഭ്യാസം മണർകാട് ഇട്ടി മെമ്മോറിയൽ സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം കിടങ്ങൂർ സെന്റ് മേരീസ് സ്കൂളിലും നടത്തി. അക്കാലത്ത് തന്റെ താമസസ്ഥലത്തിന് സമീപത്തുണ്ടായിരുന്ന യാക്കോബായക്കാരുടെ ഹൈസ്കൂളിൽ പഠിക്കാതെ കിടങ്ങൂർ സ്കൂളിൽ പഠിക്കാൻ സണ്ണിയെ മാതാപിതാക്കൾ അയച്ചത് ഒരു കത്തോലിക്കാ സ്കൂളിൽ പഠിപ്പിക്കണമെന്ന ആഗ്രഹം കൊണ്ടു മാത്രമായിരുന്നു. മീനച്ചിൽ ഭാഗത്ത് പന്നഗം തോടും കടന്ന് എട്ടു കിലോമീറ്റർ നടന്നാണ് കിടങ്ങൂർ സ്കൂളിൽ എത്തിയിരുന്നത്. രാത്രി 7 മണിയോടെയാണ് വീട്ടിൽ തിരിച്ചെത്തുക. ഒരിക്കൽ മീനച്ചിൽ ആറ് വള്ളത്തിൽ കടക്കവേ വെള്ളത്തിൽ വീഴുകയും അത്ഭുതകരമായി രക്ഷപ്പെടുകയും ചെയ്തു. ഇങ്ങനെ അലഞ്ഞും കഷ്ടപ്പെട്ടും സ്കൂൾ വിദ്യാഭ്യാസം നടത്തേണ്ടി വന്നതിനാൽ മറ്റു കുട്ടികളെപ്പോലെ കളികളിലും മറ്റും പങ്കെടുക്കാനോ ഉല്ലസിക്കുവാനോ സാധിച്ചിരുന്നില്ല. ഒഴിവുകാലം മാത്രമായിരുന്നു സന്തോഷപ്രദമായ നാളുകൾ.

കിടങ്ങൂർ സ്കൂളിലെ പഠനവും ബഹു. വൈദികരുടേയും സിസ്റ്റേഴ്സിന്റേയും ജീവിത രീതികളും പെരുമാറ്റങ്ങളും നോക്കികണ്ട ജോർജ് അവരോട് കൂടുതൽ ഭയഭക്തിയോടു കൂടി പെരുമാറി. പത്താം ക്ലാസ്സിലെ പരീക്ഷ എഴുതി കഴിഞ്ഞ് ഒരിക്കൽ പിതാവുമൊത്ത് അരമനയിൽ എത്തിയപ്പോൾ മാർ സെവരിയോസ് തിരുമേനിയെ സന്ദർശിച്ചു. തിരുമേനി ജോർജിനെ വാത്സല്യ പൂർവ്വം വിളിച്ച് ഇനി നീ ഒന്നിനും പോകണ്ട. ഇങ്ങോട്ടു പോന്നാൽ മതി എന്നു പറഞ്ഞു. പിതാവിന്റെ ആജ്ഞാശക്തി ജോർജുകുട്ടിയുടെ ഹൃദയത്തെ പ്രകമ്പനം കൊള്ളിച്ചു.

ഹൈസ്കൂൾ വിദ്യാഭ്യാസം നല്ല മാർക്കോടെ പാസ്സായ ഉടനെ വൈദിക പഠനത്തിന് പോകാൻ തീരുമാനിച്ചു. എല്ലാവരുടേയും അനുഗ്രഹം വാങ്ങി 1943-ൽ ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥിയായി ചേർന്നു. എല്ലാവരുടേയും പ്രീതിഭാജനമായി ജോർജ് വളർന്നു. വി. കൂർബ്ബാനക്കുശേഷം ദേവമാതാവിനോടുള്ള ഭക്തിയിലും ജപമാല പ്രാർത്ഥനയിലും വളരെ സമയം ചിലവഴിച്ചുകൊണ്ടിരുന്നു. ജോർജ് ശെമ്മാച്ചൻ സഹപാഠികൾക്ക് ഒരു മാതൃകയായിരുന്നു. രണ്ടു വർഷത്തെ മൈനർ സെമിനാരി ജീവിത്തിനുശേഷം കാൻഡി പേപ്പൽ സെമിനാരിയിലേക്ക് ഉപരിപഠനത്തിന് ബ്രദർ ജോർജിനെ അയച്ചു. രണ്ടാം ലോക മഹായുദ്ധത്തെ തുടർന്ന് ലോകം കഷ്ടപാടിന്റെ കെടുതിയിൽ നട്ടംതിരിയുന്ന കാലമായിരുന്നു അത്. ഭക്ഷണത്തിനും വസ്ത്രത്തിനുമെല്ലാം ജനങ്ങൾ പ്രയാസപ്പെട്ടു. സെമിനാരിയിലും ഇതേ പ്രയാസങ്ങൾ നേരിട്ടിരുന്നു. ഭക്ഷണത്തിനും വസ്ത്രത്തിനും ചികിൽസക്കുമെല്ലാം സെമിനാരിയിലെ അന്തേവാസികളും വിഷമിച്ചു. ഇവയെല്ലാം ത്യാഗ ബുദ്ധിയോടെ സഹിച്ച് സംതൃപ്തരായി അവർ കഴിഞ്ഞു പോന്നു. ഭാവിയിൽ വൈദിക ജീവിതത്തിൽ അനുഭ

www.malankaralibrary.com

വിക്കേണ്ടി വരുന്ന ത്യാഗത്തിന്റേയും കഷ്ടപാടിന്റേയും പരസ്പര സഹകരണത്തിന്റേയും അനുഭവ പാഠങ്ങൾ ഈ പരിശീലന കാലത്ത് അനുഭവിച്ചറിഞ്ഞു. എല്ലാ കാര്യങ്ങളിലും മറ്റുള്ളവരെ സഹായിക്കാൻ ബ്രദർ ജോർജ് മുൻപന്തിയിൽ നിന്നു.

ബ്രദർ ജോർജ് സെമിനാരിയിലെ ലത്തീൻ അക്കാഡമിയുടെ പ്രസിഡണ്ടായിരുന്നു. ലത്തീനിലും മലയാളത്തിലുമുള്ള നാടകങ്ങളിൽ അഭിനയിക്കുകയും ചെയ്തിരുന്നു. അന്നത്തെ പുണ്യാത്മാക്കളായ പ്രൊഫസ്സേഴ്സിന്റെ ജീവിത മാതൃക ബ്രദറെ വളരെയധികം സ്വാധീനിക്കുകയും ചെയ്തു. എട്ടു വർഷത്തെ സെമിനാരി വിദ്യഭ്യാസത്തിനുശേഷം 1953 ഓഗസ്റ്റ 24-ന് കാൻഡിയിൽ വെച്ച് ബിഷപ്പ് ഗ്ളെനിയിൽ നിന്നും ബ്രദർ ജോർജ് വൈദിക പട്ടം സ്വീകരിച്ചു. പിറ്റേന്ന് കാൻഡിയിൽ വെച്ച് തന്നെ പ്രഥമ ദിവ്യബലി അർപ്പിച്ചു. ആറു മാസത്തിനകം നാട്ടിൽ തിരിച്ചെത്തിയ ജോർജച്ചൻ കോതമംഗലം നെല്ലിമറ്റം ഇടവകകളുടെ വികാരിയായി നിയമിതനായി. പിന്നീട് സ്വന്തം ഇടവകയിൽ പിതാവ് ജേക്കബ്ബച്ചനെ സഹായിച്ചുകൊണ്ട് അസി. വികാരിയായി സേവനം തുടർന്നു. 1956 ജൂണിൽ ബ. ജോർജച്ചനെ രൂപതാ ഫിനാൻസ് ഓഫീസറായി അഭിവന്ദ്യ സഖറിയാസ് മാർ അത്താനിയോസ് പിതാവ് നിയമിച്ചു. രണ്ടു വർഷത്തിനു ശേഷം ചൂണ്ടേവാലിൽ അച്ചനെ മൈനർ സെമിനാരിയുടെ റെക്ടറായി നിയമിച്ചു. 1963 വരെ ആ സ്ഥാനത്ത് തുടർന്നു. അതിനു ശേഷം റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിലേക്ക് ഉപരിപഠനത്തിനയച്ചു. അദ്ധ്യാത്മിക ശാസ്ത്രത്തിൽ ബിരുദം സമ്പാദിച്ച് 1967-ൽ തിരുവല്ലായിൽ തിരിച്ചെത്തി. റോമിലെ പഠനകാലത്ത് ആറാം പോൾ മാർപാപ്പായെ സന്ദർശിക്കാനും അവസരം ലഭിച്ചു.

1967-ൽ വീണ്ടും മൈനർ സെമിനാരി റെക്ടറായി നിയമിതനായി. 1980 വരെ ആ ശുശ്രൂഷ തുടർന്നു. തിരുവല്ലാ രൂപതയിലെയും ബത്തേരി രൂപതയിലെയും വൈദികരിൽ ഒരു നല്ല പങ്കും ചൂണ്ടേവാലിൽ അച്ചന്റെ ശിഷ്യൻമാരാണ്. ഈ കാലയളവിൽ അഞ്ചേരി, നെടുമ്പുറം, കല്ലിശേരി, കാഞ്ഞീറ്റുകര, പായിപ്പാട് തുടങ്ങിയ ഇടവകകളിൽ വികാരിയായും സേവനം അനുഷ്ഠിച്ചു. നെടുമ്പുറം, പായിപ്പാട് പള്ളികളും നെടുമ്പുറത്തെ പള്ളിക്കെട്ടിടവും പായിപ്പാട്ടെ കുരിശടിയും അച്ചൻ പണി കഴിപ്പിച്ചതാണ്. തിരുവല്ലായിലെ പല സാമൂഹ്യ പ്രവർത്തനങ്ങളിലും എക്യുമിനിക്കൽ പ്രസ്ഥാനത്തിലും സംയുക്ത ക്രിസ്തുമസ് ആഘോഷ പരിപാടികളിലും ജോർജ് അച്ചൻ നേതൃത്വം വഹിക്കുകയുണ്ടായി. തിരുവല്ലായിലെ വൈ. എം. സി. എയുടെ വൈസ് പ്രസിഡണ്ട് സ്ഥാനം ദീർഘകാലം വഹിച്ചിരിന്നതുകൊണ്ട് വിപുലമായ ഒരു സൃഹൃദ് വലയം കെട്ടിപ്പെടുക്കാനും അദ്ദേഹത്തിന് സാധിച്ചു.

1980-ൽ തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ വികാരിയായി നിയമിതനായി. എട്ടു വർഷക്കാലം ആ സ്ഥാനത്ത് തുടർന്നു. വിവിധങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്ത് കത്തീഡ്രൽ ഇടവകയെ മനോഹരവും

www.malankaralibrary.com

സമ്പന്നവുമാക്കാൻ ഫാ. ജോർജ് ചൂണ്ടേവാലിക്ക് സാധിച്ചു. മനോഹരവും പ്രൗഢവുമായ സെന്റ് ജോൺസ് ഓഡിറ്റോറിയം, പള്ളിയുടെ പടിഞ്ഞാറ് വശത്ത് സ്ഥാപിച്ച മനോഹരമായ കൽക്കുരിശ്, സിമിത്തേരിയിൽ നിർമ്മിച്ച 40 അറകളുള്ള കോൺക്രീറ്റ് കല്ലറ, പള്ളിയുടെ പടിഞ്ഞാറ് വശം റോഡരുകിൽ സ്ഥിതി ചെയ്യുന്ന കുരിശടി, വൈദിക മന്ദിരം തുടങ്ങിയവ ജോർജച്ചന്റെ പരിശ്രമ ഫലമായി രൂപം കൊണ്ടതാണ്. സാധു ജനങ്ങളോട് പരമാവധി സഹാനുഭൂതി പ്രദർശിപ്പിച്ചിരുന്ന അച്ചൻ കത്തീഡ്രൽ വികാരിയായിരുന്ന കാലത്ത് നൂറുകണക്കിന് വീടുകൾ പാവപ്പെട്ടവർക്ക് പണിയിച്ച് കൊടുത്തു. പാവപ്പെട്ടവർക്ക് വേണ്ടി വിവാഹ സഹായനിധി ഏർപ്പെടുത്തി. ചികിൽസയ്ക്കും കുട്ടികളുടെ വിദ്യാഭ്യാസത്തിനും വേണ്ടി തന്നെ സമീപിച്ചവരെയെല്ലാം കഴിയുന്നത്ര സഹായിച്ചു. നല്ലൊരു സുവിശേഷ പ്രസംഗകൻ, ധ്യാന ഗുരു എന്നീ നിലകളിലും സംസ്ഥാനത്തൊട്ടാകെ അറിയപ്പെട്ടിരുന്നു. ഏതു വിഷയമായാലും അതേപ്പറ്റി ശരിക്ക് പഠിച്ച് പ്രസംഗ കുറിപ്പുകൾ തയ്യാറാക്കിയേ അദ്ദേഹം പ്രസംഗിക്കാനും ക്ലാസ്സുകൾ എടുക്കാനും പോയിരുന്നുള്ളു. മാർ തിമോത്തിയോസിന്റെ സപ്തതിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച വചന വലയുമേന്തി എന്ന ഗ്രന്ഥത്തിൽ പീറ്റർ കയ്യാലിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ജീവിതത്തിലെ ചെറിയ ചെറിയ സംഭവങ്ങളും അനുഭവങ്ങളും കഥകളും കോർത്തിണക്കികൊണ്ട് ധ്യാനിപ്പിക്കുമ്പോഴും പ്രസംഗിക്കുമ്പോഴും ശ്രോതാക്കളുടെ ഹൃദയത്തെയാണ് അദ്ദേഹത്തിന്റെ വചനം സ്പർശിക്കുക. വിലകുറഞ്ഞ വാചാലതയും, ഗർവ്വും, വീമ്പും, വമ്പിച്ച വിജ്ഞാനവും അതിലുണ്ടാവില്ല. പക്ഷേ അവയിൽ ഒന്നുണ്ട് ഹൃദയത്തിന്റെ ഭാഷ. ശാന്തവും സ്നേഹമയവുമായ വാക്കുകൾ, വിനയാന്വിതമായ സമീപനങ്ങൾ, പക്വതയും അതേ സമയം ദൃഢതയുമുള്ള നിശബ്ദ പ്രവർത്തനങ്ങൾ തുടങ്ങിയവ പതിനായിരങ്ങളുടെ ഹൃദയത്തിൽ അദ്ദേഹത്തിന് ചിരപ്രതിഷ്ഠ നേടിക്കൊടുത്തു. വെണ്മയുള്ള മനസ്സിന്റെ ഉടമ, ഹൃദയ വിശാലതയുള്ളവൻ, പാവങ്ങളുടെ ബന്ധു, കായിക സൗന്ദര്യത്തോടൊപ്പം ആത്മീയ ചൈതന്യവും പ്രസരിപ്പുമുള്ളദ്ദേഹം, പ്രാർത്ഥനാ മനുഷ്യൻ, സംസ്കാരത്തിൻെറ മാധുര്യം അനുഭവിച്ച യോഗീ വര്യൻ, മറ്റുള്ളവരെ സ്നേഹിക്കുകയും അവരാൽ ആദരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്ന ഒരാൾ, സഭാ പ്രവർത്തനത്തോടൊപ്പം സഹജീവികൾക്കു വേണ്ടിയും സ്വജീവിതം കാഴ്ചവെച്ച ഒരു വന്ദ്യ പുരോഹിതൻ എന്നൊക്കെ, പരിചയപ്പെട്ട എല്ലാവരാലും മുക്തകണ്ഠം പ്രശംസിക്കപ്പെടുന്ന, ശാന്തോദാരശബളിമയാൽ നിറഞ്ഞിരിക്കുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് അദ്ദേഹം."

18 വർഷക്കാലം സെമിനാരി റെക്ടറായും ഒരു ദശവർഷക്കാലം കത്തീഡ്രൽ പള്ളി വികാരിയായും ആയി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ചൂണ്ടേവാലിൽ ജോർജച്ചനെ ഐസക്ക് മാർ യൂഹന്നോൻ തിരുമേനി രൂപതയുടെ വികാരി ജനറലായി നിയമിച്ചു. എല്ലാവർക്കും എല്ലാമായി

www.malankaralibrary.com

ചൂണ്ടേവാലിൽ അച്ചൻ പ്രവർത്തിക്കുകയും എല്ലാവരുടെയും അഭിനന്ദനങ്ങൾ ഏറ്റു വാങ്ങുകയും ചെയ്തു.

1987 ഏപ്രിൽ 28–ന് ഐസക്ക് മാർ യൂഹന്നോൻ തിരുമേനി കാലം ചെയ്തതിനെ തുടർന്ന് രൂപതാ വൈദിക കൗൺസിൽ ചേർന്ന് വികാർ ജനറൽ മോൺ. ചൂണ്ടേവാലിയച്ചനെ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി തിരഞ്ഞെടുത്തു. അഭിവന്ദ്യ യൂഹന്നോൻ തിരുമേനിയുടെ കബറടക്കം, 40–ാം ചരമദിനാചരണം, പൗരസ്ത്യ തിരുസംഘാദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ സൈമൺ ഡി. ലൂർദ്ദ് സ്വാമിക്ക് നൽകിയ പ്രൗഢോജ്ജ്വലമായ സ്വീകരണം, നിരണത്ത് വെച്ച് നടന്ന മലങ്കര പുനരൈക്യ വാർഷികാഘോഷം, തുടങ്ങിയവയിലൂടെ മോൺ ചൂണ്ടേവാലിൽ പ്രമുഖനായ സംഘാടകൻ എന്ന നിലയിൽ അറിയപ്പെട്ടു.

1988 മെയ് 19–ന് തിരുവല്ലാ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് മോൺ ജോർജ് ചൂണ്ടേവാലേലിനെ തിരുവല്ലാ രൂപതയുടെ നിയുക്ത മെത്രാനായി നിയമിച്ചുകൊണ്ടുള്ള പ്രഖ്യാപനം നടന്നു. ദീർഘകാലത്തെ തിരുവല്ലായിലെ സാന്നിദ്ധ്യം കൊണ്ട് എല്ലാവരാലും അംഗീകാരം നേടിയ മോൺസിഞ്ഞോരച്ചന് എല്ലാ വിഭാഗം ആളുകളും ആശംസകളർപ്പിച്ചു.

1988 ജൂൺ 26–ന് സ്വന്തം ഇടവകയായ അമയന്നൂരിലെ മലങ്കര കത്തോലിക്കാ പള്ളിയിൽ വെച്ച് ഭക്തി നിർഭരമായ ചടങ്ങുകളോടെ മലങ്കര ആർച്ച് ബിഷപ്പ് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗറിയോസ് മെത്രാപ്പോലീത്തിയിൽ നിന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു. 1988 ആഗസ്റ്റ് 6–ന് ശനിയാഴ്ച തിരുവല്ല സെന്റ് ജോൺസ് അങ്കണത്തിൽ സജ്ജമാക്കിയിരുന്ന പന്തലിൽ വെച്ച് ബനഡിക്ട് മാർ ഗ്രിഗറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ മെത്രാഭിഷേക കർമ്മം നടന്നു. ഗീവർഗീസ് (ജോർജ്) അദ്ദേഹത്തിന്റെ ജ്ഞാനസ്നാനപ്പേരാണ്. മെത്രാഭിഷേകാവസരത്തിലാണ് തിമോത്തിയോസ് എന്ന പേര് സ്വീകരിച്ചത്. വിശുദ്ധ പൗലോസ് ശ്ലീഹായുടെ അരുമശിഷ്യനായ തിമോത്തിയോസിനെയാണ് നാമഹേതുകനും സ്വർഗ്ഗീയ മദ്ധ്യസ്ഥനുമായി അദ്ദേഹം സ്വീകരിച്ചത്. തിമേ, തെയോസ് എന്നീ ഗ്രീക്കു പദങ്ങൾ ചേർന്നതാണ് തിമോത്തിയോസ് എന്ന നാമം.

1989 മേയ് 9–ാം തിയതി വത്തിക്കാൻ സന്ദർശിക്കുകയും പ: ജോൺ പോൾ രണ്ടാമൻ തിരുമേനിയെ തന്റെ വിധേയത്വവും കൃതജ്ഞതയും അറിയിക്കുകയും ചെയ്തു.

1993–96 കാലഘട്ടത്തിൽ കെ. സി. ബി. സി യുടെ സെക്രട്ടറിയായും 1994 മുതൽ 98 വരെ കാത്തലിക്ക് ബിഷപ്പ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ വൈസ് പ്രസിഡണ്ടായും സേവനം അനുഷ്ഠിച്ചു. കാരിത്താസ് ഓഫ് ഇന്ത്യയുടെ ചെയർമാൻ, മലങ്കര സഭാ ലിറ്റർജിക്കൽ കമ്മീഷൻ ചെയർമാൻ, കെ. സി. ബി. സി യുടെ കീഴിലുള്ള ഫാമിലി അപ്പോസ്തോലേറ്റിന്റെ ചെയർമാൻ എന്നിങ്ങനെ വിവിധ നിലകളിലും തിരുമേനി പ്രവർത്തിച്ചിട്ടുണ്ട്.

www.malankaralibrary.com

റോം, ജർമ്മനി, അമേരിക്ക, സ്പെയിൻ, ഫ്രാൻസ്, കാനഡ, ഓസ്ട്രിയ, സ്വിറ്റ്സർലണ്ട്, ബൽജിയം, ഹോളണ്ട്, ഇംഗ്ലണ്ട്, തായ്‌ലണ്ട്, ഫിലിപ്പൈൻസ്, ഖത്തർ തുടങ്ങിയ സ്ഥലങ്ങൾ ഇതിനോടകം പലതവണ പിതാവ് സന്ദർശിച്ചിട്ടുണ്ട്. ഭാരതത്തിന്റെ രാഷ്ട്രപതിമാരേയും പ്രധാനമന്ത്രിമാരേയും സന്ദർശിക്കാനും തിരുമേനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. 1997 ൽ ദളിത് ക്രൈസ്തവ സമരത്തിന്റെ ഭാഗമായി പാർലമെന്റ് മന്ദിരത്തിന്റെ മുമ്പിൽ ധർണ നടത്തി അറസ്റ്റ് വരിക്കുകയും ചെയ്തിട്ടുണ്ട്.

1988 ൽ രൂപതാദ്ധ്യക്ഷസ്ഥാനമേറ്റ തിരുമേനിക്ക് സുവിശേഷവത്ക്കരണ ദശകത്തിലൂടെ മഹാജൂബിലിക്കായി രൂപതാ മക്കളെ ഒരുക്കുവാനും 21-ാം നൂറ്റാണ്ടിൽ ആത്മീയമായി സുശക്തമായ ഒരു ദൈവജനത്തെ ദൈവ തിരുമുമ്പാകെ സമർപ്പിക്കുവാനുമുള്ള നിയോഗമാണ് ലഭിച്ചത്. മുൻപ്രസ്താവിച്ച വചന വലയുമേന്തി എന്ന ഗ്രന്ഥത്തിൽ ഫാ. ഷെബി കോഴിയടിയിൽ എഴുതിയ തിരുവല്ലാ രൂപതയുടെ സുവർണ്ണകാലം എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. “സുവിശേഷവത്ക്കരണ ദശകത്തിലേക്കായി ഒരു സമഗ്രപദ്ധതി അദ്ദേഹം ആവിഷ്ക്കരിച്ചു. ഈ പദ്ധതിയെ ബൈബിൾ പ്രേഷിതപ്രവർത്തനം, മതബോധനം, ആരാധനാക്രമം, സാമൂഹ്യപ്രവർത്തനം എന്നീ നാലുതലങ്ങളായി തിരിച്ചു. ബൈബിൾ പ്രേഷിത പ്രവർത്തനം വഴിയായി ബൈബിൾ പഠനവും ബൈബിളധിഷ്ഠിതമായ ജീവിതവും ലക്ഷ്യമാക്കി. മതബോധനത്തിൽ വിശ്വാസ സത്യപഠനവും സഭാചരിത്രപഠനവും സഭാവിജ്ഞാനീയ പഠനവും പ്രത്യേക ബോധനവിഷയങ്ങളായി നിശ്ചയിച്ചു. അനുഷ്ഠാനക്രമങ്ങളെക്കുറിച്ചുള്ള പഠനം വഴി ആരാധനാനുഭവം വർദ്ധിപ്പിക്കാൻ ലക്ഷ്യംവച്ചു. വിദ്യാഭ്യാസ പ്രോത്സാഹനവും പാർപ്പിട നിർമ്മാണവും നിയമനീതിപഠനവും വഴി സാമൂഹ്യ പ്രവർത്തനപദ്ധതിയും രൂപീകരിച്ചു. ഈ സമഗ്രപദ്ധിക്കനുബന്ധമായി സുവിശേഷവത്ക്കരണ ദശകത്തിലെ ഓരോ വർഷത്തേക്കും പ്രത്യേക ചിന്താവിഷയങ്ങൾ സ്വീകരിക്കപ്പെട്ടു. 1990 ബൈബിൾ പ്രേഷിത പ്രവർത്തനം, 1991 ഇടവകകൂട്ടായ്മയും പ്രാർത്ഥനായോഗങ്ങളും, 1992 സാമൂഹ്യക്ഷേമതീവ്രയജ്ഞം, 1993 സാമൂഹ്യക്ഷേമം, 1994 കുടുംബനവീകരണം, 1995 ആരാധനാജീവിത നവീകരണം, 1996 വിശ്വാസവളർച്ചാ വർഷം, 1997 യേശുക്രിസ്തുരക്ഷകൻ, 1998 പരിശുദ്ധാത്മാവ്, 1999 പിതാവായ ദൈവം, 2000 പരിശുദ്ധ കുർബ്ബാന. ഇങ്ങനെ പ്രാർത്ഥനയും പ്രവൃത്തിയും സമഞ്ജസമായി സമ്മേളിച്ച പന്ഥാവിലൂടെയാണ് തിരുമേനി രൂപതയെ നയിച്ചത്.

പുഷ്പഗിരി ആശുപത്രിയെ മെഡിക്കൽ കോളേജായി ഉയർത്തിയതും സെന്റ് ജോൺസ് കത്തീഡ്രൽ മനോഹരമായി പുതുക്കിപണിയുന്നതിനുള്ള ആരംഭം കുറിച്ചതും ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയാണ്. എല്ലാം ഭംഗിയായും മനോഹരമായും ആയിരിക്കണമെന്നുള്ള ആഗ്രഹമാണ് തിരുമേനിക്ക് എന്നും ഉള്ളത്.

www.malankaralibrary.com

ഭരണകാര്യങ്ങളിൽ തന്നെ സഹായിക്കുവാനായി തോമസ് മാർ കൂറിലോസ് തിരുമേനിയെ സഹായമെത്രാനായി 1997 ജൂലൈയിൽ നിയമിച്ചു.


2003 ഒക്ടോബറിൽ മലങ്കര സഭയ്ക്ക് മൂവാറ്റുപുഴ കേന്ദ്രമായി ഒരു രൂപത അനുവദിക്കുകയും ആ രൂപതയുടെ അദ്ധ്യക്ഷനായി തിരുവല്ലായുടെ സഹായമെത്രാനായ മാർ കൂറിലോസിനെ നിയമിക്കുകയും ചെയ്തു. ഐസക് മാർ ക്ലിമിസിനെ തിരുവല്ലാ രൂപതാദ്ധ്യക്ഷനായി നിയമിച്ചു. ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി പള്ളിമല സ്നേഹസദനിൽ ഇപ്പോൾ വിശ്രമിക്കുന്നു.

വിലാസം - ബിഷപ്പ് ഗീവർഗീസ് മാർ തിമോത്തിയോസ്, സ്നേഹസദൻ, പള്ളിമല, കുറ്റൂർ, തിരുവല്ല.

# 78

# കെ. എസ്സ്. സ്കറിയ പൊട്ടംകുളം

## (ജൂണിയർ കുട്ടിയച്ചൻ)



പൊതുപ്രവർത്തനം വ്യക്തിപരമായ നേട്ടങ്ങൾക്കുവേണ്ടി ദുർവിനിയോഗം ചെയ്യാതെ സമൂഹത്തിന്റെയും സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും നന്മയ്ക്കുവേണ്ടി വിനിയോഗിച്ച കറപുരളാത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് കെ.എസ്സ്.സ്കറിയാ പൊട്ടംകുളം ( ജൂണിയർ). പ്ലാന്റേഷൻ രംഗത്തും അനുബന്ധമേഖലകളിലും സ്വന്തമായൊരു വ്യക്തിമുദ്രപതിപ്പിച്ച കെ.എസ്സ്.സ്കറിയ 1928 ഫെബ്രുവരി 5-ാം തീയതി പൊട്ടംകുളത്ത് കെ.എസ്സ്.സ്കറിയ ക്ലാരമ്മ ദമ്പതികളുടെ സീമന്തപുത്രനായി മാതൃഭവനമായ ആലപ്പുഴ നെരോത്തുവീട്ടിൽ ജനിച്ചു.

കൂട്ടിക്കൽ, വെട്ടിക്കാനം സ്കൂളുകളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. കോട്ടയം സേക്രട്ട് ഹാർട് ഹൈസ്കൂളിൽ തുടർന്ന് പഠിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളേജിൽനിന്നും ഇന്റർമീഡിയറ്റ് പരീക്ഷയും ബോംബെ സെന്റ് സേവിയേഴ്സിൽനിന്നും ബി.എ. പരീക്ഷയും പ്രശസ്തമാംവിധം പാസ്സായി. തുടർന്ന് ബോബെ സ്കൂൾ ഓഫ് ഇക്കണോമിക്സ് ആൻഡ് സോഷ്യോളജിയിൽ നിന്ന് എം.എ. ബിരുദവും നേടി. പിന്നീട് ബോംബെയിൽതന്നെ ലോ കോളേജിൽ ചേർന്നു. 1951 ൽ പഠനം പൂർത്തിയാക്കി പിതാവിനോടൊത്ത് പ്ലാന്റേഷൻ രംഗത്ത് പ്രവർത്തിച്ചു. 1969 മുതൽ 1984 വരെ കാർഡമം ബോർഡ് മെമ്പറായും സേവനം അനുഷ്ഠിച്ചു. കാർഡമം ആൻഡ് സ്പൈസസ് ബോർഡ് മെമ്പറായും 1987 മുതൽ 1990 വരെ സ്പൈസസ് ബോർഡ് മെമ്പ

www.malankaralibrary.com

റായും സേവനം അനുഷ്ഠിച്ചു. കാർഡമം ആൻഡ് സ്പൈസസ് ബോർഡ് വൈസ്ചെയർമാനായി മൂന്നു പ്രാവശ്യം അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. യുണൈറ്റഡ് പ്ലാന്റേഷൻസ് അസോസിയേഷന്റെ കാർഡമം കമ്മറ്റിയുടെ ദീർഘകാലമെമ്പറായിരുന്ന സ്കറിയ, മുണ്ടക്കയം പ്ലാന്റേഴ്സ് അസോസിയേഷൻ പ്രസിഡണ്ട്, മുണ്ടക്കയം ക്ലബ്ബ് പ്രസിഡണ്ട്, വണ്ടന്മേട് കാർഡമം മാർക്കറ്റിംഗ് കോർപ്പറേഷൻ പ്രസിഡണ്ട്, കേരള കാർഡമം പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കമ്പനി ഡയറക്ടർ ബോർഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. രാഷ്ട്രദീപികകമ്പനിയുടെ ഡയറക്ടർ ബോർഡ് മെമ്പറായി പ്രവർത്തിച്ച അദ്ദേഹം കേരളകാത്തലിക് ട്രസ്റ്റിന്റെ ഡയറക്ടർ ബോർഡിൽ ദീർഘകാലം മെമ്പറായിരുന്നു. കാത്തലിക് ട്രസ്റ്റിന്റെ വൈസ് പ്രസിഡണ്ടായും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി.

പൊട്ടംകുളംകുടുംബചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. “കാപ്പിയുടേതുപോലെ ഏലത്തിനും പൂളിംഗ്സമ്പ്രദായം ഏർപ്പെടുത്താനുള്ള നീക്കം തടയുന്നതിൽ കെ.എസ്സ്. സ്കറിയ സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. Associated Spices Exports എന്ന കമ്പനി ബോഡിനായ്ക്കന്നൂരിൽ സ്ഥാപിച്ച് 1979 മുതൽ 1984 വരെ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേക്ക് ഏലക്കാ കയറ്റുമതി ചെയ്തിരുന്നു. 1980 ൽ വിദേശപര്യടനത്തിനുപോയ കാർഡമം ഡലഗേഷൻ സമിതിയിൽ അംഗവുമായിരുന്നു. ഭാര്യ തങ്കമ്മയുമൊത്ത് 1994 ൽ ഇറ്റലി, സ്വിറ്റ്സർലണ്ട്, ഫ്രാൻസ്, യുണൈറ്റഡ് കിംഗ്ഡം, യു.എസ്സ്.എ., സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിലും സന്ദർശനം നടത്തിയിട്ടുണ്ട്. കേരളത്തിലെയും തമിഴ്നാട്ടിലെയും ഏലം കർഷകരെ പ്രതിനിധീകരിച്ച് ശ്രീമതി ഇന്ദിരാഗാന്ധി, അർജ്ജുൻസിംഗ്, രാജീവ്ഗാന്ധി, പ്രണാബ് മുഖർജി, എൽ. എൻ. മിശ്ര, എൻ.ഡി. തിവാരി മുതലായ ദേശീയ നേതാക്കന്മാരെ സന്ദർശിച്ചിട്ടുണ്ട്. ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന വി.പി. സിംഗ് സ്റ്റേറ്റ് മിനിസ്റ്റർ ഓഫ് കോമേഴ്സ് ആയിരുന്ന കാലത്ത് മുണ്ടക്കയം സന്ദർശിച്ചപ്പോൾ, മുണ്ടക്കയം പ്ലാന്റേഴ്സ് അസോസിയേഷൻ ചെയർമാൻ എന്ന നിലയിൽ അദ്ദേഹത്തിന് സ്വീകരണം നൽകുകയുണ്ടായി.”

സഭാസംബന്ധമായ കാര്യങ്ങളിൽ അതീവതാല്പരനായ അദ്ദേഹം സഭാനേതൃത്വവുമായി വളരെ സുദൃഢമായ ബന്ധം പുലർത്തിയിരുന്നു. പ്ലാന്റേഷൻരംഗത്ത് ഇന്നും സജീവമായി പ്രവർത്തിക്കുന്ന കെ.എസ്സ്. സ്കറിയ, ചാക്കോ പൈലോത് ലോനപ്പന്റെയും ശ്രീമതി അന്നമ്മ ലോനപ്പന്റെയും മകൾ തങ്കമ്മയെയാണ് വിവാഹം ചെയ്തിരിക്കുന്നത്.

വിലാസം - കെ.എസ്.സ്കറിയ (ജൂണിയർ) (കുട്ടിയച്ചൻ) പൊട്ടംകുളം ഗാർഡൻസ്, മൈക്കോളജി എസ്റ്റേറ്റ്, മുണ്ടക്കയം - 686513

www.malankaralibrary.com

# 79

# എബ്രഹാം കുര്യയ്പ് ഇലഞ്ഞിക്കൽ



വിൻസന്റ് ഡിപോൾ സഖ്യപ്രവർത്തനങ്ങളിലൂടെ അന്തർദേശീയ തലത്തിൽ പ്രസിദ്ധനായ എബ്രഹാം കുര്യയ്പ് കോതമംഗലത്ത് ഇലഞ്ഞിക്കൽ കുടുംബത്തിൽ 1928 ഫെബ്രുവരി 17-ാം തീയതി ജനിച്ചു. ഇലഞ്ഞിക്കൽ കുര്യയ്പ് എബ്രഹാം പിതാവും തൃശൂർ കാഞ്ഞിരപ്പറമ്പിൽ കുഞ്ഞന്ന മാതാവുമായിരുന്നു. പ്രാഥമിക വിദ്യാഭ്യാസാനന്തരം തേവരസേക്രട്ട്ഹാർട്ട് കോളേജിലും മദ്രാസ്‌ലയോളകോളേജിലും പഠിച്ച് ഡിഗ്രി കരസ്ഥമാക്കി. അതിനുശേഷം മദ്രാസ് ലോകോളേജിൽ നിന്നും നിയമബിരുദം നേടി. 1954-ൽ ബാർ കൗൺസിൽ പരീക്ഷ പാസ്സായെങ്കിലും വക്കീൽ ജോലിയിൽ തുടർന്നില്ല. പിന്നീട് കുടുംബ കാര്യങ്ങൾ നോക്കി കോതമംഗലത്ത് കഴിഞ്ഞു.

1953-ൽ തൃശൂർ കള്ളിയത്ത് മുൻ കൊച്ചിൻ ഹൈക്കോർട്ട് ചീഫ്ജസ്റ്റിസായിരുന്ന റാവുസാഹിബ് ഷെവ സി.വി. ആന്റണി അവർകളുടെ മകൻ മാത്യു കള്ളിയത്തിന്റെ മകൾ ലീലയെ വിവാഹം ചെയ്തു. ദിവംഗതനായ കോതമംഗലം മെത്രാൻ മാർ മാത്യു പോത്തനാംമുഴിയുടെ പ്രത്യേക താല്പര്യപ്രകാരം 1969-ൽ വിൻസന്റ് ഡിപോൾ സഖ്യത്തിന്റെ കോതമംഗലം രൂപതാപ്രസിഡന്റായി സ്ഥാനമേറ്റു. പിന്നീട് ഡിപോൾ സഖ്യത്തിന്റെ ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ ഉത്തരവാദിത്വമേറിയ പലസ്ഥാനങ്ങളും വഹിക്കുവാൻ ഇടവന്നു.

1970 ജനുവരിയിൽ പാരീസിൽനിന്നും സൊസൈറ്റിയുടെ അന്തർദേശീയ പ്രസിഡന്റ് ജനറൽ ഹെൻട്രി ജേക്കബ് ആദ്യമായി ഇന്ത്യാ സന്ദർശനത്തിന് ബോംബെയിൽ വന്നപ്പോൾ പ്രത്യേകക്ഷണപ്രകാരം കുര്യെപ്പ് ബോംബെയ്ക്ക് പോവുകയും പല സമ്മേളനങ്ങളിൽ പങ്കെടുക്കുകയും അദ്ദേഹവുമായി നേരിട്ട് പരിചയപ്പെടുകയും ചെയ്തു. ആറുവർഷത്തിലൊരിക്കൽ നടക്കുന്ന സൊസൈറ്റിയുടെ അന്തർദേശീയ സമ്മേളനം 1973-ൽ അയർലണ്ടിലെ ഡബ്ലിനിൽ ആണ് നടന്നത്. പ്രസ്തുത സമ്മേളനത്തിൽ ഭാരതത്തിൽ നിന്നും പങ്കെടുത്ത രണ്ടംഗ സംഘത്തിൽ കുര്യെപ്പും ഉൾപ്പെട്ടിരുന്നു. നിരവധി വിദേശ പ്രതിനിധികൾ പങ്കെടുത്ത ഡബ്ലിൽ സമ്മേളനത്തിൽ സംസാരിക്കുന്നതിനും പല പ്രമുഖരുമായി പരിചയപ്പെടുന്നതിനും സാധിച്ചു. സമ്മേളനാനന്തരം ഡബ്ലിനിൽനിന്നും ഏവരും ഒരുമിച്ച് പാരീസിലേക്ക് പോവുകയും സൊസൈറ്റിയുടെ അന്തർദേശീയ കാര്യാലയത്തിൽ നടത്തിയ സമ്മേളനങ്ങളിലും വിവിധപരിപാടികളിലും സംബന്ധിക്കുകയുമുണ്ടായി. തദനന്തരം യൂറോപ്പിലെ വിവിധരാജ്യങ്ങളിലെ സൊസൈറ്റി

www.malankaralibrary.com

പ്രവർത്തനം നേരിട്ടുകാണുന്നതിനും പഠിക്കുന്നതിനും സാധിക്കുകയും ചെയ്തു.

1973-ൽ വത്തിക്കാനിൽ വച്ച് പ്രത്യേക അനുവാദപ്രകാരം പോൾ ആറാമൻ മാർപ്പാപ്പായെ സന്ദർശിച്ചു. 1974-ൽ കേരളത്തിലെ എല്ലാ സെൻട്രൽ കൗൺസിലുകളും ഉൾക്കൊള്ളുന്ന ജോയിന്റ് കമ്മറ്റിയുടെ ചെയർമാനായി തിരഞ്ഞെടുക്കുകയും 1982 വരെ 8 വർഷക്കാലം പ്രസ്തുത ചുമതല സ്തുത്യർഹമായവിധം നിർവഹിക്കുകയും ചെയ്തു. 1974-ൽ ഗോവായിൽ വച്ചുനടന്ന യോഗത്തിൽവച്ച് ഇന്ത്യൻ ദേശീയകൗൺസിലിന്റെ ഉപാദ്ധ്യക്ഷനായി കുര്യെപ്പ് നിയമിതനായി. 1998 വരെ 24 വർഷക്കാലം തുടർച്ചയായി ആ ജോലി നിർവ്വഹിക്കുകയുണ്ടായി.

1977-ൽ ആസ്ത്രേലിയയിലെ സിഡ്നിയിൽ വച്ച് നടത്തപ്പെട്ട ന്യൂ സൗത്ത് വെയിൽസ് സ്റ്റേറ്റ് കോൺഗ്രസിൽ മുഖ്യപ്രഭാഷകനായിരുന്നു എബ്രഹാം കുര്യെപ്പ്. യാത്രാമദ്ധ്യേ മലേഷ്യ, തായ്‌ലൻഡ്, സിംഗപ്പൂർ, എന്നിവിടങ്ങളിൽ പര്യടനം നടത്തുകയും ആ പ്രദേശങ്ങളിലെ സൊസൈറ്റിപ്രവർത്തനങ്ങൾ നേരിട്ട് കണ്ട് പഠിക്കുകയും ചെയ്തു. വിവിധസ്ഥലങ്ങളിലെ സൊസൈറ്റി യോഗങ്ങളിൽ പ്രസംഗിക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചു. സിഡ്നി സമ്മേളനത്തിലെ ചുമതല തൃപ്തികരമായി നിർവ്വഹിച്ച അദ്ദേഹം സമ്മേളനാനന്തരം ഒന്നര മാസക്കാലം ആസ്ട്രേലിയയിലെ വിവിധ സ്റ്റേറ്റുകളിൽ പ്രധാന സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തു.

1979-ൽ പാരീസിൽ വച്ച് നടന്ന സാർവ്വദേശീയ പൊതുസമ്മേളനത്തിന്റെ മുഖ്യചർച്ചാവിഷയം വികസനവും ദത്തെടുപ്പും എന്നതായിരുന്നു. അതിന്റെ ചെയർമാനായി രണ്ടുവർഷം മുൻപ് പ്രസിഡന്റ് ജനറൽ കുര്യെപ്പിനെ നിയമിച്ചിരുന്നു. ആയതിലേക്ക് ഭൂഖണ്ഡാടിസ്ഥാനത്തിൽ ഒരു പതിനാലംഗ കമ്മറ്റിയെ കുര്യെപ്പ് തിരഞ്ഞെടുത്തു. വിവിധ മണ്ഡലങ്ങളിൽ നിന്നും കുര്യെപ്പിന് ലഭിച്ച നിർല്ലോഭ സഹായസഹകരണംമൂലം അദ്ദേഹത്തെ ഏൽപ്പിച്ച ദൗത്യം സ്തുത്യർഹമാം വിധം നിർവഹിക്കുവാൻ സാധിച്ചു. സമ്മേളനത്തിലെ വിശദമായ ചർച്ചകൾക്കുശേഷം പാസ്സാക്കിയ പതിന്നാലിന നിർദ്ദേശങ്ങൾ ആഗോളതലത്തിൽ 2000-ാംമാണ്ടുവരെ പ്രാബല്യത്തിൽ ഇരിക്കുന്നതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. പ്രസിഡന്റ് ജനറൽ ഉൾപ്പെടെ എല്ലാവരുടെയും അഭിനന്ദനം കുര്യെപ്പിന് ലഭിക്കുകയുണ്ടായി. സമ്മേളനത്തിനു ശേഷം വത്തിക്കാനിലെത്തിയ അദ്ദേഹത്തിനും സഹധർമ്മിണി ലീലക്കും ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയെ സന്ദർശിക്കുന്നതിനും അവസരം ലഭിച്ചു.

1980-ൽ പാരീസിൽ കൗൺസിൽ ജനറൽ കാര്യാലയത്തിൽ വച്ചു നടന്ന അന്തർദ്ദേശീയ എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിൽ പ്രത്യേകക്ഷണപ്രകാരം ഒരു ഉപദേഷ്ടാവായി അദ്ദേഹം സംസാരിക്കുകയും വികസനവും ദത്തെടുപ്പും എന്ന വിഷയത്തെപ്പറ്റി ഒരു പ്രബന്ധം അവതരിപ്പി

www.malankaralibrary.com

ക്കുകയും അത് സഭ അംഗീകരിക്കുകയും ചെയ്തു.

1982-ൽ സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ ദേശീയ പ്രസിഡന്റായി കുര്യൈപ്പ് തിരഞ്ഞെടുക്കപ്പെട്ടു. ബോംബെയ്ക്ക് വെളിയിൽ നിന്നുള്ള ആദ്യത്തെ പ്രസിഡന്റായിരുന്നു കുര്യൈപ്പ്. അഞ്ചു വർഷക്കാലം ആ സ്ഥാനത്ത് തുടർന്നു. വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ സ്ഥാപനത്തിന്റെ 150-ാം വാർഷികം 1983-ൽ പാരീസിൽ വച്ച് നടത്തിയപ്പോൾ ഇന്ത്യൻ നാഷണൽ കൗൺസിൽ പ്രസിഡൻറ് എന്ന നിലയിൽ അതിൽ സംബന്ധിക്കുകയും സമ്മേളനത്തിൽ പ്രസംഗിക്കുകയും ചെയ്തു. സമ്മേളനാനന്തരം വീണ്ടും വത്തിക്കാനിൽ എത്തി ജോൺപോൾ രണ്ടാമൻ മാർപാപ്പായെ സന്ദർശിച്ചു. 1985 ൽ പാരീസ്സിൽ കൗൺസിൽ ജനറൽ കാര്യാലയത്തിൽ വച്ചുനടന്ന പ്രത്യേക സമ്മേളനത്തിൽ പങ്കെടുത്ത കുര്യൈപ്പ് മടക്കയാത്രയിൽ ഔദ്യോഗിക നിലയിൽ ഏതാനും യൂറോപ്യൻ രാജ്യങ്ങൾ സന്ദർശിക്കുകയും ചെയ്തു.

1986 ൽ ക്യാനഡായിലെ മോൺട്രയോളിൽ വച്ച്നടത്തിയ അന്തർദേശീയ പൊതുസമ്മേളനത്തിൽ ദേശീയ പ്രസിഡണ്ട് എന്ന നിലയിൽ ഇന്ത്യൻ പ്രതിനിധിസംഘത്തെ അദ്ദേഹം നയിക്കുകയുണ്ടായി. ഈ യാത്രയിൽ സഹധർമ്മിണിയും പങ്കെടുത്തു. മടക്കയാത്രയിൽ അമേരിക്ക, ഫ്രാൻസ്, ജർമ്മനി എന്നീ സ്ഥലങ്ങളും സന്ദർശിച്ചു. വിദേശയാത്രാവസരങ്ങൾ ലൂർദ്ദ്, ജറുസലം മുതലായി അതതുസ്ഥലത്തെ പുണ്യപ്രദേശങ്ങളും സുപ്രസിദ്ധദേവാലയങ്ങളും പുരാവസ്തു കേന്ദ്രങ്ങളും മറ്റും സന്ദർശിക്കുന്നതിനും പ്രയോജനപ്പെടുത്തി. വിവിധ രാജ്യങ്ങളിൽ നിന്നുള്ള നിരവധി വിൻസെൻഷ്യൻ സഹോദരി സഹോദരന്മാരും അന്തർദേശീയ ജനറൽമാരായിരുന്ന ജോസഫ് റുവാസ്സ്, അമീൻ ടെറാസ്സി, സീസർ വിയാന തുടങ്ങിയവരും കോതമംഗലം സന്ദർശനവേളയിൽ കുര്യൈപ്പിന്റെ ഭവനത്തിൽ സന്ദർശനത്തിനെത്തിയിട്ടുണ്ട്.


1998 ൽ പുതിയ ദേശീയ പ്രസിഡണ്ടിനെ തിരഞ്ഞെടുക്കാനുള്ള കമ്മറ്റിയുടെ ചെയർമാൻ കുര്യൈപ്പായിരുന്നു. ഇപ്പോൾ ഇടവക കോൺഫറൻസിലെ ഒരു സാധാരണ അംഗമായി പ്രവർത്തിക്കുന്നു. സൊസൈറ്റി പ്രവർത്തനത്തിനുപ്പുറം രൂപതാപാസ്റ്ററൽ കൗൺസിൽ അംഗം പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം, അദ്ധ്യാപകതിരഞ്ഞെടുപ്പ് കമ്മറ്റിയംഗം എന്നിങ്ങനെ വിവിധനിലകളിൽ കുര്യൈപ്പ് പ്രവർത്തിച്ചിട്ടുണ്ട്. 1986 ലെ മാർപാപ്പാ സന്ദർശനത്തിന്റെ സ്വീകരണകമ്മിയുടെ ട്രഷറർ ആയിരുന്നു അദ്ദേഹം. കോതമംഗലം ല്യൺസ്ക്ലബ് പ്രസിഡണ്ട്, ലയൺസ് ക്ലബ് കാബിനറ്റ് കമ്മറ്റിയംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുള്ള കുര്യൈപ്പ് ഇലഞ്ഞിക്കൽ കുടുംബയോഗത്തിന്റെ പ്രഥമപ്രസിഡണ്ടും കൂടിയായിരുന്നു.

വിലാസം - ശ്രീ. എബ്രാഹം കുര്യൈപ്പ് ഇലഞ്ഞിക്കൽ, ശോഭനാസ്കൂളിനു സമീപം, കോതമംഗലം.

www.malankaralibrary.com

# 80

# ഡോ. എ.ററി. ദേവസ്യാ



പ്രമുഖ വിദ്യാഭ്യാസപ്രവർത്തകൻ, കറയററ ദേശീയവാദി, നലം തികഞ്ഞ ഗാന്ധിയൻ, ആദർശനിഷ്ഠനായ രാഷ്ട്രീയ നേതാവ്, ഗ്രന്ഥകാരൻ, സമർത്ഥനായ സംഘാടകൻ എന്നീ നിലകളിൽ അറിയപ്പെടുന്ന ഡോ. എ.ററി. ദേവസ്യാ മീനച്ചിൽ താലൂക്കിൽ അന്ത്യാളം ഗ്രാമത്തിൽ പുരാതനവും പ്രസിദ്ധവുമായ അറയ്ക്കൽ കുടുംബത്തിൽ തൊമ്മൻ - മറിയം ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായി 1928 മാർച്ച് 20 ന് ജനിച്ചു.

അന്ത്യാളം, കരൂർ, കടനാട്, രാമപുരം എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. പ്രയത്നപ്രിയരും നീതിസാരം ഹൃദിസ്ഥമാക്കിയവരുമായ മാതാപിതാക്കളും സ്റ്റേററ്കോൺഗ്രസ്സ് പ്രവർത്തകനും ആനുകാലിക പ്രസിദ്ധീകരണങ്ങൾ ധാരാളം വാങ്ങിവായിച്ചിരുന്ന സഹോദരന്മാരും ദേവസ്യായുടെ പിൽക്കാലവളർച്ചയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുകയുണ്ടായി. വിദ്യാർത്ഥിജീവിതകാലത്തുതന്നെ വിദ്യാർത്ഥി പ്രസ്ഥാനത്തിൽക്കൂടി ദേശീയവാദിയായും സ്വാതന്ത്ര്യസമരനായകനായും ദേവസ്യാ അറിയപ്പെട്ടു. പ്രസംഗ ഉപന്യാസമത്സരങ്ങളിൽ പങ്കെടുത്ത് വിജയം നേടിയ അദ്ദേഹം സ്കൂൾ നാടകങ്ങളിൽ അഭിനയിച്ചും വിദ്യാർത്ഥികളുടെ ആരാധനാപാത്രമായി മാറി. സ്വാതന്ത്ര്യസമരകാലത്ത് പഠിപ്പ് മുടക്ക് നടത്തിയതിന്റെ പേരിൽ കടനാട് സ്കൂളിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ടു.

ഈശോ സഭാവൈദികരുടെ നേതൃത്വത്തിലുള്ള തൃശ്ശിനാപ്പള്ളി കോളേജിലും മദ്രാസ് ലയോളാ കോളേജിലുമായിരുന്നു ദേവസ്യായുടെ കോളേജു വിദ്യാഭ്യാസം. എം.എ. ബിരുദം നേടിയ ദേവസ്യാ രണ്ടിടത്തും ഐഛിക വിഷയമായി എടുത്തത് ധനതത്വശാസ്ത്രവും സബ്സിഡിയറി പൊളിററിക്സും ആയിരുന്നു. കോളേജ് വിദ്യാഭ്യാസകാലത്ത് പഠനത്തിലും അഭിനയകലയിലും ലേഖനസൃഷ്ടിയിലും പ്രസംഗ-ഉപന്യാസമത്സരങ്ങളിലും മികവു കാട്ടാൻ ദേവസ്യായ്ക്കു സാധിച്ചു. അതേസമയം കോളേജധികൃതരുടെ എതിർപ്പുകൾക്കും കാരണമുണ്ടായി. വിപ്ലവഗ്രന്ഥങ്ങളുടെ വായനയും വിദ്യാർത്ഥി കോൺഗ്രസ്സിനോടുള്ള ആഭിമുഖ്യവും ഖദർവേഷത്തോടുള്ള പ്രതിപത്തിയും നേതാജി സുഭാഷ്ചന്ദ്രബോസിന്റെ ഇന്ത്യൻ നാഷണൽ ആർമി ഓഫീസർമാരെ ശിക്ഷിക്കാനുള്ള ബ്രിട്ടീഷ്ഗവൺമെന്റിന്റെ നീക്കത്തോടുള്ള പരസ്യമായ എതിർപ്പും നാഷണൽ കോളേജിൽ പ്രസംഗിക്കാനെത്തിയ ദിവാൻ സർ.സി.പി.ക്കെതിരെയുള്ള പ്രതിഷേധ പ്രകടനത്തിലെ പങ്കും വിദേശികളായ കോളേജ് അധികൃതരിൽ ചിലരുടെ നോട്ടപ്പു

www.malankaralibrary.com

ള്ളികളിൽ ഒരാളായി അദ്ദേഹത്തെ മാററി. ബന്ധുവായ ഒരു ഈശോ സഭാ വൈദികന്റെ ഇടപെടൽകൊണ്ട് മാത്രമാണ് കോളേജുപഠനം പൂർത്തിയാക്കാൻ സാധിച്ചത്. സംഘർഷനിർഭരമായ സാഹചര്യത്തിൽ നടന്ന പരീക്ഷയിലും ഉന്നതവിജയം നേടി. സ്റ്റുവാർട്ട് പ്രൈസ് നേടാൻ അദ്ദേഹത്തിനു സാധിച്ചു.

അവധിക്കാലത്ത് നാട്ടിൽ വരുമ്പോൾ മീനച്ചിൽ താലൂക്കിലെ സ്റ്റേററ് കോൺഗ്രസ്സ് നേതാക്കളുമായി ബന്ധപ്പെടുകയും സർ. സി.പി. ക്കെതിരെയുള്ള സമരം ശക്തിപ്പെടുത്തുന്നതിനെപ്പററി ചർച്ച ചെയ്യുകയും പ്രതിഷേധയോഗങ്ങളിൽ പ്രസംഗിക്കുകയും ചെയ്തിരുന്നു. സർ. സി.പി. തിരുവിതാംകൂർവിട്ടതിനുശേഷമാണ് ലയോളാ കോളേജിൽ ചേരുന്നത്. കോളേജിൽ നടന്ന രണ്ടു നാടകങ്ങളിൽ നായകനായി അഭിനയിച്ചു. ആ അഭിനയപാടവത്തെ പ്രകീർത്തിച്ചുകൊണ്ട് മാതൃഭൂമി എഴുതി "ദേവസ്യാ ഒരൊന്നാന്തരം നടനാണ്. ശോകരംഗങ്ങൾ അഭിനയിച്ചൊപ്പിക്കുവാനുള്ള അദ്ദേഹത്തിന്റെ കഴിവ് അത്ഭുതാവഹമാണ്" സിനിമയിൽ അഭിനയിക്കാനുള്ള ക്ഷണം കിട്ടിയെങ്കിലും അത് പല കാരണങ്ങളാൽ നിരസിച്ചു. എം.എ. പാസ്സായി നാട്ടിൽ വന്ന ദേവസ്യാ 1952 തേവരകോളേജിൽ ലക്ചററായി ജോലിയിൽ പ്രവേശിച്ചു. സമർത്ഥനായ അദ്ധ്യാപകൻ എന്ന പേര് സമ്പാദിച്ച അദ്ദേഹം എറണാകുളം കോൺഗ്രസ്സ് കമ്മററിയിലും കോൺഗ്രസ്സ് തെരഞ്ഞെടുപ്പ് കമ്മിററിയിലും അംഗമായി. അദ്ദേഹത്തിന്റെ ഉജ്ജ്വലപ്രഭാഷണങ്ങൾ എറണാകുളം രാജേന്ദ്ര മൈതാനിയിലും കോട്ടയം തിരുനക്കര മൈതാനിയിലും പലപ്പോഴും നടന്നു. തേവരകോളേജിൽ പഠിപ്പിക്കുമ്പോൾ സി.ഐ.ഡി ഇൻസ്പെക്ടറായി (കേന്ദ്രഗവൺമെന്റിന്റെ) സെലക്ഷൻ കിട്ടിയെങ്കിലും മാതാപിതാക്കളുടെ എതിർപ്പുകാരണം ഉപേക്ഷിച്ചു. 1953 ൽ പാലാ സെന്റ് തോമസ് കോളേജിൽ ദേവസ്യാ അദ്ധ്യാപകനായി. ഏറെ താമസിയാതെ എ.കെ.സി.സി. വർക്കിംഗ്കമ്മററിയിലും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പോഷകസംഘടനയായ കിസാൻകോൺഗ്രസ്സിന്റെ സ്റ്റേററ് എക്സിക്യൂട്ടീവിലും അംഗമായി. വിമോചനസമരത്തിന് സുധീരമായ നേതൃത്വം നൽകിയ ദേവസ്യ സ്വയം അറസ്റ്റുവരിച്ച് രണ്ടാഴ്ചക്കാലം ജയിൽ ശിക്ഷ അനുഭവിച്ചു. 1959 ൽ നടന്ന വാശിയേറിയ തിരഞ്ഞെടുപ്പിൽ കെ.പി.സി.സി.യിലേക്ക് വിജയിച്ചു. 1961 ൽ ഏററവും കൂടുതൽ വോട്ടുനേടി കെ.പി.സി.സി.യിലേക്ക് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

വിമോചനസമരത്തിനു ശേഷം നടന്ന തിരഞ്ഞെടുപ്പിൽ പൂഞ്ഞാർ മണ്ഡലത്തിൽ നിന്നും മത്സരിക്കാൻ പരിഗണിക്കപ്പെട്ടെങ്കിലും മുൻനിയമസഭാംഗങ്ങൾക്കെല്ലാം മത്സരിക്കാൻ അവസരം കൊടുക്കണമെന്ന കോൺഗ്രസ്സ് ഹൈക്കമാന്റ് നിർദ്ദേശം ദേവസ്യായുടെ സ്ഥാനാർത്ഥിത്വം നഷ്ടപ്പെടുന്നതിന് കാരണമായി. രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ നിറഞ്ഞുനിന്ന ദേവസ്യാ അമേരിക്കയിലേക്ക് ഉപരിപഠനത്തിന് പോകുകയാണ് പിന്നീട് ചെയ്തത്. അമേരിക്കൻ ഫെല്ലോഷിപ്പും കേരള യൂണിവേഴ്സിററി സ്കോ

www.malankaralibrary.com

ഉർഷിപ്പും ലഭിച്ചു. അമേരിക്കയ്ക്ക് പോകുവാൻ ദേവസ്യായെ പ്രേരിപ്പിച്ചത് ഇതൊന്നുമായിരുന്നില്ല, രാഷ്ട്രീയരംഗത്തെ കുതികാൽവെട്ടും രാഷ്ട്രീയ ക്കാരുടെ സ്വാർത്ഥതയും കാപട്യവും വഞ്ചനയും അദ്ദേഹത്തെ അസ്വസ്ഥനാ ക്കിയതുകൊണ്ടാണ്.

നാലുവർഷംകൊണ്ട് ദേവസ്യാ എം.എ., പി.എച്ച്.ഡി. ബിരുദങ്ങൾ നേടി. തുടർന്ന് ബല്ലാർമിൻ യൂണിവേഴ്സിററിയിൽ അസി. പ്രൊഫസറും പ്രൊഫസറുമായി. അമേരിക്കൻ സെനററംഗം മിച്ച്മക്കോണൽ, കോൺഗ്രസ്സ് അംഗം റോൺ മസോളി തുടങ്ങിയ പ്രസിദ്ധ രാഷ്ട്രീയ നേതാക്കളായിരുന്നു അദ്ദേഹത്തിന്റെ സഹപ്രവർത്തകർ.

കാൽനൂററാണ്ടുകാലം അമേരിക്കൻ സാമൂഹ്യജീവിതത്തിൽ നിറ ഞ്ഞുനിന്ന ദേവസ്യാ അക്കാഡമിക് രംഗത്ത് വ്യക്തിമുദ്രപതിപ്പിച്ചു. മിക്ക പത്രങ്ങളിലും ലേഖനങ്ങൾ എഴുതി. സെമിനാറുകളിൽ സ്ഥിരം പ്രബന്ധാ വതാരകനായി. ഗ്രന്ഥനിരൂപണസമിതികളിൽ നോമിനേററ് ചെയ്യപ്പെട്ടു. ഹൂ ഈസ് ഹൂ ഇൻ അമേരിക്കൻ എഡ്യൂക്കേഷൻ (who is who in American education) ഡിക്ഷ്ണറി ഓഫ് അമേരിക്കൻ സ്കോളേഴ്സ് എന്നി സുപ്രധാന ഡയറക്ടറികളിൽ പേരു ചേർക്കത്തക്കവിധം കീർത്തിനേടി. അമേരിക്കയും റുമേനിയയും, ഇന്ത്യയും സോവിയററ് യൂണിയനും എന്നീ ഗ്രന്ഥങ്ങൾ തയ്യാറാക്കി. വിൽസൺ വിയാറ്റ് അവാർഡുകൾ ഉൾപ്പെടെ നിരവധി അവാർഡുകൾക്കർഹനായി. അങ്ങനെയിരിക്കെയാണ് കേരള ഗവൺമെന്റ് അദ്ദേഹത്തെ എം.ജി. യൂണിവേഴ്സിററിയുടെ സ്ഥാപക വൈസ്ചാൻസലർ പദവി ഏറെറടുക്കാൻ ക്ഷണിച്ചത്. ചുരുങ്ങിയ സമയത്തിനുള്ളിൽ യൂണിവേഴ്സിററിയെ ഇല്ലായ്മയിൽ നിന്നും പടുത്തുയർത്തി. കേരളത്തിൽ കമ്പ്യൂട്ടർ യുഗത്തിന് തുടക്കമിട്ടത് മഹാത്മാഗാന്ധിയൂണിവേഴ്സിററിയിൽ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തിയ ഡോ. ദേവസ്യായാണെന്ന് പറയാം. മുഖ്യമന്ത്രി കരുണാകരനും അന്നത്തെ വിദ്യാഭ്യാസമന്ത്രി ററി.എം. ജേക്കബ്ബും, ഡോ. ദേവസ്യായുടെ എം.ജി. യൂണിവേഴ്സിററിയിലെ പ്രവർത്ത നങ്ങളെ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. ഒരു ടേം കൂടി വൈസ് ചാൻസലർ പദവിയിലിരിക്കാൻ സർക്കാർ ആവശ്യപ്പെട്ടെങ്കിലും ബല്ലാർമിൻ യൂണിവേഴ്സിററി അനുവദിച്ച അവധി അവസാനിച്ചതുകൊണ്ട് അഡ്മിനിസ്ട്രേററീവ് ബ്ലോക്കിന്റെ തറക്കല്ലിട്ട ദിവസം കൊച്ചിയിൽ നിന്നും അമേരിക്കയിലേക്കു മടങ്ങി. നാലുവർഷംകൂടി അവിടെ സേവനം അനുഷ്ഠിച്ചതിനുശേഷം 1991 ൽ കേരളത്തിൽ തിരിച്ചെത്തി. ഇപ്പോഴും ആണ്ടിലൊരിക്കൽ അമേരിക്ക സന്ദർശിക്കുന്ന ഡോ. ദേവസ്യാ വിവിധ യൂണിവേഴ്സിററികളിൽ വിസിററിംഗ് പ്രൊഫസ്സറാണ്. കേരളത്തിൽ തിരിച്ചെത്തിയ ദേവസ്യാസാറിനെ ഇടതുപക്ഷം സ്ഥാനാർത്ഥിത്വം നൽകി തിരഞ്ഞെടുപ്പിൽ മത്സരിപ്പിക്കുവാൻ ക്ഷണിച്ചു. അത് അദ്ദേഹം വേണ്ടെന്ന് വച്ചു. വി.സി. സ്ഥാനത്തുനിന്ന് വിരമിച്ചപ്പോൾ മുഖ്യമന്ത്രി കെ.കരുണാകരൻ


www.malankaralibrary.com

അദ്ദേഹത്തെ കോൺഗ്രസ്സ് പദവിയിലേക്ക് ക്ഷണിക്കുകയുണ്ടായി.

പാലായിൽ താമസമാക്കിയ ഡോക്ടർ ദേവസ്യാ രാഷ്ട്രീയപ്രവർത്തനം ഒഴികെയുള്ള എല്ലാ പൊതുപ്രവർത്തനങ്ങളിലും പങ്കെടുക്കുന്നു. വിശുദ്ധസാത്താൻ നാട്ടിൽ എത്തിയശേഷം രചിച്ച ഗ്രന്ഥമാണ്. നിരവധി പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ എഴുതിക്കൊണ്ടിരിക്കുന്ന അദ്ദേഹം മററു രണ്ടുഗ്രന്ഥങ്ങളുടെ പണിപ്പുരയിലാണ്. കേരളാകാത്തലിക്ട്രസ്റ്റ് ഡയറക്ടർ ബോർഡ് അംഗം, എ.കെ.സി.സി. അഡ്വൈസറിബോർഡ് അംഗം, ലാൽബഹദൂർശാസ്ത്രി ഇൻസ്റ്റിററ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി ഭരണസമിതിയംഗം, എം.ജി. യൂണിവേഴ്സിററി ഗ്രാമസ്വരാജ് എക്സ്ടൻഷൻ പ്രോജക്ട് ഡയറക്ടർ, ആർ.വി.തോമസ് ഫൗണ്ടേഷൻ ചെയർമാൻ, ഗാന്ധിപീസ് ഫൗണ്ടേഷൻ (കോട്ടയം) ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. വാഴക്കുളം വിശ്വജ്യോതി കോളേജ് ഓഫ് എൻജിനീയറിംഗിന്റെയും മററുപല ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഉപദേശകസമിതിയംഗവും പാലാ സെന്റ് തോമസ് കോളേജ് മാനേജിംഗ് കമ്മററി മെമ്പറുമാണ്. പാലാ രൂപതാ പാസ്റ്ററൽ കൗൺസിൽ ചെയർമാൻ, സീറോ-മലബാർ എപ്പാർക്കിയൽ അസംബ്ലിമെമ്പർ, എഡ്യൂക്കേഷൻ കൗൺസിൽ മെമ്പർ എന്നീ പദവികളും വഹിക്കുന്നു. ഭാര്യമറിയക്കുട്ടി പാലാ കൂട്ടിയാനി കുടുംബാംഗവും ബിരുദാനന്തരബിരുദധാരണിയുമാണ്.

വിലാസം - ഡോ. എ.ററി. ദേവസ്യാ, അറയ്ക്കൽ, പൊൻകുന്നം റോഡ്, പാലാ.

# 81



# സിസ്റ്റർ ഡോ. ട്രീസ കളത്തിവീട്ടിൽ

## ഡി.എച്ച്.എം.

പ്രമുഖവിദ്യാഭ്യാസപ്രവർത്തകയും സാമൂഹ്യപ്രവർത്തകയുമായ സിസ്റ്റർ ഡോ.ട്രീസാ വൈപ്പിൻകരയിലെ ഓച്ചന്തുരുത്തിൽ കളത്തിവീട്ടിൽ കിത്തോ - അന്ന ദമ്പതികളുടെ നാലുമക്കളിൽ രണ്ടാമത്തെ മകളായി 1928 മെയ്മാസം 5-ാം തീയതി ജനിച്ചു. ഏഴാംക്ലാസുവരെ നാട്ടിൽതന്നെയുള്ള ഇൻഫന്റ് ജീസസ് കോൺവെന്റ് സ്കൂളിൽ പഠിച്ചു. ചത്യത്ത് മൗണ്ട് കാർമ്മൽ കോൺവെന്റ് സ്കൂളിൽനിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് 1948 ൽ എറണാകുളം സെന്റ് തെരേസാസ് കോളേജിൽ നിന്നും എക്കണോമിക്സിൽ ബി.എ. ബിരുദവും എം.എ. ബിരുദവും കരസ്ഥമാക്കി. തന്റെ കഴിവും ആഗ്രഹവും മനസ്സിലാക്കിയ മാതാപിതാക്കൾ

www.malankaralibrary.com

ട്രീസയെ ഉന്നതവിദ്യാഭ്യാസത്തിനായി പിന്നീട് അമേരിക്കയിലേക്കയച്ചു. അവിടെ ചിക്കാഗോയിലെ പ്രശസ്തമായ ലയോളാ യൂണിവേഴ്സിററിയിൽ ചേർന്നു. പ്രസ്തുത യൂണിവേഴ്സിററിയിൽ ഇന്ത്യയിൽനിന്നുള്ള പ്രഥമ വനിതാ വിദ്യാർത്ഥിയായിരുന്നു ട്രീസ. 1954 ൽ Education ൽ എം.എ. ബിരുദം നേടി. തുടർന്ന് ഇല്ലിനോയിസിൽ ഒരു കൊല്ലം സ്കൂൾ അദ്ധ്യാപികയായി ജോലി നോക്കി. തുടർന്ന് ലയോളായൂണിവേഴ്സിററിയിൽ ഗവേഷണത്തിന് ചേരുകയും 1958 ൽ Education ൽ പി.എച്ച്.ഡി. ബിരുദം സമ്പാദിക്കുകയും ചെയ്തു. Education ൽ എം.എ. ബിരുദത്തിനുവേണ്ടി ട്രീസ സമർപ്പിച്ച തീസിസ് An analysis of the problems of Illiteracy in India എന്ന വിഷയത്തെ പ്പററിയായിരുന്നു. ഡോക്ടറേററിനുവേണ്ടി തയ്യാറാക്കിയ തീസിസ് A guide to the teaching of civics in the High Schools of Kerala, India, based on a critical survey of civics currucule in selected school systems in the united states എന്ന വിഷയത്തിലായിരുന്നു.

തന്റെ ജീവിതം ദൈവത്തിനായി സ്വയം സമർപ്പിച്ച് ദൈവജന ത്തിനുവേണ്ടി സേവനം ചെയ്യുവാൻ ആഗ്രഹിച്ച ട്രീസാ തന്റെ ആഗ്രഹം സഫലീകരിക്കുന്നത് മരിയ ഹൃദയ പുത്രിമാരുടെ (Daughters of the Heart of Mary) സന്യാസ സഭയിലൂടെയാണ്. ഈ സഹോദരിമാരുടെ ഭവനങ്ങൾ അന്ന് ഇന്ത്യയിൽ ഉണ്ടായിരുന്നുവെങ്കിലും ട്രീസാ അവരെ കണ്ടുമുട്ടുന്നതും പരിചയപ്പെടുന്നതും അവരിലൊരാളായി തീരുവാൻ തീരുമാനമെടുക്കുന്നതും അമേരിക്കയിൽ വച്ചാണ്. മാതാപിതാക്കളിൽനിന്നും, മാതൃസഹോദരനും അന്നത്തെ വരാപ്പുഴ മെത്രാപ്പോലീത്തായുമായിരുന്ന അഭിവന്ദ്യ ജോസഫ് അട്ടിപ്പേട്ടി പിതാവിൽ നിന്നും അനുവാദവും അനുഗ്രഹവും വാങ്ങി ട്രീസാ അമേരിക്കയിൽനിന്നും തിരിച്ചുവരുന്നവഴി പാരീസ്സിൽ ഈ സന്യാസ സഭയുടെ മദർ ജനറലുമായി നേരിട്ടു ബന്ധപ്പെടുകയും തന്റെ ആഗ്രഹം അറിയിക്കുകയും ചെയ്തു. നാട്ടിൽവന്ന് മൂന്നുമാസങ്ങൾക്കുശേഷം സഭാധികാരികളുടെ നിശ്ചയപ്രകാരം പാരീസ്സിലേക്ക് തിരിച്ചുപോയി. 1959 ജനുവരി 9-ാം തീയതി 31-ാമത്തെ വയസ്സിൽ പ്രസ്തുത സഭയിൽ പ്രവേശിച്ചു. അമേരിക്കപോലുള്ള പരിഷ്കൃതരാജ്യത്ത് ഉന്നതവിദ്യാഭ്യാസം നേടി ഉന്നത ഉദ്യോഗങ്ങൾ സ്വീകരിച്ച് ഉയർന്ന ലൗകീകജീവിതം നയിക്കാൻ എല്ലാ സാഹചര്യവുമുണ്ടായിരുന്നിട്ടും അതെല്ലാം ഉപേക്ഷിച്ച് സന്യസസഭയിൽ ചേരാൻ ട്രീസാ തീരുമാനിച്ചത് അവളിൽ ചെറുപ്പംമുതൽ വളർന്നുവന്ന ആദ്ധ്യാത്മിക ചൈതന്യംകൊണ്ടു മാത്രമായിരുന്നു.

സന്യാസപരിശീലനം പൂർത്തിയാക്കി 1962 ആഗസ്റ്റ് 15-ാം തീയതി പ്രഥമ വാഗ്ദാനം നടത്തിയ സിസ്റ്റർ ട്രീസാ ഇന്ത്യയിലേക്കു തിരിച്ചുവന്ന ശേഷം ഒരുകൊല്ലം ബോംബെയിൽ സോഫിയാകോളേജിൽ പഠിപ്പിച്ചു. തുടർന്ന് 1963 ൽ ഗോവയിലെ പനാജിയിൽ നിർമ്മല ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ എന്നപേരിൽ ഒരു ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജ്

www.malankaralibrary.com

ആരംഭിക്കുകയും അതിന്റെ പ്രഥമ പ്രിൻസിപ്പലായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. അന്ന് ഗോവ സംസ്ഥാനത്തുണ്ടായിരുന്ന ഏക ടീച്ചേഴ്സ് ട്രെയിനിംഗ് കോളജ് ഇത് മാത്രമായിരുന്നു.

ഈ കോളേജ് സ്ഥാപനത്തിന്റെ പിന്നിൽ നേരിടേണ്ടിവന്ന പ്രതിസന്ധികളും അവ തരണം ചെയ്യുവാൻവേണ്ടിവന്ന കഠിനാദ്ധ്വാനവും പ്രത്യേകം എടുത്തുപറയേണ്ടതാണ്. പോർട്ടുഗീസുകാരുടെ ഭരണത്തിൽനിന്ന് ഗോവ സ്വതന്ത്രമാകുന്നത് 1961ലാണ്. 1963 ലാണ് കോളേജിന്റെ ആരംഭം. വെറും മൂന്നുമുറികളും ഒരു വരാന്തയുമടങ്ങുന്ന ഒരു ചെറിയ കെട്ടിടത്തിലായിരുന്നു കോളേജ് തുടങ്ങിയത്. പിന്നീട് കോളേജിനുവേണ്ട പുതിയ കെട്ടിടങ്ങൾ പണിയുവാൻ കുറച്ചകലെ ALTINHO കുന്നിൽ ഗോവാ അതിരൂപതയിൽ നിന്നും കുറച്ചുസ്ഥലം നൽകി. പക്ഷെ ആയിടയ്ക്ക് സമീപത്തുള്ള പോലീസ് ക്വാർട്ടേഴ്സിലെ കുട്ടികൾ ആ സ്ഥലം കളിസ്ഥലമായി ഉപയോഗിച്ചുതുടങ്ങുകയും അത് ഒരു പൊതുകളിസ്ഥലമായി മാററിക്കിട്ടുവാൻ പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് ശക്തമായ നീക്കങ്ങൾ ആരംഭിക്കുകയും ചെയ്തു. അന്നത്തെ ഗോവാ ചീഫ് സെക്രട്ടറി ഒരു കത്തോലിക്കനായിരുന്നുവെങ്കിലും അദ്ദേഹം പോലീസ് ഡിപ്പാർട്ടുമെന്റിനെ പ്രീതിപ്പെടുത്തിക്കൊണ്ടുള്ള സമീപനമാണ് സ്വീകരിച്ചത്. എന്നാൽ സി.ട്രീസായും സഹപ്രവർത്തകരും ഗവർണ്ണറെ സമീപിച്ച് അപേക്ഷസമർപ്പിക്കുകയും നിയമപരമായ ശക്തമായ നീക്കങ്ങൾ നടത്തുകയും ചെയ്തു. തന്മൂലം കോളേജിന് സ്ഥലം തിരിച്ചെടുക്കുവാൻ സാധിച്ചു. അടുത്ത പ്രശ്നം കെട്ടിട നിർമ്മാണമായിരുന്നു. അതിന്റെ ചിലവിലേക്ക് സഹായം ലഭിക്കുന്നതിനായി ജർമ്മനിയിലെ മിസരിയോർ എന്ന സംഘടനക്ക് അപേക്ഷ സമർപ്പിച്ചു. അവർ നടത്തിയ രഹസ്യാന്വേഷണത്തിൽ തുടർച്ചയായി 100 ശതമാനം പരീക്ഷാവിജയം നേടിക്കൊണ്ട് എല്ലാ നിലയിലും നല്ല നിലവാരം പുലർത്തിയിരുന്ന കോളേജാണിതെന്ന് ബോദ്ധ്യമായി. നാട്ടുകാർ കോളേജിനെപ്പററി നല്ല അഭിപ്രായമാണ് നൽകിയത്. അതിന്റെയടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ചെലവ് മുഴുവൻ അവർ ഏറെറടുക്കാൻ സമ്മതിച്ചു. അങ്ങനെ ഒരു കോളേജ് കെട്ടിടം, രണ്ട് ഹോസ്റ്റൽ കെട്ടിടങ്ങൾ, ഒരു കാന്റീൻ, അദ്ധ്യാപകർക്കും ജോലിക്കാർക്കും പ്രത്യേക താമസസൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ ഇവയെല്ലാം ഉൾക്കൊള്ളുന്ന ഒരു കെട്ടിട സമുച്ചയം നിർമ്മിതമായി. ഇന്ന് ALTINHO കുന്നിൻമുകളിൽ കാണുന്ന മനോഹരമായ കെട്ടിടങ്ങളുടെ പണിപൂർത്തീകരിക്കപ്പെട്ട് കോളേജിന്റെ പ്രവർത്തനം പുതിയ സ്ഥലത്തേക്ക് 1970 ൽ മാററുകയുണ്ടായി.

പ്രിൻസിപ്പൽ പദവി അലങ്കരിച്ചിരുന്ന സമയത്ത് സി.ട്രീസാ ബോംബെ യൂണിവേഴ്സിററിയിലെ അക്കാഡമിക് കൗൺസിൽ അംഗം കൂടിയായിരുന്നു. കോളേജിന്റെ ബാലാരിഷ്ടതകളെല്ലാം അതിജീവിച്ച് Education ൽ ഡിപ്ലോമ (Dip Ed) ബിരുദം (BEd) ബിരുദാനന്തരബിരുദം (MEd) എന്നീ കോഴ്സുകൾ

www.malankaralibrary.com

തുടങ്ങി. നിർമ്മല ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ഒരു ഒന്നാംകിട ട്രെയിനിംഗ് കോളേജായി വളർത്തിക്കൊണ്ട് 1963 മുതൽ 1976 വരെ പ്രിൻസിപ്പൽ എന്ന നിലയിൽ പ്രശസ്തസേവനം കാഴ്ചവച്ചു. സഭാധികാരികളുടെ നിശ്ചയപ്രകാരം 1976 ൽ കോളേജിൽ നിന്നും സി.ട്രീസാ വിരമിച്ചു. സഭയിൽ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏല്പിക്കുന്നതിനുവേണ്ടിയാണ് കോളേജിൽ നിന്നും റിട്ടയർ ചെയ്യിച്ചത്.


ബോംബെയിൽ 1976 മുതൽ 1977 വരെ ഒരുകൊല്ലം നൊവിസ്മിസ്ട്രസ് 1978 മുതൽ 1980 വരെ മൂന്നുകൊല്ലം പ്രൊവിൻഷ്യൽ ഹൗസായ ബോംബെയിലെ നിർമ്മല നികേതനിലെ സൂപ്പീരിയർ, 1980 മുതൽ 1982 വരെ മദ്രാസ് കൾച്ചറൽ അക്കാഡമികോൺവെന്റിൽ സുപ്പീരിയർ, 1982 മുതൽ 1988 വരെ ആറുകൊല്ലം സഭയുടെ ഇന്ത്യൻ പ്രോവിൻസിന്റെ ആദ്യത്തെ ഇന്ത്യാക്കാരിയായ പ്രൊവിൻഷ്യൽ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. പിന്നീട് സി.ട്രീസാ കേരളത്തിലേക്കാണ് അയക്കപ്പെട്ടത്.

നാട്ടിൽ തിരിച്ചെത്തിയ സി. ട്രീസ എറണാകുളത്തെ വിമലാലയത്തിൽ 1989 മുതൽ1997 വരെ പാരൽ കോളേജിന്റെ പ്രിൻസിപ്പൽ, 1992 മുതൽ 1997 വരെ അവിടെ സാധുപെൺകുട്ടികൾക്കായി നടത്തുന്ന വിമലാവെൽഫെയർ സെന്ററിന്റെ സെക്രട്ടറി എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. അനാരോഗ്യംമൂലം 70-ാമത്തെ വയസ്സിൽ ജോലിയിൽ നിന്നും വിരമിച്ചു. ഇപ്പോൾ വിമാലാലയത്തിൽ വിശ്രമജീവിതം നയിക്കുന്നു.

ദൈവം തനിക്കു നൽകിയ കഴിവുകളും അവസരങ്ങളും ദൈവത്തിനും ദൈവജനത്തിനുംവേണ്ടി നിസ്വാർത്ഥമായി ചെലവഴിച്ച സി.ട്രീസായ്ക്ക് ഇന്ന് വലിയ ഒരു ശിഷ്യഗണം തന്നെയുണ്ട്. ഗോവയിലെ മുൻമുഖ്യമന്ത്രി, നിരവധി സ്കൂളുകളിലെയും കോളേജുകളിലെയും പ്രിൻസിപ്പാൾമാർ, അദ്ധ്യാപകർ എന്നിവരെല്ലാം അവരിൽ ഉൾപ്പെടുന്നു.

വിലാസം - സിസ്റ്റർ ഡോ.ട്രീസാ കളത്തിവീട്ടിൽ DHM, വിമലാലയം
എറണാകുളം 682 018

# 82



# ഫാ. ജേക്കബ് പുലിക്കോട്ടിൽ

കുടുംബപ്രേഷിതരംഗത്ത് ദീർഘകാലം പ്രവർത്തിച്ച സാമൂഹ്യപ്രവർത്തകനും ഗ്രന്ഥകാരനുമായ ഫാ. ജേക്കബ്ബ് പുലിക്കോട്ടിൽ തൃശൂർ രൂപതയിലെ മറ്റം ഇടവകയിൽ പുലിക്കോട്ടിൽ ചാക്കുണ്ണി-റോസ ദമ്പതികളുടെ മകനായി 1928 മേയ് 30-ാം തീയതി

www.malankaralibrary.com

ജനിച്ചു. സെന്റ് ഫ്രാൻസിസ് ഹൈസ്കൂൾ മറ്റം, സെന്റ് തോമസ് കോളേജ് തൃശൂർ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. അതിനുശേഷം തൃശൂർ സെന്റ് തോമസ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. കാൻഡി, പൂന, എന്നീ പേപ്പൽ സെമിനാരികളിൽ പഠിച്ച് എൽ.പി.എസ്സ്, എം.ടെക് എന്നീ ബിരുദങ്ങൾനേടി 1958 ഡിസംബർ 21-ാം തീയതിപൂന, പേപ്പൽ സെമിനാരിയിൽവച്ച് വൈദികപട്ടം സ്വീകരിച്ചു.

ഇരിങ്ങാലക്കുട, കടുപ്പശ്ശേരി, കുഴിക്കാട്ടുശ്ശേരി, മൂന്നുമുറി, അമ്പനോളി, തുമ്പക്കോട്, വ്യാകുലമാതാവിൻ ബസ്ളിക്ക, വടക്കാഞ്ചേരി, വെണ്ടോർ, മരത്താക്കര, പേരാമംഗലം, അയ്യന്തോൾ, കുരിയച്ചിറ, പുറനാട്ടുകര, ജോൺപോൾനഗർ, കൂനമ്മൂച്ചി, കാരമുക്ക്, പടവരാട്ട്, ചിറ്റിലപ്പള്ളി, പാറന്നൂർ, തുരുത്തിപ്പറമ്പ് നെഹ്റുനഗർ, സരിതാപുരം എന്നീ ഇടവകകളിൽ അജപാലനശുശ്രൂഷ നടത്തി. തൃശൂർ രൂപതയിലെ ഫാമിലി അപ്പോസ്തലേറ്റ് സെന്ററിന്റെ സ്ഥാപകനും രൂപതാഡയറക്ടറുമായിരുന്നു ഫാ.ജേക്കബ് പുലിക്കോടൻ. വിവാഹത്തിനൊരുക്കമായുള്ള സെമിനാർ ഫാമിലി അപ്പസ്തോലെറ്റ് സെന്ററിൽ ആരംഭിച്ചതും പുലിക്കോടൻ അച്ചനാണ്. വൈദികർക്കും കന്യാസ്ത്രീകൾക്കും അനേകവർഷം നീണ്ടുനിൽക്കുന്ന പരിശീലനം നൽകുന്നുണ്ട്. എന്നാൽ അവരെ രൂപപ്പെടുത്തിയെടുക്കുന്ന മാതാപിതാക്കൾക്ക് യാതൊരു പരിശീലനവും നൽകുന്നില്ല. ഇത് ശരിയല്ലെന്ന ബോദ്ധ്യമാണ് പുലിക്കോട്ടിലച്ചനെ ഫാമിലി അപ്പോസ്തലേറ്റ് സെന്ററിൽ വിവാഹത്തിനൊരുക്കമായുള്ള ക്ലാസ്സുകൾ ആരംഭിക്കാൻ പ്രേരിപ്പിച്ചത്.

1977 മുതൽ വിവാഹത്തിനൊരുക്കമായുള്ള ക്ലാസുകൾ തൃശൂർ രൂപതയിൽ ആരംഭിച്ചെങ്കിലും 1978 മുതലാണ് നിർബന്ധമാക്കിയത്. അതോടെ കുടുംബപ്രേഷിതത്വം എല്ലാ തലങ്ങളിലും വ്യാപിക്കാനുള്ള സംവിധാനങ്ങളുണ്ടായി. വിവാഹത്തിന് ഒരുക്കമായിട്ടുള്ള കോഴ്സിന്റെ ആരംഭകൻ തന്നെയായ പുലിക്കോട്ടിൽ അച്ചനാണ് കുടുംബസമ്മേളന (കുടുംബകൂട്ടായ്മ) ത്തിന്റെ തുടക്കക്കാരനും. അതോടൊപ്പം മാതൃസംഘത്തിന്റെ രൂപതാഡയറക്ടറായും അച്ചനെ നിയമിക്കുകയുണ്ടായി.

1971 ലാണ് കുടുംബാസൂത്രണ പ്രവർത്തനങ്ങളെക്കുറിച്ച് ഗവൺമെന്റ് തലത്തിൽ ബോധവൽക്കരണം തുടങ്ങുന്നത്. ഒന്നിലധികം കുട്ടികൾ പാടില്ലന്നായിരുന്നു സർക്കാരിന്റെ ശക്തമായ പ്രചരണം. കുടുംബാസൂത്രണത്തെക്കുറിച്ച് സഭ എന്തു പഠിപ്പിക്കുന്നുവെന്നതിനെക്കറിച്ച് ഇടവകകൾതോറും പരിശീലനം നൽകുവാൻ പുലിക്കോട്ടിലച്ചനെയാണ് രൂപതാധികാരികൾ ചുമതലപ്പെടുത്തിയത്. മാതാപിതാക്കൾക്ക് ക്ലാസുകളെടുക്കാൻ അദ്ദേഹം എല്ലാ ഇടവകകളും സന്ദർശിച്ചു. ഇടവകതോറും ഈ ആശയപ്രചരണത്തിനായി ഒരു ഗ്രൂപ്പിനെ രൂപീകരിക്കുകയും ചെയ്തു.

1979 ൽ മദ്രാസിൽ ദേശീയകുടുംബവർഷത്തോടനുബന്ധിച്ച് നടന്ന സെമിനാറിൽ അദ്ദേഹം പങ്കെടുത്തു. മാതൃസംഘത്തിന്റെ ഡയറക്ടർ ആയി

www.malankaralibrary.com

രിക്കുമ്പോൾ അതിന്റെ ജനറൽബോഡിയോഗത്തിൽ അമ്മമാർ ഒന്നടങ്കം പറഞ്ഞത് മദ്യവും മയക്കുമരുന്നുംമൂലം കുടുംബങ്ങൾ തകർച്ചയിലേക്ക് നീങ്ങുന്നുവെന്നും ഇതിനെതിരെ പ്രവർത്തിക്കണമെന്നും ആയിരുന്നു.

അതിന്റെ വെളിച്ചത്തിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വിനകളെക്കുറിച്ച് ഇടവകകൾതോറും സഞ്ചരിച്ച് പുലിക്കോട്ടച്ചൻ ക്ലാസ്സെടുത്തു. പന്ത്രണ്ടാം പീയൂസ് മാർപാപ്പായുടെ ചാക്രിക ലേഖനത്തെ ആസ്പദമാക്കി നിരവധി ഗ്രന്ഥങ്ങൾ രചിച്ചു. കൂടാതെ നമ്മുടെബലി, മദ്യപാനം, മയക്കുമരുന്ന്, പുകവലി, എയ്ഡ്സ് വിനകൾ - ഒരു ചർച്ചാ സഹായി, അഹിംസയുടെ നാട്ടിൽ ഹിംസകൾ, സ്വാഭാവിക കുടുംബസംവിധാനങ്ങൾ എന്നീ ഗ്രന്ഥങ്ങളും അദ്ദേഹം രചിക്കുകയുണ്ടായി.

23 വർഷക്കാലം രൂപതയുടെ അപ്പസ്തലേററ് സെന്റർ ഡയറക്ടർ ആയിരുന്നു അച്ചൻ. സി.ആർ.എസ്സിന്റെ അസിസ്റ്റന്റ് ഡയറക്ടറായും സേവനം അനുഷ്ഠിച്ചു. സി.എസ്. ആറിന്റെ ഫുഡ് ഫോർവർക്കുപ്രകാരം ഓരോ ഇടവകയിലും പത്തുവീടുകൾ വീതം 5000 വീടുകൾ അതിരൂപതയിൽ പണികഴിപ്പിക്കുന്നതിനും ധാരാളം റോഡുകൾ നിർമ്മിക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചു.


സ്വാഭാവികകുടുംബസംവിധാനം, പ്രോലൈഫ്മൂവ്മെന്റ് മദ്യത്തിനും മയക്കുമരുന്നിനും എതിരായുള്ള പ്രവർത്തനങ്ങൾ, ഫാമിലി കൗൺസിലിംഗ്, കുടുംബസന്ദർശനം തുടങ്ങിയ പ്രവർത്തനങ്ങളിൽ അച്ചൻ എക്കാലവും സജീവമായി ഏർപ്പെട്ടിരുന്നു. ഇരിങ്ങാലക്കുട, പാലക്കാട് രൂപതകളുടെ സ്ഥാപനവേളയിൽ അതിർത്തിനിശ്ചയിക്കുന്നതിനുള്ള കമ്മററിയിൽ നിർണ്ണായകസ്ഥാനം അച്ചനുണ്ടായിരുന്നു.

റോം ലൂർദ്ദ് ജെറുസലം മുതലായ സ്ഥലങ്ങളിൽ സന്ദർശനം നടത്തിയിട്ടുള്ള പുലിക്കോട്ടച്ചൻ രണ്ടുപ്രാവശ്യം മാർപാപ്പായെ സന്ദർശിച്ച് അനുഗൃഹം വാങ്ങുകയുണ്ടായി.

കുടുംബങ്ങളുടെ അച്ചൻ എന്നപേരിൽ അറിയപ്പെടുന്ന പുലിക്കോട്ടിലച്ചൻ ഒരേക്കർസ്ഥലവും അൻപതിനായിരം രൂപായും കാലടിയിലെ പ്രേഷിതരാം സിസ്റ്റേഴ്സിനെ ഏല്പിക്കുകയും തന്റെ ഇടവകയിൽ സെന്റ് ജോസഫ് പ്രേഷിതാരാം കോൺവെന്റ് സ്ഥാപിക്കുവാൻ നേതൃത്വം നൽകുകയും ചെയ്തു. പ്രസ്തുത കോൺവെന്റിനോടനുബന്ധിച്ച് കുടുംബക്ഷേമ പ്രവർത്തനങ്ങൾ എല്ലാ മതക്കാർക്കുമായി നടത്തുന്നു. കുടുംബസന്ദർശനം സാമൂഹ്യപ്രവർത്തനം തൊഴിൽപരിശീലനങ്ങൾ മുതലായ പ്രവർത്തനങ്ങൾ തുടർന്നു നടത്തുന്നതിനുള്ള സ്ഥാപനമാണിത്. ഇപ്പോൾ തൃശൂർ സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ വിശ്രമിക്കുന്നു.

വിലാസം - ഫാ. ജേക്കബ്ബ് പുലിക്കോട്ടിൽ, സെന്റ് ജോസഫ് പ്രീസ്റ്റ് ഹോം
തൃശ്ശൂർ.

www.malankaralibrary.com



# 83
# ഷെവലിയർ പ്രൊഫ. എൻ.എ. ഔസേഫ്

പ്രമുഖസമുദായനേതാവും വിദ്യാഭ്യാസ പ്രവർത്തകനും പ്രഭാഷകനും ആയ ഷെവ എൻ.എ. ഔസേഫ്, തൃശൂരിലെ നീലങ്കാവിൽ കൊളേങ്ങാടൻ വീട്ടിൽ അന്തോണി - കുഞ്ഞായി ദമ്പതികളുടെ മകനായി 1928 ജൂൺ 2-ാം തീയതി ഭൂജാതനായി. വൈദികരും കന്യസ്ത്രീകളും അൽമായപ്രമുഖരുമടക്കം ഒട്ടേറെ പ്രശസ്തവ്യക്തികളെ കേരളസഭയ്ക്ക് സംഭാവനചെയ്തിട്ടുള്ള കുടുംബമാണ് നീലങ്കാവിൽ കൊളേങ്ങാടൻ കുടുംബം. മദ്രാസ് സർവ്വകലാശാലയിൽനിന്നും ബി.എ.ബി.റ്റി. ബിരുദങ്ങളും കേരളസർവ്വകലാശാലയിൽനിന്ന് മാസ്റ്റർ ബിരുദവും കരസ്ഥമാക്കി. വിദ്യാർത്ഥിയായിരിക്കുമ്പോൾ നിരവധി പ്രസംഗമത്സരങ്ങളിൽ ഔസേഫ് സമ്മാനാർഹനായിട്ടുണ്ട്.

ഹൈസ്കൂൾ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ച ഒസേഫ്, തുടർന്ന് തൃശൂർ സെന്റ് തോമസ് കോളജിൽ ലക്ചററായി ജോലിയിൽ നിയമിതനായി. അദ്ധ്യാപനത്തിലൂടെ വിദ്യാർത്ഥികളിൽ ഈശ്വരാഭിമുഖ്യം വളർത്താനുള്ള ശ്രമങ്ങളിൽ വ്യാപൃതനായ ഔസേഫ്, വിവിധരൂപതകളിലെ അദ്ധ്യാപകരെയും അതിന് സജ്ജമാക്കുവാൻ ശ്രമിച്ചു. കേരളാകാത്തലിക് ടീച്ചേഴ്സ്ഗിൽഡിന്റെ ആഭിമുഖ്യത്തിൽ നടന്ന ദൈവശാസ്ത്രകോഴ്സിന്റെ വിജയത്തിൽ അദ്ദേഹം നിർണ്ണായകമായ പങ്കുവഹിച്ചു. വിദ്യാഭ്യാസരംഗത്തെസഭയുടെ അവകാശങ്ങൾ ലംഘിക്കുന്ന സർക്കാർ നയത്തിനെതിരെ ശബ്ദമുയർത്താൻ പ്രൊഫ. ഔസേഫ് എന്നും മുൻപന്തിയിൽ തന്നെ നിലകൊണ്ടു. കാലാകാലങ്ങളിൽ നടത്തിയിട്ടുള്ള ന്യൂനപക്ഷാവകാശ ലംഘനങ്ങളെ എതിർത്ത് പരാജയപ്പെടുത്തുന്നതിൽ അദ്ദേഹം മുൻപന്തിയിൽതന്നെ നിലകൊണ്ടു. ന്യൂനപക്ഷാവകാശ പ്രശ്നം സംബന്ധിച്ച് ഹൈക്കോടതിയും സുപ്രീംകോടതിയും പുറപ്പെടുവിച്ചിട്ടുള്ള വിധികൾ പഠിച്ച് വ്യാഖ്യാനിച്ച് വിവിധരൂപതകളിൽ നിരവധി ക്ലാസുകൾ എടുക്കുകയും കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് കാലാകാലങ്ങളിൽ നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസംഗകൻ, അദ്ധ്യാപകൻ, സംഘാടകൻ എന്നീ നിലകളിൽ തനിക്കു കൈവന്ന പാടവം ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാൻവേണ്ടി വിനിയോഗിച്ചുകൊണ്ടിരിക്കുന്ന അത്മായപ്രേഷിതനാണ് പ്രൊഫ.എൻ.എ. ഔസേഫ്. കാത്തലിക് യൂണിയൻ ഓഫ് തൃശൂരിന്റെ സ്ഥാപകാംഗമാണ് അദ്ദേഹം. ആൾ ഇന്ത്യാകാത്തലിക് യൂണിയന്റെ വൈസ് പ്രസിഡണ്ടായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. തൃശൂർ കാത്തലിക് യൂണിയൻ

www.malankaralibrary.com

ചെയർമാൻ, സി.ബി.സി.ഐ. ദേശീയോപദേശകസമിതിയംഗം, സി.ബി. സി.ഐ., സി.ആർ.ഐ. കമ്മീഷൻ ഫോർ വൊക്കേഷനിലെ കൺസൾട്ടന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. തൃശൂർ രൂപതാ അൽമായ നേതൃത്വ പരിശീലനകേന്ദ്രം ഡയറക്ടർ, പാസ്റ്ററൽ കൗൺസിൽ അംഗം, ടെമ്പസ്റ്റ്മാസികയുടെ മാനേജിംഗ് എഡിറ്റർ, സി.ബി. സി.ഐ യുടെയും കെ.സി.ബി.സിയുടെയും വിദ്യാഭ്യാസകമ്മീഷൻ കൺസൾട്ടന്റ്, തൃശൂർ രൂപതാ ഫൈനാൻസ് കമ്മിറ്റിയംഗം, മേജർ ആർക്കി എപ്പിസ്കോപ്പൽ ചർച്ചിന്റെ പ്രത്യേക നിയമനിർമ്മാണസമിതിയംഗം എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രൊഫ. ഔസേഫ് 1975 ൽ റോമിൽ നടന്ന World Conference of Catechists- ൽ പങ്കെടുക്കുകയും New dimensions in Catechists എന്ന വിഷയത്തെപ്പറ്റി പ്രസംഗിക്കുകയും ചെയ്തു. ഏഷ്യയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട നാലാളിൽ ഒരാളായിരുന്നു അദ്ദേഹം. ഇന്ത്യയെ പ്രതിനിധീകരിച്ച് പ്രസംഗിക്കാനാണ് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. പ്രസംഗസമയം മുഴുവൻ ശ്രോതാക്കൾ ഹർഷാരവംമുഴക്കി ഔസേഫിന്റെ പ്രസംഗത്തെ അഭിനന്ദിച്ചു. ഈ സമ്മേളനത്തോടനുബന്ധിച്ച് പുറത്തിറക്കിയ സ്മരണികയിൽ കർദ്ദിനാൾ ലൂർദ്ദസ്വാമി എഴുതിയ ഒരു ഭാഗം ഉദ്ധരിക്കട്ടെ "Pro. N.A. Ouseph, the spokesman from India, in his elequent address, kept the audience in suspense for over thirty minutes, proposed new dimensions in the apostolete of the catechists." മറ്റു പ്രസംഗകർക്കെല്ലാം പ്രസംഗത്തിന് 4 മിനിട്ടുമാത്രം കൊടുത്തപ്പോൾ ഔസേഫിന് 30 മിനിട്ട് സമയം അനുവദിച്ചുവെന്നതുതന്നെ അദ്ദേഹത്തിന്റെ ഈ വിഷയത്തിലുള്ള അഗാധമായ പാണ്ഡിത്യത്തിന് മകുടോദാഹരണമാണ്.

സമകാലീന പ്രശ്നങ്ങളെപ്പറ്റി ക്രൈസ്തവസമൂഹത്തിന് സാമാന്യ ജ്ഞാനം ലഭിക്കാനുതകുന്ന വിധത്തിൽ പ്രശ്നങ്ങളെ വിലയിരുത്തിക്കൊണ്ട് നിരവധി ചെറുഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അവശക്രൈസ്തവ പ്രശ്നം എന്ത്? മതേതരഭാരതത്തിലെ മതവിരുദ്ധനീക്കങ്ങൾ, സംയുക്തഇടയലേഖനം: നൂതനാഭിമുഖ്യങ്ങൾ, ജൂബിലിവർഷം എന്നിവ അവയിൽ ചിലതാണ്. 1993-ൽ തൃശൂർ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച "സുവിശേഷവൽക്കരണം" എന്ന ഗ്രന്ഥം പ്രൊഫ.ഔസേപ്പിന്റെ സഭാവിജ്ഞാനീയത്തിന് മികച്ച സാക്ഷ്യം തന്നെയാണ്.

1969-ൽ ബാംഗ്ലൂർ വച്ചുനടന്ന "ഇന്നത്തെ ഇന്ത്യയിലെ സഭ" എന്ന് ദേശീയ സെമിനാറിൽ പങ്കെടുത്ത പ്രൊഫ.ഔസേപ്പ് നിരവധി നേതൃസമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. വൈദികർ, കന്യാസ്ത്രികൾ, മാതാപിതാക്കൾ, അദ്ധ്യാപകർ, യുവാക്കൾ തുടങ്ങി വിവിധ വിഭാഗങ്ങൾക്കുവേണ്ടിയുള്ള പഠനക്ലാസ്സുകൾ വിജയകരമായി നടത്തുന്ന ഇദ്ദേഹം മികച്ച ഒരു ധ്യാനപ്രസംഗകൻ കൂടിയാണ്."

1986-ൽ പ.ജോൺപോൾ രണ്ടാമൻ തൃശൂർ സന്ദർശിച്ചപ്പോൾ

www.malankaralibrary.com

സന്ദർശനം വിജയകരമായി നടത്തുവാൻ തിരഞ്ഞെടുത്ത കമ്മറ്റിയുടെ ജനറൽ കൺവീനർ ആയിരുന്നു അദ്ദേഹം. കൂടാതെ പ.പിതാവിന്റെ സന്ദർശനവേളയിലെ ഇംഗ്ലീഷ് പ്രസംഗത്തിന്റെ തൽസമയ ഇംഗ്ലീഷ് കമന്ററി നൽകുകയും ചെയ്തു. അദ്ദേഹത്തിന്റെ നിരവധിയായ സഭാസേവനങ്ങൾ കണക്കിലെടുത്ത് 1988-ൽ ഗ്രാന്റ് ഷെവലിയർ (K.C.S.G.) സ്ഥാനം നൽകിയാദരിച്ചു. 1994-ൽ ഒരു മാതൃകാകുടുംബനാഥനായ ഷെവ:എൻ.എ.ഔസേഫിന് ആളൂർ ബറ്റർ ലൈഫ് സെന്റർ കേരളസഭാതാരം അവാർഡും നൽകി. 1999-ൽ അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് അശീതി അവാർഡും ഷെവ: ഔസേഫിന് നൽകുകയുണ്ടായി.

ഭാര്യ തട്ടിൽമണ്ടി കുടുംബാംഗംമായ മേരിയാണ്. ഗവൺമെന്റ് മോഡൽ ഹൈസ്ക്കൂൾ അദ്ധ്യാപികയായിരുന്നു മേരി.

വിലാസം - ഷെവ: എൻ.എ.ഔസേഫ്, നീലങ്കാവിൽ, ആർച്ച് ബിഷപ്പ്സ് ഹൗസിന് സമീപം, തൃശൂർ-5.

# 84

# പ്രൊഫ. പി.റ്റി. ചാക്കോ



വിവിധ ഭാഷാപണ്ഡിതൻ, ദാർശനിക സാഹിത്യരംഗത്തെ പ്രഗത്ഭൻ, ദൈവശാസ്ത്രജ്ഞൻ എന്നിങ്ങനെ വിവിധ നിലകളിൽ അറിയപ്പെടുന്ന പ്രൊഫ. പി.ററി. ചാക്കോ തൊടുപുഴ താഴയ്ക്കൽ കാളിയാറിൽ കല്ലറക്കൽ കുടുംബത്തിൽ കുര്യാക്കോസ് മറിയം ദമ്പതികളുടെ മകനായി 1928 ജൂൺ 28 ന് ജനിച്ചു. വാഴക്കുളം ഇൻഫന്റ് ജീസസിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയചാക്കോ ചങ്ങനാശ്ശേരി എസ്.ബി.കോളേജിലും തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജിലും പഠിച്ച് 1951 ൽ സാമ്പത്തിക ശാസ്ത്രത്തിൽ ഓണേഴ്സ് ബിരുദം നേടി. 1956 മുതൽ 59 വരെ ബൽജിയത്തിലെ ലുവെയ്ൻ സർവ്വകലാശാലയിൽ തത്വശാസ്ത്രവും സാമൂഹ്യശാസ്ത്രവും പഠിച്ചു. 1965 ൽ ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ. ബിരുദം ഫസ്റ്റ് റാങ്കോടുകൂടി പ്രൈവററായി ചേർന്ന് ബീഹാർ ഭഗൽപൂർ യൂണിവേഴ്സിററിയിൽനിന്ന് പാസ്സായി. 1979 - 80 ൽ പാരീസിലെ കത്തോലിക്കാ സർവ്വകലാശാലയിൽ ചേർന്ന് തിയോളജി ഡോക്ടറേററ് കോഴ്സ് പൂർത്തിയാക്കി എൽത്തുരുത്ത് സെന്റ് അലോഷ്യസ് കോളേജിലും 1967 മുതൽ മൂവാററുപുഴ നിർമ്മലാ കോളേജിലും അദ്ധ്യാപകനായി ജോലിനോക്കിയ ചാക്കോ 1983 ൽ പ്രസ്തുത ജോലിയിൽനിന്നും രാജിവച്ചു. പി.ഒ.സിയുടെ ആരംഭകാലത്ത് ഒരു വർഷം അവിടെ തത്വശാസ്ത്രാദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കേരള

www.malankaralibrary.com

ദാർശനികസമിതിയുടെ സ്ഥാപക മെമ്പർമാരിൽ ഒരാളാണദ്ദേഹം. മൂവാററുപുഴയിൽ നിന്നും വീക്ഷണം എന്നൊരു ദ്വൈവാരിക അദ്ദേഹം കുറെ നാളത്തേയ്ക്ക് പ്രസിദ്ധീകരിച്ചു. മൂവാററുപുഴയിലെ ഫോർവേർഡ് പ്രിന്റേഴ്സ്, ഫോർവേർഡ് ബുക്കുസ്റ്റാൾ എന്നിവ ശ്രീ. ചാക്കോ നടത്തിയിരുന്നതാണ്. ഫ്രഞ്ച്, ജർമ്മൻ, റഷ്യൻ, ഇററാലിയൻ, ഗ്രീക്ക് തുടങ്ങിയ ഒരു ഡസനിലേറെ ഭാഷകൾ പ്രൊഫസ്സർ ചാക്കോയ്ക്ക് നന്നായി അറിയാം. ഇരുപത്തിയഞ്ചോളം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ആധുനിക യൂറോപ്യൻ ചിന്തകന്മാർ, വിജ്ഞാനവും വീക്ഷണവും, ആത്മാവും ശരീരവും, അപഗ്രഥനങ്ങൾ, വിമോചനവും വിശ്വാസവും, യേശുക്രിസ്തു, ദൈവജനന നിരീക്ഷണങ്ങൾ, കലയുടെ തത്വശാസ്ത്രം, കവിതയുടെ സാരം, സാഹിത്യദർശനം തുടങ്ങിയവ അദ്ദേഹം രചിച്ച ഗ്രന്ഥങ്ങളിൽ ചിലതാണ്.

ദാർശനിക സാഹിത്യരംഗത്തെ അതികായകനായ പ്രൊഫ.ചാക്കോ ഒരു തികഞ്ഞ ദൈവശാസ്ത്രപണ്ഡിതനും കൂടിയാണ്. പ്രൊഫ. ചാക്കോയുടെ ദാർശനിക സാഹിത്യ രംഗത്തെ സംഭാവനകൾ കണക്കിലെടുത്ത് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് 1985 ൽ അവാർഡ് നൽകി ആദരിക്കുകയുണ്ടായി. 1990 ൽ കെ.സി.ബി.സി. സമർപ്പിച്ച പുരസ്കാര പത്രികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "........കേരളസഭയിലെ ജാക് മാരിറെറയിൻ എന്നും ജീൺ ഗിറേറാൺ എന്നും ആലങ്കാരികമായി വിശേഷിപ്പിക്കപ്പെടാറുള്ള പ്രൊഫ.ചാക്കോ ദൈവശാസ്ത്രജ്ഞൻ, ദാർശനികൻ, സാമൂഹികവിമർശകൻ, കലാചിന്തകൻ, ബഹുഭാഷാപണ്ഡിതൻ, മതഭക്തൻ എന്നീ നിലകളിലെല്ലാം പ്രശസ്തിനേടി കത്തോലിക്കാസമുദായത്തിന്റെ അഭിമാനഭാജനമായിത്തീർന്നിരിക്കുന്നു. വിജ്ഞാനത്തിന്റെ വിവിധ ശാഖകളിൽ അഗാധമായ അറിവും വിട്ടുവീഴ്ചയില്ലാത്ത മൂല്യപ്രതിബദ്ധതയും സഭയുടെ വിശ്വാസപ്രമാണങ്ങളോട് അചഞ്ചലമായ കൂറും തദനുസൃതമായ ജീവിതനിഷ്ഠകളും സൂക്ഷ്മാംശസ്പൃക്കായ വിഷയാപഗ്രഥന വൈഭവവും പ്രതികരണ ധീരമായ പ്രതിഭാവിലാസവും നിരൂപണനിപുണമായ ഭാഷാസ്വാധീനവും പ്രൊഫ.ചാക്കോയെ സമകാലിക സമൂഹത്തിന്റെ ശ്രദ്ധേയനായ മാർഗ്ഗദർശിയാക്കിയിട്ടുണ്ട്."

അവാർഡിനർഹമായ "സൗന്ദര്യദർശനം" എന്ന ഗ്രന്ഥം കലാശാസ്ത്ര വിഷയകമായ സാർവ്വലൗകികവീക്ഷണങ്ങളുടെ അതിനൂതനകിരണങ്ങളെപ്പോലും ആവാഹിച്ചെടുത്തിട്ടുള്ള ഒരു അനുപമ സൃഷ്ടിയാണെന്ന് ഭിന്നചിന്താഗതിക്കാരായ പണ്ഡിതന്മാർ ഇതിനകംതന്നെ ഏകകണ്ഠമായി അഭിപ്രായപ്പെട്ടുകഴിഞ്ഞിരിക്കുന്നു. "പി.റ്റി.ചാക്കോയുടെ സൗന്ദര്യദർശനം" എന്ന കൃതി മലയാളത്തിൽ എസ്തെറ്റിക്സിനെക്കുറിച്ച് ഇതഃപര്യന്തം വന്നിട്ടുള്ള എല്ലാ കൃതികളെയുംകാൾ മികച്ചുനിൽക്കുന്നു എന്ന പി.ഗോവിന്ദപ്പിള്ളയും ഇത് ഭാഷയിലെ അനന്യകൃതിയാണ് എന്ന് എം.വി.ദേവനും അഭിപ്രായപ്പെട്ടിട്ടുള്ളത് ഇതിനുദാഹരണങ്ങളാണ്. അങ്ങനെ നോക്കുമ്പോൾ കേരളത്തിലെ

www.malankaralibrary.com

കലാസൗന്ദര്യശാസ്ത്രത്തിന് സഭ നൽകിയിട്ടുള്ള ഒരു വിശിഷ്ട സംഭാവന യായി അഭിമാനപൂർവ്വം ഈ കൃതിയെ നമുക്ക് ചൂണ്ടിക്കാണിക്കാവുന്നതാണ്.

വിവിധശാസ്ത്രവൈജ്ഞാനികശാഖകളെ താത്വികമായി വിലയിരുത്തുന്ന "വിജ്ഞാനവും വീക്ഷണവും" എന്ന കൃതിയും "ആധുനിക യൂറോപ്യൻ ചിന്തകന്മാർ എന്ന ദാർശനിക പഠനവും ശ്രീ ചാക്കോ ഭാഷക്കു നൽകിയിട്ടുള്ള കനപ്പെട്ട സംഭാവനകളാണ്. കവിതയുടെ സാരം, സാഹിത്യതത്ത്വം, ക്രിസ്തീയതയും സാഹിത്യവും എന്നിങ്ങനെയുള്ള സാഹിത്യകലാപഠനങ്ങളും സാംസ്കാരിക സ്വാതന്ത്ര്യം, സഭയും രാഷ്ട്രീയവും, മതേതര യുക്തിവാദം, ക്രിസ്തുവും ഹ്യൂമനിസവും, സെക്സും ക്രിസ്തുവും മുതലായ മതാത്മക പഠനങ്ങളും, മതവും പുരോഗതിയും, യേശുക്രിസ്തു കർത്താവും രക്ഷകനും, ദൈവജനനി മുതലായ വിലപ്പെട്ട വിവർത്തനങ്ങളും ആഭിമുഖ്യങ്ങൾ, അപഗ്രന്ഥനങ്ങൾ, അന്വേഷണങ്ങൾ മുതലായ സമകാലിക വിചിന്തന വിമർശനങ്ങളും ഉൾപ്പെടെ മുപ്പതോളം ഈടുറ്റ ഗ്രന്ഥങ്ങൾ പ്രൊഫ. ചാക്കോ സംഭാവന ചെയ്തിട്ടുണ്ട്. സമകാലിക വിമർശനങ്ങളിൽ പരുഷവും നിശിതവുമായ ഭാഷയുപയോഗിച്ച് സ്വയം വിവാദപുരുഷനായിത്തീർന്ന ഘട്ടങ്ങളിൽ പോലും അടിയുറച്ച വിശ്വാസപ്രതിബദ്ധതയും സഭയുടെ പ്രബോധനാധികാരത്തോട് തികഞ്ഞ വിധേയത്വവും ശ്രീ ചാക്കോ പുലർത്തിയിരുന്നു എന്നെടുത്ത് പറയേണ്ടിയിരിക്കുന്നു.

പാശ്ചാത്യവും പൗരസ്ത്യവുമായ ഒരു ഡസൻ ഭാഷകളിൽ പ്രവീണനാണ് പ്രൊഫസ്സർ ചാക്കോ.

ശ്രീ. ചാക്കോയ്ക്ക് യൂറോപ്പിൽവച്ച് ഒരു അപകടമുണ്ടായതിനെത്തുടർന്ന് ലഭിച്ച നഷ്ടപരിഹാരതുക പുസ്തകങ്ങൾ വാങ്ങിക്കുന്നതിനുവേണ്ടിയാണ് വിനിയോഗിച്ചത്.


മൂവാറ്റുപുഴയിലെ വിമലാ ഹോംസയൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായിരുന്ന മങ്ങാട്ട് കുടുംബാംഗമായ ശ്രീമതി ലില്ലിയാണ് ഭാര്യ. ഇപ്പോൾ മൂവാറ്റുപുഴയിൽ നിന്നും താമസം എറണാകുളത്തേക്കുമാറ്റി.

വിലാസം - പ്രൊഫ. പി.റ്റി.ചാക്കോ,<br>
കല്ലറയ്ക്കൽ,<br>
സൗത്ത് ജനതാറോഡ്,<br>
പാലാരിവട്ടം - കൊച്ചി.

www.malankaralibrary.com

# 85

# ഫാ. കമിൽ സി.എം.ഐ.



കേരളീയർ മരിയ ഭക്തിയിൽ മുന്നിട്ടു നിൽക്കുന്നു. മരിയ ഭക്തരുടെ നാടായ കേരളത്തിൽ മരിയ ഭക്തി പ്രചാരണത്തിൽ മുഴുകി ജീവിക്കുന്ന ഒരു വൈദീകനാണ് സി.എം.ഐ. സഭാംഗമായ ഫാ.കമിൽ.

പാലാ വലിയപള്ളിയുടെ സ്ഥാപകരായ വയലക്കൊമ്പുകുടുംബത്തിന്റെ ശാഖയായ നീലിയറ കുടുംബത്തിൽ ജോസഫ് - ത്രേസ്യാമ്മ ദമ്പതികളുടെ സീമന്തപുത്രനായി 1928 ആഗസ്റ്റ്മാസം 7-ാം തീയതി ജനിച്ചു. പരിശുദ്ധ കന്യകയുടെ സ്വർഗ്ഗാരോപണ ദിനമായ ആഗസ്റ്റ് 15-ന് ജ്ഞാനസ്നാനം സ്വീകരിച്ചു. ജോസഫ് എന്നായിരുന്നു മാമ്മോദീസാ പേര്.

പാലാ പട്ടണത്തിന്റെ സമീപമുള്ള പാറപ്പള്ളി ഗവൺമെന്റ് പ്രൈമറി സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. മിഡിൽസ്കൂൾ വിദ്യാഭ്യാസം മാതൃഭവനത്തിൽ നിന്നുകൊണ്ട് ചെങ്ങളത്താണ് നടത്തിയത്. മീനച്ചിലാററിൽ പാലം ഇല്ലാതിരുന്നതിനാൽ വള്ളം കടന്ന് സ്കൂളിൽ പോകേണ്ടതിനാലാണ് മിഡിൽസ്കൂൾ വിദ്യാഭ്യാസം ചെങ്ങളത്ത് നിർവ്വഹിച്ചത്. പിന്നീട് സെന്റ് തോമസ് ഹൈസ്കൂളിൽ ചേർന്നു. മലയാളം ഹയർ പഠിക്കുകയും തുടർന്ന് ഇംഗ്ലീഷ് ഹൈസ്കൂളിൽ ചേർന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുകയും ചെയ്തു. തുടർന്ന് ഒരുവർഷക്കാലം ഇളംദേശം പ്രൈമറിസ്കൂളിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. ഇളംദേശത്ത് താമസിച്ചിരുന്ന ചെറിയാൻ നീലിയറ ആവശ്യപ്പെട്ടതനുസരിച്ചാണ് അവിടെ അദ്ധ്യാപകജോലി സ്വീകരിച്ചത്.

അദ്ധ്യാപകജോലി രാജിവച്ച് 1949 ൽ പാലാ സെൻട്രൽ ബാങ്കിൽ ജോലിയിൽ പ്രവേശിച്ചു. നാലുകൊല്ലം മാത്രമേ ബാങ്കൽ ജോലി നോക്കിയുള്ളു. ബാങ്കുജോലി രാജിവച്ച് 1953 ൽ സി.എം.ഐ. സഭയിൽ ചേരുകയാണുണ്ടായത്. 1955 ൽ പ്രഥമ വ്രതാനുഷ്ഠാനം നിർവ്വഹിച്ചു. കമിൽ എന്ന പേര് സ്വീകരിച്ചു. 1962 മെയ് മാസം 17-ാം തീയതി പൗരോഹിത്യ പദവിയിലേക്കുയർത്തപ്പെട്ടു. ധ്യാനപ്രസംഗരംഗത്ത് പ്രത്യേക ശ്രദ്ധ ചെലുത്തി പ്രവർത്തിച്ച ഫാ.കമിൽ, സെന്റ് ജോസഫ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ പ്രൊക്കുറേററായി ജോലി നോക്കി. 1966 മുതൽ 1969 വരെ പൂഞ്ഞാർ ആശ്രമത്തിന്റെ ശ്രേഷ്ഠനായി പ്രവർത്തിച്ചു.

1969 മുതൽ പാലാ രൂപതയിലെ വിവിധ സന്യാസസഭകളുടെ ആസ്പീരൻസ്, പോസ്റ്റുലൻസ്, നൊവിഷ്യേററ്, ജൂണിയറേററ് മുതലായവയുടെ മാസ്റ്ററായും പഠന ഗുരുവായും സേവനം അനുഷ്ഠിച്ചു. 1974 മുതൽ 1979 വരെ കർമ്മലകുസുമം മാസികയുടെ എഡിറററായി പ്രവർത്തിച്ചു.

www.malankaralibrary.com

മാസികയുടെ പ്രചരണത്തിനായി കേരളത്തിലുടനീളം പ്രസംഗപര്യടനം നടത്തി.

ആത്മകഥയുൾപ്പെടെ 53 ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ദൈവശാസ്ത്രം, തത്വശാസ്ത്രം, മാർക്സിസം, വിമോചനദൈവശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം, ആദ്ധ്യാത്മിക ദൈവശാസ്ത്രം, ക്രിസ്തുവിജ്ഞാനീയം, മരിയശാസ്ത്രം, ബൈബിൾ മനഃശാസത്രം, സന്യാസജീവിതം, കുടുംബജീവിതം എന്നിങ്ങനെ അനേകം വിഷയങ്ങളെ ആസ്പദമാക്കിയാണ് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചത്.


ദീപിക, സത്യദീപം, ദീപനാളം, കർമ്മലകുസുമം, കതിരൊളി, സമർപ്പിത മുതലായ പ്രസിദ്ധീകരണങ്ങളിൽ അനേകം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പാലാ രൂപതാ വൈദികസെനററ്, പാസ്റ്ററൽ കൗൺസിൽ, ലിററർജിക്കൽ കമ്മററി എന്നിവയിൽ ഫാ. കമിൽ അംഗമായിരുന്നിട്ടുണ്ട്. 15 വർഷക്കാലം ലീജിയൻ ഓഫ് മേരിയുടെ പൂഞ്ഞാർ കൂരിയായുടെ ഡയറക്ടറായിരുന്നു.

1991 ജൂലൈ മുതൽ ഒക്ടോബർവരെ വിദേശപര്യടനം നടത്തിയ ഫാ.കമിൽ, വിശുദ്ധനാടുകളിലും ലൂർദ്ദ്, ഫാത്തിമ എന്നിവിടങ്ങളിലും തീർത്ഥാടനം നടത്തി. ഈ യാത്രയിൽ അമേരിക്കയും ജർമ്മനിയും സന്ദർശിക്കുകയുണ്ടായി. മാതാവിന്റെയും യൗസേഫ് പിതാവിന്റെയും വണക്കമാസം നവീകരിച്ച് പ്രസിദ്ധപ്പെടുത്തിയ ഫാ. കമിൽ മാന്നാനത്തുനിന്നും പ്രസിദ്ധീകരിച്ച ആധുനിക ബൈബിളിന്റെ അസോസിയേററ് എഡിററായിരുന്നു.

മരിയഭക്തി പ്രചാരണത്തിൽ മുഴുകിയിരിക്കുന്ന ഫാ.കമിൽ മരിയൻ ഭക്തി പ്രഭാഷണങ്ങളും, മരിയൻ ധ്യാനങ്ങളും ഇടവക ധ്യാനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു. വിശ്രമരഹിതമായ ജീവിതം നയിക്കുന്ന ഫാ.കമിൽ സി.എം.ഐ., മരിയഭക്തിയിൽ അതീവ തല്പരനുമാണ്.

വിലാസം - ഫാ. കമിൽ സി.എം.ഐ.,
സെന്റ് ആന്റണീസ് സി.എം.ഐ. ഭവൻ പുതുപ്പള്ളി.

# 86



## എം. എം. ജേക്കബ്ബ്

സ്വാതന്ത്ര്യസമരസേനാനി, യുവജനനേതാവ്, മികച്ച പാർലമെന്റേറിയൻ എന്നിങ്ങനെ വിവിധനിലകളിൽ മായാത്ത വ്യക്തിമുദ്രപതിപ്പിച്ച എം.എം.ജേക്കബ്ബ് രാമപുരത്തെ പുരാതനവും

www.malankaralibrary.com

പ്രശസ്തവുമായ മുണ്ടക്കൽ കുടുംബത്തിൽ ഉലഹന്നൻ മാത്യൂ- റോസമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രനായി 1928 ഓഗസ്റ്റ് 10-ാം തീയതി ജനിച്ചു.

രാമപുരം സെന്റ് അഗസ്റ്റിൻസ് ഹൈസ്ക്കൂൾ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, തേവര സേക്രട്ട് ഹാർട്ട് കോളേജ്, മദ്രാസ് ലയോളാ കോളേജ്, ലക്നൗ യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിൽ പഠിച്ച് എം.എ., എൽ.എൽ. ബി. ബിരുദങ്ങൾ സമ്പാദിച്ചു. ഇൻകംടാക്സ് നിയമത്തിൽ ഡിപ്ലോമാ കരസ്ഥമാക്കിയ ജേക്കബ്ബ് അമേരിക്കയിലെ ചിക്കാഗോ യൂണിവേഴ്സിറ്റിയിൽനിന്നും സോഷ്യൽസയൻസിൽ പഠനവും പരിശീലനവും നേടി. വിദ്യാർത്ഥിയായിരിക്കുമ്പോൾ അദ്ദേഹം കോളേജിലും യൂണിവേഴ്സിറ്റിയിലും വിദ്യാർത്ഥി സംഘടനകളുടെ മുൻനിരയിൽ പ്രവർത്തിച്ചിരുന്നു. കായികമത്സരങ്ങളിലും കളികളിലും പങ്കെടുക്കുന്ന നല്ല ഒരു അത്ലറ്റ് കൂടിയായിരുന്ന ജേക്കബ്ബ് ഇംഗ്ലീഷിലും മലയാളത്തിലും മികച്ച ഒരു പ്രഭാഷകനും കൂടിയായിരുന്നു. തിരുവിതാംകൂർ സർവ്വകലാശാല ലേബർ കോർപ്സിലെയും ഇന്ത്യൻ എയർ ട്രെയിനിംഗ് കോർപ്സിലെയും കേഡറ്റും ആയിരുന്നു ജേക്കബ്ബ്.

വിദ്യാർത്ഥിയായിരുന്നപ്പോൾ സ്വാതന്ത്ര്യ സമരത്തിൽ സജീവമായി പങ്കെടുത്തു. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിന് ആവേശം പകർന്നു നൽകിയ പലമഹായോഗങ്ങളിലും അദ്ദേഹം പ്രസംഗകനായിരുന്നു. തേവരകോളേജിൽ യൂണിയൻ സെക്രട്ടറിയായിരുന്ന ജേക്കബ്ബ്, മദ്രാസ്,ലക്നൗ യൂണിവേഴ്സിറ്റികളിൽ വിദ്യാർത്ഥി സംഘടനകളുടെ ഭാരവാഹിയും ആയിരുന്നു. സ്ക്കൂൾ തലത്തിൽ അഖിലേന്ത്യാ വിദ്യാർത്ഥി സംഘടനയിലെ ഒരു അംഗമായിരുന്ന ജേക്കബ്ബ് തിരുവനന്തപുരത്ത് സജീവ പ്രവർത്തകനുമായിരുന്നു. കേരള ഹൈക്കോടതിയിൽ അഡ്വക്കേറ്റായി എൻറോൾ ചെയ്തു. കോട്ടയത്ത് പ്രക്ടീസ് ആരംഭിച്ചെങ്കിലും ഭൂദാന പ്രസ്ഥാനം, ഭാരത് സേവക് സമാജ്, മുതലായ അഖിലേന്ത്യാപ്രസ്ഥാനങ്ങളിൽ ആകൃഷ്ടനായി മുഴുവൻ സമയസാമൂഹ്യപ്രവർത്തകനായിത്തീരുകയും ദേശീയ നേതൃത്വനിരയിൽ എത്തിച്ചേരുകയും ചെയ്തു. ഭൂദാൻ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ വിനോബാഭാവേയുടെ ആശയങ്ങൾ ജനമദ്ധ്യത്തിൽ- വിശിഷ്യായുവജനങ്ങളിൽ എത്തിക്കുന്നതിന് യുവജനനേതാക്കളുടെ യോഗങ്ങളും പരിശീലന ക്യാമ്പുകളും സംഘടിപ്പിച്ചു. ഭൂദാൻ മൊബൈൽ വർക്ക് സ്ക്വാഡിന്റെ ജോ. സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെടുകയും കോട്ടയത്ത് മാങ്ങാനം ആസ്ഥാനമാക്കി പ്രവർത്തിക്കുകയും ചെയ്തു. ഇന്ത്യൻ വൈസ്പ്രസിഡന്റ് എസ്. രാധാകൃഷ്ണൻ കോട്ടയത്ത് വന്നപ്പോൾ ഈ പ്രസ്ഥാനത്തെ പിന്തുണക്കുകയും ആശംസകൾ നേരുകയും ചെയ്തു. ബീഹാറിലെ ബോധ്ഗയായിൽ ആചാര്യ വിനോബാഭായുടെ നേതൃത്വത്തിൽ 1954 -ൽ നടന്ന ഭൂദാൻ അഖിലേന്ത്യാസമ്മേളനത്തിൽ കേരളത്തെ പ്രതിനിധീകരിച്ചത് ജേക്കബ്ബ് ആയിരുന്നു. ആസമ്മേളനത്തിൽ വച്ച് രാഷ്ട്രപതി ജേക്കബ്ബിനെ പ്രത്യേകം അഭിനന്ദിച്ചു.

www.malankaralibrary.com

രാഷ്ട്രീയ ലക്ഷ്യമില്ലാത്ത ഭാരത് സേവക്സമാജ് എന്ന സംഘടന യിൽ ജേക്കബ്ബ് അംഗമായിച്ചേർന്നു. ആ പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് പ്രധാ നമന്ത്രി ജവഹർലാൽ നെഹ്റുവും കേന്ദ്രമന്ത്രി ഗുൽസാരിലാൽ നന്ദയുമാ യിരുന്നു. ഇന്ത്യയുടെ ആസൂത്രിത വികസനത്തിനുവേണ്ടി പൊതുജന സഹ കരണം നേടുകയെന്നതായിരുന്നു ഭാരത് സേവക് സമാജിന്റെ ലക്ഷ്യം. ഈ പ്രസ്ഥാനത്തിൽ സഹായിക്കാൻ തയ്യാറായിവരുന്നവരുടെ ക്യാമ്പ് നിർദ്ദേശ കനായി ജേക്കബ്ബ് ചുമതലയേറ്റു. തുടർന്ന് ഡൽഹിയിലെത്തി ക്യാമ്പ് ലീഡർമാരുടേയും സംഘാടകരുടേയും ട്രെയിനിംഗ് പരിപാടികൾക്ക് രണ്ടു വർഷത്തോളം നേതൃത്വം നൽകി. കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴി ലുള്ള യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമായുള്ള തൊഴിൽ -സാമൂഹിക ക്യാമ്പുകളിൽ ദക്ഷിണേന്ത്യയുടെ സംഘാടകനായി പ്രവർത്തിച്ചു. തുടർന്ന് ഭാരത് സേവക് സമാജത്തിന്റെ കേരളാഘടകം ചെയർമാനായും അഖി ലേന്ത്യാ വൈസ് പ്രസിഡന്റായും സേവനം അനുഷ്ഠിച്ചു.

1957-ൽ ഇന്ത്യാഗവൺമെന്റിന്റെ തൊഴിൽ മന്ത്രാലയം അഭ്യസ്തവി ദ്യരും തൊഴിലില്ലാത്തവരുമായവരെ പരിശീലിപ്പിക്കുവാൻ ആസൂത്രണം ചെയ്ത കളമശ്ശേരിയിലെ വർക്ക് ആൻഡ് ഓറിയന്റേഷൻ സെന്റർ എന്ന പൈലറ്റ് പ്രോജക്ടിന്റെ ട്രെയിനിംഗ് സുപ്പർവൈസറായും ലയ്സൺ ഓഫീ സറായും ജേക്കബ്ബ് പ്രവർത്തിച്ചു. ഒരു മുഴുവൻ സമയ സാമൂഹ്യപ്രവർത്ത കനായിമാറിയ ജേക്കബ്ബ്, ലോകകാര്യക്ഷേത്രാസ്, അർബൻ സോഷ്യൽ വെൽഫയർ പ്രോജക്ടസ്, സ്ലം സർവ്വീസ് കേന്ദ്രങ്ങൾ, നിശാഅഭയ കേന്ദ്ര ങ്ങൾ, ഭാരത് സമാജത്തിലൂടെ പ്ലാനിംഗ് കമ്മീഷന്റെ പബ്ലിക് കോ- ഓപ്പറേ ഷൻ ഡിവിഷന്റെ പ്ലാൻ ഇൻഫർമേഷൻ കേന്ദ്രങ്ങൾ, മുതലായ പലവിധ പദ്ധതികൾക്ക് നേതൃത്വം നൽകി. ഉദയപ്പൂരിൽവച്ച് കേന്ദ്രമന്ത്രി എസ്. കെ. ഡേയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട അഖിലേന്ത്യാ പരിഷിത് കോൺഫ റൻസിൽ ബി.എസ്.എസ്.കേന്ദ്രഘടകത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തത് ശ്രീ. ജേക്കബ്ബായിരുന്നു. പ്രസ്തുത സമ്മേളനത്തിൽ പലസംസ്ഥാനങ്ങ ളിൽനിന്നുള്ള മന്ത്രിമാരും ജയ് പ്രകാശ്നാരായണനെപ്പോലുള്ള നേതാക്കളും പങ്കെടുത്തിരുന്നു.

യുനെസ്കോയുടെ യുവജനവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സേവനത്തിനും സമാധാനത്തിനും വേണ്ടി രൂപീകരിച്ച അന്താരാഷ്ട്ര ഏകോപനസമിതി, ഭാരത് സേവക് സമാജിന്റെ അന്താരാഷ്ട്രപ്രവർത്തന ക്യാമ്പുകൾ മുതലായവ ഇന്ത്യയുടെ പലഭാഗങ്ങളിലും വച്ച് നടത്തപ്പെ ടുകയുണ്ടായി. ബംഗാൾ, ബാംഗ്ലൂർ തുടങ്ങി ഭാരതത്തിന്റെ വിവിധ ഭാഗ ങ്ങളിൽവച്ച് നടത്തപ്പെട്ട ക്യാമ്പുകളുടെ മുഖ്യസംഘാടകരിൽ ഒരാളാ യിരുന്നു ജേക്കബ്ബ്. പാരീസ് കേന്ദ്രമായി പ്രവർത്തിക്കുന്ന യുനെസ്കോ യുടെ ആഭിമുഖ്യത്തിൽ ശ്രീലങ്കയിലെ കൊളബോയിൽ, കോ-ഓർഡി നേഷൻ കമ്മറ്റി ഫോർ യൂത്ത് വർക്ക് ക്യാമ്പിനെ പ്രതിനിധീകരിച്ചുകൊ

www.malankaralibrary.com

ണ്ട്, വർക്ക് ക്യാമ്പ് ലീഡർമാരുടെ ഉപദേശകനായി സേവനം അനുഷ്ഠിക്കുകയുണ്ടായി. കുട്ടികൾക്കും യുവജനങ്ങൾക്കുംവേണ്ടി തൊഴിൽ - സാമൂഹ്യ സേവന ക്യാമ്പുകൾ ഇന്ത്യയുടെ പല ഭാഗങ്ങളിൽ വച്ച് നടത്തുന്നതിനും നേതൃത്വം നൽകി. തിരുവനന്തപുരത്തുള്ള ഗാന്ധി സെന്ററിൽ നാഷണൽ ഇന്റഗ്രേഷൻ ഇന്റർ യൂണിവേഴ്സിറ്റി ക്യാമ്പിന്റെ സംഘാടകനും ഡയറക്ടറും ആയിരുന്നു ജേക്കബ്.

തേവരയിലും രാജഗിരിയിലും ആരംഭിച്ച സാമൂഹ്യസേവനവിദ്യാഭ്യാസ സ്ഥാപനത്തിൽ, സാമൂഹ്യ സേവന വിഷയത്തിൽ വിസിറ്റിംഗ് പ്രൊഫസ്സറായും അദ്ദേഹം സേവനം അനുഷ്ഠിച്ചു. ആ സ്ഥാപനത്തിന്റെ ഭരണസമിതിയംഗവുമായിരുന്നു ജേക്കബ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സോഷ്യൽ വർക്കിന്റെയും മാനേജ്മെന്റ് എഡ്യൂക്കേഷന്റെയും സ്ഥാപനങ്ങൾ സന്ദർശിക്കുകയും അവർക്ക് ക്ലാസുകൾ എടുക്കുകയും ചെയ്യുക പതിവായിരുന്നു.

1964 മുതൽ 1967 വരെ കേന്ദ്രആഭ്യന്തര മന്ത്രിയായിരുന്ന ശ്രീ. ഗുൽസാരിലാൽ നന്ദായുടെ താല്പര്യപ്രകാരം കേരളത്തിലെ സദാചാരസമിതിയുടെ കൺവീനറായി ജേക്കബ് സേവനം അനുഷ്ഠിച്ചു. ഈ കാലയളവിൽ കേരളത്തിലെ എല്ലാ ജില്ലകളിലും സദാചാരസമിതിയുടെ ശാഖകൾ സ്ഥാപിക്കുകയും അഴിമതിക്കെതിരെ ശക്തമായ പ്രവർത്തനം നടത്തുകയും ചെയ്തു.

സഹകരണപ്രസ്ഥാനരംഗത്ത് വിവിധ മേഖലകളിൽ ജേക്കബ് പ്രവർത്തിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ സ്ഥാപക പ്രസിഡണ്ട്, ജില്ലാ സഹകരണബാങ്ക് ഡയറക്ടർ, പാലാ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഡയറക്ടർ, ചിത്രലേഖാ ഫിലിം കോർപ്പറേഷൻ സൊസൈറ്റിയുടെ ഡയറക്ടർ എന്നീ നിലകളിലും പ്രശസ്ത സേവനം അനുഷ്ഠിച്ചു. ഫിലിം കോർപ്പറേഷൻ സൊസൈറ്റിയുടെ ചെയർമാനായും പ്രവർത്തിക്കുകയുണ്ടായി. കേരളസർക്കാരിന്റെ പ്രമുഖ സ്ഥാപനമായ പ്ലാന്റേഷൻ കോർപ്പറേഷൻ ചെയർമാൻ (1974-78) ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന്റെ (1977-1978) പ്രഥമ ചെയർമാൻ, എന്നീ നിലകളിൽ പ്രവർത്തിച്ച ജേക്കബ്, ഹിന്ദുസ്ഥാൻ ലാറ്റക്സിന്റെയും ഇന്ത്യൻ വാണിജ്യമന്ത്രാലയത്തിന്റെ കീഴിലുള്ള ഇന്ത്യൻ കോഫിബോർഡിന്റെയും ഇന്ത്യൻ റബ്ബർ ബോർഡിന്റെയും ഭരണസമിതിയംഗമായിരുന്നു. നാഷണൽ അലയൻസ് ഓഫ് യംഗ് എന്റർപ്രണേഴ്സ് എന്ന സംഘടനയുടെ കേരളാഘടകത്തിന്റെ ചെയർമാൻ (1974-76) ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ ഡയറക്ടർ, റെഡ്ക്രോസ് കേരളാഘടകത്തിന്റെ ഡയറക്ടർ, കേരളസംസ്ഥാന വിനോദസഞ്ചാര ഉപദേശകസമിതിയംഗം, ചെറുകിട വ്യവസായസമിതിയുടെ സംസ്ഥാന ഘടകത്തിലെ ഭരണസമിതിയംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി.

www.malankaralibrary.com

ചൈന ഇന്ത്യയെ ആക്രമിച്ചപ്പോൾ കേരളാഗവൺമെന്റ് രൂപീകരിച്ച യുവജന വിദ്യാർത്ഥി ഡിഫൻസ് കൗൺസിലിന്റെ മുഖ്യപ്രവർത്തകനായിരുന്നു അദ്ദേഹം. നിരവധി സ്ഥലങ്ങളിൽ സിറ്റിസൺ ഡിഫൻസ് കൗൺസിലുകൾ സംഘടിപ്പിക്കുകയും ഗ്രാമതലത്തിൽ വോളണ്ടിയർ സഖ്യത്തെ (1962–1966) രൂപീകരിക്കുകയും ചെയ്തു.

കേരളായൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് വെൽഫയർ സമിതിയുടെ പ്രവർത്തനങ്ങളിൽ നേതൃത്വം നൽകിയ ജേക്കബ്ബ് യൂണിവേഴ്സിറ്റി ജേർണലിന്റെ പത്രാധിപസമിതിയിൽ അംഗവുമായിരുന്നു. ബി.എസ്.എസ്സിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായി നിരവധി ക്യാമ്പുകൾ 1955 – 1965 കാലഘട്ടത്തിൽ സംഘടിപ്പിക്കുകയുണ്ടായി. കേരളാ യൂത്ത് ഹോസ്റ്റലിന്റെ ജനറൽ സെക്രട്ടറിയായും പ്രവർത്തിക്കുകയുണ്ടായി. ആ കാലഘട്ടത്തിലാണ് തിരുവനന്തപുരത്ത് വച്ച് യൂത്ത് ഹോസ്റ്റൽ അസോസിയേഷന്റെ ഏഴാമത് ദേശീയ സമ്മേളനം (1964) നടന്നത്. പല പ്രദേശങ്ങളിലും യൂത്ത് ഹോസ്റ്റൽ കെട്ടിപ്പെടുക്കുന്നതിന് പരിശ്രമിക്കുകയും ചെയ്തു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കേരളഘടകത്തിൽ പല ഔദ്യോഗികസ്ഥാനങ്ങളും അദ്ദേഹം വഹിച്ചിട്ടുണ്ട്. കെ.പി.സി.സി. ജനറൽ സെക്രട്ടറി, ട്രഷറർ, കേരളാസ്റ്റേറ്റ് സേവാദൾ ബോർഡ് ചെയർമാൻ, ഐഡിയോളജിക്കൽ സെല്ലിന്റെ കൺവീനർ, എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ജേക്കബ്ബ് എ.ഐ.സി.സി.യിൽ അനേക വർഷം തിരഞ്ഞെടുക്കപ്പെട്ട അംഗമായിരുന്നു. ദേശീയവും അന്തർദ്ദേശീയവുമായ നിരവധി സമ്മേളനങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുള്ള അദ്ദേഹം നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ഏതാനും ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

കോൺഗ്രസ്സിന്റെ ഔദ്യോഗിക പത്രികയായ വീക്ഷണത്തിന്റെ മാനേജിംഗ് ഡയറക്ടർ, ഭാരത് സേവക് സമാജത്തിന്റെ ജേർണലിന്റെയും കോൺഗ്രസ്സ് റിവ്യൂ എന്ന പ്രസിദ്ധീകരണത്തിന്റെയും പത്രാധിപർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. 1982 മുതൽ 12 വർഷക്കാലം പാർലമെന്റിന്റെ രാജ്യസഭയിൽ അദ്ദേഹം അംഗമായിരുന്നു. സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മറ്റി ചെയർമാൻ (1981–85) പാർലമെന്റ് സ്റ്റാൻഡിംഗ് കമ്മറ്റി (മിനിസ്റ്ററി ഓഫ് ഹോം അഫയേഴ്സ് 1993–94) ചെയർമാൻ, രാജ്യസഭയുടെ ഉപാദ്ധ്യക്ഷൻ (1886) പാർലമെന്ററി കാര്യമന്ത്രി (1986–89) ജലവിഭവകാര്യമന്ത്രി (1986–89) കോൺഗ്രസ്സ് പാർട്ടിയുടെ പാർലമെന്റിലെ ചീഫ് വിപ്പ് (1989–91) കേന്ദ്ര ആഭ്യന്തര വകുപ്പ് സഹമന്ത്രി (1991–93) എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. 1995 മുതൽ മേഘാലയാ ഗവർണ്ണരായി നിയമിതനായ അദ്ദേഹം രണ്ടാമതുതവണയും ഗവർണ്ണറായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. കാലാവധികഴിഞ്ഞിട്ടും ആ സ്ഥാനത്ത് തുടരുവാൻ കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്.

www.malankaralibrary.com

മേഘാലയത്തിൽ മന്ത്രിസഭാ പ്രതിസന്ധികളും ഗ്രൂപ്പുകളും ഉണ്ടായപ്പോഴെല്ലാം രാഷ്ട്രീയത്തിനതീതമായി ജേക്കബ്ബിന്റെ നിർദ്ദേശങ്ങൾ അംഗീകരിക്കുവാൻ ഭരണപ്രതിപക്ഷകക്ഷികൾ തയ്യാറായിട്ടുണ്ട്. ജേക്കബ്ബിന്റെ നിഷ്പക്ഷതയിലും നീതിനിർവ്വഹണത്തിലും മേഘാലയ ജനത ഒറ്റക്കെട്ടായി നിലകൊള്ളുന്നു. ഗോത്രവർഗ്ഗക്കാരുടെ പൈതൃകവും പാരമ്പര്യവും സംസ്കാരവും നിലനിർത്തുന്നതിൽ ബദ്ധശ്രദ്ധനാണ് ഗവർണ്ണർ എം.എം. ജേക്കബ്ബ്.

അന്തർദ്ദേശീയ തലത്തിൽ നടന്നിട്ടുള്ള നിരവധി സമ്മേളനങ്ങളിൽ ഇന്ത്യയിൽ നിന്നുള്ള പ്രതിനിധിയായി ജേക്കബ്ബ് പങ്കെടുത്തിട്ടുണ്ട്. ഐക്യ രാഷ്ട്രസഭുയടെ നേതൃത്വത്തിലുള്ള യുനെസ്കോയുടെ ആഭിമുഖ്യത്തിൽ 1956 ൽ നടന്ന യുവജനനേതാക്കന്മാരുടെ ക്യാമ്പിലും 1957 ൽ മോസ്കോയിൽ നടന്ന ആറാമത് യുവജന കോൺഫറൻസിലും, അതേവർഷംതന്നെ ഉത്തര വിയറ്റ്നാമിലും ചൈനയിലും നടന്ന അന്തർദ്ദേശീയ സമ്മേളനങ്ങളിലും ഇന്ത്യയിൽ നിന്നുള്ള യുവജനപ്രതിനിധിയായി ജേക്കബ്ബ് പങ്കെടുക്കുകയുണ്ടായി. 1963 ൽ അമേരിക്കയിലെ ക്ലീവ് ലാന്റിൽ നടന്ന അന്തർദ്ദേശീയ തലത്തിലുള്ള സാമൂഹ്യപ്രവർത്തകരുടെ സമ്മേളനത്തിലും 1968 ൽ ജർമ്മനിയിലെ ബോണിൽനടന്ന വികസ്വര രാജ്യങ്ങളിലെ യുവജനനേതാക്കന്മാരുടെ സമ്മേളനത്തിലും, 1976 ൽ അന്തർദ്ദേശീയ സോഷ്യൽ അഡ്മിനിസ്റ്ററേഷൻ പ്രവർത്തകരുടെ യു.എസ്.എ.യിലെ ഒഹിയോയിലെ ക്ലിവ് ലാന്റ് സമ്മേളനത്തിലും 1975 ൽ മലേഷ്യയിലെ കോലാലംപൂരിലും 1980 ൽ ശ്രീലങ്കയിലുംവച്ചുനടന്ന റബ്ബർ ഉല്പാദക രാഷ്ട്രങ്ങളിലെ പ്രതിനിധികളുടെ സമ്മേളനത്തിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

1986 ൽ ലണ്ടനിൽ വച്ചുനടന്ന കോമൺവെൽത്ത് അംഗരാഷ്ട്രങ്ങളിലെ പാർലമെന്റ് മെമ്പർമാരുടെ സമ്മേളനത്തിൽ രാജ്യസഭാ ഡപ്യൂട്ടി ചെയർമാൻ എന്ന നിലയിൽ പങ്കെടുത്തു. മദ്ധ്യആഫ്രിക്കയിലെ Zaire എന്ന സ്ഥലത്തുവച്ചു നടന്ന പാർലമെന്റംഗങ്ങളുടെ ഡലഗേഷനെ നയിച്ച ജേക്കബ്ബ് 1989 ൽ ബുഡാപെസ്റ്റിലും 1985 ൽ മെക്സിക്കോയിലും നടന്ന പാർലമെന്റംഗങ്ങളുടെ അന്തർദ്ദേശീയ സമ്മേളനങ്ങളിലും ഇന്ത്യൻ പ്രതിനിധിയായി പങ്കെടുത്തു.

ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയോഗത്തിൽ പങ്കെടുക്കാൻ 1985 ലും 1993 ലും ന്യൂയോർക്കിലേക്ക് ജേക്കബ്ബ് പോവുകയുണ്ടായി. ഫ്രാൻസിൽ നടന്ന ഹ്യൂമൻ റൈറ്റ്സ് കോൺഫറൻസിലും (1993) ആസ്ത്രിയായിലെ വിയന്നായിൽ നടന്ന (1994) ഹ്യൂമൻ റൈറ്റ്സ് കോൺഫൻസിലും ഘാനായിൽ വച്ചു നടന്ന (1993) കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ സമ്മേളനത്തിലും പങ്കെടുത്ത ജേക്കബ്ബ് 1994 ൽ സൗത്ത് ആഫ്രിക്കയിൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ കോമൺവെൽത്ത് രാജ്യങ്ങളുടെ പ്രതിനിധിയെന്ന നിലയിൽ നിരീക്ഷകനായും പങ്കെടുത്തു.


www.malankaralibrary.com

തിരുവല്ലായിലെ കുന്നുത്തറ കുടുംബാംഗമായ അച്ചാമ്മയായിരുന്നു ഭാര്യ.

Address - 1. Sri. M.M Jacob, Governor of Maghalaya, Rajbhavan, Shillong P.O., Meghalaya.

2. Sri. M.M. Jacob,Mundackel, Ramapuram Bazar - P.O., Kerala

# 87



# സി.എ. ജോൺ (ജെ.സി. കണ്ടോത്ത്)

ക്രിസ്തുവിന്റെ മണ്ണിൽനിന്ന് ദൈവത്തിന്റെ സ്വന്തം നാട്ടിലേക്ക് എന്ന ഒറ്റ ചരിത്ര ആഖ്യായിക രചിച്ചുകൊണ്ട് മലയാളികളുടെ ഹൃദയംകവർന്ന ജെ.സി. കണ്ടോത്ത് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സി.എ. ജോൺ അരണാട്ടുകരയിലെ പ്രസിദ്ധവും പുരാതനവും ആയ ചിരിയങ്കണ്ടത്ത് കുടുംബത്തിൽ സി.എൽ. ആന്റണി - താണ്ടമ്മ ദമ്പതികളുടെ മകനായി 1928 ആഗസ്റ്റ് 17-ാം തീയതി ജനിച്ചു. (താണ്ടമ്മ തറയിൽ കുടുംബാംഗമാണ്) അരണാട്ടുകര വളരെ പുരാതനമായ ഒരു വ്യാപാരകേന്ദ്രമായിരുന്നു. അരുണാട്ടുകരകടവിൽ, തിരുവനന്തപുരം, ആലപ്പുഴ, കൊച്ചി എന്നിവിടങ്ങളിൽനിന്ന് കെട്ടുവള്ളത്തിൽ കച്ചവട ചരക്കുകൾ 20-ാം നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ വന്നിരുന്നു. തൃശൂർ 1815 ൽ ആണ് ആദ്യം ക്രിസ്ത്യാനികൾക്ക് ഒരു പള്ളിയുണ്ടാകുന്നത്. എന്നാൽ അരുണാട്ടുകരപള്ളി (കിഴക്കേപള്ളി ഇന്നില്ല) പണിതത് എ.ഡി. 1796 ലാണ്. അതിന് അനേകം വർഷങ്ങൾക്കുമുൻപ് ക്രിസ്ത്യാനികൾ അരുണാട്ടുകരയിൽ താമസമാക്കിയിരുന്നു.

അരണാട്ടുകരയിലെ തരകൻ സ്കൂളിലായിരുന്നു പ്രൈമറി വിദ്യാഭ്യാസം. ഹൈസ്കൂൾ, കോളേജ് വിദ്യാഭ്യാസം തൃശൂർ സെന്റ് തോമസിലും അരണാട്ടുകരയിൽ നിന്നും തൃശൂർ വരെ നടന്നായിരുന്നു പഠനം. 1946 ൽ പത്താംക്ലാസ് പാസ്സായപ്പോൾ ജോൺ പിതാവിന്റെ കൂടെ കോഴിക്കോട് പട്ടണത്തിൽ എത്തുകയും കച്ചവടത്തെപ്പറ്റി പഠിക്കാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ ഒരുവർഷത്തിനുശേഷം തൃശൂർ എത്തി കോളേജിൽ പഠനം ആരംഭിച്ചു. ഇടവക പരിപാടികളിലും സ്കൂൾ കലാപരിപാടികളിലും സജീവമായ നേതൃത്വം നൽകിയിരുന്ന ജോൺ ഒരു കലാകാരൻ എന്ന നിലയിലും ചെറുപ്പത്തിൽ തന്നെ അറിയപ്പെട്ടിരുന്നു. പല നാടകങ്ങളിലും അദ്ദേഹം നായകനായിതന്നെ അഭിനയിച്ചിരുന്നു. വിദ്യാഭ്യാസകാലത്ത് മാഗസിനുകളിലും ആനുകാലിക പ്രസിദ്ധീകരണങ്ങളിലും ചെറുകഥകളും നോവലു

www.malankaralibrary.com

കളും എഴുതി പ്രസിദ്ധീകരിച്ചിരുന്ന ജോൺ സ്പോർട്സിലും ഗെയിംസിലും ഉന്നതനിലവാരം പുലർത്തിയിരുന്നു. സെന്റ് തോമസ് കോളേജിൽ ബാഡ്മിന്റൺ ചാമ്പ്യനായിരുന്ന ജോൺ ഫുട്ബോൾ, വോളിബോൾ ടീമുകളുടെ ക്യാപ്റ്റനായിരുന്നു. ഷോട്ട്പുട്ട്, ജാവലിൻ മത്സരങ്ങളിൽ ഒന്നാമനും ആയിരുന്നു. ജിംനേഷ്യത്തിലും മുൻനിരക്കാരനായിരുന്നു.

ബി.എ. ഡിഗ്രി എടുത്തശേഷം 1952 ൽ മദ്രാസിൽ എത്തി അഗർവാൾ പ്ലാസ്റ്റിക്സിൽ മാനേജരായി ജോലിയിൽ പ്രവേശിച്ചു. 1954 ൽ തിരിച്ചെത്തി കാത്തലിക് സിറിയൻ ബാങ്കിൽ ജോലിയിൽ പ്രവേശിച്ചു. ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച ജോൺ ഓഫീസറായും മാനേജരായും ഹെഡ് ആഫീസ് സൂപ്രണ്ടായും പടിപടിയായി ഉയർന്നു. തൃശൂർ ബാങ്കേഴ്സ് ക്ലബ് വൈസ്പ്രസിഡണ്ടായി രണ്ടു ടേം പ്രവർത്തിക്കുകയുണ്ടായി. ജോലിയിലിരിക്കെ സി.എ.ഐ.ഐ.ബി. പരീക്ഷ എഴുതുകയും പാസ്സാകുകയും ചെയ്തു. ജോലിയിൽനിന്നും വിരമിച്ചതിനുശേഷം തൃശൂർ ഇൻവെസ്റ്റേഴ്സ് ഫോറം എന്ന ഷെയർ ട്രേഡിംഗ് ഓർഗനൈസേഷനിൽ ഡയറക്ടറായും പ്രസിഡണ്ടായും പ്രവർത്തിക്കുകയുണ്ടായി. തുടർന്ന് 1990 ൽ അദ്ദേഹം ജനങ്ങൾക്ക് വളരെയേറെ പ്രയോജനകരമായി ഭവിക്കാവുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി ഷെയർമാർക്കറ്റ് എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. ഷെയർമാർക്കറ്റ് ഇന്നത്തേതുപോലെ ശക്തമല്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് ഈ ഗ്രന്ഥം രചിച്ചത്. ഷെയർമാർക്കറ്റിൽ പണം നിക്ഷേപിക്കുന്നവർക്ക് ഇന്ന് ഈ ഗ്രന്ഥം ഒരു അത്താണിയാണ്. ഷെയർ, ഡിബഞ്ചർ, ഷെയർ അലോട്ട്മെന്റ് ഷെയർ ട്രാൻസ്ഫർ, ഓഹരികൾക്കുള്ള നികുതി ആനുകൂല്യങ്ങൾ, സ്റ്റോക്ക് എക്സ്ചേഞ്ച് പ്രവർത്തനം, ഓഹരിക്കാരുടെ അവകാശങ്ങൾ ഇവയെല്ലാം ആധികാരികമായി വിശദീകരിക്കുന്ന ഈ ഗ്രന്ഥം ഷെയർമാർക്കറ്റുമായി ബന്ധപ്പെടാൻ ആഗ്രഹിക്കുന്നവർക്കും, ഏർപ്പെട്ടിരിക്കുന്നവർക്കും വളരെയധികം പ്രയോജനകരമാണ്. ഓഹരി വിപണിയെപ്പറ്റി ഏകദേശം മൂന്നു ദശാബ്ദക്കാലം അദ്ദേഹം നേടിയ പ്രായോഗിക പരിജ്ഞാനം മറ്റുള്ളവർക്കുകൂടി നൽകുന്നതിനുള്ള ഒരു ശ്രമമായി ഈ ഗ്രന്ഥരചന.

അതിനുശേഷം 15 വർഷങ്ങൾക്കുശേഷമാണ് ജോൺ മറ്റൊരു ഗ്രന്ഥം രചിക്കുന്നത്. ആദ്യഗ്രന്ഥത്തിൽനിന്ന് വിഭിന്നമാണ് ഈ ഗ്രന്ഥം. ഒരു വർഷക്കാലത്തെ പഠനത്തിന്റെയും പരിശ്രമത്തിന്റെയും വെളിച്ചത്തിൽ തയ്യാറാക്കിയ ഈ ഗ്രന്ഥം ഒരു ചരിത്ര ആഖ്യായികയാണ്. ക്രിസ്തുവിന്റെ മണ്ണിൽനിന്ന് ദൈവത്തിന്റെ സ്വന്തം നാട്ടിലേയ്ക്ക് എന്നാണ് ഈ ഗ്രന്ഥത്തിന്റെ പേര്. ഈ ഗ്രന്ഥത്തിന് ജോർജ് മേനാച്ചേരി എഴുതിയ അവതാരികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "എട്ടുവീട്ടിൽപിള്ളമാർ, തമ്പിമാർ, ചാന്നാൻമാർ എന്തിന് മാർത്താണ്ഡവർമ്മ മഹാരാജാവ് പോലും സാധാരണക്കാരായ മലയാളികൾക്കിന്ന് പരിചിതരാണെങ്കിൽ അതിന് നാം കടപ്പെട്ടിരിക്കുന്നത് രാജകീയ രേഖകളോടോ ചരിത്രഗ്രന്ഥങ്ങളോടോ അല്ല,

www.malankaralibrary.com

പ്രത്യുത സി.വി. യുടെ ചരിത്രനോവലിനോടത്രെ. അന്നും ഇന്നും ചരിത്രം അറിയുന്നതും ആസ്വദിക്കുന്നതും ചരിത്രത്തെ അനുഭവിക്കുന്നതും, വീരഗാഥകൾ, മുത്തശ്ശിക്കഥകൾ, നാടോടിചരിത്രനാടകങ്ങൾ ചരിത്ര നോവലുകൾ എന്നിവയിലൂടെയാണ്. ജൂലിയസ് സീസറും, മാർക്ക് ആന്റണിയും, ക്ലിയോപാട്രയുമൊക്കെ ഇന്ന് ലോകമെമ്പാടും സാധാരണസംഭാഷണങ്ങളിൽപോലും കടന്നുവരുന്നെങ്കിൽ അത് ഷെക്സ്പിയറുടെ റോമാചരിത്ര നാടകങ്ങൾകൂടി കാരണമാണ്. സർ വാൾട്ടർ സ്കോട്ടിന്റെ "വേവർലി" "ഐവാൻഹോ" തുടങ്ങിയ ചരിത്ര നോവലുകൾക്ക് അവ രചിക്കപ്പെട്ട പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപാദംമുതൽക്കു സിദ്ധിച്ച പ്രചാരം പരക്കെ അറിയപ്പെടുന്നതാണല്ലോ. ടോൾസ്റ്റോയിയുടെ യുദ്ധവും സമാധാനവും, ഡിക്കൻസിന്റെ രണ്ടു നഗരങ്ങളുടെ കഥ ഇവയും ചരിത്ര നോവലുകളുടെ വിജയത്തിന് ഉദാഹരണങ്ങളാണ്. ഭാരതചരിത്രത്തിലെ പ്രഗത്ഭരായ ചന്ദ്രഗുപ്തമൗര്യനും, ചാണക്യനും, അനുവാചകഹൃദയങ്ങളിൽ എത്ര വലിയ സ്ഥിരപ്രതിഷ്ഠയാണ് നേടിയെടുത്തിരിക്കുന്നത്.

കേരളചരിത്രത്തെയും നസ്രാണിപ്പഴമയേയും സാധാരണക്കാരിൽ എത്തിക്കുന്നതിനുള്ള ഒരു ഉത്തമശ്രമം കൂടിയായിട്ടുണ്ട് ശ്രീ. ജെ.സി. കണ്ടോത്തിന്റെ ക്രിസ്തുവിന്റെ മണ്ണിൽനിന്ന് ദൈവത്തിന്റെ സ്വന്തം നാട്ടിലേയ്ക്ക് എന്ന ഈ രചന. മറ്റുപല ആഖ്യായികളിലുമെന്നപോലെ രണ്ടുകഥകൾ ഇതിൽ കൂട്ടിമെടഞ്ഞിരിക്കുകയാണ്. ഒന്ന് കേരളത്തിലെ വാണിജ്യബന്ധങ്ങളുടെ പശ്ചാത്തലത്തിൽ, കേരളചരിത്രത്തെയും സംസ്കാരത്തെയും സമൂഹത്തെയും ഏറെ സ്വാധീനിച്ച, മദ്ധ്യപൗരസ്ത്യദേശങ്ങളിൽ നിന്നുള്ള ചെറുതും വലുതുമായ കുടിയേറ്റങ്ങളുടെ കഥ. ഈ കഥാതന്തുവിന്റെ നായകൻ, നാലാം നൂറ്റാണ്ടിൽ കേരളത്തിൽ എത്തിയ പേഴ്സ്യൻ കുടിയേററക്കാരുടെ നേതാവും വർത്തക പ്രമാണിയുമായ കാനാത്തൊമ്മനത്രെ. ഭാവനാസൃഷ്ടിയായ ഇതര കഥയുടെ നായകൻ കഥാകൃത്തിന്റെ തന്നെ പേരും രൂപസാദൃശ്യവുമുള്ള യോഹന്നാൻ എന്ന യഹൂദ പടയാളിയുമാണ്. നായികയാകട്ടെ സുന്ദരിയും സുശീലയും അതേസമയം ധൈര്യവതിയും തന്റേടിയുമായ ഹന്നായും. അവരുടെ പ്രണയ നദിക്ക് വിഘ്നം കൂടാത്ത ഒഴുക്ക് അനുഭവപ്പെടുന്നുമില്ല.

ഒരു ചരിത്ര ആഖ്യായിക എന്ന നിലയിൽ വളരെ ശ്രദ്ധാർഹമാണ് ജോണിന്റെ ഈ കൃതി. ഒറ്റ ഇരിപ്പിൽ രസകരമായി വായിച്ചുതീർക്കാവുന്ന തരത്തിൽ ഉദ്വേഗപൂർണ്ണമായ രംഗങ്ങളും സംഭവപരമ്പരകളും ആണ് ഇതിൽ പരാമർശിച്ചിരിക്കുന്നത്. ഈ കൃതിയുടെ സാങ്കേതിക മികവും ചരിത്രപശ്ചാത്തലം കൈകാര്യം ചെയ്തിരിക്കുന്നതിലെ ശ്രദ്ധയും ഔചിത്യവും സർവ്വോപരി ഗ്രന്ഥകാരന്റെ നിരീക്ഷണപാടവവും സാമർത്ഥ്യവും എല്ലാം പ്രത്യേകം എടുത്തുപറയേണ്ടതാണ്. ഈ ആഖ്യായിക വായനക്കാരനെ രസിപ്പിക്കുകതന്നെ ചെയ്യും. അതേസമയം ആദ്യനൂറ്റാണ്ടുകളിലെ കേരളത്തിലെ ഇരുളടഞ്ഞ ചരിത്രത്താളുകളിലേക്ക് വായനക്കാരനെ കൂട്ടിക്കൊണ്ടു


www.malankaralibrary.com

പോവുകയും ചെയ്യും.

അവതാരകകാരൻ എഴുതിയിരിക്കുന്നതുപോലെ "ഒരടിപൊളി മസാലപ്പടത്തിന്റെയും ഒരു ബസ്റ്റ് സെല്ലർ നോവലിന്റെയും സാഹസ വിനോദ സഞ്ചാരത്തിന്റെയും ചേരുവകളൊക്കെ ഇതിലുണ്ട്"

ഒരു ചരിത്ര മനസ്സിന്റെ ഉടമയായ ജോൺ 60 ൽ പരം ഗ്രന്ഥങ്ങൾ വായിച്ച് പഠിച്ച് തയ്യാറാക്കിയതാണ് ഈ ഗ്രന്ഥം. ഇംഗ്ലീഷ്, മലയാളം, തമിഴ്, ഹിന്ദി എന്നീ ഭാഷകൾ എഴുതുവാനും സംസാരിക്കുവാനും കഴിവുള്ള ജോൺ ഇംഗ്ലീഷിൽ ഒരു ഗ്രന്ഥം രചിക്കാനുള്ള ശ്രമത്തിലാണ്. ആ പുസ്തകത്തിന്റെ പേര് "Persecutions of Christians in India" എന്നാണ്. ചേറ്റുപഴുക്കാരൻ കുടുംബാംഗമായ ലൂസിയാണ് സഹധർമ്മിണി.

വിലാസം - ജെ.സി. കണ്ടോത്ത്, കോ-ഓപ്പേറേറ്റീവ് റോഡ്, തൃശൂർ - 20



# 88

# ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി

ക്നാനായ മക്കളെ മുപ്പത്തിയെട്ടു വർഷം ധീരതയോടെ നയിക്കുകയും അസൂയാവഹമായ വിധത്തിൽ തന്റെ അജഗണത്തെ ആത്മീയവും ഭൗതികവുമായ വളർച്ചയുടെ പടവുകളിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്ത ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി കടുത്തുരുത്തിയിലെ പുരാതന പ്രശസ്ത കുടുംബമായ കുന്നശ്ശേരി കുടുംബത്തിൽ ജോസഫ് അന്നമ്മ ദമ്പതികളുടെ സീമന്ത പുത്രനായി 1928 സെപ്റ്റംബർ 11-ന് ഭൂജാതനായി. ആയോധന വിദ്യയിൽ അദ്വിതീയരായിരുന്ന കുന്നശ്ശേരി കുടുംബത്തിലെ കാരണവന്മാർ നാടിനും സഭക്കും സമുദായത്തിനും വേണ്ടി നടത്തിയ ധീരോദാത്ത പോരാട്ടങ്ങൾ ചരിത്രത്തെ നിറം പിടിപ്പിക്കുന്ന സംഭവങ്ങളാണ്. കോട്ടയം ഇടയ്ക്കാട്ടു സ്കൂളിലും സി.എൻ.ഐ. സ്കൂളിലും കടുത്തുരുത്തി സെന്റ് മൈക്കിൾസ് മിഡിൽ സ്കൂളിലും കോട്ടയം തിരുഹൃദയക്കുന്നു സ്കൂളിലുമായിരുന്നു വിദ്യാഭ്യാസം. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ കുര്യാക്കോസ് തിരുഹൃദയക്കുന്നിലുള്ള മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. ആലുവായിലെ മംഗലപ്പുഴ സെമിനാരിയിൽ വേദശാസ്ത്ര പഠനം നടത്തുമ്പോൾ രൂപതാദ്ധ്യക്ഷൻ റോമിലെ പ്രൊപ്പഗാന്താ കോളേജിലേക്ക് ഉപരിപഠനത്തിനയച്ചു. വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ബ്രദർ കുര്യാക്കോസ് 1955 ഡിസംബർ 21-ാം

www.malankaralibrary.com

തീയതി കർദ്ദനാൾ ക്ലമന്റ് മിക്കാറയിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. പിറ്റേദിവസം സെന്റ് പീറ്റേഴ്സ് ബസ്ലിക്കായിലുള്ള വി. പത്താം പീയൂസിന്റെ അൾത്താരയിൽ പ്രഥമ ദിവ്യബലിയർപ്പിച്ചു. വൈദികപട്ടമേറ്റതിനു ശേഷവും ഏതാനും കാലം ഉപരിപഠനത്തിനായി റോമിൽ താമസിക്കുകയുണ്ടായി. റോമിലെ ഊർബൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ലൈസൻഷ്യേറ്റും ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ നിന്ന് കാനൻ നിയമത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കി. കോട്ടയം രൂപതയിൽ നിന്നും ജെ.യു.ഡി. ബിരുദം സമ്പാദിച്ച ആദ്യത്തെ വൈദികനാണദ്ദേഹം.

നിരവധി ബിരുദങ്ങളുമായി നാട്ടിൽ തിരിച്ചെത്തിയ കുര്യാക്കോസച്ചൻ തറയിൽ തിരുമേനിയുടെ സെക്രട്ടറിയായും രൂപതാചാൻസലറുമായി നിയമിതനായി. രണ്ടുവർഷത്തിനുശേഷം വീണ്ടും ഉപരിപഠനത്തിനായി വിദേശത്തേക്കു പുറപ്പെട്ടു. അമേരിക്കയിലെ ബോസ്റ്റൻ കോളേജിൽ നിന്നും രാഷ്ട്രമീമാംസയിൽ മാസ്റ്റർ ബിരുദം നേടി. തിരികെ കേരളത്തിലെത്തിയ അദ്ദേഹം പിതാവിന്റെ സെക്രട്ടറിയായും രൂപതാചാൻസലറായും ഒരിക്കൽ കൂടി സേവനമനുഷ്ഠിക്കുവാൻ നിയുക്തനായി. തുടർന്ന് കോട്ടയം ബി.സി.എം. കോളേജിൽ അദ്ധ്യാപകനായി. അദ്ധ്യാപകനെന്ന നിലയിൽ ചുരുങ്ങിയ കാലം കൊണ്ടുതന്നെ പ്രശസ്തി നേടി. അദ്ധ്യാപക ജോലിയോടൊപ്പം അപ്നാദേശ് വാരികയുടെ പത്രാധിപർ, കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചാപ്ലെയിൻ, കാരിത്താസ് ആശുപത്രിയുടെ ഡയറക്ടർ ബോർഡിന്റെ വൈസ് പ്രസിഡന്റ് എന്നീനിലകളിലും സേവനം ചെയ്തു. പിന്നീട് തിരുഹൃദയക്കുന്ന് സെമിനാരിയുടെ റെക്ടറായി നിയമിതനായി. റെക്ടർ ജോലിയിലിരിക്കെ 1967 ഡിസംബർ 9-ാതീയതി പോൾ ആറാമൻ മാർപ്പാപ്പ ഇദ്ദേഹത്തെ കേഫായുടെ സ്ഥാനിക മെത്രാനായും കോട്ടയം രൂപതയുടെ പിൻതുടർച്ചാവകാശത്തോടു കൂടിയ സഹായ മെത്രാനായും നിയമിക്കപ്പെട്ടു. 1968 ഫെബ്രുവരി 24-ാം തീയതി കോട്ടയം തിരുഹൃദയക്കുന്നിൽവച്ച് മെത്രാഭിഷേക കർമ്മം നടന്നു. മെത്രാഭിഷേക കർമ്മത്തിലെ മുഖ്യ കാർമ്മികൻ പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫക്റ്റ് കർദ്ദനാൾ മാക്സ് മില്യൻ ദെഫുസ്റ്റൻ ബർഗ് ആയിരുന്നു. 1974 മേയ് 5-ന് മാർ തോമസ് തറയിൽ രൂപതാഭരണത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് രൂപതാഭരണം ഏറ്റെടുത്തു. കോട്ടയം രൂപതയുടെ പ്ലാറ്റിനം ജൂബിലി സ്മരണികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "മെത്രാൻ പ്രധാനമായും വിശ്വാസ സത്യങ്ങളുടെ പ്രബോധകനാണല്ലോ. തന്റെ കീഴിലുള്ളവരെ വിശ്വാസ സത്യങ്ങൾ പഠിപ്പിക്കുവാൻ പിതാവ് പ്രദർശിപ്പക്കുന്ന തീക്ഷ്ണത പ്രശംസനീയമാണ്. അറിവുള്ളതുകൊണ്ട് വസ്തുതകൾ മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാൻ അദ്ദേഹത്തിന് സാധിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ആവേശകരങ്ങളോ വികാരങ്ങളെ ഇളക്കുന്നവയോ അല്ല. പക്ഷെ ചിന്തകളെ മഥിക്കുന്നവയാണ്. ഹൃദയത്തിൽ ചലനങ്ങൾ ഉളവാക്കുന്നവയാണ്. രണ്ടാം ചിന്ത

www.malankaralibrary.com

യിലേക്കും ഉറച്ച ബോധ്യങ്ങളിലേക്കും നയിക്കുന്നവയും ആണ്. അനേകം ഭാഷകൾ അനായാസമായി കൈകാര്യം ചെയ്യാനുള്ള കഴിവും അദ്ദേഹത്തിനുള്ള അസാധാരണ സിദ്ധിയാണ്. പ്രഗത്ഭനായ ഭരണാധികാരിയാണ് കുന്നശ്ശേരിൽ പിതാവ്. തറയിൽ പിതാവിനോടൊത്ത് ഉത്തരവാദിത്വമേറിയ ജോലികൾ കൈകാര്യം ചെയ്തതിൽ നിന്നും ലഭിച്ച അനുഭവ സമ്പത്തും, നൈയാമിക കാര്യങ്ങളിലുള്ള അഗാധമായ അറിവും, കാര്യങ്ങൾ ഉൾക്കൊള്ളാനും ഔചിത്യപൂർവ്വം പ്രതികരിക്കാനുമുള്ള ജന്മ സിദ്ധമായ കഴിവും ഭരണ രംഗത്തെ വിജയത്തിൽ അദ്ദേഹത്തിന് സഹായഘടകങ്ങളാണ്. പിതാവിന്റെ ഓർമ്മ ശക്തി ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. നീതി അർഹമായ രീതിയിൽ എല്ലാവർക്കും നൽകുവാനും പ്രശ്നങ്ങളിൽ ശരിയായ തീരുമാനമെടുക്കുവാനും ഈ കഴിവ് പിതാവിനെ സഹായിക്കുന്നു......... സമുദായ സ്നേഹം പിതാവിന്റെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്ന വികാരമാണ്. പാരമ്പര്യം മുറുകെ പിടിക്കുവാനും പൈതൃകം സംരക്ഷിക്കുവാനും അദ്ദേഹം സദാ ജാഗ്രതയുള്ളവനാണ്. സമുദായത്തോട് കൂറുണ്ടാകണമെങ്കിൽ ബോധവൽക്കരണം ആവശ്യഘടകമാണെന്ന് മനസ്സിലാക്കി അതിനനുസൃതമായ പല പദ്ധതികളും ആസൂത്രണം ചെയ്തു. ക്രൈസ്തവകലകളുടെ സംരക്ഷണത്തിനായി ഹാദൂസ സ്ഥാപിക്കുന്നതിൽ പിതാവ് കാണിച്ച താല്പര്യം ഇവിടെ സ്മരണീയമാണ്.

പൗരസ്ത്യാരാധനാക്രമങ്ങളുടെ സംരക്ഷണകാര്യത്തിലും ഉറച്ചനിലപാടാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്...... സമുദായാന്തരീക്ഷത്തിൽനിന്നും അകന്നുപോയതിന്റെ ഫലമായി സമുദായസ്നേഹം കുറഞ്ഞുപോകുന്നവരെ തിരികെ കൊണ്ടുവരുന്നതിന് പിതാവ് നടത്തിയശ്രമങ്ങൾ ആരും ഒരിക്കലും മറക്കുകയില്ല. ഹൈറേഞ്ചിലെയും മലബാറിലെയും ഉൾപ്രദേശങ്ങളിൽ അസംഘടിതരായി കുടിയേറിയ ക്നാനായ മക്കൾ സ്വന്തം ദേവാലയത്തിനായി കൊതിക്കുകയും പലനാൾ അപേക്ഷകൾ സമർപ്പിക്കുകയും ചെയ്തെങ്കിലും അനുകൂലമായ നടപടികൾ ഒന്നും എടുത്തിരുന്നില്ല. കുന്നശ്ശേരി പിതാവ് രൂപതാഭരണം ഏറ്റെടുത്തതോടെ ഇങ്ങനെയുള്ള പലസ്ഥലങ്ങളിലും പുതിയ ദേവാലയങ്ങൾ ആരംഭിച്ചു. അന്യ സമുദായങ്ങളിൽ ലയിച്ചുചേർന്ന് സമുദായത്തിൽ നിന്നും നഷ്ടപ്പെടുവാൻ സാധ്യതയുണ്ടായിരുന്ന ആയിരക്കണക്കിനാടുകളെ സ്വസമുദായത്തിൽ ഉറപ്പിച്ചുനിർത്തുവാൻ സാധിച്ചതിൽ ഈ ഇടയന് എന്നും അഭിമാനിക്കാം. ഇടവകകൾ വർദ്ധിച്ചതോടെ സമുദായത്തിന്റെ കെട്ടുറപ്പും ശക്തിയും വർദ്ധിച്ചു. കണ്ണൂരുള്ള ശ്രീപുരത്ത് ബറുമറിയം പാസ്റ്റൽ സെന്റർകൂടി ആരംഭിച്ചതോടെപുതിയൊരു രൂപതആരംഭിക്കാനുള്ള എല്ലാസാധ്യതകളുമായി. മലബാറിലെ പുരോഗതിയുടെ പിന്നിൽ കുന്നശ്ശേരി പിതാവിന്റെ ശക്തമായ കരങ്ങൾ ദർശിക്കാം.

വൈദികരിലും സന്യാസിസന്യാസിനികളിലും അൽമായരിലും ആദ്ധ്യാത്മിക ചൈതന്യം നിലനിൽക്കണമെന്ന ലക്ഷ്യത്തോടെ കോതനല്ലൂരിൽ ആരം

www.malankaralibrary.com

ഭിച്ച "തൂവാനിസാ" പ്രാർത്ഥനാലയം കുന്നശ്ശേരി പിതാവിന്റെ ദീർഘദൃഷ്ടിക്ക് മകുടോദാഹരണമാണ്. സാമൂഹികപ്രവർത്തനങ്ങൾ വഴിയുള്ള സുവിശേഷ വൽക്കരണത്തിന്റെ അനന്തസാധ്യതകൾ മനസ്സിലാക്കി അനേകം പദ്ധതികൾ കുന്നശ്ശേരി പിതാവ് ആരംഭിച്ചു. അതിൽ പ്രധാനമാണ് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി. രൂപതയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്കായി സ്വരൂപിച്ച ഫണ്ടിൽ നല്ലൊരു ഭാഗം സാമൂഹികപ്രവർത്തനങ്ങൾക്കായി ചില വഴിക്കുകയാണ് ചെയ്തത്. രൂപതയുടെ വിവിധ ഭാഗങ്ങളിൽ, ജീവിത സായാഹ്നങ്ങളിൽ സ്നേഹവും ശുശ്രൂഷയും ലഭിക്കാതെ കഴിയുന്നവർക്കായി തെള്ളകത്തും പുഴിക്കോലിലും സ്ഥാപിച്ച വൃദ്ധമന്ദിരങ്ങൾ പിതാവിന്റെ സാമൂഹിക ദർശനത്തിന് ഉദാഹരണമാണ്. വിദ്യാഭ്യാസ രംഗത്തും ആതുരശുശ്രൂഷാരംഗത്തും രൂപതക്കുണ്ടായ നേട്ടങ്ങൾ അസൂയാർഹമാണ്. മാർ കുര്യാക്കോസ് കുന്നശ്ശേരിയുടെ പൗരോഹിത്യ രജതജൂബിലിയും സുവർണ്ണ ജൂബിലിയും മെത്രാഭിഷേക രജത ജൂബിലിയും സപ്തതിയും പഞ്ചസപ്തതിയുമെല്ലാം ക്നാനായ സമുദായം അതിഗംഭീരമായി ആഘോഷിച്ചതിൽ നിന്നും സമുദായത്തിന് പിതാവിനോടുള്ള താൽപര്യം എത്ര വലുതാണെന്ന് മനസ്സിലാക്കാൻ സാധിക്കും. അപ്നാദേശ് ന്യൂസ് എഡിറ്റർ സാബു കുര്യൻ മാർ മാത്യു മൂലക്കാടിന്റെ സ്ഥാനാരോഹണ സപ്ലിമെന്റിൽ (മലയാള മനോരമ 2006 ജനു.14) എഴുതിയ ലേഖനത്തിലെ ഏതാനും ഭാഗം താഴെ ചേർക്കുന്നു. " തന്റെ ജനത്തിനു വേണ്ടി എല്ലാം സമർപ്പിച്ച ഇടയനെയാണ് കുന്നശ്ശേരി പിതാവിലൂടെ ക്നാനായ സമുദായത്തിന് ലഭിച്ചത്. ആളുകളെ തേടിച്ചെന്ന ഇടയനായിരുന്നു അത്. ലോകത്ത് ക്നാനായാക്കർ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം കുന്നശ്ശേരി പിതാവെത്തി. അവരെയെല്ലാം തനിമയുടെ ഒറ്റച്ചരടിൽ അദ്ദേഹം കോർത്തിണക്കി. സമുദായത്തിലെ ബഹുഭൂരിപക്ഷത്തെയും പേരു ചൊല്ലി വിളിക്കാൻ പറ്റുന്ന ബന്ധമാണ് ഈ ഇടയൻ വളർത്തിയെടുത്തത്. കോട്ടയം രൂപതയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കാൻ എൺപതുകളിൽ പിതാവ് ആവിഷ്ക്കരിച്ചു നടപ്പാക്കിയ പദ്ധതി കേരള സഭയിൽ തന്നെ ആദ്യ സംഭവമായിരുന്നു. ജീവിത ദുരിതങ്ങളിൽ ക്ലേശിക്കുന്നവരുടെ കണ്ണീരൊപ്പുന്ന അനുകമ്പാർദ്ര ഹൃദയമാണ് കുന്നശ്ശേരി പിതാവിനുണ്ടായിരുന്നത്. രൂപതയിൽ ഉയർന്നു വന്ന വൃദ്ധ സദനങ്ങൾ, അനാഥ മന്ദിരങ്ങൾ, ബാലഭവനുകൾ, എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട രോഗികൾക്ക് വേണ്ടിയുള്ള കേന്ദ്രങ്ങൾ, എച്ച്. ഐ.വി. എയ്ഡ്സ് ബാധിതർക്കു വേണ്ടിയുള്ള ശുശ്രൂഷാ കേന്ദ്രം തുടങ്ങിയവയൊക്കെ അദ്ദേഹത്തിന്റെ സേവന തൃഷ്ണയുടെ മകുടോദാഹരണങ്ങളായി തലയുയർത്തി നിൽക്കുന്നു. കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ഈ ഇടയന്റെ പ്രേഷിത വഴിയിൽ പൊൻവെളിച്ചമാണ്. ഒരു വർഷം കൊണ്ട് പണി തീർത്ത ഈ സ്ഥാപനം മദ്ധ്യകേരളത്തിൽ ആയിരങ്ങൾക്ക് അത്താണിയായി മാറിയിട്ടുണ്ട്. സ്വപ്നപദ്ധതിയെന്ന് പേരിട്ട് കാരിത്താസിൽ ആരംഭിക്കുന്ന ഹാർട്ട് കെയർ യൂണിറ്റും കുന്നശ്ശേരി

www.malankaralibrary.com

പിതാവിന്റെ സമൂഹത്തോടുള്ള പ്രതിബദ്ധതയുടെ പ്രതീകമായി പരിലസി ക്കും...... ക്നാനായ സമുദായം ഇന്ന് സാങ്കേതികമായി ഏറ്റം മുന്നേറിക്കഴിഞ്ഞു. ഇതിന് അടിസ്ഥാന സൗകര്യം ഒരുക്കിയത് നേഴ്സിംഗ് സ്കൂളുകളും മറ്റ് വിദ്യാ ഭ്യാസ സ്ഥാപനങ്ങളുമാണ്. കാലത്തിന്റെ ചുവരെഴുത്തുകൾ മുമ്പെ വായിച്ച് കുന്നശ്ശേരി പിതാവ് ഇതിനെല്ലാം വേണ്ട അടിത്തറ ഒരുക്കി. ആധുനിക കാല ഘട്ടത്തിന്റെ വെല്ലുവിളികൾ മറികടന്ന് തനിമയും പാരമ്പര്യവും ഹൃദയത്തിൽ ആവാഹിക്കുന്ന ഒരു ജനതയ്ക്ക് പ്രോജ്ജ്വലമായ നേതൃത്വം നൽകുവാൻ കുന്ന ശ്ശേരി പിതാവിന് കഴിഞ്ഞു. സഭയ്ക്കും സമുദായത്തിനുവേണ്ടി ഉഴിഞ്ഞുവച്ച തായിരുന്നു ആ ജീവിതം.

ഹൈറേഞ്ചിലും മലബാറിലുമൊക്കെ ക്നാനായ മക്കൾക്ക് അജപാ ലന ശുശ്രൂഷ ഒരുക്കുവാൻ തയ്യാറായ വസ്തുത മുകളിൽ പ്രസ്താവിച്ചുവ ല്ലോ. കേരളത്തിന് പുറത്ത് ബാംഗ്ലൂരും, മുംബെയിലും ന്യൂഡൽഹിയിലു മൊക്കെ ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കാൻ കുന്നശ്ശേരി പിതാവ് ശ്രമിച്ചു. വിദേശത്തേക്ക് മിഷൻ ശുശ്രൂഷയ്ക്കായി ഒരു വൈദികനെ ആദ്യം അയ ച്ചത് കുന്നശ്ശേരി പിതാവാണ്. അമേരിക്കൻ ഐക്യനാടുകളിലും ക്യാന ഡായിലുമായി പതിനാറോളം ക്നാനായ മിഷൻ കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

കോട്ടയത്തെ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാറിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സാമൂഹ്യസേവനരംഗത്തെ അത്ഭു തങ്ങളാണ് രചിക്കുന്നത്. ഈ സംഘടനയുടെ കീഴിലുള്ള സ്വാശ്രയസംഘ ങ്ങളിലൂടെ നാനാജാതിമതസ്ഥരായ ആയിരങ്ങൾ ജീവിതത്തിന്റെ പച്ചപ്പി ലേക്ക് കൈപിടിച്ചുയർത്തപ്പെടുന്നു. സുനാമിപുനരധിവാസത്തിനായി ഒരു കോടി രൂപാ സമാഹരിച്ച് 38 വീടുകൾ നിർമ്മിച്ച് നൽകിയതും പ്രത്യേകം എടുത്തുപറയേണ്ടതാണ്.

റവ. ഡോ. തോമസ് കോട്ടൂർ ഇപ്രകാരം എഴുതിയിരിക്കുന്നു."അനു രഞ്ജനത്തിന്റെ ഇടനിലക്കാരൻ, സംയോജനത്തിന്റെ നടുനായകൻ, കാനൻ നിയമ വിചക്ഷണൻ, ചടുലസംഭാഷകൻ തുടങ്ങിയ നിലകളിൽ സഭയ്ക്കും സമൂഹത്തിനും ഏറെ സംഭവനകൾ നൽകിയിട്ടുണ്ട് മാർ കുന്നശ്ശേരി. കോട്ട യത്തെ തന്റെ അരമന നിരീശ്വർക്കും, വ്യത്യസ്തമതവിഭാഗങ്ങൾക്കും വിവിധ രാഷ്ട്രീയപാർട്ടികൾക്കും അശരണർക്കും അഗതികൾക്കും ആതിഥ്യം നൽകിയതിന്റെ പിന്നിൽ ബിഷപ്പിന്റെ ഹൃദയവിശാലതയുണ്ട്."

അൽമായരെ ഏറ്റം ആദരിക്കുന്ന ഒരു സമൂഹമാണ് ക്നാനായ സമൂ ഹം. അതിൽ ഏറ്റം മുന്നിൽ നിൽക്കുന്നത് മാർ കുന്നശ്ശേരി തിരുമേനി തന്നെ യാണ്. വിശ്വസ്തരും കഴിവുള്ളവരുമായ അൽമായരെ കാണുമ്പോൾ രൂപതക്ക് അവരെ എങ്ങിനെ പ്രയോജനപ്പെടുത്താമെന്ന് കുന്നശ്ശേരി പിതാവ് ചിന്തിക്കു കയും ചെയ്യും. സാധാരണ കേരളത്തിൽ ഒരിടത്തും അൽമായനു വേണ്ടി ഒരു സ്മാരകം ഉണ്ടാക്കാൻ ആരും ശ്രമിക്കാറില്ല. രാജ്യത്തിനും സമുദായ

www.malankaralibrary.com

ത്തിനും വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിച്ചിട്ടുള്ള തച്ചിൻ മാത്തൂത്തരകൻ, ഷെവ. ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മൻ, ദാസൻ വർക്കി എന്ന എം.എം. വർക്കി, ഐ.സി. ചാക്കോ തുടങ്ങിയ പ്രതിഭാശാലികളെ സ്മരിക്കുവാനോ അവർക്ക് ഒരു സ്മാരകമേർപ്പെടുത്തുവാനും ഇതുവരെ ആരും തയ്യാറായിട്ടില്ല. അതേ സമയം ഷെവ. വി. ജെ. ജോസഫിന്റെ പേരിൽ ഒരു ട്രയിനിംഗ് കോളേജ് ആരംഭിച്ച് കോട്ടയം രൂപത വി.ജെ. ജോസഫിനെ സ്മരിച്ചിരിക്കുന്നു. എത്രയോ അൽമായരെയാണ് പേപ്പൽ ബഹുമതിനൽകി കുന്നശ്ശേരി പിതാവ് ആദരിച്ചിരിക്കുന്നത്. ജസ്റ്റീസ് സിറിയക്ക് ജോസഫ് പൗരോഹിത്യ സുവർണ്ണജൂബിലി സമാപനസമ്മേളനത്തിൽ ഇപ്രകാരം പറഞ്ഞു. "അൽമായർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുന്ന കാര്യത്തിൽ പിതാവ് ഏറെ മുന്നിലായിരുന്നു. കേരളത്തിലെ മറ്റൊരു രൂപതയും ഇതിനടുത്ത് വരില്ല. ഒരു വ്യക്തിയെ ആദരിക്കുമ്പോൾ ആ വ്യക്തിയുടെ മൂല്യങ്ങളും ജീവിതദർശനങ്ങളുമാണ് ആദരിക്കപ്പെടുന്നത്. സവിശേഷവ്യക്തിത്വത്തിനുടമയായിരുന്ന കുന്നശ്ശേരി പിതാവ് എല്ലാവർക്കും എല്ലാമായി വർത്തിച്ചിരുന്നു.......അതിരൂപതയിലെ അൽമായ സംഘടനകൾക്ക് വൻവളർച്ചയുണ്ടായ ഒരു കാലഘട്ടമായിരുന്നു ഇത്. അവർക്ക് എല്ലാവിധ പിന്തുണയും പ്രോത്സാഹനവും പിതാവ് നൽകി. ഭാവനാപൂർണ്ണമായ നിർദ്ദേശങ്ങളിലൂടെ അൽമായ പ്രസ്ഥാനങ്ങളെ കൂടുതൽ കരുത്തുറ്റതാക്കാൻ പിതാവിന് കഴിഞ്ഞു."

രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലും തന്റെ അജഗണങ്ങൾ വളരണമെന്ന് കുന്നശ്ശേരി പിതാവ് ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തിരുന്നു. അത് എല്ലാവരും അംഗീകരിക്കുകയും ചെയ്യുന്നു. നിങ്ങൾക്കുവേണ്ടി ഞാൻ ബിഷപ്പും നിങ്ങളോടൊപ്പം ഞാനൊരു ക്രിസ്ത്യാനിയും എന്ന വി. അഗസ്തീനോസിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് 1968 ഫെബ്രുവരി 24-ാം തീയതി മെത്രാൻ പദവി ഏറ്റെടുത്ത മാർ കുര്യാക്കോസ് കുന്നശ്ശേരി 37 വർഷത്തെ സുദീർഘമായ സേവനത്തിനു ശേഷം 2006 ജനുവരി 14 ന് റിട്ടയർ ചെയ്ത് വിശ്രമജീവിത്തിലേക്ക് പ്രവേശിച്ചിരിക്കുകയാമ്. തന്റെ പിൻഗാമിയായി പണ്ഡിതനും പക്വമതിയുമായ മൂലക്കാട്ട് പിതാവിന്റെ കരങ്ങളിൽ അധികാരമേൽപിച്ചുകൊണ്ട്.


കോട്ടയം രൂപത ഒരു അതിരൂപതയായി ഉയർത്തപ്പെടുവാൻ തിരുമേനി വർഷങ്ങളായി ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തിരുന്നു. ഒന്നിലും പരാജയപ്പെടാത്ത തിരുമേനി അക്കാര്യത്തിലും വിജയിച്ചു. കോട്ടയം രൂപതയെ അതിരൂപതയാക്കുകയും അതിന്റെ പ്രഥമ മെത്രാപ്പോലീത്തയായി കുന്നശ്ശേരി പിതാവ് നിയമിക്കപ്പെടുകയം ചെയ്തതിൽ ക്നാനായ മക്കൾ വളരെ സന്തോഷിക്കുകയാണിന്ന്. വിശ്രമജീവിതം നയിക്കുന്ന തിരുമേനിക്ക് മംഗളങ്ങൾ.

വിലാസം - ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ്, കുന്നശ്ശേരി,കാത്തലിക്
ആർച്ച് ബിഷപ്സ് ഹൗസ്, കെ.കെ. റോഡ് കോട്ടയം.

www.malankaralibrary.com

# 89

# മോൺ. ജോസഫ് കാക്കശ്ശേരി



പ്രഗത്ഭനായ ഇടവക വികാരി, ഭരണതന്ത്രജ്ഞൻ, സാമൂഹ്യപ്രവർത്തകൻ, സംഘാടകൻ, എല്ലാവർക്കും പ്രിയങ്കരനായ വികാരി ജനറാൾ എന്നീ നിലകളിൽ വ്യക്തിമുദ്രപതിപ്പിച്ച തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ മോൺ ജോസഫ് കാക്കശ്ശേരി മറ്റം ആളൂരിൽ കാക്കശ്ശേരി കുടുംബത്തിൽ തോമസ് കുഞ്ഞായി ദമ്പതികളുടെ മകനായി 1928 നവംബർ 22 ന് ജനിച്ചു. ആളൂർ സെന്റ് ജോസഫ് എൽ.പി. സ്കൂൾ, സെന്റ് ഫ്രാൻസീസ് അപ്പർ പ്രൈമറിസ്കൂൾ, എൽത്തുരത്ത് സെന്റ് അലോഷ്യസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. തുടർന്ന് തൃശൂർ സെന്റ് തോമസ് കോളേജിൽ ചേർന്ന് ഇന്റർമീഡിയറ്റ് പരീക്ഷ പാസ്സായി. തൃശൂർ തോപ്പ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. തുടർന്ന് മംഗലപ്പുഴ സെമിനാരിയിൽ ചേർന്നു. അവിടെനിന്നും ഉപരിപഠനാർത്ഥം റോമിലെ പ്രൊപ്പഗാന്താ കോളേജിലേക്ക് ബ്രദർ ജോസഫിനെ അയച്ചു. 1955 ഡിസംബർ 21-ാം തീയതി റോമിൽവച്ച് കർദ്ദനാൾ മിക്കാറിയിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു. വൈദികനായതിനുശേഷം ഏതാണ്ട് ആറുമാസക്കാലം റോമിൽ വീണ്ടും പഠനം തുടർന്നു. തിരിച്ചുവരുംവഴി യൂറോപ്പിലെ പ്രധാനരാജ്യങ്ങളും പലസ്തീനായിലെ പുണ്യസ്ഥലങ്ങളും സന്ദർശിച്ചു. റോമിൽ വൈദികവിദ്യാർത്ഥിയായിരിക്കുമ്പോൾ പലപ്രാവശ്യം പരിശുദ്ധപിതാവിനെ സന്ദർശിക്കാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി. വിശുദ്ധയൗസേഫ് പിതാവിനെ തൊഴിലാളി മദ്ധ്യസ്ഥനായി പ്രഖ്യാപിച്ച ചടങ്ങിലും വിശുദ്ധ പത്താംപീയൂസ് പല വിശുദ്ധരെയും വിശുദ്ധരായി പ്രഖ്യാപിച്ച ചടങ്ങുകളിലും സംബന്ധിക്കുവാൻ കാക്കശ്ശേരിയച്ചന് സാധിച്ചിട്ടുണ്ട്.

1956 ൽ തൃശൂർ മൈനർ സെമിനാരി റെക്ടറായിരുന്ന മോൺ.പോൾ കാക്കശ്ശേരിയുടെ അസിസ്റ്റന്റായിട്ടാണ് ഫാ. ജോസഫ് കാക്കശ്ശേരിയുടെ വൈദികജീവിതത്തിന്റെ തുടക്കം. റോമിൽനിന്നും നേടിയെടുത്ത വിജ്ഞാനസമ്പത്ത് വൈദിക വിദ്യാർത്ഥികൾക്ക് പകർന്നുകൊടുക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ഈ കാലഘട്ടത്തിൽ വേദോപദേശം, സൊഡാലിറ്റി, വിശ്വാസപ്രചാരണം, ഹോളി ചൈൽഡ്ഹുഡ് എന്നീ സംഘടനകളുടെ അസിസ്റ്റന്റ് ഡയറക്ടർ എന്ന നിലകളിലും പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. തുടർന്ന് അവിട്ടത്തൂർ പള്ളിവികാരി (1962) മരിയാപുരം മലബാർ മിഷനറി ബ്രദേഴ്സിന്റെ ഡയറക്ടർ (1964) പെരിഞ്ചേരി വികാരി (1965) എന്നീ നിലകളിലും പ്രവർത്തിക്കുകയുണ്ടായി. തുടർന്ന് പാലയ്ക്കൽ പള്ളിവികാരിയായും

www.malankaralibrary.com

അവണിശ്ശേരി ബാലസദനം ഡയറക്ടറായും രൂപതാ അസിസ്റ്റന്റ് പ്രൊക്യൂറേറ്ററായും സെക്രട്ടറിയായും വൈസ് ചാൻസലറായും പ്രവർത്തിച്ചു.

1970 ൽ പാലക്കൽപള്ളി വികാരിയായിരുന്ന കാലത്ത് മെത്രാസന അരമനയിൽ പല ഓഫീസ് കെട്ടിടങ്ങളുടെയും നിർമ്മാണ ചുമതല കാക്കശ്ശേരിയച്ചനായിരുന്നു. 1971 ൽ അരമനയിൽ സോഷ്യൽ സർവ്വീസ് ഡയറക്ടറായും അസിസ്റ്റന്റ് പ്രൊക്കുറേറ്ററായും ചുമതലവഹിക്കുകയുണ്ടായി. ഈ സമയത്താണ് സോഷ്യൽ വെൽഫെയർ സെന്റർ എന്ന് അറിയപ്പെടുന്ന കുറി (ചിട്ടി) സ്ഥാപനത്തിന് രൂപംകൊടുത്തത്. 1972 ൽ സെന്റ് തോമസ് കോളേജ് ഹൈസ്കൂളിന്റെ മാനേജരായും 1973 ൽ തൃശൂർ രൂപതാ സെക്രട്ടറിയായും നിയമിതനായി. വൈദികനായതുമുതൽ ഉത്തരവാദിത്വമേറിയ പലസ്ഥാനങ്ങളും അലങ്കരിച്ച കാക്കശ്ശേരിയച്ചനെ 1974 സെപ്റ്റംബർ 17–ാം തീയതി 45–ാമത്തെ വയസ്സിൽ ലൂർദ്ദ് ഭദ്രാസനദേവാലയത്തിലെ വികാരിയായി നിയമിച്ചു. തൃശൂർ മുൻസിപ്പൽ ചെയർമാനായിരുന്ന പ്രൊഫ. എൻ. ഡി. ജോർജ് ഈ നിയമനത്തെപ്പറ്റി എഴുതിയിരിക്കുന്ന ഏതാനും വാക്കുകൾ ഉദ്ധരിക്കട്ടെ. “അനുകരണീയമായ കാര്യശേഷിയുടെയും സൗരഭ്യം വിതറുന്ന പെരുമാറ്റത്തിന്റെയും അംഗീകാരമായിരുന്നു ഈ നിയമനം. വൈദീകനായതുമുതൽ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങൾ അലങ്കരിച്ച ഫാ. ജോസഫ് കാക്കശ്ശേരി കഴിഞ്ഞ 6 വർഷക്കാലങ്ങൾക്കുള്ളിൽ ഇടവകക്കാരുടെ കലവറയില്ലാത്ത സ്നേഹാദരങ്ങൽ സമ്പാദിച്ചു എന്നുള്ളതിന്റെ തെളിവാണ് ഇടവകക്കാർ എല്ലാവരും ഒത്തുചേർന്ന് നടത്തുന്ന കാക്കശ്ശേരിയച്ചന്റെ പൗരോഹിത്യ രജതജൂബിലയാഘോഷങ്ങൾ. ഇടവകക്കാരുടെ മേന്മയേയും ആദ്ധ്യാത്മികചൈതന്യത്തേയും ലാക്കാക്കി പ്രവർത്തിക്കുന്ന കാക്കശ്ശേരിയച്ചൻ എണ്ണയൊഴിച്ച യന്ത്രംപോലെ സദാചലിച്ചുകൊണ്ടിരിക്കുന്നു.” ലൂർദ്ദുപള്ളിയിൽനിന്നും ഒല്ലൂർപള്ളിവികാരിയായിട്ട് സ്ഥലംമാറുകയുണ്ടായി. 1956 മുതൽ 85 വരെ ഒരു വിദേശമോട്ടോർ സൈക്കിളിൽസഞ്ചരിച്ചുകൊണ്ടാണ് കാക്കശ്ശേരിയച്ചൻ തന്റെ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. 1982–88 കാലഘട്ടത്തിൽ തൈക്കാട്ടുശ്ശേരിപള്ളി ഒരു സ്വതന്ത്ര ഇടവകയായി ഉയർത്താനും ചിയ്യാരത്ത് പുതിയ പള്ളിക്കുവേണ്ടി സ്ഥലം വാങ്ങുവാനും സാധിച്ചു. 1988 മുതൽ 88 വരെ ജൂബിലി മിഷൻ ഹോസ്പിറ്റൽ, സെന്റ് മേരീസ് ഓർഫനേജ് കോംപ്ലക്സ്, എന്നിവയുടെ ഡയറക്ടറായിരുന്നു കാക്കശ്ശേരിയച്ചൻ. ജൂബിലിമിഷൻ ഹോസ്പിറ്റലിന്റെ വമ്പിച്ച വികസനത്തിന് ആരംഭമിട്ടത് കാക്കശ്ശേരിയുടെ കാലഘട്ടത്തിലാണ്. 1988 മുതൽ 99 വരെ പാവറട്ടിതീർത്ഥകേന്ദ്രത്തിന്റെ റെക്ടറായി പ്രവർത്തിച്ചതിനുശേഷം തൃശൂർ അതിരൂപതയുടെ വികാരി ജനറാളായി ഉയർത്തപ്പെട്ടു. അതിരൂപതയിലെ പല പ്രധാന സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ച ഒരു കാലഘട്ടമായിരുന്നു അത്. മഹാജൂബിലി സമാപന ആഘോഷങ്ങൾ, അതിരൂപതാ അസംബ്ലി, ജൂബിലി മെഡിക്കൽ കോളേജ്, ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, മഹാജൂബിലി

www.malankaralibrary.com

ട്രെയിനിംഗ് കോളേജ് എന്നിവയുടെ ആരംഭം ഈ കാലത്താണ് നടന്നത്.

മോൺ. ജോസഫ് കാക്കശ്ശേരിയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ശ്രീ ബേബി മൂക്കൻ കേരളവാണി വാർത്താവാരികയിൽ എഴുതിയ ലേഖനത്തിലെ ഒരുഭാഗം ഉദ്ധരിക്കട്ടെ. "അതിരൂപതയുടെ ഏതൊരുപ്രവർത്തനത്തിനായാലും അഭിവന്ദ്യപിതാവിനോട് തികഞ്ഞവിധേയത്വം പുലർത്തിക്കൊണ്ട് ശക്തമായ നേതൃത്വം നൽകുവാൻ അദ്ദേഹത്തിനുകഴിഞ്ഞു. വികാരി ജനറാളെന്ന നിലയിൽ സെന്റ് തോമസ് കോളേജ് മാനേജർ കൂടിയായിരുന്ന അച്ചൻ അവിടെ നടപ്പാക്കിയ പുനരുദ്ധാരണ പ്രവർത്തനം വരും തലമുറ സ്മരിക്കുമെന്ന്ത് തീർച്ചയാണ്. എൺപതോളം വർഷം പഴക്കമുള്ള കേരളത്തിലെ ആദ്യത്തെ കത്തോലിക്കാ കോളേജിനെ പഴയ പാരമ്പര്യത്തിലും പ്രതാപത്തിലും അതേപടി നിലനിർത്തുന്നതിനുവേണ്ടി അദ്ദേഹം നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ കോളേജിനെ മനോഹരമാക്കിമാറ്റി. ഇതിനെപ്പറ്റി പല ഭിന്നാഭിപ്രായങ്ങളും പൊന്തിവന്നെങ്കിലും പണിതീർന്നപ്പോൾ എല്ലാവരും അച്ചന്റെ ആശയത്തെ അംഗീകരിക്കുകയായിരുന്നു. മാർ ജോസഫ് കുണ്ടുകുളം ബിഷപ്പായി വന്നപ്പോൾ രൂപതയിൽ തുടങ്ങിവച്ച സോഷ്യൽ വെൽഫെയർ സെന്ററിന്റെ സ്ഥാപകരിലൊരാളായ കാക്കശ്ശേരി അച്ചൻ സെക്രട്ടറി, പ്രസിഡണ്ട്, ഗവേണിംഗ്ബോഡിയംഗം തുടങ്ങിയനിലകളിൽ നിരവധി വർഷം ഇതിൽ പ്രവർത്തിച്ചിട്ടുണ്ട്.

ആമ്പല്ലൂരിലെ അളഗപ്പചെട്ടിയാരുടെ അളഗപ്പ പോളിടെക്നിക്ക് രൂപതവാങ്ങുന്നതിനുവേണ്ടി മുൻകൈയെടുത്ത പ്രമുഖ വൈദികൻ മോൺ കാക്കശ്ശേരിയാണ്. പലരും കടുത്ത വിമർശനത്തോടെ അതിനെ കണ്ടെങ്കിലും ഇന്ന് അതിരൂപതയുടെ ഒരു പ്രമുഖ സ്ഥാപനമായി അതു വളർന്നുകഴിഞ്ഞു. ആരംഭകാലത്ത് അവിടെയുണ്ടായ അദ്ധ്യാപകവിദ്യാർത്ഥി സമരങ്ങളും മറ്റു നിയമപ്രശ്നങ്ങളും അവധാനതയോടും എന്നാൽ ധീരമായും നേരിടുവാനും അദ്ദേഹം കാണിച്ച നൈപുണ്യം അത്ഭുതത്തോടുകൂടി മാത്രമേ ഏതൊരാൾക്കും നോക്കിക്കാണാൻ കഴിയൂ."

2003 ൽ ജോൺപോൾ രണ്ടാമൻ മാർപാപ്പാ ഫാ. കാക്കശ്ശേരിക്ക് മോൺസിഞ്ഞോർ പദവി നൽകി ആദരിക്കുകയുണ്ടായി. 2003 ൽ വികാരി ജനറാൾ സ്ഥാനത്തുനിന്നുംമാറിയ മോൺ കാക്കശ്ശേരി വിശ്രമജീവിതത്തിനല്ല പോയത്. ഏങ്ങണ്ടിയൂരിലെ എം.ഐ. ഹോസ്പിറ്റലിന്റെ ഡയറക്ടർ സ്ഥാനം ഏറ്റെടുക്കുകയാണ് ചെയ്തത്. അവിടെയും ആശുപത്രിയുടെ വികസനപ്രവർത്തനങ്ങളിൽ വ്യാപൃതനായി കഴിയുന്ന അവസരത്തിലാണ് അദ്ദേഹത്തിന്റെ പൗരോഹിത്യസുവർണ്ണജൂബിലി ആഘോഷിച്ചത്.

"ശാന്തശീലനും അതേസമയം ഗാംഭീര്യംമുഖത്ത് നിഴലിച്ചു നിൽക്കുന്ന ഒരാളുമാണ് ഫാ. ജോസഫ് കാക്കശ്ശേരി. പുഞ്ചിരിയിൽ പൊതിഞ്ഞ വാക്കുകളല്ലാതെ ഒന്നും അദ്ദേഹത്തിന്റെ ചുണ്ടുകളിൽ നിന്ന്

www.malankaralibrary.com


വരുന്നത് ഞാൻ കണ്ടിട്ടില്ല. ഏതു കാര്യത്തെപ്പറ്റിയും സൂക്ഷ്മമായ ഒരു താല്പര്യം അദ്ദേഹത്തിൽ മൊട്ടിട്ടുനിൽക്കുന്നതായി കാണാം." ശ്രീ ജോർജ്ജ് നെല്ലായിയുടെ ഈ വാക്കുകൾ നൂറുശതമാനം ശരിയാണ്.

കേരള ക്രൈസ്തവസഭയ്ക്ക് പല പ്രഗത്ഭരായ വൈദീകരെയും കന്യാസ്ത്രീകളെയും സംഭാവനചെയ്ത പ്രശസ്തമായ ഒരു കുടുംബമാണ് കാക്കശ്ശേരി കുടുംബം. ഒരുകാലത്ത് കേരളസഭയുടെ രോമാഞ്ചമായിരുന്ന മോൺ. പോൾ കാക്കശ്ശേരി, മോൺ. ജോസഫ് കാക്കശ്ശേരിയുടെ പിതൃസഹോദരനാണ്.

വിവിധ നിലകളിൽ മായാത്ത വ്യക്തിമുദ്രപതിപ്പിച്ച തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ മോൺ ജോസഫ് കാക്കശ്ശേരി ഇന്നും പ്രവർത്തനനിരതനാണ്.

വിലാസം - മോൺ ജോസഫ് കാക്കശ്ശേരി, ഡയറക്ടർ,
എം.ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ പി.ഒ., തൃശൂർ.

# 90



# കെ.വി. കുര്യൻ പൊട്ടംകുളം

## EX MLA

നിയമസഭാംഗം എന്ന നിലയിലും കേരളാകോൺഗ്രസ്സ് ചെയർമാൻ എന്ന നിലയിലും കേരള രാഷ്ട്രീയത്തിൽ തിളക്കമാർന്ന പ്രവർത്തനം കാഴ്ചവച്ച കെ.വി. കുര്യൻപൊട്ടംകുളം ഇന്ന് സാമൂഹ്യപ്രവർത്തനത്തിൽ പൂർണ്ണമായും ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുകയാണ്. വിൻസെന്റ് ഡിപോൾ സഖ്യം പർട്ടിക്കുലർ പ്രസിഡണ്ട് എന്ന നിലയിൽ അനുഷ്ഠിക്കുന്ന സേവനങ്ങളോളം സംതൃപ്തി രാഷ്ട്രീയപ്രവർത്തനത്തിൽ ലഭിച്ചിട്ടില്ലെന്നാണ് ഇന്നദ്ദേഹം പറയുന്നത്. വിശ്രമജീവിതം ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി അദ്ദേഹം നീക്കിവച്ചിരിക്കുന്നു.

പൊട്ടംകുളത്ത് കെ.വി. വർക്കിയുടെ ആറാമത്തെ മകനായി 1928 ഡിസംബർ 19 ന് വേലനിലത്ത് ജനിച്ചു. മാതാവ് പാലാ കുഴിവേലിൽ കുടുംബാംഗമായ കുഞ്ഞുമറിയം ആയിരുന്നു. വെട്ടിക്കാനം, മുണ്ടക്കയം കൂട്ടിക്കൽ എന്നിവിടങ്ങളിൽ ആയിരുന്നു സ്കൂൾവിദ്യാഭ്യാസം. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽനിന്നും ഇന്റർമീഡിയറ്റ് പൂർത്തിയാക്കി. ഏതാനും വർഷക്കാലം പൊൻകുന്നം - ഏന്തയാർ റൂട്ടിൽ റോഡ് മോട്ടോഴ്സ് എന്ന പേരിൽ നാല് ബസ് സർവീസുകൾ നടത്തിയിരുന്നു.

ഇന്ത്യൻനാഷണൽകോൺഗ്രസ്സിലെ പ്രവർത്തകനായിട്ടാണ് കുര്യൻ

www.malankaralibrary.com

പൊതുരംഗത്തേക്ക് കടന്നുവരുന്നത്. തന്റെ ജ്യേഷ്ഠൻ കെ.വി. മാത്യുവാണ് രാഷ്ട്രീയജീവിതത്തിലെ തന്റെ മാർഗ്ഗദർശിയും ഗുരുവും. 1962 ൽ കോൺഗ്രസ്സ് പ്രവർത്തകനായി ചേർന്ന അദ്ദേഹം കൂട്ടിക്കൽ വാർഡ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. രണ്ടുവർഷത്തിനുശേഷം 1954 ൽ അദ്ദേഹം കെ.പി.സി.സി. മെമ്പർ പദം അലങ്കരിച്ചു.

1957 ൽ അധികാരമേറ്റെടുത്ത കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ അധികാരത്തിൽ നിന്നും താഴെയിറക്കാൻ നടന്ന വിമോചനസമരത്തിൽ മുന്നണിപോരാളിയായിരുന്നു കെ.വി. കുര്യൻ. പ്രസ്തുതസമരത്തിൽ പങ്കെടുത്ത് കുര്യനും സഹധർമ്മിണി അമ്മിണിയും അറസ്റ്റ് ചെയ്യപ്പെടുകയും ജയിൽവാസമനുഭവിക്കുകയും ചെയ്തു.

1964 ൽ ശ്രീ.പി.റ്റി. ചാക്കോ മന്ത്രിസ്ഥാനത്തുനിന്ന് മാറ്റപ്പെടുകയും അദ്ദേഹം അധികം താമസിയാതെ ദിവംഗതനാവുകയും ചെയ്തു. പിന്നീട് കോൺഗ്രസ്സിലുണ്ടായ സംഭവവികാസങ്ങൾ കേരളാകോൺഗ്രസ്സ് എന്ന രാഷ്ട്രീയകക്ഷി രൂപീകരിക്കുന്നതിനിടനൽകി. കോട്ടയം ലക്ഷ്മിനിവാസ് ഓഡിറ്റോറിയത്തിൽച്ചേർന്ന കേരളാ കോൺഗ്രസ്സ് രൂപീകരണ സമ്മേളനത്തിൽ മാത്തച്ചൻകുരുവിനാക്കുന്നേൽ, കെ.എം. ജോർജ്ജ്, ഔസേപ്പച്ചൻ അന്ത്രപ്പേർ, ആർ.ബാലകൃഷ്ണപിള്ള എന്നിവരോടൊപ്പം കെ.വി. കുര്യനും പങ്കെടുത്തു. ആ സമ്മേളനം കെ.എം. ജോർജ് ചെയർമാനായി കേരളാ കോൺഗ്രസ്സ് രൂപീകരിച്ചു. ആ സമ്മേളനം കോട്ടയം ജില്ലാ പ്രസിഡണ്ടായി കെ.വി. കുര്യനെയും തിരഞ്ഞെടുത്തു.

1965 ലും 1970 ലും നടന്ന തിരഞ്ഞെടുപ്പുകളിൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ നിന്നും അദ്ദേഹം നിയമസഭയിലേയ്ക്ക് മത്സരിക്കുകയും വിജയം വരിക്കുകയും ചെയ്തു. 1977 ൽ കേരളാ കോൺഗ്രസ്സ് ചെയർമാനായും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. 1964 മുതൽ 1979 വരെ മുണ്ടക്കയം പഞ്ചായത്ത് പ്രസിഡന്റായും 20 വർഷക്കാലം മുണ്ടക്കയം സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡണ്ടായും അദ്ദേഹം സ്തുത്യർഹമാംവിധം സേവനം അനുഷ്ഠിക്കുകയുണ്ടായി. നിയമസഭാംഗം എന്ന നിലയിൽ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിന്റെ നന്മക്കുവേണ്ടി പലകാര്യങ്ങളും ചെയ്തിട്ടുണ്ട്. കെ.കെ. റോഡിന്റെയും എരുമേലി-മുണ്ടക്കയം റോഡിന്റെയും പുറമ്പോക്കുകളിലായി താമസിച്ചിരുന്ന 600 ഓളം വീട്ടുകാരെ പനയ്ക്കച്ചിറഭാഗത്ത് 150 ഏക്കർ സ്ഥലം നൽകി പുനരധിവസിപ്പിക്കാൻ നേതൃത്വം നൽകിയത് ഇദ്ദേഹമാണ്. മലനാട് ഡവലപ്മെന്റ് സൊസൈറ്റിയുടെയും മുണ്ടക്കയം പഞ്ചായത്തിന്റെയും സർക്കാരിന്റെയും സഹകരണത്തോടെ 300 വീടുകളും ഭവനരഹിതർക്ക് നിർമ്മിച്ചുനൽകി. കാഞ്ഞിരപ്പള്ളി ലാന്റ് ബോർഡ് മെമ്പർ എന്ന നിലയിൽ അനേകം കൃഷിക്കാരുടെ ഭൂമി അന്യാധീനപ്പെട്ടുപോകാതിരിക്കാൻ അദ്ദേഹം നടപടിസ്വീകരിക്കുകയുണ്ടായി.

www.malankaralibrary.com

1985 ൽ കേരളാ കോൺഗ്രസ്സിൽ ഉണ്ടായ പിളർപ്പിനെതുടർന്ന് അദ്ദേഹം കേരളാ കോൺഗ്രസ്സിൽനിന്നും രാജിവയ്ക്കുകയും മറ്റനേകം പ്രവർത്തക രോടുകൂടി കോൺഗ്രസ്സിൽ ചേരുകയും ചെയ്തു. അന്നദ്ദേഹം പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായിരുന്നു. കേരളാകോൺഗ്രസ്സ് അംഗമെന്ന നിലയിൽ ലഭിച്ച പി.എസ്സ്.സി. മെമ്പർസ്ഥാനം രാജിവച്ചുകൊണ്ടാണ് അദ്ദേഹം കേരളാകോൺഗ്രസ്സിനോട് വിടപറഞ്ഞത്. അധികാരം പിടിച്ചു നിർത്തുവാൻ വളഞ്ഞവഴികൾ ഒന്നും നോക്കുന്ന ആളായിരുന്നില്ല കുര്യൻ. പൊട്ടംകുളം കുടുംബചരിത്രത്തിൽ കെ.വി. കുര്യനെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "ജനനന്മക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ നൽകുന്ന പ്രസിദ്ധിയേക്കാൾ സ്വന്തം മനസ്സാക്ഷിയുടെ വിശുദ്ധിയിലായിരുന്നു ഇദ്ദേഹത്തിന് താല്പര്യം. തനിക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ മാത്രമേ ചെയ്യുകയെന്ന നിർബ്ബന്ധബുദ്ധി എക്കാലവും ഇദ്ദേഹം മുറുകെപിടിച്ചിരുന്നു. പൊതുജീവിതത്തിലും സ്വകാര്യജീവിതത്തിലും സ്വന്തം മനസാക്ഷിയുടെ മന്ത്രണത്തിനായിരുന്നു പ്രാമുഖ്യം." ഈ വാക്കുകൾ നൂറുശതമാനം ശരിയായിരുന്നുവെന്ന് അദ്ദേഹവുമായി ഇടപഴകിയിട്ടുള്ള എല്ലാവരും സമ്മതിക്കും.

കൂട്ടിക്കലിനും മുണ്ടക്കയത്തിനും മദ്ധ്യേയുള്ള വേലനിലംപള്ളിയും സ്കൂളും പണിയുവാൻ സ്ഥലവും പണവും അദ്ദേഹം സംഭാവനയായി നൽകിയിട്ടുണ്ട്. ഇദ്ദേഹം നൽകിയ സ്ഥലത്താണ് വേലനിലം സ്കൂൾ സ്ഥിതിചെയ്യുന്നത്. ഒരേക്കർ അറുപത്തിയഞ്ച് സെന്റ് റബ്ബർതോട്ടം വേലനിലംപള്ളിക്കും മറ്റൊരു 60 സെന്റ് സ്ഥലം പള്ളിമുറിപണിയുവാനും അദ്ദേഹം സംഭാവന ചെയ്തിട്ടുണ്ട്.

1957 ലെ കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് മന്ത്രിയായിരുന്ന മജീദ് വധശ്രമക്കേസിൽ കുര്യാച്ചനെ പ്രതിയാക്കിയെങ്കിലും ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ മൊഴിമൂലം അദ്ദേഹം ശിക്ഷയിൽ നിന്നും ഒഴിവായി. ഇക്കാര്യത്തിൽ കുര്യൻ നിരപാധിയാണെന്ന് എല്ലാവർക്കും അറിയാമായിരുന്നു. രാഷ്ട്രീയരംഗത്തുനിന്നും പൂർണ്ണമായി പിന്മാറി ജീവകാരുണ്യപ്രവർത്തനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കെ.വി. കുര്യൻ ഇന്നും ഒരു ജനപ്രിയനേതാവായി നിലകൊള്ളുന്നു.


ആലപ്പുഴ നെരോത്ത് എൻ.സി. ജോൺ ഏലിക്കുട്ടി ദമ്പതികളുടെ പുത്രി അമ്മിണിയാണ് ഭാര്യ.

വിലാസം - കെ.വി.കുര്യൻ EX.MLA,<br>
പൊട്ടംകുളം,<br>
വേലനിലം 686514

www.malankaralibrary.com

# 91

# ആന്റണി കളരിക്കൽ



സാമൂഹ്യസാംസ്കാരികരംഗത്തെ സജീവ പ്രവർത്തകനും നടനും കഥാപ്രസംഗകാരനുമായ ആന്റണി കളരിക്കൽ എറണാകുളം ജില്ലയിലെ വൈററില തൈക്കൂടം സെന്റ് റാഫേൽസ് പള്ളി ഇടവക കളരിക്കൽ പോൾ മറിയാമ്മ ദമ്പതികളുടെ മകനായി 1928 ഡിസംബർ 25-ന് ഭൂജാതനായി. പിതാവ് കൽപണിക്കാരനും ബാന്റ് സംഘത്തിൽ ഫ്ളൂട്ട് വായനക്കാരനുമായിരുന്നു. തൈക്കൂടം സെന്റ് അഗസ്റ്റിൻ സ്കൂളിൽ ആയിരുന്നു പ്രഥമിക വിദ്യാഭ്യാസം. തുടർന്ന് തൃപ്പൂണിത്തുറ ശ്രീ രാമവർമ്മ സംസ്കൃത കോളേജിൽ രണ്ടു വർഷം പഠിച്ചു. പിന്നീട് എറണാകുളം ഗവൺമെന്റ് ഇൻഡസ്ട്രിയൽ സ്കൂളിൽ നാലുവർഷം ചൂരൽപണിയിൽ പരിശീലനം നേടി, പരീക്ഷ പാസ്സായി. 1957 ൽ പുല്ലൂററ് മോഡൽ വെൽഫയർസെന്ററിൽ ക്രാഫ്ററ് ഇൻസ്ട്രക്ടറായി ജോലി നോക്കി. തുടർന്ന് തൊഴിൽപരവും സാമൂഹ്യവും സാംസ്കാരികവും കലാപരവും രാഷ്ട്രീയവും സാമുദായികവും മതപരവുമായ മേഖലകളിൽ സജീവ പ്രവർത്തനം കാഴ്ചവച്ചു. കടവന്ത്രപള്ളിട്രസ്റ്റി, ഇടവകയിലെ ഭക്തസംഘടനകളുടെ ഭാരവാഹി, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകൻ എന്നിങ്ങനെ വിവിധ നിലകളിൽ ആന്റണി അറിയപ്പെട്ടു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലും അതിന്റെ പോഷകസംഘടന കളിലും സജീവമായി പ്രവർത്തിച്ച ആന്റണി, മണ്ഡലാടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും സുപ്രധാന സ്ഥാനങ്ങൾ വഹിക്കുകയുണ്ടായി. നാടകങ്ങളിലും ഏകാങ്കനാടകങ്ങളിലും അഭിനയിച്ച ആന്റണി നിരവധി കഥാപ്രസംഗങ്ങളും നടത്തിയിട്ടുണ്ട്. ഫാ.ഡൊമനിക് പട്യാലാ ഒ.എഫ്.എം. നയിച്ചിരുന്ന പ്രൊഫഷണൽ തിയേററായ കൊച്ചിൻ പ്രപഞ്ചദീപം തീയേറേഴ്സിന്റെ വി. യാക്കോബ്ശ്ലീഹാ (ഡ്രാമാസ്കോപ്പ്) നാടകത്തിൽ അഭിനയിച്ചു. മകൾ റീനയും ഈ നാടകത്തിൽ അഭിനയിക്കുകയുണ്ടായി. ഫാ. മാത്യു മൂഴയിൽ എസ്സ്.ജെ. യുടെ നേതൃത്വത്തിൽ ആരംഭിച്ച ക്രിസ്റ്റ്യൻറൈറേഴ്സ് ആന്റ് ജേർണലിസ്റ്റ് ഫെല്ലോഷിപ്പിന്റെ സജീവ പ്രവർത്തകനായിരുന്നു അദ്ദേഹം. പ്രൊഫ. എം.പി. മന്മഥനോടൊത്ത് മദ്യവർജ്ജനസമിതിയിലും പ്രവർത്തിക്കുകയുണ്ടായി.

കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന മദ്യവർജ്ജനസമിതി - ശാന്തിസേന കൗൺസിൽ സംസ്ഥാന വൈസ് പ്രസിഡണ്ടും കൊച്ചിൻ സിററി വിജിലൻസ് ഫോറം മെമ്പറും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

www.malankaralibrary.com


സംസ്ഥാന കമ്മററി മെമ്പറുമാണ് ആന്റണി കളരിക്കൽ. എറണാകുളം ആശീർഭവനിൽ നിന്നും പ്രസിദ്ധീകരിക്കുന്ന "ചങ്ങാതി" ദ്വൈമാസികയുടെ പത്രാധിപസമിതിയംഗം കൂടിയാണ് ആന്റണി. സത്യദീപം, കുടുംബദീപം, സണ്ടേശാലോം, കേരളാടൈംസ്, ചെറുപുഷ്പം, വിശ്വപ്രകാശം, കത്തോലിക്കാസഭ, ജീവജ്യോതി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ കവിതകളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കവിതയിൽ കൂട്ടക്കൊല, ഇന്ദിരാവിജയം, മദ്യദുരന്തം, നിത്യബന്ധു, ഗാന്ധിജി കരയുന്നു എന്നിവയാണ്.

കലൂർ മാളിയേക്കൽ പൈലി റോസ മകൾ മറിയാമ്മയാണ് ഭാര്യ

വിലാസം - ആന്റണി കളരിക്കൽ, എൻ.ജി.ഒ. ക്വാർട്ടേഴ്സ് No.D-3-,
തൃക്കാക്കര, കൊച്ചി - 21.

## 92

# ഫാ. ജേക്കബ്ബ് ഏറണാട്ട്



പ്രഭാഷകൻ, ധ്യാനഗുരു, ഗ്രന്ഥകാരൻ, സംഘാടകൻ എന്നീ നിലകളിൽ പരക്കെ അറിയപ്പെടുന്ന ഫാ. ജേക്കബ്ബ് എറണാകുളം അതിരൂപതയിലെ പാലുത്തറ ഇടവകയിൽ 1929 ജനുവരി 20-ാം തീയതി ഏറണാട്ട് (എടപ്രംതോടത്ത്) പൈലോ ഏലിദമ്പതികളുടെ പത്താമത്തെ സന്താനമായി പിറന്നു. കോട്ടയം രൂപതയിലെ കണ്ണങ്കരി പള്ളിയിൽ വച്ച് ഫാ. ഫിലിപ്പ് കൂപ്ലിക്കാട്ട് ജ്ഞാനസ്നാനം നൽകി. എട്ടാമത്തെ വയസ്സിൽ കോട്ടയം മെത്രാൻ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനി ദിവ്യകാരുണ്യസ്ഥൈര്യലേപനവും നൽകി.

1935 ൽ കണ്ണങ്കര സ്കൂളിൽ ചേർന്നു. 1943 മാന്നാനം ഹൈസ്കൂളിൽ പഠനം തുടർന്നു. സഹോദരിയുടെ വീട്ടിൽ നിന്നാണ് പഠനം നടത്തിയത്. മാന്നാനത്ത് കർമ്മലീത്താവൈദികരിലും മാതൃകായോഗ്യരായ അദ്ധ്യാപകരിലും നിന്നു ലഭിച്ച നല്ല പ്രചോദനങ്ങളും മാന്നാനം കൊവേന്തപ്പള്ളിയിൽ നിന്നു ലഭിച്ച ആദ്ധ്യാത്മിക ചൈതന്യവും ജേക്കബ്ബിന്റെ ദൈവവിളിക്ക് പ്രേരണയായി. അന്നത്തെ 85 സഹപാഠികളിൽ 18 പേർ വൈദികരായി. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം എറണാകുളം അതിരൂപതയുടെ പെററ്സെമിനാരിയിൽ ചേർന്നു. തുടർന്ന് ആലുവാ മംഗലപ്പുഴ സെമിനാരിയിലും പഠിച്ച് 1955 മാർച്ച് 12ന് മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. പിറേറന്ന് ഇടവക പള്ളിയിൽ പ്രഥമദിവ്യബലിയർപ്പിച്ചു.

www.malankaralibrary.com

പറവൂർ കോട്ടയക്കാവ് ഫൊ.പള്ളി, സെന്റ് മേരീസ് കത്തീഡ്രൽ പള്ളി എന്നിവിടങ്ങളിൽ സഹവികാരിയായി സേവനം അനുഷ്ഠിച്ച ഫാ. ഏറണാട്ട് 1958 ൽ വൈക്കം നടേൽ പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. 1959 ലെ വിമോചനസമരത്തിന് നേതൃത്വം നൽകിയ ഫാ. ഏറണാട്ട് ശത്രു നിരകളുടെ ഇടയിൽ ജീവൻ പണയംവച്ചാണ് ജീവിച്ചത്. വൈക്കം വെൽഫെയർസെന്ററിന്റെ പണി ആരംഭിച്ചതും ഇക്കാലത്താണ്. 1960 ൽ എറണാകുളം മാർ ലൂയീസ് പ്രസ്സിന്റെ അസിസ്റ്റന്റ് മാനേജരായും 1962 ൽ മാനേജരായും നിയമിക്കപ്പെട്ടു. 1963 ൽ അതിരൂപതയുടെ ചാൻസലറായും മാർജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ സെക്രട്ടറിയായും നിയമിതനായി. മലയാളത്തിൽ പ്രസിദ്ധം ചെയ്തുപോന്ന അതിരൂപതാഡയറക്ടറി ഇന്നത്തെ രീതിയിൽ നിര്യാതരായ വൈദികരുടെ പേരുകൾ ചേർത്തും അതിരൂപതയിലെ ചരിത്രപ്രധാനസ്ഥലങ്ങളുടെ ഹ്രസ്വചരിത്രം ചേർത്തും ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുവാൻ മുൻകൈയെടുത്തത് ഫാ. ഏറണാട്ടായിരുന്നു. കർദ്ദനാൾ പാറേക്കാട്ടിൽ തിരുമേനിയുടെ സെക്രട്ടറിയായി 25 വർഷക്കാലം അദ്ദേഹം സേവനം അനുഷ്ഠിച്ചു. എറണാകുളം മിസം (1963-89) മലബാർ മെയിൽ (1962) എന്നിവയുടെ പത്രാധിപരായും അദ്ദേഹം സേവനം അനുഷ്ഠിച്ചു. 6000 ൽ അധികം മുഖപ്രസംഗങ്ങൾ മലബാർ മെയിലിൽ എഴുതിയിട്ടുണ്ട്. 1986 മുതൽ ലിസി ആശുപത്രിയിൽ ജോയിന്റ് ഡയറക്ടറായിരുന്ന അദ്ദേഹം 1994 മുതൽ സ്പിരിച്ചൽ ഡയറക്ടറായി സേവനം അനുഷ്ഠിച്ചുവരുന്നു.

വിവിധവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒട്ടേറെ ഇടവകകളിലും മഠങ്ങളിലും വാർഷികധ്യാനങ്ങൾ നടത്തിയിട്ടുള്ള ഫാ. ഏറണാട്ട്, കൊച്ചിയിലെ പ്രധാന വ്യവസായികകേന്ദ്രങ്ങളിൽ തൊഴിലാളികൾക്കായി മാസധ്യാനങ്ങൾ നടത്തിയിട്ടുണ്ട്. സംഭവബഹുലമായ ജീവിതത്തിനിടയിൽ വൊക്കേഷൻ പ്രൊമോട്ടർ (1960-1986) സി.എൽ.സി. പ്രൊമോട്ടർ (1960-86) ബഹു. കന്യാസ്ത്രീകളും വനിതകളും ചേർന്ന് രൂപവൽക്കരിച്ച വിമൻസ് വെൽഫെയർ സ്ഥാപകഡയറക്ടർ (1964-90) കൗൺസിൽ ഓഫ് കാത്തലിക് വിമൻ ഓഫ് ഇന്ത്യാ ഡയറക്ടർ (1964-90) ടീംസ് ഓഫ് അവ്വർ ലേഡി പ്രസ്ഥാനത്തിന്റെ എറണാകുളം സെക്ടർ സ്ഥാപകൻ, അതിന്റെ ചാപ്ലിൻ (1980 മുതൽ) അതിരൂപതാ അഡ്മിനിസ്ട്രേഷൻ കൗൺസിൽ അംഗം (1960-94) ലിററർജിക്കൽ കമ്മററി അംഗം (1964 മുതൽ) അതിരൂപതാ വൈദിക സെനററ് അംഗം (1967-2001) ഗ്രന്ഥപരിശോധകൻ (1967 മുതൽ) ലിസി ഹോസ്പിററൽ ജോയിന്റ് ഡയറക്ടർ (1986-94) ലിസി ഹോസ്പിററൽ ചാപ്ലിൻ (1994 മുതൽ) എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഹോസ്പിററൽ ബോർഡ് ഓഫ് മാനേജ്മെന്റ് സെക്രട്ടറി, ലിസി മെഡിക്കൽ ഇൻസ്റ്റിററ്യൂഷൻസ് ട്രസ്റ്റ് (Regd.) സെക്രട്ടറി തുടങ്ങിയ തസ്തികകളിലും സേവനം ചെയ്തുവരുന്നു.

വിമോചനസമരകാലത്ത് വൈക്കം ഫൊറോനാതലത്തിലുള്ള

www.malankaralibrary.com

പ്രവർത്തനത്തിന് നേതൃത്വം നൽകിയ ഫാ. ഏറണാട്ട് 1964 ൽ ബോംബെയിൽ നടന്ന അന്തർദ്ദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സിൽ പങ്കെടുക്കുന്നതിന് കേരളത്തിൽ നിന്നം 1298 പ്രതിനിധികളെ സംഘടിപ്പിച്ചു. കപ്പലിൽ അവരെ നയിച്ചു കോട്ടയം മെത്രാൻ മാർ തോമസ്തറയിലും ഈ സംഘത്തിൽ ഉണ്ടായിരുന്നു. കർദ്ദിനാൾ സ്ഥാനത്തേക്കുയർത്തപ്പെട്ട മാർ പാറേക്കാട്ടിൽ തിരുമേനിക്ക് എറണാകുളം നഗരം നൽകിയ വരവേൽപ്പിന്റെ മുഖ്യ സംഘാടകനായിരുന്നു അദ്ദേഹം. 1972 ലെ കോളേജ് വിദ്യാഭ്യാസസമരത്തിന് എറണാകുളം നഗരത്തിലെ പ്രവർത്തനങ്ങൾക്കും, എറണാകുളത്ത് വിവിധ ക്രൈസ്തവസഭാവിഭാഗങ്ങളുടെ നേതൃത്വത്തിൽ സെന്റ് തോമസിന്റെ 19-ാം ശതാബ്ദിയാഘോഷങ്ങൾ (1972 ഡിസം) വിപുലമായി നടത്തിയതിനും, 1986 ലെ മാർപാപ്പായുടെ കേരള സന്ദർശനം പ്രമാണിച്ച് എറണാകുളത്ത് നൽകിയ സ്വീകരണപരിപാടികൾക്കും മുഖ്യനേതൃത്വം നൽകിയത് ഫാ.ഏർണാട്ടുതന്നെ.

സി.എൽ.സി. പ്രസ്ഥാനത്തിന് നൽകിയ സേവനങ്ങളെ ആദരിച്ച് നൽകിയ അവാർഡ് 1995 ൽ ഏററുവാങ്ങി CLC ഒപ്പീസ്, സി.എൽ.സി. ഗൈഡ്, സി.എൽ.സി. പ്രതിദിന ബൈബിൾ സൂക്തങ്ങൾ തുടങ്ങിയവ പ്രസിദ്ധീകരിച്ചതിന്റെയും കേരളത്തിലും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും വച്ചു നടത്തപ്പെട്ട ഫോർമേഷൻ കോഴ്സുകളിൽ പങ്കെടുത്ത് നൽകിയ നേതൃത്വവും എല്ലാം പരിഗണിച്ചാണ് ഈ അവാർഡ് നൽകിയത്. കേരള സഭയ്ക്ക് കാഴ്ചവച്ച താദൃശ്യസേവനങ്ങളും വിവിധങ്ങളായ രചനകളും മററും പരിഗണിച്ച് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് (2000) ബഹുമുഖ പ്രതിഭക്കുള്ള അവാർഡു നൽകിയാദരിച്ചു.

ഫാ. ഏറണാട്ട് 40 ൽപരം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്. ദേവാലയപ്രാർത്ഥനകൾ (ഔദ്യോഗിക പ്രാർത്ഥനകൾ) കുടുംബലിററർജി (ഇതിനകം ഒരു ലക്ഷത്തിലധികം കോപ്പികൾ വിററു) ആദർശ കുടുംബം, ദമ്പതികൾക്ക് മാർഗ്ഗരേഖ, അനുതാപശുശ്രൂഷ സ്ഥൈര്യലേപനം, രൂപതാദ്ധ്യക്ഷന്റെ ഇടവകസന്ദർശനം, പത്ത് ആരാധനകൾ, ദിവ്യകാരുണ്യ നവനാൾ തുടങ്ങി 15 നൊവേനകൾ, ഫാ. വടക്കേൽ ചരിത്ര സ്മരണിക, എറണാകുളം അതിരൂപതാചരിത്രാവലോകം (800 പേജ്) പരിഷ്ക്കരിച്ച പതിപ്പ് (1300 പേജ്) 25 വർഷങ്ങൾ,50 വർഷങ്ങൾ (ഇവ രണ്ടും സതീർത്ഥ്യരുടെ ജൂബിലിയോടനുബന്ധിച്ച് തയ്യാറാക്കിയതാണ്) കുടുംബപ്രാർത്ഥനകൾ, നമുക്ക് പ്രാർത്ഥിക്കാം,സൽചിന്ത, ദുഃഖിതർക്ക് സദ്വാർത്ത, മാതാപിതാക്കൾക്ക് സദ് വാർത്ത, രോഗികൾക്ക് സദ്വാർത്ത, കേരളാക്രിസ്ത്യൻ ഡയറക്ടറി, വണക്കമാസം, ഏകസ്ഥർക്ക് സദ്വാർത്ത, മതതത്വസംഗ്രഹം, Basic catholic catechism, Good news for the sick, Good news for the parents, Good news for the teens, Good news for the christians, സി.എൽ.സി. ഗൈഡ്, സി.എൽ.സി. ഒപ്പീസ്, നോമ്പുകാല ചിന്തകൾ, ജീവിതാന്ത്യം, Down the memory yane, Tears

www.malankaralibrary.com

of our Lady charactor and guides lines, Teens of our lady character and direction തുടങ്ങിയ ഗ്രന്ഥങ്ങൾ രചിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2005 മാർച്ചിൽ സ്വന്തം ഇടവകയിൽവച്ച് പൗരോഹിത്യസുവർണ്ണജൂബിലിയാഘോഷിച്ചു. ജൂബിലി സ്മാരകമായി വിവിധ സഹായപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഗോൾഡൻജൂബിലി സ്കോളർഷിപ്പ് പ്രതിവർഷം 5 നഴ്സിംഗ് വിദ്യാർത്ഥികൾക്ക് 7000 രൂപാവീതം നൽകാനുള്ള പദ്ധതി ലിസി ആശുപത്രിയിൽ നടപ്പിലാക്കി. 5 ലക്ഷം രൂപാ ലിസി മാനേജ്മെന്റിനെ ഏല്പിച്ചു. ഗോൾഡൻജൂബിലി സ്നേഹനിധി. സ്വന്തം ഇടവകയിൽ പഠനം കന്യാകാലയപ്രവേശം, വിവാഹം, ചികിത്സ തുടങ്ങിയവക്ക് സഹായം നൽകാൻ രണ്ടുലക്ഷം രൂപായുടെ നിധി പള്ളിയിൽ ഏല്പിച്ചു. ഗോൾഡൻ ജൂബിലി അവാർഡുകൾ. കണ്ണങ്കര ഹൈസ്കൂളിൽ നിന്നും SSLC ക്ക് കൂടുതൽ മാർക്കുവാങ്ങുന്ന കുട്ടികൾക്ക് അവാർഡ് നൽകാൻ 1 ലക്ഷം രൂപാ നൽകി.

സ്വിററ്സർലണ്ടിലെ സ്വിസ് എയർ കമ്പനിയുടെ പ്രത്യേകക്ഷണപ്രകാരം 1969 ൽ യൂറോപ്യൻ രാജ്യങ്ങളിൽ പര്യടനം നടത്തി. റോമിൽവച്ച് മാർപ്പാപ്പായെ സന്ദർശിച്ചു. 1979 ൽ ടീംസ് ഓഫ് ഔവർലേഡി എന്ന അന്തർദ്ദേശീയ സംഘടനയുടെ ക്ഷണമനുസരിച്ച് യൂറോപ്പ്, ഇംഗ്ലണ്ട്, അമേരിക്ക, കാനഡാ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

വിലാസം - ഫാ. ജേക്കബ്ബ് ഏറണാട്ട്,ഡയറക്ടർ,
ലിസി ഹോസ്പിററൽ, എറണാകുളം - കൊച്ചി.

# 93

# എൻ.കെ.ജോസ്



ധിഷണാശാലിയായ ഒരു ചരിത്രഗവേഷകനും എഴുത്തുകാരനുമാണ് എൻ.കെ. ജോസ്. 101 വിലപ്പെട്ട ചരിത്രഗ്രന്ഥങ്ങളുടെ കർത്താവായ ജോസ് സമുദായരംഗത്തും രാഷ്ട്രീയരംഗത്തും സജീവമായി പ്രവർത്തിച്ചു. സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളെപ്പററിയും പിന്നീട് നസ്രാണിസീരീസ് എന്ന പേരിൽ സഭാപരമായി ചരിത്രരംഗത്തും ശ്രദ്ധചെലുത്തി ചരിത്രഗ്രന്ഥങ്ങൾ രചിച്ച ജോസ് ദളിത് ഗ്രന്ഥങ്ങൾ രചിക്കുന്നതിലാണ് ഇന്ന് ശ്രദ്ധിക്കുന്നത്

1929 ഫെബ്രുവരി 2 ന് കുടവെച്ചൂർ നമശിവായം കുടുംബത്തിൽ കുര്യൻ - മറിയം ദമ്പതികളുടെ പുത്രനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തേവര എസ്സ്.എച്ച്. കോളേജ്, എറണാകുളം സെന്റ് ആൽ

www.malankaralibrary.com

ബർട്സ് കോളേജ് എന്നിവിടങ്ങളിൽ പഠനം പൂർത്തിയാക്കി. ഗാന്ധിയൻ തത്വശാസ്ത്രത്തിൽ വാർദ്ധായിൽ ഉപരിപഠനം നടത്തി. 1952 ലാണ് ജോസ് വാർദ്ധായിൽ എത്തുന്നത്. അവിടെ ചിലവിട്ട നാളുകൾ ജോസിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവിന് കാരണമായി. വാർദ്ധായിൽ വച്ച് പരിചയപ്പെടാനിടയായ ആചാര്യവിനോബാഭാവെ, ജയപ്രകാശ് നാരായണൻ, ആചാര്യകൃപലാനി, റാംമനോഹർ ലോഹ്യാ, ആചാര്യനരേന്ദ്രദേവ്, അശോകമേത്താ തുടങ്ങിയവരായിരുന്നു അവിടുത്തെ ഗുരുക്കന്മാർ. ഗാന്ധി പീസ് ഫൗണ്ടേഷൻ അമേരിക്കയിൽ സ്ഥാപിക്കാനുദ്ദേശിച്ച സ്ഥാപനത്തിലേക്ക് നിയമനംലഭിച്ചെങ്കിലും ഒരു സോഷ്യലിസ്റ്റ് പ്രവർത്തകനായി കേരളത്തിലേക്ക് തിരിച്ചുപോരുകയാണ് ചെയ്തത്.

പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ സജീവപ്രവർത്തകനായി മാറിയ ജോസ് അക്കാലത്ത് സോഷ്യലിസം, സംസ്കാരം, രാഷ്ട്രീയം മുതലായ വിഷയങ്ങളിൽ അനേകഗ്രന്ഥങ്ങളും ഒട്ടേറെ ലേഖനങ്ങളും എഴുതിയിട്ടുണ്ട്. പി.എസ്സ്.പിയുടെ ജില്ലാകമ്മററി സെക്രട്ടറിയും സ്റ്റേററ് കമ്മിററിയംഗവും നാഷണൽ കോൺഫറൻസ് മെമ്പറുമായിരുന്നു. പാർട്ടിയുടെ നേതൃത്വത്തിൽ പട്ടംതാണുപിള്ള മുഖ്യമന്ത്രിയായി തിരു-കൊച്ചി ഭരിച്ചിരുന്ന കാലത്ത് മാർത്താണ്ഡത്ത് ഉണ്ടായ വെടിവെയ്പും തുടർന്നുണ്ടായ സംഭവവികാസങ്ങളും നാടിനെപിടിച്ചുകുലുക്കിയ സംഭവമായിരുന്നു. ജനജീവിതത്തിനു സംരക്ഷണം നൽകേണ്ട പോലീസ് ആത്മരക്ഷാർത്ഥം ജനക്കൂട്ടത്തിനു നേരെ വെടിവെച്ചുവെന്നവാദം ജോസിന് സ്വീകാര്യമായില്ല. പട്ടംമന്ത്രിസഭരാജിവയ്ക്കണമെന്നാവശ്യപ്പെട്ട് ജോസ് പ്രസ്താവനയിറക്കി. ആ കേസ് പിൻവലിപ്പിക്കുവാൻ ചതുരുപായങ്ങളും സർക്കാർ സ്വീകരിച്ചു. വലിയസാമ്പത്തിക വാഗ്ദാനങ്ങൾ വച്ചുനീട്ടി. ജോസ് തന്റെ നിലപാടിൽ ഉറച്ചുനിന്നു. തുടർന്ന് രാജ്യമൊട്ടാകെയുണ്ടായ പലപ്രശ്നങ്ങളുടെയും പേരിൽ സോഷ്യലിസ്റ്റ് പാർട്ടി രണ്ടായി പിരിഞ്ഞു. റാം മനോഹർ ലോഹ്യായുടെ നേതൃത്വത്തിൽ സോഷ്യലിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാരൂപമെടുക്കാൻ കാരണമതാണ്. തനിക്ക്പററിയ പ്രവർത്തനമണ്ഡലമല്ല രാഷ്ട്രീയം എന്ന് മനസ്സിലാക്കിയ ജോസ് രാഷട്രീയം വിട്ടു. പിന്നീട് അദ്ദേഹത്തിന്റെ ശ്രദ്ധയും താല്പര്യവും പഠനവും അദ്ധ്വാനവുമെല്ലാം സ്വന്തസമുദായത്തെയും അതിന്റെ ചരിത്രത്തെയും മുന്നിൽകണ്ടുകൊണ്ടായിരുന്നു. കത്തോലിക്കാ കോൺഗ്രസ്സിന്റെ ട്രഷറർ ആയും ജനറൽ സെക്രട്ടറിയായും വൈസ് പ്രസിഡണ്ടായും ഒരു ദശവർഷക്കാലം പ്രവർത്തിച്ചു. ഇക്കാലത്തെ പുതിയ പല ഗ്രന്ഥങ്ങളും വളരെയേറെ വിവാദം സൃഷ്ടിച്ചു. സഭാചരിത്രത്തിന് പുതിയ ഒരു രൂപരേഖ അദ്ദേഹം തയ്യാറാക്കിയെന്നു പറയാം. കത്തോലിക്കാകോൺഗ്രസ്സിന്റെ പോഷകസംഘടനകളായ കേരളസാഹിത്യകലാസമിതി പുനരുദ്ധരിച്ചതും കേരള ഹിസ്റ്ററി കോൺഗ്രസ്സ്, പ്രതിഭാപബ്ലിക്കേഷൻ എന്നിവക്ക് രൂപം കൊടുത്തതും അവാർഡ് വിപുലമായ രീതിയിൽ എ.കെ.

www.malankaralibrary.com

സി.സി. യിൽ ഏർപ്പെടുത്തിയതും ജോസ് തന്നെ.

സമകാലിക മലയാളത്തിൽ 2002 ഏപ്രിൽ 12 ന് സെബാസ്റ്റ്യൻ പള്ളിത്തോട് എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ. "അടിസ്ഥാനപരമായി രണ്ടു പ്രത്യയശാസ്ത്രങ്ങൾ മാത്രമാണ് ഇന്ത്യയിൽ നിലനിന്നുപോരുന്നതെന്ന് ജോസ് പൂർണ്ണമായി വിശ്വസിക്കുന്നു. ഹിന്ദുത്വവും ദളിതിസവുമാണിത്. മാറിമറിയുന്ന ഭരണകൂടങ്ങളുടെ രാഷ്ട്രീയ താല്പര്യങ്ങൾക്കനുസൃതമായി ചരിത്രവും സംസ്കാരവും മാററിയെഴുതുന്ന നമ്മുടെ ചരിത്രകാരന്മാർ ഇനിയും കണ്ടില്ലെന്ന് നടിക്കുന്ന, ഈ നൂററാണ്ടിൽ നിശ്ചയമായും സംഭവിക്കാനിരിക്കുന്ന ദളിത്മുന്നേററത്തിന്റെ ചരിത്രപാഠങ്ങൾ"

"വിജയികൾ പറയുന്നതും എഴുതുന്നതും മാത്രമല്ലാ ചരിത്രം. പരാജിതർക്കും പലതും പറയാനുണ്ട്. ആര്യൻ ജനതയോട് പരാജയപ്പെട്ട സൈന്ധവർ നാലുവഴിക്കും പലായനം ചെയ്തു. അവരും മനുഷ്യരാണ്. വിജയികളെപ്പോലെ വഞ്ചനയും ക്രൂരതയും യഥാകാലം സമൃദ്ധമായി ഉപയോഗിക്കാൻ കഴിഞ്ഞില്ല എന്നതുമാത്രമാണ് അവരുടെ തെററ്. അതിന്റെ പേരിൽ അവർ പരാജയപ്പെട്ടപ്പോൾ അവർ മനുഷ്യർപോലും അല്ലാതായി. വാനരരായി, കാട്ടാളരായി, രാക്ഷസരായി, അസുരരായി. യൂറോപ്പിൽ അവർ ബാർബേറിയന്മാരായി. പക്ഷേ വേട്ടനായുടെ ധീരതയും സാഹസികതയും മാത്രമല്ല. വേട്ടമൃഗത്തിന്റെ രോദനവും ദൈന്യതയും കൂടി ചരിത്രത്തിന്റെ ഭാഗമാണ്. എന്നാൽ വേട്ടമൃഗം പൂർണ്ണമായി തിരസ്കരിക്കപ്പെട്ടു. അതിന്റെ ഫലമായി ഒന്നിനെയും ചോദ്യം ചെയ്യാതെ സ്വീകരിക്കാൻ സാധ്യമല്ല എന്ന സ്ഥിതിയിലായി ഞാൻ!" എന്നിങ്ങനെ തന്റെ ദളിത് മുന്നേററ പരിശ്രമങ്ങൾക്കുള്ള ആമുഖവാക്യങ്ങൾ എഴുതിവക്കുവാൻ ദലിത്ബന്ധുവിനെ പ്രേരിപ്പിച്ചത് ഡോ. അബേദ്ക്കറുടെ കൃതികളുമായുണ്ടായ ദീർഘകാലത്തെ പരിചയമാണ്.

രാഷ്ട്രീയപ്രവർത്തനം ഉപേക്ഷിച്ച് സമുദായ പ്രവർത്തനത്തിലും ചരിത്രത്തിലും ശ്രദ്ധകേന്ദ്രീകരിച്ച ജോസ് പിന്നീട് ദളിത് പ്രസ്ഥാനങ്ങളെപ്പററിയും ദളിത് ചരിത്രത്തെപ്പററിയും ആയി ചിന്ത. ഇന്ത്യയിലെ കോടിക്കണക്കിന് ദളിതരുടെ ഏകോപനം ലക്ഷ്യമാക്കിയുള്ള ഗ്രന്ഥരചനയിലും പ്രവർത്തനത്തിലുമാണ് ജോസ് പിന്നീട് ശ്രമിച്ചത്.

ജോസ് രചിച്ച അയ്യൻകാളി, ഡോ. അംബേദ്കർ, കേരളത്തിലെ ദളിത് വർഗ്ഗസംസ്കാരം, വൈക്കം സത്യാഗ്രഹം, പുലയലഹള, ചാന്നാർ ലഹള മുതലായ ഗ്രന്ഥങ്ങളുടെ പേരിൽ അഖിലേന്ത്യാ ദളിത്ഫെഡറേഷൻ ജോസിനെ ദളിത്ബന്ധുവായി പ്രഖ്യാപിച്ചു. ഇന്ത്യയിലെ ദളിത് സമൂഹങ്ങളുടെ ഉയർത്തെഴുന്നേൽപ്പിന് ആര്യമേധാവിത്വത്തിന്റെ കോട്ടകൾ തകർക്കാതെ തരമില്ല എന്ന് വിശ്വസിക്കുന്ന ഒരാളാണ് ശ്രീ. എൻ.കെ. ജോസ്.

ജോസിന്റെ കൃതികളെ പ്രധാനമായും മൂന്നായി തരംതിരിക്കാം. ഒന്ന് ആദ്യകാലഗ്രന്ഥങ്ങൾ (2) നസ്രാണി സീരീസ് (3) ദളിത് ഗ്രന്ഥങ്ങൾ

www.malankaralibrary.com

23-ാമത്തെ വയസ്സിൽ രചിച്ച മുതലാളിത്തം ഭാരത്തിൽ എന്നതാണ് പ്രഥമഗ്രന്ഥം. കോൺഗ്രസ്സ് ഭരണം ഒററനോട്ടത്തിൽ, പി.എസ്സ്.പി. അധികാരത്തിൽ, സോഷ്യലിസം മതവിരുദ്ധമോ, പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ ഉദയം, സാംസ്കാരിക ഇന്ത്യ, ചരിത്രത്തിന്റെ തത്വശാസ്ത്രം, പ്രശ്നകേരളം, ഇന്ത്യൻ സോഷ്യലിസം, സാംസ്കാരിക ഇന്ത്യ (പരിഷ്കരിച്ച പതിപ്പ്) ഇവയാണ് ആദ്യകാലഗ്രന്ഥങ്ങൾ.

നസ്രാണിസീരീസിൽ ആകെ 26 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അതീവ പ്രധാനമായവ ആദിമകേരളക്രൈസ്തവർ, കേരളക്രൈസ്തവതാമ്രശാസനങ്ങൾ, നസ്രാണി, ആദിമകേരളസഭ, കേരളസഭയുടെ പേർഷ്യൻ ബന്ധം, നിധീരിക്കൽ മാണിക്കത്തനാർ, അർണ്ണോസ്പാതിരി, കുടക്കച്ചിറ അന്തോണിക്കത്തനാർ, ഭാരതത്തിലെ ക്രിസ്തുമതം, ജാതിക്ക് കർത്തവ്യൻ ഗീവർഗ്ഗീസ്, കേരളത്തിലെ സുറിയാനിസഭയുടെ ഉത്ഭവം, ക്നായിത്തോമ്മൻ ഒരുസത്യമോ തുടങ്ങിയവയാണ്.


ദളിത്ബന്ധുവിന്റെ ദളിത് ഗ്രന്ഥങ്ങൾ ആകെ അറുപത്തിയഞ്ചാണ്. അതിൽ പ്രധാനപ്പെട്ടവ, ഗാന്ധി - ഗാന്ധിസം - ദലിതർ, കേരളപരശുരാമൻ പുലയശത്രു, വാല്മീകി ഒരു ബൗദ്ധനോ, ശിപായിലഹള - ഒരു ദളിത് മുന്നേററം, മുത്തങ്ങാസമരം, വേലുത്തമ്പി, അയ്യൻകാളി, ദളിത്സാമൂഹ്യ നവോത്ഥാനം ഒരു എത്തിനോട്ടം, പഴശ്ശിരാജ, അയ്യൻകാളി, ഡോ. അംബേദ്കർ, ക്ഷേത്രപ്രവേശനവിളംബരം, വൈക്കംസത്യാഗ്രഹത്തിലെ പുലയ പങ്കാളിത്തം, സാധുജനപരിപാലനസംഘം, അയ്യൻകാളിയുടെ മതം, ചാന്നാർ ലഹള, മതമല്ല ജാതിയാണ് വലുത് തുടങ്ങിയവയാണ്.ഇപ്പോഴും വായനയും , എഴുത്തുമായി കഴിയുന്നു.

പുളിങ്കുന്ന് കാനാച്ചേരിൽ കുടുംബത്തിൽ നിന്നുള്ള തങ്കമ്മയാണ് ഭാര്യ.

വിലാസം - എൻ.കെ. ജോസ്, നമശിവായം, അംബികാ മാർക്കറ്റ് പി.ഒ., വൈക്കം.

# 94

# ഫാ. പി.കെ. ജോർജ്ജ് പുൽപ്പറമ്പിൽ എസ്സ്.ജെ.



തമിഴ് ഭാഷാ പണ്ഡിതനും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവും ഈശോസഭാവൈദീകനുമായ പി.കെ. ജോർജ്ജ് എസ്സ്.ജെ. വാഴക്കുളത്ത് പുൽപ്പറമ്പിൽ കുടുംബത്തിൽ (എടമനകളത്തിൽ) പി.സി. കുര്യാക്കോസ് - മറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ സന്താനമായി 1929 ഫെബ്രുവരി 2-ന്

www.malankaralibrary.com

ജനിച്ചു. മാതാവ് മറിയാമ്മ ആരക്കുഴ മാതേക്കൽ കുടുംബാംഗമാണ്.

വാഴക്കുളം ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് ഹൈസ്കൂളിൽനിന്ന് 1946 -ൽ എസ്സ്.എസ്സ്.എൽ.സി. പരീക്ഷയും തേവര സേക്രട്ട് ഹാർട്ട് കോളേജിൽനിന്ന് 1948ൽ ഇന്റർമീഡിയറ്റ് പരീക്ഷയും പാസ്സായി. തുടർന്ന് തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജിൽ ബി.എ. ഓണേഴ്സ് എക്കണോമിക്സിന് ചേർന്നു. പഠനം പൂർത്തിയാക്കാതെ 1949ൽ ഈശോസഭയുടെ മധുര പ്രോവിൻസിൽ ചേർന്നു.ഇപ്പോഴും മധുര പ്രോവിൻസിലെ അംഗമായി തുടരുന്നു.ബോംബെ,പൂന,ഷെമ്പഗണ്ണൂർ,കെഴ്സിയോംഗ്,കൊടൈക്കനാൽ എന്നീ പരിശീലന കേന്ദ്രങ്ങളിൽ വൈദിക വിദ്യഭ്യാസം പൂർത്തിയാക്കി 1962 മാർച്ച് 19-ന് തിരുപ്പട്ടം സ്വീകരിച്ച് ഈശോ സഭ വൈദികനായി.

തുടർന്ന് വാസ്ച്ചി കോളേജിൽ നിന്ന് ബി.എ പാസ്സായി.ഇംഗ്ലീഷ്,തമിഴ്,ലത്തീൻ,റോമൻ ഹിസ്റ്ററി എന്നീ വിഷയങ്ങളാണ് ഇവിടെ പഠിച്ചത്.അണ്ണാമല യൂണിവേഴ്സിറ്റിയിൽ നിന്ന് 1972-ൽ തമിഴ് എം.എ പാസ്സായി.ഇതേ യൂണിവേഴ്സിറ്റിയിൽ നിന്ന് തന്നെ 1979-ൽ പി.എച്ച്.ഡി ബിരുദമെടുത്തു.A Comparative study of the golden age literature of the latin and the sangham literature of the Tamil എന്നതായിരുന്നു ഡോക്ടറേറ്റിനുള്ള വിഷയം.

തൃശിനാപള്ളി ലൂർദ്ദ് പള്ളി,കൊടൈക്കനാൽ La salette പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.ഇതിനിടയിൽ നിരവധി ലേഖനങ്ങളും ഗ്രന്ഥങ്ങളും തമിഴിലും മലയാളത്തിലും ഇംഗ്ലീഷിലും രചിച്ചു.തമിഴിൽ നാല് കവിതാസമാരങ്ങളും ആറ് ഗദ്യകൃതികളും നാല് ലഘുലേഖനങ്ങളും 200 -ൽ പരം ലേഖനങ്ങളും രചിച്ചു. ഇംഗ്ലീഷിൽ 20 ലേഖനങ്ങളടങ്ങിയ ഒരു വിമർശന ഗ്രന്ഥവും മലയാള ഭാഷയിൽ മൂന്ന് കവിതാസമാഹാരങ്ങളും മൂന്ന് ദൈവശാസ്ത്ര ലഘുലേഖകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തക്കല രൂപതക്ക് വേണ്ടി മാർപാപ്പയുടെ മൂന്ന് ചാക്രിക ലേഖനങ്ങളും മൂന്ന് പേപ്പൽ തിരുവെഴുത്തുകളും ഫാത്തിമയെ പറ്റി ഏതാനും ലഘുലേഖനങ്ങളും തമിഴിലേക്ക് മൊഴിമാറ്റം നടത്തിയിട്ടുണ്ട്. ഇവ കൂടാതെ സീറോമലബാർ സഭയുടെ തക്സാ,കാനോന നമസ്കാരങ്ങൾ,മൃതദേഹ സംസ്കാര ശുശ്രൂഷകളും പ്രാർത്ഥനകളും ആശിർവാദങ്ങളും,പ്ശീത്തയിൽ നിന്നുള്ള സങ്കീർത്തനങ്ങൾ എന്നിവയും തക്കല രൂപതക്ക് വേണ്ടി തമിഴിലേക്ക് തർജ്ജമ ചെയ്തു.

മലയാളികളുടെ ഇഷ്ട കവിയായ കുമാരാശാന്റെ വീണപൂവ് തമിഴിലേക്ക് തർജ്ജമ ചെയ്തു.തമിഴ്നാട്ടിലെ ഒരു റിട്ടയർ മെത്രാന്റെ നേതൃത്തിലുള്ള വൾഗായിലെ പുതിയ നിയമഭാഗം മൊഴിമാറ്റം നടത്തി. മാർപ്പാപ്പ ഇത് അംഗീകരിച്ചെങ്കിലും അത് ഏതോ അജ്ഞാതകാരണത്താൽ ഇതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ല.

ഫാ.ജോർജ് രണ്ട് അപ്പോസ്തലിക് ട്രബ്യൂണലിൽ ജഡ്ജിയായിരുന്നു. വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ നാമകരണ നടപടികൾക്ക് വേണ്ടി രേഖകൾ ലത്തീനിലേക്ക് തർജ്ജമ ചെയ്യാൻ അദ്ദേഹം നേതൃത്വം വഹി

www.malankaralibrary.com

ച്ചു.രണ്ട് വർഷം ആന്ധ്രാ യൂണിവേഴ്സിറ്റിയിൽ ലത്തീൻ ഭാഷയുടെ എക്സാമിനർ ആയി ജോലി നോക്കുകയും ചെയ്തു.

സി.ബി.സി.ഐ പ്രസിഡണ്ട്,പ്രൊനുൻഷ്യോ എന്നിവർക്കും കർദ്ദിനാൾ റാറ്റ്സിംഗറുടെ(ഇപ്പോഴത്തെ മാർപ്പാപ്പ) ഡിപ്പാർട്ട്മെന്റിനും,ഇന്ത്യൻ സെമിനാരികളിൽ വിസിറ്റർ ആയി റോം നിയമിച്ച ടീമിനും,ബ്ലാംഗ്ലൂരിലെ എൻ.ബി.സി.എൽ.സി പ്രചരിപ്പിക്കുന്ന പാഷാണ്ഡതയെന്നു പറയാവുന്ന ആശയങ്ങളെ സംബന്ധിച്ച് നിവേദനം നൽകി.പ്രത്യേകിച്ച് മതപഠനഗ്രന്ഥങ്ങളിലേയും എൻ.ബി.സി.എൽ.സിയുടെ പ്രവർത്തനങ്ങളിലെ പാഷാണ്ഡതാശയങ്ങളേയും ചൂണ്ടികാണിച്ച് മുകളിൽ പറഞ്ഞവർക്ക് കത്ത്കളെഴുതുകയും ചെയ്തു.തമിഴ് സാഹിത്യത്തിന് നൽകിയ സംഭാവനകൾ പരിഗണിച്ച് 1987 -ൽ മദ്രാസിലെ വിദ്യാഭ്യാസ മന്ത്രിയിൽ നിന്ന് അവാർഡ് ലഭിക്കുകയും ചെയ്തു.2005 മെയ് മാസത്തിൽ അരിയന്നൂർ അക്ഷരശ്ലോക കലാക്ഷേത്രം(തൃശൂർ)വക മുക്ത ശ്രീ അവാർഡ് ലഭിക്കുകയും ചെയ്തു.ആ അവാർഡ് പത്രികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു."അക്ഷരശ്ലോക കലാരംഗത്ത് ഒരു ചെറിയ കാലഘട്ടം കൊണ്ട് തന്നെ ഏറെ ശ്രദ്ധേയനായ കവിയാണ് ഫാ.പി.കെ ജോർജ്ജ്.നർമ്മപ്രധാനമായ അദ്ദേഹത്തിന്റെ ശ്ലോകങ്ങൾ ഇതിനകം തന്നെ ആസ്വാദക ഹൃദയങ്ങളെ ആകർഷിച്ചിട്ടുള്ളവയാണ്. ഏറ്റവും നല്ല മുക്തക രചിയിതാവായി തെരെഞ്ഞെടുക്കപ്പെട്ട ഫാ.പി.കെ ജോർജ്ജിന് അരിയന്നൂർ അക്ഷരശ്ലോക കലാക്ഷേത്രത്തിന്റെ(തൃശൂർ)2004 -2005-ലെ മുക്ത ശ്രീ അവാർഡ് സമ്മാനിക്കുന്നു.അഭിനന്ദനങ്ങൾ ".

ആൻഡമാനിലും ശ്രീ ലങ്കയിലും ഏതാനുംനാൾ പൗരോഹിത്യ ശ്രുശ്രൂഷ ചെയ്തു.ആൻഡമാനിൽ നിന്നും 1993-ൽ റേഡിയോ പ്രഭാഷണവും നടത്തി.18 വർഷക്കാലം ആൾ ഇൻഡ്യാ ലെയ്റ്റികോൺഗ്രസ്സിന്റെ ആത്മിയോപദേഷ്ടാവായും പ്രവർത്തിച്ചു.


അണ്ണാമല യൂണിവേഴ്സിറ്റിയിൽ തമിഴ് ഭാഷാ ഗവേഷകനായി സേവനമനുഷ്ഠിച്ച ഫാ.ജോർജ്ജ് ബസ്ച്ചി കോളേജിൽ ലത്തീനും തൃശിനാപള്ളി സെന്റ്. ജോസഫ് കോളേജിൽ ഗേളിക്കും പാളയം കോട്ട സെന്റ് സേവിയേഴ്സ് കോളേജിൽ തമിഴും പഠിപ്പിക്കുകയുണ്ടായി. ഇപ്പോൾ ഷൊർണ്ണൂർ എ.സി സിസ്റ്റേഴ്സ് മഠം ചാപ്ലയിൻ ആയി സേവനം അനുഷ്ഠിക്കുന്നു.അതോടൊപ്പം കവിതാരചനയും സാഹിത്യ പ്രവർത്തനവും.

ഫാ:പി.കെ ജോർജ്ജ് എസ്.ജെ യുടെ പ്രധാന തമിഴ് കൃതികൾ പത്തിരുപതികങ്ങൾ,കാലം കാട്ടം കവിതൈ മലർകൾ,പക്തി തുള്ളികൾ,നർകരുണൈ നാതർ അന്താതി,ഇളം ഉള്ളങ്കളുക്ക്,കണ്ണതാചനിൽ ഇയേചികാവിയം,അൻപിൻ തകനപലി,അൻപിൻ ഇരുതിറം,ഉതിർന്തമലർ(വിവർത്തനം) ആയരുക്ക് അഞ്ജലി എന്നിവയാണ്.

വിലാസം - ഫാ:പി.കെ ജോർജ്ജ് എസ്സ്.ജെ, സെന്റ് തെരേസാസ്
കോൺവെന്റ്,ഷൊർണ്ണൂർ.

www.malankaralibrary.com

# 95



# റവ : ഡോ ജോസഫ് മരുതോലിൽ

തിരുവനന്തപുരം നഗരത്തിന്റെ പല ഭാഗങ്ങളിലായി ചിതറി കിടന്ന സുറിയാനി കത്തോലിക്കരെ ഒരുമിച്ചു കൂട്ടി ലൂർദ്ദ് ദേവാലയവുമായി ബന്ധിപ്പിച്ച പ്രമുഖ സംഘാടകനായ റവ : ഡോ. ജോസഫ് മരുതോലിൽ 1929 ഫെബ്രുവരി 6-ാം തിയതി ഇളങ്ങുളം ഇടവകയിൽ മരുതോലിൽ അഗസ്റ്റിന്റേയും കാഞ്ഞിരക്കാട്ട് എലിസബത്തന്റേയും സീമന്ത പുത്രനായി ജനിച്ചു. ജോസഫിന് രണ്ട് വയസ്സുള്ളപ്പോൾ മാതാവ് മരണമടഞ്ഞു. ഇളങ്ങുളം സെന്റ് മേരീസ് സ്കൂളിൽ പ്രാഥമിക വിദ്യഭ്യാസം പൂർത്തിയാക്കിയ ജോസഫ് പൊൻകുന്നം സ്കൂളിൽ നിന്നും ഹൈസ്കൂൾ വിദ്യഭ്യാസം പൂർത്തിയാക്കി. തുടർന്ന് 1946-ൽ ചങ്ങനാശ്ശേരി സെന്റ് തോമസ് പെറ്റി സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. 1948-ൽ ആലപ്പുഴ മംഗലപ്പുഴ സെമിനാരിയിൽ ചേർന്ന് ഫിലോസഫി പഠനം പൂർത്തിയാക്കി. 1952-ൽ തിയോളജി പഠനത്തിനായി റോമിലെ പ്രൊപ്പഗാന്ത കോളേജിലേക്ക് അദ്ദേഹത്തെ അയച്ചു. 1955 ഡിസംബർ 21-ാം തിയതി റോമിൽ വെച്ച് അത്യുന്നത കർദ്ദിനാൾ മിക്കാറെ തിരുമേനിയിൽ നിന്ന് ജോസഫ് മരുതോലിൽ വൈദിക പട്ടം സ്വീകരിക്കുകയും 22-ാം തിയതി വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസ്ളിക്കയിൽ പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

വൈദികനായ ശേഷം റോമിലെ ഡൊമീഷ്യൻ കോളേജിൽ ചേർന്ന് ദൈവശാസ്ത്ര പഠനം തുടർന്നു. മോറൽ തിയോളജിയിൽ ഉന്നത നിലയിൽ ഡോക്ടറേറ്റ് നേടുകയും ചെയ്തു. റോമിലെ താമസത്തിനിടയിൽ ഇംഗ്ലണ്ട്, സ്കോട്ലന്റ്, പശ്ചിമ ജർമ്മനി എന്നിവിടങ്ങളിൽ ഇടവക ജോലി നിർവ്വഹിക്കാൻ അവസരം ലഭിച്ചത് വ്യക്തിത്വവികസനത്തിന് ഏറെ സഹായകരമായി.

ഇലക്ട്രിക്കൽ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ചെറുപ്പം മുതലേ അദ്ദേഹം അസാമാന്യമായ വൈഭവം പ്രകടിപ്പിച്ചിരുന്നു. ഇലക്ട്രോണിക്സിൽ ഉപരി പഠനം നടത്തുവാൻ അദ്ദേഹം ശ്രമിച്ചു. റോമിലെ താമസത്തിനിടയിൽ ഇലക്ട്രോണിക്സിൽ ഡിപ്ലോമ കരസ്ഥമാക്കി. വൈദികനായ ശേഷം തന്റെ പ്രധാന ഹോബിയായി അദ്ദേഹം ഇതിനെ മാറ്റിയെടുത്തു. ഈ മേഖലയിൽ ശ്രദ്ധേയമായ സേവനം കാഴ്ച വെയ്ക്കുകയും ചെയ്തു.

റോമിൽ നിന്നും തിരിച്ചെത്തിയ മരുതോലിൽ അച്ചനെ ചങ്ങനാശ്ശേരി കത്തീഡ്രൽ ദേവാലയത്തിൽ അസിസ്റ്റന്റ് വികാരിയായി നിയമിച്ചു. പുണ്യചരിതനായ മാർ കാവുകാട്ട് തിരുമേനിയുമായി കൂടുതൽ പരിചയപ്പെടുന്നതിനും അദ്ദേഹത്തിന്റെ പുണ്യ ജീവിതം മനസ്സിലാക്കുന്നതിനും അച്ചന് ഈ അവസരം ഉപകരിച്ചു. ഇടവകയിൽ ദൈവജനമദ്ധ്യേ അവർക്ക് വിളക്കും

www.malankaralibrary.com

പുളിമാവുമായി വർത്തിക്കാനുള്ളവിശേഷാൽ സിദ്ധി അച്ചന് ലഭിച്ചത് മാർ കാവുകാട്ട് തിരുമേനിയിൽ നിന്നാണെന്ന് അച്ചൻ വിശ്വസിക്കുന്നു.

തിരുവിതാംകൂറിന്റെ തലസ്ഥാനമായിരുന്നല്ലോ തിരുവനന്തപുരം. ഇപ്പോൾ കേരളത്തിന്റേയും. തിരുവനന്തപുരത്ത് അധിവസിക്കുന്നവരിൽ ഭൂരിപക്ഷം പേരും ഉദ്യോഗത്തിനായി അവിടെ കുടിയേറിയവരാണ്. സർക്കാർ സർവ്വീസിൽ എല്ലാ മതത്തിലും ജാതിയിലും പെട്ടവർക്ക് ജോലി ലഭിക്കാനുള്ള അവകാശം ലഭിച്ചതോടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കത്തോലിക്കരും വിശിഷ്യാ സുറിയാനി കത്തോലിക്കരും തിരുവനന്തപുരത്തിന് കുടിയേറി. വിശാലമായ തിരുവനന്തപുരം പട്ടണത്തിലും പ്രാന്തപ്രദേശത്തുമായി കുടിയേറി പാർത്ത സുറിയാനി കത്തോലിക്കർ എത്രയുണ്ടെന്ന് ഒരു കണക്കു പോലുമുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിലാണ് മരുതോലിൽ ജോസഫച്ചനെ ലൂർദ്ദ് പള്ളി(തിരുവനന്തപുരം) വികാരിയായി നിയമിക്കുന്നത്. തിരുവനന്തപുരം നഗരത്തിന്റെ പല ഭാഗങ്ങളിലായി ചിന്നിചിതറി കിടക്കുന്ന സുറിയാനി കത്തോലിക്കരെ ഒന്നിച്ച് കൂട്ടി ലൂർദ്ദ് പള്ളിയുമായി ബന്ധിപ്പിക്കുവാൻ അച്ചൻ വളരെയേറെ കഷ്ടപ്പെടേണ്ടി വന്നു. ഇതിനു വേണ്ടി നിരന്തരമായി യാത്ര ചെയ്തു. ശ്രീ ടോം ജോസ് നല്ല അയൽക്കാരൻ മാസികയിൽ 2005 നവംബർ ലക്കത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "നഗരത്തിലെ സുറിയാനി കത്തോലിക്കരിൽ മഹാ ഭൂരിപക്ഷവും ഉദ്യോഗസ്ഥൻമാരായിരുന്നതുകൊണ്ട് വൈകുന്നേരം ആറു മണിക്കു ശേഷം മാത്രമേ അവരുമായി സമ്പർക്കത്തിൽ ഏർപ്പെടാൻ കഴിയുമായിരുന്നുള്ളു. തന്മൂലം കൂടുതൽ അദ്ധ്വാനിക്കേണ്ടി വന്നു. ഭാവിയിൽ വലിയ ഒരു ദേവാലയം പണിയുവാൻ ആവശ്യമായ പണം സമ്പാദിച്ച്, രൂപ രേഖയും തയ്യാറാക്കി. അതിനുശേഷമാണ് അദ്ദേഹം തിരുവനന്തപുരത്തോട് യാത്ര പറഞ്ഞത് ". തുടർന്ന് വാഴൂർ ഹോളിക്രോസ്, കോട്ടാങ്ങൾ സെന്റ് ജോൺ ബാപ്റ്റിസ്റ്റ്, മുട്ടാർ സെന്റ് ജോർജ്ജ് എന്നീ ദേവാലയങ്ങളിൽ അദ്ദേഹം അജപാലന ശുശ്രൂഷ ചെയ്തു.

ചങ്ങനാശ്ശേരി അതിരൂപത വിഭജിച്ച് കാഞ്ഞിരപള്ളി രൂപത സ്ഥാപിതമായതിനെ തുടർന്ന് 1977-ൽ ഡോ. മരുതോലിൽ കാഞ്ഞിരപള്ളി രൂപതയിൽ ചേർന്നു. തുടർന്ന് ചെങ്ങളം സെന്റ് ആന്റണീസ് ദേവാലയത്തിൽ വികാരിയായി നിയമിക്കപ്പെട്ടു. പിന്നീട് രൂപതയിലെ മൈനർ സെമിനാരിയിൽ പ്രൊഫസ്സറായും വൈദിക വിദ്യാർത്ഥികളുടെ അദ്ധ്യാത്മിക ഉപദേഷ്ടാവായും നിയമിതമനായി. ഇപ്പോൾ കാഞ്ഞിരപ്പള്ളി പഴയ പള്ളി (അക്കരപള്ളി) റെക്ടറായി സേവനം അനുഷ്ഠിക്കുന്നു. 2005 നവംബറിൽ സ്വന്തം ഇടവകയായ ഇളങ്ങുളം സെന്റ് മേരീസ് ദേവാലയത്തിൽ വെച്ച് പൗരോഹിത്യ സുവർണ്ണ ജൂബിലി വിപുലമായ തോതിൽ ആഘോഷിക്കുകയുണ്ടായി.

വിലാസം - റവ. ഡോ. ജോസഫ് മരുതോലിൽ, റെക്ടർ, കാഞ്ഞിരപള്ളി പഴയ പള്ളി (അക്കരപള്ളി), കാഞ്ഞിരപള്ളി പി.ഒ.

www.malankaralibrary.com

# 96



# റവ. സി. പയസ് എഫ്. സി. സി.

1971-ലെ ഇന്ത്യാ പാക്കിസ്ഥാൻ യുദ്ധത്തിൽ ബംഗ്ലാദേശ് അതിർത്തി പ്രദേശത്തെ അഭയാർത്ഥി ക്യാമ്പിൽ മുറിവേറ്റ്, ഉറ്റവരും, ഉടയവരും നഷ്ടപ്പെട്ട് നിസ്സഹായരായി വേദന യനുഭവിച്ച് കഴിയുന്ന സഹോദരങ്ങൾക്ക് ശുശ്രൂഷ ചെയ്യാൻ 'സിസ്റ്റർ നേഴ്സു മാരെ' അഭയാർത്ഥി ക്യാമ്പിലേക്ക് അയച്ച് ധീരതയുടെ ഇതിഹാസം രചിച്ച സി.പയസ്, പാലാ രൂപതയിലെ കിഴപറയാർ ഇടവകയിൽ പുളിക്കകണ്ട ത്തിൽ ദേവസ്യാ-മറിയാമ്മ ദമ്പതികളുടെ ഇളയസന്താനമായി 1929 മാർച്ച് 27-ാം തീയതി ജനിച്ചു. ഇടമറ്റം, ഭരണങ്ങാനം, പാലാ സെന്റ് മേരീസ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. വാഴ്ത്തപ്പെട്ട അൽഫോൻസാ മ്മയെ നേരിൽക്കണ്ട് സ്നേഹപരിലാളനകൾക്ക് പാത്രീഭൂതയായ സി.പയസ് ഹൈസ്ക്കൂൾ വിദ്യാഭ്യാസാനന്തരം ളാലം ക്ലാരമഠത്തിൽ ചേർന്നു. 1950 ഏപ്രിൽ 27-ാം തീയതി ളാലം ക്ലാരമഠത്തിൽവച്ച് സഭാവസ്ത്രം സ്വീകരി ക്കുകയും നൊവിഷ്യേറ്റിനുശേഷം 1956-ൽ നിത്യവ്രതം അനുഷ്ഠിക്കുകയും ചെയ്തു.

പഠനത്തിൽ അസാമാന്യപാടവം പ്രകടിപ്പിച്ച സി.പയസ്സിനെ ഉപരിപ ഠനത്തിന് തൃശൂർ സെന്റ് മേരീസ്, ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ്, എറണാകുളം സെന്റ് മേരീസ് കോളേജുകളിൽ അയച്ചു. പ്രശസ്തമായ വിജയം കൈവരിച്ച പയസ്സമ്മ പാലാ സെന്റ് മേരീസ് ഹൈസ്ക്കൂളിൽ അദ്ധ്യാപകവൃത്തി ആരംഭിച്ചു. സമൂഹത്തിൽ സ്ത്രീകൾക്കുള്ള അതിപ്ര ധാനമായ സ്ഥാനവും കർത്തവ്യങ്ങളും മുന്നിൽക്കണ്ടുകൊണ്ട്, അവരെ ആത്മീയമായും, സാംസ്കാരികമായും, കലാപരമായും കായികമായും ഒരു പടികൂടി മുന്നോട്ടുവളർത്തുവാൻ പയസ്സമ്മ തന്റെ സേവനരംഗം കാര്യക്ഷ മമാക്കി.

എഫ്.സി.സി.യുടെ സർവ്വതോന്മുഖമായ പുരോഗതിയെ ലക്ഷ്യമാക്കി പ്രവർത്തിച്ചുകൊണ്ടിരുന്ന അന്നത്തെ മദർ ജനറൽ ബ.ലെയോമ്മ, സി.പയ സ്സിന്റെ കർമ്മശേഷിയും ദീർഘവീക്ഷണവും മനസ്സിലാക്കി1965 സെപ്റ്റം ബറിൽ റോമിൽ Rocca di papa എന്ന സ്ഥലത്ത് Better World Movement സംഘ ടിപ്പിച്ച ഒരു സെമിനാറിൽ സംബന്ധിക്കുന്നതിനും തുടർപഠനത്തിനുമായി റോമിലേയ്ക്കയച്ചു. അവിടെ Regina Mundiയിലെ തിയോളജിപഠനം പൂർത്തി യാക്കിയശേഷം 1967-69 വർഷങ്ങളിൽ അമേരിക്കയിൽ പിറ്റ്സ്ബർഗ്ഗ് യൂണി വേഴ്സിറ്റിയിൽ നിന്ന് "The role of Asceticism in the Hindu Economy of Salvation" എന്ന വിഷയത്തെ ആധാരമാക്കി സമർപ്പിച്ച പ്രബന്ധത്തിന് എം.എ. ഡിഗ്രി

www.malankaralibrary.com

കരസ്ഥമാക്കി.

ഉന്നതബിരുദം കരസ്ഥമാക്കിയ സി.പയസ് പാലാ അൽഫോൻസാ കോളേജിൽ അദ്ധ്യാപികയായി സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുകയുണ്ടായി.

രണ്ടാം വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങളനുസരിച്ച് എഫ്.സി.സി.യിൽ പല സുപ്രധാന സംഭവവികാസങ്ങളും നടന്നുകൊണ്ടിരുന്ന കാലഘട്ടമായിരുന്നു 1970–76. 1970–ൽ സി.പയസ്സ് മദർ ജനറലായി തെരഞ്ഞെടുക്കപ്പെട്ടു. (പാലാ രൂപതയിലെ ക്ലാരമഠങ്ങളുടെ)

ഓരോ രൂപതയിലും ഓരോ സ്വതന്ത്രസമൂഹങ്ങളായി പ്രവർത്തിച്ചിരുന്ന, ക്ലാരസഭയെ ഒരുമിച്ച് ചേർത്ത് ഒരു ജനറാളമ്മയുടെ കീഴിൽ ഒരു നിയമാവലിയും അനുഷ്ഠാനവിധികളും ജീവിതക്രമവും ആചരിക്കത്തക്ക വിധം ഏകോപിപ്പിച്ച് നവീകരിക്കപ്പെട്ടപ്പോൾ പയസ്സമ്മ പാലാ പ്രോവിൻസിന്റെ പ്രൊവിൻഷ്യലായും ആദ്യത്തെ കേന്ദ്രഭരണസമിതിയായ ജനറൽ കൂരിയായുടെ അംഗമായും അതിന്റെ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.

1971–ൽ നടന്ന ഇൻഡ്യ പാക്കിസ്ഥാൻ യുദ്ധത്തിൽ ബംഗ്ലാദേശ് അതിർത്തി പ്രദേശത്തെ അഭയാർത്ഥി ക്യാമ്പിൽ മുറിവേറ്റ്, ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടു നിസ്സഹായരായി വേദനയനുഭവിച്ചു കഴിയുന്ന സഹോദരങ്ങൾക്കു ശുശ്രൂഷ ചെയ്യാൻ പോയ സന്നദ്ധസംഘങ്ങളുടെകൂടെ, പോകാൻ സന്നദ്ധത കാണിച്ച സിസ്റ്റർ നേഴ്സുമാരെ അങ്ങോട്ടയച്ചത് പയസ്സമ്മയുടെ ധീരമായ ഒരു കാൽവയ്പായിരുന്നു.

കൂടുതൽ ലളിതവും യഥാർത്ഥവും ഭാരതീയവുമായ ഫ്രാൻസിസ്ക്കൻ ജീവിതം നയിക്കാനാഗ്രഹിച്ചു സഭാംഗങ്ങൾക്കുവേണ്ടി ബനഡിക്ട് ഭവൻ എന്ന പേരിൽ 1972–ൽ നീലൂരിൽ ഒരാശ്രമം സ്ഥാപിച്ചു. മൂഴയിൽ ബേബി ആരംഭിച്ച പ്രോവിഡൻസ് ക്ലിനിക്കിലും കപ്പൂച്ചിൻ വൈദികരുടെ മേൽനോട്ടത്തിൽ ഭരണങ്ങാനത്ത് ആരംഭിച്ച സ്നേഹഭവനിലും യോഗ്യരും സന്നദ്ധരുമായ സിസ്റ്റേഴ്സിനെ വിട്ടുകൊടുത്തുകൊണ്ടും അവിടെയുണ്ടായ പ്രതിസന്ധികളിലും വിഷമഘട്ടങ്ങളിലും ധീരതയോടെ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും പയസ്സമ്മ കാണിച്ച വിശാലമനസ്കതയും കർമ്മകുശലതയും ഏറെ ശ്ലാഘനീയമാണ്.

ജനസേവനോന്മുഖമായ ആതുരശുശ്രൂഷാരംഗത്തും ബ.പയസ്സമ്മയുടെ ക്രാന്തദർശിത്വവും നേതൃത്വവാസനയും പ്രകടമാക്കിയിട്ടുണ്ട്. തീർത്തും അവികസിതവും യാത്രാസൗകര്യങ്ങളില്ലാത്തതുമായ പാളയം എന്ന ഗ്രാമത്തിലെ ജനങ്ങളുടെ ആവശ്യം മനസ്സിലാക്കി അവിടെ ചികിത്സാസൗകര്യം ഏർപ്പെടുത്തി. അരുണാപുരത്ത് സഭാവശ്യങ്ങൾക്കായി പണിതീർത്തിരുന്ന ഒരു കെട്ടിടം സാഹചര്യങ്ങൾ മാറിവന്നപ്പോൾ സ്വതന്ത്രമായിട്ടുണ്ടായിരുന്നു. രോഗികളും പ്രായമായവരുമായ സിസ്റ്റേഴ്സിന്റെ ചികി

www.malankaralibrary.com

ശുശ്രൂഷയ്ക്കും പരിചരണത്തിനുമായി സ്വന്തമായ ഒരാശുപത്രി വേണമെന്ന് പലരും ചിന്തിച്ചു. പാലായിൽ ഒരു പ്രൈവറ്റ് ആശുപത്രി ഇല്ലാത്തതിന്റെ കുറവ് ജനസാമാന്യത്തിനും അനുഭവപ്പെട്ടിരുന്നു. ആകെക്കൂടി ഒന്നുചേർന്നു ചിന്തിച്ചപ്പോൾ പ്രസ്തുതകെട്ടിടം ഒരാശുപത്രിയാക്കാമെന്ന തീരുമാനത്തിലെത്തിച്ചേർന്നു. രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ വയലിൽ തിരുമേനിയും പൊതുജനങ്ങളും ഏറെ സന്തോഷത്തോടെ ഈ സംരംഭത്തെ സ്വാഗതം ചെയ്തു. അങ്ങനെ അത്യാവശ്യമായ സജ്ജീകരണങ്ങളൊക്കെ പൂർത്തിയാക്കിക്കൊണ്ട് 1973 ഫെബ്രുവരി 2-ാം തീയതി മരിയൻ മെഡിക്കൽ സെന്റർ എന്ന പേരിൽ ആരംഭിച്ച ആശുപത്രി കോട്ടയം ജില്ലയിലെ പ്രധാന ആശുപത്രികളിലൊന്നായി നാൾക്കുനാൾ വികസിച്ച്, വളർന്നു വരുന്നു. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ മുതൽ 13 വർഷത്തേക്ക് അതിന്റെ ചുക്കാൻ പിടിച്ചത് ബ.പയസ്സമ്മ തന്നെയായിരുന്നു. ഇക്കാലയളവിൽ ധാരാളം സിസ്റ്റേഴ്സിനെ നാട്ടിലും വിദേശത്തുമായി പരിശീലിപ്പിച്ച് കരുത്തുറ്റ ഒരു ഹോസ്പിറ്റൽ സ്റ്റാഫ് രൂപീകരിച്ചെടുത്തു. 1974-ൽ ബ.പയസ്സമ്മയുടെ അഭ്യർത്ഥന അനുസരിച്ച് മദർ തെരേസാ, മരിയൻ മെഡിക്കൽ സെന്റർ സന്ദർശിക്കുകയും തന്റെ പ്രേക്ഷിതപ്രവർത്തനങ്ങളേയും ദൈവസ്നേഹത്തെയും അവിടെ തടിച്ചുകൂടിയ പൊതുജനങ്ങളുമായി പങ്കുവയ്ക്കുകയും ഒരുമണിക്കൂർ അവിടെ ചെലവഴിക്കുകയും ചെയ്തു. ജീവിച്ചിരുന്ന ഒരു വിശുദ്ധയെ ദർശിക്കുവാനും ശ്രവിക്കുവാനും സാധിച്ചതിൽ അളവറ്റ കൃതാർത്ഥതയോടും സന്തോഷത്തോടുംകൂടി എല്ലാവരും തിരിച്ചുപോയി.

സിസ്റ്റേഴ്സിന്, ആദ്ധ്യാത്മികമായും ബൗദ്ധികമായും തൊഴിൽപരമായും നല്ല പരിശീലനം നൽകി സഭയ്ക്കും സമൂഹത്തിനും ഫലപ്രദമായ സേവനം ചെയ്യാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി അമേരിക്കയിൽ ആരംഭിച്ച 'Sister Formation Movement' എന്ന പ്രസ്ഥാനത്തിന്റെ ഡയറക്ടറായ സി.മേരി ലൂയീസ് 1973 മാർച്ചിൽ ചിക്കാഗോയിൽനിന്നും പാലായിലെത്തിയപ്പോൾ ബ.പയസ്സമ്മ, പാലാ, കോട്ടയം, ചങ്ങനാശ്ശേരി പ്രദേശങ്ങളിൽനിന്നും അമേരിക്കയിൽ Formation നേടിയ എല്ലാ സിസ്റ്റേഴ്സിനേയും വിളിച്ചുകൂട്ടി അൽഫോൻസാ ഹോസ്റ്റലിൽവെച്ച് Evaluation നടത്തുകയും വിവിധങ്ങളായ അപ്പസ്തോലപ്രവർത്തനങ്ങളിൽ സജീവമായി നേതൃത്വം നല്കുന്ന അവരുടെ പരിപാടികളിൽ സന്തുഷ്ടയായി സംതൃപ്തിയോടെ അവർ തിരിച്ചു പോവുകയും ചെയ്തു.

എഫ്.സി.സി. സിസ്റ്റേഴ്സിനു റോമിൽ തിയോളജി പഠനത്തിനു താമസസൗകര്യവും മറ്റും ഒരുക്കി സഹായിച്ച ഡോട്ടേഴ്സ് ഓഫ് ദ ചർച്ച് എന്ന സന്യാസസഭയിൽപ്പെട്ട സി.സിൽവാനാ കേരളത്തിൽനിന്നും ദൈവവിളികൾ സ്വീകരിച്ച് ഇവിടെ ഒരു സന്യാസഭവനം തുടങ്ങാനുള്ള സാദ്ധ്യതകൾ തേടി 1974-ൽ ബ.പയസ്സമ്മയെ സമീപിക്കുകയും ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുകയും ബാംഗ്ലൂരിൽ ഭവനം സ്ഥാപിക്കുവാൻ എല്ലാ

www.malankaralibrary.com

സഹായവും ചെയ്തുകൊടുക്കുകയും ചെയ്തു.

ആറുവർഷക്കാലം പാലാ പ്രൊവിൻസിനു സമർത്ഥമായ നേതൃത്വം നൽകിക്കൊണ്ട് വത്തിക്കാൻകൗൺസിൽ വിഭാവനം ചെയ്ത മാർഗ്ഗത്തിലൂടെ അതിനെ നയിക്കാനും വളർത്താനും ശ്രമിച്ച ബ.പയസ്സമ്മ 1976 ഡിസംബറിൽ അധികാര ശുശ്രൂഷയിൽനിന്നും വിരമിച്ചു.

1989-ൽ പാലാ പ്രോവിൻസ് കൂടുതൽ വളർച്ചയ്ക്കും പുരോഗതിക്കും ഉപകരിക്കുമെന്നു കണ്ട് പാലാ അൽഫോൻസാ പ്രോവിൻസെന്നും ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രോവിൻസെന്നും രണ്ടായി വിഭജിക്കപ്പെട്ടു. പാലാ അൽഫോൻസാ പ്രോവിൻസിന്റെ പ്രൊവിൻഷ്യലായി ബ.പയസ്സമ്മ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. മാതൃപ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ എന്ന നിലയിൽ പ്രൊവിൻസ് വിഭജനത്തിനു ശേഷമുള്ള എല്ലാ ഇടപാടുകളും ക്രമീകരണങ്ങളും ഏറെ വിവേകത്തോടും ഉദാരതയോടും നേതൃത്വവാസനയോടുംകൂടി ബ.പയസ്സമ്മ നിർവഹിച്ചു.

പാവങ്ങളോടു പക്ഷം ചേരുന്നതിനും സാമൂഹ്യസേവനത്തിനും അത്യധികം തല്പരയായ ബ.പയസ്സമ്മ വീടില്ലാത്തവർക്കു വീടുണ്ടാക്കി കൊടുക്കുന്നതിനും അഗതികളേയും രോഗികളേയും നിസ്സഹായരേയും കഴിയുന്നത്ര സഹായിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിച്ച് ആശ്വാസമേകുന്നതിനും ആത്മാർത്ഥമായി പരിശ്രമിച്ചിരുന്നു. സമൂഹത്തിന്റെ ആവശ്യങ്ങളും പോരായ്മകളും പരിഗണിച്ച് തന്നാലാവുന്നതു ചെയ്യുന്നതിൽ ശ്രദ്ധാലുവായിരുന്നു. കരിസ്മാറ്റിക് പ്രസ്ഥാനം, ഇവാൻജലൈസേഷൻ എന്നിവയിലും ആളും അർത്ഥവും നല്കി സഹായിച്ചു.

അങ്ങനെ തിരുസ്സഭാതലത്തിലും കോൺഗ്രിഗേഷൻ തലത്തിലും സാമൂഹ്യരംഗത്തും നിർല്ലോഭം സഹകരിച്ചുകൊണ്ട്, പാലാ പ്രോവിൻസിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് ശക്തമായ, യുക്തമായ നേതൃത്വം നൽകിക്കൊണ്ട് ആദ്ധ്യാത്മികതയിലും സ്നേഹത്തിലും ഐക്യത്തിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും സമൂഹാംഗങ്ങളെ നയിച്ചുകൊണ്ട് തന്റെ ഔദ്യോഗികജീവിതം ഫലമണിയിക്കാൻ ബ.പയസ്സമ്മയ്ക്കു കഴിഞ്ഞു. എഴുപത്തിയേഴാം വയസ്സിലും ജാഗ്രതയോടെ കർമ്മനിരതയായി വായനയും പഠനവും പ്രാർത്ഥനയും ജീവകാരുണ്യ പ്രവർത്തനങ്ങളുമായി പയസ്സമ്മ സമൂഹത്തിനു മാതൃകയും പ്രചോദനവുമേകുന്നു.

വിലാസം : റവ. സി.പയസ് എഫ്.സി.സി., ക്ലാരമഠം,
സെറാഫിക് കോൺവെന്റ്,
പുലിയന്നൂർ പി.ഒ., പാലാ.

www.malankaralibrary.com



# 97

# സിസ്റ്റർ റോസക്കുട്ടി കാപ്പൻ എസ്സ്.എച്ച്.

സന്ന്യാസവും അദ്ധ്യാപനവും സാഹതീസേവനവും ഒരേസമയം ധന്യമാക്കിയ സിസ്റ്റർ റോസക്കുട്ടി കാപ്പൻ 1929 ഏപ്രിൽ 22 ന് തൊടുപുഴ താലൂക്കിൽ കോടിക്കുളംഗ്രാമത്തിൽ, കാപ്പിൽകുടുംബത്തിൽ കുര്യാക്കോസ് – അന്നമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായി ജനിച്ചു.

വണ്ടമററം പ്രൈമറിസ്കൂൾ, നെയ്യശ്ശേരി മലയാളം മിഡിൽസ്കൂൾ, കരിമണ്ണൂർ ഇംഗ്ലീഷ് മിഡിൽസ്കൂൾ, തൊടുപുഴ ഗവൺമെന്റ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. വ്യക്തിപരമായ സിദ്ധികൾ ആവുന്നത്ര വികസിപ്പിക്കുവാൻ വിദ്യാഭ്യാസകാലഘട്ടം ഉപയുക്തമായി. പ്രസംഗം, സംഗീതം, അഭിനയം എന്നിവയിൽ സവിശേഷ സാമർത്ഥ്യം പ്രകടിപ്പിച്ച റോസക്കുട്ടി, വിദ്യാഭ്യാസകാലത്ത് കൊച്ചുകൊച്ചു കവിതകളും ലേഖനങ്ങളും, നാടകങ്ങളും, ദീപിക, കർമ്മലകുസുമം, വനിതാരാമം, ബാലൻ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ മുടങ്ങാതെ എഴുതിക്കൊണ്ടിരുന്നു. 20-ാമത്തെ വയസ്സിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം പൂർത്തിയാക്കി. ഒരു വർഷം മുതലക്കോടത്ത് ഹോസ്റ്റലിൽ നിന്നായിരുന്നു സ്കൂളിൽ പോയത്. ഹോസ്റ്റൽ ജീവിതത്തിനിടയിൽ ജയിനമ്മ എന്ന കന്യാസ്ത്രീയുമായി ആഴമായ സൗഹൃദബന്ധം സ്ഥാപിച്ച റോസക്കുട്ടിയെ ജയിനമ്മയുടെ വ്യക്തിത്വം വളരെ സ്വാധീനിച്ചു. ഒരു സന്യാസിനിയാകണമെന്ന ആഗ്രഹം റോസക്കുട്ടിയിൽ ഇതോടെ വളർന്നു. ആദ്യം കുടുംബാംഗങ്ങൾ എതിർത്തുവെങ്കിലും എല്ലാവരുടെയും അനുഗ്രഹത്തോടെ കന്യകാലയത്തിൽ ചേർന്നു. 1950-ൽ മുതലക്കോടം സ്കൂളിൽ അദ്ധ്യാപികയായി. വാഴക്കുളം ട്രെയിനിംഗ് സ്കൂളിൽ പഠിച്ച് ററി.ററി.സി. പാസ്സായി. പിന്നീട് മിഡിൽസ്കൂളിൽ നിയമനം ലഭിച്ചു. ഹിന്ദിവിശാരദ് വിദ്വാൻ പരീക്ഷയും മലയാളം വിദ്വാൻ പരീക്ഷയും പാസ്സായി. 1957-ൽ നിത്യവ്രതവാഗ്ദാനം കഴിഞ്ഞ് ഹൈസ്കൂൾ അദ്ധ്യാപികയായി. പൈങ്കുളം സെന്റ് ആന്റണീസിലായിരുന്നു നിയമനം. ആദ്യ കവിതാസമാഹാരം മുത്തുമണികൾ പ്രസിദ്ധീകരിച്ചു. ഹൈസ്കൂൾ അദ്ധ്യാപികയായിരിക്കെ ബി.എ. പരീക്ഷ പാസ്സായ റോസക്കുട്ടിയെ മൂവാററുപുഴ നിർമ്മല കോളേജിൽ ഹിന്ദി ജൂണിയർ ലക്ച്ചററായി നിയമിച്ചു. കോളേജിൽ ആർട്സ്ക്ലബ്ബ്, ഐക്കഫ്, സാഹിത്യസമാജം എന്നിവയുടെ ഉത്തരവാദിത്വങ്ങൾ റോസക്കുട്ടിക്കായിരുന്നു. അത് ഭംഗിയായി നിർവ്വഹിച്ചു. ഇതിനിടയിൽ ഹിന്ദിയിലും മലയാളത്തിലും ബിരുദാനന്തരബിരുദം നേടി. ബാംഗ്ളൂർ ധർമ്മാരം കോളേജിൽ ഒരു വർഷം ദൈവശാസ്ത്രം പഠിച്ചു. കോളേജ

www.malankaralibrary.com

ദ്ധ്യാപകയായിരിക്കെ ദീപശിഖ, റാണി, പുഞ്ചിരിക്കുന്ന അമ്മ, ജ്യോതിഷ് പഥം, മാഗിമോൾ എന്നീ ഗ്രന്ഥങ്ങൾ പ്രകാശനം ചെയ്തു. പിന്നീട് പൂനയിൽ പോയി കൗൺസിലിംഗ് പഠിച്ചു.

പൂനയിൽ നിന്നും തിരിച്ചെത്തിയ സിസ്റ്റർ കേരളസഭയുടെ സിരാകേന്ദ്രമായ പാലാരിവട്ടത്തെ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ നിയമിതയായി. ബൈബിൾ താലത്ത് ഡിപ്പാർട്ടുമെന്റുകളിൽ സേവനം അനുഷ്ഠിച്ചു. 1986 ൽ ബർളിനിൽ നടന്ന ലോകമലയാളി സമ്മേളനത്തിൽ ഗവൺമെന്റ് ക്ഷണപ്രകാരം പങ്കെടുക്കുകയും തീർത്ഥാടനക്കിളികൾ എന്ന കവിതം അവതരിപ്പിക്കുകയും ലഘുപ്രഭാഷണം നടത്തുകയും ചെയ്തു. ഒരു മാസത്തോളം ജർമ്മനിയിൽ താമസിച്ച് വിവിധ നാടുകൾ സന്ദർശിച്ചു. ഇക്കാലത്താണ് നിവേദിത എന്ന കവിതാസമാഹാരം പ്രകാശനം ചെയ്തത്. പ്രസ്തുതകവിതാസമാഹാരത്തിന് മേരിവിജയംമാസികയുടെ സാഹിത്യ അവാർഡ് ലഭിച്ചു. പി.ഒ.സി. താമസത്തിനിടെ നിരവധി സമ്മേളനങ്ങളിൽ പങ്കെടുത്തു.

പി.ഒ.സിയിൽ നിന്നും തിരിച്ചെത്തിയ സിസ്റ്റർ മൂവാററുപുഴ പ്രീതി കോളേജിലും തുടർന്ന് കോതമംഗലം സോഫിയാകോളേജിലും പ്രിൻസിപ്പലായി സേവനം ചെയ്തു. തുടർന്ന് നേര്യമംഗലത്തും ചെറുകര എന്ന ധ്യാന സെന്ററിൽ ധ്യാനപ്രസംഗവും കൗൺസിലിംഗും നടത്തുകയെന്ന കർമ്മരംഗത്തേക്കാണ് തിരിഞ്ഞത്.

2001 മേയ് 23 മുതൽ 30 വരെ ഇസ്രായേൽ നാടുകൾ സന്ദർശിക്കുന്നതിനുള്ള സൗഭാഗ്യം സിസ്റ്ററിന് ലഭിച്ചു. ഇസ്രായേൽ സന്ദർശനത്തിന്റെ മധുര സ്മരണകൾ ഉൾക്കൊള്ളിച്ച് "വാഗ്ദത്തഭൂമിയിലൂടെ ഒരു തീർത്ഥയാത്ര" എന്ന ഗ്രന്ഥം രചിച്ചു. പ്രസ്തുത ഗ്രന്ഥത്തിന് സുഭദ്രാകുമാരി ചൗഹാന്റെ സ്മരണക്കായി നിലനിർക്കുന്ന ഹിന്ദി സാഹിത്യ അവാർഡ് ലഭിച്ചു.

2005 മേയ് 25 മതുൽ ഒരു പുതുജീവിതത്തിലേക്ക് സിസ്റ്റർ പ്രവേശിച്ചിരിക്കയാണ്. 2003-ലെ ഹൃദയാഘാതത്തെത്തുടർന്ന ബാഹ്യമായ സർവ്വവിധകാര്യങ്ങളിൽ നിന്നും വിരമിച്ചു. പ്രാർത്ഥനാജീവിതത്തിന്റെ ആഴത്തിലേക്കിറങ്ങുകയാണ് സിസ്റ്റർ. പ്രാർത്ഥനാമാധുരി എന്ന ഒരാദ്ധ്യാത്മിക ഗ്രന്ഥം 2005 ജൂലൈയിൽ പ്രകാശനം ചെയ്തു.

സിസ്റ്ററിന്റെ രചനകൾ മുത്തുമണികൾ, ദീപശിഖ, തീർത്ഥം, പുഞ്ചിരിക്കുന്ന അമ്മ, അമൃതമൊഴികൾ, ഹൃദയവീണ, മൂടൽമഞ്ഞിൽ മൂന്നാഴ്ച, ഉദയരശ്മി, രാജീവരത്നം, സൗഖ്യപ്രകാശം ദേവസഹായപിള്ളി, ഹെസിക്കാസം, ഹർഷപുഷ്പങ്ങൾ, നിശബ്ദതയുടെ സൗന്ദര്യം, സുവർണ്ണ മുന്തിരി, ഉദയരശ്മി (കാസററ്) രാജീവരത്നം, പൊന്നുണ്ണിക്ക് ഒരു കാണിക്ക, മാഗിമോൾ, നിവേദിത, പ്രാർത്ഥനാഞ്ജരി എന്നിവയാണ് സിസ്റ്ററിന്റെ സന്യാസസഭയിലെ പേര് സി. മേരി മാഗ്ദലൻ എന്നാണ്.

വിലാസം - സിസ്റ്റർ റോസക്കുട്ടികാപ്പൻ, എസ്സ്.എച്ച്. കോൺവെന്റ്
നേര്യമംഗലം, എറണാകുളം

www.malankaralibrary.com

# 98



# ശ്രീമതി മേരി ജോർജ്ജ് ഇടമറ്റം

പേരും പെരുമയും ആഗ്രഹിക്കാതെ സ്ഥാനമാനങ്ങൾക്കുവേണ്ടി എങ്ങും തള്ളിക്കയറാതെ ഇതെല്ലാം ചിലരെ തേടിയെത്താറുണ്ട്. പദവിയോ പ്രശസ്തിയോ കൈവരുമ്പോൾ അതിരുകവിഞ്ഞ് ആഹ്ലാദിക്കാതെയും അതൊക്കെ നഷ്ടപ്പെടുമ്പോൾ ഖേദിക്കാതെയും സമനില പാലിക്കുന്നവരുമുണ്ട്. അത്തരം അപൂർവ്വ വനിതകളിലൊരാളാണ് ദീർഘകാലം വൈക്കം മുനിസിപ്പൽ ചെയർപേഴ്സൺ സ്ഥാനം അലങ്കരിച്ചശേഷം 2005 ൽ അവിടെ നിന്നു വിരമിച്ച മേരി ജോർജ്ജ് ഇടമറ്റം. സഹജീവകളുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുക അതിലുണ്ടാകുന്ന ജയപരാജയങ്ങളെ നിർവ്വികാരമായി സ്വീകരിക്കുക ഒരിക്കലും മടുത്തുപിന്മാറാതിരിക്കുക വഴിതെറ്റിപ്പോയെന്നുതോന്നിയാൽ ഉടനടി മടികൂടാതെ തിരുത്തുക എപ്പോഴും ദൈവത്തിലാശ്രയിക്കുക പൊതുപ്രവർത്തനത്തേക്കാൾ തന്റെ കുടുംബച്ചുമതലകൾക്കുപ്രാധാന്യം കല്പിക്കുക എപ്പോഴും അയൽക്കാരന്റെ സഹനങ്ങളിൽ ഒരു സഹായഹസ്തം നീട്ടിക്കൊടുക്കുക ഇതാണു ശ്രീമതി മേരി ജോർജ്ജിന്റെ ജീവിതശൈലി. താരകാമണിമാല ചാർത്തിയാലതുംകൊള്ളാം കാറണിച്ചേളി നീളെപ്പുരണ്ടാലതും കൊള്ളാം എന്നു ഗാന്ധിജിയെ ആകാശത്തോടുപമിച്ചുകൊണ്ടു മഹാകവി വള്ളത്തോൾ പാടിയതോർക്കുമ്പോൾ ഇന്നു ജീവിച്ചിരിക്കുന്ന അപൂർവ്വം ഗാന്ധിയന്മാരിൽ ഒരാളാണു ഈ കോൺഗ്രസ്സുകാരി എന്നുപറയാം.

ഗാന്ധിയൻദർശനങ്ങളാൽ പ്രചോദിതയായി പൊതുപ്രവർത്തനരംഗത്തിറങ്ങിയ ശ്രീമതി മേരിജോർജ്ജിന് തന്റെ ആദർശതീവ്രതയിൽ ഗാന്ധിയൻ പ്രവർത്തനശൈലി ലക്ഷ്യത്തിലെത്തിക്കുകയില്ലെന്നു തോന്നിയ ഒരു യൗവനാരംഭകാലഘട്ടമുണ്ടായിരുന്നു. കുറേക്കൂടി സുശക്തമായ ഒരു വിപ്ലവശൈലി ജനവിമോചനത്തിനാവശ്യമാണെന്നു തോന്നി. അവർ കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ചേർന്നു. പ്രസംഗവേദികളിലാരംഭിച്ച പ്രണയബന്ധം എതിർപ്പുകളെ നേരിട്ട് വിവാഹത്തിലെത്തിച്ച ഒരാദർശപ്രേമിക്ക് ജീവിതപങ്കാളി തിരഞ്ഞെടുക്കുന്ന വഴിയാണു കൂടുതൽ നല്ലതെന്നു തോന്നുന്നതും സ്വാഭാവികമാണല്ലോ. അധികം വൈകാതെ ആവേശങ്ങൾ കെട്ടടിങ്ങിമേരി ജോർജ്ജ് ഗാന്ധിയൻ മാർഗ്ഗത്തിലേയ്ക്കു തിരിച്ചുപോന്നു. സാവധാനമെങ്കിലും ഭർത്താവ് അഡ്വക്കേറ്റ് ജോർജ്ജ് ഇടമറ്റവും ആദ്ധ്യാത്മികവഴിയിലേക്കു തിരിഞ്ഞു. സമാധാനത്തോടെ ലോക യാത്ര അവസാനിപ്പിച്ചു. ഭർതൃവിയോഗമോ ഭാരിച്ചകുടുംബച്ചുമതലകളോ മേരിജോർജ്ജിനെ ജനസേവനമാർഗ്ഗത്തിൽനിന്നും പിന്തിരിപ്പിച്ചില്ല എന്നതും അവരുടെ സ്വഭാവ

www.malankaralibrary.com

ത്തിലെ ഒരു സവിശേഷതയാണ്.

വിദ്യാലയരേഖകളനുസരിച്ച 1929 മെയ്മാസം 29-ാം തീയതിയാണു മേരിയുടെ ജനനം. അവർക്ക് ഒരു വയസ്സായപ്പോൾ പിതാവു മരിച്ചു. അദ്ദേഹം സുറിയാനിക്കത്തോലിക്കരുടെയിടയിൽ ആദ്യത്തെ മജിസ്ട്രേട്ടായിരുന്ന ചങ്ങനാശ്ശേരി ആലുംമൂട്ടിൽ മത്തായി മജിസ്ട്രേട്ടിന്റെ മകനായ ഒരു സർക്കാരുദ്യോഗസ്ഥനായിരുന്നു എന്നു മാത്രമേ അറിവുള്ളു. തുടർന്നുള്ള വളർച്ച വൈക്കത്ത് അമ്മവീട്ടിൽ മുത്തച്ഛന്റെ പ്രത്യേക മേൽനോട്ടത്തിലും സംരക്ഷണത്തിലുമായി. പാട്ടപ്പറമ്പിൽ എന്നു പറഞ്ഞുവരുന്ന ആലമ്മൂട്ടിൽ സംസ്കൃത പണ്ഡിതനായിരുന്ന മുത്തച്ഛൻ നിരന്തരം ഉരുവിട്ടുപോന്ന "ലോകാസ്സമസ്താസുഖിനോഭവന്തു" എന്ന മന്ത്രം കേട്ടു വളർന്ന മേരിക്ക് സമസ്തലോകത്തിന്റെയും സുഖമാണു തന്റെ സുഖം എന്നൊരു ജീവിത ദർശനം കൈവന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ. അവരുടെ സ്വന്തം വാക്കുകളിൽ "നന്മ ചെയ്തുകൊണ്ടു കടന്നുപോകുവാനുള്ളതാണു ജീവിതം. നാം ജനിച്ചു വളർന്ന ഈ ലോകം ഇത്തിരിയെങ്കിലും മെച്ചപ്പെടുത്തുവാൻ ഓരോരുത്തർക്കും ബാദ്ധ്യതയുണ്ടെന്നുള്ള അവബോധം എവിടെനിന്നോ ലഭിച്ചിരുന്നു. ഞാൻ പ്രവർത്തിച്ച എല്ലാ മേഖലകളിലും ആ ദർശനത്തിൽ നിന്നും വ്യതിചലിച്ചിട്ടില്ല. രാഷ്ട്രീയത്തിൽ മനസ്സാക്ഷിയുള്ളവർക്കു നിലനിൽക്കാൻ കഴിയുമോ എന്നു പലപ്പോഴും സംശയിച്ചിട്ടുണ്ടെങ്കിലും സത്യത്തിനും ധർമ്മത്തിനും പോറലേൽപ്പിക്കാതെ ആത്മാവിൽ അധികം പോറലേൽക്കാതെ കൃതാർത്ഥതയോടെ അധികാരസ്ഥാനങ്ങളിൽനിന്നു പടിയിറങ്ങി. സഹനം ഏറെ വേണ്ടിവന്നെങ്കിലും ചെയ്യാവുന്ന നന്മ പരമാവധി ചെയ്തു."

പ്രഗത്ഭയായ ഒരു ഹൈസ്കൂൾ അദ്ധ്യാപിക, സമർത്ഥയായ ഹെഡ്മിസ്ട്രസ്സ്, കാര്യപ്രാപ്തിയുള്ള ഡി.ഇ.ഒ., ഉപഭോക്തൃ തർക്കപരിഹാരകോടതി ജഡ്ജി, മുനിസിപ്പൽ ചെയർപേഴ്സൺ മുതലായ ഉത്തരവാദിത്വമുള്ള സുദീർഘസേവനരംഗങ്ങളിൽ നിന്നുവിരമിച്ച് വാർദ്ധക്യവിശ്രമത്തിലേക്കു പ്രവേശിച്ചുവെങ്കിലും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് കോട്ടയം ഡി.സി.സി. മെമ്പർ, മഹിളാ കോൺഗ്രസ്സ് പ്രസിഡണ്ട് മുതലായ പദവികൾ ഇപ്പോഴും ശ്രീമതി മേരി ജോർജ്ജിനുണ്ട്.

ശ്രീമതി മേരിജോർജ്ജിന്റെ ജീവചരിത്രത്തിലേക്ക് അല്പംകൂടി കടന്നുനോക്കുന്നപക്ഷം അതിങ്ങനെയാണ്.

ഒന്നാംക്ലാസ്സുമുതൽ ഏഴാംക്ലാസ്സുവരെയുള്ള പ്രൈമറി മിഡിൽ സ്കൂൾ വിദ്യാഭ്യാസം വൈക്കം ഫൊറോനാപള്ളിയ്ക്കടുത്തുള്ള കർമ്മലീത്താമഠം വക സ്കൂളിലായിരുന്നു. തുടർന്ന് വൈക്കം ഗവൺമെന്റു ഹൈസ്കൂളിൽ ചേർന്നു മെട്രിക്കുലേറ്റു ചെയ്തു. അതിനുശേഷം എറണാകുളം സെന്റ് തെരാസാസ് കോളേജിൽ ചേർന്ന് ഉയർന്ന മാർക്കോടെ ബി.എ. പാസ്സായി. ബി.എഡ്. പാസ്സായശേഷം ഗവൺമെന്റു സർവ്വീസിൽ അദ്ധ്യാപകജോലിയിൽ പ്രവേശിച്ചു. യഥാക്രമം ഗവ. ഹൈസ്കൂൾ മുളന്തുരുത്തി, ഗേൾ

www.malankaralibrary.com

സ്ഹൈസ്കൂൾ മട്ടാഞ്ചേരി, ഗവ. ഹൈസ്കൂൾ തലയോലപ്പറമ്പ്, ഗവ. ഹൈസ്കൂൾ വൈക്കം എന്നിവിടങ്ങളിലായിരുന്നു അദ്ധ്യാപകജീവിതം. തുടർന്ന് ഹെഡ്മിസ്ട്രസ്സ് ആയി പ്രമോഷൻകിട്ടി. തിരൂരങ്ങാടി ഗവ. ഹൈസ്കൂൾ കോഴിക്കോട്ടു കോളേജു ക്യാംപസ് ഹൈസ്കൂൾ, വൈക്കം ഗേൾസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഹെഡ്മിസ്ട്രസ്സായിരുന്നശേഷം പാലാ എഡ്യൂക്കേഷൻ ഡിസ്ട്രിക്ടിലെ ഡി.ഇ.ഒ. ആയി നിയമിക്കപ്പെട്ടു. ഉദ്യോഗത്തിൽനിന്നു വിരമിച്ചശേഷം കോൺഗ്രസ്സ് രാഷ്ട്രീയത്തിൽ സജീവ പ്രവർത്തകയായി. 1989 ൽ കോൺഗ്രസ്സു സ്ഥാനാർത്ഥിയായി ജയിച്ച് വൈക്കം മുനിസിപ്പൽ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടു. അന്നു സ്ത്രീ സംവരണമില്ലായിരുന്നു. വ്യക്തിപരമായ യോഗ്യത പരിഗണിച്ചുള്ള സ്ഥാന ലബ്ധിതന്നെ. കേരളത്തിലെ ആദ്യത്തെ മുനിസിപ്പൽ വനിതാ ചെയർപേഴ്സൺ എന്ന പദവിയും ശ്രീമതി മേരിജോർജ്ജിനവകാശപ്പെട്ടതാണ്.

എന്നാൽ ഒന്നരവർഷത്തിനുശേഷം ചിലരുടെ അഴിമതികൾക്കു കൂട്ടു നിൽക്കാത്തതുമൂലം കോൺഗ്രസ്സംഗങ്ങൾതന്നെ ഒരു അവിശ്വാസ പ്രമേയത്തിലൂടെ ശ്രീമതി മേരി ജോർജ്ജിനെ സ്ഥാനഭ്രഷ്ടയാക്കി. അങ്ങനെ കോൺഗ്രസ്സിന്റെ കാലുവാരൽ രാഷ്ട്രീയത്തിൽ ഒരു കറുത്ത അദ്ധ്യായം കൂടി എഴുതിച്ചേർക്കപ്പെട്ടു. പക്ഷേ മേരി ജോർജ്ജിന് ഒരു സമാധാനമുണ്ട്. കോൺഗ്രസ്സ് ഹൈക്കമാൻഡു നീതി പുലർത്തി. ശ്രീമതിക്കെതിരെ വോട്ടു ചെയ്ത പ്രതിയോഗികളെ കോൺഗ്രസ്സിൽ നിന്നു പുറത്താക്കി. മാത്രമല്ല ശ്രീമതി മേരിജോർജ്ജിനെ വൈക്കം താലൂക്കു കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ട്ബോർഡിലേക്ക് കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി നിയമിക്കുകയും ചെയ്തു. കഴിഞ്ഞ പതിനാറുവർഷമായി ആ സ്ഥാനത്ത് അവർ തുടർന്നു പോരുന്നു.

1990 ൽ ആദ്യമായി കോട്ടയം ജില്ലാ ഉപഭോക്തൃതർക്കപരിഹാര കോടതി രൂപീകരിക്കപ്പെട്ടപ്പോൾ കോൺഗ്രസ്സിന്റെ നോമിനിയായി അവർ വനിതാജഡ്ജി പദത്തിൽ അവരോധിക്കപ്പെട്ടു. 1990 മുതൽ 94 വരെ നാലു വർഷത്തെ സേവനത്തിനുള്ളിൽ ഉപഭോക്താക്കളുടെ അവകാശം സ്ഥാപിച്ചുകൊണ്ടുള്ള സുപ്രധാനമായ പലവിധിത്തീർപ്പുകളും അവർ നടത്തി. അതേകാലയളവിൽ അവർ കോട്ടയം ജില്ലാ മഹിളാ കോൺഗ്രസ്സു പ്രസിഡണ്ടു സ്ഥാനവും വഹിച്ചിരുന്നു.

1996 നുശേഷം ആദ്ധ്യാത്മിക നവീകരണത്തിന്റെ പാതയിലേക്കു തിരിഞ്ഞ മേരിജോർജ്ജ് അനുദിനദിവ്യബലി പ്രാർത്ഥന ധ്യാനം എന്നിവയിലൂടെ ഭൗതികമേഖലകളിൽ നിന്നു പിൻവലിയാൻ ശ്രമിച്ചുകൊണ്ടിരിക്കവേ വൈക്കം മുനിസിപ്പൽ ചെയർമാൻ സ്ഥാനം വനിതാസംവരണത്തിന്റെ പട്ടികയിലെത്തുകയും കോൺഗ്രസ്സു പാർട്ടിയുടെ നിർബ്ബന്ധത്തിനുവഴങ്ങി മത്സരിച്ച് മുനിസിപ്പൽ ചെയർപേഴ്സൺസ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. ദൈനംദിന ആദ്ധ്യാത്മിക കൃത്യങ്ങൾക്കു മുടക്കംവരാതെ സത്യസന്ധത


www.malankaralibrary.com

യോടെ അഞ്ചുവർഷക്കാലം പ്രശസ്തമാംവണ്ണം പ്രസ്തുത കൃത്യം നിർവ്വഹിച്ച ശേഷം ശ്രീമതി മേരി ജോർജ്ജ് മത്സരരംഗങ്ങളിൽനിന്നും ഔദ്യോഗിക ജീവിതത്തിൽനിന്നും വിരമിച്ച് ആദ്ധ്യാത്മിക സ്വസ്ഥവൃത്തിയിലേക്കു പിന്മടങ്ങി, കൃതാർത്ഥതയോടെ പടിയിറങ്ങുന്നു എന്ന തലക്കെട്ടിൽ പത്രവാർത്തകളും വന്നു.

ഒരു സ്ത്രീയുടെ പ്രധാന കർമ്മമണ്ഡലം കുടുംബമാണ് എന്ന അവബോധം അന്നും പുലർത്തിപ്പോന്ന മേരി ജോർജ്ജ് ചെറുപ്പത്തിലേ വിധവയായിത്തീർന്ന സ്വന്തം അമ്മയുടെ സംരക്ഷണവും കൂടി ഏറ്റെടുത്തു. ഇപ്പോൾ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വൈസ്ചാൻസിലറായിരിക്കുന്ന ഏക പുത്രിയുടെ വിദ്യാഭ്യാസത്തിൽ ഒരു ഗുരുകുല സമ്പ്രദായം തന്നെ സ്വീകരിച്ച് അതീവശ്രദ്ധപുലർത്തി. 1950 ൽ നടന്ന വിവാഹം മുതൽ 1996 ലെ ഭർത്തൃവിയോഗംവരെ ഉത്തമഭാര്യയുടെ കർത്തവ്യങ്ങൾ വീഴ്ച കൂടാതെ നിർവ്വഹിച്ചു. ആദ്യകാലത്ത് അവിഭക്തകമ്മ്യൂണിസ്റ്റുപാർട്ടിയിൽചേർന്നു പ്രവർത്തിക്കുകയും വിമോചനസമരക്കാലത്ത് കത്തോലിക്കരുടെയിടയിൽ ചരിദ്രമുളവാക്കുന്നതിനുവേണ്ടി കത്തോലിക്കാ ലീഗ് രൂപീകരിച്ചു പ്രവർത്തിക്കുകയും ചെയ്ത ഈ ദമ്പതിമാർ കമ്മ്യൂണിസ്റ്റ് പാർട്ടി മതത്തിനും ആദ്ധ്യാത്മികതയ്ക്കും കുടുംബധാർമ്മികതയ്ക്കും അടിസ്ഥാനപരമായി എതിരാണെന്നുതിരിച്ചറിവുണ്ടായ നിമിഷത്തിൽ ആ പ്രസ്ഥാനത്തോടുവിടപറഞ്ഞു പോരികയാണുണ്ടായത്. അതിനുമുൻകൈയെടുത്തത് ശ്രമതി മേരി ജോർജ്ജാണെന്ന കാര്യവും എടുത്തുപറയേണ്ടതുണ്ട്. ഇംഗ്ലീഷിലും മലയാളത്തിലും അസാധാരണമായ പ്രസംഗപാടവവും സംഘടനാ വൈഭവവും പ്രകടിപ്പിച്ചുപോന്നിട്ടുള്ള ശ്രീമതി മേരിയുടെ പ്രധാന ഹോബി ഇപ്പോഴും വായനയാണ്. ഇപ്പോൾ ആദ്ധ്യാത്മിക ഗ്രന്ഥപാരായണത്തിൽ അധികസമയവും ചെലവഴിച്ചുകൊണ്ട് ഒരു വേലക്കാരിയുടെ സഹായത്തോടുകൂടി അയ്യർകുളങ്ങരയിലുള്ള ജാൻസി ഭവനിൽ വിശ്രമജീവിതം നയിക്കുന്നു. തോട്ടകം വിൻസെൻഷ്യനാശ്രമത്തോടനുബന്ധിച്ചുള്ള ഇടവക ദേവാലയത്തിലെ പ്രഭാത ദിവ്യപൂജകളിലും ജീവകാരുണ്യഭക്തസംഘടനകളിലും അവരുടെ സജീവസാന്നിദ്ധ്യമുണ്ട്.

വിലാസം - ശ്രീമതി മേരി ജോർജ്ജ്,
ഇടമറ്റം, വൈക്കം.

www.malankaralibrary.com



# 99

# ബിഷപ്പ് ഡോ. പീറ്റർ തുരുത്തിക്കോണം

പാവങ്ങളുടെ പിതാവെന്ന അപരനാമത്തിനർഹനായ വിജയപുരം രൂപതയുടെ മെത്രാൻ റൈറ്റ് റവ. ഡോ. പീറ്റർ തുരുത്തിക്കോണം തിരുവല്ലാ സെന്റ് ജോസഫ്സ് ഇടവകയിൽ തുരുത്തിക്കോണത്ത് ജോസഫ് ഏലിയാമ്മ ദമ്പതികളുടെ ദ്വിതീയ പുത്രനായി 1929 ആഗസ്റ്റ് ഒന്നന് ജനിച്ചു. പ്രമുഖ സന്യാസിയായിരുന്ന ഫാ. ജോൺ ഒ.ഐ.സി.യുമായുള്ള അടുപ്പം വൈദീക വൃത്തിയിലേക്ക് പ്രവേശിക്കുവാൻ പീറ്ററിന് പ്രേരകമായി. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 1950 -ൽ മൈനർ സെമിനാരിയായ മിഷൻ ഹോമിൽ ചേർന്നു ലാറ്റിൻ പഠനം നടത്തി തുടർന്ന് മംഗലപ്പുഴ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം പൂർത്തിയാക്കുകയും 1959 മാർച്ച് 12-ന് ആർച്ച് ബിഷപ്പ് ഡോ. ജോസഫ് അട്ടിപ്പേറ്റി തിരുമേനിയിൽ നിന്ന് വൈദിക പട്ടം സ്വീകരിക്കുകയും ചെയ്തു. സ്വന്തം ഇടവകയിൽ പ്രഥമദിവ്യബലിയർപ്പിച്ചു. തിരുവഞ്ചൂർ പള്ളി വികാരിയായിട്ടായിരുന്നു ആദ്യ നിയമനം. തുടർന്ന് കാഞ്ഞിരപ്പാറ പള്ളിയിലും വികാരിയായി സേവനം അനുഷ്ഠിച്ചു.

1966-ൽ വിജയപുരം രൂപതാ സെക്രട്ടറിയായും ചാൻസലറായും ചുമതലയേറ്റു. 1971-ൽ ഡോ. കൊർണേലിയസ് ഇലഞ്ഞിക്കൽ വിജയപുരം ബിഷപ്പായി സ്ഥാനമേറ്റശേഷം അദ്ദേഹത്തിന്റെ സഹായിയായി പ്രവർത്തിച്ചു. രൂപതയുടെ പ്രോ. വികാർ, വികാർ ജനറൾ എന്നീ സ്ഥാനങ്ങളും വഹിച്ചു. കൊർണേലിയസ് തിരുമേനി 1987-ൽ വരാപ്പുഴ അതിരൂപതാദ്ധ്യക്ഷനായി നിയമിതനായപ്പോൾ വിജയപുരം രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി. തുടർന്ന് പ. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ വിജയപുരം രൂപതയുടെ മെത്രാനായി നിയമിച്ചു. 1988 ആഗസ്റ്റ് 4-ാം തീയതി വിമലഗിരി കത്തീഡ്രൽ ദേവാലത്തിൽ വച്ച് മെത്രാഭിഷേകം നടന്നു. പ്രസ്തുത ചടങ്ങിൽ അനേകായിരം വിശ്വാസികളും മതമേലദ്ധ്യക്ഷന്മാരും വൈദികരും കന്യാസ്ത്രീകളും പങ്കെടുത്തു. മെത്രാഭിഷേക ചടങ്ങിന്റെ സമാപനത്തിൽ നടത്തിയ പ്രസംഗത്തിൽ "എന്റെ ജീവിതം സാധുക്കൾക്ക് സമർപ്പിച്ചതാണെന്നും പാവങ്ങളിൽ ക്രിസ്തുവിനെ ദർശിച്ചുകൊണ്ട് തുടർന്നും പ്രവർത്തിക്കുമെന്നും" തുരുത്തിക്കോണം പിതാവ് പറഞ്ഞു.

വിജയപുരം രൂപതയുടെ നാലാമത്തെയും രൂപതയിൽ നിന്നുള്ള ആദ്യത്തെയും മെത്രാനാണ് ഡോക്ടർ പീറ്റർ തുരുത്തിക്കോണം. ദളിത് ക്രൈസ്തവർ ഏറ്റം കൂടുതലുള്ള കേരളത്തിലെ രൂപതയായ വിജയപുരത്തിന്റെ ഇടയനെ പാവങ്ങളുടെ പിതാവെന്നാണ് സമൂഹം വിശേഷിപ്പിക്കുന്നത്. പത്തു

www.malankaralibrary.com

വർഷത്തോളം സി.ബി.സി..ഐ.യിലും കെ.സി.ബി.സി.യിലും എസ്.സി.എസ്.ടി. പിന്നോക്ക കമ്മീഷൻ ചെർമാനായിരുന്നു. വിജയപുരം രൂപതയുടെയും രൂപതയിലെ ജനങ്ങളുടെയും പുരോഗതി ലക്ഷ്യമാക്കി 18 വർഷക്കാലം രൂപതയെ നയിച്ചു. വിദ്യാഭ്യാസരംഗത്തും ആതുര ശുശ്രൂഷാരംഗത്തും തുരുത്തിക്കോണം പിതാവിന്റെ ഭരണകാലത്ത് വൻപുരോഗതിയാണ് വിജയപുരം രൂപത കൈവരിച്ചത്. പാവങ്ങളായ ജനങ്ങൾക്ക് നല്ല ഒരു ആശുപത്രിയും നഴ്സിംഗ് കോളേജും അദ്ദേഹത്തിന്റെ പ്രതീക്ഷയായിരുന്നു. മുക്കൂട്ടുതറയിൽ അസ്സീസിയിൽ ഒരു കോടിയിൽ പരം രൂപാ മുടക്കി നഴ്സിംഗ് കോളേജ് ആരംഭിച്ചു. പുതിയ വാർഡുകളും നിർമ്മിച്ചു. വിദ്യാഭ്യാസത്തിലും ജീവിത സൗകര്യത്തിലും പിന്നോക്കമായ വലിയൊരു ജനാവലിക്ക് തന്നാലാകുന്ന ആശ്വാസം പകർന്നു നൽകുവാൻ തിരുമേനിക്കു സാധിച്ചു.

സി.ബി.സി.ഐ.യുടെയും കെ.സി.ബി.സിയുടെയും എസ്.സി., എസ്.ടി. പിന്നോക്ക കമ്മീഷൻ ചെർമാനായിരുന്ന കാലത്ത് എല്ലാ ക്രൈസ്തവ സഭാ വിഭാഗങ്ങളെയും ഏകോപിപ്പിച്ച് ദളിത് ക്രൈസ്തവ സമരം സജീവമായി നടത്തുന്നതിന് തിരുമേനി നേതൃത്വം നൽകി. ഇക്കാലത്ത് നടത്തിയ ദളിത് ക്രൈസ്തവ അവകാശ പ്രഖ്യാപനജാഥയും തിരുവനന്തപുരത്ത് രാജഭവനിലേക്കു നടത്തിയ മാർച്ചും കോട്ടയത്ത് ദളിത് ക്രൈസ്തവർ നടത്തിയ പ്രകടനവും എല്ലാം തുരുത്തിക്കോണം പിതാവിന്റെ നിശ്ചയ ദാർഢ്യത്തിന്റെയും സംഘടനാ വൈഭവത്തിന്റെയും തെളിവുകളാണ്. ഡൽഹിയിൽ എത്തി ദളിത് ക്രൈസ്തവ പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയ തിരുമേനിയെ ഡൽഹി പോലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തു.

കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം, പത്തനംതിട്ട ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന വിജയപുരം രൂപതയിൽ 90000ത്തോളം കത്തോലിക്കരുണ്ട്. അവരുടെ സമഗ്രപുരോഗതിലക്ഷ്യമാക്കി വിശ്രമമില്ലാതെ 18 വർഷക്കാലം പ്രവർത്തിച്ചതിനുശേഷം വിമലഗിരി കത്തീഡ്രലിന് സമീപം രണ്ടുവർഷം മുൻപ് വിശ്രമഭവനം പണിത് ജോൺ പോൾ രണ്ടാമൻ തിരുമേനിക്ക് രാജി നൽകി. 2006 മെയ് 8-ാം തീയതി രാജി അംഗീകരിച്ചുകൊണ്ട് പ്രഖ്യാപനം ഉണ്ടായി.


ഡോ. പീറ്റർ തുരുത്തിക്കോണത്തിന്റെ 18 വർഷത്തെ അജപാലനത്തിൽ വിജയപുരം രൂപത ആദ്ധ്യാത്മിക, സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ വൻ മുന്നേറ്റം നടത്തി. വിദ്യാഭ്യാസത്തിലും ജീവിത സൗകര്യത്തിലും പിന്നോക്കമായ വലിയൊരു ജനാവലിക്ക് തന്നാലാകുന്ന ആശ്വാസം പകർന്ന ശേഷം 77-ാം വയസ്സിൽ പാവങ്ങളുടെ ഇടയൻ പടിയിറങ്ങുകയാണ്. തന്റെ പിൻഗാമിയായി മോൺ. സെബാസ്റ്റ്യൻ തെക്കേത്തേച്ചേരിലിനെ നിയമിച്ചതിൽ ആഹ്ളാദംകൊള്ളുകയും ചെയ്യുന്നു.

വിലാസം - ബിഷപ്പ് ഡോ. പീറ്റർ തുരുത്തിക്കോണം,
വിമലഗിരി കത്തീഡ്രൽ, കോട്ടയം.

www.malankaralibrary.com

# 100

# അലക്സാണ്ടർ പി. വർഗ്ഗീസ്



വിൻസന്റ് ഡി പോൾ സഖ്യത്തിന്റെ ദേശീയ പ്രസിഡണ്ട്, സഖ്യത്തിന്റെ അന്തരാഷ്ട്ര ഫിനാൻസ് സമതിയിൽ അംഗം, മലങ്കര കാത്തലിക് അസോസിയേഷന്റെ ഭരണഘടനാ ശില്പികളിൽ പ്രമുഖൻ, എന്നിങ്ങനെ വിവിധനിലകളിൽ പ്രവർത്തിച്ച അലക്സാണ്ടർ പി. വർഗ്ഗീസ് തിരുവല്ലായ്ക്കു സമീപമുള്ള കുറ്റൂരിൽ കല്ലറയ്ക്കൽ കുടുംബത്തിൽ വർഗ്ഗീസ് - മിയാമ്മ ദമ്പതികളുടെ പുത്രനായി 1929 നവംബർ 29-ാം തീയതി ജനിച്ചു. മാതാവ് മറിയാമ്മ വള്ളംകുളത്ത് തെക്കേൽ കുടുംബാംഗമാണ്.

പെരിങ്ങര പ്രിൻസ് മാർത്താണ്ഡവർമ്മ ഹൈസ്കൂളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. തുടർന്ന് ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ ചേർന്ന് പഠിക്കുകയും ഫസ്റ്റ് ക്ലാസ്സിൽ റാങ്കോടുകൂടി ബി.എ. ഡിഗ്രി കരസ്ഥമാക്കുകയും ചെയ്തു. തുടർന്ന് സർക്കാർ സർവ്വീസിൽ ജോലിയിൽ പ്രവേശിക്കുകയും റവന്യു ഡിവിഷണൽ ഓഫീസറായി റിട്ടയർ ചെയ്യുകയും ചെയ്തു. സബ്ഡിവിഷണൽ മജിസ്ട്രേറ്റും (സീനിയർ ഗ്രേഡ് ഡപ്യൂട്ടികളക്ടർ) ആയിരുന്നു. അദ്ദേഹം സർവ്വീസിൽ ഇരിക്കുമ്പോൾ, ഫസ്റ്റ് ക്ലാസ്സിൽ ജുഡിഷ്യൽ ടെസ്റ്റും, ഹയർ സർവ്വേപരീക്ഷയും, ഓഫീസ് പ്രൊസീഡിയർ ടെസ്റ്റും റവന്യു (Laws on land) ടെസ്റ്റും, അക്കൗണ്ട്സ് ആൻഡ് ഓഡിറ്റ് ടെസ്റ്റും, കോ-ഓപ്പറേറ്റീവ് ടെസ്റ്റും വിജയകരമായി പാസ്സായി. പോലീസ് ആൻഡ് മജിസ്റ്റീരിയൽ ട്രെയിനിംഗും ഓർഗനൈസേഷൻ ആൻഡ് മെതേഡ്സ് ട്രെയിനിംഗും, ഹയർ സർവ്വേ ട്രെയിനിംഗും, പൂർത്തീയാക്കി.

സർവ്വീസിലിരിക്കെതന്നെ സാമൂഹ്യസാംസ്കാരിക മണ്ഡലങ്ങളിൽ സ്തുത്യർഹമായ സേവനം അദ്ദേഹം കാഴ്ചവച്ചിട്ടുണ്ട്. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ദേശീയ പ്രസിഡണ്ടായി 1998-2003 കാലഘട്ടത്തിൽ അദ്ദേഹം പ്രവർത്തിച്ചു. സൊസൈറ്റിയുടെ തിരുവല്ലാ രൂപതാ പ്രസിഡണ്ടായി 13 വർഷക്കാലവും വൈ.എം.സി.എ. കുറ്റൂർ യൂണിറ്റിന്റെ പ്രസിഡണ്ടായി നാലുവർഷക്കാലവും അദ്ദേഹം പ്രവർത്തിച്ചു. തിരുവല്ലാ താലൂക്ക് പെൻഷണേഴ്സ് അസോസിയേഷൻ പ്രസിഡണ്ടായും കല്ലറയ്ക്കൽ ഫാമിലി അസംബ്ലിയുടെ പ്രസിഡണ്ടായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡിപോളിന്റെ അന്തർദ്ദേശീയ ഫിനാൻസ് എക്സിക്യൂട്ടീവ് സമതിയിലെ അംഗമായി 2000-2003 വരെ പ്രവർത്തിച്ച അദ്ദേഹം സൊസൈറ്റിയുടെ റൂൾസ് റിവിഷൻ കമ്മറ്റിയുടെ കൺസൾട്ടന്റ് ആയിരുന്നു. ഭാരതത്തിലെ സഖ്യത്തിന്റെ റൂൾസ് റിവിഷൻ

www.malankaralibrary.com

കമ്മറ്റിയുടെ ചെയർമാനുമാണദ്ദേഹം.

സി.ബി.സി.ഐ. നാഷണൽ അഡ്വൈസറി കൗൺസിലിലും, തിരുവല്ലാ രൂപതാ അഡ്മിനിസ്റ്ററേഷൻ - ഫിനാൻസ് കൗൺസിലിലും രൂപതാ സോഷ്യൽ സർവ്വീസ് എഡ്യുക്കേഷൻ അഡ്വൈസറി കൗൺസിലിലും ദീർഘനാൾ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കഴിഞ്ഞ 28 വർഷമായി രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമായി പ്രവർത്തിക്കുന്ന അലക്സാണ്ടർ പുഷ്പഗിരി മെഡിക്കൽ സൊസൈറ്റിയുടെയും മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെയും പുഷ്പഗിരി മെഡിക്കൽ കോളേജിന്റെയും നഴ്സിംഗും കോളേജ്, ഫാർമസി കോളേജ് തുടങ്ങിയവയുടെയും ഗവേണിംഗ് കൗൺസിലിൽ അംഗമാണ്.

കേരളാ ഗവണ്മെന്റ് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചീഫ് എക്സാമിനർ, കുറ്റൂർ നാദം ഫൈൻ ആർട്സ് സൊസൈറ്റിയുടെ പേട്രൺ, കുറ്റൂർ പഞ്ചായത്ത് പീസ് കമ്മറ്റിയുടെ ചെയർമാൻ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ക്യാനഡായിലെ മോൺട്രിയാളിലും പോർട്ടുഗിലിലെ ഫാത്തിമായിലും, സൗത്ത് കൊറിയായിലെ സീയൂളിലും, ഇന്ത്യയിലെ ഗോവയിലും വച്ചു നടത്തപ്പെട്ട വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ അന്തർദ്ദേശീയ സമ്മേളനങ്ങളിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. ഭാരതത്തിലെ എല്ലാ മേജർ സിറ്റികളും സന്ദർശിച്ചിട്ടുള്ള അലക്സാണ്ടർ ഇംഗ്ലണ്ട്, ഫ്രാൻസ്, ഹോളണ്ട്, ഇറ്റലി, വത്തിക്കാൻ, പോർട്ടുഗൽ, അമേരിക്കൻ ഐക്യനാടുകൾ, ക്യാനഡാ, ദുബായ്, ബംഗ്ലാദേശ്, ഹോങ്കോങ്ങ്, സിംഗപ്പൂർ, ദക്ഷിണകൊറിയ എന്നിവിടങ്ങളും സന്ദർശിക്കുകയുണ്ടായി.


വിവിധ വിഷയങ്ങളെപ്പററി ആനുകാലികങ്ങളിൽ ലേഖനങ്ങൾ എഴുതി അദ്ദേഹം പ്രസദ്ധീകരിക്കുന്നുണ്ട്. സഭയ്ക്കും സമുദായത്തിനുംവേണ്ടി വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിച്ച അലക്സാണ്ടർ പി. വർഗ്ഗീസിന്, പ. ജോൺപോൾ രണ്ടാമൻ തിരുമേനി ബേനേമെരേന്തി എന്നു പേപ്പൽ ബഹുമതി 1991-ൽ നൽകി ആദരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സഹധർമ്മണി സാറാമ്മയാണ്.

വിലാസം - ശ്രീ. അലക്സാണ്ടർ പി. വർഗ്ഗീസ്,<br>
കല്ലറയ്ക്കൽ,<br>
കുറ്റൂർ പി.ഒ.,<br>
തിരുവല്ല - 689 106

www.malankaralibrary.com

# 101

# ബിഷപ്പ് ഡോ. പീറ്റർ ചേനപ്പറമ്പിൽ



അജപാലകൻ, വിദ്യാഭ്യാസ പ്രവർത്തകൻ, യുവജന നേതാവ്, സാമൂഹ്യ പ്രവർത്തകൻ, വശ്യവചസ്സായ വാഗ്മി, സമർത്ഥനായ ഭരണാധികാരി എന്നിങ്ങനെ വിവിധ നിലകളിൽ മായാത്ത വ്യക്തി മുദ്ര പതിച്ച ബിഷപ്പ് ഡോ. പീറ്റർ ചേനപ്പറമ്പിൽ 1929 ഡിസംബർ 8-ാം തീയതി മനക്കോടത്ത് മൈക്കിൾ – ആനി ദമ്പതിമാരുടെ പുത്രനായി ജനിച്ചു.

തുറവൂർ തിരുമല ദേവസ്വം സ്ക്കൂളിൽ നിന്നും ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ പീറ്റർ ആലപ്പുഴ രൂപതയിലെ മൈനർ സെമിനാരിയിൽ വൈദിക പഠനത്തിനായി ചേർന്നു. അക്കാലത്ത് തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ബിരുദം നൽകാൻ അർഹതയുള്ള ഏഷ്യയിലെ ഏക സെമിനാരി ശ്രീലങ്കയിലെ കാൻഡിയായിരുന്നു. പഠനത്തിൽ സമർത്ഥനായ പീറ്ററിനെ ഉന്നത പഠനത്തിനയച്ചത് കാൻഡി പേപ്പൽ സെമിനാരിയിലേക്കായിരുന്നു. പേപ്പൽ സെമിനാരി പൂനയിലേക്ക് മാറ്റി സ്ഥാപിച്ചപ്പോൾ ബ്രദർ പീറ്ററും പൂനയിൽ വൈദിക പഠനം തുടർന്നു. 1956 ജൂൺ ഒന്നാം തീയതി പൗരോഹിത്യ പദവിയിലേക്കുയർത്തപ്പെട്ടു.

പൂനയിൽ നിന്നും തിരിച്ചെത്തിയ ഫാ. പീറ്റർ ചേനപ്പറമ്പിൽ ആലപ്പുഴ എസ്.ഡി. കോളേജിൽ നിന്നും ബി.എ. ഡിഗ്രിയും കൊല്ലം കർമ്മല റാണി ട്രെയിനിംഗ് കോളേജിൽ നിന്നും ബി.എഡ്. ബിരുദവും നേടി. തുടർന്ന് ഒരു വർഷക്കാലം പുന്നപ്ര സെന്റ് ജോസഫ് ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. സെന്റ് മൈക്കിൾസ് കോളേജിൽ മാനേജരായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കെ ബോംബെ അതിരൂപതയിലേക്ക് നിയോഗിക്കപ്പെട്ടു. അഞ്ചു വർഷങ്ങൾക്കു ശേഷം ആലപ്പുഴ തിരിച്ചു വന്ന ഫാ. ചേനപ്പറമ്പിൽ രൂപതയിലെ സാമൂഹ്യ പ്രവർത്തനങ്ങളുടെ ഡയറക്ടറായി നിയമിക്കപ്പെട്ടു. തുടർന്ന് രൂപതാ ചാൻസലർ, പ്രൊ- വികാർ ജനറാൾ എന്നീ നിലകളിൽ വിലപ്പെട്ട സേവനങ്ങൾ അർപ്പിച്ചു. അദ്ദേഹത്തിന്റെ മഹത് സേവനങ്ങളെ അംഗീകരിച്ച് പരിശുദ്ധ സിംഹാസനത്തിൽ നിന്നും 1982 -ൽ ഡൊമസ്റ്റിക് പ്രലേറ്റ് എന്ന ബഹുമതി — മോൺസിഞ്ഞോർ സ്ഥാനം നൽകി. ചിട്ടപ്പെടുത്തിയ ജീവിത രീതിയും അടിയുറച്ച ഈശ്വര വിശ്വാസവും ത്യാഗ പൂർണ്ണമായ സേവനതൃഷ്ണയും മോൺസിഞ്ഞോർ ചേനപ്പറമ്പന്റെ മുഖമുദ്രകളായിരുന്നു.

കാൽ നൂറ്റാണ്ടുകാലം വൈദികനെന്ന നിലയിൽ ആലുപ്പുഴ രൂപതക്ക് അദ്ദേഹം നൽകിയ സേവനം വിലപ്പെട്ടതായിരുന്നു. കാലത്തിന്റെ ചുവരെ

www.malankaralibrary.com

ഴുത്തുകൾ മനസ്സിലാക്കി ജനജീവിതത്തിന്റെ ദുരിതപൂർണ്ണവും പ്രശ്ന സങ്കീർണ്ണവുമായ തലങ്ങളിലേക്ക് ആത്മാർത്ഥമായ സ്നേഹത്തിന്റെയും സൗമനസ്യത്തിന്റെയും മന്ദഹാസം പൊഴിച്ചുകൊണ്ട് കടന്നു വന്ന മോൺ ചേനപ്പറമ്പിൽ ആലപ്പുഴ രൂപതയിലെ കയർ വ്യവസായ തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളികളുടെയും കേരകർഷകരുടെയും കൈത്തൊഴിൽക്കാരുടെയും അഭ്യുന്നതിക്കു വേണ്ടി അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുകയുണ്ടായി. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, യുവജ്യോതി, കാത്തലിക് അസോസിയേഷൻ, ഫ്രാൻസിസ്കൻ അപ്പസ്തലേറ്റ് എന്നീ സംഘടനകളുടെ ഡയറക്ടർ എന്ന നിലയിലും രൂപതാ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ഡയറക്ടർ എന്ന നിലയിലും ഒരു ദശവത്സരകാലത്തിലധികം അദ്ദേഹം ചെയ്ത സേവനങ്ങൾ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടുക തന്നെ ചെയ്യും.

അജപാലന തീഷ്ണതകൊണ്ട് പ്രശംസനീയനും സമാദരണീയനുമായ മോൺ ചേനപ്പറമ്പലിനെ ആലപ്പുഴ രൂപതയുടെ സഹായ മെത്രാനായി 1982 നവംബർ 11 ന് നിയമിച്ചു. 1983 സെപ്റ്റംബർ 4-ാം തീയതി മെത്രാഭിഷേകം നടന്നു. ആലപ്പുഴ രൂപതയുടെ പ്രഥമ മെത്രാനായ മാർ മൈക്കിൾ ആറാട്ടുകുളം 1984 ഏപ്രിൽ 28 ന് സ്ഥാനം ഒഴിഞ്ഞതിനെത്തുടർന്ന് ചേനപ്പറമ്പിൽ തിരുമേനി രൂപതാഭരണം ഏറ്റെടുത്തു.

റോമിൽപോയി അഭിവന്ദ്യ മാർപാപ്പാ ജോൺപോൾ രണ്ടാമൻ തിരുമേനിയെ പല തവണ അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും പല തവണ പര്യടനം നടത്തുകയും ചെയ്തു. ചേനപ്പറമ്പിൽ പിതാവിന്റെ ഭരണകാലത്ത് പല ദേവാലയങ്ങളും വൈദീകസദനങ്ങളും നിർമ്മിക്കുകയും പുതിയതായി പല ഇടവകകളും ഫൊറോനാപള്ളികളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ആലപ്പുഴ കത്തീഡ്രൽ പള്ളിയുടെ ഗോപുരം ഇടിഞ്ഞുവീണതിനെത്തുടർന്ന് കത്തീഡ്രൽ ദേവാലയം പുതുക്കി പണിയുകയുണ്ടായി. മൂന്നര ക്കോടിയിലധികം രൂപാ ചെലവ് ചെയ്ത് ആധുനിക രീതിയിൽ പണിത പ്രസ്തുത ദേവാലയം ബിഷപ്പ് ഡോ. പീറ്റർ ചേനപ്പറമ്പിലിന്റെ ശാശ്വത സ്മരണയായി എന്നും നിലകൊള്ളും. ജൈവകൃഷി, മത്സ്യസമ്പത്ത് വർദ്ധിപ്പിക്കൽ, കടലാക്രമണം തടയൽ, ടൂറിസം എന്നീ മേഖലകളിൽ പിതാവിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. മെത്രാസനമന്ദിരത്തിന് ചുറ്റുമുള്ള പറമ്പ് ശാസ്ത്രീയ ജൈവകൃഷിതോട്ടമായി മാറ്റി ജൈവകൃഷിയുടെ പുതിയ മാതൃകയും അദ്ദേഹം നൽകി. കൂടകളിൽ മത്സ്യം കൃഷിചെയ്യുക എന്ന ആശയവും അദ്ദേഹം അവതരിപ്പിച്ചു. പാഴ്ത്തടിയും ഫൈബർ ഗ്ലാസും കൊണ്ടുണ്ടാക്കിയ വഞ്ചിയുടെ ആശയവും ചേനപ്പറമ്പിൽ പിതാവിന്റേതായിരുന്നു.

വിലാസം - ബിഷപ്പ് റൈറ്റ് റവ. ഡോ. പീറ്റർ ചേനപ്പറമ്പിൽ,
ബിഷപ്സ് ഹൗസ്, പി.ബി. 4804 ആലപ്പുഴ 688012.

www.malankaralibrary.com

# 102

# ഫാ. ഡൊമീഷ്യൻ മാണിക്കത്താൻ CMI



പ്രമുഖ ദൈവശാസ്ത്രജ്ഞനും, വിദ്യാഭ്യാസപ്രവർത്തകനും പത്രപ്രവർത്തകനുമായിരുന്ന ഫാ. ഡൊമിഷ്യൻ കാലടിക്കടുത്ത് താന്നിപ്പുഴ മാണിക്കത്തനാൽ ഔസേപ്പ് - അന്ന ദമ്പതിമാരുടെ പുത്രനായി 1929 ഡിസംബർ 14 ന് ജാതനായി. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 1950 ൽ സി.എം.ഐ. സഭയിൽ ചേർന്നു. 1952 ഒക്ടോബർ 15-ാം തീയതി സന്ന്യാസവ്രതം അനുഷ്ഠിച്ചു. 1963 മേയ് 17-ന് പൗരോഹിത്യപദവിയിലേക്കുയർത്തപ്പെട്ടു. ധർമ്മാരം കോളേജിൽ ആയിരുന്നു വൈദീകപഠനം. കേരളാ യൂണിവേഴ്സിററിയിൽ നിന്ന് മലയാള സാഹിത്യത്തിൽ എം.എ. ബിരുദം നേടി. അമേരിക്കയിലെ മാർകെ ജസ്യൂട്ട് യൂണിവേഴ്സിററിയിൽനിന്ന് ജേർണലിസത്തിൽ മാസ്റ്റർ ബിരുദം കരസ്ഥമാക്കി. സംസ്കൃതത്തിൽ സാമാന്യജ്ഞാനം നേടുകയും ചെയ്തു.

തേവരയിൽ നിന്നും പുറപ്പെടുന്ന കുടുംബദീപം മാസികയുടെ ചീഫ് എഡിററായി 12 വർഷക്കാലം അദ്ദേഹം പ്രവർത്തിച്ചു. കുടുംബദീപംവഴി സഭയ്ക്കും സമുദായത്തിനും അദ്ദേഹം നൽകിയ സമഗ്രസംഭാവനകൾ കണക്കിലെടുത്ത് കുടുംബദീപം പ്ലാററിനം ജൂബിലിയാഘോഷിച്ചപ്പോൾ ഫാ. ഡൊമിഷ്യൻ മാണിക്കത്താനെ ജൂബിലി അവാർഡു നൽകിയാദരിക്കുകയുണ്ടായി. തേവരകോളേജിൽ 18 വർഷം ഭാഷാദ്ധ്യാപകനായും അദ്ദേഹം സേവനം അനുഷ്ഠിച്ചു. ആറുവർഷം സി.എം.ഐ. സഭയുടെ ജനറൽ കൗൺസിലർ, സ്കൂളുകളുടെ കോർപ്പറേററ് മാനേജർ എന്നീ നിലകളിലും പ്രവർത്തിച്ചു. 1987-89 കാലഘട്ടത്തിൽ ദീപികയുടെ തൃശൂർ പതിപ്പിന്റെ അസോഷിയേററ് എഡിറററുമായിരുന്നു ഡൊമീഷ്യൻ അച്ചൻ.

തേവര കോളേജ് മാനേജർ ആയി മൂന്നുവർഷവും ധർമ്മാരം കോളേജിന്റെ റെക്ടർ ആയി മൂന്നുവർഷവും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വൈദിക പരിശീലനരംഗത്തെ പ്രവർത്തനം എല്ലാവരുടെയും ആദരവുകൾ നേടിയെടുക്കുന്നതിന് സഹായകമായി. തേവര തിരുഹൃദയാശ്രമം ഉൾപ്പെടെ സി.എം.ഐ. സഭയുടെ പല ആശ്രമങ്ങളുടെയും അധിപനായി അദ്ദേഹം ശുശ്രൂഷ ചെയ്യുകയുണ്ടായി. മികച്ച ഒരു ധ്യാന പ്രാസംഗകൻകൂടിയാണദ്ദേഹം.

ദീർഘകാലം വിദ്യാഭ്യാസ പ്രസിദ്ധീകരണരംഗങ്ങളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ഫാ. ഡൊമിഷ്യൻ 73-ാം വയസ്സിലാണ് ഒരു ഇടവക വികാരിയായി അജപാലനശുശ്രൂഷ നിർവ്വഹിച്ചത് (2002-2005)

www.malankaralibrary.com

അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏററം മാധുര്യമാർന്ന വർഷങ്ങളായിരുന്നു വികാരിയായി പ്രവർത്തിച്ച കാലഘട്ടമെന്നാണ് അദ്ദേഹം പറയുക. ഇടവ കജനങ്ങളുടെ മുഴുവന്റെയും വിശിഷ്യയുവജനങ്ങളുടെയും പൂർണ്ണസഹ കരണം ഇടവകഭരണത്തിൽ അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. പാരീഷ് കൗൺസിലിന്റെയും കുടുംബയൂണിററ് ഭാരവാഹികളുടെയും സമ്മേളനങ്ങ ളിൽ വിഷയങ്ങളവതരിപ്പിച്ച് എല്ലാ കാര്യങ്ങളെപ്പററിയും ബോദ്ധ്യ പ്പെടുത്താൻ ശ്രമിച്ചതാണ് ഇടവകവികാരിയെന്ന നിലയിൽ വിജയംവരിക്കാ നായത്. തന്റെ ഇടവകയിലെ യുവാക്കളെയും വൃദ്ധരെയും രോഗികളെയും സവിശേഷ പരിഗണനയോടെ ശ്രദ്ധിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു.

ഫാ. ഡൊമിഷ്യൻ അഞ്ചുഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കുടുംബദീപം പ്ലാററിനം ജൂബിലി അവാർഡ് പ്രശസ്തി പത്രത്തിൽ ഇപ്രകാരം എഴുതിയി രിക്കുന്നു. "പ്രൗഢമായ ഗദ്യശൈലിയാണ് ഫാ. ഡൊമിഷ്യന്റെ സവിശേ ഷത. ധർമ്മബോധവും നീതിവിചാരവുമാണ് അദ്ദേഹത്തെ എന്നും നയിച്ചിട്ടു ള്ളത്. വായനക്കാരന്റെ ആത്മാവിലേക്ക് നേരെ നടന്നുകയറുന്ന ആശയാ വിഷ്കാര സമ്പ്രദായം അദ്ദേഹം എന്നും പിന്തുടരുന്നു. ലേഖനസമാഹാ രങ്ങളും വിവർത്തനവുമുൾപ്പെടെ അഞ്ചുഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതാ യിട്ടുണ്ട്. കുടുംബാരാമം എന്ന കൃതി അദ്ദേഹം എഡിററ് ചെയ്ത മികച്ച കുടുംബജീവിതഗ്രന്ഥമാണ്. കുടുംബജീവിതക്കാർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന നിരവധി ലേഖനങ്ങൾ സമാഹരിച്ചു തയ്യാറാക്കിയ അതിന്റെ നിര വധി പതിപ്പുകൾ വിററുകഴിഞ്ഞു."

അദ്ദേഹത്തിന്റെ കൃതികൾ താഴെപറയുന്നവയാണ്.

1) എന്റെ മുപ്പത്തിമൂന്നാംവയസ്സ് (പരിഭാഷ) രണ്ടാംലോകമഹായുദ്ധ ത്തിനുശേഷം ജർമ്മനിയിലുണ്ടായ സംഭവവികാസങ്ങളെപ്പററി ജർമ്മൻ ഭാഷയിലുള്ള പ്രശസ്തഗ്രന്ഥത്തിന്റെ പരിഭാഷയാണിത്. (2) കുടുംബാരാമം (ലേഖനസമാഹാരം) (3) ദാമ്പത്യപ്രശ്നങ്ങൾ (ചർച്ചാസമാഹാരം) (4) കേരള വൊക്കേഷൻ ഡയറക്ടറി 1982 (എഡിററർ) (5) കേരളസഭാദീപം (ലേഖനസമാഹാരമാണിത്)

കുടുംബാരാമത്തിനും കേരളസഭാദീപത്തിനും പല പതിപ്പുകൾ പ്രസിദ്ധീകൃതമായി. ഇപ്പോൾ കറുകുററി പള്ളിവികാരിയാണ്.

വിലാസം - ഫാ. ഡൊമിഷൻ മാണിക്കത്താൻ സി.എം.ഐ.
ക്രൈസ്റ്റ് ദ കിംഗ് മൊണാസ്റ്ററി പാരീഷ്
കറുകുററി 683576.

www.malankaralibrary.com



# 103

# സി.ഡോ. മൈക്കിൾ ഫ്രാൻസീസ്

## A.S.M.I.

ആതുര ശുശ്രൂഷാരംഗത്ത് അത്ഭുതകരമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുകയും സമൂഹത്തിലെ അവഗണിക്കപ്പെട്ടവരായ കുഷ്ഠരോഗികൾ, പതിതസ്ത്രീകൾ, ഓടയിലെ ശിശുക്കൾ, അന്ധ-ബധിരർ എന്നിവർക്ക് യേശുനാഥന്റെ കരുണാർദ്രസ്നേഹം പകർന്നു നൽകുവാൻ ജീവിതം സമർപ്പിക്കുകയും ചെയ്ത സി. ഡോ മൈക്കിൾ ഫ്രാൻസീസ് ഇരിങ്ങാലക്കുട രൂപതയിലെ പറമ്പികുടുംബത്തിൽ വർഗീസ് - ത്രേസ്യാമ്മ ദമ്പതികളുടെ പത്തു മക്കളിൽ നാലാമത്തെ പുത്രിയായി ജനിച്ചു. റോസി എന്ന ഓമനപ്പേരിലറിയപ്പെട്ടിരുന്ന എലിസബത്ത് ഹൈസ്കൂൾ വിദ്യാഭ്യാസനന്തരം എറണാകുളം മഹാരാജാസ് കോളേജിൽ ചേർന്ന് ബി.എസ്സ്.സി. ബിരുദം നേടി. തുടർന്ന് അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു. സന്യാസിയാകണമെന്ന ആഗ്രഹം ചെറുപ്പം മുതൽ എലിസബത്തിൽ നിലനിന്നിരുന്നു. കുടുംബാംഗങ്ങളുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് എലിസബത്തെന്ന റോസി ചേർത്തലയിലെ അമലോത്ഭവ മാതാവിന്റെ അസ്സീസി സന്യാസിനി സഭയിൽ 25-ാമത്തെ വയസ്സിൽ അർത്ഥിനിയായി ചേർന്നു. പ്രഥമ വ്രതവാഗ്ദാനത്തിലൂടെ സി. മൈക്കിൾ ഫ്രാൻസീസ് എന്നു നാമം സ്വീകരിച്ചു. സമൂഹത്തിലെ അവഗണിക്കപ്പെട്ടവരായ ജനങ്ങൾക്കുവേണ്ടി സേവനം അനുഷ്ഠിക്കുന്നവരുടെ ഒരു സമൂഹമാണ് അമലോത്ഭവമാതാവിന്റെ അസ്സീസി സന്യാസിനിസഭ.

സമൂഹത്തിൽ അവഗണിക്കപ്പെട്ടവരെ - കുഷ്ഠരോഗികളെപ്പോലും സഹോദരാ, സഹോദരി എന്ന് വിളിച്ച് അവരെ ആലിംഗനം ചെയ്ത വി. ഫ്രാൻസീസിന്റെ ചൈതന്യത്തിൽനിന്നും ഉരുത്തിരിഞ്ഞ ജീവിതമാണ് സി. മൈക്കിൾ ഫ്രാൻസീസ് നയിച്ചിരുന്നത്. 1958 ൽ മെഡിസിനിൽ ഉപരിപഠനം നടത്തുന്നതിനായി റോമിലേക്ക് പുറപ്പെട്ടു. റോമിലെ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും മെഡിസിനിൽ 1963 ൽ ബിരുദമെടുത്തു. 1965 ൽ ട്രോപ്പിക്കൽ സ്കൂൾ ഓഫ് മെഡിസിൻ ഇൻ കൽക്കട്ടയിൽനിന്നും കുഷ്ഠരോഗ ചികിത്സയിലും പരിചരണത്തിലും പരിശീലനം നേടി. 1970-72 ൽ ഇംഗ്ലണ്ടിലെ എഡിൻബറോ യൂണിവേഴ്സിറ്റിയിൽനിന്നും എം.ആർ.സി.പി. ബിരുദം നേടി.

സന്യാസസഭയുടെ പ്രഥമ സിസ്റ്റർ ജനറലായി സി. മൈക്കിൾ ഫ്രാൻസീസ് തിരഞ്ഞെടുക്കപ്പെട്ടു. സിസ്റ്റർ ജനറലായിരുന്ന പത്തുവർഷവും

www.malankaralibrary.com

കുഷ്ഠരോഗികളെ ചികിത്സിക്കുന്നതിൽ സമയവും ആനന്ദവും കണ്ടെത്തിയിരുന്നു. 1988 - 1994 കാലഘട്ടത്തിൽ സഭയുടെ സെന്റ് ജോസഫ് പ്രോവിൻസിന്റെ ഒന്നാമത്തെ സിസ്റ്റർ പ്രൊവിൻഷ്യൽ ആയി നിയമിതയായി. സമർത്ഥയായ ഒരു ഡോക്ടർ എന്ന നിലയിലുള്ള ഗ്രീൻഗാർഡൻസ് ആശുപത്രിയിലെ സ്നേഹശുശ്രൂഷയും മറ്റുംകണ്ട് മനസ്സിലാക്കിയ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി ഒരു തിരുനാൾ ദിനം പള്ളിയിൽ പ്രസംഗമദ്ധ്യേ പറഞ്ഞു. ഇതുപോലെയുള്ള പത്ത് മൈക്കിൾ സിസ്റ്റർമാരെയാണ് ഇന്ന് സഭയ്ക്കാവശ്യം.

സിസ്റ്റർ കണ്ടെത്തിയ സാമൂഹ്യ ശുശ്രൂഷാ മേഖലകൾ നിരവധിയാണ്. ഗ്രാമങ്ങളുടെ സമഗ്രവികസനം ലക്ഷ്യംവച്ചാണ് സിസ്റ്റർ പ്രവർത്തനം നടത്തിയിരുന്നത്. എല്ലാവർക്കും ഭവനം, വിദ്യാഭ്യാസം, വൈദ്യുതി, സാനിട്ടറി സൗകര്യങ്ങൾ ഗ്രാമങ്ങളിൽ എല്ലാവർക്കും ലഭ്യമാക്കുവാൻ സിസ്റ്റർ ശ്രമിച്ചു. തമിഴ്നാട്ടിലെ മൂന്നു വില്ലേജുകളിലായി 176 വീടുകൾ നിർമ്മിച്ചു നൽകി. നിഷേധിക്കപ്പെട്ടിരുന്ന അവകാശങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കി. അന്നത്തെ തമിഴ്നാട് മുഖ്യമന്ത്രി എം.ജി.ആർ നൽകിയ ഭൂമിയിൽ നിന്നും 70 സെന്റുവീതം ഭൂമി തേയിലകൃഷിക്കായി ഓരോ ഗ്രാമീണനും പതിച്ചു നൽകി. റൊട്ടേഷൻ ക്രോപായി പച്ചക്കറികളും കൃഷിചെയ്യിച്ചു. വീടുപണിയാൻ ഗ്രാമീണരോടൊപ്പം സന്യാസാർത്ഥിനികളും സിസ്റ്ററും അക്ഷീണം പ്രയത്നിക്കുകയും ചെയ്തു. അന്ധ-ബധിര കുട്ടികളുടെ വിദ്യാഭ്യാസത്തിനായി സ്പെഷ്യൽ സ്കൂൾ ആരംഭിക്കുവാനും അവരുടെ പുനരധിവാസത്തിനായി തമിഴ്നാട്ടിലെ ആവിനാശിയിൽ അസ്സീസി ഗാർമെന്റ്സ് എന്ന പേരിൽ ഓർഗാനിക് കോട്ടൺ ഗാർമെന്റ്സ് ആരംഭിക്കുകയും ചെയ്തു. വിദേശ രാജ്യങ്ങളിൽ നിന്നും ഇതിന് സഹായവും ലഭിച്ചിരുന്നു. ഇന്ന് ഈ സ്ഥാപനം നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

ഭൂട്ടിക്കോട്ടായിലെ കയർ ഫാക്ടറിയിൽ 20 കുടുംബങ്ങൾക്ക് ജോലി നൽകി. അതിലൂടെ സീനിയർ സിറ്റിസൺസിനെ സംരക്ഷിക്കുവാനുള്ള പദ്ധതിക്ക് രൂപം നൽകുകയും ചെയ്തു. ബാംഗ്ളൂരിലെ വി.ഗാർഡിന്റെ പാർട്സ് നിർമ്മാണ കേന്ദ്രം അന്ധരായിട്ടുള്ള പെൺകുട്ടികളുടെ പുനരധിവാസ കേന്ദ്രം കൂടിയായിട്ടാണ് സിസ്റ്റർ രൂപപ്പെടുത്തിയിരിക്കുന്നത്. ഓൾ ഇൻഡ്യാ ബ്ലൈൻഡ് ഫെഡറേഷൻ നടത്തിയിരുന്നതാണ്.

തമിഴ്നാട്ടിലെ കൂഗ്ളിതുറയിൽ ദരിദ്രരായ ഗ്രാമീണ പെൺകുട്ടികളുടെ ശോഭനമായ ഭാവിയെ ലാക്കാക്കി സമാരംഭിച്ച സ്കൂൾ ഓഫ് നഴ്സിംഗ് സിസ്റ്ററിന്റെ ദീർഘ വീക്ഷണത്തിന്റെ മകുടോദാഹരണമാണ്.

200 കിടക്കകളുള്ള കുഷ്ഠരോഗാശുപത്രിയിലെ ആതുര ശുശ്രൂഷക്കു പുറമേ എസ്. ഇ.റ്റി (survey, Education, Treatment) എന്ന പദ്ധതിയിലൂടെ കുഷ്ഠരോഗനിർമ്മാണത്തിനായി Leprasy Education ആലപ്പുഴജില്ലയിലെ ചേർത്തല താലൂക്ക് ആസ്ഥാനമാക്കി സിസ്റ്റർ കാഴ്ച വച്ച സേവനം മതിലകത്തെ

www.malankaralibrary.com

ഓരോ മണൽത്തരിയും ഇന്ന് വിളിച്ചോതുന്നുണ്ട്.

ബാംബർഗ് ആർച്ചുബിഷപ്പ് കാരിത്താസ് ജർമ്മനി ക്ഷണിച്ചതനുസരിച്ച് ആതുരസേവനത്തിനായി നാല് വൃദ്ധ മന്ദിരത്തിലേയ്ക്കായി 30 സിസ്റ്റേഴ്സിനെ അയയ്ക്കുകയുണ്ടായി. അവരെ അതിനു പ്രാപ്തരാക്കിയതും സിസ്റ്ററിന്റെ പരിശ്രമഫലമായിട്ടാണ്. ആഫ്രിക്കൻ മിഷനിലേയ്ക്ക്- ഏറ്റം ർഘടം പിടിച്ച ആഫ്രിക്കയിലെ കെനിയായിലേയ്ക്ക് തീവ്ര വാദികളുടെ ആക്രമണത്തെപ്പോലും വക വയ്ക്കാതെ അവിടെ സേവനം അനുഷ്ഠിക്കുവാൻ ഒരു സിസ്റ്റർ ഡോക്ടറടക്കം അഞ്ചു സഹോദരികളെ അയയ്ക്കുന്നതിനും സിസ്റ്റർ താല്പര്യമെടുത്തു.

കാലഘട്ടത്തിന്റെ ആവശ്യം മനസ്സിലാക്കി കുതിച്ചുയരുന്ന ക്യാൻസർ രോഗികളുടെ ദയനീയമായ അവസ്ഥ കണ്ട് അവർക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന ഉറച്ച തീരുമാനമാണ് സാമ്പത്തിക പരാധീനത വക വയ്ക്കാതെ മോൺ. ജോസഫ് കണ്ടത്തിൽ മെമ്മോറിയൽ ക്യാൻസർ റിസേർച്ച് സെന്റർ ചേർത്തലയിൽ ഗ്രീൻഗാർഡൻ ആരംഭിക്കുവാൻ സിസ്റ്ററിനെ പ്രേരിപ്പിച്ചത്. പ്രതികൂല സാഹചര്യങ്ങളെ നേരിട്ട് പതറാത്ത മനസ്സോടും ഇടറാത്ത പാദങ്ങളോടും കൂടി ക്യാൻസർ സെന്ററിന്റെ നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന 76 കാരിയായ സിസ്റ്റർ മൈക്കിൾ ഫ്രാൻസീസ് ഇന്നും ചുറുചുറുക്കോടെ ശുശ്രൂഷാ നിരതയായിരിക്കുന്നു. അർപ്പണബോധമുള്ള പ്രശസ്തരായ ഡോക്ടേഴ്സിന്റെ ഒരു ഫോറം തന്നെ സിസ്റ്റർ രൂപീകരിച്ചിട്ടുണ്ട്.

വാനില കൃഷിയിൽ സിസ്റ്റർ പ്രത്യേകം താല്പര്യം കാണിക്കുന്നുണ്ട്. രോഗികൾക്കായിട്ടാണ് സിസ്റ്റർ വാനില കൃഷി ആരംഭിച്ചത്. സിസ്റ്ററിലെ പ്രകൃത്യോപാസനയെ തൊട്ടുണർത്തുന്ന ഒന്നാണ് വാനില കൃഷി.

വായനയും കഠിനാദ്ധ്വാനവും ഈ ധന്യ ജീവിതത്തിന്റെ മുഖമുദ്രയാണ്. നാലു ഭൂഖണ്ഡങ്ങൾ കാണാൻ ദൈവം സിസ്റ്ററിനെ അനുവദിച്ചുവെന്നതും പ്രത്യേകം എടുത്തുപറയേണ്ടതാണ്. കർത്താവിനെ കൂടാതെ നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. (യോഹ.15/5 ഈ വാക്കുകളാണ് സിസ്റ്ററിനെ നയിക്കുന്നത്.

Address - Sr. Michael Francies A.S.M.I., Sanjose Convent, Green Gardens, Cherthala.

www.malankaralibrary.com

# 104



# ഫാ.തോമസ് വിരുത്തിയിൽ

## (വഴിയച്ചൻ)

പ്രാർത്ഥനയും പ്രവർത്തനവും ഒരുമിച്ചുപോകണം. ദൈവം നിത്യ സ്നേഹവും നിത്യകർമ്മവുമാണ്. ഈ തത്വശാസ്ത്രവുമായി ജനോപകാരപ്രദങ്ങളായ പ്രവർത്തനങ്ങളുമായി മുന്നോട്ടുനീങ്ങുന്ന ഫാ.തോമസ് കോട്ടയം ജില്ലയിൽ കല്ലറ പഞ്ചായത്തിൽ വിരുത്തിയിൽ കുടുംബത്തിൽ പത്രോസ്-അന്നമ്മ ദമ്പതികളുടെ പുത്രനായി 1930 ജനുവരി 10-ാം തീയതി ജനിച്ചു. അദ്ദേഹത്തെ വീട്ടിൽ വിളിച്ചിരുന്നത് തോമാച്ചൻ എന്നായിരുന്നു. കല്ലറ, കടത്തുരുത്തി സെന്റ് മൈക്കിൾസ് ഹൈസ്കൂൾ എന്നിവിടങ്ങളിലെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ജ്യേഷ്ഠൻ ഫാ.സെബാസ്റ്റ്യൻ വിരുത്തിയിലിന്റെ പാത പിന്തുടർന്ന് സെമിനാരിയിൽ ചേർന്നു. വിജയപുരം ലത്തീൻ രൂപതയ്ക്കുവേണ്ടി ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ ചേർന്നു. 1961 ൽ വൈദിക പട്ടം സ്വീകരിച്ചു.

കോട്ടയം ഹോളിഫാമിലി പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യനിയമനം. തുടർന്ന് ആണ്ടൂർ, പെരുവ, മണ്ണക്കനാട്, കവളങ്ങാട്ട് തുടങ്ങി പല ദേവാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. മണ്ണക്കനാട് ദേവാലയത്തിന്റെ വികാരിയായിരുന്നപ്പോൾ ആണ് ഇലക്കാട് ദേവാലയം നിർമ്മിച്ചത്. ദേവാലയശുശ്രൂഷക്കിടയിലും സാമൂഹ്യരംഗത്ത് ശ്രദ്ധപതിപ്പിച്ചു. ഇക്കാലത്തേപ്പോലെ യാത്രാസൗകര്യങ്ങളൊന്നുമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ റോഡുകളും പാലങ്ങളും നിർമ്മിക്കുവാൻ സർക്കാരിനും പഞ്ചായത്തുകൾക്കും ഫണ്ടില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ, നാടിന്റെ വികസനത്തിന് റോഡുകൾ കൂടുതലുണ്ടാകേണ്ടത് ആവശ്യമാണെന്ന് അച്ചൻ മനസ്സിലാക്കി. അതിനുവേണ്ടി ആരെയും പഴിക്കാതെ ബഹുജന സഹകരണത്തോടെ വഴിവെട്ടുവാൻ അദ്ദേഹം ഇറങ്ങിത്തിരിച്ചു. ആയിരം കിലോമീററർ റോഡ് വെട്ടുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. കഴിഞ്ഞ 4 ദശാബ്ദക്കാലത്തെ പ്രവർത്തനഫലമായി ഏതാണ്ട് ലക്ഷ്യത്തിലെത്തിച്ചേർന്നു. വഴിവെട്ടിനിടയിൽ നാട്ടുകാർ സ്നേഹപൂർവ്വം അദ്ദേഹത്തിന് വഴിയച്ചൻ എന്ന പേരു നൽകി. റോഡുനിർമ്മാണത്തിനിടയിൽതന്നെ ഏതാണ്ട് 8 പാലങ്ങൾകൂടി പണികഴിപ്പിച്ചപ്പോൾ മലയാള മനോരമ "പാതകളിലെ വിളക്കുമരം" എന്ന് വിശേഷിപ്പിച്ച് സണ്ടേസപ്ലിമെന്റിൽ ലേഖനം എഴുതി. അതുപോലെ The Week മാസിക Mooving faith എന്ന തലക്കെട്ടിലും ലേഖനം എഴുതിയപ്പോൾ ഇന്ത്യയിലെ. പല ഭാഷകളിലും

www.malankaralibrary.com

അച്ചനെപ്പററി ലേഖനങ്ങൾ വന്നു.

പഞ്ചായത്തുകൾക്ക് വരുമാനമൊന്നുമില്ലാതിരുന്ന കാലഘട്ടത്തിൽ എം.സി.റോഡിനെയും എൻ.എച്ച്. 47നെയും ബന്ധിപ്പിച്ച് ഏററുമാനൂർ-വെച്ചൂർ ഹൈവേനിർമ്മിച്ചു. ആയതിന്റെ കല്ലറ മുതൽ വെച്ചൂർ വരെയുള്ള പകുതിയിലധികം ഭാഗം പാടത്തുകൂടിയായിരുന്നു കടന്നുപോയത്. വിജയപുരം രൂപതയിലെ സോഷ്യൽ സർവ്വീസ് സൊസൈററിയുടെയും, സി.ആർ.എസ്സിന്റെയും സഹകരണത്തോടെ മണ്ണിട്ടുയർത്തി 12 മീററർ വീതിയിൽ പണിപൂർത്തിയാക്കി. ജെ.സി.ബി., ടിപ്പർ ഇവയൊന്നും ഇല്ലാതിരുന്ന കാലഘട്ടത്തിലാണ് ഈ റോഡുകൾ പലതും പണിതീർത്ത തെന്ന് പ്രത്യേകം എടുത്തുപറയേണ്ടതാണ്. മനുഷ്യപ്രയത്നം എന്തുമാത്രം വേണ്ടിവന്നുവെന്നും ആ മനുഷ്യശേഷി സമാഹരിക്കുന്നതിന് വഴിയച്ചൻ എന്തുമാത്രം ബദ്ധപ്പെട്ടുവെന്നും വിവരിക്കുവാൻ വാക്കുകൾ ഇല്ല. ഈ റോഡ് പിന്നീട് സർക്കാർ കുമരകം - കമ്പം ഹൈവേയുടെ ഭാഗമാക്കിമാററി എന്നതിനാൽതന്നെ റോഡിന്റെ പ്രാധാന്യം മനസ്സിലാക്കാം ചെറുതുരുത്തുകളെ ബാഹ്യലോകവുമായി ബന്ധിപ്പിക്കുന്ന ഒരു കണ്ണികൂടിയാണ് ഈ റോഡ്. കോട്ടയത്തുനിന്നും ആലപ്പുഴ, ചേർത്തല, അർത്തുങ്കൽ എന്നിവിടങ്ങളിലേക്കും പടിഞ്ഞാറൻ ഭാഗങ്ങളിൽ നിന്ന് ഹൈറേഞ്ചിലേക്കും ഏററം എളുപ്പവഴിയാണിത്. കല്ലറ-വെച്ചൂർ റോഡിലെ കൊടുതുരുത്ത് പാലം, തോട്ടാപ്പള്ളിപാലം, പറവൻതുരുത്ത്, ചാത്തനാംകടവ് പാലം, നീണ്ടൂർ മാളിയേക്കൽ താഴെ പാലം, കുളമ്പുകാട്ട് കാക്കത്തുരുത്ത് പാലം, ഇവയൊക്കെയാണ് വഴിയച്ചൻ നിർമ്മിച്ച പ്രധാനപാലങ്ങൾ കല്ലറ - വെച്ചൂർ റോഡ്, ആയാംകുടി-അപ്പാഞ്ചിറ റോഡുകൾ എന്നിവയും ഏററം പ്രാധാന്യമർഹിക്കുന്നതാണ്. ആപ്പാഞ്ചിറ-വെച്ചൂർ റോഡ്, പുല്ലപ്ര-മുത്തോലപുരം റോഡുകളും അച്ചന്റെ ശ്രമഫലമായി രൂപംകൊണ്ടതാണ്.

വഴിവെട്ടുന്നതിൽമാത്രമല്ല പെൻഡുലം ഉപയോഗിച്ച് കിണറിന് സ്ഥാനം കാണുന്നതിനും രോഗനിർണ്ണയം നടത്തുന്നതിനും അച്ചൻ വിദഗ്ധനാണ്. ഇതിനകം ആയിരത്തിലധികം കിണറുകൾക്ക് അച്ചൻ സ്ഥാനനിർണ്ണയം നടത്തിയിട്ടുണ്ട്. പെൻഡുലം ഉപയോഗിച്ച് നിരവധി രോഗികളുടെ രോഗനിർണ്ണയവും അദ്ദേഹം നടത്തിയിട്ടുണ്ട്.

പള്ളിജോലികളും, റോഡ്നിർമ്മാണവും നടത്തിയതിനിടെ പ്രകൃതിയിൽ നിന്നുള്ള പഠനവും വായനയും വഴി മൂന്നുപുസ്തകങ്ങൾ അദ്ദേഹം എഴുതി പ്രസദ്ധീകരിക്കുകയുണ്ടായി. മൂന്നാമത്തെ പുസ്തകമായ മണ്ണും മരങ്ങളും പിന്നെ വൈദ്യുതിയും 2005ലാണ് പ്രസിദ്ധീകരിച്ചത്. ലോകത്ത് ഒരു ശാസ്ത്രജ്ഞനും പറയാത്ത 28 കാര്യങ്ങൾ പുതിയതായി ഈ പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നു. വൈദ്യുതകാന്തതരംഗങ്ങൾ ഭൂമിയിൽ നിന്നും പ്രവഹിക്കുന്നതിനെപ്പററിയും, തീ മുകളിലേക്ക് കത്തുന്നതിനെപ്പററിയും ആധികാരികമായി ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

www.malankaralibrary.com

ശുദ്ധജലം കാണുന്നതിന് മരങ്ങളിലെ പൂപ്പലുകളും ഇലകളുടെ ഹരിതകനിറവും വീക്ഷിച്ചാൽ മതിയെന്ന് അദ്ദേഹം കണ്ടെത്തി. "കുടിവെള്ളത്തിന് മരത്തിൽ തെരയുക ഇതാണ് അച്ചന്റെ തത്വം. ദൈവാനുഗ്രഹം ഒന്നുകൊണ്ടുമാത്രമാണ് ഇതെല്ലാം സാധിച്ചത് എന്ന് അച്ചൻ പറയുന്നു. അച്ചൻ രചിച്ച മററു രണ്ടുഗ്രന്ഥങ്ങൾ മരങ്ങളിൽ ഭൂമി നടത്തുന്ന ഫോട്ടോണിക്സ് സ്പ്രേ, മരങ്ങളിലെ പമ്പിംഗ് സിസ്റ്റവും ഫംഗസ് മാർക്കുകളും എന്നിവയാണ്."

വായനയിൽ അതീവതല്പരനായ അച്ചൻ ഭാരതീയ തത്വചിന്താകൃതികൾ വായിക്കുന്നു. പുസ്തകങ്ങൾ ആവേശം പകരുന്നവയാണ്. ഉത്സാഹംകുറയുമ്പോൾ പുസ്തകം നല്ലൊരു മരുന്നാണ്. അച്ചന്റെ അഭിപ്രായമിതാണ്. 25 ഓളം ക്രിസ്തീയ ഭക്തിഗാനങ്ങൾ രചിച്ചിട്ടുള്ള അച്ചൻ 2 ക്രിസ്തീയഗാനകാസററുകൾക്ക് ഗാനരചന നിർവ്വഹിച്ചിട്ടുമുണ്ട്.

കേരളത്തിലെ പ്രൈവററ് ബസ് ഓപ്പറേററർമാരുടെ സംഘടന സൗജന്യ പാസ്സ് നൽകി അച്ചന്റെ സേവനങ്ങളെ ആദരിച്ചു. അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് 1991 ലെ മികച്ച സാമൂഹ്യ പ്രവർത്തകനുള്ള അവാർഡ് നൽകി. ഫാ. പോൾ പഴേമ്പള്ളി സ്മാരക ഗാന്ധിഗ്രാം അവാർഡും അച്ചന് ലഭിച്ചിട്ടുണ്ട്. കേരളാ ക്രിസ്ത്യൻ ഫെഡറേഷനും വൈക്കം റോട്ടറിക്ലബ്ബും മികച്ച സാമൂഹ്യപ്രവർത്തകനുള്ള അവാർഡും നൽകിയിട്ടുണ്ട്.

വിലാസം - ഫാ. തോമസ് വിരുത്തിയിൽ, കല്ലറ പി.ഒ., കോട്ടയം ജില്ല.

# 105



# റവ. ബ്രദർ ലൂയീസ് മഞ്ഞളി

## എം.എം.ബി.

സന്യാസ സമൂഹത്തിനകത്ത് വിവിധങ്ങളായ കനത്ത ഉത്തരവാദിത്വങ്ങളിൽ മുഴുകിക്കഴിയുന്നതിനിടയിൽ, സാഹചര്യങ്ങളിൽകൂടി ദൈവം വിരൽചൂണ്ടിക്കാണിച്ച കർമ്മപഥങ്ങളിൽ ഇച്ഛാശക്തിയോടെ സുധീരം മുന്നേറുകയും സ്ഥിരപരിശ്രമവും സംഘാടകനൈപുണ്യവുംകൊണ്ട് വിജയം വരിക്കുകയും ചെയ്ത അപൂർവ്വ വ്യക്തിത്വത്തിന്റെ ഉടമയാണ് ബ്രദർ മഞ്ഞളി എന്ന് അറിയപ്പെടുന്ന റവ.ബ്രദർ ലൂയീസ് മഞ്ഞളി എം.എം.ബി.

തൃശൂർ ജില്ലയിൽ ആമ്പല്ലൂർ വില്ലേജിൽ വെണ്ടോർ ഇടവകയിൽ മഞ്ഞളി ഇനാശു - മറിയം ദമ്പതികളുടെ 12 മക്കളിൽ ഒമ്പതാമനായി 1930

www.malankaralibrary.com

ജനുവരി 28-ന് ജനിച്ചു. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം രണ്ടു വർഷം ബാങ്കിൽ ജോലി ചെയ്തു. 1949 ൽ മലബാർ മിഷനറി ബ്രദേഴ്സ് (എം.എം.ബി.) എന്ന സന്യാസ സഭയിൽ ചേർന്നു. അതിന്റെ അഞ്ചു സ്ഥാപകാംഗങ്ങളിൽ ഒരാളായി ആദ്യബാച്ചിൽ സന്യാസ വ്രതവാഗ്ദാനം ചെയ്തു. 1952 ൽ മരിയാപുരത്തു സ്ഥാപിച്ച പ്രസ്സിൽ ആദ്യ മാനേജരായി. പതിനാറു വർഷം തൽസ്ഥാനത്തു തുടർന്നു. ഇതിനിടയിൽ അനൗപചാരികമായി കോളേജ് വിദ്യാഭ്യാസം നടത്തി, ജേർണലിസത്തിൽ യൂണിവേഴ്സിററി ഡിപ്ലോമ നേടി.

മരിയൻ സൊഡാലിററി (സി.എൽ.സി.) ക്കുവേണ്ടി തൃശൂർ രൂപതയിൽ 1950 ൽ ആരംഭിച്ചിരുന്ന മേരിവിജയം മാസിക 1953 ൽ അച്ചടി മരിയാപുരത്തേക്ക് മാററിയതോടെ ബ്രദർ മഞ്ഞളിയുടെ സംരക്ഷണയിലായി. 1957 ൽ മാസികയുടെ പൂർണ്ണ ഉത്തരവാദിത്വം എം.എം.ബി.യ്ക്കു ഏല്പിക്കപ്പെട്ടതു മുതൽ ഇന്നുവരെ അതിന്റെ പ്രസാധകനാണ്. മാനേജർ, മാനേജിംഗ് എഡിററർ, ചീഫ് എഡിററർ എന്നീ നിലകളിൽ അനേകവർഷം അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. മേരിവിജയത്തിന്റെ മുഖ്യഅണിയറ ശില്പിയായി ഇന്നും പ്രവർത്തിച്ചു വരുന്നു. വിമോചന സമരസേനാനിയായ ഫാദർ വടക്കന്റെ നേതൃത്വത്തിൽ നടന്നിരുന്ന 'തൊഴിലാളി' ദിനപത്രത്തിന്റെ ജനറൽ മാനേജരായി മൂന്നു വർഷം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1973 ൽ എം.എം.ബി. സുപ്പീരിയർ ജനറാളായി. 1976 ലും, 1991 ലും, 1994 ലും അതേ പദവിയിൽ വീണ്ടും വീണ്ടും അവരോധിക്കപ്പെട്ടു. സന്യാസസമൂഹത്തിനകത്ത് വിവിധ തലങ്ങളിലുള്ള പരിശീലനവേദികളിൽ ആചാര്യനായിരുന്നു. കൂടാതെ ജനറൽ കൗൺസിലർ, സെക്രട്ടറി ജനറൽ, പ്രൊക്കുറേറർ ജനറൽ എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്. മുപ്പതു വർഷങ്ങളോളം കേരളത്തിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന എം.എം.ബി.ക്കു 1976 മുതൽ ഉത്തരേന്ത്യയിലെ പല സംസ്ഥാനങ്ങളിലും ശാഖാഭവനങ്ങളും സേവനകേന്ദ്രങ്ങളും സ്ഥാപിക്കുവാൻ അദ്ദേഹം മുന്നിട്ടു പ്രവർത്തിച്ചു.

ഫ്രാൻസിസ്ക്കൻ സന്യാസസഭകളുടെ ഇന്റർനാഷണൽ സമിതികളുമായി എം.എം.ബി.ക്ക് ബന്ധങ്ങളുണ്ടാക്കിയതിനും 1997 ൽ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കോൺഗ്രിഗേഷൻ എന്ന പദവി നേടിയതിനും പിന്നിലെ നേതൃത്വം ബ്രദർ മഞ്ഞളിയുടേതായിരുന്നു.

കേരളത്തിലെ വിവിധ രൂപതകളിൽ പരസ്പരബന്ധമില്ലാതെ കുട്ടികളുടെ ഭക്തസംഘടനയായിട്ടാണ് മരിയൻ സൊഡാലിററികൾ പ്രവർത്തിച്ചു വന്നിരുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യത്തിൽ 1960 കളുടെ അന്ത്യത്തോടെ ആഗോളതലത്തിൽ മരിയൻ സൊഡാലിററി ക്രിസ്ത്യൻ ലൈഫ് കമ്മ്യൂണിററി (സി.എൽ.സി.) ആയി രൂപാന്തരപ്പെട്ടു കഴിഞ്ഞിരുന്നു. രൂപതാ പ്രമോട്ടർമാരെ സംഘടിപ്പിച്ച്, മരിയൻ സൊഡാലിററിയെ സി.എൽ.സി. ആയി പരിവർത്തനം ചെയ്യാൻ തീരുമാനമെടുത്ത്,

www.malankaralibrary.com

കെ.സി.ബി.സി.യുടെ അംഗീകാരത്തോടെ, 1975 ൽ കേരള സി.എൽ.സി. ഫെഡറേഷൻ മരിയൻ യുവജന പ്രസ്ഥാനമായി പ്രവർത്തനമാരംഭിച്ചതും ബ്രദർ മഞ്ഞളിയുടെ ഇച്ഛാശക്തിയുടെ ഫലമായിട്ടാണ്. ഈ സേവനത്തിന് അംഗീകാരമെന്നോണം അന്നുമുതൽ കേരള സി.എൽ.സി. എക്സിക്യൂട്ടീവ് കമ്മിററിയിൽ സ്ഥിരാംഗത്വം നൽകി അദ്ദേഹത്തെ ആദരിച്ചു വരുന്നു.

കെ.സി.ബി.സി. ആഹ്വാനമനുസരിച്ച് 1978 ൽ നടന്ന സന്യാസ സഹോദരന്മാരുടെ പ്രാദേശിക കൺവെൻഷന്റെയും, തുടർന്ന് 1979 ൽ സ്ഥാപിതമായ കേരള അസംബ്ളി ഓഫ് റിലിജിയസ് ബ്രദേഴ്സ് (KARB) ന്റേയും സംഘാടക നേതാക്കളിൽ ബ്രദർ മഞ്ഞളി ഒന്നാമനായിരുന്നു.

തന്റെ സുഹൃത്തുക്കളായ സാഹിത്യകാരന്മാരേയും സഹൃദയരേയും ഉൾപ്പെടുത്തി 1975 ൽ മേരിവിജയം സാഹിത്യസമിതി രൂപീകരിച്ചു. കേരളാടിസ്ഥാനത്തിൽ സാഹിത്യരചനകൾ സംഘടിപ്പിച്ച് യുവസാഹിത്യകാരന്മാർക്ക് സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും മുതിർന്ന സാഹിത്യ സാംസ്കാരിക പ്രവർത്തകർക്ക് വർഷംതോറും അവാർഡുകൾ നൽകി ആദരിക്കുകയും ചെയ്യുന്ന ഒരു വേദിയായി സാഹിത്യസമിതി വളർന്നു വന്നിരിക്കുന്നു.

സന്യസ്ഥരുടെ സേവനരംഗങ്ങളിൽ സുതാര്യതയും ജനപങ്കാളിത്തവും ഉറപ്പാക്കുക ഇന്നത്തെ ആവശ്യമാണ് എന്ന ബോദ്ധ്യത്തോടെ എം.എം.ബി.യുടെ ഓരോ ആശ്രമത്തിന്റേയും ചുററുപാടുമുള്ള ജനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ബ്രദർ മഞ്ഞളി 1996 ൽ സമാരംഭിച്ച MMB Fraternity കൾ സമർപ്പിത ലോകത്തിന് ഒരു മാതൃകയാണ്.

സന്യാസസഹോദരങ്ങൾക്കു ദൈവശാസ്ത്രപഠനത്തിന് കേരളത്തിൽ സംവിധാനങ്ങൾ ഇല്ല എന്ന കുറവു പരിഹരിക്കുവാൻ, സി.എസ്.ടി - എം.എം.ബി കോൺഗ്രിഗേഷനുകളുടെ സംയുക്തസംരംഭമായി, 1996ൽ മാനന്തവാടിയിൽ സുവിദ്യ തിയോളജി കോളേജ് പ്രവർത്തനമാരംഭിച്ചു. കാലിക്കററ് യൂണിവേഴ്സിററിയുടെ അംഗീകാരം നേടിയിട്ടുള്ള ഈ പഠന കേന്ദ്രത്തിൽ ബ്രദേഴ്സിനോടൊപ്പം പല സന്യാസിനി സമൂഹങ്ങളിലേയും സിസ്റ്റേഴ്സും തിയോളജിയും യൂണിവേഴ്സിററി പഠനവും നേടി വരുന്നു. സുവിദ്യ കോളേജിന്റെ സഹസ്ഥാപകരിൽ ഒന്നാമനാണ് ബ്രദർ മഞ്ഞളി.

ഇരുപതിൽപരം പുസ്തകങ്ങളും നിരവധി സ്മരണികകളും എഡിററ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബാംഗ്ലൂരിൽനിന്ന് പ്രസിദ്ധീകരിക്കുന്ന ഫ്രേട്ടേണിററി എന്ന ഇംഗ്ലീഷ് മാസികയുടെ പത്രാധിപരായിരുന്നിട്ടുണ്ട്. കാർബിന്റെ ജിഹ്വയായ കാർബ് ന്യൂസ് ലെററിന്റെ ചീഫ് എഡിറററായി വർഷങ്ങളോളം സേവനമനുഷ്ടിച്ച അദ്ദേഹം നല്ലൊരു കവിയും സാഹിത്യകാരനും സംഘാടകനുമാണ്. നാലു തവണ വത്തിക്കാൻ സന്ദർശിച്ചു അനുഗ്രഹം നേടുവാൻ ഭാഗ്യമുണ്ടായി. സാഹിത്യ-സാംസ്കാരിക രംഗങ്ങളിലെ മികച്ച സംഭാവനകളും സി.എൽ.സി പ്രസ്ഥാനത്തിനു നൽകിയ

www.malankaralibrary.com

മികവുററ സേവനങ്ങളും സഭാ-സാമൂഹ്യവേദികളിലെ വിലപ്പെട്ട പ്രവർത്തനങ്ങളും പരിഗണിച്ച് 2000-മാണ്ടിൽ അവാർഡു നൽകി, ഏ.കെ.സി.സി. ബ്രദർ മഞ്ഞളിയെ ആദരിക്കുകയുണ്ടായി. 2002ൽ തന്റെ സന്യാസ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ച ബ്രദർ മഞ്ഞളി ഇപ്പോഴും എം.എം.ബി.യുടെ നേതൃത്വവേദിയിൽ സേവനമനുഷ്ഠിച്ചു വരുന്നു.

വിലാസം - ബ്ര.ലൂയീസ് മഞ്ഞളി, എം.എം.ബി. ജനറലേറ്റ്, മരത്താക്കര പി.ഒ., തൃശൂർ ജില്ല.

# 106



## കെ.ജെ. ചാക്കോ കല്ലുകുളം

### മുൻമന്ത്രി

"മാതൃകാപരമായ രാഷ്ട്രീയ ജീവിതത്തിലൂടെ രാഷ്ട്രീയ മേഖലയ്ക്ക് പുതിയ പാഠം നൽകിയ നേതാവാണ് കെ.ജെ. ചാക്കോ കല്ലുകുളം. അറിയപ്പെടുന്ന അഭിഭാഷകനായി നഗരപിതാവായി എം.എൽ.എ. യായി മന്ത്രിയായി ചങ്ങനാശ്ശേരിക്കാരുടെ മനസ്സിൽ കെ.ജെ. ചാക്കോയുടെ ചിത്രം ഒളിമങ്ങാതെ നിൽക്കുന്നു. നീണ്ട രാഷ്ട്രീയ ജീവിതത്തിനിടയിൽ നേട്ടങ്ങളുടെ പുറകേ പോകാതെ, കെ.ജെ. ചാക്കോയ്ക്ക് ജനങ്ങൾ പദവി നൽകുകയായിരുന്നു. ചാക്കോച്ചി എന്ന ഓമനപ്പേരുവിളിച്ച് ചങ്ങനാശ്ശേരിക്കാർ അദ്ദേഹത്തോടുള്ള പ്രിയം വെളിപ്പെടുത്തി. ചങ്ങനാശ്ശേരിയുടെ വികസനത്തിന് പ്രത്യേകിച്ച് സമുദായത്തിന്റെ അഭ്യുന്നതിക്കും അദ്ദേഹം നൽകിയ സംഭാവനകൾ നിരവധിയാണ്. ഉത്തരം കിട്ടാത്ത പല രാഷ്ട്രീയ ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ ജനമദ്ധ്യത്തിൽ അദ്ദേഹം ഇപ്പോഴുമുണ്ട്. ഒരു കാരണവരെപ്പോലെ ഈ നാടിന്റെ നന്മക്കായി രാഷ്ട്രീയമേഖലയിലെ മൂല്യച്യുതിക്കെതിരായി കെ.ജെ. ചാക്കോ ശബ്ദമുയർത്തുന്നു. പലപ്പോഴും നിശബ്ദനെങ്കിലും പറയുന്ന കാര്യങ്ങളിൽ പരിജ്ഞാനവും ക്രാന്തദർശിത്വവും പ്രകടമാക്കുന്ന ചാക്കോച്ചി ജനങ്ങളുടെയിടയിൽ പ്രിയങ്കരനും മഹത്തായ ഒരു രാഷ്ട്രീയ പാരമ്പര്യത്തിന്റെ പതാകാവാഹകനുമാണ്." 1995 ആഗസ്റ്റ് 30ന് ചങ്ങനാശ്ശേരിയിൽ നിന്നും പ്രസിദ്ധീകരിച്ച കാത്തലിക് വോയിസിൽ കെ.ജെ. ചാക്കോയെപ്പററി എഴുതിയിരിക്കുന്ന ഭാഗമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

ചങ്ങനാശ്ശേരിയിലെ പ്രമുഖ കുടുംബങ്ങളിൽ ഒന്നായ കല്ലുകുളം കുടുംബത്തിൽ ജോസഫ് ഏലിയാമ്മ ദമ്പതികളുടെ പുത്രനായി 1930 മാർച്ച്

www.malankaralibrary.com

2-ാം തീയതി ചാക്കോ ജനിച്ചു. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്നും ബി.എ.യും എറണാകുളം ലോ കോളേജിൽ നിന്ന് നിയമബിരുദവും നേടി. വളരെ തിളക്കമാർന്ന ഒരു വിദ്യാർത്ഥി ജീവിതത്തിന്റെ ഉടമയായിരുന്നു ചാക്കോ. 1962 ൽ ചങ്ങനാശ്ശേരി മുൻസിപ്പൽ കൗൺസിലറായും 1964 ൽ ചങ്ങനാശ്ശേരി മുൻസിപ്പൽ ചെയർമാനായും തിരഞ്ഞെടുക്കപ്പെട്ട ചാക്കോ പ്രഗത്ഭനായ ഒരു അഭിഭാഷകനെന്ന നിലയിൽ പരക്കെ അറിയപ്പെട്ടു. നീതി ന്യായരംഗത്ത് അച്ചടക്കത്തിന്റെയും കൃത്യനിഷ്ഠയുടെയും ഉത്തമ മാതൃകയാകുവാൻ കെ.ജെ. ചാക്കോയ്ക്ക് കഴിഞ്ഞു. നിഗരപിതാവെന്ന നിലയിൽ നാടിന്റെ സാംസ്കാരിക പാരമ്പര്യത്തിന് പൊൻതൂവൽ ചാർത്തുന്ന പല വികസനപദ്ധതികളും അദ്ദേഹം ആവിഷ്കരിച്ചു. ചങ്ങനാശ്ശേരിയുടെ മഹത്തായ മതസൗഹാർദ്ദ പാരമ്പര്യത്തിന് കോട്ടം വരുത്തിയ പറാൽ സംഭവത്തിന് അടിയന്തിര പരിഹാരമുണ്ടാക്കുന്നതിനും മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിനും ശ്രീ ചാക്കോ ചെയ്ത സേവനങ്ങൾ ആർക്കും വിസ്മരിക്കുവാൻ സാധിക്കുകയില്ല. 1965 ൽ രൂപീകൃതമായ കേരളാ കോൺഗ്രസ്സിൽ അദ്ദേഹം ചേരുകയും ആ വർഷം നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷത്തോടെ വിജയം വരിക്കുകയും ചെയ്തു. 1970 ലും 1977 ലും നടന്ന നിയമസഭാതിരഞ്ഞെടുപ്പുകളിലും ശ്രീ ചാക്കോ വിജയംവരിച്ചു. 1979 ൽ ശ്രീ സി.എച്ച്. മുഹമ്മദ് കോയ രൂപീകരിച്ച മന്ത്രിസഭയിൽ ശ്രീ ചാക്കോയെ ഉൾപ്പെടുത്തി. റവന്യൂ, ട്രാൻസ്പോർട്ട്, എക്സൈസ് വകുപ്പുകളായിരുന്നു അദ്ദേഹം കൈകാര്യം ചെയ്തത്. സത്യസന്ധതയുടെയും അഴിമതി രാഹിത്യത്തിന്റെയും ഉത്തമദൃഷ്ടാന്തമായി അദ്ദേഹം നിയമസഭയിൽ തിളങ്ങി.

മിൽമചെയർമാൻ, പബ്ലിക് അക്കൗണ്ട്സ് കമ്മററിയംഗം, അഷുവറൻസ് കമ്മററി മെമ്പർ, പെററിഷൻ കമ്മററി ചെയർമാൻ എന്നീ നിലകളിൽ നിയമസഭാകമ്മററികളിൽ പ്രവർത്തിക്കുവാൻ അവസരം അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

നിയമസഭാംഗമെന്ന നിലയിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിന്റെ സമഗ്രപുരോഗതിക്കായി അദ്ദേഹം യത്നിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി പട്ടണവും വാഴപ്പള്ളി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന വടക്കേക്കര പാലം, കണ്ണമ്പേരൂർ ചിറചെത്തിപ്പുഴറോഡ്, തൃക്കൊടിത്താനം – തെങ്ങണ റോഡിലെ മുണ്ടുപാലം, ചങ്ങനാശ്ശേരി ഫയർസ്റ്റേഷൻ, ട്രാൻസ്പോർട്ട് ബസ്സ്റ്റാന്റ് വിപുലീകരണം, ഗവൺമെന്റ് ആശുപത്രിയിലെ പേവാർഡ്, ബോട്ടുജട്ടിയുടെ പുനർനിർമ്മാണം, പുതിയ ശുദ്ധജലവിതരണപദ്ധതി, പെരുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, തൃക്കൊടിത്താനം ഇലക്ട്രിസിററി സബ്സ്റ്റേഷൻ, തൃക്കൊടിത്താനം പ്രൈമറി ഹെൽത്ത് സെന്റർ, കാർഷിക വികസനത്തിനുള്ള പട്ടിത്താനം പാടശേഖരത്തിന്റെ ബണ്ടു നിർമ്മാണം മുതലായവ ശ്രീ ചാക്കോയുടെ നേട്ടങ്ങളാണ്.

www.malankaralibrary.com

പല പ്രമുഖ രാഷ്ട്രീയക്കാരും സമുദായത്തിന്റെ പേരിൽ മുതലക്കണ്ണീർ പൊഴിക്കാറുണ്ട്. സമുദായതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുമെന്ന് വീരവാദം മുഴക്കുന്ന അക്കൂട്ടർ അധികാരം കിട്ടിക്കഴിയുമ്പോൾ സമുദായ പ്രശ്നങ്ങൾ മനഃപൂർവ്വം വിസ്മരിക്കുക സാധാരണമാണ്. ശ്രീ.കെ.ജെ. ചാക്കോ ഇവരിൽനിന്നും വ്യത്യസ്തനാണെന്ന് അഭിമാനപൂർവ്വം പറയുവാൻ നമുക്ക് സാധിക്കും. കേരള കത്തോലിക്കർ മാർത്തോമ്മാശ്ലീഹായുടെ ചരമദിനമായ ജൂലൈ 3 പൊതു ഒഴിവ് ദിനമാക്കണമെന്ന് കേരളസർക്കാരിനോട് ദീർഘകാലമായി അഭ്യർത്ഥിച്ചുകൊണ്ടിരുന്നു. സമുദായ നേതാക്കന്മാരും കത്തോലിക്കാ കോൺഗ്രസ് ഉൾപ്പെടെയുള്ള സംഘടനകളും ഇക്കാര്യസാദ്ധ്യത്തിനായി നിരവധി പ്രാവശ്യം നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. പക്ഷെ അധികാരത്തിൽ എത്തിയ ഒരു ക്രൈസ്തവനേതാവും ദീർഘകാലം മന്ത്രിയായിരുന്നവർ പോലും ഇക്കാര്യത്തിൽ വേണ്ടത്ര താല്പര്യം കാണിച്ചില്ലെന്നതാണ് സത്യം. സഭയുടെ താല്പര്യ സംരക്ഷണത്തിനുവേണ്ടി വാദിച്ചവർ തന്റെ രാഷ്ട്രീയഭാവി അപകടത്തിലാക്കുമെന്ന് ഭയപ്പെട്ട് മൗനം അവലംബിച്ച നേതാക്കൾ നിരവധിയാണ്. എന്നാൽ ശ്രീ. ചാക്കോ തനിക്കു ശരിയെന്നു തോന്നുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ ധീരതയോടെ പ്രവർത്തിച്ചു. 1979 ൽ ചുരുങ്ങിയകാലം മന്ത്രിയായി സേവനം അനുഷ്ഠിക്കുവാൻ അവസരം ലഭിച്ചപ്പോൾ പെസഹാ വ്യാഴാഴ്ച ഒരു പൊതു ഒഴിവ് ദിവസമായി പ്രഖ്യാപിച്ചു. മറ്റൊരു നേതാവും ചെയ്യാത്ത ഒരു കാര്യമായിരുന്നു അത്. രാഷ്ട്രീയ രംഗത്ത് പതിററാണ്ടുകൾ കർമ്മം ചെയ്ത ചാക്കോ രാഷ്ട്രീയ ധാർമ്മികതയെ എന്നും ഉയർത്തിപിടിച്ചിരുന്നു.

1962 മുതൽ തുടർച്ചയായി വാഴപ്പള്ളി സർവ്വീസ് സഹകരണബാങ്കിന്റെ ഡയറക്ടർ ബോർഡു മെമ്പറായും 1984 മുതൽ ബാങ്കിന്റെ പ്രസിഡണ്ടായും അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരുന്നു. കോട്ടയം ജില്ലയിലെ ഏററം മുൻപന്തിയിൽ നിൽക്കുന്ന ബാങ്ക് എന്ന ബഹുമതിയും അംഗീകാരവും ഈ ബാങ്കിനുണ്ട്. ആ നേട്ടത്തിനുള്ള ഗവൺമെന്റ് അവാർഡുകൾ പല പ്രാവശ്യം ബാങ്കിന് ലഭിച്ചിട്ടുണ്ട്.

ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, മെത്രാപ്പോലീത്തൻ പള്ളി പ്രതിപുരുഷൻ എന്നീ നിലകളിലും ദീർഘകാലം പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. തന്റെ നേട്ടങ്ങൾ വിളിച്ചു പറഞ്ഞും പറയിപ്പിച്ചും ആരുടെയും പ്രീതിക്കുവേണ്ടി അദ്ദേഹം ശ്രമിച്ചിട്ടില്ല. അഴിമതിരഹിതമായ ഒരു രാഷ്ട്രീയസമൂഹം സ്വപ്നംകണ്ട പ്രത്യുല്പന്നമതികളിൽ ഒരാളാണ് കെ.ജെ. ചാക്കോ. അദ്ദേഹത്തിന്റെ മാതൃകാപരവും ത്യാഗോജ്ജ്വലവുമായ രാഷ്ട്രീയപ്രവർത്തനങ്ങൾ മാനിച്ച് എ.കെ.സി.സി. ചങ്ങനാശ്ശേരി അതിരൂപതാ സംഘം പ്രതിഭാ അവാർഡ് 1995 ലും കോട്ടയം

www.malankaralibrary.com

ന്യൂസ്, മിലേനിയം എക്സെലന്റ് അവാർഡ് 2000ലും ചങ്ങനാശ്ശേരി മർച്ചന്റ് അസോസിയേഷൻ രാഷ്ട്രീയ, സാമുദായിക, സഹകരണമേഖലയിലെ പ്രശസ്തസേവനത്തിന് 2002 ലും അവാർഡുനൽകിയാദരിച്ചു. അമേരിക്കയിലും ഗൾഫ് രാജ്യങ്ങളിലും പര്യടനം നടത്തിയിട്ടുള്ള ശ്രീ ചാക്കോയുടെ ഭാര്യ ചേർത്തല തൈക്കാട്ടുശ്ശേരി പറമ്പത്തറ കുടുംബാംഗമാണ്. റിട്ടയാർഡ് ഹൈസ്കൂൾ ടീച്ചർ.

വിലാസം - കെ.ജെ. ചാക്കോ, മുൻമന്ത്രി, കല്ലുകുളം, ചങ്ങനാശ്ശേരി - 686103.



# 107

# മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ

## സി.എം.ഐ.

സി.എം.ഐ. സഭയുടെ കരപരിലാളനയിൽ വളർന്ന സാഗർരൂപതയുടെ ദ്വിതീയ ബിഷപ്പായിരുന്ന മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ തൃശൂർ രൂപതയിലെ അരണാട്ടുകര ഇടവകയിൽ കൊട്ടേക്കാട്ട് നീലങ്കാവിൽ ലാസർ - കുഞ്ഞന്നം ദമ്പതികളുടെ മകനായി 1930 മാർച്ച് 19-ന് ജനിച്ചു. തൃശ്ശൂർ കാൽഡിയൻ സിറിയൻ ഹൈസ്കൂൾ, എൽത്തുരുത്ത് സെന്റ് അലോഷ്യസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. തുടർന്ന് സി.എം.ഐ. സഭയിൽ ചേർന്ന ജോസഫ് 1951 ഒക്ടോബർ 15-ന് അമ്പഴക്കാട്ട് ആശ്രമത്തിൽ വച്ച് വ്രതവാഗ്ദാനം നടത്തി. ആസ്പിരൻസി എൽത്തുരുത്ത്, അമ്പഴക്കാട്ട്, മാന്നാനം, ചെത്തിപ്പുഴ ആശ്രമങ്ങളിൽ ആയിരുന്നു. മംഗലാപുരം, പൂന, ധർമ്മാരാം (ബാംഗ്ലൂർ) എന്നീ സെമിനാരികളിൽ ആയിരുന്നു വൈദികവിദ്യാഭ്യാസം. 1960 മെയ് 17-ന് ബാംഗ്ലൂർ ധർമ്മരാമിൽ വച്ച് കാർഡിനൽ പാറേക്കാട്ടിൽ തിരുമേനിയിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. പ്രഥമദിവ്യബലി എൽത്തുരുത്ത് ആശ്രമത്തിൽ വച്ചും. തുടർന്ന് ഉപരിപഠനത്തിനായി റോമിലേക്കയച്ചു. കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടി.

റോമിലെ പഠനം കഴിഞ്ഞ് നാട്ടിലെത്തിയ നീലങ്കാവിൽ അച്ചൻ ചാലക്കുടിയിലെ ബ്രദേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ, ബാംഗ്ലൂർ ധർമ്മാരാം കോളേജ് പ്രൊഫസ്സർ, ഇരിങ്ങാലക്കുട ക്രൈസ്റ്റ് മൊണാസ്റ്ററിയിൽ പ്രിയോർ, സാഗർ സി.എം.ഐ. മിഷൻ കേന്ദ്രത്തിന്റെ സുപ്പീരിയർ എന്നീ സ്ഥാനങ്ങൾ വഹിച്ചു. സി.എം.ഐ. സഭയിലെ ജനറൽ കൗൺസിലർ ആയിരിക്കുന്ന കാലത്താണ് സാഗർ രൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടത്. 1987 ഫെബ്രുവരി 22-ന് മെത്രാഭിഷേകം നടന്നു. "പത്രോസിനും ജനങ്ങൾക്കു വേണ്ടിയും" എന്നതാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്ന മുദ്രാവാക്യം.

www.malankaralibrary.com

താൻ തന്റെ പ്രേഷിത ദൗത്യത്തെ സംബന്ധിച്ച ശരിയായ അവബോധവും വേണ്ടത്ര വീക്ഷാവിരുതുമുള്ള ഒരു മെത്രാനാണെന്ന് മാർ നീലങ്കാവിൽ തന്റെ പ്രവർത്തനം കൊണ്ട് തെളിയിച്ചു. അദ്ദേഹം തന്റെ കർമ്മപരിപാടികൾ വേണ്ടത്ര മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിരുന്നു. അദ്ദേഹം സംവിധാനം ചെയ്ത പൊതുവിദ്യാഭ്യാസപരവും മതപരവുമായ സ്ഥാപനങ്ങൾ സാഗർ രൂപതയുടെ നാനാവിധ വികാസത്തിനുതകിയിട്ടുണ്ടെന്നും ഭാവിയിൽ ഉപരിവികാസങ്ങൾക്ക് ഉതകുമെന്നും തീർച്ചയാണ്. തന്റെ രൂപതയെ സാമ്പത്തികമായി സ്വയം പര്യാപ്തമാക്കണമെന്ന ലക്ഷ്യം വച്ചുകൊണ്ടാണ് മാർ നീലങ്കാവിൽ ആദ്യം മുതലേ പ്രവർത്തിച്ചത്. ഏതാനും ഇംഗ്ലീഷ് മീഡിയം സ്കൂളുകളും ഹിന്ദി മീഡിയം സ്കൂളുകളും അദ്ദേഹം ആരംഭിച്ചു. വിദിശയിൽ ഒരു കോളേജും സമാരബ്ധമായി അതിന്റെ പിന്നിൽ പ്രധാനമായും പ്രവർത്തിച്ചത് ഫാ. ജോസഫ് ചിറയത്ത് ആണ് എന്ന് പ്രത്യേകം പറയേണ്ടതുണ്ട്. ജാംഘട്ട് എന്ന സ്ഥലത്ത് ഒരു സിസ്റ്റർ ഡോക്ടറോടുകൂടി ഒരു ആശുപത്രി സ്ഥാപിതമായി. പാവങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി തുളസിപ്പൂർ, മോഹൻപൂർ, പഡ്കുയി, ബറാരു, ബറോഡിയ തുടങ്ങിയ സ്ഥലങ്ങളിൽ ഗ്രാമോദ്ധാരണ കേന്ദ്രങ്ങളും ആരംഭിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഉത്സാഹത്തിൽ ആരംഭിച്ചു പ്രവർത്തിക്കുന്ന ഏതാനും സ്ഥാപനങ്ങളുടെ കാര്യം സവിശേഷം എടുത്തുപറയേണ്ടതുണ്ട്.

രൂപതക്കുവേണ്ടി പുതിയതായി ആരംഭിച്ച മൈനർ സെമിനാരിയാണ് സാൻജോ ഗുരുകുൽ. സ്വന്തം നാമഹേതുകനും, നമ്മുടെ രക്ഷകന്റെ വളർത്തുപിതാവുമായ മാർ യൗസേപ്പു പിതാവിന്റെ നാമമാണ് ഈ സ്ഥാപനത്തിന് നൽകപ്പെട്ടിരിക്കുന്നത്. ഇതിന്റെ സ്ഥാപനത്തിന് മുമ്പ് ഈ രൂപതയിലെ മൈനർ സെമിനാരി വിദ്യാർത്ഥികൾ സമീപരൂപതകളിലെ സെമിനാരികളിലേയ്ക്കാണ് അയക്കപ്പെട്ടിരുന്നത്. 1991-ൽ ആരംഭിച്ച ഈ സെമിനാരി 1995-ൽ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു.

വൈദീകരുടെയും കന്യാസ്ത്രീകളുടെയും എന്നപോലെ അൽമായരുടെയും വിശ്വാസപരമായ പരിശീലനത്തിനും വികാസത്തിനുവേണ്ടിയാണ് പാസ്റ്ററൽ സെന്റർ സ്ഥാപിതമായിട്ടുള്ളത്. ഇടയഭവനം എന്നർത്ഥമുള്ള 'ഗഡരിയാലയ' എന്നാണതിന് പേരു നൽകപ്പെട്ടിരിക്കുന്നത്. വൈദീകർക്കും അവൈദീകർക്കും വേണ്ടിയുള്ള ക്ലാസ്സുകൾ, കോഴ്സുകൾ, സെമിനാറുകൾ എല്ലാം ക്രമമായി ഇവിടെവച്ചു നടക്കുന്നു.

1990-ൽ ബിഷപ്പ് നീലങ്കാവിൽ തന്റെ രൂപതയിൽ സിസ്റ്റേഴ്സ് ഓഫ് ജീസസ്സ് എന്ന സന്യാസിനി സഭ സ്ഥാപിച്ചു. അതിന്റെ വളർച്ചയുടെ ഓരോ ഘട്ടത്തിലും അദ്ദേഹത്തിന്റെ ഊറ്റമായ പിന്തുണയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഉത്സാഹത്തിൽ ഈ സമൂഹത്തിലെ ചില സഹോദരിമാർ റോമിലേയ്ക്ക് അയക്കപ്പെട്ടു. അവർ അവിടെ ഉപരിപഠനവും സമീപത്തുള്ള ചില സ്ഥാപനങ്ങളിൽ സേവനവും നടത്തുന്നു. അവരുടെ സമ്പാദ്യം നാട്ടിലെ

www.malankaralibrary.com

സമൂഹത്തിന് മുതൽക്കൂട്ടാകുന്നു.

കേരളത്തിൽ തൃശ്ശൂരിനടുത്തുള്ള കുറ്റൂരിൽ രൂപതയുടെ ആഭിമുഖ്യത്തിൽ വൊക്കേഷൻ സെന്റർ സ്ഥാപിക്കുകയുണ്ടായി. ഇവിടെ രണ്ടു വിഭാഗങ്ങളുണ്ട്. ഒന്നിൽ സാഗർ രൂപതക്കുവേണ്ടിയുള്ള ഭാവി വൈദികരെയും മറ്റേതിൽ കന്യാസ്ത്രീകളെയും തെരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നു. ഇവിടുത്തെ പരിശീലനം പൂർത്തിയാക്കിയവർ സാഗറിലേക്കു പോകുകയാണ് ചെയ്യുന്നത്.

ബാൻഡാ എന്ന സ്ഥലത്ത് അവിടുത്തെ നാട്ടുകാരുടെ അഭ്യർത്ഥനയനുസരിച്ച് സ്ഥാപിച്ചതാണ് സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഇവിടുത്തെ അദ്ധ്യാപകരായി ഫാ. ജോസ് മലേലുടിയും സിസ്റ്റേഴ്സ് ഓഫ് ജീസസ് സന്ന്യാസിനികളും ജോലി ചെയ്യുന്നു.

മാണ്ഡിദീപ് ഒരു വ്യവസായിക പ്രദേശമാണ്. 1986-ൽ ഇവിടെ ചാവറ വിദ്യാഭവൻ സ്ഥാപിതമായി. 1988-ൽ സിസ്റ്റേഴ്സ് ഓഫ് ജീസസ് ഈ സ്ഥാപനത്തിന്റെ ചുമതല ഏറ്റെടുത്തു. ഇന്നത് ഹയർ സെക്കൻഡറി സ്കൂളാണ്. ഈ സ്കൂൾ ഭോപാൽ നഗരാതിർത്തിയിൽപ്പെട്ടതാണെങ്കിലും സാഗർ രൂപതയ്ക്കു കീഴിലാണ്.

ഗൈരത്ത് ഗഞ്ജ്, സാഗറിൽ നിന്ന് 97 കി.മീ. അകലെയുള്ള സ്ഥലമാണ്. ബിഷപ്പിന്റെ താത്പര്യമനുസരിച്ച് ഫാ. ഡേവിഡ് മാത്യുവിന്റെ നേതൃത്വത്തിൽ 1995-ൽ ഇവിടെ ഇംഗ്ലീഷ് മീഡിയം സ്കൂൾ തുടങ്ങി. ആദ്യം സ്കൂൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു. പിന്നീട് 9 ഏക്കർ സ്ഥലം വാങ്ങി അവിടെ സ്കൂളും കോൺവെന്റും നിർമ്മിക്കപ്പെട്ടു.

റേഹ്ലിക്കടുത്തുള്ള ജാംഘട്ട് എന്ന സ്ഥലത്താണിത്. ഫാ. മൈക്കിൾ പാലംപറമ്പിലിന്റെ ഉത്സാഹത്തിൽ ഇവിടെയൊരു ഡിസ്പെൻസറി ആരംഭിച്ചു. 1996-ൽ സിസ്റ്റേഴ്സ് ഓഫ് ജീസസ് ഇവിടെ താമസിച്ചു പ്രവർത്തനം തുടങ്ങി. ഇപ്പോൾ ഒരു സിസ്റ്റർ ഡോക്ടറും ഉണ്ട്.

മാക്റോണിയ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ഒരു മിഡിൽ സ്കൂളാണ് സെന്റ് മേരീസ് വിദ്യാഭവൻ. 1996-ൽ ആരംഭിച്ച സ്കൂളിന്റെ പ്രവർത്തനം 2005-ൽ സിസ്റ്റേഴ്സ് ഓഫ് ജീസസ്സ് ഏറ്റെടുത്തു.

സമീപസ്ഥമായ നാഷനൽ ഫെട്ടിലൈസേഴ്സ് ലിമിറ്റഡ്, ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ എന്നീ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ക്രൈസ്തവരുടെ ആവശ്യത്തിനായി സ്ഥാപിക്കപ്പെട്ടതാണ് ദൗരാനായിലെ ദയാമയി മതാപള്ളി. ആദ്യകാലങ്ങളിൽ സാഗറിൽ നിന്നും വൈദികർ വന്ന് വിശ്വാസികളുടെ ഭവനങ്ങളിൽ വച്ച് കുർബാന ചൊല്ലിയിരുന്നു. 1988-ൽ വാങ്ങിയ സ്ഥലത്ത് 1989-ൽ ചെറിയപള്ളി പണിയപ്പെട്ടു. ഇപ്പോൾ പള്ളിയോടനുബന്ധിച്ച് മിഡിൽ സ്കൂളും സെന്റ് മാർത്താസ് സഹോദരിമാരുടെ കോൺവെന്റും ഉണ്ട്.

മോഹൻപുർ എന്ന സ്ഥലത്ത് 1999-ൽ ആരംഭിച്ചതാണ് ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലെ സേവനം ലക്ഷ്യമാക്കിയുള്ള സത്യമാർഗസദൻ എന്ന

www.malankaralibrary.com

സ്ഥാപനം. ഒരു വിമുക്തഭടനായ മി. ഗബ്രീയേൽ ആണ് ഇതിന്റെ ഉപജ്ഞാതാവ്. രൂപത ഇത് അംഗീകരിച്ചപ്പോൾ രണ്ടു കന്യാസ്ത്രീകളും പ്രവർത്തനത്തിൽ ചേർന്നു. അനൗപചാരിക വിദ്യാഭ്യാസം, വയോജന വിദ്യാഭ്യാസം, തൊഴിൽ പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾ ഇവിടെ നടക്കുന്നു.

നയിസരായ് എന്ന സ്ഥലത്ത് ഫാ. പോൾ തെക്കന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ് ക്രിസ്തുനിവാസ് എന്ന ഈ സ്ഥാപനം. 1991-ൽ അദ്ദേഹത്തിനു സ്ഥലം മാറ്റമുണ്ടായതിനെത്തുടർന്ന് ഫാ. ഷെപ്പേഡിന്റെയും ജീസസ്സ് സഹോദരിമാരുടെയും ചുമതലയിൽ ഈ ഇംഗ്ലീഷ്മീഡിയം സ്കൂൾ നടക്കുന്നു.

സാഗറിൽ നിന്ന് 39 കി.മീ. അകലെയുള്ള രോഹ്‌ലി എന്ന സ്ഥലത്തു സ്ഥാപിതമാണ് ജോസുഭവൻ. ഇവിടെ കുറെ കത്തോലിക്കാ കുടുംബങ്ങൾ ഉണ്ട്. മുമ്പ് സാഗറിൽ നിന്നു വൈദികർ ഞായറാഴ്ചകളിൽ ഇവിടെയെത്തി കുർബാനയർപ്പണവും മറ്റും നടത്തിയിരുന്നു. ഭവനങ്ങളിൽ വച്ചായിരുന്നു കർമ്മങ്ങൾ. 1991-ൽ ഇവിടെ ജേസുഭവൻ എന്ന പേരിൽ ഇടവകപ്പള്ളിയും വൈദികമന്ദിരവും സ്ഥാപിക്കപ്പെട്ടു.

സാഞ്ചിയിലെ സെന്റ് സേവ്യേഴ്സ് സ്കൂൾ, അതിനോടുചേർന്നുണ്ടായ ഇടവകപ്പള്ളികൾ 2002-ൽ ഷാംപുരായിൽ സ്ഥാപിതമായ "റോസറി പാരിഷ് ചർച്ച്", സ്കൂൾ വിദ്യാർത്ഥികളായ ഗിരിവർഗ്ഗ ബാലന്മാരുടെ വാസസ്ഥാനമായി 2002-ൽ ആരബ്ധമായ ലിവോർനോ ഹോം, 1930-ൽ പ്രൈമറി സ്കൂളായി ആരംഭിച്ച് ഇപ്പോൾ ഹയർസെക്കണ്ടറിയിൽ എത്തി നിൽക്കുന്ന ഹിന്ദി മീഡിയം സ്കൂൾ, ആദിവാസിപെൺകുട്ടികളുടെ ഹോസ്റ്റലായ അമലഭവൻ എന്നിവയെല്ലാം ഷാപുരയിലുള്ള സ്ഥാപനങ്ങളാണ്.

**സാഗറിലെ ഗാർഡൻ ചർച്ച്**

ക്രിസ്തുമസ് ആഘോഷങ്ങൾ, മിഷനറിമാരുടെ സമ്മേളനങ്ങൾ, രൂപതാദിനാഘോഷം വൈദികാഭിഷേക ചടങ്ങുകൾ മുതലായവയക്കു വേണ്ടിയാണ് ഉദ്യാനാലംകൃതമായ സാഗറിലെ ഗാർഡൻ ചർച്ച് ബിഷപ്പ് നീലങ്കാവിൽ രൂപപ്പെടുത്തിയത്. ബിഷപ്പ്സ് ഹൗസ്, പാസ്റ്ററൽ സെന്റർ, പള്ളി ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്ന നല്ല റോഡുകളുണ്ട്. നടപ്പാതകളും അവയ്ക്കു സമീപം ഇരുന്നു വിശ്രമിക്കാൻ ബഞ്ചുകളും. ചിലെടങ്ങളിൽ വിശുദ്ധന്മാരുടെ ദീപാലങ്കൃതങ്ങളായ പ്രതിമകൾ സ്ഥാപിച്ചിരിക്കുന്നു. പലതരം അലങ്കാരച്ചെടികളും വൃക്ഷങ്ങളും കൊണ്ട് ആ പ്രദേശമാകെ മനോഹരമാണ്.

മുപ്പത്തൊമ്പതിനായിരം ചതുരശ്ര കി.മീ. വിസ്തൃതിയും 42 ലക്ഷം ജനസംഖ്യയുമുണ്ട് സാഗർ രൂപതാപരിധിയിൽ, കത്തോലിക്കർ 6,600.

2006 മാർച്ചിൽ ജോസഫ് പാസ്റ്റർ നീലങ്കാവിൽ മെത്രാൻ സ്ഥാനത്തുനിന്ന് വിരമിക്കുകയും മാർ ആന്റണി ചിറയത്ത് മെത്രാനായി വാഴിക്കപ്പെടുകയും ചെയ്തു.

Address - Bishop Mar Joseph Pastor Neelamkavil, Bishops House, P.B. No.22, Satna-485001.

www.malankaralibrary.com

# 108

# റവ.ഡോ. ജേക്കബ്ബ് കട്ടയ്ക്കൽ



വിവിധ ഭാഷാ പണ്ഡിതൻ, ഗ്രന്ഥകർത്താവ്, പ്രഭാഷകൻ എന്നിങ്ങനെ വിവിധ നിലകളിൽ അറിയപ്പെടുന്ന റവ.ഡോ.ജേക്കബ്ബ് ഭരണങ്ങാനത്തിന് സമീപമുള്ള ഇടമറ്റത്ത് കട്ടയ്ക്കൽകുടുംബത്തിൽ തോമസ് - എലിസബത്ത് ദമ്പതികളുടെ മൂന്നാമത്തെ സന്താനമായി 1930 മാർച്ച് 30ന് ഭൂജാതനായി. ജ്ഞാനസ്നാനപ്പേര് യാക്കോബ് (ചാക്കോ) എന്നായിരുന്നു. 13 മക്കളുള്ള സൗഭാഗ്യകുടുംബത്തിന്റെ സന്തോഷാന്തരീക്ഷത്തിൽ വളർന്നുവന്ന യാക്കോബ് ചെറുപ്പംമുതലേ പഠനത്തിലും പ്രാർത്ഥനയിലും അതീവതാല്പര്യം പ്രദർശിപ്പിച്ചിരുന്നു. 1930 കളിൽ മദ്ധ്യകേരളത്തിൽ സാമ്പത്തികാധഃപതനം രൂക്ഷമായതോടെ, തോമസ് എലിസബത്ത് ദമ്പതികൾ അവരുടെ ആദ്യമൂന്നുമക്കളുമായി ഇടുക്കി ജില്ലയിലെ മൂലമറ്റത്തിനടുത്തുള്ള കണ്ണിക്കൽ മലമുകളിലേക്ക് ദേശാന്തരം ചെയ്തു. കണ്ണിക്കൽ മലമുകളിൽ 1846 ൽ ബേക്കർ സായിപ്പ് സ്ഥാപിച്ച സി.എം.എസ്. (ഇന്ന് സി.എസ്സ്.ഐ.) പ്രൈമറി സ്കൂളിലാണ് കട്ടയ്ക്കലച്ചനും സഹോദരങ്ങളും പ്രാഥമിക വിദ്യാഭ്യാസം നിർവ്വഹിച്ചത്. അനന്തരം അറക്കുളം സെന്റ് തോമസ് മിഡിൽസ്കൂളിൽ തേർഡ് ഫോംവരെ പഠനം പൂർത്തിയാക്കി. അറക്കുളത്തെ മിഡിൽ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1946 ൽ രണ്ടാംലോകമഹായുദ്ധത്തിനുശേഷം ഭരണങ്ങാനത്ത് ഹൈസ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചു. അക്കൊല്ലം ജൂലായ് 29-ാം തീയതി സ്കൂൾ വരാന്തയിൽനിന്ന് അൽഫോൻസാമ്മയുടെ ശവസംസ്കാരപ്രദക്ഷിണം നിരീക്ഷിക്കുവാനും, തുടർന്നുള്ള ദിവസങ്ങളിൽ സിമിത്തേരിക്കപ്പേളയിൽ അൽഫോൻസാമ്മയുടെ കബറിടത്തുങ്കൽ മെഴുകുതിരി കത്തിക്കുവാനും ആ ഭാവികാല വൈദികന് ഭാഗ്യം ലഭിച്ചു. 1949 ൽ ഹൈസ്കൂൾ വിദ്യാഭ്യാസം പ്രശസ്തമായ നിലയിൽ പൂർത്തിയാക്കി. അക്കൊല്ലംതന്നെ ചങ്ങനാശ്ശേരിയിലെ മൈനർസെമിനാരിയിൽ ചേർന്നു. മാർ ജെയിംസ് കാളാശ്ശേരി തിരഞ്ഞെടുത്ത അവസാന വൈദിക വിദ്യാർത്ഥിഗ്രൂപ്പിൽപ്പെട്ടവനാണ് കട്ടയ്ക്കലച്ചൻ.

മൈനർസെമിനാരി പഠനശേഷം 1951 ൽ തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് മേജർ സെമിനാരിയിൽ വൈദികപഠനം തുടർന്നു. പ്രശസ്തമായ ഈശോസഭാവൈദികരുടെ നേതൃത്വത്തിൽ സെന്റ് പോൾസ് സെമിനാരിയിൽ സപ്തവത്സരകാലം പഠനപരിശീലനങ്ങൾ നടത്താൻ സാധിച്ചത് കട്ടയ്ക്കലച്ചന് ദൈവാനുഗ്രഹമായി. 1958 മാർച്ച് 28 ന് പാലായിൽവെച്ച് മാർസെബാസ്റ്റ്യൻ വയലിൽ തിരുമേനിയിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു. പിറ്റേ

www.malankaralibrary.com

ദിവസം അറക്കുളംപഴയപള്ളിയിൽ പ്രഥമദിവ്യബലിയർപ്പിച്ചു. പിന്നെ നാലു മാസക്കാലം അൽഫോൻസാമ്മയുടെ നാമകരണ സമിതിയിൽ പ്രവർത്തിച്ചു.

പഠനകാലങ്ങളിലെല്ലാം സഹപാഠികളുടെ മുൻനിരയിലും പ്രഥമസ്ഥാനീയനുമായിരുന്ന കട്ടയ്ക്കലച്ചനെ സെമിനാരി അധികൃതരുടെ പ്രത്യേക നിർദ്ദേശപ്രകാരം ക്രാന്തദർശിയായ വയലിൽ പിതാവ് ഉപരിപഠനാർത്ഥം റോമിലേക്കയച്ചു. 1958 ഒക്ടോബർ 3-ാം തീയതി കൊച്ചിയിൽനിന്ന് കപ്പൽമാർഗ്ഗം റോമിലേയ്ക്ക് യാത്രതിരിച്ച അച്ചനും സഹയാത്രികരും ഒക്ടോബർ 17 ന് നേപ്പാൾസിൽ എത്തി. കപ്പൽയാത്രയ്ക്കിടയിൽ പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പായുടെ നിര്യാണവാർത്ത റേഡിയോയിൽ കേട്ടു. ഒക്ടോബർ 28 ന് ഫ. ജോൺ 23-ാമൻ മാർപ്പാപ്പായുടെ തിരഞ്ഞെടുപ്പുപുക സെന്റ് പീറ്റേഴ്സ് പള്ളിയങ്കണത്തുനിന്ന് കാണാനും ജേക്കബ്ബ് അച്ചന് ഭാഗ്യം ലഭിച്ചു.

1958 ൽ റോമിലെ വിശ്വവിഖ്യാതമായ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ ചേർന്ന് ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദത്തിനായി, പഠനഗവേഷണങ്ങൾ സമാരംഭിച്ച കട്ടയ്ക്കലച്ചൻ 1965 ൽ പ്രശസ്തമാംവിധം തിയോളജിയിൽ ഡോക്ടറേറ്റ് (S.T.D. or DD) നേടി. എന്നുമാത്രമല്ല, ഇതിനിടെ (1961-63) ലണ്ടൻ യൂണിവേഴ്സിറ്റിയിൽചേർന്ന് പഠിച്ച് സംസ്കൃതത്തിലും ഇന്ത്യൻ ഫിലോസഫിയിലും എം.എ. ബിരുദവും നേടി. 1965 ൽ നാട്ടിൽ തിരിച്ചെത്തിയ കട്ടയ്ക്കലച്ചനെ വടവാതൂർ സെമിനാരിയിൽ പ്രൊഫസ്സറായി നിയമിച്ചു. ദൈവശാസ്ത്ര, തത്വശാസ്ത്രവിഷയങ്ങളും സംസ്കൃതഭാഷയുമെല്ലാം സെമിനാരിയിൽ സമർത്ഥമായി പഠിപ്പിച്ചശേഷം, കേരളയൂണിവേഴ്സിറ്റിയിൽനിന്ന് രണ്ടാമതൊരു ഡോക്ടർബിരുദംകൂടി Indian Philosophy P.H.D) നേടുന്നതിനായി തിരുവനന്തപുരത്ത് താമസമാക്കി. നാലുവർഷക്കാലത്തെ ഗവേഷണഫലമായി Religion and Ethics in Advaita എന്ന ഡോക്ടറൽ ബിരുദത്തിന്റെയടിസ്ഥാനത്തിൽ അച്ചന് പി.എച്ച്.ഡി. (ഡോക്ടർ ഓഫ് ഫിലോസഫി) കേരളയൂണിവേഴ്സിറ്റി നൽകി. എന്നുമാത്രമല്ല അച്ചന്റെ ഗവേഷണപ്രബന്ധത്തിന്റെ അസാധാരണവൈശിഷ്ട്യം പരിഗണിച്ച്, പരിശോധകവിദഗ്ദ്ധൻ, അച്ചനെ വാചികപരീക്ഷയിൽ (Viva Voce) നിന്ന് ഒഴിവാക്കുകയും ചെയ്തു. 1973 ൽ വടവാതൂർ സെമിനാരിയിൽ തിരിച്ചെത്തിയ അച്ചൻ 1986 വരെ-ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായുടെ കേരളസന്ദർശനംവരെ അവിടെ അദ്ധ്യാപകവൃത്തി സ്വീകരിച്ചു.

1986 ൽ കേരളായൂണിവേഴ്സിറ്റി തിരുവനന്തപുരത്ത് (കാര്യവട്ടത്ത്) വേദാന്തസെന്റർ ആരംഭിച്ചപ്പോൾ അവിടെ അസോഷിയേറ്റ് പ്രൊഫസ്സറുടെ ഗ്രേഡിൽ റിസേർച്ച് അസോസിയേറ്റ് ആയി കട്ടയ്ക്കലച്ചൻ നിയമിതനായി. 1986-91 കാലഘട്ടത്തിൽ കട്ടയ്ക്കലച്ചൻ അനേകം ഗവേഷക വിദ്യാർത്ഥികൾക്ക് ഡോക്ടർ ബിരുദത്തിന് സഹായിക്കുകയും സ്വയമായി, ശങ്കര വേദാന്തത്തെക്കുറിച്ച് ഒരു ഗഹനഗ്രന്ഥം രചിക്കുകയും ചെയ്തു. 1991 ൽ വീണ്ടും

www.malankaralibrary.com

വടവാതൂർ സെമിനാരിയിൽ തിരിച്ചുവന്ന് നാലുസംവത്സരം കൂടി പ്രൊഫസ്സർ ഉദ്യോഗം വഹിച്ചു. കട്ടയ്ക്കലച്ചന്റെ 1992 ലെ വിദേശപര്യടനകാലത്ത്, ആയിടെ റോമിൽ മാർപ്പാപ്പാ പ്രസിദ്ധീകരിച്ച Catechism of the Catholic Church എന്ന ആധികാരിക ഗ്രന്ഥത്തിന്റെ ഒരു പ്രതികൊണ്ടുവന്ന്, വടവാതൂർ സെമിനാരിയിൽ താമസിച്ചുകൊണ്ട് മലയാളത്തിലേക്ക് തർജ്ജിമചെയ്യാൻ തുടങ്ങി. ആ ബൃഹദ്ഗ്രന്ഥത്തിന്റെ ആദ്യത്തെ നാലിലൊന്നുഭാഗം കട്ടയ്ക്കലച്ചൻ തന്നെയാണ് വിവർത്തനം ചെയ്തത്. പിന്നീടത് എറണാകുളത്ത് പി.ഒ.സി.യെ ഏല്പിക്കുകയും ചെയ്തു. ഇന്നിപ്പോൾ ഈ മലയാള ഗ്രന്ഥം പി.ഒ.സി.യിൽനിന്നും ലഭ്യമാണ്.

1993 മുതൽ 1997 വരെ ആന്ധ്രാപ്രദേശിലെ ഖമ്മം മേജർ സെമിനാരിയിലും തിരുവനന്തപുരത്ത് മലങ്കര മേജർ സെമിനാരിയിലും വൈദിക വിദ്യാർത്ഥികളെ പഠിപ്പിച്ചു. 1997 സെപ്റ്റംബർ 13 ന് കൽക്കട്ടയിൽ മദർതെരേസായുടെ അവിസ്മരണീയമായ ശവസംസ്കാരത്തിൽ പങ്കെടുത്തു. 1999 മുതൽ അമേരിക്കയിലെ കാലിഫോർണിയാ സംസ്ഥാനത്ത്, ലോസ് ആഞ്ചെലസ് നഗരത്തിലും സമീപപ്രദേശങ്ങളിലുമുള്ള സീറോ-മലബാർ കത്തോലിക്കരെ സംഘടിപ്പിച്ചു. സെന്റ് തോമസ് സീറോ-മലബാർ ഇടവക, ഓറഞ്ചു നഗരത്തിൽ (Loss Angels അടുത്ത്) സ്ഥാപിച്ചു. 2001 ൽ അമേരിക്കയിൽ സീറോ-മലബാർ രൂപതസ്ഥാപിതമായതോടെ കട്ടയ്ക്കലച്ചന്റെ സെന്റ്തോമസ് ഇടവകയും ഉപര്യുപരി വളർന്നുകൊണ്ടിരിക്കുന്നു. ഈ ഇടവക ഒരു ഇന്റർനാഷണൽ സെന്റർ ആയി ഉയർത്താൻ റവ.ഡോ.ജേക്കബ്ബ് കട്ടയ്ക്കൽ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

യൂറോപ്പിലും അമേരിക്കയിലുമുള്ള അനേകം യൂണിവേഴ്സിറ്റികളിൽ അച്ചൻ പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. അഖിലഭാരതദാർശനിക പരിഷത്തിന്റെ സ്ഥിരാംഗമാണ് കട്ടയ്ക്കലച്ചൻ.

ഇംഗ്ലീഷിലും മലയാളത്തിലുമായി 80 ലേറെ ഗ്രന്ഥങ്ങൾ അച്ചൻ രചിച്ചിട്ടുണ്ട്. 1956 ൽ വൈദീക വിദ്യാർത്ഥിയായിരിക്കുമ്പോൾ ലേഖനം എഴുതി തുടങ്ങിയ കട്ടയ്ക്കലച്ചൻ, എൺപതിലധികം ഗ്രന്ഥങ്ങൾക്കുപുറമേ, വിവിധഭാഷകളിൽ ആയിരത്തിലേറെ ലേഖനങ്ങളും എഴുതി ആനുകാലിക പ്രസിദ്ധീകരണങ്ങൾവഴി പ്രകാശിപ്പിച്ചിട്ടുണ്ട്. കൂടാതെ പല വിജ്ഞാനകോശങ്ങളിലും അച്ചന്റെ ഈടുള്ളലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ആൾ ഇന്ത്യാ ഫിലോസഫി കോൺഗ്രസ്സ്, കേരളസാഹിത്യ അക്കാഡമി, അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ്, കേരള ക്രൈസ്തവ സാഹിത്യ അക്കാഡമി, മേരിവിജയം മുതലായ സംഘടനകൾ അച്ചന്റെ ഗ്രന്ഥങ്ങൾക്ക് അവാർഡ് നൽകിയിട്ടുണ്ട്. അച്ചന്റെ ഒരു ഡസനോളം പുസ്തകങ്ങൾ മേജർ സെമിനാരികളിലും യൂണിവേഴ്സിറ്റികളിലും പാഠ്യപുസ്തകങ്ങൾ ആയി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

മഹാസംസ്കൃതദാർശനികനായ ഭർതൃഹരി (A.D. 5-ാം ശതകം)

www.malankaralibrary.com

രചിച്ച ശൃംഗാര ശതകം, നീതി ശതകം, വൈരാഗ്യശതകം എന്നീ മുന്നൂറ് ഗഹനാർഥ ശ്ലോകങ്ങൾ, അച്ചൻ ഇംഗ്ലീഷിലേക്കും മലയാളത്തിലേക്കും (യഥായോഗ്യ ബൈബിൾ വാക്യസഹിതം) വിവർത്തനം ചെയ്തിട്ടുണ്ട്. വിനാവിളംബം അവ പ്രസിദ്ധീകൃതമാകും.

കട്ടയ്ക്കലച്ചന്റെ അക്വിനാസ്-ശങ്കര-രാമാനുജ-മധ്വദർശനങ്ങൾ എന്ന ഗ്രന്ഥം 1982 ൽ കേരളസാഹിത്യഅക്കാഡമിയുടെ നമ്പൂതിരി അവാർഡിനർഹമായി. Religion and Ethics എന്ന വേദാന്തഗ്രന്ഥത്തിന് ഓൾ ഇന്ത്യാ ഫിലോസഫി കോൺഗ്രസ്സിന്റെ 1984 ലെ സ്വാമി പ്രണവാനന്ദ അവാർഡ് ലഭിച്ചു. 1984 ലെ ഏറ്റവും നല്ല ദാർശനിക ഗ്രന്ഥം എന്ന നിലയിലാണ് പ്രസ്തുത ദേശീയ അവാർഡ് അച്ചന് ലഭിച്ചത്. 1985 ൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് അവാർഡ് നൽകിയത് ക്രിസ്തുസന്ദേശം ആർഷഭാരതത്തിൽ എന്ന ഈടുറ്റ ഗ്രന്ഥത്തിനാണ്. ദൈവശാസ്ത്രം, ബൈബിൾ തുലനാത്മക മതപഠനം, മുതലായവയുടെ മണ്ഡലങ്ങളിൽ സരസങ്ങളും ഗഹനങ്ങളുമായ ഇരുപത്തിയൊന്ന് ലേഖനങ്ങളുടെ സമന്വയസമാഹാരമാണ് ക്രിസ്തുസന്ദേശം ആർഷഭാരതത്തിൽ എന്ന ഗ്രന്ഥം. ക്രിസ്മസ്, ക്രിസ്തുവിന്റെ ആഗമനം, അവതാരവും അവതാരങ്ങളും, ലോഗോസും വാക് സിദ്ധാന്തവും, മാതാവും പിതാവുമായ ഈശ്വരൻ, സമഗ്രമോചനം അനുഭൂതി പ്രസ്ഥാനങ്ങൾ, അക്വീനാസ്തത്വചിന്ത, തോമ്മാശ്ലീഹായുടെ കേരളാഗമനം, മതാദ്ധ്യാപനം, സംസ്കാരങ്ങളും കൂദാശകളും, ഭാരതീകരണം മുതലായവയാണ് പ്രസ്തുതഗ്രന്ഥത്തിലെ ചില അദ്ധ്യായങ്ങൾ.

അദ്വൈത വേദാന്ത ധർമ്മശാസ്ത്രം എന്ന ഗ്രന്ഥം നാഷണൽ ലൈബ്രറി (കൽക്കട്ടയിലെ രാജാറാം മോഹൻ ലൈബ്രറി) അംഗീകരിച്ചതിൽനിന്നും അതിന്റെ നിലവാരം വ്യക്തമാണ്. ശ്വേതാശ്വതം-ഈശോവാസ്യോപനിഷത്തുകൾ എന്ന ഗ്രന്ഥവും ഹൈന്ദവപണ്ഡിതന്മാരുടെയിടയിൽ അച്ചനെ പ്രശസ്തനാക്കിയിട്ടുണ്ട്. ഈ ഗ്രന്ഥത്തിനും അവാർഡ് ലഭിച്ചിട്ടുണ്ട്. ഡി.സി. ബുക്ക്സ് പ്രസിദ്ധീകരിച്ച ലോകമതങ്ങൾ എന്ന ഗ്രന്ഥം അച്ചന്റെ അഗാധപാണ്ഡിത്യത്തിന്റെ നിദർശനമാണ്. അമേരിക്കൻപര്യടനം, ദക്ഷിണപൂർവ്വേഷ്യയിലൂടെ എന്നീ യാത്രാവിവരണങ്ങളും, ചിരിപുഞ്ചിരിചിന്താശകലം, ചിരിയും ചിന്തയും ഒരുപോലെ, ചിരചിന്തബഹുരസം എന്നീ നർമ്മരസപ്രധാനഗ്രന്ഥങ്ങളും, ആനന്ദജീവിതം, ജീവിതസന്തോഷം, ഉണരുവിൻ ഉയരുവിൻ, യേശുക്രിസ്തു ജഗദ്ഗുരു, ലിപികളുടെ ഉൽപത്തി, മതദർശനമാധുരി, ദൈവശാസ്ത്രകിരണങ്ങൾ, സിഗററ്റിന്റെപാതി എന്ന കഥാസമാഹാരങ്ങളും ഡോ.കട്ടയ്ക്കന്റെ ബഹുമുഖ പ്രതിഭയും ധിഷണാശക്തിയും സ്പഷ്ടമാക്കുന്നു. കട്ടയ്ക്കലച്ചൻ മുൻകൈയെടുത്ത് പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ് തിരുവനന്തപുരത്തുനിന്ന് കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ക്രിസ്തുദർശനം എന്ന ബൃഹദ്ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. മേൽപറഞ്ഞവ കൂടാതെ ഡോ.കട്ടയ്ക്കൽ രചിച്ച ഗ്രന്ഥങ്ങളാണ്, ക്രിസ്തു-കേന്ദ്രിതജീവിതം ആന

www.malankaralibrary.com

ന്ദദായകം, വിശുദ്ധർ നമ്മുടെ വഴികാട്ടികൾ, സുഭാഷിതങ്ങളും സുഖജീവിതങ്ങളും, ഫ്രാൻസീസ് ജസിന്ത, കുട്ടികൾക്ക് വിശുദ്ധർ, വീണ്ടും കുട്ടികൾക്ക് വിശുദ്ധർ, കൊന്ത എന്ന അത്ഭുത ജപമാല, ജസീന്ത-ദൈവമാതാവിനെ ദർശിച്ച ബാലിക, ഫാത്തിമായിലെ ഫ്രാൻസീസ്, ഫാത്തിമാസന്ദർശനവും സന്ദേശവും, ഭാരതപാശ്ചാത്യപര്യടനം, ശുഭദർശനം സുഖജീവിതം, ക്രൈസ്തവദർശനം, ത്യാഗദീപം, മതവും സൗഭാഗ്യവും, കേരളസഭാ സർവ്വേ, ചിരി-ചിന്ത-സുഖം, ക്രിസ്തു സന്തോഷ-സംദായകൻ, യവനഭാരതീയ ദർശനങ്ങൾ, കത്തോലിക്കർക്ക് പന്ത്രണ്ടു ന്യായങ്ങൾ, ഏകസന്താനവും അനേകം പ്രശ്നങ്ങളും, വചന പ്രഘോഷണം, ജീവിതസുഖവും ദൈവദർശനവും, ദൈവത്തെ തേടുന്ന മനുഷ്യൻ, റേഡിയോ സുഭാഷിതങ്ങൾ, ബൈബിൾ പഴയനിയമം (പുനരാഖ്യാനം) ബൈബിൾ പുതിയ നിയമം (പുനരാഖ്യാനം), എന്റെ ലൂർദ്ദ് ദർശനങ്ങൾ, ബൈബിൾ കഥാരൂപത്തിൽ, മുണ്ഡകോപനിഷത്ത്, സൃഷ്ടികളിൽക്കൂടി സൃഷ്ടാവിലേക്ക്, മൗലികവാദികളുടെ ദുഷ്പ്രചരണങ്ങൾ, യഹോവാസാക്ഷികൾ വീട്ടുമുറ്റത്ത്, രസക്കുടുക്കുകളിൽ, ചിന്താരത്നങ്ങൾ, സരസകഥകളും ന്യായങ്ങളും, കൊന്തയും മൗലികപ്രാർത്ഥനകളും, സുഖവും ഉന്മേഷവും, പ്രകൃതിയിൽ നിന്ന് പ്രകൃതി നാഥനിലേക്ക്, സുഭാഷിതവും സുഖജീവിതവും, ചിരിക്കാം ഇംഗ്ലീഷിലും മലയാളത്തിലും, ഉപനിഷത്തുക്കളും ബൈബിളും, വിശുദ്ധർ നമ്മുടെ സുഹൃത്തുക്കൾ, ഭർതൃഹരിയുടെ ശതകങ്ങൾ, ക്രിസ്തു-അനന്യപ്രഭാവൻ, Nachil Guru the Hero of Our Age, Jesus Christ, Our peace, Comparative Religion, Jehowa-witnessess, An Anti - Christian Sect, Jehowa-witnessess and their Errors, Mysticism, East and West, The wonderful Rosary, Indian Philosophy. Incarnation and Resurrection in world Religion, twelve Reason to be a Catholic, Kathopanisad, Isopanisd, Make life happy, Many Reasons to be a Catholic (U.S.A.) Bhartrhari's Three hundred Verees.

കിട്ടുന്നസമയമെല്ലാം ക്രിസ്തുതത്ത്വപ്രകാശക ഗ്രന്ഥങ്ങളും, ലേഖനങ്ങളും രചിക്കുന്നതിനും പ്രസംഗങ്ങൾ നടത്തുന്നതിനും വിനിയോഗിക്കുന്ന ഡോ. കട്ടയ്ക്കൽ എന്നും ഇന്നും പ്രവർത്തനനിരതനാണ്.

വിലാസം - Rev. Dr. Jacob Kattackal,
Sacred Heart Church, 314-Workman Street,
Covina, California 91723 - U.S.A.

www.malankaralibrary.com

# 109

# പ്രൊഫ. റോസ് വില്യംസ്



പൊയ്മുഖമില്ലാത്ത ഒരു ധീരവനിത. തനിക്കുശരിയെന്ന കാര്യങ്ങൾ വെട്ടിത്തുറന്ന് ആരോടും പറയുവാൻ ധൈര്യമുളള ഒരു സ്ത്രീരത്നം, താൻ ഏർപ്പെടുന്ന കാര്യങ്ങളിൽ നൂറുശതമാനം ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന പൊതുപ്രവർത്തക, തനിക്ക് നേരിടുന്ന വെല്ലുവിളികളെ ആത്മധൈര്യത്തോടെ നേരിടുന്ന സാമൂഹ്യപ്രവർത്തക ഇതെല്ലാമാണ് പ്രൊഫ. റോസ് വില്യം. മികച്ച ഒരു വിദ്യാഭ്യാസപ്രവർത്തകയെന്ന് സകലരും അംഗീകരിക്കപ്പെടുന്ന റോസ് വില്യം ലേഖിക, പ്രഭാഷക എന്നി നിലകളിലും അറിയപ്പെടുന്നു.

തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുടയിൽ കുററിക്കാട്ട് നെയ്യൻ വറീത് മാസ്റ്ററുടെയും അച്ചായിവർഗ്ഗീസിന്റെയും മകൾ. 1930 ഏപ്രിൽ 18-ന് ജനനം. സ്കൂൾ പഠനം ഇരിങ്ങാലക്കുടയിൽ തന്നെയായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം തൃശ്ശൂർ സെന്റ് മേരീസ് കോളേജിൽ ചേർന്ന് 1949 ൽ ധനതത്വശാസ്ത്രത്തിൽ ബി.എ. ഡിഗ്രിയെടുത്തു. അതിനുശേഷം മദ്രാസിലെ പ്രസിഡൻസി കോളേജിൽ ചേർന്ന് ധനതത്വശാസ്ത്രത്തിൽ എം.എ. ബിരുദം നേടി.

ഒല്ലൂർ എലവത്തിങ്കൽ കാട്ടുക്കാരൻ മേജർ കെ.ആർ. വില്യംസിനെ 1949 ൽ വിവാഹം കഴിച്ചു. 1953 ൽ വില്യംസ് നിര്യാതയായി. തന്റെ ജീവിതത്തിൽ വലിയ ആഘാതം സൃഷ്ടിച്ച ഒരു സംഭവമായിരുന്നു ഭർത്താവിന്റെ മരണം എന്ന പ്രത്യേകം പറയേണ്ടതില്ലല്ലോ.

ചങ്ങനാശ്ശേരി എസ്സ്.ബി. കോളേജിലും അസംപ്ഷൻ കോളേജിലും 1953 മുതൽ 1963 വരെ അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു. തുടർന്ന് ഒരു വർഷക്കാലം ഇരങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ സേവനം അനുഷ്ഠിച്ചു. 1964 മുതൽ 1985 വരെ ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിൽ ധനതത്വശാസ്ത്രമേധാവിയായും പ്രവർത്തിച്ചു. ഒരു മാതൃകാദ്ധ്യാപികയായിരുന്ന റോസ് വില്യംസ് ഔദ്യോഗിക ജോലികൾക്കിടയിൽ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയപ്രവർത്തനങ്ങളിലും സജീവമായി ഏർപ്പെട്ടിരുന്നു.

പല കാലഘട്ടങ്ങളിലും അവിഭക്ത തൃശൂർ രൂപതയിലും ഇരിങ്ങാലക്കുട രൂപതയിലും പാസ്റ്ററൽ കൗൺസിൽ അംഗമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. വിവിധ ഭക്തസംഘടനകളിൽ ദീർഘകാലം പ്രസിഡന്റായും പ്രവർത്തിച്ചു.

ആളൂർ ബററർ ലൈഫ് മൂവ്മെന്റിൽ നിന്നും പ്രസിദ്ധീകരിക്കുന്ന കേരളസഭാമാസികയുടെ പത്രാധിപസമിതിയിൽ ദീർഘകാലം അംഗമായിരുന്ന റോസ് വില്യംസ് വർഷംതോറും നടത്തിവരുന്ന കേരളസഭാ സെമിനാറിലും പ്രധാന പങ്കുവഹിച്ചിരുന്നു. ആനുകാലികപ്രസിദ്ധീകരണ

www.malankaralibrary.com

ങ്ങളിൽ ധാരാളം ലേഖനങ്ങൾ എഴുതിയിരുന്നു. മികച്ച ഒരു അദ്ധ്യാപികയെന്നും വാഗ്മിയെന്നും അറിയപ്പെടുന്ന റോസ് വില്യം സഭാകാര്യങ്ങളിലും രാഷ്ട്രീയരംഗത്തും വിദ്യാഭ്യാസമേഖലയിലും വ്യക്തിമുദ്രപതിപ്പിച്ചിട്ടുണ്ട്.

രാഷ്ട്രീയരംഗത്ത് സജീവമായി പ്രവർത്തിച്ച റോസ് വില്യംസ് 1988 മുതൽ 2005 വരെ ഇരിങ്ങാലക്കുട മുൻസിപ്പൽ കൗൺസിലർ ആയിരുന്നിട്ടുണ്ട്. 1995-1997 ൽ നഗരസഭാചെയർമാൻ ആയിരുന്നു. വനിതാസംവരണത്തിന്റെ പേരിലല്ല റോസ് വില്യംസ് ചെയർമാനായത്. ജനറൽസീററിൽ മത്സരിച്ചാണെന്നുള്ളത് പ്രത്യേകം പറയേണ്ടതാണ്. ഇരിങ്ങാലക്കുട മുൻസിപ്പാലിററിയുടെ സമഗ്രവികസനം ലക്ഷ്യമാക്കി വിവിധങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ റോസ് വില്യംസിന് സാധിച്ചു. ഇന്നും എഴുത്തും വായനയും പ്രസംഗപരിപാടിയുമായി സജീവമായി പ്രവർത്തനരംഗത്ത് നിലകൊള്ളുന്നു.

വിലാസം - പ്രൊഫ. റോസ് വില്യംസ്, കൃപ, തെക്കേ അങ്ങാടി
ഇരിങ്ങാലക്കുട

# 110

# ജെറി അമൽദേവ്



പ്രമുഖ സംഗീത സംവിധായകനായ ജെറി അമൽദേവ് ഫോർട്ട്കൊച്ചിക്കു സമീപമുള്ള നസ്രത്തു ഗ്രാമത്തിൽ വെളിപ്പറമ്പിൽ തറവാട്ടിൽ ഔസോ വൈദ്യർ- മേരി(എറണാകുളം മുഞ്ഞപ്പള്ളി കുടുംബാംഗം) ദമ്പതികളുടെ മകനായി 1930 ഏപ്രിൽ 15-ന് ജനിച്ചു. സെന്റ് ആൽബർട്ട്സ് സ്കൂളിൽ നിന്നും ഹൈസ്കൂൾ വിദ്യഭ്യാസം പൂർത്തിയാക്കിയ ജെറി, മദ്ധ്യപ്രദേശിലെ ഇൻഡോർ ഹോൾക്കർ കോളേജിൽ ചേർന്ന് പഠിക്കുകയും ബി. എ ഡിഗ്രി കരസ്ഥമാക്കുകയും ചെയ്തു. പുരോഹിതനാകാൻ വേണ്ടി പൂനായിലെ പേപ്പൽ സെമിനാരിയിൽ ചേർന്ന് പഠിച്ച് ഫിലോസഫിയിൽ Bph ഡിഗ്രി കരസ്ഥമാക്കി. രണ്ടു വർഷം അതേ കോളേജിൽ തന്നെ തിയോളജിയും പഠിച്ചു.

ചലച്ചിത്ര സംഗീത സാർവ്വഭൗമനായ നൗഷാദ് അലിയോടൊപ്പം ബോംബെയിൽ 1964 മുതൽ 1969 വരെ പ്രവർത്തിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കീഴിൽ പല സംഗീത പരിശീലനങ്ങളും നേടി. സ്റ്റുഡിയോ റിക്കാർഡിംഗിന് ആവശ്യമായ സാങ്കേതിക കാര്യങ്ങൾ, ഓർക്കസ്ട്രയെ കൈകാര്യം ചെയ്യുകയും നയിക്കുകയും ചെയ്യുന്ന വിവരങ്ങൾ, എല്ലാം പരിശീലിച്ചു. മ്യൂസിക്ക് നൊട്ടേഷൻ മുൻകൂട്ടി തയ്യാറാക്കി സ്റ്റുഡിയോയിൽ

www.malankaralibrary.com

പോവുക, ഹൈ, മിഡിൽ, ലോ ഫ്രീക്വൻസി (Frequency) എങ്ങനെ പാട്ടിലുട നീളം മെയ്ന്റെയിൻ ചെയ്യണം, പ്ലേ ബാക്ക് സിംഗേഴ്സിനെ എങ്ങനെ പാട്ടു പഠിപ്പിക്കണം, ഉറുദു ഭാഷയുടെ ഫൈനർ പോയിന്റ്സ്, ഉർദ്ദു പോയറ്ററി യിലെ പ്രത്യേകതകളും ജാതികളും ഏവ, സിനിമയ്ക്കു വേണ്ട കോറസിനെ (Chorus) എങ്ങനെ നയിക്കണം, തബലയുടെ നടകൾ സിലക്ട് ചെയ്യുക, ബൻദീഷ്കളും, ആമറ്റുകളും, മുത്തായിപ്പുകളും വേണ്ട വിധം വേണ്ട സ്ഥാന ങ്ങളിൽ നിശ്ചയിക്കുക, റീഡിംഗിന് ഏതുതരം മൈക്രോഫോൺസ് വേണം. (Voice & Violon, Viole, Cello, Double Bass എന്നിവയ്ക്ക്, Brass Instrumentsന്, Santur-നും സിതാറിനും പിന്നെ Flute-നും ഗിത്താറിനും മറ്റും ഏതുതരം വേണം). അവ എപ്രകാരം ഓരോ ഉപകരണത്തിനും വെച്ചുകൊടുക്കണം, പിന്നെ റിക്കാർഡിംഗ് എഞ്ചിനിയറുടെ കൂടെയിരുന്ന് ഓരോ ഉപകരണത്തി ന്റേയും ശരിയായ ട്യൂൺ നിശ്ചയിച്ച് ഉറപ്പിക്കുക, അങ്ങനെ അനവധി കാര്യ ങ്ങൾ പഠിക്കാൻ ശ്രമിച്ചു. ഇതിനേക്കാളുപരിയായി ജറി മനസ്സിലാക്കിയ മറ്റൊരു കാര്യം കൂടിയുണ്ട്. റ്റ്യൂൺ ഇടുന്നതിനുമുൻപ് കവിയോടൊപ്പം ഇരുന്ന് വൃത്താനുസൃതമായി പാട്ടിന്റെ വരികൾ രചിക്കുകയെന്നതാണ്. പത്ത് പതി നഞ്ച് ദിവസങ്ങൾ ചിലവഴിച്ചാണ് നൗഷാദും ഷക്കീൽ ബദായൂനിയും കൂടി നാലു മിനിട്ടു നീളുന്ന ഒരു പാട്ടിന്റെ പന്ത്രണ്ടോ പതിനാറോ വരികൾ എഴു തിയിരുന്നത്. പഴയ പാട്ടുകളുടെ ആയുർദൈർഘ്യത്തിന് പ്രധാനകാരണം ഇതായിരുന്നു. ഇതൊക്കെയായിരുന്നുവെങ്കിലും പാശ്ചാത്യ സംഗീതത്തിൽ കൂടുതൽ അവഗാഹം വേണം എന്ന ചിന്തയിൽ അമേരിക്കയിലേക്ക് പോയി.

അമേരിക്കയിലെ ന്യൂ ഓർലിയൻസിലെ സേവ്യർ യൂണിവേഴ്സിറ്റി യിൽ നിന്നും ബാച്ചിലർ ഓഫ് മ്യൂസിക്ക് ബിരുദം നേടി(1971-ൽ). ന്യൂയോർക്കിലെ ഇത്തക്ക എന്ന ടൗണിലെ കോർണൽ യൂണിവേഴ്സിറ്റി യിൽ നിന്നും ഫൈൻ ആർട്സ് ഇൻ മ്യൂസിക്ക് കോംപൊസിഷൻ ആന്റ് മ്യൂസിക്കോളജിയിൽ 1975-ൽ മാസ്റ്റർ ബിരുദം നേടി. ബാച്ചലർ ഓഫ് മ്യൂസിക്ക് (B.M) കിട്ടാൻ മ്യൂസിക്കൽ തിയറി, മ്യൂസിക്ക് ഹിസ്റ്ററി, മ്യൂസിക്ക് അനാലി സിസ്, ഓർക്കസ്ട്രേഷൻ, കൗണ്ടർ പോയന്റ് (ഒരേ സമയം മൂന്ന് നാലു ട്യൂണുകളെ സമന്വയിപ്പിക്കുന്നത്) ഓർക്കസ്ട്രൽ കണ്ടക്ടിംഗ്, കോറൽ കണ്ട ക്ടിംഗ്, പിയാനോ റിസിറ്റൽ(PIANO RECITAL), പാർട്ടിസിപ്പേഷൻ സ്പെഷ്യ ലൈസ്ഡ് കോറസ്, എന്നീ വിഷയങ്ങൾ നാലു വർഷത്തിനു പകരം രണ്ടു വർഷം കൊണ്ട് പഠിച്ചു തീർന്നതിനാൽ ഉടൻ ഡിഗ്രി കിട്ടി. കോറൽ യൂണി വേഴ്സിറ്റിയിൽ കോമ്പോസിഷൻ (Composition), മ്യൂസിക്കോളജി(Musicology) എന്നീ വിഷയങ്ങളിൽ പ്രാവീണ്യം നേടുന്നതോടൊപ്പം Class room teaching രണ്ടു വർഷം ചെയ്തു. അമേരിക്കയിലെ സമുന്നതമായ പത്ത് യൂണിവേ ഴ്സിറ്റികളിൽ ഒന്നാണ് കോർവെൽ. ന്യൂയോർക്ക് സിറ്റിയിലെ പ്രഗത്ഭരായ യഹൂദർ പഠിക്കുന്നിടത്ത് നല്ല കോമ്പറ്റീഷൻ നേരിട്ടു. മാസ്റ്റേഴ്സ് ഡിഗ്രി നാലു വർഷം കൊണ്ട് പൂർത്തിയാക്കി.

www.malankaralibrary.com

ഈ ബിരുദത്തിനാസ്പദമായ തീസസിന് രണ്ടു ഭാഗങ്ങളാണുണ്ടായിരുന്നത്. ഒന്ന് Class room teachingA GAT tow a small Orchestra രണ്ട് Roumenian Folk Dances of Beta Bartok- a study തദാനന്തരം ന്യൂയോർക്കിലെ ഫ്ളഷിംങ്ങിലുള്ള ക്വീസ് കോളേജിൽ മ്യൂസിക്ക് ഇൻസട്രക്ടറായി ജോലി നോക്കി.

1980-ൽ ജെറി നാട്ടിൽ വന്ന് പൂഞ്ഞാർ ഈന്തുംപ്ലാക്കൽ കുടുംബാംഗമായ ജോളിയെ വിവാഹം കഴിച്ചു. എം.എസ്സ്.സി ബോട്ടണി ഡിഗ്രി ജോളിക്ക് ലഭിച്ചിട്ടുണ്ട്. 1980-ൽ നവോദയയുടെ മഞ്ഞിൽ വിരിഞ്ഞ പൂക്കൾക്ക് സംഗീത സംവിധാനം നിർവ്വഹിച്ച് സംസ്ഥാന പുരസ്കാരം നേടി. മഞ്ഞണിക്കൊമ്പിൽ, മിഴിയോരം, ആയിരംകണ്ണുമായി, കണ്ണോട് കണ്ണോരം, ആളൊരുങ്ങി അരങ്ങൊരുങ്ങി തുടങ്ങിയ ശ്രദ്ധേയങ്ങളായ ഗാനങ്ങൾ ജെറിയുടേതാണ്. 1985-ൽ അപരാഹ്നത്തിന്റെ സംഗീതത്തിന് സംസ്ഥാന പുരസ്കാരം വീണ്ടും ലഭിച്ചു. 1990-ൽ കഴകത്തിനും അവാർഡ് ലഭിക്കുകയുണ്ടായി. എറണാകുളത്തെ സി. എ. സിയുടെ പ്രിൻസിപ്പളായി സേവനം അനുഷ്ഠിച്ചിട്ടുള്ള ജെറി അമൽദേവ് ആണ് സംഗീത സംവിധാന രംഗത്ത് ഇലക്ട്രോണിക് തരംഗം ആദ്യമായി ഉയർത്തിയത്. ക്രിസ്ത്യൻ ഗാനങ്ങളും കാത്തലിക്ക് ലിറ്റർജിക്കൽ ഗാനങ്ങളും സംവിധാനം ചെയ്യുന്നതിലും രണ്ടു ദശാബ്ദക്കാലമായി ജെറി പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു.

ഇതിനകം 70 സിനിമകൾ സംവിധാനം ചെയ്തു. 35 എണ്ണം പുറത്തിറങ്ങി. അഞ്ചെണ്ണം നോട്ടീസബൾ ആയി. മറ്റു ചില ചിത്രങ്ങളിൽ ചിലത് താഴെ പറയുന്നവയാണ്. ധന്യ, കാട്ടുപോത്ത്, ഒരു വിളിപ്പാടകലെ, സ്വപ്നലോകം, ഉദയം പടിഞ്ഞാറ്, എന്നെന്നും കണ്ണേട്ടന്റെ, അദ്ധ്യായം ഒന്നു മുതൽ, കൂടും തേടി, പുന്നാരം ചൊല്ലി ചൊല്ലി, സന്മനസ്സുള്ളവർക്ക് സമാധാനം, സീൻ നമ്പർ സെവൻ, ഒപ്പം ഒപ്പത്തിനൊപ്പം, സ്നേഹതീരം, ബാംഗ്ലൂർ നോർത്ത്, തേവലക്കര പഞ്ചായത്ത്, ആദ്യ പാപം, സുനിൽ വയസ്സ് 20, അടുക്കാനെന്തെളുപ്പം തുടങ്ങിയവയാണ്.

ദേവാലയ സംഗീതത്തിൽ നീണ്ട വർഷങ്ങളുടെ പരിചയം ജെറി അമൽദേവിനുണ്ട്. ഗ്രെഗോറിയൻ ചാന്റിൽ അതോററ്റിയാണദ്ദേഹം. ആരാധന ക്രമസംഗീതത്തിൽ അഗാധ പണ്ഡിതനാണ് ജെറി. എല്ലാവർക്കും പാടാവുന്ന പാട്ടുകൾ ട്യൂൺ ചെയ്യാനുള്ള മികവ് ജെറിയുടെ പ്രത്യേകതയാണ്. ടീച്ചിംഗിൽ സ്പെഷ്യലിസ്റ്റായ ജെറി 400-ഓളം Choirs കണ്ടക്റ്റ് ചെയ്തിട്ടുണ്ട്. The Singing Christmas tree, The Singing Cross എന്ന പുതു കാൽവെയ്പ്പുകളുടെ മുഖ്യ സംഗീത ശില്പി, അനേകം കാസറ്റുകളുടെ സംഗീത സംവിധായകൻ എന്നീ നിലകളിലെല്ലാം അദ്ദേഹം മായാത്ത വ്യക്തി മുദ്ര പതിപ്പിച്ചിട്ടുണ്ട്. നാടോടിപ്പാട്ടുകൾ, ആർദ്രഗീതങ്ങൾ, ഗാനോൽസവം, കരിസ്മാറ്റിക് ഗാനങ്ങൾ ഇങ്ങനെ പലതും അദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്. മദ്രാസിലെ സെന്റ് തോമസ് ഓർത്തോഡോക്സ് കത്തീഡ്രൽ ക്വയറിന്റെ സംയോജകനായ ജെറി, ഐ. പി. ആർ. എസ്സ് മെമ്പർ കൂടിയാണ്. കാത്തലിക് ക്വയർ

www.malankaralibrary.com

മാസ്റ്റേഴ്സ് ഇന്റർ നാഷണൽ സെക്രട്ടറിയും കൂടിയാണദ്ദേഹം.

ജെറി രചിച്ച രാജാസ് ഫോർ പിയാനോ എന്ന ഗ്രന്ഥം യു. എസ്സ്. എയിലെ പ്രിൻസ് ടൗണിൽ നിന്നും ആണ് പ്രസിദ്ധീകരിച്ചത്. 2004-ൽ ആസ്ട്രിയായിലെ വിയന്നായിൽ ഗ്രെഗോറിയൻ ചാന്റിൽ എന്ന വിഷയത്തെപ്പറ്റി ഒരു പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി.

ജെറി അമൽദേവിന് കെ. സി .ബി. സി യുടെ അവാർഡ് ലഭിച്ചപ്പോൾ സത്യദീപത്തിൽ ദേവാലയ സംഗീതത്തെപ്പറ്റി എഴുതിയ ഒരു ഭാഗം താഴെ ചേർക്കുന്നു. " ഭക്തിഗാനരംഗത്തും ദേവാലയ സംഗീതത്തിലുമൊക്കെ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എനിക്ക് ഇന്നുള്ള നമ്മുടെ ഭക്തി ഗാന പ്രവണതകളോട് യോജിക്കാനാവുന്നില്ല. ആധുനിക യുഗത്തിൽ കത്തോലിക്കാ സഭയ്ക്ക് ഇക്കാര്യത്തിൽ വളരെ കാര്യങ്ങൾ ചെയ്യുവാനുണ്ട്. 1962-നു ശേഷം പരീക്ഷണാടിസ്ഥാനത്തിൽ വളരെ കാര്യങ്ങൾ ചെയ്തെങ്കിലും അതൊക്കെ കാടു കയറിപ്പോയി. അതിനു പ്രധാന കാരണം നേതൃത്വത്തിന്റെ അലംഭാവവും അവർ ശരിയായ ദിശാബോധം നൽകാതിരുന്നതുമാണ്. യുവജനങ്ങൾക്ക് എന്തു നൽകണമെന്നും അവരോടു എന്തു പറയണമെന്നും ഇടവക വികാരിമാർക്ക് അറിഞ്ഞുകൂടാത്ത അവസ്ഥ വന്നു ചേർന്നു.

അതോടൊപ്പം സുറിയാനി- ലത്തീൻ എന്നിവയിലെ പരമ്പരാഗതമായ പാട്ടുകളും ഇല്ലാതായി. പകരം നാം ഒന്നും നൽകിയതുമില്ല. ഏതാനും ഗാനങ്ങൾ ഉണ്ടാക്കിയെങ്കിലും അവയൊന്നും പുഷ്ടിപ്രാപിച്ചില്ല. ഈ പശ്ചാത്തലത്തിലാണ് സിനിമാ- നാടകശൈലിയിലുള്ള പാട്ടുകളുടെ അതിപ്രസരം വരുന്നത്. കാസറ്റുകളിലൂടെ രംഗപ്രവേശനം ചെയ്ത ഈ ഗാനങ്ങൾ നമ്മുടെയാളുകൾ സ്വീകരിച്ചു. അത്തരത്തിൽ ഏതു പാട്ടും ഏതു സമയത്തും ഏതു വേദിയിലും ആലപിക്കാം എന്ന ദുരവസ്ഥയിൽ എത്തി നിൽക്കുകയാണ് നാം. ഇന്നുള്ള ദേവാലയ സംഗിതം ഇതാണ്. ഗാനമേള ശൈലിയിൽ ഓർക്കസ്ട്ര വെച്ചുള്ള പാട്ടുകളാണ് പള്ളികളിലുള്ളത്.ഇത് നമ്മുടെ ഒരു റീത്തിന്റേയും ആശയങ്ങളുമായി ചേർന്ന് പോകുന്നതല്ല. ഇവയ്ക്കു പകരം എന്തു നൽകണം എന്ന ചോദ്യം ഇവിടെ ഉദിക്കുന്നുണ്ട്. സിനിമാ ശൈലി സ്വീകരിക്കുകയും അത്തരത്തിൽ ഒരു പ്രതീതി ജനിപ്പിക്കുകയും ചെയ്യുന്നത് ആശാസ്യമല്ല. ഇക്കാര്യത്തിൽ അമേരിക്കൻ പോപ്പ് സംഗീതമാണ് നമ്മെ സ്വാധീനിക്കുന്നത്. അത് അരക്കെട്ടിളക്കുന്ന സംഗീതമാണ്. ശാരീരികമായ സംഗീതം, അതിലെ മെലഡിയും മാറുമാണ് നാം പള്ളിയിലെ സംഗീതത്തിനായി അനുകരിക്കുന്നത്. അത് അറിവില്ലായ്മയാണ്. ദേവാലയ സംഗീതത്തിന്റെ പവിത്രതയും പരിശുദ്ധിയും സൂക്ഷിക്കാൻ, അതിന്റെ പാരമ്പര്യവും പഴമയും നിലനിർത്താൻ ഈ അറിവില്ലായ്മകൾ തിരുത്തപ്പെടണം. ഈ തെറ്റുകൾ പറഞ്ഞുകൊടുക്കാനും അതിലൂടെ ശുദ്ധ സംഗീതത്തിന്റെ മേന്മകൾ അവതരിപ്പിക്കാനും കഴിയണം. ഈ ദൗത്യം നിർവ്വഹിക്കാൻ നമുക്കെല്ലാം കടമയുണ്ട്. പക്ഷേ ആരും മിണ്ടുന്നില്ല എന്നതാണ് സത്യം."

www.malankaralibrary.com

ജെറി അമൽദേവിന്റെ പക്വമായ ഈ അഭിപ്രായം നാമൊക്കെ ശ്രദ്ധിച്ചിരുന്നുവെങ്കിൽ

വിലാസം - ജെറി അമൽദേവ്, ചോയിസ് സ്കൂൾ ഹോസ്റ്റൽ, നടമ, തൃപ്പൂണിത്തറ, 682301

# 111



# മദർ മെറീന സി.ടി.സി

കോൺഗ്രഗേഷൻ ഓഫ് തെരേസിയൻ കാർമ്മലൈററ്സ് എന്ന സന്യാസസഭയുടെ സുപ്പീരിയർ ജനറലായി ഒരു വ്യാഴവട്ടക്കാലം പ്രവർത്തിച്ച് സഭയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച മദർ മെറീന സി.ടി.സി, വൈപ്പിൻകരയിലെ കർത്തേടം ഗ്രാമത്തിൽ ചക്കാലക്കൽ കുടുംബത്തിൽ അഗസ്റ്റിന്റെയും എലിസബത്തിന്റെയും മകളായി 1930-ാമാണ്ട് മെയ് മാസം 29-ാം തീയതി ജനിച്ചു. സെന്റ് ജോർജ് എൽ.പി.എസ്സ് കർത്തേടം, ഗവൺമെന്റ് സ്കൂൾ എളങ്കുന്നപുഴ, ലിററിൽഫ്ളവർ കോൺവെന്റ് ഹൈസ്കൂൾ ഞാറയ്ക്കൽ, ഗവൺമെന്റ് ട്രെയിനിംഗ് സ്കൂൾ ആനപ്പാറ തൃശൂർ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം.

ചെറുപ്പം മുതൽ ആദ്ധ്യാത്മിക കാര്യങ്ങളിൽ ശ്രദ്ധചെലുത്തി വളർന്ന മദർ മെറീനായുടെ ജ്ഞാനസ്നാനപേര് കൊച്ചുത്രേസ്യാ എന്നായിരുന്നു. കൊച്ചുത്രേസ്യാ 1950 ൽ കോൺഗ്രഗേഷൻ ഓഫ് തെരേസിയൻ കാർമ്മലൈററ്സ് (Congregation of Teresian Carmelites) എന്ന സന്യാസസഭയിൽ ചേർന്നു. 1951 നവംബർ 28-ാം തീയതി വ്രതവാഗ്ദാനം ചെയ്ത് സി.മെറീന എന്ന പേര് സ്വീകരിച്ചു. ചാത്യാത്ത് മൗണ്ട്കാർമ്മൽ സ്കൂളിൽ 21 വർഷം അദ്ധ്യാപികയായി ജോലി നോക്കി. മദർ നലം തികഞ്ഞ ഒരു അദ്ധ്യാപികയായിരുന്നു. റോമിലെ റെജിന മുന്തിയിൽ സിസ്റ്റർ ഉപരിപഠനം നടത്തി.

സ്കൂളിലെ അദ്ധ്യാപനത്തോടൊപ്പം സഭയിലെ ചെറുതും വലുതുമായ ജോലികൾ വളരെ ഭംഗിയായി ചെയ്തിരുന്നു. ചത്യാത്ത് മൗണ്ട് കാർമ്മൽ കോൺവെന്റ് സുപ്പീരിയർ എന്ന നിലയിൽ പ്രവർത്തിച്ച സിസ്റ്റർ മെറീന സന്യാസ അർത്ഥിനികളുടെ പരിശീലനം സ്തുത്യർഹമാംവിധം നിർവ്വഹിക്കുകയും യുവതികളെ പക്വമായി വളർത്തി സഭയ്ക്കു നൽകുകയും ചെയ്തു. 1974 മുതൽ 1988 വരെ 14 വർഷം ജർമ്മനിയിൽ കോൺവെന്റ് സുപ്പീരിയർ ആയി സേവനം അനുഷ്ഠിച്ചു. ഇക്കാലഘട്ടത്തിൽ ജർമ്മനിയിൽ നാലുകോൺവെന്റുകളും ഇററലിയിൽ മൂന്നു കോൺവെന്റുകളും സ്ഥാപിച്ചു.

www.malankaralibrary.com

സി.ടി.സി സഭയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിക്കാൻ സി.മെറീനയ്ക്ക് സാധിച്ചു. ജർമ്മനിയിൽ നിന്നും തിരിച്ചെത്തിയ സി.മെറീനായെ സഭയുടെ സുപ്പീരിയർ ജനറലായി 1988 ൽ തിരഞ്ഞെടുത്തു. പന്ത്രണ്ടു വർഷം ആ ജോലി നിർവ്വഹിച്ചു. ഈ കാലഘട്ടത്തിൽ കേരളത്തിൽ പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചുവരുന്ന സെന്റ് സേവിയേഴ്സ് കോളേജിന്റെ മാനേജർ കൂടിയായിരുന്നു. സിസ്റ്റർ സുപ്പീരിയർ ജനറലായി പ്രവർത്തിച്ച കാലഘട്ടം സഭയെ സംബന്ധിച്ചിടത്തോളം വളർച്ചയുടെ കാലഘട്ടമായാണ് വിലയിരുത്തപ്പെടുന്നത്. പി.എസ്സ്. മിഷൻ ഹോസ്പിററൽ (Perpectual succour Mission Hospital) സി.ടി.സി. സഭയെ ഏല്പിക്കപ്പെടുന്നത് ഈ കാലയളവിലാണ്. എറണാകുളത്തെ പ്രമുഖ ആതുരാലയങ്ങളിൽ ഒന്നായി ഇത് വളർന്നുകഴിഞ്ഞു. സഭയുടെ ചൈതന്യം കൂടുതലായി ജനമദ്ധ്യത്തിലെത്തിക്കുവാനും സഭയെ ആഗോളവ്യാപകമാക്കുവാനും സി.മെറീന വളരെയധികം ശ്രമിച്ചു. ഇതിനായി ആധുനിക ഇലകട്രോണിക് മീഡിയവരെ ഈ കാലഘട്ടത്തിൽ പ്രയോജനപ്പെടുത്തുകയുണ്ടായി. സഭാചരിത്രം സവിസ്തരം പ്രതിപാദിക്കുന്ന കെടാവിളക്ക് എന്ന ഡോക്കുമെന്ററി ഈ ലക്ഷ്യത്തോടെ നിർമ്മിച്ചതാണ്. സഭാസ്ഥാപകരുടെ ചരിത്രങ്ങളും ഈ കാലയളവിൽ ഗ്രന്ഥരൂപത്തിലാക്കപ്പെട്ടു. സഭയുടെ ജീവൻ പ്രാർത്ഥനയിലാണെന്ന് മനസ്സിലാക്കിയ മദർ ഇടപ്പള്ളിയിൽ നിന്നും പ്രാർത്ഥനാമന്ദിരം അയിരൂരിലേക്ക് മാററി സ്ഥാപിച്ചു. സഭാംഗങ്ങൾക്ക് ഏകാന്തമായി പ്രാർത്ഥിക്കുവാൻ ഇത് കൂടുതൽ സഹായകരമായി. സഭാസ്ഥാപകരുടെ ചൈതന്യം ഒട്ടുംകുറയാതെ കാത്തുസൂക്ഷിക്കുവാൻ അവരുടെ പൂജ്യാവശിഷ്ടങ്ങൾ ഉൾക്കൊള്ളുന്ന ശവകുടീരം നവീകരിച്ച് അഭിരാമിയായൊരു സ്മൃതിമന്ദിരം അവിടെ പണികഴിപ്പിച്ചു. പലദേശക്കാരും, ഭാഷക്കാരുമായ സഭയിലെ ഇളംതലമുറക്ക് സഭാപഠനം നടത്തുന്നതിന് പററിയ ഒരു ഭവനം ബാംഗ്ളൂരിൽ പണികഴിപ്പിക്കുന്നതിനും സിസ്റ്റർ ശ്രമിച്ച് വിജയിപ്പിച്ചു. വി. അമ്മ ത്രേസ്യായേപ്പോലെ തന്നെ വി. യൗസേപ്പ് പിതാവിനോട് പ്രത്യേകഭക്തിയും സിസ്റ്റർ മദറിനുണ്ട്. ദൈവവിളികൾ വളർത്തുന്നതിന് മദറിന്റെ ജീവിതം ഏവർക്കും മാതൃകയാണ്. ആഴമേറിയ പ്രാർത്ഥനാജീവിതവും സഹോദരസ്നേഹവും മദറിനെ ദൈവത്തിലേക്കും മനുഷ്യരിലേക്കും അടുപ്പിച്ചു. ഏറെറടുത്തിരിക്കുന്ന വലിയ നിയോഗം അതിന്റെ പൂർണ്ണതയിൽ എത്തിക്കാനും അതുവഴി ഏവർക്കും യേശുവിനെ കാണിച്ചുകൊടുക്കുവാനും മദർ മെറീനക്കു സാധിച്ചു. ഉത്തമയായ ഒരു കർമ്മലീത്താ സഹോദരി, ഏവർക്കും മാതൃകയായ ഒരമ്മ, എല്ലാവരെയും സ്നേഹിക്കുന്ന ഒരു സഹോദരി അതാണ് മദർ മെറീന. കഠിനാദ്ധ്വാനിയും സേവനതല്പരയുമായ മദർ മെറീന എഴുപത്തിയഞ്ചാംവയസ്സിലും പി.എസ്സ്. ഹോസ്പിററലിന്റെ ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്നു. സമൂഹത്തെയും ആതുരാലയത്തെയും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി മദർ നിലകൊള്ളുന്നു. തന്റെ പ്രവർത്തനങ്ങളിൽ സാധുജനങ്ങളോട്

www.malankaralibrary.com

ഐക്യദാർഢ്യം പുലർത്തുന്ന മദർ നിരവധി സാമൂഹിക പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. നാടിനും നാട്ടാർക്കും പ്രിയങ്കരിയായ മദർ വിശ്രമമില്ലാതെ ഇന്നും ഉത്തരവാദിത്വമേറിയ ജോലികൾ നിർവ്വഹിക്കുന്നു.

വിലാസം - മദർ മെറീന സി.ടി.സി., പി.എസ്. മിഷൻ ഹോസ്പിറ്റൽ, മരട്, കൊച്ചി - 682 304

# 112



# വി.ററി.സെബാസ്റ്റ്യൻ

## എക്സ്.എം.എൽ.എ.

കർഷകനേതാവ്, മാതൃകാകർഷകൻ, പ്രമുഖനിയമസഭാംഗം, പ്രമുഖ സഹകാരി, സമുദായസ്നേഹി എന്നിങ്ങനെ വിവിധനിലകളിൽ പ്രശസ്തനായ വി.ററി. സെബാസ്റ്റ്യൻ കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കടനാട് പഞ്ചായത്തിൽ നീലൂർകരയിൽ വരിക്കമാക്കൽവീട്ടിൽ തോമസിന്റെയും അന്നമ്മയുടെയും മൂത്തമകനായി 1930 ജൂൺ 15-ാം തീയതി ജനിച്ചു. മാതാവ് കടനാട്ടിൽ കുറുവത്താഴെ കുടുംബാംഗമാണ്. പിതാവിന്റെ തൊഴിൽ കൃഷി ആയിരുന്നു.

നീലൂർ, കുറുമണ്ണ്, കടനാട് എന്നീ സ്കൂളുകളിലായിരുന്നു വിദ്യാഭ്യാസം നിർവ്വഹിച്ചത്. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം സമീപപ്രദേശങ്ങളിൽ ഒന്നും കോളേജ് ഇല്ലാതിരുന്നതിനാലും ഹോസ്റ്റലിൽ താമസിച്ച് പഠിക്കാനുള്ള സാഹചര്യം ഇല്ലാത്തതിനാലും കോളേജ് വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചില്ല. തന്മൂലം ചെറുപ്പത്തിൽതന്നെ പിതാവിനോടൊപ്പം കൃഷിയിൽ ഏർപ്പെട്ടു.

നീലൂർപള്ളി ഇടവകക്കാരനായിരുന്ന സെബാസ്റ്റ്യൻ ചെറുപ്പത്തിൽ മിഷൻലീഗ്, സൊഡാലിററി എന്നീ ഭക്തസംഘടനകളിൽ ചേർന്നു പ്രവർത്തിച്ചു. 1949 മുതൽ 1952 വരെ സണ്ടേസ്കൂൾ അദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചു.

രണ്ടാംലോകമഹായുദ്ധത്തിന്റെ ഫലമായി തിരുവിതാംകൂറിലെ ജനങ്ങൾ അനുഭവിക്കേണ്ടിവന്ന ഭക്ഷ്യദാരിദ്ര്യത്തിൽനിന്നും രക്ഷപെടുവാനായി മദ്ധ്യതിരുവിതാംകൂറിൽനിന്നും വളരെയധികം കുടുംബങ്ങൾ മലബാറിലേക്ക് കുടിയേറി. അതോടൊപ്പം 1947 മുതൽ തിരുവിതാംകൂറിൽ അധികാരത്തിൽവന്ന പ്രഥമ ജനകീയ ഗവൺമെന്റ് ഗ്രോമോർ ഫുഡ് സ്കീം അനുവദിച്ച് ഹൈറേഞ്ചിലെ കൃഷിയോഗ്യമായ സ്ഥലങ്ങൾ കൃഷിക്കായി

www.malankaralibrary.com

വിട്ടുകൊടുത്തു. അതോടെ ഹൈറേഞ്ചിലെ വനഭൂമിയിലേയ്ക്ക് വൻതോതിൽ കുടിയേററമുണ്ടായി. ഈ സാഹചര്യത്തിൽ കൃഷിക്കാരനായ വി.ററി. സെബാസ്റ്റ്യനും കട്ടപ്പനയിൽ സ്ഥലം വാങ്ങി കൃഷി ആരംഭിച്ചു. ഗവൺമെന്റ് അലോട്ട് കൊടുത്തതിനുശേഷം മാററി ഇട്ടിരുന്ന സ്ഥലം ഭൂരഹിതരായ കർഷക തൊഴിലാളികൾ കൈവശപ്പെടുത്തി കൃഷി ചെയ്തു. കുറഞ്ഞ കാലംകൊണ്ട് വനഭൂമി കനകംവിളയിക്കുന്ന കൃഷിഭൂമിയായി മാറി.

ഇന്ത്യാഗവൺമെന്റ് ഭാഷാ പ്രവിശ്യരൂപീകരിക്കുവാൻ തീരുമാനിച്ച സന്ദർഭമായിരുന്നതിനാൽ ഗവൺമെന്റിന്റെ മൗനാനുവാദവും ഈ കുടിയേററത്തിന്റെ പിന്നിലുണ്ടായി. ഈ കുടിയേററത്തിന് മുൻപ് പീരുമേട് ദേവികുളം താലൂക്കുകളിൽ വിദേശികളും തമിഴ്നാട്ടുകാരുമായ ആൾക്കാർ പാട്ടത്തിനും സ്ഥിരപട്ടയവുമായും സർക്കാരിൽ നിന്നും ഭൂമി വാങ്ങി ഏലവും തേയിലയും കൃഷി ചെയ്തു വന്നിരുന്നു. അവിടുത്തെ തൊഴിലാളികളെല്ലാം തമിഴ്നാട്ടുകാരായിരുന്നു. മേൽപറഞ്ഞവിധം മലയാളി കർഷകന്റെ കുടിയേററം ഉണ്ടായിരുന്നില്ലെങ്കിൽ ഇന്ന് ഹൈറേഞ്ച് തമിഴ്നാടിന്റെ ഭാഗമായിതീരുമായിരുന്നു. പട്ടംതാണുപിള്ളയും ഇക്കണ്ടവാര്യരും ഈ കാര്യത്തിൽ സ്വീകരിച്ച നയത്തെ പ്രശംസിച്ചേ പററൂ.

വസ്തുതകൾ മേൽപറഞ്ഞതായിരുന്നവെങ്കിലും വനസ്നേഹികളും പ്രകൃതിസ്നേഹികളും ചില രാഷ്ട്രീയക്കാരും കുടിയേറ്റക്കാരെ ദ്രോഹികളും കയ്യേററക്കാരും ആയി ചിത്രീകരിച്ച് ദ്രോഹിക്കാനുള്ള ശ്രമം തുടർന്നു. പട്ടിണികിടന്നും പകർച്ചവ്യാധികളോടുമല്ലിട്ടും ദിനരാത്രങ്ങൾ തള്ളിനീക്കി മണ്ണ് പൊന്നാക്കി മാററിയ കർഷകരെ, വിശപ്പടക്കാൻ വിഭവങ്ങൾ ഉല്പാദിപ്പിച്ച് മലനാടിനെ വിദേശനാണ്യം നേടിത്തരുന്ന, കനകം വിളയിക്കുന്ന ഗ്രാമങ്ങളാക്കി മാററിയെടുത്ത കർഷകരെ, ഹൈറേഞ്ചിനെ കേരളത്തിന്റേതാക്കി മാററുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ച കർഷകരെ, കുടിയൊഴിപ്പിക്കുവാൻ മാറി മാറി വന്ന ഗവൺമെന്റുകൾ തയ്യാറായപ്പോൾ അതിനെതിരെ കക്ഷിരാഷ്ട്രീയത്തിനും ജാതിമത ചിന്തകൾക്കും അതീതമായി കർഷകർ ഒന്നായി സംഘടിച്ച് സമരം ചെയ്തു. ആ മലയോര കർഷകരുടെ സമരത്തിന് നേതൃത്വം വഹിച്ചുകൊണ്ട് കുടിയേററകർഷകനായ വി.ററി. സെബാസ്റ്റ്യൻ പൊതുപ്രവർത്തകനായി മാറി. 1958 ൽ നടന്ന വിമോചന സമരത്തിൽ പങ്കെടുത്തതോടെ സെബാസ്റ്റ്യൻ ഒരു മുഴുവൻ സമയപൊതു പ്രവർത്തകനായി. 1963 ൽ നടന്ന പഞ്ചായത്തു തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും കട്ടപ്പന പഞ്ചായത്ത് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. പിന്നീട് 1979 ലാണ് പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നത്. അക്കാലം വരെ ഏതാണ്ട് 16 വർഷക്കാലം കട്ടപ്പനപഞ്ചായത്തിന്റെ പ്രസിഡണ്ട് പദവി അലങ്കരിക്കുകയും ചെയ്തു. കട്ടപ്പന പഞ്ചായത്തിന്റെയും സമീപ കുടിയേററ പ്രദേശങ്ങളുടെയും വികസനത്തിൽ സെബാസ്റ്റ്യന്റെ നേതൃത്വം നിർണ്ണായകമായ പങ്കുവഹിച്ചു.

www.malankaralibrary.com

1964 ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ കേരളഘടകം പിളർന്നപ്പോൾ രൂപംകൊണ്ട കേരളാകോൺഗ്രസ്സിന്റെ പ്രവർത്തകനായി സെബാസ്റ്റ്യൻ മാറി. 1970 ൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ കേരളാ കോൺഗ്രസ്സിന്റെ പ്രതിനിധിയായി ഉടുമ്പൻചോല അസംബ്ലി നിയോജക മണ്ഡലത്തിൽ നിന്ന് മത്സരിക്കുകയും വൻവിജയം കരസ്ഥമാക്കുകയും ചെയ്തു. സി.പി.ഐ.യുടെ സമുന്നത നേതാവും 1969 ലെ മന്ത്രി സഭയിൽ റവന്യൂ മന്ത്രിയുമായിരുന്ന കെ.റ്റി. ജേക്കബ്ബിനെയാണ് സെബാസ്റ്റ്യൻ തോൽപ്പിച്ചത്. 1977 ൽ അസംബ്ലി മണ്ഡലം പുനർവിഭജനം നടത്തിയപ്പോൾ ഉടുമ്പൻചോല വിഭജിക്കുകയും ഇടുക്കി മണ്ഡലം പുതിയതായി രൂപംകൊള്ളുകയും ചെയ്തു. കട്ടപ്പനപഞ്ചായത്ത് ഇടുക്കി മണ്ഡലത്തിൽ ഉൾപ്പെട്ടതിനാൽ ആ വർഷം ഇടുക്കി മണ്ഡലത്തിൽ നിന്നും സെബാസ്റ്റ്യൻ നിയമസഭയിലേക്ക് മത്സരിച്ചു ജയിച്ചു. 1980 ൽ ഇടുക്കിയിൽ നിന്നും 1982 ൽ ഉടുമ്പൻചോലയിൽനിന്നും നിയമസഭയിലേക്ക് മത്സരിച്ചെങ്കിലും വിജയിക്കാനായില്ല.

1977 ൽ കേരളാ കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറിയായും 1978 ൽ പാർട്ടി ചെയർമാനായും വി.റ്റി. സെബാസ്റ്റ്യൻ തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് കേരളാകോൺഗ്രസ്സ് പിളർന്നപ്പോൾ കേരളാകോൺഗ്രസ്സ് മാണി വിഭാഗത്തിന്റെ ചെയർമാനായി. 1991 മുതൽ 1996 വരെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ചെയർമാനായി സെബാസ്റ്റ്യൻ പ്രവർത്തിച്ചു. ഭവനനിർമ്മാണ പദ്ധതികൾ ജനകീയമാക്കുവാനും സാധാരണക്കാരനും അതിന്റെ ആനുകൂല്യങ്ങൾ സംലഭ്യമാക്കുവാനും സെബാസ്റ്റ്യന് സാധിച്ചു. 2001 മുതൽ വീണ്ടും ഭവനനിർമ്മാണ ബോർഡിന്റെ ചെയർമാനായി പ്രവർത്തിച്ചുവരുന്നു.

സെബാസ്റ്റ്യൻ മികച്ച ഒരു സഹകാരി കൂടിയാണ്. കട്ടപ്പന സർവ്വീസ് സഹകരണബാങ്ക് ഭരണസമിതിയംഗം, പ്രസ്തുത സ്ഥാപനത്തിൽ ഓണററി സെക്രട്ടറി, മലനാട് കാർഷികവികസനബാങ്ക് ഭരണസമിതിയംഗം, കട്ടപ്പന മാർക്കററിംഗ് സഹകരണ ബാങ്ക് പ്രസിഡണ്ട്, 1980 മുതൽ 1990 വരെ ഇടുക്കി ജില്ലാ സഹകരണബാങ്ക് പ്രസിഡണ്ട് എന്നീ നിലകളിലും സെബാസ്റ്റ്യൻ പ്രവർത്തിച്ചിട്ടുണ്ട്.

1954 മുതൽ ഇന്നുവരെ കട്ടപ്പന ഇടവകയുടെ പുരോഗതിക്കുവേണ്ടി രൂപീകരിച്ചിട്ടുള്ള വിവിധകമ്മററികളിലും പാരീഷ്കൗൺസിലിലും രൂപതാപാസ്റ്ററൽ കൗൺസിലിലും സെബാസ്റ്റ്യൻ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. കട്ടപ്പന ഇടവകയിലെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററിയുടെ സ്ഥാപകസെക്രട്ടറിയായും പ്രവർത്തിച്ച സെബാസ്റ്റ്യൻ സ്കൂൾ പി.ടി.എ. പ്രസിഡണ്ട് എന്ന നിലയിലും ഓസാനാം ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്കൂൾ ഭരണസമതിയംഗമെന്ന എന്ന നിലയിലും ഇടവക പള്ളിയുടെ ട്രസ്റ്റി എന്ന നിലയിലും പ്രശസ്തസേവനം അനുഷ്ഠിച്ചിട്ടുണ്ട്.

www.malankaralibrary.com

നിയമസഭാസാമാജികൻ എന്ന നിലയിൽ ഇന്ത്യയിലെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും പര്യടനം നടത്തിയിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ റഷ്യ, ജർമ്മനി, ഇററലി, റോം, ഈജിപ്ത്, ഫ്രാൻസ്, ബ്രിട്ടൻ മുതലായ രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്. ഭവനനിർമ്മാണ ബോർഡിന്റെ പ്രതിനിധി എന്ന നിലയിൽ യൂറോപ്പിലെ വിവിധ രാജ്യങ്ങളും സന്ദർശിക്കുവാൻ സെബാസ്റ്റ്യന് അവസരം ലഭിച്ചിട്ടുണ്ട്.

തൊടുപുഴക്കു സമീപമുള്ള മുട്ടം (സിബിഗിരി) പള്ളി ഇടവക വണ്ടർകുന്നേൽ വീട്ടിൽ ദേവസ്യായുടെയും അന്നമ്മയുടെയും മകൾ ഏലിക്കുട്ടിയാണ് സഹധർമ്മിണി.

വിലാസം - വി.ററി. സെബാസ്റ്റ്യൻ, എക്സ്.എം.എൽ.എ., വരിക്കമാക്കൽ, കട്ടപ്പന, ഇടുക്കി.

# 113

# റവ. ഡോ. ജോസഫ് മറ്റം



ഏതാണ്ട് നാലു പതിറ്റാണ്ടു കാലം കേരളസഭയുടെ വിശിഷ്യാ പാലാ രൂപതയുടെ അത്ഭുതകരമായ വളർച്ചയുടെയും വികസനത്തിന്റെയും ചരിത്രത്തിൽ നിർണ്ണായകമായ പങ്കു വഹിച്ച വ്യക്തിയാണ് വികാരി ജനറാളായിരുന്ന റവ.ഡോ.ജോസഫ് മറ്റം. അജപാലനം, രൂപതാഭരണം, വിദ്യാഭ്യാസം, വൈദിക പരിശീലനം തുടങ്ങി വിവിധങ്ങളായ മേഖലകളിൽ തന്റെ കഴിവും മിഴിവും വ്യക്തിവിലാസവും വ്യക്തമാക്കിയിട്ടുണ്ട് അദ്ദേഹം. പ്രസംഗകനും പ്രബോധകനും കാനൻ നിയമ പണ്ഡിതനുമായ മറ്റത്തിലച്ചൻ തന്റെ ദീർഘവീക്ഷണവും ക്രാന്തദർശിത്വവും പരിപക്വതയും കാര്യപ്രാപ്തിയും കൊണ്ട് കൈവച്ച മേഖലകളെയെല്ലാം സുവർണ്ണമാക്കിയിട്ടുണ്ട്. ഏതു പ്രശ്നത്തെയും സൂക്ഷ്മമായും ആഴമായും അപഗ്രഥിക്കാനും പരിഹാരം കണ്ടെത്താനുമുള്ള കഴിവ് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ സവിശേഷതയാണ്. ചിന്തകളിലുള്ള ഔന്നത്യവും ജീവിത ശൈലിയിലെ ലാളിത്യവും ദിനചര്യകളിലെ ശിക്ഷണവും നിഷ്ഠയും ആത്മാർത്ഥതയും ആർജ്ജവത്വവും നിറഞ്ഞ സമീപന രീതിയും കറകളഞ്ഞ നീതിബോധവും മറ്റത്തിലച്ചനെ മറ്റുള്ളവരിൽനിന്ന് ഏറെ വ്യതിരിക്തനാക്കുന്നു. വച്ചുതാമസിപ്പിക്കുന്ന നീതി നിഷേധിക്കപ്പെടുന്ന നീതിയാണെന്ന് ഏറ്റം അധികം വിശ്വസിക്കുന്ന വ്യക്തിയാണ് മറ്റത്തിലച്ചൻ. പാലാ രൂപതയിലെ മൂന്നു മെത്രാന്മാരുടെയും സഹപ്രവർത്തകനാകാൻ ഭാഗ്യം ലഭിച്ച ഏക വ്യക്തിയാണ് മറ്റത്തിലച്ചൻ. രൂപതയുടെ ആദ്യമെത്രാ

www.malankaralibrary.com

നായ വയലിൽ പിതാവിന്റെ കൂടെ ചാൻസലറായും രണ്ടാമത്തെ മെത്രാനായ പള്ളിക്കാപ്പറമ്പിൽ പിതാവിന്റെയും ഇപ്പോഴത്തെ മെത്രാൻ കല്ലറങ്ങാട്ട് പിതാവിന്റെയും വികാരി ജനറാളായും പ്രവർത്തിക്കാൻ അദ്ദേഹത്തിനു ഭാഗ്യം ലഭിച്ചു.

കൊഴുവനാൽ മറ്റത്തിൽ ജോസഫ്-ഏലി ദമ്പതികളുടെ മകനായി 1930 ജൂലൈ 5-ന് ഭൂജാതനായി. ജൂലൈ 12-നുതന്നെ ജ്ഞാനസ്നാനവും സ്വീകരിച്ചു. പ്രാഥമിക വിദ്യാഭ്യാസം കൊഴുവനാൽ ഗവ.എൽ.പി. സ്കൂളിലും മിഡിൽ സ്കൂൾ വിദ്യാഭ്യാസം കൊഴുവനാൽ സെന്റ് ജോൺസ് നെപ്പുംസ്യാൻസ് സ്കൂളിലും മുത്തോലി സെന്റ് ആന്റണീസ് സ്കൂളിലും പൂർത്തിയാക്കി. പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ (1946-1949) ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം 1949-ൽ അദ്ദേഹം വൈദികപരിശീലനത്തിനായി ചങ്ങനാശ്ശേരിയിലുള്ള സെന്റ് തോമസ് മൈനർ സെമിനാരിയിൽ ചേർന്നു. മേജർ സെമിനാരി പഠനം തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിൽ (1949-58) പൂർത്തിയാക്കുകയും 1958-ൽ പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു.

1958-ൽ പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ട മറ്റത്തിലച്ചന് ആദ്യത്തെ ആറുമാസം കിട്ടിയ ജോലി വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ നാമകരണ നടപടിക്രമങ്ങൾ മലയാളത്തിൽനിന്നും ലത്തീൻ ഭാഷയിലേയ്ക്ക് വിവർത്തനം ചെയ്യുക എന്നതായിരുന്നു. തുടർന്ന് അദ്ദേഹം കടത്തുരുത്തി താഴത്തുപള്ളിയിൽ അസ്തേന്തിയായി നിയമിതനായി. രണ്ടു വർഷത്തെ സേവനത്തിനുശേഷം 1960-ൽ റോമിൽ ഉപരിപഠനത്തിനായി പുറപ്പെട്ടു. റോമിലെ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനാർത്ഥം ചേർന്നു. 1964-ൽ കാനൻ നിയമത്തിൽ പ്രശസ്തമായ രീതിയിൽ ഡോക്ടറേറ്റ് സമ്പാദിച്ചശേഷം അദ്ദേഹം നാട്ടിൽ തിരിച്ചെത്തി. 1964-ൽ തിരിച്ചെത്തിയ അദ്ദേഹം പാലാ രൂപതയുടെ ചാൻസലർ ആയി നിയോഗിക്കപ്പെട്ടു. ഒപ്പം രൂപതാ കോടതിയിൽ Defensor Vinculi, Promotor of Justice, Vicar Judicial എന്നീ നിലകളിലും പ്രവർത്തിച്ചു. നാലു കൊല്ലത്തിനുശേഷം 1968 നവം. 1 ന് പാലാ രൂപതയുടെ മൈനർ സെമിനാരി റെക്ടറായി നിയമിക്കപ്പെട്ടു. നീണ്ട പന്ത്രണ്ടു വർഷകാലത്തെ വൈദിക പരിശീലന ശുശ്രൂഷയിലൂടെ നൂറു കണക്കിന് വൈദികരെ അദ്ദേഹം അടിസ്ഥാന പരിശീലനം നൽകി രൂപപ്പെടുത്തി. ഈ കാലഘട്ടത്തിൽ ഒട്ടേറെ മറ്റു ജോലികളും അദ്ദേഹം പ്രശസ്തമായ രീതിയിൽ നിർവഹിച്ചു. 12 കൊല്ലക്കാലവും അദ്ദേഹം രൂപതാ കോടതിയിലെ ജഡ്ജിമാരിൽ ഒരാളായിരുന്നു. 1968 മുതൽ 2005 വരെ തുടർച്ചയായി രൂപതാ കൺസൾട്ടറായി പ്രവർത്തിച്ച ഏക വ്യക്തിയാണ് മറ്റത്തിലച്ചൻ. CBCIയുടെ ആദ്യത്തെ National Advisory Council-ലിൽ സീറോ മലബാർ സഭയുടെ രണ്ടു പ്രതിനിധികളിൽ ഒരാളായി പ്രവർത്തിച്ചു. കേരളാ യൂണിവേഴ്സിറ്റിയുടെ Non-European Languages-ന്റെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, കേരളാ-കാ

www.malankaralibrary.com

ലിക്കറ്റ് യൂണിവേഴ്സിറ്റികളിലെ ലത്തീൻ ഭാഷയുടെ ചോദ്യപേപ്പർ രചയിതാവ്, ചീഫ് എക്സാമിനർ എന്നീ നിലകളിലും അദ്ദേഹം തന്റെ സംഭാവനകൾ നൽകിയിട്ടുണ്ട്.

1980 മെയ് 17-ന് മറ്റത്തിലച്ചൻ രാമപുരം പള്ളിയിൽ വികാരിയായി നിയോഗിക്കപ്പെട്ടു. ഇക്കാലഘട്ടത്തിൽ അൽഫോൻസാമ്മയുടെ നാമകരണ ചടങ്ങുകളുടെ പൊന്തിഫിക്കൽ കമ്മീഷന്റെ അഞ്ചു ജഡ്ജിമാരിൽ ഒരാളായിരുന്നു. തുടർന്ന് അത്ഭുതങ്ങൾ സംബന്ധിച്ചുള്ള ട്രിബ്യൂണലിന്റെ ചീഫ് ജസ്റ്റീസായും എപ്പിസ്കോപ്പൽ ഡലഗേറ്റായും പ്രവർത്തിച്ചു.

1981 ഏപ്രിൽ 11-ന് മറ്റത്തിലച്ചൻ രൂപതയുടെ വികാരി ജനറാളായി നിയമിക്കപ്പെട്ടു. ഒപ്പം പാലാ സെന്റ് തോമസ് കോളേജ്, അൽഫോൻസാ കോളേജ്, ബി.എഡ്. കോളേജ് എന്നീ മൂന്നു കോളേജുകളുടെയും മാനേജരായും ചാർജ്ജെടുത്തു. മാനേജർ സ്ഥാനം പതിനഞ്ചു വർഷക്കാലം നീണ്ടുനിന്നു. ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധികളെ അതിജീവിക്കാനും കോളേജുകളുടെ വളർച്ചയെ ത്വരിതപ്പെടുത്തുവാനും അച്ചന്റെ വിദഗ്ധമായ നേതൃത്വം കാരണമായി. കൃത്യാന്തരബഹുലമായിരുന്നു മറ്റത്തിലച്ചന്റെ ഔദ്യോഗിക ജീവിതം. 1968 മുതൽ 2005 വരെ പാസ്റ്ററൽ കൗൺസിൽ അംഗം, പ്രസ്ബിത്തേരിയൽ കൗൺസിൽ അംഗം, 1981 മുതൽ 2005 വരെ അതിന്റെ മോഡറേറ്റർ, നാലു കൊല്ലക്കാലം പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, കൂടാതെ 1981 മുതൽ 2005 വരെ രൂപതാ ഫിനാൻസ് കൗൺസിൽ അംഗം, ADCP (Association of Diocesan Clergy of Pala) ട്രസ്റ്റ് ഫണ്ട് ചെയർമാൻ, ദീപനാളം സൊസൈറ്റി ചെയർമാൻ, കൊഴുവനാൽ മുട്ടുചിറ ഹോസ്പിറ്റലുകളുടെ ട്രസ്റ്റ് ചെയർമാൻ, സെന്റ് തോമസ് പ്രസ് ട്രസ്റ്റ് ചെയർമാൻ, ബിഷപ്പ് വയലിൽ മെമ്മോറിയൽ ലൈബ്രറി ട്രസ്റ്റ് ചെയർമാൻ, അഡാർട്ട് സൊസൈറ്റി ചെയർമാൻ, സീറോ മലബാർ ലിറ്റർജിക്കൽ കമ്മീഷൻ അംഗം, മേരി ഇമ്മാക്കുലേറ്റ് സെക്കുലർ ഇൻസ്റ്റിട്യൂട്ട് ഡിറക്ടർ, കൊഴുവനാൽ പ്രീസ്റ്റ്സ് ഫ്രറ്റേണിറ്റി പ്രസിഡന്റ് എന്നിങ്ങനെ ഒട്ടേറെ തസ്തികകളിൽ മറ്റത്തിലച്ചൻ സമർത്ഥമായ രീതിയിൽ പ്രവർത്തിച്ചിരുന്നു. സുദീർഘമായ രൂപതാ സേവനത്തോടു വിടപറഞ്ഞ് 2005 ജനുവരി 25 ന് പാലാ മെത്രാസനമന്ദിരത്തിന്റെ പടികളിറങ്ങി വിശ്രമാർത്ഥം കുമ്മണ്ണൂരുള്ള വൈദിക മന്ദിരത്തിലേക്കു പോകുമ്പോൾ മറ്റത്തിലച്ചന്റെ ഹൃദയത്തിൽ നിറഞ്ഞുനിന്നത് തന്നെ അത്ഭുതകരമായി നയിച്ച ദൈവത്തോടുള്ള നന്ദിയും ഒപ്പം തികഞ്ഞ ആത്മസംതൃപ്തിയും ആത്മാഭിമാനവും ആയിരുന്നു.

വിലാസം - റവ. ഡോ. ജോസഫ് മറ്റം
പ്രീസ്റ്റ്ഹോം കുമ്മണ്ണൂർ
ചേർപ്പുങ്കൽ.

www.malankaralibrary.com

# 114

# മിസ്സ്. റോസമ്മ ചാക്കോ



ആദർശപൂർണ്ണമായ പൊതുപ്രവർത്തനത്തിലൂടെ ജനങ്ങളുടെ ആദരവ് നേടിയെടുത്ത മുൻ കെ.പി.സി.സി. ജനറൽ സെക്രട്ടറിയും വൈസ്പ്രസിഡണ്ടും നിയമസഭാംഗവുമായിരുന്ന മിസ്സ്. റോസമ്മ ചാക്കോ കോട്ടയം ജില്ലയിൽ തോട്ടയ്ക്കാട് ഗ്രാമത്തിൽ 1930 ജൂലായ് 17-ാം തീയതി ജനിച്ചു. തോട്ടയ്ക്കാട്ടെ അതിപ്രശസ്തവും അതി പുരാതനവുമായ കൊണ്ടോടിക്കൽ തറവാട്ടിൽ ചാക്കോച്ചന്റെയും മറിയാമ്മ യുടെയും കനിഷ്ഠപുത്രിയായിരുന്നു റോസമ്മ. ബാല്യകാലവിദ്യാഭ്യാസം എടത്വായിലും (അമ്മവീട്) തോട്ടയ്ക്കാട് ഗവൺമെന്റ് സ്കൂളിലുമായിരുന്നു. മലയാളം ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞതോടെ മലയാളം, ഹിന്ദി എന്നീ വിഷയങ്ങളിൽ സഹിത്യവിശാരദ് പരീക്ഷയും പാസ്സായി. റോസമ്മ യുടെ പിതാവ് ചാക്കോച്ചൻ സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടു ത്തിരുന്നു. യോഗങ്ങൾക്കും പ്രകടനങ്ങൾക്കും പോകുമ്പോൾ റോസമ്മ യേയും കൂട്ടിക്കൊണ്ട് പോകുമായിരുന്നു. നേതാക്കൾക്ക് പലപ്പോഴും ഹാരാർ പ്പണം ചെയ്യുന്നത് കൊച്ചുകുട്ടിയായ റോസമ്മയായിരുന്നു. സർ.സി.പി. തിരു വിതാംകൂറിൽ ഭരണംനടത്തിയിരുന്ന കാലത്ത് സ്റ്റേറ്റ് കോൺഗ്രസ്സിനെയും അതിന്റെ പ്രവർത്തകരെയും വളരെയേറെ ദ്രോഹിച്ചിരുന്നു. കോൺഗ്രസ്സ് യോഗങ്ങൾ നിരോധിച്ചു. നിരോധനം ലംഘിച്ച് പുതുപ്പള്ളി കവലയിൽ യോഗം ചേർന്നു. പോലീസുകാർ വെടിവെച്ചപ്പോൾ ജനം നാലുപാടും ഓടി. ആ അവസരത്തിലും ഭയന്നോടാതെ ലക്ഷ്യപ്രാപ്തിക്കായി മുന്നോട്ട് നീങ്ങിയ പിതൃമുഖത്തുനിന്നുമാണ് റോസമ്മയിൽ സ്വതന്ത്രചിന്തയും സ്വരാജ്യസ്നേ ഹവും മൊട്ടിട്ട് വളർന്നത്. അങ്ങനെയാണ് 1954ൽ റോസമ്മ സജീവരാ ഷ്ട്രീയത്തിലേക്കിറങ്ങിയത്. കേരളത്തിൽ നടന്ന ആദ്യതിരഞ്ഞെടുപ്പിൽ പാർലമെന്റിലേക്ക് സി.പി. മാത്തനും, അസംബ്ലിയിലേക്ക് ശ്രീ.കെ.എം. കോരയും സ്ഥാനാർത്ഥികളായി. അവരുടെ തിരഞ്ഞെടുപ്പുപ്രചരണ യോഗ ങ്ങളിലാണ് റോസമ്മ ആദ്യം രാഷ്ട്രീയ പ്രസംഗം നടത്തിയത്. എല്ലായിട ത്തുനിന്നും നല്ല പ്രോത്സാഹനമാണ് ലഭിച്ചത്.

അക്കാലത്ത് സ്ത്രീകൾ പൊതുവേരാഷ്ട്രീയത്തിൽ പ്രവർത്തിക്കു ന്നില്ലായിരുന്നു. റോസമ്മ വളരെ ചെറുപ്പമായിരുന്നു. രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്നതിനെ പലരും എതിർക്കുകയും വിവരം മാതാപിതാക്കളെ അറിയിക്കുകയും ചെയ്തു. പല വിവാഹാലോചനകളും ഇക്കാലത്തു വരു കയും ചെയ്തു. അപ്പോൾ റോസമ്മ തന്റെ നിലപാട് ദൃഢസ്വരത്തിൽ പ്രഖ്യാ പിച്ചു. "വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നില്ല." അവളുടെ ഇഷ്ടത്തിന്

www.malankaralibrary.com

ഞാൻ വിടുന്നു പിതാവ് ചാക്കോച്ചന്റെ മറുപടി അതായിരുന്നു.

1954 മുതൽ സജീവരാഷ്ട്രീയത്തിലിറങ്ങിയ റോസമ്മ നന്നായി പ്രസംഗിക്കുമായിരുന്നു. നാട്ടിലുടനീളം റോസമ്മയെ പ്രസംഗിക്കാൻ ക്ഷണിച്ചിരുന്നു. ദൂരസ്ഥലങ്ങളിൽ പോകുമ്പോൾ പിതാവ് കൂട്ടിന് പോവുകയും ചെയ്തിരുന്നു. പിതാവ് പ്രസംഗത്തിന്റെ കുറ്റങ്ങളും കുറവുകളും ചൂണ്ടികാണിക്കുന്നത് കൂടുതൽ പ്രോത്സാഹജനകമായി. 1954 ൽ കെ.പി.സി.സി. യിലേക്ക് നോമിനേറ്റ് ചെയ്തു. രണ്ടുവർഷംകഴിഞ്ഞ്നടന്ന കെ.പി.സി.സി.യിലേക്കുള്ള തിരഞ്ഞെടുപ്പിൽ റോസമ്മ മത്സരിക്കുകയും ഒരു പ്രാവശ്യമൊഴികെ മറ്റെല്ലാസന്ദർഭങ്ങളിലും വിജയിക്കുകയും ചെയ്തു.

1957ൽ അധികാരമേറ്റെടുത്ത കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ ദുർഭരണത്തിനെതിരെ നടന്ന വിമോചനസമരത്തിൽ സജീവമായി നേതൃത്വം നൽകി. 1960 ൽ കെ.പി.സി.സി. വൈസ്പ്രസിഡണ്ടായി റോസമ്മ ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെട്ടു. സി.കെ. ഗോവിന്ദൻനായരായിരുന്നു പ്രസിഡണ്ട്. 1964 ൽ കേരളാ കോൺഗ്രസ്സ് രൂപീകരണത്തോടെ അനേകർ കോൺഗ്രസ്സ് വിട്ടുപോയി. ആ സന്ദർഭത്തിൽ പുതുപ്പള്ളി നിയോജകമണ്ഡലം കമ്മറ്റിയുടെ ചുമതല റോസമ്മയെയാണ് ഏല്പിച്ചത്. പുതുപ്പള്ളി മണ്ഡലത്തിലെ എല്ലാ വീടുകളും സന്ദർശിച്ച് പദയാത്രനടത്തി അനേകം യുവാക്കളെ കോൺഗ്രസ്സിലേക്ക് ചേർക്കുന്നതിന് റോസമ്മയ്ക്ക് സാധിച്ചു. 1961 മുതൽ ഇക്കാലവരെ കെ.പി.സി.സി. യുടെ ഉന്നതതലങ്ങളിൽ പ്രവർത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

1987 ലെ തിരഞ്ഞെടുപ്പിൽ ഇടുക്കി മണ്ഡലത്തിൽനിന്നും നിയമസഭയിലേക്കു മത്സരിച്ചു. തങ്കമണിയിലെ പോലീസ്മർദനവും വെടിവയ്പും മറ്റും കാരണം ജനങ്ങൾ കോൺഗ്രസ്സിനോട് വളരെ അകന്ന് കഴിഞ്ഞിരുന്നു. തോൽക്കുന്ന സ്ഥാനാർത്ഥിയാണ് ഇടുക്കിയിലെ കോൺഗ്രസ്സ് സ്ഥാനാർത്ഥിയെന്ന് പലരും, പത്രക്കാരും വിലയിരുത്തി. എങ്കിലും എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് 1500 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ റോസമ്മ വൻവിജയം നേടി. തുടർന്നുള്ള പ്രവർത്തനങ്ങൾ മലയോരകർഷകരുടെ ഹൃദയം കവരാൻ ഇടനൽകി. 1991 ലെ തിരഞ്ഞെടുപ്പിൽ ഇടുക്കിയിൽ മൽസരിക്കണമെന്നാണ് ജനങ്ങൾ ആഗ്രഹിച്ചത്. എന്നാൽ കോൺഗ്രസ്സ് നേതൃത്വം ഇടുക്കിയിൽ നിന്നും മാറ്റി ചാലക്കുടി മണ്ഡലത്തിൽ മത്സരിക്കാൻ ആവശ്യപ്പെട്ടു. 1991-ന് മുൻപ് നടന്ന മൂന്നു തിരഞ്ഞെടുപ്പുകളിലും എൽ. ഡി.എഫ് ജയിച്ച ചാലക്കുടിയിൽ റോസമ്മയെ നിർത്തിയപ്പോൾ വിജയസാദ്ധ്യതയില്ലെന്ന് പലരും കണക്ക് കൂട്ടി. എന്നാൽ റോസമ്മ ചാക്കോയുടെ പ്രവർത്തന ശൈലി വോട്ടർമാരെ ആകർഷിക്കുകയും 7000 വോട്ടുകളുടെ ഭൂരിപക്ഷം നേടി ചാലക്കുടിയിൽ വിജയിക്കുകയും ചെയ്തു. എൽ. ഡി.എഫിൽ നിന്ന് ചാലക്കുടി വീണ്ടെടുത്ത റോസമ്മ ചാക്കോ ചാലക്കുടിയുടെ നാനാവിധമായ പുരോഗതിക്ക് വേണ്ടി പ്രവർത്തിച്ചു. പിന്നീട് നടന്ന തിരഞ്ഞെടുപ്പിൽ ചാലക്കുടിയിൽ നിന്നും റോസമ്മയെ മാറ്റി മണലൂരിൽ

www.malankaralibrary.com

സ്ഥാനാർത്ഥിയാക്കി. അവിടെയും അത്ഭുതകരമായി വിജയിക്കാൻ അവർക്ക് സാധിച്ചു. 2001-ൽ നടന്ന തിരഞ്ഞെടുപ്പിൽ നിന്നും റോസമ്മ സ്വയം പിൻമാറുകയും യുവാക്കൾക്ക് നേതൃത്വത്തിൽ വരാൻ സൗകര്യം ഒരുക്കുകയും ചെയ്തു. ഇന്നും സജീവ രാഷ്ട്രീയത്തിൽ നിൽക്കുന്ന റോസമ്മ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമാണ്.

2002 സെപ്റ്റംബറിൽ സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെ അദ്ധ്യക്ഷയായി സർക്കാർ നിയമിച്ചു. 1958-ലാണ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ എൻ.ഇ.എസ്സ് ബ്ലോക്കുകളിലൂടെ ആരംഭം കുറിച്ചത്. ആ കാലങ്ങളിൽ കോട്ടയം ഇടുക്കി പ്രദേശങ്ങളിലെ വനിതകളെ വിളിച്ച് ചേർത്ത് വികസന രംഗങ്ങളിൽ അവരുടെ കഴിവുകൾ വിനിയോഗിക്കുവാൻ ശ്രമിച്ചു. വനിതാ സംഘങ്ങളുടെ ഒരു ശൃംഖല തന്നെ കെട്ടിപ്പെടുത്തു. ബ്ലോക്കു തലങ്ങളിൽ വനിതാ സമ്മേളനങ്ങൾ രൂപീകരിച്ചു. ബ്ലോക്കു തല യൂണിയൻ സംഘടിപ്പിക്കുകയും അതിന്റെ പ്രസിഡണ്ടായി റോസമ്മ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. കേരളത്തിൽ വീട്ടമ്മമാരെ സംഘടിപ്പിച്ചു കൊണ്ട് കലാകായിക മത്സരങ്ങൾ ആദ്യമായി സംഘടിപ്പിച്ചതും റോസമ്മയാണ്. ജില്ലാ തലത്തിൽ തന്നെ മഹിളാ സമാജ യൂണിയൻ രൂപീകരിക്കുകയും ജില്ലാ തല മത്സരങ്ങൾ നടത്തി ട്രോഫികൾ വിതരണം ചെയ്യുകയും ചെയ്തു. ജില്ലാ കമ്മിറ്റിയുടെ പ്രസിഡണ്ടായും തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന തലത്തിലും കമ്മിറ്റികളായി. സ്ത്രീ ശാക്തീകരണത്തിൻ ആക്കം കൂട്ടുവാൻ റോസമ്മയുടെ ഈ വിധമുള്ള പ്രവർത്തനങ്ങൾ സഹായകരമായി.

രാഷ്ട്രീയപ്രവർത്തകയാണെങ്കിലും മതപരമായ കാര്യങ്ങളിലും റോസമ്മ സജീവമായി ചെറുപ്പം മുതലേ പ്രവർത്തിച്ചിരുന്നു. ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനങ്ങളിൽ മാലിപ്പറമ്പിലച്ചനോടും പി.സി. അബ്രാഹം പല്ലാട്ടുകുന്നനോടും എൻ.എം. സ്കറിയ ഈന്തുംപ്ലാക്കനോടുമൊപ്പം റോസമ്മ ചാക്കോ പ്രവർത്തിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി, കോതമംഗലം, കോട്ടയം, പാലാ എന്നീ രൂപതകളിലെ പ്രധാനപ്പെട്ട ഇടവകകളിൽ സംഘടനാപ്രവർത്തനത്തിന് നേതൃത്വം നൽകുകയും ചെയ്തു. മിഷൻ ലീഗിന്റെ വൈസ്പ്രസിഡണ്ട് എന്ന നിലയിലും റോസമ്മ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. മിഷൻലീഗിന്റെ പ്രവർത്തനം ആരംഭിച്ചതോടെ ദൈവവിളികൾ പതിന്മടങ്ങ് വർദ്ധിച്ചു. അതിൽ സഹകരിച്ച് പ്രവർത്തിക്കാൻ സാധിച്ചതിൽ അഭിമാനം കൊള്ളുന്ന ഒരു സാമൂഹ്യപ്രവർത്തകയാണ് റോസമ്മ ചാക്കോ.

കെ.പി.സി.സി. വൈസ്പ്രസിഡണ്ട്, ജനറൽസെക്രട്ടറി, സംസ്ഥാനമഹിളാ കോൺഗ്രസ്സ് പ്രസിഡണ്ട്, സെക്രട്ടറി എന്നീ ചുമതലകൾ റോസമ്മ വഹിച്ചിട്ടുണ്ട്.

നിയമസഭാകമ്മറ്റികളിൽ പബ്ലിക് അണ്ടർ ടേക്കിംഗ് കമ്മിറ്റിയിലും എസ്റ്റിമേറ്റ് കമ്മിറ്റിയിലും, ലൈബ്രറി കമ്മറ്റിയിലും റോസമ്മ അംഗമായി

www.malankaralibrary.com

വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിച്ചിട്ടുണ്ട്. വനിതാ - ശിശുക്ഷേമസമിതിയുടെ (Committee for the welfare of women and children) കമ്മറ്റിയിലും റോസമ്മ അംഗമായിരുന്നു. ആ കമ്മറ്റിയുടെ അദ്ധ്യക്ഷയായും പ്രവർത്തിക്കുവാൻ റോസമ്മക്ക് അവസരം ലഭിച്ചു. വേദനയും യാതനയും അവഗണനയും എല്ലാം സഹിച്ചു കൊണ്ട് പ്രതികരിക്കാൻ കഴിയാതെ കഴിഞ്ഞിരുന്ന സ്ത്രീകൾക്ക് പരാതിപറയാനും അതിന് പരിഹാരം കണ്ടെത്തുവാനും ഈ സമിതി ഉപകരിച്ചിട്ടുണ്ട്. ജില്ലാതലങ്ങളിൽ വകുപ്പുതല ഉദ്യോഗസ്ഥരെയും പോലീസ് മേധാവികളെയും ജില്ലാതലസമിതികളിൽ വിളിച്ചുവരുത്തി സ്ത്രീകളുടെ പരാതികൾക്ക് സത്വര പരിഗണന ഉണ്ടാക്കാനും ഈ സമിതിക്ക് കഴിഞ്ഞുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഇൻഡ്യൻ റെഡ്ക്രോസ് സൊസൈറ്റിയുടെ കോട്ടയം ജില്ലാകമ്മറ്റിയിൽ അനേകവർഷം എക്സിക്യൂട്ടീവ് അംഗമായിരുന്ന റോസമ്മ ജില്ലാ വൈസ്പ്രസിഡണ്ടായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

തോട്ടയ്ക്കാട്സർവീസ് സഹകരണസംഘം പ്രസിഡണ്ടായി 4 വർഷം റോസമ്മ പ്രവർത്തിക്കുകയുണ്ടായി. ഇന്നും സജീവ പ്രവർത്തനത്തിലാണ് റോസമ്മ.

വിലാസം - റോസമ്മ ചാക്കോ, കൊണ്ടോടിക്കൽ, തോട്ടയ്ക്കാട് പി.ഒ., കോട്ടയം

# 115



## റവ: ഡോ. ജോസഫ് കണ്ണത്ത്

കേരളാ കത്തോലിക്ക സഭയുടെ ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമാണ് പാസ്റ്റൽ ഓറിയന്റേഷൻ സെന്ററിന്റെ സ്ഥാപനം. മൂന്നു റീത്തുകളിലായി വിഭജിച്ചുകിടക്കുന്ന കേരളാ കത്തോലിക്ക സഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യത്തിൽ സഭയെ ആധുനികവത്കരിക്കാനും പാസ്റ്റൽ ഓറിയന്റേഷൻ സെന്റർ നൽകിയ നേതൃത്വം അഭിമാനകരമാണ്. ബ്രസ്സൽസിലെ "ലൂമൻ വീത്ത" യിൽ പാസ്റ്ററൽ കാറ്റ് കെറ്റിക്കസ് കോഴ്സിൽ പങ്കെടുത്തു കൊണ്ട് ഫാ. ജോസഫ് കണ്ണത്ത് എന്ന വൈദികൻ തയ്യാറാക്കിയ പ്രബന്ധമാണ് "പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ" ഇൻ കേരള. ആ പഠന വിഷയം കേരളത്തിൽ നടപ്പിൽ വരുത്തുവാനുള്ള ശ്രമത്തിൽ ആ വൈദികൻ ഏർപ്പെട്ടു. അതിന്റെ ഫലമാണ് പി.ഒ.സി. 1966 -ലാണ് പി.ഒ.സി. യുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നത്. 1968 ഫെബ്രുവരി 18 ന് പൗരസ്ത്യ തിരുസംഘത്തിന്റെ പ്രിഫക്ട് കാർഡിനൽ മാക്സ്മില്യൻ

www.malankaralibrary.com

ഫ്രെസ്റ്റൻ ബർഗ് ആലുവ പൊന്തിഫിക്കൽ സെമിനാരിയോടനുബന്ധിച്ചുള്ള ഫാ. സഖറിയാസ് മെമ്മോറിയൽ ഹാളിൽ വച്ച് പി.ഒ.സി യുടെ ഉൽഘാടനം നിർവ്വഹിച്ചു. പ്രൊ-നുൺഷ്യോ കാപ്രിയോ തിരുമേനിയും കേരളത്തിലെ ബിഷപ്പുമാരും മേജർ സുപ്പീരിയേഴ്സും പ്രമുഖ അൽമായ നേതാക്കളും ആ ഉൽഘാടന കർമ്മത്തിന് സാക്ഷ്യം വഹിച്ചു. ഉൽഘാടനത്തിൽ കർഡിനൽ വിശദീകരിച്ചു. "This centre, as an effective symbol and instrument of the chruch's united Pastoral Service to the Kerala Region, is meant by to meet the challengers of the day".

പി.ഒ.സി യുടെ പിന്നീടുള്ള പ്രവർത്തനം അഭിമാനകരമായിരുന്നു. അതേ വർഷം ഏപ്രിൽ മാസത്തിൽ കേരളാ കാറ്റികെറ്റിക്കൽ കൺസൾട്ടേഷൻ ആലുവാ സെമിനാരിയിൽ വച്ചു നടന്നു. പ്രമുഖ ദൈവശാസ്ത്രജ്ഞനായ ഡോ. അമലോർഭവദാസ് പ്രസ്തുത സമ്മേളനത്തിൽ ഇപ്രാകാരം പറഞ്ഞു. It is no flattery to say that a miracle is happening in Kerala. The church has started moving resolutely toward a radical revnewal of christian life in Kerala.

1968 ഡിസംബർ 26 മുതൽ31 വരെ പി.ഒ.സി യുടെ ആഭിമുഖ്യത്തിൽ, രണ്ടാം വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങൾ കേരള സഭയിൽ എങ്ങനെ നടപ്പാക്കാമെന്നുള്ളതിനെപ്പറ്റി ചർച്ച ചെയ്യുവാൻ ഇന്നത്തെ ഇന്ത്യയിലെ സഭ എന്ന റിജയണൽ സെമിനാർ ആലുവായിൽ ചേർന്നു. മെത്രാന്മാരും മേജർ സുപ്പീരിയേഴ്സും അൽമായ പ്രമുഖരുമടക്കം 312 പേർ ആ സെമിനാറിൽ പങ്കെടുത്തു. ആ സെമിനാറിന്റെ സ്മരണിക ഒന്നു മറിച്ചു നോക്കിയാൽ ആ സമ്മേളനത്തിന്റെ ഗാംഭീര്യം നമുക്ക് മനസ്സിലാക്കാൻ സാധിക്കും. സഭയെ ഒരു പുതു യുഗത്തിലേക്ക് ആ സെമിനാർ നയിക്കുകയുണ്ടായി. ആ സെമിനാറിന്റെ വിജയത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം അതിന്റെ ഡയറക്ടർ ഫാ. ജോസഫ് കണ്ണാത്തിനായിരുന്നു. കണ്ണാത്തച്ചന്റെ നേതൃത്വ വാസനയും സംഘാടക കഴിവും കേരള സഭയ്ക്കു മാത്രമല്ല ഭാരത സഭ തന്നെ അംഗീകരിക്കുകയുണ്ടായി.

ഒരു കാലഘട്ടത്തിൽ കേരള സഭയിൽ നിറഞ്ഞു നിന്ന ആ സംഘാടക പ്രതിഭ 1930 ജൂലൈ 20-ാം തിയതി പുതുക്കാട്ട കണ്ണാത്തു കുടുംബത്തിൽ ആന്റണി-മരിയ ദമ്പതികളുടെ പുത്രനായി ജനിച്ചു. 1949-ൽ പുതുക്കട് ഹൈസ്കൂളിൽ നിന്നും എസ്.എസ്.എൽ.സി ഫസ്റ്റ് ക്ലാസിൽ പാസ്സായി. നല്ലൊരു കർഷക കുടുംബത്തിൽ ജനിച്ച അദ്ദേഹം പഠനകാലത്ത് ഒഴിവുള്ള സമയങ്ങളിലെല്ലാം പാടത്തും പറമ്പിലും എല്ലാ ജോലികളും ചെയ്തു കൊണ്ടാണ് പഠനം നടത്തിയത്.

ഹൈസ്കൂൾ വിദ്യാഭ്യാസനന്തരം തൃശൂർ രൂപതയിലെ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ചേർന്നു. ഇംഗ്ലീഷ്, സുറിയാനി, ലത്തീൻ ഭാഷകൾ പഠിക്കുകയും ആദ്ധ്യാത്മിക പരിശീലനം നടത്തുകയും ചെയ്തു. തുടർന്ന് 1951-ൽ മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിൽ ചേർന്ന് ഫിലോ

www.malankaralibrary.com

സഫിയും തിയോളജിയും പഠിച്ച് വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കുകയും 1958 മാർച്ച് 13-ന് പട്ടം സ്വീകരിക്കുകയും ചെയ്തു. മംഗലപ്പുഴ സെമിനാരിയിലെ പഠന കാലത്ത് വൈദിക വിദ്യാർത്ഥികൾക്കായി ഒരു കോ ഓപ്പറേറ്റീവ് സ്റ്റോറുണ്ടാക്കിയത് വളരെയധികം പ്രശംസ പിടിച്ചു പറ്റുന്നതിനിടയാക്കി. 1955 -ൽ വൈദിക വിദ്യർത്ഥിയായിരിക്കെ വേനൽക്കാല അവധിക്കാലത്ത് തൃശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ ഇടവക കുടുംബാംഗങ്ങളുടെയും ഇടവകാംഗങ്ങളുടെയും രജിസ്റ്റർ തയ്യാറാക്കി. വൈദികനായിതിനു ശേഷം ആദ്യനിയമനം ലഭിച്ചത് ലൂർദ് പള്ളി അസിസ്റ്റന്റ് വികാരിയായിട്ടാണ്. അക്കാലത്താണ് കമ്യൂണിസ്റ്റ് സർക്കാരിനെതിരായ വിമോചന സമരം നടന്നത്. കണ്ടശ്ശാംകടവ് കേന്ദ്രമായുള്ള സമര സമിതിയുടെ ജില്ലാ ഓർഗനൈസർ ആയിരുന്നു കണ്ണത്തച്ചൻ. അതിനു ശേഷം കൈപ്പമംഗലം, മതിലകം പെരുമ്പടപ്പ് ദേവാലയങ്ങളുടെ വികാരിയായി ചുമതലയേൽക്കുകയും കൈപ്പമംഗലം പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ബോംബെയിൽ നടന്ന ദിവ്യ കാരുണ്യ കോൺഗ്രസിന്റെ ദേശീയ ഓർഗനൈസിംഗ് കമ്മിറ്റിയൽ കണ്ണാത്തച്ചൻ അംഗമായിരുന്നു. ഈ പ്രവർത്തനങ്ങൾ എല്ലാം ദേശീയ തലത്തിൽ കണ്ണാത്തച്ചന് പ്രമുഖ സംഘാടകനെന്ന പദവി നേടിക്കൊടുത്തു.

1964-66 കാലഘട്ടത്തൽ മാർ ആലപ്പാട്ടു തിരുമേനിയുടെ നിർദ്ദേശാനുസരണം പാരീസിലെ കത്തോലിക്കാ യൂണിവേഴ്സിറ്റിയിൽ ചേർന്ന് ഫ്രഞ്ചു ഭാഷാ പഠനം നടത്തി. തുടർന്ന് ബ്രസ്സൽസിലെ (ബൽജിയം) "ലൂമൻ വീത്തയിൽ ഒന്നര വർഷത്തെ ഡിപ്ലോമാ കോഴ്സ്-പാസ്റ്ററൽ കാറ്റ് കെറ്റികസ്-ൽ നടത്തി ആ പഠനത്തിൽ സമർപ്പിച്ച് പ്രബന്ധമാണ് പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ - ഇൻ കേരള. ആ പഠന വിഷയം കേരളത്തിൽ നടത്താനുള്ള ശ്രമത്തിൽ പിന്നീട് ഏർപ്പെട്ടു. സംഭവ ബഹുലമായ ആ പ്രവർത്തനങ്ങളാണ് ആ ലേഖനത്തിന്റെ ആദ്യം വിവരിച്ചിരിക്കുന്നത്. ആയിരക്കണക്കിന് അൽമായർക്ക് പരിശീലനം നൽകാനും പി.ഒ.സി ശ്രമിച്ചു. എല്ലാ റീത്തുകാർക്കും ഉപയോഗിക്കാവുന്ന വിധത്തിലുള്ള മതപഠന ഗ്രന്ഥങ്ങൾ പി.ഒ.സി. തയ്യാറാക്കുകയുണ്ടായി. സഭയിലെ വിവിധ തലങ്ങളിൽ പെട്ടവർ തമ്മിൽ തുറന്ന ചർച്ചകൾ നടത്താനുള്ള വേദിയൊരുക്കിയതും പി.ഒ.സി ആയിരുന്നു. പി.ഒ.സി.യുടെ ആസ്ഥാനം പിന്നീട് മഞ്ഞുമ്മേലേക്കും പിന്നീട് കലൂർക്കും പിന്നീട് പാലാരിവട്ടത്തും ആക്കുകയുണ്ടായി.

1973 -ൽ പി.ഒ.സി യിൽ നിന്നും ലീവെടുത്ത് കണ്ണാത്തച്ചൻ ചിക്കാഗോയിലെ ലയോളാ യൂണിവേഴ്സിറ്റിയിൽ ചേർന്ന് സോഷ്യോളജിയിൽ എം. എ. ഡിഗ്രിയെടുത്തു. പിന്നീട് പി.ഒസി. യിൽ മടങ്ങിയെത്തി. ബഹുവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഈയവസരത്തിലാണ് പാലാരിവട്ടം കമ്മ്യൂണിറ്റി ഡവലപ്മെന്റ് ട്രസ്റ്റ് ഉടലെടുത്തത്. വിദ്യാഭ്യാസം, മാനേജ്മെന്റ്, നേതൃത്വ പരിശീലന കോഴ്സുകൾ എന്നിങ്ങനെയുള്ള പലേ തലങ്ങളിലും

www.malankaralibrary.com

പി.ഒ.സി നേതൃത്വം നൽകി. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ സഹായ ത്തോടെ പല പദ്ധതികൾക്കും രൂപം കൊടുത്തു.

1968 -ലെ റീജിയണൽ സെമിനാറിനു ശേഷം 1969 -ൽ ബാംഗ്ലൂർ നടന്ന ഇന്നത്തെ ഇന്ത്യയിലെ സഭാ സെമിനാറിലും കണ്ണത്തച്ചൻ നിർണ്ണാ യക നേതൃത്വം നൽകി. ബാംഗ്ലൂർ സമ്മേളനത്തിന്റെ തുടർപ്രവർത്തനത്തി നായി രൂപീകരിച്ച പതിനൊന്നംഗ കമ്മറ്റിയിലേക്കും അച്ചൻ തിരഞ്ഞെടുക്ക പ്പെടുകയുണ്ടായി. തുടർന്നാണ് ദേശീയ പാസ്റ്ററൽ കൗൺസിൽ എന്ന ആശയം രൂപം കൊണ്ടത്.

കേരളത്തിൽ നിന്നും യൂറോപ്യൻ രാജ്യങ്ങളിൽ കന്യാസ്ത്രീകളാ കാൻ പോയവരുടെ പ്രശ്നങ്ങൾ അക്കാലത്ത് സഭയിലും എന്തിന് പാർല മെന്റിൽ പോലും ചർച്ചാ വിഷയമായി. അതിനെപ്പറ്റി അന്വേഷിക്കുവാൻ നിയു ക്തമായ കമ്മറ്റിയിൽ കണ്ണാത്തച്ചൻ അംഗമായി നിയമിക്കപ്പെട്ടു. യൂറോപ്യൻ രാജ്യങ്ങളിലെ പതിനൊന്ന് ഭവനങ്ങൾ സന്ദർശിച്ച് കണ്ണത്തച്ചൻ റിപ്പോർട്ട് നൽകി. 1969-79 കാലഘട്ടത്തിൽ സിബിസിഐയുടെ ലിറ്റർജി കാറ്റക്കെ റ്റിക്സ് കമ്മീഷൻ മെമ്പറായി കണ്ണാത്തച്ചനെ നിയമിച്ചു. 1970 ലാണ് പാലാ രിവട്ടത്ത് പി.ഒ.സി. ക്കായി സ്ഥലം വാങ്ങി കെട്ടിടം പണി ആരംഭിച്ചത്. പി. ഒ.സിക്കു വേണ്ടി ലളിതമായ രീതിയിൽ നിർമ്മിച്ച ചാപ്പലും ഓഡിറ്റോറി യവും അടുക്കളയും ഡൈനിംഗ് ഹാളും താമസ സ്ഥലങ്ങളും എല്ലാവർക്കും സ്വീകാര്യമായി. പി.ഒ.സി കെട്ടിട സമുച്ചയത്തിന്റെ ഉൽഘാടന സമ്മേളന ത്തിൽ കാർഡിനൽ പാറേക്കാട്ടിൽ ഇപ്രകാരം പറഞ്ഞു "The history of the P.O.C in Kerala is the history of Kannath and vice versa" ദേശിയ പാസ്റ്റൽ കൗൺസിൽ രൂപീകരിക്കണമെന്ന ബാംഗ്ലൂർ ദേശീയ സമ്മേളനത്തിന്റെ തീരുമാനം ബാംഗ്ലൂർ സമ്മേളനം തിരഞ്ഞെടുത്ത കമ്മറ്റിയുടെപ്രഥമ സമ്മേളനത്തിൽ വച്ചു തന്നെ ചോദ്യം ചെയ്യപ്പെടുകയും പാസ്റ്റൽ കൗൺസിലിനു പകരം നാഷ ണൽ അഡ്വൈസറി കൗൺസിൽ രൂപീകരിക്കാൻ തീരുമാനമുണ്ടാകുകയും ചെയ്തു അതിൽ കമ്മറ്റിയംഗങ്ങളും ഫാ. കണ്ണത്തും സംതൃപ്തരായിരു ന്നില്ല.

ഫാ. കണ്ണത്തിന്റെ നേതൃത്വത്തിൽ 1968-ൽ ആലുവാ സെമിനാരി വിദ്യാർത്ഥികൾ ഭാരത സഭയെ സംബന്ധിച്ച ഒരു പഠനം നടത്തി. കണ്ടെ ത്തിയ വിവരങ്ങൾ - കേരളത്തിലെ കത്തോലിക്കർ 29 ലക്ഷം. മറ്റു ക്രൈസ്ത വർ 11.6 ലക്ഷം. ആകെ ജനസംഖ്യയുടെ 21% ആണു ക്രൈസ്തവർ. കത്തോ ലിക്കാ രൂപതകൾ 16. വൈദികർ -4816 മേജർ സെമിനാരികൾ 3 വിദ്യാർത്ഥി കൾ-2404. സന്യാസിനി സഭകൾ 57. സന്യാസിനികൾ 25,357 കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ 2052. ആതുര ശുശ്രൂക്ഷാ കേന്ദ്രങ്ങൾ 604. മത ബോധന കേന്ദ്രങ്ങൾ 2799 മതാദ്ധ്യാപർ 28,154 ഭാരതത്തിൽ മൂന്നിൽ രണ്ടും സന്യാസിനികളിൽ ആറിൽ അഞ്ചും കേരളത്തിൽ നിന്ന്.

ഫാ. കണ്ണത്തും മറ്റു മൂന്നു പേരും ചേർന്നു രൂപീകരിച്ച POC ഭരണ

www.malankaralibrary.com

ഘടന 1968-ൽ KCBC അംഗീകരിച്ചു. അതേ വർഷം തന്നെ കേരള സഭയ്ക്കു പൊതുവായി പാഠ്യ പദ്ധതി, പാഠപുസ്തകങ്ങൾ, ടീച്ചേഴ്സ് ഗൈഡുകൾ എന്നിവ 1 മുതൽ 7 വരെ ക്ലാസുകളിൽ ഏർപ്പെടുത്തുവാൻ തീരുമാനിച്ചു. ഭാരതത്തിലെ സഭ ഇന്ന് എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നടത്താൻ തീരുമാനിച്ചു. അതനുസരിച്ച് 1968 ഡിസംബറിൽ ആലുവാ സെമിനാരിയിൽ നടന്ന സെമിനാറിൽ ശരിക്കു പ്രാതിനിധ്യ സ്വഭാവമുള്ള 312 നേതാക്കൾ പങ്കെടുത്തു.

കന്യാസ്ത്രീകളെ യൂറോപ്പിലേക്കു കയറ്റുമതി ചെയ്യുന്നു എന്ന ആരോപണത്തെ കുറിച്ച് അന്വേഷിക്കുവാൻ വത്തിക്കാൻ നിയമിച്ച കമ്മീഷനിൽ ഫാ. കണ്ണത്ത് അംഗമായിരുന്നു. കമ്മീഷൻ 1969-71 കാലത്ത് അന്വേഷണം നടത്തി. ആരാധന ക്രമം, മതബോധനം ഇവ സംബന്ധിച്ച KCBC കമ്മീഷനിൽ അംഗമായി 1969-1979 ൽ ഫാ. കണ്ണത്ത് പ്രവർത്തിച്ചു.

1972 ഒക്ടോബർ 30 ന് ഫാ. കണ്ണത്ത് റോമിൽ പോൾ ആറാമൻ മാർപാപ്പയെ സന്ദർശിച്ചു. 1972 നംവംബറിൽ ലിയോൺസിൽ വച്ചു നടന്ന അന്തർദേശിയ മിഷനറി കോൺഫറൻസിൽ പങ്കെടുത്തു. ഇതിൽ ഇൻഡ്യയിൽ നിന്നു പങ്കെടുത്ത രണ്ടു ഭാരതീയ വൈദികരിൽ ഒരാളായിരുന്നു ഫാ. കണ്ണത്ത്.

1972 ൽ POC ഭരണ സമിതിയുടെ സെക്രട്ടറിയായി കണ്ണത്ത് നിയമിക്കപ്പെട്ടു. 1975 -ൽ ചിക്കാഗോ സർവ്വകലാശാലയിൽ നിന്ന് സോഷ്യോളജിയിൽ എം.എ ബിരുദം നേടി.

1976 നംവംബർ 16 ന് ഫാ. കണ്ണത്തിന്റെ പ്രസംഗം വത്തിക്കാൻ റേഡിയോ പ്രക്ഷേപണം ചെയ്തു. POC യുടെ പ്രേഷിത പ്രവർത്തനങ്ങളെ കുറിച്ചായിരുന്നു പ്രക്ഷേപണം അടുത്ത ദിവസം "The Kerala Regional Seminar on The 1977 Synodal theme, iv*Catecheties in our Time held in the POC on 21, 22, 23 October 1976" എന്ന റിപ്പോർട്ട് പോൾ ആറാമൻ മാർപാപ്പയ്ക്കു സമർപ്പിച്ചു. പിന്നീട് ഈ റിപ്പോർട്ടിന്റെ 6000 കോപ്പികൾ അമേരിക്കയിലെ എല്ലാ കത്തോലിക്കാ സ്ഥാപനങ്ങൾക്കും അയച്ചു കൊടുക്കുകയും ചെയ്തു.

1977 ഡിസംബർ 13 ന് ബൈബിൾ പുതിയ നിയമത്തിന്റെ POC തർജ്ജമയുടെ ഒരു ലക്ഷം കോപ്പികൾ പ്രസദ്ധീകൃതമായി. പഴയ നിയമവും ചേർന്ന സമ്പൂർണ്ണ POC ബൈബിൾ പ്രസിദ്ധീകൃതമായത് 1981 ഡിസംബറിലാണ്.

POC പ്രസിദ്ധീകരണമായ "താലത്ത്" 1978 ആയപ്പോഴേക്കും വളരെ ജനപ്രിയം നേടി. അക്കാലം കൊണ്ട് POC കേരളത്തിൽ നടക്കുന്ന, കത്തോലിക്കാ സഭയോടു ബന്ധപ്പെട്ട, എല്ലാ പ്രധാന സമ്മേളനങ്ങളുടെയും വേദിയായിക്കഴിഞ്ഞിരുന്നു.

1979 സെപ്തംബറിൽ ഫാ. കണ്ണാത്ത് അധികാരികളുടെ അനുമതിയോടെ ഉപരിപഠനത്തിനായി കാനഡായിലെ ടോറന്റോയിലേക്കു പോയി. 1979-1985 കാലത്ത് കാനഡയിലെ International federation of Catholic Univeristies

www.malankaralibrary.com

സമ്മേളനത്തിൽ പങ്കെടുത്തു.

ഡോക്ടറൽ തീസിസ് സമർപ്പിച്ചതിനു ശേഷം ഫാ. കണ്ണത്ത് 1984 സെപ്തംബറിൽ കേരളത്തിലേക്കു മടങ്ങി. ഇവിടെ POC ഡയറക്ടറായി അധികാരികൾ ഫാ. ജോർജ് ഈരത്തറ CMI യെ നിയമിച്ചിരുന്നതിനാൽ ഫാ. കണ്ണത്ത് കാനഡയിലേക്കു മടങ്ങി. അവിടെ പല ഇടവകകളിലും സേവനം അനുഷ്ഠിച്ചു. ഇപ്പോൾ പാർക്ക്ഹിൽ എന്ന സ്ഥലത്തെ സേക്രഡ് ഹാർട്ട് ഇടവകയിൽ സേവനം ചെയ്യുന്നു. കേരളത്തിൽ സഭയെ ആധുനികവൽക്കരിക്കാനുള്ള നൂതനപദ്ധതികളുമായിട്ടാണ് ഇപ്പോൾ അദ്ദേഹം കേരളത്തിൽ എത്തിയിരിക്കുന്നത്. അതിനുവേണ്ടി വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവരുടെ നിരവധി കേൺഫ്രൻസുകൾ ഇതിനകം നടന്നുകഴിഞ്ഞു.

1984 ഒക്ടോബർ 10 ന് ഫാ. കണ്ണത്തിന്റെ ഡോക്ടറൽ ഡിഫൻസ് നടന്നു. (Doctor in Ministry എന്ന ഡോക്ടർ ബിരുദമാണ് അദ്ദേഹത്തിനു ലഭിച്ചത്. "Mixed marriage and married life in cross cultural mitieu എന്നതായിരുന്നു പ്രബന്ധം.

വിലാസം - റവ. ഡോ. ജോസഫ് കണ്ണത്ത്, പുതുക്കാട്, തൃശൂർ.

# 116



# ഫാ.തോമസ് തോപ്പിൽ

## O.F.M. Cap.

കുടുംബനവീകരണപ്രവർത്തനങ്ങൾ പ്രത്യേക പ്രേഷിതദൗത്യമായി സ്വീകരിച്ചുകൊണ്ട് ഇടവകകൾതോറും കുടുംബനവീകരണയത്നങ്ങളിലേർപ്പെട്ട് അത്ഭുതകരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച ഫാ. തോമസ് കുടമാളൂർ ഇടവകയിൽ തോപ്പിൽ കുടുംബത്തിൽ ജോസഫ് എലിസബത്ത് ദമ്പതികളുടെ മകനായി 1930 ആഗസ്റ്റ് 1-ാം തീയതി ഭൂജാതനായി. മലയാളം ഹയർപരീക്ഷ പാസായതിനുശേഷം കപ്പൂച്ചിൻസഭയിൽ ഒരു അംഗമായി തോമസ് ചേർന്നു. തുടർന്ന് ഗോവയിൽ എത്തി ഇംഗ്ലീഷ് ഹൈസ്കൂളിൽ ചേർന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ തോമസ് ഗോവയിൽതന്നെ മൈനർ സെമിനാരിയിൽ ചേർന്നു. പിന്നീട് ഒരു വർഷക്കാലം മംഗലാപുരത്ത് നൊവിഷ്യറ്റ് ആയിരുന്നു. ആദ്യവ്രതം എടുത്തു. പിന്നീട് കൊല്ലം-തില്ലേരിയിൽ മൂന്നു വർഷം ഫിലോസഫി പഠിച്ചു. അവിടെവച്ചു തന്നെ നിത്യവ്രതവും നടത്തി. തുടർന്ന് 4 വർഷം കോട്ടഗിരിയിൽ തിയോളജി പഠിച്ചു. 1960 മാർച്ചിൽ പൗരോഹിത്യം സ്വീകരിച്ചു. അച്ചന്റെ കുടും

www.malankaralibrary.com

ബാംഗങ്ങൾ മലബാറിലേക്ക് കുടിയേറിപാർത്തതിനാൽ മലബാറിൽ കാഞ്ഞിരപ്പുഴവച്ചാണ് പുത്തൻകുർബ്ബാന അർപ്പിച്ചത്.

അതേവർഷംതന്നെ ഏപ്രിൽ മാസത്തിൽ കപ്പൂച്ചിൻ ധ്യാനം നടത്തുന്നതിനായി മലബാറിലെ കുടിയേറ്റ പ്രദേശമായ കിളിയന്തറയിൽ എത്തി. ആ ഇടവകയിലെ എല്ലാ ഭവനങ്ങളും അദ്ദേഹം സന്ദർശിച്ചു. സാമ്പത്തികമായി ബുദ്ധിമുട്ടുള്ള കുടുംബങ്ങളായിരുന്നു അവിടെയുള്ളതിൽ ഭൂരിപക്ഷവും. ചെറിയ കുടിലുകളിൽ ആയിരുന്നു അവർ താമസിച്ചിരുന്നത്. കുടുംബാംഗങ്ങൾ തമ്മിൽ യോജിപ്പില്ലായ്മ കുടുംബങ്ങളിലെ വലിയ പ്രശ്നമായിരുന്നു. കുടുംബഭദ്രതതന്നെ തകർന്നുകൊണ്ടിരുന്നു. ഭവനസന്ദർശനം കൊണ്ട് കുടുംബങ്ങളിലെ പ്രശ്നങ്ങൾ തോപ്പിലച്ചൻ പൂർണ്ണമായി മനസ്സിലാക്കി. കുടുംബ പ്രേഷിതരംഗത്ത് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം മനസ്സിലാക്കി. ഈ രംഗത്ത് പ്രവർത്തക്കാനുള്ള പ്രചോദനം കിളയന്തറയിൽനിന്നുമാണ് അദ്ദേഹത്തിന് ലഭിച്ചതെന്ന് അദ്ദേഹം ഇപ്പോഴും പറയും.

കോട്ടഗിരിയിൽ തിയോളജിയിൽ ഒരുവർഷത്തെ സ്പെഷ്യൽ ട്രയിനിംഗിന് സഭാധികാരികൾ അദ്ദേഹത്തെ അയച്ചു. കോട്ടഗിരിയിൽനിന്നും തിരിച്ചെത്തിയ അദ്ദേഹം പിന്നീട് ഒരു വർഷം തൃശൂർ കാൽവരി ആശ്രമത്തിലായിരുന്നു. അവിടെ പ്രവർത്തിച്ചിരുന്ന സെമിനാരിയിലെ ചിലവുകൾക്ക് യാതൊരു മാർഗ്ഗവുമില്ലായിരുന്നു. അതിനുവേണ്ടിഭിക്ഷാടനം നടത്തുവാൻ അദ്ദേഹം ഇറങ്ങിപ്പുറപ്പെട്ടു. പുതുക്കാട് ഇടവകയിലായിരുന്നു ആദ്യം ഭിക്ഷാടനത്തിനെത്തിയത്. ഭിക്ഷാടനത്തിനിടയിൽ ഉണ്ടായ അനുഭവങ്ങൾ വർണ്ണിക്കാവതായിരുന്നില്ല. പലരും പരുഷമായി പെരുമാറി. അവഹേളനം സഹിക്കാവതായിരുന്നില്ല. ഒരു കുടുംബത്തിൽ ഭിക്ഷാടനത്തിനെത്തിയപ്പോൾ കുടുംബനാഥൻ വളരെ മോശമായ രീതിയിൽ അച്ചനോട് പെരുമാറി. യാതൊരുഭാവഭേദവും ഇല്ലാതെ അതു സഹിച്ചുകൊണ്ട് അച്ചൻ അവിടെനിന്നും പോന്നു. എന്നാൽ പിന്നീട് കുടുംബനാഥൻ അച്ചനെ സന്ദർശിച്ച് ക്ഷമചോദിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു. നെല്ലും കപ്പയും സാധനങ്ങളും ഒക്കെയായിരുന്നു പലരും തന്നിരുന്നത്. അതു ചുമന്നുകൊണ്ട് ആശ്രമത്തിലേക്ക് പോകും. സാമ്പത്തികമായി കഴിവില്ലാത്ത വീടുകളും അദ്ദേഹം സന്ദർശിച്ചിരുന്നു. ആ പാവപ്പെട്ട കുടുംബങ്ങളിലെ ആളുകളായിരുന്നു കൂടുതൽ സഹകരിച്ചിരുന്നത്. പാടത്ത് പണിയെടുത്ത സ്ത്രീകൾ അച്ചൻ ആ വഴിപോകുന്നതുകണ്ട് അച്ചനെ സമീപിച്ച് അവർ പറഞ്ഞു. “അച്ചൻ വരുമെന്ന് പ്രതീക്ഷിച്ച് അച്ചന് തരുവാനുള്ള പണം ഞങ്ങൾ കൊണ്ടുനടക്കുകയായിരുന്നു” ആ സ്ത്രീകളുടെ ആത്മാർത്ഥത അച്ചനെ വികാരതരളിതനാക്കി.

തൃശൂർനിന്നും ആലുവാ ആശ്രമത്തിലേക്കാണ് അദ്ദേഹം നിയമിക്കപ്പെട്ടത്. ആ കാലഘട്ടത്തിൽ ധ്യാന പരിപാടികളിൽ പങ്കെടുക്കാൻ അധികം

www.malankaralibrary.com

സമയം ലഭിച്ചില്ല. ആലുവായിലെ ഫ്രണ്ട്ഷിപ്പ്ഹാൾ ഉൾപ്പെടെ പല മനോഹരകെട്ടിടങ്ങളും പണിയിക്കുന്നതിന് നേതൃത്വം നൽകി. അതേസമയം ദമ്പതികൾക്കായി ഫാ. ഇഗ്നേഷ്യസ് പെട്ടയ്ക്കാട്, ഷെവ.ജോർജ് വർഗീസ് കണ്ണന്താനം തുടങ്ങിയവരുമായി സഹകരിച്ച് സെമിനാറുകൾ നടത്തി. ഭക്ഷണമെല്ലാം നൽകുന്നതിന് നല്ല മനസ്സുള്ള ആളുകളിൽ നിന്നും പണം ശേഖരിച്ചു.

1965 ൽ ബോംബെയിൽ അധിവസിക്കുന്ന മലയാളി കത്തോലിക്കരുടെയിടയിൽ സേവനം അനുഷ്ഠിക്കുന്നതിനായിട്ടാണ് പിന്നീട് തോപ്പിലച്ചൻ പുറപ്പെട്ടത്. കർദ്ദിനാൾ ഗ്രേഷ്യസിന്റെ പ്രത്യേകതാല്പര്യപ്രകാരമായിരുന്നു അത്. മലയാളി കത്തോലിക്കരുടെ എല്ലാ ഭവനങ്ങളിലും സന്ദർശനം നടത്തി. കർദ്ദനാൾ ആവശ്യപ്പെട്ടതനുസരിച്ച് ഞായറാഴ്ച മലയാളത്തിലുള്ള മൂന്നുകുർബ്ബാന അർപ്പിക്കുമായിരുന്നു.

1968 മുതൽ 7 വർഷക്കാലം ഭരണങ്ങാനത്ത് അസ്സീസിമാസികയുടെ ചുമതലയായിരുന്നു. ധാരാളം ലേഖനങ്ങൾ സ്വന്തം പേരിലും, തൂലികാനാമത്തിലും എഴുതുകയുണ്ടായി. കുടുംബപ്രേഷിതത്വത്തെ ആധാരമാക്കിയായിരുന്നു ലേഖനങ്ങളിൽ മിക്കതും. 1970 ൽ കുടുംബജീവിതക്കാർക്കായി സെമിനാറുകൾ നടത്തി. 45 വയസ്സിൽ താഴെയുള്ള വിവാഹിതരായ സ്ത്രീകൾക്കും പുരുഷന്മാർക്കുമായി നടത്തിയ സെമിനാറുകളോട് നല്ല പ്രതികരണമാണ് ലഭിച്ചത്. പല ഇടവകകളിലും സെമിനാറുകൾ സംഘടിപ്പിക്കുന്നതിനായി വികാരിമാർ തോപ്പിൽ അച്ചന്റെ സഹായം അഭ്യർത്ഥിച്ചു. അക്രൈസ്തവരും പല സെമിനാറുകളിൽ താല്പര്യപൂർവ്വം പങ്കെടുക്കുകയുണ്ടായി.

ജേർണലിസത്തിൽ പഠനം നടത്താനായി ബോംബെയിൽ അച്ചൻ എത്തി. അവിടെനിന്നും പഠനം പൂർത്തിയാക്കിയ തോപ്പിലച്ചൻ ചങ്ങനാശ്ശേരി ഗദ്സെമിനിഹൗസിന്റെ സുപ്പീരിയർ ആയി നിയമിതനായി. മൂന്നാം സഭക്കാരുടെ താല്പര്യപ്രകാരം ബഹു. നീലങ്കാവിൽ ഫ്രാൻസീസ് അച്ചന്റെ ഉത്സാഹത്തോടുകൂടി നിരവധി ഇടവകകളിൽ കുടുംബക്ഷേമസെമിനാറുകൾ നടത്തി. ചങ്ങനാശ്ശേരിയിലെ പ്രവർത്തനങ്ങളിൽ സംതൃപ്തനായ ബിഷപ്പ് മാർജോസഫ് പവ്വത്തിൽ കാഞ്ഞിരപ്പള്ളിയിലേക്ക് തോപ്പിലച്ചനെ ക്ഷണിച്ചു. കാഞ്ഞിരപ്പള്ളിരൂപതയിലെ എല്ലാ ഇടവകകളും സന്ദർശിച്ച് സെമിനാറുകൾ നടത്തി.

ഫാമിലിസംബന്ധമായ കാര്യങ്ങളെപ്പറ്റി പഠനം നടത്തുന്നതിനായി തോപ്പിലച്ചൻ ക്യാനഡായിലേക്ക് പോയി. അമേരിക്കയിലെ വാഷിംഗ്ടണിലും ഒരാഴ്ച ഫാമിലിസംബന്ധമായ ചർച്ചകൾക്ക് വിനിയോഗിച്ചു. അയർലണ്ട് സന്ദർശിക്കുവാനും അദ്ദേഹത്തിന് സാധിച്ചു.

സ്പെയിനിൽ ആരംഭിച്ച മാരീജ് എൻ കൗണ്ടർ പ്രസ്ഥാനവുമായി അച്ചൻ സഹകരിച്ചു പ്രവർത്തിച്ചു. യുവജനങ്ങളിലല്ല മാതാപിതാക്കളിലാണ്

www.malankaralibrary.com

പ്രശ്നങ്ങൾ ഉള്ളതെന്നും അവ പരിഹരിക്കാനാണ് ശ്രമിക്കേണ്ടതെന്നും സ്പെയിനിലെ മെത്രാൻ അഭിപ്രായപ്പെട്ടു. ഒരു അച്ചനും രണ്ട് കപ്പിൾസും കൂടി അവിടെ യോഗം ചേർന്ന് രൂപം കൊടുത്ത പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ലോകമാസകലം വ്യാപിച്ചു. ഇന്ത്യയിലെ മാരീജ് എൻ കൗണ്ടറിന്റെ ഇന്ത്യയിലെ ഡയറക്ടറായി അഞ്ചുവർഷക്കാലം പ്രവർത്തിച്ചു. പല രാജ്യങ്ങളിലും പര്യടനം നടത്തുവാൻ സാധിച്ചു.

ക്യാനഡായിൽനിന്നും തിരിച്ചുവന്ന തോപ്പിലച്ചനെ കെ.സി.ബി.സി. ലയ്റ്റികമ്മീഷന്റെ സെക്രട്ടറിയായി നിയമിച്ചു. ഇതിന് പ്രത്യേക താല്പര്യമെടുത്തത് ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം പിതാവായിരുന്നു. 17 വർഷക്കാലം ആ രംഗത്ത് അഭിമാനകരമാവുംവിധം പ്രവർത്തിച്ചു. ആലുവായിൽതാമസിച്ചുകൊണ്ടാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. ഓരോ രൂപതയിലും കുടുംബക്ഷേമസെമിനാറുകൾ നയിക്കുന്നതിന് ഓരോ ടീമിനെ സജ്ജീകരിച്ചു. വിവാഹത്തിന് ഒരുക്കമായുള്ള സെമിനാർ നിർബന്ധിതമാക്കണമെന്ന് തോപ്പിലച്ചൻ വാദിച്ചു. അവസാനം ആ നിർദ്ദേശം അംഗീകരിക്കുകയുണ്ടായി. നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിക്കുകയും പലരെയും രചിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു. അദ്ദേഹം രചിച്ച വിവാഹവേദിയിലേക്ക് എന്ന ഗ്രന്ഥത്തിന്റെ രണ്ടേമുക്കാൽ ലക്ഷം കോപ്പികൾ വിറ്റഴിഞ്ഞു. വിവിധസമുദായത്തിൽപെട്ടവരും ഈ പുസ്തകം വാങ്ങുകയുണ്ടായി. മലയാളത്തിൽ ഏറ്റം കൂടുതൽ കോപ്പികൾ വിറ്റഴിഞ്ഞ ഗ്രന്ഥമാണിത്. കുടുംബവേദിയിൽ എന്ന ഗ്രന്ഥം പ്രത്യേകം പ്രാധാന്യമർഹിക്കുന്നതുമാണ്.

സോഷ്യൽവർക്കിന്റെ ചുമതലയുമായി പിന്നീട് തൃശൂരിലെത്തിയ തോപ്പിലച്ചൻ തൊഴിലാളികളുടെ ഉന്നമനത്തിനായി സജീവമായി പ്രവർത്തിച്ചു. തൊഴിലാളികളുടെയിടയിൽ നിക്ഷേപം ആരംഭിക്കണമെന്ന ആശയത്തിന് പ്രചരണം നൽകി. അരനൂറ്റാണ്ടുകാലം കുടുംബപ്രേഷിതത്വരംഗത്ത് വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിച്ച തോപ്പിലച്ചൻ ഇപ്പോൾ പെരുമ്പാവൂർ ആശ്രമത്തിൽ ആണ് താമസം.

ചങ്ങനാശ്ശേരി അതിരൂപതയുടെ 118-ാം അതിരൂപതാദിനാഘോഷം തിരുവനന്തപുരത്ത് ലൂർദ്ദ്പള്ളിയങ്കണത്തിൽ മാർകാവുകാട്ട് നഗറിലാണ് നടന്നത്. ആർച്ച്ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ തോപ്പിലച്ചനെ പ്രസ്തുത സമ്മേളനത്തിൽ ക്ഷണിച്ചുവരുത്തി നൽകിയ പ്രശസ്തിപത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"കുടുംബജീവിതത്തിലെ തകർച്ചയാണ് ആധുനികയുഗം അഭിമുഖീകരിക്കുന്ന ഏറ്റം വലിയ പ്രശ്നം എന്ന തിരിച്ചറിവിലൂടെ കുടുംബനവീകരണപ്രവർത്തനങ്ങൾ പ്രത്യേകപ്രേഷിതദൗത്യമായി സ്വീകരിച്ചുകൊണ്ട് ഇടവകകൾ തോറും കുടുംബനവീകരണയത്നങ്ങളിലേർപ്പെട്ടതും രൂപതാതലങ്ങളിൽ കുടുംബ പ്രേഷിത കേന്ദ്രങ്ങൾക്ക് ഊടും പാവും നൽകി വ്യവ

www.malankaralibrary.com

സ്ഥാപിതമാക്കിയതും കെ.സി.ബി.സി. കുടുംബപ്രേഷിതകമ്മീഷൻ സെക്രട്ടറിയായി നിസ്തുലസേവനങ്ങളർപ്പിച്ചതും മുൻനിർത്തി ബഹു. തോമസ് തോപ്പിലച്ചനെ അനുമോദിക്കാനും ആദരിക്കാനും ചങ്ങനാശ്ശേരി അതിരൂപതയ്ക്ക് അതിയായ സന്തോഷമുണ്ട്."

വിശുദ്ധഫ്രാൻസീസ് അസ്സീസിയുടെ കപ്പൂച്ചിൻ സഭാംഗമായി പൗരോഹിത്യം സ്വീകരിച്ച ഫാ. തോമസ് തോപ്പിൽ കേരളസഭയിലുടനീളം ധ്യാനങ്ങളും ക്ലാസ്സുകളും നയിച്ചു. 1970 ൽ ഗദ്സെമനി ആശ്രമത്തിന്റെ ചുമതലയോടെ ചങ്ങനാശ്ശേരിയിലെത്തിയപ്പോൾ ചങ്ങനാശ്ശേരി അതിരൂപതയിലെ കുടുംബപ്രേഷിതരംഗത്ത് പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചു. 1973 ൽ കേരളത്തിലാദ്യമായി ചങ്ങനാശ്ശേരിയിൽ കുടുംബപ്രേഷിതകേന്ദ്രം ആരംഭിക്കാൻ പ്രേരകശക്തിയായത് അച്ചന്റെ പ്രവർത്തനങ്ങളാണ്. 1977 ൽ ചങ്ങനാശ്ശേരി പള്ളിയിൽ യുവാക്കൾക്കായി നടത്തിയ വിവാഹ ഒരുക്കസെമിനാർ വ്യവസ്ഥാപിതമായ ദാമ്പത്യവിജ്ഞാനകോഴ്സുകൾക്ക് തുടക്കം കുറിച്ചു. കാഞ്ഞിരപ്പള്ളി രൂപതയിലും കെ.സി.ബി.സി. കുടുംബകമ്മീഷൻ സെക്രട്ടറി എന്ന നിലയിൽ കേരളത്തിലെ ഇതരരൂപതകളിലും അച്ചൻ പ്രശംസാർഹമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചു. ഉപരിപഠനവേളയിൽ കാനഡയിലും മാര്യേജ് എൻകൗണ്ടർ പ്രോഗ്രാമിലെ പ്രവർത്തനങ്ങളിലൂടെ ജപ്പാൻ, ഫിലിപ്പൈൻസ്, ബംഗ്ലാദേശ്, സൗത്ത്കൊറിയ, സിംഗപ്പൂർ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിലും അച്ചന്റെ സേവനങ്ങൾ ലഭ്യമായിട്ടുണ്ട്.

വിലാസം - ഫാ. തോമസ് തോപ്പിൽ, ഒ.എഫ്.എം. ക്യാപ്,
കപ്പൂച്ചിൻ ആശ്രമം, പെരുമ്പാവൂർ.

# 117



# റവ. സി. ഫ്രാങ്കോ സി.എച്ച്.എഫ്.

സാമൂഹ്യപ്രവർത്തനം ക്രൈസ്തവവിദ്യാഭ്യാസത്തിന്റെ ഭാഗമാണെന്ന അവബോധം സഹപ്രവർത്തകരിലും വിദ്യാർത്ഥികളിലും സംജാതമാക്കാൻ ദീർഘവീക്ഷണത്തോടെ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ച സി. ഫ്രാങ്കോ തൃശൂർ ജില്ലയിൽ കുഴിക്കാട്ടുശ്ശേരിയിൽ അമ്പൂക്കൻ കുടുംബത്തിൽ ജോസഫ് ത്രേസ്യാ ദമ്പതികളുടെ പുത്രിയായി 1930 ആഗസ്റ്റ് 8-ാം തീയതി ജനിച്ചു. വീട്ടിൽ വിളിച്ചിരുന്നത് കൊച്ചുമേരി എന്നായിരുന്നു. കുഴിക്കാട്ടുശ്ശേരി സെന്റ് മേരീസ് ഹൈസ്കൂൾ, തൃശൂർ സെന്റ് മേരീസ് കോളേജ്, പെരുന്ന എൻ.എസ്.എസ് ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ പഠിച്ച് ബി.എ., ബി.എഡ് ഡിഗ്രികൾ കരസ്ഥമാക്കി. അമേ

www.malankaralibrary.com

രിക്കയിലെ ലോസ് ആഞ്ചൽസിലെ വിമലഹൃദയകോളേജിൽനിന്ന് എം.എ. ഡിഗ്രി സമ്പാദിച്ചതിനുശേഷം അമേരിക്കയിലെ സാൻഫ്രാൻസിസ്കോയിലെ സെന്റ് മേരീസ് ഹോസ്പിറ്റലിൽ പാസ്റ്ററൽ കൗൺസിലിംഗിൽ യോഗ്യത നേടി. തുടർന്ന് ക്യാനഡായിലെ ടൊറോന്റോ സെന്റ് മൈക്കിൾസ് യൂണിവേഴ്സിറ്റിയിൽനിന്ന് തിയോളജിയിൽ ഡിപ്ലോമായും കരസ്ഥമാക്കി.

1954-ൽ ഹോളി ഫാമിലി സന്യാസസഭയിൽ ചേർന്നു. 1955ൽ വ്രതം അനുഷ്ഠിച്ച് ഫ്രാങ്കോ എന്ന പേര് സ്വീകരിച്ചു. താൻ പഠിച്ച കുഴിക്കാട്ടുശ്ശേരി സെന്റ് മേരീസ് ഹൈസ്കൂളിൽ അദ്ധ്യാപികയായിട്ടാണ് ഔദ്യോഗികജീവിതം ആരംഭിക്കുന്നത്. ഹോളി ഫാമിലി സഭയുടെ പ്രഥമ കോളേജായ ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിന്റെ പ്രിൻസിപ്പലായി 1964 മുതൽ 1990 വരെ സേവനം അനുഷ്ഠിച്ചു. ദീർഘകാലം ഒരേ കോളേജിൽതന്നെ പ്രിൻസിപ്പൽ ആവുകയെന്നത് ഒരു ഭാഗ്യം തന്നെയാണ്. ഇതിനിടയിൽ 1974 മുതൽ 1977വരെ ഹോളിഫാമിലി സന്യാസസഭയുടെ ജനറൽ കൗൺസിലറായും പ്രവർത്തിച്ചു. പാവനാത്മ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി 1984ലും 1992ലും തിരഞ്ഞെടുക്കപ്പെട്ടു. സഭയുടെ ആകമാനവളർച്ചയിൽ ഇക്കാലത്ത് നിർണ്ണായകമായ പങ്കുവഹിക്കുകയുണ്ടായി. കുഴിക്കാട്ടുശ്ശേരിയിലെ മരിയംതെരേസാ ഹോസ്പിറ്റലിന്റെ അഡ്മിനിസ്ട്രേറ്ററായി 1990-1991, 1992-1995 എന്നീ വർഷങ്ങളിൽ സേവനം അനുഷ്ഠിച്ചു.

ഉന്നതവിദ്യാഭ്യാരംഗത്ത് സിസ്റ്റർ വിലപ്പെട്ട സേവനങ്ങളാണ് കാഴ്ചവെച്ചിട്ടുള്ളത്. 1974 കാലഘട്ടത്തിൽ കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ കത്തോലിക്കാ കോളേജുകളുടെ ഉന്നതവിദ്യാഭ്യാസസെക്രട്ടറിയായും മൂന്നു വർഷക്കാലം കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ അക്കാഡമിക് കൗൺസിൽ അംഗമായും പ്രവർത്തിച്ചു. കോളേജിൽ ഒരു ക്രൈസ്തവ അന്തരീക്ഷം സൃഷ്ടിക്കുവാൻ സിസ്റ്റർ പരമാവധി ശ്രമിച്ചു. സഹപ്രവർത്തകരുടെയും വിദ്യാർത്ഥിനികളുടെയും സഹകരണത്തോടെ സമീപസ്ഥമായ ഷൺമുഖം കോളനി ദത്തെടുത്ത് ഹരിജനങ്ങൾക്കും പരിത്യക്തർക്കുമിടയിൽ പ്രവർത്തിക്കുകയും ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുകയും ചെയ്തു. സാമൂഹ്യപ്രവർത്തനം ക്രൈസ്തവ വിദ്യാഭ്യാസത്തിന്റെ ഭാഗമാണെന്ന അവബോധം സഹപ്രവർത്തകരിലും വിദ്യാർത്ഥിനികൾക്കിടയിലും സംജാതമാക്കാൻ സ്കോപ്പ് എന്ന ഈ പ്രോജക്ടിലൂടെ സാധിച്ചു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം, കുടുംബജീവിതബോധനം, സാമൂഹ്യാവബോധം മുതലായവയെപ്പറ്റി സ്റ്റാഫിനും വിദ്യാർത്ഥികൾക്കും കോഴ്സുകളും സെമിനാറുകളും നടത്തി. കോളേജിനോടനുബന്ധിച്ച് 1983ൽ നിർമ്മിച്ച മനോഹരമായ ചാപ്പൽ ജാതിഭേദമെന്യേ എല്ലാ വിദ്യാർത്ഥിനികൾക്കും പ്രാർത്ഥിക്കാനും പ്രാർത്ഥനായോഗങ്ങൾ നടത്താനും പ്രചോദനമായി. സിസ്റ്റർ നടത്തിയ ബൈബിൾ ക്ലാസ്സുകളും മിഷൻ ആഭിമുഖ്യ ക്ലാസ്സുകളും കുട്ടികളിൽ മിഷൻ ചൈതന്യം

www.malankaralibrary.com

സംജാതമാക്കാൻ ഇടനൽകി.

കോളേജ് എക്സ്റ്റൻഷൻ സർവ്വീസ് എന്ന നിലയിൽ പ്രാവർത്തികമാക്കി. തയ്യൽ, ബയന്റിംഗ്, ടൈപ്പ്റൈറ്റിംഗ് എന്നിവ അവിടെ പഠിപ്പിക്കാനുള്ള സൗകര്യവുമുണ്ടായിരുന്നു. ചാലക്കുടി അപ്പോളോ ടയേഴ്സ് കമ്പിനിക്കായി മറ്റൊരു വിഭാഗവും ഈ കേന്ദ്രത്തിൽ സ്ഥാപിക്കുകയുണ്ടായി.

ഈ പ്രവർത്തനങ്ങളുടെ ദശവർഷാഘോഷം വിപുലമായ തോതിൽ നാട്ടുകാരുടെയും മുൻസിപ്പാലിറ്റിയുടെയും സഹകരണത്തോടെ നടത്തുകയുണ്ടായി. പ്രതിവർഷം 33 കുട്ടികൾക്കു സൗജന്യഭക്ഷണം, പരിചരണം, വിദ്യാഭ്യാസ പരിശീലനം എന്നിവ നൽകാനായി. ക്രെഷും ആരംഭിച്ചു. കോളേജ് രജതജൂബിലിയോടനുബന്ധിച്ച് 50,000 രൂപാവീതം മുടക്കി പാവപ്പെട്ടവർക്കായി 25 വീടുകൾ നിർമ്മിച്ചു നൽകുവാനും സിസ്റ്ററിന് സാധിച്ചു. മുൻസിപ്പാലിറ്റിയുമായി സഹകരിച്ച് കോളനിവാസികൾക്കായി 33 കക്കൂസുകൾ നിർമ്മിക്കുകയുണ്ടായി. വിദ്യാർത്ഥികൾക്ക് ജീവിതമാർഗ്ഗദർശനം നൽകാനും കൗൺസിലിംഗിനുമായി ദർശന എന്ന സ്ഥാപനവുമാരംഭിച്ചു. കോളേജിനെ സംബന്ധിച്ചു നടത്തിയ സ്വയം വിലയിരുത്തൽ ശക്തിദൗർബല്യങ്ങൾ മനസ്സിലാക്കാൻ സഹായകമായി.

അദ്ധ്യാപികമാരെ അധുനാധുനീകരിക്കുന്നതിനായി ആദ്ധ്യാത്മികവും സാമൂഹ്യവും അക്കാഡമികവുമായ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ആൾ ഇന്ത്യാ അസോസിയേഷൻ ഓഫ് ഹയർ എഡ്യുക്കേഷനും (അയാഷേ) സേവ്യർ ബോർഡും നടത്തിയ പരിപാടികളിൽ സംബന്ധിക്കാൻ സ്റ്റാഫിനെ പരമാവധി പ്രോത്സാഹിപ്പിച്ചു. വിദ്യാഭ്യാസ കലാ-കായിക രംഗങ്ങളിൽ കോളേജിന് ഏറെ നേട്ടങ്ങൾ അക്കാലത്ത് കൈവരിക്കാനായി. പഠനത്തിൽ കോളേജ് നിരവധി റാങ്കുകൾ നേടിയിട്ടുണ്ട്. കോളേജിലെ കലാപരമായ മികച്ച നേട്ടങ്ങൾ കണക്കിലെടുത്ത് സംഗീതനാടക അക്കാഡമിയുടെ അവാർഡും DHIVA JOSTAVA അവാർഡും കോളേജിന് ലഭിച്ചിട്ടുണ്ട്. ദേശീയകായിക താരങ്ങളെയും സംഭാവനചെയ്യുവാൻ കോളേജിന് സാധിച്ചു. ഷട്ടിൽ, ബാൾ ബാഡ്മെന്റൻ, വോളി, ഖൊഖൊ തുടങ്ങിയ നിരവധി ഇനങ്ങളിൽ യൂണിവേഴ്സിറ്റി തലത്തിൽ ചാമ്പ്യൻമാർ ഈ കോളേജിൽ നിന്നുള്ള വരായിരുന്നു. എൻ.എസ്സ്.എസ്സ്., സോഷ്യൽ സർവ്വീസ് സ്കീം വിമൻസെൽ മുതലായവ വളരെ സജീവമായി ഇക്കാലത്ത് പ്രവർത്തിച്ചു. വനിതാശാക്തീകരണാർത്ഥം നിരവധി പരിപാടികൾ സംഘടിപ്പിക്കുകയും ഒട്ടേറെ ലേഖനങ്ങൾ രചിക്കുകയും ചെയ്തു.

അയാഷെയുമായി സിസ്റ്റർ ഉറ്റബന്ധം പുലർത്തിയിരുന്നു. ബാംഗ്ലൂരിൽ പ്രിൻസിപ്പൽമാർക്കായി നടത്തപ്പെട്ട പരിശീലനകോഴ്സും മറ്റും സിസ്റ്ററിന് വളരെ പ്രയോജനകരമായി അനുഭവപ്പെട്ടു. എക്യുമിനിക്കൽ പ്രവർത്തനങ്ങൾ നടത്താനും അയാഷേ പ്രചോദനമേകി. വനിതാ ലീഡർഷിപ്പു

www.malankaralibrary.com

ക്യാമ്പുകളും സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും സമൂഹത്തലെ വനിത കൾക്ക് വളരെയധികം പ്രയോജനപ്പെട്ടു. താഴെക്കിടയിലുള്ള വനിതകളുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി ഒരു വനിതാസെല്ലും രൂപീകരിച്ച് പ്രവർത്തി ക്കുകയുണ്ടായി. ഈ പ്രവർത്തനങ്ങൾക്കെല്ലാം അയാഷെ വേണ്ട സഹാ യസഹകരണങ്ങൾ നൽകിയിട്ടുണ്ട്.

ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജിന്റെ പ്രിൻസിപ്പൽ സ്ഥാനം സിസ്റ്റർ ഏറ്റെടുക്കുമ്പോൾ ഭരണരംഗത്ത് യാതൊരു പരിചയവുമാണ്ടായി രുന്നില്ലെന്നും പ്രിൻസിപ്പൽമാർക്കായി അയാഷെ ബാംഗ്ലൂർ സംഘടിപ്പിച്ച കോഴ്സിൽ പങ്കെടുത്തതുവഴി നല്ല ആത്മധൈര്യത്തോടുകൂടി പ്രവർത്തി ക്കുവാൻ സാധിച്ചുവെന്നുമാണ് സി. ഫ്രാങ്കോയുടെ അഭിപ്രായം. നിരവധി എക്സ്ടെൻഷൻ പ്രോഗ്രാം നടത്തുന്നതിനു സിസ്റ്റർ ശ്രമിച്ചിട്ടുണ്ട്. ടൈപ്പ് റൈറ്റിംഗ് സെന്റർ, വനിതാസെൽ, ചേരിപ്രദേശങ്ങളിലെ പുനരുദ്ധാരണപ്ര വർത്തനങ്ങൾ തുടങ്ങിയവ അവയിൽ ചിലതു മാത്രമാണ്.

എല്ലാ രംഗങ്ങളിലും മികവിനാണ് സിസ്റ്റർ പ്രാധാന്യം നൽകിയിരു ന്നത്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായിരുന്നെങ്കിലും നിയമനത്തിനോ പ്രവേശനത്തിനോ യാതൊരു തുകയും വാങ്ങിയിരുന്നില്ല. പൊതുജനങ്ങൾ നിർലോഭമായ സാമ്പത്തിക പിന്തുണ സിസ്റ്ററിന് നൽകിയിരുന്നു. അങ്ങനെ വിശാലമായ ഓഡിറ്റോറിയം, ലൈബ്രറി, മൂന്നു പുതിയ കെട്ടിടങ്ങൾ ഓപ്പൺ സ്റ്റേഡിയം എന്നിവയൊക്കെ നിർമ്മിക്കുവാൻ സിസ്റ്ററിന് സാധിച്ചു. കോളേ ജിലെ അദ്ധ്യാപികവിദ്യാർത്ഥിനീബന്ധം സ്നേഹോഷ്മളമായിരുന്നതിലും സിസ്റ്ററിന് അഭിമാനിക്കാം. ആൾ ഇന്ത്യാ അസോസിയേഷൻ ഓഫ് ക്രിസ്ത്യൻ ഹയർ എഡ്യുക്കേഷൻ എന്ന സംഘടനയുടെ സിൽവർ ജൂബിലി വർഷത്തിൽ കേരളത്തിലെ ഏതാനും പ്രമുഖ പ്രിൻസിപ്പൽമാരെ എമിനന്റ്, എക്യുമിനിസ്റ്റ് എഡ്യുക്കേറ്റേഴ്സ് എന്ന പേരിൽ എറണാകുളത്ത് വിളിച്ചു വരുത്തി ആദരിക്കുകയുണ്ടായി. എറണാകുളം സെന്റ് തെരേസാസ് കോളേജ് ഓഡിറ്റോറിയത്തിൽ ചേർന്ന സമ്മേളനത്തിൽവെച്ച് ഗവർണ്ണർ ആണ് സിസ്റ്റർ ഫ്രാങ്കോയെ അവാർഡ് നൽകിയാദരിച്ചത്.

ഹോളിഫാമിലി സന്യാസസഭാസ്ഥാപകയായി വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായെ 2000 ഏപ്രിൽ 9-ാം തീയതിയാണ് റോമിൽ വെച്ച് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചത്. മറിയം ത്രേസ്യാ യുടെ നാമകരണ നടപടികളുടെ വൈസ് പോസ്റ്റുലേറ്റർ ആയി 1991 മുതൽ സിസ്റ്റർ പ്രവർത്തിച്ചു വരികയായിരുന്നു. ഇരിങ്ങാലക്കുടയുടെ തനിമ എന്ന പേരിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന ഒരു പരിപാടി സംഘടിപ്പിക്കുകയുണ്ടാ യി. ആ പരിപാടിയിൽവെച്ച് ഇരിങ്ങാലക്കുടയുടെ വളർച്ചയ്ക്ക് കാര്യമായ സംഭാവന ചെയ്തിട്ടുള്ള വ്യക്തികളെ ആദരിച്ച് പുരസ്കാരം നൽകുന്ന ഒരു പരിപാടിയുണ്ടായിരുന്നു. ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജിന്റെ

www.malankaralibrary.com

സ്ഥാപക പ്രിൻസിപ്പലായ സി. ഫ്രാങ്കോയെയും അവിടെവച്ച് ആദരിക്കുകയുണ്ടായി.

ഹോളി ഫാമിലി സന്യാസസമൂഹത്തിന്റെ പ്രത്യേകത കുടുംബപ്രേഷിതത്വം എന്നതാണ്. റിട്ടയർമെന്റിനുശേഷം ഈ രംഗത്ത് ശ്രദ്ധ ചെലുത്തി സി. ഫ്രാങ്കോ പ്രവർത്തിക്കുകയാണ്. ഇരിങ്ങാലക്കുട രൂപതയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് നവചൈതന്യ ഡ്രഗ് അവേർണസ് കൗൺസിലിംഗ് ആന്റ് അസേർട്ടൻസ് സെന്റർ. ആളൂർ ആണ് അതിന്റെ കേന്ദ്രം. ഈ സ്ഥാപനവുമായി ബന്ധപ്പെട്ട് സിസ്റ്റർ പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിൽ ഒരു Off Shoot ആയി 1994-ൽ ആരംഭിച്ച സാൻജോ സദൻ ദ ട്രീറ്റ്മെന്റ് & റീഹാബിലിറ്റേഷൻ സെന്ററിൽ (അനന്ദാപുരം) 5 വർഷമായി പാർട്ട് ടൈം കൗൺസിലർ ആയി സിസ്റ്റർ പ്രവർത്തിച്ചിട്ടുണ്ട്. ദീർഘകാലം മതാദ്ധ്യാപികയായും പ്രവർത്തിക്കുകയുണ്ടായി.

വിലാസം - സി. ഫ്രാങ്കോ, സി.എച്ച്.എഫ്, ഹോളി ഫാമിലി കോൺവെന്റ്,
കുഴിക്കാട്ടുശ്ശേരി പി.ഒ., തൃശൂർ.

# 118

# ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ



"ആർച്ച് ബിഷപ്പ് പവ്വത്തിൽ,ആരാധന ക്രമീകരണ സംരംഭങ്ങളുമായി ബന്ധപ്പെട്ട ആരോപണങ്ങൾക്ക് ഇന്ന് വിധേയനായിരിക്കുകയാണ്. ഇക്കാര്യത്തിൽ എനിക്ക് പറയുവാൻ ഒന്നേയുള്ളു. അദ്ദേഹം എല്ലാ കാര്യങ്ങളിലും പരിശുദ്ധ സിംഹാസനത്തോട് തികഞ്ഞ വിധേയത്വം കാട്ടുന്ന ഒരാളാണ്. റോമിന്റെ നിർദ്ദേശങ്ങൾ അനുസരണയോടെ പാലിക്കാൻ അദ്ദേഹത്തിന് യാതൊരു മടിയുമില്ല. അറിവിന്റെ പിൻബലമുള്ള ബോധ്യങ്ങളാണ് അദ്ദേഹത്തെ നയിക്കുന്നത്. സ്വന്തം ലാഭത്തിനുവേണ്ടി അദ്ദേഹം വാദിക്കുന്നതായി എനിക്കൊരിക്കലും അനുഭവമില്ല. മറിച്ച് സഭയുടെ നന്മയ്ക്കു വേണ്ടി നിലകൊള്ളുന്നതായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത്." കർദ്ദിനാൾ മാർ ആന്റണി പടിയറ തിരുമേനിയുടെ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്.

ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിലിന്റെ മെത്രാഭിഷേക സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സത്യത്തിലും സ്നേഹത്തിലും എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് വലിയമറ്റം ഇപ്രകാരം എഴുതിയിരിക്കുന്നു. "ഭാരത സുറിയാനി

www.malankaralibrary.com

സഭയുടെ പൈതൃകത്തിന് ചരിത്രം സമ്മാനിച്ച വ്യതിചലനം പരിഹരിച്ച്, അവളുടെ തനിമ പുനഃപ്രതിഷ്ഠിക്കാൻ വേണ്ടി, സഭയുടെ ആധികാരിക പ്രബോധനങ്ങളിലും തത്വങ്ങളിലും അടിയുറച്ച് നിന്ന്, വിശ്വാസികളെ പ്രബുദ്ധരാക്കുന്ന പക്വതയാർന്ന ശൈലിയാണ് പവ്വത്തിൽ പിതാവിന്റേത്. അതിന്റെ പേരിൽ അദ്ദേഹം ഏറെ തെറ്റിദ്ധരിക്കപ്പെടുകയും തേജോവധം ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നത് സത്യമാണ്. ഇവയ്ക്കെല്ലാം പിതാവ് നൽകുന്ന മറുപടി ഋഷി തുല്യമായ സംയമനവും കർത്താവിലുള്ള ആശ്രയവുമാണ്. ഉന്നതമായ ഒരു ലക്ഷ്യത്തിനു വേണ്ടി ന്യായമായ മാർഗ്ഗങ്ങളിലൂടെ സഭാപ്രബോധനങ്ങളോടും ശ്ലൈഹിക സിംഹാസനത്തോടും നൂറു ശതമാനം വിശ്വസ്തത പുലർത്തികൊണ്ട് പവ്വത്തിൽ പിതാവ് നടത്തുന്ന ശ്രമങ്ങൾ അദ്ദേഹത്തെ മാതൃസഭയ്ക്കു വേണ്ടി ജീവാർപ്പണം ചെയ്ത ധീരരായ സഭാസ്നേഹികളുടെ നിരയിലേക്കെത്തിക്കുന്നു. സീറോ- മലബാർ സഭയെ സംബന്ധിച്ചടത്തോളം പരിശുദ്ധ സിംഹാസനം ആവശ്യപ്പെടുകയും ആഗ്രഹിക്കുകയും ചെയ്തിട്ടുള്ള പൈതൃക സംരക്ഷണം അന്വർത്ഥമാക്കുകയെന്നത് തന്റെ ശ്ലൈഹിക പദവിയിലൂടെ അനിഷേധ്യ കടമയും ജന്മ സാഫല്യവുമായി പിതാവ് കാണുന്നു. സീറോ- മലബാർ സഭയെ അതിന്റെ സ്വന്തം ആരാധനപരവും അദ്ധ്യാത്മികവും ശിക്ഷണപരവും ദൈവ ശാസ്ത്രപരവുമായ അടിത്തറയിലുറപ്പിക്കുക പിതാവിന്റെ ചിരാകല സ്വപ്നമാണ്. ഇതോടൊപ്പം ഇതര സഭകളോട് ആരോഗ്യപരമായ ബന്ധം പുലർത്തുന്നതിനും ക്രിയാത്മകമായി സഹകരിക്കുന്നതിനും പിതാവ് നിഷ്ക്കർഷ കാണിക്കുന്നു. ...സീറോ- മലബാർ സഭയുടെ ഇന്നത്തെ സങ്കടകരമായ അവസ്ഥ അവളുടെ പൗരസ്ത്യ പൈതൃകത്തോടും പാരമ്പര്യങ്ങളോടുമുള്ള സഭാമക്കളുടെ തന്നെ നിഷേധാത്മക മനോഭാവമാണ്. സഭാമക്കൾക്കു നഷ്ടപ്പെട്ട ഈ സഭാവബോധം വീണ്ടെടുക്കാനുള്ള ശ്രമങ്ങളാണ് , രണ്ടു വ്യാഴവട്ടത്തിലേറെക്കാലമായി അഭിവന്ദ്യ ജോസഫ് പവ്വത്തിൽ പിതാവ് നടത്തുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നൂതന സഭാദർശനത്തിൽ നിന്ന് വെളിച്ചം സ്വീകരിച്ച പവ്വത്തിൽ പിതാവ്, 1970 കളിൽ സി. ബി.സി.ഐ യിലും മലബാർ സഭയുടെ ഉന്നതതല ചർച്ചകളിലും വ്യക്തിഗത സഭകളുടെ ശ്രേഷ്ഠതകളെ കുറിച്ചും അവകാശങ്ങളെ കുറിച്ചും പറഞ്ഞപ്പോൾ, അതിനെ സഭയിലെ വിഘടന വാദമെന്ന് പറഞ്ഞു തിരസ്ക്കരിച്ചവർക്കു വത്തിക്കാൻ കൗൺസിൽ തുറന്നു കാണിച്ച ഈ സഭാ വിജ്ഞാനീയത്തെ ഇന്ന് ആഴത്തിൽ അറിയുവാനും അവസാനം അംഗീകരിക്കാനും അവസരമൊരുക്കിയതിൽ പിതാവിന് ഏറെ സന്തോഷിക്കാൻ സാധിക്കുന്നുണ്ടാകണം." മുകളിൽ ചേർത്തിരിക്കുന്ന രണ്ട് മഹാപുരുഷൻമാരുടെ അഭിപ്രായങ്ങളിൽ നിന്നും പവ്വത്തിൽ പിതാവിന്റെ നിലപാടുകളെപ്പറ്റി മനസ്സിലാക്കുവാൻ സാധിക്കും.

ഭാരതത്തിലെ സുറിയാനി ക്രൈസ്തവ സമൂഹം പല പ്രഗത്ഭ വ്യക്തികളേയും സമൂഹത്തിന് സംഭാവന ചെയ്തിട്ടുണ്ട്. അതിൽ ഏറെ പ്രമുഖ

www.malankaralibrary.com

രായ മാർ കരിയാറ്റി യൗസേഫ് മെത്രാപ്പോലീത്ത, പാറേമാക്കൽ തോമാ കത്തനാർ, നിധീരിക്കൽ മാണി കത്തനാർ, റവ: ഫാ. പ്ലാസിഡ് പൊടിപാറ, സി. എം. ഐ എന്നീ മഹാത്മാക്കൾ സഭാ പിതാക്കൻമാർ എന്നാണ് അറിയപ്പെടുന്നത്. ആ സഭാ പിതാക്കന്മാരുടെ ഗണത്തിൽ പെടുത്തുവാൻ സർവ്വഥാ യോഗ്യനാണ് ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ. തനിക്ക് ശരിയെന്നു ബോദ്ധ്യപ്പെട്ട കാര്യങ്ങളിൽ വിട്ടു വീഴ്ചയില്ലാതെ ഉറച്ചു നിൽക്കുവാനും, അഭിപ്രായങ്ങളെ തുറന്ന് കേൾക്കുവാനും അദ്ദേഹത്തിന് സാധിയ്ക്കുന്നുണ്ട്.

വിലകുറഞ്ഞ കൈയ്യടി ലഭിക്കുന്നതിനു വേണ്ടി കാറ്റത്താടുന്ന ഞാങ്ങണ പോലെ സാഹചര്യങ്ങൾക്കനുസരിച്ച് ആദർശങ്ങൾ മറക്കാനും വ്യക്തിത്വത്തെ ബലികഴിക്കാനും തയ്യാറാകാത്ത ഉന്നതമായ മനസ്സിന്റെ ഉടമയായ പവ്വത്തിൽ തിരുമേനി കുറുമ്പനാടത്ത് പുരാതനവും പ്രശസ്തവുമായ പവ്വത്തിൽ കുടുംബത്തിൽ 1930 ആഗസ്റ്റ് 14-ാം തിയതി ജനിച്ചു. മാതാവ് പുതുമന കുടുംബാംഗമായിരുന്നു. പാപ്പച്ചൻ എന്നായിരുന്നു ചെറുപ്പത്തിൽ വിളിച്ചിരുന്ന ഓമനപ്പേര്. ദൈവചൈതന്യത്തിലും പ്രാർത്ഥനാ ചൈതന്യത്തിലും കുട്ടികളെ വളർത്തുന്നതിൽ മാതാപിതാക്കളും വല്ല്യമ്മച്ചിയും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ദിവസവും ദിവ്യബലിയിൽ സംബന്ധിക്കുന്നതിൽ പാപ്പച്ചൻ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു.

വട്ടയത്തിൽ കുട്ടിയാശാന്റെ കളരിയിലായിരുന്നു വിദ്യാരംഭം. തുടർന്ന് കുറുമ്പനാടം ഹോളിഫാമിലി എൽ. പി സ്കൂൾ, കുറുമ്പനാടം സെന്റ് പീറ്റേഴ്സ് മിഡിൽ സ്കൂൾ, ചങ്ങനാശ്ശേരി എസ്സ്. ബി ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ബോർഡിംഗിൽ താമസിച്ചുകൊണ്ടാണ് ഹൈസ്കൂൾ പഠനം നടത്തിയത്. സ്കൂളിലെ പേര് പി. ജെ ജോസഫ് എന്നായിരുന്നു. എസ്സ്. എസ്സ്. എൽ. സി ഫസ്റ്റ് ക്ലാസ്സിൽ പാസ്സായ പി. ജെ ജോസഫ് എസ്സ്.ബി കോളേജിൽ ഫസ്റ്റ് ഗ്രൂപ്പെടുത്ത് കലാലയ വിദ്യാഭ്യാസം ആരംഭിച്ചു. സേക്രട്ട് ഹാർട്ട് ഹോസ്റ്റലിൽ ആയിരുന്നു താമസം. ഹോസ്റ്റൽ വാർഡനായിരുന്നു ഫാ. മാത്യു കാവുകാട്ട് (പിന്നീട് ആർച്ച് ബിഷപ്പ്) പി.ജെ ജോസഫിന് ഒരു നല്ല അദ്ധ്യാത്മിക ഗുരു കൂടിയായിരുന്നു. പുസ്തക വായനയിൽ അതീവ തത്പരനായിരുന്ന പി. ജെ ജോസഫ് അവധിക്കാലം കൂടുതൽ സമയം പുസ്തക വായനയ്ക്കു വേണ്ടിയാണ് ചിലവഴിച്ചിരുന്നത്. സയൻസ് വിഷയമായി എടുത്ത് കോളേജ് വിദ്യഭ്യാസം ആരംഭിച്ച പി. ജെ ജോസഫ് ഡിഗ്രിക്ക് ധനതത്വശാസ്ത്രം ഐച്ഛികമായി എടുത്തു. 1950 -ൽ ബി. എ പാസ്സായ ജോസഫ് മദ്രാസ് ലെയോള കോളേജിൽ ബിരുദാനന്തര പഠനത്തിന് ചേർന്നു. ഭാരതത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ നിർണ്ണായക ശക്തിയായി തീർന്ന ഫാ. ജെറോം ഡിസൂസാ എസ്സ്. ജെ ആയിരുന്നു കോളേജ് പ്രിൻസിപ്പൽ. പ്രശസ്തമായ രീതിയിൽ മാസ്റ്റർ ബിരുദം നേടിയ ജോസഫ് ഒരു വർഷക്കാലം കുടുംബ കാര്യങ്ങളിൽ ഏർപ്പെട്ട് വീട്ടിൽ കഴി

www.malankaralibrary.com

ഞ്ഞു. ലയോള കോളേജിലെ പഠനകാലത്ത് ജസ്യൂട്ട് വൈദികരുമായി ഉണ്ടായ അടുപ്പം ഒരു ഈശോ സഭാ വൈദികനാകാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. വീട്ടുകാരുടേയും മാർ മാത്യു കാവുകാട്ട് തിരുമേനിയുടേയും ഉപദേശമനുസരിച്ച് ഒരു ഇടവക വൈദികനാകാൻ തന്നെ ജോസഫ് സമ്മതിച്ചു. പാറേൽ പെറ്റി സെമിനാരിയിൽ ചേർന്ന് വൈദിക പഠനവും ആരംഭിച്ചു. എം. എ ബിരുദധാരിയായ പി. ജെ ജോസഫ് എന്ന ഇരുപത്തിമൂന്നുകാരൻ ആറേഴു വയസ്സ് ഇളപ്പമുള്ള കുട്ടികളോടൊന്നിച്ചിരുന്ന് പഠനം ആരംഭിച്ചു. പെറ്റ് സെമിനാരിയിലെ പ്രീഫക്ടായി ജോസഫ് നിയമിക്കപ്പെട്ടു. പഠനത്തിൽ അതി സമർത്ഥനായ ജോസഫിനെ പൂന സെമിനാരിയിലേക്കാണയച്ചത്. ഇംഗ്ലീഷും മലയാളവും ശരിക്കും കൈകാര്യം ചെയ്യാൻ സാധിച്ചിരുന്ന ജോസഫിനെ പേപ്പൽ സെമിനാരിയിലെ ഇംഗ്ലീഷ് അക്കാഡമിയുടേയും മലയാളം സമാജത്തിന്റെയും അദ്ധ്യക്ഷ പദവിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. തത്വശാസ്ത്ര- ദൈവശാസ്ത്ര വിഷയങ്ങളിൽ ആഴമായ അറിവും പ്രശസ്തമായ വിജയവും നേടിയ ബ്രദർ ജോസഫ് 1962 ഒക്ടോബർ 3ന് പേപ്പൽ സെമിനാരിയിലെ ചാപ്പലിൽ വെച്ച് വൈദിക പദവിയിലേക്ക് ഉയർത്തപ്പെട്ടു. യാതൊരു ആഘോഷങ്ങളുമില്ലാതെ പ്രഥമ ദിവ്യബലി ലളിതവും നിരാഡംബരവുമായി നടത്തപ്പെടുകയും ആഘോഷാദികൾക്ക് ചെലവാകുമായിരുന്ന തുക കന്യാകുമാരി മിഷന്റെ പ്രവർത്തനങ്ങൾക്കായി മാർ കാവുകാട്ട് തിരുമേനിയെ ഏൽപ്പിക്കുകയും ചെയ്തു.

എസ്സ്. ബി കോളേജിൽ അദ്ധ്യാപകനും സെന്റ് ജോസഫ് ഹോസ്റ്റലിന്റെ വാർഡനുമായിട്ടാണ് ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. കോളേജ് അദ്ധ്യാപകനായിരിക്കുമ്പോൾ സി. എസ്സ്. യുവിന്റെ ചാപ്ലെയിനായും വിദ്യാർത്ഥികളുടെ കലാസാഹിത്യ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിച്ച എക്സൽസിയർ ക്ലബ്, ട്യൂട്ടോറിയൽ സിസ്റ്റം എന്നിവയുടെ പ്രണേതാവും ആയിരുന്നു. വത്തിക്കാൻ സുന്നഹദോസിന്റെ തീരുമാനങ്ങൾ കേരള സഭയിൽ എങ്ങനെ പ്രാവർത്തികമാക്കാമെന്നതിനെപ്പറ്റി ചർച്ച ചെയ്യാൻ രൂപത, സ്റ്റേറ്റ്, ദേശീയ തലങ്ങളിൽ സംഘടിപ്പിക്കപ്പെട്ട ഇന്നത്തെ ഇന്ത്യയിലെ സഭ സെമിനാറിന്റെ സംഘാടകരിൽ പ്രമുഖനായിരുന്നു ഫാ. പവ്വത്തിൽ. ദേശീയ സെമിനാറിനു വേണ്ടി തയ്യാറാക്കപ്പെട്ട ബൃഹത്തായ സംശോധക ഗ്രന്ഥത്തിന്റെ രചയിതാക്കളിൽ പ്രധാനിയും അദ്ദേഹം തന്നെ. ദേശീയതലത്തിൽ ഇക്കാലങ്ങളിൽ തന്നെ പ്രസിദ്ധനായി തീർന്ന ഫാ. പവ്വത്തിൽ സന്ദേശ നിലയം കോ- ഡയറക്ടർ, എസ്സ്. എം. ബി സിയുടെ ലിറ്റർജിക്കൽ കമ്മിറ്റിയിലെ അതിരൂപതാ പ്രതിനിധി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, പ്രീസ്റ്റ് സെനറ്റ് സെക്രട്ടറി, എന്നിങ്ങനെ വിവിധ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. 1969-ൽ ധന തത്വശാസ്ത്രപഠനത്തിൽ ഉന്നത പഠനം നടത്തുന്നതിനായി ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ ചേർന്നു. ഫാ. പവ്വത്തിൽ ഓക്സ്ഫോർഡിൽ ആയി

www.malankaralibrary.com

രിക്കുമ്പോഴാണ് കാവുകാട്ട് പിതാവ് ദിവംഗതനാകുന്നത്. ഓക്സ്ഫോർഡിലെ വിദ്യഭ്യാസത്തിനു ശേഷം യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും ഏതാനും ആഴ്ച പര്യടനം നടത്തിയ ശേഷം 1970-ൽ ചങ്ങനാശ്ശേരിയിൽ മടങ്ങിയെത്തി, അദ്ധ്യാപകനായി ജോലി തുടർന്നു. 1970 ആഗസ്റ്റ് 15-ന് മാർ ആന്റണി പടിയറ ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രപ്പോലീത്തയായി അധികാരമേറ്റു. അദ്ദേഹത്തിന്റെ സഹായ മെത്രാനായി ഫാ. ജോസഫ് പവ്വത്തിലിനെ നിയമിച്ചു. 1972 ഫെബ്രുവരി 13-ാം തിയതി വത്തിക്കാനിൽ വെച്ച് ആറാം പോൾ മാർപ്പാപ്പ പവ്വത്തിലച്ചനെ മെത്രാനായി അഭിഷേചിക്കപ്പെട്ടു. കേസറിയ ഫിലിപ്പിയുടെ സ്ഥാനിക മെത്രാൻ ആയിട്ടാണ് നിയമനം. മാർപാപ്പായുടെ കരങ്ങളാൽ അഭിഷിക്തനാകുന്ന സീറോ- മലബാർ സഭയിലെ പ്രഥമ വൈദിക മേലദ്ധ്യക്ഷൻ എന്ന പദവിക്ക് കൂടി പവ്വത്തിൽ പിതാവ് അർഹനായി. മെത്രാഭിഷേക ചടങ്ങുകളിൽ 33 കർദ്ദിനാൾമാരും 105 വൈദിക മേലദ്ധ്യക്ഷൻമാരും പങ്കെടുക്കയുണ്ടായി. നാട്ടിൽ തിരിച്ചെത്തിയ പവ്വത്തിൽ തിരുമേനിയ്ക്ക് ഒരു ജീവകാരുണ്യ നിധി നൽകി കൊണ്ടാണ് അദ്ദേഹത്തെഎതിരേറ്റത്. അതിരൂപതയിൽ പിന്നീട് നടന്ന് വന്ന സാമൂഹ്യ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ മുഖ്യ സാമ്പത്തിക ശ്രോതസ്സ് ഈ ജീവകാരുണ്യ നിധിയാണ്.

മന്ദബുദ്ധികളുടെ കഴിവുകൾ വികസിപ്പിക്കുവാനും അവരെ സാമാന്യ ജീവിത ശൈലിയിലേക്ക് കൊണ്ടു വരുന്നതിനുമായി ഇത്തിത്താനത്ത് ആരംഭിച്ച ആശാഭവൻ പവ്വത്തിൽ പിതാവിന്റെ ആതുര സേവന ത്വരയുടെ മുഖ്യ സാക്ഷ്യമാണ്. 1972-ലെ സർവ്വകലാശാല നിയമത്തിനെതിരെ കേരളത്തിൽ നടന്ന ബഹുജന പ്രക്ഷോഭത്തിന് പവ്വത്തിൽ തിരുമേനി നൽകിയ ധീരമായ നേതൃത്വം തങ്ക ലിപികളിൽ ആലേഖനം ചെയ്യപ്പെട്ടരിക്കുകയാണ്. അതേ തുടർന്ന് രൂപതയൊട്ടാകെ യുവജന ശക്തി സംഭരിക്കാനായി യുവദീപ്തി എന്ന സംഘടനയ്ക്ക് രൂപം കൊടുത്തു. ഭാരതത്തിലെ മിഷൻ രംഗങ്ങളിൽ പ്രവർത്തിക്കുന്ന യുവപ്രേഷിതർക്കും വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിനും വിവിധ തലങ്ങളിൽ വേണ്ടത്ര പരിശീലനം നൽകുന്നതിനായി മിഷനറി ഓറിയന്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി പ്രധാന നേതൃത്വം വഹിച്ചത് പവ്വത്തിൽ പിതാവാണ്. റവ. ഡോ സേവ്യർ കുടപ്പുഴയുടെ ശക്തമായ പ്രേരണയും പ്രോത്സാഹനവും ഈ കാര്യങ്ങളിൽ അദ്ദേഹത്തിനു ലഭിച്ചു.

1977-ൽ കാഞ്ഞിരപ്പള്ളി രൂപത സ്ഥാപിച്ചപ്പോൾ അതിന്റെ പ്രഥമ ബിഷപ്പായി മാർ പവ്വത്തിലിനെ റോമിൽ നിന്നും നിയമിച്ചു. കാഞ്ഞിരപ്പള്ളി രൂപതയുടെ വികസനത്തിൽ അദ്ദേഹം വഹിച്ച പങ്ക് നിസ്തുലമാണ്. രൂപതാ മൈനർ സെമിനാരി, പാസ്റ്ററൽ സെന്റർ, സന്യർസ്തർക്കായിട്ടുള്ള നിർമ്മല തിയോളജിക്കൽ കോളേജ്, മെത്രാസന മന്ദിരം, പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റി, അമല കമ്മ്യൂണിക്കേഷൻസ് എല്ലാം പവ്വത്തിൽ പിതാവിന്റെ

www.malankaralibrary.com

നേട്ടങ്ങളാണ്.

1985-ൽ ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രപ്പോലീത്തയായി മാർ പവ്വത്തിലിനെ റോമിൽ നിന്നും നിയമിച്ചു. 1986 ജനുവരി 17-ന് ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രപ്പോലീത്തയായി അധികാരമേറ്റു. 1986-ലെ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ കേരള സന്ദർശനത്തിന്റെ വിജയത്തിനു വേണ്ടിയുള്ള ശ്രമങ്ങളിൽ തിരുമേനി മുഖ്യനേതൃത്വം വഹിച്ചു. ചാവറ കുര്യാക്കോസ് ഏലിയാസച്ചനേയും സി. അൽഫോൻസയേയും വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്ക് ഉയർത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ചത് പവ്വത്തിൽ പിതാവായിരുന്നുവെന്നത് പ്രത്യേകം പറയാവുന്നതാണ്.

അതിരൂപതാ ശതാബ്ദി വിപുലമായ തോതിൽ ആഘോഷിക്കുന്നതിനും അദ്ദേഹം ശ്രമിച്ചു. 1986-1987 അതിരൂപതാ ശതാബ്ദി വർഷമായി തിരുമേനി പ്രഖ്യാപിക്കുകയും ചെയ്തു. 1986 ആഗസ്റ്റ് 29ന് മെത്രപ്പോലീത്തൻ പള്ളിയിൽ വെച്ച് പ്രൊനുൺഷ്യോ മോസ്റ്റ് റവ:ഡോ അഗസ്റ്റിനോ കച്ചാവിലിൽ ശതാബ്ദിയാഘോഷം ഉൽഘാടനം ചെയ്തു. പവ്വത്തിൽ തിരുമേനിയുടെ പാലിയം സ്വീകരണവും കുര്യാളശ്ശേരി മാർത്തോമ്മാ മെത്രാന്റെ നാമകരണ നടപടികളുടെ ഉൽഘാടനവും അന്നു തന്നെ നടന്നു. ഒരു വർഷം നീണ്ടു നിന്ന അതിരൂപതാ ശതാബ്ദിയുടെ സമാപനം കുറിച്ചത് 1987 ആഗസ്റ്റ് 17-ന് കർദ്ദിനാൾ സൈമൺ ലൂർദ്ദ് സ്വാമിയായിരുന്നു.

1988 ഏപ്രിൽ 12 മുതൽ 23 വരെ വടവാതൂരിൽ നടന്ന സി. ബി. സി. ഐ സമ്മേളനത്തിന് ചങ്ങനാശ്ശേരി അതിരൂപത മറ്റു സമീപ രൂപതകളോട് ചേർന്ന് ആതിഥേയത്വം വഹിച്ചു. സമ്മേളനത്തിൽ പങ്കെടുത്ത പിതാക്കൻമാർക്ക് വൻപിച്ച സ്വീകരണവും നൽകി.

മരിയൻ വത്സരവും വിശ്വാസ പ്രഘോഷണ വർഷവുമായി 1989-1990 ആഘോഷിച്ചു. 2000-ത്തിലെ മഹാജൂബിലിക്ക് വിപുലമായ തയ്യാറെടുപ്പുകളും നടത്തി. കാലഘട്ടത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്തു കൊണ്ട് ദൈവജനത്തിലെ രണ്ട് വ്യത്യസ്ത വിഭാഗങ്ങൾക്കായി ക്രാന്ത ദർശിയായ പവ്വത്തിൽ പിതാവ് രണ്ടു പഠന കേന്ദ്രങ്ങൾ ആരംഭിച്ചു. അൽമായർക്കായി മാർത്തോമാ വിദ്യാനികേതനും സന്യസ്തർക്കായി അമല തിയോളജിക്കൽ കോളേജും. ഭാരതീയ സന്യാസ സങ്കൽപ്പത്തിന് അനുസരണമായും മാതൃസഭയുടെ അദ്ധ്യാത്മിക പൈതൃകത്തോട് വിശ്വസ്തത പുലർത്തിയും രൂപം കൊടുത്തതാണ് മാർത്തോമാ സഹോദരികൾ എന്ന സന്യാസിനി സമൂഹം.

സി.ബി.സി.ഐയിൽ മാർ പവ്വത്തിലിനുള്ള സ്ഥാനം വിലപ്പെട്ടതാണ്. സി.ബി.സി.ഐയുടെ പല സമിതികളുടേയും ചെയർമാനായും അംഗമായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. 1994 ഫെബ്രുവരി 28-ന് ഡൽഹിയിൽ ചേർന്ന മെത്രാൻമാരുടെ പൊതു സമ്മേളനം മാർ പവ്വത്തിലിനെ സംഘടനയുടെ അദ്ധ്യക്ഷനായി തിരഞ്ഞെടുത്തു. സി. ബി. സി. ഐ പ്രസിഡണ്ടായ ഉടനെ അദ്ദേഹം നടത്തിയ പ്രസ്താവന കത്തോലിക്കരുടെ താത്പര്യങ്ങൾ സംര

www.malankaralibrary.com

ക്ഷിക്കാൻ പ്രവർത്തിക്കുമെന്നായിരുന്നില്ല. രാഷ്ട്രത്തിന്റെ മതേതര സ്വഭാവം ശക്തിപ്പെടുത്തുന്നതിനും വിവിധ മതാനുയായികൾ തമ്മിൽ സൗഹൃദം വളർത്തുന്നതിനും ശ്രമിക്കുമെന്നായിരുന്നു. ആ ലക്ഷ്യസാദ്ധ്യത്തിനായി തിരുമേനി റിലീജിയസ് ഫെല്ലോഷിപ്പ് ഫൗണ്ടേഷൻ രൂപീകരിക്കുകയുണ്ടായി. ആ സന്ദർഭത്തിൽ കത്തോലിക്കാ കോൺഗ്രസ് ബുള്ളറ്റിൻ മുഖപ്രസംഗത്തിൽ ഇപ്രകാരം എഴുതി. "ഏതെങ്കിലും ഒരു ഹിന്ദുവിന് എതിർപ്പുണ്ടെങ്കിൽ അവിടെ ദേവാലയം നിർമ്മിക്കാൻ ഞങ്ങൾ ശ്രമിക്കുകയില്ല, എന്ന് അസന്നിദ്ധമായി പ്രഖ്യാപിച്ച ക്രൈസ്തവ സമൂഹത്തിന് മാത്രമേ ഇന്നത്തെ പ്രതിസന്ധിയിൽ രാജ്യത്തെ രക്ഷിക്കാൻ സാധിക്കുകയുള്ളു. സ്നേഹത്തിന്റെ സന്ദേശമാണ് ക്രൈസ്തവർ സംവഹിക്കുക. ഭാരതത്തിന്റെ സാംസ്ക്കാരിക പൈതൃകം എന്ന് പറയുമ്പോൾ അത് ഇവിടുത്തെ ഹൈന്ദവന്റെ മാത്രം സാംസ്ക്കാരിക പൈതൃകമല്ല. ഇവിടുത്തെ ക്രിസ്ത്യാനിയുടേയും മുസ്ലീമിന്റേയുമൊക്കെ പൈതൃകമാണ്. ആ യഥാർത്ഥ്യം അംഗീകരിക്കുവാൻ ഇവിടുത്തെ ഹൈന്ദവ സമൂഹം തയ്യാറാകണം.

ഇന്നത്തെ ഈ ദുർഘട സന്ധിയിൽ ഭാരതത്തിൽ ശാശ്വതമായ സമാധാനം കൈവരുവാൻ ക്രൈസ്തവ സമൂഹം നേതൃത്വം നൽകണം. ഭാരതത്തിന്റെ സാംസ്കാരികപൈതൃകത്തെപ്പറ്റി തികഞ്ഞ അവബോധമുള്ള ആർച്ച് ബിഷപ്പ് മാർ പവ്വത്തിലിന് ഈ രംഗത്ത് വലിയ സംഭാവന നൽകാൻ കഴിയുമെന്നാണ് ഞങ്ങളുടെ ഉത്തമ ബോദ്ധ്യം. സി. ബി. സി. ഐ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം ആർച്ച് ബിഷപ്പ് നടത്തിയ ആദ്യ പ്രസ്താവനയിൽ മത മൈത്രി വളർത്താൻ ഇതര മതങ്ങളുമായി ചർച്ച നടത്തുകയാവും തന്റെ പ്രഥമ കർത്തവ്യമെന്നും രാജ്യത്ത് മതേതരത്വം ശക്തിപ്പെടുത്തുവാൻ സി. ബി. സി. ഐ കഴിവതും ശ്രമിക്കുമെന്നും പറയുകയുണ്ടായി. സി. ബി. സി. ഐ പ്രസിഡണ്ട് എന്ന നിലയിൽ ഇന്ത്യയിലെ കത്തോലിക്കരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ ഞാൻ ശ്രമിക്കുമെന്നല്ല മാർ പവ്വത്തിൽ പ്രസ്താവിച്ചത്. മറിച്ച് ഭാരതത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുമെന്നാണ് അദ്ദേഹം പ്രസ്താവിച്ചത്. ഉത്തമനായ ഒരു രാജ്യസനേഹിക്ക് ഇതിൽ കവിഞ്ഞ് എന്താണ് പറയുവാനുള്ളത്. നമ്മുടെ രാജ്യത്തിന്റെ ഇന്നത്തെ നിലയിൽ മാർ പവ്വത്തിലിനും ക്രൈസ്തവ സമൂഹത്തിനുമുള്ള ഉൽക്കണ്ഠയും വേദനയുമാണ് ആ വാക്കുകളിൽ കൂടി പ്രകടമാകുന്നത്.

ഇന്ത്യ ഇന്ത്യയായി തന്നെ നിലനിൽക്കണം. അവിടെ ഹിന്ദുവും മുസൽമാനും പാർസിയും സിക്കുകാരനും ക്രിസ്ത്യാനിയും എല്ലാം ഏകോദര സഹോദരൻമാരെപ്പോലെ പെരുമാറണം. അതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ മാർ പവ്വത്തിലിന് സാധിക്കട്ടെയെന്ന് ഞങ്ങൾ ആശംസിക്കുന്നു. പക്ഷേ അതിനുള്ള ശ്രമം ഭഗീരത പ്രയത്നമാണെന്ന് ഞങ്ങൾക്കുത്തമബോദ്ധ്യമുണ്ട്. പക്ഷേ ഈ വെല്ലുവിളിയെ ആരെങ്കിലും നേരിട്ടേ മതിയാവൂ. പുറം തിരിഞ്ഞ് നിൽക്കാൻ സാദ്ധ്യമല്ല. അർപ്പണ മനോഭാവവും കറി

www.malankaralibrary.com

നാദ്ധ്വാനവും ലക്ഷ്യബോധമുള്ളവർക്കേ ഈ രംഗത്ത് വിജയിക്കുവാൻ സാധിക്കുകയുള്ളു. പുതിയ സി. ബി. സി. ഐ പ്രസിഡണ്ടിന് അത് സാധിക്കുമെന്നാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം. അത് സാധിച്ചേ മതിയാവൂ. സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികളും അവയ്ക്കുള്ള പ്രത്യുത്തരവും ശരിയായ ഒരു പഠനത്തിന് വിധേയമാക്കണം. അതിനു വേണ്ടി വന്നാൽ ഒരു വിദഗ്ദ സമിതിയെ രൂപീകരിച്ചുകൊണ്ട് സി. ബി. സി. ഐ മുന്നോട്ടുപോകണം. ആ ശ്രമത്തിന് പിന്നിൽ സകല ഭാരതീയരെയും അണി നിരത്തണം."

ഇന്ത്യൻ ജനതയുടെ വികാരവിചാരങ്ങൾ പൂർണ്ണമായും ഗ്രഹിച്ച് എല്ലാവരുടേയും സ്നേഹാദരങ്ങൾ ഏറ്റുവാങ്ങിയ മാർ പവ്വത്തിലിനെ 1996-ൽ വീണ്ടും സി. ബി. സി. ഐ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.

സത്യത്തിലും സ്നേഹത്തിലും എന്ന ഗ്രന്ഥത്തിൽ ഫാ. ജെ. നെല്ലിക്കുന്നത്ത് ഇപ്രകാരം എഴുതിയിരിക്കുന്നു. "ദൈവജനത്തിന്റെ മതാത്മക ജീവിതത്തിൽ ആരാധന ക്രമത്തിനുള്ള സ്ഥാനം ഏറ്റം സമുന്നതമാണ്. ആരാധനയുടെ നിമിഷങ്ങളിലാണ് സഭ ഏറ്റവും സജീവവും കർമ്മോത്സുകവുമായി പ്രവർത്തിക്കുക. സഭയുടെ പ്രവർത്തനങ്ങളുടെയെല്ലാം ഉച്ചകോടിയും അവളുടെ അസ്തിത്വത്തിന്റെ ഊർജ്ജസ്രോതസ്സുമായിട്ടാണ് ആരാധനക്രമത്തെ വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിച്ചിട്ടുള്ളത്. കൗൺസിൽ പ്രഖ്യാപനങ്ങളുടെ ചൈതന്യം അതിന്റെ പൂർണ്ണതയിൽ ഉൾക്കൊണ്ടിട്ടുള്ള ഒരു വൈദിക മേലദ്ധ്യക്ഷനാണ് പവ്വത്തിൽ പിതാവ്. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിലും ലേഖനങ്ങളിലുമെല്ലാം മിക്കപ്പോഴും ബോധപൂർവ്വമായും, ചിലപ്പോൾ അബോധപൂർവ്വമായി തന്നെയും ആരാധന ക്രമത്തെകുറിച്ചുള്ള ഊന്നൽ കടന്നു വരുന്നുണ്ടെങ്കിൽ അത് അദ്ദേഹത്തിന്റെ ആഴമേറിയ ബോദ്ധ്യം നിമിത്തമാണെന്നുള്ളതിന് സംശയമില്ല. അദ്ധ്യാത്മികതയുടെ അടിത്തറയും ആലംബവും ആരാധനക്രമമായിരിക്കണമെന്ന് അദ്ദേഹം വാദിക്കുമ്പോൾ അതിന് സഭാ പ്രബോധനങ്ങളുടെ ഉറച്ച പിൻബലമുണ്ട്.

ആരാധന ക്രമത്തിന്റെ ഈ പരമ പ്രാധാന്യത്തിലേക്ക് ശ്രദ്ധയൂന്നുമ്പോൾ, ചരിത്രത്തിന്റെ ഗതിവിഗതിക്കൾക്കിടയിൽ സീറോ- മലബാർ സഭയുടെ രൂപ ഭാവങ്ങളിൽ കടന്നു പറ്റിയിട്ടുള്ള അന്യഘടകങ്ങളിൽ നിന്ന് അതിനെ മോചിപ്പിച്ച് അതിന്റെ നൈസർഗ്ഗിക സൗകുമാര്യത്തിലേക്ക് പുനരുദ്ധരിക്കേണ്ടിതിന്റെ ആവശ്യകത ചിന്താ ശീലൻമാർക്ക് വ്യക്തമാകാതിരിക്കുകയില്ല. സാർവത്രിക സഭ വ്യക്തി സഭകളുടെ കൂട്ടായ്മയാണെന്ന തത്വം ഊന്നി പറയുക വഴി വത്തിക്കാൻ കൗൺസിൽ സഭാ വിജ്ഞാനീയത്തിന് നൽകിയിട്ടുള്ള ഉൾകാഴ്ച വളരെ വിലപ്പെട്ടതാണല്ലോ. ഈ തത്വത്തിൽ ചുവടുറപ്പിച്ച് നിന്നുകൊണ്ടാണ് ക്രാന്തദർശിയായ പവ്വത്തിൽ പിതാവ്, സീറോ-മലബാർ സഭ തനിമയും വ്യക്തിത്വവുമുള്ള സഭയായി വളരണമെന്നും, എങ്കിൽ മാത്രമേ അതിന് സാർവ്വത്രിക സഭയിൽ അതിന്റേതായ ദൗത്യം നിർവ്വഹിക്കാനാകൂ എന്നും വാദിക്കുന്നത്. ആദർശാധിഷ്ഠിതമായ ആ നില

www.malankaralibrary.com

പാടുമൂലം പിതാവിന് പലപ്പോഴും വളരെയധികം വിമർശനങ്ങൾ ഏൽക്കേണ്ടി വരുന്നുണ്ടെന്നുള്ളത് വാസ്തവം. മിക്കപ്പോഴും വളരെ ക്രൂരമായ വിമർശനങ്ങൾ, എങ്കിലും അദ്ദേഹം തത്വം ബലിക്കഴിക്കാൻ തയ്യാറാകാതെ ധീരമായി മുമ്പോട്ട് ചുവട് വെയ്ക്കുന്നു." ആരാധനാ ക്രമം സംബന്ധിച്ച് പവ്വത്തിൽ തിരുമേനിയുടെ നിലപാട് വളരെ വ്യക്തമായി മനസ്സിലാക്കുവാൻ മേലുദ്ധരിച്ച ഭാഗം സഹായിക്കും. പുനരുദ്ധരിക്കപ്പെട്ട കുർബ്ബാന ക്രമത്തിന്റെ രൂപവൽക്കരണത്തിലും പുനരുദ്ധരിച്ചതായ പ്രാർത്ഥനകൾ നടപ്പിലാക്കുന്ന കാര്യത്തിലും പവ്വത്തിൽ തിരുമേനി വഹിച്ച പങ്ക് നിർണ്ണായകമാണ്.

എല്ലാ കാര്യങ്ങളെപ്പറ്റിയും ശരിക്കും പഠനം നടത്തുന്ന പവ്വത്തിൽ തിരുമേനി ഒരു വിദ്യഭ്യാസ ചിന്തകനും പ്രവർത്തകനുമാണ്. വിദ്യഭ്യാസ രംഗത്ത് എന്നെങ്കിലും പ്രശ്നം ഉദിക്കുമ്പോൾ സഭ ഒന്നാകെ നോക്കുന്നത് പവ്വത്തിൽ തിരുമേനിയിലേക്കാണ്. കഴിഞ്ഞ 33 വർഷങ്ങൾക്കിടയിൽ വിദ്യഭ്യാസ രംഗത്ത് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ ശരിയായി പഠിക്കുകയും ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിൽ പവ്വത്തിൽ തിരുമേനിയെപ്പോലെ ശുഷ്കാന്തി കാണിച്ചിട്ടുള്ളവരധികമില്ല. സാങ്കേതിക കോളേജ് പ്രശ്നം രൂക്ഷമായപ്പോൾ പവ്വത്തിൽ തിരുമേനിയെപ്പോലെ ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ മറ്റാർക്കും സാധിച്ചിട്ടില്ല. വിദ്യഭ്യാസ പ്രശ്നം സംബന്ധിച്ച സർക്കാർ നിലപാടിലെ തെറ്റുകൾ ചൂണ്ടികാണിച്ചുകൊണ്ടും സമുദായംഗങ്ങളെ തങ്ങളുടെ കടമകൾ നിർവ്വഹിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടും തിരുമേനി വിദ്യഭ്യാസ കമ്മീഷൻ ചെയർമാൻ എന്ന നിലയിൽ എഴുതിയിട്ടുള്ള ലേഖനങ്ങളും പ്രസ്താവനകളും പരിശോധിച്ചാൽ അദ്ദേഹം ഈ വിഷയത്തിൽ എത്ര തല്പരനാണെന്ന് മനസ്സിലാക്കാൻ സാധിക്കും. അദ്ദേഹം ബോധവൽക്കരണം ലക്ഷ്യമാക്കി വിളിച്ചുകൂട്ടിയിട്ടുള്ള നേതൃസമ്മേളനങ്ങളും കൺവെൺഷനുകളും എത്രയധികമാണ്? വിദ്യാഭ്യാസ പ്രശ്നത്തിൽ ക്രൈസ്തവ സമൂഹത്തിന്റെ പൊതു വക്താവാണ് തിരുമേനി.

സഭൈക്യ സംരഭങ്ങൾക്കുവേണ്ടി പവ്വത്തിൽ തിരുമേനിയെപ്പോലെ അത്മാത്ഥമായി പ്രവർത്തിച്ചിട്ടുള്ളവർ അധികമാരുമില്ല. ഇക്കാര്യത്തിൽ നിധീരിക്കൽ മാണി കത്തനാരുടെ യഥാത്ഥ പിൻഗാമിയാണ് മാർ പവ്വത്തിൽ. മാർത്തോമാ ക്രിസ്ത്യാനികളുടെ പൂർവ്വകാല ചരിത്രം ശരിക്കും പഠിച്ചതിന്റെ പേരിലാണ് കേരളത്തിലെ ക്രിസ്തീയ വിശ്വാസികളെല്ലാവരും ഒന്നിക്കണമെന്ന് അഭിപ്രായപ്പെടുന്നത്. കത്തോലിക്കാ മേലദ്ധ്യക്ഷൻമാർ പിതാവിന്റെ ഈ നീക്കത്തിൽ സംശയാലുക്കളല്ല, സംതൃപ്തിയാണവർക്കുള്ളത്.

സഭയുടെ അന്താരാഷ്ട്രവേദികളിൽ ഉന്നതമായ സ്ഥാനം ആണ് പവ്വത്തിൽ തിരുമേനിക്കുള്ളത്. ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്പ് കോൺഫറൻസിന്റെ പ്രവർത്തനങ്ങൾക്ക് പിതാവ് നൽകിയ നേതൃത്വം എല്ലാവരും അംഗീകരിച്ചിട്ടുണ്ട്. ഏഷ്യൻ ബിഷപ്പ്സ് കോൺഫറൻസിന്റെ ജക്കാർത്താ, മനില, ബാങ്കോക്ക്, ടോക്കിയോ സമ്മേളനങ്ങളിൽ പവ്വത്തിൽ പിതാവ് അവത

www.malankaralibrary.com

രിപ്പിച്ച പ്രബന്ധങ്ങൾ അദ്ദേഹത്തിന്റെ ദൈവശാസ്ത്ര പാണ്ഡിത്യത്തിനും ഉന്നതകാഴ്ചപ്പാടുകൾക്കും മകുടോദാഹരണങ്ങളാണ്. സൗത്ത് ഏഷ്യൻ ബിഷപ്പ്സിന്റെ കാഠ്മണ്ഡു സമ്മേളനത്തിലും പിതാവ് നിർണ്ണായക നേതൃത്വം നൽകി. മലങ്കര ഓർത്തഡോക്സ് സഭയും കത്തോലിക്കാ സഭ യുമായുള്ള സഭൈക്യസംവാദത്തിനായുള്ള അന്തർദ്ദേശീയ കമ്മറ്റിയിലും മാർ പവ്വത്തിൽ അംഗമാണ്. 1993-ൽ ആരംഭിച്ച കേരള ക്രൈസ്തവ മെത്രാന്മാരുടെ സമ്മേളനത്തിന്റെ ആരംഭകനും സംഘാടകനുമായി അദ്ദേഹം ഇന്നും പ്രവർത്തിക്കുന്നു. വെനിസിൽ നിന്നും പ്രസദ്ധീകരിക്കുന്ന ഒയാസിസ് (OASIS) എന്ന അന്തർദ്ദേശിയ പ്രസദ്ധീകരണത്തിന്റെ വിദഗ്ദ്ധ സമതിയിലും അദ്ദേഹം അംഗമാണ്.

സഭൈക്യ രംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകുന്ന ഒരു പ്രസ്ഥാനമാണല്ലോ വിയന്ന കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പ്രോ - ഓരിയന്റെ ഫൗണ്ടേഷൻ. സഭൈക്യരംഗത്തെ പവ്വത്തിൽ തിരുമേനിയുടെ ശ്രദ്ധേയമായ സംഭാവനകൾ കണക്കിലെടുത്ത് പ്രോ - ഓറിയന്റെ ഫൗണ്ടേഷൻ, അതിൽ വിശിഷ്ടാ അംഗത്വം പവ്വത്തിൽ തിരുമേനിക്ക് നൽകി. ഫൗണ്ടേഷൻ കോട്ടയം സമ്മേളനത്തിന്റെ മുഖ്യ സംഘാടകനായിരുന്ന അദ്ദേഹം പ്രോ-ഓറിയന്റോയുടെ ചിക്കാഗോ സമ്മേളനത്തിലും പങ്കെടുക്കുകയുണ്ടായി. ക്രൈസ്തവ ഐക്യത്തിനായുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ പ്രധാന പ്രവർത്തകരിൽ ഒരാളാണ് തിരുമേനി. കത്തോലിക്കാ- ഓർത്തോഡോക്സ് സഭൈക്യ സംവാദത്തിനുവേണ്ടി വർഷങ്ങളായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന മാർ പവ്വത്തിൽ, പൊന്തിഫിക്കൽ കമ്മീഷൻ 1993-ൽ റോമിൽ സംഘടിപ്പിച്ച സഭൈക്യ സമ്മേളനത്തിലും 1994-ൽ ഫെബ്രുവരിയിൽ ജറുസലേമിൽ നടന്ന അന്തർദേശീയ യഹൂദ ക്രൈസ്തവ സമ്മേളനത്തിലും പങ്കെടുത്തിട്ടുണ്ട്.

1985 മുതൽ റോമിൽ നടന്ന ബിഷപ്പുമാരുടെ എല്ലാ സിനഡൽ സമ്മേളനങ്ങളിലും മാർ പവ്വത്തിലിനെ ക്ഷണിക്കുകയുണ്ടായി. റോമിൽ നടന്ന പ്രഥമ ഏഷ്യൻ സിനഡിന്റെ പ്രീ സിനഡൽ കൗൺസിലിലേക്ക് ഭാരതത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട രണ്ടു മേലദ്ധ്യക്ഷൻമാരിൽ ഒരാളായിരുന്നു അദ്ദേഹം. ബനഡിക്ട് 16-ാമൻ മാർപ്പാപ്പ വിളിച്ചുകൂട്ടിയ ബിഷപ്പ് സിനഡിലും പവ്വത്തിൽ തിരുമേനിയെ പ്രത്യേകം ക്ഷണിച്ചിരുന്നു. സിനഡിൽ വെച്ച് സിനഡിന്റെ പ്രസ്താവന തയ്യാറാക്കാൻ നിയമിക്കപ്പെട്ട കമ്മിറ്റിയിലും അദ്ദേഹം ഉൾപ്പെട്ടിരുന്നു. 75 വയസ്സ് പൂർത്തിയാക്കി വിശ്രമത്തിനൊരുങ്ങുന്ന പവ്വത്തിൽ തിരുമേനിയുടെ സേവനം റോം ഇനിയും പ്രതീക്ഷിക്കുന്നുണ്ടെന്നുള്ളതിന് തെളിവാണ് സിനഡൽ സമ്മേളനത്തിലേക്കുള്ള നോമിനേഷൻ.

വിവിധ മേഖലകളിൽ പവ്വത്തിൽ തിരുമേനി നൽകുന്ന നേതൃത്വം പ്രശംസാർഹമാണ്. സന്ദേശ് കമ്മ്യൂണിക്കേഷൻസ്, പുസ്തക പ്രചാരണ പദ്ധതികൾ, പുരസ്കാര ദാനങ്ങൾ, പ്രതിഭാ സംഗമങ്ങൾ, പുരാവസ്തു കേന്ദ്രം, മ്യൂസിയം എന്നിങ്ങനെയുള്ള മേഖലകളിൽ പിതാവ് ശ്രദ്ധ ചെലു

www.malankaralibrary.com

ത്തുന്നുണ്ട്. പുസ്തക വായനയിൽ അതീവ ശ്രദ്ധാലുവാണ്. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ വരുന്ന എല്ലാ ലേഖനങ്ങളിലും അദ്ദേഹം ശ്രദ്ധപതിപ്പിക്കാറുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ വിശദീകരണങ്ങൾ നൽകുകയും ചെയ്യുന്നു. ലളിത ജീവിതവും ഉയർന്ന ചിന്തയും അദ്ദേഹത്തിന്റെ പ്രത്യേകതകളാണ്. മാർ പവ്വത്തിൽ സ്ഥാപിച്ച സിസ്റ്റേഴ്സ് ഓഫ് സെന്റ് തോമസ് എന്ന മൊണാസ്റ്റിക് കമ്മ്യൂണിറ്റി പൗരസ്ത്യ ആദ്ധ്യാത്മികതയുടെയും ഭാരതീയ സന്യാസ രീതികളുടെയും ഒരു സംയുക്തമായ സമ്മേളനമാണ്.

ഫാ. ജെ നെല്ലിക്കുന്നത്ത് എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കാം. ഒഴുക്കിനൊത്ത് നീന്തുക ആയാസരഹിതമാണ്. ഒഴുക്കിനെതിരെ നീന്തുക ക്ലേശകരവും. ജനസാമാന്യത്തോടൊത്ത് ചിന്തിക്കുമ്പോൾ കൈയടി നേടാൻ എളുപ്പമാണ്. എന്നാൽ സാമാന്യജനങ്ങളിൽ നിന്ന് ഉയർന്ന്, കൂടുതൽ വിശാലവും സമഗ്രവുമായ കാഴ്ചപ്പാടിൽ വസ്തുതകൾ കണ്ട് വിലയിരുത്തുവാനും, ആ വഴിക്ക് ചിന്തിക്കുവാൻ മറ്റുള്ളവരെ പ്രേരിപ്പിക്കാനും ശ്രമിക്കുമ്പോൾ മനുഷ്യന് ഏറെ വെല്ലുവിളികളും നേരിടേണ്ടി വരും. ഭൂരിപക്ഷമാളുകളും ചിന്താശക്തിക്ക് വിശ്രമമനുവദിക്കുന്നതും മനസ്സിന്റേയും ശരീരത്തിന്റേയും ആയാസമൊഴുവാക്കുന്നതുമായ ആദ്യത്തെ മാർഗ്ഗം സ്വീകരിക്കുമ്പോൾ ചുരുക്കം ചിലർ മാത്രം ക്ലേശപൂർണ്ണമായ രണ്ടാമത്തെ വഴി തിരഞ്ഞെടുക്കുന്നു. പക്ഷേ ആദ്യത്തെ കൂട്ടർ കാലപ്രവാഹത്തിന്റെ ചുഴികളിലും മലരികളിലും പെട്ട് വട്ടം തിരിയുകയും ഒഴിക്കിൽ പെട്ട് ഒലിച്ച് പോവുകയും ചെയ്യുമ്പോൾ രണ്ടാമത്തെ കൂട്ടരാണ് ലക്ഷ്യബോധത്തോടെ ചരിത്രം തിരുത്തി കുറിക്കാൻ പ്രാപ്തരായി തീരുന്നത്. പരീക്ഷണങ്ങളും വെല്ലുവിളികളും നിറഞ്ഞ രണ്ടാമത്തെ മാർഗ്ഗം സ്വീകരിക്കുവാനും നിശ്ചയദാർഢ്യത്തോടെ ആ വഴിയിൽ മുന്നേറുവാനുമാണ് ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിലിന് നൈസ്സർഗ്ഗികമായിത്തന്നെയുള്ള താല്പര്യം."


ഭാരത സഭ നേരിടുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പ്രതിവിധികളും ആധികാരികമായി പറയാൻ കഴിവുള്ള ഭാരതത്തിലെ ഏറ്റവും പ്രഗത്ഭനായ ആർച്ച് ബിഷപ്പ് മാർ പവ്വത്തിൽ എപ്പോഴും കർമ്മനിരതനാണ്.

വിലാസം - ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ,
ആർച്ച് ബിഷപ്പ് ഹൗസ്, ചങ്ങനാശ്ശേരി

www.malankaralibrary.com

# 119

# അഡ്വ. ജോസഫ് ജേക്കബ് കൈനടി



മലബാർ കുടിയേറ്റ ചരിത്രത്തിലെ ഒരു ഇതിഹാസപുരുഷനാണ് കൈനടി കറിയാച്ചൻ എന്ന പി.ജെ. ജേക്കബ്. ആദ്യകാല മലബൊർകുടിയേറ്റക്കാരെ നാട്ടുപ്രമാണികളുടെ ചൂഷണത്തിൽ നിന്നും രക്ഷിച്ച പ്രഗത്ഭനായ കൈനടികറിയാച്ചൻ കുട്ടനാട്ടിൽ കൈനടിവട്ടപ്പറമ്പിൽ കുടുംബത്തിലാണ് ജനിച്ചത്. (അദ്ദേഹത്തെപ്പറ്റിയുള്ള വിശദവിവരങ്ങൾ കേരളസഭാരത്നങ്ങൾ രണ്ടാംഭാഗത്തിൽ പേജ് 203 ൽ ചേർത്തിട്ടുണ്ട്.) കേരളത്തിന്റെ വിശിഷ്യമലബാറിന്റെ സാമൂഹ്യസാംസ്കാരിക സമുദായികമണ്ഡലങ്ങളിൽ മായാത്ത വ്യക്തിമുദ്രപതിപ്പിച്ച അഡ്വ. ജോസഫ് ജേക്കബ്, കൈനടികറിയാച്ചന്റെ പ്രഥമ സന്താനമാണ്. മാതാവിന്റെ പേര് ത്രേസ്യാമ്മ. 1930 സെപ്റ്റംബർ 8 നാണ് ജനനം. മദ്രാസ് ലോ കോളേജിൽ നിന്നും 1952 ൽ നിയമബിരുദമെടുത്തശേഷം മദ്രാസ് ഹൈക്കോടതിയിൽ അഭിഭാഷകനായി എൻറോൾ ചെയ്യുകയും 1955 ൽ കോഴിക്കോട് പ്രാക്ടീസ് ആരംഭിക്കുകയും ചെയ്തു. കോഴിക്കോട് ആദ്യമായി ഒരു ലോ ഫേം 1963 ൽ അദ്ദേഹം സ്ഥാപിച്ചു. കേരളഹൈക്കോടതിയിലും പ്രാക്ടീസ് നടത്തി. 1973 ൽ കാലിക്കട്ട് ബാർ അസോസിയേഷൻ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.

കേരളത്തിൽ ഏകീകൃതമായ ഒരു അഭിഭാഷകസംഘടനയുടെ ആവശ്യം തലശ്ശേരിയിൽ 1973 ൽ കൂടിയ അഭിഭാഷകസമ്മേളനത്തിൽ അഡ്വ. ജോസഫ് ജേക്കബ് ഉന്നയിച്ച് സംസാരിച്ചു. അങ്ങനെ ഒരു ഏകീകൃത സംഘടനയുണ്ടാക്കാൻ മലബാറിലെ ഏറ്റം പ്രശസ്തമായ കാലിക്കട്ട് ബാർ അസോസിയേഷന്റെ പ്രസിഡണ്ട് എന്ന നിലയിൽ അഡ്വ. ജോസഫ് ജേക്കബ്ബിനെ ചുമതലപ്പെടുത്തി. അദ്ദേഹം കേരളത്തിലെ എല്ലാ ബാർഅസോസിയേഷനും സന്ദർശിച്ച് 50 പ്രമുഖ ബാർ അസോസിയേഷനിൽ നിന്നായി 500 ഓളം പ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ആദ്യത്തെ കേരളസംസ്ഥാന അഭിഭാഷക കോൺഫറൻസ് കോഴിക്കോട്ട് നടത്തുകയും ആ സമ്മേളത്തിൽവച്ച് കേരളബാർ ഫെഡറേഷൻ രൂപീകരിക്കുകയും ചെയ്തു. പ്രതിനിധികൾ അഡ്വ. ജോസഫിനെ സ്ഥാപക അദ്ധ്യക്ഷനായി തിരഞ്ഞെടുക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കേരള ബാർ ഫെഡറേഷന്റെ രജതജൂബിലി 2000 ൽ കോഴിക്കോട് ആഘോഷിച്ചു.

കോഴിക്കോട്ടെ റോട്ടറിക്ലബ്ബിന്റെ സ്ഥാപക പ്രസിഡണ്ടായ ജോസഫ്, റോട്ടറി ഡിസ്ട്രിക്ട് 3200 ന്റെ ഗവർണ്ണർ ആയി തിരഞ്ഞെടുക്കപ്പെട്ടു. റോട്ടറി ജില്ലാ ഗവർണ്ണർ എന്ന നിലയിൽ അനുഷ്ഠിച്ച മഹത്തായ സേവനങ്ങൾ

www.malankaralibrary.com

പരിഗണിച്ച് അമേരിക്കയിലെ കാൻസാബ് എന്ന സ്ഥലത്തുനടന്ന റോട്ടറി ഇന്റർനാഷണൽ കൺവെൻഷനിലേക്ക് ക്ഷണിക്കപ്പെട്ടു. റോട്ടറി ഇന്റർനാഷണൽ കൺവെൻഷനിൽവച്ച് അന്തർദേശീയ പ്രസിഡൻഷ്യൽ അവാർഡ് അദ്ദേഹത്തിന് സമ്മാനിച്ചു. ലോകത്തിലെ ഏറ്റവും നല്ല റോട്ടറി പ്രവർത്തകനുള്ള അവാർഡാണിത്.

കോഴിക്കോട്ടെ നിരവധി സാമൂഹ്യസാംസ്കാരിക വിദ്യാഭ്യാസ പരിപാടികളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന അഡ്വ.ജോസഫ് കോഴിക്കോട്ട് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പറായും യൂണിവേഴ്സിറ്റി ഫാക്കൽറ്റി മെമ്പറായും നിയമവിഷയത്തെസംബന്ധിച്ചുള്ള പഠനത്തിനുവേണ്ടി രൂപീകരിച്ച കമ്മറ്റിയിൽ അംഗമായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കാലിക്കട്ട് ഫൈൻ ആർട്സ് സൊസൈറ്റി, കാലിക്കട്ട് കോസ്മോപോളിറ്റിൻക്ലബ് എന്നിവയുടെ പ്രസിഡണ്ടായി സേവനം അനുഷ്ഠിച്ചിട്ടുള്ള ജോസഫ്, കാലിക്കട്ട് അഗ്രോ ഫോർട്ടികൾച്ചറൽ സൊസൈറ്റിയുടെയും കാലിക്കട്ട് സഹകരണ ആശുപത്രിയുടെയും സ്ഥാപകസെക്രട്ടറിയുമായിരുന്നു.

വൻകിടതോട്ടഉടമകളുടെ പ്രതിനിധിയായി റബ്ബർബോർഡിൽ ആറു വർഷം അദ്ദേഹം അംഗമായിരുന്നു. മലബാർ റബ്ബർ ഗ്രോവേഴ്സ് അസോസിയേഷന്റെ ചെയർമാനായും ന്യൂഡൽഹി ആസ്ഥാനമായുള്ള ഇന്ത്യൻ ചേംബർ അഗ്രികൾച്ചറൽ എന്ന സ്ഥാപനത്തിന്റെ സ്ഥാപകഎക്സിക്യൂട്ടീവ് കമ്മറ്റിയംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

കോഴിക്കോട്, താമരശ്ശേരി രൂപതകളുടെയും നിരവധി കത്തോലിക്കാ സ്ഥാപനങ്ങളുടെയും നിയമോപദേശകനായ ജോസഫ് തലശ്ശേരി രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമായും താമരശ്ശേരി രൂപതയുടെ ആരംഭം മുതൽ ഇന്നുവരെയും പാസ്റ്ററൽ കൗൺസിൽഅംഗമായും പ്രവർത്തിക്കുന്നു. താമരശ്ശേരി രൂപതയുടെ അഡ്മിനിസ്ട്രേഷൻ ആൻഡ് ഫിനാൻസ് കൗൺസിലിൽ അദ്ദേഹം അംഗമാണ്. താമരശ്ശേരിയിൽ ജെ.ജെ.ആൻഡ് എസ്സ് ചാരിറ്റബിൾ ട്രസ്റ്റിന് രൂപം കൊടുക്കുകയും അതിന്റെ ആഭിമുഖ്യത്തിൽ ഒരു വൃദ്ധസദനവും, സൗജന്യചികിത്സയും നിർദ്ധനരായ കുട്ടികൾക്കുള്ള പ്ലേ സ്കൂളും ഒരു കമ്മ്യൂണിറ്റി ഡവലപ്മെന്റ് സെന്ററും നടത്തുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ ചുമതല ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രഷേനെ ഏല്പിച്ചിരിക്കുകയാണ്.

അഡ്വ. ജോസഫിന്റെ ഭാര്യ പൊതുപ്രവർത്തകയുമാണ്. കാലിക്കട്ട് വൈ.ഡബ്ളിയു.സി.എ.യുടെ പ്രസിഡണ്ട്, കാലിക്കട്ട് ഈസ്റ്റ് ഇന്നർവീൽ പ്രസിഡണ്ട്, മാതൃസംഘടനാപ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അന്നമ്മയാണ് ഭാര്യ.

2004 സെപ്റ്റംബർ 19ന് ഇവരുടെ വിവാഹസുവർണ്ണജൂബിലിയാഘോഷിച്ചു.

വിലാസം - അഡ്വ. ജോസഫ് ജേക്കബ്, കൈനടി, ബാങ്ക് റോഡ്, കാലിക്കട്ട് - 673001

www.malankaralibrary.com

# 120

# പി.ജി. ജേയ്ക്കബ് പറേടത്ത്



സാമൂഹ്യപ്രവർത്തനത്തിലും ട്രേഡ് യൂണിയൻ പ്രവർത്തനരംഗത്തും വിലപ്പെട്ടസേവനങ്ങൾ അനുഷ്ഠിക്കുന്ന പി.ജി. ജേയ്ക്കബ്, ഫോർട്ട് കൊച്ചിയിലെ സാന്താക്രൂസ്ബസ്ലിക്കാ പള്ളി ഇടവകയിൽ പറേടത്ത് കുടുംബത്തിൽ ജോർജ്ജ് - റോസ ദമ്പതികളുടെ മകനായി 1930 സെപ്റ്റംബർ 13 ന് ഭൂജാതനായി.

ഫോർട്ട് കൊച്ചി സാന്താക്രൂസ് ഹൈസ്കൂളിലും എറണാകുളം സെന്റ് ആൽബർട്സ് കോളേജിലുമായിരുന്നു വിദ്യാഭ്യാസം. 1952 ൽ ബി.എ. ഡിഗ്രി എടുത്തു. പഠനത്തിൽ ബഹു സമർത്ഥനായിരുന്ന ജേയ്ക്കബ് ജനറൽ പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റിന് അർഹനായി. കോളേജ് പഠനകാലത്ത് കലാരംഗത്ത് സജീവമായി പങ്കെടുക്കുകയും തന്റെ അഭിനയപാടവം തെളിയിക്കുകയും ചെയ്തു.

വിദേശബാങ്കായ ഗ്രിൻലെയ്സ് ബാങ്കിലാണ് ജയ്ക്കബ് തന്റെ ഔദ്യോഗികജീവിതം ആരംഭിക്കുന്നത്. 33 വർഷത്തെ സേവനത്തിനുശേഷം സ്പെഷ്യൽ അസിസ്റ്റന്റായി പ്രവർത്തിക്കുമ്പോഴാണ് സർവീസിൽനിന്നും വിരമിക്കുന്നത്. ഈ ഔദ്യോഗികജീവിതത്തിനിടയിൽ ട്രെയ്ഡ് യൂണിയൻ പ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തു. യൂണിയൻ പ്രസിഡണ്ടായും സെക്രട്ടറിയായും മറ്റും പ്രവർത്തിച്ചശേഷം അഖിലേന്ത്യാ ഗ്രിൻ ലെയ്സ് ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ദേശീയ വൈസ്പ്രസിഡണ്ടായും പ്രവർത്തിച്ചു.

സാമൂഹ്യപ്രവർത്തനം ജേയ്ക്കബിന് വളരെ ചെറുപ്പം മുതലേ താല്പര്യമുള്ള വിഷയമായിരുന്നു. അതിന് വേദിയാക്കിയത് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയായിരുന്നു. ഈ സംഘടനയുടെ കൊച്ചി രൂപതാ കൗൺസിൽ പ്രസിഡണ്ടായി എട്ടുവർഷം സേവനം അനുഷ്ഠിച്ചു. 1988 ൽ വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ദേശീയ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. അഞ്ചുവർഷക്കാലം ദേശീയ പ്രസിഡണ്ടിന്റെ ചുമതല വഹിക്കുകയുണ്ടായി. ഈ കാലഘട്ടത്തിൽ സി.ബി.സി.ഐ. ലെയ്റ്റികമ്മീഷനിൽ അംഗവുമായി പ്രവർത്തിച്ചു. സഖ്യത്തിന്റെ പല അന്തർദേശീയ സമ്മേളനങ്ങളിലും പങ്കെടുക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു.

1954 ൽ തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരുടെ ഒരു സംഘടന ഫോർട്ട് കൊച്ചിയിൽ സ്ഥാപിക്കുകയും അതിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തു. ഈ സംഘടനവഴി നിരവധി പേർക്ക് ജോലി സമ്പാദിക്കുവാൻ കഴിഞ്ഞു.

www.malankaralibrary.com

ഫോർട്ടുകൊച്ചിയിലും പരിസരപ്രദേശങ്ങളിലും ഒരു സാമുദായിക സംഘർഷം പൊട്ടിപ്പുറപ്പെട്ടപ്പോൾ ക്രിസ്റ്റ്യൻ വോളണ്ടിയേഴ്സ് എന്ന സംഘടന കെട്ടിപ്പെടുത്തു. സംഘർഷമേഖലയിൽ സമാധാനം കൈവരിക്കുന്നതിന് സാധിച്ചു. ഈ സംഘടന പിന്നീട് ക്രൈസ്തവസഹോദരങ്ങളുടെ ഒരു കൂട്ടായ്മാവേദിയായി പ്രവർത്തിച്ചു. ഈ സംഘടനയുടെ പ്രസിഡണ്ടായും ജേയ്ക്കബ് പ്രവർത്തിക്കുകയുണ്ടായി.

1997 ഒക്ടോബറിൽ ക്രിസ്ത്യൻ സർവ്വീസ് സൊസൈറ്റി എന്ന സംഘടന കൊച്ചിരൂപതയിൽ ആരംഭിച്ചു. പിന്നീട് ഈ സംഘടന പല രൂപതകളിലും വ്യാപിച്ചു. സാമൂഹ്യരാഷ്ട്രീയരംഗങ്ങളിൽ സർക്കാരിൽനിന്നും നിരന്തരം അവഗണന ലഭിച്ചു പോരുന്ന ന്യൂനപക്ഷസമുദായമായ ലത്തീൻ കത്തോലിക്കരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടാൻ രൂപീകരിച്ച സംഘടനയാണിത്. ഈ പ്രസ്ഥാനത്തിന്റെ ലോക്കൽകമ്മറ്റി പ്രസിഡണ്ടായി അഞ്ചുവർഷം സേവനം അനുഷ്ഠിച്ചു.

ജേയ്ക്കബിന്റെ സ്തുത്യർഹമായ സേവനങ്ങളെ പരിഗണിച്ച് പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ "പ്രോ എക്ലേസിയ എത് പൊന്തിഫിച്ചെ" എന്ന പേപ്പൽ ബഹുമതി നൽകിയാദരിച്ചു. പ്രായവും അനാരോഗ്യവും മൂലം സജീവപ്രവർത്തനങ്ങളിൽ നന്നും വിരമിച്ചിരിക്കുകയാണ്. ഭാര്യ വിന്നി.

വിലാസം - പി.ജി. ജേയ്ക്കബ്, പറേടത്ത് വീട്, റിഡ്സ് ഡെയിൽ ലെയിൻ, പട്ടാളം കൊച്ചി - 682001

# 121



# ഫാ. ജോർജ് വെളിപ്പറമ്പൻ

കേരളാലാറ്റിൻ കാത്തലിക് അസോസിയേഷന്റെ സ്ഥാപക നേതാവ്, ആദ്ധ്യാത്മികോപദേഷ്ടാവ്, പ്രമുഖ പത്രപ്രവർത്തകൻ, അന്താരാഷ്ട്ര കാത്തലിക് പ്രസ്സ് അസ്സോസിയേഷൻ പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ അറിയപ്പെടുന്ന ഫാ. ജോർജ് ചേരാനല്ലൂർ ഗ്രാമത്തിൽ 1930 ഒക്ടോബർ 19-ന് ജനിച്ചു. കേരളമൊട്ടാകെ അറിയപ്പെട്ടിരുന്ന ദേവാലയ ശില്പി പേറു ആയിരുന്നു പിതാവ്. ഏലൂർ വടശ്ശേരി റപ്പേലിന്റെയും കോട്ടുവള്ളി കലൂർ അന്നയുടെയും പുത്രി മേരിയാണ് മാതാവ്. കൊച്ചി നസ്രത്ത് ഇടവകയിൽപ്പെട്ട പുരാതന തറവാടായ വെളിപ്പറമ്പിൽ കുടുംബത്തിൽ നിന്നും ഇരുന്നൂറ് വർഷം മുമ്പ് ചേരാനല്ലൂർ കുടിയേറിയതാണ് പേറുവിന്റെ പൂർവ്വികർ. 1599-ൽ നടന്ന ഉദയം പേരൂർ സൂനഹദോസിൽ ഡോം അലക്സിസ് മെനേസീസ് മെത്രാപ്പോലീത്തയുടെ

www.malankaralibrary.com

പ്രധാന സെക്രട്ടറിയും ദ്വിഭാഷിയും കനോനകളുടെ തർജ്ജിമക്കാരനുമായ പള്ളുരുത്തിക്കാരൻ ചാക്കോ വെളിപ്പറമ്പിൽ കത്തനാർ ഈകുടുംബത്തിലെ പൂർവ്വികനായിരുന്നു.

1924-ൽ പുനർനിർമ്മിച്ച വാരാപ്പുഴ യൗസേപ്പ് പിതാവിന്റെ കത്തീഡ്രൽ ദേവാലയത്തിന്റെ ശില്പിയായിരുന്ന കർമ്മലീത്താ മിഷ്യനറിയും ആധുനിക വാസ്തു ശില്പിയുമായിരുന്ന ബ്രദർ ലിയോ ഒ.സി. ഡി യുടെ ശ്രേഷ്ട ശിഷ്യനായിരുന്നു പേറു. വാരാപ്പുഴ പള്ളി, മംഗലപ്പുഴ സെമിനാരി, തുടങ്ങിയ ബ്രഹത്തായ സംരംഭങ്ങളിലൂടെ വാസ്തുശില്പകല അഭ്യസിച്ച പേറു യഥാകാലം ഓച്ചന്തുരിത്ത് (വൈപ്പിൻ) ക്രൂസ് മിലാഗ്രസ് (അത്ഭുത കുരിശ്ശ്) പള്ളിപ്പുറം മാതാവിന്റെ പള്ളി, വല്ലാർപാടം റാൻസം മാതാവിന്റെ പള്ളി, പനങ്ങാട്ട് സെന്റ് ആന്റണീസ് ദേവാലയം തുടങ്ങി വലുതും ചെറുതുമായ ദേവാലയങ്ങളുടെ പ്രധാന ശില്പിയായിരുന്നു.

പേറു-മേരി ദമ്പതികളുടെ എട്ടു മക്കളിൽ മൂന്നാമനായ ജോർജ് പ്രാഥമിക വിദ്യാഭ്യാസം ചേരാനല്ലൂർ ലിറ്റിൽ ഫ്ളവർ യു.പി. സ്കൂളിൽ പൂർത്തിയാക്കി. തുടർന്ന് 1945-46 വാരപ്പുഴ അതിരൂപതാ സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ പ്രവേശിക്കുകയും എറണാകുളം സെന്റ് ആൽബർട്ട് ഹൈസ്കൂളിൽ ഗണിതശാസ്ത്രം ഐഛികമായെടുത്ത് 1949-ൽ ഒന്നാം ക്ലാസോടെ എസ്സ്. എസ്സ്. എൽ.സി. പാസ്സാവുകയും ചെയ്തു. തുടർന്ന് എറണാകുളം സെന്റ് ആൽബർട്ടസ് കോളേജിൽ ഇന്റർ മീഡിയറ്റിന് ചേർന്നു. ഗണിതശാസ്ത്രവും ഊർജ്ജതന്ത്രവും രസതന്ത്രവും ആയിരുന്നു പഠനവിഷയങ്ങൾ. 1950-51 ൽ ഒന്നാം റാങ്കോടെ ഇന്റർമീഡിയറ്റും 1952-ൽ ഗണിതശാസ്ത്രത്തിൽ ഒന്നാം ക്ലാസോടെ ബി.എ. ബിരുദവും നേടി. ഗണിതശാസ്ത്രത്തിലും ഇംഗ്ലീഷിലും കോളേജിൽ ഒന്നാം സ്ഥാനക്കാരനായിരുന്നു ജോർജ്.

ഒരു വർഷത്തെ ലത്തീൻ ഭാഷാപഠനത്തിനു ശേഷം 1954-55 ൽ ആലുവാ അപ്പസ്തോലിക് മേജർസെമിനാരിയിൽ ചേർന്നു. തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠനം പൂർത്തിയാക്കി 1961 മാർച്ച് 17-ാം തീയതി വാരാപ്പുഴ മെത്രാപ്പൊലീത്താ ഡോ. ജോസഫ് ആട്ടിപ്പേറ്റി തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. കർമ്മലഗിരി സെമിനാരിയിലെ പ്രഥമ ബാച്ച് വിദ്യാർത്ഥിയായിരുന്ന ജോർജ് അവിടെ നിന്നും ബാച്ചിലർ ഓഫ് ഡിവിനിറ്റി എന്ന ബിരുദം നേടി ഒന്നാം സ്ഥാനക്കാരനായി.

വളരെ ചെറുപ്പത്തിലെ തന്നെ മലയാളത്തിലും ഇംഗ്ലീഷിലും എഴുതാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. 1945-46 ഗ്രീഷ്മകാല അവധിക്കാലത്ത് ഏഴാം ക്ലാസ് പരീക്ഷ കഴിഞ്ഞ് അമ്മയോടൊപ്പം പോയി ബാലൻ എന്ന സിനിമ കാണുകയുണ്ടായി. ആ സിനിമ സ്വന്തം പ്രയത്നഫലമായി നാടകമാക്കി കൂട്ടുകാരെ ചേർത്ത് നാട്ടുകാരുടെ സഹായത്തോടെ പൊതുവേദിയിൽ അവതരിപ്പിച്ച് വൻ വിജയമാക്കി തീർത്തു. ജോർജിന്റെ

www.malankaralibrary.com

സംഘാടക വിരുതിന്റെയും രചനാപാടവത്തിന്റെയും ആദ്യകാൽവയ്പായിരുന്നു ഈ നാടകാവതരണം. ഈ നാടകാവതരണം കഴിഞ്ഞാണ് മൈനർ സെമിനാരിയിൽ പ്രവേശനം നേടിയത്. രചനയും നാടകാഭിനയവും സെമിനാരി ജീവിതകാലം മുഴുവൻ തുടർന്നു. ആലവാ സെമിനാരി ജീവിതകാലത്ത് കത്തോലിക്കാ ജീവിതം മാസികയിലും മതവും ചിന്തയും പ്രസിദ്ധീകരണത്തിലും തുടർച്ചയായി ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നു. പ്രേഷിത കേരളത്തിന്റെ പത്രാധിപ സമിതിയംഗമായും കൊച്ചേട്ടനായും പ്രവർത്തിക്കുകയും ചെയ്തു.

കാരിത്താസ് എന്ന സെമിനാരി വാർഷിക പ്രസിദ്ധീകരണത്തിന്റെ പത്രാധിപരായും ലേഖകനായും പ്രവർത്തിച്ചു. ഫാ. വിക്ടറിന്റെ (പിന്നീട് മെത്രാൻ) കീഴിൽ ഇംഗ്ലീഷിൽ നിരവധി പഠനമാർഗ്ഗങ്ങളായ ലേഖനങ്ങൾ എഴുതി Caritas - ന്റെ സിൽവർ ജൂബിലി പതിപ്പിന്റെ പ്രവർത്തക പത്രാധിപരായും പ്രവർത്തിച്ചു. പ്രസിദ്ധീകരണ കലയിൽ സെമിനാരി ജീവിതകാലത്തു തന്നെ നല്ല പരിശീലനവും പരിചയവും സമ്പാദിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

1961-ൽ കത്തീഡ്രൽപള്ളി അസിസ്റ്റന്റായിട്ടാണ് ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. പ്രസിദ്ധീകരണ പ്രചാരണങ്ങൾ വിപുലമായ തോതിൽ ആഘോഷിക്കുകയും വേദപാഠ ക്ലാസുകൾ പുനഃ സംഘടിപ്പിക്കുകയും ചെയ്യുന്നതിൽ ജോർജ് അച്ചൻ പ്രത്യേകം ശ്രദ്ധിച്ചു. 1957-ൽ അൽമായ നേതാക്കൾ മുൻകൈയ്യെടുത്ത് പ്രസിദ്ധീകരിക്കാൻ തുടങ്ങിയ കേരളാ ടൈംസ് എന്ന പത്രം ലത്തീൻ കത്തോലിക്കരുടെ പൊതു ജിഹ്വയായിരുന്നു. നിർമ്മലാ പ്രിന്റേഴ്സ് ആയിരുന്നു കേരളാ ടൈംസിന്റെ ഉടമകൾ. ആ കമ്പനി ലിക്വിഡേറ്റ് ചെയ്തപ്പോൾ കേരളാകൾച്ചറൽ സൊസൈറ്റി കേരളാ ടൈംസ് ഏറ്റെടുത്തു. ആർച്ച് ബിഷപ്പ് അട്ടിപ്പേറ്റി തിരുമേനി, ഉടമസ്ഥതയിൽ പങ്കാളിത്തമില്ലെങ്കിലും കേരളാ ടൈംസിനെ സഹായിക്കാൻ മുന്നോട്ടുവന്നു. ഫാ. അലക്സാണ്ടർ വടക്കുംതല പത്രത്തിന്റെ മാനേജർ എന്ന നിലയിൽ പ്രവർത്തിച്ചു. വാടകകെട്ടിടത്തിൽ നിന്നും അതിരൂപതാ വക ഐ.സ്സ്. പ്രസ്സ് കെട്ടിത്തിലേക്ക് മാറ്റി. അതിരൂപതയുടെ നേരിട്ടുള്ള ഉത്തരവാദിത്വത്തിൽ കേരളാടൈംസ് പ്രവർത്തനം തുടങ്ങി. നിയമപരമായി അൽമായർ മാത്രം അംഗങ്ങളായുള്ള കേരളാ കൾച്ചറൽ സൊസൈറ്റിയുടെ കീഴിൽ തുടരുകയും ചെയ്തു. ആർച്ചുബിഷപ്പുമായുള്ള സഹകരണവും അലക്സാണ്ടർ വടക്കുംതല അച്ചന്റെ നേതൃത്വവും കേരളാടൈംസിന് വ്യവസ്ഥാപിതമായ ഒരു രൂപം നൽകുന്നതിന് സഹായകരമായി.

1962 ൽ ഫാ.വടക്കുംതലയെ സഹായിക്കാൻ ഫാ.ജോർജ് വെളിപ്പറമ്പിലിനെ ആർച്ച് ബിഷപ്പ് അട്ടിപ്പേറ്റി നിയോഗിച്ചു. കേരളാ ടൈംസിന്റെ അസി.മാനേജർ, മൈനർ സെമിനാരി ഇംഗ്ലീഷ് അദ്ധ്യാപകൻ, വെറ്റിലപ്പാറ, പെരിങ്ങൽക്കുത്ത് കപ്പേളകളുടെ ചാപ്ലിൻ എന്നീ നിലയിൽ തുടർന്ന ഫാ.

www.malankaralibrary.com

ജോർജ്, 1965 മാർച്ചിൽ ആർച്ച് ബിഷപ്പ് അട്ടിപ്പേറ്റിയുടെ നിർദ്ദേശവും കേരളാ കൾച്ചറൽ സൊസൈറ്റിയുടെ തീരുമാനവും അനുസരിച്ച് ജനറൽ മാനേജരും മാനേജിംഗ് എഡിറ്ററുമായി. അതോടെ പത്രത്തിന്റെ നടത്തിപ്പും വികസനവും പത്രാധിപത്യവും ഫലത്തിൽ യുവവൈദികനായിരുന്ന ഫാ.ജോർജിന്റെ ചുമലുകളിൽ അർപ്പിതമായി. ആർച്ച് ബിഷപ്പിന്റെയും അതിരൂപതാ കൗൺസിലിന്റെയും സമ്പൂർണ്ണ സഹകരണം ഫാ.വെളിപ്പറമ്പിലിന് ലഭിച്ചു.

വളർച്ചയുടെ പടവുകൾ അതിശീഘ്രം ഓടിക്കയറിക്കൊണ്ടിരുന്ന മലയാളപത്രങ്ങളുടെ പത്രാധിപസമിതികളുടെയും മാനേജ്മെന്റിന്റെയും നയപരിപാടികൾ സസൂക്ഷ്മം പഠിച്ചും നിരീക്ഷിച്ചും ഫാ.ജോർജ്ജ് കേരളാടൈംസിനെയും ആ രീതിയിൽ മുന്നോട്ടുനയിക്കാൻ തയ്യാറെടുത്തു. പത്രത്തിന്റെ വികസനത്തിനും ആധുനികവൽക്കരണത്തിനും അദ്ദേഹം സമഗ്രമായ പരിപാടികൾ ആസൂത്രണം ചെയ്തു. അതുപോലെതന്നെ ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ ഏകീകരണത്തിനും ബോധവൽക്കരണത്തിനും ശാക്തീകരണത്തിനും ഫാ. ജോർജ്ജ് മുൻകൈയ്യെടുത്തു. അതിന്റെ ഫലമായി 1967 ൽ വരാപ്പുഴ അതിരൂപതാകാത്തലിക് അസോസിയേഷനും 1972 ൽ കേരളാ ലാറ്റിൻ കാത്തലിക് അസോസിയേഷനും രൂപംകൊടുത്തു. സമുദായത്തിന് അഭൂതപൂർവ്വമായ ഉണർവ്വിന് ഇത് ഇട നൽകി. പത്രപ്രവർത്തനത്തിന്റെ പുത്തൻ പ്രവണതകൾ ഉൾക്കൊണ്ട് കേരളാടൈംസും മുന്നോട്ടു നീങ്ങി. അട്ടിപ്പേറ്റി തിരുമേനി 1970 ജനുവരിയിൽ ദിവംഗതനായി. അതോടെ പത്രം സന്നിഗ്ദ്ധാവസ്ഥയിലായി. അതിരൂപതയ്ക്ക് ദുർവഹമായ ഭാരം വരുത്തിവയ്ക്കുന്നതും വ്യയക്ലേശപൂർണ്ണവുമായ "കേരളടൈംസ്" നെതിരായി തെളിഞ്ഞും ഒളിഞ്ഞും പലരും കരുക്കൾ നീക്കി. എങ്കിലും പത്രംനിന്നു പോകാതെ സംരക്ഷിക്കാൻ പുതിയ ആർച്ച്ബിഷപ്പ് മാർ ജോസഫ് കേളന്തറ പരിശ്രമിച്ചു. പക്ഷെ വികസനപരിപാടികൾ നിലച്ചു. 1978വരെ ഇരുളടഞ്ഞ ഒരു കാലഘട്ടമായിരുന്നു കേരളാടൈംസിന്റേത്. എന്നാൽ അതിരൂപതയുടെ നയത്തിൽ പിന്നീട് വലിയമാറ്റമുണ്ടായി 1980 ൽ ഓറിയന്റ് സെബ്ബ് ഓഫ്സെറ്റ് പ്രസ്സ് സ്ഥാപിച്ചു. കേരളത്തിൽ ആദ്യമായി ഓഫ്സെറ്റ് പ്രസ്സിൽ അച്ചടിച്ച പത്രം കേരളാടൈംസാണ്. ജോബ് വർക്കുകൾ ഏറ്റെടുത്തുകൊണ്ട് വാണിജ്യാടിസ്ഥാനത്തിൽ നല്ലവരുമാനമുണ്ടാക്കി 1986 ൽ സോൾന 425 എന്ന ആധുനിക നാല് കളർഷീറ്റ് ഓഫ്സെറ്റ് കേരളാടൈംസ് സമ്പാദിക്കുകയും ആദ്യമായി കളർ അച്ചടിച്ച മലയാളപത്രം എന്ന ബഹുമതിക്ക് അർഹമാവുകയും ചെയ്തു. എന്നിട്ടും ഉദ്ദേശിച്ചവിധത്തിൽ വരിക്കാരെ സമ്പാദിക്കുന്നതിനോ പരസ്യങ്ങൾ സ്വീകരിക്കുന്നതിനോ സാധിച്ചില്ല. അത്യാവശ്യമൂലധനക്കുറവും വായ്പാസൗകര്യക്കുറവും പത്രത്തിന്റെ പ്രവർത്തനത്തെ കാര്യമായി ബാധിച്ചു. 1986 ൽ കേളന്തറ പിതാവിന്റെ നിര്യാണംമൂലം പത്രം വീണ്ടും സന്നിഗ്ദ്ധാവസ്ഥയിലായി. പത്രം അതിന്റെ നൈയാമിക ഉടമകളായ കേരള കൾച്ചറൽ സൊസൈറ്റിയെ പുനഃസംഘടിപ്പിച്ച് തിരിച്ചേൽപ്പിച്ച്

www.malankaralibrary.com

അതിരൂപതയെ ഋണബാദ്ധ്യതയിൽനിന്നും മോചിപ്പിച്ചു. ഈ ഏർപ്പാട് ഗുണകരമല്ലെന്ന് മനസ്സിലാക്കിയ ഫാ. ജോർജ്ജ് വെള്ളിപ്പറമ്പിൽ 1992 ൽ കേരളാ ടൈംസിൽനിന്ന് പിരിയുകയും പത്രം ഭീമമായ കടത്താൽ പൂട്ടപ്പെടുകയും ചെയ്തു.

1971 ൽ ഫാ. ജോർജ്ജ് ഇന്ത്യൻ പ്രസ്സ് ഇൻസ്റ്റിറ്റ്യൂട്ട് ബോംബെയിൽ സംഘടിപ്പിച്ച ന്യൂസ്പേപ്പർ മാനേജ്മെന്റ് ഇന്റൻസീവ് ഹ്രസ്വകാല കോഴ്സിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. കേരളത്തിൽനിന്നുള്ള മൂന്ന് യുവമാനേജ്മെന്റ് എക്സിക്യൂട്ടീവുകളിൽ ഒരാളായിരുന്നു വെള്ളിപ്പറമ്പിലച്ചൻ.

ഫാ.ജോർജ്ജ് 1992-1997 വരെ അതിരൂപതാമതബോധന വിഭാഗം ഡയറക്ടറായും 1997 - 2001 കാലത്ത് പെരുമാന്നൂർ പള്ളിവികാരിയായും തുടർന്ന് ഓച്ചന്തുരത്ത് വികാരിയായും സേവനം അനുഷ്ഠിച്ചു. 2003-2005 കാലത്ത് ബാംഗ്ലൂരിൽ സൗത്ത് ഏഷ്യൻ റിലീജിയസ് ന്യൂസ് മാനേജിംഗ് ഡയറക്ടറായും സേവനം ചെയ്തു. വെണ്ടുരുത്തി പള്ളിവികാരിയായിരിക്കെ ഇടവക ജോലികളിൽനിന്നു പിരിഞ്ഞു.

പൊതുപ്രവർത്തനരംഗത്തും പത്രപ്രവർത്തനരംഗത്തും അനിതരസാധാരണമായ സേവനങ്ങൾ ചെയ്തും നേട്ടങ്ങൾ കൊയ്തും വെള്ളിപ്പറമ്പിലച്ചൻ ആ രംഗങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ചു. 1967ൽ പത്രപ്രവർത്തകർക്കു വേണ്ടിയുള്ള വേജ്ബോർഡ് കേരളത്തിൽ ഒന്നാമതായി നടപ്പാക്കി. പത്ര ഉടമകൾക്ക് മാതൃകയായി. റിപ്പോർട്ടർ, ഫോട്ടോഗ്രാഫർ, ഡസ്ക്ക് എഡിറ്റർ, പേജ് മേക്കർ, ലീഡർ റൈറ്റർ, പ്രിന്റർ തുടങ്ങി പത്രോൽപാദനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പ്രവർത്തിച്ചു. മാനേജർ, മാനേജിംഗ് എഡിറ്റർ, പേഴ്സണൽ മാനേജർ, ബിസിനസ് മാനേജർ, പബ്ലിക് റിലേഷൻ മാനേജർ, പ്രൊഡക്ഷൻ മാനേജർ തുടങ്ങിയ എല്ലാ റോളുകളും അദ്ദേഹം നിറവേറ്റി. എല്ലാ ഗവൺമെന്റ് കമ്മറ്റികളിലും അദ്ദേഹം അംഗമായിരുന്നു. കേരള പ്രസ്സ് അക്കാഡമി കൗൺസിൽ അംഗം എന്ന നിലയിലും വിസിറ്റിംഗ് പ്രൊഫസ്സർ എന്ന നിലയിലും പ്രവർത്തിച്ചു.

1964 ൽ ഇന്ത്യൻ കാത്തലിക് പ്രസ്സ് അസോസിയേഷൻ ആരംഭിച്ചതു മുതൽ ഇന്നുവരെ അതിൽ സജീവ അംഗമാണ് വെള്ളിപ്പറമ്പിൽ. 1984 മുതൽ 1991 വരെ ഐ.സി.പി.എ. ജനറൽ സെക്രട്ടറിയായും 1992 മുതൽ 1995 വരെ പ്രസിഡണ്ടായും പ്രവർത്തിച്ചു. 1992-95, 2001-2004 കാലത്ത് അന്താരാഷ്ട്ര കത്തോലിക്കാ പത്രപ്രവർത്തക സംഘടനയായ വി.സി.ഐ.പി.ന്റെ ദക്ഷിണേഷ്യാഘടകത്തിന്റെ പ്രസിഡണ്ടായി രണ്ടുതവണ സേവനം അനുഷ്ഠിച്ചു. 1971 മുതൽ 2004 വരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ചുനടത്തിയ ത്രൈവാർഷിക അന്താരാഷ്ട്ര സമ്മേളനങ്ങളിലും കൗൺസിൽ ബ്യൂറോ യോഗങ്ങളിലും പങ്കെടുത്തു. ഇതുമായി ബന്ധപ്പെട്ട് രണ്ടുപ്രാവശ്യം ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായെ മുഖം കാണിച്ചിട്ടുണ്ട്.

കേരളാലാറ്റിൻ കാത്തലിക് അസോസിയേഷന്റെ സ്ഥാപകനേതാവും

www.malankaralibrary.com

1972 മുതൽ 1990 വരെ അതിന്റെ സഭാ ഉപദേഷ്ടാവും ആയി ഫാ. വെളിപ്പറമ്പിൽ പ്രവർത്തിച്ചു. 1986 ൽ മാർപ്പാപ്പാ കേരളം സന്ദർശിച്ച അവസരത്തിൽ കേരളാ പ്രോഗ്രാമിന്റെ ജോയിന്റെ കൺവീനറായും മീഡിയ കോർഡിനേറ്ററായും പ്രവർത്തിച്ചു. 1977 ൽ സത്യനാദം വാരികയുടെ ശതാബ്ദിയാഘോഷങ്ങളുടെ മുഖ്യസംഘാടകനും അതിന്റെ സ്മാരകമായി തയ്യാറാക്കിയ കേരള പത്രചരിത്രത്തിന്റെ പ്രസാധകനുമായി. 1986 ൽ ഡൽഹിയിൽ വച്ചു നടന്ന വി.സി.ഐ.പി. -ന്റെ അന്താരാഷ്ട്ര സമ്മേളനത്തിന്റെ ജനറൽ സെക്രട്ടറിയും അതേവർഷംനടന്ന വരാപ്പുഴ അതിരൂപതാ ശതാബ്ദി ആഘോഷങ്ങളുടെ മുഖ്യസംഘാടകരിൽ ഒരാളുമായിരുന്നു വെളിപ്പറമ്പിൽ. വരാപ്പുഴ അതിരൂപതാ ശതാബ്ദി സ്മരണികയുടെ എഡിറ്ററുമായിരുന്നു അദ്ദേഹം. സത്യനാദത്തിന്റെ ചരിത്രം, ആദർശചിന്തകൾ, കേരളത്തിലെ ലത്തീൻ കത്തോലിക്കർ എന്നീ ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

വിലാസം - ഫാ. ജോർജ്ജ് വെളിപ്പറമ്പിൽ, ആവില ഭവൻ, തൃക്കാക്കര പി.ഒ., കൊച്ചി.

# 122

# പ്രൊഫ. ജോസഫ് മററം



ഇസങ്ങളുടെ ലക്ഷണശാസ്ത്രനിബന്ധനകൾക്കനുസൃതമായോ പ്രസ്ഥാനങ്ങളുടെ വീശിവരുന്ന കാററിന് ചേർന്നവിധമോ സാഹിത്യരചന നടത്തുകയും മൈക്കും സദസ്സും പുരസ്കാരങ്ങളും കാണുമ്പോൾ ഓടിയടുക്കുകയും ചെയ്യുന്ന ചില സാഹിത്യകാരന്മാരുണ്ട്. ഏതുവേഷംകെട്ടാനും ഏതു ചമയം അഴിക്കാനും അവർക്ക് ഒരു മടിയും കാണുകയില്ല. ഇത്തരമാളുകളുടെ ഗണത്തിൽ സദാ പിൻബഞ്ചുകാരനായ-ഒരിക്കലും പേരുവരാത്ത-ഒരു എഴുത്തുകാരനാണ് പ്രൊഫ. ജോസഫ്മററം. പ്രസാദാത്മകമാണ് അദ്ദേഹത്തിന്റെ ജീവിതവീക്ഷണം. തമസല്ല, ശുഭപ്രതീക്ഷയുടെ വെളിച്ചമാണദ്ദേഹം സ്വകൃതികളിലൂടെ പ്രസരിപ്പിക്കുന്നത്.

ഇതിനകം നൂറോളംകൃതികൾ - കഥകളും നോവലുകളും വിവർത്തനങ്ങളും ജീവചരിത്രങ്ങളും - രചിച്ച പ്രൊഫ.മററം സാഹിത്യജീവിതം ആരംഭിച്ചിട്ട് അരനൂററാണ്ടുകഴിഞ്ഞു. ഇക്കാലമത്രയും അദ്ദേഹത്തിന്റെ തൂലിക സൽപഥങ്ങളിലൂടെയേ നീങ്ങിയിട്ടുള്ളു. അപഥസഞ്ചാരം ഭൂഷണമല്ലെന്ന ദൃഢവിശ്വാസമാണദ്ദേഹത്തിന്. ശുഭകരമായ ഈ ജീവിതദർശനത്തിന് ഉത്തമോദാഹരണമാണ് അദ്ദേഹത്തിന്റെ പ്രസിദ്ധമായ “അപ്പംകൊണ്ടു

www.malankaralibrary.com

മാത്രം" എന്നനോവൽ. കുമിഞ്ഞുകൂടിയ ധനംകൊണ്ട് എല്ലാമായി എന്ന് വിചാരിച്ച ഒരു മനുഷ്യൻ, കടുത്തുനിരാശയിൽ, ആത്മഹത്യാമോഹത്തോടെ നഗരത്തിന്റെ തിരക്കിലേക്കു പാഞ്ഞുപോയെങ്കിലും, ഹോട്ടലിലെ റൂംബോയി അന്തിക്കൂട്ടിന് ഏർപ്പാടുചെയ്തുകൊടുത്ത ഒരു "കാൾഗേളിന്റെ" സദുപദേശത്തിൽ, പ്രത്യാശനിറഞ്ഞ പുതുജീവിതത്തിലേക്കും സ്നേഹമയിയായ സഹധർമ്മിണിയുടെ സമീപത്തേക്കും മടങ്ങിപ്പോകുന്ന അസാധാരണമായ കഥയാണത്. വഷളൻ കഥകൾ എഴുതി വിലസി നടക്കുന്ന നമ്മുടെ പ്രസിദ്ധരായ എഴുത്തുകാരാണ് ഈ പ്രമേയം നോവലാക്കിയിരുന്നതെങ്കിൽ എന്തെല്ലാം കളിമേളങ്ങൾ മസാലകൂട്ടുകളിൽ നമുക്ക് കാണാമായിരുന്നു. ഇലയ്ക്കും മുള്ളിനും കേടുകൂടാതെ ഇതിലെ മുഖ്യ കഥാപാത്രങ്ങളെ മററം രക്ഷിച്ചെടുത്തു. ഏതു പുരുഷനെയും വീഴ്ത്താൻ മേനകവേഷം കെട്ടിയാടുന്ന ഒരു സ്വൈരിണിക്കുസമീപം അസിധാരവ്രതം എടുത്തവനെപ്പോലെ ഒരു രാത്രി കഴിഞ്ഞ ജോസഫ്കുഞ്ഞ് എന്ന കഥാപാത്രം മലയാള സാഹിത്യത്തിലെ ഒരു അത്ഭുതപ്രതിഭാസമാണ്. പക്ഷേ ഈ നോവൽ എത്രപേർ വായിച്ചിട്ടുണ്ടാകും? പലർക്കും വേണ്ടത് ഇതിൽ ഇല്ല എന്നതാവും നിരൂപകദൃഷ്ടിയിൽ ഇതിന്റെ പോരായ്മ.

പേനയുടെ മുന എഴുതാനും പടവെട്ടാനും മാത്രമല്ല അത്യാവശ്യസന്ദർഭങ്ങളിൽ ശസ്ത്രക്രിയയ്ക്കും ഉപയോഗിക്കാം എന്നു വിശ്വസിക്കുന്ന ഈ നോവലിസ്റ്റിന്റെ ഖ്യാതി വർദ്ധിപ്പിച്ച പ്രസിദ്ധ നോവലാണ് ലോകം പിശാചു ശരീരം. ഇതുകൊണ്ടദ്ദേഹം രക്തംചിന്താത്ത ഒരു ലേസർ ശസ്ത്രക്രിയയാണ് ക്രൈസ്തവസമൂഹഗാത്രത്തിൽ നിർവഹിച്ചിരിക്കുന്നത്. പക്ഷേ പ്രസിദ്ധപ്പെടുത്തി മുപ്പത്തിയഞ്ചുകൊല്ലം കഴിഞ്ഞപ്പോൾ ആ ശസ്ത്രക്രിയയുടെ പാടുകളിൽ വിരലോടിച്ച് രസിക്കുകയാണ് ചിലർ ഇന്നും.

പാലായ്ക്കുസമീപം ചേർപ്പുങ്കൽ മററത്തിൽ കുടുംബത്തിൽ അബ്രാഹം അന്നമ്മ ദമ്പതികളുടെ മകനായി 1930 ഒക്ടോബർ 31 ന് പ്രൊഫ. ജോസഫ് മററം ജനിച്ചു. കെഴുവംകുളം, മുത്തോലി, കിടങ്ങൂർ സ്കൂളുകളിൽ പഠിച്ച് 1948 ൽ ഇ.എസ്സ്.എൽ.സി. പാസ്സായി. പാലാ സെന്റ് തോമസ് കോളേജിന്റെ പ്രഥമബാച്ചിൽ പഠിച്ച് 1952 ൽ ഇന്റർമീഡിയററും തുടർന്ന് ആദ്യ ഡിഗ്രിബാച്ചിൽ പഠിച്ച് 1954 ൽ ധനതത്വശാസ്ത്രത്തിൽ ബി.എ.യും പാസ്സായി. മലയാളത്തിന് സ്റ്റേററ് ഫസ്റ്റ്ക്ലാസ്സോടെയായിരുന്നു വിജയം. മണലുങ്കൽ, കൂട്ടിക്കൽ എന്നീ സ്ഥലങ്ങളിൽ ഹൈസ്കൂൾ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. രണ്ടുവർഷത്തെ അദ്ധ്യാപകജോലിക്കുശേഷം ദീപിക പത്രാധിപസമിതിയിൽ നിയമനം കിട്ടി. പന്ത്രണ്ടുവർഷം ആ ജോലി തുടർന്നു. ജോലിക്കിടയിൽ കിട്ടുന്ന സമയം ഉപരിപഠനത്തിന് വിനിയോഗിക്കണമെന്ന ചിന്തയിൽ എസ്സ്.ബി. കോളേജിൽ മലയാളം എം.എ.യ്ക്കു ചേർന്ന് 1967 ൽ പാസ്സായി. 1967 ഓഗസ്റ്റിൽ പാലാ സെന്റ് തോമസ് കോളേജിൽ ലക്ചററായി. 1986 ൽ റിട്ടയർ ചെയ്തു.

www.malankaralibrary.com

1953 ൽ കോളേജിൽ പഠിക്കുന്ന കാലത്തുതന്നെ ലേഖനങ്ങളും കഥകളും എഴുതി. കോളേജ് മാസികക്കുവേണ്ടി എഴുതിക്കൊടുത്ത ഇംഗ്ലീഷിലുള്ള ലേഖനവും കഥയും ചീഫ് എഡിററർ വായിച്ചുനോക്കുകയും ലേഖനം പ്രസിദ്ധീകരിക്കുകയും കഥ തിരികെ കൊടുക്കുകയും ചെയ്തു. ആ കഥ ദീപിക ആഴ്ചപ്പതിപ്പിന് അയച്ചുകൊടുക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. അതാണ് ആദ്യം അച്ചടിമഷിപുരണ്ട ചെറുകഥ. തുടർന്ന് ദീപിക, സത്യദീപം, ജയഭാരതം, ജയകേരളം, ലോകവാണി (മദ്രാസ്) ചന്ദ്രിക, മലയാളരാജ്യം, കുങ്കുമം, മലയാളമനോരമ, മംഗളം, മനോരാജ്യം എക്സ്പ്രസ്സ് (തൃശ്ശൂർ) ദീപനാളം, കുടുംബദീപം, അമ്മ, അസ്സീസി, കർമ്മലകുസുമം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ കഥകളും ലേഖനങ്ങളും നോവലുകളും എഴുതി. ആദ്യനോവൽ ദീപികയിൽ വന്ന മണവാട്ടിയാണ്. ഇതിനകം നൂറോളം കൃതികൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നോവൽ, കഥ, ജീവചരിത്രം, വിവർത്തനങ്ങൾ എന്നീ സാഹിത്യശാഖകളിലാണ് മിക്ക കൃതികളും. കുടുംബജീവസ്പർശിയായ രണ്ടു ഗ്രന്ഥങ്ങളും ഇതിൽപ്പെടും. ഇന്നുമുതൽ മരണം വരെ, മണവറയിൽ അവർ തനിച്ചായപ്പോൾ എന്നിവയാണ് അത്. കുടുംബജീവിതത്തിലേക്ക് വലതുകാൽവച്ച് കയറുന്ന വധൂവരന്മാർക്കു മാത്രമല്ല, സൗഭാഗ്യകുടുംബം കെട്ടിപ്പടുക്കാമെന്ന് മോഹിക്കുന്ന ആർക്കും ഉപകരിക്കുന്നവയാണ് ഈ ഗ്രന്ഥങ്ങൾ.

നെയ്വിളക്ക്, പന്നഗംതോട്, ഭൂമിയുടെ ഉപ്പ്, വിളക്കുമെടുത്ത് തനിയെ, ഇലപൊഴിയുംകാലം, പാപികളുടെകൂടാരം, ലോകം പിശാച് ശരീരം, അപ്പം കൊണ്ടുമാത്രം, പ്രണയപരവശേശുഭം, ഓടിട്ട വീട്, സ്വന്തം, കറുത്തപൊന്ന് തുടങ്ങിയവയാണ് മററം രചിച്ച പ്രധാന നോവലുകൾ.

വൈവിദ്ധ്യമുള്ള പ്രമേയങ്ങൾ, കഥാപാത്രങ്ങൾ, മദ്ധ്യതിരുവിതാംകൂറിലെ ക്രൈസ്തവകർഷകകുടുംബങ്ങളിൽ നിന്ന് കണ്ടെടുത്ത പ്രമേയങ്ങൾ, അദ്ധ്യാപകരുടെ ജീവിതം. മണ്ണിന്റെ കരൾ മാന്തിയെടുത്ത് ചട്ടിയും കലവും നിർമ്മിക്കുന്ന വേളാന്മാരുടെ കഥപറയുന്ന, അതിന് മുൻപ് ആരും എഴുതിയിട്ടില്ലാത്ത, കഥയാണ് പന്നഗംതോട്ടിൽ ചിത്രീകരിച്ചിരിക്കുന്നത്. ആദർശവാനായ രാമൻപിള്ളസാറും പ്രായോഗികതയിൽ വിശ്വസിക്കുന്ന ഭാര്യശ്രീമതിയും രണ്ടുപെൺമക്കളുമടങ്ങുന്ന ഒരു കുടുംബത്തിന്റെ പതനാഭ്യുദയങ്ങളുടെ കഥയാണ് ഇലപൊഴിയും കാലം. ആദർശപുരോഹിതനാണ് ഭൂമിയുടെ ഉപ്പിലെ കഥാനായകൻ.

വിധവയും രണ്ടുമക്കളുടെ അമ്മയും പ്രൗഢയുമായ ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥയുടെ ദുരന്തകഥയാണ് പ്രണയപരവേശ ശുഭം. തിരുവിതാംകൂർ ക്രിസ്ത്യാനികൾ നാല്പതുകളിൽ നടത്തിയ സാഹസികമായ മലബാർ കുടിയേററത്തിന്റെ ഇതിഹാസമാനമുള്ള കഥയാണ് "കറുത്തപൊന്ന്." അരമനക്കോടതിയിലൂടെ വിവാഹബന്ധം വേർപെടുത്തിയെങ്കിലും തന്റെ മുൻഭർത്താവിന് അനുയോജ്യയായ ഒരു പെൺകുട്ടിയെ ഭാര്യയായി കിട്ടാൻ

www.malankaralibrary.com

മുൻകൈയെടുക്കുകയും ആ വിവാഹം നടത്തിക്കൊടുക്കുകയും ഒടുവിൽ പുതുമണവാട്ടിയുടെ പരിഹാസശരങ്ങളുടെ ശയ്യയിൽ വീണ് തകരുകയും ചെയ്ത പ്രേമവതിയായ ഒരു പത്നിയുടെ കഥയാണ് "വിളക്കുമെടുത്തു തനിയെ"

പ്രലോഭനങ്ങളുടെ കാററിൽ കാലിടറിയെങ്കിലും തന്നോടും താനുൾപ്പെടുന്ന ലോകത്തോടും പ്രലോഭകനായ പിശാചിനോടും പാപഹേതുവായ സ്വന്തം ശരീരത്തോടും ഒററയ്ക്കു സമരം ചെയ്ത് കന്യാത്വവും വ്രതശുദ്ധിയും കാത്തുസൂക്ഷിച്ച് വിജയം വരിച്ച സിസ്റ്റർ ഗ്ലോറിയായുടെ ഭാവാർദ്രമുഖം, തേജോമയമായ ചിത്രം, വരച്ചുകാണിക്കുന്ന നോവലാണ് "ലോകം പിശാച് ശരീരം"

നാല്പതിലധികം കൃതികൾ വിവർത്തനം ചെയ്തിട്ടുണ്ട്. ഷെർലെക്ഹോംസ്, അഗതാക്രിസ്റ്റി, മിഖായേൽഷോളോവീവ്, റസ്കിൻ, ഫുൾട്ടൻ ഓസ്ലർ, റോബിൻസൺ,ഗുസ്താവ്, ഫ്ളാബേർ, റോബർട്ട് ലൂയി സ്റ്റീവൻസൺ, കസൻദ്സാക്കീസ്, കാതറിൻഹ്യൂം എന്നിങ്ങനെ വിശ്വസാഹിത്യത്തിലെ പ്രസിദ്ധരായ എഴുത്തുകാരുടെ കൃതികളാണ് പ്രൊഫ. മററം വിവർത്തനം ചെയ്തിട്ടുള്ളത്.

പരിഭാഷകളിൽ ഏററം പ്രശസ്തം കസൻദ്സാക്കീസിന്റെ Gods 'Pauper' (ദൈവത്തിന്റെ നിസ്വൻ) ആണ്. സെയിന്റ് ഫ്രാൻസീസ് എന്ന പേരിലാണ് അത് പ്രസിദ്ധീകരിച്ചിട്ടുള്ളത്. മലയാളത്തിലെ പ്രസിദ്ധരായ പല നിരൂപകരും ഈ നോവലിനെ മുക്തകണ്ഠം പ്രശംസിച്ചിരിക്കുന്നു. "ഭാരിച്ച ആത്മീയ സാന്നിദ്ധ്യം വായനക്കാരിൽനിന്ന് ആവശ്യപ്പെടുന്ന നോവൽ എന്നു കെ.പി. അപ്പനും, ഈ പുസ്തകം വായിച്ചുതീർക്കുമ്പോഴേക്കും നിങ്ങൾ ഒരു രണ്ടാം പിറവിയിലൂടെ കടന്നുപോകുന്നുവെന്ന് ഒ.വി. വിജയനും മനസ്സ് കലുഷമാകുമ്പോൾ ഓരോ മലയാളിയും കൈയിലെടുക്കേണ്ട കൃതി എന്ന് എം. മുകുന്ദനും, ആത്മാവ് സ്വയം ശുദ്ധികൊണ്ട് വിശ്വംവിളക്കുന്ന സൂര്യമഹസ്സായി പരിവർത്തനപ്പെടുന്നതിന്റെ പുളകോദ്മകാരിയായ കഥ എന്ന് ഒ.എൻ.വി. കുറുപ്പും, ഈ പുസ്തകം എന്നെ കരയിച്ചു, രാത്രി ഉറക്കമില്ലാതാക്കിത്തീർത്തു, ഇതിലധികം മറെറന്താണ് ഞാൻ ഇതിനെപ്പററി പറയേണ്ടത്" എന്ന് സുഗതകുമാരിയും ഇതിനെ വാഴ്ത്തുന്നു. മഹത്തായ ഒരു സാഹിത്യകൃതിയുടെ വിവർത്തനത്തിനായി അർപ്പിക്കപ്പെട്ട യത്നംകൊണ്ട് പ്രൊഫ. ജോസഫ്മററം കേരളീയർക്ക് നൽകുന്നത് ഇത്രയും വലിയൊരു വരമാകുന്നു; തപസ്സ് ചെയ്തത് അദ്ദേഹം, "വരം നേടിയത് നമ്മളും" എന്നാണ് ഡോ.എം.ലീലാവതിയുടെ പ്രശംസ, കൈരളിക്ക് അമൂല്യമായ ഒരു കണ്ഠാഭരണം എന്നാണ് പി. ഗോവിന്ദപ്പിള്ള ഈ ഗ്രന്ഥത്തെ വിശേഷിപ്പിക്കുന്നത്.

മററുപ്രധാനപരിഭാഷകൾ കാർഡിനൽ, കന്യാസ്ത്രീ, സുവർണ്ണനദിയുടെ രാജാവ്, മഹാപ്രേഷിതൻ (സെന്റ് പോൾ) ഓശാനബൈബിളിന്റെ

www.malankaralibrary.com

വെളിപാട് ഉൾപ്പെടെ അവസാനത്തെ നാലഞ്ചുപുസ്തകങ്ങൾ, പി.ഒ.സി. ബൈബിൾകറസ്പോണ്ടൻസ് കോഴ്സിലെ മത്തായി, മർക്കോസ്, ലൂക്കാ എന്നിവരുടെ സുവിശേഷം, വാസുലായുടെ "ദൈവത്തിലുള്ള വിശ്വാസം" (5-ാം ഭാഗം) ഫ്രാൻസിസ് കരാച്ചിയോളാ, ക്ലാര, വിയാനി, കോൾബേ, ചെറുപുഷ്പം തുടങ്ങിയവരുടെ ജീവിതങ്ങളെ ആസ്പദമാക്കി രചിച്ച കൃതികൾ; ഹിററ്ലറുടെ നാസി ക്യാമ്പിൽ വിഷവാതകംശ്വസിച്ച് മരിക്കാൻ വിധിക്കപ്പെട്ട ആയിരക്കണക്കിന് യഹൂദരിൽ ഒരാളായ ഈഡിത്ത് സ്റ്റെയിൻ എന്ന കന്യാസ്ത്രീയുടെ കഥയാണ് "വിഷഗുഹയിലെ വിശുദ്ധ നക്ഷത്രം."

പഴയനിയമകഥകളുടെ പുനരാഖ്യാനമാണ് കറന്റ്ബുക്സ് പ്രസിദ്ധീകരിച്ച ബൈബിൾ കഥകൾ. പുതിയനിയമത്തെ ആസ്പദമാക്കി രചിച്ച ക്രിസ്തുകേന്ദ്രീകൃത ആഖ്യായികയാണ് "അത്രമേൽ സ്നേഹിക്കയാൽ."

ആനുകാലികങ്ങളിൽ ധാരാളം ചെറുകഥകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആദ്യത്തെ കഥാസമാഹാരം മൂന്നുനിഴലുകൾ പിന്നെ, മാവുപൂത്തു വിലക്കപ്പെട്ട കനി, പാപം, അശുദ്ധാത്മാക്കളുമായി ഒരു സംവാദം എന്നിവയാണ്.

നെയ്‌വിളക്കും പന്നഗംതോടും പ്രണയപരവശേശുഭവും കോളേജു ക്ലാസ്സുകളിൽ പാഠപുസ്തകങ്ങളായിരുന്നു. ഗാന്ധിജിയൂണിവേഴ്സിററിയുടെ മലയാളം ബോർഡ് ഓഫ് സ്റ്റഡീസിൽ രണ്ടുതവണ അംഗമായിരുന്നു. ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലിൽ രണ്ടുവട്ടവും അംഗമായിരുന്നു. പാലാ സെന്റ് തോമസ് കോളേജ് പി.ററി.എ. സെക്രട്ടറി, പ്രസിഡണ്ട്, അലുംനി അസോസിയേഷൻ പ്രസിഡണ്ട് എന്നീ നിലകളിൽ സേവമനുഷ്ഠിച്ചിട്ടുണ്ട്. കോളേജിൽനിന്ന് വിരമിച്ച ശേഷം ദീപനാളം വാരികയുടെ ചീഫ് എഡിററായി ആറുവർഷം പ്രവർത്തിച്ചു. കഴിഞ്ഞ 16 വർഷമായി ശാസ്ത്രപഥം മാസികയുടെ (പാലാ) ചീഫ് എഡിറററാണ്. 1953-54 കാലത്ത് കൈയിലെടുത്ത പേനയുമായി ഇന്നും സജീവസാഹിത്യരംഗത്തുണ്ട്. സമൂഹത്തിൽ നടമാടുന്ന കൊള്ളരുതായ്മകൾക്ക് ചൂട്ടുതെളിച്ചു കാണിക്കുന്ന ഇന്നത്തെ മൂല്യധ്വംസകരുടെ പട്ടികയിൽ ഒരിക്കലും മററത്തിന്റെ പേര് ഉണ്ടാവുകയില്ല. PASSION ഉദ്ദീപിപ്പിക്കുകയല്ല അനുവാചകരുടെ ഹൃദയത്തിൽ Compassion ന്റെ നേർത്ത ഉറവകൾ ഉണർത്തുകയും അവരെ പരിവർത്തിപ്പിക്കുകയും ചെയ്യുകയാണ് സാഹിത്യകാരന്റെ ധർമ്മം എന്ന് വിശ്വസിക്കുന്ന എഴുത്തുകാരനാണദ്ദേഹം. വൈരൂപ്യം ചിത്രീകരിക്കരുതെന്നല്ല, അതിന് ആരാധ്യപീഠം നൽകരുതെന്നാണ് അദ്ദേഹത്തിന്റെ മതം. സദ്വികാരങ്ങൾ ഉണർത്താനും വായനക്കാരെ നന്മയിലേക്ക് രൂപാന്തരം ചെയ്യുവാനും കഴിഞ്ഞില്ലെങ്കിലും തന്റെ തൂലികയുടെ പ്രേരണകൊണ്ട് ആരും തിന്മയിലേക്ക് ചായരുതെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ട്.

ഒരു പാർട്ടിയിലും സംഘടനയിലും അദ്ദേഹം അംഗമല്ല. ഭാരവാഹിയുമല്ല. അതുകൊണ്ടായിരിക്കാം ചുരുക്കം സുഹൃത്തുക്കളേ അദ്ദേഹ

www.malankaralibrary.com

ത്തിന് ഉള്ളു. മററത്തിന്റെ സാഹിത്യസംഭാവനകളെ അംഗീകരിച്ചുകൊണ്ട്, കെ.സി.വൈ.എം., അഖിലകേരളകത്തോലിക്കാ കോൺഗ്രസ്സ്, കുങ്കുമം, ഐ.സി. ചാക്കോ, കുടുംബദീപം, ചാവറ, മേരിബനീഞ്ഞ, കെ.സി.ബി.സി. എന്നീ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. പിശാച് ശരീരത്തിനാണ് കുങ്കുമം അവാർഡ്. ചാവറയുടെ പ്രസിദ്ധമായ ഒരു നല്ല അപ്പന്റെ ചാവരുളിനാണ് ചാവറ അവാർഡ്. പേരറിയാത്ത മരത്തിനാണ് കുടുംബദീപം പുരസ്കാരം. ഭാര്യ നെടുന്തകടി കുടുംബാംഗമായ ലീലാമ്മ. അവർ ഏററുമാനൂർ ഗവ. എച്ച്.എസ്സിൽ അദ്ധ്യാപികയായിരിക്കെ അന്തരിച്ചു.

Address - Prof. Joseph Mattom, Vettimukel P.O., Ettumanure.

# 123



# റവ. മദർ റൊമുവാൾദ് എഫ്.സി.സി.

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷന്റെ സുപ്പീര്യർ ജനറൽ, പാലാ അൽഫോൺസാ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീര്യർ, പ്രമുഖ വിദ്യാഭ്യാസ പ്രവർത്തക എന്നിങ്ങനെ വിവിധ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ഒരു സമർപ്പിത തേജസ്സാണ് റവ. മദർ റൊമുവാൾദ്. പുരാതനവും പ്രസിദ്ധവുമായ വെള്ളരിങ്ങാട്ട് കുടുംബത്തിൽ മോൺ ജേക്കബ് വെള്ളരിങ്ങാട്ടിന്റെ സഹോദരനായ ശ്രീ തോമസിന്റെയും ഏലിയാമ്മയുടെയും നാലാമത്തെ സന്താനമായി 1930 നവംബർ 22- ന് പാലാ രൂപതയിലെ ജിയോവാലി ഇടവകയിൽ മദർ റൊമുവാൾദ് ഭൂജാതയായി. ആലീസ് എന്നായിരുന്നു ആദ്യകാല പേര്. ജിയോവാലി, കടനാട്ട്, പാലാ സെന്റ് മേരീസ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. 1947 ജൂണിൽ പാലാ ക്ലാര മഠത്തിൽ അർത്ഥിനിയായി ചേർന്ന് സഭാവസ്ത്രം സ്വീകരിച്ചു. 1952 നവംബർ 17- ന് സി. റൊമുവാൾദ് എന്ന പേരിൽ നിത്യ സമർപ്പിതയായി. പഠനത്തിലും സ്വഭാവ ഗുണങ്ങളിലും അസാമാന്യ മികവ് തെളിയിച്ച സി. റൊമുവാൾദിനെ ഉപരിപഠനാർത്ഥം തൃശൂർ സെന്റ് മേരീസ്, എറണാകുളം സെന്റ് തെരേസാസ്, കോട്ടയം മൗണ്ട് കാർമ്മൽ എന്നീ കോളേജുകളിലേക്കയച്ചു. ബിരുദങ്ങൾ നേടിയതിനു ശേഷം കണ്ണാടിയുറുമ്പ്, പാലാ സെന്റ് മേരീസ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു. ബോർഡിംഗ് മിസ്ട്രസ്, അദ്ധ്യാപിക, ഹെഡ്മിസ്ട്രസ്, എന്നീ നിലകളിൽ തന്റെ വിദ്യാർത്ഥിനികളുമായി ആഴമായ സൗഹൃദബന്ധം സ്ഥാപിക്കുകയും അവരുടെ ബൗദ്ധികവും മാനസികവും ആദ്ധ്യാത്മികവുമായ വളർച്ചയിലും സ്വഭാവരൂ

www.malankaralibrary.com

വീകരണത്തിലും നിർണ്ണായകമായ സ്വാധീനം ചെലുത്തുകയും ചെയ്തു. സിസ്റ്ററിന്റെ സന്മാതൃക അനേകരെ സന്യാസ സമർപ്പണത്തിലേക്കും അനേകരെ മാതൃകാ കുടുംബിനികളായി വിവാഹ ജീവിതത്തിലേക്കും ആനയിച്ചിട്ടുണ്ട്. ഇതിനിടയിൽ ഉപരിപഠനത്തിനായി റോമിലെത്തി. റോമിലെ Regine Mundi എന്ന ദൈവശാസ്ത്ര പഠന കേന്ദ്രത്തിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദം നേടി. നാട്ടിൽ തിരിച്ചെത്തിയ സിസ്റ്ററിനെ ക്ലാരസഭയുടെ ജനറൽ കൗൺസിലറായി നിയമിച്ചു. ആ ജോലി സ്തുത്യർഹമാം വിധം നിർവഹിച്ചുകൊണ്ടിരിക്കെ 1976-ൽ പാലാ അൽഫോൺസാ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീര്യർ ആയി തിരഞ്ഞെടുക്കപ്പെട്ടു. സഭാംഗങ്ങളുടെ ആദ്ധ്യാത്മിക നവീകരണത്തിനാണ് കൂടുതൽ ശ്രദ്ധിച്ചിരുന്നതെങ്കിലും സാധുജനസംരക്ഷണം, സാമൂഹ്യ സേവനം, മിഷൻ സെന്റേഴ്സിന്റെ വികസനം, വിദ്യാഭ്യാസം എന്നീ മേഖലകളിലും ഗണ്യമായ സംഭാവനകൾ നൽകാൻ സി. റൊമുവാൾദ് താല്പര്യമെടുത്തു. അസ്സീസി ആശ്രമത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്നേഹ ഭവൻ എന്ന വൃദ്ധമന്ദിരം പാലാ പ്രൊവിൻസ് ഏറ്റെടുത്തതും ആശാഭവനം എന്ന വികലാംഗ ഭവനം സ്ഥാപിച്ചതും ഭവനരഹിതർക്കായി 150 വീടുകൾ നിർമ്മിച്ചു കൊടുത്തതും അക്കൂട്ടത്തിൽ പെടുന്നു. 1980 ഫെബ്രുവരി 3-ന് ആലുവ പോർസ്യുങ്കുളായിൽ സമ്മേളിച്ച ജനറൽ ചാപ്റ്റർ മദർ റൊമുവാൾദിനെ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷന്റെ സുപ്പീര്യർ ജനറലായി തിരഞ്ഞെടുത്തു. ആഗോള തലത്തിൽ വ്യാപിച്ച് വിവിധങ്ങളായ അപ്പസ്തോലിക പ്രവർത്തനങ്ങളിലൂടെ ലോക ജനതക്ക് സേവനം അനുഷ്ഠിക്കുന്ന തന്റെ സഭാംഗങ്ങൾക്ക് പ്രചോദനം പകർന്നും നേതൃത്വം നൽകിയും, ആത്മീയതയിൽ അടിയുറച്ച് തങ്ങളുടെ ദൗത്യങ്ങൾ വിപുലപ്പെടുത്തിയും തന്റെ ഉത്തരവാദിത്വം ബഹുമാനപ്പെട്ട റൊമുവാൾദമ്മ വിജയകരമായി നിറവേറ്റി. സഭാംഗങ്ങൾക്ക് ഏകാന്ത ജീവിതത്തിനും പ്രാർത്ഥനയ്ക്കുമായി 'നല്ല തണ്ണി' എന്ന സ്ഥലത്ത് അൽഫോൺസാ മൗണ്ട് എന്ന പേരിൽ ഒരു പ്രാർത്ഥനാ ഭവൻ സ്ഥാപിച്ചു. സിസ്റ്ററിന്റെ ആത്മീയ തീഷ്ണതക്ക് നിദർശനമായി ഈ പ്രാർത്ഥനാഭവൻ നില കൊള്ളുന്നു. ക്ലാര സഭയുടെ വിശിഷ്യാ പാലാ പ്രൊവിൻസിന്റെ അരുമ സന്താനമായ ധന്യയായ അൽഫോൺസാമ്മയെ വാഴ്ത്തപ്പെട്ടവരുടെ പദവിയിലേയ്ക്കുയർത്തുവാൻ തീരുമാനമായി എന്നറിഞ്ഞപ്പോൾ, ആ വിശുദ്ധയെ സ്വീകരിക്കുവാൻ സഭാംഗങ്ങളെ ഒരുക്കേണ്ടത് അത്യാവശ്യകാര്യമായി സിസ്റ്ററിന് തോന്നി. അൽഫോൻസാമ്മയുടെ ആദ്ധ്യാത്മികതയുടെ ആഴങ്ങളിലേക്ക് കടക്കുവാൻ തക്കവണ്ണം ആ ആത്മീയതയുടെ വിവിധ വശങ്ങൾ വ്യക്തമാക്കത്തക്കവണ്ണം നിരവധി പ്രബന്ധങ്ങൾ അവതരിപ്പിച്ച ഒരു സിമ്പോസിയവും കേരളാ ഫ്രാൻസിസ്കൻ ഫാമിലി യൂണിയന്റെ ആഭിമുഖ്യത്തിൽ ഫ്രാൻസിസ്കൻ - അൽഫോൻസാ എക്സിബിഷനും ഭരണങ്ങാനത്ത് വച്ച് നടത്തപ്പെട്ടു. സിമ്പോസിയത്തിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളെ ആധാ

www.malankaralibrary.com

രമാക്കി 'അൽഫോൻസാമ്മയുടെ വഴിത്താരയിൽ' എന്ന പേരിൽ ഒരു പുസ്തകവും പ്രസിദ്ധീകരിക്കുകയുണ്ടായി. അങ്ങനെ 1986 ഫെബ്രുവരി 8-ന് സാർവ്വത്രിക സഭയുടെ തലവനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്ത് നാഗമ്പടം മൈതാനിയിൽ സജ്ജമാക്കിയിരുന്ന അതിമനോഹരമായ പാപ്പാ വേദിയിൽ വച്ച് അൽഫോൻസാമ്മയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ച ആ ധന്യ മുഹൂർത്തത്തിൽ എഫ്. സി. സി. യുടെ സുപ്പീര്യർ ജനറലായിരുന്ന മദർ റൊമുവാൾദ് ആ വേദിയിൽ വച്ച് മാർപ്പാപ്പയെ സന്ദർശിക്കുകയും കുശലപ്രശ്നങ്ങൾ നടത്തുകയും അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങുകയും മാർപ്പാപ്പയുടെ കരങ്ങളിൽ നിന്ന് ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും ചെയ്തുവെന്നത് ഒരു മഹാഭാഗ്യമായി സിസ്റ്റർ ഇന്നും കരുതുന്നു.

1986 - മാർച്ചിൽ സുപ്പീരിയർ ജനറൽ എന്ന സ്ഥാനത്തുനിന്നും വിരമിച്ച ഉടനെ മദർ റൊമുവാൾദ് പാലാ അൽഫോൻസാ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. രണ്ടു വലിയ സംഭവങ്ങൾക്ക് സാരഥ്യം വഹിക്കേണ്ട ചുമതലയാണ് അതോടെ സിസ്റ്ററിൽ വന്നു ചേർന്നത്. അതിൽ ഒന്ന് സഭയുടെ ജന്മശതാബ്ദിയാഘോഷം. ആയിരത്തിലധികം അംഗങ്ങളുള്ള പ്രൊവിൻസിന്റെ കൂടുതൽ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി വിഭജിക്കാനുള്ള ഉത്തരവാദിത്വം. ക്ലാര സഭയുടെ ജന്മഗൃഹം പാലായിൽ കണ്ണാടിയുറുമ്പ് ആയിരുന്നു. ശതാബ്ദിയാഘോഷവും വിഭജനവും കാര്യക്ഷമമായി നിർവ്വഹിച്ചു. 1990 -ൽ തന്റെ 60-ാം വയസ്സിൽ അദ്ധ്യാപക വൃത്തിയിൽ നിന്നും റിട്ടയർ ചെയ്ത സിസ്റ്റർ ഇടുക്കി ജില്ലയിൽ വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ നാമകരണ സ്മാരകമായി നല്ല തണ്ണി എന്ന സ്ഥലത്ത് സ്ഥാപിതമായ അൽഫോൻസാ മൗണ്ട് എന്ന പ്രാർത്ഥനാ ഭവനിൽ ഒരു വർഷം പ്രാർത്ഥനയ്ക്കായി ചിലവഴിച്ചു. തുടർന്ന് അതിന്റെ സുപ്പീര്യർ ആയി രണ്ടു വർഷവും പ്രവർത്തിച്ചു. തുടർന്ന് പഞ്ചാബ് മിഷനിൽ - ജലന്തർ രൂപതയിൽ മിഷൻ സുപ്പീരിയറായി അധികാരികൾ നിയോഗിച്ചു. അതിശൈത്യവും അത്യുഷ്ണവും വകവയ്ക്കാതെ നാലു വർഷം അവിടെ പ്രവർത്തിച്ചു.

ഗണിത ശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും വിദഗ്ദ്ധയായ, ആഴപ്പെട്ട പ്രാർത്ഥനാ ജീവിതത്തിനും യഥാർത്ഥമായ ഫ്രാൻസിസ്കൻ സന്യാസ ചൈതന്യത്തിനും ഉടമയായ, അധികാരികളുടെ ആഗ്രഹങ്ങൾക്കു പോലും അത്യാവശ്യ സന്ദർഭങ്ങളിൽ സ്നേഹപൂർവ്വം വിധേയയാകാൻ പരിശീലിച്ചിട്ടുള്ള ശാന്തവും സൗമ്യവും വിനീതവുമായ പെരുമാറ്റ ശൈലികൊണ്ട് തന്റെ പ്രവർത്തന മണ്ഡലങ്ങളിൽ ഏറ്റം പ്രിയപ്പെട്ടവളുമായ ബ. റൊമുവാൾദമ്മ തന്നെ സമീപിക്കുന്ന എല്ലാവരിലും ആത്മീയമായ ഉണർവ്വും ചൈതന്യവും പ്രസരിപ്പിച്ചു കൊണ്ട് ദൈവാനുഗ്രഹ സമ്പന്നമായിരുന്ന കഴിഞ്ഞ കാലങ്ങളെ നന്ദി പൂർവ്വം അനുസ്മരിച്ചു കൊണ്ട് ഭവനത്തിലെ എളിയ ശുശ്രൂഷകളിൽ പങ്കെടുത്തു കൊണ്ട് പ്രാർത്ഥനാ നിരതയായി

www.malankaralibrary.com

കലാനിലയം എഫ്. സി കോൺവെന്റിൽ - പുലിയന്നൂരിൽ - മാതൃകാ സന്യാസിനിയായി വിശ്രമ ജീവിതം നയിക്കുന്നു.

വിലാസം - സി. മദർ റൊമുവാൾദ് - കലാനിലയം, എഫ്.സി.സി. കോൺവന്റ്, പുലിയന്നൂർ പി.ഒ., പാലാ.

# 124



# ഫാ. സിപ്രിയൻ ഇല്ലിക്കമുറി
## O.F.M. Cap.

ഭാരതത്തിലെ ദൈവശാസ്ത്രജ്ഞന്മാരിൽ പ്രമുഖനായ ഫാ. സിപ്രിയാൻ ഇല്ലിക്കമുറി കാഞ്ഞിരപ്പള്ളിയിലെ പുരാതനമായ ഇല്ലിക്കമുറി കുടുംബത്തിൽ ഡൊമനിക്ക് ഏലിയാമ്മദമ്പതികളുടെ ഏഴാമത്തെ സന്താനമായി 1930 നവംബർ 27-ാം തീയതി ഭൂജാതനായി. കാഞ്ഞിരപ്പള്ളിയിൽ മലയാളം ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് ഗോവയിൽ ഇംഗ്ലീഷ് ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തുകയും ഉന്നതവിജയം കരസ്ഥമാക്കുയും ചെയ്തു. അതിനുശേഷം കപ്പൂച്ചിൻ സഭയിൽ ചേർന്നു. 1952 ൽ പ്രഥമവ്രതവാഗ്ദാനവും 1955 ൽ നിത്യവ്രതവാഗ്ദാനവും നടത്തി. കൊല്ലത്ത് ഫിലോസഫി പഠനവും കോട്ടഗിരിയിൽ (നീലഗിരി) തിയോളജിപഠനവും പൂർത്തിയാക്കി. 1958 മാർച്ച് 22 ന് വൈദീകപട്ടം സ്വീകരിച്ചു.

ഭരണങ്ങാനത്തുള്ള കപ്പൂച്ചിൻ മൈനർ സെമിനാരിയിൽ അദ്ധ്യാപകനും അസിസ്റ്റന്റ് റെക്ടറുമായി 1960 മുതൽ 1963 വരെ സേവനമനുഷ്ഠിച്ചു. 1963 മുതൽ 1967 വരെ പ്രൊവിൻഷ്യൽ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു. 1966 ൽ ഇതിനിടെ ബി.എ. ഡിഗ്രി നേടി. കോട്ടഗിരിയിലെ കപ്പൂച്ചിൻ മേജർ സെമിനാരിയിൽ അദ്ധ്യാപകനായിട്ടായിരുന്നു അടുത്തനിയമനം (1967-1968). 1969 ൽ ജർമ്മിയിലെ മ്യാൻസ്റ്റർ യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രപഠനം നടത്തി. കാൾറാനർ, വാർട്ടർ കാസ്പെർ, ജോൺ ബാപ്റ്റിസ്റ്റ് മെറ്റ്സ്, ജോവാക്കിംഗ്നിൽക്ക തുടങ്ങിയ ലോകപ്രശസ്തരായ ദൈവശാസ്ത്രജ്ഞന്മാരുടെ കീഴിലാണ് ദൈവശാസ്ത്രപഠനം നടത്തിയത്. ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും ഡോക്ടറേറ്റും നേടി. 1977മുതൽ കോട്ടഗിരിയിലും തുടർന്ന് തൃശൂരിലെ കപ്പൂച്ചിൻ മേജർസെമിനാരിയിലും 1980 മുതൽ കോട്ടയത്ത് കപ്പൂച്ചിൻ വിദ്യാഭവനിലും പ്രൊഫസറായി സേവനം അനുഷ്ഠിച്ചു. കൂടാതെ കൊല്ലത്തുള്ള ബോധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയിലും ആന്ധ്രപ്രദേശത്തുള്ള വിജ്ഞാനനിലയം

www.malankaralibrary.com

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫി ആന്റ് റെലിജിയനിലും വിസിറ്റിംഗ് പ്രൊഫസറുമാണ് ഫാ.സിപ്രിയൻ. ഇതിനിടയിൽ രണ്ടുപ്രാവശ്യം കേരളാ സെന്റ് ജോസഫ് കപ്പൂച്ചിൻ പ്രൊവിൻസിന്റെ കൗൺസിലറായും ഒരു പ്രാവശ്യം അസിസ്റ്റന്റ് പ്രൊവിൻഷ്യലായും രണ്ടുപ്രാവശ്യം കപ്പൂച്ചിൻ വിദ്യാഭവൻ സെമിനാരിയുടെ റെക്ടറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. റോമിൽവച്ചു നടന്ന മൂന്ന് കപ്പൂച്ചിൻ അന്താരാഷ്ട്രസമ്മേളനങ്ങളിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. ഒരുപ്രാവശ്യം ഇന്ത്യൻ കപ്പൂച്ചിൻസിന്റെ പ്രതിനിധിയായും മറ്റൊരുപ്രാവശ്യം കേരളാസെന്റ് ജോസഫ് കപ്പൂച്ചിൻ പ്രൊവിൻസിന്റെ പ്രതിനിധിയായിട്ടുമാണ് അദ്ദേഹം അന്താരാഷ്ട്രസമ്മേളനങ്ങളിൽ പങ്കെടുത്തത്. സാംസ്കാരികാനുരൂപണത്തെപ്പറ്റി ക്ലാസ്സുകൾ എടുക്കുന്നതിൽ പ്രത്യേകക്ഷണിതാവായും ഫാ.സിപ്രിയൻ റോമിൽ നടന്ന അന്താരാഷ്ട്രസമ്മേളനത്തിൽ പോവുകയുണ്ടായി.

ദൈവശാസ്ത്രപരമായി പത്തു പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. വിവിധ സമാഹാരങ്ങളിലും ശാസ്ത്രീയ റിവ്യൂകളിലുമായി പല ഗവേഷണ പ്രബന്ധങ്ങളും ആനുകാലികങ്ങളിൽ അനവധി ലേഖനങ്ങളും ഇംഗ്ലീഷിലും മലയാളത്തിലുമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹം രചിച്ച ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ്. 1. The Lordship of jesus christ 2. അസ്സീസിയുടെ കാല്പാടുകളിൽ 3.അപകടം പതിയിരിക്കുന്ന പാതകൾ 4. സംശയിക്കുന്ന തോമ്മാ 5. വി.കുർബ്ബാന ചില ദൈവശാസ്ത്രപഠനങ്ങൾ 6.വെളിച്ചമേ നയിച്ചാലും 7.പ്രഭാതരശ്മികൾ 8.നുറുങ്ങ് വെളിച്ചം 9.തെളിമതേടി 10.വചനം, വിശ്വാസം, ജീവിതം (നാലുവാല്യങ്ങൾ)

വചനം വിശ്വാസം ജീവിതം ഒന്നാം വാല്യത്തെപ്പറ്റി ശ്രേഷ്ഠമെത്രാപ്പോലീത്താ കർദ്ദനാൾ മാർ വർക്കി വിതയത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

“യേശുനാഥൻ ഭൂമിയിൽ അവതീർണ്ണനായിട്ട് രണ്ട് സഹസ്രാബ്ദങ്ങൾ പൂർത്തിയായിരിക്കുന്നു. ഈ സന്ദർഭത്തിൽത്തന്നെ യേശുവിജ്ഞാനീയത്തിന് അമൂല്യസംഭാവനയായി സമർപ്പിക്കുവാൻ യോഗ്യമായ ഒരു ഗ്രന്ഥം ഇതാ സജ്ജമായിരിക്കുന്നു. ചിരകാലമായി നടന്നുതെളിഞ്ഞ വഴികളിൽനിന്നും ഇടയ്ക്കിടെ വ്യതിചലിക്കുമ്പോഴും ലക്ഷ്യബോധത്താൽ നീതനും നിയന്ത്രിതനുമാണ് ഗ്രന്ഥകർത്താവ് എന്നത് അത്യന്തം ശ്രദ്ധേയമത്രെ.

മനുഷ്യന്റെ ജ്ഞാനം അനുനിമിഷം വികസ്വരമായിക്കൊണ്ടിരിക്കുന്നു. അവന്റെ ഭാവനകൾക്കും സങ്കല്പങ്ങൾക്കും കാലഘട്ടത്തിന്റെ നിറക്കൂട്ടുകൾ മിഴിവേറ്റിക്കൊണ്ടിരിക്കുന്നു. ശാസ്ത്രത്തിന്റെ സൂക്ഷ്മനേത്രങ്ങൾ മുമ്പെന്നത്തേതിനേക്കാളുമേറെ ഭൗതികയാഥാർത്ഥ്യങ്ങളുടെ പൊരുൾ തേടിക്കൊണ്ടിരിക്കുന്നു. പുത്തൻ സാങ്കേതികവിദ്യകളിലൂടെ നേടിയ വിശ്രമവേളകൾ ഉപയോഗിച്ച് മനുഷ്യൻ പൂർവ്വാധികം തീവ്രവും തീക്ഷ്ണവുമായി ആത്യന്തികസത്യങ്ങളെ തേടാൻ തുടങ്ങിയിരിക്കുന്നു. ഒപ്പംതന്നെ സംശയ

www.malankaralibrary.com

ങ്ങളുടെ തേരോട്ടം അഭൂതപൂർവ്വമായി വർദ്ധിച്ചുകൊണ്ടുമിരിക്കുന്നു."

ഏശയ്യാപ്രവാചകന്റെ ഹൃദയാവർജ്ജകമായ ശൈലിയിൽ വിവരിക്കുന്നത് ശ്രദ്ധേയം തന്നെ. "അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം മഹത്തായ ഒരു പ്രകാശം കണ്ടു, കൂരിരുട്ടിന്റെ ദേശത്തു വസിച്ചിരുന്നവരുടെമേൽ പ്രകാശം ഉദിച്ചു" (ഏശയ്യാ 9:2; വി. മത്തായി 4:16). മാംസം ധരിച്ച വചനത്തിന്റെ നേർക്കാണ് പ്രവാചകന്റെ വാക്കുകൾ നമ്മെ നയിക്കുന്നത്. അതെ, "എല്ലാ മനുഷ്യരേയും പ്രകാശിപ്പിക്കുന്ന യഥാർത്ഥവെളിച്ചം ലോകത്തിലേക്കു വരുന്നുണ്ടായിരുന്നു" (യോഹ. 1:9) അതായിരുന്നു ആ പ്രകാശം. പ്രവാചകന്റെ വാക്കുകൾ അന്നത്തേപ്പോലെ ഇന്നും പ്രസക്തമാണ്. അവിശ്വാസത്തിന്റെ നിഴലുകളിൽ വഴിയറിയാതെ പതറുന്ന ജനതകൾക്കിടയിലേക്ക് എല്ലാ മനുഷ്യരേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചത്തെ സന്നിവേശിപ്പിക്കാൻ, സംശയങ്ങളുടെ തേരോട്ടങ്ങൾക്ക് തടയിടാൻ, ഇത്തരം പരിശ്രമങ്ങൾ അത്യന്താപേക്ഷിതങ്ങളാണ്.

ഗ്രന്ഥകാരന്റെ എല്ലാ അഭിപ്രായങ്ങളോടും എല്ലാവർക്കും സർവ്വാത്മനാ യോജിക്കാനാവും എന്ന പ്രതീക്ഷ പുലർത്തേണ്ടതില്ല. സാധാരണക്കാർക്ക് വായിച്ച് മനസ്സിലാക്കാവുന്ന ശൈലിയിലാണെങ്കിൽത്തന്നെയും ഇത് ദൈവശാസ്ത്രസംബന്ധിയായ ഗ്രന്ഥമാണെന്നതിൽ സംശയമില്ല. നവംനവങ്ങളായ നിഗമനങ്ങൾ സഭയുടെ പഠനങ്ങൾക്ക് വിരുദ്ധമല്ലാത്തപക്ഷം പഠനാർഹങ്ങൾതന്നെയാണ്. വിജ്ഞാനവിതരണമഹോത്സവങ്ങളുടേതായ ഈ കാലഘട്ടത്തിൽ ഗതകാലസങ്കേതങ്ങളിലൂടെ ആദ്ധ്യാത്മികതത്വങ്ങളെ വെളിപ്പെടുത്തുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നത് പലപ്പോഴും പരിഹാസ്യവും നിഷ്ഫലവുമായിട്ടാണ് പരിണമിക്കുക. ആ നിലയ്ക്കും ഈ ഗ്രന്ഥം തികച്ചും കാലികവും പ്രസക്തവുമാണെന്ന് പറയണം. യേശുവിജ്ഞാനീയത്തിന് മലയാളത്തിലുള്ള മെച്ചപ്പെട്ട ഒരു മുതൽക്കൂട്ടുതന്നെയാണ് ഈ ഗ്രന്ഥം.

വിലാസം - ഫാ. സിപ്രിയൻ ഇല്ലിക്കമുറി, സെന്റ് ഫ്രാൻസിസ് തിയോളജിക്കൽ കോളേജ്, തെള്ളകം, കോട്ടയം.

# 125

# സിസ്റ്റർ ഫിലോമിൻ മേരി



മത്സ്യതൊഴിലാളികളെ അവരുടെ അധഃസ്ഥിതാവസ്ഥയിൽനിന്നും സ്വതന്ത്രരാക്കുകയെന്ന ലക്ഷ്യത്തോടെ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സി.ഫിലോമിൻ മേരി, മീനച്ചിൽ താലൂക്കിൽ തിടനാട് ഗ്രാമത്തിൽ തകടിയേൽ തോമസിന്റെയും വേരുങ്കൽ

www.malankaralibrary.com

മറിയാമ്മയുടെയും ഒൻപതുമക്കളിൽ മൂത്തമകളായി 1930 ഡിസംബർ 11-ാം തീയതി ജനിച്ചു. മറ്റുള്ളവർക്ക് വേണ്ടി സേവനം ചെയ്ത് ജീവിക്കണമെന്ന ആഗ്രഹം ചെറുപ്പത്തിൽതന്നെ ഉണ്ടായിരുന്നു. അമ്പാറനിരപ്പേൽ, ഭരണങ്ങാനം, അതിരംപുഴ സ്കൂളുകളിലായിരുന്നു വിദ്യാഭ്യാസം. ആരാധനമഠം ബോർഡിംഗിൽനിന്നാണ് അതിരംപുഴയിൽ ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തിയത്. അവിടുത്തെ താമസം സന്യാസസഭയിൽ ചേരണമെന്ന ആഗ്രഹം വർദ്ധിപ്പിച്ചു. അദ്ധ്യാപക ജോലിയെക്കാൾ രോഗീശുശ്രൂഷ ചെയ്യുന്നതിലായിരുന്നു ചെറുപ്പംമുതൽ താല്പര്യം. ഹൈസ്കൂൾ പഠനാനന്തരം 1948 ജൂലൈ മാസത്തിൽ കോട്ടയത്തുള്ള മെഡിക്കൽ മിഷ്യൻ സിസ്റ്റേഴ്സിന്റെ സന്യാസ സഭയിൽ ചേർന്നു. ഈ സന്യാസസമൂഹം ഒരു അന്തർദേശീയ സന്യാസ സമൂഹമാണ്. പാക്കിസ്ഥാനിൽ വൈദ്യസഹായമില്ലാതെ മരിക്കുന്ന അമ്മമാർക്കും കുട്ടികൾക്കും വേണ്ടി അവിടെ ഡോക്ടർ മദർ അന്നഡെങ്കൾ ആദ്യമായി ഒരു ആശുപത്രി സ്ഥാപിച്ചു. ഈ കാലയളവിൽ മുസ്ലീം സ്ത്രീകൾക്ക് പുരുഷ ഡോക്ടർമാരെക്കൊണ്ട് പരിശോധന നടത്താൻ പാടില്ലായിരുന്നു. അന്ന് സന്യാസിനികൾക്കോ സന്യാസികൾക്കോ മെഡിക്കൽ പ്രാക്ടീസ് ശസ്ത്രക്രിയയും പ്രസവ ശുശ്രൂഷയും സഭ അനുവദിച്ചിരുന്നില്ല. മദർ അന്നഡെങ്കൾ റോമുമായി നിരന്തരം ബന്ധപ്പെട്ടു. ഇതിനുള്ള അനുമതി നേടിയെടുത്തു.

1948 മാർച്ചിലാണ് ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി (മേരിഗിരി) ആശുപത്രി ഭരണങ്ങാനത്ത് തുടങ്ങിയത്. ആധുനിക ചികിത്സാ സംവിധാനങ്ങളോടെ ആശുപത്രി വികസിപ്പിച്ചെടുക്കുകയെന്നതായിരുന്നു അന്നത്തെ ലക്ഷ്യം. കേരളത്തിൽനിന്നുള്ള പന്ത്രണ്ടോളം വനിതകൾ റാവൽപിണ്ടിയിൽനിന്നും നേഴ്സ് മിഡ് വൈഫറി പാസായി വന്നിരുന്നു. വിദേശിയരായ രണ്ടു സിസ്റ്റേഴ്സിന്റെ സഹായത്തോടെയാണ് ഭരണങ്ങാനം മേരിഗിരി ആശുപത്രി തുടങ്ങിയത്. ഈ ആശുപത്രിയിൽ ഡോക്ടേഴിസിന്റെയും ഫാർമസിസ്റ്റിന്റെയും ലാബ് ടെക്നീഷ്യന്റെയും ആവശ്യം ഉണ്ടായിരുന്നു.

നൊവിഷ്യറ്റ് കഴിഞ്ഞയുടനെ ഫിലോമിൻ മേരിയെ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ ഉപരിപഠനത്തിനായി അയച്ചു. ഡോക്ടറാക്കാനായിരുന്നു അധികാരികളുടെ ശ്രമം. അതിനോട് സിസ്റ്ററിന് ഒട്ടും താല്പര്യമില്ലായിരുന്നു. ആ വിവരം സുപ്പീരിയേഴ്സിനെ അറിയിക്കുകയും ചെയ്തു. ഇന്റമീഡിയറ്റും ബി.എസ്സ്.സി.യും പാസ്സായി കഴിഞ്ഞ് അഹമ്മദ്ബാദിൽ ബി.ഫാം. പഠിക്കാൻ അയക്കുകയുണ്ടായി. രണ്ടരവർഷമായിരുന്നു ബി. ഫാം. കോഴ്സിന്റെ കാലാവധി. 1956 ൽ ബി.ഫാം ഡിഗ്രി എടുത്തു. ഒരു വർഷം ബാന്ദ്രയിലെ ഹോളിഫാമിലി ഹോസ്പിറ്റലിലും പിന്നീട് ഒരുവർഷം പാറ്റ്നായിലെ ഹോളി ഫാമിലി ഹോസ്പിറ്റലിലും ജോലി നോക്കി. 1957 ൽ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചീഫ് ഫാർമസിസ്റ്റായി നിയമിക്കപ്പെട്ടു. 1965 വരെ അവിടെ ജോലി ചെയ്തു. തന്നെ ഏല്പിച്ച ജോലി

www.malankaralibrary.com

കൾ കൃത്യമായും ഭംഗിയായും നിർവ്വഹിച്ചു.

1965 മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് ഏറ്റെടുത്തപ്പോൾ അതിന്റെ ആദ്യത്തെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു. പണിപൂർത്തിയാകാത്തതിനാൽ ഡിസ്പെൻസറി മാത്രം ആരംഭിച്ചു. താമസിയാതെ 35 കിടക്കകൾ ഒരുക്കി. ഒരു വർഷത്തിനകം ഓപ്പറേഷൻ തീയേറ്ററും പ്രസവമുറിയും എല്ലാം ആധുനിക സംവിധാനങ്ങളോടെ സജ്ജമാക്കി. 1970 ൽ സിസ്റ്റർ അവിടെനിന്നും സ്ഥലംമാറി പോകുമ്പോൾ 150 കിടക്കകളുള്ള ഒരു മികച്ച ആശുപത്രിയായി വളർന്നു കഴിഞ്ഞിരുന്നു.

1970 ആയപ്പോഴേയ്ക്കും പ്രൈവറ്റ് ആശുപത്രികളിലും ട്രെയ്ഡ് യൂണിയനും മറ്റും ആരംഭിക്കുകയും തൊഴിൽപരമായ കാര്യങ്ങളിൽ വിവാദം ഉണ്ടാകുകയും പതിവായി. ഈ സാഹചര്യത്തിൽ ആശുപത്രി ഭരണം വിദഗ്ദ്ധമായി കൊണ്ടുപോകണമെങ്കിൽ ശാസ്ത്രീയമായി അഡ്മിനിസ്ട്രേഷനെപ്പറ്റി പഠിക്കേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യമായി. 1970 ൽ ഡൽഹി യൂണിവേഴ്സിറ്റിയിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് ഐച്ഛികമായെടുത്ത് എം.ബി.എ. പഠിക്കാൻ സിസ്റ്ററിനെ നിയോഗിച്ചു. മൂന്നുവർഷം ഈവനിംഗ് കോഴ്സിൽ പഠിച്ച് 1973 ൽ എം.ബി.എ. പാസ്സായി. പഠനത്തോടൊപ്പം മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ വക ഡൽഹിയിലെ ഹോളിഫാമിലി ഹോസ്പിറ്റലിൽ രണ്ടുവർഷം ചീഫ് ഫാർമസിസ്റ്റ് ആയും ഒരു വർഷം അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റർ ആയും ജോലി ചെയ്തു.

1973 ൽ ചങ്ങനാശ്ശേരി ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു. അഞ്ചുവർഷം അവിടെ സേവനം ചെയ്തു. ഈ കാലയളവിൽ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ സേവനത്തെയും ആരോഗ്യവീക്ഷണത്തെയുംപറ്റി നടന്ന ചർച്ചകൾ സഭയിൽതന്നെ പുതിയ മാറ്റങ്ങൾ വരുത്തുന്നതിനിടയാക്കി. രണ്ടാംവത്തിക്കാൻ കൗൺസിൽ കഴിഞ്ഞുള്ള സഭയുടെ പൊതുസമ്മേളനത്തിൽ സൗഖ്യമാക്കൽ ദൗത്യത്തെപ്പറ്റി ആഴമായി പരിചിന്തനം നടത്തി. ആരോഗ്യം ശാരീരികമായി മാത്രം ബന്ധപ്പെട്ടതല്ലെന്നും മറിച്ച് മനുഷ്യന്റെ സമ്പൂർണ്ണസുസ്ഥിതിയാണെന്നും സഭയുടെ പ്രഥമ പരിഗണന മർദ്ദിതരും ചൂഷിതരും സമൂഹത്തിന്റെ താഴെക്കിടയിൽ കിടക്കുന്നവർക്കും വേണ്ടിയാണെന്നും പ്രഖ്യാപിച്ചു. ആശുപത്രി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി അവർ പ്രവർത്തിച്ചുവന്ന ആശുപത്രികളെപ്പറ്റി നല്ല ഒരു വിലയിരുത്തൽ നടത്തി. ആശുപത്രി സേവനം താഴെക്കിടയിൽ ഉള്ളവർക്ക് പ്രയോജനപ്പെടുന്നില്ലെന്നും 85 ശതമാനം രോഗങ്ങളും പ്രതിരോധിക്കാവുന്നതാണെന്നും വ്യക്തമായി. അതുപോലെതന്നെ ആശുപത്രികൾ മുതലാളിത്തവ്യവസ്ഥിതിയുടെ മത്സര ഓട്ടത്തിൽ പങ്കാളികളും ഡോക്ടർമാരുടെയും ഔഷധവ്യവസായികളുടെയും ലാഭേച്ഛയുടെ ബലിയാടുകളും ആണെന്നു കണ്ടു. ഈ സാഹചര്യത്തിൽ മെഡിക്കൽ മിഷൻ സൊസൈറ്റിക്ക് ആരോഗ്യരംഗത്ത് ഇനിയും ഏറെ ചെയ്യാനുണ്ടെ

www.malankaralibrary.com

ന്നുള്ള ബോദ്ധ്യം സഭയിലെ അംഗങ്ങളിലും പൊതുസംഘത്തിലും ഉയർന്നുവന്നു. സാമൂഹ്യനീതിയുടെ കാഴ്ചപ്പാടിലൂടെ സഭചെയ്യുന്നതായ വിദഗ്ദ്ധ സേവനത്തിന്റെ പാപ്പരത്തം മനസ്സിലാക്കി പുതിയ ചില തീരുമാനങ്ങൾ ഉണ്ടായി. സഭയുടെ പ്രഥമഗണന ചൂഷിതരും മർദ്ദിതരും സമൂഹത്തിന്റെ അതിർവരമ്പുകളിൽ കിടക്കുന്നവരുമായ ജനവിഭാഗങ്ങളുടെ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുകയാണെന്ന ബോദ്ധ്യം എല്ലാവരിലും രൂഢമൂലമായി. ഇന്നത്തെ രീതിയിലുള്ള ആശുപത്രി സ്ഥാപനങ്ങളിൽകൂടി ദരിദ്രർക്കും ചൂഷിതർക്കും നന്മചെയ്യുവാൻ സാധിക്കുകയില്ലെന്നും ബോദ്ധ്യം വന്നു. നമ്മുടെ സേവനം ദരിദ്രർക്കും ചൂഷിതർക്കുംവേണ്ടിയാകണമെങ്കിൽ അവരുടെ വേദനകളും യാതനകളും മനസ്സിലാക്കണമെന്നും അവരുടെയിടയിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവരുമായി ഒത്തുചേർന്ന് അവരുടെ മോചനത്തിനായി അവരോടൊത്ത് പൊരുതണമെന്നുള്ള പ്രചോദനവും ഉത്തേജനവും സിസ്റ്ററിനുണ്ടായത് മെഡിക്കൽ മിഷൻ സമൂഹത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളും തിരുസഭയുടെ പഠനങ്ങളും വേദപുസ്തകപരിചിന്തനവും ആണ്. അതുപോലെതന്നെ മെഡിക്കൽ മിഷ്യൻ സിസ്റ്റേഴ്സിന്റെ നിയമാവലിയും രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ഉദ്ബോധനങ്ങളും സി.ബി.സി.ഐ. പ്രഖ്യാപനങ്ങളും ഈ രംഗത്തിറങ്ങി പോരാടുവാൻ ആത്മധൈര്യം നൽകി. അതിലെ പ്രസക്തഭാഗങ്ങൾ താഴെച്ചേർക്കുന്നു. "ഈയധികം വേദനകളുടെ നാരായ വേരുകളായ തിന്മകളെ തിരയുവാനും, ഈ അവസ്ഥാവിശേഷത്തെ മാറ്റിയെടുക്കുവാനും ജനങ്ങളുടെ കൂട്ടായ്മയിൽ നമുക്ക് സാധിക്കും" (മെഡിക്കൽ സിസ്റ്റേഴ്സ് നിയമാവലി നമ്പർ - 8)

ഇന്നത്തെ മനുഷ്യരുടെ വിശിഷ്യാ പാവങ്ങളുടെയും പീഡിതരുടെയും സങ്കടങ്ങളും ഉൽക്കണ്ഠകളുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടെയും കൂടെയാണെന്നും വിശപ്പിനും അജ്ഞതയ്ക്കും, രോഗത്തിനുമെതിരെ യുദ്ധം പ്രഖ്യാപിച്ചുകൊണ്ട് മെച്ചപ്പെട്ട ജീവിതവ്യവസ്ഥിതിക്ക് രൂപം കൊടുക്കുവാനും സമാധാനം സുസ്ഥിതമാക്കാനുംവേണ്ടി പ്രവർത്തിക്കുന്നവരുടെ കൂടെ ക്രൈസ്തവരും പങ്കെടുക്കണമെന്നും "അനീതിപരമായ ഏതു സംരംഭത്തെയും ഏകാധിപത്യത്തെയും കുത്തകമേധാവിത്വത്തെയും അസഹിഷ്ണതാ പ്രവർത്തനങ്ങളേയും ചെറുക്കുവാനും സത്യത്തിനും നീതിക്കും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പങ്കുചേരാനും" രണ്ടാം വത്തിക്കാൻ കൗൺസിൽ ആഹ്വാനം ചെയ്യുകയുണ്ടായി. അതുപോലെതന്നെ 1971 ലെ സി.ബി.സി.ഐ. സമ്മേളനം "ദാരിദ്ര്യത്തിന്റെ അടിസ്ഥാനകാരണങ്ങൾ മാറ്റുവാൻ ഉടലെടുത്തുകൊണ്ടിരിക്കുന്ന ജനമുന്നേറ്റത്തോടൊപ്പം സഭയും നിലകൊള്ളുന്നു"എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ക്രിസ്തുനാഥൻ പിതാവിനാൽ അയക്കപ്പെട്ടത് പാവങ്ങളോട് സുവിശേഷം അറിയിക്കുവാനും ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും മർദ്ദിതർക്ക് സ്വാതന്ത്ര്യവും ലഭ്യമാക്കുന്നതിനാണ്. (LK 4-18) ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാ

www.malankaralibrary.com

കുവാനും അത് സമൃദ്ധിയായി ഉണ്ടാകാനുമാണ് (Jn. 10:10) സഹനത്തിന്റെയും ദാരിദ്ര്യത്തിന്റെയും മാർഗ്ഗങ്ങളിൽകൂടിയാണ് ക്രിസ്തുനാഥൻ രക്ഷാകർമ്മം പൂർത്തിയാക്കിയത്.

ഇതിന്റെയെല്ലാം വെളിച്ചത്തിൽ ജീവിതം അർത്ഥവത്താക്കാനുള്ള അന്വേഷണത്തിനായി തിരുവനന്തപുരത്ത് പ്രശ്നങ്ങളുടെ ഇടയിൽ നട്ടം തിരിയുന്ന മത്സ്യത്തൊഴിലാളികളുടെയിടയിലേക്ക് സിസ്റ്റർ ഇറങ്ങിച്ചെന്നു. അഞ്ചുതെങ്ങ്പ്രദേശത്ത് മെഡിക്കൽ സിസ്റ്റേഴ്സിന്റെ രണ്ടുഗ്രൂപ്പുകൾ 1975 മുതൽ പ്രവർത്തനം തുടങ്ങിയിരുന്നു. കേരളം വിദ്യാഭ്യാസത്തിലും ആരോഗ്യനിലവാരത്തിലും മറ്റുസംസ്ഥാനങ്ങളേക്കാൾ മുൻപന്തിയിലാണെങ്കിലും മത്സ്യതൊഴിലാളികളുടെ അവസ്ഥ വിപരീതമാണ്. ഇവിടെ 10 ശതമാനം ആളുകൾക്കു മാത്രമേ എഴുതാനും വായിക്കാനും അറിയൂ. പോഷകാഹാരക്കുറവും സാംക്രമികരോഗങ്ങളും ഇവരുടെ ആരോഗ്യത്തെ ബാധിക്കുന്നു. കടലിനെയും കാലാവസ്ഥയേയും ആശ്രയിച്ചുകഴിയുന്ന ഇവർ ഒരു നേരത്തെ ഭക്ഷണംപോലും കഴിക്കാൻ നിവൃത്തിയില്ലാതെ അലയുന്നു. 93% ആളുകളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഇവരുടെ കഷ്ടപ്പാടുകൾ സിസ്റ്ററിനെയും സഹപ്രവർത്തകരെയും വേദനിപ്പിച്ചു. ഈ സാഹചര്യത്തിൽ ബോധവൽക്കരണവും വിദ്യാഭ്യാസവും, ആരോഗ്യസംരക്ഷണവും ആവശ്യമായി കണ്ട് സിസ്റ്റർ അതിലേക്ക് ശ്രദ്ധ തിരിച്ചു. നഴ്സറി സ്കൂളുകളും വയോജനവിദ്യാഭ്യാസകേന്ദ്രങ്ങളും, ബോധവൽക്കരണ പരിപാടികൾക്കും തുടക്കം കുറിച്ചു. രോഗചികിത്സയും പ്രതിരോധപരിപാടികളും ആരോഗ്യ വിദ്യാഭ്യാസവും നടത്തി മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങൾ നേടിയാൽ മാത്രമേ പൂർണ്ണ ആരോഗ്യം ലഭ്യമാകുമെന്നുള്ള ബോദ്ധ്യവും ഇവയുടെ സാദ്ധ്യത രാഷ്ട്രീയ പ്രവർത്തനങ്ങളിൽ കൂടിയേ നേടിയെടുക്കുവാൻ സാധിക്കുകയുള്ളുവെന്നും അങ്ങനെ ആരോഗ്യം ഒരു രാഷ്ട്രീയ വിഷയമാണെന്നും ജനങ്ങളെ മനസ്സിലാക്കാൻ ശ്രമിച്ചു.

മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾക്കായി അവരോടൊപ്പം സമരരംഗത്തിറങ്ങുകയും പിക്കറ്റിംഗ്, ജയിൽവാസം, നിരാഹാരസത്യാഗ്രഹം തുടങ്ങിയ സമരമുറകളിൽക്കൂടി പല ആവശ്യങ്ങളും നേടിയെടുക്കുകയും ചെയ്തു. മൺസൂൺകാല ട്രോളിംഗ് നിരോധനം, കുട്ടികൾക്കുപഠനത്തിനായി ലംപ്സംഗ്രാന്റ്, വാർദ്ധക്യകാലപെൻഷൻ, അപകടമരണത്തിൽപ്പെടുന്നവരുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക, മത്സ്യവിപണനം ചെയ്യുന്ന സ്ത്രീകൾക്ക് യാത്രാസൗകര്യം, മത്സ്യചന്തകളിലെ അഴിമതി നിർത്തലാക്കൽ, മത്സ്യചന്തകളിൽ സ്ത്രീകൾക്ക് കൂടുതൽ സൗകര്യങ്ങൾ എല്ലാം സമരങ്ങളിൽകൂടെ നേടിയെടുത്തതാണ്. സമരങ്ങളിലുള്ള മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ ഇടപെടൽ മനുഷ്യത്വത്തിന്റെയും വിമോചനത്തിന്റെയും ഒരനുഭവമായി ആഴത്തിൽ മനസ്സിലാക്കാൻ ആ സിസ്റ്റേഴ്സിന് സാധിച്ചു. യൂണിയനിലൂടെയുള്ള പ്രവർത്തനങ്ങളുടെ ഫലമായി സിസ്റ്റേ

www.malankaralibrary.com

ഴ്സിന് ഏറെ ഉണർവും വെളിച്ചവും ദിശാബോധവും ഉണ്ടായി. ആരോഗ്യ പ്രവർത്തനങ്ങളിലും വിദ്യാഭ്യാസ പ്രക്രിയയിലും ഏറെ നൂതനാശയങ്ങൾ കൊണ്ടുവരാനും പുത്തൻ ബോധവൽക്കരണ രീതികൾ നടപ്പിലാക്കാനും കഴിഞ്ഞു.

അസംഘടിത മേഖലയിലെ തൊഴിലാളികളെ സംഘടിപ്പിക്കുന്നത് അത്ര എളുപ്പമായിരുന്നില്ല. എന്നാൽ അവരോടൊത്ത് ജീവിച്ച് ലളിതമായ ജീവിതശൈലിയും കഠാനാദ്ധ്യാനവും എല്ലാവർക്കും കയറിവരാവുന്ന തുറന്നവീടും എല്ലാം തൊഴിലാളികളുടെ ആത്മവിശ്വാസം വളർത്തുവാൻ സഹായിച്ചു. അതുപോലെ അവരുടെ ജീവിതയാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാൻ സിസ്റ്റേഴ്സിനും സാധിച്ചു. 1978 മുതൽ അവരോടൊപ്പം സംഘാടനത്തിലും പോരാട്ടത്തിലും സിസ്റ്റർ മുൻപന്തിയിലുണ്ട്. കേരള മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ പേരിലാണ് മത്സ്യത്തൊഴിലാളികളെ സംഘടിപ്പിച്ചത്. സ്ത്രീ പ്രശ്നം, മദ്യ നിരോധനം, എയ്ഡ്സ് ബോധവൽക്കരണം, പരിസ്ഥിതിസംരക്ഷണം എന്നിവകൾക്കായുള്ള സമരങ്ങളിലും സിസ്റ്റർ സജീവമായി പങ്കെടുത്തു. സമൂഹത്തിലും കുടുംബത്തിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കാൻ മുൻപന്തിയിൽ സിസ്റ്ററുണ്ട്.

1981 ലെയും 1984 ലെയും ട്രോളിംഗിന് എതിരായുള്ള സമരത്തിൽ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ സജീവസാന്നിദ്ധ്യം ഉണ്ടായിരുന്നു. ഈ സമരത്തിൽ വൈദികരും കന്യാസ്ത്രീകളും സജീവമായി പങ്കുചേർന്നു. 1984 ൽ സിസ്റ്റർ ഫിലോമിൻ മേരി നടത്തിയ മരണംവരെയുള്ള ഉപവാസം വളരെയധികം ആശയക്കുഴപ്പത്തിന് കാരണമായി. ആത്മഹത്യയെന്നും അനുസരണക്കേടെന്നും സഭയും രാഷ്ട്രവും സമൂഹവും മുദ്രകുത്തി. എന്നാൽ മറ്റുള്ളവർക്കുവേണ്ടി ജീവിക്കാൻ വ്രതമെടുത്ത ഒരു സന്യാസി അവരുടെ നിലനില്പിനുവേണ്ടി സ്വന്തം ജീവൻ കൊടുക്കുന്നത് ഒരു ബലിയർപ്പണമാണെന്ന് സിസ്റ്റർ അഭിപ്രായപ്പെട്ടു. സമരപ്പന്തലിൽ എല്ലാദിവസവും വൈകുന്നേരം കൂട്ടായി വേദപുസ്തകത്തിലെ, ഐസിയാ പ്രവാചകന്റെയും ജെറമിയാ പ്രവാചകന്റെയും വാക്കുകൾ പരിചിന്തനം ചെയ്തത് ഫിലോമിൻമേരിക്ക് കൂടുതൽ ഉത്തേജനം നൽകി. ഈ സമരത്തിൽ സിസ്റ്ററിന്റെ അമ്മ സമരപന്തലിൽവന്ന് സിസ്റ്ററിന് ആത്മധൈര്യം നൽകി അറസ്റ്റ് ചെയ്ത് ജയിലിലേക്ക് സിസ്റ്ററിനെ കൊണ്ടുപോകുമ്പോൾ ആ വത്സല മാതാവ് അവിടെയുണ്ടായിരുന്നു. ഇതെല്ലാം സമരാവേശം കൂടുതൽ വളർത്താൻ സഹായിച്ചു. വാതരോഗിയായ സി.മേഴ്സി കുട്ടിയാനി റെയിൽപിക്കറ്റിംഗിന് അമ്മമാരും കുട്ടികളുമായി പോയപ്പോൾ പോലീസുകാർ സിസ്റ്ററിനെ പ്ലാറ്റ് ഫോമിലേയ്ക്ക് വലിച്ചെറിഞ്ഞു. ഒരുമുറിവും പറ്റാതെ സിസ്റ്റർ ചാടിയെഴുന്നേറ്റ സംഭവം എല്ലാവരെയും അത്ഭുതപ്പെടുത്തി. പത്തുവയസ്സിന് താഴെയുള്ള ഇരുപത് കുട്ടികൾ കൂട്ടത്തിലുണ്ടായിരുന്നു. ഇവരെല്ലാം പിക്കറ്റിംഗ് കാണാൻ വന്ന് അറസ്റ്റ് ചെയ്തവരാണ്. സിസ്റ്റർ തെറമ്മ പ്രായിക്കണം, സി.പട്രീഷ്യ

www.malankaralibrary.com

കുരുവിനാക്കുന്നേൽ, സി.ഫിലോമിൻ മേരി തകടിയേൽ എന്നിവർ പത്തു മത്സ്യത്തൊഴിലാളികളോടൊപ്പം അറസ്റ്റ് ചെയ്ത് ആറുദിവസം സെൻട്രൽ ജയിലിൽകിടന്നു.

23 ദിവസത്തെ നിരാഹാരസമരത്തിനുശേഷം ഫെഡറേഷൻ സമരം പിൻവലിച്ചപ്പോൾ പരസഹായം ഇല്ലാതെ ഒന്നും ചെയ്യാൻ വയ്യാത്ത ഒരവസ്ഥയിലായിരുന്നു സി.ഫിലോമിൻ മേരി. അതുകഴിഞ്ഞ് 22 വർഷം പിന്നിട്ടപ്പോഴും സിസ്റ്റർ പൂർണ്ണ ആരോഗ്യവതിയായി മത്സ്യത്തൊഴിലാളികളോടൊപ്പം നിന്ന് പൊരുതുന്നു.

ദൈവരാജ്യം ഇവിടെതന്നെ സ്ഥാപിതമാകണമെന്നവിശ്വാസമാണ് സിസ്റ്ററിനെ ഇന്നു നയിക്കുന്നത്. മാമ്മൂദീസാ മുങ്ങിയതുകൊണ്ടല്ല താൻ ക്രിസ്ത്യാനിയായതെന്നും യേശുവിന്റെ പ്രവർത്തനങ്ങൾ ചെയ്യുമ്പോഴാണ് യഥാർത്ഥ ക്രിസ്ത്യാനിയായിതീരുന്നതെന്നും സിസ്റ്റർ വിശ്വസിക്കുന്നു. സിസ്റ്ററിന്റെ എല്ലാ പോരാട്ടങ്ങളും മത്സ്യത്തൊഴിലാളികളെ അധഃസ്ഥിതാവസ്ഥയിൽനിന്ന് സ്വതന്ത്രരാക്കുന്നതിനുവേണ്ടിയാണ്. യേശുവിന്റെ വിമോചന ദൗത്യത്തിൽ പങ്കുചേരുകയാണ് സിസ്റ്റർ.

സഭയുടെയും സമൂഹത്തിന്റെയും ചടങ്ങുകൾക്കും ആചാരങ്ങൾക്കും എതിരായി പ്രവർത്തിക്കുമ്പോൾ എതിർപ്പുകൾ ധാരാളം ഉണ്ടാകാറുണ്ട്. ധാരാളം ഒറ്റപ്പെടുത്തലുകളും ഉണ്ടായിട്ടുണ്ട്. അപ്പോഴൊക്കെ യേശു സിസ്റ്ററിന് ധൈര്യവും ശക്തിയും പകർന്നു നൽകുന്നു.

സന്യാസ സഭയിലും മറ്റുമേഖലകളിലും ഉത്തരവാദിത്വപൂർണ്ണമായ പല ജോലികളും സിസ്റ്റർ നിർവ്വഹിച്ചിട്ടുണ്ട്. സന്യാസ സഭയിൽ ലോക്കൽ, പ്രോവിൻസ്, ഇന്ത്യാലെവലിൽ സഭയുടെ കൗൺസിലർ ആയും1997-2000 കാലഘട്ടത്തിൽ പ്രോവിൻസിന്റെ കോർഡിനേഷൻ ടീം അംഗമായും 1979 ൽ സഭയുടെ അന്താരാഷ്ട്ര ചാപ്റ്ററിൽ ഇന്ത്യൻ സെക്ടറിന്റെ പ്രതിനിധിമാരിൽ ഒരാളായും പ്രോവിൻസ് തലത്തിൽ വർക്ക് കോർഡിനേറ്റർ ആയും പ്രവർത്തിച്ചിട്ടുണ്ട്. മിഷൻ ഫെസിലിറ്റേഷൻ ടീം മെമ്പർ, ഹോസ്പിറ്റൽസ് ഗവേണിംഗ് ബോർഡ് മെമ്പർ, ഹെൽത്ത് ഇൻ ജസ്റ്റിസ് ഫോറം കൺവീനർ, തിരുവനന്തപുരം ഏരിയാ കോർഡിനേറ്റർ എന്നീ നിലകളിലും സിസ്റ്റർ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. (ആശുപത്രി ലവലിൽ നടത്തിയ സേവനങ്ങൾ ആദ്യം പ്രസ്താവിച്ചിട്ടുണ്ട്) വോളണ്ടിയർ ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയതലത്തിലെ കമ്മറ്റിമെമ്പർ,വോളണ്ടിയറി ഹെൽത്ത് അസോസിയേഷൻ കേരളഘടകത്തിന്റെ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിക്കുകയുണ്ടായി.

മത്സ്യതൊഴിലാളി ഫെഡറേഷന്റെ തുടക്കംമുതൽ ഗ്രാമതലം മുതൽ സംസ്ഥാനതലംവരെയുള്ള എക്സിക്യൂട്ടീവ് കൗൺസിലിൽ അവർ അംഗമാണ്. 1993 മുതൽ ദേശീയതലത്തിൽ ഓഫീസ് സെക്രട്ടറി, ട്രഷറർ എന്നീ നിലകളിൽ തുടർന്നു പ്രവർത്തിക്കുന്നു. 1986 ൽ തിരുവനന്തപുരം ലൂർദ്ദ്

www.malankaralibrary.com

ഫൊറോനാ ചർച്ച് സാമൂഹ്യപ്രവർത്തനത്തിനുള്ള അവാർഡ് നൽകി ആദരിച്ചു. അടിച്ചമർത്തപ്പെട്ടവരുടെയും ചൂഷിതരുടെയും കൂടെ നിൽക്കുന്നത് സന്തോഷമാണ് സിസ്റ്ററിന് ഇപ്പോഴും.

വിലാസം - സി.ഫിലോമിൻ മേരി, തകടിയേൽ, മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ്, പൂത്തുറ, ആജേൻജോ 695309 തിരുവനന്തപുരം.

# 126

# ആർച്ച് ബിഷപ്പ് മാർ ജേക്കബ്ബ് തൂങ്കുഴി



"ക്രിസ്തു നമ്മിൽ രൂപീകൃതമാകുന്നതുവരെ" എന്ന മുദ്രാവാക്യം സ്വീകരിച്ച് പ്രവർത്തനരംഗത്തേക്കു കടന്നുവന്ന തൂങ്കുഴിപ്പിതാവ്, അടിമക്കച്ചവടത്തിന്റെ അവശിഷ്ടങ്ങൾ നിലനിന്നിരുന്ന വയനാടൻ മണ്ണിൽ സമൂഹം ഭ്രഷ്ട്കല്പിച്ച് അകററിനിർത്തിയിരുന്ന ആദിവാസികളുടെയും ദരിദ്രജനവിഭാഗങ്ങളുടെയും ഉദ്ധാരണത്തിലാണ് ആദ്യമായി ശ്രദ്ധപതിപ്പിച്ചത്. 1977 ൽ തിരുനെല്ലിയിൽ പട്ടിണിമരണമുണ്ടായപ്പോൾ അവിടെയോടിയെത്തി പട്ടിണിക്കും രോഗത്തിനും എതിരെ പോരാടാൻ അഭിവന്ദ്യപിതാവ് ജനസഹസ്രങ്ങൾക്ക് നേതൃത്വം നൽകി." 1991 ജനുവരി 13-ലെ ദീപിക ആഴ്ചപ്പതിപ്പിൽ സി.ഫ്രാൻസി എഫ്.സി.സി. എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ആണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്.

വയനാടിന്റെ ചരിത്രവുമായി ഇഴുകിച്ചേർന്ന് വയനാടൻ ജനതയുടെ സമഗ്രമോചനത്തിനായി കാൽനൂററാണ്ടുകാലം കഠിനാദ്ധ്വാനം ചെയ്ത മാർ ജേക്കബ്ബ് തൂങ്കുഴി പാലാരൂപതയിലെ വിളക്കുമാടം ഗ്രാമത്തിൽ തൂങ്കുഴിയിൽ കുര്യൻ - റോസ ദമ്പതികളുടെ ദ്വിതീയ പുത്രനായി 1930 ഡിസംബർ 13 ന് ജനിച്ചു. പ്രാഥമികവിദ്യാഭ്യാസം വിളക്കുമാടത്തും ഹൈസ്കൂൾ വിദ്യാഭ്യാസം ഭരണങ്ങാനം സെന്റ്മേരീസ് ഇംഗ്ലീഷ് ഹൈസ്കൂളിലുമായിരുന്നു. ചെറുപ്പം മുതൽ ഒരു വൈദികനാകണമെന്ന ആഗ്രഹത്തിൽ കഴിഞ്ഞുകൂടിയ ചാക്കോച്ചൻ വൈദിക പഠനത്തിനായി ചങ്ങനാശ്ശേരി പാറേൽ പെററി സെമിനാരിയിൽ ചേർന്നു. തുടർന്ന് ആലുവാ സെമിനാരിയിലും. ആ സന്ദർഭത്തിലാണ് തലശ്ശേരിരൂപത ആരംഭിക്കുന്നതും തന്റെ ആത്മീയപിതാവ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തലശ്ശേരി രൂപതയുടെ പ്രഥമ ബിഷപ്പായി നിയമിതനാകുന്നതും. ഈയവസരത്തിൽ ബ്രദർ ജെയ്ക്കബ്ബ് തലശ്ശേരി രൂപതയിൽ ചേരുകയും ചെയ്തു. തലശ്ശേരി രൂപതയ്ക്കുവേണ്ടി പഠനം

www.malankaralibrary.com

തുടർന്ന ബ്രദർ ജേക്കബ്ബിനെ ഉപരിപഠനത്തിനായി റോമിലെ പ്രൊപ്പഗാന്താ ഫിദേ കോളേജിലേക്കയച്ചു. അവിടെനിന്നും വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ബ്രദർ ജേക്കബ്ബ് 1956 ഡിസംബർ 22 ന് പൗരോഹിത്യപദവിയിലേക്കുയർത്തപ്പെട്ടു. വീണ്ടും റോമിൽ പഠനം തുടർന്നു. റോമിലെ ലാറ്ററൽ യൂണിവേഴ്സിറ്റിയിൽ നിന്നും കാനൻ സിവിൾ നിയമങ്ങളിൽ പ്രശസ്തമാംവിധം ഡോക്ടറേറ്റ് നേടിയെടുത്തു. നാട്ടിൽ തിരിച്ചെത്തിയ ജേക്കബ്ബ് അച്ചനെ തലശ്ശേരി രൂപതയിലെ സെക്രട്ടറിയായി നിയമിച്ചു. അതോടൊപ്പം ചാൻസലർ ജോലിയും നോക്കുകയുണ്ടായി. തുടർന്ന് രണ്ടുവർഷക്കാലം സെമിനാരി റെക്ടർ സ്ഥാനവും വഹിച്ചു. 1968 ൽ അമേരിക്കയിലേക്ക് ഉപരിപഠനത്തിന് പോവുകയും ന്യൂയോർക്കിലുള്ള ഫോർദാം യൂണിവേഴ്സിറ്റിയിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ മാസ്റ്റർ ബിരുദമെടുക്കുകയും ചെയ്തു. അമേരിക്കയിൽനിന്നും നാട്ടിൽ തിരിച്ചെത്തിയ ജേക്കബ്ബ് അച്ചനെ വീണ്ടും തലശ്ശേരി രൂപതാമൈനർ സെമിനാരിയിൽ റെക്ടറായി നിയമിച്ചു. ഇക്കാലഘട്ടത്തിൽ കുടിയേറ്റ മേഖലകൾ എല്ലാം പുരോഗതിയിലേയ്ക്ക് മുന്നേറിക്കൊണ്ടിരുന്നു. വള്ളോപ്പിള്ളി പിതാവിന്റെ നേതൃത്വം കുടിയേറ്റ മേഖലയിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചു. വൈദീകരും സന്യാസിസന്യാസിനികളും രൂപതയിൽ ഒട്ടാകെ പ്രവർത്തിച്ചു. സ്ഥാപനങ്ങളുടെ എണ്ണവും വർദ്ധിച്ചു. വിശ്വാസികളുടെ എണ്ണവും അഭൂതപൂർവ്വമാംവിധം വർദ്ധിച്ചു. തലശ്ശേരി രൂപത വിഭജിക്കപ്പെടേണ്ടത് ആവശ്യമാണെന്ന് വള്ളോപ്പിള്ളി പിതാവ് റോമിനെ ധരിപ്പിച്ചു. റോം ആ നിർദ്ദേശം അംഗീകരിക്കുകയും 1973 ൽ മാനന്തവാടി രൂപത സ്ഥാപിക്കുകയും ചെയ്തു. മാനന്തവാടി രൂപതയുടെ പ്രഥമ മെത്രാനായി മാർ ജേക്കബ്ബ് തൂങ്കുഴിയെ നിയമിച്ചു. 1973 മേയ് ഒന്നിന് അത്യുന്നത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലിന്റെ പ്രധാന കാർമ്മികത്വത്തിൽ മെത്രാഭിഷേക ചടങ്ങുകൾ നടന്നു.

വയനാട്ടിലെ ജനങ്ങളുടെ സമഗ്രമോചനത്തിനായി പ്രവർത്തിച്ച തൂങ്കുഴി പിതാവ് തിരുനെല്ലിയിൽ പട്ടിണി മരണമുണ്ടായപ്പോൾ അവിടെ പോരാടാൻ നേതൃത്വം നൽകുകയും ചെയ്തു. തിരുമേനിയുടെ നേതൃത്വത്തിലും നിർദ്ദേശത്തിലും രൂപംകൊണ്ട വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ജാതിമതവർണ്ണ വർഗ്ഗവ്യത്യാസമില്ലാതെ സകലജനത്തിന്റെയും പുരോഗതിക്കുവേണ്ടി നടത്തുന്ന ശ്രമങ്ങൾ ദേശീയതലത്തിൽ അംഗീകാരം നേടുകയുണ്ടായി. ഈ സൊസൈറ്റി പത്തുവർഷംകൊണ്ട് ആയിരത്തിയഞ്ഞൂറിലധികം പേർക്ക് പാർപ്പിടസൗകര്യങ്ങൾ നൽകുകയുണ്ടായി. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ദേശീയതലത്തിൽതന്നെ ശ്രദ്ധയാകർഷിക്കുകയുണ്ടായി. സൊസൈറ്റി നേതൃത്വം നൽകി നടപ്പിലാക്കിയ സാങ്കേതിക കാർഷിക പരിശീലനസൗകര്യങ്ങൾ, ജോലി സാദ്ധ്യതകൾ, കുടുംബക്ഷേമകേന്ദ്രങ്ങൾ, ചെറുകിടവ്യവസായങ്ങൾ, വായ്പാസൗകര്യങ്ങൾ, ഭവനനിർമ്മാണപദ്ധതി, പട്ടുനൂൽപുഴുവളർത്തൽ, വിവാഹ സഹായനിധി

www.malankaralibrary.com

തുടങ്ങിയവ അനേകർക്ക് ആശ്വാസവും പ്രതീക്ഷയും നൽകുകയുണ്ടായി. 125 കിണറുകളും 1350 ബയോഗ്യാസ് പ്ലാന്റുകളും ഈ സൊസൈറ്റിയുടെ നേതൃത്വത്തിൽ നിർമ്മിച്ചുനൽകിയിട്ടുണ്ട്. നാനാജാതിമതസ്ഥരായ 1100 കുടുംബങ്ങളെ രൂപത ദത്തെടുത്തു. തൊഴുത്തുനിർമ്മാണം, ആടുവളർത്തൽ, കോഴിവളർത്തൽ എന്നിവക്ക് സഹായധനം നൽകി. കൂടാതെ പരസ്പരസഹായസംഘങ്ങളുടെ ലഘുനിക്ഷേപപദ്ധതികളും നടപ്പിലാക്കി. ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനുമായി രൂപീകൃതമായിരിക്കുന്നതാണ് സ്നേഹനിധി. വിമൻസ് വെൽഫയർ അസോസിയേഷൻ സ്ത്രീകൾക്കു വേണ്ടി ക്രിയാത്മക പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്തു.

വിദ്യാഭ്യാസത്തിലൂടെ വയനാടൻ മേഖലകളിലെ ജനങ്ങളുടെ പുരോഗതി കൈവരുത്താനാണ് മാർ തൂങ്കുഴി ശ്രമിച്ചത്. ഒരു ട്രെയിനിംഗ് സ്കൂളും, 13 ഹൈസ്കൂളുകളും 15 യു.പി. സ്കൂളുകളും 16 എൽ.പി. സ്കൂളുകളും 52 നഴ്സറി സ്കൂളുകളും ആ ലക്ഷ്യം മുൻനിർത്തി പ്രവർത്തിപ്പിച്ചു. രൂപതവകയായി മാനന്തവാടിയിൽ ഒരു പാരലൽ കോളേജും സ്ഥാപിക്കുകയുണ്ടായി. ബാലികാബാലന്മാർക്കായുള്ള ക്രിസ്റ്റീൻ പരിപാടിയും യുവജനങ്ങൾക്കായുള്ള ജീസസ് യൂത്തും കലാലയ വിദ്യാർത്ഥികൾക്കായുള്ള ക്യാമ്പസ് മീറ്റും വിദ്യാർത്ഥികളിൽ സത്സ്വഭാവവും ലക്ഷ്യബോധവും വളർത്തിയെടുക്കാൻ സഹായിക്കുന്നവിധം രൂപതയിൽ പ്രവർത്തിക്കുന്നതിന് തൂങ്കുഴിപ്പിതാവ് നേതൃത്വം നൽകി.

അഗതികൾക്കും അനാഥർക്കും രോഗികൾക്കും അഭയവും ആശ്വാസവും നൽകിയ യേശുവിന്റെ കരുണനിറഞ്ഞ പ്രവർത്തനങ്ങൾ ഇന്നും തുടരേണ്ടതിനായി രൂപതയുടെ വിവിധ ഭാഗങ്ങളിൽ രണ്ടു ഡസനോളം ആശുപത്രികളും പതിനൊന്ന് അനാഥമന്ദിരങ്ങളും മൂന്നു വികലാംഗഭവനങ്ങളും മന്ദബുദ്ധികൾക്കായുള്ള ഒരു കേന്ദ്രവും തൂങ്കുഴിപ്പിതാവ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുകയുണ്ടായി. കൂടാതെ രൂപതയിൽ സന്യാസ സന്യാസനീ ഭവനങ്ങൾ സ്ഥാപിക്കുവാൻ പ്രോത്സാഹനം നൽകുകയും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. പുരുഷന്മാർക്കായുള്ള 14 സന്യാസഭവനങ്ങളും സ്ത്രീകൾക്കായുള്ള 19 സന്യാസസമൂഹങ്ങളും രൂപതയിൽ പ്രവർത്തിക്കുവാൻ എല്ലാ സഹകരണങ്ങളും തിരുമേനി നൽകുകയുണ്ടായി. ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഈ സന്യാസസമൂഹങ്ങളുടെ സേവനം ഫലപ്രദമാക്കുവാൻ തൂങ്കുഴിപ്പിതാവ് പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി.

തൂങ്കുഴിപ്പിതാവിന്റെ പ്രത്യേക താല്പര്യപ്രകാരം രൂപംകൊടുത്ത സന്യാസിനീസമൂഹമാണ് ക്രിസ്തുദാസി സമൂഹം (എസ്സ്.കെ.സി.) 1977 മേയ് 13 ന് ആണ് ഈ സഭ സ്ഥാപിതമായത്. കുടിയേറ്റകർഷകരുടെ കഠിനാദ്ധ്വാനത്തിന് ജീവിതമാതൃകവഴി മഹത്വം കല്പിക്കുക, അവരെപ്പോലെ വിനീതസേവനം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ സന്യാസസമൂഹ

www.malankaralibrary.com

ത്തിന് തിരുമേനി രൂപം നൽകിയത്. തിരുമേനി മാനന്തവാടി രൂപതയിൽനിന്നും സ്ഥലംമാറി പോകുന്ന സമയത്ത് ഈ സന്യാസ സമൂഹത്തിന് 15 ഭവനങ്ങളും 78 സിസ്റ്റേഴ്സും 70 അർത്ഥിനികളും ഉണ്ടായിരുന്നു. വിവിധ സന്യാസഭവനങ്ങളിലെ അർത്ഥിനികൾ രൂപതാ പാസ്റ്ററൽ സെന്ററിലെ മേരി മാതാകോളേജിൽനിന്നുമാണ് പരിശീലനം നേടിയിരുന്നത്. തൂങ്കുഴിപ്പിതാവ് ആരംഭിച്ച പ്രാർത്ഥനാകേന്ദ്രമായ സീയോൻ, രൂപതയുടെ വിവിധഭാഗങ്ങളിൽ നിന്നുമായി വന്നെത്തുന്ന അനേകായിരങ്ങൾക്ക് ആത്മീയസൗഖ്യവും സന്തോഷവും പ്രദാനം ചെയ്യുന്നതാണ്.

ഈശ്വരവിശ്വാസവും സന്മാർഗ്ഗബോധവുമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ പര്യാപ്തമായ വിവിധപരിപാടികളാണ് തിരുമേനി മാനന്തവാടി രൂപതയിൽ നടപ്പിലാക്കിയത്. അതിനുവേണ്ടി മതബോധനകേന്ദ്രത്തെ സുശക്തമാക്കുവാൻ തിരുമേനി പരിശ്രമിച്ചു. മതബോധനകേന്ദ്രത്തിന്റെ വിവിധങ്ങളായ പദ്ധതികളാണ് 15 ദിവസം നീണ്ടുനിൽക്കുന്ന തീവ്രയത്ന പരിശീലനപരിപാടി, റീജിയണൽ തലത്തിലുള്ള വിവിധ സെമിനാറുകൾ, കലാസാഹിത്യ മത്സരങ്ങൾ, മാർഗ്ഗനിർദ്ദേശക ക്യാമ്പുകൾ മുതലായവ. 1990-ാമാണ്ട് അവസാനം രൂപതയിലെ 1500 ഓളം മതാദ്ധ്യാപകരെ മുഴുവൻ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ മതാദ്ധ്യാപക കൺവെൻഷൻ രൂപതയിലെ ഒരു ചരിത്രസംഭവമായി മാറുകയുണ്ടായി. മതബോധനകേന്ദ്രത്തിന്റെ പ്രവർത്തനത്തിന് ശക്തമായ പിന്തുണ നൽകിയ തിരുമേനി രൂപതയിൽ വിവിധ സംഘടനകൾ പ്രവർത്തിക്കുന്നതിന നേതൃത്വവും പ്രോത്സാഹനവും നൽകി. ചെറുപുഷ്പമിഷൻലീഗ്, വിൻസെന്റ് ഡിപോൾസഖ്യം, കത്തോലിക്കാകോൺഗ്രസ്സ് തുടങ്ങി രൂപതയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകൾ മനുഷ്യന്റെ സമഗ്രമായ വളർച്ചയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയാണ്. കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനത്തിന് പ്രോത്സാഹനം നൽകിയ തിരുമേനി കേരളത്തിലെ ഏറ്റം മികച്ച രൂപതാഘടകമായി മാനന്തവാടി എ.കെ.സി.സി. രൂപതാസംഘത്തെ വളർത്തുവാൻ നിർണ്ണായകമായ സംഭാവന നൽകുകയുണ്ടായി.

ഇടവകതലത്തിൽ രൂപംകൊടുത്ത പ്രാർത്ഥനാ ഗ്രൂപ്പുകളും വാർഡ് യോഗങ്ങളും രൂപതയൊട്ടുക്ക് ഒരു ആദ്ധ്യാത്മിക നവോത്ഥാനം ഉണ്ടാകുന്നതിന് സഹായിക്കുകയുണ്ടായി. മാനന്തവാടി രൂപതയിലെ ഭരണകാലത്ത് വയനാടൻ മലയിടുക്കുകളിലൂടെ കാറും ജീപ്പും ഓടിച്ച് ജനങ്ങളുമായി ഇഴുകിച്ചേർന്ന് പ്രവർത്തിക്കുന്നതിൽ അസാമാന്യമായ വൈഭവം അദ്ദേഹം പ്രദർശിപ്പിച്ചിരുന്നു. ഈശ്വരവിശ്വാസിയും, അവിശ്വാസിയും ധനികനും, ദരിദ്രനും വലിയവനും, ചെറിയവനുമൊക്കെ തൂങ്കുഴിപ്പിതാവിന്റെ സ്നേഹവലയത്തിൽ ഉൾപ്പെട്ടിരുന്നു. സി. ഫ്രാൻസിയുടെ ലേഖനത്തിലെ ഒരുഭാഗം കൂടി ഉദ്ധരിക്കാം. "ആത്മപരിത്യാഗത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും വളക്കൂറുള്ള മണ്ണിൽ വളർന്നുവന്ന ക്രൈസ്തവസഭക്ക് മനുഷ്യസ്നേഹത്തിന്റെയും സേവനത്തിന്റെയും പാഠ

www.malankaralibrary.com

ങ്ങളാണ് എന്നും നൽകാനുള്ളത്. കുടിയേറ്റത്തിന്റെ ആദ്യകാലങ്ങളിൽതന്നെ വയനാടൻ മലമടുക്കുകളിൽ മനുഷ്യമഹത്വത്തിന്റെയും സാഹോദര്യത്തിന്റെയും പുതുശബ്ദമുണർത്താൻ ക്രൈസ്തവസമൂഹത്തിന് കഴിഞ്ഞു. വീരേതിഹാസങ്ങൾ വിരചിച്ച ഈ മണ്ണിന്റെ ചൈതന്യവും പാരമ്പര്യവും ഉൾക്കൊണ്ട് വയനാടൻ ജനത സംസ്കാരത്തിന്റെ പുത്തൻമേഖലകൾ കണ്ടെത്തുകയാണ്. ഈ സംസ്കാരത്തിന്റെ കണ്ണിയിൽ ചേർക്കപ്പെട്ട വയനാട്ടിലെ ഒരുലക്ഷത്തോളം വരുന്ന കത്തോലിക്കരുടെ അനിഷേധ്യനായ ആത്മീയപിതാവാണ് മാർ ജേക്കബ്ബ് തൂങ്കുഴി"

മാനന്തവാടി രൂപതയുടെ സ്ഥാപകപിതാവായി ചരിത്രത്തിൽ തിളങ്ങിനിൽക്കുന്ന തൂങ്കുഴിപിതാവ് സർവാദരണീയമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ്. 1973 മേയ് 1 മുതൽ 1995 ജൂലായ് 28 വരെ സുദീർഘമായ 23 വർഷം അദ്ദേഹം മാനന്തവാടി രുപതയെ നയിച്ചു. തൽഫലമായി ശോഭനമായ നിലയിൽ മാനന്തവാടി രൂപത എത്തിച്ചേർന്നു. മാനന്തവാടി രൂപതയുടെ എല്ലാഭാഗങ്ങളിലും ഇന്നുകാണുന്ന ആത്മീയ ഉണർവും വിവിധങ്ങളായ മറ്റുനേട്ടങ്ങളും എല്ലാം പിതാവിന്റെ നിരന്തരമായ പ്രാർത്ഥനയുടെയും തപസ്സിന്റെയും ദീർഘവീക്ഷണത്തോടെയുള്ള അദ്ധ്വാനത്തിന്റെയും ഫലമാണ്. മാനന്തവാടി രൂപതയെ കഷ്ടപ്പെട്ട് വളർത്തിയെടുത്ത മാർ ജേക്കബ്ബ് തൂങ്കുഴിയെ 1995 ൽ താമരശ്ശേരി രൂപതാദ്ധ്യക്ഷനായി നിയമിച്ചു. അപ്രതീക്ഷിതമായിരുന്നു ആ സ്ഥലംമാറ്റം. നിനച്ചിരിക്കാത്ത നേരത്ത് നിനച്ചിരിക്കാത്ത വിധത്തിലാണ് ആ സ്ഥലംമാറ്റം നടന്നത്. മാനന്തവാടി രൂപതയിലെ ദൈവജനം അതിൽ ദുഃഖിതരായിരുന്നു. മാനന്തവാടി രൂപതയുടെ സ്ഥാപകമെത്രാനും ഏവർക്കും പ്രിയങ്കരനുമായ തൂങ്കുഴിപിതാവിന്റെ സ്ഥലമാറ്റസമയത്ത് വിശ്വാസികൾ ഒന്നാകെ പൊട്ടിക്കരഞ്ഞു. "അങ്ങയുടെ ഹിതം നിറവേറട്ടെ" എന്ന വാക്യം ഉദ്ധരിച്ചുകൊണ്ട് താമരശ്ശേരി രൂപതാദ്ധ്യക്ഷനായി മാർ തൂങ്കുഴി ചാർജ്ജെടുത്തു. ഒന്നരവർഷക്കാലം താമരശ്ശേരി രൂപതയെ ഭരിച്ച മാർ തൂങ്കുഴിയെ നിനിച്ചിരിയ്ക്കാത്ത സമയത്ത് കേരളത്തിലെ ഏറ്റം പ്രശസ്തമായ - പുരാതനമായ തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായി 1996 ഡിസംബർ 18 ന് നിയമിച്ചു. 1997 ഫെബ്രുവരി 15-ാം തീയതി അതിരൂപതയുടെ ഭരണഭാരമേറ്റെടുത്തു. തൃശൂർ അതിരൂപതയിലെ വൈദികരുടെയും ജനങ്ങളുടെയും ഹൃദയം കവരുവാൻ മാർ തൂങ്കുഴിക്ക് അധികംനാൾ വേണ്ടി വന്നില്ല. അതിരൂപതവകയായി ഒരു മേജർ സെമിനാരി സ്ഥാപിച്ചുകൊണ്ടാണ് പ്രവർത്തനങ്ങളിൽ സജീവമായത്. ജീവൻ റ്റി.വി. ചാനലിന്റെ പ്രവർത്തനത്തിൽ മുൻനിന്ന് പ്രവർത്തിച്ചത് മാർ തൂങ്കുഴി പിതാവുതന്നെയാണ്. എയ്ഡ്സ് രോഗികളെ പുനരധിവസിപ്പിക്കുന്നതിന് ഒരു സെന്ററും അതോടനുബന്ധിച്ച് ഒരു റിസേർച്ച് വിഭാഗവും ആരംഭിക്കുകയും ചെയ്തു. കൂടാതെ തൃശൂർ അതിരൂപതവകയായി ഒരു എൻജിനീയറിംഗ് കോളേജും മെഡിക്കൽകോളേജും സ്ഥാപിച്ചു. നിരവധി വിദ്യാഭ്യാസ

www.malankaralibrary.com

സ്ഥാപനങ്ങളും സോഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളും അതിരൂപതയിൽ പടുത്തുയർത്തുവാനും മാർ തൂങ്കുഴിക്ക് സാധിച്ചു. മാർ തൂങ്കുഴി പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയോടനുബന്ധിച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ദീപികയിൽ 2005 ഡിസംബർ 22 ന് എഴുതിയ ലേഖനത്തിലെ ഏതാനും ഭാഗം ഉദ്ധരിക്കാം.

"വൈദികപരിശീലനത്തിൽ കാലോചിതമായ മാറ്റങ്ങൾ ഉൾച്ചേർത്ത് അജപാലനരംഗത്ത് പരിശീലനത്തിന് മുൻതൂക്കം നൽകിയിരിക്കുന്ന വൈദിക പരിശീലന കേന്ദ്രമാണ് മുളയം മേരിമാതാ മേജർ സെമിനാരി. എന്റെ ഹൃദയത്തിന് അനുയോജ്യമായ ഇടയൻമാരെ ഞാൻ നൽകും എന്ന മുദ്രാവാക്യവുമായി 1998 ജൂൺ ഒന്നിന് മേജർ സെമിനാരി പ്രവർത്തനമാരംഭിച്ചു. തൃശൂർ ആർച്ച് ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴിയുടെ വലിയ സ്വപ്നമായിരുന്നു മേരിമാതാ. ആദ്യബാച്ച് ആരംഭിക്കുമ്പോൾ 21 വിദ്യാർത്ഥികളും അഞ്ച് വൈദികരുമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ സെമിനാരി എട്ട് വർഷം പിന്നിടുമ്പോൾ 205 വിദ്യാർത്ഥികളും 16 വൈദികരുമടങ്ങുന്ന വലിയൊരു പരിശീലന കളരിയായി വളർന്നിരിക്കുന്നു."

2005 ജനുവരി മാസത്തിൽ മേരിമാതാ സെമിനാരിയിൽ നടത്തപ്പെട്ട അഖിലേന്ത്യാ മെത്രാൻ കോൺഫറൻസ് (സി.ബി.സി.ഐ.) സെമിനാരിയുടെ വളർച്ചയുടെ നാഴികക്കല്ലാണ്. ഈ വർഷം മേരിമാതാക്ക് ആനന്ദനിർവൃതിയുടെ ധന്യദിനങ്ങളാണ് ഇവിടെ പരിശീലനം പൂർത്തിയാക്കി 16 ഡീക്കന്മാർ ഡിസംബർ 26 മുതൽ ജനുവരി രണ്ട് വരെയുള്ള ദിനങ്ങളിലായി പൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെടുകയാണ്.

തൃശൂർ അതിരൂപതയുടെ വലിയ പിതാവായ മാർ ജേക്കബ്ബ് തൂങ്കുഴി തന്റെ പൗരോഹിത്യനിറവിന്റെ സുവർണ്ണജൂബിലിയ്ക്ക് ആരംഭം കുറിക്കുകയാണ്. പഠിപ്പിച്ചും, വിശുദ്ധീകരിച്ചും, ഭരിച്ചും എല്ലാറ്റിലുമുപരി ദൈവത്തിന്റെ ഹിതത്തിനായി പ്രാർത്ഥിക്കുകയും ദൈവഹിതം പ്രവർത്തിക്കുകയും ചെയ്തിരുന്ന പിതാവ് തൃശ്ശൂർ അതിരൂപതയെ പടുത്തുയർത്തുന്നതിൽ വലിയപങ്ക് വഹിച്ചിട്ടുണ്ട്.

മാർ ജേക്കബ്ബ് തൂങ്കുഴിപിതാവിനെ 1996 ൽ തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഭാഗ്യസ്മരണാർഹനായ ജോൺപോൾ മാർപാപ്പ നിയമിച്ചു നൽകുകയാണുണ്ടായത്. മാർ ജേക്കബ്ബ് തൂങ്കുഴി കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനത്തിലെ - തൃശൂരിലെ വലിയ രൂപതയ്ക്ക് വലിയ ഇടയനായി. ലളിത സുന്ദരമായ ജീവിതം, തികഞ്ഞ ആത്മാർത്ഥത, ത്യാഗമനോഭാവം, സേവനമനസ്ഥിതി, അർപ്പണബോധം, പൗരോഹിത്യാന്തസ്സിനോടുള്ള തീക്ഷ്ണമായ പ്രതിബദ്ധത, എല്ലാറ്റിലുമുപരി ദൈവമാതാവിനോടുള്ള അചഞ്ചലമായ വിശ്വാസവും, അടിയുറച്ച ആശ്രയബോധവും - ഇതെല്ലം നെഞ്ചിലേറ്റി തൃശൂർ അതിരൂപതയിലെ വിശ്വാസി സമൂഹത്തിലേയ്ക്കും, നാനാജാതിമതസ്ഥരുടെ ഹൃദയങ്ങളിലേക്കും അദ്ദേഹം നടന്നടുത്തു.

www.malankaralibrary.com

അറിവിന്റെ വിസ്ഫോടനം സൃഷ്ടിക്കുന്ന അവസരത്തിൽ ഒരു ക്രാന്ത ദർശിയായ പ്രവാചകനെപ്പോലെ സാമൂഹിക നവോത്ഥാനത്തിന് തുടക്കംകുറിച്ച ജീവൻ ടി.വിയുടെ ബുദ്ധിയും - ശക്തിയും, ശില്പിയും - സ്രോതസ്സും തൂങ്കുഴി പിതാവായിരുന്നുവെന്നത് ഭിന്നാഭിപ്രായമില്ലാത്ത ഒരു സത്യമാണ്. കാലത്തിന്റെ കാവലാളായ - ആദർശങ്ങളുടെ ആൾരൂപമായ, ഒപ്പം ദാർശനികനും കൂടിയായ തൂങ്കുഴി പിതാവിന്റെ പ്രൊഫഷണൽ വിദ്യാഭ്യാസത്തെപ്പറ്റിയുള്ള ചിന്തയും ചലഞ്ചുമാണ് അതിരൂപതയുടെ സ്വന്തമായുള്ള ജ്യോതി എഞ്ചിനീയറിംഗ് കോളേജും, ജൂബിലി മിഷൻ മെഡിക്കൽ കോളേജും, മുള്ളൂർക്കരയിലെ മെഡിക്കൽ കോളേജും, മുള്ളൂർക്കരയിലെ ബി.എഡ്. കോളേജും. വിദ്യാഭ്യാസത്തിന്റെ അനന്തസാദ്ധ്യതകളെപ്പറ്റി ചിന്തിക്കുന്ന സകലരും ഒന്നിച്ചംഗീകരിക്കുന്നതാണ് ഈ മേഖലയിലുള്ള സഭയുടെ കടന്നുകയറ്റം. സ്വാശ്രയത്തിന്റെ ബാനറിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ സാമൂഹ്യ പ്രതിബദ്ധതയും, അതിന്റെ ഭാഗമായുള്ള പാവങ്ങളോടുള്ള പക്ഷംചേരലും ചോർന്നുപോകാതെ സൂക്ഷിക്കണമെന്ന് പിതാവിന് നിർബന്ധവും നിശ്ചയദാർഢ്യവുമുണ്ട്. 'വിദ്യാഭ്യാസ പ്രേഷിതത്വം 2000' എന്ന പേരിൽ അതിരൂപത അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയ രേഖ വിദ്യാഭ്യാസമേഖലയിൽ അതിരൂപതയുടെ സമഗ്രനിഗമനങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതാണ്. ക്രൈസ്തവസഭയുടെ വിദ്യാഭ്യാസമേഖലയിലെ വിലപ്പെട്ടസംഭാവനകളെ വിലയിടിച്ചു കാണിക്കുവാനുള്ള ശക്തികളെയും, വെല്ലുവിളികളെയും ആത്മധൈര്യത്തോടെ നേരിടുന്നതിന് സാമൂഹ്യപ്രതിബദ്ധതയിലുള്ള ഉറച്ച നിലപാടിയിരിക്കണം ശക്തപകരേണ്ടത് എന്നാണ് പിതാവിന്റെ ഉറച്ചബോദ്ധ്യം.

2004 ജനുവരി 7 മുതൽ 14 വരെ തൃശൂരിൽ വെച്ചുനടന്ന സി.ബി.സി.ഐ.-യുടെ സമ്മേളനം ചരിത്രത്തിൽതന്നെ ഇത്രയേറെ വിപുലവും വിവരപൂർണ്ണവുമായ അസംബ്ലി സംഘടിപ്പിക്കപ്പെട്ടുകാണുകയില്ല. സി.ബി.സി.ഐ. ജനറൽ അസംബ്ലിക്ക് എത്തിച്ചേർന്ന ഭാരതത്തിലെ മുഴുവൻ മെത്രാന്മാർക്കും വേണ്ടി ആതിഥേയ ആസ്ഥാനമായ തൃശൂരിലെ ഹൈന്ദവസഹോദരങ്ങൾ ഒത്തുചേർന്ന് ദേവസ്വം കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ആനയും അമ്പാരിയും കോലവും പട്ടുകുടകളുമായി അരങ്ങേറിയ തൃശൂർപൂരം കേവലം ഒരു കൗതുകകാഴ്ചമാത്രമായിരുന്നില്ല. മറിച്ച്, തൂങ്കുഴി പിതാവിന്റെ മതമൈത്രിയും മതസൗഹാർദ്ദവും സാക്ഷ്യപ്രകടനം നടത്തിയ ഒരു പ്രഘോഷണാനുഭവമായിരുന്നു. പിതാവിനും അതിരൂപതയ്ക്കും എന്നുമെന്നും ഓർമ്മിക്കാനും അഭിമാനിക്കാനും അവസരമൊരുക്കിയ അസംബ്ലിദിനങ്ങൾ പിതാവിന്റെ നേതൃത്വത്തിന്റേയും ധീരതയുടേയും അഗ്നിചിറകുകളായിരുന്നു.

അതിരൂപതയിലെ സകല ജനവിഭാഗങ്ങളുടെയും പൂർണ്ണപിന്തുണയോടെ മാർജേക്കബ്ബ് തൂങ്കുഴി വിജയകരമായ പ്രവർത്തനം തുടരുന്നു.

വിലാസം - മാർ ജേക്കബ്ബ് തൂങ്കുഴി, ആർച്ച് ബിഷപ്പ്സ് ഹൗസ്,
തൃശൂർ - 680005.

www.malankaralibrary.com

# 127

# എൽ. കിഴക്കേടം



സംസ്കാരം, മാനവികത, മാനവികതയുടെ കാതലായ ആദ്ധ്യാത്മികത ഇവയിലേയ്ക്കുള്ള ക്രമാനുഗതമായ മനുഷ്യജീവിത വികാസത്തിന് തന്റെ സാഹിത്യസൃഷ്ടികൾ പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ സാഹിത്യരംഗത്ത് പ്രവർത്തിച്ച് നിരവധി ഗ്രന്ഥങ്ങൾ രചിച്ച എൽ.കിഴക്കേടം കോട്ടയത്തിന് സമീപമുള്ള കുടമാളൂർ ഇടവകയിൽ ആർപ്പൂക്കര ഗ്രാമത്തിൽ കരിമ്പാലിലായ കിഴക്കേടത്ത് കുടുംബത്തിൽ 1931 മാർച്ച് 22-ന് ജനിച്ചു. അഭിഭാഷകരംഗത്തും അദ്ധ്യാപനരംഗത്തും ദീർഘകാലം പ്രവർത്തിച്ച ശ്രീ. ലൂക്കോസായിരുന്നു പിതാവ്. ചങ്ങനാശ്ശേരി കുട്ടംപേരൂർ ചക്കാലയ്ക്കൽ അന്നമ്മ മാതാവും. എൽ. കിഴക്കേടമെന്ന് ഇന്ന് അറിയപ്പെടുന്ന ലൂക്കോസ് ജനിച്ച് ഒരുമാസം കഴിഞ്ഞപ്പോൾ പിതാവ് നിര്യാതനായി. മാതാവിന്റെ സംരക്ഷണയിലാണ് വളർന്നത്. കോട്ടയവും മാന്നാനവും കുടമാളൂരും ആണ് ആർപ്പൂക്കരയുടെ സമീപ പ്രദേശങ്ങൾ. കോട്ടയത്തിന്റെയും മാന്നാനത്തിന്റെയും കുടമാളൂരിന്റെയും വ്യത്യസ്തമായ സാംസ്കാരിക പൈതൃകങ്ങളുടെ സ്വാധീനത്തിലാണ് കിഴക്കേടം വളർന്നുവന്നത്.

വാഴ്ത്തപ്പെട്ട സി.അൽഫോൻസാ പഠിച്ച തൊണ്ണംകുഴി ഗവൺമെന്റ് പ്രൈമറിസ്കൂളിലാണ് കിഴക്കേടം പഠിച്ചത്. കുടമാളൂർ ഗവൺമെന്റ് മലയാളം മിഡിൽ സ്കൂൾ, മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്കൂൾ, കോട്ടയം സി.എം.എസ്. കോളേജ് എന്നിവിടങ്ങളിൽ തുടർന്ന് പഠിച്ച് ബി.എ.ബിരുദം നേടി. എറണാകുളം സെന്റ് ആൽബർട്സ് ഹൈസ്കൂളിലും തുടർന്ന് കണ്ടനാട് സെന്റ് മേരീസ് ഹൈസ്കൂളിലും അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. 1985 ൽ റിട്ടയർ ചെയ്തു.

ദിവംഗതനായ തന്റെ പിതാവിന് വലിയ ഒരു ഗ്രന്ഥശേഖരമുണ്ടായിരുന്നു. അവയിൽ പലതും ഇംഗ്ലീഷ് പുസ്തകങ്ങളായിരുന്നു. അവ വായിക്കാനറിയില്ലെങ്കിലും ശ്രദ്ധയോടെ എടുത്ത് മറിച്ചുനോക്കി ചിത്രങ്ങൾ കാണുന്ന പതിവുണ്ടായിരുന്നു. പാരായണോത്സുകത വളർത്തുന്നതിന് ഇത് സഹായിച്ചു.

ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുമ്പോൾ പദ്യങ്ങളും നാടകങ്ങളും കഥകളും കുത്തിക്കുറിക്കുക സാധാരണമായിരുന്നു. സാഹിത്യസമാജയോഗങ്ങളിൽകൂടി നല്ല ഒരു പ്രാസംഗികനാകാൻ അദ്ദേഹത്തിന് കഴിഞ്ഞു. പ്രസംഗത്തിന് പല സമ്മാനങ്ങൾ നേടി.

ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന കാലത്തുതന്നെ സാഹിത്യര

www.malankaralibrary.com

ചനയിൽ ഏർപ്പെട്ടു. 9-ാം സ്റ്റാൻഡേർഡിൽ പഠിക്കുമ്പോൾ ആദ്യകഥയെ ഴുതി സത്യദീപത്തിൽ പ്രസിദ്ധീകരിച്ചു. അന്ന് സത്യദീപം പത്രാധിപർ പിൽക്കാലത്ത് കർദ്ദിനാൾ സ്ഥാനത്തേയ്ക്കുയർത്തപ്പെട്ട പാറേക്കാട്ടിൽ ജോസഫ് അച്ചനായിരുന്നു. സത്യദീപത്തിന്റെ പത്രാധിപർ കിഴക്കേടത്തിനെ അഭിനന്ദിച്ചുകൊണ്ട് സ്കൂൾ ഹെഡ്മാസ്റ്റർ ഫാ.ഔറോലിയസ് വഴി ഒരു കത്തയച്ചത് കിഴക്കേടത്തിന് അഭിമാനമായി. പിന്നീട് കർമ്മലകുസുമം മാസികയിൽ പ്രസിദ്ധീകരിച്ചപ്പോൾ, അദ്ധ്യാപകരുടെയും മാന്നാനം ആശ്രമത്തിലെ വൈദികരുടെയും കലവറയില്ലാത്ത പ്രോത്സാഹനം കിഴക്കേടത്തിന് ലഭിച്ചു.

മാന്നാനത്തുനിന്ന് പ്രസിദ്ധീകരിക്കുന്ന കർമ്മലകുസുമം, കോട്ടയത്തുനിന്ന് പ്രസിദ്ധീകരിക്കുന്ന വനിതാരാമം, ജയഭാരതം, ദീപിക ആഴ്ചപ്പതിപ്പ്, വാരാന്ത്യപ്പതിപ്പ്, വാർഷികപ്പതിപ്പ്, മനോരമ ആഴ്ചപ്പതിപ്പ്, വാരാന്ത്യപ്പതിപ്പ്, കേരളാടൈംസ് വാരാന്ത്യപ്പതിപ്പ്, വാർഷികപ്പതിപ്പ്, കോഴിക്കോട്ടുനിന്നുള്ള പ്രകാശം വാരിക, ചെറുകഥാമാസിക, സത്യദീപം, മേരിവിജയം, അരുണ മാസിക, കോട്ടയം സിനിമ മാസിക, അമ്മ, കുടുംബദീപം തുടങ്ങിയവയിൽ കഥകളും ലേഖനങ്ങളും എഴുതി. സത്യദീപം വാരികയിൽ ഏതാണ്ട് ഇരുപത്തിയഞ്ചു വർഷക്കാലം കുട്ടികൾക്കുവേണ്ടി എഴുതുകയും അവരുടെ രചനകൾ പരിശോധിക്കുകയും ചെയ്തു.

സാഹിത്യപരിഷത്തിന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയംഗമായി കുറേക്കാലം പ്രവർത്തിച്ചു. എറണാകുളം സെന്റ് പോൾ പബ്ലിക്കേഷന്റെ എഡിറ്റോറിയൽ ബോർഡിലും അദ്ദേഹം അംഗമായിരുന്നു.

കത്തോലിക്കരായ സാഹിത്യകാരന്മാരെ സംഘടിപ്പിക്കുവാനുള്ള ഉദ്യമത്തിൽ ബ.ഹെർമീസ് സി.എം.ഐ. അച്ചനുമായി സഹകരിച്ചു പ്രവർത്തിച്ചു. കത്തോലിക്കാ എഴുത്തുകാരുടെ സമ്മേളനം തേവര കോളേജ് ഹാളിൽ വിളിച്ചുകൂട്ടി. എഴുത്തുകാരുടെ വാർഷികസമ്മേളനങ്ങളിൽ പിന്നീട് തുടർച്ചയായി പങ്കെടുത്തു. എറണാകുളത്ത് പാലാരിവട്ടത്ത് പി.ഒ.സി.യിൽ കത്തോലിക്കാ എഴുത്തുകാരെ സംഘടിപ്പിക്കാനുള്ള ശ്രമങ്ങളിൽ പങ്കെടുക്കുകയും അതിന്റെ നിർവ്വാഹകസമിതിയിൽ അംഗമായി പ്രവർത്തിക്കുകയും ചെയ്തു. പിന്നീട് രൂപം കൊടുത്ത ഫോളോഅപ് കമ്മിറ്റിയിലും അദ്ദേഹം അംഗമായിരുന്നു.

1959-ൽ ആണ് അദ്ദേഹത്തിന്റെ ആദ്യകൃതി പ്രസിദ്ധീകൃതമായത്. ഇംഗ്ലീഷിൽനിന്നുള്ള വിവർത്തനമായിരുന്നു. വി.പത്താം പീയൂസിന്റെ ജീവചരിത്രവിവർത്തനത്തിന് എല്ലാവരുടെയും അഭിനന്ദനം ഏറ്റുവാങ്ങുവാൻ സാധിച്ചു. തുടർന്ന് പാവങ്ങളുടെ പടത്തലവൻ (പോപ്പ് ജോൺ 23-ാമൻ) വെള്ളത്താമര, (വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ ജീവിതകഥ) ജോവാൻ ഓഫ് ആർക്ക്, പുഞ്ചിരിക്കുന്ന പാപ്പാ, കുടുംബജീവിതകഥകൾ, കരിസ്മാറ്റിക് നവീകരണത്തിന്റെ കാതൽ, ഇരുപതു ബാലകഥകൾ, വിജേതാക്കളുടെ കഥ, റോളണ്ടിന്റെ കഥ, സ്നേഹപാനീയം തുടങ്ങിയ പുസ്ത

www.malankaralibrary.com

കങ്ങൾ പുറത്തുവന്നു. കരിസ്മാറ്റിക് നവീകരണത്തെപ്പറ്റിയുള്ള ഒരു ആധികാരിക ഗ്രന്ഥത്തിന്റെ പരിഭാഷയാണ് കരിസ്മാറ്റിക് നവീകരണത്തിന്റെ കാതൽ എന്ന പുസ്തകം. മൂല്യാധിഷ്ഠിതമായ സാഹിത്യസാംസ്കാരിപ്രവർത്തകനുള്ള 1998-ലെ എ.കെ.സി.സി.യുടെ സാഹിത്യപുരസ്കാരം എൽ. കിഴക്കേടത്തിനാണ് ലഭിച്ചത്.

വിദ്യാഭ്യാസകാലത്തുതന്നെ ഇടവകയിലെ ഭക്തസംഘടനകളിലും മതാദ്ധ്യാപനരംഗത്തും സജീവമായി പ്രവർത്തിച്ചു. വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ സജീവപ്രവർത്തകനുമായിരുന്നു. കോളേജ് വിദ്യാഭ്യാസകാലത്ത് ഒരു വർഷം കോളേജ് യൂണിയൻ സ്പീക്കറായിരുന്നു. കോളേജിലെ കത്തോലിക്കാവിദ്യാർത്ഥി സംഘടനയുടെ സെക്രട്ടറിയായും പ്രവർത്തിച്ചു. അദ്ധ്യാപകസംഘടനയായ പി.എസ്.ടി.എ.യുടെ എറണാകുളം ജില്ലാ സെക്രട്ടറിയെന്ന നിലയിലും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ചു.

പാസ്റ്ററൽ കൗൺസിൽ, പാരീഷ് കൗൺസിൽ, കുടുംബയൂണിറ്റ് എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിക്കുന്ന കിഴക്കേടം ക്രൈസ്തവകൂട്ടായ്മ മുന്നിൽ കണ്ടുകൊണ്ടാണ് പ്രവർത്തിക്കുന്നത്. ആമ്പല്ലൂർ ഇടവകയിൽപ്പെട്ട കുരിശിങ്കൽ മത്തായിയുടെ മകൾ അന്നമ്മയാണ് സഹധർമ്മിണി. ലളിത ജീവിതം ഉയർന്ന ചിന്ത എന്നതാണ് കിഴക്കേടത്തിന്റെ പ്രത്യേകത.

വിലാസം - എൽ. കിഴക്കേടം, പെരുമ്പള്ളി പി.ഒ, 682314, മുളന്തുരുത്തി,
എറണാകുളം.

# 128



# സിസ്റ്റർ ഹെലേന എസ്സ്.ഐ.സി.

കേരളക്രൈസ്തവസഭയ്ക്ക് ഒരു മേജർ ആർച്ച് ബിഷപ്പ് കത്തോലിക്കാബാവയടക്കം നിരവധി വൈദികരെയും കന്യാസ്ത്രീകളെയും അൽമായപ്രമുഖരെയും സംഭാവനചെയ്തിട്ടുള്ള കളിക്കൽ മലഞ്ചെരുവിൽ (പകലോമററം കുടുംബശാഖ) കുടുംബത്തിൽ ചെറുപുഷ്പഗിരിവീട്ടിൽ 1931 മാർച്ച് 27-ന് സിസ്റ്റർ ഹെലേനാ ജനിച്ചു. മലഞ്ചെരുവിൽ മത്തായിസാറും മെഴുവേലിപുരാതനകുടുംബമായ മുള്ളനാക്കുഴിയിൽ ഏലിയാമ്മയുമാണ് മാതാപിതാക്കൾ. മലങ്കര ഓർത്തഡോക്സ് സഭാവിശ്വാസികളായിരുന്ന മാതാപിതാക്കൾക്ക് ജനിച്ച പതിനൊന്ന് മക്കളിൽ അഞ്ചാമത്തെ സന്താനമാണ് സി.ഹെലേന. സീറോ -മലങ്കര സഭയുടെ മേജർ ആർച്ച് ബിഷപ്പ് സിറിൽ മാർബസേലിയസ് കത്തോലിക്കാബാവയും ജോൺമത്തായി ഐ.എ.എസ്സും സിസ്റ്ററിന്റെ ഇളയ സഹോദരങ്ങളാണ്.

www.malankaralibrary.com

ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി അക്ഷീണംയത്നിച്ചിരുന്ന പിതാവ് മത്തായിസാർ 1930 നവംബറിൽ മലങ്കര കത്തോലിക്കാസഭയിൽ അംഗമാവുകയും പുനരൈക്യശില്പിയായ അഭിവന്ദ്യമാർ ഇവാനിയോസ് തിരുമേനിയോട് ചേർന്ന് മലങ്കരകത്തോലിക്കാസഭക്കുവേണ്ടി അക്ഷീണം യത്നിക്കുകയും ചെയ്തു. വീട്ടിൽ നിന്നും അഞ്ചുമൈൽ അകലെയായിരുന്നു ഇടവക പള്ളി. എല്ലാ ശനിയാഴ്ചയും അവിടെ നടന്നിരുന്ന മതപഠനക്ലാസുകളിലും ഞായറാഴ്ചത്തെ വി.കുർബ്ബാനയിലും മുടങ്ങാതെ ഹെലേന പങ്കെടുത്തിരുന്നു. മലങ്കരസഭാപ്രവേശനത്തിനുശേഷം പിതാവിനുണ്ടായ ആദ്യ സന്താനമായിരുന്നു സി. ഹെലേന. പുനരൈക്യ ശില്പി മാർ ഇവാനിയോസ് തിരുമേനിയാണ് സി. ഹെലേനയ്ക്ക് ജ്ഞാനസ്നാനം നൽകിയത്. തറവാട്ടിൽ നിന്നും ഇടവകപള്ളിയ്ക്കടുത്ത് ചെറുഭവനം ഉണ്ടാക്കി. ആ ഭവനത്തിന് ചെറുപുഷ്പഗിരി എന്ന് പേരിട്ടു. അവിടേക്കാണ് സി. ഹെലേനയുടെ കുടുംബം താമസം മാററിയത്.

ഗിരിദീപം എൽ.പി. സ്കൂളിലായിരുന്നു പ്രാഥമിക വിദ്യഭ്യാസം. മിഡിൽസ്കൂൾ വിദ്യാഭ്യാസം ഒരു ഈഴവമാനേജ്മെന്റ് സ്കൂളിലും. സെന്റ്ആൻസ് ചെങ്ങന്നൂർ സ്കൂൾ, ബഥനിബാലികാമഠം ഗേൾസ് സ്കൂൾ എന്നിവിടങ്ങളിൽ പഠിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. സന്യാസ സഭയിൽ ചേർന്നതിനുശേഷമാണ് ററി.ററി.സി. പാസ്സായത്.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം ഒരു സന്യാസഭവനത്തിൽ ചേരാനാണാഗ്രഹിച്ചത്. ചങ്ങനാശ്ശേരി വാഴപ്പള്ളി മഠത്തിൽ ചേരാനായിരുന്നു സി. ഹെലേനായുടെ താല്പര്യം. അപ്പോൾ പിതാവ് ഹെലേനായെ വിളിച്ചു പറഞ്ഞു: "മലങ്കര കത്തോലിക്കാസഭയിൽ നമ്മുടെ പിതാവുണ്ടാക്കിയ ആദ്യമഠമാണ് ബഥനിമഠം. അവിടെ കുറച്ചു സിസ്റ്റേഴ്സ് മാത്രമേയുള്ളു. നമ്മുടെ കൊച്ചുസഭയ്ക്കുവേണ്ടി ജോലി ചെയ്യാനാണ് ബഥനിസ്ഥാപിക്കപ്പെട്ടത്. മകൾ മഠത്തിൽ ചേരാനാണാഗ്രഹിക്കുന്നതെങ്കിൽ ബഥനിയിലൂടെയായിരിക്കണം" പിതാവിന്റെ വാക്കുകൾ പാലിച്ചു 1949 ജൂണിൽ തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ മഠത്തിൽ ചേർന്നു. നാലാഞ്ചിറയിൽ ആയിരുന്നു സന്യാസ പരിശീലനം. 1951 സെപ്ററംബർ 8 ന് മാർ ഇവാനിയോസ് തിരുമേനിയുടെ മുമ്പാകെ വ്രതവാഗ്ദാനം ചെയ്തു. ഹെലേനാ എന്ന നാമം തിരഞ്ഞെടുത്തുകൊടുത്തത് മാർ ഇവാനിയോസ് തിരുമേനിയായിരുന്നു. രക്ഷയുടെ അടയാളമായിത്തീർന്ന നമ്മുടെ കർത്താവിന്റെ കുരിശ് ഗോഗുൽത്താമലയടിവാരത്തിൽ നിന്നും കണ്ടെടുത്ത വിശുദ്ധഹെലേനാ രാജ്ഞിയുടെ പരിപാവനനാമം തിരഞ്ഞെടുത്തു നൽകിയതിന്റെ അർത്ഥം പിന്നീട് മാർഇവാനിയോസ് സി. ഹെലേനായ്ക്ക് പറഞ്ഞു കൊടുക്കുകയും ചെയ്തു.

മഠത്തിൽ പ്രവേശിച്ച ആദ്യവർഷംതന്നെ അദ്ധ്യപികയായി നിയമിച്ചു. സന്യാസവ്രതവാഗ്ദാനശേഷവും അദ്ധ്യാപികയായി തുടർന്നു. 1970 മുത

www.malankaralibrary.com

ലുള്ള രണ്ടുവർഷം ഗോവയിൽ മാത്തർദേയിതിയോളജിക്കൽ ഇൻസ്ററിററ്യൂട്ടിൽ ചേർന്ന് ദൈവശാസ്ത്രപഠനം നടത്തി. തിരിച്ചെത്തിയ സി. ഹെലേന വീണ്ടും അദ്ധ്യാപകജോലിയിൽ പ്രവേശിച്ചു. അക്കാലത്താണ് മലങ്കരസഭയ്ക്ക് ബത്തേരിയിൽ ഒരു രൂപത സ്ഥാപിക്കപ്പെട്ടത്. ആ രൂപതയിൽ ജോലി ചെയ്യാൻ ഹെലേനാ നിയുക്തയായി. കുടിയേററ പ്രദേശമായി കണ്ണൂർ ജില്ലയിലെ നടുവിൽ എന്ന സ്ഥലത്ത് താമസിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചു. നവോദയാസോഷ്യൽസെന്റർ എന്ന പേരിൽ ഒരു പദ്ധതിക്കു രൂപംകൊടുത്തു. കമ്മ്യൂണിററി ഡവലപ്മെന്റ് പ്രോഗ്രാമായിരുന്നു പദ്ധതി. ജാതിമതഭേദമെന്യേ അവിടുത്തെ എല്ലാവീടുകളും സന്ദർശിച്ച് പുരുഷന്മാർക്കും സ്ത്രീകൾക്കും യുവജനങ്ങൽക്കും ബാലവിഭാഗത്തിനും പ്രത്യേക സംഘടനകൾ ഉണ്ടാക്കി അവരുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി പ്രവർത്തിച്ചു. നടുവിൽ പ്രദേശം ഒരു കുടിയേററ പ്രദേശമായിരുന്നു. അവിടെ ജന്മികളുടെയും കുടിയേററക്കാരുടെയും ഇടയിൽ ചൂഷണവിധേയമായി കഴിഞ്ഞുകൂടിയ ആദിവാസികുടുംബങ്ങളെ മോചിപ്പിക്കുവാനുള്ള ശ്രമത്തിൽ വിജയം വരിച്ചു.

അഞ്ചുവർഷത്തിനുശേഷം 1980 ൽ രൂപംകൊണ്ട ബഥനിയുടെ ബത്തേരി വൈസ് പ്രൊവിൻസിന്റെ വൈസ് പ്രൊവിൻഷ്യലായി സി.ഹെലേന തിരഞ്ഞെടുക്കപ്പെട്ടു. അതോടെ നവോദയാ പ്രവർത്തനത്തിൽ നിന്നും പിന്മാറി. സ്ത്രീജനോദ്ധാരണപ്രവർത്തനം സിസ്റ്ററിന്റെ പ്രത്യേക താല്പര്യമുള്ളവിഷയമായിരുന്നു. പുതിയസ്ഥലത്തും കുടുംബനവീകരണ ബോധവൽക്കരണപരിപാടികൾനടത്താൻ സിസ്റ്റർ ശ്രമിച്ചു. 1986 ൽ ബത്തേരി വൈസ് പ്രൊവിൻസ് ഒരു പൂർണ്ണ പ്രൊവിൻസായി ഉയർത്തപ്പെട്ടപ്പോൾ പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ടതും സിസ്റ്റർ ഹെലേനയായിരുന്നു. മൂന്നുവർഷത്തെ പ്രൊവിൻഷ്യൽ - ശുശ്രൂഷക്കു ശേഷം പി.ഒ.സി.യിൽ താലത്തു മാസികയുടെ ഓഫീസിൽ നിയമനം ലഭിച്ചു. രണ്ടുവർഷം അവിടെ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. ബഥനിയുടെ കോട്ടയം ജനറലേററിൽ വച്ചു നടന്ന ജനറൽ സിനാക്സിസിൽവച്ച് ജനറൽ കൗൺസിലറായും സെക്രട്ടറിജനറലായും തിരഞ്ഞെടുക്കപ്പെട്ടു. 12 വർഷം അവിടെയും സമൂഹസേവനം നിർവഹിച്ചു. സമീപമുള്ള സ്ത്രീകളെ സംഘടിപ്പിച്ച് വനിതാസമാജം ബഹുമുഖപദ്ധതികൾക്ക് രൂപംകൊടുത്തു.

കോട്ടയത്തെ സിസ്റ്ററിന്റെ ഔദ്യോഗികജീവിതത്തിനിടയിൽ കോൺഗ്രിഗേഷന്റെ 75 വർഷത്തെ ചരിത്രവസ്തുതകൾ ശേഖരിച്ച് ബഥനി എന്ന പേരിൽ ഒരു പുസ്തകവും 2004 വരെയുള്ള കാലയളവിൽ ബഥനിയിൽ ദിവംഗതരായ 67 സഹോദരികളുടെ ജീവചരിത്രം ഫോട്ടോസഹിതം വാടാമലരുകൾ എന്ന പേരിൽ മറെറാരു പുസ്തകവും രചിച്ച് പ്രസിദ്ധീകരിക്കുന്നതിന് സിസ്റ്ററിന് സാധിച്ചു. സിസ്റ്റർ ഏതെല്ലാം പ്രവർത്തനമേഖലകളിൽ പ്രവർത്തച്ചാലും ഒരു അദ്ധ്യാപികയായി എന്നും നിലകൊണ്ടു.

www.malankaralibrary.com

ഇന്നും ബഥനിയുടെ ബത്തേരിപ്രൊവിൻസിന്റെ ഫോർമേഷൻ ഹൗസിൽ സിസ്റ്റർ ഹെലേനാ ഒരു അദ്ധ്യാപികയാണ്. സ്ത്രീജനോദ്ധാരണാർത്ഥം സംഘടിപ്പിക്കപ്പെടുന്ന കൂട്ടായ്മകളിൽ, ഇടവകതലങ്ങളിലുള്ള മാതൃസംഘങ്ങളിൽ ഒക്കെയും ക്ലാസുകൾ എടുക്കുന്നതിനുള്ള അവസരങ്ങൾ സി. ഹെലേനാ ഉപയോഗിക്കുന്നുണ്ട്. ബഥനിയുടെ ചരിത്രത്തിൽ വയനാടിന്റെ ചരിത്രത്തിൽ മായാത്തവ്യക്തിമുദ്രപതിപ്പിച്ച സിസ്റ്റർ ഹെലേനാ ഇന്നും താനേററം സ്നേഹിക്കുന്ന വിശുദ്ധകുരിശിൻചുവട്ടിൽ നിന്ന് ആർജ്ജിച്ച ജ്ഞാനം മററുള്ളവർക്ക് നൽകുവാൻ തയ്യാറായി നിൽക്കുന്നു.

വിലാസം - സി. ഹെലേനാ S.I.C. ബഥനി കോൺവന്റ്, മൂലങ്കാവ് പി.ഒ.,
ബത്തേരി - വയനാട്

# 129



## പ്രൊഫ. മാത്യു ഉലകംതറ

ക്രിസ്തുഗാഥ എന്ന ഒററകാവ്യംകൊണ്ട് മലയാള സാഹിത്യചരിത്രത്തിലും ക്രൈസ്തവസഭാചരിത്രത്തിലും സുചിരപ്രതിഷ്ഠനേടിയ പ്രൊഫസ്സർ മാത്യു ഉലകംതറ ഗദ്യത്തിലും പദ്യത്തിലും ഒരുപോലെ കൈവഴക്കം നേടിയ നിസ്തുലപ്രതിഭാസമ്പന്നനാണ്. സാഹിത്യവിമർശനം, ജീവചരിത്രം, ബാലസാഹിത്യം, പദ്യനാടകം, വിവർത്തനം, ദൈവശാസ്ത്രം, സമകാലികവിഷയങ്ങൾ എന്നീ വിവിധ ഇനങ്ങളിലായി നാല്പതിലധികം ഗ്രന്ഥങ്ങളെഴുതുകയും നിരവധി പുരസ്കാരങ്ങൾ നേടുകയും ചെയ്ത ശ്രീ ഉലകംതറ ഭാഷാദ്ധ്യാപകനെന്ന നിലയിലും പ്രഭാഷകൻ എന്ന നിലയിലും സുപ്രസക്തനാണ്. സമസ്ത കേരളസാഹിത്യപരിഷത്തിന്റെ വൈസ്പ്രസിഡണ്ട്, സെക്രട്ടറി, പരിഷന്മാസികയുടെ മുഖ്യപത്രാധിപർ, സാഹിത്യഅക്കാദമിഅംഗം, കേരളസാഹിത്യകലാസമിതി പ്രസിഡണ്ട്, ദീപികആഴ്ചപ്പതിപ്പിന്റെ മുഖ്യപത്രാധിപർ, താലന്ത്മാസികയുടെ സഹപത്രാധിപർ എന്നീ നിലകളിലും സാഹിത്യസാംസ്കാരിക രംഗങ്ങളിൽ അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

തേവരസേക്രഡ്ഹാർട്ട് കോളേജിൽ മലയാളം അദ്ധ്യാപകനായും വകുപ്പദ്ധ്യക്ഷനായും 1954 മുതൽ 1986 വരെ മുപ്പത്തിരണ്ടുകൊല്ലം സേവന മനുഷ്ഠിച്ചശേഷം ഔദ്യോഗികജീവിതത്തിൽ നിന്നുവിരമിച്ച പ്രൊഫ. ഉലകംതറ കാലടി ശ്രീ. ശങ്കരാചാര്യസംസ്കൃത സർവ്വകലാശാലയിൽ ഓണററി പ്രൊഫസ്സറായി തുടർന്നു പ്രവർത്തിച്ചു. ബാംഗ്ലൂർ ഡി.പോൾ (വിൻസെൻഷ്യൻ) സെമിനാരി, കോട്ടയം സെന്റ്സ്തനീസ്ലാവോസ് മൈനർ സെമിനാരി,

www.malankaralibrary.com

എറണാകുളം എസ്.എച്ച്. സെമിനാരി എന്നിവിടങ്ങളിൽ സാഹിത്യാദ്ധ്യാപക നായും കോട്ടയം സെന്റ് എഫ്രേംസ് എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കവിതാമണ്ഡലം (കാവ്യപരിശീലനക്കളരി) പ്രിൻസിപ്പലായും തന്റെ അദ്ധ്യാപകവൃത്തിയുടെ ചക്രവാളം വികസ്വരമാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അനേകം സംവത്സരങ്ങളായി കേരളത്തിലെ റേഡിയോ നിലയ ങ്ങളിൽ നിന്നു മുഴങ്ങിക്കേട്ടുകൊണ്ടിരിക്കുന്ന ശ്രദ്ധേയമായ ഒരു പ്രഭാഷക ശബ്ദമാണദ്ദേഹത്തിന്റേത്.

വൈക്കം കിഴക്കുംഭാഗത്ത് ആറാട്ടുകുളത്തിനുസമീപമുള്ള ഉലകംതറ വർക്കി – അന്ന ദമ്പതികളുടെ പുത്രനായി 1931 – ജൂൺ 6 ന് മാത്യു ഉലകംതറ ജനിച്ചു. അയ്യർകുളങ്ങര ഗവ. മിഡിൽസ്കൂൾ, വൈക്കം ഗവ. ഹൈസ്കൂൾ, പാലാസെന്റ്തോമസ് കോളെജ്, എറണാകുളം മഹാരാജാസ് കോളെജ് ഇവിടങ്ങളിലായി ഔപചാരികവിദ്യഭ്യാസം പൂർത്തിയാക്കി. 1954 ൽ കേരളസർവ്വകലാശാലയിൽ നിന്നും മലയാളം ഐച്ഛികമായെടുത്ത് ഡബിൾ ഫസ്റ്റു ക്ലാസ്സോടുകൂടി ബി.എ. പാസ്സായി. 1959-ൽ മദ്രാസ് യൂണിവേഴ് സിററിയിൽ പ്രൈവററായിച്ചേർന്ന് ഫസ്റ്റ്ക്ലാസ്സും പ്രഥമറാങ്കും നേടി എം.എ. ബിരുദമെടുത്തു. തേവര എസ്.എച്ച്. കോളെജിൽ 1954 മുതൽ ട്യൂട്ടർ, ലക് ചറർ, പ്രൊഫസ്സർ എന്നീ നിലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കെ കേരള – മഹാത്മാഗാന്ധിസർവ്വകലാശാലകളിൽ യഥാക്രമം ചീഫ് എക്സാമിനർ, എക്സാമിനേഷൻ ബോർഡ് ചെയർമാൻ, പാഠ്യപുസ്തകസമിതിയംഗം, ഓറി യന്റൽഫാക്കൽട്ടിയംഗം, ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ എന്നീ പദവി കളിലും നിസ്തുലമായ സേവനം നിർവ്വഹിച്ചിട്ടുണ്ട്. കേരള-മഹാത്മാ ഗാന്ധി-കോഴിക്കോടു സർവ്വകലാശാലകളിൽ പ്രൊഫ. ഉലകംതറയുടെ സാഹിത്യ വിമർശനഗ്രന്ഥങ്ങൾ പാഠ്യപുസ്തകങ്ങളായും അംഗീകരിച്ചിട്ടുണ്ട്.

1952 ൽ പാലാ കോളേജുവിദ്യാർത്ഥിയായിരിക്കെ കവിതാരചനയ്ക്ക് അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിൽ നിന്ന് കട്ടക്കയം സ്വർണ്ണ മെഡൽ കരസ്ഥമാക്കി. 1978-ൽ എ.കെ.സി.സി. സാഹിത്യഅവാർഡും, 1994-ൽ സിറിയക് കണ്ടത്തിൽ അവാർഡും കത്തോലിക്കാകോൺഗ്രസ്സിൽ നിന്നുതന്നെ വാങ്ങാനിടവന്നതും സ്മരണീയമാണ്. 1959 ൽ ഏ.കെ.സി.സി. പ്രസിദ്ധീകരിച്ച പാഠ്യപുസ്തകങ്ങളുടെ തനിനിറം എന്ന ഗ്രന്ഥം ശ്രീ. എം.ഒ.ജോസഫ് നെടുങ്കുന്നവും പ്രൊഫസ്സർ ഉലകംതറയും മുൻകൈ യെടുത്തു തയ്യാറാക്കിയതാണ്.

1960 മെയ് 9-ാം തീയതി വെച്ചൂച്ചിറപുത്തേട്ട് ആഗസ്തി അന്ന ദമ്പതി കളുടെ ദ്വീതീയപുത്രി ത്രേസ്യാമ്മ (ബി.എ.ബി.എഡ്.) യെ വിവാഹം ചെയ്തു.

1991 ജൂൺ 5-ാം തീയതി വൈകിട്ട് കേരളത്തിലെ കത്തോലിക്കാ മെത്രാന്മാർ എല്ലാവരുംചേർന്ന് പി.ഒ.സിയിൽവച്ച് പ്രൊഫ. ഉലകംതറയുടെ സഭാസാഹിത്യസേവനങ്ങളെ അഭിനന്ദിച്ചുകൊണ്ട് ഷഷ്ടിപൂർത്തിമംഗള

www.malankaralibrary.com

ങ്ങൾ നേർന്നു. 1992 ൽ ക്രിസ്തുഗാഥയുടെ രചനപൂർത്തിയാക്കി. കോട്ടയത്തുവച്ചു മലയാളമനോരമ പത്രാധിപർ കെ.എം. മാത്യു ക്രിസ്തുഗാഥയുടെ പ്രഥമപ്രതി മഹാകവി പാലാനാരായണൻനായർക്കുനൽകിക്കൊണ്ടു പ്രകാശനം നിർവ്വഹിച്ചു. 1993 ലെ കെ.സി.ബി.സി. അവാർഡ് ക്രിസ്തുഗാഥക്കു ലഭിച്ചു. തുടർന്ന് അവാർഡുകളുടെ ഒരു പരമ്പര പിന്നാലെയുണ്ടായി. കേരള സഭാതാരം, മാർത്തോമ്മാപുരസ്കാരം, മഹാകവി കെ.വി. സൈമൺ അവാർഡ്, സാഹിത്യദർശനാഅവാർഡ്, മാർ അത്തനേഷ്യസ് അവാർഡ്, അൽബേരിയോണെ അവാർഡ്, വാണിശ്ശേരി അവാർഡ് ഇവയ്ക്കെല്ലാംമുപരി 1996 ലെ മഹാകവി ഉള്ളൂർ അവാർഡും ക്രിസ്തുഗാഥയ്ക്കുതന്നെ ലഭിച്ചിട്ടുള്ളതാണ്.

2001 ജൂൺ 4-5 തീയതികളിൽ കോട്ടയം സീരി ആഡിറ്റോറിയത്തിൽ ഉലകംതറയുടെ സപ്തതിയാഘോഷങ്ങൾ വിപുലമായ തോതിൽ നടത്തപ്പെട്ടു. പ്രൊഫ. സുകുമാർ അഴീക്കോട്, വൈസ്ചാൻസിലർ സിറിയക്ക് തോമസ്, ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ, കവി ബാലചന്ദ്രൻ ചുള്ളിക്കാട്, ചലച്ചിത്രഗാനസംവിധായകൻ ജെറി അമൽദേവ് മുതലായ പ്രഗത്ഭമതികൾ സംബന്ധിച്ച പ്രസ്തുത ആഘോഷങ്ങൾക്കു ചുക്കാൻ പിടിച്ചതു ബാലസാഹിത്യഇൻസ്റ്റിററ്യൂട്ടുഡയറക്ടർ പാലാ കെ.എം. മാത്യു എം.പി.യാണ്. അതോടനുബന്ധിച്ച് "ഉലകംതറ കവിയും നിരൂപകനും" എന്നൊരു സ്മാരകഗ്രന്ഥവും പ്രസിദ്ധീകരിക്കപ്പെട്ടു.

മലയാളത്തിലെ ഗദ്യശൈലീവല്ലഭന്മാരിലൊരാളാണു പ്രൊഫ. മാത്യു ഉലകംതറയെന്നു ആദ്യകാലം മുതൽ പ്രകീർത്തിക്കപ്പെട്ടിരുന്നു. സാഹിത്യം എങ്ങോട്ട് എന്ന ഗ്രന്ഥം (1956) രണ്ടു മൂന്നു ദശാബ്ദക്കാലം മലയാള സാഹിത്യത്തിൽ ഒരു ശക്തിയായി മാറ്റൊലികളുളവാക്കി. ധാർമ്മികമൂല്യങ്ങൾക്ക് സാഹിത്യത്തിൽ നൽകപ്പെടേണ്ട സ്ഥാനത്തിന് ഊന്നൽനൽകിയിരുന്ന കുട്ടികൃഷ്ണമാരാരുടെ അനുഗാമിയായിട്ടാണ് സി.പി. ശ്രീധരൻ ഉലകംതറയെ വിശേഷിപ്പിച്ചത്. മഹാകവി എം.പി. അപ്പൻ അദ്ദേഹത്തിന്റെ ഗദ്യശൈലിയെപ്പററി ഇങ്ങനെ പറയുന്നു: "വളരെ മൃദുവോ രൂക്ഷമോ അല്ലാത്ത രീതിയിൽ നർമ്മരസംകലർത്തി അപ്രിയസത്യം പറയാൻ തന്റേടം കാണിച്ചിട്ടുള്ള ഒരു വീരാത്മാവണ് പ്രൊഫ. മാത്യു ഉലകംതറ. സ്വന്തം വിശ്വാസപ്രമാണങ്ങൾക്കു വേണ്ടി വിട്ടുവീഴ്ചയില്ലാതെ പോരാടുമ്പോഴും വാദഗതികൾ യുക്തിയുക്തമായിരിക്കണമെന്ന നിഷ്കർഷ ഉലകംതറയ്ക്കുണ്ട്. യുക്തിവാദികളെപ്പോലും അസൂയപ്പെടുത്തുന്ന യുക്തിഭദ്രത ഉലകംതറയുടെ രചനയ്ക്കുള്ള സവിശേഷഗുണമാണ്. ഉത്തമഗദ്യത്തിന്റെ ലക്ഷണങ്ങളായ ആത്മാർത്ഥത ആർജ്ജവം, സാരള്യം, വ്യാകരണ ശുദ്ധി മുതലായവയ്ക്ക് ഉദാഹരണമായി എടുക്കാവുന്നവയാണ് അദ്ദേഹത്തിന്റെ ഓരോ രചനയും" "അവക്രവും സരസവുമാണ് ഉലകംതറയുടെ ആഖ്യാനരീതി" എന്ന് പ്രൊഫ. എസ്. ഗുപ്തൻ നായർ അഭിപ്രായപ്പെട്ടിരിക്കുന്നു. കേരളസർക്കാർ സാംസ്

www.malankaralibrary.com

കാരികവകുപ്പുപ്രസിദ്ധീകരിച്ച ഐ.സി. ചാക്കോ എന്ന ജീവചരിത്രത്തിന്റെ രചനയിൽ ഉലകംതറ സ്വീകരിച്ചിട്ടുള്ള ശൈലിയെക്കുറിച്ചാണു ഗുപ്തൻ നായർ ഇങ്ങനെ പറഞ്ഞത്. ഡോ. കല്പററ ബാലകൃഷ്ണൻ ക്രിസ്തു ഗാഥയുടെ പദ്യശൈലിയെ പ്രശംസിച്ചുവരുന്നകൂട്ടത്തിൽ ഇങ്ങനെ എഴുതി. "ഉലകംതറ അറിയപ്പെടുന്നത് തന്റെ പ്രബന്ധങ്ങളിലൂടെയാണ്. എന്തൊരു മൂർച്ചയുള്ള ഗദ്യമാണത്. മലയാളനിരൂപണത്തിൽ ഏററവും മൂർച്ചയുള്ള വാക്കുകൾ ഉപയോഗിക്കുന്ന ഒരാളാണ് ഉലകംതറ." ആ മൂർച്ചയുള്ളശൈലി ക്രിസ്തുഗാഥയിലേക്കു പകർന്നതിന്റെ ഫലമായി ചെറുശ്ശേരിയുടെ മൃദുവും വിലാസലോലവുമായ ശൈലിയിൽ നിന്ന് എഴുത്തച്ഛന്റെ പ്രൗഢശൈലി യിലേക്കു മഞ്ജരിവൃത്തത്തെ പറിച്ചുനടാൻ ഉലകംതറയ്ക്കു കഴിഞ്ഞു വെന്നും എഴുത്തച്ഛന്റെ കാവ്യഭാഷ മഞ്ജരി വൃത്തത്തിൽ പുനരവതരിച്ച താണ് ഉലകംതറയുടെ ക്രിസ്തുഗാഥ എന്നും ഡോ. ബാലകൃഷ്ണൻ തുടരുന്നു.

നാലുസുവിശേഷങ്ങളുടെ ഉള്ളടക്കം ഒന്നും വിട്ടുകളയാതെയും ആവർത്തിക്കാതെയും ക്രോഡീകരിച്ച് ഭാവനാത്മകമായ വർണ്ണനകൾ കൊണ്ടു നിറംപിടിപ്പിച്ച് ലളിതഭാഷയിൽ എഴുതിയിട്ടുള്ള ഒരു മഹാകാവ്യ മാണ് ക്രിസ്തുഗാഥ. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണംവരെയുള്ള സമ്പൂർണ്ണ ജീവചരിത്രമടങ്ങുന്ന ഒരു പഞ്ചമവിശേഷമാണത്. ആർച്ചു ബിഷപ്പ് മാർജോസഫ് പവ്വത്തിൽ ആ കാവ്യത്തിന്റെ ആഭ്യന്തര ഗുണങ്ങളെ പ്രകീർത്തിച്ചിട്ടുണ്ട്. ധ്യാനാത്മകത, പ്രബോധനപരത, ക്രിസ്തു വിജ്ഞാനീയഗൗരവം,വികാരതീവ്രത, കത്തോലിക്കാ ദൈവശാസ്ത്ര സമീപനം, യുക്തിഭദ്രത ഇവയെ മതാദ്ധ്യക്ഷന്മാർ അഭിനന്ദിക്കുമ്പോൾ ഭാഷാശുദ്ധി, ഭാവനാവിലാസം, ഭാവരസനിർഭരത, കേരളത്തനിമ, കാവ്യ ശൈലീസൗകുമാര്യം മുതലായവയെക്കുറിച്ചാണ് സാഹിത്യനായകന്മാർ ഊന്നിപ്പറയുന്നത്.

കാളിദാസനെ അനുസ്മരിപ്പിക്കുന്ന പ്രകൃതിവർണ്ണനകൾ ക്രിസ്തു ഗാഥയിൽ ഡോ. ലീലാവതി കണ്ടെത്തുന്നു. മലയാളഭാഷയുടെ മഹാഭാഗ്യ മാണു ക്രിസ്തുഗാഥയെന്നു പത്മശ്രീ ശൂരനാട്ടുകുഞ്ഞൻപിള്ള ക്രിസ്തു ഗാഥയെ വിശേഷിപ്പിക്കുന്നു. ക്രിസ്തുചരിതവിഷയകമായ ദ്രാവിഡവൃത്ത രചനകളിൽ അഗ്രഗണ്യമാണ് ക്രിസ്തുഗാഥയെന്ന് മഹാകവി എം.പി. അപ്പൻ പറയുന്നു. മലയാളഭാഷയ്ക്കും ക്രൈസ്തവസഭയ്ക്കും ഒപ്പം ലഭിച്ച നിസ്തുലസംഭാവനയാണു ക്രിസ്തുഗാഥയെന്നാണു ഫാദർ വടക്കന്റെ അഭിപ്രായം. ശൂരനാടൻ പ്രൊഫസ്സർ ഉലകംതറക്കയച്ച ഒരു അഭിനന്ദനക്ക ത്തിൽ മഹാകവി എന്ന് ഉലകംതറയെ സംബോധനചെയ്തുകൊണ്ട് കഥാപ്രസംഗരീതിയിൽ ക്രിസ്തുഗാഥാഭാഗങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടുള്ള പ്രഭാഷണപരമ്പര നടത്തപ്പെടുകയാണെങ്കിൽ അതുഭാഷയ്ക്കും സനാത നമൂല്യാധിഷ്ഠിതസംസ്കാരത്തിനും വലിയനേട്ടങ്ങളുളവാക്കുമെന്ന് ചൂണ്ടി

www.malankaralibrary.com

ക്കാണിക്കുകയും, താൻ നിത്യപാരായണത്തിനുപയോഗിക്കുന്ന ഒരു പൂജാദ്രവ്യമായി അതു തന്റെ പഠനമേശയിൽത്തന്നെ പ്രതിഷ്ഠിച്ചിരിക്കുന്നതായറിയിക്കയും ചെയ്തിട്ടുണ്ട്. പ്രൊഫ.ഉലകംതറ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന വിശ്വാസസംരക്ഷണപ്പോരാട്ടത്തിന്റെ മകുടോദാഹരണമാണ് "വിമർശിക്കപ്പെടുന്ന വിശ്വാസം" എന്നഗ്രന്ഥം. യുക്തിയിൽനിന്നു വിശ്വാസത്തിലേക്ക് എന്ന ഗ്രന്ഥത്തിന്റെ കർത്താവായ മോൺ. ജേക്കബ്ബ് നടുവത്തുശ്ശേരിയെപ്പോലുള്ള മഹാഗുരുക്കന്മാരെ തോട്ടകം ഇടവകയിൽ ചെലവഴിച്ച ബാല്യകൗമാരകാലങ്ങളിൽ ലഭിച്ചതാണ്, തന്റെ വിശ്വാസദാർഢ്യത്തിനും യുക്തിവാദശൈലിക്കും കാരണമായതെന്ന് പ്രൊഫ. ഉലകംതറ കരുതുന്നു.

വിമർശസോപാനം, ആലോചനാമൃതം, സാഹിത്യപീഠിക, അപൂർവ്വരശ്മികൾ, ഭീരുക്കളുടെ സ്വർഗ്ഗം, കയ്പുംമധുരവും, ആത്മഭാഷിതങ്ങൾ, ക്രിസ്തുബിംബങ്ങൾ മലയാളത്തിൽ, ഹൈന്ദവം ക്രൈസ്തവം, കഥാസുഭാഷിതങ്ങൾ ഇന്ദിരാഗാന്ധി, അർണോസ് പാതിരി, ഐ.സി. ചാക്കോ, ആദ്യത്തെ മരണം, വെളിച്ചത്തിന്റെ മകൾ, വിശ്വപ്രകാശം, വർത്തമാനപ്പുസ്തകം (ആധുനികഭാഷാന്തരം) വി. അമ്മ ത്രേസ്യാ കുമ്പസാരം (സെന്റഗസ്റ്റിന്റെ ആത്മകഥ) കുയിലും കൂട്ടുകാരും, വീരബാലകഥകൾ, കൊച്ചുതലവൻ, മുതലായവയാണ് ഉലകംതറയുടെ മററു കൃതികൾ. വൈക്കം മുഹമ്മദ് ബഷീർ, പാലാ നാരായണൻ നായർ, ടി.കെ.സി. വടുതല, സിസ്റ്റർ മേരി ബനീഞ്ഞ മുതലായ സാഹിത്യനായകന്മാരുടെ ഗ്രന്ഥങ്ങൾക്കു പ്രൊഫ. ഉലകംതറ എഴുതിക്കൊടുത്തിട്ടുള്ള അവതാരികകൾ അദ്ദേഹത്തിനു സാഹിത്യലോകത്തു ലഭിച്ചിട്ടുള്ള ബഹുമാന്യസ്ഥാനത്തിനെന്നപോലെ സാഹിത്യവിജ്ഞാനത്തിനും സഹൃദയത്വത്തിനും അപഗ്രഥനപാടവത്തിനും ഉത്തോമോദാഹരണങ്ങളാണ്.

ബിഷപ്പ് ജെറോം- കാലത്തിന്റെ കർമ്മയോഗി എന്ന ബൃഹത്തായ ജീവചരിത്രത്തിന് പ്രൊഫ. ഉലകംതറ എഴുതിയ സുദീർഘമായ പഠന പ്രബന്ധത്തെ മുൻനിർത്തി ഗ്രന്ഥകാരനായ മോൺ.ഡാ.ഫെർഡിനാൻഡു കായാവിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

"മലയാള സാഹിത്യലോകത്ത് ഏറെ ശ്രദ്ധേയനാണ് പ്രൊഫ. മാത്യു ഉലകംതറ. കലാലയാദ്ധ്യാപകൻ, വാഗ്മി, സാഹിത്യനിരൂപകൻ, മതചിന്തകൻ, പത്രാധിപർ എന്നിങ്ങനെ വിവിധമേഖലകളിൽ നിറഞ്ഞുനിൽക്കുന്ന വ്യക്തിയാണ് ഉലകംതറ. കേരളത്തിലെ ക്രൈസ്തവചിന്തകരിൽ പ്രമുഖനും പ്രഖ്യാതനുമാണദ്ദേഹം. ക്രൈസ്തവവിശ്വാസത്തേയും മലയാള ഭാഷയെയും ബന്ധപ്പെടുത്തി അദ്ദേഹത്തെപ്പോലെ ആധികാരികമായി അഭിപ്രായം പറയുവാൻ ഇന്നു കേരളത്തിൽ മറ്റാരെങ്കിലുമുണ്ടോ എന്നു സംശയമാണ്. അടിയുറച്ച ക്രൈസ്തവവിശ്വാസിയായ ഈ ധിഷണാശാലി കേരളസഭയുടെ അഭിമാനമാണ്. സഭയുടെ പ്രവർത്തനങ്ങൾ തുറന്നമനസ്സോടെ

www.malankaralibrary.com


നിഷ്പക്ഷമായി വിലയിരുത്തുന്ന ഈ നിരൂപകൻ പുരോഗമനവാദികൾക്ക് ഊർജ്ജം പകരുമ്പോൾ, ക്രൈസ്തവവിശ്വാസപ്രമാണങ്ങളുടെ അടിത്തറ തന്റെ ശക്തമായ തൂലികകൊണ്ട് പ്രബലപ്പെടുത്തുകയും ചെയ്യുന്നു. ഈ ബൗദ്ധിക സന്തുലിതാവസ്ഥയാണ് ഉലകംതറയെ കേരളത്തിലെ വിശ്വാസ യോഗ്യനായ പ്രമുഖക്രൈസ്തവചിന്തകനാക്കിത്തീർക്കുന്നത്."

പ്രൊഫ. ഉലകംതറ എഴുതിയിരിക്കുന്ന അവലോകനം പണ്ഡിതോചിതമായ പ്രബന്ധമാണ്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ കേരളത്തിലെ സഭാനേതൃത്വവും അല്മായ നേതാക്കളും ശ്രദ്ധിച്ചിരുന്നെങ്കിൽ!

Address - Prof. Mathew Ulakamthara, Mallussery P.O., Kottayam.

# 130

# തോമസ് മാത്യു കൊട്ടാരത്തുംകുഴി



ഒരു ചരിത്രകാരൻ, ജീവചരിത്രകാരൻ എന്നീ നിലകളിൽ പരക്കെ അറിയപ്പെടുന്ന തോമസ് മാത്യു കൊട്ടാരത്തുംകുഴി 1931 ജൂലൈ 1 ന് ഭരണങ്ങാനത്തിനുസമീപമുള്ള ഇടമററത്ത് ജനിച്ചു. തൊമ്മൻ ഏലി എന്നിവരാണ് മാതാപിതാക്കൾ.(വടക്കൻപറവൂർ ഭരിച്ചിരുന്ന നാടുവാഴിയായ ആര്യവർഗ്ഗത്തിൽപ്പെട്ട അറയ്ക്കൽ നമ്പൂതിരി കുടുംബക്കാരാണ് കൊട്ടാരത്തുംകുഴിയുടെ പൂർവ്വികർ. അറയ്ക്കൽകുടുംബത്തിലെ ഒരു ശാഖ അങ്കമാലിയിലേയ്ക്കും എ.ഡി. നാലാംശതകത്തിൽ കോട്ടയം താഴത്തങ്ങാടിയിലേക്കും അഞ്ചാംനൂററാണ്ടിൽ അരുവിത്തുറയിലേക്കും പത്താം നൂററാണ്ടിനു മുൻപ് ഭരണങ്ങാനത്തേയ്ക്കും കുടിയേറി. ഭരണങ്ങാനംപള്ളി സ്ഥാപിക്കുന്നതിന് മുൻകൈയെടുത്ത അഞ്ചുകുടുംബങ്ങളിൽ ഒന്നാണ് അറയ്ക്കൽ. ഈ കുടുംബത്തിന്റെ ശാഖകളിൽ ഒന്നായ കോക്കാട്ടുകുടുംബത്തിൽ നിന്നും ഇടമററത്തേയ്ക്ക് പിരിഞ്ഞുപോയവരിൽപെട്ടവരാണ് കൊട്ടാരത്തുംകുഴികുടുംബക്കാർ)

അമ്പാറനിരപ്പേൽ, ഭരണങ്ങാനം എന്നിവിടങ്ങളിൽ പഠിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ഇദ്ദേഹം വിവാഹം ചെയ്തിരിക്കുന്നത് എറകോന്നി തറവാട്ടിൽപ്പെട്ട മേവിട നായിപുരം കുടുംബാംഗമായ മേരിയേയാണ്. (അനുഗ്രഹീതകവിയായിരുന്ന ഫാ. കുരുവിള കൊട്ടാരത്തുംകുഴി ഇദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരനായിരുന്നു.)

സാഹിത്യപരിഷത് മാസിക, മാതൃഭൂമി വാരാന്ത്യപ്പതിപ്പ്, മാതൃഭൂമി ആഴ്ചപ്പതിപ്പ്, മലയാള മനോരമ വാരാന്ത്യപ്പതിപ്പ്, മലയാളമനോരമ ആഴ്ചപ്പതിപ്പ്, കേരളകൗമുദി വാരാന്ത്യപ്പതിപ്പ്, കലാകൗമുദി, ദീപിക, കേരള

www.malankaralibrary.com

ഭൂഷണം, കേരളദ്ധ്വനി, ദേശബന്ധു, മലബാർമെയിൽ, എക്സ്പ്രസ്സ്, തൊഴിലാളി, സത്യദീപം, കർമ്മലകുസുമം, അസ്സീസ്സി, ദീപനാളം, റബ്ബർമാസിക, എ.കെ.സി.സി. ബുള്ളറ്റിൻ, ജയഭാരതം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലും അനവധി സ്മരണകളിലുമായി ഗവേഷണപരവും ജീവചരിത്രപരവുമായ അഞ്ഞൂറിലധികം ലേഖനങ്ങൾ തോമസ് മാത്യു എഴുതിയിട്ടുണ്ട്. മാതൃഭൂമിയിലും മററുമെഴുതിയ ഗവേഷണ പ്രധാനമായ ചില ലേഖനങ്ങൾ അമേരിക്കൻ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭരണങ്ങാനത്തെ അൽഫോൻസാ നാമകരണ കോടതിയുടെ ആവശ്യപ്രകാരം വാഴത്തപ്പെട്ട അൽഫോൻസാമ്മയെ സംബന്ധിക്കുന്ന ആധികാരിക വിവരങ്ങൾ പ്രബന്ധരൂപത്തിൽ തയ്യാറാക്കിയത് ഇദ്ദേഹമാണ്.

പാലാപട്ടണത്തിന് ആദ്യം ഒരു ചരിത്രമുണ്ടാക്കിയത് ഇദ്ദേഹമാണ്. 1965 ഡിസംബർ 5 ലെ കേരളഭൂഷണം പത്രത്തിൽ പ്രസിദ്ധീകരിച്ച പാലാ നൂററാണ്ടുകളിലൂടെ എന്ന ലേഖനവും 1986 ൽ 250 വർഷം പിന്നിട്ട പാലാ പട്ടണത്തിന്റെ കഥ എന്ന ശീർഷകത്തിൽ ദീപനാളത്തിൽ പ്രസിദ്ധീകരിച്ച ലേഖന പരമ്പരയും പാലാ ചരിത്രം ശരിയായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. പാലായുമായി ബന്ധപ്പെട്ട നിരവധി സ്മരണികകളിലും പാലാ പട്ടണത്തിന്റെ ചരിത്രം അദ്ദേഹം എഴുതിയിട്ടുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഗവേഷണ വിദ്യാർത്ഥികൾ വിശിഷ്യ ചരിത്രവിദ്യാർത്ഥികൾ ഇദ്ദേഹത്തിന്റെ വീട്ടിലെത്തി ചരിത്രവിവരങ്ങൾ ശേഖരിക്കുക പതിവാണ്. മീനച്ചിൽ താലൂക്കിന്റെ ചരിത്രകാരൻ എന്ന് സപ്ലിമെന്റ് പത്രം ഇദ്ദേഹത്തെ വിശേഷിപ്പിച്ചു. ഒരു എൻസൈക്ലോപീഡിയാ എന്നും ചിലർ വിശേഷിപ്പിക്കാറുണ്ട്.

മണ്ണിനോട് മല്ലടിക്കുന്ന കർഷകനായിരിക്കെ തന്നെ സാഹിത്യസപര്യയ്ക്ക് സമയം കണ്ടെത്തുന്നുവെന്നുള്ളതാണ് തോമസ് മാത്യുവിന്റെ ഏററവും വലിയ പ്രത്യേകത. അസംഘടിതരായ കർഷകരുടെ നീറുന്ന പ്രശ്നങ്ങളെപ്പററിയും സർക്കാരിന്റെ കർഷകദ്രോഹനടപടികളെപ്പററിയും ഇദ്ദേഹം ദീപകയിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെ പേരിൽ നികുതിയുദ്യോഗസ്ഥന്മാരുടെ പീഡനങ്ങൾക്ക് വിധേയമാകേണ്ടി വന്നിട്ടുണ്ട്. മാതൃകാകർഷകനായ ഇദ്ദേഹം നാടിന്റെ വികസനപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയിട്ടുണ്ട്. ഇടമററത്തും സമീപപ്രദേശങ്ങളിലുമുള്ള നിരവധി റോഡുകൾ, പാലങ്ങൾ, തുടങ്ങിയവയുടെ നിർമ്മാണത്തിൽ മുഖ്യപങ്കുവഹിച്ചിട്ടുള്ള കൊട്ടാരത്തുംകുഴി നിരവധിക്രിമിനൽ സിവിൽ കേസുകളിൽ പ്രതിയാകേണ്ടിവന്നു.

കത്തോലിക്കാകോൺഗ്രസ്സ് കൗൺസിൽ മെമ്പർ - പ്രഥമ പാലാ രൂപതസംഘം എക്സിക്യൂട്ടീവ് കമ്മററിമെമ്പർ, ഭരണങ്ങാനം ശാഖാ സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. പാലാ രൂപതാ രജതജൂബിലി, സുവർണ്ണ ജൂബിലി സ്മരണിക എഡിറേറാറിയൽ ബോർഡ് അംഗമായും പ്രവർ

www.malankaralibrary.com

ത്തിച്ചിട്ടുണ്ട്. ഭരണങ്ങാനംപള്ളിയുടെ സഹസ്രാബ്ദി സ്മരണികയിൽ പള്ളി യുടെ ഒരു നീണ്ട ചരിത്രം അദ്ദേഹം എഴുതിയിട്ടുണ്ട്.

മലയാളത്തിന്റെ ശില്പികൾ, ചരിത്രത്തിലെ ക്രിസ്തുമസ്, മലയാളഭാഷയും മിഷനറിമാരും, ആതുരരംഗത്തെ ദേവതകൾ, കേരളത്തിലെ പ്രമുഖ ക്രൈസ്തവദേവാലയങ്ങൾ (മൂന്നുഭാഗങ്ങൾ) ഭാരതീയപുണ്യാത്മാക്കൾ, പ്രഥമകേരളീയ ആഗോള സഞ്ചാരി, ഭരണങ്ങാനത്തെ അൽഫോൻസാമ്മ, പാലാപട്ടണത്തിന്റെ കഥ, ഭരണങ്ങാനം നൂററാണ്ടുകളിലൂടെ എന്നിങ്ങനെ പല കൃതികൾ രചിച്ചിട്ടുണ്ട്. ഒന്നും മുദ്രണം ചെയ്തിട്ടില്ല.

വിലാസം - തോമസ് മാത്യു കൊട്ടാരത്തുംകുഴി, പൂവത്തോട് പി.ഒ., ഭരണങ്ങാനം

# 131



# ഫാ. ജോൺ വട്ടങ്കി എസ്. ജെ.

ഇന്ത്യൻ തത്ത്വചിന്തയിൽ, വിശേഷിച്ചും ന്യായ ദർശനത്തിൽ, അഗാധമായ അവഗാഹമുള്ള പണ്ഡിതവരേണ്യനാണ് ഫാ.ജോൺ വട്ടങ്കി. ഹൈന്ദവ പണ്ഡിതരുടെ, വിശേഷിച്ചും ബ്രാഹ്മണരുടെ, കുത്തകയായിരുന്ന ഇന്ത്യൻ ബൗദ്ധിക ദർശനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ ധൈര്യം കാണിച്ച വിരലിലെണ്ണാവുന്ന ക്രൈസ്തവ പണ്ഡിതരിൽ പ്രമുഖനാണദ്ദേഹം. 1931 ജൂലൈ മൂന്നിന് കേരളത്തിലെ മരങ്ങാട്ടുപിള്ളി എന്ന സ്ഥലത്തു ജനിച്ച ഫാ. ജോൺ ചെറുപ്പത്തിലേ പ്രതിഭാശാലിയും സ്ഥിരോത്സാഹിയുമായിരുന്നു. സ്കൂൾ പഠനം ശ്രേഷ്ഠമായി പൂർത്തിയാക്കിയ ജോൺ വൈദികപഠനത്തിനായി ചങ്ങനാശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. അദ്ദേഹത്തിന്റെ സാമർത്ഥ്യം തിരിച്ചറിഞ്ഞ അധികാരികൾ തുടർ പഠനത്തിനായി അദ്ദേഹത്തെ കാൻഡിയിലുള്ള പേപ്പൽ സെമിനാരിയിലേക്കയച്ചു. അക്കാലത്ത് പേപ്പൽ സെമിനാരി നടത്തിയിരുന്നത് ബെൽജിയംകാരായ ഈശോസഭ വൈദികരായിരുന്നു. അവരുടെ ആദ്ധ്യാത്മിക തീക്ഷ്ണതയും പാണ്ഡിത്യവും അർപ്പണമനോഭാവവും കണ്ട് ആകൃഷ്ടനായ ജോൺ 1950 ൽ ഈശോ സഭയിൽ ചേർന്നു. ഫിലോസഫിയിൽ ലൈസൻഷ്യേറ്റ് പൂർത്തിയാക്കിയ ജോൺ കേഴ്സിയോങ്ങിലെ സെന്റ് മേരീസ് കോളേജിൽ തിയോളജിക്കായി ചേർന്നു. ഉന്നത നിലയിൽ തിയോളജിയിലും ലൈസൻഷ്യേറ്റ് പൂർത്തിയാക്കി അദ്ദേഹം 1963 ൽ വൈദികനായി അഭിഷിക്തനായി.

1966 ൽ, പൗരസ്ത്യ തത്ത്വചിന്തയിൽ ഗവേഷണം നടത്താനുള്ള ഉദ്ദേ

www.malankaralibrary.com

ശത്തോടെ അദ്ദേഹം ഇംഗ്ലണ്ടിലേക്ക് തിരിച്ചു. ഓക്സഫോർഡ് സർവ്വകലാശാലയിൽ നിന്നും പൗരസ്ത്യ പഠനത്തിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ അദ്ദേഹം സംസ്കൃതം, പാലി എന്നീ ഭാഷകളും സ്വായത്തമാക്കി. വിയന്നാ സർവ്വകലാശാലയിൽനിന്നും ഇന്ത്യൻ തത്ത്വചിന്തയിൽ പി. എച്ച്.ഡി. പൂർത്തിയാക്കി കേരളത്തിലേക്ക് മടങ്ങിയ ഫാ. ജോൺ, തിരുവനന്തപുരത്ത്, ഇന്ത്യൻ തത്ത്വചിന്തയുടെയും മതങ്ങളുടെയും ഗവേഷണോദ്ദേശ്യത്തോടെ ഒരു കേന്ദ്രം സ്ഥാപിച്ച് പഠനം തുടർന്നു. ഇക്കാലയളവിൽ, അദ്ദേഹത്തിന്റെ ധാരാളം ഗവേഷണ ഗ്രന്ഥങ്ങൾ അന്തർദ്ദേശീയ നിലവാരമുള്ള പ്രസിദ്ധീകരണങ്ങളിലൂടെ പുറത്തുവന്നു. 1984 ൽ ഫാ. ജോണിന്റെ പ്രഥമ ഗ്രന്ഥം, ഗംഗേശന്റെ ഈശ്വര ദർശനം' (Gangesa's Philosophy of God) അഡയാർ റിസേർച്ച് ലൈബ്രറി പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ ബൗദ്ധിക ജീവിതത്തിലെ ഒരു പൊൻതൂവലായിരുന്ന ഈ ഗ്രന്ഥം ഈ മേഖലയിൽ ഗവേഷണം നടത്തുന്ന പണ്ഡിതവരേണ്യരുടെ നിർല്ലോഭമായ പ്രശംസയ്ക്കും പാത്രമായി. 1986 ൽ ഓൾ ഇന്ത്യാ ഫിലോസഫിക്കൽ അസോസിയേഷന്റെ അവാർഡും ലഭിച്ച ഈ ഗ്രന്ഥത്തെപ്പറ്റി സുപ്രസിദ്ധനായ എൻ. വി. കൃഷ്ണവാര്യർ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയത് ഇപ്രകാരമാണ്. "നീണ്ട വർഷങ്ങളിൽ നടത്തിയ ശ്രമാവഹവും ഏകതാനവുമായ അദ്ധ്യയനത്തിന്റെ ഫലമാണ് ഫാ. ജോൺ വട്ടങ്കിയുടെ 'ഗംഗാശന്റെ ഈശ്വര ദർശനം' എന്ന ഗ്രന്ഥം. വർഷങ്ങൾക്കിടയിൽ വല്ലപ്പോഴുമൊരിക്കൽ പ്രത്യക്ഷപ്പെടുന്ന ചില അസാധാരണ ഗ്രന്ഥങ്ങളുണ്ടല്ലോ അത്തരത്തിലൊന്നാണീ ഗ്രന്ഥം. വിപുലമായ ഗ്രഹണശക്തിയുടെയും നിശിതമായ അപഗ്രഥന ശക്തിയുടെയും പരിണതഫലമാണ് ഇത്."

തുടർന്ന് പൂനയിലെ പ്രശസ്തമായ ജ്ഞാനദീപ വിദ്യാപീഠത്തിൽ ഇന്ത്യൻ ഫിലോസഫി, സംസ്കൃതം എന്നീ വിഷയങ്ങളുടെ പ്രൊഫസ്സറായി ചാർജ്ജെടുത്ത അദ്ദേഹം തന്റെ ഗവേഷണസംരംഭങ്ങൽ വിപുലീകരിക്കന്നതിനായി പൂനയിൽത്തന്നെ 'സെന്റർ ഫോർ അഡ്വാൻസ്ഡ് ഇന്ത്യൻ സ്റ്റഡീസ്' എന്ന കേന്ദ്രം സ്ഥാപിച്ചു. ഇക്കാലത്ത് ഇന്ത്യയിലും വിദേശത്തുമുള്ള വിവിധ സർവ്വകലാശാലകളിലും ഉന്നതപഠനകേന്ദ്രങ്ങളിലും ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ച അദ്ദേഹം ജർമ്മനിയിലെ മ്യൂനിച്ചിലുള്ള ഹോക്ഷുകളെ ഫ്യൂർ ഫിലോസഫി, അമേരിക്കയിലെ സാന്താക്ലാരാ സർവ്വകലാശാല എന്നിവിടങ്ങളിൽ ഇന്ത്യൻ തത്ത്വചിന്തയുടെ വിസിറ്റിംഗ് പ്രൊഫസറുമായിരുന്നു. തത്ത്വശാസ്ത്ര സംബന്ധമായി നടന്നിട്ടുള്ള ദേശീയ അന്തർദേശീയ സമ്മേളനങ്ങളിൽ പ്രബന്ധാവതരണം, പ്രഭാഷണം എന്നിവ വഴി പണ്ഡിതലോകത്തിന് അദ്ദേഹം നൽകിയ സംഭാവനകൾ അതുല്യമാണ്. 1974 ൽ കുരുക്ഷേത്രയിൽ നടന്ന അഖിലേന്ത്യാ പൗരസ്ത്യ സമ്മേളനത്തിൽ പ്രബന്ധമവതരിപ്പിച്ചു. ഇന്ത്യൻ തത്ത്വശാസ്ത്രത്തിന്റെ തനിമയും പ്രാധാന്യവും വിദേശരാജ്യങ്ങളിലെത്തിക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൽ

www.malankaralibrary.com

തികച്ചും ശ്ലാഘനീയമാണ്. ജർമ്മനിയിലെ പാസ്സാവുസർവ്വകലാശാല, ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ നടന്ന ബുദ്ധിസ്റ്റ് സമ്മേളനം, അമേരിക്കയിലെ ഹവായിൽ നടന്ന അന്തർദ്ദേശീയ താരതമ്യ തത്ത്വചിന്താ സമ്മേളനം, ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ പൗരസ്ത്യ പഠന കേന്ദ്രം എന്നിവിടങ്ങളിൽ അദ്ദേഹമവതരിപ്പിച്ച ഗവേഷണ പ്രബന്ധങ്ങൾ ഈ ഉദ്യമത്തിന്റെ ഉദാഹരണങ്ങളാണ്. ഇന്ത്യൻ ബൗദ്ധിക ദർശനത്തെപ്പറ്റി, വിശേഷിച്ചും ന്യായദർശനത്തിന്റെ സാദ്ധ്യതകളെപ്പറ്റി, ടെക്സാസ്, വാഷിംഗ്ടൺ എന്നീ വിഖ്യാത അമേരിക്കൻ സർവ്വകലാശാലകളിൽ നടത്തിയ പ്രഭാഷണങ്ങൾ ഏറെ പ്രശംസയ്ക്ക് പാത്രമായിരുന്നു. ഫാ. ജോൺ വട്ടങ്കി ഇന്ത്യൻ തത്ത്വചിന്തയ്ക്ക് നൽകിയ മൗലിക സംഭാവനകൾ തിരിച്ചറിഞ്ഞ ഹൈന്ദവ സന്യാസികൾ മാദ്ധ്യമശ്രദ്ധ പിടിച്ചുപറ്റിയ ഒരു ചടങ്ങിൽവച്ച് അദ്ദേഹത്തെ ആദരിച്ചു. ഇത്, ഒരു കത്തോലിക്കാ പുരോഹിതനെന്ന നിലയിൽ ഈ മേഖലയ്ക്ക് നൽകിയ അദ്ദേഹത്തിന്റെ അനുപമമായ സംഭാവനകൾക്ക് അർഹമായ ഒരംഗീകാരമായിരുന്നു.

ഒരു മികച്ച വാഗ്മി എന്ന നിലയിലും പ്രശോഭിക്കുന്ന ഇദ്ദേഹം വിവിധ സർവ്വകലാശാലകളിലെ അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ നൽകുന്നതിനായും തന്റെ ഗവേഷണ തപസ്യയുടെയിടയിൽ സമയം കണ്ടെത്തുന്നു. ബംഗാളിലെ ശാന്തി നികേതൻ, പൂന, ലഖ്നൗ എന്നിവിടങ്ങളിൽ അദ്ദേഹത്തിന്റെ ഇത്തരം പ്രഭാഷണങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. ഫാ. ജോൺ സ്ഥാപിച്ച സെന്റർ ഫോർ അഡ്വാൻസ്ഡ് ഇന്ത്യൻ സ്റ്റഡീസ് താരതമ്യേന ഒരു ചെറിയ സ്ഥാപനമാണെങ്കിലും, വളരെ ഉൽകൃഷ്ടമായ ഗവേഷണ സംരംഭങ്ങൾ ഇവിടെ നടക്കുന്നു. ഇന്ത്യൻ ബൗദ്ധിക ദർശനത്തിലെ ഏറ്റവും വൈഷമ്യമേറിയ ശാഖകളിലൊന്നായ ന്യായശാസ്ത്ര പഠനരംഗത്ത് ഇന്ത്യയിലെ എണ്ണപ്പെട്ട ഒരു സ്ഥാപനമാണ് ഇത്. 13-ാം നൂറ്റാണ്ട് മുതൽ നിലവിലുള്ള നവ്യന്യായ ദർശന സംബന്ധമായ പല അമൂല്യ ഗ്രന്ഥങ്ങളും വിവർത്തനം ചെയ്ത് വ്യാഖ്യാനസഹിതം പ്രസിദ്ധീകരിക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഫാ. ജോണിന്റെ ഗവേഷണ രംഗത്തുള്ള അർപ്പണ മനോഭാവത്തിന് ഉത്തമ ദൃഷ്ടാന്തമാണ്. ഫാ. ജോൺ വട്ടങ്കിയുടെ 'ന്യായ ഫിലോസഫി ഓഫ് ലാംഗ്വേജ്' എന്ന പുസ്തകത്തെ നിരൂപണം ചെയ്ത് പ്രശസ്ത പണ്ഡിതനായ ഡോ. റിച്ചാർഡ് ഡെസ്മെറ്റ് എസ്.ജെ. ഇപ്രകാരമെഴുതി. "16-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അതുല്യ പ്രതിഭാശാലിയായിരുന്ന റോബർട്ട് ഡിനോബിലി എസ്.ജെ.യ്ക്ക് ശേഷം ആദ്യമായാണ് ഒരു ക്രൈസ്തവ പണ്ഡിതൻ ഇത്രയും ആഴത്തിൽ ന്യായശാസ്ത്രത്തെ അടുത്തറിഞ്ഞത്. ഈ ഗവേഷണ മേഖലയ്ക്ക് പുസ്തക രൂപത്തിൽ ഫാ. ജോൺ വട്ടങ്കി നൽകിയ സംഭാവനകൾ തഴെപ്പറയുന്നവയാണ്. (1) ഗംഗേശാസ് ഫിലോസഫി ഓഫ് ഗോഡ് (2) ന്യായ ഫിലോസഫി ഓഫ് ലാംഗ്വേജ് (3) ദ ഡെവലപ്പ്മെന്റ് ഓഫ് ന്യായ തീയിസം (4) എ സിസ്റ്റം ഓഫ് ഇന്ത്യൻ

www.malankaralibrary.com

ലോജിക്, ന്യായ തിയറി ഓഫ് ഇൻഫറൻസ്. തന്റെ ഗവേഷണം അനുസ്യൂതം തുടരുന്ന ഇദ്ദേഹം പുതിയൊരു പുസ്തകത്തിന്റെ പണിപ്പുരയിലാണിപ്പോൾ.

കഴിഞ്ഞനാല് ദശകങ്ങളിലായി നിർബാധം തുടരുന്ന അദ്ദേഹത്തിന്റെ ഗവേഷണ തപസ്യക്ക് പ്രചോദനം നൽകുന്നത് "എല്ലാം ദൈവത്തിന്റെ ഉപരി മഹത്വത്തിനുവേണ്ടി" എന്ന ഈശോ സഭാദർശനമാണ്. ഭാരതത്തിന്റെ പൈതൃക സമ്പത്തായ ആദ്ധ്യാത്മിക, ബൗദ്ധിക പാരമ്പര്യത്തെ ആഴത്തിൽ സ്വാംശീകരിക്കാനുള്ള ദിവംഗതനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ ആഹ്വാനത്തോടുള്ള ക്രിയാത്മകമായ പ്രതികരണം കൂടിയാണിദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ.

ഭാരതീയ തത്ത്വശാസ്ത്രത്തിനപ്പുറം, ദൈവശാസ്ത്രത്തിലും പ്രത്യേകം താത്പര്യം കാണിക്കുന്ന ഫാ. ജോൺ വട്ടങ്കി, ഭാരതീയ തത്ത്വചിന്തയിലെ അതുല്യ പ്രതിഭാശാലിയായ ശങ്കരനെ പഠിക്കുന്നതോടൊപ്പം തന്നെ സുറിയാനി സഭാപിതാക്കന്മാരിൽ അഗ്രഗണ്യനായ മാർ എഫ്രേമിനെയും വായിക്കാനും ആഴത്തിൽ പഠിക്കാനും സമയം കണ്ടെത്തുന്നു. ഇങ്ങനെ വ്യത്യസ്ത മേഖലകളിൽ തന്റെ മികവു തെളിയിച്ച ഒരു ബഹുമുഖ പ്രതിഭാശാലിയായ ഫാ. ജോൺ വട്ടങ്കി കേരള സഭയിലെ ഒളി മങ്ങാത്ത ഒരമൂല്യ രത്നമായി ഇന്നും പ്രശോഭിക്കുന്നു.

Address - Prof. John Vattankey, S.J., M.A. (Oxon) Phd. (Vienna) De nobili College, Post Box No.7, Nagar Road, Pune-411014, India.

# 132

# വർഗീസ് മേച്ചേരി



വിമോചന സമരം കൊടുമ്പിരികൊണ്ട സമയം. തൃശ്ശൂർ കളക്ടറേറ്റ്ഗേറ്റിൽ സർക്കാരിനെതിരായ സമരങ്ങൾ എന്നും അരങ്ങേറിക്കൊണ്ടിരുന്നു. സമരങ്ങൾ റിപ്പോർട്ടുചെയ്യാനെത്തിയ പത്രപ്രവർത്തകനെ കമ്മ്യൂണിസ്റ്റ് കോട്ടയായ പടിഞ്ഞാറെ കോട്ടയിൽ ബസ്സിൽനിന്നും പിടിച്ചിറക്കി ഒരു സംഘം അക്രമികൾ മർദ്ദിച്ച് അവശനാക്കി കാനയിൽ തള്ളി. അബോധാവസ്ഥയിലായ പത്രപ്രവർത്തകനെ സഹതാപം തോന്നിയ ഒരു റിക്ഷാവണ്ടിക്കാരൻ (അന്ന് ഓട്ടോറിക്ഷകളില്ല) തന്റെ വണ്ടിയിൽ തൃശ്ശൂർ ഹൈറോഡിലെ തൊഴിലാളി പത്രമാപ്പീസിന്റെ താഴെക്കൊണ്ട് കിടത്തി. പത്രമാപ്പീസിലുണ്ടായിരുന്ന ഫാ.വടക്കൻ വിവരമറിഞ്ഞ് താഴേക്ക് ഓടിവന്നു. അപ്പോഴേയ്ക്കും റോഡിലൂടെ വന്നവരും അടുത്ത കടകളിലുണ്ടായിരുന്നവരും ചുറ്റും കൂടി. മർദ്ദനമേറ്റ് അവശനായ

www.malankaralibrary.com

പത്രപ്രവർത്തകനെ പൊക്കിയെടുത്ത് ജില്ലാ ആശുപത്രിയിലേക്ക് നീങ്ങി. ആശപത്രിയുടെ മുറ്റം ജനപ്രളയമായി മാറി. ജനരോഷമുയർന്നു. ആശുപത്രി അധികൃതരുടെ നിന്ദ്യമായ പെരുമാറ്റത്തിൽ ക്ഷോഭിച്ച് വടക്കനച്ചൻ മർദ്ദനമേറ്റ മദ്ധ്യവയസ്ക്കനെ ജൂബിലി മിഷൻ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. ഈ പത്രപ്രവർത്തകനാണ് വർഗീസ് മേച്ചേരി.

മർദ്ദകരെ തിരഞ്ഞു പിടിക്കാനും അറസ്റ്റ് ചെയ്യാനും അലംഭാവം കാണിച്ച ഗവ.നടപടിയിൽ പ്രതിഷേധിച്ച് വടക്കനച്ചൻ നിരാഹാരമനുഷ്ഠിച്ചു. പനമ്പിള്ളി ഗോവിന്ദമേനോൻ, കുമ്പളത്തു ശങ്കുപ്പിള്ള തുടങ്ങിയ കോൺഗ്രസ്സ് നേതാക്കൾ ഇടപെട്ടതിനുശേഷമാണ് നിരാഹാരമവസാനിപ്പിച്ചത്. ഇതിനിടയിൽ അക്രമങ്ങളിൽ പ്രതിഷേധിക്കാനായി അഞ്ചുലക്ഷം പേരടുങ്ങുന്ന ശാന്തിസേന കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. കേന്ദ്രമന്ത്രിമാർ അടക്കമുള്ള നേതാക്കൾ ആശുപത്രിയിലെത്തി മേച്ചേരിയെ സന്ദർശിച്ചു. ആശുപത്രിയിൽനിന്നും തിരിച്ചുവന്നതിനുശേഷം മേച്ചേരി അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം. എസ്.നമ്പൂതിരിപ്പാടിനു എഴുതിയ തുറന്ന കത്ത് നിയമസഭയ്ക്കകത്തും പുറത്തും വലിയ സംസാര വിഷയമായി.

പത്രപ്രവർത്തനം, രാഷ്ട്രീയം തുടങ്ങിയ മേഖലകളിൽ കറപുരളാത്ത വ്യക്തിത്വത്തിന്റെ ഉടമയും സർവ്വാദരണീയനുമാണ് വർഗീസ് മേച്ചേരി. തൃശ്ശൂർ ജില്ലയുടെ പടിഞ്ഞാറുഭാഗത്ത് അറബിക്കടലിന്റെ താരാട്ടുപാട്ട് കേട്ട് ഉറങ്ങുകയും ഉണരുകയും ചെയ്യുന്ന വലപ്പാട് എന്ന തീരദേശ ഗ്രാമത്തിൽ ആലപ്പാട്ട് മേച്ചേരി കുടുംബത്തിൽ താരു-മറിയം ദമ്പതികളുടെ മകനായി 1931 ജൂലായ് 20-നു ജനിച്ചു. വലപ്പാട് സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂളിൽനിന്നും എസ്.എസ്.എൽ.സി. പാസായ ശേഷം വടക്കനച്ചന്റെ തൊഴിലാളി വാരികയിലൂടെ പത്രപ്രവർത്തനരംഗത്തു വന്നു. 1954-ൽ തൊഴിലാളി ദിനപ്പത്രമായപ്പോൾ പത്രാധിപസമിതി അംഗമായി. പത്രപ്രവർത്തനത്തിന്റെയും രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തനങ്ങളുടെയും മാർഗ്ഗദർശിയും ഗുരുവും ഫാദർ വടക്കനാണ്. തൊഴിലാളി ദിനപത്രത്തിന്റെ റിപ്പോർട്ടർ, സബ്എഡിറ്റർ തുടങ്ങി ചീഫ് എഡിറ്റർ സ്ഥാനം വരെ വഹിച്ചു.

റിപ്പോർട്ടിംഗിൽ സ്ഥലകാല സംഭവങ്ങളുടെ ഒരു പുതിയ വിവരണ ശൈലി ആവിഷ്ക്കരിച്ചു. അന്വേഷണാത്മക റിപ്പോർട്ടുകൾ പ്രചാരത്തിലുണ്ടാകാതിരുന്ന കാലത്ത് വർഗീസ് മേച്ചേരി തൊഴിലാളിയിൽ എഴുതിയിരുന്ന റിപ്പോർട്ടുകൾ വളരെയേറെ ശ്രദ്ധിക്കപ്പെട്ടു. ശത്രുനിരയ്ക്കെതിരെ മർമ്മം നോക്കിയുള്ള പ്രയോഗങ്ങൾ റിപ്പോർട്ടിംഗിൽ പുതിയ അനുഭവമായിരുന്നു. ചീഫ് എഡിറ്ററായിരുന്ന കാലത്ത് അനുദിന സംഭവവികാസങ്ങളെ വിലയിരുത്തി നിരീക്ഷകൻ എന്ന തൂലികാനാമത്തിൽ എഴുതിയിരുന്ന കോളം വായനക്കാരെ ഏറെ ആകർഷിച്ചു. തൊഴിലാളി ദിനപത്രത്തിന്റെ സമസ്തമേഖലയിലും പ്രവർത്തിച്ചിട്ടുണ്ട്. വടക്കനച്ചന്റെ അസാന്നിദ്ധ്യത്തിൽ

www.malankaralibrary.com

തൊഴിലാളി ദിനപത്രത്തിന്റെ നടത്തിപ്പും മേച്ചേരിയെ ഏല്പിച്ച അവസരങ്ങളുണ്ടായിട്ടുണ്ട്. ചിലപ്പോൾ പത്രമാപ്പീസിലെ കാര്യങ്ങൾ നടത്തുവാൻ ഭാര്യയുടെ സ്വർണ്ണാഭരണങ്ങൾ ഊരി പണയപ്പെടുത്തേണ്ടി വന്ന അനുഭവങ്ങളുമുണ്ടായി. അന്നത്തെ പത്രപ്രവർത്തനം ഒരു പ്രൊഫഷൻ എന്നതിലുപരി സേവനനിഷ്ഠമായിരുന്നു. ഇന്ന് അഞ്ച് മണിക്കൂറും ആറ് മണിക്കൂറും ജോലി ചെയ്യുന്നതിനുപകരം അന്ന് പതിനാറ് മണിക്കൂർ പ്രവർത്തിച്ചിരുന്നു.

ഫാ.ജെ.ചെമ്മണ്ണൂർ, പ്രൊഫ.ടി.ഒ.മാത്യു, അഡ്വ.കെ.എം.സെയ്ത് മുഹമ്മദ്, ബി.വെല്ലിംഗ്ടൺ തുടങ്ങിയവർ തൊഴിലാളിയുടെ പത്രാധിപന്മാരായി സേവനമനുഷ്ഠിച്ചു. വെല്ലിംഗ്ടൺ മന്ത്രിയായശേഷം ചീഫ്എഡിറ്റർ സ്ഥാനത്തേക്ക് വടക്കനച്ചൻ വർഗീസ് മേച്ചേരിയെ ഉയർത്തുകയാണുണ്ടായത്. എം.ഒ.ജോസഫ് നെടുങ്കുന്നം, മുട്ടത്തുവർക്കി, കെ.ആർ.ചുമ്മാർ, ജോർജ്ജ് നെല്ലായി, എ.ഡി.ജോസഫ്, കാർട്ടൂണിസ്റ്റ് റ്റോംസ്, ജോയ് ശാസ്താംപടിക്കൽ തുടങ്ങിയവർ തൊഴിലാളിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഒരു ലക്ഷ്യത്തിനുവേണ്ടി ആരംഭിക്കുന്ന പത്രങ്ങളിലെ പ്രവർത്തകർ ആ ലക്ഷ്യം നേടുന്നതിനുവേണ്ടിയുള്ള പ്രസ്ഥാനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക എന്നത് അക്കാലത്തെ പ്രവർത്തനശൈലിയായിരുന്നു. മാതൃഭൂമിയെപ്പോലുള്ള പത്രങ്ങൾ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിച്ചപ്പോൾ അതിലെ പത്രപ്രവർത്തകർ സ്വാതന്ത്ര്യസമരസേനാനികളായി. സമരവും ജയിലും പത്രപ്രവർത്തനത്തിന്റെ ഒരു ഭാഗമായിരുന്നു. സോദ്ദേശപത്രമായിരുന്ന തൊഴിലാളിയിൽ മേച്ചേരിക്കും ഇതെല്ലാം അനുഷ്ഠിക്കേണ്ടിവന്നു. കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയായിരുന്നപ്പോഴും മലനാട് കർഷക യൂണിയൻ, കർഷകതൊഴിലാളി പാർട്ടി തുടങ്ങിയ പ്രസ്ഥാനങ്ങളുടെ പിന്നിൽ അണിനിരക്കാനുണ്ടായ സാഹചര്യം അതുതന്നെ. കെ.ടി.പി. ആരംഭിച്ച് അധികനാൾ കഴിയുന്നതിനുമുമ്പ് അതിന്റെ സന്ദേശവുമായി ജില്ലയിൽ സി.ജെ.ജോണിന്റെ നേതൃത്വത്തിൽ നടത്തിയ കാൽനടജാഥയുടെയും ചുരുളി–കീരിത്തോട് കുടിയിറക്കിനെ തുടർന്ന് ബി.വെല്ലിംഗ്ടന്റെ നേതൃത്വത്തിൽ ഇടുക്കി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പര്യടനം നടത്തിയ സമരജാഥയുടെയും മുഖ്യസംഘാടകൻ മേച്ചേരിയായിരുന്നു.

1950–കളുടെ ആരംഭത്തിൽ തൃശ്ശൂർ വിദ്യാർത്ഥി കോർണറിൽ യോഗം നടത്താനുള്ള അവകാശം ആദ്യം കൊടിനാട്ടുന്നവർക്കായിരുന്നു. എ.സി.എഫ്.ന്റെ ആഭിമുഖ്യത്തിൽ രണ്ടുദിവസം മുൻപ് കൊടിനാട്ടി. എന്നാൽ യോഗദിവസം വിദ്യാർത്ഥി കോർണറിൽ കമ്മ്യൂണിസ്റ്റ്പാർട്ടി അവരുടെ കൊടി ഉയർത്തി. ആ യോഗത്തിൽ കെ.ആർ.ഗൗരിയമ്മ, കെ.കെ.വാരിയർ തുടങ്ങിയവർ പ്രസംഗിക്കുമെന്ന് പ്രചരിപ്പിച്ചിരുന്നു. എ.സി.എഫ്. യോഗത്തിൽ ഫാ.വടക്കൻ, അഡ്വ.കെ.എ.സെയ്ത് മുഹമ്മദ് തുടങ്ങിയവരായിരുന്നു പ്രാസംഗികർ. അവകാശം സ്ഥാപിക്കാൻവേണ്ടി ആദ്യം യോഗം തുടങ്ങിയപ്പോൾ എ.സി.എഫ്.നുവേണ്ടി പ്രസംഗമാരംഭിച്ചത് വർഗീസ് മേച്ചേരിയായിരുന്നു.

www.malankaralibrary.com

തേക്കിൻകാട് മൈതാനിയിൽ ഇരുവിഭാഗവും സംഘർഷഭരിതമായ അന്ത രീക്ഷം. മേച്ചേരിയുടെ പ്രസംഗത്തിനും വടക്കനച്ചന്റെ പ്രസംഗത്തിനും കല്ലേ റുണ്ടായി. രണ്ടുപേർക്കും പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആ സംഭവത്തിനുശേഷമാണ് വിദ്യാർത്ഥികോർണർ യോഗനടപടികൾക്ക് ലഭി ക്കണമെങ്കിൽ ആദ്യം ഫീസ് അടച്ച് രസീത് വാങ്ങണമെന്ന നിബന്ധന നട പ്പിലാക്കിയത്.

1962 മാർച്ച് 4-നു മുഖ്യമന്ത്രിയുടെ വരവും കാത്ത് രാമനിലയത്തിനു മുൻപിൽ പ്രതിഷേധവുമായ് നിന്ന മലയോര കർഷകരെ മുഖ്യമന്ത്രിയെ കല്ലെറിഞ്ഞുവെന്നാരോപിച്ച് 25-ലേറെ പേരെ അറസ്റ്റ് ചെയ്ത് ലോക്കപ്പി ലിട്ട് അതിക്രൂരമായി മർദ്ദിച്ചു. അത് അന്വേഷിക്കാൻ ചെന്ന വർഗീസ് മേച്ചേ രിയെ അറസ്റ്റ് ചെയ്ത് ലോക്കപ്പിലാക്കി. മേച്ചേരിയെ മർദ്ദനത്തിൽനിന്നും ആദ്യം ഒഴിവാക്കിയിരുന്നു. പട്ടംതാണുപിള്ളയുടെ നേരെ വധശ്രമം നട ത്തിയെന്ന പേരിൽ ജാമ്യമില്ലാത്തവിധം കേസ് ചാർജ്ജ് ചെയ്ത് മേച്ചേരി ഉൾപ്പെടെയുള്ളവരെ വിയ്യൂർ ജയിലിലേക്ക് മാറ്റി. രണ്ട് മാസത്തോളം ജയി ലിൽ കിടന്നശേഷം ഹൈക്കോടതിയിൽനിന്നാണ് ജാമ്യം അനുവദിച്ചത്. ഈ കേസ് നടന്നുകൊണ്ടിരിക്കുമ്പോൾ പട്ടം താണുപിള്ള രാഷ്ട്രീയം ഉപേക്ഷിച്ച് ഗവർണ്ണറായി പഞ്ചാബിൽ പോയതോടെ കേസ് പിൻവലിച്ചു. ക്രൂരമായ പോലീസ് മർദ്ദനത്തിൽ നിരപരാധികൾ രക്തം ചിന്തിയ പോലീസ് സ്റ്റേഷൻ ഇന്നില്ല. ആ സ്ഥലത്താണ് ഇന്ന് തൃശ്ശൂർ ജയ്ഹിന്ദ് മാർക്കറ്റ് ഉയർന്നു നിൽക്കുന്നത്. അന്നത്തെ സബ്ബ് ഇൻസ്പെക്ടറെ പിന്നീട് കാൽവെട്ടിയ നില യിലാണ് കാണപ്പെട്ടത്.

ട്രേഡ് യൂണിയൻ രംഗത്ത് മേച്ചേരി നിസ്തുലമായ സേവനമാണ് അനുഷ്ഠിച്ചിട്ടുള്ളത്. കേരളാ സ്റ്റേറ്റ് ബേസിക് ഹെൽത്ത് വർക്കേഴ്സ് സംസ്ഥാന പ്രസിഡന്റ്, മണ്ണുത്തി ഫാം വർക്കേഴ്സ് യൂണിയൻ പ്രസിഡന്റ്, സ്വതന്ത്രബീഡി തൊഴിലാളി യൂണിയൻ പ്രസിഡന്റ്, തൃശ്ശൂർ ഷോപ്പ് എംപ്ലോ യീസ് യൂണിയൻ സെക്രട്ടറി, കൊക്കാലെ അരീക്കനട്ട് ഏജന്റ്സ് സ്റ്റാഫ് അസോസിയേഷൻ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് സംസ്ഥാന ബോർഡ് മെമ്പ റായ മേച്ചേരി അതിന്റെ തൃശ്ശൂർ ജില്ലാ ചെയർമാനായും സേവനമനുഷ്ഠി ച്ചു. രാഷ്ട്രീയ പ്രവർത്തനവും പൊതുപ്രവർത്തനവും അവസാനിപ്പിച്ചിട്ടും 35 വർഷമായി അരീക്കനട്ട് അസോസ്സിയേഷൻ പ്രസിഡന്റ് സ്ഥാനം ഇപ്പോഴും തുടർന്നുവരുന്നു.

1970-ൽ തൊഴിലാളിയിൽനിന്നും വിരമിച്ച ശേഷം സ്വന്തമായി ആരം ഭിച്ച പ്രോഗ്രസ്സ് വാർത്താ വാരിക വളരെയേറെ ജനശ്രദ്ധ ആകർഷിക്കുക യുണ്ടായി. അതിലെ ലേഖനങ്ങൾ, മുഖപ്രസംഗങ്ങൾ, അന്വേഷണാത്മക റിപ്പോർട്ടുകൾ, രാഷ്ട്രീയ ലേഖനങ്ങൾ തുടങ്ങിയവ പ്രത്യേകം ശ്രദ്ധിക്കപ്പെ ട്ടിരുന്നു. കാര്യമായ മൂലധനമില്ലാതെ ആരംഭിച്ച ഒരു പ്രസിദ്ധീകരണം മുട

www.malankaralibrary.com

ക്കമില്ലാതെ തുടർന്നു പോന്നത് മേച്ചേരിയുടെ ഇച്ഛാശക്തിയുടെയും തൊഴിലാളി ദിനപ്പത്രത്തിൽനിന്നു ലഭിച്ച പരിശീലനത്തിന്റെയും പ്രകടമായ നേട്ടമായിരുന്നു. പത്ത് വർഷം വരെ പ്രശസ്തമായി നടത്തിയതിനുശേഷമാണ് മനോരമയിൽ ചേർന്നത്. 1980-ൽ മനോരമയിൽ സേവനം അനുഷ്ഠിക്കുമ്പോൾ തൃശ്ശൂർ ജില്ലയിലെ 96 പഞ്ചായത്തുകളിലും ഗ്രാമങ്ങളിലും വാഹനങ്ങളിലും കാൽനടയായും സഞ്ചരിച്ച് അവിടത്തെ ദുരിതങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും ചൂണ്ടിക്കാട്ടി എഴുതിയ "ഉണരാത്ത ഗ്രാമങ്ങൾ" 96 ദിവസങ്ങളിലായാണ് മനോരമ പ്രസിദ്ധീകരിച്ചത്. ഈ റിപ്പോർട്ട് അതാത് പ്രദേശങ്ങളുടെ വികസന പ്രവർത്തനത്തിൽ വമ്പിച്ച സ്വാധീനമാണ് ചെലുത്തിയത്. ഓരോ പ്രദേശങ്ങളിലും മുടങ്ങി കിടന്ന പദ്ധതികൾ പലതും പുനരാരംഭിക്കുന്നതിനും സഹായകമായി. ശുദ്ധജല വിതരണം, വൈദ്യുതി കണക്ഷൻ, ആശുപത്രികൾ, വിദ്യാലയങ്ങൾ തുടങ്ങിയ മേഖലകളിൽ വികസനത്തിന്റെ വെള്ളിരേഖകൾ ദൃശ്യമാക്കാൻ ഈ റിപ്പോർട്ട് സ്വാധീനം ചെലുത്തി. പത്രപ്രവർത്തനത്തിന് കനത്ത മുതൽക്കൂട്ടായാണ് ഈ പരമ്പരയെ അന്നും ഇന്നും പരിഗണിക്കുന്നത്. മനോരമയിൽനിന്നും റിട്ടയർ ചെയ്ത ശേഷം പ്രോഗ്രസ്സ് വാരിക വീണ്ടും ആരംഭിച്ചു. 2004 ഏപ്രിലിൽ പ്രസിദ്ധീകരണം നിർത്തിവയ്ക്കുമ്പോൾ മാധ്യമരംഗത്ത് മേച്ചേരി തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. അരനൂറ്റാണ്ടിലേറെ പത്രപ്രവർത്തനരംഗത്ത് പ്രവർത്തിച്ച ഈ കർമ്മയോഗി അക്ഷരങ്ങളെ ഏറ്റവും മൂർച്ചയേറിയ ആയുധമാണെന്നും മികച്ച സാമൂഹ്യസേവനം മാധ്യമ രംഗമാണെന്നും ദൃഢമായി വിശ്വസിക്കുന്നു.

പത്രപ്രവർത്തനരംഗത്ത് സജീവമായ ഇന്നത്തെ കെ.യു.ഡബ്ലിയു.ജെ. (കേരള യൂണിയൻ ഓഫ് വർക്കിംഗ് ജേർണ്ണലിസ്റ്റ്) അന്ന് കേരള സ്റ്റേറ്റ് ജേർണലിസ്റ്റ് വർക്കിംഗ് അസോസ്സിയേഷൻ എന്ന പേരിലാണ് പ്രവർത്തിച്ചിരുന്നത്. അതിന്റെ തൃശ്ശൂർ ജില്ലാ പ്രസിഡണ്ടായി രണ്ടു തവണയും സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. അക്കാലത്ത് പഴയ കൊച്ചി രാജ്യത്തെ പ്രമുഖ പത്രമായിരുന്ന ഗോമതിയുടെ ചീഫ് എഡിറ്ററായിരുന്ന കെ.വി.രാഘവൻ നായരായിരുന്നു സംഘടനയുടെ പ്രസിഡണ്ട്. 1955-ൽ അദ്ദേഹം നിര്യാതനായപ്പോൾ മേച്ചേരി പ്രസിഡണ്ടും പി.ടി.ഐ.യുടെ ലേഖകൻ എൻ. സുബ്രഹ്മണ്യം സെക്രട്ടറിയുമായി. ശ്രീ.കെ.വി.രാഘവൻ നായരുടെ സ്മരണക്കായി ഏർപ്പെടുത്തിയ സ്വർണ്ണമെഡലാണ് ഇന്നും വിപുലമായ രീതിയിൽ തൃശ്ശൂരിൽ തുടർന്നു കൊണ്ടുവരുന്നത്. ഇപ്പോഴത്തെ സംഘടനയുടെ തൃശ്ശൂർ ജില്ലാ പ്രസിഡണ്ടായും പ്രസ്സ് ക്ലബ്ബ് പ്രസിഡണ്ട് ആയും സംസ്ഥാന നിർവ്വാഹകസമിതി അംഗമായും മേച്ചേരി പ്രവർത്തിച്ചിട്ടുണ്ട്.

പത്രപ്രവർത്തനരംഗത്തെ അതികായനായിരുന്ന കെ.ആർ.ചുമ്മാറിന്റെ (മലയാള മനോരമ റസിഡന്റ് എഡിറ്റർ, തിരുവനന്തപുരം) സ്മാരകമായി അദ്ദേഹത്തിന്റെ ജന്മനാട്ടിൽ ആരംഭിച്ച കെ.ആർ.ചുമ്മാർ ട്രസ്റ്റിന്റെ മുഖ്യ സംഘാടകനായ മേച്ചേരി ഇപ്പോൾ ട്രസ്റ്റിന്റെ ചെയർമാനാണ്. രാഷ്ട്രീയ,

www.malankaralibrary.com

സാമൂഹ്യ, പത്രപ്രവർത്തക, മത സംഘടനകളുടെ സംഘടിത ശ്രമമില്ലാതെയാണ് ചുമ്മാരിന്റെ സുഹൃത്തുക്കളും ആരാധകരും നാട്ടുകാരും സഹപ്രവർത്തരേയും കണ്ടെത്തി സഹായം സ്വരൂപിക്കുന്നതിൽ മേച്ചേരി വഹിച്ച പങ്ക് പ്രശംസാർഹമാണ്. ഈ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിലാണ് പുത്തൻപീടിക സാംസ്കാരിക കേന്ദ്രവും ആഡിറ്റോറിയവും പ്രവർത്തിച്ചുവരുന്നത്. പത്രപ്രവർത്തനത്തിന്റെ സമഗ്രവികസനത്തിനു ഏർപ്പെടുത്തിയ ഇരുപത്തയ്യായിരം രൂപയുടെ അവാർഡ് അന്നത്തെ നിലയിൽ പത്രപ്രവർത്തകർക്കുള്ള അവാർഡുകളിൽ വലിയ തുകയായിരുന്നു.

രാഷ്ട്രീയ പ്രവർത്തനത്തിനിടയിൽ മൂന്നു പ്രാവശ്യം നിയമസഭാതിരഞ്ഞെടുപ്പിൽ മത്സരിക്കുകയുണ്ടായി. (1965-ൽ ഒല്ലൂർ, 1967-ൽ മണലൂർ, 1970-ൽ മാള). സപ്തകക്ഷി മുന്നണി സ്ഥാനാർത്ഥിയായിരുന്ന മേച്ചേരി 121 വോട്ടുകൾക്കാണ് മണലൂരിൽ പരാജയപ്പെട്ടത്.

അമ്മേ അച്ഛൻ (കഥകൾ), സമരം (കഥാപ്രസംഗം), ഇന്നല്ലെങ്കിൽ നാളെ (ലേഖനങ്ങൾ), ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലകേടുകൾ (ലേഖനങ്ങൾ), ഐക്യമുന്നണി കമ്മ്യൂണിസ്റ്റ് കെണി (പഠനം) തുടങ്ങിയ പുസ്തകങ്ങളുടെ രചയിതാവ് ആണ് മേച്ചേരി.

പത്രപ്രവർത്തനത്തിന്റെ സമഗ്രസേവനങ്ങൾക്ക് വി.എസ്.കേരളീയൻ അവാർഡ്, യു.എ.ഇ. വലപ്പാട് വെൽഫെയർ അസോസ്സിയേഷന്റെ പ്രശസ്ത പത്രപ്രവർത്തകനുള്ള അവാർഡ്, നല്ല പത്രപ്രവർത്തകനുള്ള മേരിവിജയം അവാർഡ്, പത്രപ്രവർത്തനരംഗത്തെ ദീർഘകാല സേവനത്തിനുള്ള തൃശ്ശൂർ അതിരൂപതാ അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഇപ്പോൾ വലപ്പാട്ടെ വീട്ടിൽ വിശ്രമജീവിതത്തിലാണ്.

വിലാസം : വർഗീസ് മേച്ചേരി, വലപ്പാട് പി.ഒ., തൃശ്ശൂർ ജില്ല.

# 133



## റവ. ഡോ. ആൽബർട്ട് നമ്പ്യാപറമ്പിൽ സി.എം.ഐ.

സാംസ്കാരികസംഗമം എന്ന ലക്ഷ്യം വെച്ച് ചാവറ കൾച്ചറൽ സെന്റർ എറണാകുളത്തും, ഉപാസന തൊടുപുഴയിലും സോപാനം അടിമാലിയിലും സംഗമം മൂന്നാറിനടുത്ത് കൊരണ്ടിക്കാട്ടും സ്ഥാപിച്ച് ദാർശനിക സുഹൃദ്വലയം വിപുലപ്പെടുത്തിയ കേരള ദാർശനിക സമിതിയുടെ സ്ഥാപകൻ ഫാ. ആൽബർട്ട് നമ്പ്യാപറമ്പിൽ മൂവാറ്റുപുഴയ്ക്കും തൊടുപുഴയ്ക്കും മദ്ധ്യേ

www.malankaralibrary.com

യുള്ള വാഴക്കുളം ഗ്രാമത്തിൽ 1931 ആഗസ്റ്റ് 20ന് ജനിച്ചു. മുടപ്പന്നൂർ സ്കൂളിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസവും വാഴക്കുളം ഇൻഫന്റ് ജീസസ് സ്കൂളിലൻനിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. 1948-ൽ കേരള കർമ്മലീത്താസഭയിൽ അംഗമായി ചേരുന്നതിന് വൈദികപഠനത്തിനുമായി മാന്നാനത്ത് എത്തി. ആദ്യവ്രതവാഗ്ദാനം 1950 ഒക്ടോബർ 15ന് ആയിരുന്നു. അനന്തരം തൃശൂർ ജില്ലയിലെ അമ്പഴക്കാട്ട് സി.എം.ഐ. ഭവനത്തിൽ നൊവിഷ്യറ്റ് പൂർത്തിയാക്കി. തുടർന്ന് പൂന, അത്തേനിയം സെമിനാരിയിൽ ചേർന്ന് തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. 1959 മാർച്ച് 19ന് വൈദികനായി അഭിഷിക്തനായി. പൂന സെമിനാരിയിലെ അദ്ധ്യാപകർ ഈശോസഭാ വൈദികരായിരുന്നു. ദൈവശാസ്ത്രത്തിൽ മാസ്റ്റർ ബിരുദവുമെടുത്ത് നാട്ടിൽ തിരിച്ചെത്തിയ ആൽബർട്ടച്ചനെ തേവര സേക്രട്ട് ഹാർട്ട് കോളേജിൽ ബർസാർ ആയി നിയമിച്ചു. ഒരു വർഷത്തിനുശേഷം റോമിലെ ഗ്രിഗോറിയൽ സർവ്വകലാശാലയിൽ സേവനം ചെയ്തു. പിറ്റേ വർഷം റോമിലെ ഗ്രിഗോറിയൽ സർവ്വകലാശാലയിൽ വിഖ്യാതതത്വചിന്താചരിത്രകാരനായ ഫ്രഡറിക് കോപ്പൻസ്റ്റന്റെ കീഴിൽ ഗവേഷണത്തിനു ചേർന്നു. അന്ന് ആംഗല ചിന്തയിൽ മുഖ്യധാര ആയിരുന്ന ഭാഷാവിശകലന സമ്പ്രദായത്തിലെ ധാർമ്മികശാഖയിൽ ഉപയോഗിക്കുന്ന ഭാഷയെപ്പറ്റിയായിരുന്നു അൽബർട്ടച്ചന്റ പഠനം. ഗവേഷണത്തിനായി കുറേക്കാലം ഓക്സ്ഫോർഡിലെ ബോസ്‌ലിയൻ ലൈബ്രറിയിലും ലണ്ടനിലെ ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറിയിലും ചിലവഴിച്ചു. 1963-ൽ ഡോക്ടറേറ്റ് എടുത്ത് നാട്ടിൽ തിരിച്ചെത്തി. കർമ്മലീത്താ സഭയിലെ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനകേന്ദ്രമായ ധർമ്മാരാം കോളേജിൽ പ്രൊഫസറായി ജോലിയിൽ പ്രവേശിച്ചു. അഞ്ചുവർഷക്കാലം ആ സേവനം തുടർന്നു. വൈദികവിദ്യാർത്ഥികൾക്ക് വളരെ പ്രിയപ്പെട്ട പ്രൊഫസറായിരുന്ന ആൽബർട്ടച്ചൻ ഈ കാലഘട്ടത്തിൽ വിവിധ പ്രസിദ്ധീകരണങ്ങളിൽ ഇംഗ്ലീഷിലും മലയാളത്തിലുമായി അനവധി ലേഖനങ്ങൾ എഴുതി. പണ്ഡിതലോകത്തിന്റെ പ്രശംസ പിടിച്ചുപറ്റിയ ലേഖനങ്ങളായിരുന്നു അവ.

1969 മുതൽ രണ്ടു വർഷക്കാലം പാലാരിവട്ടത്ത് പി.ഒ.സി.യിൽ (പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ)അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. മതാദ്ധ്യാപനത്തിന്റെ പുനഃസംഘടനയ്ക്കായി അദ്ധ്യാപക പരിശീലനം, പി.ഒ.സി. ബുള്ളറ്റിന്റെ പ്രസിദ്ധീകരണം എന്നിവയ്ക്കും അദ്ദേഹം നേതൃത്വം നൽകി. പിന്നീടുള്ള തന്റെ പ്രവർത്തനത്തെപ്പറ്റി ഫാ. ആൽബർട്ട്, കേരളകൗമുദിയിലെ ധന്യമാം ജീവിത പംക്തിയിൽ 1997 മാർച്ച് 31-ന് എഴുതിയ വാക്കുകളിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ. "റോമിലെ പഠനകാലവും ധർമ്മാരാംകോളേജിലെ ദാർശനിക അദ്ധ്യാപനകാലവും കത്തോലിക്കാ സഭാതലത്തിൽ ഒരു വസന്തകാലമായാണ് ഞാൻ കാണുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ നൽകിയ പ്രമാണരേഖകൾ പ്രത്യേകിച്ച് സഭ

www.malankaralibrary.com

ആധുനികയുഗത്തിൽ, ഇതരമതങ്ങളുമായുണ്ടാകേണ്ട ബന്ധം എന്നീ രേഖകളും മതരംഗത്തുണ്ടാകേണ്ട സ്വാതന്ത്ര്യം സംബന്ധിച്ച പ്രഖ്യാപനവും തികച്ചു ചലനാത്മകമായിരുന്നു. ഈ വഴിക്കുള്ള നീക്കങ്ങളും ചലനങ്ങളും നടത്തുവാൻ ഇവ പ്രേരണകളായി. തത്വശാസ്ത്രം പഠിക്കുമ്പോൾത്തന്നെ മതാന്തര സംവേദനത്തിന്റെ ആദ്യനീക്കങ്ങളും നടത്തി തുടങ്ങി. ഞങ്ങൾ വിവിധ മതാനുയായികൾ മാസത്തിലൊരിക്കൽ ഒന്നിച്ചുകൂടുവാൻ തുടങ്ങി. ഏതെങ്കിലും ഒരു സുഹൃത്തിന്റെ വീട്ടിൽ ഒരു വിഷയം, അല്ലെങ്കിൽ ഒരു കാലികപ്രശ്നം ആരെങ്കിലും അവതരിപ്പിക്കും. ചർച്ചചെയ്യും. ചായ കുടിക്കും. പിരിയും. ആ വഴിക്ക് മറ്റുള്ളവരെ കേൾക്കാൻ പഠിച്ചു. ഇതവരെ കൂടുതൽ അടുത്തറിയുവാനും മതാന്തര, ദാർശനിക സംഭാഷണത്തിന്റെ, അയൽക്കൂട്ടത്തിന്റെ ആദ്യപാഠങ്ങളായിരുന്നു ഇത്. ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വേൾഡ് കൾച്ചറിൽ അംഗമായിച്ചേർന്ന് അവിടുത്തെ ചർച്ചകളിൽ പങ്കെടുക്കുവാനും തുടങ്ങി. 1964ൽ അഖിലേന്ത്യാ ദാർശനിക സമിതിയിലും അംഗമായി. സമിതിയുടെ ആഭിമുഖ്യത്തൽ പ്രതിവർഷം നടക്കുന്ന ദാർശനിക കോൺഫറൻസുകളിൽ പങ്കെടുക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്യുക എന്നത് എന്റെ പതിവായി. ഇതോടെ ദാർശനിക സുഹൃദ് വലയം വലുതായി വന്നു. ആനുകാലികങ്ങളിൽ ഇംഗ്ലീഷിലും മലയാളത്തിലും ലേഖനങ്ങളും എഴുതിപ്പോന്നു. മെക്സിക്കോ, ജർമ്മനി, പോളണ്ട്, എന്നിവിടങ്ങളിൽ ചേർന്ന വിശ്വദാർശനിക സമ്മേളനങ്ങളിൽ ഈ കാലയളവിൽ പങ്കെടുക്കുകയുണ്ടായി. 1986-ൽ പ്രൊഫ. പി.റ്റി. ചാക്കോ, ഫാ. ജോൺ അറയ്ക്കൽ എന്നിവരുടെ സഹകരണത്തോടെ കേരള ദാർശനിക സമിതിയ്ക്ക് രൂപം നൽകി. ഒരു മൂലധനവുംകൂടാതെ പങ്കെടുക്കുന്നവരുടെ ചെലവിൽ നടന്നുപോകുന്ന വിധത്തിലാണ് ഇതിന്റെ ഘടന. പതിനഞ്ചു വർഷം മുടക്കം കൂടാതെ സമിതി പ്രവർത്തിച്ചു. ഡോ. എ.ജി. കൃഷ്ണവാര്യർ ആയിരുന്നു ആദ്യകാല അദ്ധ്യക്ഷൻ. പിന്നീട് സ്വാമി സിദ്ധാനന്ദ അദ്ധ്യക്ഷനായി. ഈ സ്ഥാനത്ത് അദ്ദേഹം ഇപ്പോഴും തുടരുന്നു. തുടക്കം മുതൽ സെക്രട്ടറിയുടെ ജോലി എന്റേതായിരുന്നു. 1968-ൽ ഞാൻ റോമിലെ മാതന്തര സംവേദന പഠനകേന്ദ്രത്തിന്റെ സെക്രട്ടറിയായി. കേരളദാർശനിക സമതിയുടെ വാർഷികസമ്മേളനത്തിൽ വിവിധവിഷയങ്ങളെപ്പറ്റി നടന്ന ചർച്ചകളും അവതരിപ്പിച്ച പ്രബന്ധങ്ങളും ക്രോഡീകരിച്ച് എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്."

ദീർഘനാളായുള്ള ആൽബർട്ടച്ചന്റെ പ്രവർത്തനത്തിന് ഒരു ഔദ്യോഗികമായ അംഗീകാരം ലഭിക്കുവാൻ കാലങ്ങൾ കഴിയേണ്ടിവന്നുവെന്നതാണ് സത്യം. വത്തിക്കാൻ കൗൺസിലിന്റെ പശ്ചാത്തലത്തിൽ കത്തോലിക്കാ സഭാന്തരീക്ഷത്തിൽ വന്നിരുന്ന പല ചലനങ്ങളിലൊന്നായി മതാന്തരസംവേദനം. ഇതിന് പുതിയ രൂപവും ഭാവവും നൽകി സജീവമാക്കുവാൻ ഇന്ത്യയിലെ കത്തോലിക്കാ മെത്രാന്മാരുടെ സംഘടന മുന്നോട്ടു വന്നു. 1973

www.malankaralibrary.com

മുതൽ ആൽബർട്ടച്ചനെ ഈ പ്രസ്ഥാനത്തിന്റെ അഖിലേന്ത്യാ സെക്രട്ടറിയാക്കി നിയമിച്ചു. അച്ചൻ താമസം കാശിയിലേക്കു മാറ്റി. ഓഫീസും ഫയലും പുസ്തകശേഖരവുമായി കഴിയുക എന്ന ശൈലി വിട്ട് നിരന്തരമായി സഞ്ചരിച്ച് വിവിധ ജനവിഭാഗങ്ങളുമായി കൂട്ടായ്മ ഉണ്ടാക്കാൻ ശ്രമിച്ചു. കൂടുതലും തീവണ്ടിയിലായിരുന്നു യാത്ര. ദിവസങ്ങളിലേയ്ക്കു നീളുന്ന മതാന്തരസഹവാസം ഇങ്ങനെ പരീക്ഷിച്ച് വിജയിച്ചതാണ്. 1994 ജനുവരി വരെ ഈ ജോലി തുടർന്നു. ഈ രംഗത്ത് അച്ചൻ നൽകിക്കൊണ്ടിരിക്കുന്ന ശ്രമങ്ങളെ റോം പോലും അംഗീകരിച്ചു. അതുകൊണ്ടാണ് ആൽബർട്ടച്ചനെ റോമിൽ മതാന്തര സംവാദകേന്ദ്രത്തിന്റെ ഡയറക്ടറായി നിയമിച്ചത്. റോമിൽനിന്നും തിരിച്ചെത്തിയ അച്ചനെ സി.എം.ഐ. സഭയിലെ കളമശ്ശേരി പ്രൊവിൻസിന്റെ വികാർ പ്രൊവിൻഷ്യലായി തിരഞ്ഞെടുത്തു.

മതാന്തര സംവാദം ലക്ഷ്യമാക്കിയുള്ള യാത്രകൾക്കും പ്രവർത്തനങ്ങൾക്കും ഒരു മാർഗ്ഗരേഖ ഉണ്ടാകേണ്ടത് ആവശ്യമായി തോന്നി. അതിനുള്ള ശ്രമങ്ങളായിരുന്നു പിന്നീട് നടന്നത്. ഡൽഹിയിലെ ഈശോസഭാ കേന്ദ്രത്തിലെ ഫാ. ജിസ്പെർട്ട് നേതൃത്വം നൽകി ഒരു മാർഗ്ഗരേഖയുണ്ടാക്കി. മെത്രാന്മാരുടെ സമിതി ആ രേഖ പഠിച്ചതിനുശേഷം അംഗീകാരം നൽകി. എന്നാൽ ഒരു പ്രശ്നത്തിന് ആരു പരിഹാരം കണ്ടുപിടിക്കുമെന്ന ചോദ്യം ഉയർന്നു. അതേപ്പറ്റി ഫാ. ആൽബർട്ട് ഇപ്രകാരം എഴുതിയിരിക്കുന്നു. "ക്രൈസ്തവ വിദ്യാലയങ്ങളിൽ പഠിക്കുന്ന ഇതരമതസ്ഥരായ വിദ്യാർത്ഥികൾക്ക് അവരുടെ മതപാരമ്പര്യത്തിൽ വളരുവാൻ ആവശ്യമായിട്ടുള്ളത് ആരു ചെയ്യും? ആരു ചെയ്യണം? ഈ കടമ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ടോ? 1989-ൽ പുറത്തിറക്കിയ മാർഗ്ഗരേഖയിൽ ഇപ്രകാരം പറയുന്നു: നമ്മുടെ ക്രൈസ്തവവിദ്യാലയങ്ങളിൽ പഠിക്കുന്ന ഇതര മതാനുയായികളായ വിദ്യാർത്ഥികൾ അവരുടെ മതപരമായ വിശ്വാസം - പറ്റുന്നിടത്തെല്ലാം ആ മതാനുയായികളായ ആചാര്യന്മാരോ, അദ്ധ്യാപകരോ ഉണ്ടെങ്കിൽ അവർ വഴി നടത്തേണ്ടത് ധർമ്മമാണ്. മതാന്തരസംവാദത്തിലൂടെ കൂട്ടായ്മയിലൂടെ അതേ സമയം സ്വന്തം പാരമ്പര്യങ്ങളോടുള്ള വിശ്വസ്തതയിലൂടെ സംവേദനത്തിന്റെ സർഗ്ഗാത്മക പാഠങ്ങൾ പഠിച്ചു വളരുന്ന, വളരേണ്ട ഒരു സമൂഹമാണ് എനിക്ക് ക്രിസ്തുവിന്റെ സഭാസമൂഹം."

1973 മുതൽ 1994 വരെ ചുരുങ്ങിയ ഒരു ഇടവേളയൊഴിച്ച് വത്തിക്കാനിലെ വിവിധ മതങ്ങൾക്കായുള്ള കാര്യാലയത്തിന്റെ ഉപദേശകസമിതിയിൽ ഫാ. നമ്പ്യാപറമ്പിൽ അംഗമായിരുന്നു. പ്രസ്തുത കാര്യാലയത്തിന്റെ കാര്യദർശി ബിഷപ്പ് പി.റൊസാനയായിരുന്നു. ആ ബിഷപ്പ് നമ്പ്യാപറമ്പിലച്ചന്റെ ഉറ്റ സുഹൃത്തും ആയിരുന്നു. 1981-ൽ കൊച്ചിയിൽ സംഘടിപ്പിച്ച ലോകമതസമ്മേളനത്തിൽ മാർപാപ്പായുടെ പ്രതിനിധിയായി പങ്കെടുത്തത്

www.malankaralibrary.com

അദ്ദേഹമായിരുന്നു. ചിക്കാഗോ ലോകമത പാർലിമെന്റിന്റെ ശതാബ്ദിയോടനുബന്ധിച്ച് 1993- ആഗസ്റ്റിൽ കന്യാകുമാരിയിലെ വിവേകാനന്ദ കേന്ദ്രത്തിലും സാൻതോം സെന്ററിലുമായി നടന്ന മഹാസമ്മേളനത്തിൽ ജനീവ ആസ്ഥാനമായി പ്രവർത്തിക്കുന്ന വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെയും വത്തിക്കാന്റെയും പ്രതിനിധികൾ പങ്കെടുത്തിരുന്നു.

1971-ൽ സെപ്റ്റംബറിൽ അദ്ദേഹം എറണാകുളത്തു സ്ഥാപിച്ച ചാവറ സാംസ്കാരിക കേന്ദ്രം കേരളത്തിലെതന്നെ ഒരു പ്രഥമസംരഭമാണ്. ജീവിതത്തിലെ വിവിധതുറകളിലും സമുദായങ്ങളിലും പെട്ടവർക്ക് വായിക്കുന്നതിനും, ചിന്തിക്കുന്നതിനും സംസാരിക്കുന്നതിനും ആശയങ്ങൾ കൈമാറുന്നതിനുമുള്ള ഒരു വേദിയായി അതു നിലകൊള്ളുന്നു.

ശ്രീ. ഒ.എം. വർഗീസ് ഓലിക്കൽ രചിച്ച വാഴക്കുളത്തിന്റെ ചരിത്രത്തിൽ ഫാ. ആൽബർട്ടിന്റെ പ്രവർത്തനങ്ങളെപ്പറ്റി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. അതിൽ ഒരുഭാഗം താഴെ ചേർക്കുന്നു. "1973 മുതൽ ഫാ. ആൽബർട്ട് സി.ബി.സി.ഐ.യുടെ ഡയലോഗ് കമ്മീഷന്റെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു. ഡയലോഗ് കമ്മീഷൻ സെക്രട്ടറിയുടെ ആസ്ഥാനം വാരണാസിയിലായിരുന്നു. വിവിധ മതപാരമ്പര്യങ്ങളിലും ആദർശങ്ങളിലും വിശ്വസിക്കുന്ന പണ്ഡിതന്മാരും വിദഗ്ദ്ധരുമായി അഭിമുഖ സംഭാഷണങ്ങൾ വഴി ഇതരമതങ്ങളുമായി ബന്ധം പുലർത്തി മതസൗഹാർദ്ദത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ അദ്ദേഹം അനേകപ്രാവശ്യം സഞ്ചരിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കയിലും ഏഷ്യയിലുമായി പല അന്തർദ്ദേശീയ കോൺഫറൻസുകളിലും അദ്ദേഹം സംബന്ധിച്ചിട്ടുണ്ട്.

1974ൽ ബൽജിയത്തിലെ ലുവെയിനിൽ കൂടിയ സമാധാനത്തിനായുള്ള മതങ്ങളുടെ വിശ്വസമിതിയുടെ അന്താരാഷ്ട്രസമ്മേളനം (International Session of the World Conference of Religion for Peace,) 1979-ൽ അമേരിക്കൻ ഐക്യനാടുകളിലെ പട്ടണമായ പ്രിൻസ്റ്റൺ, 1984-ൽ കെനിയായിലെ നൈറോബി എന്നീ പട്ടണങ്ങളിൽക്കൂടിയ അന്തർദ്ദേശീയ കോൺഫ്രൻസുകൾ, ഫ്രാങ്ക്ഫോർട്ടിലുള്ള ഐ.എ.ആർ.എഫ് (International Association of Religious Freedom) ലണ്ടനിലുള്ള ലോകവിശ്വാസ കോൺഫ്രൻസ് ( The World Conference of Faith) എന്നിവ അദ്ദേഹം സംബന്ധിച്ച സമ്മേളനങ്ങളിൽ ചിലതാണ്. വത്തിക്കാനിലെ ക്രൈസ്തവേതര മതങ്ങൾക്കുവേണ്ടിയുള്ള സെക്രട്ടറിയേറ്റ് പുറപ്പെടുവിച്ച ബുള്ളറ്റിനിൽ ഇദ്ദേഹത്തിന്റെ എക്യുമെനിക്കൽ പ്രവർത്തനങ്ങളെപ്പറ്റി പ്രശംസാപരമായി പ്രതിപാദിച്ചിരുന്നു. ക്രൈസ്തവേതരമതങ്ങൾക്കായുള്ള വത്തിക്കാൻ കൗൺസിലിന്റെ ഉപദേശക സമിതിയിലെ അംഗവും കൂടിയാണ് അച്ചൻ. ക്രൈസ്തവ, ഹൈന്ദവതത്വശാസ്ത്രങ്ങളെ അധികരിച്ച് അദ്ദേഹമെഴുതിയിട്ടുള്ള പുസ്തകങ്ങളനവധിയാണ്.

www.malankaralibrary.com

1980 ഒക്ടോബറിൽ ഹിന്ദുമത ആശ്രമമായ ഋഷികേശിൽ കൂടിയ കോൺഫ്രൻസിന്റെ തീരുമാനമനുസരിച്ച് ചാവറ കൾച്ചറൽ സെന്ററിൽ വെച്ച് 1981 നവംബർ 15-ാം തീയതി മുതൽ ലോകമതസമ്മേളനം നടത്തി. ഏഴു ദിവസം നീണ്ടുനിന്ന ആ മഹാസമ്മേളനത്തിൽ വിവിധ മതവിശ്വാസികളായ മുന്നൂറിൽപ്പരം പണ്ഡിതൻമാർ പങ്കെടുത്തിരുന്നു. അത് വമ്പിച്ചൊരു വിജയമാകുന്നതിന് സഹായിച്ചത് അതിന്റെ സംഘാടകനായിരുന്ന ഫാ. ആൽബർട്ടിന്റെ നേതൃത്വമാണ്.

1982 മുതൽ രണ്ടു വർഷം അദ്ദേഹം റോമിലെ Centre for Indian and Inter Religious Studies എന്ന കേന്ദ്രത്തിന്റെ ഡയറക്ടറായി ജോലി ചെയ്തു. ഇതോടനുബന്ധിച്ച് ലോകത്തിന്റെ പലഭാഗങ്ങളിലും അദ്ദേഹം സഞ്ചരിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ പരിശ്രമഫലമായി 1983 ജനുവരി 16-ാം തീയതി വിശ്വമതാന്തര സൗഹൃദവേദി (World Fellowship of Inter Religious Councils) ചാവറ സെന്ററിൽ സ്ഥാപിക്കുവാൻ സാധിച്ചു.

വിവിധ മതങ്ങളെ അടുത്തറിയുന്നതിനും മനസ്സിലാക്കുന്നതിനും വേണ്ടി അദ്ദേഹം രചിച്ചിട്ടുള്ള പുസ്തകങ്ങളും ലോകത്തിലെ പ്രമുഖ പ്രസിദ്ധീകരണങ്ങളിൽ എഴുതിയിട്ടുള്ള ലേഖനങ്ങളും നിരവധിയാണ്."

ഫാ. നമ്പ്യാപറമ്പിൽ സ്ഥാപിച്ച വിശ്വമതാന്തരസൗഹൃദവേദിയാണ് കൊച്ചിയിലും കന്യാകുമാരിയിലും ലോകമതസമ്മേളനങ്ങൾ സംഘടിപ്പിച്ചത്. സമിതിയുടേതായി സംഗം എന്ന പേരിൽ ഒരു ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചിരുന്നു. മതവും മനുഷ്യനും മതവും ജീവിതവും എന്നിങ്ങനെ രണ്ടു ഗ്രന്ഥങ്ങളും ഇംഗ്ലീഷിൽ പ്രസദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. മഹാത്മജിയുടെ ജന്മശതാബ്ദി ആഘോഷങ്ങളുടെ തുടർച്ചയെന്നോണം രൂപം കൊണ്ടതാണ് സമാധാനത്തിനും നീതിക്കുംവേണ്ടിയുള്ള ലോകമതസംഘടന. World Conference Religion and Peace - ഈ സംഘടനയുടെ ഭാരതവിഭാഗത്തിന്റെ ഉപാദ്ധ്യക്ഷനുമാണ് നമ്പ്യാപറമ്പിലച്ചൻ. ഇന്റർനാഷണൽ അസോസിയേഷൻ ഫോർ റിലീജിയസ് ഫ്രീഡം, വേൾഡ് കോൺഫറൻസ് ഓഫ് ഫെയ്ത്ത് എന്നിവയുമായും ചേർന്ന് അച്ചൻ പ്രവർത്തിക്കുന്നുണ്ട്. ഗ്ലോബൽ ഫോറം എന്ന പേരിൽ മതാചാര്യന്മാരുടെയും പാർലമെന്റംഗങ്ങളുടെയും സംഘടന വലിയൊരു മതാന്തര സമ്മേളനം മോസ്കോയിൽ നടത്തുകയുണ്ടായി. ഇതിലും ആൽബർട്ടച്ചൻ പ്രവർത്തിച്ചിരുന്നു.

1979ൽ മദർ തെരേസായെ കൽക്കട്ടയിൽ വെച്ച് അച്ചൻ സന്ദർശിക്കുകയും ചെയ്തു. നമ്പ്യാപറമ്പിലച്ചന്റെ വിവിധങ്ങളായ സേവനങ്ങളെ ആദരിച്ച് The Spirit of ASSISSI NATIONAL AWARDനൽകുകയുണ്ടായി. ഈ അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത് ഫ്രാൻസിസ്കൻ സെന്റർ ഫോർ പീസ് ആന്റ് ഡയലോഗാണ്.

എക്യുമിനിക്കൽ പ്രവർത്തനരംഗത്തും ഇതരമതങ്ങളോടുള്ള സംവാ

www.malankaralibrary.com

ദരംഗത്തും നിസ്തുലസേവനം അനുഷ്ഠിച്ച ഫാ. ആൽബർട്ട് ധന്യമാം ജീവിതം എന്ന പംക്തിയിൽ എഴുതിയിരിക്കുന്ന ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കാം. "അവസാനമായി എന്നോടുതന്നെയുള്ള ഒരു ചോദ്യം.: എന്തു നേടി? അനേകമനേകവട്ടം ഉത്തരം കാണാൻ ശ്രമിച്ചിട്ടും ഞാൻ പരാജയപ്പെട്ട ചോദ്യമാണിത്. ചോദിക്കുന്നവർക്കെല്ലാം വിജയത്തിന് അവരുടേതായ ചില അളവുകോലുകൾ ഉണ്ട്. പലപ്പോഴും ഈ അളവുകോലുകൾ അംഗീകരിക്കാൻ എനിക്കാവുന്നില്ല. എന്റെ കുടുംബത്തിലെ, കത്തോലിക്കാ സഭയിലെ ചില അംഗങ്ങളെങ്കിലും ഞാൻ വെച്ച ചില കാലടികളെ സ്വന്തം മതപാരമ്പര്യത്തോടുള്ള അവഹേളനമായെണ്ണി. ഇതരമതാനുയായികൾ മറ്റെന്തോ സാധിച്ചെടുക്കാനുള്ള കപടവേഷമായും കരുതി. ഒരുമിച്ച് ഈ സംഘടിത തീർത്ഥാടനത്തിൽ കുടുംബമാകലിൽ പങ്കു ചേർന്നവർക്കാകട്ടെ ഈ ശങ്കകളൊന്നുമില്ല. ആദ്യകാലത്തുണ്ടായിരുന്ന കുട്ടികൾ മിക്കവരുംതന്നെ ഇന്നും ഒരുമിച്ചു യാത്രചെയ്യുന്നു. മതങ്ങൾ തമ്മിൽ അടുക്കുകയാണെന്നതിനേക്കാൾ അടിക്കുകയാണ് സ്വാഭാവികം എന്നു പറയുന്നവരോട് എന്തു പറയാനാണ് ! ഈശ്വരനെത്തേടി എന്ന പേരിലുള്ള എന്റെ ലേഖനസമാഹാരത്തിന് മുഖക്കുറിപ്പെഴുതിയത് മഹാകവി ജി. ശങ്കരക്കുറുപ്പായിരുന്നു. അതിന്റെ ഒടുവിൽ ജി. ചേർത്തിരുന്ന രണ്ടു വരികൾ ഉദ്ധരിച്ചു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.


"തേടും ഞാൻ അങ്ങയെ നേടിയില്ലെങ്കിലും
തേടുന്ന ദുഃഖമെനിക്കാനന്ദം" "

നമ്പ്യാപറമ്പിലച്ചൻ ചാവറകൾച്ചറൽ സെന്റർ പോലെ തൊടുപുഴയിൽ ഉപാസനയും അടിമാലിയിൽ സോപാനവും മൂന്നാറിനടുത്ത് കൊരണ്ടിക്കാട്ട് സംഗമവും സ്ഥാപിച്ച് സമഗ്രപ്രവർത്തനം നടത്തുകയുണ്ടായി.

വിലാസം - ഫാ. ഡോ. ആൽബർട്ട് നമ്പ്യാപറമ്പിൽ, ഡയറക്ടർ, ഉപാസന, തൊടുപുഴ.

# 134

# മോൺസിഞ്ഞോർ തോമസ് തലച്ചിറ



കാത്തലിക് യൂണിയൻ ഓഫ് തൃശൂർ, കേരള കാത്തലിക് യൂത്ത് മൂവ്മെന്റ്, കേരള ലേബർ മൂവ്മെന്റ് തുടങ്ങിയ പ്രസ്ഥാനങ്ങളിലൂടെ മനുഷ്യാവകാശസംരക്ഷണത്തിനും സാമൂഹ്യനീതിക്കും ന്യൂനപക്ഷാവകാശസംരക്ഷണത്തിനുംവേണ്ടി നിരവധി ജനകീയ സമരങ്ങൾക്ക് നേതൃത്വംനൽകിയ മോൺ തോമസ് തലച്ചിറ 1931 ഒക്ടോ

www.malankaralibrary.com

ബർ 13-ന് കിഴതടിയൂർ തലച്ചിറ കുടുംബത്തിൽ ഈപ്പൻ കത്രീന ദമ്പതി കളുടെ മകനായി ജനിച്ചു.

കിഴതടിയൂർ ഗവ.പ്രൈമറി സ്കൂൾ, പാലാ സെന്റ് തോമസ് ഹൈസ്കൂൾ, പാലാ സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ഇന്റർമീഡിയറ്റ് പരീക്ഷ പാസ്സായി. തുടർന്ന് തലച്ചിറ കുടുംബം തൃശൂരിൽ പേരുംകുഴിയിലേക്ക് കുടിയേറി പാർത്തു. തൃശൂർ തോപ്പിലുള്ള മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. ആലുവാ കർമ്മൽ ഗിരിയിലും മംഗലപ്പുഴ സെന്റ് ജോസഫ്സ് സെമിനാരി യിലും പഠിച്ച് 1963 മാർച്ച് 13-ാം തീയതി മാർ ജോർജ് ആലപ്പാട്ടു തിരുമേനി യിൽനിന്നും തൃശൂർ ലൂർദ്ദ് കത്തീഡ്രലിൽവച്ച് വൈദികപട്ടം സ്വീകരിക്കു കയും അന്നുതന്നെ ദിവ്യബലിയർപ്പിക്കുകയും ചെയ്തു. (അദ്ദേഹത്തിന്റെ പിതാവിന്റെ സഹോദരനായിരുന്നു നിര്യാതനായ തോമസ് തലച്ചിറ. അദ്ദേഹം പ്രഥമദിവ്യബലിയർപ്പിച്ച ദിവസം ഒരു ബസ്സപകടത്തിലാണ് മര ണമടയുന്നത്.)

തലച്ചിറയച്ചൻ പാലക്കാട് സെന്റ് റാഫേൽ പള്ളിയിലാണ് ഔദ്യോ ഗികജീവിതം ആരംഭിക്കുന്നത്. നാലുമാസത്തിനുശേഷം കണ്ടശാംകടവ് പള്ളിയിലേക്ക് മാറ്റം ലഭിച്ചു. പിന്നീട് പാലക്കാട്ടേക്ക് വീണ്ടും നിയമനം ലഭിച്ച അദ്ദേഹം വേലൂർ ഫൊ.പള്ളിയിലെ അസിസ്റ്റന്റ് വികാരിയായിട്ട് നിയ മിതനായി. പിന്നീട് മൂർക്കനാട്, പുത്തൻവേലിക്കര, മടത്തുംപടി എന്നീ പള്ളികളിൽ വികാരിയായി ജോലിനോക്കി. യുവജനങ്ങളെ സംഘടിപ്പിക്കു ന്നതിനും സാമൂഹ്യപ്രവർത്തനത്തിലേർപ്പെടുന്നതിനും തലച്ചിറയച്ചൻ പ്രത്യേകം ശ്രദ്ധ ചെലുത്തി. അദ്ദേഹത്തിന്റെ സംഘടനാവൈഭവം മനസ്സി ലാക്കിയ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കുണ്ടുകുളം 1972-അവസാനം കാത്തലിക് യൂണിയൻ ഓഫ് തൃശൂർ എന്ന ബഹുജന അൽമായ പ്രസ്ഥാ നത്തെ സംഘടിപ്പിക്കുവാൻ നിയോഗിച്ചു. അതോടൊപ്പംതന്നെ കാത്തലിക് ലേബർ അസോസിയേഷന്റെ രൂപതാ ഡയറക്ടറായും അദ്ദേഹത്തെ നിയമി ക്കുകയുണ്ടായി.

1978 മുതൽ കേരളാ കാത്തലിക് യൂത്ത് മൂവ്മെന്റിന്റെയും കേരളാ ലേബർമൂവ്മെന്റിന്റെയും സംസ്ഥാന ഡയറക്ടറായി തലച്ചിറയച്ചൻ നിയമി തനായി. 1980-ൽ ക്യാനഡയിലെ കോടി ഇന്റർ നാഷണൽ ഇൻസ്റ്റിറ്റ്യൂ ട്ടിൽനിന്നും സോഷ്യൽ ഡവലപ്മെന്റിൽ ഒരു ഡിപ്ലോമ കരസ്ഥമാക്കി. തൃശൂർ കാത്തലിക് യൂണിയനും, കെ.സി.വൈ.എം-ും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും സാമൂഹ്യനീതി എല്ലാവർക്കും ലഭ്യമാക്കുന്നതിനും ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കുന്നതിനുംവേണ്ടി പല ജനകീയ സമ രങ്ങൾക്കും നേതൃത്വം നൽകി. കളക്ടറേറ്റ് ധർണ, കളക്ടറേറ്റ് മാർച്ച്, സംസ്ഥാ ന വാഹനജാഥകൾ എല്ലാം പ്രത്യേകം എടുത്തുപറയേണ്ടതാണ്. യുവജ നങ്ങൾക്കും വനിതകൾക്കും മുതിർന്നവർക്കും പ്രത്യേകം പരിശീലനങ്ങൾ

www.malankaralibrary.com

നൽകി. തൊഴിലാളികൾ അവകാശങ്ങൾക്കുവേണ്ടി ശബ്ദിക്കുന്നതോടൊപ്പം കടമകൾ നിർവ്വഹിക്കാനുള്ള ഉത്തരവാദിത്വത്തെപ്പറ്റി ബോദ്ധ്യപ്പെടുത്തി. തൊഴിലാളികൾക്ക് ഒരു പുത്തൻ ഉണർവ് അദ്ദേഹം പ്രദാനം ചെയ്തു.

1988-ൽ ഫാ.തോമസ് തലച്ചിറയുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ അദ്ദേഹത്തിന് മോൺസിഞ്ഞോർ സ്ഥാനം നൽകി ബഹുമാനിച്ചു.

1988 സെപ്റ്റംബറിൽ കല്യാൺ രൂപതയിൽ സേവനത്തിനായി മോൺ. തലച്ചിറ വിളിക്കപ്പെട്ടു. ബോംബെയിൽ ആയിരുന്നു പ്രവർത്തനം. ഒരു ആസ്തിയും സൗകര്യങ്ങളുമില്ലാതിരുന്ന ഒരു രൂപതയായിരുന്നു കല്യാൺരൂപത. രൂപതയിലെ സീറോ-മലബാർ അംഗങ്ങളെ കണ്ടെത്തുവാനും ശുശ്രൂഷിക്കുവാനുമാണ് മോൺസിഞ്ഞോർ അച്ചനെ കല്യാൺ ബിഷപ്പ് നിയോഗിച്ചത്. വാടകവട്ടിൽ താമസിച്ചുകൊണ്ടാണ് പ്രവർത്തനം ആരംഭിച്ചത്. സീറോ-മലബാർ കുർബാന അവിടെയർപ്പിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ബോംബെയുടെ ചരിത്രത്തിൽ ഇത് ആദ്യമായിരുന്നു. കേവലം മൂന്നരവർഷംകൊണ്ട് വാഷി, ഐരൊളി, സിബിടി, കല്ലംപൊലി, പനവേൽ, വൊപ്പോളി, നഗത്തോണ, ഉറാൻ, റോഹ, ആലിബാഗ്, പെൻ, രസായനി എന്നീ സ്ഥലങ്ങളിലെല്ലാം സീറോ-മലബാർ കേന്ദ്രങ്ങൾ തുടങ്ങുവാനും ജനങ്ങളെ അവിടേക്ക് കൊണ്ടുവരുവാനും അദ്ദേഹത്തിന് സാധിച്ചു. ഇന്ന് ന്യൂബോംബെയിൽ ഇവ കൂടാതെ ആറു കോൺവെന്റുകളും മൂന്ന് ഹൈസ്കൂളുകളും ഒരു ആതുരാലയവും പ്രവർത്തിക്കുന്നുണ്ട്.

പോവായ് എന്ന സ്ഥലത്തേക്ക് അദ്ദേഹത്തിന് സ്ഥലംമാറ്റം കിട്ടി. അതോടെ കല്യാൺരൂപതയുടെ വികാരിജനറാളുമായി അദ്ദേഹത്തെ നിയമിച്ചു. പതിനൊന്നുവർഷക്കാലം ആ ജോലി തുടർന്നു. സാക്കിനാക്ക, ജെറിമെറി, കാഞ്ഞൂർ വെസ്റ്റ്, കാഞ്ഞൂർ ഈസ്റ്റ് എന്നീ ഇടവകകളിലും ജോലി ചെയ്തു. ഈ കാലഘട്ടത്തിലാണ് കല്യാൺ മാതൃസംഘവും, കല്യാൺ ലെയ്റ്റിമൂവ്മെന്റും രൂപതാലെവലിൽ സംഘടിപ്പിച്ചത്. മാതൃസംഘം എല്ലാ ഇടവകകളിലും തന്നെ പ്രവർത്തിക്കുന്നുണ്ട്. അംഗങ്ങൾക്ക് ഉപകാരപ്രദമായ പല പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുമുണ്ട്. 15 കൊല്ലത്തെ കല്യാൺരൂപതയിലെ സേവനത്തിനുശേഷം മാതൃരൂപതയായ തൃശൂരിലേക്ക് പോന്നു. ഇപ്പോൾ തൃശൂർ രൂപതയുടെ നേതൃത്വത്തിലുള്ള മേരി മാതാ മേജർ സെമിനാരിയിൽ ആദ്ധ്യാത്മികോപദേഷ്ടാവായി പ്രവർത്തിക്കുന്നു.

1972-ലെ സർവ്വകലാശാലാനിയമത്തിനെതിരെ സഭ നടത്തിയ സമരം ചരിത്രത്തിലെ ഒരു പ്രധാന സംഭവം ആണ്. അന്നത്തെ തൃശൂർ അതിരൂപതയിൽ ഉണ്ടായിരുന്ന നാലുകത്തോലിക്കാ എം.എൽ.എ.മാരും (പി.പി. ജോർജ്, എൻ.ഐ. ദേവസിക്കുട്ടി, പി.ആർ.ഫ്രാൻസീസ്, പി.എ. ആന്റണി) സഭയുടെ ചിന്താധാരയ്ക്കെതിരെ നില കൊണ്ടു. അവരുടെ രാഷ്ട്രീയനിലപാടുകൾക്കെതിരെ ആഞ്ഞടിക്കുവാനും അവകാശങ്ങൾക്കുവേണ്ടി ധീരമായി

www.malankaralibrary.com

പോരാടുവാനും തൃശൂർ മെത്രാൻ മാർ ജോസഫ് കുണ്ടുകുളം മുന്നോട്ടുവന്നു. രാജ്യമെമ്പാടും നടന്ന കോളേജുപ്രക്ഷോഭണത്തിൽ തൃശൂർ രൂപത നിർണ്ണായകമായ പങ്കുവഹിച്ചു. കോളേജ് സമരം വൻവിജയമായിരുന്നു. അൽമായന്റെ ക്രിയാത്മകമായ ശക്തിയെ സംഘടനാരൂപത്തിൽ കൊണ്ടുവരുവാൻ ക്രാന്തദർശിയായ കുണ്ടുകുളം പിതാവ് ആഗ്രഹിച്ചു. അതിനുവേണ്ടി ചർച്ചകളും സെമിനാറുകളും നിരവധി നടത്തി. അതിന്റെയടിസ്ഥാനത്തിൽ രൂപംകൊണ്ടതാണ് തൃശൂർ രൂപതയിലെ കാത്തലിക് യൂണിയൻ. കുണ്ടുകുളം പിതാവിന്റെ പിന്നിൽ ഉറച്ചുനിന്നുകൊണ്ട് കോളേജ് പ്രക്ഷോഭണം വിജയിപ്പിക്കുന്നതിലും സംഘടന കെട്ടിപ്പടുക്കുന്നതിലും മുഖ്യനേതൃത്വം വഹിച്ചത് മോൺ. തോമസ് തലച്ചിറയാണ്. ഈ ലക്ഷ്യസാക്ഷാത്കാരത്തിനായി 1973 മാർച്ചുമാസത്തിൽ കുണ്ടുകുളം പിതാവ് പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഭൗതികവാദത്തിനെതിരായ സമരത്തിൽ മുൻകൈയെടുക്കേണ്ടവരാണ് ക്രിസ്ത്യാനികൾ. അതിലും പ്രത്യേകിച്ച് കത്തോലിക്കർ. എന്നാൽ കത്തോലിക്കർ എന്തെങ്കിലും ഫലപ്രദമായി ചെയ്യാൻ കഴിയണമെങ്കിൽ അവരെ ഒറ്റക്കെട്ടായി നിറുത്താൻ സാധിക്കണം."


അതിനുവേണ്ടിയാണ് മോൺ.തോമസ് തലച്ചിറയും ബി.സി. വർഗീസും, ഷെവ.എൻ.എ.ഔസേപ്പുമെല്ലാം രംഗത്തിറങ്ങിയത്. പുരുഷന്മാർക്കും സ്ത്രീകൾക്കും യുവാക്കൾക്കും യുവതികൾക്കും പ്രത്യേകം പ്രത്യേകം ഫാറങ്ങൾ നിലവിൽ വന്നു. കാത്തലിക് യൂണിയന്റെ യൂത്ത് വിംഗാണ് പിൽക്കാലത്ത് കെ.സി.വൈ.എം.ന്റെ രൂപതാഘടകമായി മാറിയത്. സംഘടന നടത്തിയ സെമിനാറുകൾ, ക്യാമ്പുകൾ, ചർച്ചാക്ലാസ്സുകൾ, റാലികൾ, ജാഥകൾ, സൈക്കിൾ റാലികൾ, സമരങ്ങൾ, പിക്കറ്റിംഗുകൾ തുടങ്ങിയവ വഴി യൂണിയൻ വളർന്നു വന്നു ജനശ്രദ്ധ പിടിച്ചുപറ്റി. 1972-ൽ നടന്ന കോളേജ്സമരത്തെ എതിർത്ത രാഷ്ട്രീയനേതാക്കളെ പിന്നീട് നടന്ന തിരഞ്ഞെടുപ്പിൽ പരാജയപ്പെടുത്തുവാൻ തക്കവണ്ണം കാത്തലിക് യൂണിയൻ ശക്തമായി തീർന്നു. കാത്തലിക് യൂണിയൻ ഈ കാലയളവിൽ ഭവനനിർമ്മാണത്തിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നു. അണികൾക്ക് ആവേശം പകരുവാൻ ടെമ്പസ്റ്റ് മാസികയും ആരംഭിച്ചു. ഈ സംരംഭങ്ങളുടെയെല്ലാം പിന്നിൽ ഉറച്ചുനിന്ന് പ്രവർത്തിച്ച ഒരു സംഘാടകശ്രേഷ്ഠനാണ് തലച്ചിറ മോൺ അച്ചൻ.

വിലാസം - മോൺ. തോമസ് തലച്ചിറ, മേരിമാതാ മേജർ സെമിനാരി, മണ്ണുത്തി, പി.ബി. നമ്പർ-7, തൃശൂർ

www.malankaralibrary.com

# 135

# ഫാ. ചാൾസ് പൈങ്ങോട്ട് സി.എം.ഐ.



റോമിലെ സുവിശേഷവൽക്കരണ കോൺഗ്രിഗേഷന്റെ രേഖാശേഖരത്തിൽ ഏഴുവർഷത്തോളം സുറിയാനി സഭയെ സംബന്ധിച്ച് ഗവേഷണം നടത്തി പല സുപ്രധാന രേഖകളും കണ്ടെത്തി സുറിയാനിസഭയ്ക്ക് സമ്മാനിച്ച പ്രഗത്ഭനായ ചരിത്രകാരനാണ് ഫാ.ചാൾസ് പൈങ്ങോട്ട്. മണിമല സെന്റ് ബാസിൽസ് ഇടവകയിൽ പൈങ്ങോട്ട് തൊമ്മൻ അലക്സാണ്ടർ (ചാണ്ടി) മാമ്മി (മറിയം) ദമ്പതികളുടെ പുത്രനായി 1931 ഒക്ടോബർ 15-ന് ആണ് അദ്ദേഹം ജനിച്ചത്. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 1948 ജൂണിൽ സി.എം.ഐ. സഭയിൽ പ്രവേശിക്കുന്നതിനായി മാന്നാനം ആശ്രമത്തിൽ ചേർന്നു. മാന്നാനത്ത് ഒരു വർഷക്കാലം സുറിയാനിയും ലത്തീനും പഠിച്ചു. തുടർന്ന് 1951 ജൂൺ മുതൽ 1953 വരെ കൂനമ്മാവ് ആശ്രമത്തിൽ ഭാഷാപഠനം തുടർന്നു.

തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുന്നതിനായി 1953 മേയ് മാസത്തിൽ പൂനാ സെമിനാരിയിൽ ചേർന്നു. അവിടെവച്ച് 1953 ഒക്ടോബർ 15-ന് നിത്യവ്രതവാഗ്ദാനം ചെയ്തു. തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ലൈസൻഷിയേറ്റ് ലഭിച്ചു. 1959 മാർച്ച് 19-ന് വൈദികനായി. 1960 മുതൽ മൂന്നുവർഷക്കാലം ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ അദ്ധ്യാപകനായി ജോലി നോക്കി. അതിനിടയിൽ രണ്ടുവർഷക്കാലം വൈദീകവിദ്യാർത്ഥികളുടെ പ്രീഫെക്ട് ആയും പ്രവർത്തിച്ചു. ബാംഗ്ലൂർനിന്നും ചങ്ങനാശ്ശേരിക്ക് സമീപമുള്ള ചെത്തിപ്പുഴ ആശ്രമത്തിലേക്ക് സ്ഥലംമാറ്റം ലഭിച്ചു. ചെത്തിപ്പുഴ ആശ്രമത്തിൽ വൈദികവിദ്യാർത്ഥികളുടെ പ്രീഫെക്ട് ജോലിയും ഭാഷാധ്യാപനവും നടത്തി. ചെത്തിപ്പുഴ ആശുപത്രിയുടെ ചാപ്ലെയിനും അദ്ദേഹം തന്നെയായിരുന്നു.

ഉപരിപഠനത്തിനായി അദ്ദേഹത്തെ റോമിലേയ്ക്ക് അയച്ചു. റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ച് ലിറ്റർജിയിൽ ഡോക്ടറേറ്റ് നേടി. പൗരസ്ത്യസുറിയാനി സഭയുടെ ആരാധനാക്രമത്തിൽ സ്ലീവായുടെ സ്ഥാനത്തെക്കുറിച്ചായിരുന്നു ഡോക്ടറേറ്റിനുള്ള വിഷയം. റോമിൽ നിന്നും തിരിച്ചെത്തിയ ഫാ.ചാൾസിനെ സീറോ-മലബാർ സഭയുടെ ലിറ്റർജിക്കൽ കമ്മറ്റിയിൽ അംഗമാക്കി. അതിൽ ചാൾസച്ചന്റെ മുഖ്യജോലി വൈദികനമസ്കാരം തയ്യാറാക്കുകയായിരുന്നു. അതിലേക്കാവശ്യമുള്ള ഗാനങ്ങളിൽ ഏറിയഭാഗവും തയ്യാറാക്കിയത് നെടുങ്കുന്നം സ്വദേശി തെക്കേമുറിയിൽ റ്റി.ജെ.തോമസാണ്. ഈ കാലഘട്ടത്തിൽ ചെത്തിപ്പുഴയിൽ സണ്ടേസ്കൂൾ നടത്തുന്ന ചുമതലയും ചാൾസച്ചനായിരുന്നു. തുടർന്ന് കാഞ്ഞിരപ്പള്ളി മേരി ക്യൂൻസ്

www.malankaralibrary.com

ഭവനത്തിലേക്ക് സ്ഥലം മാറി. അധികം താമസിയാതെ ചാൾസച്ചനെ റോമിലേക്ക് വീണ്ടും അധികാരികൾ അയയ്ക്കുകയുണ്ടായി. ഒരു കാലത്ത് പ്രൊപ്പഗാന്താ എന്നറിയപ്പെട്ടിരുന്നതും ഇന്ന് സുവിശേഷവൽക്കരണത്തിന്റേത് എന്നറിയപ്പെടുന്നതുമായ കോൺഗ്രിഗേഷന്റെ രേഖാശേഖരത്തിൽ (ARCHIVES) ഏഴു വർഷത്തോളം സുറിയാനി സഭയെ സംബന്ധിച്ച് ഗവേഷണം നടത്തുവാൻ അദ്ദേഹം ഈ സന്ദർഭം വിനിയോഗിച്ചു. അതിനുംപുറമെ, പൗരസ്ത്യ സഭകൾക്കായുള്ള സംഘത്തിന്റെ ലിറ്റർജി വിഭാഗത്തിൽ അദ്ദേഹം അഞ്ചു വർഷക്കാലം ആലോചനക്കാരനായിരുന്നു (Consultor) പിന്നീട് അഞ്ചുവർഷക്കാലം അതേ സംഘത്തിന്റെ തന്നെ രേഖാശേഖരത്തിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്തു. ഇപ്പോൾ സീറോ-മലബാർ സഭയുടെ കുർബ്ബാനക്രമത്തിന്റെ ഔദ്യോഗിക ടെക്സ്റ്റ് സുറിയാനിയിൽ തയ്യാറാക്കുന്നതിന് നിയുക്തമായ മൂന്നംഗകമ്മീഷനിലെ ഒരംഗംകൂടിയാണ് ചാൾസച്ചൻ. ചില പുതിയ പുസ്തകങ്ങൾ രചിക്കുന്നതിനുള്ള പരിശ്രമവും അദ്ദേഹം നടത്തുന്നുണ്ട്.

ലിറ്റർജി, സുറിയാനി സഭയുടെ ചരിത്രം എന്നിവ സംബന്ധിച്ച് കതിരൊളി, ദുക്റാന, കർമ്മലകുസുമം എന്നീ മാസികകളിൽ പല ലേഖനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. തന്റെ ദീർഘകാലത്തെ ഗവേഷണങ്ങളുടെ ഫലമായി അദ്ദേഹം പല ഗ്രന്ഥങ്ങളും രചിച്ചു. അതിലൊന്ന് Homage ot Cariattil (Editors) 217 പേജുകളുള്ള ഈ ഗ്രന്ഥത്തിൽ പഴയ രേഖകളെ അടിസ്ഥാനപ്പെടുത്തി മാർ കരിയാറ്റി മെത്രാപ്പോലീത്തായുടെ ചരിത്രം കൂടി രേഖപ്പെടുത്തിയിട്ടുണ്ട്. 1995-ൽ മാങ്ങാനത്തുനിന്നും പ്രസിദ്ധീകരിച്ച മലബാർസഭ എന്ന ഗ്രന്ഥമാണ് മറ്റൊന്ന്. 243 പേജുള്ള ഗ്രന്ഥമാണിത്. 1996-ൽ ദീപിക ബുക്ക് ഹൗസ് പ്രസിദ്ധീകരിച്ച 392 പേജുകളുള്ള ഒരു ഗ്രന്ഥമാണ് മൊയ്റീന്റെ കത്തുകൾ (കേരളസഭ പത്തൊൻപതാം നൂറ്റാണ്ടിൽ) സുറിയാനിക്കാരുടെ പരാതികളെക്കുറിച്ച് അന്വേഷിക്കാൻ നിയുക്തനായ മൊയ്റീൻമെത്രാൻ റോമിലേയ്ക്കയച്ച എഴുത്തുകളുടെ ലത്തീനിൽനിന്നുള്ള പരിഭാഷയാണ് ഇതിന്റെ ഉള്ളടക്കം. ചാൾസച്ചന്റെ മറ്റൊരു ഗ്രന്ഥമാണ് പേർസിക്കോയുടെ റിപ്പോർട്ട്. (കേരളസഭ പത്തൊൻപതാം നൂറ്റാണ്ടിൽ) മൊയ്റീൻ മെത്രാന്റെ റിപ്പോർട്ടിന് വിപരീതമായി പേർസിക്കോ മെത്രാൻ റോമിന് സമർപ്പിച്ച റിപ്പോർട്ടിന്റെ ഇറ്റാലിയനിൽനിന്നുള്ള പരിഭാഷയാണ് 140 പേജുകളുള്ള ഈ ഗ്രന്ഥം. 1997-ൽ വടവാതൂർനിന്നുമാണ് ഈ ഗ്രന്ഥം പ്രസദ്ധീകരിച്ചത്.

ഫാ.ചാൾസ് പൈങ്ങോട്ട് 2004-ൽ പ്രസിദ്ധീകരിച്ച നിധീരിയച്ചൻ ചരിത്രരേഖകളിൽ എന്ന ഗ്രന്ഥം പലതുകൊണ്ടും സുപ്രധാനമാണ്. കേരളത്തിലെ സുറിയാനി സഭയിൽ ഇന്നുണ്ടായിരിക്കുന്ന വിവാദങ്ങളുടെ ഉറവിടങ്ങളിലേക്കാണ് ഈ ഗ്രന്ഥം വിരൽ ചൂണ്ടുന്നത്. ഈ ഗ്രന്ഥത്തിന്റെ 107-ാം പേജിൽ ഇപ്രകാരം എഴുതിയിരിക്കുന്നു "സുറിയാനി സമുദായത്തിന്റെ പൊതുവായ ഉന്നമനത്തിലും,, ആരാധനാക്രമത്തിന്റെ ശുദ്ധീകരണത്തിനും മുമ്പുള്ള ആദ്യത്തെ പടിയായി ദേശീയരായ മെത്രാന്മാർ ഉണ്ടാകണമെന്ന

www.malankaralibrary.com

തായിരുന്നു സങ്കല്പം. സുറിയാനിക്കാരായ മൂന്നുപേർ വികാരി അപ്പസ്തോലിക്കാമാരായി നിയമിതരായതോടെ അക്കാര്യം സാധിച്ചു. എന്നാൽ അതോടെ സഭയുടെ ആവശ്യങ്ങളെല്ലാം നിറവേറി എന്ന മട്ടായി. ഭരണവും അധികാരവും കിട്ടിയതോടെ സഭയുടെ പൈതൃകം വീണ്ടെടുക്കുന്നതിന് പരിശ്രമിക്കേണ്ടതായിരുന്നു. പക്ഷെ അത്തരത്തിലുള്ള ഒരു പരിശ്രമവും ആ വികാരി അപ്പസ്തോലിക്കാമാർ നടത്തിയിട്ടില്ല. കാര്യങ്ങളെല്ലാം പഴയ പടിതന്നെ നടന്നു. മാക്കീൻ പ്രസിദ്ധീകരിച്ച നിയമസംഹിത വരാപ്പുഴ ആർച്ചു ബിഷപ്പായിരുന്ന ലെയൊനാർദുമെല്ലാനോ രൂപം കൊടുത്ത നിയമങ്ങളുടെ വേറൊരു പകർപ്പ് മാത്രമായിരുന്നു. കൂടാതെ പട്ടം കൊടുക്കുന്നതിനും മറ്റും കൽദായ സുറിയാനിക്രമം ഏർപ്പെടുത്തുന്നതിനു പകരം, മുമ്പു സൂചിപ്പിച്ചതുപോലെ ലത്തീൻ പൊന്തിഫിക്കൽ സുറിയാനിയിലേക്ക് ഭാഷാന്തരം ചെയ്യുന്നതിനാണ് അവർ ശ്രമിച്ചത്. കർമ്മങ്ങൾ സുറിയാനി ഭാഷയിൽ നടത്തണമെന്നതിൽ കവിഞ്ഞ് ആരാധനാക്രമത്തെക്കുറിച്ചും കൽദായ സുറിയാനി ക്രമത്തെക്കുറിച്ചും മറ്റൊരു ധാരണയും അവർക്കുണ്ടായിരുന്നതായി തോന്നുന്നില്ല. അതിനാൽ ഇക്കാര്യത്തിൽ മാണിയച്ചനും സമാന ചിന്താഗതിക്കാർക്കും വികാരി അപ്പസ്തോലിക്കാമാരോട് വിയോജിക്കേണ്ടതായി വന്നു".

സുറിയാനിക്കാരുടെ പൈതൃകവും ആരാധനാക്രമവും ഭരണസംവിധാനവും വീണ്ടെടുക്കുന്നതിന് ശ്രമിക്കാതെ വികാരി അപ്പസ്തോലിക്കാമാർ നടത്തിയ നടപടികളാണ് സുറിയാനി സഭയിലെ ഇന്നത്തെ എല്ലാ പ്രശ്നങ്ങൾക്കും കാരണമെന്ന് ഈ ഗ്രന്ഥത്തിലൂടെ ഫാ ചാൾസ് വ്യക്തമാക്കിയിരിക്കുകയാണ്. നൂറ്റാണ്ടുകളായി സുറിയാനി ക്രിസ്ത്യാനികൾ നടത്തിയ സ്വാതന്ത്ര്യ സമരം നാട്ടുകാരായ മെത്രാൻമാരെ ലഭിച്ചതിലൂടെ വിജയിച്ചുവെന്നു പറയാം. പക്ഷേ അവരുടെ ഭരണത്തിലൂടെ ആ സമരത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുക്കുവാൻസാധിച്ചില്ല എന്ന യാഥാർത്ഥ്യം അദ്ദേഹം തുറന്നു പറയുകയാണ്.


ചരിത്രത്തിൽ അവഗാഹം നേടിയ ചാൾസ് അച്ചൻ ഇപ്പോൾ പുതുപ്പള്ളി സി.എം.ഐ ഭവനിൽ ആണ്.

വിലാസം. - ഫാ.ചാൾസ് പൈങ്ങോട് സി.എം.ഐ.
സെന്റ് മേരീസ് സി.എം.ഐ ഭവൻ
പുതുപ്പള്ളി
കോട്ടയം. 686581.

www.malankaralibrary.com

# 136

# ഫാ. മാത്യു ചെമ്മരപ്പള്ളി



വൈദികവിദ്യാർത്ഥിയായിരുന്നകാലംമുതൽ ഒരു ധ്യാനഗുരു ആകണമെന്ന ഉദ്ദേശത്തോടെ പ്രവർത്തിക്കുകയും പുനരൈക്യ പ്രസ്ഥാനത്തിനുവേണ്ടി അഹോരാത്രം പരിശ്രമിക്കുകയും ചെയ്ത സി.എഫ്.ഐ.സി. സമൂഹത്തിന്റെ ഇന്ത്യയിലെ തുടക്കക്കാരനായ ഫാ. മാത്യു ചെമ്മരപ്പള്ളി ആലപ്പുഴ ജില്ലയിലെ വെളിയനാട് കരയിൽ ചെമ്മരപ്പള്ളികുടുംബത്തിൽ ചെറിയാൻ - കുഞ്ഞേലി ദമ്പതികളുടെ പുത്രനായി 1932 ജനുവരി 6-ാം തീയതി ജനിച്ചു. വെളിയനാട് എൽ.പി. സ്കൂൾ, രാമങ്കരി എൻ.എസ്.എസ്സ് മിഡിൽസ്കൂൾ, എസ്സ്.എച്ച്. മൗണ്ട് ഇംഗ്ലീഷ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം.

എസ്സ്.എച്ച്. മൗണ്ടിലെ സെന്റ് സ്തനിസ്ലാവൂസ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികവിദ്യാഭ്യാസം ആരംഭിച്ചു. തുടർന്ന് ആലുവാ മംഗലപ്പുഴ സെമിനാരിയിൽ വൈദികവിദ്യാഭ്യാസം പൂർത്തിയാക്കുകയും 1958 മാർച്ച് 14-ാം തീയതി മാർ തോമസ് തറയിൽ തിരുമേനിയിൽനിന്നും പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു. വൈദിക വിദ്യാർത്ഥിയായിരുന്നകാലത്തുതന്നെ നല്ല ഒരു ധ്യാനപ്രസംഗകൻ ആകണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. ധ്യാനഗുരുക്കന്മാരുടെ ധ്യാനപ്രസംഗങ്ങൾ കേൾക്കുകയും അവയിൽ പലതും കുറിച്ചെടുക്കുകയും സംഭവകഥകൾ മനസ്സിൽ സൂക്ഷിച്ചുവയ്ക്കുകയും ചെയ്തിരുന്നു. ധാരാളംപുസ്തകങ്ങൾ വായിക്കുകയും ചെയ്തിരുന്നു. പട്ടം സ്വീകരിച്ചതിന്റെ ആദ്യവാർഷികദിവസം പുതുവേലി ഇടവകയിൽ നടത്തിയ ധ്യാനപ്രസംഗം എല്ലാവരുടെയും മുക്തകണ്ഠമായ പ്രശംസക്ക് വിധേയമായി. ധ്യാനപ്രസംഗം ശ്രവിച്ച വികാരിയച്ചൻ വളരെയധികം പ്രോത്സാഹനം നൽകി. പിന്നീട് പല ഇടവകകളിലും രൂപതകളിലും ധ്യാനപ്രസംഗം നടത്തുകയുണ്ടായി.

പാട്ടുപാടുന്നതിൽ കഴിവുണ്ടായിരുന്ന അച്ചനെ പള്ളിതിരുനാളുകളിൽ സുറിയാനി പാട്ടുകുർബ്ബാനക്കും പ്രസംഗങ്ങൾക്കും ക്ഷണിക്കുക പതിവായി. വളരെ ഭംഗിയായി ആ കൃത്യം നിർവഹിക്കുകയുണ്ടായി. ഫാ. ചെമ്മരപ്പള്ളി തന്റെ വൈദികജീവിതത്തിൽ 13 വർഷക്കാലം കോട്ടയം രൂപതയിൽ സേവനം ചെയ്തു. ആദ്യത്തെ നാലുവർഷക്കാലം ക്നാനായ യാക്കോബായ വിശ്വാസികളുടെ പുനരൈക്യത്തിനായി സ്ഥാപിതമായ വിവിധ മിഷൻ ഇടവകകളിൽ ആണ് സേവനം അനുഷ്ഠിച്ചത്. ആദരണീയരായ മാർ ഇവാനിയോസ് മാർതിയോഫിലസ് തിരുമേനിമാരുടെ നേതൃത്വത്തിൽ നടന്ന സംഘടിതമായ പുനരൈക്യത്തിന്മുൻപ് മാർ ചൂളപ്പറമ്പിൽ തിരുമേനി

www.malankaralibrary.com

ക്നാനായ യാക്കോബായക്കാരുടെയിടയിൽ പുനരൈക്യപ്രസ്ഥാനം ആരംഭിച്ചിരുന്നു. അതിൽ ചെമ്മരപ്പള്ളിയച്ചൻ സജീവമായി പങ്കുചേർന്നു. 1962 ൽ എസ്സ്.എച്ച്. മൗണ്ട് ഹൈസ്കൂളിനോടനുബന്ധിച്ചുള്ള ബോർഡിംഗിന്റെ ഡയറക്ടറായി ചുമതലയേററു. നാലുവർഷങ്ങൾക്കുശേഷം വീണ്ടും പുനരൈക്യമിഷനിലേക്ക് സ്ഥലംമാററി.

ഹൈസ്കൂൾപഠനംമുതൽ 1967 വരെ കോട്ടയം രൂപതയുടെ തിരുഹൃദയദാസ സമൂഹത്തിൽ അദ്ദേഹം അംഗമായിരുന്നു. ചില പ്രത്യേകസാഹചര്യം നിമിത്തം ആ സമൂഹത്തിൽ നിന്നും പിന്തിരഞ്ഞു. പിന്നീട് ബ്രഹ്മമംഗലം പള്ളിയിൽ അജപാലന ശുശ്രൂഷ ചെയ്തു. അക്കാലം തന്റെ ജീവിതത്തിലെ അവിസ്മരണീയമാണെന്നാണ് അച്ചൻ അഭിപ്രായപ്പെടുന്നത്. സാധാരണക്കാരായ ആളുകളായിരുന്നു അവിടെയുള്ളവരിൽ ഭൂരിപക്ഷവും അവരുടെ ആദ്ധ്യാത്മികവും സാമ്പത്തികവുമായ ഉന്നതിക്കുവേണ്ടി നിരന്തരം പ്രവർത്തിച്ചു. സേവ് എ ഫാമിലി എന്ന പദ്ധതിയുടെ സഹായവും മററും സ്വീകരിച്ച് വീടില്ലാത്തവർക്ക് മുഴുവൻ വീട്‌വച്ചുനൽകാൻ ശ്രമിച്ചു. രണ്ടാഴ്ചയിലൊരിക്കൽ എല്ലാ ഭവനങ്ങളും സന്ദർശിച്ച് അവരുടെ പ്രശ്നങ്ങൾ പഠിച്ചു. അവരുടെ പ്രാർത്ഥനാജീവിതം, പരസഹകരണം എല്ലാം മനസ്സിലാക്കാൻ ശ്രമിച്ചു. വേദപാഠക്ലാസുകൾ സജീവമാക്കി. മതപഠനത്തിനുവേണ്ടി വിവിധ വഴികളിലൂടെ പണം ശേഖരിച്ച് കെട്ടിടംപണിതു. ഇന്ന് ആ കെട്ടിടത്തിൽ ഒരു പ്രൈമറിസ്കൂൾ പ്രവർത്തിക്കുന്നു.

തിരുഹൃദയദാസസമൂഹത്തിൽ നിന്ന് പോന്നുവെങ്കിലും ഒരു സന്യാസസഭയിൽ ചേർന്ന് പ്രവർത്തിക്കണമെന്ന് അതിയായി ആഗ്രഹിച്ചു. രണ്ടു സന്യാസസഭാശ്രേഷ്ഠന്മാർ അവരുടെ സഭയിലേക്ക് അച്ചനെ സ്വാഗതം ചെയ്തു. രൂപതാദ്ധ്യക്ഷന്റെ അനുമതി ലഭിക്കായ്കയാൽ അത് സാധിച്ചില്ല. 1969 ൽ ഒരു ഇററാലിയൻ സഭയുടെ ജനറലുമായി സംസാരിച്ചു. അദ്ദേഹവും അച്ചനെ സഭയിലേക്ക് സ്വാഗതം ചെയ്തു. രൂപതാദ്ധ്യക്ഷൻ അനുമതിനൽകാതെ പേരൂർ ഇടവക വികാരിയായി നിയമിച്ചു. 1971 ൽ അവിടെ ജോലിയിൽ പ്രവേശിച്ചു. ഏറെ താമസിയാതെ ഇററാലിയൻ സഭയിൽ ചേരാൻ രൂപതാദ്ധ്യക്ഷൻ അനുവദിച്ചു. പാസ്പോർട്ട് മുതലായ നടപടിക്രമങ്ങൾക്ക് താമസം നേരിട്ടതിനാൽ ഇടവക ഭരണം തുടർന്നു. കടത്തുരുത്തിയിൽ മൂന്നുനോയമ്പുതിരുനാളിന് സഹായിക്കാൻ അവിടെയത്തി. പ്രദക്ഷിണം കൽക്കുരിശിങ്കൽ എത്തുമ്പോൾ പുറത്തുനമസ്കാരം എന്നൊരു പ്രാർത്ഥനയുണ്ട്. ആ പുറത്തു നമസ്കാരം സുറിയാനിയിൽ നിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ ചെമ്മരപ്പള്ളിയച്ചനെയും ചെള്ളക്കണ്ടത്തിൽ അച്ചനെയും വികാരി വട്ടക്കുളത്തിലച്ചനെയും ചുമതലപ്പെടുത്തിക്കൊണ്ട് തിരുനാൾ കുർബ്ബാനമദ്ധ്യേ നടത്തിയ പ്രസംഗത്തിൽ തറയിൽ പിതാവ് പ്രഖ്യാപിച്ചു. സുറിയാനി ട്യൂൺ നിലനിർത്തിക്കൊണ്ട് പുറത്തുനമസ്കാരം തർജ്ജിമചെയ്തു. ടേപ്പിൽ ആക്കി പിതാവിനെ

www.malankaralibrary.com

കേൾപ്പിച്ചു. പിതാവ് സംതൃപ്തി പ്രകടിപ്പിച്ചു.

1971 ജൂണിൽ റോമിലേക്ക് യാത്രതിരിച്ചു. ഒരു മാസത്തിനകം 8 യുവാക്കൾകൂടി സഭയിൽ ചേർന്നു. ഇന്ത്യാക്കാരും ഒരു ഇററലിക്കാരനായ വൈദീകനും രണ്ടു സെമിനാരിക്കാരുംകൂടി ഒരു ഭവനത്തിൽ താമസിച്ചു. അവിടെ നിന്നും ഇററാലിയൻ ഭാഷയും പഠിച്ചു. ഒക്ടോബറിൽ അച്ചൻ നൊവിഷ്യേററിൽ പ്രവേശിച്ചു. റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിററിയിൽനിന്നും ദൈവശാസ്ത്രത്തിൽ ഡിപ്ലോമാ എടുക്കുകയും ചെയ്തു. റോമിൽ നിന്നും തിരിച്ച് നാട്ടിൽ എത്തിയാൽ സന്യാസസഭയുടെ ഒരു ബ്രാഞ്ച് സ്ഥാപിക്കാൻ ശ്രീ ജെയിംസ് വെള്ളാപ്പള്ളി തന്റെ പേരൂർ ഉള്ള സ്ഥലം നൽകാമെന്ന് നേരത്തെ സമ്മതിച്ചിട്ടുണ്ടായിരുന്നു. ആ വിവരം ഫാ. ചെമ്മരപ്പള്ളി ജനറാളച്ചനെ അറിയിച്ചു സ്ഥലം കാണുവാൻ സഭയുടെ വികാർ ജനറാളിനെയും കൂട്ടി ഇന്ത്യയിലേക്കയച്ചു. സ്ഥലം കാണുകയും അഭിവന്ദ്യകൊർണേലിയസ് പിതാവിന്റെ അനുവാദവും വാങ്ങി. തിരികെ റോമിലേക്കു പോയി. 1972 നവംബർ 11-ന് വ്രതവാഗ്ദാനം നടത്തി. അങ്ങനെ ആ സഭയിലെ ആദ്യത്തെ ഇന്ത്യൻ സന്യാസിയായി തിരികെ നാട്ടിലേക്കു പോന്നു. യാത്രയിൽ വിശുദ്ധനാടുകൾ സന്ദർശിക്കുകയും ചെയ്തു.

1973 സെപ്ററംബർ 13 ന് പേരൂർ എത്തി ആദ്യത്തെ ഭവനം ആരംഭിച്ചു. ബ്രദർ ഫിലിപ്പ് മണപ്പുറത്ത് നാട്ടിൽ എത്തി ഈ ഭവനത്തിൽ താമസിക്കുകയും വടവാതൂർ സെമിനാരിയിൽ ചേർന്ന് ദൈവശാസ്ത്രപഠനം ആരംഭിക്കുകയും ചെയ്തു. അംഗങ്ങളുടെ എണ്ണം വർദ്ധിച്ചപ്പോൾ കോട്ടയത്തിന്റെ പ്രാന്തപ്രദേശമായ കഞ്ഞിക്കുഴിയിൽ സ്ഥലംവാങ്ങി ഒരു ഭവനം ആരംഭിച്ചു. കാലക്രമത്തിൽ ബാംഗ്ളൂർ, പെരിന്തൽമണ്ണ്, കാസർഗോഡ് എന്നിവിടങ്ങളിലും ശാഖകൾ തുറന്നു. ആന്ധ്രപ്രദേശിൽ ഏലൂർ രൂപതയിൽ ഒരു ഇടവകയും ഏറെറടുത്തു നടത്തി. 23 വർഷക്കാലം ഇന്ത്യയിൽ ആ സഭയുടെ ചുമതല ചെമ്മരപ്പള്ളിയച്ചൻ നിർവഹിച്ചു. 1996 ൽ ഇന്ത്യൻ ഡലഗേഷൻ പിൻഗാമിയെ ഏല്പിച്ചു.

ആ ഇററാലിയൻ സഭ "അമലോത്ഭവമാതാവിന്റെ മക്കൾ" (CFIC) എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ സന്യാസസഭ വാഴ്ത്തപ്പെട്ട ലൂയിജി മരിയ മോൺഡി എന്ന ആളിനാൽ 1857 സെപ്ററംബർ 8ന് മാതാവിന്റെ ജനനത്തിരുനാൾ ദിനത്തിൽ റോമിൽ ആരംഭിച്ചതാണ്. വൃദ്ധരും രോഗികളുമായുള്ളവരുടെ ശുശ്രൂഷ, യുവാക്കളുടെയും സാധുക്കളായ കുട്ടികളുടെയും വിദ്യാഭ്യാസം, പരിശീലനം, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള സ്കൂളുകൾ, വികാലാംഗരുടെ സംരക്ഷണം, കുഷ്ഠരോഗികൾക്കുള്ള ക്ലിനിക്കുകൾ, എയ്ഡ്സ് ബാധിച്ചവരുടെ ശുശ്രൂഷ ഇവയൊക്കെയാണ് ഈ സഭ 18 രാജ്യങ്ങളിലായി നടത്തുന്ന ശുശ്രൂഷകൾ.

ഫാ. ചെമ്മരപ്പള്ളിൽ രചിച്ച ധ്യാനതീർത്ഥാടനം എന്ന ഗ്രന്ഥം പ്രത്യേകം ശ്രദ്ധേയമാണ്. പ്രസ്തുതഗ്രന്ഥത്തിന് അവതാരിക എഴുതിയ പ്രൊഫ. മാത്യു ഉലകംതറ ഈ പുസ്തകത്തെ തികച്ചും ഒരു വ്യത്യസ്ത ഗ്രന്ഥ

www.malankaralibrary.com

മെന്നും ഒരപൂർവ്വഗ്രന്ഥമെന്നും പുതിയ ധ്യാനഗ്രന്ഥമെന്നുമൊക്കെയാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ആദ്ധ്യാത്മികജീവിതത്തിൽ പുതിയ ഒരു വ്യതിയാനത്തിന് തുടക്കം കുറിക്കുവാൻ കരുത്തുനൽകുന്നതും ഉദ്ദിഷ്ടലക്ഷ്യത്തിലെത്താൻ ഏററവും സഹായിക്കുന്നതും സ്വാധീനിക്കുന്നതുമായ ഒരു നല്ല ധ്യാനഗ്രന്ഥമാണ് "ധ്യാന തീർത്ഥാടനം" എന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

അഭിവന്ദ്യപീററർ തുരുത്തിക്കോണം പിതാവിന്റെ വാക്കുകൾ പ്രത്യേകം എടുത്തുപറയേണ്ടതാണ്. "വായനയിലൂടെയും പഠനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും ആദ്ധ്യാത്മിക ജീവിതത്തിന്റെ അർത്ഥംകണ്ടെത്തി അതനുസരിച്ച് ജീവിക്കുന്ന ഒരു താപസ്സന്റെ ചൈതന്യമാണ് "ധ്യാനതീർത്ഥാടനത്തിൽ" നിറഞ്ഞുനിൽക്കുന്നത്. ആദ്ധ്യാത്മിക നവീകരണം ലക്ഷ്യമിട്ട് ജീവിതത്തെ, ആദ്ധ്യാത്മികതലത്തിൽ നോക്കിക്കാണുവാൻ ആഗ്രഹിക്കുന്ന ഏതൊരാളും അവശ്യം വായിച്ചിരിക്കേണ്ട ഒരു ചെറുഗ്രന്ഥമാണ് ധ്യാനതീർത്ഥാടനം" അച്ചന്റെ പ്രവർത്തനങ്ങൾ കൂടുതൽ കൂടുതൽ ഫലം പുറപ്പെടുവിക്കുന്നതിന് ഇട നൽകട്ടെ.

വിലാസം - ഫാ. മാത്യു ചെമ്മരപ്പള്ളിൽ, ഓററസ്റ്റ് വിദ്യാനികേതൻ,
മുട്ടമ്പലം പി.ഒ., കോട്ടയം

# 137

# സിസ്റ്റർ ജെമ്മ സി.എസ്സ്. എൻ.



മത, സാമൂഹ്യ, സാമുദായിക, സാംസ്കാരിക പശ്ചാത്തലത്തിൽ തൂലികയെ ഉപകരണമാക്കി, സർഗ്ഗാത്മകമായി പ്രതികരിച്ചുകൊണ്ടിരിക്കുന്ന പ്രശസ്ത കവിയത്രിയായ സി. ജെമ്മ 1932 ഫെബ്രുവരി 10-ന് വാഴക്കുളത്ത് എടമനകളത്തികുടുംബത്തിന്റെ ശാഖയായ പുൽപ്പറമ്പിൽ കുര്യാക്കോസ് മറിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായി ജനിച്ചു. സി. ജെമ്മയുടെ ജ്ഞാനസ്നാനപ്പേര് മോനിക്കായെന്നാണ്. അമ്മ മറിയാമ്മ ആരക്കുഴമാതേയ്ക്കൽ കുടുംബാംഗമാണ്. കവിയത്രിയും കലാകാരിയുമായ മറിയാമ്മ 38-ാമത്തെ വയസ്സിൽ നിര്യാതയായി. സി. ജെമ്മക്ക് ഏഴുവയസ്സുള്ളപ്പോൾ തറവാട്ടിൽനിന്നും മാറി കല്ലൂർക്കാട്ട് താമസമാക്കി. വല്യപ്പനും വല്യമ്മയും കല്ലൂർക്കാട്ടുവന്ന് താമസിക്കുകയും അവരുടെ പ്രത്യേക സംരക്ഷണത്തിൽ വളർത്തുകയും ചെയ്തു.

വാഴക്കുളം കോൺവെന്റ് സ്കൂൾ, കല്ലൂർക്കാട് സ്കൂൾ എന്നിവിട

www.malankaralibrary.com

ങ്ങളിൽ പഠിച്ച് ഏഴാംക്ലാസ്സ് പാസ്സായി. പിന്നീട് പൈങ്കുളം സെന്റ് റീത്താസിൽ നിന്നും തേർഡ് ഫാറവും ആരക്കുഴസ്കൂളിൽ നിന്നും (1951) ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. അതേവർഷം മേയ്മാസത്തിൽ ഇടക്കുന്നിൽ (പാററുവാപുരം) നസ്രത്ത് സന്യാസിനീസഭയിൽ ചേർന്നു. 1953-ൽ സി. ജെമ്മ എന്ന പേര് സ്വീകരിച്ചുകൊണ്ട് സഭാവസ്ത്രം സ്വീകരിക്കുകയും വ്രതവാഗ്ദാനം നടത്തുകയും ചെയ്തു. 1955-56 ൽ എറണാകുളം സെന്റ് തെരേസാസിൽ ചേർന്ന് ഇന്റർമീഡിയററ് ഒന്നാം വർഷം പാസ്സായി. അനാരോഗ്യംമൂലം പഠനം മുടങ്ങി. 1961 ൽ അങ്കമാലിയിൽ ബഹു. മാവുങ്കലച്ചൻ നടത്തിയിരുന്ന അമ്മമാസികയിൽ പ്രൂഫ് റീഡറായി ജോലിയിൽ പ്രവേശിച്ചു. പിന്നീട് അസിസ്റ്റന്റ് എഡിററററായും പിന്നീട് ചീഫ് എഡിറററായും ജോലി നോക്കി. 1997 ൽ ഈ ജോലിയിൽ നിന്നും വിരമിച്ചു. കോതമംഗലം ശോഭനാകോൺവെന്റിലെ അംഗമായി. പ്രൊവിൻസ് തിരിഞ്ഞപ്പോൾ കോതമംഗലം പ്രൊവിൻസാണ് സിസ്റ്റർ തെരഞ്ഞെടുത്തത്. അമ്മ മാസികയിൽ ജോലി ചെയ്തിരുന്ന നീണ്ടവർഷങ്ങളിൽ (1961-1997) ആണ് സ്വയം പഠിച്ച് മലയാളം വിദ്വാൻ, ബി.എ., എം.എ. പരീക്ഷകൾ പാസ്സായത്. റോമിലെ റജീനാമുണ്ടിയിൽ സീനിയർ സിസ്റ്റേഴ്സിനായുള്ള ഒരു വർഷത്തെ ഡിപ്ലോമാകോഴ്സിന് പഠിച്ചതും ഈ കാലയളവിലാണ് (1986-87) 1987 ൽ വിശുദ്ധനാട് സന്ദർശിക്കുന്നതിനും പി. പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പായെ നേരിൽക്കണ്ട് സംസാരിച്ച് അനുഗ്രഹം വാങ്ങുവാനും സിസ്റ്ററിന് സാധിച്ചു. സി. ജെമ്മ എഴുതിയ ഏതാനും പുസ്തകങ്ങളും മാർപ്പാപ്പായ്ക്ക് സമ്മാനിച്ചു.

അമ്മ മാസികയിലെ ജോലിക്കുപുറമെ പി.ഒ.സി.യിൽ സമ്പൂർണ്ണ ബൈബിൾ വിവർത്തനം ചെയ്യുമ്പോൾ അസോഷിയേററ് എഡിററററായും പ്രവർത്തിച്ചു. മതബോധനഗ്രന്ഥങ്ങളുടെ രചനയിലും സഹായിച്ചിട്ടുണ്ട്. അങ്കമാലി മോർണിംഗ്സ്റ്റാർ കോളേജ് ലൈബ്രേറിയനായും പ്രവർത്തിക്കാൻ സിസ്റ്ററിന് സാധിച്ചിട്ടുണ്ട്. ഇതിനിടയിൽ മാതൃസംഘങ്ങളിലും മററും ക്ലാസ്സെടുക്കുവാനും പ്രസംഗിക്കുവാനും പോകുമായിരുന്നു. അമ്മയിൽ തുടർച്ചയായും സത്യദീപം പ്രേഷിതകേരളം കർമ്മലകുസുമം താലന്ത് മുതലായ പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങളും കവിതകളും ചെറുകഥകളും ഏകാങ്കങ്ങളും എഴുതി പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു.

വീട്ടിൽ സഹോദരങ്ങൾ തമ്മിൽ കവിതയെഴുതി മത്സരിച്ചിരുന്നു. സിസ്റ്റർ ജെമ്മ തയ്യൽ, കൈവേല തുടങ്ങിയവയിലും പ്രത്യേക കഴിവ് പ്രദർശിപ്പിച്ചിരുന്നു. വിദ്യാർത്ഥിയായിരുന്ന കാലത്ത് പഠനത്തിലും പ്രസംഗത്തിലും കായികമത്സരങ്ങളിലും പ്രത്യേകം സമ്മാനം വാങ്ങിയിരുന്നു. 1964 ൽ കത്തോലിക്കാ കോൺഗ്രസ്സ് നടത്തിയ കവിതാമത്സരത്തിൽ ഒന്നാം സമ്മാനം ലഭിച്ചതോടെയാണ്, കത്തോലിക്കാ ആനുകാലികങ്ങളിൽ മാത്രം ഒതുങ്ങിനിന്ന സിസ്റ്റർ ജെമ്മയിലെ കവിയെ ആളുകൾ ശ്രദ്ധിച്ചുതുടങ്ങിയത്.

www.malankaralibrary.com

1965 ൽ സി. ജെമ്മയുടെ ആദ്യകൃതി വിരയാത്തപൂവ് പ്രസിദ്ധപ്പെടുത്തി. ആ ഒററകൃതിയിലൂടെ സാഹിത്യലോകത്ത് തന്റേതായ ഒരു മുദ്ര സി. ജെമ്മ ഭാവിയിൽ പതിപ്പിക്കുമെന്ന് പലരും അഭിപ്രായപ്പെട്ടു. സി. ജെമ്മയുടെ വിരിയാത്ത പൂവ് എന്ന ഗ്രന്ഥം കഥാപ്രസംഗങ്ങളാണ്. കഥയും കവിതയും ലേഖനവും ഫലിതവും, ഹാസ്യവും ചരിത്രവും ഇതിൽ ഇടകലർന്നു കിടക്കുന്നു. സാഹിത്യത്തിലെ ഏതു ശാഖയിലൂടെയും തനിക്കു സഞ്ചരിക്കാൻ കഴിയുമെന്ന് ഈ ഗ്രന്ഥത്തിലൂടെ സിസ്റ്റർ. വായനക്കാരെ ബോദ്ധ്യപ്പെടുത്തി.

എന്നാൽ കവിതാരചനയിലാണ് ജെമ്മ കൂടുതൽ ശ്രദ്ധചെലുത്തിയത്. എവിടെ നിന്ന് ഇളംകാററടിച്ചാലും ശബ്ദിക്കുന്ന ഫിഡിലിനെപ്പോലെയാണ് കവിയായ ജെമ്മയുടെ ഹൃദയം. കവിയിത്രിയുടെ പ്രതികരണം തീവ്രതരമായിരിക്കുകയും ചെയ്യും. പുലരിപ്പൂക്കൾ, കരയുന്നില്ല ഞാൻ, ആദാമിനെ കണ്ടു ഞാൻ എന്നീ മൂന്നു കാവ്യസമാഹാര കൃതികൾകൊണ്ട് കൈരളിയുടെ മുഖശോഭവർദ്ധിപ്പിക്കുവാൻ സിസ്റ്ററിനു കഴിഞ്ഞു. അമ്മയ്ക്കു പകരം എന്നത് ചെറുകഥാ സമാഹാരമാണ്. മൂല്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട്, ആദർശശാലികളായ കഥാപാത്രങ്ങൾക്ക് ഈ കൃതിയിലൂടെ സി.ജെമ്മ ജന്മം കൊടുത്തു.

"ബൈബിൾ ഏകാങ്കങ്ങളിൽ" അരമണിക്കൂർകൊണ്ട് സ്റേറജിൽ അവതരിപ്പിക്കാവുന്ന ലഘുനാടകങ്ങളാണുള്ളത്. പല കലാസമിതികളും ഇതിലെ നാടകങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പുൽപ്പറമ്പിൽ മർക്കോസിന്റെ കഥ, മലനാടിന്റെ മിഷനറി, മമ്മ മാർഗരററ്, കുട്ടികളുടെ സ്നേഹിതൻ എന്നിവ ജീവചരിത്രഗ്രന്ഥങ്ങളാണ്. പാപ്പാപറഞ്ഞകഥ ബാലസാഹിത്യകൃതിയാണ്. പരിശുദ്ധാത്മാവിൽ നവജീവൻ ഒരു പരിഭാഷാഗ്രന്ഥമാണ്. "കരയുന്നില്ല ഞാൻ" എന്നതാണ് സിസ്റ്ററിന്റെ മാസ്റ്റർ പീസ്. എന്നാൽ രണ്ടാംസ്ഥാനം കണവന് കാഴ്ചവയ്ക്കുവാൻ എന്ന പഠനഗ്രന്ഥമാണ്. ഭാര്യാഭർത്താക്കന്മാർക്കും മാതാപിതാക്കൾക്കും ഒന്നുപോലെ പ്രയോജനപ്പെടുന്ന ശ്രദ്ധേയമായ ഒരു ഗ്രന്ഥമാണിത്. യുവതീയുവാക്കൾക്ക് ദാമ്പത്യജീവിതപാതയിലൂടെ കാലിടറാതെ എങ്ങനെ നടന്നു നീങ്ങാമെന്ന് ഈ ഗ്രന്ഥം പഠിപ്പിക്കുന്നു. സന്തുഷ്ടകുടുംബം, ഭൂമിയിലെ സ്വർഗ്ഗം ആണെന്ന യാഥാർത്ഥ്യത്തെ കണ്ടെത്തുവാൻ ഈ ഗ്രന്ഥം സഹായിക്കും. ദാമ്പത്യശാസ്ത്ര സാഹിത്യകൃതികളിൽ ഏററം വിലപ്പെട്ട ഒരു ഗ്രന്ഥമാണ് സി. ജെമ്മയുടെ "കണവന് കാഴ്ചവയ്ക്കുവാൻ" എന്നത്. ദൈവകാരുണ്യത്തിന്റെ നിഴൽവഴികളിലൂടെ എന്ന ഗ്രന്ഥവും വിനീത്തായുടെ ജീവചരിത്രഗ്രന്ഥവും പ്രത്യേകം എടുത്തുപറയേണ്ട ഗ്രന്ഥങ്ങളാണ്.

സിസ്റ്റർ എഴുതിയിട്ടുള്ള കവിതകളും ലേഖനങ്ങളും ചെറുകഥകളും ഇനിയും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുവാനുണ്ട്. സിസ്റ്ററിന്റെ ബഹുവിധസേവനങ്ങളെ ആദരിച്ച് അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് 1996 ലും അതേവർഷം തന്നെ ക്രൈസ്തവസാഹിത്യഅക്കാ

www.malankaralibrary.com

ഡമിയും അവാർഡുകൾ നൽകിയാദരിച്ചു. 1998 ൽ മഹാകവി തേർമഠം അവാർഡ് (മേരിവിജയം) ലഭിക്കുകയുണ്ടായി.
വിലാസം - സി. ജെമ്മാ. സി. എസ്സ്. എൻ, ശോഭനാ കോൺവെന്റ്, കോതമംഗലം.

# 138



# ബിഷപ്പ് മാർ ഡോമിനിക്ക് കോക്കാട്ട്

സീറോ-മലബാർ സഭയ്ക്ക് ഉത്തരപ്രദേശിൽ ലഭിച്ച ഒരു രൂപതയാണ് ഗോരഖ്പൂർ. ദരിദ്രർ തിങ്ങിപ്പാർക്കുന്ന ഒരു ഭൂപ്രദേശമെന്ന നിലയിൽ ഗോരഖ്പൂർ എല്ലാവരുടെയും ശ്രദ്ധയാകർഷിക്കുന്നു. ഗോരഖ്പൂർ രൂപത ചെറുപുഷ്പം സഭയെയാണ് മാർപ്പാപ്പാ ഏല്പിച്ചത്. സാമൂഹികസേവനം സമുദായോദ്ധാരണപ്രവർത്തനങ്ങൾ, മിഷൻ പ്രവർത്തനം, അനാഥരും അഗതികളുമായ കുട്ടികളുടെ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്ന ചെറുപുഷ്പസഭ ഗോരഖ്പൂർ രൂപത ഏറ്റെടുക്കുകയും ആ രൂപതയെ ഇല്ലായ്മയിൽനിന്നും പടുത്തുയർത്തുവാൻ പരിശ്രമിക്കുകയും ചെയ്തു. ആ പരിശ്രമങ്ങൾക്ക് നേതൃത്വം നൽകിയത്. രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനായ മാർ. ഡൊമിനിക്ക് കോക്കാട്ട് അവർകളാണ്.

ഗോരഖ്പൂർ രൂപതയുടെ മെത്രാനായ ഡോമിനിക്ക് കോക്കാട്ട് തിരുമേനി 1932 ഫെബ്രുവരി 23-ാം തീയതി എറണാകുളം അതിരൂപതയിലെ വൈക്കം ഗ്രാമത്തിൽ കോക്കാട്ട് കുടുംബത്തിൽ കുര്യൻ-മേരി ദമ്പതികളുടെ മകനായി ജനിച്ചു. ജോസഫ് എന്നായിരുന്നു ജ്ഞാനസ്നാനപ്പേര്. വൈയ്ക്കത്തായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസം. ഹൈസ്കൂൾ പഠനത്തിനു ശേഷം മൂക്കന്നൂർ ആസ്ഥാനമായി സ്ഥാപിതമായ ചെറുപുഷ്പസഭയിൽ ജോസഫ് അംഗമായി ചേർന്നു. 1953 മേയ്മാസം 18-ാം തീയതി സഭയിൽ വ്രതം ചെയ്തു സഭാംഗമായിത്തീർന്നു. വ്രതവാഗ്ദാനത്തെത്തുടർന്നാണ് ഡൊമിനിക്ക് എന്ന പേര് സ്വീകരിച്ചത്. മൂക്കന്നൂർനിന്നും തത്വശാസ്ത്രപഠനത്തിനായി കാണ്ടി ആസ്ഥാനമായുള്ള പേപ്പൽ സെമിനാരിയിലേയ്ക്ക് ബ്രദർ ഡൊമിനിക്കിനെ അയച്ചു. കാണ്ടി പേപ്പൽ സെമിനാരിയിൽനിന്നും തത്വശാസ്ത്രപഠനം പൂർത്തിയാക്കിയ ബ്രദർ ഡൊമിനിക്ക് പുന സെമിനാരിയിൽനിന്ന് ദൈവശാസ്ത്രപഠനവ്വും പൂർത്തിയാക്കി. 1960 ഒക്ടോബർ 4-ാം തീയതി പൗരോഹിത്യപദവിയിലേയ്ക്ക് ഉയർത്തപ്പെട്ടു.

സഭയ്ക്കും സന്യാസസമൂഹത്തിനുംവേണ്ടി വ്യത്യസ്തങ്ങളായ തല

www.malankaralibrary.com

ങ്ങളിൽ അദ്ദേഹം ശുശ്രൂഷ ചെയ്തിട്ടുണ്ട്. ചെറുപുഷ്പസഭയുടെ ഫിലേഡഫദിൽ വൈസ് റെക്ടറും അദ്ധ്യാപകനും ആയി ഫാ. ഡൊമിനിക്ക് കോക്കാട്ട് സേവനം ചെയ്തിട്ടുണ്ട്. ആലുവായിലെ ടെക്നിക്കൽ സ്കൂളിന്റെ പ്രിൻസിപ്പലായി കോക്കാട്ടച്ചൻ പ്രവർത്തിച്ചു. മൂക്കന്നൂരുള്ള സഭവക ബാലനഗർ അംഗങ്ങൾക്കുകൂടി സാങ്കേതിക പരിശീലനം സിദ്ധിക്കുന്നതിന് 1969-ൽ സ്ഥാപിച്ചതാണ് ഈ ടെക്നിക്കൽ സ്കൂൾ. വെൽഡർ, ഫിറ്റേഴ്സ്, ടേണിംഗ്, മോട്ടർ മെക്കാനിസം മൂന്നുവർഷത്തെ ഡിപ്ലോമാ കോഴ്സ് കൊടുക്കുന്ന ഈ സ്ഥാപനത്തിന്റെ വളർച്ചയിൽ അദ്ദേഹം നിർണ്ണായകമായ പങ്കു വഹിക്കുകയുണ്ടായി. സി.എസ്സ്.ടി സഭയുടെ പഞ്ചാബ് പ്രവിശ്യയുടെ മിഷൻ സുപ്പീരിയർ ആയും പ്രവർത്തിച്ച കോക്കാട്ടച്ചൻ, കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ ആസ്ഥാനകേന്ദ്രമായ ഡൽഹിയിൽ അസോസിയേറ്റ് സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചു. നാലു വർഷക്കാലം (1978-1982) ഡൽഹിയിൽ പ്രവർത്തിച്ച അദ്ദേഹം, കാനഡയിലെ കോടിസർവ്വകലാശാലയിൽനിന്നു സോഷ്യൽ സർവ്വീസിൽ ഡിപ്ലോമ കരസ്ഥമാക്കിയിട്ടുണ്ട്.

1984 ജൂൺ 19-ാം തീയതിയാണ് ഗോരഖ്പൂർ രൂപത സ്ഥാപിതമായത്. ഉത്തരപ്രദേശിന്റെ പൂർവ്വാഞ്ചൽ എന്നറിയപ്പെടുന്നതും ഭാരതത്തിന്റെ സമ്പൽഘടനയിൽ ദരിദ്രർ തിങ്ങിപ്പാർക്കുന്നതുമായ ഗോരഖ്പൂർ കേന്ദ്രമായി രൂപത സ്ഥാപിച്ചത്, വാരണാസി രൂപത വിഭജിച്ചാണ്. ഗോരഖ്പൂർ, ദേവറിയാ, മഹാരാജ് ഗഞ്ച്, സിദ്ധാർത്ഥനഗർ, കുശിനഗർ, സന്ത്വബീർ നഗർ, ബസ്തി തുടങ്ങിയ ഏഴു ജില്ലകൾ ഉൾപ്പെട്ടതാണ്, ഗോരഖ്പൂർ. പ്രസ്തുത രൂപതയുടെ മെത്രാനായി ഡൊമിനിക് കോക്കാട്ടച്ചനെയാണ് തിരഞ്ഞെടുത്തത് 1984 ഒക്ടോബർ 4-ാം തീയതി മെത്രാൻ പട്ടം സ്വീകരിച്ച കോക്കാട്ടച്ചൻ 1984 ഒക്ടോബർ 14-ാം തീയതി രൂപതാഭരണം ഏറ്റെടുത്തു.

ഹിന്ദി, ബോജ്പുരി, ഇംഗ്ലീഷ്, മലയാളം ഭാഷകൾ സംസാരിക്കുന്നവരാണ് അവിടുത്തെ ജനങ്ങൾ. രണ്ടായിരത്തിലെ കണക്കനുസരിച്ച് 2225 കത്തോലിക്കർ മാത്രമാണ് ഗോരഖ് രൂപതയിലുള്ളത്. അവിടത്തെ കത്തോലിക്കരുടെ മാത്രം ഉന്നതിക്കുവേണ്ടിയല്ല അദ്ദേഹം പ്രവർത്തിക്കുന്നത്. പട്ടിണിപ്പാവങ്ങളുടെയും സമൂഹത്തിലെ അവശസമുദായങ്ങളുടെയും ഉന്നമനം മുന്നിൽ കണ്ടുകൊണ്ടാണ് ബിഷപ്പ് ഡൊമിനിക്ക് എന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പതിനൊന്ന് ഹൈസ്കൂളുകളും നിരവധി പ്രൈമറി സ്കൂളുകളും ബോർഡിംഗുകളും ആശുപത്രികളും ഡിസ്പെൻസറികളും രൂപതയുടെയും വിവിധ സന്യാസസഭകളുടെയും നേതൃത്വത്തിൽ സ്ഥാപിച്ച് നടത്തുന്നുണ്ട്. പാവപ്പെട്ടവർക്ക് തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുവാൻ, അവരെ അതിന് പ്രബുദ്ധരാക്കാൻ കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. വി.കൊച്ചു ത്രേസ്യായുടെ പ്രത്യേക ഭക്തനായ പിതാവ്, ഒപ്പം തന്റെ സന്ന്യാസസഭയുടെ ആദ്ധ്യാത്മികതയിൽ ആകൃഷ്ടനായി.

www.malankaralibrary.com

1988-ൽ രൂപതയുടെ പ്രേഷിതപ്രവർത്തനം ഊർജ്ജ്വസ്വലമാക്കുവാൻ സന്യാസികളുടെ ഒരു സഭ അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹം സ്ഥാപിച്ച ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരാസ എന്ന സന്യാസ സമൂഹമുൾപ്പെടെ നിരവധി സന്യാസ സമൂഹങ്ങൾ രൂപതയിൽ പ്രവർത്തിക്കുന്നുണ്ട്.

ആത്മീയാചാര്യനും, സഭാസ്നേഹിയും കർമ്മനിരതനും മാനവസ്നേഹിയുമായ അഭിവന്ദ്യ ഡൊമിനിക് പിതാവിന്റെ ജീവിതം ഗോരഖ്പൂർ രൂപതയുടെ കഴിഞ്ഞ രണ്ടു ദശകക്കാലത്തെ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഇല്ലായ്മയിൽനിന്ന് രൂപതയെ വളർച്ചയുടെ സോപാനത്തിലേക്ക് നയിച്ച കോക്കാട്ടുപിതാവ് ഗോരഖ്പൂർ രൂപതയിലെ സകലജനങ്ങളുടെയും പ്രിയങ്കരനാണ്.

പ്രഖ്യാത ആംഗ്ലേയസാഹിത്യകാരനായ തോമസ്കാർലൈൻ വിവരിക്കുംവിം ഒരു കൊട്ടുപിടി പോലുമില്ലാതെ ലണ്ടനിലെ സെന്റ് പോൾ കത്തീഡ്രലിന്റെ നിർമ്മാണത്തിന് ഇറങ്ങിത്തിരിച്ച ക്രിസ്റ്റഫർ റെന്നിന്റെ കർമ്മധീരതയും, വൈഷമ്യങ്ങളുടെ ഓളപ്രളയങ്ങളിൽ അടിപതറാതെ നിന്ന സെന്റ് എഡ്മണ്ട്സ്ബറിയിലെ ആബട്ട് സാംസന്റെ നിശ്ചയദാർഢ്യവും ഉൾക്കൊണ്ടും ദൈവപരിപാലനയിലുള്ള അചഞ്ചലവിശ്വാസം കൈമുതലാക്കിയും കോക്കാട്ട് പിതാവ് ഗോരഖ്പൂർ രൂപതയെ അതിന്റെ ബാലാരിഷ്ടതകളിൽനിന്നും മോചിപ്പിക്കുകയുണ്ടായി.

വിലാസം - ബിഷപ്പ് മാർ ഡോമിനിക്ക് കോക്കാട്ട്, ബിഷപ്പ്സ് ഹൗസ്,
സിവിൽലൈൻസ്, യൂണിവേഴ്സിറ്റി പി.ഒ.,
ഗോരഖ്പൂർ, യു.പി. - 273009

# 139

# ബിഷപ്പ് ഡോ. ജോർജ് മാമലശ്ശേരി



വിവിധ ഗിരി വർഗ്ഗ സമൂഹങ്ങളും പാവപ്പെട്ട ആദിവാസികളും ഉൾക്കൊള്ളുന്ന ടുറാ രൂപതയെ സാക്ഷരതയുടെയും വിശ്വാസ തീഷ്ണതയുടേയും കാര്യത്തിൽ ഏറെ മുന്നിലെത്തിച്ച ബിഷപ്പ് ഡോ. ജോർജ് മാമലശ്ശേരി 1932 ഏപ്രിൽ 22-ാം തിയതി പാലാ രൂപതയിലെ കളത്തൂർ ഇടവകയിൽ മാമലശ്ശേരി കുടുംബത്തിൽ കുര്യൻ- എലിസബത്ത് ദമ്പതികളുടെ മൂന്ന് മക്കളിൽ ഏറ്റവും ഇളയവനായി ജനിച്ചു. നാട്ടിൽ തന്നെ വിദ്യഭ്യാസം നിർവ്വഹിച്ചു. പന്ത്രണ്ടാം വയസ്സിൽ മാതാവ് ദിവംഗതയായി. തന്റെ ജീവിത വഴികാട്ടിയായിരുന്ന മാതാവിന്റെ നിര്യാണം ജോർജിനെ വലിയ ദുഃഖത്തിലാഴ്ത്തി. എന്നാൽ പിതാവും മൂത്ത സഹോദരൻമാരും ജോർജിനെ സ്നേഹിക്കുകയും പഠിപ്പിച്ച് ഉന്നത നിലയിൽ എത്തി

www.malankaralibrary.com

ക്കണമെന്നാഗ്രഹിക്കുകയും ചെയ്തു. മൂത്ത സഹോദരൻമാർ കൃഷിക്കാര്യങ്ങളിൽ പിതാവിനെ സഹായിക്കുവാൻ പഠനം നിർത്തി. കുഞ്ഞുവർക്കിയെന്നു വിളിക്കുന്ന ജോർജിനെ ഒരു സർക്കാർ ഉദ്യോഗസ്ഥനാക്കുകയെന്നതായിരുന്നു മൂത്ത സഹോദരങ്ങളുടെ ലക്ഷ്യം. ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോർജ്ജ് സർക്കാർ ഉദ്യോഗം തരപ്പെടുത്താനായിട്ടല്ല, ദൈവത്തിനു വേണ്ടി വല വീശുന്ന ഒരു മിഷിനറിയാകാനാണ് ശ്രമിച്ചത്. ആ ആഗ്രഹം പിതാവിനേയും സഹോദരന്മാരെയും അറിയിച്ചു. അവരുടെ അനുവാദവും വാങ്ങി മദ്രാസ് - മൈലാപ്പൂർ രൂപതയിൽ ചേരുവാനായി 1950-ൽ മദ്രാസിലേക്ക് പുറപ്പെട്ടു. മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം ആരംഭിച്ചു. പത്തുവർഷക്കാലം പൂനമലയിലെ സേക്രട്ട്-ഹാർട്ട് സെമിനാരിയിൽ മൈനർ-മേജർ സെമിനാരികളിൽ പഠിച്ചു. 1960 ഏപ്രിൽ 24-ന് മാർ ലൂയിസ് മത്തിയാസിന്റെ കൈവയിപ്പു വഴി വൈദിക പട്ടം സ്വീകരിച്ചു. മദ്രാസ്- മൈലാപ്പൂർ രൂപതയിൽ ചേർന്നാണ് വൈദിക പട്ടം സ്വീകരിച്ചെതെങ്കിലും വടക്കേ ഇന്ത്യയിലെ ഏതെങ്കിലും മിഷൻ പ്രദേശത്ത് മിഷിനറി പ്രവർത്തനം നടത്തണമെന്ന് അദ്ദേഹം അതിയായി ആഗ്രഹിച്ചു. ആ അഭിലാഷം അദ്ദേഹം രൂപതാധികാരികളെ അറിയിച്ചു. ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനമായ മേഘാലയത്തിലെ ഷില്ലോംഗ് രൂപത തന്റെ പ്രവർത്തന കേന്ദ്രമായി അദ്ദേഹം തിരഞ്ഞെടുത്തു. ഷില്ലോംഗ് രൂപതയിലെത്തിയ മാമലശ്ശേരി അച്ചനെ ഗാരോ എന്നറിയപ്പെടുന്ന ഗോത്ര വർഗ്ഗക്കാരുടെയിടയിലേക്ക് പ്രവർത്തനത്തിനായി നിയോഗിച്ചു. 2005 മേയ് 8-ലെ സൺഡേ ശാലോമിൽ ഫാ. ബിജു പൂവ്വത്തിങ്കൽ എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ. 1960 ഓഗസ്റ്റ് 17-ന് വൈകിട്ട് തോരാതെ പെയ്യുന്ന മഴയത്ത് ദുർഘടം പിടിച്ച വഴിയിൽ കൂടി ഗാരോ ഹിൽസിന്റെ ആസ്ഥാന നഗരിയായ ടുറായിൽ എത്തിചേർന്ന അദ്ദേഹം, തന്റെ മിഷൻ വേലകളും ആരംഭിച്ചു. എത്രയും വേഗത്തിൽ ഗാരോ ഭാഷയും പഠിച്ച് ഗ്രാമങ്ങൾ തോറും നടന്നു നീങ്ങി. ജനങ്ങൾ കൊടുത്തതെന്തോ അത് കഴിച്ച്, അവരുടെ കൊച്ചു കുടിലുകളിൽ അന്തിയുറങ്ങി ദൈവ വേലകളിൽ വ്യാപൃതനായി മാറുകയായിരുന്നു. അങ്ങനെ 1970-ൽ ബംഗ്ലാദേശ് അതിർത്തിക്കടുത്തുള്ള ഡാലു എന്ന ഇടവകയുടെ വികാരിയായി. അതേ വർഷം ബംഗ്ലാദേശിന്റെ സ്വാതന്ത്ര്യ സമരത്തെ തുടർന്ന് ഇന്ത്യയിലേക്ക് വന്നുകൊണ്ടിരുന്ന അഭയാർത്ഥികളെ പാർപ്പിക്കുവാൻ ഇന്ത്യാ ഗവർമെന്റിനോടൊപ്പം ഫാ. ജോർജ്ജും സഹകരിച്ചു. പള്ളിവക സ്കൂളുകളിലും ഹോസ്റ്റലുകളിലും അവർക്ക് താമസിക്കാൻ ഇടം നൽകിയും ആവശ്യമായ ഭക്ഷണവും മരുന്നും കൊടുത്ത് അവരെ സഹായിച്ചു. ബംഗ്ലാദേശ് യുദ്ധക്കാലത്ത് അഭയാർത്ഥികളുടെ ഇടയിൽ ഫാ. ജോർജ് മാമലശ്ശേരി ചെയ്ത സേവനങ്ങൾ സകലരുടേയും മുക്തകണ്ഠ പ്രശംസ പിടിച്ചു പറ്റുകയുണ്ടായി. 1973-ൽ ഷില്ലോംഗ് രൂപതയെ വിഭജിച്ചു കൊണ്ട് ടുറാ ഒരു രൂപതയായി പ്രഖ്യാപിക്കപ്പെട്ടു. ആസ്സാമിലെ ഡിബ്രു

www.malankaralibrary.com

ഗാർ രൂപതയിലെ റിട്ടയേർഡ് ബിഷപ്പായിരുന്ന ബിഷപ്പ് മരേംഗോയെ പുതിയ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആയി നിയമിച്ചു. ആറ് വർഷങ്ങൾക്കുശേഷം 1979 ഫെബ്രുവരി 8-ന് ഫാ. ജോർജ് മാമലശ്ശേരിയെ ടുറാ രൂപതയുടെ പ്രഥമ മെത്രാനായി മാർപാപ്പ നിയമിച്ചു. അന്നുമുതൽ ഗാരോ ഹിൽസിൽ ദൈവരാജ്യം ഉറപ്പിക്കാൻ രാപകിലില്ലാതെ കഠിനാദ്ധ്വാനം ചെയ്യുകയാണ്. ജോർജ് മാമലശ്ശേരി1994-ൽ മെത്രാഭിഷേകത്തിന്റെ സുവർണ്ണജൂബിലിയാഘോഷിച്ചു. ഫാ. ബിജു പൂവ്വത്തിങ്കലിന്റെ ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. "മേഘാലയത്തിലെ ഗോത്രവർഗ്ഗക്കാരാണ് ഗാരോ ജനങ്ങൾ. കൂടുതൽ മലകളും കാടുകളും നിറഞ്ഞ പ്രദേശമാകയാൽ റോഡുകളുടെ സ്ഥിതി വളരെ പരിതാപകരമാണ്. ഉൾപ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് വന്യമൃഗങ്ങളുടെ ശല്യങ്ങൾ ധാരാളമാണ്. വിദ്യാഭ്യാസത്തിലും സാക്ഷരതയിലും വളരെ പിന്നോക്കമാണ് ഇവിടുയുള്ളവർ. ഇവിടുത്തെ ജനങ്ങൾ അനുഭവിക്കുന്ന ഏറ്റവും വലിയ വിപത്ത് മലേറിയ, മഞ്ഞപ്പിത്തം, ടൈഫോയിഡ് എന്നീ മാരകരോഗങ്ങളാണ്. ഓരോ വർഷവും അനേകം പേർ മലേറിയ രോഗം മൂലം മരിക്കുന്നു.

അജപാലന പ്രവർത്തനങ്ങൾക്ക് ടുറാ രൂപത വളരെയധികം ഊന്നൽ കൊടുക്കുന്നുണ്ട്. ഇവിടെയുള്ള മിഷനറിമാർ യേശു തന്റെ ശിഷ്യന്മാരെ അയച്ചതുപോലെ ഗ്രാമങ്ങൾ തോറും താമസിച്ച് അവരുടെ അദ്ധ്യാത്മികവും ഭൗതികവുമായ ആവശ്യങ്ങളിൽ അവരെ സഹായിക്കുന്നു. ഇവിടുത്തെ ആളുകൾ ഗോത്രവർഗ്ഗക്കാരെപ്പോലെ ഒന്നിച്ച് ഒരു ഗ്രാമത്തിൽ താമസിക്കും. അവർക്കിടയിൽ പ്രാകൃത വിശ്വാസം പുലർത്തുന്നവരും കത്തോലിക്കരും ബാപ്റ്റിസ്റ്റ്കാരുമെക്കെയുണ്ട്.മിഷനറിമാർ അവരുടെ കുടിലുകളിൽ താമസിച്ച് അവരെ പഠിപ്പിച്ച് കൂദാശ നൽകി അടുത്ത ഗ്രാമത്തിലേക്ക് നടന്നു നീങ്ങും. പലപ്പോഴും മണിക്കൂറുകളോളം മലകൾ കയറിയിറങ്ങി നീങ്ങണം. ജനങ്ങൾ സ്നേഹാദരവുകളോടെ ഉള്ളതിൽ നിന്ന് പങ്ക് വെച്ച് അവരെ സ്വീകരിക്കും. അങ്ങനെ പത്തും ഇരുപതും ചിലപ്പോൾ അതിൽ കൂടുതലും ദിവസങ്ങളോളം ഗ്രാമ യാത്ര കഴിഞ്ഞാണ് പള്ളികളിൽ എത്തിച്ചേരാറുള്ളത്. അതിനിടയിൽ പലപ്പോഴും മലേറിയ, മഞ്ഞപ്പിത്തം ഒക്കെ അവരെ പിടികൂടുന്നു. ഇത്രയെക്കെ വിഷമതകളിലും വളരെ സന്തോഷത്തോടും സംതൃപ്തിയോടും കൂടി നമ്മുടെ നാട്ടിൽ നിന്നുള്ള നിരവധി സഹോദരി-സഹോദരങ്ങൾ മാർ മാമലശ്ശേരിയ്ക്കൊപ്പം ദൈവിക വേലകളിൽ വ്യാപൃതരായിരിക്കുന്നു. മാർ ജോർജ് മെത്രാനായി നിയമിതനാകുമ്പോൾ വെറും 15 ഇടവകകളിലായി 58400 കത്തോലിക്കരെ ഈ രുപതയിൽ ഉണ്ടായിരുന്നുള്ളു. ഇന്ന് 35-ഓളം ഇടവകകളിലായി രണ്ടു ലക്ഷം കത്തോലിക്കാ വിശ്വാസികൾ സഭയുടെ ഉറ്റബലവും സ്രോതസ്സുമായി ഇവിടെയുണ്ട്. ഈ വളർച്ചയുടെ പിന്നിൽ ദൈവാനുഗ്രഹത്തോടൊപ്പം മാർ മാമലശ്ശേരിയുടേയും അദ്ദേഹം കെട്ടിപ്പെടുത്ത ഒരു മിഷനറി സമൂഹത്തിന്റേയും ആത്മാർത്ഥ കഠിനാദ്ധ്വാനമാണ് നാം കാണുന്നത്. ഒരു കാര്യം എടുത്തു പറയേണ്ടത് രൂപതയിൽ പണി

www.malankaralibrary.com

തീർത്തിട്ടുള്ള ഭൂരിപക്ഷം പള്ളികളുടേയും ഹോസ്റ്റൽ, മഠം, സ്കൂൾ, ഡിൻസ്പെൻസറി എന്നിവയുടെയെക്കെ എൻജിനിയറും ആർട്ടിസ്റ്റും എല്ലാം ബിഷപ്പ് മാമലശ്ശേരി ആണെന്നുള്ളതാണ്. കൂടാതെ രൂപതയിലെ അനേകം ഗ്രാമങ്ങളിൽ വില്ലേജ് ചാപ്പലുകളും ഗ്രാമവാസികൾക്ക് മെഡിക്കൽ സൗകര്യത്തിനായി ഡിസ്പെൻസറികളും സ്കൂളുകളും ധാരാളം പണിതീർത്തിട്ടുണ്ട്. ടുറായിലെ ഹോളിക്രോസ് ആശുപത്രിയും അതോടനുബന്ധിച്ച് ആരംഭിച്ച നഴ്സിംഗ് സ്കൂളിന്റേയും കാര്യം എടുത്ത് പറയേണ്ടതാണ്. മെത്രാനായി തന്റെ ദൗത്യം ആരംഭിച്ചപ്പോൾ വെറും അഞ്ച് രൂപതാ വൈദികരെ ഉണ്ടയിരുന്നുള്ളു. കൂടുതൽ ദൈവവിളിക്കായി പ്രത്യേകിച്ച് പ്രാദേശിക ദൈവവിളികൾക്കായി തന്റെ ആദ്യത്തെ അഞ്ചു വർഷത്തിനുള്ളിൽ തന്നെ സെന്റ് പീറ്റേഴ്സ് മൈനർ സെമിനാരി അദ്ദേഹം സ്ഥാപിച്ചു. അങ്ങനെ പുറത്തുനിന്നും അകത്തുനിന്നുമായി ഇന്ന് 42-ഓളം രൂപതാ വൈദികർ ഗാരോ ഹിൽസിൽ ഉണ്ട്. കൂടാതെ വിവിധ സഭാ വൈദികരും സിസ്റ്റേഴ്സും രൂപതക്കായി സേവനം ചെയ്യുന്നു." ഈ ഉദ്ധരണിയിൽ നിന്നും ടുറാ രൂപതയെപ്പറ്റിയും അവിടുത്തെ പ്രവർത്തനങ്ങളെപ്പറ്റിയും ഏകദേശ രൂപം എല്ലാവർക്കും ലഭിക്കുന്നതാണ്.

കഴിഞ്ഞ 26 വർഷത്തെ ദൈവിക സേവനത്തിന്റെ ഫലമായി ടുറാ രൂപതയെ ഇന്ത്യയിലെ വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന രൂപതയാക്കാൻ മാർ മാമലശ്ശേരിക്ക് സാധിച്ചു. ജനങ്ങളുടെ സമഗ്ര വികസനത്തെ ലക്ഷ്യമാക്കി വളരെയധികം സാമൂഹ്യ പ്രവർത്തനങ്ങൾ രൂപതയിൽ ആരംഭിച്ച് പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു. മറ്റു സമൂഹങ്ങളെ അപേക്ഷിച്ച് വളരെ പിന്നോക്കം നിൽക്കുന്ന ടുറാ രൂപതയിലെ നല്ല മനുഷ്യരെ മുന്നോക്കം കൊണ്ടുവരാനാണ് ബിഷപ്പ് മാമലശ്ശേരി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തന്റെ ജീവിതം ഗാരോ ജനങ്ങൾക്കുവേണ്ടി പൂർണ്ണമായി സമർപ്പിച്ചിരിക്കുകയാണ്. എന്റെ ഗാരോ ജനങ്ങൾ എന്ന് ആണ് വാത്സല്യപൂർവ്വം ജനങ്ങളെ വിളിക്കുന്നത്. ടുറാ രൂപതയുടേയും ജനങ്ങളുടേയും സമഗ്ര വികസനത്തിനും സമഗ്ര വിമോചനത്തിനുമായി വിശ്രമമില്ലാതെ പ്രവർത്തിക്കുന്ന മാമലശ്ശേരി പിതാവ് പ്രശംസകൾ വാങ്ങാനോ, പേരുണ്ടാക്കാനോ ഒരിക്കലും ഇഷ്ടപ്പെടാത്ത വ്യക്തിയാണ്. സമയമെന്ന ദൈവിക ദാനം ക്രിയാത്മകമായി ഉപയോഗിക്കാൻ പഠിച്ച വന്ദ്യ മാമലശ്ശേരി പിതാവിനെ ടുറാ രൂപതയിലെ ദൈവജനം മുഴുവൻ സ്നേഹത്തോടെ മാമാ (അങ്കിൾ) എന്നു വിളിക്കുന്നു. ടുറാ രൂപതയിലെ ദൈവിക പ്രവർത്തികൾക്ക് ചുക്കാൻ പിടിക്കുന്ന മാമലശ്ശേരി പിതാവ് അവിടുത്തെ പ്രാദേശിക ഭാഷകളായ ഗാരോ, റാമ്പാ, ആസാമീസ്, ഖാസി, ബംഗാളി എന്നീ ഭാഷകളിലും ഇംഗ്ലീഷ്, മലയാളം ഭാഷകളിലും നല്ല പാണ്ഡിത്യം നേടിയിട്ടുണ്ട്.

വിലാസം - ബിഷപ്പ് ഡോ. ജോർജ്ജ് മാമലശ്ശേരി, ബിഷപ്പ് ഹൗസ്, ടുറാ, വെസ്റ്റ് ഗാരോ ഹിൽസ്, മേഘാലയ-794001.

www.malankaralibrary.com



# 140

# സി.എൽ. ജോസ്

ക്രൈസ്തവാദർശങ്ങളിലും ധാർമ്മികമൂല്യങ്ങളിലും അടിയുറച്ചുനിന്ന് രചന നടത്തുന്ന, മലയാളികളുടെ ഏററം പ്രിയപ്പെട്ടനാടകകൃത്തായ സി.എൽ. ജോസ് 1932 ജൂൺ 4 ന് തൃശ്ശൂർ ചക്കാലക്കൽ കുടുംബത്തിൽ ലോനപ്പൻ മറിയക്കുട്ടി ദമ്പതികളുടെ പുത്രനായി ജനിച്ചു. 1949 ൽ സ്കൂൾ ഫൈനൽപാസ്സായി. ചെറുകഥകളും വിനോദഭാവനകളുമായി സാഹിത്യരംഗത്തേക്കു കടന്നുവന്ന ജോസ് നാടകരംഗത്ത് നിലയുറപ്പിച്ചു.

തൃശ്ശൂർ ക്ഷേമവിലാസം കുറി കമ്പിനി ലിമിററഡിൽ ജോലിയിൽ പ്രവേശിച്ചു. 1992 ൽ അസിസ്റ്റന്റ് മാനേജരായിരിക്കേ സർവ്വീസിൽ നിന്നും വിരമിച്ചു. നാടകരംഗത്ത് പ്രവർത്തിക്കാൻ തുടങ്ങിയിട്ട് 50 വർഷമായി. 1956 ൽ ആദ്യനാടകമായ മാനം തെളിഞ്ഞു പ്രസിദ്ധീകരിച്ചു. ഇതുവരെ 36 സമ്പൂർണ്ണനാടകങ്ങളും കുട്ടികൾക്കുള്ള ഒരു നാടകവും 12 സമാഹാരങ്ങളിലായി 65 ഏകാങ്കങ്ങളും നാടകത്തിന്റെ കാണാപ്പുറങ്ങൾ എന്ന ജീവിതസ്മരണകളും ചിരിയുടെ പൂരം എന്ന ഫലിതസമാഹാരവും ഓർമ്മകൾക്ക് ഉറക്കമില്ല എന്ന ആത്മകഥയും പ്രസിദ്ധപ്പെടുത്തി. ജോസിന്റെ പല നാടകങ്ങളും ചലച്ചിത്രമാക്കിയിട്ടുണ്ട്. മണൽക്കാട് നാടകം സെഞ്ചുറി ഫിലിംസ് അറിയാത്തവീഥികൾ എന്ന പേരിലും ശാപരശ്മി, അഗ്നിനക്ഷത്രം എന്ന പേരിലും ഭൂമിയിലെ മാലഖാ അതേപേരിലും ചലച്ചിത്രമാക്കിയിട്ടുണ്ട്.

ആകാശവാണിയുടെ അഖിലകേരള റേഡിയോ നാടകവാരത്തിൽ 14 വർഷം ജോസിന്റെ ഓരോ നാടകമുണ്ടായിരുന്നു. അതിനുപുറമേ നാടകവാരത്തിലല്ലാതെ 5 ഒരുമണിക്കൂർ നാടകങ്ങളും നാല് ഫാമിലി സീരിയൽ നാടകങ്ങളും 35 ലഘുനാടകങ്ങളും കേരളത്തിലെ വിവിധ റേഡിയോ നിലയങ്ങൾ പ്രക്ഷേപണം ചെയ്തു. മണൽക്കാട്, അഗ്നിവലയം എന്നീ റേഡിയോനാടകങ്ങൾ ആകാശവാണി ദേശീയപരിപാടിയിൽ ഉൾപ്പെടുത്തി 14 ഭാഷകളിൽ തർജ്ജമചെയ്ത് ഇന്ത്യയൊട്ടുക്ക് ഒരേ സമയത്ത് പ്രക്ഷേപണം ചെയ്തു.

ജോസിന്റെ ഏതാനും ഏകാങ്കങ്ങൾ ഹിന്ദിയിലേക്കും ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. കേരളസാഹിത്യഅക്കാഡമി ഇംഗ്ലീഷിലും നാഷണൽ ബുക്ക്ട്രസ്റ്റ് ഓഫ് ഇന്ത്യ ഹിന്ദിയിലും ഏകാങ്കങ്ങൾ പ്രസിദ്ധീകരിച്ചു. മണൽക്കാട്ട്, ജ്വലനം, യുഗതൃഷ്ണ എന്നീ നാടകങ്ങൾ യഥാക്രമം കേരള, കാലിക്കട്ട്, മഹാത്മാഗാന്ധി യൂണിവേഴ്സിററികളിൽ ബി.എ., ബി.എസ്സ്.സി. ക്ലാസ്സുകളിലെ പാഠപുസ്തകമായിട്ടുണ്ട്. ശ്രീ. ജോസ്

www.malankaralibrary.com

നാടകകൃത്ത് മാത്രമല്ല, നാടകനടനും നാടകസംവിധായകനും കൂടിയാണ്. ഒട്ടേറെ റേഡിയോ നാടകങ്ങളിലും ജോസ് അഭിനയിച്ചിട്ടുണ്ട്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും അമേരിക്ക, ജർമ്മനി, ഇംഗ്ലണ്ട്, ഗൾഫ് രാജ്യങ്ങൾ, സിംഗപ്പൂർ തുടങ്ങിയ വിദേശരാജ്യങ്ങളിലും ജോസിന്റെ നാടകങ്ങൾ അരങ്ങേറിയിട്ടുണ്ട്. നാടകങ്ങൾ സംവിധാനം ചെയ്യുകയും അതിൽ അഭിനയിക്കുകയും ചെയ്യുന്ന ഈ നാടകകൃത്തിന് രചനക്കുപുറമെ അഭിനയത്തിനും സംവിധാനത്തിനും അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

1962 ൽ മലയാള നാടക വില്പനയുടെ ചരിത്രത്തിൽ ഭൂമിയിലെ മാലാഖ റെക്കാർഡ് സൃഷ്ടിച്ചു. തൊണ്ണൂറ് ദിവസങ്ങൾക്കകം ഈ നാടകത്തിന്റെ രണ്ടായിരത്തിലധികം പ്രതികൾ വിററഴിക്കുകയുണ്ടായി. ജ്വലനം എന്ന നാടകം 1978 ലെ കേരളസാഹിത്യഅക്കാഡമി അവാർഡിനും കേരളഹിസ്റ്ററി കോൺഗ്രസ്സിന്റെ എം.ഒ. ജോസഫ് നെടുംകുന്നം സാഹിത്യ അവാർഡിനും അർഹമായി. മണൽക്കാട് നാടകത്തിന് കേരളാറൈറേഴ്സ് ഫെല്ലോഷിപ്പിന്റെ സാഹിത്യതാരം അവാർഡും ലഭിച്ചു. ഇവകൂടാതെ ജോസിന് 1983 ലെ റോട്ടറി സാഹിത്യഅവാർഡും 1986 ലെ കെ.സി.വൈ.എം. സാഹിത്യഅവാർഡും നേടി. ശാപരശ്മി നാടകം മഞ്ഞിലാൽ അഗ്നി നക്ഷത്രമെന്നപേരിൽ ചലച്ചിത്രമാക്കിയപ്പോൾ 1977 ലെ ഏററവും നല്ല ചലച്ചിത്രകഥയ്ക്കുള്ള മദ്രാസ് ഫിലിം ഫാൻസ് അവാർഡും മേഘധ്വനി നാടകത്തിന് 1990 ലെ കെ.സി.ബി.സി. സാഹിത്യ അവാർഡും സ്റ്റേററ് ബാങ്ക് ഓഫ് ഇന്ത്യയുടെ 1993 ലെ സാഹിത്യ അവാർഡും 1995 ലെ ദർശനാ അവാർഡും 1995 ലെ കുടുംബദീപം അവാർഡും നാടകത്തിന്റെ കാണാപ്പുറങ്ങൾ എന്ന ആത്മകഥയ്ക്ക് 1998 ലെ എ.കെ.സി.സി. സാഹിത്യ അവാർഡും 2000 ൽ ബി.എൽ.എം. ന്റെ കേരള സഭാതാരം അവാർഡും മലയാള നാടകവേദിക്ക് നൽകിയ സമഗ്രസംഭാവനക്കുള്ള 2001 ലെ കേരള സംഗീത നാടക അക്കാഡമിയുടെ സംസ്ഥാന അവാർഡും 2002 ലെ സിസ്റ്റർ മേരി ബനീഞ്ഞാ അവാർഡും, തൃശൂർ അതിരൂപത പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റിന്റെ സിൽവർ ജൂബിലി അവാർഡും ലഭിക്കുകയുണ്ടായി.

കേരളസംഗീത നാടക അക്കാഡമിയുടെ ചെയർമാനായി പ്രവർത്തിക്കുന്ന ജോസ്, കാലിക്കട്ട് യൂണിവേഴ്സിററിയുടെ മുൻ ഫൈൻ ആർട്സ് ഫാക്കൽററി അംഗം, തൃശൂർ ഫൈൻ ആർട്സ് സൊസൈററിയുടെ മുൻ പ്രസിഡണ്ട് എന്നിങ്ങനെ വിവിധ തലങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാഡമി, സമസ്തകേരളസാഹിത്യപരിഷത്, ആകാശവാണി ഉപദേശകസമിതി എന്നിവയിലും അംഗമായിരുന്നിട്ടുണ്ട്. തൃശൂർ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം കൂടിയാണ് ജോസ്.

1996 ൽ നാടക പ്രേമികളുടെ ക്ഷണം സ്വീകരിച്ച് അമേരിക്ക, ക്യാനഡ, കുവൈററ് എന്നീ വിദേശ രാജ്യങ്ങൾ സന്ദർശിച്ചു. നേരത്തെ പ്രസ്താവിച്ചതു കൂടാതെ ജീവിതം ഒരു കൊടുങ്കാററാണ്, പൊള്ളുന്ന പരമാർത്ഥങ്ങൾ

www.malankaralibrary.com


,വേദനയുടെ താഴ്‌വരയിൽ, നക്ഷത്രവിളക്ക്, തീപിടിച്ച ആത്മാവ്, കറുത്ത വെളിച്ചം, വിഷക്കാററ്, കരിഞ്ഞമണ്ണ്, വിശുദ്ധപാപം, അശനിപാതം, സൂര്യാഘാതം, ആദിസന്ധി, നഷ്ടസ്വർഗ്ഗം, ശോകപക്ഷി, നീർച്ചുഴി, മഴക്കാറുനീങ്ങി, വിളച്ചതുകൊയ്യുന്നു, സത്യം ഇവിടെ ദുഃഖമാണ്, മൃഗതൃഷ്ണ, ബലിപുഷ്പം, സീമ, വെളിച്ചംപിണങ്ങുന്നു, നാമ്പുകൾ നാളങ്ങൾ, ആമ്പൽപൂവിന്റെ ആത്മഗീതം, യുഗതൃഷ്ണ, മേഘനാദം (നാടകങ്ങൾ) കോളേജ് കുരുവികൾ, ഒളിയമ്പുകൾ, അവൾമാത്രം, മനസ്സിലൊരു ദീപം, ഭീതി, തീക്കനൽ, നൊമ്പരങ്ങൾ, മിഴിനീർപ്പൂക്കൾ (ഏകാങ്കങ്ങൾ) എന്നിവയും ജോസ് രചിച്ച കൃതികളാണ്.

ധാർമ്മികമൂല്യങ്ങളിലടിയുറച്ച ജീവിതവീക്ഷണത്തോടെ അഭിനയയോഗ്യതയും അവതരണക്ഷമതയും തികഞ്ഞ അനവധി നാടകങ്ങളെഴുതി പ്രശസ്തി നേടിയ ജോസ് സ്വന്തം രചനയുടെ മേന്മയും കരുത്തുമാണ് തന്റെ ശക്തി എന്ന് വിശ്വസിക്കുന്നു. അമചർ നാടകരംഗത്ത് ഇന്നും അദ്ദേഹം അനിഷേദ്ധ്യനായി മുന്നേറുന്നു.

വിലാസം - സി.എൽ. ജോസ്, ചക്കാലക്കൽവീട്, ലൂർദ്ദപുരം, തൃശൂർ-5

# 141

# ഫാ. ജോർജ് കമ്മട്ടിൽ വി. സി.



കേരളത്തിൽ സ്ഥാപിതമായ വിൻസെൻഷ്യൻ സഭയുടെ വളർച്ചയിൽ പ്രധാനപങ്കുവഹിച്ച ഫാ.ജോർജ് കമ്മട്ടിൽ വൈക്കം ചെമ്മനത്തുകരയിൽ മത്തായി ഏലമ്മ ദമ്പതികളുടെ ഒൻപതുമക്കളിൽ ഏററം ഇളയവനായി 1932 ആഗസ്റ്റ് 10-ാം തീയതി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം വൈക്കം സെന്റ് ലൂയീസ് സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം വൈക്കം ഗവൺമെന്റ് ഹൈസ്കൂളിലുമാണ് നടത്തിയത്. മരിയൻ സൊഡാലിററിയിൽ ബാല്യകാലത്തിൽതന്നെ ചേർന്ന് പ്രവർത്തിക്കുകയും ഇടവകയൂണിററ് സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുകയും ചെയ്തു.

1950-ൽ വിൻസെൻഷ്യൻ കോൺഗ്രിഗേഷന്റെ അങ്കമാലിയിൽ പ്രവർത്തിച്ചിരുന്ന മൈനർ സെമിനാരിയിൽ ജോർജ് പ്രവേശിച്ചു. 1951-ൽ നൊവിഷ്യേററിൽ പ്രവേശിച്ചു. 1952 മെയ് 22 ന് പ്രഥമവ്രതവാഗ്ദാനം നടത്തി. അക്കാലത്തെ നൊവിഷ്യേററ് മാസ്റ്റർ സ്പെയിൻ സ്വദേശിയായ ഫാ.ഫെർണാന്റോ ഇബിലിസിയേററ് ആയിരുന്നു. അദ്ദേഹം നൊവിഷ്യേററിലുണ്ടായിരുന്നവരെ പോപ്പുലർ മിഷൻ പ്രസ്ഥാനത്തെപ്പററി പഠിപ്പിക്കുകയും അദ്ദേഹ

www.malankaralibrary.com

ത്തിന്റെ നേതൃത്വത്തിൽ കേരളത്തിലാദ്യമായി സംഘടിപ്പിച്ച പോപ്പുലർ മിഷനിൽ അവരെയെല്ലാവരെയും പങ്കെടുപ്പിക്കുകയും ചെയ്തു. ഒരു ഗാനശുശ്രൂഷകനായിട്ടാണ് ബ്രദർ ജോർജ് കമ്മട്ടിൽ പ്രസ്തുത പോപ്പുലർ മിഷനിൽ പങ്കുചേർന്നത്. 1953-ൽ മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിൽ ഫിലോസഫി പഠനം ആരംഭിച്ചു. ആ വർഷം ഓറിയന്റൽ കോൺഗ്രിഗേഷന്റെ പ്രീഫെക്ടായിരുന്ന കാർഡിനൽ ടിസറന്റ് കേരളം സന്ദർശിച്ചു. കാർഡിനൽ ടിസറന്റ് തിരുമേനിയിൽനിന്നും ബ്രദർ കമ്മട്ടിൽ "ടോൺഷർ" സ്വീകരിച്ചു. മംഗലപ്പുഴ സെമിനാരിയിൽനിന്നും വൈദികവിദ്യാഭ്യാസം പൂർത്തിയാക്കിയ ബ്രദർ കമ്മട്ടിൽ 1960 മാർച്ച് 11-ാം തീയതി കാർഡിനൽ ജോസഫ് പാറേക്കാട്ടിൽനിന്നും എറണാകുളം സെന്റ് മേരീസ് കത്തീഡ്രലിൽവച്ച് വൈദികപട്ടം സ്വീകരിച്ചു. ഹൈസ്കൂൾ കാലഘട്ടത്തിലും സെമിനാരി വിദ്യാഭ്യാസകാലഘട്ടത്തിലും പ്രസംഗമത്സരങ്ങളിൽ സമ്മാനാർഹനായിട്ടുണ്ട്.

കൊരട്ടി സെന്റ് മേരീസ് ഫൊ.പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യനിയമനം. മൂന്നു വർഷക്കാലം (1960-1963) ആ സേവനം തുടർന്നു. സമീപ രൂപതകളിലെ പല പള്ളികളിലും ആഘോഷമായ പാട്ടുകുർബാനക്കും തിരുനാൾ പ്രസംഗങ്ങൾക്കുമായി ഫാ.കമ്മട്ടിൽ ക്ഷണിക്കപ്പെടുമായിരുന്നു. ഒരു വലിയ ഇടവകയായ കൊരട്ടിയിലെ മതപഠനത്തിനും യുവജനങ്ങളെ സംഘടിപ്പിക്കുന്നതിനും കമ്മട്ടിലച്ചൻ പ്രത്യേകം വൈദഗ്ദ്യം പ്രദർശിപ്പിച്ചിരുന്നു. കൊരട്ടിയിലും സമീപപ്രദേശങ്ങളിലുമുള്ള പള്ളികളിലെ ജനങ്ങളെ മുഴുവൻ പങ്കെടുപ്പിച്ചുകൊണ്ട് ജോർജച്ചൻ നേതൃത്വം നൽകിയ വിൻസെൻഷ്യൻ പോപ്പുലർ മിഷൻ വളരെയധികം ജനങ്ങളെ ആകർഷിച്ചിരുന്നു. ഇരിങ്ങാലക്കുട കേന്ദ്രമാക്കി സമീപപ്രദേശങ്ങളിലെ പള്ളികളിലെ ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഫാ.കമ്മട്ടിൽ നടത്തിയ പോപ്പുലർ മിഷൻ പരിപാടി കേരളമൊട്ടാകെ പോപ്പുലർ മിഷന് അംഗീകാരം നേടിക്കൊടുത്തു.

കൊരട്ടിയിൽനിന്നും ഉപരിപഠനത്തിനായി അമേരിക്കയിലെ ചിക്കാഗോ ഡി പോൾ യൂണിവേഴ്സിററിയിലേക്ക് ഫാ. കമ്മട്ടിലിനെ വിൻസൻഷ്യൻ സഭ അയക്കുകയുണ്ടായി. പഠനത്തോടൊപ്പം പലപള്ളികളിലും സഹവികാരിയായും സേവനം അനുഷ്ഠിച്ചു. അതോടൊപ്പം വിൻസെൻഷ്യൻ കോൺഗ്രിഗേഷന്റെ മിഷൻ പ്രൊക്യുറേററായും ഫാ.കമ്മട്ടിൽ നിയമിതനായി. ആ ജോലി വിജയപ്രദമായി നിർവ്വഹിച്ച ഫാ.കമ്മട്ടിൽ എം.എ, എം.എഡ്. ഡിഗ്രികളും കരസ്ഥമാക്കി. തുടർന്ന് ഡോക്ടറൽ സ്റ്റഡീസിനായി 1968 ജനുവരിയിൽ ന്യൂയോർക്കിലുള്ള സെന്റ് ജോൺസ് യൂണിവേഴ്സിററിയിൽ ചേർന്നു. ഈ അവസരത്തിലും ഇടവക ജോലിയും മിഷൻ പ്രൊക്യുറേററുടെ ജോലിയും തുടർന്നുകൊണ്ടിരുന്നു.

തന്റെ ജ്യേഷ്ഠ സഹോദരൻ ഫാ.മാത്യു കമ്മട്ടിൽ 1972-ൽ രോഗബാധി

www.malankaralibrary.com

തനായതിനെ തുടർന്ന് 1972–ആഗസ്റ്റിൽ ഫാ.ജോർജ് നാട്ടിലേക്ക് മടങ്ങി പ്പോന്നു. ഫാ.മാത്യുവിന്റെ നിര്യാണം അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചു. തുടർന്ന് അങ്കമാലി ആശ്രമത്തിൽ താമസിച്ചുവരവെ വിൻസെൻഷ്യൻ കോൺഗ്രിഗേഷന്റെ ജനറൽ ചാപ്ററിലേക്കും 1972 ഡിസംബർ 21–ാം തീയതി വിൻസെൻഷ്യൻ കോൺഗ്രിഗേഷന്റെ സുപ്പീരിയർ ജനറലായും ഫാ.കമ്മട്ടിൽ തിരഞ്ഞെടുക്കപ്പെട്ടു. തന്റെ പുതിയ സ്ഥാനലബ്ധിയെ തുടർ ന്ന് അന്ന് പുരോഗതിയിലേക്ക് നീങ്ങിക്കൊണ്ടിരുന്ന പോപ്പുലർ മിഷൻ പ്രസ്ഥാനത്തെ കേരളം മുഴുവൻ വ്യാപിപ്പിക്കുവാൻ ശ്രമിച്ചു. കൂടാതെ വിൻസെൻഷ്യൻ കോൺഗ്രിഗേഷന്റെ ഓരോ ശാഖാഭവനമെങ്കിലും എല്ലാ സീറോ-മലബാർ രൂപതകളിലും ആരംഭിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കി. 1978–ൽ വീണ്ടും സഭയുടെ സുപ്പീരിയർ ജനറലായി ഫാ. കമ്മ ട്ടിൽ തിരഞ്ഞെടുക്കപ്പെട്ടു. 12 വർഷക്കാലം സുപ്പീരിയർ ജനറൽ പദവിയി ലിരുന്നുകൊണ്ട് കോൺഗ്രിഗേഷന്റെ വളർച്ചയ്ക്കുവേണ്ടി അക്ഷീണം യത്നിച്ചു. കേരളത്തിലെ എല്ലാ രൂപതകളിലും കോൺഗ്രിഗേഷന്റെ ശാഖാ ഭവനങ്ങൾ ആരംഭിക്കുന്നതിനും ആന്ധ്രാപ്രദേശിലും ആഫ്രിക്കയിലും മിഷനുകൾ സ്ഥാപിക്കുന്നതിനും ഫാ.കമ്മട്ടിലിന് സാധിച്ചു. സുപ്പീരിയർ ജനറലായിരുന്ന പന്ത്രണ്ടുവർഷവും സന്യസ്തരുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയായി എറണാകുളം അതിരൂപതയിലെ പ്രീസ്റ്റ് സെനററിൽ അംഗമായിരുന്നു. കൂടാതെ കർദ്ദിനാൾ പാറേക്കാട്ടിൽ ട്രസ്റ്റിന്റെ എക്സിക്യൂ ട്ടീവ് കൗൺസിലിലും അദ്ദേഹം അംഗമായിരുന്നു.

രാഷ്ട്രദീപികയുടെ ഡയറക്ടർ ബോർഡിൽ സന്യസ്തരുടെ പ്രതിനിധിയായി മൂന്നുവർഷക്കാലം പ്രവർത്തിച്ചു. സുപ്പീരിയർ ജനറൽ ആയിരുന്നപ്പോഴും പിന്നീട് പ്രൊവിൻഷ്യൽ ആയിരുന്നപ്പോഴും മൂന്നുവർഷം വീതം കേരള കോൺഫറൻസ് ഓഫ് ദ മേജർ സുപ്പീരിയേഴ്സിന്റെ പ്രസി ഡന്റ് സ്ഥാനം വഹിക്കുകയും ചെയ്തു. ഈ രണ്ടു പ്രാവശ്യവും പി.ഒ.സി. യുടെ വൈസ്ചെയർമാൻ സ്ഥാനവും കേരള വൊക്കേഷൻ കൗൺസിലിന്റെ വൈസ്ചെയർമാൻ സ്ഥാനവും അദ്ദേഹം വഹിച്ചിട്ടുണ്ട്. 1983–ൽ ബാലാരി ഷ്ടിതയിൽ നീങ്ങിയിരുന്ന പ്രേഷിതാരം കോൺഗ്രിഗേഷന്റെ ഡയറക്ടറായി ഫാ.കമ്മട്ടിലിനെ കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനി നിയമിച്ചു. ആ സമൂഹത്തെ എല്ലാ നിലകളിലും പുരോഗതിയിൽ എത്തിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു. ആ ജോലി ഇന്നും അദ്ദേഹം തുടർന്നുകൊണ്ടി രിക്കുന്നു. ഏതാനും വർഷങ്ങൾക്കുശേഷം റോം കേന്ദ്രമായി പ്രവർത്തിക്കുന്ന അങ്കമാലിയിലെ ഫ്രാൻസിസ്കൻ ഹാൻഡ് മെയ്ഡ്സ് ഓഫ് ദ ഗുഡ് ഷെപ്പേർഡ് എന്ന സമൂഹത്തിന്റെ ഡയറക്ടറായി ഫാ.കമ്മട്ടിലിനെ കർദ്ദനാൾ ആന്റണി പടിയറ നിയമിച്ചു. ,, ആ ജോലിയും ഇപ്പോൾ തുടർന്നു കൊണ്ടി രിക്കുന്നു.

സഭയുടെ 1984–ലെ ജനറൽ ചാപ്റ്ററിൽവച്ച് ഫാ.കമ്മട്ടിലിനെ സുപ്പീ

www.malankaralibrary.com

രിയർ ജനറലിന്റെ കൗൺസിലറായി തിരഞ്ഞെടുത്തു. പോപ്പുലർ മിഷന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുവാൻ ഈ അവസരം അദ്ദേഹം പ്രയോജനപ്പെടുത്തി. ഈ കാലഘട്ടത്തിൽ ആലുവായിൽ പുതിയതായി സ്ഥാപിച്ച ഷേൺസ്റ്റാറ്റ് സ്റ്റഡിഹൗസിന്റെ പ്രഥമ റെക്ടറായി ഫാ.കട്ടിൽ നിയമിതനായി. പ്രസ്തുത ജോലിയിൽ വ്യാപൃതനായിരിക്കുന്ന അവസരത്തിലാണ് വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ മൂന്നു പ്രോവിൻസുകളായി വിഭജിക്കപ്പെട്ടത്. അങ്കമാലി കേന്ദ്രമായുള്ള മേരിമാതാ പ്രോവിൻസിന്റെ പ്രഥമപ്രോവിൻഷ്യലായി ഫാ.കമ്മട്ടിൽ തിരഞ്ഞെടുക്കപ്പെട്ടു. തുടർച്ചയായി രണ്ടുപ്രാവശ്യം ആ സ്ഥാനത്ത് തുടരുവാൻ അദ്ദേഹത്തിന് സാധിച്ചു. പിന്നീട് ആറു വർഷക്കാലം മേരിമാതാ പ്രോവിൻസിന്റെ തൃക്കാകരയിലെ മൈനർസെമിനാരിയിൽ റെക്ടറായി ജോലി നോക്കി. 2003 ജൂൺ മാസത്തിൽ മുരിങ്ങൂരിലുള്ള ഡിവൈൻ റിട്രീറ്റ് സെന്ററിലേക്ക് സ്ഥലം മാറി. പ്രസ്തുത സെന്ററിന്റെ കീഴിലുള്ള ബൈബിൾ കോളേജിന്റെ പ്രിൻസിപ്പലായും അലെക്സിയൻ ബ്രദേഴ്സിന്റെ ഡയറക്ടറായും ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നു.

എറണാകുളം അതിരൂപതയിലെ ആരാധനാമഠങ്ങളുടെയും സാധുസേവനസഭയുടെയും എപ്പിസ്കോപ്പൽവിസിറ്ററായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. പുതുതായി രൂപം കൊണ്ട വിൻസെന്ററിന്റെ (എരമല്ലൂർ) പ്രാരംഭദശയിലെ ഉപദേഷ്ടാവായും ജോർജച്ചനെയാണ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ നിയമിച്ചത്. സീറോ-മലബാർ സഭയുടെ അഡ്മിനിസ്റ്ററേറ്ററായിരുന്ന ആർച്ച്ബിഷപ്പ് മാർ അബ്രാഹം കാട്ടുമനയുടെ ഉപദേശകസമിതിയംഗം, എറണാകുളം അതിരൂപതയിലെ പാസ്റ്ററൽ കൗൺസിൽ അംഗം, എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി.

വികലാംഗരായ കുട്ടികൾക്കായി കാക്കനാട്ടുള്ള ഹോം ഓഫ് ഫെയ്ത്ത്, മന്ദബുദ്ധികൾക്കായുള്ള ഞാറള്ളൂരെ സ്നേഹഭവൻ, വൃദ്ധന്മാർക്കായുള്ള ഇളവൂരിലെ അനുഗ്രഹഭവൻ തുടങ്ങിയവ ഫാ.കമ്മട്ടിലിന്റെ പരിശ്രമഫലമായി സ്ഥാപിതമായതാണ്. Liliane Foundation for handicapped എന്ന നെതർലണ്ട് കേന്ദ്രമായുള്ള സംഘടനയുടെ കേരളത്തിലെ പ്രതിനിധിയായും മീഡിയേറ്ററായും ഇരുപതിലധികം വർഷം സേവനം അനുഷ്ഠിച്ചു. അതിനുള്ള അംഗീകാരമായി 2000 മാർച്ച് 14-ന് കലൂർ റിന്യൂവൽ സെന്ററിൽ ചേർന്ന സമ്മേളനത്തിൽവച്ച് പ്രസ്തുത സംഘടനയുടെ ആഗോള ഡയറക്ടർ മി.ഗീർട്ട് ഡൊള്ളേവോറ്റ് (Mr. Geert Dollevoet) കമ്മട്ടിലച്ചന് പ്രത്യേക പുരസ്കാരം നൽകിയാദരിച്ചു.

വിലാസം - ഫാ. ജോർജ് കമ്മട്ടിൽ വി.സി., ഡിവൈൻ റിട്രീറ്റ് സെന്റർ, മുരിങ്ങൂർ പി.ഒ., ചാലക്കുടി

www.malankaralibrary.com

# 142

# ജോസഫ് വന്നേരി



ബാംഗ്ലൂർ നഗര വികസനത്തിന്റെ നാഴികകല്ലായ റിംങ് റോഡിന്റെ പിറവി മലയാളിയായ ജോസഫ് വന്നേരി 1971 സെപ്റ്റംബർ 21-ന് ഡെക്കാൻ ഹൊറാൾഡ് എന്ന പത്രത്തിൽ എഴുതിയ ഒരു പത്രാധിപർക്കുള്ള കത്തിലാണ് ആരംഭിക്കുന്നത്. ആ കത്തിന്റെ തലക്കെട്ട് റിംങ് റോഡ് ഫോർ ബാംഗ്ലൂർ എന്നായിരുന്നു. ഒട്ടേറെ വ്യക്തികളുടേയും ഉന്നതരുടേയും പരിചിന്തനത്തിന് ഇടയാക്കിയ ഈ കത്തിലൂടെ വന്നേരി വെച്ച നിർദ്ദേശം 13 വർഷങ്ങൾക്കുശേഷമാണ് പ്രാവർത്തികമാക്കാനുള്ള ശ്രമം ആരംഭിച്ചത്. പിന്നെയും ഇരുപത് വർഷങ്ങൾക്കുശേഷമാണ് 2000 ത്തിൽ അത് പൂർത്തീകരിച്ചത്. 1977-ൽ വന്നേരി ചൂണ്ടികാണിച്ച അതേ റൂട്ടിലൂടെയാണ് റിംങ് റോഡ് പണി പൂർത്തീകരിക്കപ്പെട്ടത്. എന്നാൽ പാതയുടെ ഉൽഘാടന വേളയിൽ അതിന്റെ യഥാർത്ഥ പിതാവിനെ ആരും സ്മരിച്ചില്ല. ചടങ്ങിലേക്ക് അദ്ദേഹത്തെ അധികാരികൾ ഒന്നു ക്ഷണിക്കുക പോലുമുണ്ടായില്ല.

പേര് കൊണ്ട് തന്നെ വന്നേരി ഒരു മലയാളിയാണെന്ന് അറിയാം. ബാംഗ്ലൂരിന്റെ വികസനത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ച വന്നേരി 1932 ആഗസ്റ്റ് 22-ന് ഗുരുവായൂർ-പൊന്നാനി റൂട്ടിലെ വന്നേരിയിൽ ജനിച്ചു. കൊമ്പൻ എന്നാണ് വീട്ടുപേര്. വന്നേരി എന്ന സ്ഥലപ്പേരാണ് തൂലികാ നാമമായി സ്വീകരിച്ചത്. പിതാവിന്റെ പേര് തോമു എന്നും മാതാവിന്റെ പേര് റോസയെന്നുമായിരുന്നു. എലിയങ്ങാട്ട് സ്കൂളിലും പൊങ്ങാമുക്ക് ഹൈസ്കൂളിലും പഠിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തൊഴിലന്വേഷിച്ച് 1952-ൽ ബാംഗ്ലൂരിലെത്തി. ജലഹള്ളി എയർഫോഴ്സ് കാന്റീനിൽ ക്ലാർക്കായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1954-ൽ സർവ്വേ ഓഫ് ഇൻഡ്യയുടെ ബാംഗ്ലൂർ സതേൺ സർക്കിൾ ഓഫീസിൽ ടോപൊ സർവേയറായി പുതിയ ജോലിയിൽ പ്രവേശിച്ചു. ഇൻഡ്യയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും ഔദ്യോഗിക ആവശ്യത്തിനായി ചുറ്റിക്കറങ്ങുവാനും ബാംഗ്ലൂരിനെ പൂർണ്ണമായി അടുത്തറിയുവാനും സർവേയറുടെ ജീവിതം വഴിയൊരുക്കുകയുണ്ടായി.

ബാംഗ്ളൂരിന്റെ പല പുതിയ സംരഭങ്ങൾക്കും തുടക്കമിട്ടതും വന്നേരിയാണ്. 2005 ആഗസ്റ്റ് 27-ലെ മാധ്യമത്തിൽ വി.ബി ബിജു ഇപ്രകാരം എഴുതിയിരിക്കുന്നു. "നഗരത്തിലെത്തുന്ന വിദേശികളടക്കമുള്ളവർക്ക് ആശയ വിനിമയത്തിനുള്ള ആദ്യവേദിയായ ദി കോസ്മോ പൊളിറ്റൻ ഫ്രണ്ട് ഷിപ്പ് അസോസിയേഷൻ 1958-ൽ ബാംഗ്ലൂരിൽ തുടങ്ങിയത് വന്നേരിയായിരുന്നു. ഇപ്പോഴും സജീവമായി പ്രവർത്തിക്കുന്ന ബാംഗ്ലൂർ റൈറ്റേഴ്സ് ആന്റ്

www.malankaralibrary.com

ആർട്ടിസ്റ്റ് ഫോറത്തിന്റെ ഫൗണ്ടർ സെക്രട്ടറി, ബാംഗ്ലൂർ ക്രിസ്ത്യൻ റൈറ്റേഴ്സ് ഫോറത്തിന്റെ സ്ഥാപകൻ, 1953-ൽ ഐക്യകേരളം ആവശ്യപ്പെട്ട് ബാംഗ്ലൂരിൽ സംഘടിപ്പിച്ച സമ്മേളനത്തിന്റെ കൺവീനർ, ബാംഗ്ലൂരിൽ അച്ചടിച്ച ആദ്യ മലയാളം സുവനീറിന്റെ എഡിറ്റർ തുടങ്ങി നഗരത്തിൽ മലയാളികളുടെ മുന്നേറ്റങ്ങൾക്ക് വഴിമരുന്നിട്ട നിരവധി സംരംഭങ്ങൾക്ക് ചുക്കാൻ പിടിക്കാൻ വന്നേരിക്കായി.

ബ്രിട്ടീഷ് ലൈബ്രറിയിൽ നിന്നും ലഭിച്ച ടൗൺ പ്ലാനിംഗിനെപ്പറ്റിയുള്ള ഒരു പുസ്തകമാണ് ബാംഗ്ലൂരിൽ റിംഗ് റോഡെന്ന ആശയം നിർമ്മിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ശിവാജി നഗറിനെ കേന്ദ്രബിന്ദുവാക്കി കൃഷ്ണരാജപുരത്ത് നിന്ന് ആന്റിക്ലോക്ക് വൈസായി തുടങ്ങി കൽക്കരെ, തനിസാന്ദ്ര, ജാക്കൂർ ഹോസ്പിറ്റൽ ടൗൺ, പീനിയ കാമാക്ഷിപുര, പന്തരപുര, സുബ്രഹ്മണ്യപുര, എലച്ചനഹള്ളി, ദൊരസനിപാളയ, ബൊമ്മനഹള്ളി, അസ്സിപൂർ, ബെലന്തൂർ, മാർത്തഹള്ളി, സിംശായനാളയ അങ്ങനെ വീണ്ടും കൃഷ്ണരാജപുരത്ത് അവസാനിക്കുന്ന ഒരു വൃത്തപാതയുടെ റൂട്ടാണ് വന്നേരി ഗതാഗത വകുപ്പിന്റെയും ബാംഗ്ലൂർ വികസന അതോറട്ടറിയുടേയും ശ്രദ്ധക്കായി പത്രാധിപർക്കുള്ള കത്തിലൂടെ സമർപ്പിച്ചത്. വായനക്കാരിൽ നിന്നും നിരവധി പ്രതികരണങ്ങൾ ഉണ്ടായി. അധികാരികളുടെ ശ്രദ്ധയും പതിഞ്ഞു. അങ്ങനെയാണ് 13 വർഷങ്ങൾക്കുശേഷം വന്നേരിയുടെ പ്ലാൻ അനുസരിച്ച് റിംങ് റോഡ് പണി ആരംഭിച്ചത്. അതിന്റെ ഉൽഘാടനത്തിനുപോലും തന്നെ ക്ഷണിക്കാത്തതിൽ പരാതിപ്പെട്ടുമില്ല. മലയാള മനോരമയുടെ 2002 മെയ് 11-ലെ പത്രത്തിൽ ബാംഗ്ലൂർ ഡയറിയിൽ നഗരപാതയുടെ അറിയപ്പെടാത്ത ശില്പി എന്ന തലക്കെട്ടിൽ ഇപ്രകാരം എഴുതി. "ഔദ്യോഗിക ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ ജോസഫിന് തന്റെ സ്വപ്ന പദ്ധതിയുടെ വളർച്ചയെ പിന്തുടരാനായില്ല. തൊണ്ണൂറുകളിൽ യാദൃഛികത അദ്ദേഹത്തെ വീണ്ടും അതിലേക്ക് പിടിച്ചടിപ്പിക്കും വരെ. അപ്പോഴേക്കും ജോലിയിൽ നിന്നും വിരമിച്ച് കഴിഞ്ഞിരുന്ന ജോസഫിനെ ഒരു സ്വകാര്യ ഏജൻസി റിംങ്റോഡിന്റെ മാപ്പിങ് ചുമതലയേൽപ്പിക്കുകയായിരുന്നു. അപ്പോഴാണ് തന്റെ ആശയത്തിനുള്ള പ്രതികരണമായി ഒട്ടേറെ സ്വാഗതാർഹമായ നിർദ്ദേശങ്ങൾ വന്നിട്ടുള്ള കാര്യം അദ്ദേഹമറിയുന്നത്. ഒടുവിൽ റിംങ് റോഡ് ഗതാഗതത്തിന് തുറന്ന് കൊടുത്തപ്പോൾ ജോസഫിന് അതുവഴി ഓടണമെന്ന് തോന്നി.

എന്നിട്ടുമെന്തേ അദ്ദേഹത്തിന്റെ സംഭാവന ആരും അറിയാതെ പോയി. മറുപടി ജോസഫ് തന്നെ എഴുതി. അഞ്ചു ഭാഷകളിലേക്ക് വിവർത്തനം ചെയ്ത ചെറുകഥയാണ്. അമ്പതുകളിൽ വിധാൻ സൗധയുടെ നിർമ്മാണത്തിൽ പങ്കാളിയായ ഒരു ആശാരിയുടേയും ഭാര്യയുടേയും കഥ. സ്വന്തമെന്ന പോലെയായിരുന്നു അയാൾ ഓരോ നിമിഷവും കെട്ടിട നിർമ്മാണത്തിൽ പങ്കെടുത്തത്. നിർമ്മാണത്തിനിടയിൽ ഒരു ഭാഗം ഇടിഞ്ഞു വീണ് തന്റെ

www.malankaralibrary.com

കാലുപോലും നഷ്ടമായി. ഒടുവിൽ പണി പൂർത്തിയായ ദിവസം സൗധം കാണാൻ ചെല്ലുന്ന ആശാരിക്കും ഭാര്യക്കും കാവൽക്കാർ പ്രവേശനാനുമതി നിഷേധിക്കുന്നിടത്ത് കഥ അവസാനിക്കുന്നു."

കഥ വളരെ ഭംഗിയായിട്ടാണ് വന്നേരി അവസാനിപ്പിച്ചിരിക്കുന്നത്. ആട്ടിപ്പായിക്കപ്പെട്ടതിന്റെ വേദനയോടെ നടന്നു നീങ്ങുമ്പോൾ പോലീസിന്റെ തെണ്ടികൾ എന്ന വിളിയും ആശാരിയുടെ ചെവിയിൽ എത്തി. അതേ സമയം ഉൽഘാടന കർമ്മം നിർവ്വഹിച്ച രാഷ്ട്രപതി വിധാൻ സൗധത്തിന്റെ ശില്പിയെ അഭിനനന്ദിക്കുകയും ചെയ്തു. ഈ കഥയിലെ അനുഭവം തന്റെ ജീവിതത്തിൽ ആവർത്തിക്കുകയായിരുന്നു.

ഗുരുവായൂരിന് സമീപമുള്ള വന്നേരിയിൽ ജനിച്ച ജോസഫിന്റെ ഔദ്യോഗിക രേഖകളിലെ പേര് കെ. ടി ജോസഫ് എന്നായിരുന്നു. അന്തരിച്ച പ്രശസ്ത കവിയത്രി ബാലാമണിയമ്മയുടെ വീടിനടുത്തായിരുന്നു ജോസഫിന്റെ വീട്. ബാലാമണിയമ്മയോടും മകൾ കമലാദാസിനോടും ഉള്ള പരിചയം ചെറുപ്പത്തിലെ വത്തേരിയെ എഴുത്തിലേക്കു നയിക്കുകയുണ്ടായി. വിദ്യാർത്ഥിയായിരുന്ന കാലത്തും പിന്നീടും നവയുഗം, ജനയുഗം വാരികകളിൽ കഥകൾ എഴുതിയിരുന്നു. സത്യദീപത്തിലേയും കുടുംബ ദീപത്തിലേയും സ്ഥിരം എഴുത്തുകാരനായിരുന്നു വന്നേരി. ജോസഫ് മുണ്ടശ്ശേരി നവജീവൻ പത്രം തുടങ്ങിയപ്പോൾ അതിലെ സ്ഥിരം എഴുത്തുകാരനായി വന്നേരി. വി. ബി ബിജു എഴുതിയിരിക്കുന്നു "ചെറുപ്പത്തിൽ എഴുതിയ കവിതകളെല്ലാം ബാലാമണിയമ്മയേകൊണ്ട് വായിപ്പിച്ച് തിരുത്തുവാനുള്ള അവസരങ്ങളും കമലാദാസിനൊപ്പം നാടകം കളിച്ച് വളർന്നതുമെല്ലാം വന്നേരിയുടെ ഗൃഹാതുര സ്മരണകളായി ഇന്നും പച്ച പിടിച്ച് നിൽക്കുന്നു.

കഠിനാദ്ധ്വാനിയായ വന്നേരി മൈസൂർ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിന്നും (1976-78 വർഷങ്ങളിൽ) പൊളിറ്റിക്കൽ സയൻസിൽ എം.എ ഡിഗ്രി കരസ്ഥമാക്കി.


റിംങ് റോഡിന്റെ ഉൽഘാടന വേളയിൽ വന്നേരിയെ ആദരിച്ചില്ലെങ്കിലും 2000 ഒക്ടോബർ 2-ന് ടൈംസ് ഓഫ് ഇൻഡ്യ റിംഗ് റോഡിന്റെ തുടക്കം ഇങ്ങനെയെന്ന പേരിലും ദി ഹിന്ദു 2002 ആഗസ്റ്റ് 5-ന് പ്രശസ്തിയുടെ വൃത്തത്തിന് പുറത്ത് എന്ന പേരിലും വന്നേരിയെപ്പറ്റി ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി.

മുത്തൻകാവ്, ഒരുമനയൂർ, തൃശ്ശൂർ, എടക്കളത്തൂർ വറീയത് കൊച്ചാപ്പു-കുഞ്ഞലക്കുട്ടി ദമ്പതികളുടെ മകൾ ഇ.കെ. മർഗലീത്തയായിരുന്നു സഹധർമ്മിണി. അദ്ധ്യാപികയായിരുന്ന മർഗലീത്ത 2002-ൽ നിര്യാതയായി. കാലയവനികയ്ക്കുള്ളിൽ മറഞ്ഞ പ്രിയ പത്നി മർഗലീത്തയുടെ പാവനസ്മരണയ്ക്ക് ഉണരുന്ന ഓർമ്മകൾ എന്ന കവിതാ സമാഹാരം വന്നേരി പ്രസിദ്ധീകരിക്കുകയുണ്ടായി. ജീവിതത്തിൽ കടന്നുപോയ സ്ഥലങ്ങൾ, സംഭവങ്ങൾ, സ്മരണകൾ എന്നിവയെല്ലാം ഈ സമാഹാരത്തിൽ നിഴലിയ്ക്കുന്നുണ്ട്. 1990-ൽ റിട്ടയർ ചെയ്ത വന്നേരി 2002 വരെ മംഗളം പ്രസിദ്ധീകരണങ്ങ

www.malankaralibrary.com

ളുടെ ബാംഗ്ലൂർ ഓഫീസ് മാനേജരായിരുന്നു. ഈ മലയാളിയെ ബാംഗ്ലൂർ റിംങ് റോഡുള്ളടത്തോളം കാലം വിസ്മരിക്കാനാവില്ല. അധികാരികളും സർക്കാരും അദ്ദേഹത്തെ വിസ്മരിച്ചാലും ആ പാതയിലൂടെ കടന്നുപോകുന്ന മലയാളികൾ എന്നെന്നും വന്നേരിയെ സ്മരിക്കുകതന്നെ ചെയ്യും.
Address-K.T. Joseph, 44 Jolly Bhavan 5th cross, Gajendra nagar, Bangalore 560030

# 143



# ഫാ. റാഫേൽ തറയിൽ

പൗരോഹിത്യ ശുശ്രൂഷക്കിടയിലും പ്രകൃതിരഹസ്യങ്ങളുടെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെന്ന് ആയുർവേദ ചികിത്സാരംഗത്ത് പുതിയ കണ്ടെത്തലുകൾ നടത്തുകയും വരുംതലമുറകൾക്കായി അവയെല്ലാം സമർപ്പിക്കുകയും ചെയ്യുന്ന ഫാ.റാഫേൽ തറയിൽ 1932 സെപ്റ്റംബർ 8-ന് തൃശ്ശൂർ ജില്ലയിലെ കുറ്റൂർ വില്ലേജിൽ കൊട്ടേക്കാട്ട് കൊള്ളന്നൂർ തറയിൽ ഫ്രാൻസിസ് - കത്രീനാ ദമ്പതികളുടെ 8-ാമത്തെ പുത്രനായി ജനിച്ചു. പ്രാഥമികവിദ്യാഭ്യാസം ആട്ടോരും കുറ്റൂരുള്ള എൽ. പി. സ്ക്കൂളിലും ഹൈസ്ക്കൂൾ വിദ്യാഭ്യാസം കുറ്റൂർ ചന്ദ്രമെമ്മോറിൽ ഗവൺമെന്റ് സ്ക്കൂളിലുമായിരുന്നു. 1950-ൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ റാഫേൽ തൃശ്ശൂർ രൂപത സമ്മർ ക്ലാസ്സിൽ ചേർന്ന് മരിയോളജിയിലും സോഷ്യോളജിയിലും രൂപതയിൽ ഒന്നാമനായി ജയിച്ചു. സലേഷ്യൻസഭയിൽ ചേരാൻ തിരുപ്പത്തൂർ എത്തിയെങ്കിലും അനാരോഗ്യം മൂലം തിരിച്ചുപോന്നു. എങ്കിലും മിഷനറിയാകണമെന്ന ഉറച്ചതീരുമാനത്തിൽ തൃശ്ശൂർ രുപതയിൽനിന്നും അകലെയുള്ള കോഴിക്കോട് രൂപതയിൽ ചേർന്നു. മൈനർ സെമിനാരിയിലെ പഠനത്തിനുശേഷം മംഗലാപുരം സെമിനാരിയിൽ ചേർന്നു. 1954 -ൽ തലശ്ശേരി രൂപതയാരംഭിച്ചപ്പോൾ തലശ്ശേരി രൂപതയിൽ ചേർന്നു. സെമിനാരിയിൽ സബ്പ്രീഫക്ടറായി പ്രവർത്തിച്ചു. തിയോളജിക്കു പഠിക്കുമ്പോൾ ശ്രീ. ശങ്കരാചാര്യരുടെ സച്ചിദാനന്ദ എന്ന ദൈവവചനം ലാറ്റിനിൽ ഡിഫന്റ് ചെയ്തു. 1960 ഡിസംബർ മൂന്നിന് തലശ്ശേരി രൂപതയിൽവച്ച് വൈദികപട്ടം സ്വീകരിച്ച് പ്രഥമദിവ്യബലിയർപ്പിച്ചു.

മാതാപിതാക്കൾ അന്ന് ബോംബെയിൽ താമസമായതിനാൽ ഫാ. റാഫേൽ ബോംബെയിലെ സിവറി പള്ളിയിൽ ജോലിനോക്കി. തലശ്ശേരി ബിഷപ്പിന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരിയിലേക്ക് പോരുകയും പേരാവൂർ അസിസ്റ്റന്റ് വികാരിയായി ചാർജെടുക്കുകയും ചെയ്തു. കൊട്ടിയൂർ മേൽച്ചാർത്തിന്റെയും കുടിയിറക്കിന്റെയും കാലഘട്ടമായിരുന്നു അത്. ഫാ.

www.malankaralibrary.com

വടക്കനോടും ബി. വെല്ലിംഗ്നോടും ഒപ്പം കുടയേറ്റകർഷകസമരത്തിന് നേതൃത്വം നൽകി കർഷകസമരം വിജയിപ്പിച്ചു. പിന്നീട് നെടുംപുറംചാലിലെ വികാരിയായി നിയമിതനായി. അതേസമയം പേരാവൂർ പള്ളിയിലെ അസിസ്റ്റന്റ് ആയിരുന്നു. പേരാവൂർ പള്ളിക്ക് തൊട്ടടുത്തുള്ള ഡോ. തങ്കത്തിന്റെ ആശുപത്രിയിൽ ഒരു രോഗിക്ക് അന്ത്യകൂദാശ കൊടുക്കുവാൻ റാഫേൽ അച്ചൻ അവിടെയെത്തി. അവിടെ അസഹനീയമായ ദുർഗന്ധം അനുഭവപ്പെട്ടു. എന്താണ് കാരണമെന്ന് അച്ചൻ തിരക്കി. വടക്കുവശത്തെ തിണ്ണയിൽ ഒരു മേശമേൽ ഒരു മുസ്ലീം സഹോദരൻ ഇരുന്ന് തന്റെ കാലിൽ പാമ്പുകടിയേറ്റുണ്ടായ വ്രണത്തിൽനിന്നും വെളുത്തുരുണ്ട വാലുള്ള പുഴുക്കളെ തീപ്പെട്ടികമ്പുകൾകൊണ്ട് തോണ്ടി ഇട്ടിരുന്ന കാഴ്ച അച്ചനെ വല്ലാതെ വേദനിപ്പിച്ചു. പണം കൊടുക്കാത്തതിനാൽ വ്രണം രണ്ടുമാസമായി അഴിച്ച് കെട്ടി കഴുകാത്തതുകൊണ്ടാണ് ഈ പുഴു ഉണ്ടായതെന്ന് അച്ചന് മനസ്സിലായി. അച്ചൻ അയാളെ കണ്ണൂർ ആശുപത്രിയിൽ കൊണ്ടുപോയി ചികിത്സിച്ച് സുഖപ്പെടുത്തി. മലബാറിലെ മലയോരകർഷകർക്ക് ചിലവു കുറഞ്ഞ ചികിത്സ ഉണ്ടാകേണ്ടതിന്റെ അവശ്യകത അച്ചന് ബോദ്ധ്യപ്പെട്ടു. സ്വന്തംതൊടികളിൽ വളരുന്ന ഔഷധച്ചെടികളെ ഉപയോഗിച്ച് ചികിത്സിക്കാമെന്ന് അദ്ദേഹം കണ്ടുപിടിച്ചു. വിഷചികിത്സ-മരണവുമായുള്ള മൽപ്പിടുത്തമാകയാൽ ചികിത്സിക്കാൻ ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റാവശ്യമായിവന്നു. ആയുർവേദത്തിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിഗ്രിയാണ് വിഷവൈദ്യം. അതിനാൽ ആയുർവേദം ആദ്യം മുതൽ പഠിച്ചു. വിഷവൈദ്യപരീക്ഷയിൽ ഒന്നാം റാങ്കുകാരനായി പാസ്സായി.

ഒരേ പേരിൽ പലമരുന്നുകൾ കണ്ടപ്പോൾ ശരിയും തെറ്റും നിശ്ചയിക്കുവാൻ ബോട്ടണിയെ ആശ്രയിക്കേണ്ടിവന്നു. അങ്ങനെ പലവർഷം കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ ബോട്ടണി ഡിപ്പാർട്ടുമെന്റിനെ ആശ്രയിക്കേണ്ടിവന്നു. കന്നാറയിലുള്ള കെ.എഫ്.ആർ. ഐ.യിലെ ടാസ്ക്കോണമിസ്റ്റായ ശശിധരൻ സാറിന്റെ ആത്മാർത്ഥമായ സഹായം നിർലോഭം ലഭിച്ചു. വടക്കേ ഇന്ത്യൻ മിഷനറിസുഹൃത്തുക്കളുടെ നിർബന്ധം മൂലം ഇന്ത്യൻഭാഷകളിലെ പേരുകളും ചേർത്ത് ഗ്രന്ഥം രചിക്കേണ്ടിവന്നു. യൂണിവേഴ്സിറ്റിയിലെ ബോട്ടണിതലവന്റെയും വാട്ടർ അതോറട്ടിയുടേയും നിർദ്ദേശപ്രകാരം ചെടികളുടെ വിവരണവും രാസഘടനയും ആ ഗ്രന്ഥത്തിൽ ചേർക്കേണ്ടിവന്നു. പലപല ആയുർവേദ ഡോക്ടർമാരും ആവശ്യപ്പെട്ടതനുസരിച്ച് ഔഷധച്ചെടികളുടെ ആയുർവേദത്തിൽ പറഞ്ഞിട്ടുള്ള ഔഷധഗുണങ്ങളും ഉപയോഗക്രമവും ചേർത്തു. പടം കണ്ടാൽ എളുപ്പം ഔഷധചെടികളെ തിരിച്ചറിയാമെന്നതിനാൽ കഴിയുന്നത്ര പടങ്ങളും വരച്ചു ചേർത്തു. കേരളത്തിലെ സ്ഥലഭേദമനുസരിച്ച് പരസ്പരബന്ധമോ സാമ്യമോ ഇല്ലാത്ത പേരുകളിലാണ് പല ഔഷധചെടികളും അറിയപ്പെടുന്നത്(ഉദാ:- നിലംതെങ്ങ്= മുക്കുറ്റി = തീണ്ടാനാഴി) അതിനാൽ പ്രദേശികനാമങ്ങൾ തേടിപ്പിടിച്ച് ചേർക്കേ

www.malankaralibrary.com

ണ്ടിവന്നു.ചുരുക്കത്തിൽ ഔഷധസസ്യങ്ങൾ ഒരു ശാസ്ത്രീയഗ്രന്ഥമായിമാറി.

2003 നവംബർ രണ്ടിലെ സൺഡേ ശാലോമിൽ പ്ലാത്തോട്ടം മാത്യു എഴുതിയലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ. "എണ്ണായിരം സസ്യങ്ങളുടെ സമ്പൂർണ്ണ വിവരങ്ങളും ശാസ്ത്രീയനാമങ്ങളുൾപ്പെടെ ചിത്രങ്ങളോടെ തയ്യാറാക്കുകയെന്നത് മനുഷ്യന് സാധ്യമായകാര്യമല്ല. പക്ഷെ മനുഷ്യന് അസാദ്ധ്യമായത് ദൈവത്തിന് സാദ്ധ്യമാണ്" അദ്ദേഹം പറയുന്നു. നല്ലൊരു ചിത്രകാരൻ കൂടിയായ ഫാ. തറയിൽ സ്വന്തമായി വരച്ചചിത്രങ്ങളാണ് സസ്യങ്ങൾ തിരിച്ചറിയുന്നതിനായി അച്ചടിച്ചിട്ടുള്ളത്. വിഷ ചികത്സക്കായി പാമ്പുകളെപ്പറ്റി ശാസ്ത്രീയമായി പഠിക്കുന്നതിനുവേണ്ടി മുപ്പതു വർഷത്തോളം നൂറിൽപ്പരം വിഷപ്പാമ്പുകളെ സ്വന്തം മുറിയിൽ കൂട്ടിൽ വളർത്തിയിട്ടുള്ള ഫാ. റാഫേൽ തറയിൽ ശ്രദ്ധേയമായ വളരെയേറെ കണ്ടെത്തലുകൾ ഇതുവഴി നേടിയിട്ടുണ്ട്.

മിൽമയുടെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ ആന്ധ്രാപ്രദേശ്, കർണ്ണാടക, തമിഴ്നാട്, കേരളം ഉൾപ്പെട്ട ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള മൃഗഡോക്ടർമാർക്കുള്ള പരിശീലന പരിപാടിയിൽ ക്ലാസ് എടുത്തപ്പോൾഉപയോഗിച്ച ചാർട്ടുകളും ചിത്രങ്ങളും വിവരങ്ങളും പുസ്തരൂപത്തിലാക്കി ലഭ്യമാക്കണമെന്ന അഭ്യർത്ഥനയുടെ ഫലമാണ് ശാസ്ത്രീയ മൃഗചികത്സ എന്ന ഗ്രന്ഥത്തിന്റെ പ്രസദ്ധീകരണത്തിന്റെ പിന്നിൽ......... ആയുർവ്വേദത്തിനുപുറമേ, ഹോമിയോപ്പതി, ഹെർബോമിനറൽ, വിഷവൈദ്യം ഇവയിലെല്ലാം പാണ്ഡിത്യമുള്ള തറയിൽ 1968 -ൽ സംസ്ഥാന തലത്തിൽ നടന്ന ആയുർവ്വേദ പാരമ്പര്യവൈദ്യ പരീക്ഷയിൽ ഒന്നാം റാങ്കോടെയാണ് പാസ്സായത്. കാട്ടു പ്രദേശങ്ങൾ ഏറെയുണ്ടായിരുന്ന കുടിയേറ്റകാലത്ത് പല ഇടവകകളിലും സേവനമനുഷ്ഠിക്കുവേ, പാമ്പുകടിയേറ്റ് നരകയാതനയനുഭവിക്കുന്ന, അകാലമരണമടയുന്നവരുടെ ദുഃഖസ്ഥിതികണ്ട് മുംബൈയിലെ കെ.ഇ.എം ഹോസ്പിറ്റലിൽ പോയി വിഷവൈദ്യം സംബന്ധിച്ച് അദ്ദേഹം ഉപരിപഠനം നടത്തിയിട്ടുണ്ട്".

ഓരോ ഔഷധസസ്യങ്ങളെയും കുറിച്ച് സമ്പൂർണ്ണമായും ശാസ്ത്രീയമായും ചിട്ടപ്പെടുത്തിയാണ് ഫാ. റാഫേൽ തന്റെ ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നത്. സ്ഥിരോത്സാഹവും ദൃഢനിശ്ചയവും കൊണ്ട് എന്തും നേടാൻ സാധിക്കുമെന്നതിന് തെളിവാണ് ഫാ. റാഫേൽ തറയിലിന്റെ ഗ്രന്ഥങ്ങൾ. നീണ്ടകാലത്തെ പൗരോഹിത്യസേവനത്തിനിടയിൽ കണ്ടും കേട്ടും അനുഭവിച്ചറിഞ്ഞും അറിഞ്ഞ കാര്യങ്ങൾ താൻ ജീവിക്കുന്ന സമൂഹത്തിനായി വിനയോഗിക്കണമെന്ന ചിന്തയാണ് നാം ഈ ഗ്രന്ഥ നിർമ്മിതിയിൽ കാണുന്നത്. ഇന്നത്തെ തലമുറയിൽപ്പെട്ട ഭൂരിപക്ഷത്തിനും ഔഷധങ്ങളെക്കുറിച്ചുള്ള ജ്ഞാനം പരിമിതമായിരിക്കെ ഇത്തരത്തിലുള്ള പഠനങ്ങളും ഗ്രന്ഥങ്ങളും മഹാ അനുഗ്രഹമാണ്. ഫാ. റാഫേലിന്റെ ഈ രംഗത്തെ പ്രവർത്തനങ്ങളെ മണിപ്പാൽ അക്കാഡമിക് ഓഫ് ഹയർ എഡ്യുക്കഷനിലെ

www.malankaralibrary.com

ഡോ.എം.എച്ച് വല്യത്താൻ, ഉൾപ്പെടെ നിരവധിപേർ പ്രശംസിച്ചിട്ടുള്ളത്.

1997-ലെ കർഷകൻ മാസികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു "വർഷങ്ങളായി കൈമുതലാക്കിയ അനുഭവങ്ങളുടെയും പഠനങ്ങളുടെയും വെളിച്ചത്തിലാണ് ഫാ. റാഫേലിന്റെ ചികിത്സ. പാമ്പുകടിയേറ്റ് അച്ചന്റെയടുക്കൽ വന്നിട്ടുള്ളവരാരും ഇന്നേവരെ നിരാശരാകേണ്ടി വന്നിട്ടില്ല. ജീവന്റെ ഒരു കണികയെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ ഏതു കൊടിയ പാമ്പു വിഷത്തിനും ചികിത്സ അച്ചന്റെ പക്കലുണ്ട്. പകലെന്നോ രാത്രിയെന്നോ നോക്കാതെ പതിനായിരക്കണക്കിന് രോഗികളെ ചികത്സിച്ചിട്ടുണ്ട്. ഓരോ രോഗിയുടെയും രോഗലക്ഷണങ്ങളും നൽകിയ മരുന്നുകളും അവയുടെ ഫലങ്ങളും ദോഷങ്ങളുമെല്ലാം കിറുകൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്".

അച്ചന്റെ പഠനഗവേഷണങ്ങളും എല്ലാം കൂടിചേർത്ത് എട്ടു വാല്യങ്ങളായി പ്രസിദ്ധപ്പെടുത്തേണ്ട അത്യപൂർവ്വവും മഹത്തരവുമായ ആയുർവ്വേദ വിവരങ്ങളുടെ അക്ഷയഖനിയാണ് അദ്ദേഹത്തിന്റെ പക്കലുള്ളത്. അതിൽ ഒന്നാം വാല്യം പ്രസിദ്ധീകരിച്ചു. സ്വരാക്ഷരങ്ങളിൽ തുടങ്ങുന്ന സസ്യങ്ങളെക്കുറിച്ചു മാത്രമാണ് എഴുന്നൂറിലധികം പേജുകളിലുള്ള വാല്യത്തിൽ പറഞ്ഞിരിക്കുന്നത്. ഇതുവരെ മലയാളത്തിലും മറ്റുഭാഷകളിലും പുറത്തിറങ്ങിയിട്ടുള്ള ഗ്രന്ഥങ്ങളിൽ ഏറ്റം ശ്രദ്ധേയമാണ് ഔഷധസസ്യങ്ങൾ എന്ന പേരിട്ടിരിക്കുന്ന ഈ ഗ്രന്ഥം.

ചികത്സാരംഗത്തെന്ന പോലെ അജപാലനശുശ്രൂക്ഷയിലും അച്ചൻ നിതാന്ത ജാഗ്രത പുലർത്തുകയുണ്ടായി. 1966-ൽ മൈസൂറിലെ ഷിമോഗാ കുടിയിറക്കിൽ 250 ഓളം വീട്ടുകാരെ മരച്ചുവടുകളിലേക്കു തള്ളപ്പെട്ടപ്പോൾ -അതിൽ മൂന്നു കുട്ടികൾ മരണമടഞ്ഞപ്പോൾ അവരുടെ ഇടയിൽ അച്ചൻ ത്യാഗപൂർണ്ണമായ സേവനം അനുഷ്ഠിച്ചു. നെന്മേനി, ചെറുപുഴ, ചെമ്പനോട്, ആര്യപ്പറമ്പ്, നെല്ലിക്കാംപൊയിൽ, വെമ്പുവ, കൊന്നക്കാട് തുടങ്ങിയ പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. ഇരുന്ന സ്ഥലങ്ങളിലെല്ലാം റോഡുകൾ വെട്ടുന്നതിനും സ്കൂളുകൾ സ്ഥാപിക്കുന്നതിനും ആശുപത്രികൾ സ്ഥാപിക്കുന്നതിനും പുതിയ കുരിശുപള്ളികളും പള്ളികളും സ്ഥാപിക്കുന്നതിനും വേദപാഠത്തിനായി സ്കൂളുകൾ നിർമ്മിക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്. നിരവധി പള്ളികൾ പുതുക്കി പണിതിട്ടുണ്ട്. അച്ചൻ എല്ലാ രംഗത്തും മികവ് തെളിയിക്കുകയുണ്ടായി.

റാഫേൽ അച്ചൻ പഠിച്ച് കൈ വച്ച മറ്റൊരുമേഖലയാണ് തച്ചുശാസ്ത്രം. പല ആശാരിമാരും തച്ചുശാസ്ത്രത്തിന്റെ എ.ബി.സി.ഡി. പോലും അറിയാതെ വലിയ ആധികാരികത്വം നടിച്ച് മനുഷ്യരെ ബുദ്ധിമുട്ടിക്കുന്നതു കണ്ടപ്പോഴാണ് അച്ചൻ ഈ രംഗത്ത് പഠനം നടത്തി പ്രവർത്തന രംഗത്തേക്കിറങ്ങിയത്. മുന്നൂറിൽ പരം വീടുകൾക്ക് സ്ഥാനം കണ്ട് കുറ്റിയടിക്കാൻ അച്ചന് കഴിഞ്ഞിട്ടുണ്ട്. അച്ചൻ സേവനം അനുഷ്ഠിച്ചിട്ടുള്ള എല്ലാ സ്ഥലങ്ങളിലും പാവങ്ങൾക്ക് ഭവനം ഉണ്ടാക്കികൊടുക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

www.malankaralibrary.com

ഹൈസ്കൂൾ വിദ്യാഭ്യാസകാലത്ത് ഓട്ടം, ഫാൻസിഡ്രസ്, കവിതാരചന, പ്രസംഗം തുടങ്ങിയവക്ക് സമ്മാനം നേടിയിട്ടുണ്ട്. കന്നടയിലും മലയാളത്തിലും ഇംഗ്ലീഷിലും ഉള്ള വിവിധ പത്രമാസികളിൽ അച്ചനെ പറ്റി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കവിതയെഴുത്തും ചെറുകഥയെഴുത്തും അച്ചന് താല്പര്യമുള്ള വിഷയങ്ങളാണ്. നിരവധി കവിതകളും ചെറുകഥകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. തറയിൽ കുടുംബ ചരിത്രമാണ് അദ്ദേഹത്തിന്റെ പ്രഥമ കൃതി. പിന്നീട് ഉണ്ണീശോയുടെ നിത്യനവനാൾ, ആയുർവ്വേദത്തിൽ 'അ' മുതൽ 'ഔ' വരെ യുള്ള ഔഷധസസ്യങ്ങൾ 1-ാം ഭാഗം ആണ് മറ്റൊരു ഗ്രന്ഥം. അടുത്തത് 'ക' വർഗ്ഗത്തിൽ 1000 പേജുള്ള ഔഷധസസ്യങ്ങൾ രണ്ടാം ഭാഗം, ശാസ്ത്രീയ മൃഗവൈദ്യം, ശാസ്ത്രീയ വിഷവൈദ്യം എന്നിവയാണ് മറ്റു കൃതികൾ, ഇപ്പോൾ കരിവഞ്ചാലിലുള്ള ശാന്തിഭവനത്തിൽ വിശ്രമജീവിതം നയിക്കുന്നു.
വിലാസം - ഫാ. റാഫേൽ തറയിൽ, ശാന്തിഭവൻ, കരിവഞ്ചാൽ P.O.

# 144



## ടി.ടി. മുണ്ടയ്ക്കൽ

## (തോമസ് മുണ്ടയ്ക്കൽ)

ഗ്രന്ഥകാരൻ, പ്രഭാഷകൻ, വിദ്യാഭ്യാസപ്രവർത്തകൻ, സാമൂഹ്യപ്രവർത്തകൻ എന്നിങ്ങനെ വിവിധ നിലകളിൽ അറിയപ്പെടുന്ന ടി.ടി. മുണ്ടയ്ക്കൽ വൈക്കം ഉദയനാപുരത്തുള്ള പുരാതനമായ മുണ്ടയ്ക്കൽ കുടുംബത്തിൽ തൊമ്മച്ചി ആശാൻ - ഏലമ്മ ദമ്പതികളുടെ മകനായി 1932 നവംബർ 7-ാം തീയതി ജനിച്ചു. സംഗീതത്തിലും കൃഷിയിലും ഒരുപോലെ തല്പരനായിരുന്നു പിതാവ്. സാധുക്കളോട് കരുണയുള്ളവളായിരുന്നു മാതാവ്. ആ മാതാപിതാക്കൾ നൽകിയ മാതൃകാപരമായ ജീവിതം തോമസിനെ ഒരു അൾത്താരബാലനാക്കി. വേദപാഠക്ലാസ്സുകളിൽ ഒന്നാം സ്ഥാനക്കാരനായിരുന്ന തോമസ് ഭക്തസംഘടനകളിൽ സജീവാംഗമായിരുന്നു. പല സംഘടനകളുടേയും ഭാരവാഹിയും നല്ല മാർക്കോടെ മലയാളം ഏഴാം ക്ലാസ്സും ഫസ്റ്റ് ക്ലാസ്സോടെ മെട്രിക്കുലേഷനും പാസ്സായി.

തേവര സേക്രട്ട്ഹാർട്ട് കോളേജിൽ പഠിച്ച് മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്ന് ഇന്റർമീഡിയേറ്റും റാഞ്ചിയൂണിവേഴ്സിറ്റിയിൽനിന്നും ബി.എ., ബി.എഡ്., എം.എ. ബിരുദങ്ങളും നേടി. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ലാറ്റിൻ ഭാഷകൾ പഠിച്ചു. സംസ്കൃതത്തിലും ബംഗാളി, തമിഴ്ഭാഷകളിലും സാമാ

www.malankaralibrary.com

ന്യപരിജ്ഞാനവും നേടി. 1969 മുതൽ 1979 വരെ ബീഹാർ ഹാഡാരി ബാഗിലെ സെന്റ് സേവിയേഴ്സിലും 1981 വരെ തിരുവനന്തപുരത്ത് ലയോളായിലും 1983 മുതൽ 1996 വരെ കളമശ്ശേരി രാജഗിരിയിലും ഇംഗ്ലീഷ് അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. 1963 മുതൽ 1979 വരെ ഹാഡാരിബാഗ് സെന്റ് മേരീസ് സ്കൂൾ ഡയറക്ടറായും 1981-83 കാലത്ത് തേവര ജയമാതാകോളേജിൽ പ്രിൻസിപ്പലായും പ്രവർത്തിച്ചു.

കവിത, ചെറുകഥ, ലേഖനം, നാടകം എന്നിവ ആനുകാലികങ്ങളിൽ ചെറുപ്പം മുതലേ എഴുതിക്കൊണ്ടിരുന്നു. ക്രിസ്മസ് ഗാനങ്ങളടങ്ങിയ തിരുമുൽക്കാഴ്ചയാണ് പ്രസിദ്ധീകൃതമായ ആദ്യകൃതി. Childrens Treasure പ്രഥമ ഇംഗ്ലീഷ്കൃതിയും 1959 ൽ രഹസ്യമായ പരസ്യം എന്ന ലേഖനപരമ്പരയും ഒന്നുരണ്ടുകവിതകളും കർമ്മലകുസുമത്തിലും നരകത്തിലെ കരിങ്കാലികൾ സത്യദീപത്തിലും പ്രകാശിതമായി. ഹാഡാരിബാഗ് സെന്റ്സേവിയേഴ്സിൽ അരങ്ങേറി രണ്ടുദിവസം അഭിനയിച്ച് പ്രേക്ഷകരുടെ അഭിനന്ദനങ്ങളും അനുമോദനങ്ങളും നേടിയ This Country, My country എന്ന നാടകം പ്രസിദ്ധീകരിക്കുവാൻ സാധിച്ചില്ല. കോട്ടയത്ത് ദീപികയിൽ പ്രസദ്ധീകരണത്തിനായി എടുത്തിരുന്ന മായാത്തമഴവില്ല് എന്ന നോവലും സോഫിയാചേച്ചി എന്ന നാടകവും ബഹു.വിൽഫ്രഡ് സി.എം.ഐ.യുടെ നിര്യാണം മൂലം നഷ്ടമായി. അക്കാലത്ത് ടി.ടി. മുണ്ടയ്ക്കൽ ബീഹാറിലായിരുന്നു. 1979 ൽ നാട്ടിൽ തിരിച്ചെത്തിയതോടെ എഴുതുവാനുള്ള ജന്മവാസന സടകുടഞ്ഞെഴുന്നേറ്റു. ഇക്കാലത്ത് തിരിയും മുന്തിരിയും എന്ന നാടകം പ്രസിദ്ധീകരിച്ചു. അനുവദിക്കില്ല എന്ന ചരിത്രനോവൽ കുടുംബദീപത്തിലും പ്രസിദ്ധീകരിക്കുകയുണ്ടായി.

വാഴ്ത്തപ്പെട്ട അൽഫോൻസാമ്മ നൽകിയ പ്രചോദനം നിമിത്തമാണ് ജീവചരിത്രരചനയിൽ ഒരു നൂതനസരണി ആവിഷ്ക്കരിക്കുകയും ആത്മകഥാകഥനത്തിന്റെ സങ്കേതം സ്വീകരിച്ച് അൽഫോൻസാമ്മ കഥപറഞ്ഞാൽ എന്ന ഗ്രന്ഥം രചിക്കുകയും ചെയ്തത്. അതിന്റെ രണ്ടായിരം കോപ്പികൾ രണ്ടുമാസംകൊണ്ട് ചെലവായത് തേവര ജനതാബുക്സിന്റെ റെക്കോർഡ് സെയിൽ ആയിരുന്നുവെന്നാണ് പ്രസാധകനും കുടുംബദീപം എഡിറ്ററുമായിരുന്ന ബഹു.റ്റി.എ. ആന്റണി സി.എം.ഐ. അഭിപ്രായപ്പെട്ടത്. ആ പുസ്തകത്തിന്റെ നാലാംപതിപ്പ് അടിക്കുവാൻ വൈസ്പോസ്റ്റുലേറ്റർ ബഹു. ഫ്രാൻസീസ് വടക്കേൽ ഏറ്റെടുത്തിരിക്കുകയാണ്.

ആ ഗ്രന്ഥത്തിന് സഹൃദയർ നൽകിയ വലിയ അംഗീകാരം നിമിത്തമാണ് അതേരീതിയിൽ, കേരളത്തിൽ ഇതേവരെ വാഴ്ത്തപ്പെട്ടവർ എന്നു നാമകരണം ചെയ്യപ്പെട്ട എല്ലാ ധന്യാത്മാക്കളുടെയും ചില വിശുദ്ധരുടെയും ജീവചരിത്രമെഴുതുവാൻ ബന്ധപ്പെട്ട വൈസ് പോസ്റ്റുലേറ്റർമാരും മുണ്ടയ്ക്കനോട് ആവശ്യപ്പെട്ടത്. തദനുസരണം ചാവറയച്ചൻ കഥപറഞ്ഞാൽ, കഥപറയും സ്നേഹസൂനം, കഥപറയുന്ന എവുപ്രാസിയാമ്മ, പാവങ്ങളുടെ

www.malankaralibrary.com

കുഞ്ഞച്ചൻ, കുട്ടികളുടെ കൂട്ടുകാരൻ, കുട്ടികളുടെ കൂട്ടുകാരി, അത്ഭുതപ്രവർത്തകൻ, ആരെസോയിലെ ഭാഗ്യതാരം, പാവങ്ങളുടെ അമ്മ തുടങ്ങിയവ എഴുതിയതും. ഇപ്പോൾ Sisters of Jesus Mary എന്ന മഠം സ്ഥാപക ദൈവദാസി മറിയസ്പിനേല്ലിയുടെ ജീവചരിത്രരചനയിലാണ് ടി.ടി. മുണ്ടയ്ക്കൽ.

വിവിധ ശാഖകളിലായി നാല്പതിലധികം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ചെറുകഥക്കും ബൈബിൾ നാടകത്തിനും കെ.സി.ബി.സി. മാദ്ധ്യമക്കമ്മീഷന്റെ അവാർഡും കഥപറയുന്ന പാവങ്ങളുടെ അമ്മ എന്ന മദർതെരേസായുടെ ജീവചരിത്രത്തിന് തൃശൂർ മേരിവിജയത്തിന്റെയും I.C.A. of Florida യുടെയും സാഹിത്യ അവാർഡുകളും ലഭിച്ചിട്ടുണ്ട്.

അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവിന്റെയും മറ്റും പ്രേരണനിമിത്തമാണ് അത് Listen to Mother therese എന്ന പേരിൽ ഗ്രന്ഥകാരൻതന്നെ പരിഭാഷപ്പെടുത്തിയത് A.T.C. ബാംഗ്ലൂർ പ്രസിദ്ധീകരിച്ച ആ ഇംഗ്ലീഷ് പരിഭാഷ, Simon of schuster U.K. Ltd. ഏറ്റെടുത്ത് Blessed Mother Teresa- Her journey to your Heart എന്ന പേരുമാറ്റി ഇംഗ്ലണ്ട്, അയർലണ്ട് എന്നിവിടങ്ങളിൽനിന്നും പ്രസിദ്ധീകരിച്ചു. അതിന്റെ പതിനായിരക്കണക്കിന് കോപ്പികൾ ആഗോളവ്യാപകമായി വിറ്റഴിഞ്ഞിട്ടുണ്ട്. അതിന്റെ പരിഭാഷ DER ANGEL DER ARMEN ജർമ്മനിയിൽനിന്നും SOBAKHAN GEEJUK കൊറിയയിൽ നിന്നും പ്രകാശിതമായി. മറ്റു പലഭാഷകളിലേക്കും അതുതർജ്ജിമചെയ്തുവരുന്നു. ജർമ്മൻ പരിഭാഷയ്ക്ക് സമ്മാനമായി പി.പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പാ തന്റെ കൈയ്യൊപ്പുചാർത്തിയ ഒരു ഫോട്ടോ ടി.ടി. മുണ്ടയ്ക്കലിന് അയച്ചു കൊടുത്തിട്ടുണ്ട്.

അഖിലകേരളാടിസ്ഥാനത്തിൽ നടത്തിയ ബൈബിളധിഷ്ഠിത ചെറുകഥാമത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ നന്മയുടെ നറുമലരുകൾ എന്ന സമാഹാരത്തിന് 2001 ലെ മാടപ്പാട്ട് അവാർഡും അദ്ദേഹത്തിന് ലഭ്യമായി. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളും അമേരിക്ക, ഇംഗ്ലണ്ട്, ഇറ്റലി എന്നീ രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്. അമേരിക്കയിൽ ആറുമാസം താമസിച്ച സന്ദർഭത്തിലാണ് വേണ്ടത്ര ഗവേഷണങ്ങളും പഠനങ്ങളും നടത്തി St.Jude the Heavenly Helper എന്ന ഗ്രന്ഥവും നാട്ടിൽ വന്നപ്പോൾ അതിന്റെ തർജ്ജിമ "അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനും" എഴുതിയത്.

ഹാഡാരിബാഗിലെ അദ്ദേഹത്തിന്റെ സെന്റ് മേരീസ് സ്കൂൾ കെട്ടിടവും എഴുപത്തിയെട്ട് സെന്റ് സ്ഥലവും മദർ തെരേസായ്ക്ക് കുറഞ്ഞവിലക്ക് നൽകിയതും ആ ധന്യയുമായി ഇടപഴകുവാൻ ഇടയായതും ഒരു വലിയ ഭാഗ്യമായി മുണ്ടയ്ക്കൽ കരുതുന്നു. ഒരുപിടിചോറെങ്കിലും നൽകി ഒരു സാധുവിനെ സഹായിക്കുവാൻ സാധിക്കുമെങ്കിൽ അപ്രകാരം ചെയ്യണമെന്നുള്ള മദർതെരേസായുടെ നിർദ്ദേശമനുസരിച്ച് ഒരു അനാഥനെ എടുത്ത് വളർത്തി പഠിപ്പിച്ച് ഏതെങ്കിലും ഒരു തൊഴിലാക്കികൊടുക്കുന്ന പ്രക്രിയ 1980 മുതൽ അദ്ദേഹം ചെയ്തുവരുന്നു. വലിയ സമാധാനവും

www.malankaralibrary.com

സംതൃപ്തിയും നൽകുന്നതിനിടയാക്കുന്നുവെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

സമസ്തകേരളസാഹിത്യപരിഷത്തിന്റെ പത്രാധിപസമിതിയംഗം, അഖിലകേരളകത്തോലിക്കാകോൺഗ്രസ്സിന്റെ എറണാകുളം അതിരൂപതാ ജനറൽ സെക്രട്ടറി, കെ.സി.എസ്സ്.എൽ.ന്റെ സംസ്ഥാനവൈസ്പ്രസിഡന്റ്, സീറോമലബാർ അൽമായ കോൺഗ്രസ്സിന്റെ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച ടി.ടി. മുണ്ടയ്ക്കൽ ഇടവക, രൂപതാതലങ്ങളിലും പ്രാദേശിക തലത്തിലും നിരവധി പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. റിട്ടയേർഡ് ഹെഡ്മിസ്ട്രസ്സ് ശ്രീമതി മേരിയാണ് സഹധർമ്മണി.

വിലാസം - ശ്രീ.ടി.ടി. മുണ്ടയ്ക്കൽ, ജയമാതാ, തേവര, കൊച്ചി - 682013

# 145

# ജോസഫ് കോട്ടപ്പറമ്പൻ



പ്രമുഖചരിത്രകാരനായ ജോസഫ് കോട്ടപ്പറമ്പൻ ആലപ്പുഴ തത്തംപള്ളിയിൽ കോട്ടപ്പറമ്പിൽ തോമസിന്റെയും ചങ്ങനാശ്ശേരി കളത്തിൽ ത്രേസ്യാമ്മയുടെയും മകനായി 1932 ഡിസംബർ 1 നു ജനിച്ചു. തത്തംപള്ളി സെന്റ് മൈക്കിൾസ് സ്കൂൾ, ആലപ്പുഴ ലിയോതേർട്ടീൻത് ഹൈസ്കൂൾ, ചങ്ങനാശ്ശേരി എസ്.ബി. കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

എറണാകുളം അതിരൂപതയിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന 'മലബാർ മെയിൽ' ദിനപ്പത്രത്തിന്റെ ആലപ്പുഴ ലേഖകനായി 1957 മുതൽ പ്രവർത്തിച്ചു പിന്നീട് ആലപ്പുഴയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന കേരളശ്രീസായാഹ്നപത്രം എഡിറ്റുചെയ്തു. 1980 മുതൽ 87 വരെ ആലപ്പുഴ പഴയങ്ങാടി മാർസ്ലീബാഫൊറോനാപള്ളിയുടെ അക്കൗണ്ടന്റായി പ്രവർത്തിച്ചു. പിന്നീട് ആ ജോലി രാജിവെച്ച് ആലപ്പുഴയിൽ നിന്നും നാരയത്ത് ശ്രീ. എൻ.ജെ. മാത്യുവിന്റെ ഉടമസ്ഥതയിൽ പ്രസിദ്ധീകരിച്ചിരുന്ന 'മുന്നണി' എന്ന സായാഹ്നദിനപത്രത്തിന്റെ മാനേജരായും പിന്നീട് എഡിറ്ററായും ജോലി ചെയ്തു.

പിന്നീട് ആലപ്പുഴ സാജ്പ്രിന്റേഴ്സിന്റെ മാനേജരായി ജോലിചെയ്തു. ഈ കാലഘട്ടത്തിൽ പല സുവനീറുകൾ എഡിറ്റുചെയ്തു. സുവനീറുകളിലും മറ്റ് ആനുകാലികങ്ങളിലുമായി ചരിത്രസംബന്ധമായ നിരവധി ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു.

തത്തംപള്ളി സി.വൈ.എം.എ. യുടെ 75 വർഷത്തെ ചരിത്രം (1998) പ്രക്കാടൻ കുടുംബചരിത്രം (1999) തത്തംപള്ളി എന്ന ദേശത്തിന്റെ കഥ

www.malankaralibrary.com

(2001) പുറക്കാട് രാജ്യവും ചെമ്പകശ്ശേരിയും (2003) എന്നീ ഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. പുറക്കടുരാജ്യവും ചെമ്പകശ്ശേരിയും എന്ന ചരിത്രഗ്രന്ഥത്തിന് കേരളാഹിസ്റ്ററി കോൺഗ്രസ്സ് ഏർപ്പെടുത്തിയിട്ടുള്ള 2003 ലെ വിചാരലോകം സാഹിത്യ അവാർഡ് 2004 ഫെബ്രുവരി 2 നു ലഭിച്ചു. കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ചിരസ്ഥായിയായ യശസ്സാർജ്ജിച്ചിട്ടുള്ള ചെമ്പകശ്ശേരിയെക്കുറിച്ചും ചരിത്രാതീതകാലം മുതൽ കേരളത്തിനു വിദേശരാജ്യങ്ങളുമായുണ്ടായിരുന്ന ബന്ധങ്ങളുടെ സുവർണ്ണസ്മൃതികളുണർത്തുന്ന പുറക്കാടു രാജ്യത്തെക്കുറിച്ചും ഈ പ്രദേശങ്ങളുമായി ബന്ധപ്പെടുത്തി നിരവധി വിഷയങ്ങളെക്കുറിച്ചുമുള്ള രേഖാചിത്രങ്ങളുമാണ് ഈ ഗ്രന്ഥത്തിന്റെ സവിശേഷതകൾ. കേരളത്തിന്റെ മത, സാമൂഹ്യ സാംസ്കാരിക ചരിത്രത്തിൽ പുറക്കാടിനും ചെമ്പകശ്ശേരിക്കുമുള്ള പ്രാധാന്യം വരച്ചുകാട്ടുന്ന ചരിത്രഗവേഷണഗ്രന്ഥമാണിത്. യുദ്ധം, സംസ്കാരം, മതം തുടങ്ങിയ മനുഷ്യജീവിതവുമായി ഏറ്റവും അടുത്ത തലങ്ങളെ ഈ കൃതിയിൽ വിശദമായി അപഗ്രഥിക്കുന്നു.

പ്രസിദ്ധപണ്ഡിതനും സാഹിത്യനിരൂപകനുമായ അമ്പലപ്പുഴ രാമവർമ്മ ഈ കൃതിയെ ഇപ്രകാരം വിലയിരുത്തുന്നു. "എന്റെ ജന്മദേശത്തിന്റെ ചരിത്രമാകയാൽ ഈ കൃതിയോട് വ്യക്തിപരമായി എനിക്കുവളരെ അടുപ്പംതോന്നി. പ്രധാനമായി ആറുമേഖലകളെ കേന്ദ്രീകരിച്ചാണ് ഇതെഴുതിയിട്ടുള്ളത്. 1. ചരിത്രപരം, 2. സാംസ്കാരികം, 3. കലാപരം, 4. സാഹിത്യപരം, 5. സാമൂഹികം, 6. മതപരം. ചരിത്രകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും ദൃഷ്ടിയിൽ അറിയപ്പെട്ടതും ഇനിയും അറിയപ്പെടേണ്ടതുമായ അനവധി കാര്യങ്ങൾ ഗവേഷണബുദ്ധിയോടെ അദ്ദേഹം ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു."

സത്യസന്ധമായ അന്വേഷണം, നിഷ്പക്ഷമായ നിരീക്ഷണം, നിഷ്കൃഷ്ടവും ഹൃദ്യവുമായ പ്രതിപാദനം എന്നിവ ഈ കൃതിക്ക് ഔത്കൃഷ്ട്യം നൽകുന്നു. പഴയകാലത്തെ കാര്യങ്ങൾ മാത്രമല്ല, വർത്തമാനകാലത്തെ സ്ഥിതികളും ഇതിൽ പരാമർശിക്കുന്നു. അതും ഈ കൃതിയുടെ മേന്മയാണ്. (ഓറ മാസിക - 2003 ആഗസ്റ്റ്)

ശ്രീ ജോസഫിന്റെ "തത്തംപള്ളി എന്ന ദേശത്തിന്റെ കഥ" തത്തംപള്ളി സെന്റ് മൈക്കിൾസ് ദേവാലയത്തിന്റെ ചരിത്രപശ്ചാത്തലത്തിൽ നിന്നുകൊണ്ട് രചിച്ചതാണ്. തത്തംപള്ളി എന്ന ദേശത്തിന്റെ കഥ ഈ കൃതിയിലൂടെ അനാവരണം ചെയ്യുന്നു.

ആലപ്പുഴ കണ്ടത്തിൽപറമ്പിൽ മാത്തച്ചന്റെയും റോസമ്മയുടെയും മകൾ തങ്കമ്മയാണ് ഭാര്യ.

വിലാസം - ജോസഫ് കോട്ടപ്പറമ്പിൽ, പാലസ് വാർഡ്, ആലപ്പുഴ

www.malankaralibrary.com

# 146

# ഫാ. പ്രൊഫ. ജോർജ് നെടുങ്ങാട്ട് S.J.



വിവിധഭാഷാ പണ്ഡിതൻ, കാനൻ നിയമ വിദഗ്ധൻ, ഗ്രന്ഥകാരൻ എന്നിങ്ങനെ വിവിധ നിലകളിൽ അറിയപ്പെടുന്ന ഈശോ സഭാംഗമായ ഫാ. ജോർജ്ജ്, മുവാറ്റുപുഴയ്ക്കു സമീപമുള്ള പെരിങ്ങഴ ഗ്രാമത്തിൽ നെടുങ്ങാട്ട് കുടുംബത്തിൽ കുഞ്ഞുപാപ്പന്റെയും മറിയത്തിന്റെയും മകനായി 1932 ഡിസംബർ 21-ന് ജനിച്ചു. തിരുവല്ലാ രൂപതയുടെയും പിന്നീട് വെത്തേരി എപ്പാർക്കിയുടെയും വികാരി ജനറളായിരുന്ന മോൺ. മാത്യു നെടുങ്ങാട്ട് ഉൾപ്പെടെ പല പ്രമുഖരായ വൈദികരെയും സഭയ്ക്കു സംഭാവന ചെയ്ത ഒരു കുടുംബമാണ് നെടുങ്ങാട്ട് കുടുംബം.

ഹൈസ്കൂൾ വിദ്യാഭ്യാസനന്തരം1950-ൽ ജോർജ്, ഈശോ സഭയിൽ ചേർന്നു. ജോർജ് സ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്തു തന്നെ പക്വത യാർന്ന വ്യക്തിയായിട്ടാണ് അയൽക്കാരും സഹപാഠികളും കണ്ടിരുന്നത്. ഞായറാഴ്ച കുർബ്ബാന സമയത്ത് ലേഖനം വായിക്കാൻ അദ്ദേഹം ഏർപ്പെടുത്തപ്പെട്ടിരുന്നു. ഇടവകയിലെ സണ്ടേ സ്കൂളിൽ വേദപാഠം പഠിപ്പിച്ചിരുന്നു. തന്റെ ഇടവകയിൽ (കല്ലൂർക്കാട്) അദ്ദേഹം മരിയൻ സൊഡാലിറ്റി സ്ഥാപിച്ചു. അതിന്റെ ആഭിമുഖ്യത്തിൽ ഒരു ലൈബ്രറിയും സംഘടിപ്പിച്ചു. ആ ലൈബ്രറിയിലുണ്ടായിരുന്ന പുസ്തകങ്ങളിലധികവും വീടുകളിൽ നിന്നു ശേഖരിച്ചവയായിരുന്നു. പഠനത്തിലും കലകളിലും അദ്ദേഹം ഒരു പോലെ കഴിവു തെളിയിച്ചു. ഭക്തിയിലും കളിക്കളത്തിലും ഫലിത സാമർത്ഥ്യത്തിലും മുന്നിട്ടു നിന്ന ജോർജ്ജ് പ്രസംഗമത്സരങ്ങളിൽ പല സമ്മാനങ്ങൾ നേടി. ഈശോ സഭയിൽ നോവീസ് ആയിരുന്ന കാലത്തു തന്നെ പല ധ്യാന പ്രസംഗങ്ങൾ നടത്തി; എല്ലാം ശ്രോതാക്കളുടെ മനസ്സിൽ പതിയുന്നവയായിരുന്നു.

ഇന്നു ഫാ. നെടുങ്ങാട്ട് രാജ്യാന്തര പ്രശസ്തി നേടിയിട്ടുള്ള ഒരു പണ്ഡിതനാണ്. കഴിഞ്ഞ 30 വർഷമായി അദ്ദേഹം റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ അദ്ധ്യാപനം നിർവഹിക്കുന്നു. അതേ സ്ഥാപനത്തിൽ നിന്നാണ് 1973 ൽ പൗരസ്ത്യകാനൻ നിയമത്തിൽ അദ്ദേഹം ഡോക്ടറേറ്റ് നേടിയത്. അവിടെ പ്രസ്തുതവകുപ്പിന്റെ ഡീൻ ആയി പ്രവർത്തിച്ചു. പ്രൊഫസറായിരിക്കുന്നതിനു പുറമേ, അനേകം ഗ്രന്ഥങ്ങളുടെയും ലേഖനങ്ങളുടെയും രചയിതാവുമാണ് അദ്ദേഹം.

ഓറിയന്റൽ കോഡിന്റെ പരിഷ്ക്കരണം സംബന്ധിച്ച പൊന്തിഫിക്കൽ കമ്മീഷന്റെ കൺസൾട്ടർ എന്ന നിലയിൽ അദ്ദേഹം നിർവ്വഹിച്ച സേവനം വളരെ വിലപ്പെട്ടതാണ്. ഈ കമ്മീഷൻ വിവിധ സ്റ്റഡി ഗ്രൂപ്പുകളും കമ്മറ്റി

www.malankaralibrary.com

കളുമായിട്ടാണ് അതിന്റെ പ്രവർത്തനം നിർവ്വഹിച്ചത്. മൂന്ന് സബ് കമ്മീഷനുകളിൽ ഫാ. നെടുങ്ങാട്ട് അംഗമായിരുന്നു. ക്ലെറിക്സിനെയും എക്ലേഷ്യാറ്റിക്കൽ മജിസ്റ്റീറിയത്തെയും സംബന്ധിച്ച സബ്കമ്മറ്റിയുടെ റിലേറ്റർ എന്ന നിലയിൽ ആ വിഷയത്തെക്കുറിച്ചുള്ള നിയമങ്ങളും അദ്ദേഹമാണ് ഡ്രാഫ്റ്റ് ചെയ്തത്. പൗരസ്ത്യ സഭകളെ സംബന്ധിച്ച കോഡ് ഓഫ് കാനൺസിന്റെ പേരുതന്നെ രൂപപ്പെട്ടത് അദ്ദേഹത്തിന്റെ ഒരു ലേഖനത്തിന്റെ ആശയത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. അങ്ങനെ പുതിയ കോഡിന്റെ തലക്കെട്ടിൽത്തന്നെ അദ്ദേഹത്തിന്റെ അടയാളം പതിഞ്ഞിരിക്കുന്നു. Codex Canonum Elesiarum Orientation Canon 28 -1 ലുള്ള rite ന്റെ നിർവ്വചനം അദ്ദേഹത്തിന്റെ സംഭാവനയാണ്. അതിൽ സംസ്ക്കാരത്തിന്റെ പ്രാധാന്യത്തിനു വേണ്ടത്ര പ്രാധാന്യം നൽകപ്പെട്ടിട്ടുണ്ട്. അതേ കാനന്റെ 2 ൽ ഒരു ചെറിയ Clause (risi aliud constant) ഉണ്ട്. അതുമൂലം സഭയിൽ പുതിയ റീത്തുകൾക്ക് സാദ്ധ്യത നല്കപ്പെട്ടിരിക്കുന്നു. CCEO യുടെ പല കാനണുകളിലും സംസ്ക്കാര സാത്മീകരണം സംബന്ധിച്ച അദ്ദേഹത്തിന്റെ താത്പര്യം പ്രകടമാകുന്നുണ്ട്. അത് സംസ്ക്കാരവൈവിധ്യത്തോടുള്ള ആദരത്തിന് അടിവരയിടുന്നു. കാനൺ 373 ന്റെ പേരിൽ പൗരസ്ത്യസഭകൾ എക്കാലവും അദ്ദേഹത്തോടു കടപ്പെട്ടിരിക്കും. ആ നിയമം വിവാഹിതരായ വൈദികരെയും ബ്രഹ്മചാരികളായ വൈദികരെയും തുല്യ നിലയിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ഈ കാനൺ വഴി കത്തോലിക്കാസഭയിൽ വിവാഹിത വൈദികർക്കെതിരെ ദീർഘകാലമായി നിലനിന്ന വിവേചനത്തിന് അറുതി വന്നിരിക്കുന്നു. ഈ വർഷത്തെ Studia Canonicaയിലെ ഒരു ലേഖനത്തിൽ ഡോ. നെടുങ്ങാട്ട് ഇക്കാര്യം വിശദീകരിച്ചിട്ടുമുണ്ട്. ദൈവശാസ്ത്രജ്ഞന്മാർക്ക് സഭയിലുള്ള സ്ഥാപനത്തെ സംബന്ധിക്കുന്നതാണ് നവീകരണ ദക്ഷവും ആവേശദായകവുമായ മറ്റൊരു കാനൺ (606) അപ്പോസ്തോലിക ജീവിതത്തിനുള്ള സമൂഹങ്ങളെ സംബന്ധിച്ച 572-ാം കാനൺ CCEO യിൽ പതിനൊന്നാം മണിക്കൂറിൽ എഴുതിച്ചേർക്കപ്പെട്ടതാണ്. അത് അദ്ദേഹത്തിന്റെ അഭിക്രമണദക്ഷതയുടെയും ദീർഘ വീക്ഷണത്തിന്റെയും ഫലമാണ്. സുവിശേഷ പ്രചാരണരംഗത്തെ ഒരുപകരണമെന്ന നിലയിലുള്ള അതിന്റെ പ്രാധാന്യം ഗണനീയമത്രെ. CCEO യിൽ അദ്ദേഹം പതിച്ചിട്ടുള്ള മുദ്രകളുടെ ചില ഉദാഹരണങ്ങൾ മാത്രമാണിപ്പറഞ്ഞത്.

അനേക വർഷങ്ങളായി ഫാ. നെടുങ്ങാട്ടിന്റെ പേര് Annuario Pontificio യിൽ ഉണ്ട്. പൗരസ്ത്യ സഭകളുടെ തിരുസംഘത്തിന്റെ കൺസൾട്ടറായി 1989-2000 നാമകരണ തിരുസംഘത്തിന്റെ കൺസൾട്ടറായി ലെജിസ്ലേറ്റീവ് ടെക്സ്റ്റുകളുടെ വ്യാഖ്യാനത്തിനുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ കൺസൾട്ടറായിട്ടും ഒക്കെയാണ് പേരു വന്നിരിക്കുന്നത്. 1992 മുതൽ അദ്ദേഹം Kanonika എന്ന പരമ്പരയുടെ എഡിറ്ററാണ് റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടാണ് അതു പ്രസിദ്ധപ്പെടുത്തുന്നത്. വാഴ്ത്തപ്പെട്ട അൽഫോൻസാമ്മ

www.malankaralibrary.com

യുടെ നാമകരണം സംബന്ധിച്ച അപ്പോസ്തോലിക ട്രൈബ്യൂണലിന്റെ പ്രസിഡണ്ട് എന്ന നിലയിൽ സുപ്രധാനമായ സേവനമാണ് അദ്ദേഹം നിർവ്വഹിച്ചത്. (1980) 1997 മുതൽ വാഴ്ത്തപ്പെട്ട മറിയ ത്രേസ്യായുടെ പോസ്റ്റുലേറ്റർ എന്ന നിലയിൽ പ്രവർത്തിച്ചു. അതു സംബന്ധിച്ച പ്രഖ്യാപനം ഉണ്ടായത് 2000-ാണ്ടിലാണ്. ആ പ്രഖ്യാപനം സഭയ്ക്ക് ആകമാനവും ഹോളിഫാമിലി സമൂഹത്തിനു സവിശേഷമായ സന്തോഷത്തിനും കാരണമായി. ഈ വിഷയത്തിൽ ഫാ. നെടുങ്ങാട്ടിന്റെ തളരാത്ത പരിശ്രമവും അദ്ദേഹം തയ്യാറാക്കി സമർപ്പിച്ച കുറ്റമറ്റ Positio യും വളരെ സഹായകമായി എന്ന് എടുത്തു പറയേണ്ടതുണ്ട്.

ഫാ. നെടുങ്ങാട്ട് തന്റെ ആയുസ്സിന്റെ മൂന്നിൽ രണ്ടു ഭാഗവും കേരളത്തിനുവെളിയിലാണ് ജീവിച്ചത്. ആയുസ്സിന്റെ പകുതിയലധികം ഇൻഡ്യക്കു വെളിയിലും. എന്നാൽ സീറോ-മലബാർ സഭയ്ക്ക് അദ്ദേഹം നല്കിയ സംഭാവനകൾ ശ്രദ്ധേയങ്ങളാണ്. ഈ സഭാ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ട വിഷയത്തിൽ ഫാ.നെടുങ്ങാട്ടിന്റെ പ്രവർത്തനങ്ങൾ യവനികയ്ക്കു പിന്നിലുള്ളവയായിരുന്നു. സിനഡൽ ട്രൈബ്യൂണലിന്റെയും മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണലിന്റെയും മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെയും നിയമാവലികൾ എഴുതിയുണ്ടാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് അദ്ദേഹം നിർവഹിച്ചനത്.

അദ്ദേഹം എഴുതിയ Guidelines for the Particular Code of the Syro-Malabar Church എന്നത് യാതൊരു മാറ്റവും കൂടാതെ മെത്രാന്മാരുടെ സിനഡ് അംഗീകരിക്കുകയാണുണ്ടായത്.

The Spirituality of the Syro-Malabar Church, Laity and Church Temporalities, The Symbol of Diamper Revisited , The Spirit of Eastern Code എന്നീ ഫാ. നെടുങ്ങാട്ടിന്റെ ഗ്രന്ഥങ്ങൾ അത്യധികമായി വിലമതിക്കപ്പെടുന്നവയാണ്. അദ്ദേഹത്തിന്റെ പണ്ഡിതോചിതങ്ങളായ അനേകം ലേഖനങ്ങളും അങ്ങനെ തന്നെ. ഒരു ഡോക്ടറൽ പ്രബന്ധത്തിലൂടെ സെന്റ് തോമസ് മിഷനറി സൊസൈറ്റിയെ അപ്പോസ്തോലിക ജീവിതത്തിനുള്ള ഒരു സമൂഹമായി മാറ്റുന്നതിനുള്ള നിയമങ്ങളുടെ പരിപൂരണത്തിന് മാർഗ്ഗദർശനം നൽകിയതിലുള്ള അദ്ദേഹത്തിന്റെ പങ്കും സുപ്രധാനമത്രെ. ബാംഗ്ലൂരിലെ ധർമ്മ വിദ്യാ കേന്ദ്രത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാനൻ ലോ സ്ഥാപിക്കുന്നതിന് അദ്ദേഹം മുൻകയ്യെടുത്തു. അതിന്റെ റോമിലെ പൊന്തിഫിക്കൽ ഒറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിനോട് അഗ്രിഗേറ്റ് ചെയ്യാനും അദ്ദേഹം സഹായിച്ചു. പ്രസ്തുത സ്ഥാപനത്തിനാവശ്യകമായ ലൈബ്രറി ഗ്രന്ഥങ്ങളും അദ്ദേഹം സംഘടിപ്പിച്ചു കൊടുത്തു.

ഫാ. നെടുങ്ങാട്ട് ഒരു ബഹുഭാഷാ വിദഗ്ദ്ധനാണ്. ഇംഗ്ലീഷ്, ഇറ്റാലിയൻ, ഫ്രഞ്ച്, ജെർമ്മൻ, സ്പാനിഷ്, പോർട്ടുഗീസ്, മലയാളം, ഹിന്ദി, എന്നീ ഭാഷകൾ അനായാസമായി കൈകാര്യം ചെയ്യും. ലത്തീൻ, സംസ്കൃതം,

www.malankaralibrary.com

ഗ്രീസ്, സുറിയാനി എന്നീ പ്രാചീന ഭാഷകളിലും പര്യാപ്തമായ പരിജ്ഞാനമുണ്ട്. പല ഈശോ സഭക്കാരും അദ്ദേഹത്തെ അറിയുന്നത് അവരുടെ ലാറ്റിൻ പ്രൊഫസർ എന്ന നിലയിലാണ്. ഈ ബഹുഭാഷാ പരിജ്ഞാനം അറിവിന്റെ വാതിലുകൾ അദ്ദേഹത്തിന്റെ മുമ്പിൽ തുറന്നിടുന്നു. അദ്ദേഹത്തിന്റെ ലിഖിതങ്ങളെ പണ്ഡിതോചിതങ്ങളാക്കുകയും ചെയ്യുന്നു. ഒരു അന്തർദേശീയ സെമിനാറിൽ, അവതരിപ്പിച്ച പേപ്പറിനെക്കുറിച്ചുള്ള ചോദ്യങ്ങളിൽ അതേ ഭാഷയിൽ ഉത്തരം പറഞ്ഞ ഏക വ്യക്തി ഫാ. നെടുങ്ങാട്ടായിരുന്നു. അദ്ദേഹം പ്രയോഗിക്കുന്ന കാവ്യാത്മക ഭാവനകളും ഭാഷയും ശുഷ്ക വിഷയങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ലിഖിതങ്ങളെ ഹൃദ്യങ്ങളാക്കുന്നു. നൊവീഷ്യേറ്റിലായിരുന്ന കാലത്ത് കവിതയെഴുതാനുള്ള പ്രലോഭനത്തിൽ നിന്ന് അകന്നു നിൽക്കാൻ ഏതോ ഗുരു അദ്ദേഹത്തെ ഉപദേശിച്ചുവത്രേ!

സഭയിൽ നിയമത്തിന്റെ സ്ഥാനത്തെ വിവിധ വീക്ഷണപഥങ്ങളിൽ നിന്ന് വീക്ഷിക്കാൻ കഴിയും. വിശ്വാസികളെ നിയന്ത്രണത്തിൽ നിർത്താനുള്ള ശക്തിയുടെ ഒരുപകരണമായി അതിനെ വീക്ഷിക്കുന്നവരുണ്ട്. നിയമത്തിന്റെ ദൈവശാസ്ത്രവും തത്വശാസ്ത്രവും പഠിപ്പിക്കുന്ന ഫാ. നെടുങ്ങാട്ടിന് നിയമങ്ങളെക്കുറിച്ചുള്ള വീക്ഷണം വ്യത്യസ്തമാണ്. നിയമനിരങ്കുശത ആപത്കരമാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ സഭാ നിയമങ്ങൾ സഭാ സമൂഹത്തിലെ മനുഷ്യർക്ക് സേവനം ചെയ്യുന്നതാകണമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ സഭാ നിയമങ്ങൾ സഭയുടെ ശുശ്രൂഷകളുടെ കൂട്ടത്തിൽ ഒരു ഭാഗമത്രേ. നിയമങ്ങൾ പ്രധാനമാണ് കാരണം സമൂഹത്തിന്റെ Koinonia ക്ക് അത് ആവശ്യമുണ്ട്. അടിച്ചമർത്തലിനോ ചൂഷണത്തിനോ ഉള്ള ഉപകരണമായിട്ടല്ല അദ്ദേഹം നിയമത്തെ വീക്ഷിക്കുന്നത്, മറിച്ച് അടിച്ചമർത്തപ്പെട്ടവരുടെയും അവകാശങ്ങൾ നിഹനിക്കപ്പെട്ടവരുടെയും വിമോചനത്തിനുള്ള ഉപകരണമായിട്ടാണ്. ദുർബ്ബലർക്കും നിസ്സഹായർക്കും സംരക്ഷണം നൽകാനുള്ളതാണു നിയമം. നീതിനിർവ്വഹണത്തിന് ഘടനാപരമായ ഒരു ചട്ടക്കൂട് ആവശ്യമുണ്ട്. ഈ ചട്ടക്കൂടാണ് കാനൺ നിയമം പ്രദാനം ചെയ്യുന്നത്. സഭയ്ക്ക് അതിന്റെ സവിശേഷ ലക്ഷ്യങ്ങൾ നേടുന്നതിന് നിയമങ്ങൾ ആവശ്യമുണ്ട്.

'നീതി' മഹത്തായൊരു മൂല്യമാണന്ന ആശയം ഡോ. നെടുങ്ങാടിന്റെ ലിഖിതങ്ങളിൽ ആവർത്തിച്ചു വരുന്നതു കാണാം. നീതി നടപ്പാക്കിക്കൊണ്ടല്ലാതെ ക്രൈസ്തവ വിശ്വാസത്തിനു പ്രചാരണം നൽകാൻ ഇന്നത്തെ സാഹചര്യത്തിൽ സാദ്ധ്യമല്ല. നീതിയില്ലാത്ത സാഹചര്യത്തിൽ ക്രൈസ്തവ സമൂഹത്തിലെ Koinonia യെക്കുറിച്ചു സംസാരിക്കുന്നതിൽ പ്രസക്തിയില്ല. നിയമത്തിന്റെ സംരക്ഷണമില്ലെങ്കിൽ നീതി ആക്രമണ വിധേയമാകാം. അതിനാൽ ഫാ. നെടുങ്ങാട്ട് സഭയിലെ നിയമത്തെ നീതിയുടെ സംരക്ഷകശക്തിയായിക്കാണുന്നു; നിയമത്തിന്റെ സേവനപരമായ വശത്തിന് അദ്ദേഹം അടി

www.malankaralibrary.com

വരയിടുന്നു.

ഒരു നിലപാടെടുക്കേണ്ടിവരുമ്പോൾ ആത്യന്തിക നിലപാടുകളെ അദ്ദേഹം ഒഴിവാക്കുന്നു. സവർണ്ണ മദ്ധ്യ മാർഗ്ഗമാണ് അദ്ദേഹത്തിനു പ്രിയങ്കരം. ധ്രുവീകരണം സത്യത്തിൽ നിന്നകന്നു പോകുന്നുവെന്നും സത്യം പലപ്പോഴും ധ്രുവങ്ങളുടെ മദ്ധ്യത്തിൽ നിലകൊള്ളുന്നു എന്നുമാണ് അദ്ദേഹത്തിന്റെ വിശ്വാസം. അതിനാൽ അദ്ദേഹം കടുംപിടുത്തക്കാരായ കാനൺ നിയമങ്ങളുടെ കൂട്ടത്തിലില്ല. തന്റെ ആശയങ്ങൾ വായനക്കാരുടെ മേൽ അടിച്ചേൽപ്പിക്കാനുള്ള ശ്രമം അദ്ദേഹത്തിന്റെ രചനകളിൽ കാണുന്നില്ല. പ്രശ്നത്തിന്റെ നാനാവശങ്ങൾ ചൂണ്ടിക്കാണിച്ചിട്ട് സ്വന്തം നിഗമനങ്ങളിലെത്താൻ അനുവാചകരെ വിടുകയാണ് അദ്ദേഹം ചെയ്യുന്നത്.

ഫാ. നെടുങ്ങാട്ടിന്റെ വായനക്കാരിലാർക്കും ചിന്തിക്കാനുള്ള പ്രേരണയിൽനിന്നും വിട്ടുനിൽക്കാനാവുകയില്ല. അദ്ദേഹമെപ്പോഴും വായനക്കാരുടെ മുമ്പിൽ വെല്ലുവിളികൾ ആവിഷ്കരിക്കുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ റെഡിമെയ്ഡ് ഉത്തരങ്ങൾ കണ്ടെന്നു വരികയില്ല. നിങ്ങളെ പ്രകോപിപ്പിക്കുകയും ഉത്തരങ്ങളും പ്രശ്നപരിഹാരങ്ങളും കണ്ടെത്താൻ നിങ്ങളെ സഹായിക്കുകയുമാണ് അദ്ദേഹത്തിന്റെ രീതി. തന്റെ വിദ്യാർത്ഥികളെയും വായനക്കാരെയും അദ്ദേഹം കാണുന്നത് പക്വതയാർന്ന അന്വേഷകരായിട്ടാണ്. അങ്ങനെ അദ്ദേഹം ഒരുത്തമ അദ്ധ്യാപകനും സർഗ്ഗാത്മക ഗ്രന്ഥകാരനുമാക്കുന്നു.

അദ്ധ്യാപനത്തിലാകട്ടെ, ലിഖിതങ്ങളിലാകട്ടെ, അവ്യക്തത അവശേഷിക്കാതിരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുന്നു. അദ്ദേഹത്തിന്റെ കൃതികൾ ആശയസമ്പുഷ്ടങ്ങളാണ്. തിയോളജി പഠിച്ചകാലം മുതൽ അദ്ദേഹം എഴുതിക്കൊണ്ടേയിരിക്കുന്നു.

പ്രൊഫസ്സറായതുകൊണ്ട് ഫാ. നെടുങ്ങാട്ടിന് ആവേശം നിറഞ്ഞ വിദ്യാർത്ഥിയായിരിക്കന്നതിനു തടസ്സമൊന്നുമില്ല. നിരന്തര വായനയിലും മാദ്ധ്യമസമ്പർക്കത്തിലും കൂടെ അദ്ദേഹം നിത്യ നൂതനനായിക്കൊണ്ടിരിക്കുകയാണ്.

പ്രൊഫ. നെടുങ്ങാട് വിമർശനത്തെ സ്വാഗതം ചെയ്യുന്നു. വിമർശനം അന്വേഷണത്തെയും വളർച്ചയെയും സഹായിക്കുന്നു എന്നാണദ്ദേഹത്തിന്റെ പക്ഷം. പക്ഷേ വിമർശനം സൃഷ്ട്യുന്മുഖമായിരിക്കണമെന്ന് അദ്ദേഹത്തിനു നിർബ്ബന്ധമുണ്ട്.


ഗവേഷകരുടെ വഴികാട്ടി എന്ന നിലയിലിൽ ഫാ. നെടുങ്ങാട്ട് കർശനക്കാരനാണ്. ഒരു ഡോക്ടറേറ്റ് മതി എന്നുള്ളവർ അദ്ദേഹത്തിന്റെ കൂടെ കൂടാറില്ല. പക്ഷേ പണിയെടുക്കാൻ തയ്യാറുള്ളവർക്ക് അദ്ദേഹത്തിന്റെ ഗൈഡിംഗ് വളരെ അനുഗ്രഹദായകവുമാണ്.

Address: Fr. George Nedumgattu S.J.,Pontificio Institute orientale,
Piazzas Maria, Maggiore - 7, 00185, Rome, ITALY.

www.malankaralibrary.com

# 147

# ഇ.ജെ. ലൂക്കോസ്



മികച്ച വിദ്യാഭ്യാസ പ്രവർത്തകൻ, പാർലമെന്റേറിയൻ, സഹകാരി എന്നിങ്ങനെ വിവിധ നിലകളിൽ മായാത്ത വ്യക്തിമുദ്രപതിപ്പിച്ച ഇ.ജെ. ലൂക്കോസ് 1933-ാ മാണ്ട് ജനുവരി 25 ന് ഉഴവൂർ എള്ളങ്കീൽ ഇ.എം. ജോസഫ് - എലിസബത്ത് ദമ്പതികളുടെ മകനായി ജനിച്ചു. ഉഴവൂരിൽ മിഡിൽസ്കൂൾവരെ വിദ്യാഭ്യാസം നടത്തി. പിന്നീട് പിറവം സ്കൂളിൽ ചേർന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ചങ്ങനാശ്ശേരി എസ്.ബി. കോളേജിലും തേവര എസ്സ്. എച്ച്. കോളേജിലും പഠിച്ച് ബി.എ. ഡിഗ്രി എടുത്തു. കോഴിക്കോട് ട്രെയിനിംഗ് കോളേജിൽ നിന്നു ബി.റ്റി. പരീക്ഷയും പാസ്സായി.

കോട്ടയത്ത് കീഴുക്കുന്നിൽ നീലേട്ട് ജോസഫ് - നാൻസി ദമ്പതികളുടെ മകൾ ലീലാമ്മയെ 1955 ൽ വിവാഹം ചെയ്തു. ഉഴവൂർ ഹൈസ്കൂളിലാണ് ഔദ്യോഗികജീവിതം ആരംഭിക്കുന്നത്. എ.സി.സി. ഓഫീസറായി മികച്ച സേവനം ചെയ്തു. സ്കൂളിന്റെയും ഉഴവൂരിന്റെയും സമഗ്രപുരോഗതിക്കുവേണ്ടി ഒരു മുഴുവൻസമയ പ്രവർത്തകനായി ലൂക്കോസ് മാറി. 1971 ൽ ഒരു ഓപ്പൺഎയർഓഡിറേറാറിയം നിർമ്മിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. 1974 ൽ ഹെഡ്മാസ്റ്ററായി പ്രൊമോഷൻ ലഭിച്ചു. പയ്യാവൂർ സേക്രട്ട്ഹാർട്ട് സ്കൂളിലായിരുന്നു ഹെഡ്മാസ്റ്ററായിട്ടുള്ള നിയമനം. എസ്.എസ്.എൽ.സി. പരീക്ഷയിൽ പയ്യാവൂർസ്കൂൾ മികച്ചവിജയം കൈവരിച്ചു. ലൂക്കോസ് സാറിന്റെ ശ്രമഫലമായി ഒരു ഫുട്ബോൾഗ്രൗണ്ട് നിർമ്മിക്കുകയും എൻ.സി.സി. യൂണിററ് സ്ഥാപിക്കുകയും ചെയ്തു. ജില്ലായൂത്ത്ഫെസ്റ്റിവലിലും കായികമേളയിലും ഉന്നതവിജയം കൈവരിച്ചു. 1976 മുതൽ 1982 വരെ കരിങ്കുന്നം ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായി പ്രവർത്തിച്ചു. കരിങ്കുന്നത്ത് ഒരു മികച്ച ഫുട്ബോൾഗ്രൗണ്ട് നിർമ്മിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ഇടുക്കി വിദ്യാഭ്യാസജില്ലായുവജനോത്സവം ഏററം ഭംഗിയായി കരിങ്കുന്നത്തുവച്ച് നടത്തുവാനും അദ്ദേഹം നേതൃത്വം നൽകി. 1982 ൽ കടുത്തുരുത്തി ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി സ്ഥലംമാററപ്പെട്ടു.

ചെറുപ്പംമുതലേ രാഷ്ട്രീയ പ്രവർത്തനത്തിൽ തല്പരനായിരുന്നു. 1979 ലെ കേരളാകോൺഗ്രസ്സ് പിളർപ്പിനെ തുടർന്ന് പി.ജെ.ജോസഫ് നേതൃത്വം നൽകുന്ന കേരളാകോൺഗ്രസ്സിൽ നിലയുറപ്പിച്ചു. കേരളാകോൺഗ്രസ്സിന്റെ കോട്ടയം ജില്ലാ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. 1980 ൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്ന് യു.ഡി.എഫ്. സ്ഥാനാർത്ഥിയായി നിന്നു മത്സരിച്ചു. 1286 വോട്ടിന്

www.malankaralibrary.com

പരാജയപ്പെട്ടു. 1982 ലെ തിരഞ്ഞെടുപ്പിൽ ഏററുമാനൂർമണ്ഡലത്തിൽ നിന്നും യു.ഡി.എഫ്. സ്ഥാനാർത്ഥിയായി ലൂക്കോസ് മത്സരിച്ചു. ഇന്ദിരാഗാന്ധിയെനേരിൽക്കണ്ട് പി.ജെ.ജോസഫ് നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ഇദ്ദേഹം സ്ഥാനാർത്ഥിയായി മത്സരിച്ചത്. 6000 ൽപരം വോട്ടിന്റെ ഭൂരിപക്ഷത്തിലായിരുന്നു വിജയം. 5 വർഷക്കാലം നിയമസഭാംഗമായിരുന്നുകൊണ്ട് ഏററുമാനൂർ നിയോജകമണ്ഡലത്തിന്റെ എല്ലാ മേഖലയിലും വലിയ പുരോഗതി കൈവരുത്തുവാൻ ശ്രമിച്ചു. സംഭവ ബഹുലമായ ഒരു കാലഘട്ടമായിരുന്നു ലൂക്കോസ് നിയമസഭാംഗമായിരുന്ന അഞ്ചുവർഷവും. എം.ജി.യൂണിവേഴ്സിററി അതിരമ്പുഴയിൽ സ്ഥാപിച്ചു, ഗവ. കോമേർഷ്യൽ ഇൻസ്റ്റിററ്യൂട്ട് ഏററുമാനൂർ, ഗവൺമെന്റ് ഇടമയിലുള്ള ആർപ്പൂക്കരയിലെ കോസ്മററിക് കോളേജ്, ഗാന്ധിനഗറിലെ ഗവ. വൊക്കേഷണൽ ഹൈസ്കൂൾ, കുമാരനല്ലൂരിലെ മോഡൽ പ്രീ പ്രൈമറിസ്കൂൾ, കുമാരനല്ലൂരിലെ ഫുഡ്ക്രാഫ്ററ് ഇൻസ്റ്റിററ്യൂട്ട്, എക്സ ററൻഷൻ സെന്റർ, ഏററുമാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ, വല്യാട് പ്രൈമറി ഹെൽത്ത് സെന്റർ, മെഡിക്കൽ കോളേജിനു സമീപം ബസ് സ്റ്റേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ എല്ലാം രൂപം കൊണ്ടത് ഇ.ജെ. ലൂക്കോസിന്റെ ശ്രമഫലമായിട്ടുമാത്രമാണ്. മാർപ്പാപ്പാ 1986 ൽ കോട്ടയം സന്ദർശിച്ചപ്പോൾ മെഡിക്കൽകോളേജ്ഗ്രൗണ്ടിൽനിന്നും ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചതും അദ്ദേഹമാണ്. തന്മൂലം ഏററുമാനൂർ നിയോജകമണ്ഡലത്തിലെ റോഡുകൾ എല്ലാം നവീകരിക്കുന്നതിന് സാധിച്ചു. 1988 ൽ ഹെഡ്മാസ്റ്റർ സ്ഥാനത്തുനിന്നും പെൻഷൻപ ററിപിരിഞ്ഞു.

1964 ൽ ഉഴവൂർ ഗ്രാമപഞ്ചായത്ത് തിരഞ്ഞെടുപ്പിൽ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെടുകയും വൈസ്പ്രസിഡണ്ടായി സേവനം അനുഷ്ഠി ക്കുകയും ചെയ്തു. ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിന്റെ നിർമ്മാണ കമ്മററി സെക്രട്ടറിയും അദ്ദേഹം തന്നെയായിരുന്നു. 1980 ൽ ക്നായ കത്തോലിക്കാകോൺഗ്രസ്സ് പ്രസിഡണ്ടായി ഐക്യകണ്ഠ്യേന തിരഞ്ഞെടു ക്കപ്പെട്ടു. ക്നായ കത്തോലിക്കരുടെ കലാരൂപമായ "മാർഗ്ഗംകളി" സ്കൂൾ യുവജനോത്സവത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു. 1996 ൽ കത്തോലിക്കാകോൺഗ്രസ്സ് വൈസ്പ്രസിഡണ്ടായും 1998 ൽ വീണ്ടും ക്നാനായ കത്തോലിക്കാകോൺഗ്രസ്സ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ക്നായിതോമ്മാ വന്നിറങ്ങിയ കൊടു ങ്ങല്ലൂർ 6 സെന്റ് സ്ഥലം വാങ്ങിക്കുകയും അവിടെ ക്നായ് തോമ്മാഭവൻ 2001 ലും ക്നായി തോമ്മാ ടവർ 2004 ലും പണിപൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ്സിന്റെ അഡ്ഹോക്ക് കമ്മററി കൺവീനർ കൂടിയാണ് ലൂക്കോസ്.

1975 ൽ റോമിൽ നടന്ന കാററകെററിക്കൽ സെമിനാറിൽ കോട്ടയം

www.malankaralibrary.com

രൂപതയെ പ്രതിനിധീകരിച്ച് പങ്കെടുത്തു. 2003 ജൂലൈയിൽ റോമിൽ നടന്ന ക്നാനായ ഗ്ലോബൽ സമ്മേളനത്തിലും 1999 ൽ ഗുസ്നനിലും 2002 ൽ ഒർഗൻഡോയിലും നടന്ന കെ.സി.സി.എൻ സമ്മേളനത്തിലും വിശിഷ്ടാതിഥിയായി പങ്കെടുത്തു. 2000 നവംബറിൽ അബുദാബി, ഷാർജ, ദുബായ്, കുവൈററ്, മസ്കററ് തുടങ്ങിയ ഗൾഫ് രാജ്യങ്ങളിൽ നടന്ന ക്നാനായ സമ്മേളനത്തിൽ പങ്കെടുത്തു.

1982-87 കാലഘട്ടത്തിൽ ഷെഡ്യൂൾഡ് കാസ്റ്റ് കമ്മററിയിലും വിദ്യാഭ്യാസകമ്മററിയിലും ഹൈസ്കൂൾ സിലബസ് പരിഷ്ക്കരണകമ്മിററിയിലും അംഗമായിരുന്നിട്ടുണ്ട്. കേരളാ പ്രൈവററ്സ്കൂൾഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ ഇടുക്കി ജില്ലാപ്രസിഡണ്ട്, കോട്ടയം ജില്ലാ വികസനസമിതിയംഗം, എം.ജി. യൂണിവേഴ്സിററി സിൻഡിക്കേററ് അംഗം കേരളാ കോൺഗ്രസ്സ് സെക്രട്ടറിയേററ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ കേരളാകോൺഗ്രസ്സ് വൈസ് ചെയർമാൻ കൂടിയാണ് അദ്ദേഹം. ഉഴവൂർ കോ-ഓപ്പറേററീവ് ബാങ്ക് പ്രസിഡന്റ്, മോനിപ്പള്ളി മാർക്കററിംഗ് സൊസൈററി ഡയറക്ടർ ബോർഡ് അംഗം പാലാ റബ്ബർമാർക്കററിംഗ് സൊസൈററി ഡയക്ടർ ബോർഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. കോട്ടയം രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, ബി.സി.എം., ഉഴവൂർ കോളേജുകളുടെ ഗവേണിംഗ് ബോർഡ് മെമ്പർ എന്നീ നിലകളിലും പ്രവർത്തിക്കുകയുണ്ടായി. ഉഴവൂർ ഗ്രാമവികസനസമിതി പ്രസിഡണ്ട്, കെ.ആർ. നാരായണന് ഉഴവൂർ നൽകിയ സ്വീകരണകമ്മററിയുടെ കൺവീനർ എന്ന നിലയിലും സേവനം അനുഷ്ഠിച്ചു. 2003 ൽ അദ്ദേഹത്തിന്റെ സപ്തതി അനേകായിരങ്ങളുടെ സാന്നിദ്ധ്യത്തിൽ ഉഴവൂർവച്ച് ആഘോഷിച്ചു.

വിലാസം - ഇ.ജെ. ലൂക്കോസ് എക്സ്. എം.എൽ.എ., എള്ളിങ്കീൽ,
ഉഴവൂർ പി.ഒ., കോട്ടയം.

# 148

# കെ.എം. മാണി



പ്രായോഗികരാഷ്ട്രീയത്തിന്റെ പ്രയോക്താവാണ് കെ.എം.മാണി. കേരളം കണ്ടിട്ടുള്ള ഏററവും നല്ല പാർലമെന്റേറിയന്മാരിൽ പ്രമുഖനാണദ്ദേഹം. സമർത്ഥനായ ഭരണാധികാരിയാണദ്ദേഹം. തന്നെ ഭരമേല്പിക്കുന്ന ഏതു വകുപ്പും ജനങ്ങൾക്ക് ഉപകാരപ്രദമാകുന്നവിധം കൈകാര്യം ചെയ്യുവാൻ കഴിവും തന്റേടവുമുള്ള ഭരണാധികാരി.

ആധുനിക പാലായുടെ ശില്പിയെന്നാണ് അദ്ദേഹത്തെ പലരും വിശേ

www.malankaralibrary.com

ഷിപ്പിക്കുന്നത്. കഴിഞ്ഞ നാലു ദശാബ്ദക്കാലത്തെ പാലായുടെ വളർച്ചയിൽ അദ്ദേഹം നിർണ്ണായകശക്തിയായിരുന്നു താനും. എങ്കിലും അദ്ദേഹത്തെ പാലായുടെ ശില്പിയെന്നു വിളിക്കുന്നത് വഴി അദ്ദേഹം ഭരണരംഗത്ത് നൽകിയ വൻനേട്ടങ്ങൾ വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോകുന്നതിന് വഴിതെളിക്കുകയില്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ധനകാര്യം, ആഭ്യന്തരം തുടങ്ങി വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തതുവഴി കേരളത്തിന് നൽകിയ മാതൃക-നേതൃത്വമാണ് യഥാർത്ഥത്തിൽ വിലയിരുത്തപ്പെടേണ്ടത്. അതുചെയ്യാതെ ചെറു കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നതുവഴി അദ്ദേഹത്തിന്റെ യഥാർത്ഥ മഹത്വം ശ്രദ്ധിക്കപ്പെടാതെ പോകുന്നതിനിട നൽകിയേക്കും.

നിയമബിരുദം നേടിയതിനുശേഷം അഭിഭാഷകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച കെ.എം.മാണി നല്ല ഒരു വാഗ്മി എന്ന നിലയിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു. സമകാലീന രാഷ്ട്രീയ പ്രശ്നങ്ങളിലും സജീവമായി ഏർപ്പെട്ടു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് കോട്ടയം ജില്ലാ സെക്രട്ടറിയായും കെ.പി.സി.സി. അംഗമായും പ്രവർത്തിക്കുകയുണ്ടായി. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ കേരളാഘടകത്തിൽ നിലവിലിരുന്ന ഗ്രൂപ്പിസം ശക്തിപ്പെട്ടുകൊണ്ടിരുന്നു. 1964-ൽ ഇലക്ഷൻ കമ്മറ്റിയിൽ ചാക്കോഗ്രൂപ്പുമായി ബന്ധപ്പെട്ടവർക്ക് അംഗത്വം നിഷേധിക്കപ്പെട്ടു. അതിനെ തുടർന്നാണ് കേരളാകോൺഗ്രസ്സ് പാർട്ടി രൂപംകൊള്ളുന്നത്. കേരളാകോൺഗ്രസ്സ് ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട മാണി 1965-ൽ പാലാ നിയോജകമണ്ഡലത്തിൽനിന്നും നിയമസഭയിലേക്ക് മത്സരിക്കുകയും വിജയിക്കുകയും ചെയ്തു. ആർക്കും ഭൂരിപക്ഷമില്ലാതിരുന്നതിനാൽ നിയമസഭ ചേരാതെ പിരിച്ചുവിട്ടു. പിന്നീടു നടന്ന എല്ലാ തിരഞ്ഞെടുപ്പുകളിലും കെ.എം.മാണി പാലാ മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിൽ എത്തി. 1967-ലെ ഇ.എം.എസ്സ്. മന്ത്രിസഭയുടെ കാലത്ത് ശക്തനായ ഒരു പ്രതിപക്ഷനേതാവെന്ന നിലയിൽ മാണി നിയമസഭയിൽ തിളങ്ങി. ഒരേ മണ്ഡലത്തിൽനിന്നും തുടർച്ചയായി നിയമസഭയിലേയ്ക്ക് കൂടുതൽ കാലം തിരഞ്ഞെടുക്കപ്പെട്ട വ്യക്തി എന്ന നിലയിൽ കെ.എം.മാണി റിക്കാർഡിട്ടു. പാലാ നിയോജകമണ്ഡലം രൂപം കൊള്ളുന്നത് 1965-ലാണ്. അന്നു മുതൽ നടന്ന 11 തിരഞ്ഞെടുപ്പുകളിലും ആ മണ്ഡലത്തിൽനിന്നും നിയമസഭയിലേക്ക് ജയിക്കാൻ മാണിക്കു സാധിച്ചു. ഭാരതത്തിൽ ഒരു നിയമസഭയിലും ആർക്കും ഈ ഭാഗ്യം ലഭിച്ചിട്ടില്ലെന്നതാണ് പരമാർത്ഥം.

കേരളമന്ത്രിസഭയിൽ അദ്ദേഹം ആദ്യമായി അംഗമാകുന്നത് 1975 ഡിസംബറിൽ ആണ്. പിറ്റേവർഷം അവതരിപ്പിച്ച അദ്ദേഹത്തിന്റെ കന്നി ബഡ്ജറ്റ് ഈടുറ്റ ഒരു സാമ്പത്തിക രേഖയാണ്. ബഡ്ജറ്റ് എന്ന വാക്കിനെ അർത്ഥപൂർണ്ണമാക്കിയ സാമ്പത്തിക നയരേഖയായിരുന്നു അത്. സാമ്പത്തിക മാനേജ്മെന്റിലൂടെ അദ്ദേഹം സാധാരണക്കാരുടെ ഉറ്റതോഴനായി. എട്ടു ബഡ്ജറ്റുകൾ തുടർന്ന് അവതരിപ്പിക്കാനുള്ള അസുലഭാവസരം മാണി

www.malankaralibrary.com

സാറിന് ലഭിച്ചു. എല്ലാ ബഡ്ജറ്റിലും ദുർബലനെ സ്നേഹിക്കുന്ന ധനകാര്യമന്ത്രിയെ ദർശിക്കുവാൻ സാധിക്കുമായിരുന്നു. കൃഷിക്കാരുടെ സംരക്ഷകനായി അദ്ദേഹം മാറി. കൃഷിക്കാർക്ക് വമ്പിച്ച നികുതിയിളവുകളാണ് ഓരോ ബഡ്ജറ്റിലും അദ്ദേഹം നൽകിയത്. കർഷകതൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തിയതും മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് സ്കീം പ്രഖ്യാപിച്ചതും അഭിഭാഷക ക്ഷേമനിധിക്ക് രൂപം കൊടുത്തതും മാണിയുടെ ബഡ്ജറ്റുകളിലൂടെയാണ്. സർഗ്ഗകൈരളി വാരികയിൽ മാണിസാറിന്റെ വിവിധങ്ങളായ ഭരണനേട്ടങ്ങളെപ്പറ്റി ബി.ബി.ദേവാനന്ദ് എഴുതിയ ലേഖനത്തിലെ ഏതാനുംഭാഗം ഉദ്ധരിക്കാം.

"മാർക്സിസ്റ്റുകാർ ഇന്നും ഊറ്റംകൊള്ളുന്ന കർഷകതൊഴിലാളി പെൻഷൻ നടപ്പിലാക്കിയത് മാണിസാറാണ്. 1980-ൽ നായനാർ മന്ത്രിസഭയിൽ ധനകാര്യമന്ത്രിയായിരിക്കെയായിരുന്നു ഇത്. ഇക്കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച 1000 രൂപയുടെ പ്രതിവർഷ കർഷക പെൻഷന് കാരണമായി തീർന്നതും മാണിസാർ തന്നെ. കെ.എം.മാണി ചെയർമാനായ യു.ഡി.എഫിന്റെ കാർഷിക സബ് കമ്മറ്റിയുടെ ശുപാർശയായിരുന്നു ഇത്.

വൈദ്യുതി, ജലസേചന വകുപ്പുകളുടെ മന്ത്രിയായിരിക്കെ മാണിസാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ വെളിച്ചവിപ്ലവവും സാമൂഹ്യജലസേചന പദ്ധതിയും ആർക്കും മറക്കാൻ കഴിയുകയില്ല. പാവപ്പെട്ടവന്റെ കൂരയിൽ വെളിച്ചമെത്തിച്ചും വീട്ടുമുറ്റത്ത് പൈപ്പ് കൊണ്ടുവന്നും അദ്ദേഹം നടത്തിയ വിപ്ലവങ്ങൾക്ക് പകരം വയ്ക്കാൻ ഒരു പദ്ധതിപോലും പിന്നീട് വന്നവർക്ക് കൊണ്ടുവരാനായില്ല.

റവന്യൂ മന്ത്രിയെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ കനപ്പെട്ട സംഭാവന റവന്യൂ അദാലത്ത് തന്നെയാണ്. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് റവന്യൂഭരണം വീട്ടുപടിക്കലെത്തിച്ച റവന്യൂ അദാലത്ത് സമ്പ്രദായം മറ്റ് വകുപ്പുകൾക്കുപോലും മാതൃകയാണെന്ന് പത്രങ്ങൾ വിശേഷിപ്പിച്ചു. മുമ്പ് റവന്യൂമന്ത്രിയായിരിക്കെ നടപ്പിലാക്കിയ ഗ്രാമസഭയും താലൂക്ക്സഭയുമൊക്കെ റവന്യൂ അദാലത്തിന്റെ മുൻഗാമികളാണെന്ന് പറയാം. സർക്കാർ ഓഫീസുകളെ ഒരു കൂരയ്ക്കുകീഴിൽ കൊണ്ടുവന്ന റവന്യൂ ടവറും മറക്കാൻ കഴിയില്ല.

ഭവനനിർമ്മാണവകുപ്പ് മന്ത്രിയായിരിക്കെ, കേരളത്തെ സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമാക്കി മാറ്റുക എന്ന സംരംഭത്തിലാണ് അദ്ദേഹം ഏർപ്പെട്ടത്. സാധാരണക്കാരന്റെ പോക്കറ്റിന് താങ്ങാവുന്ന വായ്പാ സമ്പ്രദായം വഴി ഏവർക്കും വീട് കൊടുക്കാനുള്ള പദ്ധതികൾക്ക് അദ്ദേഹം രൂപം കൊടുത്തു. എം.എൻ. ഗോവിന്ദൻനായർ രൂപകല്പന ചെയ്ത ലക്ഷംവീട് പദ്ധതിയെ പുനരാവിഷ്കരിച്ചത് മാണിസാറാണ്. സംസ്ഥാനത്തെ എല്ലാ ലക്ഷം വീടുകളും പുതുക്കി പണിയാൻ ധനസഹായം നൽകുന്ന പദ്ധതി വിജയകരമായി സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നു.

www.malankaralibrary.com

നിയമമന്ത്രിയെന്ന നിലയിൽ എടുത്തുപറയത്തക്ക നേട്ടം നിയമപരിഷ്ക്കരണം തന്നെയാണ്. നിയമപരിഷ്കരണ കമ്മറ്റിയുടെ അധ്യക്ഷനെന്ന നിലയിൽ അദ്ദേഹം കാലഹരണപ്പെട്ട 697 നിയമങ്ങൾ പൊളിച്ചെഴുതി. അഭിഭാഷകർക്കും വക്കീൽ ഗുമസ്തന്മാർക്കും ക്ഷേമനിധി ഏർപ്പെടുത്തിയതും ശ്രദ്ധേയമായ വസ്തുതകളാണ്.

കേരളാ കോൺഗ്രസിന് ഒരു പ്രത്യയശാസ്ത്രം സംഭാവന ചെയ്തതും മാണിസാറാണ്. ആലുവാ സാമ്പത്തിക പ്രമേയത്തിന്റെ പിറവി ഒരുദാഹരണം മാത്രം. 1978-ൽ ചരൽകുന്നിൽ നടന്ന സമ്മേളനത്തിൽ അദ്ദേഹം അവതരിപ്പിച്ച അധ്വാനവർഗസിദ്ധാന്തം മുതലാളി-തൊഴിലാളി ബന്ധത്തിന് നേരെ വെളിച്ചം വീശി. മാർക്സിസ്റ്റുകാർ പറഞ്ഞുപരത്തിയ മുതലാളി-തൊഴിലാളി നിർവചനത്തിന് നേരെ ചാട്ടവാറുപോലെ അധ്വാനവർഗ്ഗസിദ്ധാന്തം തറഞ്ഞുകയറി. അധ്വാനവർഗ്ഗസിദ്ധാന്തം ഇക്കാലത്തും ചർച്ചചെയ്യപ്പെടുന്നു എന്ന് പറയുമ്പോൾ അതിന്റെ കാലിക പ്രസക്തി വ്യക്തമാകും. കായൽ രാജാക്കന്മാരുടെയും തോട്ടം ഉടമകളുടെയും പാർട്ടി എന്ന് അറിയപ്പെട്ടിരുന്ന കേരളാകോൺഗ്രസ്സിന് സൈദ്ധാന്തികമായ അടിത്തറ പാകിയത് മാണിസാറാണ്."

കേരളാകോൺഗ്രസ്സ് കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീ.ഇ.ജെ.ആഗസ്തി പ്രസിദ്ധീകരിച്ച കെ.എം.മാണി പാലായുടെ പ്രിയങ്കരനായ നേതാവ് എന്ന ചെറുഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "8-ാം പഞ്ചവത്സരപദ്ധതിക്ക് ഒരു ബദൽരേഖ അദ്ദേഹം സമർപ്പിച്ചു. കേരളത്തിന്റെ സാമ്പത്തിക പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന മാണിയുടെ ലഘുഗ്രന്ഥം രാഷ്ട്രീയവിദ്യാർത്ഥികൾക്ക് ഒരു പഠനവിഷയമാണ്. ഗാട്ട് കരാറിനെയും ആഗോളവൽക്കരണത്തെപ്പറ്റിയും അദ്ദേഹം പ്രസിദ്ധീകരിച്ച രേഖ ദേശീയ ചർച്ചയ്ക്ക് വിഷയീഭവിച്ചു. ഏഷ്യൻ സാമ്പത്തികസമൂഹം രൂപീകരിക്കണമെന്ന അദ്ദേഹത്തിന്റെ നിർദ്ദേശം ഇന്ത്യയൊട്ടുക്ക് ശ്രദ്ധിച്ചു. മാണിയുടെ രേഖ ദേശീയ തലത്തിൽപോലും ചർച്ചാവിഷയമായി. ഡൽഹിയിൽവച്ച് മുൻപ്രധാനമന്ത്രി ചന്ദ്രശേഖർ, ജോർജ് ഫെർണാണ്ടസ്, കേന്ദ്രമന്ത്രി സൽമാൻ കുർഷിദ്, മണിശങ്കർ അയ്യർ മുതലായ ദേശീയനേതാക്കൾ സംബന്ധിച്ച സെമിനാറിൽ മാണി തന്റെ രേഖ അവതരിപ്പിക്കുകയും സെമിനാറിൽ സംസാരിച്ചവരെല്ലാം ചൈനയെക്കൂടി ചേർത്ത് ഏഷ്യൻ സാമ്പത്തികസമൂഹം സംഘടിപ്പിക്കണമെന്ന മാണിയുടെ നൂതന നിർദ്ദേശം സ്വാഗതം ചെയ്യുകയും ചെയ്തു."

മാണി നിയമമന്ത്രിയായിരുന്ന കാലങ്ങളിൽ നിരവധി നിയമനിർമ്മാണങ്ങൾക്ക് നേതൃത്വം കൊടുക്കുകയുണ്ടായി. 10-ാം നിയമസഭാസമ്മേളനത്തിൽ സാമൂഹ്യപരിവർത്തനത്തിന് വഴിതെളിക്കുന്ന പല ബില്ലുകളും ആയിടെ അവതരിപ്പിക്കുകയുണ്ടായി. കാർഷിക പരിഷ്കരണഭേദഗതി ആദിവാസിഭൂമി കൈമാറ്റനിയന്ത്രണ ഭേദഗതി, ഇന്ത്യൻ ക്രിസ്ത്യൻ പിന്തുടർച്ചാവകാശ ഭേദഗതി, തിരു-കൊച്ചി ക്രിസ്ത്യൻ പിന്തുടർച്ചാവകാശ ഭേദഗതി

www.malankaralibrary.com

എന്നീ ബില്ലുകളാണവ. ഒരു സർവ്വകലാശാലാബില്ലിനും അദ്ദേഹം രൂപം നൽകിയിട്ടുണ്ട്.

ഏ.കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്ന കാലത്ത് സ്വാശ്രയ കോളേജ് പ്രശ്നം സംബന്ധിച്ച് മാണി തയ്യാറാക്കിയ നിയമത്തിന് പല എതിർപ്പുകളും ഉണ്ടായി. കോടതി വിധികളെപ്പോലും ധിക്കരിച്ചുകൊണ്ട് തയ്യാറാക്കിയ ബില്ല് കൂട്ടുകക്ഷി ഗവൺമെന്റിനുവേണ്ടിയാണ് മാണി തയ്യാറാക്കിയത്. പൂർണ്ണമായും രാഷ്ട്രീയപരമായ കാര്യങ്ങളാൽ നടപ്പാക്കാൻ സാധിക്കാത്ത പദ്ധതിയാണ് മാണിസാർ വിഭാവന ചെയ്ത മീനച്ചിൽ നദീതട പദ്ധതി. പാലായിലെ മിനി സിവിൽ സ്റ്റേഷൻ, വൈദ്യുതി ഭവൻ, താലൂക്ക് ഹോസ്പിറ്റൽ കോംപ്ലക്സ് തുടങ്ങിയവയുടെയെല്ലാം സ്ഥാപനത്തിന് മാണി നിർണ്ണായക ശക്തിയായിരുന്നു. നടപ്പിലാക്കാൻ സാധിച്ചില്ലെങ്കിലും കടനാട്, രാമപുരം പഞ്ചായത്തുകൾക്കായി പ്ലാൻ ചെയ്ത നീലൂർ ശുദ്ധജലവിതരണ പദ്ധതിയും മാണിസാറിന്റെ ഭാവനയിൽ രൂപം കൊണ്ടതാണ്.

വ്യാവസായികമായി പാലായെ കേരളത്തിന്റെ മുൻനിരയിലെത്തിക്കുവാനുള്ള പല പദ്ധതികളും മാണി ആവിഷ്കരിച്ചിട്ടുണ്ട്. മരങ്ങാട്ടുപള്ളിയിൽ ഉത്ഘാടനം ചെയ്ത ചില്ലിംഗ്പ്ലാന്റ് ക്ഷീരവികസനരംഗത്തെ പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്നാണ്. കരൂർ പഞ്ചായത്തിൽപ്പെട്ട വലവൂരിൽ പ്രവർത്തനം ആരംഭിച്ച ടയർഫാക്ടറി പൂർണ്ണരൂപത്തിലെത്തുമ്പോൾ 1000 കോടി രൂപായുടെ മുതൽമുടക്കോടുകൂടിയ ഒരു ഭീമൻ വ്യവസായ പദ്ധതിയായിരിക്കുമെന്നാണ് മാണിസാർ അഭിപ്രായപ്പെട്ടിരിക്കുന്നത്. വലവൂരിൽ ഫാക്ടറിക്കുവേണ്ടി 50 ഏക്കർ സ്ഥലം ഇതിനകം വാങ്ങിയതായാണ് അറിവ്. ഈ വലിയ പ്രസ്ഥാനത്തിന്റെ ചെയർമാൻ ശ്രീ. കെ.എം.മാണിതന്നെയാണ്. ഈ പദ്ധതി ഇന്ന് വിവാദ കുരുക്കിലാണ് എന്നത് നിർഭാഗ്യകരമാണ്. ഒരു നേതാവ് സമർപ്പിക്കുന്ന പദ്ധതിയുടെ നന്മതിന്മകളെപ്പറ്റി രാഷ്ട്രീയത്തിനതീതമായി പഠിച്ച് സ്വീകരിക്കേണ്ടവയെ സ്വീകരിക്കാനുള്ള വിശാലമനോഭാവം എല്ലാവർക്കും ഉണ്ടായാൽ മാത്രമേ നാടും രാജ്യവും പുരോഗമിക്കുകയുള്ളൂ. മീനച്ചിൽ നദീതട പദ്ധതിയും വലവൂർ ടയർഫാക്ടറിയും എല്ലാവരുംകൂടി സഹകരിച്ച് പ്രാവർത്തികമാക്കാൻ ശ്രമിച്ചാൽ അത് നാടിന് ഉപകാരപ്രദമായിരിക്കും. മാണിസാർ ഭാവനയും ദീർഘദൃഷ്ടിയുമുള്ള ആളാണ്. അദ്ദേഹം സമർപ്പിക്കുന്ന പദ്ധതികളെ രാഷ്ട്രീയത്തിനതീതമായി സ്വാഗതം ചെയ്യുവാൻ എല്ലാവർക്കും ബാദ്ധ്യതയുണ്ട്.

ശ്രീ. ഇ.ജെ. ആഗസ്തി പ്രസിദ്ധീകരിച്ച ചെറുഗ്രന്ഥത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. "താരിഫ് കമ്മീഷൻ സ്വാഭാവിക റബ്ബറിന്റെ തറവില നിശ്ചയിച്ചതിലെ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് 1967-ൽ കെ.എം. മാണി നിയമസഭയിൽ ചെയ്ത കന്നി പ്രസംഗം മികച്ച പ്രകടനമായിരുന്നു. വിവാദങ്ങളുയർത്തിയ കുഞ്ഞൻ കേസിന്റെ ഫയൽ തന്റെ സമർത്ഥമായ പ്രകടനത്തിലൂടെ മുഖ്യമന്ത്രി ഇ.എം.എസ്സി.നെക്കൊണ്ട് ഒരു ദുർബലനിമി

www.malankaralibrary.com

ഷത്തിൽ മേശപ്പുറത്ത് വയ്പിക്കുകയും അഴിമതിയുടെ പേരിൽ സർവ്വീസിൽനിന്ന് ഡിസ്മിസ് ചെയ്യപ്പെട്ട ശ്രീ.സി.സി. കുഞ്ഞനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ച ഇ.എം.എസ്സിന്റെ തെറ്റായ നടപടികളെ പുറത്തു കൊണ്ടുവരികയും ചെയ്ത സംഭവം കെ.എം.മാണിയുടെ നിയമസഭാ ചരിത്രത്തിലെ ഉദ്വേഗജനകമായ മുഹൂർത്തമാണ്. പ്രതിപക്ഷങ്ങൾ ഉന്നയിക്കുന്ന തടസ്സവാദങ്ങൾ എല്ലാം നിമിഷനേരം കൊണ്ട് അസാമാന്യമായ പാടവത്തോടെ അദ്ദേഹം നേരിടുന്നത് കണ്ടിരിക്കുവാൻ രസം തോന്നും. നിയമപണ്ഡിതന്റെ പാടവത്തോടെ ഓരോ വിഷയങ്ങളെ കൈകാര്യം ചെയ്യുവാനുള്ള മാണിയുടെ കഴിവ് എല്ലാവരും സമ്മതിക്കുന്ന ഒന്നാണ്. പ്രതിപക്ഷത്തിരുന്നുകൊണ്ട് ഭരണബഞ്ചുകളെ കടന്നാക്രമിക്കുവാനും കിടിലംകൊള്ളിക്കുവാനും ട്രഷറി ബഞ്ചിലിരുന്നുകൊണ്ട് പ്രതിപക്ഷാക്രമണങ്ങളെ പ്രതിരോധിക്കുവാനും അവരെ നിർവീര്യരാക്കുവാനും മാണി പ്രകടിപ്പിച്ചിട്ടുള്ള സാമർത്ഥ്യം അതുല്യമാണ്. അതികായകനായ ഒരു പാർലമെന്റേറിയനാണ് ശ്രീ. കെ.എം. മാണി."

ശുപാർശ കൂടാതെ ആർക്കും എത്ര പാവപ്പെട്ടവനും അദ്ദേഹത്തെ സമീപിക്കാം. അവരുടെ കാര്യങ്ങൾ ക്ഷമയോടെ കേൾക്കുകയും കഴിയുന്നവയെല്ലാം സാധിച്ചുകൊടുക്കുകയും ചെയ്യുന്നു. അതുകൊണ്ട് പ്രതീക്ഷയോടെ എല്ലാവരും അദ്ദേഹത്തെ സമീപിക്കുമ്പോൾ അവരിലൊരുവനായി മാണി മാറുന്നു. എല്ലാ അർത്ഥത്തിലും ഉന്നതനായ ഈ ജനകീയനേതാവിന്റെ വിജയത്തിന്റെ പിന്നിലെ രഹസ്യം വമ്പിച്ച പിന്തുണയും അവരുടെ നിർല്ലോഭമായ അനുഗ്രഹവുമാണ്.

അധികാരത്തിൽ കയറിപ്പറ്റുകയെന്ന ലക്ഷ്യം എല്ലാ രാഷ്ട്രീയപാർട്ടികളെയും ഗ്രസിച്ചു കഴിഞ്ഞിരിക്കുകയാണ്. ആ ലക്ഷ്യത്തിൽ കേരളാ കോൺഗ്രസ്സ് പാർട്ടിയിലെ എല്ലാ ഗ്രൂപ്പുകളും ഇടതുമുന്നണിയും വലതുമുന്നണിയുമായി സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്. മലയോര കർഷക പ്രശ്നത്തിന്റെ പേരിൽ കുടിയിറക്കുകളെ ചെറുക്കുവാൻ കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ചതിനെ എതിർത്ത ഒരു പാർട്ടിയാണ് കേരളാ കോൺഗ്രസ്സ്. കേരളാ കോൺഗ്രസ്സിലെ എല്ലാ ഗ്രൂപ്പുകളും അധികാരത്തിലേറുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റ് മുന്നണിയിൽ ചേർന്നിട്ടുണ്ട്. മുന്നണിഭരണത്തിൽ പങ്കാളിയാകുമ്പോൾ പലതും കണ്ടില്ലന്നും കേട്ടില്ലന്നും വയ്ക്കേണ്ടിവരും. എ.കെ. ആന്റണി മന്ത്രിസഭയുടെ ഭരണകാലത്ത് സ്വാശ്രയ കോളേജുപ്രശ്നം വന്നപ്പോൾ കെ.എം. മാണിക്കും കുറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വന്നു. അത് മുന്നണികളുടെ ചരിത്രം അതിവിടെ പ്രശ്നമല്ല.

മന്ത്രിസഭയിൽ മാണി കൈകാര്യം ചെയ്യാത്ത വകുപ്പുകളില്ല. 1977 ലെ കരുണാകരൻ മന്ത്രിസഭയിൽ തൊഴിൽ, 77 ലെ ആന്റണി മന്ത്രിസഭിലും 78 ലെ പി.കെ.വി. മന്ത്രിസഭയിലും ആഭ്യന്തരം, 80 ൽ നായനാർ മന്ത്രിസഭയിലും 81 ലെയും 82 ലെയും കരുണാകരൻ മന്ത്രിസഭയിലും ധന

www.malankaralibrary.com

കാര്യം, 91 ലെ കരുണാകരൻ മന്ത്രിസഭയിൽ റവന്യൂനിയമം, 95 ലെ എ. കെ. ആന്റണി മന്ത്രിസഭയിൽ റവന്യൂ, നിയമം, വിദ്യുച്ഛക്തി തുടങ്ങിയ വകുപ്പുകൾ കൈകാര്യം ചെയ്തിട്ടുള്ള മാണി ജലസേചനം, ഗതാഗതം, പബ്ലിക് റിലേഷൻസ് തുടങ്ങിയ വകുപ്പുകളും കൈകാര്യം ചെയ്തിട്ടുണ്ട്.

ജീവത്തായ സംഭാവനകൾ നൽകിയിട്ടുള്ള മികച്ച രാഷ്ട്രീയ നേതാവിനുള്ള ചേറ്റൂർ ശങ്കരൻനായർ ഫൗണ്ടേഷന്റെ പ്രഥമ വി.പി. മേനോൻ പുരസ്കാരം, ഇന്ത്യൻ നാഷണൽ ഫ്രണ്ട്ഷിപ്പ് അവാർഡ്, ജർമ്മൻ മലയാളി അസോസിയേഷൻ അവാർഡ് തുടങ്ങിയ ഒട്ടനവധി പുരസ്കാരങ്ങളും മാണി നേടി.

ജനക്ഷേമം, ജനങ്ങളുടെ അവകാശം, കാർഷിക സമ്പദ്ഘടനയും കേരളവും, വികസനവും വിഭവശേഷിയും, നിയമസഭാ പ്രസംഗങ്ങൾ തുടങ്ങി ഒട്ടനവധി ഗ്രന്ഥങ്ങളും മാണിയുടേതായിട്ടുണ്ട്.

1933 ജനുവരി 30-ാം തീയതി പാലായ്ക്കടുത്ത് മരങ്ങാട്ടുപള്ളി കരിങ്ങോഴയ്ക്കൽ തോമസ് മാണിയുടെ മകനായിട്ടാണ് മാണിയുടെ ജനനം. മരങ്ങാട്ടുപള്ളിയിലെയും പാലായിലെയും സ്കൂളുകളിൽ പ്രാഥമിക വിദ്യാഭ്യാസം നേടി. 1956 ൽ മദ്രാസ് ലോ കോളേജിൽ നിന്നും നിയമബിരുദം നേടി. 1956 ൽ മദ്രാസ് ഹൈക്കോടതിയിൽ എൻറോൾ ചെയ്തു. തുടർന്ന് പാലാ ബാറിൽ അഭിഭാഷകനായി. ഇന്ത്യൻനാഷണൽ കോൺഗ്രസ്സിലൂടെ രാഷ്ട്രീയരംഗത്ത് പ്രവർത്തനം ആരംഭിച്ചു. കോൺഗ്രസ്സ് ജില്ലാ സെക്രട്ടറി കെ.പി.സി.സി. മെമ്പർ എന്നീ സ്ഥാനങ്ങൾ വഹിച്ചു. 1965 ൽ കേരളാ കോൺഗ്രസ്സിൽ ചേർന്നു. പിന്നീടുള്ള രാഷ്ട്രീയ ജീവിതം ഐതിഹാസികമായിരുന്നു.

കുട്ടിയമ്മയാണ് ഭാര്യ.

വിലാസം - കെ.എം.മാണി എം.എൽ.എ., വെള്ളാപ്പാട്, പാലാ.

# 149

# ഡോ. പോൾ മാമ്പിള്ളി



"എറണാകുളം ജനറലാശുപത്രിയുടെ വരാന്തയിൽ മരണത്തിനുവിധിക്കപ്പെട്ടുകിടക്കുകയായിരുന്നു അവർ. ക്യാൻസർ രോഗം പിടിപെട്ട് അത്യാസന്നനിലയിൽ കഴിയുന്ന കുറെ മനുഷ്യർ. സ്വന്തക്കാരാലും സുഹൃത്തുക്കളാലും ഉപേക്ഷിക്കപ്പെട്ടവരും അനാഥരുമായിരുന്നു അവരിലധികവും. അടുത്തടുത്തുവരുന്ന മരണത്തിന്റെ പതിഞ്ഞ കാലൊച്ച കാതോർത്ത് അവർ തളർന്നു കിടന്നു. പുറത്ത്

www.malankaralibrary.com

തകർത്തുപെയ്യുന്ന മഴ, നനഞ്ഞ ഇരുട്ടിൽ കറുത്ത ചിറകും കൂർത്ത നഖങ്ങളുമുള്ള ഏതോ ഒരുപക്ഷി പതിയിരിക്കുന്നത് അവരറിഞ്ഞു. അവരുടെ നിമിഷങ്ങൾ എണ്ണപ്പെട്ടുകഴിഞ്ഞിരുന്നു.

ആശുപത്രിയുടെ ഡ്യൂട്ടിറൂമിൽ ആ പാതിരാത്രിയിലും ചെറുപ്പക്കാരനായ ഒരു ഡോക്ടർ ഉറക്കമൊഴിഞ്ഞിരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം ഇടയ്ക്കിടെ വരാന്തയിലിറങ്ങി മരണം കാത്തുകിടക്കുന്ന രോഗികളുടെ അടുത്തെത്തി. അവരെ മൂടിയിട്ടിരുന്ന മുഷിഞ്ഞ പുതപ്പുകൾ മെല്ലെ വലിച്ചുനീക്കി. നാഡിപിടിച്ചുനോക്കി. ഇല്ല.....മരിച്ചിട്ടില്ല. അദ്ദേഹം അവരെ വിളിച്ചു. അവർ അവ്യക്തമായ സ്വരത്തിൽ വിളികേട്ടു. പീള കെട്ടിയ കണ്ണുകൾ തുറന്ന് അദ്ദേഹത്തെ ദയനീയമായി നോക്കി. അടുത്തിരുന്ന് തലയിലും പുറത്തും തലോടി അദ്ദേഹം അവരെ ആശ്വസിപ്പിച്ചു. രോഗം സുഖപ്പെടില്ലന്നറിയാം. അസഹ്യമായ വേദനയാൽ പുളയുകയും വാവിട്ടുകരയുകയും ചെയ്യുന്ന നിസ്സഹായരായ മനുഷ്യർ. അവർക്ക് സമാധാനത്തോടെ മരിക്കാനെങ്കിലും കഴിഞ്ഞിരുന്നെങ്കിലെന്ന് അദ്ദേഹം ആശിച്ചു. ഒരുനാൾ ആശുപത്രിയിലെ ജോലി രാജിവച്ച് മരണാസന്നരായ ഏഴ് കാൻസർ രോഗികളുമായി അദ്ദേഹം എങ്ങോട്ടോ യാത്രയായി.

പിന്നെ, അദ്ദേഹത്തെ കാണുന്നത് കറുകുറ്റിയിലാണ്. റോഡ് വക്കിൽ പത്തുസെന്റ് സ്ഥലം. അതിൽ കെട്ടി ഉണ്ടാക്കിയ ചെറിയ ഓല ഷെഡ്, ഷെഡിൽ എട്ടു കട്ടിൽ നിരത്തി ഇട്ടിരുന്നു. ഏഴു കട്ടിലിലും രോഗികൾ. എട്ടാമത്തെ കട്ടിലിൽ അദ്ദേഹം. പുലർച്ചയ്ക്ക് റോഡിലൂടെ കടന്നുപോകുന്ന നാട്ടുകാർ വെറുതെ എണ്ണുന്നു. ഒന്ന്.....രണ്ട്......മൂന്ന്.....ഇല്ല. ആരും മരിച്ചിട്ടില്ല. എട്ടുപേരുമുണ്ട്. ഡോക്ടർ അവരുടെ വ്രണങ്ങൾ കഴുകിക്കെട്ടി സ്നേഹപൂർവ്വം ശുശ്രൂഷിച്ചു. അവർക്ക് ഇഷ്ടമുള്ള ആഹാരം പാകപ്പെടുത്തിക്കൊടുത്തു. ഓരോ ദിവസം കഴിയുന്തോറും ആ രോഗികളുടെ നില മെച്ചപ്പെടുകയായിരുന്നു. പലർക്കും എണീറ്റിരിക്കാമെന്നായി. മരണം തങ്ങളിൽ നിന്നു അകന്നകന്നുപോകുന്നത് അവരറിഞ്ഞു. നിരാശ്രയരും നിരാശരുമായിരുന്ന അവരിൽ സന്തോഷത്തിന്റെ, പ്രതീക്ഷയുടെ നാമ്പുകൾ വിരിഞ്ഞു. തങ്ങളെ സ്നേഹിക്കുന്ന, ശുശ്രൂഷിക്കുന്ന, തങ്ങളോടൊപ്പം തങ്ങളിൽ ഒരാളായി ജീവിക്കുന്ന ഡോക്ടറിൽ അവർ തങ്ങളുടെ ദൈവത്തെ കണ്ടു. ഇതാണ് ഡോക്ടർ പോൾ മാമ്പിള്ളി. അശരണരും അനാഥരുമായി കഴിയുന്ന കാൻസർ രോഗികളുടെ ശരണവും സങ്കേതവുമായ മനുഷ്യപുത്രൻ! രോഗികളുടെ ശരീരത്തിലെ മുറിവുകൾ കഴുകി ഉണക്കുകയും അവരുടെ ആത്മാവിലെ വ്രണങ്ങളിൽ സ്നേഹത്തിന്റെ ലേപനം പൂശുകയും ചെയ്യുന്ന ഒരു നല്ല സമറിയാക്കാരൻ! അറിയപ്പെടാൻ ആഗ്രഹിക്കാത്ത പേരും പ്രശസ്തിയും കൊതിക്കാത്ത സമ്പൂർണ്ണ സമർപ്പണത്തിന്റെ പ്രതീകമായ ഡോക്ടർ മാമ്പിള്ളി. നാലുവർഷക്കാലം തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിലെ ക്യാൻസർ ചികിത്സാവിഭാഗത്തിലും പിന്നീട്

www.malankaralibrary.com

വളരെക്കാലം എറണാകുളം ജനറലാശുപത്രിയിലും സേവനം ചെയ്ത വിദഗ്ദ്ധനായ ഡോക്ടർ.

1988 സെപ്റ്റംബർ 25-ാം തീയതിയിലെ ദീപിക വാരാന്ത്യപതിപ്പിൽ വട്ടപ്പലം എഴുതിയ ലേഖനത്തിലെ ഏതാനും ഭാഗങ്ങളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്.

ഔദ്യോഗികപദവികൾ എല്ലാംരാജിവച്ച് ഏഴുരോഗികളെയുമായി കറുകുറ്റിയിലെ ഒരു ഓലഷെഡിൽ ആരംഭിച്ച ഡോ. പോൾ മാമ്പള്ളിയുടെ ആതുരസേവനസംരംഭം ഇന്ന് ഔസേഫ് മറിയം ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു വലിയ സ്ഥാപനമായി വളർന്നുകഴിഞ്ഞിരിക്കുന്നു. ഇത് യഥാർത്ഥത്തിൽ ഒരു ആശുപത്രിയല്ല, അനാഥരും ആശയറ്റവരുമായ ക്യാൻസർ രോഗികളുടെ അഭയകേന്ദ്രമാണ്.

പറവൂരിനടുത്ത് ഞാറയ്ക്കലിൽ മാമ്പള്ളികുടുംബത്തിൽ 1933 ഫെബ്രുവരി 18-ാം തീയതിയാണ് ജനനം. ഔസേഫും മറിയവും പിതാവും മാതാവും. അവരുടെ ഏഴുമക്കളിൽ ഏറ്റം ഇളയവനാണ് പോൾ മാമ്പള്ളി. പി. എം. പോൾ എന്നാണ് റിക്കാർഡുകളിൽ. മണിപ്പാൽ മെഡിക്കൽ കോളേജിൽനിന്നുമാണ് അദ്ദേഹം എം.ബി.ബി.എസ്സ്. ഡിഗ്രി എടുത്തത്. 1962 ൽ സാധാരണ മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കി കർമ്മരംഗത്തേക്കിറങ്ങുന്നവർ വലിയ സന്തോഷത്തോടെയാണ് നീങ്ങുന്നത്. എന്നാൽ പി.എം. പോൾ അത്ര സന്തോഷവാനായിരുന്നില്ല. ദുഃഖഭാരവുമായിട്ടുള്ള ആ വരവിന്റെ കാരണം എന്താണ്? പോൾ മെഡിക്കൽ വിദ്യാർത്ഥിയായിരിക്കെ 1958 ൽ തന്റെ പിതാവ് ഔസേഫും രണ്ടുവർഷത്തിനുശേഷം മാതാവ് മറിയവും ക്യാൻസർ രോഗം ബാധിച്ച് മരണമടഞ്ഞു. അത് ഡോക്ടറുടെ ഹൃദയത്തെ വല്ലാതെ മുറിവേല്പിച്ചു. മെഡിസിന് പഠിക്കുമ്പോൾ ദാനശീലനും പരോപകാരതല്പരനുമായിരുന്ന പിതാവ് രോഗികളോട് ചികിത്സയ്ക്ക് ഒരിക്കലും പ്രതിഫലം വാങ്ങിക്കരുതെന്ന് ഉപദേശിക്കുമായിരുന്നു. ആ ഉപദേശങ്ങളനുസരിച്ച് പിതാവ് ജീവിച്ച വഴികളിലൂടെ - അദ്ദേഹത്തിന്റെ ആത്മാവ് തെളിക്കുന്ന വെട്ടത്തിലൂടെ സഞ്ചരിക്കുക എന്നതുമാത്രമായിരുന്നു ഡോക്ടറുടെ ലക്ഷ്യം.

ക്യാൻസർ രോഗബാധിതരായി മരണമടഞ്ഞ മാതാപിതാക്കളുടെ വേർപാടിന്റെ വേദന കടിച്ചമർത്തിക്കൊണ്ട് ഡോക്ടർ മാമ്പള്ളി തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ് ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ക്യാൻസർ രോഗികളോട് ഡോക്ടർക്ക് പ്രത്യേക ദയയും അനുകമ്പയും തോന്നി. അവരെ ഏതുവിധവും അദ്ദേഹം സഹായിക്കാൻ തയ്യാറായിരുന്നു.

മണിപ്പാൽ മെഡിക്കൽ കോളേജിൽ പഠിച്ചിരുന്നപ്പോൾ വീട്ടിൽനിന്നും ലഭിച്ചിരുന്ന പണത്തിൽ നല്ലൊരുഭാഗം ആശുപത്രിയിൽ കിടക്കുന്ന പാവപ്പെട്ടരോഗികൾക്ക് സംഭാവനചെയ്യുമായിരുന്നു. രോഗികൾക്ക് മരുന്നുവാ

www.malankaralibrary.com

ങ്ങാനും ഭക്ഷണം കഴിക്കാനും അദ്ദേഹം പണം നൽകിയിരുന്നു. താൻ അർദ്ധപട്ടിണിയിൽ കഴിഞ്ഞുകൊണ്ടാണ് ഈ പ്രവർത്തികൾ ചെയ്തിരുന്നത്. അതിൽ അദ്ദേഹം സന്തോഷംകണ്ടെത്തിയിരുന്നു. തിരുവനന്തപുരത്ത് മെഡിക്കൽ കോളേജിലും എറണാകുളം ജില്ലാആശുപത്രിയിലും ജോലി നോക്കിയപ്പോൾ ക്യാൻസർ രോഗികളെ പരിചയപ്പെടുകയും അവരെ പ്രത്യേകം സ്നേഹിച്ച് ചികിത്സിക്കുകയും ചെയ്തിരുന്നു. രോഗിയുടെ മരണം നിശ്ചയമാണെന്നറിയുമ്പോൾ രോഗിയുടെ കൂട്ടത്തിലുള്ളവർ സ്ഥലംവിടുകയായിരുന്നു പതിവ്. എല്ലാവരാലും ഉപേക്ഷിക്കപ്പെടുന്ന നിസഹായരായ രോഗികൾക്ക് അന്ത്യനാളുകളിൽ അല്പംസ്നേഹവും ആശ്വാസവും പകരണമെന്ന ആഗ്രഹം ആണ് ആശുപത്രിയിൽ നിന്ന് രോഗികളെയുംകൊണ്ട് കറുകറ്റിയിലേക്കുപോകാൻ പ്രേരിപ്പിച്ചത്. ആ ആഗ്രഹത്തിന്റെ പൂർത്തീകരണമാണ് കറുകുറ്റിയിലെ ഔസേഫ് മറിയം ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട്. ദീപിക ലേഖനത്തിലെ ഒരുഭാഗം കൂടി ഉദ്ധരിക്കട്ടെ.

മറ്റ് ആശുപത്രികളിൽനിന്നെല്ലാം ഉപേക്ഷിക്കപ്പെടുന്ന ആലംബഹീനരും നിരാശരുമായ രോഗികളെയാണ് ഡോക്ടർ ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്വീകരിക്കുക. അവർക്ക് വിദഗ്ദ്ധമായ ചികിത്സ, ഇഷ്ടമുള്ള ഭക്ഷണം, രക്ഷപ്പെട്ടേക്കുമെന്ന് അല്പമെങ്കിലും പ്രതീക്ഷയുള്ള രോഗികൾക്ക് ഓപ്പറേഷൻ ഒന്നിനും ഇവിടെ പണം വേണ്ട. എല്ലാം സൗജന്യം. രോഗികൾക്കുമാത്രമല്ല, അവരോടൊപ്പം നിൽക്കുന്നവർക്കുകൂടി കഴിയുമെങ്കിൽ ഭക്ഷണം കൊടുക്കണമെന്നാണ് ഡോക്ടറുടെ ആഗ്രഹം. പുറത്തുനിന്നു മരുന്നു വാങ്ങാനും രോഗിയുടെ വീട്ടിലെ പട്ടിണി അകറ്റാനുമുള്ള പണംകൂടി ഡോക്ടർ നൽകിയെന്നുവരാം. വീട്ടിൽ കുട്ടികൾ പട്ടിണികിടക്കുമ്പോൾ ചികിത്സയിൽ കഴിയുന്ന രോഗിക്ക് മനഃസമാധാനം ഉണ്ടാവില്ല എന്ന ആശയക്കാരനാണ് ഡോക്ടർ. രോഗിയുടെ സമാധാനം. അതാണ് ഡോക്ടറുടെ ലക്ഷ്യം. അതിനുവേണ്ടി എന്തുത്യാഗവും സഹിക്കാൻ അദ്ദേഹം തയ്യാറാണ്.

തന്റെ രോഗിയെ ചികിത്സിക്കുന്നതും ഓപ്പറേഷൻ നടത്തുന്നതുമെല്ലാം ഡോക്ടർ മാമ്പിള്ളിതന്നെ. ഇവിടെ ഓപ്പറേഷൻ തീയറ്ററില്ലാത്തതുകൊണ്ട് രോഗിയെ സ്വന്തം ചെലവിൽ അകലെയുള്ള മറ്റേതെങ്കിലും ആശുപത്രിയിൽ കൊണ്ടുപോയാണ് ഡോക്ടർ ഓപ്പറേഷൻ നടത്തുക. രോഗി ഒന്നും അറിയേണ്ട. എല്ലാ ചെലവുകളും ഡോക്ടർതന്നെ വഹിച്ചുകൊള്ളും. അറിയപ്പെടുന്ന ശസ്ത്രക്രിയാ വിദഗ്ദ്ധരിൽ ഒന്നാമനാണ് ഡോക്ടർ മാമ്പിള്ളി. മരണം കാത്തുകിടക്കുന്ന ഒട്ടേറെ രോഗികളെ അദ്ദേഹം ഓപ്പറേഷനിലൂടെ പൂർണമായി സുഖപ്പെടത്തിയിട്ടുണ്ട്. അവരിൽ പലരും ഇന്നും ജീവിച്ചിരിക്കുന്നു."

കറുകുറ്റിയിലെ ഔസേഫ് മറിയം ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ കഴിഞ്ഞിട്ടുള്ള രോഗികൾക്കെല്ലാം ഡോക്ടർ ഒരു ദൈവദൂതനാണ്. രോഗം ഭേദമായവരും ആശുപത്രിയിൽ തങ്ങാനാണാഗ്രഹിക്കുന്നത്. വീട്ടിലേക്ക് തിരി

www.malankaralibrary.com

ച്ചുപോകുന്നവരും കൂടെക്കൂടെ ഡോക്ടറെ കാണാൻവരും. രണ്ടുമൂന്ന് ദിവസം കഴിഞ്ഞായിരിക്കും അവർ വീട്ടിലേക്ക് മടങ്ങുക. സാമ്പത്തിക പ്രയാസമുള്ളവർക്ക് വണ്ടിക്കൂലിയും ഭക്ഷണത്തിനുമുള്ള പണവും ഡോ. നൽകും. മരിക്കുമെന്നുറപ്പുള്ള രോഗികൾക്ക് ചികിത്സയല്ല, സമാധാനവും, സന്തോഷവുമാണ് വേണ്ടത് എന്ന് ഡോക്ടർ പറയും. അവർക്കു സമാധാനവും സംതൃപ്തിയും നൽകാൻ ഡോക്ടർ പരിശ്രമിക്കും. ദീപിക ലേഖനത്തിൽ എഴുതിയിരിക്കുന്ന ഒരു സംഭവും താഴെ ചേർക്കട്ടെ.

"മരണത്തിനു വിധിക്കപ്പെട്ടു കിടക്കുകയായിരുന്നു ആറു വയസുകാരി ലിജിമോൾ. മരണത്തിനു തലേന്ന് ഭക്ഷണം കൊടുക്കുമ്പോൾ അവൾ എന്തിനോ ശാഠ്യം പിടിച്ചു കരഞ്ഞു. ഡോക്ടർ മാതാപിതാക്കളോടു കാര്യം തിരക്കി. "മോൾക്ക് മാങ്ങാചമ്മന്തി വേണം" മാങ്ങാകിട്ടുന്ന സീസണായിരുന്നില്ലത്. എന്നിട്ടും ഡോക്ടർ ഒരാളെ അകലെയെവിടെയോവിട്ട് മാങ്ങാ വാങ്ങിപ്പിച്ച് ലിജിമോൾക്ക് ചമ്മന്തിയുണ്ടാക്കിക്കൊടുത്തു.

മരണം വാതിലിൽ വന്നു മുട്ടിവിളിക്കുമ്പോഴും ഭാര്യയോടു ശണ്ഠ കൂടുകയായിരുന്നു ഒരു രോഗി. അയാളുടെ വായും മുഖവുമാകെ അഴുകിപ്പോയിരുന്നു. മൂക്കിലൂടെ കുഴലിട്ടായിരുന്നു മരുന്നും വെള്ളവും നൽകിയിരുന്നത്. മദ്യപാനിയായിരുന്ന അയാൾക്ക് അവസാനനേരത്ത് അൽപം മദ്യം കഴിക്കണമെന്നാഗ്രഹം. അതു വാങ്ങിക്കൊടുക്കാൻ ഭാര്യയുടെ കൈവശം പണമുണ്ടായിരുന്നില്ല. വിവരമറിഞ്ഞ ഡോക്ടർ അയാൾക്ക് ഇഷ്ടമുള്ള മദ്യം വാങ്ങിപ്പിച്ച് മൂക്കിലെ കുഴലിലൂടെ കൊടുത്തു. അയാൾക്ക് സന്തോഷമായി."

ക്ലാരമഠത്തിലെ സഹോദരികളാണ് ഡോക്ടറെ സഹായിക്കുന്നത്. ചേർത്തല സ്വദേശിയായ സി.കൊൺസലേറ്റായും പ്രവിത്താനം സ്വദേശിയായ സിസ്റ്റർ ബഞ്ചമിനും ആയിരുന്നു ആദ്യകാല സഹപ്രവർത്തകർ. ഡോക്ടറെപ്പോലെ നിസ്വാർത്ഥ സേവനത്തിന്റെ പ്രതീകങ്ങളായിരുന്നു ഇരുവരും. ഡോക്ടർ ഇടയ്ക്ക് ഇറ്റലി, അമേരിക്ക തുടങ്ങിയ വിദേശരാജ്യങ്ങളിൽപ്പോകും. ക്യാൻസർ രോഗചികിത്സാരംഗത്തെ ആധുനികരീതികൾ മനസ്സിലാക്കുന്നതിനും അവിടുത്തെ മെഡിക്കൽ കോളേജുകളിൽ ക്യാൻസറിനെക്കുറിച്ച് ക്ലാസ്സെടുക്കുന്നതിനുമാണ് ഈ യാത്ര. മടങ്ങിവരുമ്പോൾ കുറെ പണവും കൈയ്യിൽ ഉണ്ടാകും. രോഗികൾക്കും സഹായംതേടിയെത്തുന്നവർക്കുമായി അത് നൽകും.

ഡോക്ടറുടെ ജീവിതരീതിയെപ്പറ്റി വട്ടപ്പലം ദീപികലേഖനത്തിൽ എഴുതിയ ഒരു ഭാഗം കൂടി ഉദ്ധരിക്കാം.

വീതംകിട്ടിയ കുടുംബസ്വത്തുകൊണ്ടാണ് ഡോക്ടർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതും രോഗികളെ സഹായിക്കുന്നതും. കറുകുറ്റിയിലെ സി.എം.ഐ. ആശ്രമത്തിൽ നിന്നുള്ള സഹായസഹകരണങ്ങളും അവിടത്തെ വൈദികർ നൽകുന്ന പ്രോത്സാഹനവും

www.malankaralibrary.com

ഡോക്ടർ നന്ദിയോടെ സ്മരിക്കുന്നു. കറുകുറ്റി കൊവേന്തയിൽ നിന്നു ഔസേപ്പ് മറിയം കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലേക്കുള്ള വഴിയേ അതാ, താടിക്കാരനായ ഒരു മനുഷ്യൻ തനിയെ നടന്നുനീങ്ങുന്നു. വെള്ളമുണ്ട് മടക്കിക്കുത്തി, കൈകൾ പിറകിൽ കെട്ടി ചിന്താധീനനായി നടന്നകലുന്ന അയാളുടെ കാലുകളിൽ ചെരുപ്പുകളില്ല. കയ്യിൽ വാച്ചില്ല. സാധാരണക്കാരനായ ഒരു ഗ്രാമീണൻ.

ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കിലോമീറ്ററിലേറെ ദൂരമുണ്ട്. എന്നാലും നടക്കാൻ മടിയില്ല. രാവിലെയും വൈകുന്നേരവും ഈ വഴിയിലൂടെ നടന്നേ പോകൂ. മഴയാണെങ്കിലും വെയിലാണെങ്കിലും കുട ഉണ്ടാവില്ല. റോഡിന്റെ ഇരുവശവുമുള്ള വീടുകളിൽ നിന്ന് അതാ കുട്ടികൾ ഇറങ്ങിവരുന്നു. അദ്ദേഹത്തിന്റെ അടുത്തേക്കാണ്. മുമ്പിലെത്തി തല കുനിച്ചുനിന്ന അവരെ പേരുവിളിച്ച് തൊട്ടു തലോടി അദ്ദേഹം കടന്നു പോകുന്നു.

മാംസമോ മത്സ്യമോ ഉപയോഗിക്കില്ല. ചായയോ കാപ്പിയോ കുടിക്കില്ല. തനി സസ്യഭുക്ക്. ഞായറാഴ്ചകളിൽ പൂർണ്ണ ഉപവാസം. താമസവും ഭക്ഷണവും കറുകുറ്റികൊവേന്തയിൽ, ഒന്നിനും നിർബന്ധമില്ലാത്ത പരിത്യാഗിയായ മനുഷ്യസ്നേഹി. രാത്രി വളരെ വൈകിയാവും ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും മടങ്ങിവരിക. എത്ര താമസിച്ചു കിടന്നാലും രാവിലെ ഉണരും. കുളികഴിഞ്ഞാൽ പള്ളിയിൽ പോകണം. കുർബ്ബാന ഒരിക്കലും മുടക്കില്ല. പ്രാർത്ഥിക്കാതെ എങ്ങോട്ടും പുറപ്പെടില്ല.

നാട്ടിലാണെങ്കിലും വിദേശങ്ങളിലാണെങ്കിലും വേഷം മുണ്ടും ഷർട്ടും തന്നെ. താമസം ആശ്രമങ്ങളിലും. ഇടയ്ക്കിടയ്ക്ക് ഞാറയ്ക്കൽപള്ളിയിലെ സെമിത്തേരിയിൽപോകും. അപ്പന്റെയും അമ്മയുടെയും കുഴിമാടങ്ങൾക്കരുകിൽനിന്ന് പ്രാർത്ഥിക്കും. തന്റെ ശക്തിയും പ്രചോദനവും അവിടെയാണെന്ന് ഡോക്ടർ പറയുന്നു. രോഗികൾക്കും ആകുലർക്കും തീറെഴുതിയജീവിതം. കുടുംബസ്വത്തുകൊണ്ട് ആതുരസേവനം നടത്തുന്ന മഹാനായ മനുഷ്യസ്നേഹി. രോഗികളെ സ്വന്തം സഹോദരങ്ങളായി കാണുന്ന ഡോക്ടർ. ഈ ചെറിയവരിൽ ഒരാളെയെങ്കിലും എന്നാലാവുംവിധം സഹായിച്ചു എന്ന സംതൃപ്തി, എനിക്ക് അതുമാത്രം മതി എന്നുപറയുന്ന ഒരു നല്ല സമരിയാക്കാരൻ.

ഡോ.മാമ്പള്ളിയുടെ മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങൾ എത്ര പ്രശംസിച്ചാലും അധികമാവുകയില്ല. അദ്ദേഹത്തിന്റെ മഹത്തായ സേവനങ്ങളെ ആദരിച്ച് ഈ ലേഖകൻ എ.കെ.സി.സി. ജനറൽ സെക്രട്ടറിയായിരിക്കുമ്പോൾ, ഒരു അവാർഡ് നൽകിയാദരിക്കുകയുണ്ടായി. അത് വാങ്ങിക്കുവാൻ അദ്ദേഹം വിസമ്മതിക്കുകയായിരുന്നു. ഞാനല്ല എന്റെകൂടെ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സാണ് അവാർഡിനർഹർ എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. വളരെയധികം ആളുകളുടെ സമ്മർദ്ദത്തിനുശേഷമാണ് ആ അവാർഡ് സ്വീകരിക്കാൻ അദ്ദേഹം തയ്യാറായത്. പിന്നീട് നിര

www.malankaralibrary.com


വധി അവാർഡുകൾ അദ്ദേഹത്തെ തേടിയെത്തി. കേരളസഭാതാരം അവാർഡ് ഏറ്റുവാങ്ങാൻ ആളൂർ അദ്ദേഹമെത്തിയപ്പോൾ ഈ ലേഖകനോട് അദ്ദേഹം പറഞ്ഞു. "ആദ്യം അവാർഡ് തന്നത് കത്തോലിക്കാകോൺഗ്രസ്സാണ്. അത് സ്വീകരിക്കാൻ അന്നെനിക്ക് താല്പര്യമില്ലായിരുന്നു. അതുകൊണ്ട് വലിയ നേട്ടം ഉണ്ടായി. അനാഥരും പരിത്യക്തരമായ അനവധി രോഗികൾ എന്റെയടുക്കൽ എത്താൻ സഹായകമായി. അതുകൊണ്ട് അനേകരെ കൂടുതൽ സഹായിക്കാൻ എനിക്കവസരം ലഭിച്ചു. പലരും എന്റെ ഈ സ്ഥാപനം സന്ദർശിക്കുകയും സാമ്പത്തികസഹായം നൽകുകയും ചെയ്തു. ഒന്നും മറച്ചുവയ്ക്കാത്ത ഡോ.പോൾ മാമ്പള്ളി തുറന്നു പറഞ്ഞു കൂടാതെ സർവ്വോദയം കുര്യൻ അവാർഡ് ഫാ. വർഗ്ഗീസ് കളപ്പറമ്പത്ത് സിൽവർ ജൂബിലി അവാർഡ്, രാമൻകുട്ടിയച്ചൻ അവാർഡ് എന്നിവയും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

പ്രായം അദ്ദേഹത്തെ തളർത്തുന്നുണ്ട്. ഇക്കാരണത്താൽ ആശുപത്രിയെ വിപുലപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ക്യാൻസർ രോഗികളുടെ മിത്രമായി അവിവാഹിതനായ അദ്ദേഹം ഇന്നും കഴിയുന്നു.

വിലാസം - ഡോ. പോൾ മാമ്പിള്ളി, സി.എം.ഐ. മൊണാസ്ട്രി,
കറുകുറ്റി - 683576.

# 150

# എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ



കേരളകത്തോലിക്കരുടെ പൊതുസംഘടനയായ അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിനെ ദീർഘകാലം നയിച്ച എം.ഡി. ജോസഫ് നിലയ്ക്കൽ നിന്നും കാഞ്ഞിരപ്പള്ളിയിൽ കുടിയേറിപ്പാർത്ത വലിയവീട്ടിൽ കുടുംബത്തിന്റെ ശാഖയായ കുരിശുംമൂട്ടിൽ - മണ്ണിപ്പറമ്പിൽ കുടുംബത്തിൽ ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തിമൂന്ന് മാർച്ച് മൂന്നാംതീയതി ഡൊമിനിക്ക് മറിയാമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായി ജനിച്ചു. പ്രൈമറി വിദ്യാഭ്യാസം കാഞ്ഞിരപ്പള്ളിയിലും ഹൈസ്കൂൾ വിദ്യാഭ്യാസം ചങ്ങനാശ്ശേരി സെന്റ് ബെർക്കുമാൻസ്, മാന്നാനം സെന്റ് എംഫ്രേംസ് എന്നിവിടങ്ങളിലായിരുന്നു. ഇന്റമീഡിയറ്റ് തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജിൽ നിന്നും ബി.എ. ഡിഗ്രി ബാംഗ്ലൂർ സെന്റ് ജോസഫ്സ്കോളേജിൽ നിന്നും എടുത്തു. തുടർന്ന് എറണാകുളം ലോ കോളേജിൽ നിന്നും ബി.എൽ പരീക്ഷ പാസായി.

അതിനുശേഷം ഭരണങ്ങാനത്ത് ആലാനിക്കൽ മാണിച്ചന്റെ മകൾ

www.malankaralibrary.com

എൽസിയെ വിവാഹം ചെയ്തു. കുറെക്കാലം പ്രജാസോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്ന് കോട്ടയം ഡിസ്ട്രിക്ട് ഭാരവാഹിത്വങ്ങൾ വഹിച്ചു. 1958 ലെ വിമോചന സമരത്തിൽ പങ്കെടുത്തു. പിന്നീട് പ്ലാന്റേഷൻ മേഖലയിൽ പിതാവിനോടൊപ്പം ചേർന്നു പ്രവർത്തിക്കുകയും തൃശ്ശൂർ ഡിസ്ട്രിക്ററിൽ പഴയന്നൂരിലുള്ള വെള്ളപ്പാറ എസ്റ്റേറ്റ്, പാലക്കാട് ഡിസ്ട്രിക്റ്റിൽ നെല്ലിയാംപതിയിലെ പലഗപാണ്ടി എസ്റ്റേറ്റ്, തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ നെടുമങ്ങാടിനടുത്തുള്ള മുക്കാട്ടുമല ഗ്രൂപ്പ് എസ്റ്റേറ്റ്, കൊല്ലം ഡിസ്ട്രിക്റ്റിൽ കുളത്തൂപ്പുഴയിലുള്ള ചെന്തുരുണി എസ്റ്റേറ്റ് എന്നിവ വാങ്ങിക്കുകയും ചെയ്തു. പത്തനംതിട്ട ഡിസ്ട്രിക്റ്റിൽ കോന്നിയിലുള്ള വഞ്ചിനാട് റബ്ബർ ആന്റ് പ്രൊഡ്യൂസ് കമ്പനിലിമിറ്റഡിന്റെ ഷെയറുകൾ വാങ്ങി കമ്പനി വക ചെമ്മാനി എസ്റ്റേറ്റ് സ്വന്തമാക്കുകയും, വണ്ടൻമേട്ടിലുള്ള വിമൽ കാർഡമം പ്ലാന്റേഷൻസ് വാങ്ങുകയും ചെയ്തു.

1970 മുതൽ മിക്കവാറും തുടർച്ചയായി റബ്ബർബോർഡു വൈസ് ചെയർമാൻ സ്ഥാനംവഹിച്ചിട്ടുണ്ട്. നിലവിൽ റബ്ബർബോർഡ് മെമ്പറുമാണ്. 1979 ൽ അഖിലകേരള കത്തോലിക്കാകോൺഗ്രസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. മൂന്നുപ്രാവശ്യം കത്തോലിക്കാകോൺഗ്രസ്സ് പ്രസിഡന്റായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1983 ലെ നിലയ്ക്കൽ പ്രശ്നം ഈ കാലഘട്ടത്തിലാണ് രൂപം കൊണ്ടത്. നിലയ്ക്കൽ ചർച്ച് ആക്ഷൻ കമ്മററിയുടെ ജനറൽ കൺവീനറായി പ്രക്ഷോഭണത്തെ നയിക്കുകയും, തോമ്മാശ്ലീഹായാൽ സ്ഥാപിതമായ നിലയ്ക്കൽ ദേവാലയം പുനസ്ഥാപിക്കുന്നതിലും കേന്ദ്ര ഗവൺമെന്റിൽ നിന്നും അഞ്ചര ഏക്കർ വനഭൂമി ദേവാലയ നിർമ്മാണത്തിനായി ലഭിക്കുന്നതിനുമെല്ലാം മുൻകൈ എടുക്കുകയും ചെയ്തു.

1989 ൽ നിലയ്ക്കൽ എക്യുമെനിക്കൽ ഡെലിഗേഷനിൽ അംഗമായി പരിശുദ്ധ കത്തോലിക്കാബാവാ, തിരുവനന്തപുരം മലങ്കര ആർച്ച് ബിഷപ്പായിരുന്ന കാലം ചെയ്ത ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ, മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ അലക്സാണ്ടർ മാർത്തോമ്മാ, ക്നാനായ സുറിയാനി സഭാ മെത്രാപ്പോലീത്താ, മാർക്ലിമീസ്, മദ്ധ്യകേരള സി.എസ്.ഐ. മഹായിടവക ബിഷപ്പ് എം.സി. മാണി. എന്നിവരോടൊപ്പം വത്തിക്കാനിൽ എത്തി ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുകയും അഭിമുഖ സംഭാഷണം നടത്തുകയും ചെയ്തു.

പ്രസ്തുത ഡെലിഗേഷന്റെ കൂടെ ജർമ്മനിയിലെ ഹാനോവറിൽ വച്ച് ജർമ്മൻ ഇ.കെ.ഡി. എന്ന ക്രൈസ്തവസംഘടനാ നേതാക്കന്മാരുമായി നിലയ്ക്കൽ ഡയലോഗ് സെന്റർ, ധ്യാനമന്ദിരം എന്നിവയുടെ നിർമ്മാണത്തിനു വേണ്ടിയുള്ള സാമ്പത്തികസഹായം ലഭിക്കുന്നതിനുള്ള ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തു. പിന്നീട് സ്വിറ്റ്സർലൻഡിലെ ജനീവായിൽ വച്ച് വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ (W.C.C.) നേതാക്കന്മാർക്ക് നിലയ്ക്കൽ ഡയലോഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ റിപ്പോർട്ട്

www.malankaralibrary.com

സമർപ്പിച്ചു. നിലയ്ക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ എക്സിക്യൂട്ടീവ് കമ്മറ്റി മെമ്പറും പബ്ലിക്ക് റിലേഷൻസ് ഓഫീസറുമാണ്.

2005 മാർച്ചുമാസം ഒന്നാം തീയതി പ്രസ്തുത നിലയ്ക്കൽ എക്യുമെനിക്കൽ ഡെലിഗേഷനിൽ വീണ്ടും അംഗമായി. മാർത്തോമ്മാ സഫ്രഗൻ മെത്രാപ്പോലീത്താസഖറിയാസ് മാർ തിയോഫിലസ്, തുമ്പമൺ ഭദ്രസനാധിപൻ പീലിപ്പോസ് മാർ യൗസേബിയസ് കാഞ്ഞിരപ്പള്ളി ബിഷപ്പ് മാർ മാത്യു അറയ്ക്കൽ, കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ മാത്യു മൂലക്കാട്ട്, തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, മദ്ധ്യകേരളമഹായിടവക ബിഷപ്പ് തോമസ് സാമുവൽ, റവ. ഡോ. ആന്റണി നിരപ്പേൽ എന്നിവരുടെ കൂടെ വത്തിക്കാനിൽ എത്തി വത്തിക്കാന്റെ എക്യുമെനിക്കൽ കോൺഗ്രഗേഷൻ, പൗരസ്ത്യസഭാവിഭാഗം തലവൻ പാർത്രിയാർക്കീസ് മൂസാ ദാവീദ് എന്നിവരുമായി നിലയ്ക്കൽ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ വളർച്ചയെ സംബന്ധിച്ച് ചർച്ച നടത്തി. പിന്നീട് ജനീവായിലെ വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് ഭാരവാഹികൾ, ബർലിനിൽ ഇ.കെ.ഡി. എന്ന ജർമ്മനിയിലെ ഏറ്റം വലിയ പ്രോട്ടസ്റ്റന്റ് സഭാവിഭാഗത്തിന്റെ നേതാക്കന്മാരുമായി എക്യുമെനിക്കൽ പ്രസ്ഥാനത്തെപ്പറ്റി സംഭാഷണം നടത്തി. പിന്നീട് ലണ്ടനിലെ ലാംബത്ത് കൊട്ടാരത്തിൽ വച്ച് ആംഗ്ലിക്കൽ സഭാതലവൻ കാന്റർബറി ആർച്ച്ബിഷപ്പ് റോവൻ വില്യംസിനെ സന്ദർശിക്കയും ഡലിഗേഷന് ഹൃദ്യമായ സ്വീകരണം നൽകുകയും ചെയ്തു.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കത്തോലിക്കാ കോൺഗ്രസിനെ നയിച്ച് പ്രഗത്ഭനായ ഒരു സംഘാടകനാണ് എം.ഡി. ജോസഫ്. ജോസഫ് പ്രസിഡണ്ടായിരുന്ന കാലത്താണ് രാഷ്ട്രപതി ഗ്യാനിസെയിൽസിംഗിനെ പങ്കെടുപ്പിച്ചുകൊണ്ട് മാർ കരിയാറ്റിയുടെ മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷിച്ചത്. പ്രസ്തുത ആഘോഷത്തോടനുബന്ധിച്ച് നടത്തിയ വിവിധ സമ്മേളനങ്ങളും കരിയാറ്റിയുടെയും തോമ്മാക്കത്തനാരുടെയും ഛായാചിത്രങ്ങൾ വഹിച്ചുകൊണ്ട് നടത്തിയ ജാഥയും സഭാചരിത്രത്തിലെ സുപ്രധാന സംഭവങ്ങളാണ്. ജോസഫ് പ്രസിഡണ്ടായിരുന്ന കാലത്താണ് മാർപാപ്പാ കേരളം സന്ദർശിക്കുന്നത്. മാർപ്പാപ്പായുടെ സന്ദർശനത്തെപ്പറ്റിയും അജപാലനപരമായ ലക്ഷ്യങ്ങളെപ്പറ്റിയും വിശദീകരിച്ചുകൊണ്ട് സംസ്ഥാനത്തൊട്ടാകെ 300 ൽ പരം സെമിനാറുകൾ എ.കെ.സി.സി.യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. മാർപാപ്പാ സന്ദർശനസ്മരണിക ഒരു വലിയ ചരിത്രരേഖയായി ഇന്നും നിലകൊള്ളുന്നു. ജോസഫ് പ്രസിഡണ്ടായിരുന്ന കാലഘട്ടത്തിൽ സമകാലീനപ്രശ്നങ്ങളെപ്പറ്റിയും സമുദായംനേരിടുന്ന പ്രശ്നങ്ങളെപ്പറ്റിയും ചർച്ച ചെയ്യുവാൻ വിളിച്ചുകൂട്ടിയിട്ടുള്ള നേതൃസമ്മേളനങ്ങൾ സഭാപ്രശ്നങ്ങളോട് അദ്ദേഹം എങ്ങിനെ പ്രതികരിച്ചുവെന്നതിന് തെളിവാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കേന്ദ്രസംസ്ഥാനസർക്കാരുകൾക്ക് നൽകപ്പെട്ട മെമ്മോറാണ്ടങ്ങൾ പ്രത്യേകം പ്രശംസാർഹമാണ്. തമിഴ്നാട്ടിലെ ഗൂഡല്ലൂർ അധിവ

www.malankaralibrary.com

സിച്ച മലയാളി കർഷകരെ കുടിയിറക്കിയപ്പോൾ ജോസഫിന്റെ നേതൃത്വ ത്തിൽ ഒരു സംഘം എ.കെ.സി.സി. പ്രവർത്തകർ അവിടെ എത്തുകയും കർഷകപ്രക്ഷോഭണത്തിൽ പങ്കെടുക്കുകയും ചെയ്തു.


1985 ലെ ഇന്ദിരാഗാന്ധി സോളിഡാരിറ്റി അവാർഡിന് എം.ഡി. ജോസഫ് തിരഞ്ഞെടുക്കപ്പെട്ടു. കേന്ദ്ര ഏവിയേഷൻ മന്ത്രി ജി.വൈ. കൃഷ്ണ യാണ് ഡൽഹിയിൽവച്ച് അവാർഡു നൽകിയത് 1999 ൽ എ.കെ.സി.സി. അശീതി അവാർഡും നൽകിയാദരിച്ചു.

അദ്ദേഹം രചിച്ച നിലയ്ക്കൽ എന്ന ഗ്രന്ഥവും കാഞ്ഞിരപ്പള്ളി പഴയ പള്ളി എന്ന ഗ്രന്ഥവും പ്രത്യേകം എടുത്തുപറയേണ്ടതാണ്.

ഗ്രന്ഥത്തിന്റെ പതിനായിരം കോപ്പികൾ അച്ചടിച്ച് 10 രൂപായ്ക്ക് വിൽക്കുകയുണ്ടായി. ആ വില മുഴുവനും പള്ളിക്കു നൽകുകയാണുണ്ടാ യത്.

മേൽവിലാസം - എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ, കാഞ്ഞിരപ്പള്ളി പി.ഒ.

# 151



## ഷെവ. ഔസേപ്പ് ചാക്കോ പുളിമൂട്ടിൽ

ദക്ഷിണേന്ത്യയിലെ പ്രമുഖ ബിസിനസ്സ് മാഗ്നെ റ്റും വസ്ത്രവ്യാപാരരംഗത്തേ മികച്ച പ്രവർത്തനങ്ങൾ കൊണ്ടു ശ്രദ്ധേയമായ പുളിമൂട്ടിൽ സിൽക്ക് ഹൗസിന്റെ അമരക്കാരനായ ഔസേപ്പ് ചാക്കോ പുളിമൂട്ടിൽ 1933 ജൂലൈ മാസം 7-ാം തീയതി പ്രസിദ്ധ മായ തൊടുപുഴ പുളിമൂട്ടിൽ തറവാട്ടിൽ ഔസേപ്പ് - അന്ന ദമ്പതികളുടെ മൂന്നാമത്തെ സന്താനമായി ജനിച്ചു.

കോലാനി ഗവണ്മെന്റ് യു.പി. സ്കൂൾ, തൊടുപുഴ ഗവണ്മെന്റ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കി.

വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ പിതാവിനോടൊപ്പം വസ്ത്ര വ്യാപാരരംഗത്ത് പ്രവർത്തിക്കുവാൻ ആരംഭിച്ച ചാക്കോച്ചൻ 1957-ൽ പുളി മൂട്ടിൽ സിൽക്ക് ഹൗസ് എന്ന സ്ഥാപനത്തിന് തൊടുപുഴയിൽ തുടക്കം കുറിച്ചു. തൊടുപുഴയിലെ വൻപിച്ച പ്രവർത്തന വിജയത്തോടനുബന്ധിച്ച് 1986-ൽ കോട്ടയത്തും പുളിമൂട്ടിൽ സിൽക്ക് ഹൗസിന് രൂപം നല്കി. കോട്ട യത്തെയ്ക്കുള്ള പുളിമൂട്ടിൽ സിൽക്ക് ഹൗസിന്റെ കടന്നു വരവ് ഒരു പക്ഷേ കോട്ടയത്തെവസ്ത്ര വ്യാപാരരംഗത്ത് ഒട്ടേറെ പുത്തൻ പ്രവണതകൾക്ക് തുടക്കം ഇട്ടു. "ഉപഭോക്താവിന്റെ താല്പര്യങ്ങൾക്ക് മുൻഗണന നൽകി കൊണ്ടുള്ള വ്യാപാരനയം" അതായിരുന്നു ചാക്കോച്ചന്റെ വ്യവസായരം

www.malankaralibrary.com

ഗത്തെമുദ്രാവാക്യം ഒപ്പം കൂടുതൽ ആളുകൾ ജൗളി വ്യാപാരരംഗത്തേയ്ക്കു കടന്നുവന്നാൽ അതു ഉപഭോക്താവിന് കൂടുതൽ മെച്ചമായ സേവനം ലഭിക്കാൻ സാഹയകരമാകും എന്നും അദ്ദേഹം വിശ്വസിച്ചു. ആ ചിന്താഗതി പല പുത്തൻകച്ചവടക്കാർക്കും വലിയ ആശ്വാസമായിതീർന്നിട്ടുണ്ട്.

തന്റെ വലതുകൈ ചെയ്യുന്ന പ്രവർത്തി ഇടതുകൈ അറിയരുത് എന്ന വിശുദ്ധ ഗ്രന്ഥത്തിലെ വാക്യങ്ങളാണ് ചാക്കോച്ചന് എന്നും പ്രചോദനമായിട്ടുള്ളത്. അദ്ദേഹത്തിന്റെ കൈയ്യിൽ നിന്നും സഹായം വാങ്ങാത്തവർ ചുരുക്കമാണ്. സഹായം അഭ്യർത്ഥിച്ച് ചെല്ലുന്ന ആരുടെ മുന്നിലും ഒരിക്കലും അദ്ദേഹം തന്റെ വാതിലുകൾ അടച്ചിരുന്നില്ല.

അണിയറയിൽ നിന്നുള്ള പ്രവർത്തനങ്ങൾക്കാണ് അദ്ദേഹം എപ്പോഴും ശ്രമിക്കാറ്. ഒരിക്കലും താൻ ചെയ്യുന്ന നിശ്ശബ്ദസേവനങ്ങളുടെ ഖ്യാതി നേടുന്നതിന് അദ്ദേഹം ശ്രമിക്കാറില്ല. എത്ര എത്ര ആതുരാലയങ്ങൾ ഇന്നു ചാക്കോച്ചന്റെ പ്രവർത്തനങ്ങൾ കൊണ്ടുമാത്രം നടക്കുന്നവയായിട്ടുണ്ട്. പക്ഷേ ഒരിക്കൽപ്പോലും അതു പ്രകടിപ്പിക്കുവാൻ അദ്ദേഹം തയ്യാറായിട്ടില്ല.

സഭയും - സമൂഹവും എന്നും അദ്ദേഹത്തിന് ലഹരിയാണ്. ഞാൻ ജനിച്ചുവീണ സമുദായത്തിന്റെ അദ്യുന്നതിയ്ക്കുവേണ്ടി പ്രവർത്തിക്കുക എന്നും അദ്ദേഹത്തിന്റെ ഒരു ബലഹീനതയായിരുന്നു. അവിടെയും അണയറ പ്രവർത്തനത്തിനാണ് അദ്ദേഹം താലപര്യം കാട്ടാറ്. ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ കൊടുങ്ങല്ലൂരിൽ സ്ഥാപിതമായ ക്നായി തോമ്മാ ഭവന്റെ സ്ഥാപക ശില്പികളിൽ പ്രമുഖനാണു ഔസേപ്പു ചാക്കോ എന്ന ചാക്കോച്ചൻ. കോട്ടയം അതിരൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കായി ഒട്ടേറെ പ്രവർത്തനങ്ങൾ നല്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. കാരിത്താസിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ബിഷപ്പ് തറയിൽ മെമ്മോറിയൽ വൃദ്ധഭവനത്തിന്റെ പ്രധാന പ്രവർത്തകരിൽ ഒരാളാണ് അദ്ദേഹം. കൂടാതെ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ് കമ്മറ്റി അംഗം, ക്നാനായ ഹിസ്റ്ററി കോൺഗ്രസ്സ് ട്രഷറർ, കാത്തലിക് അസോസിയേഷൻ ഡയറക്ടർ, കോട്ടയം അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് പ്രതിനിധിസഭാംഗം എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചുവരുന്നു.

സഭയ്ക്കും - സമുദായത്തിനും അദ്ദേഹം ചെയ്തിട്ടുള്ള നിസ്തുല സേവനങ്ങളെ പരിഗണിച്ച് പരിശുദ്ധ സിംഹാസനം ഷെവലിയർ പദവി നൽകി ചാക്കോച്ചനെ ആദരിച്ചു.

അമേരിക്കൻ ഐക്യനാടുകൾ - യുറോപ്യൻ രാജ്യങ്ങൾ. ഗൾഫ് നാടുകൾ - വിശുദ്ധനാടുകൾ എന്നിവിടങ്ങളിൽ പലപ്രാവശ്യം പര്യടനം നടത്തിയിട്ടുള്ള അദ്ദേഹം ഓർലാൻഡോ (അമേരിക്ക) ജർമ്മനി, റോം, എന്നിവിടങ്ങളിൽ നടന്നിട്ടുള്ള ക്നാനായ സമ്മേളനങ്ങളിലും മുഖ്യാതിഥികളിൽ ഒരാ

www.malankaralibrary.com

ളായി പങ്കെടുത്തിട്ടുണ്ട്.

പ്രശസ്തമായ ഇഞ്ചിക്കര കുടുംബത്തിൽ ഇട്ടി കുഞ്ഞ് - മേരി ദമ്പതികളുടെ പുത്രിയായ ഗ്രേസിയാണു ചാക്കോച്ചന്റെ സഹധർമ്മിണി.

2006 ആഗസ്റ്റ് മാസത്തിൽ പുളിമൂട്ടിൽ സിൽക്ക് ഹൗസിന്റെ പുത്തൻശാഖ തൃശ്ശൂരിൽ ആരംഭിക്കുന്നതിന്റെ തിരക്കിലാണ് ഇപ്പോൾ ചാക്കോച്ചൻ.

വിലാസം - ഷെവ. ഔസേപ്പ് ചാക്കോ പുളിമൂട്ടിൽ, പുളിമൂട്ടിൽ സിൽക്ക് ഹൗസ് കോട്ടയം.

# 152

# സി.ജെ. റോബിൻ



പ്രമുഖ രാഷ്ട്രീയ സാമുദായിക സാമൂഹ്യപ്രവർത്തകനും സഹകാരിയുമായ സി.ജെ. റോബിൻ 1933 മാർച്ച് മാസം 27-ാം തീയതി കൊച്ചിയിൽ ചെറിയ പറമ്പിൽ, സി.ആർ.ജോസഫ്, സ്റ്റെല്ലാ ജോസഫ് ദമ്പതികളുടെ പുത്രനായി ജനിച്ചു. പൂർവ്വികമായി രൂപത കൊച്ചിയും ഇടവക സൗറി പള്ളിയുമാണ്. 1937 ൽ നാലുവയസ്സുള്ളപ്പോൾ മാതാപിതാക്കളോടൊപ്പം കോഴിക്കോട്ടു പോയി. കോഴിക്കോട്ട് പിതാവ് സെന്റ് ജോസഫ് ഇൻഡസ്ട്രിയൽസ് സ്ഥാപിച്ചു. മലബാറിൽ വളരെ പ്രശസ്തിയാർജ്ജിച്ച ഒരു സ്ഥാപനമായിരുന്നു സെന്റ് ജോസഫ് ഇൻഡസ്ട്രിയൽസ്. പിതാവ് സി.ആർ. ജോസഫ് കോഴിക്കോട്ടെ രാഷ്ട്രീയ സാമൂഹ്യമണ്ഡലങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയ ഒരു പൊതുപ്രവർത്തകനായിരുന്നു മാർപ്പാപ്പായിൽനിന്നും ബേനേ മെരേന്തി ലഭിച്ച അദ്ദേഹത്തിന്റെ ഛായാപടം മരണാനന്തരം കോഴിക്കോട്ടെ ടൗൺഹാളിൽ അനാച്ഛാദനം ചെയ്യുകയുണ്ടായി.

ഈശോസഭക്കാരാൽ നടത്തപ്പെടുന്ന കോഴിക്കോട്ടെ സെന്റ് ജോസഫ് ബോയിസ് ഹൈസ്ക്കൂളിൽനിന്നും സി.ജെ.റോബിൻ എസ്സ്.എസ്സ്.എൽ.സി.യും സാമൂതിരി കോളേജിൽ ചേർന്ന് ഇന്റർമീഡിയറ്റും പാസ്സായി. തുടർന്ന് മദ്രാസ്സിലെ ലയോള കോളേജിൽനിന്നും ബിരുദവും മദ്രാസ്സിലെ ലോ കോളേജിൽനിന്നും നിയമബിരുദവും നേടി. 1958-ൽ കോഴിക്കോട്ട് പ്രാക്ടീസ് ആരംഭിക്കുകയും നികുതി കേസുകളിൽ പ്രത്യേകം പ്രാവീണ്യം നേടുകയും ചെയ്തു. ഇപ്പോഴും അഭിഭാഷകജോലി തുടരുന്നു.

വിമോചനസമരത്തിലൂടെയാണ് റോബിൻ രാഷ്ട്രീയരംഗത്ത് പ്രവേശിക്കുന്നത്. വിമോചനസമരത്തിൽ പങ്കെടുത്ത് കോഴിക്കോട്ടുനിന്നും ആദ്യം അറസ്റ്റ് വരിച്ചത് റോബിനായിരുന്നു. സമരനേതാക്കളിൽ പ്രമുഖനായിരുന്നു

www.malankaralibrary.com

റോബിൻ. 1967 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്നു. കോഴിക്കോട്ട് കോർപ്പറേഷൻ കൗൺസിലിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ ജയിക്കുകയും 1983 വരെ കൗൺസിൽ അംഗമായി തുടരുകയും ചെയ്തു. 1974-ലും 1980-ലും നടന്ന തിരഞ്ഞെടുപ്പുകളിൽ റോബിൻ മേയറായി തിരഞ്ഞെടുക്കപ്പെട്ടു. കോഴിക്കോട്ട് കോർപ്പറേഷനിലെ ആദ്യകത്തോലിക്കാ മേയറായിരുന്നു അദ്ദേഹം. കേരളത്തിലെ ലത്തീൻ സമുദായത്തിൽനിന്നും ആദ്യം മേയറായി തിരഞ്ഞെടുക്കപ്പെടുന്നതും റോബിനാണ്. 1980-ൽ റോമിൽ നടന്ന അഖില ലോക മേയർമാരുടെ കോൺഫ്രൻസിൽ അദ്ദേഹം പങ്കെടുത്തു. ആ അവസരത്തിൽ വത്തിക്കാനിൽവച്ച് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായെ സന്ദർശിച്ച് ആശീർവാദം നേടുകയുണ്ടായി. ആ യാത്രയിൽ ഇംഗ്ലണ്ട് ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങൾ സന്ദർശിക്കുകയും അവിടുത്തെ സ്വയംഭരണസ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കുകയും ചെയ്തു.

രാഷ്ട്രീയ സാമൂഹ്യസാമുദായിക പ്രവർത്തനങ്ങളോടൊപ്പം സഹകരണമേഖലയിലും അദ്ദേഹം സജീവമായി പ്രവർത്തിച്ചിരുന്നു. സ്പോർട്സിൽ അദ്ദേഹം തല്പരനായിരുന്നു. കോഴിക്കോട്ടെ പൊതുജീവിതത്തിൽ നിറഞ്ഞുനിന്ന ഒരു വ്യക്തിത്വമായിരുന്നു റോബിന്റേത്.

1983 മുതൽ 87 വരെയും 1991 മുതൽ 95 വരെയും കോഴിക്കോട് ജില്ലാ ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റായി സേവനം ചെയ്തിട്ടുണ്ട്. തദവസരത്തിൽ 1987ൽ കോഴിക്കോട്ടു നടന്ന അന്തർദേശീയ ജവഹർലാൽ നെഹ്റു ഫുട്ബോൾ ടൂർണമെന്റിന്റെ ജനറൽ കൺവീനറായിരുന്നു റോബിൻ. ഫുട്ബോൾ രംഗത്ത് ദേശീയതലത്തിൽ അറിയപ്പെടുന്ന സംഘാടകനായിരുന്ന അദ്ദേഹം ഫുട്ബോൾ കാര്യത്തിനായി രണ്ടുതവണ ബംഗ്ലാദേശിൽ പോകുവാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

കോഴിക്കോട്ട് സഹകരണരംഗത്തും വ്യക്തിമുദ്രപതിപ്പിച്ച റോബിൻ കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയുടെ സ്ഥാപക ഡയറക്ടർ ആണ്. പിന്നീട് വൈസ്പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. നീണ്ട 16 വർഷം ആ രംഗത്ത് സേവനം അനുഷ്ഠിച്ചു. കോഴിക്കോട് ഭവനനിർമ്മാണ സഹകരണസംഘം ഭരണസമിതിയുടെ ഡയറക്ടറായും വൈസ്പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. കോഴിക്കോട് സർക്കിൾ കോ-ഓപ്പറേറ്റീവ് യൂണിയൻ ചെയർമാനായി രണ്ടുതവണ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ കോഴിക്കോട് കോ-ഓപ്പറേറ്റീവ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി പ്രസിഡന്റായി സേവനം അനുഷ്ഠിച്ചുവരുന്നു. ഫുട്ബോൾ ക്ലബ്ബുകളായ യങ് ക്രിസ്ത്യൻ വർക്കേഴ്സ് ക്ലബ്ബിന്റെയും കാലിക്കട്ട് യംഗ്സ്റ്റേഴ്സ് ക്ലബ്ബിന്റെയും സ്ഥാപക പ്രസിഡന്റുകൂടിയാണദ്ദേഹം.

1993 മുതൽ 1997 വരെ കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ സംസ്ഥാനപ്രസിഡന്റായി പ്രവർത്തിച്ച റോബിൻ, ആൾ ഇന്ത്യ കാത്തലിക് യൂണിയന്റെ (കേരള ലാറ്റിൻ റീജിയന്റെ) വൈസ്പ്രസിഡന്റായും

www.malankaralibrary.com


സേവനം അനുഷ്ഠിച്ചു. റോട്ടറി പബ്ലിക്കായി 8 വർഷം സേവനം അനുഷ്ഠിച്ചു.

ആദ്യഭാര്യ ശോശാമ്മയുടെ മരണശേഷം എൽസമ്മയെ വിവാഹം ചെയ്തു. ഇപ്പോൾ കോഴിക്കോടാണ് താമസം.

വിലാസം - സി.ജെ. റോബിൻ, ചെറിയപറമ്പിൽ, സദനം റോഡ്,
എരഞ്ഞിപ്പാലം, സിവിൽ സ്റ്റേഷൻ, കോഴിക്കോട് 673020.

# 153

# എ.ഡി. അന്തോണി



ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് കഠിനാദ്ധ്വാനവും സ്വപരിശ്രമവുംകൊണ്ട് സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ വ്യാപരിക്കുന്ന ശ്രീ.എ.ഡി.അന്തോണി 1933 മാർച്ച് 27-ന് തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ദേവസിയുടെയും എലവുത്തിങ്കൽ അച്ചാമ്മയുടെയും പുത്രനായി ജനിച്ചു.

പ്രതികൂല സാഹചര്യങ്ങളോട് മല്ലിട്ട് ജീവിതത്തിന്റെ ഗോദായിലേക്കിറങ്ങിയ എ.ഡി.അന്തോണി ബീഡി തൊഴിലാളിയായിട്ടാണ് ജീവിതം ആരംഭിക്കുന്നത്. ഔപചാരിക വിദ്യാഭ്യാസം നേടാൻ സാഹചര്യങ്ങൾ അദ്ദേഹത്തെ അനുവദിച്ചില്ല. എങ്കിലും കൈയിൽകിട്ടിയതെന്തും വായിക്കാൻ അദ്ദേഹം പ്രാരാബ്ധങ്ങൾക്കിടയിലും സമയം കണ്ടെത്തി. മഹാകവികളുടെ കൃതികൾ വായിച്ചും പണ്ഡിതന്മാരുമായി സമ്പർക്കം പുലർത്തിയും അന്തോണി കാവ്യരചനയുടെ മർമ്മം കണ്ടെത്തി. ബ്രഹ്മകുളം അപ്പുക്കുട്ടൻ വൈദ്യരിൽനിന്നാണ് അദ്ദേഹം ഭാഷാസ്വാധീനം നേടിയത്.

2001-ലെ മഹാകവി ഫാ.തേർമഠം അവാർഡ് മേരിവിജയം മാസിക എ.ഡി.അന്തോണിക്കു നൽകുകയുണ്ടായി. അവർ സമർപ്പിച്ച പ്രശസ്തിപത്രത്തിൽ എ.ഡി.അന്തോനിയെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "മലയാളത്തിലെ മിക്ക ക്രൈസ്തവആനുകാലിക പ്രസിദ്ധീകരണങ്ങളിലും അദ്ദേഹത്തിന്റെ നിരവധി കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആദ്യകവിത പ്രസിദ്ധീകരിച്ചത് പ്രേഷിതകേരളം മാസികയിലാണ്. കവിയായിട്ടാണ് അറിയപ്പെടുന്നതെങ്കിലും അദ്ദേഹത്തിന്റെ പ്രസിദ്ധീകരിക്കപ്പെട്ട കൃതികളെല്ലാം ഗദ്യവിഭാഗത്തിൽ പെടുന്നവയാണ്. ആർത്തി എന്ന കഥാസമാഹാരത്തിന് സത്യദീപത്തിന്റെ കർദ്ദനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പൗരോഹിത്യരജതജൂബിലി സ്മാരക അവാർഡ് ലഭിച്ചിട്ടുണ്ട്. കെ.സി.ബി.സി. മാധ്യമകമ്മീഷന്റെ സാഹിത്യമത്സരങ്ങളിൽ മരുന്ന് എന്ന കവിതയ്ക്കും മേരിവിജയം

www.malankaralibrary.com

സാഹിത്യമത്സരങ്ങളിൽ ചോരയുടെ മണം എന്ന നോവലിനും ടെമ്പസ്റ്റ് സാഹിത്യമത്സരങ്ങളിൽ അർഘ്യപൂജ എന്ന നോവലിനും സമ്മാനം ലഭിച്ചിട്ടുണ്ട്. സാഹിത്യസേവനങ്ങളെ കണക്കിലെടുത്ത് കെ.സി.ബി.സി. മാധ്യമ കമ്മീഷൻ അദ്ദേഹത്തെ പൊന്നാടയണിയിച്ച് ആദരിച്ചത് പ്രത്യേകസ്മരണീയമാണ്." ഉപഗ്രഹം, വടവൃക്ഷം, ഓർമ്മയുണ്ട് മറന്നിട്ടില്ല, പയ്യൂർ താഴ്വര എന്നീ നോവലുകളും ദാഹം എന്ന കവിതയും രചിച്ചിട്ടുണ്ട്.

ചോരയുടെ മണം എന്ന ഗ്രന്ഥം ഒരു ചരിത്രനോവലാണ്. ബഹുജനവേലിയേറ്റമായിരുന്നല്ലോ 1959-ൽ കേരളത്തിൽ നടന്ന വിമോചനസമരം. സ്വാതന്ത്ര്യസമരകാലത്തുപോലും ഇത്രബൃഹത്തും വ്യാപകവുമായ ഒരു കോളിളക്കം കേരളത്തിൽ ഉണ്ടായിട്ടില്ല. ആ ഐതിഹാസികസമരത്തെ പശ്ചാത്തലമാക്കുന്ന ആദ്യ നോവൽ ശ്രീ അന്തോണിയുടേതാണ്.


ലളിതമായ ഒരു ജീവിതത്തിനുടമയാണ് എ.ഡി. അന്തോണി പ്രതികൂലസാഹചര്യങ്ങളോട് മല്ലിട്ടാണ് ആന്റണി തൂലിക എടുത്തത്. ആ തൂലികയിൽനിന്നും നിരവധി സാഹിത്യകൃതികൾ രൂപം കൊണ്ടു. ആ കഠിനാദ്ധ്വാനിയുടെ-നിശ്ചയദാർഢ്യം ഏവർക്കും അനുകരിക്കാവുന്നതാണ്.

കുനമൂച്ചി പയൂര് തരകൻ വറീതിന്റെ മകൾ റോസലിയാണ് ഭാര്യ. വിലാസം - ഏ.ഡി. അന്തോണി, ചിറ്റാട്ടുകര. തൃശ്ശൂർ.

# 154

# മാർ ഗ്രിഗറി കരോട്ടെമ്പ്രയിൽ

## സി. എം. ഐ.



ഭാരതക്രൈസ്തവസഭയ്ക്ക് പല പ്രഗത്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും സംഭാവന ചെയ്തിട്ടുള്ള ചെമ്മലമറ്റം ഇടവകയിലെ കരോട്ടെമ്പ്രയിൽ കുടുംബത്തിൽ ദേവസ്യാ - റോസമ്മ ദമ്പതികളുടെ മൂന്നാമത്തെ മകനായി മാർ ഗ്രിഗറി, 1933 മേയ് 6-ാം തീയതി ജനിച്ചു. പാപ്പച്ചൻ എന്ന ഓമനപ്പേരിലറിയപ്പെട്ടിരുന്ന ജോസഫാണ് വൈദീകപട്ടത്തോടെ ഗ്രിഗറി എന്ന നാമം സ്വീകരിച്ചത്. ക്രൈസ്തവ പാരമ്പര്യത്തിന്റെ അടിയുറപ്പുള്ള കുടുംബത്തിൽ ജനിച്ച ജോസഫ്, വിശ്വാസത്തിലും വിജ്ഞാനത്തിലും വളർന്നു വന്നു. അറിയപ്പെടുന്ന ഒരു എഴുത്തുകാരനും റോമിലെ അർബൻ യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകനും സലേഷ്യൻ സഭാംഗവുമായ ഫാ. സെബാസ്റ്റ്യൻ കരോട്ടെമ്പ്രയിൽ സഹോദരനും ആരാധനാസഭയിലെ ഒരു അംഗവും ഇപ്പോൾ ജനറൽ കൗൺസിലറുമായി പ്രവർത്തിക്കുന്ന സി. മരിയ

www.malankaralibrary.com

സഹോദരിയുമാണ്.

അച്ചാമ്മ മെമ്മോറിയൽ സ്കൂളിലാണ് വിദ്യാഭ്യാസം നിർവ്വഹിച്ചത്. അതിനുശേഷം തേവര എസ്.എച്ച്. സ്കൂളിൽ നിന്നും ഡിഗ്രി കരസ്ഥമാക്കി. 1953 ൽ സി.എം.ഐ. സഭയിൽ ചേർന്ന് വൈദിക പരിശീലനം ആരംഭിച്ചു. 1955 ഡിസംബർ എട്ടിന് മാന്നാനം കൊവേന്തയിൽവച്ച് പ്രഥമവ്രതവാഗ്ദാനം നടത്തി. 1955 മുതൽ 1963 വരെ ബാംഗ്ലൂർ ധർമ്മാരാം കോളേജിൽനിന്ന് തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഡിഗ്രി നേടുകയും 1963 മേയ് 17 ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവിന്റെ കൈവയ്പു വഴി പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു.

വിദ്യാഭ്യാസകാലത്തുതന്നെ പലവട്ടം അദ്ദേഹത്തെ മാരകരോഗങ്ങൾ പിന്തുടർന്നുകൊണ്ടിരുന്നു. 11-ാം വയസ്സിൽ ടൈഫോയ്ഡ് പിടിപെടുകയും ഗുരുതരമായതിനാൽ അന്ത്യകൂദാശ നൽകുകയും ചെയ്തു. വ്രതവാഗ്ദാനത്തിനുശേഷം മാരകമായ രോഗം പിടിപെട്ടു. ഒരു പുരോഹിതനാവുക എന്ന തന്റെ ചിരകാലഭിലാഷം പൂവണിയുമോ എന്നു തന്നെ സംശയിച്ചു. എപ്പോഴും ദൈവകൃപ അദ്ദേഹത്തിന്റെമേൽ ചൊരിഞ്ഞുകൊണ്ടിരുന്നു. ഒരു രണ്ടാം ജന്മത്തിലൂടെ കിട്ടിയ ജീവൻ ദൈവത്തിനും ദൈവജനത്തിനുംവേണ്ടി പൂർണ്ണമായും മാറ്റി വയ്ക്കുവാൻ കഴിഞ്ഞു എന്നതിന്റെ ചാരിതാർത്ഥ്യവും കൃതജ്ഞതയും ഗ്രിഗറി പിതാവിന് ഇപ്പോഴും ഉണ്ട്. ഒരു മിഷനറിയാകാൻ ആഗ്രഹിച്ചെങ്കിലും തന്റെ ആരോഗ്യസ്ഥിതി അതിനനുവദിച്ചില്ല. എങ്കിലും ദൈവേഷ്ടം നിറവേറ്റിക്കൊണ്ട് മിഷൻ രൂപതയിലെ ഇടയനാകുവാൻ ദൈവം അദ്ദേഹത്തെ പ്രത്യേകം തിരഞ്ഞെടുക്കുകയായിരുന്നു.

1963 - 1973 വരെ നീണ്ട 10 വർഷക്കാലം കളമശ്ശേരി രാജഗിരി ഹൈസ്കൂളിൽ വിദ്യാർത്ഥികൾക്ക് അറിവിന്റെ വെളിച്ചം പകർന്നു നൽകിയ ഇദ്ദേഹം 1973 മുതൽ 1975 വരെ അമേരിക്കയിലെ ഡെഗ്യൂസം യൂണിവേഴ്സിറ്റിയിൽനിന്ന് എഡ്യുക്കേഷണിൽ ഉപരിബിരുദം നേടി (Master degree in Education) തുടർന്ന് 1975 മുതൽ 1978 വരെ രാജഗിരി ഹൈസ്കൂളിൽ അദ്ധ്യാപകനായി സേവനം ചെയ്തു. 1978 ൽ സി.എം.ഐ. സഭയുടെ കളമശ്ശേരി പ്രൊവിൻസിന്റെ പ്രൊവിൻഷ്യാളായി തിരഞ്ഞെടുക്കപ്പെട്ടു. അധികാരത്തിന്റെ പ്രൗഢിയില്ലാതെ എല്ലാവർക്കും എല്ലാമായി അദ്ദേഹം പ്രവർത്തിച്ചു. ഈയവസരത്തിലാണ് രാജക്കോട് രൂപതയുടെ പ്രഥമമെത്രാനായ അഭിവന്ദ്യ ജോനാസ് തളിയത്ത് സി.എം.ഐ. ദിവംഗതനാകുന്നത്. 1983 ഫെബ്രുവരി 2 ന് രാജക്കോട് രൂപതയുടെ രണ്ടാമത്തെ മെത്രാനായി ഗ്രിഗറിയച്ചനെ തിരഞ്ഞെടുത്തു. 1983 ഏപ്രിൽ 24 ന് രാജക്കോട്ട് രൂപതയുടെ ദ്വിതീയ മെത്രാനായി ഗ്രിഗറിയച്ചൻ അഭിഷേകം ചെയ്യപ്പെട്ടു. 1993 ൽ സീറോ - മലബാർ സഭയുടെ സിനഡിന്റെ Commission for Syromalabar Migrents ന്റെ ചെയർമാനായും 2005 ൽ സിനഡിന്റെ ധനകാര്യകമ്മീഷൻ ചെയർമാനായും തിരഞ്ഞെടുക്കപ്പെട്ടു.

www.malankaralibrary.com

1960 മേയ് ഒന്നിനാണ് ഗുജറാത്ത് സംസ്ഥാനം രൂപീകരിക്കുന്നത്. പല പ്രാചീന സംസ്കാരങ്ങളും ഗുജറാത്തിന്റെ ചരിത്രത്തെ അനുസ്മരിപ്പിക്കുന്നവയാണ്. അശോകചക്രവർത്തിയുടെ ശിലാലേഖകളും പ്രൗഢമായ ഗീർവനങ്ങളും ഇതിന് ഉദാഹരണങ്ങളാണ്. ബി.സി. 3-ാം നൂറ്റാണ്ടുവരെ പഴക്കമുള്ള ശിലാലേഖകൾ ജൂനഗഡിന് സമീപം സ്ഥിതിചെയ്യുന്നു. ഏഷ്യയിലെ ഏക സിംഹസംരക്ഷണ കേന്ദ്രംകൂടിയാണ് ഗീർവനങ്ങൾ. ഇതിഹാസപുരുഷനായ ശ്രീകൃഷ്ണൻ ദ്വാരകയിൽ ഭരണാധിപനായിരുന്നുവെന്നും സോമനാഥിൽവച്ച് മരിച്ചു എന്നും ഐതീഹ്യമുണ്ട്. രണ്ടും രൂപതയുടെ പരിധിയിൽ വരുന്ന തീർത്ഥാടന കേന്ദ്രങ്ങളാണ്. ഇന്ത്യയുടെ ഉരുക്കുപുരുഷനെന്നറിയപ്പെടുന്ന സർദാർ വല്ലഭായി പട്ടേലിന്റെയും ആധുനിക യുഗത്തിന്റെ ശില്പിയും രാഷ്ട്രപിതാവും അഹിംസാ സിദ്ധാന്തത്തിന്റെ ആരാധകനുമായിരുന്ന മഹാത്മാഗാന്ധിയുടെയും ജന്മസ്ഥലമാണ് ഗുജറാത്ത്.

വ്യാപാരവ്യവസായ പ്രാധാന്യമുള്ള സംസ്ഥാനമാണ് ഗുജറാത്തെങ്കിലും ഭൂരിഭാഗം ജനങ്ങളുടെയും ജീവിതമാർഗ്ഗം കൃഷിയാണ്. ജനസംഖ്യയിൽ 80 ശതമാനം ഹിന്ദുക്കളും 10 ശതമാനം ജയിൻ മതക്കാരും 8 ശതമാനം മുസ്ലീംകളുമാണ് ക്രിസ്ത്യാനികൾ വെറും ന്യൂനപക്ഷം രണ്ടുശതമാനം മാത്രം.

രാജക്കോട് രൂപത ഭാരതത്തിന്റെ വടക്കുപടിഞ്ഞാറൻ മേഖലയായ സൗരാഷ്ട്ര - കച്ച് ഉപദ്വീപിലേക്ക് വ്യാപിച്ചുകിടക്കുന്നു. ഗുജറാത്ത് സംസ്ഥാനത്തിലെ ഭാവനഗർ, അമ്രേലി, ജൂനഗഡ്, ജാംനഗർ, പോർബന്ദർ, രാജക്കോട്ട്, സുരേന്ദ്രനഗർ, കച്ച് എന്നീ എട്ടു ജില്ലകൾ ഇതിന്റെ പരിധിയിൽപ്പെടുന്നു. മാർ ജോനാസ് പിതാവ് തുടങ്ങിവച്ച മേഖലകൾ കൂടുതലായി പടുത്തുയർത്തുവാൻ ഗ്രിഗറി പിതാവ് ശ്രമിച്ചു. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക പുരോഗതി, പ്രേഷിത അജപാലനശുശ്രൂഷ മുതലായ മേഖലകളിൽ രൂപത സജീവമായി പ്രവർത്തിക്കുന്നു. ഗ്രാമോദ്ധാരണമാണ് മറ്റൊരു പ്രധാനലക്ഷ്യം. അതുകൊണ്ടുതന്നെ സന്യസ്തരിൽ ഭൂരിഭാഗവും ഗ്രാമങ്ങളിൽ സേവനം ചെയ്യുന്നു. ഔപചാരിക വിദ്യാഭ്യാസത്തിന് രൂപത ഗുജറാത്തി മാധ്യമവിദ്യാലയങ്ങലും ഇംഗ്ലീഷ് മീഡിയം സ്കൂളുകളും നടത്തുന്നുണ്ട്.

ബാലവാടികൾ, ട്യൂഷൻ ക്ലാസുകൾ, സാക്ഷരതാ പ്രവർത്തനങ്ങൾ, ഗ്രാമീണവായനശാലകൾ എന്നിവയാണ് അനൗപചാരിക വിദ്യാഭ്യാസപദ്ധതികൾ. ടൈപ്പിംഗ്, തയ്യൽ, വസ്ത്രാലങ്കാരം മുതലായ തൊഴലധിഷ്ഠിത പരിശീലനങ്ങൾ യുവാക്കൾ നടത്തുന്നുണ്ട്. ശാരീരിക വൈകല്യമുള്ളവർക്കും മാനസികവൈകല്യമുള്ളവർക്കുമായി ഒരു സമഗ്ര വിദ്യാഭ്യാസ പദ്ധതി രൂപത ആവിഷ്കരിച്ചിട്ടുണ്ട്. രൂപതയുടെ കീഴിലുള്ള ഗ്രാമവികസന സമിതികൾ പ്രതിവർഷം നിർദ്ധനരായ കുട്ടികളെ കണ്ടുപിടിച്ച് ഒന്നാം ക്ലാസിൽ പ്രവേശനം നൽകുന്നു. ഇവർക്കു ഫീസ്, പുസ്തകങ്ങൾ, നോട്ടുബുക്കുകൾ, യൂണിഫോം മുതലായവ നൽകുകയും ചെയ്യുന്നു. ഏഴാംക്ലാ

www.malankaralibrary.com

സുവരെയുള്ള എല്ലാ ചെലവുകളും രൂപതയാണ് വഹിക്കുന്നത്. പ്രതിവർഷം 2500 കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകുന്നു.

ആരോഗ്യസംരക്ഷണത്തിനായി രൂപതയുടെ വിവിധ ഭാഗങ്ങളിൽ ആശുപത്രികൾ, ഗ്രാമീണ ആരോഗ്യ കേന്ദ്രങ്ങൾ, സഞ്ചരിയ്ക്കുന്ന ചികിത്സാലയങ്ങൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കുഷ്ഠരോഗികളുടെ ചികിത്സയും എയ്ഡ്സ് രോഗികളുടെ ചികിത്സയും താമസവും ശുശ്രൂഷയുമെല്ലാം രൂപത വിഭാവന ചെയ്ത് നടത്തുന്നുണ്ട്. വനിതകൾ, യുവാക്കൾ, കുട്ടികൾ എന്നിവർക്കുവേണ്ടി പ്രത്യേക പരിപാടികളും അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. കൊടുംവർഗീയതക്ക് പേരുകേട്ട ഗുജറാത്തിൽ ഐക്യത്തിന്റെ മായാത്ത മുദ്രപതിപ്പിക്കുവാൻ ഗ്രിഗറി പിതാവന് സാധിച്ചു. അതാണ് ഗുജറാത്തിലെ ജനങ്ങൾക്ക് അദ്ദേഹം നൽകിയ ഏറ്റം വലിയ സംഭാവന. മത ഐക്യത്തിന് മകുടമായി നിലകൊള്ളുന്ന രാജ്കോട്ടിലെ 'പ്രേംമന്ദിർ' (കത്തീഡ്രൽപള്ളി) നാനാജാതിമതസ്ഥർക്ക് ശാന്തിയുടെയും സമാധാനത്തിന്റെയും ഒരു ഗേഹമായി മാറിയിരിക്കുന്നു. 2000-ാമാണ്ടിൽ പണിതീർത്ത ഈ ദേവാലയം അമ്പലത്തിന്റെയും പള്ളിയുടെയും മോസ്കിന്റെയുമൊക്കെ സാംസ്കാരിക പൈതൃകം കൂട്ടിയിണക്കി കൊണ്ടുള്ളതാണ്. ദേശീയ അന്തർദേശീയ തലങ്ങളിൽ പഠനവിധേയമായിരിക്കുന്ന ഈ പുണ്യതീർത്ഥത്തിന് രൂപകല്പന നൽകിയത് ഗ്രിഗറി പിതാവാണ്.

പ്രകൃതിയെ തൊട്ടറിഞ്ഞ ഈ ആത്മീയ പിതാവിന്റെ ഭവനം - രാജ്കോട്ട് ബിഷപ്സ് ഹൗസ് - പ്രകൃതിരമണീയമാണ്. വൃക്ഷലതാദികളാൽ മനോഹരവുമാണ്. ദിവസവും രാവിലെയും വൈകിട്ടും രണ്ടേക്കറോളം വിസ്തൃതിയുള്ള ബിഷപ്സ് ഹൗസിന്റെ ഓരോ മുക്കിലും മൂലയിലുമുള്ള വൃക്ഷങ്ങളെ കൈകൊണ്ട് തലോടുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനാണ്. മരുഭൂമികളാലും മുൾച്ചെടികളാലും ചുറ്റപ്പെട്ട ഗുജറാത്ത് പ്രത്യേകിച്ച് സൗരാഷ്ട്ര - കച്ച് പ്രദേശങ്ങൾക്ക് ബിഷപ്സ് ഹൗസ് ഒരു ഹരിതവനം തന്നെയാണ്. ഈ മരുപ്രദേശത്തെ പച്ചപ്പുള്ളതാക്കുക എന്ന ഗ്രിഗറി പിതാവിന്റെ ആഗ്രഹം സഫലീകൃതമാക്കാൻ വേണ്ട പ്രയത്നങ്ങൾ നടത്തിവരുന്നു.

വാർത്താവിനിമയ മാർഗ്ഗങ്ങൾ ഇന്നിന്റെ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ ഈ ഇടയൻ ഒരു പ്രസ്സ് ആരംഭിക്കുകയും Third Millennium എന്നിയപ്പെടുന്ന അന്തർദേശീയ ത്രൈമാസിക പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ആധുനിക ലോകത്തിലെ പ്രധാന വിഷയങ്ങളെ പരാമർശിക്കുന്ന ഈ പുസ്തകം ഇന്ത്യയിലും ഇന്ത്യയ്ക്കുപുറത്തും വളരെയധികം വായനക്കാരെ നേടുകയുണ്ടായി. Journal of St. Thomas Christian എന്ന മറ്റൊരു പ്രസിദ്ധീകരണവും അദ്ദേഹം ആരംഭിച്ചു. കൂടാതെ മറ്റുപല പ്രസിദ്ധീകരണങ്ങൾക്കും അദ്ദേഹം ചുക്കാൻ പിടിയ്ക്കുന്നുണ്ട്. വാർത്താവിനിമയ മാർഗ്ഗങ്ങൾ ഏറ്റവും ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ഗ്രിഗറി പിതാവ് നൂറുശതമാനവും വിജയം വരിച്ചിട്ടുണ്ട്.

www.malankaralibrary.com

കാലഘട്ടത്തിന്റെ ആവശ്യം മനസ്സിലാക്കി പ്രവർത്തിക്കാൻ തല്പരരായ യുവതികളെ വളർത്തിയെടുക്കുന്നതിനായി ഗ്രിഗറി പിതാവ്, "ദേവപ്രിയ", "Society of Blessed Alphonsa", എന്നീ രണ്ട് സന്യാസ സഭകൾക്ക് രൂപം കൊടുത്തു. ഈ രണ്ടു സന്യാസഭവനങ്ങളും രാജ്ക്കോട്ട് രൂപതയിൽ പാവപ്പെട്ടവരുടെയും നിർദ്ധനരുടെയും ഇടയിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. പ്രവർത്തനമേഖലയിലെ ജനങ്ങളുടെ ഉൾത്തുടിപ്പറിഞ്ഞു പ്രവർത്തിക്കുവാൻ പിതാവ് ഈ സന്യാസിനികളോട് പ്രത്യേകം നിർദ്ദേശിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസമാണ് മാറ്റത്തിന്റെ തുടക്കവും ആധാരവും എന്ന് മനസ്സിലാക്കിയ അദ്ധ്യാപകനായിരുന്നു ഗ്രിഗറി പിതാവ്, രാജ്കോട്ട് രൂപതയിൽ നിരവധി സ്കൂളുകൾ ആരംഭിച്ചു. ഉന്നതവിദ്യാഭ്യാസത്തിനുള്ള സാദ്ധ്യതകളും വർദ്ധിപ്പിച്ചു. അടിച്ചമർത്തപ്പെട്ടവരുടെ ചങ്ങലകൾ പൊട്ടിച്ചെറിയുവാൻ അവരെ പ്രാപ്തരാക്കുകയെന്നതാണ് പിതാവിന്റെ ലക്ഷ്യം.


രാഷ്ട്രീയ സംഘട്ടനങ്ങളുടെ കേന്ദ്രമായ ഗുജറാത്തിൽ സർവ്വരാഷ്ട്രീയ പാർട്ടികളെയും ഒരുപോലെ ഇണക്കിക്കൊണ്ടുപോകുവാൻ സാധിക്കുന്നുവെന്നതാണ് ഗ്രിഗറി പിതാവിന്റെ വിജയം. ഒരു ബിഷപ്പിന്റെ അധികാരത്തേക്കാൾ ഉപരിയായി ഒരു പിതാവിന്റെ സ്നേഹത്തോടെ ജാതിമതഭേദമെന്യേ ജനങ്ങളിലേക്ക് ഇറങ്ങിചെല്ലുവാനുള്ള പിതാവിന്റെ ഹൃദയമഹാമനസ്കത ജനഹൃദയങ്ങളെ സ്വാധീനിക്കുന്നു. ഒരറിയിപ്പും കൂടാതെ ഏതാവസരത്തിലും ആർക്കും അദ്ദേഹത്തെ കാണുവാൻ സാധിക്കും. സ്നേഹത്തോടും വാത്സല്യത്തോടും കൂടിയുള്ള അദ്ദേഹത്തിന്റെ പെരുമാറ്റം അദ്ദേഹത്തെ ഏവരുടെയും ജനപ്രിയനാക്കുന്നു.

Address - Bishops Mar Gregary Karottemperl CMI, Bishop's House, P.B. No.1,
Kalawad Road, Rajkot 360005, Gujarat.

# 155

# കെ.സി. കിടങ്ങൂർ

## (അഗസ്റ്റിൻ കെ.സി.)



നാടകകൃത്ത്, കവി, പ്രഭാഷകൻ, രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകൻ എന്നിങ്ങനെ വിവിധ നിലകളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച കെ. സി. അഗസ്റ്റിൻ അങ്കമാലിക്കു സമീപമുള്ള കിടങ്ങൂർ കല്ലൂക്കാരൻ കുടുംബത്തിൽ ആഗസ്തി മകൻ ചെറിയാന്റെയും പരിയാരം കരയിൽ വടക്കുംപാടൻ ആഗസ്തി മകൾ റോസയുടെയും പ്രഥമ സന്താനമായി 1933 മേയ് മാസം 24-ാം തീയതി ജനിച്ചു.

www.malankaralibrary.com

കിടങ്ങൂർ ഇൻഫന്റ് ജീസസ് എൽ.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞു. തുടർന്ന് തുറവൂർ സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ മലയാളം 7-ാം ക്ലാസ് വരെ പഠിച്ചു. 1944 ൽ തിരുവിതാംകൂർ രാജ്യത്ത് ഒന്നാമനായി 7-ാം ക്ലാസ്സ് പാസ്സായി. പിന്നീട് ഹൈസ്കൂൾ വിദ്യാഭ്യാസം അങ്കമാലി ഹൈസ്കൂളിലായിരുന്നു. ഇ.എസ്സ്.എൽ.സി. പാസ്സായതിനുശേഷം 1949 ൽ അദ്ധ്യാപക ജോലിയിൽ പ്രവേശിച്ചു. 5 വർഷത്തിനുശേഷം ശ്രീശങ്കരാ കോളേജിൽ കോളേജ് വിദ്യാഭ്യാസത്തിന് ചേർന്നെങ്കിലും ഡിഗ്രി എടുക്കാൻ സാധിച്ചില്ല.

അക്കാലത്ത് മലയാളം ഏഴാംക്ലാസ്സിൽ പബ്ലിക് പരീക്ഷയായിരുന്നു. എല്ലാ സ്കൂളുകളിലും പരീക്ഷാ സെന്റർ ഇല്ലാതിരുന്നതിനാൽ ആലുവാ സെന്റ് മേരീസ് ഹൈസ്കൂളിലാണ് തുറവൂർ നിന്ന് ഉള്ള കുട്ടികൾ പരീക്ഷ എഴുതുവാൻ പോയിരുന്നത്. തുറവൂർ സ്കൂളിൽനിന്നും 39 കുട്ടികൾ അക്കൊല്ലം ആലുവായിൽ പോയി ക്യാമ്പ് ചെയ്ത് പരീക്ഷയ്ക്ക് എഴുതുവാൻ തയ്യാറായി. ആ കുട്ടികളിൽ 11 പേർ ട്രെയിൻ കണ്ടിട്ടില്ലാത്തവരായിരുന്നു. അവരെ ട്രെയിൻ കാണിച്ചുകൊടുക്കുവാൻ ആലുവാ റെയിൽവേ സ്റ്റേഷനിൽ കുട്ടികളെ അദ്ധ്യാപകർ കൊണ്ടുപോയി. അക്കാലത്ത് ട്രെയിൻ ഒരു അത്ഭുതമായിരുന്നു. അന്ന് റെയിൽവേ, ബ്രിട്ടീഷുകാരുടെയും മറ്റു സ്ഥലങ്ങൾ തിരുവിതാംകൂർ രാജാവിന്റെയും വകയായിരുന്നു. രണ്ടുവെള്ളക്കാർ റെയിൽവേ സ്റ്റേഷനിൽ നിരീക്ഷണം നടത്തിക്കൊണ്ടിരുന്നു. അവരുടെ കൈയ്യിൽ "തിരണ്ടിവാൽ" എന്ന ഒരു തരം ചാട്ട ചുരുട്ടിപ്പിടിച്ചിരുന്നു. ആ വെള്ളാക്കരുടെ പുറകിൽനിന്ന് കെ.സി. അഗസ്റ്റിൻ "വൈറ്റ് ക്വിറ്റ് ഇൻഡ്യാ" എന്നു വിളിച്ചു പറഞ്ഞു. മറ്റു കുട്ടികൾ ആവേശപൂർവ്വം അതേറ്റുപാടി. വെള്ളക്കാർ തിരണ്ടിവാൽ വീശി അടിച്ചു. അവിടെനിന്നും അഗസ്റ്റിൻ റെയിൽവേ അതിർത്തിക്ക് പുറത്തേക്ക് ചാടി. അവിടെനിന്നുകൊണ്ട് കല്ലേറു തുടങ്ങി. അഗസ്റ്റിന്റെ രാഷ്ട്രീയ പ്രവർത്തനം ആരംഭിക്കുന്നത് ഈ കല്ലേറുമുതലാണ്. ക്വിറ്റ് എന്ന വാക്കിന്റെ അർത്ഥം അന്ന് അഗസ്റ്റിന് അറിയില്ലായിരുന്നു. ഒരു സീനിയർ വിദ്യാർത്ഥി പറഞ്ഞതുകൊണ്ടാണ് ഈ മുദ്രാവാക്യം വിളിച്ചത്.

അഞ്ചുവർഷക്കാലം അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ച അഗസ്റ്റിൻ 1954-ലെ തിരഞ്ഞെടുപ്പിൽ പനമ്പള്ളി ഗോവിന്ദമേനോന് വേണ്ടി പ്രവർത്തിക്കാൻ പോയി. ലീവ് വാങ്ങാതെ പോയതിന്റെ പേരിൽ അദ്ധ്യാപകജോലിയിൽ നിന്നും മാനേജ്മെന്റ് പിരിച്ചുവിട്ടു. അതോടെ മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായി അദ്ദേഹം മാറുകയുണ്ടായി. ഫാ. വടക്കന്റെ കൂടെ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയിൽ ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. അന്ന് തൃശൂർനിന്നും വടക്കനച്ചൻ പ്രസിദ്ധീകരിച്ച തൊഴിലാളി പത്രത്തിൽ അഗസ്റ്റിൻ പ്രവർത്തിക്കുകയുണ്ടായി.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ സജീവ പ്രവർത്തകനായിരുന്നു

www.malankaralibrary.com

അഗസ്റ്റിൻ. തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഇടപെട്ടില്ലെങ്കിലും കോൺഗ്രസ്സിൽ ഉത്തരവാദിത്വമേറിയ പല സ്ഥാനങ്ങളും അദ്ദേഹം വഹിക്കുകയുണ്ടായി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ എ.ഐ.സി.സി. അംഗംവരെ ആകുവാൻ അഗസ്റ്റിന് സാധിച്ചു. പാറ്റ്ന, ഡൽഹി, കൽക്കട്ട എന്നിവിടങ്ങളിൽ നടന്ന എ.ഐ.സി.സി. സമ്മേളനങ്ങളിൽ അഗസ്റ്റിൻ പങ്കെടുത്തു. ശ്രീമതി ഇന്ദിരാഗന്ധിയുമായി നേരിട്ട് വ്യക്തിബന്ധം പുലർത്താനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

എഴുത്തും വായനയും ചെറുപ്പംമുതൽ അഗസ്റ്റിനെ സ്വാധീനിച്ചിരുന്നു. 1951 ൽ എന്റെ കളിത്തോണി എന്ന ഖണ്ഡകാവ്യം രചിച്ചു. ആ കാവ്യം വയലാർ രാമവർമ്മയെ കാണിച്ചു. അഗസ്റ്റിൻ കെ.സി. കിടങ്ങൂർ എന്നായിരുന്നു അന്നത്തെ തൂലികാനാമം. ആ പേരിൽനിന്നും അഗസ്റ്റിൻ കളഞ്ഞ് കെ.സി. കിടുങ്ങൂരാക്കിയത് വയലാർ രാമവർമ്മയുടെ നിർദ്ദേശമനുസരിച്ചാണ്. പിന്നീട് കെ.സി. കിടങ്ങൂർ എന്ന തൂലികാനാമത്തിൽ എഴുത്തു തുടങ്ങി. കളിത്തോണി എന്ന ഖണ്ഡകാവ്യം തൊഴിലാളിയിൽ പ്രസിദ്ധീകരിച്ചു. പിന്നീട് ഏതാനും നാടകങ്ങകങ്ങളെഴുതി. കൊലയാളികൾ, ഇവിടമാണ് നിന്റെ ശവക്കുഴി, ചോരപുരണ്ടവോട്ട് എന്നീ രാഷ്ട്രീയ നാടകങ്ങളും, ലൗ ലെറ്റർ എന്ന സാമൂഹ്യനാടകവും, ഒരു കഷണം കലത്തപ്പം യൂദാസെ നിനക്ക് മാപ്പില്ല എന്നീ സാമുദായികനാടകങ്ങളും കെ.സി. കിടങ്ങൂർ രചിച്ചു. അങ്കമാലിയിലെ പുഞ്ചിരി ആർട്സ് ക്ലബ്ബ് ആണ് ഈ നാടകങ്ങൾ എല്ലാം അവതരിപ്പിച്ചത്. 1962 മുതൽ അങ്കമാലിയിൽ നിന്നും ധർമ്മഗീതം എന്ന ഒരു സായാഹ്ന പത്രം പ്രസിദ്ധീകരിച്ചു. നല്ല നിലയിൽ നടത്തിയിരുന്ന പത്രം പിന്നീട് നഷ്ടത്തിലായി. ഒടുവിൽ പത്രം നിർത്തുകയും പ്രസ്സ് വിൽക്കുകയും ചെയ്തു.

കളിത്തോണി, അന്തിക്കിതപ്പ് എന്നീ കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1998 ൽ കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ കവിതക്കുള്ള പുരസ്കാരവും, 2000-ാമാണ്ടിൽ മേരിവിജയം കവിതാപുരസ്കാരവും, 2006 ൽ കാത്തലിക് ഇൻഫോർമേഷൻ സെന്ററിന്റെ കവിതാപുരസ്കാരവും ലഭിച്ചിട്ടുണ്ട്. പ്രേമപൂജ കവിതക്കാണ് ഇൻഫർമേഷൻ സെന്ററിന്റെ പുരസ്കാരം ലഭിച്ചത്.

പ്രേമപൂജ (ബൈബിൾ) പ്രിയപ്പെട്ടവർക്കൊരു ചരമക്കുറിപ്പ് (സാമൂഹ്യകവിതകൾ) എന്നീ കവിതാസമാഹാരങ്ങളുടെ പ്രസിദ്ധീകരണത്തിനുള്ള ശ്രമത്തിലാണ്. ഒരു ധിക്കാരിയുടെ കുമ്പസാരം എന്ന പേരിൽ ജീവിതാനുഭവ പ്രധാനമായ ഒരു നോവലിന്റെ പണിപ്പുരയിലുമാണ്.

രാഷ്ട്രീയരംഗത്ത് എ.ഐ.സി.സി. വരെ എത്തിയെങ്കിലും തെരഞ്ഞെടുപ്പ് ഗോദായിൽ കളിച്ചിട്ടില്ല. ട്രേഡ് യൂണിയൻ പ്രവർത്തനമായിരുന്നു പ്രധാനം. മാർക്സിസ്റ്റ് പാർട്ടിയുടെ ഔദ്യോഗികനാവായ ദേശാഭിമാനി പത്രത്തിൽ കോൺഗ്രസ്സ് ട്രെയ്ഡ് യുണിയൻ ഉണ്ടാക്കുവാൻ കിടങ്ങൂരിന് സാധിച്ചു.

www.malankaralibrary.com

പത്രത്തിന്റെ എറണാകുളം എഡിഷൻ നാലുദിവസം നിറുത്തിവയ്ക്കുവാനും ഇതിടയാക്കി. ഇത് അക്കാലത്തെ പ്രധാന പത്രവാർത്തയായിരുന്നു. "തീക്കട്ടയിൽ ഉറുമ്പരിച്ചു" "ഭദ്രകാളിയെ പിശാച് പിടിച്ചു" എന്നീ തലക്കെട്ടുകളിൽ കേരളത്തിലെ പ്രധാനപത്രങ്ങളിൽ ആ വാർത്ത വന്നു. തൊഴിലാളി നേതാവും മനുഷ്യസ്നേഹിയുമായ എ.കെ.ജി. നേരിട്ട് ആവശ്യപ്പെട്ടതനുസരിച്ചാണ് ആ യൂണിയൻ പിരിച്ചുവിട്ടത്.

സി.പി.എം. നേതാവ് അഴിക്കോടൻ കൊലചെയ്യപ്പെട്ടത് യൂണിയൻ സംബന്ധമായ ചർച്ച നടന്ന ദിവസമാണ്. അന്ന് ആറുമണിക്ക് എറണാകുളത്തുനിന്നും തൃശൂർക്ക് പോകാനായിരുന്നു അഴീക്കോടന്റെ പ്ലാൻ. എന്നാൽ ആ യാത്ര രാത്രി 10 മണിക്കുശേഷം ആക്കേണ്ടിവന്നത് ദേശാഭിമാനിയിലെ യൂണിയൻ സംബന്ധിച്ച ചർച്ച നടന്നതിനാലാണ്. നേരത്തെ നിശ്ചയിച്ചിരുന്നതുപോലെ 6 മണിക്കുപോയിരുന്നുവെങ്കിൽ അഴീക്കോടൻ വധിക്കപ്പെടുകയില്ലായിരുന്നുവെന്നാണ് കിടങ്ങൂർ ഇന്നും പറയുന്നത്. കിടങ്ങൂരും അഴീക്കോടനും, സ.കണ്ണൻ നായരും മാത്രമാണ് ഈ യാത്രാസമയമാറ്റം അറിഞ്ഞിരുന്നത്. അതുകൊണ്ട് സ.കണ്ണൻ നായർ അറിയാതെ ഈ കൊലപാതകം നടക്കുകയില്ലായിരുന്നുവെന്നും കിടങ്ങൂർ വിശ്വസിക്കുന്നു. കുറേനാൾ മുമ്പ് മനോരമ ആഴ്ചപ്പതിപ്പ് ഇക്കാര്യം ലേഖനരൂപത്തിൽ കെ.സി. കിടങ്ങൂരിന്റെ ഫോട്ടോസഹിതം പ്രസിദ്ധീകരിച്ചിരുന്നു. രാഷ്ട്രീയ പ്രവർത്തനം എല്ലാം നിറുത്തി എഴുത്തിൽ ശ്രദ്ധിച്ചുകൊണ്ട് പ്രവർത്തിക്കുകയാണ് ഇന്ന് കെ.സി. കിടങ്ങൂർ.

കാർഡിനൽ മാർ ജോസഫ് പാറേക്കാട്ടിലാണ് അദ്ദേഹത്തിന്റെ ആരാധ്യരായ മഹനീയ വ്യക്തികളിൽ പ്രഥമൻ. രാഷ്ട്രീയത്തിൽ പനമ്പള്ളി ഗോവിന്ദമേനോനും മനുഷ്യസ്നേഹികളുടെ കൂട്ടത്തിൽ ഫാ. ജോസഫ് വടക്കനും സ.എ.കെ.ജിയും കിടങ്ങൂരിന്റെ ആരാധ്യരാണ്. ഒരു ഭരണാധികാരി എന്ന നിലയിൽ ശ്രീമതി ഇന്ദിരാഗാന്ധിയും സമുദായ സ്നേഹി എന്ന നിലയിൽ ദിവംഗതനായ ഷെവ. ഇലഞ്ഞിക്കൽ തര്യത് കുഞ്ഞിത്തൊമ്മനെയും അദ്ദേഹം ആരാധിക്കുന്നു.

വിലാസം – കെ.സി. കിടങ്ങൂർ,
അങ്കമാലി – 683572

www.malankaralibrary.com

# 156

# ഫാ. ജോർജ് ശ്രാമ്പിക്കൽ



"ഫാ. ജോർജ് പ്രഥമവും പ്രധാനവുമായി ഒരു പുരോഹിതനാണെങ്കിലും അദ്ദേഹത്തിന് താല്പര്യമില്ലാത്ത മേഖലകളൊന്നും ഇന്നാട്ടിലില്ല. ലോകത്തിന്റെ ദുഃഖങ്ങളും വ്യഥകളും ഉത്കണ്ഠകളും സന്തോഷവും സഭയുടേതുകൂടിയാണെന്ന് പ്രഖ്യാപിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യം ആത്മാവിനുള്ളിൽ കത്തിച്ച കൈത്തിരിപോലെ സൂക്ഷിച്ചുവച്ചിരിക്കുന്ന കൃതഹസ്തനായ വൈദികനാണദ്ദേഹം."

ഫാ.ശ്രാമ്പിക്കലിന്റെ സപ്തതി സ്മരണികയിൽ ഫാ.ജെ. തച്ചിൽ എഴുതിയ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ആ വാക്കുകൾ ശ്രാമ്പിക്കലച്ചനെ സംബന്ധിച്ചിടത്തോളം നൂറുശതമാനവും ശരിയാണ്.

ആലപ്പുഴ ജില്ലയിൽ മുട്ടാർ ജില്ലയിൽ 1933 ജൂലൈ 16 ന് ശ്രാമ്പിക്കൽ കുടുംബത്തിൽ ഔതച്ചന്റെയും അന്നമ്മയുടെയും മൂന്നാമത്തെ മകനായിട്ടാണ് ഫാ.ജോർജ് ജനിച്ചത്. മുട്ടാർ സെന്റ് ജോർജ് എൽ.പി.സ്കൂൾ, തലവടി റ്റി.എം.റ്റി. മിഡിൽ സ്കൂൾ, എടത്വാ സെന്റ് അലോഷ്യസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. തുടർന്ന് പാറേൽ സെന്റ് തോമസ് മൈനർ സെമിനാരിയിലും ആലുവാ സെന്റ് ജോസഫ് പൊന്തിഫിക്കൽ മേജർ സെമിനാരിയിലും പഠിച്ച് 1959 മാർച്ച് 14-ന് മാർ കാവുകാട്ടു തിരുമേനിയിൽനിന്നും വൈദികപട്ടം സ്വീകരിക്കുകയും മാർച്ച് 16-ന് പ്രഥമ ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

ചമ്പക്കുളം ഫൊറോനപള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യനിയമനം. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ദുർഭരണം കൊണ്ട് കേരളം പൊറുതിമുട്ടിയ കാലമായിരുന്നു അത്. ഈ ദുർഭരണത്തിനെതിരെയും മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലിനെതിരെയും വലിയ ജനകീയ പ്രക്ഷോഭണം ആരംഭിക്കുകയായിരുന്നു. ഈ പ്രക്ഷോഭണത്തിന് ചമ്പക്കുളത്തും സമീപപ്രദേശങ്ങളിലും സുശക്തമായ നേതൃത്വം നൽകുവാൻ അച്ചനെയാണ് അധികാരികൾ നിയോഗിച്ചത്. ഇളകിമറിയുന്ന ജനങ്ങൾക്ക് പക്വമായ നേതൃത്വം നൽകുന്നതിനും ചമ്പക്കുളത്തും സമീപപ്രദേശങ്ങളിലും കമ്മ്യൂണിസ്റ്റ് സർക്കാരിനെതിരെ ഉയർന്നുവന്ന ജനരോക്ഷത്തെ ക്രോഡീകരിച്ച് ശരിയായ ദിശയിലേക്ക് നയിക്കുവാനും ശ്രാമ്പിക്കലച്ചന് സാധിച്ചു. സമരത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എല്ലാം ജനങ്ങളെ പറഞ്ഞുബോദ്ധ്യപ്പെടുത്തി അവരിൽ ഒരു അവബോധം വരുത്തി, ഗാന്ധിയൻ ദർശനത്തോടെ സമരരംഗത്തേക്ക് ഇറങ്ങുവാനാണ് ശ്രാമ്പിക്കലച്ചൻ ജനങ്ങളെ ആഹ്വാനം ചെയ്തത്.

www.malankaralibrary.com

കുട്ടനാടൻ പ്രദേശങ്ങളിൽ വികാരിയായിരുന്നപ്പോഴെല്ലാം കുട്ടനാടൻ പ്രദേശത്തിന്റെ ഹൃദയത്തുടിപ്പുകൾ മനസ്സിലാക്കി പ്രവർത്തിക്കുവാൻ ക്രാന്തദർശിയായ അദ്ദേഹത്തിനു സാധിച്ചു. അതുകൊണ്ടാണ് ചമ്പക്കുളം ജലോത്സവകമ്മിറ്റിയിലേക്ക് ആലപ്പുഴ ആർ.ഡി.ഒ. അദ്ദേഹത്തെ നോമിനേറ്റ് ചെയ്തത്.

അദ്ദേഹം പുളിങ്കുന്ന് വികാരിയായി സേവനം അനുഷ്ഠിച്ചപ്പോൾ അദ്ദേഹത്തിന്റെ ലക്ഷ്യം കുട്ടനാടിന്റെ സമഗ്രവികസനമായിരുന്നു. കരുവാറ്റയിലെ വള്ളം കളിയെ കേരളാടിസ്ഥാനത്തിൽ ശ്രദ്ധാകേന്ദ്രമാക്കിത്തീർത്തത് ശ്രാമ്പിക്കലച്ചനായിരുന്നു. അക്കാലത്തെ പ്രബല സാഹിത്യസംഘടനയായിരുന്നു കുട്ടനാട് സാഹിത്യകലാസമിതി. മഹാനായ തകഴി ശിവശങ്കരപ്പിള്ളയായിരുന്നു അതിന്റെ പ്രസിഡന്റ്. ഫാ.ശ്രാമ്പിക്കൽ ഉപാദ്ധ്യക്ഷനുമായിരുന്നു. അനേകവർഷം ആ സ്ഥാനത്തിരുന്ന് അദ്ദേഹം സേവനം അനുഷ്ഠിച്ചു.

ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളി, നെടുംകുന്നം, പുളിങ്കുന്ന് ഫൊറോന പള്ളികളടക്കം 30-ൽപരം ദേവാലയങ്ങളിൽ അദ്ദേഹം വികാരിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. താൻ പ്രവർത്തിച്ച ദേവാലയങ്ങളോടനുബന്ധിച്ച് പൊതുജനോപകാരപ്രദമായ നിരവധി സ്ഥാപനങ്ങൾ പടുത്തുയർത്തുവാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽ അദ്ദേഹം കെട്ടിപ്പടുത്ത പച്ച ലൂർദ്ദ്മാതാ മിഡിൽ സ്കൂൾ (യു.പി.വിഭാഗം) കരുവാറ്റാ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ, കരുവാറ്റാ നെഴ്സറി സ്കൂൾ, കരുവാറ്റാ സെന്റ് ജോസഫ്സ് ലൈബ്രറി ആൻഡ് റീഡിംഗ് റൂം, പുളിങ്കുന്ന് സെന്റ് മേരീസ് മിൽക്ക് പ്ലാന്റ്, നെടുങ്കുന്നം സെന്റ് ജോൺ ബാപ്റ്റിസ്റ്റ് നഴ്സറി - എൽ. കെ.ജി, യു.കെ.ജി. സ്കൂളുകൾ, നെടുങ്കുന്നം സെന്റ് ജോൺ ബാപ്റ്റിസ്റ്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ (സി.ബി.എസ്.ഇ.), ചങ്ങനാശ്ശേരി ശാലോം സെന്റർ, അയർക്കുന്നം കംപ്യൂട്ടർ സെന്റർ തുടങ്ങിയവ അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി രൂപം കൊണ്ടതാണ്. കൂടാതെ പുളിങ്കുന്ന് സെന്റ് മേരീസ് ഐ.റ്റി.സി.യുടെയും പുളിങ്കുന്ന് സെന്റ് മേരീസ് പാരലൽ കോളേജിന്റെയും സ്ഥാപക മാനേജരും പ്രിൻസിപ്പലുമായിരുന്നു അദ്ദേഹം.

ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളിവികാരിയായിരുന്നപ്പോൾ സുപ്രധാന പല സംഭവങ്ങൾക്കും നേതൃത്വം നൽകുവാൻ സാധിച്ചിട്ടുണ്ട്. 1986-ലെ മാർപ്പാപ്പായുടെ കോട്ടയം സന്ദർശനത്തിന് ഇടവക ജനങ്ങളെ ഒരുക്കുവാനും അൽഫോൻസാമ്മയെയും ചാവറയച്ചനെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ അനേകരെ പങ്കെടുപ്പിക്കുവാനും ശ്രമിച്ചു. 1986 ഓഗ. 29-ന് അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ ആഘോഷമായ സ്ഥാനാരോഹണത്തിന് നേതൃത്വം നൽകി. പ്രൊനുൺഷ്യോ അഗസ്റ്റിനേകാച്ചിവില്ലനിൽനിന്ന് പാലിയം സ്വീകരിച്ചതും അന്നു തന്നെയാണ്. അതോടൊപ്പം വികാരിയാത്തിന്റെ ശതാബ്ദിയാഘോഷത്തിന്റെ ഉൽഘാടനവും ദൈവദാസൻ തോമസ്

www.malankaralibrary.com

കുര്യാളശ്ശേരിയുടെ നാമകരണ അന്വേഷണ കോടതികളുടെ ഉൽഘാടനവും നടന്നു. 1987 ആഗസ്റ്റ് 15-ന് ശതാബ്ദിയാഘോഷങ്ങളുടെ സമാപനം പ്രമാണിച്ച് കർദ്ദിനാൾ ലൂർദ്ദ് സ്വാമി കത്തീഡ്രൽ ദേവാലയത്തിൽ എത്തി ദിവ്യബലിയർപ്പിച്ചു. സ്വാതന്ത്ര്യദിനപതാക ഉയർത്തുകയും ശതാബ്ദിസ്മാരകമായി നിർമ്മിക്കുന്ന മതബോധനമന്ദിരത്തിന്റെ ശില ആശീർവദിക്കുകയും ചെയ്തു. 1988 ഫെബ്രു. 21-ന് ഹരിജൻ കത്തോലിക്കരുടെ അത്യുജ്ജ്വലറാലി കത്തീഡ്രൽപള്ളി മൈതാനിയിൽ സമാപിക്കുകയും മഹാസമ്മേളനം നടത്തുകയും ചെയ്തു. 1988 ഏപ്രിൽ 17-ന് വടവാതൂർ സെമിനാരിയിൽ നടന്ന സി.ബി.സി.ഐ.യുടെ സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ മെത്രാന്മാർക്ക് കത്തീഡ്രൽ മൈതാനിയിൽ ഗംഭീരസ്വീകരണം നൽകി. സംസ്ഥാന ഗവർണർ രാംദുലാരി സിൻഹ, കേന്ദ്രമന്ത്രി എം.എം. ജേക്കബ് എന്നിവരായിരുന്നു മുഖ്യാതിഥികൾ. ശതാബ്ദി സ്മാരകമായി ഒരു ചരിത്രസ്മരണിക പ്രസിദ്ധീകരിച്ചതും അച്ചന്റെ ശ്രമഫലമായാണ്. പ്രൊഫ. കെ.റ്റി. സെബാസ്റ്റ്യൻ സപ്തതി സ്മരണികയിലെഴുതിയതുപോലെ "പണ്ഡിതന്മാരുടെയും ഗവേഷകന്മാരുടെയും കുത്തകയായിരുന്ന ചരിത്രത്തെ ഒരു പരിധിവരെ ജനകീയവൽക്കരിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു"

സമുദായത്തിനും നാടിനും ഉൽക്കർഷം വരുത്തുന്ന സമ്മേളനങ്ങളിലും ചർച്ചകളിലും പങ്കെടുത്ത് തന്റേതായ വ്യക്തിമുദ്രകൾ പതിപ്പിക്കുവാൻ കഥാപുരുഷന് കഴിഞ്ഞിട്ടുണ്ട്. സാഹിത്യം, കല, സാംസ്കാരികം, വിദ്യാഭ്യാസം, എക്യുമിനിസം തുടങ്ങിയ എല്ലാ വിഷയങ്ങളോടും ബന്ധപ്പെട്ട പരിപാടികളിൽ അദ്ദേഹം താത്പര്യമെടുത്തിട്ടുണ്ട്. കുട്ടനാട് സാഹിത്യകലാസമിതി, കോട്ടയം ദർശന കറണ്ട് അഫിയേഴ്സ്, ആളൂർ ബറ്റർലൈഫ് സെന്റർ, മൂവാറ്റുപുഴ കാർമ്മൽ തുടങ്ങിയ അനേകം പ്രസ്ഥാനങ്ങളുമായി അദ്ദേഹം സുദൃഢമായ ബന്ധം സ്ഥാപിച്ചിട്ടുണ്ട്. ചെറുപുഷ്പമിഷ്യൻ ലീഗ്, മദ്യവിരുദ്ധസമിതി തുടങ്ങിയവക്കും നേതൃത്വം നൽകിയിട്ടുള്ള ശ്രാമ്പിക്കലച്ചൻ പാസ്റ്ററൽ കൗൺസിലിലും പ്രീസ്റ്റ് കൗൺസിലിലും ദീർഘകാലം അംഗമായിരുന്നിട്ടുണ്ട്.

സമകാലീന പ്രശ്നങ്ങളെപ്പറ്റിയും ചരിത്രപരമായ വിഷയങ്ങളെപ്പറ്റിയും ചർച്ച ചെയ്യുവാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപം കൊണ്ടതാണ് കേരള ക്രിസ്ത്യൻ ഫൗണ്ടേഷൻ. അതിന്റെ സ്ഥാപകചെയർമാനാണദ്ദേഹം. പ്രസ്തുത സംഘടനയുടെ പേരിൽ വർഷംതോറും പ്രശസ്ത സമുദായസേവനം ചെയ്യുന്നവരെ ആദരിക്കാൻ മാർത്തോമ്മാ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഫാ.ശ്രാമ്പിക്കൽ നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. സ്നേഹത്തിന്റെ വഴിത്താരയിൽ, തിരഞ്ഞെടുത്ത പൂക്കൾ, പൊലിയാത്ത ദീപങ്ങൾ, യാത്രാസ്മരണകൾ, അൽമായ പ്രേഷിതത്വം, കുടുംബവേദി, ശ്രാമ്പിക്കൽ കുടുംബചരിത്രം, സാമൂഹികൗത്സുക്യം എന്നിവയാണ് അദ്ദേഹത്തിന്റെ കൃതികൾ. അദ്ദേഹത്തിന്റെ സപ്തതി സ്മരണിക സുഹൃത്തു

www.malankaralibrary.com

ക്കൾ ചേർന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമർപ്പിത ദീപ്തിയെന്നാണ് സപ്തതിസ്മരണികയുടെ നാമം.

ശ്രാമ്പിക്കലച്ചന്റെ വിവിധങ്ങളായ സേവനങ്ങളെയും കൃതിയേയും അടിസ്ഥാനമാക്കി പല അവാർഡുകളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. വൈദിക-അൽമായ ബന്ധങ്ങളിൽ പുതിയ മാനം സൃഷ്ടിച്ചതിന്റെ പേരിലാണ് ഫാ. ജോസ് അക്കരക്കാരൻ സ്റ്റഡീ സെന്റർ, ഫാ. അക്കരക്കാരൻ മെമ്മോറിയൽ അവാർഡ് അദ്ദേഹത്തിന് സമ്മാനിച്ചത്. സാമൂഹികൗത്സുക്യം എന്ന കൃതിക്ക് വിചാരകലോകം മാസികയുടെ അവാർഡും ശ്രാമ്പിക്കൽ കുടുംബചരിത്രഗ്രന്ഥത്തിന് കേരള ഹിസ്റ്ററി കോൺഗ്രസ്സിന്റെ എം.ഒ. ജോസഫ് നെടുംകുന്നം അവാർഡും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. പകലോമറ്റം കുടുംബയോഗത്തിന്റെ പുരസ്കാരം 2000-ലും കേരളസാഹിത്യകലാസമിതിയുടെ ജ്ഞാനദീപം അവാർഡും അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ പുരസ്കാരം 2003-ലും അദ്ദേഹത്തിനു ലഭിച്ചു.


കേരളാ ക്രിസ്ത്യൻ ഫൗണ്ടേഷന്റെ ജനറൽ സെക്രട്ടറി അഡ്വ.സി. ജോസ് ഫിലിപ്പ് സപ്തതി സ്മരണികയിൽ എഴുതിയ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കാം "കത്തോലിക്കാസഭയുടെ ചരിത്രത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടേണ്ട ഒരു ചരിത്രസംഭവമാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ്. അൽമായ ശബ്ദമാണ് സഭയുടെ പൊതുശബ്ദം എന്ന് സൂനഹദോസ് വിളംബരം ചെയ്തു. കത്തോലിക്കാസഭയിൽ വിശ്വസിക്കുന്ന അൽമായരുടെ മാഗ്നാകാർട്ടയാണ് രണ്ടാംവത്തിക്കാൻ സൂനഹദോസ് എന്ന് സഭയെ എതിർക്കുന്നവർപോലും സമ്മതിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. എന്നാൽ സൂനഹദോസിനുശേഷവും ആ അന്തഃസത്ത ഉൾക്കൊള്ളാത്ത ധാരാളം ആളുകളെ ഇന്നും കാണാൻ കഴിയുന്നു എന്നതു ഒരു കേവലയാഥാർത്ഥ്യം മാത്രമാണ്. എന്നാൽ വത്തിക്കാൻ കൗൺസിൽ രേഖകൾ ഒന്നുംതന്നെ സമൂഹം പഠിക്കുന്നതിനു മുൻപ് അതിന്റെ അന്തഃസത്ത മുൻകൂട്ടി ഉൾക്കൊണ്ട് പ്രവർത്തിച്ച ഒരു വൈദികനെയാണ് ഫാ. ജോർജ് ശ്രാമ്പിക്കലിൽ നമുക്ക് ദർശിക്കുവാൻ കഴിയുന്നത്".

വിലാസം - ഫാ.ജോർജ് ശ്രാമ്പിക്കൽ,
വികാർ,
സെന്റ് ജോൺസ് ചർച്ച്,
മങ്കൊമ്പ് തെക്കേക്കര പി.ഒ.,
ആലപ്പുഴ.

www.malankaralibrary.com

# 157

# കെ.റ്റി. ഔസേഫ്



സാമൂഹ്യപ്രവർത്തനരംഗത്തും വിശിഷ്യ റെഡ്ക്രോസ് പ്രവർത്തനങ്ങളിലും പങ്കെടുത്ത് കേരളജനതയുടെ ആദരവുകൾ പിടിച്ചുപറ്റിയ ശ്രീ. കെ.ററി. ഔസേഫ് കോട്ടയം ജില്ലയിൽ കാക്കനാട്ട് വീട്ടിൽ എ.സി. തോമസിന്റെയും അന്നമ്മ തോമസിന്റെയും ദ്വിതീയ പുത്രനായി 1933 ജൂലൈ 31-ന് ജനിച്ചു.

വിദ്യാഭ്യാസാനന്തരം 1954 ൽ സംസ്ഥാനഗവൺമെന്റിന്റെ കമ്മ്യൂണിറ്റി പ്രോജക്ടിൽ എക്സ്റ്റൻഷൽ ഓഫീസറായി ജോലിയിൽ പ്രവേശിച്ചു. 1957 ൽ റെഡ്ക്രോസ് പ്രവർത്തനങ്ങളിൽ സഹകരിച്ചു പ്രവർത്തിച്ചു. 1967 ൽ വികസനപ്രവർത്തനങ്ങളിൽ സഹകരിച്ചു പ്രവർത്തിച്ചു. 1967 ൽ വികസന വകുപ്പിൽ മികച്ച ഉദ്യോഗസ്ഥനുള്ള സംസ്ഥാന അവർഡും ദേശീയതലത്തിൽ രണ്ടാം സ്ഥാനവും നേടി. 1974 ൽ ദേശീയ സമ്പാദ്യപദ്ധതിയിൽ ഏറ്റവും മികച്ച പ്രവർത്തകനുള്ള കാഷ് അവാർഡിനും അർഹനായി. അതിന്റെയടിസ്ഥാനത്തിൽ കേരളാഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് ഡയറക്ടർ ആയും തുടർന്ന് ഡപ്യൂട്ടി ഡയറക്ടർ ആകുകയും ചെയ്തു. 1980 ൽ ശ്രീ ഔസേഫിന്റെ ശ്രമഫലമായി ദേശീയ സമ്പാദ്യപദ്ധതിയിൽ സംസ്ഥാന ഗവൺമെന്റിന്റെ അലവൻസോടുകൂടി എസ്സ്.എ.എസ്സ്., മഹിളാ പ്രധാൻ എന്നീ ഏജൻസി സ്കീമുകൾ നടപ്പിൽ വരുത്തുന്നതിനുകഴിഞ്ഞു. ഹോംഗാർഡ്കമ്പിനി കമാൻഡർ, കേരള ബോട്ട് ക്ലബ് എക്സിക്യൂട്ടീവ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. 1985 ജൂലൈയിൽ റെഡ്ക്രോസിന്റെ കോട്ടയം ജില്ലാ ഓണററി സെക്രട്ടറിയായി. വൈവിദ്ധ്യമാർന്ന ജീവകാരുണ്യ പ്രവർത്തനങ്ങളിൽകൂടി മികച്ച സാമൂഹ്യപ്രവർത്തകനുള്ള റെഡ് ക്രോസ് അവാർഡ് തുടർച്ചയായി നാലു പ്രാവശ്യം ശ്രീ ഔസേഫിന് ലഭിച്ചു. സംസ്ഥാന റെഡ്ക്രോസിന്റെ വൈസ്പ്രസിഡണ്ടായും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. നാലുപ്രാവശ്യം തുടർച്ചയായി മികച്ച സാമൂഹ്യ പ്രവർത്തകനുള്ള അവാർഡ് ലഭിച്ചപ്പോൾ കോട്ടയം പൗരാവലി ഒരു സ്വീകരണം ദർശനാഓഡിറ്റോറിയത്തിൽവച്ച് നൽകി.

ഇൻഡ്യയിൽ ആദ്യമായി അഭ്യസ്തവിദ്യരായ യുവാക്കൾക്കും യുവതികൾക്കും തൊഴിലും ശയ്യാവലംബരായ വൃദ്ധജനങ്ങൾക്കും രോഗികൾക്കും ആശ്വാസവുമായി റെഡ്ക്രോസ് ജില്ലാ ബ്രാഞ്ച് ഹോം നഴ്സിംഗ് സർവ്വീസ് ആൻഡ് എംപ്ലോയ്മെന്റ് സ്കീം ആവിഷ്കരിച്ചുനടപ്പാക്കി. ഈ പദ്ധതിയുടെ ഉപജ്ഞാതാവ് ശ്രീ ഔസേഫാണ്. നിർദ്ധനർക്ക് സൗജന്യമായി മരുന്ന് നൽകുന്നതിനായി കോട്ടയം മെഡിക്കൽ കോളേജിനോടനു

www.malankaralibrary.com

ബന്ധിച്ച് ഒരു എക്സ്റ്റൻഷൻകൗണ്ടർ ഏർപ്പാടാക്കി. നേത്രശസ്ത്രക്രിയ ചെയ്യുന്ന സാധുക്കൾക്ക് പ്രത്യേക കൗണ്ടർ ഏർപ്പെടുത്തി. നേത്രശസ്ത്രക്രിയചെയ്യുന്ന സാധുക്കൾക്ക് കണ്ണടയും കാൽമുറിച്ചവർക്ക് ഊന്നുവടിയും അരയ്ക്കുതാഴെ തളർന്നവർക്ക് വീൽചെയറും, വികലാംഗർക്ക് കൃത്രിമാവയവങ്ങളും സൗജന്യമായി നൽകുന്നതിനുള്ള പദ്ധതിയും ഔസേഫിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചു. വിവിധ രോഗങ്ങൾക്കുള്ള പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ, ഹൈസ്കൂൾ, യു.പി. തലങ്ങളിൽ ജൂണിയർ റെഡ്ക്രോസ്, കോളേജുകളിൽ യൂത്ത് റെഡ്ക്രോസ്, മുതലായവ സംഘടിപ്പിച്ചും രക്തദാനക്യാമ്പുകൾ, നേത്രബാങ്ക് തുടങ്ങിയവ നടത്തിയും അനേകം പ്രവർത്തനങ്ങൾവഴി റെഡ്ക്രോസ് ജില്ലാ ബ്രാഞ്ച് ഭാരതത്തിലെ ഏറ്റവും മികച്ച റെഡ്ക്രോസ് ജില്ലാബ്രാഞ്ച് എന്ന ബഹുമതി രണ്ടുതവണകൈവരിച്ചു. റെഡ്ക്രോസ് ജില്ലാഘടകം ആരംഭിച്ച സാനിട്ടേഷൻ പദ്ധതിയും ഹെൽത്ത് ആൻഡ് മെഡിക്കൽ സർവ്വീസ് കോ ഓപ്റേറ്റീവ് സൊസൈറ്റി എന്ന പേരിൽ സ്ഥാപിച്ച സഹകരണസംഘവും പ്രത്യേകം പ്രശംസനേടിയെടുത്തു. ഈ പരിപാടികളുടെയെല്ലാം പ്രധാനസംഘാടകനും കെ.ടി. ഔസേഫാണ്.

മികച്ചറെഡ്ക്രോസ് പ്രവർത്തകനുള്ള അന്തർദ്ദേശീയ റെഡ്ക്രോസ് അവാർഡായ ഹെൻട്രിഡേവിഡ്സൺ അവാർഡ് അദ്ദേഹത്തിനുലഭിച്ചു. അന്തർദ്ദേശീയ റെഡ്ക്രോസ് പ്രതിനിധി മി. ഫ്ളോയിഡ് ബാർണബി ഇതിനുവേണ്ടിതന്നെ ദേശീയ ജനറൽസെക്രട്ടറി, ജനറൽ സംസ്ഥാന ജനറൽ സെക്രട്ടറി എന്നിവരോടൊത്ത് കോട്ടയത്ത് എത്തി ഔസേഫിന് പുരസ്കാരം നൽകുകയുണ്ടായി. സഭക്കും സമുദായത്തിനും രാഷ്ട്രത്തിനും വിലപ്പെട്ട സംഭാവനകൾ ചെയ്യുന്ന വ്യക്തികളെ ആദരിക്കുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ജോസ് അക്കരക്കാരൻ അവാർഡും (1993) മികച്ച സാമൂഹ്യപ്രവർത്തകനുള്ള കോട്ടയം സഹൃദയവേദിയുടെ അവാർഡും മികച്ചകത്തോലിക്കാപ്രതിഭകൾക്കുള്ള കേരള കാത്തലിക് അസോസിയേഷൻ ഏർപ്പെടുത്തിയ 1995 ലെ അവാർഡും മികച്ച സാമൂഹ്യപ്രവർത്തകനുള്ള അഖിലകേരളകത്തോലിക്കാകോൺഗ്രസ്സിന്റെ 1997 ലെ അവാർഡും ഭീംജി വിചാർ വേദി, മികച്ച സാമൂഹ്യപ്രവർത്തകന് ഏർപ്പെടുത്തിയിട്ടുള്ള 1997 ലെ അവാർഡും ശ്രീ ഔസേഫിന് ലഭിക്കുകയുണ്ടായി.

റെഡ്ക്രോസ് കോട്ടയം ജില്ലാ ഓണററി സെക്രട്ടറി, സംസ്ഥാനറെഡ്ക്രോസ് വൈസ്ചെയർമാൻ, കോട്ടയം സിറ്റിസൺസ് കൗൺസിൽ വൈസ്ചെയർമാൻ, ഹെൽത്ത് ആന്റ് മെഡിക്കൽ സർവ്വീസ് സൊസൈറ്റി പ്രസിഡണ്ട്, കേരളാ എം.പി.കെ.ബി.വൈ. ഏജന്റ് ഫെഡറേഷൻ ചെയർമാൻ, ഹോമിയോപ്പതിക് സൂപ്പർസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ റിസർച്ച് സെന്റർ ആൻഡ് ഫാർമസി കോട്ടയം ചെയർമാൻ, ഹോം നഴ്സിംഗ് സർവ്വീസ് സൊസൈറ്റി ചെയർമാൻ, ഹോണസ്റ്റി ഭവൻ ചെയർമാൻ, കവണാറ്റിൻകര ടൂറിസം ഡവലപ്മെന്റ് സൊസൈറ്റി പ്രസിഡണ്ട്, എന്നീ നിലക


www.malankaralibrary.com

ളിൽ ഔസേഫ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

കുറവിലങ്ങാട് മണ്ണയ്ക്കനാട്ട് കല്ലോലിൽ വീട്ടിൽ ശ്രീമതി മേരിക്കുട്ടി ജോസഫാണ് ഭാര്യ.

മേൽവിലാസം - കെ.ടി. ഔസേഫ്, കാക്കനാട് വീട് തെള്ളകം, കോട്ടയം

# 158



# ഫാ. സഖറിയാസ് എലിപ്പുലിക്കാട്ട്

വൈദിക പരിശീലനരംഗത്ത് നീണ്ട മൂന്നു ദശാബ്ദക്കാലത്തെ സേവനപാരമ്പര്യമുള്ള ഫാ. സഖറിയാസ് കോട്ടയം ജില്ലയിൽ മാനത്തൂർ ഇടവകയിൽ, എലിപ്പുലിക്കാട്ട് കുടുംബത്തിൽ തോമസ് എലിസബത്ത് ദമ്പതികളുടെ മകനായി. 1933 ആഗസ്റ്റ് 16-ാം തീയതി ജനിച്ചു. മാനത്തൂർ സെന്റ് ജോസഫ് പ്രൈമറി സ്കൂൾ, കടനാട് സെന്റ് സെബാസ്റ്റ്യൻസ് മിഡിൽ സ്കൂൾ, രാമപുരം സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. 1949-ൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ സഖറിയാസ് ചങ്ങനാശ്ശേരി പാറേൽ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. 1951 മുതൽ 1958 വരെ തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിൽ പഠനം തുടർന്നു. 1958 മാർച്ച് 28-ന് മാർ സെബാസ്റ്റ്യൻ വയലിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു.

ഭരണങ്ങാനത്ത് സി. അൽഫോൻസാ നാമകരണകോടതിയിൽ ആണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. തുടർന്ന് മുട്ടുചിറ, ചേർപ്പുങ്കൽ, കവീക്കുന്ന് ഇടവകകളിൽ അജപാലനശുശ്രൂഷയിലേയ്ക്ക് നിയോഗിക്കപ്പെട്ടു.

1961ൽ ഉപരിപഠനത്തിനായി ജർമ്മനിയിലേയ്ക്ക് പുറപ്പെട്ടു. ജർമ്മനിയിലെ ഫ്രൈബുർഗ് യൂണിവേഴ്സിറ്റിയിൽനിന്നും തത്വശാസ്ത്രത്തിൽ എം.എ. ബിരുദം നേടി. തുടർന്ന് അമേരിക്കയിലെ ചിക്കാഗോ ഡിപോൾ യൂണിവേഴ്സിറ്റിയിൽനിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ. ബിരുദം സമ്പാദിച്ചു.

വിദേശത്തുനിന്നും കേരളത്തിൽ തിരിച്ചെത്തിയ ഫാ. സഖറിയാസ് പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ അദ്ധ്യാപകനായി നിയമിതനായി. 1973 മുതൽ 1999 വരെ കോട്ടയത്ത് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയായിരുന്നു ഫാ. സഖറിയാസിന്റെ പ്രവർത്തനരംഗം. തത്വശാസ്ത്ര പ്രൊഫസ്സർ എന്ന നിലയിൽ പ്രവർത്തനം ആരംഭിച്ച അദ്ദേഹം ഏഴുവർഷം സെമിനാരിയുടെ വൈസ് റെക്ടറായും 10 വർഷം റെക്ടറായും സേവനം അനുഷ്ഠിച്ചു. വടവാതൂർ സെമിനാരിയിൽനിന്നും

www.malankaralibrary.com

വിരമിച്ച ഫാ. സഖറിയാസ് തുടർന്ന് രണ്ടു വർഷക്കാലം ജർമ്മനിയിൽ അജപാലനശുശ്രൂഷ നിർവ്വഹിച്ചു. കഴിഞ്ഞ മൂന്നു വർഷമായി തൃശൂർ രൂപതയുടെ മേൽനോട്ടത്തിലുള്ള മേരിമാതാ മേജർ സെമിനാരിയിൽ തത്വശാസ്ത്ര പ്രൊഫസ്സറായി സേവനം അനുഷ്ഠിക്കുന്നു.


ആയിരത്തിലധികം വൈദികർ പൂർവ്വശിഷ്യന്മാരായിട്ടുണ്ട്. കേരളത്തിലും കേരളത്തിനു വെളിയിലുമായി സേവനം അനുഷ്ഠിക്കുന്ന വൈദികരിൽ ഫാ. സഖറിയാസ് അഭിമാനം കൊള്ളുന്നു. ഇത്രയധികം വൈദികരുടെ പരിശീലനത്തിൽ പങ്കുചേരാൻ സാധിച്ചത് വലിയ ഒരു ദൈവകൃപയായിട്ടാണ് അദ്ദേഹം കാണുന്നത്.

വൈദിക വിദ്യാഭ്യാസരംഗത്ത് നിസ്തുലമായി സേവനം അനുഷ്ഠിക്കുന്ന ഫാ. സഖറിയാസ് കഠിനാദ്ധ്വാനിയും സേവനതല്പരനുമാണ്. ശാന്തനും പക്വമതിയുമായ അദ്ദേഹം വൈദികവിദ്യാർത്ഥികളുടെ ഉത്തമ വഴികാട്ടിയുമാണ്.

വിലാസം - ഫാ. സഖറിയാസ് എലിപ്പുലിക്കാട്ട്, മേരിമാതാ മേജർ സെമിനാരി, മണ്ണുത്തി, തൃശൂർ.

## 159

# ഷെവ: വർഗ്ഗീസ് കരിപ്പായിൽ



വിദ്യാഭ്യാസ പ്രവർത്തകൻ സുവിശേഷ പ്രഘോഷകൻ, സാമുദായ രാഷ്ട്രീയ പ്രവർത്തകൻ എന്നിങ്ങനെ വിവിധ നിലകളിൽ അരനൂറ്റാണ്ടിലധികമായി പ്രവർത്തിക്കുന്ന ഷെവിലിയർ വർഗീസ് കരപ്പായിൽ തിരുവല്ലായ്ക്കു സമീപമുള്ള വേങ്ങൽ കരിപ്പായിൽ കുടുംബത്തിൽ കെ.ജെ. കുര്യൻ ശോശാമ്മ ദമ്പതികളുടെ മകനായി 1933 ഒക്ടോബർ 12-ാം തിയതി ജനിച്ചു. മാതാവ് ശോശാമ്മ കുരുടാമണ്ണിൽ കുടുംബാംഗമാണ്. പ്രൈമറി വിദ്യാഭ്യാസം വേങ്ങൽ എം.റ്റി.എൽ.പി.എസ്സിലും ഹൈസ്കൂൾ വിദ്യാഭ്യാസം തിരുവല്ല എം.ജി.എം സ്കൂളിലും ഇന്റർമീഡിയറ്റിനും ഡിഗ്രിക്കും ചങ്ങനാശ്ശേരി എസ്സ്.ബി. കോളേജിലും ബി.എഡ്-ന് തിരുവനന്തപുരം മാർ തിയോഫീലോസ് കോളേജിലും പഠിച്ചു. എക്യുമെനിസത്തെപ്പറ്റി ഗുരുകുലം, മാങ്ങാനം ക്രൈസ്തവാസശ്രമത്തിലായിരുന്നു പഠനം.

1961-ൽ ഇരുവള്ളിപ്ര സെന്റ് തോമസ് ഹൈസ്കൂളിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ച കരിപ്പായിൽ 1985-ൽ ഹെഡ്മാസ്റ്ററായി. 1989-ൽ റിട്ടയർ ചെയ്തു. വിദ്യാർത്ഥികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കിയുള്ള

www.malankaralibrary.com

പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടപ്പിലാക്കി. വിപുലമായ സേവന രംഗങ്ങളാണ് കരിപ്പായിലിനുള്ളത്. വിദ്യാഭ്യാസം, മതപഠനം, സുവിശേഷപ്ര ഘോഷണം, സമുദായികം, രാഷ്ട്രീയം, കാർഷികം, പത്രമാധ്യമം, സമൂഹ്യം തുടങ്ങിയ സേവനരംഗങ്ങളിലെല്ലാം വർഗ്ഗീസ് കരിപ്പായിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ച വച്ചിട്ടുണ്ട്.

കത്തോലിക്കാസഭയുടെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണല്ലോ 1930 ൽ നടന്ന പുനരൈക്യം. ഇവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തെ തുടർന്ന് യാക്കോബായ, മാർത്തോമ്മാ സഭാവിഭാഗങ്ങളിൽ നിന്നും അനേകർ മാർ ഇവാനിയോസിനെ അനുഗമിക്കുകയും കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയും ചെയ്തു. 1942-ൽ ആണ് മാർ ജോസഫ് സെവേറിയോസ് തിരുമേനിയുടെ കത്തോലിക്കാ സഭയിലേക്കുള്ള പ്രവേശനം. 1944-46 കാലഘട്ടങ്ങളിൽ മോൺ. തോമസ് വടശ്ശേരി, റവ. ഫാ. റാഫായേൽ ഒ.ഐ.സി തുടങ്ങിയവർ വേങ്ങൽ ചാപ്പലിൽ എത്തി നടത്തിയ നിശാക്ലാസ് ഉൾപ്പെടെയുള്ള പ്രസംഗയോഗങ്ങളിൽ സ്വപിതാവിനോടൊപ്പം പങ്കെടുക്കുകയും സഭയെ സംബന്ധിച്ച് ആഴത്തിലുള്ള പഠനം നടത്തുകയും ചെയ്തു. ആ കാലഘട്ടം മുതൽ അൾത്താരബാലനായി വർഗീസ് പ്രവർത്തിച്ചിരുന്നു.

1959-ൽ അരുണോദയം മാസികയിലാണ് വർഗീസ് കരിപ്പായിയുടെ ആദ്യലേഖനം പ്രസിദ്ധീകരിക്കുന്നത്. അന്നു തുടങ്ങി പല പ്രസിദ്ധീകരണങ്ങളിലും സഭാസംബന്ധമായും വിദ്യാഭ്യാസപരമായും ഉള്ള ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു കൊണ്ടിരുന്നു. 1964-ൽ ബോംബെയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ വച്ചാണ് The Re-Union Movement in India എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. കാത്തലിക് ന്യൂസ് സർവ്വീസ് ഓഫ് ഇൻഡ്യയുടെയും ന്യൂ ലീഡർ പത്രത്തിന്റെയും റപ്പോർട്ടറായി നാലു വർഷക്കാലം പ്രവർത്തിക്കുകയുണ്ടായി.

1960 -ൽ കാത്തലിക് സ്റ്റുഡന്റ്സ് യൂണിയന്റെ (പിന്നീട് AICUF) തിരുവനന്തപുരം മാർ തിയോഫിലസ് കോളേജ് പ്രസിഡണ്ടായും തിരുവനന്തപുരം സിറ്റി കൗൺസിൽ ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു. കേരളത്തിലെ മിക്ക കോളേജുകളിലും നടത്തപ്പെട്ട ഐക്കഫ് ക്യാമ്പുകളിൽ പങ്കെടുക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്തു. 1954 മുതൽ 7 വർഷക്കാലം വേങ്ങൽ സൺഡേ സ്കൂളിൽ അദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചു. വേങ്ങൽ ഇടവകയുടെ ട്രസ്റ്റിയായി ഇപ്പോഴും അദ്ദേഹം പ്രവർത്തിക്കുന്നു. 1962 മുതൽ കേരള കത്തോലിക്കാ വിദ്യാർത്ഥി സംഘ്യത്തിന്റെ തിരുവല്ലാ രൂപതാ പ്രസിഡന്റായും തുടർന്ന് സംസ്ഥാന വൈസ്പ്രസിഡന്റായും പ്രവർത്തിച്ചു. ഇന്നത്തെ കേരളാ മന്ത്രി സി. എഫ്. തോമസ്, ഹൈക്കോടതി ജഡ്ജി സിറിയക് ജോസഫ് തുടങ്ങി പലരും അന്ന് കെ.സി.എസ്. എല്ലിന്റെ പ്രവർത്തകരായിരുന്നു. അവരോടൊപ്പമുള്ള പ്രവർത്തനം വർഗ്ഗീസ്

www.malankaralibrary.com

കരിപ്പായിൽ ഇന്നും അഭിമാനപൂർവ്വം സ്മരിക്കുന്നു. കേരളാ കത്തോലിക് ടീച്ചേഴ്സ് ഗിൽഡിന്റെ തിരുവല്ലാ പ്രസിഡന്റായി 1963-ൽ അദ്ദേഹം തിര ഞ്ഞെടുക്കപ്പെട്ടു. ഗിൽഡിന്റെ അഭിമുഖ്യത്തിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ട ഏകാന്ത ധ്യാനങ്ങളിലും സ്റ്റഡിക്ലാസുകളിലും പങ്കെടുക്കുകയും പലയിടങ്ങളിലും അവർക്ക് നേതൃത്വം നൽകുകയും ചെയ്തു.

1967-ൽ അഖില കേരള കത്തോലിക്കാ കോൺഗ്രസ് (AKCC) വർക്കിംഗ് കമ്മറ്റിയിലേക്ക് വർഗ്ഗീസ് നോമിനേറ്റ് ചെയ്യപ്പെട്ടു. അക്കാലത്ത് രൂപം കൊണ്ട കത്തോലിക്കാ കോൺഗ്രസിന്റെ യുവജനവിഭാഗമായ കേരളാ കാത്തലിക് യൂത്ത് ഓർഗനൈസേഷന്റെ (കെ.സി.വൈ.ഒ) തിരുവല്ലാ രൂപ തയിലെ സ്ഥാപക പ്രസിഡണ്ടായും കെ.സി.വൈ.ഒ. യുടെ സംസ്ഥാന വൈസ് പ്രസിഡണ്ടായും തിരഞ്ഞെടുക്കപ്പെട്ടു. വത്തിക്കാൻ കൗൺസി ലിന്റെ തീരുമാനങ്ങൾ ഭാരതസഭയിൽ എങ്ങനെ നടപ്പിലാക്കാമെന്നതിനെ പ്പറ്റി ചർച്ച ചെയ്യാൻ മേഖലാ രൂപതാ സംസ്ഥാന ദേശീയതലങ്ങളിൽ വിളി ച്ചുകൂട്ടിയ ഇന്നത്തെ ഇന്ത്യയിലെ സഭ എന്ന സെമിനാറിൽ വർഗീസ് പങ്കെ ടുക്കുകയുണ്ടായി. ആലുവായിൽ നടന്ന റീജയണൽ സെമിനാറിലും ബാംഗ്ലൂർ (1969) നടന്ന ദേശീയ സെമിനാറിലും പങ്കെടുത്ത കരിപ്പായിൽ വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളെപ്പറ്റി ആധികാരകമായി സംസാ രിക്കാൻ കഴിവുള്ള ഒരാളാണ്. 1962 മുതൽ സണ്ടേസ്കൂൾ വാർഷികം, പള്ളിപെരുന്നാൾ, സുവിശേഷയോഗം തുടങ്ങിയ വേദികളിൽ കേരളത്തിലെ വിവിധ കത്തോലിക്കാ കേന്ദ്രങ്ങളിലും പൂനാ, ബോംബെ തുടങ്ങിയ സ്ഥല ങ്ങളിലെ മലങ്കര കത്തോലിക്കാ കൺവെൻഷനുകളിലും യാക്കോബായ (പാ ത്രിയർക്കീസ്) മാർത്തോമ്മ, സി.എസ്.ഐ. സഭകളിലെ വിവിധ ദേവാലയ ങ്ങളിലും സുവിശേഷ പ്രസംഗങ്ങൾ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ശാസ്താം കോട്ട, കാവാലം, ചമ്പക്കുളം, പൊൻകുന്നം തുടങ്ങിയ വിവിധ സ്ഥലങ്ങ ളിലെ സർവ്വമത സമ്മേളനങ്ങളിൽ ക്രൈസ്തവ പ്രതിനിധി എന്ന നിലയിൽ പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. മദ്ധ്യതിരുവിതാംകൂ റിലെ ഒട്ടുമിക്ക വൈ.എം.സി.എ. കളിലും പ്രാർത്ഥനാ വാരത്തിലെ സ്ഥിരം പ്രസംഗകനായിരുന്നു കരിപ്പായിൽ.

തിരുവല്ലാ രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ആരംഭം മുതൽ 1998 വരെ തുടർച്ചയായി അംഗമായിരുന്നിട്ടുണ്ട്. 1980 ൽ കോട്ടയത്തുവച്ച് നടത്ത പ്പെട്ട പുനരൈക്യസുവർണ്ണജൂബിലിയാഘോഷങ്ങളുടെ കൺവീനർമാരിൽ ഒരാളായിരുന്നു അദ്ദേഹം. തിരുവല്ലാ രൂപതാ എഡ്യൂക്കേഷൻ കൗൺസി ലിലും അദ്ദേഹം അംഗമായി പ്രവർത്തിക്കുന്നു.

1996 ൽ മലങ്കര കാത്തലിക് അസോസിയേഷൻ പ്രസിഡണ്ടായി കരി പ്പായിൽ നോമിനേറ്റ് ചെയ്യപ്പെട്ടു. 1999 ൽ പ്രസിഡണ്ടായും തിരഞ്ഞെടുക്ക പ്പെട്ടു. 1996 ൽ കേരളാ കാത്തലിക് ഫെഡറേഷൻ രൂപംകൊണ്ടപ്പോൾ അതിന്റെ പ്രഥമ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടതും അദ്ദേഹത്തെയാ

www.malankaralibrary.com

ണ്. 2000-ാമാണ്ടിൽ ആൾ ഇന്ത്യാ കാത്തലിക് യൂണിയന്റെ ദേശീയ സെക്രട്ടറിയായും വർഗീസ് നോമിനേറ്റ് ചെയ്യപ്പെട്ടു.

1959 ൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് സർക്കാർ നടത്തിയ ദുർഭരണത്തിനെതിരെ നടത്തിയ വിമോചന സമരത്തിന് കരിപ്പായിൽ സജീവ നേതൃത്വം നൽകുകയും അറസ്റ്റ് വരിക്കുകയും ചെയ്തു. 1964 ൽ കേരളാ കോൺഗ്രസ്സ് പാർട്ടി ജന്മമെടുത്തപ്പോൾ ആ പ്രസ്ഥാനത്തിൽ സജീവമായി പങ്കുചേർന്ന് പ്രവർത്തിച്ചു. 1980 ൽ നടന്ന നിയമസഭാതെരഞ്ഞെടുപ്പിൽ തിരുവല്ലാ മണ്ഡലത്തിൽനിന്നും മത്സരിക്കുകയുണ്ടായി.

പത്തനംതിട്ടജില്ലാ വികസനസമിതിയംഗം, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സെനറ്റ് മെമ്പർ, കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ഡയറക്ടർ ബോർഡ് അംഗം, അപ്പർ കുട്ടനാട് നെൽകർഷകസമിതി കൺവീനർ തുടങ്ങിയ വിവിധ രംഗങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

1965 മുതൽ മൂന്നുവർഷക്കാലം പ്രൈവറ്റ് ടീച്ചേഴ്സ് അസോസിയേഷൻ (P.S.T.A.) തിരുവല്ലാ വിദ്യാഭ്യാസ ജില്ലാ സെക്രട്ടറി, 1966 ലെ അദ്ധ്യാപക സമരസമിതിയുടെ തിരുവല്ലാ ജില്ലാ കൺവീനർ, 1987-89 കാലഘട്ടങ്ങളിലെ ഹെഡ്മാസ്റ്റേഴ്സ് ഫോറം ജില്ലാ ജനറൽ കൺവീനർ, 1999 മുതൽ ഓൾ കേരളാ പാരലൽ കോളേജ് അസോസിയേഷൻ പ്രസിഡണ്ട് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. 1972 ലെ കോളേജ് പ്രക്ഷോഭണ കാലത്ത് സ്കൂളിൽ നിന്നും ശമ്പളം ഉപേക്ഷിച്ചുള്ള അവധിയെടുത്ത് സമരത്തിൽ പങ്കെടുത്തു. തിരുവല്ലായിലെ സമരസമിതിയുടെ കൺവീനറായിരുന്നു അദ്ദേഹം. രാഷ്ട്രീയ പ്രവർത്തനവും സമുദായ സംഘടനകളിലെ പ്രവർത്തനവും കടുത്ത സാമ്പത്തിക നഷ്ടം വരുത്തിയിട്ടുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ നിസ്വാർത്ഥമായ സേവനത്തെ സമുദായം അംഗീകരിക്കുകയുണ്ടായി. 2005 ൽ വർഗ്ഗീസ് കരിപ്പായിലിന്റെ വിശിഷ്ടസേവനങ്ങളെ ആദരിച്ച് മാർപാപ്പാ ജോൺപോൾ രണ്ടാമൻ തിരുമേനി ഷെവലിയർ സ്ഥാനം നൽകിയാദരിച്ചു. ഏവർക്കും പ്രിയങ്കരനായ കരിപ്പായിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ പദവിയിൽനിന്നും വിരമിച്ചതുമുതൽ രൂപത നടത്തുന്ന സെന്റ് ജോൺസ് പാരലൽ കോളേജിന്റെ പ്രിൻസിപ്പൽ ആയി സേവനം അനുഷ്ഠിച്ചു വരുന്നു. ഫാ. ജോസഫ് കരിപ്പായിൽ, ഷെവ കരിപ്പായിയുടെ ഇളയ മകനാണ്. മടേരിൽ വർക്കി മറിയമ്മ ദമ്പതികളുടെ മകൾ സൂസി വർഗ്ഗീസ് ആണ് സഹധർമ്മിണി.

വിലാസം - ഷെവ: വർഗീസ് കരിപ്പായിൽ വേങ്ങൽ
തിരുവല്ല 689113

www.malankaralibrary.com

# 160

# സിസ്റ്റർ ക്ലിയോപാട്ര സി.എം.സി.



സി.എം.സി. സഭയുടെ തൃശ്ശൂർ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ, എവുപ്രാസിയാമ്മയുടെ നാമകരണ നടപടികൾക്കായുള്ള വൈസ് പോസ്റ്റുലേറ്റർ, പ്രമുഖ വിദ്യാഭ്യാസ പ്രവർത്തക, സി.ബി.സി.ഐ. വനിതാ കമ്മീഷൻ സെക്രട്ടറി, കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനത്തിലെ സർവ്വീസ് ടീം സെക്രട്ടറി എന്നിങ്ങനെ വിവിധ നിലകളിൽ മായാത്ത വ്യക്തിമുദ്രപതിപ്പിച്ച റവ.സിസ്റ്റർ ക്ലിയോപാട്ര സി.എം.സി. തൃശ്ശൂർ ജില്ലയിൽ കുറ്റൂർ ഗ്രാമത്തിൽ 1933 ഡിസംബർ 3-ന് ജനിച്ചു. കൊച്ചുമേരി എന്നായിരുന്നു ബാല്യകാല പേര്. കുടുംബപേര് ചിറയത്ത് കോനിക്കര എന്നാണ്. പിതാവ് പണ്ഡിറ്റ് ജെ.ചാക്കോരു കോനിക്കരയും മാതാവ് പുളിക്കൽ കുടുംബാംഗമായ മറിയം വാറുണ്ണിയും ആയിരുന്നു. ഹൈസ്ക്കൂൾ അദ്ധ്യാപകനായിരുന്ന പിതാവ് ഭക്തനും വിശാലമനസ്കനും കവിയും സാഹിത്യകാരനും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവും ആയിരുന്നു.

വിശുദ്ധകുർബ്ബാന സ്വീകരണത്തിനുള്ള ഒരുക്കം നടന്നുകൊണ്ടിരുന്നപ്പോൾ ഇടവകയിലെ പൊതുദിവ്യകാരുണ്യസ്വീകരണത്തിന് മുൻപ് ക്രിസ്മസിന് തനിച്ച് വി.കുർബ്ബാന സ്വീകരിക്കുകയാണ് ചെയ്തത്. എത്രയും വേഗം വി.കുർബ്ബാന സ്വീകരിക്കാനുള്ള ആഗ്രഹമാണ് അതിന് കാരണം.

1949-ൽ എസ്സ്.എസ്സ്.എൽ.സി. ഫസ്റ്റ്ക്ലാസ്സിൽ പാസ്സായ കൊച്ചുമേരി കോൺവെന്റിൽ ചേരാൻ ആഗ്രഹിക്കുകയും ഒരു വർഷക്കാലം പുതുക്കാട് ബോർഡിംഗിൽനിന്ന് പഠിപ്പിക്കുകയും ചെയ്തു. 1950 മേയ് 30-ന് കർമ്മലീത്താ സന്ന്യാസിനീ സമൂഹത്തിൽ മണലൂർ പോസ്റ്റുലന്റ് ആയി ചേർന്നു. 1950-എന്തുകൊണ്ടും പ്രാധാന്യം അർഹിക്കുന്ന ഒരു വർഷമായിരുന്നു. ഒല്ലൂർ മഠത്തിന്റെ ജൂബിലിയും മഹാജൂബിലിയും. എവുപ്രാസ്യാമ്മയുടെ വ്രതവാഗ്ദാനസുവർണ്ണജൂബിലിയും ആ വർഷം തന്നെയായിരുന്നു. ഈ ആഘോഷപരിപാടികളോടനുബന്ധിച്ച് ബിഷപ്പ് ജോർജ് ആലപ്പാട്ടിൽനിന്നും സഭാവസ്ത്രം 1950 ഡിസംബർ 26-ന് സ്വീകരിച്ചു. ഒല്ലൂർ മഠത്തിലായിരുന്നു നൊവിഷിയേറ്റ്. അതിനുശേഷം ആദ്യവ്രതവാഗ്ദാനം ചെയ്തു. ആദ്യ വ്രതവാഗ്ദാനത്തിനുശേഷം ഹിസ്റ്ററിയും ലോജിക്കും വിഷയമെടുത്ത് സെന്റ് മേരീസ് കോളേജിൽ ഇന്റർമീഡിയറ്റിനു ചേർന്നു. ഫസ്റ്റ് ക്ലാസ്സിൽ ഡിസ്റ്റിംഗ്ഷനോടുകൂടി പാസ്സായി. ബി.എ.ക്ക് ഒരു കൊല്ലം പഠിച്ചുകഴിഞ്ഞപ്പോൾ 1955-ൽ ഉപരിപഠനത്തിനായി അമേരിക്കയിലേക്കു പോയി. നോട്ടർഡാമിലെ സെന്റ് മേരീസ് കോളേജിൽ ബി.എ.ക്ക് പഠിച്ചു. ഓണേഴ്സോടുകൂടി പാസ്സാ

www.malankaralibrary.com

യി. സെന്റ് മേരീസ് കോളേജ് പോസ്റ്റുഗ്രാഡുവേറ്റ് സ്കൂൾ ഓഫ് സേക്രട്ട് തിയോളജിയിൽനിന്ന് ദൈവശാസ്ത്രത്തിൽ എം.എ. എസ്.ഡി. ഡിഗ്രി എടുത്തു. (Master of Arts in Sacred Doctrine)1959-ൽ ഇൻഡ്യാനായിലെ യൂണിവേഴ്സിറ്റി ഓഫ് നോട്ടർ ഡാമിൽ നിന്ന് ARTIUM MAGISTER ഡിഗ്രി (മാസ്റ്റർ ഓഫ് ആർട്ട്സ്) ഇംഗ്ലീഷിൽ എടുത്തു. അമേരിക്കൻ ലിറ്ററേച്ചറും ഈയവസരത്തിൽ പഠിച്ചിരുന്നു.

1959-ൽ ഇന്ത്യയിൽ തിരിച്ചെത്തിയ സി.ക്ലിയോപാട്ര തൃശ്ശൂർ സെന്റ് മേരീസ് കോളേജിൽ ഇംഗ്ലീഷ് ലക്ചററായി ജോലിയിൽ പ്രവേശിച്ചു. 1967 - 74 വർഷങ്ങളിൽ വിമലാകോളേജിൽ (തൃശൂർ) ലക്ചററായി പ്രവേശിച്ചു. പി.എച്ച്.ഡി.ക്ക് റിസേർച്ച് ചെയ്യുമ്പോൾ കന്യാകുമാരിയിലെ നാഗർ കോവിൽ ഹോളി ക്രോസ് കോളേജിൽ ഒരു വർഷക്കാലം പോസ്റ്റ് ഗ്രാഡ്വേറ്റ് പ്രൊഫസ്സറായും ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ മേധാവിയായും ഒരു വർഷം പ്രവർത്തിച്ചു. 1974 - 1989-ൽ വിമല കോളേജിൽ പ്രൊഫസ്സറായും ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റ് മേധാവിയായും സി.ക്ലിയോപാട്ര സേവനം അനുഷ്ഠിച്ചു. 1976-ൽ ഇംഗ്ലീഷിൽ (അമേരിക്കൻ ലിറ്ററേച്ചർ) ഡോക്ടറേറ്റ് നേടി കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ ആദ്യത്തെ ഇംഗ്ലീഷ് പി.എച്ച്.ഡി. നേടിയത് സിസ്റ്ററായിരുന്നു. സിസ്റ്ററിന്റെ വിഷയം The Moral Vision of Robert Penn Warren in his Novels. 1983 മുതൽ 86 വരെ വിമലാകോളേജ് വൈസ്പ്രിൻസിപ്പൽ കൂടിയായിരുന്നു. 1986-ൽ പ്രൊവിൻഷ്യൽ ആയി തിരഞ്ഞെടുക്കപ്പെട്ടതുകൊണ്ട് വിമലാകോളേജിന്റെ മാനേജരുമായിരുന്നു സിസ്റ്റർക്ലിയോപാട്ര.

കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ പരീക്ഷാ പരിഷ്കരണകമ്മറ്റിയിൽ അംഗമായ സിസ്റ്റർ, 1984-1992 വരെ രണ്ടുതവണ യൂണിവേഴ്സിറ്റിയുടെ സെനറ്റിൽ അംഗമായിരുന്നു. പാസ്സ് ബോർഡ് ഓഫ് സ്റ്റഡീസിലും, പി.ജി. ബോർഡ് ഓഫ് സർവ്വീസിലും, പി.ജി. ബോർഡ് ഓഫ് എക്സാമിനേഴ്സിലും നിരവധി തവണ അംഗമായി സിസ്റ്റർ പ്രവർത്തിച്ചിട്ടുണ്ട്. തലശ്ശേരി യൂണിവേഴ്സിറ്റി സെന്ററിൽ എക്സ്റ്റൻഷൻ ലക്ചററായും കോഴിക്കോട് സർവ്വകലാശാലയിൽ റിസേർച്ച് ഗൈഡ് ആയും പ്രവർത്തിക്കുകയുണ്ടായി. ഡോക്ടറേറ്റ് നേടുവാൻ വേണ്ട ഗൈഡിംഗ് നൽകി ഏതാനും ടീച്ചേഴ്സിനെ ഡോക്ടറേറ്റിന് അർഹരാക്കി. ന്യൂയോർക്കിലെ മോഡേൺ ലാംഗ്വേജ്സ് അസോസിയേഷനിലും ലണ്ടനിലെ ഇംഗ്ലീഷ് അസോസിയേഷനിലും മെമ്പറായി പ്രവർത്തിച്ചിട്ടുള്ള സിസ്റ്റർ ഹൈദ്രാബാദിലെ അമേരിക്കൻ സ്റ്റഡീസ് റിസേർച്ച് സെന്ററിലെ ലൈഫ് മെമ്പർ കൂടിയാണ്. സേവ്യർ ബോർഡ് ഓഫ് ഹയർ എഡ്യുക്കേഷൻ ഇൻ ഇൻഡ്യായിൽ എക്സിക്യൂട്ടീവ് മെമ്പർ ആയിരുന്ന സിസ്റ്റർ, ഐക്കഫിലും പ്രവർത്തിച്ചിരുന്നു. മതാദ്ധ്യാപനത്തിലും കോളേജിൽ ശ്രദ്ധ ചെലുത്തിയിരുന്ന സിസ്റ്റർ അതിനുള്ള മാറ്റർ തയ്യാറാക്കി സഹപ്രവർത്തകർക്കു നൽകുകയും മോറൽ സയൻസ് ക്ലാസ്സുകൾ എടുക്കുകയും ചെയ്തിരുന്നു. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും കൗൺസി

www.malankaralibrary.com

ലിംഗ് നടത്തുന്നതിനും ശ്രമിച്ച സി.ക്ലിയോപാട്ര വിമലാകോളേജിൽ ശക്തമായ ഒരു കരിസ്മാറ്റിക് പ്രെയർ ഗ്രൂപ്പിന് രൂപം നൽകി. ആ ഗ്രൂപ്പിന്റെ ലീഡറും സിസ്റ്റർ തന്നെയായിരുന്നു. ജാതിമതഭേദമെന്യേ അനേകം വിദ്യാർത്ഥികൾ വചനം കേൾക്കാൻ എത്തിയിരുന്നു. ധ്യാനങ്ങളും സെമിനാറുകളും നയിക്കുന്നതിന് സിസ്റ്റർ സമയം കണ്ടെത്തിയിരുന്നു.

Focus on literature-ന്റെ സഹപത്രാധിപരായി പ്രവർത്തിച്ച സിസ്റ്റർ The Novels of Robert Penn Warren, Poem of life, Poems of life, Enlarged Millenium Edition (50 poems) എന്നിവ രചിച്ചിട്ടുണ്ട്. കൂടാതെ നിരവധി ബുക്കുകളിലും ജേർണലുകളിലും നിരവധി ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോളേജ് മാഗസിനുകളും നിരവധി സുവനീറുകളും തയ്യാറാക്കുന്നതിലും സിസ്റ്റർ പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. തൃശ്ശൂർ നിർമ്മല പ്രോവിൻസ് സി.എം.സി.എന്നിവയുടെ ന്യൂസ് ലെറ്റർ, നാഷണൽ കരിസ്മാറ്റിക് ന്യൂസ് ലെറ്റർ, ദി ഹെറാൾഡ്, സമർപ്പിത, സി.ആർ.ഐ.ന്യൂസ് ലെറ്റർ, പ്രേഷിത കേരളം, ഇൻഡ്യൻ കറന്റ്സ് തുടങ്ങിയ നിരവധി പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ എഴുതിക്കൊണ്ടിരിക്കുന്നു.

സിസ്റ്റർ ക്ലിയോപാട്രയുടെ മറ്റൊരു പ്രധാന പ്രവർത്തനരംഗം കരിസ്മാറ്റിക് മേഖലയാണ്. 1976-ൽ ക്രൈസ്റ്റ്ഹാളിൽ നടന്ന ധ്യാനത്തിൽ പങ്കെടുത്ത സിസ്റ്റർ, അതിനുശേഷം വിമലാ കോളേജിൽ പ്രാർത്ഥനായോഗങ്ങളും വചനപ്രഘോഷണവും ആരംഭിച്ചു. നിരവധി വിദ്യാർത്ഥികൾ പരിപാടികളിൽ പങ്കെടുത്തു. കോർഗ്രൂപ്പ്, കമ്മിറ്റഡ് ഗ്രൂപ്പ് എന്നിവ പ്രവർത്തിച്ചു തുടങ്ങി. പല Ministries കുട്ടികൾ ചെറിയ സെൽസ് ആയി ഏറ്റെടുത്തു നടത്തി. ജയിൽ മിനിസ്ട്രി, സിവിൽ ആശുപത്രി സന്ദർശനം, സൗജന്യട്യൂഷൻ, ആരും നോക്കാനില്ലാത്ത പാവപ്പെട്ട സ്ത്രീകളെ സന്ദർശിച്ച് അവർക്കു വേണ്ട സഹായങ്ങൾ നൽകുക തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികൾ പങ്കുചേർന്നു. തന്മൂലം കോളേജുകളിലും ഹോസ്റ്റലുകളിലും കുടുംബങ്ങളിൽ വലിയ മാറ്റങ്ങൾ ഉണ്ടാവുകയും ദൈവവിളികൾ വർദ്ധിക്കുകയും ചെയ്തു. 1978- കേരളാ സർവ്വീസ് ടീം ഉണ്ടാക്കിയപ്പോൾ അതിന്റെ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട സിസ്റ്റർ നാഷണൽ സർവ്വീസ് ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. നാഷണൽ സർവ്വീസസ് ടീമിൽ കേരളത്തിൽനിന്നുള്ള ആദ്യ അംഗമാണ് സിസ്റ്റർ.

കേരളത്തിലും പുറത്തും പല സന്യാസസമൂഹങ്ങളിലും സെന്ററുകളിലും ഇടവകകളിലും ജയിലുകളിലും ധ്യാനങ്ങളും സെമിനാറുകളും പ്രഭാഷണങ്ങളും സൗഖ്യശുശ്രൂഷകളും നടത്തിയിട്ടുണ്ട്. സ്കൂളുകളിലും കോളേജുകളിലും അദ്ധ്യാപകർക്കും കുട്ടികൾക്കുമായി ധ്യാനങ്ങളും പ്രഭാഷണങ്ങളും പ്രാർത്ഥനായോഗങ്ങളും നടത്തുകയും ചെയ്തിട്ടുണ്ട്. നാഷണൽ സർവ്വീസ് ടീം അംഗം എന്ന നിലയിൽ മേജർ സുപ്പീരിയേഴ്സിനുവേണ്ടിയും Formetorsനുവേണ്ടിയും സിസ്റ്റേഴ്സിനുവേണ്ടിയും അൽമായർക്കുവേണ്ടിയും

www.malankaralibrary.com

കോ-പ്രീച്ചേഴ്സിനുവേണ്ടിയും ദേശീയ സെമിനാറുകളും ധ്യാനങ്ങളും കൺസൾട്ടേഷൻസും നടത്തുകയും ചെയ്തു. പോട്ടയിലും മുരിങ്ങൂറും പ്രസംഗിക്കാറുള്ള സിസ്റ്റർ 1982-ൽ സിംഗപ്പൂരിൽ നടന്ന ഏഷ്യൻ ലീഡേഴ്സ് കോൺഫറൻസിലും പങ്കെടുത്തു. അഞ്ചാമത് ദേശീയ കരിസ്മാറ്റിക് കൺവെൻഷൻ ഓർഗനൈസ് ചെയ്യുന്നതിൽ മുഖ്യപങ്കുവഹിച്ച സിസ്റ്റർ അതിന്റെ നടത്തിപ്പിനുവേണ്ടി രൂപീകരിച്ച കമ്മിറ്റിയിലും അംഗമായിരുന്നു. എൻ.എസ്സ്.ടി.യിലെ അംഗങ്ങൾ ഒന്നിച്ച് ഹീലിംഗ് മിനിസ്റ്ററിയിലും പ്രീച്ചിംഗ് മിനിസ്റ്ററിയിലും നാഷണൽ കൺവെൻഷനുകളിലും പങ്കെടുത്ത് പ്രവർത്തിക്കുകയും ക്ലാസ് എടുക്കുകയും ചെയ്തിട്ടുണ്ട്. 1992-ൽ ഫാ.ജിനോയോടൊന്നിച്ച് കേരളത്തിൽ സെന്റ് ആൽബർട്സ് ഗ്രൗണ്ടിൽ നടത്തിയ നാഷണൽ റിട്രീറ്റ്-കം-കോൺഫറൻസിൽ 5000-ലധികം സിസ്റ്റേഴ്സ് പങ്കെടുക്കുകയുണ്ടായി. ആ കോൺഫ്രൻസിലെ ഒരു മുഖ്യപ്രഭാഷക സി.ക്ലിയോപാട്രയായിരുന്നു.

ധാരാളം ലേഖനങ്ങൾ പുസ്തകങ്ങളിലും പ്രസിദ്ധീകരണങ്ങളിലും മാസികകളിലും എഴുതിക്കൊണ്ടിരിക്കുന്നു. കേരള സർവ്വീസ് ടീം സെക്രട്ടറി എന്ന നിലയിൽ പ്രാർത്ഥനാഗ്രൂപ്പുകളിലും സ്ഥലങ്ങളിലും യോഗങ്ങളിലും പങ്കെടുത്തിരുന്ന സിസ്റ്റർ നേതൃത്വം കൊടുത്ത് കേരളത്തിലെ എല്ലാ പ്രാർത്ഥനാഗ്രൂപ്പുകളുടെയും ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കുകയുണ്ടായി. കൂടാതെ സി.എം.സി. പ്രൊവിൻഷ്യാൽ കരിസ്മാറ്റിക് ലീഡറായും കോൺഗ്രിഗേഷന്റെ മുഴുവൻ കരിസ്മാറ്റിക് ലീഡറും ആയും പ്രവർത്തിക്കുകയുണ്ടായി.

വിവിധ നിലകളിൽ സി.എം.സി.സഭയ്ക്കുവേണ്ടി സിസ്റ്റർ ക്ലിയോപാട്ര പ്രവർത്തിച്ചിട്ടുണ്ട്. 1986-ലും 1989-ലും തൃശ്ശൂർ പ്രോവിൻസിന്റെ പ്രൊവിൻഷ്യാലായി സിസ്റ്റർ തിരഞ്ഞെടുക്കപ്പെട്ടു. ആഫ്രിക്കയിലെ ടാൻസാനിയായിലെ കിഗോമ മിഷൻ ഏറ്റെടുത്ത് സിസ്റ്റേഴ്സിനെ അങ്ങോട്ടയക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ചെയ്തു. ഗോരഖ് രൂപതയിൽ പദ്രോണയിലും, ബലവാണിയിലും രണ്ടുമഠങ്ങളും വിദ്യാലയങ്ങൾ ഉൾപ്പെടെ പല സ്ഥാപനങ്ങളും തുടങ്ങുകയും ചെയ്തു. കല്യാൺ രൂപതയിലും മഠങ്ങളും സ്ഥാപനങ്ങളും സ്ഥാപിക്കാനും സിസ്റ്റർ പരിശ്രമിച്ചു. പൂനയിലും കൊപ്പോളിയിലും ഡോബിവിലിയിലും സ്കൂളുകൾ ആരംഭിച്ചു. തൃശ്ശൂർ രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, സുവിശേഷവൽക്കരണദശകത്തിന്റെ നടപടികൾക്കായി രൂപീകരിച്ച കമ്മറ്റിയുടെ എക്സിക്യൂട്ടീവ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച സിസ്റ്റർ മാർപ്പാപ്പാ സന്ദർശന കമ്മറ്റിയിൽ നേതൃസ്ഥാനത്ത് പ്രവർത്തിക്കുകയും അതിന്റെ പേരിൽ സർട്ടിഫിക്കറ്റ് ഓഫ് മെരിറ്റ് നേടുകയും ചെയ്തു. കോൺഫറൻസ് ഓഫ് റിലീജിയസ് ഇന്ത്യയുടെ ലോക്കൽ പ്രസിഡന്റ്, ദേശീയ വൈസ്പ്രസിഡന്റ്, നാഷണൽ പ്രസിഡന്റ് (വനിതാവിഭാഗം) എന്നീ നിലകളിൽ പ്രവർത്തിച്ചു. ഗോവയിലെ Mater Del- ലെ ജൂണിയറേറ്റ് കോഴ്സ് നിർത്തലാക്കുകയും അതിനു

www.malankaralibrary.com

പകരമായി ഫോർമാറ്റേഴ്സ് കോഴ്സ് ആരംഭിക്കുകയും ചെയ്തു. അതോടൊപ്പം സീനിയറേറ്റ് കോഴ്സ് ആരംഭിച്ച് നടപ്പിൽ വരുത്തുകയും ചെയ്തു. സി.ആർ.ഐ.യുടെ പ്ലീനറി സമ്മേളനതീരുമാനങ്ങളുടെയടിസ്ഥാനത്തിലാണ് ഈ നടപടികൾ സ്വീകരിച്ചത്. ഗോവയിലെ കോഴ്സുകളുടെ ഉദ്ഘാടനത്തിനും സമാപനത്തിനും സിസ്റ്റർ എല്ലാവർഷവും പോകുകയും സഹകരിക്കുകയും ചെയ്തിരുന്നു. ഏഷ്യൻ മീറ്റിംഗ് ഓഫ് റിലീജിയസിന്റെ AMOR IX$^{th}$-ൽ പങ്കെടുത്ത് സംസാരിക്കാൻ ഇന്തോനേഷ്യയിലും AMOR X$^{th}$ പങ്കെടുത്ത് സംസാരിക്കാൻ ഫിലിപ്പൈൻസിലും സിസ്റ്റർ പോവുകയുണ്ടായി. സി.ആർ.ഐ.പ്രസിഡന്റ് എന്ന നിലയിൽ എല്ലാ സി.ബി.സി.ഐ.മീറ്റിംഗുകളിലും സിസ്റ്റർ പങ്കെടുക്കുകയും ചെയ്തിരുന്നു. 1970 മുതൽ ജീവധാര തിയോളജിക്കൽ അസോസിയേഷനിൽ അംഗമായിരുന്നു സിസ്റ്റർ. ഇന്ത്യൻ തിയോളജിക്കൽ അസോസിയേഷനിലും ജീവൻ ടി.വി.യുടെ ട്രസ്റ്റിൽ എക്സിക്യൂട്ടീവിലും അംഗമാണ്. ശാലോം ടി.വി.യുടെ ഉപദേശകസമിതിയിലെ അംഗവും കൂടിയാണ്. ടി.വി.യിൽ മലയാളത്തിലും ഇംഗ്ലീഷിലും പ്രഭാഷണങ്ങൾ നടത്തിയിട്ടുള്ള സിസ്റ്റർ "ഹൃദയസംവാദം" അഭിമുഖവും കൊടുത്തിട്ടുണ്ട്. തൃശൂർരൂപത തയ്യാറാക്കിയ മാർപ്പാപ്പാ സന്ദർശനസ്മരണികയുടെയും തൃശൂർ രൂപതാ ശതാബ്ദിഗ്രന്ഥത്തിന്റെയും എഡിറ്റർ കൂടിയായിരുന്നു സിസ്റ്റർ ക്ലിയോപാട്ര. പ്രൊവിൻസിലെ അംഗങ്ങൾക്കുവേണ്ടി ഒരുക്കി പ്രിന്റ് ചെയ്ത് നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

സി. ബി. സി. ഐ. വിമൻ ഡസ്ക്സെക്രട്ടറിയായി സിസ്റ്റർ ക്ലെയോപ്രാട്ര നടത്തിയ സേവനങ്ങൾ ആരുടെയും അഭിനന്ദനത്തിന് അർഹമാകുന്നതാണ്. 1992ലെ സി. ബി. സി. ഐയുടെ പൂനാ സമ്മേളനത്തിൽ വച്ചാണ് സി.ബി.സി.ഐ. ക്ക് ഒരു വിമൻസ് ഡസ്ക് രൂപീകരിക്കാൻ തീരുമാനിച്ചത്. സി. ആർ. ഐ. പ്രസിഡന്റ് എന്ന നിലയിൽ സി. ബി. സി. ഐ. യോഗത്തിൽ പങ്കെടുത്തിരുന്ന സി. ക്ലിയോപാട്രയെ വിമൻസ് ഡസ്ക് സെക്രട്ടറിയായി നിയമിച്ചു. 1992 ജൂൺ 1-ന് ഡൽഹിയിൽ സി.ബി.സി.ഐ. സെന്ററിൽ എത്തി സെക്രട്ടറിസ്ഥാനം ഏറ്റെടുത്തു. ദൈവവചനത്തിലും ക്രിസ്തുവിലും അടിയുറച്ച ഒരു പ്രവർത്തനശൈലിയാണ് സിസ്റ്റർ സ്വീകരിച്ചത്. ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ സ്ത്രീത്വത്തിന്റെ മഹനീയത എന്ന ശ്ലൈഹിക പ്രബോധനത്തിന്റെ അടിസ്ഥാനത്തിൽ Awareness Animation Programmes ക്രമപ്പെടുത്തി. അഭിവന്ദ്യപിതാക്കൻമാർക്കും മേജർസുപ്പീരിയർക്കും ഫോർമാറ്റേഴ്സിനും വിവിധതലങ്ങളിൽ പ്രവർത്തിക്കുന്നവർക്കും അയച്ചുകൊടുത്തു. എല്ലാ രൂപതകളിലും ഒരോ വിമൻസ് ഡസ്ക് ഉണ്ടാക്കുവാനും ഒരു സ്ത്രീയെ തന്നെ അതിന്റെ സെക്രട്ടറിയാക്കാനും ബിഷപ്പുമാരോട് ആഹ്വാനം ചെയ്തു. വിമൻസ് ഡസ്കിന്റെ ആഭിമുഖത്തിൽ Magnificat എന്ന പേരിൽ ഒരു ന്യൂസ് ലറ്റർ ആരംഭിച്ചു. മാർച്ച് 8- ഇന്റർനാഷണൽ വിമൻസ് ഡേ ആചരിക്കാൻ സി.ബി. സി. ഐ അംഗീകാരം നൽകി. സെപ്റ്റം

www.malankaralibrary.com

ബർ 8-ാം തീയതി മാതാവിന്റെ ജന്മദിനം Girl Child's day ആചരിക്കാനുള്ള നടപടികൾക്കും സി.ബി.സി.ഐ. അംഗീകാരം നൽകി. മെയ് 31-ന് Magnificat day ആചരിക്കാനും ആരംഭിച്ചു.

സ്ത്രീകൾക്കെതിരായ അക്രമം അവസാനിപ്പിക്കണമെന്ന് പറഞ്ഞ് 1000 പേരുടെ ഒപ്പുശേഖരിച്ച് ഹ്യൂമൻ റൈറ്റ്സിലെ സംഘങ്ങൾ ഒരു നിവേദനം 1993-ൽ വിയന്നയിൽ നടന്ന യുണൈറ്റഡ് നേഷൻസ് വേൾഡ് കോൺഫറൻസിലേക്ക് അയച്ചുകൊടുത്തു. സ്ത്രീകൾക്കുവേണ്ടി പ്രവർത്തിക്കുന്ന മറ്റു സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്തു. Women cells Indian Social Institute, Caritas India, C.C.W.I, WINA, Streevani, Sathyashodak, AIACHE, YWCA, National Commissions for women, Vatican women desk, the centre for concern Washington എന്നിവയുമായി സഹകരിച്ച് പ്രവർത്തിച്ചു. രൂപതാ വിമൻസ് ഡസ്ക് സെക്രട്ടറിമാർക്കും അവരുടെ സഹായികൾക്കുമായി റീജയണൽതലത്തിൽ മൂന്ന് ദിവസത്തെ Awareness - Animation - Leadership - Seminar നടത്തി. ബോംബെയിൽ വച്ച് 1995-ൽ രൂപതാ വിമൻസ് ഡെസ്ക് സെക്രട്ടറിമാർക്കും റീജയണൽ വിമൻസ് ഡെസ്ക് സെക്രട്ടറിമാർക്കുമായി ഒരു നാഷണൽ സെമിനാർ നടത്തി. ഇതിന്റെ റിപ്പോർട്ട് അച്ചടിച്ച് വിതരണം ചെയ്തു. അസംഘടിതതൊഴിൽ വിഭാഗങ്ങളെക്കുറിച്ച് പഠിക്കാൻ സി.ബി.സി.ഐ ലേബർ കമ്മീഷനുമായി സഹകരിച്ച് ഒരു നാഷണൽ സെമിനാർ വിമൻസ് ഡസ്ക് സംഘടിപ്പിക്കുകയുണ്ടായി. സി.ബി.സി.ഐ. യുടെ മറ്റു വിവിധ കമ്മീഷനുകളുമായി സഹകരിച്ചും ദേശിയ ചർച്ചാസമ്മേളനങ്ങൾ നടത്തിയിട്ടുണ്ട്.

1982-ൽ കാത്തലിക് വിമൻസ് ലീഡേഴ്സിന്റെ നാഷണൽ കൺസൾട്ടേഷൻ ബോംബെയിൽ വച്ച് നടത്തി. മദർ തെരേസാ ഈ സമ്മേളനത്തിൽ പങ്കെടുത്തു. AIACHE യുമായി സഹകരിച്ച് ക്രിസ്ത്യൻ ലീഡേഴ്സിന്റെ ഒരു നാഷണൽ കൺസൾട്ടേഷനും ബാംഗ്ലൂരിൽവച്ച് സംഘടിപ്പിക്കുകയുണ്ടായി. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ സിസ്റ്റേഴ്സിനെതിരായി നടന്ന ആക്രമണങ്ങളെക്കുറിച്ച് അന്വേഷിച്ച് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. 1995 സെപ്റ്റംബറിൽ ചൈനയിലെ ബെയ്ജിംഗിൽ നടന്ന United Nations IV World Conference on Women ൽ NGO ഗ്രൂപ്പുകൾ ഒന്നിച്ചു പങ്കെടുത്തു. "VIOLENCE against women in public and private life is violation of human rights" ഇതിനായി 60000 പേരുടെ ഒപ്പ് ശേഖരിച്ച് ബയ്ജിംഗ് കോൺഫറൻസിൽ സബ്മിറ്റ് ചെയ്തു. ആൾ ഇന്ത്യ വിമൻസ് കോൺഫറൻസ് സംഘടിപ്പിച്ച റൈസ് ഓഫ് ഫണ്ടമെന്റലിസം, ഹിന്ദുത്വം, എന്നീ വർക്കുഷോപ്പുകളിൽ പങ്കെടുത്ത് Christian Perspectiveനെക്കുറിച്ച് സിസ്റ്റർ സംസാരിച്ചു. അതുപോലെതന്നെ ദളിത് പ്രശ്നവും ഉന്നയിച്ചു. ഗ്ലോബലൈസേഷൻ ഓഫ് എക്കണോമി വർക്ക്ഷോപ്പിൽ പങ്കെടുത്ത് ഇന്ത്യയിലെ ചെറുകിട കർഷകർക്കും വ്യവസായികൾക്കും കച്ചവടക്കാർക്കും വേണ്ടി സംസാരിച്ചു.

www.malankaralibrary.com

1996 ഫെബ്രുവരിയിൽ തിരുവനന്തപുരത്തുനടന്ന സി.ബി.സി.ഐ. മീറ്റിംഗിൽ വച്ച് സി.ബി. സി. ഐ വിമൻസ് ഡസ്ക് വിമൻസ് കമ്മീഷനായി ഉയർത്തുകയുണ്ടായി. ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്പ്സ് കോൺഫറൻസിന്റെ തായ്‌ലാന്റിൽ നടന്ന ബിഷപ്പ്സ് ഇൻസ്റ്റിസ്റ്റ്യൂട്ട് ഓൺ ലേ അപ്പസ്തോലേറ്റ് ഓൺ വുമൻ - സമ്മേളനത്തിൽ സിസ്റ്റർ ക്ലിയോപാട്ര പങ്കെടുത്തു. വുമൻസ് കമ്മീഷന്റെ പുതിയ ഡയറക്ടറി പ്രകാശനം ചെയ്തതും സിസ്റ്ററിന്റെ നേതൃത്വത്തിലാണ്. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ "Two women" അച്ചടിച്ച് പ്രസിദ്ധീകരിച്ചു. സി.ബി.സി.ഐ. സെക്രട്ടറിമാരുടെ കൂടെ റിട്രീറ്റ് - കം - പിൽഗ്രിമേജിനായി ഇസ്രായിലിലേക്കും പോകുവാൻ സിസ്റ്ററിന് ഭാഗ്യം സിദ്ധിച്ചു. റോമിലെ പൊന്തിഫിക്കൽ ലെയ്റ്റി കമ്മീഷന്റെ ക്ഷണപ്രകാരം 1996 ഡിസംബറിൽ റോമിൽ നടന്ന അന്തർദേശിയ സമ്മേളനത്തിൽ സൗത്തേഷ്യയിലെ ഏക പ്രതിനിധിയായി സി.ക്ലിയോപാട്ര പങ്കെടുത്ത് സംസാരിച്ചു. മാർപാപ്പായുമായി നേരിട്ട് കണ്ട് സംസാരിക്കുന്നതിനും സമ്മാനം ഏറ്റുവാങ്ങുന്നതിനും സാധിച്ചു. സി.ബി.സി.ഐ. യുടെ എല്ലാ യോഗങ്ങളിലും പങ്കെടുത്തിട്ടുള്ള സിസ്റ്റർ 1998 മാർച്ചിൽ വരണാസിയിൽ വച്ചുനടന്ന സി.ബി.സി.ഐ സമ്മേളനത്തിൽ വച്ച് നാളിതുവരെയുള്ള വിമൻസ് കമ്മീഷന്റെ റിപ്പോർട്ട് സമർപ്പിക്കുകയും സെക്രട്ടറിസ്ഥാനം രാജിവയ്ക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ സ്ത്രീകളെക്കുറിച്ച് ധാരാളം ലേഖനങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലുമായി വിവിധ ഗ്രന്ഥങ്ങളിലും പ്രസിദ്ധീകരണങ്ങളിലും എഴുതിയിട്ടുണ്ട്.

സി.എം.സി. യുടെ ജനറൽ കൗൺസിലറായി 1997 ഡിസംബറിൽ സി.ക്ലിയോപാട്ര തിരഞ്ഞെടുക്കപ്പെട്ടു. ആലുവായിലെ മൗണ്ട്കാർമൽ ജനറലേറ്റിൽ താമസിച്ചുകൊണ്ട് വിദ്യാഭ്യാസവകുപ്പിന്റെ ചുമതല നിർവ്വഹിച്ചു. ഇതോടൊപ്പം കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷനിലും വിദ്യാഭ്യാസത്തിന്റെ ഇന്റർ ചർച്ച് കൗൺസിലിലും സിസ്റ്റർ അംഗമായി പ്രവർത്തിച്ചു. സി.ബി.സി.ഐ. എഡ്യൂക്കേഷൻ കൗൺസിലിനോട് സഹകരിച്ച് ഒരു റീജയണൽ വിദ്യാഭ്യാസ സെമിനാർ സംഘടിപ്പിക്കുന്നതിന് സിസ്റ്റർ മുൻനിന്നു പ്രവർത്തിച്ചു. വിദ്യാഭ്യാസസംബന്ധമായ വിഷയത്തെപ്പറ്റി ദേശീയതലത്തിലും റീജയൻ തലത്തിലും നടന്ന പല സുപ്രധാന സമ്മേളനങ്ങളിലും പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ സിസ്റ്ററിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. സി.എം.സി. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുംവേണ്ടി യേശുവിന്റെയും കന്യകാമറിയത്തിന്റെയും സഭയുടെയും കാഴ്ചപ്പാടും സി.എം.സി. സഭയുടെ വിവരങ്ങളും അടങ്ങിയ ഒരു ചെറുപുസ്തകം ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിച്ചു. സി.എം.സി. സഭയുടെ പുതുക്കിയ ഭരണഘടനയ്ക്ക് അംഗീകാരം വാങ്ങാനായി റോമിൽ പോവുകയും അംഗീകാരം നേടിയെടുക്കുകയും ചെയ്തു. സിസ്റ്ററിന്റെ ഒരു പ്രധാനകൃതിയാണ് വിശുദ്ധനാട്ടിലേക്കൊരു തീർത്ഥാടനം. വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായു

www.malankaralibrary.com

ടെയും എവുപ്രാസ്യാമ്മയുടെയും ചരിത്രവും സിസ്റ്റർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തൊടുന്നതെല്ലാം പൊന്നാക്കാൻ അസാമാന്യകഴിവുള്ള സി.ക്ലിയോപാട്ര പ്രൊവിൻഷ്യൽ ആയതിനുശേഷം ചെയ്ത പ്രധാനകാര്യം ബഹു.എവുപ്രാസ്യാമ്മയുടെ നാമകരണനടപടികൾ ഔദ്യോഗികമായി ആരംഭിക്കലായിരുന്നു. 1986-ൽ നാമകരണ നടപടികൾ ആരംഭിക്കുകയും 1987-ൽ ഫാ. ലൂക്കോസ് വിത്തുവീട്ടിക്കൽ സി.എം.ഐ. യെ പോസ്റ്റുലേറ്റർ ആയി നിയമിക്കുകയും ചെയ്തു. ദൈവദാസി എവുപ്രാസ്യാമ്മയുടെ നാമകരണ നടപടികൾക്കായുള്ള രൂപതാകോടതി സ്ഥാപനം ത്രിദിന പരിപാടികളോടെ ഒല്ലൂർ വച്ച് വിപുലമായ തോതിൽ നടത്തി. 1992 ൽ മദർ പ്രൊവിൻഷ്യൽ സ്ഥാനം മാറിയതോടെ സിസ്റ്റർ വൈസ്പോസ്റ്റുലേറ്റർ ആയി നിയമിക്കപ്പെട്ടു. എവുപ്രാസ്യാമ്മയുടെ നാമകരണനടപടികൾക്കുള്ള നടപടികൾ ധൃതഗതിയിൽ തന്നെ പിന്നീട് നടന്നു. ശേഖരിച്ച എല്ലാ രേഖകളും റോമിൽ എത്തിച്ചു. എവുപ്രാസ്യാമ്മയുടെ സഭാവസ്ത്രസ്വീകരണ ശതാബ്ദി ആഘോഷം ഒല്ലൂരിൽവച്ച് നടത്തുകയുണ്ടായി. ദൈവദാസിയുടെ സഹായത്താൽ മിഷൻ ആശുപത്രിയിൽവച്ച് അത്ഭുതകരമായ ബോൺ ക്യാൻസർ സുഖപ്പെടുകയുണ്ടായി. ഒല്ലൂർ സെന്റ് മേരീസ് കോൺവെന്റ് ചാപ്പലിൽ അഖണ്ഡജപമാല എവുപ്രാസ്യാമ്മയുടെ ജപമാല ഭക്തിയുടെ ഓർമ്മയ്ക്കായി ആരംഭിച്ചു. അത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. 1998-ൽ റോമിൽ നടന്ന നാലുപേരുടെ Beatification ചടങ്ങിൽ പങ്കെടുത്തു. 2000 മേയ് മാസത്തിൽ മഹാസഹസ്രാബ്ദജൂബിലിയും ഒല്ലൂർ മഠസ്ഥാപനത്തിന്റെയും എവുപ്രാസ്യാമ്മയുടെ വ്രതവാഗ്ദാനത്തിന്റെയും ശതാബ്ദിയാഘോഷവും ഏകോപിച്ച് 15 ദിവസത്തെ പരിപാടികളോടെ വിപുലമായ തോതിൽ ആഘോഷിക്കാൻ സിസ്റ്റർ നേതൃത്വം നൽകി. അതേവർഷം തന്നെയായിരുന്നു സിസ്റ്റർ ക്ലിയോപാട്രയുടെ സഭാവസ്ത്രസ്വീകരണത്തിന്റെ സുവർണ്ണജൂബിലിയാഘോഷവും. 1952-ൽ സിസ്റ്ററിന്റെ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജുബിലിയും ആഘോഷിച്ചു.

2002 ജൂലായ് 5-ന് എവുപ്രാസ്യാമ്മയെ ധന്യയായി പ്രഖ്യാപിച്ചു. റോമിൽ വച്ച്. ഒല്ലൂരിലും ആ പരിപാടി ആഘോഷമായി നടത്തി. 2002 ഒക്. 17-ന് എവുപ്രാസ്യാമ്മയുടെ പഞ്ചരജതജൂബിലിയാഘോഷം വിപുലമായ തോതിൽ നടത്തുകയുണ്ടായി. 2003 ഡിസംബറിൽ ജനറൽ കൗൺസിലിന്റെ സ്ഥാനം മാറുകയും തൃശൂർ പ്രൊവിൻഷ്യൽ ഹൗസിലേക്ക് താമസം മാറ്റുകയും ആറുമാസങ്ങൾക്കുശേഷം ഒല്ലൂർ എത്തി വൈസ്പോസ്റ്റ്ലേറ്റർ സ്ഥാനം തുടർന്നുകൊണ്ടുപോവുകയും ചെയ്യുന്നു. എവുപ്രാസ്യാമ്മയുടെ മദ്ധ്യസ്ഥതയാൽ നടന്ന അത്ഭുതം റോം അംഗീകരിച്ചു. ഇനി വേഗം വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കുമെന്ന പ്രതീക്ഷയിലാണ് സിസ്റ്റർ ക്ലിയോപാട്ര. ആലുവാ ജനറലേറ്റിൽവച്ച് 1998-ൽ ദൈവദാസി എവുപ്രാസിയാമ്മയെക്കുറിച്ച് ഒരു ത്രൈമാസിക ആരംഭിച്ചു. ഇംഗ്ലീഷിൽ The Rose of Carmel എന്ന

www.malankaralibrary.com


പേരിലും മലയാളത്തിൽ കാർമ്മൽ റോസ് എന്ന പേരിലും അത് പ്രസിദ്ധീകരിക്കാൻ തുടങ്ങി. ഇപ്പോഴും അത് തുടർന്നുകൊണ്ടിരിക്കുന്നു. എവുപ്രാസ്യാമ്മയെക്കുറിച്ച് കുറെ പുസ്തകങ്ങൾ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ധാരാളം ലേഖനങ്ങൾ പത്രത്തിലും മാസികകളിലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇപ്പോൾ സിസ്റ്റർ ക്ലിയോപാട്ര ഒല്ലൂർ സെന്റ് മേരീസ് കോൺവെന്റിൽ ആണ് താമസവും പ്രവർത്തനവും.

വിലാസം - സിസ്റ്റർ ക്ലിയോപാട്ര സി.എം.സി., സെന്റ് മേരീസ് കോൺവെന്റ്, ഒല്ലൂർ-തൃശൂർ.

# 161

# കെ.സി. ഫ്രാൻസീസ്



മലയാളത്തിലും ഇംഗ്ലീഷിലും ഗദ്യത്തിലും പദ്യത്തിലും സാഹത്യരചന നടത്തി പ്രശസ്തിയാർജ്ജിച്ച പ്രമുഖ സാഹിത്യകാരനായ കെ.സി. ഫ്രാൻസീസ് 1933 ഡിസംബർ 3-ന് തൃശ്ശൂർ നഗരത്തിലെ പൂങ്കുന്നത്ത് കൊള്ളന്നൂർ തറയിൽ ചേറു - ത്രേസ്യാ ദമ്പതികളുടെ മകനായി ജനിച്ചു. തൃശ്ശൂർ മോഡൽ ഹൈസ്കൂൾ, സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. തൃശ്ശൂർ ട്രെയിനിംഗ് കോളേജിൽ നിന്ന് ബി.ടിയും ശ്രീവെങ്കിടേശ്വരയൂണിവേഴ്സിറ്റിയിൽ നിന്ന് എം.എ. ബിരുദവും നേടി. പാലക്കാട് തൃശ്ശൂർ ജില്ലകളിലെ സർക്കാർ വിദ്യാലയങ്ങളിൽ അദ്ധ്യാപകനായ ഫ്രാൻസീസ് മാസ്റ്റർ 1989-ൽ റിട്ടയർ ചെയ്തു.

ബാല്യം മുതൽ കവിതയോട് വലിയതാല്പര്യമായിരുന്നു ഫ്രാൻസീസിന്. അദ്ദേഹം കവിതകൾ സ്കൂൾ വിദ്യാഭ്യാസകാലഘട്ടത്തിൽ തന്നെ രചിക്കുവാൻ തുടങ്ങി. അവ 1950 കളിൽ മാതൃഭൂമി, മലയാളമനോരമ, ജനയുഗം എന്നിവയിൽ പ്രസിദ്ധീകരിച്ചിരുന്നു. ഫ്രാൻസീസിന്റെ ആദ്യകാല കവിതകളെപ്പറ്റി എൻ.വി. കൃഷ്ണവാരിയർ "മലയാള കവിതയിലേക്ക് അടുത്തകാലത്തു കടന്നു വന്ന അഗ്രമഗണ്യരിൽ ഒരാളണ് കെ.സി. ഫ്രാൻസീസ്" എന്ന് എഴുതിയിരുന്നു. കാമ്പിശ്ശേരി 'താങ്കളുടെ ശക്തമായ കവിതകളുടെ ഒരെളിയ ആരാധകനാണ് ഞാൻ' എന്നും എഴുതുകയുണ്ടായി.

ഇദ്ദേഹത്തിന്റെ കൃതികൾ മഹത്തായ വിപ്ലവം, ഭടന്റെ സ്വപ്നം, എതിരൊഴുക്കുകൾ, കണ്ണില്ലാത്തവരുടെ ലോകം, വീരഗാഥ, പത്തുകക്കകൾ, ആദ്യം കിട്ടിയ ക്രിസ്തുമസ് കാർഡിനെപ്പറ്റി, എന്നിവയാണ്. ഇവയെല്ലാം

www.malankaralibrary.com

കവിതാസമാഹാരങ്ങളാണ്. ഒരു വർഷം ഒരു യുഗം എന്ന കഥാ സമാഹാരവും പ്രസദ്ധീകരിച്ചിട്ടുണ്ട്. കാവ്യഭടൻ എന്ന പ്രസദ്ധീകരണത്തിന്റെ പത്രാധിപരുമായിരുന്നു അദ്ദേഹം. ആ പ്രസദ്ധീകരണം അദ്ദേഹം സ്വന്തമായി പ്രസിദ്ധീകരിച്ചതാണ്. ഏതാനും കൃതികൾ അദ്ദേഹം തർജ്ജിമ ചെയ്തിട്ടുണ്ട്. തൃശ്ശൂരിലെ കവിതാ സമ്മേളനങ്ങളിൽ ഫ്രാൻസീസ് മാസ്റ്റർ നിറഞ്ഞു നിന്നിരുന്നു. സാഹിത്യത്തിൽ തന്റെ കരസ്പർശനമേൾപ്പിക്കാത്ത മേഖലകളൊന്നും തന്നെയില്ലെന്ന് ന്യായമായും അവകാശപ്പെടാവുന്ന ഒരു എഴുത്തുകാരനാണ് കെ.സി. ഫ്രാൻസീസ്. ഫ്രാൻസീസിന്റെ ഭാഷസരളവും അന്തസ്സുറ്റതുമാണ്. ആഖ്യാനരീതി അവക്രവും മധുരവുമാണ്.

1955-ൽ ഏതാനും വിദ്യാർത്ഥികൾ നിർമ്മിച്ച സിനിമയാണ് ന്യൂസ് പേപ്പർ ബോയ്. ആ സിനിമയുടെ നിർമ്മാതാവും സംവിധായകനും ഗാനരചയിതാവും 22 വയസ്സിൽ താഴെയുള്ള വിദ്യാർത്ഥികൾ തന്നെയായിരുന്നു. ആ ചിത്രത്തിന്റെ കഥയും തിരക്കഥയും എഴുതിയത് സംവിധായകനും നിർമ്മാതാവുമായ അഡ്വ. പി. രാമദാസനായിരുന്നു. അഭിനയിച്ചവരിൽ രണ്ടുപേരൊഴികെയുള്ളവർ എല്ലാം വിദ്യാർത്ഥികൾ തന്നെ. പ്രധാനഗാനരചയിതാവ് ശ്രീ. കെ.സി. ഫ്രാൻസീസ് ആയിരുന്നു. അന്ന് കോളേജ് വിദ്യാർത്ഥിയായിരുന്ന ഫ്രാൻസീസ് എഴുതിയ ഗാനങ്ങൾ ആ കാലഘട്ടത്തിലെ ശ്രദ്ധേയ ഗാനങ്ങളായിരുന്നു. ആ സിനിമയുടെ അവതരണ ഗാനം താഴെകൊടുക്കുന്നു.

കല്ലിലുമുള്ളിലും കാൽവെച്ച് മുന്നോട്ട്,
വെല്ലുകെൻ പിഞ്ചിളം പൈതങ്ങളേ,
നാളത്തെ പൂക്കളേ, നാളത്തെ പൂക്കളേ

ഫ്രാൻസീസ് മാസ്റ്ററുടെ ആദ്യം കിട്ടിയ ക്രിസ്തുമസ് കാർഡിനെപ്പറ്റി എന്ന കവിതാസമാഹാരഗ്രന്ഥത്തിലെ കവിതകളെപ്പറ്റി പഠനം നടത്തിയ സുപ്രസിദ്ധ സാഹിത്യകാരിയും നിരൂപകയുമായ ഡോ. ലീലാവതി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

നൈസർഗികമായി പെയ്യുന്ന മഴയുടെ പ്രതീതിയാണ് ശ്രീ. ഫ്രാൻസിസിന്റെ കവിത മിക്കപ്പോഴും ഉളവാക്കുന്നത്. പൊള്ളിക്കുന്ന ചൂടോടുകൂടിയ ഒരനുഭൂതി കവനസ്വത്വത്തിൽ ഘനീഭൂതബാഷ്പം നിറഞ്ഞ അന്തീരക്ഷം സൃഷ്ടിക്കുന്നു. അസ്തിത്വത്തിൽ അനുഭൂതമാകുന്ന 'ഡിപ്രെഷൻ' വ്യക്തിസ്വത്വത്തെ തളർത്തുമ്പോൾ കവനസ്വത്വത്തിൽ കുമിഞ്ഞുകൂടിയ ബാഷ്പം കവിതയായി പെയ്യുന്നു. തളർച്ചയും തകർച്ചയുമുളവാക്കുന്ന ജീവിതാനുഭൂതികളാണ് ശ്രീ. ഫ്രാൻസിസിന്റെ എല്ലാ നല്ല കവിതകളുടെയും പിന്നിലുള്ള കാരകശക്തി. ചിരിയും പരിഹാസവും അദ്ദേഹത്തിന്റെ ചില കവിതകൾക്കു മറ്റൊരു മുഖഭാവം നൽകുന്നുണ്ടെന്ന് ഒറ്റനോട്ടത്തിൽ തോന്നിയേക്കാം. അതൊരു കൺകെട്ടു മാത്രമാണ്. ചിരിക്കവിതകൾപോലും കണ്ണീരു പെയ്യുന്നവയാണ്. പരിഹാസം ഇടിമിന്നൽപോലെ വെളിച്ചം ചിത

www.malankaralibrary.com

റുമ്പോഴും അതിന്റെ ചാലകശക്തി ഘനീഭൂതബാഷ്പമാണെന്നു സൂക്ഷ്മ വീക്ഷണത്തിൽ ബോദ്ധ്യപ്പെടും.

ലീലാവതി മറ്റൊരു കവിതയെപ്പറ്റി തന്റെ പഠനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"പനിപിടിച്ച അനുജത്തിയെ മരച്ചോട്ടിൽ കിടത്തി തീവണ്ടിയിൽ വയറ്റത്തു കൊട്ടിപ്പാടി ഇരക്കാൻ ചേട്ടൻ പോകുന്നു. തിരിച്ചുവരുമ്പോൾ അവളെ കാണാനില്ല. നേതാവിന്റെ സന്ദർശനത്തിന്റെ പേരിൽ ഇരപ്പാളികളെയൊക്കെ നഗരപരിധിക്കു പുറത്തേക്കു കയറ്റി അയച്ചിരിക്കുകയാണ്. ആ കുഞ്ഞുകുട്ടികളുടെ കഥ പറയുന്ന കവിതയൊന്നു മാത്രം മതി ഫ്രാൻസീസിന്റെ രുദിതാനുസാരിത്വത്തിനുള്ള ആർഷ വിശുദ്ധി സ്ഥാപിക്കാൻ. ഇവിടെ രണ്ടു കിളികളെയും നിഷാദൻ അമ്പെയ്തു വീഴ്ത്തിയിരിക്കുന്നു. അവയ്ക്ക് അന്യോന്യം കണ്ടെത്താൻ കഴിയുന്നില്ല. കൂടപ്പിറപ്പ് എവിടെ എന്നറിയാതെ എരിപൊരികൊണ്ട് അലയുന്ന പിഞ്ചു പൈതലിന്റെ ശോകം ശ്ലോകമാവുമ്പോൾ, അതിൽ നിസ്സഹായമായ നിലവിളി മാത്രമല്ല മുഴങ്ങുന്നത്. ഇവിടെ കാട്ടാളവർഗ്ഗത്തോടുള്ള രോഷം നാവികന്റെ സിരകൾക്കു വീറും തുഴയക്കു കരുത്തും കൂട്ടുന്നു. ഇടിവെട്ടുകളോടും പേമാരികളോടും ഇരുട്ടിനോടും പൊരുതാനുള്ള നിശ്ചയത്തിന് ആക്കം കൂട്ടുന്നു - വില്ലന്മാരായ നിഷാദന്മാർക്കും കൊമ്പൻസ്രാവുകൾക്കും എതിരായുള്ള സമരം.

കെ.സി. ഫ്രാൻസീസ് ഇടക്കാലത്ത് സാഹിത്യ രചനയിൽ നിന്നും പിൻ മാറിയിരുന്നു. അദ്ദേഹം ഇംഗ്ലീഷിലും ധാരാളം എഴുതുകയുണ്ടായി.

കെ.സി. ഫ്രാൻസീസിന്റെ കവിതകളിലധികവും മാതൃഭൂമി, മനോരമ, ജനയുഗം എന്നിവയിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

അദ്ദേഹത്തിന്റെ സഹധർമ്മിണി, തൃശ്ശൂർ ഡി.ഡി. ഓഫീസിൽ ജൂണിയർ സൂപ്രണ്ടായിരുന്ന കാതറീൻ ഫ്രാൻസീസാണ്.

വിലാസം - കെസി. ഫ്രാൻസീസ്, കൊള്ളനൂർ ഹൗസ്, പൂങ്കുന്നം, തൃശ്ശൂർ-2.

# 162

# ജോസ് തോമസ് കാനപ്പിള്ളി



പ്രശസ്തനായ പിതാവിന്റെ പ്രശസ്തനായ പുത്രൻ എന്ന വിശേഷണം ജോസ് തോമസ് കാനിപ്പിള്ളി (ബേബി) ക്കു നന്നേ ചേരും. പറവൂരിനടുത്തുള്ള കോട്ടുവള്ളി പഞ്ചായത്ത് രൂപീകൃതമായപ്പോൾ ആദ്യ പ്രസിഡണ്ടായത് മാത്യു തോമസ് കാനപ്പിള്ളിയാണ്. നോർത്ത് ട്രാവൻകൂർ ലാററിൻ ക്രിസ്ത്യൻ കോൺഗ്രസ്സിന്റെ

www.malankaralibrary.com

സ്ഥാപക പ്രസിഡണ്ട്, ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിററഡ് മാനേജിംഗ് ഡയറക്ടർ, കേരളടൈംസ് ദിനപത്രത്തിന്റെ ആദ്യകാല ഉടമസ്ഥരായ നിർമ്മല പ്രിന്റേഴ്സ് ഡയറക്ടർ തുടങ്ങി നിരവധി മേഖലകൾ സേവനരംഗമാക്കിയ മാത്യു തോമസ് കാനപ്പിള്ളിയുടെ മൂത്തപുത്രനാണ് ജോസ് തോമസ് കാനപ്പിള്ളി.

1934 ജനുവരി 9-ന് കൂനമ്മാവിൽ മാത്യു തോമസ് കാനപ്പിള്ളി - മേരി തോമസ് ദമ്പതികളുടെ മൂത്ത പുത്രനായി ജോസ് തോമസ് ജനിച്ചു. മരട് മാങ്കായിൽ ഹൈസ്കൂൾ, എറണാകുളം സെന്റ് ആൽബർട്സ്, മദ്രാസ് ലയോള കോളജ് എന്നിവിടങ്ങളിൽ പഠിച്ചു. മദ്രാസ് യൂണിവേഴ്സിററിയിൽ നിന്നു ബിരുദമെടുത്തു. മദ്രാസ് ലോ കോളജിൽ ഒരു വർഷം നിയമപഠനം നടത്തി.

1960-ൽ കൂനമ്മാവിൽ അജപാലന സന്ദർശനത്തിനെത്തിയ വരാപ്പുഴ അതിരൂപതയുടെ പ്രഥമ ഏതദ്ദേശീയ മെത്രാപ്പോലീത്ത ഡോ. ജോസഫ് അട്ടിപ്പേററിയുമായി ഒരു നിയോഗം പോലെ ജോസ് തോമസ് കാനപ്പിള്ളി കണ്ടുമുട്ടി. സജീവ രാഷ്ട്രീയ പ്രവർത്തനത്തിലേക്കു പ്രവേശിക്കുമായിരുന്ന ജോസ് തോമസ് സാമൂഹിക - ജീവകാരുണ്യ ശുശ്രൂഷാമേഖലയിലേക്കു വഴിമാറുന്നത് അന്നുമുതൽക്കാണ്. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററിയുമായി ബന്ധപ്പെടുന്നത് അങ്ങനെയാണ്. വരാപ്പുഴ അതിരൂപതാ പ്രസിഡണ്ട്, അതിന്റെ കേരള കൗൺസിൽ (ഇന്നത്തെ റീജിയണൽ കൗൺസിൽ) പ്രസിഡണ്ട്, നാഷണൽ വൈസ് പ്രസിഡണ്ട് എന്നീ നിലകളിലൊക്കെ പ്രവർത്തിച്ചു. വിൻസെന്റ് ഡി പോൾ സൊസൈററി സ്ഥാപകൻ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസനാമിന്റെ ജീവചരിത്രം ഒരു ഇന്ത്യൻ ഭാഷയിൽ ആദ്യമായി (മലയാളം) പ്രസിദ്ധീകരിച്ചത് ജോസ് തോമസ് കാനപ്പിള്ളി കേരള കൗൺസിൽ പ്രസിഡണ്ടായിരിക്കുമ്പോഴാണ്. 1999 ജൂലൈ 27-ാം തീയതി ദേശീയതലത്തിൽ പ്രാബല്യത്തിൽവന്ന ഇന്ത്യയിലെ വിൻസെന്റ് ഡി പോൾ സൊസൈററിയുടെ നിയമാവലി പരിഷ്കരണ കമ്മററിയുടെ അദ്ധ്യക്ഷനും കാനപ്പള്ളിയായിരുന്നു. അതിനുപുറമേ അദ്ദേഹം വഹിച്ച പ്രധാന ചുമതലകൾ താഴെപറയുന്നു. സി.ബി.സി.ഐ. ദേശീയോപദേശസമിതിയംഗം, കേരള ടൈംസ് ദിനപത്രത്തിന്റെ പിൽക്കാല ഉടമസ്ഥരായ കേരള കൾച്ചറൽ സൊസൈററി ഡയറക്ടർ, കേരള പാസഞ്ചർ ബോട്ട് ഓണേഴ്സ് അസോസിയേഷൻ പ്രസിഡണ്ട്, വരാപ്പുഴ അതിരൂപതാ കാത്തലിക് അസോസിയേഷൻ പ്രസിഡണ്ട്,കേരള ലാററിൻ കാത്തലിക് അസ്സോസിയേഷൻ വൈസ് പ്രസിഡണ്ട്, കെ.സി.ബി.സി മരിയൻ കൺവെൻഷൻ ഫിനാൻസ് കമ്മിററി ജോയിന്റ് ചെയർമാൻ, ഇന്ത്യൻ കാത്തലിക് ഹെൽത്ത് അസ്സോസിയേഷൻ (CHAI) കേരള ഘടകം ട്രഷറർ, എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈററി വൈസ് പ്രസിഡണ്ട്, കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയ പുനർനിർമ്മാണ കമ്മിററി ജനറൽ കൺവീനർ, ആലുവ സെന്റ് ആൻസ് ദേവാലയ പുനർനിർമ്മാണ കമ്മിററി വൈസ്

www.malankaralibrary.com

പ്രസിഡണ്ട്, ആലുവ സെന്റ് സേവ്യേഴ്സ് കോളജ് സിൽവർ ജൂബിലയാഘോഷ കമ്മിററി വൈസ് ചെയർമാൻ, കൂനമ്മാവ് ചാവറ കുര്യാക്കോസ് ഏലിയാസ് ഗിൽഡ് സ്ഥാപക പ്രസിഡണ്ട്, കൂനമ്മാവ് ദേശീയ കർഷക സംഘം സ്ഥാപക പ്രസിഡണ്ട്, വിമോചനസമരസമിതി കൂനമ്മാവ് മേഖലാ സെക്രട്ടറി, മദ്രാസ് ലയോള കോളജ് സ്റ്റുഡന്റ്സ് കൗൺസിൽ മെമ്പർ, കേരളസമാജം കാര്യദർശി, തോട്ടയ്ക്കാട്ടുകര സെന്റ് ആൻസ് വെൽഫെയർ അസ്സോസിയേഷൻ ചെയർമാൻ, കൂനമ്മാവ് സോഷ്യൽ സർവ്വീസ് ലീഗ് പ്രസിഡണ്ട്, കൂനമ്മാവ് സെന്റ് ഫിലോമിനാസ് പാരിഷ് കൗൺസിൽ വൈസ് പ്രസിഡണ്ട്, കൂനമ്മാവ് മാതൃഭൂമി സ്റ്റഡി സർക്കിൾ പേട്രൺ, മാർപാപ്പായുടെ കേരളസന്ദർശനത്തോടനുബന്ധിച്ച് രൂപീകരിച്ച ഫിനാൻസ് കമ്മിററി മെമ്പർ, വരാപ്പുഴ അതിരൂപതാ ശതാബ്ദിയാഘോഷ ഫിനാൻസ് കമ്മിററി ചെയർമാൻ, കൊച്ചിയിൽ നടന്ന ഓൾ ഇൻഡ്യ കാത്തലിക് യൂണിയന്റെയും വിൻസെന്റ് ഡി പോൾ സൊസൈററി ദേശീയ കൗൺസിലിന്റെയും വാർഷിക സമ്മേളനത്തിന്റെ റിസപ്ഷൻ കമ്മിററി ചെയർമാൻ, നോർത്ത് പറവൂർ ലയൺസ് ക്ലബ്ബ് സ്ഥാപകാംഗം, കോട്ടപ്പുറം പ്രഥമ ബിഷപ്പ് ഡോ. കല്ലറയ്ക്കൽ മെത്രാഭിഷേക ഫിനാൻസ് കമ്മിററി ചെയർമാൻ, വരാപ്പുഴ ആർച്ചുബിഷപ്പ് ഡോ. അച്ചാരുപറമ്പിൽ മെത്രാഭിഷേക ഫിനാൻസ് കമ്മിററി വൈസ് ചെയർമാൻ, കൂനമ്മാവ് സിംഗേഴ്സ് ഓർക്കസ്ട്രയുടെയും ഫ്രണ്ട്സ് റിക്രിയേഷൻ ക്ലബ്ബിന്റെയും പ്രൊമോട്ടർ, വരാപ്പുഴ - എറണാകുളം അതിരൂപതകൾ കൊച്ചിയിൽ സംഘടിപ്പിച്ച വിശ്വാസസംരക്ഷണസമിതി റാലി ജനറൽ കൺവീനർ, ആലുവ പെരിയാർ ക്ലബ്ബ് സ്ഥാപകാംഗം, പി.ഒ.സി. യിലെ കേരള കാത്തലിക് ബൈബിൾ സൊസൈററി എക്സിക്യൂട്ടീവ് കമ്മിററിയംഗം, 1983-ൽ മംഗലാപുരത്ത് സി.ബി.സി.ഐ. ലെയ്ററി കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്ന അഖിലേന്ത്യാ കൺവെൻഷനിൽ വരാപ്പുഴ അതിരൂപതയെ പ്രതിനിധീകരിച്ച വ്യക്തി, വരാപ്പുഴ അതിരൂപതാ കാത്തലിക് അസ്സോസിയേഷൻ എഡ്യൂക്കേഷണൽ എൻഡോവ്മെന്റ് സ്കോളർഷിപ്പ് കമ്മിററി ചെയർമാൻ, വരാപ്പുഴ അതിരൂപതയുടെ പ്രഥമ പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി........ഇങ്ങനെ വൈവിധ്യമാർന്ന എത്രയോ സേവനവേദികൾ!

വിദ്യാഭ്യാസകാലത്ത് കലാകായികരംഗങ്ങളിൽ പ്രാഗല്ഭ്യം തെളിയിച്ച് ജോസ് തോമസ് കാനപ്പിള്ളി കലാ-സാംസ്കാരിക രംഗങ്ങളിൽ ഇന്നും സജീവമാണ്. കോളേജ് വിദ്യാഭ്യാസകാലത്ത് നാടകരംഗത്ത് സജീവമായി പ്രവർത്തിച്ചിരുന്നതുകൂടാതെ "കൂടപ്പിറപ്പ്," "ഗംഗാസംഗമം" തുടങ്ങിയ പ്രശസ്ത സിനിമകളുമായി അടുത്തുബന്ധപ്പെട്ടു പ്രവർത്തിച്ചിട്ടുണ്ട്. ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സന്ന്യാസിനീസമൂഹം (സി.ടി.സി., സി.എം.സി.) സ്ഥാപക പുണ്യചരിതയായ മദർ ഏലീശ്വയുടെ ധന്യജീവിതം ആസ്പദിച്ചു തയ്യാറാക്കിയ 'കെടാവിളക്ക്' എന്ന ഡോക്യുമെന്ററിയുമായും അദ്ദേഹം

www.malankaralibrary.com

ബന്ധപ്പെട്ടു പ്രവർത്തിച്ചു. കേരളടൈംസ്, കേരളഭൂഷണം, ലോകവാണി, സൺഡേ ശാലോം മുതലായ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹത്തിന്റെ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പല സുവനീറുകളിലും ചരിത്രബന്ധിയായ ഈടുററ ലേഖനങ്ങളെഴുതിയിട്ടുണ്ട്.


ആലുവ ധർമ്മദീപ്തി ഡയറക്ടർ, എറണാകുളം ജനസഹായം കമ്പനി ഡയറക്ടർ. ആലുവ സെന്റ് സേവ്യേഴ്സ് കോളജ് മാനേജിംഗ് ബോർഡംഗം, സീനിയർ സിററിസൺസ് യൂണിയൻ വൈസ് പ്രസിഡണ്ട്, കാത്തലിക് ബൈബിൾ സൊസൈററി മാനേജിംഗ് കമ്മിററിയംഗം, കാത്തലിക് ഹെൽത്ത് അസ്സോസിയേഷൻ ഓഫ് ഇൻഡ്യ കേരള ഘടകം വൈസ് പ്രസിഡണ്ട് എന്നിവ ഇപ്പോൾ വഹിക്കുന്ന ഉത്തരവാദിത്വങ്ങളാണ്.

ദിവ്യകാരുണ്യഭക്തി, മാതൃവണക്കം, ചാവറയച്ചനോടുള്ള ആദരം എന്നിവ ജോസ് തോമസ് പ്രത്യേകം നിഷ്ഠവയ്ക്കുന്ന കാര്യങ്ങളത്രേ. സംഘടനാപരവും ബിസിനസ്ബന്ധിയുമായ എത്രയോ തിരക്കുകൾക്കിടയിലും ഉത്തമനായൊരു കുടുംബനാഥനാണദ്ദേഹം. മുണ്ടംവേലി ചക്കാലയ്ക്കൽ കുടുംബാംഗം ശ്രീമതി ജയയാണ് സഹധർമ്മിണി.

വിലാസം - ജോസ് തോമസ് കാനപ്പിള്ളി, തോട്ടയ്ക്കാട്ടുകര,
ആലുവ - 683 108, ഫോൺ: 2604776, 3092820

# 163

# മാർ പോൾ ചിറ്റിലപ്പിള്ളി



കേരളത്തിൽനിന്നും അന്യസംസ്ഥാനങ്ങളിലേക്കും വിദേശങ്ങളിലേക്കും ജോലിക്കായി കുടിയേറ്റം ആരംഭിച്ചിട്ട് എഴുപത്തിയഞ്ച് വർഷത്തോളമായി. ആ കുടിയേറ്റക്കാരിൽ നല്ലൊരു വിഭാഗം സീറോ - മലബാർ സഭാംഗങ്ങളായിരുന്നു. ആദ്യകാലത്ത് കുടിയേറ്റക്കാരുടെ പ്രധാനകേന്ദ്രം ബോംബെയായിരുന്നു. കുടിയേററക്കാരായ. സീറോ - മലബാർ സഭാംഗങ്ങളുടെ അജപാലനകാര്യങ്ങൾ നിർവ്വഹിക്കുവാൻ ഒരു സംവിധാനം ഏർപ്പെടുത്തണമെന്ന നിർദ്ദേശം പല കാരണങ്ങളാലും പ്രാവർത്തികമാക്കാൻ താമസം നേരിട്ടു. വർഷങ്ങൾ നീണ്ടു നീണ്ടു പോയി. നിവേദനങ്ങൾ റോമിൽ എത്തി. കേരളത്തിനു വെളിയിലുള്ള സീറോ - മലബാർ കത്തോലിക്കരുടെ അജപാലനകാര്യങ്ങൾ അന്വേഷിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ അഭിവന്ദ്യ ആർച്ച് ബിഷപ് മാർ ആന്റണി പടിയറയെ അപ്പസ്തോലിക് വിസിറ്ററായി റോമിൽ നിന്നും നിയമിച്ചു. പടിയറ തിരുമേനി കേരളത്തിന് പുറത്ത് വിവിധ സ്ഥലങ്ങൾ സന്ദർശിക്കുകയും സീറോ - മലബാർ സഭാംഗങ്ങളുടെ

www.malankaralibrary.com

പ്രശ്നങ്ങളെപ്പറ്റി പഠിച്ച് അവയ്ക്കുള്ള പരിഹാരങ്ങൾ നിർദ്ദേശിച്ചുകൊണ്ട് 1980 ജനുവരിയിൽ മാർപാപ്പായ്ക്ക് ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഒട്ടേറെ കോളിളക്കം സൃഷ്ടിച്ച ഒരു റിപ്പോർട്ടായിരുന്നു അത്.

കേരളത്തിന് പുറത്ത് അധിവസിക്കുന്ന സീറോ - മലബാർ സഭാംഗങ്ങൾക്ക് അജപാലനപരമായ ശുശ്രൂഷകൾ നൽകുന്നതിന് ബോംബെപോലുള്ള സ്ഥലങ്ങളിൽ രൂപത സ്ഥാപിക്കണമെന്ന നിർദ്ദേശം റോമിന്റെ പരിഗണനക്കുവന്നു. അത് പ്രാവർത്തികമാക്കാൻ 8 വർഷക്കാലം പിന്നെയും കാത്തിരിക്കേണ്ടി വന്നു. തൽഫലമായിട്ടാണ് 1988 ഏപ്രിൽ മാസത്തിൽ കല്യാൺ രൂപത രൂപീകരിച്ചത്. ഇല്ലായ്മയിൽ നിന്നാണ് രൂപതയെ കെട്ടിപ്പെടുക്കേണ്ടത്. സ്കൂളുകളും ഹോസ്പിറ്റലുകളും ദേവാലയങ്ങളും കല്യാൺ രൂപതക്കില്ല. അന്നുവരെ സീറോ - മലബാർ സഭാംഗങ്ങളുടെ കുട്ടികൾ പഠിച്ചുകൊണ്ടിരുന്ന കുട്ടികളെ ആ സ്കൂളുകളിൽ തുടരാൻ പോലും പലരും വിസമ്മതിച്ചു. ഈ സ്ഥിതിവിശേഷം സീറോ - മലബാർ സഭാംഗങ്ങളെ വിഷമിപ്പിച്ചു. ചില ബാഹ്യശക്തികളുടെ പ്രേരണയുടെ ഫലമായി അവർ കല്യാൺ രൂപതയുടെ സ്ഥാപനത്തെ തന്നെ എതിർത്തു. ഈ പ്രതിസന്ധികളെ തരണം ചെയ്ത് കല്യാൺ രൂപതയെ നയിക്കാൻ സമർത്ഥനായ ചിറ്റിലപ്പള്ളി പോളച്ചനെയാണ് റോം കണ്ടെത്തിയത്.

വെല്ലുവിളികളെ നേരിട്ട് കല്യാൺ രൂപതയെ നയിക്കാൻ നിയുക്തനായ ചിറ്റിലപ്പള്ളിയച്ചൻ 1934 ഫെബ്രുവരി 7-ാം തീയതി ചുമ്മാർ കുഞ്ഞായി ദമ്പതികളുടെ ആറാമത്തെ സന്താനമായി തൃശൂരിനടുത്തുള്ള മറ്റം എന്ന സ്ഥലത്ത് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം മറ്റം സെന്റ് ഫ്രാൻസീസ് ഹൈസ്കൂളിലായിരുന്നു. തൃശൂർ സെന്റ് തോമസ് കോളേജ്, തേവര സേക്രട്ട് ഹാർട്ട് കോളേജ് എന്നിവിടങ്ങളിൽ പഠനം തുടർന്നു. 1953 ൽ തൃശ്ശൂർ മൈനർ സെമിനാരിയിൽ വൈദീക പഠനത്തിനായി ചേർന്നു. ആലുവാ സെന്റ് ജോസഫ് മേജർ സെമിനാരിയിൽ തത്വശാസ്ത്രപഠനം നടത്തി. തുടർന്ന് 1958 ൽ റോമിലെ ഊർബൻ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രപഠനം ആരംഭിച്ചു. 1961 ഒക്ടോബർ 18-ാം തീയതി റോമിൽവച്ച് ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ മാത്യു കാവുകാട്ട് പിതാവിന്റെ കൈവയ്പുശുശ്രൂഷവഴി പുരോഹിതനായി. 1966 ൽ റോമിലെ ഊർബൻ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽനിന്നും ദൈവശാസ്ത്രത്തിൽ ലൈസൻഷേറ്റും, 1966 ൽ റോമിലെ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽനിന്ന് സഭാനിയമത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കി. പഠനകാലത്ത് പ്രീഫെക്ടായി സേവനം ചെയ്തു. 1966 ൽ തൃശൂർ രൂപതയിലെ ആളൂർ, വെള്ളാഞ്ചിറ ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായി, നിയമിതനായി. 1967 മുതൽ നാലുവർഷക്കാലം കോട്ടയത്ത് വടവാതൂർ സെമിനാരിയിൽ അദ്ധ്യാപകനായിരുന്നു. 1971 മുതൽ 1980 വരെ തൃശൂർ അതിരൂപതാ ചാൻസലറായി നിയമിതനായി. തുടർന്ന് 1978 മുതൽ 1987 വരെ തൃശൂർ രൂപതാവി

www.malankaralibrary.com

കാരി ജനറാളായി സേവനം ചെയ്തു. ഈ കാലയളവിൽ ജുഡീഷ്യൽ വികാരി, സെന്റ് തോമസ് കോളേജ് മാനേജർ എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചു. 1987 ൽ ബോംബെയിലെ സീറോ - മലബാർ സമൂഹത്തിന്റെ ചാപ്ലിയനായി നിയമിതനായി. അതോടൊപ്പം ബോംബെയിലെ കെ.സി.എ. യുടെ ജനറൽ ഡയറക്ടറുമായിരുന്നു. 1988 ഏപ്രിൽ 30-ാം തീയതി കല്യാൺ രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനാവുകയും 1988 ആഗസ്റ്റ് 24-ാം തീയതി ആന്റണി കാർഡിനൽ പടിയറയുടെ കൈവയ്പുവഴി മെത്രാനായി ഉയർത്തപ്പെടുകയും ചെയ്തു. ഇല്ലായ്മയിൽനിന്നും കല്യാൺ രൂപതയെ പടുത്തുയർത്തുവാനും ജനങ്ങളുടെ കൂട്ടായ്മ വളർത്തിയെടുക്കാനും മാർ പോൾ ചിറ്റിലപ്പള്ളിക്ക് സാധിച്ചു. അദ്ദേഹത്തിന്റെ അസാമാന്യമായ ക്ഷമയും കഠിനാദ്ധ്വാനവും കല്യാൺ രൂപതയ്ക്ക് സുശക്തമായ ഒരു അടിത്തറയിടാൻ സാധിച്ചു. ചുരുങ്ങിയ കാലംകൊണ്ട് 40ലധികം ഇടവകകളും പല മിഷൻ സ്റ്റേഷൻസുകളും സ്ഥാപിച്ചു. സി.എം.ഐ., എം.സി.ബി.എസ്സ്. എം. എസ്സ്.ടി., വി.സി. സന്യാസ സമൂഹങ്ങളും നിരവധി സ്കൂളുകളും ആശുപത്രികളും സ്ഥാപിച്ചു. കല്യാൺ ബുള്ളറ്റിനും, യുവധാരാ പ്രസിദ്ധീകരണവും രൂപതയുടെ സന്ദേശം ജനങ്ങളിലെത്തിക്കാൻ സഹായകരമായി. എട്ടുവർഷം കൊണ്ട് കല്യാൺ രൂപതക്ക് സുശക്തമായ അടിത്തറ പാകിയ മാർപോൾ ചിറ്റിലപ്പള്ളി 1996 നവംബർ 11-ാം തീയതി താമരശ്ശേരി രൂപതയുടെ മൂന്നാമത്തെ മെത്രാനായി നിയമിതനായി. 1997 ഫെബ്രുവരി 13-ാം തീയതി താമരശ്ശേരി രൂപതാദ്ധ്യക്ഷസ്ഥാനം ഏറ്റെടുക്കുകയും ചെയ്തു.

താമരശ്ശേരി രൂപതയ്ക്ക് എല്ലാ മേഖലകളിലും സുശക്തമായ നേതൃത്വം നൽകിയ മാർ ചിറ്റിലപ്പള്ളി താമരശ്ശേരി കത്തീഡ്രൽപള്ളി മനോഹരമായി നിർമ്മിക്കുകയും കോഴിക്കോട് സുശക്തമായ ഒരു അടിസ്ഥാനം ഉറപ്പിക്കുകയും ചെയ്തു. സി.ബി.സി.ഐ. സ്റ്റാൻഡിംഗ് കമ്മറ്റി മെമ്പർ, സീറോ - മലബാർ സഭാ സ്ഥിരം സിനഡ് അംഗം, സീറോ മലബാർ സഭയുടെ പ്രത്യേക നിയമങ്ങൾ ക്രോഡീകരിക്കുന്ന കമ്മീഷന്റെ ചെയർമാൻ, സീറോ - മലബാർ സുപ്രീരിയർ ട്രൈബ്യൂണൽ മെമ്പർ, കെ.സി.ബി.സി. കുടുംബ അൽമായ കമ്മീഷൻ ചെയർമാൻ, വിവിധ സെമിനാരി കമ്മീഷൻ അംഗം, സീറോ - മലബാർ ലിറ്റർജി കമ്മീഷൻ ചെയർമാൻ എന്നീ നിലകളിലെല്ലാം സേവനനിരതനാണ്.


1998 ൽ നടന്ന പ്രഥമ സീറോ - മലബാർ എപ്പാർക്കിയൽ അസംബ്ലിയുടെ മുഖ്യ സംഘാടകനും മാർ പോൾ ചിറ്റിലപ്പള്ളി ആയിരുന്നു. താമരശ്ശേരി രൂപത ഒരു കുടിയേറ്റ മേഖലയാണ്. ഒരു ലക്ഷത്തി ഇരുപതിനായിരത്തിൽപരം കത്തോലിക്കർ ഉള്ള ഒരു രൂപതയുടെ ഭരണസാരഥ്യം വഹിക്കുന്ന മാർ പോൾ ചിറ്റിലപ്പള്ളി തന്റെ രൂപതയിലെ ജനങ്ങളുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടാണിരിക്കുന്നത്.

Address - Mar Paul Chittilappally, Bishops House P.B. NO.1, Thamarassery, Calicut District.

www.malankaralibrary.com

# 164

# കെ.ററി. തോമസ് പാലാ



പ്രമുഖവിദ്യാഭ്യാസ പ്രവർത്തകനും പ്രഭാഷകനും ഗ്രന്ഥകാരനും സംഘാടകനുമായ കടപ്പൂരാൻ സാർ എന്ന് പരക്കെ അറിയപ്പെടുന്ന കെ.ററി. തോമസ് പാലാ കത്തീഡ്രൽ പള്ളി ഇടവകയിൽ കടപ്പൂരു കുടുംബത്തിൽ കെ.ററി.തോമസ് - അന്നമ്മ തോമസ് ദമ്പതികളുടെ പുത്രനായി 1934 ഫെബ്രുവരി 19-ാം തീയതി ജനിച്ചു. പാലാ കണ്ണാടിയുറുമ്പ് എൽ. പി. സ്ക്കുൾ, കിഴപറയാർ സെന്റ് ആന്റണീസ് കേംബ്രിഡ്ജ് യു.പി. സ്കൂൾ, പാലാ സെന്റ് തോമസ് ഹൈസ്ക്കുൾ , പാലാ സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. 1956ൽ ബി.എ ബിരുദം കരസ്ഥമാക്കി. തുടർന്ന് പാലാ സെന്റ് തോമസ് ഹൈസ്ക്കുളിലും കടനാട് സെന്റ് സെബാസ്റ്റ്യൻ ഹൈസ്ക്കുളിലും അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. 1958-ൽ പാലാ ട്രെയിനിംഗ് കോളേജിൽ നിന്ന് ബിററി.ബിരുദം കരസ്ഥമാക്കുകയും പാലാ സെന്റ് തോമസ് ഹൈസ്ക്കൂളിൽ ജോലി തുടരുകയും ചെയ്തു. 1984 വരെ അവിടെതന്നെ ജോലിതുടർന്നു. ഇക്കാലയളവിൽ അദ്ദേഹം വാഗ്മിയെന്നനിലയിലും സാഹിത്യകാരൻ എന്നനിലയിലും സംഘാടകൻ എന്ന നിലയിലും പ്രഖ്യാതനായിത്തീർന്നു. വിവിധസംഘടനകളിൽ നേതൃത്വം നൽകി. 1970 -ൽ പൊളിററിക്കൽ സയൻസിൽ എം.എ ബിരുദം നേടി.

1984-ൽ ഹെഡ്മാസ്റ്ററായി പ്രമോട്ടുചെയ്തു. കുടക്കച്ചിറ സെന്റ് ജോസഫ് ഹൈസ്ക്കൂൾ, പെരിങ്ങളം സെന്റ് അഗസ്റ്റിൻ ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ ഹെഡ് മാസ്റ്റർ എന്ന നിലയിൽ പ്രവർത്തിച്ചു. ഈ രണ്ടു സ്ക്കൂളുകളെയും തന്റെ ഭരണകാലത്ത് പലരംഗങ്ങളിലും വിജയത്തിലേക്ക് നയിച്ചു. ചെറുപ്പം മുതലെ സമുദായികരംഗത്ത് കെ.ടി. തോമസ് സജീവമായി പ്രവർത്തിച്ചിരുന്നു. 1952-ൽ ചെറുപുഷ്പമിഷൻ ലീഗിൽപ്രവർത്തനം ആരംഭിക്കുകയും രൂപതയിലെ പല ഇടവകകളിലും സംഘടന സ്ഥാപിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്തു. 1952-ൽ ചെറുപുഷ്പമിഷൻ ലീഗിന്റെ സംസ്ഥാനജോയിന്റ് സെക്രട്ടറിയായി തുരഞ്ഞെടുക്കപ്പെട്ടതു മുതൽ കേരളമാകെ തോമസിന്റെ നേതൃത്വം ശ്രദ്ധിപ്പെട്ടു.

പാലാ ബിഷപ്പ് മാർസെബാസ്റ്റ്യൻ വയലിൽ തിരുമേനി പാലാ രുപതയിൽ കെ.സി.എസ്സ്. എൽ.നെ ശക്തിപ്പെടുത്താനായി കെ.ററി തോമസിനെ നിയോഗിച്ചു. അന്നുമുതൽ ഡയറക്ടർ ഫാ. ജോസഫ് തണ്ണിപ്പാറയും തോമസും കൂടി രൂപതയിലെ എല്ലാ സ്ക്കൂളുകളും സന്ദർശിച്ച് ലീഗ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി. സംഘടനയുടെ രൂപതാസെക്രട്ടറി,

www.malankaralibrary.com

പ്രസിഡന്റ്, സംസ്ഥാനവൈസ്പ്രസിഡന്റ്, എന്നിനിലകളിൽ പ്രവർത്തിച്ച അദ്ദേഹം കേരളാടിസ്ഥാനത്തിലുള്ള സമ്മേളനങ്ങളും നേതൃത്വപരിശീലന ക്യാമ്പുകളും പാലാ രൂപതയിൽ വച്ചുനടത്തുകയും ലീഗിന്റെ ബഹുമുഖ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ചുരുങ്ങിയ കാലം കൊണ്ട് ലീഗിന്റ മാപ്പിൽ രൂപതയ്ക്ക് പ്രമുഖമായ ഒരു സ്ഥാനം നേടികൊടുക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ആനില ഇന്നും തുടരുന്നു. കെ.സി.എസ്സ്. എൽ സംഘടനയുടെ മുഖപത്രമായ കത്തോലിക്ക വിദ്യാർത്ഥിയുടെ പത്രാധിപസ്ഥാനം ഏറ്റെടുത്ത് അത് പാലായിൽ നിന്ന് പ്രസിദ്ധീകരിച്ച് അതിന്റെ സാമ്പത്തിക ബാദ്ധ്യതകൾ എല്ലാം നീക്കി ഭദ്രമാക്കുന്നതിനും കെ.റ്റി. തോമസിന് കഴിഞ്ഞു. ലോകസമാധാന വർഷം പ്രമാണിച്ച് പാലായിൽ അദ്ദേഹം നയിച്ച വർണ്ണശബളമായ റാലി കെ.സി. എസ്സ്. എല്ലിന്റെ ചരിത്രത്തിലെ തിളങ്ങുന്ന ഒരു സംഭവമായിരുന്നു.

ഫാ. കോൺസ്റ്റന്റൈൻ സി. എം. ഐ യുടെ നേതൃത്വത്തിൽ ആരംഭിച്ച കത്തോലിക്കാ അദ്ധ്യാപകസെമിനാറിന്റെ ഓർഗനൈസിംഗ് സെക്രട്ടറി കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ പ്രഥമ സെക്രട്ടറി എന്നീനിലകളിൽ പ്രവർത്തിക്കുകയും പാലാ രൂപതയുടെ വിവിധ കേന്ദ്രങ്ങളിൽ അദ്ധ്യാപക സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകുകയും ചെയിതു.

രാഷ്ട്രീയരംഗത്തും അറിയപ്പെടുന്ന ഒരു വ്യക്തിയാണ് തോമസ്. 1958-ലെ വിദ്യാഭ്യാസപ്രക്ഷോഭണം, 1959-ലെ വിമോചന സമരം, 1972-ലെ യൂണിവേഴ്സിററി ബിൽ പ്രക്ഷോഭണം, 1974-ലെ ന്യൂനപക്ഷാവകാശസംരക്ഷണപ്രക്ഷോഭണം. പാലാ കോളേജ് സംരക്ഷണ പ്രക്ഷോഭണം തുടങ്ങിയവയിൽ മുന്നണി പോരാളിയായിരുന്ന കെ.ടി. തോമസ്.

പത്രമാസികകളിലും ആനുകാലികപ്രസിദ്ധീകരണങ്ങളിലും കാലാകാലങ്ങളിൽ നിരവധി ലേഖനങ്ങളും ചെറുകഥകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ദൈവവചനസഭയുടെ സ്ഥാപകനായ വി.അർനോൾഡ് ജാൻസന്റെ ജീവചരിത്രം ദൈവവചന ദൂതൻ എന്നപേരിൽ വിവർത്തനം ചെയ്തു. ഏറെ ശ്രദ്ധിക്കപ്പെട്ട ഒരു ഗ്രന്ഥമായിരുന്നു അത്. പാലാ രൂപതവക ദീപനാളം വാരികയുടെ പത്രാധിപസമിതിയംഗമായി പ്രവർത്തിച്ച തോമസ് പാലാ രൂപതയിൽനിന്നും തയ്യാറാക്കിയ സ്ക്കൂൾ വേദപാഠപുസ്തകരചനാസമിതിയിലും അംഗമായിരുന്നു.

ഇന്ത്യൻനാഷണൽ കോൺഗ്രസ്സിലുടെ സജീവരാഷ്ട്രീയരംഗത്ത് പ്രവർത്തനം ആരംഭിച്ച തോമസ് കേരളാകോൺഗ്രസിന്റെ രൂപീകരണം മുതൽ കേരളാകോൺഗ്രസ്സ് പ്രവർത്തകനായി. കോൺഗ്രസ്സിലും കേരളാകോൺഗ്രസ്സിലും മണ്ഡലം ജില്ലാതലങ്ങളിൽ ഉത്തരവാദിത്വമേറിയ സ്ഥാനങ്ങൾ വഹിക്കുകയും ചെയ്തു. ബ്ലോക്ക് ഡവലപ്പ്മെന്റ് കമ്മററി മെമ്പർ എന്നനിലയിലും പ്രവർത്തിച്ചു. 1959-ലെ വിമോചനസമരത്തിലും 1974ലെ ഭക്ഷ്യപ്രക്ഷോഭണത്തിലും മുൻപന്തിയിൽനിന്ന് പ്രവർത്തിക്കുകയും

www.malankaralibrary.com

അറസ്ററ് വരിക്കുകയും ചെയ്തിട്ടുണ്ട്.

1989-ൽ സർവ്വീസിൽനിന്നും വിരമിച്ചതോമസ്, കേരളാസ്റ്റേററ് സർവ്വീസ് പെൻഷണേഴ്സ് യൂണിയന്റെ സജീവപ്രവർത്തകനാണ്. പാലാ മേഖലയിലെ പെൻഷൻപ്രസ്ഥാനത്തിന്റെ മുന്നണി നേതാവായി പ്രവർത്തിക്കുന്ന തോമസ് ജില്ലാസംസ്ഥാനതലങ്ങളിൽ നേതൃത്വം വഹിക്കുന്ന സ്റ്റേററ് കൗൺസിൽ അംഗംകൂടിയാണ്. പാലായിലെ പെൻഷൻ ഭവനത്തിന്റെ നിർമ്മാണ കമ്മിറ്റിയുടെ കൺവീനറും കെ.ടി തോമസ് ആയിരുന്നു. പാലായിലെ സബ്ട്രഷറിയുടെ സമീപം നിർമ്മിക്കുന്ന റിട്ടയർമെന്റ് മന്ദിരത്തിന്റെ പ്രാരംഭനടപടികൾ ആരംഭിച്ചതും തോമസ് പ്രസിഡന്റായിരുന്നകാലത്താണ്.

കണ്ണാടിയുറുമ്പ് സ്ക്കൂളിൽനിന്നും റിട്ടയർ ചെയ്ത അദ്ധ്യാപിക ശ്രീമതി സാറാമ്മാ തോമസാണ് ഭാര്യ.

വിലാസം - കെ. ററി. തോമസ് കടപ്പൂരാൻ, 12-ാം മൈൽ, പാലാ.

# 165

# സി. മെറ്റൽഡാ എസ്.എ.ബി.എസ്സ്.



ആഫ്രിക്കയിലെ ദരിദ്രരുടെയിടയിലും ഭാരതത്തിന്റെ വടക്കുകിഴക്കൻ പ്രദേശങ്ങളിലും വിദ്യാഭ്യാസ രംഗത്തും അതോടൊപ്പം മിഷൻ പ്രവർത്തനരംഗത്തും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച സി. മെറ്റൽഡാ 1934 ഫെബ്രുവരി 26-ന് മുത്തോലപുരം ഗ്രാമത്തിൽ കൊമ്മറ്റം കുടുംബത്തിൽ ആഗസ്തി-ഏലിയാമ്മ ദമ്പതികളുടെ നാലാമത്തെ പുത്രിയായി ജനിച്ചു. മുത്തോലപുരത്തെ സെന്റ് പോൾസ് ഹൈസ്ക്കൂളിലായിരുന്നു വിദ്യാഭ്യാസം. ഈ സ്ക്കൂളിൽനിന്നും എസ്.എസ്.എൽ .സി. പരീക്ഷയെഴുതിയ ആദ്യബാച്ചിലെ കുട്ടികളായിരുന്നു സി. മെറ്റിൽഡായും, സഹോദരി സിസ്റ്റർ ജൽത്രൂദ്ദും. ഉയർന്ന മാർക്കോടെ ഹൈസ്ക്കൂൾ വിദ്യഭ്യാസം പൂർത്തിയാക്കിയ സിസ്റ്റർ മെറ്റിൽഡാ പഠനകാലത്ത് പഠനത്തിലും കായികകലാരംഗങ്ങളിലും മുൻപന്തിയിൽനിന്നിരുന്നു. അഭിനയത്തിലും, സംഗീതത്തിലും, സാഹിത്യരംഗത്തും നിരവധി സമ്മാനങ്ങൾ നേടി. പള്ളിയിലെ ഗായകസംഘത്തിലും ഈ സഹോദരികൾ അംഗമായിരുന്നു.

ചെറുപ്പം മുതൽ നല്ലവരായ സിസ്റ്റേഴ്സുമായുള്ള അടുപ്പവും അവരുടെ ജീവിതമാതൃകയും ഒരു സന്യാസിയാകുവാൻ സിസ്റ്ററിനേയും സഹോദരിയേയും പ്രേരിപ്പിച്ചു. മിഷന് പോകണമെന്നാഗ്രഹിച്ചെങ്കിലും വീട്ടുകാർ സമ്മതിക്കാതിരുന്നതിനാൽ ആരാധനാമഠത്തിൽ ചേർന്നു. 1953-ൽ സന്യാ

www.malankaralibrary.com

സസഭയിൽ ചേരുകയും 1955 –ൽ സന്യാസപരിശീലനം പൂർത്തിയാക്കി കൊമ്മറ്റം സഹോദരികൾ വ്രതാനുഷ്ഠാനം നടത്തുകയും ചെയ്തു. തുടർന്ന് ഉപരിപഠനത്തിനായി രണ്ടുപേരെയും എറണാകുളത്തെ സെന്റ് തേരേസാസ് കോളേജിലേയ്ക്കയച്ചു. അവിടെയും പ്രസംഗമത്സരത്തിലും, ഡിബേറ്റിലും, സിംപോസിയത്തിലും പങ്കെടുത്ത് നിരവധി സമ്മാനങ്ങൾ നേടി. ഇന്റർമീഡിയറ്റ് പാസ്സായ സി. മെറ്റിൽഡാ അവിടെത്തന്നെ ഗണിതശാസ്ത്രം ഐഛിക വിഷയമായെടുത്ത് 1959 –ൽ ഡിഗ്രിയെടുത്തു. സഹോദരി സി. ജൽത്രൂദ് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഓണേഴ്സ് പഠനത്തിനും പോയി. മുത്തോലപുരം സെന്റ് പോൾസ് സ്ക്കൂളിൽ തന്റെ ഗുരുക്കന്മാരോടൊപ്പം അദ്ധ്യാപികയായി പ്രവർത്തിക്കുവാൻ സിസ്റ്റർ മെറ്റിൽഡായെ അധികാരികൾ നിയമിച്ചു. ഒരുവർഷത്തെ പഠനത്തിനുശേഷം പാലാ സെന്റ് തോമസ് ട്രെയിനിംഗ് കോളേജിൽ നിന്നും ബി.എഡ് ഡിഗ്രിയെടുത്തു. 1961 –ൽ വടകരലിറ്റിൽ ഫ്ളവർ സ്ക്കൂളിൽ അദ്ധ്യാപികയായി നിയമനം ലഭിച്ചു. ഒരുവർഷത്തിനുശേഷം അരുവിത്തുറ സെന്റ് ജോർജ് ഹൈസ്ക്കൂളിലും, 1971–ൽ കടനാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്ക്കൂളിലും അദ്ധ്യാപികയായി. അരുവിത്തുറ പഠിപ്പിക്കുമ്പോഴാണ് സ്റ്റേറ്റ് അടിസ്ഥാനത്തിലുള്ള കലോത്സവങ്ങളും കായികമത്സരങ്ങളും മറ്റും ആരംഭിക്കുന്നത്. അരുവിത്തുറ ഹൈസ്ക്കൂളിന് സ്റ്റേഡിയം നിർമ്മിക്കുന്നതും ഈ കാലഘട്ടത്തിലാണ്. അതുകൊണ്ട് സംസ്ഥാനാടിസ്ഥാനത്തിലുള്ള കായികമേളക്കും ജില്ലാ യുവജനോത്സവത്തിനും അരുവിത്തുറ വേദിയായി. നിരവധി സമ്മാനങ്ങൾ നേടുവാൻ അരുവിത്തുറ സ്ക്കൂളിലെ കുട്ടികളെ ഒരുക്കുന്നതിൽ സിസ്റ്റർ നിർണ്ണായകമായ പങ്കുവഹിച്ചു. കടനാട് സ്കൂളിൽ അദ്ധ്യാപികയായിരുന്നപ്പോൾ വിവിധ ക്ലബ്ബുകൾക്കും സംഘടനകൾക്കും നേതൃത്വം നൽകി കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും പഠനത്തിൽ പിന്നോക്കം നിന്ന കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ നൽകുകയും ദരിദ്രരായ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തു. അന്ന് ഉച്ച ഭക്ഷണം കഴിക്കാത്ത 200– ഓളം കുട്ടികൾക്ക് ഉച്ച ഭക്ഷണം നൽകാൻ നേതൃത്വം നൽകിയതും സിസ്റ്റർ തന്നെ. ഇക്കാര്യത്തിൽ മാനേജരുടേയും അദ്ധ്യാപകരുടേയും കുട്ടികളുടേയും രക്ഷകർത്താക്കളുടേയും സഹകരണം നേടാൻ സാധിച്ചു. സേവനവാരം (തൊഴിൽവാരം) സജീവമാക്കാനും അതോടനുസരിച്ച് നടത്തിയ സ്നേഹവിരുന്നും പായസസദ്യയും കലാപരിപാടികളും ഒക്കെ ആസൂത്രണം ചെയ്യുവാനും മുഖ്യനേതൃത്വം നൽകിയത് സി. മെറ്റിൽഡാ തന്നെയായിരുന്നു. മിഷൻലീഗ്, ദീപിക ബാലസഖ്യം തുടങ്ങിയവരുടെ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി.

ആരാധനാസന്യാസസമൂഹത്തിന്റെ പ്രൊവിൻഷ്യൽ കൗൺസിലർ ആയി സാമൂഹ്യപ്രവർത്തനങ്ങളുടെ ചുമതല വഹിക്കുവാനും സിസ്റ്ററിന് അവസരം ലഭിച്ചു. സാധുക്കളായ കുട്ടികളെ പലവിധത്തിലും സഹായി

www.malankaralibrary.com

ക്കുവാൻ സിസ്റ്ററിന് ഈയവസരത്തിൽ സാധിച്ചു. സഭവകയായി കാഞ്ഞിരമറ്റത്ത് ഒരു സൗജന്യബോർഡിംഗും, അശരണരായ വൃദ്ധസ്ത്രീകൾക്കായി ഒരു ഭവനവും ചീങ്കല്ലേൽ ആരംഭിക്കാനും സാധിച്ചത് ഇക്കാലഘട്ടത്തിലാണ്. കത്തോലിക്കാപ്രസിദ്ധീകരണങ്ങളിൽ നിരന്തരം ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്ന സിസ്റ്റർ, ഭക്തസംഘടകളുടെയും സാമൂഹ്യസാംസ്കാരിക സംഘടനയുടെയും യോഗങ്ങളിൽ സ്ഥിരംപ്രസംഗകകൂടി ആയിരുന്നു. ബി. എൽ. എം. (തൃശൂർ)ൽ നടന്നുവന്നിരുന്ന കേരളസഭാസെമിനാറിൽ പങ്കെടുക്കുകയും പലപ്രാവശ്യം പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിരുന്നു.

1980 -ൽ കുറുമണ്ണ് സെന്റ് ജോൺസ് ഹൈസ്ക്കൂളിലേക്ക് സ്ഥലംമാറി. സിസ്റ്റർ ഏതെല്ലാം സ്ഥലങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ടോ അവിടെയെല്ലാം സണ്ടേസ്ക്കൂൾ ഹെഡ്മിസ്ട്രസായോ, അദ്ധ്യാപികയായോ പ്രവർത്തിക്കുകയും ഇടവക പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും ചെയ്തിരുന്നു.

ചെറുപ്പത്തിലെ ആഗ്രഹങ്ങൾ സാക്ഷാൽക്കരിക്കപ്പെടുന്നതിനുവേണ്ടിയുള്ള ശ്രമത്തിൽ പലരും വിജയിക്കും ചിലർ പരാജയപ്പെടും. സി.മെറ്റിൽഡായുടെ ചെറുപ്പത്തിലെ ആഗ്രഹം, ഒരു മിഷനറിയാകണമെന്നായിരുന്നു. ആ ആഗ്രഹം സിസ്റ്റർ ഒരിക്കലും ഉപേക്ഷിച്ചിരുന്നില്ല. 1983 -ൽ സ്ക്കൂളിൽനിന്നും അവധിയെടുത്ത് മിഷൻപ്രവർത്തനത്തിനായി ഈസ്റ്റ് ആഫ്രിക്കയിലെ കെനിയായിലേക്കു പോയി. കെനിയായിൽ പണിതീരാത്ത ഒരു കത്തോലിക്കാ സ്ക്കൂളും, ദേവാലയവും ഉണ്ടായിരുന്നു. അവിടുത്തെ സ്ക്കൂളിൽ ഗണിതശാസ്ത്രാദ്ധ്യാപികയായിട്ടാണ് സിസ്റ്റർ പ്രവർത്തിച്ചത്. മിച്ചസമയങ്ങളിൽ സമൂഹത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കുവേണ്ടി ശ്രമിച്ചിരുന്നു. സിസ്റ്റർ ജോലിചെയ്തിരുന്ന ആ പ്രദേശം വളരെ ദരിദ്രമായിരുന്നു. കുട്ടികൾ ദിവസത്തിൽ ഒരു പ്രാവശ്യമാണ് ആഹാരം കഴിച്ചിരുന്നത്. ദൂരദേശത്തുനിന്നും വരുന്ന കുട്ടികൾ വെറുംകുടിൽകെട്ടി അതിൽ താമസിച്ചുകൊണ്ടാണ് സ്ക്കൂളിൽ വന്നിരുന്നത്. സ്ക്കൂളിൽ സാമാന്യം നല്ലഫീസും കൊടുക്കേണ്ടിയിരുന്നു. അതിനായി ഓരോ ടേമിലും വീട്ടിൽപോയി പശുക്കളെയും മറ്റും വിറ്റ് പണമുണ്ടാക്കിവരും. പലരും പണംമുടക്കുകയും ചെയ്യുമായിരുന്നു. ദരിദ്രരാജ്യമായ ഭാരതത്തിൽനിന്നും ആഫ്രിക്കയിലെത്തിയ സിസ്റ്റേഴ്സ് പരമദരിദ്രരായ ആഫ്രിക്കൻസിനെയാണ് കണ്ടത്. ആഫ്രിക്കൻ ജനതയെ എങ്ങിനെ സമുദ്ധരിക്കാമെന്ന് മിഷനറിമാർ ചിന്തിക്കുകയും പദ്ധതികൾ ആസൂത്രണം ചെയ്യുകയുമുണ്ടായി. കുറെയൊക്കെ മാറ്റങ്ങൾ വരുത്തുവാൻ സിസ്റ്റേഴ്സിന് സാധിച്ചു. അതും ചില മേഖലകളിൽ മാത്രം. ആളുകൾ പൊതുവെ അലസരും സ്വപ്നങ്ങൾ ഇല്ലാത്തവരുമാണ്. അതുകൊണ്ട് അവരെ പുരോഗതിയിലേക്ക് നയിക്കുവാൻ വളരെ പ്രയാസങ്ങൾ അനുഭവിക്കേണ്ടിവന്നു. ഭൂമി നമ്മുടേതിനെക്കാൾ ഫലപുഷ്ടമാണ്. അത്യാവശ്യം ഭക്ഷണത്തിനുള്ള സാധനങ്ങൾ മാത്രമെ കൃഷിചെയ്യൂ. മിച്ചമുണ്ടെന്നുക

www.malankaralibrary.com

ണ്ടാൽ അത് വിറ്റ് കുടിക്കും. പുൽമേടുകൾ നിറഞ്ഞ ഭൂപ്രദേശത്ത് മൃഗങ്ങളെ വളർത്തുക ഏറെ എളുപ്പമാണ്. പാൽ വിലകുറഞ്ഞ ഒരു സാധനമാണ്. ഏത് ചിലവ് നടത്തിക്കൊണ്ടുപോകുന്നതും മൃഗങ്ങളെ വിറ്റാണ്. സ്കൂൾ ഫീസ് കൊടുക്കാനും മറ്റാവശ്യങ്ങൾക്കും മൃഗങ്ങളെ വിൽക്കും. സ്ത്രീധന സമ്പ്രദായം ഇല്ല. പെൺകുട്ടിയുടെ പിതാവിന് നല്ല തുക നൽകിയാണ് പെണ്ണിനെ വാങ്ങിക്കുന്നത്. അതിന് മൃഗങ്ങളെ ആശ്രയിക്കണം. ഒരു ഡസൻ പശുക്കളെ നൽകി ഒരു പെൺകുട്ടിയെ വാങ്ങുന്നത് സാധാരണമാണ്. ധാരാളം പെൺകുട്ടികൾ ഉള്ളവർ പെട്ടെന്ന ധനികരാകും. സ്കൂൾ പഠനകാലത്ത് പെൺകുട്ടികൾ ഒന്നുരണ്ടു കുഞ്ഞുങ്ങളുടെ അമ്മയാകും. അതിൽ ആക്ഷേപമൊന്നുമില്ല. സ്കൂൾ പഠനം മുടങ്ങുകയുമില്ല. കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നത് പെൺകുട്ടികളുടെ അമ്മയാണ്. ആഫ്രിക്കയിൽ തള്ളമാർ കുഞ്ഞുങ്ങളെ വളരെ സ്നേഹിച്ച് ലാളിച്ച് വളർത്തുന്നു. മക്കളില്ലാത്ത പെൺകുട്ടികളേക്കാൾ, മക്കളുള്ളവർക്കാണ് വിവാഹത്തിന് സാദ്ധ്യത കൂടുതൽ, സിസ്റ്റേഴ്സിന്റെ പ്രവർത്തനങ്ങൾ ഈ രീതിക്ക് കുറെയൊക്കെ മാറ്റം വരുത്തുവാൻ സാധിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ മാത്രം.

പെൺകുട്ടികളുടെയിടയിൽ നല്ല വിദ്യാഭ്യാസം നൽകുന്നതിനും അവരെ ധാർമ്മികബോധമുള്ളവരാക്കിത്തീർക്കുന്നതിനുമായി സിസ്റ്റേഴ്സ് കൂടുതലായി പരിശ്രമിച്ചു. അതുപോലെ അവരുടെയിടയിൽ ദൈവവിളികൾ ഉണ്ടായിക്കാണാനും അവർ പരിശ്രമിച്ചു. അതിനായി വളരെയേറെ പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്തു. ഫലം അത്ര ആശാവഹമായിരുന്നില്ല. തലമുറകളായി ശീലിച്ച കാര്യങ്ങൾ പെട്ടെന്ന ഉപേക്ഷിക്കുക സാമൂഹ്യാചാരങ്ങൾ ഭേദപ്പെടുത്തുക, ഇതൊന്നും അത്ര എളുപ്പമല്ല. അവിടുത്തെ യുവജനങ്ങളെപ്പറ്റി സിസ്റ്റർ മെറ്റിൽഡാ പറയുന്നത് ശ്രദ്ധിക്കുക "വിദ്യാഭ്യാസം നേടാനും വിദേശരാജ്യങ്ങളിൽ പോയി പഠിക്കാനും ജോലി ചെയ്യാനും എല്ലാം ചെറുപ്പക്കാർക്ക് വലിയ ഇഷ്ടമാണ്. അതിനായി വളരെ ബുദ്ധിമുട്ടി പഠിച്ച് നല്ല നിലയിൽ പാസായവരും ഉണ്ട്. പക്ഷെ എന്തെങ്കിലും ജോലി ലഭിച്ചാൽ ശമ്പളം കിട്ടിത്തുടങ്ങിയാൽ അവരുടെ ശീലങ്ങളെല്ലാം മാറും. ഉത്സാഹവും തീരും. പിന്നെ അലസജീവിതവും കുടിയും കൂട്ടുമെല്ലാം ആരംഭിക്കുകയായി. കുടുംബം നോക്കുന്നത് സ്ത്രീകളാണ്. കുഞ്ഞുങ്ങളെ വളർത്തുക, അവർക്ക് വിദ്യാഭ്യാസം നൽകുക ഇതൊക്കെ സ്ത്രീയുടെ ചുമതലയിൽപ്പെടുന്നു. പുരുഷന്മാർ കുടുംബത്തിൽ അതിഥികളായി വർത്തിക്കുന്നു. സ്ത്രീ ഭർത്താവിനെ അത്ര പരിഗണിക്കുന്നുമില്ല. ഒന്നുരണ്ടു കുട്ടികൾ ജനിച്ചുകഴിഞ്ഞാൽ അവരെ പരിചരിക്കുന്നതിനും സംരക്ഷിക്കുന്നതിലുമാണ് സ്ത്രീകളുടെ സകല ശ്രദ്ധയും. ഭർത്താവിന് വേണമെങ്കിൽ ആ വീട്ടിൽ താമസിക്കാം. അല്ലെങ്കിൽ സ്ഥലംവിടാം. ആ ബന്ധം അത്രയേയുള്ളു. സാമൂഹ്യരംഗത്തും മതരംഗത്തുമെല്ലാം സ്ത്രീകളാണ് മുൻപന്തിയിൽ. പുരുഷന്മാർക്ക് മതചിന്തയും സാമൂഹ്യബോധവും വളരെ

www.malankaralibrary.com

കുറവാണ്. അവരുടെ അലസതയുടെ ഭാഗമാണ് ആ നാടിന്റെ പിന്നോക്കാവസ്ഥ. ബുദ്ധിശക്തിയിലും ഓർമ്മശക്തിയിലും ഭാഷാപഠനത്തിലും അവർ ഒട്ടും പിന്നിലല്ല. നല്ല സാഹിത്യകാരന്മാരും എഴുത്തുകാരും സംഗീതജ്ഞരുമെല്ലാം അവരുടെയിടയിലുണ്ട്. അതുപോലെ സ്പോർട്സിലും, ഗെയിംസിലും അവർ ലോകത്തിൽ തന്നെ മുൻപന്തിയിലാണ്."പല കാര്യങ്ങളിലും അവർക്ക് മുന്നേറുവാൻ സാദ്ധ്യതയുണ്ട്. പക്ഷെ അതൊന്നും വിജയിക്കാൻ സാധിക്കാത്തത് അവരുടെ അലസതകൊണ്ടു മാത്രമാണ്.

സിസ്റ്റർ മെറ്റിൽഡാ പഠിപ്പിച്ചിരുന്ന സ്കൂൾ വളരെ ഉൾപ്രദേശത്തായിരുന്നു. പുതിയതായി സ്ഥാപിച്ച ആ വിദ്യാലയം ഒറ്റപ്പെട്ട സ്കൂൾ ആയിരുന്നു. ഇക്കാരണത്താൽത്തന്നെ ആ സ്കൂളും റിസൾട്ടിന്റെയും മറ്റും കാര്യത്തിൽ പിന്നോക്കമായിരുന്നു. പഴയ ബ്രിട്ടീഷ് സിസ്റ്റമായിരുന്നു സ്കൂളിൽ നിലവിലിരുന്നത്. നിരന്തരമായ പ്രയത്നംകൊണ്ട് ആ സ്കൂളിനെ പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും മുൻപന്തിയിലേക്ക് കൊണ്ടുവരാൻ സിസ്റ്റർ മെറ്റിൽഡായ്ക്കും മറ്റും സാധിച്ചു. പാഠ്യവിഷയങ്ങളിൽ ക്രിസ്ത്യൻ റിലീജിയസ് ഒരു വിഷയമായിരുന്നു. അത് പഠിക്കാൻ കുട്ടികൾക്ക് താല്പര്യമായിരുന്നു. പഠിപ്പിക്കുവാൻ ടീച്ചേഴ്സിനും വലിയ ഇഷ്ടം. പക്ഷെ ഇത് പഠിച്ചിറങ്ങുന്നവരുടെ ജീവിതത്തിൽ വളരെ മൂല്യങ്ങളൊന്നും കണ്ടെന്ന് വരികയില്ല. പള്ളിക്കാര്യങ്ങളിൽ മുൻപന്തിയിൽനിന്ന് പ്രവർത്തിക്കുന്നവരും മതോപദേശരംഗത്ത് പ്രവർത്തിക്കുന്നവരും ആയ നേതാക്കൾക്ക് പോലും ഒന്നിൽകൂടുതൽ ഭാര്യമാരുണ്ടായിരിക്കും. അക്കാര്യം സൂചിപ്പിച്ചാൽ അവർ പഴയ നിയമമാണ് അനുസരിക്കന്നതെന്ന് പറയും. ഇന്ന് ഈ നിലയ്ക്ക് കുറെയെല്ലാം മാറ്റം വരുത്തുവാൻ സിസ്റ്റേഴ്സിന് സാധിച്ചിട്ടുണ്ട്. ആഫ്രിക്കാ എയ്ഡ്സിന്റെ പിടിയിൽ അമർന്നിരിക്കുകയാണല്ലോ?. ലക്ഷക്കണക്കിനാളുകളാണ് എയ്ഡ്സ് രോഗികളായി കഴിഞ്ഞ രണ്ടുദശാബ്ദത്തിനുള്ളിൽ മരണമടഞ്ഞത്.

ഭൂമിശാസ്ത്രപരമായി പറഞ്ഞാൽ ഈസ്റ്റാഫ്രിക്ക ഒരു സുഖവാസസ്ഥലമാണ്. സമുദ്രനിരപ്പിൽനിന്നും ഏതാണ്ട് 10000 അടി ഉയരത്തിലുള്ള സ്ഥലം ആണ് കെനിയ. ആണ്ടുവട്ടം മുഴുവൻ നല്ല കാലാവസ്ഥ. ഊഷ്മാവ് 10 ഡിഗ്രിക്കും 20 ഡിഗ്രിക്കുമിടയിൽ. ആണ്ടുമുഴുവൻ മഴയുണ്ട്. കുന്നുകളും തടാകങ്ങളും നിറഞ്ഞപുൽപ്രദേശം, വൻവൃക്ഷങ്ങൾ വളരെകുറവാണ്. എവിടേക്കു തിരിഞ്ഞാലും വിശാലമായ പുൽമേടുകൾ. ശാന്തരും സാധുക്കളുമായ ജനങ്ങൾ. അവരുടെ അലസത കളഞ്ഞാൽ രാജ്യം വൻപുരോഗതി നേടുമെന്നാണ് സിസ്റ്ററിന്റെ അഭിപ്രായം.

ആരോഗ്യപരമായ കാരണങ്ങളാൽ മൂന്നുവർഷത്തിനുശേഷം നാട്ടിലേക്കു തിരിച്ചുപോന്നു. കുറുമണ്ണ് സ്കൂളിൽ ജോലിയിൽ പ്രവേശിച്ചു. 1889ൽ സർവ്വീസിൽനിന്നും റിട്ടയർ ചെയ്തു. പിന്നീട് മൂന്നുവർഷം കൂത്തുപറമ്പിലെ റാണി ജയ് സ്കൂളിൽ അദ്ധ്യാപനം നടത്തി. ഈ കാലഘട്ടത്തിൽ

www.malankaralibrary.com

ആരാധനാസഭയുടെ ചരിത്രം "ഒരു കുടുംബത്തിന്റെ കഥ" എന്നപേരിൽ എഴുതി പ്രസിദ്ധീകരിച്ചു. ഉന്നതനിലവാരം പുലർത്തുന്ന റാണി ജയ്സ്കൂളിനോട് 1992 ൽ വിടപറഞ്ഞു. 1995വരെ സഭയുടെ ജനറൽ ഓഡിറ്ററായി സിസ്റ്റർ ജോലി നോക്കി. ആ ജോലിയിൽ സംതൃപ്തി കണ്ടെത്താതെ 1995 ൽ ഭാരതത്തിന്റെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്ക് മിഷൻ പ്രവർത്തനത്തിനായി പുറപ്പെട്ടു. നാഗാലാന്റിലും മണിപ്പൂരിലുമായിരുന്നു പ്രവർത്തനം. അവിടെയും വിദ്യാഭ്യാസരംഗത്തായിരുന്നു പ്രവർത്തിച്ചിരുന്നത്. അവിടുത്തെ ജീവിതരീതിയെപ്പറ്റി സി.മെറ്റൽഡാ പറയുന്നത് ശ്രദ്ധിക്കുക. "കെനിയായും നാഗാലാന്റുമായി അത്ഭുതകരമായ ചില സാദൃശ്യങ്ങളും സാമ്യങ്ങളും കാണാൻ കഴിയും. ജനങ്ങളുടെ ജീവിതരീതി, പെരുമാറ്റം, സ്ത്രീകളുടെ അദ്ധ്വാനശീലം, പുരുഷന്മാരുടെ അലസജീവിതം, ഇതെല്ലാം രണ്ടു സ്ഥലത്തും ഒന്നുപോലെതന്നെ. രണ്ടുസ്ഥലത്തും പെൺകുട്ടികൾ കണക്കുപഠിക്കുകയില്ല. അതവർക്ക് പഠിക്കാൻ സാധിക്കുകയില്ലെന്ന് ആരോ അവരെ ധരിപ്പിച്ചുവച്ചിട്ടുണ്ട്. ഭാഷകളും മറ്റുവിഷയങ്ങളും പഠിക്കാൻ പെൺകുട്ടികൾക്ക് താല്പര്യമാണ്. ഇരുരാജ്യക്കാരും അത്യാവശ്യത്തിനുമാത്രമേ കൃഷിചെയ്യൂ. പുരുഷന്മാർ ആഫ്രിക്കയിൽ മദ്യപാനത്തിലും മാസഭക്ഷണത്തിലും മുൻപന്തിയിലാണെങ്കിൽ നാഗന്മാർ മാംസാഹാരത്തിലും മയക്കുമരുന്നിന്റെ ഉപയോഗത്തിലും മുൻപന്തിയിലാണ്. ഇരുരാജ്യക്കാരും പാട്ട്, ഡാൻസ്, കലാപരിപാടികൾ ഇവയിലൊക്കെ മുൻപന്തിയിൽ നിൽക്കുന്നു. ഇടയ്ക്കിടെ ഗ്രാമങ്ങൾ തമ്മിലും, വർഗ്ഗങ്ങൾ തമ്മിലും, ഗോത്രങ്ങൾ തമ്മിലും മത്സരങ്ങളും ആക്രമങ്ങളും ഉണ്ടാകും. ആ അവസരത്തിൽ എത്ര ക്രൂരമായി പ്രവർത്തിക്കാനും അവർ മടിയ്ക്കുകയില്ല. അങ്ങനെയുള്ള ആക്രമങ്ങളിൽ ചില ഗോത്രങ്ങൾതന്നെ നാമാവശേഷമായിട്ടുണ്ട്. നാഗന്മാർ നല്ല വൃത്തിയുള്ളവരും സൗന്ദര്യമുള്ളവരുമാണ്. എന്നാൽ കെനിയാക്കാർ വൃത്തിയില്ലാത്തവരും കാഴ്ചയ്ക്ക് അനാകർഷരുമാണ്. ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളോ, ആയുസ്സിന്റെ ദൈർഘ്യമോ ഒന്നും അവർക്കു പ്രശ്നമല്ല. അതാതു ദിവസത്തിൽ അതാതിന്റ കഷ്ടത മതി എന്നതാണ് അവരുടെ പ്രമാണം.

മണിപ്പൂരികൾ നാഗന്മാരിൽനിന്നും വ്യത്യസ്തരാണ്. അവർ സമരവീരന്മാരും ജീവിതത്തിൽ അടുക്കും ചിട്ടയുമുള്ളവരാണ്. പഠിക്കാൻ അത്യുത്സാഹികളുമാണ്. നല്ല വൃത്തിയും സൗന്ദര്യവുമുള്ള സ്ത്രീപുരുഷന്മാർ. അവർ രണ്ട് സ്വതന്ത്രരാജ്യക്കാരാണെന്നാണ് അവകാശപ്പെടുന്നത്. ക്രിസ്ത്യൻ മിഷനറിമാർ 18-ാം നൂറ്റാണ്ടിൽ അവിടെ എത്തിച്ചേർന്നു. നാഗാലാന്റിൽ മൂന്നിൽ രണ്ടുഭാഗവും ക്രിസ്ത്യാനികളായി. അധികവും പ്രോട്ടസ്റ്റന്റുകാരാണ്. മണിപ്പൂരിൽ ചുരുക്കമായിട്ടേ ക്രിസ്ത്യാനികളുള്ളു. Nagaland for christ എന്ന് എല്ലായിടത്തും ഉയർന്ന പാറക്കെട്ടുകളിലും നാൽക്കവലകളിലും ഒക്കെ എഴുതിവച്ചിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും നാഗന്മാരിൽ ക്രിസ്തീയത്വം ഒട്ടുതന്നെ കാണാനില്ല. പണവും സുഖസൗകര്യങ്ങളും

www.malankaralibrary.com

ലഭിക്കാൻ ഏതതിക്രമണവും നടത്താൻ അവർ തയ്യാറാണ്. അതുകൊണ്ട് വേണ്ടത്ര പുരോഗതിയൊന്നും ഉണ്ടാകുന്നില്ല."

നാഗാലാന്റിൽ രണ്ടുസ്കൂളുകളിൽ സിസ്റ്റർ മെറ്റിൽഡാ പഠിപ്പിച്ചിട്ടുണ്ട്. അവിടുത്തെ കുട്ടികൾക്ക് കേരളക്കാരെ വലിയ ഇഷ്ടമാണ്. കലാരംഗത്തും കായികരംഗത്തും മികവുകാട്ടുന്ന കുട്ടികൾ ദൈവഭക്തിയുള്ളവരും മര്യാദക്കാരുമാണ്. സിസ്റ്ററിന്റെ ശിഷ്യരായ ഏതാനും കുട്ടികൾ ദൈവവിളി സ്വീകരിച്ച് ആരാധനാസഭയിലും മറ്റു സഭകളിലും ചേർന്നിട്ടുണ്ട്. അതുപോലെ കെനിയായിൽ സിസ്റ്റർ പഠിപ്പിച്ച ഏതാനും കുട്ടികൾ സന്യാസസഭകളിൽ ചേർന്ന് മാതൃകാപരമായ ജീവിതം നയിക്കുന്നുണ്ട്. മുത്തോലപുരം സെന്റ് പോൾസ് സ്കൂളിൽ ആരംഭിച്ച അദ്ധ്യാപനം 2000-ാമാണ്ട് അവസാനം നാഗാലാന്റിലെ ഡിമാപൂർ സെന്റ് പോൾസ് സ്കൂളിൽ അവസാനിപ്പിച്ച് നാട്ടിലേക്ക് തിരികെ പോന്നു. നാല്പതുവർഷക്കാലത്തെ അദ്ധ്യാപന ജീവിതത്തിനിടയിൽ അനേകം പേർക്ക് വിജ്ഞാനം പകർന്നു കൊടുക്കുവാനും നിരവധി ദരിദ്രരായ കുട്ടികളെ സഹായിക്കുവാനും പലരുടെയും ഭാവി കരുപ്പിടിപ്പിക്കുവാനുതകുംവിധം ജോലികൾ വാങ്ങിക്കൊടുക്കാനും സിസ്റ്ററിന് സാധിച്ചിട്ടുണ്ട്. വിദേശത്തും സ്വദേശത്തും സിസ്റ്റർ പഠിപ്പിച്ച പല കുട്ടികളും ഉന്നതനിലയിൽ ജോലി സ്വീകരിച്ച് പ്രവർത്തിക്കുന്നു. നിരവധി കുട്ടികളുടെ ദൈവവിളി വർദ്ധിപ്പിക്കുന്നതിനും സിസ്റ്ററിന് സാധിച്ചിട്ടുണ്ട്. ഇപ്പോൾ സിസ്റ്റർ മുട്ടം, ആരാധനാമഠത്തിൽ സേവനം അനുഷ്ഠിക്കുന്നു.

വിലാസം - സി.മെറ്റിൽഡാ എസ്.എ.ബി.എസ്., ആരാധനാമഠം, മുട്ടം,
ശിമ്പിഗിരി - 685587, തൊടുപുഴ

# 166

# റവ. ഡോ. സേവ്യർ കൂടപ്പുഴ



സഭാചരിത്രഗവേഷണരംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയ ഭാരതത്തിലെ മാർത്തോമ്മാ നസ്രാണി പൈതൃകത്തെപ്പറ്റി ആഴത്തിൽ പഠനം നടത്തിയ - മാർത്തോമ്മാശ്ലീഹാ മൊണസ്റ്ററിയുടെ സ്ഥാപകനായ റവ. ഡോ. സേവ്യർ കൂടപ്പുഴ കാഞ്ഞിരപ്പള്ളിയ്ക്കു സമീപമുള്ള ചേനപ്പാടി ഗ്രാമത്തിൽ തറകനാട്ടുകുന്ന് ഇടവകയിൽ 1934 ഫെബ്രുവരി 28-ാം തീയതി കുറവിലങ്ങാട്ടെ പുരാതനമായ പകലോമറ്റം കുടുംബശാഖയിൽപെട്ട പള്ളിവടക്കേടത്ത് കൂടപ്പുഴ തറവാട്ടിൽ ആണ് ജനനം. കുറവിലങ്ങാട്ടുനിന്നും വന്ന് ഭരണങ്ങാനത്ത് താമസമാക്കിയ മൂലകുടുംബത്തിൽ നിന്നും ഒരാൾ കാഞ്ഞിരപ്പള്ളി ഇടവകയുടെ തെക്കേഅറ്റ

www.malankaralibrary.com

ത്തുള്ള ചേനപ്പാടി കരയിൽ താമസമാക്കി. അവിടെ മണിമലയാറും ചിറ്റാറും സംയോജിക്കുന്ന സ്ഥലത്ത് താമസമുറപ്പിച്ച കൂടപ്പുഴ (കൂടുന്നപുഴ - കൂട പ്പുഴ) കുടുംബത്തിലെ ജോസഫ് ചാക്കോയാണ് പിതാവ്. ചങ്ങനാശ്ശേരി കുരിശുംമൂട്ടിൽ കുടുംബാംഗമായ അന്നമ്മയാണ് മാതാവ്.

ചേനപ്പാടി പ്രൈമറിസ്കൂൾ, ചിറക്കടവ് സെന്റ് എഫ്രേം യു.പി. സ്കൂൾ, കാഞ്ഞിരപ്പള്ളി ഗവൺമെന്റ് ഹൈസ്കൂൾ, ചങ്ങനാശ്ശേരി എസ്. ബി. കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. തുടർന്ന് ചങ്ങനാ ശ്ശേരി അതിരൂപതവക പാറേൽ മൈനർ സെമിനാരിയിൽ വൈദികപഠനം ആരംഭിച്ചു. ഉപരിപഠനത്തിന് മംഗലപ്പുഴ സെമിനാരിയിൽ ചേർന്നു. ഒരു വർഷം മംഗലപ്പുഴ സെമിനാരിയിൽ പഠിച്ചതിനുശേഷം ഉപരിപഠനത്തിനായി റോമിൽ എത്തി. പ്രൊപ്പഗാന്ത ഫിദേ കോളേജിൽ ചേർന്ന് 1955 മുതൽ 1962 വരെ പഠിച്ചു. 1960 ഡിസംബർ 21 ന് റോമിൽ വച്ച് വൈദികപട്ടം സ്വീക രിച്ചു. തുടർന്ന് റോമിലെ ഉർബൻ യൂണിവേഴ്സിറ്റിയിലും പൊന്റിഫിക്കൻ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലും പഠിച്ച് ഫിലോസഫിയിലും ഓറിയന്റ് കാനൽ ലോയിലും ഓറിയന്റൽ സയൻസിലും ബിരുദാനന്തര ബിരുദങ്ങൾ നേടി. കൂടാതെ തിയോളജിയിൽ ഡോക്ടറേറ്റും നേടി. മാർത്തോമ്മാ ക്രിസ്ത്യാ നികളുടെ പുരാതന വിശ്വാസം എന്നതായിരുന്നു അദ്ദേഹത്തിന്റെ ഡോക്ട റേറ്റിന്റെ ഗവേഷണവിഷയം.

Faith and Commisson of the St. Thomas Christian എന്ന പേരിൽ ഡോക്ട റൽ തീസിസ് പിന്നീട് പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

റോമിൽവച്ച് ഭാരതസഭയെ സംബന്ധിച്ചുള്ള പല ചരിത്രരേഖകളും കാണുന്നതിനും അവ പഠിക്കുന്നതിനും അവസരം ലഭിച്ചു. ഭാരതത്തിലെ മാർത്തോമ്മാ നസ്രാണി പൈതൃകം ആഴത്തിൽ പഠിക്കുവാൻ ബ. പ്ലാസി ഡച്ചനുമായുള്ള ഉറ്റശിഷ്യബന്ധം കാരണമായി. റോമിൽ വിദ്യാർത്ഥിയാ യിരിക്കുമ്പോൾ തന്നെ സെന്റ് തോമസ് അസോസിയേഷൻ സ്ഥാപിച്ചു കൊണ്ട് അതിന്റെ ആഭിമുഖ്യത്തിൽ ഭാരതസഭയെ സംബന്ധിച്ച കുറെ ബുള്ളറ്റിനുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇന്ത്യയിലും വിദേശത്തും നടത്തിയ ഉപരിപഠനം വിശാലമായ വിജ്ഞാനസമ്പത്ത് നേടുവാൻ സഹാ യിച്ചു. മൂന്നുമാർപാപ്പാമാരുടെയും രണ്ടാംവത്തിക്കാൻ കൗൺസിലിന്റെയും കാലത്ത് റോമിൽ പഠനം നടത്താൻ സാധിച്ചത് വളരെയേറെ പുതിയ ദൈവ ശാസ്ത്രപഠനങ്ങൾ ഉൾക്കൊള്ളാൻ സഹായമായി.

റോമിൽ നിന്നും തിരിച്ചെത്തിയ ഡോ. കൂടപ്പുഴ ആറുമാസക്കാലം ചങ്ങനാശ്ശേരി കത്തീഡ്രലിൽ അസിസ്റ്റന്റ് വികാരിയായി സേവനം അനു ഷ്ഠിച്ചു. 1965 മുതൽ 34 വർഷക്കാലം വടവാതൂർ സെമിനാരിയിലെ ദൈവ ശാസ്ത്ര പ്രൊഫസ്സറായി സേവനം അനുഷ്ഠിച്ചു. ശെമ്മാശന്മാരുടെ ഫാ. പ്രിഫക്ടുമായിരുന്നു അദ്ദേഹം. 1982 ൽ അപ്പസ്തോലിക് സെമിനാരി ഉന്ന തവിദ്യാപീഠമായി ഉയർത്തപ്പെട്ടപ്പോൾ അതിന്റെ വൈസ് പ്രസിഡണ്ടുമാ

www.malankaralibrary.com

യി. പൗരസ്ത്യ വിദ്യാപീഠത്തിന്റെ വൈസ് പ്രസിഡണ്ടായി മൂന്നു പ്രാവശ്യം അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. പൗരസ്ത്യവിദ്യാപീഠത്തിന്റെ ഡീൻ ഓഫ് തിയോളജിയും ഡോ. കൂടപ്പുഴയായിരുന്നു.

ദൈവശാസ്ത്രപഠനത്തിനായി സിസ്റ്റേഴ്സും അൽമായരും ബാംഗ്ലൂർക്കും ഗോവക്കും പോകുന്നതും ഇവിടുത്തെ മിഷനറി പ്രവർത്തനങ്ങളെപ്പറ്റി മെച്ചപ്പെട്ട അവബോധം ഇല്ലാത്ത സ്ഥിതിവിശേഷം കണ്ടും മനംമടുത്ത ഡോ. കൂടപ്പുഴ 1972 ൽ ചങ്ങനാശ്ശേരിയിൽ മിഷനറി ഓറിയന്റേഷൻ സെന്റർ സ്ഥാപിക്കുകയുണ്ടായി. ആ സ്ഥാപനത്തിന്റെ സ്ഥാപകനെന്ന നിലയിൽ മാത്രമല്ല 1977 വരെ അതിന്റെ പ്രിൻസിപ്പലുമായി അദ്ദേഹം സേവനം ചെയ്തു. 1975 ൽ മാങ്ങാനത്തേക്ക് എം.ഒ.സിയുടെ പ്രവർത്തനം മാറ്റുകയുണ്ടായി. 1977 ൽ കാഞ്ഞിരപ്പള്ളി രൂപത സ്ഥാപിതമായപ്പോൾ ഡോ. കൂടപ്പുഴ സ്വന്തം നാടായ കാഞ്ഞിരപ്പള്ളി രൂപതയിലേക്ക് മാറുകയും ചങ്ങനാശ്ശേരി അതിരൂപതയിൽ എം.ഒ.സി. ആയതിനാൽ അതിന്റെ പ്രവർത്തനത്തിൽ നിന്ന് ഔദ്യോഗികമായി പിന്മാറുകയും ചെയ്തു.

മറുനാടൻ പൗരസ്ത്യകത്തോലിക്കരുടെ അജപാലനകാര്യങ്ങൾ അന്വേഷിച്ച് റിപ്പോർട്ടു നൽകാനായി, അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ആന്റണി പടിയറയെ അപ്പസ്തോലിക് വിസിറ്ററായി റോമിൽ നിന്നും നിയമിച്ചപ്പോൾ ഡോ.കൂടപ്പുഴയെ അതിന്റെ ഒഫീഷ്യൽ സെക്രട്ടറിയായി നിയമിക്കുകയുണ്ടായി. അഭിവന്ദ്യ പടിയറ തിരുമേനിയുമൊത്ത് കേരളത്തിന് പുറത്ത് വിവിധസ്ഥലങ്ങൾ സന്ദർശിക്കുകയും മാർപ്പാപ്പായ്ക്ക് റിപ്പോർട്ടു നൽകുവാൻ വേണ്ട എല്ലാ സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു. 1980 ജനുവരിയിൽ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ട് ഒട്ടേറെ കോളിളക്കങ്ങൾക്ക് ഇടയാക്കുകയുണ്ടായി.

ദൈവശാസ്ത്രം വളർത്തിയെടുക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയും അതിനുവേണ്ടി അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സത്യാന്വേഷിയാണ് ഡോ. കൂടപ്പുഴ. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ജീവധാര എന്ന ദൈവശാസ്ത്ര പ്രസിദ്ധീകരണം രൂപീകരിക്കുവാൻ ഡോ. കൂടപ്പുഴ മുന്നിൽ നിന്ന് പ്രവർത്തിച്ചത്. 1971 മുതൽ 1980 വരെ ആ പ്രസിദ്ധീകരണത്തിന്റെ സെക്ഷൻ എഡിറ്ററുമായിരുന്നു അദ്ദേഹം. ഭാരതത്തിലെ പൗരസ്ത്യസഭയ്ക്ക് തനതായ ഒരു വ്യക്തിത്വമുള്ളതിനാൽ നമ്മുടെ ദൈവശാസ്ത്രവും ഭരണക്രമവുമൊക്കെ അതിന്റെയടിസ്ഥാനത്തിൽ വളർത്തിയെടുക്കാൻ തീവ്രശ്രമം നടത്തിയ ഡോ. കൂടപ്പുഴ, ആ ലക്ഷ്യം മുൻനിറുത്തി ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീജെയൻസ് സ്റ്റഡീഫാറം രൂപീകരിക്കുകയും അതിന്റെ വകയായി ക്രിസ്റ്റ്യൻ ഓറിയന്റ് എന്ന ഇംഗ്ലീഷ് മാസിക തുടങ്ങുകയും ചെയ്തു. ആ പ്രസിദ്ധീകരണത്തിന്റെ സെക്ഷൻ എഡിറ്ററും ആയി പ്രവർത്തിച്ചു. കൂടാതെ ആരാധനാക്രമരംഗത്തെ തെറ്റായ പ്രവണതകൾ കണ്ട് സഭയുടെ വ്യക്തിത്വം വളർത്താനായി

www.malankaralibrary.com

ദുക്റാന എന്ന മാസികയും തുടങ്ങി. ദുക്റാന പ്രസിദ്ധീരണത്തിന്റെ മാനേജിംഗ് എഡിറ്ററുമായിരുന്നു അദ്ദേഹം. സി.ബി.സി.ഐ. തിയോളജിക്കൽ കമ്മീഷൻമെമ്പർ ഈസ്റ്റേൺ തിയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപക പ്രസിഡണ്ട്, കോട്ടയത്തെ എക്യുമിനിക്കൽ സ്റ്റഡി ഗ്രൂപ്പിന്റെ കൺവീനർ എന്ന നിലയിലും അദ്ദേഹം പ്രവർത്തിച്ചു.

ഓർത്തോഡോക്സ് സഭകളുമായിട്ടുള്ള ചർച്ചകൾക്കായി രൂപീകരിച്ച റോമൻ കമ്മീഷനിലെ അംഗമായിരുന്നു അദ്ദേഹം. ആസ്ത്രിയായിലെ വിയന്നായിൽ വച്ചുനടക്കുന്ന ഓർത്തഡോക്സ് സഭകളുടെ പ്രോ-ഓറിയന്റേ ഡയലോഗിന്റെ ദൈവശാസ്ത്ര കൺസൾട്ടർ ആയിരുന്നു ഡോ. കൂടപ്പുഴ. പൊടിമറ്റത്തെ നിർമ്മലതിയോളജിക്കൽ കോളേജിന്റെ ഡയറക്ടർ ആയി 25 വർഷക്കാലവും പ്രവർത്തിച്ചു. വടവാതൂർ സെമിനാരിയിലെ മ്യൂസിയം ഡയറക്ടർ, കാഞ്ഞിരപ്പള്ളി രൂപതയിലെ കൺസൾട്ടർ (27 വർഷം) കാഞ്ഞിരപ്പള്ളി രൂപതയിലെ ലിറ്റർജി ഡിപ്പാർട്ട്മെന്റിന്റെ ഡയറക്ടർ കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളിവികാരി (1999 - 2003) കാഞ്ഞിരപ്പള്ളി സെന്റ് ഡൊമനിക് കോളേജ് മാനേജർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഡോ. കൂടപ്പുഴയ്ക്ക് ചരിത്രത്തിൽ അവിസ്മരണീയ സ്ഥാനം ഉറപ്പിക്കുന്നതാണ് അദ്ദേഹം സ്ഥാപിച്ച നല്ലതണ്ണിയിലെ മാർത്തോമ്മാശ്ലീഹാ മൊണാസ്റ്ററി. പൗരസ്ത്യകാനൻ നിയമമനുസരിച്ച് (CCEO 433-503) സീറോ മലബാർ സഭയിൽ പുരുഷന്മാർക്കുവേണ്ടിയുള്ള ആദ്യത്തെ ഓറിയന്റൽ മൊണാസ്റ്ററിയാണിത്. സഭയുടെ ആദ്ധ്യാത്മികത വളരണമെങ്കിൽ ശരിയായ സന്യാസജീവിതം വളരണമെന്നാണ് അദ്ദേഹത്തിന്റെ സുദൃഢമായ വിശ്വാസം. അതിനനുസരണമായ ഒരു സന്യാസശൈലി വളർത്തിയെടുക്കാനാണ് അദ്ദേഹത്തിന്റെ ശ്രമം. ഇതുപോലെതന്നെ സ്ത്രീകൾക്കുവേണ്ടി അഭിവന്ദ്യപവ്വത്തിൽ പിതാവിന്റെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് തോമസ് എന്ന പേരിൽ സ്ഥാപിതമായ ആദ്യത്തെ ഓറിയന്റൽ മൊണാസ്റ്ററിയുടെ സ്ഥാപനത്തിനും വളർച്ചയ്ക്കും വേണ്ടി ഡോ. കൂടപ്പുഴ നൽകുന്ന സേവനം അവിസ്മരണീയമാണ്. ഈ മൊണാസ്റ്ററിയും നല്ലതണ്ണിയിലാണ് ആരംഭിച്ചത് - 1988 ൽ.

സ്ത്രീധനപ്രശ്നം ഇന്ന് സമൂഹത്തെ അലട്ടുന്ന ഒരു പ്രധാനപ്രശ്നമാണ്. സ്ത്രീധന പ്രശ്നം കാരണം വിഷമസന്ധിയിൽ കഴിയുന്ന പെൺകുട്ടികൾക്ക് ഒരു തൊഴിൽ പരിശീലനകേന്ദ്രം നല്ലതണ്ണിയിൽ അദ്ദേഹം ആരംഭിച്ചു. സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ നടക്കുന്ന കള്ളിവയലിൽ പാപ്പൻ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഡയറക്ടർ സ്ഥാനവും ഡോ.കൂടപ്പുഴ നിർവ്വഹിക്കുന്നു.

പൂനയിലെ ജ്ഞാനദീപം വിദ്യാപീഠം, ഡൽഹിയിലെ വിദ്യാജ്യോതി, ബാംഗ്ലൂരിലെ റെഡംപ്റ്ററിസ്റ്റ് കോളേജ്, സത്നായിലെ സെന്റ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിൽ വിസിറ്റിംഗ് പ്രൊഫസ്സറായും ഡോ. കൂട

www.malankaralibrary.com

പ്പുഴ സേവനം അനുഷ്ഠിക്കുന്നുണ്ട്.

സഭാചരിത്രപഠനം ആത്മാർത്ഥത നിറഞ്ഞതായിരിക്കണമെന്നും നേട്ടങ്ങളോടൊപ്പം കോട്ടങ്ങളും ശ്രദ്ധയിൽ കൊണ്ടുവരുന്നത് നേരായവളർച്ചയ്ക്ക് അപരിത്യാജ്യമാണെന്നും കൂടപ്പുഴയച്ചൻ വിശ്വസിക്കുന്നു. പല പതിപ്പുകളിലൂടെ ജനശ്രദ്ധയാകർഷിക്കുകയും അവാർഡുകൾക്കർഹമാവുകയും ചെയ്ത ഗ്രന്ഥങ്ങളാണ് ഭാരതസഭാചരിത്രവും തിരുസഭാചരിത്രവും. ആഴമുള്ള ആദ്ധ്യാത്മിക ദർശനം വളർത്തിയെടുക്കാൻ ഏകാന്തതയും ഏകാഗ്രതയും കൂടിയേ തീരൂ. നല്ലൊരു ഗ്രന്ഥശാല തോമ്മാശ്ലീഹാ ആശ്രമത്തിൽ ഉണ്ട്. പഠിക്കാനും പ്രാർത്ഥിക്കാനും ചിന്തിക്കാനും അദ്ധ്വാനിക്കാനും യോജിച്ച സ്ഥലമാണ് സമുദ്രനിരപ്പിൽ നിന്ന് 3000 അടി ഉയർന്ന് സഹ്യപർവ്വതത്തിന്റെ പടിഞ്ഞാറൻ ചെരുവിൽ അറേബ്യൻ കടലിനെ അഭിമുഖീകരിച്ച് നിൽക്കുന്ന നല്ലതണ്ണിയിലെ മാർത്തോമ്മാശ്ലീഹാ ആശ്രമം. അനേകർ അവിടെ ആത്മീയ വെളിച്ചത്തിനും ആശ്വാസത്തിനുമായി അച്ചനെ സമീപിക്കുന്നു.

അദ്ദേഹം ഇംഗ്ലീഷിലും മലയാളത്തിലുമായി 18 ഓളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. അവ താഴെപറയുന്നവയാണ്. ഇംഗ്ലീഷ് പുസ്തകങ്ങൾ (1) Faith and commission of the Indian Church of Thomas Christians (2) Oriental Churches: An Introduction (3) Orientel chruches: Theological Dimensions (Ed) (4) Communion of churches (Ed) (5) Christianity in India (6) Eastern Theological Reflections (Ed) (7) Canonical sources of the syro-malabar churuch, placid J. podipara (Ed) (8) Papers and Joint statements of the joint Inter national commission for Dialogue between the catholic church and the Malankara church (Ed)

മലയാളത്തിൽ എഴുതിയിട്ടുള്ള പുസ്തകങ്ങൾ താഴെപറയുന്നവയാണ്. (1) തിരുസഭ (2) ക്രിസ്തുമതവും ഇതരമതങ്ങളും (3) സഭയും സന്യാസവും (4) അനുദിനപ്രാർത്ഥന കുടുംബങ്ങളിൽ (ഈ പ്രാർത്ഥനാപുസ്തകത്തിന്റെ പതിനഞ്ചു പതിപ്പുകൾ കഴിഞ്ഞു (5) പൗരസ്ത്യ സഭകൾ (6) ഭാരതസഭാചരിത്രം (7) തിരുസഭാചരിത്രം (8) സഭാവിജ്ഞാനീയം (9) മാർത്തോമ്മാ നസ്രാണിസഭാവിജ്ഞാനകോശം.

ഇതുകൂടാതെ ഇംഗ്ലീഷിലും മലയാളത്തിലുമായി 200 ൽ പരം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിരവധി അന്തർദേശീയ കോൺഫറൻസുകളിൽ പ്രബന്ധം അവതരിപ്പിക്കാനും സാധിച്ചിട്ടുണ്ട്. അമേരിക്കയിലെ ബോസ്റ്റണിൽ 1995ൽ നടന്ന കാനോനിസ്റ്റുകളുടെ കോൺഫറൻസിലും 2001 ൽ ചിക്കാഗോയിൽ നടന്ന സർവ്വസമ്മേളനത്തിലും വിയന്നായിൽ പ്രോ-ഓറിയന്റ് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ കത്തോലിക്കരും ഓർത്തഡോക്സ് സഭകളും തമ്മിൽ നടന്ന കോൺഫറൻസിലും പങ്കെടുത്ത് പ്രബന്ധം അവതരിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.


കൂടപ്പുഴയച്ചന്റെ പ്രവർത്തനങ്ങളെ ആദരിച്ച് പല അവാർഡുകളും അദ്ദേഹത്തിന ലഭിച്ചിട്ടുണ്ട്. അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രമുഖ ചരിത്രഗ്രന്ഥത്തിനുള്ള അവാർഡ്, കാനാ അവാർഡ് (ചരിത്രത്തിന്)

www.malankaralibrary.com

മാർത്തോമ്മാപുരസ്കാരം (മാർത്തോമ്മാ വിദ്യാനികേതൻ ചങ്ങനാശ്ശേരി) ഫാ. ആറാഞ്ചേരി അവാർഡ് (മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പാരമ്പര്യത്തെപ്പററി നടത്തിയ പഠനത്തിന്, വടവാതൂർ സെമിനാരിയിൽ നിന്നും) എന്നിവയാണ് അദ്ദേഹത്തിന് ലഭിച്ച അവാർഡുകൾ.

വിലാസം - റവ. ഡോ. സേവ്യർ കൂടപ്പുഴ, മുറിഞ്ഞപുഴ പി.ഒ., നല്ലതണ്ണി, ഇടുക്കി.

# 167



## റവ.ഡോ. പോൾ പുത്തനങ്ങാടി

## എസ്.ഡി.ബി.

ഏഷ്യയിലെ ദൈവശാസ്ത്രജ്ഞന്മാരിൽ പ്രമുഖനും, യുവജനപരിശീലകനും, സംഘാടകനുമായ ഫാ. പോൾ പുത്തനങ്ങാടി ആലുവായിൽ പുത്തനങ്ങാടി കുടുംബത്തിൽ 1934 ഏപ്രിൽ 26 ന് ജനിച്ചു.

ആലുവാ സെന്റ് മേരീസ് ഇംഗ്ലീഷ് ഹൈസ്കൂളിലായിരുന്നു വിദ്യാഭ്യാസം. തുടർന്ന സലേഷ്യൻ സഭയിൽ ചേർന്ന് മേഘാലയത്തിലെ ഷില്ലോംഗിലേക്കുപോയി. ഡാർജലിംഗിൽ ഫിലോസഫി പഠിച്ചതിനുശേഷം കൊൽക്കത്താ സർവ്വകലാശാലയിൽ നിന്ന് ബി.എ. ബിരുദം നേടി. 1959 ൽ ദൈവശാസ്ത്രപഠനത്തിനായി ഇറ്റലിയിലേക്കയക്കപ്പെട്ടു. 1964 ൽ ടൂറിനിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു. റോമിൽനിനന്ന് ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. ലിറ്റർജിയിൽ സ്പെഷ്യലൈസേഷനും നടത്തി.

ഉപരിപഠനം കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയ ഫാ. പോളിനു ബാംഗ്ളൂർ ക്രിസ്തുജ്യോതി കോളേജിൽ ദൈവശാസ്ത്രത്തിന്റെയും ആരാധനാക്രമത്തിന്റെയും പ്രൊഫസറായി നിയമിക്കപ്പെട്ടു. എൻ.ബി.സി.എൽ.സി. ഡയറക്ടറായും ക്രിസ്തുജ്യോതി കോളേജ് റെക്ടറായും ഫാ.പുത്തനങ്ങാടി പ്രവർത്തിച്ചു. ഇപ്പോൾ വിശ്വദീപത്തിന്റെ റെക്ടറാണ് യുവജന പ്രവർത്തനങ്ങൾക്കും വിശ്വാസപരിശീലനത്തിനും സലേഷ്യൻ വൈദികർക്ക് ഉന്നതപരിശീലനം നൽകുന്ന സ്ഥാപനമാണ് വിശ്വദീപം.

ഫാ.പുത്തനങ്ങാടി ഇന്ത്യൻ തിയോളജിക്കൽ അസോസിയേഷൻ പ്രസിഡണ്ടും, ലിറ്റർജിക്കൽ അസോസിയേഷന്റെ സ്ഥാപക പ്രസിഡണ്ടും ഏഷ്യൻ ലിറ്റർജിക്കൽ ഫോറത്തിന്റെ ജനറൽ സെക്രട്ടറിയും ആയിരുന്നു. 2000-ാമാണ്ടിൽ നടന്ന യേശുക്രിസ്തുജയന്തി ആഘോഷങ്ങളുടെ സംഘാടകനുമായിരുന്നു ഫാ.പോൾ. ഇപ്പോൾ വിവിധ റീത്തുകളുടെ ദൈവശാ

www.malankaralibrary.com

സ്ത്രപാഠ്യഗ്രന്ഥക്കമ്മിറ്റിയുടെയും ചെറിയ ക്രൈസ്തവസമൂഹങ്ങൾക്കുവേണ്ടിയുള്ള നാഷണൽ സർവ്വീസ് ടീമിന്റെയും സെക്രട്ടറിയാണ്. 200 ലധികം ലേഖനങ്ങളും അഞ്ചുഗ്രന്ഥങ്ങളും രചിച്ചിട്ടുള്ള ഫാ.പോൾ അനേകം ഗ്രന്ഥങ്ങൾ എഡിറ്റ് ചെയ്തിട്ടുണ്ട്.

"ദൗത്യബോധത്താൽ പൂർണ്ണമായും ഉത്തേജിതമായ ഒരു സമൂഹമായിരിക്കണമത്. ഓരോ ഇടവകയിലും അതു പ്രകടമാകണം. സഭ അതിന്റെ സ്ഥാപനാത്മകസ്വഭാവം കൈവെടിയണം. എല്ലാ ജനങ്ങളുമായി സമ്പർക്കത്തിൽവരണം. സമൂഹത്തിൽ മാറ്റത്തിന് സഹായം ചെയ്യണം. മനുഷ്യത്വത്തിനും നീതിക്കും വിരുദ്ധമായവയെല്ലാം ജീവിതത്തിൽ നിന്നും തുടച്ചുനീക്കാൻ സഹായിക്കണം. പുതിയ സമൂഹത്തിന്റെ സൃഷ്ടി ലക്ഷ്യമാക്കണം. ഇതാണ് പുത്തനങ്ങാടിയച്ചന്റെ ഭാരതസഭയെക്കുറിച്ചുള്ളവീക്ഷണം.

സഭാപരമായ വിജയഭാവത്തിന്റെ കാലം കഴിഞ്ഞിരിക്കുന്നുവെന്നും സഭ മനുഷ്യസേവനത്തിനുള്ള ഒരു സമൂഹമാകണമെന്നും സഭാംഗങ്ങൾ-പ്രത്യേകിച്ചും നേതാക്കൾ അനുഭവങ്ങളുടെ മനുഷ്യരാകണമെന്നും ഉള്ള അഭിപ്രായക്കാരനാണദ്ദേഹം. ഇപ്പോൾ സഭയിലെ നേതാക്കൾ കാര്യക്ഷമതയുള്ള കാര്യനിർവ്വാഹകരാണ്. ക്രിസ്ത്വനുഭവമുള്ള നേതാക്കന്മാരാണ് വേണ്ടത്. അവർക്കേ സമൂഹത്തിൽ ക്രിസ്തുവിന് സാക്ഷ്യംവഹിക്കാൻ കഴിയൂ എന്ന് അദ്ദേഹം ഉച്ചത്തിൽ തന്നെ പറയുന്നു.

ഫാ. പുത്തനങ്ങാടി നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയും നിരവധി ഗ്രന്ഥങ്ങൾ പ്രകാശനം ചെയ്യുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം എഴുതിയ ഗ്രന്ഥങ്ങൽ താഴെ പറയുന്നവയാണ്. (1) Initiation to christian worship (2) A new way of being church (3) The new order of the mass (4) Chosen for the world അദ്ദേഹം ഇതിനകം 8 ഗ്രന്ഥങ്ങൾ പ്രസാധനം ചെയ്തിട്ടുണ്ട്. (1) Yesu christ Jayanthi 2000 (2) Popular Devotions (3) Emerging India and the word of god (4) Shairing of worship (5) Church in India; Institution or movement (6) Liberation Theology for India (7) The church in india after the all India a seminar 1969 (8) The Reports of severel all India meetings conducted at NBCLC.

ഇതിനുംപുറമേ ഏതാണ്ട് 200 ഓളം ലേഖനങ്ങൾ word of worship, ജീവധാര, ക്രിസ്തുജ്യോതി, വിദ്യാജ്യോതി, ബോസ്കോഉദയം, Maison Dieu, Rivista Litergica തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ എഴുതിയിട്ടുണ്ട്. നിരവധി അന്തർദേശീയ സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുള്ള ഫാ. പോൾ പുത്തനങ്ങാടി റോമിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിബ്ലിക്കൽ അപ്പോസ്റ്റലേറ്റിലും, മാനില (ഫിലിപ്പൈൻസ്) യിലെ ഈസ്റ്റ് ഏഷ്യ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിലും വിസിറ്റിംഗ് പ്രൊഫസ്സറാണ്. സലേഷ്യൻ സമൂഹത്തിന്റെ മൂന്നു ജനറൽ ചാപ്റ്ററുകളിലും, ബോഗോട്ട (കൊളംബിയ) യിലും ബാംഗ്ളൂരിലും നടന്ന കാത്തലിക് ബിബ്ലിക്കൻ ഫെഡറേഷന്റെ ജനറൽബോഡി യോഗങ്ങളിലും സിഡ്നിയിൽ നടന്ന (ആസ്ട്രേലിയാ) കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷന്റെ റീജ


www.malankaralibrary.com

യണൽ മീറ്റിംഗിലും സുഡാനിലെ ഖാർട്ടൂം ൽ നടന്ന Seminar on litergy for the clergy and religions of the Archdiacure യോഗത്തിലും മ്യാൻമാറിലെ വൈദീകർക്കും സന്യസ്തർക്കുംവേണ്ടി നടത്തപ്പെട്ട ആനിമേഷൻ സെഷനിലും Cappy ആസ്ഥാനമായിട്ടുള്ള കോൺഫറൻസ് ഓഫ് ഏഷ്യൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇന്തോനേഷ്യയിലും പാക്കിസ്ഥാനിലും ഫിലിപ്പീൻസിലും നടന്ന സമ്മേളനങ്ങളിലും Missio, Aachen നും ബാങ്കോക്കിലും നടത്തിയ തിയോളജിക്കൽ എഡ്യൂക്കേഷൻ കോൺഫറൻസിലും ഫാ.പോൾ പുത്തനങ്ങാടി പങ്കെടുത്തിട്ടുണ്ട്. കൂടാതെ കാത്തലിക് ബിബ്ലിക്കൻ ഫെഡറേഷന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയംഗമായ അദ്ദേഹം അതിന്റെ വിവിധ പ്രദേശങ്ങളിൽ നടന്ന സമ്മേളനങ്ങളിലും പങ്കെടുത്തിട്ടുണ്ട്.

ക്രിസ്തുജയന്തി 2000 ന്റെ മുഖ്യസംഘാടകനായിരുന്നു ഡോ.പുത്തനങ്ങാടി. ഈ ആഘോഷത്തിനും അതിനൊരുക്കമായി മൂന്നു വർഷക്കാലം നടന്ന പ്രവർത്തനങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകി. ഇപ്പോൾ അതിന്റെ തുടർപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന സമിതിയുടെയും ഇന്ത്യയിലെ ചെറിയ ക്രൈസ്തവസമൂഹങ്ങൾക്കുവേണ്ടിയുള്ള നാഷണൽ സർവ്വീസ് ടീമിന്റെയും Inter-Ritual കമ്മിറ്റിക്കുവേണ്ടി ദൈവശാസ്ത്രപാഠ്യഗ്രന്ഥങ്ങൾ തയ്യാറാക്കുന്ന സമിതിയുടെയും എക്സിക്യൂട്ടീവ് സെക്രട്ടറിയാണ് ഡോ.പോൾ പുത്തനങ്ങാടി. ഇന്ത്യൻ ലിറ്റർജിക്കൽ അസോസിയേഷന്റെ പ്രസിഡണ്ട് എന്ന നിലയിൽ ദീർഘകാലം പ്രവർത്തിച്ച അദ്ദേഹം ഒൻപത് വർഷക്കാലം എൻ.ബി.സി.എൽ.സിയുടെ ഡയറക്ടറായും സേവനം അനുഷ്ഠിച്ചു. ഏഴുവർഷം ക്രിസ്തുജ്യോതി കോളേജിന്റെ തിയോളജിക്കൽ സെമിനാരിയുടെ റെക്ടർ ആയി സേവനമനുഷ്ഠിച്ച അദ്ദേഹം ഇപ്പോൾ വിശ്വദീപത്തിന്റെ ഡയറക്ടറാണ്. ക്രിസ്തുജ്യോതി കോളേജിന്റെ പോസ്റ്റ് ഗ്രാഡ്വേറ്റ് സെന്ററും കാറ്റക്കെറ്റിക്ക്സിന്റെയും യൂത്ത് മിനിസ്റ്ററിയുടെയും ഇൻസ്റ്റിറ്റ്യൂട്ടാണ് വിശ്വദീപം.

Address - Rev. Dr. Paul Puthanangady, SDB Director, VISVADEEP, Kristu Jyothi College, Bangalore - 560036.

## 168



# ഡോ. എസ്സ്. ടോണി ഫെർണാണ്ടസ്

നേത്രചികിത്സാരംഗത്തെ ഏറ്റം പ്രശസ്തനായ ഡോക്ടർ സൈമൺ ടോണി ഫെർണാണ്ടസ് 1934 ജൂൺ 12-ാം തീയതി മലേഷ്യയിൽ ഡോ.ആൻഡ്രൂ സൈമൺ ഫെർണാണ്ടസ്-മേബൽ ഫെർണാണ്ടസ് ദമ്പതികളുടെ മകനായി ജനിച്ചു. ഇന്ത്യാക്കാരായ

www.malankaralibrary.com

മാതാപിതാക്കൾ മലേഷ്യയിലായിരുന്നു അക്കാലത്ത് താമസം. പിന്നീട് കുടുംബം തിരവനന്തപുരത്തേക്കുമാറ്റി. ഹൈസ്കൂൾ വിദ്യാഭ്യാസം തിരുവനന്തപുരം സെന്റ് ജോസഫ് സ്കൂളിലും പ്രീഡിഗ്രി മാർ ഇവാനിയോസ് കോളേജിലും ആയിരുന്നു. തുടർന്ന് കർണ്ണാടകത്തിലെ കസ്തൂർബാ മെഡിക്കൽ കോളേജിൽ പഠിച്ച് എം.ബി.ബി.എസ്സ്. പാസ്സായി. പിന്നീട് ലണ്ടനിലെ റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസ് എന്ന സ്ഥാപനത്തിൽനിന്നും 1964 ൽ എം.ബി.ബി.എസും, മധുരമെഡിക്കൽ കോളേജിൽനിന്ന് 1968 ൽ ഓഫ്താൽമോളജിയിൽ (നേത്രചികിത്സയിൽ) എം.എസ്.ബിരുദവും കരസ്ഥമാക്കി. തുടർന്ന് മധുരമെഡിക്കൽ കോളേജിൽതന്നെ അസിസ്റ്റന്റ് പ്രൊഫസറായും ട്യൂട്ടറായും സേവനം അനുഷ്ഠിച്ചതിനുശേഷം 1969 ൽ അങ്കമാലി ലിറ്റിൽഫ്ളവർ ആശുപത്രിയിൽ ചീഫ് ഒപ്താൽമിക് കൺസൾട്ടന്റും ഡിപ്പാർട്ടുമെന്റ് മേധാവിയുമായി ചാർജ്ജെടുത്തു. 1990 വരെ ആ ജോലിയിൽ തുടർന്നു. അതിനുശേഷം പ്രസ്തുത സ്ഥാപനത്തിന്റെ ഓണററി കൺസൾട്ടന്റും ഉപദേഷ്ടാവുമാണ്.

ഇപ്പോൾ ആലുവായിൽ സകുടുംബം താമസിക്കുന്നു. ഭാര്യ ഡോ. വൈവോണി അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റലിൽ അനസ്തീഷ്യോളജിസ്റ്റാണ്.

മധുരമെഡിക്കൽ കോളേജിൽ ജോലി നോക്കിയിരുന്ന കാലത്ത് കോളേജിനോടനുബന്ധിച്ച് ഓർതോപ്റ്റിക് സ്കൂൾ തുടങ്ങുകയും കോളേജിനോടനുബന്ധിച്ച് നേത്രബാങ്ക് തുടങ്ങുകയും ചെയ്തു. ഇദ്ദേഹം അങ്കമാലി ഹോസ്പിറ്റലിൽ വന്നതിനുശേഷം നേത്രചികിത്സാരംഗത്ത് അങ്കമാലി ആശുപത്രിക്ക് വൻപുരോഗതിയുണ്ടായി. പ്രൈവറ്റ് മേഖലയിൽ ആദ്യമായി നേത്രബാങ്ക് ആരംഭിച്ചത് അങ്കമാലിയിലാണ്. 1500 ഓളം കൊർണിയാ ട്രാൻസ്പ്ലാന്റേഷൻ ഓപ്പറേഷൻ ഈ ആശുപത്രിയിൽ അദ്ദേഹം നടത്തിയിട്ടുണ്ട്. ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നും കണ്ണുകൾ അങ്കമാലിയിലേക്ക് അയക്കപ്പെടുന്നുമുണ്ട്. ലണ്ടൻ റോയൽ കോളേജ് ഓഫ് ഫിസിഷ്യൻ ആന്റ് സർജൻസ് ഈ ആശുപത്രിയിൽനിന്നും പരിശീലനം നൽകുന്നവർക്ക് കൊടുക്കുന്ന ഡിപ്ലോമാ അംഗീകരിച്ചിട്ടുണ്ട്. അങ്കമാലി ആശുപത്രയിലെ നേത്രചികിത്സാവിഭാഗത്തിന്റെ അഭിമാനകരമായ വിജയത്തിന്റെ പിന്നിലെ പ്രധാനഘടകം ഡോ. ടോണി ഫെർണാണ്ടസായിരുന്നു. ആൾ ഇന്ത്യാ റേഡിയോയിൽക്കൂടിയും മറ്റുസേവനസംഘടനകൾ സംഘടിപ്പിക്കുന്ന നിരവധി സമ്മേളനങ്ങളിലും പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്.

ഡോ.ടോണി ഫെർണാണ്ടസിന്റെ സാമൂഹ്യപ്രവർത്തനങ്ങൾ അങ്ങേയറ്റം അഭിനന്ദനാർഹമാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സൗജന്യ നേത്രചികിത്സാക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാമാസവും രണ്ടാം ഞായറാഴ്ച ആശുപത്രിയിലും എല്ലാ ശനിയാഴ്ചയും സമീപ പ്രദേശങ്ങളിലും സൗജന്യ നേത്രചികിത്സാക്യാമ്പുകൾ സംഘടിപ്പിച്ചുകൊണ്ടിരുന്നു.

www.malankaralibrary.com

ഭക്ഷണവും മറ്റും സൗജന്യമായി നൽകുകയും ചെയ്തിരുന്നു.

സ്കൂളുകളെ സേവനപരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് അദ്ധ്യാപകർക്കു പരിശീലനം നൽകുകയും അവരെക്കൊണ്ട് വിദ്യാർത്ഥികളെ പ്രാഥമികപരിശോധന നടത്തിക്കുകയും ചെയ്യുന്ന ഒരു പദ്ധതി അദ്ദേഹം ആസൂത്രണം ചെയ്തിരുന്നു. 1976 ൽ 15000 കുട്ടികളെ അദ്ധ്യാപകർ പരിശോധിക്കുകയും അതിൽ 500 പേരെ ഡോക്ടർമാർ വിദഗ്ദ്ധപരിശോധനയ്ക്ക് വിധേയമാക്കുകയും ഓപ്പറേഷൻവേണ്ടവർക്ക് സൗജന്യമായി ഓപ്പറേഷൻ നടത്തിക്കൊടുക്കുകയും കണ്ണടകളും മറ്റും സൗജന്യമായി നൽകുകയും ചെയ്തിരുന്നു. 1981–1982 കാലത്ത് 100476 കുട്ടികളെയും 1982–1983 കാലത്ത് 58392 കുട്ടികളെയും അദ്ധ്യാപകർ പ്രാഥമിക പരിശോധന നടത്തുകയും അതിൽ യഥാക്രമം 5095–ം, 2643–ം കുട്ടികളെ വിദഗ്ദ്ധഡോക്ടർമാർ പരിശോധിക്കുകയും ചെയ്തു. ഓപ്പറേഷൻ വേണ്ട കുട്ടികളെ ആശുപത്രിയിൽകൊണ്ടുവന്ന് സൗജന്യമായി നടത്തിക്കൊടുക്കുകയും ചെയ്തിരുന്നു.

വികലാംഗർക്കും അന്ധന്മാർക്കുമായി ശ്രീമൂലം നഗറിൽ ഡോ.ടോണി ഫെർണാണ്ടസ് ഒരു സ്ഥാപനം കരുണഭവൻ എന്നപേരിൽ ആരംഭിക്കുകയുണ്ടായി. അങ്കമാലി ആശുപത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ആ സ്ഥാപനത്തിന്റെ മാനേജ്മെന്റ് ക്ലാരമഠം സിസ്റ്റേഴ്സാണ് നടത്തുന്നത്. പശ്ചിമജർമ്മനിയിലെ ക്രിസ്റ്റോഫർ ബ്ലൈൻഡ് മിഷൻ ഈ സ്ഥാപനത്തെ സാമ്പത്തികമായി സഹായിക്കുന്നുണ്ട്. ഡോ. ടോണി ഫെർണാണ്ടസ് 1973 ൽ മിയാമിയിലും 1983 ൽ ഫിലാഡൽഫിയായിലും 1978 ൽ ജപ്പാനിലും 1980 ൽ ട്യൂണിഷ്യായിലും, ഏഷ്യൻ പസഫിക് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ 1985 ൽ ന്യൂഡൽഹിയിലും നടന്ന അഖിലലോക സമ്മേളനങ്ങളിൽ പ്രതിനിധിയായി പങ്കെടുക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അങ്കമാലി ആശുപത്രി നേത്രരോഗ ചികിത്സയെ സംബന്ധിച്ച് വർക്കുഷോപ്പുകളും സിമ്പോസിയങ്ങളും ടീച്ചിംഗ്പ്രോഗ്രാമുകളും പതിവായി നടത്താറുണ്ട്. അവയിൽ മിക്കതിന്റെയും പ്രധാനസംഘാടകനും ആ സമ്മേളനങ്ങളിലും പ്രധാന പ്രബന്ധാവതാരകനും ഡോ. ടോണിയായിരിക്കും. മദ്രാസ് സ്റ്റേറ്റ് ഓപ്താൽമോളജിക്കൽ അസ്സോസിയേഷൻ 1980 ൽ ട്രിച്ചിയിൽ വച്ചുനടത്തിയ രജതജൂബിലി കോൺഫറൻസിലും കേരളസംസ്ഥാന ഓപ്താൽമോളജിക്കൽ അസോസിയേഷൻ 1981 ൽ കൊച്ചിയിൽ വച്ചുനടത്തിയ വാർഷിക സമ്മേളനത്തിലും മദ്രാസ് ഓപ്താൽമോളജിക്കൽ അസോസിയേഷൻ ഡയബെറ്റോളജിസ്റ്റികളോടുചേർന്ന് 1982 ൽ മദ്രാസിൽ വച്ചുനടത്തിയ സമ്മേളനത്തിലും ഗുജറാത്ത് ഒപ്താൽമോളജിക്കൽ സൊസൈറ്റി സ്ക്രാബിസ്മസിനെക്കുറിച്ച് നടത്തിയ സിംപോസിയത്തിലും മസിൽ മാറ്റിവയ്ക്കലിനെക്കുറിച്ച് 1979 ൽ അഹമ്മദ്ബാദിൽ നടന്ന സമ്മേളനത്തിലും ജോസഫ്ഐ ഹോസ്പിറ്റൽ സിൽവർ ജൂബിലിയോടനുബന്ധിച്ച് Kerato-

www.malankaralibrary.com

plasty യെക്കുറിച്ച നടത്തിയ സിമ്പോസിയത്തിലും പ്രധാന പ്രബന്ധാവതാരകൻ ഡോ. ടോണി ഫെർണാണ്ടസ് ആയിരുന്നു. ഗുജറാത്ത് ഓപ്താൽമോളജിക്കൽ വാർഷിക കോൺഫറൻസിൽ പങ്കെടുത്ത ഇദ്ദേഹം 1984 ൽ മംഗലാപുരത്തുവച്ചുനടന്ന സതേൺ റീജയണൽ ഒപ്താൽമിക്ക് കോൺഫറൻസിന്റെ സംഘാടകനുമായിരുന്നു.

ഡോ.ടോണി, അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റലിലെ മെഡിക്കൽ ഡയറക്ടർ, കേരള നേത്രബാങ്ക് അസ്സോസിയേഷന്റെ പ്രസിഡണ്ട്, ശ്രീമൂലനഗരത്തെ സെന്റർ ഫോർ ഫിസിക്കലി ഹാൻഡിക്യാപ്പ്ഡ് ആൻഡ് ബ്ലൈൻഡ് എന്ന സ്ഥാപനത്തിന്റെ പ്രോജക്ട് ഡയറക്ടർ. അങ്കമാലിയിലെ ലിറ്റിൽ ഫ്ളവർ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ പ്രസിഡണ്ട്, കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ മെഡിക്കൽ ഫാക്കൽറ്റിയുടെയും ബോർ ഓഫ് സ്റ്റഡീസ്ഇൻ മെഡിസിനിലെയും അംഗം, അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുടെ ഓണററി കൺസൾട്ടന്റ്, പ്രസ്തുത സ്ഥാപനത്തിന്റെ തന്നെ ഉപദേഷ്ടാവ്. (ഇന്ന് പ്രസ്തുതസ്ഥാപനം അത്യാധുനിക ഉപകരണങ്ങളോടുകൂടിയ, ഇൻഡ്യയിലെ ഏറ്റം പ്രശസ്തമായ നേത്രചികിത്സാ കേന്ദ്രങ്ങളിൽ ഒന്നാണ്) സിംഗപ്പൂരിലെ ഏഷ്യാ പസഫിക് ഇൻട്രാ ഓക്കുലർ ഇംപ്ലാന്റ് സൊസൈറ്റിയിൽ ഗവേണിംഗ് ബോഡി അംഗം, മണിപ്പാൽ മെഡിക്കൽ കോളേജ് വിസിറ്റിംഗ് പ്രൊഫസ്സർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

അഖിലേന്ത്യാ ഓപ്താൽമോളജി സൊസൈറ്റിയുടെയും കേരളാ സ്റ്റേറ്റ് ഒപ്താൽമോളജിക്കൽ സൊസൈറ്റിയുടെയും കൊച്ചിൻ ഓപ്താൽമിക് ക്ലബ്ബിന്റെയും പ്രസിഡണ്ടായും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായും ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ മദ്ധ്യകേരള ശാഖയുടെ പ്രസിഡണ്ടായും ഇൻഡ്യൻ ജേർണൽ ഓഫ് ഓപ്താൽമോളജിയുടെ ചീഫ് എഡിറ്ററായും മദ്രാസിൽ വച്ചു നടന്ന ആറാമത് ആഫ്രോ–ഏഷ്യൻ ഓപ്താൽമോളജി കോൺഗ്രസ്സിൽ അംഗമായും ദൽഹിയിൽവച്ചുനടന്ന പത്താമത് ഏഷ്യാ പസഫിക് ഓപ്താൽമോളജി അക്കാഡമിയുടെ നാഷണൽ സയന്റിഫിക് കമ്മറ്റിയിൽ അംഗമായും ആൾ ഇന്ത്യാ ഓപ്താൽമോളജിക്കൽ സൊസൈറ്റിയുടെ മാനേജിംഗ് കമ്മിറ്റിയംഗമായും പ്രസ്തുത സംഘടനയുടെതന്നെ സയന്റിഫിക്ക് കമ്മിറ്റിയിൽ അംഗമായും കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ "പ്രജ്ഞാനേത്ര"ത്തിന്റെ ചീഫ് എഡിറ്ററായും ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ കേരളശാഖയുടെ ഔദ്യോഗിക ജിഹ്വയായ 'നിങ്ങളുടെ ആരോഗ്യത്തിന്റെ കൺസൾട്ടന്റ്' എഡറ്ററായും, കേരളാ ഐ ബാങ്ക് അസോസിയേഷന്റെ ജനറൽ സെക്രട്ടറിയായും, റോട്ടറി ഇന്റർനാഷണൽ ഡിസ്ട്രിക്ടിന്റെ അന്ധതാനിവാരണ സമിതിയുടെ ജില്ലാ ആഫീസറായും ആലുവാ റോട്ടറിക്ലബ്ബിന്റെ പ്രസിഡണ്ടായും ഡോ. ടോണി ഫെർണാ

www.malankaralibrary.com


ണ്ടസ് പ്രവർത്തിച്ചിട്ടുണ്ട്. കൊച്ചിൻ ഓപ്താൽമിക് ക്ലബ്ബിന്റെ സ്ഥാപകാംഗം കൂടിയാണദ്ദേഹം.

ഡോ. ടോണി എഴുതിയ അറുപതിലധികം ലേഖനങ്ങൾ ദേശീയവും അന്തർദേശീയവുമായ മെഡിക്കൽ ജേർണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടെക്സ്റ്റ് ബുക്ക് ഓഫ് ഒപ്താൽമോളസ്ട്രിയിലെ ഒരദ്ധ്യായം ഇദ്ദേഹം എഴുതിയതാണ്.

നേത്രചികിത്സാരംഗത്തെ പ്രശസ്തമായ സേവനത്തെ മാനിച്ച് നിരവധി അവാർഡുകൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ആന്ധ്രാപ്രദേശ് ഓപ്താൽമോളജിക്കൽ സൊസൈറ്റിയുടെ 1985 ലെ ഡോ.രുസ്തം രഞ്ജിഒറേഷൻ ഗോൾഡ് മെഡൽ, തമിഴ്നാട് ഓപ്താൽമോളജിക്കൽ സൊസൈറ്റിയുടെ ജോസഫ് ജ്ഞാനാധിക്യം ഗോൾഡ് മെഡൽ, കേരളാ ഓപ്താൽ മോളജിക്കൽ സൊസൈറ്റിയുടെ ഡോ.കെ.സി. ഉമ്മൻ അവാർഡ്, ആന്ധ്രാപ്രദേശ് സയൻസ് അക്കാഡമിയുടെ ഡോ.പി. ശിവറെഡ്ഡിസ്മാരക അവാർഡ്, നല്ല സാമൂഹ്യപ്രവർത്തകനുള്ള സംസ്കൃതി അവാർഡ്, പൊന്നറ ശ്രീധർ ഫൗണ്ടേഷന്റെ ഭീഷ്മാചാര്യ അവാർഡ്, വിശിഷ്ടതൊഴിൽ നിർവ്വഹണത്തിനുള്ള ഐ.എം.എ. കേരളാ ബ്രാഞ്ചിന്റെ അവാർഡ്, ശ്രദ്ധേയമായ പ്രവർത്തനത്തിനുള്ള അഖിലകേരളകത്തോലിക്കാ കോൺഗ്രസ്സിന്റെ അവാർഡ്, മണിപ്പൂർ കസ്തൂർബാ മെഡിക്കൽ കോളേജിന്റെ വിശിഷ്ടപൂർവ്വ വിദ്യാർത്ഥികൾക്കുള്ള 1981 ലെ അവാർഡ്, കർണ്ണാടക സ്റ്റേറ്റ് ഓപ്താൽമോളജിക്കൽ സൊസൈറ്റിയുടെ 1995 ശ്രീനിവാസ റാവു ഒറേഷൻ ഗോൾഡ് മെഡൽ, ഇന്ത്യൻ ഇൻട്രാ ഓക്കുലർ ഇംപ്ലാന്റ് സൊസൈറ്റിയുടെ 1997 ലെ അവാർഡ്ഓഫ് എക്സലന്റ്, ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ 1996-ലെ ബി.സി. റോയി അവാർഡ്, ആൾ ഇന്ത്യാ ഓപ്താൽമിക്ക് സൊസൈറ്റിയുടെ 2001-ാ മാണ്ടിലേയ്ക്കുള്ള ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, ആന്ധ്രാപ്രദേശ് ഒപ്താൽമിക്ക് സൊസൈറ്റിയുടെ 2001 ലേക്കുള്ള ഹുമാനിറ്റേറിയൻ സർവ്വീസ് അവാർഡ്, തുടങ്ങിയവ ഡോ.ടോണി ഫെർണാണ്ടസിന് ലഭിച്ചിട്ടുണ്ട്.

വിലാസം - Dr. Tony Fernandez,
'PULARI',
Tynothil Road,
ALUVA - 1,
Kerala - 683101.

www.malankaralibrary.com



# 169

# ഫാ. ജോസഫ് കൊട്ടുകാപ്പള്ളി എസ്.ജെ.

നീതിക്കുവേണ്ടിയുള്ള പ്രവർത്തനവും പോരാട്ടവും സഭയ്ക്കുള്ളിലും നടക്കേണ്ടതുണ്ടെന്നും, സുവിശേഷാത്മകമായും കാലാനുസൃതമായും സംവിധാനപരവുമായ പരിവർത്തനങ്ങൾ, സിവിൽ സമൂഹത്തിലെന്നപോലെ, സഭയിലും ഉണ്ടാകേണ്ടത് ആവശ്യമാണെന്നും വിശ്വസിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്ന ഫാ. ജോസഫ് കൊട്ടുകാപ്പള്ളി 1934 ജൂൺ 14-ാം തീയതി ജോസഫ് - മേരി (കുഞ്ഞൗസേപ്പ് - മറിയാമ്മ) ദമ്പതികളുടെ രണ്ടാമത്തെ മകനായി മുട്ടുചിറയിൽ ജനിച്ചു. ആറു തലമുറകൾക്കു മുമ്പ് പാലായിൽ നിന്നും മുട്ടുചിറ കുരിശുങ്കൽ കുടുംബത്തിൽ ദത്തു വന്ന തോമ്മാ ആശാൻ ആണ് പൂർവ്വികൻ. മുട്ടുചിറ, കുറവിലങ്ങാട്ട് എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. ഇന്റർ മീഡിയറ്റ് പാസ്സായതിനു ശേഷം 1954 ജൂലൈ 30-ന് ഈശോ സഭയിൽ പ്രവേശിച്ചു. കോഴിക്കോട്, ഷെമ്പഗനൂർ, ഇൻസ്ബ്രൂക്ക് (ആസ്ട്രിയ, യൂറോപ്പ്) എന്നീ സ്ഥലങ്ങളിൽ പഠനവും പരിശീലനവും പൂർത്തിയാക്കി. 1966 ജൂലൈ 26-ന് പൗരോഹിത്യം സ്വീകരിച്ചു. പൗരോഹിത്യശുശ്രൂഷയുടെ ആദ്യ മൂന്നുവർഷം ഈശോസഭയിലെ നവസന്യാസികളെ പരിശീലിപ്പിക്കുന്നതിൽ സഹായിച്ചു. ഈശോസഭാ പരിശീലനത്തിന്റെ അന്തിമഘട്ടമായ തേർഷ്യൻഷിപ്പ് പൂർത്തിയാക്കി, 1971 ജനുവരി 29-ന് ഈശോസഭയിൽ അന്തിമ വ്രതം അനുഷ്ഠിച്ചു.

1971-1974 കാലഘട്ടത്തിൽ പൂനെയിൽ - ജ്ഞാനദീപവിദ്യാപീഠത്തിൽ തത്വചിന്തയിൽ ഗവേഷണം നടത്തുകയും വിവിധവിഷയങ്ങൾ പഠിപ്പിക്കുകയും ഗവേഷണ പ്രബന്ധങ്ങൾ പ്രസദ്ധീകരിക്കുകയും ചെയ്തു. പ്രാതിഭാസിക വിജ്ഞാനീയം എന്ന തത്വചിന്താധാരയിലെ ഉപജ്ഞാതാവായ എഡ്മണ്ട് ഹസറലിന്റെ ചിന്താധാരയെ അധികരിച്ച് എഴുതിയ ഗവേഷണ പ്രബന്ധം അവതരിപ്പിച്ച് ഡോക്ടറേറ്റ് സമ്പാദിച്ചു. 1974-1982 കാലഘട്ടത്തിൽ എറണാകുളത്ത് ലൂമൻ ഇൻസ്റ്റിറ്റ്യൂട്ടിൽ താമസിച്ചുകൊണ്ട് ആൾ ഇന്ത്യാ കാത്തലിക് യൂണിവേഴ്സിറ്റി ഫെഡറേഷൻ (AICUF) എന്ന വിദ്യാർത്ഥി സംഘടനയുടെ കേരള സംസ്ഥാന അഡ്വൈസായി സേവനം ചെയ്തു. തുടർന്ന് ആറുവർഷക്കാലം മാർക്സിസം, വിമോചന ദൈവശാസ്ത്രം, ഡാർവ്വനിസം, സഭൈക്യം, മതാന്തര സംവാദം, ജനപ്പെരുപ്പത്തേയും കുടുംബസംവിധാനത്തെയും പറ്റിയുള്ള സഭയുടെ പ്രബോധനം, എന്നിങ്ങനെയുള്ള വിഷയങ്ങളെക്കുറിച്ച് സെമിനാരികളിൽ ക്ലാസ്സെടുക്കുകയും ഗവേഷണ പ്രബ

www.malankaralibrary.com

ന്ധങ്ങളും ലേഖനങ്ങളും പ്രസിദ്ധീകരിക്കുകയും ചെയ്തു. 1983–ൽ The Hope we share a Christian Approach to Marxism എന്ന ഗ്രന്ഥം പ്രസദ്ധീകരിച്ചു.

വിശ്വാസപരവും താത്വികവുമായ വൈരുദ്ധ്യങ്ങൾ മറച്ചുവയ്ക്കാതെ, 'തങ്ങൾ ഒരുമിച്ച് ജീവിക്കുന്ന ഈ ലോകത്തിന്റെ യഥാർത്ഥ ശ്രേയസ്സിനായി' ഒത്തു ചേർന്ന് പ്രവർത്തിക്കുവാനും, അതിനുവേണ്ടി എല്ലാ വിഭാഗങ്ങളുമായും വിവേകപൂർണ്ണമായ തുറന്ന സംവാദത്തിലേർപ്പെടുവാനുമുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനം ചെവിക്കൊണ്ട്, മാർക്സിസത്തിന്റെ കുറവുകളുടെയും അപകട സാധ്യതകളുടെയും നേരെ കണ്ണടയ്ക്കാതെ തന്നെ, സുവിശേഷത്തിനും പ്രവാചകരിലുമുള്ള അതിന്റെ അടിവേരുകളും പാര്യന്തിക ലക്ഷ്യത്തെക്കുറിച്ചുള്ള സമാനതകളും കൂടെ കണക്കിലെടുത്തു കൊണ്ട് മാർക്സിസത്തെ വിലയിരുത്തണം എന്ന നിലപാടാണ് കൊട്ടുകാപ്പള്ളിയച്ചൻ സ്വീകരിച്ചത്.

തീവ്രവും ആഴമുറ്റതുമായ മതാത്മകതയുടെയും മതവൈവിധ്യത്തിന്റെയും നാട്ടിൽ, സർവ്വൈകരക്ഷകനായ യേശുക്രിസ്തുവിലുള്ള വിശ്വാസം വെട്ടിച്ചുരുക്കാതെ, സഹോദരസ്നേഹത്തിന്റെ ഭാഷയിൽ ഇതരമതസ്ഥരോടും മതവിരോധികളോടും ഒത്തുചേർന്നുള്ള സേവനത്തിന്റെ വേദിയിൽ അതിന് സാക്ഷ്യം വഹിക്കുകയാണ് നമ്മുടെ ക്രൈസ്തവ ദൗത്യമെന്ന് അച്ചന് ബോദ്ധ്യമുണ്ട്. ഈ പ്രക്രിയയിൽ "മതപരിവർത്തന"ത്തിന് സ്ഥാനമുണ്ട്, എന്നാൽ പ്രഥമ സ്ഥാനമോ കേവല പ്രധാന്യമോ ഇല്ല എന്ന അഭിപ്രായക്കാരനാണ് അദ്ദേഹം. നീതിക്കുവേണ്ടിയുള്ള പോരാട്ടം സമൂഹത്തിലെന്നതുപോലെ സഭയ്ക്കുള്ളിലും നടക്കേണ്ടതാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ഈ വക ബോദ്ധ്യങ്ങളുടെ അടിസ്ഥാനത്തിൽ നൂറിൽപരം ഗവേഷണ പ്രബന്ധങ്ങളും ലേഖനങ്ങളും ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1980 കളിൽ മൂന്നുവർഷം ഫാ. കൊട്ടുകാപ്പള്ളി കേരള സർക്കാരിന്റെ സാംസ്കാരിക പ്രസദ്ധീകരണ വകുപ്പ് ഉപദേശകസമതിയിൽ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്.

1983 മുതൽ മുഖ്യമായും അജപാലന രംഗത്താണ് അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഐക്കഫ് സംസ്ഥാന അഡ്വൈസർ കണ്ണൂരിലെ പരിയാരം ഇഗ്നേഷ്യൻ ധ്യാനകേന്ദ്രം ഡയറക്ടർ, കണ്ണൂർ രൂപതാ ബൈബിൾ കമ്മീഷൻ ഡയറക്ടർ, ഇടവക വികാരി എന്നീ നിലകളിലെല്ലാം പ്രവർത്തിക്കുന്നു.


സഭയിൽ പരിവർത്തനത്തിന് കളമൊരുക്കിയ കൊട്ടുകാപ്പള്ളിയച്ചൻ ബക്കളം (കണ്ണൂർ ജില്ല) ഫാത്തിമാമാതാ ദേവാലയത്തിൽ സേവനം അനുഷ്ഠിക്കുന്നു.

അഡ്രസ്സ് - റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി, ഫാത്തിമാ മാതാ ചർച്ച്,
ബക്കളം, കനൂൽ പി.ഒ., കണ്ണൂർ ജില്ല - 670 564

www.malankaralibrary.com

# 170

# റവ.ഡോ.മാത്യു മഠത്തിക്കുന്നേൽ



ഒരു ദിവസം നാലുമണിയോടടുത്ത് എന്റെ വീട്ടിൽ വികാരിയച്ചൻ വന്നു. മുക്കാൽ മണിക്കൂറോളം സംസാരിച്ചു. സാമൂഹ്യരാഷ്ട്രീയ പ്രശ്നങ്ങളെല്ലാം സംസാരവിഷയമായിരുന്നു. സ്നേഹപൂർവ്വമായ സംസാരത്തിനുശേഷം യാത്രപറഞ്ഞ് അദ്ദേഹം ഇറങ്ങി. അച്ചൻ എന്തിനാണ് വന്നത് ഞാൻ ചോദിച്ചു. നിങ്ങളെയെല്ലാം ഒന്ന് പരിചയപ്പെടാൻ വേണ്ടി മാത്രം. എന്നെക്കൊണ്ട് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ വിളിച്ചാൽ മതി. ഞാൻ വരാം എന്നുപറഞ്ഞ് അച്ചൻ യാത്രയായി. അനേകനാളുകളായി കമ്യൂണിസ്റ്റ് പാർട്ടിയിൽ പ്രവർത്തിക്കുന്ന, വളരെ നാളുകളായി പള്ളിയിൽ പോകാതിരുന്ന, എന്റെ വീട്ടിൽവന്ന വികാരിയച്ചന്റെ വാക്കുകൾ എന്നെ ചിന്താകുലനാക്കി. "എന്നെക്കൊണ്ട് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ എന്നെ വിളിച്ചാൽ മതി" ആ വാക്കുകൾ എന്റെ ഹൃദയത്തിൽ ആഞ്ഞുകയറി. ആ വാക്കുകൾ എന്റെ ചെവിയിൽ കൂടെക്കൂടെ മുഴങ്ങിക്കൊണ്ടിരുന്നു. രണ്ടാഴ്ചയ്ക്കുശേഷം ഞാൻ അച്ചനെ വിളിച്ചു. അന്നു തന്നെ അദ്ദേഹം എന്റെ വീട്ടിൽ എത്തി. ഞാൻ കമ്യൂണിസ്റ്റുകാരനായ സാഹചര്യത്തെപ്പറ്റിയും തന്മൂലം നിരവധി പാവങ്ങൾക്ക് പലവിധത്തിൽ ശുശ്രൂഷ ചെയ്യാൻ സാധിച്ച കാര്യവും വിശദീകരിച്ചത് ചെറുപുഞ്ചിരിയോടെ കേട്ടതിനുശേഷം അച്ചൻ മടങ്ങിപ്പോയി. സാധിക്കുമെങ്കിൽ അടുത്തദിവസം പള്ളിയിൽ വരണമെന്നും എന്നോടു പറയുകയുണ്ടായി. പള്ളിയിലേക്കുള്ള ആ ക്ഷണനം, എനിക്കു വരുത്തിയ ആത്മസംതൃപ്തി വിവരിക്കാൻ വാക്കുകളില്ല. ഒരു പ്രമുഖ കമ്യൂണിസ്റ്റ് നേതാവ് എന്നോട് പറഞ്ഞ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ആ വികാരി റവ.ഡോ. മാത്യു മഠത്തിക്കുന്നേലായിരുന്നു.

മറ്റൊരു ദിവസം ഞാൻ കോട്ടയത്തിന് ബസിൽ യാത്ര ചെയ്യുകയാണ്. കടപ്ലാമറ്റം സ്വദേശിയായ ഒരു ദളിത് സഹോദരൻ എന്റെയടുക്കൽ വന്നിരുന്നു. ദളിത് ക്രൈസ്തവപ്രശ്നത്തെപ്പറ്റിയെല്ലാം ഞങ്ങൾ ഇരുവരും കൂടി സംസാരിച്ചു. അദ്ദേഹം എന്നോടു പറഞ്ഞു. "എന്റെ പിതാവ് ക്രിസ്തുമതം സ്വീകരിച്ചു. മക്കളെയെല്ലാം ക്രൈസ്തവരാക്കി വളർത്തി. കാലം കുറെ കഴിഞ്ഞു. പല ദളിത് ക്രൈസ്തവസമരങ്ങളിലും ഞങ്ങളെ പങ്കെടുപ്പിച്ചിരുന്നുവെങ്കിലും ഞങ്ങളുടെ ആദ്ധ്യാത്മിക കാര്യങ്ങളിൽ വേണ്ടത്ര താല്പര്യം ആരുംതന്നെ കാണിച്ചിരുന്നില്ല. ഒരു ദിവസം ഞങ്ങളുടെ വികാരിയച്ചൻ എന്റെ ചെറ്റക്കുടിലിൽ വന്നു. ഒരു കുടുംബാംഗത്തെപ്പോലെ അദ്ദേഹം ഞങ്ങളോട് സംസാരിച്ചു. എന്റെ രണ്ടുകുട്ടികളെയും അടുത്തു

www.malankaralibrary.com

വിളിച്ച് കുശലപ്രശ്നം നടത്തി. ഞങ്ങൾക്ക് ആദ്യമായുണ്ടായ ഒരനുഭവമാണിത്. വളരെ ഭയത്തോടുകൂടി ഞാൻ അച്ചനെ ഒരു കാര്യം അറിയിച്ചു. "ഞാൻ ഇവളെ എന്റെ കൂട്ടത്തിൽ താമസിപ്പിച്ചിരിക്കുകയാണ്. വിവാഹം കഴിച്ചിട്ടില്ല." നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ എല്ലാം നേരെയാക്കാം. ചിരിച്ചുകൊണ്ട് അച്ചൻ പറഞ്ഞു. നാലഞ്ചുമാസം കൊണ്ട് എല്ലാം നേരെയാക്കാൻ അച്ചൻ മുൻകൈയെടുത്തു. ഞങ്ങളും ആത്മാർത്ഥമായി സഹകരിച്ചു. ഇന്ന് സംതൃപ്തജീവിതം നയിക്കുന്നു. ഇതേ അനുഭവം പത്തിരുപതുപേർക്കെങ്കിലും ഉണ്ടായിട്ടുണ്ട്." ആ വികാരിയച്ചൻ മഠത്തിക്കുന്നേൽ മത്തായിയച്ചനായിരുന്നു.

മൂന്നുനാലു വർഷം മുൻപ് ഒരു വിവാഹചടങ്ങിൽ പങ്കെടുക്കാനായി ഞാൻ കത്തീഡ്രൽ പള്ളിയിൽ എത്തി. ആ ഇടവകക്കാരും സമീപസ്ഥരുമായ എന്റെ സുഹൃത്തുക്കളുമായി കുറെ നേരം സംസാരിക്കാൻ സാധിച്ചു. ഇപ്പോൾ നമ്മുടെ രൂപതയിൽ അതിശക്തമായി പ്രവർത്തിക്കുന്ന കുടുംബകൂട്ടായ്മയെപ്പറ്റിയും പ്രാർത്ഥനായോഗങ്ങളെപ്പറ്റിയും ഒരു സ്നേഹിതൻ അഭിമാനത്തോടെ സംസാരിച്ചു. അപ്പോൾ കത്തീഡ്രൽപള്ളി ഇടവകക്കാരനായ ഒരു സുഹൃത്ത് ആവേശപൂർവ്വം പറയുകയാണ് "ഇതൊക്കെ മറ്റൊരിടത്തും തുടങ്ങുന്നതിനുമുമ്പേ കുടുംബക്കൂട്ടായ്മയും പ്രാർത്ഥനായോഗങ്ങളും കത്തീഡ്രൽ ഇടവകയിൽ ഏറ്റം ഭംഗിയായി നടന്നുകൊണ്ടിരുന്നു. 865-ൽ പരം കുടുംബങ്ങളുള്ള ഈ ഇടവകയെ 20 വാർഡുകളായി തിരിച്ച് പ്രാർത്ഥനായോഗങ്ങൾ ഇവിടെ സ്ഥിരമായി നടത്താൻ തുടങ്ങിയിട്ട് കാൽനൂറ്റാണ്ട് പിന്നിട്ട് കഴിഞ്ഞിരിക്കുന്നു. ഈ പള്ളിപണി നടന്നുകൊണ്ടിരിക്കുമ്പോൾ, ഇരുന്നൂറ് മുന്നൂറ് പണിക്കാർ ദിവസവും ജോലി ചെയ്തുകൊണ്ടിരുന്നപ്പോൾ കുടുംബപ്രാർത്ഥനായോഗങ്ങളിൽ കൃത്യസമയത്തുതന്നെ വികാരി മഠത്തിക്കുന്നേലച്ചൻ സന്യാസി സന്യാസിനികളെയും കൂട്ടിക്കൊണ്ട് എത്തുമായിരുന്നു. ഈ ബ്രഹ്മാണ്ഡദേവാലയത്തോടൊപ്പം ഇവിടുത്തെ ഇടവകജനങ്ങളുടെ ഹൃദയത്തിൽ ഈശോയ്ക്ക് വസിക്കുവാൻ വൻ ദേവാലയങ്ങൾ നിർമ്മിച്ച വികാരിയായിരുന്നു മഠത്തിക്കുന്നേലച്ചൻ."

രൂപതയിൽ വിവിധതലങ്ങളിൽ പല ഔദ്യോഗികസ്ഥാനങ്ങളും വഹിച്ച മഠത്തിക്കുന്നേലച്ചൻ, കത്തീഡ്രൽപള്ളി എല്ലാ പ്രയാസങ്ങളെയും അതിജീവിച്ച് പണികഴിപ്പിച്ച മഠത്തിക്കുന്നേലച്ചൻ, സീറോ-മലബാർ സഭയുടെ ആസ്ഥാനകേന്ദ്രമായ കാക്കനാട്ടെ സെന്റ് തോമസ് മൗണ്ടിൽ ഒരു ലക്ഷം ചതുരശ്രയടിയിലധികം വലുപ്പത്തിൽ മനോഹരമായ ആസ്ഥാനമന്ദിരം പണിയിപ്പിച്ച മഠത്തിക്കുന്നേലച്ചൻ വലിയ ഒരു സംഘാടകനും കെട്ടിടനിർമ്മാണകലയിൽ അതിവിദഗ്ധനുമാണെന്ന് സകലരും സമ്മതിക്കും. എന്നാൽ തന്റെ അജപാലനപരമായ ശുശ്രൂഷയിൽ നൂറുശതമാനം വിജയം വരിച്ച ഒരു വൈദികനാണെന്ന സത്യം പലരും അറിഞ്ഞിട്ടില്ല. അത് കൊട്ടിഘോഷിക്കുവാൻ അദ്ദേഹം മെനക്കെട്ടിട്ടുമില്ല.

www.malankaralibrary.com

താൻ ഏർപ്പെട്ടിട്ടുള്ള വിവിധമണ്ഡലങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച റവ.ഡോ. മാത്യു മഠത്തിക്കുന്നേൽ, മുട്ടുചിറ ഇടവകയിൽ 1934 ജൂൺ 27-ാം തീയതി ജനിച്ചു. പിതാവ് ജോസഫും മാതാവ് ചേർത്തല ഐക്കര കുടുംബാംഗമായ ഏലിയാമ്മയും. വിളയംകോട്, മുട്ടുചിറ, കടുത്തുരുത്തി എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. വിദ്യാഭ്യാസകാലത്ത് സൊഡാലിറ്റി, മിഷൻലീഗ്, സൺഡേ സ്കൂൾ എന്നിവയിൽ സജീവമായി പ്രവർത്തിച്ചിരുന്നു. നല്ല ഒരു പ്രാസംഗികനുമായിരുന്നു.

ഹൈസ്ക്കൂൾ വിദ്യാഭ്യാസാനന്തരം പാലാ രൂപതവക ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ (1952 - 1954) ചേർന്ന് വൈദികപഠനം ആരംഭിച്ചു. തുടർന്ന് ആലുവാ മംഗലപ്പുഴ സെമിനാരിയിൽ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. പഠനത്തിൽ സമർത്ഥനായിരുന്ന ബ്രദർ മാത്യു എം.എസ്സ്.എൽ.എ; പൗളിൻ അക്കാഡമി എന്നിവയുടെ സെക്രട്ടറിയായും, മലയാളം ലൈബ്രറിയുടെ ലൈബ്രേറിയനായും കത്തോലിക്കാ കുടുംബം എന്ന മാസികയുടെ പത്രാധിപരായും സേവനം അനുഷ്ഠിച്ചു. വി.ജോൺ വിയാനിയുടെ ശതാഭിഷേകത്തോടനുബന്ധിച്ച് എം.എസ്സ്.എൽ.എ. സെക്രട്ടറിയായ മഠത്തിക്കുന്നേൽ, ബ്രദർ ജോർജ് വെളിമ്പറമ്പനുമായി സഹകരിച്ച് മതപഠനസംബന്ധമായ ചാർട്ടുകളും മറ്റും തയ്യാറാക്കി ഒരു എക്സിബിഷൻ നടത്തുകയുണ്ടായി. അനവധിയാളുകളെ ആകർഷിച്ചതായിരുന്നു ഈ പ്രദർശനം. ഡീക്കനായിരിക്കുമ്പോൾ ബ്രദർ മാത്യുവിനെ പ്രീഫക്ടായി റെക്ടർ നിയമിക്കുകയുണ്ടായി. ദൈവശാസ്ത്രപഠനത്തിന്റെ അവസാനം റോമിലുള്ള ലാറ്ററൽ യൂണിവേഴ്സിറ്റിയിൽനിന്നുള്ള ബി.ഡി. ഡിഗ്രി മംഗലപ്പുഴ സെമിനാരിയിൽവച്ച് അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. 1961 മാർച്ച് 15-ന് മംഗലപ്പുഴ സെമിനാരിയിൽവച്ച് ബിഷപ്പ് മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു.

ബിഷപ്പ് വയലിൽ തിരുമേനിയുടെ പ്രൈവറ്റ് സെക്രട്ടറിയായിട്ടായിരുന്നു ആദ്യനിയമനം. തുടർന്ന് (1962-63) സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചു. രൂപതയിലെ വിശ്വാസപരിശീലനത്തിന്റെ ഡയറക്ടറുമായിരുന്നു. രൂപതയിൽ ആദ്യമായി മതപഠനത്തിന് ഒരു സിലബസ് തയ്യാറാക്കിയത് മഠത്തിക്കുന്നേലച്ചനായിരുന്നു. 1963-ൽ ഉപരിപഠനാർത്ഥം റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേരുകയും കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടുകയും ചെയ്തു.

റോമിൽനിന്നും തിരിച്ച് നാട്ടിലെത്തിയ മഠത്തിക്കുന്നേലച്ചനെ 1968 ജനുവരിയിൽ പിതാവിന്റെ പേഴ്സണൽ സെക്രട്ടറിയായും അതേവർഷം തന്നെ രൂപതാചാൻസലറായും നിയമിക്കപ്പെട്ടു. 1977 മാർച്ച് 25 വരെ ആ ജോലി തുടർന്നു. ഇക്കാലമത്രയും രൂപതയിൽ നടന്ന നിരവധി പ്രസ്ഥാനങ്ങളിലും സംഭവങ്ങളിലും വയലിൽ പിതാവിന്റെ വിശ്വസ്തനായ മഠത്തിക്കുന്നേലച്ചൻ നിർണ്ണായകമായ പങ്കുവഹിച്ചു. 1972-ലെ കോളേജ് സമരം,

www.malankaralibrary.com

എം.എസ്സ്.ടി. സഭയുടെ രൂപീകരണം തുടങ്ങിയവയിൽ അദ്ദേഹം ചെയ്ത സേവനം വിസ്മരിക്കാവതല്ല. ഡി.എസ്സ്.ടി. സഭയുടെയും മർത്താസ് സിസ്റ്റേഴ്സിന്റെയും ആദ്യത്തെ നിയമാവലി തയ്യാറാക്കുന്നതിലും അച്ചന്റെ സേവനം വിലപ്പെട്ടതായിരുന്നു. പ്രീസ്റ്റ് സെനറ്റ് സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, പ്രൊമോട്ടർ ഓഫ് ജസ്റ്റീസ്, ലിറ്റർജിക്കൽ കമ്മിറ്റി കൺവീനർ, രൂപതാ പ്രസ്ബറ്റേറിയൻ കൗൺസിൽ സെക്രട്ടറി, അഡ്മിനിസ്ട്രേഷൻ കൗൺസിൽ അംഗം, എപ്പാർക്കിയൽ ജഡ്ജ് ഇൻ ട്രൈബ്യൂണൽ എന്നിങ്ങനെ വിവിധനിലകളിൽ 1968-1977 കാലഘട്ടത്തിൽ പ്രവർത്തിക്കുകയുണ്ടായി.

ജ്യോതിസ് തിയോളജിക്കൽ കോളേജിന്റെ അസിസ്റ്റന്റ് ഡയറക്ടറായി പ്രവർത്തിച്ച അദ്ദേഹം. കാത്തലിക് യൂത്ത് മൂവ്മെന്റ്, മാതൃജ്യോതി, ഭവനനിർമ്മാണ പദ്ധതി എന്നിവയുടെ എക്സിക്യൂട്ടീവ് കമ്മറ്റിയംഗമായും പ്രവർത്തിച്ചിട്ടുണ്ട്. 1963 മുതൽ 1965 വരെ നടന്ന വത്തിക്കാൻ കൗൺസിൽ സമ്മേളനത്തിൽ പങ്കെടുക്കാൻ റോമിൽ എത്തിയ വയലിൽ പിതാവ് തന്റെ സെക്രട്ടറിയായി മഠത്തിക്കുന്നേലച്ചനെയാണ് നിയോഗിച്ചത്. വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങൾ കേരളത്തിൽ എങ്ങനെ പ്രാവർത്തികമാക്കാമെന്നതിനെപ്പറ്റി ചർച്ച ചെയ്യാൻ രൂപതയിൽ വിളിച്ചുകൂട്ടിയ സമ്മേളനത്തിന്റെ മുഖ്യസംഘാടകൻ അദ്ദേഹമായിരുന്നു. തുടർന്ന് ആലുവായിൽ നടന്ന റീജയണൽ സെമിനാറിലും 1969-ൽ ബാംഗ്ലൂർ നടന്ന ദേശീയ സെമിനാറിലും (ഇന്നത്തെ ഇന്ത്യയിലെ സഭ സെമിനാർ) മഠത്തിക്കുന്നേലച്ചൻ പങ്കെടുക്കുകയുണ്ടായി.

1974-ൽ വയലിൽ പിതാവിന് ഹൃദ്രോഗബാധയുണ്ടായി. കൂടുതൽ വിശ്രമം ആവശ്യമായി വന്നു. 1976-ലെ അമേരിക്കൻ യാത്രയുടെ ലക്ഷ്യവും അല്പം വിശ്രമവും ചികിത്സയുമായിരുന്നു. ആ യാത്രയിലാണ് ഫിലാഡൽഫിയായിൽ നടന്ന ദിവ്യകാരുണ്യകോൺഗ്രസ്സിൽ പിതാവ് പങ്കെടുത്തത്. ആ യാത്രയിൽ പിതാവിനെ അനുഗമിച്ചത് മഠത്തിക്കുന്നേലച്ചനായിരുന്നു. അമേരിക്കയിലുള്ള സീറോ-മലബാർ സഭാംഗങ്ങളുടെ ഭവനം സന്ദർശിക്കുകയും ആശീർവദിക്കുകയും ചെയ്തു. അക്കാലത്ത് ദീപനാളം വാരികനഷ്ടമായതിനാൽ നിർത്തൽ ചെയ്യണമെന്ന അഭിപ്രായക്കാർ ധാരാളമുണ്ടായിരുന്നു. പാലായിൽ നിന്നും ഒരു ദിനപത്രം അല്ലെങ്കിൽ ഒരു വാരികയെങ്കിലും വേണമെന്ന ദൃഢാഭിപ്രായക്കാരനായിരുന്നു വയലിൽ തിരുമേനി. ദീപനാളത്തെ ഒരു സ്വതന്ത്രസ്ഥാപനമായി നിലനിർത്തേണ്ടത് ആവശ്യമാണെന്ന് തിരുമേനിക്കു ബോദ്ധ്യംവന്നു. തനിക്കു സമ്മാനമായി ആ യാത്രയിൽ സീറോ-മലബാർ സഭാംഗങ്ങൾ നൽകിയതെല്ലാം ദീപനാളത്തിനുവേണ്ടി വിനയോഗിക്കാൻ തീരുമാനിച്ചു. നാട്ടിൽ തിരിച്ചെത്തിയ പിതാവ് ദീപനാളത്തിനുവേണ്ടി ഒരു പ്രസ്സ്വാങ്ങിക്കുവാൻ പ്ലാത്തോട്ടത്തിൽ ചാക്കോച്ചനെയും മഠത്തിക്കുന്നേലച്ചനെയും ചുമതലപ്പെടുത്തി.

www.malankaralibrary.com

ദീപനാളത്തിന്റെ ഉൽഘാടന ചടങ്ങിലും എം.എസ്സ്.ടി. ദീപ്തിഭവന് മേലമ്പാറയിൽ കല്ലിട്ട കർമ്മത്തിനും, മാർ പള്ളിക്കാപ്പറമ്പിലിന്റെ സ്ഥാനാരോഹണ ചടങ്ങുകൾക്കും ഫാ. മഠത്തിക്കുന്നേൽ നേതൃത്വം നൽകി. മെത്രാഭിഷേക സ്മാരകമായി രൂപീകരിച്ച കുടുംബസഹായഫണ്ട് രൂപീകരിക്കുന്നതിലും അച്ചൻ കഠിനാദ്ധ്വാനം ചെയ്തു. 1976-ലെ അമേരിക്കൻ പര്യടനത്തിനിടയിൽ വാഷിംഗ്ടണിലെത്തിയ പിതാവ് അവിടുത്തെ ഷ്റൈൻ മാതൃകയിലുള്ള ദേവാലയം സന്ദർശിച്ചു. ആ ദേവാലയത്തിന്റെ രീതിയിൽ പാലായിൽ കത്തീഡ്രൽപള്ളി പണിയണമെന്ന ആഗ്രഹം വയലിൽ പിതാവിനുണ്ടായി. ആ ദേവാലയത്തിന്റെ വിവിധതലങ്ങളിൽ ഉള്ള ഫോട്ടോ കൊണ്ടുവരികയും ഇവിടെയുള്ള എൻജിനീയർമാരുമായി ചർച്ച ചെയ്യുന്നതിന് മഠത്തിക്കുന്നേലച്ചനെ നിയോഗിക്കുകയും ചെയ്തു.

വയലിൽ പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി ഏറ്റം ഭംഗിയായി ആഘോഷിക്കുന്നതിനും അദ്ദേഹം മുഖ്യനേതൃത്വം നൽകി. കത്തോലിക്കാ സ്ഥാപനങ്ങളിലും പള്ളികളിലും ഒരു വർഷത്തേക്ക് ആരാധന, പാവപ്പെട്ടവർക്കുള്ള ഭവനനിർമ്മാണപദ്ധതി തുടങ്ങിയവയായിരുന്നു ജൂബിലിയുടെ പ്രധാനപരിപാടികൾ. മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കലച്ചൻ ഇക്കാര്യത്തിൽ മുഖ്യസഹായിയായിരുന്നു.

1977 മാർച്ച് 25-ന് വയലിൽ പിതാവ് കത്തീഡ്രൽ ദേവാലയത്തിന്റെ നിർമ്മാണചുമതല ഏല്പിച്ചുകൊണ്ട് 25000 രൂപയും നൽകി കത്തീഡ്രൽ ദേവാലയത്തിന്റെ വികാരിയായി മഠത്തിക്കുന്നേലച്ചനെ നിയോഗിച്ചു. "ഞാൻ നിങ്ങൾക്ക് ഏറ്റം പ്രിയപ്പെട്ട ഒരു സമ്മാനം തരുന്നുവെന്നാണ്" പിതാവ് കത്തീഡ്രൽ ഇടവകക്കാരോട് പറഞ്ഞത്. പള്ളിപണിയുടെ പൂർത്തീകരണത്തിനായി എല്ലാവരുടെയും പ്രാർത്ഥനാസഹായം മഠത്തിക്കുന്നേലച്ചൻ അഭ്യർത്ഥിക്കുകയും അതിനുവേണ്ടി പ്രത്യേകപ്രാർത്ഥന തയ്യാറാക്കി എല്ലാ ഭവനങ്ങളിലും സന്യാസസന്യാസിനി ഭവനങ്ങളിലും എത്തിക്കുകയും ചെയ്തു. 1977 സെപ്റ്റംബർ 8-ാം തീയതി പള്ളിയുടെ മൂലക്കല്ല് വയലിൽ തിരുമേനി ആശീർവദിക്കുകയും പുതിയ പള്ളിയുടെ പടിഞ്ഞാറേ മൂലയിൽ സ്ഥാപിക്കുകയും ചെയ്തു. വിശുദ്ധരുടെ തിരുശേഷിപ്പുകൾ, നാണയങ്ങൾ, പഞ്ചലോഹങ്ങൾ, വലിയപള്ളിയുടെ ചരിത്രം ചെമ്പുതകിടിൽ ആംഗലഭാഷയിൽ അടിച്ച് പിച്ചളക്കുഴലിൽ ഇട്ടത് ഇവയെല്ലാം മൂലക്കല്ലിനകത്തു നിക്ഷേപിച്ചു. ഇതോടെ നിർമ്മാണ ജോലികൾ അനുസ്യൂതം മുന്നോട്ടു നീങ്ങി. പള്ളിയുടെ സ്ട്രക്ച്ചർ, മദ്ബഹ, വാതിൽ, ജനൽ, വിയാസാക്ര രൂപങ്ങൾ, അൾത്താര, സക്രാരി, മൊസേക്ക് പണികൾ, കെടാവിളക്ക്, ഹന്നാൻ വെള്ള പ്പാത്രങ്ങളും ഭണ്ഡാരക്കുറ്റികളും, ആലക്തിക സംവിധാനങ്ങളും, പെയിന്റിംഗും, ശബ്ദസംവിധാനവും, ഇരിപ്പിട സൗകര്യങ്ങളും കരിങ്കൽ കുരിശും കൊടിമരവും എല്ലാം കാണുന്നവർക്ക് മഠത്തിക്കുന്നേലച്ചന്റെ ഭാവന മനസ്സിലാക്കുവാൻ സാധിക്കും.

www.malankaralibrary.com

മനോഹരങ്ങളായ തിരുസ്വരൂപങ്ങളാണ് ഏറ്റം ശ്രദ്ധേയം. ബിഷപ്പ് വയലിൽ മെമ്മോറിയൽ പാരീഷ്ഹാൾ സ്മരണികയിൽ മഠത്തിക്കുന്നേലച്ചൻ എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം "മുഖവാരത്തിന്റെ ഏറ്റം മുകളിൽവച്ച് വാർത്തിരിക്കുന്നത് 16 അടി ഉയരമുള്ള മാർത്തോമ്മാ കുരിശാണ്. അതിന് താഴെയായി മദ്ധ്യത്തിൽ ഭദ്രാസനത്തിന്റെ ഔദ്യോഗിക ചിഹ്നമായ വടിയും മുടിയും കുരിശും എഴുന്നു നിൽക്കുന്നവിധം ചെയ്തിരിക്കുന്നു. മുഖവാരത്തിന്റെ മദ്ധ്യത്തിൽ വി.തോമ്മാശ്ലീഹായുടെയും വലതുവശത്ത് വി.പത്രോസിന്റെയും ഇടതുവശത്തായി വി.പൗലോസിന്റെയും മനോഹരങ്ങളായ പ്രതിമകൾ അവിടെവച്ചുതന്നെ വാർത്തിരിക്കുകയാണ്. റോമിലെ ലാറ്ററിൻ ബസ്ലിക്കായിൽ സ്ഥാപിച്ചിരിക്കുന്ന 12 അപ്പസ്തോലന്മാരുടെ മാതൃകയിലാണ് അവ രൂപകല്പന ചെയ്തിട്ടുള്ളത്. പ്രധാനകവാടത്തിന് തൊട്ടുമുകളിൽ മൂന്നുരാജാക്കന്മാരുടെ എഴുന്നുനിൽക്കുന്ന പ്രതിമകൾ കൊത്തിയിരിക്കുന്നു. .... കിഴക്കേ എടുപ്പിന്റെ പുറംഭിത്തിയിൽ കത്തീഡ്രൽ ദേവാലയത്തിന്റെ കോട്ട് ഓഫ് ആമും പടിഞ്ഞാറേ ഭാഗത്ത് വയലിൽ പിതാവിന്റെ കോട്ട് ഓഫ് ആമും ചിത്രീകരിച്ചിരിക്കുന്നു." പൂജരാജാക്കന്മാരുടെ നാമത്തിലുള്ള പഴയ ദേവാലയം പൊളിച്ച് മാറ്റിയ സ്ഥലത്താണ് പുതിയ ദേവാലയം നിർമ്മിച്ചത്. അതുകൊണ്ടാണ് പൂജരാജാക്കന്മാരുടെ പ്രതിമകൾ കൊത്തിയിരിക്കുന്നത്.

പള്ളിപണിയുടെ സമ്പൂർണ്ണ ചരിത്രമാണ് അച്ചൻ എഴുതിയ ഈ ലേഖനം. തന്നോട് ഒത്തുപ്രവർത്തിച്ചവരെ ആദരിച്ചും അനുസ്മരിച്ചും എഴുതിയിരിക്കുന്ന ആ ലേഖനം മറ്റുള്ളവരെ അച്ചൻ ബഹുമാനിക്കുന്നുവെന്നുള്ളതിന് തെളിവാണ്. പള്ളിപണിക്ക് ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തിയകാര്യങ്ങൾ വായിക്കുമ്പോൾ കത്തീഡ്രൽ പള്ളി പണിക്ക് അച്ചൻ അനുഭവിച്ച ത്യാഗങ്ങൾ മനസ്സിലാക്കാം. കാർഡിനൽ റൂബിൻ തിരുമേനിയാണ് (പൗരസ്ത്യ തിരുസംഘം പ്രീഫെക്ട്) പള്ളിയുടെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചത്. അതിന്റെ ഓർമ്മകൾ ഇന്നും എല്ലാവരിലും നിലനിൽക്കുന്നു. ഇതിനുമുൻപുതന്നെ പാലാ ടൗണിലെ ജൂബിലി കപ്പേളയുടെ പണി പൂർത്തീകരിച്ച് ആശീർവദിക്കുകയുണ്ടായി. അഞ്ചര ടൺ ഭാരമുള്ള കർത്താവിന്റെ ഒറ്റക്കല്ലിൽ തീർത്ത രൂപം കപ്പേളയുടെ മുകളിൽ സ്ഥാപിച്ചതുതന്നെ അത്ഭുതകരമായിരുന്നു. കപ്പേളയുടെ ആശീർവാദത്തോടനുബന്ധിച്ച് പാലാ ടൗണിലെ റോഡുകളിൽ വെള്ളമണൽ വിരിച്ച് അതിലൂടെ നടത്തിയ ദിവ്യകാരുണ്യ പ്രദക്ഷിണം ജനങ്ങളുടെ പ്രാർത്ഥനാചൈതന്യം വളർത്തുന്നതിന് സഹായകരമായിരുന്നു.

പാലായിൽനിന്നും രാമപുരം ഫൊ.പള്ളിയിലേക്കാണ് അച്ചൻ സ്ഥലം മാറിയത്. ഒരു ചരിത്രാവബോധമുള്ള വ്യക്തിയെന്ന നിലയിൽ പല സംരംഭങ്ങൾക്കും നേതൃത്വം നൽകുവാൻ അദ്ദേഹത്തിന് സാധിച്ചു. മാർ കരിയാറ്റിയുടെ 200-ാം ചരമവാർഷികവും പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ

www.malankaralibrary.com

250-ാം ജന്മവാർഷികവും സംയുക്തമായി സീറോ-മലബാർ സഭയിലെ ഒരു ഡസനിലധികം മെത്രാന്മാരുടെ സാന്നിദ്ധ്യത്തിൽ വിപുലമായ തോതിൽ രാമപുരത്ത് ആചരിച്ചു. മാർ കരിയാറ്റി മെത്രാഭിഷേക ദ്വിശതാബ്ദി സ്മരണിക പ്രകാശനം ചെയ്തതും ഇക്കാലത്താണ്. രാജ്യസഭാ ഡെപ്യൂട്ടി ചെയർമാനായും കേന്ദ്രമന്ത്രിയായും രാമപുരം ഇടവകക്കാരനായ ശ്രീ. എം.എം. ജേക്കബ്ബ് തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന് ഗംഭീരമായ സ്വീകരണം നൽകുവാനും അദ്ദേഹം നേതൃത്വം നൽകി. വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്കുയർത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ നാമകരണ നടപടികൾക്കുള്ള തുടക്കം കുറിച്ചതും മഠത്തിക്കുന്നേലച്ചൻ വികാരിയായിരിക്കുമ്പോഴാണ്. ആ പരിപാടിയിൽ കർദ്ദനാൾ ലൂർദ്ദ്സ്വാമി, മാർ ജോസഫ് പവ്വത്തിൽ, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മാർ മാത്യു വട്ടക്കുഴി, മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി, മാർ കുര്യാക്കോസ് കുന്നശ്ശേരി തുടങ്ങിയ പിതാക്കന്മാരും സംബന്ധിക്കുകയുണ്ടായി.

രാമപുരത്തുനിന്നും കടപ്ലാമറ്റത്തേക്കാണ് അച്ചൻ സ്ഥലം മാറിയത്. രാമപുരത്തും, കടപ്ലാമറ്റത്തും കുടുംബക്കൂട്ടായ്മയ്ക്കും പ്രാർത്ഥനയ്ക്കും പ്രാധാന്യം നൽകിയ അച്ചൻ ജാതിമതഭേദമില്ലാതെ എല്ലാവരോടും പക്വതയോടെ പെരുമാറുകയും ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങളിൽ താല്പര്യപൂർവ്വം ഇടപെടുകയും ചെയ്തിരുന്നു.

സീറോ-മലബാർ സഭയുടെ ഫിനാൻസ് ഓഫീസറായിട്ടായിരുന്നു അടുത്ത നിയമനം. അതോടെ പ്രവർത്തനകേന്ദ്രം എറണാകുളമായി. സീറോ-മലബാർ സഭയ്ക്ക് ഒരു ആസ്ഥാനകേന്ദ്രം കണ്ടുപിടിക്കുക, അവിടെ ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുക ഇവയ്ക്കെല്ലാം മുഖ്യനേതൃത്വം വഹിക്കേണ്ടത് ഫിനാൻസ് ഓഫീസറായിരുന്നു. എറണാകുളം മുതൽ അങ്കമാലിവരെ സ്ഥലം അന്വേഷിച്ച് നടന്നു. നവോദയ അപ്പച്ചന്റെ കാക്കനാട്ടുള്ള 21.5 ഏക്കർ സ്ഥലം മൂന്നരക്കോടിയോളം രൂപയ്ക്ക് വാങ്ങി. അപ്പസ്തോലിക് അഡ്മിനിസ്റ്ററേറ്റർ മാർ അബ്രാഹം കാട്ടുമന ഈ കാര്യത്തിനുവണ്ടി വളരെയധികം ത്യാഗമനുഭവിച്ചിട്ടുണ്ട്. കെട്ടിടം നിർമ്മാണത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കാൻ തൃശൂർ ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം ചെയർമാനായി സഭയിലെ പ്രൊക്കുറേറ്റർമാരുടെ രണ്ടു പ്രതിനിധികൾ, ഒരു സന്യസ്ത പ്രതിനിധി, സന്യാസിനി സമൂഹത്തിന്റെ ഒരു പ്രതിനിധി, മൂന്ന് അൽമായ പ്രതിനിധികൾ എന്നിവരടങ്ങിയ ഒരു കമ്മറ്റിയെ നിയമിച്ചു. ആ കമ്മറ്റിയുടെ കൺവീനർ മഠത്തിക്കുന്നേലച്ചനായിരുന്നു. കേരളത്തിന് പുറത്തും വിദേശത്തുമുള്ള സഭാംഗങ്ങൾക്ക് അപ്പസ്തോലിക് അഡ്മിനിസ്റ്ററേറ്റർ മാർ വർക്കി വിതയത്തിൽ സഹായമഭ്യർത്ഥിച്ചുകൊണ്ടുള്ള കത്ത് എഴുതി. സമ്പന്ന കുടുംബങ്ങളിൽ ഫിനാൻസ് കൗൺസിൽ ചെയർമാൻ മാർ ജോസഫ് പുന്നക്കോട്ടിൽ തിരുമേനിയും ഫിനാൻസ് ഓഫീസർ റവ.ഡോ. മാത്യു മഠത്തിക്കുന്നേലച്ചനും കൂടി സന്ദർശിച്ച് പണം ശേഖരിച്ചു.

www.malankaralibrary.com

ദീപികയിൽ സഭാകേന്ദ്രത്തിനുവേണ്ടി വിശ്രമമറിയാതെ എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിരുന്ന ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം.

കാക്കനാട്ട് സെന്റ് തോമസ് മൗണ്ടിൽ കേന്ദ്രകാര്യാലയത്തിനുവേണ്ടി എത്ര ചാക്ക് സിമന്റും എത്ര ലോഡ് ഇഷ്ടികയും മണലും എത്ര ടൺ കമ്പിയും വേണ്ടിവന്നു എന്ന ചോദ്യത്തിന് കമ്പ്യൂട്ടറിന്റെ കീ ബോർഡിലെന്നപോലെ തലച്ചോറിൽ വിരലമർത്തി മനക്കണക്കുപോലെ ഉത്തരം തരുന്ന ഒരാളുണ്ട്. റവ.ഡോ.മാത്യു മഠത്തിക്കുന്നേൽ.

ഇവയ്ക്കൊക്കെ ലോഡിന്, ചാക്കിന്, ടണ്ണിന് എത്ര രൂപവീതമായി എന്നു ചോദിച്ചാലും അച്ചന് മുറിയിലെ കമ്പ്യൂട്ടറിന്റെ കീബോർഡിൽ വിരലമർത്തേണ്ടി വരില്ല. അത്രയ്ക്ക് ഹൃദിസ്ഥമാണ് സഭയുടെ ഫിനാൻസ് ഓഫീസർ കൂടിയായ മഠത്തിക്കുന്നേലച്ചന് കണക്കുകൾ.

പാലാ രൂപതയിലെ കടപ്ലാമറ്റം ഇടവകയിൽ 18 മാസത്തെ സേവനത്തിനു നടുവിൽനിന്ന് അധികാരികൾ മഠത്തിക്കുന്നേലച്ചനെ സഭയുടെ ഭണ്ഡാരത്തിന്റെ താക്കോൽ ഏല്പക്കുമ്പോൾ, ഭാരിച്ച ഉത്തരവാദിത്വത്തെക്കുറിച്ച് അദ്ദേഹത്തിന് ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ട് ചോര വിയർപ്പുതുള്ളികളാക്കി, ഉച്ചയൂണു കഴിഞ്ഞുള്ള വിശ്രമം ഒഴിവാക്കി ആരോഗ്യത്തെ അവഗണിച്ച് അച്ചൻ ജോലി ചെയ്തു. ആ വേലയുടെ പൂർത്തീകരണ നിമിഷമിതാ.

ഓരോ ലോഡ് മണലിലും ഇഷ്ടികയിലും ഓരോ ചാക്ക് സിമിന്റിനും അച്ചൻ വിലപേശുമ്പോൾ എറണാകുളത്തെ തഴക്കം ചെന്ന ബിസിനസ്സുകാർപോലും മൂക്കത്തു വിരൽവച്ചു പോയിട്ടുണ്ട്. സൗമ്യനായ ചിരിച്ചുകൊണ്ടുമാത്രം സംസാരിക്കുന്ന തൂവെള്ള ളോഹയണിഞ്ഞ, തങ്ങളേക്കാൾ വലിയ ബിസിനസുകാരനായ അച്ചനെക്കണ്ട്.

ഓരോ ഐറ്റത്തിനും മൂന്നു ക്വട്ടേഷൻവീതം വാങ്ങി ഏറ്റവും കുറഞ്ഞ ക്വട്ടേഷൻകാരനെ തേടിപ്പിടിച്ച് വീണ്ടും കിഴിവുവാങ്ങി സാധനങ്ങൾ വാങ്ങുകയായിരുന്നു അച്ചന്റെ ശൈലി.

പാലായുടെ പ്രഥമബിഷപ്പ് മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയുടെ സെക്രട്ടറിയായി പൗരോഹിത്യസേവനം തുടങ്ങിയ ഫാ.മഠത്തിക്കുന്നേൽ റോമിൽനിന്ന് പൗരസ്ത്യകാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടി. ഒൻപതു വർഷം പാലാ രൂപതയുടെ ചാൻസലറായിരുന്നു. പുരാതനമായ രാമപുരത്ത് ഏഴുവർഷം വികാരിയായിരുന്ന സമയത്താണ് ദൈവദാസൻ കുഞ്ഞച്ചന്റെ നാമകരണ നടപടികൾ തുടങ്ങിയത്. എട്ടുവർഷം പാലാ കത്തീഡ്രൽ വികാരിയായിരിക്കെ, വാഷിംഗ്ടണിലെ ഇമാക്കുലേറ്റ് കൺസപ്ഷൻ ചാപ്പലിന്റെ മാതൃകയിൽ കത്തീഡ്രൽപള്ളി പുതുക്കിപ്പണിയുന്നതിനും നേതൃത്വം നൽകി. ആ പരിചയമാണ് റവ.ഡോ.മഠത്തിക്കുന്നേലിനെ കേന്ദ്രകാര്യാലയ നിർമ്മാണ ചുമതലയേൽപ്പിക്കാൻ സഭാനേതൃത്വത്തെ പ്രേരിപ്പിച്ചത്."

www.malankaralibrary.com

സെന്റ് തോമസ് മൗണ്ടിന്റെ വികസനം ലക്ഷ്യമാക്കി അച്ചൻ ചെയ്തിട്ടുള്ള ഇതരസേവനങ്ങളെ വിവരിക്കാൻ മുതിരുന്നില്ല.

പള്ളിയോഗത്തെ സംബന്ധിച്ച് പ്രത്യേക നിയമങ്ങൾ ക്രോഡീകരിക്കുന്നതിന് നിയുക്തമായ കമ്മറ്റിയുടെ കൺവീനർ കൂടിയായിരുന്നു മഠത്തിക്കുന്നേലച്ചൻ. അതിനുവേണ്ടി നിരവധി കോൺഫറൻസുകൾ വിളിച്ചുകൂട്ടുകയുണ്ടായി. ആറുവർഷക്കാലം ഫിനാൻസ് ഓഫീസർ ആയിരുന്ന കാലത്താണ് സീറോ-മലബാർ സഭയുടെ പ്രഥമ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി കാക്കനാട്ട് നടന്നത്. അതിന്റെ വിജയത്തിനുവേണ്ടി വളരെയധികം അച്ചൻ പ്രവർത്തിക്കുകയുണ്ടായി.

സെന്റ് തോമസ് മൗണ്ടിൽനിന്നും മുട്ടുചിറ ഹോളിഗോസ്റ്റ് ആശുപത്രിയുടെയും വിയാനി പ്രീസ്റ്റ് ഹോമിന്റെയും ഡയറക്ടർ ആയിട്ടാണ് അച്ചനെ സ്ഥലം മാറ്റുന്നത്. കഴിഞ്ഞ ഏഴുവർഷത്തിനുള്ളിൽ മുട്ടുചിറ ആശുപത്രിയ്ക്കുണ്ടായ പുരോഗതി പ്രശംസനീയമാണ്. നഴ്സിംഗ് സ്കൂളിനും കാർഡിയോളജി വിഭാഗത്തിനുംവേണ്ടി പ്രത്യേകം ബ്ലോക്കുകൾ നിർമ്മിക്കാനും നഴ്സിംഗ് സ്കൂളിന് ഐ.എൻ.സി.യുടെ അംഗീകാരം നേടിയെടുക്കാനും അച്ചന് സാധിച്ചു. ഹോസ്പിറ്റലിന്റെ സുവർണ്ണജൂബിലി വിപുലമായ തോതിൽ ആഘോഷിച്ചു. ജൂബിലിയാഘോഷ പരിപാടികൾ ഉൽഘാടനം ചെയ്തുകൊണ്ട് മേജർ ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിൽ മഠത്തിക്കുന്നേലച്ചൻ സെന്റ് തോമസ് മൗണ്ടിനുവേണ്ടിയും സീറോ-മലബാർ സഭയ്ക്കുവേണ്ടിയും ചെയ്ത സേവനങ്ങളെ മുക്തകണ്ഠം പ്രശംസിക്കുകയും അദ്ദേഹത്തിന് അർഹിക്കുന്ന അംഗീകാരം നാം നൽകിയിട്ടില്ലെന്ന് പ്രസ്താവിക്കുകയും ചെയ്തു.

1972-ലെ കോളേജ് പ്രക്ഷോഭണത്തെ തുടർന്ന് അഡ്മിഷന്റെയും നിയമനത്തിന്റെയും രംഗത്ത് മാനേജ്മെന്റിന് ലഭിച്ച അധികാരങ്ങൾ വിനയോഗിക്കുന്നതിൽ ലഭ്യമായ അവസരങ്ങൾ മഠത്തിക്കുന്നേലച്ചൻ എങ്ങനെ വിനയോഗിച്ചു എന്ന് ചിന്തിക്കുന്നത് സമുചിതമായിരിക്കും. മാനേജ്മെന്റ് ക്വോട്ടാ മാനേജ്മെന്റിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ നിലകൊള്ളുന്നവർക്ക് മാത്രമായിരിക്കണമെന്ന ഉറച്ച നിലപാടാണദ്ദേഹത്തിനുള്ളത്. അതേസമയം മാനേജ്മെന്റിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായി എന്നും നിലകൊണ്ടിട്ടുള്ളവർ മറ്റു സ്വാധീനം ഉപയോഗിച്ച് മാനേജ്മെന്റ് ക്വോട്ടായുടെ നേട്ടങ്ങൾ നേടിയെടുക്കുന്ന കാഴ്ച പലപ്പോഴും നമ്മെ വേദനിപ്പിക്കാറുണ്ട്. മഠത്തിക്കുന്നേലച്ചന്റെ ഈ പ്രശ്നത്തിലുള്ള നിലപാട് നീതീകരണാർഹമാണ്.

വിലാസം - റവ.ഡോ. മാത്യു മഠത്തിക്കുന്നേൽ, ഡയറക്ടർ, ഹോളി ഗോസ്റ്റ് ഹോസ്പിറ്റൽ, മുട്ടുചിറ പി.ഒ. - 686613

www.malankaralibrary.com

# 171



# ഡോക്ടർ സിസ്റ്റർ റെജീസ് താക്കോൽക്കാരൻ സി.എച്ച്.എഫ്.

വൈദ്യശാസ്ത്ര രംഗത്ത് സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുകയും ഇരിങ്ങാലക്കുട രൂപതയിലെ ലഹരി വിരുദ്ധ പ്രസ്ഥാനമായ നവചൈതന്യയ്ക്കും വിവാഹജീവിതത്തിന് യുവതീയുവാക്കളെ ഒരുക്കുന്നതിനാരംഭിച്ച പ്രീ-കാനാകോഴ്സുകൾക്കും രൂപവും ഭാവവും നൽകുന്നതിൽ നിർണ്ണായകമായ പങ്കുവഹിക്കുകയും ചെയ്ത ഡോക്ടർ സിസ്റ്റർ റേജീസ് താക്കോൽക്കാരൻ 1934 ജൂലൈ 22-ാം തീയതി പുത്തൻചിറ വാലികോടത്ത് താക്കോൽകാരൻ കുടുബത്തിൽ ലോന കുഞ്ഞി ഏലിക്കുട്ടി ദമ്പതികളുടെ മകളായി ജനിച്ചു.

1950 ൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ റേജീസ് 1954 ൽ തൃശൂർ കോളേജിൽനിന്നും ബി.എ. ബിരുദം നേടി. അതേവർഷം തന്നെ തിരുക്കുടുംബ സന്യാസ സമൂഹത്തിൽ അർത്ഥിനിയായി ചേർന്നു. 1956 മേയ് 17 ന് സന്യാസ സമർപ്പണം നടന്നു. അരണാട്ടുകര ഇൻഫന്റ് ജീസസ് ഗേൾസ് ഹൈസ്കൂളിൽ 1954-55 സ്കൂൾ വർഷത്തിലും 1956-57 സ്കൂൾ വർഷത്തിലും അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു. പഠനത്തിൽ ബഹുസമർത്ഥയായ സിസ്റ്റർ റേജിസിനെ 1957 ൽ മെഡിസിൻ പഠിക്കുന്നതിനായി ജർമ്മനിയിലേക്കയച്ചു. ജർമ്മനിയിലെ മ്യൂൺസ്റ്ററിലെ വെസ്റ്റ് ഫാലൻ വിൽഹെൽമ്സ് യൂണിവേഴ്സിറ്റിയിൽ നിന്നും 1965 ൽ എം.ഡി. ഡിഗ്രി എടുത്തു. ഹാംബർഗ് ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ട്രോപിക്കൽ മെഡിസിനിൽ ഡി.റ്റി.എം. ഡിപ്ലോമായും 1965 ൽ കരസ്ഥമാക്കി. അതേവർഷം തന്നെ നാട്ടിൽ തിരിച്ചെത്തി.

തൃശൂർ രൂപതയുടെ നേതൃത്വത്തിലുള്ള തൃശൂരെ കൊഴുക്കുള്ളി കുഷ്ഠരോഗാശുപത്രിയിൽ ആർ.എം.ഒ. ആയി ജോലിയിൽ പ്രവേശിച്ചു. ആറുവർഷം അവിടെ സേവനം അനുഷ്ഠിച്ചു. 1975 ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും ഡി.ജി.ഒ. കോഴ്സ് പൂർത്തിയാക്കി. തുടർന്ന് വിൻസെന്റ് ഡിപോൾ സഖ്യത്തിന്റെ നേതൃത്വത്തിലുള്ള പൂവത്തുശ്ശേരി സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ ചീഫ് മെഡിക്കൽ ഓഫീസറും ചീഫ് ഗൈനക്കോളജിസ്റ്റും ആയി സേവനം ചെയ്തു. 1991 മുതൽ തിരുക്കുടുംബ സന്യാസിനിസമൂഹത്തിന്റെ പാവനാത്മാ പ്രോവിൻസിന്റെ നേതൃത്വത്തിലുള്ള കുഴിക്കാട്ടുശ്ശേരിയിലെ മരിയതെരേസാ ഹോസ്പിറ്റലിൽ ചീഫ് മെഡിക്കൽ ഓഫീസറും ഗൈനക്കോളജിസ്റ്റുമായി പ്രവർത്തിച്ചു. 1991 മുതൽ 1997

www.malankaralibrary.com

വരെ ഇരിങ്ങാലക്കുട പാവനാത്മാ പ്രോവിൻസിന്റെ വികാർ പ്രൊവിൻഷ്യൽ ആയും 1997 മുതൽ 2000 വരെ കുഴിക്കാട്ടുശ്ശേരി സെന്റ് ജോസഫ് കോൺവെന്റിന്റെ സുപ്പീരിയർ ആയും സേവനം അനുഷ്ഠിച്ചു. ഇക്കാലഘട്ടത്തിൽ 1991–97 വരെ ഇരിങ്ങാലക്കുട രൂപതയിലെ അവാർഡ് ഓർഗനൈസേഷനിൽ ഡയറക്ടർ ബോർഡിൽ ഒരു അംഗമായി സേവനം ചെയ്തു. അവാർഡിന്റെ നേതൃത്വത്തിൽ ട്രൈബൽ ഏരിയാകളിൽ നടത്തി വരുന്ന മെഡിക്കൽ ക്യാമ്പുകളിൽ പ്രവർത്തിക്കുന്ന സി.എൽ.സി., സി.വൈ.എം., ജീസസ് യൂത്ത് എന്നിവയുടെ നേതൃത്വത്തിൽ നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിലും സന്തോഷപൂർവ്വം സിസ്റ്റർ പങ്കെടുക്കും.

അവിഭക്ത തൃശൂർ രൂപതയിൽ ഫാമിലി അപ്പസ്റ്റോലേറ്റും വിവാഹ ഒരുക്കത്തിനുള്ള കോഴ്സുകളും ആരംഭിച്ചകാലം മുതൽ ഇടവകകളിൽ മാതാപിതാക്കൾക്കും യുവജനങ്ങൾക്കും പ്രീ കാനാ കോഴ്സിലും ക്ലാസ് എടുക്കാറുണ്ട്. കത്തോലിക്കാ യുവതികൾക്കു മാത്രമല്ല ഹിന്ദു യുവതികളെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തുന്ന വിവാഹ ഒരുക്ക കോഴ്സിലും സിസ്റ്റർ ക്ലാസ് എടുക്കാറുണ്ട്. കുടുംബ നവീകരണം ലക്ഷ്യംവച്ച് എഫ്.ആർ.സി. കുഴിക്കാട്ടുശ്ശേരിയിലും ബി.എൽ.എം.-ലും സംഘടിപ്പിക്കുന്ന ദമ്പതി ധ്യാനങ്ങളിലും, ലൈംഗികത ദൈവദാനം, സ്ത്രീപുരുഷ മനുഷശാസ്ത്രം, സ്വാഭാവിക കുടുംബ സംവിധാനം എന്നീ വിഷയങ്ങളെക്കുറിച്ചും ക്ലാസ്സുകൾ നൽകി വരുന്നു.

ഇരിങ്ങാലക്കുട രൂപതയിലെ ലഹരിവിരുദ്ധ പ്രസ്ഥാനമായ നവചൈതന്യ ആരംഭിക്കുന്നതിന് മുൻകൈ എടുത്തവരിൽ ഒരാളാണ് സിസ്റ്റർ റേജീസ്. സാൻജോസദൻ ആനന്ദപുരം ലഹരി വിമോചന കേന്ദ്രത്തിൽ ഒരു ദിവസം സേവനം നൽകുന്നത് ഒരു വലിയ ഭാഗ്യമായിട്ടാണ് സിസ്റ്റർ റേജീസ് കരുതുന്നത്. നവചൈതന്യ സംഘടിപ്പിക്കുന്ന അഡിക്ടരായവർക്കും അവരുടെ ഭാര്യമാർക്കും ക്ലാസുകൾ കൊടുക്കുന്നതിന് സിസ്റ്റർ പ്രത്യേകം താല്പര്യം കാണിക്കുന്നു.

രോഗികളുടെ ശാരീരിക സൗഖ്യത്തോടൊപ്പം, ആത്മീയ സൗഖ്യത്തെക്കുറിച്ചും, കുടുംബപ്രശ്നങ്ങളെക്കുറിച്ചും സാമ്പത്തിക ക്ലേശങ്ങളെക്കുറിച്ചും താല്പര്യത്തോടെ ആരായുകയും കൗൺസിലിംഗുകളിലൂടെയും പ്രാർത്ഥനയിലൂടെയും അവർക്ക് പ്രതിവിധികൾ നൽകാൻ കഴിയുകയും ചെയ്യുന്നത് സിസ്റ്ററിന് സന്തോഷവും സംതൃപ്തിയും നൽകുന്നു. ഇന്നിന്റെ വലിയ പ്രവണതയായ ഭ്രൂണഹത്യയിൽനിന്ന് കുറേപ്പേരെ പിന്തിരിപ്പിക്കുവാനും ജീവനെ സംരക്ഷിക്കുവാനും കഴിഞ്ഞതിൽ സിസ്റ്റർ സംതൃപ്തയാണ്. സിസ്റ്ററിന്റെ ആദ്ധ്യാത്മിക മാതൃത്വത്തിന് ഒരുവലിയ മുതൽക്കൂട്ടായി സിസ്റ്റർ കണക്കാക്കുന്നു. ദൈവത്തിന് സിസ്റ്റർ നന്ദിപറയുന്നു. ഭ്രൂണഹത്യയിൽനിന്നും പിന്തിരിപ്പിച്ചതുവഴി അങ്ങനെയുള്ള കുടുംബങ്ങൾ ഇന്നും ആത്മാർത്ഥമായ സൗഹൃദം നൽകുകയും ആ കുഞ്ഞുങ്ങളെക്കൊണ്ട് അമ്മയെന്ന് സിസ്റ്ററിനെ വിളിപ്പിച്ച് അഭിവാദനം ചെയ്യുകയും ചെയ്യുമ്പോൾ സിസ്റ്റർ

www.malankaralibrary.com

അനുഭവിക്കുന്ന ആത്മീയ നിർവൃതി വിവരിക്കുവാൻ വാക്കുകളില്ല. രൂപത യുടെ എല്ലാ നല്ല സംരംഭങ്ങൾക്കും സഹകരണവും ശുശ്രൂഷയും നൽകാൻ സാധിക്കുന്നത് സിസ്റ്ററിന് ആനന്ദകരമാണ്. കുടുംബങ്ങളെ പ്രാർത്ഥനയി ലൂടെ, കരുണാർദ്രസ്നേഹത്തിലൂടെ ശുശ്രൂഷയിലൂടെ കൗൺസിലിങ്ങുക ളിലൂടെ നവീകരിച്ച് സമാധാനത്തിലേക്കും സൗഖ്യത്തിലേക്കും കൂട്ടായ്മ യിലേക്കും നയിക്കുവാൻ കഴിയുന്നതാണ് സിസ്റ്ററിന് ഹരം.

മനുഷ്യന്റെ അസ്വസ്ഥതകളിൽ അവൻ തനിച്ചല്ലന്നും ദൈവത്തിന്റെ സാന്നിദ്ധ്യവും സഹായവും അവനോടൊപ്പമുണ്ടെന്നുള്ള യാഥാർത്ഥ്യം അവനെ ബോദ്ധ്യപ്പെടുത്തുകയെന്ന ദൗത്യമാണ് സമർപ്പിതർക്ക് സന്യാസ ത്തിൽ ചെയ്തുതീർക്കാനുള്ളതെന്ന് പറയുന്നതിലുപരി ചെയ്തു കാണി ക്കാൻ സി.റെജീസ് ഏറെ കഷ്ടപ്പെടുന്നുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. സിസ്റ്ററിന്റെ സമർപ്പണജീവിതത്തിന്റെ കനക ജൂബിലിയാഘോഷിക്കുന്ന ഈ വർഷം സിസ്റ്ററിന്റെ സാമൂഹ്യസാംസ്കാരിക രംഗത്തെ വിശിഷ്ട സേവന ങ്ങൾ കണക്കിലെടുത്ത് കേരളസഭ മാസികയുടെ നേതൃത്വത്തിൽ മാർ ജെ യിംസ് പഴയാറ്റിൽ ഏർപ്പെടുത്തിയിരിക്കുന്ന സേവന പുരസ്കാരത്തിന് സിസ്റ്റർ തിരഞ്ഞെടുക്കപ്പെട്ടരിക്കുകയാണ്.


സേവനപുരസ്കാർ ലഭിച്ച സിസ്റ്റർ റെജീസിനെപ്പറ്റി കേരളസഭ മാസിക മാർച്ച് ലക്കത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "സന്യാസ സമൂഹം മാത്രമല്ല തന്റെ സേവനരംഗം. സഭയുടെ ജീവിതദർശനവും ചൈത ന്യവും ആവശ്യവും അറിഞ്ഞുപ്രവർത്തിക്കുവാൻ സാധിച്ച വ്യക്തിയെന്ന നിലയിൽ രൂപത പ്രവർത്തനങ്ങളിലും പങ്കുപറ്റി. ഇന്നത്തെ ലോകത്തിന്റെ തിന്മകളിലൊന്നാണ് മദ്യപാനം. അനേകം വ്യക്തികളെയും കുടുംബങ്ങ ളെയും അതു തകർത്തിട്ടുണ്ട്. മദ്യപാനം നമ്മുടെ സമൂഹത്തിലെ സാമൂ ഹ്യതിന്മയാകുന്നു. ഇരിങ്ങാലക്കുട രൂപതയിലെ ലഹരിവിരുദ്ധപ്രസ്ഥാന മായ നവചൈതന്യക്ക് രൂപവും ഭാവവും നൽകിയതിൽ റവ.സി. റെജീസിന് പ്രഥമ സ്ഥാനമുണ്ട്. മുഴുവൻ സമയവും വൈദ്യശാസ്ത്രരംഗത്ത് പ്രവർത്തി ക്കുന്നു. ഒരു ഡോക്ടർക്ക് വല്ലപ്പോഴും വീണുകിട്ടുന്ന വിശ്രമസമയം കുടും ബപ്രശ്നങ്ങളുടെ ഊരാക്കുടുക്കുകൾ അഴിച്ചെടുക്കാൻ ചെലവഴിക്കുകയെ ന്നത് തിരുകുടുംബസന്യാസത്തിന്റെ മുഖമുദ്രയാണെങ്കിലും അഞ്ചുപതിറ്റാ ണ്ടുകൾ പിന്നിട്ടിട്ടും അതെന്റെ കടമയാണെന്ന് കണക്കാക്കി പ്രായത്തെയും ആരോഗ്യത്തെയും വെല്ലുവിളിച്ചുള്ള സി. റെജിസിന്റെ ഈ പ്രയാണം കാണു മ്പോൾ ഇക്കാര്യത്തിൽ ഇനിയുമൊരുബാല്യം സിസ്റ്റർ റെജിസിന് അവശേ ഷിക്കുന്നുണ്ടെന്ന് തോന്നിപ്പോകും."

വിലാസം - സി.ഡോ. റെജീസ് താക്കോൽക്കാരൻ സി.എച്ച്.എഫ്., മറിയം ത്രേസ്യാ ഹോസ്പിറ്റൽ, കുഴിക്കാട്ടുശ്ശേരി പി.ഒ., തൃശൂർജില്ല.

www.malankaralibrary.com

# 172

# ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിൽ



"ക്രിസ്തുവിൽ എല്ലാം നവീകരിക്കുക" എന്ന സന്ദേശവുമായി 1978 സെപ്തംബർ 10-ാം തീയതി ഇരിങ്ങാലക്കുട രൂപതയുടെ പ്രഥമ മെത്രാനായി മാർ ജെയിംസ് പഴയാറ്റിൽ അഭിഷിക്തനായി. ക്രിസ്തുവിൽ നവീകരിക്കപ്പെടുമ്പോഴാണ് നാം യഥാർത്ഥ മനുഷ്യരായിത്തീരുക. അങ്ങനെ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അടിയുറച്ച ഒരു ദൈവജനസമൂഹത്തെ സജ്ജമാക്കുകയാണ് ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിൽ. ഏല്പിക്കപ്പെട്ട ദൈവജനത്തിന്റെ ആത്മീയവും, ഭൗതീകവും, സാംസ്കാരികവുമായ ഉന്നതിയിൽ അതീവതല്പരനാണ് അദ്ദേഹം. അതിനുതകുന്ന രീതിയിലുള്ള പദ്ധതികളാവിഷ്ക്കരിച്ച് തീക്ഷ്ണതയോടെ നടപ്പിലാക്കിവരുന്നു. സാധുജന സംരക്ഷണവും, എളിയവരുടെ ഉയർച്ചയും, സാമൂഹിക പ്രവർത്തനങ്ങളും, വിദ്യാഭ്യാസ, ആതുരാലയസേവനരംഗങ്ങളും ഇവയിൽ മുൻപന്തിയിൽ നിൽക്കുന്നു. ആദർശനിഷ്ഠനും ആര്യചരിതനും വിജ്ഞാനിയുമായ മാർ ജെയിംസ് പഴയാറ്റിൽ പ്രഥമ മെത്രാനെന്ന നിലയ്ക്ക് ഇരിങ്ങാലക്കുട രൂപതയ്ക്ക് അഭിമാനകരം തന്നെ. കഴിഞ്ഞ കാൽ നൂറ്റാണ്ടിലേറെ കാലത്തെ ഇരിങ്ങാലക്കുട രൂപതയുടെയും ഈ രൂപത ഉൾക്കൊള്ളുന്ന ദേശത്തിന്റെയും സർവ്വവിധ വളർച്ചയ്ക്കും മുഖ്യ ഹേതുവായി വർത്തിച്ച, ജാതി മതഭേദമെന്യേ സർവ്വരാലും ആദരിക്കപ്പെടുന്ന ഈ ആത്മീയ മനുഷ്യനെ പരിചയപ്പെടുന്നതും അദ്ദേഹത്തിന്റെ ദർശനങ്ങളും പ്രവർത്തനങ്ങളും ചിന്താവിഷയമാക്കുന്നതും വർത്തമാന കാലത്തിന്റെ അനിവാര്യതയാണ്. ഇരിങ്ങാലക്കുട രൂപതയുടെ വളർച്ചയിൽ ഈ വിനീത ദാസൻ അത്രയേറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഭാരതസഭാചരിത്രത്തിൽ അനന്യമായ അതുല്യതകളുടെ അവകാശിയാണ് ഈ രൂപത. ക്രിസ്തു ശിഷ്യരിലൊരാളായ മാർത്തോമയുടെ പാദസ്പർശത്തിന്റെ പ്രശോഭിത മഹിമ ഏറ്റുവാങ്ങിയ പുണ്യഭൂമി. ക്രിസ്തുവിന്റെ തിരുവിലാവിൽ സ്പർശിക്കാൻ ഭാഗ്യം ലഭിച്ച പുണ്യപ്പെട്ട കൈകളുടെ പൂജ്യശേഷിപ്പുകൾ വണക്കത്തിനായി സൂക്ഷിച്ചിരിക്കുന്ന തീർത്ഥസ്ഥാനം; വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ ജന്മംകൊണ്ടും ദൈവദാസനായ ജോസഫ് വിതയത്തിലച്ചന്റെ കർമ്മംകൊണ്ടും അനുഗ്രഹീതമായ പുത്തൻചിറ; പുരാതന കൊടുങ്ങല്ലൂർ അതിരൂപത; ധന്യയായ എവുപ്രാസ്യാമ്മയുടെ ജന്മഗൃഹം.........അഭിമാന ഹേതുകങ്ങളുടെ നിര നീളുമ്പോൾ വിശ്വാസ പാരമ്പര്യത്തിന്റേയും വിശിഷ്ട പൈതൃകത്തിന്റേയും ഇടമുറിയാത്ത സൂക്ഷിപ്പുകാരനായി മാർ ജെയിംസ് പഴയാറ്റിൽ കൊടുങ്ങല്ലൂർ അതി

www.malankaralibrary.com

രൂപതയുടെ മെത്രാന്മാരിൽ ചിലർ അന്ത്യവിശ്രമം കൊള്ളുന്ന പുത്തൻചിറയിൽ നിന്നുതന്നെ മുളച്ചുവന്നുവെന്നത് ദൈവപരിപാലനയുടെ ദൃശ്യകരം തന്നെ. 1934 ജൂലായ് 26ന് പുരാതന ക്രൈസ്തവ കേന്ദ്രമായ പുത്തൻചിറയിലെ പ്രശസ്തവും ദൈവവിളികളാൽ സമ്പുഷ്ടവുമായ പഴയാറ്റിൽ തറവാട്ടിൽ തോമൻകുട്ടി - മറിയംകുട്ടി ദമ്പതികളുടെ നാലുമക്കളിൽ മൂന്നാമത്തെ മകനായി ജനിച്ച ചാക്കോച്ചൻ കുഴിക്കാട്ടുശ്ശേരി സെന്റ് മേരീസ് സ്ക്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തി. ചാക്കോച്ചന്റെ നന്നേ ചെറുപ്പത്തിൽ തന്നെ അമ്മ മറിയംകുട്ടി ഈ ലോകത്തോടു വിടപറഞ്ഞതിനാൽ പിതാവ് തോമൻകുട്ടിയുടെയും, സഹോദരി സഹോദരന്മാരുടെയും ബന്ധുമിത്രാദികളുടെയും പ്രത്യേക സ്നേഹപരിലാളനകൾ ഈ ബാലന്റെ വളർച്ചയെ ഏറെ സ്വാധീനിച്ചു. ജന്മം നൽകിയ അമ്മയുടെ മരണം സ്വർഗ്ഗീയ അമ്മയായ പരി. കന്യകാമറിയത്തിലേയ്ക്കു ഈ കുട്ടിയെ കൂടുതൽ അടുപ്പിക്കുന്നതിന് കാരണമായി. അതുപോലെതന്നെ, സ്കൂൾ കാലഘട്ടത്തിൽ ഈശോയുടെ തിരുഹൃദയത്തോട് അഗാധമായ സ്നേഹം നേടിയെടുത്ത ഈ ബാലന്റെ ജീവിതത്തിൽ തിരുഹൃദയഭക്തി എന്നും ചൈതന്യവും ആവേശവും പകർന്നു. പിൽക്കാലത്ത് ഈശോയുടെ തിരുഹൃദയത്തിന് തനിക്കേല്പിക്കപ്പെട്ട ഇരിങ്ങാലക്കുട രൂപതയെ മുഴുവൻ സമർപ്പിക്കാനും തിരുഹൃദയത്തിരുനാൾദിവസം രൂപതയിലെ എല്ലാ ഇടവക പള്ളികളിലും സ്ഥാപനങ്ങളിലും ഭവനങ്ങളിലും തിരഹൃദയപ്രതിഷ്ഠ നവീകരിക്കണമെന്ന് നിർദ്ദേശിക്കാനും തിരുഹൃദയ തീർത്ഥകേന്ദ്രം സ്ഥാപിക്കാനും അവിടെ ഉപവാസ പ്രാർത്ഥനായജ്ഞവും നിത്യാരാധനയും നടത്തുവാനും പ്രേരണ നൽകിയത് തിരുഹൃദയത്തിൽ നിന്നും ചെറുപ്പം മുതലേ സ്വായത്തമാക്കിയ ഈ ചൈതന്യ വിശേഷമാണ്. കുഴിക്കാട്ടുശ്ശേരി മഠം കപ്പേളയിലെ മദ്ബഹായുടെ ചവിട്ടു പടികൾ കയറിവന്നിരുന്ന ഈ ബാലൻ ഏവരുടേയും ശ്രദ്ധയാകർഷിക്കത്തക്കവിധത്തിൽ മാതൃകാപരമായ ജീവിതമാണ് നയിച്ചിരുന്നത്. സമർത്ഥനും സൽസ്വഭാവിയുമായിരുന്ന ചാക്കോച്ചൻ അച്ചടക്കം, കൃത്യനിഷ്ഠ, സത്യസന്ധത, ദൈവഭയം, പ്രാർത്ഥനാചൈതന്യം തുടങ്ങിയ ഗുണങ്ങളിലെല്ലാം സവിശേഷമാംവിധം മുന്നിട്ടു നിന്നു. സ്കൂൾ ജീവിതകാലത്ത് ദൈവദാസൻ ജോസഫ് വിതയത്തിലച്ചന്റെ കുർബാനയ്ക്ക് സഹായിച്ചിരുന്ന ഈ അൾത്താരബാലൻ ഇന്നും ആ ധന്യ നിമിഷങ്ങളെ വലിയ ഭാഗ്യമായും ദൈവാനുഗ്രഹമായും കണക്കാക്കുന്നു. ആ പുണ്യചരിതന്റെ നാമകരണ നടപടികൾക്ക് നേതൃത്വം നൽകുക എന്ന നിയോഗവും പിൽക്കാലത്ത് ഈ കുട്ടിയുടേതായിത്തീർന്നു. അദ്ദേഹത്തിൽനിന്ന് നേടിയെടുത്ത ദിവ്യകാരുണ്യഭക്തി, തിരുഹൃദയഭക്തി, ദൈവമാതൃഭക്തി എന്നിവയ്ക്ക് പഴയാറ്റിൽ പിതാവിന്റെ ജീവിതത്തിൽ പ്രമുഖസ്ഥാനമാണുള്ളത്.

1946-52 കാലഘട്ടത്തിൽ തുമ്പൂർ എയ്ഡഡ് അപ്പർ പ്രൈമറി സ്കൂളിലും തുടർന്ന് റൂറൽ ഹൈസ്ക്കൂളിലും വിദ്യാഭ്യാസം നടത്തിയശേഷം

www.malankaralibrary.com

രൂപതയിൽ വൈദിക സേവനം അനുഷ്ഠിക്കണമെന്ന തീവ്രമായ ആഗ്രഹ ത്തോടെ തൃശൂർ തോപ്പ് സെമിനാരിയിൽ ചേർന്ന് പരിശീലനം ആരംഭിച്ചു. സിലോണിലെ കാന്റി പേപ്പൽ സെമിനാരിയിലും പൂന സെമിനാരിയിലുമായി തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾ ഉയർന്ന് ഗ്രെയ്ഡിൽ പൂർത്തി യാക്കി. സെമിനാരിജീവിതകാലത്ത് ദിവ്യകാരുണ്യസന്നിധിയിൽ ദീർഘ നേരം ചിലവഴിക്കുകയെന്നത് ബ്രദർ ജെയിംസിന്റെ പതിവായിരുന്നു. സെമി നാരിയിലെ നിയമങ്ങളോട് നൂറു ശതമാനം വിശ്വസ്തത പുലർത്തിയ ഈ സഹോദരൻ ഒരിക്കൽ പോലും സമൂഹത്തിനാവശ്യമായ ശുശ്രൂഷകൾ നൽകുന്നതിൽ വിമുഖനായിരുന്നില്ല. പിതാവായ ദൈവത്തിൽ മനസ്സുറപ്പിച്ച് ധ്യാനദർശനം നടത്തി ദിവ്യമായ പ്രകാശവും അനുഭൂതിയും ഉൾക്കൊണ്ട് ദൈവീകചേതനയിൽ പ്രാർത്ഥനയുടെ മനുഷ്യനാകാൻ ഈ സമയം തന്നെത്തന്നെ ഒരുക്കുകയായിരുന്നു. ദൈവത്തിനും മനുഷ്യർക്കും ഇടയി ലുള്ള മദ്ധ്യസ്ഥനാകാൻ ഒരു രൂപപ്പെടുത്തൽ പ്രക്രിയയിലൂടെ കടന്നുപോവു കയായിരുന്നു. അതുകൊണ്ടുതന്നെ ഗാഢമായ വിശ്വാസവും ദൃഢമായ ദൈവാശ്രയബോധവും അഗാധമായ പ്രാർത്ഥനാചൈതന്യവും കൈമുതലാ ക്കിയ അദ്ദേഹത്തിന് സെമിനാരിയിലെ പഠനമോ ഇതരജോലികളോ സാഹചര്യങ്ങളോ ഇതിനു മാർഗ്ഗതടസ്സമാകരുതെന്ന വലിയ നിർബന്ധ മുണ്ടായിരുന്നു. അങ്ങനെ ദൈവജനസേവനത്തിന് സർവ്വേശ്വരന്റെ കൈക ളിലെ ഉപകരണമാക്കി അദ്ദേഹം സ്വയം രൂപപ്പെടുത്തി. തന്റെ കൈകളി ലൂടെ ദൈവം നിർവഹിക്കുന്നതെല്ലാം മനുഷ്യരുടെ നന്മയ്ക്കും ദൈവത്തിന്റെ ഉപരിമഹത്വത്തിനുമായി സമർപ്പിക്കുന്ന മഹിതമായ വ്യക്തിത്വത്തിനു ടമയാകാൻ അദ്ദേഹത്തിന് കഴിഞ്ഞു. ആദ്ധ്യാത്മിക പരിശീലനത്തോടൊപ്പം കാലത്തിനനുസൃതമായ വിജ്ഞാനം നേടിയെടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിച്ചിരുന്ന അദ്ദേഹം തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഇംഗ്ലീഷ് സാഹിത്യത്തിലും മാസ്റ്റർ ബിരുദവും നേടി.

തന്റെ ജീവിതത്തിലേററവും പ്രധാനപ്പെട്ടതെന്നും സന്തോഷ ദായകവുമെന്ന് കരുതുന്ന പൗരോഹിത്യ സ്വീകരണം 1961 ഒക്ടോബർ 3-ാം തീയതിയായിരുന്നു. പൂനയിൽവെച്ച് അത്യുന്നതകർദ്ദിനാൾ വലേറിയൻ ഗ്രേഷ്യസ് പിതാവിന്റെ കൈവെയ്പ് ശുശ്രൂഷ വഴി പൗരോഹിത്യം സ്വീകരിച്ച ഡീക്കൻ ജെയിംസ് പഴയാററിൽ വലിയ ഒരു ദൈവിക പദ്ധതിക്കായി വഴി തുറക്കുകയായിരുന്നു. ദൈവമാണ് തന്നെ വിളിച്ചതെന്നും ദൈവത്തിന്റെ ഉപരമഹത്വത്തിനും ദൈവജനസേവനത്തിനുമായിട്ടാണ് താൻ വിളിക്കപ്പെട്ടതെന്നും ഉള്ള അടിയുറച്ച ബോദ്ധ്യത്തിൽ ഊന്നിക്കൊണ്ടാണ് അദ്ദേഹം തന്റെ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചത്. ആദ്യം പാവറട്ടി സെന്റ് ജോസഫ്സ് ഇടവകയിലും പിന്നീട് തൃശൂർ ലൂർദ്ദ് കത്തീഡ്രൽ ഇടവകയിലും ഇപ്പോൾ ബസിലിക്കയായിരിക്കുന്ന തൃശൂർ പുത്തൻ പള്ളിയിലും സഹവികാരിയായി പ്രവർത്തിച്ചു. 'ഹൃദയത്തിൽ സ്നേഹാ

www.malankaralibrary.com

ഗ്നിയും കാലിൽ സേവനോദ്യക്തതയുടെ ചിറകുകളുമായി അവിരാമം നന്മ ചെയ്തുകൊണ്ട് മുന്നേറിയ തീക്ഷ്ണമതിയായ ഒരു യുവവൈദിക നായിട്ടാണ് അദ്ദേഹത്തെ ഇടവകജനം കണ്ടുമുട്ടിയിരുന്നത്. ആദ്ധ്യാത്മിക നവോത്ഥാനത്തിനും കുടുംബഭദ്രതയ്ക്കും വേണ്ടി നിരവധി പ്രസ്ഥാനങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആരംഭം കുറിച്ചു. കർമ്മനിരതരായ യുവ ജനങ്ങളുടെ വൻനിരയെത്തന്നെ വാർത്തെടുക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തുടർന്നുള്ള കാലഘട്ടത്തിലാണ് തൃശൂർ തോപ്പ് സെമി നാരിയിൽ താമസിച്ച് സെന്റ് തോമസ് കോളേജിൽ ചേർന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടിയത്. ഈ സമയം തൃശൂർ പൂങ്കുന്നം പള്ളിയുടെ അജപാലകനായും നിയമിതനായി. വൈദിക പരിശീലനത്തിന്റെ ആരംഭകാലഘട്ടങ്ങളുടെ സ്മരണകളുണർത്തിയ തോപ്പ് സെമിനാരിയിലെ താമസം പൗരോഹിത്യജീവിതത്തിന്റെ തീക്ഷ്ണതയ്ക്ക് ഒന്നുകൂടി മാററ് കൂട്ടാനുള്ള അവസരമാക്കിത്തീർത്തു അദ്ദേഹം. ലളിത മാനസനും വിനയാന്വിതനുമായിരുന്ന ഫാ. ജെയിംസ് വാദകോലാഹലങ്ങളി ലൊന്നും ഏർപ്പെടുന്ന സ്വഭാവക്കാരനായിരുന്നില്ല. തികച്ചും ശാന്തപ്രിയനും നിശബ്ദ നിരീക്ഷകനുമായിട്ടെ അദ്ദേഹം കാണപ്പെട്ടിട്ടുള്ളു. ദൈവിക സ്നേഹം തളംകെട്ടി നിന്നിരുന്ന അദ്ദേഹത്തിന്റെ ഹൃദയം ദൈവേ ഷ്ടമാരായുന്നതിലും നിറവേററുന്നതിലും സദാ വ്യാപൃതമായിരുന്നു.

1968-ൽ ഫാ.ജെയിംസ് സെന്റ് തോമസ് കോളേജിൽ ലക്ചറർ ആയി നിയമിക്കപ്പെട്ടു. അദ്ദേഹം സഹപ്രവർത്തകർക്ക് മാതൃകയും വിദ്യാർത്ഥി കൾക്ക് പ്രിയങ്കരനുമായിരുന്നു. സരസവും ലളിതവുമായ ഭാഷയിൽ ക്ലാസ്സ് മുറികളിൽ തന്റെ വിഷയം കൈകാര്യം ചെയ്യുന്നതിൽ അസാമാന്യപാടവ മാണ് അദ്ദേഹം പ്രദർശിപ്പിച്ചിരുന്നത്. 1971-72 കാലഘട്ടത്തിൽ പ്രസിദ്ധമായ കോളേജ് സമരം അരങ്ങേറിയപ്പോൾ അതിന് നേതൃത്വം നൽകിയിരുന്ന അഭിവന്ദ്യ കുണ്ടുകുളം പിതാവിന്റെ വലംകൈയായി പ്രവർത്തിക്കാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. സെന്റ് തോമസ് കോളേജ് ഹോസ്റ്റലിന്റെ വാർഡൻ സ്ഥാനം അലങ്കരിക്കുന്നതിനുകൂടി അദ്ദേഹം നിയുക്തനായപ്പോൾ അദ്ദേഹത്തിന്റെ മികവുററ കഴിവും യുവജനസ്വാധീനവും രൂപതാധികാരി കൾ അറിഞ്ഞു അംഗീകരിക്കുകയായിരുന്നു. ഒരു മാതൃകാദ്ധ്യാപകനായും ഹോസ്റ്റൽ വാർഡനായും കലാലയത്തിൽ സ്തുത്യർഹമായ സേവനമാണ് അദ്ദേഹം ദീർഘകാലം അനുഷ്ഠിച്ചത്. ഈ കാലയളവിൽത്തന്നെ ഐക്ക ഫിന്റെ സോണൽ ചാപ്ലിൻ, എക്യുമെനിക്കൽ കമ്മിററി സെക്രട്ടറി എന്നീ ചുമതലകളും അദ്ദേഹത്തിനുണ്ടായിരുന്നു. കുടുംബപ്രേഷിതത്വത്തിന് മുൻ ഗണന നൽകിയ അദ്ദേഹം കുടുംബങ്ങളുടെ പിതാവും ഏററവും നല്ല അജപാലകനായും അറിയപ്പെടുന്നു. അതുകൊണ്ടുതന്നെയാണ് 1978 ലെ വേനൽക്കാല അവധിക്കാലത്ത് തൃശൂർ നഗരാതിർത്തിയിലുള്ള ബൃഹത്തായ അരണാട്ടുകരപള്ളിയുടെ വികാരി എന്ന ചുമതലകൂടി

www.malankaralibrary.com

രൂപതാധികാരികൾ അദ്ദേഹത്തെ ഏല്പിച്ചത്. ഇവയ്ക്കുപുറമെ, തൃശൂർ വൈദികസഹായസംഘം സെക്രട്ടറി, സെനററ് സെക്രട്ടറി, നവീകരണ വർഷാചരണസംഘാടകൻ തുടങ്ങിയ ഉത്തരവാദിത്വപൂർണ്ണമായ ഭാരവാഹിത്വങ്ങളുടെ പ്രയോഗത്തിൽ കർമ്മകുശലനും പക്വമതിയും വിവേകിയും സംഘടനാവൈദഗ്ദ്ധ്യം കുടികൊള്ളുന്നതുമായ ഒരു മഹത് വ്യക്തിത്വത്തെയാണ് അദ്ദേഹത്തിൽ ദർശിക്കാൻ സാധിക്കുക.

ക്രാന്തദർശിയായ അജപാലകന്റെ ശൈലിയിൽ ഏറെറടുത്ത ദൗത്യമെല്ലാം വിജയകരമാക്കി പരിണമിപ്പിക്കാൻ അനിതരസാധാരണമായ വൈഭവവും സിദ്ധിയും അദ്ദേഹത്തിനുണ്ടായിരുന്നു. ലളിതമായ ജീവിതരീതി, ആദർശനിഷ്ഠ, അനുരഞ്ജന മനസ്ഥിതി, വിനയാന്വിതമായ പെരുമാററം, സ്നേഹനിർഭരമായ ആർജ്ജവത്വം തുടങ്ങിയ ഒരു മികച്ച സംഘാടകനുവേണ്ട ഗുണങ്ങളെല്ലാം അദ്ദേഹത്തിൽ വിളങ്ങി പ്രശോഭിച്ചിരുന്നു. 1978 ൽ തൃശൂർ രൂപത വിഭജിച്ച് ഇരിങ്ങാലക്കുട രൂപത സ്ഥാപിതമായപ്പോൾ ഭാഗ്യസ്മരണാർഹനായ പോൾ ആറാമൻ മാർപാപ്പയ്ക്ക് പുതിയ രൂപതയ്ക്ക് മാർഗ്ഗദർശിയായി ഫാ. ജെയിംസ് പഴയാററിലിനെയല്ലാതെ മററാരെയും ചിന്തിക്കേണ്ടി വന്നില്ല. വിജ്ഞനും വിശുദ്ധനുമായ ഒരു അജപാലകനെ തന്നെയാണ് ഇരിങ്ങാലക്കുട രൂപതയുടെ പ്രഥമമെത്രാനായി ഈ മാർപാപ്പ 1978 ജൂൺ 22ന് ഒപ്പ് വെച്ച് Trichuriensis Eparchiae എന്ന ബുളയിലൂടെ നിയമിച്ചത്. അതേവർഷം ജൂലായ് 12ന് പുതിയ രൂപതയുടെയും രൂപതാദ്ധ്യക്ഷന്റെയും പ്രഖ്യാപനവും നടന്നു. 1978 സെപ്ററംബർ 10-ാം തീയതി ഞായറാഴ്ച ജോൺപോൾ ഒന്നാമൻ മാർപാപ്പയുടെ കാലഘട്ടത്തിൽ നടന്ന പുതിയ രൂപതയുടെ ഔപചാരികമായ ഉദ്ഘാടനവും അത്യുന്നതകർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന മെത്രാഭിഷേകവും അഭിവന്ദ്യ മാർ ജെയിംസ് പഴയാററിൽ പിതാവിലൂടെ പൂർത്തിയാക്കപ്പെടേണ്ട ദൈവീകപദ്ധതിയുടെ പടവുകളായിരുന്നു. മെത്രാൻ സ്ഥാനത്തിന് ശുദ്ധമായ യശസ്സിന്റെ ധാവള്യവും തീക്ഷ്ണമായ കർമ്മകുശലതയുടെ ശോണഗാംഭീര്യവും പകർന്ന് ഈ ഇടയൻ വിശുദ്ധീകരണത്തിന്റേയും പ്രബോധനത്തിന്റേയും നേതൃത്വത്തിന്റേയും വിശുദ്ധ നിയോഗങ്ങൾ ശ്രേഷ്ഠമായി നിറവേററുകയാണ്. രൂപതയ്ക്ക് ലഭിച്ചിട്ടുള്ള ചരിത്രത്തിലെ അനന്യതകൾക്കനുസൃതം സ്നേഹസമൂഹമായി അതിനെ വളർത്താനും പരിപോഷിപ്പിക്കാനും പ്രതിജ്ഞാബദ്ധനാണ് അദ്ദേഹം. തിരുഹൃദയഭക്തനായ അഭിവന്ദ്യ പിതാവ് ഉദ്ഘാടനദിനത്തിൽ തന്നെ രൂപതയെ മുഴുവൻ ഈശോയുടെ തിരുഹൃദയത്തിന് പരസ്യമായി പ്രതിഷ്ഠിച്ചു. ഭാരതഅപ്പസ്തോലനായ തോമാശ്ലീഹായെ അനുസ്മരിച്ചും അദ്ദേഹം വന്നിറങ്ങിയ കൊടുങ്ങല്ലൂർ ഈ പുതിയ രൂപതാതിർത്തിയിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന കാരണത്താലും രൂപതാ ഭദ്രാസന ദേവാലയത്തിന്റെ മദ്ധ്യസ്ഥനായി ആ പുണ്യതാതനെ വണങ്ങുന്നു.

www.malankaralibrary.com

അജപാലരംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായിട്ടാണ് നിലവിലുള്ള ഫൊറോനകൾക്ക് പുറമെ ഇരിങ്ങാലക്കുട രൂപതയുടെ ആരംഭത്തിൽതന്നെ 4 പുതിയ ഫൊറോനകൾക്ക് രൂപം നൽകിയതും പിന്നീട് രണ്ടെണ്ണം കൂടി രൂപീകരിച്ചിരിക്കുന്നതും. പ്രെസ്ബിററൽ കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ തുടങ്ങിയവയും അജപാലനരംഗത്ത് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. "കർത്താവ് എന്റെ ഇടയനാകുന്നു. എനിക്കൊന്നിനും കുറവുണ്ടാവുകയില്ല" എന്ന ബോദ്ധ്യമാണ് അഭിവന്ദ്യപിതാവിന്റെ ഇടയദർശനം. ദൈവത്തിന്റെ പരിപാലനയിൽ ദൃഢമായി വിശ്വസിക്കുന്ന പിതാവ് നല്ല ഇടയനെപ്പോലെ ഏവരേയും ഉൾക്കൊള്ളുകയും ശ്രവിക്കുകയും ചെയ്യുന്ന വിശാലമായ ഹൃദയത്തിന്റെ ഉടമയാണ്. അദ്ദേഹത്തിന്റെ കൃത്യനിഷ്ഠ രൂപതയ്ക്ക് അകത്തും പുറത്തും പ്രസിദ്ധമാണ്. തികഞ്ഞ മനുഷ്യസ്നേഹിയായ അദ്ദേഹം എല്ലാ നവീകരണങ്ങളും വികസനങ്ങളും പുനരുദ്ധാരണങ്ങളും മനുഷ്യകേന്ദ്രീകൃതമാക്കി. അദ്ദേഹം തുടങ്ങിവെച്ച ജീവകാരുണ്യ പ്രവർത്തനങ്ങളുടെയെല്ലാം പ്രേരകശക്തി ഈ കറകളഞ്ഞ മനുഷ്യസ്നേഹമാണ്. ചാലക്കുടി സെന്റ് ജെയിംസ് ആസ്പത്രിയും, പൊറത്തിശ്ശേരി അഭയഭവനും, ഇരിങ്ങാലക്കുട ശാന്തിസദനും, അഷ്ടമിച്ചിറ ബാലഭവനും, കൊററനല്ലൂർ ആശഭവനും, ആളൂർ നവചൈതന്യയും, ആനന്ദപുരം സാൻജോസദനും അദ്ദേഹത്തിന്റെ അനുകമ്പാർദ്ര സ്നേഹത്തിന്റെ നീർച്ചാലുകളാണ്. അദ്ദേഹത്തിന്റെ സാമൂഹ്യപ്രതിബദ്ധതയുടെ സാക്ഷ്യങ്ങളായി രൂപതയിൽ നിലകൊള്ളുന്ന സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളുമെല്ലാം സേവനത്തിന്റെ ക്രൈസ്തവ സാക്ഷ്യം നൽകുന്നു. സോഷ്യൽ ആക്ഷൻ പ്രസ്ഥാനവും സോഷ്യൽ ഫോറം കുറിയും അവാർഡ് ഭവനുമൊക്കെ സമൂഹപുനരുദ്ധാരണത്തിന്റെ മാർഗ്ഗദർശിയായി അദ്ദേഹത്തെ ഉയർത്തിക്കാണിക്കുന്നു. ആതുരസേവന രംഗത്തെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനും അനാഥർ, ദരിദ്രർ, നിത്യരോഗികൾ, തെരുവുകുട്ടികൾ, വൃദ്ധജനങ്ങൾ തുടങ്ങിയവരെ സംരക്ഷിക്കുന്നതിനും സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുന്നതിനും ദീർഘദൃഷ്ടിയോടെയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം പ്രശംസനീയം തന്നെ. വിദ്യാഭ്യാസരംഗം ആധുനീകരിക്കുന്നതിനും ഏവർക്കും വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും അദ്ദേഹം തീവ്രയത്നം തന്നെ കാഴ്ചവെയ്ക്കുന്നു. കൊടകര സഹൃദയ എൻജിനീയറിംഗ് കോളേജ്, അഷ്ടമിചിറയിലെ സാൻജോ ഇൻസ്റ്റിററ്യൂട്ട്, മാളയിലെ B.Ed. കോളേജ്, ചാലക്കുടിയിലെ B.Sc. നേഴ്സിംഗ് ഇൻസ്റ്റിററ്യൂട്ട്, മെഡിക്കൽ അക്കാദമി, ആളൂരിലെ ആവേ മരിയ ട്രെയിനിംഗ് കോളേജ് എന്നിവ ഇതിന്റെ മകുടോദാഹരണങ്ങളാണ്.

അജപാലന ഔത്സുക്യത്തിന്റെ പ്രത്യക്ഷമായ തെളിവാണ് രൂപതയുടെ വിശ്വാസവളർച്ച. 1,86,000 വിശ്വാസികളും 78 ഇടവകകളും 116

www.malankaralibrary.com

വൈദികരുമായി തുടക്കം കുറിച്ച രൂപതയിൽ ഇപ്പോൾ 2,52,000 വിശ്വാസികളും 127 ഇടവകകളും 200 ഓളം വൈദികരുമുണ്ട്. വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്ക് സഹായകമാകത്തക്കവിധത്തിൽ ആളൂരിൽ ബെററർ ലൈഫ് മൂവ്മെന്റും, കല്ലേററുംകരയിൽ പാസ്റ്ററൽ ആനിമേഷൻ സെന്ററും അദ്ദേഹം പടുത്തുയർത്തി. അദ്ദേഹത്തിന്റെ അജപാലന തീക്ഷ്ണതയുടെ മറെറാരു തെളിവാണ് ചെന്നൈ മിഷൻ. മദ്രാസ് - മൈലാപ്പൂർ അതിരൂപതാതിർത്തിയിൽ താമസിക്കുന്ന സീറോ മലബാർ കത്തോലിക്കരുടെ ആദ്ധ്യാത്മിക കാര്യങ്ങൾ നടത്തിക്കൊടുക്കാൻ വേണ്ടി 1983 ൽ ചെന്നൈ മിഷന്റെ ഉത്തരവാദിത്വം അഭിവന്ദ്യപിതാവ് സസന്തോഷം ഏറെറടുത്ത് കാര്യക്ഷമമായി തുടരാൻ വേണ്ട സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു. അസാമാന്യമായ പുരോഗതിയാണ് ആ രംഗത്ത് ഇതിനകം കൈവരുത്തുവാൻ കഴിഞ്ഞത്. കെനിയ, ടാൻസാനിയ എന്നീ കിഴക്കേ ആഫ്രിക്കൻ രാജ്യങ്ങളിൽ മിഷൻ പ്രവർത്തനം നടത്തുന്ന രൂപതാംഗങ്ങളായ സന്യസ്തരെ സന്ദർശിച്ച് നിർദ്ദേശങ്ങൾ നൽകിയതും ദൈവരാജ്യത്തിനുവേണ്ടി ജോലി ചെയ്യാനുള്ള അദ്ദേഹത്തിന്റെ താത്പര്യത്തെയാണ് സൂചിപ്പിക്കുന്നത്. കുറവുകളെ സദാ പരിഹരിക്കുന്ന കർത്താവിന്റെ കൃപയിലുള്ള ആശ്രയബോധവും വൈദികഗണത്തിന്റേയും സന്യസ്തരുടേയും അത്മായരുടേയും സഹകരണവുമാണ് ഈ പുരോഗതിക്കെല്ലാം അടിസ്ഥാനമെന്ന് വിനീതനായ ഈ പിതാവ് വിശ്വസിക്കുന്നു. കേരളത്തിൽ 1999 ൽ ഇദംപ്രഥമമായി എപ്പാർക്കിയേൽ അസംബ്ലി ഫലപ്രദമായി വിളിച്ചുകൂട്ടിയ അഭിവന്ദ്യ ജെയിംസ് പഴയാററിൽ പിതാവിന്റെ സഭാകൂട്ടായ്മ, അത്മായ പങ്കാളിത്തം എന്നിവയെപ്പററിയുള്ള ശരിയായ അവബോധത്തേയും വീക്ഷണത്തേയുമാണ് വിളിച്ചറിയിക്കുക. കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി സഭയെ കൂട്ടുത്തരവാദിത്വത്തോടെ നയിക്കുന്ന ഒരു ബിഷപ്പ് എന്ന നിലയിൽ കേരളത്തിനകത്തും പുറത്തും നല്ലൊരു അജപാലന മാതൃകയായി നിലകൊള്ളുന്നു. നല്ല അജപാലകനായ ഇദ്ദേഹത്തിന്റെ പ്രവർത്തനരീതികളെ മനസ്സിലാക്കിയതുകൊണ്ടാണ് അമേരിക്ക, ജർമ്മനി, ഇററലി, സ്പെയിൻ, ഹോളണ്ട്, ഓസ്ട്രിയ, ഫിലിപ്പൈൻസ്, ഇന്തോനേഷ്യ, തായ്ലന്റ്, ഹോങ്കോങ്, മലേഷ്യ എന്നീ രാജ്യങ്ങളിൽ നിന്നും ഇന്റർനാഷണൽ സെമിനാറുകൾക്കായി അദ്ദേഹം ക്ഷണിക്കപ്പെട്ടത്.

സഭയുടെ പൊന്തിഫിക്കൽ ഡെലഗേററ് ആയിരുന്ന അഭിവന്ദ്യ എബ്രാഹം കാട്ടുമന പിതാവിന്റെ നിര്യാണത്തെത്തുടർന്ന് സീറോ മലബാർ സഭയുടെ പ്രഥമ ശ്രേഷ്ഠ മെത്രാപ്പോലിത്തായായിരുന്ന അഭിവന്ദ്യ കർദ്ദിനാൾ ആന്റണി പടിയറ പിതാവിന്റെ അസിസ്റ്റന്റായി 1995 ജൂൺ 7-ാം തീയതി മാർ ജെയിംസ് പഴയാററിൽ പിതാവിനെ ജോൺപോൾ രണ്ടാമൻ മാർപാപ്പ പ്രത്യേകം നിയമിക്കുകയുണ്ടായി. ശ്രമകരമായ ആ ദൗത്യം സീറോ മലബാർ സഭയുടെ നിർണ്ണായക കാലഘട്ടത്തിൽ ഭംഗിയായി പൂർത്തിയാക്കാൻ

www.malankaralibrary.com


ദൈവാനുഗ്രഹത്താൽ പിതാവിന് സാധിച്ചുവെന്നത് അദ്ദേഹത്തിന്റെ മാററ് വർദ്ധിപ്പിക്കുന്നു. മേജർ ആർക്കി എപ്പിസ്കോപ്പൽ കുരിയായുടെ നിർമ്മാണത്തിന്റെ ആരംഭം മുതൽ ഉദ്ഘാടനംവരെ പിതാവിന്റെ സവിശേഷമായ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടായിരുന്നു. പുതിയ ഡെലഗേററായി മാർ വർക്കി വിതയത്തിൽ പിതാവ് നിയമിതനാകുന്നതുവരെ പഴയാററിൽ പിതാവ് മേജർ ആർച്ച് ബിഷപ്പിന്റെ അസിസ്റ്റന്റ് എന്ന ചുമതല ശിരസാ വഹിച്ചു.

കൂടാതെ, കേരള കാത്തലിക് ബിഷപ്സ് കോൺഫ്രൻസിന്റെ സെക്രട്ടറി, വിദ്യാഭ്യാസ കമ്മീഷൻ അംഗം, സെമിനാരി കമ്മീഷൻ അംഗം, അഖിലേന്ത്യ യുവജനകമ്മീഷൻ അംഗം, കമ്മ്യൂണിക്കേഷൻ മീഡിയ ചെയർമാൻ, സീറോമലബാർ സഭയുടെ പ്രത്യേക നിയമനിർമ്മാണസമിതിയംഗം, ലിററർജിക്കൽ കമ്മീഷൻ അംഗം, ക്ലർജി കമ്മീഷൻ ചെയർമാൻ, F.A.B.C. ഡെലഗേററ് തുടങ്ങിയ വിവിധ സ്ഥാനങ്ങളിൽ അഭിവന്ദ്യ ജെയിംസ് പഴയാററിൽ പിതാവ് വിരാജിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വിവിധ കർമ്മരംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങളുടേയും, വ്യക്തപ്രഭാവത്തിന്റേയും അടിസ്ഥാനത്തിൽ അന്തർദേശീയ പ്രാധാന്യമുള്ള അനേകം അവാർഡുകൾ അദ്ദേഹത്തെ തേടി ഇതിനകം എത്തിയിട്ടുണ്ട്. ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്റർ നാഷണൽ ഫ്രണ്ട്ഷിപ്പ് സൊസൈററിയുടെ 2001 വർഷത്തെ ഭാരത് ജ്യോതി അവാർഡിനും, ഡൽഹി ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസിന്റെ ബെസ്റ്റ് സിററിസൺ ഓഫ് ഇന്ത്യ അവാർഡിനും, ഇൻഡ്യ ഇന്റർനാഷണൽ സൊസൈററി ഫോർ യൂണിററിയുടെ രാഷ്ട്രീയ രത്ന അവാർഡിനും, International Institute of Success Awareness ന്റെ രാഷ്ട്രീയ ഗൗരവ് അവാർഡിനും, Priest of the Millenium അവാർഡിനും പിതാവ് അർഹനായിട്ടുണ്ട്. സ്വർഗ്ഗത്തിൽ ലഭിക്കാനിരിക്കുന്ന നിത്യതയുടെ കിരീടമാണ് ഇവയെക്കാളേറെ അദ്ദേഹം വിലമതിക്കുന്ന സമ്മാനം.

എല്ലാ അപ്പസ്തോലന്മാരെക്കാളും മുമ്പ് രക്തസാക്ഷിത്വത്തിന്റെ കാസ കുടിച്ച വിശുദ്ധ യാക്കോബിന്റെ പേര് സ്വീകരിച്ച ഇടയൻ തന്റെ ശുശ്രൂഷയുടെ വഴികളിൽ വിളിച്ചവരോട് വിശ്വസ്തനാണ്. സദാസമയവും കർമ്മനിരതനായി ഏറെ കൃത്യനിഷ്ഠയോടെ കാര്യങ്ങൾ നിറവേററുന്ന പിതാവ് ഈ തലമുറയ്ക്ക് മാത്രമല്ല വരുംതലമുറയ്ക്ക് കൂടി ഒരു വലിയ പാഠപുസ്തകമാണ്.

വിലാസം - മാർ ജെയിംസ് പഴയാറ്റിൽ, ബിഷപ്സ് ഹൗസ്, ഇരിങ്ങാലക്കുട

www.malankaralibrary.com



# 173

# ഫാ. ജോസഫ് ചിറയിൽ സി.എം.ഐ.

അടിയന്തരാവസ്ഥക്കെതിരെ ബഹുജനാഭിപ്രായം രൂപീകരിക്കുന്നതിന്‌വേണ്ടി തീവ്രമായി പ്രവർത്തിച്ച ഒരു കത്തോലിക്കാ പുരോഹിതനാണ് ഫാ. ജോസഫ് ചിറയിൽ സി.എം.ഐ. കണ്ണാടിയിൽ ചിറയിൽ കൊച്ചുതൊമ്മന്റെയും മറിയാമ്മയുടെയും രണ്ടാമത്തെ സന്താനമായി 1934 ആഗസ്റ്റ് 10 ന് ഭൂജാതനായി. ചങ്ങനാശ്ശേരി അതിരൂപതയിലെ കാവാലംപള്ളിയാണ് ഇടവക. കളരി വിദ്യാഭ്യാസത്തിനുശേഷം മങ്കൊമ്പ്, കണ്ണാടി, കാവാലം, പുളിങ്കുന്ന് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം നിർവ്വഹിച്ച ശേഷം സി.എം.ഐ. (റ്റി.ഒ.സി.ഡി) സഭയിൽ ചേർന്നു. 14-09-54 ൽ സന്യാസവ്രതം അനുഷ്ഠിച്ചു. മാന്നാനം, അമ്പഴക്കാട്ട്, കൂനമ്മാവ്, ചെത്തിപ്പുഴ, ധർമ്മാരം എന്നിവിടങ്ങളിലെ ശിക്ഷണത്തിനുശേഷം 1961 മെയ് 17-ാം തീയതി പൗരോഹിത്യം സ്വീകരിച്ചു. ധർമ്മാരാമിലെ പരിശീലനകാലത്തും പൗരോഹിത്യസ്വീകരണത്തിന്റെ തൊട്ടുപിൻപുമായി അൽഫോൻസാമ്മയുടെയും ചാവറപിതാവിന്റെയും നാമകരണനടപടികളിൽ സഹായിക്കാൻ തിരഞ്ഞെടുക്കപ്പെട്ടു. കോട്ടഗിരിയിലും പീരുമേട്ടിലും വച്ചാണ് ഈ ജോലി നിർവ്വഹിച്ചത്.

പൗരോഹിത്യസ്വീകരണത്തിനുശേഷം ദേവഗിരി കോളേജിൽ ഉപരിപഠനത്തിനുചേർന്നു. പ്രീ യൂണിവേഴ്സിറ്റി പരീക്ഷയിൽ ഫസ്റ്റ്ക്ലാസും സ്കോളർഷിപ്പും നേടി വിജയിച്ചു. തുടർന്ന് അവിടെത്തന്നെ ബി.എസ്സ്.സി.ക്കു ചേർന്നു രണ്ടാം വർഷം ആ കോളേജിൽ നടന്ന വിദ്യാർത്ഥിസമരത്തിന്റെ പേരിൽ അദ്ദേഹം അവിടുത്തെ പഠനം അവസാനിപ്പിക്കേണ്ടിവന്നു. പ്രസ്തുതസമരത്തിൽ വൈദികരുടെ പങ്കിനെപ്പറ്റി അന്വേഷിക്കാൻ സി.എം.ഐ. സഭ ഒരു കമ്മീഷനെ നിയമിക്കുകയും ചിറയിലച്ചൻ നിരപരാധിയാണെന്ന് കമ്മീഷൻ പ്രഖ്യാപിക്കുകയും ചെയ്തു. എങ്കിലും തുടർന്ന് അവിടെ പഠിക്കുവാൻ സാധിച്ചില്ല. തുടർന്ന് ധാർവാർയൂണിവേഴ്സിറ്റിയിൽ ബി.എയ്ക്കു ചേരുകയും ഫസ്റ്റ്ക്ലാസ്സോടെ വിജയം വരിക്കുകയും ചെയ്തു. തുടർന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് എം.എ. ബിരുദവും പിന്നീട് സൗരാഷ്ട്ര യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എഡും പാസ്സായി. പിന്നീട് കെ.ഇ. കോളേജ് മാന്നാനം, സെന്റ് വിൻസന്റ് പാലാ, സെന്റ് മേരീസ് ഗുജറാത്ത് (വൈസ്പ്രിൻസിപ്പൽ) രാജമാതാകുടമാളൂർ (പ്രിൻസിപ്പൽ) ക്രിസ്തുജ്യോതി ചെത്തിപ്പുഴ (പ്രിൻസിപ്പൽ) എന്നിവിടങ്ങളിൽ അദ്ധ്യാപനം നിർവ്വഹിച്ചു. തുടർന്ന് ഐ.സി. ഡബ്ളിയു എ.ഐ. കോഴ്സ് ഡയറക്ടർ (പ്രിൻസിപ്പൽ) ഐ.സി.എസ്സ്.ഐ. കോഴ്സ് ഡിറക്ടർ എന്നീ നിലകളിൽ

www.malankaralibrary.com

6 വർഷത്തോളം എറണാകുളത്ത് ജോലി ചെയ്തു. ഈ ആറുവർഷവും എറണാകുളത്തെ ചാവറകൾച്ചറൽ സെന്ററിന്റെ ഡയറക്ടറായും ജോലി നോക്കി. അക്കാലത്ത് സി.എം.ഐ. എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറിയും കൺസൾട്ടറുമായിരുന്നു അദ്ദേഹം.

ഈ കാലഘട്ടംമുഴുവൻ പ്രസംഗങ്ങൾ, ധ്യാനപരിപാടികൾ, സെമിനാറുകൾ എന്നിവയ്ക്കും ഗ്രന്ഥരചനയ്ക്കും ധാരാളം സമയം കണ്ടെത്തി. ആയിരക്കണക്കിന് പ്രസംഗങ്ങൾക്കും നൂറുകണക്കിന് ലേഖനങ്ങൾക്കും പുറമേ 25 ൽ പരം കൃതികൾ രചിക്കുകയും ചെയ്തു. ദൈവവിളിയും ജീവിതദൗത്യവും, പുതിയമനുഷ്യൻ, സന്ന്യാസദർശനം, സാമൂഹ്യസമ്പർക്കമാദ്ധ്യമങ്ങൾ, സന്ന്യാസാഖ്യാനം, മതം മുഖംമാറുന്നു എന്നിവ അതിൽ ചിലതുമാത്രമാണ്. സന്ന്യസ്തർക്കും വൈദികർക്കുമായി നിരവധി ധ്യാനപ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. അച്ചന്റെ പ്രസംഗം കേൾക്കുന്നവരും പുസ്തകം പാരായണം ചെയ്യുന്നവരും ധാരാളമായിരുന്നു. അതിനാൽ എഴുത്തും പ്രസംഗവും അദ്ദേഹത്തിന് ഒരു ഹരമായിരുന്നു. ക്രൈസ്തവരുടെ യോഗങ്ങളിൽ മാത്രമല്ല ഹിന്ദുക്കളുടെയും മുസ്ലീംങ്ങളുടെയും യോഗങ്ങളിൽ അദ്ദേഹം പ്രാസംഗികനായിരുന്നു. വൈദികരുടെയും ധ്യാനഗുരുക്കന്മാരുടെയും ഉപയോഗത്തിനായി ചില ചെറുഗ്രന്ഥങ്ങളും ഇതിനിടയിൽ രചിച്ചിട്ടുണ്ട്. നാടുമുഴുവൻ ഓടിനടന്ന് പ്രസംഗിക്കുകയും സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തപ്പോൾ അച്ചനെ ഇടതനും വിപ്ലവകാരിയും തിരുത്തൽവാദിയുമായി ചില യാഥാസ്ഥിതികർ മുദ്രകുത്തി. ഇത്കേട്ട് ഫാ.ചിറയിൽ ചിരിച്ചു. ഇതിനിടയിൽ ഫാ. ഫൊർമിസച്ചന്റെ പ്രകാശത്തിൽ സഹായിയായി പ്രവർത്തിച്ചു. ഫൊർമിസച്ചന്റെ ചുമതല ഏറ്റെടുക്കാനായിരുന്നു നിയമനം. പക്ഷേ ക്രിസ്തുജ്യോതി സ്കൂളിന്റെ ചുമതല ഏറ്റെടുത്ത് ചെത്തിപ്പുഴയ്ക്ക് പോരേണ്ടിവന്നതിനാൽ പ്രകാശത്തിൽനിന്നും മാറേണ്ടിവന്നു. ഈ കാലഘട്ടത്തിൽ ഇംഗ്ലീഷ്മീഡിയം അസോസിയേഷന്റെ ഡയറക്ടറായി ചിറയിലച്ചൻ നിയമിതനായി.

എറണാകുളം ചാവറ ഡയറക്ടർ സ്ഥാനത്തിരുന്നപ്പോൾ ഇന്ത്യയിലെ ഉന്നതരും പ്രഗത്ഭരുമായ പല വ്യക്തികളുമായി അടുത്തബന്ധം പുലർത്തിപ്പോന്നു. ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ, അഗ്നിവേശ്, എൽ.എം. പൈലി, ഗവർണ്ണർ എം.എം. തോമസ്, പ്രസിഡന്റ് ശങ്കർദയാൽ ശർമ്മ ഇവരൊക്കെ അതിൽ ചിലരാണ്. സംഘർഷനിർഭരമായ മട്ടാഞ്ചേരിയിൽ പീസ്മാർച്ച് നടത്തിയതിന് ളോഹയിട്ട ഈ അച്ചനും നേതൃത്വം നൽകി. അതുപോലെ തന്നെ അന്നത്തെ ലോകസഭാ ഇലക്ഷന് ഇലക്ഷൻ വാച്ചിംഗിന് മറ്റു ജഡ്ജിമാരോടുകൂടെ ചിറയിലച്ചനെയും ഇലക്ഷൻകമ്മീഷണർ മി. ശേഷൻ നിയമിച്ചു. ഇന്ത്യയിൽ ആദ്യമായി ഒരു ഇലക്ഷൻ വാച്ചിംഗിന് ഒരു വൈദികൻ പോളിംഗ് ബൂത്തുകൾ കയറിയിറങ്ങുന്നത് ആദ്യമായാണ്. കൊച്ചിൻ വോക്ക് എന്ന് ഗാനസംഘത്തിനും ആൾ കേരള യൂണിവേഴ്സിറ്റി എലക്യൂഷൻ

www.malankaralibrary.com

കോപറ്റീഷനും രൂപം നൽകിയതും അദ്ദേഹമാണ്. ഗാനരചനയിൽ ചിറയിലച്ചൻ ആരംഭമിട്ടതും ഈ ഘട്ടത്തിലാണ്. ഏതാനും കാസറ്റുകളും ഇറക്കുകയുണ്ടായി. അതിൽ ചാവറപിതാവിനെയും അൽഫോൻസാമ്മയെക്കുറിച്ചുള്ളതും ക്രിസ്തുമസ് അവസരത്തിൽ ഇറക്കിയ പാതിരാപ്പൂക്കളും ഹിറ്റായിരുന്നുവെന്ന് പറയാം.

പാലായിലെ അദ്ധ്യാപനത്തിനിടയിൽ ഇന്ദിരാഗാന്ധിപ്രഖ്യാപിച്ച അടിയന്തിരാവസ്ഥയ്ക്കെതിരെ രഹസ്യമീറ്റിംഗുകൾ സംഘടിപ്പിക്കുകയും അടിയന്തരാവസ്ഥപിൻവലിപ്പിക്കുവാൻ മറ്റുചിലസുഹൃത്തുക്കളുമൊത്ത് രാത്രിയുടെ നിശബ്ദതയിൽ ചർച്ചായോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. ഏറ്റം ദുർഘടം പിടിച്ച സാഹചര്യമായിരുന്നു. കേരളാഎക്യുമെനിക്കൽ യൂത്ത മൂവ്മെന്റ് ആദിവാസികളുടെ ദുഃഖങ്ങളും യാതനകളും നേരിൽക്കണ്ട് മനസ്സിലാക്കുവാൻ ഒരു ചെറിയശ്രമം നടത്തി. മൂവ്മെന്റിന്റെ ചെയർമാൻ ജോൺ കച്ചിറമറ്റം ആയിരുന്നു. വേൾഡ്ക്രിസ്ത്യൻ കൗൺസിൽ ഈ സംരംഭത്തിൽ എല്ലാ സഹായങ്ങളും നൽകി. ആദിവാസി പ്രോജക്ടിന്റെ ഡയറക്ടർ ഫാ. ജോസഫ് ചിറയിൽ തന്നെയായിരുന്നു. വയനാടൻ മലയിടുക്കുകളിലും തിരുനെല്ലിവനങ്ങളിലും കയറിയിറങ്ങി ആദിവാസികളെ നേരിൽകണ്ട് അവരുമായി ചർച്ചചെയ്ത് അവരുടെ അടിച്ചമർത്തപ്പെട്ട ജീവിതസാഹചര്യങ്ങളും അവരുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ട ചൂഷണവും നേരിൽകണ്ട് മനസ്സിലാക്കി, ആ വിവരങ്ങൾ ലേഖനംവഴി ബഹുജനങ്ങളിൽ എത്തിക്കുവാൻ പരിശ്രമിച്ചു. കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾക്ക് വിശദമായ ഒരു റിപ്പോർട്ടു നൽകി. ഇതിന്റെയടിസ്ഥാനത്തിൽ കേരള അസംബ്ലി, ആദിവാസികളുടെ സ്ഥലം കൈമാറ്റം ചെയ്യുന്നതിനെ വിലക്കിക്കൊണ്ട് നിയമം പാസ്സാക്കി. പിന്നീട് വളരെകഴിഞ്ഞാണ് ആദിവാസി പ്രസ്ഥാനങ്ങൾ രൂപംകൊള്ളുന്നത്.

ആളൂർ ബറ്റർലൈഫ് സെന്ററിന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ചുകൊണ്ട്, പല പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. സമ്പൂർണ്ണ ബൈബിൾ എഡിറ്റിംഗ്,കേരളസഭമാസിക എഡിറ്റിംഗ,ഠെ് ഇടവകയിൽ വിതരണം ചെയ്യാനുള്ള ചെറുപുസ്തകങ്ങൾ എഴുതി അച്ചടിപ്പിക്കൽ, സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കൽ തുടങ്ങിയ B.L.M. ന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ചു. അതിനുള്ള നിയമാവലിയും മറ്റും തയ്യാറാക്കി മെത്രാന്മാർക്കു സമർപ്പിച്ചെങ്കിലും ഓരോ രൂപതയിലും ഓരോ സംഘടന എന്ന നിലപാടിൽ പിതാക്കന്മാർ ഉറച്ചുനിൽക്കുകയും ചില രൂപതകളിൽ പുതിയ സംഘടനകൾ കെട്ടിപ്പെടുക്കുകയും ചെയ്തു.

ഫാ.ചിറയിൽ പിന്നീട് ആറേഴുവർഷക്കാലം അമേരിക്കയിലായിരുന്നു. ഇടവകവികാരി, അദ്ധ്യാപകൻ, ഹോസ്പിറ്റൽ ചാപ്ലെൻ, എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ചു. ഫാ.ചിറയിലിന്റെ പ്രവർത്തനശൈലി അമേരിക്കൻ ജനതയെ ഹർദാ ആകർഷിച്ചു. ഈ കാലയളവിൽ ഒരു യൂറോപ്യൻ പര്യടനവും നടത്തി. ആ സന്ദർശനത്തിൽ പരിശുദ്ധ ജോൺ

www.malankaralibrary.com

പോൾ രണ്ടാമൻ മാർപ്പാപ്പായെ സന്ദർശിക്കുന്നതിനും സാധിച്ചു.

അമേരിക്കയിൽനിന്നും തിരിച്ചുവന്ന ഫാ.ചിറയിൽ കന്യാകുമാരി ആസ്ഥാനമാക്കി ഹോപ്പ് ഇന്റർനാഷണൽ എന്ന ഒരു ചാരിറ്റബിൾ ട്രസ്റ്റ് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. അതിന്റെ സ്ഥാപകഡയറക്ടർ ആയി ഇന്നോളം പ്രവർത്തിക്കുന്നു. വിദ്യാഭ്യാസം, വിവാഹം, കുടുംബസഹായം, വൈദ്യസഹായം, സ്വയംതൊഴിൽ കണ്ടെത്തൽ എന്നീ രംഗങ്ങളിലുമാണ് ഹോപ്പിന്റെ പ്രവർത്തനം. അമേരിക്കയിലും മറ്റുമുള്ള സുഹൃത്തുക്കളുടെ സഹായത്താൽ 9 വർഷംകൊണ്ട് ഒരുകോടി രൂപയോളം ചിലവഴിക്കുകയുണ്ടായി. തമിഴ്നാട്ടിലെ ഗ്രാമങ്ങളിൽ Health & Hygiene പ്രോഗ്രാം സംഘടിപ്പിച്ച് പതിനായിരങ്ങളെ ഉൽബുദ്ധരാക്കുകയും രോഗങ്ങളുടെ കടന്നാക്രമത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്തു.


ഗുജറാത്ത് ഭൂകമ്പകാലത്ത് ഗുജറാത്തിലും സുനാമിസമയത്ത് തമിഴ്നാട്ടിലും ഓടിയെത്തി ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ഫാ. ചിറയത്ത് പങ്കുചേർന്നു. ഇതും ഹോപ്പിന്റെ പ്രവർത്തനമണ്ഡലമാകുന്ന സി.എം. ഐ. സഭയിലെ ഉന്നതാധികാര സംഘത്തിൽ 30 വർഷം തുടർച്ചയായി പ്രവർത്തിച്ച ചിറയിൽ സഭയുടെ നിയമനിർമ്മാണത്തിലും പോളിസിരൂപീകരണത്തിലും കാര്യമായ സ്വാധീനം ചെലുത്തുകയും പ്രാമാണിക രേഖകൾ ഡ്രാഫ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ക്യാപ്പിറ്റേഷൻ ഫീസ്, ഭീമമായ അഡ്മിഷൻ ഫീസ് എന്നിവക്കെതിരെ ശക്തമായ നിലപാട് അദ്ദേഹം സ്വീകരിച്ചിട്ടുണ്ട്. പ്രൊവിൻഷ്യൽ കൗൺസിലിൽ പല പ്രാവശ്യം അംഗമാകുകയും സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തു. സി.എം.ഐ. സഭയെ പല പ്രോവിൻസുകളായി തിരിക്കുന്നതിന് പൊതുസംഘ തിരഞ്ഞെടുപ്പു കമ്മറ്റിയിൽ അംഗമായും സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്.

1965–85 കാലഘട്ടത്തിൽ പ്രവാചകദൃഷ്ടിയോടെ പ്രവർത്തിക്കുകയും ഒരുപുതിയ സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പെടുക്കുവാൻ ശ്രമിക്കുകയും ചെയ്തപ്പോൾ ഒരുപക്ഷേ യാഥാസ്ഥിതികരിൽ അമ്പരപ്പ് ഉളവായിരിക്കാം. പക്ഷേ അന്ന് ചിറയിലച്ചൻ പറഞ്ഞത് പലതും ഇന്ന് യാഥാർത്ഥ്യമായിരിക്കുന്നു. ഭാവിയിൽ അത് പൂർണ്ണമായി സാത്മീകരിക്കപ്പെടും. സ്നേഹത്തിന്റെയടിസ്ഥാനത്തിൽ പടുത്തുയർത്തിയ ഒരു സഭയും സമുദായവുമായിരുന്നു ലക്ഷ്യം. നിലവിലുള്ള വ്യവസ്ഥിതിയെ മാറ്റി ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുവാൻ, മൃതപ്രായമായ വ്യവസ്ഥിതിക്ക് ഒരു ഇലകട്രോകാർഡിയാക്ക് ഷോക്ക് നൽകുകയായിരുന്നു ഫാ. ചിറയിലിന്റെ ദൗത്യം. അത് അദ്ദേഹം ഇന്ന് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

വിലാസം – ഫാ. ജോസഫ് ചിറയിൽ C.M.I. സെന്റ് ജോസഫ് കാർമ്മൽ ഹൗസ് പുന്നപ്ര പി.ഒ., ആലപ്പുഴ 688004

www.malankaralibrary.com

# 174



## മോൺ. ജേക്കബ് വെള്ളിയാൻ

പാശ്ചാത്യ പൗരസ്ത്യ ആരാധനക്രമങ്ങളിൽ അഗാധപണ്ഡിതൻ,വിവിധ ഭാഷാ പണ്ഡിതൻ,ചരിത്രകാരൻ, കോട്ടയം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഹാദ്ദൂസ എന്ന അഖിലഭാരത രംഗ കലാകേന്ദ്രത്തിന്റെ സ്ഥാപക ഡയറക്ടർ കോട്ടയം അതിരൂപതയുടെ വികാർ ജനറാൾ എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തനനിരതനായ റവ.ഡോ. മോൺ ജേക്കബ് വെള്ളിയാൻ കോട്ടയം രൂപതയിൽ ഒളശ്ശയിൽ വെള്ളിയാൻ കുടുംബത്തിൽ ചാണ്ടി മറിയം ദമ്പതികളുടെ പത്തുമക്കളിൽ നാലാമനായി 1934 ആഗസ്റ്റ് 16-ാം തിയതി ജനിച്ചു.

ഒളശ്ശ സി.എം.എസ്സ്,പരിപ്പ് എൻ.എസ്സ്.എസ്സ്,കോട്ടയം സി.എം.എസ്സ് എന്നിവിടങ്ങളിലായിരുന്നു വിദ്യഭ്യാസം.അനന്തരം കോട്ടയം രൂപത വക എസ്.എച്ച് മൗണ്ടിലുള്ള മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു.തുടർന്ന് മംഗലപ്പുഴ സെമിനാരിയിലും റോമിലെ പ്രൊപ്പഗാന്ത കോളേജിലും പഠിച്ച് വൈദിക വിദ്യഭ്യാസം പൂർത്തിയാക്കി.1961 ഏപ്രിൽ 23 -ാം തിയതി റോമിൽ വെച്ച് കർദ്ദിനാൾ പാറേക്കാട്ടിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു.റോമിൽ വീണ്ടും ഉപരിപഠനം നടത്തുകയും ദൈവശാസ്ത്രത്തിലും പാശ്ചാത്യ ആരാധനക്രമത്തിലും പൗരസ്ത്യ ആരാധനക്രമത്തിലും എം.എ ഡിഗ്രികൾ കരസ്ഥമാക്കുകയും ചെയ്തു. രണ്ടു ഡോക്ടറേറ്റുകളുടെ ഉടമ കൂടിയാണ് ഫാ വെള്ളിയാൻ.ദൈവശാസ്ത്രത്തിൽ റോമിലെ അഞ്ചേലിക്കൻ യൂണിവേഴ്സിറ്റിയിൽ നിന്നും ലിറ്റർജിയിൽ അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിറ്റിയിൽ നിന്നും ആണ് അദ്ദേഹം ഡോക്ടറേറ്റ് എടുത്തത്.റോമിലെ സെന്റ് തോമസ് അക്വിനാസ്,ഓറിയന്റൽ ഇൻസ്റ്റിസ്റ്റ്യൂട്ട് എന്നീ കലാലയങ്ങളിലും അദ്ദേഹം പഠനം നടത്തി.

ഒളശ്ശ സെന്റ് ആന്റണീസ് പള്ളിയിൽ പത്ത് വർഷക്കാലവും ചിങ്ങവനം സെന്റ് ജോൺസ് പള്ളിയിൽ ഒരു വർഷക്കാലവും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.വടവാതൂർ സെമിനാരിയിൽ 1965 മുതൽ 69 വരെ പ്രൊഫസ്സറായും 1970 മുതൽ 2000 വരെ വിസിറ്റിങ് പ്രൊഫസ്സറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

കോതനല്ലൂരെ തൂവാനിസാ പ്രാർത്ഥനാലായത്തിന്റെ ഡയറക്ടറായി എഴ് വർഷക്കാലവും ഡോ വെള്ളിയാൻ സേവനം അനുഷ്ഠിച്ചു.കോട്ടയം ദയറാ ബെനഡിക്ടൻ മൈനർ സെമിനാരി ഡയറക്ടറായി നാലുവർഷക്കാലവും കടുത്തുരുത്തി പാഴുതുരുത്ത് സെന്റ് കുര്യാക്കോസ് സി.ബി.എസ്സ്.ഇ ജൂനിയർ കോളേജ് മാനേജരായി ഏഴ് വർഷക്കാലവും പ്രവർത്തിച്ച ഡോ.

www.malankaralibrary.com

വെള്ളിയാൻ തെള്ളകത്ത് സിസ്റ്റേഴ്സിനു വേണ്ടി സ്ഥാപിച്ച ദ്നഹാതിയോളജിക്കൽ ഇൻസ്റ്റിസ്റ്റ്യൂട്ടിൽ പ്രൊഫസ്സറായി 1994 മുതൽ പ്രവർത്തിച്ച് വരുകയാണ്.

സി.ബി.സി.ഐ ലിറ്റർജി കമ്മീഷൻ കൺസൾട്ടന്റ്,സീറോ മലബാർ ലിറ്റർജി കമ്മിറ്റിയംഗം (1965മുതൽ) കോട്ടയം അതിരൂപത ലിറ്റർജി കമ്മിറ്റി ചെയർമാൻ എന്നി നിലകളിൽ അദ്ദേഹം പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു. അന്താരാഷ്ട്ര ലിറ്റർജി സൊസൈറ്റിയുടെ അംഗമായ വെള്ളിയാൻ ഒരു ടേമിൽ സൊസൈറ്റിയുടെ പ്രസിഡണ്ടായും പ്രവർത്തിച്ചിട്ടുണ്ട്.

മലയാളം,ഇംഗ്ലീഷ്,ഇറ്റാലിയൻ,ഫ്രഞ്ച്,ജർമ്മൻ ഭാഷകൾ അനായാസമായി എഴുതുവാനും സംസാരിക്കാനും കഴിവുള്ള അദ്ദേഹം ഈ ഭാഷകളിൽ നിരവധി ഗ്രന്ഥങ്ങളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്.ആരാധനക്രമരംഗത്ത് 1961 മുതൽ സേവനം അനുഷ്ടിച്ച് വരുന്ന ഡോ വെള്ളിയാന്റെ പ്രഥമ ഗ്രന്ഥം സീറോ മലബാർ സഭയുടെ പുനരുദ്ധരിക്കപ്പെട്ട ആരാധനക്രമം എന്നതാണ്. ലിറ്റർജി,സഭാ ചരിത്രം,ക്നനായ ചരിത്രം,രംഗകല,ക്നനായ സംസ്കൃതം എന്നീ വിഷയങ്ങളെ അധികരിച്ച് 60-ൽ പരം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്.ദൈവജനം അൾത്താരക്ക് ചുറ്റും, ആരാധനക്രമ നവോത്ഥാനം, കുർബ്ബാന ഒരു പഠനം, കാനോന നമസ്കാരം ഒരു പഠനം,ധ്യാനം ആരാധനക്രമത്തിൽ,സീറോ-മലബാർ ആരാധനക്രമം നൂറ്റാണ്ടിലൂടെ,അനുരഞ്ജനവേദി,മാതൃമഹിമ തുടങ്ങിയ ഡോ വെള്ളിയാന്റെ ഗ്രന്ഥങ്ങൾ സഭയിൽ ആരാധനക്രമം സംബന്ധിച്ച താൽപര്യത്തിന്റെ തരംഗങ്ങൾ സൃഷ്ടിക്കുവാൻ സഹായകമായി. The Malabar church,East Syrian evening services,Reflections on mariology എന്നിങ്ങനെയുള്ള ഗ്രന്ഥങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചു. The syrian churches series എന്ന പുസ്തക പരമ്പരയുടെ 20 വാല്യങ്ങൾ ഇതിനകം അദ്ദേഹം പ്രസാധനം ചെയ്തു.

മാർഗ്ഗംകളി ആട്ടപ്രകാരം, ആരാധനക്രമവിജ്ഞാനകോശം(1000 പേജ് -Encyclopaedia on liturgy) മരിയൻ വിജ്ഞാനകോശം,കല്യാണത്തിന്റെ കാൽചിലമ്പൊലി എന്നിങ്ങനെ നാലു റഫറൻസ് ബുക്കുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.തനിമയുടെ മധുഗീതി മാർഗ്ഗംകളി പാട്ട് എന്ന ഡോ വെള്ളിയാന്റെ ഗ്രന്ഥം കാലടി യൂണിവേഴ്സിറ്റി മലയാളം എം.എയ്ക്ക് പാഠപുസ്തകമായി അംഗീകരിക്കുകയുണ്ടായി.

ക്ഷയോൻമുഖമായിരുന്ന മാർഗ്ഗംകളി പുനരുജ്ജീവിപ്പിച്ച് പ്രചരിപ്പിക്കുവാൻ ഒരു സ്ഥാപനം ഉണ്ടാക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു.മാർകുര്യാക്കോസ് കുന്നശ്ശേരിയുടെ അംഗീകാരത്തോടും പ്രോൽസാഹനത്തോടും കൂടി 1985-ൽ ഹാദ്ദുസ എന്ന പേരിൽ അഖിലഭാരത ക്രൈസ്തവ രംഗ കലാകേന്ദ്രം ആരംഭിച്ചു.കേരളഗവർണ്ണർ ശ്രീ പി.രാമചന്ദ്രനാണ് ആ കേന്ദ്രം ഉൽഘാടനം ചെയ്തത്.അന്നു മുതൽ ഇന്നു വരെ പ്രസ്തുത കേന്ദ്രത്തിന്റെ സ്ഥാപക ഡയറക്ടറായി ഡോ വെള്ളിയാൻ പ്രവർത്തിക്കുന്നു.അന്നു ജീവി

www.malankaralibrary.com

ച്ചിരുന്ന 33 മാർഗ്ഗംകളി ആശാൻമാരെ വിളിച്ചുകൂട്ടി മാർഗ്ഗം ചിട്ടചെയ്യാൻ 50 ദിവസത്തെ കളരി നടത്തി.ഡോ ചുമ്മാർ ചൂണ്ടൽ ഈ പ്രവർത്തനങ്ങളിൽ ഡോ വെള്ളിയാനോട് സഹകരിച്ച് പ്രവർത്തിക്കുകയുണ്ടായി.മാർഗ്ഗംകളി സംസ്ഥാനയുവജന കലോൽസവത്തിലും കോളേജ് യൂണിവേഴ്സിറ്റി തലത്തിലും മൽസര ഇനമായി മാറ്റാൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു.മാർഗ്ഗംകളിയുടെ ശാസ്ത്രീയത നഷ്ടപെടുത്താതിരിക്കാൻ അത് വീഡിയോ കാസറ്റിലാക്കുകയും 170 ഓളം ചിത്രരേഖകളടങ്ങിയ മാർഗ്ഗംകളി ആട്ട പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തു.നൂറോളം കളരികൾ അങ്ങോളംമിങ്ങോളം നടത്തി അദ്ധ്യാപകരേയും കുട്ടികളേയും മാർഗ്ഗംകളി അഭ്യസിപ്പിച്ചു.പുരുഷൻമാരുടെ കളിയായിരുന്ന ഈ കലാരൂപം സ്ത്രീ ജനങ്ങൾക്കും കൂടി തുറന്നു കൊടുക്കുകയും പെൺകുട്ടികളുടെ കളിക്ക് പുരാതന സുറിയാനി ക്രിസ്ത്യാനികളുടെ മുണ്ട്, ചട്ട, കുണുക്ക് തുടങ്ങിയ ആടയാഭരണങ്ങൾ നിശ്ചയിച്ച് കൊടുക്കുകയും ചെയ്തു.

മാർഗ്ഗംകളിയിൽ നിന്ന് വ്യത്യസ്തമാണ് പരിചമുട്ട് കളി എന്ന് കണ്ടറിഞ്ഞ് സംസ്ഥാന-തലത്തിൽ പരിചമുട്ട് കളി ആശാൻമാരെ നാലു പ്രാവശ്യം വിളിച്ച് കൂട്ടി,ആ കളിയുടെ സംവിധാനങ്ങളും മറ്റ് ചിട്ട ചെയ്ത് ഗവൺമെന്റിനെ അറിയിച്ചു. ഹാദ്ദുസാ നൽകിയ നിയമങ്ങളാണ് പരിചമുട്ട് കളിക്കും മാർഗ്ഗംകളിക്കും ഇന്ന് പാലിച്ച് വരുന്നത്.പുരാതന ക്രൈസ്തവരീതികളെ പരിഷ്കരിക്കാതെ ചിട്ടപെടുത്തി പരിഷ്കരിക്കുന്നതിനുള്ള യജ്ഞത്തിൽ മാർഗ്ഗംകളി,പുരാതനപ്പാട്ടുകൾ,കല്യാണപ്പാട്ടുകൾ,സുറിയാനി പാട്ടുകുബ്ബാന എന്നിവ കാസറ്റുകളിലാക്കി,കൂടാതെ തുവാനിസാ ഭജനഗാനങ്ങളും അദ്ദേഹത്തിന്റെ പ്രവർത്തനഫലമായുണ്ട്. കേരളത്തിലെ വിവിധ പട്ടണങ്ങളിൽ മാർഗ്ഗംകളി കോഴ്സുകൾ സംഘടിപ്പിച്ച് വളരെയധികം ആശാൻമാരെ കരുപിടിപ്പിച്ചിട്ടുണ്ട്.

ചൈതന്യ ആർട്സ് എന്ന സംഘടനയുടെ ഗായകസംഘത്തിന്റേയും ഹാദ്ദൂസയുടെ നാടകട്രൂപ്പിന്റേയും ഡയറക്ടറായി ഡോ വെള്ളിയാൻ പ്രവർത്തിച്ചിട്ടുണ്ട്.ശ്രീ കുര്യൻ വെമ്പേനിയുമായി സഹകരിച്ച് തനിമയിൽ പുലരുന്ന ജനത എന്ന ഗ്രന്ഥം രചിച്ചു.ക്നനായ പഠനം സംബന്ധിച്ചുള്ള ഒരു സംരംഭമാണിത്.കുട്ടികൾക്കായി ഇംഗ്ലീഷിൽ THOMAS KENAI എന്നൊരു ചിത്രഗ്രന്ഥം(Pictural book) പ്രസിദ്ധം ചെയ്തു.ക്നനായക്കാരുടെ കല്യാണപ്പാട്ടുകൾ,പുരാതനപ്പാട്ടുകൾ എന്നിവ ശബ്ദലേഖനം ചെയ്ത് സി.ഡി ആക്കി.ക്നനായ സംഗീതക എന്ന പേരിൽ ഡോക്കുമെന്ററി ഫിലിം തയ്യാറാക്കി.(2005).ഡോ.ചുമ്മാർ ചൂണ്ടലുമായി മൂന്നു ഡോക്കുമെന്ററികളിൽ സഹകരിച്ച് പ്രവർത്തിച്ചു.അവ മാർഗ്ഗംകളി(1982)സുറിയാനി ക്രിസ്ത്യാനികളുടെ കല്യാണം(1982) ക്രൈസ്തവ വാസ്തുശില്പം(1983)ഇവയാണ്.കോട്ടയം ജോയിയോട് സഹകരിച്ച് തിരുപട്ടം നൽകുന്ന ക്രമത്തിലെ ഗാനങ്ങൾക്ക് (പരിശുദ്ധാത്മാവേ വേഗം പറന്നിറങ്ങണമേ ഉൾപ്പെടെ) രൂപം നൽകി.

www.malankaralibrary.com

സുറിയാനി കുർബ്ബാനയുടെ പാട്ടുകൾ റിക്കാർഡുചെയ്തു. സുറിയാനി കുർബ്ബാനയുടെ തക്സായുടെ മോഡൽ പതിപ്പ് തയ്യാറാക്കുവാനുള്ള റോമൻ കമ്മീഷൻ അംഗമായി 2005-ൽ ഡോ വെള്ളിയാനെ നിയമിച്ചു.കേരള ഫോക്ക്ലോർ അക്കാഡമി പ്രസാധനം ചെയ്ത ഡോക്കുമെന്ററി ഫിലിമുകളിൽപ്പെട്ട മാർഗ്ഗംകളി, സുറിയാനി ക്രിസ്ത്യാനികളുടെ കല്യാണം,ക്രൈസ്തവ വാസ്തുശില്പം എന്നിവ വെളിച്ചം കാണാൻ ഡോ വെള്ളിയാൻ സഹകരിക്കുകയുണ്ടായി. മാർ മാക്കിൽ ഗുരുകുലം (ബാംഗ്ലൂർ) ത്തിന്റെ ഡയറക്ടറായിരിക്കെ 2006 മേയിൽ കോട്ടയം അതിരൂപതയുടെ വികാരി ജനറാളായി അദ്ദേഹത്തെ നിയമിച്ചു. അദ്ദേഹത്തിന്റെ പ്രശസ്തസേവനങ്ങൾ കണക്കിലെടുത്ത് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ മോൺ സ്ഥാനം നൽകി ആദരിച്ചു. ഇപ്പോൾ കോട്ടയം അതിരൂപതയുടെ വികാർ ജനറാളാണ് .

വിലാസം - ഡോ. ജേക്കബ്ബ് വെള്ളിയാൻ, വികാർ ജനറാൾ,
കോട്ടയം അതിരൂപതാ, കെ.കെ. റോഡ്, കോട്ടയം.

# 175



## റവ. പ്രൊഫ. മാത്യു വാണിശ്ശേരി

ഗ്രന്ഥകാരൻ, പ്രഭാഷകൻ, വിവിധഭാഷാപണ്ഡിതൻ, സർവ്വകലാശാലാദ്ധ്യാപകൻ, നിരൂപകൻ, മിഷനറി എന്നീ നിലകളിലെല്ലാം പ്രശസ്തനായ ഫാ. മാത്യുവാണിശ്ശേരി കോട്ടയം താലൂക്കിൽ ചെറുവണ്ടൂർ ഗ്രാമത്തിൽ കുര്യൻ - മറിയം ദമ്പതികളുടെ ഏകമകനായി 1934 ആഗസ്റ്റ് 18ന് ഭൂജാതനായി. പിതാവ് വിശുദ്ധ അൽഫോൻസായെ വളർത്തിയ കുടമാളൂർ അത്താഴപ്പാടം കുടുംബശാഖയിൽപ്പെട്ടതും മാതാവ് വാണിശ്ശേരി കുടുംബാംഗവുമാണ്. ബാല്യത്തിലെ കളരി വിദ്യാഭ്യാസത്തിനുശേഷം ഏറ്റുമാനൂർ ഗവൺമെന്റ് ഹൈസ്കൂളിലും തുടർന്ന് പാലാ സെന്റ് തോമസ് കോളേജിലും പഠിച്ചു. സാമ്പത്തിക പരാധീനത അദ്ദേഹത്തെ ചുറ്റിപ്പറ്റി നിന്നെങ്കിലും വിജ്ഞാനത്തിനുവേണ്ടിയുള്ള അടങ്ങാത്ത ദാഹവും ബൗദ്ധികാദ്ധ്വാനവും വാണിശ്ശേരിയിൽ ആഴമായി കുടികൊണ്ടിരുന്നു. ഹൈസ്കൂൾ ക്ലാസ്സുകളിൽത്തന്നെ പ്രസംഗകലയിൽ സമ്മാനം നേടിയ വാണിശ്ശേരി കോളേജിൽനിന്നും ഒന്നാംവർഷം തന്നെ പ്രസംഗത്തിന് വെള്ളി മെഡൽ നേടി. പിറ്റേവർഷം സ്വർണ്ണമെഡലും കരസ്ഥമാക്കി. കേരള യൂണിവേഴ്സിറ്റിയുടെ പ്രസംഗമത്സരത്തിൽ ഒന്നാം സമ്മാനം നേടി സചിവോത്തമ ഷഷ്ഠിപൂർത്തി മെമ്മോറിയൽ സ്വർണ്ണമെഡൽ കരസ്ഥമാക്കി. കേരളാഗവർണ്ണർ രാമചന്ദ്രറാവു ആണ് ഈ സ്വർണ്ണ

www.malankaralibrary.com

മെഡൽ സമ്മാനിച്ചത്. കോളേജിലെ സാഹിത്യസമാജം ജനറൽ സെക്രട്ടറിയായും വാണിശ്ശേരി തിരഞ്ഞെടുക്കപ്പെട്ടു. 1957 ൽ കെമിസ്ട്രിയിൽ ബിരുദം നേടി.

വാണിശ്ശേരിയുടെ കഴിവുകൾ മനസ്സിലാക്കിയ കോളേജധികൃതർ കോളേജ് ചെലവിൽ ആണ് പഠിപ്പിച്ചത്. അന്നത്തെ പ്രിൻസിപ്പൽ മോൺ. കുരീത്തടം പാലാ കോളേജിൽതന്നെ പ്രൊഫസ്സറാക്കാമെന്ന് വാഗ്ദാനം ചെയ്തെങ്കിലും എറണാകുളം അതിരൂപതിയിൽ ഒരു വൈദീകനാകാൻ തീരുമാനിച്ചു. സ്കൂൾ വിദ്യഭ്യാസകാലത്തും കോളേജ് വിദ്യാഭ്യാസകാലത്തും അൾത്താര ബാലനായി അദ്ദേഹം പ്രവർത്തിച്ചിരുന്നു. എറണാകുളം രൂപതയിൽ വൈദികപഠനത്തിന് ചേർന്നപ്പോൾ സാഹിത്യമത്സരങ്ങളിൽ 25 ഓളം സമ്മാനങ്ങൾ അദ്ദേഹം കരസ്ഥമാക്കിയിരുന്നു. അറിയപ്പെടുന്ന ഒരു പ്രാസംഗികൻ എന്ന നിലയിൽ പത്രപംക്തികളിൽ സ്ഥാനം പിടിച്ചു. മൈനർ സെമിനാരിയിലെ രണ്ടുവർഷത്തെ പഠനം ഒരുവർഷംകൊണ്ട് അദ്ദേഹം പൂർത്തിയാക്കി. തുടർന്ന് ആലുവാ മേജർ സെമിനാരിയിൽ പഠിച്ച് വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി. സെമിനാരി വിദ്യാഭ്യാസകാലത്ത് 26-ാമത്തെ വയസ്സിൽ വാണിശ്ശേരി രചിച്ച ജീവനും പരിണാമവും എന്ന കൃതിക്ക് സമസ്ത കേരളസാഹിത്യപരിഷത്തിന്റെ സംസ്ഥാനാടിസ്ഥാനത്തിലുള്ള സാഹിത്യമത്സരത്തിൽ പ്രഥമസ്ഥാനവും (1962) ലഭിച്ചു. ഒരു സെമിനാരിവിദ്യാർത്ഥിക്ക് സാഹിത്യ അക്കാഡമിയുടെ അവാർഡ് ലഭിച്ചത് ചരിത്രത്തിൽ ആദ്യമാണ്. സാഹിത്യപരിഷത് സംഘടിപ്പിച്ച ഉപന്യാസമത്സരത്തിലും അദ്ദേഹം ഒന്നാം സ്ഥാനം കരസ്ഥമാക്കി. മത്സരവിഷയം ഉള്ളൂർക്കവിതയിലെ ജീവിതവീക്ഷണം എന്നതായിരുന്നു. വാണിശ്ശേരി വിദ്യാർത്ഥി ജീവിതത്തോട് വിടപറയുമ്പോൾ സാഹിത്യത്സരങ്ങളിൽ 30ഓളം സമ്മാനങ്ങൾ നേടിയെടുത്തിരുന്നു. കേരളത്തിലെ പ്രമുഖ പ്രഭാഷകനെന്ന പേരെടുക്കുകയും ചെയ്തു. 1964 ൽ ബോംബെ ദിവ്യകാരുണ്യ കോൺഗ്രസ്സിൽവച്ച് ഫാ. മാത്യു കാർഡിനൽ മാർ ജോസഫ് പാറേക്കാട്ടിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. ഉടനെതന്നെ വാണിശ്ശേരി അച്ചനെ ഉപരിപഠനത്തിനായി നിയോഗിച്ചു. മലയാളം ഐഛികവിഷയമായെടുത്ത് ഒന്നാം ക്ലാസിൽ എം.എ. ബിരുദം സമ്പാദിച്ചു. തുടർന്ന് ഭാരതമാതാ കോളേജിൽ അദ്ധ്യാപകനായി നിയമിച്ചു. 1969 ൽ ഒരു സ്കോളർഷിപ്പോടെ ഉപരിപഠനാർത്ഥം അമേരിക്കയിലേയ്ക്ക് തിരിച്ചു. എന്തിനേറെ, വാണിശ്ശേരിയുടെ സാഹിത്യകലാവാസന വളരാനുള്ള സാഹചര്യം അമേരിക്കൻ ജീവിതത്തോടെ നഷ്ടപ്പെട്ടു. അമേരിക്കയിലെ ഫോർദാൻ യൂണിവേഴ്സിറ്റി, അയോണ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ ബിരുദാനന്തരബിരുദങ്ങൾ നേടി. തുടർന്ന് കലാലയാദ്ധ്യാപകനായും ആശുപത്രി ചാപ്ളയിൻ ആയും, ഇടവകയിൽ പാസ്റ്ററായും ജോലി ചെയ്തു.

സിവിൽ റൈറ്റ്സ് ആക്ട് അമേരിക്കയിൽ നടപ്പാക്കിയെങ്കിലും വർണ്ണവിവേചനത്തിന്റെ ഇടിത്തീ അന്നും അമേരിക്കയിൽ കെട്ടുപോയിരുന്നില്ല.

www.malankaralibrary.com

ആത്മാർത്ഥതയും അർപ്പണബോധവും കൈമുതലായ വാണിശ്ശേരിയെ വാക്കിംഗ് എൻസൈക്ലോപീഡിയ, ജീനിയസ് എന്നൊക്കെ സഹപ്രവർത്ത കർ വിശേഷിപ്പിച്ചിരുന്നു. 36 വർഷത്തെ വിശ്വസ്തസേവനത്തെത്തുടർന്ന് വാണിശ്ശേരി വിശ്രമജീവിതത്തിനായി 2005 ൽ നാട്ടിലേക്ക് തിരിച്ചുപോന്നു.

അറിവ് ശക്തിയാണ് എന്ന ഫ്രാൻസീസ് ബേക്കന്റെ ആശയം വാണി ശ്ശേരിയും സ്വാംശീകരിച്ചു. വിവിധവിജ്ഞാനശാഖകളിൽ ആവോളം അറിവു നുകരാനുള്ള വെമ്പലായിരുന്നു ആ ജീവിതം. വിദ്യാർത്ഥിയായിരിക്കു മ്പോൾതന്നെ രചിച്ച ജീവനും പരിണാമവും, മനുഷ്യൻ, കാവ്യാനുഭൂതി എന്നീ കൃതികളും അടുത്തനാളിൽ ഇംഗ്ലീഷിൽ രചിച്ച Awesome Homilies, The power of his word എന്ന പുസ്തകവും വിവിധ പ്രസിദ്ധീകരണങ്ങളിലെ ഴുതിയ ലേഖനങ്ങളും ബഹുജനശ്രദ്ധയാകർഷിച്ചു. പല ലേഖനസമാഹാ രപുസ്തകങ്ങളിലും അദ്ദേഹം പങ്കുചേർന്നിട്ടുണ്ട്. യു.എസ്. ഗവൺമെന്റ് ജസ്റ്റീസ് ഡിപ്പാർട്ട്മെന്റ്, വെറ്ററൻസ് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്, അരി സോണാ സ്റ്റേറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, കാലിഫോർണിയ സോഷ്യൽ സർവ്വീസ് ഡിപ്പാർട്ടുമെന്റ്, യു.എസ്. കാത്തലിക് ഹെൽത്ത് കെയർ, ക്ലിനിക്കൽ പാസ്റ്ററൽ എഡ്യൂക്കേഷൻ എന്നിവിടങ്ങളിൽനിന്നെല്ലാം ഡിപ്ലോമകളും സർട്ടിഫിക്കറ്റുകളും നേടിയെടുക്കാൻ അദ്ദേഹത്തിന് സാധി ച്ചിട്ടുണ്ട്. ലോകാസമസ്താസുഖിനോഭവന്തു എന്ന ഭാരതീയ ചിന്തയിൽ പ്രതിജ്ഞാബദ്ധനായ ഫാ. മാത്യുവാണിശ്ശേരിയുടെ ആത്മാർത്ഥതയും അത്യദ്ധ്വാനവും പ്രസംഗസാമർത്ഥ്യവും ഏറെ പ്രശംസ നേടിയിട്ടുണ്ട്.

വാണിശേരിയുടെ സുഹൃത്തുക്കളും ആരാധകരും ചേർന്ന് 1994 ൽ വാണിശ്ശേരി ഫൗണ്ടേഷനും വാണിശ്ശേരി അവാർഡും സ്ഥാപിച്ചു. ഫാ. ജോർജ് കമ്മട്ടിൽ ജോൺകച്ചിറമറ്റം എന്നിവരാണ് ഈ സംരംഭത്തിന്റെ സൂത്ര ധാരകർ. ശാസ്ത്രീയ, കലാ, സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ കന ത്തകാൽപ്പാടുകൾ പതിക്കുന്ന മഹത്വ്യക്തികളെ ആദരിക്കാനും പ്രോത്സാ ഹിപ്പിക്കാനുമാണ് വാണിശ്ശേരി അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. അന്ത രീക്ഷമലിനീകരണത്തെക്കുറിച്ചും പൊതുജനാരോഗ്യത്തെക്കുറിച്ചും അവ ബോധം ജനിപ്പിക്കാൻ വാണിശ്ശേരി ഫൗണ്ടേഷൻ നടത്തിയ ശ്രമങ്ങൾ പ്രശം സാർഹമാണ്. മുൻഗവർണ്ണർ പ്രൊഫ. കെ.എം. ചാണ്ടി, സേവ് എ. ഫാമിലി പ്രസ്ഥാനത്തിന്റെ പ്രണേതാവ് മോൺ അഗസ്റ്റിൻ കണ്ടത്തിൽ, കലാഭവൻ സ്ഥാപകൻ ഫാ. ആബേൽ സി.എം.ഐ., കരസേനാമേധാവി മനേക്ഷാ, ഹൃദയശസ്ത്രക്രിയാ വിദഗ്ദ്ധനായ ഡോ. കെ.എം. ചെറിയാൻ, ക്രസ്തു ഗാഥകർത്താവായ പ്രൊഫ. മാത്യു ഉലകംതറ എന്നവർക്കാണ് അവാർഡു കൾ നൽകിയിട്ടുള്ളത്. വാണിശ്ശേരിയുടെ ജീവിതത്തിന്റെ മധുരസ്മാരക മായി വാണിശ്ശേരി അവോർഡും ഫൗണ്ടേഷനും നിലനിൽക്കാനുള്ള ക്രമീക രണങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്.

ഫാ. മാത്യു വാണിശ്ശേരിയുടെ കാവ്യാനുഭൂതികൾ എന്ന ഗ്രന്ഥത്തിന്റെ

www.malankaralibrary.com


രണ്ടാംപതിപ്പിന് അവതാരികയെഴുതിയത് സാഹിത്യപരിഷത്ത് പ്രസിഡണ്ട് ശ്രീ. സി.പി. ശ്രീധരനാണ്. അവതാരികയിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കാം. "പ്രൊഫ.എം. വാണിശ്ശേരിയുടെ കാവ്യാനുഭൂതി എന്ന ഗ്രന്ഥത്തിന്റെ പുതിയ പതിപ്പിറങ്ങുന്നതിന്റെ പ്രസക്തിയെക്കുറിച്ച് കൂടുതലൊന്നും എഴുതേണ്ടതില്ല. അസാധാരണമായ ജിജ്ഞാസയോടുകൂടി സമകാലീനവും, പ്രാചീനവും, പൗരസ്ത്യവും, പാശ്ചാത്യവുമായ വിജ്ഞാനങ്ങൾ കീഴടക്കി, എണ്ണമറ്റ സമ്മാനങ്ങൾ വാരിക്കൂട്ടി ശാസ്ത്രത്തിൽ ബിരുദവും, മലയാളത്തിൽ ബിരുദാനന്തരബിരുദവും നേടി, കോളേജിൽ അദ്ധ്യാപകനായി, ഒരു മികച്ച വാഗ്മിയും എഴുത്തുകാരനും, പണ്ഡിതനുമായ വൈദികനായി മാറി. സാമാന്യം പ്രശസ്തിയാർജ്ജിച്ചഘട്ടത്തിൽ തന്നെ എനിക്ക് സുപരിചിതനായിരുന്നു ഫാ. മാത്യുവാണിശ്ശേരി. അറുപതുകളിൽ അദ്ദേഹമെഴുതിയ ഒട്ടേറെ പ്രബന്ധങ്ങൾ കാവ്യാനുഭൂതിയിൽ വന്നവയടക്കം കൈയെഴുത്തു പ്രതിയായിരിക്കെ ഞാൻ വായിക്കുകയും അഭിപ്രായപ്രകടനം നടത്തുകയും ചെയ്തിട്ടുണ്ട്. മലയാള വിമർശനസാഹിത്യത്തിനും, വൈജ്ഞാനിക-ദാർശനിക ശാഖകൾക്കും അമൂല്യസംഭാവനകൾ ചെയ്യാൻ ശക്തമായ ഒരു വിശിഷ്ട പ്രതിഭയുടെ വാഗ്ദാനപത്രമായോ, പ്രകടനപത്രികയായോ പ്രത്യക്ഷപ്പെട്ട കാവ്യാനുഭൂതിയിലെ പ്രബന്ധങ്ങളും ലേഖനങ്ങളും ഗ്രന്ഥരൂപത്തിലിറങ്ങിയശേഷം അദ്ദേഹത്തെപ്പറ്റി എനിക്ക് യാതൊരു അറിവുമുണ്ടായിരുന്നില്ല."

കേരളത്തിൽ വിശ്രമജീവിതം നയിക്കുന്ന ഫാ. മാത്യു വാണിശ്ശേരിയുടെ വാഗ്വിലാസം കൈരളിയുടെ ശ്രീകോവിലിൽ ശംഖനാദമാകട്ടെ. ആ ധന്യജീവിതം അനുഗ്രഹീതമാകട്ടെ.

വിലാസം - റവ. മാത്യു വാണിശ്ശേരി, പേരൂർ പി.ഒ., ഏറ്റുമാനൂർ വഴി,
കോട്ടയം - 686 637

# 176

# മോൺ. ഫെർഡിനാൻഡ് കായാവിൽ



സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക, വിദ്യാഭ്യാസ, ആതുരശുശ്രൂഷാ രംഗങ്ങളിലും, മതസാമുദായിക സൗഹാർദ്ദ മേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ച മോൺസിഞ്ഞോർ കായാവിൽ, പക്വമതിയായ ഒരു ചിന്തകനും, ദാർശനികനും, സത്യസന്ധനായ ചരിത്രകാരനും, ദീർഘവീക്ഷണമുള്ള സാമൂഹിക പരിഷ്കർത്താവും, വിദ്യാഭ്യാസ വിചക്ഷണനും, കർമ്മകുശ

www.malankaralibrary.com

ലനുമാണ്. ഇദ്ദേഹത്തിനു നൽകാവുന്ന വിശേഷണങ്ങൾക്കു സീമകളില്ല.

ന്യൂയോർക്കിലെ ഫോഡം യൂണിവേഴ്സിററിയിൽനിന്ന് സാമൂഹ്യ ശാസ്ത്രത്തിൽ എം.എ. ബിരുദം നേടിയ ഡോ.കായാവിൽ ഗ്രിഗോരിയൻ യൂണിവേഴ്സിററിയിൽനിന്ന് പി.എച്ച്.ഡിയും റോമിലെ ഉർബൻ യൂണി വേഴ്സിററിയിൽനിന്ന് ദൈവശാസ്ത്രത്തിൽ എസ്.ടി.എൽ. ഡിഗ്രിയും കരസ്ഥമാക്കി.

റോമിലെ പ്രൊപ്പഗാന്ത കോളേജിൽ വൈദികപരിശീലനം നടത്തി. കൊല്ലം രൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാൻ ബിഷപ്പ് ജെറോം ഫെർണാന്റസിന്റെ പേഴ്സണൽ സെക്രട്ടറിയായി 1962 മുതൽ 1968 വരെ സേവനമനുഷ്ഠിച്ചു. ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ അഞ്ചു വർഷം പ്രൊഫസറായിരുന്നു. കൊല്ലം ബിഷപ്പ് ബെൻസിഗർ ആശുപത്രി ഡയറക്ടറായി 1976 മുതൽ 2004 വരെ സേവനമനുഷ്ഠിച്ചു. 1976 മുതൽ തങ്കശ്ശേരി ഇൻഫന്റ് ജീസസ് ആംഗ്ലോ ഇന്ത്യൻ ഹയർസെക്കന്ററി സ്കൂളിന്റെ പ്രിൻസിപ്പളായി സേവനമനുഷ്ഠിച്ചുവരുന്നു. രണ്ടുതവണയായി 1979 മുതൽ 1985 വരെ ആറ് വർഷം കാത്തലിക് ഹോസ്പിററൽ അസോ സിയേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റായിരുന്നു. ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾക്കായി വത്തിക്കാൻ ആസ്ഥാനമാക്കിയുള്ള അന്തർദേശീയ പൊന്തിഫിക്കൽ കൗൺസിലിന്റെ ഉപദേശകസമിതി അംഗമായി 1994 മുതൽ 2004 വരെ 10 കൊല്ലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഡോ.കായാവലിന് വിവിധ മേഖലയിലുള്ള സേവനം പരിഗണിച്ച് ജോൺപോൾ മാർപ്പാപ്പാ 1992-ൽ മോൺസിഞ്ഞോർ പദവി നൽകി.

കേരളസംസ്ഥാന സാക്ഷരതാമിഷന്റെ എക്സിക്യൂട്ടീവ് അംഗമാണ് ഡോ.കായാവിൽ. മിഷന്റെ പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേററീവ് കമ്മിററിയുടെ ചെയർമാനുമാണ്.

“വ്യാപരിക്കുന്ന മേഖലകളിലെല്ലാം തന്റെ കാല്പാടുകൾ മായാത്ത വിധം പതിപ്പിക്കാൻ കഴിയുന്ന അസാധാരണമായ വ്യക്തിത്വത്തിന്റെ ഉടമ യാണ് മോൺസിഞ്ഞോർ ഫെർഡിനാൻഡ് കായാവിൽ. കേരളത്തിലെ പ്രശ സ്ത വിദ്യാലയങ്ങളിലൊന്നായ തങ്കശ്ശേരി ആംഗ്ലോ ഇന്ത്യൻ ഹയർ സെക്ക ന്ററി സ്കൂളിന്റെ അമരക്കാരൻ എന്ന നിലയിലുള്ള ദീർഘകാലത്തെ അനുഭ വങ്ങൾ, നമ്മുടെ വിദ്യാഭ്യാസമേഖലയെ സംബന്ധിച്ച് ആഴത്തിലുള്ള പഠന ത്തിനു അവസരം നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ, അറുപതിലേറെ പതിററാണ്ടുകളുടെ ചരിത്രമുള്ള പ്രസ്തുത വിദ്യാലയത്തിന്റെ ഇന്നത്തെ വളർച്ചയിലും, ആധുനികവത്ക്കരത്തിലും അദ്ദേഹത്തിന് വലിയ സംഭാ വനകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. പാശ്ചാത്യനാടുകളിലെ വിദ്യാഭ്യാസ സമ്പ്രദായവുമായുള്ള നിരന്തര സമ്പർക്കവും, പരന്ന വായനയും കൂടിയായ പ്പോൾ വിദ്യാഭ്യാസവിഷയത്തിൽ മൗലികമായ അഭിപ്രായങ്ങൾ പ്രകടി പ്പിക്കാനും അദ്ദേഹത്തിനു കഴിയുന്നു.” പത്രപ്രവർത്തകൻ, പത്രാധിപർ,

www.malankaralibrary.com

ചിന്തകൻ, രാഷ്ട്രീയപ്രവർത്തകൻ എന്നീ നിലകളിലെല്ലാം കേരളമൊട്ടുക്ക് അറിയപ്പെടുന്ന ശ്രീ തെങ്ങമം ബാലകൃഷ്ണന്റെ അഭിപ്രായമാണിത്. (കാല്പാടുകൾ പേജ് 23-24).

മോൺസിഞ്ഞോർ കായാവിൽ ആരോഗ്യസംരക്ഷണ രംഗത്തും മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്. കൊല്ലം രൂപതയുടെ വകയായ ബിഷപ്പ് ബെൻസിഗർ ഹോസ്പിററൽ പതിമൂന്ന് ചെറിയ കുടിലുകളിൽനിന്ന് ഇന്ന് കേരളമൊട്ടുക്ക് അറിയപ്പെടുന്ന മഹത്തായ ഒരു ആരോഗ്യസംരക്ഷണ കേന്ദ്രമാക്കി മാററിയത് കായാവിലച്ചന്റെ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചയും ഭരണപാടവും ദീർഘവീക്ഷണവുമാണ്. വത്തിക്കാനിലെ പ്രശസ്തനായ കർദ്ദിനാൾ ഫിറെൻസോ ആഞ്ചലീനി കായാവിലച്ചനെ "Patriarca Sanitario" (ആരോഗ്യമേഖലയിലെ പേട്രിയാർക്ക്) എന്നു പ്രധാനപ്പെട്ട ഒരു പ്രമാണരേഖയിൽ വിശേഷിപ്പിച്ചിട്ടുണ്ട്.

മോൺസിഞ്ഞോർ കായാവിൽ ഒരു വിദ്യാഭ്യാസ വിചക്ഷണനാണ്. വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ തുറന്ന മനസ്സോടെ, അതേസമയം ഒരു ഗവേഷകന്റെ ചാതുര്യത്തോടെ നോക്കിക്കാണുന്ന ഡോ.കായാവിലിനു വിദ്യാഭ്യാസമേഖലയെക്കുറിച്ചു വ്യക്തവും, ശാസ്ത്രീയവുമായ ഉൾക്കാഴ്ചയുണ്ട്. വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ, ലേഖനങ്ങൾ ഇതിന് ഉത്തമ ദൃഷ്ടാന്തങ്ങളാണ്.

വിദ്യാഭ്യാസമേഖല മുഴുവനും സർക്കാരിന്റെ നിയന്ത്രണത്തിൽ ആകാൻ പാടില്ലെന്ന് നിരന്തരം വാദിച്ചുകൊണ്ടിരുന്ന ബിഷപ്പ് ജെറോമിന്റെ കാഴ്ചപ്പാടുകൾ വിട്ടുവീഴ്ചയില്ലാതെ പഠിപ്പിക്കുന്ന ഒരു വിദ്യാഭ്യാസ വിദഗ്ധനാണ് കായാവിലച്ചൻ. ശരിയായ മനഃസാക്ഷിയോടുകൂടി ധാർമ്മികമൂല്യങ്ങളെ വിലയിരുത്തുവാനും ആ ധാർമ്മിക മൂല്യങ്ങളെ വ്യക്തിപരമായ ജീവിതത്തിൽ പ്രയോജനം നൽകുന്ന വിദ്യാഭ്യാസരീതി തെരഞ്ഞെടുക്കുവാനുള്ള മനുഷ്യന്റെ ജന്മാവകാശം കുത്തകവ്യവസ്ഥയിൽ സംരക്ഷിക്കപ്പെടില്ല. മാതാപിതാക്കൾക്ക് സ്വന്തം മനഃസാക്ഷിക്കനുസരണമായി പൂർണ്ണസ്വാതന്ത്ര്യത്തോടെ തങ്ങളുടെ കുട്ടികൾക്കുവേണ്ടി വിദ്യാലയങ്ങൾ തെരഞ്ഞെടുക്കുവാൻ കഴിവുണ്ടാകത്തക്കവിധം ഗവൺമെന്റ് വിദ്യാഭ്യാസ സംവിധാനങ്ങളിൽ വൈവിധ്യം അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തേ തീരൂ എന്ന് ഡോ. കായാവിൽ നിരന്തരം ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നു.

തങ്കശ്ശേരി ഇൻഫന്റ് ജീസസ് ഹയർസെക്കന്ററി സ്കൂൾ ഇന്ന് കേരളത്തിൽ അറിയപ്പെടുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പ്രമുഖ സ്ഥാനത്താണ്. 65 കൊല്ലം പഴക്കമുള്ള ഈ സരസ്വതീ ക്ഷേത്രത്തിൽ കഴിഞ്ഞ 29 വർഷമായി ഡോ.കായാവിലാണ് പ്രഥമ അദ്ധ്യാപകൻ. ഈ സ്ഥാപനത്തിന്റെ അസാധാരണമായ വളർച്ച വിദ്യാഭ്യാസ മേഖലയിലെ അച്ചന്റെ ഉൾക്കാഴ്ചയുടെയും ഭരണപാടവത്തിന്റെയും ഫലമായിട്ടാണ്.

കത്തോലിക്കാ വിശ്വാസപ്രമാണങ്ങൾ ദൈവശാസ്ത്രപരമായി

www.malankaralibrary.com

നന്നായി പഠിച്ച് ശ്രോതാക്കൾക്ക് ബോധ്യം വരത്തക്കവിധം അവതരണചാതുര്യത്തോടെ നല്ല ഭാഷാശൈലിയിൽ അനായാസമായി പ്രഭാഷണം ചെയ്യുന്ന ശ്രദ്ധിക്കപ്പെടുന്ന ഒരു വാഗ്മി കൂടിയാണ് ഡോ.കായാവിൽ. അതേസമയം ഭാരതീയസംസ്കാരം, മതസൗഹാർദ്ദം, ദേശിയഐക്യം, രാജ്യത്തിന്റെ മതേതര സ്വഭാവം, പാവപ്പെട്ടവർക്ക് കിട്ടേണ്ട നീതി എന്നീ വിഷയങ്ങളും കായാവിലച്ചന്റെ മുഖ്യപ്രഭാഷണ വിഷയങ്ങളാണ്. അക്രൈസ്തവ സമ്മേളനങ്ങളിൽ ക്രൈസ്തവപ്രാതിനിധ്യം ആഗ്രഹിക്കുന്നവർ കായാവിലച്ചനെയാണ് മുഖ്യമായും പങ്കെടുപ്പിക്കുന്നത്. അമേരിക്കൻ ഐക്യനാടുകളും, പശ്ചിമയൂറോപ്യൻ നാടുകളും ഒട്ടനവധി പ്രാവശ്യം സന്ദർശിച്ചിട്ടുള്ള ഫാദർ കായാവിൽ ഈ നാടുകളിൽ പലപ്പോഴും ഭാരതീയ സംസ്കാരത്തെയും, ക്രൈസ്തവ പൈതൃകത്തെയും കുറിച്ചു പ്രഭാഷണങ്ങൾ നടത്താറുണ്ട്.

കൊല്ലത്തെ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ സജീവ സാന്നിദ്ധ്യമാണ് മോൺസിഞ്ഞോർ കായാവിൽ. കൊല്ലം തീരദേശത്ത് പൂർത്തിയായിക്കൊണ്ടിരിക്കുന്ന ഫിഷിംഗ് ഹാർബർ ദീർഘവീക്ഷണത്തോടുകൂടി കായാവിലച്ചൻ മത്സ്യത്തൊഴിലാളികളെയും വിവിധമേഖലകളിലെ നേതാക്കന്മാരെയും ജാതിമതഭേദമില്ലാതെ സംഘടിപ്പിച്ചുകൊണ്ട് ഗവൺമെന്റിൽ കൂട്ടായി സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമാണ്.

മോൺ കായാവിൽ പലഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

1. ക്രൈസ്തവ അല്മായൻ ഒരു പഠനം. ഈ ഗ്രന്ഥത്തെക്കുറിച്ച് പണ്ഡിതനായ ഫാദർ അടപ്പൂർ എസ്.ജെ. പറഞ്ഞിരിക്കുന്നതിപ്രകാരമാണ് : "ഡോ.കായാവിൽ നേടിയിട്ടുള്ള അസാമാന്യമായ അവഗാഹം ഈ കൃതിയെ അല്മായർക്കു മാത്രമല്ല, വൈദികർക്കും മെത്രാന്മാർക്കുപോലും പ്രയോജനപ്രദമായ അറിവിന്റെ അക്ഷയഖനിയാക്കിയിരിക്കുന്നു."

2. അല്മായ ധർമ്മം. ഈ ഗ്രന്ഥത്തെക്കുറിച്ച് ഡെ.ഹെന്റി ഓസ്റ്റിന്റെ അഭിപ്രായം ശ്രദ്ധേയമാണ് : "അല്മായ വിശ്വാസികളുടെ വിളിയുടേയും ദൗത്യത്തിന്റേയും മാഹാത്മ്യത്തെ അടിസ്ഥാന രേഖകളുടെ പശ്ചാത്തലത്തിൽ പണ്ഡിതോചിതമായി അവതരിപ്പിക്കുന്ന പ്രസ്തുത കൃതി അല്മായ ദൈവശാസ്ത്രശാഖയിൽ മലയാളത്തിലുണ്ടാകുന്ന പ്രഥമ ഗ്രന്ഥമാണെന്നു തോന്നുന്നു."

3. ബിഷപ്പ് ജെറോം കാലത്തിന്റെ കർമ്മയോഗി. മുൻകൊല്ലം ബിഷപ്പ് അഭിവന്ദ്യ ജെറോം ഫെർണാന്റസ് തുപ്പാശ്ശേരിയുടെ ജീവചരിത്രം ആസ്പദമാക്കി എഴുതിയ ഈ ഗവേഷണഗ്രന്ഥത്തിനു ആയിരത്തിൽ പരം പേജുകളുണ്ട്, ആയിരത്തിലേറെ അടിക്കുറിപ്പുകളും. ഈ ഗ്രന്ഥത്തെ പ്രൊഫ.മാത്യു ഉലകംതറ ഇങ്ങനെയാണ് വിലയിരുത്തിയിരിക്കുന്നത്: "എങ്ങനെ ഒരു നല്ല ജീവചരിത്രമെഴുതാമെന്നുള്ളതിന് ഉത്തമ മാതൃകയായി ഡോ. കായാവിൽ ഇതാ ഒരു ബൃഹദ്ഗ്രന്ഥം കൈരളിക്കു സമ്മാനിച്ചിരിക്കുന്നു. ലത്തീൻ കത്തോലിക്കാ സമുദായത്തെയോ കേരള സഭയെയോ മാത്രമല്ല മലയാള

www.malankaralibrary.com

ഭാഷയെയും, സംസ്കാരത്തെയും, ചരിത്രത്തെയും സ്നേഹിക്കുന്നവരെല്ലാം ഇതിന് അദ്ദേഹത്തോട് നന്ദിയുള്ളവരായിരിക്കും."

4. കാല്പാടുകൾ. ഡോ.കായാവിൽ ഇംഗ്ലീഷിലും മലയാളത്തിലും എഴുതിയിട്ടുള്ള 74 ലേഖനങ്ങളുടെ സമാഹാരം.

സഹഗ്രന്ഥകർത്താവ് എന്ന നിലയിലും അദ്ദേഹത്തിന്റെ സേവനങ്ങൾ നിസ്തുലമാണ്.

1. ബിഷപ്പ് ജെറോം (ജനറൽ എഡിററർ) 2. കൊല്ലം ക്രിസ്ത്യാനികൾ 3.ഡോ.എം.ശ്രീനിവാസൻ സ്മരണിക 4. പ്രബുദ്ധതയുടെ ഇതിഹാസം (മയ്യനാടിന്റെ ചരിത്രം) 5. ഓർമ്മകളിലെ ടി.കെ. ദിവാകരൻ 6. ചിരന്തന സ്മരണ (മോൺ.പീററർ തെക്കേവിള എഴുതിയ ലേഖനങ്ങളുടെ സമാഹാരവും, സുഹൃത്തുക്കളുടെ അനുസ്മരണക്കുറിപ്പുകളും)

മോൺസിഞ്ഞോറച്ചന്റെ മഹത്തായ സേവനങ്ങളെ ആദരിച്ച് താഴെ പറയുന്ന അവാർഡുകൾ ലഭിച്ചിട്ടുണ്ട്. അവ താഴെപറയുന്നവയാണ്.
(1) വിജയശ്രീ ദേശീയ അവാർഡ് (2) പി.എൻ. പണിക്കർ സേവന സംസ്കൃതി പുരസ്ക്കാർ (3) ആൾ കേരള കാത്തലിക് കോൺഗ്രസ് സിറിയക് കണ്ടത്തിൽ അവാർഡ് (4) വക്കം മൗലവി അവാർഡ് (5) കേരള ലാററിൻ കാത്തലിക് അസോസിയേഷൻ അവാർഡ് (6) റോട്ടറി ശതാബ്ദി ആഘോഷ അവാർഡ് (7) ഡോ. കായാവിലിന്റെ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ, ആരോഗ്യ, ആദ്ധ്യാത്മിക രംഗത്തെ സേവനങ്ങൾ പരിഗണിച്ച് കേരള മുഖ്യമന്ത്രി ശ്രീ. ഏ.കെ. ആന്റണി വലിയൊരു ജനസഞ്ചയത്തെ സാക്ഷി നിർത്തി 2002 ഏപ്രിൽ 4-ാം തീയതി കൊല്ലത്തുവച്ചു പൊന്നാട നൽകി ബഹുമാനിച്ചു.

മയ്യനാട് കായാവിൽ കുടുംബത്തിൽ അംഗമാണ്. മാതാപിതാക്കൾ പീററർ ലോപ്പസ് കായാവിലും അന്നമ്മയുമാണ്. ഏഴാമത്തെ മകനാണ് ഫാദർ കായാവിൽ. ജനനം 1934 സെപ്ററംബർ 12. പൗരോഹിത്യസ്വീകരണം 1959 ഡിസംബർ 20. സഹോദരി മദർ മേരി തെരേസ കൊല്ലം ആസ്ഥാന മാക്കിയുള്ള ചെറുപുഷ്പം മിഷനറി സഭയുടെ മദർ ജനറലാണ്. മയ്യനാട് പ്രൈമറി സ്കൂൾ, സെന്റ് റാഫേൽ സെമിനാരി എന്നീ വിദ്യാലയങ്ങളിൽ പഠിച്ചതിനുശേഷം തിരുച്ചിറപ്പള്ളിയിൽ വിദ്യാഭ്യാസം തുടർന്നു. തുടർന്നു റോമിലെയും ന്യൂയോർക്കിലെയും യൂണിവേഴ്സിററികളിൽ ഉന്നതവിദ്യാ ഭ്യാസം പൂർത്തിയാക്കി. 2004 ൽ കൊല്ലം ബിഷപ്പ് ബെൻസിഗർ ആശുപത്രി യുടെ ചാർജ് വിട്ട് മോൺ. കായാവിൽ ഇപ്പോൾ തങ്കശ്ശേരി ഇൻഫന്റ് ജീസസ് ഹയർ സെക്കന്ററി സ്കൂളിലെ പ്രഥമാദ്ധ്യാപകനായി സേവനം തുടരുന്നു.

കായാവിലച്ചനെക്കുറിച്ചു അഭിവന്ദ്യ ബിഷപ്പ് മാർ.ഡോ.ജോഷ്വാ ഇഗ്നാത്തിയോസ് ഇങ്ങനെയാണ് അഭിപ്രായപ്പെട്ടിരിക്കുന്നത് : "വന്ദ്യ മോൺ. (ഡോ). ഫെർഡിനാൻഡ് കായാവിലിനെക്കുറിച്ച് ഓർക്കുമ്പോൾ ഇന്നും സമൂഹത്തിൽ നിറഞ്ഞു നിന്നു പ്രവർത്തിക്കുന്ന ഒരു കർമ്മധീരനായ

www.malankaralibrary.com

വ്യക്തിപ്രഭാവനെയാണ് ഞാൻ കാണുന്നത്. എല്ലാവരെയും സമഭാവന യോടെ കാണുകയും നന്മ ലക്ഷ്യമാക്കി പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തിത്വത്തിന്റെ ഉടമയുമായ അദ്ദേഹവുമായുള്ള സൗഹൃദം ഞാൻ വളരെ വിലമതിക്കുന്നു." (കാല്പാടുകൾ)


കേരളത്തിലെ കത്തോലിക്ക വൈദികരിൽ ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ട വ്യക്തി ആരെന്നു ചോദിച്ചാൽ രണ്ടാമതൊന്നാലോചിക്കാതെ പറയാവുന്ന ഉത്തരം മോൺ. ഫെർഡിനാന്റു കായാവിൽ എന്നാണ്. ന്യൂയോർക്കിലും റോമിലും ഇന്ത്യയിലുമുള്ള പ്രമുഖ സർവ്വകലാശാലകളിൽനിന്ന് വിവിധ വിഷ യങ്ങളിൽ ബിരുദമെടുത്ത അദ്ദേഹം തന്റെ കർമ്മബഹുലമായ ഔദ്യോഗി കജീവിതത്തിരക്കുകൾക്കിടയിൽ വായനകൊണ്ടു വിവിധ വിഷയങ്ങളിൽ ആർജ്ജിച്ചിട്ടുള്ള വിജ്ഞാനം നിസ്തുലമാണെന്ന് അദ്ദേഹത്തിന്റെ രചന കൾ തെളിയിക്കുന്നു. മംഗലപ്പുഴ സെമിനാരിയിൽ പ്രൊഫസ്സറായിരുന്ന കാലം മുതൽ അദ്ദേഹത്തിന്റെ ദൈവശാസ്ത്രജ്ഞാനവും ഭാഷാനൈപു ണിയും വാഗ്മിത്വവൈഭവവും പ്രസിദ്ധി നേടിയിരുന്നു. തിരുവിതാംകൂർ ചരിത്രമെന്നപോലെ കൊല്ലംരൂപതയുടെയും കൊല്ലം നഗരത്തിന്റെയും ചരിത്രം സമസ്തമേഖലകളിലും സമഗ്രമായി അപഗ്രഥിച്ചു വിലയിരുത്തുന്ന ബിഷപ്പ് ജെറോമിന്റെ ജീവചരിത്രമെന്ന അതിബൃഹദ്ഗ്രന്ഥം കായാവില ച്ചന്റെ ചരിത്രബോധത്തെയാണോ കഠിനാദ്ധ്വാനശീലത്തെയാണോ ജീവിത നിരീക്ഷണത്തെയാണോ ദീനാനുകമ്പയെയാണോ ദേശസ്നേഹത്തെ യാണോ സഭാ സ്നേഹത്തെയാണോ സമുദായ മൈത്രിയെയാണോ ഏതി നെയാണുദാഹരിക്കുന്നതെന്നു കണ്ടെത്താൻ പ്രയാസം. കൊല്ലം ബെൻസി ഗർ ആസ്പത്രി പത്തു നിലകളുള്ള ഒരു ഉത്തുംഗസ്ഥാപനമാക്കി ഒരു സമ്പൂർണ്ണാതുരാലയ പദവിയിലെത്തിച്ച കായാവിലച്ചന്റെ നിർമ്മാണ പ്രതി ഭയും ഭരണപാടവവും ദീനാനുകമ്പയ്ക്കുമേൽ ഉയർന്നു നിൽക്കുന്നു. കൊല്ലം രൂപതയുടെ ബഹുമുഖവളർച്ചയ്ക്കുവേണ്ടി നിരന്തരം ശ്രമിക്കു മ്പോഴും കേരളകത്തോലിക്കാസഭയുടെ ആകമാന വളർച്ചയും ക്രൈസ്ത വസഭകളുടെ ഐക്യവും സമഗ്രപുരോഗതിയുമാണ് അദ്ദേഹത്തിന്റെ സ്വപ്ന ങ്ങൾക്കു നിറം പിടിപ്പിക്കുന്നത്. നാനാജാതി മതസ്ഥരായ വിശിഷ്ടവ്യക്തി കളെ കണ്ടെത്തി ആദരിക്കുന്നതിനും തന്റെ സൗഹൃദവലയത്തിൽ നിരന്തരം നിലനിർത്തുന്നതിനുമുള്ള കായാവിലച്ചന്റെ കഴിവ് അസൂയാവഹമാണ്. സ്ഥാപനങ്ങൾ സഭയ്ക്കും ദൈവജനത്തിനും വേണ്ടിയാണെന്ന തിരിച്ചറിവു നേടിയിട്ടുള്ള ഒരു വൈദികപ്രമുഖൻ അദ്ദേഹത്തെപ്പോലെ വേറെയില്ല. സ്വയം വളരുവാനല്ല അല്മായരെ വളർത്തുവാനാണ് വൈദികപദവി തന്നിൽ നിക്ഷി പ്തമായിരിക്കുന്നതെന്ന് അദ്ദേഹത്തിന്റെ കർമ്മങ്ങളും രചനകളുംകൊണ്ട് കായാവിലച്ചൻ പ്രഖ്യാപിക്കുന്നു. ക്രൈസ്തവ അല്മായൻ, അല്മായ ധർമ്മം എന്നീ മഹനീയ ഗ്രന്ഥങ്ങളിലൂടെ അദ്ദേഹം അല്മായരുടെ മാർഗ്ഗ ദർശിയും വക്താവുമായിത്തീരുകയും ചെയ്യുന്നു. വിദ്യാഭ്യാസരംഗത്തും,

www.malankaralibrary.com

തൊഴിലാളി രംഗത്തും, സാഹിത്യരംഗത്തും, സംഘടനാരംഗത്തും, ആദ്ധ്യാത്മികരംഗത്തും ഒരുപോലെ കർമ്മനിരതനായി കഴിയുന്ന കായാവിലച്ചൻ വ്യക്തികളെ സർവ്വപ്രധാനമായി പരിഗണിക്കുകയും വ്യക്തികളുടെ വളർച്ചയിലൂടെയാണ് സമൂഹത്തിന്റെ വളർച്ചയെന്നു കണ്ടെത്തുകയും ചെയ്യുന്ന ഒരപൂർവ്വ വൈദികപ്രതിഭാസമാണ്.

വിലാസം - മോൺ. ഫെർഡിനാന്റ് കായാവിൽ, പ്രിൻസിപ്പൽ, ഇൻഫന്റ് ജീസസ്സ്, ആംഗ്ലോ ഇന്ത്യൻ ഹയർ സെക്കണ്ടറി സ്കൂൾ, തങ്കശ്ശേരി, കൊല്ലം - 69100

# 177



# മോൺ. മാത്യു വെള്ളാനിക്കൽ

ഭാരതത്തിലെ ദൈവശാസ്ത്രജ്ഞന്മാരിൽ ഏററം പ്രമുഖനായ മോൺ. മാത്യു വെള്ളാനിക്കൽ കോട്ടയം ഡിസ്ട്രിക്ടിലുള്ള ആർപ്പൂക്കരയിൽ 1934 സെപ്ററംബർ 25-ാം തീയതി വെള്ളാനിക്കൽ വർക്കിയുടെയും മറിയത്തിന്റെയും മൂത്തമകനായി ജനിച്ചു. കരിപ്പൂത്തട്ട് ഗവ.എൽ.പി. സ്കൂളിലും മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്ക്കൂളിലുമായി സ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി.

ചങ്ങനാശ്ശേരി പാറേൽ സെന്റ് തോമസ് പെററി സെമിനാരിയിലും ആലുവ സെന്റ് ജോസഫ്സ് (പൊന്തിഫിക്കൽ) മേജർ സെമിനാരിയിലുമായി വൈദികപരിശീലനം നടത്തി. 1960 മാർച്ച് 12 ന് അഭിവന്ദ്യ മാർ മാത്യു കാവുകാട്ട് മെത്രാപ്പോലീത്തായുടെ കൈവയ്പുവഴി പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. 1960 മുതൽ 1963 വരെ അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി സേവനമനുഷ്ഠിച്ചു. 1963 മെയ് മുതൽ ഒക്ടോബർ വരെ അഭിവന്ദ്യ മാർ മാത്യു കാവുകാട്ട് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായി ജോലി ചെയ്തു.

1963 ഒക്ടോബറിൽ ഉപരിപഠനത്തിനായി റോമിലേക്കു പോയി. റോമിലെ അർബൻ യൂണിവേഴ്സിററിയിൽനിന്നും ദൈവശാസ്ത്രത്തിൽ മാസ്റ്റർ ബിരുദവും പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിററ്യൂട്ടിൽനിന്നും ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടർ ബിരുദവും നേടി. ജർമനിയിലെ വ്യൂർസ്സുർഗ് കാത്തലിക് യൂണിവേഴ്സിററിയിൽ പോസ്റ്റ് ഡോക്ടറൽ പഠനം നടത്തി. 1970 ൽ ഉപരിപഠനത്തിനുശേഷം ഇൻഡ്യയിൽ തിരിച്ചെത്തി. ഉപരിപഠനകാലയളവിൽ ഗ്രീക്ക്, ഹീബ്രു, അറമായ, ലത്തീൻ, സുറിയാനി തുടങ്ങിയ പ്രാചീനഭാഷകളിലും ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച്, ഇററാലിയൻ തുടങ്ങിയ ആധുനിക ഭാഷകളിലും പ്രാവീണ്യം നേടി. അവധികാലങ്ങളിൽ

www.malankaralibrary.com

ഇററലി, ജർമ്മനി, സ്വിററ്സർലണ്ട്, ഫ്രാൻസ്, ബെൽജിയം, ഹോളണ്ട്, സ്കാൻഡിനേവിയൻ രാജ്യങ്ങൾ, ഇംഗ്ലണ്ട്, അമേരിക്ക, കാനഡ തുടങ്ങിയ രാജ്യങ്ങളും ഇസ്രായേൽ, പലസ്തീനാ തുടങ്ങിയ വിശുദ്ധനാടുകളും സന്ദർശിച്ചിട്ടുണ്ട്.

1970 ൽ സീറോ മലബാർ സഭയുടെ മേജർ സെമിനാരിയായ വടവാതൂർ സെൻ്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ബൈബിളും ദൈവ ശാസ്ത്രവും പഠിപ്പിക്കുന്ന അദ്ധ്യാപകനും ഡീൻ ഓഫ് സ്റ്റഡീസുമായി നിയ മിക്കപ്പെട്ടു. 1982-ൽ വടവാതൂർ ദൈവശാസ്ത്രഫാക്കൽററിയായ പൗരസ്ത്യ വിദ്യാപീഠത്തിന്റെ പ്രഥമപ്രസിഡന്റായി നിയമിതനായി. 1970 മുതൽ 2000 വരെ വടവാതൂർ സെമിനാരിയിലും പൗരസ്ത്യവിദ്യാപീഠത്തിലും ബൈബിൾ പ്രൊഫസ്സറായും 1982 മുതൽ 1995 വരെ വിദ്യാപീഠത്തിന്റെ പ്രസിഡന്റായും ജോലി ചെയ്തു.

1971 മുതൽ 1996 വരെ പൂനായിലെ ഫൊന്തിഫിക്കൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഫിലോസഫി ആന്റ് റിലീജിയനിൽ വിസിററിംഗ് പ്രഫസ്സറായി സേവനമനുഷ്ഠിച്ചു. 2000-ൽ പൗരസ്ത്യവിദ്യാപീഠം ചാൻസിലർ അഭിവന്ദ്യ കാർഡിനൽ വർക്കി വിതയത്തിൽ അദ്ദേഹത്തെ 'പ്രഫസ്സർ എമെരിററസ്' ആയി പ്രഖ്യാപിച്ചു.

1997 ഫെബ്രുവരി 2-ാം തീയതി ചങ്ങനാശ്ശേരി അതിരൂപതയുടെ 'പ്രോട്ടോസിൻചേലൂസ്' (പ്രധാന വികാരിജനറാൾ) ആയി നിയമിതനായി. 2002 മെയ് 20 വരെ ആ നിലയിൽ ശുശ്രൂഷ ചെയ്തു. അതേത്തുടർന്ന് അതി രൂപതയിലെ വൈദികരുടെ തുടർപരിശീലനം, നവീകരണ പരിപാടികൾ തുടങ്ങിയവയുടെ പ്രത്യേക ഉത്തരവാദിത്വം വഹിക്കുന്ന സിൻചേലൂസ് (വികാരി ജനറാൾ) ആയും അതോടൊപ്പം അതിരൂപതയുടെ ധ്യാനകേന്ദ്ര മായ കുന്നത്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടറായും ജോലി ചെയ്യുന്നു.

ദൈവശാസ്ത്ര ബൈബിൾ വിജ്ഞാനീയ തലങ്ങളിലും സാർവ്വത്രിക സഭാതലത്തിലും ഔദ്യോഗികമായും അല്ലാതെയും വളരെയധികം ക്രിയാ ത്മകമായ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്, ഇപ്പോഴും ചെയ്തു കൊണ്ടി രിക്കുന്നു.

ഏററം പ്രധാനപ്പെട്ട പ്രവർത്തനതലം വടവാതൂർ സെൻ്റ് തോമസ് അപ്പസ്തോലിക് സെമിനാരിയും സെമിനാരിയോട് അനുബന്ധിച്ച് പ്രവർ ത്തിക്കുന്ന ദൈവശാസ്ത്രഫാക്കൽററിയായ പൗരസ്ത്യവിദ്യാപീഠവുമാ യിരുന്നു. 1970 മുതൽ 2000 വരെ, മുപ്പതുവർഷത്തോളം പ്രഫസ്സർ, ഡീൻ ഓഫ് സ്റ്റഡീസ്, പ്രസിഡന്റ് എന്നീ നിലകളിൽ തന്റെ സേവനം അവിടെ നിർവ്വഹിച്ചിട്ടുണ്ട്. 1962-ൽ സീറോ മലബാർ സഭയുടെ പ്രത്യേക മേജർ സെമിനാരിയായി ആരംഭിച്ച സ്ഥാപമാണ് വടവാതൂർ സെൻ്റ് തോമസ് അപ്പസ്തോലിക് സെമിനാരി. സെമിനാരിയുടെ ആരംഭം മുതൽ സെമിനാ

www.malankaralibrary.com

രിയുമായി ബന്ധപ്പെടുവാനും ഒന്നും രണ്ടും ബാച്ചിലുള്ള വിദ്യാർത്ഥികളെ സംഗീതം പഠിപ്പിക്കുവാനും ഇടയായിട്ടുണ്ട്. എന്നാൽ ഉപരിപഠനത്തിന ശേഷം 1970 മുതലാണ് നിർണ്ണായകമായ വിധത്തിൽ അവിടെ സേവനം ചെയ്യുവാൻ തുടങ്ങിയത്. സീറോ മലബാർ സഭയുടെ വൈദിക വിദ്യാർത്ഥി കളെ പരിശീലിപ്പിക്കുന്ന സുപ്രധാന പ്രവർത്തനത്തിൽ അന്നുമുതൽ തുടർ ച്ചയായി 30 വർഷം ഏർപ്പെടുകയുണ്ടായി.

ആരംഭം മുതലേ സെമിനാരിയിലെ പഠനവിഭാഗത്തിന്റെ ചുമതല ഏറ്റെടുക്കേണ്ടി വന്നതുകൊണ്ട് വൈദികവിദ്യാർത്ഥികളുടെ പരിശീലന ത്തിന് ശരിയായ ആഭിമുഖ്യം നൽകുവാൻ അവസരം ലഭിച്ചു. ഇന്ന് സീറോ മലബാർ സഭയിലെ വിവിധ രൂപതകളിലും ശുശ്രൂഷ നിർവഹിക്കുന്ന നിര വധി വൈദികർക്കും മേലദ്ധ്യക്ഷന്മാർക്കു തന്നെയും ആദ്ധ്യാത്മികവും ബൗദ്ധികവും സഭാത്മകവുമായ ശരിയായ ആഭിമുഖ്യങ്ങൾ നൽകുവാൻ തക്കവിധം പ്രസ്തുതസ്ഥാപനത്തിലെ പഠനവിഭാഗത്തിന് ദീർഘകാലം പ്രഗ ത്ഭമായ നേതൃത്വം നൽകി. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ഒരു പൗരസ്ത്യസഭയെന്ന നിലയിൽ സീറോ മലബാർ സഭയ്ക്ക് അതിന്റെ വ്യക്തിത്വം വീണ്ടെടുക്കുവാൻ സഹായകരമായ വിധത്തിൽ സെമിനാരി യിലെ പഠനവിഭാഗത്തെ കെട്ടിപ്പടുക്കുവാൻ ശ്രദ്ധിച്ചു.

1973 ൽ വടവാതൂർ സെമിനാരിയിലെ ദൈവശാസ്ത്രവിഭാഗം റോമി ലുള്ള പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിനോട് അഫിലിയേറ്റ് ചെയ്ത് പൗരസ്ത്യ ദൈവശാസ്ത്രത്തിൽ ബാച്ചിലർ ബിരുദം നൽകുവാനുള്ള ക്രമീ കരണങ്ങൾ ചെയ്തു. ഒരു പൗരസ്ത്യസഭയെന്ന നിലയിൽ സീറോമല ബാർ സഭയിലെ വൈദികപരിശീലനത്തിന് ഉണ്ടായിരിക്കേണ്ട സഭാത്മക മാനം വളർത്തിയെടുക്കുവാൻ അത് പശ്ചാത്തലമൊരുക്കി. അതേത്തുടർന്ന് ദൈവശാസ്ത്രവിഭാഗത്തിൽ ബൈബിൾപരവും പൗരസ്ത്യ ദൈവശാസ്ത്ര പരവുമായ ആഴമായ പഠനങ്ങൾ നടത്തുവാൻ തക്കവിധം പാഠ്യപദ്ധതി ക്രമീ കരിക്കുവാനും പ്രസ്തുത വിഷയങ്ങളിൽ പ്രാഗത്ഭ്യം നേടിയവരെ അദ്ധ്യാ പകനിരയിൽ കൊണ്ടുവരുവാനും നേതൃത്വം നൽകി. അങ്ങനെയുള്ള ക്രമാ നുഗതമായ വളർച്ചയുടെ ഫലമായി 1982-ൽ ബാച്ചിലർ, മാസ്റ്റർ, ഡോക്ടർ ബിരുദങ്ങൾ നൽകുന്ന ഒരു സ്വയംഭരണ ദൈവശാസ്ത്ര ഫാക്കൽറ്റിയായി സെമിനാരിയുടെ പഠനവിഭാഗത്തെ ഉയർത്തുവാൻ ആവശ്യമായ ക്രമീകര ണങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തി.

അതേത്തുടർന്ന് 'പൗരസ്ത്യവിദ്യാപീഠം' എന്ന പേരോടുകൂടി സ്ഥാപി തമായ ദൈവശാസ്ത്ര ഫാക്കൽറ്റിയുടെ പ്രഥമ പ്രസിഡന്റായി നിയമിതനാ കുകയും ചെയ്തു. ഒരു ദൈവശാസ്ത്രഫാക്കൽറ്റി എന്ന നിലയിൽ പൗര സ്ത്യവിദ്യാപീഠത്തെ കൂടുതൽ വളർച്ചയിലേയ്ക്ക് നയിക്കുവാൻ വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുകയുണ്ടായി. ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസ് ഇൻഡ്യ (OIRSI) പബ്ലിക്കേഷൻസ്

www.malankaralibrary.com

എന്ന പേരിൽ ഒരു പ്രസിദ്ധീകരണവിഭാഗം ആരംഭിച്ചു. ഈ വിഭാഗത്തിൽ ശാസ്ത്രീയമായി ഉന്നതനിലവാരം പുലർത്തുന്നതും പൗരസ്ത്യദൈവശാസ്ത്രവിഷയങ്ങളിലും സഭാവിജ്ഞാനീയത്തിലും ആഴമായ പഠനങ്ങൾ ഉൾക്കൊള്ളുന്നതുമായ ഇരുനൂറോളം പുസ്തകങ്ങൾ ഇതിനോടകം പ്രസിദ്ധീകരിച്ചു കഴിഞ്ഞു. പോസ്റ്റ് ഗ്രാജുവേറ്റ് വിഭാഗത്തിൽ വിശ്വാസത്തിന്റെ ഉറവിടങ്ങളിലേക്ക് കടന്ന് ദൈവശാസ്ത്രഗവേഷണങ്ങൾ നടത്തുവാൻ ആവശ്യമായ ഗ്രന്ഥശേഖരമുള്ള ഒരു പ്രത്യേകലൈബ്രറി കെട്ടിപ്പടുക്കുകയും ചെയ്തു.

ഫാക്കൽറ്റികളുടേയും യൂണിവേഴ്സിറ്റികളുടെയും അന്തർദേശീയ സംഘടനകളിൽ പൗരസ്ത്യവിദ്യാപീഠത്തിന് അംഗത്വം നേടിക്കൊടുത്തു. "കോൺഫ്രൻസ് ഓഫ് ദി കാത്തലിക് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ്" (COCTI), "ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് കാത്തലിക് യൂണിവേഴ്സിറ്റീസ് (IFCU) എന്നീ അന്തർദേശീയ സംഘടനകളിൽ ലഭിച്ച അംഗത്വം പൗരസ്ത്യവിദ്യാപീഠത്തിന് അന്തർദേശീയതലത്തിൽ അംഗീകാരം ലഭിക്കുവാൻ സാദ്ധ്യതയുളവാക്കി.

പൗരസ്ത്യവിദ്യാപീഠത്തിന്റെ പ്രസിഡന്റായിരുന്ന കാലഘട്ടത്തിൽ ചങ്ങനാശ്ശേരി അതിരൂപതയിൽ സന്യാസിനികൾക്കും അൽമായർക്കും ദൈവശാസ്ത്രപരിശീലനം നൽകുവാൻ രണ്ടു മഹത്തായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് വേണ്ടുന്ന ക്രമീകരണങ്ങൾ ഫാക്കൽറ്റി തലത്തിൽ ചെയ്യുകയുണ്ടായി. മാങ്ങാനം M.O.C. യിൽ പ്രവർത്തിക്കുന്ന "പൗരസ്ത്യവിദ്യാനികേതൻ" പൗരസ്ത്യവിദ്യാപീഠത്തോട് അഫിലിയേറ്റ് ചെയ്ത് സന്യാസിനികൾക്ക് ദൈവശാസ്ത്രത്തിൽ ബാച്ചിലർ ബിരുദം നൽകുവാനുള്ള നടപടികൾ പൂർത്തിയാക്കി. ചങ്ങനാശ്ശേരിയിലെ "മാർത്തോമ്മാ വിദ്യാനികേതൻ" പൗരസ്ത്യവിദ്യാപീഠം സ്പോൺസർ ചെയ്ത് M.R.Sc. ബിരുദം അൽമായർക്ക് നൽകുവാനുള്ള ക്രമീകരണങ്ങളും ഫാക്കൽററിതലത്തിൽ നിർവ്വഹിക്കുകയുണ്ടായി.

ഇതേ കാലഘട്ടത്തിൽ 1971 മുതൽ 1996 വരെ പൂനായിലുള്ള തിയോളജിക്കൽ ഫാക്കൽററി (ജ്ഞാനദീപവിദ്യാപീഠം) യിലും വിസിററിംഗ് പ്രഫസ്സറായി പഠിപ്പിച്ചു. അങ്ങനെ ദേശീയതലത്തിലും നിരവധി വൈദികരെയും വൈദികമേലദ്ധ്യക്ഷന്മാരെയും തങ്ങളുടെ പൗരോഹിത്യശുശ്രൂഷയിലേയ്ക്കുള്ള യാത്രയിൽ തന്റെ അദ്ധ്യാപനസേവനത്തിലൂടെ സഹായിച്ചു. അദ്ധ്യാപനത്തോടൊപ്പം അനേകം വൈദികവിദ്യാർത്ഥികൾക്ക് ആദ്ധ്യാത്മിക നിയന്താവായും ഇതേ കാലഘട്ടത്തിൽ ശുശ്രൂഷ നിർവ്വഹിക്കുകയുണ്ടായി.

1973 മുതൽ ഇൻഡ്യൻ ദേശീയതലത്തിലുള്ള കാത്തലിക് ബിബ്ലിക്കൽ അസോസിയേഷന്റെയും സൊസൈററി ഫോർ ബിബ്ലിക്കൽ സ്റ്റഡീസിന്റെയും അംഗമായി പ്രവർത്തിച്ചു വരുന്നു. 1975-1977 കാലഘട്ടത്തിൽ സൊസൈററി ഫോർ ബൈബിൾ സ്റ്റഡീസിന്റെ പ്രസിഡന്റായി സേവനം

www.malankaralibrary.com

അനുഷ്ഠിച്ചു. 1975-ൽ ഇൻഡ്യൻ ബിബ്ലിക്കൽ ത്രൈമാസികയായ 'ബൈബിൾഭാഷ്യം' (ഇംഗ്ലീഷ് എഡിഷൻ) തുടങ്ങുകയും 1975 മുതൽ 1996 വരെ ബൈബിൾ ഭാഷ്യത്തിന്റെ ചീഫ് എഡിററർ ആയി ജോലി ചെയ്യുകയും ചെയ്തു. 1978 മുതൽ 1984 വരെ റോമിലുള്ള ഇന്റർനാഷണൽ ബിബ്ലിക്കൽ കമ്മീഷനിൽ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. 1983-1988 കാലഘട്ടത്തിൽ റോമിലുള്ള പൗരസ്ത്യതിരുസംഘം കൺസൾട്ടർ ആയി സേവനമനുഷ്ഠിച്ചു. 1985-1988 കാലഘട്ടത്തിൽ ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ് കോൺഫ്രൻസിന്റെ തിയോളജിക്കൽ അഡ്വൈസറി കമ്മിററി മെമ്പറായും 1990-1994 വരെയുള്ള കാലയളവിൽ സി.ബി.സി.ഐ.യുടെ ഡോക്ട്രൈനൽ കമ്മററിയംഗമായും സേവനമനുഷ്ഠിച്ചു. 1987 മുതൽ 1997 വരെ ചങ്ങനാശ്ശേരി അതിരൂപതാ ആലോചനാസമിതിയംഗമായും പ്രവർത്തിച്ചിട്ടുണ്ട്. 1988 മുതൽ കത്തോലിക്കാസഭയും സിറിയൻ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള ഡയലോഗിനുവേണ്ടി നിയമിക്കപ്പെട്ട പൊന്തിഫിക്കൽ കമ്മീഷൻ മെമ്പറായി പ്രവർത്തിക്കുന്നു.

1989 മുതൽ ഇന്റർനാഷണൽ സൊസൈററി ഫോർ ന്യൂ ടെസ്റ്റമെന്റ് സ്റ്റഡീസിന്റെ അംഗമാണ്. 1994 മുതൽ സി.ബി.സി.ഐ.യുടെ ഡോക്ട്രൈനൽ കമ്മീഷൻ ആലോചനാ സമിതിയംഗമാണ്. 1999 മുതൽ കെ.സി.ബി.സി.യുടെ തിയോളജിക്കൽ കമ്മീഷൻ അംഗവുമാണ്. 1995 മുതൽ കത്തോലിക്കാസഭയും കിഴക്കിന്റെ അസ്സീറിയൻ സഭയുമായുള്ള ഡയലോഗിനുള്ള പൊന്തിഫിക്കൽ കമ്മീഷൻ മെമ്പറായി പ്രവർത്തിക്കുന്നു. 2003 മുതൽ കത്തോലിക്കാസഭയും ഓർത്തഡോക്സ് സഭകളും തമ്മിലുള്ള ഡയലോഗ് കമ്മീഷൻ അംഗമായും പ്രവർത്തിക്കുന്നു.

ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ ബൈബിൾ വിജ്ഞാനീയപരവും സഭാവിജ്ഞാനീയപരവുമായ നിരവധി സംഭാവനകൾ ചെയ്തിട്ടുണ്ട്. ഡോക്ടറേററ് ഗവേഷണവിഷയമായ "ക്രൈസ്തവ ദൈവപുത്രത്വം വി.യോഹന്നാന്റെ ലിഖിതങ്ങളിൽ" എന്ന വിഷയം റോമിലുള്ള പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിററ്യൂട്ടിലെ 'Analecta Biblica' എന്ന സീരീസിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിനും പുറമെ ഇംഗ്ലീഷിലും മലയാളത്തിലുമായി മുപ്പതോളം ഈടുററ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശുദ്ധയോഹന്നാന്റെ സുവിശേഷത്തെ ആസ്പദമാക്കിയുള്ള പഠനങ്ങളാണ് പ്രധാനമായും ഗ്രന്ഥങ്ങളിലൂടെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്. അതിനും പുറമെ മററു സുവിശേഷങ്ങളെയും ബൈബിൾ ഗ്രന്ഥങ്ങളെയും ആധാരമാക്കിയുള്ള പഠനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സഭാജീവിതത്തിന് കാലിക പ്രസക്തിയുള്ള വിഷയങ്ങളാണ് ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളത്. അദ്ദേഹം എഡിററ്ചെയ്ത് പ്രസിദ്ധീകരിച്ച "ബൈബിൾ വിജ്ഞാനകോശം" പ്രത്യേകം എടുത്തുപറയേണ്ട ഒന്നാണ്.

ഗ്രന്ഥങ്ങൾക്കു പുറമെ 150 ഓളം ലേഖനങ്ങൾ ഇംഗ്ലീഷിലും മലയാള

www.malankaralibrary.com

ത്തിലുമായി ബൈബിൾ ഭാഷ്യം, ജീവധാര, ക്രിസ്ത്യൻ ഓറിയന്റ്, വിദ്യാജ്യോതി തുടങ്ങിയ മാസികകളിലും ത്രൈമാസികകളിലുമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബൈബിൾ വിജ്ഞാനീയപരവും കാലികമായി പ്രസക്തവുമായ വിഷയങ്ങളാണ് ലേഖനങ്ങളിലൂടെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്. തികച്ചും ശാസ്ത്രീയമായ അവതരണമാണെങ്കിലും ക്രൈസ്തവ ആദ്ധ്യാത്മികതയെ പരിപോഷിപ്പിക്കുവാനുതകുന്ന വിധത്തിലാണ് ഇവയെല്ലാം എഴുതപ്പെട്ടിട്ടുള്ളത്. 1970 മുതൽ ഇന്നുവരെയുള്ള കാലയളവിൽ ദേശീയവും അന്തർദേശീയവുമായ നിരവധി കോൺഫ്രൻസുകളിലും സെമിനാറുകളിലും കമ്മീഷൻ മീററിംഗുകളിലും സംബന്ധിച്ച് ദൈവശാസ്ത്രപരവും ബൈബിൾ വിജ്ഞാനീയപരവുമായ ചർച്ചകളിൽ പങ്കെടുക്കുകയും നൂറിൽ പരം ശാസ്ത്രീയ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവയിൽ പലതും പിന്നീട് അതാതുതലങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുമുണ്ട്.

1978 മുതൽ 1984 വരെ പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷനിൽ ഏഷ്യയിൽനിന്നുള്ള ഏക അംഗമെന്നനിലയിൽ തന്റെ സംഭാവനകൾ ആഗോളസഭയ്ക്ക് നൽകുകയുണ്ടായി. അന്ന് ആഗോളസഭയിൽ കാലികമായി കരുതപ്പെട്ടിരുന്ന വിശ്വാസസംബന്ധമായ വിഷയങ്ങളാണ് അന്തർദേശീയപ്രാതിനിധ്യമുള്ള ബിബ്ലിക്കൽ കമ്മീഷനിൽ പഠനവിഷയമാക്കിയിട്ടുള്ളത്. വിശ്വാസസത്യത്തിന്റെ തിരുസ്സംഘം അദ്ധ്യക്ഷൻ തന്നെയാണ് കമ്മീഷന്റെ പ്രസിഡന്റും. അങ്ങനെ ബൈബിൾപരമായ തന്റെ ഗവേഷണവും പഠനവും വഴി ആഗോളസഭയുടെ വിശ്വാസത്തിന് വെളിച്ചം വീശി.

ആ കാലഘട്ടത്തിൽ പൊന്തിഫിക്കൽ കമ്മീഷൻ പഠനവിഷയമാക്കിയ ഏററം പ്രധാനപ്പെട്ട വിഷയം "ഈശോമിശിഹായുടെ അനന്യത" (Uniqueness of Jesus Christ) യായിരുന്നു. അന്ന് സഭയുടെ വിവിധതലങ്ങളിൽ മിശിഹായുടെ അനന്യതയെ ചോദ്യം ചെയ്യുന്ന ദൈവശാസ്ത്രപരമായ പ്രസ്താവനകളും ലേഖനങ്ങളും ഗ്രന്ഥങ്ങളും തന്നെ വ്യാപകമായി പ്രചരിച്ചിരുന്ന ഒരു സാഹചര്യമുണ്ടായിരുന്നു. ഈ പശ്ചാത്തലത്തിൽ ക്രിസ്തു വിജ്ഞാനീയതലത്തിൽ പ്രസിദ്ധരായ ദൈവശാസ്ത്രജ്ഞന്മാരുടെ ഗ്രന്ഥങ്ങൾ പരിശോധിക്കുവാൻ കമ്മീഷനംഗങ്ങൾ നിയുക്തരായി. പ്രസിദ്ധ ഡച്ച് ദൈവശാസ്ത്രജ്ഞനായ 'സ്കില്ലെബെക്സി'ന്റെ (E Schillebeckx) "Jesus, An Experiment in Christology"എന്ന കൃതി പരിശോധിച്ച് ഒരു വിലയിരുത്തൽ കമ്മീഷനിൽ നൽകുകയുണ്ടായി. അതോടൊപ്പം മിശിഹായുടെ അനന്യതയ്ക്ക് അടിസ്ഥാനമായി പുതിയനിയമഗ്രന്ഥങ്ങളിൽ കാണുന്ന തെളിവുകളെ ആധാരമാക്കി ശാസ്ത്രീയമായ ഒരു പ്രബന്ധം തയ്യാറാക്കി ബിബ്ലിക്കൽ കമ്മീഷനിൽ അവതരിപ്പിക്കുകയും ചെയ്തു. അന്ന് ബിബ്ലിക്കൽ കമ്മീഷന്റെ പ്രസിഡന്റായിരുന്നത് ഇന്ന് ബനഡിക്ട് 16-ാമൻ എന്ന പേരോടുകൂടി സാർവ്വത്രികസഭയുടെ തലവനായിത്തീർന്ന കാർഡിനൽ ജോസഫ് റാററ്സിംഗർ ആയിരുന്നു. പിന്നീട് കമ്മീഷന്റെ പഠനങ്ങൾ ക്രോഡീകരിച്ച്

www.malankaralibrary.com

പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിൽ ഈ പ്രബന്ധവും പ്രസിദ്ധീകരിക്കപ്പെട്ടു. വിശ്വാസസത്യതിരുസംഘം 2000 ആഗസ്റ്റ് 6 ന് "ഈശോമിശിഹായുടെയും സഭയുടെയും അനന്യത"യെക്കുറിച്ച് പുറപ്പെടുവിച്ച "ദോമിനൂസ് യേസൂസ്" (കർത്താവായ ഈശോ) എന്ന ഔദ്യോഗികരേഖയ്ക്ക് ബൈബിൾ കമ്മീഷന്റെ അന്നത്തെ ചർച്ചകൾ വഴി തെളിച്ചിട്ടുണ്ട്.

1983 മുതൽ 1988 വരെ റോമിലെ പൗരസ്ത്യതിരുസംഘത്തിന്റെ കൺസൾട്ടർ എന്ന നിലയിൽ തന്റെ ആഗോളസഭാസേവനം തുടരുകയുണ്ടായി. പെ.ബഹു.പ്ലാസിഡച്ചന്റെ പിൻഗാമിയായിട്ടാണ് ആ തലത്തിൽ സേവനം ചെയ്യാൻ നിയുക്തനായത്. ആ കാലഘട്ടത്തിൽ സീറോമലബാർ സഭയെ സംബന്ധിച്ച് ഓരോ സന്ദർഭങ്ങളിലും നേരിട്ടും കത്തു മുഖേനയും ആവശ്യമായ ആലോചനകൾ നൽകി സഭാശുശ്രൂഷ നിർവഹിച്ചു. ഈ കാലയളവിലാണ് സീറോമലബാർ സഭയുടെ കുർബ്ബാനക്രമം പൗരസ്ത്യ തിരുസംഘം അംഗീകരിച്ചു നൽകിയതും (1985 ഡിസംബർ 19) ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ കേരളമണ്ണിൽ (കോട്ടയം) വച്ച് വന്ദ്യചാവറയച്ചനെയും അൽഫോൻസാമ്മയെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ച സന്ദർഭത്തിൽ ബലിയർപ്പിച്ചുകൊണ്ട് (1986 ഫെബ്രുവരി 8) പ്രസ്തുത കുർബ്ബാനക്രമത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തത്.

1985 മുതൽ 1998 വരെയുള്ള കാലയളവിൽ ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ് കോൺഫറൻസിന്റെ തിയോളജിക്കൽ അഡ്വൈസറി കമ്മീഷന്റെ അംഗമെന്ന നിലയിൽ ഏഷ്യൻ സഭാതലത്തിൽ സഭാവിജ്ഞാനീയപരമായ പഠനങ്ങളിലൂടെയും ചർച്ചകളിലൂടെയും കമ്മീഷന്റെ പ്രവർത്തനത്തിൽ പങ്കുചേർന്ന് സഭാശുശ്രൂഷ നിർവ്വഹിച്ചു. മതാന്തര സംവാദം, പ്രാദേശിക സഭ, സഭയും രാഷ്ട്രീയവും, സഭയും കൂട്ടായ്മയും തുടങ്ങിയ വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള ചർച്ചകളിൽ ബൈബിൾപരമായ തന്റെ പ്രബന്ധങ്ങളിലൂടെയും പങ്കുവയ്ക്കലുകളിലൂടെയും കാര്യമായ സംഭാവന ചെയ്യുകയുണ്ടായി.

1988 മുതൽ മലങ്കര ഓർത്തഡോക്സ്, സിറിയൻ ഓർത്തഡോക്സ് സഭകളുമായി കത്തോലിക്കാസഭ നടത്തുന്ന ഡയലോഗ് കമ്മീഷനിൽ അംഗമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവിജ്ഞാനീയ സംബന്ധമായി പരസ്പരധാരണയുണ്ടാക്കുന്നതിനും സഭാവിജ്ഞാനീയ സംബന്ധമായ പൊതു പ്രസ്താവനകൾ ക്രോഡീകരിക്കുന്നതിനും ഉപകരിക്കുന്ന പല പഠനങ്ങളും കമ്മീഷൻ മീററിംഗുകളിൽ അവതരിപ്പിച്ചു. സിറിയൻ ഓർത്തഡോക്സ് സഭയുമായി സഭാന്തരവിവാഹത്തെ സംബന്ധിച്ച് ധാരണയുണ്ടാക്കുന്നതിൽ പങ്കുവഹിച്ചു. 1995 മുതൽ അസ്സീറിയൻ സഭയുമായുള്ള ഡയലോഗിൽ കത്തോലിക്കാസഭയിൽ നിന്നും സീറോമലബാർ സഭയെ പ്രതിനിധീകരിക്കുന്ന ഏക അംഗമെന്ന നിലയിൽ പങ്കെടുത്തുവരുന്നു. സീറോ മലബാർസഭയും അസ്സീറിയൻ സഭയും ഉപയോഗിക്കുന്ന "ശ്ലീഹന്മാ

www.malankaralibrary.com

രുടെ അനാഫൊറാ" സ്ഥാപനവാക്യങ്ങളില്ലെങ്കിലും സാധുവാണെന്നുള്ള സഭയുടെ പ്രഖ്യാപനത്തിനു വഴിതെളിച്ച ചർച്ചകളിൽ പങ്കെടുത്തു. കൂദാശാ ജീവിതം ഇരുസഭകളിലും അന്തസ്സത്തയിൽ ഒന്നാണ് എന്ന് സ്ഥാപിക്കുന്ന ഒരു പൊതുപ്രസ്താവന തയ്യാറാക്കുവാൻ ആവശ്യമായ പഠനങ്ങളും പങ്കുവയ്ക്കലുകളും നൽകി സഭൈക്യത്തിനുള്ള വഴി എളുപ്പമാക്കി. 2003 മുതൽ ഏഴ് ഓറിയന്റൽ ഓർത്തഡോക്സ് സഭകളുമായി കത്തോലിക്കാസഭ ആരംഭിച്ചിട്ടുള്ള പൊതുവായ ഡയലോഗ് കമ്മീഷൻ അംഗമെന്ന നിലയിൽ സഭൈക്യത്തിനുപകരിക്കുന്ന പഠനങ്ങളും പങ്കുവയ്ക്കലുകളും അന്തർ ദ്ദേശീയ തലത്തിൽ തുടർന്നുകൊണ്ടിരിക്കുന്നു.

ദേശീയതലത്തിൽ സി.ബി.സി.ഐ. കോൺഫ്രൻസുകളിൽ സംബ ന്ധിക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1974 ൽ കൽക്കട്ടായിൽ വച്ചുള്ള സി.ബി.സി.ഐ. മീററിംഗിൽ അവതരിപ്പിച്ച "വ്യക്തിസഭകളുടെ ദൈവശാസ്ത്രം" പിന്നീടുള്ള ദൈവശാസ്ത്രവിചിന്ത നങ്ങളെയും ചർച്ചകളെയും നിർണ്ണായകമായി സ്വാധീനിച്ചു. ഇൻഡ്യയിലെ 3 വ്യക്തി സഭകൾ തമ്മിലുള്ള ഔദ്യോഗിക ഡയലോഗുകളിൽ സംബന്ധിച്ച് ദൈവശാസ്ത്രപരമായ നിലപാടുകൾ അവതരിപ്പിക്കുകയും സഭയുടെ വളർച്ചയ്ക്ക് ഉപകരിക്കത്തവിധവും പരസ്പര ബന്ധങ്ങൾ മെച്ചപ്പെടുത്ത ത്തക്കവിധവും തീരുമാനങ്ങൾ എടുക്കുവാൻ സഹായിക്കുകയും ചെയ്തി ട്ടുണ്ട്. വടവാതൂർ സെമിനാരിയും പൗരസ്ത്യവിദ്യാപീഠവും കേന്ദ്രമാക്കി വളർത്തിയെടുത്ത വ്യക്തിസഭകളുടെ ദൈവശാസ്ത്ര വിചിന്തനങ്ങൾ ഇവ യ്ക്കെല്ലാം നിർണ്ണായകമായിത്തീർന്നിട്ടുണ്ട്.

സീറോ മലബാർ സഭയുടെ സെമിനാരി എന്ന നിലയിൽ വടവാതൂർ സെമിനാരിയിലെ ദൈവശാസ്ത്രപഠനവിഭാഗത്തെ പൗരസ്ത്യദൈവശാസ്ത്ര ഫാക്കൽററിയായി (പൗരസ്ത്യവിദ്യാപീഠം) ഉയർത്തുവാനും സീറോമലബാർ സഭയുടെ വിശ്വാസത്തിന്റെ ഉറവിടങ്ങളെ ആധാരമാക്കിയുള്ള ഗവേഷണം നടത്തുന്ന ഒരു കേന്ദ്രമാക്കി അതിനെ വളർത്തുവാനും നേതൃത്വം നൽകി. സഭയുടെ വിശ്വാസത്തിന്റെ ഉറവിടങ്ങളുമായി ബന്ധപ്പെട്ട ബൈബിൾ ദൈവശാസ്ത്രചിന്തനങ്ങളിലൂടെ ഇന്നും തന്റെ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്നു. സഭാവിജ്ഞാനീയതലത്തിൽ വ്യക്തിസഭകളുടെ കൂട്ടായ്മയായി സാർവ്വത്രിക സഭയെ കാണുവാൻ സഹായിക്കുന്ന വിചിന്ത നങ്ങളും നിലപാടുകളുമാണ് തന്റെ പ്രബന്ധങ്ങളിലും ചർച്ചകളിലുമൊക്കെ കൂടുതലായി പ്രതിഫലിക്കുന്നത്. വിവിധ കമ്മീഷനുകളുടെ അംഗമെന്ന നിലയിൽ വർഷംതോറുമുള്ള മീററിംഗുകളിൽ സംബന്ധിച്ചു പ്രബന്ധങ്ങൾ അവതരിപ്പിച്ചും സഭാവിജ്ഞാനീയത്തിന്റെ വിവിധ വശങ്ങൾ വ്യക്തമാ ക്കിയും സഭകൾ തമ്മിലുള്ള കൂട്ടായ്മയെ വളർത്തുവാൻ കാര്യമായി സംഭാവന ചെയ്തുകൊണ്ടിരിക്കുന്നു.

1970 മുതൽ ഇന്നുവരെ ദൈവജനത്തിലെ വിവിധ വിഭാഗങ്ങളിൽപെട്ട

www.malankaralibrary.com

വർക്ക് (അൽമായർ, സന്യാസിനീസന്യാസികൾ, വൈദികർ, മെത്രാന്മാർ) ധ്യാനപ്രസംഗങ്ങൾ നടത്തിയും ബൈബിൾ കൺവൻഷനുകളിൽ പ്രഭാഷണങ്ങൾ നടത്തിയും ഫലപ്രദമായ വിധത്തിൽ വചനശുശ്രൂഷ നടത്തികൊണ്ടിരിക്കുന്നു. അതോടൊപ്പം പലർക്കും വ്യക്തിപരമായും സമൂഹപരമായും ആത്മീയനിയന്താവും ഉപദേഷ്ടാവുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.


വിശുദ്ധിയിലേക്കുള്ള സാർവ്വത്രികവിളി കാരിസമാക്കിയ മൂന്ന് ഇൻസ്റ്റിററ്യൂട്ടുകൾ ഇൻഡ്യയിൽ പ്രവർത്തിക്കുന്നുണ്ട്. അവയിൽ രണ്ടെണ്ണം സെക്കുലർ ഇൻസ്റ്റിററ്യൂട്ടുകളും ഒന്ന് സഭാത്മക സംഘടനയുമാണ്. "അപ്പസ്തോലിക് ഒസ്ളേററ്സ്" (സമർപ്പിതരായ സ്ത്രീകൾ) "അപ്പസ്തോലിക് സൊദാലസ്" (സമർപ്പിതരായ ഇടവകവൈദികർ) "അപ്പസ്തോലിക് ആനിമേറേറഴ്സ്" (പ്രതിജ്ഞാബദ്ധരായ അൽമായ പുരുഷന്മാർ) വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ച് പൊതുവെയും വൈദികരുടെയിടയിലും സാമൂഹ്യതലത്തിലും ബോധവൽക്കരണം നടത്തുവാനായി റോമിൽ സ്ഥാപിതമായ മൂന്ന് ഇൻസ്റ്റിററ്യൂട്ടുകളാണ് ഇവ. 1980 ൽ കോട്ടയം, മാങ്ങാനം സ്പിരിച്ചാലിററി സെന്ററിന്റെ ഡയറക്ടറായി വന്നകാലം മുതൽ ഈ ഇൻസ്റ്റിററ്യൂട്ടുകളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുവരുന്നു. ഇവയുടെ ഇൻഡ്യയിലെ വളർച്ചയ്ക്കും പ്രവർത്തനങ്ങൾക്കുമുള്ള ഉത്തരവാദിത്വം വഹിക്കുവാൻ 1985 ൽ സ്ഥാപകപിതാവിനാൽ നിയമിക്കപ്പെട്ടു.

മികച്ച ദൈവശാസ്ത്രഗ്രന്ഥത്തിനുള്ള 2000 ലെ മാർ ജോസഫ് കുണ്ടുകുളം അവാർഡ്, സാംസ്കാരിക തലത്തിൽ ചെയ്ത സംഭാവനകൾക്കായി 2002 ൽ കൽക്കട്ടായിലെ വിശ്വജ്യോതിഷ വിദ്യാപീഠത്തിന്റെ ഭാരത് മാതാ അവാർഡ്, ഇൻഡ്യയിലെ ഫ്രണ്ട്ഷിപ്പ് ഫോറം ഡൽഹിയിൽനിന്നും ഏർപ്പെടുത്തിയിരിക്കുന്ന 2003 ലെ ഗ്രേററ് ഇൻഡ്യൻ അച്ചീവേഴ്സ് അവാർഡ്, ഡൽഹിയിൽനിന്നുമുള്ള ഇന്റർനാഷണൽ പെൻഗ്വിൻ പബ്ലിഷിംഗ് ഹൗസ് ഏർപ്പെടുത്തിയിട്ടുള്ള 2004 ലെ Rising personalities of India – അവാർഡ്, എന്നിവ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

വിലാസം - മോൺ. മാത്യു വെള്ളാനിക്കൽ
വികാർ ജനറൽ & ഡയറക്ടർ
സിയോൺ റിട്രീറ്റ് സെന്റർ
കുന്നന്താനം പി.ഒ.
പത്തനംതിട്ട.

www.malankaralibrary.com

# 178



# ഫാ. ഫെലിക്സ് പൊടിമററം O.F.M. Cap.

സമകാലിക ധാർമ്മിക ദൈവശാസ്ത്രത്തിലും ആത്മീയ ദൈവശാസ്ത്രത്തിലും അഗാധപണ്ഡിതനായ ഫാ. ഫെലിക്സ് 1934 നവംബർ 24-ാം തീയതി തൊടുപുഴ താലൂക്കിൽ തുടങ്ങനാട് ഗ്രാമത്തിൽ പൊടിമററം കുടുംബത്തിൽ കുര്യന്റെയും അന്നയുടെയും മകനായി ജനിച്ചു. വിദ്യാഭ്യാസാനന്തരം 1955 ൽ കപ്പൂച്ചിൻ സഭയിൽ സന്യാസാർത്ഥിയായി പ്രവേശിക്കുകയും 1962 ൽ വൈദിക പട്ടം സ്വീകരിക്കുകയും ചെയ്തു. തുടർന്ന് കൊല്ലത്ത് തില്ലേരിയിലുള്ള കപ്പൂച്ചിൻ ആശ്രമത്തിൽ തത്വശാസ്ത്രം പഠിപ്പിക്കാൻ അദ്ദേഹം നിയമിതനായി.

രാഷ്ട്രതന്ത്രത്തിൽ യൂണിവേഴ്സിററിയിൽ നിന്ന് സിസ്റ്റമാററിക് തിയോളജിയിൽ റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിററിയിൽ നിന്നും എം.എ. ഡിഗ്രി കരസ്ഥമാക്കിയ ഫാ. പൊടിമററം ധാർമ്മിക ദൈവശാസ്ത്രത്തിൽ റോമിലെ അൽഫോൻസിയാനം യൂണിവേഴ്സിററിയിൽ നിന്നും പി.എച്ച്.ഡി.എടുത്തു. Relations of Natural law എന്ന വിഷയത്തിൽ ഫാ. ബർണാൾഡ് ഹേറിംങ് സി.എസ്സ്.എസ്സ്. ആറിന്റെ കീഴിലാണ് ഡോക്ടറേററിനുള്ള പ്രബന്ധം തയ്യാറാക്കിയത്. പിന്നീട് അമേരിക്കയിലെ വാഷിംഗ്ടൺ ഡി.സി.യിൽ നിന്നും പോസ്റ്റ്ഡോക്ടറേററിന് റിസർച്ച് നടത്തുകയുണ്ടായി. സെന്റ് ജോസഫ് തിയോളജിക്കൽ കോളേജ് കോട്ടഗിരിയിൽ വൈസ് റെക്ടറായും, ഡീൻ ഓഫ്സ്റ്റഡീസായും സെന്റ് ഫ്രാൻസിസ് തിയോളജിക്കൽ കോളേജ് (കോട്ടയം) റെക്ടറായും സുപ്പീരിയർ ആയും സെന്റ് ജോസഫ് കപ്പൂച്ചിൻ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ കൗൺസിലറായും ഫാ. ഫെലിക്സ് സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1970 ൽ ധാർമ്മിക ദൈവശാസ്ത്രത്തിലുള്ള പഠനങ്ങൾ പൂർത്തിയാക്കി യൂറോപ്പിൽ നിന്നും തിരിച്ചുവന്നതിനുശേഷം പല കപ്പൂച്ചിൻ ദൈവശാസ്ത്രകോളേജുകളിലും ഒപ്പം ഇന്ത്യയിലും പുറം രാജ്യങ്ങളിലുമായി നിരവധി മേജർ സെമിനാരികളിലും ധാർമ്മിക ദൈവശാസ്ത്ര പ്രൊഫസറായി സേവനം അനുഷ്ഠിക്കുന്നു. പല സന്യാസസമൂഹങ്ങളിലേയും അംഗങ്ങൾക്കുവേണ്ടി ക്ലാസ്സുകൾ എടുത്തിട്ടുള്ള ഫാ.ഫെലിക്സ് ഇതിനകം വൈദികർക്കുവേണ്ടി ഇരുപതോളം ധ്യാനങ്ങളും സന്യസ്തസഹോദരിമാർക്കുവേണ്ടി അതിലേറെ ധ്യാനങ്ങളും നയിച്ചിട്ടുണ്ട്. നാല്പത് വൈദികമേലദ്ധ്യക്ഷന്മാർക്കുവേണ്ടി ബാംഗ്ലൂരിൽവച്ച് ദൈവശാസ്ത്രവിഷയങ്ങളിൽ ക്ലാസ്സെടുക്കുവാനും

www.malankaralibrary.com

പിന്നീടൊരിക്കൽ സി.ബി.സി.ഐ. അംഗങ്ങളെ അഭിസംബോധന ചെയ്യാനും അവസരം ലഭിച്ചിട്ടുണ്ട്. സി.ആർ.ഐ. അംഗങ്ങൾക്കായി പല തിയോളജിക്കൽ ഇൻസ്റ്റിററ്യൂട്ടുകളിലായി ക്ലാസ്സുകളെടുത്തിട്ടുണ്ട്.

ഫാ.ഫെലിക്സ് ഇപ്പോൾ സെന്റ് ഫ്രാൻസീസ് തിയോളജിക്കൽ കോളേജ് (കോട്ടയം) വിജ്ഞാനനിലയം (ആന്ധ്ര) സെന്റ് ജോസഫ് പൊന്തിഫിക്കൽ ഇൻസ്റ്റിററ്യൂട്ട് (ആലുവ) പോളിട്രിനിററി സെമിനാരി (ജലന്ധർ) ഇൻസ്റ്റിററ്യൂട്ട് ഓഫ് ഫിലോസഫി ആൻഡ് തിയോളജി (എത്യോപ്യാ) സമീക്ഷ (കാലടി) എന്നിവിടങ്ങളിൽ ധാർമ്മിക ദൈവശാസ്ത്രം പഠിപ്പിക്കുന്നു. 1988-ൽ ഇൻഡ്യയിലെ ധാർമ്മിക ദൈവശാസ്ത്രജ്ഞന്മാരുടെ അസോസിയേഷൻ രൂപം കൊണ്ടു. അതിന്റെ തുടക്കം മുതൽ 1997 വരെ ആ അസോസിയേഷന്റെ പ്രസിഡന്റായി അദ്ദേഹം സേവനം അനുഷ്ഠിച്ചു (രണ്ടു ടേം). വീണ്ടും ആ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അധികാരസ്ഥാനങ്ങൾ കുത്തകവൽക്കരിക്കപ്പെട്ടു പോകരുതെന്നുള്ള നിർബ്ബന്ധമുള്ളതുകൊണ്ട് സ്നേഹപൂർവ്വം അത് നിരസിക്കുകയാണുണ്ടായത്. സമകാലികധാർമ്മികദൈവശാസ്ത്രത്തിലും, ആത്മീയശാസ്ത്രത്തിലുമായി 65 ഓളം പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഒപ്പം തന്നെ ഇന്ത്യയിലും വിദേശത്തുമുള്ള പല ദൈവശാസ്ത്രപ്രസിദ്ധീകരണങ്ങൾക്കായി അനേകം ലേഖനങ്ങളും സംഭാവന ചെയ്തിട്ടുണ്ട്. ഏകദേശം 15 വർഷത്തോളം ജീവധാരയുടെ സെക്ഷണൽ എഡിററായി (ധാർമ്മിക ദൈവശാസ്ത്രം) സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഒരു ധാർമ്മിക ദൈവശാസ്ത്രജ്ഞൻ എന്ന നിലയിൽ രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ധാർമ്മികചിന്തയുടെ നവീകരണത്തിനുവേണ്ടി സഭ തുറന്നുതന്ന പന്ഥാവുകളിലൂടെ ദൈവസ്നേഹത്തിലും, സഹോദരസ്നേഹത്തിലും പ്രചോദിതമായ സ്വതന്ത്രമനസ്സാക്ഷിയോടും ചിന്തകളോടും കൂടെ ഫാ.ഫെലിക്സ് സഞ്ചരിച്ചിട്ടുണ്ട്. ധാർമികമേഖലയിൽ അദ്ദേഹത്തിന്റെ ഈ സ്വതന്ത്രാന്വേഷണങ്ങൾ, ആനുകാലിക ജീവിതത്തിലെ പല വിവാദപരമായ ധാർമ്മികപ്രശ്നങ്ങളെക്കുറിച്ചും വ്യക്തമായ ചില നടപടികൾ സ്വീകരിക്കുവാൻ അദ്ദേഹം നിർബന്ധിതനായി. തൽഫലമായി കുറെയേറെ പ്രായോഗികബുദ്ധിമുട്ടുകളിലൂടെ അദ്ദേഹം കടന്നുപോകേണ്ടതായി വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ചിന്തകളും രചനകളും ഒരു കാരണവശാലും വിഫലമായ ഭാവനയുടെ ജൽപനങ്ങളോ കുത്തഴിഞ്ഞ സ്വകാര്യ ജീവിതത്തിന്റെ നീതീകരണത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളോ അല്ലെന്ന പൂർണ്ണമായ ബോദ്ധ്യം അദ്ദേഹത്തിനുണ്ട്. ദൈവത്തിന്റെ തിരുമനസ്സ് ആണ് തനിക്കെന്നും വഴികാട്ടിയെന്ന് അദ്ദേഹം വിശ്വസിക്കുന്നു.


യൂറോപ്പിലെ ഉന്നതപഠനങ്ങൾക്കുശേഷം മനുഷ്യബന്ധങ്ങളുടെ അതിസൂക്ഷ്മവും വിശാലവുമായ സ്വഭാവവിശേഷങ്ങളെക്കുറിച്ചുള്ള അന്വേഷണം വ്യക്തിപരമായ ജീവിതത്തിൽ നടത്തുകയുണ്ടായി. ജീവിതം

www.malankaralibrary.com

ഒത്തിരിയേറെ ഗതിവിഗതികളിലൂടെ കടന്നുപോയപ്പോൾ കുറേ ബോദ്ധ്യങ്ങളും ഉൾക്കരുത്തും ബന്ധങ്ങളുടെ ആഴത്തിലേക്ക് കടക്കാൻ സഹായിച്ച ഒരു കൂട്ടം സുഹൃത്തുക്കളുടെ സൗഹൃദവും കറകളഞ്ഞ സന്തോഷത്തിന്റെ ചില സുവർണ്ണനിമിഷങ്ങളുമാണ് അദ്ദേഹത്തിന് സമ്മാനിച്ചത്. ബന്ധങ്ങളിൽ എന്നും ഔപചാരികതയുടെ ഉപരിപ്ലവതവിട്ട് സ്നേഹത്തിന്റെ പക്വതയിലേക്ക് വേരുകളാഴ്ത്തി ഇറങ്ങുന്നതിൽ ഫാ.ഫെലിക്സ് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ദൈവത്തോടുള്ള സ്നേഹമാണ് പ്രഥമവും പ്രധാനവുമെന്ന് ആത്മീയഗുരുക്കന്മാർ നിരന്തരം നമ്മെ പഠിപ്പിക്കുന്ന ഒരു ആത്മീയപാഠമാണ്. ഇത് സത്യമാണെങ്കിലും കുറച്ചുകൂടി യഥാർത്ഥമായൊരു സത്യം നാം അറിയണം. ദൈവം ആണ് ആദ്യം നമ്മെ സ്നേഹിച്ചത്. ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിന് രണ്ടാം സ്ഥാനമേയുള്ളു. ആ ദൈവസ്നേഹമാകട്ടെ നമുക്ക് വെളിപ്പെടുത്തിക്കിട്ടുന്നത് നമ്മുടെ സഹജീവികളിലൂടെയാണ്. അതുകൊണ്ടാണ് ഫാ.ഫെലിക്സ് തന്റെ വൈകാരികജീവിതത്തിൽ സൗഹൃദബന്ധങ്ങൾക്ക് ഏറെ പ്രാധാന്യം നൽകുന്നത്.

വിലാസം - ഫാ.ഫെലിക്സ് പൊടിമററം OFM Cap സെന്റ് ഫ്രാൻസീസ് തിയോളജിക്കൽ കോളേജ്, കപ്പൂച്ചിൻ വിദ്യാഭവൻ, തെള്ളകം, കോട്ടയം

# 179



# വി.സി. ആന്റണി ആലപ്പുഴ

ആലപ്പുഴ കേന്ദ്രമായി ശക്തമായി പ്രവർത്തിച്ചിരുന്ന കേരള ഫിഷർമെൻസ് യൂണിയന്റെ പ്രവർത്തനങ്ങളിലൂടെ പൊതുപ്രവർത്തനം ആരംഭിക്കുകയും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ നിസ്തുലസേവനം അനുഷ്ഠിക്കുകയും ചെയ്ത വി.സി. ആന്റണി 1934 ഡിസംബർ ഒന്നിന് വട്ടയാൽ വട്ടത്തിൽ കുടുംബത്തിൽ വി.എക്സ്.സിറിൾ - ക്ലാര ദമ്പതികളുടെ മൂത്തപുത്രനായി ജനിച്ചു. രാജാകേശവദാസൻ ആലപ്പുഴതുറമുഖത്തിന് രൂപംകൊടുത്തപ്പോൾ അവിടെ അക്കാലത്ത് താമസിച്ചിരുന്ന കുറെ കുടുംബങ്ങളെ നഗരത്തിന്റെ തെക്കും വടക്കും ഭാഗങ്ങളിലേക്ക് മാററി പാർപ്പിച്ചു. അങ്ങനെ വടയാൽ പ്രദേശത്തേക്ക് മാററിപാർപ്പിച്ച പ്രധാനകുടുംബങ്ങളിൽ ഒന്നാണ് വട്ടത്തിൽ കുടുംബം. വടയാൽ വട്ടത്തിൽ കുടുംബത്തിൽ റോക്കി, ശൗര്യാർ കണ്ണു വൈദ്യന്മാരുടെ പിൻഗാമിയാണ് വി.സി. ആന്റണിയുടെ പിതാവ്. പനയ്ക്കൽ പുരയ്ക്കൽ അന്തോയുടെ മകളാണ് മാതാവ് ക്ലാര.

www.malankaralibrary.com

ആലപ്പുഴ സെന്റ് മേരീസ് പ്രൈമറിസ്കൂൾ, ലിയോതേർട്ടീന്ത് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. സംസ്കൃതപണ്ഡിതനും കവിയുമായ കെ.കുഞ്ഞുപിള്ളപണിക്കരിൽനിന്ന് ഉപരിഭാഷാപഠനം നടത്തി മലയാള സാഹിത്യവിശാരദ് പാസ്സായി. അർത്തുങ്കൽ ഹൈസ്കൂളിൽ അദ്ധ്യാപനവൃത്തിയിൽ പ്രവേശിക്കുകയും തുടർന്ന് ആലപ്പുഴ ലിയോതേർട്ടീന്ത് ഹൈസ്കൂളിൽ മുപ്പതുവർഷം അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുകയും 1989 ൽ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു.

1970 മുതൽ കക്ഷിരാഷ്ട്രീയത്തിൽ അധിഷ്ഠിതമായ വിദ്യാർത്ഥി സമരങ്ങളുടെ കലാപഭൂമിയായി വിദ്യാലയങ്ങൾ പരിണമിച്ചപ്പോൾ ഹൈസ്കൂൾ തലത്തിൽ അദ്ധ്യാപക രക്ഷാകർത്തൃപ്രസ്ഥാനങ്ങളെ ക്രോഡീകരിച്ച് ആലപ്പുഴയിലെ വിദ്യാലയാധികൃതരുടെ നേതൃത്വത്തിൽ 1981 ൽ ആലപ്പുഴ ബിഷപ്പ് ഡോ.പീററർ എം.ചേനപ്പറമ്പിൽ തിരുമേനി സ്ഥാപിച്ച വിദ്യാലയ പരിപോഷകസമിതിയുടെ ജനറൽ സെക്രട്ടറിയായി രണ്ടുപതിററാണ്ടുകാലം ആന്റണി പ്രവർത്തിക്കുകയുണ്ടായി. വിദ്യാലയത്തിൽ സമാധാനം പുനഃസ്ഥാപിക്കുവാനും, വിദ്യാലയ കക്ഷിരാഷ്ട്രീയം നിരോധിപ്പിക്കുവാനും വേണ്ടി പിന്നീട് സംസ്ഥാനതലത്തിൽ നടന്ന പ്രവർത്തനങ്ങളിൽ ആന്റണി സജീവമായി ഭാഗഭാക്കായി. ഈ ആവശ്യം ഉന്നയിച്ച ആദ്യത്തെ പ്രസ്ഥാനവും വിദ്യാലയപരിപോഷകസമിതിയാണ്.

ആലപ്പുഴയുടെ സമഗ്രവികസനം ലക്ഷ്യമാക്കി വിവിധരംഗങ്ങളിൽ ആന്റണി പ്രവർത്തിച്ചിട്ടുണ്ട്. ആലപ്പുഴ നഗരത്തിന്റെ തെക്കുപടിഞ്ഞാറുഭാഗം യാത്രാസൗകര്യങ്ങളുടെ കാര്യത്തിൽ വളരെ പിന്നിലായിരുന്നു. നാലു മുൻസിപ്പൽ വാർഡുകളെയും പുന്നപ്ര തെക്ക് പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന വടയാൽ ചർച്ച് റോഡ് നിർമ്മാണകമ്മററിയുടെ കൺവീനറും ട്രാവലേഴ്സ് ഫോറത്തിന്റെ ചെയർമാനും ആന്റണി ആയിരുന്നു. കയർ മത്സ്യ കൈത്തൊഴിൽ മേഖലകളിലെ കൂലിപ്പണിക്കാരായ സാധാരണക്കാർ താമസിക്കുന്ന ആലപ്പുഴയിലെ ജനസാന്ദ്രത കൂടിയ വിശാലമായ ഒരു പ്രദേശമാണ് കുതിരപ്പന്തി. വ്യവസായാവശ്യത്തിനായി ഈ പ്രദേശം അക്വയർ ചെയ്യുവാൻ 1996 ൽ സർക്കാർ ഭാഗത്തുനിന്നും നിർദ്ദേശമുണ്ടായപ്പോൾ അതിനെതിരായി നടത്തിയ പ്രക്ഷോഭണം കുതിരപ്പന്തി സംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിലായിരുന്നു. ആ സംരക്ഷണസമിതിയുടെ ജനറൽ കൺവീനറായിരുന്നു ആന്റണി. ശക്തമായ സമരത്തിന്റെ ഫലമായി പ്രസ്തുത പ്രദേശം ടൗൺ പ്ലാനിംഗ് അതോറിററി ഉപേക്ഷിക്കുകയുണ്ടായി. വ്യവസായ ആവശ്യത്തിനായി ജനസാന്ദ്രത കുറഞ്ഞ ഒരു സ്ഥലം തിരഞ്ഞെടുക്കുവാനും സർക്കാരിൽ ശക്തമായ പ്രേരണനൽകുകയും ചെയ്തു. ആലപ്പുഴ ടൗൺ ഡെവലപ്മെന്റ് ഫോറത്തിന്റെ സെക്രട്ടറി എന്ന നിലയിലും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി.

വ്യാജവാററും, അനധികൃത മദ്യവില്പനയും മൂലം യുവതലമുറ മദ്യ

www.malankaralibrary.com

ത്തിന് അടിമപ്പെട്ട് തുടങ്ങിയ സാഹചര്യത്തിൽ മദ്യവിരുദ്ധപ്രസ്ഥാനത്തിന് രൂപംകൊടുക്കുകയും ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുകയും അധികൃതസ്ഥാനങ്ങളിൽ നിവേദനം സമർപ്പിക്കുകയും ചെയ്തു. മദ്യവർജ്ജന പ്രവർത്തനങ്ങളിലേർപ്പെടുന്നത് ഒരു പ്രേഷിതപ്രവർത്തനമായിട്ടാണ് ആന്റണി കണക്കാക്കുന്നത്.

ആലപ്പുഴ സ്വകാര്യസ്കൂൾ അദ്ധ്യാപക സഹകരണ ബാങ്ക് കെട്ടിപ്പെടുക്കുന്നതിന് ശ്രമിച്ച ആന്റണി പ്രസ്തുത ബാങ്കിന്റെ ഓണററി സെക്രട്ടറിയായും ഡയറക്ടർ ബോർഡ് മെമ്പറായും പ്രവർത്തിക്കുകയുണ്ടായി. രാഷ്ട്രീയരംഗത്ത് ആന്റണി എന്നും സജീവമായിരുന്നു. 1965 വരെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ പ്രവർത്തിച്ച ആന്റണി കേരളാ കോൺഗ്രസ്സിന്റെ രൂപീകരണത്തോടെ കേരളാ കോൺഗ്രസ്സ് പ്രവർത്തകനായി മാറി. ലത്തീൻ കത്തോലിക്കാ സമുദായം രാഷ്ട്രീയമായി നേരിടുന്ന അവഗണന അവസാനിപ്പിക്കുന്നതിനും സമുദായതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി നടത്തിയിട്ടുള്ള എല്ലാ നീക്കങ്ങളിലും ആന്റണി സജീവമായി പ്രവർത്തിച്ചിട്ടുണ്ട്. ലത്തീൻ സമുദായം രണ്ടുപ്രാവശ്യം രാഷ്ട്രീയപാർട്ടി രൂപീകരിച്ചു. ഇന്ത്യൻ ലേബർ കോൺഗ്രസ്സും, ഡെമോക്രാററിക് ലേബർ പാർട്ടിയും ഈ രണ്ടുസംഘടനയുടെയും സെക്രട്ടറിയായി ആന്റണി പ്രവർത്തിക്കുകയുണ്ടായി.

1972 ൽ ആണ് കേരള ലാററിൻ കാത്തലിക് അസോസിയേഷൻ രൂപീകൃതമാകുന്നത്. അന്നുമുതൽ ആ സംഘടനയുടെ സംസ്ഥാന സമിതിയിൽ അംഗമാണ് ആന്റണി. കെ.എൽ.സി.എ. ആലപ്പുഴ രൂപതാ അസോസിയേഷന്റെ ജനറൽ സെക്രട്ടറിയായി പത്തുവർഷക്കാലം പ്രവർത്തിച്ച ശ്രീ ആന്റണി സംസ്ഥാന സമിതിയുടെ ജോയിന്റ് സെക്രട്ടറി, വൈസ്പ്രസിഡണ്ട് എന്നീ നിലകളിലും പ്രവർത്തിക്കുകയുണ്ടായി. 20002 മുതൽ 2004 വരെ സംസ്ഥാനപ്രസിഡണ്ടായും സേവനം അനുഷ്ഠിച്ചു. ഈ കാലയളവിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനും സംവരണശതമാനം നിലനിർത്തുന്നതിനും, ക്രമിലിയർ ഒഴിവാക്കുന്നതിനും ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിനും വേണ്ടി നടത്തിയിട്ടുള്ള എല്ലാ സമരങ്ങൾക്കും ആന്റണി നേതൃത്വം നൽകുകയുണ്ടായി. കെ.എൽ.സി.എ. സംഘടിപ്പിച്ചിട്ടുള്ള കൺവെൻഷനുകളുടെയും 1984 ൽ നടത്തിയ സംസ്ഥാനവാഹനജാഥയുടെയും കൺവീനർ ആയിരുന്നു ആന്റണി. കെ.എൽ.സി.എ. 2001 ൽ രൂപീകരിച്ച രാഷ്ട്രീയ ഉന്നതാധികാരസമിതിയുടെ കൺവീനർ എന്ന നിലയിൽ മുഖ്യപങ്ക് അദ്ദേഹം വഹിച്ചിട്ടുണ്ട്. ഇന്ന് ലത്തീൻ കത്തോലിക്കർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന അംഗീകാരങ്ങൾക്കും പരിഗണനകൾക്കും പിൻപിൽ ആന്റണി വഹിച്ചപങ്ക് നിർണ്ണായകമാണ്. 1986-1988 കാലഘട്ടത്തിൽ കാത്തലിക് യൂണിയൻ ഓഫ് ഇന്ത്യയുടെ റീജയണൽ സെക്രട്ടറിയായും പ്രവർത്തിച്ചു.

www.malankaralibrary.com

കേരള ലത്തീൻ സഭാസമൂഹത്തിന്റെ ഉന്നത നയരൂപീകരണ സമിതിയായ കേരളാ റീജിയൻലാററിൻ കാത്തലിക് കൗൺസിലിൽ രണ്ടുപ്രാവശ്യം ആന്റണി അംഗമായിരുന്നു. അതിന്റെ ട്രഷററായും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി.

1956 മുതൽ 1965 വരെ ആലപ്പുഴയിൽ ശക്തമായി പ്രവർത്തിച്ചിരുന്ന കേരളഫിഷർമെൻസ് യൂണിയന്റെ പ്രവർത്തനങ്ങളിലൂടെയാണ് ആന്റണി പൊതുപ്രവർത്തനം ആരംഭിച്ചത്. ഫാ. ജോൺ കാക്കിരി പ്രസിഡണ്ടും ഐ.എൻ.ടി.യു.സി. നേതാവ് കെ.സി. ഈപ്പൻ ജനറൽ സെക്രട്ടറിയുമായിരുന്ന ഈ സംഘടനയിൽ ജോ. സെക്രട്ടറിയായിരുന്നു വി.സി. ആന്റണി. ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ നിന്നും പുരമേയുന്നതിന് വർഷത്തിൽ പന്ത്രണ്ടുരൂപാവച്ചു നൽകിയിരുന്നതു മാത്രമായിരുന്നു മത്സ്യതൊഴിലാളിക്ക് ലഭിച്ചിരുന്ന ഏക ആനുകൂല്യം. മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണം, കോളനൈസേഷൻ, മത്സ്യബന്ധനത്തിനിടെയുണ്ടാകുന്ന അപകടങ്ങൾക്ക് ലഭിക്കുന്ന വിവിധതരം സഹായങ്ങൾ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ഇൻഷുറൻസ് പദ്ധതികൾ, ഓഫ് സീസൺ പ്രഖ്യാപിക്കൽ തുടങ്ങിയ നിരവധി ആവശ്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നത് ഈ സംഘടനയാണ്.

കേരളാഫിഷർമെൻസ് യൂണിയന്റെ പ്രവർത്തനം നിലച്ചപ്പോൾ സംസ്ഥാനത്തിന്റെ പലഭാഗത്തും വൈദീകരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന മത്സ്യത്തൊഴിലാളി യൂണിയനുകളെ ഏകോപിപ്പിച്ച് 1972 ൽ രൂപം കൊണ്ടതാണ് ലത്തീൻ കത്തോലിക്കാ മത്സ്യത്തൊഴിലാളി ഫെഡറേഷൻ. ഫാ. പോൾ അറയ്ക്കൽ പ്രസിഡണ്ടും, വി.സി. ആന്റണി, കല്ലട ലോറൻസ് എന്നിവർ അതിന്റെ ജനറൽ സെക്രട്ടറിമാരുമായിരുന്നു. കേരള ഫിഷർമെന്റ്സ് യൂണിയൻ ഉന്നയിച്ച ആവശ്യം നേടിയെടുക്കുന്നതിന് സംസ്ഥാന തലത്തിൽ നിരവധിസമരങ്ങൾ നടത്തുകയുണ്ടായി. പിൽക്കാലത്ത് അത് കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ എന്നപേരിൽ പ്രവർത്തിക്കുവാൻ തുടങ്ങി. കക്ഷിരാഷ്ട്രീയത്തിനതീതമായി മത്സ്യത്തൊഴിലാളികൾ ഒന്നടങ്കം നടത്തിയിട്ടുള്ള സമരങ്ങളുടെ ഫലമായിട്ടാണ് ലംപ്സംഗ്രാന്റ്, മത്സ്യത്തൊഴിലാളി പെൻഷൻ, ഭവനിർമ്മാണപദ്ധതികൾ, മത്സ്യത്തൊഴിലാളി വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം, ജൂൺ ജൂലൈ മാസങ്ങളിലെ ട്രോളിംഗ് നിരോധനം, കടൽഭിത്തി നിർമ്മാണം തുടങ്ങിയനേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചത്. ഫെഡറേഷന്റെ പ്രവർത്തനത്തിൽ നേതൃത്വം നൽകിയ രണ്ടുപ്രമുഖനേതാക്കളാണ് ഫാ.തോമസ് കോച്ചേരിയും സിസ്റ്റർ ഫിലോമിൻ മേരിയും.

ആലപ്പുഴ മൗണ്ട് കാർമ്മൽ ഭദ്രാസനപള്ളി നിലംപതിച്ചതിനെത്തുടർന്ന് പുതിയ ഭദ്രാസനദേവാലയം നിർമ്മിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ദേവാലയ നിർമ്മാണസമിതിയുടെ ജനറൽ സെക്രട്ടറിയും അദ്ദേ

www.malankaralibrary.com


ഹമായിരുന്നു. ബിഷപ്പ് പീററർ ചേനപ്പറമ്പിൽ തിരുമേനിയുടെ സ്ഥാനാരോഹണ ആഘോഷകമ്മററിയുടെ സെക്രട്ടറിയും ആന്റണി ആയിരുന്നു.

ഫോർട്ട്കൊച്ചി ചെറിയപറമ്പ് കുടുംബാംഗം ലൈസമ്മയാണ് സഹധർമ്മിണി.

വിലാസം - വി.സി. ആന്റണി, വട്ടത്തിൽ, കുതിരപ്പന്തി, തിരുവമ്പാടി പി.ഒ., ആലപ്പുഴ

# 180

## ആർച്ച്ബിഷപ്പ് ഡോ. റാഫേൽ ചീനത്ത്



ആദിവാസികൾ നിരവധിയുള്ള ഒരു അതിരൂപതയാണ് കട്ടക്ക് - ഭുവനേശ്വർ. ആദിവാസികൾക്ക് മുൻതൂക്കമുള്ള ഈ പ്രദേശം താരതമ്യേന അവരുടെ സംസ്കാര സവിശേഷതയുടെ ഈറ്റില്ലമാണ്. പ്രകൃതിക്ഷോഭത്തിന് പലപ്പോഴും വിധേയമാകുന്ന ഈ പ്രദേശത്ത് ജാതിമതഭേദമെന്യേ സകലരുടെയും നന്മക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു സമൂഹമാണ് ഇവിടെയുള്ളത്. ഈ അതിരൂപതയുടെ സാരഥ്യം വഹിക്കുന്നത് മലയാളിയായ ആർച്ച് ബിഷപ് ഡോ. റാഫേൽ ചീനത്താണ്.

ആറാട്ടുപുഴ പെല്ലിശ്ശേരി കുടുംബത്തിൽ 1934 ഡിസംബർ 29 ന് ആണ് ഡോ. റാഫേൽ ജനിച്ചത്. ചേർപ്പ്, പെല്ലിശ്ശേരി എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം 1953 ൽ എസ്.വി.ഡി. സന്യാസ സഭയിൽ ചേർന്നു. മദ്ധ്യപ്രദേശിലെ ഇൻഡോറിൽ എസ്.വി.ഡി. മിഷനിൽ നാലുവർഷം പ്രവർത്തിച്ചു. തുടർന്ന പൂനാ പേപ്പൽ സെമിനാരിയിൽ ചേർന്ന് ഫിലോസഫിയും തിയോളജിയും പഠിച്ചു. 1963 സെപ്റ്റംബർ 21 ന് ബിഷപ് ആൻഡ്രൂസ് ഡിസൂസാ പൂനയിൽവച്ച് പൗരോഹിത്യ പട്ടം നൽകി.

പൗരോഹിത്യപദവിയിലേക്കുയർത്തപ്പെട്ട ഫാ. റാഫേൽ ചീനത്ത് 1963-ൽ ചങ്ങനാശ്ശേരിയിലെ സെന്റ് ജോസഫ് സെമിനാരിയിൽ റെക്ടറായിട്ടാണ് ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. അഞ്ചുവർഷത്തിനുശേഷം 1968 ൽ പൂനയിലെ എസ്.വി.ഡി. മേജർ സെമിനാരി റെക്ടറായി നിയമിതനായി. 1972 ൽ എസ്.വി.ഡി. ബോംബെ പ്രോവിൻസിന്റെ പ്രൊവിൻഷ്യാലായി. ആറുവർഷത്തിലൊരിക്കൽ റോമിൽ ചേരുന്ന ഇന്റർനാഷണൽ കോൺഫറൻസ് ജനറൽ ചാപ്റ്ററിൽ പങ്കെടുക്കുവാനുള്ള ഭാഗ്യവും ഡോ. ചീനത്തിനുണ്ടായി. അഞ്ചുവർഷകാലാവധിയുള്ള ആദ്യത്തെ ഏഷ്യൻ കൺസൾട്ടർ ആയും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

www.malankaralibrary.com

1974-ൽ റൂർക്കല - ഒറീസ്സാ ബിഷപ്പായി ഡോ. ചീനാത്ത് നിയമിക്കപ്പെട്ടു. 1974 മേയ് 18ന് ആയിരുന്നു മെത്രാഭിഷേകം. ആറു വർഷത്തിനു ശേഷം രൂപത വിഭജിച്ചപ്പോൾ റൂർക്കല - സാംബൽപൂർ ബിഷപ്പായി. ആറു വർഷക്കാലം അവിടെത്തന്നെ പ്രവർത്തിക്കുകയും രൂപതാ ആസ്ഥാനത്തിന് ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തു. 1985 ൽ ഭുവനേശ്വർ അതിരൂപതയുടെ ആർച്ചുബിഷപ്പായി നിയമിച്ചു. ഭുവനേശ്വർ അതിരൂപതാ പ്രോവിൻസിൽപെട്ടതാണ് കട്ടക്ക്-ഭുവനേശ്വർ, ബർഹാൻപൂർ, ബാലേശ്വർ, സാംബൽപൂർ, റൂർക്കല എന്നീ രൂപതകൾ. ഈ അഞ്ചുരൂപതകളിലുമായി ഏതാണ്ട് നാലുലക്ഷത്തോളം കത്തോലിക്കർ ഇന്നുണ്ട്. ആദിവാസികൾക്ക് മുൻതൂക്കമുള്ള ഒരു നാടാണ് ഇത്. ഈ പ്രദേശം ആദിവാസികളുടെ സംസ്കാര സവിശേഷതയുടെ ഈറ്റില്ലമാണ്.

2006 ഏപ്രിൽ 9-ാം തീയതിയിലെ സണ്ടേശാലോമിൽ ആർച്ച് ബിഷപ്പ് ഡോ. റാഫേൽ ചീനത്തിനെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "ഈ പ്രദേശം ചുഴലിക്കാറ്റ് തകർത്തപ്പോൾ രണ്ടായിരത്തോളം സന്നദ്ധസേവകരെ രംഗത്തിറക്കിക്കൊണ്ട് ജാതിമതഭേദമെന്യേ ജനങ്ങൾക്കാശ്വാസം പകരാൻ ആർച്ച് ബി.പ്പ് ഡോ. റാഫേൽ ചീനത്ത് രംഗത്തിറങ്ങി. സർക്കാരിന്റെ ഔപചാരിക നടപടികൾ പൂർത്തിയാകാൻ കാത്തുനിൽക്കാതെ രൂപതകളിലെ വിശ്വാസികളെ മുന്നിൽനിറുത്തി, മറ്റു മതവിശ്വാസികളെ സഹകരിപ്പിച്ചുകൊണ്ട് ഇദ്ദേഹം നടത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് എണ്ണമില്ല. മിഷൻലീഗിൽ പ്രവർത്തിക്കുമ്പോൾ ഫാ. ജോസഫ് പറനിലം പ്രോത്സാഹനം നൽകിയിരുന്നത് ബിഷപ്പ് ഇപ്പോഴും ഓർക്കുന്നു. സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ചെയർമാനായി ഇപ്പോഴും തുടരുന്ന ആർച്ച് ബിഷപ്പ് ഡോ. റാഫേൽ ചീനത്ത് നല്ലൊരു പുസ്തക പ്രേമിയാണ്. പൊതുജന സമ്പർക്കത്തിൽ അത്യുത്സാഹം കാണിക്കുന്ന അദ്ദേഹം പ്രവർത്തനപരിധിയിലുള്ള സ്ഥലങ്ങളിൽ വികസന പ്രവർത്തനങ്ങളിൽ എപ്പോഴും മുന്നിൽ നിൽക്കുന്നു. നോമ്പുകാലങ്ങളിൽ അതിരൂപതയിലെ എല്ലാ ഇടവകകളിലും ധ്യാനം സംഘടിപ്പിക്കുന്നു. ആദ്യമായി അവിടെ ധ്യാനം സംഘടിപ്പിച്ചത് മുരിങ്ങൂർ ഡിവൈൻ ടീമാണ്. നോമ്പിലും ഉപവാസത്തിലും ജീവിക്കാൻ തയ്യാറാകുവാൻ അതിരൂപതയിലുള്ളവരെയും പ്രോത്സാഹിപ്പിക്കുന്നു. കേരളത്തിലെപോലെതന്നെ നെല്ലിന് പ്രാധാന്യമുള്ള കൃഷിരീതിയാണിവിടെയുള്ളത്. കാട്ടിൽജീവിക്കുന്ന ആദിവാസികൾക്ക് കാട്ടിലെ വിഭവങ്ങൾ മാത്രമാണ് ഭക്ഷണം. പ്രാർത്ഥനയിലും വിശ്വാസത്തിലും വിമുഖത കാണിച്ചിരുന്ന നാട്ടുകാരിൽ യേശുവിന്റെസ്നേഹം എന്തെന്ന് തൊട്ടറിയിക്കാൻ നടത്തിയ ശ്രമങ്ങൾ ശ്ലാഘനീയമാണ്.

അതിരൂപതയിൽ 55 കോൺഗ്രഗേഷനുകളിലായി 450 വൈദീകരും 180 കന്യാസ്ത്രീകളുമുണ്ട്.

Address : Arch Bishop Most Rev. Raphel cheenathu, Arch Bishops House, Satyanager, Bhuvaneswar - Orissa - 751007.

www.malankaralibrary.com

# 181

# പ്രൊഫ. കെ. വി. ജോസഫ്



ബഹുഭാഷാപണ്ഡിതൻ, സാഹിത്യസാംസ്കാരിക മണ്ഡലങ്ങളിൽ പ്രാധാന്യമർഹിക്കുന്ന നിരവധി ഗ്രന്ഥങ്ങളുടെ കർത്താവ്, പ്രശസ്തനിഘണ്ടുകാരൻ, പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകൻ എന്നീ നിലകളിലെല്ലാം പ്രശസ്ത സേവനം അനുഷ്ഠിച്ചിട്ടുള്ള പ്രൊഫ. കെ.വി.ജോസഫ് 1935-ലെ പുതുവത്സരദിനത്തിൽ വൈക്കം കൈപ്പറമ്പിൽ വർക്കി മറിയം ദമ്പതികളുടെ സീമന്തപുത്രനായി ജനിച്ചു. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഹിന്ദി വിദ്വാൻ പരീക്ഷ പാസ്സായി. പാലാ രൂപതയിലെ കടനാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്ക്കൂളിൽ ഹിന്ദി അദ്ധ്യാപകനായി. 1954 ൽ 19-ാം വയസ്സിൽ ജോലിയിൽ പ്രവേശിച്ചു. അദ്ധ്യാപകജോലിയിൽ പ്രവേശിച്ചെങ്കിലും കൂടുതൽ കൂടുതൽ പഠനത്തിൽ ശ്രദ്ധ ചെലുത്തി. 1955-ൽ മലയാളം സാഹിത്യവിശാരദ് 1957-ൽ ഹിന്ദി സാഹിത്യരത്നം 1958-ൽ ബി.എ. എന്നീ പരീക്ഷകൾ പാസ്സായി. തുടർന്ന് തൃശൂർ ട്രെയിനിംഗ് കോളേജിൽനിന്നും ബി.എഡ്. പരീക്ഷ പാസ്സായി. 1961-ൽ പാലാ സെന്റ് തോമസ് ട്രെയിനിംഗ് സ്കൂളിൽ അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. അവിടെ ജോലിയിലിരിക്കെ മലയാളം എം.എ. പരീക്ഷ പാസ്സായി. 1965-ൽ അരുവിത്തുറ കോളേജിൽ മലയാളം അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. അരുവിത്തുറ കോളേജിൽ അദ്ധ്യാപകനായിരിക്കെ ഹിന്ദിയിലും ഇംഗ്ലീഷിലും മാസ്റ്റർ ബിരുദങ്ങൾ നേടി.

വിവിധ ഭാഷകളിൽ ബിരുദാനന്തര ബിരുദം നേടിയ ജോസഫ് ഒരു കഠിനാദ്ധ്വാനിയാണ്. എല്ലാ ഡിഗ്രികളും അദ്ദേഹം നേടിയത് പ്രൈവററായി പഠിച്ചാണ്. ആരുടെയും സഹായം കൂടാതെ കഠിനാദ്ധ്വാനം കൊണ്ട് അദ്ദേഹം വൻവിജയം നേടിക്കഴിഞ്ഞു. ഉന്നതബിരുദങ്ങൾ നേടിയതൊന്നും സാമ്പത്തികനേട്ടം ലക്ഷ്യം വച്ചുകൊണ്ടായിരുന്നില്ല. അദ്ദേഹം അദ്ധ്യാപക ജോലിയിൽ പ്രവേശിക്കുമ്പോൾ ആ ജോലി ആദായകരമായിരുന്നില്ല. പ്രതിഫലത്തേക്കാൾ അദ്ധ്യാപകജോലി ഒരു ദൈവവിളിയായി കണ്ടുകൊണ്ട് ആത്മാർത്ഥമായ, മാതൃകാപരമായ, ഊർജ്ജസ്വലമായ സേവനം കാഴ്ചവച്ച ഒരു അദ്ധ്യാപകശ്രേഷ്ഠനാണ് പ്രൊഫ.കെ.വി. ജോസഫ്.

അദ്ധ്യാപനം ഒരു ജീവിതദൗത്യമായി ഏറെറടുത്ത് പ്രവർത്തിച്ച അദ്ധ്യാപകനാണ് അദ്ദേഹം. അദ്ധ്യാപകന്റെ ജീവിതസാക്ഷ്യത്തിന് രണ്ടുവശങ്ങളുണ്ട്. ഒന്ന് സംശുദ്ധമായ ജീവിതം രണ്ട് തൊഴിലിനോടുള്ള സമർപ്പണബുദ്ധി. ഈ രണ്ടുവശങ്ങളും കാത്തുസൂക്ഷിച്ചുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് നാലുദശാബ്ദക്കാലം പ്രവർത്തിച്ച ഒരതികായനാണ്

www.malankaralibrary.com

പ്രൊഫ.ജോസഫ്. അദ്ദേഹത്തേപ്പോലെ ജീവിതം മുഴുവൻ വായനയും പഠനവും വിചിന്തനവും വിജ്ഞാനവിതരണവുമായി കഴിയുന്നവർ വേറെയധികമുണ്ടാവുകയില്ല. എഴുപത് വയസ്സ് പിന്നിടുമ്പോഴും അദ്ദേഹം ഒരു വിദ്യാർത്ഥിയാണ്. പി.എച്ച്.ഡി. ബിരുദം നേടാനുള്ള പഠനം. അദ്ദേഹം ഡോക്ടറേററിന് തിരഞ്ഞെടുത്തിരിക്കുന്ന വിഷയം വർത്തമാനപ്പുസ്തകത്തെപ്പററിയാണ്. പ്രൊഫ.മാത്യു ഉലകംതറ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഒരു ബിരുദം നേടിയെടുക്കുവാൻ നഴ്സറി സ്കൂൾ മുതൽ കലാലയം വരെ ലക്ഷങ്ങൾ മുടക്കേണ്ടി വരുന്ന ഇന്നത്തെ തലമുറയ്ക്കു മുന്നിൽ ഉപജീവനമാർഗ്ഗവും പഠനച്ചിലവും സ്വയം കണ്ടെത്തി, മൂന്ന് ബിരുദാനന്തരബിരുദങ്ങൾ സമ്പാദിച്ച് ഡോക്ടർ ബിരുദത്തിന്റെ പടിക്കലെത്തി നിൽക്കുന്ന ജോസഫ് സാറിന്റെ കഥ വീണ്ടുമൊരു വിസ്മയം കൂടി സൃഷ്ടിക്കുന്നില്ലേ?"

20-ാം വയസ്സു മുതൽ ആനുകാലികങ്ങളിൽ ലേഖനങ്ങളും കഥാതർജ്ജിമകളും മററും പ്രസിദ്ധീകരിച്ചു വന്നു. ആദ്യമായിട്ടൊരു പുസ്തകം പ്രസിദ്ധീകരിച്ചത് 1968-ൽ ആണ് - കാവ്യശാസ്ത്രസൂക്തങ്ങൾ. അന്നുമുതൽ ഇന്നുവരെയായി 34 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയെ പ്രധാനമായും ആറ് ഇനങ്ങളിലായി തരംതിരിക്കാം.

ഉപന്യാസങ്ങൾ എന്ന ഇനത്തിൽ പെടുന്ന ഗ്രന്ഥങ്ങൾ ഇവയാണ്. (1) നിരീക്ഷണങ്ങൾ (2) മാർഗ്ഗദീപങ്ങൾ (3) തിരുസഭാചരിത്രം (4) കൽദായവാദം (5) സമകാലികം (6) സുവിശേഷചിന്തകൾ (7) കേരളത്തിലെ പ്രശ്നങ്ങൾ (8) വർത്തമാനപുസ്തകം - ഒരു പരിചയപ്പെടുത്തൽ (9) വിദ്യാഭ്യാസചിന്തകൾ.

വ്യാഖ്യാനങ്ങൾ എന്ന ഇനത്തിൽപ്പെടുന്ന ഗ്രന്ഥങ്ങൾ (1) കാവ്യശാസ്ത്രസൂക്തങ്ങൾ (2) കാവ്യാലങ്കാരസൂത്രവൃത്തി (3) സ്വപ്നവാസവദത്തം (4) ഋതുസംഹാരം (5) മാളവികാഗ്നിമിത്രം (6) അനശ്വരശ്ലോകങ്ങൾ എന്നിവയാണ്.

ഇംഗ്ലീഷിൽനിന്നും ഭാഷാന്തരം ചെയ്ത ഗ്രന്ഥങ്ങൾ ആണ് മൂന്നാമത്തെ ഇനത്തിൽ പെടുന്നത്. അവ താഴെപ്പറയുന്നവയാണ്. (1) മാർത്തോമ്മാക്രിസ്ത്യാനികൾ (2) സന്ന്യാസത്തിന്റെ അന്തർദ്ധാര (3) ഡിഡസ്കാലിയ (4) സന്ന്യാസനിയമങ്ങൾ (5) അരുവിത്തുറപ്പള്ളി (6) ഉത്തമഗീതഭാഷ്യം (7) പ്രാർത്ഥനയെക്കുറിച്ച് ഒരിജൻ (8) സൊക്രട്ടീസിന്റെ തിരുസഭാചരിത്രം (9) മഹദ്വ്യക്തികൾ (10) സഭാപ്രതീകങ്ങൾ (11) വിശുദ്ധഗ്രന്ഥ ദർശനങ്ങൾ (12) ഗിരിപ്രഭാഷണം (13) മനുഷ്യാവകാശസംരക്ഷണനിയമം (14) ദൈവമക്കൾ നമ്മൾ (15) പരിത്രാണനം.

തർജ്ജിമഗ്രന്ഥങ്ങളിൽ മിക്കവയും വടവാതൂർ സെമിനാരിയിലെ പ്രൊഫസ്സർമാരുടെ നിർദ്ദേശാനുസരണം എഴുതപ്പെട്ടവയും വടവാതൂർ OIRSI പ്രസിദ്ധീകരിച്ചിട്ടുള്ളവയും ആണ്.

ഹിന്ദിയിലേക്ക് ഭാഷാന്തരം ചെയ്ത ദൈവദശകവ്യാഖ്യ, ഋതുസംഹാര

www.malankaralibrary.com

വ്യാഖ്യ എന്നിവയാണ് നാലാമത്തെ ഇനത്തിൽപ്പെടുന്ന കൃതികൾ. അഞ്ചാമത്തെ ഇനത്തിൽപ്പെടുന്നതാണ് ശബ്ദകോശം (1) ഹിന്ദി മലയാളം - ഇംഗ്ലീഷ് ഡിക്ഷണറി, വി.പബ്ലിഷേഴ്സിനുവേണ്ടി തയ്യാറാക്കി. ഡി.സി.യുടെ HEM നിഘണ്ടു തയ്യാറാക്കുന്നതിലും S.B. പബ്ലിക്കേഷനുവേണ്ടി നിഘണ്ടു തയ്യാറാക്കുന്നതിലും സജീവമായി സഹകരിച്ചു. ഇപ്പോൾ സ്വന്തമായി ഒരു ത്രിഭാഷാനിഘണ്ടു തയ്യാറാക്കുന്നു.

ഇംഗ്ലീഷിലേക്ക് തർജ്ജിമയാണ് ആറാമത്തെ ഇനത്തിൽ പെടുന്നത്. ഋതുസംഹാരവ്യാഖ്യാനത്തിന്റെ ഇംഗ്ലീഷ് തർജ്ജിമയും താമസിയാതെ പ്രസിദ്ധീകരിക്കുന്നതാണ്.

ഏഴാം ക്ലാസ്സ് വിദ്യാർത്ഥിയായിരിക്കുമ്പോൾ മതാദ്ധ്യാപനം തുടങ്ങി. താൻ പഠിപ്പിച്ച എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും മതാദ്ധ്യാപനം നിഷ്കർഷയോടെ നടത്തി. അരുവിത്തുറയിലും മണിയംകുന്നിലും സൺഡേ സ്കൂളിൽ മതാദ്ധ്യാപകനായിരുന്നു. 22 വർഷം മണിയംകുന്ന് സൺഡേ സ്കൂളിൽ അദ്ധ്യാപകനായിരുന്നു ജോസഫ്. പാലാ മതബോധനരംഗത്തെ കേന്ദ്രസമിതികളിലും പാലാ രൂപതാ പാസ്റ്ററൽ കൗൺസിലിലും ദീർഘ കാലം അംഗമായിരുന്ന കെ.വി.ജോസഫ് സെന്റ് വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ യൂണിററ് പ്രസിഡന്റായും പ്രവർത്തിച്ചു.

കോളേജ് മാഗസിൻ എഡിററായി ഒരു ദശകക്കാലം പ്രവർത്തിച്ച ജോസഫ് സാർ മണിയംകുന്ന് ഇടവക മാസികയായ വചനസന്ദേശ ത്തിന്റെയും സോഷ്യൽ ഡെമോക്രാററിക് മാസികയുടെയും അൽമായ കാഹളത്തിന്റെയും (സീറോ-മലബാർ അൽമായ വേദിയുടെ മുഖപത്രം) മുഖ്യപത്രാധിപരായി പ്രവർത്തിച്ചു. പാലാ രൂപതാ മതബോധന കേന്ദ്ര ത്തിന്റെ മതബോധനം മാസികയുടെ പത്രാധിപസമിതിയിലും അദ്ദേഹം അംഗമായിരുന്നു.

പ്രൊഫ.ജോസഫിന്റെ മറെറാരു പ്രധാന പ്രവർത്തനരംഗം ഗ്രന്ഥ ശാലാപ്രവർത്തനമാണ്. പൂഞ്ഞാർ എ.ററി.എം. ലൈബ്രറിയുടെ പ്രസിഡ ന്റായി 10 വർഷക്കാലം പ്രവർത്തിച്ച ജോസഫ് 4 വർഷക്കാലം മീനച്ചിൽ താലൂക്ക് ലൈബ്രറി യൂണിയൻ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് ഇപ്രകാരം എഴുതിയിരിക്കുന്നു "ഉപയോഗപ്രദങ്ങളായ പല സംസ്കൃതഗ്രന്ഥങ്ങൾക്കും ജോസഫ്സാർ ലളിതമായ മലയാളത്തിൽ വ്യാഖ്യാനം തയ്യാറാക്കിയിട്ടുള്ളതായി എനിക്കറി യാം. ദേശീയ സംസ്കാരത്തോട് ഒത്തു ചേർന്നു പോകാൻ ഭാരതീയ കത്തോലിക്കർ ചെയ്യേണ്ടതായ പരിശ്രമത്തിന്റെ പ്രശംസനീയ ഭാഗമാണിത്."

ഡോ.സേവ്യർ കൂടപ്പുഴ ഇപ്രകാരം എഴുതിയിരിക്കുന്നു. "കേരള ത്തിലെ സഭാത്മക സാഹിത്യരംഗത്ത് കെ.വി.ജോസഫ് സാറിന്റെ സംഭാവന അതുല്യമാണ്. ആ രംഗത്തേക്ക് സാറിന്റെ സഹകരണം നേടാൻ സാധിച്ചതിൽ ഞാൻ വളരെയേറെ സന്തോഷിക്കുന്നു."

www.malankaralibrary.com

പ്രൊഫ.കെ.വി.ജോസഫിന്റെ സപ്തതി അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ആരാധകരും ശിഷ്യഗണങ്ങളും ചേർന്ന് അതിവിപുലമായ തോതിൽ ആഘോഷിക്കുകയുണ്ടായി. അക്ഷരസൗരഭം എന്ന പേരിൽ സപ്തതിസ്മരണികയും പ്രസിദ്ധീകരിക്കുണ്ടായി. എഴുപത് പിന്നിട്ടപ്പോഴും വിദ്യാർത്ഥിയായിരിക്കുവാൻ ആഗ്രഹിക്കുന്ന - എന്നും വിദ്യാർത്ഥിയായിരുന്ന കെ.വി.ജോസഫ് കേരളീയർക്ക് ഒരു വിസ്മയം തന്നെയാണ്.

രാമപുരം തെങ്ങുമ്പള്ളിൽ കുടുംബാംഗമായ കുഞ്ഞമ്മയാണ് ഭാര്യ. വിലാസം - പ്രൊഫ. കെ.വി. ജോസഫ്, കൈപ്പറമ്പിൽ, പൂഞ്ഞാർ പി.ഒ.

# 182

# പ്രൊഫ. ജോർജ്ജ് തോമസ്



"ആധുനികകാലത്തിന് മുൻപുവരെ ക്രൈസ്തവ സമുദായത്തിലെ കവികൾ തെരഞ്ഞെടുത്തിരുന്ന ഇതിവൃത്തങ്ങളും പ്രമേയങ്ങളും പ്രസ്തുതസമുദായത്തെ മാത്രംലക്ഷ്യംവച്ചുള്ളവയായിരുന്നു. എന്നാൽ ആധുനിക കാലത്ത് ഈ അവസ്ഥയ്ക്ക് മാറ്റം വന്നു. ഒരേസമയത്ത് ക്രിസ്തീയമായിരിക്കുകയും ഒപ്പം മാനുഷികമായിരിക്കുകയും ചെയ്യുക ഇതാണ് ജോർജ്ജ് തോമസ് കവിതകളുട സ്വഭാവം" പ്രൊഫ. ജോർജ്ജ് തോമസിന്റെ ഷഷ്ട്യബ്ദിയോടനുബന്ധിച്ച് ചേർന്ന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രൊഫ. എസ്.ഗുപ്തൻനായർ നടത്തിയ പ്രസംഗത്തിലെ ഏതാനും വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചത്. അറുപതുകളിലും എഴുപതുകളിലും കാച്ചിക്കുറുക്കിയ കവിതകൾ രചിച്ച പ്രമുഖ മലയാള കവികൾക്കൊപ്പം ശ്രദ്ധേയനായ പ്രൊഫ. ജോർജ് തോമസ് ആനുകാലികങ്ങളിൽ കവിതകൾ എഴുതിക്കൊണ്ടിരിക്കുന്നു.

കവിതാലോകത്ത് തന്റേതായ ഒരു ശൈലിക്ക് രൂപംകൊടുത്ത ജോർജ്ജ് തോമസ് കടത്തുരുത്തിയിൽ പള്ളിവാതുക്കൽ കുടുംബത്തിൽ 1935 ഫെബ്രുവരി 27ന് ജനിച്ചു. പിതാവ് പള്ളിവാതുക്കൾ തോമസും മാതാവ് കുരിശുംമൂട്ടിൽ മറിയവും.

വാലാച്ചിറ സെന്റ്ക്രൂസ് എൽ.പി. സ്കൂൾ, കടുത്തുരുത്തി ഗവൺമെന്റ് എൽ.പി.സ്കൂൾ, കടുത്തുരുത്തി സെന്റ് മൈക്കിൾസ് ഹൈസ്കൂൾ, ചങ്ങനാശ്ശേരി എസ്.ബി. കോളേജ്, പാലാ സെന്റ് തോമസ് കോളേജ്, എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. വിദ്യഭ്യാസാനന്തരം കുറേക്കാലം കേരള സെക്രട്ടറിയേറ്റിൽ ഉദ്യോഗം വഹിച്ചു. 1962 ൽ കോഴിക്കോട് ദേവഗിരി കോളേജിൽ മലയാളം അദ്ധ്യാപകനാ

www.malankaralibrary.com

യി. 1967 മുതൽ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ മലയാളവകുപ്പിന്റെ അദ്ധ്യക്ഷനായി 1990 ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തു.

വിദ്യാർത്ഥികാലത്തുതന്ന കഥകളും കവിതകളും എഴുതിത്തുടങ്ങി. അച്ചടിമഷിപുരണ്ട ആദ്യകവിത വന്നത് പൗരദ്ധ്വനി പത്രത്തിലാണ്. പതിനഞ്ചാമത്തെ വയസ്സിൽ കഥ എഴുത്ത് ഉപേക്ഷിച്ച് കവിതയിൽ തന്നെ നിലയുറപ്പിച്ചു. മലയാളത്തിലെ പ്രധാനപ്പെട്ട വാരികകളിലും മാസികകളിലും കവതകൾ പ്രസിദ്ധീകരിക്കുകയുണ്ടായി.

അലിയുന്ന തുരുത്തിൽ, അമർഷഗാഥ, ലാവയും തീയും എന്നീ കവിതാസമാഹാരങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത ഒട്ടേറെ കവിതകളും ജോർജ് തോമസിന്റേതായിട്ടുണ്ട്. അധികം ഗ്രന്ഥങ്ങൾ പുറത്തിറക്കിയിട്ടില്ലെങ്കിലും പ്രസിദ്ധീകരിച്ചവയ്ക്ക് സാഹിത്യലോകം വേണ്ടത്ര അംഗീകാരം നൽകിയിട്ടുണ്ട്. അലിയുന്ന തുരുത്തിൽ എന്ന കവിതാസമാഹാരം 1970 ൽ കേരളായൂണിവേഴ്സിറ്റിയിലും (മലയാളം ബി.എ.) 1985 ൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലും (ബി.എ./ബി.എസ്.സി.) അമർഷഗാഥ കാലിക്കട്ട് യൂണിവേഴ്സിറ്റിയിലും പാഠപുസ്തകമായിതിരഞ്ഞെടുത്തിരുന്നു. ലാവയും തീയും എന്ന കൃതിക്ക് 2002-ലെ കെ.സി.ബി.സി. സാഹിത്യ അവാർഡിന് അർഹമായി.

ജോർജ്ജ് തോമസിന്റെ ശ്രദ്ധേയമായ അമർഷഗാഥയ്ക്ക് എൻ.വി. കൃഷ്ണവാരിയർ എഴുതിയ അവതാരികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "തന്റെ വിഷാദവും അമർഷവും ആവിഷ്കരിക്കുന്നതിനുള്ള മാദ്ധ്യമമാണ് അദ്ദേഹത്തിന് കവിത. എന്നാൽ കവിതയിൽ അദ്ദേഹത്തിന്റെ വിഷാദങ്ങൾ കരകവിഞ്ഞൊഴുകുന്നില്ല. സംയമനത്വമാണ് ശക്തിയെന്ന് അദ്ദേഹത്തിനറിയാം. വാതകംപോലെ വികാരവും മർദ്ദിച്ച് ഒതുക്കപ്പെടുമ്പോൾ കരുത്താർജ്ജിക്കുന്നു. ശ്രീ.ജോർജ്ജ് തോമസിന്റെ കവിതയിലെ വികാരം, അതിന്റെമേൽ അദ്ദേഹത്തിന്റെ നിസർഗ്ഗജമായ സൗമ്യതയും ആർജിതമായ സംസ്കാരവും ചുമത്തിയ മർദ്ദനത്തിന്റെ ഫലമായി, പലപ്പോഴും ഒരു പൊട്ടിത്തെറിയുടെ വക്കത്ത് എത്തിനിൽക്കുന്നതുപോലെ തോന്നുന്നു. ആക്രോശമോ, പരാതിപറയലോ, വിലാപമോ, ഏങ്ങലടിയോ ഒന്നും ഈ കവിതയിലില്ല. പക്ഷേ അനുതാപാർദ്രമായ ഒരാത്മാവിന്റെ തേങ്ങൽ, അമർഷത്തിന്റെ നീലജ്വാല ഇതിലുടനീളം അനുഭവപ്പെടാതിരിക്കുകയില്ല. കാലത്തിന് പാളം തെറ്റിയിരിക്കുന്നു എന്ന് ആശങ്കയോടെ കണ്ടറിയുകയും, എങ്കിലും അതിനെ ശരിയായ വഴിക്കുകൊണ്ടുവരുവാൻ തങ്ങൾക്ക് കഴിവില്ലാത്തതിനാൽ നിസ്സഹായതയോടെ നിരാശപ്പെടുകയും ചെയ്യുന്ന ഭാവുകന്മാർ നമ്മുടെ ഇടയിൽ കുറവല്ലല്ലോ. അത്തരക്കാർ ജോർജ്ജ് തോമസിന്റെ കവിതയിൽ തങ്ങളുടെ ഹൃദയഗദ്ഗദങ്ങളുടെ പ്രതിധ്വനി കേൾക്കും, ഇത് അവരുടെതന്നെ കവിതയായി അവർക്കുതോന്നുകയും ചെയ്യും."

www.malankaralibrary.com

ലാവയും തീയും എന്ന ജോർജ് തോമസിന്റെ ഗ്രന്ഥത്തിന് നാരായണൻ നമ്പൂതിരി എഴുതിയ അവതാരികയിലെ ഒരുഭാഗംകൂടി ഉദ്ധരിക്കുന്നത് ഉചിതമായിരിക്കും. അവ താഴെചേർക്കട്ടെ. "ശ്രീ ജോർജ് തോമസിനെ ആഴത്തിൽ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ചൈതന്യം ക്രിസ്തുഭഗവാന്റെ ദർശനവും, അതിലേറെ അവിടുത്തെ ജീവിതമാതൃകയും ആകുന്നു. അതുകൊണ്ടുതന്നെ തിന്മയെ നന്മകൊണ്ട് സഫലമായും സക്രിയമായും എതിർക്കുക എന്നത് അദ്ദേഹത്തിന്റെ വചനസ്വഭാവം ആയിത്തീർന്നിരിക്കുന്നു. സമകാലിക പ്രശ്നങ്ങളോട് തനതായ രീതിയിൽ ഇടയുന്ന നിലപാടുതറ ഇപ്രകാരം ദാർശനിക ഭദ്രതയുള്ള ഒന്നാകുന്നു. ജീവിതത്തിലെ പ്രകടമായ വൈരുദ്ധ്യങ്ങളെ അനുഭൂതിയുടെ ആഴത്തിലെവിടെയോവച്ച് സമന്വയിപ്പിക്കുന്ന രാസവിദ്യ ഇദ്ദേഹം വശമാക്കിയിട്ടുണ്ട്. സുഖദുഃഖങ്ങൾ, അഴലും അഴകും, വിധി നിഷേധങ്ങൾ, ജനിമൃതികൾ, ഇരുട്ടും വെളിച്ചവും ഇങ്ങനെ ധാരാളം ദൃഷ്ടാന്തങ്ങൾ ഈ രചനകളിൽ നിന്നുതന്നെ കണ്ടെത്താവുന്നതാണ്. ഇതിനെല്ലാം താൻ ഇരയാകുമ്പോൾത്തന്നെ, തന്റെ സ്വത്വം ഇതിനപ്പുറമാണെന്ന അനുഭവബോധം കവിയെ കൈവിടുന്നില്ല. വർത്തമാനത്തിൽനിന്ന് വിട്ടുമാറിനിന്നുകൊണ്ട് ധർമ്മാധർമ്മങ്ങളെ വിവേചിച്ചുകാണാനും, അതേസമയം വർത്തമാനത്തിലേക്കിറങ്ങിവന്ന് തിന്മയെ എതിർക്കുവാനും കവിയെന്ന നിലയിൽ തനിക്കുകഴിയുന്നു. ഭാരതീയ ദർശന സാരമായ അനാസക്തിയെ, ക്രൈസ്തവതേജസ്സായ പ്രതികരണത്തോട് വേൾപ്പിക്കുവാൻ കാൽനൂറ്റാണ്ടുകാലത്തെ കാവ്യതപസ്യകൊണ്ട് സാധിച്ചുഎന്നത് എഴുത്തകാരനെന്ന നിലയിൽ ജോർജ്ജ് തോമസിന്റെ ചെറുതല്ലാത്ത നേട്ടമായി ഞാൻ കരുതുന്നു."

സാഹിത്യകാരനായ എം.തോമസ് മാത്യു ലാവയും തീയും എന്ന ഗ്രന്ഥത്തെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "മനുഷ്യത്വത്തിന് ഏൽക്കേണ്ടിവരുന്ന പീഡനങ്ങളുടെ ചിത്രങ്ങൾകൊണ്ട് നിറഞ്ഞതാണ് ലാവയും തീയും. ദുരന്തബോധത്തിന്റെ അടിസ്ഥാനം എപ്പോഴും മൂല്യങ്ങളെക്കുറിച്ചുള്ള അവബോധമാണല്ലോ. ക്രൈസ്തവദർശനവും ആ ദർശനത്തിന് ആക്കം നൽകുന്ന ബൈബിൾ പരിചയവുമാണ് ജോർജ്ജ് തോമസിന്റെ കവിതകളിൽ തുടിക്കുന്ന മൂല്യബോധത്തിന്റെ ചൈതന്യസ്രോതസ്സ്........സ്ഥാപനവൽക്കരിക്കപ്പെട്ട മതത്തിന്റെ കപടമുഖത്തിന്റെ നേരെ ചൂണ്ടിയ വിരലായും ഈ കവിത മാറുന്ന സന്ദർഭങ്ങളുണ്ട്."

പ്രൊഫ. ജോസഫ് മറ്റം ദീപികയിൽ പ്രൊഫ. ജോർജ്ജ് തോമസിനെപ്പറ്റി എഴുതിയ ലേഖനത്തിലെ ഒരുഭാഗം ഉദ്ധരിക്കട്ടെ. "അദ്ദേഹം ഒരിടത്തും ഇടിച്ചുകയറാറില്ല. അദ്ദേഹത്തിന്റെ കവിതകൾ കാസറ്റുവത്കരിക്കപ്പെട്ടിട്ടില്ല. കടലാസും പേനയും കാണുമ്പോൾ, ഓഡിയൻസിന്റെയും മൈക്കിന്റെയും മുമ്പിൽ നിൽക്കുമ്പോൾ പ്രവഹിക്കുന്നതല്ല അദ്ദേഹത്തിന്റെ കവിതകൾ. പ്രശാന്തതയിൽ അനുസ്മൃതമാകുന്ന തീവ്രവികാരങ്ങളാണ്

www.malankaralibrary.com

അദ്ദേഹത്തിന്റെ കവിതകൾക്ക് ആസ്പദം. തീരെ നിവൃത്തിയില്ലാതെ വരുമ്പോൾ മാത്രം പേന കൈയിലെടുക്കുന്നയാളാണ് ജോർജ്ജ് തോമസ്. ആ തൂലികയിൽ നിന്ന് വാർന്ന് വീഴുന്നതോ ഉച്ചരിക്കപ്പെടുന്ന മന്ത്രങ്ങൾ പോലെ ആലപിക്കപ്പെടുന്ന സങ്കീർത്തനങ്ങൾപോലെയുള്ള കവിതകൾ ദുഃഖസാഗരത്തിൽ തിട്ട ഇടിയുന്ന, അലയുന്ന കടൽത്തുരുത്തിൽ, സുഖത്തിന്റെ കരയിലെന്നോണം അദ്ദേഹം ഇരിക്കുന്നു. നെഞ്ചിലിടിച്ച് ചാടുന്നു. ആ പാട്ടിന്റെ ഈരടികളിൽ മുഴങ്ങുന്ന പ്രതിദ്ധ്വനിക്ക് വേദനയാണ്, ദുഃഖമാണ്, പ്രതിഷേധമാണ് അമർഷമാണ്."

രാജേഷ്മോഹൻ കുടുംബദീപത്തിൽ എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ "ബൈബിളാണ് ജോർജ്ജ് തോമസ് കവിതകളുടെ ആധാരശില. പക്ഷെ, ബൈബിളിലെ ഉപമകളോ സംഭവങ്ങളോ ഒന്നും അദ്ദേഹം വെറുതെ പകർത്താറില്ല. ജീവിതത്തിൽ സ്വാംശീകരിച്ച ബൈബിൾ ബിംബങ്ങളും ആശയങ്ങളും കവിതകളായി ഉത്ഥാനം ചെയ്യുന്നു. അവിടെ രൂപാന്തരംതന്നെ സംഭവിക്കുന്നുണ്ട്. മനസ്സിന്റെ ഉമിത്തീയിൽ നീറി നീറി സ്വർണ്ണത്തിന് തിളക്കം വർദ്ധിക്കുന്നതുപോലെ ജോർജ് തോമസിന്റെ മാനസ പുത്രികളായ ബൈബിൾ ബിംബങ്ങൾക്ക് ലാവണ്യം ജ്വലിച്ചുയരുന്നു. "കലർപ്പറ്റ ക്രൈസ്തവസൗന്ദര്യം" എന്നതിനെ വിശേഷിപ്പിക്കുവാൻ വിമർശകപ്രതിഭ തയ്യാറാകുന്നതിൽ അത്ഭുതപ്പെടാനില്ല. അധികമധികം എഴുതിക്കൂട്ടാതെ ഉൾക്കനമുള്ള കവിതകൾമാത്രം രചിക്കുന്നതിൽ ദത്താവധാനനായ പ്രൊഫ. ജോർജ് തോമസ് കവനയുത്വം വിടാത്ത കവിതേജസ്സാണ്.


പ്രൊപ. ജോർജ് തോമസിന്റെ കവിതകളെപ്പറ്റി ഒരു നിരൂപണത്തിന് ഈ ലേഖകൻ മുതിരാതെ, മഹാസാഹിത്യ പ്രതിഭകളുടെ നിരൂപണം ഉദ്ധരിക്കുകയാണ്. ഇതാണ് ഏറ്റം ഉചിതമെന്ന് എനിക്കു ബോദ്ധ്യമുണ്ട്.

ജോർജ് തോമസിന്റെ സഹധർമ്മിണി ബേബി തോട്ടാശ്ശേരിയാണ്.

വിലാസം - ജോർജ് തോമസ്, പള്ളിവാതുക്കൽ, കടത്തുരുത്തി പി.ഒ., - 686604

# 183

# പ്രൊഫ. കെ.എ. ഡൊമിനിക്ക്



ചെറുപ്പംമുതൽ ഗ്രന്ഥപാരായണത്തിൽ അതീവ തല്പരനും സർ സി.പി.യുടെ വിദ്യാഭ്യാസനയത്തിനെതിരെ ഉയർന്നുവന്ന പ്രക്ഷോഭണങ്ങളിൽനിന്ന് ആവേശമുൾക്കൊണ്ട് രാജ്യപുരോഗതി ലക്ഷ്യമാക്കി പ്രവർത്തിച്ച ദേശീയവാദിയും ആയ പ്രൊഫ. കെ.

www.malankaralibrary.com

എ.ഡൊമിനിക് കല്ലുക്കുളങ്ങര കുടുംബത്തിൽ അപ്രേൻ-മറിയാമ്മ ദമ്പതികളുടെ ഏഴാമത്തെ സന്താനമായി 1935 മാർച്ച് 30 ന് ജനിച്ചു. അപ്പച്ചൻ എന്നായിരുന്നു ബാല്യകാല പേര്. ആത്മീയകാര്യങ്ങളിൽ അതീവ തല്പരനായിരുന്ന പിതാവ് ഇടവകകാര്യങ്ങളിലും പൊതുക്കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. പത്തുമക്കളെ പെറ്റുവളർത്തിയ അമ്മ ത്യാഗത്തിന്റെയും സഹനത്തിന്റെയും അദ്ധ്വാനത്തിന്റെയും സമ്മിളിത ഭാവമായിരുന്നു. മാതാപിതാക്കളുടെ ആ വ്യക്തിത്വങ്ങൾ അപ്പച്ചന്റെ സ്വഭാവരൂപവൽക്കരണത്തിൽ പ്രധാന പങ്കുവഹിച്ചിരുന്നു. കല്ലുക്കുളങ്ങര കുടുംബം പകലോമറ്റം കുടുംബശാഖയിൽ പെട്ടതാണ്. കല്ലുക്കുളങ്ങര പുരയിടം വാങ്ങി വല്യപ്പൻ താമസിച്ചതിനാൽ ആണ് ആ വീട്ടുപേര് പിൽക്കാലത്ത് ലഭിച്ചത്.

ഹിന്ദുക്കളും ക്രൈസ്തവരും മുസ്ലീങ്ങളും സാഹോദര്യത്തോടെ വസിക്കുന്ന ശാന്തവും പ്രകൃതിസുന്ദരവുമായ ചിറക്കടവിന്റെ ശാലീനതയിലാണ് അപ്പച്ചൻ എന്ന ഡൊമിനിക് വളർന്നുവന്നത്. പാവപ്പെട്ടവരും തൊഴിലാളികളും അവർണ്ണരുമൊത്ത് ശൈശവബാല്യങ്ങൾ കഴിച്ചുകൂട്ടിയതിനാൽ താണ വർഗ്ഗത്തിന്റെ ജീവിതം തൊട്ടറിയുന്നതിനിടയായി. ആ ജീവിതാനുഭവങ്ങൾ തന്റെ ജീവിതശൈലി വാർത്തെടുക്കുന്നതിൽ സ്വാധീനം ചെലുത്തി. 1940-ൽ ചിറക്കടവ് സെന്റ് എഫ്രേംസ് സ്കൂളിൽ ചേർത്തു. എൽ.പി.മിഡിൽ സ്കൂൾ വിദ്യാഭ്യാസം അവിടെയാണ് നിർവ്വഹിച്ചത്. പ്രൈമറിവിദ്യാഭ്യാസകാലം തിരുവിതാംകൂറിൽ ഒരു വലിയ പ്രക്ഷോഭണത്തിന്റെ കാലമായിരുന്നു. ആ പ്രക്ഷോഭത്തിന്റെ അലയടികൾ നേരിട്ടു മനസ്സിലാക്കുവാൻ ചെറുപ്പത്തിൽ തന്നെ ഡൊമിനിക്കിന് സാധിച്ചു. 1945-ലാണ് കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് സ്കൂൾ മൈതാനത്ത് അഖിലകേരള കത്തോലിക്കാകോൺഗ്രസ്സ് സമ്മേളനം നടന്നത്. ഒരാഴ്ച നീണ്ടുനിന്ന പരിപാടികളിൽ ഇലഞ്ഞിക്കൽ ഷെവ: തര്യതു കുഞ്ഞിത്തൊമ്മൻ ജോസഫ് ചാഴികാടൻ യൂറോപ്യനായിരുന്ന കോഴിക്കോട് ബിഷപ്പ് റൈറ്റ് റവ.ഡോ.ലീയോ പ്രൊസേർപ്പിയോ എസ്സ്.ജെ. തുടങ്ങിയവർ പ്രസംഗിക്കുകയും ചെയ്തു. യൂറോപ്യൻ മെത്രാന്റെ പ്രസംഗം കേട്ട ഡൊമിനിക്, മെത്രാന്റെ മലയാളം വാക്യങ്ങൾ അദ്ദേഹത്തെ അനുകരിച്ച് അയൽവാസികളെ കേൾപ്പിക്കുകയുണ്ടായി. അന്ന് തിരുവിതാംകൂറിലെ സ്റ്റേറ്റ് കോൺഗ്രസ്സ് സ്വാതന്ത്ര്യസമരപോർക്കളത്തിലായിരുന്നു. വിദ്യാഭ്യാസപ്രക്ഷോഭണം സ്ഫോടനാത്മകമായി തീർന്നു. കോൺഗ്രസ്സ് സമരയോഗങ്ങൾ കാഞ്ഞിരപ്പള്ളിയിൽ സാധാരണമായിരുന്നു. 10 വയസുകാരനായ ഡൊമിനിക് വീട്ടിൽനിന്ന് മൂന്നുമൈൽ അകലെയുള്ള കാഞ്ഞിരപ്പള്ളിയിൽ എത്തി പ്രസംഗങ്ങൾ കേട്ട് രാത്രി വൈകിയാണ് വീട്ടിൽ മടങ്ങിയെത്തിയിരുന്നത്. വിദ്യാർത്ഥിയായിരുന്നുവെങ്കിലും സമരജാഥകളിലും വിദ്യാഭ്യാസ സമരത്തിലും ആവേശത്തോടെ പങ്കെടുത്തിരുന്നു. നിയമലംഘനവും നേതാക്കളുടെ അറസ്റ്റുവരിക്കലും കണ്ടിരുന്ന ഡൊമിനിക് അക്ഷരാർത്ഥത്തിൽ ഒരു വിപ്ലവകാരിയായി മാറിയിരുന്നു.

www.malankaralibrary.com

1948-ൽ കാഞ്ഞിരപ്പള്ളി ഗവൺമെന്റ് ഹൈസ്കൂളിൽ ചേർന്നു. ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് ഗാന്ധിയൻ ആദർശങ്ങളും കമ്മ്യൂണിസ്റ്റാശയങ്ങളും വിശദമായി പഠിക്കാൻ താല്പര്യമെടുത്തു. പുരോഗമന സാഹിത്യപ്രസ്ഥാനം മനസ്സിനെ പ്രക്ഷുബ്ദ്ധമാക്കിയിരുന്നു. പാവപ്പെട്ടവരുടെ ദയനീയത ചിത്രീകരിക്കുന്ന പുരോഗമന സാഹിത്യകൃതികളൊക്കെ, ആവേശത്തോടെ വായിച്ചു. തൽഫലമായി ജന്മിത്വത്തോടും മുതലാളിത്തത്തോടും കടുത്ത രോഷമുണ്ടായി. ചൂഷണക്കാരോട് കടുത്ത പകയും വളർന്നു. മനസ്സിൽ സമത്വബോധം ശക്തമായി ജ്വലിച്ചു. കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ വായിച്ചിരുന്നുവെങ്കിലും കമ്മ്യൂണിസ്റ്റ് പാർട്ടിയോട് ഒട്ടും ആഭിമുഖ്യമുണ്ടായിരുന്നില്ല. അന്ന് റഷ്യയിൽ സ്റ്റാലിൻ നടത്തിക്കൊണ്ടിരുന്ന ഭീകരമർദ്ദനങ്ങൾ വിവരിക്കുന്ന ഗ്രന്ഥങ്ങൾ പാരായണം ചെയ്തിരുന്നതുകൊണ്ട് കമ്മ്യൂണിസ്റ്റ്പാർട്ടിയോട് അകലുകയാണ് ചെയ്തത്.

ഡൊമിനിക് അക്കാലത്ത് ഒരു പെസിമിസ്റ്റായിരുന്നു. ഏറ്റവും ഇഷ്ടപ്പെട്ടിരുന്നത് ചങ്ങമ്പുഴയുടെ നീർപിശാചും ഇടപ്പള്ളി കൃതികളും ആയിരുന്നു. ജീവിതത്തോട് ഒരു നിഷേധാത്മകനിലപാടും ആ യുവാവ് പുലർത്തിയിരുന്നു. 1952-ൽ ചങ്ങനാശ്ശേരി എസ്സ്.ബി. കോളേജിൽ ഇന്റർമീഡിയറ്റിന് ചേർന്നു. പാലാ സെന്റ് തോമസ് കോളേജിൽനിന്നും പൊളിറ്റിക്സിൽ ബി.എ.ഡിഗ്രി എടുത്തു. കോളേജ്ഘട്ടം ഏകാന്തതാദുഃഖത്തിന്റെയും വിഷാദരോഗത്തിന്റെയും മനമിടിച്ചിലിന്റെയും ഭീകരഗർത്തത്തിൽ വീണുഴലുകയായിരുന്നു. ജീവിതം വ്യർത്ഥവും നശ്വരവുമാണെന്ന ബോധം മനസ്സിനെ മഥിച്ചുകൊണ്ടിരുന്നു. എല്ലാം ശൂന്യതയിലവസാനിക്കുന്നു എന്ന ദാർശനീകചിന്ത നിരാശാബോധത്തെ വളർത്തി. തികച്ചും ഏകാന്തപഥികനായിരുന്നു ഡൊമിനിക്. 1958-ൽ 23-ാം വയസ്സിൽ കാഞ്ഞിരപ്പള്ളി നൂറൽ ഹുദാ അറബിക് അപ്പർ പ്രൈമറിസ്കൂളിൽ അദ്ധ്യാപകനായി. 1960-ൽ കണ്ണൂർ ജില്ലയിലെ ചപ്പരപ്പടവ് സെക്കണ്ടറി സ്കൂളിൽ അദ്ധ്യാപകനായി നിയമനം ലഭിച്ചെങ്കിലും പോസ്റ്റിംഗ് അംഗീകരിച്ചില്ല. എന്നാൽ അപ്പർ പ്രൈമറിയിൽ 67 രൂപ ശമ്പളത്തിൽ പ്രവർത്തിക്കേണ്ടിവന്നു. പിറ്റേവർഷം ഹൈസ്ക്കൂളിൽ നിയമനം ലഭിച്ചു. ട്രെയിനിംഗ് ഇല്ലാതിരുന്നതിനാൽ പ്രത്യേക ഒഴിവ് നൽകിയാണ് നിയമനം അംഗീകരിച്ചത്.

1963-ൽ തലശ്ശേരി ഗവൺമെന്റ് ട്രെയിനിംഗ് കോളേജിൽ ചേർന്നു. 1967 മലയാളം എം.എ. പ്രൈവറ്റായി എഴുതി ഉയർന്ന മാർക്കോടെ ജയിച്ചു. ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഏതെങ്കിലും ഒരു പ്രഭാഷണമോ, ഡിബേറ്റോ എന്തെങ്കിലും നടത്താൻ അദ്ദേഹത്തെ സഹപാഠികൾ നിർബന്ധിച്ചു. ഏതാനും വർഷത്തെ അദ്ധ്യാപകജോലിക്കുശേഷം വിദ്യാർത്ഥിയായി തീർന്നപ്പോൾ നല്ല അനുഭവമാണ് എല്ലാവരിൽനിന്നും ഉണ്ടായത്. ബി.എഡ്.കഴിഞ്ഞ് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ഹൈസ്കൂളിൽ നിയമനം ലഭിച്ചു. ഒരു യാക്കോബായ കേന്ദ്രമായിരുന്ന കോലഞ്ചേരിയിൽ ഉണ്ടാ

www.malankaralibrary.com

യിരുന്ന രണ്ടു കത്തോലിക്കരിൽ ഒരാൾ ഡൊമിനിക്കായിരുന്നു.

1970-ൽ കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കോളേജിൽ മലയാളം ലക്ചററായി നിയമിതനായ ഡൊമിനിക് 1990 ഡിപ്പാർട്ട്മെന്റ് തലവനായി അവിടെനിന്നും വിരമിച്ചു.

1992-ൽ രൂപതാ പെററിസെമിനാരിയായ മേരിമാതാ കോളേജിലും ജസ്യൂട്ട് ഭവനമായ സമന്വയയിൽനിന്നും പൊടിമററത്തു നിർമ്മലാ തിയോളജിക്കൽ കോളേജിൽനിന്നും അദ്ധ്യാപകനാകാൻ ക്ഷണം ലഭിച്ചു. ആ ക്ഷണമെല്ലാം സ്വീകരിക്കുകയുണ്ടായി.

വായനയും കൃഷിപ്പണിയും അദ്ദേഹത്തിന്റെ പ്രധാന ഹോബികൾ ആയിരുന്നു. വീട്ടിൽ വരുത്തിയിരുന്ന ദീപിക പത്രം വായിക്കാൻ അയൽക്കാർ വരുമായിരുന്നു. രണ്ടാം ലോകമഹായുദ്ധവാർത്തകൾ ആവേശത്തോടെ വായിച്ച് ചർച്ച ചെയ്യുന്നതിന് അദ്ദേഹം നേതൃത്വം നൽകിയിരുന്നു. പ്രൈമറിക്ലാസിൽ പഠിക്കുമ്പോൾപോലും സ്കൂൾലൈബ്രറിയിൽനിന്നും പുസ്തകമെടുത്ത് വായിച്ചിരുന്നു. വായനശാലകളിൽ വിദ്യാർത്ഥിയായിരുന്നപ്പോൾത്തന്നെ അംഗത്വമെടുത്ത് പ്രവർത്തിച്ചിരുന്നു. വൈജ്ഞാനികവും ചരിത്രപരവുമായ ഗ്രന്ഥങ്ങളോടായിരുന്നു കൂടുതൽ താല്പര്യം. ലോകപ്രശസ്തനോവലുകളുടെ തർജ്ജമകളും വായിക്കുമായിരുന്നു.

വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ കൃഷിപ്പണികളിൽ താല്പര്യം കാണിക്കുകയും വീട്ടുകാരോടും ജോലിക്കാരോടും ഒത്തുചേർന്ന് കൃഷിജോലികളിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ഇന്നും കൃഷിപ്പണികളിൽ തല്പരനാണ് ഡൊമിനിക്.

പാലായിൽനിന്നുള്ള ദീപനാളത്തിലാണ് ആദ്യരചന വെളിച്ചം കണ്ടത്. അതൊരു ചെറുകഥയായിരുന്നു. മുണ്ടശ്ശേരിയുടെ മംഗളോദയം മാസികയിലും ലേഖനങ്ങൾ എഴുതിയിരുന്നു. പൊതുലിപി, ഇന്ത്യയിലെ ഭാഷാപ്രശ്നം, മലയാളഭാഷയുടെ ഉൽപത്തി തുടങ്ങിയ ലേഖനങ്ങൾ പ്രസിദ്ധങ്ങളാണ്. നാഷണൽ എക്സ്റ്റൻഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ അഖിലഭാരതീയമായി നടത്തിവന്ന പ്രബന്ധമത്സരങ്ങളിൽ പലതവണ അദ്ദേഹം സമ്മാനാർഹനായിട്ടുണ്ട്. കേരളഭൂഷണം, ദീപിക, സത്യദീപം, മേരിവിജയം, ടെമ്പസ്റ്റ്, കുടുംബദീപം, വിചാരലോകം, താലന്ത്, കർമ്മലകുസുമം, അസ്സീസി, വിശ്വധർമ്മം, കുടുംബജ്യോതിസ്സ്, അമ്മ, ബോധനം, യുവസരണി, ഗൃഹലക്ഷ്മി, ശാസ്ത്രപഥം, മരുപ്പച്ച, കേരളസഭ, മനശ്ശാസ്ത്രം തുടങ്ങിയ ഒട്ടേറെ പ്രസിദ്ധീകരണങ്ങളിലൂടെ അഞ്ഞൂറിലധികം ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1964-ൽ മലയാളഭാഷാദ്ധ്യാപനം, ഗ്രന്ഥശാലകളും സാമൂഹ്യപുരോഗതിയും എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. 1992-ൽ ധീരതയുടെ വേദാന്തം (ലേഖന സമാഹാരങ്ങൾ) പ്രസിദ്ധീകരിച്ചു. പ്രസംഗം എങ്ങനെ ആകർഷകമാക്കാം, കളയും വിളയും, ശാന്തിയുടെ ഉപനിഷത് എന്നിവയാണ് പ്രസിദ്ധീകരിച്ച മററു കൃതികൾ. വിജയവീഥി, അദ്ധ്വാന

www.malankaralibrary.com

ത്തിന്റെ സുവിശേഷം, നേതൃത്വകല, ഇരുപത്തിയൊന്നാം നൂററാണ്ടിനൊരാമുഖം എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാനുള്ള ശ്രമത്തിലാണ്. ശ്രോതാക്കൾക്ക് ഹൃദ്യവും ആസ്വാദ്യവും ആയ മട്ടിൽ പ്രസംഗിക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ട്. സാമൂഹികവിമർശനം, ജീവിതവിജയം, ധാർമ്മിക പുരോഗതി, മതസൗഹാർദ്ദം, പരിസ്ഥിതിപ്രശ്നങ്ങൾ, ആദ്ധ്യാത്മികത തുടങ്ങിയ വിഷയങ്ങളിൽ അനേകം പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്.


സംഘവേദി, മാനവസൗഹൃദവേദി, നേച്ചർക്ലബ്ബ്, റെഡ്ക്രോസ്, സീനിയർ സിററിസൺ, പി.എസ്സ്.ടി.എ., എ.കെ.പി.സി.ടി.എ. തുടങ്ങിയ സാമൂഹിക സാംസ്കാരിക സംഘടനകളിൽ അദ്ദേഹം അംഗമായി പ്രവർത്തിച്ചിട്ടുണ്ട്.

കാഞ്ഞിരപ്പള്ളി രൂപതാ പാസ്റ്ററൽ കൗൺസിൽ, കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കത്തീഡ്രൽ പാരീഷ് കൗൺസിൽ, എന്നിവയിൽ അംഗമായ ഇദ്ദേഹം കാഞ്ഞിരപ്പള്ളി ഇടവക സെന്റ് സാവിയോ കൂട്ടായ്മയുടെ പ്രസിഡണ്ടായി പ്രവർത്തിക്കുന്നു.

പ്രൊഫ.ഡൊമിനിക്കിനെ വിദ്യാർത്ഥിജീവിതകാലത്ത് ഗ്രസിച്ചിരുന്ന ഏകാന്തതാദുഃഖം, അപകർഷതാബോധം, നിരാശ തുടങ്ങിയ മാനസികരോഗങ്ങളിൽനിന്നും മുക്തനാകുന്നത് 1970-ൽ വിൻസെന്റ് ഡി പോൾ സംഘടനയിലെ പ്രവർത്തനത്തോടെയാണ്. വ്യക്തിത്വം വികസിക്കുന്നതിനും, ആദ്ധ്യാത്മികതയിലേക്ക് തിരിയുന്നതിനും ഈ സംഘടനയിലെ പ്രവർത്തനം സഹായിച്ചു. സാർവ്വദേശീയ വിശ്വസാഹോദര്യ അൽമായ സംഘടനയായ സെന്റ് വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ചിറക്കടവ് സെന്റ് ഇഫ്രേംസ് കോൺഫ്രൻസിൽ അംഗമായി ചേർന്ന് പ്രസിഡണ്ടായി. പിന്നീട് ചിറക്കടവ് പർട്ടിക്കുലർ കൗൺസിലിന്റെ ട്രഷററായും പ്രവർത്തിച്ചു. പിന്നീട് കപ്പാട് കോൺഫ്രൻസിലെ പ്രവർത്തകനായി മാറിയ ഡൊമിനിക് 1977-ൽ സ്ഥാപിതമായ കാഞ്ഞിരപ്പള്ളി സെൻട്രൽ കൗൺസിൽ ട്രഷറർ, പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുകയുണ്ടായി. അതിനുശേഷം സെൻട്രൽ കൗൺസിലിന്റെ വിദ്യാഭ്യാസ സഹായ പദ്ധതികളുടെ മേൽനോട്ടം വഹിക്കുകയും പിന്നീട് അഞ്ചുവർഷക്കാലം കാഞ്ഞിരപ്പള്ളി പർട്ടിക്കുലർ കൗൺസിലിന്റെ പ്രസിഡന്റായി പ്രവർത്തിക്കുകയും ചെയ്തു. ഇപ്പോഴും സംഘടനയിൽ സജീവമായി പ്രവർത്തിക്കുന്നു.

വിലാസം – പ്രൊഫ. കെ.എ. ഡൊമിനിക്
കല്ലുക്കുളങ്ങര
കരിപ്ലാവ്
കാഞ്ഞിരപ്പള്ളി – 686507.

www.malankaralibrary.com



## 184

# അഡ്വ. സി.വി. ആന്റണി

കഠിനാദ്ധ്വാനവും സ്ഥിരോത്സാഹവുംകൊണ്ട് വിജയത്തിന്റെ പടവുകൾ ചവുട്ടിക്കയറി വിജയശ്രീലാളിതനായ അഡ്വ. സി.വി. ആന്റണി മരട് (നെട്ടൂർ, കൊച്ചി) ചെട്ടിവീട്ടിൽ കുടുംബത്തിൽ വറീത് കുഞ്ഞൻ, റോസമ്മ ദമ്പതികളുടെ മകനായി 1935 -ാമാണ്ട് മേയ് 24-ാം തീയതി ജനിച്ചു. പഠനത്തിൽ അതിസമർത്ഥനായിരുന്ന ആന്റണി തേവരഹൈസ്കൂളിൽ നിന്നും ഫസ്റ്റ്ക്ലാസ്സോടെ എസ്സ്.എസ്സ്.എൽ.സി. പാസ്സായി. സാമ്പത്തികപ്രശ്നംമൂലം ഉപരിപഠനം തുടരുവാൻ സാധിച്ചില്ല. അതിൽ നിരാശനാകാതെ തേവരകോളേജിൽ അററൻഡർ ആയി ജോലിയിൽ പ്രവേശിച്ചു. അഞ്ചുവർഷക്കാലം ആ ജോലി തുടർന്നു. ഇതിനിടെ മഹാരാജാസ് കോളേജിൽ നിന്നും പൊളിററിക്സിൽ ഡിഗ്രി എടുത്തു. തുടർന്ന് ലോ കോളേജിൽ നിന്നും നിയമബിരുദം നേടി. കൊച്ചിൻ യൂണിവേഴ്സിററിയിൽനിന്നും അഡ്മിനിസ്ട്രേററീവ് ലോയിൽ എൽ.എൽ.എം. ഡിഗ്രിയെടുക്കുകയും ചെയ്തു. എൽ.എൽ.ബി., എൽ.എൽ.എം ഡിഗ്രികൾ എടുത്തത് സായാഹ്ന ക്ലാസ്സുകളിൽ പഠിച്ചാണ്.

തേവരകോളേജിലെ ജോലിയുപേക്ഷിച്ച് കൃഷിഡിപ്പാർട്ട്മെന്റിൽ ജോലിയിൽ പ്രവേശിച്ചു. ഇരുപതുവർഷം പ്രസ്തുത ഡിപ്പാർട്ടുമെന്റിൽ സേവനം അനുഷ്ഠിച്ചു. അതിൽ പതിനേഴുവർഷവും എറണാകുളത്തായിരുന്നു. ഇക്കാലങ്ങളിൽ സമുദായപ്രവർത്തനങ്ങളിൽ ആന്റണി അതീവ താല്പര്യം പ്രകടിപ്പിച്ചു. 1967 ൽ വരാപ്പുഴ അതിരൂപതാ കാത്തലിക് അസോസിയേഷൻ പുനഃസംഘടിപ്പിച്ചകാലം മുതൽ സമുദായനേതൃത്വരംഗത്ത് സജീവമായി നിലകൊണ്ടു. സംഘടനയിൽ ഒരു സാധാരണ അംഗമായി പ്രവർത്തനം ആരംഭിച്ച ആന്റണി സമുദായസംഘടനയുടെ യൂണിററ് പ്രസിഡണ്ടായി. പിന്നീട് മേഖലാപ്രസിഡണ്ട്, അതിരൂപതാ വൈസ് പ്രസിഡണ്ട്, ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. പിന്നീട് കേരളാലാററിൻ കാത്തലിക് അസോസിയേഷന്റെ ജോയിന്റ് സെക്രട്ടറിയായും വൈസ് പ്രസിഡണ്ടായും പ്രവർത്തിച്ചു. ഇക്കാലമത്രയും സമുദായത്തിന്റെ താല്പര്യസംരക്ഷണത്തിനായി ഒരു ധീരപടയാളിയെപ്പോലെ ആന്റണി നിലകൊണ്ടു. സാമ്പത്തികസംവരണംപോലെയുള്ള അപകടകരമായ നീക്കങ്ങളെ ചെറുക്കുവാനും സമുദായസംവരണം നിലനിർത്താനും സജീവമായി പ്രവർത്തിച്ചു.

ഇന്ത്യൻ കത്തോലിക്കരുടെ പൊതുസമുദായ സംഘടനയായ ആൾ ഇന്ത്യാകാത്തലിക് യൂണിയനിൽ വരാപ്പുഴ അതിരൂപതാ പ്രിതിനിധിയെന്ന

www.malankaralibrary.com

നിലയിൽ ആന്റണി പങ്കെടുക്കുകയും പ്രവർത്തിക്കുകയും ചെയ്തു. ക്രമേണ കാത്തലിക് യൂണിയൻ ഓഫ് ഇന്ത്യയിൽ ഉന്നതമായ സ്ഥാനങ്ങൾ അലങ്കരിച്ചു. കാത്തലിക് യൂണിയൻ ഓഫ് ഇന്ത്യയുടെ വൈസ് പ്രസിഡണ്ട്, സെക്രട്ടറി ജനറാൾ എന്നീ സ്ഥാനങ്ങളും അദ്ദേഹം വഹിക്കുകയുണ്ടായി. വരാപ്പുഴ അതിരൂപതാ കാത്തലിക് അസോസിയേഷനിൽ ഒരു സാധാരണ പ്രവർത്തകനായി ആരംഭിച്ച ജീവിതം ആൾ ഇന്ത്യാകാത്തലിക് യൂണിയന്റെ സെക്രട്ടറി ജനറാൾ പദം വരെ എത്തി. ആന്റണിയുടെ കഠിനാദ്ധ്വാനവും അർപ്പണമനോഭാവവും സ്ഥിരോത്സാഹവും മൂലം വിജയത്തിന്റെ പടവുകൾ ചവുട്ടിക്കയറാൻ സാധിച്ചു.

ഇന്ത്യൻകത്തോലിക്കർക്ക് ആന്റണി നൽകിയ നേതൃത്വം അഭിമാനകരമായിരുന്നു. സി.ബി.സി.ഐയുടെ ദേശീയോപദേശകസമിതിയംഗമായി ദീർഘകാലം പ്രവർത്തിക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചു. ഹോങ്കോംഗിൽ നടന്ന ഏഷ്യൻ ലയ്റ്റിറികോൺഫറൻസിൽ ഇന്ത്യയെ പ്രതിനിധീകരിക്കാനും അദ്ദേഹത്തിന് സാധിച്ചു. കെ.സി.ബി.സി. ബൈബിൾ സൊസൈറ്റി വൈസ് ചെയർമാനായും അദ്ദേഹം തിരഞ്ഞെടുക്കപ്പെടുകയുണ്ടായി.


ഇരുപതുവർഷത്തെ സർക്കാർ സർവ്വീസിലെ ജോലി ഉപേക്ഷിച്ച് അഭിഭാഷകവൃത്തിസ്വീകരിച്ച ആന്റണി രാഷ്ട്രീയരംഗത്ത് സജീവമായ നേതൃത്വം നൽകുകയുണ്ടായി. മാറിമാറിവരുന്ന സർക്കാരുകൾ - ഏതു പാർട്ടിയുടെ സർക്കാരായാലും - ലത്തീൻ കത്തോലിക്കരോട് നീതികാട്ടിയിട്ടില്ല എന്നൊരു അഭിപ്രായം സമുദായാംഗങ്ങളിൽ വളർന്നുകൊണ്ടിരുന്നു. ഈ രാഷ്ട്രീയ അവഗണനയ്ക്ക് അറുതിവരുത്തുവാൻ ഒരു രാഷ്ട്രീയ സംഘടന കെട്ടിപ്പെടുക്കണമെന്ന ആശയത്തിന് സമുദായാംഗങ്ങളിൽനിന്ന് നല്ല പ്രതികരണമാണ് ലഭിച്ചത്. ആ നീക്കത്തിന് മുന്നിൽ നിന്നു പ്രവർത്തിച്ചതും ആന്റണിയായിരുന്നു. കേരളത്തിലെ 16 ലക്ഷം വരുന്ന ലത്തീൻ കത്തോലിക്കർ ഒരു രാഷ്ട്രീയപാർട്ടി രൂപീകരിക്കാനുള്ള നീക്കം സമുദായാംഗങ്ങളിൽ ആവേശം ഉളവാക്കി. എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികളെ ക്ഷണിച്ചുവരുത്തി രൂപതാതലത്തിൽ സമ്മേളനങ്ങൾ സംഘടിപ്പിച്ച് അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞതിനുശേഷമാണ് രാഷ്ട്രീയപാർട്ടി രൂപീകരിക്കാനുള്ള നീക്കം നടത്തിയത്. എല്ലാ രൂപതകളിൽനിന്നുമുള്ള പ്രതിനിധികൾ ചേർന്നാണ് ഈ തീരുമാനം എടുത്തത്. രൂപതാസമ്മേളനങ്ങളിൽ രൂപതാദ്ധ്യക്ഷന്മാർ പങ്കെടുത്തതും സംസ്ഥാനസമ്മേളനം കൊല്ലംബിഷപ്പ് ഡോ. ജോസഫ് ജി.ഫെർണാണ്ടസ് ഉൽഘാടനം ചെയ്തതും ലത്തീൻ കത്തോലിക്കരിൽ ആവേശമുളവാക്കി. ഈ രാഷ്ട്രീയനീക്കത്തിന് പിന്നിൽ മുഖ്യമായും പ്രവർത്തിച്ചത് അഡ്വ.സി.വി. ആന്റണിയായിരുന്നു. പുതിയ രാഷ്ട്രീയപാർട്ടിക്ക് ഇന്ത്യൻ ലേബർ കോൺഗ്രസ്സ് എന്നാണ് പേരു നൽകിയത്. ആ പ്രസ്ഥാനത്തിന്റെ പ്രഥമ ജനറൽ സെക്രട്ടറിയായി ആന്റണി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. പ്രസ്തുത രാഷ്ട്രീയപാർട്ടിക്ക് അല്പാ

www.malankaralibrary.com

യുസ് മാത്രമേ ഉണ്ടായുള്ളു. നല്ല ഒരു വാഗ്മി കൂടിയാണ് ശ്രീ. ആന്റണി.

വിലാസം - അഡ്വ. സി.വി. ആന്റണി ബി.എ, എൽ.എൽ.എം., ചെട്ടിവീട്ടിൽ, നെടൂർ പി.ഒ., മരട് 682304

# 185



# റവ. ഫാ. ജോസഫ് ചാഴൂർ

സാമൂഹ്യ പ്രവർത്തകൻ, ഗ്രന്ഥകാരൻ, പ്രഭാഷകൻ എന്നിങ്ങനെ വിവിധ നിലകളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ഫാ. ജോസഫ് ചാഴൂർ സി. കെ ദേവസി മാസ്റ്ററുടേയും മറിയാമ്മയുടേയും മകനായി കോടന്നൂര് 1935 മേയ് 30-ാം തിയതി ഭൂജാതനായി. പ്രാഥമിക വിദ്യഭ്യാസം പഴുവിൽ സെന്റ് ആന്റണീസ് സ്കൂളിലും ഹൈസ്കൂൾ വിദ്യഭ്യാസം അമ്മാടം സെന്റ് ആന്റണീസ് ഹൈസ്കൂളിലുമായിരുന്നു. ഹൈസ്കൂൾ വിദ്യഭ്യാസാനന്തരം തൃശ്ശൂർ തോപ്പ് മൈനർ സെമിനാരിയിൽ ചേർന്നു. ആലുവാ കർമ്മലഗിരി സെമിനാരിയിൽ തത്വശാസ്ത്രവും മംഗലപ്പുഴ പോന്തിഫിക്കൽ സെമിനാരിയിൽ ദൈവശാസ്ത്രവും പഠിച്ചു. 1966 മാർച്ച് 11-ാം തിയതി തൃശ്ശൂർ ലൂർദ്ദ് ഭദ്രാസന ദേവാലയത്തിൽ വെച്ച് തിരുപ്പട്ടം സ്വീകരിച്ചു. പുതുക്കാട് ഫൊ. പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യ നിയമനം. 1969-ൽ കുണ്ടൂർ കുഴൂർ പള്ളികളുടെ വികാരിയായി. ആ ഇടവകയിൽ ഒരു കപ്പേള നിർമ്മിച്ച അച്ചൻ നാടിന്റെ സമഗ്ര പുരോഗതിക്കായി യത്നിച്ചു. യാത്രാ സൗകര്യങ്ങൾ പരിമിതമായിരുന്നത് പരിഹരിക്കാൻ റോഡുകൾ വെട്ടി. സാമൂഹ്യക്ഷേമകരമായ പല പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി.

1972-ൽ ചേലക്കര പള്ളി വികാരിയായി നിയമിതനായി. എതാണ്ട് ഏഴു ദശാബ്ദങ്ങൾക്കു മുൻപുവരെ ഒരൊറ്റ കത്തോലിക്കാ കുടുംബം പോലും ചേലക്കരയിൽ ഇല്ലായിരുന്നു. തച്ചുപറമ്പിൽ അന്തോണിയച്ചൻ എന്ന വൈദികന്റെ ത്യാഗോജ്ജ്വലമായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ചേലക്കരിയിൽ ഒരു കത്തോലിക്കാ സമൂഹം വളർന്നു വരുന്നത്. ചാഴൂരച്ചൻ അവിടെ വികാരിയായി ചാർജ്ജെടുക്കുമ്പോൾ താമസ സൗകര്യം പോലും ഇല്ലായിരുന്നു. കുർബ്ബാനയർപ്പിക്കുന്നത് മഠം കപ്പേളയിലുമായിരുന്നു. സാധാരണ ഇടവകക്കാർ പള്ളിയിൽ വരുന്നതുപോലെ ചേലക്കര ഇടവകക്കാർ പള്ളിയിൽ വന്ന് വികാരിയുമായി ബന്ധപ്പെടുകപോലും ചെയ്തിരുന്നില്ല. അതിന് ഒരു പരിഹാരം കാണാനാണ് അച്ചൻ ശ്രമിച്ചത്. പള്ളിയുടെ അന്തരീക്ഷത്തെ ഗ്രസിച്ച് നിൽക്കുന്ന മൂകതയുടെ മൂടുപടം കീറിയെറിയുവാൻ എന്തെങ്കിലും

www.malankaralibrary.com

ചെയ്യണമെന്ന ചിന്ത അച്ചനുണ്ടായി. ചേലക്കരയിലെ കത്തോലിക്കാ സമൂഹത്തെ ഉൽക്കർഷത്തിന്റെ ഉദാത്ത സീമകളിലേക്ക് കൈപിടിച്ചുയർത്താനുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചു.

ഇടവക പള്ളിയിൽ ഒരു കപ്പൂച്ചിയൻ മിഷൻ ധ്യാനം സംഘടിപ്പിച്ചതോടുകൂടി ഇടവക പള്ളിയുമായുള്ള ജനങ്ങളുടെ അടുപ്പം വർദ്ധിച്ചു. അച്ചനെ സന്ദർശിക്കാൻ കത്തോലിക്കർ മാത്രമല്ല അകത്തോലിക്കരും ഹിന്ദുക്കളും മുസ്ലീംകളും എല്ലാം വന്നു. അച്ചന്റെ ഉപദേശവും നിർദ്ദേശവും എല്ലാവരും കാത്തിരുന്നു. നാട്ടുകാരിൽ നിന്നും ചേലക്കരയുടെ പുരോഗതിക്കുവേണ്ടി തച്ചുപറമ്പിലച്ചൻ ചെയ്ത സേവനങ്ങളെ മനസ്സിലാക്കി തച്ചുപറമ്പിലച്ചൻ എന്ന ക്രാന്തദർശി വിഭാവനം ചെയ്ത വികസനത്തിന്റെ പാതയിലൂടെ ചേലക്കരയെ നയിക്കാൻ ചാഴൂരച്ചൻ മുന്നോട്ടു നീങ്ങി. ചേലക്കര ഇടവകയിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും കുടിയേറ്റക്കാരായിരുന്നു. വിവിധ സ്ഥലങ്ങളിൽ നിന്നും കുടിയേറിപ്പാർത്ത വൈവിധ്യമാർന്ന സംസ്കാരങ്ങളുടെ ഉടമകളായ അവരെ ഐക്യത്തിൽ കൊണ്ടുവരാനാണ് അച്ചൻ ശ്രമിച്ചത്. തന്റെ നയപരമായ പെരുമാറ്റം കൊണ്ടും ആത്മാർത്ഥമായ അദ്ധ്വാനം കൊണ്ടും അത്തരത്തിലുള്ള തടസ്സങ്ങളെ ചാഴൂരച്ചൻ അതിജീവിച്ചു. നീണ്ട 11 വർഷക്കാലത്തെ ചേലക്കരിയിലെ പ്രവർത്തനം ധാരാളം സുഹൃത്തുക്കളെ സമ്പാദിക്കാൻ സഹായിച്ചു. ചേലക്കരയുടെ വികസനത്തിനായി ജീവിതം ഉഴിഞ്ഞ് വെച്ച ഋഷിതുല്യനായ തച്ചുപറമ്പിലച്ചന്റെ നാമം ഓർമ്മിക്കപ്പെടാൻ എന്തെങ്കിലും സമാരംഭിക്കണമെന്ന ചിന്ത ചാഴൂരച്ചനിൽ രൂഢമൂലമായി. സാമ്പത്തിക പരാധീനതമൂലം മുരടിച്ചുപോകാൻ ഇടയുള്ള കുറേ കുരുന്നു പ്രതിഭകളെ തന്റെ ഇടവകയിലും പരിസരത്തും കണ്ടുമുട്ടിയപ്പോൾ അവർക്കുവേണ്ടി ഒരു ബാലഭവൻ സ്ഥാപിക്കണമെന്നും തച്ചുപറമ്പിലച്ചന്റെ സ്മരണക്കായി അതു സമർപ്പിക്കണമെന്നും അച്ചൻ നിശ്ചയിച്ചു. 1978 ജൂൺ 6-ാം തീയതി തച്ചുപറമ്പിലച്ചന്റെ ചരമദിനത്തിൽ ബാലഭവന്റെ ഉദ്ഘാടനം പഞ്ചായത്ത് കെട്ടിടത്തിൽ നിർവ്വഹിച്ചു. അഭിവന്ദ്യ കുണ്ടുകുളം പിതാവാണ് ബാലഭവന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. പള്ളിയോട് ചേർന്ന് തിരുകുടുംബമഠം വകയായി കിടന്നിരുന്ന 48 സെന്റ് ഭൂമി മിതമായ വിലയ്ക്കും 10 സെന്റ് ഭൂമി സംഭാവനയായും ബാലഭവന് നൽകി. 10 കുട്ടികളോടുകൂടി ആരംഭിച്ച ബാലഭവനിലെ അന്തേവാസികളുടെ എണ്ണം വർദ്ധിച്ചു. ബാലഭവനിലെ കുട്ടികളുടെ കലാകായിക വാസനകളും കഴിവുകളും വികസിപ്പിക്കാനുള്ള ശ്രമത്തിൽ അച്ചൻ നൂറുശതമാനം വിജയിച്ചു. പല കുട്ടികളും കലാമത്സരങ്ങളിൽ ഒന്നാംസ്ഥാനത്തെത്തി. ബാലഭവൻ ബാന്റ്സെറ്റ് എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി.

ചേലക്കര ഇടവകാതിർത്തി വളരെ വിസ്തൃതമായിരുന്നു. സൗകര്യപ്രദമായസ്ഥലങ്ങളിൽ പള്ളികൾ പണിയേണ്ടതിന്റെ ആവശ്യകത അച്ചന് ബോദ്ധ്യമായി. തൽഫലമായി ഉയർന്നുവന്ന പള്ളികളാണ് മണലാടി, എള

www.malankaralibrary.com

നാട്, പണ്ടാരപ്പിള്ളി, പഴയന്നൂർ, ചെറുതുരുത്തി എന്നീ പള്ളികൾ. തിരുവല്ലാമലയിൽ ഉണ്ടായിരുന്ന പ്രാർത്ഥനാലയത്തെ ഒരു പള്ളിയുടെ നിലയിലേക്ക് ഉയർത്തുകയും ഒരു സിമിത്തേരി പണിയിക്കുകയുംചെയ്തു. സി. എം.ഐ. വൈദികരുടെ നേതൃത്വത്തിൽ ഒരു സ്കൂളും തുടങ്ങുന്നതിന് മുൻകൈയെടുത്തു.

ജനക്ഷേമകരമായ പല പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയ അച്ചൻ ചേലക്കര ഗവ.ഹൈസ്കൂളിലെ പി.ടി.എ. പ്രസിഡണ്ടായി ദീർഘകാലം പ്രവർത്തിച്ചു. ചേലക്കരയിൽനിന്നും സെന്റ് മേരീസ് ഓർഫനേജിന്റെ ഡയറക്ടറായി സ്ഥലംമാറി. പഠനംകഴിഞ്ഞ് പ്രത്യേക ജോലിയൊന്നുമില്ലാതെ നിന്നിരുന്ന കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിന് പല സംവിധാനങ്ങളും ഏർപ്പെടുത്തി. 1984 ൽ പുതുക്കാട് പള്ളിവികാരിയായി നിയമിതനായി. നെൻമണിക്കര പള്ളി ഇക്കാലത്താണ് പണികഴിപ്പിച്ചത്. 1988 മാർച്ച് 19-ാം തീയതി അദ്ദേഹം ലൂർദ്ദ് ഭദ്രാസന വികാരിയായി ചാർജ്ജെടുത്തു.

വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ സാഹിത്യവാസനയ്ക്ക് നിറം പകരാൻ അദ്ദേഹം ശ്രമിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസകാലത്ത് സാഹിത്യദീപം പഞ്ചമി മുതലായ കൈയെഴുത്തു മാസികകൾ പ്രസിദ്ധീകരിക്കുന്നതിന് അദ്ദേഹം മുൻകൈയെടുത്തു. മൈനർ സെമിനാരിയിൽവച്ച് ദീപം എന്ന കൈയ്യെഴുത്തുമാസിക പ്രസിദ്ധീകരിച്ചു. മേജർ സെമിനാരിയിൽവച്ച് കത്തോലിക്കാ കുടുംബം എന്ന മാസികയുടെ എഡിറ്ററായി പ്രവർത്തിച്ചു. പുരോഗതിയുടെ കടപ്പാടുകൾ, സാരോപദേശകഥകൾ, തൂലികാ ചിത്രങ്ങൾ തുടങ്ങിയ പംക്തികളിലൂടെയും പല രചനകളും നിർവ്വഹിച്ചു. സെമിനാരി വിദ്യാർത്ഥികൾക്കായി ചില ലഘുനാടകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. നല്ല പ്രഭാഷകൻ എന്ന നിലയിലും അച്ചൻ അറിയപ്പെടുന്നു.

സെമിനാരി ജീവിതകാലത്ത് കായികരംഗത്ത് തിളങ്ങിനിന്ന ഒരു വ്യക്തിയായിരുന്നു ചാഴൂരച്ചൻ. വോളിബോളിലും ബാസ്ക്കറ്റ് ബോളിലും ബാഡ്മിന്റണിലും പ്രാഗത്ഭ്യം തെളിയിച്ച അച്ചൻ സെമിനാരി ടീമിലെ അംഗവുമായിരുന്നു. കായികരംഗത്തെ അച്ചന്റെ നേതൃത്വത്തെ മാനിച്ചാണ് പുതുക്കാട്ടുകാർ അച്ചന്റെ നാമധേയത്തിൽ ഒരു ട്രോഫി തുടങ്ങിയത്. ലൂർദ്ദ്പള്ളി കുറിയാപ്പീസിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ പ്രയത്നങ്ങൾ വളരെ പ്രശംസനീയമാണ്. അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ മറ്റു സ്റ്റേറ്റുകളിൽ ശാഖകൾ സ്ഥാപിച്ച് വിപുലീകരിച്ചു. ബിഷപ്പ് മേനാച്ചേരി ബിൽഡിംഗ് തൃശൂർ മുൻസിപ്പാലിറ്റിക്ക് കൈമാറിയ വകയിൽ കിട്ടാനുണ്ടായിരുന്ന തുക വാങ്ങിച്ചെടുക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചു. ഏതെങ്കിലും പള്ളികളിലും സ്ഥാപനങ്ങളിലും പ്രശ്നങ്ങൾ ഉണ്ടായാൽ അന്വേഷിക്കുവാൻ കമ്മീഷനെ നിയമിക്കുക സാധാരണമാണ്. ചാഴൂരച്ചൻ കമ്മീഷനിൽ അംഗമായിരുന്നു. പാവറട്ടിയിൽ ഹോസ്പിറ്റൽ ഡയറക്ടറായിരിക്കുമ്പോൾ ഒരു നേഴ്സിംഗ് സ്കൂളും മറ്റം ഫൊ. പള്ളി വികാരിയായിരിക്കുമ്പോൾ ഒരു പ്ലസ്

www.malankaralibrary.com


ടു സ്കൂളും ആരംഭിക്കുകയുണ്ടായി. പല സ്ഥലങ്ങളിലും കുരിശുപള്ളി സ്ഥാപിച്ചിട്ടുണ്ട്. തൃശൂർ അതിരൂപതാ ശതാബ്ദിസ്മരണികയുടെ എഡിറ്ററുമായിരുന്നു.

തിരൂർ കത്തോലിക്കാപള്ളിയിൽ വികാരിയായി ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നു.

വിലാസം - റവ. ഫാ. ജോസഫ് ചാഴൂർ, ആർ.സി. ചർച്ച്, തിരൂർ പി.ഒ.,
മുളകുന്നത്തുകാവ്, തൃശൂർ - 680581

# 186

# ഫാ. ജോസ് തച്ചിൽ



തിരുവിതാംകൂർ ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭാശാലിയായ തച്ചിൽ മാത്തുത്തരകനും കേരളസഭാചരിത്രത്തിൽ നക്ഷത്രശോഭയോടെ വിരാജിച്ച തച്ചിൽ ഇട്ടിയവിരാമല്പാനും ജന്മം നൽകിയ കുടുംബമാണ് തച്ചിൽകുടുംബം. പല മഹാത്മാക്കളെയും സഭയ്ക്കും രാഷ്ട്രത്തിനും ഇന്നും ഈ കുടുംബം സംഭാവന ചെയ്തു കൊണ്ടിരിക്കുന്നുവെന്നത് അഭിമാനാർഹമാണ്.

ഞാറയ്ക്കൽ തച്ചിൽ കുടുംബത്തിൽ 1935 ജൂൺ 1-ാം തീയതിയാണ് ഫാ. ജോസ് തച്ചിൽ ജനിച്ചത്. പിതാവ് ലോനപ്പനും മാതാവ് ഞാറയ്ക്ക്ൽ മാമ്പിള്ളി മേരിയും. നായരമ്പലം, ഞാറയ്ക്കൽ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. വിദ്യാഭ്യാസകാലത്ത് വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ സജീവപ്രവർത്തകനായിരുന്നുകൊണ്ട് സ്വാതന്ത്ര്യസമരത്തിൽ പങ്കുചേർന്നു. സ്കൂൾ സാഹിത്യസമാജം സെക്രട്ടറി, മാസിക പത്രാധിപർ തുടങ്ങിയ സ്ഥാനങ്ങൾ വഹിക്കുകയും ചെയ്തു.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം എറണാകുളം സേക്രട്ട്ഹാർട്ട് മൈനർ സെമിനാരിയിൽ ചേർന്നു. മംഗലപ്പുഴ, കാർമ്മൽഗിരി എന്നിവിടങ്ങളിൽ പഠിച്ച് വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി. 1961-ൽ പൗരോഹിത്യപദവിയിലേയ്ക്കുയർത്തപ്പെട്ടു. മൈസൂർ സർവ്വകലാശാലയിൽനിന്നും എം.എ. ബിരുദമെടുത്തു. ബാംഗ്ലൂർ എൻ.ബി.സി.എൽ.സി.യിൽ ദൈവശാസ്ത്ര പഠനം നടത്തി. ജേർണലിസത്തിൽ പ്രത്യേകപഠനം നടത്തിയ ഫാ. തച്ചിൽ അളയാർ സ്കൈയോഗാകേന്ദ്രത്തിൽ പ്രൊഫസർ ആയി പ്രവർത്തിക്കുന്നു. മനഃശാസ്ത്രം, ദൈവശാസ്ത്രം, തത്വശാസ്ത്രം, ജേർണലിസം, നേതൃകല, യോഗ എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുക്കുകയും ചെയ്യുന്നു.

യുവജനങ്ങളുടെയിടയിൽ പ്രവർത്തിക്കുന്നതിൽ തല്പരനായ തച്ചി

www.malankaralibrary.com

ലച്ചൻ കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാക്കളിൽ ഒരാളാണ്. അതിന്റെ ഡയറക്ടറായി രണ്ടു പ്രാവശ്യം കെ.സി.ബി.സി. അദ്ദേഹത്തെ നിയമിച്ചു. കെ.സി.വൈ.എം. എറണാകുളം അതിരൂപത, ഡയറക്ടറായി ദീർഘകാലം പ്രവർത്തിച്ചു. കേരളത്തിൽ യുവജനപ്രവർത്തനങ്ങൾ സജീവമാക്കുവാനും ഉത്തേജിപ്പിക്കുവാനും നിരന്തരം പ്രവർത്തിക്കുകയും കെ.സി.വൈ.എം. നേതൃത്വം നൽകിയ നിരവധി പ്രചാരണ ജാഥകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. മാനവമൈത്രി എന്ന യുവജനജാഥയും അതിനെത്തുടർന്നുള്ള യുവജനസംഗമവും എടുത്തുപറയേണ്ടതാണ്. കേരളത്തിന്റെ വടക്കുനിന്നും തെക്കുനിന്നും പുറപ്പെട്ട യുവജനജാഥകൾ ആലുവാ മണൽപ്പുറത്തുവച്ചാണ് സംഗമിച്ചത്.

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് എറണാകുളം അതിരൂപതാ അദ്ധ്യാത്മികോപദേഷ്ടാവായി ദീർഘകാലമായി പ്രവർത്തിക്കുന്ന അദ്ദേഹം കോൺഗ്രസ്സിന്റെ കൊതവറ സമ്മേളനത്തിന്റെ മുഖ്യ സംഘാടകനായിരുന്നു. കോൺഗ്രസ്സിന്റെ പോഷകസംഘടനകളായ കേരളസാഹിത്യകലാസമിതിയുടെയും കേരളാ ഹിസ്റ്ററി കോൺഗ്രസ്സിന്റെയും സജീവപ്രവർത്തകനാണദ്ദേഹം. കേരള ചരിത്രത്തിൽ കൂടുതൽ അറിവ് ലഭിക്കുന്നതിന് ഹിസ്റ്ററി കോൺഗ്രസ്സ് പ്രവർത്തനം സഹായിച്ചുവെന്നാണ് അദ്ദേഹം പറയുന്നത്.

മൂല്യവാദികളായ സാഹിത്യകാരന്മാരെയും ജേർണലിസ്റ്റുകളെയും ഒന്നിച്ചുചേർത്ത് പ്രവർത്തിച്ച കേരളാ ക്രിസ്റ്റ്യൻ ജേർണലിസ്റ്റ് ആൻഡ് റൈറ്റേഴ്സ് ഫെല്ലോഷിപ്പിന്റെ സ്ഥാപകസെക്രട്ടറിയായിരുന്നു തച്ചിലച്ചൻ. ഫാ. മാത്യു മൂഴയിൽ എസ്സ്.ജെ. ആയിരുന്നു ഫെല്ലോഷിപ്പിന്റെ സ്ഥാപക നേതാവ്. യുവസാഹിത്യകാരന്മാർക്കുവേണ്ടി സാഹിത്യക്യാമ്പുകളും മുതിർന്ന സാഹിത്യകാരന്മാർക്കുവേണ്ടി നിരവധി സെമിനാറുകളും സംഘടിപ്പിപ്പിച്ചു. ഇന്ത്യയിലെ പ്രമുഖ കലാകാരന്മാരെ സംഘടിപ്പിച്ച് നാടകക്കളരികൾ നടത്തുകയും ചെയ്തു. പ്രേഷിതകേരളം, അമ്മ മാസിക, സത്യദീപം വാരിക, കാർമ്മൽ മാസിക, വൈക്കം മെയിൽ മാസിക എന്നിവയുടെ പത്രാധിപർകൂടിയായിരുന്നു ഫാ. തച്ചിൽ. ധാരാളം കഥകളും ലേഖനങ്ങളും ഫീച്ചറുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അങ്കമാലി സെന്റ് മാർട്ടിൻ ദേവാലയത്തിൽ ദീർഘകാലം വികാരിയായി സേവനം അനുഷ്ഠിച്ച അദ്ദേഹം കോക്കമംഗലം, ചേർത്തല മുട്ടം ഫൊറോന, തോപ്പിൽ, കാടുകുറ്റി, മേലൂർ, ശാന്തിപുരം, അശോകപുരം, വാഴക്കുളം, ചുണങ്ങംവേലി, ആമ്പല്ലൂർ, കൈപ്പട്ടൂർ, വേണ്ടൂർ, പള്ളുരുത്തി, കരയാംപറമ്പ്, കൊതവറ, പള്ളുരുത്തി ചെറായി എന്നീ ദേവാലയങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹം വികാരിയായിരുന്ന സ്ഥലങ്ങളിലെല്ലാം സാമൂഹ്യസാംസ്കാരികരംഗങ്ങളിൽ സജീവമായ നേതൃത്വം നൽകിയിട്ടുണ്ട്. ആലുവായിൽ സാഹിത്യസമിതിയും, അങ്കമാലിയിൽ വിചാരപരിഷത്തും സ്ഥാപി

www.malankaralibrary.com

ച്ചത് ഇതിന് ഉദാഹരണമാണ്. പൊന്നുരുന്തി സോഷ്യൽ സർവ്വീസ് സെന്റർ ഡയറക്ടർ, വൈക്കം സെന്റ് സേവിയേഴ്സ് കോളേജിന്റെ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം, അങ്കമാലി മോർണിംഗ് സ്ററാർ കോളേജ്, നസ്രത്ത് ഹോംസയൻസ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളുടെ ഡയറക്ടർ ആയും സേവനം അനുഷ്ഠിച്ചു.

ആളൂർ ബി.എൽ.എം. ൽ നിന്നും പ്രസിദ്ധീകരിച്ച മോൺ തോമസ് മുത്തേടന്റെ ബൈബിളിന്റെ സംശോധകനായിരുന്നു അദ്ദേഹം. കേരളസഭാസെമിനാർ, കേരളസഭാമാസിക എന്നിവയുടെ ആദ്യകാല പ്രവർത്തകൻ കൂടിയായിരുന്നു അദ്ദേഹം. പി.ഒ.സി. രൂപംകൊണ്ടപ്പോൾ ഫാ.ജോസഫ് കണ്ണത്തിനൊപ്പം അസി. സെക്രട്ടറിയായി പ്രവർത്തിച്ചു. പി.ഒ.സി.യിൽ നിന്നും ആദ്യം പ്രസിദ്ധീകരിച്ച മതബോധനഗ്രന്ഥത്തിന്റെ നിർമ്മിതിയിൽ പങ്കാളിയായി. പ്രസിദ്ധദൈവശാസ്ത്രജ്ഞനായിരുന്ന ഫാ. അമലോർഭവദാസിന്റെ ശിഷ്യനായിരുന്നു. ലിറ്റർജിയിൻ ഇന്ത്യൻസഭയ്ക്ക് ലളിതവും സ്വകീയവുമായ ഒരു ശൈലി ഉണ്ടാകണമെന്നും സാംസ്കാരികാനുരൂപണം സഭയുടെ വളർച്ചയ്ക്ക് അനിവാര്യമാണെന്നും അദ്ദേഹം വിശ്വസിച്ചു. അതിനുവേണ്ടി രൂപീകരിച്ച നവീകരണ സമിതിയിൽ അംഗമായും പ്രവർത്തിച്ചു.


സഭ ജനകീയാഭിലാഷങ്ങളുടെ പ്രതിഫലനമായിരിക്കണമെന്നും കൂടുതൽ സ്വതന്ത്രമായ ചർച്ചയും ജനോപകാരപ്രദമായ നിലപാടുകളും ഉണ്ടാകണമെന്നും ഫാ. തച്ചിൽ വാദിച്ചു. രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളുടെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ നിരവധി സെമിനാറുകൾ സംഘടിപ്പിക്കുകയും അതേലക്ഷ്യത്തോടെ എൻ.ബി.സി.എൽ.സി. നടത്തിയ നിരവധിസെമിനാറുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. കെ.സി.ബി.സി. സംഘടിപ്പിച്ച കാത്തലിക് കൗൺസിലിന്റെ ആദ്യസമിതിയിൽ അദ്ദേഹം എക്സിക്യൂട്ടീവ് അംഗമായിരുന്നു. മാർപ്പാപ്പായുടെ കേരളസന്ദർശന പരിപാടിയ്ക്ക് (എറണാകുളം) സുപ്രധാനമായ നേതൃത്വം നൽകി. പ്രകൃതി ജീവനസമിതി, ഗാന്ധിപീസ് ഫൗണ്ടേഷൻ, മദ്യനിരോധനസമിതി, ചാവറ സാംസ്കാരികകേന്ദ്രം, സാഹിത്യപരിഷത്ത്, കലാഭവൻ എന്നിവയുടെ പ്രവർത്തനങ്ങളിലും നേതൃത്വം വഹിച്ചു.

പ്രകൃതി ജീവനവും യോഗചര്യയും ജീവതത്തിൽ പാലിക്കുന്നു..

വിലാസം - ഫാ. ജോസ് തച്ചിൽ
വികാർ
സെന്റ് സെബാസ്റ്റ്യൻ ചർച്ച്
നീറിക്കോട് പി.ഒ.
നോർത്ത് പറവൂർ.

www.malankaralibrary.com

# 187



# ഡോ. അൽഫോൺസ് ലിഗോറി

വൈദ്യശാസ്ത്രരംഗത്തെ അതുല്യപ്രതിഭയും സംഘാടകനും സാമൂഹ്യസാംസ്കാരികപ്രവർത്തകനുമായ ഡോ. അൽഫോൺസ് ലിഗോറി കൊല്ലത്ത് കാവനാട് വില്ലേജിൽ മുക്കാട്ട് തിരുക്കുടുംബദേവാലയ ഇടവകയിൽ ശ്രീ റോമൻ നാസ്രത്തിന്റെയും സൂസ്സാന്ന നാസ്രത്തിന്റെയും നാലാമത്തെ മകനായി 1935 ആഗസ്റ്റ് 1-ാം തീയതി ജനിച്ചു. സാമ്പത്തികമായി സാമാന്യം ഭേദപ്പെട്ട കുടുംബത്തിലാണ് ജനനമെങ്കിലും നാലാമത്തെ വയസ്സിൽ അമ്മ മരിച്ചതിനെത്തുടർന്ന് സാമ്പത്തിക വിഷമതകളെ നേരിടേണ്ടിവന്നു. പിതാവിന്റെ അക്ഷീണ പരിശ്രമത്തിലും പരിരക്ഷണയിലുമാണ് വളർന്നത്. കൊല്ലം ശക്തികുളങ്ങര സെന്റ് ജോസഫ് സ്കൂളിൽ ആയിരുന്നു പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും നടത്തിയത്. മലയാളം മീഡിയത്തിൽ ആയിരുന്നു പഠനം. മൂന്ന് കിലോമീററോളം നടന്നാണ് സ്കൂളിൽ പൊയ്ക്കൊണ്ടിരുന്നത്. അക്കാലത്ത് വീട്ടിൽ വൈദ്യുതിയും ഇല്ലായിരുന്നു.

കോളേജ് വിദ്യാഭ്യാസം പാളയംകോട്ട് സെന്റ് സേവിയേഴ്സ് കോളേജിലായിരുന്നു. 1952 ൽ സയൻസ് വിഷയമെടുത്ത് പഠനം തുടർന്നു. ഇംഗ്ലീഷ് മീഡിയത്തിലുള്ള പഠിപ്പിക്കലും ചിട്ടയായുള്ള പഠനരീതിയും ഹോസ്റ്റൽ ജീവിതവും വിദ്യാഭ്യാസത്തെ ഏറെ സഹായിച്ചു. ടെന്നീസ് കളിയിൽ വളരെ സമർത്ഥനുമായിരുന്നു അൽഫോൺസ് ലിഗോറി. ഇന്റർമീഡിയററിനുശേഷം തിരുച്ചിറപ്പള്ളിയിൽ സെന്റ് ജോസഫ് കോളേജിൽ ചേർന്ന് രസതന്ത്രത്തിൽ ബി.എസ്സ്.സി. ഡിഗ്രിയെടുത്തു. 1956 ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽചേർന്നു. കോളേജിലെ ആറാമത്തെ ബാച്ചായിരുന്നു അത്. മെഡിക്കൽ കോളേജിൽ ചേരുമ്പോൾ ആദ്യത്തെ ബാച്ചിൽ ഉണ്ടായിരുന്നവർ ഡോക്ടർമാരായിവന്നു തുടങ്ങുന്ന സമയമായതിനാൽ ആദ്യകാലങ്ങളിലുള്ള ഡോക്ടർമാരെ എല്ലാം നേരിട്ട് അറിയുവാൻ ഇടയായി.

1968 ൽ പിതാവ് മെഡിക്കൽ കോളേജിൽ വച്ച് നിര്യാതനായി. അതോടെ താൻ ഒററയായി എന്ന ഒരു തോന്നൽ അദ്ദേഹത്തിന് അനുഭവപ്പെട്ടു. 1969 മെയ് മാസം കോട്ടയം മെഡിക്കൽ കോളേജിൽ ട്യൂട്ടറായിരുന്ന എറണാകുളം സെന്റ് ആൽബർട്സ് കോളേജിലെ പ്രൊഫസ്സർ ടി.കെ. ജോബിന്റെ മകൾ ഡോക്ടർ ടി.ജെ. മേബലിനെ വിവാഹം ചെയ്തു. പ്രൊഫ. ജോബ് അറിയപ്പെടുന്ന ഒരു കോൺഗ്രസ്സ് നേതാവും ഡോ. അൽഫോൺസ് ലിഗോറിയുടെ അമ്മാവൻ ഡോ ഹെൻട്രി ഓസ്സിന്റെ അടുത്ത സുഹൃത്തും ആയിരുന്നു.

www.malankaralibrary.com

1964 ൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ത്വക് രോഗവിഭാഗത്തിൽ താൽക്കാലികമായി ജോലിയിൽ പ്രവേശിച്ചു. അവിടെത്തന്നെ സർജറി വിഭാഗത്തിൽ ട്യൂട്ടർ ആകാനാണ് ആഗ്രഹിച്ചത്. 1964 ൽ തന്നെ പി.എസ്സ്.സി. വഴി സർജറിയിൽ നിയമനം ലഭിച്ചു. തിരുവനന്തപുരത്തുനിന്നുതന്നെ സർജറിയിൽ ബിരുദാനന്തരബിരുദവും നേടി. 1971 ൽ അസിസ്റ്റന്റ് പ്രൊഫസ്സറായി കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് സ്ഥലം മാററം ലഭിച്ചു. 1976 വരെ അവിടെ സേവനം തുടർന്നു.

ജോലിക്കയറ്റത്തിനുള്ള സാധ്യത അന്ന് വളരെകുറവായിരുന്നു. വ്യത്യസ്ത ജോലികളിൽ പരിശീലനം നേടുന്നതിനുള്ള ആഗ്രഹം നിമിത്തം ഉപരിപഠനാർത്ഥം 1976 ൽ ലീവെടുത്ത് ഇംഗ്ലണ്ടിലേക്കു പോയി. അമേരിക്കയിൽ പോകാനുള്ള സാധ്യത ഉണ്ടായിരുന്നെങ്കിലും അത് വേണ്ടെന്ന്വക്കുകയാണ് ചെയ്തത്. ലണ്ടനിൽ സകല സുഖസൗകര്യങ്ങളും സാമ്പത്തിക നേട്ടവും ലഭിച്ചിരുന്നു. എന്നാൽ അതെല്ലാം ഉപേക്ഷിച്ച് നാട്ടുകാരോടുള്ള സ്നേഹവും പ്രതിബദ്ധതയും നിമിത്തം 1982 ൽ തിരിച്ച് നാട്ടിലേക്കു പോരുകയാണ് ചെയ്തത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ അസോസിയേറ്റ് പ്രൊഫസ്സർ ആയിട്ടാണ് ജോലിയിൽ പിന്നീട് പ്രവേശിച്ചത്. 1983, 1985,1987 എന്നീ വർഷങ്ങളിലും വീണ്ടും ഇംഗ്ലണ്ടിൽ പോയി ജോലി ചെയ്യാനുള്ള അവസരം ലഭിച്ചു. ഇംഗ്ലണ്ടിലെ നാഷണൽ ഹെൽത്ത് സർവ്വീസിനെപ്പറ്റി ഒരു സമഗ്രമായ അറിവ് സമ്പാദിക്കാനും അത് എങ്ങിനെ നമ്മുടെ പരിമിതിയിൽ നിന്ന് നാട്ടുകാർക്ക് ഫലപ്രദമായി പ്രാവർത്തികമാക്കാമെന്നും അദ്ദേഹം മനസ്സിലാക്കി. മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഉപരിപഠനത്തിലും അതിന്റെ ഘടനയിലും മാറിവരുന്ന സാഹചര്യം അനുസരിച്ച് പാഠ്യപദ്ധതി പരിഷ്കരിക്കുവാനുള്ള പരിചയവും പ്രചോദനവും നേടുന്നതിന് ഇംഗ്ലണ്ടിലെ ജീവിതം സഹായിച്ചു.

ഇംഗ്ലണ്ടിലെ പഠനവും പ്രവർത്തിപരിചയവും എടുത്തുപറയേണ്ടതാണ്. മെഡിക്കൽ ഉപരിപഠനവും പരിശീലനവും ഇംഗ്ലണ്ടിലേതോ അമേരിക്കയിലേതോ ഏതാണ് നല്ലതെന്ന് ചോദിച്ചാൽ നമുക്ക് യോജിച്ചത് ഇംഗ്ലണ്ടിലെ പരിശീലനം തന്നെയാണെന്ന് അൽഫോൺസ് ലിഗോറി നിസ്സംശയം പറയും. അമേരിക്കയിൽ പ്രാക്ടീസ് ചെയ്യുവാനും താമസിക്കുവാനും തീരുമാനിച്ചിട്ടുള്ളവർക്ക് അവിടുത്തെ പരിശീലനം തന്നെയാണ് അഭികാമ്യമെന്ന് അദ്ദേഹം പറയും. അതിനുവേണ്ടി ആദ്യകാലബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും കാലാകാലങ്ങളിലുള്ള നുതനപദ്ധതികളിലും പ്രായോഗികവശങ്ങളിലും ഭാഗഭാക്കാകാൻ കഴിയുന്നുവെന്നത് ഒരു നേട്ടമാണ്. സാമ്പത്തികനേട്ടവും അമേരിക്കയിലാണ്.

ഇംഗ്ലണ്ടിലെ നാഷണൽ ഹെൽത്ത് സർവ്വീസിന്റെ പ്രവർത്തനങ്ങളെ അദ്ദേഹം വളരെ താല്പര്യപൂർവ്വമാണ് വീക്ഷിക്കുന്നത്. ഇംഗ്ലണ്ടിൽ നാഷണൽ ഹെൽത്ത് സർവ്വീസ്, ഒരു രോഗിയുടെ രക്ഷ രാഷ്ട്രത്തിന്റെ കടമ

www.malankaralibrary.com

യായി ഏറ്റെടുത്ത് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ഏതൊരു രോഗിയും ഒരു ഡോക്ടറുടെ വലയിൻകീഴിൽ വേണമെന്ന് ആഗ്രഹിക്കുന്ന ഒരു സംവിധാനമാണ് ഇംഗ്ലണ്ടിലുള്ളത്. നല്ല തണുപ്പുള്ള രാത്രിയിൽപോലും ഒരു ഡോക്ടറെ വിളിച്ചാൽ അത്യാവശ്യത്തിന് ചെന്ന് കാണണമെന്നുള്ളത് ഒരു വ്യവസ്ഥയാണ്. അതിന് രോഗി ചിലവു വഹിക്കേണ്ടതില്ല. ദേശീയതലത്തിൽ ഗവൺമെന്റ് ഡോക്ടറിന് നേരിട്ട് പ്രതിഫലം നൽകിക്കൊള്ളും. രാത്രിമുഴുവനും ഫോൺബന്ധമുള്ള കാറിൽ സഞ്ചരിച്ച് മുപ്പത് മുപ്പത്തിയഞ്ചു രോഗികളെ സന്ദർശിച്ചു പരിശോധിച്ച് വേണ്ടിവന്നാൽ ആശുപത്രികളുമായി ബന്ധപ്പെട്ട് അഡ്മിനിഷൻ ശരിയാക്കി ആംബുലൻസ് ഏർപ്പെടുത്തിക്കൊടുക്കുന്നതുവരെയുള്ള സഹായവും ഈ സംഘടന ചെയ്തു കൊടുക്കുന്നു. നാഷണൽ ഹെൽത്ത് സെന്ററിന്റെ പ്രസക്തി ഇതിന്റെ സുഗമമായ നടത്തിപ്പിലാണ് നാം കാണേണ്ടത്. ആരോഗ്യനയത്തിൽ നമ്മുടെ രാജ്യത്തിന്റെ കാഴ്ചപ്പാട് ഇതിൽ നിന്നും ഭിന്നമാണ്. ഡോ. അൽഫോൻസ് ലിഗോറി പറയുന്നു. "പൊതുജനാരോഗ്യം ഒഴിച്ചാൽ രോഗിയുടെ രക്ഷ രോഗി തന്നെയാണ് ഭാരതത്തിൽ ശ്രദ്ധിക്കേണ്ടത്. രോഗിക്ക് ഗവൺമെന്റ് ആശുപത്രിയിൽ എത്തിയാൽ ചികിത്സ നൽകേണ്ടത് ഗവൺമെന്റിന്റെ കടമയാണ്. അതിനാൽ പരിമിതികൾ ഉണ്ടായേക്കാം. ശ്രദ്ധ ചെലുത്തി ആരോഗ്യ പരിപാലകരെ നിയമിക്കേണ്ട കടമ ഗവൺമെന്റിന്റേതു തന്നെയാണ്. മെഡിക്കൽ കോളേജുകളിൽതന്നെ സ്പെഷ്യലിസ്റ്റുമാരുടെ അഭാവം, നേഴ്സുമാരുടെ കുറവ് ഇവയൊക്കെ കാലാകാലങ്ങളിൽ കേൾക്കുന്നതാണ്. സ്വകാര്യചികിത്സയുടെ സാദ്ധ്യത ഒരുവിധം കേരളത്തിലെ ഈ പ്രശ്നങ്ങളൊക്കെ തരണം ചെയ്യുവാൻ ഇടയാക്കുന്നു."

ഇംഗ്ലണ്ടിലെ പഠനവും പരശീലനവും സമയനിഷ്ഠയും വളരെ ഉപയുക്തവും ഉപകാരപ്രദവും ആയിരുന്നു. ഉപരിപഠനം ശസ്ത്രക്രിയയിൽ മാത്രം ഒതുങ്ങി നിന്നില്ല. യൂറോളജിയിലും അത്യാഹിതവിഭാഗത്തിലും സാമാന്യപരിശീലനം നേടുവാൻ അദ്ദേഹത്തിന് സാധിച്ചു. കൂടാതെ ട്രാൻഫ്യൂഷൽ മെഡിസിനിലും ജനറൽ പ്രാക്ടീസിലും ഫാമിലി മെഡിസിനിലും വിദ്യാഭ്യാസ പരിശീലനം നേടുവാനും ഇംഗ്ലണ്ടിലെ ജീവിതം സഹായിച്ചു. ഫാമിലിപ്ലാനിംഗിലും ബിരുദാനന്തര മെഡിക്കൽ പരിശീലനത്തിലും പ്രത്യേക സർട്ടിഫിക്കറ്റുകൾ നേടുവാനും അദ്ദേഹത്തിന് സാധിച്ചു. തിരുവനന്തപുരത്തെ പ്രശസ്തമായ ജൂബിലി മെമ്മോറിയൽ ആശുപത്രിയുടെ സ്ഥാപനത്തിനും അദ്ദേഹം മുഖ്യകാരണക്കാരനാണ്. ജൂബിലിമെമ്മോറിയൽ ആശുപത്രിയോടനുബന്ധിച്ചുള്ള നേഴ്സിംഗ് സ്കൂളിന്റെയും പാരാമെഡിക്കൽ ട്രെയിനിംഗ് സെന്ററിന്റെയും സ്ഥാപനത്തിലും അദ്ദേഹം നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

ഇവിടെ മെഡിക്കൽ ഡയറക്ടർ ആൻഡ് സീനിയർ കൺസൾട്ടന്റ് സർജൻ എന്ന നിലയിൽ ഡോ. അൽഫോൺസ് ലിഗോറി പ്രവർത്തിക്കുന്നു.

www.malankaralibrary.com

സാമൂഹ്യപ്രതിബദ്ധതയോടെയുള്ള ജീവിതം ആണ് അദ്ദേഹം നയിക്കുന്നത്. വിവിധ സംഘടനകൾ കെട്ടിപ്പെടുക്കുന്നതിനും അതിനെ ശരിയായവിധം നയിക്കുന്നതിനും അദ്ദേഹം സമയം കണ്ടെത്തുന്നു. ബഹുഭൂരിപക്ഷം ഡോക്ടർമാരിൽനിന്നും വ്യത്യസ്തമായി സാമൂഹ്യപ്രതിബദ്ധതയോടെ പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് സാധിക്കുന്നത് സമൂഹത്തോടും സഹജീവികളോടുമുള്ള കടപ്പാടാണ്. ഇംഗ്ലണ്ടിൽനിന്നും എല്ലാ സുഖസൗകര്യങ്ങളും ഉപേക്ഷിച്ച് കേരളത്തിൽ വന്ന് പ്രവർത്തിക്കുവാൻ പ്രേരിപ്പിച്ചതും ആ കടപ്പാടാണ്.

ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ തിരുവനന്തപുരം ശാഖാ സെക്രട്ടറിയായും പ്രസിഡണ്ടായും സൗത്ത് സോണിന്റെ വൈസ് പ്രസിഡണ്ട് ആയും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. അസോസിയേഷൻ ഓഫ് സർജൻസ് ഓഫ് ഇന്ത്യയുടെ കേരളാസ്റ്റേറ്റ് ചാപ്റ്റർ പ്രസിഡണ്ട് തിരുവനന്തപുരം സർജിക്കൽ ക്ലബിന്റെ സ്ഥാപക പ്രസിഡണ്ട് കേരളാഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷന്റെ സംസ്ഥാന പ്രസിഡണ്ട്, തിരുവനന്തപുരത്തെ റോട്ടറിക്ലബിന്റെ പ്രസിഡണ്ട് എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി.

സമുദായപ്രവർത്തനങ്ങളിലും അൽഫോൺസ് ലിഗോറി മുൻപന്തിയിലാണ്. ലാറ്റിൻ കാത്തലിക് ഡോക്ടേഴ്സ് ഫോറത്തിന്റെ സ്ഥാപകപ്രസിഡണ്ട്, തിരുവനന്തപുരത്തെ യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റിന്റെ പ്രസിഡണ്ട്, തിരുവന്തപുരത്തെ ലാറ്റിൻ കാത്തലിക് സർവ്വീസ് സൊസൈറ്റിയുടെ പ്രസിഡണ്ട് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ ഡോക്ടർ മേബൽ ലിഗോറി, ദേശീയതലത്തിൽ അറിയപ്പെടുന്ന ക്ലിനിക്കൽ മൈക്രോബയോളജിസ്റ്റ് ആണ്.

വിലാസം - ഡോ. അൽഫോൺസ് ലിഗോറി, റെയിൻബോ, പൊങ്ങുംമൂട്,
തിരുവനന്തപുരം - 695001

# 188

# സി.ഡോ. മേരി ലിറ്റി



"നിങ്ങൾ ഒന്നാമതായി ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുവിൻ അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും" (മത്തായി 6:33) എന്ന ദൈവവചനത്തിൽ വിശ്വസിച്ച് ദൈവപരിപാലനയിൽ മാത്രം ആശ്രയം കണ്ടെത്തി ആരംഭിച്ചതാണ് ചങ്ങനാശ്ശേരിയിൽനിന്നും പത്തുകിലോമീറ്റർ അകലെ മല്ലപ്പള്ളി

www.malankaralibrary.com

റൂട്ടിൽ കുന്നന്താനത്തുള്ള ദൈവപരിപാലനയുടെ ചെറിയ ദാസികൾ എന്ന സന്യാസസമൂഹം. പരസഹായംകൂടാതെ ഒന്നും ചെയ്യാനാവാത്ത രോഗികളെ സ്വീകരിച്ച് മരണംവരെ ശുശ്രൂഷിച്ച് സംരക്ഷിക്കുന്ന ഈ ഭവനത്തിൽ ജാതിമതവ്യത്യാസംകൂടാതെ ഏവർക്കും പ്രവേശനം നൽകുന്നു. നമുക്കുവേണ്ടി പറുദീസായുടെ വാതിലുകൾ തുറന്നു തരുന്ന അശരണർക്കും അനാഥർക്കുമായി ദൈവികപദ്ധതിയിൽ രൂപംകൊണ്ടതാണ് ഈ പരിപാലനാത്ഭുതം.

ക്രിസ്തുവിന്റെ സ്നേഹത്താൽ നിർബന്ധിതയായി "ദൈവപരിപാലനയുടെ ചെറിയദാസികൾ" എന്ന സന്യാസ സമൂഹത്തിന് ആരംഭംകുറിക്കുവാൻ ദൈവം തിരഞ്ഞെടുത്ത ഉപകരണമായ സി.ഡോ.മേരി ലിറ്റി ജനിച്ചത് കോതമംഗലത്ത് ഒലിയപ്പുറം കുടുംബത്തിൽ 1935 ഓഗസ്റ്റ് 2 നാണ്. പിതാവ് ജോസഫും മാതാവ് ബ്രിജിറ്റും. സന്യാസിനികൾ ഏറെയുണ്ടായിരുന്ന ഒരു കുടുംബമാണ് ഒലിയപ്പുറം കുടുംബം. കൊച്ചുത്രേസ്യാ എന്നായിരുന്നു സി. മേരി ലിറ്റിയുടെ പേര്. ബാല്യകാലം മുതൽ സഹജീവികളോട് അനുകമ്പ പുലർത്തിയിരുന്ന കൊച്ചുത്രേസ്യാ കോതമംഗലത്തുള്ള സെന്റ് അഗസ്റ്റ്യൻസ് ഹൈസ്കൂൾ, ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് എന്നിവിടങ്ങളിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കി. 1955 ൽ കോതമംഗലത്തുതന്നെയുള്ള മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് (എം. എസ്.ജെ) എന്ന സന്യാസ സമൂഹത്തിൽ ചേർന്നു. മേരി ലിറ്റി എന്ന പേര് സ്വീകരിച്ച് സഭാവസ്ത്രം സ്വീകരിക്കുകയും വ്രത വാഗ്ദാനം നടത്തുകയും ചെയ്തു. അധികം താമസിക്കാതെ സിസ്റ്ററിനെ വൈദ്യശാസ്ത്രപഠനത്തിനായി റോമിലേക്ക് അയച്ചു.

റോമിലെ പഠനകാലത്ത് ടൂറിൻ നഗരത്തിൽ നിരാലംബരും നിത്യദുഃഖിതരുമായ ആയിരക്കണക്കിനാളുകളെ പരിചരിക്കുന്ന വി.ജോസഫ് കൊത്താലെംഗോയാൽ സ്ഥാപിതമായ ദൈവപരിപാലനയുടെ ഭവനം കാണാൻ ഇടയായി. സ്നേഹസാന്നിദ്ധ്യംകൊണ്ട് ദുഃഖങ്ങൾ അകറ്റുന്ന ആ പുണ്യ ഗൃഹം കണ്ടപ്പോൾ ദൈവം സിസ്റ്റർ ലിറ്റിയോടും ഒരു ചോദ്യം ചോദിച്ചു. "എന്തുകൊണ്ട് നിനക്കും ഇതുപോലൊന്ന് തുടങ്ങി പാവങ്ങളെ സഹായിച്ചുകൂടാ?"

റോമിൽ നിന്നും എം.ഡി. ബിരുദവും ഇംഗ്ലണ്ടിൽനിന്നും ട്രോപ്പിക്കൽ മെഡിസിനിലും അയർലണ്ടിൽനിന്നും പീടിയാട്രിക്സിലും ഡിപ്ലോമകൾ നേടി നാട്ടിൽ തിരിച്ചെത്തിയ സിസ്റ്റർ തന്റെ സന്യാസസമൂഹത്തിലെ വിവിധ ആശുപത്രികളിൽ സേവനം അനുഷ്ഠിച്ചു. പാവങ്ങൾക്കുവേണ്ടി ജീവിതം സമർപ്പിക്കണമെന്ന ചെറുപ്പംമുതലുള്ള ആഗ്രഹം ഈ സമയത്ത് കുറേക്കൂടി ശക്തമായി. പാവപ്പെട്ടവർക്കുവേണ്ടി സമർപ്പിക്കപ്പെടാനുള്ളതാണ് തന്റെ ജീവിതമെന്ന് തിരിച്ചറിഞ്ഞ സിസ്റ്ററിന്റെ പ്രാർത്ഥന മുഴുവൻ അതിനുവേണ്ടിയായിരുന്നു. അവസാനം അധികാരികളുടെ അനുവാദത്തോടെ സേവ

www.malankaralibrary.com

നപ്രവർത്തനത്തിന് തന്റെ മാതൃഭവനം വിട്ടിറങ്ങി. മുക്കൂറിലുള്ള സെന്റ് ജോസഫ് കോൺവെന്റിൽ സിസ്റ്റർ നാലുവർഷക്കാലം പ്രാർത്ഥനയിലും അനാഥക്കുഞ്ഞുങ്ങളുടെ ശുശ്രൂഷയിലും ചിലവഴിച്ചു. പ്രാർത്ഥനയിൽ നിന്നും ലഭിച്ച പ്രചോദനമനുസരിച്ച് കുന്നന്താനത്ത് ഒരു ആതുരാലയം തുട ങ്ങാനുള്ള ആഗ്രഹം അഭിവന്ദ്യപടിയറ പിതാവിനെ അറിയിക്കുകയും പിതാ വിന്റെ അനുവാദത്തോടെ ദൈവപരിപാലനയിൽ പൂർണ്ണമായി ആശ്ര യിച്ചുകൊണ്ട് ഓലമേഞ്ഞഒരുകൊച്ചു വാടകവീട്ടിൽ നടക്കുകയോ, സംസാ രിക്കുകയോ ചെയ്യാത്തതും സ്വന്തം ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കാ ത്തതുമായ ഒരു രോഗിയെ സ്വീകരിച്ചുകൊണ്ട് 1978 ജനുവരി 17ന് ആതുരാ ലയത്തിന്റെ പ്രവർത്തനം ആരംഭിച്ചു.

ഓലമേഞ്ഞ ആ കൊച്ചുവീട്ടിൽ ദൈവപരിപാലനയുടെ പല അത്ഭു തങ്ങളും നടന്നു. ഓരോ നേരത്തേക്കും ആവശ്യമായവ നൽകി ദൈവം അവരെ പോറ്റിവളർത്തി. വിശപ്പടക്കാൻ ഭക്ഷണമോ പാകം ചെയ്യാൻ പാത്ര ങ്ങളോ ഇരുളകറ്റുവാൻ ഒരു വിളക്കുപോലുമോ ഇല്ലാതെ തുടങ്ങിയ ഒരു ചെറുഭവനത്തിന് ദൈവം സമയാസമയങ്ങളിൽ വേണ്ടതെല്ലാം നൽകി പരി പാലിച്ചു. ധാരാളം ഉപകാരികളേയും ലഭിച്ചു. രോഗികളുടേയും അവരെ ശുശ്രൂഷിക്കാൻ കടന്നുവന്ന പെൺകുട്ടികളുടെയും എണ്ണം വർദ്ധിച്ചതോടെ കുന്നന്താനത്തിനടുത്തുള്ള മൈലമണ്ണിൽ മറ്റൊരു വീടെടുത്ത് താമസം അവി ടേക്കുമാറ്റി.

രോഗികളെ ശുശ്രൂഷിക്കുവാനായി കടന്നുവന്ന സമർപ്പിതരായ പെൺ കുട്ടികളെ സ്വീകരിച്ചുകൊണ്ട് 'ദൈവപരിപാലനയുടെ ചെറിയദാസികൾ' എന്ന സന്യാസസമൂഹത്തിന് രൂപം നൽകുവാൻ അഭിവന്ദ്യപടിയറ പിതാ വ് അനുമതി നൽകി. അങ്ങനെ 1978 ഡിസംബർ 8ന് Pious Union ആയി പ്രവർത്തനം ആരംഭിച്ചു. തുടർന്ന് എം.എസ്.ജെ. സന്യാസ സമൂഹത്തിൽ നിന്നും Dispensetion ലഭിക്കുകയും ചങ്ങനാശ്ശേരി അരമന ചാപ്പലിൽ വച്ച് അഭിവന്ദ്യ പടിയറ പിതാവ് അർപ്പിച്ച ദിവ്യബലിമദ്ധ്യേ സിസ്റ്റർ നിത്യവ്രത വാഗ്ദാനം നടത്തുകയും ചെയ്തു. ആദ്യബാച്ച് അർത്ഥിനികളുടെ സന്യാ സപരിപാലനത്തിനുശേഷം കുന്നന്താനം ഇടവക ദേവാലയത്തിൽവച്ച് അവർ സഭാവസ്ത്രം സ്വീകരിച്ച് വ്രത വാഗ്ദാനം നടത്തി. ആളുകൾ കൂടുന്നതനു സരിച്ച് ആവശ്യങ്ങൾ വർദ്ധിക്കുന്നതനുസരിച്ച് ദൈവപരിപാലനയും വർദ്ധിച്ചു.

പിന്നീട് ഈ സന്യാസസമൂഹത്തിന്റെ ചരിത്രം സിസ്റ്റർ മേരി ലിറ്റി യുടെ ചരിത്രം തന്നെയാണ്. ആദ്യദിവസം ഒരു മണ്ണെണ്ണവിളക്കുപോലും ഇല്ലാതിരുന്നപ്പോൾ അയൽവാസിയായ ഒരു സഹോദരി മണ്ണെണ്ണവിളക്കു തന്നു. ചെറുനാരങ്ങയുടെ ആവശ്യം ഒരിക്കൽ ഉണ്ടായപ്പോൾ ഒരു കുട്ടി ഒരു നാരങ്ങയുമായി കടന്നുവന്നു. വിറകില്ലാതിരുന്ന അവസരത്തിൽ ഒരു സത്രീ ഒരു വിറക് കെട്ടുമായി എത്തി. ഉച്ചഭക്ഷണത്തിന് കറികളും ഒന്നും

www.malankaralibrary.com

ഇല്ലാതിരുന്ന ഒരുദിവസം ഭക്ഷണം കഴിക്കാൻ സമയമായപ്പോൾ ഒരു കല്യാണവീട്ടിൽ നിന്നും വിവിധതരം കറികൾ എത്തുന്നു. ഇങ്ങനെയുള്ള ദൈവ പരിപാലനകൾ ഇന്നും തുടരുന്നു. അന്ന് മണ്ണെണ്ണവിളക്കുകൾ തന്നാണ് സഹായിച്ചതെങ്കിൽ ഇന്ന് ജനറേറ്റർ തന്ന് സഹായിക്കുന്നു. തലച്ചുമടുമായിട്ടാണ് അന്ന് വിറക്കെട്ട് തന്നതെങ്കിൽ ഇന്ന് ലോറിയിലും ടെമ്പോയിലും പലരും വിറക് തരുന്നു. ചാക്കുകണക്കിന് അരികൾ തന്ന് സഹായിക്കുന്നവരും, ഭക്ഷണസാധനങ്ങൾ പാകംചെയ്തുകൊണ്ടുവന്ന് സഹായിക്കുന്നവരും ഇന്ന് ധാരാളമാണ്.

അപവാദങ്ങളും പരിഹാസങ്ങളും കുത്തുവാക്കുകളും സി.ലിറ്റിക്ക് ധാരാളമായി നേരിടേണ്ടതായി വന്നിട്ടുണ്ട്. അതൊന്നും സിസ്റ്ററിന്റെ പ്രവർത്തനത്തെ ബാധിച്ചില്ല. അപ്പോഴൊക്കെ ദൈവപരിപാലനയിൽ സിസ്റ്റർ അഭയം തേടി. ഈ ഭവനത്തിലെ ആദ്യ അന്തേവാസി ത്രേസ്യാക്കുട്ടി മൂകയായിരുന്നു. രണ്ടാമത്തെ അന്തേവാസി മാനസികരോഗി സ്റ്റെല്ലയായിരുന്നു. കണ്ണുകൾ പൊട്ടിയൊലിച്ച് തികച്ചും വിരൂപമായ അവസ്ഥയിലാണ് സ്റ്റെല്ല ഭവനത്തിലെത്തിയത്. ഇന്ന് അവളുടെ ഭാവത്തിന് മാറ്റംവന്നു. ഇന്ന് സ്റ്റെല്ല വചനം പറയാനും പാട്ടുപാടാനും മിടുക്കിയാണ്.

തെരുവിൽ അലയുന്ന മാനസികരോഗികളായ പുരുഷന്മാർക്കും ഇവിടെ അഭയം നൽകി. കഞ്ചാവും മയക്കുമരുന്നുമായി കഴിഞ്ഞുകൂടിയവർക്ക് ശുശ്രൂഷയും മരുന്നും സ്നേഹവും നൽകിയപ്പോൾ അവർ ഈ ആസക്തിയിൽ നിന്നും മുക്തിനേടി. മാനസികരോഗികളായ സ്ത്രീകളെ കാക്കനാട്ട് അത്താണിയിലുള്ള ഒരു ശാഖാഭവനത്തിലാണ് സംരക്ഷിക്കുന്നത്. ശാരീരികവൈകല്യങ്ങൾ മറന്ന് പാട്ടുപാടുന്നവരും നൃത്തംചെയ്യുന്നവരും ഇന്നിവിടെ ധാരാളമുണ്ട്.

ദൈവപരിപാലനയിൽ മാത്രം ആശ്രയിച്ച് ദിവ്യബലിയിൽ നിന്നും നിരന്തരമായ പ്രാർത്ഥനയിൽനിന്നും ശക്തി സംഭരിച്ച് ആതുരശുശ്രൂഷ, വചനപ്രഘോഷണം, കുടുംബപ്രേഷിതത്വം ഇവ നടത്തുകയാണ് ഈ സമൂഹത്തിന്റെ പ്രത്യേക സിദ്ധി. ഈ സമൂഹത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോസഫ് കൊത്തൊലെംഗോയുടെ വാക്കുകൾ ശ്രദ്ധിക്കുക. "ദൈവപരിപാലനയുടെ ചെറുഭവനത്തിൽ ദിവ്യബലിയും ദിവ്യകാരുണ്യ ആരാധനയും ആണ് രണ്ടുപ്രധാന ശക്തിസ്രോതസ്സുകൾ."

മന്ദബുദ്ധികൾ, വികലാംഗർ, തളർവാതരോഗികൾ, അപസ്മാരരോഗികൾ, വഴിയോരങ്ങളിലൂടെ അലയുന്ന മാനസികരോഗികൾ എന്നിങ്ങനെയുള്ള പാവങ്ങളാണ് ഈ സമൂഹത്തിന്റെ പ്രത്യേക പരിഗണയർഹിക്കുന്നവർ. ആർക്കും വേണ്ടാത്തവർ ഈ സമൂഹത്തിന്റെ സ്വന്തമാണ്. ഈ സമൂഹത്തിന് ഭൂസ്വത്തോ മറ്റുവരുമാനമാർഗ്ഗങ്ങളോ ഇല്ല. അനേകം ബിരുദധാരികൾ ഈ സമൂഹത്തിൽ ഉണ്ടെങ്കിലും ആരുംധനസമ്പാദനത്തിനായി ശ്രമിക്കാറില്ല. ഈ ഭവനത്തിൽ വേലക്കാരായി ആരും ഇല്ല. എല്ലാ ജോലികളും

www.malankaralibrary.com

സന്യാസിനികൾ തനിയെ നിർവ്വഹിക്കുന്നു. എല്ലാം ദൈവപരിപാലനയിൽ ആശ്രയിച്ച കഴിയുന്നു. രാത്രിയും പകലും ഇടമുറിയാതെ നടത്തുന്ന ദിവ്യ കാരുണ്യആരാധന ഈ സമൂഹത്തിന്റെ വലിയ ശക്തി കേന്ദ്രമാണ്. ലോകം മുഴുവനുംവേണ്ടി എല്ലാ സമയവും ഇവിടെനിന്നും പ്രാർത്ഥന ഉയരുന്നു. ആത്മീയവും ഭൗതീകവുമായി തകർന്ന ഭവനങ്ങൾ സിസ്റ്റേഴ്സ് സന്ദർശിച്ച് അവരെ ഉദ്ധരിച്ച് കുടുംബപ്രേഷിതത്വം നിർവ്വഹിക്കുന്നു. വ്യക്തികളുടെയും കുടുംബങ്ങളുടെയും നവീകരണത്തിനായി ധ്യാനങ്ങൾ, പ്രാർത്ഥനായോഗ ങ്ങൾ, കൗൺസിലിംഗ് മുതലായവ നടത്തുകയും ഇടവകയിലെ വിവിധ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുന്നു. സണ്ടേ സ്കൂൾ, മിഷൻലീഗ്, ബി.സി.സി. കൂട്ടായ്മ, കുട്ടികളുടെ പ്രാർത്ഥനാകൂട്ടാ യ്മ, ദേവാലയത്തിന്റെ ആരാധനാ ശുശ്രൂഷകൾ എന്നിവയ്ക്കെല്ലാം സിസ്റ്റേഴ്സ് നേതൃത്വം നൽകുന്നു.

ഒരു അടിസ്ഥാന ജീവിത നവീകരണം ജനങ്ങളിൽ ഉണ്ടാകുന്നതിനു വേണ്ടി വചനപ്രഘോഷണം ഈ സന്യാസസമൂഹം പ്രത്യേക സിദ്ധിയായി സ്വീകരിച്ചിരിക്കുന്നു. മാതൃഭവനത്തോട് ചേർന്നുള്ള പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ എല്ലാമാസവും നവീകരണ ധ്യാനങ്ങൾ നടത്തുന്നു. വി. കുർബ്ബാന കുമ്പസാരം, കൗൺസിലിംഗ് തുടങ്ങിയ വ്യത്യസ്തവിഷയ ങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വചനശുശ്രൂഷ ഇവയിലൂടെ ആളുകളിൽ ഒരു നവോത്ഥാനം ഉളവാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. അവധികാ ലങ്ങളിൽ കുട്ടികൾക്കുവേണ്ടി ക്രിസ്റ്റീൻ ധ്യാനം, എസ്.എസ്.എൽ.സി. മീറ്റ് തുടങ്ങിയവയും നടത്തുന്നു.

1978 ൽ വാടകവീട്ടിൽ ആരംഭിച്ച ഈ സമൂഹത്തിന് ചങ്ങനാശ്ശേരി അതിരൂപതയിൽനിന്നും ലഭിച്ച ഒരേക്കർ സ്ഥലത്ത് അനേകരുടെ സഹായ ത്തോടെ ഒരു ഭവനം പണിയുവാൻ സാധിച്ചു. ഈ ഭവനത്തിന് ഇപ്പോൾ 11 ശാഖാഭവനങ്ങളുണ്ട്. സമൂഹത്തിൽ 120 സിസ്റ്റേഴ്സും 30 അർത്ഥിനികളും ഇപ്പോൾ ഉണ്ട്. വിവിധ ഭവനങ്ങളിലായി 650 ഓളം രോഗികൾ സംരക്ഷിക്ക പ്പെടുന്നുണ്ട്. 2001 സെപ്റ്റംബർ 8-ാം തീയതി ഈ ഭക്തസമൂഹം അതിരൂ പത കോൺഗ്രിഗേഷനായി ഉയർത്തപ്പെട്ടു. 2003 ൽ ഈ സമൂഹത്തിന്റെ സിൽവർ ജൂബിലി ആഘോഷിച്ചു.

രണ്ടാം മദർതെരേസ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഈ അഗതികളുടെ അമ്മയെ സിസ്റ്റർ ഡോ. മേരി ലിറ്റിയെതേടി ധാരാളം അവാർഡുകളും പുരസ്കാരങ്ങളും എത്തിയിട്ടുണ്ട്. ബോധനപുരസ്കാർ, ആർച്ചു ബിഷപ്പ് മാർ ബെനഡിക്ട് ഗ്രിഗോറിയോസ് ഫൗണ്ടേഷൻ പുര സ്കാർ, വി.കെ. കുര്യൻ മെമ്മോറിയൽ പുരസ്കാർ, റിവർവാലി ജേസീ സിന്റെ പ്രത്യേക പുരസ്കാർ എന്നിവ ഇവയിൽ ചിലതാണ്. 2004 – 2005 ലെ ശിശുക്ഷേമപ്രവർത്തനങ്ങൾക്കുള്ള കേന്ദ്രഗവൺമെന്റിന്റെ ദേശീയ അവാർഡ് മദറിന്റെ സേവനങ്ങൾക്കുള്ള അംഗീകാരമായി കേന്ദ്രമന്ത്രി

www.malankaralibrary.com

അർജുൻസിംഗ് മദറിന് സമ്മാനിച്ചു. വിവിധ സംഘടനകളും പുരസ്കാരങ്ങൾ നൽകി ആദരിച്ചിട്ടുണ്ട്.

ദൈവപരിപാലന അനുഭവിക്കാനുള്ള വ്യവസ്ഥകളെപ്പറ്റി വി.ജോസഫ് കൊത്തൊലെംഗോയുടെ വാക്കുകൾ ശ്രദ്ധിക്കുക. (1) നമ്മിൽ പാപം ഇല്ലാതിരിക്കുക, (2) ദൈവപരിപാലനയിൽ ഒരുനിമിഷംപോലും അവിശ്വസിക്കാതിരിക്കുക, (3) ഒരു കുടിൽപോലും ഒഴിവാക്കി ഇടാതിരിക്കുക, ഉള്ള സൗകര്യം പരമാവധി ഉപയോഗിച്ച് പാവങ്ങളെ സഹായിക്കുക.

ഈ വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുന്ന സന്യാസ സമൂഹം തുമ്പച്ചെടിയായി തുടങ്ങിയതാണ്. ഈ സമൂഹത്തെ നാളെ ഒരു വൻവടവൃക്ഷമാക്കി വളർത്തട്ടെ. സി.ഡോ. മേരി ലിറ്റിയുടെ നേതൃത്വം അതിന് സഹായകരമാകുമെന്ന് വിശ്വസിക്കാം.

വിലാസം - സി.ഡോ. മേരി ലിറ്റി, മദർ, ദൈവപരിപാലനയുടെ ചെറിയദാസികൾ, കുന്നന്താനം പി.ഒ., പത്തനംതിട്ട ജില്ല.

# 189

# അഗസ്റ്റിൻ ഇല്ലിക്കൽ



മതാദ്ധ്യാപനരംഗത്ത് നീണ്ട അരനൂറ്റാണ്ടിലധികം കാലം നിസ്തുല സേവനം അനുഷ്ഠിച്ച് നിരവധി അവാർഡുകൾക്കർഹനായ ശ്രീ അഗസ്റ്റിൻ ഇല്ലിക്കൽ രാമപുരം വില്ലേജിൽ കൂടപ്പലം എന്ന സ്ഥലത്ത് ഇല്ലിക്കൽ കുടുംബത്തിൽ ആഗസ്റ്റി കാതറൈൻ ദമ്പതികളുടെ മക്കളിൽ ഒരുവനായി 1935 ആഗസ്റ്റ് 14-ാം തീയതി ജനിച്ചു, മരങ്ങാട്ടുപള്ളിയിൽ ആണ്ടൂർനിന്നും രാമപുരത്തേക്ക് 1890-ൽ കുടിയേറിപാർത്ത കുടുബമാണ് ഇല്ലിക്കൽ. ഇവർ സൗജന്യമായികൊടുത്ത സ്ഥലത്ത് ഇല്ലിക്കൽ പള്ളിക്കൂടം എന്നപേരിൽ ഒരു പ്രൈമറിസ്ക്കൂൾ ഇന്നും പ്രവർത്തിക്കുന്നുണ്ട്. മാതാപിതാക്കളും സഹോദരങ്ങളും കർഷകരായിരുന്നു.

പ്രാഥമിക വിദ്യാഭ്യാസം കൂടപ്പലം ഗവൺമെന്റ് എൽ. പി.സ്ക്കൂളിലും തുടർന്ന് ഹൈസ്ക്കൂൾ വിദ്യാഭ്യാസം 8 കിലോമീറ്റർ അകലെയുള്ള രാമപുരം അഗസ്റ്റിൻസ് ഹൈസ്ക്കുളിലുമായിരുന്നു. പ്രസംഗത്തിനും പ്രച്ഛന്നവേഷമത്സരങ്ങളിലും, നാടകമത്സരങ്ങളിലും വിദ്യാഭ്യാസകാലത്തുതന്നെ നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. പിന്നീട് ഗെയിംസിലും സ്പോർട്സിലും മികവ് കാട്ടിയ ആഗസ്റ്റി സ്ക്കൂളിലെ ജനറൽ ക്യാപ്റ്റൻ ആയിരുന്നു. സ്പോർട്സിൽ 3000മീറ്റർ, 5000 മീറ്റർ ,10000 മീറ്റർ ക്രോസ്കൺട്രി എന്നിവയിൽ സമ്മാനങ്ങൾനേടിയിരുന്നു. ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ്

www.malankaralibrary.com

ബോൾ, ബാഡ്മെന്റൻ എന്നിവയിലും നല്ല പ്രാഗത്ഭ്യം കാട്ടിയിരുന്നു. ഫുട്ബോൾ കളിയിലായിരുന്നു ഏറ്റം താല്പര്യം. അഗസ്റ്റിൻ ജനറൽ ക്യാപ്റ്റനായിരുന്ന കാലത്ത് സമീപ പ്രദേശങ്ങളിലെ സ്ക്കൂളികളിൽ പോയി സ്ക്കൂൾ ടീം മത്സരിക്കുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്. 1956-ൽ എറണാകുളം തേവരകോളേജ് ഗ്രൗണ്ടിൽ വച്ച് നടത്തപ്പെട്ട തിരു- കൊച്ചി സംസ്ഥാനകായിക മത്സരത്തിൽ 5000 മീറ്റർ ഓട്ടത്തിൽ ഒന്നാം സ്ഥാനവും വെള്ളിമെഡലും നേടി (അന്ന് സ്വർണ്ണമെഡൽ ഇല്ലായിരുന്നു). വിജയിയായി സ്ക്കൂളിൽ എത്തിയ അഗസ്റ്റിന് ഗംഭിരസ്വീകരണമാണ് ലഭിച്ചത്. സ്ക്കളിൽ സോഷ്യൽ സർവ്വീസ് ലീഗ് സംഘടന പ്രവർത്തിക്കുകയും നിരവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിരുന്നു. മൂന്ന് വർഷക്കാലം ഈ സംഘടനയുടെ സെക്രട്ടറിയായിരുന്നു അഗസ്റ്റിൻ.

1952-ൽ മതബോധനരംഗത്ത് അദ്ധ്യാപകനായി കൂടപ്പലം സണ്ടേസ്ക്കളിൽ ചേർന്നു. അങ്ങനെ ഹൈസ്ക്കൂൾവിദ്യാർത്ഥി അദ്ധ്യാപകനായി 1957 -ൽ സ്ക്കൂളിലെ മാതൃകവിദ്യാർത്ഥിയായി അഗസ്റ്റിനെ തിരഞ്ഞെടുത്തിരുന്നു. തുടർന്ന് പാലാ സെന്റ് ജോസഫ് മിഷൻ ഹോമിൽ ചേർന്ന് ഒരു വർഷക്കാലം ഇംഗ്ലീഷും ലത്തീനും പഠിച്ചു. അക്കാലത്ത് മിഷൻ കേന്ദ്രങ്ങളെപ്പറ്റിയും മിഷൻ പ്രവർത്തനത്തെപ്പറ്റിയും കൂടുതൽ പഠിക്കാൻ സാധിച്ചു. 1959-ൽ കൂടപ്പലത്തുനിന്നും മലബാറിലെ നെല്ലിക്കാംപൊയിൽ എന്ന സ്ഥലത്തേക്ക് കുടിയേറി. 1961-ൽ എടൂർ ഇടവകയിലേക്കും 27 വർഷത്തിനുശേഷം വീണ്ടും നല്ലിക്കാംപൊയിലേക്കും താമസം മാറ്റി.

1961-ൽ അദ്ധ്യാപകജോലിയിൽ പ്രവേശിക്കുകയും പിന്നീട് ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് വിജയിക്കുകയും ചെയ്തു. തുടർന്ന് നെല്ലിക്കാംപൊയിൽ, ഉളിക്കൽ, എന്നീ സ്ക്കൂളുകളിൽ സേവനം അനുഷ്ഠിച്ചു. അവിടെനിന്നും ഹെഡ്മാസ്റ്റർ ആയി പ്രൊമോഷൻ ലഭിച്ച അഗസ്റ്റിൻ വിളക്കാം തോട്, പേരട്ട എന്നീ സ്ക്കൂളുകളിൽ പ്രവർത്തിച്ചു. 1990-ൽ സർവ്വീസിൽ നിന്നുപിരിഞ്ഞു.

കൂടപ്പലം സണ്ടേസ്ക്കുളിൽ മതാദ്ധ്യാപകനായി ജോലി നോക്കിയ അഗസ്റ്റിൻ മലബാറിൽ കുടിയേറിയതിനെ തുടർന്ന് തലശ്ശേരിരൂപതയിലും പല ഇടവകകളിലും മതാദ്ധ്യാപകനായി പ്രവർത്തിച്ചു. തലശ്ശേരിരൂപതാദ്ധ്യക്ഷൻ മാർ വള്ളോപ്പിള്ളി തിരുമേനിക്ക് അഗസ്റ്റിന്റെ മതാദ്ധ്യാപകരംഗത്തെ പ്രവർത്തനങ്ങളെപ്പറ്റി അറിയാമായിരുന്നു. മലബാറിലും ആപ്രവർത്തനം തുടരുകയെന്ന തിരുമേനിയുടെ അഭിപ്രായം അഗസ്റ്റിൻ സ്വീകരിച്ചു. അന്ന് നെല്ലിക്കാംപൊയിലിൽ അദ്ധ്യാപകരുടെ കുറവുകാരണം വേദപാഠക്ലാസ്സുകൾ ശരിക്ക് നടന്നിരുന്നില്ല. മതാദ്ധ്യാപനത്തിന് തയ്യാറായി അഗസ്റ്റിൻ രംഗത്തുവന്നതോടെ ആ രംഗം സജീവമായി. നെല്ലിക്കാംപൊയിലിൽ നിന്ന് പന്ത്രണ്ട് കിലോമീറ്റർ ദൂരത്തിലാണ് എടൂർ. അവിടെ താമസിച്ചിരുന്നപ്പോഴും നെല്ലിക്കാംപൊയിലിൽവന്ന് വേദപാഠക്ലാസ്സുകൾ എടുത്തിരുന്നു.

www.malankaralibrary.com

നെല്ലിക്കാംപൊയിൽ സണ്ടേ സ്ക്കുളിൽ ഒരു മണിവരെ ക്ലാസ്സെടുത്തശേഷം എട്ടുകിലോമീറ്റർ കാട്ടുപാതയിലൂടെ നടന്ന് മാടത്തിൽ സൺഡേസ്ക്കൂളിലെത്തി മൂന്ന് മണിമുതൽ നാലരവരെ നാലുവർഷക്കാലം മതബോധനം നടത്തിയിരുന്നു. അതുപോലെതന്നെ നല്ലിക്കാംപൊയിൽ സൺഡേ സ്ക്കൂളിൽ പന്ത്രണ്ടു മണിവരെ സമ്മർക്ലാസ്സ് എടുത്തശേഷം പതിനഞ്ചുകിലോമീറ്റർ നടന്ന് എടൂർസൺഡേ സ്ക്കൂളിൽഎത്തി മൂന്ന് മണിമുതൽ അഞ്ചുമണിവരെ സമ്മർക്ലാസ്സിൽ ഒരുകൊല്ലംപഠിപ്പിച്ചിരുന്നു. ഇപ്പോഴും മതപഠനത്തിൽ ശ്രദ്ധകേന്ദ്രീകരിച്ച് പ്രവർത്തിക്കുകയാണ്. ശ്രീ മാത്യൂ കണ്ടത്തിൽ പറയുന്നു "ഇത്ര സമർപ്പണ ബോധത്തോടെ മതാദ്ധ്യായനരംഗത്ത് പ്രവർത്തിക്കുന്ന മറ്റാരെയും കാണാൻ സാധിക്കുകില്ല . ഞായറാഴിച്ചദിവസങ്ങളിലെ എല്ലാ കുർബ്ബാനകൾക്കും വന്ന് സംബന്ധിക്കുകയും രക്ഷാകർത്താക്കളെ കണ്ട് അവരുമായി മക്കളുടെ മതപഠനത്തെപ്പറ്റി സംസാരിക്കുയും ചെയ്തു. അഗസ്റ്റിൻ ഇല്ലിക്കല്ന്റെ സേവനം ശരിക്ക് ആരും വിലയിരുത്തപ്പെട്ടിട്ടില്ല അതാണ് സത്യം."

തലശ്ശേരിരുപതാവിശ്വാസപരിശിലന കൗൺസിലിലെയും പാസ്റ്ററൽ കൗൺസിലിലെയും അംഗമായ അഗസ്റ്റിൻ ചെറുപുഷ്പമിഷൻ ലീഗിന്റെ സ്ഥാപനം മുതൽ ആസംഘടനയിൽ പ്രവർത്തിച്ചുരുന്നു. മിഷ്യൻ ലീഗ്, വിൻസന്റ് പോൾ തുടങ്ങിയ സംഘടനകളിൽ, ശാഖാ ഫൊറോനാ രൂപതാ തലങ്ങളിൽ ഉത്തരവാദിത്വമേറിയ പല സ്ഥാനങ്ങളും വഹിച്ചിരുന്നു. കഴിഞ്ഞ 25 വർഷമായി സണ്ടേ സ്ക്കൂൾ ഹെഡ്മാസ്റ്ററുമാണ് അഗസ്റ്റിൻ.

എൺപത് അടിയിൽ കൂടുതൽ താഴ്ചയുള്ള കിണറ്റിലേക്ക് വീണുപോയ കുട്ടിയെ കിണറ്റിലേക്ക് വടംകെട്ടിഎടുത്തുചാടി അത്ഭുതകരമായ വിധം രക്ഷിച്ച അഗസ്റ്റൻ സാർ, നെല്ലിക്കാംപോയിൽ തോട്ടിലെ കമുകിൻപാലം കടന്നുപോയ ഒരുകുട്ടിയെ ഉരുൾപൊട്ടിവന്ന മലവെള്ളം ആറ്റിലേക്ക് വലിച്ചെറിഞ്ഞപ്പോൾ കുത്തൊഴുക്കിലേക്ക് എടുത്തുചാടി രക്ഷപ്പെടുത്തി. ഈ രണ്ട് വീരകൃത്യങ്ങളുടെ പേരിൽ രാഷ്ട്രപതിയുടെ ധീരതയ്ക്കുള്ള അവാർഡും ലഭിക്കുകയുണ്ടായി. 1970 -ൽ രാഷ്ട്രപതി ജീവൻ രക്ഷാഅവാർഡും ക്യാഷും, മെഡലുകളും നൽകി അഗസ്റ്റിനെ ആദരിച്ചു. തുടർന്ന് നിരവധി അവാർഡുകളാണ് അഗസ്റ്റിനെ തേടിയെത്തിയത്. മതബോധനരംഗത്ത് സേവനം ചെയ്തതിന് 1985 ൽ തലശ്ശേരിരൂപതയിൽ നിന്നും ആദ്യമായി നല്കപ്പെട്ട രജതജൂബിലി അവാർഡും, ദേശീയസമ്പാദ്യപദ്ധതിയിലേക്ക് എറ്റം കൂടുതൽ തുക സമാഹരിച്ചതിന് 1988-ലും 1990- ലും കേരളാഗവൺമെന്റിൽനിന്നും ഗുഡ് സർവ്വീസ് എൻട്രിയും ലഭിച്ചിട്ടുണ്ട്. 1990 -ൽ തലശ്ശേരി അതിരൂപതാ റഗുലർ സ്ക്കുളിലെ നല്ല മാതൃകാ അദ്ധ്യാപകനുള്ള അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി മെത്രാഭിഷേക രജത ജൂബിലി അവാർഡും ഫലകവും കാഷും അഗസ്റ്റിന് ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം നൽകി ആദരിക്കുകയുണ്ടായി.


www.malankaralibrary.com

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് ശ്രീ.ഒ.എം.ജോൺ ഓലിക്കലിന്റെ പേരിൽ അഖിലകേരളാടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ ഒ.എം. ജോൺ ഓലിക്കൽ അവാർഡ് ക്രിസ്തുജയന്തി 2000–ൽ കർദ്ദനാൾ മാർ വർക്കി വിതയത്തിൽ അഗസ്റ്റിന് സമ്മാനിക്കുകയുണ്ടായി. 2000–ൽ മാർപ്പാപ്പായിൽനിന്നും ആശീർവ്വാദ അംഗീകാര സർട്ടിഫിക്കറ്റും ലഭിക്കുകയുണ്ടായി. മതബോധനരംഗത്ത് 50 വർഷം പൂർത്തിയാക്കിയവർക്ക് തലശ്ശേരി രൂപത ഏർപ്പെടുത്തിയ സുവർണ്ണ ജൂബിലി അവാർഡും 2002 ൽ അഗസ്റ്റിന് ലഭിച്ചു. 2005ൽ തലശ്ശേരി അതിരൂപതയിലെ ഏററം നല്ല മതാദ്ധ്യാപകനുള്ള കെ.സി.ബി.സി. അവാർഡും കാഷും ഫലകവും ആർച്ച് ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിലിൽ നിന്നും ഏററുവാങ്ങി.

അഗസ്റ്റിന് ലഭിച്ച അവാർഡുകളുടെയെല്ലാം ഓർമ്മക്കായി കുട്ടികളെയും മാതാദ്ധ്യാപകരെയും മതബോധനരംഗത്തും സന്മാർഗ്ഗരംഗങ്ങളിലും പ്രവർത്തിക്കുന്നവരെയും പ്രോത്സാഹിപ്പിക്കുന്നതിനായി എട്ട് എൻഡോവ്മെന്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പാവപ്പെട്ടവർക്കുള്ള ഭവന നിർമ്മാണം, രോഗീസഹായം, സാധുക്കൾക്ക് വസ്ത്രം, ഭക്ഷണം മുതലായവ നൽകുന്നതിനും ഒരു എൻഡോവ്മെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. ആകെ 52000 രൂപായുടെ എൻഡോവ്മെന്റുകളാണ് വിവിധ തലങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്നത്. ശ്രീ അഗസ്റ്റിന്റെ ജീവകാരുണ്യപ്രവർത്തനങ്ങൾ പ്രത്യേകം എടുത്തു പറയേണ്ടതാണ്. ഓരോ വർഷവും ആദ്യകുർബ്ബാന സ്വീകരിക്കുന്ന മുഴുവൻ കുട്ടികൾക്കും ബൈബിൾ, കുർബ്ബാന പുസ്തകം, കൊന്ത എന്നിവ അഗസ്റ്റിൻ പതിവായി നൽകി വരുന്നു. മാരകമായ രോഗം പിടിപെട്ടവരെ നേരിട്ട് സന്ദർശിക്കുകയും ചികിത്സാസഹായം നൽകുകയും ചെയ്യുന്നതിൽ അഗസ്റ്റിൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്നുണ്ട്. മന്ദബുദ്ധികളും അംഗവൈകല്യമുള്ളവരും ആലംബഹീനരുമായ കുട്ടികൾക്ക് ചികിത്സയ്ക്കും ഭക്ഷണത്തിനും ഭവനനിർമ്മാണത്തിനും വസ്ത്രത്തിനുമായി സഹായം നൽകുന്നതിനും അഗസ്റ്റിൻ ശ്രദ്ധിക്കുന്നുണ്ട്. ദളിതരുടെ മോചനത്തിനുവേണ്ടി ജീവിതകാലം മുഴുവൻ പ്രവർത്തിച്ച കുഞ്ഞച്ചനോട് സഹകരിച്ച് പ്രവർത്തിക്കുവാനും കുഞ്ഞച്ചനോടൊപ്പം പുലയരുടെ കുടിലുകൾ സന്ദർശിക്കാനും അഗസ്റ്റിൻ തയ്യാറായിട്ടുണ്ട്. ആ ചൈതന്യമാണ് ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് എന്നും നേതൃത്വം നൽകുന്ന - മതാദ്ധ്യാപനരംഗത്തെ അതികായകൻ - ഇന്നും വിശ്രമമില്ലാതെ തന്റെ പ്രവർത്തനങ്ങൾ തുടരുകയാണ്.

വിലാസം - അഗസ്റ്റിൻ ഇല്ലിക്കൽ, ഉളിക്കൽ പി.ഒ., കണ്ണൂർ

www.malankaralibrary.com



# 190

# മേജർ ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയോസ്

പുനരൈക്യ പ്രസ്ഥാനത്തിന്റെ സംസ്ഥാപനത്തിൽ അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ഇവാനിയോസ് തിരുമേനിയോടൊപ്പം പ്രവർത്തിച്ച ഒരു അൽമായ പ്രമുഖനാണ് പന്തളത്ത് ഉള്ളന്നൂർ മലഞ്ചെരുവിൽ വർഗ്ഗീസ് മത്തായി സാർ. പകലോമറ്റംകുടുംബത്തിലെ ഒരു ശാഖയാണ് മലഞ്ചെരുവിൽ കുടുംബം. മലങ്കര സഭയ്ക്ക് അതിപ്രഗത്ഭരായ പല വൈദികരെയും സന്യാസികളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്യുവാൻ ഈ കുടുംബത്തിനു സാധിച്ചു.

മലഞ്ചെരുവിൽ മത്തായി സാറിന്റെ ഭാര്യ മെഴുവേലിയിലെ പുരാതന കുടുംബമായ മുള്ളനാകുഴി എലിയാമ്മയാണ്. മത്തായി ഏലിയാമ്മ ദമ്പതികൾക്ക് 11 മക്കളായിരുന്നു. ആദ്യ ജാതയായ പെൺകുട്ടി ചെറുപ്പത്തിലെ മരിച്ചു. ബാക്കി ശേഷിച്ച നാലു പെൺ മക്കളും ബഥനി സന്യാസിനി സമൂഹത്തിലെ അംഗങ്ങളാണ്. ആറ് ആൺ മക്കളിൽ മൂന്നു പേരും വൈദികരാണ്. മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പും കാതോലിക്കാ ബാവയുമായ സിറിൽ മാർ ബസേലിയോസ് തിരുമേനി നാലാമത്തെ മകനാണ്. 1935 ആഗസ്റ്റ് 16 ന് ആണ് അദ്ദേഹം ജനിച്ചത്. ജ്ഞാനസ്നാന പേര് ജെയിംസ് എന്നായിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 16-ാമത്തെ വയസ്സിൽ ബഥനി മിശിഹാനുകരണ സെമിനാരിയിലും പൂനെ പൊന്തിഫിക്കൽ സെമിനാരിയിലുമായി വൈദികപഠനം പൂർത്തിയാക്കി. 1960 ഒക്ടോബർ നാലിന് കർദ്ദനാൾ അഗാജീനിയായിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. തുടർന്ന തിരുവനന്തപുരത്തും സമീപ പ്രദേശങ്ങളിലുമായി പൗരോഹിത്യ ശുശ്രൂഷ നടത്തി. പിന്നീട് റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും കാനൻ നിയമത്തിൽ സ്വർണ്ണ മെഡലോടെ ഡോക്ടറേറ്റ് കരസ്ഥമാക്കി. അമേരിക്കയിലെ സെന്റ് ജോൺസ് യൂണിവേഴ്സിറ്റിയിൽ നിന്നും ഒന്നാം റാങ്കോടെ മനഃശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം കരസ്ഥമാക്കി. ഈ കാലഘട്ടത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ നടക്കുന്ന കാലമായതിനാൽ ചരിത്രപ്രധാനമായ പല സംഭവങ്ങൾക്കും സാക്ഷിയാകാൻ സാധിച്ചു.

വടവാതൂർ അപ്പസ്തോലിക് സെമിനാരിയിലും ആലുവായിലെയും പൂനയിലെയും പൊന്തിഫിക്കൽ സെമിനാരികളിലും പ്രൊഫസ്സറായി അദ്ദേഹം സേവനം അനുഷ്ഠിച്ചു. പൗരസ്ത്യ സഭയുടെ കാനൻ ലോ പരിഷ്കരണ പൊന്തഫിക്കൽ കമ്മീഷനിലെ കൺസൾട്ടറായും ബഥനി

www.malankaralibrary.com

സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായും ഓർത്തഡോക്സ് സഭ കളുമായി സംവാദം നടത്തുന്നതിനായി രൂപീകരിച്ച പൊന്തിഫിക്കൽ കമ്മീ ഷനിൽ അംഗമായും കോൺഗ്രഗേഷൻ ഫോർ ദി ഓറിയന്റൽ ചർച്ചസിന്റെ മെമ്പറായും അദ്ദേഹം സേവനം അനുഷ്ഠിച്ചു.

തിരുവല്ലാ രൂപത വിഭജിച്ച് ബത്തേരി രൂപത സ്ഥാപിച്ചപ്പോൾ അതിന്റെ പ്രഥമ മെത്രാനായി പരിശുദ്ധ സിംഹാസനം നിയോഗിച്ചത് സിറിൽ മാർ ബസേ ലിയോസിനെയാണ്. 1978 നവംബർ 18 ന് ആയിരുന്നു നിയമനം. കേരളത്തിലെ വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലും കർണ്ണാ ടക സംസ്ഥാനത്തിലെ മൈസൂർ, മാണ്ഡ്യ, കുർഗ്, ഹസ്സർ, ചിക്മല്ലൂർ, സൗത്ത് കാനറ, ഷിമോഗാ എന്നീ ജില്ലകളും തമിഴ്നാട്ടിലെ നീലഗിരി ജില്ലയും ബത്തേരി രൂപതയിൽ ഉൾപ്പെട്ടിരുന്നു. 23431 മലങ്കര കത്തോലിക്കർ ഈ രൂപതയിലുണ്ട്. അവരുടെ സംസാര ഭാഷ മലയാളം, തമിഴ്, കന്നട, ഇംഗ്ലീഷ് എന്നിവയാണ്. ഭാരതത്തിന്റെ സംസ്കാരിക പൈതൃകത്തിൽ അടിയുറച്ച് വിശ്വസിച്ച് പ്രവർത്തിച്ച സിറിൽ മാർ ബസേലിയോസ് തിരുമേനി ബത്തേരി രൂപതയെ ഇല്ലായ്മയിൽ നിന്നും പടുത്തുയർത്തി.

മലങ്കര സഭയുടെ തലവനും തിരുവനന്തപുരം രൂപതയുടെ മെത്രാ പ്പൊലീത്തയുമായിരുന്ന ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി ദിവംഗതനായതോടെ 1995 നവംബർ 6-ാം തിയതി മലങ്കര സഭ യുടെ തലവനും തിരുവനന്തപുരം ആർച്ച് ബിഷപ്പുമായി സിറിൽ മാർ ബസേ ലിയോസ് നിയമിതനായി. തുടർന്നിങ്ങോട്ട് മലങ്കര സഭയുടെ വളർച്ച ഉജ്ജ്വ ലമായിരുന്നു. മാർത്താണ്ഡം, മുവാറ്റുപുഴ എന്നീ രണ്ടു രൂപതകൾ കൂടി മലങ്കര സഭക്ക് ലഭിച്ചു. ബാഹ്യകേരള ഇടവകയുടെ പ്രവർത്തനത്തിന് നേതൃത്വം വഹിക്കുവാൻ ഒരു സഹായമെത്രാനെ നിയമിച്ചു.

1996-99 വരെ കേരളാ കാത്തലിക് ബിഷപ്പ്സ് കൗൺസിൽ പ്രസിഡ ണ്ടായും 1999 മുതൽ 2004 വരെ സി.ബി.സ.ഐ പ്രസിഡണ്ടായും (രണ്ടു തവണ) അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. പൗരസ്ത്യസഭകളുടെ തിരുസം ഘത്തിലെ സ്ഥിരാംഗമായി 2003 മുതലും സി.ബി.സി.ഐ. യുടെ വൈസ് പ്രസിഡണ്ടായി 2004 മുതലും അദ്ദേഹം പ്രവർത്തിക്കുന്നു. ഏഷ്യൻ കത്തോ ലിക്കാ മെത്രാൻ സമിതിയുടെ ഉന്നതാധികാര സമതിയിലും അദ്ദേഹം അംഗ മാണ്.

2005 ഫെബ്രുവരി 10-ന് മാർ ബസേലിയോസ് തിരുമേനി സീറോ-മ ലങ്കര സഭയുടെ മേജർ ആർച്ചു ബിഷപ്പും കത്തോലിക്ക ബാവയുമായി നിയമിതനായി. പൗരസ്ത്യ കത്തോലിക്ക സഭയിൽ മേജർ ആർച്ച് ബിഷപ്പ് പദവിയിലേക്ക് ഉയർത്തപ്പെടുന്ന മൂന്നാമത്തെ സഭയാണ് സീറോ-മലങ്കര കത്തോലിക്ക സഭ. യുക്രേനിയൻ സഭയ്ക്കും സീറോ-മലബാർ സഭ യ്ക്കുമാണ് ഈ സ്ഥാനം ഇതിന് മുൻപ് ലഭിച്ചിട്ടുള്ളത്. വ്യക്തിഗത സഭ കൾക്ക് ലഭിക്കാവുന്ന പരമോന്നത പദവികളിലൊന്നാണ് മേജർ ആർക്കിഎപ്പി

www.malankaralibrary.com

സ്കോപ്പൽ പദവി. 2005 ഏപ്രിൽ 7 നായിരുന്നു സ്ഥാനാരോഹണം.

1969–ൽ ബാംഗ്ലൂർ നടന്ന ഇന്നത്തെ ഇന്ത്യയിലെ സഭ ദേശീയ സെമിനാറിൽ വ്യക്തിഗത സഭകളുടെ കൂട്ടായ്മയാണ് കാത്തലിക്ക സഭ എന്ന ആശയം അവതരിപ്പിച്ച് സഭയിൽ ശ്രദ്ധേയനായ ആർച്ച് ബിഷപ്പ് സഭകളുടെ കൂട്ടായ്മയുടെ ശക്തനായ വക്താവും സഭൈക്യ ശില്പിയുമാണ്. ആരാധനാക്രമം, സഭാ നിയമം, സഭാ വിജ്ഞാനീയം എന്നിവയിൽ പണ്ഡിതനും നൂതനമായ കാഴ്ചപ്പാടുകളുള്ള വ്യക്തിത്വമാണ് തിരുമേനിക്കുള്ളത്. ഭാരത കത്തോലിക്കാസഭയിൽ വ്യക്തിഗത സഭകൾക്കുള്ള അംഗീകാരത്തിനും സാർവ്വത്രിക കൂട്ടായമയ്ക്കും ശക്തമായ നിലപാടെടുത്ത തിരുമേനിയുടെ ദർശന വ്യക്തത പരക്കെ അംഗീകരിക്കപ്പെട്ടുള്ളതാണ്. ഭാരത സംസ്കാരത്തിന്റെ ഉജ്ജ്വല വക്താവും മത സൗഹാർദ്ദത്തിന്റെ പ്രചോദകനും എല്ലാ മത നേതാക്കളെയും ബഹുമാനിക്കുന്നതിൽ ഏറെ തല്പരനുമാണ് ദാർശനികനായ പിതാവ്.

2003–ൽ മലങ്കര കത്തോലിക്ക സഭയിലെ മെത്രാന്മാർ തങ്ങളുടെ മേലദ്ധ്യക്ഷനായ ബാവയോടൊപ്പം പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പയെ സന്ദർശിച്ച അവസരത്തിൽ പരിശുദ്ധ പിതാവ് "മലങ്കര കത്തോലിക്ക സഭ ഏറ്റവും വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന സഭയാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഈ പ്രശംസ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ നേതൃത്വ വൈഭവത്തിനുള്ള അംഗീകാരമാണ്.

ഓരോ സഭയുടെയും വിശ്വാസചാരങ്ങളുടെ തനിമയുടെ പാരമ്പര്യങ്ങളും നിലനിർത്താൻ ഓരോ സഭയ്ക്കും തനിമായർന്ന ഭരണ സംവിധാനവും നേതൃത്വവും ആവശ്യമാണ്. സഭയുടെ വ്യക്തി സമ്പത്തും പൈതൃകവും സംരക്ഷിച്ച് പരിപോഷിപ്പിക്കാൻ വളർച്ചയുടെ പാതയിൽ മുന്നേറുവാൻ സ്വയം ഭരണാവകാശമുള്ള ഒരു ഭരണ സംവിധാനം നിലവിൽ വരണം. സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ ചേർന്നു നിന്നു കൊണ്ട് പൊതു നിയമങ്ങളാലും പ്രത്യേക നിയമങ്ങളാലും ഭരിക്കപ്പെടുന്ന സംവിധാനമാണ് ഇവിടെ അർത്ഥമാകുന്നത്. മലങ്കര കത്തോലിക്കാ സഭാ പാരമ്പര്യമനുസരിച്ച് ഇപ്പോൾ ലഭ്യമായിരിക്കുന്നതു മേജർ ആർച്ച് ബിഷപ്പ് സംവിധാനം ഇതു തന്നെയാണ്.

വിശ്വാസികളുമായി കർത്താവിന്റെ രക്ഷാകാര പദ്ധതിയിലെ വലിയ സാന്നിദ്ധ്യമായി മലങ്കര കത്തോലിക്കാ സഭ മാറിക്കൊണ്ടിരിക്കുന്നു. മലങ്കര കത്തോലിക്ക സഭയുടെ ഈ വളർച്ചയെക്കുറിച്ച് ആർച്ച് ബിഷപ്പ് മാർ ബസേലിയോസ്, മുവാറ്റുപുഴ രൂപതയുടെ സ്ഥാപനാവസരത്തിൽ ഐക്യദീപത്തിൽ തോമസ് ചാലാ മനമേൽ നടത്തിയ അഭിമുഖം പ്രസിദ്ധീകരിച്ചിരുന്നു. അതിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

"മലങ്കര സഭയുടെ ദൗത്യം പ്രത്യേകിച്ച് ഇപ്പോഴത്തെ സംഘർഷഭരിതമായ സാഹചര്യത്തിൽ ഒന്നു പ്രത്യേകമാണ്. പലരും ചിന്തിക്കും നമ്മളും

www.malankaralibrary.com

അവരും തമ്മിലുള്ള ഐക്യത്തിന് ഒരു മധ്യസ്ഥത വഹിക്കണമെന്ന്. എന്നാൽ മലങ്കര സഭയ്ക്ക് ചെയ്യാവുന്നത്, അവിഭക്തമായ മലങ്കര സഭയുടെ പൂർവ്വികമായ ശക്തിയിലേക്ക് മലങ്കര സഭയെ പൂർണ്ണമാക്കുക എന്നതാണ്. ഇന്നു കാണാവുന്ന ഒരു വിധത്തിലുള്ള ഭിന്നിപ്പും അതിനു പ്രയോജനപ്രദമല്ല. ഇന്നു കാണുന്ന ഭിന്നിപ്പും അതുകൊണ്ടുണ്ടായ സംഘർഷങ്ങളും ഒന്നും നമ്മുടെ മലങ്കര സഭയെ ശക്തിപ്പെടുത്തുന്നതല്ല. ഇതാണ് മലങ്കര കത്തോലിക്കാ സഭയ്ക്കു കൊടുക്കുവാനുള്ള ഏറ്റവും വലിയ സന്ദേശം. അവരും തമ്മിലുള്ള വഴക്കു തീർക്കുക എന്നതല്ല പ്രധാന പ്രശ്നം. മലങ്കര സഭയെ ശക്തിപ്പെടുത്തുന്നത് എങ്ങനെയാണ് എന്നതാണ്. ആ ദൗത്യം ഏറ്റെടുക്കാൻ മലങ്കര സഭ ഒന്നാകെ തയ്യാറാകണം ഒരു അപ്പസ്തോലിക സഭ എന്ന നിലയിൽ. അതിനിടയ്ക്കു വരുന്ന ഈ പ്രശ്നങ്ങളും ഒന്നുമല്ല പ്രധാന വിഷയം. അത് വന്നു കൊണ്ടിരിക്കും. അടിസ്ഥാനപരമായ ഈ പാഠമാണ്, നൽകാനുള്ളത്. അതിന്റെ സാക്ഷ്യമാണ് മലങ്കര കത്തോലിക്കാ സഭ. ചുരുക്കിപ്പറഞ്ഞാൽ സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ മലങ്കര സഭ അതിന്റെ യഥാർത്ഥ്യം സ്ഥിരപ്പെടുത്തുകയുള്ളൂ. തനിച്ചോ പലതായിട്ടോ ആ ദൗത്യം നിറവേറ്റാൻ സാധിക്കുകയില്ല. ഇതാണ് മലങ്കര കത്തോലിക്കാ സഭ നൽകുന്ന പാഠം. ഈ സഭയുടെ സാന്നിദ്ധ്യം ഈ പ്രദേശത്ത് ഇന്നു വളരെ പ്രസക്തവുമാണ്."


എക്യുമിനിക്കൽ പ്രസ്ഥാനരംഗത്തും ഇന്റർറിലീജിയസ് സംരഭങ്ങളിലും ശ്രദ്ധേയനായ മേജർ ആർച്ച് ബിഷപ്പ് തിരുമേനി ദൈവശാസ്ത്ര കമ്മീഷനിൽ അംഗവുമാണ്. അന്തർദേശീയ സമ്മേളനങ്ങളിൽ പല തവണ പങ്കെടുത്തിട്ടുള്ള തിരുമേനി നിരവധി ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. അതുപോലതന്നെ നിരവധി ലേഖനങ്ങളും ജനോവ, റോം, ടോക്കിയോ, ബാംങ്കോംക്ക്, ഇന്തോനേഷ്യ, ജറുസലേം, അർജന്റീനിയ, ജർമ്മനി, ന്യൂഡൽഹി തുടങ്ങി വിവിധ ദേശങ്ങളിൽ വച്ച് നടന്നിട്ടുള്ള അന്തർദേശീയ സമ്മേളനങ്ങളിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

Address- Major Arch Bishop Cyril Bar Baselious
Major Arch Bishops House Pattom,
Trivandrum.

www.malankaralibrary.com

# 191

# അഡ്വ. എ.പി. ജോർജ്ജ്



ക്രൈസ്തവദർശനങ്ങളിൽ പദമൂന്നിനിന്നുകൊണ്ട് സാമൂഹ്യസാംസ്കാരിക സാമുദായികമണ്ഡലങ്ങളിൽ നിസ്തുലസേവനം അനുഷ്ഠിക്കുന്ന ഒരു പ്രതിഭാശാലിയാണ് അഡ്വ. ഏ.പി. ജോർജ്ജ്. കറപുരളാത്ത ഒരു പൊതു ജീവിതത്തിന്റെ ഉടമയാണദ്ദേഹം.

ഇരിങ്ങാലക്കുടയിലെ പുരാതനവും പ്രസിദ്ധവുമായ അക്കരക്കാരൻ കുടുംബത്തിൽ കുഞ്ഞിപൈലോത് - റോസ ദമ്പതികളുടെ പുത്രനായി 1935 ഡിസംബർ 19-ാം തീയതി ജോർജ്ജ് ജനിച്ചു. പിതാവ് ഇരിങ്ങാലക്കുടയിലെ ഒരു വ്യവസായി ആയിരുന്നു. കേരളസഭയിൽ പരിവർത്തനത്തിന്റെ ശംഖുനാദം മുഴക്കിയ ഫാ. ആന്റണി അക്കരക്കാരന്റെയും ഫാ. ജോസ് അക്കരക്കാരന്റെയും ഇളയ സഹോദരനാണ് ജോർജ്ജ്. ആളൂർ ബററർ ലൈഫ് മൂവ്മെന്റിന്റെയും കേരളസഭാമാസികയുടെയും ആദ്യകാല പ്രവർത്തനങ്ങളിൽ സ്ഥാപകൻ ഫാ. ജോസ് അക്കരക്കാരനോടൊപ്പം സജീവമായി ശ്രീ ജോർജ്ജ് പ്രവർത്തിച്ചിരുന്നു.

ഇരിങ്ങാലക്കുട ബോയ്സ് സർക്കാർ സ്കൂളിലായിരുന്നു ഹൈസ്കൂൾ വിദ്യഭ്യാസം. തൃശൂർ സെന്റ് തോമസ് കോളേജിൽ നിന്നു ബി.എ. ഡിഗ്രിയും എറണാകുളം ലോ കോളേജിൽ നിന്നു ബി.എൽ. ഡിഗ്രിയും കരസ്ഥമാക്കി. വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ കലാസാഹിത്യപ്രവർത്തനങ്ങളിലും സംഘടനാപ്രവർത്തനങ്ങളിലും പ്രാഗത്ഭ്യം തെളിയിച്ചിരുന്നു. ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്നപ്പോൾ സാഹിത്യസമാജം സെക്രട്ടറിയായി പ്രവർത്തിച്ച ജോർജ്ജ് തൃശൂർ കോളേജിൽ മലയാളം സമാജം സെക്രട്ടറിയായും കാത്തലിക് സ്റ്റുഡന്റ് യൂണിയൻ പ്രസിഡണ്ടായും പ്രവർത്തിച്ചു. ലോ കോളേജ് യൂണിയൻ ചെയർമാൻ, സ്വതന്ത്ര വിദ്യാർത്ഥി സംഘടന (ISO) സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ അവിഭക്ത തൃശൂർ രൂപതാസംഘത്തിന്റെ ജനറൽ സെക്രട്ടറിയായി 10 വർഷക്കാലം പ്രവർത്തിച്ച ജോർജ്ജ് കോൺഗ്രസ്സിന്റെ 1967 ൽ ഇരിങ്ങാലക്കുട നടന്ന എ.കെ.സി.സി. വാർഷികസമ്മേളനത്തിന്റെ മുഖ്യസംഘാടകനുമായിരുന്നു. ഇരിങ്ങാലക്കുട സമ്മേളനത്തിൽവച്ച് രൂപീകൃതമായ കത്തോലിക്കായുവജനസംഘടനയുടെ സ്ഥാപകപ്രസിഡണ്ട് അദ്ദേഹമായിരുന്നു. യുവജനസംഘടനയുടെ ആഭിമുഖ്യത്തിൽ നടന്ന വിവിധ സെമിനാറുകളും വിവിധ സാഹിത്യമത്സരങ്ങളും, സുവിശേഷ ദൗത്യപ്രചരണജാഥകളും എല്ലാം കത്തോലിക്കാകോൺഗ്രസ്സിന്റെ യുവജനവിഭാഗം നടത്തിയ സംരംഭങ്ങളായിരുന്നു. 12 വർഷക്കാലം

www.malankaralibrary.com

എ.കെ.സി.സി. വർക്കിംഗ് കമ്മററിയിൽ അംഗമായിരുന്നു. അവിഭക്ത തൃശൂർ രൂപതാ പാസ്റ്ററൽ കൗൺസിലിൽ അംഗമായിരുന്ന ജോർജ്ജ് ഇരിങ്ങാലക്കുട രൂപതാ പാസ്റ്ററൽ കൗൺസിലിൽ ദീർഘനാളായി അംഗമായി പ്രവർത്തിക്കുന്നു. രൂപതാനിയമാവലി കമ്മററിയംഗമെന്ന നിലയിലും രൂപതാ ഫൈനാൻസ് കമ്മററിയംഗമെന്ന നിലയിലും ഇരിങ്ങാലക്കുട രൂപതാ സാമൂഹ്യ സേവന സംഘടനയുടെ വൈസ് പ്രസിഡണ്ട് എന്ന നിലയിലും 20 വർഷത്തിലധികം പ്രവർത്തിച്ച ജോർജ്ജ്, ഇരിങ്ങാലക്കുട രൂപതാ സോഷ്യൽ ഫോറം ചെയർമാനാണ് ഇപ്പോൾ. ജോർജ്ജിന് പ്രസ്തുത സംഘടന അവാർഡ് നൽകിയാദരിച്ചു.

പ്രമേഹരോഗികൾക്കുവേണ്ടിയുള്ള സ്നേഹഭവൻ, പ്രതീക്ഷാഭവൻ, ആശാഭവൻ എന്നിവയുടെ ഡയറക്ടർമാരിൽ ഒരാളായ ജോർജ്ജ് ഒരു മുഴുവൻ സമയ സാമൂഹ്യപ്രവർത്തകനാണ്. ജോർജ്ജിന്റെ വിനയം, കഠിനാദ്ധ്വാനം, സത്യസന്ധത, അർപ്പണമനോഭാവം മുതലായ ഗുണങ്ങൾ ഏറെ പ്രശംസാർഹമാണ്.

അഭിഭാഷകനായി ഔദ്യോഗികജീവിതം ആരംഭിച്ച ജോർജ്ജ് 42 വർഷമായി പ്രാക്ടീസ് ചെയ്യുന്നു. ഇരിങ്ങാലക്കുട ബാർ അസോസിയേഷൻ പ്രസിഡണ്ടായും അഡീഷണൽ ഗവൺമെന്റ് പ്ലീഡറായും പ്രോസിക്യൂട്ടർ ആയും സേവനം അനുഷ്ഠിച്ച ജോർജ്ജ് പല ബാങ്കുകളുടെയും വ്യവസായ സ്ഥാപനങ്ങളുടെയും സാമ്പത്തികസ്ഥാപനങ്ങളുടെയും ലീഗൽ അഡ്വൈസർ കൂടിയാണ്. കേരളത്തിൽ അഞ്ചു യൂണിററും തമിഴ്നാട്ടിൽ രണ്ടു യൂണിററും കർണ്ണാടകത്തിൽ ഒരു യൂണിററുമുള്ള ഒരു വലിയ വ്യവസായസ്ഥാപനമാണ് കെ.എസ്സ്.ഇ. ലിമിററഡ് ഇരിങ്ങാലക്കുട. ഈ സ്ഥാപനത്തിന്റെ സ്ഥാപക ഡയറക്ടർമാരിൽ ഒരാളായ ഏ.പി. ജോർജ്ജ് ഇപ്പോൾ അതിന്റെ ഡയറക്ടറും ലീഗൽ അഡ്വൈസറും കൂടിയാണ്. ഇരിങ്ങാലക്കുട കുറീസ് & ഫൈനാൻസസ് പ്രൈവററ് ലിമിററഡിന്റെ ചെയർമാനായി 25 വർഷക്കാലമായി പ്രവർത്തിക്കുന്നു. ഇരിങ്ങാലക്കുട ലോൺസ് ആൻഡ് എന്റർപ്രൈസസ് ലിമിററഡിന്റെ ചെയർമാനായും കാൽനൂററാണ്ട് പിന്നിട്ട ജോർജ്ജ് 42 വർഷക്കാലമായി മാളയിലെ കാത്തലിക് യൂണിയൻ ചിട്ടീസ് ലിമിററഡിന്റെ ഡയറക്ടറും ആണ്.

അരുണഫൈൻആർട്സ് പ്രസിഡണ്ടായി പ്രവർത്തിക്കുന്ന ജോർജ് സാഹിത്യ പരിഷത്ത് പ്രവർത്തകസമിതിയംഗമായും പ്രവർത്തിച്ചിട്ടുണ്ട്. കറപുരളാത്ത രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഉടമയാണ് ജോർജ്ജ്. 17 വർഷം ഇരിങ്ങാലക്കുട മുൻസിപ്പൽ കൗൺസിലർ ആയി പ്രവർത്തിച്ച ജോസ് 1972 മുതൽ 1979 വരെ (7 1/2 വർഷം) മുൻസിപ്പൽ ചെയർമാനുമായിരുന്നു. മുൻസിപ്പൽ ചെയർമാൻ ചേമ്പർ പ്രവർത്തകസമിതിയംഗമായി 5 വർഷം പ്രവർത്തിച്ചു. 1980 ൽ കേരളനിയമസഭയിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ ജോർജ്ജ് പരാജയപ്പെട്ടു. 2006 ൽ ആൾ കേരളാ ചിട്ടി ഫോർമാൻ അസോ

www.malankaralibrary.com

സിയേഷന്റെ കേരളാ ചെയർമാനായി ജോർജ്ജ് തിരഞ്ഞെടുക്കപ്പെട്ടു.


ഇരിങ്ങാലക്കുടയെ നാട്ടിക പ്രദേശവുമായി ബന്ധിപ്പിക്കുന്നതിന് ഒരു പാലം കാക്കതുരുത്തിയിൽ ആവശ്യമാണെന്ന നിർദ്ദേശത്തിന്റെ നേർക്ക് സർക്കാർ കണ്ണടച്ചപ്പോൾ അതിനുവേണ്ടി ഒരു ആക്ഷൻകൗൺസിൽ രൂപീകരിക്കുകയും അതിന്റെ പ്രസിഡണ്ട് സ്ഥാനം ഏറെറടുത്തുകൊണ്ട് ലക്ഷ്യത്തിലെത്തുന്നതുവരെ പ്രവർത്തിക്കുകയും ചെയ്തു.

ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജ് സ്ഥാപകാംഗങ്ങളിൽ ഒരാളായ ജോർജ്ജ്, പ്രസ്തുതകോളേജിന്റെ രക്ഷാകർത്തൃഅഭ്യുദയകാംക്ഷി സംഘടനയുടെ പ്രസിഡണ്ടായി 12 വർഷവും ക്രൈസ്റ്റ് കോളേജ് രക്ഷാകർത്തൃ അഭ്യുദയകാംക്ഷി സംഘടനയുടെ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഡോൺ ബോസ്കോ ഹൈസ്കൂൾ, ലിററിൽ ഫ്ളവർ കോൺവെന്റ് സ്കൂൾ എന്നിവയുടെ പി.ററി.എ. പ്രസിഡണ്ട് ആയി ദീർഘനാൾ പ്രവർത്തിച്ചു. ഇരിങ്ങാലക്കുടയിലെ കാത്തലിക് സെന്റർ സെക്രട്ടറിയായി 6 വർഷക്കാലം പ്രവർത്തിക്കുകയുണ്ടായി.

വിലാസം - അഡ്വ. എ.പി. ജോർജ്ജ്, അക്കരക്കാരൻ, ഇരിങ്ങാലക്കുട പി.ഒ.

# 192

# ബിഷപ്പ് ഡോ. തോമസ് തിരുതാളിൽ



ബാലേശ്വർ രൂപതയുടെ പ്രഥമ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട ഡോ. തോമസ് തിരുതാളിൽ വാഴക്കുളം ഇടവകയിൽ തിരുതാളിൽ കുടുംബത്തിൽ കുര്യൻ - മർത്ത ദമ്പതികളുടെ മകനായി 1936 ജനുവരി 17-ാം തീയതി ജനിച്ചു. കോതമംഗലം രൂപതയിൽനിന്നും ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട മിഷനറി മെത്രാനാണ് ഡോ. തോമസ്. വാഴക്കുളം സെന്റ് ജോർജ് മിഡിൽ സ്കൂൾ, ഇൻഫന്റ് ജീസസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠിച്ച്1952 ൽ എസ്.എസ്.എൽ.സി. പാസ്സായി. ഒരു മിഷനറി വൈദികനാകണമെന്ന ആഗ്രഹത്തോടെയാണ് അദ്ദേഹം വളർന്നുവന്നത്. മിഷനറി വൈദികനാകാൻ ആഗ്രഹിച്ച അദ്ദേഹം കട്ടക്ക് രൂപതയിലെ വിൻസെൻഷ്യൽ സന്യാസസഭയിൽചേർന്നു. വാഴക്കുളം ഒരു ചരിത്ര വീക്ഷണം എന്ന ഗ്രന്ഥത്തിൽ (ശ്രീ. ഒ.എം. വർഗീസ് രചിച്ച ഗ്രന്ഥം) ഇപ്രകാരം എഴുതിയിരിക്കുന്നു. "വിദ്യാഭ്യാസകാലത്ത് തനിക്കു ലഭിച്ച ആത്മീയ പരിശീലനമാണ് അദ്ദേഹത്തെ ഒരു മിഷനറിയാകാൻ സഹായിച്ചത്. കേരള സുറിയാനി സഭയിൽനിന്ന് അനേകായിരങ്ങൾ സമ്പൂർണ്ണ പ്രേഷിതരായി മിഷൻ രംഗങ്ങളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കാലമായിരുന്നു.

www.malankaralibrary.com

വടക്കേ ഇന്ത്യയിലെ വിളവേറിയ വയലുകൾ അവരുടെ വിയർപ്പുതുള്ളികളുടെ മധുരഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണിന്ന്. അദ്ദേഹത്തിന്റെ വൈദിക വിദ്യാഭ്യാസത്തിന്റെ ആരംഭം, നോവഷ്യറ്റ്, ഫിലോസഫിക്കൽ പഠനം ഇവയെല്ലാം ഒറീസ്സായിലുള്ള ഗോപാൽപൂറിലാണ് നടന്നത്. പഠനത്തിൽ അതിസമർത്ഥനായിരുന്ന തോമസ് ദൈവശാസ്ത്രപഠനം നടത്തിയത് സ്പെയിനിലുള്ള സലമാങ്കാ സെമിനാരിയിലാണ്. 1963 ൽ ഏപ്രിൽ 14-ാം തീയതി സ്പെയിനിൽവച്ച് വൈദികപഠനം പൂർത്തിയാക്കി, വൈദികനായശേഷം സലമാങ്കാ പൊന്തിഫിക്കൽ കലാശാലയിൽ കാനൻ നിയമങ്ങളിൽ ഉപരപഠനം നടത്തി. യൂറോപ്പിൽനിന്നും തിരിച്ചുവന്ന അദ്ദേഹത്തെ ഒറീസ്സായിൽ ബഞ്ചാനഗറിലെ സെന്റ് പീറ്റേഴ്സ് സെമിനാരിയിൽ റെക്ടറായി നിയമിച്ചു."

1974 ജനുവരി 24-ാം തീയതി കട്ടക്ക് രൂപതയെ വിഭജിച്ച് ബേരാംപൂർ എന്ന പുതിയ രൂപത രൂപവൽക്കരിച്ചുകൊണ്ട് പോൾ ആറാമൻ മാർപാപ്പാ പ്രഖ്യാപനം നടത്തി. ഗഞ്ചാം, കോറാപ്പൂർ, കലാഹണ്ടി എന്നീ ജില്ലകൾ ഉൾപ്പെടുത്തിയാണ് ബേരാംപൂർ രൂപത രൂപവൽക്കരിച്ചത്. ആ പുതിയ രൂപതയുടെ പ്രഥമ മെത്രാനായി നിയമിക്കപ്പെട്ടത് തിരുതാളിൽ തോമസച്ചനെയാണ്. ബേരാംപൂർ രൂപത കട്ടക്ക് - ഭുവനേശ്വർ അതിരൂപതയുടെ സാമന്ത രൂപതയാണ്. മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട തോമസച്ചനെ 1974 മേയ് 5-ാം തീയതി ഗോപാൽപൂർ സെന്റ് ബനഡിക്ട് പള്ളിയിൽവച്ച് വിശാഖപട്ടണം മെത്രാന്മാർ ഇഗ്നേഷ്യസ് ഗോപുവിന്റെ പ്രധാന കാർമ്മികത്വത്തിൽ മെത്രാനായി അഭിഷേകം ചെയ്തു. ജൂൺ 23ന് രൂപതാദ്ധ്യക്ഷനായി ഭരമഭാരമേറ്റെടുത്തു. പതിനാറുവർഷക്കാലം ബേരാംപൂർ രൂപതയെ സമർത്ഥമായി ഭരിച്ചു. ഇക്കാലമത്രയും വൈരുദ്ധ്യങ്ങൾ നിറഞ്ഞ നിരവധി പ്രശ്നങ്ങൾ അഭിവന്ദ്യപിതാവിന് നേരിടേണ്ടിവന്നിട്ടുണ്ട്. സുവിശേഷഘോഷണപരമായ പുരോഗമനത്തെ ലക്ഷ്യമാക്കി അദ്ദേഹം അനുസ്യൂതം പ്രവർത്തിച്ചുകൊണ്ടിരുന്നു. നിരവധി ദേവാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിച്ച് സംസ്കാരദീപ്തി എമ്പാടും പ്രസരിപ്പിക്കുകയുണ്ടായി. നിരവധി സന്യാസസഭാശ്രമങ്ങളും സാമൂഹ്യസ്ഥാപനങ്ങളും രൂപതയിൽ സ്ഥാപിക്കുകയുണ്ടായി.


അഞ്ചരലക്ഷം ജനസംഖ്യയുള്ള ബേരാംപൂർ രൂപതയിൽ 26000 കത്തോലിക്കരായിരുന്നു ഉണ്ടായിരുന്നത്. ഒറിയ, കുയി, തെലുങ്ക്, സൗറ എന്നീ ഭാഷകൾ സംസാരിക്കുന്നവരാണ് രൂപതയിലെ ജനങ്ങൾ. സാങ്കേതികസ്ഥാപനങ്ങളും, ഹൈസ്കൂളുകളും ഏതാനും പ്രൈമറി സ്കൂളുകളും പല ആരോഗ്യ കേന്ദ്രങ്ങളും രൂപതയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. തികച്ചും പിന്നോക്കാവസ്ഥയിൽ കിടക്കുന്ന ഈ രൂപതയെ പുരോഗതിയിലേക്ക് അദ്ദേഹം നയിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വിശ്രമരഹിതമായ സേവനം ഏവരുടെയും പ്രശംസ പിടിച്ചു പറ്റുകയുണ്ടായി.

www.malankaralibrary.com

1990 ജനുവരി 13ന് ബാലേശ്വർ രൂപത ജോൺപോൾ രണ്ടാമൻ തിരുമേനി രൂപീകരിക്കുകയും അതിന്റെ പ്രഥമ മെത്രാനായി ബിഷപ്പ് ഡോ. തോമസ് തിരുതാളിയെ നിയമിക്കുകയും ചെയ്തു. 16000 ഓളം കത്തോലിക്കരാണ് ആ രൂപതയിൽ ഉണ്ടായിരുന്നത്.

ഇല്ലായ്മയിൽനിന്നും ബേരാംപൂർ രൂപതയെ പടുത്തുയർത്തി നല്ല അടിസ്ഥാനമിട്ട ഡോ. തോമസ് തിരുതാളിൽ ബാലേശ്വർ രൂപതയുടെ വളർച്ചയ്ക്ക് വേണ്ടി അഹോരാത്രം പണിപ്പെട്ടുകൊണ്ടിരിക്കുന്നു. ഹൈസ്കൂളുകളും മിഡിൽ പ്രൈമറി സ്കൂളുകളും സ്ഥാപിച്ച് വിദ്യാഭ്യാസരംഗത്ത് ഒരു മുന്നേറ്റം തന്നെ നടത്തി. ട്രൈബൽ വിദ്യാർത്ഥികൾക്കായി പ്രത്യേകം ഹോസ്റ്റലുകൾ സ്ഥാപിച്ച് അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ തിരുതാളിൽ തിരുമേനി പരിശ്രമിക്കുകയുണ്ടായി. ആശുപത്രികളും വൃദ്ധമന്ദിരങ്ങളും പുനരധിവാസകേന്ദ്രങ്ങളും സ്ഥാപിച്ച് ജാതിമതഭേദമെന്യേ എല്ലാവരുടെയും പുരോഗതിക്കായി അദ്ദേഹം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. 13 ഗേൾസ് ഹോസ്റ്റലുകളും 17 ഓളം ബോയ്സ് ഹോസ്റ്റലുകളും രൂപതയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ട്രൈബൽ വിഭാഗത്തിനുവേണ്ടി പ്രത്യേകം നടത്തപ്പെടുന്ന ഹോസ്റ്റൽ സർക്കാരിന്റെയും പൊതുജനങ്ങളുടെയും പ്രശംസയ്ക്ക് അർഹമായിട്ടുണ്ട്. ദൈവഭക്തിയിലും മനുഷ്യസേവനത്തിലും അർപ്പിതമായ അദ്ദേഹത്തിന്റെ ജീവിതം ഏറെ ശ്ലാഘനീയമാണ്.
Address : Bishop Dr. Thopmas Thiruthalil, Bishops House, Balasore, Orissa, 756001.

# 193



# പ്രൊഫ. ജോർജ്ജ് ജോൺ നിധീരി

സഭാ രംഗത്തും സാമൂഹ്യരംഗത്തും പ്രശസ്തരായ ധാരാളം വ്യക്തികൾക്ക് ജന്മം നൽകിയ കുടുംബമാണ് നിധീയിരിക്കൽ കുടുംബം. ദീർഘകാലം കുറവിലങ്ങാട് പള്ളി വികാരിയായിരുന്നു നിധീയിരിക്കൽ ബഹു. വക്കി കത്തനാർ, കുറുവിലാങ്ങാട്-കുറുപ്പുന്തറ റോഡ് വെട്ടിച്ച ഇട്ടി അവിരാ മാപ്പിള, കുറുവിലങ്ങാട് ഇംഗ്ലീഷ് സ്കൂളിന്റെ സ്ഥാപകനും നസ്രാണി ദീപിക പത്രത്തിന്റെ സ്ഥാപക പത്രാധിപരും കോട്ടയം വികാരിയാത്തിന്റെ ആദ്യ വികാരി ജനറലും ആയിരുന്ന ബഹു.മാണി കത്തനാർ, ശ്രീമൂലം പ്രജാസഭാംഗമായിരുന്ന സിറിയക്ക് വക്കീൽ, അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രസിഡണ്ടായിരുന്ന ജോൺ വക്കീൽ,മലബാർ വിദ്യഭ്യാസ വകുപ്പിൽ സ്കൂൾ ഇൻസ്പെക്ടർ ആയിരുന്ന മിസ് ത്രേസ്യാമ്മ നിധീരി,തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജ് പ്രിൻസിപ്പലായിരുന്ന മിസ്.അന്ന നിധീരി,മദ്രാസ്സ്

www.malankaralibrary.com

ക്രിസ്ത്യൻ കോളേജിൽ ഡോ.എസ്സ് രാധാകൃഷ്ണന്റെ സഹപാഠിയായിരുന്ന ചാണ്ടി നിധീരി എന്നിവർ അവരിൽ ചിലർ മാത്രം.

പ്രമുഖ വിദ്യഭ്യാസ പ്രവർത്തകനും ഗ്രന്ഥകാരനും സമുദായ സ്നേഹിയും സാമൂഹ്യപ്രവർത്തകനുമായ പ്രൊഫ. ജോർജ്ജ് ജോൺ നിധീരി 1936 ജനുവരി 17-ാം തിയതി നിധീയിരിക്കൽ എൻ.എ ജോണിന്റേയും കുറവിലങ്ങാട്ട് പള്ളി വീട്ടിൽ പനങ്കുഴക്കൽ മറിയക്കുട്ടിയുടേയും മകനായി ജനിച്ചു. പിതാവ് എൻ.എ ജോൺ നിധീരി,കുറവിലങ്ങാട് സെന്റ് മേരീസ് ഹൈസ്കൂളിൽ ഗണിത ശാസ്ത്ര അദ്ധ്യാപകനായിരുന്നു. പിന്നീട് അവിടെ തന്നെ ഹെഡ് മാസ്റ്ററായും നിയമിക്കപെട്ടു. 1950 കളിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ മണ്ഡലം പ്രസിഡണ്ടായി പ്രവർത്തിച്ച എൻ.എ ജോൺ മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുകയും നിരവധി ചരിത്ര ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്. കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകനുമായിരുന്നു എൻ.എ ജോൺ.

പ്രൊഫ. ജോർജ്ജ് ജോൺ നിധീരി കുറവിലാങ്ങാട് സ്കൂളിലായിരുന്നു വിദ്യഭ്യാസം നിർവഹിച്ചത്.ഹൈസ്കൂൾ വിദ്യഭ്യാസാനന്തരം ചങ്ങനാശ്ശേരി സെന്റ് ബെർക്ക്മാൻസ് കോളേജിൽ ഇന്റർ മീഡിയറ്റിന് ചേർന്നു. തുടർന്ന് എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് ഗണിത ശാസ്ത്രത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും പാലാ സെന്റ് തോമസ് ട്രെയിനിംഗ് കോളേജിൽ നിന്ന് ബി.എഡ്സ് ബിരുദവും നേടി. വിദ്യഭ്യാസാനന്തരം ഒരു വർഷം കുറവിലങ്ങാട് സെന്റ് മേരീസ് ഹൈസ്കൂളിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. പിന്നീട് ഒരു വർഷം കൊല്ലം കർമ്മലറാണി ട്രെയിനിംഗ് കോളേജിലും പഠിപ്പിച്ചു. ട്രെയിനിംഗ് കോളേജിൽ അന്ന് വിദ്യാർത്ഥിയായിരുന്ന ബഹു.പീറ്റർ ചേനപറമ്പിൽ അച്ചനാണ് പിന്നീട് ആലപ്പുഴ രൂപതയുടെ മെത്രാനായി നിയമിക്കപെട്ടത്.

1964-ൽ കുറവിലങ്ങാട് ദേവമാതാ കോളേജ് ആരംഭിച്ചപ്പോൾ കോളേജിലെ ഗണിത ശാസ്ത്ര വിഭാഗത്തിൽ ജോർജ്ജ് ജോൺ നിധീരി അദ്ധ്യാപകനായി നിയമിക്കപെട്ടു. ഒരു ഇടവകയുടെ ഉടമസ്ഥതയിൽ കോളേജ് ആരംഭിച്ചാൽ ഉണ്ടാകുന്ന സാമ്പത്തിക ഭാരം ചൂണ്ടിക്കാട്ടി കുറവിലങ്ങാട് കോളേജിന്റെ സ്ഥാപനത്തെ പലരും നിരുൽസാഹപെടുത്തുകയുണ്ടായി. എന്നാൽ ഇടവക ജനത്തിന്റെ താൽപര്യവും പിന്തുണയും വികാരി ഫാ. പോൾ ആലപ്പാട്ടിന്റെ ധീരമായ നേതൃത്വവും അചഞ്ചലമായ ദൈവാശ്രയത്വവും കോളേജ് ആരംഭിക്കുന്നതിന് പ്രചോദനമേകുകയാണുണ്ടായത്.

1964 മുതൽ 1971 വരെയുള്ള കാലഘട്ടം കോളേജിന്റെ ബാലാരിഷ്ടതകളുടെ കാലമായിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടായിരുന്നു ഏറ്റവും പ്രധാന ഘടകം. പണം കണ്ടെത്താനുള്ള ചുമതലയുടെ വലിയ പങ്ക് അന്നത്തെ അദ്ധ്യാപകർക്കായിരുന്നു. പ്രിൻസിപ്പൽമാരായിരുന്ന ബഹു.തോമസ് നങ്ങച്ചിവീട്ടിൽ,ബഹു ജോസഫ് തണ്ണിപ്പാറ എന്നിവരോടും വൈദിക

www.malankaralibrary.com

രോടും മറ്റ് അദ്ധ്യാപകരോടുമൊപ്പം വീട് കയറി പിരിവ് നടത്തുന്നതിൽ പ്രൊഫ. ജോർജ്ജ് ജോൺ നിധീരി സജീവമായ പങ്ക് വഹിച്ചു. ഫണ്ട് ശേഖരണത്തിനായി മറ്റ് അദ്ധ്യാപകരോടൊപ്പം കലാപരിപാടികൾ സംഘടിപ്പിക്കുകയും കലാപരിപാടികളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. 1968-ൽ കോളേജിൽ ഡിഗ്രി ക്ലാസ്സുകൾ ആരംഭിച്ചപ്പോൾ ഗണിത ശാസ്ത്ര വിഭാഗത്തിന്റെ തലവനായി അദ്ദേഹം നിയമിക്കപെട്ടു. 1988 വരെ വകുപ്പ് അദ്ധ്യക്ഷനായി തുടർന്നു. വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനായി കോളേജിൽ നടത്തിയിരുന്ന എൻ.എസ്സ്.എസ്സ്,എൻ.സി.സി,ഓററ്റി ക്ലബ്ബ് എന്നിവയുടെ പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായ നേതൃത്വം നൽകുകയുണ്ടായി. കുട്ടികളുടെ പൊതു വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി ഒരു ക്വിസ്സ് ക്ലബ്ബ് ആരംഭിക്കുകയും കുട്ടികൾക്ക് വിദഗ്ദ്ധമായ രീതിയിൽ പരിശീലനം നൽകുകയും ചെയ്തു.ദേവമാതാ കോളേജിലെ വിദ്യാർത്ഥികൾ മറ്റ് പല കോളേജുകളിലും നടത്തിയിരുന്ന ക്വിസ്സ് മൽസരങ്ങളിൽ പങ്കെടുത്ത് ട്രോഫികൾ കരസ്ഥമാക്കിയിട്ടുണ്ട്.

1988-ൽ കോളേജ് പ്രിൻസിപ്പലായി പ്രൊഫ.ജോർജ്ജ് ജോൺ അധികാരമേറ്റെടുത്തു, 1991-ൽ ജോലിയിൽ നിന്നും വിരമിച്ചു.മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ ബോർഡ് ഓഫ് സ്റ്റഡീസിൽ അദ്ദേഹം അംഗമായിരുന്നു. കോളേജുകളിലെ ഗണിതശാസ്ത്ര അദ്ധ്യാപകരുടെ അക്കാഡമിക് നിലവാരം വർദ്ധിപ്പിക്കുന്നതിന് ഉപകരിക്കുന്ന സെമിനാറുകളും വർക്ക്ഷോപ്പുകളും ചർച്ചകളും സംഘടിപ്പിക്കുന്നതിനും,സിലബസ് പരിഷ്കരണത്തിൽ യൂണിവേഴ്സിറ്റിക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും മറ്റുമായി രൂപീകരിക്കപെട്ട കേരള മാത്ത്മാറ്റിക്കൽ അസോസിയേഷന്റെ സെക്രട്ടറിയായി ദീർഘകാലം പ്രൊഫ.ജോർജ്ജ് ജോൺ പ്രവർത്തിച്ചു.

ഇടവക പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം വഹിച്ചിട്ടുള്ള അദ്ദേഹം ട്രസ്റ്റിയായും മതാദ്ധ്യാപകനായും വിൻസന്റ് ഡീപോൾ കോൺഫറൻസിന്റെ പ്രസിഡണ്ടായും സെക്രട്ടറിയായും ട്രഷററായും പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ കോൺഫറൻസിന്റെ പ്രസിഡണ്ടാണ്. ഇടവകയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന വിവാഹ സഹായ ലഘു നിക്ഷേപ പദ്ധതിയുടെ സെക്രട്ടറി കൂടിയാണ് അദ്ദേഹം. ദേവമാതാ കോളേജ് മാനേജിംഗ് ബോർഡിലും അദ്ദേഹം അംഗമായി പ്രവർത്തിക്കുന്നു.രൂപതാ തലത്തിൽ പ്രവർത്തിക്കുന്ന ഫാമിലി അപ്പസ്റ്റലേറ്റ് ടീമിൽ വളരെക്കാലം അംഗമായി പ്രവർത്തിച്ച പ്രൊഫ.ജോർജ്ജ് ജോൺ ഫാമിലി അപ്പസ്റ്റലേറ്റ് പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ഉപദേശക സമിതിയിലും വിശ്വാസ പരിശീലന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള രൂപതാ തല കമ്മിറ്റിയിലും അംഗമായിരുന്നിട്ടുണ്ട്. വിൻസന്റ് ഡീ പോൾ സംഘടനയുടെ പാലാ സെൻട്രൽ കമ്മിറ്റി അംഗം കൂടിയാണദ്ദേഹം. കേരള കാത്തലിക്ക് ബിഷപ്പ് കോൺഫറൻസിന്റെ കമ്മീഷൻ ഫോർ ഹയർ എഡ്യൂക്കേഷനിലും അംഗ

www.malankaralibrary.com

മായി പ്രവർത്തിച്ചിട്ടുണ്ട്.

സ്റ്റാമ്പുകളും നാണയങ്ങളും ശേഖരിക്കുന്നതിൽ പ്രത്യേക തൽപരനാണ് പ്രൊഫ.ജോർജ്ജ് ജോൺ. സ്റ്റേറ്റ് ഫിലാറ്റലിക്ക് അഡൈ്വസറി കമ്മിറ്റിയിൽ അംഗമായിരുന്ന അദ്ദേഹം പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് നടത്തുന്ന പ്രദർശനങ്ങളിൽ പങ്കെടുത്ത് മെഡലുകളും സർട്ടിഫിക്കറ്റുകളും കരസ്ഥമാക്കിയിട്ടുണ്ട്. ലൈഫ് ഓഫ് ക്രൈസ്റ്റ്,Endangered species,വത്തിക്കാൻ എന്നീ വിഭാഗങ്ങളിൽ നല്ലൊരു ശേഖരം അദ്ദേഹത്തിനുണ്ട്. സ്കൂളുകളിൽ സ്റ്റാമ്പു ക്ലാസ്സുകൾ സംഘടിപ്പിക്കുകയും കുട്ടികൾക്ക് വേണ്ടിയുള്ള ക്ലാസ്സുകൾ എടുക്കുകയും ചെറിയ പ്രദർശനങ്ങൾ നടത്തുകയും ചെയ്യുന്ന അദ്ദേഹം കോട്ടയം ഫിലാറ്റലിക്ക് സൊസൈറ്റിയുടെ പ്രസിഡണ്ടും, എറണാകുളം റിലീജിയസ് സ്റ്റാമ്പ് എക്സേഞ്ച് ക്ലബ്ബിന്റെ ആയുഷ്ക്കാല അംഗവും പാലാ ഫിലാറ്റലിക്ക് ആൻഡ് ന്യൂമിസ്മാറ്റിക് സൊസൈറ്റിയിൽ അംഗവുമാണ്.

കോട്ടയത്ത് നിന്ന് പ്രസിദ്ധീകരിക്കുന്ന ചിൽഡ്രൻസ് ഡൈജസ്റ്റ് മാസികയിൽ വളരെക്കാലമായി ഫിലാറ്റലി,ക്വിസ് ഓഫ് ദ മന്ത് എന്നീ രണ്ട് പംക്തികൾ കൈകാര്യം ചെയ്യുന്നുണ്ട്.

കോളേജുകളിലെ മതബോധനം ലക്ഷ്യമാക്കി പാലാ രൂപതയിൽ നിന്നും 21 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിൽ പ്രമാണങ്ങളെ പരിചയപെടുത്തുന്ന പ്രമാണങ്ങളുടെ അന്തസത്ത എന്ന പുസ്തകം എഴുതിയത് പ്രൊഫ.ജോർജ്ജ് ജോൺ ആണ്. പള്ളിവീട്ടിൽ(പറമ്പിൽ) ചാണ്ടി മെത്രാൻ സ്മരണിക (ലേഖന സമാഹാരം), നിധീരിക്കൽ മാണി കത്തനാർ: കാലത്തിന്റെ സാരഥി(ലേഖന സമാഹാരം), സേവന സുകൃതം: ഫാ.ജോസ് മാടക്കശ്ശേരി സ്മരണിക(ലേഖന സമാഹാരം) എന്നീ പുസ്തകങ്ങൾ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അബ്രഹാം എം.നിധീരി 1971 -ൽ എഴുതിയ Fr.NIDHIRY :A HISTORY OF HIS TIMES എന്ന പുസ്തകത്തിന്റെ പബ്ലിഷറും ആണ് പ്രൊഫസ്സർ നിധീരി.

നിധീരിക്കൽ മാണി കത്തനാരുടെ ചരമശതാബ്ദിയോടനുബന്ധിച്ച് കുറവിലങ്ങാട്ടും എറണാകുളത്തും നടത്തിയ സമ്മേളനങ്ങളുടെ മുഖ്യ സംഘാടകനായിരുന്നു അദ്ദേഹം. കുറവിലങ്ങാട്ടെ സമ്മേളനത്തിൽ വെച്ചാണ് കാലത്തിന്റെ സാരഥി പ്രസിദ്ധീകരിച്ചത്. എറണാകുളത്തെ സമ്മേളനത്തിൽ വെച്ച് Fr.NIDHIRY :A HISTORY OF HIS TIMES എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പും പ്രസിദ്ധീകരിച്ചു. സീറോ മലബാർ സഭാ സിനഡിന്റെ ആഭിമുഖ്യത്തിൽ മാണി കത്തനാർ ചരമ ശതാബ്ദി ആചരിച്ചപ്പോൾ സമ്മേളനത്തിൽ വിതരണം ചെയ്യുന്നതിന് പ്രസിദ്ധീകരിച്ചതാണ് Nidhirickal Mani Kathanar :A Death of Centenary Tribute. ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടും പ്രൊഫ.റവ.ഡോ.ജോർജ്ജ് നെടുങ്ങാട്ടും എഴുതിയ രണ്ട് ഗവേഷണ പ്രബന്ധങ്ങളും റവ.ഡോ.ചെറിയാൻ വാരികാട്ടിന്റെ പുസ്തകത്തിൽ നിന്നും എടുത്ത Rules of Syrian National Association-നും ചേർന്നതാണ് A Death of centenery Tribute

www.malankaralibrary.com


തയ്യാറാക്കിയത്.

കേരള സഭാ ചരിത്രത്തിൽ കുറവിലങ്ങാടിന്റെ സംഭാവനകളെപ്പറ്റി ഒരു ഗവേഷണ ഗ്രന്ഥം തയ്യാറാക്കികൊണ്ടിരിക്കുകയാണിപ്പോൾ Fr.NIDHIRY :A HISTORY OF HIS TIMES എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ മലയാള പരിഭാഷയും ഉടനെ പ്രസിദ്ധീകരിക്കാനുള്ള ശ്രമത്തിലാണ് അദ്ദേഹം.

ചെങ്ങളത്തുനിന്നും കോന്നി പയ്യനട മണ്ണിലേയ്ക്ക് താമസം മാറ്റിയ ചെങ്ങളത്ത് തൊമ്മച്ചന്റേയും പനച്ചിക്കൽ അന്നമ്മയുടേയും മകൾ ആനിയാണ് ഭാര്യ.

വിലാസം - പ്രൊഫ.ജോർജ്ജ് ജോൺ നിധീരി, റിട്ട. പ്രിൻസിപ്പിൽ
കുറവിലങ്ങാട്.

# 194



## ഡോ. എ.എം. മത്തായി

ഗണിതശാസ്ത്രസംബന്ധമായ വിഷയങ്ങളിൽ ലോകത്തിലെ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന പത്തുപേരിൽ ഒരാളായ ഡോ. എ.എം. മത്തായി പാലായ്ക്ക് സമീപമുള്ള ചക്കാമ്പുഴ ഗ്രമത്തിൽ അറയ്ക്കപ്പറമ്പിൽ മത്തായി - ഏലി ദമ്പതികളുടെ മകനായി 1936 ജനുവരി 19-ന് ജനിച്ചു. അറയ്ക്കപ്പറമ്പിൽ കുടുംബം ഒരു ഇടത്തരം കർഷകകുടുംബമാണ്. തെങ്ങ്, കമുക്, റബ്ബർ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കപ്പ, വാഴ, കരനെല്ല്, മുതലായവയായിരുന്നു കൃഷിയിനങ്ങൾ.

ബാല്യകാലവിദ്യാഭ്യാസം ആശാൻകളരിയിൽ ആരംഭിച്ചു. ആ കളരി വിദ്യാഭ്യാസം അധികം നീണ്ടുനിന്നില്ല. ഇടവകസ്ക്കൂളായിരുന്ന ചിറ്റാർ സെന്റ് ജോർജ് സ്ക്കൂളിലായിരുന്നു പ്രാഥമികവിദ്യാഭ്യാസം. വീട്ടിൽനിന്നും മൂന്നുകിലോമിറ്റർ നടന്നുവേണം സ്ക്കൂളിൽ എത്താൻ. അക്കാലത്ത് പ്രാഥമികവിദ്യഭ്യാസം കഴിഞ്ഞാൽപഠനം നിർത്തി കൃഷിജോലികളിൽ ഏർപ്പെടുകയായിരുന്നു സാധാരണ പതിവ്. മത്തായിയെ ഒരു മലയാളം അദ്ധ്യാപകനാക്കണമെന്നു കരുതി ഉപരി വിദ്യാഭ്യാസത്തിന് പാലാഗവൺമെന്റ് യു. പി. സ്ക്കൂളിൽ ചേർത്തു. അക്കാലത്ത് മലയാളം വിദ്യാഭ്യാസരീതിയും ഇംഗ്ലീഷ് വിദ്യാഭ്യാസരീതിയും നിലനിന്നിരുന്നു. മലയാളം രീതിയിൽ 9 വരെ ക്ലാസ്സുകൾഉണ്ടായിരുന്നു. അതുപാസ്സായാൽ മലയാളത്തിലെ ഏറ്റവും വലിയ ഡിഗ്രിയായി. ഏഴാംക്ലാസ്സുകഴിഞ്ഞാൽ അദ്ധ്യാപകനാകാൻ സാധിക്കുമായിരുന്നു. മത്തായി 6-ാം ക്ലാസ്സ് ജയിച്ചപ്പോൾ മലയാളം രീതിയിലുള്ള സ്ക്കൂളുകൾ നിർത്തലാക്കി. അന്ന് 6-ൽ ജയിച്ചവരും തോറ്റവരും ഏഴിൽ

www.malankaralibrary.com

തോറ്റവരും അഞ്ചിൽ ജയിച്ചവരും ഇംഗ്ലീഷ് രീതിയിലുള്ള ഒന്നാം ഫോറത്തിൽ എത്തി ചേർന്നു. മത്തായിയും ഒന്നാം ഫോറത്തിൽ എത്തി. മൂന്നാം ഫോറംവരെ അവിടെ തന്നെ പഠിച്ചു(മലയാളം രീതി നിർത്തലാക്കിയതോടെ മത്തായിയുടെ മലയാളം അദ്ധ്യാപകനാകാനുള്ള സാദ്ധ്യത തീർന്നു). മൂന്നാം ഫോറം പാസ്സായ മത്തായി പാലാ സെന്റ്തോമസ് ഹൈസ്ക്കൂളിൽ നാലാം ഫോറത്തിൽ ചേർന്നു. ചക്കാമ്പുഴയിൽനിന്നും പാലായ്ക്ക് 6 കിലോമീറ്റർ നടന്നാണ് സ്ക്കൂളിൽ പൊയ്ക്കൊണ്ടിരുന്നത്. സ്ക്കൂളിൽ പോകുന്നതിനുമുൻപും സ്ക്കൂളിൽനിന്ന് തിരിച്ചെത്തിയതിനുശേഷവും കൃഷിജോലികളിൽ ഏർപ്പെടണമായിരുന്നു. രാവിലെ 6 മണിക്ക് ഉണർന്നാൽ രണ്ടുമണിക്കൂർ കൃഷിജോലികൾ നടത്തിയതിനുശേഷമാണ് സ്ക്കൂളിൽ പോവുക. സ്ക്കൂൾവിട്ടുവന്നാൽ സൂര്യനസ്തമിക്കുംവരെ കൃഷിജോലികൾനടത്തും. ഇപ്രകാരം കഠിനാദ്ധ്വാനം ചെയ്ത് വളർന്നുവന്ന മത്തായിക്ക് പിൽക്കാലത്ത് അത് വളരെ ഗുണകരമായി ഭവിച്ചു. ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ എന്നും എല്ലാവിഷയത്തിനും ഒന്നാമനായിരുന്ന മത്തായി മാർക്കിൽ സ്ക്കൂൾറിക്കാർഡ് ഭേദിച്ചുകൊണ്ട് ഒന്നാംക്ലാസ്സിൽ പാസ്സായി. ഗവൺമെന്റ്സ്ക്കുൾ പഠനം വളരെ നിർജീവമായിരുന്നു. ശരിയായ പഠിപ്പിക്കലും മറ്റും അന്ന് സ്ക്കൂളിൽ നടന്നിരുന്നില്ലെന്നാണ് മത്തായിയുടെ അഭിപ്രായം. ഏറ്റവും കൃത്യനിഷ്ഠയുള്ളവരും കഴിവുള്ളവരുമായ അദ്ധ്യാപകരെ നിലനിർത്തി ചുരുക്കം ചില സ്ക്കൂളുകൾ ഒഴിച്ച് ബാക്കി എല്ലാ ഗവൺമെന്റ് സ്ക്കൂളുകളും അടച്ചുപൂട്ടണമെന്ന അഭിപ്രായക്കാരനാണ് ഇന്ന് മത്തായി. ഗവൺമെന്റ് സ്ക്കൂളുകളിലും മാനേജ്മെന്റ് സ്കൂളുകളിലും പഠിച്ചപ്പോൾ ഉണ്ടായ ആനുഭവങ്ങളാണ് ഈ നിഗമനങ്ങളിൽ എത്താൻ മത്തായിയെ പ്രേരിപ്പിച്ചത്.

ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തായാക്കിയപ്പോൾ ആവശ്യത്തിൽകൂടുതൽ വിദ്യാഭ്യാസം ആയിഎന്നായിരുന്നു വീട്ടിൽ എല്ലാവരുടെയും അഭിപ്രായം. എന്നാൽ ഫസ്റ്റ്ക്ലാസ്സിൽ പാസ്സായ മത്തായിയെ ഉപരിപഠനത്തിനയക്കണമെന്ന് സമീപവാസികളായ കൈമൾമാരും, നമ്പൂതിരി കുടുംബത്തിലും ഇളയതു കുടുംബത്തിൽപ്പെട്ടവരും നിർബ്ബന്ധിച്ചു. 1953-ൽ മത്തായിയെ പാലാ സെന്റ്തോമസ്കോളേജിൽ ചേർത്തു. സെക്കന്റ്ഗ്രൂപ്പെടുത്ത് പഠിക്കാനാണ് മത്തായി ആഗ്രഹിച്ചതെങ്കിലും കോളേജ്പ്രിൻസിപ്പൽ ആയിരുന്ന മോൺ കുരീത്തടത്തിന്റെ നിർദ്ദേശത്തെ മാനിച്ച് ഫസ്റ്റ് ഗ്രൂപ്പെടുത്തു. ഇന്റർമീഡിയേറ്റ് പാസ്സായതിനുശേഷം മാത്തമാറ്റിക്സ് എടുത്ത് ബി.എസ്സ്.സി.യ്ക്ക് ചേർന്നു. ഫസ്റ്റ് ക്ലാസ്സിൽ ഡിസ്റ്റിംഗ്ഷനോടുകൂടിയായിരുന്നു വിജയങ്ങൾ എല്ലാം. ഒരദ്ധ്യാപകനായി രാമപുരം സ്ക്കൂളിൽ ജോലിയിൽ പ്രവേശിക്കാൻ വീട്ടുകാർ നിർദ്ദേശിച്ചു. പക്ഷെ കുരീത്തടത്തിലച്ചൻ എം.എസ്സ്.സി. ക്ക് പോകണമെന്ന് നിർബ്ബന്ധിച്ചു. അന്ന് തിരുവനന്തപുരത്തുമാത്രമായിരുന്നു എം.എസ്സ്.സി. കോഴ്സ് ഉണ്ടായിരുന്നത്. മാത്തമാറ്റിക്സിനും, സ്റ്റാറ്റിസ്റ്റിക്സിനും അഡ്മിഷൻ ലഭിച്ചു. സ്റ്റാറ്റിസ്റ്റിക്സിന് എം.എസ്സ്.സി.ക്കുചേർന്നു.

www.malankaralibrary.com

1957-ൽ എം.എസ്സ്.സിക്കു ചേർന്നു. ഒറ്റ ഫസ്റ്റ് ക്ലാസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളു. ആ ഫസ്റ്റ് ക്ലാസ്സ് ലഭിച്ചത് മത്തായിക്കായിരുന്നു. സ്വർണ്ണമെഡലുംനേടി 1959-ൽ എം.എസ്സ്.സി. പാസ്സായി.

പഠിച്ച തിരുവനന്തപുരം സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിരുന്ന ഒഴിവിൽ ജോലിയിൽ പ്രവേശിക്കാൻ മത്തായിയെ ക്ഷണിച്ചു. എന്നാൽ പാലാ സെന്റ് തോമസ് കോളേജിൽ, യൂണിവേഴ്സിറ്റി സെന്ററിന് വെളിയിലുള്ള ആദ്യത്തെ എം.എസ്സ്.സി. കോഴ്സ് തുടങ്ങാൻ പ്രിൻസിപ്പാൾ കുരീത്തടത്തിലച്ചൻ തീരുമാനിച്ചിരിക്കുകയായിരുന്നു. അതിന് എം.എസ്സ്.സി. ബിരുദമുള്ള മൂന്ന് അദ്ധ്യാപകർ എങ്കിലും വേണം. 1959 ൽ പാസ്സാകുന്ന മത്തായിയേയും മറ്റും മനസ്സിൽ കണ്ടുകൊണ്ടാണ് കുരീത്തടത്തിലച്ചൻ പുതിയ കോഴ്സ് തുടങ്ങാനുള്ള ക്രമീകരണങ്ങൾ ചെയ്തത്. അന്ന് ഗവൺമെന്റ് കോളേജിൽ ഒരു അദ്ധ്യാപകന് 250 രൂപാ ശമ്പളവും മറ്റ് അലവൻസുകളും ലഭിക്കുമായിരുന്നു. പ്രൈവറ്റ് കോളേജിൽ വെറും 125 രൂപാ മാത്രവും. കുരീത്തടത്തിലച്ചന്റെ ക്ഷണനം സാമ്പത്തിക ലാഭം നോക്കാതെ മത്തായി സ്വീകരിച്ചു. 1959 – 61 ലെ ആദ്യ ബാച്ചിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികൾ പഠിപ്പിച്ചവരാണ് പിൽക്കാലത്ത് ലോകപ്രശസ്തിയാർജ്ജിച്ച ശാസ്ത്രജ്ഞന്മാരായിത്തീർന്നത്. ക്യാനഡായിലെ വാട്ടർ ലു യുണിവേഴ്സിറ്റിയിലെ ബോവാസ് എബ്രാഹം, യു.എസ്സ്.എയിലെ മേരിലാന്റ് യൂണിവേഴ്സിറ്റിയിലെ തോമസ് മാത്യു, കൊച്ചിൻ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ആയ ഉണ്ണികൃഷ്ണൻനായർ എന്നിവർ ആയിരുന്നു അവർ.

1961 ൽ ക്യാനഡായുടെ കോമൺവെൽത്ത് സ്കോളർഷിപ്പിന് അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തിയ മത്സരപ്പരീക്ഷയിൽ മത്തായി ഒന്നാംറാങ്ക് നേടി. അങ്ങനെ ക്യാനഡായിലെ ടൊറോന്റോ യൂണിവേഴ്സിറ്റിയിൽ ചേർന്നു. കണക്കിന് എം.എ. ബിരുദവും കണക്കിനുതന്നെ പി.എച്ച്.ഡി ബിരുദവും നേടി. ഒരുവർഷം എം.എക്കും രണ്ടുവർഷം പി.എച്ച്.ഡിക്കും വേണ്ടി പഠിച്ചു. ഇത് നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ഏറ്റവും കുറഞ്ഞ കാലമായിരുന്നു. ഡോക്ടറേറ്റ് നേടുന്നതിനുമുൻപുതന്നെ കാനഡായിലെ ഏറ്റവും പ്രശസ്തമായ ലോകത്തിലെ മുൻനിര യൂണിവേഴ്സിറ്റികളിൽ ഒന്നായ മഗ്ഗിൽ (Mc Gill) യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് പ്രൊഫസ്സറായി ജോലിയിൽ പ്രവേശിച്ചു. മോൺട്രിയാൾസിറ്റിയിലാണ് ഈ യൂണിവേഴ്സിറ്റി സ്ഥിതി ചെയ്യുന്നത്.

1999 ആയപ്പോഴേക്കും സീനിയർ പ്രൊഫസ്സറായി 2000-ത്തിൽ എമെരിറ്റസ് പ്രൊഫസറായി. കൂടാതെ 1985 ജനുവരി മുതൽ തിരുവനന്തപുരത്തുള്ള ഗവേഷണകേന്ദ്രമായ സെന്റർഫോർ മാത്തമാറ്റിക്കൽ സയൻസിന്റെ ഡയറക്ടർ ആയും സ്ഥാനമേറ്റു. ഈ ഗവേഷണകേന്ദ്രത്തിന്റെ ഒരു ഭാഗം പാലായിലും സ്ഥാപിച്ചു. കേരളത്തിൽ ഉള്ള ഈ രണ്ടു സ്ഥാപനങ്ങളുടെയും ഡയറക്ടറായി പ്രതിഫലമൊന്നും വാങ്ങാതെ മത്തായി

www.malankaralibrary.com

സേവനമനുഷ്ഠിക്കുന്നു.

മത്തായിയുടെ പ്രഥമഗവേഷണപ്രബന്ധം പ്രസിദ്ധീകരണത്തിൽ ഏറെ മുൻപന്തിയിൽനിൽക്കുന്ന ബയോമെട്രിക്സ് എന്ന ഗവേഷണ ജേർണലിൽ 1965 ൽ ആണ് പ്രസിദ്ധീകരിച്ചത്. തുടർന്ന് എല്ലാവർഷവും ചുരുങ്ങിയത് അഞ്ച് പ്രബന്ധങ്ങൾ വീതം പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. ഇതിനകം 350 ൽപരം പ്രബന്ധങ്ങൾ ലോകത്തിലെ മുൻപന്തിയിൽ നിൽക്കുന്ന ഗവേഷണ ജേർണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ 20 പുസ്തകങ്ങൾ സ്വന്തം നിലയിൽ എഴുതുകയും പ്രമുഖ പബ്ലിഷിംഗ് കമ്പനികൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ലോകത്തിലെ എല്ലാ രാജ്യങ്ങളിലും തന്നെ അവരുടെ ക്ഷണനപ്രകാരം ഗവേഷണങ്ങളെപ്പറ്റി ക്ലാസ് എടുത്തിട്ടുണ്ട്.

ഓരോ പ്രബന്ധത്തിലും ചുരുങ്ങിയത് അഞ്ചു പുതിയ കണ്ടുപിടുത്തങ്ങൾ ഉണ്ട്. അങ്ങനെ ആയിരത്തിൽപരം പുതിയ കണ്ടുപിടുത്തങ്ങൾ കണക്കു സംബന്ധിച്ച വിഷയങ്ങളിൽ പല ബ്രാഞ്ചുകളിൽ നടത്തിയിട്ടുണ്ട്. ഇപ്പോഴും ഗവേഷണങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്. ഗവേഷണങ്ങളിൽ ചിലത് സാധാരണക്കാരന് മനസ്സലാക്കാവുന്നത് താഴെപ്പറയുന്നവയാണ്. (കൂടുതൽ സങ്കീർണ്ണമായവ സാധാരണക്കാരന് മനസ്സിലാകത്തക്കവിധത്തിൽ വിവരിക്കുവാൻ എളുപ്പമല്ല). മരങ്ങളിൽ ഇലകൾ ക്രമീകരിച്ചിരിക്കുന്നത് പലയിനത്തിലാണ്. പൂക്കൾക്ക് ഭംഗി വരുന്നത് അതിലെ ഇതളുകളും നിറങ്ങളും ക്രമീകരിച്ചിരിക്കുന്നതിലും നിന്നുമാണ്. ഈ പലയിനങ്ങളിലുള്ള ക്രമീകരണങ്ങൾ എങ്ങിനെ ഉണ്ടാകുന്നു? ആ ക്രമീകരണങ്ങളെ നമുക്കുതന്നെ സൃഷ്ടിക്കുവാൻ കഴിയുമോ? ഏതെങ്കിലും മെഷീൻ ഉപയോഗിച്ച് ഈ ക്രമീകരണങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമോ എന്നത് കാലാകാലങ്ങളായി മനുഷ്യൻ ചിന്തിക്കുവാൻ തുടങ്ങിയിരുന്നു. ശാസ്ത്രജ്ഞന്മാരുടെ ഗവേഷണത്തിൽ ഉണ്ടായിരുന്ന കാര്യമാണിത്. പലതരത്തിലുള്ള തത്വസിദ്ധാന്തങ്ങളും പലകാലങ്ങളിലായി ഉണ്ടായിട്ടുണ്ട്. ഈ തത്വസിദ്ധാന്തങ്ങളിൽ എല്ലാംതന്നെ പലതരത്തിലുള്ള കുറവുകളും ഉണ്ടായിരുന്നു. 1974-ൽ മത്തായിയും ഒരു സസ്യശാസ്ത്രജ്ഞൻ ഡേവിസുംകൂടി പുറപ്പെടുവിച്ചതാണ് തിയറി ഓഫ് ഗ്രോത്ത് ആൻഡ് ഫോം എന്ന തത്വസംഹിത. ഇതുപ്രകാരം ഒരു സൂര്യകാന്തി പുഷ്പം കണക്കുപ്രകാരം സൃഷ്ടിച്ചു. നമ്മൾ സ്വാഭാവികമായി പ്രകൃതിയിൽ കാണുന്ന പൂവിന്റെ യാതൊരുകുറവുകളുമില്ലാത്ത ആദ്യത്തെ ഈ തത്വസംഹിത ഇന്നും നിലനിൽക്കുകയാണ്.

എന്തുകൊണ്ട് ആരോഗ്യമുള്ള ഒരു തെങ്ങിൽ 55 മടലുകളിൽ കൂടുതൽ ഉണ്ടായിരിക്കുകയില്ല? എന്തുകൊണ്ട് തെങ്ങിൻമണ്ടയിൽ കാറ്റുപിടിച്ച് മണ്ട ഒടിയുന്നില്ല, മറ്റെല്ലാ വൃക്ഷങ്ങളെയും കാറ്റുപിടിച്ച് നശിപ്പിക്കുമ്പോൾ? എന്തുകൊണ്ട് തെങ്ങിന്റെ മടലുകളിൽ ഏറ്റവും മൂത്ത മടൽ നിൽക്കുന്നതിന്റെ അടുത്തല്ല രണ്ടാമത്തെ മൂത്തമടൽ നിൽക്കുന്നത്? മൂത്തമടലിൽ നിന്ന് 137.5° അകലെയായി രണ്ടാമത്തെ മുത്തമടൽ നിൽക്കുന്നു. ഇവയും

www.malankaralibrary.com

ഇതുപോലെതന്നെ പ്രകൃതിയിൽ കാണുന്ന ധാരാളം കാര്യങ്ങളും മത്തായി-ഡേവിസ് തിയറിപ്രകാരം വിശദീകരിക്കാവുന്നതാണ്. ഈ പേപ്പറിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ വിഷയത്തിൽ ഏറ്റം മുൻപന്തിയിൽ നിൽക്കുന്ന ഗവേഷണ പ്രസിദ്ധീകരണമായ മാത്തമാറ്റിക്കൽ ബയോസയൻസസ് അതിന്റെ കവർ ഡിസൈൻ മത്തായി-ഡേവിസ് തിയറി പ്രകാരം ഉത്പാദിപ്പിച്ച സൂര്യകാന്തിപൂവിന്റെ പടം സ്വീകരിച്ചു. ഈ പടമാണ് ഇപ്പോഴും ഈ ജേർണലിന്റെ കവർ ചിത്രം.

കണക്കുസംബന്ധിച്ച് വിഷയങ്ങളിൽ മത്തായി ലോകത്തിലെ മുൻപന്തിയിലുള്ള ആദ്യത്തെ പത്തുപേരിൽ ഒരാളാണ്. പ്രത്യേകിച്ച് താഴെപറയുന്ന ബ്രാഞ്ചുകളിൽ Statistical distribution theory, generalised special functions, functions of matrix argument, quadratic and bilinear forms in random variables, distributional aspect of geometrical probabilities, multivariate analysis, mathematical statistics, matrix - variate distributions. ഈ വിഷയങ്ങളിൽ ആഗോളതലത്തിൽ നടത്തപ്പെടുന്ന സംഗമങ്ങളിൽ (കോൺഫറൻസ്, വർക്ക്ഷോപ്പ്, സിമ്പോസിയം Etc.) ക്ഷണിക്കപ്പെടുന്നതിൽ നാലഞ്ചു പേരിൽ ഒരാളാണ് മത്തായി. ഇതിൽ രസകരമായ ചില സംഭവങ്ങൾ താഴെ ചേർക്കുന്നു. Geometry യും Probability തീയറിയും, ഒത്തുചേർന്ന് രൂപംകൊടുത്തിരിക്കുന്ന ബ്രാഞ്ചാണ് Stochastic geometry, Geometrical probability എന്ന പേരുകളിൽ അറിയപ്പെടുന്നത്. ഇതിന്റെ ആഗോളതലത്തിലുള്ള കോൺഫറൻസിന്റെ മൂന്നാമത് സമ്മേളനം ഇറ്റലിയിൽ സിസിലിയിൽ വച്ചാണ് നടന്നത്. മൂന്നുകൊല്ലത്തിൽ ഒരിക്കലാണ് ഈ സമ്മേളനം നടക്കുക. ഈ വിഷയത്തിൽ സാധാരണഗവേഷണങ്ങൾ നടത്തുന്നത് കണക്കിൽ differential geometry, Integral geometry എന്നീ വിഷയങ്ങളിൽ ഉള്ള ടെക്നിക്കുകൾ ഉപയോഗിച്ചാണ്. ഇതൊന്നും കൂടാതെ വളരെ ലളിതമായി Jacobians of matrix transformation ഉപയോഗിച്ച് ചെയ്യുവാൻ സാധിക്കുമെന്ന് കാണിച്ച് ഒരു പ്രബന്ധം ബ്രിട്ടണിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന Advances in Applied Probability എന്ന പ്രസിദ്ധീകരണത്തിൽ 1998 ൽ മത്തായി എഴുതി പ്രസിദ്ധീകരിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിലാണ് സിസിലിയിലെ യോഗത്തിന് ക്ഷണനം ലഭിച്ചത്. ആ യോഗത്തിൽ എട്ടുപത്തുപേരെയെങ്കിലും ക്ഷണിച്ചിരിക്കുമെന്ന് കരുതിയാണ് മത്തായി അവിടെ എത്തിയത്. പക്ഷെ മത്തായിയെ മാത്രമാണ് ക്ഷണിച്ചിരുന്നത്. ഉത്ഘാടനം കഴിഞ്ഞ് മുഖ്യപ്രസംഗം നടത്താൻ മത്തായിയെ ആണ് ചുമതലപ്പെടുത്തിയത്. കൂടാതെ ക്ഷണനപ്രകാരം സമ്മേളനത്തിൽ ഒരു സെഷന്റെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കാനും മത്തായിക്ക് സാധിച്ചു.

യുണൈറ്റഡ്നേഷന്റെ ഓഫീസ് ഓഫ് ഔട്ടർ സ്പേയ്സ് അഫയേഴ്സിലെ അന്തരീക്ഷഗവേഷണഗ്രൂപ്പിലെ കണക്കിന്റെ ഉപദേഷ്ടാവാണ് മത്തായി. അഡ്വൈസർ ആയി മത്തായി മാത്രമേയുള്ളു. ഇതിന്റെടയിസ്ഥാനത്തിൽ യു.എൻ.ന്റെ ഔട്ടർ സ്പേയ്സ് അഫയേഴ്സിന്റെ എല്ലാ

www.malankaralibrary.com

വർക്കുഷോപ്പുകളിലും മത്തായിക്ക് ക്ഷണനം ലഭിക്കും. ലോകരാജ്യങ്ങളിൽ നിന്നെല്ലാമായി ഏറ്റവും കൂടിയാൽ 25 പേരെയാണ് ക്ഷണിക്കുന്നത്. ഈ ക്ഷണനം അനുസരിച്ച് ഇന്ത്യാ, ഈജിപ്ത്, നൈജീരിയ, കോസ്റ്റോറിക്കാ, കൊളംബിയ, ജർമ്മനി, ചൈന, യുണൈറ്റഡ് അറബ് എമിറേറ്റ് എന്നിവിടങ്ങളിൽ പോയി ഈ ബ്രാഞ്ചിലുള്ള ഗവേഷണങ്ങളെപ്പറ്റി സംസാരിച്ചിട്ടുണ്ട്. 1991 മുതലാണ് ഈ വർക്കുഷോപ്പുകൾ തുടങ്ങിയത്. വർഷത്തിൽ ഒരു സമ്മേളനം വച്ച്. എല്ലാ സമ്മേളനത്തിലേക്കും മത്തായിക്ക് ക്ഷണനം കിട്ടിയിട്ടുണ്ട്. ഈ വിഷയത്തിൽ ഇറ്റലിയിലെ ട്രന്റോ എന്ന പട്ടണത്തിൽ വച്ചു നടന്ന ഇന്റർ നാഷണൽ സ്കൂളിൽ ക്ലാസ്സെടുത്തതിൽ ഒരാളായിരുന്നു മത്തായി. ഈ വിഷയത്തിൽ അസ്ട്രോഫിസിക്സിൽ ഗവേഷണം തുടങ്ങിയത് 1982 ൽ ആയിരുന്നു. ജർമ്മനിയിലുള്ള ഒരു ഗവേഷണ ഗ്രൂപ്പിന്റെ നിർബ്ബന്ധപ്രകാരമാണ് അന്നുവരെ തീരാതെ കിടന്ന (unsolved problems) തിൽ 12 എണ്ണം മത്തായി 1982–84 കാലഘട്ടങ്ങളിൽ പരിഹരിച്ചു. പുതിയ ധാരാളം ടെക്നിക്കുകൾ ഡിസ്ട്രിബ്യൂഷൻ തീയറിയിൽ നിന്ന് അസ്ട്രോഫിസിക്സിലേക്ക് കൊണ്ടുവരികയും ചെയ്തു. ജർമ്മൻ ശാസ്ത്രജ്ഞന്മാരുമായി യോജിച്ച് ഈ ബ്രാഞ്ചിൽ ഇതുവരെ ഒരു പുസ്തകവും 50 ൽപരം പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. നോബൽ സമ്മാനത്തന് അർഹതയുള്ള വിഷയങ്ങളെപ്പറ്റിയാണ് മത്തായി അടങ്ങിയ ഈ ഗ്രൂപ്പിന്റെ ഗവേഷണങ്ങൾ.

ടെലിവിഷൻ കാണുമ്പോൾ പടങ്ങൾ വളരെ ക്ലിയർ ആയികാണുന്നതും ഫോണിൽ ശബ്ദിക്കുമ്പോൾ വളരെ ക്ലിയർ ആയി കേൾക്കുന്നതും എങ്ങിനെയെന്ന് ചിന്തിച്ചിട്ടുണ്ടാകും. ഇത് സാധിക്കുന്നത് ആവശ്യമില്ലാത്ത കലർപ്പുകളെ നീക്കം ചെയ്തും ആവശ്യമില്ലാത്ത ശബ്ദങ്ങളെ അമർച്ച ചെയ്തുമാണ്. ഇതിന് ഉപയോഗിക്കുന്നത് കണക്കിൽ Information Theory, Signal Suppression മുതലായ ബ്രാഞ്ചുകളിൽ ഉള്ളതും Theory of Quadratic and Bilinear Forms എന്നീ ബ്രാഞ്ചുകളിലെ ടെക്നിക്കുകൾ ഉപയോഗിച്ചുമാണ്. ഇതിൽ മത്തായിയുടെയും മത്തായിയുടെ സഹഗവേഷകരുടെയും ധാരാളം ഗവേഷണഫലങ്ങൾ പ്രയോജനപ്പെടുത്തുന്നു. ഇതിൽ ഇൻഫർമേഷൻ തിയറിയിൽ ഒരു ഭാഗത്തെപ്പറ്റിയുള്ള ആദ്യത്തെ പുസ്തകം മത്തായിയും ഇന്ത്യയിൽ രാജസ്ഥാനിൽ ജനിച്ച് ബ്രസീലിൽ കുടിയേറിയ റാത്തി എന്ന ഗവേഷകനും കൂടി 1975 ൽ പ്രസിദ്ധീകരിച്ചതാണ്. Quadratic Forms in Random Variables ൽ ഉള്ള ആദ്യത്തെ പുസ്തകം മത്തായിയും ക്യാനഡാക്കാരൻ പ്രൊവോയും കൂടി 1992 ൽ പ്രസിദ്ധീകരിച്ചതാണ്. Bilinear Forms ൽ ഉള്ള ആദ്യത്തെ പുസ്തകം മത്തായിയും പ്രൊവോയം ജപ്പാനിലുള്ള ഹയാക്കാവയും കൂടി 1995 ൽ പ്രസിദ്ധീകരിച്ചതാണ് geometrical probabilities എന്ന ബ്രാഞ്ചിലെ ഇംഗ്ലീഷ്ഭാഷയിലുള്ള പൂർണ്ണപുസ്തകം മത്തായി 1999 ൽ പ്രസിദ്ധീകരിച്ചതുമാണ്. Generalised Special Functions എന്ന ബ്രാഞ്ചിൽ ഗവേഷകർ ബൈബിളായി ഉപയോഗിക്കുന്നത് 1993 ൽ ഓക്സ്ഫോർഡ് യൂണിവേഴ്സി

www.malankaralibrary.com

റ്റിയിൽ നിന്ന് മത്തായി പ്രസിദ്ധീകരിച്ച പുസ്തകമാണ്.

ഇന്ത്യാഗവൺമെന്റിനുവേണ്ടി തിരുവനന്തപുരത്തെ സെന്ററിൽ ഉണ്ടാക്കിയെടുത്ത ഒരു പാക്കേജാണ് Expert System for Sampling Strategies. ഇത് ഒരു കമ്പ്യൂട്ടർ പാക്കേജാണ്. കണക്കോ, സ്റ്റാറ്റിസ്റ്റിക്സോ അറിവില്ലാത്ത ഒരാൾക്ക് ഈ പാക്കേജ് ഉപയോഗിച്ച് ഒരു സർവ്വേ നടത്തുവാനും, അഭിപ്രായ സർവ്വേകൾ മാർക്കറ്റ് സർവ്വേ മുതലായ, വിവരങ്ങൾ ശേഖരിക്കുവാനും അവ വിശകലനംചെയ്ത് ശരിയായ തീരുമാനത്തിൽ ശാസ്ത്രീയാടിസ്ഥാനത്തിൽ എത്തിച്ചേരുവാനും ഈ പാക്കേജ് മുഖേന സാധിക്കും. ഇന്ത്യാഗവൺമെന്റ് ഇതിനൊരു പേറ്റന്റും എടുത്തിട്ടുണ്ട്. തിരുവനന്തപുരത്ത് സെന്ററിൽ ഉണ്ടാക്കിയ മറ്റൊരു പാക്കേജ്, ഏറ്റം ചുരുങ്ങിയ ചെലവിൽ, കേരളക്കാരുടെ ഭക്ഷണപ്രിയങ്ങൾ കണക്കിലെടുത്ത് നമുക്ക് ആവശ്യമായ പോഷകാംശങ്ങൾ കിട്ടത്തക്കവണ്ണം എത്രമാത്രം ഭക്ഷണം കഴിക്കണമെന്ന കണക്ക്. ഇതനുസരിച്ച് ഉണ്ടാക്കിയതും മലയാളത്തിൽ എഴുതിയതുമായ ഒരു പട്ടിക വീട്ടമ്മമാർക്ക് തിരുവനന്തപുരം ഭാഗത്ത് വിതരണം ചെയ്തിരുന്നു.

തിരുവനന്തപുരത്ത് മെഡിക്കൽ ഡോക്ടർമാരുമായി യോജിച്ച് നടത്തിയ ഒരു ഗവേഷണത്തിന്റെ ഫലമായി വായിൽ ഉണ്ടാകുന്ന അർബുദത്തിന്റെ പ്രധാനകാരണം കക്കയിൽ നിന്നുള്ള ചുണ്ണാമ്പ് ആണെന്ന് കണ്ടുപിടിച്ചിരുന്നു.

മത്തായിയും ഡേവിസും കൂടി നാടിന് ഉടൻ ഫലം ചെയ്യുന്ന പല ഗവേഷണങ്ങളും തുടങ്ങി വച്ചിരുന്നു. ഇതിനെല്ലാം ഇന്ത്യാഗവൺമെന്റ് ഉദാരമായ ഗ്രാന്റുകളും അനുവദിച്ചിരുന്നു. ഡേവിസിന്റെ അകാല നിര്യാണത്തോടുകൂടി ഇവയെല്ലാം പകുതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്നു. ആ പദ്ധതികളിലെ ചില വിവരങ്ങൾ ചുരുക്കിപറയം. ക്യാനഡയിൽ മേപ്പിൾ എന്നു പറയുന്ന വൃക്ഷം ടാപ്പ് ചെയ്ത് അതിൽനിന്നുകിട്ടുന്ന സാപ്പ് (നീര്) എടുത്ത് വറ്റിച്ചാൽ പാനിയും കൽക്കണ്ടവും മറ്റും ഉണ്ടാക്കാം. ഈ ടാപ്പിംഗ് തുടങ്ങുന്നത് തണുപ്പുകാലം ഏകദേശം തീരാൻ തുടങ്ങുമ്പോഴാണ്. സാപ്പ് ഒഴുകുന്ന ട്യൂബിൽകൂടി മരത്തിൽനിന്ന് സാപ്പ് തിളപ്പിക്കുന്ന പാത്രത്തിൽ എത്തിച്ചേരുന്നു. സാപ്പ് വരുന്നവഴിക്ക് യാതൊരു തരത്തിലുള്ള അഴുക്കുകളും അതിൽ കലരുന്നില്ല. ഈ സംവിധാനം കരിമ്പനചെത്തി പാനി, കരിപ്പെട്ടി മുതലായവ ഉണ്ടാക്കുന്നതിനായി ഉപയോഗപ്പെടുത്താനുള്ളതായിരുന്നു ഒരു പ്രോജക്ട്. ഇപ്പോൾ ചെയ്യുന്നത് പനയിൽ പലപ്രാവശ്യം കയറി ചെത്തി തുറന്നപാത്രത്തിൽ സാപ്പ് എടുക്കുകയാണ്. ഈ സാപ്പിൽ ഈച്ചകൾ കുളവികൾ മുതലായവ വീഴുന്നു. ഇവ കൊണ്ടുവന്ന് നിലത്ത് തുറന്നപാത്രത്തിൽ തിളപ്പിക്കുന്നു. കാറ്റടിച്ച് പൊടിപടലങ്ങൾ ഇതിൽ വീഴുന്നു. ഇങ്ങനെ വൃത്തികേടായി ഉണ്ടാക്കുന്ന പാനിയും കരിപ്പെട്ടിയുമാണ് നാം ഉപയോഗിക്കുന്നത്. അതിനുപകരം കരിമ്പനയുടെ കുല സീൽവച്ച് ട്യൂബിൽകൂടി സാപ്പ് പ്ലാറ്റ്ഫോമിൽ ഉയർത്തിഉണ്ടാക്കിയിരിക്കുന്ന പാത്ര

www.malankaralibrary.com

ത്തിൽ നേരിട്ടുവീഴുന്നു. പിന്നീട് ചൂട് ഏറ്റവും കൂടുതൽ നിലനിൽക്കുന്ന പാത്രങ്ങളിൽ തിളപ്പിച്ച് പാനിയാക്കുന്നു. ഇതായിരുന്നു ഒരു പ്രോജക്ട്. മറ്റൊന്ന് ആൻഡമാനിലും നിക്കോബാർ ദ്വീപുകളിലും ജീവിക്കുന്നതും വംശ നാശംവന്നുകൊണ്ടിരിക്കുന്നതുമായ തെർമോമീറ്റർ പക്ഷി എന്നുപറയുന്ന പക്ഷിയെപ്പറ്റി പഠിക്കുവാനുള്ളതായിരുന്നു ഈ പക്ഷി കരികിലകൾ കൂമ്പാരംകൂട്ടി അതിനടിയിൽ മുട്ടയിടുന്നു. ഈ തള്ളപ്പക്ഷിയുടെ കഴുത്തിൽ ചൂട് അളക്കാനുള്ള ഒരു തെർമോമീറ്റർ ഉണ്ട്. തള്ളപ്പക്ഷിദിവസവും ചെന്ന് കരികിലയിൽ കഴുത്തമർത്തി ചൂട് നോക്കുന്നു. ചൂടുകൂടുതലാണെങ്കിൽ കുറെ കരികില മാറ്റുന്നു. കുറവാണെങ്കിൽ കൂടുതൽ കരികില ഇടുന്നു. ഇങ്ങനെയാണ് മുട്ടവിരിക്കുന്നത്. അല്ലാതെ അടയിരിക്കാറില്ല. മുട്ടവിരിയുമ്പോൾ തള്ളപ്പക്ഷി കുഞ്ഞുങ്ങളെ വിളിക്കുന്നു. കുഞ്ഞുങ്ങൾ കരികിലയുടെ അടിയിൽനിന്ന് പുറത്തുവന്ന് തള്ളയുടെ കൂട്ടത്തിൽ പോകുന്നു. മറ്റൊരു പ്രോജക്ട് കന്യാകുമാരി ജില്ലയിൽ മുട്ടക്കുന്നുകളായി തീരുന്ന സഹ്യപർവ്വതം ചെടികൾ നട്ട് ഹരിതമാക്കി എടുക്കുന്നതായിരുന്നു. മറ്റൊന്ന് നീപ്പാപാം എന്ന ഒരിനംതെങ്ങ് ഇന്തോനേഷ്യയിൽ നിന്നും കൊണ്ടുവന്ന് കടൽത്തീരങ്ങൾ ഭംഗിപിടിപ്പിക്കുകയും മണ്ണൊലിപ്പും കടൽക്ഷോഭവും തടയുന്നതിനുള്ളതായിരുന്നു. മറ്റൊന്ന് കുരുവിക്കൂട്ട് എഞ്ചിനീയറിംഗ് അത്ഭുതത്തിന്റെ ചുരുൾ അഴിക്കുക എന്നതായിരുന്നു.

ഡോ. മത്തായി പല ശാസ്ത്രസംഘടനകളുടെയും ഫെലോ ആണ്. വളരെ മികച്ച ഗവേഷണ ഫലങ്ങൾ ഉള്ളവരെമാത്രമേ ഫെലോ ആയി തിരഞ്ഞെടുക്കുകയുള്ളു. മത്തായി പല ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ പ്രസാധകനായും പത്രാധിപരായും സഹപത്രാധിപരായും ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. ക്യാനഡയിൽ സ്റ്റാറ്റിസ്റ്റിക്സിനുള്ള സംഘടന ഉണ്ടാക്കിയതും ഗവേഷണ പ്രസിദ്ധീകരണം ആരംഭിച്ചതും മത്തായിയാണ്.

ഇന്ത്യാഗവൺമെന്റിനുവേണ്ടി, 35 വയസ്സിന് താഴെയുള്ള ഇന്ത്യയിലെ കോളേജ് യൂണിവേഴ്സിറ്റി അദ്ധ്യാപകർക്കുവേണ്ടി മത്തായി ഒരു (SERC) സ്കൂൾ എന്നറിയപ്പെടുന്ന ഒരു സ്കൂൾ നടത്തുന്നുണ്ട്. ഇത് ചെറുപ്പക്കാരായ അദ്ധ്യാപകരെ ഗവേഷണത്തിലേക്ക് തിരിച്ചു വിടുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമാണ്. ഇതിന്റെ എല്ലാ ചെലവുകളും ഇൻഡ്യാ ഗവൺമെന്റാണ് വഹിക്കുന്നത്. അഞ്ചാഴ്ചത്തെ ഈ കോഴ്സിലേക്ക് പ്രവേശനം നൽകുന്നത് അഖിലേന്ത്യാ തലത്തിലാണ്. 30 സീറ്റുകളാണുള്ളത്. ഇത് കണക്ക്, സ്റ്റാറ്റിസ്റ്റിക്സ്, ഊർജ്ജതന്ത്രം എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ളതാണ്. 1995, 2000 വർഷങ്ങളിൽ തിരുവനന്തപുരത്ത് വെച്ചും 2005-ൽ പാലായിൽ വെച്ചും ഈ ക്ലാസ്സുകൾ നടത്തി. 2006-ൽ ആണ് അടുത്ത ക്ലാസ്സ്. ഈ സ്കൂളിൽ ക്ലാസ്സെടുക്കുന്നത് Special functions and function of matrix argument എന്ന വിഷയത്തിൽ ലോകത്തിലെ ഏറ്റവും നല്ല ഗവേഷകരാണ്. 2005 ലെ സ്കൂളിൽ കാനഡയിൽ നിന്നും ഓസ്ട്രിയയിൽ നിന്നും

www.malankaralibrary.com

ക്ലാസ്സെടുക്കാൻ അദ്ധ്യാപകർ എത്തിയിരുന്നു. 2006 ലെ സ്കൂളിൽ ബ്രസീലിൽ നിന്നും ഓസ്ട്രിയായിൽനിന്നും ക്ലാസ്സെടുക്കാൻ ആൾക്കാർ ഉണ്ടായിരിക്കും.

മത്തായി ഇൻഡ്യക്കുവേണ്ടിയും പ്രത്യേകിച്ച് കേരളത്തിനു വേണ്ടിയും ചെയ്തു കൊണ്ടിരിക്കുന്ന സേവനങ്ങൾ നിരവധിയാണ്. 1985 മുതൽ 2000 വരെ ഏതാണ്ട് ഓരോ വർഷവും 6 മാസം വീതം സ്വന്തം ചിലവിൽ തിരുവനന്തപുരത്തുള്ള ഗവേഷണ കേന്ദ്രം നോക്കി നടത്തിയിരുന്നു. ഇതിന് വിമാന ടിക്കറ്റു സഹിതം ഓരോ വർഷവും ഒന്നര ലക്ഷം രൂപ ചിലവാക്കിയിട്ടുണ്ട്. കൂടാതെ പല പ്രോജക്ടുകൾ നടത്തി 15 ലക്ഷത്തോളം രൂപ സെന്ററിൽ നിക്ഷേപ മുണ്ടാക്കി. ഡോ. മത്തായിയുടെ കഴിവും സമയവും ഉപയോഗിച്ചതിന്റെ ഫലമാണ്. കൂടാതെ കാനഡ, യു. എസ് എന്നിവിടങ്ങളിൽ നിന്നുള്ള സഹഗവേഷകരിൽ നിന്നും ശേഖരിച്ച പുസ്തകങ്ങളും ബുക്കുകളും, ഗവേഷണ പ്രബന്ധങ്ങളും സ്വന്തം ചെലവിൽ കേരളത്തിലെ സെന്ററിലേക്ക് അയച്ചുകൊടുത്തു. പാലയിലുള്ള സെന്ററിലെ ലൈബ്രറിയിൽ ആണ് അവയെല്ലാം. മൂന്ന് കോടിയിൽ പരം വിലവരുന്ന ഗ്രന്ഥങ്ങളാണ് ഇപ്പോഴുള്ളത്. കൂടാതെ ലോക ശാസ്ത്രജ്ഞന്മാരിൽ പണ്ടു ജീവിച്ചിരുന്നവരും ഇപ്പോൾ ജീവിച്ചിരിക്കുന്ന 319 പേരുടേയും ചിത്രങ്ങൾ ശേഖരിച്ച് ലാമിനേറ്റ് ചെയ്ത് കളർ ചെയ്ത് പാലായിലുള്ള ലൈബ്രറിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും ഉത്തേജനംകൊടുക്കുന്നതിനാണ് ഇവയെല്ലാം ഫ്രീയായി മത്തായി നൽകിയിരിക്കുന്നത്. രണ്ടുവാല്യങ്ങളിലായി ഇവരുടെ ജീവചരിത്രം ലഘുവായ ഭാഷയിൽ എഴുതി പുസ്തകമാക്കിയിട്ടുണ്ട്. ഇതും പാലായിലെ ലൈബ്രറിയിൽ ഉണ്ട്.

ഇതിനെല്ലാം ഉപരിയായി 1985 മുതലുള്ള മത്തായിയുടെ സാന്നിദ്ധ്യം കാരണം കേരളത്തിലുള്ള യൂണിവേഴ്സിറ്റികളിലും കോളേജുകളിലും സ്റ്റാറ്റിസ്റ്റിക്സിന്റെ ഗവേഷണങ്ങൾ ഊർജ്ജസ്വലമായി. ഗവേഷണരംഗത്ത് പുറംതള്ളപ്പെട്ടിരുന്ന കേരളത്തെ മറ്റു സംസ്ഥാനങ്ങളോട് കിടപിടിക്കത്തക്ക നിലയിലേക്ക് എത്തിക്കുവാൻ മത്തായി ഭഗീരഥപ്രയത്നം നടത്തിയിട്ടുണ്ട്. ഭാരതത്തിലെ പല യൂണിവേഴ്സിറ്റികളിലും പോയി ക്ലാസ്സെടുത്തിട്ടുള്ള ഡോ. മത്തായി 1966 മുതൽ രാജസ്ഥാനുമായി സഹഗവേഷണങ്ങൾ നടത്തിവരുന്നു. സെന്റർഫോർ മാത്തമാറ്റിക്കൽ സയൻസസ് എന്ന ഗവേഷണ കേന്ദ്രത്തിന്റെയും കേരളത്തിലുള്ള മറ്റ് രണ്ട് ഗവേഷണകേന്ദ്രങ്ങളുടെയും ഡയറക്ടർ സ്ഥാനം കൂടി വഹിക്കുന്ന ഡോ.മത്തായി ഭാരതത്തിലെ മിക്ക യൂണിവേഴ്സിറ്റികളിലും പ്രസംഗങ്ങൾ നടത്തുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഓരോ പുതിയ കണ്ടുപിടുത്തമെന്നുപറയുന്നത് ലോകത്തിൽ മറ്റൊരാൾക്കും തോന്നാത്തതും മറ്റൊരാളും കാണാത്തതുമാണ്. ഇതിന് സ്വന്തം

www.malankaralibrary.com


കഴിവ് മാത്രംപോരാ ദൈവാനുഗ്രഹം കൂടിവേണം. തലച്ചോറിൽ ആശയങ്ങൾ രൂപംകൊള്ളുന്നത് പ്രത്യേക ചില നിമിഷങ്ങളിലാണ്. ഡോ.മത്തായി പറയുന്നത് അത് ദൈവാനുഗ്രഹംകൊണ്ട് മാത്രമാണെന്നാണ്. വെറും സാധാരണകർഷകകുടുംബത്തിൽ ജനിച്ച് ഒരു സംശയംപോലും പറഞ്ഞുതരാനോ ഗൈഡ് ചെയ്യാനോ ആരുമില്ലാതെ ഈ നിലവരെ എത്തിച്ചേർന്നത് ദൈവം ഗൈഡ് ചെയ്തതുകൊണ്ട് മാത്രമാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. മറ്റാർക്കും കിട്ടാത്ത അനുഗ്രഹം തനിക്കു ലഭിച്ചു. ദൈവം നൽകിയതുകൊണ്ടാണ് തനിക്കുലഭിച്ച അറിവ് വിലക്കുവിൽക്കുവാൻ അദ്ദേഹം തയ്യാറാകാത്തത്. അതുകൊണ്ടാണ് സ്വന്തം ചിലവിൽ കേരളത്തിൽ പല ഭാഗങ്ങളിലും പോയി ക്ലാസുകൾ എടുക്കുന്നത്.

ഡോ. മത്തായിയുടെ ദയാശീലവും അനുകമ്പയും അദ്ദേഹത്തെ ചില അപകടങ്ങളിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. ഒരു കുടുംബത്തെ മുഴുവൻ അദ്ദേഹം പഠിപ്പിച്ചും സംരക്ഷിച്ചും ഉന്നതനിലയിലെത്തിച്ചു. അവരിൽനിന്നുംഉണ്ടായ തിക്താനുഭവങ്ങൾ മത്തായിയെ എന്നും വേദനിപ്പിക്കുന്നുണ്ട്. നീതിയുടെ പക്ഷത്തുനിൽക്കേണ്ട പോലീസുകാർപോലും സാമൂഹ്യദ്രോഹ പ്രവർത്തനത്തിന് കൂട്ടുനിൽക്കുന്ന കാഴ്ച ഡോ. മത്തായി കേരളത്തിന്റെ സാമൂഹ്യമനസാക്ഷിക്കുമുൻപിൽ ഒരു ചോദ്യചിഹ്നമായി ഉന്നയിക്കുകയാണ്.

വിലാസം - ഡോ.എ.എം. മത്തായി, വിസ്മയ, 49/1880 സൂരജ് എൻക്ലേവ്,
ഇടപ്പള്ളി പി.ഒ., എറണാകുളം, കൊച്ചി 682024

# 195

# റവ. ഡോ. തോമസ് ഐക്കര സി.എം.ഐ.



ദൈവശാസ്ത്രജ്ഞൻ, പ്രഭാഷകൻ, മികച്ചസംഘാടകൻ, പത്രാധിപർ, നയതന്ത്രജ്ഞൻ എന്നിങ്ങനെ വിവിധനിലകളിൽ മായാത്ത വ്യക്തിമുദ്രപതിപ്പിച്ച റവ. ഡോ. തോമസ് ഐക്കര, പാലായ്ക്ക് സമീപമുള്ള മുത്തോലിയിൽ പോത്തൻ ജോസഫ് എലിസബത്ത് ദമ്പതികളുടെ മകനായി 1936 ജനുവരി 23-ന് ജനിച്ചു. ഹൈസ്കൂൾ തലം വരെയുള്ള വിദ്യാഭ്യാസം മുത്തോലി സെന്റ് ആന്റണീസ് ഹൈസ്കൂളിലായിരുന്നു. 1954 ജൂൺ മൂന്നിന് സി.എം.ഐ. സഭയിൽ ചേർന്നു. തുടർന്ന് പൂനാ പേപ്പൽ സെമിനാരിയിൽ ഫിലോസഫിയും തിയോളജിയും പഠിച്ചു. 1964 ഏപ്രിൽ ആറിന് വൈദിക

www.malankaralibrary.com

പദവിയിലേക്കുയർത്തപ്പെട്ടു. 1966-ൽ ഉപരിപഠനത്തിനായി ബൽജിയത്തിലെ ലുവെയിൽ കാത്തലിക് യൂണിവേഴ്സിറ്റിയിൽ ചേർന്നു. 1970-ൽ തത്വശാസ്ത്രത്തിൽ പി.എച്ച്.ഡി.ബിരുദം നേടി. അതിനുശേഷം ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ ചേർന്നു. 1970 - 1974 കാലത്തായിരുന്നു ഓക്സ്ഫോർഡിലെ പഠനം. അതിനിടെ 1973-74 കാലത്ത് ഓക്സ്ഫോർഡിൽ ട്യൂട്ടറായി ജോലി ചെയ്യുകയും ചെയ്തു. ഓക്സ്ഫോർഡിൽ നിന്നും ഡി.ഫിൽ. ഡിഗ്രികരസ്ഥമാക്കി. പി.എച്ച്.ഡി.യുടെ വിഷയം ജർമ്മൻ തത്വശാസ്ത്രവും ഡി.ഫിൽ-ന്റെ വിഷയം ദൈവശാസ്ത്രവും താരതമ്യപഠനവും എന്നുള്ളതുമായിരുന്നു.

1965-66 കാലത്ത് ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ ജൂണിയർ ലക്ചറായി സേവനം അനുഷ്ഠിച്ചു. ഫോലോസഫിയായിരുന്നു അദ്ധ്യാപനവിഷയം. അന്നവിടുത്തെ റെക്ടറായിരുന്ന ഡോ. ജോനാസ് തളിയത്തിന്റെ (പിൽക്കാലത്ത് മെത്രാൻ) പ്രൈവറ്റ് സെക്രട്ടറിയായും അക്കാലത്ത് സേവനം അനുഷ്ഠിച്ചിരുന്നു. 1970-74 കാലത്ത് ഓക്സിഫോർഡിൽ ഗവേഷണം നടത്തിയിരുന്ന കാലത്ത് ധർമ്മാരാംകോളേജിൽ വിസിറ്റിംഗ് പ്രൊഫസ്സറായിരുന്നു. ഓരോ വർഷവും മൂന്നുമാസം വീതം ധർമ്മാരാമിൽ എത്തി ക്ലാസ്സ് എടുത്തിരുന്നു.

1974-78 ൽ ബാംഗ്ലൂർ ധർമ്മരാമിൽ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഫസർ ആയി നിയമിതനായി. 1978 - 87 കാലത്ത് ബാഗ്ലൂരിലെ ധർമ്മാരാംവിദ്യാക്ഷേത്രം, ബാംഗ്ലൂരിലെ പൊന്തിഫിക്കൽ അഥേനിയം ഓഫ് ഫിലോസഫി ആൻഡ് തിയോളജി, വാർദ്ധായിലെ ദർശനാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫി, എന്നീ സ്ഥാപനങ്ങളിൽ വിസിറ്റിംഗ് പ്രൊഫസ്സറായിരുന്നു. 1990 - 94 കാലഘട്ടത്തിൽ ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ പ്രസിഡന്റും പ്രൊഫസ്സറും ആയി ജോലി നോക്കി.

1997-ൽ റോമിൽ ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ആൻഡ് ഇന്റർ റിലിജിയസ് സ്റ്റഡിസിന്റെ ഡയറക്ടറായി ചുമതലയേറ്റു. 2002 വരെ ഈ സ്ഥാനത്ത് തുടർന്നു. ഇക്കാലത്ത് ബാഗ്ലൂർ ധർമ്മരാം വിദ്യാക്ഷേത്രത്തിൽ വിസിറ്റിംഗ് പ്രൊഫസ്സറുമായിരുന്നു. 2002 മുതൽ ചാലക്കുടിക്കുസമീപമുള്ള പരിയാരത്തെ സി.എസ്സ്.ആർ. സ്ഥാപനത്തിന്റെ ഡയറക്ടറായി പ്രവർത്തിക്കുന്നു. ഫിലോസഫി, തിയോളജി എന്നീ വിഷയങ്ങളാണ് ഇദ്ദേഹം പഠിപ്പിച്ചിട്ടുള്ളത്. നിരവധി പ്രസിദ്ധീകരണങ്ങളുടെ എഡിറ്ററായി ഐക്കരയച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. ജേർണൽ ഓഫ് ധർമ്മ (ബാംഗ്ലൂർ) ജീവധാര (കോട്ടയം) മില്ലേനിയം (രാജ്കോട്ട്) എന്നിവയുടെ അസ്സോഷിയേറ്റ് എഡിറ്ററായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ വചനം ബലി വേദിയിൽ (പ്രസംഗങ്ങൾ Cosmic Conciousness (a Dharma Publication) Meeting of Relgious (Rome). Missiology for the third Millenium (ബാംഗ്ലൂർ) ഇവയുടെ എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. Concilium തുടങ്ങിയ അന്തർദ്ദേശീയ നിലവാരമുള്ള പ്രസദ്ധീകര

www.malankaralibrary.com

ണങ്ങളിൽ ലേഖനങ്ങൾ പ്രസദ്ധീകരിച്ചു വരുന്നുണ്ട്. അദ്ധ്യാപകസ്ഥാന ങ്ങൾക്കുപുറമേ സി.എം.ഐ. സഭയിൽ ഉത്തവാദിത്വമേറിയ പലസ്ഥാനങ്ങളും വഹിച്ചിട്ടു... 1978 മുതൽ 1984 വരെ സി.എം.ഐ. കോൺഗ്രഗേഷന്റെ സുപ്പീ രിയർ ജനറൽ ആയിരുന്നു അദ്ദേഹം. ഇതിനിടെ 1978 മുതൽ 84 വരെ ധർമ്മാരാം വിദ്യാക്ഷേത്രത്തിന്റെ വൈസ് ചാൻസലർ ആയും സി.ആർ.ഐ. യുടെ (Conference of Religions, India) ദേശീയ പ്രസിഡണ്ടായും 1978 - 83 കാല ഘട്ടങ്ങളിലും സി.ആർ.ഐ. കേരളാ ഘടകത്തിന്റെ പ്രസിഡണ്ടായും 1978 - 82 കാലഘട്ടത്തിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. സി.എം.ഐ. സഭ കോട്ടയം പ്രോവിൻസിന്റെ പ്രൊവിൻഷ്യൻ ആയും (1984 - 87) കാലഘട്ട ത്തിൽ പ്രവർത്തിക്കുകയുണ്ടായി.

രാഷ്ട്രദീപിക കമ്പനിയായി രജിസ്റ്റർ ചെയ്തത് റവ. ഡോ. തോമസ് ഐക്കര മാനേജിംഗ് എഡിറ്ററായിരിക്കുന്ന കാലത്താണ്. അതിന്റെ പ്രഥമ മാനേജിംഗ് ഡയറക്ടറും അദ്ദേഹമാണ്. 1992-ൽ റോമിലെത്തി സി.ഐ. ഐ.എസ്സിന്റെ ഡയറക്ടർ സ്ഥാനം ഏറ്റെടുത്ത ഐക്കരയച്ചൻ രാഷ്ട്രദീപിക കമ്പനിയുടെ ചെയർമാനായി 1993 - 2001 കാലഘട്ടത്തിൽ പ്രവർത്തിച്ചു. സീറോ - മലബാർ റിലീജിയസ് കോൺഫറൻസിന്റെ സ്ഥാപക പ്രസിഡ ണ്ടായി 1981 - 87 കാലഘട്ടത്തിലും സെന്റർ ഫോർ ദി സ്റ്റഡി ഓഫ് വേൾഡ് റിലിജിയൺസിന്റെ ഡയറക്ടറായി 1975 - 78 കാലത്തും പ്രവർത്തിച്ചു. റോമിലെ യൂണിവേഴ്സിറ്റി ഓഫ് അൻജെലിക്കായുടെ അസ്സോസിയേറ്റ് പ്രൊഫസ്സർ ആയി 1999 - 2002 വരെയും പ്രവർത്തിക്കയുണ്ടായി.

ഇന്ത്യയ്ക്കകത്തും ഇന്ത്യയ്ക്കു വെളിയിലുമായി നിരവധി സ്ഥാപന ങ്ങൾ ആരംഭിക്കുവാനും ഐക്കരയച്ചന് സാധിച്ചു. കേരളത്തിൽ ചാലക്കു ടിക്കുസമീപമുള്ള പരിയാരത്ത് 1979-ൽ ആരംഭിച്ച സാക്ഷാൽകാരാ എന്നറി യപ്പെടുന്ന ആദ്ധ്യാത്മികസാക്ഷാത്കാരകേന്ദ്രമാണ് അവയിലൊന്ന്. 1979 -ൽ ഭോപാലിൽ ആരംഭിച്ച പൂർണ്ണോദയാ ട്രെയിനിംഗ് സെന്റർ, 1980-ൽ ബോംബെയിൽ ആരംഭിച്ച സി.എം.ഐ. സേവാസദൻ, അമേരിക്കയിലെ ഈസ്റ്റ് ഓറഞ്ച് ന്യൂജേഴ്സിയിൽ 1981-ൽ ആരംഭിച്ച ധർമ്മനിവാസ് 1981-ൽ ആന്ധ്രാപ്രദേശിലെ മഞ്ചേരിയയിൽ ആരംഭിച്ച അനുധാവന (മിഷ്യൻ നൊവി ഷ്യറ്റ് ഹൗസ്) 1982-ൽ വാർദ്ധായിൽ ആരംഭിച്ച ദർശനാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫി 1982-ൽ കൈനകരിയിൽ സ്ഥാപിച്ച ചാവറ ഷ്റൈൻ ഈസ്റ്റ ഓറഞ്ച്, 1982-ൽ റോമിൽ പണിതീർത്ത സി.ഐ.ഐ.എസ്.ബിൽഡിംഗ്, 1983 -ൽ ബാംഗ്ലൂർ ധർമ്മാരാമിൽ ആരംഭിച്ച ഫാക്കൽറ്റി ഓഫ് ഫിലോസഫി, എന്നിവയെല്ലാം ഐക്കരയച്ചൻ ആരംഭം കുറിച്ച സ്ഥാപനങ്ങളാണ്.

മറ്റുള്ളവരുടെ സഹകരണത്തോടെ പല പ്രസ്ഥാനങ്ങളും ആരംഭി ക്കുവാൻ ഐക്കരയച്ചൻ മുൻകൈയെടുക്കുകയുണ്ടായി. 1971-ൽ ബാംഗ്ലൂർ ധർമ്മാരാമിൽ ആരംഭിച്ച Centre for the study of World Relgions (CSWR) ആണ് ഇതിൽ പ്രാധാന്യം അർഹിക്കുന്ന ഒരു സ്ഥാപനം ലോകമതങ്ങളെക്കുറി

www.malankaralibrary.com

ച്ചുള്ള പഠനത്തിനായി നാലുസർവ്വകലാശാലകളുടെ സഹകരണത്തോടെ നടത്തുന്ന ഒരു അന്തർദേശീയ ത്രൈമാസികയായ ജേർണൽ ഓഫ് ധർമ്മാ യാണ് 1975-ൽ ആരംഭിച്ച മറ്റൊന്ന്. 1977-ൽ റോമിൽ ആരംഭിച്ച സെന്റർ ഫോർ ഇന്ത്യൻ ആൻഡ് ഇന്റർ റിലീജിയൻസ് സ്റ്റഡീസ്, 1984-ൽ കോട്ട യത്ത് ആരംഭിച്ച ദർശനാ കൾച്ചറൽ സന്റർ, 1985-ൽ ഇടമറ്റത്ത് ആരംഭിച്ച സി.എം.ഐ. റസിഡൻസ്, 1984-ൽ പുതുപ്പള്ളി, കാഞ്ഞിരപ്പള്ളി, പുളിയൻമല എന്നിവിടങ്ങളിൽ ആരംഭിച്ച റിലീജിയൻസ് ട്രെയിനിംഗ് സെന്ററുകൾ, രാജ്കോട്ട് മിഷൻ ഏറ്റെടുക്കൽ, ഗുജറാത്ത് ഭവനഗറിൽ ആരംഭിച്ച ചാവറ റീലീജിയൻ സെന്റർ, രാഷ്ട്രദീപിക കമ്പനി സ്ഥാപനം (1989), ഫോമേറ്റീവ് സ്പിരിച്ചാലിറ്റി & കൗൺസിലിംഗിനുള്ള വിനക് സാധന എന്ന ധർമ്മാരാ മിലെ ഏകവത്സരകോഴ്സ്, ധർമ്മാരാമിൽ പുതിയ കെട്ടിടങ്ങളുടെ നിർമ്മാ ണം എന്നിവയാണ് മറ്റ് പ്രസ്ഥാനങ്ങൾ. ധർമ്മാറാമിൽ 50 ലക്ഷം രൂപ യുടെ ഒരു എൻഡോവ്മെന്റ് ആരംഭിക്കുകയും ചെയ്തു. ഈ എൻഡോ വ്മെന്റ് ആരംഭിക്കുന്നതിൽ ഫാ. തോമസ് മണ്ണിത്താഴത്ത്, ഫാ. കുഞ്ചെറി യ പത്തിൽ, ഫാ. തോമസ് കൊല്ലംപറമ്പിൽ എന്നിവരാണ് പ്രധാനമായും സഹായിച്ചത്. ഈ എൻഡോവ്മെന്റിന്റെ ലക്ഷ്യങ്ങളിൽ ഒന്ന് ഫാക്കൽറ്റി ഓഫ് ഫിലോസഫിയുടെ ആഭിമുഖ്യത്തിൽ ധർമ്മാ എൻഡോവ്മെന്റ് പ്രഭാ ഷണങ്ങൾ (ഫാക്കൽറ്റി) നടത്തുക, ബിഷപ്പ് ജോനാസ് തളിയത്ത് സ്മാരക പ്രഭാഷണങ്ങൾ (ഫാക്കൽറ്റി ഓഫ് തിയോളജിയുടെ ആഭിമുഖ്യത്തിൽ) നട ത്തുക, പോസ്റ്റ് ഗ്രാഡ്വേറ്റ് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ നൽകു ക, ബി.ടെക്, ബി.പി.എച്ച്. എന്നീ ക്ലാസ്സുകളിൽ പഠിപ്പിക്കുന്നവർക്ക് സ്കോളർഷിപ്പുകൾ നൽകുക, ബൈബിൾ പഠനം നടത്തുന്ന അൽമാ യർക്കുള്ള സ്കോളർഷിപ്പുകൾ നൽകുക, പൗരസ്ത്യപഠനത്തിനുവേണ്ടി യുള്ള ഫാ. പ്ലാസിഡ് സ്കോളർഷിപ്പുകൾ നൽകുക, സി.വി.കെ. ലൈബ്ര റിക്കുവേണ്ടിയുള്ള പുസ്തകങ്ങൾ വാങ്ങുക തുടങ്ങിയവയായിരുന്നു ഈ എൻഡോവ്മെന്റിന്റെ ലക്ഷ്യങ്ങൾ.

വിവിധ മതഗ്രന്ഥങ്ങളെയും സംസ്കാരങ്ങളെയുംകുറിച്ചുള്ള പഠന ത്തിനായി ബാംഗ്ലൂർ കോതന്നൂർ വിദ്യാവചനം ആരംഭിക്കുകയും ചെയ്തു. സി.എം.ഐ. സഭയ്ക്ക് പുറത്തും നിരവധി മണ്ഡലങ്ങളിൽ അദ്ദേഹം സ്തുത്യർഹായ സേവനം അനുഷ്ഠിക്കുകയുണ്ടായി. 1978-83 കാലത്ത് സി. ആർ.ഐ. യുടെ ദേശീയ പ്രസിഡണ്ടായിരുന്നു അദ്ദേഹം. അക്കാലത്ത് സി.ആർ.ഐ. യുടെ നിയമാവലി ആദ്യം തിരസ്കരിക്കപ്പെട്ടത് അംഗീകരി പ്പിക്കുവാൻ ശ്രമിച്ചു. വിജയം വരിച്ചു. സി.ആർ.ഐ. യുടെ ദില്ലിയിലുള്ള നാഷണൽ സെക്രട്ടറിയേറ്റിനുവേണ്ടി ഫണ്ട് പിരിവ് നടത്തുകയും സംസ്ഥാ നഘടകങ്ങൾ ശക്തിപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. സി.ആർ.ഐ. ദേശീയ സമ്മേളനങ്ങളിൽ പ്രാദേശികഭാഷകളിൽ ആരാധനാ ക്രമങ്ങൾ നടത്തി തുടങ്ങി. 1978 - 81 കാലത്ത് സി.ആർ.ഐ.യുടെ കേരളാ ഘടക

www.malankaralibrary.com

ത്തിന്റെ പ്രസിഡണ്ടായിരുന്നു ഐക്കരയച്ചൻ. അക്കാലത്താണ് പരിയാരം സി.എസ്. ആറിൽ സന്യസ്തർക്കായി 40 ദിവസത്തെ സംസ്കാരസാധന ആരംഭിച്ചത്. ബോംബെയിലെ സീറോ - മലബാർ മിഷൻ അക്കാലത്ത് ബോംബെ ആതിരൂപതാതിർത്തിയിലായിരുന്നു. ആറ് സി.എം.ഐ. വൈദികരുടെ പ്രവർത്തനം ഇതിനായി തരപ്പെടുത്തുകയും ബോംബെയിൽ 30-ൽ അധികം സീറോ - മലബാർ കേന്ദ്രങ്ങൾ തുടങ്ങുകയും ചെയ്തു. ധർമ്മാരാമിൽ ഒരു സീറോ-മലബാർ ഇടവകയാരംഭിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. മദ്ധ്യപ്രദേശിലെ ബിഷപ്പ്സ് കോൺഫറൻസിന്റെ അഭ്യർത്ഥനയനുസരിച്ച് ഭോപ്പാലിലുള്ള റീജയണൽ സെമിനാരിയുടെ ചുമതലകൾ സി.എം.ഐ. സഭ ഏറ്റെടുക്കുകയുണ്ടായി. ഡൽഹിയിൽ നിന്നും ഇന്ത്യൻ കറന്റ്സ് എന്ന മാസിക നടത്താനുള്ള ഒരുക്കങ്ങൾ ചെയ്യുകയും അതിനായി നാലുലക്ഷം രൂപാ ശേഖരിക്കുകയും ചെയ്യുന്നതിന് ഐക്കരയച്ചന് സാധിച്ചു. ചില പ്രായോഗിക പ്രശ്നങ്ങൾ കാരണം പ്രസദ്ധീകരണം കപ്പൂച്ചിൽ ഫാദേഴ്സിന് വിട്ടുകൊടുക്കുകയാണ് ചെയ്തത്.

പൗരസ്ത്യ തിരുസംഘം ആവശ്യപ്പെട്ടതനുസരിച്ച് സി.എസ്.ടി.സഭയുടെ ആദ്ധ്യാത്മികാപദേഷ്ടാവായി 1986 മുതൽ മൂന്നുവർഷക്കാലം അദ്ദേഹം സേവനമനുഷ്ഠിച്ചു. കേരളത്തിലെ മിക്ക സന്യാസസഭകളുടെയും ഉപദേഷ്ടാവായി പല സന്ദർഭങ്ങളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ആഗോള കത്തോലിക്കാ സഭയുടെ തലവനായി 2005-ൽ തിരഞ്ഞെടുക്കപ്പെട്ട ബനഡിക് 16-ാമൻ തിരുമേനിയുമായി മൂന്നരപതിറ്റാണ്ടുകാലത്തെ സുദൃഢ ബന്ധത്തിന് ഉടമയാണ് ഐക്കരയച്ചൻ.ബനഡിക്ട് പതിനാറാമൻ തിരുമേനിയുടെ സ്ഥാനാരോഹണത്തോടനുബന്ധിച്ച് ദീപിക പ്രസദ്ധീകരിച്ച സപ്ലിമെൻറിൽ ഐക്കരയച്ചൻ എഴുതിയ ലേഖനം പ്രത്യേകം ശ്രദ്ധാർഹമാണ്.

വിലാസം - റവ. ഡോ. തോമസ് ഐക്കര സി.എം.ഐ. ഡയറക്ടർ, സി.എസ്.ആർ. പരിയാരം ചാലക്കുടി 680 721.

# 196

# ഡൊമനിക്ക് അക്കര



വേദപുസ്തകപാരായണത്തിലും പഠനത്തിലും അതീവതല്പരനായ ഡൊമനിക്ക് അക്കര 1936 ഫെബ്രുവരി 7-ാം തീയതി തൃശൂരിനു സമീപമുള്ള ഒല്ലൂരിൽ കുണ്ടുകുളങ്ങര അക്കര ഐപ്പ് വാറുണ്ണിയുടെയും - റോസമ്മയുടെയും മകനായി ജനിച്ചു. പനകുറ്റിച്ചിറ കോൺവെന്റ് സ്കൂൾ, സർക്കാർ സ്കൂൾ, ഷെവലിയർ അഗസ്റ്റിൻ

www.malankaralibrary.com

അക്കര ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠിച്ച് 1954 ൽ മെട്രിക്കുലേഷൻ പാസ്സായി. തൃശൂർ സെന്റ് തോമസ് കോളേജിൽ പഠിച്ച് മദ്രാസ് കേരള യൂണിവേഴ്സിറ്റികളിൽനിന്നും ഡിഗ്രിയെടുത്തു. കേരള യൂണിവേഴ്സിറ്റി യിൽ നിന്നും ബി.എഡ്. പാസ്സായശേഷം ഡൊമനിക്ക് തൃശൂർ സെന്റ് തോമസ് കോളേജ് ഹൈസ്കൂളിൽ അദ്ധ്യാപകനായി. അദ്ധ്യാപകജോലി അധികംനാൾ തുടർന്നില്ല. സഹകരണ പരിശീലനം നേടിയശേഷം 1962 ൽ സഹകരണ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. 1991 ൽ റിട്ടയർ ചെയ്യു മ്പോൾ ഡെപ്യൂട്ടി രജിസ്ട്രാറുടെ തസ്തികയിൽ സേവനം അനുഷ്ഠിക്കുക യായിരുന്നു.

ചെറുപ്പംമുതലേ വായനയിലും പഠനത്തിലും ഡൊമനിക്ക് പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു. ഒഴിവുസമയങ്ങളിൽ വായനയിലും എഴുത്തിലും കൃഷിയിലും ബിസിനസ് കാര്യങ്ങളിലും ശ്രദ്ധ ചെലുത്തിയിരുന്നു. ഇസ്മ യിലും ഇസഹാക്കും വഴിപിരിയുന്ന പ്രവാചകർ എന്ന ഗ്രന്ഥമാണ് ഡൊമ നിക്ക് അക്കര രചിച്ച അവസാന ഗ്രന്ഥം. അതിനുമുമ്പും പലഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. മദർതെരേസ അനാഥരുടെ അമ്മ, അഭയങ്ങളുടെ പിതാവ്, Mother Theresa Saint of the Poor, പവിഴമുത്തുകൾ എന്നിവയാണ് ഡൊമനിക്കിന്റെ മറ്റുകൃതികൾ. ഡൊമനിക്ക് അക്കരയുടെ ബൈബിൾ പാണ്ഡിത്യം വിളിച്ചറിയിക്കുന്നതാണ് ഇസ്മയിലും ഇസഹാക്കും വഴിപി രിഞ്ഞ പ്രവാചകർ എന്ന ഈ ഗ്രന്ഥം. ക്രിസ്ത്യാനികളുടെ ബൈബിൾ മാത്രമല്ല ഹൈന്ദവ ഇസ്ലാമിക ഗ്രന്ഥങ്ങളും ശരിയായി പഠിച്ച ഒരു പണ്ഡി തനാണ് ഡൊമനിക്ക്. ഇസ്മയിലും ഇസഹാക്കും വഴിപിരിഞ്ഞ പ്രവാചക ന്മാർ എന്ന ഗ്രന്ഥത്തെ വിലയിരുത്തിക്കൊണ്ട് ആർച്ച് ബിഷപ്പ് ഡോ. ആർ. അപ്രേം എഴുതിയ അവതാരിക അത്യന്തം ശ്രദ്ധേയമാണ്. ആ അവതാരി കയിലെ ഏതാനുംഭാഗം ഉദ്ധരിക്കട്ടെ. “ബൈബിൾ നിയമങ്ങൾ പഴയതി ന്റെയും പുതിയതിന്റെയും വെളിച്ചത്തിൽ എഴുതപ്പെട്ടിട്ടുള്ളതാണ് ഈഗ്ര ന്ഥം. ഭൂമിശാസ്ത്രവീക്ഷണവും ഡാർവ്വിന്റെ പരിണാമസിദ്ധാന്തവും, ഭൂമി യുടെ പ്രായം, കാലഗണന, ജലപ്രളയം എന്നീ കാര്യങ്ങളിലുള്ള അഭിപ്രാ യങ്ങൾ ഗ്രന്ഥകാരൻ വിമർശനബുദ്ധ്യാ പ്രസ്താവിക്കുന്നത് ചിന്തോദ്ദീപക മാണ്.” നമ്മളൊന്ന് നമുക്കൊന്ന് അല്ലെങ്കിൽ രണ്ട് എന്ന ക്രിസ്ത്യൻ കാഴ്ച പ്പാടും നമ്മൾ അഞ്ച് നമുക്ക് ഇരുപത്തിയഞ്ച് എന്ന് മോഡി പറയുന്ന ഇസ്ലാ മികകാഴ്ചപ്പാടും തമ്മിലുള്ള വ്യത്യാസങ്ങൾ ഗ്രന്ഥകാരൻ വിശദമാക്കുന്നു ണ്ട്. ആധുനിക ക്രിസ്ത്യൻ സമൂഹം പാശ്ചാത്യരെ അനുകരിച്ച് മാമ്മോദീ സായിൽ നേർപകുതി കുറവുവരത്തക്കവിധം കുടുംബാസൂത്രണ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനെ ഗ്രന്ഥകാരൻ വിമർശിക്കുന്നുണ്ട്. അതേകാഴ്ചപ്പാ ടിൽതന്നെ അനിയന്ത്രിതമായ ജഢികാസക്തിമൂലം നിയന്ത്രണങ്ങളില്ലാതെ സന്താനവർദ്ധനവിനെയും ഗ്രന്ഥകാരൻ വിമർശിക്കുന്നുണ്ട്. Medical Termination of Pregnancy Act-1971 മുതലാണ് വ്യാപകമായി കുടുംബാസൂത്രണമാർഗ്ഗ

www.malankaralibrary.com

ങ്ങൾ ഇന്ത്യയിൽ സ്വീകരിച്ചു തുടങ്ങിയത്. രണ്ടിൽ കൂടുതൽ സന്താനങ്ങളുള്ളവർക്ക് സർക്കാർ ജോലിക്കും തിരഞ്ഞെടുപ്പിനും നിൽക്കാനുള്ള അയോഗ്യതയുടെ ഗണത്തിൽ പെടുത്തിയിരുക്കുന്നത് ആധുനിക ഗവൺമെന്റുകൾക്കു ഭൂഷണമല്ല. ഇത് ആൺപെൺ ഭൂണങ്ങളെ കണ്ടുപിടിക്കുന്നതിനും വേണ്ടാത്തവയെ നശിപ്പിക്കുന്നതിനും ഇടനൽകുന്നു.... കുടുംബാസൂത്രണമാർഗ്ഗങ്ങളെ ഗ്രന്ഥകർത്താവ് ശക്തിയായി അപലപിക്കുന്നുണ്ട്....നമ്മൾക്ക് നൽകാൻ കഴിയാത്ത ഒന്നിനെയും ജീവനെടുക്കാൻ ആർക്കും അവകാശം നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ഒന്നിൽക്കൂടുതൽ ഭാര്യമാരെ പുലർത്തുന്ന ഇസ്ലാമിക രാഷ്ട്രങ്ങളിൽനിന്ന് ഇത്തരത്തിലുള്ള ഭ്രൂണഹത്യാ റിപ്പോർട്ടുകൾ കാണുകയോ കേൾക്കുകയോ ചെയ്യാത്തത് സന്തോഷകരംതന്നെ" ഡൊമനിക് അക്കരയുടെ ഈ ഗ്രന്ഥത്തിലൂടെ അദ്ദേഹത്തിന്റെ ധാർമ്മിക നിലപാട് ആണ് വ്യക്തമാകുന്നത്.

ബൈബിളിലെ മഹിതാശയരായ അബ്രാഹം ഇസഹാക്ക്, യാക്കോബ് എന്നിവരെ അനവധി കണ്ഠങ്ങളിൽ നിന്ന് നിത്യവും അനുസ്മരിക്കപ്പെടുന്നുണ്ട്. വി.ഖുറാനിലെ പൂർവ്വകാല നബിമാരെയും ഗ്രന്ഥകാരൻ ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. മതങ്ങൾ വേരോടിയ ഏഷ്യയിലെ ജനജീവിതത്തെ വിവരിക്കുന്ന കൂട്ടത്തിൽ ഇസ്ലാമിലെ ശാസ്ത്രീയ വീക്ഷണങ്ങളെയും ആചാരാനുഷ്ഠാനങ്ങളിൽകാണുന്ന വൈരുദ്ധ്യങ്ങളെയും ഇസ്ലാമിലും ക്രിസ്തീയതയിലും നിലനിൽക്കുന്ന പ്രധാന സ്തംഭങ്ങളെയും ഈ ഗ്രന്ഥത്തിൽ വിശദമായി പരാമർശിക്കുന്നുണ്ട്. ഇന്ത്യയിൽ ഹിന്ദുത്വത്തിന്റെ ആരംഭവും വളർച്ചയും പ്രസ്താവിച്ച് എല്ലാ മതങ്ങളും വിദേശമതങ്ങളാണെന്നും വിദേശബന്ധമുള്ളതാണെന്നും ഗ്രന്ഥകാരൻ സമർത്ഥിക്കുന്നുണ്ട്. ഇന്ത്യയിലെ സിന്ധുസമതലപ്രദേശങ്ങളിലേയ്ക്ക് കൈബർബോലോൻ ചുരങ്ങളിലൂടെ ഇറാൻ, ഇറാക്ക്, തുർക്കി മുതലായ രാജ്യങ്ങളിൽ നിന്ന് ആര്യന്മാർ കുടിയേറി പാർത്തിരുന്നു. പരിക്ഷിത് എന്ന രാജാവിന്റെ നേതൃത്വത്തിലായിരുന്നു ഇത്. ഇന്ത്യയിൽ ഹിന്ദുമതം എന്നൊരുമതം ഉണ്ടായിരുന്നില്ലെന്നും ഇവിടെ ഉണ്ടായിരുന്ന ദ്രാവിഡരെ തെക്കേ ഇന്ത്യയിലേക്കും സിലോണിലേക്കും ആട്ടിയോടിച്ച വിവരങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥം ഭാരതത്തിന്റെ സാംസ്കാരിക പൈതൃകത്തിലേക്കും ഭാരതത്തിന്റെ സാമൂഹ്യചരിത്രത്തിലേക്കും വെളിച്ചം വീശുന്നതാണ്.


തൃശൂർ സഹായമെത്രാൻ മാർ ആൻഡ്രൂസ് താഴത്ത് ഇപ്രകാരം എഴുതിയിരിക്കുന്നു. "പൂർവ്വപിതാവായ അബ്രാഹത്തിന്റെ മക്കളായ ഇസഹാക്കിൽനിന്നും ഇസ്മയിലിൽ നിന്നുമാണ് ലോകജനസംഖ്യയുടെ പകുതിയിലധികവും വരുന്ന യഹൂദ-ക്രൈസ്തവ-മുസ്ലീം വംശപരമ്പരകളുടെ ഉത്ഭവം. ഇതിലെ ക്രൈസ്തവ മുസ്ലീം പാരമ്പര്യങ്ങളുടെ ചരിത്രം വി.ബൈബിളും വി.ഖുറാനും അടിസ്ഥാനമാക്കി അവലോകനം ചെയ്യപ്പെടുന്നതോടൊപ്പം രണ്ടുവിഭാഗങ്ങളും തമ്മിലുള്ള അഭേദ്യമായ ബന്ധം വിശകലനം ചെയ്തു

www.malankaralibrary.com

കൊണ്ടാണ് ശ്രീ ഡൊമനിക്ക് അക്കരയുടെ "ഇസ്മയലും ഇസഹാക്കും - വഴിപിരിഞ്ഞ പ്രവാചകർ" എന്ന ഗ്രന്ഥം ആരംഭിക്കുന്നത്. യഹൂദ-മുസ്ലീം ബന്ധം നിലനിന്നില്ലന്ന് മാത്രമല്ല, യഹൂദ പാരമ്പര്യത്തിന്റെ തുടർച്ചയായി വന്ന ക്രിസ്തുമതവും ഇസ്ലാമതവും തമ്മിലുള്ള ബന്ധത്തിലും പലപ്പോഴും അകൽച്ച സംഭവിച്ചിട്ടുണ്ട്. ഈ അകൽച്ച പരസ്പരവിദ്വേഷത്തിനും വൈരാഗ്യത്തിനും കാരണമാവുകയും ചെയ്തു എന്നതിന് ചരിത്രം സാക്ഷി. ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ സമകാലീന ഇന്ത്യയിലെ സാമൂഹ്യവ്യവസ്ഥകളെ അവലോകനം ചെയ്യപ്പെടുന്നതോടൊപ്പം വർഗീയ കലാപങ്ങൾ , പ്രത്യേകിച്ചും ഗുജറാത്തിലെ സംഭവവികാസങ്ങൾ പരിഛേദനം ചെയ്ത് കാണുന്നുണ്ട് ഗ്രന്ഥകാരൻ. കൂടാതെ ഭ്രൂണഹത്യ തുടങ്ങിയ സാമൂഹ്യതിന്മകളെയും വിമർശനബുദ്ധ്യാ നോക്കിക്കാണുവാനും ഗ്രന്ഥകാരൻ ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ട്."

സമകാലീനചരിത്രത്തെ മുൻകാല ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ അവലോകനം ചെയ്യാനും പഠിക്കാനും ശ്രമിക്കുന്ന ഡൊമനിക്ക് അക്കരയുടെ ബൈബിളിലും ഖുറാനിലും ഉള്ള പാണ്ഡിത്യം ഏവരുടെയും പ്രശംസ അർഹിക്കുന്നതാണ്. വിദ്യാഭ്യാസരംഗത്തും സഹകരണരംഗത്തും പ്രവർത്തിച്ച ഡൊമനിക്ക് ഇപ്പോൾ ഒരു കമ്പനിയുടെ ഏജന്റായി പ്രവർത്തിക്കുന്നു. എഴുത്തും വായനയും അദ്ദേഹത്തിന്റെ പ്രധാന ഹോബിയാണ്. 1968 ൽ വിവാഹിതയായി.

വിലാസം - ഡൊമനിക്ക് അക്കര, തലോർ പി.ഒ., -680306, തൃശൂർ.



# 197

# മോൺ ഈനാശ് ഒറ്റത്തെങ്ങുങ്കൽ

പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനായ മോൺ ഈനാശ് ഉള്ളനാട് ഇടവകയിൽ ഒറ്റത്തെങ്ങുങ്കൽ കുടുംബത്തിൽ മാത്യു പുന്നൂസ് - ഏലി ദമ്പതികളുടെ മകനായി 1936 മാർച്ച് 6-ാം തീയതി ഭൂജാതനായി. ഉള്ളനാട് സൗത്ത് എൽ.പി.സ്കൂൾ, പ്രവിത്താനം സെന്റ് മൈക്കിൾസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. തുടർന്ന് തേവര എസ്.എച്ച്. കോളേജിൽചേർന്ന് 1955 ൽ ഇന്റർമീഡിയറ്റ് പാസ്സായി.

പഠനത്തിൽ സമർത്ഥനായിരുന്ന ഈനാശ് ഒരു മാതൃകാവിദ്യാർത്ഥിയായിരുന്നു. ഒരു വൈദീകനാകണമെന്ന ആഗ്രഹം ചെറുപ്പം മുതൽ പ്രകടിപ്പിച്ചിരുന്നു. 1956 ൽ പാലാ രൂപതവക ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. ഉപരിവൈദീകപഠനത്തിന്

www.malankaralibrary.com

1958 ൽ ആലുവാ മംഗലപ്പുഴ സെമിനാരിയിൽ ചേർന്നു. 1964 ൽ ബോംബെയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിൽവച്ചു മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയിൽനിന്നും വൈദികപട്ടം സ്വീകരിച്ച് പ്രഥമ ദിവ്യബലി അർപ്പിച്ചു.

വൈദീകപട്ടമേറ്റതിനുശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ചേർന്ന് (1965-67) ബി.എ.ഡിഗ്രിയും തുടർന്ന് ചങ്ങനാശ്ശേരി എസ്സ്.ബി. കോളേജിൽ ചേർന്ന് (1967-1969) എം.എ. ഡിഗ്രിയും കരസ്ഥമാക്കി. കോളേജ് വിദ്യാഭ്യാസത്തിനുശേഷം പാലാ സെന്റ് തോമസ് കോളേജിൽ ലക്ചററായി നിയമനം ലഭിച്ചു. അതോടൊപ്പം ക്രിസ്തുരാജ് ഹോസ്റ്റലിന്റെ അസിസ്റ്റന്റ് വാർഡനായും പ്രവർത്തിച്ചു. (1969-72). കോളേജ് തലത്തിലുള്ള കത്തോലിക്കാ വിദ്യാർത്ഥികളുടെ ആദ്ധ്യാത്മികവും സാമൂഹ്യവും സാംസ്കാരികവുമായ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുന്ന ഐക്കഫ് എന്ന സംഘടനയുടെ ചാപ്ലിയൻ ആയും 1972 മുതൽ 1982 വരെ പ്രവർത്തിക്കുകയുണ്ടായി.

വീണ്ടും 1982 മുതൽ 1986 വരെ ക്രിസ്തുരാജ് ഹോസ്റ്റലിന്റെ വാർഡനായി പ്രവർത്തിക്കുകയും ഐക്കഫ് ചാപ്ലയിൻ സ്ഥാനത്തുനിന്ന് 1982 ൽ വിരമിക്കുകയും ചെയ്തു.

പാലാ സെന്റ് തോമസ് കോളേജ് പ്രിൻസിപ്പലായി 1986 ൽ നിയമിതനായ ഈനാശച്ചൻ 1991 ൽ റിട്ടയർ ചെയ്തു. സംസ്ഥാനത്തൊട്ടാകെ വിദ്യാർത്ഥികളുടെയിടയിൽ രാഷ്ട്രീയ പ്രവർത്തനം വ്യാപിച്ച ഒരു കാലഘട്ടമായിരുന്നു എഴുപതുകളും എൺപതുകളും. കുട്ടികളിൽ നിന്നും അച്ചടക്കം അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ഒരു കാലഘട്ടത്തിൽ ആണ് ഈനാശച്ചൻ പ്രിൻസിപ്പൽ സ്ഥാനമേൽക്കുന്നത്. വിദ്യാർത്ഥികളിൽ അച്ചടക്കം വീണ്ടെടുക്കാനും കോളേജുകളിൽ നിലനിന്നിരുന്ന സമരപരിപാടികൾ ഉന്മൂലനം ചെയ്യുവാനും കോളേജിൽ സമാധാനാന്തരീക്ഷം പുനസ്ഥാപിക്കുവാനും സാധിച്ചുവെന്നത് അഭിമാനാർഹമാണ്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സെനറ്റ് അംഗം എന്ന നിലയിലും പ്രവർത്തിച്ചിട്ടുണ്ട്.

കോളേജിൽ നിന്നും റിട്ടയർ ചെയ്ത ഈനാശച്ചനെ 1991-1992 കാലങ്ങളിൽ ചെമ്മലമറ്റം പള്ളിവികാരിയായും തുടർന്ന് അരുവിത്തുറ ഫൊ.പള്ളി വികാരിയായും (1992-1997) നിയമിച്ചു. 1997 ൽ കുറവിലങ്ങാട് പള്ളി വികാരിയായി. 2002-2005 കാലത്ത് കാഞ്ഞിരമറ്റം മാർ സ്ലീബാപള്ളി വികാരിയായും സേവനം ചെയ്തു. രൂപതാ പ്രസ്ബിറ്ററൽ കൗൺസിൽ അംഗം, ഫിനാൻസ് കൗൺസിൽ അംഗം, അഡ്മിനിസ്റ്ററേറ്റീവ് ട്രൈബ്യൂണൽ അംഗം, സ്ക്രൂട്ടണി കമ്മറ്റിയംഗം, പാസ്റ്ററൽ കൗൺസിൽ അംഗം എന്നീ നിലകളിലും പ്രവർത്തിക്കുകയുണ്ടായി. 1999 മുതൽ 2005 വരെ രൂപതാ വൈദിക സമിതിയുടെ സെക്രട്ടറിയായിരുന്നു (Presbeterial Council Secretary).

1992 മുതൽ രൂപതാ കൺസൾട്ടർ ആണ് ഈനാശച്ചൻ. പാലാ രൂപ

www.malankaralibrary.com

തയുടെ തൃതീയ ബിഷപ്പായി മാർ ജോസഫ് കല്ലറങ്ങാട് നിയമിതനായതിനെത്തുടർന്ന് പാലാ രൂപതയുടെ വികാർ ജനറാളായി ഈനാശച്ചൻ ഉയർത്തപ്പെട്ടു. ഉന്നത വിദ്യാഭ്യാസത്തിന്റെയും സ്കൂളുകളുടെയും ചുമതലയാണ് ഈനാശച്ചനുള്ളത്.

2004 ൽ കാക്കനാട് സഭാകാര്യാലയത്തിൽനടന്ന സീറോ മലബാർ സഭയുടെ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ ഈനാശച്ചൻ പാലാ രൂപതയിൽനിന്നുള്ള പ്രതിനിധിയായി പങ്കെടുക്കുകയുണ്ടായി. 1999 ൽ നടന്ന പ്രഥമ അസംബ്ലിയിലും അദ്ദേഹം സംബന്ധിച്ചിരുന്നു.

വിലാസം - മോൺ ഈനാശ് ഒറ്റത്തെങ്ങുങ്കൽ, വികാർ ജനറാൾ,
ബിഷപ്സ് ഹൗസ്, പാലാ.

# 198



# ഫാ. ജോൺ കുന്നത്തുകുഴി

ആർക്കും ഏതവസരത്തിലും സമീപിക്കാവുന്ന ഒരു വൈദികൻ, സ്നേഹത്തോടും ആദരവോടും കൂടി എല്ലാവരോടും പെരുമാറുന്ന ഒരു വൈദികൻ, എല്ലാവർക്കും എപ്പോഴും നന്മ ചെയ്യാൻ തയ്യാറുള്ള ഒരു വൈദികൻ, അടിച്ചമർത്തപ്പെട്ടവരുടെയും അവഗണനയനുഭവിക്കുന്നവരുടെയും അവകാശ സംരക്ഷണത്തിനുവേണ്ടി വീറോടെ പോരാടുന്ന ഒരു വൈദികൻ, ഇടവക ജനങ്ങളുടെ പ്രിയംകരനായ അജപാലകൻ, അതേ അദ്ദേഹമാണ് ഫാ. ജോൺ കുന്നത്തുകുഴി.

ഫാ. ജോൺ കുടമാളൂർ ഇടവകയിൽ കുന്നത്തുകുഴി വർക്കി റോസമ്മ ദമ്പതികളുടെ മകനായി 1936 മാർച്ച് 11 -ന് ജനിച്ചു. കോട്ടയം എസ്.എച്ച്. മൗണ്ട് സ്കൂളിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. വിദ്യാർത്ഥിയായിരുന്ന കാലത്ത് ഭക്ത സംഘടനകളിലെ സജീവ പ്രവർത്തകനായിരുന്ന ജോൺ, കുടമാളൂർ ഇടവകയിലെ മരിയൻ സൊഡാലിറ്റിയുടെയും ചെറുപുഷ്പ മിഷൻ ലീഗിന്റെയും ആദ്യകാല സെക്രട്ടറിയായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസനന്തരം മിഷനു പോകുവാനായിരുന്നു താല്പര്യം. പക്ഷെ ആരും അതിനോടു യോജിച്ചില്ല എങ്കിലും കേരളത്തിലെ മിഷൻ രൂപതയായ വിജയപുരം രൂപതിയിൽ ചേർന്നു. രണ്ടു വർഷം മൈനർ സെമിനാരിയിലെ പഠനത്തിനു ശേഷം മംഗലപ്പുഴ സെമിനാരിയിൽ ചേർന്ന് വൈദികപഠനം പൂർത്തിയാക്കുകയും 1963 മാർച്ച് 18 -ന് (ജ്ഞാനസ്നാന വാർഷിക ദിനത്തിൽ) വൈദിക പട്ടം സ്വീകരിക്കുകകയും ചെയ്തു.

മൂന്നാർ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടാണ് ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. തുടർന്ന് തലയോലപറമ്പിൽ പൊതിപള്ളിയിൽ

www.malankaralibrary.com

രണ്ടു വർഷം സേവനം അനുഷ്ഠിച്ചു. വികാരിയായി ആദ്യനിയമനം തിരുവഞ്ചൂർ പള്ളിയിൽ. ഏഴു വർഷക്കാലത്തെ സേവനത്തിനു ശേഷം വെട്ടിമുകൾ പള്ളിയിൽ വികാരിയായി. അക്കാലത്താണ് വെട്ടിമുകൾ പള്ളിയുടെ സുവർണ്ണ ജൂബിലി ആഘോഷിച്ചത്. സുവർണ്ണ ജൂബിലി സ്മരണികയും പ്രസിദ്ധീകരച്ചു. തുടർന്ന് വെച്ചൂച്ചിറ സെന്റ് തോമസ് ഇടവകയിൽ14 വർഷം വികാരിയായി സേവനം അനുഷ്ഠിച്ചു. ആ ഇടവകയ്ക്ക് പുതിയ ദേവാലയം, കുരിശടി, സ്കൂൾ കെട്ടിടങ്ങൾ, വാട്ടർ സപ്ലൈ സ്കീം, സ്കൂൾ ഓഡിറ്റോറിയം, സ്റ്റേഡിയം, കോൺക്രീറ്റ് സെല്ലർ സെമിത്തേരി, തുടങ്ങിയവയെല്ലാം സ്ഥാപിക്കുന്നതിന് ജോണച്ചന് സാധിച്ചു. പള്ളിയുടെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുന്നതിനായി കടമുറികൾ പണിയിപ്പിച്ചു. നാടിന്റെ വികസനത്തിന് റോഡ്, പാലം തുടങ്ങിയവ നിർമ്മിച്ചു. വെച്ചൂച്ചിറ സേവനം അനുഷ്ഠിച്ച 14 വർഷവും എക്യുമിനിക്കൽ പ്രസ്ഥാനത്തിന്റെ സെക്രട്ടറിയായിരുന്നു. വെച്ചൂച്ചിറ വികാരിയായിരിക്കുമ്പോൾ ഏറ്റെടുത്ത ഇടമൺ ഇടവകയുടെ ആഭിമുഖ്യത്തിൽ കരിക്കാട്ടൂരിൽ ഒരു പുതിയ ദേവാലയം നിർമ്മിച്ചു. ഇടവകാതിർത്തിയിൽ പെട്ട ചെറുവള്ളി എസ്റ്റേറ്റിൽ സി.എസ്സ്.ഐ, മാർത്തോമ്മാ, യാക്കോബായ വിഭാഗങ്ങളോട് ചേർന്ന് കേരളത്തിലെ ആദ്യത്തെ എക്യുമിനിക്കൽ ദേവാലയവും നിർമ്മിച്ചു. വലിയകാവ് എന്ന സ്ഥലത്ത് മറ്റു സഭകളിൽ പെട്ട കുറെ കുടുംബങ്ങളെ കത്തോലിക്കാ സഭയിൽ ചേർക്കുകയും അവർക്കായി വലിയകാവിൽ ഒരു ദേവാലയത്തിനുള്ള സ്ഥലം വാങ്ങി ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു. തുടർന്ന് വേളൂർ ഇടവകയിലേക്ക് സ്ഥലം മാറി. അവിടെയും ഇടവക ദേവാലയം പുതുക്കി പണിതു. കുരിശടി നിർമ്മിച്ചു. രാഷ്ട്രീയ സാമുദായിക എതിർപ്പുകളെ അവഗണിച്ച് നിയമപരമായി കോൺക്രീറ്റ് സെമിറ്ററി നിർമ്മിച്ചു.

കുറിച്ചി സെന്റ് ഫ്രാൻസിസ് ഇടവകയിലായിരുന്നു അടുത്ത നിയമനം. ആറു വർഷക്കാലത്തെ കറിച്ചിയിലെ സേവനങ്ങൾക്കിടയിൽ വൈദിക മന്ദിരം പൂർത്തിയാക്കുകയും വൃദ്ധ മന്ദിരം സ്ഥാപിക്കുകയുംകോൺക്രീറ്റ് സീമിറ്ററി നിർമ്മിക്കുകയും ഇംഗ്ലീഷ് മീഡിയം എൽ.പി സ്കൂൾ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് മൂന്നു വർഷം വടവാതൂർ പള്ളിയിൽ സേവനം അനുഷ്ഠിച്ചു. തുടർന്ന് അമേരിക്കയിലും ന്യൂയോർക്കിലും ഹൂസ്റ്റണിനടുത്തുള്ള വാർട്ടൻ സിറ്റിയിലുമായി രണ്ടു വർഷക്കാലം സേവനം അനുഷ്ഠിച്ചു. ഇന്ത്യൻ വൈദികരുടെ സേവന ചൈതന്യം ഫാ. കുന്നത്തുകുഴിയിലൂടെ അമേരിക്കൻ ജനത ദർശിച്ചു. അമേരിക്കയിൽ നിന്നും തിരിച്ചെത്തിയ ജോണച്ചൻ ഒരു വർഷക്കാലം പെരുമ്പാവൂർ നെടുങ്ങപ്രയിലായിരുന്നു. ഇപ്പോൾ മല്ലപ്പള്ളിക്കടുത്ത് കുന്നന്താനം പള്ളിയിലും സേവനം അനുഷ്ഠിക്കുന്നു.

പള്ളി ഭരണം പോലെ തന്നെ മറ്റു പല രംഗങ്ങളിലും സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുകയുണ്ടായി. 1988 മുതൽ 95 വരെ ഏഴു വർഷക്കാലം വിജയപുരം രൂപതാ സ്കൂളുകളുടെ കോർപ്പറേറ്റ് മാനേജരായിരു

www.malankaralibrary.com

ന്നു. വിദ്യാഭ്യാസ രംഗത്ത് പല പരിഷ്കാരങ്ങളും അദ്ദേഹം ഏർപ്പെടുത്തി. രൂപതാ സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപകരുടെ വാർഷിക സമ്മേളനം, അവർക്കായിട്ടുള്ള സെമിനാറുകൾ, കോർപ്പറേറ്റ് എഡ്യുക്കേഷൻ കൗൺസിൽ, പഠന നവീകരണത്തിനായി കോർപ്പറേറ്റ് ഫണ്ട്, സ്റ്റാഫ് സെലക്ഷനു വേണ്ടി ടെസ്റ്റ്, ഇന്റർവ്യൂ ഇവയെല്ലാം അദ്ദേഹം ഏർപ്പെടുത്തിയവയാണ്. ഇവയെല്ലാം ക്രോഡീകരിക്കുന്നതിനായി എഡ്യുക്കേഷൻ ബോർഡ് രൂപീകരിക്കുകയും ചെയ്തു. ചിന്നലാർ ഹൈസ്കൂൾ വിലയ്ക്കു വാങ്ങി കോർപ്പറേറ്റിലാക്കി. മഡോണ ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിച്ചു. കേരളാ സ്കൂൾ മാനേജേഴ്സ് ആക്ഷൻ കൗൺസിൽ കൺവീനറായിരുന്നു ജോണച്ചൻ. അക്കാലത്ത് കേരളത്തിലെ മുഴുവൻ പ്രൈവറ്റ് മാനേജ്മെന്റുകളെയും പങ്കെടുപ്പിച്ചു കൊണ്ട് കോട്ടയത്ത് നടത്തിയ വിപുലമായ കൺവെൻഷൻ, ജോണച്ചന്റെ സംഘാടന വൈഭവത്തിന്റെ മുഖ്യ തെളിവാണ്. മാനേജേഴ്സ് അസോസിയേഷൻ അസ. സെക്രട്ടറിയായിരുന്ന ജോണച്ചൻ കുറെക്കാലം ആക്ടിംഗ് സെക്രട്ടറിയായും പ്രവർത്തിച്ചു.

കേരളത്തിൽ ദളിത് കത്തോലിക്കർ ഏറ്റം കൂടുതലുള്ള രൂപതയാണ് വിജയപുരം. പ്രസ്തുത രൂപതയിലെ ഡി.സി.എം.എസ്സ് ഡയറക്ടറായി ഒരു ദശ വർഷക്കാലം (1990-2000) അദ്ദേഹം പ്രവർത്തിച്ചു. ഡി.സി.എം.എസ്സ് സംസ്ഥാന കൺവീനറെന്ന നിലയിൽ രാഷ്ട്രപതി വെങ്കിട്ടരാമനെ സന്ദർശിച്ച് ദളിത് ക്രൈസ്തവർക്ക് തുല്യ നീതിയ്ക്ക് വേണ്ടിയുള്ള നിവേദനം സമർപ്പിച്ചു. ശ്രീ. വി.പി. സിംഗ് പ്രധാനമന്ത്രിയായിരിക്കുമ്പോൾ ഡൽഹിയിലെത്തി രണ്ടു ലക്ഷം പേർ ഒപ്പിട്ട ഒരു നിവേദനവും സമർപ്പിച്ചു.


ജോണച്ചന്റെ ശ്രദ്ധേയമായ മറ്റൊരു പ്രവർത്തന രംഗം കോട്ടയം സിവിൾ സർവ്വീസ് അക്കാഡമിയാണ്. ദളിത് പിന്നോക്ക വിഭാഗ കുട്ടികൾക്ക് മെച്ചപ്പെട്ട പരിശീലനം നൽകി ഐ.എ.എസ്., ഐ.പി.എസ്. തുടങ്ങിയ രാജ്യത്തെ ഉന്നത പരീക്ഷകൾക്ക് ഒരുക്കാൻ വേണ്ടി സി.ബി.സ.ഐ. ദളിത് കമ്മീഷന്റെ സഹായത്തോടെ 1994-ൽ കോട്ടയത്ത് സിവിൽ സർവ്വീസ് അക്കാഡമി സ്ഥാപിച്ചു. 2003-ൽ പ്രസ്തുത സ്ഥാപനം വിജയപുരം രൂപത ഏറ്റെടുക്കുന്നതുവരെ അക്കാഡമിയുടെ സ്ഥാപക ഡയറക്ടറായി പ്രവർത്തിച്ചു.

മൂന്നു പ്രാവശ്യം വിദേശയാത്ര നടത്തുവാൻ അദ്ദേഹത്തിനു സാധിച്ചു. അമേരിക്കൻ ഐക്യനാടുകൾ, റോം, ലൂർദ്ദ്, പാദുവ, ഫ്ളോറൻസ്, ജർമ്മനി, ഇറ്റലി തുടങ്ങിയ സ്ഥലങ്ങളും ഇസ്രായേലിലെ വിശുദ്ധ സ്ഥലങ്ങളും സന്ദർശിക്കുവാൻ ജോണച്ചന് ഭാഗ്യമുണ്ടായി. റോമിൽ വച്ച് ഭാഗ്യസുരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുമായി നടത്തിയ വ്യക്തി പരമായ സന്ദർശനവും വാഴ്ത്തപ്പെട്ട മദർ തെരേസയുമായി നടത്തിയ സ്വകാര്യ സന്ദർശനവും ജീവിതത്തിലെ അവിസ്മരണീയ സംഭവങ്ങളായി ജോണച്ചൻ കരുതുന്നു.

വിലാസം - റവ. ഫാ. ജോൺ കുന്നത്തുകുഴി, വികാർ കുന്നന്താനം ലാറ്റിൻ ചർച്ച്, കുന്നന്താനം പി.ഒ., പത്തനംതിട്ട.

www.malankaralibrary.com

# 199



# പ്രൊഫ. കെ.എം. മാത്യു

പ്രസിദ്ധ വിദ്യാഭ്യാസ പ്രവർത്തകനായ പ്രൊഫ. കെ.എം. മാത്യു ഭരണങ്ങാനം കുന്നുംപുറത്ത് മൈക്കിൾ - ഏലി ദമ്പതികളുടെ പുത്രനായി 1936 ഏപ്രിൽ 21 ന് ജനിച്ചു. ഭരണങ്ങാനം സെന്റ് ലിറ്റിൽ ത്രേസ്യാസ് എൽ.പി. സ്കൂൾ, സെന്റ് മേരീസ് ഹൈസ്കൂൾ, പാലാ സെന്റ് തോമസ് കോളേജ്, ചങ്ങനാശ്ശേരി എസ്.ബി. കോളേജ്, ഗോരഖ്പൂർ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം.

തലശ്ശേരി സെന്റ് ജോസഫ്സ്, നീലൂർ സെന്റ് ജോസഫ്സ് എന്നീ ഹൈസ്കൂളുകളിൽ ഓരോ വർഷം വീതം അദ്ധ്യാപകനായിരുന്നു. 1964 ൽ സ്ഥാപിതമായ മാന്നാനം കെ.ഇ. കോളേജിൽ തുടക്കംമുതൽ സേവനം ആരംഭിച്ച ഇദ്ദേഹം ധനശാസ്ത്ര ബിരുദാനന്തരബിരുദ വകുപ്പ് മേധാവിയായി 27 വർഷത്തെ പ്രശസ്തമായ സേവനത്തിനു ശേഷം 1991 ൽ വിരമിച്ചു.

സംസ്ഥാന നിർമ്മിതകേന്ദ്രം സ്ഥാപകഡയറക്ടർ ഡോ.സി.വി. ആനന്ദബോസ് തന്റെ പ്രിയ അദ്ധ്യാപകനായിരുന്ന ഇദ്ദേഹത്തെ 1991 ൽ സ്റ്റേറ്റ് കോ-ഓർഡിനേറ്ററായി നിയമിച്ചു. പിന്നീട് ഓൾ ഇന്ത്യാ അസോസിയേഷൻ ഫോർ ക്രിസ്റ്റ്യൻ ഹയർ എഡ്യൂക്കേഷൻ (അയാഷെ) കേരളാ ഡയറക്ടറായി നിയമിക്കപ്പെട്ട ഇദ്ദേഹം ഒരു ദശകം ആ പദവിയിൽ തുടർന്നു. കേരളാ ഹയർ എഡ്യൂക്കേഷൻ ട്രസ്റ്റ് സെക്രട്ടറിയായും ഇക്കാലത്ത് പ്രവർത്തിച്ചിരുന്നു.

മാന്നാനം കെ.ഇ. കോളേജിൽ അദ്ധ്യാപകനായിരിക്കെ കോളേജ് ആർട്സ് ക്ലബ്, ഐക്കഫ് മുതലായവയുടെ ഡയറക്ടറും കോളേജ് മാനേജിംഗ് ബോർഡ് അംഗവുമായിരുന്നു. ബിരുദ-ബിരുദാനന്തര തലത്തിൽ ധനതത്വശാസ്ത്രവിദ്യാർത്ഥികൾ നേടിയ നിരവധി റാങ്കുകൾ അദ്ധ്യപന രംഗത്ത് ഇദ്ദേഹത്തിന്റെ അർപ്പണമനസ്ക്കതയുടെയും കഠിനാദ്ധ്വാനത്തിന്റെയും തെളിവുകൂടിയായിരുന്നു. 1965 ൽ തേവര സേക്രഡ് ഹാർട്ട് കോളേജ് ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട സംസ്ഥാനതല ഐക്കഫ് യൂത്ത്ഫെസ്റ്റിവലിൽ അന്ന് പ്രീഡിഗ്രി വിദ്യാർത്ഥികൾ മാത്രമുണ്ടായിരുന്ന കെ.ഇ. കോളേജ് ഒന്നാം സ്ഥാനത്തെത്താൻ ഇദ്ദേഹം സമർത്ഥമായ നേതൃത്വമാണ് നൽകിയത്.

യൂണിവേഴ്സിറ്റി തലത്തിൽ ഫാക്കൽറ്റി ഓഫ് സയൻസസ്, പി.ജി. ബോർഡ് ഓഫ് സ്റ്റഡീസ്, പരീക്ഷാ ബോർഡ്, സ്വകാര്യകോളേജ് അദ്ധ്യാപക സെലക്ഷനായുള്ള വിഷയ വിദഗ്ധ സമിതി, ബിരുദാനന്തരബിരുദ കോഴ്സ് ആരംഭിക്കുന്ന കോളേജുകളിലെ യൂണിവേഴ്സിറ്റി പരിശോധനാ

www.malankaralibrary.com

സമിതി മുതലായവയിൽ ഇദ്ദേഹം പല പ്രാവശ്യം അംഗമായിരുന്നു. നിരവധി കോളേജുകളിൽ യൂണിവേഴ്സിറ്റി പരീക്ഷകൾക്ക് അഡീഷണൽ ചീഫ് സൂപ്രണ്ടായും പ്രവർത്തിച്ചിട്ടുണ്ട്. കേരളാ ഇക്കണോമിക് അസോസിയേഷൻ വൈസ്പ്രസിഡന്റുമായിരുന്നു.

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി അക്കാഡമിക് കൗൺസലർ എന്ന നിലയിൽ കൊച്ചി ഐ.എം.ജി., തൊടുപുഴ ന്യൂമാൻ കോളേജ്, പാലാ സെന്റ് തോമസ് കോളേജ് എന്നീ പഠന കേന്ദ്രങ്ങളിൽ അദ്ധ്യാപകനായി ഇദ്ദേഹം ഇപ്പോൾ സേവനമനുഷ്ഠിക്കുന്നു.

കോട്ടയം ഗാന്ധി പീസ് ഫൗണ്ടേഷൻ സ്ഥാപകപ്രസിഡന്റായിരുന്ന ഇദ്ദേഹം 'ഗാന്ധിദർശനം'എന്ന ലേഖന സമാഹാരം രചിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട്, കളമശ്ശേരി രാജഗിരി കോളേജ്, എറണാകുളം സെന്റ് തെരേസാസ് കോളേജ്, കളമശ്ശേരി സെന്റ് പോൾസ് കോളേജ്, മാന്നാനം കെ.ഇ. കോളേജ് എന്നിവിടങ്ങളിൽ എം.എ., എം.ബി.എ., എം.എസ്. ഡബ്ളിയു കോഴ്സ് വിദ്യാർത്ഥികളുടെ വിസിറ്റിംഗ് പ്രൊഫസറായിരുന്നു.

അദ്ധ്യാപകൻ, പ്രസംഗകൻ, ലേഖകൻ, ഗ്രന്ഥകർത്താവ്, പ്രബന്ധാവതാരകൻ, റേഡിയോ പ്രഭാഷകൻ, സംഘാടകൻ എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം ദീപനാളം, കർമ്മലകുസുമം, കേരളസഭ, മിഷൻ എന്നിവയുടെ പത്രാധിപസമിതി അംഗവും ഹയർ എഡ്യൂക്കേഷൻ ആനിമേറ്റർ മാനേജിംഗ് എഡിറ്ററുമായിരുന്നു. ആർ.എൽ. സ്റ്റീവൻസന്റെ പ്രശസ്തമായ 'ബ്ലാക്ക് ആരോ' എന്ന നോവൽ സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി മൊഴിമാറ്റം നടത്തിയിട്ടുണ്ട്.

എ.കെ.സി.സി. വിദ്യാഭ്യാസകമ്മീഷൻ ചെയർമാൻ, വിവിധ കമ്മറ്റികളുടെ കൺവീനർ, മുതലായ നിലകളിലും ഇദ്ദേഹം പ്രവർത്തിച്ചിരുന്നു. സ്കൂൾ-കോളേജ് അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെയും കെ.സി. വൈ.എം., മിഷൻ ലീഗ്, ദീപിക യൂത്ത്ലീഗ്, കെ.സി.എസ്.എൽ., ഡി.സി. എൽ. മുതലായ നിരവധി സംഘടനകളുടെയും വേദികളിൽ പ്രസംഗകൻ ആയിരുന്നു. നേതൃത്വ പരിശീലനം, വ്യക്തിത്വ വികസനം, പ്രസംഗ പരിശീലനം മുതലായ പ്രതിഭാ വികസന പരിപാടികൾ വ്യാപകമായി നടത്തിയിട്ടുണ്ട്. നിരവധി ഗ്രന്ഥങ്ങളെ സംബന്ധിച്ച് ഇദ്ദേഹത്തിന്റെ നിരൂപണങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

മാന്നാനം സി.എം.ഐ. ആശ്രമത്തിന്റെയും കർമ്മല കുസുമം വാരികയുടെയും 'സഭാപ്രതിഭാ' അവാർഡ്, പാലാ സെന്റ് തോമസ് കോളേജ് അലൂമ്നി അസോസിയേഷൻ നൽകിയ 'അപ്പോസ്തൽ ഓഫ് ഗാന്ധിസം' അവാർഡ്, സിറിയൻ കാത്തലിക് കൾച്ചറൽ ഫോറം ഏർപ്പെടുത്തിയ 'സിറിയൻ കത്തോലിക്കാ പ്രതിഭാ പുരസ്കാരം'മുതലായവ ഇദ്ദേഹത്തിന്റെ ബഹുമുഖ പ്രതിഭയ്ക്കു ലഭിച്ച അംഗീകാരമാണ്.

www.malankaralibrary.com

പൗരസ്ത്യ വിദ്യാപീഠം സെനറ്റിലെ അൽമായ പ്രതിനിധിയായി ഇദ്ദേഹത്തെ കാർഡിനൽ മാർ വർക്കി വിതയത്തിൽ നിയോഗിക്കുകയുണ്ടായി. കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ, ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ, ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ (കോളേജ് പ്രതിനിധി), അതിരൂപതാ ഉന്നത വിദ്യാഭ്യാസ സമിതി, കോതമംഗലം രൂപതാ പാസ്റ്ററൽ കൗൺസിൽ എന്നിവയിൽ അംഗമായും പ്രവർത്തിച്ചിരുന്നു. വിവിധ ക്രൈസ്തവ സഭകളുടെ കോളേജുകളിലും വിവിധ രൂപതകളിലും അദ്ധ്യാപക സെമിനാറുകളിൽ ക്ലാസ്സെടുത്തിട്ടുണ്ട്. ചങ്ങനാശ്ശേരിയിലെ പാസ്റ്ററൽ കൗൺസലിംഗ് കോഴ്സ് പാസ്സായ ഇദ്ദേഹം പ്രീമാര്യേജ് ഗൈഡൻസ് കോഴ്സിനും ക്ലാസ്സെടുത്തിട്ടുണ്ട്.

എസ്.ബി. കോളേജിൽ എം.എ. രണ്ടാംവർഷ വിദ്യാർത്ഥിയായിരുന്നപ്പോൾ 1959 ലെ വിമോചന സമരത്തിൽ സജീവമായി പങ്കെടുത്ത ഇദ്ദേഹം ചങ്ങനാശ്ശേരി വിദ്യാർത്ഥി കോർണറിൽ പിക്കറ്റിംഗിൽ പങ്കെടുക്കുകയും അറസ്റ്റ്വരിച്ച് രണ്ടാഴ്ചക്കാലം പൊൻകുന്നം സബ്ജയിലിൽ കഴിയുകയും ചെയ്തിട്ടുണ്ട്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലും കേരളാ കോൺഗ്രസ്സ് സ്ഥാപനം മുതൽ കേരളാ കോൺഗ്രസ്സിലും പ്രവർത്തിച്ച ശ്രീ. മാത്യു കോൺഗ്രസ്സിലും കേരളാകോൺഗ്രസ്സിലും പല ഔദ്യോഗിക സ്ഥാനങ്ങളും വഹിച്ചിരുന്നു. അദ്ധ്യാപകവൃത്തിയോട് പൂർണ്ണനീതി പുലർത്താനായി ഇദ്ദേഹം അഞ്ചുവർഷങ്ങൾക്കുശേഷം രാഷ്ട്രീയരംഗം ഉപേക്ഷിച്ചു.

1999 ൽ പാലായിൽ ഇദ്ദേഹം സ്ഥാപിച്ച എച്ച്.ആർ.ഡി. സെന്ററിന്റെ ഉത്ഘാടനകർമ്മം നിർവ്വഹിച്ചത് മേഘാലയ ഗവർണ്ണർ ശ്രീ. എം.എം. ജേക്കബായിരുന്നു. 2004 സെപ്റ്റം.15ന് ഇദ്ദേഹം ചെയർമാനായി രജിസ്റ്റർ ചെയ്ത എച്ച്.ആർ.ഡി. ട്രസ്റ്റ് വിവിധ തൊഴിൽ അധിഷ്ഠിത കോഴ്സുകൾ നടത്തിവരുന്നു. അലഹബാദ് അഗ്രിക്കൾച്ചറൽ ഡീംഡ് യൂണിവേഴ്സിറ്റി ചാൻസലർ ഡോ. മാണി ജേക്കബ്, മുൻ വൈസ് ചാൻസലർമാർ എന്നിവർ ഉൾപ്പെട്ടതാണ് ട്രസ്റ്റ് ഉപദേശകസമിതി.

ഭരണങ്ങാനത്തും നീലൂരിലും മാന്നാനം കെ.ഇ. കോളേജിലും നാടകനടനായും സംവിധായകനായും കലാരംഗത്ത് പ്രവർത്തിച്ചിട്ടുണ്ട്. വിവിധ കർമ്മരംഗങ്ങളിൽ ഇപ്പോൾ പ്രവർത്തിച്ചുപോരുന്നു. സഹധർമ്മിണി - നെടിയകാട് മുളകുകൊടിയാനിക്കൽ എം.എ. റോസ് എം.എ., ബി.എഡ്.

വിലാസം - (1) പ്രൊഫ.കെ.എം.മാത്യു,
ചെയർമാൻ, എച്ച്.ആർ.ഡി. ട്രസ്റ്റ് പാലാ
(2) പ്രൊഫ. കെ.എം. മാത്യു,
റോസ്‌വില്ല, കരിങ്കുന്നം.

www.malankaralibrary.com

# 200

# സിസ്റ്റർ പെലാജിയ എസ്സ്.എച്ച്.



പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകയായ സി. പെലാജിയാ കോതമംഗലം രൂപതയിൽ ആരക്കുഴ ഫൊറോനാ പള്ളി ഇടവകയിൽ തെക്കെപ്പറമ്പിൽ കുടുംബത്തിൽ മത്തായി അന്നമ്മ ദമ്പതികളുടെ മകളായി 1936 മെയ് 13ന് ജനിച്ചു. ജ്ഞാനസ്നാനപ്പേര് ഏലിക്കുട്ടി എന്നായിരുന്നു. ആരക്കുഴ സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിൽനിന്നും 1953 ൽ എസ്.എസ്.എൽ.സി. പാസ്സായ ഏലിക്കുട്ടി തിരുഹൃദയ സന്യാസിനീസമൂഹത്തിൽ ചേർന്നു. രണ്ടു വർഷത്തെ സന്യാസ പരിശീലനാന്തരം 1955മേയ് 22ന് സന്യാസ സമർപ്പണം നടത്തി. സഭയിൽ ചേർന്നപ്പോൾ സ്വീകരിച്ച് പേരാണ് പെലാജിയ.

ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽനിന്നും 1957 ൽ ഇന്റർമീഡിയറ്റും തുടർന്ന് എസ്.ബി. കോളേജിൽനിന്ന് 1959ൽ ഊർജ്ജതന്ത്രത്തിൽ ബി.എസ്.സി. ബിരുദവും നേടി. തുടർന്നുള്ള വിദ്യാഭ്യാസവും നിയമനങ്ങളുമെല്ലാം അഭിവന്ദ്യവയലിൽ പിതാവിന്റെ നിർദ്ദേശമനുസരിച്ചായിരുന്നു. 1959 ൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ എം.എസ്.സി. ഫിസിക്സിനു ചേർന്നു. ആ കോളേജിൽ ഉണ്ടായിരുന്ന ഏക ലേഡീസ് സീറ്റിലാണ് പ്രവേശനം ലഭിച്ചത്. ബിരുദാനന്തരബിരുദം പൂർത്തിയാക്കിയതിനു ശേഷം മംഗലാപുരം സെന്റ് ആൻസ് ട്രെയിനിംഗ് കോളേജിൽനിന്നും 1962 ൽ ബി.എഡ്. പരീക്ഷ പാസ്സായി.

1962 ൽ അസംപ്ഷൻ കോളേജിൽ ലക്ചറർ ആയി നിയമിതയായി. 1963 ൽ പാലാ സെന്റ് തോമസ് കോളേജിൽ വനിതാവിഭാഗം ആരംഭിച്ചപ്പോൾ അവിടെ ലക്ചറർ ആയി നിയമിക്കപ്പെട്ടു. 1964 ൽ അൽഫോൻസാ കോളേജാരംഭിച്ചപ്പോൾ ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ ലക്ചററായി നിയമനം ലഭിച്ചു. 1964 മുതൽ 1996 ൽ അദ്ധ്യാപന ജോലിയിൽനിന്നും വിരമിക്കുന്നതുവരെ പ്രസ്തുത കോളേജിലെ ഫിസിക്സ് ഡിപ്പാർട്ടുമെന്റിൽ പ്രൊഫസ്സറും വകുപ്പ് മേധാവിയും ആയി സേവനമനുഷ്ഠിച്ചു.

സി.പെലാജിയായുടെ വിദ്യാഭ്യാസവീക്ഷണം പ്രത്യേകം എടുത്തുപറയേണ്ടതാണ്. സമർപ്പിതജീവിതത്തിലൂടെ അദ്ധ്യാപകവൃത്തി ഒരു ദൈവികാഹ്വാനമായി മനസ്സിലാക്കി പ്രവർത്തിക്കുവാൻ സിസ്റ്റർ പെലാജിയ പ്രത്യേകം ശ്രദ്ധിച്ചു. ക്രിസ്തീയവും മാനുഷികവും ദേശീയവുമായ മൂല്യങ്ങളിൽ ഊന്നിനിന്നുകൊണ്ട് ആ തലത്തിൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ഉതകുന്ന ഉന്നതവും കാര്യക്ഷമവും, സമഗ്രവും, ആനുകാലികവുമായ വിദ്യാഭ്യാസം യുവതലമുറ ലക്ഷ്യമാക്കുക, ഭാരതസ്ത്രീത്വത്തിന്റെ

www.malankaralibrary.com

തനിമയാർന്ന ശാലീനതയും സമഗ്രതയും കാത്തുസൂക്ഷിച്ചുകൊണ്ട് വനിതാനേതൃത്വം വളർത്തുക, യുവതലമുറയുടെ മാനുഷികവും സാംസ്കാരികവും ആദ്ധ്യാത്മികവുമായ രൂപവൽക്കരണം സാധിക്കുക, Lighter for life എന്നുള്ള അൽഫോൻസാ കോളേജ് മോട്ടോ അനുസരിച്ചുള്ള ആത്മീയ പോഷണവും ശിക്ഷണവും നൽകുക, സ്നേഹത്താലും സ്വാതന്ത്ര്യത്താലും പ്രബുദ്ധമായ ഒരു കലാലയാന്തരീക്ഷം കെട്ടിപ്പെടുത്ത് സാഹോദര്യം ഉറപ്പാക്കുക എന്ന ഉദ്ദേശത്തോടെയാണ് സി.പെലാജിയാ തന്റെ വിദ്യാഭ്യാസ പ്രവർത്തനം നിർവ്വഹിച്ചത്. കോളേജിന്റെ ആരംഭദശയിൽ ഫിസിക്സ് ഡിപ്പാർട്ടുമെന്റിന് നല്ല അടിസ്ഥാനമിട്ട് വളർത്താൻ സിസ്റ്റർ ശ്രമിച്ചു. 1973 മുതൽ 6 വർഷം വൈസ് പ്രിൻസിപ്പൽ ആയും തുടർന്ന് അഞ്ചുവർഷക്കാലം പ്രിൻസിപ്പലായും സേവനം അനുഷ്ഠിക്കുകയുണ്ടായി. കലാലയരാഷ്ട്രീയത്തിന്റെ അതിപ്രസരംമൂലം കാമ്പസുകളിലെ പഠനാന്തരീക്ഷം പ്രക്ഷുബ്ധമായിരുന്നുവെങ്കിലും ഒരു വനിതാ കോളേജിന്റെ ശ്രേഷ്ഠവും ശാന്തവുമായ അന്തരീക്ഷത്തിൽ കോളേജിനെ നയിക്കാൻ സി.പെലാജിയയ്ക്ക് സാധിച്ചുവെന്നത് അഭിമാനകരമാണ്.

കോളേജിലെ സ്പോർട്സ് ഗ്രൗണ്ടിന് പ്രത്യേകം സുരക്ഷിതമായ അതിർഭിത്തികളൊന്നുമുണ്ടായിരുന്നില്ല. തന്മൂലം കായികരംഗത്ത് പെൺകുട്ടികളുടെ മികവ് തെളിയിക്കാൻ സ്പോർട്സ് പ്രാക്ടീസ്, സ്പോർട്സ്മീറ്റ് ഇവ നടത്താൻ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടിരുന്നു. കോളേജ് ഗെയിറ്റ് മുതൽ സ്പോർട്സ് ഗ്രൗണ്ടിന്റെ അതിർത്തിവരെ മതിൽകെട്ടാൻ സിസ്റ്റർ നേതൃത്വം നൽകി. 18 അടി ഉയരത്തിലാണ് മതിൽ കെട്ടിയത്. കുട്ടികളുടെ സുരക്ഷിതത്വത്തിനും സ്വതന്ത്രമായ കായിക പരിശീലനത്തിനും ഇത് ഇടയാക്കി. കേരളത്തിന്റെ അഭിമാനമായ ഷൈനി വിൽസൺ തുടങ്ങിയ കായികതാരങ്ങൾ ഈ ഗ്രൗണ്ടിന്റെ പ്രയോജനം നേടിയവരാണ്.

1967 ൽ അൽഫോൻസാകോളേജിൽ ഏഴ് ഫാക്കൽറ്റികളിൽ ഡിഗ്രി കോഴ്സ് ആരംഭിച്ചിരുന്നു. 1981 ൽ ബി.എ. ഹിസ്റ്ററിയിൽ പുതിയ ഡിഗ്രി കോഴ്സ് ആരംഭിക്കാൻ സാധിച്ചു. സിസ്റ്റർ പെലാജിയായുടെ നേട്ടങ്ങളിൽ ഒന്നാണിത്. 1982 ൽ സുവോളജിവിഭാഗത്തിൽ പോസ്റ്റ്ഗ്രാജുവേറ്റ് കോഴ്സ് ആരംഭിച്ച് കോളേജിനെ പി.ജി. ലവലിലേക്ക് ഉയർത്താനും വിമൻലീഡർഷിപ്പ് വളർത്തത്തക്കവിധം പല ക്രമീകരണങ്ങളും കോളേജിൽ വരുത്തുവാനും സിസ്റ്ററിന് സാധിച്ചു. കുട്ടികൾക്ക് ആത്മീയ പോഷണവും ശിക്ഷണവും നൽകാൻ സിസ്റ്റർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ ലക്ഷ്യത്തോടെയാണ് ബിഷപ്പ് വയലിൽ പ്രെയർഹാൾ എന്നപേരിൽ ഒരു ചാപ്പൽ പണികഴിപ്പിച്ചത്. കേരളാഗവർണ്ണർ ശ്രീ. പി.രാമചന്ദ്രൻ ആണ് ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. 1986 മുതൽ 1989 വരെ എം.ജി. യൂണിവേഴ്സിറ്റിയിൽ ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പറായിരുന്നു. (BSCPhysics Pass)

തിരുഹൃദയ സന്യാസിനീ സമൂഹത്തിലും സി. പെലാജിയ പല ഉന്ന

www.malankaralibrary.com

തപദവികളും വഹിച്ചിട്ടുണ്ട്. പാലാ എസ്സ്.എച്ച്. പ്രൊവിൻസിൽ ഒൻപതു വർഷം പ്രൊവിൻഷ്യൽ സുപ്പീരിയർ ആയും ഒൻപതുവർഷം പ്രൊവിൻഷ്യൽ കൗൺസിലറുമായി ശുശ്രൂഷാനേതൃത്വം വഹിച്ചിട്ടുണ്ട്. ഉജ്ജെയിൻ, റയ്പൂർ, ജഗദൽപൂർ എന്നീ രൂപതകളിൽ പ്രവർത്തിച്ചിരുന്ന തിരുഹൃദയ സന്യാസ 1നീസമൂഹത്തിന് പാവപ്പെട്ടവരുടെ സമുദ്ധാരണാർത്ഥമുള്ള മിഷൻ കേന്ദ്ര ങ്ങൾ ആരംഭിക്കുകയും രാജ്കോട്ട് രൂപതയിൽ മിഷൻ പ്രവർത്തനത്തിന് തുടക്കം കുറിയ്ക്കുകയും ചെയ്യാൻ സിസ്റ്ററിന് സാധിച്ചു. ഗുജറാത്തിലെ മോർവിയിൽ മച്ചുഡാംതകർന്ന ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കുവാൻ തിരുഹൃദയസന്യാസിനികൾ ചെയ്ത സേവനം അഭിമാനത്തോടെ മാത്രമേ സ്മരിക്കുവാൻ സാധിക്കുകയുള്ളു. സി. പെലാജിയായുടെ സാമൂഹ്യവീ ക്ഷണം ആണ് ഇവിടെ നമുക്ക് ദർശിക്കുവാൻ സാധിക്കുന്നത്. പാലാ രൂപ തയ്ക്ക് വെളിയിൽ (തിരുവനന്തപുരം, കർണ്ണാടക, നോർത്ത് ഇന്ത്യാ) സ്ഥായി യായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുവേണ്ടി സ്വന്തമായി സ്ഥലം വാങ്ങി ശാഖാഭവനങ്ങളും മിഷൻ കേന്ദ്രങ്ങളും ആരംഭിക്കുവാൻ തുടക്കമി ട്ടതും സിസ്റ്ററിന്റെ പ്രധാനനേട്ടങ്ങളാണ്.

കെട്ടിടങ്ങൾ ഡിസൈൻ ചെയ്യുന്നതിനും പണികഴിപ്പിക്കുന്നതിനും സിസ്റ്ററിന് അസാമാന്യമായ വൈദഗ്ദ്ധ്യം ഉണ്ട്. ആ കഴിവ് ശരിയായി വിനി യോഗിച്ചതിന്റെ ഉത്തമോദാഹരണങ്ങളാണ് ബിഷപ്പ് വയലിൽ മെഡിക്കൽ സെന്റർ മൂലമറ്റം, ഇംഗ്ലീഷ് മീഡിയം സ്കൂൾ ബോർഡിംഗ് മൂലമറ്റം, സ്കൂൾ ഓഫ് നേഴ്സിംഗ് മൂലമറ്റം, സഞ്ജീവനാ ബാംഗ്ലൂർ, എസ്സ്.എച്ച്. പ്രൊവിൻഷ്യ ലേറ്റ് ആൻഡ് ചാപ്പൽ പാലാ തുടങ്ങിയവ.

ചരിത്രപ്രധാനവും വിദ്യാഭ്യാസമൂല്യവുമുള്ള ഭാവിതലമുറയ്ക്ക് വിജ്ഞാനം പകർന്നുകൊടുക്കത്തക്കവണ്ണമുള്ള ഒരമൂല്യസ്റ്റാമ്പ്ശേഖരണവും സിസ്റ്ററിനുണ്ട്. Bible in Stamps എന്ന Theme ൽ ത്തന്നെ രണ്ടുപ്രാവശ്യം പ്രദർശിപ്പിച്ച ആയിരത്തിലേറെ സ്റ്റാമ്പുകൾ സിസ്റ്ററിന്റെ ശേഖരത്തിലുണ്ട്.

ദൈവദാസൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ നാമകരണ നടപടി കൾക്കുവേണ്ടിയുള്ള വൈസ്പോസ്റ്റലേറ്ററായി ഇതിന്റെ ആരംഭം മുതൽ സിസ്റ്റർ പെലാജിയ സേവനം അനുഷ്ഠിച്ചുവരുന്നു. (1988-2006) ദൈവദാ സൻ മത്തായിയച്ചന്റെ ജീവിതം, വിശുദ്ധി തുടങ്ങിയവയെ പുരസ്കരിച്ച് ഇട യസ്വപ്നം പൂവണിഞ്ഞപ്പോൾ എന്ന ഒരു പുസ്തകം മലയാളത്തിലും "Shepherd's Dream എന്ന മറ്റൊരു പുസ്തകം ഇംഗ്ലീഷിലും സിസ്റ്റർ രചിച്ചിട്ടു ണ്ട്. 2005 മേയ് 23ന് മാർ ജോസഫ് കല്ലറങ്ങാട്ട് ആണ് പ്രസ്തുതപുസ്തകം പ്രകാശനം ചെയ്തത്.


സിസ്റ്റർ പെലാജിയായുടെ കഠിനാദ്ധ്വാനവും സമർപ്പണമനോഭാവവും ഏവർക്കും അനുകരണീയമാണ്.

വിലാസം - സി. പെലാജിയ എസ്.എച്ച്, പ്രൊവിൻഷ്യൽ ഹൗസ്, പാലാ

www.malankaralibrary.com

# 201

# മാത്യു എം. കണ്ടം



"ദൈവരാജ്യം, ഒരുവൻ തന്റെ തോട്ടത്തിൽ പാകിയ കടുകു മണിക്ക് സദൃശ്യമാണ്. അത് വളർന്ന് മരമായി. ആകാശത്തിലെ പക്ഷികൾ അതിന്റെ ശിഖരങ്ങളിൽ ചേക്കേറി (ലൂക്കാ 13:19). ഈ കടുക് മണിക്ക് തുല്യമാണ്, തലശ്ശേരി അതിരൂപതയിലെ കരിക്കോട്ടക്കരി ഇടവകാംഗം മാത്യു.എം.കണ്ടത്തിൽ. സാധാരണ കുട്ടികൾ മാതാപിതാക്കളുടെ കൈകൾ പിടിച്ച് നടക്കുന്ന ചെറുപ്രായത്തിൽ പൊതുപ്രവർത്തനം ആരംഭിച്ച് സംസ്ഥാനം നിറഞ്ഞ് നിൽക്കുന്ന സാമൂഹ്യ പ്രവർത്തകനും സീറോ-മലബാർ സഭയുടെ പരമോന്നത സമിതികളിൽ അംഗമായ മിഷനറിയുമാണ് സമാനതകളില്ലാത്ത ജനസേവകനായ അദ്ദേഹം.

നിന്റെ അയൽക്കാരന്റെ സഹോദരൻ നീയല്ലേ എന്ന് ചിന്തിച്ച് നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്ന വിശുദ്ധ വാക്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്ന മാത്യു.എം.കണ്ടത്തിൽ, കേരളത്തിലെ സാംസ്കാരിക-സാമൂഹ്യ പെതുരംഗത്ത് മുഖവരയാവശ്യമില്ലാത്ത വ്യക്തിത്വത്തിന്റെ ഉടമയാണ് വിശുദ്ധ ഗ്രന്ഥം കാട്ടുന്ന നേർവഴികളിലൂടെ രാവും പകലുമില്ലാതെ പ്രതിഫലം പ്രതീക്ഷിക്കാതെ പൊതുരംഗത്ത് പ്രവർത്തിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നതും നിലനിർത്തുന്നതും വിശുദ്ധൻമാരുടെ ജീവചരിത്രപാരായണവും മാതൃകകളാണ്. കഴിഞ്ഞ അഞ്ചര പതിററാണ്ടായി തുടരുന്ന നിസ്വാർത്ഥമായ സാമൂഹ്യപ്രവർത്തനങ്ങൾ തുടരുന്നതിൽ തളർച്ചയില്ലാത്ത മാത്യു എം.കണ്ടത്തിൽ പലപ്പോഴും തോൽക്കുന്ന സമരങ്ങളിലെ ധീരനായ ,പോരാളിയായിട്ടാണ് പ്രവർത്തിക്കുന്നത്." 2004 ഡിസംബർ 36 ഞായറാഴ്ചത്തെ സണ്ടേശാലോം മാസികയിൽ പ്ലാത്തോട്ടംമാത്യു എഴുതിയ ലേഖനത്തിലെ ഒരു ഭാഗമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

മുഴുവൻ സമയസാമൂഹ്യപ്രവർത്തകനായ മാത്യു എം.കണ്ടം കുറവിലങ്ങാടിന് സമീപമുള്ള കാളികാവിൽ കണ്ടത്തിൽ കുടംബത്തിൽ ഔസേഫ് മാണി - ഏലി ദമ്പതികളുടെ മകനായി 1936 മേയ് 15 ന് ജനിച്ചു. 1945 ലാണ് കരിക്കോട്ടക്കരിയിലേക്ക് മാത്യുവിന്റെ കുടുംബം കുടിയേറി പാർത്തത്. അന്ന് കോഴിക്കോട് രൂപതയുടെ ഭാഗമായിരുന്നു കരിക്കോട്ടക്കരി. കരിക്കോട്ടക്കരിയിൽ ആദ്യം രൂപംകൊണ്ട സാംസ്കാരികകേന്ദ്രം നിർമ്മല റീഡിംഗ് റൂം ആയിരുന്നു. അതിന്റെ സെക്രട്ടറിയായി 14-ാം വയസ്സിൽ അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. 1953 ൽ തലശ്ശേരി രൂപത സ്ഥാപിച്ചപ്പോൾ

www.malankaralibrary.com

കരിക്കോട്ടക്കരി രൂപതയുടെ ഭാഗമായി മാറി. കുറവിലങ്ങാട്ട്, എടൂർ, പേരാവൂർ, കോഴിക്കോട് എന്നിവിടങ്ങളിലാണ് ശ്രീ. മാത്യു വിദ്യാഭ്യാസം നിർവ്വഹിച്ചത്. 1950 ൽ എടൂർ ദേവാലയത്തിൽ പ്രവർത്തിച്ചിരുന്ന സൊഡാലിററിയിൽ ചേരുകയും പ്രീഫെക്ട് ആയി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. സ്കൂളിലെ വിദ്യാർത്ഥി ലീഡറായും പ്രവർത്തിച്ചു. അന്ന് കരിക്കോട്ടക്കരിയിൽ ദേവാലയം ഉണ്ടായിരുന്നില്ല. നാട്ടുകാർ സ്വന്തമായി ഉണ്ടാക്കിയ ഷെഡിൽ വേദപാഠം തുടങ്ങി, മാത്യു 14-ാം വയസ്സിൽ വേദപാഠാദ്ധ്യാപകനായി.

സ്വാതന്ത്ര്യസമരസേനാനിയായിരുന്ന പിതാവിന്റെ കാലടികളെ പിന്തുടർന്ന് പരോപകാര പ്രവർത്തനങ്ങളിൽ മുഴുകി ജീവിതം നയിച്ച മാത്യു 1956 ൽ കെ.സി.എസ്സ്.എൽ. എന്ന വിദ്യാർത്ഥിസംഘടനയുടെ കൺവീനറായി. സംസ്ഥാനതലത്തിൽ നടത്തപ്പെട്ട പ്രസംഗമത്സരത്തിൽ സമ്മാനാർഹനായി. 1957 ൽ ബഹു ലിയോ അച്ചന്റെ ഫ്രാൻസിസ്കൻ ധ്യാനത്തിൽ സംബന്ധിക്കുകയും തുടർന്ന് സത്യാരാധനാസഖ്യത്തിലും ഫ്രാൻസിസ്കൻ അൽമായാ അസോസിയേഷനിലും ചേർന്ന് പ്രവർത്തിക്കുകയും ചെയ്തു. ഫ്രാൻസിസ്കൻ അൽമായ അസോസിയേഷന്റെ തലശ്ശേരി രൂപതയിലെ സ്ഥാപക പ്രസിഡണ്ടായും സംസ്ഥാനകമ്മററിയംഗമായും 12 വർഷക്കാലം പ്രവർത്തിച്ചു. ഷെവ.കെ.സി.ചാക്കോ, ഫാ. സ്റ്റീഫൻ ജയരാജ് തുടങ്ങിയവരുമായി ആത്മബന്ധം സ്ഥാപിക്കാനും മാത്യുവിന് സാധിച്ചു. 1958-ൽ ദീപികാ ബാലസഖ്യത്തിൽ അംഗമായിരുന്നു. അതിന്റെ ഓർഗനൈസറുമായിരുന്നു. വിവിധ സ്കൂളുകളിൽ ശാഖകൾ സ്ഥാപിക്കാനും ദീപികപത്രം പ്രചരിപ്പിക്കാനും മാത്യു അക്കാലത്ത് സജീവ നേതൃത്വം നൽകി. മതബോധനരംഗത്ത് 31 വർഷം തുടർച്ചയായി പ്രവർത്തിച്ചു. കേരളത്തിലെ മതബോധനരംഗത്തിന്റെ സുവർണ്ണകാലം എന്ന് വിശേഷിപ്പിക്കാവുന്ന പി.ഒ.സി.യുടെ തുടക്കത്തിൽ തലശ്ശേരി രൂപതയിൽനിന്നുള്ള ആദ്യത്തെ പ്രതിനിധി മാത്യു കണ്ടമായിരുന്നു. പി.ഒ.സി. ഡയറക്ടർ ഫാ. ജോസഫ് കണ്ണത്തിനോടൊപ്പം കേരളത്തിനകത്തും പുറത്തും പല സ്ഥലങ്ങളിൽ പോകാൻ സാധിച്ചിട്ടുണ്ട്.

1959 ലെ ഐതിഹാസികമായ വിമോചനസമരത്തിൽ വയലാർ രവി, എ.കെ. ആന്റണി, പി.എം. മുഹമ്മദാലി എന്നിവരോടൊപ്പം സജീവമായി പങ്കെടുക്കുകയും എ.ഇ.ഒ. ഓഫീസ് പിക്കററ് ചെയ്ത് അറസ്റ്റുവരിക്കുകയും 14 ദിവസം കണ്ണൂർ സെൻട്രൽ ജയിലിൽ അടക്കപ്പെടുകയും ചെയ്തു. വിമോചനസമരത്തോടനുബന്ധിച്ച് നടന്ന മഹായോഗങ്ങൾ പി.ററി.ചാക്കോ, ആർ.ശങ്കർ, ഫാ.വടക്കൻ, ആനി ജോസഫ് തുടങ്ങിയ പ്രഗത്ഭരുടെ വേദിയിൽ വിദ്യാർത്ഥി പ്രതിനിധിയായി പങ്കെടുക്കുകയും ചെയ്തു. വിമോചനസമരത്തിനുശേഷം അധികാരമേറെറടുത്ത ഐക്യമുന്നണിസർക്കാരിന്റെ ഭരണകാലത്ത് നടന്ന കുടിയിറക്കുകളെയും മേൽച്ചാർത്ത്

www.malankaralibrary.com

വ്യവസ്ഥിതികളെയും എതിർക്കാൻ ഫാ. വടക്കൻ, മാർ വള്ളോപ്പള്ളി, ഫാ. ചിറയത്ത്, ബി. വെല്ലിംഗ്ടൺ എന്നിവരോടൊപ്പം പോരാടി. കർഷക ദ്രോഹനടപടികൾക്കെതിരായി കൊട്ടിയൂരിൽ നിന്നും ബി.വെല്ലിംഗ്ടന്റെയും ജോൺമാഞ്ഞൂരാന്റെയും നേതൃത്വത്തിൽ തിരുവനന്തപുരത്തേക്ക് നയിച്ച കാൽനടജാഥയിൽ മാത്യുവും പങ്കുചേർന്നു. ഈ ജാഥയിൽ പങ്കെടുത്ത തിന്റെ പേരിൽ കണ്ണൂർ ഡി.സി.സി. മെമ്പറായിരുന്ന മാത്യുവിനെ ഡി.സി.സി. പ്രസിഡണ്ട് സസ്പെൻഡ് ചെയ്തു.

ഫാ. വടക്കന്റെ നേതൃത്വത്തിൽ രൂപംകൊണ്ട മലനാട് കർഷക യൂണിയനിൽ ചേർന്ന മാത്യു മലയോര സെക്രട്ടറിയായും തിരഞ്ഞെടു ക്കപ്പെട്ടു. അക്കാലത്ത് നടന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ തിരെ ശക്തമായ നിലപാട് മലനാടുകർഷകയൂണിയൻ സ്വീകരിച്ചു. കോൺഗ്രസ്സ് സ്ഥാനാർത്ഥി സുകുമാർ അഴീക്കോടിനെ പരാജയപ്പെടുത്തി 1967 ൽ ബി.വെല്ലിംഗ്ടൺ മന്ത്രിയായി സ്ഥാനമേററു. അക്കാലത്ത് കരിക്കോട്ട ക്കരിയിൽ ഒരു ഹൈസ്കൂൾ നേടിയെടുക്കുവാൻ മാത്യുവിന് സാധിച്ചു. പിന്നീട് പുൽപ്പള്ളി, ഗൂഡല്ലൂർ, ഷിമോഗ. കാക്കടവ്, വാഴമല പ്രദേശങ്ങളിൽ ഫാ. വടക്കൻ പ്രസിഡണ്ടായും ജോൺകച്ചിറമററം വൈസ് പ്രസിഡണ്ടായും രൂപീകരിച്ച മലയോരകർഷക ഫെഡറേഷന്റെ സെക്രട്ടറിയായി മാത്യുവിനെയാണ് തിരഞ്ഞെടുത്തത്. മലയോരങ്ങളിലെ കശുവണ്ടികർഷ കരുടെ ആവശ്യങ്ങൾ വിശദീകരിച്ചുകൊണ്ട് നടത്തിയ ബോധവൽക്കരണ ജാഥയിൽ പങ്കെടുത്ത മാത്യു കശുവണ്ടി കർഷകസമരത്തിന് നേതൃത്വം നൽകി. ഫാ. വടക്കൻ കേളകത്ത് അനിശ്ചിതകാല ഉപവാസം ആരംഭിച്ച പ്പോൾ അതിനോട് അനുഭാവമായി ഇരട്ടി ടൗണിൽ 7 ദിവസം മാത്യുകണ്ടം ഉപവാസം നടത്തി.

ഷെവ. വി.സി. ജോർജ് എ.കെ.സി.സി. പ്രസിഡണ്ടായിരുന്ന കാല ത്താണ് 1960 ൽ മലബാറിൽ - പേരാവൂരിൽ ആദ്യമായി കത്തോലിക്കാ കോൺഗ്രസ്സ് വാർഷികം നടത്തുന്നത്. തുടർന്ന് എ.കെ.സി.സി. തലശ്ശേരി രൂപതാ സെക്രട്ടറിയായും എ.കെ.സി.സി. കേന്ദ്രനിർവാഹകസമിതി യംഗമായും മാത്യു ദീർഘനാൾ പ്രവർത്തിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ എ.കെ.സി.സി. വിളിച്ചുകൂട്ടുന്ന നേതൃയോഗങ്ങളിൽ മാത്യു പങ്കെടുത്തിരുന്നു.

1972 ലെ സർവ്വകലാശാല നിയമത്തിനെതിരെ എ.കെ.സി.സി. മാസ് ഓഡിറേറാറിയത്തിൽ (എറണാകുളം) വിളിച്ചുകൂട്ടിയ നേതൃസമ്മേളനത്തിൽ പങ്കെടുത്ത അദ്ദേഹത്തെ തലശ്ശേരി രൂപതാ സമരസമിതികൺവീനറായി തിരഞ്ഞെടുത്തു. തലശ്ശേരി രൂപതാസമരസമിതി ഇരിട്ടിയിൽ സംഘടിപ്പിച്ച പ്രതിഷേധമഹായോഗം മലബാറിന്റെ ചരിത്രത്തിലെ ഒരു മഹാസംഭവമാ യിരുന്നു. കോൺഗ്രസ്സ് നയത്തിനെതിരെ കോളേജ്സമരത്തിൽ പങ്കെടു ത്തതിനാൽ കോൺഗ്രസ്സിൽ നിന്നും മാത്യുവിനെ വീണ്ടും പുറത്താക്കി. മാർ സെബാസ്റ്റ്യൻ വയലിൽ പ്രസിഡണ്ടായും ഫാ. കുര്യാക്കോസ് പാറയ്ക്കൽ

www.malankaralibrary.com

സെക്രട്ടറിയായും സംയുക്ത മദ്യവർജ്ജനസമിതി രൂപീകരിച്ചു. ആ തിരഞ്ഞെടുപ്പ് യോഗത്തിൽ മാത്യുവും പങ്കെടുത്തു.

1967 ൽ മലബാറിലെ മദ്യനിരോധനം എടുത്തുകളഞ്ഞ് മദ്യം സാർവ്വത്രികമാക്കിയത് ഇ.എം.എസ്സ്. മന്ത്രിസഭയായിരുന്നു. ഇതിൽ പ്രതിഷേധിച്ച കേരളഗാന്ധി കെ.കേളപ്പന്റെ നേതൃത്വത്തിൽ കൊയിലാണ്ടി താലൂക്കിൽ പയ്യോളിയിൽ മദ്യഷാപ്പിന് മുമ്പിൽ പിക്കറ്റിംഗ് ആരംഭിച്ചു. ആ സമരത്തിൽ പങ്കെടുത്ത മാത്യു 1975 ൽ ഡൽഹിയിൽ ചേർന്ന അഖിലേന്ത്യാസമ്മേളനത്തിൽ സർവ്വോദയസമിതിയുടെ പ്രതിനിധിയായി പങ്കെടുത്തു. തുടർന്ന് മദ്യനിരോധനത്തിന്റെയും സർവ്വോദയത്തിന്റെയും വിവിധ സമ്മേളനങ്ങൾക്കായി ഡൽഹി, ആഗ്ര, അഹമ്മദ്ബാദ്, പാറ്റ്ന, അജ്മീർ, ഋഷികേശ്, കൽക്കത്ത, പൂന, ബോംബെ, അംബാല, വരണാസി തുടങ്ങിയ സ്ഥലങ്ങളിൽ മാത്യു പോയിട്ടുണ്ട്. അഖിലേന്ത്യാ മദ്യനിരോധന - സർവ്വോദയ സമ്മേളനങ്ങളിൽ സംബന്ധിക്കുവാൻ സാധിച്ചതുകൊണ്ട് ഇന്ത്യൻ സ്വാതന്ത്ര്യസമരനേതാക്കളിൽ പലരെയും കാണുന്നതിനും പരിചയപ്പെടുന്നതിനും സാധിച്ചു. സംയുക്തമദ്യവർജ്ജനസമിതിയുടെ ഉത്തരമേഖലാ ജോയിന്റ് സെക്രട്ടറിയായി മാത്യുവിനെ തിരഞ്ഞെടുക്കുകയും ചെയ്തു.

ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ വിദേശങ്ങളിൽ പോയി വിദഗ്ദ്ധപരിശീലനം നേടിയ ഡോ. ജോവർ ചുങ്കപ്പുരയുടെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി ഇത്തിത്താനത്ത് നടത്തിയ ആൽക്കഹോളിക് ആന്റ് കൗൺസിലിംഗ് തെറാപ്പി കോഴ്സിൽ മാത്യു സംബന്ധിച്ചു. തുടർന്ന് തലശ്ശേരിയിൽ ആരംഭിച്ച മദ്യപാനരോഗചികിത്സാകേന്ദ്രമായ പ്രതീക്ഷ സ്ഥാപിക്കുന്നതിലും അതിനെ വളർത്തുന്നതിലും മാത്യു നിർണ്ണായക പങ്കുവഹിച്ചു. അതിന്റെ ഡയറക്ടർ ബോർഡ് അംഗവുമാണ്.

കേരളത്തിലെ ആദ്യത്തെ ലഹരിമുക്തസംഘടനയുടെ എ.ഡി.എസ്.യു. സംയുക്ത മദ്യവർജ്ജനസമിതിയുടെ നേതൃത്വത്തിൽ സ്ഥാപിച്ചു. 60 ഓളം സ്കൂളുകൾ വളരെ വ്യവസ്ഥാപിതമായും പ്രതീക്ഷാനിർഭരമായും എ.ഡി.എസ്സ്.യു. പ്രവർത്തിക്കുന്നു. ഇതിന്റെ പ്രവർത്തനത്തിൽ മാത്യു സജീവമായി പങ്കുചേർന്നു.

1978 കേരളത്തിലെ മദ്യവിരുദ്ധ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു. ഗാന്ധിയൻ ദർശനങ്ങളിൽ അടിയുറച്ച ജീവിതശൈലിയുടെ ഉടമയായ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി മലബാർ കുടിയേറ്റത്തിന്റെ സുവർണ്ണ ജൂബിലിയും തലശ്ശേരി രൂപതാസ്ഥാപനത്തിന്റെ രജത ജൂബിലിയും സംയുക്തമായി ആചരിച്ചു. ഉന്നതശീർഷനായ ആ മനുഷ്യസ്നേഹി 1978 മദ്യവർജ്ജന വർഷമായി പ്രഖ്യാപിച്ചു. ജനുവരിയിൽ കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞിവച്ച് ഉൽഘാടനവും നിർവ്വഹിച്ചു. ആ ആഘോഷപരിപാടികൾക്ക് നേതൃത്വം വഹിക്കാൻ തിരഞ്ഞെടുത്ത കമ്മറ്റിയുടെ സെക്രട്ടറി ശ്രീ മാത്യു കണ്ടമായിരുന്നു. മദ്യത്തിനെതിരെ നിരന്തരവും നിസ്തുലവുമായ ബോധ

www.malankaralibrary.com

വൽക്കരണമായിരുന്നു മുഖ്യപരിപാടി. തുടർന്ന് ഇടവകതലത്തിലും ഫൊറോന തലത്തിലും സമിതികൾ രൂപീകരിച്ചു. പിന്നീടുള്ള ഒരു വർഷം രാപകലില്ലാതെ നിരന്തരം പ്രവർത്തനങ്ങളായിരുന്നു. സമ്മേളനങ്ങൾ, സെമിനാറുകൾ, റാലികൾ, പൊതയോഗങ്ങൾ, പിക്കറ്റിംഗുകൾ, സത്യാഗ്രഹങ്ങൾ, തുടരെത്തുടരെ നടന്നു. ഇതോടെ നൂറുകണക്കിന് ഷാപ്പുകൾ മാറ്റപ്പെട്ടു. വ്യാജകേന്ദ്രങ്ങൾ അടച്ചു പൂട്ടി. ഒട്ടേറെപേർ മദ്യം ഉപേക്ഷിച്ചു. നവചൈതന്യം കൈവന്നു.

1978 ൽ കോട്ടയത്തുചേർന്ന അഖിലേന്ത്യാ മദ്യനിരോധന സമിതിയുടെ മഹായോഗത്തിൽ തലശ്ശേരിയിൽ നിന്നും 50 പ്രതിനിധികൾ മാത്യുവിന്റെ നേതൃത്വത്തിൽ പങ്കെടുത്തു. തലശ്ശേരിയിൽ നിന്നും (ഉളിക്കൽ) കോട്ടയത്തിന് ഒരു സൈക്കിൾ ജാഥയും സംഘടിപ്പിച്ചു.

പ്രശസ്തഗാന്ധിയനായ എം.പി. മന്മഥൻ മദ്യനിരോധനസമിതിയുടെ പ്രസിഡണ്ടായിരുന്നപ്പോൾ സമിതിയുടെ ജില്ലാ സെക്രട്ടറിയായും സംസ്ഥാന സെക്രട്ടറിയായും പ്രൊഹിബിഷൻ മാസികയുടെ സർക്കുലേഷൻ മാനേജരായും മാത്യു പ്രവർത്തിക്കുകയുണ്ടായി. 1978 മുതൽ 1996 ലെ ചാരായ നിരോധനം വരെ 18 വർഷക്കാലം മദ്യഷാപ്പ് ലേലം പിക്കറ്റ് ചെയ്ത് പ്രതിഷേധം രേഖപ്പെടുത്തുക പതിവായിരുന്നു.

1996 ൽ ചാരായനിരോധനം പ്രഖ്യാപിച്ചെങ്കിലും പിന്നീട് വന്ന ഗവൺമെന്റ് മദ്യനയം ഉദാരമാക്കിയപ്പോൾ കേരളത്തിലെ മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ സംയുക്ത സമ്മേളനം മദ്യവിരുദ്ധ ജനകീയമുന്നണിക്ക് 1997 ൽ രൂപംകൊടുത്തു. ബിഷപ്പ് മാർജോസഫ് പള്ളിക്കാപ്പറമ്പിൽ ചെയർമാനായ കമ്മറ്റിയുടെ ജോയിന്റ് സെക്രട്ടറിയായും 1998 ൽ കെ.സി.ബി.സി. രൂപംകൊടുത്ത ബിഷപ്പ് സുസൈപാക്യം ചെയർമാനായ കെ.സി.ബി.സി മദ്യവിരുദ്ധസമിതിയുടെ വൈസ്പ്രസിഡണ്ടായും, ശ്രീ മാത്യു തിരഞ്ഞെടുക്കപ്പെട്ടു. ഇപ്പോഴും ആ സ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നു. ഗാന്ധിയൻ സൃഷ്ടിപരമായ ആശയങ്ങളുടെ ആകെത്തുകയാണ് സർവ്വോദയപ്രസ്ഥാനം. സർവ്വോദയ സമ്മേളനങ്ങളിൽ തുടർച്ചയായി പങ്കെടുത്ത മാത്യു അടുത്തകാല്ത്ത പാനൂർ, മാറാട് തുടങ്ങിയ സ്ഥലങ്ങളിൽ സമാധാനപ്രവർത്തനങ്ങളിൽ പങ്കുചേരുകയും ഉപവാസം അനുഷ്ഠിക്കുകയും ചെയ്തു.

ആലക്കോട് നടന്ന 125 ദിവസം നീണ്ട മദ്യവിരുദ്ധസമരത്തിലും ഊരമന, കൂവപ്പാടം, അഴിമാവ്, വായട്ടുപറമ്പ് തുടങ്ങിയ നിരവധിസമരങ്ങളിലും നേതൃത്വം വഹിച്ച് ആഴ്ചകളും മാസങ്ങളും സമരരംഗത്ത് തങ്ങേണ്ടിവന്ന അനുഭവവും അദ്ദേഹത്തിനുണ്ടായിട്ടുണ്ട്. കൂടാതെ പത്തനംതിട്ടയിലെ കൊറ്റത്തൂർ നടന്ന സമരവും 1982 ലെ വൈപ്പിൻ മദ്യസമരവും 1983 ലെ മാഹിസമരവും 1984 ലെ കൂവപ്പാടം സമരവും 1985 ലെ അഴിമാവ് സത്യാഗ്രഹവും 1985 ലെ ആലക്കോടുസമരവും ഈന്തുങ്കരിസമരവും 1985-86 ലെ വാളത്തോട് സമരവും തിരുവനന്തപുരത്തെ പാളയം സത്യാഗ്രഹവും 1987 ലെ നരിപ്പാറ

www.malankaralibrary.com

സമരവും 1989 ലെ ഊരമനസമരവും, 1990 ലെ നെടങ്കുന്നം സമരവും 1992 പൊഴിയൂർ സമരവും, 1994 ലെ മുഗൾപാലസ്ബാർസമരവും കുടമാളൂർ സമരവും ഹരിപ്പാട് സമരവും വയനാട്ടിലെ അപ്പിപ്പാറ സമരവും സെക്രട്ടറിയേറ്റ് സമരവും പ്രത്യേകം എടുത്തുപറയേണ്ടതാണ്.

മലയോര വികസനകൗൺസിൽ മെമ്പർ, കശുവണ്ടികർഷകസംരക്ഷണസമിതി സെക്രട്ടറി, ഹിൽഹൈവേകമ്മറ്റി മെമ്പർ, നോസ്മോക്കിംഗ് പ്രസ്ഥാനം സെക്രട്ടറി, പ്രകൃതി ജീവനസമിതി, പരിതസ്ഥിതി സംരക്ഷണ സമിതി, മനുഷ്യാവകാശ സംരക്ഷണസമിതി മുതലായ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുന്ന മാത്യു കണ്ണൂർ ജില്ലാ ഗാന്ധി സെന്റിനറി മെമ്മോറിയൽ സൊസൈറ്റി വൈസ് പ്രസിഡണ്ടായും പ്രവർത്തിക്കുന്നു. പെൻഷണേഴ്സ് യൂണിയനിലും സീനിയർ സിറ്റിസൺഫോറത്തിലും സജീവമായി പ്രവർത്തിക്കുന്നതോടൊപ്പം ജന്മനാട്ടിലെ ആനപ്പന്തിസർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡണ്ടായും തലശ്ശേരി ഭൂപണയ ബാങ്ക് ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്.

സാധുവിദ്യാർത്ഥികളുടെപഠനത്തിനും നിർദ്ധനരുടെ വിവാഹത്തിനും അനാഥകേന്ദ്രങ്ങൾക്കും വൃദ്ധഅഗതിമന്ദിരങ്ങൾക്കും ആരും അറിയാതെ നിർലോഭസഹായസഹകരണങ്ങൾ നൽകിക്കൊണ്ടാണിരിക്കുന്നത്. കുടിയേറ്റക്കാരുടെ സ്നേഹപിതാവും ഗാന്ധിയന്മാരിലെ ബിഷപ്പും ബിഷപ്പുമാരിലെ ഗാന്ധിയനുമായ മാർസെബാസ്റ്റ്യൻ വള്ളോപ്പള്ളിയുടെ ജീവിതശൈലി ഏറെ ആകർഷിച്ചിട്ടുണ്ട്. രൂപതയുടെ പൊതു താല്പര്യപ്രധാനമായി വിളിച്ചുകൂട്ടുന്ന എല്ലാ യോഗങ്ങളിലുംതന്നെ പങ്കാളിയാകാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

വിദ്യാർത്ഥിയായിരിക്കുമ്പോൾ നാടകാഭിനയത്തിൽ തല്പരനായിരുന്നു. 30-ലധികം നാടകങ്ങളിൽ ഹാസ്യകഥാപാത്രമായി അഭിനയിച്ചിട്ടുണ്ട്. ലളിതജീവിതത്തിനുടമയാണ് മാത്യു. വാച്ചില്ല ചെരിപ്പില്ല. വസ്ത്രം ഖദർവേഷംതന്നെ. മുപ്പതുവർഷത്തെ അദ്ധ്യാപനത്തിനുശേഷം 1991 ൽ സർവ്വീസിൽനിന്നും റിട്ടയർ ചെയ്തപ്പോൾ അദ്ദേഹത്തിന് നാട്ടുകാരും സുഹൃത്തുക്കളും ചേർന്ന് കണ്ണൂർ ടൗൺ ഹാളിൽ നൽകിയ യാത്രയയപ്പ് ഏറെ ശ്രദ്ധേയമായിരുന്നു.

അദ്ദേഹത്തിന്റെ വീടിന്റെ മുൻപിൽ സ്ഥാപിച്ചിരിക്കുന്ന ഗെയിറ്റിൽ മദ്യം വിഷം എന്നാണ് ആലേഖനം ചെയ്തിരിക്കുന്നത്.

പൊതുപ്രവർത്തനത്തിന്റെ അംഗീകാരം എന്ന നിലയിൽ വിശിഷ്ട വ്യക്തികളെ പരിചയപ്പെടുത്തുന്ന പംക്തികളിൽ ദീപിക സണ്ടേസപ്ലിമെന്റ്, സത്യദീപം, സണ്ടേശാലോം എന്നിവയിൽ പ്രത്യേക ഫീച്ചറുകളും എ.കെ.സി.സി. ബുള്ളറ്റിനിൽ എഡിറ്റോറിയലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം നമ്മുടെ രൂപതകളിൽ പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കുകയുണ്ടായി. തലശ്ശേരി രൂപതാ പാസ്റ്ററൽ കൗൺസിലിൽ

www.malankaralibrary.com

ആദ്യംമുതൽ ഇന്നുവരെ അദ്ദേഹം അംഗമായി തുടരുന്നു. സീറോ-മലബാർ സഭ നടത്തിയ രണ്ട് എപ്പിസ്കോപ്പൽ അസംബ്ലികളിലും മാത്യു പങ്കെടുത്തിട്ടുണ്ട്. കുടിയേറ്റക്കാരുടെ ജിഹ്വയായി പ്രവർത്തിച്ച ഗിരിദീപം മാസികയുടെ പത്രാധിപസമിതിയിലും അദ്ദേഹം അംഗമായിരുന്നു.

മാത്യുവിന്റെ നിസ്തുലസേവനങ്ങളെ ആദരിച്ച് പല ബഹുമതികളും അവാർഡുകളും ലഭിച്ചിട്ടുണ്ട്. സഭാതലത്തിലുള്ള മികച്ച സേവനത്തിനുള്ള കത്തോലിക്കാ കോൺഗ്രസ്സ് അവാർഡ് 1993 ൽ ഇരിങ്ങാലക്കുട ചേർന്ന സമ്മേളനത്തിൽവച്ച് മന്ത്രി ടി.എം. ജേക്കബ് ആണ് മാത്യുവിന് സമ്മാനിച്ചത്.

മിഷൻലീഗിന്റെ സ്ഥാപകനേതാവായ ശ്രീ. പി.സി. അബ്രാഹത്തിന്റെ പേരിൽ എ.കെ.സി.സിയിൽ ഏർപ്പെടുത്തിയിരിക്കുന്ന നൂറ്റാണ്ടിന്റെ അൽമായ പ്രേഷിതൻ പ്രഥമ അവാർഡ് തലശ്ശേരി അതിരൂപതാ എപ്പാർക്കിയൽ അസംബ്ലിയോടനുബന്ധിച്ച് സന്ദേശഭവൻ ഓഡിറ്റോറിയത്തിൽ എ.കെ.സി.സി. പ്രസിഡണ്ട് ജോൺകച്ചിറമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവച്ച് ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം മാത്യു കണ്ടത്തിന് നൽകുകയുണ്ടായി. ശ്രീ. പി.സി. അബ്രാഹവും സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. (1993)

കേരളസംയുക്ത ക്രൈസ്തവസമിതി ബഹു.പാറയ്ക്കൽ കുര്യാക്കോസച്ചന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ ഫാ.പാറയ്ക്കൽ അവാർഡ് 1997 മെയ് 15 ന് പാലായിൽ മാർ ജോസഫ് പള്ളിക്കാപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവച്ച് മന്ത്രി പി.ജെ. ജോസഫ് മാത്യു കണ്ടത്തിന് സമ്മാനിച്ചു.

മലബാർ കുടിയേറ്റത്തിന്റെ വജ്രജൂബിലിയുടെയും തലശ്ശേരി രൂപതാ സുവർണ്ണജൂബിലിയുടെയും സംയുക്ത ആഘോഷസമാപനം 2004 ജനുവരി 1 ന് കണ്ണൂരിൽ വച്ചാണ് നടത്തിയത്. പൗരസ്ത്യ തിരുസംഘം അദ്ധ്യക്ഷൻ കർദ്ദനാൾ മാർ ഇഗ്നാസെ മുസ്സാ ദാവീദ് തുടങ്ങിയ ഒട്ടേറെ വൈദിക മേലദ്ധ്യക്ഷന്മാരും കേന്ദ്രസംസ്ഥാന മന്ത്രിമാരും കേരളാമുഖ്യമന്ത്രിയും പങ്കെടുക്കുകയുണ്ടായി. ആ മഹാസമ്മേളനത്തിൽവച്ച് ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമററത്തിന്റെയും ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി തിരുമേനിയുടെയും സാന്നിദ്ധ്യത്തിൽ ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയോസ്, കുടിയേററ ലക്ഷങ്ങളെ സാക്ഷി നിർത്തി മാത്യു കണ്ടത്തിലിന് പ്രത്യേക പുരസ്കാരം നൽകുകയുണ്ടായി. അഞ്ചര പതിററാണ്ട് സഭയ്ക്കും സമൂഹത്തിനും സമുദായത്തിനും മാത്യു നൽകിയ നിസ്തുല സേവനങ്ങൾക്കുള്ള അംഗീകാരമായിരുന്നു പുരസ്കാര സമർപ്പണം.

തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി രചിച്ച ദൈവം നമ്മോടുകൂടി എന്ന ആത്മകഥയിൽ മാത്യു കണ്ടത്തിനെപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു. "കരിക്കോട്ടക്കരിയെപ്പററി പറയുമ്പോൾ മദ്യവർജ്ജന രംഗത്ത് എന്റെ സഹപ്രവർത്തകനായ

www.malankaralibrary.com

ശ്രീ. മാത്യു കണ്ടത്തിനെ ഓർക്കാതെ വയ്യ. സാമൂഹ്യരംഗത്ത് അനേകം വർഷങ്ങളായി അദ്ദേഹം തിളങ്ങി നിൽക്കുന്നു. മലയോര കർഷക സമിതി പ്രവർത്തകൻ കൂടിയായ അദ്ദേഹം ബഹു.തൈത്തോട്ടത്തിലച്ചനോടൊപ്പം മുൻപെന്നപോലെ ഇപ്പോഴും വാഴമല കുടിയിറക്കു സമരരംഗത്തും ഉണ്ടായിരുന്നു. മലയോര മേഖല നേരിടുന്ന രണ്ടു മഹാവിപത്തുകളായ മദ്യത്തിനും കുടിയിറക്കിനും എതിരെ ആദർശധീരതയോടെ പ്രവർത്തിക്കുന്നതു കാണുമ്പോൾ എന്റെ അദ്ധ്വാനം സഫലമാകുമെന്ന് എനിക്കു തോന്നുന്നു."

1978-ൽ മലബാർ മദ്യനിരോധന സമിതിയുടെ സെക്രട്ടറിയായ മാത്യു സാർ 1983 മുതൽ കേരള മദ്യ നിരോധനസമതിയുടെ സംസ്ഥാന സെക്രട്ടറിയായി. 1985 വരെ മദ്യനിരോധനസമതി കാസർകോടുനിന്നും തിരുവനന്തപുരംവരെ നടത്തിയ ഏഴു ജാഥകളിലും മാത്യു കണ്ടത്തിൽ അംഗമായിരുന്നു. 1987-ൽ വടക്കൻ നയിച്ച മദ്യം, യുദ്ധം, വർഗീയത എന്നിവയ്ക്കെതിരെ മൂന്നുമാസം നീണ്ടുനിന്ന പ്രസംഗ യജ്ഞത്തിൽ അദ്ദേഹം അംഗമായി 1978 മുതൽ എല്ലാവർഷവും മദ്യഷാപ്പ്ലേലത്തിനെതിരെ ലേലഹാൾ പിക്കററ് ചെയ്ത് അറസ്റ്റ് വരിക്കുകയും ചെയ്തു.

കഴിഞ്ഞ അഞ്ചര ദശാബ്ദക്കാലത്തെ മാത്യു സാറിന്റെ സേവനം സംഭവബഹുലമാണ്. ഒരു അദ്ധ്യാപകനായിരിക്കെയാണ് ഈ വലിയ കാര്യങ്ങൾ ഒക്കെ ചെയ്തത്. ജോലിക്ക് യാതൊരു വീഴ്ചയും വരുത്താതെ. ഈ സമരപരിപാടികൾക്കും പിക്കററിംഗിനും സത്യാഗ്രഹത്തിനും ഒക്കെ പോയത് മററാരോടും പത്തുപൈസാപോലും വാങ്ങാതെ സ്വന്തം കൈയിൽനിന്നും പണം എടുത്താണ്. മാത്യുസാറിന്റെ സമൂഹത്തോടുള്ള പ്രതിബദ്ധതയാണ് ഇവിടെ തെളിഞ്ഞു കാണുന്നത്.


ഒരു പരിപാടിയിൽ പങ്കെടുക്കാൻ പോയാൽ ദിവസങ്ങളും ആഴ്ചകളും കഴിഞ്ഞായിരിക്കും വീട്ടിൽ എത്തുക.

കരിക്കോട്ടക്കരി യു.പി. സ്കൂളിൽനിന്നും അദ്ധ്യാപികയായി റിട്ടയർ ചെയ്ത തൊട്ടിയിൽ കുടുംബാംഗം മേരിയാണ് സഹധർമ്മിണി.

വിലാസം - മാത്യു എം. കണ്ടത്തിൽ<br>
കരിക്കോട്ടക്കരി<br>
കൂമൻതോട് പി.ഒ.<br>
കണ്ണൂർ 670704.

www.malankaralibrary.com

# 202



# പ്രൊഫ. തോമസ് കണയംപ്ലാവൻ

പ്രമുഖ വിദ്യാഭ്യാസപ്രവർത്തകൻ, സമുദായ സ്നേഹി, കവിതയിലൂടെ മൂല്യവത്തായ ദർശനങ്ങളുടെ ചാരുത പകരുന്ന അനുഗൃഹീതസാഹിത്യകാരൻ, പ്രഭാഷകൻ, ഗ്രന്ഥ കർത്താവ് എന്നിങ്ങനെ വിവിധ നിലകളിൽ അഭിമാനാർഹമായ ഒരു ജീവിതത്തിനുടമയായ പ്രൊഫ.തോമസ് കണയംപ്ലാവൻ 1936 മേയ് 18ന് ജോസഫ് ഏലി ദമ്പതികളുടെ ആറാമത്തെ സന്താനമായി കോട്ടയംജില്ലയിൽ ആനിക്കാട് കരയിൽ അരുവിക്കുഴി ഇടവകയിൽ ജനിച്ചു. കൂട്ടമാക്കൽ എൽ.പി. സ്കൂളിലും ആനിക്കാട് യു.പി. സ്കൂളിലും കരിക്കാട്ടൂർ ഹൈസ്കൂളിലുമായിരുന്നു വിദ്യാഭ്യാസം. 1953 ൽ ഉയർന്ന മാർക്കോടെ ഫസ്റ്റ്ക്ലാസിൽ എസ്.എസ്.എൽ.സി. പാസ്സായി. ചങ്ങനാശ്ശേരി രൂപതയിലെ മതബോധനപരീക്ഷയിൽ ഒന്നാംസ്ഥാനം ലഭിച്ചതുകൊണ്ട് സ്കോളർഷിപ്പോടെ എസ്.ബി. കോളേജിൽ പ്രവേശനം ലഭിച്ചു. 1955 ൽ ഇന്റർമീഡിയററും ഫസ്റ്റ്ക്ലാസിൽ പാസ്സായി. കെ.ജെ. തോമസിന്റെ കഴിവിൽ സംതൃപ്തനായ പ്രിൻസിപ്പൽ ഫാ. പി.സി. മാത്യു ഫീസ് ഇളവ് അനുവദിച്ചത് വലിയൊരു ആശ്വാസമായി.

1957ൽ ബി.എ. ഡിഗ്രി എടുത്തു. ഐച്ഛികവിഷയമായിരുന്ന മലയാളത്തിന് ഫസ്റ്റ്ക്ലാസ്സും യൂണിവേഴ്സിററിയിൽ ഫസ്റ്റ് റാങ്കും നേടി. തൽഫലമായി കേരളയൂണിവേഴ്സിററിയിൽ നിന്ന് കേരള അപദാൻപ്രൈസ്, രാജ്യസേവാനിരത കെ.ജി. പരമേശ്വരൻപിള്ള മെമ്മോറിയൽ ഗോൾഡ് മെഡൽ എന്നിവ ലഭിച്ചു. അക്കൊല്ലമാണ് എസ്സ്.ബി. കോളേജിൽ ധനതത്വശാസ്ത്രത്തിൽ എം.എ. കോഴ്സ് ആരംഭിച്ചത്. ഫാ. മാത്യു പുളിക്കപ്പറമ്പിലച്ചന്റെ പ്രേരണമൂലം ആ കോഴ്സിന് ചേർന്നു. സാമ്പത്തികപ്രശ്നം അദ്ദേഹത്തെ അലട്ടി. ഫീസ് കൊടുക്കുവാൻ പോലും സാധിച്ചില്ല. അതിന് ഒരു പരിഹാരം കാണുവാനായിട്ടാണ് ഒരു വ്യാകരണ രചന നടത്താൻ തീരുമാനിച്ചത്. അങ്ങനെ രൂപംകൊണ്ടതാണ് "A Hand book of Modern English usage" എന്ന പുസ്തകം. അതിൽനിന്നും കിട്ടിയ പ്രതിഫലംകൊണ്ട് ഒരുവർഷത്തെ ഫീസടച്ചു. എം.എ.യ്ക്ക് എസ്.ബിയിൽനിന്നും ഒന്നാം സ്ഥാനത്തോടെ പാസ്സായി. ഹൈസെക്കൻഡ്ക്ലാസ്സും ഉണ്ടായിരുന്നു. അക്കൊല്ലം സ്റ്റേററിൽ ഫസ്റ്റ്ക്ലാസ്സ് ഒന്നും ഉണ്ടായിരുന്നില്ല. പി.ആർ കൃഷ്ണയ്യർ ഷഷ്ട്യബ്ദപൂർത്തി ഗോൾഡ്മെഡലിന് തോമസ് അർഹനായി.

ധനതത്വശാസ്ത്രത്തിനു പുറമേ ഇംഗ്ലീഷിലും മലയാളത്തിലും നല്ല വ്യുൽപത്തിനേടിയ തോമസിനെ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലേയ്ക്ക് ക്ഷണിക്കുകയും 1959 ൽ അവിടെ ലക്ച്ചററാവുകയും ചെയ്തു. 1960 ൽ

www.malankaralibrary.com

എസ്സ്.ബി. കോളേജിൽ വേക്കൻസി ഉണ്ടായപ്പോൾ അവിടേക്കു പോന്നു. 1991 വരെ മൂന്നുപതിററാണ്ടിലധികം എസ്.ബി.യെ സേവിച്ചു. ജീവിതത്തിന്റെ വിവിധ മേഖലകളിൽ ശോഭിക്കുന്ന വലിയൊരു ശിഷ്യവലയം അദ്ദേഹത്തിനുണ്ട്. ആർച്ച് ബിഷപ്പ് ജോർജ്ജ് കോച്ചേരി, മാർ ജോർജ്ജ് ആലഞ്ചേരി, മുഖ്യമന്ത്രി ഉമ്മൻചാണ്ടി, സിബി മാത്യു. ഐ.പി.എസ്. എന്നിവരൊക്കെ വിദ്യാർത്ഥികളിൽപ്പെടുന്നുണ്ട്.

മതബോധനരംഗത്ത് പ്രൊഫ. തോമസ് എന്നും തല്പരനായിരുന്നു. ഫാ. ലാസർ സി.എം.ഐ യുടെ മതതത്ത്വബോധനി പരമ്പരയാണ് പ്രൊഫ. കണയംപ്ലാവന്റെ മതവിജ്ഞാനത്തിന്റെ ആദ്യ ആധാരിക. മതബോധന രംഗത്ത് വിപ്ലവകരമായ മാററം വരുത്തിയ പ്രഗത്ഭനായിരുന്നല്ലോ ഫാ. മാത്യു നടയ്ക്കൽ. അദ്ദേഹം രൂപംകൊടുത്ത അദ്ധ്യയനമണ്ഡലപ്രസ്ഥാന ത്തിന്റെ കേന്ദ്രകമ്മററി സെക്രട്ടറിയായും പ്രബോധനസമിതി അംഗമായും അദ്ദേഹം പ്രവത്തിച്ചു. ഫാ. മാത്യു നടയ്ക്കൽ പ്രൊഫ.കെ.ററി. സെബാസ്റ്റ്യൻ, പ്രൊഫ.അഞ്ചനാട്ട് എന്നിവരോടൊപ്പം പ്രഭാഷണങ്ങൾ നടത്തുകയും ക്ലാസുകൾ നയിക്കുകയും ചെയ്തിരുന്നു.

സ്കൂൾവിദ്യാഭ്യാസകാലത്തും കലാലയവിദ്യാഭ്യാസകാലത്തും പ്രസംഗമത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കുകയുണ്ടായി. ഫൈനൽ ബി.എ.ക്കു പഠിക്കുമ്പോൾ മലയാള പ്രഭാഷണമത്സരത്തിൽ “സചിവോത്തമ ഷഷ്ട്യബ്ദപൂർത്തി മെമ്മോറിയൽ ഗോൾഡ്മെഡലിന് അർഹനായി. കേരളയൂണിവേഴ്സിററിയുടെ ഇംഗ്ലീഷ് പ്രഭാഷണമത്സര ത്തിൽ രണ്ടാംസ്ഥാനവും കരസ്ഥമാക്കി. ആന്ധ്രായൂണിവേഴ്സിററി വാൾട്ടയറിൽ വച്ചുനടത്തിയ അഖിലേന്ത്യാ ഇന്റർയൂണിവേഴ്സിററി ഇംഗ്ലീഷ് പ്രഭാഷണത്തിൽ പങ്കെടുക്കുകയും ചെയ്തു. അഖിലേന്ത്യാ റേഡിയോ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഇന്റർകോളേജിയററ് പ്രഭാഷണമത്സ രത്തിലും ഒന്നാം സ്ഥാനം നേടി.”

ഒരുകാലത്ത് മധ്യകേരളത്തിലെ ദേവാലയോത്സവങ്ങളിലെല്ലാം പ്രൊഫസറെ പ്രസംഗിക്കാൻ ക്ഷണിച്ചിരുന്നു. വിവിധ സാംസ്കാരിക സമ്മേളനങ്ങളിലും മുഖ്യപ്രാസംഗികനായിരുന്നു. ഇരിങ്ങാലക്കുടയിലെ തൈപ്പൂയമഹോത്സവത്തോടനുബന്ധിച്ച് നടന്ന സാംസ്കാരിക സമ്മേളന ത്തിൽ യുക്തിവാദികളുടെ വാദമുഖങ്ങൾക്കെതിരെ കത്തോലിക്കാസഭയുടെ പഠനങ്ങൾ അവതരിപ്പിക്കാൻ അദ്ദേഹം ചങ്കൂററംകാട്ടി. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ നിര്യാണത്തെത്തുടർന്ന് നടത്തിയ അനുസ്മരണ സമ്മേളനത്തിലും ഇന്തോ - പാക് യുദ്ധസമയത്ത് രാജ്യസ്നേഹ പ്രേരിത നായി നടത്തിയ പ്രസംഗങ്ങളും പ്രത്യേകം ശ്രദ്ധയർഹിക്കുന്നതായിരുന്നു.

ഗാനരചനയിൽ അദ്ദേഹം ശ്രദ്ധേയമായ സംഭാവനകൾ നൽകി യിട്ടുണ്ട്. നടയ്ക്കലച്ചന്റെ ഗാനപ്രേഷിതരംഗത്ത് നിരവധി ഗാനങ്ങൾ രചിച്ച അദ്ദേഹം സീറോ - മലബാർ സഭയുടെ പുതിയ റാസക്രമത്തിലെ ഒരുസെററ്

www.malankaralibrary.com

ഗാനം രചിക്കുകയുണ്ടായി. ദേവാലയങ്ങളിൽ ആലപിക്കപ്പെടുന്ന പലഗാനങ്ങളും കണയംപ്ലാവൻ രചിച്ചതാണ്.

13-ാമത്തെ വയസ്സിൽ മിഡിൽസ്കൂളിൽ പഠിക്കുന്ന കാലത്താണ് ആദ്യ കവിത രചിക്കുന്നത്. ഉപന്യാസരചന അക്ഷരശ്ലോകം തുടങ്ങിയ മത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. ബി.എ.ക്ക് പഠിക്കുമ്പോൾ ദ്രുതകവനമത്സരത്തിൽ ഒന്നാം സമ്മാനം നേടി. പ്രേഷിതൻ, പ്രേഷിതകേരളം, മദ്ധ്യസ്ഥൻ, സത്യദീപം, ജയഭാരതം, ദീപിക, മലയാളരാജ്യം, മനോരമ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ കവിതകൾ എഴുതിയിരുന്നു.

കാട്ടുമുല്ലകൾ എന്ന പ്രഥമകവിതാസമാഹാരം പ്രസിദ്ധീകരിച്ചത് 19-ാമത്തെ വയസ്സിലാണ്. നിശാഗന്ധികൾ എന്ന പേരിൽ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിൽ 21 കവിതകളാണുള്ളത്. മൂന്നാമത്തെ കവിതാസമാഹാരം സന്ധ്യാമേഘങ്ങൾ എന്നതാണ്. വിവർത്തനങ്ങൾ ഉൾപ്പെടെ 40-ൽ അധികം കവിതകൾ ഈ ഗ്രന്ഥത്തിലുണ്ട്. നാലാമത്തെ സമാഹാരമാണ് ജീവിതഗാഥകൾ. മനുഷ്യാവതാരം എന്ന മഹാകാവ്യം വചനദീപ്തിയിൽ തുടർച്ചയായി ഇപ്പോൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. ഇത് ബൈബിൾ ചരിത്രകാവ്യമാണ്. കതിരൊളി മാസികയിൽ തുടർച്ചയായി എഴുതിയ ചിന്തകളുടെ സമാഹാരം "ചിന്താ രശ്മികൾ" എന്ന പേരിൽ പ്രകാശിതമായി.

അമലോത്ഭവമാതാവിന്റെ സമർപ്പിതപ്രേഷിതൻ എന്ന സെക്കുലർ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകനായ ലൂയി മാരി പരാങ് രചിച്ച "In the Foot steps of Jesus" എന്ന കൃതി യേശുവിന്റെ കാലടികളിൽ എന്ന പേരിൽ വിവർത്തനം ചെയ്തു. ഈ കൃതി സെന്റ് പോൾസിന്റെ ബസ്റ്റ് സെല്ലറായി ത്തീർന്നു. ധനശാസ്ത്രം, രാഷ്ട്രതന്ത്രം എന്നിവയെപ്പററി കോളേജുതലത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും നിരവധി പാഠപുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. സർവീസിൽനിന്നും വിരമിച്ചതിന്ശേഷം കുറിച്ചിസെമിനാരിയിലെ ജീവജ്യോതികോളേജിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. സെമിനാരിയിൽനിന്നും വിരമിച്ചതിനുശേഷം മുഴുവൻ സമയവും രചനകൾക്കുവേണ്ടി വിനിയോഗിക്കുന്ന അദ്ദേഹം കുടുംബജ്യോതിസ്സ് വചനദീപ്തി എന്നിവയുടെ എഡിറേറാറിയൽ ബോർഡിൽ അംഗവുമാണ്.


1989 - ൽ അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ സാഹിത്യ അവാർഡ് "നിശാഗന്ധികൾ" എന്ന കവിതാ സമാഹാരത്തിന് ലഭിച്ചു. മരണംവരെ ഒരു വിദ്യാർത്ഥിയായിരിക്കുവാനാണ് പ്രൊഫസ്സർ കണയംപ്ലാവന്റെ ആഗ്രഹം. പഠിച്ചതൊക്കെ എത്ര തുച്ഛം! പഠിക്കാനുള്ളത് എത്രയധികം! എന്ന ചിന്തയാണ് അദ്ദേഹത്തിനുള്ളത്.

ധർമ്മപത്നി നെടുമുടികാഞ്ഞുപ്പറമ്പിൽ പീററർ - റോസ് ദമ്പതികളുടെ പുത്രി ഓമനയാണ്.

വിലാസം - പ്രൊഫ. തോമസ് കണയംപ്ലാവൻ- തൃക്കൊടിത്താനം പി.ഒ.,
ചങ്ങനാശ്ശേരി

www.malankaralibrary.com

# 203



# ഫാ. ജോർജ്ജ് കനീഷ്യസ്

## സി.എം.ഐ.

കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗത്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമറ്റം കുടുംബത്തിൽ മത്തായി ത്രേസ്യാ ദമ്പതികളുടെ പത്തുമക്കളിൽ ഇളയവനായി 1936 ജൂൺ നാലിന് ഫാ. ജോർജ്ജ് കനീഷ്യസ് ഭൂജാതനായി. പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്തകനും തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്ററുമായിരുന്ന മോൺ ജോൺ കച്ചിറമറ്റം പാറ്റ്നായിലെ ആദ്യകാല കേരളീയ മിഷനറിയായിരുന്ന ഈശോസഭാംഗം ഫാ. ദേവസ്യാ കച്ചിറമറ്റം എന്നിവർ കനീഷ്യസച്ചന്റെ പിതൃസഹോദരസന്താനങ്ങളായിരുന്നു. അദ്ദേഹത്തിന്റെ രണ്ടു ജ്യേഷ്ഠന്മാരിൽ ഒരാൾ പാലാ രൂപതയിലും മറ്റൊരാൾ തലശ്ശേരി രൂപതയിലും ചേർന്ന് വൈദികരായി. ഇവരിൽ നിന്നെല്ലാം ആവഹിച്ചെടുത്ത അദ്ധ്യാത്മിക ചൈതന്യവുമായിട്ടാണ് അദ്ദേഹം വളർന്നുവന്നത്. വിശുദ്ധജീവിതം നയിച്ച തേവർപറമ്പിൽ കുഞ്ഞച്ചനുമായുള്ള നിരന്തര സമ്പർക്കവും കുടുംബാന്തരീക്ഷവും അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തി.

കുഞ്ഞുവർക്കി എന്നായിരുന്നു അദ്ദേഹത്തിന്റെ ബാല്യകാലനാമം. രാമപുരത്തുതന്നെയാണ് പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും നടത്തിയത്. പ്രൈമറി വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ പ്രഭാഷണകലയിൽ മികവ് പ്രകടിപ്പിച്ചുകൊണ്ടിരുന്നു. കെ.സി.എസ്സ്.എൽ. തുടങ്ങിയ സംഘടനകളിലെ പ്രവർത്തനങ്ങളിലൂടെ പ്രസംഗകലയെ തന്നിൽ വളർത്തിയെടുക്കാൻ അദ്ദേഹം ശ്രമിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസനന്തരം സി.എം.ഐ. സന്യാസസഭയിൽ ചേർന്ന ബ്രദർ ജോർജ്ജ് കനീഷ്യസ് 1962-ൽ ഛാന്ദാമിഷനിൽ ചേർന്നു. 1964-ൽ ബോംബെയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിൽ വച്ച് കോട്ടയം രൂപതാദ്ധ്യക്ഷൻ മാർ തോമസ് തറയിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. വൈദിക പട്ടമേറ്റതിന് പിറ്റേന്ന് ബോംബയിൽ നിന്ന് മാർപ്പാപ്പായുടെ ആശീർവാദവും ഏറ്റുവാങ്ങി ഫാ. കനീഷ്യസിന്റെ അപ്പസ്തോലിക ജീവിതം ആരംഭിച്ചു. ഈ ലേഖകന്റെ പിതൃസഹോദരനായ ഫാ. ജോര്ജ്ജ് കനീഷ്യസച്ചനെപറ്റി ഞാൻ എന്തെങ്കിലും എഴുതുന്നതിന് മുതിരുന്നില്ല. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി ദീപനാളം വരികയിൽ ഫാ. വർഗ്ഗീസ് തണ്ണിപ്പാറ, ഷേൺഗോൺ എഴുതിയ ലേഖനത്തിലെ ഏതാനം ഭാഗങ്ങൾ ഉദ്ധരിക്കട്ടെ.

www.malankaralibrary.com

"യേശു ഏകാന്തതയിൽ പ്രാർത്ഥിക്കുവാൻവേണ്ടി മലമുകളിൽ കയറി. ഏകാന്തതയിൽ മലമുകളിൽ പ്രാർത്ഥിച്ചിരുന്ന യേശുവിനെ കാണിച്ചുകൊടുക്കാൻ ഈ മലമുകളിലേക്കു വന്ന ആദ്യത്തെ മിഷനറിയാണ് ബഹു. ഫാദർ ജോർജ്ജ് കനേഷ്യസ് കച്ചിറമറ്റം സി.എം.ഐ. യേശുവിനു വേണ്ടി സമർപ്പിച്ച ഈ വന്ദ്യവൈദികൻ തന്റെ സമയവും ആരോഗ്യവും ബുദ്ധിയും കഴിവും എല്ലാം ഇവിടുത്തെ ജനങ്ങൾക്കുവേണ്ടി നൽകി. ഇന്നും അദ്ദേഹം തന്റെ സുവിശേഷ പ്രഘോഷണം ഈ മലമുകളിൽ തുടർന്നു കൊണ്ടിരിക്കുന്നു. ചന്ദ്രപ്പൂർ ഡിസ്ട്രിക്ടിൽ നിന്നും 100 കി.മീ. അകലെയുള്ള പാട്ടഗുഡ എന്ന കുഗ്രാമമാണ് ബഹു. കനീഷ്യസ് അച്ചൻ ആദ്യം കണ്ടെത്തിയ വയൽ. യാത്രാസൗകര്യം ഇല്ലാത്ത വനപ്രദേശം, പരിചയമില്ലാത്ത ജനങ്ങൾ, പരിചയമില്ലാത്ത ഭാഷ എന്തിനധികം പറയുന്നു. യേശുവിനെ അനുഭവിച്ചറിഞ്ഞവർക്ക് അവിടുത്തെ പ്രസംഗിക്കാതിരിക്കാൻ കഴിയുകയില്ല. യേശു സ്നേഹം അനുഭവിച്ചറിഞ്ഞവർക്ക് യാത്രാസൗകര്യമോ, ജനമോ, ഭാഷയോ ഒന്നും ഒരു പ്രശ്നം അല്ല. രണ്ടും കല്പിച്ച് ഈ ധീരമിഷനറി ഈ വനപ്രദേശത്ത് വന്നു. ബഹു. അച്ചൻ ആദ്യം പ്രസംഗിക്കുകയല്ല ചെയ്തത്. വിശക്കുന്നവരോടു വേദം ഓതിയിട്ട് കാര്യമില്ലായെന്ന സത്യം അച്ചൻ നന്നായി മനസ്സിലാക്കിയിരുന്നു. ജുബ്ബായും പാന്റും ധരിച്ച് തോളത്ത് തുണി സഞ്ചിയും തൂക്കികടന്നുവരുന്ന ഈ സന്ന്യാസിയെ എല്ലാവരും ഉറ്റുനോക്കാൻ തുടങ്ങി. ആരാണ് ഈ മനുഷ്യൻ എന്ന് അറിയുവാൻ ഈ വനവാസികൾ ആഗ്രഹം പ്രകടിപ്പിച്ചു. കുട്ടികളുടെ ഇടയിൽ കുട്ടികളെപ്പോലെയും യുവജനങ്ങളുടെ ഇടയിൽ അവരിൽ ഒരാളായും തീർന്നുകൊണ്ട് ബഹു. അച്ചൻ അവരുമായി ഇണങ്ങിച്ചേരാൻ തുടങ്ങി. ആദ്യം ഭയന്നുമാറിയവർ പിന്നീട് അടുത്തു വന്ന് പേരും വീടും നാടും തിരക്കാൻ തുടങ്ങി. അങ്ങനെ അച്ചനും വനവാസികളും തമ്മിൽ ഇണങ്ങിച്ചേരാൻ തുടങ്ങി. ഈ മലമുകളിൽ വചനത്തിന്റെ വിത്തുപാകവാൻ അച്ചന് അധികം സമയംവേണ്ടി വന്നില്ല. ഭാഷയോ ഭക്ഷണമോ യാത്രാസൗകര്യമോ കിടക്കാൻ വീടോ ഒന്നും ഈ മിഷനറിക്ക് ഒരു പ്രശ്നം ആയില്ല. ദൈവം നല്കിയ സമയത്തെ അച്ചൻ വിലപ്പെട്ടതായി കണ്ടു. സമയം ഒരിക്കലും നഷ്ടപ്പെടുത്തരുത്, ഓരോ സെക്കന്റിനും അതിന്റേതായ വിലയുണ്ട്. ഇന്നത്തെ ജോലി നാളത്തേക്കു മാറ്റിവയ്ക്കരുത് എന്നൊക്കെ ഈ വനവാസികളെ അദ്ദേഹം ആദ്യം പഠിപ്പിക്കുവാൻ തുടങ്ങി. സമയം ഒരിക്കലും മോഷ്ടിക്കരുത് എന്നുള്ളത് അച്ചന്റെ ഒരു ആദർശവാക്യമാണ്. പ്രാർത്ഥനയും പ്രവർത്തനവുമാണ് അച്ചന്റെ ജീവിതത്തിലെ വിജയം എന്ന് അച്ചനുമായി ഇടപെടുന്ന ഏതൊരു വ്യക്തിക്കും മനസ്സിലാക്കുവാൻ സാധിക്കും. ഏതൊരുവ്യക്തിയും ആഗ്രഹിക്കുന്ന ഒന്നാണ് തന്റെ നാമം മറ്റൊരു വ്യക്തിയാൽ കേൾക്കപ്പെടുക എന്നുള്ളത്. ഓരോ ഭവനത്തിലും കടന്നു ചെല്ലുമ്പോൾ അവരുടെ ഓരോരുത്തരുടെയും പേരുകൾ വിളിച്ച് അവരുമായി കുശലാന്വേഷണം നടത്തുക എന്നുള്ളത് അച്ചന്റെ

www.malankaralibrary.com

ഒരു ഹോബിയാണ്.

പത്തും ഇരുപതും കിലോമീറ്റർ കാൽനടയാത്ര നടത്തി സുവിശേഷ പ്രഘോഷണം നടത്തുന്നതിൽ അച്ചൻ യാതൊരു അലസതയും കാണിച്ചിരുന്നില്ല. അന്നന്നപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുന്നവരുടെ ഇടയിൽ നാഥന്റെ വചനമാകുന്ന അപ്പം അച്ചൻ വിളമ്പുവാൻ തുടങ്ങി. തോളിൽ സഞ്ചിയും തൂക്കി മൈലുകൾ താണ്ടിവരുന്ന ഈ ധീരമിഷനറിയോടു മലയിലെ വനവാസികൾക്ക് സ്നേഹവും ആദരവും വർദ്ധിക്കുവാൻ തുടങ്ങി. ഒരു പിതാവിന്റെ വാത്സല്യത്തോടെ ബഹു. അച്ചൻ ഈ വനവാസികളിൽ ഒളിഞ്ഞു കിടന്നിരുന്ന, അവരറിഞ്ഞിട്ടും അറിയാതെപോയ യേശുവിനെ കാണിച്ചുകൊടുക്കുവാൻ തുടങ്ങി. അച്ചന്റെ ജീവിതം തന്നെ അതിനു പറ്റിയ മാതൃക ആയിരുന്നു. ആരോടും കോപിക്കാത്ത മനുഷ്യൻ. തന്റെ മുമ്പിൽ കൈനീട്ടുന്നവരെ ഒരിക്കലും അച്ചൻ വെറും കൈയോടെ പറഞ്ഞയച്ചിരുന്നില്ല. എപ്പോഴും എന്തിനും തയ്യാറായി നില്ക്കുന്ന വന്ദ്യവൈദികൻ. അച്ചന്റെ സാന്നിധ്യം ആരെയും ഒരിക്കലും മുഷിപ്പിച്ചിരുന്നില്ല. ആവശ്യക്കാരുടെ ആവശ്യങ്ങൾകണ്ടറിഞ്ഞ് ഈ വനവാസികളെ സഹായിക്കുവാൻ അച്ചൻ എപ്പോഴും തയ്യാറായിരുന്നു. എഴുത്തും വായനയും അറിവില്ലാത്ത ഈ വനവാസികളെ അവ പഠിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ അച്ചൻ കണ്ടെത്തിത്തുടങ്ങി. ഇതിലൂടെ ദൈവം ആരാണെന്നും ദൈവസ്നേഹം എന്താണെന്നും ഇവരെ ബോധ്യപ്പെടുത്തുക ആയിരുന്നു അച്ചന്റെ പ്രധാന ലക്ഷ്യം. കാട്ടുമൃഗങ്ങളെ മെരുക്കിയെടുക്കുവാൻ ഒരിക്കലും ഒരു നല്ല നായാട്ടുകാരൻ ആയുധം എടുക്കാറില്ല. ഈ വനവാസികളെ വിശ്വാസത്തിലേക്കു കൊണ്ടുവരണമെങ്കിൽ ആദ്യം അവരെ അതിലേക്കു നയിക്കുവാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണമെന്നും അവരെ നയിക്കുവാൻ പറ്റിയവരെ കണ്ടെത്തണമെന്നും ഉള്ള ഉറച്ച ബോധ്യം അച്ചന്റെ മനസ്സിലുണ്ടായിരുന്നു. പ്രാർത്ഥന ഇല്ലാതെ പ്രവർത്തനം നടക്കുകയില്ലെന്നു മനസ്സിലാക്കിയ ഈ സന്ന്യാസി യേശുവിനെപ്പോലെ രാത്രികാലങ്ങളിൽ പ്രാർത്ഥനയ്ക്കുവേണ്ടി ചെലവഴിച്ചു. കാൽനടയാത്രയ്ക്കിടയിൽ പ്രഭാതപ്രാർത്ഥന നടത്തുവാൻ ഈ വന്ദ്യവൈദികൻ മറന്നില്ല. തന്റെ കൂട്ടത്തിലുള്ളവരെയും അച്ചൻ അതിനു പ്രേരിപ്പിച്ചു. ഒരു ഗ്രാമത്തിൽ നിന്നു മറ്റൊരു ഗ്രാമത്തിലേക്കുള്ള പ്രഭാതത്തിലെ തന്റെ യാത്രയിൽ ആ ദിവസത്തിലെ ധ്യാനവും പ്രാർത്ഥനയും ഒരിക്കലും മുടക്കം വരുത്താതെ അച്ചനും കൂട്ടത്തിലുള്ളവരും നടത്തിയിരുന്നു. അച്ചന്റെ ജീവിതവിജയത്തിന്റെ രഹസ്യം പ്രാർത്ഥനയാണ് എന്ന് അച്ചൻ എപ്പോഴും തന്റെ സഹപ്രവർത്തകരോടു പറയുമായിരുന്നു. തന്റെ മരുഭൂമിയിലെ ഈ യാത്രയ്ക്കിടയിൽ തിനിക്കുണ്ടായിട്ടുള്ള നഷ്ടത്തെ നഷ്ടമായോ സഹനത്തെ സഹനമായോ ഒരിക്കലും അച്ചൻ കണ്ടിരുന്നില്ല. അങ്ങനെ ഈ വനവാസികൾ തങ്ങളുടെ ഭാഷയിൽ ഈ വൈദികന് ഒരു പേരു നല്കി. അവർ അദ്ദേഹത്തെ "മോട്ടാഫാദർ" എന്നു വിളിക്കുവാൻ തുടങ്ങി. മോട്ടാഫാദർ ഈ

www.malankaralibrary.com

വനവാസികളുടെ ഉറ്റമിത്രമായിത്തീർന്നു. അങ്ങനെ മോട്ടാഫാദർ ഈ വനവാസികളുടെ ഇടയിൽ "മറാട്ടി ഫാദർ" ആയിമാറി. യേശുവിനെപ്പറ്റി കേൾക്കുകയോ, അറിയുകയോ ചെയ്യാത്ത ഈ മലമുകളിലെ ജനങ്ങൾക്ക് യേശുവിന്റെ വചനം പകർന്നുകൊടുക്കുവാൻ ബഹു. അച്ചൻ ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതുമായ സേവനങ്ങൾ സ്തുത്യർഹമാണ്. ഛാന്ദാരൂപതയുടെ ഈ മലയെ മലർവാടി ആക്കുവാൻ ബഹു. അച്ചൻ തന്റെ രക്തതുള്ളികളെ വിയർപ്പുതുള്ളികളാക്കി മാറ്റി. അച്ചൻ ഈ മലമുകളിൽ ചെയ്ത സ്തുത്യർഹമായ സേവനങ്ങൽ ഈ വനവാസികൾ അച്ചന്റെ പിൻഗാമികളോട് അയവിറക്കുന്നതു കേൾക്കുമ്പോൾ ഈ മലയിലെ ആദ്യത്തെ മിഷനറി ഒരു യഥാർത്ഥ യേശുശിഷ്യനാണെന്ന് നാം ഓരോരുത്തരും അറിയാതെ സമ്മതിച്ചു പോകും.

2004 ജനുവരി 18-ാം തീയതി സണ്ടേ ശാലോം പ്രസിദ്ധീകരണത്തിൽ ജോർജ്ജ് പനന്തോട്ടം സി.എം.ഐ. വർദ്ധാ എഴുതിയ ലേഖനത്തിലെ ഏതാനും ഭാഗം ഉദ്ധരിക്കട്ടെ.

"അവഗണിക്കപ്പെട്ടവരും അടിച്ചമർത്തപ്പെട്ടവരുമായ ദൈവമക്കൾക്ക് സുവിശേഷത്തിന്റെ സാന്ത്വനമേകാൻ കേരളക്കരയിൽ നിന്നും ഛാന്ദാമിഷനിലേക്ക് എത്തിയിട്ടുള്ള ആദ്യകാല മിഷനറിമാർ, തങ്ങളുടെ ജീവിതസായാഹ്നത്തോട് അടുക്കുമ്പോഴും അനുഭവങ്ങളിൽ അനുഭൂതി നുകർന്ന് ദിവ്യനാഥന്റെ പാതയിൽ ചരിച്ചുകൊണ്ടിരിക്കുന്നു. അനേകർക്ക് വേണ്ടി കൊളുത്തിയ അർപ്പണജീവിതത്തിന്റെ തിരിനാളം ലോകത്തിനായി ഉരുകി, ഉരുകി ലയിക്കുമ്പോൾ, കഴിഞ്ഞകാലത്തിന്റെ മധുരസ്മരണകളെ അയവിറക്കി, ഇരുകരങ്ങളും കൂപ്പി ദിവ്യനാഥന്റെ പാദാന്തികത്തിൽ നന്ദിയേകുകയാണ് ഛാന്ദാ രൂപതയുടെ ആദ്യകാല മിഷനറിമാരിലൊരാളായ ഫാ. ജോർജ്ജ് കനീഷ്യസ് സി.എം.ഐ. രൂപതാ അതിർത്തിയായ 'മല' എന്ന് വിശേഷപ്പിക്കുന്ന പാട്ടഗുഡാ എന്നഗ്രാമത്തിന്റെ ആധ്യാത്മിക പിതാവാണ് മറാഠി അച്ചനെന്ന് വിളിക്കപ്പെടുന്ന ഫാ. കനീഷ്യസ്. ജീവിതം തന്നെ ഒരു ബലിയായി, വിളിച്ചവന്റെ കരങ്ങളിലർപ്പിക്കാനുള്ള ശ്രമമാണ് പാട്ടഗുഡയുടെ മറാഠി അച്ചൻ ഫാ. കനീഷ്യസ് നടത്തിക്കൊണ്ടിരിക്കുന്നത്.

1966-ൽ ദൈവത്തിന്റെ വിളഭൂമിയിലെ വിശ്വസ്തനായ സേവകനായി ഫാ. കനീഷ്യസ് മിഷൻ ഭൂമിയിലേക്ക് ഇറങ്ങിത്തിരിച്ചു. അഗ്രഗണ്യനായ മിഷനറിയും ദാർശനികനുമായ അഭിവന്ദ്യജാനുവാരിയൂസ് പിതാവിന്റെ പിന്നാലെ യുവവൈദികനായ ഫാ. കനീഷ്യസ് വടിയും ഭാണ്ഡവുമെടുക്കാതെ, സുവിശേഷം കൈകളിലൊതുക്കി, ക്രിസ്തുവിനെ ഹൃദയത്തിൽ സംവഹിച്ച് മിഷൻ ഭൂമിയിലേക്ക് കടന്നു ചെന്നു. ഫാ. ജോർജ്ജ് കനീഷ്യസ് തന്റെ പൗരോഹിത്യമിഷനറി ജീവിതത്തിന്റെ നാൽപതാം വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ, കഴിഞ്ഞകാല ജീവിതത്തിന്റെ താളുകളോരോന്നും പിന്നിലേക്ക് മറിച്ച് നോക്കാനുള്ള ശ്രമമാണിവിടെ. ഫാ. കനീഷ്യസ്

www.malankaralibrary.com

തന്റെ മിഷൻ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുന്നു."

"ഒരു മിഷൻ രൂപതയുടെ ആദ്യകാലഘട്ടം എപ്രകാരമായിരിക്കുമെന്ന് നമുക്കറിയാം. ജനം നമ്മെ സ്വീകരിക്കണമെന്നില്ല. യാത്ര ചെയ്യാൻ വാഹനം ഉണ്ടാകണമെന്നില്ല. ഈ ഇല്ലായ്മകളാണ് ഒരു മിഷനറിയുടെ ജീവിതത്തിന ർത്ഥം നൽകുന്നത്. കാരണം യേശുനാഥന്റെ സ്നേഹത്താൽ ജ്വലിക്കുന്ന ഒരു ഹൃദയം നമ്മിലുണ്ടെങ്കിൽ, ജീവിതത്തിൽ തരണം ചെയ്യേണ്ടിവരുന്ന ബുദ്ധിമുട്ടുകളൊന്നും ഒരു ഭാരമായി നമുക്ക് അനുഭവപ്പെടുകയില്ല. മറിച്ച് അവയെല്ലാം യേശുനാഥന്റെ സ്നേഹത്തിലേക്ക് നമ്മെ അടുപ്പിച്ചുകൊണ്ടി രിക്കും." "ലോകാവസാനം വരെ ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കു മെന്ന" തിരുവചനമായിരുന്നു എനിക്ക് ശക്തിപകർന്നുകൊണ്ടിരുന്നത്.

ജീവിതത്തെ സമ്പൂർണ്ണമായി ദൈവകരങ്ങളിലർപ്പിച്ച് ദൈവമ ക്കൾക്കായി ഞാൻ മിഷനറി ജീവിതം ആരംഭിച്ചു. ഒട്ടേറെ ആശയങ്ങൾ എനിക്കുണ്ടായിരുന്നു. മുൻപരിചയമില്ലാത്ത ഗ്രാമങ്ങളിലേക്ക് ഒരു വിദേശി യെപ്പോലെയല്ല ഞാൻ കടന്നു ചെല്ലേണ്ടത്. മറിച്ച് സ്വദേശിയെപ്പോലെ.......... അവരിലൊരുവനായി ഞാൻ ജീവിക്കണം. ഒരു നല്ല മിഷനറിയാകാൻ അഭി വന്ദ്യ ജാനിവാരിയൂസ് പിതാവ് എന്നെ സഹായിച്ചുകൊണ്ടിരുന്നു. വിശക്കു ന്നവന്റെ മുമ്പിൽ സുവിശേഷമല്ല വിലപ്പെട്ടത്. മറിച്ച വയറ് നിറക്കാൻ ആവ ശ്യമായ ഭക്ഷണം, മനുഷ്യനായി ജീവിക്കാനുള്ള സാധ്യതകൾ അതിനാൽ ഒരു ഗ്രാമത്തിന്റെ ആധ്യാത്മികവികസനത്തോടൊപ്പം തന്നെ സമഗ്രമായ ഒരു വികസനമാണ് ഞാൻ ആഗ്രഹിച്ചത്. മറാഠി ഭാഷ പഠിക്കാനുള്ള ബുദ്ധി മുട്ടാണ് ഞാൻ ആദ്യമായി തരണം ചെയ്തത്. ബോംബെയിൽ നിന്ന് ഒരു അധ്യാപകനെ അഭിവന്ദ്യ പിതാവ് നിയോഗിച്ചു. ഒപ്പം ഫാ. ദസിയായി എസ്. ജെ. എന്ന മിഷനറി വൈദികനോടൊപ്പം താമസിച്ച് ഭാഷയും വശമാക്കി. മിഷനറി ജീവിതത്തിന് ആദ്യമായി എനിക്ക ലഭിച്ചത് വീരൂർ എന്ന സ്ഥലമാ ണ്. ദൈനംദിന ജീവിതത്തെ ക്ലേശകരമായി മുന്നോട്ടുതള്ളി നീക്കിയിരുന്ന സമൂഹത്തിലെ താഴ്ന്ന ജാതികളായ ഹരിജനങ്ങളായിരുന്നവർ. ഒരു ദിവസം കുറഞ്ഞത് നാല് മണിക്കൂറെങ്കിലും ഈ മക്കളോടൊപ്പം ചെലവഴിക്കാൻ ഞാൻ തീരുമാനിച്ചു. പലപ്പോഴും അവരെന്നെ സ്വീകരിക്കാൻ തയ്യാറായി ല്ല. എന്നോട് സംസാരിക്കാറില്ല. ചെറിയ തോതിൽ ഭീഷണികളും മുന്നിലു ണ്ട്. കുറച്ച് നാളുകൾക്കുശേഷം, ഞാൻ അവർക്കുവേണ്ടിയാണ് ജീവിക്കു ന്നതെന്ന് അവർക്ക് തന്നെ ബോധ്യപ്പെട്ടു. ഈ ബോധ്യം നമ്മുടെ പ്രഭാഷ ണത്തിലൂടെ സാധ്യമാകുകയില്ല. മറിച്ച് ജീവിച്ച് തെളിയിക്കണമായിരുന്നു. അവർ എന്നോട് സംസാരിക്കാൻ തുടങ്ങി, എന്നെ സ്വീകരിക്കാൻ തയ്യാറായി.

സേവനപ്രവർത്തനങ്ങൾ മുന്നോട്ട് നീങ്ങിയപ്പോൾ സി. ആർ. എസ്. (കാത്തലിക് റീലീഫ് സർവീസ്) എന്ന സംഘടന സഹായിക്കാൻ രംഗത്ത് വന്നു. അവർ ഗ്രാമീണർക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ ക്രമീക രിച്ച് കൊടുക്കാൻ തയ്യാറായി. കൃഷി ചെയ്യാനുള്ള സ്ഥലം സർക്കാർ നൽകി.

www.malankaralibrary.com

ഒരു ദിവസത്തിന്റെ നല്ലൊരു ഭാഗവും ഞാൻ അവരോടൊപ്പം ചിലവഴിച്ചുകൊണ്ടിരുന്നു. അനേകമാളുകൾ വിശ്വാസം സ്വീകരിക്കാൻ താൽപര്യപ്പെട്ട് കടന്നുവന്നു. പലരും മാമോദീസാ സ്വീകരിക്കാൻ തയ്യാറായി. ഗ്രാമങ്ങൾ തോറും കിണറുകൾ കുഴിക്കാനുള്ള പദ്ധതി രൂപീകരിച്ചു. ഒരിക്കലും വെള്ളം കിട്ടില്ലെന്ന് പ്രവചിച്ചിരുന്ന പല സ്ഥലത്തും കിണറുകൾ കുഴിച്ചു. ഒരിക്കലും വറ്റാത്ത വെള്ളം സമൃദ്ധമായി ദൈവം നൽകിക്കൊണ്ടിരുന്നു. ഇവയൊക്കെ വലിയ അത്ഭുതങ്ങളായിട്ടാണ് വിശ്വാസികൾ കണ്ടിരുന്നത്. അതിനാൽ അനേകമാളുകൾ ക്രൈസ്തവ വിശ്വാസത്തെ ആശ്ലേഷിക്കാൻ തയ്യാറായി വന്നു.

1967 മുതൽ 1973 വരെയുള്ള പ്രവർത്തനഫലമായി ദൈവം നൽകിയത് മൂന്ന് ഗ്രാമങ്ങളാണ്. അതായത് 200 ക്രൈസ്തവ കുടുംബങ്ങൾ. അങ്ങനെ വീരൂര് ക്രൈസ്തവസമൂഹം ശക്തിപ്പെട്ടുകൊണ്ടിരുന്നു. 1973 ൽ വിരൂരിൽ നിന്നും വറൂര് എന്ന സ്ഥലത്തേക്ക് പ്രവർത്തനങ്ങളെ തിരിച്ചുവിട്ടു. അവിടെ എത്തിയപ്പോൾ പഴയ ഗ്രാമങ്ങളുടെ സ്ഥിതിതന്നെ. പ്രവർത്തനങ്ങൾ ആദ്യംമുതലേ തുടങ്ങേണ്ടിയിരിക്കുന്നു. വിരൂര് മിഷന്റെ വളർച്ച എന്നെ കൂടുതൽ ശക്തിപ്പെടുത്തി. 1973 മുതൽ 85 വരെ വറൂര് താമസിച്ച് ജനങ്ങളെക്കുറിച്ച് പഠിച്ചു. അവരെ പഠിപ്പിച്ചു. അവർക്കായി ജീവിച്ചു. കൃഷി, ബോർഡിംഗ്, പൊതുകിണറുകൾ തുടങ്ങി അനേകം സാമൂഹ്യസേവനങ്ങൾ അവിടെ ആരംഭിച്ചു. 12 വർഷം പൂർത്തിയായപ്പോൾ 13 ക്രൈസ്തവഗ്രാമങ്ങൾ വറുര് രൂപപ്പെട്ടു. ഏകദേശം ആയിരം കുടുംബങ്ങൾ സ്നാനപ്പെട്ടു. നാല് സ്ഥലങ്ങളിൽ പള്ളികൾ പണിതു. 1980 ൽ ഒരു ഗ്രോട്ടോ വറൂര് സ്ഥാപിതമായി. ഒരു വലിയ പാഠം ഞാൻ അവിടെ നിന്നു പഠിച്ചു. തീക്ഷ്ണതയാണ് നമുക്ക് ഉണ്ടാകേണ്ടതെന്ന പാഠം. ഒപ്പം എല്ലാവരെയും ഉൾക്കൊള്ളാൻ കഴിയുന്ന സ്നേഹമുള്ള ഒരു ഹൃദയവും.

1985 ൽ വറൂരിൽ നിന്ന് ഷാന്ദാ രൂപതയുടെ അതിർത്തിയായ പാട്ടഗുഡയിൽ എത്തി. യാതൊരു സൗകര്യവും ഇല്ലാത്ത സ്ഥലം. കുറഞ്ഞത് 10 കിലോമീറ്ററെങ്കിലും നടക്കണം. ഒരു ഗ്രാമത്തിൽ നിന്ന് മറ്റൊരു ഗ്രാമത്തിലേക്ക്. വറൂര് താമസിക്കാൻ വീടുണ്ടായിരുന്ന ഞാൻ നടന്ന്, അവശനായി പാട്ടഗുഡയിൽ എത്തുന്നതും തനിച്ച് ഭക്ഷണം ഉണ്ടാക്കി കഴിക്കുന്നതും ഗ്രാമീണർ കണ്ടുകൊണ്ടിരുന്നു. അതൊരു വലിയ ത്യാഗം തന്നെയായിരുന്നു. എന്റെ സഹനത്തിന്റെ ജീവിതം കണ്ട് ഇതിലെന്തോ ഉണ്ടെന്ന് അവർക്ക് ബോധ്യപ്പെട്ടു. ആർക്കുവേണ്ടിയാണ് ഇതൊക്കെ എന്ന അവരുടെ ചോദ്യത്തിന് നിങ്ങൾക്കു വേണ്ടിയും ക്രിസ്തുവിന് വേണ്ടിയും, എന്ന എന്റെ ഉത്തരം അവരെ ആശ്ചര്യപ്പെടുത്തി. എന്റെ ജീവിതം അവർക്കുവേണ്ടിയാണെന്ന ബോധ്യം അവരെ എന്നിലേക്ക് അടുപ്പിച്ചു. ഹരിജനങ്ങളായിരുന്നു ഇവിടെയും ഏറ്റവും കൂടുതൽ. 1985 ൽ പാട്ടഗുഡ മിഷനിലേക്ക് ഡി.എം. സന്യാസിനികൾ കടന്നുവന്നു. സിസ്റ്റേഴ്സിന്റെ സഹായത്തോടെ ഗ്രാമങ്ങ

www.malankaralibrary.com

ളിൽ വിദ്യാഭ്യാസപദ്ധതികൾ രൂപീകരിച്ചു. ഗ്രാമങ്ങളിൽ നിന്ന് ഓരോ നേതാക്കന്മാരെ വീതം തെരഞ്ഞെടുത്ത് പാട്ടഗുഡ കേന്ദ്രമാക്കി 20 ഗ്രാമങ്ങളിൽ പ്രവർത്തനം ആരംഭിച്ചു.

അന്യായമായ പലിശക്ക് പണം കടം വാങ്ങുന്ന ഒരു സമ്പ്രദായം ഈ ഗ്രാമാത്തിലുണ്ടായിരുന്നു. അവർക്കായി ഒരു പണനിക്ഷേപദ്ധതി രൂപപ്പെടുത്തി. ഏകദേശം ഒമ്പതുവർഷംകൊണ്ട് എല്ലാ ഗ്രാമങ്ങളിലെയും സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടു. മഹിളാസമാജങ്ങൾ രംഗത്തുവന്നു. ആട്, കോഴി, പശുവളർത്തൽ തുടങ്ങയവയിൽ നിന്നുംആവശ്യമായ പണം ഗ്രാമങ്ങളിലെത്തി. അങ്ങനെ പാട്ടഗുഡയോടൊപ്പം ശേങ്കാവ്, വണി, ജീവതി തുടങ്ങിയ മിഷൻ സ്ഥലങ്ങളും ജന്മമെടുത്തു. അനേകമാളുകൾ വിശ്വാസം സ്വീകരിക്കാൻ മുന്നോട്ടുവന്നു. അങ്ങനെ 13 ഗ്രാമങ്ങൾ ക്രൈസ്തവമതം സ്വീകരിച്ചു. ഏകദേശം ആയിരത്തിന് മുകളിൽ ക്രൈസ്തവകുടുംബങ്ങളുണ്ടിവിടെ. എല്ലാ ഗ്രാമങ്ങളിലും ആഴ്ചയിലൊരിക്കൽ വിശുദ്ധ കുർബാന ചൊല്ലാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഒപ്പം ആധ്യാത്മിക സെമിനാറുകളും, ധ്യാനങ്ങളും, ബോധവൽക്കരണ ക്ലാസുകളും നടക്കുന്നു. ഇപ്പോൾ പാട്ടഗുഡയിൽ ഒരു പള്ളിയും, ബോർഡിംഗും, ഡിസ്പെൻസറിയും മറ്റ് സേവന പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു. സൗജന്യമായെങ്കിലും വരും തലമുറയ്ക്ക് ആവശ്യമായ വിദ്യാഭ്യാസം നൽകി ഗ്രാമങ്ങളെ പ്രാഥമിക ജീവിതസൗകര്യങ്ങളിലേക്ക് ആനയിക്കാനുള്ള ശ്രമമാണ് ബോർഡിംഗ് നടത്തുന്നതിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത്."

ഫാ. ജോർജ്ജ് കനീഷ്യസിന്റെ വാക്കുകൾ ഉദ്ധരിച്ചതിനുശേഷം ഫാ. ജോർജ്ജ് പനന്തോട്ടം ഇപ്രകാരം എഴുതുന്നു.

വെല്ലുവിളികൾ നിറഞ്ഞ കഴിഞ്ഞകാലജീവിതത്തിന്റെ നാളുകളോരോന്നും മറിക്കുമ്പോൾ ഫാ. കനീഷ്യസിൽ പ്രകടമാകുന്ന വികാരതീവ്രത ഒരു യഥാർത്ഥ മിഷനറിയുടെ ജീവിതവിശുദ്ധിയെ വിളിച്ചറിയിക്കുന്നതാണ്. ആദ്ധ്യാത്മികതയുടെ മനുഷ്യരൂപമായ ഫാ. കനീഷ്യസ് ഗ്രാമങ്ങളിലൂടെ നടന്ന് നീങ്ങുമ്പോൾ, ഗ്രാമവാസികൾ പറയും 'ഇതാ ദൈത്തിന്റെ മനുഷ്യൻ.' സി.എം.ഐ. സഭാസ്ഥാപകരിലൊരാളായ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ജീവിതത്തിലും ഈ അനുഭവം പ്രകടമായിരുന്നു. കൃത്യനിഷ്ഠ, ലളിതജീവിതം, ദാനധർമ്മം ഇവയൊക്കെ വല്യച്ചന്റെ പ്രത്യേകതകളാണ്. ചോദിക്കുന്നവർക്ക് കൈയിലുള്ളത് മുഴുവൻ എടുത്തുകൊടുക്കാനുള്ള ആഗ്രഹമാണ് കനീഷ്യസച്ചന്. ചിട്ടയുള്ള ജീവിതത്തിനുടമ, ഒരു നിമിഷം പോലും അലസമായി നഷ്ടപ്പെടുത്താത്ത അദ്ധ്വാനശീലൻ. ആരോടും 'ഇല്ല' എന്ന് പറയാത്ത മനുഷ്യൻ. വസ്ത്രം ഇപ്പോഴും രണ്ടു ജോടി മാത്രം. ഗ്രാമീണരുടെ ഭവനത്തിൽ കുടുംബനാഥന്റെ സ്വാതന്ത്ര്യത്തോടെ കടന്നുചെല്ലുന്ന ആത്മീയ പിതാവ്. ഒരു മനുഷ്യനെ ആഴത്തിലറിയാനുള്ള ആഗ്രഹം അച്ചനിൽ പ്രകടമാണ്.

പ്രായഭേദങ്ങളില്ലാതെ എല്ലാ മനുഷ്യരെയും സ്നേഹിക്കുകയും ആദ

www.malankaralibrary.com


രിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഗുരു. ഫാ. ജോർജ്ജ് കനീഷ്യസിനെ അടുത്തറിയാവുന്നവർ ഈ ജീവിതത്തിനുമുമ്പിൽ ശിരസ്സു നമിക്കുന്നു. അച്ചന്റെ മിഷനറി ജീവിതം അവരുടെ കണ്ണുകളിൽ ആനന്ദബാഷ്പങ്ങളണിയിക്കുന്നു.

ഛാന്ദാമിഷനിലെ അവികസിത പ്രദേശങ്ങളാണ് അച്ചന്റെ പ്രധാന പ്രവർത്തനരംഗമായിരുന്നത്. 1966 മുതൽ 1973 വരെ വിരൂർ, 1973 മുതൽ 1985 വരെ വറൂർ 1983 മുതൽ 1994 വരെ പാട്ടഗുഡാ എന്നീ കേന്ദ്രങ്ങളിൽ പ്രവർത്തിച്ച ഫാ. കനീഷ്യസ് ഫിലിപ്പൈൻസിലെ മനിലായിൽ ഒരു വർഷം സേവനം അനുഷ്ഠിച്ചു. ഗോമതിയിൽ 1995 മുതൽ 1998 വരെയും വഞ്ചിരിയിൽ 1998 മുതൽ 1999 വരെയും പ്രവർത്തിച്ച അദ്ദേഹം 1999 മുതൽ 2005 വരെ പാട്ടഗുഡയിൽ സേവനം അനുഷ്ഠിച്ചു. ഇത് രണ്ടാം പ്രാവശ്യമാണ് പാട്ടഗുഡാ തന്റെ പ്രവർത്തനരംഗം ആക്കുന്നത്. ഇപ്പോൾ ഗോമതിയാണ് പ്രവർത്തനരംഗം. രണ്ടാം പ്രാവശ്യമാണ് ഗോമതി.

ഛാന്ദാമിഷനിലെ ആദ്യകാല മിഷനറിമാരിലൊരാളായ ഫാ. കനീഷ്യസ് തന്റെ പ്രവർത്തനരംഗത്തുനിന്നും ഒരു സമയവും മാറി നിൽക്കുവാൻ ആഗ്രഹിക്കുന്നില്ല. സ്വന്തം സഹോദരൻമാരും മാതാവും മരിച്ചപ്പോൾ പോലും നാട്ടിൽ വന്നാൽ ഉടൻതന്നെ തിരികെ പോവുകയാണ് പതിവ്. തന്റെ കർമ്മഭൂമിയെ അത്രമാത്രം അദ്ദേഹം ഇഷ്ടപ്പെടുന്നു.

Address - Fr. George Canesious CMI, Kachiramattam, Christuvan, Gomini,
Kudirampalli P.O., Gandchiroli Dt., Maharastra - 442 706

# 204



## റവ. ഡോ. തോമസ് കാടൻകാവിൽ സി.എം.ഐ.

പ്രമുഖ ദൈവശാസ്ത്രജ്ഞൻ, ഗ്രന്ഥകാരൻ, പ്രഭാഷകൻ, ദളിത് സഹോദരങ്ങളുടെ മിത്രം എന്നിങ്ങനെ വിവിധ നിലകളിൽ അറിയപ്പെടുന്ന റവ.ഡോ. തോമസ് കാടൻകാവിൽ പാലായ്ക്കു സമീപമുള്ള കരൂർ കാടൻകാവിൽ ചാക്കോ, മറിയം ദമ്പതികളുടെ മകനായി 1936 ജൂൺ 27ന് ജനിച്ചു. പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും, എൻജിനീയറും, കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റുമായിരുന്ന ഷെവ. കെ.സി. ചാക്കോ അദ്ദേഹത്തിന്റെ മൂത്ത സഹോദരനായിരുന്നു. ആദ്യകാല വിദ്യാഭ്യാസം കരൂരും പാലായിലുമായിരുന്നു. തുടർന്ന് പാലാ സെന്റ് തോമസ് കോളേജിൽ പ്രീ യൂണി

www.malankaralibrary.com

വേഴ്സിറ്റിക്കു ചേർന്നു.

സി.എം.ഐ. സഭയിൽ 1954-ൽ ചേർന്നു. വൈദീക പഠനം ബാംഗ്ളൂരിലെ ധർമ്മാരാം കോളേജിൽ പൂർത്തിയാക്കി. 1964 മേയ് 17-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. 1968 -ൽ ഫിലോസഫിയിൽ ലൈസൻഷിയേറ്റും 1972 - ൽ ഡോക്ടറേറ്റും കരസ്ഥമാക്കി. റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലയിലെ പഠനത്തിനുശേഷം ന്യൂയോർക്കിലെ ഫോർഡാം സർവ്വകലാശാലയിൽ ചേർന്ന് ഫിലോസഫിയിൽ മറ്റൊരു ഡോക്ടറേറ്റും കൂടി എടുത്തു. നാട്ടിൽ തിരിച്ചെത്തിയ ഡോ. കാടൻകാവിലിനെ ധർമ്മാരാം കോളേജിൽ അദ്ധ്യാപകനായി നിയയമിച്ചു. അനേക വർഷക്കാലം Centre for study of the world religions - ന്റെ ഡയറക്ടറായി സേവനം അനുഷ്ഠിച്ചു. അതുപോലെ “ജേർണൽ ഓഫ് ധർമ്മ” എന്ന ആനുകാലികത്തിന്റെ മാനേജിംഗ് എഡിറ്ററും ചീഫ് എഡിറ്ററും ആയി പ്രവർത്തിക്കുകയുണ്ടായി. 1978 - ൽ ക്രൈസ്റ്റ് കോളേജിൽ ഫിലോസഫി ഡിപ്പാർട്ടുമെന്റ് തുടങ്ങാൻ മുൻകൈ എടുത്തതും കാടൻകാവിലച്ചനായിരുന്നു.

ഭോപ്പാലിലെ ഫിലോസഫി ഇൻസ്റ്റിറ്റ്യൂട്ട് റെക്ടർ (1983-1984) ധർമ്മാരാം വിദ്യാക്ഷേത്രത്തിലെ ഫാക്കൽട്ടി ഓഫ് ഫിലോസഫിയിൽ ഡീൻ ( 1984-1985) എന്നീ നിലകളിൽ പ്രവർത്തിച്ച ഡോ.തോമസ് കാടൻകാവിൽ 1985-ൽ ധർമ്മാരാം പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡന്റായി നിയമിതനായി. 1990-1993 കാലഘട്ടത്തിൽ സ്വന്തം പ്രോവിൻസിൽ നൊവീസ് മാസ്റ്ററായിരുന്നു തോമസ് കാടൻകാവിൽ. 1993 - ൽ ധർമ്മാരാം കോളേജിന്റെ റെക്ടറായിരുന്നു അദ്ദേഹം. ക്രിസ്തു ജയന്തി കോളേജിന്റെ സ്ഥാപക പ്രിൻസിപ്പലും ആയിരുന്നു. ഇക്കാലമത്രയും സെന്റർ ഫോർ ദളിത് സോളിഡാരിറ്റിയുടെ പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുത്തിരുന്നു.

43 വർഷക്കാലത്തെ ദീർഘ ബന്ധമാണ് ഡോ.കാടൻകാവിലിന് ധർമ്മരാം കോളേജുമായിട്ടുള്ളത്. 1998-ൽ ഫിലോസഫി വിദ്യാർത്ഥിയായി ധർമ്മാരാമിൽ എത്തിയ കാടൻ കാവിലച്ചൻ 2002-ൽ തന്റെ 65-ാം വയസ്സിൽ ഫാക്കൽറ്റി ഓഫ് ഫിലോസഫിയിലെ പ്രൊഫസർ എമിരറ്റസ് ആയി റിട്ടയർ ചെയ്തു. ഇതിനിടെ ഉപരിപഠനത്തിനും മറ്റുമായി ആറേഴുവർഷം വിദേശങ്ങളിലായിരുന്നു. ബാക്കിയുള്ള കാലമത്രയും അദ്ധ്യാപകനും ഭരണകാര്യ നിർവ്വഹകനുമായി ധർമ്മാരാമിൽ തന്നെ സേവനം സമർപ്പിച്ചു.

ബൗദ്ധികവും ആദ്ധ്യാത്മികവും സാമൂഹികവും ഭരണപരവുമായ രംഗങ്ങളിലാണ് അദ്ദേഹത്തിന്റെ വ്യക്തിത്വം തെളിഞ്ഞു പ്രകാശിക്കുന്നത്. ചുരുങ്ങിയ കാലം കൊണ്ട് രണ്ടു വിശ്രുത സർവ്വകലാശാലകളിൽ നിന്ന് ഡോക്ടറേറ്റ് നേടിയത് അദ്ദേഹത്തിന്റെ അസാധാരണമായ ബൗദ്ധിക സിദ്ധികളുടെ തെളിവാണ്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ ബാഹുല്യവും ഗാംഭീര്യവും ആ ബുദ്ധി പ്രകർഷത്തിന്റെ തന്നെ പ്രഖ്യാപനങ്ങളാണ്. അദ്ദേഹത്തിന്റെ ഇംഗ്ലീഷ് ഗ്രന്ഥങ്ങളും ലേഖനങ്ങളും ബൗദ്ധീകവും വിജ്ഞാനപര

www.malankaralibrary.com

വുമായ ഉന്നത നിലവാരമുള്ളവരെ ഉദ്ദേശിച്ച് എഴുതപ്പെട്ടവയാണ്. മലയാളത്തിലുള്ള ലിഖിതങ്ങൾ സാധാരണക്കാരായ അനുവാചകരെ ലക്ഷ്യം വച്ചുള്ളതാണുതാനും.

നല്ല കൃതികളുടെ പ്രണയനത്തിനാവശ്യമായ മൂന്നു കാര്യങ്ങൾ ഭാരതീയാചാര്യൻമാർ ചൂണ്ടികാട്ടിയിട്ടുണ്ട്. നൈസർഗ്ഗികമായ പ്രതിഭ, വിപുലമായ വിജ്ഞാപ്പനം, തളരാത്ത പ്രയത്ന ശീലം ഇവ മൂന്നും പര്യാപ്തമായ അളവിൽ ഡോ. കാടൻകാവിലിന് ദൈവം നൽകിയിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ വിശിഷ്ഠങ്ങളായ കൃതികൾ വിളിച്ചു പറയുന്നു. അവ അനുവാചകർക്ക് ഉയർന്ന നിലവാരത്തിലുള്ള വിജ്ഞാനവും ആഹ്ളാദവും പ്രദാനം ചെയ്യുന്നു.

അദ്ദേഹത്തിന്റെ ലിഖിതങ്ങളുടെ ആദ്ധ്യാത്മികമായ ഔന്നത്യം എടുത്തുപറയേണ്ട കാര്യമാണ്. ദൈവ മഹത്വത്തിനും മനുഷ്യ സേവനത്തിനും വേണ്ടി പ്രതിഷ്ഠിക്കപ്പെട്ടവനാണ് താനെന്നബോധം അദ്ദേഹത്തിന്റെ ഓരോ വാക്യത്തെയും അനുപ്രാണിതമാക്കുന്നു. സ്വന്തം വിശുദ്ധീകരണത്തിനും മറ്റുള്ളവരുടെ മാർഗ്ഗ ദർശനത്തിനും ഉതകുന്നവയാകണം തന്റെ ഓരോ യത്നവും എന്ന ബോധവും അദ്ദേഹത്തെ വിടാതെ പിന്തുടരുന്നു. അദ്ദേഹത്തിന്റെ കൃതികൾ, തന്റെ സംരക്ഷണത്തിനേൽപിക്കപ്പെട്ട ആസ്പിരന്റ്സ് ഉൾപ്പടെയുള്ള യുവസമൂഹത്തിന് മാർഗ്ഗദർശകമാകേണ്ടതാണെന്നും അദ്ദേഹം ചിന്തിക്കുന്നുണ്ട്.

സാമൂഹിക നീതിയെക്കുറിച്ചുള്ള പ്രതിബദ്ധതയാണ് ഡോ. കാടൻകാവിലിന്റെ കൃതികളിൽ പ്രകടമാകുന്ന മറ്റൊരു വിശേഷത. അനീതികൾക്കു വിധേയരായ ജന വിഭാഗത്തോട് - പ്രത്യകിച്ച് ദളിതരോട് ഉള്ള അദ്ദേഹത്തിന്റെ അനുഭാവം അതിതീഷ്ണമത്രേ. ക്രിസ്തുവിന്റെ അനുയായി, ഇടയനില്ലാത്ത ആടുകളെപ്പോലെ അലയുന്ന സഹോദരങ്ങളോടു സവിശേഷമായ കാരുണ്യം കാണിക്കേണ്ടതാണെന്ന ചിന്ത ആ മനസ്സിൽ സദാ ജാകരൂകമാകുമത്രേ. ഒരു സന്യാസ സഭാംഗം എന്ന പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് ദളിതർക്കുവേണ്ടി ചെയ്യാവുന്നത് അദ്ദേഹം ചെയ്തു. അവർ അനുഭവിക്കുന്ന അനീതികളെ സംബന്ധിച്ച അവബോധം ബുദ്ധിജീവികളിൽ വളർത്താൻ അദ്ദേഹം ചെയ്ത യത്നങ്ങളാണ് എടുത്തുപറയേണ്ടത്.

ഡോ കാടൻകാവിലിന്റെ ജീവിതദർശനത്തെപ്പറ്റി ശ്രീ. എം.എസ്. ജയപ്രകാശ് തന്റെ ലേഖനത്തിൽ പറയുന്നു.- 'സർവ്വോപരി, ഡോ. കാടൻകാവിൽ, വ്യക്തിയുടെ സാമൂഹിക പ്രസക്തി സ്പഷ്ടമാക്കിയിട്ടുണ്ടെന്നതു ശ്രദ്ധേയമാണ്. അദ്വൈതമെന്നത് ജീവാത്മാവിന്റെയും പരമാത്മാവിന്റെയും ആത്യന്തിക ഏകീഭാവമാണല്ലോ അർത്ഥമാക്കുന്നത്. ആത്മൽ അഥവാ സ്വത്വത്തിന്റെ പരിപൂർണ്ണ വികാസം രണ്ടു സുപ്രധാന സാധ്യതകളിലേക്ക് നയിക്കുന്നുണ്ട്. ഒന്ന് സ്വന്തം വ്യക്തിത്വത്തെ പരിപൂർണ്ണമാക്കൽ. മറ്റേത്

www.malankaralibrary.com

ഈ പരിപൂർണ്ണമാക്കലിന് മറ്റുള്ളവരിൽ അഥവാ സമൂഹത്തിൽ ഉളവാക്കാൻ സാധിക്കുന്ന പ്രഭാവം.

ചുരുക്കത്തിൽ ഇത് വ്യക്തിക്കു സമൂഹത്തിലുള്ള സാദ്ധ്യതയാണ്. മറ്റു വാക്കുകളിൽ, വ്യക്തി ആയിരിക്കുന്നതിന്റെയും ആയിത്തീരുന്നതിന്റെയും സാമൂഹിക പ്രതിചലനങ്ങൾ വ്യക്തിയുടെ ഈ രണ്ടു സാദ്ധ്യതകളും ഒന്നിച്ചുചേർത്തു ചിന്തിക്കുമ്പോൾ മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ ഏഷണകളുടെ പരസ്പരാശ്രിതത്വം നമുക്കു വ്യക്തമാക്കാൻ കഴിയും. "അന്യനിലേയ്ക്ക് എത്തിപ്പിടിയ്ക്കുക" എന്ന ഡോ. കാടൻകാവിലിന്റെ സുസ്പഷ്ടമായ കണ്ടെത്തലിൽ നിന്നും നമുക്കു ലഭിക്കുന്ന പാഠം ഇതാണ്.

വിജ്ഞാനപ്രദങ്ങളായ പതിനഞ്ചിലധികം ഗ്രന്ഥങ്ങളും നാൽപതിലേറെ ലേഖനങ്ങളും ഡോ. തോമസ് എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ധർമ്മാരാം ആനുകാലികമായ Journel of Dharma, മംഗലപ്പുഴ സെമിനാരി പ്രസിദ്ധീകരണമായ മതവും ചിന്തയും, C.D.S. Series, ജീവധാര തുടങ്ങിയ ആനുകാലികങ്ങളിലാണ് അവ പ്രസിദ്ധീകൃതമായിട്ടുള്ളത്. ഡോ. കാടൻകാവിൽ രചിച്ച ഗ്രന്ഥങ്ങൾ താഴെപ്പറയുന്നവയാണ്.

1. The philosophy of Absolute (1992) (2) The quest of the real (1974) (3) discipleship in Christ (1983) (4) ശിഷ്യത്വം പാരമ്പര്യങ്ങളിൽ (1983) (5) കരിസ്മാറ്റിക് നവീകരണം (1976) (6) സമൂഹം, സൗഹൃദം, മതജീവിതം (1979) (7) സംഭവവ്യാഖ്യാനങ്ങൾ (1985) (8) സി.എം.ഐ. നിയമാവലി ഒന്നാംഭാഗം (1992) (9) സി.എം.ഐ നിയമാവലി രണ്ടാംഭാഗം(1993) (10) Ethicel world(1995) (11)ദൈവവചനങ്ങളെക്കുറിച്ച് (1995) (12) ചെറിയവരുടെ ലോകം(1998) (13) ദളിത് ഏകോപനം(1999) (14) Religion and politics (1999) (15) Little Traditions and Nations Culture (Edi).

Address - Rev. Dr. Thomas Kadandavil CMI, CMI St. Joseph Provincial House, Kottayam.

## 205



# ശ്രീ. ടോം ജോസ് അങ്കമാലി

"തിരിയാവുക, തിരികൊളുത്തുക, കൈകോർത്ത് ഉയരുക, കർമ്മഭൂമിയിൽ സൂര്യനാവുക, സ്നേഹസേവാ കർമ്മങ്ങളാൽ മനുഷ്യരെയും അതുവഴി ദൈവത്തെയും പ്രീതിപ്പെടുത്തുക" എന്ന ആദർശം മുറുകെ പിടിച്ചുകൊണ്ട് അതിന്റെ പ്രചാരകനായി കഴിഞ്ഞ നാലുപതിററാണ്ടായി അധ്യാപന ശുശ്രൂഷയിലൂടെയും, സാഹിത്യരചനകളി

www.malankaralibrary.com

ലൂടെയും, നേതൃത്വ - വ്യക്തിത്വ - പ്രസംഗ പരിശീലന കളരികളിലൂടെയും നിസ്തുലസേവനം കാഴ്ചവച്ചുകൊണ്ടിരിക്കുന്ന അതുല്യപ്രതിഭയാണ് ശ്രീ. ടോം.ജോസ് അങ്കമാലി.

സാഹിത്യകാരൻ, പ്രഭാഷകൻ, സംഘാടകൻ, പത്രാധിപർ, കിങ്മേക്കർ, ആചാര്യൻ, വാഗ്ഭടൻ പ്രത്യയശാസ്ത്രപ്രബോധകൻ എന്നീ നിലകളിൽ അദ്ദേഹം സാമൂഹ്യ - സാംസ്കാരിക - മതാത്മക മേഖലകളിൽ നിറഞ്ഞു നിൽക്കുന്നു.

കേരളസാഹിത്യകലാസമിതി സെക്രട്ടറി, കെ.സി.എസ്.എൽ. എറണാകുളം അതിരൂപതാ പ്രസിഡന്റ്, കത്തോലിക്കാകോൺഗ്രസ്സ് എറണാകുളം അതിരൂപതാ പ്രസിഡന്റ്, സമസ്തകേരള സാഹിത്യ പരിഷത്ത് സെക്രട്ടറി, ഡി.സി.എൽ. അങ്കമാലി മേഖല ഡയറക്ടർ, വിചാര പരിഷത്ത് ചെയർമാൻ, മാർത്തോമ്മാ ചരിത്രപരിഷത്ത് പ്രസിഡന്റ്, കേരള കത്തോലിക്കാ യുവജന സംഘടനയുടെ പൊതുസംഘാടകൻ, എ.കെ.സി.സി. വർക്കിംഗ് കമ്മിററി മെമ്പർ എന്നീ നിലകളിലും കത്തോലിക്കാ വിദ്യാർത്ഥിയുടെ പത്രാധിപർ, സ്വതന്ത്രവിദ്യാർത്ഥി മാസിക. സാഹിത്യപരിഷത്ത് ത്രൈമാസിക, തൊഴിലാളി ദിനപത്രം, നാടൻകത്ത്, മേരിവിജയം മാസിക, കാർമ്മൽ മാസിക എന്നിവയുടെ പത്രാധിപസമിതി അംഗമായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഇപ്പോൾ കേരള ഹിസ്റ്ററി കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറിയായും 'വിചാരലോകം'മാസികയുടെ ചീഫ് എഡിററായും പ്രവർത്തിക്കുന്നു.

കാവ്യം - സത്യവും സൗന്ദര്യവും, നേതൃത്വം - കലയും ശാസ്ത്രവും, നേതൃത്വം - വഴിയും വേരുകളും, നേതൃത്വം - സിദ്ധിയും സാധനയും, കാവ്യത്തിന്റെ ഭിന്നമുഖങ്ങൾ, കലയും ജീവിതവും, അറിവാണ് ശക്തി, വിചാരവിപ്ലവം, സംഘാടകർക്കൊരു കൈവിളക്ക്, ഇണയും തുണയും, വളിക്കും വെളിച്ചവും, വിദ്യാർത്ഥികൾക്കൊരു കർമ്മരേഖ, പ്രസംഗകല, നേതൃത്വവും പ്രസംഗകലയും, വിജയം എവിടെ നിന്ന് വരുന്നു, ചിന്തോദീപങ്ങൾ, വിപ്ലവപ്രസ്ഥാനം, ക്രിസ്തുവിലേക്ക് വളരുക, ഗ്രന്ഥശാലകൾ, സിദ്ധാന്തവും പ്രയോഗവും, സാംസ്കാരിക വിപ്ലവം, അസ്സീസി യുവജനനേതാവ്, അങ്കമാലി ഒററനോട്ടത്തിൽ, കെ.സി.എസ്.എൽ -ഉം ലീഡർഷിപ്പ് ക്യാമ്പും, പ്രസംഗകലയും നേതൃത്വപരിശീലനവും മുതലായ മുപ്പതോളം പുസ്തകങ്ങൾ ഇദ്ദേഹത്തിന്റേതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേരിവിജയം മാസികയുടെ സാഹിത്യസാംസ്കാരിക പ്രവർത്തനത്തിനുള്ള "ദർശന" അവാർഡ് (2001) ലഭിച്ചിട്ടുള്ള ശ്രീ ടോം ജോസിന്റെ "നേതൃത്വം-കലയും ശാസ്ത്രവും" എന്ന ഗ്രന്ഥത്തിന് ക്രൈസ്തവ സാഹിത്യ അക്കാഡമിയുടെ "ബെഞ്ചമിൻ ബെയ്‌ലി" അവാർഡും (1997) "നേതൃത്വം - സിദ്ധിയും സാധനയും" എന്ന ഗ്രന്ഥത്തിന് "ഗിരിഗീതാ" അവാർഡും (1998) "അറിവാണ് ശക്തി" എന്നഗ്രന്ഥത്തിന് കെ.സി.വൈ.എം. സാഹിത്യ

www.malankaralibrary.com

പുരസ്കാരവും (1986) "നേതൃത്വവും പ്രസംഗകലയും" എന്ന ഗ്രന്ഥത്തിന് "കുടുംബദീപം"അവാർഡും (2003) ലഭിച്ചിട്ടുണ്ട്.

ലളിതമായ ശൈലി, അക്കമിട്ടുകുറിക്കുന്ന വിവരങ്ങൾ, വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും ഒരുപോലെ മനസ്സിലാകുന്ന വിവരണ രീതി, സംഘാടകർക്ക് ആവശ്യമായ മന്ത്രവും തന്ത്രവും, ഗുരുവിനുവേണ്ടിയുള്ള മുത്തുകളും വിത്തുകളും, നേതൃത്വ - വ്യക്തിത്വ - പ്രസംഗ - രാജവീഥികളിലെ പ്രകാശം എന്നിവ ഇദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലും പരിശീലന കളരികളിലും നിറഞ്ഞു നിൽക്കുന്നു. ജീവിതവിജയത്തിന് ആവശ്യമായ മന്ത്രവും തന്ത്രവും ഇദ്ദേഹത്തിന്റെ കൃതികളുടെ പ്രത്യേകതയാണ്.

ബഹളങ്ങളില്ലാതെ, അതേസമയം ശാന്തമായി വിദ്യാർത്ഥികളിലേക്കും, യുവജനങ്ങളിലേക്കും, മുതിർന്നവരിലേക്കും ആശയങ്ങളേയും ആദർശങ്ങളേയും പ്രവഹിപ്പിക്കുവാനുള്ള അസാമാന്യമായ കഴിവ് ഇദ്ദേഹത്തെ മററുള്ളവരിൽ നിന്ന് അനന്യനാക്കുന്നു. അനുവാചകർ ഇദ്ദേഹത്തിന്റെ പ്രസംഗമോ, പരിശീലനക്ലാസ്സുകളോ കേട്ടുകഴിഞ്ഞാൽ അവസാനംവരെ അദ്ദേഹത്തെ ശ്രദ്ധിക്കുന്ന കാഴ്ച മനോഹരമാണ്. വാക്കു തൂലികയും പടവാളാക്കുന്ന അനന്യ പ്രതിഭയാണ് ശ്രീ ടോം ജോസ് മാസ്റ്റർ.

മാന്ത്രികശക്തിയുള്ള വാക്കുകളെക്കൊണ്ട് ലോകത്തെ ഇളക്കാം, കലക്കാം, കുലുക്കാം എന്ന സിദ്ധാന്തത്തെ വേണ്ടുവണ്ണം ഇദ്ദേഹത്തിന്റെ പ്രസംഗപരിശീലന കളരികളിൽ ഉപയോഗിക്കാറുണ്ട്.

സ്നേഹവും സേവനവും ശുശ്രൂഷയും പങ്കുവയ്ക്കലും പങ്കുചേരലും വഴി വ്യക്തിയേയും കുടുംബത്തേയും സമൂഹത്തേയും രാഷ്ട്രത്തേയും ഭൂഗോളത്തേയും നവീകരിക്കാമെന്നതാണ് അദ്ദേഹത്തിന്റെ ബോദ്ധ്യം.

ജനങ്ങളിൽ ഉൽക്കർഷേച്ഛയുണർത്തുക, അവരെ വളർത്തുക, സമൂഹത്തെ പ്രബുദ്ധരാക്കുക എന്നതാണ് ഇദ്ദേഹത്തിന്റെ ലക്ഷ്യം.

ഊർജ്ജം ഉല്പാദിപ്പിച്ച്, പ്രസരിപ്പിച്ച്, ചുററുപാടുകളെ കർമ്മനിരതരാക്കി, പ്രതിസന്ധികളെ നേരിട്ട്, അപദാനങ്ങളെ മറികടന്നാണ് ഉയർച്ചയുടെ രാജപാത ഒരുക്കുക എന്നതാണ് അദ്ദേഹത്തിന്റെ ശൈലി.

പ്രഭാഷണപാടവം, നിർഭയത്വം, പ്രവർത്തനോന്മുഖത, അവസരവിനിയോഗം, സംഘാടകശക്തി തുടങ്ങിയവയാണ് നേതാവിനുവേണ്ട ഗുണങ്ങൾ. രസിപ്പിക്കൽ, പഠിപ്പിക്കൽ, കർമ്മാവേശം പകരൽ എന്നീ ത്രമാന ക്രിയകളിലൂടെ പ്രഭാഷകൻ ജനങ്ങളെ ചലിപ്പിക്കുന്നു. വാസനയും പരിശീലനവും വേണം പ്രഭാഷകന്. നിരന്തരമായ അഭ്യാസത്തിലൂടെ പ്രഭാഷണകല വളരുന്നു. കവി ജനിക്കുന്നു. പ്രഭാഷകൻ സൃഷ്ടിക്കപ്പെടുന്നു. സംഘാടകന്റെ വജ്രായുധം പുഞ്ചിരിയാണ്. ഒരു ജയം മറെറാരു ജയത്തെ പ്രസവിക്കുന്നു. എന്നാൽ ഒരു തോൽവിയാകട്ടെ ഒൻപത് പരാജയങ്ങളെയാണ് ഉല്പാദിപ്പിക്കുന്നത്. അടിക്കുന്നതെല്ലാം ഗോളാകണമെന്ന ലക്ഷ്യത്തോടെ മുന്നേറുക, എന്നിങ്ങനെ പോകുന്നു ശ്രീ ടോം ജോസിന്റെ ചിന്തയിൽ നിന്ന്

www.malankaralibrary.com

ഉദിച്ചുയരുന്ന പ്രകാശരശ്മികൾ.

കേരളക്രൈസ്തവസഭയിലും, നിയമസഭയിലും അഭിഭാഷക പത്രപ്രവർത്തക മേഖലയിലും ഇദ്ദേഹത്തിന്റെ നേതൃത്വ പരിശീലന ക്ലാസു കളിലും അദ്ധ്യാപനത്തിൻ കീഴിലും ഉണ്ടായിരുന്ന ധാരാളം വ്യക്തികൾ നേതൃസ്ഥാനം വഹിക്കുന്നവരായുണ്ട്.

എട്ടാംക്ലാസ്സിൽവെച്ച് കിട്ടിയ സമ്മാനവും മാർകാവുകാട്ട് തിരുമേനിയുടെ അനുഗ്രഹവുമാണ് തന്നിൽ പ്രഭാഷണചാതുരിയുടെ ചൈതന്യം നിക്ഷേപിച്ചതെന്നാണ് അദ്ദേഹം വിശ്വസിക്കുന്നത്.


പ്രസംഗകല, നേതൃത്വം, സിദ്ധികളുടെ വികാസം, സംഘടിക പ്രവർ ത്തനം, സാഹിത്യത്തിന്റെ അപാരമായ പ്രേരണാശക്തി, വ്യക്തിത്വവിക സനം, യേശുക്രിസ്തു - യുവജനനേതാവ്, എന്നിവയാണ് ഇദ്ദേഹത്തിന്റെ പരിശീലനക്കളരികളിലെ മുഖ്യവിഷയങ്ങൾ.

യുവകേരളത്തെ ലക്ഷ്യബോധമുള്ളവരാക്കാൻ, നിരന്തരം സപര്യ നടത്തുന്ന ധീക്ഷണാശാലിയായ ശ്രീ ടോം ജോസ്, കേരളത്തിലുടനീളം നേതൃത്വ-വ്യക്തിത്വ-പ്രസംഗ പരിശീലനക്ലാസ്സുകൾ നൽകിയും, സെമിനാറുകൾ നടത്തിയും, പഠന ശിബിരങ്ങൾ സംഘടിപ്പിച്ചും പ്രസംഗ - നേതൃത്വ കലകളെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ രചിച്ചുമാണ് ഈ മഹാസംരംഭം നിർവ്വ ഹിക്കുന്നതും. സംഘാടകത്വത്തിന്റെ അപാരശക്തി, യുവനേതാക്കൾക്ക് അദ്ദേഹം പകർന്നു കൊടുത്തുകൊണ്ടിരുന്നു.

മീനച്ചിൽ താലൂക്കിൽ എലിക്കുളം കാഞ്ഞിരക്കാട്ട് ജോസഫിന്റെയും തെക്കേക്കൂററ് ത്രേസമ്മയുടെയും മകനായി 1936 ആഗസ്റ്റ് 19 ന് ജനിച്ച ശ്രീ ടോം ജോസ്, ബിരുദാനന്തര വിദ്യാഭ്യാസത്തിനുശേഷം അങ്കമാലി സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ അദ്ധ്യാപകനായിരുന്നു. അധ്യാപികയായ മഞ്ഞപ്ര ചിറമൺ ആലീസാണ് ഭാര്യ.

വിലാസം - ടോം ജോസ്, കാഞ്ഞിരക്കാട്ട്, അങ്കമാലി.

# 206



# റവ. ഡോ. ആന്റണി നിരപ്പേൽ

ഒരു മനുഷ്യായുസ്സിന്റെ പുണ്യം മുഴുവനും കർമ്മ മണ്ഡലങ്ങളിലാവാഹിച്ച് പ്രവർത്തനപഥങ്ങളിൽ കൊണ്ടു വരുന്ന നിരപ്പേലച്ചൻ 70-തിന്റെ നിറവിൽ. കാലം മാററു തെളിയിച്ച വ്യക്തിത്വമാണിത്.

കാലം ആവശ്യപ്പെടുന്നത് നല്കുക, മനസ്സിലാക്കുക, ഒപ്പം നടക്കുക, ഇതെല്ലാം മഹാന്മാർ സാധാരണ ചെയ്യുന്നതുതന്നെയാണ്. എന്നാൽ

www.malankaralibrary.com

കാലഘട്ടത്തിനെ പരിവർത്തിപ്പിക്കുന്നതിനായി കഴിയുക അസാധാരണ പ്രതിഭാശാലികൾക്കും. തന്റെ കർമ്മ മാർഗ്ഗത്തിലൂടെ കാലഘട്ടത്തിനെ പരിവർത്തനത്തിനു വിധേയമാക്കാൻ കഴിഞ്ഞ അസാധാരണ പ്രതിഭാശാലിയാണ് റവ. ഡോ. ആന്റണി നിരപ്പേൽ.

ചരിത്രമാണ് മനുഷ്യനെ വിലയിരുത്തുന്നതെങ്കിലും നിരപ്പേലച്ചന്റെ കാര്യത്തിൽ അദ്ദേഹം സ്വയം ചരിത്രം സൃഷ്ടിച്ചു കഴിഞ്ഞു. ഒരു വിലയിരുത്തലിനും ഇകഴ്ത്തി കാണിക്കാനാവത്തത്ര വ്രതവിശുദ്ധമായ സന്യാസത്തെ അതിന്റെ സംശുദ്ധിയിലും സമ്പൂർണ്ണമായ സമർപ്പണത്തിലും ഉൾക്കൊള്ളുന്ന നിരപ്പേലച്ചൻ യേശുദേവന്റെ ജീവിതത്തെയും ക്രൈസ്തവാശയങ്ങളെയും ഉൾക്കൊണ്ട ഒരു യഥാർത്ഥ മനുഷ്യസ്നേഹി കൂടിയാണ്. അതാണ് അദ്ദേഹത്തിന്റെ മഹത്വവും. അജപാലനദൗത്യത്തിൽ മാത്രമായി ഒതുങ്ങിക്കൂടാത്ത നിരപ്പേലച്ചന്റെ ജീവിതത്തെയും പ്രവർത്തികളെയും പഠിക്കുന്നവർ യഥാർത്ഥത്തിൽ കണ്ടെത്തുക ഒരു ധീരോദാത്തനായ സാമൂഹ്യ വിപ്ലവകാരിയെ കൂടിയാണ്.

1936 സെപ്റ്റംബർ 8-ാം തീയതി ചെങ്ങളത്ത് നിരപ്പേൽ കുടുംബത്തിൽ കുഞ്ഞുമത്തായിയുടെയും റോസയുടെയും മൂന്നാമത്തെ പുത്രനായി ജനിച്ചു. മംഗലപ്പുഴ സെമിനാരിയിൽനിന്നും വൈദികപഠനം പൂർത്തിയാക്കി. 1936 മാർച്ച് 11-ാം തീയതി പുണ്യശ്ലോകനായ ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു കാവുകാട്ട് പിതാവിൽനിന്നും വൈദികപട്ടം സ്വീകരിച്ചു.

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിലെ അസിസ്റ്റന്റ് വികാരിയായി സേവനമനുഷ്ഠിക്കുന്ന സമയത്ത് കാവുകാട്ട് പിതാവ് നിരപ്പേലച്ചനെ ബൽജിയത്തിലെ ലുവെയിൻ യൂണിവേഴ്സിററിയിലേക്ക് ഉപരിപഠനത്തിനയച്ചു. അവിടെനിന്നും Dogmatic Theology യിൽ ഡോക്ടറേററ് നേടി.

ഒരു ബഹുഭാഷാപണ്ഡിതൻ കൂടിയായ നിരപ്പേലച്ചൻ നിരവധി ഈടുററ ഗ്രന്ഥങ്ങളുടെ രചയിതാവു കൂടിയാണ്. വൈദികപട്ടം സ്വീകരിച്ച അവസരത്തിൽ സതീർത്ഥ്യരായ അഞ്ചു വൈദികരുടെ സഹകരണത്തോടുകൂടി "മതവും മൗലികസത്യങ്ങളും" എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. തുടർന്ന് "Theological Understanding of the World and Temporal Realities" എന്ന ഗ്രന്ഥത്തിലൂടെ പ്രപഞ്ചത്തെ സംബന്ധിച്ച് ദൈവശാസ്ത്രപരമായ കാഴ്ചപ്പാടും അനിവാര്യമായ വസ്തുതകളുടെയും വിലയിരുത്തൽ നടത്തി. ചങ്ങനാശ്ശേരിയിൽ മതബോധന ഡയറക്ടറായിരിക്കെ 'കതിരൊളി' മാസിക ആരംഭിച്ചു. സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ, റോമിൽനിന്നും പ്രസിദ്ധീകരിക്കുന്ന, 'ഒസ്സർവർത്തോരോ റൊമാനോ'യുടെ ഇന്ത്യൻ ഇംഗ്ലീഷ് പതിപ്പ് 'Voice of Church' എന്ന പേരിൽ ചങ്ങനാശ്ശേരിയിൽനിന്നും പ്രസിദ്ധീകരിച്ചു. 'കേരളാ ഡൈജസ്റ്റ്' എന്ന മാസിക പ്രസിദ്ധീകരിക്കാൻ നേതൃത്വം നൽകി. പുതിയ നിയമം (പ്ശീത്ത) മലയാള വിവർത്തനത്തിന്റെ എഡിററാ

www.malankaralibrary.com

യിരുന്ന നിരപ്പേലച്ചൻ. ചങ്ങനാശ്ശേരി സന്ദേശനിലയം പ്രസ്സ് സ്ഥാപിച്ചതും ബ. നിരപ്പേലച്ചനാണ്. ചങ്ങനാശ്ശേരി അതിരൂപതാ മതബോധനഡയറക്ടർ എന്ന നിലയിലുള്ള നിരപ്പേലച്ചന്റെ പ്രവർത്തനങ്ങൾ വളരെയധികം ശ്രദ്ധേയമായിരുന്നു. മതബോധനപ്രവർത്തനങ്ങൾക്ക് രൂപവും ചിട്ടയും നൽകുന്നതിൽ അദ്ദേഹം വിജയിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായിരുന്ന സമയത്ത് പാസ്റ്ററൽ കൗൺസിൽ നിയമാവലിയുടെ ക്രോഡീകരണം നിർവ്വഹിച്ചു. 1972-ൽ മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 19-ാം ശതാബ്ദി ആഘോഷിച്ചപ്പോൾ ചങ്ങനാശ്ശേരി അതിരൂപതയുടെ ആഘോഷകമ്മററിയുടെ ജനറൽ കൺവീനറായിരുന്നു.

1972 ൽ കേരളത്തെ പിടിച്ചുകുലുക്കിയ കോളേജ് സമരത്തിൽ ചങ്ങനാശ്ശേരി അതിരൂപതയിലെ ജനറൽ കൺവീനറും ബ. നിരപ്പേലച്ചൻ തന്നെയായിരുന്നു. 1977 ഫെബ്രുവരി 26 -ാം തീയതി കാഞ്ഞിരപ്പള്ളി രൂപതയുടെ സ്ഥാപനത്തോടെ നിരപ്പേലച്ചന്റെ പ്രവർത്തനരംഗം പ്രസ്തുത രൂപതയിലായി. കാഞ്ഞിരപ്പള്ളിയിലെ പ്രമുഖ പള്ളികളിലെല്ലാം സേവനമനുഷ്ഠിച്ച നിരപ്പേലച്ചൻ ഇപ്പോൾ കൂവപ്പള്ളി പള്ളിവികാരിയാണ്.

കേരളത്തിലെ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ നടുനായകനായി ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നിരപ്പേലച്ചന്റേത്. ചരിത്രസംഭവമായിരുന്നു 1989 ൽ എക്യുമെനിക്കൽ ടൂർ സംഘടിപ്പിക്കാൻ നൽകിയ നേതൃത്വം. അഭിവന്ദ്യ ബാവാതിരുമേനി, മാർത്തോമ്മാ സഭയിലെ വലിയ തിരുമേനി, എബ്രാഹം മാർ ക്ലീമിസ് തിരുമേനി, സി.എസ്.ഐ. തിരുമേനി, ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയോസ് എന്നിവരോടൊപ്പം റോമാ, ജനീവ, വിയന്ന, ഹാനോവർ എന്നീ സഭാകേന്ദ്രങ്ങളിലേയ്ക്കായിരുന്നു ആദ്യത്തെ ഈ എക്യുമെനിക്കൽ തീർത്ഥാടനം. ജോൺപോൾ രണ്ടാമനുമായി 45 മിനിറ്റ് നീണ്ടുനിന്ന കൂടിക്കാഴ്ച മഹത്തായ അനുഭവമായിരുന്നുവെന്ന് നിരപ്പേലച്ചൻ ഓർമ്മിക്കുന്നു. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കാലം ചെയ്യുന്നതിന് ഏതാനും നാൾമുമ്പ് അദ്ദേഹത്തെ സന്ദർശിക്കാൻ കിട്ടിയ അവസരത്തെ സർവ്വേശ്വരന്റെ കൃപയായി കരുതാനാണ് നിരപ്പേലച്ചന് ഇഷ്ടം. ഇതടക്കം ആറു (6) പ്രാവശ്യം പരിശുദ്ധപിതാവുമായി കൂടിക്കാഴ്ച നടത്താൻ നിരപ്പേലച്ചനായി. മൂന്നുതവണ മാർപ്പാപ്പയിൽ നിന്നും സമ്മാനങ്ങൾ വാങ്ങിക്കുവാനും ഭാഗ്യം ലഭിച്ചു.

സംസ്ഥാനത്തെ കത്തോലിക്കാ, ഓർത്തഡോക്സ്, മാർത്തോമ്മാ, യാക്കോബായ എന്നീ സഭകളിലെ 9 മേലദ്ധ്യക്ഷന്മാർ ട്രസ്റ്റിമാരായിട്ടുള്ള നിലയ്ക്കൽ സെന്റ് തോമസ് ചർച്ച് ആന്റ് എക്യുമെനിക്കൽ സെന്റർ ട്രസ്റ്റിന്റെ സെക്രട്ടറിയായി ത്യാഗപൂർണ്ണവും സേവനനിരതവുമായ നേതൃത്വം നൽകാൻ നിരപ്പേലച്ചനായി. നിലയ്ക്കൽ പള്ളി സ്ഥാപനത്തോടനുബന്ധമായുണ്ടായ പ്രശ്ന പരിഹാരങ്ങൾക്കായി പ്രധാനമന്ത്രിക്ക് നിവേദനം നൽകാൻ നിരപ്പേലച്ചൻ നേതൃത്വം നൽകി. എക്യുമെനിക്കൽ ടൂർ വഴി നിലയ്ക്കൽ സെന്റ്

www.malankaralibrary.com

തോമസ് നഗറിൽ ഒരു ഡയലോഗ് സെന്ററും എക്യുമെനിക്കൽ ധ്യാനകേന്ദ്രവും നിർമ്മിക്കാൻ നിരപ്പേലച്ചന്റെ പ്രവർത്തനങ്ങൾ വഴി സാധിച്ചു. നിലയ്ക്കൽ പള്ളിയ്ക്ക് ശിലാസ്ഥാപനം നടത്തിയത് നിരപ്പേലച്ചനാണ്.

ന്യൂനപക്ഷ അവകാശങ്ങളുടെ ഒരു പ്രമുഖസംരക്ഷകൻ കൂടിയാണ് നിരപ്പേലച്ചൻ. ന്യൂനപക്ഷ അവകാശങ്ങൾക്കു തുരങ്കം വയ്ക്കുന്ന ഭരണഘടനാഭേദഗതി, ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്കും ഹോസ്പിറ്റലുകൾക്കും നികുതി ഏർപ്പെടുത്തുന്നതിനെതിരെ, ക്രിസ്തുനാഥനെ അവഹേളിച്ചുകൊണ്ടുള്ള 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകത്തിനെതിരെ ഇങ്ങനെയുള്ള പ്രവർത്തനങ്ങളിലെല്ലാം വിജയപതാക ഉയർത്താൻ കഴിഞ്ഞത് നിരപ്പേലച്ചന്റെ ദൃഢചിത്തമായ പ്രവർത്തനങ്ങളിലൂടെയാണ്. അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ആദ്ധ്യാത്മിക ഉപദേഷ്ടാവായി 12 വർഷക്കാലം നിരപ്പേലച്ചൻ സേവനമനുഷ്ഠിച്ചു.

അജപാലന കർമ്മത്തിനൊപ്പം സാമൂഹ്യ വിദ്യാഭ്യാസ രംഗങ്ങളിലേക്കും നിരപ്പേലച്ചന്റെ പ്രവർത്തന മണ്ഡലം വ്യാപൃതമാണ്. ലുവെയിൻ യൂണിവേഴ്സിറ്റിയിൽ ഉന്നത വിദ്യാഭ്യാസത്തിന് 5 അൽമായർക്കും 3 വൈദികർക്കും അഡ്മിഷൻ നേടിക്കൊടുത്തു. വിവിധ ഇടവകകളിലായി 160 ൽ പരം പാവപ്പെട്ട കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകാനും, 200 ൽ പരം ഉദ്യോഗാർത്ഥികൾക്ക് ജോലി നൽകാനും നിരപ്പേലച്ചനു കഴിഞ്ഞു.

ആധുനിക കാലഘട്ടത്തിൽ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാപകനാണ് നിരപ്പേലച്ചൻ. അദ്ദേഹം ആദ്യം പടുത്തുയർത്തിയ ചിറക്കടവ് സെന്റ് എഫ്രേംസ് ഹൈസ്കൂൾ ഇന്ന് ഉന്നതനിലവാരത്തിലാണ്. കേരളത്തിലെതന്നെ ഏറ്റവും ശ്രദ്ധേയമായ വിദ്യാഭ്യാസസ്ഥാപനങ്ങളിലൊന്നായി മാറിയിരിക്കുന്ന ആനക്കല്ല് സെന്റ് ആന്റണീസ് പബ്ലിക് സ്കൂളിന്റെ സ്ഥാപകനും നിരപ്പലച്ചനാണ്. ഇന്ന് ദക്ഷിണേന്ത്യയിലെതന്നെ ഏറ്റവും പ്രശസ്ത കലാലയമായി ആനക്കല്ല് സ്കൂൾ മാറിക്കഴിഞ്ഞു. ഇടക്കുന്നം മേരിമാതാ പബ്ലിക് സ്കൂൾ, ചെങ്ങളം എസ്. എച്ച്. പബ്ലിക് സ്കൂൾ എന്നിവയും അച്ചൻ തുടക്കം കുറിച്ചതുതന്നെ. സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുറഞ്ഞ ചെലവിൽ നൽകുക എന്നുള്ള ലക്ഷ്യത്തോടെ സ്ഥാപിതമായ കാഞ്ഞിരപ്പള്ളി സെന്റ് ആന്റണീസ് കോളജ് ഇന്ന മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും ശ്രദ്ധേയമായ കലാലയങ്ങളിലൊന്നായി മാറിയിരിക്കുന്നു. കമ്പ്യൂട്ടർ വിദ്യാഭ്യാസം നേടിയില്ലെങ്കിൽ ഭാവതലമുറ നിരക്ഷരരായി അറിയപ്പെടുമെന്നുള്ള കാഴ്ചപ്പാടിനടിസ്ഥാനത്തിലാണ് സെന്റ് ആന്റണീസ് കോളജിന്റെ ജനനം.

ജർമ്മനിയിലെ പ്രമുഖമായ ഹൈഡൽബർഗ് യൂണിവേഴ്സിറ്റിയും എം. ജി. യൂണിവേഴ്സിറ്റിയുമായി വിദ്യാഭ്യാസരംഗത്ത് യോജിച്ച് പ്രവർത്തിക്കാനുള്ള സംരംഭങ്ങൾക്ക് നിരപ്പേലച്ചൻ നേതൃത്വം നൽകി വരുന്നു.

റവ. ഡോ. ആന്റണി നിരപ്പേലിന്റെ ഷഷ്ടിപൂർത്തിയോടനുബന്ധിച്ച്


www.malankaralibrary.com

രചിക്കപ്പെട്ട 'ധീരോദാത്തവൈദികൻ' എന്ന ഗ്രന്ഥത്തിൽ പൗരസ്ത്യ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ഇങ്ങനെ പറയുന്നു. "ഒരു വ്യക്തിയുടെയോ സമൂഹത്തിന്റെയോ ചരിത്രം സ്നേഹപിതാവായ ദൈവത്തിന്റെ പരിപാലനയുടെ ചരിത്രം കൂടിയാണ്. ദൈവികമായ വരദാനത്തിന്റെ സൗഭാഗ്യം കൈകൾകൊണ്ട് ഏറ്റുവാങ്ങി സ്വയം ജ്വലിക്കുന്ന ഒരു ദീപനാളമായി, ഈ സമൂഹത്തിന്റെ ചരിത്രമായി മാറിക്കഴിഞ്ഞിരിക്കുന്നു നിരപ്പേലച്ചൻ.

വിലാസം - റവ. ഡോ. ആന്റണി നിരപ്പേൽ, വികാർ, കാത്തലിക് ചർച്ച്, കൂവപ്പള്ളി പി.ഒ., കോട്ടയം ജില്ല.

# 207

# മാർ ജോർജ്ജ് പുന്നക്കോട്ടിൽ



സഭാ പൈതൃകം ആഴത്തിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ബൈബിൾ പണ്ഡിതനായ മാർ ജോർജ് പുന്നക്കോട്ടിൽ 1936 സെപ്റ്റംബർ 13-ന് പുന്നക്കോട്ടിൽ ഔസേഫിന്റെ ഇളയ പുത്രനായി തഴവം കുന്നിൽ ജനിച്ചു. പാറപ്പുഴ തച്ചിലേടത്ത് ഉലഹന്നാന്റെ പുത്രി മർത്തയാണ് മാതാവ്. ജോർജിന്റെ പ്രാഥമിക വിദ്യാഭ്യാസം തഴവം കുന്ന് കല്ലൂർ എന്നീ വിദ്യാലയങ്ങളിലായിരുന്നു. തുടർന്ന് വാഴക്കുളം ഹൈസ്കൂളിൽ ചേർന്ന് 1953 -ൽ എസ്സ്.എസ്സ്.എൽ.സി. പാസ്സായി. എം.എ വർഗീസ് എന്നായിരുന്നു സ്കൂളിലെ പേര്. വൈദികനാകാനുള്ള ആഗ്രഹം ചെറുപ്പം മുതൽ വർഗീസിൽ നിലനിന്നിരുന്നു. എറണാകുളം മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. പഠനത്തിൽ അതിസമർത്ഥനായിരുന്ന അദ്ദഹം മംഗലപ്പുഴ സെമിനാരിയിൽ ഫിലോസഫി പഠനം പൂർത്തിയാക്കി. ദൈവ ശാസ്ത്ര പഠനത്തിനായി റോമിലെ ഉർബാനിയൻ സർവ്വകലാശാലയിലാണ് അധികാരികൾ അയച്ചത്. റോമിൽ നിന്നും ദൈവശാസ്ത്രത്തിൽ എൽ.ഡി. ബിരുദം സമ്പാദിച്ചു. 1961 ഒക്ടോബർ 18-ാം തിയതി റോമിൽ വച്ചു തന്നെ വൈദിക പട്ടം സ്വീകരിച്ചു. റോമിൽ തന്നെ പഠനം തുടർന്നു. പൊന്തിഫിക്കൽ ബിബ്ളിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് അദ്ദേഹം ബൈബിളിൽ ഉപരിപഠനം നടത്തി. എൽ.എസ്.എസ്. ബിരുദവും, ഗ്രിഗോറിയൻ സർവ്വകലാശാലയിൽ നിന്നും എസ്.റ്റി.ഡി. ബിരുദവും, അമേരിക്കയിലെ ബെൻഡർ ബിൽറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും എം.എ. ബിരുദവും സമ്പാദിച്ചു. ഇന്ന് ബൈബിളിൽ അഗാധ പാണ്ഡിത്യം നേടിയ ഭാരതീയരിൽ പ്രമുഖനാണ് മാർ പുന്നക്കോട്ടിൽ.

www.malankaralibrary.com

ഉന്നത വിദ്യഭ്യാസം കഴിഞ്ഞ് കേരളത്തിൽ തിരിച്ചെത്തിയ പുന്നക്കോട്ടിലച്ചനെ 1967 -ൽ കോതമംഗലം കത്തീഡ്രൽ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി നിർമ്മിച്ചു. അക്കാലത്ത് കീരംപാറ പള്ളിയുടെ ചുമതലയും അദ്ദേഹത്തിനു തന്നെയായിരുന്നു. ധർമ്മഗിരി സന്യാസിനി മഠത്തിന്റെ ചാപ്ലിയനുമായിരുന്നു. കോതമംഗലം രൂപതാ മെത്രാനായി തിരഞ്ഞെടുക്കപ്പെടുന്നതുവരെ 1968 മുതൽ 9 വർഷക്കാലം വടവാതൂർ പൊന്തിഫിക്കൽ സെമിനാരിയിൽ പ്രൊഫസ്സറായിരുന്നു.

അമേരിക്കയിലെ കൊളംബിയാ സർവ്വകലാശാലയിൽ ഉപരിപഠനത്തിൽ ഏർപ്പെട്ടിരുന്നുവെങ്കിലും കോതമംഗലം മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടതിനാൽ അവിടെ പഠനം പൂർത്തിയാക്കുവാൻ സാധിച്ചില്ല. പ്രസിദ്ധങ്ങളായ നിരവധി സർവ്വകലാശാലകളിൽ നിന്നും ഉന്നത ബിരുദം നേടിയ അദ്ദേഹം ഇന്ത്യയിലെ പണ്ഡിതന്മാരായ മെത്രാന്മാരിൽ ഒരാളാണ്.

1977 ഫെബ്രുവരി 26 -ന് കോതമംഗലം രൂപതയുടെ ദ്വിതീയ മെത്രാനായി നിയമിതനായി. ഏപ്രിൽ 24-ന് മെത്രാഭിഷേകം കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലിന്റെ പ്രധാന കാർമ്മികത്വത്തിൽ കോതമംഗലത്തു വച്ചു നടത്തപ്പെട്ടു. കേരളത്തിലെ എല്ലാ മെത്രാന്മാരും അനേക ശതം വൈദികരും അനേകായിരം ജനങ്ങളും ആ മഹനീയ കർമ്മത്തിന് സാക്ഷ്യം വഹിച്ചു. പിന്നീട് അദ്ദേഹം കോതമംഗലം രൂപതയുടെ സമ്പൂർണ്ണ വളർച്ചയ്ക്കു വേണ്ടി അക്ഷീണം പ്രയത്നിച്ചു. വിദ്യാഭ്യാസ പരമായി വളരെ പിന്നോക്കം നിന്ന ഹൈറേഞ്ചിലും രൂപതയുടെ വിവിധഭാഗങ്ങളിലും അനേകം വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. യാത്രാ സൗകര്യം കുറവായിരുന്ന പ്രദേശങ്ങളിൽ ചികത്സാ സൗകര്യങ്ങളും കുറവായിരുന്നു. നിരവധി ആശുപത്രികളും സ്ഥാപിച്ചു. മുവാറ്റുപുഴ കെ.എം. ജോർജ് മെമ്മോറിയൽ ടെക്നിക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനവും ഇക്കാലത്താണ്. വാഴക്കുളം ഒരു ചരിത്ര വീക്ഷണം എന്ന ഒ.എം. വർഗീസ് ഓലിക്കൽ രചിച്ച ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു “മുവാറ്റുപുഴയിലെ ജീവജ്യോതിയുടെയും കോതമംഗലത്ത് മെത്രാസന മന്ദിരത്തോടനുബന്ധിച്ചുള്ള രൂപതാ പാസ്റ്റൽ സെന്ററിന്റെയും സ്ഥാപനം എടുത്തു പറയേണ്ട നേട്ടങ്ങളിൽപ്പെടുന്നു. ധ്യാനങ്ങൾ, സെമിനാറുകൾ, ദൈവശാസ്ത്ര കോഴ്സുകൾ, ബൈബിൾ പഠനങ്ങൾ, നവീകരണ പ്രസ്ഥാനങ്ങൾ മുതലായ പരിപാടികളാണ് ജീവജ്യോതിയിൽ നടക്കുന്നത്. സാമൂഹ്യ സേവനം, വിദ്യാഭ്യാസം, സണ്ടേ സ്കൂൾ, ദൈവവിളി, മാസ് കമ്മ്യൂണിക്കേഷൻ, സി.വൈ.എം, മാതൃദീപ്തി, മിഷൻ ലീഗ്, കെ.സി.എസ്.എൽ എന്നിങ്ങനെ രൂപതയിലെ വിവിധ പ്രവർത്തനങ്ങളുടെയും സംഘടനകളുടെയും കേന്ദ്രമാണ് പാസ്റ്ററൽ സെന്റർ”.

1981 -ൽ ആരംഭിച്ച മാർ മാത്യു ജൂബിലി മെമ്മോറിയൽ മെഡിക്കൽ എയ്ഡ് ഫണ്ട് അനേകം രോഗികൾക്ക് ദീർഘകാല ചികത്സയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം ചെയ്യുവാൻ സാധിക്കത്തക്ക വിധത്തിലാണ്.

www.malankaralibrary.com

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ രൂപതയുടെ മറ്റു ഭാഗങ്ങളെയപേക്ഷിച്ച് വളരെ പിന്നോക്കം നിൽക്കുന്ന ഹൈറേഞ്ചിൽ അഭിവന്ദ്യ പിതാവിന്റെ ശ്രദ്ധ കൂടുതലായി പതിഞ്ഞു. പിതാവിന്റെ പ്രത്യേക ശ്രമ ഫലമായിത്തന്നെ 25 ഹൈസ്കൂളുകളും ധാരാളം പ്രൈമറി സ്കൂളുകളും രൂപതയുടെ വിവിധ ഭാഗങ്ങളിലായി ആരംഭിച്ചു. സർവ്വകലാശാലാ വിദ്യാഭ്യാസത്തിനായി 1982 -ൽ മുരിക്കാശ്ശേരി പാവനാത്മാ കോളേജ് സ്ഥാപിച്ചു. സാമ്പത്തികമായി ഗുരുതരമായ പ്രതിബന്ധങ്ങളെ നേരിട്ടു കൊണ്ടു തന്നെയാണ് സേവനോത്സുകനും ദീർഘവീക്ഷണ പടുവുമായ* അഭിവന്ദ്യ പിതാവ് കോളേജ് സ്ഥാപനത്തിന് മുന്നോട്ടു വന്നത്.

1984 -ൽ ഓഗസ്റ്റിൽ മിസരയോറിന്റെ സഹായത്തോടെ ഹൈറേഞ്ചിലെ ആയിരമേക്കറിൽ ജ്യോതിസ് ഐ.റ്റി.സി. സ്ഥാപിച്ചത്. ഹൈറേഞ്ചിന്റെ സാങ്കേതിക വിദ്യാഭ്യാസരംഗത്തേ പുരോഗതിയുടെ ഒരു നാഴികക്കല്ലാണ്. സാമൂഹ്യ സേവന രംഗത്തെ പിതാവിന്റെ ബഹുമുഖ പ്രവർത്തനങ്ങൾ പ്രത്യേകം പരാമർശിക്കുന്നുണ്ട്. ഗ്രാമീണ ജനതയുടെ ആരോഗ്യപരവും സാമൂഹ്യവുമായ വികസനത്തിനും ഗിരി വർഗ്ഗ വികസനത്തിനും വേണ്ടിയുള്ള പദ്ധതികൾ രൂപതയുടെ പലഭാഗങ്ങളെ കേന്ദ്രീകരിച്ചാണ് നടപ്പിലാക്കുന്നത്. മറയൂർ, കരിമ്പൻ, മച്ചിപ്ലാവ്, പന്നിമറ്റം തുടങ്ങിയവയാണ് പ്രധാന കേന്ദ്രങ്ങൾ. നഴ്സറി വിദ്യാഭ്യാസം, വയോജന വിദ്യാഭ്യാസം, കൃഷി വികസനം, തൊഴിൽ പരശീലനം തുടങ്ങിയ മേഖലകളിൽ ഊർജ്ജസ്വലമായ പ്രവർത്തനം നടത്തി വരുന്നു. ഉൽപാദനരംഗത്തുള്ള മുതൽ മുടക്കിനെയും സാമ്പാദ്യ ശീലത്തെയും പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ള ലഘു നിക്ഷേപ പദ്ധതി വളരെ ഉപകാരപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. രോഗം, അംഗവൈകല്യം, അകാലനിര്യാണം മുതലായ കാരണങ്ങളാൽ സാമ്പത്തിക തകർച്ച ബാധിച്ച കുടുംബങ്ങളുടെ ഉദ്ധാരണം ലക്ഷ്യമാക്കിയുള്ള കുടുംബ സഹായ പദ്ധതി വലിയ ഒരു അനുഗ്രഹം തന്നെയാണ്.

കോതമംഗലം രൂപതയിലെ മലയോരപ്രദേശങ്ങൾ പലപ്പോഴും പ്രകൃതി ദുരന്തത്തിന് വിധേയമാകുന്നുണ്ട്. ഉരുൾ പൊട്ടലും പേമാരിയും മുഖാന്തിരം അനേകർ ദുരിതമനുഭവിക്കേണ്ടി വരാറുണ്ട്. ആ സന്ദർഭങ്ങളിലെല്ലാം അവിടെയെത്തി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ മാർ പുന്നക്കോട്ടിൽ തയ്യാറായിട്ടുണ്ട്. കേന്ദ്ര സംസ്ഥാന ഗവൺമെന്റിന്റെ സഹായങ്ങൾ ലഭ്യമാക്കാനും അദ്ദേഹം ശ്രമിക്കുന്നുണ്ട്.

രൂപതയിലെ ജനങ്ങൾ നേരിടുന്ന മറ്റൊരു പ്രശ്നം കുടിയിറക്കാണ്. അനേക വർഷങ്ങളായി കുടിയേറി പാർത്ത മലയോരങ്ങൾക്ക് ഇതു വരെയും പട്ടയം ലഭിച്ചിട്ടില്ല. ഏതു ഗവൺമെന്റ് വന്നാലും കർഷക ദ്രോഹ നടപടികളാണ് സ്വീകരിക്കുന്നത്. ഇതിനെതിരെ ശക്തമായ നിലപാടെടുക്കുവാൻ തിരുമേനി ധൈര്യപൂർവ്വം മുന്നിട്ടിറങ്ങി. 1984 ൽ തട്ടേക്കണ്ണിയിൽ 1200 ൽ പരം പോലീസുകാർ ക്യാമ്പുചെയ്തുകൊണ്ടാണ് കുടിയിറക്കിന് നേതൃത്വം നൽകി

www.malankaralibrary.com

യത്. ബൈബിൾ ജാഥയുമായി തട്ടേക്കണ്ണിയിൽ എത്തിയ ഫാ. വടക്കൻ ബൈബിൾ ജാഥാ നിറുത്തിവച്ച് കുടിയിറക്കിന് എതിരായി നീങ്ങി. ഈ സമരത്തിൽ നിന്നു ഫാ. വടക്കനെ പിന്തിരിപ്പിക്കുവാനാണ് അന്ന് ഉണ്ടായിരുന്ന രണ്ടു കത്തോലിക്കാ മന്ത്രിമാരും ശ്രമിച്ചത്. ആ ശ്രമത്തിന് കൂട്ടുനിൽക്കാതെ സമരത്തിന് ധാർമ്മിക പിന്തുണ നൽകുകയാണ് പുന്നക്കോട്ടിൽ പിതാവ് ചെയ്തത്. കാർഷിക പ്രശ്നങ്ങളോടുള്ള പിതാവിന്റെ ഉറച്ച നിലപാട് പ്രത്യേകം എടുത്തുപറയേണ്ടതാണ്.


2003 ൽ കോതമംഗലം രൂപത വിഭജിച്ച് ഇടുക്കി രൂപത രൂപീകരിക്കുവാൻ പിതാവ് നേതൃത്വം നൽകി. ഭരണ സൗകര്യത്തിനും കുടിയേറ്റ ജനതിയുടെ പുരോഗതിക്കും രൂപതാവിഭജനം - ഇടുക്കി രൂപത സ്ഥാപനം ആവശ്യമാണെന്ന് തിരുമേനി നേരത്തെതന്നെ ഗ്രഹിച്ചിരുന്നു. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഫലമണിഞ്ഞത് 2003 ലാണ്. ഇടുക്കി രൂപതക്ക് ശരിയായ ഒരു അടിസ്ഥാനം ഉറപ്പിക്കുന്നതിനും ക്രാന്തദർശിയായ പുന്നക്കോട്ടിൽ തിരുമേനി നേരത്തെ തന്നെ ശ്രമിച്ചിരുന്നു.

ബിഷപ്സ് കോൺഫറൻസുകളിൽ പല കമ്മീഷനുകളിലും ഡോ. ജോർജ് പുന്നക്കോട്ടിൽ അംഗമാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ചെയർമാൻ കൂടിയാണ് തിരുമേനി. വി. ഗ്രന്ഥത്തെപ്പറ്റി ഈടുറ്റ പല ഗ്രന്ഥങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. സഭാപൈതൃകം ആഴത്തിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന പണ്ഡിതനായ ഇടയാനണദ്ദേഹം.

മാർ പുന്നക്കോട്ടിലിന്റെ മെത്രാഭിഷേക രജതജൂബിലി വളരെ ആഘോഷപൂർവ്വം രൂപതയൊട്ടാകെ ആഘോഷിക്കുകയുണ്ടായി.

വിലാസം - മാർ ജോർജ് പുന്നക്കോട്ടിൽ, ബിഷപ്സ് ഹൗസ്, കോതമംഗലം.

# 208



# ഫാ. മാത്യു ചെരിപുറത്ത്

പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച ഫാ. മാത്യു, കുന്നത്തുനാട് താലൂക്കിൽ മഴുവന്നൂർ വില്ലേജിൽ ചെരിപുറത്ത് കുടുംബത്തിൽ കോരമത്തായി - മറിയം ദമ്പതികളുടെ മകനായി 1936 സെപ്റ്റംബർ 17-ാം തീയതി ജനിച്ചു. മാത്യുവിന് അഞ്ചു വയസ്സായിപ്പോൾ പിതാവ് നിര്യാതനായി. അമ്മ വളരെ കഷ്ടപ്പെട്ട് മാത്യുവിനെയും ഒരു സഹോദരനെയും വളർത്തി. കുറെ വസ്തുവകകൾ ഉണ്ടായിരുന്നുവെങ്കിലും വരുമാനമില്ലാതിരുന്നതിനാൽ കുടുംബം പോറ്റാൻ കൂലിപ്പണി പോലും അമ്മ എടുക്കേണ്ടിവന്നിട്ടുണ്ട്. മഴു

www.malankaralibrary.com

വന്നൂർ പഞ്ചായത്തിലെ മംഗലത്തുനടയിലെ യാക്കോബായ കുടുംബം വക എൽ.പി.യിലും മൂവാറ്റുപുഴ എൻ.എസ്.എസ്. യുപി. സ്കൂളിലും മൂവാറ്റുപുഴ ഗവണ്മെന്റ് ഹൈസ്കൂളിലുമായിരുന്നു വിദ്യാഭ്യാസം. മൂവാറ്റുപുഴക്കു സമീപമുള്ള വാഴപ്പള്ളി പള്ളിയിലെ ബഹുമാനപ്പെട്ട വൈദീകരുടെ കൂടെ താമസിച്ചാണ് ഹൈസ്കൂളിൽ മാത്യു പഠിച്ചത്. പഠിക്കാൻ അച്ചന്മാരാണ് മാത്യുവിനെ സഹായിച്ചതും. 1955-ൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ മാത്യു തിരുവല്ലാ രൂപതയിലെ പെറ്റി സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. യാക്കോബായ സമുദായത്തിൽ ജനിച്ചു വളർന്ന മാത്യുവും കുടുംബവും ഇതിനകം കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടിരുന്നു. സി.എം.ഐ. അച്ചന്മാരായിരുന്നു ആദ്യകാലങ്ങളിൽ വികാരിമാർ. പെറ്റി സെമിനാരിയിലേക്ക് അയച്ചത് ബഹുമാനപ്പെട്ട ക്ലേഡിയസ് അച്ചനായിരുന്നു.

മൈനർ സെമിനാരിയിലെ പഠനത്തിനുശേഷം ആലുവാ മംഗലപ്പുഴ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം പൂർത്തിയാക്കി. മൂന്നു റീത്തുകളിലെയും തമിഴ്നാട്ടിലെ ഏതാനും രൂപതകളിലെയും ഏതാനും സന്ന്യാസ സഭയിലെ ബ്രദേഴ്സും ഒന്നിച്ചാണ് അന്ന് സെമിനാരിയിൽ പഠിച്ചിരുന്നതെന്നും ഏഴുവർഷക്കാലത്തെ കൂട്ടായ ജീവിതം ഇന്നും മധുരസ്മരണകളാണ് ഉണർത്തുന്നതെന്നും അച്ചൻ പറയുകയുണ്ടായി. റീത്തുകൾക്കും രൂപതകൾക്കും സന്ന്യാസസഭകൾക്കും പ്രത്യേകം പ്രത്യേകം സെമിനാരികൾ രൂപീകരിച്ചത് പഴയകൂട്ടായ്മയെ തകർക്കുന്നതിനിടയായിട്ടുണ്ടെന്നാണ് അച്ചന്റെ അഭിപ്രായം. 1964-ൽ വൈദിക പട്ടമേറ്റ ഉടനെ തന്നെ വയനാട്ടിലെ മാനന്തവാടിയ്ക്കടുത്തുള്ള കാട്ടിക്കുളം പള്ളിയിൽ അസി. വികാരിയായിട്ടായിരുന്നു ആദ്യ നിയമനം. വയനാട്ടിലെ പുല്പള്ളി തുടങ്ങിയ പള്ളികളിലും സഹായിയായി പ്രവർത്തിച്ചു. വയനാട്ടിൽ നിന്നും കുന്നംകുളത്തേക്കായിരുന്നു അടുത്തനിയമനം. കുന്നംകുളത്തുള്ള ബഥനി ഹൈസ്കൂളിനോട് ചേർന്നുള്ള പള്ളിയിൽ താമസിച്ചുകൊണ്ട് തൃശ്ശൂരിന് കിഴക്കുഭാഗത്തുള്ള പീച്ചി, മാന്നാമംഗലം, എന്നീ പള്ളികളിൽ വികാരിയായി. അക്കാലത്താണ് പാലക്കാട് ജില്ലയിലെ മണ്ണാർക്കാടിനടുത്തുള്ള കരിമ്പഭാഗത്ത് ഏതാനും കുടിയേറ്റക്കാരുണ്ടെന്നും അവിടെ മലങ്കരരൂപതക്ക് ഏതാനും പള്ളികൾ തുടങ്ങാമെന്നും പലരും അഭിപ്രായപ്പെട്ടത്. അതനുസരിച്ച് കരിമ്പഭാഗത്ത് ഏതാനും പള്ളികൾ സ്ഥാപിക്കാനുള്ള ശ്രമം ആരംഭിച്ചു. കുടിയേറ്റപ്രദേശങ്ങളിൽ യാക്കോബായക്കാരും മലങ്കരറീത്തുകാരും ധാരാളം കുടിയേറിയിരുന്നു. അവരുടെയിടയിൽ ഒരു പഠനം നടത്തി അവിടെ ദേവാലയങ്ങൾ സ്ഥാപിക്കാനുള്ള സാദ്ധ്യതകൾ വിലയിരുത്തി. പാലക്കാടിന് സമീപമുള്ള ഇടക്കുറിശ്ശിക്കുന്നിൽ ആണ് കരിമ്പ ഇടവക. അങ്കമാലിക്കാരനായ ഒരു കത്തോലിക്കൻ മംഗലി ഇട്ടിരാച്ചേട്ടൻ എന്ന തോട്ടഉടമ ഒരു ഏക്കർ തോട്ടം സൗജന്യമായി നൽകിയ സ്ഥലത്ത് ഒരു പള്ളി സ്ഥാപിക്കുകയും

www.malankaralibrary.com

അദ്ദേഹത്തിന്റെ ബംഗ്ലാവിന്റെ ഒരു മുറിയിൽ ആദ്യ കുർബാനയർപ്പിക്കുകയും ചെയ്തു. ആറുവർഷക്കാലം കരിമ്പയിൽ താമസിച്ച് പുതിയൊരു പള്ളി പണിയുകയും 60-ഓളം വീട്ടുകാരെ പുനരൈക്യപ്പെടുത്തുകയും ചെയ്തു. കരിമ്പയിൽ നിന്നും നാലുകിലോമീറ്റർ അകലെ ഇരുമ്പാമുട്ടി എന്ന സ്ഥലത്ത് ഒരു ദേവാലയം സ്ഥാപിക്കാൻ മുട്ടംകാരനായ പള്ളിവാതുക്കൽ ഔസേഫ് ചേട്ടൻ നൽകിയ ഒരേക്കർ സ്ഥലത്ത് ഒരു പള്ളിപണിയുകയും 30-ഓളം വീട്ടുകാരെ പുനരൈക്യപ്പെടുത്തുകയും ചെയ്തു. പാലക്കാട്ടുനിന്നും ചേർപ്പിളശ്ശേരിവഴി പെരുന്തൽമണ്ണയ്ക്ക് റോഡ് സൈഡിലാണ് കോണ്ടാട്ട് പള്ളി. അവിടെ ഒരേക്കർ സ്ഥലം വിലക്കുവാങ്ങി ചാപ്പൽ പണിയുകയും 27 വീട്ടുകാരെ ഇടവകയിൽ ചേർക്കുകയും ചെയ്തു.

കരിമ്പ, ഇരുമ്പാമുട്ടി പള്ളി, കോണ്ടാട്ടു പള്ളി, ചെറുകര പള്ളി എന്നിവിടങ്ങളിൽ ഞായറാഴ്ചതോറും മാത്യു അച്ചൻ തന്നെ ദിവ്യബലിയർപ്പിച്ചിരുന്നു. കണ്ണൂർ ജില്ലയിലെ ചെറുപുഴയിലും തിരുമേനിയിലും പുതിയ ഇടവകകൾ സ്ഥാപിക്കുകയും 20-ൽ പരം കുടുംബങ്ങളെ പുനരൈക്യപ്പെടുത്തുകയും ചെയ്തു. തുടർന്ന് മൂവാറ്റുപുഴക്കുസമീപമുള്ള വാഴപ്പള്ളിയിൽ വികാരിയായി നിയമിച്ചു. (ഇപ്പോഴത്തെ മൂവാറ്റുപുഴ രൂപതയുടെ ആസ്ഥാനം) മൂവാറ്റുപുഴമേഖലയിൽ അനേകം പള്ളികളിൽ വികാരിയുടെ ജോലി നിർവഹിച്ചു. അക്കാലത്താണ് മഴുവന്നൂർ പള്ളിയും എറണാകുളത്തെ ടൗൺ പള്ളിയും ആരംഭിച്ചത്.

മഴുവന്നൂർ, മാത്യുഅച്ചന്റെ വീടിനടുത്ത് സി.എം.ഐ. അച്ചന്മാർ വാങ്ങിയിരുന്ന സ്ഥലത്ത് ഒരു ചാപ്പൽ പണിയുകയും മഴുവന്നൂർ ഇടവക സ്ഥാപിക്കുകയും ചെയ്തു. അച്ചന്റെ സഹോദരന്റെ ശ്രമഫലമായി 26 വീട്ടുകാരെ കത്തോലിക്കാ സഭയിലേക്ക്പുനരൈക്യപ്പെടുത്തിയിരുന്നു. മൂവാറ്റുപുഴ താമസിച്ചുകൊണ്ടാണ് മഴുവന്നൂർ പള്ളിയുടെ ചുമതല നിർവ്വഹിച്ചത്.

എറണാകുളത്ത് എം.ജി. റോഡിൽ ഷോണായീസ് ജംഗ്ഷനിൽ തിരുവല്ലാ രൂപത 64 സെന്റ് സ്ഥലവും ഒരു രണ്ടുനില കെട്ടിടവും വാങ്ങിയിരുന്നു. ഒരാൾക്ക് ഡ്രൈവിംഗ്സ്കൂൾ നടത്തുവാൻ വാടകക്ക് കൊടുത്തിരുന്നു. വാടകക്ക് എടുത്തിരുന്ന ആൾ ബാക്കി സ്ഥലം കുറേശ്ശെകുറേശ്ശെ കൈവശപ്പെടുത്തി ഹോട്ടലും വർക്ക്ഷോപ്പും സർവ്വീസ് സ്റ്റേഷനും തുടങ്ങി. ഇക്കാര്യങ്ങളൊന്നും തിരുവല്ലാ രൂപതയറിഞ്ഞിരുന്നില്ല. സ്ഥലത്തിന്റെ പേരിൽ സുപ്രീം കോടതി വരെ പോകേണ്ടിവന്നു. അനുകൂലമായിട്ട് വിധി ഉണ്ടായെങ്കിലും അത് നടപ്പിലാക്കുവാൻ സാധിച്ചില്ല. ഈ സന്ദർഭത്തിലാണ് മാത്യു ചെരിപ്പുറത്തച്ചനെ എറണാകുളത്തെ ചാർജ്ജ് ഏൽപിച്ചത്. എറണാകുളത്ത് വൈ.എം.സി.എ.യിൽ താമസിച്ചുകൊണ്ട് ഡൽഹിയിൽ നിന്നും സുപ്രിംകോടതിയുടെ വിധിയുടെ പകർപ്പുവാങ്ങി എറണാകുളത്ത് പോലീസിൽ കേസ് കൊടുത്ത് സ്ഥലം ഒഴിവാക്കിയെടുത്തു. തുടർന്ന് ഇന്നു കാണുന്ന പള്ളിയുടെ പണിനടത്തി. അന്ന് എട്ടുപത്തുപേർ മാത്രമേ മലങ്ക

www.malankaralibrary.com

രക്കാരായി ഉണ്ടായിരുന്നുള്ളു. ഇന്ന് ഇരുനൂറോളം വീട്ടുകാരുള്ള മൂവാറ്റുപുഴ രൂപതയിലെ ഏറ്റവും വലിയ ഇടവകയാണ് എറണാകുളം. ഏറ്റം വരുമാന മുള്ള പള്ളിയും ഇതുതന്നെ. പിന്നീട് വലിയ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചു. ഇന്ന് അത് വലിയ ആദായമാർഗ്ഗമാണ്. പള്ളി പണിനടക്കു മ്പോൾ വാടകക്കെടുത്തിരുന്ന വ്യക്തി അച്ചനെ പ്രധാനപ്രതിയാക്കി 16 കേസ് കോടതിയിൽ കൊടുത്തിരുന്നു. അതെല്ലാം തള്ളിപ്പോയി. ഒരുപ്രാവശ്യം ദേഹോപദ്രവം ഏല്പിക്കുകവരെചെയ്തു.

അച്ചൻ മൂവാറ്റുപുഴയിൽ ആയിരിക്കുമ്പോൾ നിർമ്മല ജൂണിയർ സ്കൂൾ എന്ന പേരിൽ ഒരു നേഴ്സറിസ്കൂൾ ആരംഭിക്കുകയും കോതമം ഗലം രുപതയിലെ ക്ലാരമഠം അതിന്റെ നടത്തിപ്പ് ഏറ്റെടുക്കുകയും ചെയ്തു. എൽ.പി. തുടങ്ങേണ്ട സമയമായപ്പോൾ തിരുവല്ലാ അരമനയിൽ നിന്നും ഉണ്ടായ നിർദ്ദേശാനുസരണം സ്കൂളിന്റെ നടത്തിപ്പ് സിസ്റ്റേഴ്സിന് പൂർണ്ണ മായും വിട്ടുകൊടുക്കുകയും ചെയ്തു. ഇന്ന് 1700 ലധികം കുട്ടികൾ പഠി ക്കുന്ന പേരെടുത്ത ഒരു എൽ.പി. സ്കൂളാണിത്.

എറണാകുളത്തെ പള്ളി പണികഴിഞ്ഞപ്പോൾ കോലഞ്ചേരിയിലേക്ക് സ്ഥലം മാറ്റി. ഒരേക്കർസ്ഥലം കോലഞ്ചേരി ആശുപത്രിക്കു സമീപം രൂപ തക്കുവേണ്ടി അച്ചൻ നേരത്തെ വാങ്ങിയിരുന്നു. അവിടെ ഒരു നഴ്സറി സ്കൂൾ തുടങ്ങി. സർക്കാരിൽ നിന്ന് അനുവാദം വാങ്ങി, എൽ.പി.സ്കൂൾ ആയി ഉയർത്തി. ബഥനി സിസ്റ്റേഴ്സിന് ഈ സ്കൂൾ വിട്ടുകൊടുത്തു. ഇന്ന് ആ സ്കൂൾ 1600-ഓളം കുട്ടികൾ പഠിക്കുന്ന എൽ.പി.സ്കൂളായി. കോല ഞ്ചേരിയുടെ സാമൂഹ്യസാംസ്കാരിക മണ്ഡലങ്ങളിലും അദ്ദേഹം നിർണ്ണാ യകമായ പങ്കുവഹിച്ചു. കോലഞ്ചേരി വൈ.എം.സി.എ. വൈസ്പ്രസിഡന്റ്, യംഗ്മെൻസ് ക്ലബ്ബ് പ്രസിഡന്റ് എന്നീനിലകളിലും പ്രവർത്തിക്കുകയു ണ്ടായി.

എറണാകുളം കളക്ടറേറ്റിന് സമീപം തിരുവല്ലാരൂപതക്കുണ്ടായിരുന്ന 2 ഏക്കർ 70 സെന്റ് സ്ഥലം സർക്കാർ ഏറ്റെടുത്തിരുന്നു. പകരം സ്ഥലം നൽകണമെന്ന് സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു. അത് നടത്തിയെടുക്കുന്ന തിന് മാത്യു അച്ചനെയാണ് രൂപത ചുമതലപ്പെടുത്തിയിരിക്കുന്നത്. അതി നുപകരമായി ഒരു ഏക്കർ 60 സെന്റ് സ്ഥലം ജി.സി.ഡി.എ. വിട്ടുതരാമെന്ന് സമ്മതിച്ചു. അത് ഏറ്റെടുക്കാൻ അച്ചൻ നേതൃത്വം നൽകി. കാക്കനാട് രൂപത നടത്തുന്ന പ്രൊവിഡൻസ് ഹോം എന്ന സ്ഥാപനത്തിൽ മന്ദബുദ്ധി കളും വികലാംഗരും അനാഥരുമായ 130-ഓളം അന്തേവാസികൾ ഉണ്ട്. ഈ സ്ഥാപനം ഇപ്പോൾ മൂവാറ്റുപുഴ രൂപത വകയാണ്. പഞ്ചായത്ത് സിമിറ്ററി യിൽ കയ്യേറി കുടിൽ കെട്ടി താമസിച്ചിരുന്ന 21 വീട്ടുകാരെ ഒഴിപ്പിക്കാനായി പഞ്ചായത്തിന് 50 സെന്റ് സ്ഥലം വിട്ടുകൊടുത്തു. പഞ്ചായത്ത് സിമിറ്ററി യിൽനിന്നും 15 സെന്റ് സ്ഥലം പള്ളിക്കുനൽകി. അവിടെ 100 ശവക്കല്ലറ കൾ പണിത് എറണാകുളം ഇടവകക്കും പ്രൊവിഡൻസ്ഹോമിനും ഉപ

www.malankaralibrary.com


യോഗിക്കത്തക്കവണ്ണം ക്രമീകരിക്കുകയും ചെയ്തു.

സാഹിത്യരംഗത്തും അദ്ദേഹം ചെയ്ത സേവനങ്ങൾ വിലപ്പെട്ടതാണ്. ഹൈസ്കൂളിൽ പഠിക്കുമ്പോൾ സാഹിത്യസമാജം സെക്രട്ടറിയായിരുന്ന അദ്ദേഹം പൂമൊട്ടുകൾ എന്നൊരു കൈയെഴുത്തു മാസിക പ്രസിദ്ധീകരിക്കുകയുണ്ടായി.

സെമിനാരി പഠനകാലത്ത് എം.എസ്.എൽ.എ.യുടെ സെക്രട്ടറിയും അദ്ദേഹമായിരുന്നു. അന്ന് സെമിനാരിയിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന എസ്.എച്ച്. ലീഗ് എന്ന മാസികയുടെ പത്രാധിപരും, എസ്സ്.എച്ച്. ലീഗ് അച്ചടിക്കുന്ന മലയാളം പുസ്തകങ്ങളുടെ പരിശോധകനും ആയിരുന്നു. ചില പുസ്തകങ്ങൾ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുരിശുമല ആശ്രമത്തിന്റെ സഹസ്ഥാപകനായിരുന്ന ഫാ. ബീഡ്ഗ്രിഫ്തിന്റെ ഗോൾഡൻ സ്ട്രിങ്ങ് എന്ന ഇംഗ്ലീഷ് പുസ്തകത്തിന്റെ തർജ്ജിമ സ്വർണ്ണനൂൽ എന്ന പേരിൽ പ്രസിദ്ധീകരിച്ചു. കരിസ്മ അനുഭവം "You" എന്ന ഇംഗ്ലീഷ് പുസ്തകമാണ്, അടുത്തതായി പ്രസദ്ധീകരിച്ചത്. നമ്മളെല്ലാം പാപികളാണ് എന്ന സുവിശേഷപ്രഘോഷകരുടെ സ്ഥിരം പ്രഖ്യാപനത്തിനെതിരെ നമ്മളെല്ലാം രക്ഷിക്കപ്പെട്ടവരാണ് എന്ന ആശയമാണ് ഈ പുസ്തകത്തിലുള്ളത്. സഭയുടെ കുതിപ്പും കിതപ്പും അച്ചന്റെ സ്വതന്ത്രകൃതിയാണ്. Missio Redeptoris എന്ന ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ ചാക്രികലേഖനം അദ്ദേഹം തർജ്ജിമ ചെയ്തു. പി.ഒ.സി.ക്കുവേണ്ടി എക്യുമിനിക്കൽ ഡയറക്ടറി തർജ്ജിമ ചെയ്തു. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ എല്ലാവരും ഒന്നാകുവാൻ എന്ന ചാക്രികലേഖനം മലയാളത്തിൽ പ്രസിദ്ധീകരിച്ചു. മേളാംപറമ്പിൽ മെൽവിൻ ഉമ്മൻ രചിച്ച ഇംഗ്ലീഷ് പുസ്തകത്തിന്റെ പരിഭാഷ ഗുരുവാം യേശുവോടൊത്ത് എന്ന പേരിലും പ്രസിദ്ധീകരിച്ചു.

വിലാസം - ഫാ. മാത്യു ചെരിപുറത്ത്, മംഗലത്തുനട,
നോർത്ത് മഴുവണ്ണൂർ പി.ഒ., മൂവാറ്റുപുഴ - 686 689

# 209



# ആർച്ച് ബിഷപ്പ് ഡോ.തോമസ് മേനാംപറമ്പിൽ

ആദിവാസികൾ തമ്മിലുള്ള ശത്രുത അവസാനിപ്പിക്കുന്നതിന് രൂപതാതലത്തിലും ദേശീയതലത്തിലും മുൻകൈ എടുത്ത് പ്രവർത്തിക്കുന്ന, സമാധാനവക്താവായ ആർച്ച് ബിഷപ്പ് തോമസ് മേനാംപറമ്പിൽ 1936 ഒക്ടോബർ 22 ന് പാലായിൽ ഭൂജാതനായി. സ്കൂൾ വിദ്യാർത്ഥിയായിരിക്കെതന്നെ

www.malankaralibrary.com

അദ്ദേഹം സലേഷ്യൻ സഭയിൽ അംഗമായി. 1951 ൽ ഡാർജിലിംഗിലെ സൊനഡയിൽ എസ്.ഡി.ബി. ആസ്പിരൻ്റേറ്റിൽ ചേർന്നു. 1954 - 55 ൽ തമിഴ്നാട്ടിലെ യേർക്കാട്ടിൽ ആയിരുന്നു നോവിഷ്യേറ്റ്. 1955 മേയ് 24 ന് ആദ്യ വ്രതവാഗ്ദാനം നടത്തി. 1955-58 കാലത്ത് സൊനാഡയിൽ ഫിലോസഫിയും പ്രീ യൂണിവേഴ്സിറ്റിയും പഠനം നടത്തി. 1959-62 ൽ സൊനാഡയിൽ ബി. എ. പഠനവും 1961-1964 കാലഘട്ടത്തിൽ കോട്ടഗിരി, ഷില്ലോംഗിലെ മാവ്ലായി എന്നീ സ്ഥലങ്ങളിൽ തിയോളജി പഠനവും നടത്തി. 1965 മേയ് 24 ന് വൈദികപട്ടം സ്വീകരിച്ചു. ഷില്ലോംഗ് കത്തീഡ്രലിൽവച്ച് ബിഷപ്പ് സ്റ്റീഫൻ ഫെറാൻഡോ എസ്.ഡി.ബി.യാണ് പട്ടം നൽകിയത്.

1965-68 ൽ ഷില്ലോംഗിലെ മാവ്ലായ് സാവിയോ ജൂണിയേറ്റിൽ പ്രീഫക്ട് ഓഫ് സ്റ്റഡീസ് ആയിരുന്നു. 1969-70 ൽ ചരിത്രത്തിലും ഇംഗ്ലീഷിലും എം.എ. ബിരുദങ്ങൾ പ്രൈവറ്റായി പഠിച്ച് നേടിയെടുത്തു. 1969-71 ൽ ഷില്ലോംഗിലെ സ്റ്റീഫൻ ഹാളിൻ്റെ വാർഡനും ആൾ ഇന്ത്യാ കാത്തലിക് ഫെഡറേഷൻ്റെ ചാപ്ലിനുമായിരുന്നു. 1972-74 ഗുവാഹാട്ടിയിൽ വൈസ് പ്രൊവിൻഷ്യാലായി സേവനം അനുഷ്ഠിച്ചു. ഇക്കാലത്തുതന്നെ ഉത്തര പൂർവ്വ ദേശങ്ങളിലെ സംസ്കാരങ്ങളെക്കുറിച്ച് പ്രൈവറ്റായി പഠിക്കുകയും ആ പ്രദേശത്തിൻ്റെ നരവംശശാസ്ത്ര ഭൂപടം രൂപപ്പെടുത്തുകയും ചെയ്തു. 1975-81 ൽ ഷില്ലോംഗിലെ ഡോൺ ബോസ്കോ ടെക്നിക്കൽ സ്കൂളിൻ്റെ റെക്ടർ ആയി സേവനം അനുഷ്ഠിച്ചു. യുവജനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ട് അരുണാചൽപ്രദേശിലും ത്രിപുരയിലും വിശ്വാസം ശക്തിപ്പെടുത്തുവാൻ ശ്രമിച്ചു.

സഭയുടെയും സഭാംഗങ്ങളുടെയും ഉയർച്ചയ്ക്കുവേണ്ടി അക്ഷീണം യത്നിച്ച ഡോ. തോമസ് മേനാംപറമ്പിൽ 1981 ആഗസ്റ്റ് 2 ന് ഡിബ്രുഗാർ രൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടു. 1981 നവംബർ 21 ന് മെത്രാഭിഷേകം നടന്നു. വടക്കുകിഴക്കൻ ഇന്ത്യയിലെ ഗിരിവർഗ്ഗക്കാർക്കിടയിൽ സുവിശേഷം പ്രസംഗിക്കുന്നതിനും അവർക്ക് വിദ്യയുടെ വെളിച്ചം പകരുന്നതിനും അദ്ദേഹം നേതൃത്വം നൽകി

1985 ൽ സുവശേഷവൽക്കരണത്തിനുള്ള എഫ്.എ.ബി.സി. ഓഫീസിലെ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. 1986-92 കാലത്ത് അതേ സ്ഥാപനത്തിൻ്റെ ചെയർമാനായി നിയമിതനായി. കൊറിയ, ഫിലിപ്പീൻസ്, തായ്ലണ്ട്, സിംഗപ്പൂർ എന്നിവിടങ്ങളിൽ സമ്മേളനങ്ങൾ സംഘടിപ്പിച്ചു. ചൈന, വിയറ്റ്നാം, കമ്പോഡിയാ, ലാവോസ്, നേപ്പാൾ, മ്യാൻമാർ തുടങ്ങിയ ഏഷ്യൻ രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി. ഇതേ കാലത്തുതന്നെ സി.ബി.സി.ഐ.യുടെ വിദ്യാഭ്യാസം, സുവിശേഷവത്കരണം എന്നിവക്കു വേണ്ടിയുള്ള കമ്മീഷൻ്റെ മേൽനോട്ടം വഹിക്കുകയും ചെയ്തു. 1986 ലും 88 ലും ചെന്നയിലെ ലെയോളാ കോളേജിൽവച്ച് ഇൻ്റർ നാഷണൽ തെയ്സേ മീറ്റിംഗുകൾ സംഘടിപ്പിച്ചു.

www.malankaralibrary.com

1992 ആഗസ്റ്റ് 16 ന് ഗുവാഹട്ടി മെത്രാനായി സ്ഥലംമാറ്റം ലഭിച്ചു. 1995 ൽ മെത്രാപ്പോലീത്താ ആക്കപ്പെട്ടു. 1996 ൽ ബോഡോകളുടെയും ആദിവാസികളുടെയും ഇടയിൽ ദുരിതാശ്വാസപ്രവർത്തനങ്ങളും സമാധാനശ്രമങ്ങളും ആരംഭിച്ചു. ആദിവാസികൾ തമ്മിലുള്ള ശത്രുത അവസാനിപ്പിക്കുന്നതിന് ദേശീയതലത്തിൽതന്നെ പ്രവർത്തനം ആരംഭിച്ചു. അദ്ദേഹം ഒരു സമാധാന വക്താവായിട്ടാണ് അറിയപ്പെടുന്നത്.

1998 ൽ ഏഷ്യൻ സിനഡിന്റെ സ്പെഷ്യൽ സെക്രട്ടറിയായി ആർച്ചുബിഷപ്പ് മേനാംപറമ്പിലിനെ നിയമിച്ചു. അതേവർഷംതന്നെ വിശ്വാസപ്രചാരണ തിരുസംഘത്തിന്റെ കൺസൾട്ടർ ആയി നിയമിക്കപ്പെടുകയും ചെയ്തു. 1998 ൽ തന്നെ, സമർപ്പിത ജീവിതക്കാർക്കുവേണ്ടിയുള്ള തിരുസംഘത്തിലെ അംഗമായി. 1997-98 കുക്കി - പയിട്ടെയി സമാധാന സംഭാഷണം തുടർന്നു. പിന്നീട് കർബികളും കുൽസുകളും തമ്മിലും സമാധാന സംഭാഷണം നടത്തി. 1998 ൽ സമാധാനത്തിനുവേണ്ടിയുള്ള മാസച്ചിയോ അവാർഡ് ലഭിച്ചു. അതേവർഷംതന്നെ ഏഷ്യക്കുവേണ്ടിയുള്ള പോസ്റ്റ് സിനഡൽ കൗൺസിലിന്റെ അംഗമായി. ഇന്റർനാഷണൽ മിസ്സിയോളജിക്കൽ അസോസിയേഷന്റെയും ഇന്റർനാഷണൽ കരിസ്മാറ്റിക് കോൺഫറൻസിന്റെയും അംഗമായി, 2005 ൽ ആരാധനാക്രമത്തിന്റെയും കൂദാശകളുടെയും തിരുസംഘത്തിൽ അംഗമായി. വത്തിക്കാൻ കേന്ദ്രമായുള്ള നിരവധി കമ്മീഷനുകളിലും തിരുസംഘത്തിലും അദ്ദേഹം അംഗമാണ്.

ആർച്ച് ബിഷപ്പ് മേനാംപറമ്പിൽ അഞ്ചുഗ്രന്ഥങ്ങളും 150 ൽപരം ലേഖനങ്ങളും രചിച്ചിട്ടുണ്ട്.

Address - Arch Bishop Thomas Menamparambil SDB, Arch Bishops House, G.N.B. Road, Ambari, Guwahati, Assam - 781004

# 210
# ആന്റണി വള്ളമറ്റം



കേരള സഭയ്ക്ക് പ്രശസ്തരായ പല വൈദികരെയും കന്യാസ്ത്രീകളെയും സംഭാവന ചെയ്തിട്ടുള്ള മൂവാറ്റുപുഴക്കു സമീപമുള്ള തോട്ടക്കരയിലെ വള്ളമറ്റം കുടുംബത്തിൽ ഐപ്പ് കുര്യൻ - അന്ന ദമ്പതികളുടെ സന്താനമായി 1936 ഒക്ടോബർ 31-ന് ആന്റണി ഭൂജാതനായി. (മാതാവ് അന്ന ചക്കാമ്പുഴ ഉഴുത്തുവാൽ കുടുംബാംഗമാണ്.) ഹൈസ്കൂൾ വിദ്യാഭ്യാസാന്തരം പാലാ സെന്റ് തോമസ്, മദ്രാസ് ലയോള എന്നീ കോളേജുകളിൽ പഠിച്ച് ബി.എ. ഡിഗ്രി കരസ്ഥമാക്കി.

വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ പൊതുപ്രവർത്തനത്തിൽ

www.malankaralibrary.com

താല്പര്യം പ്രകടിപ്പിച്ച ആന്റണി കോളേജ് യൂണിയൻ ഭാരവാഹിയായും ഐക്കഫിന്റെ മദ്രാസ് റീജയണൽ പ്രസിഡണ്ടായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1959-ലെ വിമോചനസമരത്തിന് നേതൃത്വം നൽകി ജയിൽവാസമനുഭവിച്ച ആന്റണി പഞ്ചായത്തുമെമ്പർ, കേരളാകോൺഗ്രസ് ജില്ലാ പ്രസിഡണ്ട് മൂവാറ്റുപുഴ ലയൺസ്ക്ലബ്ബ് പ്രസിഡണ്ട് എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1965-ൽ ബിസിനസ്സ് രംഗത്തേയ്ക്ക് പ്രവേശിച്ച ആന്റണി ഫോറസ്റ്റ് കോൺട്രാക്ടർ, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. നിരവധി വ്യവസായ യൂണിറ്റുകൾ നടത്തുന്ന ആന്റണി നാലു വൻകിട ഫാക്ടറികളുടെ മാനേജിംഗ് ഡയറക്ടറായി ഒരേ സമയം പ്രവർത്തിച്ചിട്ടുണ്ട്.

1982 മുതൽ എ.കെ.സി.സി. കോതമംഗലം രൂപതാപ്രസിഡണ്ടായും വർക്കിംഗ് കമ്മറ്റി മെമ്പറായും ആന്റണി സേവനം അനുഷ്ഠിച്ചു. 1985 മുതൽ മൂന്നു വർഷക്കാലം എ.കെ.സി.സി. ട്രഷറർ ആയിരുന്നു. അക്കാലത്താണ് 1986ൽ പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ കേരളം സന്ദർശിച്ചത്. മാർപ്പാപ്പായുടെ ഭാരതസന്ദർശനത്തിന്റെ അജപാലനപരമായ ദൗത്യം വിശ്വാസികളെ പഠിപ്പിക്കുന്നതിലേക്കായി ഏറ്റം കൂടുതൽ കർമ്മപരിപാടികൾ ആസൂത്രണം ചെയ്തത് കത്തോലിക്കാ കോൺഗ്രസ്സ് ആയിരുന്നു. അതിനായിത്തന്നെ ഒരു ഓഫീസ് കോട്ടയത്ത് ആരംഭിച്ചു. പാപ്പായുടെ ബഹുവർണ്ണചിത്രത്തോടുകൂടിയ കലണ്ടർ ഒരുലക്ഷം കോപ്പികൾ അച്ചടിപ്പിച്ച് എല്ലാഭവനങ്ങളിലും എത്തിച്ചു. അതുപോലെതന്നെ പാപ്പായുടെ സന്ദർശനത്തിന് വിശ്വാസികളെ ഒരുക്കുന്നതിനായി കേരളത്തിലെ 200-ഓളം കേന്ദ്രങ്ങളിൽ സെമിനാറുകൾ നടത്തി. ബാലികാബാലന്മാർക്കും യുവതീയുവാക്കൾക്കുമായി പ്രസംഗ ഉപന്യാസ മത്സരങ്ങൾ സംഘടിപ്പിച്ചു. ഈ പ്രവർത്തനങ്ങളിലെല്ലാം ആന്റണിയുടെ നേതൃത്വം സജീവമായിരുന്നു.


1996-ൽ എ.കെ.സി.സി. ജനറൽ സെക്രട്ടറിയായി ആന്റണി തിരഞ്ഞെടുക്കപ്പെട്ടു. പൂവാറിലും വിഴിഞ്ഞത്തും കൊല്ലത്തിന്റെ സമീപപ്രദേശങ്ങളിലും ക്രൈസ്തവരെ മർദ്ദിച്ചപ്പോൾ അവിടെയെല്ലാം ആന്റണി ഓടിയെത്തുകയും വേണ്ട സഹായസഹകരങ്ങൾ ചെയ്യുകയും ചെയ്തു. ഹൈറേഞ്ച് മേഖലയിൽ കുടിയിറക്കുണ്ടായപ്പോഴും ഉരുൾപൊട്ടലും പേമാരിയും മുഖാന്തിരം ജനങ്ങൾ കഷ്ടപ്പെട്ടപ്പോഴും അവരുടെ സഹായത്തിനായി ആന്റണി എത്തി. 1992ൽ വൈക്കത്തിനുസമീപം സിമിററി പ്രശ്നം ഉണ്ടായപ്പോൾ എ.കെ.സി.സി. ഭാരവാഹികളോടൊപ്പം സംഭവസ്ഥലം സന്ദർശിക്കുകയും വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തു.

എ.കെ.സി.സി. ബുള്ളറ്റിൻ എഡിറ്റോറിയൽ ബോർഡ് അംഗം കോതമംഗലം രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, കോതമംഗലം രൂപതാ എഡ്യുക്കേഷൻ ബോർഡ് അംഗം എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

www.malankaralibrary.com

സഹധർമ്മിണി പാലായിൽ ഇടപ്പറമ്പിൽ കുടുംബാംഗമായ തങ്കമ്മ യാണ്.
വിലാസം: ആന്റണി വള്ളമറ്റം, ആരക്കുഴ റോഡ്– മൂവാറ്റുപുഴ

# 211



# തോമസ് ജോസഫ് എക്സ്.

## എം.എൽ.എ.

നിയമസഭാംഗം, സഹകാരി, സമുദായപ്രവർത്തകൻ എന്നീ നിലക ളിലെല്ലാം അറിയപ്പെടുന്ന തോമസ് ജോസഫ് എക്സ്.എം.എൽ.എ. 1936 നവംബർ മാസം 3–ാം തീയതി മുക്കാട്ടുകുന്നേൽ പുത്തൻപുരയ്ക്കൽ ശ്രീ. പി.എം. ജോസഫിന്റെയും ശ്രീമതി മറിയാമ്മ ജോസഫിന്റെയും മകനായി കുറുമ്പനാടത്ത് ജനിച്ചു. പ്രൈമറിസ്കൂൾ വിദ്യാഭ്യാസം കുറുമ്പനാടം സെന്റ് ആന്റണീസ് എൽ.പി. സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം കുറു മ്പനാടം സെന്റ് പീറ്റേഴ്സ് ഹൈസ്കൂളിലും പൂർത്തിയാക്കി. തുടർന്ന് ചങ്ങ നാശ്ശേരി എസ്സ്. ബി. കോളേജിൽ ചേർന്ന് 1961 ൽ ബി.എസ്സ്.സി. ഡിഗ്രിയും 1963 ൽ മാന്നാനം സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജിൽ നിന്ന് ബി.എ ഡ്. ഡിഗ്രിയും കരസ്ഥമാക്കി.

കുറുമ്പനാടം സെന്റ് പീറ്റേഴ്സ് ഹൈസ്കൂളിൽ 1961 ൽ അദ്ധ്യാപക ജോലിയിൽ പ്രവേശിച്ചു. ഒരു വർഷത്തെ അദ്ധ്യാപകജോലിക്കുശേഷമാണ് ബി.എഡ്. ഡിഗ്രിക്ക് പോയത്. 1963 ൽ കട്ടപ്പന സെന്റ് ജോർജ്ജ് ഹൈസ്കൂ ളിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. 1988 വരെ ആ സേവനം തുടർന്നു. പിന്നീട് രണ്ടുവർഷം വലിയതോവാള ക്രൈസ്റ്റ് രാജ് ഹൈസ്കൂ ളിലും 1990 മുതൽ 1992 വരെ കട്ടപ്പന സെന്റ്ജോർജ്ജ് ഹൈസ്കൂളിലും പ്രഥമാദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു.

അദ്ധ്യാപകജോലിയിൽ ഏർപ്പെട്ടിരിക്കെതന്നെ രാഷ്ട്രീയ, സാമുദാ യിക സഹകരണമേഖലകളിലും സ്വന്തമായ വ്യക്തിമുദ്രപതിപ്പിച്ച് പ്രവർത്തി ക്കുവാൻ തോമസ് ജോസഫിന് സാധിച്ചു.

16–ാമത്തെ വയസ്സിൽ കുറുമ്പനാടം ഹൈസ്കൂളിൽ ചെറുപുഷ്പമിഷൻ ലീഗീൽ അംഗമായിചേർന്ന് പൊതുരംഗത്ത് പ്രവർത്തനം ആരംഭിച്ചു. 1958 മുതൽ കുറുമ്പനാടം ഇടവകയിലെ സൊഡാലിറ്റിയിലും ലീജയണൽ ഓഫ് മേരിയിലും അംഗമായി പ്രവർത്തിക്കുകയും ലീജയൻ ഓഫ് മേരിയുടെ ഇടവ കയിലെ സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തു. 1958 മുതൽ മതാ

www.malankaralibrary.com

ദ്ധ്യാപനക്ലാസുകളിൽ പഠിപ്പിച്ചിരുന്നു അതോടൊപ്പം സെർവെന്റ്സ് ഓഫ് സെന്റ് തോമസ് സൊസൈറ്റിയുടെ അംഗമായും 1960 മുതൽ 1962 വരെ ആ സംഘടനയുടെ സെക്രട്ടറിയായും അദ്ദേഹം സേവനം അനുഷ്ഠിച്ചു.

മതാദ്ധ്യാപകൻ എന്ന നിലയിൽ വിലപ്പെട്ട സേവനങ്ങളാണ് അദ്ദേഹം കാഴ്ചവച്ചിട്ടുള്ളത്. അക്കാലത്ത് പലനാടകങ്ങളിലും അഭിനയിക്കുകയും ചിലനാടകങ്ങൾ സംവിധാനം ചെയ്തു അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1955 മുതൽ 1960 വരെ കുറുമ്പനാടം വൈ.എ.എ.യുടെ പ്രസിഡണ്ടായി പ്രവർത്തിച്ചു. ബഹു. ഹിപ്പോളിറ്റസ് കുന്നങ്കലച്ചന്റെ നിർദ്ദേശാനുസരണം (ഇപ്പോൾ ബിഷപ്പ്) സത്യാരാധനാസംഘടനയിൽ പ്രവർത്തിക്കുകയും വിവിധ സ്ഥലങ്ങളിൽ ബൈബിൾ ക്ലാസുകൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ബഹു.മാത്യു നടയ്ക്കലച്ചനോടൊപ്പം വേദപാഠ അദ്ധ്യാപകസെമിനാറുകളിൽ പങ്കെടുത്തിട്ടുണ്ട്.

ഭക്തസംഘടനകളിലെ പ്രവർത്തനങ്ങളോടൊപ്പം രാഷ്ട്രീയ പ്രവർത്തനത്തിലും അദ്ദേഹം സജീവമായ ഭാഗഭാഗിത്വം വഹിച്ചിട്ടുണ്ട്. 1957 ൽ കേരളത്തിൽ അധികാരമേറ്റെടുത്ത കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ വിദ്യാഭ്യാസ പദ്ധതിക്കെതിരെയും, കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ അധികാരത്തിന്റെ കൊടുമുടിയിൽനിന്നും താഴെയിറക്കുവാൻ നടത്തിയ വിമോചനസമരത്തിലും തോമസ് ജോസഫ് സജീവ നേതൃത്വം നൽകുകയുണ്ടായി. വിമോചനസമരകാലത്ത് ചങ്ങനാശ്ശേരിയിൽനടന്ന വെടിവയ്പിൽ മുൻനിരയിലുണ്ടായിരുന്നുവെങ്കിലും വെടിയേൽക്കാതെ രക്ഷപെട്ടു. കുറുമ്പനാടത്തെ ക്രിസ്റ്റഫർ സംഘടനയുടെ വിംഗ് കമാണ്ടറുമായിരുന്നു. 1963 ലെ പഞ്ചായത്ത് ഇലക്ഷനിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥികളുടെ വിജയത്തിനായി അക്ഷീണം പരിശ്രമിച്ചു.

കട്ടപ്പന സ്കൂളിൽ അദ്ധ്യാപകനായി സേവനം ആരംഭിച്ച് നാലു വർഷം കഴിഞ്ഞപ്പോൾ 1967 മുതൽ കട്ടപ്പനയിൽ സ്ഥിരതാമസമായി. അതേ വർഷം ഇളങ്ങുളം ചെരിപുറത്ത് സി.എം. മേരിക്കുട്ടിയെ വിവാഹം കഴിച്ചു. മേരിക്കുട്ടി കട്ടപ്പന സെന്റ് ജോർജ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലായി റിട്ടയർ ചെയ്തു.

തോമസ് ജോസഫ് കട്ടപ്പനയിൽ സ്ഥിരതാമസമാക്കിയതിനുശേഷം കട്ടപ്പന ഇടവകയിലെ ഭക്തസംഘടനകളിലും സാമൂഹ്യ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്ത് പ്രവർത്തിച്ചു. കട്ടപ്പന ഇടവകയിലെ സെന്റ് വിൻസെന്റ് ഡിപോൾ സൈസൈറ്റിയിൽ അംഗമായും 1973 മുതൽ 1975 വരെ വിൻസന്റ് ഡിപോൾ സൊസൈറ്റി കട്ടപ്പന പാർട്ടിക്കുലർ കൗൺസിൽ പ്രസിഡണ്ടായും പ്രവർത്തിച്ചു. സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പാവങ്ങൾക്കുവേണ്ടിയുള്ള ഭവനനിർമ്മാണ പദ്ധതിക്കും നേതൃത്വം നൽകി. നിരവധി വീടുകൾ പാവപ്പെട്ടവർക്ക് വച്ചുകൊടുക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

www.malankaralibrary.com

കേരളാ കോൺഗ്രസ്സിന്റെ സ്ഥാപനം മുതൽ പ്രസ്തുത സംഘടനക്കു വേണ്ടി പ്രവർത്തിച്ചു. കട്ടപ്പന കേരളാകോൺഗ്രസ്സ് മണ്ഡലം പ്രസിഡണ്ട് ഉടമ്പൻചോല നിയോജകമണ്ഡലം വൈസ്പ്രസിഡണ്ട്, കേരളാ കോൺഗ്രസ്സ് ഉടുമ്പൻചോല നിയോജകമണ്ഡലം പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം 1973 മുതൽ കേരളാ കോൺഗ്രസ്സ് സ്റ്റേറ്റ് എക്സിക്യൂട്ടീവ് മെമ്പറായി. 1977 ലും 1980 ലും നടന്ന തിരഞ്ഞെടുപ്പിൽ ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽനിന്നും കേരളനിയമസഭയിലേക്ക് മത്സരിച്ച് ജയിച്ചു. 1982–ൽ മത്സരരംഗത്തുനിന്നും പിന്മാറി. 1983 മുതൽ 1987 വരെ കേരളാ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ ചെയർമാനായിരുന്നു. 1981 മുതൽ 1995 വരെ കേരളാ കോൺഗ്രസ്സ് ഇടുക്കിജില്ലാപ്രസിഡണ്ട് പദവി വഹിച്ചു. 1995 മുതൽ കേരളാകോൺ (എം) സംസ്ഥാന ട്രഷററായി പ്രവർത്തിക്കുന്നു.

പ്രമുഖസഹകാരിയായ തോമസ് ജോസഫ് 1975 മുതൽ കട്ടപ്പന സർവ്വീസ് സഹകരണബാങ്ക് ഡയറക്ടർ ബോർഡിൽ അംഗമായിരുന്നു. 1981 മുതൽ 1984 വരെ കട്ടപ്പന സർവ്വീസ് സഹകരണബാങ്ക് പ്രസിഡണ്ടുമായിരുന്നു. 1984 മുതൽ 1996 വരെ കട്ടപ്പന പ്രിന്റിംഗ് സൊസൈറ്റിയുടെ ബോർഡുമെമ്പറായും 1979 മുതൽ 1982 വരെ ഉടുമ്പൻചോല കോ–ഓപ്പറേറ്റീവ് സർക്കിൾ യൂണിയൻ മെമ്പറായും 1980 മുതൽ 1984 വരെ ഇടുക്കിജില്ലാ കോ–ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ ബോർഡുമെമ്പറായും 1994 മുതൽ 1998 വരെ സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്ക് ബോർഡുമെമ്പറായും അദ്ദേഹം സേവനം അനുഷ്ഠിച്ചു. 1988 മുതൽ 1995 വരെ കട്ടപ്പന പഞ്ചായത്ത് പ്രസിഡണ്ടായും പ്രവർത്തിച്ചു.

1975 മുതൽ കട്ടപ്പന സെന്റ് ജോർജ്ജ് ദേവാലയത്തിലെ പാരീഷ്കൗൺസിൽ മെമ്പറായും 2002 മുതൽ 2005 വരെ കാഞ്ഞിരപ്പള്ളി രൂപതാ പാസ്റ്ററൽ കൗൺസിൽ മെമ്പറായും പ്രവർത്തിച്ച തോമസ് ജോസഫ്, പാസ്റ്ററൽ കൗൺസിൽ ഫൈനാൻസ് കമ്മീഷനിലും കൾച്ചറൽ കമ്മീഷനിലും അംഗമായിരുന്നു. 2004 ൽ നടന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലും അദ്ദേഹം പങ്കെടുത്തു.

2001 മുതൽ കട്ടപ്പന സീനീയർ സിറ്റിസൺസ് ഫോറം പ്രസിഡണ്ടായും 2004 മുതൽ ഫെഡറേഷൻ ഓഫ് സീനിയർ സിറ്റിസൺസ് ഫോറത്തിന്റെ ഇടുക്കിജില്ലാപ്രസിഡണ്ടായും പ്രവർത്തിച്ചുവരുന്നു. രാഷ്ട്രീയ സാമൂഹ്യ സാമുദായിക പ്രവർത്തനങ്ങളോടൊപ്പം കൃഷികാര്യങ്ങളിലും അദ്ദേഹം ശ്രദ്ധാലുവാണ്. പ്രധാനകൃഷി ഏലമാണ്. കുരുമുളകും, കാപ്പിയും, വാനിലയും കൃഷി ചെയ്യുന്നുണ്ട്.

വിലാസം – ശ്രീ. തോമസ് ജോസഫ് എക്സ്.എം.എൽ.എ.
മുക്കാട്ടുകുന്നേൽ
കട്ടപ്പന പി.ഒ.
ഇടുക്കിജില്ല.

www.malankaralibrary.com

# 212

# റവ.ഡോ. വിക്ടർ ഇസഡ് നരിവേലി



ദീപികയുടെ ചരിത്രത്തിലെ അവിസ്മരണീയദിനമാണ് 1986 ഫെബ്രുവരി എട്ട്. അന്നാണ് കോട്ടയം നാഗമ്പടം മൈതാനിയിൽ തിങ്ങിക്കൂടിയ ജനലക്ഷങ്ങളെ സാക്ഷിനിർത്തിക്കൊണ്ട് എൺപതുകോടി കത്തോലിക്കരുടെ ദൃശ്യതലവനായ ജോൺപോൾ രണ്ടാമൻ മാർപാപ്പ മലയാളത്തിലെ പ്രഥമദിനപ്പത്രമായ ദീപികയുടെ ശതാബ്ദിയാഘോഷങ്ങൾ ഉൽഘാടനം ചെയ്തത്. ഒരുവർഷം നീണ്ടുനിന്ന ശതാബ്ദിയാഘോഷത്തിന്റെ സമാപനം 1987 മേയ് ഒന്നാംതീയതി കേരളഗവർണ്ണർ ശ്രീ.പി. രാമചന്ദ്രന്റെ അദ്ധ്യക്ഷതയിൽ കോട്ടയത്ത് നാഗമ്പടം മൈതാനിയിൽ ചേർന്ന മഹാസമ്മേളനത്തിൽ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. രാജീവ്ഗാന്ധി നടത്തിയ ശതാബ്ദി പ്രസംഗത്തോടെ സമാപിച്ചു. ശതാബ്ദിയാഘോഷത്തിന്റെ ഉൽഘാടനവും സമാപനവും എല്ലാ അർത്ഥത്തിലും വൻവിജയമായിരുന്നു. ഉൽഘാടനസമ്മേളനത്തിൽ ലക്ഷക്കണക്കിനാളുകളാണ് പങ്കെടത്തത്. ഒരു നൂറ്റാണ്ട് മുൻപ് കൊളുത്തപ്പെട്ട പ്രകാശനാളമായ ദീപികയുടെ നിരന്തരവും നിസ്തുലവുമായ സേവനങ്ങളെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് ദീപികയുടെ ശതാബ്ദി ദീപനാളങ്ങൾ പരിശുദ്ധപിതാവ് തെളിയിച്ചപ്പോൾ ദീപികയുടെ സമുജ്ജ്വലമായ ചരിത്രത്തിലെ ഏറ്റവും ജാജ്ജ്വല്യമാനമായ നിമിഷമായി അതുമാറി. പുണ്യചരിതരായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും അൽഫോൻസാമ്മയേയും വാഴ്ത്തപ്പെട്ടവരെന്ന് പ്രഖ്യാപിച്ച അതേവേദിയിൽവച്ച് ദീപികയെ ശതാബ്ദി വർഷത്തിലേക്ക് പരിശുദ്ധപിതാവ് കൈപിടിച്ച് കടത്തിയത് ദീപികയുടെ അമൂല്യമായ സേവനങ്ങൾക്ക് തിരുമേനി നൽകിയ അംഗീകാരവും ആശീർവാദവുമായിരുന്നു. ജോൺപോൾ രണ്ടാമൻ മാർപാപ്പായാൽ പ്രശംസിക്കപ്പെടുവാനും ആശീർവദിക്കപ്പെടുവാനും അസുലഭമായ ഭാഗ്യം ദീപികക്ക് ലഭിക്കുകയുണ്ടായി.

ജനകോടികളുടെ ആരാദ്ധ്യനായ, യുവത്വത്തിന്റെ പ്രതീകമായ ഇന്ത്യൻ പ്രധാനമന്ത്രി രാജീവ്ഗാന്ധിയായിരുന്നു, സമാപനസമ്മേളനത്തിലെ മുഖ്യാതിഥി. ഒരു വർഷത്തിലധികംകാലം നീണ്ടുനിന്ന ദീപികയുടെ ശതാബ്ദിയാഘോഷങ്ങൾക്ക് മുഖ്യനേതൃത്വംവഹിച്ചത് ദീപികയുടെ ചീഫ് എഡിറ്ററും മാനേജിംഗ് എഡിറ്ററുമായിരുന്ന റവ.ഡോ.വിക്ടർ ഇസഡ് നരിവേലിയായിരുന്നു. റവ.ഡോ. വിക്ടർനരിവേലിയുടെ സംഘടനാപ്രവർത്തനത്തിന്റെയും സംഘാടകവൈഭവത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും അർപ്പണബോധത്തിന്റെയും മികച്ചതെളിവായിരുന്നു ദീപികയുടെ ശതാബ്ദിയാഘോഷം. എപ്പോഴും പുഞ്ചിരിയുമായി ജനങ്ങളെ സമീപിക്കുന്ന വിക്ടറ

www.malankaralibrary.com

ച്ചൻ എല്ലാവരെയും സഹകരിപ്പിച്ചുകൊണ്ട് ആഘോഷപരിപാടിയിൽ വിജയിപ്പിക്കുകയുണ്ടായി.

ഒന്നരദശാബ്ദക്കാലം ദീപികപത്രത്തെ വിജയകരമായ നയിച്ച റവ. ഡോ. വിക്ടർ ഇസഡ് നരിവേലി, പാലാ രൂപതയിലെ കൊഴുവനാൽ ഇടവകയിൽ 1936 ഡിസംബർ 17ന് ജനിച്ചു. മുത്തോലി സെന്റ് ജോസഫ്സ് പ്രൈമറിസ്കൂളിലും സെന്റ് ആന്റണീസ് ഹൈസ്കൂളിലുമായിരുന്നു വിദ്യാഭ്യാസം. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം സി.എം.ഐ. സഭയിൽ ചേർന്നു. 1957 മെയ് 16ന് വ്രതവാഗ്ദാനം നടത്തി. പൂനായിലെ പൊന്തിഫിക്കൽ അത്തേനിയത്തിൽനിന്ന് 1961 ൽ എൽ.പി.എച്ച്. ഡിഗ്രിയും 1965ൽ എൽ.റ്റി. എച്ച്. ഡിഗ്രിയും കരസ്ഥമാക്കി. 1964 ഏപ്രിൽ 6–ാം തീയതി ബോംബെദിവ്യകാരുണ്യകോൺഗ്രസ്സിൽവച്ച് വൈദികപട്ടം സ്വീകരിച്ചു.

ഉപരിപഠനാർത്ഥം അമേരിക്കയിലേക്ക്പോയ വിക്ടറച്ചൻ ചിക്കാഗോയിലെ ലയോളായൂണിവേഴ്സിറ്റിയിൽനിന്നും പൊളിറ്റിക്കൽ സയൻസിൽ എം. എ. ഡിഗ്രി (1968) കരസ്ഥമാക്കി. ഉർബാനായിലെ ഇല്ലിനോയിസ് യൂണിവേഴ്സിറ്റിയിൽനിന്നു ജേർണലിസത്തിൽ എം.എസ്സ്. ഡിഗ്രി (1969) യും നേടി. തുടർന്ന് ദീപികയിൽ ചീഫ് എഡിറ്ററായി നിയമിതനായി. 1970–74 കാലഘട്ടങ്ങളിൽ രാഷ്ട്രീയമായുംമറ്റും നേരിട്ട വെല്ലുവിളികളെ ഫലപ്രദമായി നേരിടാൻ ദീപികക്ക് കരുത്തുണ്ടാക്കന്നതിൽ ഫാ. വിക്ടർ നിർണ്ണായകമായ പങ്കുവഹിക്കുകയുണ്ടായി. ദീപികയിലെ നാലുവർഷത്തെ സേവനത്തിനുശേഷം അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിറ്റിയിൽ പൊളിറ്റിക്കൽ സയൻസിൽ ഡോക്ടറേറ്റ് നേടുന്നതിനായി പോയി. 1978 ൽ ഡോക്ടറേറ്റ്നേടി കേരളത്തിൽ തിരിച്ചെത്തി. 1978 ഓഗസ്റ്റ് 14ന് വിക്ടറച്ചൻ ദീപികയുടെ ചീഫ് എഡിറ്ററായി വീണ്ടും ചാർജ്ജെടുത്തു. അതേവർഷം നവംബർ 30–ാം തീയതി മാനേജിംഗ് എഡിറ്ററായിരുന്ന റവ.ഫാ.കൊളംബിയോർ സി.എം.ഐ. ദീപികയിൽനിന്നും വിരമിച്ചു. തുടർന്ന് വിക്ടറച്ചൻ മാനേജിംഗ് എഡിറ്ററുമായി ചുമതലയേറ്റു. 1978 മുതൽ 1988 വരെ ആസ്ഥാനത്തു തുടർന്നു. ഈ കാലഘട്ടം ദീപികയുടെ വളർച്ചയിൽ നിർണ്ണായകഘട്ടമായിരുന്നു.

1982 ൽ ജനുവരിയിൽ ദീപിക ഓഫ്സെറ്റ് പ്രസ്സിൽ അച്ചടി ആരംഭിച്ച് (വെബ് ലീഡർ ഓഫ് സെറ്റ്പ്രസ്സ്, കളർസാറ്റലൈറ്റ് യൂണിറ്റ് സഹിതം) 1985 ജനുവരിയിൽ ദീപിക ഫോട്ടോ ടൈപ്പ് സെറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തി. ദീപികയുടെ വളർച്ചയിൽ ഈ സംവിധാനങ്ങൾ നിർണ്ണായകമായ പങ്കുവഹിച്ചു. ഇതിനിടയിൽ ദീപിക തൃശൂർ എഡീഷൻ തൊഴിൽ സമരത്തെ തുടർന്ന് പൂട്ടുകയുണ്ടായി. അത് വീണ്ടും പ്രവർത്തിപ്പിക്കുന്നതിനും അച്ചൻ മുൻകൈയെടുത്തു.

ഇന്ത്യൻ കാത്തലിക് പ്രസ്സ് അസോസിയേഷൻ സെക്രട്ടറിയായി വിക്ടറച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. അതേസമയം അന്തർദേശീയ കാത്തലിക് പ്രസ്സ്

www.malankaralibrary.com

യൂണിയന്റെ എക്സിക്യൂട്ടീവ് കമ്മറ്റി മെമ്പർ, ഐ.എൻ.എസ്സ്. എക്സിക്യൂട്ടീവ് കമ്മറ്റി മെമ്പർ, ഐ.എൻ.എസ്സ്. കേരള റീജയണൽ കമ്മറ്റി ചെയർമാൻ, കേരളയൂണിവേഴ്സിറ്റി സെനറ്റ് മെമ്പർ, അക്കാഡമിക് കൗൺസിൽ മെമ്പർ, ഫാക്കൽറ്റി ഓഫ് ആർട്ട് മെമ്പർ എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പത്രപ്രവർത്തനരംഗത്തുനിന്നും വിരമിച്ച വിക്ടറച്ചൻ ബാംഗ്ലൂരിലെ ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ ഫിലോസഫി പ്രൊഫസ്സറായും തിയോളജി മാസ്റ്ററായും നിയമിതനായി. 1988 മുതൽ 89 വരെ ആ സ്ഥാനത്തു തുടർന്നു. 1990 ൽ വീണ്ടും ദീപികയിലേക്കുതന്നെ വിക്ടറച്ചൻ മടങ്ങിയെത്തുകയും ചീഫ് എഡിറ്ററായി സ്ഥാനമേൽക്കുകയും ചെയ്തു. രണ്ടുവർഷക്കാലം ആ സേവനം തുടർന്നു. 1992 മുതൽ 1997 വരെ വീണ്ടും ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ പ്രൊഫസറായി പ്രവർത്തിച്ചു.


1997 ൽ അമേരിക്കയിലെ ഫ്ളോറിഡായിൽ സേക്രട്ട് ഹാർട്ട് ചർച്ചിൽ (Jackson Ville) അസോസിയേറ്റ് പാസ്റ്റർ ആയി നിയമിതനായി. സെന്റ് അഗസ്റ്റിൻ രൂപതയിൽ വൈദിക സമിതി മെമ്പറായും കോളേജ് ഉപദേശകസമിതിയംഗമായും ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

നിർണ്ണായക ഘട്ടങ്ങളിൽ അടിപതറാതെ ദീപികയെ ധീരമായി നയിച്ച വിക്ടറച്ചൻ അമേരിക്കൻ സാമൂഹ്യജീവിതത്തിൽ ഒരു നിർണ്ണായകശക്തിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

Address - Rev. Dr. Victor Z. Nariveli CMI, 5752 Blending BLUD, Jackson ville,
Fl.32244, USA

# 213

# ഷെവ: ജോയി ജോസഫ് കൊടിയന്തറ



മാതൃകാപരമായ പൊതു ജീവിതംകൊണ്ട് ജനഹൃദയങ്ങളിൽ ശാശ്വതപ്രതിഷ്ഠ നേടിയ പ്രമുഖ അഭിഭാഷകനും, സാമൂഹ്യപ്രവർത്തകനും, സമുദായ സ്നേഹിയും, സംഘാടകനുമായ ഷെവ: ജോയി ജോസഫ്, കുമരകത്ത് കൊടിയന്തറ കുടുംബത്തിൽ സബ്രജിസ്ട്രാറായിരുന്ന കെ.യു. ജോസഫിന്റെയും ശ്രീമതി അന്നമ്മ ജോസഫിന്റെയും മകനായി 1937-ാം മാണ്ട് ജനുവരി 14-ാം തീയതി ജനിച്ചു. കുമരകം ഗവൺമെന്റ് ഹൈസ്ക്കൂളിലായിരുന്നു സ്ക്കൂൾ വിദ്യാഭ്യാസം. തുടർന്ന് തൃശ്ശിനാപ്പള്ളി സെന്റ്

www.malankaralibrary.com

ജോസഫ് കോളേജിൽ ചേർന്ന് ബിരുദം നേടി. എറണാകുളം ലോ കോളേജിൽ ചേർന്ന് നിയമബിരുദം സമ്പാദിച്ചു. 1921-ൽ അഭിഭാഷകവൃത്തിയിൽ പ്രവേശിച്ചു. അന്നത്തെ പ്രമുഖ അഭിഭാഷകനായ ബാരിസ്റ്റർ തോമസ് വെള്ളാപ്പള്ളിയുടെ ജൂണിയറായിട്ടാണ് അഭിഭാഷക ജോലിയിൽ തുടക്കം കുറിച്ചത്.

തെക്കേ ഇന്ത്യയിലെ എണ്ണപ്പെട്ട അഡ്വക്കേറ്റ് സ്ഥാപനങ്ങളായ ജോസഫ് ആൻഡ് മർക്കോസ്, ജോസഫ് ആൻഡ് കുര്യൻ എന്നിവയുടെ സീനിയർ പങ്കാളിയാണ് അഡ്വ. ജോയി ജോസഫ്. പ്രത്യക്ഷ നികുതി ഉപദേശക സമിതിയംഗം, പ്ലാന്റേഴ്സ് അസ്സോസിയേഷൻ കേരളഘടകത്തിന്റെ ഭരണസമിതിയംഗം, എന്നീ നിലകളിൽ ദീർഘകാലമായി പ്രവർത്തിക്കുന്ന ജോയി ജോസഫ്, ഉഴവൂർ സെന്റ് സ്റ്റീഫൻ കോളേജിന്റെയും കോട്ടയം ബി.സി.എം.കോളേജിന്റെയും ഭരണസമിതിയംഗമാണ്. കോട്ടയം രൂപതയുടെ നിയമോപദേഷ്ടാവ് കൂടിയായ ജോയി ജോസഫ്, കോട്ടയം കേന്ദ്രമായി പ്രവർത്തിക്കുന്ന കാത്തലിക് അസോസിയേഷന്റെ പ്രസിഡന്റുകൂടിയാണ്. കെ.സി.ബി.സി.യും സീറോ-മലബാർ സിനഡും നിയമപരമായ കാര്യങ്ങൾക്കുവേണ്ടി രൂപീകരിക്കുന്ന പലസമിതികളിലും അദ്ദേഹം അംഗമാണ്. സീറോ-മലബാർ സഭാസിനഡിൽ അസംബ്ലിയിൽ കോട്ടയം രൂപതയെ പ്രതിനിധീകരിച്ച് അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. ന്യൂനപക്ഷാവകാശസംരക്ഷണത്തിനായി വിവിധ ക്രൈസ്തവസഭകൾ ചേർന്ന് നടത്തിയിട്ടുള്ള പല പ്രക്ഷോഭണങ്ങൾക്കും നിയമപരമായ ഉപദേശം നൽകുന്നതിനും പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നതിനും അദ്ദേഹം എന്നും മുൻപന്തിയിലുണ്ട്. സ്വകാര്യസ്വാശ്രയകോളേജിന്റെ പ്രവർത്തനങ്ങളെ തടസപ്പെടുത്തുന്നതിനായി സർക്കാർ കോടതി വിധികളെപ്പോലും അവഗണിച്ച് പ്രവർത്തിച്ചപ്പോൾ അതിനെതിരായി ക്രൈസ്തവ വിദ്യാഭ്യാസ അവകാശസംരക്ഷണ സമതി പ്രത്യക്ഷനടപടികൾ സ്വീകരിച്ചപ്പോൾ അതിന്റെ മുൻപന്തിയിൽ ജോയി ജോസഫ് കൊടിയന്തറയുമുണ്ടായിരുന്നു. കേരളാഗവർണ്ണർക്കും കേന്ദ്രഗവൺമെന്റിനും നിവേദനം നൽകാൻ ചുമതലപ്പെടുത്തിയ കമ്മറ്റികളിലും അദ്ദേഹം അംഗമായിരുന്നു. വിദ്യാഭ്യാസ അവകാശസംരക്ഷണ സമിതി വിളിച്ചുകൂട്ടിയ ന്യൂനപക്ഷാവകാശസംരക്ഷണ കൺവെൻഷനിൽ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ വിശദീകരിച്ച് സംസാരിച്ചതും അദ്ദേഹമായിരുന്നു.

ഏഷ്യയിലെതന്നെ വലിയ തേയില കമ്പനികളിൽ ഒന്നാണ് കണ്ണൻദേവൻ കമ്പനി. റ്റാറ്റായ്ക്കു പങ്കാളിത്തമുള്ള കണ്ണൻദേവൻ ഹിൽ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ചെയർമാനായി 2005 ഏപ്രിൽ മുതൽ അഡ്വ. ജോയി ജോസഫ് പ്രവർത്തിച്ചുവരുന്നു. മദർ തെരേസായുടെ മിഷനറീസ് ഓഫ് ചാരിറ്റീസ് കോട്ടയത്ത് നല്ല രീതിയിൽ നടത്തിപ്പോരുന്ന ഹോം ഫോർ ഡൈയിംഗ് ഡെസ്റ്റിട്ട്യൂറ്റ്സ് എന്ന സ്ഥാപനം തുടങ്ങുവാൻ മുൻകൈയെടുത്തത് ഇദ്ദേഹമാണ്. കോട്ടയം റോട്ടറിക്ലബ്ബ് പ്രസിഡന്റ് എന്ന നിലയി

www.malankaralibrary.com

ലാണ് (1973-74) ഇതിനുവേണ്ടി അദ്ദേഹം പ്രവർത്തിച്ചത്.

സഭയ്ക്കും സമൂഹത്തിനും രാഷ്ട്രത്തിനും വിലപ്പെട്ട സേവനങ്ങൾ നൽകിയ അഡ്വ. ജോയി ജോസഫ് കൊടിയന്തറക്ക് പല ബഹുമതികളും നൽകിയിട്ടുണ്ട്. സഭാസേവനത്തിനുള്ള അംഗീകാരമായി 2002-മാർച്ച് 9-ാം തീയതി Knight of the order of saint gregory the great എന്ന പദവിയിൽ ഷെവലിയർ സ്ഥാനം നൽകി മാർപാപ്പാ ജോൺപോൾ രണ്ടാമൻ തിരുമേനി ഇദ്ദേഹത്തെ ആദരിക്കുകയുണ്ടായി.

ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കുക, മനസ്സാക്ഷിക്കെതിരെ പ്രവർത്തിക്കാതിരിക്കുക, ഒരുമനുഷ്യനെയും അറിഞ്ഞുകൊണ്ട് വേദനിപ്പിക്കാതെയിരിക്കുക, എന്നിവയാണ് ഷെവ. ജോയി ജേസഫിന്റെ ജീവിതവേദാന്തം. കഠിനാദ്ധ്വാനവും വിനയവും ഒരുമിച്ചുകൊണ്ടപോയാൽ ജിവിതവിജയം നേടാമെന്നതാണ് ഷെവലിയർ ജോയി ജോസഫ് സമൂഹത്തിനു നൽകുന്ന സന്ദേശം.

ഏറ്റുമാനൂർ എം. എൽ .എ. ആയിരുന്ന ശ്രീ ജെയിംസ് തറയിലിന്റെ മകൾ ശ്രീമതി ലളിതയാണ് ഭാര്യ

Address - Chev. Joy Joseph Kodiyanthara, Joseph & Markos, Advocates, P.B. No.86, Kottayam.

# 214



# ബിഷപ്പ് ഡോ. ജോസഫ് പതാലിൽ

ആദിവാസികളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രവർത്തിച്ച ഉദയപ്പൂർ രൂപതാ അദ്ധ്യക്ഷനായ ഡോ. ജോസഫ് പാതാലിൽ നെടുങ്കന്നത്ത് 1937 ജനുവരി 26 -ന് ജനിച്ചു. പാതാലിൽ കുടുംബം പകലോമറ്റം കുടുംബ ശാഖയിൽ പെട്ടതാണ്. പതാലിൽ സ്കറിയാ ആണ് പിതാവ്. വെരൂർ കടത്തോട്ട് ഏലിയാമ്മ മാതാവും.

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ മിഷനറി ആകണമെന്ന ആഗ്രഹത്തോടു കൂടിയാണ് വളർന്നു വന്നത്. നെടുംങ്കുന്നത്തു നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോസഫ് അജ്മീർ മിഷനിൽ വൈദികാർത്ഥിയായി ചേർന്നു. 1963 സെപ്റ്റമ്പർ 21-ന് പൗരോഹിത്യ പദവിയിലേക്കുയർത്തപ്പെട്ടു. രാജസ്ഥാനിലെ ഉൾനാടൻ മിഷൻ മേഖലയായ മാസ്ക-മഹൂഡിയായിരുന്നു ആദ്യ സേവന രംഗം. മൂന്നു വർഷക്കാലം മാസ്ക -മഹൂഡിയായിൽ സേവനം അനുഷ്ഠിച്ചു. ആദിവാസികളോടുള്ള സമീപ

www.malankaralibrary.com

നവും അവരുടെ ഉന്നതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളും എല്ലാവരുടെയും ശ്രദ്ധയാകർഷിച്ചു. തുടർന്ന് ഒരു മിഷൻ കേന്ദ്രത്തിന്റെ സ്വതന്ത്ര ചുമതല ജോസഫച്ചനെ ഏൽപ്പിച്ചു. അമ്പപ്പാട മഷൻ കേന്ദ്രത്തിൽ 6 വർഷവും ദുംഗർപൂരിൽ പന്ത്രണ്ടു വർഷവും പ്രവർത്തിച്ചു. ഈ രണ്ടു കേന്ദ്രങ്ങളിലും ആദിവാസികളുടെ ഉന്നതി ലക്ഷ്യമാക്കിയാണ് പ്രവർത്തിച്ചത്. ആദിവാസി കുട്ടികളിൽ വിദ്യാഭ്യാസത്തിന് താല്പര്യം ജനിപ്പിക്കുവാൻ ശ്രമിച്ചു. വീട്ടിൽ നിന്നും വളരെയകലെയുള്ള സ്കൂളുകളിൽ പോയി പഠനം നടത്തുവാൻ പലരും അത്ര താല്പര്യം കാണിച്ചിരുന്നില്ല. ആ വസ്തുത മനസ്സിലാക്കി കൊണ്ട് ആദിവാസി കുട്ടികൾക്കു വേണ്ടി ബോർഡിംഗ് സ്കൂൾ ആരംഭി ക്കുകയുണ്ടായി. വളരെയധികം കുട്ടികളെ വിദ്യാലയത്തിലേക്ക് ആകർഷി ക്കുവാൻ ഈ ബോർഡിംഗ് സ്കൂൾ ഉപകരിച്ചു.

മിഷനറി എന്ന നിലയിൽ ജോസഫച്ചൻ ചെയ്ത സേവനങ്ങൾ എല്ലാ വരുടെയും പ്രശംസക്ക് അർഹമായി. മേൽപറഞ്ഞ രണ്ടു കേന്ദ്രങ്ങളിലും നൂറു കണക്കിനാളുകൾ കത്തോലിക്കാ വിശ്വാസം സ്വീകരിക്കുന്നതിനുള്ള സാക്ഷ്യം വഹിക്കാൻ അദ്ദേഹത്തിന് ഭാഗ്യമുണ്ടായി. മിഷൻ രംഗത്തെ 21 വർഷക്കാലത്തെ സേവനത്തിനു ശേഷം പുതിയ ചുമതല അദ്ദേഹത്തെ ഏല്പിക്കുവാനാണ് റോം തീരുമാനിച്ചത്. 1984 അജ്മീർ-ജയ്പൂർ രൂപത വിഭജിച്ച് ഉദയപ്പൂർ രൂപത സ്ഥാപിച്ചു. ആ പുതിയ രൂപതുയടെ മേലദ്ധ്യക്ഷ നായി പതാലിൽ ജോസഫച്ചനെയാണ് പരിശുദ്ധ സിംഹാസനം നിയോഗി ച്ചത്. 1984 ഫെബ്രുവരി 14- ന് അജ്മീർ-ജയ്പൂർ രൂപതാ ബിഷപ്പ് ഡോ. ഇഗ്നേഷ്യസ് മെനേസിനാൽ അദ്ദേഹം മെത്രാനായി വാഴിക്കപ്പെട്ടു. മെത്രാന്റെ ചുമതലയേറ്റ അദ്ദേഹം ആദിവാസികളുടെ പുരോഗതിക്കു വേണ്ടി പ്രത്യേകം ശ്രദ്ധിച്ചു. കൂടാതെ ഇടവകകളിൽ ക്രിസ്തീയ കൂട്ടായ്മകൾ സജീവമാക്കു വാനും ശ്രമിച്ചു. ആ സംരംഭം ഒരു വൻ വിജയമായിരുന്നു. രൂപതയുടെ ആഭിമുഖ്യത്തിൽ ഇരുപതോളം സ്കൂളുകൾ സ്ഥാപിക്കുകയും അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു. രൂപതയുടെ വികസനം യഥാർത്ഥ്യമാക്കുവാൻ ജന പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കി.

ദൈവ വിളികൾ വർദ്ധിപ്പിക്കുന്നതിൽ പതാലിൽ തിരുമേനി പ്രത്യേകം ശ്രദ്ധിച്ചു. സെമിനാരി വിദ്യാർത്ഥികൾക്ക് പരിശീലനം നല്കുന്നതിനായി ഒരു മൈനർ സെമിനാരി സ്ഥാപിച്ചു. 30-ൽ പരം ഇടവകകൾ ഇപ്പോൾ രൂപതയി ലുണ്ട്. 2005-ലെ കണക്കനുസരിച്ച് 56 വൈദികർ രൂപതയിൽ പ്രവർത്തിക്കു ന്നു. ഈ വൈദികരിൽ പകുതിയിലധികവും ആദിവാസി കുടുംബങ്ങളിൽ നിന്നുള്ളവരാണ്. ആദിവാസികളിൽ നിന്നും ഇത്രയധികം ദൈവവിളികൾ ഉണ്ടാകുവാൻ കാരണം അവർക്കു നൽകിയ പരിശീലനങ്ങളാണ്. അതിൽ പാതാലിൽ പിതാവ് നൂറു ശതമാനം വിജയം കൈവരിച്ചുവെന്ന് പറയാവു ന്നതാണ്. വിശ്വാസികളുടെ എണ്ണം 20000-ൽ നിന്നും 37000 ആയി വർദ്ധി ച്ചു. എന്നാൽ ഉദയപൂർ രൂപതയിലെ നാല് ഇടവകകൾ കൂടി ഉൾപ്പെടുത്തി

www.malankaralibrary.com

ജാമ്പുവാ രൂപത രൂപീകരിച്ചപ്പോൾ രൂപതയിലെ കത്തോലിക്കരുടെ എണ്ണം 20000 ആയി. രൂപതാ പ്രവർത്തനങ്ങളിൽ കപ്പുച്ചിൻ സഭക്കാരും, എസ്.വി.ഡി. സഭക്കാരും ഇന്ത്യൻ മിഷനറി സൊസൈറ്റിയിലെ അംഗങ്ങളും സജീവമായി പങ്കുചേരുന്നത് നിരവധി സന്യാസിനി ഭവനങ്ങളും ഉദയപൂർ രൂപതയിൽ പ്രവർത്തിക്കുന്നുണ്ട്. അവയിൽ നല്ലൊരു വിഭാഗം മലയാളികളാണ്. സീനിയർ സെക്കണ്ടറി സ്കൂളുകളും ഹൈസ്കൂളുകളും സ്ഥാപിച്ച് രൂപതയെ വിദ്യാഭ്യാസ രംഗത്ത് മുന്നോട്ടു കൊണ്ടു പോകാൻ സാധിച്ചിട്ടുണ്ട്. 2002-ഒക്ടോബറിൽ രൂപതാ കത്തീഡ്രൽ കൂദാശ ചെയ്തു. പാസ്റ്റൽ സെന്ററും സോഷ്യൽ സർവ്വീസ് സെന്ററും സജീവമായി പ്രവർത്തിക്കുന്നു. കഠിനാദ്ധ്വാനത്തിന്റെയും എളിമയുടെയും നിദർശനമാണ് പാതാലിൽ പിതാവ്.

Address - Bishop Dr. Joseph Pathalil, Khristanjali, 1-Alipura, Udaipur, Rajasthan, 313001

# 215

# എ.സി. ജോസ്



അൻപതുകളുടെ അവസാനം കേരളത്തിലെ വിദ്യാർത്ഥികൾക്കും യുവാക്കൾക്കും ആവേശം പകർന്നു നൽകിയ ശ്രീ. എ.സി. ജോസ് ഇടപ്പള്ളിയിൽ പുരാതനവും പ്രസിദ്ധവുമായ അമ്പാട്ടുകുടുംബത്തിൽ 1937 ഫെബ്രുവരി 5-ാം തീയതി ഭൂജാതനായി.

മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്നും ബി.എസ്സ്.സി. ബിരുദം നേടിയ ജോസ് കേരളാ യൂണിവേഴ്സിറ്റിയിൽനിന്ന് നിയമബിരുദവും നിയമത്തിൽ മാസ്റ്റേഴ്സ് ബിരുദവും നേടി. തുടർന്ന് അഭിഭാഷകജോലിയിലേർപ്പെട്ടു. നല്ല ഒരു ലൈബ്രറിയും അദ്ദേഹത്തിന്റെ ഓഫീസിൽ സജ്ജീകരിച്ചിട്ടുണ്ട്.

വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ രാഷ്ട്രീയകാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ച ജോസ് ഒരു നല്ല പ്രാസംഗികൻ ആയിരുന്നു. 1957ലെ കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് അവരുടെ ദുർഭരണത്തിനെതിരെ ശക്തമായിപ്പോരാടി. വിദ്യാർത്ഥികളെ കോൺഗ്രസ്സിന്റെ കൊടിക്കീഴിൽ അണിനിരത്താൻ ശ്രമിച്ചു. കേരളാ സ്റ്റുഡന്റ്സ് യൂണിയന്റെ ആരംഭത്തിന് മുൻനിന്ന് പ്രവർത്തിച്ച ജോസ് അതിന്റെ സ്ഥാപക ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. ഈ കാലഘട്ടത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് ദേശീയതലത്തിൽ ഒരു യുവജനപ്രസ്ഥാനം രൂപംകൊണ്ടു. അതിന്റെ കേരളാഘടകം കെട്ടിപ്പെടുക്കുന്നതിന് ജോസ് നേതൃത്വം നൽകി. കേരളാ ഘടകത്തിന്റെ സ്ഥാപക ജനറൽ സെക്രട്ടറിയും അദ്ദേഹമായിരുന്നു. യൂത്ത് കോൺഗ്രസ്സിന്റെ ദേശീയ

www.malankaralibrary.com

എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ജോസ് ഇക്കാലത്ത് അംഗമായിരുന്നു. ശ്രീമതി ഇന്ദിരാഗാന്ധിയായിരുന്നു യൂത്ത് കോൺഗ്രസ്സിന്റെ അഡ്വൈസർ.

1972 -ൽ ശ്രീ. ജോസ് കൊച്ചി കോർപ്പറേഷന്റെ മേയർ ആയി തിരഞ്ഞെടുക്കപ്പെട്ടു. 1973 മുതൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പുകളിൽ ജോസ് മത്സരിക്കുകയും വിജയം വരിക്കുകയും ചെയ്തു. 1982ൽ കേരളാ നിയമസഭയുടെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടു. കേരള നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മറ്റിയുടെയും പ്രിവിലേജ് കമ്മറ്റിയുടെയും ചെയർമാനായും പ്രവർത്തിച്ചു.

1996-ൽ പാർലമെന്റിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ഇടുക്കിയിൽനിന്നും 1998, 1999 വർഷങ്ങളിൽ നടന്ന തിരഞ്ഞെടുപ്പുകളിൽ തൃശൂർ മണ്ഡലത്തിൽനിന്നും അദ്ദേഹം പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. വാജ്പേയ് ചെയർമാനായി രൂപീകരിച്ച വിദേശകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയിലും ട്രാൻസ്പോർട്ട് ആൻഡ് ടൂറിസം കമ്മറ്റിയിലും അംഗമായി പ്രവർത്തിച്ച ജോസ് റൂറൽ അഗ്രോഇൻഡസ്ട്രീസ് സബ്കമ്മറ്റിയുടെ ചെയർമാനുമായിരുന്നു.

1996, 1998, 2003 എന്നീ വർഷങ്ങളിൽ നടന്ന ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയിൽ ഇൻഡ്യൻ പ്രതിനിധിയായി ജോസ് പങ്കെടുത്തു.

ആൾ ഇന്ത്യാ കോൺഗ്രസ്സ് കമ്മറ്റിയിലും (എ.ഐ.സി.സി.) കേരളാ പ്രദേശ് കോൺഗ്രസ് കമ്മിറ്റി എക്സിക്യൂട്ടീവിലും 1972ൽ അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. 2004-ൽ കെ.പി.സി.സി. പുനസംഘടിപ്പിച്ചപ്പോൾ എ.ഐ.സി.സി. നേതൃത്വം ശ്രീ. ജോസിനെ വൈസ് പ്രസിഡണ്ടായി നിയോഗിച്ചു.

കേരളാ യൂണിവേഴ്സിറ്റിയിൽ ഏഴുവർഷം തുടർച്ചയായി സിൻഡിക്കേറ്റ് അംഗമായി പ്രവർത്തിക്കുവാനും ജോസിന് സാധിച്ചു. കൊച്ചി കപ്പൽനിർമ്മാണശാലയുടെയും കേരളാ ഇലക്ട്രിക്കൽസ് ആൻഡ് അലൈഡ് ഇൻഡസ്ട്രീസിന്റെയും കേരളാ അർബൻ ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെയും ഡയറക്ടർ ബോർഡിൽ അംഗമായി പ്രവർത്തിച്ച് ജോസ്, നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ വൈസ് ചെയർമാനായി 1994 മുതൽ 1999 വരെ പ്രവർത്തിക്കുകയുണ്ടായി.

അന്താരാഷ്ട്രതൊഴിലാളി സംഘടനകളിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തിട്ടുള്ള ജോസ് വ്യാപകമായി വിദേശപര്യടനം നടത്തിയിട്ടുണ്ട്. ഏഷ്യൻ രാജ്യങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിലും വടക്കേ അമേരിക്കയിലും തെക്കേ അമേരിക്കയിലും സന്ദർശനം നടത്തുവാൻ ജോസിന് സാധിച്ചിട്ടുണ്ട്.

റഷ്യയിൽ 1989-ൽ നടന്ന ട്രേഡ് യൂണിയൻ സമ്മേളനത്തിൽ ഇന്ത്യയിലെ തൊഴിലാളി യൂണിയനുകളെ പ്രതിനിധീകരിച്ച് അദ്ദേഹം പങ്കെടുത്തു. 1969 മുതൽ ട്രേഡ് യൂണിയൻ നേതാവായി അറിയപ്പെടുന്ന ജോസ് നിരവധി വൻകിട പൊതുമേഖലാസ്ഥാപനങ്ങളുടെയും സ്വകാര്യസ്ഥാപനങ്ങളുടെയും തൊഴിലാളി യൂണിയനുകൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്.

www.malankaralibrary.com

ഫാക്ട്, കെ.എസ്സ്.ഇ.ബി., കെ.എസ്സ്.ആർ.ടി.സി., എഫ്.സി.ഐ., കെൽ, അപ്പോളോ ടയേഴ്സ് മുതലായ വൻകിട പൊതുമേഖലാ സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയൻ നേതാവാണ്. കെട്ടിടനിർമ്മാണ തൊഴിലാളി പ്രസ്ഥാനത്തിന്റെ സ്ഥാപക പ്രസിഡണ്ട്, ബിൽഡിംഗ് ആൻഡ് റോഡ് വർക്കേഴ്സ് ഫെഡറേഷന്റെ പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിലെ ഏറ്റം പ്രബലമായ നിർമ്മാണതൊഴിലാളി സംഘടനയാണിത്.

നല്ല ഒരു പ്രഭാഷകൻ എന്ന നിലയിൽ അറിയപ്പെടുന്ന ജോസ് ദേശീയ നേതാക്കളായ വി.കെ. കൃഷ്ണമേനോൻ, ഇന്ദിരാഗാന്ധി, വൈ.ബി. ചവാൻ, രാജീവ്ഗാന്ധി, സോണിയാഗാന്ധി തുടങ്ങിയവരുടെ പ്രസംഗങ്ങൾ തത്സമയം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

പ്രൊഫ. ലീലാമ്മ ജോസ് ആണ് സഹധർമ്മിണി.

വിലാസം - എ.സി. ജോസ് അമ്പാട്ട്, ഇടപ്പള്ളി പി.ഒ., കൊച്ചി

# 216



# മോൺ. തോമസ് മലേക്കുടി

ഇടുക്കി ജില്ലയിലെ മലയോരകർഷകരുടെ അവകാശസംരക്ഷണ പോരാട്ടത്തിൽ നിർണ്ണായകമായ പങ്കുവഹിച്ച മോൺ തോമസ് മലേക്കുടി 1937 ഫെബ്രുവരി 10-ാം തീയതി ജോസഫ് ഏലിയാമ്മ ദമ്പതികളുടെ പത്തു മക്കളിൽ ഒൻപതാമത്തെ സന്താനമായി ജനിച്ചു. പുരാതനമായ വടകരപള്ളിയിൽ നിന്നും നൂറ്റാണ്ടുകൾക്കു മുൻപ് മൂവാറ്റുപുഴ പ്രദേശത്തേക്ക് കുടിയേറി താമസമാക്കിയ വെളിയന്നൂർ കുടുംബത്തിന്റെ എട്ടുശാഖകളിൽ ഒന്നാണ് മലേക്കുടി കുടുംബം. ചെറുപ്പത്തിൽ വീട്ടിലും നാട്ടിലും എല്ലാവരും തൊമ്മച്ചൻ എന്ന് വിളിച്ചിരുന്നു.

ആയവന എസ്.എച്ച്. എൽ.പി. സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. വീട്ടിൽനിന്നും എട്ടു കിലോമീറ്റർ അകലെയുള്ള വാഴക്കുളത്തെ ഇൻഫന്റ് ജീസസ് ഹൈസ്ക്കൂളിലായിരുന്നു തുടർന്ന് പഠിച്ചത്. കാൽനടയായിട്ടായിരുന്നു വാഴക്കുളം സ്കൂളിലേക്ക് പൊയ്ക്കൊണ്ടിരുന്നത്. 1955-ൽ എസ്.എസ്.എൽ.സി. പാസ്സായി. മൈനർ സെമിനാരിയിൽ അക്കൊല്ലം പ്രവേശനം ലഭിക്കാതിരുന്നതിനാൽ മൂവാറ്റുപുഴ നിർമ്മലാ കോളേജിൽ ചേർന്ന് ഇന്റർമീഡിയറ്റിന് പഠനം ആരംഭിച്ചു. ഇന്റർമീഡിയേറ്റിന് രണ്ടാംവർഷം പരീക്ഷയ്ക്ക് ഒരുങ്ങുമ്പോഴാണ് കോതമംഗലം രൂപത സ്ഥാപിതമാകുന്നത്. അക്കൊല്ലം തന്നെ മൈനർ സെമിനാരിയും ആരംഭിച്ചു. കോതമംഗലം രൂപതാമെത്രാൻ മാർ മാത്യു പോത്തനാംമൂഴിയെ സന്ദർശിച്ച് മൈനർ സെമിനാ

www.malankaralibrary.com

രിയിൽ ചേരുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. 1957 ജൂണിൽ സെമിനാരിയിൽ ചേർന്നു. മൂവാറ്റുപുഴ നിർമ്മലാകോളേജിലെ ബോയ്സ് ഹോസ്റ്റലിലായിരുന്നു സെമിനാരി അന്ന് പ്രവർത്തിച്ചിരുന്നത്. എറണാകുളം മൈനർ സെമിനാരിയിലെ റെക്ടർ ഫാ. വർഗീസ് മൊതകുന്നേൽ കോതമംഗലം മൈനർ സെമിനാരിയുടെ റെക്ടർ ആയി ചാർജെടുത്തു. ആദ്യവർഷംതന്നെ തോമസിനെ സെമിനാരിയുടെ അസിസ്റ്റന്റ് പ്രൊക്കുറേറ്ററായും പിറ്റേവർഷം പ്രൊക്കുറേറ്ററായും നിയമിച്ചു. രണ്ടുവർഷത്തെ മൈനർസെമിനാരി പഠനത്തിനുശേഷം ആലുവായിലെ കാർമ്മൽഗിരിയിൽ ചേർന്ന് ഫിലോസഫി പഠനം പൂർത്തിയാക്കി. തുടർന്ന് മംഗലപ്പുഴ സെമിനാരിയിൽ ചേർന്ന് ദൈവശാസ്ത്രം പഠിച്ചു. ഇറ്റലിക്കാരനായ ഫാ.മൈക്കിൾ ആഞ്ചലോ ആയിരുന്നു സെമിനാരി റെക്ടർ. സെമിനാരിയിലെ മിഷൻ സെക്രട്ടറി, ജനറൽ ക്യാപ്റ്റൻ എന്നീ ചുമതലകൾ തോമസ് വഹിച്ചിട്ടുണ്ട്. തിയോളജി കോഴ്സിന്റെ അവസാനവർഷം തോമസിനെ സെമിനാരിയുടെ ജനറൽ പ്രീഫെക്ടായി നിയമിച്ചു. പഠനകാര്യങ്ങളിൽ സമർത്ഥനായിരുന്ന തോമസ് കലാ കായിക രംഗങ്ങളിലും ശോഭിച്ചിരുന്നു. നല്ല ഒരു ബോളിബോൾ കളിക്കാരനുമായിരുന്നു. 1966 മാർച്ച് 11-ന് കോതമംഗലം കത്തീഡ്രൽദേവാലയത്തിൽവച്ച് മാർ മാത്യു പോത്തനാംമൂഴി പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു. പ്രഥമദിവ്യബലി പിറ്റേന്ന് സ്വന്തം ഇടവകയായ ആയവന പള്ളിയിൽ അർപ്പിച്ചു.

കത്തീഡ്രൽ പള്ളി അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യനിയമനം. മാതൃകാവൈദികനും സ്നേഹസമ്പന്നനുമായിരുന്ന ഫാ.മാത്യു മാതേക്കലായിരുന്നു വികാരി. തന്റെ പിൽക്കാലപ്രവർത്തനങ്ങൾക്ക് പ്രചോദനം ഏകിയത് ഫാ.മാതേക്കലായിരുന്നുവെന്നാണ് അച്ചന്റെ അഭിപ്രായം. 1967 ഏപ്രിൽ മാസത്തിൽ ഇടുക്കി പ്രോജക്ട് ഏരിയായിലുള്ള നാരകക്കാനം പള്ളി വികാരിയായി നിയമിതനായി. അച്ചന് താമസിക്കാനുള്ള സൗകര്യം ഇല്ലാത്തതിനാൽ വാഴത്തോപ്പുപള്ളിയിൽ വെമ്പള്ളി ജെയിംസ് അച്ചന്റെ കൂട്ടത്തിൽ താമസിച്ചുകൊണ്ടാണ് നാരകക്കാനത്തെ ജോലികൾ നിർവ്വഹിച്ചത്. നാരകക്കാനും പള്ളിയും സ്കൂളും മഠവും പണികഴിപ്പിച്ചു. കൂടാതെ ഇടുക്കി ടൗണിൽ ഒരു പള്ളിയും സ്കൂളും സ്ഥാപിച്ചു. 1967 മുതൽ 1976 വരെ നാരകക്കാനം ഇടുക്കി പള്ളികളുടെ വികാരിയായി സേവനം അനുഷ്ഠിച്ചു. ഇക്കാലത്താണ് ഇടുക്കി ജില്ല സ്ഥാപിച്ചുകിട്ടുന്നതിനായുള്ള ബഹുജനസമരത്തിന് നേതൃത്വം നൽകിയത്. ജാതിമതരാഷ്ട്രീയചിന്തകൾക്കതീതമായി കുടിയൊഴുപ്പിക്കലിന് വിധേയരായ സകലകർഷകർക്കും ന്യായമായ അവകാശങ്ങൾ ലഭിക്കുന്നതിനുവേണ്ടി യത്നിച്ചു. അതിനുവേണ്ടിയുള്ള സമരങ്ങൾക്ക് നേതൃത്വം നൽകി.

1976-ൽ ഇടുക്കി പദ്ധതിയുടെ മറ്റൊരു പ്രോജക്ട് ഏരിയാകൂടിയായ ഇരട്ടയാർ സെന്റ് തോമസ് ഫൊറോനപള്ളിയിലേക്ക് സ്ഥലം മാറി. പ്രോജക്ട് ഏരിയായിൽനിന്നും കുടിയൊഴിപ്പിക്കപ്പെടേണ്ട കർഷകർക്ക് പകരം ഭൂമിയും

www.malankaralibrary.com

ന്യായമായ നഷ്ടപരിഹാരവും ലഭിക്കുന്നതിനുവേണ്ടി "കർഷകരക്ഷാസമിതി" രൂപീകരിച്ചുകൊണ്ട് ശക്തമായ സമരം നയിച്ചു. അവിടെ നിന്നും കുടിയൊഴിപ്പിക്കപ്പെടുന്ന കർഷകർക്ക് കൃഷിയോഗ്യമായ ഭൂമിയും ന്യായമായ നഷ്ടപരിഹാരവും ലഭിക്കുന്നതിനുവേണ്ടി അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയെ നേരിൽകണ്ട് നിവേദനം സമർപ്പിച്ചു. തൽഫലമായി ഇടുക്കി കളക്ട്രേറ്റിന് സമീപം കുടിയൊഴിപ്പിക്കപ്പെട്ട കർഷകർക്ക് പകരം ഭൂമി നൽകി. ഇരട്ടയാറിലെ ആറുവർഷത്തെ ഭരണകാലത്ത് ഇരട്ടയാർ പള്ളിയും ഹൈസ്കൂളും പണികഴിപ്പിച്ചു. അംഗീകാരമില്ലാതെ തുടങ്ങിയ ഇരട്ടയാർ ഹൈസ്കൂളിന് ശ്രീ. കെ.എം. ജോർജ് മന്ത്രിയായിരുന്ന കാലത്ത് അംഗീകാരം ലഭിച്ചു. അംഗീകൃതസ്കൂൾ എയ്ഡഡ് സ്കൂൾ ആക്കിയത് ശ്രീ.പി.ജെ.ജോസഫ് വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്താണ്. ഇടവകസമൂഹത്തിന്റെ ഭൗതികവും ആദ്ധ്യാത്മികവുമായ ഉന്നമനത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്തു. ചെറുപുഷ്പമിഷൻലീഗിന് സംസ്ഥാനത്തെ ഏറ്റം നല്ല ശാഖയെന്ന ബഹുമതി ഒന്നിലധികം പ്രാവശ്യം ലഭിച്ചതും അദ്ദേഹം വികാരിയായിരുന്ന കാലത്താണ്. ദൃഢനിശ്ചയത്തോടും ദീർഘവീക്ഷണത്തോടുംകൂടി തീരുമാനങ്ങൾ എടുക്കുന്നതിനും അത് നടപ്പാക്കുന്നതിനും പ്രചോദനവും ശക്തിയും പകർന്നുതന്നത് സഹപ്രവർത്തകനായിരുന്ന ഫാ.ജോസഫ് പുത്തൻകുളമായിരുന്നെന്ന് മലേക്കുടിയച്ചൻ സ്മരിക്കുന്നു. ഇരട്ടയാർ കട്ടപ്പന റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെട്ടപ്പോൾ തലയിൽ പാളത്തൊപ്പിയും തോളിൽ തൂമ്പായും വഹിച്ചുകൊണ്ടുള്ള കർഷകരുടെ കളക്ട്രേറ്റ് മാർച്ചിന് അദ്ദേഹം നേതൃത്വം നൽകി. അധികാരികളെയും പൊതുജനങ്ങളെയും ആകർഷിച്ച ഈ മാർച്ചിനെ തുടർന്ന് കട്ടപ്പന ഇരട്ടയാർ റോഡിന്റെ പണികൾ പൂർത്തിയാക്കി ബസ് സർവ്വീസ് ആരംഭിച്ചു. ഇരട്ടയാറ്റിൽ ആദ്യമായി ബസ് വന്ന ദിവസം ഒരു ഉത്സവപ്രതീതിയായിരുന്നു.

1982-ൽ വാഴത്തോപ്പ് ഫൊറോനപള്ളിയിലേക്ക് സ്ഥലം മാറി. 1983-ൽ വാഴത്തോപ്പിൽ ഒരു ഹൈസ്കൂൾ അനുവദിച്ചെങ്കിലും അത് ഹൈക്കോടതി സ്റ്റേ ചെയ്തു. സ്റ്റേക്ക് എതിരെ കേസ് നടത്തി അനുകൂലമായ വിധി സമ്പാദിച്ചു. അക്കൊല്ലം തന്നെ ക്ലാസ്സ് ആരംഭിച്ചു. വാഴത്തോപ്പിൽ ആയിരിക്കുമ്പോൾ തട്ടേക്കണ്ണി പള്ളി സ്ഥാപിച്ചു. കൂടാതെ വാഴത്തോപ്പ് പള്ളിവികാരിയായിരുന്നു കൊണ്ട് രണ്ടുവർഷക്കാലം പഴിയരിക്കണ്ടം കഞ്ഞിക്കുഴി പള്ളികളുടെ വികാരിയായും സേവനം അനുഷ്ഠിച്ചു. 1982-ൽ മുരിക്കാശ്ശേരിയിൽ അനുവദിച്ച പാവനാത്മാ കോളേജിന്റെ നിർമ്മാണപ്രവർത്തനത്തിന് വേണ്ടിയുള്ള ഫണ്ടുശേഖരണത്തിന്റെ ഫിനാൻസ് കമ്മിറ്റി ചെയർമാനായും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. രൂപതയിലെ സെനറ്റ് അംഗമായും പാസ്റ്ററൽ കൗൺസിലിന്റെ എക്സിക്യൂട്ടീവ് അംഗമായും ആലോചനാസമിതിയംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

www.malankaralibrary.com

ഹൈറേഞ്ച് മേഖലയിലെ 23 വർഷത്തെ ത്യാഗപൂർണ്ണമായ ധീരസേവനം ആർക്കും വിസ്മരിക്കാൻ സാധിക്കുകയില്ല. കുടിയേറ്റ കർഷകരുടെ ആശയും ആവേശവുമായിരുന്നു ഫാ. തോമസ് മലേക്കുടി. മലയോരമേഖലയിലെ ഏതാണ്ട് കാൽനൂറ്റാണ്ടുകാലത്തെ സേവനത്തിനുശേഷം 1990-ൽ കോതമംഗലം കത്തീഡ്രൽപള്ളി വികാരിയായി നിയമിതനായി. ഇടവകയിൽ കുടുംബകൂട്ടായ്മകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. ഇടവകയിൽ ആദ്ധ്യാത്മികമായ ഒരു ഉണർവ് സംജാതമായി. പാരീഷ്ഹാളിന്റെ പണികൾ ആരംഭിച്ച് അധികം താമസിയാതെ 1994-ൽ രൂപതയിലെ വികാരി ജനറാളായി നിയമിതനായി. ഇരട്ടയാറിൽവച്ച് തന്റെ ശക്തിയും പ്രചോദനവുമായിരുന്ന ബഹു.പുത്തൻകുളത്തിലച്ചൻ അദ്ദേഹത്തോടൊപ്പം വിദ്യാഭ്യാസസെക്രട്ടറിയായി രൂപതാകേന്ദ്രത്തിൽ ചാർജെടുത്തു. രൂപതയുടെ ഭൗതികവും സാംസ്കാരികവും ആദ്ധ്യാത്മികവുമായ വളർച്ചയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുവാൻ മോൺ.മലേക്കുടിക്ക് സാധിച്ചു. പ്രത്യേകിച്ച് ഇക്കാലയളവിൽ വിദ്യാഭ്യാസരംഗത്ത് ഉണ്ടായ നേട്ടങ്ങൾ എടുത്തുപറയേണ്ടതാണ്. സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ പ്ലസ് ടു സ്കൂളുകളും, മെഡിക്കൽ എൻജിനീയറിംഗ് മേഖലകളിൽ കോളേജുകൾ തുടങ്ങുന്ന കാര്യത്തിലും വ്യക്തിപരമായി ഒത്തിരി സ്വാധീനം ചെലുത്തുവാൻ മോൺസിഞ്ഞോർ മലേക്കുടിക്ക് സാധിച്ചിട്ടുണ്ട്. 2001-ൽ രൂപതയിൽ വാഴക്കുളത്ത് ആരംഭിച്ച വിശ്വജ്യോതി എൻജിനീയറിംഗ് കോളേജ് ഇന്ന് കേരളത്തിലെ അറിയപ്പെടുന്ന എൻജിനീയറിംഗ് കോളേജായി മാറിക്കഴിഞ്ഞു. നിർമ്മലാ കോളേജ് കാമ്പസിൽ ആരംഭിച്ചിരിക്കുന്ന നിർമ്മല കമ്പ്യൂട്ടർ അക്കാഡമി, എം.സി.എ. കോഴ്സ്, ബി.ഫാം കോഴ്സ്, മൈലക്കൊമ്പിൽ ഇക്കൊല്ലം ആരംഭിച്ചിരിക്കുന്ന സെന്റ് തോമസ് ബി.എഡ്. കോളേജ്, രൂപതയിൽ ആരംഭിച്ചിരിക്കുന്ന പ്ലസ് ടു സ്കൂളുകൾ തുടങ്ങിയവ രൂപതയ്ക്ക് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളാണ്. ഇവയുടെയെല്ലാം പിന്നിൽ കഠിനാദ്ധ്വാനിയായ മോൺ.മലേക്കുടിയാണ് പ്രധാന പങ്കുവഹിച്ചത്.


യേശുക്രിസ്തുജയന്തി 2000-ന്റെ സംസ്ഥാനതല ആഘോഷങ്ങളുടെ ഫിനാൻസ് കമ്മിറ്റി ചെയർമാനായിരുന്നു മോൺ. മലേക്കുടി. ആ ഉത്തരവാദിത്വം ഏറ്റം ഭംഗിയായി നിർവഹിക്കാൻ അദ്ദേഹത്തിന് സാധിച്ചു. സപ്തതിയാഘോഷത്തിലേക്ക് അടുത്തുവരുന്ന അദ്ദേഹം വിശ്രമമില്ലാതെ കാലഘട്ടത്തിനനുസരിച്ചുള്ള ദീർഘവീക്ഷണത്തോടും ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള നിശ്ചയദാർഢ്യത്തോടും ഊർജസ്വലതയോടും എല്ലാറ്റിനും ഉപരി ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തോടുംകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വൈദികശ്രേഷ്ഠനെയാണ് മോൺ. തോമസ് മലേക്കുടിയിൽ ദർശിക്കാൻ സാധിക്കുക.

വിലാസം - മോൺ. തോമസ് മലേക്കുടി, വികാരി ജനറാൾ,
ബിഷപ്പ്സ് ഹൗസ്, കോതമംഗലം.

www.malankaralibrary.com

# 217

# പ്രൊഫ. അബ്രഹാം അറയ്ക്കൽ



പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും പത്രപ്രവർത്തകനും സമുദായനേതാവുമായ പ്രൊഫ. എബ്രാഹം അറയ്ക്കൽ അഭിഭാഷകനും എം.എൽ.എയുമായിരുന്ന ശ്രീ ഈപ്പൻ അറയ്ക്കലിന്റെയും ആലപ്പുഴ സെന്റ് ജോസഫ് ഹൈസ്കൂൾ അദ്ധ്യാപികയായിരുന്ന ഏലിയാമ്മ ഈപ്പന്റെയും പുത്രനായി 1937 മാർച്ച് നാലാം തീയതി ജനിച്ചു.

ആലപ്പുഴ എസ്സ്.ഡി.വിദ്യാശാല, എസ്സ്.ഡി. കോളേജ് തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളേജ് എന്നിവിടങ്ങളിൽ പഠിച്ച എബ്രാഹം മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഫിസിക്സ് ഓണേഴ്സ് ബിരുദം നേടി.1958 ൽ മദ്രാസ് ലയോളാ കോളേജ് അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. മദ്രാസിൽനിന്നും കേരളത്തിൽ തിരിച്ചെത്തിയ എബ്രാഹം കൊല്ലം ഫാത്തിമാകോളേജിൽ ജോലിയിൽ പ്രവേശിച്ചു. പിന്നീട് ഫാത്തിമാകോളേജിലെ ജോലിയുപേക്ഷിച്ച് സർക്കാർ സർവ്വീസിൽ ചേർന്നു. പാലക്കാട് ഗവൺമെന്റ് വിക്ടോറിയാ കോളേജ്. എറണാകുളം മഹാരാജാസ് കോളേജ്, ചിറ്റൂർ ഗവൺമെന്റ് കോളേജ്, തിരുവനന്തപുരം എൻജിനീയറിംഗ് കോളേജ്, തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃത കോളേജ്, കാസർഗോഡ് ഗവൺമെന്റ് കോളേജ് എന്നിവിടങ്ങളിൽ പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചതിനുശേഷം 1992 ൽ സർവ്വീസിൽ നിന്നും വിരമിച്ചു.

അദ്ധ്യാപകജോലിക്കൊപ്പം, അദ്ധ്യാപകസംഘടനാപ്രവർത്തനങ്ങളിലും സമുദായപ്രവർത്തനങ്ങളിലും അദ്ദേഹം സജവമായി പങ്കെടുക്കുകയുണ്ടായി. ഗവൺമെന്റ് കോളേജദ്ധ്യാപകരുടെ മാതൃസംഘടനയെന്ന് വിശേഷിപ്പിക്കാവുന്ന അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സിന്റെ (എ.കെ.ജി.സി.റ്റി.) ജനറൽസെക്രട്ടറിയായി 1975 മുതൽ 1977 വരെ അദ്ദേഹം സേവനം അനുഷ്ഠിച്ചു. ഈ കാലഘട്ടത്തിലാണ് പ്രൈവറ്റ് കോളേജ് അദ്ധ്യാപകർക്കുള്ളതിനേക്കാൾ കൂടിയ അദ്ധ്വാനഭാരം ഗവൺമെന്റ് കോളേജ് അദ്ധ്യാപകരുടെമേൽ അടിച്ചേൽപ്പിച്ചുകൊണ്ട് 18 ഗവൺമെന്റ് കോളേജ് അദ്ധ്യാപകരെ സർക്കാർ പിരിച്ചുവിട്ടത്. ഇതിനെതിരായി ശക്തമായ പ്രത്യക്ഷസമരപരിപാടികൾക്ക് അസോസിയേഷൻ ജനറൽസെക്രട്ടറിയെന്ന നിലയിൽ പ്രൊഫ.അറയ്ക്കൽ നേതൃത്വം നൽകി. വർക്ക് ലോഡ് ഏകീകരണത്തിന് സർക്കാർ ഉടൻ സമ്മതം നൽകിയില്ലെങ്കിലും പിരിച്ചുവിട്ടവരെയെല്ലാം സർവ്വീസിൽ തിരിച്ചെടുക്കുന്നതിന് ആ സമരംകൊണ്ട് സാധിച്ചു. ഇത് വർക്ക് ലോഡ് ഏകീകരണത്തിലേക്ക് പിന്നീട് നയിക്കു

www.malankaralibrary.com

കയും ചെയ്തു.

1972 ൽ സർക്കാർ - പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ ഏകീകരിക്കപ്പെട്ടെങ്കിലും ഇരുവിഭാഗങ്ങളിലുംപെട്ട അദ്ധ്യാപകസംഘടനകൾ തമ്മിൽ പരസ്പര വിശ്വാസമോ, കൂട്ടായപ്രവർത്തനത്തിനാവശ്യമായ ഐക്യബോധമോ ഉണ്ടായിരുന്നില്ല. യു.ജി.സി. ശമ്പളനിരക്കുകൾ നേടിയെടുക്കുവാനുള്ള പ്രക്ഷോഭണം ഒറ്റയ്ക്കൊറ്റയ്ക്ക് ആണ് സംഘടനകൾ നടത്തിയിരുന്നത്. ഈ സ്ഥിതിക്ക് മാറ്റം വരത്തി എ.കെ.പി.സി.ടി.എ. (ആൾ കേരളാ പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ) പി.സി.ടി.എഫ് (പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് ഫെഡറേഷൻ) എന്നിവയെ പൊതുലക്ഷ്യങ്ങളിൽ യോജിച്ച് പ്രവർത്തിക്കുന്നതിലേക്ക് കൊണ്ടുവരുന്നതിൽ പ്രൊഫ. അറയ്ക്കൽ മുഖ്യപങ്കുവഹിച്ചു. ഗവൺമെന്റ് കോളേജ് അദ്ധ്യാപകരിൽ പല പ്രമുഖരുടെയും എതിർപ്പിനെ നേരിട്ടുകൊണ്ടാണ് ഈ ഐക്യം സാധിച്ചെടുത്തത്.

ഈ ഐക്യനിര രൂപപ്പെടുത്തിനടത്തിയ പരീക്ഷാ വാലേഷൻ ബഹിഷ്കരണ പ്രക്ഷോഭണം പരാജയപ്പെട്ടെങ്കിലും ദേശീയതലത്തിൽ പ്രഖ്യാപിക്കപ്പെട്ട യു.ജി.സി. ശമ്പളനിരക്കുകൾ കേരളത്തിലെ അദ്ധ്യാപകർക്ക് നൽകാതിരിക്കുന്നതിൽ നീതി നിഷേധമുണ്ടെന്ന ധാരണ സമൂഹത്തിൽ ജനിപ്പിക്കുന്നതിന് ആ സമരത്തിന് സാധിച്ചു. യു.ജി.സി. നിരക്കുകൾ പൂർണ്ണമായി നേടിയെടുക്കുന്നതിന് പിന്നെയും പന്ത്രണ്ടു വർഷം വേണ്ടിവന്നെങ്കിലും, സഫലമായ ആ റിലേ ഓട്ടത്തിലെ ആദ്യ 'ലാപ്പ്' ആയി ആ പരാജയപ്പെട്ട സമരം മാറി.

മറ്റുസർക്കാർ ജീവനക്കാരുടെ സമരങ്ങളുമായി യോജിച്ച് കോളേജദ്ധ്യാപകരുടെ സംഘടനകൾ സമരത്തിനിറങ്ങാൻ തുടങ്ങിയതോടെ, സമരരീതികളെച്ചൊല്ലിയും സമരപ്രഖ്യാപനത്തിന് മുമ്പുണ്ടാകേണ്ട അഭിപ്രായരൂപീകരണത്തെച്ചൊല്ലിയും ഉണ്ടായ ഭിന്നതകൾ പ്രൊഫ. അബ്രാഹം അറയ്ക്കലിനെ സംഘടനയിൽ നിന്നകറ്റി. സമാനചിന്താഗതിക്കാരോട് ചേർന്ന് സംഘടനയിൽ ഒരു പിളർപ്പിന് അദ്ദേഹം നേതൃത്വം കൊടുത്തു. പ്രൊഫ. പത്മന രാമചന്ദ്രൻ നായർ ചെയർമാനായും പ്രൊഫ. അബ്രാഹം അറയ്ക്കൽ കൺവീനറുമായി ഒരു അഡ്ഹോക്ക് കമ്മറ്റി രൂപീകരിച്ചുകൊണ്ട് ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് ഓർഗനൈസേഷൻ (കേരള) എന്ന ഒരു പുതിയ സംഘടന നിലവിൽ വന്നു. സംഘടനയുടെ ആദ്യകൺവെൻഷൻ പ്രൊഫ. അബ്രാഹം അറയ്ക്കലിനെ സ്ഥാപകപ്രസിഡണ്ടും പ്രൊഫ. വി.എം. മനോഹരനെ സ്ഥാപകസെക്രട്ടറിയുമായി തിരഞ്ഞെടുത്തു. അന്നുമുതൽ ഇന്നുവരെ ജി.സി.ടി.ഒ. (കേരള)അദ്ധ്യാപകസംഘടനാരംഗത്ത് സജീവസാന്നിദ്ധ്യമായി നിലകൊള്ളുന്നു.

ഗവൺമെന്റ് കോളേജ് അദ്ധ്യാപകരെ പ്രതിനിധീകരിച്ച് 1976 - 80 കാലഘട്ടത്തിലും കോളേജ് പ്രിൻസിപ്പൽമാരെ പ്രതിനിധീകരിച്ച് 1988 - 1992

www.malankaralibrary.com

കാലഘട്ടത്തിലും കേരള സർവ്വകലാശാലാസെനറ്റിൽ പ്രൊഫ. അബ്രാഹം അംഗമായിരുന്നു. കോളേജ് പ്രിൻസിപ്പാളന്മാരുടെ പ്രതിനിധിയെന്ന നിലയിൽ കോഴിക്കോട് സർവ്വകലാശാല സെനറ്റിലും അംഗമായി. ഒരേ സമയം രണ്ടു സെനറ്റുകളിലും അംഗമാകുന്നതിനുള്ള അസുലാഭവസരം അങ്ങനെ അദ്ദേഹത്തിന് ലഭിച്ചു.

1991 മുതൽ 1997 വരെ കോഴിക്കോട് സർവ്വകലാശാലാ സിൻഡിക്കേറ്റ് അംഗമായിരുന്നു പ്രൊഫ. അബ്രഹാം അറയ്ക്കൽ. കേരളാ, കോഴിക്കോട് സർവ്വകലാശാലകളുടെ അക്കാഡമിക് കൗൺസിൽ അംഗമായും (1984-88)(1991-97) പ്രവർത്തിച്ചിട്ടുണ്ട്. രണ്ടും സർവ്വകലാശാലകളുടെയും ഫിസ്കസ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗമായും സേവനമനുഷ്ഠിച്ചു. പോസ്റ്റ് ഗ്രാഡുവേറ്റ് ബോർഡ് ഓഫ് എക്സാമിനേഴ്സ് ചെയർമാൻ, ഡിഗ്രി ബോർഡ് ഓഫ് എക്സാമിനേഴ്സ് അംഗം എന്നീ നിലകളിൽ 1963 മുതൽ തുടർച്ചയായി പ്രവർത്തിച്ചിട്ടുണ്ട്.

റിട്ടയർമെന്റിനു ശേഷം പത്രപ്രവർത്തനരംഗത്തേക്ക് തിരിഞ്ഞ പ്രൊഫ. എബ്രഹാം അറയ്ക്കൽ കൊച്ചി രൂപതയുടെ ആഭിമുഖ്യത്തിൽ കൊച്ചിയിൽനിന്നും സദ് വാർത്ത, ഇന്ത്യൻ കമ്മ്യൂണിക്കേറ്റർ എന്ന രണ്ടു ദിനപ്പത്രങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും ആരംഭിച്ചു. മലയാളം പത്രമായ സദ് വാർത്തയുടെ മുഖ്യ പത്രാധിപരായി നിയുക്തനായത് പ്രൊഫ. എബ്രഹാം അറയ്ക്കലായിരുന്നു. ആ പത്രത്തിന്റെ പ്രസിദ്ധീകരണകാലഘട്ടം മുഴുവൻ ആ സ്ഥാനത്ത് ആദ്ദേഹം തുടർന്നു.

ഇന്നും പ്രവർത്തനക്ഷമമായ കേരളത്തിലെ സാമുദായിക സംഘടനകളിൽ ഏറ്റവും പഴക്കം ചെന്ന അർത്തുങ്കൽ നസ്രാണി ഭൂഷണസമാജത്തിന്റെ കേന്ദ്രസമിതിയിൽ അദ്ദേഹം ആജീവനാന്തഅംഗമാണ്. ആലപ്പുഴ രൂപതയുടെയും ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെയും സംഘാടകയത്നങ്ങളിൽ എഴുപതുകൾ മുതൽ സജീവമായി ഏബ്രഹാം പങ്കെടുത്തുവരുന്നു. കേരളാ ലാറ്റിൻ കാത്തലിക് അസോസിയേഷന് ലാറ്റിൻ ഹൈരാർക്കി രൂപം നൽകിയപ്പോൾ ആലപ്പുഴ രൂപതാ കാത്തലിക് അസോസിയേഷന്റെ സെക്രട്ടറിയായി 1972-ൽ സമുദായപ്രവർത്തനം ആരംഭിച്ച് കേന്ദ്രസമതിയംഗമെന്ന നിലയിലും ഫോർട്ടുകൊച്ചിയിൽ 1976-ൽ നടന്ന ആദ്യ സമുദായ കൺവെൻഷന്റെ കലാസാംസ്കാരിക സ്പോർട്ട്സ് കമ്മറ്റി ചെയർമാനെന്ന നിലയിലും അദ്ദേഹം പ്രവർത്തിച്ചു.

ഭാരതകത്തോലിക്കാ മെത്രാൻ സംഘത്തിന്റെ ദേശീയ ഉപദേശകസമിതിയിൽ (National Advisory Council to the Catholic Bishops Conference of India) അംഗമായി 1982 മുതൽ 1985 വരെ സേവനം അനുഷ്ഠിച്ചു. പിന്നീട് അത് കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യാ (C.C.I.) ആയി പുനഃസംഘടിപ്പിക്കപ്പെട്ടപ്പോൾ അതിൽ മൂന്നു വർഷം അംഗമായിരുന്നു. ഇപ്പോൾ വീണ്ടും കാത്തലിക് കൗൺസിലിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

www.malankaralibrary.com

കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ ആലപ്പുഴ രൂപതാഘടകം പ്രസിഡണ്ട്, കേന്ദ്രസമിതിയംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷനിലും ഇന്റർ ചർച്ച് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ സമതിയിലും അദ്ദേഹം അംഗമാണ്. കത്തോലിക്കാ കോളേജുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമുള്ള സേവ്യർ ബോർഡ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻ ഇൻഡ്യയിൽ 1993 മുതൽ 2000 വരെ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഇപ്പോൾ കേരളാ റീജയൻ ലാറ്റിൻ കാത്തലിക് കൗൺസിലിൽ അംഗമാണ് പ്രൊഫ. എബ്രഹാം. കൊല്ലം ഫാത്തിമാ കോളേജ്, ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് എന്നീ സ്ഥാപനങ്ങളുടെ മാനേജിംഗ് ബോർഡിലും അദ്ദേഹം അംഗമാണ്. കേരളാ പ്രൈവറ്റ് കോളേജ് മാനേജ്മെന്റ്സ് അസോസിയേഷൻ വൈസ് പ്രസിഡണ്ടായി കഴിഞ്ഞ മൂന്നു വർഷമായി പ്രവർത്തിക്കുന്നു. ആൾ ഇന്ത്യാ കാത്തലിക് യൂണിയന്റെ (കേരളാ റീജിയൻ) വൈസ് പ്രസിഡണ്ടായും സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

കാട്ടുങ്കൽ സി.എസ്സ്. ലോറൻസ് - മേരി ദമ്പതികളുടെ പുത്രിയും ആലപ്പുഴ സെന്റ് ജോസഫ് ഹൈസ്കൂൾ റിട്ടയേർഡ് അദ്ധ്യാപികയുമായ റീനയാണ് ഭാര്യ.

വിലാസം - പ്രൊഫ. അബ്രഹാം അറയ്ക്കൽ, ഡച്ച് സ്ക്വയർ,
ആലപ്പുഴ - 688012

# 218

# സി. റോസ്മിൻ പൊന്നാമററം

## എസ്സ്. എച്ച്.



അഗതി മന്ദിരങ്ങളോ അനാഥാലയങ്ങളോ ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ, അഗതികളെയും അംഗഹീനരെയും സ്വന്തം വീട്ടിൽ താമസിപ്പിച്ച് ശുശ്രൂഷിച്ച് സുഖപ്പെടുത്തി അവരവരുടെ വീടുകളിലേയ്ക്ക് പറഞ്ഞയച്ച ഒരു മനുഷ്യ സ്നേഹിയായിരുന്നു പൊന്നാമറ്റത്തിൽ ജോസഫ് മാപ്പിള. അഗതികളെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവരുമ്പോൾ ഭാര്യ മറിയം സന്തോഷത്തോടെ അവരെ സ്വീകരിക്കുകയും ചെയ്തിരുന്നു. ലേഖകൻ, ഗ്രന്ഥകർത്താവ് എന്നീ നിലകളിലും പ്രസിദ്ധനായ ജോസഫ് മാപ്പിള തിരുഹൃദയഭക്തിയും ദിവ്യകാരുണ്യഭക്തിയും പ്രചരിപ്പിക്കുന്നതിലും ശ്രദ്ധിച്ചിരുന്നു. അഗതികളുടെ കാൽകഴുകൽ ശുശ്രൂഷയിലൂടെ ഷഷ്ടിപൂർത്തിയാഘോഷിച്ച

www.malankaralibrary.com

ജോസഫ് മാപ്പിളയുടെ മകൻ മാമ്മച്ചൻ എന്നറിയപ്പെട്ട തോമസിന്റെ മകളാണ് സി. റോസ്മിൻ. മാതാവ് മൈലക്കൽ കുടുംബാംഗമായ മോനിക്കായും. 1937 മാർച്ച് 25 ന് രാമപുരത്ത് പൊന്നാമറ്റം കുടുംബത്തിൽ റോസ്മിൻ ജനിച്ചു.

റോസമ്മ എന്നായിരുന്നു പേര്. രാമപുരത്തിനുസമീപമുള്ള മരങ്ങാട്ടിലെ മഞ്ചാടിമറ്റം സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. തുടർന്ന് രാമപുരം സേക്രട്ട്ഹാർട്ട് കോൺവെന്റ് സ്കൂളിൽ നിന്നും 1956 ൽ എസ്.എസ്.എൽ.സി. പാസ്സായി. ഇതിനകം പൊന്നാമറ്റം കുടുംബം മലബാറിലെ കോടഞ്ചേരിയിലേക്ക് കുടിയേറിപാർത്തു. തുടർന്ന് കോഴിക്കോട് പ്രൊവിഡൻസ് വിമൻസ് കോളേജിൽ ചേർന്ന് പ്രിഡിഗ്രി പരീക്ഷ പാസ്സായി. തുടർന്ന് ഒരു വർഷം കോടഞ്ചേരി സ്കൂളിൽ അദ്ധ്യാപികയായി ജോലി നോക്കി. 1958 ൽ പാലായിൽ എത്തി തിരുഹൃദയ സന്യാസ സഭയിൽചേർന്നു. തിരുഹൃദയ സന്യാസ സഭയിൽ റോസമ്മയുടെ പിതൃസഹോദരി സി. ഉർശൂലാ ആദ്യകാല അംഗമായിരുന്നു. ആ സഭ സ്ഥാപിച്ചത് ശങ്കരപുരി കുടുംബാംഗമായ കദളിക്കാട്ടിൽ മത്തായിച്ചനാണ്. (പൊന്നാമറ്റം കുടുംബവും ശങ്കരപുരി കുടുംബശാഖയിൽപെട്ടതാണ്.)

ചേറ്റുതോട് മൈലാടിയിലുള്ള എസ്.എച്ച്. കോൺവെന്റിൽ 1959– 60–ൽ നൊവിഷ്യറ്റ് നടന്നു. 1960 ഏപ്രിൽ 19 ന് സഭാവസ്ത്രം സ്വീകരിക്കുകയും ആദ്യവ്രതം അനുഷ്ഠിക്കുകയും ചെയ്തു. തുടർന്ന് കോട്ടയം ബി.സി.എം. കോളേജിൽ ബി.എസ്.സി.ക്കുചേർന്നു. ബി.സി.എം. കോളേജിൽ ഒരു വർഷം മാത്രമേ പഠിച്ചുള്ളു. അമേരിക്കയിലെ ടെറകോട്ട് (ഇൻഡ്യാന) എന്ന സ്ഥലത്ത് "സിസ്റ്റർ ഫോർമേഷൻ പ്രോഗ്രാമിൽ" പങ്കെടുക്കുന്നതിനായി സി. റോസ്മിൻ പോയി. നാലുവർഷത്തെ പ്രോഗ്രാമിനിടയിൽ ബി.എസ്.സി. ബിരുദം നേടുവാനും സാധിച്ചു. 'സിസ്റ്റർ ഫോർമേഷൻ' പ്രോഗ്രാമിലെ ബൈബിൾ ക്ലാസുകളും സ്പിരിച്ചൽ ക്ലാസുകളുംമറ്റും വളരെ പ്രയോജനപ്രദമായിരുന്നുവെന്ന് സിസ്റ്റർ അനുസ്മരിക്കുന്നു. അമേരിക്കയിൽവച്ച് 1963 ൽ നിത്യവ്രതവും അനുഷ്ഠിച്ചു. ന്യൂയോർക്ക്, ചിക്കാഗോ, വാഷിംഗ്ടൺ തുടങ്ങി അമേരിക്കയിലെ എല്ലാ സ്ഥലങ്ങളും സന്ദർശിക്കാൻ സിസ്റ്ററിന് സാധിച്ചു.

അമേരിക്കയിൽനിന്നും നാട്ടിൽ തിരിച്ചെത്തിയ സിസ്റ്റർ റോസ്മിൻ തിയോളജി പഠനത്തിനായി റോമിലേക്കു പോയി. റെജീനാമോണ്ടി കോളേജിൽ നാലുവർഷം പഠനം നടത്തി. തിരിച്ച് കേരളത്തിൽ എത്തി. സഭയുടെ കൗൺസിലർ ആയി തിരഞ്ഞെടുക്കപ്പെട്ടു. മിഷൻവകുപ്പായിരുന്നു ചുമതല. പാലായിൽ മിഷൻ കൗൺസിലറായി രണ്ടു ടേം പ്രവർത്തിച്ചു. അന്ന് തിരുഹൃദയസഭ കോതമംഗലം, ചങ്ങനാശ്ശേരി, പാലാ എന്നിവിടങ്ങളിൽ മൂന്നു സഭകളായിട്ടാണ് നിലകൊണ്ടത്. പാലായുടെ കീഴിലായിരുന്നു തലശ്ശേരി, മാനന്തവാടി രൂപതകളിലെ സഭകൾ. അന്ന് സഭക്ക് ഒരു ജനറലും ഓരോ രൂപതയിലും ഓരോ അസിസ്റ്റന്റ് ജനറാളുമാണുണ്ടായിരുന്ന

www.malankaralibrary.com

ത്. സിസ്റ്റർ റോസ്മിൻ പാലായിലെ അസിസ്റ്റന്റ് ജനറലായിരുന്നു. എല്ലാ രൂപതകളിലെയും തിരുഹൃദയസഭകൾ തമ്മിലുള്ള സംയോജനം നടന്നത് 1974 ൽ ആയിരുന്നു. സി.സ്റ്റെല്ലാമരിയാ ആയിരുന്നു ജനറാളമ്മ.

സിസ്റ്റർ റോസ്മിൻ മൂലമറ്റത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ഒന്നര വർഷത്തോളം പഠിപ്പിച്ചു. തുടർന്ന് കുരുവിനാൽ നോവിസ്മിസ്ട്രസായി ജോലി നോക്കി. രണ്ടരവർഷം കഴിഞ്ഞപ്പോൾ സഭയുടെ ജനറലേറ്ററിൽ ജനറൽ കൗൺസിലറായി. മിഷൻ വകുപ്പായിരുന്നു ചുമതല. ആറുവർഷം ആ സ്ഥാനത്തു തുടർന്നു. സീറോ - മലബാർ മിഷൻ രൂപതകളിൽ പ്രവർത്തിക്കുന്ന തിരുഹൃദയസഭാംഗങ്ങളെ കാണുന്നതിനും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും ക്ലാസുകൾ എടുക്കുന്നതിനുമായി ആസ്സാം, ജഗദൽപൂർ, രാജ്കോട്ട്, സാഗർ, സാറ്റ്ന, ഉജ്ജൈൻ തുടങ്ങിയ പ്രദേശങ്ങളിൽ പല പ്രാവശ്യം സിസ്റ്റർ സഞ്ചരിച്ചിട്ടുണ്ട്. ജനറൽ കൗൺസിലർ സ്ഥാനം കഴിഞ്ഞ് മൂന്നുവർഷം കുരുവിനാൽ മദർ ആയി സേവനം അനുഷ്ഠിച്ചു. ഇടവകകളിലും നൊവിഷ്യറ്റ് ഹൗസുകളിലും ക്ലാസുകൾ എടുക്കുന്നതിലും ധ്യാന ടീമിൽ പങ്കെടുത്ത് പ്രവർത്തിക്കുന്നതിലും സിസ്റ്റർ താല്പര്യം കാണിച്ചു. കൗൺസിലിംഗ് വഴി ആയിരങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ സാധിച്ചതിൽ സിസ്റ്റർ ഇന്ന് അഭിമാനം കൊള്ളുന്നു. തുടർന്ന് അടിവാരം, മേലുകാവ് എന്നിവിടങ്ങളിലായിരുന്നു പ്രവർത്തനം. പിന്നീട് രണ്ടുവർഷക്കാലം കോമൺ ജൂണിയറേറ്റിന്റെ മിസ്റ്ററസായി ബാംഗ്ലൂർക്കുപോയി. രണ്ടു വർഷത്തെ സേവനത്തിനുശേഷം മൈലാടി, നരിയങ്ങാനം എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചു. ഇപ്പോൾ മാനത്തൂർ (പിഴക്) തിരുഹൃദയ കോൺവെന്റിൽ വിശ്രമജീവിതം നയിക്കുന്നു.

വിലാസം - സിസ്റ്റർ റോസ്മിൻ, പൊന്നാമറ്റം എസ്.എച്ച്.തിരുഹൃദയമഠം, മാനത്തൂർ, പിഴക് പി.ഒ., 686655.

# 219

# ആന്റണി വാഴപ്പള്ളി



വിദ്യാഭ്യാസപ്രവർത്തകൻ, സാമൂഹ്യ സാംസ്കാരിക പ്രവർത്തകൻ, ലേഖകൻ എന്നീ നിലകളിൽ പ്രശസ്തനായ ആന്റണി വാഴപ്പിള്ളി തൃശൂർ ജില്ലയിൽ ചാവക്കാട്ട് താലൂക്കിലെ എളവള്ളി പഞ്ചായത്തിൽ ചിറ്റാട്ടുകരയിൽ 1937 ജൂലൈ 21 ന് വാഴപ്പിള്ളി ലാസറിന്റെയും ആഗ്നസിന്റെയും പുത്രനായി ജനിച്ചു. ചിറ്റാട്ടുകര സെന്റ് സെബാസ്റ്റ്യൻ സ്കൂൾ, പൊന്നാനി എ.വി. ഹൈസ്കൂൾ, പാവറട്ടി സെന്റ്

www.malankaralibrary.com

ജോസഫ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം ടി.ടി.സി ക്കു ചേർന്നു. ട്രെയിനിംഗിനു ശേഷം അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. 35 വർഷത്തോളം വിവിധസ്കൂളുകളിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ച ആന്റണി പ്രധാനാദ്ധ്യാപകനായി ചാവക്കാട് ഉപജില്ലയിലെ ചമ്മണ്ണൂർ ഗവൺമെന്റ് മാപ്പിള സ്കൂളിൽ നിന്നു റിട്ടയർ ചെയ്തു.

പെരുവല്ലൂർ സ്കൂളിൽ അദ്ധ്യാപകനായിരിക്കുമ്പോൾ 1984 ൽ അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡും 1985 ൽ ദേശീയ അവാർഡും നേടുകയുണ്ടായി. ഇന്ത്യൻ പ്രസിഡണ്ടായിരുന്ന ഗ്യാനി സെയിൽസിംഗിൽനിന്നാണ് അദ്ധ്യാപകദിനത്തിൽ ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽവച്ച് ദേശീയ അവാർഡ് ഏറ്റുവാങ്ങിയത്. പ്രസ്തുത പരിപാടിയോടനുബന്ധിച്ച് മൂന്നുദിവസത്തെ ടൂർ പ്രോഗ്രാം കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരുന്നു. പ്രധാനമന്ത്രി രാജീവ്ഗാന്ധി, ശാസ്ത്രവകുപ്പ് സഹമന്ത്രി കെ.ആർ. നാരായണൻ തുടങ്ങിയവരുമായി കൂടിക്കാഴ്ചനടത്തുന്നതിനും അവസരം ലഭിച്ചു.

1990 ൽ കേരളത്തിൽ ആരംഭിച്ച സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൽ വടക്കാഞ്ചേരി പ്രോജക്ട് ഓഫീസറായും 1992 ൽ തളിക്കുളം പ്രോജക്ട് ഓഫീസറായും 1993 ൽ തൃശൂർ ജില്ലാ കോ-ഓർഡിനേറ്ററായും മാതൃകാപരമായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1993 ൽ ബസ്റ്റ് പ്രോജക്ട് ഓഫീസറെന്ന നിലയിലുള്ള അവാർഡും 1986 ൽ ഏറ്റവും നല്ല സാമൂഹ്യപ്രവർത്തകനുള്ള കാൻഫെഡ് സംസ്ഥാന അവാർഡും 1997 ൽ ബെസ്റ്റ് സോഷ്യൽ വർക്കർക്കുള്ള പ്ലാറ്റൂൺ അവാർഡും, 2005 ൽ ഗ്രന്ഥശാലാപ്രവർത്തനത്തിലും സാക്ഷരതാ പ്രവർത്തനത്തിലും ദീർഘകാല സേവനം അനുഷ്ഠിച്ചതിനുള്ള സംസ്കൃതിപുരസ്കാരവും 1998 ൽ മികച്ച സാമൂഹ്യ-സാംസ്കാരിക പ്രവർത്തകനുള്ള മേരിവിജയം സാഹിത്യസമിതിയുടെ അനുമോദനോപഹാരവും 2004 ൽ മികച്ച ഗ്രന്ഥശാലാപ്രവർത്തകനുള്ള വായനക്കാരുടെ കൂട്ടായ്മ ഉപഹാരവും ആന്റണിക്ക് ലഭിച്ചിട്ടുണ്ട്.

ഔപചാരിക - അനൗപചാരിക - സാംസ്കാരിക - മാദ്ധ്യമരംഗങ്ങളിൽ അരനൂറ്റാണ്ടോളമായി പ്രശംസനീയമായി പ്രവർത്തിച്ചുവരുന്ന ആന്റണി കേരളത്തിലെ പ്രമുഖ ദിനപത്രങ്ങളിലും മാതൃഭൂമി, സത്യദീപം, സണ്ടേശാലോം, പ്രോഗ്രസ് തുടങ്ങിയ ആഴ്ചപ്പതിപ്പുകളിലും ഗ്രന്ഥാലോകം തുടങ്ങിയ മാസികകളിലും ധാരാളം ലേഖനങ്ങൾ വിവിധ വിഷയങ്ങളെപ്പറ്റി എഴുതിക്കൊണ്ടിരിക്കുന്നു. ശാസ്ത്രസാഹിത്യപരിഷത്തിന്റെ മാസികയായ "യുറീക്ക"യിൽ രണ്ടുവർഷത്തോളം തുടർച്ചയായി കേരളത്തിലെ 44 നദികളെപ്പറ്റി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ഒൻപതാം ക്ലാസ് വിദ്യാർത്ഥിയായിരുന്ന കാലത്താണ് 1956 ൽ മേരിവിജയത്തിൽ ആദ്യത്തെ കവിത പ്രസിദ്ധീകരിച്ചത്.

1961 ലെ ഗാന്ധിജയന്തിദിനമായ ഒക്ടോബർ 2 ന് ദി നാഷണൽ പബ്ലിക്

www.malankaralibrary.com

1961 ലെ ഗാന്ധിജയന്തിദിനമായ ഒക്ടോബർ 2 ന് ദി നാഷണൽ പബ്ലിക് ലൈബ്രറി ആൻഡ് റീഡിംഗ് റൂം ജന്മദേശമായ ചിറ്റാട്ടുകരയിൽ സ്ഥാപിച്ചതോടെയാണ് തന്റെ പൊതുപ്രവർത്തനം ആരംഭിച്ചത്. പ്രസ്തുത ലൈബ്രറി, എളവള്ള പഞ്ചായത്തിലെ ഏക 'എ'ഗ്രേഡ് ലൈബ്രറിയാണ്. പ്രസ്തുത ലൈബ്രറി പ്രസിഡണ്ട്, ചാവക്കാട് താലൂക്ക് ലൈബ്രറി കൗൺസിലർ, തൃശൂർജില്ലാ ലൈബ്രറി കൗൺസിലർ, കേരള അനൗപചാരിക വിദ്യാഭ്യാസ വികസനസമിതി (കാൻഫെഡ്) സംസ്ഥാന സെക്രട്ടറി, സാക്ഷരതാമിഷൻ അതോറട്ടി സംസ്ഥാന എക്സിക്യൂട്ടീവ് മെമ്പർ, ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് എഡ്യൂക്കേറ്റേഴ്സ് ഫോർവേൾഡ് പീസ് ജില്ലാസെക്രട്ടറി, പി.എൻ.പി. പണിക്കർ ഫൗണ്ടേഷൻ ജില്ലാ സെക്രട്ടറി, സംസ്കൃതി ജില്ലാ പ്രസിഡണ്ട്, വർക്കി വടക്കൻ ട്രസ്റ്റ് ചെയർമാൻ, ആൾ ഇന്ത്യാ നാഷണൽ അവാർഡ് ടീച്ചേഴ്സ് അസോസിയേഷൻ ദേശീയ എക്സിക്യൂട്ടീവ് അംഗം, പ്രസ്തുത അസോസിയേഷൻ കേരളഘടകം സെക്രട്ടറി, അച്ചുതമേനോൻ സൊസൈറ്റി ഫോർ ഹ്യുമൻ ഏക്ഷൻ (ആശ) ജോ.സെക്രട്ടറി, വായനക്കാരുടെ കൂട്ടായ്മ ജില്ലാ പ്രസിഡണ്ട്, കാൻഫെഡ് ജില്ലാ പ്രസിഡണ്ട്, മാമബസാർ സെന്റ് ജോസഫ്സ് ന്യൂ എഞ്ചിനീയറിംഗ് വർക്ക്സ് മാനേജിംഗ് പാർട്ണർ, എന്നീ നിലകളിലെല്ലാം ആന്റണി വാഴപ്പിള്ളി പ്രവർത്തിക്കുന്നു.

കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് തൃശൂർ അതിരൂപത, വൈസ് പ്രസിഡണ്ട്, ഗിൽഡ് സംസ്ഥാന കമ്മറ്റി പ്രോജക്ട് കമ്മറ്റി കൺവീനർ, ഫാ. വടക്കന്റെ നേതൃത്വത്തിൽ രൂപംകൊണ്ട മലയോരകർഷകഫെഡറേഷന്റെ ട്രഷറർ, സമഗ്രസേന സെക്രട്ടറി, ജില്ലാസാക്ഷരതാസമിതിയുടെ പ്രസിദ്ധീകരണമായ അക്ഷരാർത്ഥം മാസികയുടെ പത്രാധിപർ, ചാവക്കാട് താലൂക്ക് ഗവൺമെന്റ് സേർവെന്റ്സ് സൊസൈറ്റി പ്രസിഡണ്ട്, തുടങ്ങിയ നിരവധി മേഖലകളിൽ ആന്റണി പ്രവർത്തിച്ചിട്ടുണ്ട്.

യുണൈറ്റഡ് നേഷൻസ് ചിൽഡ്രൻസ് ഫണ്ടിന്റെയും ഇന്ത്യാഗവൺമെന്റ് മനുഷ്യവിഭവശേഷി വികസന മന്ത്രാലയത്തിന്റെയും സഹകരണത്തോടെ കേരള സാക്ഷരതാസമിതി നവ സാക്ഷരർക്കായി ആന്റണി രചിച്ച ഭാരതപ്പുഴ എന്ന ഗ്രന്ഥം 1993 ൽ പ്രസദ്ധീകരിച്ചിട്ടുണ്ട്. കേരളത്തിലെ നദികൾ എന്ന വിഷയത്തെ സംബന്ധിച്ച് ഗവേഷണം നടത്തി പുസ്തകം രചിക്കുന്നതിന് കേരള സാഹിത്യ അക്കാഡമി 13000 രൂപാ സഹായധനം നൽകി.

അമേരിക്കൻ ബയോഗ്രാഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിസേർച്ച് ബോർഡ് ഓഫ് അഡ്വൈസേഴ്സ് സമിതി അംഗമായി തിരഞ്ഞെടുക്കപ്പെട്ട ആന്റണി മാൻ ഓഫ് ദ ഇയർ എന്ന ബഹുമതിക്കും അർഹനായിട്ടുണ്ട്. തന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും ഏറെ സഹായിച്ചിട്ടുള്ള വ്യക്തികൾ ഫാ. ജോസഫ് വടക്കൻ, പി.ടി. ഭാസ്കരപണിക്കർ, പി.എൻ.പണിക്കർ എന്നിവരാണ്.

റിട്ടയാർഡ് ഹെഡ്മിസ്ട്രസ് വി.വി. കൊച്ചന്നയാണ് സഹധർമ്മിണി. വിലാസം - ആന്റണി വാഴപ്പിള്ളി, ചിറ്റാട്ടുകര, 680511 - തൃശൂർ.

www.malankaralibrary.com

# 220

# ഫാ. ജോസഫ് നെച്ചിക്കാട്ട്



കുടിയേററ കർഷകസമരത്തിന്റെ മുന്നണിപോരാളി, ഗ്രന്ഥകാരൻ പ്രഭാഷകൻ എന്നിങ്ങനെ വിവിധ നിലകളിൽ അറിയപ്പെടുന്ന ഫാ. ജോസഫ് പാലാ തെക്കുംമുറികര കുരുവിനാൽ ഇടവകയിലെ നെച്ചിക്കാട്ടു കുടുംബത്തിൽ കുഞ്ഞവുത - അന്ന ദമ്പതികളുടെ രണ്ടാമത്തെ സന്താനമായി 1937 ഏപ്രിൽ 26-ാം തീയതി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം കുരുവിനാൽ സെന്റ് മൈക്കിൾസ് വിദ്യാലയത്തിലും ഹൈസ്കൂൾ വിദ്യാഭ്യാസം മരങ്ങാട്ടുപള്ളി സെന്റ് തോമസ് ഹൈസ്കൂളിലുമായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസകാലഘട്ടത്തിൽ കുടുംബം വയനാട്ടിലേക്ക് കുടിയേറി. തുടർന്ന് മുത്തോലി സെന്റ് ആന്റണീസ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 1954 ജൂണിൽ തലശ്ശേരി രൂപതക്കുവേണ്ടി മൈനർ സെമിനാരിയിൽ ചേർന്നു. തലശ്ശേരി രൂപതയിൽ മൈനർ സെമിനാരി അന്നില്ലായിരുന്നതുകൊണ്ട് തൃശൂർ രൂപതാ മൈനർ സെമിനാരിയിലേക്ക് അയക്കപ്പെടുകയും ചെയ്തു. തുടർന്ന് ആലുവാ കാർമ്മൽഗിരി, മംഗലപ്പുഴസെമിനാരി എന്നിവിടങ്ങളിൽ വൈദീകപഠനം പൂർത്തിയാക്കി 1963 മാർച്ച് 19-ാം തീയതി പൗരോഹിത്യം സ്വീകരിച്ചു.

വൈദികപദവിയിലേക്കു ഉയർത്തപ്പെട്ട നെച്ചിക്കാട്ടച്ചനെ രൂപതയിലെ ഉത്തരവാദിത്വമുള്ള പല ജോലികളും ഏല്പിച്ചു. ഇതിനകം പതിനാറോളം പള്ളികളിൽ വികാരിയായി ജോലി നോക്കുകയുണ്ടായി. രൂപതവക പാരലൽ കോളേജിന്റെ പ്രിൻസിപ്പലായും സ്കൂളുകളുടെ കോർപ്പറേററ് മാനേജരായും രൂപതാഹോസ്പിററലിന്റെ ഡയറക്ടറായും ഫാ. ജോസ് സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പുല്പള്ളിയിലെ കുടിയേററ കർഷകരെ കുടിയിറക്കാനുള്ള സർക്കാരിന്റെ (1966-68) നീക്കത്തെ എതിർത്തു പരാജയപ്പെടുത്തുവാൻ നേതൃത്വം നൽകിയത് ജോസച്ചനായിരുന്നു. കുടിയിറക്കിനെതിരെ കർഷകരെ അണിനിരത്തിക്കൊണ്ട് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ആ ജനമുന്നേററത്തിന് മുൻപിൽ സർക്കാർ മുട്ടുമടക്കുകയും കുടിയേററക്കാരുടെ മണ്ണിലുള്ള അവകാശം നേടിയെടുക്കുകയും ചെയ്തു. ഫാ. നെച്ചിക്കാട്ട് വയനാട്ടിലെ കുടിയേററക്കാരുടെ രക്ഷകനായി മാറി.

വിദ്യാഭ്യാസകാലത്ത് പഠനത്തിൽ എന്നും ഒന്നാംസ്ഥാനത്തായിരുന്നു അദ്ദേഹം. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതും ഒന്നാം സ്ഥാനത്ത് നിലയുറപ്പിച്ചുകൊണ്ടായിരുന്നു. ആലുവാ സെമിനാരിയിൽ

www.malankaralibrary.com

നിന്നാണ് ദൈവശാസ്ത്രപഠനത്തിന് ബി.ഡി. ഡിഗ്രി കരസ്ഥമാക്കുന്നത്. മനശ്ശാസ്ത്രത്തിൽ ബിരുദവും ചരിത്രം പൊളിററിക്സ് എന്നിവയിൽ ബിരുദാനന്തര ബിരുദവും നേടിയത് കർണ്ണാടകയിലെ ധാർവാർ യൂണിവേഴ്സിററിയിൽ നിന്നാണ്. പിന്നീട് ബൽജിയത്തുള്ള ലുവെയിൻ ഇന്റർനാഷണൽ യൂണിവേഴ്സിററിയിൽനിന്ന് റിലീജിയസ് സ്റ്റഡീസിൽ എം.എ. ബിരുദവും സഭാചരിത്രത്തിൽ എസ്സ്.ററി.എൽ. ഡിഗ്രിയും കരസ്ഥമാക്കി. ഇക്കാലത്തു തന്നെ ജർമ്മനിയിലെ ബാംബർഗ് രൂപതയിൽ നിന്നും ജർമ്മൻ ഭാഷാപഠനത്തിനുള്ള ഡിപ്ലോമായും സമ്പാദിച്ചു.

കുട്ടിക്കാലം മുതൽ കഥകളും കവിതകളും രചിക്കുന്നതിൽ ജോസഫ് താല്പര്യം പ്രകടിപ്പിച്ചിരുന്നു. നിരവധി രചനകൾ നടത്തുകയും ചെയ്തു. ദീപിക ദിനപത്രത്തിലും ആഴ്ചപ്പതിപ്പിലും സത്യദീപം വാരികയിലും തലശ്ശേരിയിൽനിന്നും പുറപ്പെട്ടിരുന്ന ഗിരിദീപം മാസികയിലും പതിവായി ലേഖനങ്ങൾ എഴുതിയിരുന്നു. ഗ്രന്ഥങ്ങൽ പ്രസിദ്ധീകരിച്ചു തുടങ്ങിയത് 1975 മുതലാണ്. ആദ്യകാലകൃതികൾ മുഖ്യമായും പ്രസംഗങ്ങളും ലേഖനങ്ങളുമാണ്. തിരുമുൽക്കാഴ്ച എന്നൊരു കവിതാസമാഹാരവും അക്കാലത്ത് പ്രസിദ്ധപ്പെടുത്തി.

രൂപതവക ആശുപത്രിയുടെ ഡയറക്ടറായിരുന്ന കാലഘട്ടത്തിൽ ഭാരതത്തിന്റെ പലഭാഗങ്ങളിലും വച്ചുനടന്ന സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഭാരതത്തിലെ പ്രധാനനഗരങ്ങളെല്ലാം സന്ദർശിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. വിദേശരാജ്യങ്ങൾ ആദ്യമായി സന്ദർശിക്കുന്നത് 1980 കളിലാണ്. ഉപരപഠനാർത്ഥം ബൽജിയത്തിന് പോയപ്പോഴാണ് വിദേശസന്ദർശനം ആരംഭിക്കുന്നത്. യൂറോപ്യൻ രാജ്യങ്ങൾക്കുപുറമേ, ഇസ്രായേൽ, അറബിനാടുകൾ, അമേരിക്ക, ക്യാനഡ, സോവിയററുയൂണിയൻ, റുവാണ്ടാ ബറുണ്ടി, താൻസാനിയ തുടങ്ങിയ ഈസ്റ്റാഫ്രിക്കൻ രാജ്യങ്ങളും മററും സന്ദർശിക്കുന്നത് ഈ അവസരങ്ങളിലാണ്. അമേരിക്കൻ, ആഫ്രിക്കൻ, സോവിയററുയൂണിയൻ തുടങ്ങിയ രാജ്യങ്ങളിലെ സന്ദർശനത്തെ ആധാരമാക്കി യാത്രാവിവരണങ്ങൾ തയ്യാറാക്കിയത്.

ഇക്കഴിഞ്ഞ അഞ്ചാറുവർഷക്കാലമായി ദീപനാളം വാരികയിലും സണ്ടേശാലോം പ്രസിദ്ധീകരണത്തിലും തുടർച്ചയായി ലേഖനങ്ങൾ എഴുതിവരുന്നു. ഇതിനകം 11 ഗ്രന്ഥങ്ങൾ ഫാ. ജോസ് എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവ താഴെപറയുന്നവയാണ്. 1.ജീവിതം ഒരു വെല്ലുവിളി (പ്രസംഗപരമ്പര ഒന്നാംഭാഗം) 2. ജീവിതം ഒരു വെല്ലുവിളി (പ്രസംഗപരമ്പര രണ്ടാം ഭാഗം) 3.ജീവിതം ഒരു വെല്ലുവിളി പ്രസംഗപരമ്പര (മൂന്നാംഭാഗം) 4. തിരുമുൽക്കാഴ്ച (കവിതാസമാഹാരം) 5. ഇരുണ്ടവൻകരയിലൂടെ (ആഫ്രിക്കൻ യാത്രാ സ്മരണകൾ) 6. ഇരുമ്പുയവനികയിൽ തുറന്നിട്ട ജാലകം (റഷ്യൻ യാത്രാസ്മരണകൾ) 7. ചെമപ്പും വെളിപ്പും കറുപ്പും അമേരിക്കയിൽ (അമേരിക്കൻ യാത്രാസ്മരണകൾ) 8.ദിവ്യസന്ദേശം പ്രസംഗസമാഹാരം

www.malankaralibrary.com

(ഒന്നാംഭാഗം) 9.ദിവ്യസന്ദേശം പ്രസംഗ സമാഹാരം (രണ്ടാംഭാഗം) 10. ജീവിതചിന്തകൾ (ഒന്നാം ഭാഗം) 11.ജീവിതചിന്തകൾ (രണ്ടാംഭാഗം).

ദീപനാളം വാരികയിൽ മുടങ്ങാതെ എഴുതികൊണ്ടിരിക്കുന്ന ജീവിതചിന്തകൾ എന്ന പംക്തി അനേകരെ ആകർഷിക്കുന്നതാണ്. ഫാ. നെച്ചിക്കാടിന്റെ ക്രിസ്മസിനെപ്പററി എഴുതിയ ദൈവത്തിന്റെ സമ്മാനം എന്ന ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം "സകലജനപദങ്ങൾക്കുമുള്ള വലിയ സന്തോഷവാർത്ത"യെന്നാണ് ആട്ടിടയന്മാരോട് ദൈവദൂതൻ പറഞ്ഞത്. അതുകേട്ട ആട്ടിടയന്മാരുടെ പ്രതികരണമാണ് ശ്രദ്ധേയം. തണുപ്പോ, ഉറക്കമോ അവരെ അലട്ടിയില്ല. കൂരിരുട്ടത്ത് അതിവേഗം അവർ ബത്‌ലഹമിലേയ്ക്കു നീങ്ങി. ആ വലിയ സന്തോഷത്തിൽ പങ്കുചേരുവാൻ ആ അത്ഭുത ശിശുവിനെക്കണ്ട് അവർ നിർവൃതിയടഞ്ഞു. ദൈവത്തെ സ്തുതിച്ചുകൊണ്ട് മനോതൃഷ്ടിയോടെയാണ് അവർ മടങ്ങുന്നത്. അനർഘമായതെന്തോ കൈ വന്നതുപോലെ. മാത്രമല്ല ആ വലിയ സന്തോഷത്തിൽ പററുന്നവരെയൊക്കെ പങ്കുചേർക്കുകയും ചെയ്തു. (ലൂക്കാ 2-17)

വിശപ്പും ദാഹവു സഹിച്ച് വഴിയില്ലാ വഴികളിലൂടെ മാസങ്ങളോളം യാത്രചെയ്ത് എത്തിച്ചേർന്ന പൂജാ രാജാക്കൾക്കും അതേ അനുഭവമാണുണ്ടായത്. അസാധാരണമായ ഏതോ നിധി കിട്ടിയതുപോലെ. ദൈവത്തിന്റെ ഏററവും വലിയ സമ്മാനമാണ് ദേവാലയത്തിലെത്തിയിരിക്കുന്നതെന്ന് നിമിഷനേരംകൊണ്ട് ശിമയോനും മനസ്സിലായി. ഇതാ ജീവിതത്തിൽ തനിക്കു കിട്ടാവുന്ന ഏററവും വലിയ സമ്മാനം!......നേടുവാനുല്ല, നൽകുവാനാണ് തന്നെത്തന്നെ നമുക്ക് സമ്മാനിക്കുവാനാണ് യേശു വന്നത്. കാലിത്തൊഴുത്തിൽ പിറക്കുന്നതിന് മുൻപ് ഒരു സ്ത്രീയുടെ ഉള്ളിലാണ് അവിടുന്ന് ജനിക്കുന്നത്. മണിമാളികകളേക്കാൾ മനുഷ്യഹൃദയങ്ങളാണ് അവിടുത്തേക്ക് പ്രിയംകരം. നിർജ്ജീവമായ പുൽക്കൂടുകളേക്കാൾ ജീവനുള്ള കൂടുകളാണ് അവിടുന്ന് ഇഷ്ടപ്പെടുക. ദൈവത്തിന്റെ ഏററവും അനർഘമായ സമ്മാനം സ്വീകരിക്കുവാനാണ് ക്രിസ്മസ് രാത്രിയിൽ നാം ഒരുമിച്ചുകൂടുക. അമൂല്യമായ ഒരു നിധി കണ്ടെത്തിയ കൃതാർത്ഥതയോടെയാണല്ലോ ആട്ടിടയന്മാരും പൂജാരാജാക്കന്മാരും തിരിച്ചുപോയത്. അതുപോലെ, കിട്ടാവുന്ന ഏററവും വലിയ സമ്മാനവുമായിട്ടാണ് നാമും മടങ്ങുന്നതെന്ന തിരിച്ചറിവ് നമുക്കും കൈവരുമാറാകട്ടെ."

ഒരു ലേഖനത്തിലൂടെ എത്രയെത്ര ചിന്താശകലങ്ങളാണ് അദ്ദേഹം തന്റെ രചനയിലൂടെ വായനക്കാർക്ക് കൈമാറുന്നത്. ആ തൂലിക ഏവർക്കും ആശ്വാസകരമായി ഭവിക്കുന്നു.

വിലാസം - ഫാ. ജോസഫ് നെച്ചിക്കാട്ട്, സെന്റ് ജോസഫ് കത്തീഡ്രൽ ചർച്ച്, കണിയാരം, മാനന്തവാടി പി.ഒ. - 670645

www.malankaralibrary.com

# 221

# തോമസ് പാറന്നൂർ



ഗാനരചയിതാവ്, പത്രപ്രവർത്തകൻ, സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയപ്രവർത്തകൻ, പ്രഭാഷകൻ എന്നീ നിലകളിലെല്ലാം അറിയപ്പെടുന്ന തോമസ് പാറന്നൂർ, തൃശൂരിനു സമീപമുള്ള നെല്ലിക്കുന്നിൽ തരകൻ കുടുംബത്തിൽ ചാക്കുണ്ണി - റോസ ദമ്പതികളുടെ സീമന്തപുത്രനായി 1937 മേയ് 20-ന് ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ മേഖലകളിൽ സജീവമായി പ്രവർത്തിച്ചു. ഫാ. വടക്കൻരൂപീകരിച്ച കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയിൽ സജീവസാന്നിദ്ധ്യമുറപ്പിച്ചുകൊണ്ടാണ് മററുരംഗങ്ങളിലേക്ക് അദ്ദേഹം കാലുകൾ എടുത്തുവച്ചത്.

കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ ഔദ്യോഗിക ജിഹ്വയായി ഫാ. വടക്കന്റെ പത്രാധിപത്യത്തിൽ തൃശൂരിൽനിന്നും പ്രസിദ്ധീകരിച്ചിരുന്ന തൊഴിലാളി, കിഴക്കൻ മലയോരങ്ങളിൽ കുടിയിറക്കുകളും മലബാറിലെ സ്വകാര്യവനപ്രദേശങ്ങളിൽ മേൽച്ചാർത്തും നടത്തി കർഷകന്റെ മണ്ണിലുള്ള അവകാശം ചോദ്യം ചെയ്യപ്പെട്ടപ്പോൾ, അതിനെതിരായി സമരനിരപടുത്തുയർത്തുവാൻ ഫാ. വടക്കൻ രൂപീകരിച്ച മലനാട് കർഷകയൂണിയന്റെ മുന്നണിപോരാളിയായി തോമസ് പാറന്നൂർ നിലകൊണ്ടു. പിന്നീട് കർഷകതൊഴിലാളി പാർട്ടി രൂപീകരിച്ചപ്പോൾ അതിന്റെ നേതൃസ്ഥാനത്തു നിലകൊണ്ടു. 1967 ൽ കർഷകതൊഴിലാളി പാർട്ടി കേരളത്തിൽ അധികാരമേൽക്കുകയും ബി.വെല്ലിംഗ്ടൺ മന്ത്രിയായി ചാർജ്ജെടുക്കുകയും ചെയ്തപ്പോൾ തോമസ് പാറന്നൂർ മന്ത്രിയുടെ പേഴ്സണൽ അസിസ്റ്റന്റായി നിയമിക്കപ്പെട്ടു.

സപ്തകക്ഷി മന്ത്രിസഭയുടെ പതനത്തെ തുടർന്ന 1970 ൽ തൃശൂർ തിരിച്ചെത്തിയ പാറന്നൂർ 'ജയകാഹളം' എന്ന സായാഹ്നദിനപ്പത്രം സ്വന്തമായി ആരംഭിച്ചു. 1997 ൽ ആ പ്രസിദ്ധീകരണം നിറുത്തിയപ്പോൾ "ജനറൽ" പത്രത്തിൽ നിയമിതനായി. 2002-മുതൽ പ്രോഗ്രസ്സ് വാരികയിൽ സഹപത്രാധിപരായി പ്രവർത്തിച്ചുവരുന്നു.

1959 ലെ വിമോചനസമരത്തിലും 1960-കളിലെ മലയോര കർഷകസമരങ്ങളിലും സജീവമായ നേതൃത്വം വഹിച്ച തോമസ് പാറന്നൂർ നിരവധിപ്രാവശ്യം അറസ്റ്റുവരിച്ച് ജയിലിൽ കിടക്കേണ്ടിവന്നു. മലനാടു കർഷകയൂണിയന്റെയും കർഷകതൊഴിലാളി പാർട്ടിയുടെയും നാടുനീളെ നടന്നമഹായോഗങ്ങളിലെ പ്രസംഗകനായി രാജ്യം മുഴുവൻ ചുററി സഞ്ചരിച്ചു. 1961 ലെ തൃശൂരിലെ പ്രമാദമായ പട്ടം കല്ലേറുകേസ്സിൽ ഒളിവിൽ പോയി.

www.malankaralibrary.com

ചെറുപ്പംമുതലേ സാഹിത്യരംഗത്ത് സജീവമായി പ്രവർത്തിച്ചിരുന്ന പാറന്നൂർ പ്രസംഗ ലേഖനമത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ നേടുകയുണ്ടായി. 1954 ൽ അഖിലകേരള മരിയൻ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്തുനടന്ന അഖിലകേരള സാഹിത്യമത്സരങ്ങളിൽ ചെറുകഥക്ക് ഒന്നാംസ്ഥാനം കരസ്ഥമാക്കി.

തൃശൂർ രൂപതാടിസ്ഥാനത്തിൽ നടത്തപ്പെട്ട സാഹിത്യമത്സരങ്ങളിൽ ലേഖനം, പ്രസംഗം, പദ്യരചന എന്നിവയിൽ നിരവധി തവണ സമ്മാനങ്ങൾ നേടിയിട്ടുണ്ട്. സുപ്രസിദ്ധ നാടകകൃത്തായ സി.എൽ.ജോസിന്റെ മിക്ക നാടകങ്ങൾക്കും ഗാനങ്ങൾ എഴുതിയത് പാറന്നൂരാണ്. 1960-70 കാലങ്ങളിൽ തൃശൂർ ജില്ലയിൽ അവതരിപ്പിച്ചിരുന്ന ഒട്ടേറെ ക്ലബ്ബുകളുടെ നാടകങ്ങൾക്ക് ഗാനങ്ങൾ രചിച്ചിരുന്നതും പാറന്നൂർ തന്നെയായിരുന്നു. 1961 ൽ തൃശൂർ കേന്ദ്രീകരിച്ച് മലനാട് ആർട്സ് എന്ന പ്രൊഫഷണൽ ഗ്രൂപ്പ് ആരംഭിക്കുന്നതിൽ സജീവനേതൃത്വം നൽകി. തൃശൂർ രൂപതയുടേതായി ബിഷപ്പ് ഡോ.ജോസഫ് കുണ്ടുകുളം കലാസദൻ എന്ന കലാസംഘടനക്ക് രൂപം നൽകുമ്പോൾ അതിൽ ശ്രദ്ധേയമായ പങ്ക് പാറന്നൂർ വഹിക്കുകയുണ്ടായി. അതിന്റെ പ്രഥമപബ്ലിസിററി കൺവീനറുമായിരുന്നു. കലാസദന്റെ എല്ലാ നാടകങ്ങൾക്കും ഗാനങ്ങളെഴുതിയതും അദ്ദേഹം തന്നെ. കേരള സി.എൽ.സിയുടെ ഔദ്യോഗിക ഗാനമുൾപ്പെടെ ഗാനരചനാ രംഗത്ത് ഒട്ടേറെ സംഭാവനകൾ അർപ്പിക്കുവാൻ തോമസ് പാറന്നൂരിന് സാധിച്ചു. നിരവധി കാസററുകൾക്കു പുറമേ "ഭൂമിയിലെ മാലാഖ", "സ്വർണ്ണമെഡൽ" "തീരത്തിനറിയുമോ തിരയുടെ വേദന" എന്നീ സിനിമകൾക്കും ആകാശവാണിക്കും ഗാനങ്ങളെഴുതിയിട്ടുണ്ട്. സ്വന്തം പേരിലും ലോലൻ, ഗുലാബ്ജാൻ എന്നീ തൂലികാനാമങ്ങളിലും തൊഴിലാളി, മേരിവിജയം, സത്യദീപം, മലയാളമനോരമ, ദീപിക, ജയകാഹളം, ജനറൽ, മലബാർ മെയിൽ, പ്രോഗ്രസ്സ് തുടങ്ങിയ നിരവധി പത്രമാസികകളിലും ആനുകാലികങ്ങളിലും കവിത, ചെറുകഥ, ലേഖനം, നർമ്മഭാവന എന്നിവ എഴുതിയിട്ടുണ്ട്. പഴയ വീണയും പുതിയ ഗാനവും എന്ന രണ്ട് ഗാനസമാഹാരങ്ങളും ഇതാ മനുഷ്യൻ, തലമുറകളുടെ മുന്നേററം എന്ന രണ്ടു നാടകങ്ങളും രചിച്ചിട്ടുണ്ട്.

പന്ത്രണ്ടുവർഷത്തോളം തുടർച്ചയായി തൃശൂർ രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമായിരുന്നു. തൃശൂർ രൂപതയുമായി ബന്ധപ്പെട്ട പല സമിതികളിലും നിരവധി സാമൂഹ്യസാംസ്കാരിക വേദികളിലും തോമസ് പാറന്നൂർ പ്രവർത്തിച്ചിട്ടുണ്ട്. ഫാ.വടക്കൻ ചാരിററബിൾ ട്രസ്റ്റ്, മത്തായി മാഞ്ഞൂരാൻ ട്രസ്റ്റ്, കെ.ആർ.ചുമ്മാർ ട്രസ്റ്റ്, മദർതെരേസാ ചാരിററബിൾ ട്രസ്റ്റ് (ഗുരുവായൂർ) എന്നിവയിൽ അദ്ദേഹം അംഗമാണ്.


റിട്ടയാർഡ് ഹെഡ്മിസ്ട്രസ് മേരിയാണ് സഹധർമ്മിണി.

വിലാസം - തോമസ് പാറന്നൂർ, തരകൻ ഹൗസ്, നസ്രത്ത് ബസാർ,
നെല്ലിക്കുന്ന്, തൃശൂർ - 5

www.malankaralibrary.com

# 222

# കെ.കെ. റാഫേൽ



സാമൂഹ്യ സാമുദായിക സംഘടനകളിൽ ദീർഘ കാലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെ.കെ. റാഫേൽ വരാപ്പുഴ അതിരൂപതിയിലെ ഓച്ചന്തുരുത്ത് കുരിശുങ്കൽ ഇടവകയിൽ കളത്തിവീട്ടിൽ കുടുംബത്തിൽ കിത്തോ-അന്ന ദമ്പതികളുടെ മകനായി 1937 ജൂൺ 25-ാം തീയതി ഭൂജാതനായി. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ്, മദ്രാസ് ലയോള കോളേജ് എന്നിവിടങ്ങളിൽ പഠിച്ച് രസതന്ത്രത്തിൽ ബിരുദം എടുത്തു.

1957 ൽ അധികാരമേററെടുത്ത കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ വിദ്യാഭ്യാസനയത്തിനെതിരെ നടന്ന പ്രക്ഷോഭണത്തിലൂടെയാണ് റാഫേൽ പൊതു പ്രവർത്തനത്തിൽ പ്രവേശിക്കുന്നത്. വിദ്യാഭ്യാസ സമരം വിമോചനസമരമായി മാറിയപ്പോൾ ആ സമരത്തിൽ സജീവമായി പങ്കെടുക്കുകയും സമര സമിതികൺവീനറായി പ്രവർത്തിക്കുകയും ചെയ്തു. തന്റെ പ്രധാന പ്രവർത്തനരംഗം വിൻസെന്റ് ഡിപോൾ സഖ്യം ആണെന്നു പറയാം. 1995 ൽ വിൻസെന്റ് ഡിപോൾ സഖ്യം വരാപ്പുഴ അതിരൂപതാസംഘം പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട റാഫേൽ സഖ്യത്തിന്റെ കേരള സംസ്ഥാന കൗൺസിൽ സെക്രട്ടറിയായും (1996-1998) ദേശീയ കൗൺസിൽ അംഗമായും (1995-2000) പ്രവർത്തിച്ചിട്ടുണ്ട്. 1993-95 വർഷങ്ങളിൽ കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയിലും എറണാകുളം അതിരൂപതാ പാസ്റ്ററൽ കൗൺസിലിലും ദീർഘകാലം അദ്ദേഹം അംഗമായിരുന്നിട്ടുണ്ട്. എറണാകുളത്തെ സോഷ്യൽ സർവ്വീസ് സൊസൈററിയുടെ സ്ഥാപകാംഗങ്ങളിൽ ഒരാളാണ് കെ.കെ. റാഫേൽ. സൊസൈററിയുടെ ഗവേണിംഗ് കൗൺസിലിൽ അദ്ദേഹം ഇപ്പോഴും അംഗമാണ്. കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ കേരളഘടകത്തിലും റാഫേൽ അംഗമായി പ്രവർത്തിക്കുന്നു.

സാമൂഹ്യപ്രവർത്തനം മുഖമുദ്രയായി സ്വീകരിച്ചിരിക്കുന്ന എറണാകുളത്തെ ജനസഹായം കമ്പിനി ഏറെ പ്രസിദ്ധമാണ്. കമ്പനിയുടെ ആദായം മുഴുവനും സാധുജനസഹായത്തിനും വിദ്യാഭ്യാസ സ്കോളർഷിപ്പിനുമായാണ് വിനിയോഗിക്കുന്നത്. ജനസഹായം കമ്പിനിയുടെ ഡയറക്ടർ ബോർഡ് മെമ്പറായും ട്രസ്റ്റിയായും ദീർഘകാലം അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കേരളാടൈംസ് ദിനപത്രത്തിന്റെ ഡയറക്ടർ ബോർഡിൽ ദീർഘകാലം അദ്ദേഹം അംഗമായിരുന്നു. കേരളാലാററിൻ കാത്തലിക് അസോസിയേഷൻ സംഘടനയിൽ ദീർഘകാലമായി പ്രവർത്തിക്കുന്ന റാഫേൽ അസോസിയേഷന്റെ അതിരൂപതാ മാനേജിംഗ് കൗൺസിലിലും അംഗമാണ്.

www.malankaralibrary.com


അതിരൂപതയിൽ സജീവമായി പ്രവർത്തിക്കുന്ന കുടുംബയൂണിററുകളുടെ സ്ഥാപനത്തിലും വളർച്ചയിലും റാഫേൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. കുടുംബയൂണിററുകളുടെ പ്രഥമ സെൻട്രൽ കമ്മററി പ്രസിഡണ്ടുമായിരുന്നു റാഫേൽ.

കാർഷികരംഗം അടിക്കടി പ്രതിസന്ധികളെ തരണം ചെയ്തുകൊണ്ടിരിക്കുകയാണല്ലോ. കാർഷിക പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുവാൻ കർഷകരുടെ സഹകരണസംഘങ്ങളും, സംഘടനകളും ഉണ്ടാകേണ്ടതാണെന്ന തിരിച്ചറിവ്, കർഷകസഹകരണസംഘങ്ങളും സംഘടനകളും കെട്ടിപ്പെടുക്കുവാൻ റാഫേലിനെ പ്രേരിപ്പിച്ചു. വൈപ്പിൻകരയിലെ പ്രമുഖ കർഷകരിലൊരാളായ റാഫേൽ ഓച്ചത്തുരുത്ത് കർഷകസംഘം കെട്ടിപ്പെടുക്കുന്നതിന് പരിശ്രമിക്കുകയും അതിന്റെ സ്ഥാപക വൈസ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഇപ്പോൾ പ്രസ്തുത സംഘത്തിന്റെ പ്രസിഡണ്ടാണ് റാഫേൽ. മുപ്പതുവർഷംമുമ്പ് ചെറുമുളവുകാട്ട് കൃഷി സമാജം സ്ഥാപിച്ചുകൊണ്ട് കാർഷികപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളിൽ ഏർപ്പെട്ടു. സമാജത്തിന്റെ സ്ഥാപക പ്രസിഡണ്ടായിരുന്നു റാഫേൽ. 16 വർഷം പ്രസ്തുതസമാജത്തിന്റെ പ്രസിഡണ്ടായി അദ്ദേഹം പ്രവർത്തിച്ചു. ഇപ്പോൾ അതിന്റെ പ്രവർത്തകസമിതിയിൽ അംഗമാണ്. വല്ലാർപാടം – പനമ്പുകാട്ട ചെറുകിട കർഷകസംഘത്തിന്റെ പ്രസിഡണ്ടായും അദ്ദേഹം ദീർഘകാലം പ്രവർത്തിച്ചു.

പരേതനായ ശ്രീ. ബി.എം. പീററർ എക്സ് എം.എൽ.എ.യുടെ പൗത്രി ശ്രീമതി മേരി ലൂസിയാണ് റാഫേലിന്റെ ഭാര്യ. ഇന്ത്യയിലെ ആദ്യത്തെ ഏതദ്ദേശീയ മെത്രാപ്പോലീത്ത (ലത്തീൻ) ദിവംഗതനായ ആർച്ച് ബിഷപ്പ് ജോസഫ് അട്ടിപ്പേററി റാഫേലിന്റെ മാതൃസഹോദരനാണ്.

വിലാസം : കെ.കെ. റാഫേൽ, കളത്തിവീട്ടിൽ, ഓച്ചത്തുരുത്ത് 682508

# 223



# റവ. ഡോ. തോമസ് കാലായിൽ

## സി.എം. ഐ.

പ്രമുഖ ദൈവശാസ്ത്രജ്ഞനും, ചരിത്രകാരനും, ഗ്രന്ഥകാരനും, വിദ്യാഭ്യാസപ്രവർത്തകനും ആയ റവ: ഡോ. തോമസ് കാലായിൽ ജോസഫ് (അപ്പച്ചൻ)-ബ്രജീത്താ ദമ്പതികളുടെ എട്ടു മക്കളിൽ രണ്ടാമനായി 1937 ആഗസ്റ്റ് 18-ന് ജനിച്ചു. മാതാവ് മിത്രക്കരയിലെ ളായിക്കരി തറവാട്ടിലെ

www.malankaralibrary.com

വർക്കി-ത്രേസ്യാ ദമ്പതികളുടെ മകളാണ്. കാലയിൽ കുടുംബം മുട്ടാറിലെ മാങ്കുളത്തിൽ തറവാട്ടിൽ പെട്ടതാണ്. ആ കുടുംബത്തിലെ ഒരംഗം വെരൂർ എന്നറിയപ്പെട്ടിരുന്ന വടക്കേക്കരയിലെ ക്ഷേത്രത്തിനടുത്ത് കാടുപിടിച്ചു കിടന്ന "കാലാ" വെട്ടിത്തെളിച്ച് വീടുവച്ചു താമസിച്ചതിനാലാണ് കാലായിൽ എന്ന വീട്ടുപേര് ലഭിച്ചത് എന്നു പറയപ്പെടുന്നു. ബാല്യകാലത്ത് ചങ്ങനാശ്ശേരി പട്ടണത്തിലായിരുന്നു കാലായിൽ കുടുംബം താമസിച്ചിരുന്നത്. കളരി വിദ്യാഭ്യാസത്തിനുശേഷം സെന്റ് ആൻസ് പ്രൈമറി സ്കൂളിൽ അഞ്ചാം ക്ലാസുവരെ പഠിച്ചു. അഞ്ചാം ക്ലാസിൽ പബ്ലിക് പരീക്ഷ നിർബന്ധിതമാക്കിയ ആദ്യത്തെ ബാച്ചിലായിരുന്നു തോമസ് പഠിച്ചത്. തുടർന്ന് ചങ്ങനാശ്ശേരി സെന്റ് ബെർക്കുമാൻസ് ഹൈസ്കൂളിൽ നിന്നും 1954 മാർച്ചു മാസത്തിൽ എസ്. എസ്. എൽ. സി. പരീക്ഷ പാസ്സായി.

ഹൈസ്കൂൾ വിദ്യാഭ്യാസകാലത്ത് തോമസിന്റെ കുടുംബം ചെത്തിപ്പുഴ സി.എം.ഐ. ആശ്രമത്തിന് സമീപമായിരുന്നു താമസമാക്കിയിരുന്നത്. അന്ന് കൊവേന്ത നടത്തിയിരുന്ന സണ്ടേ സ്കൂളിൽ പഠിക്കുകയും അവിടുത്തെ അൾത്താര ബാലസഖ്യത്തിലും സൊഡാലറ്റിയിലും അംഗമായി പ്രവർത്തിക്കുകയും ചെയ്തു. ചെറുപ്പത്തിൽ തന്നെ റ്റി. ഒ.സി.ഡി. അഥവാ ക.നി.മൂ.സ. എന്നറിയപ്പെട്ടിരുന്ന ഇന്നത്തെ സി. എം. ഐ. സഭയിൽ അംഗമായി ചേരുവാൻ അതിയായി ആഗ്രഹിച്ചിരുന്നു. ചെത്തിപ്പുഴ മേജർ സെമിനാരിയിൽ പഠിപ്പിച്ചിരുന്ന ബഹു. പ്ലാസിഡ് പൊടിപാറയച്ചനുമായി ഉണ്ടായിരുന്ന സ്നേഹ ബന്ധം സി. എം. ഐ. സഭയിൽ അംഗമാകാൻ ശക്തമായ പ്രേരണയായി. 1955ജൂൺ 7-ാം തിയതി മാന്നാനം യോഗാർത്ഥി ഭവനത്തിൽ ചേർന്നു. മാന്നാനത്തും മുത്തോലിയിലും ഓരോ വർഷം പഠിച്ച് ലത്തീനിലും സുറിയാനിയിലും പരിജ്ഞാനം നേടി. സന്യാസ പരിശീലനത്തിന് നവസന്യാസ ഭവനത്തിൽ പ്രവേശിച്ചു. ചെത്തിപ്പുഴയിൽ സ്ഥാപിതമായ നവസന്യാസ ഭവനത്തിൽ ആദ്യബാച്ചിൽ സന്യാസം നേടി 1958 മേയ് 16-ാം തിയതി ആദ്യ വ്രതവാഗ്ദാനം നടത്തി. തുടർന്ന് ഒരു വർഷം ചെത്തിപ്പുഴയിൽ Jouniorate കോഴ്സ് നടത്തി. ഇക്കാല ഘട്ടത്തിൽ അദ്ധ്യാത്മികത ആഴപ്പെടുത്തുന്നതിനുള്ള ശിക്ഷണവും ലത്തീൻ, സുറിയാനി, മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ ഉപരി പരിശീലനവും നേടി. സി.എം.ഐ സഭയുടെ മേജർ സെമിനാരിയായി 1957 ൽ ബാംഗ്ളൂരിൽ സ്ഥാപിതമായ ധർമ്മാരാം കോളേജിൽ ആയിരുന്നു ഫിലോസഫിയും തിയോളജിയും പഠിച്ചത്. 1964-ൽ ബോംബെയിൽ സമ്മേളിച്ച ദിവ്യകാരുണ്യ കോൺഗ്രസ്സീൽ വച്ച് 1964 ഡിസംബർ 4-ാം തിയതി വൈദിക പട്ടം സ്വീകരിച്ചു.

തിരുപ്പട്ട സ്വീകരണത്തിനുശേഷമാണ് ദൈവശാസ്ത്ര പഠനം പൂർത്തിയാക്കിയത്. തുടർന്ന് റോമിലെ ഗ്രീഗോറിയൻ യൂണിവേഴ്സിറ്റിയിൽ ചേർന്ന് തിയോളജിയിലും, വി. ഗ്രന്ഥശാസ്ത്രത്തിലും മാസ്റ്റർ ബിരുദവും തിയോളജിയിൽ ഡോക്ടർ ബിരുദവും നേടുന്നതിന് അധികാരികൾ അദ്ദേ

www.malankaralibrary.com

ഹത്തെ റോമിലേക്കയച്ചു. ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിലെ പഠനം പൂർത്തിയാക്കിയ കാലായിൽ തോമസച്ചൻ പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് വി. ഗ്രന്ഥശാസ്ത്രപഠനം നടത്തി. 90 ശതമാനം മാർക്കോടുകൂടി 1969-ൽ മാസ്റ്റർ ബിരുദം സമ്പാദിച്ചു. ഡോക്ടറേറ്റിനുള്ള ഗവേഷണ പഠനം പൂർത്തിയാക്കിയത് ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിലാണ്. ഗവേഷണ പ്രബന്ധത്തിന്റെ പേര് "Christ's work of Redemption according to St.Ephrem" എന്നായിരുന്നു. സുറിയാനി സഭാപിതാക്കന്മാരിലും മല്പാന്മാരിലും അഗ്രഗണ്യനായ മാർ അപ്രേമിന്റെ സുറിയാനി ഭാഷയിലുള്ള കൃതികളെ ആസ്പദമാക്കി രചിക്കപ്പെട്ട ഈ ഗവേഷണ പ്രബന്ധത്തെ A Monumental work എന്നും A Service to Church എന്നുമാണ് യൂണിവേഴ്സിറ്റി വിലയിരുത്തി വിശേഷിപ്പിച്ചത്. ഡോക്ടറേറ്റ് പരീക്ഷയിൽ 100 ശതമാനം മാർക്കും Summa cum Laude (പൂർണ്ണമായ പ്രശംസയോടുകൂടി) എന്ന അപൂർവ്വ ബഹുമതിയുമാണ് യൂണിവേഴ്സിറ്റി നൽകിയത്.

ഉപരിപഠനം പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തിയ കാലായിൽ അച്ചനെ 1973- ൽ ധർമ്മാരാം കോളേജിൽ റസിഡന്റ് പ്രൊഫസറായി നിയമിച്ചു. 1982 ജൂലൈ വരെ ആ ജോലിയിൽ തുടർന്നു. ഇക്കാലത്ത് ബാംഗ്ളൂരിലെ മറ്റുചില ദൈവശാസ്ത്ര പഠന കേന്ദ്രങ്ങളിലും ക്ലാസുകൾ എടുത്തിട്ടുണ്ട്. വി. ഗ്രന്ഥം, ദൈവശാസ്ത്രം, ഹീബ്രു, ഗ്രീക്ക്, സുറിയാനി ഭാഷകൾ എന്നിവയാണ് അദ്ദേഹം പഠിപ്പിച്ചിരുന്നത്. അദ്ധ്യാപനത്തിനു പുറമെ അക്കാഡമിക് സെക്രട്ടറിയായും (രജിസ്ട്രാർ-1973-75) വൈദിക വിദ്യാർത്ഥികളുടെ രൂപീകരണ ചുമതലയുള്ള ഗുരുവച്ചനായും (Father master1975-82) പരീക്ഷാ കൺട്രോളർ(1978-81) ആയും ജോലി നോക്കിയിട്ടുണ്ട്.

ബാംഗ്ളൂരിൽ നിന്നും തിരിച്ചെത്തിയ കാലായിലച്ചനെ ആദ്യം മാന്നാനത്തും(1982-84) പിന്നീട് ചെത്തിപ്പുഴയിലും (1984-94) മൈനർ സെമിനാരി റെക്ടർ ആയി നിയമിച്ചു. ധർമ്മാരം കോളേജിലും വിസിറ്റിംഗ് പ്രൊഫസ്സറായും തുടർന്നു. ലത്തീൻ, ഇംഗ്ലീഷ് ഭാഷകൾക്ക് പുറമെ സി. എം. ഐ സഭയുടെ ചരിത്രവും അച്ചൻ പഠിപ്പിക്കുകയുണ്ടായി. 1987 മുതൽ 90 വരെ തിരുവനന്തപുരം സി. എം. ഐ പ്രൊവിൻസിൽ, വിദ്യഭ്യാസം, സമ്പർക്ക മാധ്യമങ്ങൾ എന്നീ വകുപ്പുകളുടെ ചുമതലയുള്ള പ്രൊവിൻഷ്യൻ കൗൺസിലറും വികാർ പ്രൊവിൻഷ്യലും ആയി പ്രവർത്തിച്ചു. 1999-2000 വരെയുള്ള കാലഘട്ടത്തിൽ പ്രേഷിത പ്രവർത്തനങ്ങൾ, വൈദിക ശുശ്രൂഷ എന്നീ വകുപ്പുകളുടെ ചുമതലയുള്ള പ്രൊവിൻഷ്യൻ കൗൺസിലറും വികാർ പ്രൊവിൻഷ്യലുമായും 2000- 2001 കാലഘട്ടത്തിൽ ചെത്തിപ്പുഴയിൽ മൈനർ സെമിനാരി റെക്ടറായും 2002- 2005 വരെ മാന്നാനം കൊവേന്തയുടെ പ്രിയോർ ആയും മാന്നാനം ഇടവകയുടെ വികാരിയായും സേവനം അനുഷ്ഠിച്ചു. അതോടൊപ്പം തന്നെ കെ. ഇ കോളേജ്, ട്രെയിനിംഗ് കോളേജ്, സെന്റ് എഫ്രേംസ് ഹയർ സെക്കൻണ്ടറി സ്കൂൾ, സെന്റ് ജോസഫ്സ്

www.malankaralibrary.com

പ്രൈമറി സ്കൂൾ എന്നിവയുടെ മാനേജർ ആയും പ്രവർത്തിക്കുകയുണ്ടായി.

ക്ലാരസഭക്കാരുടെ സ്കൂളിൽ അഞ്ചാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴാണ് ഭരണങ്ങാനത്തെ അൽഫോൻസാമ്മയുടെ മരണശേഷം നടന്നുകൊണ്ടിരുന്ന അത്ഭുതങ്ങളെക്കുറിച്ചും ജീവിത വിശുദ്ധിയെക്കുറിച്ചുമുള്ള വാർത്തകൾ പ്രചരിച്ചു തുടങ്ങിയത്. അൽഫോൻസാമ്മയെപ്പോലെ വിശുദ്ധി പ്രാപിക്കണമെന്ന ആഗ്രഹം അക്കാലം തുടങ്ങി മനസ്സിൽ സൂക്ഷിച്ച് വന്നിരുന്നു. സഭയിലെ അൽമായർക്ക് വിശ്വാസ സംബന്ധമായ കാര്യങ്ങളെക്കുറിച്ച് ആഴത്തിൽ പഠിപ്പിക്കണമെന്ന ആഗ്രഹവും അദ്ദേഹത്തിന്റെ മേജർ സെമിനാരിയിലെ പഠനകാലത്ത് രൂപം കൊണ്ടു. ഈ ലക്ഷ്യ സാദ്ധ്യത്തിനായി നിരവധി ലേഖനങ്ങളും ഗ്രന്ഥങ്ങളും അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചു. റോമിലെ ഉപരിപഠനം ഇക്കാര്യത്തിൽ വളരെ സഹായകരമായി. വിശുദ്ധ ഗ്രന്ഥത്തിലെ പുതിയ നിയമ ഭാഗത്തിന്റെ ഒരു ആധുനിക മലയാള തർജ്ജമ ഗ്രീക്കു മൂലത്തെ ആധാരമാക്കി തയ്യാറാക്കാൻ കാലായിൽ തോമസ് അച്ചൻ സഹായിച്ചു. വിവർത്തനത്തിലും ജനറൽ എഡിറ്റിംഗിലും മറ്റ് വൈദികരോടൊന്നിച്ച് പ്രവർത്തിച്ച് 1978-ൽ പുതിയ തർജ്ജമ പ്രസിദ്ധീകരിച്ചു. നിലവിലുള്ള തർജ്ജമകളിൽ ഏറ്റവും മെച്ചപ്പെട്ടതായിരുന്നു ഇത്. ബാംഗ്ലൂരിൽ നിന്നും തിരിച്ചെത്തി മൈനർ സെമിനാരികളുടെ റെക്ടർ സ്ഥാനം വഹിച്ചിരുന്ന കാലത്ത് ആണ് അൽമായരെ കത്തോലിക്കാ മതശാസ്ത്രങ്ങൾ പഠിപ്പിക്കാൻ കൂടുതൽ സമയം ചിലവഴിച്ചത്. ചങ്ങനാശ്ശേരി അതിരൂപതയുടെ സന്ദേശ നിലയം, അമലാ തിയോളജിക്കൽ കോളേജ്, മാർത്തോമാ വിദ്യാനികേതനിൻ, മിഷനറി ഓറിയന്റേഷൻ സെന്റർ തുടങ്ങിയ ദൈവശാസ്ത്ര പഠന കേന്ദ്രങ്ങളും ചില ഇടവകകളും ഇതിനുള്ള സാഹചര്യം കാലായിലച്ചന് ഒരുക്കികൊടുക്കുകയുണ്ടായി. മാർത്തോമാ വിദ്യാനികേതൻ സമൂഹത്തിലെ ഉന്നത ശ്രേണിയിലുള്ള പോലീസ് മേധാവികൾ, ഡോക്ടർമാർ, കോളേജ് പ്രൊഫസർമാർ, എൻജിനിയർമാർ തുടങ്ങിയ പുരുഷൻമാരും സ്ത്രീകളും അടങ്ങിയ നിരവധി അഭ്യസ്തവിദ്യർ പഠിക്കുകയും ഡിഗ്രികൾ സമ്പാദിക്കുകയും ചെയ്തു.

ചങ്ങനാശ്ശേരി സന്ദേശനിലയത്തിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന കതിരൊളി മാന്നാനത്തു നിന്നും പ്രസിദ്ധീകരിക്കുന്ന കർമ്മലകുസുമം എന്നി മാസികകളിൽ വിശുദ്ധഗ്രന്ഥസംബന്ധമായ ലേഖന പരമ്പരകൾ എഴുതുന്നുണ്ട്. ഇവ വാല്യങ്ങളായി പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു. പുണ്യശ്ലോകനായ പ്ലാസിഡ് പൊടിപാറയച്ചന്റെ ഗ്രന്ഥങ്ങളും ലേഖനങ്ങളും പുനഃപ്രസാധനം ചെയ്യുന്ന പദ്ധതിയുടെ ജനറൽ എഡിറ്ററും കാലായിൽ അച്ചൻ തന്നയാണ്.

ക്രൈസ്തവ സഭയുടെ ചരിത്രത്തിലെ ആദ്യ നൂറ്റാണ്ട് മുതൽ സഭാപിതാക്കന്മാരും മല്പാന്മാരും കുറിച്ച് വെച്ചിട്ടുള്ള കാര്യങ്ങൾ വിലപ്പെട്ടവയാണ്. സഭയുടെ അടിസ്ഥാന വിശ്വാസ സത്യങ്ങൾ അക്കാലങ്ങളിലെ പ്രത്യേക

www.malankaralibrary.com

സാഹചര്യങ്ങളിൽ വിശ്വാസികളെ പ്രബോധിപ്പിച്ച് അവരെ നയിക്കാൻ ഉതകുന്ന കാര്യങ്ങളാണ് അവർ കുറിച്ച് വെച്ചത്. അവരുടെ ലിഖിതങ്ങൾ ഇന്ന് സഭയുടെ സമ്പത്താണ്. ഓരോ കാലഘട്ടത്തിലും ദൈവീകാഹ്വാനവും വചന ശിക്ഷണവും തത്ത്വ പ്രബോധനവും, ലേഖന ചാതുരിയും ലഭിക്കുന്നവർ സഭാ മക്കളുടെ പഠനത്തിലും നന്മയ്ക്കും വേണ്ടി തങ്ങൾക്ക് ലഭിക്കുന്ന ഉൾക്കാഴ്ചകൾ കുറിച്ചു വയ്ക്കേണ്ടത് ദിവ്യമായ ചുമതലയാണെന്ന് കാലായിൽ അച്ചൻ ഉറച്ചു വിശ്വസിക്കുന്നു. ദൈവം ആയുസ്സും ആരോഗ്യവും നൽകുന്നിടത്തോളം കാലം ഈ ദൗത്യം അദ്ദേഹം നിറവേറ്റാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

വാഴ്ത്തപ്പെട്ട ചാവറയച്ചൻ വിഭാവന ചെയ്ത വിദ്യാഭ്യാസ പ്രവർത്തനങ്ങൾ യുവതലമുറയുടെ ശിക്ഷണത്തിനും സ്വഭാവരൂപീകരണത്തിനും, സമൂഹത്തിന്റെ ഉന്നമനത്തിനും വേണ്ടിയായിരുന്നു എന്ന പൂർണ്ണബോദ്ധ്യത്തോടെയാണ് മാന്നാനത്ത് പ്രിയോർ ആയിരുന്നപ്പോൾ അവിടുത്തെ വിദ്യഭ്യാസ സ്ഥാപനങ്ങളെ നയിച്ചത്. രാഷ്ട്രീയക്കാരുടെ ഇടപെടൽമൂലം മുൻകാലങ്ങളിൽ കലുഷിതമായിരുന്ന മാന്നാനം കെ. ഇ കോളേജ് അന്തരീക്ഷം ശുദ്ധമാക്കാൻ മുൻകൈയ്യെടുക്കുകയും വിജയിക്കുകയും ചെയ്തു എന്നതിൽ കാലായിലച്ചന് അഭിമാനിക്കാം. കേരളാ ഹൈക്കോടതി കോളേജ് കാമ്പസുകളിൽ വിദ്യാർത്ഥി രാഷ്ട്രീയം നിരോധിച്ച് ഉത്തരവായതിന്റെ പിന്നാലെ മാന്നാനം കെ.ഇ കോളേജിലും ട്രെയിനിംഗ് കോളേജിലും അവയുടെ ക്യാമ്പസുകളിലും അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും രാഷ്ട്രീയ പ്രേരിതമായ പ്രകടനങ്ങൾ, സമരങ്ങൾ മുതലായവ നിരോധിച്ച് മാനേജർ എന്ന നിലയിൽ കാലായിലച്ചൻ വിജ്ഞാപനം പുറപ്പെടുവിച്ചു. അതു വക വെയ്ക്കാതെ ഏകീകൃത യൂണിവേഴ്സിറ്റി ബില്ലിനെതിരെ കെ. ഇ കോളേജ് കാമ്പസിൽ ധർണ്ണ നടത്താൻ വന്ന എ. കെ. പി. സി. ടി എന്ന അദ്ധ്യാപക സംഘടനയിൽപ്പെട്ട ഏതാനും കെ. ഇ കോളേജ് അദ്ധ്യാപകർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുവാൻ കാലായിൽ അച്ചൻ നിർബന്ധിതനായി. ഈ നടപടി മറ്റ് പ്രൈവറ്റ് കോളേജുകൾക്ക് മാതൃകയും പ്രചോദനവുമായി. അതിൽ പിന്നെ അദ്ധ്യാപക പ്രകടനങ്ങൾക്കൊന്നും വിദ്യാർത്ഥികളുടെ യാതൊരും സഹകരണവും ലഭിച്ചില്ല. അതിനുശേഷം ഒരു വിധത്തിലും കോളേജ് പ്രവർത്തനം സ്തംഭിപ്പിക്കുവാൻ ആരും തയ്യാറായിട്ടില്ല. കാലായിലച്ചന്റെ നിശ്ചയദാർഢ്യത്തിന്റെ മകുടോദാഹരണമായി ഈ നടപടിയെ കണക്കാക്കാം.

നല്ല ശിക്ഷണം ലഭിച്ചവരും സ്വാഭാവ ശുദ്ധിയുള്ളവരുമായ ചെറുപ്പക്കാർ രാഷ്ട്രീയത്തിൽ പ്രവർത്തിക്കേണ്ടത് രാഷ്ട്രപുരോഗതിക്കാവശ്യമാണെന്ന അഭിപ്രായക്കാരനാണദ്ദേഹം. രാഷ്ട്രീയത്തിൽ വരാൻ താല്പര്യമുള്ള വിദ്യാർത്ഥികളെ കോളേജുകളിൽ സിലബസ്സിൽപെടുത്തി രാഷ്ട്രമീമാംസയും അനുബന്ധ വിഷയങ്ങളും ഗൗരവമായി പഠിപ്പിക്കുകയും അച്ച

www.malankaralibrary.com


ടക്കം പരിശീലിക്കുകയും ചെയ്യണം. എങ്കിൽ മാത്രമേ സത്യസന്ധതയും കാര്യശേഷിയുമുള്ള രാഷ്ട്രീയ പ്രവർത്തകരും ഭരണകർത്താക്കളും ഉണ്ടാവുകയുള്ളുവെന്ന കാലായിലച്ചന്റെ അഭിപ്രായം സർക്കാർ തലത്തിൽ തന്നെ പരിഗണിക്കുപ്പെടേണ്ടതാണ്.

ജാതിഭേദം കൂടാതെ നമ്മുടെ യുവതലമുറയ്ക്ക് ജോലി സാദ്ധ്യതയുടെ വഴികൾ തുറന്ന് കൊടുത്ത് സഹായിക്കാൻ ഏതാനും സ്വാശ്രയ കോഴ്സുകൾ കെ. ഇ കോളേജിലും ബി. എഡ്. കോഴ്സിനു പുറമെ സ്വാശ്രയ കോഴ്സുകളായി എം. എഡ്സ്, ഡി. എഡ് അഥവാ റ്റി. റ്റി. സി എന്നിവ ട്രെയിനിംഗ് കോളേജുകളിലും തുടങ്ങുവാൻ ഏർപ്പാട് ചെയ്തു. വിദ്യഭ്യാസ രംഗത്ത് കാലായിച്ചന്റെ ഭാവനയാണ് ഇവിടെ പ്രകടമാകുന്നത്. ട്രെയിനിംഗ് കോളേജിനെ മൂന്ന് തലങ്ങളുള്ള ഒരു അദ്ധ്യാപക പരിശീലന കേന്ദ്രമാക്കി ഉയർത്തുവാൻ സാധിച്ചത് അച്ചനെ സംബന്ധിച്ചടത്തോളം ഒരു സ്വപ്ന സാക്ഷാൽക്കാരമാണ്. മേൽപ്പറഞ്ഞ രണ്ട് കോളേജുകളിലും സ്കൂളുകളിലും പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും അച്ചന് സാധിച്ചു. കാലായിലച്ചന്റെ പരിശ്രമങ്ങൾ വാസ്തവത്തിൽ വാഴ്ത്തപ്പെട്ട ചവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ചൈതന്യത്തിന്റെ പ്രത്യക്ഷീകരണമായിട്ട് നമുക്ക് കാണുവാൻ സാധിക്കും.

വിലാസം: റവ: ഡോ. തോമസ് കാലായിൽ സി.എം.ഐ.,
മാർ ബസേലിയോസ് സി.എം.ഐ. ആശ്രമം,
മുത്തൂർ പി.ഒ., തിരുവല്ല., - 689107

# 224

# മാർ തോമസ് ചക്യത്ത്



"സ്നേഹത്തോടുകൂടി സേവനം ചെയ്യുക" എന്ന മുദ്രാവാക്യവുമായി മെത്രാൻ സ്ഥാനം ഏറ്റെടുത്ത പ്രമുഖ സാമൂഹ്യ പ്രവർത്തകനും സാമൂഹ്യ വിപ്ലവകാരിയുമായ മാർ തോമസ് ചക്യത്ത് എറണാകുളം ജില്ലയിലെ കറുകുറ്റിക്കു സമീപമുള്ള മൂന്നാം പറമ്പിൽ ചക്യത്ത് കുടുംബത്തിൽ ചാക്കപ്പൻ - മറിയം ദമ്പതികളുടെ പുത്രനായി 1937 സെപ്റ്റംബർ 10-ാം തീയതി ജനിച്ചു. കറുകുറ്റി സെന്റ് മേരീസ് എൽ.പി.സ്ക്കൂൾ, മൂക്കന്നൂർ എസ്. എച്ച്. ഓർഫനേജ് യു.പി. സ്ക്കൂൾ, കൊരട്ടി മാർ അഗസ്റ്റിൻ മെമ്മോറിയൽ ഹൈസ്ക്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ഹൈസ്ക്കൂളിൽ പഠിച്ചിരുന്ന കാലത്ത് രണ്ട് ആഗ്രഹങ്ങളാണ് തോമസിൽ നിലനിന്നത്. ഒന്നുകിൽ ഒരു വൈദികനാകുക, അല്ലെ

www.malankaralibrary.com

ങ്കിൽ ഒരു ഗ്രാമസേവകനാകുക. ഈ രണ്ട് ആഗ്രഹങ്ങളുടെയും പിന്നിൽ പ്രവർത്തിച്ചത് സേവനം ചെയ്യാനുള്ള ആഗ്രഹം ഒന്നു മാത്രമായിരുന്നു. മാതാപിതാക്കളും ആ രീതിയിൽ ചിന്തിച്ചവരാണ്.

എറണാകുളം അതിരൂപതവക എസ്സ്.എച്ച്. മൈനർ സെമിനാരിയിൽ രണ്ടു വർഷത്തെ പരിശീലനത്തിനു ശേഷം ആലുവാ പൊന്തിഫിക്കൻ സെമിനാരിയിൽ ചേർന്ന് തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. 1964 നവംബർ 30-ാം തീയതി ബോംബെയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ വച്ച് കാർഡിനൽ മാർ ജോസഫ് പാറേക്കാട്ടിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. മലയാറ്റൂർ സെന്റ് തോമസ് ചർച്ചിൽ അസിസ്റ്റന്റ് വികാരിയായിട്ടാണ് ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. തുടർന്ന് സെന്റ് മേരീസ് ബസ്ലിക്ക പള്ളിയിൽ അസിസ്റ്റന്റായി. ബസ്ലിക്കായിൽ അസിസ്റ്റന്റായി വന്നപ്പോൾ ചേരിപ്രദേശത്ത് പോയി സേവനം അനുഷ്ഠിക്കുവാൻ അവസരം ലഭിച്ചിട്ടുണ്ട്. അതിനുള്ള പ്രചോദനം ലഭിച്ചത് പാറേക്കാട്ടിൽ പിതാവിൽ നിന്നാണെന്ന് പറയാം. ഇടയ്ക്കിടക്ക് പിതാവ് ചേരികളിലൊക്കെ പോകുമായിരുന്നു. തോട്ടിപ്പണിക്കാരുടെ കോളനികളിലൊക്കെ പോയി ക്ലബുകൾ രൂപീകരിക്കുകയും അവയുടെ രക്ഷാധികാരി എന്ന നിലയിൽ വർഷത്തിലൊരിക്കൽ പിതാവ് ഈ പ്രദേശങ്ങൾ സന്ദർശിക്കുകയും ചെയ്യുമായിരുന്നു. ഇടവകകളിൽ പോകുമ്പോൾ കിടപ്പു രോഗികളെ വീടുകളിൽ ചെന്ന് സന്ദർശിക്കുവാൻ പ്രത്യേകം കർദ്ദിനാൾ ശ്രദ്ധിക്കുമായിരുന്നു. ദരിദ്രരോട് പാറേക്കാട്ടിൽ തിരുമേനി കാണിച്ചിട്ടുള്ള പരിഗണന ചക്യാത്തച്ചനെ വളരെയധികം സ്വാധിനിച്ചിട്ടുണ്ട്. അക്കാലത്ത് അമൂല്യ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററിന്റെ മാനേജിഗ് ഡയറക്ടറും ആദ്യ പ്രിൻസിപ്പലും ആയി അച്ചൻ പ്രവർത്തിക്കുകയുണ്ടായി.

സോഷ്യോളജിയിൽ ഉപരിപഠനം നടത്തുവാനായിട്ട് റോമിലെ സെൻറ് തോമസ് അക്വിനസ് യൂണിവേഴ്സിറ്റിയിലേക്ക് ചക്യാത്തച്ചനെ അയച്ചു. 1968 – 1972 കാലങ്ങളിലായിരുന്നു റോമിൽ പഠനം നടത്തിയത്. 1981-82-ൽ ഇതേവിഷയത്തിൽ സ്പെഷ്യലൈസ് ചെയ്യുന്നതിനായി ക്യാനഡായിലെ കോഡി ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ പോവുകയും ഡിപ്ലോമ കരസ്ഥമാക്കുകയും ചെയ്തു.

സാമൂഹികശാസ്ത്രത്തിൽ ഉപരിപഠനം നടത്താൻ വിദേശത്തു ചെന്നപ്പോൾ, വികസനത്തോടനുബന്ധിച്ച്, ദരിദ്രമായ ആഫ്രിക്കൻ, ഏഷ്യൻ, ലാറ്റിനമേരിക്കൻ രാജ്യങ്ങളുടെ സാമ്പത്തിക സ്ഥിതിയെപ്പറ്റി പഠിക്കുന്നതിനിടയായി. ഇന്ത്യൻ സാമ്പത്തിക രംഗത്തെപ്പറ്റി താരതമ്യ പഠനം നടത്തുകയും ചെയ്തു. അപ്പോൾ പണക്കാരും പാവപ്പെട്ടവരും തമ്മിലുള്ള അന്തരം വളരെ കൂടിയിരിക്കുന്നതായി അദ്ദേഹം മനസ്സിലാക്കി. നാലാം ലോകരാഷ്ട്രങ്ങളിലെ കൊടും ദാരിദ്ര്യം അന്ന് അച്ചന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു.

റോമിൽ നിന്നും തിരിച്ചെത്തിയ ചക്യാത്ത് തോമസച്ചൻ ചെങ്ങമനാട്

www.malankaralibrary.com

പള്ളിവികാരിയായി നിയമിതനായി. അക്കാലത്തെപ്പറ്റി അച്ചൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു. “ഞാൻ ചെങ്ങമനാട് പള്ളിയിൽ വികാരിയായിരിക്കുമ്പോൾ അവിടുത്തെ പള്ളിയുടെ വെഞ്ചരിപ്പിന് അവിടെയുള്ള എൻ.എസ്സ്.എസ്സ്., എസ്.എൻ.ഡി.പി. ഭാരവാഹികളെ ഞാൻ പ്രത്യേകം ക്ഷണിച്ചിരുന്നു. മുസലിയാരെയും ക്ഷണിക്കുകയുണ്ടായി. അവിടുത്തെ മുസ്ലിം പള്ളിയുടെ പണിക്ക് ചെങ്ങമനാട് പള്ളിയുടെ സംഭാവന ഞാൻ നേരിട്ട് കൊണ്ടു ചെന്നാണ് കൊടുത്തത്. ആ പള്ളിയിലെ മുസലിയാരും മുസ്ലീങ്ങളും തമ്മിൽ അഭിപ്രായ വിദ്യാസമുണ്ടായപ്പോൾ മദ്ധ്യസ്ഥത്തിന് ഇരുകൂട്ടരും എന്നെയാണ് സമീപിച്ചത്. അത്തരമൊരുബന്ധം എനിക്ക് അവരുമായി ഉണ്ടായിരുന്നു. നമ്മുടെ പള്ളിയുടെ വെഞ്ചരിപ്പിന് ഹിന്ദുക്കൾ കരയോഗം കൂടി പള്ളിക്ക് ഒരു സംഭാവന പിരിച്ചുകൊണ്ടുവന്നു തരികയുണ്ടായി. ഞങ്ങൾ തമ്മിലുള്ള സ്നേഹബന്ധത്തിന്റെ പേരിലായിരുന്നു അത്. ഞാൻ ഇടവകയിലെ ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും വീടുകളിൽ പോകുമായിരുന്നു. അമ്പലത്തിലെ ഉൽസവത്തിന് പള്ളിയിൽ നിന്നും കതിനാ കൊണ്ടു പോയി തിരിച്ചു കൊണ്ടു വന്നപ്പോൾ ഞാൻ വാടക വാങ്ങിച്ചില്ല. പൂജക്ക് കൊണ്ടു പോയ സാധനത്തിന് വാടക വേണ്ടന്ന് ഞാൻ പറഞ്ഞു. അതവരുടെയിടയിൽ സംസാര വിഷയമായി. അതിനെ തുടർന്നാണ് പള്ളി പണിക്ക് സംഭാവന കൊടുക്കണമെന്ന് അവർ തീരുമാനിച്ചത്. മതസൗഹാർദ്ദത്തിന്റെയും സഹകരണത്തിന്റെയും ഉത്തമമാതൃക നല്കാൻ ഇന്നും സഭക്ക് സാധിക്കുമെന്നാണ് ഞാൻ കരുതുന്നത്. മതസൗഹാർദ്ദം ഒരു അടവല്ല. ക്രൈസ്തവസന്ദേശത്തിന്റെ കാതൽ തന്നെ സ്നേഹമാണ്. എല്ലാവരും ദൈവത്തെ പിതാവെന്ന് വിളിക്കുന്നു. സാഹോദര്യമാണ് നാം ലക്ഷ്യം വയ്ക്കുന്നത്. ഇതിന് ക്രൈസ്തവർ മുൻകൈയെടുക്കണം.” ഒരു ഇടവകവികാരിയെന്ന നിലയിൽ ചക്യത്തച്ചന്റെ മനോഭാവം ഈ അഭിപ്രായപ്രകടനത്തിൽ നിന്നും നമുക്ക് മനസിലാക്കാം. ചെങ്ങമനാട് പള്ളിയിൽ നിന്നും ആലുവാ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഫിലോസഫിയും തിയോളജിയും പഠിപ്പിക്കാൻ നിയോഗിച്ചു. ഒരു ടേമിൽ വൈസ് റെക്ടറും ആദ്ധ്യാത്മികോപദേഷ്ടാവും കൂടിയായി പ്രവർത്തിക്കുകയുണ്ടായി.

ചക്യത്തച്ചന്റെ ഡോക്ടറൽ തിയറി “ Value clarification and conseeintizaton - The Role of the church in Socio Economic Development ” ഇന്ന് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. സെമിനാരിയിൽ പ്രൊഫസറായി വന്നപ്പോഴും വൈദികവിദ്യാർത്ഥികളുമായി ചേരികൾ സന്ദർശിക്കാൻ ചക്യത്ത് തോമസച്ചൻ പോകുമായിരുന്നു. സാമ്പത്തികസഹായത്തേക്കാൾ കൂടുതലായി സ്നേഹത്തോടെയുള്ള സമീപനം പുലർത്താനാണ് അദ്ദേഹം ശ്രമിച്ചിട്ടുള്ളത്. ശുശ്രൂഷ ചെയ്യുക എന്നു പറഞ്ഞാൽ സാമ്പത്തികസഹായം ചെയ്യുന്നതു മാത്രമല്ല, അവരിൽ നന്മ കാണുക, നല്ലവാക്കു പറയുക, സ്നേഹത്തോടെ പെരുമാറുക എന്നിവയൊക്കെ ശുശ്രൂഷയുടെ ഭാഗമാണെന്ന് അച്ചൻ വിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും

www.malankaralibrary.com

ചെയ്തു. 23 വർഷക്കാലം സെമിനാരിയിൽ പ്രൊഫസറായി അദ്ദേഹം സേവനം അനുഷ്ഠിച്ചു. മതവും ചിന്തയും എന്ന മാസികയുടെ ചീഫ് എഡിറ്ററായി 8 വർഷക്കാലം അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി . St. Thomas Academy for Research (STAR) Documentation എന്ന പ്രസിദ്ധീകരണത്തിന്റെയും എഡിറ്ററായി പ്രവർത്തിക്കുകയുണ്ടായി. ഇംഗ്ലീഷ്, ലാറ്റിൻ, ജർമ്മൻ, ഇറ്റാലിയൻ, സിറിയൻ ഭാഷകളിൽ അദ്ദേഹം അവഗാഹം നേടിയിട്ടുണ്ട്.

ഡോ. തോമസ് ചക്യത്ത് അതിരൂപതയിൽ ഉത്തരവാദിത്വമേറിയ പല ജോലികളും നിർവഹിച്ചിട്ടുണ്ട്. എറണാകുളം അതിരൂപതയിലെ പ്രീസ് സെനറ്റിന്റെ സെക്രട്ടറിയായും അതിരൂപതാ കൺസൾട്ടറായും മൂന്നു ടേമിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കെ.സി.ബി,.സി. രൂപീകരിച്ച ജസ്റ്റിസ് പീസ് കമ്മീഷനിലും അദ്ദേഹം അംഗമായിരുന്നു. നിവേദിതയുടെ സ്ഥാപക ഡയറക്ടറുമായിരുന്നു ഡോ. തോമസ് ചക്യത്ത്. (Nieditma Institute for Religious Formation and Fellowship) 1997 ജനുവരിയിൽ ഡോ. തോമസ് ചക്യത്തിനെ അതിരൂപതയുടെ വികാരി ജനറാളായി നിയമിച്ചു. 1998 ഫെബ്രുവരി 17-ാം തീയതി എറണാകുളം അതിരൂപതയുടെ സഹായ മെത്രാനും UZIPPARI യുടെ സ്ഥാനിക മെത്രാനും ആയി നിയമിച്ചു. 1998 ഏപ്രിൽ 14-ാം തീയതി മെത്രാഭിഷേക കർമ്മവും നടന്നു.

മെത്രാഭിഷേകത്തോടനുബന്ധിച്ച് സത്യദീപം വാരിക പ്രസിദ്ധീകരിച്ച സ്പെഷ്യലിൽ മാർ ചക്യാത്തുമായി നടത്തിയ അഭിമുഖം ചേർത്തിരുന്നു. ആ അഭിമുഖത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു. "ദരിദ്ര രാഷ്ട്രങ്ങളുടെ വികസനത്തെക്കുറിച്ചു പഠിച്ചപ്പോൾ ഞാൻ കണ്ടത് അതു തന്നെയാണ്. വ്യവസ്ഥാപിത തിന്മയാണ് അവിടെയുള്ളത്. അത് സ്നേഹം കാണിച്ചാൽ മാറുകയില്ല. തിന്മകളെ നാം ചോദ്യം ചെയ്യുക തന്നെ വേണം. ഈ ചോദ്യം ചെയ്യലിന്റെ മേഖലയിൽ സഭയ്ക്കു സുപ്രധാനമായ ദൗത്യമുണ്ട്. അവിടെയാണ് സഭയുടെ പ്രവാചക ദൗത്യം പ്രകടമാക്കേണ്ടത്. ജെറേമിയ പ്രവാചകൻ ദേവാലയത്തിന്റെ കവാടത്തിൽ നിന്ന് കൊണ്ട് നീതിയെക്കുറിച്ച് പ്രസംഗിക്കുകയും അനീതി ചെയ്യുന്നവർക്ക് അവിടെ കടന്നുവരുവാൻ അവകാശമില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തതിന്റെ മാതൃക സഭയ്ക്കു മുന്നിലുണ്ട്. ആ വേദപുസ്തക ഭാഗം എന്നെ വളരെ സ്പർശിച്ചിട്ടുമുണ്ട്. ഗ്രിഗറി ബവുമിന്റെ റിലീജിയൻ ആൻഡ് ഏലിയനേഷൻ എന്ന ഗ്രന്ഥത്തിലാണ് സംവിധാനാത്മകതയെക്കുറിച്ച് ഞാനാദ്യമായി വായിക്കുന്നത്. കെ.സി.ബി.സി യുടെ 1993 - ലെ ദൈവശാസ്ത്ര കമ്മിഷനിൽ ഒരു പ്രബന്ധം അവതരിപ്പിക്കുവാൻ എന്നോടാവശ്യപ്പെട്ടപ്പോൾ ഈ വിഷയമാണ് ഞാൻ തിരഞ്ഞെടുത്തത്. പിതാക്കൻമാർക്കും അതിഷ്ടപ്പെട്ടു. പിന്നീട് സത്യദീപത്തിലും താലന്തിലും മതവും ചിന്തയിലുമെല്ലാം അത് പ്രസിദ്ധീകരിക്കുകയുണ്ടായി. കേരളത്തിൽ ഈ വിഷയം ആദ്യമായി ചർച്ച ചെയ്യപ്പെട്ടതിങ്ങനെയാണ്."

www.malankaralibrary.com

സംവിധാനാത്മക തിന്മയെ ഇല്ലാതാക്കാൻ തിന്മ നിറഞ്ഞ സംവിധാനത്തെ പൊളിച്ചുമാറ്റേണ്ടിവരും. അതിന് ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും അതോടൊപ്പം മറ്റു ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം. കേരളത്തിൽ അത് വേണ്ടത്ര ചെയ്തിട്ടുണ്ടെന്ന് തോന്നുന്നില്ല. മാർ ചക്യാത്ത് തുടർന്ന് പറയുകയാണ്. "നമ്മുടെ സാമൂഹിക പ്രവർത്തനങ്ങൾ കാര്യമായ സാമൂഹികമാറ്റം ഉണ്ടാക്കുന്നതായി എനിക്കു തോന്നിയിട്ടില്ല. നമ്മൾ കുറെ വീടുകൾ നിർമ്മിച്ചു കൊടുക്കുന്നുണ്ടാകാം. എന്നാൽ പാവങ്ങൾക്ക് വീടുപണിതു കൊടുക്കുവാൻ പണക്കാർക്ക് ഉത്തരവാദിത്വമുണ്ട്. ദരിദ്രരുമായി സമ്പത്തു പങ്കുവയ്ക്കുവാൻ സമ്പന്നർക്ക് കടമയുണ്ട്. എന്ന ബോധം ധനിക വിഭാഗത്തിന് നല്കാൻ നമുക്ക് സാധിച്ചിട്ടില്ല. അതു സാധിച്ചെങ്കിലേ ക്രൈസ്തവസാക്ഷ്യമുണ്ടാവുകയുള്ളു."

ഇന്ത്യയിൽ വളർന്നു വരുന്ന മതമൗലികവാദത്തെപ്പറ്റി ചക്യത്ത് പിതാവിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. സഭയിലും മറ്റു മതങ്ങളിലെ പൊതു സമൂഹത്തിലുമെല്ലാം മൗലികവാദം വളർന്നു കൊണ്ടിരിക്കുകയാണ്. ഇത് ഇന്ത്യയെ വലിയ അപകടത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് ചക്യത്ത് പിതാവിന്റെ അഭിപ്രായം. മുസ്ലീങ്ങൾക്ക് ഹിന്ദുക്കളെപ്പേടി, ഹിന്ദുക്കൾക്ക് ക്രിസ്താനികളെപ്പേടി, അങ്ങനെ എല്ലാവരും അങ്ങോട്ടും ഇങ്ങോട്ടും പേടിച്ചു കഴിയുന്ന സ്ഥിതി. പേടിച്ചു കഴിയുന്നവർക്ക് കൂട്ടായി പ്രവർത്തിക്കാനാവില്ല. പേടിയുള്ളപ്പോഴാണ് മതമൗലികവാദം വളരുന്നത്. ഈ സാഹചര്യത്തിൽ ഇതിനെയൊക്കെ അതിജീവിക്കാൻ കഴിയണമെന്നാണ് ചക്യാത്ത് പിതാവിന്റെ ആഗ്രഹം. സഭയുടെ കാഴ്ചപ്പാട് സാർവ്വത്രികമാകണം എങ്കിൽ മാത്രമേ ഫലപ്രദമായി സഭക്ക് പ്രവർത്തിക്കാനാവൂ എന്ന് അദ്ദേഹം വിശ്വസിക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന കർത്താവ് പഠിപ്പിച്ചപ്പോൾ അന്ന് പല മതക്കാരും ദേവന്മാരുമുണ്ടായിരുന്നു. പക്ഷേ എല്ലാവർക്കും കൂടി ഒറ്റ ദൈവമേയുള്ളുവെന്നും ആ ദൈവത്തെ പിതാവേ എന്ന് വിളിച്ചാണ് പ്രാർത്ഥിക്കേണ്ടതെന്നും പഠിപ്പിച്ചത് യേശുവാണ്. ഇതാണ് ദൈവരാജ്യം. ഇത് നമ്മുടെ ബോധതലത്തിലും പ്രവർത്തനതലത്തിലും പ്രതിഫലിക്കണമെന്നാണ് പിതാവിന്റെ ആഗ്രഹം. ആ ആഗ്രഹ സാക്ഷാൽകരത്തിനായി സ്നേഹത്തോടുകൂടി സേവനം ചെയ്യുക എന്ന മുദ്രാവാക്യവുമായി മാർ ചക്യാത്ത് മുന്നോട്ടു നീങ്ങുകയാണ്.

വിലാസം - ബിഷപ്പ് മാർ തോമസ് ചക്യത്ത്
കാർഡിനൽ ഹൗസ്
എറണാകുളം
കൊച്ചി.

www.malankaralibrary.com

# 225

# ഓസ്റ്റിൻ പോൾ



കേരളാലാറ്റിൻ കാത്തലിക് അസോസിയേഷന്റെ സ്ഥാപകമെമ്പറും ആൾ ഇന്ത്യാ കാത്തലിക് യൂണിയന്റെ പ്രഥമ യൂത്ത് കമ്മീഷൻ ചെയർമാനുമായ ഓസ്റ്റിൻപോൾ, 1937 സെപ്റ്റംബർ 10-ാം തീയതി ഫോർട്ട് കൊച്ചിയിൽ പട്ടാളത്ത് അഴീക്കൽ കുടുംബത്തിൽ പോൾ-മോനിക്കാ ദമ്പതികളുടെ മകനായി ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്നും എക്കണോമിക്സിൽ ബി.എ. ഡിഗ്രിയെടുത്തു. സോഷ്യൽ സയൻസിൽ പോസ്റ്റ്ഗ്രാഡേറ്റ് ഡിപ്ലോമായും (DSS) നേടി.

1963 ൽ കൊച്ചിൻ ഡോക്ക് ലേബർ ബോർഡിൽ ലേബർ ഇൻസ്പെക്ടർ ആയി ഔദ്യോഗികജീവിതം ആരംഭിച്ചു. തുടർന്ന് സീനിയർ ലേബർ ഇൻസ്പെക്ടർ, അസിസ്റ്റന്റ് ലേബർ ഓഫീസർ, ചീഫ് ലേബർ ഓഫീസർ, സെക്രട്ടറി പേഴ്സണൽ ഓഫീസർ, ഡപ്യൂട്ടി ചെയർമാൻ എന്നീ നിലകളിലെല്ലാം സേവനം അനുഷ്ഠിച്ചു. 1995 ൽ സർവ്വീസിൽ നിന്നും വിരമിച്ചു. 1996 മുതൽ മൂന്നുവർഷക്കാലം Grintex India Gmbh കമ്പനിയിൽ സീനിയർ കൺസൾട്ടന്റ് (Ports) ആയി പ്രവർത്തിച്ചു.

1972 ൽ കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ രൂപീകരിക്കുന്നതിന് ഓസ്റ്റിൻപോൾ മുൻനിന്നു പ്രവർത്തിക്കുകയുണ്ടായി. അതിന്റെ സ്ഥാപകമെമ്പറാണദ്ദേഹം. കൊച്ചിരൂപതയിലെ ലാറ്റിൻ കാത്തലിക് അസോസിയേഷന്റെ സംസ്ഥാന വൈസ് പ്രസിഡണ്ടായും ഔദ്യോഗിക വക്താവായും ന്യൂമാൻ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ കൊച്ചിൻ സർക്കിൾ പ്രസിഡണ്ടായും നാഷണൽ അസിസ്റ്റന്റ് സെക്രട്ടറിയായും, നാഷണൽ വൈസ് പ്രസിഡണ്ടായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കത്തോലിക്കരായ ബുദ്ധിജീവികളുടെയും പ്രൊഫഷണൽസിന്റെയും ഒരു ഫോറമാണ് ന്യൂമൻ അസോസിയേഷൻ ഓഫ് ഇന്ത്യ.

കേരളാകാത്തലിക് ബിഷപ്സ് കോൺഫറൻസിന്റെ ആസ്ഥാനകേന്ദ്രമായ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ അഡ്വൈസറി ബോർഡ് മെമ്പർ ആയിരുന്നു ഓസ്റ്റിൻ പോൾ. കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ അഡ്വൈസറി ബോർഡ് മെമ്പറായി ഓസ്റ്റിൻപോളിനെ കേരളാലാറ്റിൻ കാത്തലിക് ബിഷപ്സ് തിരഞ്ഞെടുക്കുകയുണ്ടായി. ജപ്പാനിലെ ടോക്കിയോയിൽ നടന്ന അഖിലലോക ബിഷപ്സ് കോൺഫറൻസിൽ അദ്ദേഹം ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുക്കുകയുണ്ടായി. ഇന്ത്യയിൽനിന്നുള്ള നാല് അൽമായരിൽ ഒരാളായിരുന്നു അദ്ദേഹം.

www.malankaralibrary.com

ആൾ ഇന്ത്യാ കാത്തലിക് യൂണിയൻ യൂത്ത് കമ്മീഷൻ രൂപീകരിച്ചപ്പോൾ അതിന്റെ ചെയർമാനായി തിരഞ്ഞെടുത്തത് ഓസ്റ്റിൻപോളിനെയായിരുന്നു. അന്ന് കാത്തലിക് യൂണിയന്റെ പ്രസിഡണ്ട് ജെ.സി. രായൻ, ഐ.എ.എസ്സ്. ആയിരുന്നു. സേലത്തു ചേർന്ന വാർഷികത്തിൽവച്ചാണ് തിരഞ്ഞെടുപ്പ് നടന്നത്. The Love affairs of Jesus Christ എന്ന ചലച്ചിത്രം ഡൻമാർക്ക് ഗവൺമെന്റിന്റെ സഹായത്തോടുകൂടി പോളണ്ടിൽ നിർമ്മിക്കുവാൻ തുടങ്ങിയപ്പോൾ അതിനെതിരെ ഓസ്റ്റിൻപോൾ ശബ്ദമുയർത്തി. ഈ ചിത്രനിർമ്മാണവുമായി മുന്നോട്ടു നീങ്ങുകയാണെങ്കിൽ ഡൽഹിയിലുള്ള ഡാനിഷ് എമ്പസിയുടെ മുൻപിൽ ഇന്ത്യയിലെ കത്തോലിക്കായുവജനങ്ങൾ ധർണ നടത്തുമെന്ന് യൂത്ത് കമ്മീഷൻ ചെയർമാൻ എന്ന നിലയിൽ മുന്നറിയിപ്പു നൽകി. ഇന്ത്യയിലെയും മറ്റിതര രാജ്യങ്ങളിലെയും മാധ്യമങ്ങൾ ഈ പ്രസ്താവനയ്ക്ക് വൻ പ്രാധാന്യം നൽകി. ദേശീയതലത്തിലും അന്താരാഷ്ട്രതലത്തിലും ഉയർന്നുവന്ന പ്രതിഷേധം കണക്കിലെടുത്ത് ഡാനീഷ് ഗവൺമെന്റ് ചലച്ചിത്രനിർമ്മാണം നിറുത്തിവയ്ക്കുകയുണ്ടായി. ഇന്ത്യയിൽ അത് ബാൻ ചെയ്യുകയുമുണ്ടായി. വള്ളത്തോൾ വിജയിച്ചിടത്ത് ഡൻമാർക്കുതോറ്റു എന്നായിരുന്നു ഇതു സംബന്ധിച്ച് വന്ന വാർത്തയുടെ തലക്കെട്ട്. പള്ളികളോടനുബന്ധിച്ച് പള്ളിക്കൂടംപോലെ ചെറുകിടവ്യവസായങ്ങളും ആരംഭിച്ച് യുവാക്കൾക്ക് തൊഴിൽ സൗകര്യം ഏർപ്പെടുത്തണമെന്ന് യൂത്ത് കമ്മീഷൻ സി.ബി.സി.ഐ.യോട് അഭ്യർത്ഥിച്ചു. ഇതിന് വളരെ അനുകൂലമായ പ്രതികരണമാണുണ്ടായത്. ഇന്ത്യയിൽ ഓരോ രൂപതാ ആസ്ഥാനത്തും സോഷ്യൽ സർവ്വീസ് സൊസൈറ്റി ആരംഭിക്കുന്നതിന് ഇത് പ്രേരകമായി.

യുറോപ്യൻ രാജ്യങ്ങളും ഏഷ്യൻ രാജ്യങ്ങളും ജപ്പാൻ ഹോങ്കോങ് നേപ്പാൾ എന്നീ രാജ്യങ്ങളും സന്ദർശിക്കുന്നതിന് ഓസ്റ്റിൻ പോളിനു സാധിച്ചു. വത്തിക്കാൻ സന്ദർശനവേളയിൽ മാർപാപ്പായുമായി അഭിമുഖ സംഭാഷണം നടത്തുന്നതിനും വത്തിക്കാൻ റേഡിയോയിൽ കൂടി A message to the Asian Youth എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം നടത്തുന്നതിനും സാധിച്ചിട്ടുണ്ട്.

ഡോക്ക് ലേബർ ബോർഡിൽ ഉദ്യോഗത്തിലിരിക്കുമ്പോൾ ആശ്രിതർക്ക് തൊഴിൽനൽകുന്നതിലും Break of service ഉള്ളവർക്ക് 10 വർഷത്തെ ക്വാളിഫയിംഗ് സർവ്വീസാക്കി മാറ്റുന്നതിനും അവരെ പെൻഷനർഹതയുള്ളവരാക്കിത്തീർക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. പ്രോ എക്ലേസിയഎത്പൊന്തിഫിച്ചേ എന്ന പേപ്പൽ ബഹുമതി മാർപാപ്പായിൽനിന്നും ലഭിച്ചിട്ടുണ്ട്.

പ്രമുഖ വിദ്യാഭ്യാസപ്രവർത്തകയായ ജോസഫൈൻ ആണ് സഹധർമ്മിണി.

വിലാസം - Austin Paul, 1/740-B, Pattalam, Fort Cochi, Cochin 682001.

www.malankaralibrary.com

# 226

# മദർ മേരി തെരേസ



കൊല്ലം രൂപതയിലെ സന്യാസിനി സമൂഹമായ "മിഷനറി സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസ ഓഫ് ഇൻഫന്റ് ജീസസിന്റെ" സുപ്പീരിയർ ജനറൽ എന്ന നിലയിൽ മദർ മേരി തെരേസ ഏറെ വർഷങ്ങളായി സേവനമനുഷ്ഠിക്കുകയാണ്.

സുവിശേഷത്തിലെ ക്രിസ്തുവിനെ അനുകരിക്കുകവഴി ഈ "ഉണ്ണി ഈശോയുടെ ചെറുപുഷ്പ മിഷനറി" സന്യാസിനി സമൂഹത്തെ പ്രേഷിത തീക്ഷ്ണത ഉജ്ജ്വലിപ്പിച്ച് വേദപ്രചരണത്തിലും സാമൂഹ്യ പ്രവർത്തന ത്തിലും വിശുദ്ധ കൊച്ചുത്രേസ്യായുടെ പ്രത്യേക ചൈതന്യത്തിന് അനുരൂ പമായി വളർത്തിയെടുക്കുവാൻ മദർ മേരി തെരേസ നേതൃത്വം നൽകുന്നു.

കൊല്ലം രൂപതയിലെ പുരാതന ഇടവകയായ മയ്യനാട്ടെ ക്രൈസ്തവ വിശ്വാസ ദാർഢ്യതയും പാരമ്പര്യവും നിറഞ്ഞ കായാവിൽ കുടുംബത്തിൽ പീറ്ററിന്റെയും അന്നാമ്മയുടെയും ഒൻപത് മക്കളിൽ ഏഴാമത്തെ ആളാണ് മദർ മേരി തെരേസ. 1937 നവംബർ 25 ന് ജനിച്ച മേരി തെരേസയുടെ മാമ്മോദിസ പേര് മെഗിലിംഗ് എന്നാണ്. ബാല്യം മുതലേ സദാസമയവും പ്രാർത്ഥനയിലും ഭക്തിയിലും അതീവ താല്പര്യം പുലർത്തിയിരുന്ന മെഗി ലിംഗ് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുമ്പോഴേക്കും ദൈവാരൂപിയിൽ സജീവമായി. കന്യാസ്ത്രീ ആകാനുള്ള തന്റെ ആഗ്രഹം മാതാപിതാക്കളെ അറിയിച്ചു. പൊതുവേ അനുകൂലമായ മനോഭാവം ആയിരുന്നില്ല എല്ലാ വർക്കും ഉണ്ടായിരുന്നത്. എങ്കിലും മെഗിലിംഗിന്റെ നിർബന്ധപൂർവ്വമായ നിലപാടിന് എല്ലാവരും വഴങ്ങി. അങ്ങനെ മെഗിലിംഗ് 1962 ൽ മാവേലിക്കര യിലുള്ള കുന്നത്ത് ചെറുപുഷ്പ കോൺവെന്റിൽ ചേർന്നു.

കൊല്ലം രൂപതാദ്ധ്യക്ഷനായിരുന്ന ജെറോം പിതാവ് സ്ഥാപിച്ച് വളർ ത്തിയെടുത്ത ഈ സന്യാസിനി സമൂഹം അതിന്റെ ബാലാരിഷ്ടതകൾ നേരി ട്ടപ്പോൾ മെഗിലിംഗിനും അതിന്റേതായ പ്രയാസങ്ങളും പ്രതിബന്ധങ്ങളും തരണം ചെയ്യേണ്ടി വന്നു. എങ്കിലും ദൈവത്തിനായുള്ള തന്റെ സമർപ്പണം ദൈവാനുഗ്രഹത്താൽ 1966 ലെ ആദ്യ വ്രതവും തുടർന്ന് 1970 ലെ നിത്യവ്ര തവാഗ്ദാനത്തോടെ സഫലമായി. അപ്പോൾ മുതൽ സിസ്റ്റർ മേരി തെരേസ എന്ന പേര് സ്വീകരിച്ച്.

അന്നത്തെ സുപ്പീരിയർ ആയിരുന്ന മദർ ലൂസ്യായുടെ ശിക്ഷണ ത്തിലും നേതൃത്വത്തിലും അടിയുറച്ച് വിശ്വാസവും തീക്ഷ്ണമായ ഉപവിയും കുരിശിനോടുള്ള സ്നേഹവും വരാനിരിക്കുന്ന മഹത്വത്തിലുള്ള പ്രത്യാശയും കാത്തുസൂക്ഷിച്ചു മറ്റുള്ള സഹോദരിമാർക്കൊപ്പം സിസ്റ്റർ മേരി തെരേസ

www.malankaralibrary.com

# 226

# മദർ മേരി തെരേസ



കൊല്ലം രൂപതയിലെ സന്യാസിനി സമൂഹമായ "മിഷനറി സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസ ഓഫ് ഇൻഫന്റ് ജീസസിന്റെ" സുപ്പീരിയർ ജനറൽ എന്ന നിലയിൽ മദർ മേരി തെരേസ ഏറെ വർഷങ്ങളായി സേവനമനുഷ്ഠിക്കുകയാണ്.

സുവിശേഷത്തിലെ ക്രിസ്തുവിനെ അനുകരിക്കുകവഴി ഈ "ഉണ്ണി ഈശോയുടെ ചെറുപുഷ്പ മിഷനറി" സന്യാസിനി സമൂഹത്തെ പ്രേഷിത തീക്ഷ്ണത ഉജ്ജ്വലിപ്പിച്ച് വേദപ്രചരണത്തിലും സാമൂഹ്യ പ്രവർത്തനത്തിലും വിശുദ്ധ കൊച്ചുത്രേസ്യായുടെ പ്രത്യേക ചൈതന്യത്തിന് അനുരൂപമായി വളർത്തിയെടുക്കുവാൻ മദർ മേരി തെരേസ നേതൃത്വം നൽകുന്നു.

കൊല്ലം രൂപതയിലെ പുരാതന ഇടവകയായ മയ്യനാട്ടെ ക്രൈസ്തവ വിശ്വാസ ദാർഢ്യതയും പാരമ്പര്യവും നിറഞ്ഞ കായാവിൽ കുടുംബത്തിൽ പീറ്ററിന്റെയും അന്നാമ്മയുടെയും ഒൻപത് മക്കളിൽ ഏഴാമത്തെ ആളാണ് മദർ മേരി തെരേസ. 1937 നവംബർ 25 ന് ജനിച്ച മേരി തെരേസയുടെ മാമ്മോദിസ പേര് മെഗിലിംഗ് എന്നാണ്. ബാല്യം മുതലേ സദാസമയവും പ്രാർത്ഥനയിലും ഭക്തിയിലും അതീവ താല്പര്യം പുലർത്തിയിരുന്ന മെഗിലിംഗ് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുമ്പോഴേക്കും ദൈവാരൂപിയിൽ സജീവമായി. കന്യാസ്ത്രീ ആകാനുള്ള തന്റെ ആഗ്രഹം മാതാപിതാക്കളെ അറിയിച്ചു. പൊതുവേ അനുകൂലമായ മനോഭാവം ആയിരുന്നില്ല എല്ലാവർക്കും ഉണ്ടായിരുന്നത്. എങ്കിലും മെഗിലിംഗിന്റെ നിർബന്ധപൂർവ്വമായ നിലപാടിന് എല്ലാവരും വഴങ്ങി. അങ്ങനെ മെഗിലിംഗ് 1962 ൽ മാവേലിക്കരയിലുള്ള കുന്നത്ത് ചെറുപുഷ്പ കോൺവെന്റിൽ ചേർന്നു.

കൊല്ലം രൂപതാദ്ധ്യക്ഷനായിരുന്ന ജെറോം പിതാവ് സ്ഥാപിച്ച് വളർത്തിയെടുത്ത ഈ സന്യാസിനി സമൂഹം അതിന്റെ ബാലാരിഷ്ടതകൾ നേരിട്ടപ്പോൾ മെഗിലിംഗിനും അതിന്റേതായ പ്രയാസങ്ങളും പ്രതിബന്ധങ്ങളും തരണം ചെയ്യേണ്ടി വന്നു. എങ്കിലും ദൈവത്തിനായുള്ള തന്റെ സമർപ്പണം ദൈവാനുഗ്രഹത്താൽ 1966 ലെ ആദ്യ വ്രതവും തുടർന്ന് 1970 ലെ നിത്യവ്രതവാഗ്ദാനത്തോടെ സഫലമായി. അപ്പോൾ മുതൽ സിസ്റ്റർ മേരി തെരേസ എന്ന പേര് സ്വീകരിച്ച്.

അന്നത്തെ സുപ്പീരിയർ ആയിരുന്ന മദർ ലൂസ്യായുടെ ശിക്ഷണത്തിലും നേതൃത്വത്തിലും അടിയുറച്ച് വിശ്വാസവും തീക്ഷ്ണമായ ഉപവിയും കുരിശിനോടുള്ള സ്നേഹവും വരാനിരിക്കുന്ന മഹത്വത്തിലുള്ള പ്രത്യാശയും കാത്തുസൂക്ഷിച്ചു മറ്റുള്ള സഹോദരിമാർക്കൊപ്പം സിസ്റ്റർ മേരി തെരേസ

www.malankaralibrary.com

തന്റെ ജീവിതം ശോഭനമാക്കി. അകാലത്തിൽ നിര്യാതയായ മദർ സുപ്പീരിയർ ലൂസ്യ മേരിയുടെ പിൻഗാമിയായി 1980 ൽ സിസ്റ്റർ മേരി തെരേസ മദർ വികാറായി ദൈവാനുഗ്രഹത്താൽ നിയോഗിതയായി.

വർഷങ്ങൾ പിന്നിടുമ്പോഴും ക്രിസ്തുവിന്റെ ദൗത്യവാഹകർ എന്ന നിലയിൽ ഉണ്ണി ഈശോയുടെ ചെറുപുഷ്പ മിഷനറി സന്യാസിനി സമൂഹത്തെ ക്രിസ്തുവിന്റെ കല്പനകളും ഉപദേശങ്ങളും കാലഘട്ടത്തിനനുസരണമായി പ്രവർത്തി പദത്തിലെത്തിക്കുന്നതിനും വിശുദ്ധ കൊച്ചുത്രേസ്യയുടെ പ്രത്യേക മദ്ധ്യസ്ഥതയാൽ മദർ മേരി തെരേസയ്ക്കു കഴിയുന്നു.

അനുക്രമമായ വളർച്ചയിലൂടെ ആദരണീയമായ മാതൃകയാൽ കരുത്താർജ്ജിക്കുന്ന ഈ സന്യാസിനി സമൂഹം കൂടുതൽ പ്രേഷിത പ്രവർത്തങ്ങൾക്ക് അവസരം കണ്ടെത്തിയപ്പോൾ മദർ ഹൗസ് മാവേലിക്കരയിൽ നിന്നും കൊല്ലം രൂപതയിലെ മറ്റ് സന്യാസിനി സമൂഹങ്ങളോടൊപ്പം ചെറുപുഷ്പ മിഷനറി സന്യാസിനി സമൂഹവും അഭിമാനകരമായ വളർച്ച നേടുകയാണ്.

ഇന്ന് കേരളത്തിൽ കൊല്ലം, തിരുവനന്തപുരം, നെയ്യാറ്റിൻകര, പുനലൂർ, കൊച്ചി, വിജയപുരം എന്നീ രൂപതകളിലായി 19 സന്യാസിനി മന്ദിരങ്ങളും വിദേശത്ത് ജർമ്മനി, ഇറ്റലി എന്നീ രാജ്യങ്ങളിൽ ഓരോ മഠവും പ്രവർത്തിക്കുന്നു. ഈ മഠങ്ങൾ കേന്ദ്രീകരിച്ച് ഡോക്ടർമാർ, അദ്ധ്യാപികമാർ, നേഴ്സുമാർ, സാമൂഹ്യപ്രവർത്തകർ എന്നിവരുൾപ്പെടെ 152 അംഗങ്ങൾ വിദ്യാഭ്യാസം, ആതുരസേവനം, പ്രേഷിത പ്രവർത്തനം ഈ രംഗങ്ങളിൽ പ്രാർത്ഥന, പരിത്യാഗപ്രവർത്തനം, ജീവിതമാതൃക എന്നിവയിലൂടെ സേവനം ചെയ്യുന്നു.

ഉണ്ണി ഈശോയുടെ ചെറുപുഷ്പ മിഷനറി സന്യാസിനി സമൂഹത്തിന് വേണ്ടി മദർ മേരി തെരേസ ജർമ്മനി, ഇറ്റലി, ഇംഗ്ലണ്ട്, സ്വിറ്റ്സർലണ്ട്, സ്പെയിൻ, ലൂർദ്ദ്, പോർട്ടുഗൽ, ആസ്ത്രേലിയ, പാലസ്തീൻ, പാരീസ്, ഇസ്രയേൽ, സിംഗപ്പൂർ എന്നീ വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. മോൺസിഞ്ഞോർ ഫെർഡിനാന്റ് കായാവലിന്റെ ഇളയ സഹോദരിയാണ് മദർ മേരി തെരേസ.

ഈ സന്യാസിനി സമൂഹത്തിന്റെ ആരംഭഘട്ടത്തിൽ പുണ്യസ്മരണാർഹനായ ജെറോം പിതാവ് നൽകിയ പരിലാളനയും പ്രചോദനവും വൈഷമ്യങ്ങളെ തരണം ചെയ്യാൻ ഏറെ സഹായമായിട്ടുണ്ട്. തുടർന്ന് രൂപതഭരണം ഏറ്റെടുത്ത ജോസഫ് പിതാവ് ഈ സന്യാസിനി സമൂഹത്തിന്റെ കഴിഞ്ഞകാല വളർച്ചക്ക് കരുത്താർന്ന സഹായഹസ്തമായിരുന്നു. മറ്റു രൂപതകളിലെ പിതാക്കന്മാരുടെ പൈതൃകവാത്സല്യവും സഹായവും യഥാകാലം നേടുവാൻ മദർ മേരി തെരേസക്ക് കഴിയുന്നുണ്ട്. ആത്മീയ ഉണർവിൽ ഊന്നിയ വളർച്ചയാണ് യഥാർത്ഥ വളർച്ചയെന്ന് ഉറച്ച് വിശ്വസിക്കുന്ന കൊല്ലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സ്റ്റാൻലി റോമൻ പിതാവിന്റെ

www.malankaralibrary.com


പൈതൃക വാൽസല്യവും സഹായസഹകരണ ഉപദേശ നിർദ്ദേശങ്ങളും മദർ മേരി തെരേസയ്ക്ക് മാർഗ്ഗദീപമാകുമ്പോൾ വിശുദ്ധ ലിഖിതങ്ങൾ വായിക്കുന്നതിലും ധ്യാനിക്കുന്നതിലും ക്രിസ്തുവിനെക്കുറിച്ചുള്ള സർവ്വോൽകൃഷ്ടമായ ജ്ഞാനം സമ്പാദിക്കുന്നതിലും തന്റെ സന്യാസിനി സമൂഹത്തെ ബദ്ധശ്രദ്ധരാക്കുന്നതിൽ മദർ മേരി തെരേസ ജാഗരൂകയാണ്.

ക്രിസ്തുവിന്റെ ശരീരത്തിലെ മറ്റവയവങ്ങളെ സഹോദരങ്ങളെപ്പോലെ സ്നേഹിക്കുന്ന, വൈദീകാധികാരികളെ പിതൃതുല്യം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന സർവ്വോപരി തിരുസഭയോടൊത്ത് ജീവിക്കുകയും ചിന്തിക്കുകയും തിരുസഭയുടെ ദൗത്യം നിർവ്വഹിക്കുവാൻ സ്വയം സമർപ്പിതയുമായ മദർ മേരി തെരേസ തന്റെ ദൗത്യ നിർവ്വഹണത്തിൽ കർമ്മോൻമുഖയാകുന്നതിൽ ദൈവത്തിന് നന്ദി പറയാം.

വിലാസം - മദർ മേരി തെരേസ, ചെറുപുഷ്പനിവാസ്, ഉമയനല്ലൂർ,
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി.ഒ. 691589

# 227

# ഫാ.ജോസഫ് മാമ്പുഴ



ലോകമഹായുദ്ധം രണ്ടും കഴിഞ്ഞകാലം. നാട്ടിലെങ്ങും പട്ടിണിയും ദുരിതവുമാണ്. മദ്ധ്യതിരുവിതാംകൂറെന്ന് അറിയപ്പെട്ടിരുന്ന കോട്ടയം ജില്ലയിൽ പ്രത്യേകിച്ചും മീനച്ചിൽ താലൂക്കിൽ ജീവിച്ചിരുന്നവരിൽ ഭൂരിപക്ഷവും നസ്രാണികത്തോലിക്കരായിരുന്നു. അവർ പൂർണ്ണമായും കൃഷീവലന്മാരായിരുന്നു. ലോകമാകമാനം കേൾവികേട്ട സുഗന്ധവ്യഞ്ജനങ്ങൾ കൃഷി ചെയ്തുണ്ടാക്കിയിരുന്നത് ഇവരാണ്. പ്രത്യേക സ്വഭാവവിശേഷതകളുള്ള ഇവർ കർമ്മകുശലരും ധീരോദാത്തരുമാണ്. വിദേശമേധാവിത്വത്തോട് എതിർപ്പുള്ളവരുമായിരുന്നു നസ്രാണികത്തോലിക്കർ. ബ്രട്ടീഷ് ആധിപത്യത്തോട് ഒട്ടിച്ചേർന്നുനിന്നു ഇതര ക്രൈസ്തവസഭകളിൽപ്പെട്ടവർ നിരവധി ആനുകൂല്യങ്ങൾ നേടിയെടുക്കുകയും വമ്പിച്ച നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തിരുന്നു. നസ്രാണികത്തോലിക്കർ ആശാൻ കളരിയിലും മലയാളം സ്കൂളിലും പഠിച്ച് അമരകോശവും സിദ്ധരൂപവും ഉരുവിട്ട് അർദ്ധനഗ്നരും അരവയറുമായി കഴിഞ്ഞിരുന്നു. പത്തും പതിനഞ്ചും അംഗങ്ങളുള്ള കുടുംബങ്ങൾ പട്ടിണിയോട് മല്ലടിച്ച് വീർപ്പുമുട്ടുകയായിരുന്നു. കുടപ്പന ഇടിച്ചും കൂവ അരച്ചും ചക്ക തിന്നും ജന്മിമാരുടെ പാടശേഖരങ്ങളിൽ പണുതും ജീവിച്ചിരുന്ന അവരുടെ മുമ്പിൽ തുറന്നുകിട്ടിയ രക്ഷാമാർഗ്ഗമായിരുന്നു കുടിയേററം.

www.malankaralibrary.com

പൈതൃക വാൽസല്യവും സഹായസഹകരണ ഉപദേശ നിർദ്ദേശങ്ങളും മദർ മേരി തെരേസയ്ക്ക് മാർഗ്ഗദീപമാകുമ്പോൾ വിശുദ്ധ ലിഖിതങ്ങൾ വായിക്കുന്നതിലും ധ്യാനിക്കുന്നതിലും ക്രിസ്തുവിനെക്കുറിച്ചുള്ള സർവ്വോൽകൃഷ്ടമായ ജ്ഞാനം സമ്പാദിക്കുന്നതിലും തന്റെ സന്യാസിനി സമൂഹത്തെ ബദ്ധശ്രദ്ധരാക്കുന്നതിൽ മദർ മേരി തെരേസ ജാഗരൂകയാണ്.

ക്രസ്തുവിന്റെ ശരീരത്തിലെ മറ്റവയവങ്ങളെ സഹോദരങ്ങളെപ്പോലെ സ്നേഹിക്കുന്ന, വൈദീകാധികാരികളെ പിതൃതുല്യം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന സർവ്വോപരി തിരുസഭയോടൊത്ത് ജീവിക്കുകയും ചിന്തിക്കുകയും തിരുസഭയുടെ ദൗത്യം നിർവ്വഹിക്കുവാൻ സ്വയം സമർപ്പിതയുമായ മദർ മേരി തെരേസ തന്റെ ദൗത്യ നിർവ്വഹണത്തിൽ കർമ്മോൻമുഖയാകുന്നതിൽ ദൈവത്തിന് നന്ദി പറയാം.

വിലാസം - മദർ മേരി തെരേസ, ചെറുപുഷ്പനിവാസ്, ഉമയനല്ലൂർ,
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി.ഒ. 691589

# 227

# ഫാ.ജോസഫ് മാമ്പുഴ



ലോകമഹായുദ്ധം രണ്ടും കഴിഞ്ഞകാലം. നാട്ടിലെങ്ങും പട്ടിണിയും ദുരിതവുമാണ്. മദ്ധ്യതിരുവിതാംകൂറെന്ന് അറിയപ്പെട്ടിരുന്ന കോട്ടയം ജില്ലയിൽ പ്രത്യേകിച്ചും മീനച്ചിൽ താലൂക്കിൽ ജീവിച്ചിരുന്നവരിൽ ഭൂരിപക്ഷവും നസ്രാണികത്തോലിക്കരായിരുന്നു. അവർ പൂർണ്ണമായും കൃഷീവലന്മാരായിരുന്നു. ലോകമാകമാനം കേൾവികേട്ട സുഗന്ധവ്യഞ്ജനങ്ങൾ കൃഷി ചെയ്തുണ്ടാക്കിയിരുന്നത് ഇവരാണ്. പ്രത്യേക സ്വഭാവവിശേഷതകളുള്ള ഇവർ കർമ്മകുശലരും ധീരോദാത്തരുമാണ്. വിദേശമേധാവിത്വത്തോട് എതിർപ്പുള്ളവരുമായിരുന്നു നസ്രാണികത്തോലിക്കർ. ബ്രട്ടീഷ് ആധിപത്യത്തോട് ഒട്ടിച്ചേർന്നുനിന്നു ഇതര ക്രൈസ്തവസഭകളിൽപ്പെട്ടവർ നിരവധി ആനുകൂല്യങ്ങൾ നേടിയെടുക്കുകയും വമ്പിച്ച നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തിരുന്നു. നസ്രാണികത്തോലിക്കർ ആശാൻ കളരിയിലും മലയാളം സ്കൂളിലും പഠിച്ച് അമരകോശവും സിദ്ധരൂപവും ഉരുവിട്ട് അർദ്ധനഗ്നരും അരവയറുമായി കഴിഞ്ഞിരുന്നു. പത്തും പതിനഞ്ചും അംഗങ്ങളുള്ള കുടുംബങ്ങൾ പട്ടിണിയോട് മല്ലടിച്ച് വീർപ്പുമുട്ടുകയായിരുന്നു. കുടപ്പന ഇടിച്ചും കൂവ അരച്ചും ചക്ക തിന്നും ജന്മിമാരുടെ പാടശേഖരങ്ങളിൽ പണുതും ജീവിച്ചിരുന്ന അവരുടെ മുമ്പിൽ തുറന്നുകിട്ടിയ രക്ഷാമാർഗ്ഗമായിരുന്നു കുടിയേററം.

www.malankaralibrary.com

കേരളത്തിലെ മററു ജില്ലകളിലും പട്ടിണിയും ദുരിതവും ഉണ്ടായിരുന്നു. ഒരു പക്ഷെ അവർ കൂടുതൽ ദുരിതങ്ങൾ അനുഭവിച്ചിരുന്നിരിക്കാം എങ്കിലും അവർ അതെല്ലാം സഹിച്ച് അവിടെതന്നെ കഴിഞ്ഞുകൂടി. പാലാ ചേട്ടന്മാർ എന്നു വിളിക്കുന്ന മീനച്ചിൽ താലൂക്കിലെ നസ്രാണികത്തോലിക്കർ കൂടുതൽ സാഹസികരായിരുന്നതിനാൽ കുടിയേററം കൂടുതൽ ഉണ്ടായത് അവിടെനിന്നുമാണ്. കുടിയേററത്തിന് പ്രത്യേകിച്ചാരും ചുക്കാൻ പിടിക്കുകയോ ആസൂത്രണം നടത്തുകയോ ചെയ്തിട്ടില്ല. കുടിയേററം ഒരു ആസൂത്രിതപദ്ധതി ആയിരുന്നില്ലെങ്കിലും അതിന്റെ പിന്നിൽ നിശബ്ദമായി പ്രവർത്തിച്ച ഒരു നേതൃനിരയുണ്ട്. കോഴിക്കോട് രൂപതയിൽ പ്രവർത്തിച്ചിരുന്ന വൈദികരും വിദേശമിഷനറിമാരുമാണ് ആദ്യം ഈ രംഗത്ത് സഹായത്തിനെത്തിയത്. തലശ്ശേരി രൂപതയുടെ രൂപീകരണത്തിനുശേഷം അഭിവന്ദ്യവള്ളോപ്പള്ളി പിതാവിന്റെ നേതൃത്വത്തിൽ വിശാലമായ മലബാറിന്റെ വിവിധ മേഖലകളിൽ ജനങ്ങളെ നയിച്ച വൈദികരാണ് വാസ്തവത്തിൽ മോഡേൺ മലബാറിന്റെ ശില്പികൾ. അഹോരാത്രം സ്വയം മറന്നുള്ള അവരുടെ അദ്ധ്വാനവും നിസ്വാർത്ഥസേവനവുമാണ് അതിന്റെ ചാലകശക്തി. വിവിധദേശക്കാരും വ്യത്യസ്തസ്വഭാവക്കാരുമായ ജനങ്ങളെ ഒററചരടിൽ കോർത്തിണക്കി നയിച്ചതുകൊണ്ടാണ് ഈ പുരോഗതി കൈവരിക്കാൻ സാധിച്ചത്. ഇന്നത്തെ തലമുറക്ക് ഊഹിക്കാൻപോലും കഴിയാത്ത ക്ലേശങ്ങളും കഷ്ടപ്പാടുകളും അവർ സഹിച്ചിട്ടുണ്ട്. ആ വന്ദ്യവൈദികരിൽ പലരും മൺമറഞ്ഞു. പലരും പടക്കളത്തിൽ തളർന്ന് വീണ് രോഗഗ്രസ്തരായി കഴിയുന്നു.

ഏതുകൊണ്ടും അതിൽ അതുല്യനായി ശിരസ്സുയർത്തി നിൽക്കുന്ന ഒരു വ്യക്തിയാണ് ഫാ.ജോസഫ് മാമ്പുഴ. ആദ്ധ്യാത്മികതയും ഭൗതികതയും കോർത്തിണക്കി മനുഷ്യനെ സംപൂർണ്ണവ്യക്തിയാക്കി വളർത്തുന്നതാണ് വൈദികന്റെ ദൗത്യം. കരയുന്നവന്റെ കണ്ണീരൊപ്പിക്കൊണ്ട് വിശക്കുന്നവന് അപ്പമായും തളർന്നവന് ഉത്തേജനവും തകർന്നവന് പ്രത്യാശയും പകർന്ന് പ്രകാശഗോപുരമായി ലോകത്തേക്കു കടന്നുവന്ന ക്രിസ്തുവിന്റെ കരുണാർദ്രമായ മുഖം വീണ്ടും ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നവനാണ് കത്തോലിക്കാവൈദികൻ എന്നദ്ദേഹം വിശ്വസിക്കുന്നു. വിശക്കുന്നവന് വേദാന്തമല്ല വയറുനിറയെ ഭക്ഷണമാണ് വേണ്ടത് അതുകഴിഞ്ഞാൽ അത്യാവശ്യം വേദാന്തമാകാം ഈ കാഴ്ചപ്പാടാണദ്ദേഹത്തിനുള്ളത്.

ഗ്രന്ഥകാരനും വാഗ്മിയും ധ്യാനഗുരുവും സാമൂഹ്യപ്രവർത്തകനുമായി മലബാറിന്റെ മലയോരങ്ങളിൽ പ്രവർത്തിക്കുന്ന അദ്ദേഹം തന്റെ ജനത്തെ അതിരററു സ്നേഹിക്കുന്ന ഇടയനാണ്. കോട്ടയം ജില്ലയിലെ കൊഴുവനാൽ ദേശത്ത് തോണക്കര തറവാട്ടിൽ തോണക്കര മാമ്പുഴയ്ക്കൽ ജോസഫ് അന്നമ്മ ദമ്പതികളുടെ മകനാണ് അദ്ദേഹം. അവർ വാഴൂർ കരയിൽ ഇളങ്ങോയി ഇടവകയിൽ കുടിയേറി പാർത്തു. 1937 ഡിസംബർ ഏഴാംതീയതിയായിരുന്നു ജനനം. മൂന്ന് പെൺമക്കൾ ജനിച്ചിട്ടും ഒരാൺ

www.malankaralibrary.com

കുഞ്ഞിനെ തന്നാൽ അവനെ നിനക്കുതന്നുകൊള്ളാം. അന്നമ്മ നേർച്ച നേർന്നു പ്രാർത്ഥിച്ചു. ആ നേർച്ച ഫലിച്ചു. അവർക്ക് നാലാമത് ജനിച്ചത് ആൺകുഞ്ഞ്. വർഷങ്ങൾക്കുശേഷം വൈദികനായി വന്ന മകനോട് അന്നമ്മ പറഞ്ഞു "ഞാൻ നിന്നെ ദൈവത്തിന് നേർന്നതായിരുന്നു."

ആശാൻ കളരിയിൽ നിലത്തെഴുത്ത് പഠിച്ച ജോസഫ് ഇളങ്ങോയി ചെറുപുഷ്പം എൽ.പി.എസിലും, കാനം യു.പി.എസിലും, വാഴൂർ എസ്.വി.ആർ.യു.ഹൈസ്കൂളിലും ആയി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1957-ൽ തലശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. ആലുവാ മംഗലപ്പുഴ സെമിനാരിയിൽ നിന്നും വൈദികപഠനം പൂർത്തിയാക്കി. 1966 മാർച്ച് 12-ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി തിരുമേനിയിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു. പ്രസംഗകലയിലും സാമൂഹ്യബന്ധശാസ്ത്രത്തിലും പ്രത്യേകപരിശീലനം നേടി. വിജ്ഞാനതൃഷ്ണ അദ്ദേഹത്തെ ഒരു വായനാകുതുകി ആക്കി. അത്താഴം ഉപേക്ഷിച്ച് ആര്യവേപ്പില കടിച്ചിറക്കിക്കൊണ്ടിരുന്ന് വിശ്വസാഹിത്യത്തിലെ ക്ലാസിക്കുകളും മഹൽഗ്രന്ഥങ്ങളും വായിച്ചു.

മലബാർ കുടിയേററത്തിന്റെ മൂർദ്ധന്യദശയിലാണ് അദ്ദേഹം കർമ്മരംഗത്തെത്തിയത്. 1966-ൽ പൈസക്കരി, ചന്ദനക്കാംപാറ എന്നിവിടങ്ങളിൽ അസ്തേന്തിയായും പിന്നീട് മരക്കടവ്, തോട്ടുമുക്കം, വെററിലപ്പാറ, വിമലശ്ശേരി, തടിക്കടവ്, കരിക്കോട്ടക്കരി, കൂരാച്ചുണ്ട്, കുടിയാന്മല, മരിയാപുരം, തിരുവാമ്പാടി, കട്ടിപ്പാറ, മാങ്കാവ് എന്നിവിടങ്ങളിൽ വികാരിയായും സേവനം ചെയ്തു. ധ്യാനപ്രസംഗികനും കരിസ്മാററിക് നവീകരണ പ്രവർത്തകനുമാണ് ഫാ.മാമ്പുഴ. ആകാശവാണി കോഴിക്കോട് നിലയത്തിലൂടെ പ്രഭാഷണപരമ്പരകൾ നടത്തിയിട്ടുണ്ട്.

കുടിയേററ പ്രദേശങ്ങളുടെ വികസനത്തിന് ഏററം അത്യാവശ്യം ഗതാഗതമാർഗ്ഗങ്ങളാണെന്ന തിരിച്ചറിവാണ് റോഡുനിർമ്മാണത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. റോഡുകൾ നാടിന്റെ സിരകളാണ്. അതുകൊണ്ട് വിവിധ ഇടവകകളിലായി ജനങ്ങളെ സംഘടിപ്പിച്ച് വെട്ടിയ 100 കിലോമീററർ കൂടുതൽ റോഡുകളും ഇന്ന് ടാർ ചെയ്ത ബസ് റൂട്ടുകളാണ്. പുല്പള്ളി പാടിച്ചിറ മരക്കടവ് റോഡ്, മരക്കടവ് കടമാന്തോട് റോഡ്, മരക്കടവ് പെരിക്കല്ലൂർ റോഡ്, മാവായി തോട്ടുമുക്കം റോഡ്, തോട്ടുമുക്കം ചുങ്കത്തും പോയിൽ മരഞ്ചാട്ടി റോഡ്, വാലില്ലാപ്പുഴ തോട്ടുമുക്കം റോഡ്, തേക്കുംചോട് തോട്ടുമുക്കം റോഡ്, തോട്ടുമുക്കം വെററിലപ്പാറ റോഡ്, മൈസൂർപ്പററെ റോഡ്, കോനൂർക്കണ്ടി റോഡ്, വിമലശ്ശേരി ചപ്പാരപ്പടവ് റോഡ്, ഇടക്കോം എരുവാട്ടി റോഡ്, കരിക്കോട്ടക്കരി ഇടപ്പുഴ റോഡ്, തലയാട് വയലിപ്പ റോഡ് തുടങ്ങിയവ അതിൽപ്പെടുന്നു.

കെട്ടിപ്പടുത്ത വിദ്യാലയങ്ങളും ദേവാലയങ്ങളും നിരവധിയാണ്. മരക്കടവ്, തടിക്കടവ്, ചീരട്ടാവല, പെരുന്തൽമണ്ണ്, മങ്കര, മാങ്കാവ് തുടങ്ങിയ

www.malankaralibrary.com

പള്ളികളും, കാരാച്ചുണ്ട് ഹൈസ്കൂൾ, കരിക്കോട്ടക്കരി യു.പി.സ്കൂൾ, കുടിയാന്മല യു.പി.സ്കൂൾ, മരിയാപുരം യു.പി.സ്കൂൾ, ഹൈസ്കൂൾ II ബ്ലോക്ക് തുടങ്ങിയവ അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനത്തിന്റെ ഫലങ്ങളാണ്. അദ്ദേഹം മുൻകൈയെടുത്തു സ്ഥാപിച്ച പുത്തനങ്ങാടി ലയിജീഭവനവും പാരലൽ കോളേജും വളർന്നു വികസിച്ചു നിൽക്കുന്നു.

സ്കൂൾ വിദ്യാഭ്യാസരംഗത്ത് അദ്ദേഹം തനതായ ചില പരീക്ഷണങ്ങൾ നടത്തി. രാഷ്ട്രീയനേതാക്കൾ പുറമേനിന്ന് കുട്ടികളെ നിയന്ത്രിക്കുന്ന റിമോട്ടു കൺട്രോളുകളായി പ്രവർത്തിച്ചിരുന്നതുകൊണ്ട് സ്കൂളിൽ അനാവശ്യസമരങ്ങളും പഠിപ്പുമുടക്കും നിലനിന്നിരുന്നു. അദ്ദേഹം സ്ഥാപിച്ച് കെട്ടിപ്പെടുത്ത കൂരാച്ചുണ്ട് ഹൈസ്കൂളിൽ സർവ്വകക്ഷിസമ്മതത്തോടെ രാഷ്ട്രീയം ഒഴിവാക്കി. കുട്ടികളെയും അദ്ധ്യാപകരെയും ഒരുപോലെ പ്രബുദ്ധരാക്കിയ അദ്ദേഹത്തിന്റെ വെള്ളിയാഴ്ച പ്രഭാഷണങ്ങൾ സ്കൂളിൽ വലിയ മാററങ്ങൾ ഉണ്ടാക്കി. ഗാന്ധിസം, വിശ്വസാഹിത്യകൃതികൾ, മഹത്വ്യക്തികൾ തുടങ്ങിയവയെ ആസ്പദമാക്കി നടത്തിയ ആ പ്രഭാഷണങ്ങൾ കുട്ടികളെ വിജ്ഞാനകുതുഹികളാക്കി. അദ്ധ്യാപകർ കൂടുതൽ അദ്ധ്വാനശീലരായി. ഫലമോ കുട്ടികളുടെ പഠനനിലവാരം ഉയർന്നു. പരീക്ഷാഫലം നൂറുശതമാനമായും ഉയർന്നു. ഇതേപരീക്ഷണം മരിയാപുരം ഹൈസ്കൂളിലും വിജയകരമായി നടത്തി.

കുടിയേററ ജനതയുടെ പുരോഗതിക്ക് വിലങ്ങുതടിയായി സർവ്വനാശകാരിയായ മദ്യപാനം കടന്നുകയറിയപ്പോൾ മാർസെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് ആരംഭിച്ച മദ്യവർജ്ജനപ്രസ്ഥാനത്തിന് സജീവനേതൃത്വം നൽകി പടുകൂററൻ യോഗങ്ങളും റാലികളും സംഘടിപ്പിച്ചു. സമരങ്ങളും ഷാപ്പ്പിക്കററിംഗുകളും നടത്തി. അതുകൊണ്ടൊന്നും മദ്യപാനം കുറഞ്ഞില്ല. കൂടുകയാണ് ചെയ്തത്. എന്നാൽ ഇടവകയിൽ തുടർച്ചയായി നടന്ന കരിസ്മാററിക് ധ്യാനങ്ങൾ അത്ഭുതകരമായ ഫലങ്ങൾ ഉളവാക്കി. ചെറുഗ്രൂപ്പുകൾക്കായി നടത്തിയ മുപ്പതോളം ധ്യാനങ്ങൾ ജനജീവിതത്തെ പൊളിച്ചെഴുതി. പ്രാർത്ഥനയും തിരുവചനമാധുരിയും പങ്കുവയ്ക്കലും ആസ്വാദ്യകരമായി. മദ്യപാനംതാനെ കുറഞ്ഞു. പതിനായിരം രൂപായോളം ഉണ്ടായിരുന്ന ഷാപ്പിലെ വിററുവരവ് ആയിരത്തിന് താഴെയായി കുറഞ്ഞു. അതിൽനിന്നും ഒരുകാര്യം വ്യക്തമായി. ലഹരിമനുഷ്യജീവിതത്തിന് ആവശ്യമാണ്. പക്ഷെ ലഹരി രണ്ടുതരമുണ്ട്. ആത്മീയലഹരിയും ലൗകീക ലഹരിയും. ആത്മീയലഹരി മനുഷ്യനെ ഉത്തമനും ഉൽകൃഷ്ടചെയ്തികളുടെ ഉടമയും ആക്കി ഉയർത്തുമ്പോൾ ഭൗമികലഹരി അവനെ അധമനും നീചവികാരങ്ങളുടെ അടിമയും ആക്കുന്നു. ആത്മീയലഹരി ജീവിതത്തിൽ ആസ്വദിക്കാൻ കഴിയാത്തവരാണ് മദ്യലഹരിയിൽ മുങ്ങിനശിക്കുന്നത്. അതിനാൽ മദ്യലഹരിയിൽ നിന്നും മനുഷ്യനെ മോചിപ്പിക്കാനുള്ള ഏകമാർഗ്ഗം അവന്റെ ആത്മവിനും മനസ്സിനും ആശ്വാസം പകരുന്ന പരി

www.malankaralibrary.com

ശുദ്ധാത്മാവിനെ കൊടുക്കുക അതുവഴി ശാരീരിക ആസക്തികളെ കീഴടക്കി മോചനം നേടാൻ അവനു കഴിയുന്നു. പരിശുദ്ധാത്മാവിന്റെ ലഹരി ഹൃദയത്തിൽ നിറഞ്ഞപ്പോൾ അവന് മദ്യലഹരി ആവശ്യമില്ലാതെവന്നു. അതാണ് മാമ്പള്ളിയച്ചന്റെ അനുഭവം.

ബഹു. ജോസഫ് മാമ്പുഴയച്ചൻ ഒരു നല്ല കലാകാരനും ചിത്രകാരനും സംഗീത പ്രേമിയും ഗ്രന്ഥകർത്താവുമാണ്. പ്രത്യേകപരിശീലനം ഒന്നും ഇല്ലെങ്കിലും അദ്ദേഹം നന്നായി ചിത്രരചന നടത്തും. അദ്ദേഹം എഴുതി സ്റ്റേജിൽ അവതരിപ്പിച്ച പല ലഘുനാടകങ്ങളും നൃത്തസംഗീതശില്പങ്ങളും നല്ല വിജയമായിരുന്നു. ഓർമ്മതീരങ്ങളിൽ എന്ന പുസ്തകമാണ് ആദ്യം പ്രകാശനം ചെയ്തത്. അനുവാചക ഹൃദയങ്ങളിൽ ആഴമായ അനുഭൂതി ഉളവാക്കുന്നതാണ് ഈ ഗ്രന്ഥം. തന്റെ ഇടവകജീവിതത്തിലെ പച്ചയായ ജീവിതാനുഭവങ്ങൾ കോർത്തിണക്കി എരിവും പുളിയും പകരുന്ന നൂതന ശൈലിയിൽ എഴുതിയ ഈ ഗ്രന്ഥം ഒരു സുന്ദരമായ നോവൽപോലെ ആസ്വാദ്യകരമാണ്. രചനപൂർത്തിയായ മറെറാരു ഗ്രന്ഥമാണ് വേറിട്ടവഴികൾ. അത് ഉടനെ പ്രസിദ്ധീകരിക്കും. മലബാറിൽ ഉടനീളം നടന്ന് ധ്യാന പ്രസംഗങ്ങൾ നടത്തി ജനങ്ങൾക്ക് ആശ്വാസവും ആനന്ദവും പകരുക അദ്ദേഹത്തിന്റെ ഇഷ്ടവിനോദമായിരുന്നു. എന്നാൽ ഹൃദ്രോഗവും പ്രമേഹവും പിടിച്ചതുകൊണ്ട് അത് തുടരാൻ കഴിയാത്തതിൽ അദ്ദേഹത്തിന് അതീവ ദുഃഖമുണ്ട്.


സഭാതലത്തിൽ അടുത്ത കാലത്ത് കടന്നുകൂടിയ ലിററർജി വിവാദവും മാർത്തോമ്മാ കുരിശു വിവാദവും മററും അദ്ദേഹം ഹൃദയവേദനയോടെയാണ് നോക്കിക്കാണുന്നത്. കൽദായവാദവും മററും തികച്ചും അർത്ഥശൂന്യമാണെന്ന അഭിപ്രായക്കാരനുമാണ് ഫാ. ജോസഫ് മാമ്പുഴ. കാലഘട്ടത്തിന്റെ സ്പന്ദനങ്ങളും പ്രശ്നങ്ങളും കണ്ടറിഞ്ഞ് സഭയെ നയിക്കാൻ കഴിവും പാടവവും അർപ്പണബോധവുമുള്ള ഒരു നേതൃത്വം നമുക്കില്ലായെന്ന അഭിപ്രായക്കാരനുമാണ് അദ്ദേഹം. ജനത്തിന്റെ നന്മയാണ് സഭയുടെ നന്മ. ജനത്തെ സ്നേഹിക്കുന്ന അവരുടെ നന്മക്കുവേണ്ടി ജീവിക്കുന്ന നേതൃത്വമാണ് ഇന്നിന്റെ ആവശ്യം എന്നു തുറന്നുപറയുന്ന ഒരു വൈദികനാണ് ഫാ. ജോസഫ് മാമ്പുഴ.

വിലാസം - ഫാ.ജോസഫ് മാമ്പുഴ
ഗുഡ്ഷെപ്പേർഡ് പ്രീസ്റ്റ്ഹോം
പുളക്കടവ് റോഡ്
മേരിക്കുന്ന് പി.ഒ.
കോഴിക്കോട് 673012

www.malankaralibrary.com

# 228

# ഫാ. തോമസ് ചെട്ടിപറമ്പിൽ



കേരളത്തിലെ കിഴക്കൻ മലയോരങ്ങളിലെ കുടിയേറ്റകർഷകരുടെ മണ്ണിലുള്ള അവകാശം സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി നടന്ന പോരാട്ടത്തിൽ നിർണ്ണായകമായ പങ്കുവഹിച്ച ഫാ. തോമസ് ചെട്ടിപറമ്പിൽ, കോതമംഗലം രൂപതയിൽ നെയ്യശ്ശേരി ഇടവകയിൽ ചെട്ടിപറമ്പിൽ മത്തായി-മറിയം ദമ്പതികളുടെ 3-ാമത്തെ മകനായി1937 ഡിസംബർ 24ന് ജനിച്ചു. നെയ്യശ്ശേരി എൽ.പി.സ്കൂൾ, കരിമണ്ണൂർ ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 1955 ൽ എറണാകുളം എസ്സ്.എച്ച്.മൈനർ സെമിനാരിയിൽചേർന്ന് വൈദിക വിദ്യാഭ്യാസം ആരംഭിച്ചു. ആലുവായിലുള്ള കാർമ്മൽഗിരിയിൽ ഫിലോസഫിയും മംഗലപ്പുഴ സെമിനാരിയിൽ തിയോളജിയും പഠിച്ചു. 1964 മാർച്ച് 10-ാം തീയതി കോതമംഗലം രൂപതയ്ക്കുവേണ്ടി മാർ മാത്യു പോത്തനാംമുഴി തിരുമേനിയുടെ കൈവയ്പുവഴി പൗരോഹിത്യം സ്വീകരിച്ചു. ആലുവാ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബാച്ച്ലർ ഓഫ് ഡിവിനിറ്റിയും (B.D.) മൂവാറ്റുപുഴ നിർമ്മലാകോളേജിൽനിന്ന് ധനതത്വശാസ്ത്രത്തിൽ ബിരുദവും കർണ്ണാടകയൂണിവേഴ്സിറ്റിയിൽ നിന്ന് രാജ്യാന്തര രാഷ്ട്രീയത്തിൽ മാസ്റ്റേഴ്സ് ഡിഗ്രിയും കരസ്ഥമാക്കി.

പ്രേഷിതവരേണ്യനും സി.എസ്.എൻ. സഭാസ്ഥാപകനുമായ ഫാ. ജോൺ. ജെ പിണക്കാട്ടിന്റെ അസിസ്റ്റന്റായി ആരക്കുഴ ഫൊറോനാപള്ളിയിൽ ഒരുവർഷം ഇടവകശുശ്രൂഷ നിർവഹിച്ചു. തുടർന്ന് ഇടുക്കി ഭാഗത്ത് ഉപ്പുതോട്, കിളിയാർകണ്ടം, വിമലഗിരി, മരിയാപുരം എന്നീ ഇടവകകളുടെ വികാരിയായി 1965 ൽ നിയമിതനായി. ഉടുമ്പൻചോല കുടിയിറക്കും ചുരുളികീരിത്തോട്ട് കുടിയിറക്കും മുഖാന്തിരം മലയോരമാകെ പ്രക്ഷുബ്ധമായ ഒരു അന്തരീക്ഷമായിരുന്നു അന്ന്. ഇടുക്കിക്കു സമീപമുള്ള മരിയാപുരം, കാമാക്ഷി, വാത്തുക്കുടി, കൊന്നത്തടി പഞ്ചായത്തുകളിലെ പതിനായിരക്കണക്കിന് കുടുംബങ്ങൾ അന്ന് കുടിയിറക്കുഭീഷണി നേരിടുകയായിരുന്നു. അതിനെ പ്രതിരോധിക്കാൻ ഫാ. തോമസ് ചെട്ടിപ്പറമ്പിൽ നേതൃത്വമെടുത്തു. അദ്ദേഹം കൺവീനറായും അഡ്വ. സി.വി. ജോസഫ് ചിലമ്പിക്കുന്നേൽ സെക്രട്ടറിയായും ഉടുമ്പഞ്ചോല കർഷകസംരക്ഷണസമിതിയ്ക്ക് രൂപം നൽകി. ഉടുമ്പൻചോല താലൂക്കിൽ കുടിയിറക്കുഭീഷണി അനുഭവപ്പെട്ട എല്ലാ പ്രദേശങ്ങളിലും സമിതിയുടെ ശാഖകൾ രൂപീകരിക്കപ്പെട്ടു. കോർണർ യോഗങ്ങളും മഹായോഗങ്ങളും നാടാകെ നടത്തപ്പെട്ടു. 1960

www.malankaralibrary.com

കളിൽ ഉടുമ്പൻചോല കുടിയിറക്കിനെ അനുകൂലിച്ചവർ ഫാ. ചെട്ടിപറമ്പന്റെ നേതൃത്വം അംഗീകരിക്കുകയും കുടിയിറക്കുവിരുദ്ധ പ്രക്ഷോഭണങ്ങളിൽ പങ്കുചേരുകയും ചെയ്തു. അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടുമാരായിരുന്ന വി. അയ്യപ്പൻ നായർ, പി.എം. ജോൺ, വി.ടി. സെബാസ്റ്റ്യൻ, എൻ.എം.മാണി. പി.ആർ. റോക്കി തുടങ്ങിയ നിരവധി നേതാക്കൾ രംഗത്തുവന്നു. ബഹുമാന്യരായ ഫാ. തോമസ് കപ്യാരുമല, ഫാ.പീറ്റർ കിഴക്കേടം, ഫാ. ജോസഫ് കണ്ണാത്തുകുഴി, ഫാ. സഖറിയാസ് തുടിയൻപ്ലാക്കൽ, ഫാ. ജോൺ കുറ്റിയറ, ഫാ. ജോസ് പിച്ചാട്ട്, ഫാ. ജെയിംസ് വെട്ടിക്കാട്ട്, ഫാ. ജോസഫ് ആയത്തുപാടം, ഫാ.ജോസഫ് കക്കുഴി, ഫാ.ജോസഫ് മാപ്രക്കരോട്ട് തുടങ്ങി ഒട്ടനവധി വൈദികരുടെ പൂർണ്ണപിന്തുണ സമിതിക്ക് ലഭിച്ചു. ഒരു പ്രക്ഷോഭണത്തിനുതന്നെ ഉടുമ്പൻചോല കർഷകസംരക്ഷണസമിതി കർഷകരെ ഒരുക്കി. സെക്രട്ടറിയേറ്റ് പടിക്കൽ ആയിരത്തോളം കർഷകരെ അണിനിരത്തി ധർണയും പ്രകടനവും നടത്തപ്പെട്ടു. മെമ്മോറാണ്ടവും സമർപ്പിച്ചു.

കർഷകരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ടു നൽകാൻ ഒരു പ്രത്യേക പാർലമെന്ററി കമ്മറ്റിക്ക് കേന്ദ്രസർക്കാർ രൂപം കൊടുക്കുകയും ശ്രീ. മാത്യു മണിയങ്ങാടൻ എം.പി.യെ കമ്മറ്റിയുടെ ചെയർമാനായി നിയമിക്കുകയും ചെയ്തു. ഈ കമ്മറ്റി മുൻപാകെ കോതമംഗലം രൂപതാ സെക്രട്ടറി റവ. ഡോ. ജോൺ വള്ളമറ്റം കർഷകപ്രശ്നത്തിന്റെ നാനാവശങ്ങൾ സമഗ്രമായി പ്രതിപാദിക്കുന്ന ഒരു മെമ്മോറാണ്ടം സമർപ്പിച്ചു. വനസംരക്ഷണവും കുടിയിറക്കും സംബന്ധിച്ച് ഒരു ശാസ്ത്രീയ വീക്ഷണം ഉൾക്കൊള്ളണമെന്ന് കമ്മറ്റിയോട് കോതമംഗലം രൂപതാ വികാരി ജനറാൾ മോൺ മാത്യു വെള്ളാങ്കൽ ആവശ്യപ്പെട്ടു. അനേകവർഷങ്ങൾ പഴക്കമുള്ള ദേഹണ്ഡങ്ങളും ഓരോ പ്രദേശത്തും കൈവന്നിട്ടുള്ള വികസനങ്ങളും ബോദ്ധ്യപ്പെടുത്തുന്നതിലേക്ക് സബ് കമ്മറ്റിയംഗങ്ങളെ കുടിയിറക്കു മേഖലയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾക്ക് കർഷകസംരക്ഷണസമിതി നേതൃത്വം കൊടുത്തു. 48000-ലധികം പേരുടെ ശ്രമദാനഫലമായി വിവിധ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഉദ്ദേശം 50 കിലോമീറ്റർ നീളത്തിലുള്ള ജീപ്പുറോഡുകൾ കർഷകർ തന്നെ വെട്ടിയുണ്ടാക്കി. 40 ച.കി.മീറ്റർ പ്രദേശത്ത് ജീവിക്കുന്ന രണ്ടുലക്ഷത്തോളംവരുന്ന ജനതക്ക് ഉപകാരപ്പെടുന്ന റോഡുകളാണിവ.

മണിയങ്ങാടൻ കമ്മറ്റിയംഗങ്ങൾ പ്രശ്നപ്രദേശങ്ങളെല്ലാംതന്നെ സന്ദർശിക്കുകയും കാര്യങ്ങൾ നേരിൽ ബോദ്ധ്യപ്പെട്ട് കർഷകർക്ക് അനുകൂല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഹൈറേഞ്ചുകർഷകരുടെ മാഗ്നാകാർട്ടാ എന്നറിയപ്പെടുന്ന മണിയങ്ങാടൻ കമ്മറ്റി റിപ്പോർട്ടാണ് ഇടുക്കിഭാഗത്തെ കർഷകരെ കുടിയിറക്കുഭീഷണിയിൽനിന്ന് രക്ഷപെടുത്തിയത്. ഈ സാഹചര്യം ഒരുക്കിയത് ഫാ. ചെട്ടിപറമ്പിൽ പ്രസിഡണ്ടായുള്ള ഉടുമ്പൻചോല കർഷക സംരക്ഷണ സമിതിയാണ്. അതോടൊപ്പംതന്നെ കുടിയേറ്റകർഷകർക്ക് അടിയന്തരമായി സ്ഥിരപട്ടയം വിതരണം ചെയ്യണ

www.malankaralibrary.com

മെന്നും മലയോരകർഷകർക്കുവേണ്ടി മലനാട്ടിൽ ഒരു പുതിയജില്ല രൂപീക രിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ചെട്ടിപറമ്പിലച്ചൻ എഴുതിയ ലേഖ നങ്ങൽ 1968 – 69 വർഷങ്ങളിൽ ദീപിക ഖണ്ഡശഃ പ്രസിദ്ധീകരിച്ചു.

അഖിലേന്ത്യാബിഷപ്സ് കോൺഫറൻസ് 1968 ൽ പൂനയിൽവച്ച് നട ത്തിയ പാസ്റ്ററൽകൺസൾട്ടേഷനിലേക്ക് ഫാ. ചെട്ടിപറമ്പിൽ തിരഞ്ഞെടു ക്കപ്പെട്ടു. പല പ്രാവശ്യം രൂപതാ പ്രസ്ബിറ്ററൽ കൗൺസിലിലേക്കും വൈദി കർ തങ്ങളുടെ പ്രതിനിധിയായി അച്ചനെ തിരഞ്ഞെടുത്തു. വൈദികർ ഒന്നി ച്ചുകൂടുകയും സഭാപ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിപ്രവർത്തന ങ്ങൾ ഉത്തരവാദിത്വപൂർവ്വം പ്ലാൻ ചെയ്യുകയും വേണമെന്ന അഭിപ്രായക്കാ രനാണ് ചെട്ടിപ്പറമ്പിലച്ചൻ. മെത്രാന്മാർക്ക് ബിഷപ്സ് കോൺഫറൻസും സന്യസ്തർക്ക് സി.ആർ.ഐ.യും ഉള്ളതുപോലെ വൈദികർക്ക് പ്രീസ്റ്റ് കോൺഫറൻസുകൾ വേണമെന്ന് ആശയം ആളൂർ, ബി.എൽ.എം. ൽ നിന്നും പ്രസിദ്ധീകരിക്കുന്ന കേരളസഭാമാസികയിൽ 1968 ജനുവരിലക്കത്തിൽ എഴു തുകയുണ്ടായി. പ്രീസ്റ്റ് കോൺഫറൻസ് ഓഫ് കോതമംഗലം രൂപപ്പെടുന്ന തിൽ നിർണ്ണായകപങ്കുവഹിച്ച ചെട്ടിപ്പറമ്പിലച്ചൻ ദീർഘകാലം അതിന്റെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു.

ഇടുക്കിഭാഗത്ത് വാഴത്തോപ്പ് ഇടവകയിൽ നാലുവർഷക്കാലം വികാരി യായി സേവനം അനുഷ്ഠിച്ചു. മണിയാറൻകുടി, ഭൂമിയാങ്കുളം, മുളകുവള്ളി, കരിമ്പൻ, വാഴത്തോപ്പ് കോളനി, പൈനാവ് പള്ളികളുടെ ചുമതലയും അന്ന് അദ്ദേഹത്തിനായിരുന്നു. ചില തൽപരകക്ഷികൾ ജില്ലാ ആസ്ഥാനം ഇടുക്കി യിൽനിന്ന് മാറ്റുന്നതിന് ശ്രമങ്ങൾ നടത്തിയപ്പോൾ ആ നീക്കത്തെ പരാജയ പ്പെടുത്തുന്നതിന് വേണ്ടി ഇടുക്കി ഡവലെപ്പ്മെന്റ് സൊസൈറ്റി എന്ന ഒരു സംഘടനയ്ക്ക് ചെട്ടിപ്പറമ്പിലച്ചൻ രൂപം നൽകി. ഫാ. ചെട്ടിപ്പറമ്പിൽ കൺവീ നറും എ. ഒ അഗസ്റ്റിൻ സെക്രട്ടറിയും ആയിരുന്നു. പ്രകടനങ്ങളും കളക്ട്രേറ്റ് പടിക്കൽ ധർണ്ണയും നടത്തികൊണ്ട് ഇടുക്കിയുടെ പ്രശ്നങ്ങൾ ഭരാണാധികാ രികളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഐ. ഡി. സി യ്ക്ക് സാധിച്ചു.

ദൈവജനമാണ് സഭയെന്നും സഭാവക സ്ഥാപനങ്ങളും സ്വത്തുക്ക ളും അവരുടേതാണെന്നും സജീവ പങ്കാളിത്തത്തോടെയായിരിക്കണം അവയുടെ നടത്തിപ്പെന്നും വാദിച്ചുകൊണ്ട് 1969 ഒക്ടോബർ ലക്കം വൈദി കമിത്രം മാസികയിൽ ഫാ. ചെട്ടിപറമ്പിൽ ഒരു ലേഖനം എഴുതുകയുണ്ടായി.

യുവജനങ്ങളുടെ അഭിനയ പാടവം പ്രോത്സാഹിപ്പിക്കുവാൻ കോത മംഗലം "ജാസ്" എന്ന പേരിൽ ഒരു നാടക സമിതിക്ക് രൂപം നൽകി. വൈദി കനായ ശേഷം മൂവാറ്റുപുഴ നിർമ്മല കോളേജിൽ വിദ്യാർത്ഥിയായിരിക്കെ ആധുനിക തലമുറയുടെ ആത്മ സംഘർഷങ്ങൾ നേരിട്ടറിയുവാൻ സാധി ച്ചു. ആദർശ നിഷ്ഠയുള്ള യുവജന നിരയെ സഭയിൽ വളർത്തിയെടുക്കേ ണ്ടതിന്റെ ആവശ്യം ബോദ്ധ്യപ്പെട്ട് കാത്തലിക്ക് യൂത്ത് ഓർഗനൈസേഷൻ (സി.വൈ.ഒ) എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. രൂപതാ തലത്തിൽ

www.malankaralibrary.com

പ്രവർത്തിക്കുവാൻ എന്ന വണ്ണം സി. വൈ. ഒയ്ക്ക് ഒരു നിയമാവലിയും തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഈ സംഘടനയിൽ പ്രവർത്തിച്ചവർ പിൽക്കാലത്ത് കെ. സി. വൈ. എം ഭാരവാഹികളായും പ്രവർത്തിച്ചിട്ടുണ്ട്.

സീറോ മലബാർ സഭയിൽ ആരാധന ക്രമം സംബന്ധിച്ച് വളരെയേറെ അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുക്കുകയുണ്ടായല്ലോ. ആരാധനക്രമം കാലോചിതമായും ഭാരതീയമായും പരിഷ്കരിക്കണമെന്ന് വാദിക്കുന്ന സീറോ മലബാർ ലിറ്റർജിക്കൽ ആക്ഷൻ കമ്മിറ്റിയുടെ തുടക്കം മുതൽ സംസ്ഥാന കോർഡിനേറ്റർ ആയും പ്രവർത്തിച്ച് വരുന്നു.

ഫാ. തോമസ് ചെട്ടിപറമ്പിൽ ഒരു ചരിത്രാവബോധമുള്ളയാളാണ്. ചരിത്രം വരും തലമുറയ്ക്ക് പ്രചോദനമാകുമെന്ന് അദ്ദേഹം ഉറച്ച് വിശ്വസിക്കുന്നു. ചരിത്രരേഖകളും പുരാവസ്തുക്കളും ശേഖരിക്കുകയെന്നത് അദ്ദേഹത്തിന് ഒരു ഹോബിയാണ്. കോതമംഗലത്തെ ഒരു കലാ സാംസ്കാരിക പ്രസ്ഥാനമായ സംസ്കാരയിലെ രേഖാലയവും പുരാവസ്തു ശേഖരവും വികസിപ്പിച്ച് എടുക്കുന്നതിൽ സംസ്കാരയുടെ സ്ഥാപക ഡയറക്ടറായ ചെട്ടിപ്പറമ്പിലച്ചൻ തൽപരനാണ്.

സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിച്ചിട്ടുള്ള ദിവംഗതരായ മഹാത്മാക്കളെ സ്മരിക്കുന്നതിൽ വലിയ താൽപര്യം കാണിക്കാത്ത സമൂഹമാണ് നമ്മുടേത്. എന്നാൽ ഇക്കാര്യത്തിൽ ചെട്ടിപറമ്പിലച്ചൻ തല്പരനാണ്. ഷെവലിയർ ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിതൊമ്മന്റെ 50-ാം ചരമ വാർഷികം വിപുലമായ തോതിൽ നടത്താൻ ചെട്ടിപറമ്പിലച്ചൻ മാത്രമാണ് മുന്നോട്ടു വന്നത്. ഷെവ .തര്യതു കുഞ്ഞിതൊമ്മന്റെ സ്മാരക കമ്മിറ്റിയുടെ കൺവീനറും ഫാ. തോമസ് ചെട്ടിപറമ്പിൽ തന്നെ.

വിലാസം - ഫാ. തോമസ് ചെട്ടിപറമ്പിൽ, വികാരി, കാൽവരിഗിരി പള്ളി,
കുളപ്പുറം, പൈങ്ങോട്ടൂർ പി. ഒ, 686671

# 229



# അഡ്വ. ഡോ. ചെറിയാൻ ഗൂഡല്ലൂർ

കോട്ടയം ജില്ലയിൽ പാലായിലെ പ്രസിദ്ധമായ മണിയങ്ങാട്ട് മാണിക്കത്താഴെ കുടുംബാംഗമാണ് അഡ്വ. ചെറിയാൻ ഗൂഡല്ലൂർ. വിദ്യാഭ്യാസം, സാമൂഹ്യസേവനം, രാഷ്ട്രീയം, നിയമം, പൊതുതാത്പര്യ വ്യവഹാരം എന്നിങ്ങനെയുള്ള കർമരംഗങ്ങളിലായി സംഭവബഹുലമാണ് ആ ജീവിതം. പല സർവ്വകലാശാലകളിൽ നിന്നുമായി ഗണിതശാസ്ത്രം, മനഃശാസ്ത്രം, ഗാന്ധിയൻ ചിന്ത, നിയമം, തത്വ

www.malankaralibrary.com

ശാസ്ത്രം എന്നീ വിഷയങ്ങളിൽ ബിരുദവും, ബിരുദാനന്തര ബിരുദവും കര സ്ഥമാക്കിയിട്ടുണ്ട്. "GANDHIS CONCEPT OF TRUTH AND JUSTICE" 1997 ൽ മൈസൂർ സർവ്വകലാശാല അദ്ദേഹത്തിന് തത്ത്വശാസ്ത്രത്തിലും, നിയ മത്തിലും പി.എച്ച്.ഡി. നൽകി. എന്നാണ് തീസീസിന്റെ പേര്. അത് പുസ്തക രൂപത്തിൽ എറണാകുളത്തെ പൂർണ്ണോദയ ബുക്ക് ട്രസ്റ്റ് ഇംഗ്ലീഷിൽ പ്രസി ദ്ധീകരിച്ചിട്ടുണ്ട്. അഡ്വ. എസ്. രമേഷ് ബാബു ഈ പുസ്തകം മലയാള ത്തിൽ പരിഭാഷപ്പെടുത്തി. "സത്യവും നീതിയും ഗാന്ധിയുടെ കാഴ്ചപ്പാ ടിൽ" എന്ന തലക്കെട്ടിൽ പൂർണ്ണോദയ ബുക്ക് ട്രസ്റ്റ് അതും പ്രസിദ്ധീകരിച്ചു.

അഡ്വ. ചെറിയാൻ പിറന്നത് 18-01-1938 ൽ പാലായിലാണെങ്കിലും വളർന്നത് കണ്ണൂർ ജില്ലയിലെ പേരാവൂരിലാണ്. പിതാവിന്റെ പേര് ജോസഫ് എന്നും, മാതാവിന്റെ പേര് ത്രേസ്യാ എന്നും ആയിരുന്നു. ഈ ദമ്പതിക ളുടെ നാലാമത്തെ പുത്രനാണ് ചെറിയാൻ. പ്രാഥമിക വിദ്യാഭ്യാസം കണ്ണൂർ ജില്ലയിലെ പേരാവൂർ എലിമെന്ററി സ്കൂളിലും, ഹൈസ്കൂളിലുമായിരുന്നു. പിന്നീട് കേരള, മദ്രാസ്, ആഗ്ര, മധുര, മൈസൂർ എന്നീ സർവ്വകലാശാലക ളിൽ പഠിച്ച് ബിരുദവും, ബിരുദാനന്തര ബിരുദവും, പി.എച്ച്.ഡി.യും എടുത്തു.

മദ്രാസ് ലോ കോളേജിൽ നിന്നു ബിരുദം എടുത്തശേഷം മദ്രാസ് ഹൈക്കോടതിയിൽ എസ്. പത്മനാഭയ്യരുടെ ജൂണിയറായി 1970 ൽ പ്രാക്ടീസ് ആരംഭിച്ചു. 1972 ൽ ഗൂഡല്ലൂരിലെ മലയാളി കർഷകരെ കുടിയൊഴിപ്പിക്കാ നുള്ള നീക്കങ്ങൾ തമിഴ്നാട് സർക്കാർ ആരംഭിച്ചു. കൃഷിക്കാർക്ക് വേണ്ടി ഹൈക്കോടതിയിൽ അഡ്വ. ചെറിയാൻ റിട്ട് ഫയൽ ചെയ്തു. റിട്ട് പാവപ്പെ ട്ടവർക്ക് പ്രയോജനമുള്ള പരിഹാരമല്ലെന്നു കണ്ടപ്പോൾ കുടിയൊഴിപ്പിക്കൽ നടപടികളെ എതിർക്കാൻ വേണ്ടി 1972 ൽ അഡ്വ. ചെറിയാൻ "ഗൂഡല്ലൂർ കർഷക സംരക്ഷണ സംഘം" (G.K.S.S.) സ്ഥാപിച്ചു. ഫാ. ജോർജ്ജ് പാറ യ്ക്കൽ ചെറിയാന്റെ വലംകൈയായി പ്രവർത്തിച്ചു. ബിഷപ്പ് സെബാസ്റ്റ്യൻ വള്ളോപ്പള്ളി ഇരുവരെയും ധാർമ്മികമായി പിന്തുണച്ചു. കർഷകരുടെ ഭൂമി യിൽ സർക്കാർ ബലമായി നട്ട 2000 ഏക്കർ സ്ഥലത്തെ 'ഗ്രാൻഡീസ്' തൈകൾ പറിച്ചു നശിപ്പിച്ചു. പ്രതികാരം മൂത്ത മുഖ്യമന്ത്രി കരുണാനിധി കർഷകരുടെ വീടുകൾ അഗ്നിക്കിരയാക്കി. സർക്കാർ 18 വീടുകൾ കത്തി ച്ചു. കൃഷിക്കാരുടെ നേർക്ക് വെടിവെപ്പ് നടത്തി. തമിഴ്നാട്, കേരള, കർണ്ണാ ടക സംസ്ഥാനങ്ങളിലെ സാമൂഹിക പ്രവർത്തകരെയും, രാഷ്ട്രീയക്കാ രെയും ഗൂഡല്ലൂരിൽ കൊണ്ടുവന്നു. ഫാ. വടക്കൻ, എ.കെ. ഗോപാലൻ, എ.കെ. ആന്റണി, കെ.എം. ജോർജ്ജ്, കെ.എം. മാണി തുടങ്ങിയവർ അഡ്വ. ചെറിയാന്റെ സഹായത്തിനെത്തി. ഫാ. വടക്കൻ നിരാഹാര സത്യാഗ്രഹം തുടങ്ങി. സത്യാഗ്രഹത്തിന് പിന്തുണ നൽകിക്കൊണ്ട് കത്തോലിക്കാ കോൺഗ്രസ് നേതാക്കളായ ജോൺ കച്ചിറമറ്റം, അഡ്വ. ഇ.എം. ജോസഫ് തുടങ്ങിയവർ ഗൂഡല്ലൂർ എത്തി. തമിഴ്നാട് ഗവൺമെന്റ് ഫയൽ ചെയ്തി രുന്ന അനേകം കേസുകളിൽ പ്രതിയായിരുന്ന അഡ്വ. ചെറിയാൻ മൂന്നു

www.malankaralibrary.com

മാസം മദ്രാസ്, കോയമ്പത്തൂർ സെൻട്രൽ ജയിലുകളിൽ കഴിച്ചുകൂട്ടി. പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയും, പ്രതിപക്ഷനേതാവ് എ.കെ.ജിയും ഇടപെട്ട് കരുണാനിധിയുമായി ഒത്തുതീർപ്പുണ്ടാക്കി. അതനുസരിച്ച് നാലായിരം കുടുംബാംഗങ്ങൾക്ക് പന്തല്ലൂർ ഫർക്കയിൽ പട്ടയം കിട്ടി. അത് ഗൂഡല്ലൂർ കർഷകസംരക്ഷണസംഘത്തിന്റെ (G.K.S.S.) സമരത്തിന്റെ ഫലമായിരുന്നു. അവസാനം അദ്ദേഹത്തിനും, സഹപ്രവർത്തകർക്കും എതിരെ ഉണ്ടായിരുന്ന എല്ലാ കേസുകളും നിരുപാധികം ഗവൺമെന്റ് പിൻവലിച്ചു.

1981 ൽ എം.ജി.ആർ "കുടിയിറക്ക് നടപടി" പുനരാരംഭിച്ചു. അഡ്വ. ചെറിയാൻ ഒരു പൊതുതാത്പര്യറിട്ട്ഹർജി ഫയൽ ചെയ്തു. സുപ്രീം കോടതി അത്ഭുതപൂർവ്വമായ ഒരു സ്റ്റേ ഉത്തരവ് നൽകി. അവസാനം ഏഴ് വർഷകാലത്തെ നിയമയുദ്ധത്തിനുശേഷം, ഗൂഡല്ലൂരിൽ ഭൂരിപക്ഷമായുള്ള ന്യൂനപക്ഷ കർഷകർക്കു അനുകൂലമായി വിധിക്കുകയുണ്ടായി. ആ വിധി ഏ.ഐ.ആറിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സുപ്രീംകോടതിവിധി മുഖാന്തിരം ഗൂഡല്ലൂരിലെ പതിനായിരക്കണക്കിനു കർഷകർ രക്ഷപ്പെട്ടു.

കേരളത്തിലെ അഭിഭാഷകനായ റഷീദ് ബാംഗ്ലൂരിൽവച്ചു പോലീസുകാരാൽ ഒരു മന്ത്രിയുടെ ഒത്താശയോടെ കൊലചെയ്യപ്പെട്ടപ്പോൾ അഡ്വ. ചെറിയാൻ സുപ്രീംകോടതിയിൽ ഒരു പൊതുതാത്പര്യഹർജി ഫയൽ ചെയ്തു. കൊലയാളികൾ ശിക്ഷിക്കപ്പെടുകയും, ഏഴുലക്ഷത്തിഅൻപതിനായിരം രൂപ യാതൊരു ആശ്രയവുമില്ലാത്ത റഷീദിന്റെ ഭാര്യയ്ക്കും, കുട്ടികൾക്കും നഷ്ടപരിഹാരമായി സുപ്രീം കോടതി അനുവദിക്കുകയുംചെയ്തു.

ഗജറൗളയിലെ കന്യാസ്ത്രീകൾക്കെതിരെ ബലാൽക്കാരം നടത്തിയതിനു യു.പി. സർക്കാരിനെയും, മുലായം സിംഗിനേയും പ്രതിചേർത്ത് അഡ്വ. ചെറിയാനും, സഹപ്രവർത്തകരായ ഫാ. പോൾ വെള്ളകുന്നത്ത്, ഡോ. സിസ്റ്റർ സ്കോളാസ്റ്റിക്ക എന്നിവരും സുപ്രീം കോടതിയിൽ നേരിട്ട് റിട്ട് ഫയൽ ചെയ്തു. സുപ്രീംകോടതി ആ റിട്ട് അനുവദിച്ചു. അതിന്റെ അന്വേഷണം സി.ബി.ഐ.യെ ഏൽപ്പിച്ചു. പീഡിതരായ കന്യാസ്ത്രീകൾക്ക് പത്ത് ലക്ഷം രൂപ സുപ്രീംകോടതി നഷ്ടപരിഹാരം നൽകി. കുറ്റവാളികൾക്ക് കൂട്ടുനിന്ന ലേഡി ഡോക്ടറേയും, രണ്ട് പോലീസ് ഉദ്യോഗസ്ഥന്മാരേയും സുപ്രീംകോടതി ശിക്ഷിച്ചു. ബലാത്കാരം ആരോപിച്ച് ജെയിലിൽ അടക്കപ്പെട്ടിരുന്ന ന്യൂനപക്ഷ സമുദായത്തിൽപെട്ട നാല് നിരപരാധികളെ സുപ്രീംകോടതി മോചിപ്പിച്ചു. ഈ കേസും എ.ഐ. ആർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജഡ്ജി ആർ.കെ. ബാഗിന്റെ അഭിപ്രായത്തിൽ "ഗൂഡല്ലൂർ എംകെ. ചെറിയാൻ VS. ഇന്ത്യൻ യൂണിയൻ (കന്യാസ്ത്രീകളുടെ കേസ്) 1995 സുപ്രീം കോർട്ട് കേസ് 925, പീഡനത്തിനിരയായവർക്ക് നഷ്ടപരിഹാരം വിധിക്കുന്ന പുതിയ നിയമശാസ്ത്ര സിദ്ധാന്തത്തിന്റെ വികസനത്തിൽ ഒരു ചരിത്രപരമായ നാഴികക്കല്ല് സൃഷ്ടിച്ചു."

ബോംബെയിലെ അന്ധേരിയിൽ അനാഥാലയത്തിൽ സാമൂഹിക

www.malankaralibrary.com

സേവനം ചെയ്തുകൊണ്ടിരുന്ന സി. പ്രിയയെയും, സി. സിൽവ്യയെയും സമൂഹദ്രോഹികൾ കൊലപ്പെടുത്തി. ഉന്നതരുടെ ഒത്താശയോടെ അവരുടെ സ്വഭാവഹത്യ നടത്തിയ പോലീസ് കമ്മീഷണർ, ഡോക്ടർമാർ, മാഹാരാഷ്ട്ര സർക്കാർ ഇവരെ പ്രതിചേർത്ത് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് ചെറിയാനും സുഹൃത്തുക്കളും സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തു.

അന്തർദ്ദേശീയ അംഗീകാരമുള്ള ഒരു മനുഷ്യാവകാശ പ്രവർത്തകനാണ് ഡോ. ചെറിയാൻ. കായികശക്തിയും, ജനശക്തിയുമുള്ള മന്ത്രിമാർക്കെതിരെയും, പോലീസുദ്യോഗസ്ഥർക്കെതിരെയും പരോപര ജീവികൾക്കെതിരെയും, വിവിധ സംസ്ഥാനങ്ങളിലെ ഹൈക്കോടതികളിലും, സുപ്രീംകോടതിയിലും അദ്ദേഹം അഗതികൾക്ക് വേണ്ടി സൗജന്യമായി അസംഖ്യം കേസുകൾ നടത്തിയിട്ടുണ്ട്. ഗുഡല്ലൂരിലെ നേഴ്സ് അച്ചാമ്മവധക്കേസ് (അമേരിക്കൻപൗരത്വമുള്ള നേഴ്സ്) പ്രമാദമായ ഒരു കേസായിരുന്നു. അച്ചാമ്മയുടെ ആൾക്കാർക്ക് വേണ്ടി അഡ്വ. ചെറിയാൻ ഹാജരായി. മൃതദേഹം കത്തോലിക്കാപള്ളി സെമിത്തേരിയിൽ നിന്നും എടുത്ത് പോസ്റ്റ്മാർട്ടം നടത്തിച്ചത് വലിയ കോളിളക്കം ഉണ്ടാക്കി. അൻപതോളം റൗഡികൾ അർദ്ധരാത്രിയിൽ ചെറിയാനെ വീട്ടിൽ കയറി ആക്രമിച്ചു. തലനാരിഴകൊണ്ട് രക്ഷപെട്ടു. പിന്നീട് ഹൈക്കോടതി വിധി മുഖാന്തരം നേഴ്സ് അച്ചാമ്മയുടെ ഭർത്താവ് ജോസ്പോൾ ജയിലിൽ പോയി.

1991 ൽ ഐ.സി.ജെ. (International Commission Jurists) യുടെ ആഭിമുഖ്യത്തിൽ സൗജന്യ നിയമസഹായം സംബന്ധിച്ച് നടന്ന സെമിനാറിൽ ഐ.സി.ജെ.യുടെ ക്ഷണം സ്വീകരിച്ച് അഡ്വ. എം.ജെ. ചെറിയാൻ പങ്കെടുത്തു.

1993 ൽ ആസ്ട്രിയായിലെ വിയന്നയിൽ ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ നടന്ന രണ്ടാമതു ലോക മനുഷ്യാവകാശ സമ്മേളനത്തിൽ U.N.O. യുടെ ക്ഷണിതാവും, പ്രതിനിധിയുമായിരുന്നു അഡ്വ. ചെറിയാൻ. 1998 ൽ ഫെബ്രുവരിയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൺ മനുഷ്യാവകാശ വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള പരിശീലനത്തിനായി അദ്ദേഹത്തെ കൽക്കത്തയിലെ ഒരു ജഡ്ജിയുമൊത്ത് ഇന്ത്യയെ പ്രതിനിധീകരിക്കാൻ ഫിലിപ്പൈൻസിലെ മനിലയിലേക്ക് നിയോഗിച്ചയച്ചു.

1994 ൽ അഖിലേന്ത്യാ കത്തോലിക്കാ യൂണിയനും, കേരള കത്തോലിക്കാ കോൺഗ്രസും ഏറ്റവും നല്ല സാമൂഹ്യപ്രവർത്തകനുള്ള അവാർഡ് ഡോ. ചെറിയാന് സമ്മാനിച്ചു.

ബാർ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ലൈഫ്മെമ്പർ ഗൂഡല്ലൂർ ബാർ അസോസിയേഷൻ പ്രസിഡന്റ്, തമിഴ്നാട് ഫ്രീ ലീഗൽ എയ്ഡ് മെമ്പർ, പീപ്പിൾസ് യൂണിയൻ ഓഫ് സിവിൽ ലിബർട്ടീസ് ഓർഗനൈസർ (നീലഗിരി, വയനാട്, കൂർഗ്ഗ് ജില്ലകളിൽ) സിറ്റിസൻസ് ഫോർ ഡെമോക്രസി നാഷണൽ കൗൺസിൽ മെമ്പർ, ഗൂഡല്ലൂർ ഫാർമേഴ്സ് അസോസിയേഷൻ

www.malankaralibrary.com

പ്രസിഡന്റ്, വിമൻസ് സോളിഡാരിറ്റി ഫാർ ജസ്റ്റീസ്, ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

സർദാർ സരോവർ അണക്കെട്ട് മുഖാന്തരം നർമ്മദാ താഴ്‌വരയിൽ പീഡിപ്പിക്കപ്പെടുന്ന ഹതഭാഗ്യരായ ലക്ഷോപലക്ഷം കർഷകരുടെ നേതാവായ മേധാപട്കറുടെ "നർമ്മദാ ബച്ചാവോ ആന്തോളൻ" പോലുള്ള സംഘടനകളോട് ചേർന്നു പ്രവർത്തിച്ചുകൊണ്ടിരുന്നു.

അഡ്വക്കേറ്റ് ചെറിയാന്റെ പ്രവർത്തനങ്ങളെപ്പറ്റി മങ്കുഴി സുകുമാരൻ ഇപ്രകാരം എഴുതിയിരിക്കുന്നു. 'ഗൂഡല്ലൂർ പ്രശ്നം സംബന്ധിച്ച് തമിഴ്നാട് സെക്രട്ടറിയേറ്റിന് മുന്നിലും, കർണ്ണാടക വിധാൻ സൗധയുടെ മുന്നിലും ഗൂഡല്ലൂർ ഫാർമേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സത്യാഗ്രഹം നടത്തി. ഗൂഡല്ലൂർ കർഷക കുടുംബങ്ങൾക്ക് വേണ്ടി അവകാശ പത്രിക സമർപ്പിക്കാൻ സുപ്രീംകോടതി അഡ്വ. എം.ജെ. ചെറിയാനെയാണ് നിയമിച്ചത്. അതുപ്രകാരം രണ്ടര ഏക്കറിൽക്കൂടുതൽ സ്ഥലമുള്ള പതിനായിരത്തോളം കർഷകർക്ക്വേണ്ടി അവകാശപത്രിക 1988 ൽ സമർപ്പിച്ചു. അതിൽ സർക്കാർ തീരുമാനം എടുക്കാത്തത്കൊണ്ട് അഡ്വ. ചെറിയാനും, സഹപ്രവർത്തകരും ഗൂഡല്ലൂർ ഫാർമേഴ്സ് അസോസിയേഷൻ മുഖാന്തിരം 1990 ൽ വീണ്ടും ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. രാഷ്ട്രീയ കക്ഷികൾക്കതീതമായി ജയപ്രകാശ് നാരായണൻ, ബീഹാറിൽ സമരം നടത്തുന്നതിനു ഒരു കൊല്ലം മുമ്പായിരുന്നു (1972) ഗൂഡല്ലൂർ കർഷക സംരക്ഷണ സംഘക്കാർ (G.K.S.S.) ആ വഴിക്കുള്ള ഒരു പുതിയ പ്രസ്ഥാനം ആരംഭിച്ചത്. സമരത്തിന്റെ ചരിത്രവും, വിജയവും, "ഗൂഡല്ലൂരിന്റെ ഇതിഹാസയാത്ര" എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.' നീതിക്ക്വേണ്ടിയുള്ള സ്ത്രീകളുടെ കൂട്ടായ്മ എന്ന സംഘടനയുടെ ജനറൽ സെക്രട്ടറിയാണ് ചെറിയാൻ. ഈ സംഘടനയുടെ ലക്ഷ്യം ഇന്ത്യയിലെ സ്ത്രീകൾക്ക് അസംബ്ലിയിലും, പാർലമെന്റിലും 50 ശതമാനം സീറ്റുനേടുക, ആക്രമിക്കപ്പെടുന്ന സ്ത്രീകളുടെ കേസ് സൗജന്യമായി കോടതിയിൽ എത്തിക്കുക എന്നിവയാണ്.

അഡ്വ. ചെറിയാന്റെ ഭാര്യ കാഞ്ഞിരപ്പള്ളി ആഞ്ഞലിപ്പ ഉറുമ്പക്കൽ പരേതനായ ശ്രീ. ജോസഫ് പോൾ മറിയാമ്മ ദമ്പതികളുടെ പുത്രി മേരിയാണ്. ഗൂഡല്ലൂർ ഗവ. ഹയർ സെക്കണ്ടറികളിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് അദ്ധ്യാപികയാണ്.


വിലാസം - അഡ്വ. എം.ജെ. ചെറിയാൻ ഗൂഡല്ലൂർ 6/537
കോർട്ട് റോഡ്
ഗൂഡല്ലൂർ പി.ഒ. 643212

www.malankaralibrary.com

# 230

# റവ. ഫാ. സഖറിയാസ് നടയ്ക്കൽ

## സി.എം.ഐ.



പത്രപ്രവർത്തനരംഗത്ത് നിസ്തുലസേവനം അനുഷ്ഠിച്ച റവ.ഫാ. സഖറിയാസ് നടയ്ക്കൽ ഇഞ്ചിയാനി ഇടവകയിൽ 1938 ജനുവരി 23 ന് ജനിച്ചു. ഇഞ്ചിയാനി ഹോളി ഫാമിലിസ്കൂൾ, പാറത്തോട് ഗ്രേസ് മെമ്മോറിയൽ സ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ഹൈസ്കൂൾ വിദ്യഭ്യാസാനന്തരം സി.എം.ഐ. സഭയിൽചേർന്ന് വൈദികപഠനം ആരംഭിച്ചു. മാന്നാനം, മുത്തോലി, ചെത്തിപ്പുഴ എന്നീസ്ഥലങ്ങളിൽ പ്രാഥമിക പഠനം. 1959 ൽ ധർമ്മാരംകോളേജിൽ ചേർന്നു 1964 മെയ് 17 ന് വൈദികപദവിയിലേക്കുയർത്തപ്പെട്ടു.

ജേർണലിസത്തിൽ പഠനം നടത്തുന്നതിനായി ബോംബെയിലെ ഡോ. രാജേന്ദ്രപ്രസാദ് കോളേജ് ഓഫ് മീഡിയായിൽ ചേർന്നു 1966 ൽ ജേർണലിസത്തിൽ ഒന്നാംറാങ്കോടുകൂടി പാസ്സായി. ടൈംസ് ഓഫ് ഇന്ത്യാ ഗോൾഡ് മെഡലിന് അർഹനായി. പത്രപ്രവർത്തനത്തിൽ ഉന്നതപരിശീലനം നേടിയ ഫാ. സഖറിയാസ് നടയ്ക്കലിനെ ദീപിക പത്രാധിപസമിതിയിൽ ന്യൂസ് എഡിറ്ററായി നിയമിച്ചു. ഇന്നത്തേതുപോലെ ആധുനിക സജ്ജീകരണങ്ങളൊന്നുമില്ലാതിരുന്ന ആ കാലഘട്ടത്തിൽ പത്രപ്രവർത്തനം ക്ലേശകരമായിരുന്നു. ന്യൂസ് എഡിറ്റർ സ്ഥാനം വഹിക്കുന്ന ആൾ രാത്രിയും പകലും ഒന്നുപോലെ അദ്ധ്വാനിക്കേണ്ടിയിരുന്നു. കൈകൊണ്ട് അക്ഷരം നിരത്തി അച്ചടിക്കുന്ന ആ കാലഘട്ടത്തിൽ താമസിച്ചുലഭിക്കുന്ന വാർത്തകൾ ചേർക്കുക വളരെയേറെ പ്രയാസകരമായിരുന്നു. ആ പ്രയാസങ്ങളെയെല്ലാം തരണം ചെയ്യാൻ ഫാ. സഖറിയാസിന്റെ കഠിനാദ്ധ്വാനത്തിന് സാധിച്ചു. ഒരിക്കലും വിശ്രമമില്ലാത്ത ജീവിതം ആയിരുന്നു അദ്ദേഹത്തിന്റേത്.

അർദ്ധരാത്രിസമയത്തും വെളുപ്പാൻനേരത്തും ദീപികയിൽചെന്നാൽ സഖറിയാസച്ചൻ ഉറക്കമിളച്ചിരുന്ന് വാർത്തകൾ ശേഖരിക്കുന്നതും വാർത്തകൾ എഴുതുന്നതും കാണാമായിരുന്നു. ടെലിപ്രിന്ററിൽ ഉടനടിവരുന്ന ന്യൂസുകൾ പത്രത്തിൽ ചേർക്കുവാൻ അച്ചനെ സഹായിക്കുവാൻ അധികമാരും ഉണ്ടായിരുന്നില്ല. വാർത്തകൾ ചേർക്കുന്നതിലും നല്ല രീതിയിൽ അവതരിപ്പിക്കുന്നതിനും സഖറിയാസച്ചന് പ്രത്യേക കഴിവുണ്ടായിരുന്നു. അക്കാലത്തെ മറ്റുപത്രങ്ങളെയപേക്ഷിച്ച് വാർത്തകളുടെയും മറ്റും കാര്യത്തിൽ ദീപിക മുന്നിലായിരുന്നത് സഖറിയാസച്ചന്റെ കഠിനാദ്ധ്വാനംകൊണ്ടു മാത്രമായിരുന്നു.

www.malankaralibrary.com

ഇക്കാലത്ത് ദീപികയുടെ മാനേജിംഗ് എഡിറ്റർ റവ.ഫാ. കൊളംബിയോർ സി.എം.ഐ. ആയിരുന്നു. ദീപിക 80 വർഷം പൂർത്തിയായി ആഘോഷം നടന്നത് ഫാ.സഖറിയാസ് ദീപികയിൽ പത്രാധിപർ ആയിരുന്നപ്പോഴാണ്. ദീപികയുടെ നാലുനിലകെട്ടിടം പണിപൂർത്തിയായതും ഇക്കാലഘട്ടത്തിലായിരുന്നു. അതോടെ ആവശ്യത്തിന് സ്ഥലസൗകര്യം ഉണ്ടാവുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രവർത്തനത്തെ അത് കാര്യമായി സഹായിച്ചു.

ദീപികയുടെ വികസനത്തിലെ ഒരു സുപ്രധാന കാലഘട്ടമായിരുന്നു പിന്നീട് ഉള്ള കാലഘട്ടം. 1968 ൽ മോണോടൈപ്പ് യന്ത്രങ്ങളും ട്യൂബുലർപ്രസും തുടർന്ന് പുതിയ റോട്ടറി പ്രസ്സും ആരംഭിച്ചു. അതോടെ ദൈനംദിനപ്രവർത്തനങ്ങൾ കുറെക്കൂടി എളുപ്പമായി എങ്കിലും പ്രസിദ്ധീകരണരംഗം നേരിടുന്ന വെല്ലുവിളികൾ വർദ്ധിച്ചുകൊണ്ടിരുന്നു. 1978 ൽ ദീപികക്ക് തൃശൂർ നിന്നും ഒരു എഡിഷൻ കൂടി ആരംഭിക്കുകയുണ്ടായി. രാഷ്ട്രപതി സഞ്ജീവറെഡ്ഡിയാണ്, തൃശൂർപതിപ്പ് ഔപചാരികമായി ഉദ്ഘാടനം ചെയ്തത്. പിന്നീട് റവ. ഡോ വിക്ടർ ഇസഡ് നരിവേലി ചീഫ് എഡിറ്ററായും തുടർന്ന് ഫാ. കൊളംബിയോർ വിരമിച്ചതിനെ തുടർന്ന് മാനേജിംഗ് എഡിറ്ററുമായി.

ന്യൂസ് എഡിറ്റർ എന്ന നിലയിൽ കഠിനാദ്ധ്വാനം ചെയ്ത ഫാ. സഖറിയാസിന്റെ പ്രവർത്തനം ദീപികയെ ഓജസ്സുറ്റ ഒരു പത്രമാക്കി മാറ്റുകയുണ്ടായി. ന്യൂസ് ശേഖരിക്കുന്നതിലും ക്രമീകരിക്കുന്നതിലും മികച്ച കഴിവ് പ്രകടിപ്പിച്ച ഫാ. സഖറിയാസ് ഒന്നരദശാബ്ദക്കാലത്തെ ദീപികയിലെ കഠിനാദ്ധ്വാനത്തിനുശേഷം ദീപികയിൽ നിന്നും വിരമിച്ചു. ദീപികയിലെ കഠിനാദ്ധ്വാനം അദ്ദേഹത്തിന്റെ ആരോഗ്യത്തെപ്പോലും ബാധിക്കുകയുണ്ടായിട്ടുണ്ട്.

1983 മുതൽ അമേരിക്കയിൽ ആണ് അജപാലനകർമ്മം നിർവഹിക്കുന്നത്. അദ്ദേഹത്തിന്റെ നേതൃത്വം അമേരിക്കയിലെ കുടിയേറ്റക്കാരായ സീറോമലബാർ കത്തോലിക്കർക്കും കേരളീയർക്കും അനുഗ്രഹമാണ്. ഇപ്പോഴും അദ്ദേഹം അമേരിക്കയിൽ സേവനം അനുഷ്ഠിക്കുന്നു.

Address - Rev. Fr. Zacharias Nadackal
Church of Ressurrection 910 Bosten
Post Road
Rye. New York - U.S.A.

www.malankaralibrary.com

# 231



# പുളിങ്കുന്ന് ആന്റണി

ആധുനികനോവലിസ്റ്റുകളിൽ പ്രമുഖനും മികച്ച ജീവചരിത്രകാരനും ഗ്രന്ഥകാരനും ആയ പുളിങ്കുന്ന് ആന്റണി ആലപ്പുഴജില്ലയിലെ പുളിങ്കുന്നിൽ കളപ്പുരയ്ക്കൽ കുടുംബത്തിൽ 1938 ജനുവരിഇരുപത്തിയെട്ടാംതീയതി ഭൂജാതനായി. അമ്മയുടെതറവാട് കൈനകരിയിലെ ചാവറ പിതാവിന്റെ പേര് തോമസ് മാതാവിന്റെ പേര് ഏലിയാമ്മ. പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും പുളിങ്കുന്നിൽതന്നെ നിർവ്വഹിച്ച് പിന്നീടുള്ള പഠനം പാലായിലും.

"വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ പ്രസംഗത്തിലും സാഹിത്യരചനയിലും സമർത്ഥൻ" അധികാരികളും ഗുരനാഥന്മാരും പറഞ്ഞു പ്രോത്സാഹിപ്പിച്ചു. സ്വന്തം അഭിരുചികളേയും നൈസർഗ്ഗികവാസനകളെയും വളർത്താനുതകുംവിധത്തിലുള്ള നിർദേശങ്ങളും ഉപദേശങ്ങളും നൽകി വളർത്തിയതും ഉയർത്തിയതും സി.എം.ഐ. വൈദികരാണ്. വിപുലമായ വായനയുടെ ലോകത്തിലേക്ക് കൈപിടിച്ചു നയിച്ചതും അവർ തന്നെ. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്റെ സർഗ്ഗവാസകളെ പരിപോഷിപ്പിക്കുന്നതിൽ പ്രമുഖമായ പങ്കും കൈത്താങ്ങും നൽകിയത് സി.എം.ഐ. സന്യാസികളാണ് എന്ന് ആന്റണി യാതൊരു മറയും കൂടാതെ വിളിച്ചുപറയുന്നതിൽ അഭിമാനിക്കുന്നു.

പ്രഭാഷണകലയിൽ ആന്റണി നന്നേ ചെറുപ്പമായിരിക്കുമ്പോൾതന്നെ നിപുണനായിരുന്നതുകൊണ്ട് അക്കാലംമുതൽ ജനിച്ച നാട്ടിലും അയൽപ്രദേശങ്ങളിലും പുളിങ്കുന്ന് ആന്റണി അറിയപ്പെട്ടു. പത്താംക്ലാസ്സിൽ പഠിക്കുമ്പോൾ ആദ്യരചന അച്ചടിച്ചുവന്നു. "എന്റെ ദൈവം"

1960 ൽ കുട്ടനാട്ടിൽ നിന്നും ജോലിക്കുവേണ്ടി പൂഞ്ഞാറിലേക്ക് ജീവിതം പറിച്ചുനട്ടു. പൂഞ്ഞാറിലെ സി.എം.ഐ. സഭയുടെ സ്ഥാപനമായ സെന്റ് ആന്റണീസ് സ്കൂളിൽ അദ്ധ്യാപകനായി. അന്നുതൊട്ടിന്നോളം സാമൂഹ്യസാംസ്കാരികസാഹിത്യരംഗങ്ങളിൽ വളരെ സജീവമായി പ്രവർത്തിച്ചുവരുന്നു.

1995 ൽ ഗുരുതരമായൊരു രോഗം മൂലം (ബോൺകാൻസർ) ഇടതുകാൽ മുറിച്ചു നീക്കേണ്ടി വന്നു. എന്നവരികിലും രചനാരംഗത്ത് പണ്ടത്തേതേതിനേക്കാളും ഊർജ്ജവസ്വലനാണ് ആന്റണി ഇന്നും. രാഷ്ട്രീയരംഗത്തും ഒരുകാലത്ത് ആന്റണി സജീവമായിരുന്നു. കോൺഗ്രസ്സ് പാർട്ടിയുടെ എ.ഐ.സി.സി., കെ.പി.സി.സി. സമിതികളിൽ അംഗവുമായി.

സാഹിത്യത്തിന്റെ വിവിധശാഖകളിലായി ഇതുവരെ അൻപത്തിയാറ് പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അതിൽനോവലുകൾ മുപ്പത്തിയാറ്

www.malankaralibrary.com

ശ്രീ.സി.പി. ശ്രീധരൻ ഇപ്രകാരം എഴുതിയിരിക്കുന്നു. "തകഴിക്കുശേഷം കുട്ടനാടൻ ജീവിതത്തെ ഉപരിലബ്ധപ്രതിഷ്ഠനാക്കിയ മികവുററ സാഹിത്യകാരനാണ് ശ്രീ പുളിങ്കുന്ന് ആന്റണി. മലനാട്ടിലേയും കുട്ടനാട്ടിലേയും സാമൂഹ്യജീവിതത്തിന്റെ സുകൃതവൈകൃതങ്ങളെ തലനാരിഴകീറി അവതരിപ്പിച്ചുകൊണ്ടിരിക്കുന്ന വിരുതിനേയും വിവേകത്തെയും പ്രശംസിച്ചേ മതിയാകൂ."

ആന്റണിയുടെ നോവലുകളെ പ്രധാനമായി മൂന്നായിതരംതിരിക്കാവുന്നതാണ്. വി. ഗ്രന്ഥാധിഷ്ഠിതം, സാമൂഹ്യചരിത്രപരം, പുരാണേതിഹാസബന്ധിയായവ. നോവലിന്റെ രീതിയുമായോ അതിലുപരിയായോ സമരസപ്പെടുത്തി രചിച്ചിട്ടുള്ളതാണ് ഇദ്ദേഹത്തിന്റെ ജീവചരിത്രങ്ങളെല്ലാം. പതിനഞ്ചു ജീവചരിത്രകൃതികൾ. മറ്റുഗ്രന്ഥങ്ങൾ മതപരമായവ. മതാധിഷ്ഠിതകൃതികളിൽ "ബൈബിളിലെ കഥകൾ" (പഴയനിയമവും പുതിയനിയമവും പൂർണ്ണമായും കഥാരൂപത്തിലുള്ളവ മലയാളസാഹിത്യത്തിൽ ഇതുമാത്രം) എന്ന ബൃഹത്കൃതി അതിശ്രദ്ധേയമാണ്. നിരൂപകന്മാരുടെയും വായനക്കാരുടെയും ഏകകണ്ഠമായ പ്രശംസയ്ക്ക് പാത്രീഭൂതമായി ഈ ഗ്രന്ഥം. അതുപോലെതന്നെ ക്രിസ്തു - വിശ്വവിപ്ലവത്തിന്റെ വിത്ത് എന്ന പുസ്തകവും പ്രാധാന്യമർഹിക്കുന്നതാണ്.

കേരളത്തിലെ വളരെ പ്രമുഖമായ സാംസ്കാരിക, സാമൂഹ്യ പ്രസ്ഥാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള വിവിധ അവാർഡുകൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. സന്ദേശാലോം സാഹിത്യ അവർഡ്, മഹാകവിപുത്തൻകാവ് മാത്തൻതരകൻ അവാർഡ്, മേരിവിജയം ദർശനാഅവാർഡ്, എ.കെ.സി.സി. സാഹിത്യഅവാർഡ്, ജാഫി ഇന്റർനാഷണൽ അവാർഡ്, വില്യംകോറി അവാർഡ്, സാഹിത്യപ്രതിഭാപുരസ്കാരം, കുടുംബദീപം അവാർഡ്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസിന്റെ ആദരപത്രം എന്നിവയാണ് അവയിൽ പ്രമുഖം.

സർക്കാർ അർദ്ധസർക്കാർ നേതൃത്വത്തിലുള്ള പല സാംസ്കാരിക സംഘടനകളിലും ഭരണസമിതിയംഗമായിരുന്നിട്ടുണ്ട് പുളിങ്കുന്ന് ആന്റണി. "രചനയുടെയും പ്രഭാഷണകലയുടെയും മർമ്മം കണ്ട വ്യക്തി" ഈ വിശേഷണം പുളിങ്കുന്ന് ആന്റണിക്ക് സ്വന്തം. പുളിങ്കുന്ന് ആന്റണിയുടെ സുഹൃത്തുക്കളും ശിഷ്യരും ആരാധകരും ചേർന്ന് രൂപീകരിച്ചിരിക്കുന്ന പുളിങ്കുന്ന് ആന്റണി ഫൗണ്ടേഷൻ, ഏർപ്പെടുത്തയിരിക്കുന്ന അവാർഡ് ആണ് അക്ഷരസൂര്യഅവാർഡ്.


ഭാര്യ കെ.എൽ. ട്രീസാ പെരുവല്ലൂർ, കുത്തൂർകുടുംബത്തിലെ ലോനപ്പൻ - റോസ ദമ്പതികളുടെ മകളാണ്.

വിലാസം - പുളിങ്കുന്ന് ആന്റണി, പൂഞ്ഞാർ പി.ഒ.

www.malankaralibrary.com

# 232

# പോൾ പൊറുത്തൂർ



നടൻ, നാടകകൃത്ത്, സംവിധായകൻ, മാതൃകാദ്ധ്യാപകൻ, കാത്തലിക് ലേബർ അസോസിയേഷന്റെ സാരഥി, പ്രമുഖസംഘാടകൻ, സഹകാരി എന്നീ നിലകളിലെല്ലാം പ്രസിദ്ധനായ പോൾ പൊറുത്തൂർ 1938 ഫെബ്രുവരി 10-ാം തീയതി ഒല്ലൂരിലെ പ്രശസ്തമായ പൊറുത്തൂർ തറവാട്ടിൽ അന്തപ്പൻ അച്ചാമ്മ ദമ്പതികളുടെ പുത്രനായി ജനിച്ചു.

ഹൈസ്കൂൾ വിദ്യാഭ്യാസവും അദ്ധ്യാപകപരിശീലനവും കഴിഞ്ഞ് 1957 ൽ ആണ് പൊറത്തൂർ ആദ്യമായി കൂർക്കഞ്ചേരി ജെ.പി.ഇ. ഹൈസ്കൂളിൽ അദ്ധ്യാപകനായത്. 1958 ൽ മുതൽ സർക്കാർ സ്കൂൾ അദ്ധ്യാപകനായി മാറി. 1988 ൽ ഗവൺമെന്റ് മോഡൽ ഗേൾസ് ലോവർ പ്രൈമറി സ്കൂൾ പ്രധാനാദ്ധ്യാപകനായി. ഈ മോഡൽ സ്കൂളിനെ ഉന്നതനിലവാരത്തിലെത്തിക്കാൻ പോളിനു സാധിച്ചു. മികച്ച ലോവർ പ്രൈമറി വിദ്യാലയത്തിനുള്ള അവാർഡും അംഗീകാരവും ഈ സ്കൂളിന് നേടിക്കൊടുക്കുന്നതിൽ പോൾ പൊറത്തൂർ നിർണ്ണായകമായ പങ്കുവഹിക്കുകയുണ്ടായി. കേരളത്തിൽതന്നെ സർക്കാർ തലത്തിൽ ലോവർപ്രൈമറി വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്കായി ഒരു ബാലസാഹിത്യ ലൈബ്രറി ആദ്യമായി സ്ഥാപിച്ചത് അദ്ദേഹമാണ്. ആയിരത്തിലേറെ പുസ്തകങ്ങളും അതു സൂക്ഷിക്കാനുള്ള അലമാരിയും ഈ വിദ്യാലയത്തിൽ ഉണ്ട്. കേരളത്തിൽ പ്രൈമറി വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ കുറവുമൂലം ഡിവിഷനുകൾ കുറയുകയും വിദ്യാലയങ്ങൾ തന്നെ നിർത്തൽചെയ്യുകയും ചെയ്യുന്ന കാലഘട്ടത്തിൽ 1992-1993 ൽ ശ്രീ. പൊറുത്തൂർ മാസ്റ്ററുടെ പ്രവർത്തനഫലമായിട്ടായിരിക്കാം ഈ വിദ്യാലയത്തിൽ രണ്ടു ഡിവിഷനുകൾ വർദ്ധിപ്പിക്കേണ്ടി വന്നത്.

പൊറത്തൂർ മാസ്റ്റർ സർവ്വീസിൽനിന്നും പിരിഞ്ഞപ്പോൾ പ്രസിദ്ധീകരിച്ച സ്മരണികയിൽ എഡിറ്റർ വെള്ളായ്ക്കൽ ഭാസ്കരമേനോൻ ഇപ്രകാരം എഴുതിയിരിക്കുന്നു. "1957 ൽ അദ്ധ്യാപക ജീവിതത്തിൽ പ്രവേശിച്ച നാൾമുതൽ ശ്രീ പൊറന്തൂർ മുഴുവൻ അദ്ധ്യാപകർക്കും ഒരു മാതൃകാദ്ധ്യാപകനായും എല്ലാ വിദ്യാർത്ഥികൾക്കും ഒരു സ്നേഹസ്വരുപനായും അദ്ധ്യാപകസംഘടനകൾക്ക് ഒരു പ്രശസ്തസംഘാടകനായും ഏതു സദസ്സുകളിലും ഒരു പ്രഗത്ഭ വാഗ്മിയായും, സാഹിത്യസദസ്സുകളിൽ ഒരു പ്രശസ്തസാഹിത്യകാരനായും നടൻ, നാടകകൃത്ത് എന്നീ ബഹുവിധമേഖലകളിൽ എല്ലാം തന്നെ നിറഞ്ഞുനിൽക്കുന്ന ഒരു വ്യക്തിയാണ് പൊറത്തൂർ മാസ്റ്റർ."

www.malankaralibrary.com

1992 ൽ മികച്ച അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡിന് പൊറുത്തൂർ മാസ്റ്റർ തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. അദ്ധ്യാപകനേതാവ്, മാതൃകാദ്ധ്യാപകനാവുകയെന്നത് അപൂർവ്വമായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. അദ്ധ്യാപക സംഘടനാരംഗത്തെ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുമ്പോഴും സ്വന്തം സേവനമണ്ഡലമായ സ്കൂളിന്റെ ജീവാത്മാവും പരമാത്മാവുമായി വർത്തിക്കാൻ താല്പര്യം കാണിക്കുന്ന വിരലിലെണ്ണാവുന്ന അദ്ധ്യാപകരിലൊരാളാണ് ശ്രീ പോൾ പൊറുത്തൂർ. ശ്രീ കൈപ്പള്ളി തിലകൻ 1993 മാർച്ച് 23 ന് എക്സ്പ്രസ്സ് പത്രത്തിൽ എഴുതിയ ഒരു ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം. "കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനും കൗതുകവസ്തുക്കൾ ശേഖരിക്കുന്നതിനും ഒരു സയൻസ് കോർണർ തന്നെ സ്കൂളിൽ പൊറത്തൂർ സംവിധാനം ചെയ്തു. ഓരോ കൊല്ലവും ശാസ്ത്രപരിചയമേളകളിൽ മോഡൽ ഗേൾസ് എൽ.പി.എസിന്റെ ഒരു സ്റ്റാൾ വേണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. സ്കൂൾ വാർഷികങ്ങൾ കലോത്സവമായി നടത്താനും വിവിധ മത്സരങ്ങൾ ഏർപ്പെടുത്തി വിജയികൾക്ക് പുരസ്കാരങ്ങൾ നൽകി വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുവാനും പൊറത്തൂർ മാസ്റ്റർ ശ്രദ്ധിച്ചിരുന്നു.

കേരളത്തിലെ പ്രൈമറി അദ്ധ്യാപകരുടെ ആശയും ആവേശവും ആയിരുന്ന കെ.ജി.പി.ടി യൂണിയന്റെ സംസ്ഥാന ജനറൽ സെക്രട്ടറി പ്രസിഡണ്ട് എന്നീ നിലകളിൽ അദ്ധ്യാപകരുടെ അവകാശങ്ങൾക്കുവേണ്ടി പ്രവർത്തിച്ചിരുന്ന പോൾ പൊറത്തൂർ 1992 ൽ കെ.ജി.പി.ടി. യൂണിയൻ, ജി.ജി.ടി.ഒ., എസ്.എസ്.ബി.യു എന്നീ സംഘടനകൾ ഒന്നായി ലയിച്ച് കേരളാ സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷൻ രൂപീകരിച്ചപ്പോൾ അതിന്റെ സംസ്ഥാന പ്രസിഡണ്ട് സ്ഥാനത്തേയ്ക്ക് ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ധ്യാപകരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് നേതൃത്വപരമായ പൊറുത്തൂരിന്റെ കഴിവാണ് ഇതുവഴി അംഗീകരിക്കപ്പെട്ടത്...............സിലബസ് പരിഷ്കരണസമിതി, അദ്ധ്യാപകർക്കുള്ള സാനിട്ടോറിയത്തിന്റെ സംസ്ഥാനഗവേണിംഗ് ബോർഡ് അംഗം, ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഉപദേശകസമിതിയംഗം, ഒല്ലൂർ-സർവ്വീസ് സഹകരണ ബാങ്ക് ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള പോൾ പൊറത്തൂർ സംഘടനാരംഗത്ത് പ്രവർത്തിക്കുന്നതിന് മുമ്പ് സാഹിത്യരംഗത്ത് വളരെ പ്രതീക്ഷകൾ വളർത്തിയ സാഹിത്യകാരനായിരുന്നു. നടൻ, നാടകകൃത്ത്, സംവിധായകൻ എന്നീ നിലകളിൽ കൂടി തനതായ വ്യക്തിത്വം സാഹിത്യരംഗത്ത് കാഴ്ചവച്ച പൊറത്തൂർ അതെല്ലാം മാറ്റിവച്ചാണ് സംഘടനാപ്രവർത്തകനും നേതാവുമായി മാറിയത്."

കേരളത്തിലെ പ്രൈമറി അദ്ധ്യാപകരുടെ ആശയും ആവേശവുമായി മാറിയ കെ.ജി.പി.ടി. യൂണിയന്റെ ചരിത്രവും പൊറുത്തൂർ മാസ്റ്ററുടെ ജീവിതവും അഭേദ്യമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. സർക്കാർ മേഖലയിലെ മുഴുവൻ അദ്ധ്യാപകർക്കും കാറ്റഗറി വ്യത്യാസം കൂടാതെ ഒന്നിച്ചുചേരുവാ

www.malankaralibrary.com

നുള്ള ഒരു സംഘടനയ്ക്ക് ജന്മം നൽകിക്കൊണ്ടാണ് (കേരള സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷൻ) അദ്ദേഹം അദ്ധ്യാപനരംഗത്തുനിന്നും വിരമിച്ചത്. പൊറുത്തൂർ ഈസ്റ്റ് ഉപജില്ലാ ഹെഡ്മാസ്റ്റേഴ്സ് ഫോറത്തിന്റെ വൈസ് പ്രസിഡണ്ടായിരുന്നകാലത്ത് നടത്തിയ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണ് തൊഴിൽ പരിശീലനപരിപാടികൾ, ഇൻസർവ്വീസ് കോഴ്സുകൾ, സെമിനാറുകൾ, മാതൃകാക്ലാസുകൾ സംഘടിപ്പിക്കൽ, സയൻസ്ക്ലബ് പ്രവർത്തനങ്ങൾ എന്നിവ.

ശ്രീ ഡേവീസ് കണ്ണനായ്ക്കൽ പൊറുത്തൂർ യാത്രയയപ്പ് സ്മരണികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "പൊറുത്തൂർ കേരളവിദ്യാഭ്യാസ മേഖലയ്ക്കു നൽകിയ അനർഘസംഭാവനകളിൽ പ്രധാനം പ്രൈമറി വിദ്യാഭ്യാസത്തിന് ഡയറക്ടറേറ്റ് സ്ഥാപിക്കുന്നതിനുള്ള ബ്രഹത്പദ്ധതി സംസ്ഥാനസർക്കാരിന് സമർപ്പിച്ചതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് വിഭജിച്ച് കൂടുതൽ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ പൊറത്തൂർ സമർപ്പിച്ച രൂപരേഖ ഒട്ടേറെ ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും അനദിന ഭരണത്തിന്റെ പ്രയാസങ്ങൾ മറികടക്കാനുള്ള അനുഭവജ്ഞാനത്തിന്റെ മേമ്പൊടി ചേർത്ത് തയ്യാറാക്കിയതാണെന്ന് പ്രമുഖ വിദ്യാഭ്യാസ വിചക്ഷണർതന്നെ വിലയിരുത്തിയിട്ടുണ്ട്. അദ്ധ്യാപകനെന്ന നിലയ്ക്ക് തന്റെ നാടിന്റെ ജീവിതസ്പന്ദനങ്ങളിലെല്ലാം സേവനത്തിന്റെ തിരിവെട്ടവുമായി എന്നും പൊറത്തൂർ നിലകൊണ്ടിരുന്നു. സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനങ്ങൾ ഒല്ലൂർ പഞ്ചായത്തിൽ വിജയകരമാക്കുന്നതിൽ മുഖ്യപങ്കുവഹിച്ചു."

വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളിൽ രക്ഷകർത്താക്കളുടെ പങ്ക് വിലപ്പെട്ടതാണെന്ന് മനസ്സിലാക്കിയ പൊറുത്തൂർ രക്ഷാകർത്താക്കൾക്കുവേണ്ടി പ്രത്യേകം സെമിനാറുകൾ സംഘടിപ്പിച്ചിരുന്നു. അദ്ധ്യാപകസംഘടനാനേതാവായി പ്രവർത്തിച്ചപ്പോഴും അദ്ധ്യാപകരുടെ നിലവാരം ഗുണപരമായുയർത്താനുള്ള ഭാവനാപൂർണ്ണമായ ഒട്ടേറെ പ്രവർത്തനങ്ങൾക്കുള്ള അച്ചുതണ്ടായി പ്രസ്ഥാനത്തെമാറ്റുവാനും അദ്ദേഹം താല്പര്യമെടുത്തു. പൊറുത്തൂർ പത്രാധിപരായി പ്രസിദ്ധീകരിച്ച അദ്ധ്യാപകമിത്രം എന്ന മാസിക ഇതിന്റെ നിശബ്ദസാക്ഷിയാണ്.

കലവറയില്ലാത്ത സ്നേഹത്തിന്റെ ഉടമ, കഠിനാദ്ധ്വാനിയായ നേതാവ്, വിനയാന്വിതനായ നായകൻ എന്നീ നിലകളിലുള്ള ശ്രീ പൊറുത്തൂർ എന്ന നേതാവ് സകലർക്കും സകലപ്രശ്നങ്ങൾക്കും അത്താണിയായിരുന്നു. രാഷ്ട്രീയമായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സുമായി ഗാഢബന്ധം പുലർത്തിയിരുന്നു പൊറുത്തൂർ.

പോൾ പൊറുത്തൂരിന്റെ സമുദായസേവനം ഏറ്റം ശ്ലാഘനീയമാണ്. 1950 കളുടെ അവസാനം തൃശൂർ രൂപതയിൽ ഫാ. ജെനേസിയൂസ് സി.എം.ഐ. സ്ഥാപിച്ച കാത്തലിക് ലേബർ അസോസിയേഷന്റെ ആരംഭകാലത്ത് അതിന്റെ സജീവപ്രവർത്തകനായിരുന്നു പൊറുത്തൂർ. അസോസിയേഷന്റെ

www.malankaralibrary.com

ആരംഭകാലത്ത് അതിന്റെ സെക്രട്ടറിയായും പ്രസിഡണ്ടായും കുറേക്കാലം പ്രവർത്തിച്ചിരുന്നു. കത്തോലിക്കാതൊഴിലാളികളെ കത്തോലിക്കാസഭയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും ആദ്ധ്യാത്മികതയിൽ വളർത്താനും ശ്രമിച്ചിട്ടുണ്ട്. കാത്തലിക് ലേബർ അസോസിയേഷന്റെ നേതാവ് എന്ന നിലയിൽ മദ്രാസിൽവച്ച് നടന്ന ദേശീയ സെമിനാറിൽ അദ്ദേഹം പങ്കെടുത്തു. പാസ്റ്ററൽ കൗൺസിൽ അംഗമായി പ്രവർത്തിക്കുന്നു. സി.ബി.സി.ഐ. നാഷണൽ അഡ്വൈസറി കൗൺസിൽ മെമ്പറായിരുന്ന പൊറുത്തൂർ സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലും പങ്കെടുക്കുകയുണ്ടായി. തൃശൂർ അതിരൂപതയിലെ സവിശേഷവൽക്കരണദശകത്തിന്റെ അതിരൂപതാസെക്രട്ടറിയായി സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. ഒല്ലൂരിലെ പ്രശസ്തമായ ചാരിറ്റബിൾ സ്ഥാപനമായ ഒല്ലൂർ സാധുസംരക്ഷണസംഘത്തിൽ മൂന്നുതവണ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിക്കുകയുണ്ടായി. മദ്ധ്യകേരളത്തിലെ തീർത്ഥാടന കേന്ദ്രമായ ഒല്ലൂർ ഫൊറോനാപള്ളി ട്രസ്റ്റിയായി പ്രവർത്തിച്ചിട്ടുള്ള പൊറുത്തൂർ ഇപ്പോൾ അതിരൂപതോത്സവം (ബറാക്ക 2005) ജനറൽ കൺവീനറുമായിരുന്നു. കൂടാതെ തൃശൂർ അതിരൂപതയിലെ കത്തോലിക്കാ സഭാമാസികയുടെ സെക്രട്ടറിയെന്ന നിലയിൽ മാസികയുടെ മുഴുവൻ സമയ പ്രവർത്തകനുമാണ് അദ്ദേഹം.

പൂർണ്ണസമയ അദ്ധ്യാപക സംഘടനാപ്രവർത്തകനാകുംമുമ്പ് സാഹിത്യരംഗത്ത് വലിയ പ്രതീക്ഷകൾ ഉണർത്തിയ തൂലികയുടെ ഉടമയായിരുന്നു പൊറുത്തൂർ. അദ്ദേഹത്തിന്റെ "സ്നേഹം അവസാനിക്കുന്നില്ല." എന്ന നാടകം ഒട്ടേറെ വേദികളിൽ അരങ്ങേറി. കാണികളുടെ മുക്തകണ്ഠമായ പ്രശംസപിടിച്ചുപറ്റുകയുണ്ടായി. മാതൃകയുടെ മക്കൾ (നാടകം) മനുഷ്യപുത്രൻ (നാടകം) ഈ കൊടുങ്കാറ്റ് ശാന്തമാകുകയില്ല (നാടകം) മരിയസഖ്യചരിത്രം (പരിഭാഷ) ബിഷപ്പ് ജോസഫ് ഇരിമ്പൻ (ജീവചരിത്രം) ഒല്ലൂർ പള്ളിയും മാലാഖായുടെ തിരുനാളും (ചരിത്രം) പ്രാഥമിക വിദ്യാഭ്യാസം (ഗവേഷണപ്രബന്ധം) എന്നിവയാണ് പൊറുത്തൂരിന്റെ പ്രധാന കൃതികൾ.

വിനയം നിറഞ്ഞ പെരുമാറ്റം, കുലീനത്വം ഓളം തുള്ളുന്ന സമീപനം, മധുരമായ ചിരി, നട്ടെല്ലുള്ള സംഘടനാവൈഭവം ഉൾക്കാഴ്ചയോടുകൂടിയുള്ള പ്രവർത്തനശൈലി എന്നിവയാണ് പൊറുത്തൂരിന്റെ പ്രത്യേകതകൾ.


കൂർക്കഞ്ചേരി ജെ.പി.ടി.ടി.ഐ. അദ്ധ്യാപിക ആനിപോളാണ് സഹധർമ്മിണി.

വിലാസം - ശ്രീ പോൾ പൊറുത്തൂർ, ഒല്ലൂർ പി.ഒ., തൃശൂർ.

www.malankaralibrary.com

# 233

# പ്രൊഫ.ജോർജ് മേനാച്ചേരി



"ദ സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യ" "ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ്" എന്നീ ബൃഹത്ഗ്രന്ഥങ്ങളിലൂടെ ഭാരതക്രൈസ്തവചരിത്രവും സാംസ്കാരിക പൈതൃകവും ലോകമെങ്ങുമെത്തിച്ച പ്രശസ്ത സാംസ്കാരിക ചരിത്രഗവേഷകനായ പ്രൊഫ.ജോർജ്ജ് മേനാച്ചേരി 1938 ഏപ്രിൽ രണ്ടിന് ഒല്ലൂർ എരിഞ്ഞേരി (മേനാച്ചേരി) കൊച്ചൗസേഫ് കുഞ്ഞേഞ്ഞി ദമ്പതികളുടെ ആറാമത്തെ സന്താനമായി ജനിച്ചു. ഒല്ലൂർ സർക്കാർ ഹൈസ്കൂൾ, കാട്ടൂർ പോംപെ സെന്റ് മേരീസ് സ്കൂൾ എന്നിവിടങ്ങളിൽ പഠിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളേജ്, തൃശൂർ സെന്റ് തോമസ് കോളേജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിൽ പഠിച്ച് ബി.എ., എം.എ. ഡിഗ്രികൾ കരസ്ഥമാക്കി. തുടർന്ന് തൃശൂർ സെന്റ് തോമസ് കോളേജിൽ ലക്ചററായി ജോലിയിൽ പ്രവേശിച്ചു. കേരളസർവ്വകലാശാലയിൽ പി.എച്ച്.ഡിക്ക് രജിസ്റ്റർ ചെയ്തെങ്കിലും ഗൈഡ് ഡോ. മാർത്താണ്ഡവർമ്മയുടെ നിര്യാണത്തെത്തുടർന്ന് തീസിസ്സ് പൂർത്തിയാക്കിയില്ല. ഇപ്പോൾ ബാംഗ്ലൂർ ധർമ്മാരംവിദ്യാക്ഷേത്രത്തിൽ ഒരു ഡോക്ടറൽ സ്കോളറാണ്. (വിഷയം The social status of Thomas christians as indicated by their Art and Architechure) പൂനാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽനിന്നും 1957 ൽ ഡിപ്ലോമായും ലഭിച്ചു. വേഴ്ഡ് അസംബ്ലി ഓഫ് യൂത്തിന്റെ പരിശീലനം (അലോക, മൈസൂർ 1963) വിദ്യാഭ്യാസം, ചരിത്രം, സംസ്കാരം, ദൈവശാസ്ത്രം, സാമൂഹ്യശാസ്ത്രം, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഐ.ടി. ആർട്ട്, ആർക്കിടെക്ചർ എന്നിങ്ങനെയുള്ള വിവിധവിഷയങ്ങളിൽ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസം നേടി. അതുപോലെതന്നെ മറ്റനവധി പഠനപദ്ധതികൾ ആരംഭിക്കുകയും ചിലത് പൂർത്തീകരിക്കുകയും ചെയ്തു. എല്ലാവിഷയങ്ങളിലും അറിവ് സമ്പാദിക്കണമെന്ന് ഉദ്ഘടമായ അഭിലാഷവും അറിവുകൾ മറ്റുള്ളവർക്ക് പകർന്നു നൽകാനുള്ള അഭിവാഞ്ജയും മേനാച്ചേരിയുടെ പ്രത്യേകതകളായിരുന്നു.

തൃശൂർ സെന്റ് തോമസ് കോളേജിൽ ലക്ചററായും പ്രൊഫസ്സറായും മൂന്നുദശാബ്ദക്കാലം സേവനം അനുഷ്ഠിച്ചു. രണ്ടുപതിറ്റാണ്ടുകാലം ബിരുദാനന്തരവിദ്യാർത്ഥികളെ പഠിപ്പിക്കുകയും ചെയ്തു. 1992 ൽ ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനുമായി സ്വയം വിരമിക്കുന്നതുവരെ പി.ജി. പ്രൊഫസ്സറും വകുപ്പ് തലവനുമായിരുന്നു. ശാസ്ത്രീയമായി പഠിപ്പിച്ചാൽ

www.malankaralibrary.com

പ്രീഡിഗ്രിക്കും, എം.എ. യ്ക്കും എല്ലാ വിദ്യാർത്ഥികളെയും ജയിപ്പിക്കാനും ഉയർന്ന ക്ലാസുകൾ നേടിക്കൊടുക്കാനും കഴിയുമെന്നതിന്റെ "പെറ്റ് തിയറി" പരീക്ഷിച്ച് നോക്കുന്നതിനും അതിൽ വിജയിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. 1984 മുതൽ മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിലും മറ്റുചില തിയോളജി സെമിനാരികളിലും വിസിറ്റിംഗ് പ്രൊഫസ്സറാണ്.

ഇന്ത്യയിൽ ഇദംപ്രഥമായി തൃശൂരാണ് അൽമേയ നേതൃത്വ പരിശീലനകേന്ദ്രം ആരംഭിച്ചത്. തുടക്കം മുതൽ ഇന്നോളം അതിന്റെ ഡയറക്ടറാണ് മേനാച്ചേരി. പല നൂതന പരിശീലനപഠനപദ്ധതികളും ആസൂത്രണംചെയ്ത് നടപ്പാക്കികൊണ്ടിരിക്കുന്നു. 1965-67ൽ ഇന്ത്യയിലെ മുഴുവൻ ക്രൈസ്തവകോളേജുകളെയും അമേരിക്കയിൽനിന്നുള്ള ഡോ.ഡിക്കിൻസന്റെ നേതൃത്വത്തിൽ പഠനവിധേയമാക്കിയപ്പോൾ റിസർച്ച് ഓഫീസറായി സഹകരിക്കുവാനും വിവിധ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അടുത്തറിയുവാനും നിരീക്ഷിക്കുവാനും അവസരം ലഭിച്ചു. ന്യൂമാൻ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ വൈസ് പ്രസിഡണ്ടായും മേനാച്ചേരി ദീർഘകാലം പ്രവർത്തിച്ചു. അസോസിയേഷന്റെ ചാപ്ലിൻ ജനറലായിരുന്ന ഫാ. ബലേഗദുമായി ഇടപഴകാനും ഭാരതത്തിലങ്ങോളമിങ്ങോളമുള്ള നിരവധി കോളേജുകൾ സന്ദർശിക്കുവാനും ഇതുമൂലം സാധിച്ചു. ഇന്ത്യയിലെ വിവിധ സംസ്കാരങ്ങളും സഭകളുമായുള്ള ഈ ബന്ധങ്ങൾ ക്രിസ്ത്യൻ എൻസൈക്ലോപീഡിയായുടെ നിർമ്മിതിക്ക് മേനാച്ചേരിക്ക് സഹായകരമായി. 1965 ൽ സഹഅദ്ധ്യാപകരുമായിച്ചേർന്ന് ഐഫൽ ബുക്സ് എന്ന പ്രസിദ്ധീകരണ-വില്പനശാല ഒടുവിൽ സ്വന്തമായി ഏറ്റെടുത്ത് നടത്തേണ്ടിവന്നു. 1967ൽ ഭാരതീയ സാഹിത്യസമിതി ആരംഭിച്ചു. 1968 ൽ കേരളത്തിലെ പ്രഗത്ഭരായ എഴുത്തുകാരുടെ 35 കൃതികൾ പ്രസിദ്ധീകരിച്ച് തുച്ഛമായ വിലയ്ക്ക് സാധാരണക്കാരിലെത്തിക്കാൻ ഭാരതീയസാഹിത്യസമിതി ശ്രമം നടത്തി. അത് സാമ്പത്തികമായി പരാജയപ്പെടുകയാണ് ചെയ്തത്.

മേനാച്ചേരി ചെറുപ്പംമുതലേ വായനയിൽ തല്പരനായിരുന്നു. അമ്മവീട്ടിൽ താമസിച്ചാണ് ബാല്യകാലവിദ്യാഭ്യാസം നിർവ്വഹിച്ചത്. മറ്റുകുട്ടികളുമായി കളിയ്ക്കുന്നതിനോ കൂട്ടുകൂടുന്നതിനോ അന്ന് അനുവദിച്ചിരുന്നില്ല. വീട്ടിൽ ഉണ്ടായിരുന്ന ആയിരത്തോളം പുസ്തകങ്ങളടങ്ങിയ ലൈബ്രറിയും മാസികകളുമെല്ലാം വായനയ്ക്ക് പ്രചോദനം നൽകി. ഒല്ലൂരിലെ പിതൃഗൃഹത്തിലും ധാരാളം പുസ്തകങ്ങളും ഹിന്ദു തുടങ്ങിയ പത്രങ്ങളും ഉണ്ടായിരുന്നു. ധാരാളം ഇംഗ്ലീഷ് പുസ്തകങ്ങളും ഇതെല്ലാം വായിച്ചുവളരാൻ സാധിച്ചത് മഹാഭാഗ്യമായാണ് മേനാച്ചേരി ഇന്നു കാണുന്നത്. തൃശ്ശിനാപ്പള്ളി കോളേജിൽ പഠിച്ചിരുന്ന നാലുവർഷവും റഫറൻസ് ലൈബ്രറി ശരിക്കും പ്രയോജനപ്പെടുത്തുകയുണ്ടായി. ഫ്രഞ്ചും ഹിന്ദിയുമൊക്കെ രണ്ടാംഭാഷയായി എടുത്താൽ ഉയർന്ന മാർക്ക് ലഭിക്കുമായിരുന്നു. അത്

www.malankaralibrary.com

നോക്കാതെ മലയാളഭാഷ എന്നും രണ്ടാംഭാഷയായി എടുത്ത് പഠിക്കുകയാണുണ്ടായത്. അഞ്ചാംക്ലാസുമുതൽ ബിരുദം നേടുന്നതുവരെ എല്ലാക്ലാസുകളിലും ഒറ്റ കൈയെഴുത്തുമാസികയോ, റിട്ടൺ ആഴ്ചപ്പതിപ്പോ, അച്ചടിച്ച മാസികയോ സ്വന്തം പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. വിദ്യാർത്ഥിയായിരുന്നപ്പോൾതന്നെ ആനുകാലികങ്ങളിലും ദിനപത്രങ്ങളിലും ഇംഗ്ലീഷിലും മലയാളത്തിലും ധാരാളം ലേഖനങ്ങൾ എഴുതിയിരുന്നു. ബി.എ.യ്ക്ക് പഠിക്കുമ്പോൾ അച്ചടിച്ച് പ്രസിദ്ധീകരിച്ചിരുന്ന Han Sick മാസികയിൽ കേരളത്തിലെ പ്രമുഖരായ എഴുത്തുകാർ എഴുതിയിരുന്നു. കേരള ക്രോണിക്കുൾ എന്ന ഇംഗ്ലീഷ് പത്രത്തിൽ കോളമിസ്റ്റായി. 1978 മുതൽ മലയാളം എക്സ്പ്രസ്സിൽ തുടർച്ചയായി ലേഖനങ്ങൾ എഴുതി. എം.ടി.യുടെ കാലത്ത് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച പള്ളികളിലെ കല എന്ന സുദീർഘചരിത്രലേഖനം കേരളത്തിലങ്ങോളമിങ്ങോളം എല്ലാവരുടെയും പ്രശംസക്ക് അർഹമായി. 1975 മുതൽ ആൾ ഇന്ത്യാറേഡിയോ, വത്തിക്കാൻ റേഡിയോ, മറ്റു പാശ്ചാത്യ റേഡിയോ നിലയങ്ങൾ ഇവയിലൂടെ നിരവധി പ്രഭാഷണങ്ങൾ നടത്തുകയുണ്ടായി. ബ്രിട്ടീഷ്, അമേരിക്കൻ, ജർമ്മൻ, ഇന്ത്യൻ, ടി.വി. ചാനലുകളിൽ നിരവധിചാനലുകൾ അവതരിപ്പിച്ചിട്ടുണ്ട്. നവോദയാ അപ്പച്ചന്റെ ഡൽഹി ദൂരദർശനിൽനിന്നുള്ള "ബൈബിൾ കീ കഹാനിയാം" എന്ന ദേശീയ പരമ്പരയിൽ ഗവേഷണം, പ്രോപ്പർട്ടി ഇവയ്ക്ക് ചുക്കാൻ പിടിച്ചു. ആർക്ക് & ആർക്കിടെക്ചർ (ഇംഗ്ലീഷിലും മലയാളത്തിലും) ഏഴരപ്പള്ളികൾ, "അൽഫോൻസാമ്മ" തുടങ്ങി നിരവധി ഡോക്കുമെന്ററികൾക്ക് സ്ക്രിപ്റ്റും നേതൃത്വവും നൽകി. മാർപാപ്പാ തെരഞ്ഞെടുപ്പുകൾ, ജോൺപോൾ രണ്ടാമന്റെ മരണം, മദർതെരേസായുടെ ബിയാറ്റിഫിക്കേഷൻ എന്നിങ്ങനെയുള്ള നിരവധി കാലിക പ്രാധാന്യമുള്ള വിഷയങ്ങളെ സംബന്ധിച്ച് ടി.വി. പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്.

ദുക്റാന, ക്രിസ്ത്യൻ ഓറിയന്റ് എന്നീ പ്രസിദ്ധീകരണങ്ങളുടെ സ്ഥാപക പത്രാധിപസമിതിയിൽ മേനാച്ചേരി അംഗമായിരുന്നു. ജേർണൽ ഓഫ് സെന്തോമസ് ക്രിസ്ത്യൻസ്, പത്രാധിപസമിതിയംഗമായിരുന്ന മേനാച്ചേരി വിദ്യാർത്ഥിയായിരിക്കെ സെന്റ് തോമസ് കോളേജ് മാഗസിൻ പത്രാധിപസമിതിയംഗമായും കേരള സാഹിത്യ അക്കാഡമിയുടെ മലയാളം ലിറ്ററി സർവ്വേയുടെ ചീഫ് എഡിറ്ററായും പ്രവർത്തിച്ചു.

മാർപാപ്പാ സന്ദർശനസ്മരണികയുൾപ്പെടെ ഒരു ഡസനോളം സ്മരണികയുടെ ചീഫ് എഡിറ്ററോ, സഹപത്രാധിപരോ ആയി പ്രവർത്തിച്ച മേനാച്ചേരി, 1978 ലെ മാർപാപ്പാ തിരഞ്ഞെടുപ്പിന് വത്തിക്കാൻ അക്രഡിറ്റേഷൻ ലഭിച്ച ഏക പത്രപ്രവർത്തകനായിരുന്നു. ലോകമെമ്പാടുംനിന്നുള്ള ആയിരിത്തി അഞ്ഞൂറ് പത്രപ്രവർത്തകരിൽ അറുപതുപേർക്കു മാത്രമേ കോൺക്ലേവ് ഏരിയാ സന്ദർശിക്കാൻ അനുവാദം കൊടുത്തുള്ളൂ. അതിൽ ഒരാളായിരുന്നു മേനാച്ചേരി. കോൺക്ലേവിലേക്ക് കർദ്ദനാളന്മാർ പ്രവേശി

www.malankaralibrary.com

ക്കുന്നതിന് പ്രാരംഭമായിട്ടുള്ള മാസ് ഫോർ ദ ഇലക്ഷൻ ഓഫ് ദി പോപ്പ് കവർ ചെയ്യാൻ അനുവദിക്കപ്പെട്ട പതിന്നാല് പ്രസ്സ് ഫോട്ടോഗ്രാഫർമാരിലും പ്രൊഫ. മേനാച്ചേരി ഉൾപ്പെട്ടിരുന്നു. മാർപാപ്പായായി തിരഞ്ഞെടുക്കപ്പെടുന്നതിന് തൊട്ടുമുൻപ് ജോൺപോൾ രണ്ടാമന്റെ ഫോട്ടോ എടുക്കാൻ കഴിഞ്ഞതും പ്രൊഫസ്സർക്കു മാത്രമായിരുന്നു. തിരഞ്ഞെടുപ്പ് കഴിഞ്ഞ ഉടനെ മാർപ്പാപ്പായോട് സംസാരിക്കാൻ ലഭിച്ച അപൂർവ്വ അവസരം പ്രൊഫസ്സർ ഇന്നും മനസ്സിൽ താല്പര്യപൂർവ്വം സൂക്ഷിക്കുന്നു.

കൊല്ലത്തെ കേരള പ്രസ്സ് സർവ്വീസിന്റെ റോപിംഗ് എഡിറ്റർ എന്ന നിലയിൽ രാജഗോപാലാചാരി തുടങ്ങിയവരെ ഇന്റർവ്യൂ ചെയ്യാനും മേനാച്ചേരിക്ക് അവസരം ലഭിച്ചിട്ടുണ്ട്. കോളേജ് യൂണിയൻ ജനറൽ സെക്രട്ടറിയായിരുന്ന കാലത്ത് കേന്ദ്രമന്ത്രിമാരെയും ദേശീയനേതാക്കളെയും കോളേജിൽ ക്ഷണിച്ച് പരിപാടികൾ നടത്താനും സാധിച്ചിട്ടുണ്ട്. 1969 ൽ തുടക്കം കുറിച്ച സഭാചരിത്ര - സാംസ്കാരിക രംഗത്തെ ഗവേഷണങ്ങളും പഠനങ്ങളും സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയായുടെ വാല്യങ്ങളായി പുറത്തുവന്നു. ഇന്ത്യക്കകത്തും പുറത്തുമുള്ള അറുനൂറോളം പണ്ഡിതന്മാരുടെ സഹായത്തോടെ എൻസൈക്ലോപീഡിയായുടെ ഒന്നും രണ്ടും വാല്യങ്ങൾ വെളിച്ചംകണ്ടു. അതിലെ എഴുത്തുകാരിൽ മുപ്പതിലേറെപ്പേർ പിന്നീട് വൈദികമേലദ്ധ്യക്ഷന്മാരായിത്തീർന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. സഭാചരിത്രവും സംസ്കാരവും അതോടൊപ്പം കേരള-ഭാരത ചരിത്രസംസ്കാരങ്ങളും കൂടുതൽ ശ്രദ്ധയോടെ പഠിക്കാൻ പല പണ്ഡിതന്മാർക്കും ഗവേഷണവിദ്യാർത്ഥികൾക്കും സംഘടനകൾക്കും പ്രചോദനമായി. ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സിന്റെ പ്രഥമവാല്യമായ നസ്രാണീസും എൻസൈക്ലോപീഡിയായുടെ കേരള വാല്യത്തിന്റെ വിപുലീകരിച്ച പതിപ്പായ തോമ്മാപീടിയായും ലോകമെമ്പാടുമുള്ള പണ്ഡിതലോകം താല്പര്യപൂർവ്വം വരവേറ്റു. 1990 ൽ പ്രവർത്തനം തുടങ്ങിയ ഏഴു വാല്യങ്ങളുള്ള ആയുർവ്വേദ എൻസൈക്ലോപീഡിയാ ഓഫ് ഇന്ത്യയുടെ പ്രസിദ്ധീകരണം നടത്താൻ സാധിച്ചിട്ടില്ല. ദീപിക ക്രിസ്ത്യൻ ഡയറക്ടറിയുടെ പ്രസിദ്ധീകരണത്തിലും മേനാച്ചേരി നല്ല പങ്കുവഹിച്ചിട്ടുണ്ട്.

പള്ളിക്കലകളും മറ്റും (1984) കൊടുങ്ങല്ലൂർ സിറ്റി ഓഫ് സെന്റ് തോമസ് (1987) ഡൈവുൺണ്ടർബാറെ ജെകസ്തെ ഡെർ നസ്രാണീസ് ഒഡർ മലബാർ ക്രിസ്ത്യൻ വോൺ ഹെയ്ലിഗൻ ടോമസ് (1994 ജർമ്മൻ ഭാഷയിൽ) കൊടുങ്ങല്ലൂർ ക്രാഡിൽ ഓഫ് ക്രിസ്ത്യാനിറ്റി ഇൻ ഇന്ത്യാ (2000) ഗ്ലിംപ്സസ് ഓഫ് നസ്രാണി ഹെറിറ്റേജ് (2005) പാതിരയ്ക്ക് ഒരു ഇറങ്ങിപ്പോക്ക് (2005) തുടങ്ങിയവ മേനാച്ചേരിയുടെ മറ്റുകൃതികളാണ്.

കേരളാഗവൺമെന്റ് ആർക്കിയോളജിക്കൽ അഡ്വൈസറി ബോർഡ് (1975-1982) കേരള ഹിസ്റ്ററി അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മറ്റിയംഗം (1974-1984) കേരളസാഹിത്യ അക്കാഡമി എക്സിക്യൂട്ടീവ് അംഗം (1982-84)

www.malankaralibrary.com

നാഷണൽ വൈസ് പ്രസിഡണ്ട് ന്യൂമൻ അസോസിയേഷൻ ഓഫ് ഇന്ത്യാ (1964–1972) കാലിക്കട്ട് യൂണിവേഴ്സിറ്റി സെനറ്റ് അംഗം (1980–1984) കാലിക്കട്ട് യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മറ്റിയംഗം (1981–1985) തൃശൂർ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം (1978–2006) തൃശൂർ കലാസദൻ പ്രസിഡണ്ട് (1985–1993) തൃശൂർ സഹൃദയ വേദി സ്ഥാപക മെമ്പർ, തൃശൂർ ക്രിസ്ത്യൻ കൾച്ചറൽ മ്യൂസിയം ക്യൂറേറ്റർ ഡയറക്ടർ (1980 മുതൽ) ന്യൂമിസ്മാറ്റിക് സൊസൈറ്റി ഓഫ്സൗത്ത് ഇന്ത്യാ ലൈഫ് മെമ്പർ, ന്യൂമിസ്മാറ്റിക് സൊസൈറ്റി ഓഫ് തമിഴ്നാട് മെമ്പർ, ചർച്ച് ഹിസ്റ്ററി അസോസിയേഷൻ ഓഫ് ഇന്ത്യാ വൈസ് പ്രസിഡണ്ട്, ലൈഫ് മെമ്പർ എൽ.എസ്.പി. എസ്സ്.എസ്സ്. ആയുർവ്വേദ കോയമ്പത്തൂർ, ഒല്ലൂർ ഐ.ഐ.ടി ഫൗണ്ടിംഗ് സമിതിയംഗം, ഡയോസിഷ്യൻ മീഡിയാകമ്മീഷൻ ചെയർമാൻ, ആർച്ച് ഡയോസിഷൻ ആർക്കൈവ്സ് കമ്മീഷൻ മെമ്പർ, പാലയൂർ ഡവലപ്മെന്റ് കമ്മീഷൻ മെമ്പർ, പാലയൂർ മ്യൂസിയം തീർത്ഥാടന കേന്ദ്രം കമ്മറ്റി മെമ്പർ, കാലിക്കട്ട് യൂണിവേഴ്സിറ്റി ക്രിസ്ത്യൻ ചെയർ ഗവേണിംഗ് ബോഡി അംഗം, കേരള ഹിസ്റ്റോറിക്കൽ റിസർച്ച് സെന്റർ ഫൗണ്ടർ പ്രസിഡണ്ട്, സെൻസസ് ബോർഡ് പ്രസിദ്ധീകരണ വിഭാഗം എക്സിക്യൂട്ടീവ് കമ്മറ്റിയംഗം എന്നിങ്ങനെ വിവിധനിലകളിൽ മേനാച്ചേരി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

കേരളത്തിലും കേരളത്തിന് വെളിയിലും ഇന്ത്യക്ക് വെളിയിലുംവച്ചു നടത്തപ്പെട്ട നിരവധി സെമിനാറുകളിൽ മേനാച്ചേരി പങ്കെടുത്തിട്ടുണ്ട്. ഇന്നത്തെ ഇന്ത്യയിലെ സഭ റീജയണൽ സെമിനാർ (1968) ചർച്ച് ഇൻ ഇൻഡ്യാ നാഷണൽ സെമിനാർ ബാംഗ്ലൂർ (1969) പാക്സ്റൊമാന, അമേരിക്കൻ നാഷണൽ ഡയറക്ടേഴ്സ് ന്യൂയോർക്ക് (1972) യു.എസ്സ്. കാത്തലിക് കൗൺസിൽ, എസ്. പെറ്റീഷണർ - ഒബ്സർവർ അറ്റ്ലാന്റാ, യു.എസ്സ്.എ. (1972) ന്യൂയോർക്ക് സെമിനാർ ഓൺ ഏർളി ക്രിസ്ത്യാനിറ്റി (2005) വേൾഡ് കോൺഫറൻസ് ഓൺ ഫൈവ് ഡൈമൻഷണൽ പെയിന്റിംഗ് രോ (1978) തുടങ്ങി നിരവധി സമ്മേളനങ്ങളിൽ അദ്ദേഹം പ്രബന്ധം അവതരിപ്പിക്കുകയോ അദ്ധ്യക്ഷത വഹിക്കുകയോ ചെയ്തിട്ടുണ്ട്.

ചരിത്രം, സംസ്കാരം, കലകൾ, കലാവസ്തുക്കൾ, വാസ്തുശില്പം, ഇവയുമായി ബന്ധപ്പെട്ട 20000–ലേറെ ഫോട്ടോകൾ എടുക്കുകയോ എടുപ്പിക്കുകയോ ചെയ്തിട്ടുണ്ട്. അവയിൽ 1300 ൽ ഏറെ ഫോട്ടോകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്ത്യയുടെ ഒരു ചരിത്ര–ഭാഷാ–സാംസ്കാരിക അറ്റ്ലസ് ഉൾപ്പെടെ നിരവധി മാപ്പുകളും ഗ്രാഫുകളും സ്കെച്ചുകളും നിർമ്മിച്ചിട്ടുണ്ട്.

ചെറുതും വലതുമായ നൂറിലേറെ ബിബ്ലിയോഗ്രാഫികളും ടൈംലനുകളും ക്രോണോളജികളും നൂതനവും വിസ്തൃതവുമായ തോമാപിടിയ ഇൻഡക്സുകൾ ഉൾപ്പെടെ നിരവധി ഇൻഡക്സുകളും രൂപകല്പനചെയ്ത് നിർമ്മിച്ചു പ്രസിദ്ധീകരിച്ചു. 1992 മുതൽ സ്വന്തം കമ്പ്യൂട്ടറുകൾ ഉപയോഗിക്കുവാൻ തുടങ്ങി. 1998 മുതൽ നിരവധി വെബ്സൈറ്റുകൾ ഡിസൈൻ

www.malankaralibrary.com

ചെയ്ത് ഹോസ്റ്റ് ചെയ്തിട്ടുണ്ട്.

പ്രിന്റ് ഇലക്ട്രോണിക് മീഡിയാകൾക്കുപുറമേ തന്റെ ആശയങ്ങളും ആദർശങ്ങളും പ്രചരിപ്പിക്കുവാൻ 1966 മുതൽ അന്തർരാഷ്ട്രഭാഗഭാഗിത്വമുള്ള പുസ്തകപ്രദർശനങ്ങളും 1971 മുതൽ ഫോട്ടോഗ്രാഫുകളുടെ പ്രദർശനങ്ങളും 1977 മുതൽ ചരിത്രസാംസ്കാരിക കലാപ്രദർശനങ്ങളും നടത്തിപ്പോരുന്നു. വേൾഡ് ഓഫ് ബുക്സ് എക്സിബിഷനുകൾ, പനോരമ ഓഫ് ഇന്ത്യൻ ക്രിസ്ത്യാനിറ്റി എക്സിബിഷനുകൾ തുടങ്ങിയവ അതിൽ പ്രധാനങ്ങളാണ്. നിരവധി മ്യൂസിയങ്ങളുടെ കൺസൾട്ടന്റ് കൂടിയാണ് പ്രൊഫസ്സർ മേനാച്ചേരി.

ജോർജ്ജ് മേനാച്ചേരി കൈവയ്ക്കാത്തതായ ശാസ്ത്രസാങ്കേതിക-സാംസ്കാരിക-സാഹിത്യരംഗങ്ങൾ ഏറെയില്ലെന്നു പറയാം. കൈവെച്ചിടത്തെല്ലാം തന്റെ പാണ്ഡിത്യംകൊണ്ടും ലളിതവും വിനീതവുമായ പെരുമാറ്റ രീതി കൊണ്ടും മേധാശക്തികൊണ്ടും വ്യക്തിമുദ്രപതിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ബൃഹത്തായ സേവനങ്ങൾ കണക്കിലെടുത്ത് നിരവധി അവാർഡുകൾ നൽകിയാദരിക്കുകയുണ്ടായി. ലഭിച്ച അവാർഡുകൾ താഴെ ചേർക്കുന്നു.


(1) തോമ്മാശ്ലീഹായെക്കുറിച്ച് 19-ാം ചരമശതാബ്ദിയുടെ അവസരത്തിൽ വിരചിതമായ ഉൽകൃഷ്ടഗ്രന്ഥത്തിനുള്ള ലീഡർഷിപ്പ് അവാർഡ്, തൃശൂർ (2) മേരിവിജയം ദർശന അവാർഡ്, തൃശൂർ (3) മാർത്തോമ്മാ പുരസ്കാരം (ചങ്ങനാശ്ശേരി) (4) ഫാ. ആറാഞ്ചേരി അവാർഡ് വടവാതൂർ (5) നെടുങ്കുന്നം അവാർഡ് ചേർത്തല (6) ഫസ്റ്റ് പബ്ലിക്ക് റിലേഷൻസ് ജൂബിലി അവാർഡ്, തൃശൂർ അതിരൂപത (7) എൻ.ഇ.ഡി. അവാർഡ് ഒല്ലൂർ.

മേനാച്ചേരിയുടെ പ്രവർത്തനങ്ങളെ ആദരിച്ചുകൊണ്ട് നിരവധി സംഘടനകളും പ്രസ്ഥാനങ്ങളും വിവിധ സ്ഥലങ്ങളിലും രാജ്യങ്ങളിലുംവെച്ച് ഉപഹാരങ്ങൾ നൽകിയിട്ടുണ്ട്.

വിലാസം - പ്രൊഫ. ജോർജ്ജ് മേനാച്ചേരി, ഒല്ലൂർ പി.ഒ., തൃശൂർ

# 234

# ആന്റണി വെള്ളാറ



ഇന്ത്യൻ കത്തോലിക്കരുടെ പൊതുസമുദായ സംഘടനയായ ആൾ ഇന്ത്യാ കാത്തലിക് യൂണിയന് നാലു ദശാബ്ദക്കാലമായി നേതൃത്വം നൽകിവരുന്ന ആന്റണി ക്രിസ്തുശിഷ്യനായ സെന്റ് തോമസിനാൽ സ്ഥാപിതമായ പാലയൂർ ദേവാലയത്തിന്റെ പ്രാന്തപ്രദേശമായ ഗുരുവായൂരിൽ വെള്ളാറ കുടുംബത്തിൽ വറുതുണ്ണി - കുഞ്ഞുമറിയം ദമ്പതികളുടെ പുത്രനായി 1938 ഏപ്രിൽ 8-ാം തീയതി ജനിച്ചു.

www.malankaralibrary.com

തിരുവെങ്കിടം സെന്റ് ആന്റണീസ് എലമെന്ററി സ്കൂൾ, പാവറട്ടി സെന്റ് ജോസഫ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. തുടർന്ന് ബാംഗ്ലൂരിലെത്തി ബിസിനസ്സ് മാനേജ്മെന്റിൽ ഡിപ്ലോമാ ബിരുദം നേടി. ഡിഫൻസ് റിസേർച്ച് ആന്റ് ഡവലപമെന്റ് ഓർഗനൈസേഷനിൽ ഉദ്യോഗത്തിൽ പ്രവേശിച്ച ആന്റണി ഒരു പതിറ്റാണ്ടുകാലം ജോലിയിൽ തുടർന്നു. പിന്നീട് സ്വമേധയാ സർവ്വീസിൽനിന്നും രാജിവെച്ച് ബിസിനസ്സിലേക്ക് പ്രവേശിക്കുകയും ചെയ്തു. ഹൊസൂർ ആർഗി ഇലക്ട്രോണിക്സ്, ഫെതർടച്ച് ഓക്സയിഡ് പ്രൈവറ്റ് ലിമിറ്റഡ്, വെള്ളാറ പെയിന്റ്സ് ആന്റ് ഓക്സൈഡ് എന്നിവ ഉൾക്കൊള്ളുന്ന വെള്ളാറ ഗ്രൂപ്പിന്റെ നടുനായകൻ കൂടിയാണ് ശ്രീ. ആന്റണി.

ബിസിനസ്സ് രംഗത്ത് പ്രവർത്തിക്കുമ്പോഴും സമുദായപ്രവർത്തനത്തിൽ സജീവമായി ആന്റണി ഏർപ്പെട്ടിരുന്നു. അന്ന് ആൾ ഇന്ത്യാ കാത്തലിക് യൂണിയന്റെ ജനറൽ സെക്രട്ടറി ക്യാപ്റ്റൻ ജോർജ്ജ് മത്തിയാസ് ആയിരുന്നു. കൃത്യനിഷ്ഠയും കൃത്യബോധവും നീതിബോധവുമുള്ള ഒരു വ്യക്തിയായിരുന്നു ക്യാപ്റ്റൻ മത്തിയാസ്. സംഘടനാപ്രവർത്തനങ്ങളിൽ ആന്റണി വെള്ളാറയുടെ സേവനം ക്യാപ്റ്റൻ അഭ്യർത്ഥിച്ചു. എല്ലാ ദിവസവും നാലുമണിക്കുശേഷം യൂണിയന്റെ ഓഫീസിൽ എത്തി പ്രവർത്തനങ്ങളിൽ സഹായിക്കാമെന്ന് ആന്റണി ഉറപ്പു നൽകി. ഷെവ. എച്ച്.സി.റയൻ ഐ.എ.എസ്., ഷെവ. ഡി.വി. ഡിമോന്റി എം.എൽ.സി., ഷെവ. ജി.എസ്സ്.റെഡ്ഡി എം.പി. എന്നിവർ പ്രസിഡണ്ടായിരുന്ന കാലഘട്ടങ്ങളിലെല്ലാം ഏതാണ്ട് 16 വർഷക്കാലം ക്യാപ്റ്റൻ മത്തിയാസ് ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു. ആന്റണി വെള്ളാറ ഓഫീസ് സെക്രട്ടറിയും. ആ സമയം ബാംഗ്ലൂർ കാത്തലിക് അസോസിയേഷന്റെ പ്രസിഡണ്ടായി മത്തിയാസ് തിരഞ്ഞെടുക്കപ്പെട്ടു. ക്യാപ്റ്റൻ മത്തിയാസിന്റെ കൂടെയുള്ള പ്രവർത്തനങ്ങൾ ആന്റണി വെള്ളാറയെ നല്ല ഒരു സംഘാടകനാക്കി തീർത്തു. ക്യാൻസർ ബാധിച്ച് ക്യാപ്റ്റൻ മരണമടഞ്ഞതിനെ തുടർന്ന് സി.റ്റി. ചാലിശ്ശേരിയെ ജനറൽ സെക്രട്ടറിയായി നിയമിച്ചു. അദ്ദേഹത്തിന്റെ നിര്യാണത്തോടെ പിന്നീട് ചാർജ്ജെടുത്ത സി.വി. ആന്റണിയും അധികനാൾ ജനറൽ സെക്രട്ടറിയായി തുടർന്നില്ല. പിന്നീട് ആന്റണി വെള്ളാറയെ യൂണിയന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയും ഹോണററി ട്രഷററുമായി നിയമിച്ചു.

1984 ഷെവ. ജി. എസ്സ്. റെഡ്ഡി, ബാംഗ്ലൂർ എൻ.ബി.സി.എൽ.സി. ഡയറക്ടറും അൽമായ പ്രസ്ഥാനങ്ങളുടെ വളർച്ചയിൽ വളരെയേറെ തൽപരനുമായ റവ. ഡോ. എസ്. അമലോൽഭവദാസുമായി യൂണിയൻ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു. ജി.എസ്സ്. റെഡ്ഡി, യൂണിയന്റെ മുഴുവൻസമയ പ്രവർത്തകനായി സെക്രട്ടറി ജനറാൾ പദവി ഏറ്റെടുക്കുവാൻ വെള്ളാറയെ ക്ഷണിച്ചു. 1984 – ഏപ്രിൽ 1-ന് ആന്റണി ഉദ്യോഗം രാജി വയ്ക്കുകയും സെക്രട്ടറി ജനറാളായി ചാർജ്ജെടുക്കുകയും ചെയ്തു. യൂണിയന്റെ

www.malankaralibrary.com

സുവർണ്ണകാലഘട്ടമായിരുന്നു പിന്നീടുള്ള കാലം. കാത്തലിക് യൂണിയന്റെ നിരവധി യൂണിറ്റുകൾ ആന്റണി സന്ദർശിക്കുകയും നിരവധി രൂപതാ സംഘങ്ങളെ കാത്തലിക് യൂണിയനിൽ അഫിലിയേറ്റ് ചെയ്യുകയും സംഘടനാപ്രവർത്തനം ഊർജ്ജിതമാക്കുകയും ചെയ്തു. യൂണിയന്റെ മുഖപത്രമായ വിഷൽ ജാഗ്രുതിയുടെ എഡിറ്ററും പബ്ലിഷറും ആന്റണിതന്നെയായിരുന്നു.

1985-ൽ മംഗലാപുരത്തു നടന്ന ദേശീയ അൽമായ കോൺഫറൻസിൽ ആന്റണി പങ്കെടുക്കുകയുണ്ടായി. ആ സമ്മേളനത്തിൽ വച്ചാണ് ഡോ. ജോർജ്ജ് മെനേസിസുമായി ആന്റണി പരിചയപ്പെടുന്നത്. യൂണിയന്റെ നേതൃത്വത്തിലേയ്ക്ക് ജോർജ്ജ് മെനേസിനെ കൊണ്ടുവരുന്നതിന് ആന്റണി പരിശ്രമിച്ചു. പ്രസിഡണ്ട് സ്ഥാനം ഏറ്റെടുക്കാൻ വിസമ്മതിച്ച മെനേസിസ് യൂണിയന്റെ പബ്ലിക് റിലേഷൻസ് സെക്രട്ടറിയായി പ്രവർത്തിക്കാമെന്ന് സമ്മതിക്കുകയും 4 വർഷം ആ സ്ഥാനത്ത് തുടരുകയും ചെയ്തു. കൽക്കട്ടായിൽ ചേർന്ന യൂണിയന്റെ വാർഷികത്തിൽ വെച്ച് ലെയ്റ്റി കമ്മീഷൻ ചെയർമാൻ വരണാസി ബിഷപ്പ് ഡോ. പാട്രിക് ഡിസൂസയും സെക്രട്ടറി ഫാ. ബനഡിക്ട് ജോസും ആന്റണി വെള്ളാറയും കൂടി പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കുവാൻ മെനേസിസിനെ നിർബന്ധിച്ചു. ആ സ്ഥാനം ഏറ്റെടുത്തു. ആ കാലഘട്ടത്തിലും പിന്നീട് ചേരാട്ടാഭായി പ്രസിഡണ്ടായിരുന്നപ്പോഴും സെക്രട്ടറി ജനറാളായി ആന്റണി സംഘടനയ്ക്ക് ഉജ്ജ്വല നേതൃത്വം നൽകി. വ്യക്തിപരമായ കാരണങ്ങളാൽ തുടർന്ന് സെക്രട്ടറി ജനറാൾ പദവി തുടരുവാൻ സാദ്ധ്യമല്ലെന്ന് ആന്റണി അറിയിച്ചു. നേതാക്കളുടെ നിർബന്ധപൂർവ്വമായ അഭ്യർത്ഥനയെ മാനിച്ച് ട്രഷറർ സ്ഥാനം ഏറ്റെടുക്കുവാൻ തയ്യാറായി. സംഘടനയുടെ എക്സിക്യൂട്ടീവ് സെക്രട്ടറി, ട്രഷറർ, സെക്രട്ടറി ജനറാൾ എന്നിങ്ങനെ വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള ആന്റണിയുടെ പേര് പല പ്രാവശ്യവും പ്രസിഡണ്ട് സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിരുന്നു. ആ സ്ഥാനം മറ്റുള്ളവർക്കുവേണ്ടി ആന്റണി നീക്കി വയ്ക്കുകയും സ്വയം പിൻമാറുകയും ചെയ്തു. പിന്നീട് പല സന്ദർഭങ്ങളിലും നാഷണൽ സെക്രട്ടറിയായി ആന്റണി സേവനം അനുഷ്ഠിക്കുകയുണ്ടായി.

ദളിത് ക്രൈസ്തവപ്രശ്നം ഒരു അഖിലേന്ത്യാ പ്രശ്നമായി വളർത്തിയെടുക്കുന്നതിനായി ബാംഗ്ലൂർ 1978-ൽ മതത്തിന്റെ പേരിലുള്ള വിവേചനത്തിനെതിരെ വിളിച്ചുകൂട്ടി ദേശീയ ക്രൈസ്തവനേതൃത്വസമ്മേളനത്തിന്റെയും 1986-ൽ ബോംബെയിൽ വിളിച്ചുകൂട്ടിയ ദേശീയ കത്തോലിക്കാ നേതൃത്വസമ്മേളനത്തിന്റെയും മുഖ്യ സംഘാടകനും ശില്പിയുമായിരുന്നു ആന്റണി വെള്ളാറ. സംഘടനയുടെ പ്ലാറ്റിനം ജൂബിലി വിപുലമായ തോതിൽ ആഘോഷിച്ചതും ആന്റണിയുടെ നേതൃത്വത്തിൽ തന്നെയായിരുന്നു.

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ ഇന്ത്യ സന്ദർശിച്ചപ്പോൾ ബോംബെയിൽ അദ്ദേഹത്തെ സ്വീകരിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട രണ്ടുപേരിൽ ഒരാളായിരുന്നു ആന്റണി. ഇതേ തുടർന്ന് വത്തിക്കാനിൽ

www.malankaralibrary.com

വെച്ച് നടന്ന ഒരു കോൺഫറൻസിലേക്ക് ആന്റണി ക്ഷണിക്കപ്പെട്ടു. വത്തിക്കാനിൽ ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിയ ആന്റണിക്ക് ഭാര്യാസമേതം മാർപ്പാപ്പായെ സന്ദർശിക്കുന്നതിനുള്ള അനുവാദം ലഭിച്ചു. ആ യാത്രയിൽ വിശുദ്ധനാടുകളും യൂറോപ്യൻ രാജ്യങ്ങളും സന്ദർശിക്കുകയും ചെയ്തു. വർഷങ്ങളായി ബാംഗ്ലൂരിലെ സാമൂഹ്യസാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ആന്റണി റോട്ടറി ക്ലബ്ബിലെ ഡയറക്ടറുമായി പ്രവർത്തിച്ചിട്ടുണ്ട്.

ആന്റണിയുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ആൾ ഇന്ത്യാ കാത്തലിക് യൂണിയൻ ജോർജ്ജ് മെനേസിസ് പ്രസിഡണ്ട് അവാർഡും ഫാ. ജോസ് അക്കരക്കാരൻ സ്റ്റഡിസെന്റർ ഫാ. അക്കരക്കാരൻ അവാർഡും അഖിലകേരള കത്തോലിക്കാ കോൺഗ്രസ് മികച്ച സമുദായപ്രവർത്തകനുള്ള അവാർഡും നൽകിയാദരിച്ചു.

തൃശൂരിലെ നെല്ലിശ്ശേരി കുടുംബാംഗമായ സാലിയാണ് സഹധർമ്മിണി.

Address: Antony Vellare, P.B. No.129, 12, 3rd Main Road, Vasanthanagar East, Bangalore - 560052.

# 235



# സിസ്റ്റർ ഹെൻറി സൂസ്ലോ

## എഫ്.സി.സി.

ക്ലാരസഭയുടെ സുപ്പീരിയർ ജനറൽ, പ്രമുഖ വിദ്യാഭ്യാസ പ്രവർത്തക, ആഫ്രിക്കയിലെ കറുത്തവർഗ്ഗക്കാരുടെയിടയിൽ സുവിശേഷദീപം തെളിച്ച മിഷനറി എന്നിങ്ങനെ വിവിധ നിലകളിൽ അറിയപ്പെടുന്ന ക്ലാരസഭാംഗമായ സി.ഹെൻറി സൂസ്ലോ മരങ്ങാട്ടുപള്ളിയിൽ മലപ്രവനാൽ കുടുംബത്തിൽ കുര്യൻ - മറിയം ദമ്പതികളുടെ ആറുമക്കളിൽ അഞ്ചാമത്തെ കുട്ടിയായി 1938 മെയ് 3 ന് ജനിച്ചു. അന്നയെന്നായിരുന്നു ജ്ഞാനസ്നാനപ്പേര്. മാതാപിതാക്കൾ ദൈവഭക്തിയുള്ളവരും ഇടവക പ്രവർത്തനങ്ങളിൽ തല്പരരും ഫ്രാൻസിസ്കൻ മൂന്നാംസഭയിലെ സജീവ പ്രവർത്തകരുമായിരുന്നു. അഞ്ചാംക്ലാസുവരെ പള്ളിവക സ്കൂളിൽ പഠിച്ചു. എം.കെ. ചിന്നമ്മയെന്നാണ് സ്കൂളിലെ പേര്. കുടുംബാംഗങ്ങളായ വൈദീകരും മൂന്നാംസഭയുടെ മേൽനോട്ടം വഹിച്ചിരുന്ന ലിയോച്ചനും ആയിട്ടുള്ള സ്നേഹബന്ധങ്ങൾ ഒരു സന്യാസിയാകണമെന്നുള്ള ആഗ്രഹം ചിന്നമ്മയിൽ ചെറുപ്പംമുതൽ വളർന്നുവരുന്നതിനിട നൽകി.

www.malankaralibrary.com

1949-ൽ പിതാവ് കുര്യനും കുടുംബാംഗങ്ങളും കോഴിക്കോട് ജില്ല യിലെ കൂടരഞ്ഞിയിലേക്കു കുടിയേറി. കൂടാരഞ്ഞിയിൽ അന്ന് ദേവാലയം ഇല്ലാതിരുന്നതിനാൽ തിരുവമ്പാടി പള്ളിയിൽ ആയിരുന്നു ആത്മീയകാര്യ ങ്ങൾ നിർവ്വഹിച്ചിരുന്നത്. കൂടരഞ്ഞിയിൽ സ്കൂൾ ഇല്ലാതിരുന്നതിനാൽ ചിന്നമ്മയുടെ വിദ്യഭ്യാസം മുടങ്ങി. തിരുവാമ്പാടിയിൽ പിറ്റേവർഷം ആരം ഭിച്ച മിഡിൽ സ്കൂളിൽ ചേർന്ന് 8-ാം ക്ലാസുവരെ പഠിച്ചു. പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും മികവ് പ്രകടിപ്പിച്ച ചിന്നമ്മ തുടർന്ന് പത്തു മൈൽ അകലെയുള്ള കോടഞ്ചേരി സ്കൂളിൽ ചേർന്ന് പഠിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം നല്ലനിലയിൽ പൂർത്തിയാക്കിയ ചിന്നമ്മ ക്ലാരസഭയിൽ ചേരാൻ നിശ്ചയിച്ചു. ദൈവദാസി അൽഫോൻസാമ്മയെക്കുറിച്ച് കേട്ടറിഞ്ഞതിന്റെ വെളിച്ചത്തിൽ, ഒരു വിശുദ്ധയാകാനും ആത്മാക്കളുടെ രക്ഷക്കുവേണ്ടി ജീവിതം അർപ്പിക്കാനുമുള്ള ആഗ്രഹമാണ് ക്ലാരസഭയിൽ ചേരാൻ ചിന്ന മ്മയെ പ്രേരിപ്പിച്ചത്.

കണ്ണാടിയുറുമ്പ് ക്ലാരമഠത്തിലായിരുന്നു ആസ്പിരൻസി പരിശീലനം. തുടർന്ന് ചെമ്മലമറ്റം ക്ലാരമഠത്തിൽ പോസ്റ്റലൻസി പരിശീലനം നടന്നു. സഭാവസ്ത്രം സ്വീകരിച്ചത് ചെമ്മലമറ്റത്തുവച്ചാണ്. മാർ സെബാസ്റ്റ്യൻ വയലിൽ ആയിരുന്നു കാർമ്മികൻ. 1963 മെയ് 21 ന് സ്വന്തം ഇടവകയിൽ കോടഞ്ചേരി പള്ളിയിൽവച്ച് നിത്യവ്രതം അനുഷ്ഠിച്ചു. സഭാവസ്ത്രസ്വീക രണത്തോടെയാണ് സി.ഹെൻറി സൂസ്സോ എന്ന നാമം സ്വീകരിച്ചത്. തല ശ്ശേരി രൂപതയിലെ ക്ലാരസഭായൂണിറ്റിനുവേണ്ടി ആദ്യമായി വ്രതവാഗ്ദാനം ചെയ്ത 12 പേരിൽ ഒരാളാണ് സി.ഹെൻറി സൂസ്സോ. സഭാധികാരികൾ സി. ഹെൻറി സൂസ്സോയെ ഉന്നതപഠനത്തിനായി ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലേക്കയച്ചു. 1963 ൽ ബി.എസ്.സി. (സുവോളജി - കെമിസ്ട്രി) ബിരുദം നേടി. തുടർന്ന് സിസ്റ്ററിനെ ഇംഗ്ലീഷ് എം.എ. പഠനത്തിനായി തൃശൂർ സെന്റ് മേരീസ് കോളേജിലേക്കയച്ചു. ഒരു വർഷത്തെ പഠനത്തിനുശേഷം അവധിക്ക് എത്തിയപ്പോൾ രണ്ടുമാസക്കാലം നോവീസിസിന്റെ ചുമ തലയേൽപ്പിച്ചു. എം.എ. പഠനം പൂർത്തിയാക്കിയ സിസ്റ്റർ 1965 മുതൽ 1979 വരെ അൽഫോൻസാ കോളേജിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠി ച്ചു. കോളേജ് പഠനത്തിനായി എത്തിയ അറുപതോളം ജൂണിയർ സിസ്റ്റേ ഴ്സിന്റെ മേൽ നോട്ടവും 1966-67 കാലത്ത് സിസ്റ്റർ ഹെൻറി സൂസ്സോയ്ക്കാ യിരുന്നു.

രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ സന്യാസസഭാ നവീകരണവും അനുരൂപണവും പഠനവിഷയമാക്കി. തുടർന്ന് ക്ലാരസഭ യിലെ സ്റ്റഡി പ്രൊമോട്ടിംഗ് കമ്മറ്റിയിൽ സിസ്റ്റർ നിയമിതയായി. പാലാ തലശ്ശേരി രൂപതകളിലെ മഠങ്ങളിൽ ക്ലാസ്സെടുക്കാൻ നിയോഗിക്കപ്പെട്ട സിസ്റ്റ റിന് പാലാ രൂപതയൊരുക്കിയ മനശ്ശാസ്ത്രകോഴ്സിലും പങ്കെടുക്കാൻ സാധി ച്ചു. നിരവധി സ്ഥലങ്ങളിൽ ധ്യാനം നടത്താനും സിസ്റ്റേഴ്സിനെ പഠിപ്പി

www.malankaralibrary.com

ക്കാനും ഇടയായത്‌വഴി സിസ്റ്ററിനും ആദ്ധ്യാത്മികതയിൽ ആഴപ്പെടാൻ സാധിച്ചു. രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനപ്രകാരം വിവിധ രൂപതകളിലെ ക്ലാരസഭായൂണിറ്റുകൾ സഭയുടെ നിയമാവലി പരിഷ്കരിക്കുവാൻ തുടങ്ങിയപ്പോൾ പാലായിലെ നിയമാവലി കമ്മിറ്റിയിൽ സിസ്റ്ററും അംഗമായി. നിയമാവലി പരിഷ്കരണത്തിന് നേതൃത്വവും നിയന്ത്രണവും നൽകാൻ ക്ഷണിച്ചത് കപ്പൂച്ചൻ സഭാംഗമായ ബഹു. ഹിപ്പോളിറ്റസ് കുന്നുങ്കൽ അച്ചനെയാണ്. ക്ലാരസഭായൂണിറ്റുകളുടെ സംയോജനത്തിനായുള്ള ഒരു സുപ്രധാന ചടങ്ങിന്റെ പരിസമാപ്തിയായിരുന്ന 1970 ഒക്ടോബർ 10 ന് നടന്ന പ്രഥമ ജനറൽ ചാപ്റ്ററിലും സിസ്റ്റർ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. അതേവർഷംതന്നെ പാലാ പ്രോവിൻസിന്റെ മദർ പ്രൊവിൻഷ്യാലുമായി തിരഞ്ഞെടുക്കപ്പെട്ടു. സിസ്റ്റർ പയസ് ആയിരുന്നു സുപ്പീരിയർ ജനറൽ. മദർ പയസിന്റെ ഒരു കൗൺസിലറുമായിരുന്നു സി.ഹെൻറി സൂസ്സോ. തലശ്ശേരി രൂപതയിലെ എഫ്.സി.സി. റീജയന്റെ ഭരണകാര്യങ്ങളിൽ നേതൃത്വം കൊടുക്കാൻ മദർ പയസ് ചെയ്തിരുന്ന ശുശ്രൂഷകളിൽ സുപ്രധാനമായ പല കാര്യങ്ങൾക്കും സി.ഹെൻറി സൂസ്സോ നിയോഗിക്കപ്പെട്ടിരുന്നു.

1973 ൽ ക്ലാരസഭ പൊന്തിഫിക്കൽ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടു. തലശ്ശേരിയൂണിറ്റിനെ പ്രൊവിൻസായി പ്രഖ്യാപിക്കുകയും ചെയ്തു. പ്രഥമ പ്രൊവിൻഷ്യാലായി തിരഞ്ഞെടുക്കപ്പെട്ടത് സി. ഹെൻറി സൂസ്സോയാണ്. ഇതിനിടയിൽ അൽഫോൻസാ കോളേജിൽനിന്നും അവധിയെടുത്താണ് സഭയിൽ പ്രവർത്തിച്ചത്. 1979 ൽ തലശ്ശേരി രൂപതവക നിർമ്മലഗിരി കോളേജിലേക്ക് (കോഴിക്കോട് യൂണിവേഴ്സിറ്റി) ഡെപ്യൂട്ടേഷനിൽ മാറാൻ സാധിച്ചു. 1980 വരെ തലശ്ശേരി പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ ജോലിയും അദ്ധ്യാപനത്തോടൊപ്പം നിർവ്വഹിച്ചുകൊണ്ടിരുന്നു. ആദ്ധ്യാത്മികവിഷയങ്ങളിൽ ഉന്നതപഠനംനടത്തിയ സിസ്റ്റേഴ്സ് സഭയിൽ ഉണ്ടാകണമെന്ന് സഭയിലെ പൊതുതീരുമാനമനുസരിച്ച് 1987 ജൂണിൽ അമേരിക്കയിലുള്ള സെന്റ് ബൊനവഞ്ചർ സർവ്വകലാശാലയിലെ ഫ്രാൻസിസ്കൻ ആദ്ധ്യാത്മികതയുടെ പഠനത്തിനായി സി.ഹെൻറി സൂസ്സോ, അയക്കപ്പെട്ടു. വിദഗ്ദ്ധരും വിശുദ്ധരുമായ ഫ്രാൻസിസ്കൻ വൈദീകരുടെ നേതൃത്വത്തിൽ പഠനം തുടർന്നു. ഫ്രാൻസിസ്കൻ പഠനത്തിൽ എം.എ. ബിരുദവും നേടി. 1990 ആദ്യം നാട്ടിൽ മടങ്ങിയെത്തി. എഫ്.സി.സി.യുടെ തുടർപരിശീലനത്തിനായി മദർജനറലായിരുന്ന മദർ സെലറീനാ വിഭാവനചെയ്ത പാഠ്യപദ്ധതി തയ്യാറാക്കുന്ന അഞ്ചംഗ കമ്മറ്റിയിലെ അംഗമായി നിയമിക്കപ്പെട്ടു. സഭയുടെ പരിശീലന ഭവനങ്ങളിലും കേരള ഫ്രാൻസിസ്കൻ കുടുംബയൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട പഠനവാരത്തിലും ക്ലാസ്സെടുക്കുവാൻ വിളിക്കപ്പെട്ടു. കോളേജിലെ ജീസസ് യൂണിറ്റിന്റെ ആനിമേറ്റർ ആയും സേവനം ചെയ്തു. 1989 ൽ ആരോഗ്യപരമായ കാരണങ്ങളാൽ – സ്വരം നഷ്ടപ്പെട്ട സിസ്റ്റർ അവധിയിലായിരുന്നു. ആ കാലയളവിൽ ബൈബിൾ പഠനവും

www.malankaralibrary.com

പാരായണവും തീവ്രതരമാക്കി. വീണ്ടും അദ്ധ്യാപനത്തിൽ തുടർന്നു.

1991 ൽ എഫ്.സി.സി.യുടെ സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ടു. അതോടെ കേന്ദ്രഭവനമായ ആലുവായിലേക്ക് താമസംമാറ്റി. 1992 ൽ അദ്ധ്യാപകജോലിയിൽ നിന്നും സ്വയം വിരമിച്ചു. ഭാരതത്തിലെ മിക്ക സംസ്ഥാനങ്ങളിലും ഇറ്റലി, ജർമ്മനി, സ്വിറ്റ്സർലണ്ട്, ഓസ്ട്രിയ, അമേരിക്ക, കെനിയ, സൗത്ത് ആഫ്രിക്കാ എന്നീ രാജ്യങ്ങളിലും പ്രേഷിതവേലയിൽ ഏർപ്പെട്ടിരിക്കുന്ന ക്ലാരസഭാംഗങ്ങളെ സന്ദർശിക്കുവാനും, അവരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും, വികസിപ്പിക്കുവാനും സഹായിക്കുവാനുംവേണ്ടി പല പ്രാവശ്യം യാത്ര ചെയ്യേണ്ടിവന്നിട്ടുണ്ട്. 1993 ൽ വിശുദ്ധനാടുകളും ലൂർദ്ദും സന്ദർശിക്കുവാൻ അവസരം ലഭിച്ചു. അസ്സീസി, റോം തുടങ്ങിയ സ്ഥലങ്ങളിലായി 28 ദിവസം നീണ്ടുനിന്ന ഒരു പഠനതീർത്ഥാടനത്തിനും (ഫ്രാൻസിസ്കൻ സ്റ്റഡി പിൽഗ്രിമേജ്) അവസരമുണ്ടായി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായുടെ ചെറിയ സമൂഹത്തിലുള്ള സ്വകാര്യ ദിവ്യബലിയിലും പൊതു ഓഡിയൻസിലും പങ്കെടുക്കാനും അദ്ദേഹത്തോട് കുശലപ്രശ്നങ്ങൾ നടത്താനും സമ്മാനമായി ജപമാല സ്വീകരിക്കുവാനും അദ്ദേഹത്തിന്റെ കൈവയ്പുമൂലമുള്ള ആശീർവാദം സ്വീകരിക്കാനും സിസ്റ്ററിന് ഭാഗ്യമുണ്ടായി.

റോമിൽവച്ച് നടക്കാറുള്ള അന്താരാഷ്ട്ര ജനറാളന്മാരുടെ സമ്മേളനത്തിൽ പങ്കെടുക്കാനും തദവസരത്തിൽ മദർതെരേസായുടെ മൃതദേഹ സംസ്കാര കർമ്മങ്ങളിൽ പങ്കെടുക്കാനും ഭാഗ്യമുണ്ടായി. സി. അൽഫോൻസായെ കോട്ടയത്ത്വച്ച് വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കുവാൻ പി.പിതാവ് എത്തിയപ്പോൾ നടന്ന ചടങ്ങുകളിലും സംബന്ധിക്കുവാൻ സി. ഹെൻറി സൂസ്സോയ്ക്ക് സാധിച്ചു.

സുപ്പീരിയർ ജനറൽ എന്ന നിലയിൽ പ്രോവിൻസുകളുടെ കേന്ദ്രഭവനങ്ങളിൽ സന്ദർശനം നടത്തുവാൻ 1995 ഫെബ്രുവരി 17 മുതൽ ഭോപ്പാലിലെ പ്രൊവിൻഷ്യൽ ഭവനിൽ നടത്തിയ സന്ദർശനം ഒരു പ്രധാനസംഭവമായിരുന്നു. പ്രൊവിൻഷ്യൽ കൗൺസിലറായിരുന്ന സിസ്റ്റർ റാണി മരിയ കൃത്യം 8-ാം ദിവസമാണ് വധിക്കപ്പെടുന്നത്. ഇൻഡോർ രൂപതയുടെ ഉദയനഗർ ഇടവകാതിർത്തിയിൽ സിസ്റ്റർ റാണി മരിയ ചെയ്ത നിസ്വാർത്ഥസേവനങ്ങളുടെ പരിസമാപ്തിയായിരുന്നു ആ ദാരുണ സംഭവം. ഫെബ്രുവരി 17 ന് സിസ്റ്ററുമായി നടന്ന സംഭാഷണമദ്ധ്യേ, ദരിദ്രരുടെ ഇടയിലേക്ക് എഫ്.സി.സി. മക്കൾ സധീരം ഇറങ്ങിപ്പുറപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് റാണിമരിയ സൂചിപ്പിച്ചത് ഇന്നും സിസ്റ്റർ ഹെൻറി സൂസ്സോ അനുസ്മരിക്കുന്നു. ഇതുപോലെ ദൈവത്തിനും ദൈവജനത്തിനുംവേണ്ടി ധീരോചിതമായി ശുശ്രൂഷ ചെയ്യുന്ന അനേകം സഹോദരങ്ങളിൽനിന്ന് പ്രചോദനം സ്വീകരിക്കാനും അവരെ ധൈര്യപ്പെടുത്തുവാനും സാധിച്ചത്, മദർ ഹെൻറി സൂസ്സോയ്ക്ക് അസാധാരണമായ അനുഭവം തന്നെയായിരുന്നു.

www.malankaralibrary.com

സിസ്റ്റർ സുപ്പീര്യർ ജനറലായിരിക്കുമ്പോഴാണ് തലശ്ശേരി പ്രോവിൻസ് ഭരണസൗകര്യാർത്ഥം വിഭജിച്ച് താമരശ്ശേരി രൂപതയ്ക്ക് രൂപംകൊടുത്തത് 1997 ഡിസംബറിൽ സുപ്പീരിയർ ജനറൽ പദവി ഒഴിഞ്ഞപ്പോൾ ഏറ്റം ചെറിയ പ്രോവിൻസായ താമരശ്ശേരി പ്രോവിൻസിൽ അംഗത്വമെടുക്കുകയാണ് ചെയ്തത്. 1997 ൽ താമരശ്ശേരി പ്രോവിൻസിന്റെ വൈസ് പ്രോവിൻഷ്യാളായി മദർ തെരഞ്ഞെടുക്കപ്പെട്ടു. മിഷൻ രംഗങ്ങളുടെ നോട്ടം മദറിനായിരുന്നു. താമരശ്ശേരി പ്രോവിൻസിന്റേതായി കെനിയയിൽ ഒരു മിഷൻ ഭവനം ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ 1998 ജനുവരിയിൽ നൈറോബിയിലേക്ക് പുറപ്പെട്ടു. നൈറോബി മെത്രാൻ സ്റ്ററേഹേ ഹൈസ്കൂളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിക്കുവാൻ സിസ്റ്ററിനെ ക്ഷണിച്ചു. ആ ക്ഷണം സ്വീകരിച്ചുകൊണ്ട് രണ്ടുവർഷം അവിടെ പ്രവർത്തിക്കുകയും, സുപ്പീരിയർ ജനറലിന്റെ പ്രത്യേക അനുമതിയോടെ പ്രൊവിൻഷ്യൽ കൗൺസിലർ പദവി രാജിവയ്ക്കുകയും ചെയ്തു. അങ്ങനെ കാപ്പിരികളുടെ നാട്ടിൽ കറുത്തമക്കളെ ഇംഗ്ലീഷും വേദപാഠവും പഠിപ്പിക്കുവാൻ ദൈവം മദറിന് അവസരമൊരുക്കി. സിസ്റ്ററിന് പുതിയ ഉൾക്കാഴ്ചകൾ ലഭിക്കുന്നതായിരുന്നു. ആഫ്രിക്കൻ ജീവിതം. നാട്ടിൽ 1999 ൽ തിരിച്ചെത്തിയ സിസ്റ്റർ ഹെൻറി സൂസ്സോ പരിശീലനഭവനങ്ങളിൽ ഫ്രാൻസിസ്കൻ ആദ്ധ്യാത്മികത പഠിപ്പിക്കുവാനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തു. 2003 ൽ എഫ്.സി.സി.യിൽ ആരംഭിച്ച പ്രത്യേക ധ്യാനങ്ങളുടെ ആനിമേറ്ററായും പ്രവർത്തിച്ചു. ഇതിനിടയിൽ ആരോഗ്യപരമായ കാരണങ്ങളാൽ കൂടുതൽ ഉത്തരവാദിത്വങ്ങളിൽനിന്നും മാറി നിൽക്കേണ്ടിവന്നു. ഈയവസരത്തിലാണ് മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ ഒരു ധ്യാനത്തിൽ പങ്കെടുക്കാൻ പോയത്. അവിടെവച്ച് പ്രസിദ്ധ വചന പ്രഘോഷകനും പ്രവാചകനുമായ മാത്യു ഇലവുങ്കലച്ചനെ കാണാൻ സാധിച്ചു. ബോംബെയിലെ കല്യാണിലുള്ള താബോർ ഡിവൈൻ ആശ്രമത്തിന്റെ ഡയറക്ടറാണ് അദ്ദേഹം. അച്ചന്റെ പ്രത്യേകക്ഷണം സ്വീകരിച്ച് പ്രസ്തുത ആശ്രമത്തിൽ ശുശ്രൂഷ ചെയ്യുന്നതിന് 2004 ജൂണിൽ ബോംബെയിലേക്കു പോയി.

ആശ്രമത്തിന്റെ മുഖപത്രമായ, 5 ഭാഷകളിലായി പ്രസിദ്ധീകരിക്കുന്ന താബോർ വോയ്സ് എന്ന മാസികയുടെ പത്രാധിപസമിതിയംഗമായി മദർ ഇപ്പോൾ ശുശ്രൂഷ ചെയ്യുന്നു. ധ്യാനിക്കാൻ വരുന്നവർക്ക് കൗൺസിലിംഗ് കൊടുക്കുന്നതിലും ആശ്രമത്തിലെത്തുന്ന കത്തുകൾക്ക് മറുപടിയെഴുതുന്നതിലും സിസ്റ്റർ സമയം കണ്ടെത്തുന്നു. ആദ്ധ്യാത്മികതയിൽ കൂടുതൽ വളരുവാനും ഈശോയെപ്പോലെ അനേകർക്കുവേണ്ടി സ്വയാർപ്പണം ചെയ്യാനും ഉത്തമമായ സാക്ഷ്യമൂല്യത്തിലൂടെ ജീവിക്കുവാനും ഉതകുന്ന ശുശ്രൂഷാരംഗമാണിത്. അതിനുള്ള കൃപ കർത്താവ് നൽകുമെന്ന പ്രതീക്ഷയിൽ മദർ ഹെൻറി സൂസ്സോ അവിടുത്തെ വയലിൽ ഉത്സാഹത്തോടെ വേല തുടരുന്നു.


www.malankaralibrary.com

പ്രേഷിതവേലയ്ക്കിടയിൽ പല അപകടങ്ങളിൽ നിന്നും സിസ്റ്റർ അത്ഭുതകരമായി രക്ഷപെട്ടിട്ടുണ്ട്. ട്രയിനപകടം, ബസ്സപകടം, സർപ്പദംശനം, മിഷൻരംഗത്തുവച്ച് തോക്കുധാരികൾ നടത്തിയ ആക്രമണം ഇവയിലെല്ലാം അത്ഭുതകരമായി സിസ്റ്ററിനെ ദൈവം കാത്തുസൂക്ഷിക്കുകയുണ്ടായി.

Address - Rev. St. Hentry Suso, Tabore Divine Retreat Ashram, Kamba Village; VARAP -.P.O., Kalyan west 421301, Thane Dt., Maharashtra.

# 236

# പറവൂർ ജോർജ്ജ്



സാഹിത്യരംഗത്തും സഭാവേദിയിലും സാമൂഹികതലത്തിലും സ്വത്വത്തിന്റെ ആർദ്രമുദ്രപതിപ്പിച്ച ത്യാഗധനനായ ശ്രീ പറവൂർ ജോർജ് എറണാകുളം ജില്ലയിൽ വടക്കൻ പറവൂരിൽ, വി.തോമ്മാശ്ലീഹായാൽ സ്ഥാപിതമായ കൊട്ടയ്ക്കാവ് പള്ളി ഇടവകയിൽ കൂരൻ തോമസ് – ത്രേസ്യാ ദമ്പതികളുടെ മകനായി 1938 മെയ് 19–ാം തീയതി ജനിച്ചു.

വിദ്യാഭ്യാസ കാലത്തുതന്നെ കലാസാഹിത്യരംഗങ്ങളിൽ അതീവ താല്പര്യം പ്രകടിപ്പിച്ചിരുന്ന ജോർജ് 32 വർഷക്കാലം അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. ക്രൈസ്തവവിശ്വാസത്തോടുള്ള പ്രതിബദ്ധതയും വേദപുസ്തകങ്ങളോടുള്ള അഗാധാഭിമുഖ്യവും ജോർജ്ജിന്റെ കുടുംബത്തിന്റെ മഹിതമായ പാരമ്പര്യമായിരുന്നു. ആ പാരമ്പര്യത്തിൽ ഉറച്ചുനിന്നുകൊണ്ടാണ് ജോർജ് അദ്ധ്യാപകനെന്ന നിലയിൽ പ്രവർത്തിച്ചത്. കലാസാഹിത്യരംഗങ്ങളിൽ ശ്രദ്ധചെലുത്തിയതും, സാഹതീയ പൈതൃകം ഏറെ അവകാശപ്പെടാനില്ലാതിരുന്നിട്ടും അക്ഷരങ്ങളുടെ ആചാര്യൻ ജീവിത ചതുരംഗത്തിലെ കർമ്മബന്ധങ്ങളുടെയും ആത്മസംഘർഷങ്ങളുടെയും നാടകീയാവിഷ്കാരത്തിൽ അദ്വിതീയനായി.

നിരന്തരസാധനയിലൂടെ മലയാള നാടകവേദിക്ക് മൂല്യാധിഷ്ഠിത അസ്ഥിവാരം പടുത്തുയർത്തിയ പ്രതിഭാധനനാണ് ശ്രീ. പറവൂർ ജോർജ്ജ്. ലോകത്തിന്റെയും സഭയുടെയും ചിന്താഗതികളെ ക്രിസ്തുവിൽ സമന്വയിപ്പിക്കാനാണ് ശ്രീ. പറവൂർ ജോർജ്ജിന്റെ തൂലിക ചലിക്കുന്നത്. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരെ ക്രൈസ്തവപ്രത്യയശാസ്ത്രത്തിൽ അടിയുറച്ചുനിന്നുകൊണ്ട് തന്റെ രചനകളിലൂടെ ശബ്ദമുയർത്തുവാൻ പ്രതിഭാധനനായ ആ കർമ്മയോഗി പരിശ്രമിക്കുകയാണ്.

മഗ്ദലനയുടെ തെരുവുകളിൽ പാപപാരമ്പര്യത്തിന്റെ മുനകൂർപ്പിച്ച ശിലാഖണ്ഡങ്ങൾ സ്ത്രൈണതയുടെ പേലവമായ നിസ്സഹായതയെ

www.malankaralibrary.com

മുറിവേൽപ്പിക്കാൻ ഉഴറി നിൽക്കേ, ഇടിമുഴക്കംപോലെ കടന്നുവരുന്ന കരുണാമയനും, അക്കൽദാമായിൽ ഒറ്റുകാരന്റെ നൈരാശ്യം ചുവപ്പു പടർത്തുമ്പോൾ ഗോൽഗോഥയിൽ അരങ്ങേറുന്ന ദിവ്യബലിയിലെ കുഞ്ഞാടും, അദ്ദേഹത്തിന്റെ ഹൃദയതാളത്തിന്റെ പ്രതിധ്വനികളായിരുന്നു. നിന്ദിതരുടെയും, പീഡിതരുടെയും ഉയർത്തെഴുന്നേൽപ്പിന്റെ കഥ രചിച്ച വിശുദ്ധ വചനത്തിന്റെ അക്ഷയഖനി അദ്ദേഹത്തിന് നാടക ശ്രോതസ്സായി. ജീവിതത്തിന്റെ കനൽവഴികളിൽ, അഗ്നിപർവ്വതങ്ങളുടെ തീജ്വാലകൾ കടന്ന് സമുദായത്തിലെ നരഭോജികൾ തീർത്ത സങ്കടക്കടലുകളിലെ ചുഴലിക്കാററിനെയും തൃണവൽഗണിച്ച് ശത്രുപാളയത്തിലെ പടയൊരുക്കം, നേർച്ചക്കോഴിയെപ്പോലെ സൂചിമുനിയിൽ നിന്ന് വീക്ഷിച്ച് തീവ്രമായ അഭിലാഷത്തോടെ, പുനർജനിയുടെ തീരങ്ങളിലേക്ക് ഒഴുക്കിനെതിരെ നീന്തിച്ചെല്ലുന്ന ഉയർത്തെഴുന്നേൽപ്പിന്റെ നാടകക്കാരനാകാൻ അദ്ദേഹത്തിന് സാധിച്ചത് അതുകൊണ്ടാണ്. വചനത്തിന്റെ അഗ്നിച്ചിറകുകൾകൊണ്ട് പ്രേക്ഷക ഹൃദയങ്ങളെ അദ്ദേഹം ഭേദിച്ച് മനുഷ്യമനസ്സിനെ മാററത്തിന് വിധേയമാക്കി.

എം.ജി. യൂണിവേഴ്സിററി ബി.എ. ക്ലാസിലേക്ക് പറവൂർ ജോർജിന്റെ കൃതി പാഠപുസ്തകമായി അംഗീകരിച്ചിട്ടുണ്ട്. സ്കൂൾ യുവജനോത്സവം, ഹയർസെക്കണ്ടറി കലോത്സവം, കേരളോത്സവം തുടങ്ങിയ കലാസംഭവങ്ങളിൽ സംസ്ഥാന ജഡ്ജിംഗ് പാനലിലെ ഒരംഗമാണ് ജോർജ്. നാടകപഠന വിദ്യാർത്ഥികൾക്ക് രചനയെക്കുറിച്ചും അഭിനയത്തെക്കുറിച്ചും ജോർജ്ജ് ക്ലാസ്സുകൾ എടുക്കുകയും ചെയ്യുന്നുണ്ട്. കേരളസർക്കാർ നിയമിച്ച മലയാള പാഠപുസ്തകകമ്മററിയിലെ അംഗവുമാണദ്ദേഹം. 2002 ലെ കേരളസഭാ താരം അവാർഡുനൽകിക്കൊണ്ട് ബി.എൽ.എം. നൽകിയ പുരസ്കാരപത്രികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "കത്തോലിക്കാ സഭയിൽ വിവിധ രൂപതകളിൽ കുടുംബപ്രേഷിതരംഗവുമായി ബന്ധപ്പെട്ട പ്രീകാനാകോഴ്സുകൾ നയിക്കുന്നു. കൂടാതെ കുട്ടികൾ, യുവതീയുവാക്കൾ, ദമ്പതിമാർ, വൃദ്ധജനങ്ങൾ എന്നിവർക്കുവേണ്ടിയുള്ള ക്ലാസുകൾക്കും നേതൃത്വം നൽകുന്നു. വിദ്യാലയങ്ങളിൽ പി.ടി.എ, മാതൃസംഗമം തുടങ്ങിയവരും ഇദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെ മുമ്പിൽ ധന്യരാണ്. ഔദ്യോഗിക അദ്ധ്യാപനത്തിൽനിന്ന് വിരമിച്ചെങ്കിലും വചനത്തിന്റെ കവചവും വിശ്വാസത്തിന്റെ പരിചയും ധരിച്ച കേരളസഭയുടെ പ്രിയപ്പെട്ട നാടകക്കാരാ, അങ്ങ് തിന്മകളുടെ ലോകത്തിൽ നന്മക്കുവേണ്ടി അരങ്ങിൽ അടരാടി. പർവ്വതങ്ങൾ പുതുവീഞ്ഞുപൊഴിക്കുന്ന ഐശ്വര്യപൂർണ്ണമായ കാലഘട്ടത്തെ സ്വപ്നം കണ്ടു. സ്നേഹത്തിന്റെ വീഞ്ഞും കാരുണ്യത്തിന്റെ അപ്പവും ജീവിതബലിവേദിയിലെ കാസയിൽ നിറച്ച കഥാകാരാ, അങ്ങയുടെ ധീരത അനന്യമായിരുന്നു. പല ക്രിസ്തീയനാമധാരികളും ക്ഷണപ്രഭാചഞ്ചലമായ സ്ഥാനമാനങ്ങൾക്കുവേണ്ടി വിശ്വാസത്തെ വിൽക്കുകയും സഭാതനയരെ അപഹസിക്കുകയും ചെയ്ത കാലയളവിൽ നിഷ്കാമമായ കർമ്മംഠികൊണ്ട് അർപ്പണ

www.malankaralibrary.com

ത്തിന്റെ കാൽവരിയിലേക്ക് സാഹിത്യത്തെ ആനയിച്ച അങ്ങയുടെ വിശ്വാസ പ്രബുദ്ധതയുടെ മുമ്പിൽ നമോവാകമർപ്പിക്കുന്നു."

പറവൂർ ജോർജിന്റെ കൃതികൾ താഴെപറയുന്നവയാണ്. തെര ഞ്ഞെടുത്ത ബൈബിൾ ഏകാങ്കങ്ങൾ, രക്തചുംബനം, പുനർജനി, സന്മന സ്സുള്ളവർക്ക് സമാധാനം, നല്ലവരുടെഭൂമി, ശത്രുപാളയം, ചായംപൂശാത്ത മുഖങ്ങൾ, പടയൊരുക്കം, പിറന്നാൾസമ്മാനം, പറവൂരിന്റെ ആറ് ഏകാങ്ക ങ്ങൾ, അപകടമേഖല, അഗ്നിപർവ്വതം, അഭിലാഷം, നരഭോജികൾ, തിര ഞ്ഞെടുത്ത ഏകാങ്കങ്ങൾ, അനുഗ്രഹം, ദിവ്യബലി, ചുഴലിക്കാററ്, പറവൂർ ജോർജ്ജിന്റെ ഏകാങ്കങ്ങൾ, പാപംചെയ്യാത്തവൻ കല്ലെറിയട്ടെ, സൂചിമുന, വേട്ട, വെളിച്ചം, കടുവാക്കൂട്ടിലെ കിടുവാ, ജീവജലം, അരങ്ങിന് പിന്നിൽ, നാടകാനുഭവചിന്തകൾ, അക്ഷരങ്ങൾ, ചൂണ്ടുപലക, അഗ്നിയുദ്ധം, ആയിരം തലൈവാങ്കി, വൈകിവന്നവെളിച്ചം, നേർച്ചക്കോഴി, ഒഴുക്കിനെതിരെ, അക്ഷ യപാത്രം, കള്ളിപ്പൂച്ച, ചെകുത്താൻ കയറിയ വീട്, അഞ്ചു ലഘുനാടകങ്ങൾ, പമ്പുകവലയിൽ ബസ്റ്റോപ്പില്ല, ഏകാങ്കമാല, നിയമം തേടുന്നവർ, രക്തരേഖ, ഭൂകമ്പം, ജോർജിന്റെ അഞ്ചുനാടകങ്ങൾ, തീജ്വാല, പഞ്ജരം, മുക്തി, കൂട്ടം തെററിയ കുഞ്ഞാടുകൾ, പറവൂർജോർജിന്റെ ബൈബിൾ നാടകങ്ങൾ, വാടാ ത്തലില്ലിപ്പൂവ്, കുട്ടിക്കാലം - ഹായ് എന്തു രസം, കുട്ടികളുടെ തിരഞ്ഞെടുത്ത ഏകാങ്കങ്ങൾ, ഉണ്ണികളെ നമുക്കൊരു നാടകം കളിക്കാം - എന്നിവയാണ്.

ഇതിൽകുട്ടിക്കാലം ഹായ് ! എന്തൊരു രസം എന്ന ഗ്രന്ഥം ജോർജിന്റെ ആത്മകഥയുടെ ഒന്നാംഭാഗമാണ്. ജോർജിന്റെ ആത്മകഥ നാലുഭാഗങ്ങ ളായിട്ടാണ് എഴുതുന്നത്. അതിൽ ആദ്യത്തേതാണ് കുട്ടിക്കാലം ഹായ്! എന്തൊരു രസം എന്ന കൃതി. ഈ ആത്മകഥ ഒന്നാം ഭാഗത്തിൽ ശ്രീ പറവൂർജോർജ് ആമുഖമായി ഇങ്ങനെ എഴുതിയിരിക്കുന്നു. "ബാല്യ കാലാനുഭവങ്ങൾ...... പിൽക്കാലത്തറിയുന്നു; ഒട്ടേറെ അനുഭവങ്ങളുടെ പൂക്കാലമായിരുന്നുവെന്ന്. മധുരസ്മരണകൾ അയവിറക്കുന്ന കുട്ടി ക്കാലത്തേയ്ക്ക് ഒന്ന് കണ്ണോടിക്കുമ്പോൾ, അറിയാതെ ഒരു പുഞ്ചിരി ചുണ്ടിൽ വിരിയുന്നു. ഒപ്പം വേദനയൂറുന്ന ചില ദുഃഖ സത്യങ്ങളും"

അന്നു ഞാൻ ചിന്തിച്ചിരുന്നോ? ഇന്ന് ഈ നിലയിലെത്തുമെന്ന്. ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല. അവിടുന്നു നൽകിയ അനുഗ്രഹത്തിന്റെ തണലിൽ നിന്നപ്പോൾ എനിക്കുകിട്ടിയ നന്മകളാണ് ഇതൊക്കെ. ഇവിടെ ഞാൻ വിനയാന്വിതനാവുന്നു.........

ഈ ഗ്രന്ഥത്തെപ്പററി ജീവൻ ബുക്സ് ഇപ്രകാരം എഴുതിയിരിക്കുന്നു. "ജീവിതഘട്ടങ്ങളിൽ ശ്രദ്ധേയമായ ഒന്നാണ് ബാല്യകാലം. എല്ലാവരുടെ ജീവിതത്തിലും മധുരസ്മരണകൾ ഉണർത്തുന്ന ആ കുട്ടിക്കാലത്തെ നാം ഓർക്കുന്നോ? ഒട്ടേറെ ഗ്രന്ഥങ്ങളുടെ രചയിതാവായ ശ്രീ പറവൂർ ജോർജ് തന്റെ കുട്ടിക്കാലത്തേക്ക് നമ്മെ നയിക്കുകയാണ്. ഓരോ അനുഭവങ്ങളും ചെറുകഥയിൽ വായിക്കുന്നതുപോലെ നമുക്ക് വായിച്ച് ആസ്വദിക്കുവാൻ

www.malankaralibrary.com

കഴിയും. തന്നിലെ എഴുത്തുകാരന്റെയും കലാകാരന്റെയും ആരംഭം ഇവിടെ തുടങ്ങുന്നുവെന്ന് ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നു."

ഈ പുസ്തകം മതബോധനകുട്ടികളുടെ ഉപപാഠപുസ്തകമായി തിരഞ്ഞെടുത്തിട്ടുണ്ട്. നാടകരംഗത്ത് പ്രശസ്തനായ പറവൂർ ജോർജിന്റെ വ്യത്യസ്തമായ ഒരു കൃതിയാണ് വാടാത്ത ലില്ലിപ്പൂവ്. വി. മരിയഗൊരേത്തിയുടെ ലഘുജീവചരിത്രമാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം. എന്തുകൊണ്ടാണ് നാടകംവിട്ട് ഇതുപൊലൊരു ജീവചരിത്ര ഗ്രന്ഥം രചിക്കുവാൻ ജോർജ് തയ്യാറായത്. അതിനുള്ള ഉത്തരം ഈ ഗ്രന്ഥത്തിൽതന്നെ ജോർജ് എഴുതിയിട്ടുണ്ട്. ജോർജിന്റെ വാക്കുകൾ ശ്രദ്ധിക്കുക. മക്കൾ – ദൈവം നമുക്കു നൽകിയദാനങ്ങളാണ്. മാതാപിതാക്കളെ ദൈവം ഏല്പിച്ച താലന്തുകൾ. അവരെ നേരായ മാർഗ്ഗത്തിലൂടെ – വിശ്വാസ ചൈതന്യത്തിലൂടെ വളർത്തിക്കൊണ്ടുവരാനുള്ള ബാദ്ധ്യതയും മാതാപിതാക്കൾക്കുണ്ട്. നാം മക്കൾക്കു നൽകുന്ന സ്നേഹവും, സ്വാതന്ത്ര്യവും, ശിക്ഷണവും അവരുടെ വളർച്ചയ്ക്ക് ഉതകുന്നവിധമായിരിക്കണം. വിശ്വാസ ദാർഢ്യത്തിലും ആദ്ധ്യാത്മിക ചൈതന്യത്തിലും നമ്മുടെ കുഞ്ഞുമക്കൾ വളരേണ്ടവരല്ലേ!

ചാരിത്രവിശുദ്ധി കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ജീവൻ ബലിയർപ്പിച്ച വിശുദ്ധ മരിയ ഗോരേത്തി, പാപപങ്കിലമായ സാഹചര്യങ്ങളിൽ നിന്നും പ്രലോഭനങ്ങളിൽ നിന്നും അകന്നുനിൽക്കാൻ മക്കൾക്കും പ്രേരണ നൽകുന്നു. വിശുദ്ധയുടെ ജീവിതകഥ. നമ്മുടെ മക്കൾ ഒരിക്കൽകൂടി ഈ കഥയൊന്നു വായിക്കട്ടെ.


പറവൂർ ജോർജിന്റെ സേവനങ്ങൾക്ക് അംഗീകാരമായി പല അവാർഡുകളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും വിലപ്പെട്ട സേവനങ്ങൾ നൽകിയവരെ ആദരിക്കാനായി ആള്ളൂർ ബററർ ലൈഫ് മൂവ്മെന്റ് ഏർപ്പെടുത്തിയിരിക്കുന്ന കേരളസഭാതാരം അവാർഡ്, കേരളാകാത്തലിക് ബിഷപ്സ് കോൺഫറൻസിന്റെ സാഹിത്യ അവാർഡ്, കേരളസംഗീതനാടക അക്കാഡമി അവാർഡ്, സാഹിത്യ അക്കാഡമി അവാർഡ്, കുടുംബദീപം അവാർഡ്, കാക്കശ്ശേരി അവാർഡ് മാതൃഭൂമി അവാർഡ് എന്നിവയാണ് പറവൂർ ജോർജിന് ലഭിച്ചിട്ടുള്ള അവാർഡുകൾ.

കഠിനാദ്ധ്വാനിയായ പറവൂർ ജോർജ് ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ തുടർച്ചയായി ലേഖനങ്ങളും മററും എഴുതികൊണ്ടിരിക്കുന്നു.

മേൽവിലാസം – ശ്രീ പറവൂർ ജോർജ്
മൂത്തകുന്നം പി.ഒ. – 683516

www.malankaralibrary.com

# 237



# റവ.ഡോ. സിറിയക് കണിച്ചായ്

## സി.എം.ഐ.

അദ്ധ്യാപകൻ, ഗ്രന്ഥകാരൻ, പ്രഭാഷകൻ എന്നീ നിലകളിൽ വ്യക്തിത്വമുദ്ര പതിപ്പിച്ച സന്യാസ വൈദീകനാണ് ഫാ.സിറിയക് കണച്ചായ് സി.എം.ഐ. 1938 ജൂൺ രണ്ടാം തീയതി ഞാറയ്ക്കലിലാണ് ജനനം. പിതാവ് കണിച്ചായ് കുടുംബത്തിലെ കെ.എ. തോമസും മാതാവ് കൊച്ചുമറിയവും.

ഞാറയ്ക്കൽ സെന്റ് മേരീസ് എൽ.പി.സ്ക്കൂൾ, മാള സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം നിർവ്വഹിച്ചു. 1953-ൽ സി.എം.ഐ. സന്യാസസഭയിൽ ചേർന്നു. എൽത്തുരുത്ത്, തലോർ, വരന്തരപ്പള്ളി, ആമ്പഴക്കാട് എന്നീ ആശ്രമങ്ങളിൽ വച്ചാണ് പ്രാഥമിക സന്ന്യാസ പരിശീലനം നിർവ്വഹിച്ചത്. 1955 ഡിസംബർ 8-ാം തീയതി പ്രഥമ സന്ന്യാസ വ്രതാനുഷ്ഠാനം ചെയ്ത ഇദ്ദേഹം തന്റെ തത്വശാസ്ത്രപഠനം പൂനാ പേപ്പൽ അത്തനേയത്തിലും നിർവ്വഹിച്ചു. 1962 ജൂൺ 3-ാം തീയതി തൃശൂർ ബിഷപ്പ് മാർ ജോർജ് ആലപ്പാട്ട് തിരുമേനിയിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. പൂനായിൽനിന്നും ദൈവശാസ്ത്രത്തിൽ എൽ.ഡി.ബിരുദം നേടിയ ഇദ്ദേഹം 1963-ൽ ധർമ്മാരാം കോളേജിൽ തത്ത്വശാസ്ത്രാദ്ധ്യാപകനായി തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചു.

1964-ൽ ഉപരിപഠനാർത്ഥം റോമിലേക്ക് ഫാ.സിറിയകിനെ അയക്കപ്പെട്ടു. റോമിലെ സുപ്രസിദ്ധ തത്ത്വശാസ്ത്രചരിത്രകാരനായ ഫ്രെഡറിക് കോപ്പിൾസ്റ്റന്റെ കീഴിൽ ചരിത്രത്തിന്റെ തത്വശാസ്ത്രം എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടി. 1967-ൽ തിരിച്ചെത്തിയശേഷം 2003 വരെ ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ തത്വശാസ്ത്രാദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. 1970 മുതൽ 2003 വരെ ആലുവാ സെന്റ് ജോസഫ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലും തത്വശാസ്ത്രാദ്ധ്യാപകനായി ജോലി നോക്കി. പൂനാ പേപ്പൽ സെമിനാരി, തിരുവനന്തപുരം മലങ്കര മേജർ സെമിനാരി തുടങ്ങിയ കേരളത്തിനകത്തും പുറത്തുമുള്ള മററു പല സ്ഥാപനങ്ങളിലും വിസിററിംഗ് പ്രൊഫസറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പല യൂറോപ്യൻ രാജ്യങ്ങളിലും, കെനിയ, ടാൻസാനിയ, ശ്രീലങ്ക തുടങ്ങിയ സ്ഥലങ്ങളിലും പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. 1975-78 കാലഘട്ടത്തിൽ തൃശൂർ ദൈവമാതാ പ്രവിശ്യാകൗൺസിൽ അംഗവുമായിരുന്നു.

ഫാ.സിറിയക് കണിച്ചായി ആദ്ധ്യാത്മിക-സാംസ്കാരിക രംഗങ്ങളിൽ

www.malankaralibrary.com

നൽകിയിട്ടുള്ള സംഭാവനകളെ പരിഗണിച്ച് 1995-ൽ കെ.സി.ബി.സി. മാധ്യമകമ്മീഷൻ "മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി സ്മാരക അവാർഡ്" നൽകി ഇദ്ദേഹത്തെ ആദരിക്കുകയുണ്ടായി.


ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ഇംഗ്ലീഷിലും മലയാളത്തിലുമായി നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ഏതാനും കൃതികൾ ജെ.എം. ജ്ഞാനപ്രകാശം, സദാനന്ദ തുടങ്ങിയ തൂലികാനാമങ്ങളിലത്രെ എഴുതപ്പെട്ടിട്ടുള്ളത്. ഇംഗ്ലീഷിലും മലയാളത്തിലുമായി 28 ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാകുന്നു.

(1) R.G. COLLINGWOOD'S Philosophy of History (2) SANNYARA (3) സമീപനങ്ങൾ (4) ദർശനധാര (5) വിചാരദർശനം (6) സന്ന്യാസ സമീക്ഷ (7) സന്ന്യാസ ഭാഷ്യം (8) ആത്മദർശനം (9) ധ്യാനനിലയം (10) ധ്യാന സോപാനം (11) ധ്യാന സായൂജ്യം (12) ധ്യാന സാധന (13) ധ്യാന യോഗം (14) ധ്യാന ധന്യത (15) ധ്യാനം - അനുഭവവും അഭ്യാസവും (16) ധ്യാനം - സിദ്ധിയും സാധനയും (17) ക്രിസ്തോപാസന (18) സന്ന്യാസസരണി (19) സന്ന്യാസ സാഹോദര്യം (20) സന്ന്യാസിയും ധ്യാനവും (21) സന്ന്യാസ സാധനകൾ (22) സന്ന്യാസ സൗശീല്യം (23) സന്ന്യാസോപന്യാസങ്ങൾ (24) സന്ന്യാസി പറഞ്ഞ കഥകൾ (25) സന്ന്യാസ സ്വാരസ്യം (26) സന്ന്യാസ കഥാസാധന (27) സന്ന്യാസം- സിദ്ധി, സാധ്യം, സാധന (28) സന്ന്യാസ യോഗം അഥവാ റിലീജിയസ് മിസ്റ്റിസിസം (29) ധ്യാനോപാസന (തർജ്ജിമ)

വിലാസം - റവ. ഡോ. സിറിയക് കണിച്ചായ്, കാർമ്മൽഭവൻ,
ചാലക്കുടി - 680307

# 238

# കെ.പി. വർക്കി കുന്നേൽ



അദ്ധ്യാപനത്തോടൊപ്പം സാഹിത്യരചനയിലും പൊതുപ്രവർത്തനത്തിലും മികവ് കാട്ടിയ കെ.പി. വർക്കി കുന്നേൽ 1938 ജൂൺ 25-ാം തീയതി കണയന്നൂർ താലൂക്കിൽ കാഞ്ഞിരമറ്റത്ത് പുതുവാശ്ശേരി ദേശത്ത് എടമ്പാടത്തുകുന്നേൽ കുടുംബത്തിൽ ജനിച്ചു. പിതാവ് ബിസിനസ്സുകാരനായിരുന്ന വർക്കി ഫ്രഞ്ചു. മാതാവ് എറണാകുളം കാരിക്കാമുറിയിലുള്ള വടക്കേ അമ്പഴക്കാട്ട് കുടുംബത്തിലെ മറിയം.

കാഞ്ഞിരമറ്റത്തുള്ള സർക്കാർ പ്രൈമറി സ്കൂൾ, സെന്റ് ഇഗ്നേഷ്യസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ഹൈസ്കൂളിൽ മലയാളം പഠിപ്പിച്ച പുരുഷോത്തമൻ സാറാണ് വർക്കിയുടെ സാഹിത്യവാസന വളർത്തിയെടുക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ചത്. ദിനപ്പത്ര

www.malankaralibrary.com

ങ്ങളും മറ്റിതര ആനുകാലിക പ്രസിദ്ധീകരണങ്ങളും വായിക്കുന്നതിൽ തല്പരനായിരുന്ന വർക്കി സമീപത്തുള്ള ഗ്രാമീണവായനശാലയിലെ പുസ്തകങ്ങൾ വായിക്കുന്നത് ഒരു ശീലമാക്കിയിരുന്നു. മരട് മാങ്കായിലെ ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളിൽ അദ്ധ്യാപക പരിശീലനം നേടിയ വർക്കി 1968 ജൂലൈ 18ന് കടവന്ത്ര യു.പി. സ്കൂളിൽ അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. വിദ്യാർത്ഥിയായിരുന്ന കാലത്ത് ഉപന്യാസ, പ്രസംഗ മത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ നേടുകയുണ്ടായി. കൂടുതൽ വിജ്ഞാനം ആർജ്ജിക്കുവാൻ കൂടുതൽ പുസ്തകങ്ങൾ വായിക്കുവാൻ ശ്രദ്ധിച്ചു. സത്യദീപം, മാതൃഭൂമി, തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ പത്രാധിപപംക്തിയിലേക്ക് എഴുതുന്നതിൽ പ്രത്യേകം താല്പര്യം കൊടുത്തു.

ആർച്ച് ബിഷപ്പ് മാർ ജോസഫ് പാറേക്കാട്ടിൽ കർദ്ദിനാളായതിനോടനുബന്ധിച്ച് സ ്യദീപത്തിൽ അദ്ദേഹത്തിന്റെ ജീവചരിത്രം വർക്കി എഴുതി പ്രസിദ്ധീകരിച്ചു. തുടർന്ന് സത്യദീപത്തിൽ ഒട്ടേറെ ലേഖനങ്ങൾ എഴുതി. വർക്കിയുടെ ആദ്യത്തെ കൃതി ദീപിക ബുക്ക്ഹൗസാണ് പ്രസിദ്ധീകരിച്ചത്. "വളർച്ചയും സാഫല്യവും ക്രിസ്തുവിലൂടെ" എന്ന വിവർത്തനഗ്രന്ഥമാണത്. ഫാ. ഫസ്റ്ററുടെ 'growing with christ' എന്ന ഗ്രന്ഥത്തിലെ സ്വതന്ത്ര പ്രവർത്തനമാണത്. തുടർന്ന് ജനത(തേവര), സെന്റ് പോൾസ് (എറണാകുളം) എന്നിവയിലൂടെ മൊത്തം 18 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. നമ്മുടെ കോംപ്ലക്സുകൾ എന്ന പുസ്തകമാണ് അവസാനം പുറത്തിറക്കിയത്. വിശ്വാസം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ, ഒരുമിച്ചൊരു ചുവടുവെയ്പ് എന്നീ രണ്ടു കൃതികൾക്കും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ അവാർഡുകൾ ലഭിക്കുകയുണ്ടായി. ശ്രീ വർക്കി രചിച്ച മറ്റു കൃതികൾ താഴെ പറയുന്നവയാണ്. സന്യാസ സമൂഹജീവിതവും വളർച്ചയും (വിവർത്തനം), 101 കഥകൾ, വ്യക്തിയും കുടുംബവും, വി. ഫ്രാൻസിസ് സേവ്യർ, കുട്ടികളുടെ ആത്മവിശ്വാസം, ദാമ്പത്യദിഗ്ജയം, മഹത്വം സ്വാർജ്ജിതം, വി.ബനഡിക്ട്, ആരോഗ്യമുള്ള രോഗി, മാധ്യമലോകത്തെ അതുല്യ പ്രേഷിതൻ, ഇവർ നമ്മുടെ കുഞ്ഞുങ്ങൾ, കുട്ടികളുടെ പെരുമാറ്റവും പരിശീലനവും, അനുഭവപാഠങ്ങൾ, വിശുദ്ധകുർബ്ബാന ആത്മവിശുദ്ധീകരണത്തിന് എന്നിവയാണ്.

രണ്ടു വർഷക്കാലം സെന്റ് പോൾസിന്റെ ബുക്ക്ലെറ്റ് "പുലരൊളിയുടെ പത്രാധിപരായി വർക്കി പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിലെ മിക്ക പ്രസിദ്ധീകരണങ്ങളിലും ലേഖനങ്ങൾ എഴുതുന്ന വർക്കി, എം.ഒ.സി. നടത്തിയ ലേഖനമത്സരത്തിലും വിശ്വപ്രകാശം വാരിക, ഫാ. ചെമ്മണ്ണൂർ അനുസ്മരണ 'നിത്യജീവൻ' ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ 2001, 2002, 2003 വർഷങ്ങളിൽ ഒന്നാം റാങ്കും സമ്മാനവും ലഭിച്ചിട്ടുണ്ട്.


1969-ൽ വിവാഹിതനായശേഷം യാത്രയുടെ സൗകര്യാർത്ഥം തൃപ്പൂണിത്തുറ പുതിയകാവിലാണ് താമസം. ഇടവക ട്രസ്റ്റിയായി ദീർഘകാലം പ്രവർത്തിച്ച അദ്ദേഹം ഇടവകയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം

www.malankaralibrary.com

നൽകി വരുന്നു. തൃപ്പൂണിത്തുറ നടുവിലേവീട്ടിൽ മേരിയാണ് സഹധർമ്മിണി.

വിലാസം - കെ.പി. വർക്കി കുന്നേൽ, പുതിയകാവ്, തൃപ്പൂണിത്തുറ പി.ഒ., 682301, എറണാകുളം.

# 239



# ബിഷപ്പ് ഡോക്ടർ പീറ്റർ സെലസ്റ്റീൻ ഇളമ്പാശ്ശേരി

മുട്ടുചിറയിൽ പലചരക്കു കട നടത്തിയിരുന്ന ഇളമ്പാശ്ശേരിൽ കുട്ടിച്ചേട്ടൻ സ്കൂൾ വിദ്യാർത്ഥിയായ തന്റെ മൂത്തമകൻ മാത്യുവിനെ ചിലപ്പോഴൊക്കെ കുറച്ചുസമയത്തേക്ക് കടനടത്തുവാൻ ഏൽപിക്കാറുണ്ടായിരുന്നു. മാത്യു കടയിലിരിക്കുമ്പോൾ പാവപ്പെട്ടവർക്ക് സാധനങ്ങൾ കടം കൊടുക്കുവാനും ചിലപ്പോൾ പണം കൊടുത്ത് സഹായിക്കുവാനും മടി കാണിച്ചിരുന്നില്ല. അതേപ്പറ്റി അപ്പച്ചൻ ചോദിച്ചപ്പോൾ ഞാനൊരു നല്ല കാര്യമല്ലേ ചെയ്യുന്നത് എന്നായിരുന്നു പാപ്പൻ എന്ന ഓമനപ്പേരിലറിയപ്പെട്ടിരുന്ന മാത്യുവിന് പറയാനുണ്ടായിരുന്നത്. മുട്ടുചിറയിലെ ഒരു പുരാതന കത്തോലിക്ക കുടുംബമാണ് ഇളമ്പാശ്ശേരിൽ കുട്ടിച്ചേട്ടന്റേത്. കച്ചവടത്തോടൊപ്പം കൃഷികാര്യങ്ങളും നോക്കിയിരുന്ന കുട്ടിച്ചേട്ടൻ എസ്.എസ്.എൽ.സി. പാസ്സായ മകനെ എന്തെങ്കിലും തൊഴിലഭ്യസിക്കണമെന്ന ആഗ്രഹത്തോടെ ഇലക്ട്രീഷ്യൻ കോഴ്സിന് കോട്ടയത്ത് ഒരു സ്ഥാപനത്തിൽ ചേർത്തു. പരിശീലനം കഴിഞ്ഞ് വീട്ടിൽ കഴിയുമ്പോൾ ഒരു ജോലിക്ക് അറിയിപ്പു വന്ന ദിവസം തനിക്ക് കപ്പൂച്ചിൻ വൈദീകനാകണമെന്ന തീരുമാനമാണ് അവൻ മാതാപിതാക്കളെ അറിയിച്ചത്. കടയിലിരുന്നപ്പോൾ അസ്സീസിയിലെ വി. ഫ്രാൻസീസിനെപ്പോലെ ദരിദ്രരോട് അനുകമ്പ കാട്ടിയിരുന്ന മാത്യു മറ്റൊരു സഭയിലും ചേരുന്നില്ലെന്നും തീർത്തു പറഞ്ഞു. ഈ മാത്യുവാണ് 1998 സെപ്റ്റംബർ 6-ാം തീയതി ജമ്മുവിൽ വച്ച് ജമ്മു ശ്രീ നഗർ മെത്രാനായി അഭിഷിക്തനായ ഫാ.പീറ്റർ സെലസ്റ്റിൻ ഒ.എഫ്.എം. ക്യാംപ്.

ഡോക്ടർ പീറ്റർ ഇളമ്പാശ്ശേരിൽ തിരുമേനിയുടെ മെത്രാഭിഷേകത്തോടനുബന്ധിച്ച് ദീപനാളത്തിൽ പ്രത്യേക ലേഖകൻ എഴുതിയ ലേഖനത്തിലെ ഒരു ഭാഗമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ചെറുപ്പം മുതലേ സാധുക്കളോട് കരുണ കാണിക്കുകയും അവരുടെ പ്രയാസങ്ങളിൽ പങ്കുചേരുകയും ചെയ്ത മാത്യു ഒരു വൈദികനാകാൻ ഇടയായത് കുടുംബാ

www.malankaralibrary.com

ന്തരീക്ഷം തന്നെയായിരുന്നു. പ്രാർത്ഥനയിൽ വലിയ നിഷ്ഠയയുള്ളവരായിരുന്നു കുടുംബാംഗങ്ങളെല്ലാം. ഇളമ്പാശ്ശേരി കുടുംബം പ്രാർത്ഥനയുടെ ഒരു കുടുംബമായിരുന്നുവെന്നു പറയാം.

1938 ജൂൺ 28-ാം തീയതി ഇളമ്പാശ്ശേരിയിൽ ചാക്കോ ഏലമ്മ ദമ്പതികളുടെ ആറു മക്കളിൽ നാലാമനായി മാത്യു ജനിച്ചു. മാത്യുവിന്റെ പ്രാഥമിക വിദ്യാഭ്യാസം മുട്ടുചിറ സെന്റ് ആഗ്നസ് എൽ.പി. സ്കൂളിലും മുട്ടുചിറ ഗവൺമെന്റ് യു.പി. സ്കൂളിലുമായിരുന്നു നിർവ്വഹിച്ചത്. ഹൈസ്കൂൾ വിദ്യാഭ്യാസം കടുത്തുരുത്തി സെന്റ് മൈക്കിൾസ് ഹൈസ്കൂളിലും. സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ അൾത്താര ബാലനായിരുന്ന മാത്യു മിഷ്യൻലീഗിന്റെ ഒരു സജീവ പ്രവർത്തകനായിരുന്നു. മതാദ്ധ്യാപകനായും കുറെ നാൾ പ്രവർത്തിക്കുകയുണ്ടായി.

21-ാമത്തെ വയസ്സിൽ ഭരണങ്ങാനത്ത് സെറാഫിക് മൈനർ സെമിനാരിയിൽ ചേർന്ന മാത്യു 1916 മേയ് 19 ന് ഫ്രാൻസിസ്കൻ കപ്പൂച്ചിൻ സഭയിൽ നിത്യവ്രതവാഗ്ദാനം നടത്തുകയും പീറ്റർ സെലസ്റ്റിൻ എന്ന പേരു സ്വീകരിക്കുകയും ചെയ്തു. 1966 ഒക്ടോബർ മാസം 3-ാം തീയതി കൊല്ലത്തു വച്ച് വൈദിക പട്ടം സ്വീകരിച്ചു. പിറ്റേന്ന് മുട്ടുചിറ ഫൊറോനാ പള്ളിയിൽ പ്രഥമ ദിവ്യബലിയർപ്പിച്ചു.

ഫാ.പീറ്റർ സെലസ്റ്റിൻ തന്റെ ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത് ആഗ്രാമിഷനിലാണ്. 1967 മുതൽ 1973 വരെ ആഗ്രാമിഷനിൽ സേവനം അനുഷ്ഠിച്ച അദ്ദേഹം ആ കാലയളവിൽ അലിഗർ മുസ്ളീം യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എ. (Hons) ബി.എഡ്. ബിരുദങ്ങൾ നേടി. 1974 – ൽ ആലുവയിൽ പ്രൊവിൻഷ്യൽ ഹൗസിൽ കപ്പൂച്ചിൻ മിഷൻ സെക്രട്ടറിയായി ജോലി നോക്കി. അതേവർഷംതന്നെ ഉപരിപഠനാർത്ഥം റോമിന് പോവുകയും റോമിലെ സുപ്രസിദ്ധമായ ഗ്രിഗോറിയൻ സർവ്വകലാശാലയിൽനിന്ന് 1978 – ൽ മിസ്സിയോളജിയിൽ ഡോക്ടറേറ്റ് നേടുകയും ചെയ്തു. Early Capuchin Missions in India (1632 – 1834) എന്ന വിഷയത്തിലാണ് ഡോക്ടറേറ്റിനുള്ള പ്രബന്ധം തയാറാക്കിയത്. പ്രസ്തുത ഗ്രന്ഥം 1982 –ൽ പ്രസിദ്ധം ചെയ്യുകയുണ്ടായി. ഇന്ത്യയിലെ പല സെമിനാരികളിലും വിസിറ്റിംഗ് പ്രൊഫസറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

1980 മുതൽ വടക്കേ ഇന്ത്യയിലെ ജമ്മുശ്രീനഗർ രൂപതയിൽ പ്രശസ്തമാംവിധം മിഷൻ പ്രവർത്തനങ്ങളിൽ അദ്ദേഹം ഏർപ്പെട്ടു. പാക്കിസ്ഥാൻ അതിർത്തിപ്രദേശങ്ങളിൽ സുവിശേഷം അറിയിക്കുന്നതിൽ ഫാ.പീറ്റർ സെലസ്റ്റീൻ വിജയം വരിച്ചു. അസ്സം മേഘാലയ മിഷനിൽ സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കവെയാണ് 1998 മേയ് 7-ാം തീയതി ഫാ. സെലസ്റ്റീനെ പ.പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ജമ്മു ശ്രീനഗർ രൂപതയുടെ മെത്രാനായി നിയമിക്കുന്നത്. മെത്രാഭിഷേക കർമ്മങ്ങൾ 1998 സെപ്റ്റംബർ 6-ാം തീയതി സെന്റ് മേരീസ് മൈതാനിയിൽ വച്ച് നട

www.malankaralibrary.com

ന്നു. പാലാരൂപതയിൽ നിന്നും മെത്രാൻ സ്ഥാനത്തേക്കുയർത്തപ്പെടുന്ന 21 -ാമത്തെയാളാണ് പീറ്റർ സെലസ്റ്റിൻ മെത്രാൻ. മിഷൻപ്രവർത്തനങ്ങളിൽ വ്യക്തമായ കാഴ്ചപ്പാടുകൾ ഉള്ള ഒരു ദൈവ ശാസ്ത്രജ്ഞനാണ് ഫാ.പീറ്റർ സെലസ്റ്റിൻ. ഉറച്ച വിശ്വാസവും ജീവിത ലാളിത്യവും വിശുദ്ധിയുമാണ് കപ്പൂച്ചിൻ മിഷനറിമാരുടെ ശക്തി കേന്ദ്രമെന്നും വലിയ സ്ഥാപനങ്ങളും ബാഹ്യപ്രവർത്തനങ്ങളുമല്ല വിജയത്തിന്റെ മാനദണ്ഡമെന്നും Early Capuchin Missions in India എന്ന ഗ്രന്ഥത്തിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടിട്ടുണ്ട്.

1998 ഫെബ്രുവരി 18 - ലെ ദീപനാളത്തിൽ റവ. ഡോ. പീറ്റർ സെലസ്റ്റിൻ എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ. "പ്രേഷിതത്വത്തിന് നമ്മുടെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായാണ് ഓരോ ഭാരതീയനും ഉത്തമമായ മാതൃകയായി വർത്തിക്കുന്നത്. അന്ന് അറിയപ്പെടുന്ന ലോകത്തിന്റെ അങ്ങേയറ്റമായിട്ടാണ് ഇന്ത്യയെ കണക്കാക്കിയിരുന്നത്. യാത്രാ സൗകര്യം തീരെയില്ല. എന്തെല്ലാം പ്രതികൂല സാഹചര്യങ്ങളാണ് തന്റെ പ്രേഷിത പ്രവർത്തനങ്ങൾക്ക് വെല്ലുവിളിയുയർത്തുവാൻ പോകുന്നതെന്നും അറിഞ്ഞുകൂടാ. ഈ സ്ഥിതി വിശേഷം സത്യവിശ്വാസം പ്രചരിപ്പിക്കുന്നതിൽ നിന്നു മാർത്തോമ്മാശ്ലീഹായെ തടഞ്ഞില്ല. ഭാരതത്തിലെത്തിയ തോമ്മാശ്ലീഹാ സുവിശേഷത്തിന്റെ വിത്തു വിതക്കുവാൻ വർണ്ണനാതീതമായ ക്ലേശങ്ങൾ സഹിച്ചു എന്നു നമുക്ക് അറിയാം. ആ ത്യാഗത്തിന്റെ ഫലമാണ് രണ്ടു സഹസ്രാബ്ദങ്ങളുടെ പാരമ്പര്യം പേറുന്ന മാർത്തോമ്മാനസ്രാണികളുടെ സഭാസമൂഹങ്ങൾ.

ഇന്ന് ഭാരതത്തിന്റെ അതിർത്തികളിൽ സുവിശേഷസന്ദേശവുമായി ചുറ്റി നടക്കുവാൻ അസ്മാദൃശരായ അനേകം പ്രേഷിതർക്കു പ്രേരണ നൽകുന്നത് തോമ്മാശ്ലീഹായുടെ മാതൃകയാണ്. 'ഞാൻ സുവിശേഷം പ്രസംഗിക്കാതിരുന്നാൽ എനിക്കു ദുരിതം' എന്നു ചിന്തിച്ചിരുന്ന വി. പൗലോസിന്റെ പ്രേഷിതതീഷ്ണത പേറുന്ന അനേകായിരങ്ങളാണ് ഇന്ന് ഭാരതത്തിന്റെ വളക്കൂറുള്ള പ്രേഷിതഭൂമിയിലുള്ളത്. ഇനിയും അനേകർ ഈ രംഗത്തേക്ക് കടന്നു വരേണ്ടിയിരിക്കുന്നു. മത പീഠനങ്ങൾ പ്രേഷിതരെ നിർവ്വീര്യമാക്കരുത്. പീഡനമില്ലാതെ സഭ വളരുകയില്ല എന്നാതാണ് സഭാ ചരിത്രം തന്നെ.

തേങ്ങ ഉണക്കി കൊപ്രയാക്കി അത് അരിഞ്ഞ് ആട്ടി വെളിച്ചെണ്ണ ഉൽപാദിപ്പിക്കുകയും ആ വെളിച്ചെണ്ണയിൽ തിരിയിട്ട് പ്രകാശനാളങ്ങൾ ഉദ്പാദിപ്പിക്കുകയും ചെയ്യുന്നതു നമുക്കു സുപരിചിതമാണല്ലോ. ഇതുപോലുള്ള ത്യാഗത്തിലൂടെയേ നമുക്കും ഈ ഭൂമിയിൽ എന്തെങ്കിലും നേടിയെടുക്കാനാവൂ, മിശിഹായ്ക്കു വേണ്ടിയും സഭയ്ക്കു വേണ്ടിയും സഹിക്കുവാൻ സന്നദ്ധതയില്ലാത്തവർക്ക് വിശ്വാസദീപത്തിന്റെ പൊൻ വെളിച്ചം പ്രസരിക്കാനാവില്ല.

ഭാരതത്തിന്റെ വടക്കേ അറ്റത്തുള്ള ജമ്മു-ശ്രീനഗർ രൂപതയിൽ പ്രേഷിതനാകുവാനുള്ള വിളിയാണ് പാലായിലെ മുട്ടുചിറ സ്വദേശിയായ എനിക്കുദൈവം നൽകിയത്. പ്രാതികൂല്യങ്ങൾ വളരെയേറെയുള്ള സാഹ

www.malankaralibrary.com


ചര്യങ്ങളാണ് അവിടെയുള്ളത്. കാലാവസ്ഥ തന്നെയും വളരെ തീവ്രമാണ്. ചൂടും തണുപ്പും സഹിക്കാവുന്നതിലേറെയാണ് ഉത്തരഭാരതത്തിൽ. കാലാവസ്ഥയുമായി താദാത്മ്യപ്പെടുക തന്നെ ദുഷ്കരം. ജമ്മുവിലാണെങ്കിൽ മഞ്ഞും ഉരുൾപൊട്ടലും സർവ്വസാധാരണം. മാത്രമല്ല ജനങ്ങളുടെ സംസ്കാരവും ആചാരരീതികളുമായി ഒത്തു പോവുകയെന്നതും വിഷമം പിടിച്ച കാര്യമാണ്. എന്റെ ഇപ്പോഴത്തെ പ്രവർത്തനമേഘലയായ ജമ്മു-ശ്രീനഗർ രൂപത നാലു വിശാല പ്രവിശ്യകളാണ്. ഇവിടെ ലഡാക്ക് മേഖല ബുദ്ധമതക്കാരുടെ സങ്കേതമാണ്. ശ്രീ നഗറിൽ മുഹമ്മദീയർക്കാണ് ഭൂരിപക്ഷം. പുഞ്ചു മേഘലയിൽ വാല്മീകി മതക്കാരും ആദിവാസികളും ദളിതരും കൂടുതലായി അധിവസിക്കുന്നു. അവിടെയും മുസ്ളീം സ്വാധീനം പ്രകടമാണ്. ജമ്മുവിൽ പൊതുവേ സിക്കുകാർക്കാണ് ആധിപത്യമെന്നു പറയാം. അവിടെ ക്രൈസ്തവരും ഹിന്ദുക്കളും മുസ്ലീമുകളും ധാരാളമായുണ്ടുതാനും.

ഇവിടെ രാജ്യത്തിന്റെ ഭരണകർത്താക്കൾ പൊതുവെ മതസൗഹാർദ്ദത്തിനായി നിലകൊള്ളുന്നു. വിവിധ മതസ്ഥർ തമ്മിലുള്ള വിവാഹവും അങ്ങനെയുള്ള സാംസ്കാരികസംയോജനവും സാധാരണമാണ്. വിദ്യാഭ്യാസമേഖല ക്രൈസ്തവരുടെ കരവിരുതാണെന്ന് ഏവർക്കും അറിയാം. ഇതരമതസ്ഥരും ഇപ്പോൾ കുറെയൊക്കെ ഈ മേഖലയിലേയ്ക്ക് കടന്നുവരാനാരംഭിച്ചിട്ടുണ്ട്.

പ്രേഷിതന്റെ ജീവിതം എപ്പോഴും അനിശ്ചിതത്വത്തിലാണ്. മതത്തോടുള്ള പിണക്കംകൊണ്ടും പണത്തിനുവേണ്ടിയുമൊക്കെ എപ്പോഴും പ്രേഷിതർ ആക്രമിക്കപ്പെടാവുന്ന സ്ഥിതിയാണുള്ളത്." ജമ്മുശ്രീനഗർ രൂപതാദ്ധ്യക്ഷന്റെ മേൽപറഞ്ഞ വാക്കുകളിൽ നിന്നും ആ രൂപതയിലെ മിഷൻ പ്രവർത്തനങ്ങളുടെ ഏകദേശചിത്രം നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

Address - Bishop Dr. Peter Celestine Elampasserry, Jammu Cantt, Jammu & Kashmir, 180003.

# 240



## ഫാ. മാത്യു വാൾട്ടർ മഠത്തുംമുറി

### സി.എം.ഐ.

ബുദ്ധിമാന്ദ്യമുള്ളവരുടെ ഒരു പ്രേഷിതനായി അറിയപ്പെടുന്ന ഫാ. മാത്യു വാൾട്ടർ സി.എം.ഐ. ചങ്ങനാശ്ശേരി അതിരുപതയിലെ താഴത്തുവടകര ലൂർദ്ദ്മാതാ ഇടവകയിൽ മഠത്തുംമുറിയിൽ കുടുംബത്തിൽ ദേവസ്യാ റോസമ്മ ദമ്പതികളുടെ പ്രഥമസന്താനമായി 1938 ജൂലൈ 22 ന് ജനിച്ചു.

www.malankaralibrary.com

മാതാവ് റോസമ്മ കോട്ടങ്ങൽ ഇടവകയിലെ കൊല്ലാറ കുടുംബത്തിലെ 10 മക്കളിൽ ഏറ്റം ഇളയവളായിരുന്നു. റോസമ്മക്കും 10 മക്കൾ ജനിച്ചു.

താഴത്തുവടകര ഗവൺമെന്റ് പ്രൈമറിസ്കൂൾ, കങ്ങഴതുമ്പോളി യു. പി.സ്കൂൾ, ചുങ്കപ്പാറ സെന്റ് ജോർജ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. 1955 മാർച്ചിൽ എസ്സ്.എസ്സ്.എൽ.സി. പാസ്സായ ഉടനെ മാന്നാനത്ത് സി.എം.ഐ. സെമിനാരിയിൽ ചേർന്ന് ലാറ്റിൻ, സുറിയാനി, ഇംഗ്ലീഷ് എന്നീ ഭാഷകൾ പഠിച്ചു. സന്യാസവൈദീകജീവിതത്തിന് അടിത്തറ പാകിയതും ഇക്കാലത്താണ്. തുടർന്ന് മുത്തോലി സി.എം.ഐ. മൈനർ സെമിനാരിയിൽ പഠിക്കുകയും പിന്നീട് ചെത്തിപ്പുഴ ആശ്രമത്തിൽ നോവീഷ്യേറ്റിൽ പ്രവേശിക്കുകയും ചെയ്തു. 1958 മേയ് 16 ന് ആദ്യസന്യാസവ്രത വാഗ്ദാനം നടത്തുകയും വാൾട്ടർ എന്നപേര് സ്വീകരിക്കുകയും ചെയ്തു.

1959 മുതൽ 1965 വരെ ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ ഫിലോസഫിയും തിയോളജിയും പഠിക്കുകയുണ്ടായി. മനഃശാസ്ത്രത്തിലും പ്രത്യേകിച്ച് കുട്ടികളുടെ മനഃശാസ്ത്രത്തിലും പാസ്റ്ററൽ തിയോളജിയിലും ഇക്കാലത്ത് കൂടുതൽ അഭിരുചി കാണിച്ചിരുന്നു. പിൽക്കാലത്ത് സാധാരണ കുട്ടികളുടെയും വികലാംഗരുടെയും ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെയും ഇടയിൽ സ്ഥിരോത്സാഹത്തോടും സമർപ്പണബോധത്തോടും കൂടി സേവനം അനുഷ്ഠിക്കുവാൻ സാധിച്ചത് ഈ അഭിരുചി കാരണമാണ്. 1964 ഡിസംബർ ഒന്നാംതീയതി ബോംബെയിലെ ദിവ്യകാരുണ്യ കോൺഗ്രസ് സമ്മേളനപന്തലിൽവച്ച് വൈദീകപട്ടം സ്വീകരിക്കുകയും ആറാംപോൾമാർപ്പാപ്പായിൽനിന്ന് പ്രത്യേകം ആശീർവാദം വാങ്ങുകയും ചെയ്തു. തുടർന്ന് 1965 മാർച്ചുവരെ ധർമ്മാരംകോളേജിൽ തുടർന്ന് പഠിക്കുകയും ഏപ്രിൽ മാസത്തിൽ നാട്ടിൽ തിരിച്ചെത്തുകയും ചെയ്തു. കേരളത്തിൽ തിരിച്ചെത്തിയ വാൾട്ടർ അച്ചൻ പുന്നപ്രകാർമ്മൽ പോളിടെക്നിക്കിൽ താമസിച്ച് അജപാലനശാസ്ത്രപഠനം നിർവഹിച്ചു.

1965 മുതൽ ചെത്തിപ്പുഴ ആശ്രമത്തിൽ ആയിരുന്നു നിയമനം. ആശ്രമദേവാലയത്തിന്റെ ചാർജ്ജും ഭക്തസംഘടനകളുടെ ഡയറക്ടർ എന്നീ ചുമതലകളും അദ്ദേഹം വഹിച്ചു. 1967 മുതൽ എട്ടരവർഷക്കാലം പൂഞ്ഞാർ ആശ്രമത്തിലെ പ്രൊക്യുറേറ്ററായും ആശ്രമദേവാലയ വികാരിയായും ഭക്തസംഘടനകളുടെ ഡയറക്ടർ ആയും പ്രവർത്തിച്ചു. അതേസമയം സാമൂഹ്യപ്രവർത്തനത്തിലും സജീവമായി ഏർപ്പെട്ടു. 1975 മുതൽ നാലുവർഷക്കാലം ചെത്തിപ്പുഴ ഇടവകയുടെ അസി. വികാരി ചങ്ങനാശ്ശേരിയിലെ ആശാഭവൻ എന്ന മന്ദബുദ്ധിപരിശീലന സ്ഥാപനത്തിന്റെ ജോ.ഡയറക്ടറായും സേവനമനുഷ്ഠിച്ചു. ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ സേവിക്കാൻ അവസരം ലഭിച്ചത് പുതിയ ഒരു സേവനമേഖല തുറക്കുന്നതിന് ഇടനൽകി. കറിക്കാട്ടൂർ, തുലാപ്പള്ളി, പൊൻകുന്നം, കണ്ണമ്പള്ളി, ചെമ്പനോലി എന്നീ ഇടവകകളിലും അജപാലനശുശ്രൂഷ ചെയ്തു. അക്കാലത്ത് നടത്തിയ ഇടവക

www.malankaralibrary.com

സന്ദർശനങ്ങളും മറ്റും ബുദ്ധിമാന്ദ്യമുള്ളവരെയും വികലാംഗരെയും മറ്റും കണ്ടുപിടിക്കാനുള്ള അവസരമായി. പൊൻകുന്നംപള്ളിയിൽ ജോലിചെയ്യുമ്പോഴാണ് ഒരു വാടകക്കെട്ടിടത്തിൽ വികാസകേന്ദ്രം എന്ന പേരിൽ മന്ദബുദ്ധിപരിശീലനകേന്ദ്രം അദ്ദേഹം ആരംഭിച്ചത്. കാഞ്ഞിരപ്പള്ളി രൂപതാവക ആശാനിലയം സ്പെഷ്യൽ സ്കൂളിന്റെ ഉപദേശകസമിതിയിലും ദീർഘനാൾ പ്രവർത്തിച്ചു. 1985 മാർച്ചുമാസത്തിൽ പുതുപ്പള്ളി പ്രൊവിൻഷ്യൽ ഹൗസിൽ മടങ്ങി എത്തിയ വാൾട്ടർ അച്ചൻ, താമസംവിനാ എറണാകുളം ആശാകേന്ദ്രം, തിരുവനന്തപുരം സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ വിവിധ മന്ദബുദ്ധി പരിശീലനകേന്ദ്രങ്ങൾ സന്ദർശിക്കുകയും ബുദ്ധിമാന്ദ്യത്തെക്കുറിച്ച് ഇൻഡ്യാക്കാരനും വിദേശീയരുമായിട്ടുള്ള പ്രഗത്ഭർ നേതൃത്വം നൽകിയ പല സെമിനാറുകളിലും ചർച്ചാക്ലാസ്സുകളിലും വർക്കുഷോപ്പുകളിലും ക്ലാസ്സുകളിലും പങ്കെടുത്ത് ഇതുസംബന്ധിച്ച് കൂടുതൽ പ്രാവീണ്യം നേടി.

1985 ജൂൺമുതൽ കോട്ടയത്ത് വികാസ് വിദ്യാലയത്തിന്റെ സ്ഥാപക ഡയറക്ടറായി ഫാ. വാൾട്ടർ സേവനം ആരംഭിച്ചു. കോട്ടയത്ത് ശാസ്ത്രി റോഡിലെ ദർശനാഓഡിറ്റോറിയത്തിന്റെ അടിനിലയിൽ ആരംഭിച്ച വികാസ് വിദ്യാലയം 1986 ൽ കൂടുതൽ ബഹുജനപങ്കാളിത്തത്തോടെ കോട്ടയത്ത് റെയിൽവേസ്റ്റേഷനുസമീപമുള്ള ലയൺസ് ക്ലബ്ബ് കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചു. സി.എം.ഐ. പ്രോവിൻസും കോട്ടയത്തെ ലയൺസ്ക്ലബ്ബും സംയുക്തമായി സ്പോൺസർ ചെയ്യുന്ന ഒരു സ്ഥാപനമായിട്ട് വികാസ് വിദ്യാലയത്തിന്റെ പ്രവർത്തനം മുന്നേറി. 1987 ൽ വികാസ് വിദ്യാലയത്തിന് വേറൊരു ശാഖയും കേന്ദ്രഓഫീസും മറ്റും കോട്ടയം ചെല്ലിയൊഴുക്കം റോഡിൽ സി.എം.ഐ. പ്രൊവിൻസിന്റെ പേരിൽ വാങ്ങിയ സ്ഥലത്ത് പ്രവർത്തനം ആരംഭിക്കാനും ഫാ. മാത്യു വാൾട്ടറിന് സാധിച്ചു. പ്രസ്തുത ഭവനത്തിലെ റസിഡണ്ട് ഡയറക്ടർ സ്ഥാനവുംകൂടി ഫാ. വാൾട്ടർ വഹിച്ചു. കൂടാതെ റോട്ടറിക്ലബ്ബ്, വൈ.എം.സി.എ., ലയൺസ് ക്ലബ്ബ് തുടങ്ങിയ പ്രസ്ഥാനങ്ങളുമായി സഹകരിച്ച് കോട്ടയം, ചങ്ങനാശ്ശേരി, കറുകച്ചാൽ, കാഞ്ഞിരപ്പള്ളി, പാലാ, വൈക്കം തുടങ്ങിയ സ്ഥലങ്ങളിൽ ബഹുമാനപ്പെട്ട ഫെലിക്സച്ചന്റെ ടീമിൽ സെമിനാറുകൾ തുടങ്ങുന്നതിനും ഫാ. വാൾട്ടർ സഹായിച്ചു. ചെല്ലിയൊഴുക്കംറോഡിലെ വികാസ് വിദ്യാലയത്തിന് പുതിയ ഹാൾ പണികഴിപ്പിച്ചതിന് നേതൃത്വം നൽകിയതും ഫാ. വാൾട്ടർ തന്നെ. വികാസ് വിദ്യാലയത്തിലെ പരിമിതമായ സൗകര്യത്തിൽ ക്യാമ്പു ചെയ്തുകൊണ്ട് അനേകസമയം മന്ദബുദ്ധികൾക്കും അവരുടെ രക്ഷിതാക്കൾക്കും സ്പെഷ്യൽസ്കൂളിലെ അദ്ധ്യാപകർക്കുംവേണ്ടി ത്യാഗപൂർണ്ണമായ സേവനമാണ് അദ്ദേഹം നടത്തിയത്. കേരളാസ്റ്റേറ്റ് സ്പെഷ്യൽസ്കൂൾ അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ ആയും പ്രവർത്തിക്കുന്ന വാൾട്ടറച്ചൻ 2003 ൽ രൂപീകരിച്ച വികാസ് വിദ്യാലയ ട്രസ്റ്റിന്റെ സ്ഥാപക ട്രസ്റ്റിയും ഡയറക്ടറുമായി നിയമിതനായി.

www.malankaralibrary.com

ബുദ്ധിമാന്ദ്യമുള്ള മുതിർന്നവരുടെയും അനാഥരായ ബുദ്ധിമാന്ദ്യമുള്ള ശിശുക്കളുടെയും തുടർപരിശീലനവും ആയുഷ്ക്കാല പുനരധിവാസവും ലക്ഷ്യമാക്കി 1994 ൽ കോട്ടയത്ത് രജിസ്റ്റർചെയ്ത കേരളമന്ദബുദ്ധി ക്ഷേമ സമിതിയുടെ സ്ഥാപകപ്രസിഡണ്ടാണ് വാൾട്ടറച്ചൻ. ഇന്നും ആ സ്ഥാനത്ത് അദ്ദേഹം തുടർന്നു പ്രവർത്തിക്കുന്നു. ഈ ക്ഷേമസമിതിയുടെ പ്രധാനപ്ര വർത്തനമായിട്ട് 1997 ൽ ആരംഭിച്ച "സംരക്ഷ"യുടെ സ്ഥാപക പ്രസിഡണ്ട് കൂടിയാണദ്ദേഹം. സംരക്ഷയുടെ പ്രസിഡണ്ട് എന്ന നിലയിൽ നിരവധി പദ്ധതികൾ അവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ് വാൾട്ടറച്ചൻ. കുടമാളൂർ, മൂലേടം എന്നീ സ്ഥലങ്ങളിൽ "സംരക്ഷ"ക്കുവേണ്ടി ഓരോ ഏക്കർ സ്ഥലം വാങ്ങുകയുമുണ്ടായി. മൂലേടം വസ്തുവിൽ കെട്ടിടം പണി യിക്കുവാനും 2002 ൽ സംരക്ഷയുടെ ഗൃഹപ്രവേശം നടത്തുവാനും സാധി ച്ചു. 1988-89-90 കാലഘട്ടങ്ങളിൽ കറുകച്ചാൽ വൈ.എം.സി.എ., കോട്ടയം റോട്ടറിക്ലബ്ബ്, പാലമ്പ്ര ആശുപത്രി എന്നീ പ്രസ്ഥാനങ്ങളുമായി സഹകരിച്ച് സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തു. മാനസിക രോഗി കളെ പുനരധിവസിപ്പിക്കുന്ന കെയർ ഇന്ത്യാ ഹോം ചുങ്കപ്പാറ എന്ന സ്ഥാപ നത്തിന്റെയും സ്ഥാപക പ്രസിഡണ്ടും കൂടിയാണദ്ദേഹം. ദീർഘനാൾ ആനു കാലിക പ്രസിദ്ധീകരണങ്ങളിൽ എഴുതികൊണ്ടിരുന്ന വാൾട്ടറച്ചൻ അനുദി നഡയറിക്കുറിപ്പുകൾ നാളാഗമം തുടങ്ങിയ ചരിത്രരേഖകൾ പോലെ എഴു തുവാനും ചരിത്ര ബോധത്തോടുകൂടി അവ സൂക്ഷിക്കാനും ശ്രദ്ധിക്കുന്നു. കേരളത്തിലെ പ്രമുഖ പത്രങ്ങളും മാസികകളും ഫാ. വാൾട്ടറിന്റെ പ്രവർത്ത നങ്ങളെ വിലയിരുത്തിക്കൊണ്ട് നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടു ണ്ട്. ബുദ്ധിമാന്ദ്യമുള്ള മനുഷ്യരുടെ സമുദ്ധാരണത്തിനുവേണ്ടി, ഒരു പ്രേഷി തനെപ്പോലെ മുപ്പതുവർഷക്കാലമായി സേവനം തുടർന്നുവരുന്ന ഫാ. വാൾട്ട റിന് നിരവധി അവാർഡുകളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്.

1995 ൽ കോട്ടയം കാത്തലിക് അസോസിയേഷൻ കേരള കത്തോ ലിക്കാ പ്രതിഭാ അവാർഡ് നൽകിയാദരിച്ചു. പ്രസ്തുത അവാർഡുദാന സമ്മേളനത്തിൽ വച്ച് ആർച്ച്ബിഷപ്പ് മാർ പവ്വത്തിൽ തിരുമേനി അദ്ദേഹത്തെ പൊന്നാടയണിയിച്ച് ആദരിക്കുകയുണ്ടായി. 1997 ൽ കേരള സ്പെഷ്യൽ സ്കൂൾ അസോസിയേഷൻ സമർപ്പിത സേവനത്തിനുള്ള അവാർഡ് നൽകി 2000 ൽ ലൂർദ്ദ് ഫൊറോനാദിനത്തിൽവച്ച് അസാധാരണസേവനത്തിനുള്ള ഒരു സ്മാരകം ഫാ. വാൾട്ടറിന് നൽകി, 2003 ൽ സ്പെഷ്യൽ സ്കൂൾ അസോ സിയേഷന്റെ ആഭിമുഖ്യത്തിൽ 25 വർഷത്തിലധികംകാലം ബുദ്ധിമാന്ദ്യസേ വനരംഗത്ത് പ്രവർത്തിച്ചതിനുള്ള സ്പെഷ്യൽ അവാർഡ് നൽകി. 2003 ജൂലൈ 5 ന് മദർ ചാരിറ്റബിൾ സംഘടന പൊന്നാടയും മംഗളപത്രവും നൽകി. ശബ്ദമില്ലാത്തവർക്കുവേണ്ടിയുള്ള സുദീർഘ, നിശബ്ദസേവന ത്തിന് പുരസ്കാരം എന്ന നിലയിൽ 2004 ഏപ്രിൽ 8 ന് കോട്ടയം നോർത്ത് റോട്ടറിക്ലബ്ബ് പൊന്നാട സമർപ്പിച്ചു. 2004 ൽ ചാവറ ജയന്തി പ്രമാണിച്ച്

www.malankaralibrary.com

കോട്ടയം സി.എം.ഐ. സെന്റ് ജോസഫ്സ് പ്രവിശ്യയിലെ സാമൂഹ്യപ്രവർത്തനവകുപ്പ് പൊന്നാടയണിയിച്ചും ക്യാഷ് അവാർഡും മംഗളപത്രവും സമർപ്പിച്ചും ആദരിക്കുകയുണ്ടായി.

സംരക്ഷകരുടെ സ്നേഹോപഹാരം എന്ന പേരിൽ 2003 ജൂലൈയിൽ സണ്ടേശാലോം ഫാ. വാൾട്ടറെപ്പറ്റി ഒരു ഫീച്ചർ പ്രസിദ്ധീകരിക്കുകയുണ്ടായി.

മഠത്തുംമുറി കുടുംബയോഗത്തിന്റെ സ്ഥാപകപ്രസിഡണ്ടുകൂടിയായ ഫാ. മാത്യു വാൾട്ടർ മഠത്തുംമുറി കുടുംബചരിത്ര ഗ്രന്ഥത്തിന്റെ കൺവീനർ കൂടിയായിരുന്നു. ബുദ്ധിമാന്ദ്യമുള്ളവരുടെ പ്രേഷിതൻ, സേവകൻ എന്നീ നിലകളിലെല്ലാം അറിയപ്പെടുന്ന ഫാ. വാൾട്ടർ ഒരു സമർപ്പിതജീവിതമാണ് നയിക്കുന്നത്. ആ മഹത്തായ സേവനം ദീർഘനാൾ തുടരുന്നതിന് ഇട നൽകട്ടെ.

വിലാസം - ഫാ. മാത്യു വാൾട്ടർ മഠത്തുംമുറി സി.എം.ഐ.സി.എം.ഐ. പ്രൊവിൻഷ്യൽഹൗസ്, കോട്ടയം - 1

# 241



# സി. ഡോക്ടർ റോസ് ആന്റണി

## ഐ.സി.എം.

"ധീരയായ വനിതയെ ആർക്ക് കണ്ടെത്താൻ കഴിയും" എന്ന വിശുദ്ധ ലിഖിത വാക്യത്തിനു പ്രത്യുത്തരമെന്നോണം ഭാരതത്തിന്റെ തെക്കുപടിഞ്ഞാറാൻ ശാന്തസുന്ദരകടൽതീരത്തു നിന്ന് (ആലപ്പുഴ) മലരണികാടുകൾ തിങ്ങിവിങ്ങി കാറ്റിലുലയും വടക്കുകിഴക്കൻ പർവ്വതപ്രാന്തങ്ങളിലേയ്ക്ക് (മേഘാലയാ) സംസ്ഥാനത്തേയ്ക്ക് വിദ്യാദാനദീപവുമായി പറന്നെത്തിയ സി. ഡോക്ടർ റോസ് ആന്റണി ഐ.സി.എം., ടൂറാ (മേഘാലയ) ഡോൺ ബോസ്ക്കോ റ്റീച്ചർ എഡ്യുക്കേഷൻ കോളേജിലെ പ്രിൻസിപ്പലാണ്.

ആലപ്പുഴ, കാട്ടൂർ തെക്കെ പാലയ്ക്കൽ ആന്റണി ചിന്നമ്മ ദമ്പതികളുടെ പുത്രിയായി 25-07-38-ൽ ഭൂജാതയായി, എറണാകുളം സെന്റ് ട്രീസാസിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ റോസ് ആന്റണി ആലപ്പുഴ സെന്റ് ജോസഫ്സ് കോളേജിൽ നിന്നും ബി.എസ്.സി. ബിരുദം നേടി. പാളാംകോട്ട സെന്റ് ഇഗ്നേഷ്യസ് ട്രെയ്നിംഗ് കോളേജിൽ നിന്നും ബി.എഡ്. ബിരുദം നേടിയ റോസ് 1961-ൽ തന്നെ അഗസ്തീനിയൽ സഭയിൽ (ഐ.സി.എം.) ചേർന്നു. 1976-ൽ സെന്റ് ഇഗ്നേഷ്യസ് കോളേജിൽ നിന്നുതന്നെ എം.എഡ്. ബിരുദം കരസ്ഥമാക്കി. 1978-ൽ മധുര കാമരാജ്

www.malankaralibrary.com

യൂണിവേഴ്സിറ്റിയിൽ നിന്നും ആംഗലഭാഷയിൽ എം.എ. ഡിഗ്രി സമ്പാദിച്ചു. 1986-ൽ അണ്ണമല യൂണിവേഴ്സിറ്റിയിൽ നിന്നും മനശ്ശാസ്ത്രത്തിൽ എം. എ. ബിരുദം നേടിയ സിസ്റ്റർ റോസ് 1992-ൽ സർദാർ പട്ടേൽ യൂണിവേഴ്സിറ്റിയിൽ നിന്ന് പി.എച്ച്.ഡി. ബിരുദവും സ്വന്തമാക്കി.


ഇതിനിടയിൽ 1964 മുതൽ 73 വരെ തമിഴ്നാട്ടിൽ മുളകുംമൂട്ട് ഹൈസ്കൂളിൽ അദ്ധ്യാപകയായും ഹെഡ്മിസ്ട്രസ്സായും സേവനം അനുഷ്ഠിച്ചു. 73 മുതൽ 82 വരെ പാളയംകോടു ഹൈസ്കൂളിൽ ഹെഡ്മിസ്ട്രസായി സേവനം ചെയ്തു. 1988 മുതൽ 99 വരെ സെന്റ് ഇഗ്നേഷ്യസ് കോളേജ് ഓഫ് എഡ്യുക്കേഷന്റെ പ്രിൻസിപ്പലായും, ഇപ്പോൾ മേഘാലയാ സംസ്ഥാനത്ത് ഡോൺബോസ്ക്കോ കോളേജ് ഓഫ് എഡ്യുക്കേഷനിലെ പ്രിൻസിപ്പലായും പ്രവർത്തിക്കുന്നു.

അദ്ധ്യാപനത്തിൽ ഉന്നതനിലവാരം പുലർത്തുക എന്നതിനു പുറമെ രാഷ്ട്രത്തിന്റെ ഭാവിനിർണ്ണയിക്കുന്ന പൗരന്മാരെ വാർത്തെടുക്കുന്ന ശില്പികളാണ് തങ്ങൾ എന്ന ബോദ്ധ്യവും അതിൽ നിന്നുദ്ഭൂതമാകുന്ന ഉത്തരവാദിത്വപൂർണ്ണമായ ജീവിതശൈലിയും അദ്ധ്യാപകരിൽ സൃഷ്ടിക്കുന്ന വിദ്യാഭ്യാസഭരണനയമാണ് അവർ സ്വീകരിച്ചിരിക്കുന്നത്. സമൂഹത്തോടു പ്രീതിബദ്ധതയുള്ള പല സംരംഭങ്ങളിലും അവരെ ഉത്സുകരാക്കുന്നതിന് താൻ തന്നെ നേതൃത്വം കൊടുത്തിരുന്ന പല സാമൂഹ്യവികസന പ്രവർത്തനങ്ങളിൽ അദ്ധ്യാപക വിദ്യാർത്ഥികളെ സഹകരിപ്പിച്ചിരുന്നു എന്നത് അവർക്കു ലഭിച്ചിട്ടുള്ള വിവിധപുരസ്ക്കാരങ്ങൾ തെളിയിക്കുന്നു. ഉത്തമ അദ്ധ്യാപിക അവാർഡ് (1981 - 82), സമുദായങ്ങൾ തമ്മിലുള്ള പരസ്പരധാരണ പ്രോത്സാഹിപ്പിക്കുന്ന വിദ്യാഭ്യാസ ഭരണ പുരസ്ക്കാരം Admistration for the promotion of Communal understanding (1993) റോട്ടറിക്ലബ്ബ് അവാർഡ്, 1994-ലെ റിപ്പബ്ലിക് ദിന അവാർഡ്, സമാധാനവും പരസ്പരധാരണയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള അവാർഡ് (Award for Promotion of Peace and Harmany) എന്നവയും ലഭിച്ചു. പ്രസിഡന്റ് കാർട്ടർ ആരംഭിച്ച "മനുഷ്യരാശിക്കു ഭവനം" (Habitat for Humanity) എന്ന സംരംഭത്തിലെ ഇന്ത്യൻ വിഭാഗത്തിന്റെ ഖജാൻജിയാണു സിസ്റ്റർ. ഇന്ത്യയിലുംവിദേശത്തും നടന്ന നിരവധി വിദ്യാഭ്യാസ കോൺഫറൻസുകളിൽ സജീവസാന്നിദ്ധ്യമായിരുന്നു സിസ്റ്ററിന്റേത്. 1999-ൽ വാൻകൂവറിൽ (കന്നഡാ) ഐ.എ.ആർ.ഇ.എഫ്. സമ്മേളനത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ചിട്ടുണ്ട്. ബൽജിയത്തുനടന്ന ICM Renewal Conference-ലും ഇന്ത്യയെ പ്രതിനിധീകരിച്ചു. നിരവധി മനുഷ്യാവകാശ (Human Rights) സംരക്ഷണ പ്രസ്ഥാനങ്ങളിൽ നേതൃസ്ഥാനമലങ്കരിച്ചിട്ടുണ്ട് സിസ്റ്റർ റോസ്.

Address - Rev.Dr. Sr. Rose Antony I.C.M. principal, Don Bosco Teachers Education College, Tura, West garro Hills, Meghalaya.

www.malankaralibrary.com

# 242



# മോൺ. മാത്യു എം. ചാലിൽ

തലശ്ശേരി അതിരൂപതയുടെ വികാരി ജനറാൾ, ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ സ്ഥാപക മാനേജർ, കാസർഗോഡിന്റെ മിഷനറി, വിദ്യാഭ്യാസ സാമൂഹ്യ പ്രവർത്തകൻ, പ്രമുഖനായ സംഘാടകൻ എന്നിങ്ങനെ വിവിധ നിലകളിൽ അറിയപ്പെടുന്നു മോൺ മാത്യു എം.ചാലിൽ. 1938 ഓഗസ്റ്റ് 28-ന് രാമപുരത്ത് ജനിച്ചു. മാതാപിതാക്കൾ മീനച്ചിൽ താലൂക്ക് വള്ളിച്ചിറ വില്ലേജ് ഇടനാട്കര (പാലാ രൂപതയിലെ ചിറ്റാർ ഇടവക) ചാലിൽ മാത്യു - ബ്രിജിറ്റ് ദമ്പതികൾ. 1945-ൽ കുടുംബം കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽപ്പെട്ട എരുവേശി ഗ്രാമത്തിൽ ചെമ്പേരിയിൽ താമസം തുടങ്ങി. പ്രാഥമിക വിദ്യാഭ്യാസം ചിറ്റാർ സ്കൂളിലും ഇടനാട് യു.പി. സ്കൂളിലും തുടർന്ന് രാമപുരം ഹൈസ്കൂളിലും നടത്തി.

1954-ൽ പുതിയതായി രൂപം കൊണ്ട തലശ്ശേരി രൂപതയ്ക്കുവേണ്ടി പ്രഥമ ബാച്ചിൽ ചേർന്ന് തൃശ്ശൂർ സെന്റ് മേരീസ് പെറ്റി സെമിനാരിയിൽ പഠനം ആരംഭിച്ചു. തുടർന്ന് ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ - കാർമ്മൽ ഗിരിയിൽ ഫിലോസഫിയും മംഗലപ്പുഴയിൽ തിയോളജിയും പഠിച്ച് 1963 മാർച്ച് 19-ന് വൈദികനായി അഭിഷിക്തനായി. ദൈവശാസ്ത്രത്തിൽ ബി.ഡി. ബിരുദവും സോഷ്യോളജിയിൽ എം.എ. ബിരുദവും നേടിയിട്ടുണ്ട്.

തലശ്ശേരി രൂപതയുടെ വടക്കൻ മേഖലയിൽ ചിറ്റാരിക്കൽ (തോമാപുരം) അസിസ്റ്റന്റായിട്ടാണ് പ്രഥമ നിയമനം. തോമാപുരം ഇടവകയുടെ കീഴിൽ അന്ന് കാസർഗോഡ്, കണ്ണൂർ ജില്ലകളിലായി ചെറുപുഴ, തിരുമേനി, കടുമേനി ബളാൽ, മാവുള്ളാൽ, മാലോം എന്നീ സ്റ്റേഷനുകൾ ഉണ്ടായിരുന്നു. അവിടെയൊക്കെ ഹ്രസ്വകാലത്തെ സേവനത്തിനുശേഷം ചിറ്റാരിക്കാലിന് വടക്കുള്ള ബളാൽ, മാവുള്ളാൽ പള്ളികളുടെ വികാരിയായി, ആ വർഷം തന്നെ നിയമിതനായി. ചിറ്റാരിക്കാലിന് വടക്ക് കാസർഗോഡ്, ഹോസ്ദുർഗ്ഗ് താലൂക്കുകളിൽ തലശ്ശേരി രൂപതയ്ക്കുവേണ്ടിയുള്ള ഒരേ ഒരു വൈദികൻ അന്ന്, ചാലിലച്ചൻ ആയിരുന്നു. ഒരു മിഷനറിയുടെ തീഷ്ണതയോടെ അദ്ദേഹം അവിടെ പ്രവർത്തന നിരതനായി. വെള്ളരിക്കുണ്ട്, മേരിപുരം (കരിവേടകം) കൊട്ടോടി, ഭീമനടി, എണ്ണപ്പാറ എന്നീ പള്ളികൾ സ്ഥാപിക്കുകയും മാലോം, കാഞ്ഞിരടുക്കം എന്നീ സ്റ്റേഷനുകൾ ഏറ്റെടുത്തു നടത്തുകയും ചെയ്തു. അവിടെയൊക്കെ നല്ല ഇടവക വികാരിയായി ദൈവജനത്തിന് ആദ്ധ്യാത്മിക ശുശ്രൂഷ നൽകിയതോടൊപ്പം വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്തു.

www.malankaralibrary.com

ഇന്ന് തലശ്ശേരി രൂപതയിലെ സുപ്രസിദ്ധ തീർത്ഥാടന കേന്ദ്രവും കുടിയേറ്റ മേഖലയിലെ മികച്ച ടൗണുമായ വെള്ളരിക്കുണ്ടിന്റെ വികസനത്തിനുവേണ്ടി അച്ചൻ ചെയ്ത സേവനങ്ങൾ നിസ്സീമങ്ങളാണ്. പള്ളി, പള്ളിമുറി, സ്കൂൾ, പോസ്റ്റോഫീസ്, കോൺവെന്റ് എന്നിവയൊക്കെ തുടങ്ങിയത് അച്ചനാണ്. ലിക്വിഡേഷനിലെത്തിയിരുന്ന ബിരിക്കുളം സഹകരണ സംഘത്തെ പുനർജീവിപ്പിച്ച് വെള്ളരിക്കുണ്ടിൽ സ്ഥാപിച്ചും ഇന്നത്തെ ക്രെഡിറ്റുയൂണിയന്റെ മോഡലിൽ പരസ്പരസഹായസംഘം - സേർവിംഗ് ആന്റ് സർവീസ് സൊസൈറ്റി - ആരംഭിച്ചും പാവപ്പെട്ടവരായ ജനങ്ങൾക്ക് സാമ്പത്തിക സഹായസൗകര്യങ്ങൾ ഒരുക്കി. പക്ഷേ വേണ്ടത്ര പ്രോത്സാഹനം പിൽക്കാലത്ത് ലഭിക്കാതെ വന്നപ്പോൾ രണ്ടാമതു പറഞ്ഞ പ്രസ്ഥാനം പ്രവർത്തനരഹിതമായിപ്പോയി. പള്ളിക്കുവേണ്ടി 68 ഏക്കർ സ്ഥലം സമ്പാദിച്ച് വെള്ളരിക്കുണ്ടിനെ രൂപതയിലെ ഏറ്റവും ഭൂസ്വത്തുള്ള ഇടവകയാക്കി. അവിടെ താമസിച്ചുകൊണ്ടാണ് മറ്റ് ആറേഴു സ്റ്റേഷനുകളിൽ ആഴ്ചയിലെ ഓരോ ദിവസവും മാറി മാറി പോയി ദിവ്യബലി അർപ്പിച്ച് ആത്മീയ ശുശ്രൂഷകൾ നല്കിയിരുന്നതും അവയെ ഇടവകയാക്കി വളർത്തിയതും. ദീർഘദൂരം ദുർഘടവും അപകടപൂർണ്ണവുമായ വഴികൾ താണ്ടിയും തോടും പുഴയും നീന്തിയും നടത്തിയ സാഹസിക സേവനങ്ങൾ ഇന്ന് അവിശ്വസനീയമായി തോന്നിയേക്കാം. വെള്ളരിക്കുണ്ടിൽനിന്ന് ബളാലിലും അവിടെനിന്ന് മാലോത്തും അല്ലെങ്കിൽ കരിവേടകത്തും 30-40 കിലോമീറ്റർ നടന്നെത്തി ഞായറാഴ്ചകളിൽ മൂന്നു കുർബാനകൾ അർപ്പിക്കുകയായിരുന്നു. ഈദൃശ യാത്രാക്ലേശങ്ങൾ ഇടവകകളിൽ ജനങ്ങളെ കൂട്ടി റോഡുകൾ നിർമ്മിക്കുന്നതിനും ബസ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പ്രേരകമായി. ഭീമനടിവഴി വെള്ളരിക്കുണ്ടിലേക്കുള്ള ബസ് സർവീസ് ആരംഭിക്കുന്നത് അച്ചന്റെ പരിശ്രമത്തിലാണ്.

1968 മുതൽ 5 വർഷം പാലാവയൽ വികാരിയായി സേവനമനുഷ്ഠിച്ചു. പുതിയതായി ലഭിച്ച ഹൈസ്കൂളിന് കെട്ടിടങ്ങൾ, പള്ളിക്ക് വരുമാനത്തിന് പീടിക കെട്ടിടം, ജനങ്ങളുടെ ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പാലാവയൽ ക്ഷീരവ്യവസായ സഹകരണസംഘം, പുളിങ്ങോം ഗവൺമെന്റ് റൂറൽ ഡിസ്പെൻസറി, പാലാവയൽ പബ്ലിക് ലൈബ്രറി, പുഴക്ക് കമ്പിപ്പാലം തുടങ്ങിയവയെല്ലാം അച്ചന്റെ അക്ഷീണയത്നത്തിന്റെ ഫലങ്ങളാണ്. പാലാവയലിലേക്ക് ചിറ്റാരിക്കലിൽനിന്നും പുളിങ്ങോത്തുനിന്നും റോഡുകൾ വീതികൂട്ടി ബസ് സർവ്വീസുകൾ ആരംഭിച്ചതും അച്ചന്റെ ശ്രമഫലമായിട്ടാണ്. തയ്യേനിയിൽ സ്ഥലംവാങ്ങി കെട്ടിടം പണിത് പുതിയ ഇടവക തുടങ്ങി. ആ സ്ഥലവും കെട്ടിടവുമാണ് പിന്നീട് തയ്യേനി ഗവൺമെന്റ് യു.പി.സ്കൂളിന് വിട്ടുകൊടുത്തത്.

1973-ൽ അവിഭക്ത തലശ്ശേരി രൂപതയുടെ കോർപ്പറേറ്റ് മാനേജരായി നിയമിതനായി. 17 നീണ്ട വർഷങ്ങൾ ആ തസ്തികയിൽ തുടർന്ന് വിദ്യാഭ്യാ

www.malankaralibrary.com

സരംഗത്ത് രൂപതയ്ക്ക് ഒത്തിരി നേട്ടങ്ങൾ കൈവരുത്തി. മലബാറിൽ വള രെയേറെ സ്കൂളുകൾ ഉണ്ടായതും അക്കാലത്താണ്. സ്കൂളുകളുടെ നില വാരം മെച്ചപ്പെടുത്താനും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും പ്രോത്സാ ഹിപ്പിക്കുവാനും നിരവധി പദ്ധതികൾ ആവിഷ്കരിച്ചു. പ്രത്യേക പരിശീലന പരിപാടികൾ, അവാർഡുകൾ, സ്കോളർഷിപ്പുകൾ, ലോണുകൾ, ട്രോഫി കൾ-വേദപാഠം, സന്മാർഗ്ഗപാഠം, കായിക കലാ സാഹിത്യ പാഠ്യവിഷയ സമ്മാ നങ്ങൾ തുടങ്ങിയവ. ലഹരിവിരുദ്ധ പ്രമേയങ്ങൾ സന്മാർഗ്ഗപാഠാവലിയിൽ ഉൾപ്പെടുത്തിയും പ്രസംഗ പരമ്പര സംഘടിപ്പിച്ചും മദ്യത്തിനും പുകവലി ക്കുമെതിരെ സ്കൂൾ വിദ്യാർത്ഥികളുടെ ബോധവൽക്കരണം, അച്ചൻ നട പ്പിലാക്കിയ ഒരു പരിഷ്കാരമായിരുന്നു. അദ്ധ്യാപകർക്കും മാനേജർമാർക്കും വായ്പാ സൗകര്യത്തിനുവേണ്ടി "തലശ്ശേരി രൂപത എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി" (ട്രെയിക്സ്) സ്ഥാപി ച്ചത് പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്. അത് ഇന്ന് വളരെ ഭംഗി യായി പ്രവർത്തിക്കുന്നു. മറ്റു സഹകരണസംഘങ്ങൾക്ക് ഒരു മാതൃകയും. തലശ്ശേരി കോർപ്പറേറ്റ് വിഭജിച്ച് മാനന്തവാടി, താമരശ്ശേരി കോർപ്പറേറ്റുകൾ രൂപീകരിച്ചത് അച്ചന്റെ കാലത്താണ്.

ഓൾ കേരളാ സ്കൂൾ മാനേജേഴ്സ് അസോസിയേഷന്റെ ട്രഷററായി ദീർഘകാലം പ്രവർത്തിച്ചിരുന്നു. ആലുവ, കോട്ടയം മേജർ സെമിനാരിക ളിൽ "സ്കൂൾ അഡ്മിനിസ്ട്രേഷൻ" എന്ന വിഷയത്തെപ്പറ്റി കുറേ വർഷ ങ്ങൾ വിസിറ്റിംഗ് പ്രൊഫസറായി ക്ലാസുകൾ എടുത്തിട്ടുണ്ട്.

1990 മുതൽ കാസർഗോഡ് - കണ്ണൂർ ജില്ലകളിലെ ടൗണുകൾ കേന്ദ്രീ കരിച്ചുള്ള അജപാലന ശുശ്രൂഷയിലായി സജീവശ്രദ്ധ. സീറോ മലബാർ സഭയ്ക്ക് അവിടെ പള്ളികളില്ലായിരുന്നു. കാസർഗോഡ് ടൗണിൽ ഒരു വാട കകെട്ടിടത്തിൽ താമസമാക്കിക്കൊണ്ട് കാസർഗോഡും പടന്നക്കാടും കാഞ്ഞ ങ്ങാടും കർണ്ണാടക അതിർത്തി ഗ്രാമമായ ദേലമ്പാടിയിലും സുറിയാനി കത്തോലിക്കരെ സംഘടിപ്പിക്കുകയും അവിടെ ഇടവകകൾ സ്ഥാപിക്കു കയും ചെയ്തു. 1992-ൽ കാഞ്ഞങ്ങാട്ട് ഫൊറോന ആയപ്പോൾ പടന്നക്കാട് താമസിച്ച് പയ്യന്നൂർ, പെരിയാ, ചായ്യോം ഇടവകകൾ ആരംഭിച്ചു. പടന്ന ക്കാട് ഒരു റീജിയണൽ പാസ്റ്ററൽ സെന്റർ സ്ഥാപിക്കുന്നതിനുള്ള പണി കൾ തുടങ്ങിയത് അച്ചനാണ്. കാസർഗോഡ് ജില്ലയുടെ കിഴക്കൻ മലയോ രപ്രദേശങ്ങളിലും പടിഞ്ഞാറൻ തീരപ്രദേശങ്ങളിലും സീറോമലബാർ ക്രൈസ്തവ കൂട്ടായ്മകൾക്കായി ത്യാഗപൂർണ്ണമായ സേവനം കാഴ്ചവച്ച ബ.ചാലിലച്ചൻ വിവിധ ക്രൈസ്തവ സഭകളുടെ കൂട്ടായ്മക്കുവേണ്ടി പ്രസ്തുത നഗരങ്ങളിൽ ക്രിസ്റ്റ്യൻ അസോസിയേഷനുകൾ രൂപീകരിക്കു കയും വിവിധ മതസ്ഥരുമായുള്ള മതസൗഹാർദ്ദത്തിനുവേണ്ടി നിരവധി മീറ്റിം ഗുകളിൽ പ്രസംഗിക്കുകയും കമ്മിറ്റികളിൽ പ്രവർത്തിക്കുകയും ഏറെ യത്നിക്കുകയും ചെയ്തിരുന്നു.

www.malankaralibrary.com

1997 ൽ തലശ്ശേരി രൂപതയുടെ വികാരിജനറലായി നിയമിതനായി. രൂപതയിലെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പ്രത്യേകിച്ചും ഉന്നതവിദ്യാഭ്യാസത്തിന്റെ കാര്യത്തിലാണ് അച്ചന്റെ ശ്രദ്ധ കൂടുതൽ പതിഞ്ഞത്. കോളേജുകളും പ്ലസ് ടു സ്കൂളുകളും, ഇംഗ്ലീഷ് മീഡിയം സ്കൂളുകളും, സി.ബി. എസ്.ഇ., ഐ.സി.എസ്.ഇ., പ്രൊഫഷണൽ സാങ്കേതിക സ്ഥാപനങ്ങളും ആരംഭിക്കുവാൻ ശക്തമായ പ്രേരണ നൽകി.


രൂപതാ ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനും തുടർന്ന് മലബാർ എഡ്യുക്കേഷണൽ സൊസൈറ്റി ഫോർ ഹ്യൂമൻ റിസോഴ്സസ് ഡവലപ്മെന്റ് (മെഷാർ) മാഹി, എന്ന സൊസൈറ്റിയും അതിന്റെ കീഴിൽ ഐറിഷ് (ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ഇൻ സോഷ്യൽ സയൻസസ് ആൻഡ് ഹ്യൂമാനിറ്റീസ്), മെഷാർ കമ്മ്യൂണിറ്റി കോളേജ് എന്നിവ ആരംഭിക്കുന്നതിന് ശക്തമായ നേതൃത്വവും സഹകരണവും നൽകി. നിർമ്മലഗിരി കോളേജിന്റെ അഡ്വൈസറി ബോർഡ് അംഗം, മാനേജർ എന്നീ തസ്തികകളിൽ അതിന്റെ വളർച്ചക്ക് മികച്ച സംഭാവനകൾ നൽകി. മെഷാർ ഡയസിസൺ എഡ്യൂക്കേഷണൽ ട്രസ്റ്റ് രൂപീകരിച്ച് അതിന്റെ ആഭിമുഖ്യത്തിൽ ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിച്ചത് അദ്ദേഹത്തിന്റെ വലിയ നേട്ടമാണ്. ഇന്ന് അത് മലബാറിലെ ഏക ക്രൈസ്തവ മാനേജ്മെന്റ് എഞ്ചിനീയറിംഗ് കോളേജും കേരളത്തിലെ പ്രമുഖ എഞ്ചിനീയറിംഗ് കോളേജുകളിലൊന്നുമാണ്. മലബാറിൽ പ്രത്യേകിച്ച് കുടിയേറ്റ മേഖലയിലെ സാങ്കേതിക വിദ്യാഭ്യാസത്തിന് ഒരു പുതിയ ഉണർവും കുതിപ്പും നൽകുവാൻ ഈ കോളേജ് സഹായകമായിട്ടുണ്ട്.

ഇനിയും സഫലീകരിക്കേണ്ട ഒത്തിരി സ്വപ്നങ്ങൾ ബാക്കി നിൽക്കുന്നു. ദീപികയുടെ ഡയറക്ടർ ബോർഡ് അംഗമായും കാർഷിക സംഘടനയായ ഇൻഫാമിന്റെ പ്രാരംഭ പ്രവർത്തകരിലൊരാളായും മോൺ.ചാലിൽ ശക്തമായി പ്രവർത്തിച്ചിട്ടുണ്ട്. ഇന്നും ആദ്ധ്യാത്മിക രംഗത്തും വിദ്യാഭ്യാസമണ്ഡലത്തിലുമുള്ള തന്റെ സേവനങ്ങൾ വിശ്രമരഹിതമായി തുടർന്നുകൊണ്ടേയിരിക്കുന്നു.

വിലാസം - മോൺ.മാത്യു. എം. ചാലിൽ
വികാർ ജനറാൾ
ആർച്ച് ബിഷപ്പ് ഹൗസ്
തലശ്ശേരി.

www.malankaralibrary.com

# 243



## ഫാ. എസ്സ്. വെങ്ങാലൂർ സി. എം. ഐ

നേതൃകലയുടെ ആധുനിക സാങ്കേതിക വശങ്ങളെപ്പറ്റി പഠിക്കുകയും അതിന്റെയടിസ്ഥാനത്തിൽ യുവജന പരിശീലനത്തിന് നേതൃത്വം നൽകുകയും നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്ത ഫാ. എസ്സ്. വെങ്ങാലൂർ പാലാ രൂപതയിൽപ്പെട്ട കരിമ്പാനി ഇടവകയിൽ വെങ്ങാലൂർ തോമസ്- മറിയാമ്മ ദമ്പതികളുടെ എട്ടു മക്കളിൽ ഏഴാമനായി 1938 സെപ്റ്റംബർ 11 ന് ജനിച്ചു, സെബാസ്റ്റ്യൻ എന്നാണ് പേര്. സ്കൂൾ കോളേജ് വിദ്യഭ്യാസാനന്തരം 1956-ൽ സി. എം. ഐ സഭയിൽ ചേർന്ന് മാന്നാനം, മുത്തലി, ചെത്തിപ്പുഴ, ധർമ്മാരം സെമിനാരികളിൽ ഭാഷാ, തത്ത്വശാസ്ത്ര, ദൈവ ശാസ്ത്ര പഠനങ്ങൾ നടത്തി 1969 ഏപ്രിൽ 20-ന് മാർ വയലിൽ പിതാവിന്റെ കൈവെപ്പു ശുശ്രൂഷ വഴി പുരോഹിത പദവിയിലേക്കുയർത്തപ്പെട്ടു. തേവര, ദേവഗിരി, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജുകളിൽ പഠിച്ച് സാഹിത്യത്തിലും, റോമിലെ സെന്റ് തോമസ് യൂണിവേഴ്സിറ്റിയിൽ നിന്ന് പത്ര പ്രവർത്തനത്തിലും ഉന്നത ബിരുദങ്ങൾ സമ്പാദിച്ചു.

1973- മുതൽ നാലു വർഷക്കാലം കെ. സി. എസ്. എൽ സംഘടനയുടെ സംസ്ഥാന ഡയറക്ടറായി സേവനം ചെയ്തു. നൂതനങ്ങളും ആകർഷകങ്ങളുമായ പരിപാടികളോടെ സംസ്ഥാനാടിസ്ഥാനത്തിൽ അനേകം നേതൃത്വ പരിശീലന ക്യാമ്പുകളും, രൂപത ക്യാമ്പുകളും നടത്തി അനേകം യുവാക്കൾക്ക് പരിശീലനം നൽകി.

വിദേശ പഠനവും പര്യടനവും കഴിഞ്ഞ് തിരിച്ചെത്തി 1980- മുതൽ പന്ത്രണ്ട് വർഷത്തോളം ദീപികാ ബാലസഖ്യത്തിന്റെ കൊച്ചേട്ടനായും, കുട്ടികളുടെ ദീപികയുടെ ചീഫ് എഡിറ്ററായും പ്രവർത്തിച്ചു. കേരളത്തിലെ മിക്ക സ്കൂളുകളും സന്ദർശിച്ച് ബാലസഖ്യത്തിന്റെ ശാഖകൾ സ്ഥാപിച്ചു, മേഖലാ തലത്തിലും സംസ്ഥാന തലത്തിലും കലോത്സവങ്ങൾ സംഘടിപ്പിച്ച് അനേകം കുട്ടികൾക്ക് കലാപരമായ പ്രോത്സാഹനങ്ങൾ നൽകി. നേതൃത്വകലയുടെ ആധുനിക സാങ്കേതിക മാർഗ്ഗങ്ങളെപ്പറ്റി പഠനം നടത്തുകയും പല ഗ്രന്ഥങ്ങൾ രചിക്കുകയും അവയുടെ അടിസ്ഥാനത്തിൽ യുവജന ക്യാമ്പുകൾ നടത്തി ആദർശ നിഷ്ഠരും ജീവിത മൂല്യ സംരക്ഷകരുമായ അനേകം യുവാക്കളെ പരിശീലിപ്പിക്കുവാൻ നേതൃത്വം നൽകുകയും ചെയ്തു. മുത്തോലി, പൂഞ്ഞാർ ആശ്രമങ്ങളുടെ പ്രിയോരായിരുന്ന കാലഘട്ടത്തിൽ വിദ്യഭ്യാസ സ്ഥാപനങ്ങളുടെ ഉയർച്ചയ്ക്കു വേണ്ടി ശ്രമിക്കുകയും ശ്രദ്ധിക്കുകയും ചെയ്തു.

www.malankaralibrary.com

ബാംഗ്ലൂരിലെ ധർമ്മാരം കോളേജിൽ പഠിച്ച അമ്പതോളം വൈദികരുടെ പരിശീലനത്തിനു നേതൃത്വം നൽകിയ ശേഷം ഇപ്പോൾ കപ്പാട് സി.എം. ഐ ആശ്രമത്തിൽ താമസിച്ച് നവ സന്യാസികളുടെ പരിശീലനത്തിൽ സഹായിക്കുകയും സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു.

ദീപിക പത്രാധിപ സമിതിയംഗമായും കർമ്മെല കുസുമം അസി. എഡിറ്ററായും സേവനം അനുഷ്ഠിച്ചിട്ടുള്ള ഇദ്ദേഹം ഹൈസ്കൂൾ പഠന കാലം മുതൽ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി തുടങ്ങി. രണ്ടു വ്യാഴ വട്ടക്കാലം മുമ്പ് കേരളത്തിലെ മിക്ക മാസികകളിലും സ്ഥിരമായി ലേഖനങ്ങൾ എഴുതിപ്പോന്നിരുന്നു. സാഹിത്യം, നേതൃത്വ കല, ശാസ്ത്രം, മതം, അദ്ധ്യാത്മികത തുടങ്ങിയ വിഷയങ്ങളെപ്പറ്റി അറുപതോളം ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ധ്യാന പ്രസംഗകൻ, സംഘാടകൻ തുടങ്ങിയ നിലകളിലും സേവനം അനുഷ്ഠിച്ചു കൊണ്ടിരിക്കുന്നു.

ഡോ. എസ്സ്. വെങ്ങാലൂർ രചിച്ച ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ്. ദൈവത്തിന്റെ കാല്പാടുകൾ, വിശ്വ മഹിള, യേശുവിന്റെ തിസീസ്, വെള്ളി നക്ഷത്രങ്ങൾ, സുവിശേഷത്തിലെ വി. യൗസേപ്പ്, വി. അന്തോനീസ്, സന്യാസ സിദ്ധി, സന്യാസ യജ്ഞം, സന്യാസ സമർപ്പണം, കൈവിളക്കുകൾ, പ. കു. തിരുനാളുകൾ, മനുഷ്യനിലെ സ്വർഗ്ഗം, സന്യാസ ധന്യത, ക്രൈസ്തവ അദ്ധ്യാത്മികത, ജീവിത പഠനങ്ങൾ, തേൻ വാണിയായ സഭാപിതാവ്, ബൈബിളിലെ വൈരുദ്ധ്യങ്ങൾ, ജീവിത യാത്രകൾ, മാതാവിന്റെ തിരുനാളുകൾ, ഉദ്ധരണി നിഘണ്ടു, ദൈവത്തിന്റെ പെൻസിൽ, സന്യാസ സ്വർഗ്ഗം, അനുദിന പ്രാർത്ഥനകൾ, ജീവിത ദീപങ്ങൾ, മര്യാദയുടെ വഴികൾ, നിങ്ങൾക്കും നേതാവാകാം, മഹാൻമാരും മനുഷ്യരാണ്, ആദർശകഥകൾ, നിങ്ങൾക്കും പ്രസംഗകരാകാം, ഗീതയും ക്രൈസ്തവ സമീപനവും, കൊച്ചേട്ടന്റെ കത്തുകൾ, മഹാന്മാരുടെ കാല്പാടുകൾ, ഗുണപാഠകഥകൾ, നാം ധനവാൻമാർ, എങ്ങനെ പഠിച്ച് ജയിക്കും, ജീവിത മര്യാദകൾ, പ്രസംഗമാല, ക്വിസ്- സ്കോളർഷിപ്പ്, പത്ര പ്രവർത്തനം, സ്വർഗ്ഗറാണി, സൗഭാഗ്യപുരുഷൻ, എങ്ങനെ സുഹൃത്തുക്കളെ സമ്പാദിക്കും, കുട്ടികളും നേതൃത്വവും, സ്വർഗ്ഗസ്ഥനായ പിതാവ്, മരിയൻ ബൈബിൾ ശുശ്രൂഷ, ക്രിസ്തു വിപ്ലവ നേതാവ്, പുഷ്പമാല, സഭയും സ്ത്രീകളും, സ്നേഹം ബൈബിളിൽ, ജനങ്ങളും നേതൃത്വവും, വിദ്യാർത്ഥി പ്രശ്നങ്ങൾ, യുവജന ദീപം, ബൈബിളിലൂടെ ജീവിതത്തിലേയ്ക്ക്, സഭയും വിദ്യാർത്ഥികളും, പ്രസംഗ കല, കലയുടെ അണിയറ, വേളാങ്കണ്ണി മാതാവ്.

എഴുത്തിലും വായനയിലും ശ്രദ്ധ ചെലുത്തുന്ന എസ്സ്. വെങ്ങാലൂർ ദൈവത്തിന്റെ കാല്പാടുകൾ, എന്ന ഗ്രന്ഥത്തിന്റെ മുഖവരയിൽ ഇപ്രകാരം എഴുതുയിരിക്കുന്നു. "ലോകമെന്നത് വലിയൊരു സാഹിത്യ മേഖലയാണ്. വിവിധ ഭാഷകളിലും വ്യത്യസ്ത കാലഘട്ടങ്ങളിലുമായി എഴുതിയിട്ടുള്ള


www.malankaralibrary.com

കൃതികളിലെ രത്ന സമാനമായ ആശയങ്ങളിൽ ചിലതാണ് ഇതിനുള്ളിൽ ചേർത്തിരിക്കുന്നത്. ജീവിതവും ആകർഷകവും സന്തോഷ പ്രദവും സർവ്വോപരി സർവ്വജന പ്രദവുമാകണം. ജീവിക്കുന്നതിന്റെ സുഖവും സംതൃപ്തിയും ഓരോരുത്തർക്കും ഉണ്ടാകണം. നല്ല ചിന്തകളും ആശയങ്ങളും ഉള്ളിലിട്ട് നടക്കുന്നവർ സ്വാഭാവികമായും നന്മ പ്രവർത്തിക്കുന്നു. തിളക്കമാർന്ന മാനവ ജീവിതത്തിന്റെ ഉടമസ്ഥരെ നമുക്കിതിൽ കാണാം. വെള്ളം ചേർക്കാത്ത ആദർശങ്ങളുടെ കൊടിയും പിടിച്ച് നടന്നവരുണ്ട്. അങ്ങനെയുള്ളവരാണ് ഈ ഗ്രന്ഥത്തിന്റെ ഓരോ ഭാഗങ്ങളിലായി പ്രത്യക്ഷപ്പെടുന്നത്. ജീവിക്കുന്നതിന്റെ സുഖവും സംതൃപ്തിയും ഓരോരുത്തർക്കും ഉണ്ടാവുക, നല്ല നേതൃത്വം വളർന്ന് വരുക തുടങ്ങിയ മഹനീയ ലക്ഷ്യങ്ങളോടെ ഗ്രന്ഥ രചന നടത്തുന്ന ഗ്രന്ഥ കാരനാണ് വെങ്ങല്ലൂരച്ചൻ."

വിലാസം - എസ്സ്. വെങ്ങാലൂർ, സി. എം. ഐ ദർശനാ ഭവൻ, കപ്പാട്,, കാഞ്ഞിര പള്ളി.

# 244

# ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം



വടക്കേ മലബാറിലെ കുടിയേറ്റക്കാരായ സുറിയാനി കത്തോലിക്കർക്കു വേണ്ടി 1953 ഡിസംബർ 31-ന് സ്ഥാപിതമായ തലശ്ശേരി രൂപതയുടെ ദ്വിതീയ ഇടയനാണ് മാർ ജോർജ് വലിയമറ്റം. മലബാറിന്റെ മോസസ് എന്നറിയപ്പെടുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിയുടെ പിൻഗാമിയായി 1989-ലാണ് അദ്ദേഹം രൂപതാദ്ധ്യക്ഷനായി സ്ഥാനമേറ്റത്. തലശ്ശേരി ഒരു അതിരൂപതയായി ഉയർത്തപ്പെട്ടപ്പോൾ ആദ്യത്തെ മെത്രാപ്പോലീത്തയായി നിയമിതനായതും അഭിവന്ദ്യ വലിയമറ്റം പിതാവാണ്. മലബാറിന്റെ സവിശേഷമായ രാഷ്ട്രീയ- സാമൂഹ്യ- സാംസ്കാരിക സാഹചര്യത്തിൽ അസാധാരണമായ നേതൃത്വ പാടവവും നയതന്ത്രനൈപുണ്യവും കൊണ്ട് കുറഞ്ഞ കാലത്തിനുള്ളിൽ ശ്രദ്ധേയനായി തീർന്ന സഭാ നേതാവാണ് മാർ ജോർജ് വലിയമറ്റം.

കുടിയേറ്റക്കാരുടെ പിതാവിന്റെ പീഠത്തിലേക്ക് വിളിയ്ക്കപ്പെട്ട മാർ ജോർജ് വലിയമറ്റം ചങ്ങനാശ്ശേരി അതിരൂപതയിലെ പുന്നത്തറ ഇടവകയിൽ 1938 സെപ്റ്റംബർ 16-ന് വലിയമറ്റം തോമസ്- അന്നമ്മ ദമ്പതിമാരുടെ മൂത്ത പുത്രനായി ജനിച്ചു. നരിവേലി, പുന്നത്തറ എന്നിവിടങ്ങളിൽ പ്രാഥ

www.malankaralibrary.com

മിക വിദ്യഭ്യാസം നേടി. തുടർന്ന് തലശ്ശേരി രൂപതയ്ക്ക് വേണ്ടി തൃശ്ശൂർ തോപ്പ് പെറ്റി സെമിനാരിയിൽ ചേർന്ന് 1955-ൽ വൈദിക പഠനം ആരംഭിച്ചു. ഇതിനിടയിൽ വലിയ മറ്റം കുടുംബം തിരുവതാംകൂറിൽ നിന്ന് മലബാറി ലേക്ക് കുടിയേറിയിരുന്നു. 1954-ൽ അവർ ഇപ്പോൾ താമരശ്ശേരി രൂപതയിൽ ഉൾപ്പെടുന്ന കോടഞ്ചേരി ഇടവകയിൽ സ്ഥിരതാമസം തുടങ്ങി. തത്ത്വ ശാസ്ത്ര പഠനത്തിനായി ബ്രദർ ജോർജ് ആലുവാ കാർമ്മൽഗിരി സെമി നാരിയിൽ ചേർന്നു. തുടർന്ന് ദൈവശാസ്ത്ര പഠനത്തിനായി റോമിലെ പ്രൊപ്പഗാന്ത യൂണിവേഴ്സിറ്റിയിലെത്തി. മലബാർ കോളേജിൽ താമസിച്ചു കൊണ്ടായിരുന്നു പ്രൊപ്പഗാന്തയിലെ പഠനം. അവിടെ നിന്നും ദൈവശാ സ്ത്രത്തിൽ ലൈസൻഷ്യേറ്റ് നേടി. 1963 നവംബർ 30-ന് റോമിൽ വെച്ച് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിയിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് ഗ്രിഗോറിയൻ .യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം നേടി. "മെത്രാൻ പദവിയുടെ ദൈവശാസ്ത്രം കൽദായ റീത്തിൽ എന്നതായിരുന്നു ഗവേഷണ വിഷയം.

1967-ൽ റോമിൽ നിന്നും തിരിച്ചെത്തിയ അദ്ദേഹം കോടഞ്ചേരി ഇടവ കയുടെ അസിസ്റ്റന്റ് വികാരിയായി നിയമിതനായി. ഒരു വർഷത്തിനു ശേഷം തലഞ്ഞിപ്പള്ളി വികാരിയായി നിയമിതനായി. തുടർന്ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിയുടെ സെക്രട്ടറി, രൂപതാ ചാൻസലർ, മതബോധന മിഷൻലീഗ് ഡയറക്ടർ, മൈനർ സെമിനാരി റെക്ടർ എന്നീ നിലകളിൽ അദ്ദേഹം സേവ നമനുഷ്ഠിച്ചു. അസാമാന്യ അർപ്പണബോധവും സേവനസന്നദ്ധതയും നവംനവങ്ങളായ പദ്ധതികളാവിഷ്ക്കരിക്കാനുള്ള കർമ്മകുശലതയും ഇട പെട്ട മേഖലകളിലെല്ലാം വിജയം കൊയ്യാൻ അദ്ദേഹത്തെ സഹായിച്ചു. വലി യമറ്റം പിതാവ് കൈകാര്യം ചെയ്യാത്ത ഡിപ്പാർട്ടുമെന്റുകൾ രൂപതയിൽ ഇല്ലെന്നു പറയാം. ചാൻസിലർ ആയിരിക്കുമ്പോൾതന്നെ സോഷ്യൽ സർവ്വീസ് വിഭാഗവും വിവാഹ കോടതിയും അദ്ദേഹം നിയന്ത്രിച്ചിരുന്നു. മാധ്യമ വിഭാഗവും കുടുംബ നവീകരണവും മതബോധനത്തോടൊപ്പം അദ്ദേഹം കൈകാര്യം ചെയ്തിരുന്നു.

തലശ്ശേരി അതിരൂപതയിലെ സുസംഘിടിതമായ മതബോധന പ്രസ്ഥാ നത്തിന്റെ ശില്പി ബ. ജോർജച്ചനാണ്. ഇന്നത്തെ തലശ്ശേരി, മാനന്തവാടി, ബൽത്തങ്ങാടി രൂപതകളും പാലക്കാട്ടു രൂപതയുടെ ഒരു ഭാഗവും ചേർന്ന അതിവിശാലമായ രൂപതയായിരുന്നു അന്നത്തെ തലശ്ശേരി. കാര്യമായ റോഡു സൗകര്യങ്ങളും വാഹനസൗകര്യങ്ങളുമില്ലാതിരുന്ന കാലത്ത് വളരെ സാഹസികമായി വിശാലമായ രൂപതയിലെ എല്ലാ ഇടവകളിലും ചെന്ന് മത ബോധന പ്രവർത്തനങ്ങൾ ക്രമീകരിച്ചു. മതബോധനത്തോടൊപ്പം മിഷൻ ലീഗ് പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനും അദ്ദേഹം പരിശ്രമിച്ചിരുന്നു. മതാദ്ധ്യാപക പരിശിലനത്തിനു വേണ്ടി ചതുർദിന സെമിനാറുകൾ, എകദി നസെമിനാറുകൾ മുതലായവയും ഇടവക നവീകരണസെമിനാറുകളും

www.malankaralibrary.com

അദ്ദേഹം സംഘടിപ്പിച്ചു. ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങൾ വിരളമായിരുന്ന അക്കാലത്ത് ഒരു പ്രൊജക്ടറും ജനറേറ്ററും ക്രൈസ്തവസന്ദേശങ്ങളും ഉൾക്കൊള്ളുന്ന ഏതാനം ചിത്രങ്ങളും ഒരു വണ്ടിയും സംഘടിപ്പിച്ച് ഗ്രാമാന്തരങ്ങളിൽ അദ്ദേഹം സഞ്ചരിച്ചു. ഡ്രൈവറും ഫിലിം ഓപ്പറേറ്ററുമെല്ലാം അദ്ദേഹം തന്നെയായിരുന്നു.

അക്കാലത്ത് മതബോധനകേന്ദ്രം ബിഷപ്പ്ഹൗസിലെ ഒരു കൊച്ചു മുറിയിലാണ് പ്രവർത്തിച്ചിരുന്നത്. വേണ്ടത്ര സൗകര്യങ്ങളോടുകൂടിയ ഒരു ഓഫീസും ട്രയിനിംങ് സെന്ററും ഉണ്ടാകേണ്ടതാവശ്യമാണെന്ന് ബോധ്യമായതിനെ തുടർന്ന് ബ. ജോർജച്ചൻ 1977 ൽ അതിനുള്ള ശ്രമം തുടങ്ങി. ഇന്ന് തലശ്ശേരി അതിരൂപതയുടെ മതബോധന - അജപാലന പ്രർത്തനങ്ങളുടെ സിരാകേന്ദ്രമായി പ്രവർത്തിക്കുന്ന സന്ദേശഭവൻ അദ്ദഹത്തിന്റെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമാണ്.

1983- ൽ മൈനർ സെമിനാരി റെക്ടറും വൊക്കേഷൻ ഡയറക്ടറുമായി നിയമിതനായ അദ്ദേഹം ജീവിത വിശുദ്ധിയും ആദർശ നിഷ്ഠയുമുള്ള റെക്ടറച്ചൻ എന്ന നിലയിൽ ഏവർക്കും പ്രിയങ്കരനായിരുന്നു. വൈദിക-സന്യസ്ത ദൈവവിളികളുടെ കാര്യത്തിൽ പ്രഥമ സ്ഥാനത്തേകയ്ക്കുയരാൻ തലശ്ശേരി രുപതയ്ക്ക് സാധിച്ചത് അദ്ദേഹത്തിന്റെ ദീർഘ വീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ വഴിയാണ്. വ്യത്യസ്ത മേഖലകളിലെ പരിചയ സമ്പത്ത് രുപതാദ്ധ്യക്ഷനെന്ന നിലയിൽ പ്രശോഭിക്കുവാൻ അദ്ദേഹത്തെ വളരെയധികം സഹായിച്ചിട്ടുണ്ട്.

1986 ൽ താമരശ്ശേരി രൂപത സ്ഥാപിതമായപ്പോൾ ബ.ജോർജച്ചൻ തന്റെ പ്രവർത്തനരംഗം അവിടെയാകട്ടെ എന്ന് തീരുമാനിച്ചു. പുതിയ രൂപതയുടെ ഭരണസാരഥ്യം കൈയേറ്റ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവ് തന്റെ പ്രേഷ്ഠശിഷ്യൻ കൂടിയായ ബ. ജോർജ്ജച്ചനെ ആദ്യം രൂപതാ ചാൻസലറും സെക്രട്ടറിയുമായി നിയമിച്ചു. താമസിയാതെതന്നെ താമശ്ശേരി രൂപതയുടെ പ്രഥമ മതബോധന ഡയറക്ടറായും അദ്ദേഹം നിയമിക്കപ്പെട്ടു. ബാലാരിഷ്ടതകളുള്ള പുതിയ രൂപതയിൽ തലശ്ശേരിയിൽ ചെയ്തതുപോലെ തന്നെ സുസംഘടിതമായ മതബോധന പ്രവർത്തനങ്ങൾക്ക് അടിത്തറയിടാൻ അദ്ദേഹത്തിനു കഴിഞ്ഞു. രൂപതാ മതബോധന കമ്മറ്റി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസ്, സൺഡേസ്കൂൾ ഡിപ്ലോമാ, രൂപതാ സ്കോളർഷിപ്പുകൾ, മതാദ്ധ്യാപക പരിശീലന പരിപാടികൾ തുടങ്ങിയവയെല്ലാം ചുരുങ്ങിയ കാലത്തിനുള്ളിൽ അദ്ദേഹം ആവിഷ്ക്കരിച്ചു. താമരശ്ശേരി രൂപതയിലെ ഹ്രസ്വകാലസേവനത്തിനുശേഷം ഷീരാടി ഫൊറോനാപ്പള്ളി വികാരിയായി സേവനമനുഷ്ഠിച്ചു വരുമ്പോഴാണ് ഫാ. ജോർജ്ജ് വലിയമറ്റം തലശ്ശേരി രൂപതയുടെ മെത്രാനായി നിയമിതനായത്.

1989 മെയ് 1 നാണ് മാർ ജോർജ് വലിയമറ്റം തലശ്ശേരി രൂപതയുടെ ഭരണസാരഥ്യം ഏറ്റെടുത്തത്. മെത്രാഭിഷേക ശുശ്രൂഷയിൽ എറണാകുളം

www.malankaralibrary.com

മെത്രാപ്പോലീത്ത കർദ്ദിനാൾ ആന്റണി പടിയറയായിരുന്നു മുഖ്യകാർമ്മികൻ. 'ഞാൻ നല്ലിടയനാകുന്നു' എന്ന വചനമാണ് പിതാവ് ആദർശവാക്യമായി സ്വീകരിച്ചിരിക്കുന്നത്. സ്പിരിച്ചാലി ബോണൊ ക്രിസ്റ്റിഫിദേലിയും എന്ന തിരമെഴുത്തുവഴി 1995 മേയ് 18-ാം തീയതി തലശ്ശേരി അതിരൂപതയായി ഉയർത്തപ്പെടുകയും അഭിവന്ദ്യവലിയമറ്റം പിതാവ് പ്രഥമ മെത്രാപ്പോലീത്തായായി അവരോധിതനാവുകയും ചെയ്തു.

വിനയം മുഖമുദ്രയാക്കിയ വ്യക്തിയാണ് മാർ ജോർജ്ജ് വലിയമറ്റം. ലളിതമായ ജീവിതശൈലി, സൗമ്യമായ പെരുമാറ്റം, കഠിനാദ്ധ്വാനം, അടിയുറച്ച മാതൃഭക്തി, തീക്ഷ്ണതയേറിയ പ്രാർത്ഥനാജീവിതം തുടങ്ങിയവ പിതാവിന്റെ പ്രത്യേകതകളാണ്. മതബോധനരംഗത്തും അജപാലനമേഖലയിലുമുണ്ടായിരുന്ന വിപുലമായ അനുഭവസമ്പത്ത് മുതൽക്കൂട്ടാക്കി മലബാറിലെ ക്രൈസ്തവസമൂഹത്തിന് മൂന്നാം സഹസ്രാബ്ദത്തിനിണങ്ങുന്ന പുതിയ രൂപഭാവങ്ങൾ നൽകാനുതകുന്ന കർമ്മപദ്ധതികൾ മാർ ജോർജ് വലിയമറ്റം രൂപതാദ്ധ്യക്ഷസ്ഥാനം ഏറ്റെടുത്ത ഉടനെത്തന്നെ ആവിഷ്കരിച്ചു. ആത്മീയരംഗത്ത് ഒരു നവോത്ഥാനം വരുത്താൻ സഹായകരമായ പരിപാടികൾ സമാരംഭിച്ചു. ഇടവകകളെ കുടുംബയൂണിറ്റുകളായി തിരിച്ച് നടത്തുന്ന പ്രാർത്ഥനാ സമ്മേളനങ്ങൾ രൂപത മുഴുവൻ ആരംഭിച്ചു. വ്യത്യസ്തമേഖലകളിലെ നവീകരണം ലക്ഷ്യംവച്ചുകൊണ്ട് 1990 മുതൽ 2000 വരെയുള്ള പത്തുവർഷങ്ങൾ പ്രത്യേകമായി ആഘോഷിച്ചു. അനുരഞ്ജനവർഷം (1990), കുടുംബനവീകരണവർഷം (1991), യുവജനവർഷം (1992), കുട്ടികളുടെ വർഷം (1998), ക്രിസ്തുകേന്ദ്രീകൃതവർഷം (1997), പരിശുദ്ധാത്മവർഷം (1998), ദൈവപിതാവർഷം (1999) എന്നിവയുടെ ആചരണം രൂപതയിലാകമാനം പുതിയ ഉണർവ്വുപകരാൻ സഹായിച്ചു.

വിദ്യാഭ്യാസമേഖലയിൽ പൊതുവേ പിന്നോക്കമായ മലബാർ പ്രദേശത്ത് കുടിയേറ്റത്തിന്റെ ആരംഭംമുതൽ തന്നെ കത്തോലിക്കാസഭ നടത്തിയ സേവനങ്ങൾ നിസ്തുലമാണ്. എല്ലാ പള്ളികളോടുമനുബന്ധിച്ച് പള്ളിക്കൂടങ്ങളും സ്ഥാപിച്ചിരുന്നു. ഉന്നതവിദ്യാഭ്യാസമേഖലയിലെ ശോചനീയാവസ്ഥ ഗ്രഹിച്ച് ക്രാന്തദർശിയായ വലിയമറ്റം പിതാവ് പുതിയ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കാനുള്ള ധീരമായ തീരമാനമെടുത്തു. 2000 ൽ രജിസ്റ്റർ ചെയ്ത മെഷാർ (മലബാർ എഡ്യൂക്കേഷൻ സൊസൈറ്റി ഫോർ ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് ആന്റ് റിസേർച്ച്) സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച മെഷാർ ഐ.ടി. കോളേജ്, കമ്യൂണിറ്റി കോളേജ് എന്നിവയും 2001-ൽ ആരംഭിച്ച വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജും ദീർഘവീക്ഷണപടുവായ അഭിവന്ദ്യ വലിയമറ്റം പിതാവിന്റെ ധീരമായ തീരുമാനത്തിന്റെ ഫലമായി ഉണ്ടായ സ്ഥാപനങ്ങളാണ്.

ഒരു കർഷകകുടുംബത്തിൽ ജനിച്ച്, കർഷകരോടൊത്തു ജീവിച്ച്, സാധാരണ കർഷകരുടെ നൊമ്പരങ്ങളും പ്രശ്നങ്ങളും ഹൃദയത്തിലേറ്റു

www.malankaralibrary.com

വാങ്ങിയ വ്യക്തിയാണ് അഭിവന്ദ്യവലിയമറ്റം പിതാവ്. കണ്ണൂർജില്ലയിലെ വടക്കേക്കുളം കുടിയിറക്കിനെതിരെ നടത്തിയ ഉപവാസ ഉപരോധ സമരങ്ങൾക്ക് അഭിവന്ദ്യ പിതാവ് നേതൃത്വം കൊടുത്തു. കാർഷികോത്പന്നങ്ങളുടെ വിലയിടിവിനെതിരെയും സർക്കാരുകളുടെ വികലമായ കാർഷികനയങ്ങൾക്കെതിരെയും അദ്ദേഹം സ്വീകരിച്ച ശക്തമായ നിലപാടുകൾ 'കർഷകരുടെ പിതാവ്' എന്ന പേരിന് അഭിവന്ദ്യ വലിയമറ്റം പിതാവിനെ അർഹനാക്കി. കർഷകർ സംഘടിക്കണം എന്ന അവബോധത്തിൽ നിന്നും ഉയർകൊണ്ട "ഇൻഫാം" എന്ന ദേശീയകർഷക സംഘടനയുടെ മലബാർ മേഖലയിലെ വളർച്ചയ്ക്ക് അഭിവന്ദ്യപിതാവ് നേതൃത്വം നൽകി. ഈ സംഘടനയുടെ ദേശീയ രക്ഷാധികാരി എന്ന നിലയിൽ അദ്ദേഹം കർഷകർക്കു വേണ്ടിയുള്ള പോരാട്ടം തുടരുന്നു.

സീറോ-മലബാർ സഭയുടെ മൂന്നാമത്തെ വൈദിക പരിശീലനകേന്ദ്രമായ കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവിന്റെ ഒരു സ്വപ്ന സാക്ഷാത്ക്കാരമാണ്. സെമിനാരിയുടെ അഡ്ഹോക്ക് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ ഏറ്റവും സൗകര്യപ്രദമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സമർത്ഥരായ അദ്ധ്യാപകരെ കണ്ടെത്തുന്നതിനും ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിനും പിതാവ് അശ്രാന്തപരിശ്രമം നടത്തിവരുന്നു. സീറോ-മലബാർ സഭയുടെ പെർമനന്റ് സിനഡ് അംഗം എന്ന നിലയിലും സി.ബി.സി.ഐ. സ്റ്റാന്റിംഗ് കമ്മിറ്റി അംഗം എന്ന നിലയിലും കേരളസഭയ്ക്കും ഭാരതസഭയ്ക്കും ശുശ്രൂഷചെയ്യുന്ന മാർ ജോർജ് വലിയമറ്റം സഭാനഭസ്സിലെ ഒരു സുവർണ്ണതാരമാണ്.

ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം തിരുമേനിയെപ്പറ്റി ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തന്റെ ആത്മകഥയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "പ്രതിസന്ധികളിലും പ്രയാസങ്ങളിലും തളരാതെ അക്ഷോഭ്യനായി സമചിത്തതയോടെ എല്ലാം അഭിമുഖീകരിക്കുവാൻ അദ്ദേഹത്തിനുള്ള കഴിവ് പലപ്പോഴും മനസ്സിലാക്കിയിട്ടുണ്ട്. വേദനകൾക്കിടയിലും പൊട്ടിത്തെറിക്കാതെയും ആവലാതി പറയാതെയും എല്ലാം സഹിക്കാനും ക്ഷമിക്കാനുമുള്ള അദ്ദേഹത്തിന്റെ കഴിവ് ഇന്നു പല വേദികളിലും പ്രകടമാണല്ലോ. പുതിയ രൂപതയിലെ അദ്ദേഹത്തിന്റെ ജീവിതം ഏറെ വിഷമകരമായിരുന്നു. സാഹചര്യങ്ങൽ മനസ്സിലാക്കിയ ഞാൻ അദ്ദേഹത്തെ തിരികെ വിളിച്ചു. തലശ്ശേരിയിൽ തിരിച്ചെത്തിയ ബ. ജോർജ്ജച്ചൻ ഷീരടി ഫൊറോനാപള്ളിയുടെ വികാരിയായും ചുമതലയേറ്റു. 1988 നവംബർ മുതൽ 89 മാർച്ചുവരെ ചുരുങ്ങിയകാലം മാത്രമേ അദ്ദേഹം അവിടെ കഴിയേണ്ടിവന്നുള്ളു. ഇതിനിടയിൽ തലശ്ശേരി രൂപതയുടെ പുതിയ മേലദ്ധ്യക്ഷനായി അദ്ദേഹത്തെ നിയമിച്ചുകൊണ്ട് റോമിൽനിന്നുള്ള കല്പനയുണ്ടായി. വിനീതരെ ഉയർത്തുന്ന ദൈവം അദ്ദേഹത്തെ മഹത്വമേറിയ ശ്ലൈഹിക പദവിക്കുവേണ്ടി തിരഞ്ഞെടുത്തു.......ഞാൻ നല്ല ഇടയനാകുന്നു എന്ന വചനമാണ് അഭിവന്ദ്യ

www.malankaralibrary.com

വലിയമറ്റം പിതാവ് തന്റെ ആദർശവാക്യമായി സ്വീകരിച്ചത്. തന്റെ കർമ്മ പഥത്തിൽ പ്രസ്തുതവചനത്തോട് തികഞ്ഞ വിശ്വസ്തത പുലർത്തിക്കൊണ്ട് അദ്ദേഹം മുന്നേറുന്നത് ദർശിക്കുവാനും കഴിയുന്നുണ്ട്. അജപാലനരംഗത്തെ വിവിധ മണ്ഡലങ്ങളിൽ നിരവധി വർഷങ്ങൾ സജീവമായി പ്രവർത്തിച്ച അനുഭവസമ്പത്ത് തന്റെ ഭാരിച്ച ഉത്തവാദിത്വത്തിൽ ഭംഗിയായി നിർവ്വഹിക്കുവാൻ അദ്ദേഹത്തിന് തുണയായി. കുടിയേറ്റത്തിന്റെ നാളുകളിലെ സാഹചര്യങ്ങളല്ലല്ലോ ഇന്നുള്ളത്. രൂപത അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വ്യത്യസ്തങ്ങളാണ്. കുടുംബജീവിതങ്ങളിലേക്ക് കുടിയേറുന്ന ലൗകികത, കുടിയിറങ്ങുന്ന മൂല്യങ്ങൾ, ജീവിതസാക്ഷ്യത്തിന്റെ അഭാവം, സാമൂഹികമായ നിരവധി പ്രശ്നങ്ങൾ, തുടങ്ങിയവയെല്ലാം ഇവയിൽ ഉൾപ്പെടുന്നു. രൂപതയുടെ പൊതുനയത്തിന് തുടർച്ചയെന്നോണം കാലാനുസൃതമായ നിരവധി കർമ്മപദ്ധതകൾ ആലോചിച്ച് നടപ്പിലാക്കുന്നത് കാണുന്നതിൽ സന്തോഷമുണ്ട്.

ഇടയന്റെ പ്രഥമദൗത്യം തന്റെ അജഗണത്തെ സംരക്ഷിക്കുകയും നയിക്കുകയുമാണല്ലോ. അവികലമായി ഈ ദൗത്യം നിർവഹിക്കുവാൻ തനതായ വഴികളും അദ്ദേഹം സ്വീകരിക്കുന്നു. ഇടവക സന്ദർശനരീതിയെപ്പറ്റി പ്രത്യേകം പരാമർശിക്കേണ്ടിയിരിക്കുന്നു. ഞായറാഴ്ചകളിൽ മുഴുവൻ സമയവും ഒരിടവകയിലെ മക്കളോടൊത്ത് അദ്ദേഹം ചിലവിടുന്നു. പ്രഭാതത്തിൽ ഏഴരമണിയോടെ ആരംഭിക്കുന്ന പരിപാടികൾ സന്ധ്യവരെ നീളുന്നു. മാതാപിതാക്കളെയും കുട്ടികളെയും യുവജനങ്ങളേയും ഉദ്ദേശിച്ചുള്ള മൂന്നു ദിവ്യബലികളും അർപ്പിക്കുന്നത് പിതാവുതന്നെയാണ്. ഇതിനിടയിൽ ഇവരിൽ ഓരോ വിഭാഗത്തെയും പ്രത്യേകമായി കണ്ടു സംസാരിക്കുകയും വിവിധ സംഘടനകൾ, അദ്ധ്യാപകർ തുടങ്ങിയവരോടൊത്ത് കുറെ സമയം ചെലവഴിക്കുകയും ചെയ്യുന്നു ഇടവകയുടെ പൊതുവായ പ്രശ്നങ്ങളും വ്യക്തികളുടെ പരാതികളുമെല്ലാം പരിഗണിച്ചതിനുശേഷമേ സന്ദർശനം അവസാനിപ്പിക്കാറുള്ളു. ആദിമക്രൈസ്തവ ചൈതന്യം അനുസരിച്ചുള്ള ചെറിയ യൂണിറ്റുകൾ ആരംഭിച്ചതിന്റെ ഫലമായി ഇന്ന് പല ഇടവകകളിലും ആദ്ധ്യാത്മിക ശുശ്രൂഷ വളരെ ഭംഗിയായി നടക്കുന്നുണ്ട്. വേദനയനുഭവിക്കുന്ന സഹോദരങ്ങളെ സഹായിക്കുവാൻ ആരംഭിച്ചിട്ടുള്ള അതിരൂപതാ ജീവകാരുണ്യഫണ്ട് ആയിരക്കണക്കിന് കുടുംബങ്ങൾക്ക് പ്രയോജനകരമായി പ്രവർത്തിക്കുന്നതുകാണാം.

തന്റെ പ്രവർത്തനരംഗത്തെ നിരവധിയായ പ്രതിസന്ധികളിലും പ്രശ്നങ്ങളിലുമൊക്കെ അനുരജ്ഞനത്തിന്റെ നയവുമായി പ്രത്യക്ഷപ്പെടുന്ന പിതാവിനെയാണ് കാണാറുള്ളത്. നല്ല ഇടയൻ യാതൊരുപരാതിയുംകൂടാതെ ആടുകൾക്കുവേണ്ടി ജീവൻപോലും ബലികഴിക്കുമല്ലോ. കാരണം അവൻ അവയെ സ്നേഹിക്കുന്നു. തന്റെ മക്കളെ ആഴമായി സ്നേഹിക്കുന്നുണ്ടെന്ന് ഓരോ സംഭവവും വ്യക്തമാക്കുന്നുണ്ട്. ഒരിക്കലും പരാതിയോ പരിഭവമോ

www.malankaralibrary.com


അദ്ദേഹം പറഞ്ഞുകേട്ടിട്ടില്ല. പിതാവിന്റെ ജീവിതലാളിത്യവും എളിമയുമൊക്കെ അദ്ദേഹത്തെ ഏവർക്കും പ്രിയങ്കരനാക്കിമാറ്റുകയും ചെയ്യുന്നു." മാർ വള്ളോപ്പിള്ളി തിരുമേനിയുടെ ഈ വിലയിരുത്തൽ നൂറുശതമാനം ശരിയാണ്.

വിലാസം - ആർച്ച്ബിഷപ്പ് മാർ ജോർജ് വലിയമറ്റം, ആർച്ച് ബിഷപ്സ് ഹൗസ്, പി.ബി. നമ്പർ 70, തലശ്ശേരി, 670 101, കണ്ണൂർ ജില്ല.

# 245

# മാർ വിജയാനന്ദ് നെടുമ്പുറം

## സി.എം.ഐ.



ജീവിതലാളിത്യവും ദൈവപരിപാലനയിലുള്ള ഉറച്ചവിശ്വാസവും ഭാരതീയ ആദ്ധ്യാത്മികതയോടുള്ള പ്രതിബദ്ധതയും മൂലം മററുള്ളവരിൽ നിന്നും വ്യത്യസ്തനായി നിലകൊള്ളുന്ന മാർ വിജയാനന്ദ് 1938 സെപ്ററംബർ 24-ാം തീയതി ചേർപ്പുങ്കൽ മാർസ്ലീബാപള്ളി ഇടവകയിൽ നെടുമ്പുറം കുടുംബത്തിൽ മത്തായി ഏലിയാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം മുത്തോലിയിലും ഹൈസ്കൂൾ വിദ്യാഭ്യാസം പാലായിലും ആയിരുന്നു. അന്ന് സ്കൂളുകളിൽ നിന്ന് ലഭിച്ച വിശ്വാസപരിശീലനവും തന്റെ ഗുരുവായിരുന്ന ഫാ. ലിഗോറിയോസച്ചനും അദ്ദേഹത്തിന്റെ ദൈവവിളിയെ പരിപോഷിപ്പിക്കുകയുണ്ടായി. ആഴമായ ആദ്ധ്യാത്മികതയുള്ളവരായിരുന്നു അദ്ദേഹത്തിന്റെ മാതാപിതാക്കൾ. അനുദിനം വിശുദ്ധബലിയിൽ സംബന്ധിച്ചും, കുടുംബപ്രാർത്ഥന മുടക്കം കൂടാതെ ചൊല്ലിയും ഭക്തസംഘടനകളിൽ പ്രവർത്തിച്ചും വേദോപദേശം പഠിപ്പിച്ചും ദേവാലയകാര്യങ്ങളിൽ ശ്രദ്ധചെലുത്തി പ്രവർത്തിച്ചും മാതൃകാപരമായ ജീവിതം നയിച്ച വത്സല പിതാവിന്റെ ജീവിതം അദ്ദേഹത്തിന് സന്യസസഭയിൽ ചേരുന്നതിന് പ്രേരണയായി. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം സി.എം.ഐ. സഭയിൽ ചേർന്നു. 1956 ൽ യോഗാർത്ഥിയായി മാന്നാനം സി.എം.ഐ. സഭയിൽ എത്തി. ഒരു വർഷംകഴിഞ്ഞ് മുത്തോലിയിൽ പഠനം തുടർന്നു. 1958 - 60 കാലങ്ങളിൽ ചെത്തിപ്പുഴയിൽ നൊവീഷ്യററ് കഴിച്ചു. 1959 മേയ് 16ന് ആദ്യവ്രതവും 1962 മെയ് 16ന് നിത്യവ്രതവും അനുഷ്ഠിച്ചു.

ധർമ്മാരാം കോളേജിൽ നിന്ന് 1963 ൽ ഫിലോസഫിപഠനവും 1967 ൽ തിയോളജി പഠനവും പൂർത്തിയാക്കി. 1967 മെയ് 17ന് മാർ സെബാസ്റ്റ്യൻ

www.malankaralibrary.com

വള്ളോപ്പിള്ളി തിരുമേനിയിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് ബോംബെയിലെ ടാററാ ഇൻസ്റ്റിററ്യൂട്ടിൽ സാമൂഹികശാസ്ത്രത്തിൽ ഉപരിപഠനം നടത്തി. എം.എസ്സ്.ഡബ്ളിയു ഡിഗ്രി കരസ്ഥമാക്കി. 1971-1978 കാലഘട്ടത്തിൽ ഛാന്ദാ എക്സാക്കേററിന്റെ വികാരിജനറാളായി സേവനം അനുഷ്ഠിച്ചു. ഛാന്ദാ രൂപതയുടെ വികസന പ്രവർത്തനങ്ങൾക്ക് മാർ ജനുവാരിയൂസ് പിതാവിനോടൊപ്പം നിന്ന് കഠിനാദ്ധ്വാനം ചെയ്തു. ജീവിതലാളിത്യവും ദൈവപരിപാലനയിലുള്ള അടിയുറച്ചവിശ്വാസവും ഭാരതീയ ആദ്ധ്യാത്മികതയോടുള്ള പ്രതിബദ്ധതയും തന്റെ പ്രവർത്തനങ്ങളെ വിജയത്തിലേക്കു നയിച്ചു. ജനവാരിയൂസ് പിതാവിന്റെ നേതൃത്വത്തിൽ ആദ്യകാലത്തെ സി.എം.ഐ. വൈദികരുടെ ത്യാഗോജ്ജ്വലമായ ജീവിതവും ഏതു പ്രതികൂല സാഹചര്യങ്ങളെയും സമചിത്തതയോടെ തരണം ചെയ്യാനുള്ള സന്മനസ്സും സേവനസന്നദ്ധതയും മാർ വിജയാനന്ദിന്റെ പ്രവർത്തനങ്ങളെ സ്വാധീനിച്ച ഘടകങ്ങളായിരുന്നു.

1978ൽ സി.എം.ഐ. സഭയുടെ ജനറൽ കൗൺസിലറായും വികാർ ജനറാളായും തിരഞ്ഞെടുക്കപ്പെട്ടതോടെ തന്റെ പ്രധാനപ്രവർത്തനകേന്ദ്രം എറണാകുളം പ്രയോർ ജനറാൾ ഹൗസിലായി. ആറുവർഷത്തെ സേവനത്തിനുശേഷം സി.എം.ഐ. സഭയുടെ പ്രയോർ ജനറാളായി 1984ൽ തിരഞ്ഞെടുക്കപ്പെട്ടു. വീണ്ടും 1987ലും ആ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1990 വരെ ആ ജോലി തുടർന്നു. 1990 മേയ് 15ന് ഛാന്ദാരൂപതയുടെ പ്രഥമ ബിഷപ്പ് മാർ ജനവാരിയൂസ് റിട്ടയർ ചെയ്തതിനെ തുടർന്ന് ഫാ. വിജയാനന്ദിനെ ഛാന്ദാ രൂപതയുടെ മെത്രാനായി റോമിൽനിന്നും പ്രഖ്യാപിച്ചു. അതേവർഷം ജൂലായ് 3-ാം തീയതി ബല്ലാർപൂർവച്ച് മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. മഹാരാഷ്ട്രയുടെയും ആന്ധ്രപ്രദേശിന്റെയും ചിലഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഛാന്ദാരൂപതയുടെ അഭിവൃദ്ധിക്കുവേണ്ടി അക്ഷീണയത്നം ചെയ്തുകൊണ്ടിരിക്കുന്നു. ഛാന്ദാരൂപതയിലെ കത്തോലിക്കരുടെ മാത്രമല്ല ആ പ്രദേശത്തെ സകലജനങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുവാനാണ് അദ്ദേഹം ശ്രമിക്കുന്നത്.

32233 ചതുരശ്രകിലോമീററർ വിസ്തീർണ്ണതയുള്ള ഛാന്ദാരൂപതാതിർത്തിക്കുള്ളിൽ 3620160 ജനങ്ങൾ അധിവസിക്കുന്നുണ്ട്. അതിൽ 12877 പേർ മാത്രമാണ് കത്തോലിക്കർ. ഇടവകകളും മിഷൻസ്റ്റേഷൻസുമായി 33 എണ്ണവും ഉണ്ട്. 19 ഇടവക വൈദികരും 39 സന്യാസവൈദികരും, 354 സന്യാസിനികളും രൂപതയിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. മേജർസെമിനാരിയിലും മൈനർസെമിനാരിയിലുമായി 70 വിദ്യാർത്ഥികൾ വൈദികപഠനം നടത്തുന്നുണ്ട്. 32 വിദ്യാലയങ്ങളും 6 ആശുപത്രികളും 16 ഡിസ്പെൻസറികളും 30 ബാലഭവനങ്ങളും രൂപതയിലുണ്ട്. ഇവയെല്ലാം സകലജാതിമതസ്ഥരുടെയും പുരോഗതിക്കുവേണ്ടിയാണ് ഇന്ന് പ്രവർത്തിക്കുന്നത്.

മാർ വിജയാനന്ദ് അധികാരമേററതിനുശേഷം അധികം താമസിയാതെ

www.malankaralibrary.com

രൂപതാമൈനർ സെമിനാരി 1991 ജൂലായ് 3-ാം തീയതി (മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടതിന്റെ ഒന്നാം വാർഷികത്തിൽ ബല്ലാർപൂരിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. 1999 ജൂലൈ 16-ാം തീയതി ഛാന്ദാരൂപതവിഭജിക്കുകയും പുതിയതായി അഡിലാബാദ് രൂപതസ്ഥാപിക്കുകയും മാർ ജോസഫ് കുന്നത്ത് സി.എം.ഐ. അഡിലാബാദ് ബിഷപ്പായി നിയമിക്കുകയും ചെയ്തു. 2002 ൽ ചന്ദ്രപ്പൂരിൽ ക്രൈസ്റ്റ്ഹോസ്പിററൽ ഉൽഘാടനം ചെയ്തു. എല്ലാവരുടെയും പ്രശംസക്ക് അർഹമായ പിതാവിന്റെ ജീവിതശൈലിയെപ്പററി പിതാവ് പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക. "ഛാന്ദാ രൂപതയിലെ ബഹുഭൂരിപക്ഷം വരുന്ന ഗ്രാമീണജനങ്ങളുമായി ഒന്നായി ത്തീരുവാൻ വേണ്ടിയാണ് ലളിത ജീവിതശൈലി സ്വീകരിച്ചിരിക്കുന്നത്. പ്രസംഗത്തേക്കാൾ ജീവിതമാതൃകയ്ക്ക് പ്രസക്തിയുള്ള ഈ കാലഘട്ടത്തിൽ വ്യക്തികളുടെ ജീവിതശൈലി ആളുകളെ കൂടുതൽ സ്വാധീനിക്കുന്നു മിഷൻ പ്രവർത്തനത്തിന്റെ വിജയത്തിന് അവിടുത്തെ ആളുകളുടെ ഭാഷ, സംസ്കാരം, ജീവിതശൈലി എല്ലാ നാം ആർജ്ജിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ നമ്മളെ അവർ വരത്തന്മാർ ആയിക്കാണും. സാധാരണജീവിതം നയിക്കുന്ന ഗ്രാമീണരായവരുടെ അടുത്ത് കടന്നുചെല്ലുവാൻ യേശു നിങ്ങളെയും സ്നേഹിക്കുന്നു എന്ന സന്ദേശം അവർക്കു നൽകുവാൻ ഈ ജീവിതശൈലി വളരെ സഹായകമാണ്. ഉയർന്നചിന്താഗതിയും താഴ്ന്ന ജീവിതശൈലിയും ആരെയും ആകർഷിക്കുന്നതാണ്"

വിജയാനന്ദുപിതാവിന്റെ മുദ്രാവാക്യം വിശ്വകുടുംബം എന്നതാണ്. 2004 ഫെബ്രുവരിയിൽ സണ്ടേശാലോമിൽ ഫാ.ജോർജ്ജ് പനന്തോട്ടം സി.എം.ഐ.യുമായി നടത്തിയ അഭിമുഖത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ദൈവത്തിന്റെ അവർണ്ണനീയമായ സ്നേഹത്തിൽ നിന്നാണ് വിശ്വകുടുംബം എന്ന ആശയം കടന്നുവരുന്നത്. സ്നേഹം തന്നെയായ ദൈവത്തിൽനിന്നാണ് ഈ ലോകത്തിലുള്ള സകലതും സൃഷ്ടിക്കപ്പെട്ടത് എന്നത് സൃഷ്ടിയുടെ പുസ്തകത്തിൽ വ്യക്തമായി പറയുന്നു. അതിനാൽ സൃഷ്ടാവായ ദൈവം സ്നേഹം തന്നെയെങ്കിൽ പ്രപഞ്ചത്തിലെ എല്ലാ സൃഷ്ടിജാലങ്ങളും ആ സ്നേഹത്തിൽ ഒന്നായി, ഒരു കുടുംബമാകേണ്ട താണ് എന്നുള്ള ദർശനം പൂർത്തീകരിക്കാനാണ് ദൈവം മനുഷ്യനായി അവതരിച്ചതും. അത് പൂർത്തീകരിക്കാനുള്ള ദൗത്യം നമ്മെ ഭാരമേല്പിച്ചതും. ഈ ദർശനത്തിൽ സകല സുവിശേഷമൂല്യങ്ങളും അടങ്ങിയിരിക്കുന്നു എന്നാണ് മനസ്സിലാക്കുന്നത്. മാത്രമല്ല കുടുംബം എന്ന വാക്ക് വളരെ സാധാരണമാണ്. ഒപ്പം മനസ്സിലാക്കാൻ വളരെ എളുപ്പവുമാണ്. അതിനാൽ ലോകംമുഴുവൻ കൂടുമ്പോൾ ഇമ്പമുള്ള ഒരു കുടുംബമാകണം എന്ന ദർശനത്തിലൂടെ ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേയ്ക്ക് കൂടുതൽ ഇറങ്ങിച്ചെല്ലുവാനും മററുള്ളവർക്ക് ആ സ്നേഹം പങ്കുവയ്ക്കുവാനും ഇടയാകും എന്നാണ് എന്റെ വിശ്വാസം. വിജയാനന്ദപിതാവിന്റെ വിശ്വകുടുംബം

www.malankaralibrary.com

എന്ന ആശയം രൂപതയൊട്ടുക്ക് ഫലപ്രദമായി കാണുവാൻ ഒട്ടുവളരെ പരിപാടികളും അദ്ദേഹം ആസൂത്രണം ചെയ്തിട്ടുണ്ട്. ജാതിമതവർണ്ണവർഗ്ഗ വ്യത്യാസം ഇല്ലാതെ എല്ലാവരും ഒരു കുടുംബത്തിലെ അംഗങ്ങളാണ് എന്ന സത്യം പിതാവ് ഉൽഘോഷിക്കുകയാണ്. വിശ്വകുടുംബം എന്ന മുദ്രാവാക്യം സ്വീകരിച്ചതുവഴി വിശ്വകുടുംബത്തിലെ അംഗങ്ങളായ എല്ലാവരുടെയും സുഖത്തിലും ദുഃഖത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും പരസ്പരം പങ്കുചേരണമെന്നാണ് പിതാവ് ആഗ്രഹിക്കുന്നത്. ഈ ആദർശങ്ങളുടെ വെളിച്ചത്തിൽ ഒരു കുടുംബാന്തരീക്ഷം എല്ലായിടത്തും സൃഷ്ടിക്കുവാനും വളർത്തിയെടുക്കുവാനുംവേണ്ടി ഇടവക, മേഖല രൂപതാതലങ്ങളിൽ അൽമായരുടെ സജീവപങ്കാളിത്തത്തോടെ തീക്ഷ്ണമായ പ്രവർത്തനങ്ങൾ രൂപതയൊട്ടാകെ നടത്തിവരികയാണ്. പുതിയതായി രൂപംകൊടുത്തിരിക്കുന്ന ഇവിടുത്തെ സഭയെ ക്രിസ്തീയ വിശ്വാസത്തിലും ചൈതന്യത്തിലും വളർത്തുന്നതിനും സുവിശേഷവൽക്കരണ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനും സഹായിക്കും ഒരു വലിയ പ്രേരകശക്തിയാണ് വിശ്വകുടുംബം എന്ന ആദർശസൂക്തം ഇത് പ്രാവർത്തികമാക്കുന്നതിന് ഒരു അഞ്ചിന പരിപാടി ആസൂണ്രം ചെയ്തിട്ടുണ്ട്. ആ അഞ്ചിനപരിപാടി താഴെപ്പറയുന്നവയാണ്. 1.ഓരോ ഇടവകാംഗത്തെയും ഒരു യഥാർത്ഥ ക്രസ്ത്യാനി ആക്കുക. 2.ഇടവകയിലെ ഓരോ കത്തോലിക്കാ കുടുംബത്തെയും കൂടുമ്പോൾ ഇമ്പം ഉളവാക്കുന്ന ഒരു മാതൃകാ കുടുംബമാക്കുക 3.ഇടവകയിലെ എല്ലാ കുടുംബങ്ങളെയും ഒരുമിച്ച് ചേർത്ത് ഒരു ഇടവക കുടുംബമാക്കുക 4.ഇടവകയുടെ പരിധിയിലുള്ള എല്ലാ നിവാസികളെയും ഒരുമയിൽ ഒരു കുടുംബമാക്കുക 5.ഇടവകയിലെ കുടുംബങ്ങൾ പ്രകൃതിയുമായി രഞ്ജനം സാധിക്കുക. ഈ രീതിയുള്ള പ്രവർത്തനങ്ങൾ മഹാജൂബിലി തുടങ്ങി പ്രായോഗികമായി രൂപതയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ജൂബിലിയാഘോഷിക്കാൻ ഒരുങ്ങുന്ന രൂപതയുടെ നവീകരണ നീക്കങ്ങളെപ്പററി ഫാ. ജോർജ്ജ് പനന്തോട്ടത്തിന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന ഒരു ഭാഗംകൂടി ഉദ്ധരിക്കാം. “ജൂബിലിയാഘോഷിക്കാൻ പത്തു വർഷം നീണ്ടുനിൽക്കുന്ന ആത്മീയഒരുക്കങ്ങൾ രൂപത ആരംഭിച്ചു കഴിഞ്ഞു. രൂപതയിലെ എല്ലാ സംഘടനകളും കൂട്ടായ്മകളും ശക്തിപ്പെടുത്തിക്കൊണ്ട് എല്ലാ വിശ്വാസികളുടെയും സഹകരണത്തോടെ ഒരു നവീകരണ മുന്നേററമാണ് ലക്ഷ്യമാക്കുന്നത്. ബിഷപ്, വൈദികർസ സന്യസ്തർ, വിശ്വാസ സമൂഹം, അതിൽതന്നെ പഴയവിശ്വാസികൾ, പുതിയതായി വിശ്വാസം സ്വീകരിച്ചവർ എന്നിങ്ങനെ വിവിധവേദികളിൽ എല്ലാ വ്യക്തികൾക്കും ആവശ്യമായ ജീവിതനവീകരണം പത്തുവർഷംകൊണ്ട് നേടിയെടുക്കണം. അതിനായി ധ്യാനങ്ങൾ, സെമിനാറുകൾ, ക്ലാസുകൾ തുടങ്ങിയവ നടത്തി. രൂപതയുടെ എല്ലാ സംരംഭങ്ങളെക്കുറിച്ചും വിലയിരുത്തൽവരെ അതായത് നമ്മുടെ പ്രവർത്തനങ്ങൾ സുവിശേഷമൂല്യങ്ങൾക്കധിഷ്ഠിതമായിതന്നെ

www.malankaralibrary.com

യാണോ നീങ്ങുന്നത്, നമ്മുടെ സേവനങ്ങളിലൂടെ യേശവിനെ മററുള്ളവർക്ക്, കർത്താവ് ആഗ്രഹിക്കുന്നതുപോലെ നൽകുന്നുണ്ടോ എന്നിങ്ങനെയുള്ള വിലയിരുത്തലുകൾ എല്ലാം ഇതിന്റെ ഭാഗങ്ങളാണ്. രൂപതയുടെ എല്ലാ സംരംഭങ്ങളെയും കർത്താവിന്റെ ജീവിതശൈലിയോട് ചേർത്ത് മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുന്നു."

സുവിശേഷവൽക്കരണത്തെ കാലത്തിനൊത്ത് ക്രിയാത്മകമായി മുന്നോട്ടുനീക്കാൻ വിശ്വാസികളെകൊണ്ടുതന്നെ നടത്തിക്കുക എന്ന ആശയം ഉയർന്നുവന്നിട്ടുണ്ട്. വിശ്വാസികൾ തന്നെ നമ്മുടെ ജീവിതത്തിൽ അനുഭവവേദ്യമായ ദൈവിക ഇടപെടലുകളും മററുള്ളവരുമായി പങ്കുവയ്ക്കുമ്പോൾ കൂടുതൽ കാര്യക്ഷമമായി സുവിശേഷവൽക്കരണത്തെ മുന്നോട്ടുകൊണ്ടുപോകാനാകും. അതിനായി വിശ്വാസികൾക്ക് പ്രത്യേക പരിശീലനം നൽകി വരുന്നു.

ഭാരതസഭയ്ക്ക് ദൈവം നൽകിയ വലിയ ദാനമാണ് കരിസ്മാററിക് നവീകരണമെന്ന് പിതാവ് വിശ്വസിക്കുന്നു. സഭ ഏറെ ചലനാത്മകമാകുവാനും ഇത് സാധിച്ചിട്ടുണ്ടെന്നാണ് വിജയാനന്ദ് പിതാവിന്റെ അഭിപ്രായം. അൽമായർ തങ്ങളുടെ ജീവിതതിരക്കുകൾക്കിടയിലും സുവിശേഷവുമായി ഇറങ്ങിത്തിരിക്കാൻ ഇടയായത് ഏററം വലിയ നന്മയാണെന്നും തിരുമേനി പറയുന്നു. ജീസസ്സ് യൂത്തുപോലെയുള്ള പ്രസ്ഥാനങ്ങൾ സഭയ്ക്കുനൽകുന്ന സേവനങ്ങളെയും പിതാവ് വിലമതിക്കുന്നുണ്ട്. മിഷൻ രൂപതകളിൽ നിന്നുള്ള വിശ്വാസികളെ കേരളത്തിലേക്ക് കൊണ്ടുപോയി, കേരളത്തിലെ വിശ്വാസ ജീവിതശൈലി പരിചയപ്പെടുത്തുകയും നവീകരണ ധ്യാനങ്ങളിൽ പങ്കെടുപ്പിക്കുയും ചെയ്യുന്നരീതി അഭിനന്ദനാർഹമാണെന്നും തിരുമേനി പറയുന്നു.


വിശ്വകുടുംബത്തിന്റെ ദാർശനികനായ മാർവിജയാനന്ദ് സീറോമലബാർസഭയുടെ പ്രഥമമിഷൻ രൂപതയായ ഛാന്ദായുടെ ഭരണം ദീർഘ ദൃഷ്ടിയോടെ നിർവ്വഹിക്കുകയാണിന്ന്.

വിലാസം - ബിഷപ്പ് മാർ വിജയാനന്ദ് നെടുമ്പുറം സി.എം.ഐ
ബിഷപ്പ്സ് ഹൗസ്
ബല്ലാർപൂർ
ചന്ദ്രപ്പൂർജില്ല - 442701

www.malankaralibrary.com

# 246

# മോൺ. തോമസ് ചെരിവുപുരയിടം



സഭാപ്രവർത്തനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് കൂദാശകളുടെയും ആരാധനകളുടെയും വെറും അനുഷ്ഠാനം മാത്രമല്ല നേരെമറിച്ച് സാധാരണക്കാരായ മനുഷ്യർ വ്യാപരിക്കുന്ന എല്ലാ മണ്ഡലങ്ങളിലും കടന്നുചെന്ന് അവരുടെ നാനാവിധമായ ഉയർച്ചയ്ക്കും കൂട്ടായ്മക്കും വേണ്ടി യത്നിക്കുക എന്നതാണെന്നബോദ്ധ്യത്തോടെ അജപാലകശുശ്രൂഷനടത്തുന്ന മോൺ. തോമസ് ചെരിവുപുരയിടം, പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ പൂഴിക്കുന്ന് എന്ന ഗ്രാമത്തിൽ ചരിവുപുരയിടത്തിൽ ശ്രീ എബ്രഹാം - മറിയമ്മ ദമ്പതികളുടെ മകനായി 1938 ഒക്ടോബർ 8-ന് ജനിച്ചു. കൂട്ടത്തിൽ ഒരു പെൺകുഞ്ഞും ഉണ്ടായിരുന്നു. ഈ ഇരട്ടകൾക്ക് തങ്കച്ചൻ തങ്കമ്മ എന്ന പേരു സ്വീകരിച്ചു. ഇരട്ടകളിൽ തങ്കമ്മ മലബാറിൽ കുടുംബജീവിതവുമായി കഴിയുന്നു.

കേരള കത്തോലിക്കാ സഭയിൽ നിന്നും കൂനൻകുരിശു സത്യത്തോടുകൂടി വേർപ്പെട്ട് നിൽക്കേണ്ടിവന്ന യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമ്മ സഭാവിഭാഗങ്ങളിൽ നിന്ന് പുനരൈക്യ പ്രസ്ഥാനത്തിലൂടെ സാർവ്വത്രിക സഭാ കൂട്ടായ്മയിലേക്ക് ആളുകൾ കൂട്ടംകൂട്ടമായി വന്നുകൊണ്ടിരുന്ന കാലഘട്ടം. 1930-40-കൾ മാർത്തോമ്മാസഭയിലെ അറിയപ്പെട്ട ഉപദേശിയും പ്രവർത്തകനുമായിരുന്നു ചരിവുപുരയിടത്തിൽ കുഞ്ഞാണ്ടിച്ചൻ. സർവ്വമനുഷ്യരുടെയും രക്ഷയ്ക്കായി യേശു സ്ഥാപിച്ച രക്ഷാപദ്ധതി കത്തോലിക്കാസഭായാണെന്നും ആ സഭയിലൂടെ മാത്രമേ കൂട്ടായ്മയുടെ പൂർണ്ണതയിലേയ്ക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളുവെന്നും ബോദ്ധ്യമായ കുഞ്ഞാണ്ടിച്ചൻ തന്റെ എല്ലാ മക്കളെയും കൊച്ചുമക്കളെയും കൂട്ടിക്കൊണ്ട് മലങ്കര കത്തോലിക്കാസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു. അങ്ങനെ കുഞ്ഞാണ്ടിച്ചന്റെ കൊച്ചുമകനായ തോമസ് കുഞ്ഞുനാൾമുതൽ പൂഴിക്കുന്ന് മലങ്കര കത്തോലിക്കാ ഇടവകാംഗമായി വളർന്നുവന്നു. മാതാപിതാക്കളും വല്ല്യപ്പനും പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യകാല സജീവപ്രവർത്തകരായിരുന്നതിനാൽ സഭൈക്യ ശുശ്രൂഷകളിലേയ്ക്ക് സ്വാഭാവികമായി തോമസ് ആകർഷിക്കപ്പെട്ടു. ഹൈസ്ക്കൂൾ വിദ്യാഭ്യാസകാലത്തു തന്നെ ബഹു.വികാരി അച്ചന്മാരുടെ സഹായത്താലും പ്രോൽസാഹനത്താലും വിവിധ സഭകളെപ്പറ്റി പഠിക്കാനും കത്തോലിക്കാ കുട്ടികളുമായി സഭാസംവാദത്തിൽ ഏർപ്പെടാനും ഒക്കെ വളരെ ശ്രദ്ധിച്ചിരുന്നു. പ്രൈമറി വിദ്യാഭ്യാസം പൂഴിക്കുന്ന് എൽ.പി. സ്ക്കൂളിലും ഹൈസ്ക്കൂൾ വിദ്യാഭ്യാസം ചെത്തോങ്കര സെന്റ് തോമസ് സ്ക്കൂളിലും പൂർത്തിയാക്കി. സഹോദരൻമാ

www.malankaralibrary.com

രായ ചാണ്ടിസാറും, എബ്രഹാം മാസ്റ്ററും അഞ്ചാം ക്ലാസിൽ തോമസിന്റെ അദ്ധ്യാപകരായിരുന്നു. കൃഷിചെയ്തുജീവിക്കാൻ കൂടുതൽ സ്ഥലം തേടി തിരുവിതാംകൂറിൽ നിന്നും മലബാറിലേയ്ക്കുള്ള കുടിയേറ്റത്തിന്റെ ശക്തി കുടിയപ്പോൾ ആ ഒഴുക്കിൽ ചേർന്ന് തോമസിന്റെ കുടുംബവും 1955-ൽ മലബാറിലെ കേളകം എന്നസ്ഥലത്ത് താമസം ആരംഭിച്ചു. 1956-ൽ ജൂൺ മാസത്തിൽ തോമസ് തിരുവല്ലാരൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യകാലങ്ങൾ ആയിരുന്നതിനാൽ തിരുവനന്തപുരം തിരുവല്ല രൂപതകളിൽ ഇടവക ഭരണം നിർവ്വഹിക്കാൻ വൈദികർ കുറവായിരുന്നു. ചങ്ങനാശ്ശേരി, എറണാകുളം, പാലാ, കോതമംഗലം,തുടങ്ങിയ സീറോ മലബാർ രൂപതകളിൽ നിന്നും വന്ന വൈദികരാണ് തിരുവല്ല രുപതയെ സഹായിച്ചതും വളർത്തിയതും. ചങ്ങനാശ്ശേരിക്കാരാനായ ബഹു. എബ്രഹാം പള്ളിപ്പുറത്തുശ്ശേരി അച്ചനാണ് സെമിനാരിയിൽ ചേരാൻ തോമസിനെ പ്രോത്സാഹിപ്പിച്ചതും എഴുത്തുതന്നു സെമിനാരിയിലാക്കിയതും. 1958-ൽ ആലുവാ കാർമ്മൽഗിരി സെമിനാരിയിൽ ചേർന്നുതത്വശാസ്ത്രപഠനവും മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കി.

1966 മാർച്ച് 22-ാം തീയതി തിരുവല്ലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസ്യോസ് പിതാവിൽ നിന്നും തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് സ്വന്തം ഇടവകയായ കേളകം പള്ളിയിൽ പുത്തൻ കുർബാന അർപ്പിച്ചു.

തോമസച്ചൻ തന്റെ പ്രേഷിത പ്രവർത്തനം ആരംഭിച്ചത് ഹൈറേഞ്ചിലാണ്. തികച്ചും അവികസിതമായ ഒരു ഭൂപ്രദേശം. രണ്ടും മൂന്നും ഇടവകകളുടെ വികാരിയായി ശുശ്രൂഷചെയ്യണമായിരുന്നു. യാത്രചവിട്ടു സൈക്കിളിൽ. സഭാപ്രവർത്തനം (Ecclesial activities) എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, കൂദാശകളുടെയും ആരാധനകളുടെയുംവെറും അനുഷ്ഠാനം മാത്രമല്ല, നേരെമറിച്ച് സാധാരണക്കാരായ മനുഷ്യർ വ്യാപരിക്കുന്ന എല്ലാ മണ്ഡലങ്ങളിലും കടന്നുചെന്ന് അവരുടെ നാനാവിധമായ ഉയർച്ചയ്ക്കും കൂട്ടായ്മയ്ക്കും (Communion) വേണ്ടി പ്രയത്നിക്കുക എന്നതാണെന്നു അവിടെവച്ചു കൂടുതൽ ബോദ്ധ്യമായി. എട്ടുവർഷക്കാലം ഹൈറേഞ്ചിൽ പ്രേഷിതവേല ചെയ്തു. അകത്തോലിക്കാ സഹോദരങ്ങളായ ധാരാളം ആളുകളെ സാർവ്വത്രിക സഭാകൂട്ടായ്മയിൽ കൊണ്ടുവന്നു. അവർക്കായി പുതിയ പുതിയ മിഷൻ കേന്ദ്രങ്ങൾ സ്ഥാപിച്ചു. വണ്ടൻമേട്, ചേറ്റുകുഴി, കല്ലാർ, കൂട്ടാർ തുടങ്ങിയ ഇടവകകളിൽ വികാരിയായിരുന്നു.

1974-ൽ ഹൈറേഞ്ചിൽ നിന്ന് മലബാറിൽ മാനന്തവാടി പ്രദേശത്തേക്കു നിയമിക്കപ്പെട്ടു. 1958 മുതൽ മലബാർ പ്രദേശം മുഴുവനും, കർണ്ണാടകയിലെ 8 സിവിൽ ഡിസ്ട്രിക്ടുകളും തമിഴ്നാട്ടിലെ നീലഗിരിയും തിരുവല്ല രൂപതയുടെ പരിധിയിൽ ഉൾപ്പെട്ടിരുന്നു. 1976-ൽ രൂപതവക കാർട്ടി

www.malankaralibrary.com

ക്കുളം എസ്റ്റേറ്റിന്റെ മാനേജരായി നിയമിക്കപ്പെട്ടു. ഇക്കാലയളവിൽ സാമൂഹ്യരംഗത്ത് കൂടുതൽ പ്രവർത്തനങ്ങളിൽകടന്നുചെല്ലുകയും വളരെ പ്രശസ്തമായ തിരുനെല്ലി കോ - ഓപ്പറേറ്റീവ് ബാങ്കിന്റെ ഡയറക്ടർ ആയി സേവനം അനുഷ്ഠിക്കുകയും ചെയ്തു.

1979-ൽ തിരുവല്ല രൂപതാ വിഭജിച്ച് ബത്തേരി രൂപത സ്ഥാപിതമായപ്പോൾ പുതിയ രൂപതയുടെ പ്രഥമ പ്രൊക്കുറേറ്റർ അയി നിയമിതനായി. ബത്തേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവയുടെ കീഴിൽ നിന്നുകൊണ്ട് രൂപതയുടെ ആദ്യകാലകെട്ടുപണിയിൽ ഭാഗഭാക്കാകുവാനും ഭാഗ്യം ലഭിച്ചു. പിന്നീട് രൂപതയുടെ സാമ്പത്തികവശത്തെകണക്കിലെടുത്ത് നീലഗിരിയിൽ വാങ്ങിച്ച തോട്ടത്തിന്റെ മാനേജരായി നിയമിക്കപ്പെട്ടു. ഒപ്പം ഉപ്പട്ടി പള്ളിയുടെ ചാർജ്ജും ഏറ്റെടുത്തു. ഈ കാലഘട്ടത്തിൽ ഗൂഡല്ലൂർ ഭാഗങ്ങളിൽ നിലനിനിന്നിരുന്ന വർഗീയ പ്രശ്നങ്ങളിൽ ഇടപ്പെട്ട് വിവിധ മതങ്ങളും , വിവിധ ഭാഷ സംസാരിക്കുന്നവരും തമ്മിൽ ഉണ്ടായിരുന്ന അഭിപ്രായ വ്യാത്യാസങ്ങളും, അകൽച്ചകളും ഇല്ലാതാക്കുവാൻ സമാധാന കമ്മറ്റികളും വിവിധ വികസന കമ്മറ്റികളും ഉണ്ടാക്കുവാൻ നേതൃത്വം നൽകുകയും അതിന്റെ പ്രസിഡണ്ടായി പ്രവർത്തിക്കുകയും ചെയ്തു.

നീലഗിരിയിലെ ജനങ്ങൾ ഭൂരിഭാഗവും തേയില കർഷകരാണ്. ചെറുതും വലുതുമായ ആയിരക്കണക്കിന് തോട്ടങ്ങളുണ്ട്. ഭൂരിഭാഗം വരുന്ന ചെറുകിട തേയില കർഷകർക്ക് അവരുടെ പച്ചതേയില സംസ്ക്കരിക്കാനും പൊടി വിൽക്കാനും അർദ്ധഗവൺമെന്റ് സ്ഥാപനമായ കോ - ഓപ്പറേറ്റീവ് ഫാക്ടറിയെയാണ് ആശ്രയിക്കുന്നത്. പലപ്പോഴും ചൂഷണത്തിനു വിധേയരായികൊണ്ടിരിക്കുന്ന ഈ കർഷകരെ ഒന്നിപ്പിച്ച് ഒരു സംഘടനയാക്കാനും അവരെ നയിക്കാനും അച്ചൻ മുന്നോട്ടുവന്നു. പൊതുതിരഞ്ഞെടുപ്പിലൂടെ പന്തലൂർ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് തേയില ഫാക്ടറിയുടെ ചെയർമാൻ സ്ഥാനവും ഏറ്റെടുത്തു. പ്രാദേശിക വികസനസമിതിയുടെ പ്രസിഡണ്ടു സ്ഥാനവും വഹിച്ചു. നീണ്ട 10 വർഷത്തെ സേവനത്തിനുശേഷം നടുവിൽ, എടക്കര എന്നീ ദേവാലയങ്ങളിലും സേവനം അനുഷ്ടിച്ചു. മലപ്പുറം ഡിസ്ട്രിക്ടിലുള്ള നൂറിലധികം ക്രൈസ്തവ ഇടവകകളും, വൈദികരും അംഗങ്ങളായുള്ള ഒരു എക്യൂമെനിക്കൽ ഫെലൊഷിപ്പ് നിലവിലുണ്ട്. വിവിധ സഭകളിൽപ്പെട്ട ക്രൈസ്തവർ ഒറ്റസമൂഹമായി ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്ന ഒരു ഫെലോഷിപ്പ്. ഇതിന്റെ പ്രസിഡന്റായും സേവനം ചെയ്യാനുള്ള അവസരം അച്ചനു കൈവന്നിട്ടുണ്ട്.

2001 ജൂണിൽ ബത്തേരി രൂപതയുടെ വികാരി ജനറാളായി സ്ഥാനം ഏറ്റു. അതിനു മുമ്പായി വിവിധ ഡിസ്ട്രിക്ടിലെ പ്രോട്ടോ പ്രസ്ബിറ്റർ, രൂപതാ കൗൺസിൽ അംഗം എന്നീനിലകളിലും പ്രവർത്തിച്ചിരുന്നു. ഒരു ഇടവക വികാരി ആയിരിക്കുക ഏറ്റം സന്തോഷകരമായ ഒന്നായിട്ടാണ്


www.malankaralibrary.com

അച്ചൻ കാണുക. പൗരോഹിത്യത്തിന്റെ അർത്ഥവും അവിടെ കണ്ടെത്തുന്നു. രൂപതയുടെ വികാരി ജനറാൾ എന്ന സ്ഥാനം നിർവ്വഹിക്കുമ്പോഴും ഒരിടവക വികാരി ആയിരിക്കാനും ശ്രദ്ധിക്കുന്നു. ഞായറാഴ്ചകളിൽ സഹ വൈദികർ സഹായിക്കുന്നു. എല്ലാം ദൈവനിയോഗവും ദൈവനടത്തിപ്പും മാത്രമായി കണ്ടുകൊണ്ട് സഭാശുശ്രൂഷ തുടരുന്നു.

വിലാസം - മോൺ. തോമസ് ചെരിവുപുരയിടം, വികാരിജനറാൾ,
കാത്തലിക് ബിഷപ്സ് ഹൗസ്,
സുൽത്താൻ ബത്തേരി പി.ഒ., വയനാട്, കേരള 673592

## 247

# ജോർജ്ജ് പാഞ്ഞാറ



ക്രൈസ്തവസമൂഹത്തിന് ഒരു കാലത്ത് അന്യമായിരുന്ന ശാസ്ത്രീയസംഗീതത്തിലും കലാസാഹിത്യ സാംസ്കാരിക രംഗങ്ങളിലും മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ജോർജ് പാഞ്ഞാറ 1938 നവംബർ 11-ാം തീയതി വൈക്കം കൈപ്പറമ്പിൽ വർക്കി മറിയം ദമ്പതികളുടെ മകനായി ജനിച്ചു. ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ സംഗീതത്തിലും സാഹിത്യത്തിലും അസാമാന്യ കഴിവ് പ്രകടിപ്പിക്കുകയുണ്ടായി. 1957 മുതൽ 62 വരെ ഗുരുകുല രീതിയിൽ സംഗീതപഠനം നടത്തി. ഗുരു വൈക്കം ചെമ്മനത്തുകര കെ.ജി. ബാലകൃഷ്ണൻ നായർ ആയിരുന്നു.

1958-ൽ സംസ്ഥാനാടിസ്ഥാനത്തിൽ കെ.സി.ബി.സി. സംഘടിപ്പിച്ച കത്തോലിക്കാ യുവജനോത്സവത്തിൽ കവിതാരചനയ്ക്ക് എറണാകുളം അതിരൂപതാടിസ്ഥാനത്തിൽ ഒന്നാം സ്ഥാനവും കേരളാടിസ്ഥാനത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ കവിതകൾ, കഥകൾ, ഏകാങ്കങ്ങൾ മുതലായവ എഴുതി പ്രസിദ്ധീകരിച്ചിരുന്നു.

1980-ൽ പാലാരൂപതയിലെ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ബൈബിൾ നാടക രചനയിൽ പാഞ്ഞാറ രചിച്ച അടിയറവ് എന്ന നാടകം ഒന്നാം സമ്മാനം നേടി. 1987 മുതൽ ക്രൈസ്തവഗീത കൃതികൾ രചിച്ച് പാടി വരുന്നു. ഈ വിഭാഗത്തിൽ 300 ഓളം കൃതികൾ അദ്ദേഹം വിവിധ രാഗങ്ങളിൽ, താളങ്ങളിൽ രചിച്ചിട്ടുണ്ട്. നൂറോളം രംഗവേദികളിൽ ഇതിനോടകം സംഗീതകച്ചേരി അവതരിപ്പിച്ചിട്ടുണ്ട്.

കീർത്തന രചനയിലും ആലാപനത്തിലും സാഹിത്യപ്രവർത്ത

www.malankaralibrary.com


നങ്ങളിലും മുഴുകി കൊതവറയിൽ താമസിക്കുന്നു. ജോർജ് പാഞ്ഞാറ, ക്രൈസ്തവസമൂഹത്തിന് അന്യമായിരുന്ന ശാസ്ത്രീയസംഗീതത്തിൽ ക്രിസ്തുവിന് പ്രാതിനിധ്യം നൽകുവാൻ പോന്ന ക്രൈസ്തവകീർത്തന രചനയ്ക്ക് തുടക്കമിടുവാൻ കഴിഞ്ഞതിലും നിരവധി സംഗീത സ്നേഹി കളുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ആകർഷിക്കാൻ കഴിഞ്ഞതിലും സംതൃപ്തനാണിന്ന്. അദ്ദേഹത്തിന്റെ ബഹുവിധ സേവനങ്ങൾ കണക്കിലെ ടുത്ത് 1990-ൽ എസ്സ്. എം. എ.സി. അവാർഡും 1991-ൽ ചാവറ സാംസ്കാരിക പുരസ്കാരവും 1992 എ.കെ.സി.സി. സിറിയക് കണ്ടത്തിൽ അവാർഡും 1997-ൽ ഈസ്റ്റ് വെസ്റ്റ് യൂണിവേഴ്സിററി അവാർഡും 2004-ൽ ഫിലാഡൽഫിയ കേന്ദ്രമായി പ്രവർത്തിക്കുന്ന ഡിവൈൻ സിംഗേഴ്സിന്റെ ഗാനരചനാ അവാർഡും ലഭിക്കുകയുണ്ടായി. യൂണിവേഴ്സിററി ഓഫ് മദ്രാസ് ഇന്ത്യൻ മ്യൂസിക് ഡിപ്പാർട്ടുമെന്റ് തലവന്റെ അനുമോദനപത്രിക 1997-ലും ലഭിക്കുകയുണ്ടായി.

കുറുപ്പന്തറ നെടുനിലത്തിൽ ഉലഹന്നൻ മറിയം ദമ്പതികളുടെ മകൾ മറിയാമ്മയാണ് ജോർജ് പാഞ്ഞാറയുടെ ഭാര്യ.

വിലാസം - ജോർജ്ജ് പാഞ്ഞാറ, കൊതവറ, വൈക്കം.

## 248

# ഡോ. ജോർജ്ജ് ഇരുമ്പയം



• അടിയന്തരാവസ്ഥയെ ധീരമായി എതിർത്തു കൊണ്ട് അക്കാലത്ത് കവിതകൾ രചിച്ച് പ്രസിദ്ധീകരിച്ച ഡോ. ജോർജ്ജ് ഇരുമ്പയം എന്ന മനുഷ്യാവകാശ ധർമ്മഭടൻ, പി.വി. ജോർജ്ജ്, ജോർജ്ജ് ഇരുമ്പയം എന്ന പേരുകളിൽ എഴുതാറുള്ള പൂവത്തുങ്കൽ വർക്കി ജോർജ്ജ് 1938 ഡിസംബർ 19ന് വൈക്കം താലൂക്കിൽ വെള്ളൂരടുത്ത് ഇരുമ്പയത്ത് ജനിച്ചു. വർക്കി-അന്നമ്മ ദമ്പതികളുടെ നാലുമക്കളിൽ മൂത്തയാളാണ് ജോർജ്ജ്.

തലയോലപ്പറമ്പ് ഹൈസ്കൂളിലും പാലാ, തേവര - മഹാരാജാസ് കോളേജുകളിലും പഠിച്ചു. ബി.എ., എം.എ. ബിരുദങ്ങൾ സമ്പാദിച്ചു. ക്ലാസും റാങ്കും നേടി എം.എ. ക്ക് ജയിച്ച ഇരുമ്പയം ടി.കെ. ജോസഫ് ഗോൾഡ് മെഡലിനും ഡോ. ഗോദർമ്മപ്രൈസിനും അർഹനായി. കാലിക്കട്ട് യൂണിവേഴ്സിററിയിൽനിന്ന് ഡോക്ടറേററ് എടുത്തു. മധുരയിൽനിന്നും ഗാന്ധിയൻ ചിന്തയിൽ എം.എ. ഡിഗ്രിയും നേടി. തേവര, തിരുവനന്തപുരം, സെന്റ് സേവിയേഴ്സ് കോളേജുകളിലും (1963-66) മടപ്പള്ളി-പാലാക്കാട് -

www.malankaralibrary.com

കോഴിക്കോട് ഗവൺമെന്റ് കോളേജുകളിലും ലക്ചററായി പ്രവർത്തിച്ചു. തലശ്ശേരി - കോഴിക്കോട് ഗവൺമെന്റ് കോളേജുകളിൽ പ്രൊഫസർ ആയിരുന്നു. കുറെക്കാലം ഡൽഹിയിൽ റിസേർച്ച് ഓഫീസറായും കാലിക്കട്ട് യൂണിവേഴ്സിററിയിൽ റിസേർച്ച് ഫെല്ലോ ആയും പ്രവർത്തിച്ചു. പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി 1969 ൽ ലക്ഷദ്വീപ് സന്ദർശിച്ചപ്പോൾ പ്രസംഗങ്ങൾ തർജ്ജിമ ചെയ്യാൻ കൂട്ടത്തിൽപോയത് പ്രൊഫ. ജോർജ്ജ് ഇരുമ്പയമായിരുന്നു. എറണാകുളം മഹാരാജാസ് കോളേജിൽ മലയാളം പ്രൊഫസ്സറും വകുപ്പ് തലവനുമായിരുന്നു. ജി.എൻ. പിള്ളയുമായി ചേർന്ന് 1987 മുതൽ സാഹിത്യനിരൂപണം ത്രൈമാസിക ഗ്രന്ഥം എഡിററുചെയ്ത് ഇറക്കി. 1993 മുതൽ അതിന്റെ ചീഫ് എഡിറററുമായി പ്രവർത്തിച്ചു.

മാതൃഭൂമി വാരിക - വാരാന്ത്യം - മനോരമ, ഭാഷാപോഷണി മുതലായ പ്രസിദ്ധീകരണങ്ങളിൽ ധാരാളം ലേഖനങ്ങൾ എഴുതി കാലിക്കററ് ബുക്ക്ക്ലബ്ബ് എന്ന സാഹിത്യചർച്ചാവേദി സ്ഥാപിച്ചു പ്രവർത്തിക്കുന്നതിൽ സുകുമാർ അഴീക്കോടിനോടും മററും സഹകരിച്ചു പ്രവർത്തിച്ചു. വളരെ നാൾ അതിന്റെ സെക്രട്ടറിയും പിന്നീട് പ്രസിഡണ്ടും ആയിരുന്നു. മലയാള സംരക്ഷണവേദി പ്രസിഡണ്ടുമായിരുന്നു അദ്ദേഹം. മലയാളം നിർബന്ധമായി എല്ലാ സ്കൂളുകളിലും സെൻട്രൽ സ്കൂളുകളിലും സി.ബി.എസ്സ്.ഇ. സ്കൂളുകളിലും പഠിപ്പിക്കാൻ സുപ്രീംകോടതിയെപ്പോലും ഇരുമ്പയം സമീപിക്കുകയുണ്ടായി. അദ്ദേഹം അയച്ച കത്ത് പൊതു താല്പര്യഹർജിയായി ഹൈക്കോടതി കേസെടുത്തിട്ടുണ്ട്.

മുപ്പത്തിമൂന്ന് പുസ്തകങ്ങൾ ജോർജ്ജ് രചിച്ചിട്ടുണ്ട്. അവ താഴെപറയുന്നവയാണ്. കവിതയുടെ ഭാവി (നിരൂപണം) അറബിക്കടലിലെയോളം (ലക്ഷദ്വീപ് യാത്രാവിവരണം) മഗ്ദലനമറിയവും വള്ളത്തോൾക്കവിതയും (പഠനം) ഒരു വിലാപം (കവിത വ്യാഖ്യാനം) നീഗ്രോ ക്രസ്തു (നിരൂപണം) കോലായ് രണ്ട് (നിരു.എഡിററർ) ഉത്തരേന്ത്യൻ നഗരങ്ങൾ പശ്ചിമേന്ത്യൻ ദൃശ്യങ്ങൾ (യാത്രാവിവരണം) സജ്ജ്യ്മുതൽ രുക്സാനവരെ (തർജ്ജിമ) ഇന്ദുമതി സ്വയംവരം (നോവൽ - എഡിററർ) ഉപാസിക്കുന്ന ദുഃഖത്തെ ഞാൻ (നിരൂപണം) കേസ് ഡയറി (ഷെർലെക്ഹോംസ് - തർജ്ജിമ) ആദ്യകാല മലയാളം നോവൽ (പഠനം) നിരൂപണം പുതിയമുഖം (എഡിററർ) മുപ്പതു കവിതകൾ (കവിത) ഉറൂബ് വ്യക്തിയും സാഹിത്യകാരനും (എഡി) മലയാളം നോവൽ 19-ാം നൂററാണ്ടിൽ (തീസീസ്) കുന്ദലത (റൊമാൻസ് എഡി) നാലു നോവലുകൾ (നോവൽ എഡി.) കാട്ടാളരിൽ കാപ്പിരി കാമദേവൻ (നിരൂപണം) വർത്തമാനപുസ്തകം പാഠവും പഠനങ്ങളും (എഡി) സാഹിത്യ സാമൂഹ്യവിമർശനങ്ങൾ (നിരൂപണം) അന്തപ്പായിയുടെ നോവലുകൾ - ശാരദയും (എഡി) കാനായിലെ വീഞ്ഞ് (കവിത) മലയാളവും മലയാളിയും (ലേഖനങ്ങൾ) സാഹിത്യനിരൂപണം ജി.എൻ.പിള്ള സ്മാരകഗ്രന്ഥം (എഡി) സാഹിത്യനിരൂപണം 17 (എഡി)

www.malankaralibrary.com

നൽകുക ദുഃഖം വീണ്ടും (കവിതകൾ) ചന്തുമേനോൻ (ജീവചരിത്രം) സ്വാതന്ത്ര്യം സാഹിത്യം പത്രപ്രവർത്തനം (എഡിററർ) എന്റെ സത്യാന്വേഷണ പരീക്ഷണ കഥ – ഗാന്ധിജി (തർജ്ജിമ) നോവൽ സി.വി. മുതൽ ബഷീർ വരെ (പഠനങ്ങൾ) യുഗാന്ത്യത്തിന്റെ മണിമുഴക്കം (ആത്മീയലേഖനങ്ങളും മററും)

നിരവധിഗ്രന്ഥങ്ങളുടെ കർത്താവായ ഇരുമ്പയം ഇപ്പോൾ 1991 മുതൽ ആത്മീയകാര്യങ്ങളിലേക്ക് മാത്രം ശ്രദ്ധ തിരിച്ചു. സാഹിത്യസാംസ്കാരിക പ്രവർത്തനങ്ങൾ കുറഞ്ഞു. ഗാന്ധിജിയുടെ ആത്മകഥാവിവർത്തനം ഇക്കാലത്തായിരുന്നു. ആ സംരംഭം ആത്മീയ ചിന്തകൾക്ക് സഹായകരമായി. ഗാന്ധിസ്മാരകനിധിയാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. നാലു ലക്ഷത്തിലധികം കോപ്പിവിററഴിഞ്ഞു. യുഗാന്ത്യത്തിന്റെ മണിമുഴക്കം രണ്ടു പതിപ്പ് ഇറങ്ങി. മാതൃഭൂമി, മനോരമ, ഭാഷാപോഷിണികളിൽ നിന്ന് എഴുത്ത് സണ്ടേശാലോം, കുടുംബദീപം, ഡിവൈൻ വോയ്സ് എന്നിവയിലേക്കുമാററി.

ഇരുമ്പയത്തിന്റെ മലയാള നോവൽ 19–ാം നൂററാണ്ടിൽ എന്നത് ഏററം നല്ല ഗവേഷണ പ്രബന്ധമാണ്. ജോർജ്ജ് ഇരുമ്പയത്തിന്റെ മഗ്ദലനമറിയവും വള്ളത്തോൾകവിതയും എന്ന പുസ്തകത്തിന്റെ അവതാരികയിൽ കുട്ടികൃഷ്ണമാരാര് ഇപ്രകാരം എഴുതിയിരിക്കുന്നു. "നിരൂപണം യുക്തിബോധപ്രധാനമാണ് ശ്രീ ജോർജ്ജിന് ആ യുക്തിബോധം തികച്ചുമുണ്ടെന്ന് കണ്ടിട്ടാണ് ഞാനീ ഗ്രന്ഥത്തെ സഹൃദയലോകത്തിന് മുമ്പിൽ സാഹ്ളാദം അവതരിപ്പിക്കുന്നത്. മലയാള നോവൽ 19–ാം നൂററാണ്ടിൽ എന്ന ഗ്രന്ഥത്തെപ്പററി പ്രൊഫ. സുകുമാർ അഴീക്കോട് എഴുതിയിരിക്കുന്നു." "അപൂർവ്വത പ്രതിഭയുടെയും സമഗ്രത പ്രയത്നത്തിന്റെയും സൂക്ഷ്മത പ്രജ്ഞയുടെയും ഫലമാണെന്ന് സാമാന്യമായി പറയാം. ജോർജ്ജിന്റെ ഈ ഗ്രന്ഥത്തിൽ ഈ ഗുണങ്ങളുടെ ത്രിവർണ്ണശോഭ കലർന്നിരിക്കുന്നു."

ആദ്യകാലമലയാളനോവൽ എന്ന ജോർജ്ജിന്റെ കൃതിയെപ്പററി എൻ.വി. കൃഷ്ണവാരിയർ അവതാരികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "മലയാളനോവലിന്റെ എളിയ പ്രാരംഭത്തിന്റെ ചരിത്രം അറിയുവാൻ ആഗ്രഹിക്കുന്നവർ അവശ്യം പഠിച്ചിരിക്കേണ്ട ഒരു ആധികാരികകൃതിയാണ് ആദ്യകാലമലയാളനോവൽ"


ആത്മീയകാര്യങ്ങളിൽ ശ്രദ്ധയൂന്നി ഒരു പുതുജീവിതത്തിലേർപ്പെട്ടിരിക്കയാണ് ഇരുമ്പയം.

ഭാര്യ വളവി കുടുംബാഗം. പ്രൊഫ. ട്രീസാ നാട്ടിക എസ്സ്.എൻ. കോളേജ് പ്രൊഫസറും വകുപ്പുദ്ധ്യക്ഷയുമായി റിട്ടയർ ചെയ്തു.

വിലാസം – ഡോ. ജോർജ്ജ് ഇരുമ്പയം 49/1176 A ഇടപ്പള്ളി, കൊച്ചി

www.malankaralibrary.com

# 249



# ഫാ. തോമസ് തൈത്തോട്ടം

പുരോഹിത കർമ്മാനുഷ്ഠാനങ്ങൾക്ക് ഒട്ടും ഭംഗം വരാതെ പൊതുപ്രവർത്തനങ്ങളെ സമഞ്ജസമായി ഉൾച്ചേർത്ത ഒരു വൈദികജീവിതശൈലിയുടെ ഉടമയായ ഫാ.തോമസ് തൈത്തോട്ടം പ്രസിദ്ധമായ ചമ്പക്കുളം ഇടവകയിൽ തൈത്തോട്ടം കുടുംബത്തിൽ ജോസഫ് മറിയം ദമ്പതികളുടെ ഒൻപതുമക്കളിൽ നാലാമനായി 1939 ജനുവരി 4-ന് ജനിച്ചു. ചമ്പക്കുളത്തെ പ്രശസ്തമായ പുതിയാമഠം കുടുംബത്തിന്റെ ഒരു ശാഖയാണ് തൈത്തോട്ടം കുടുംബം.

1956-ൽ ചമ്പക്കുളം സെന്റ് മേരീസ് സ്കൂളിൽനിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ തോമസ് തലശ്ശേരി രൂപതയ്ക്കുവേണ്ടി ചങ്ങനാശ്ശേരി പാറേൽ പെറ്റി സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. ആലുവാ സെന്റ് ജോസഫ് അപ്പസ്തോലിക് സെമിനാരിയിലെ പഠനത്തിനുശേഷം 1964 ഡിസംബർ ഒന്നിന് ബോംബെയിൽ വച്ചുനടന്ന ദിവ്യകാരുണ്യകോൺഗ്രസ്സിൽവച്ച് തലശ്ശേരി ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിതിരുമേനിയിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു.

1965 മാർച്ച് 19-ന് അവിഭക്ത തലശ്ശേരി രൂപതയിലെ കൂടരഞ്ഞി സെന്റ് ജോസഫ് പള്ളിയിൽ മോൺ. ജേക്കബ്ബ് വാരികാട്ടച്ചന്റെ അസിസ്റ്റന്റായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു. കൂടരഞ്ഞിയിൽ താമസിച്ചുകൊണ്ട് കൂമ്പാറ (പുഷ്പഗിരി) തേക്കുംകുറ്റി (ഫാത്തിമാഗിരി) എന്നീ സ്റ്റേഷനുകളിൽ എത്തി ശുശ്രൂഷ ചെയ്തു. 1966-ൽ പുഷ്പഗിരി പള്ളിയുടെ വികാരിയായി നിയമിതനായി. ആ പ്രദേശത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിൽ അദ്ദേഹം ശ്രദ്ധ ചെലുത്തി. മനോഹരമായ രീതിയിൽ പുഷ്പഗിരി പള്ളി നിർമ്മിച്ചു. എൽ.പി. സ്കൂൾ കെട്ടിടം, മൂക്കംകൂമ്പാറ റോഡ്, പ്രസ്തുത റോഡിലുള്ള പാലങ്ങൾ, കോഴിക്കോട് കൂമ്പാറ ബസ് സർവ്വീസ് എന്നിവയെല്ലാം തന്റെ നേട്ടങ്ങളാക്കി. 1972-ൽ അദ്ദേഹം സ്ഥലം മാറിപ്പോയപ്പോൾ അവിടുത്തെ എല്ലാ ജനവിഭാഗങ്ങളും കൂടി സഹകരിച്ച് ഒരു മോട്ടോർ സൈക്കിൾ അദ്ദേഹത്തിന് സമ്മാനമായി നൽകി. പിന്നീട് പുല്പള്ളിയിലെ മുള്ളൻകൊല്ലിയായിരുന്നു തൈത്തോട്ടത്തിലച്ചന്റെ പ്രധാന പ്രവർത്തനരംഗം. മുള്ളൻകൊല്ലി പഞ്ചായത്ത് അനുവദിപ്പിച്ചതും പുല്പള്ളി പാടിച്ചിറ റോഡ് നിർമ്മിച്ചതും, സ്റ്റേറ്റ് ബസ് പുല്പള്ളിയിലേക്ക് എത്തിച്ചതും ആശുപത്രി ഉൽഘാടനവും, യു.പി. സ്കൂൾ കെട്ടിടം നിർമ്മിച്ചതും എല്ലാം അദ്ദേഹത്തിന്റെ നേട്ടങ്ങളായിരുന്നു.

കുടിയാന്മലയായിരുന്നു പിന്നീടുള്ള പ്രവർത്തനരംഗം. ഹൈസ്കൂളും

www.malankaralibrary.com

ഗ്രൗണ്ടും പൂർത്തിയാക്കി, വൈദികമന്ദിരം പണികഴിപ്പിച്ചു, ദീപഗിരിയിൽ ഒരു പുതിയ സ്റ്റേഷൻ സ്ഥാപിച്ചു. കുടിയേറ്റ മേഖലയെ ആകെ ഗ്രസിച്ചു കൊണ്ടിരുന്ന മദ്യത്തിനെതിരെയുള്ള പോരാട്ടത്തിന് നേതൃത്വം നൽകുവാൻ ഫാ.തൈത്തോട്ടത്തെ, മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി ക്ഷണിച്ചു. മലബാർ കുടിയേറ്റത്തിന്റെ 50-ാം വർഷം മദ്യവർജ്ജന വർഷമായി പ്രഖ്യാപിച്ചപ്പോൾ ആ പ്രവർത്തനങ്ങളുടെ ഡയറക്ടർ സ്ഥാനം ഫാ. തൈത്തോട്ടത്തിനെ ഏല്പിച്ചു. പിന്നീട് തലശ്ശേരി മെത്രാസനമന്ദിരത്തിൽ താമസിച്ചു കൊണ്ട് മദ്യവർജ്ജന പ്രവർത്തനത്തിനുവേണ്ടി സ്വയം സമർപ്പിച്ചു. പിന്നീടുള്ള രണ്ടു വർഷക്കാലം നിയമവിരുദ്ധമായി അനുവദിച്ച ഷാപ്പുകൾ മാറ്റിക്കിട്ടുവാനും അനധികൃതമായി നടത്തിക്കൊണ്ടിരുന്ന ഉപഷാപ്പുകൾ പൂട്ടിക്കാനുമുള്ള അതിശക്തമായ സമരങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. തന്നോടൊത്തു പ്രവർത്തിച്ചവരെ 56 കേസുകളിൽ കുടുക്കി ദ്രോഹിച്ചു. എങ്കിലും പതറാതെ ഉറച്ച ബോദ്ധ്യത്തോടെ നിന്നു സമരം ചെയ്തതിന്റെ ഫലമായി ചെറുപുഴ, കേളകം, ഉളിക്കൽ പോലുള്ള പല പ്രദേശങ്ങളിലും വലിയ പരിവർത്തനങ്ങൾ ഉണ്ടായി. മദ്യത്തിനെതിരായി കുടിയേറ്റ മേഖലയിലെ ജനങ്ങളുടെ പ്രതികരണ ശേഷിയെ ഉത്തേജിപ്പിക്കാനും ഗവൺമെന്റിലും മറ്റുന്നത തലങ്ങളിലും മദ്യത്തിനെതിരായുള്ള ജനങ്ങളുടെ അവബോധം ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തുന്നതിനും കോടഞ്ചേരിയിൽ നടന്ന ചരിത്രപ്രസിദ്ധമായ നിരാഹാരസമരത്തിന് സാധിച്ചു. മദ്യത്തിനടിമകളായിരുന്ന അനേകമാളുകൾ തങ്ങളുടെ തെറ്റുതിരുത്തുവാനും പുനരധിവാസപ്രക്രിയകളോടു സഹകരിക്കാനും തയ്യാറായി. അവർക്കുവേണ്ടി തലശ്ശേരി ജോസ്ഗിരി ആശുപത്രിയിലും കൂത്തുപറമ്പ് ക്രിസ്തുരാജാ ഹോസ്പിറ്റലിലും പെരുമ്പുന്ന അർച്ചനയിലും ഇതിനുള്ള പ്രത്യേക ക്ലിനിക്കുകൾ പ്രവർത്തിപ്പിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. മദ്യവിമുക്തരായവർക്കു വേണ്ടി പ്രവർത്തിക്കുന്ന നവചൈതന്യ എന്ന സംഘടന സ്ഥാപിക്കുകയും പ്രവർത്തനം സുഗമമാക്കുകയും ചെയ്തു.

കുടിയേറ്റത്തിന്റെ സുവർണ്ണജൂബിലി വർഷം മദ്യവർജ്ജനവർഷമായി നടത്തിയ പ്രവർത്തനങ്ങൾ മലയോരങ്ങളിൽ നല്ല പ്രതികരണമാണുളവാക്കിയത്. ഈ ഘട്ടത്തിൽ പ്രൊഫ. എം.പി.മന്മഥൻ അദ്ധ്യക്ഷനായുള്ള കേരള മദ്യനിരോധനസമിതിയുമായി യോജിച്ച് മദ്യവിരുദ്ധ പ്രസ്ഥാനം കേരളവ്യാപകമാക്കി. ഫാ.തൈത്തോട്ടം ആ സമിതിയുടെ വൈസ്പ്രസിഡന്റും മാത്യു എം.കണ്ടം അതിന്റെ സെക്രട്ടറിയുമായി. തുടർന്ന് അദ്ദേഹം കേരളത്തിലങ്ങോളമിങ്ങോളമുള്ള മദ്യവിരുദ്ധസമ്മേളനങ്ങളിൽ ഒരു കൊടുങ്കാറ്റു കണക്കെ, ഈ തിന്മയ്ക്കെതിരെ ആഞ്ഞടിച്ചു.

ഫാ. തൈത്തോട്ടം മദ്യവർജന പ്രക്ഷോഭണങ്ങളുമായി നാടുനീളെ ഓടിനടന്നു. അതോടൊപ്പം പേരാവൂർ ഫൊ.പള്ളി വികാരിയായി അദ്ദേഹം നിയമിതനായി. ഏഴുവർഷക്കാലത്തെ പേരാവൂരിലെ പ്രവർത്തനം ആ

www.malankaralibrary.com

നാടിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ളതായിരുന്നു. പേരാവൂരെ അതി മനോഹരമായ വൈദികമന്ദിരം ഹൈസ്കൂൾ സ്റ്റേഡിയം എന്നിവ പണിയിപ്പിക്കുന്നതിനും ബ്ലോക്ക് ഓഫീസ്, ഇലക്ട്രിക് സബ്സ്റ്റേഷൻ, മിൽമ ചില്ലിംഗ് പ്ലാന്റ്, എക്സൈസ് ഓഫീസ് എല്ലാം സ്ഥാപിച്ചുകിട്ടുന്നതിനും തന്റെ കഴിവുകൾ വിനിയോഗിച്ചു. കല്ലുമുതിരക്കുന്നിലെ സെന്റ് ജൂഡ് ദേവാലയം നവീകരിച്ചതും പേരാവൂർ ടൗണിൽ മൗണ്ട് കാർമ്മൽ ആശ്രമം സ്ഥാപിച്ച് കിട്ടുന്നതിൽ നൽകിയ നേതൃത്വവും പ്രത്യേകം എടുത്തുപറയേണ്ടതാണ്. 1987-ൽ കിളിയന്തറ പള്ളി വികാരിയായി നിയമിതനായി. കിളിയന്തറയിലും അവിടുത്തെ ജനങ്ങളുടെയും ഇടവകയുടെയും സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിച്ചു. 1988-ൽ നെല്ലിക്കാംപോയിൽ ഇടവക വികാരിയായി നിയമിതനായി. 1978-ൽ മദ്യവിരുദ്ധവർഷമായി മാർ വള്ളോപ്പള്ളി തിരുമേനി പ്രഖ്യാപിച്ചതിന്റെ 10-ാം വാർഷികം നെല്ലിക്കാപോയിലിൽ വച്ചാണ് നടത്തിയത്. അതേവർഷം തന്നെയാണ് ഫാ.തൈത്തോട്ടത്തിന്റെ പൗരോഹിത്യരജത ജൂബിലിയും ആഘോഷിച്ചത്. 1992-95 വരെ ചെമ്പൻതൊട്ടി വികാരിയായിരുന്നു. പിന്നീട് ഇടവക ഭരണത്തിൽനിന്നും മാറി അതിരൂപതാമദ്യവർജന പ്രസ്ഥാനത്തിന്റെയും അവിടെ രൂപംകൊണ്ട കർഷകപ്രസ്ഥാനത്തിന്റെയും ഡയറക്ടറായും ചുമതലയേറ്റു. സന്ദേശഭവൻ തന്റെ പ്രവർത്തനകേന്ദ്രമാക്കിമാറ്റി. ഈ രംഗത്ത് ഒരു മുഴുവൻ സമയ പ്രവർത്തകനാണ് ഇന്ന് ഫാ.തൈത്തോട്ടം.

പ്രൊഫ. എം.പി. മന്മഥന്റെ നേതൃത്വത്തിൽ രൂപംകൊണ്ട മദ്യനിരോധന സമിതിയുടെ പ്രവർത്തനങ്ങളെപ്പറ്റിയും ആ പ്രസ്ഥാനത്തിൽ തൈത്തോട്ടത്തിലച്ചൻ പങ്കുചേർന്നതിനെപ്പറ്റിയും നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. മദ്യനിരോധന സമിതി അതിനു മുൻപ് ശ്രീമതി ലക്ഷ്മി എൻ. മേനോന്റെ നേതൃത്വത്തിൽ ചെറിയതോതിൽ പ്രവർത്തിച്ചിരുന്നു. ഫാ.തൈത്തോട്ടത്തിന്റെ ഈ രംഗത്തെ വരവോടുകൂടി മദ്യവർജന പ്രസ്ഥാനം ഒരു കൊടുങ്കാറ്റായി മലബാറിലെ മലയോരങ്ങളിൽ മാറുകയുണ്ടായി. സെമിനാറുകൾ, റാലികൾ, പൊതുയോഗങ്ങൾ, പദയാത്രകൾ മുതലായവ മദ്യവർജ്ജന സന്ദേശം ജനഹൃദയങ്ങളിൽ എത്തിക്കുന്നതിന് സഹായിച്ചു. സമിതി തയ്യറാക്കിയ ലഘുലേഖകൾ, പ്രദർശിപ്പിച്ച സ്ലൈഡുകൾ, സ്റ്റിക്കറുകൾ, ജാഥകൾ മുതലായവയിലൂടെ ബോധവൽക്കരിക്കപ്പെട്ട ജനസമൂഹം മദ്യഷാപ്പുകൾക്കെതിരെ തിരിഞ്ഞു. ആയിരത്തിലധികം ഷാപ്പുകൾ അടച്ചുപൂട്ടേണ്ടി വന്നു. മദ്യമുതലാളിമാർക്കുവേണ്ടി പോലീസ് അനേകം കള്ളക്കേസുകൾ ഉണ്ടാക്കി. നൂറുകണക്കിന് സ്ത്രീകളും കുട്ടികളും ജയിലിൽ അടക്കപ്പെട്ടു. തൈത്തോട്ടത്തച്ചന് നേരെ നിരവധി ഭീഷണികൾ മുഴങ്ങി. അദ്ദേഹത്തിന്റെ ധീരമായ നേതൃത്വം അവയൊന്നും പരിഗണിക്കാതെ മുന്നോട്ടുതന്നെ നീങ്ങി.

മദ്യവർജനത്തേക്കാൾ മദ്യനിരോധനമാണ് പ്രായോഗികം എന്ന ബോദ്ധ്യത്താലാണ് ഫാ.തൈത്തോട്ടം മദ്യനിരോധനസമതിയിൽ ചേർന്ന്

www.malankaralibrary.com

പ്രവർത്തിച്ചത്. സമിതിയുടെ നേതൃത്വത്തിൽ ജനശ്രദ്ധ പിടിച്ചുപറ്റിയ പല സമരങ്ങളും സംഘടിപ്പിക്കുകയുണ്ടായി. മട്ടാഞ്ചേരി സമരം, ഊരമന സമരം, പാളയം സമരം, അഴിമാവ് സമരം ഇവയെല്ലാം അവയിൽ ചിലതു മാത്രമാണ്. 110 ദിവസം നീണ്ടുനിന്ന ആലക്കോട് സമരത്തിന് സമ്പൂർണ്ണ നേതൃത്വം നൽകിയതും തൈത്തോട്ടത്തിലച്ചനായിരുന്നു. കണ്ണൂരിൽ മദ്യഷാപ്പുസമരം നടക്കുമ്പോൾ ഫാ.തൈത്തോട്ടം അനേകം അനുയായികളുമായി അവിടെയെത്തുകയും പിക്കറ്റ് ചെയ്യുകയും തുടർന്ന് അറസ്റ്റ് വരിക്കുകയും ചെയ്തിരുന്നു. മാഹിയിൽ കള്ളുഷാപ്പ് പിക്കറ്റുചെയ്തതിന് ഐ.കെ.കുമാരൻ മാസ്റ്ററോടൊപ്പം ജയിലിൽ അദ്ദേഹം അടയ്ക്കപ്പെടുകയുണ്ടായി. തലശ്ശേരി താലൂക്കിൽപ്പെട്ട വാളത്തോട് ചാരായഷാപ്പിനുമുന്നിൽ ഉപവാസം അനുഷ്ഠിക്കുമ്പോൾ ചാരായഷാപ്പിൽ യേശുവിന്റെ രൂപം പ്രദർശിപ്പിച്ചിരിക്കുന്നതുകണ്ടു. ക്രിസ്തുവിന്റെ രൂപം എടുത്തുമാറ്റിക്കുവാൻ ഫാ. തൈത്തോട്ടത്തിന് സാധിച്ചു.

മദ്യപാനരോഗത്തിന് അടിപ്പെട്ടുപോയവരെ മദ്യപാനത്തിന്റെ പിടിയിൽനിന്നും മോചിപ്പിക്കുന്നതിന് 1983-ൽ പ്രതീക്ഷ എന്ന പേരിൽ മദ്യപാന ചികിത്സാകേന്ദ്രം സ്ഥാപിച്ചു. ഇളംതലമുറയെ മയക്കുമരുന്ന്, പുകവലി എന്നിവയുടെ ദോഷഫലങ്ങളെപ്പറ്റി ബോധവാന്മാരാക്കുന്നതിനും അവയുടെ പിടിയിൽനിന്ന് മോചിപ്പിക്കുന്നതിനുമായി ആന്റി ഡ്രഗ്സ് സ്റ്റുഡന്റ്സ് യൂണിയൻ സംഘടിപ്പിച്ച് വിദ്യാലയങ്ങളിൽ പ്രവർത്തിച്ചു. അതിന്റെ സ്ഥാപക ഡയറക്ടറാണ് അദ്ദേഹം. കേരളാ ജോയിന്റ് ക്രിസ്ത്യൻ ടെമ്പറൽസ് മൂവ്മെന്റിന്റെ നോർത്ത് സോൺ കമ്മറ്റിയുടെ ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുന്ന ഫാ.തൈത്തോട്ടം കെ.സി.ബി.സി മദ്യവിരുദ്ധസമിതി അതിരൂപതാ ഡയറക്ടർ, മലബാർ റീജിയണൽ ഡയറക്ടർ, കേരളമദ്യവിരുദ്ധ ജനകീയ മുന്നണിയുടെ സംസ്ഥാന ജനറൽ കൺവീനർ, മദ്യനിരോധനസമിതി സംസ്ഥാന വൈസ്പ്രസിഡന്റ്, പ്രതീക്ഷ മദ്യപാന രോഗചികിത്സാകേന്ദ്രം സ്ഥാപക ഡയറക്ടർ, ശാന്തിഗ്രാം പ്രോജക്ട് സ്ഥാപക ഡയറക്ടർ എന്നീ നിലകളിലും മദ്യവർജ്ജന-നിരോധന പ്രസ്ഥാനങ്ങളിൽ സജീവമായി നേതൃത്വം നൽകുന്നു.

തന്റെ പൊതുപ്രവർത്തനത്തിനിടയിൽ മദ്യപന്മാർ കുടുംബത്തിനും നാടിനും വരുത്തിവയ്ക്കുന്ന ദുരിതങ്ങൾ കണ്ട് മനംമടുത്താണ് മദ്യവിരുദ്ധ രംഗത്ത് സജീവവും സംഘടിതവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ ഇടയായത്. മദ്യപിക്കുന്നവർ തന്റെ പ്രിപ്പെട്ടവരാണെങ്കിലും ബന്ധുക്കളാണെങ്കിലും അവരോട് ഒരിക്കലും ഒരു ഒത്തുതീർപ്പിനും അദ്ദേഹം തയ്യാറായിരുന്നില്ല. മലബാർ കുടിയേറ്റത്തോടൊപ്പം മലബാറിൽ ലഹരിയുടെ കുടിയേറ്റവും ശക്തമായി. കുടിയേറ്റ ജനതയും കുടിയേറ്റ ഭൂമിയും അക്ഷരാർത്ഥത്തിൽ മദ്യത്തിന്റെ പിടിയിൽ അമർന്നു. സമസ്ത പുരോഗതികളും തകിടം മറിയുന്നതും കുടുംബബന്ധങ്ങൾ ശിഥിലമാകുന്നതും സ്ത്രീകളുടെ കണ്ണീർ

www.malankaralibrary.com

മലമടക്കുകളിൽ ചാലുകളായി മാറുന്നതും ഫാ.തൈത്തോട്ടം കണ്ടു. ആ ദുരിതത്തിന്റെ തീവ്രതയാണ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിയുടെ അനുഗ്രഹത്താൽ ഈ രംഗത്ത് പ്രവർത്തിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

കിളിയന്തറയിലെ മദ്യവിരുദ്ധസമരം ദൂരപരിധിലംഘിച്ച് ഒരു സ്കൂളിനടുത്ത് ചാരായഷാപ്പ് പ്രവർത്തിച്ചത് അടച്ചുപൂട്ടിക്കാനായിരുന്നു. തൈത്തോട്ടത്തിലച്ചന്റെ നേതൃത്വത്തിൽ 52 ദിവസം സ്ത്രീകളും കുട്ടികളുമടക്കം സായാഹ്നസമരം നടത്തിയിട്ടും മദ്യകോൺട്രാക്ടർ ഷാപ്പുമാറ്റാൻ തയ്യാറായില്ല. 1987 മാർച്ച് മാസത്തിലെ ഒരു ഞായറാഴ്ച പ്രസംഗമദ്ധ്യേ ഈ സമരം വിജയിപ്പിക്കുന്നതിനായി അടുത്ത ഞായറാഴ്ചത്തെ കുർബാനയ്ക്കുശേഷം ഒരു അനിശ്ചിതകാലനിരാഹാരസത്യാഗ്രഹം ആരംഭിക്കുന്നതാണെന്ന് പ്രഖ്യാപിച്ചു. ഇടവകജനങ്ങൾ എല്ലാവരുംകൂടി തന്നെ സത്യാഗ്രഹപന്തലിലേക്ക് ആനയിക്കണമെന്നും അഭ്യർത്ഥിച്ചു. ഫാ.തൈത്തോട്ടത്തിന്റെ ഈ പ്രഖ്യാപനത്തെത്തുടർന്ന് 24 മണിക്കൂറുകൾക്കകം ഷാപ്പ് അടച്ചുപൂട്ടി സ്ഥലം വിട്ടു.

ഒരിക്കൽ മദ്യഷാപ്പുലേലം പിക്കറ്റുചെയ്യാൻ ബഹു.വൈദികരും കന്യാസ്ത്രീകളും അൽമായരുമടക്കം 2000-ൽപരം കുടിയേറ്റ കർഷകർ ടൗൺഹാളിന് മുന്നിലെത്തി. അതിനെ വെല്ലുവിളിച്ചുകൊണ്ട് അയ്യായിരത്തിലധികം തൊഴിലാളികൾ സി.ഐ.ടി.യു.വിന്റെ നേതൃത്വത്തിൽ ടൗൺഹാളിന് മുന്നിൽ അണിനിരന്നു. സംഘർഷം മുറ്റിനിന്ന സന്ദർഭത്തിൽ ഉൽഘാടകൻ മുൻമന്ത്രി ശ്രീ. പി.പി.ഉമ്മർകോയ ഉൽഘാടനം ചെയ്യാതെ സ്ഥലം വിട്ടു. സമരാനുകൂലികളും സി.ഐ.ടി.യുക്കാരും തമ്മിൽ ഉന്തും തള്ളും നടന്നു. ഉൽഘാടനം ചെയ്യാൻ ഫാ.തൈത്തോട്ടം നിയുക്തനായി. പ്രസംഗിപ്പിക്കില്ലെന്ന് സി.ഐ.ടി.യുക്കാർ. പ്രസംഗിക്കണമെന്ന് സമരാനുകൂലികൾ. മൈക്ക് കെട്ടിയ വണ്ടിക്കും ഫാ.തൈത്തോട്ടത്തിനും സംരക്ഷണം നൽകിക്കൊണ്ട് ജനങ്ങൾ അച്ചനോട് പ്രസംഗിക്കുവാൻ ആവശ്യപ്പെട്ടു. കളക്ടർ മൈക്ക് ഉപയോഗിക്കുന്നതിനെ നിരോധിച്ചു. ടൗൺഹാളിൽ അനധികൃതമായി കയറി മുദ്രാവാക്യം വിളിച്ചതിന്റെ പേരിൽ സി.ജെ.വർക്കിയെ പോലീസ് പിടിച്ച് വാതലിന് പുറത്തേക്ക് എറിഞ്ഞു. സർവ്വശക്തിയും സംഭരിച്ച് പ്രതിഷേധത്തെ ഒട്ടും കൂസാതെ ഫാ.തൈത്തോട്ടം പിക്കറ്റിംഗ് ഉൽഘാടനം ചെയ്തു.

കോടഞ്ചേരിയിലും ദൂരപരിധിലംഘിച്ച് നടത്തിയ ഷാപ്പ് അടച്ചുപൂട്ടിക്കുന്നതിനായി 5 യുവാക്കൾ നടത്തിയ സത്യാഗ്രഹസമരം ചരിത്രത്തിലെ ഒരു അത്ഭുതമായി മാറി. സത്യാഗ്രഹികളെ കാണാനും ആശ്വസിപ്പിക്കാനും ആയിരങ്ങൾ തടിച്ചുകൂടി. ഫാ.തൈത്തോട്ടത്തിന്റെ നേതൃത്വത്തിൽ നടന്ന ഒത്തുതീർപ്പു ചർച്ചയിൽ കോൺട്രാക്ടർ ഷാപ്പ് അടച്ചുപൂട്ടാൻ സമ്മതിച്ചു.

1978-ൽ ആണ് മദ്യനിരോധനസമതിയുടെ തുടക്കം. 1982 മുതൽ അതിന്റെ പ്രവർത്തനം മലബാറിൽ ശക്തമായി മുന്നേറി. പ്രൊഫ.എം.പി. മന്മഥൻ, പ്രൊഫ. ജി. കുമാരപിള്ള, എം.എം. വേലായുധൻ, ഐ.കെ. കുമാ

www.malankaralibrary.com

രൻ മാസ്റ്റർ തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന പ്രസിദ്ധങ്ങളായ ഊരമന, കൂവപ്പാടം, പാളയം (തിരുവനന്തപുരം) അഴിമാവ് തുടങ്ങിയ സ്ഥലങ്ങളിൽ മാസങ്ങളോളം നീണ്ടുനിന്ന സമരങ്ങൾക്ക് നേതൃത്വം നൽകാൻ തൈത്തോട്ടത്തിലച്ചന് സാധിച്ചിട്ടുണ്ട്. അഴിമാവ് കള്ളുഷാപ്പിന് മുമ്പിൽനിന്ന് തൈത്തോട്ടത്തിലച്ചൻ പ്രസംഗിക്കുമ്പോൾ ഷാപ്പിലെ കുടിയന്മാർ "ആമ്മേൻ ആമ്മേൻ" എന്ന് ഉച്ചത്തിൽ അലറിക്കൊണ്ട് പരിഹസിച്ചിരുന്നു.

സമരരംഗത്തെ വൈദികന്റെ അത്യപൂർവ്വമായ സാന്നിദ്ധ്യവും ധീരോദാത്തമായ നേതൃത്വവും ആവേശോജ്വലമായ പ്രസംഗവും ജനശ്രദ്ധ ആകർഷിച്ചിരുന്നു. ഫാ.തൈത്തോട്ടത്തിന്റെ വാഗ്വിലാസത്തിൽ ആകൃഷ്ടനായ പ്രൊഫ.എം.പി. മന്മഥൻ ഫാ. തൈത്തോട്ടത്തിനെ വെള്ളിനാവുകളുടെ (Silver tongue) ഉടമയെന്ന് വിശേഷിപ്പിക്കുകയുണ്ടായി.

110 ദിവസം നീണ്ടുനിന്ന ആലക്കോട്ടെ സമരവും 1989-ൽ ഉളിക്കല്ലിൽ നടന്ന രൂപതാമദ്യവർജ്ജനപ്രസ്ഥാനത്തിന്റെ ദശവാർഷികവും, 2003-ൽ പൈസക്കരിയിൽ വച്ചു നടന്ന രജതജൂബിലിയാഘോഷവും ഫാ.തൈത്തോട്ടത്തിന്റെ സംഘാടക വൈഭവത്തിന്റെയും അനിഷേധ്യ നേതൃത്വത്തിന്റെയും നിദർശനങ്ങളായിരുന്നു. 1985-ൽ മാഹിയിൽ നടന്ന സമരത്തിൽ ഫാ.തൈത്തോട്ടത്തെ അറസ്റ്റ് ചെയ്യുകയും മാഹി പോലീസ് അദ്ദേഹത്തോട് ക്രൂരമായി പെരുമാറുകയും ഏതാനും മണിക്കൂറുകൾ ജയിലിൽ പാർപ്പിക്കുകയും ചെയ്തു.

1997 ഡിസംബറിൽ ശ്രീ. ഇ.കെ. നായനാരുടെ മദ്യപ്രളയ നയത്തിൽ പ്രതിഷേധിച്ച് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിന് മുന്നിൽവച്ച് എം.എൽ.എ.മാരുടെ ബസ് ഉപരോധത്തിന് ഫാ.തൈത്തോട്ടം നേതൃത്വം നൽകി. തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയും ക്രൂരമായി പെരുമാറുകയും മണിക്കൂറുകൾ ജയിലിൽ അടയ്ക്കുകയും ചെയ്തു. പോലീസ് കസ്റ്റഡിയിൽ ഇരിക്കുമ്പോൾ സ്റ്റേഷന്റെ ഭിത്തിയിൽ പുകവലി നിരോധിച്ചിരിക്കുന്നു എന്ന ബോർഡ് സ്ഥാപിച്ചിരിക്കുന്നതു കണ്ടു. ആ ബോർഡിന്റെ സമീപം നിന്ന് സിഗരറ്റ് വലിച്ച ഒരു കോൺസ്റ്റബിളിന്റെ നടപടിയിൽ പരസ്യമായി ഫാ.തൈത്തോട്ടം പ്രതിഷേധിച്ചു. അതോടെ കോൺസ്റ്റബിൾ അമർഷത്തോടെ സ്ഥലം വിട്ടു.

2002 നവംബറിൽ എക്സൈസ് മന്ത്രി ശ്രീ.കെ.ശങ്കരനാരായണന്റെ ജനദ്രോഹമദ്യനയത്തിനെ എതിർക്കാൻ ഫാ.തൈത്തോട്ടത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് മന്ത്രി വസതി പിക്കറ്റുചെയ്ത് അറസ്റ്റ് വരിച്ചു.

മദ്യനിരോധനം അപ്രായോഗികം എന്ന സർക്കാരിന്റെയും രാഷ്ട്രീയ കക്ഷികളുടെയും വരട്ടുവാദത്തിനുള്ള മറുപടിയായിട്ടാണ് 2000-ൽ ശാന്തിഗ്രാം പ്രോജക്ട് ഫാ.തൈത്തോട്ടം ആരംഭിച്ചത്. ശാന്തിഗ്രാം പ്രോജക്ട് ഒരു ഗാന്ധിയൻ കർമ്മപരിപാടിയുടെ സാക്ഷാത്കാരമാണ്. അഞ്ചുഗ്രാമങ്ങളെ തിരഞ്ഞെടുത്ത് നിരന്തരമായ ബോധവൽക്കരണ പരിപാടികളിലൂടെ

www.malankaralibrary.com

മദ്യവിമുക്തമാക്കുക എന്നതാണ് ലക്ഷ്യം. അവർ നടത്തിയ സർവ്വേകളും കൗൺസിലിംഗും, മദ്യമുക്തകൂട്ടായ്മയുമെല്ലാം വളരെ സൽഫലങ്ങൾ ഉള വാക്കി. അതിന്റെ സ്ഥാപക ഡയറക്ടറും അദ്ദേഹമാണ്.

മദ്യവിരുദ്ധപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഫാ.തൈത്തോട്ടം കേരളത്തിലെ കർഷകരുടെ അവകാശസംരക്ഷണ പോരാട്ടത്തിലും സുധീരമായ നേതൃത്വം നൽകി. കേരളത്തിലെ 10 ലക്ഷം കർഷകരുടെ ജീവിത മാർഗ്ഗമാണ് കശുമാവ്കൃഷി. സംസ്ഥാനത്തെ മൊത്തം കൃഷിയുടെ 60 ശതമാനവും ഉൽപ്പാദനത്തിന്റെ 80 ശതമാനവും കണ്ണൂർ, കാസർകോഡ് ജില്ലകളിലാണ്. സംസ്ഥാനത്ത് 272 ഫാക്ടറികളും ഒന്നരലക്ഷം തൊഴിലാളികളും ഈ വ്യവസായത്തെ ആശ്രയിച്ച് ജീവിക്കുന്നുണ്ട്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടിയും ഇറക്കുമതിചെയ്ത തോട്ടണ്ടിയും ഉപയോഗിച്ചാണ് ഇവിടുത്തെ ഫാക്ടറികൾ പ്രവർത്തിച്ചിരുന്നത്. മറ്റുരാജ്യങ്ങളിൽ ഫാക്ടറികൾ ആരംഭിച്ചതോടെ ആവശ്യത്തിനുള്ള തോട്ടണ്ടി നമ്മുടെ ഫാക്ടറികൾക്ക് ലഭിക്കാതെ വന്നു. പല ഫാക്ടറികളും പൂട്ടേണ്ടിവന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ തോട്ടണ്ടിയും തറവില നിശ്ചയിച്ച് ഗവൺമെന്റ് നേരിട്ട് സംഭരിച്ച് ഫാക്ടറികൾക്ക് വിതരണം ചെയ്യുന്നതിന് ഗവൺന്റെ കശുവണ്ടി കുത്തക സംഭരണ വിതരണ നിയമം കൊണ്ടുവന്നു പാസ്സാക്കി. ഗവൺമെന്റ് ഏകപക്ഷീയമായിട്ടാണ് വില നിശ്ചയിച്ചത്. കശുവണ്ടികർഷകന്റെ വിപണനസ്വാതന്ത്ര്യത്തിന്മേലുള്ള കയ്യേറ്റമായിരുന്നു ഈ നിയമം. വിലപേശി വിൽക്കാനുള്ള കർഷകന്റെ അവകാശം നിഷേധിച്ചു. തോട്ടണ്ടി സംഭരിക്കുന്ന സംഘങ്ങളിലും ഡിപ്പോകളിലും രൊക്കം പണം കൊടുക്കാതെയും വന്നു. എന്നുതന്നെയുമല്ല ഈ സംഭരണവ്യവസ്ഥ വൻ അഴിമതിക്കു വഴിതെളിച്ചു. കുത്തകസംഭരണവിലയും കർണ്ണാടക തമിഴ്നാട് സംസ്ഥാനങ്ങളിലെ വിലയും തമ്മിൽ പന്ത്രണ്ട് രൂപയുടെ വ്യത്യാസം ഉണ്ടായിരുന്നതുകൊണ്ട് തലചുമടായി കർഷകർ സ്വന്തം ഉല്പന്നം കൊണ്ടുപോയിരുന്നു. ഇത് പോലീസ് തടയുകയും അവരുടെ പേരിൽ കേസ് ചാർജ് ചെയ്യുകയും ചെയ്തു.

കശുവണ്ടി കർഷകരെ രാഷ്ട്രീയത്തിനതീതമായി സംഘടിപ്പിച്ചുകൊണ്ട് ഫാ.തൈത്തോട്ടം രംഗത്തെത്തി. കശുവണ്ടി കർഷകരുടെ വലിയ ഒരു കൺവെൻഷൻ തലശ്ശേരിയിൽ വിളിച്ചുകൂട്ടി. കശുവണ്ടി കുത്തകസംഭരണ വിതരണനിയമം റദ്ദുചെയ്യണമെന്നും തോട്ടണ്ടിക്ക് അഖിലേന്ത്യാസ്വതന്ത്രവിപണി അനുവദിക്കണമെന്നും സർക്കാരിനോട് കൺവെൻഷൻ അഭ്യർത്ഥിക്കുകയും ചെയ്തു. 1989 ജനുവരി 29 ന് കശുവണ്ടി പായ്ക്കറ്റുകളുമായി ആയിരക്കണക്കിന് കർഷകർ നിയമലംഘിച്ച് കശുവണ്ടി മാർച്ച് കർണ്ണാടകത്തെ മാങ്കൂട്ടത്തേക്കു നടത്തി. ആ മാർച്ചിൽ എം.എൽ.എ മാരും പങ്കെടുത്തു. മാങ്കൂട്ടം പാലത്തിൽവച്ച് കണ്ണൂർ എസ്സ്.പി. മാർച്ച് തടഞ്ഞു. ഇതോടെ മലയോരകർഷകരിൽ സമരാവേശം അലതല്ലി.

www.malankaralibrary.com

കശുവണ്ടി കർഷക സമരാവേശത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് 1989 മാർച്ച് 15 ന് ഫാ.വടക്കൻ കേളകത്ത് അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം ആരംഭിച്ചു. എ.കെ.സി.സി ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം നിരാഹാര സത്യാഗ്രഹത്തിൽ പങ്കെടുത്തു. പക്ഷെ സർക്കാരിന്റെ മർക്കടമുഷ്ടിയെത്തുടർന്ന് നിരാഹാരസത്യാഗ്രഹം പിൻവലിക്കുകയും കൂടുതൽ സമര പരിപാടികൾക്ക് രൂപം കൊടുക്കുകയും ചെയ്തു. 1994 മാർച്ച് 16-ന് പതിനായിരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ കണ്ണൂർ കളക്ട്രേറ്റ് മാർച്ചിന് ഫാ.തൈത്തോട്ടം നേതൃത്വം നൽകി. കുത്തകസംഭരണ നിയമത്തിന്റെ കോപ്പി പരസ്യമായി കത്തിച്ചുകൊണ്ട് പ്രതിഷേധം രേഖപ്പെടുത്തി. തുടർന്ന് ഹൈക്കോടതിയിൽ കേസ് നൽകി. 1994 മാർച്ച് 19-ന് കർഷക നേതാക്കളുമായി നടത്തിയ ചർച്ചയും പരാജയപ്പെട്ടു. 30 രൂപ സംഭരണവില ആവശ്യപ്പെട്ടു. പക്ഷെ സർക്കാർ 24 രൂപാ സംഭരണവിലയായി ഉയർത്തി. 1995 ഏപ്രിൽ മാസത്തിൽ കുത്തകസംഭരണനിയമം റദ്ദാക്കിക്കൊണ്ട് ഹൈക്കോടതി വിധി പുറപ്പെടുവിച്ചു. എങ്കിലും പ്രയോഗത്തിൽ വരുത്തുവാൻ സർക്കാർ വിസമ്മതിച്ചു. നിരന്തരമായ പ്രക്ഷോഭണത്തിന്റെ ഫലമായി സർക്കാർ കുത്തകസംഭരണം ഉപേക്ഷിച്ചു. കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി രണ്ട് ഫാക്ടറികൾ കർഷകരെ സംഘടപ്പിച്ച് സ്ഥാപിച്ചു. ഒരു ദീർഘവീക്ഷണത്തോടെയുള്ള തൈത്തോട്ടത്തിലച്ചന്റെ നടപടി കർഷകജനതയുടെ പ്രശംസ പിടിച്ചുപറ്റി.

തലശ്ശേരി രൂപത 1995 കർഷകവർഷമായി പ്രഖ്യാപിക്കുകയും അതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ഫാ. തോമസ് തൈത്തോട്ടം സംഘടനയിലൂടെ പ്രചരണം നൽകുകയും ചെയ്തു.

റബ്ബർ വിലയിടിവിനെ തുടർന്ന് പ്രധാന മന്ത്രിയുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനായി "ഒരു ലക്ഷം റബ്ബർ പാഴ്സൽ പ്രധാനമന്ത്രിക്ക്" എന്ന ഒരു പരിപാടി ആവിഷ്കരിച്ചു. റബ്ബർ സംഭരണം സംബന്ധിച്ച് ഹൈക്കോടതിയിൽ കർഷകസമിതികേസ് ഫയൽ ചെയ്തു. പാമോയിൽ വിതരണം പിൻവലിക്കണമെന്ന ആവശ്യം ഹൈക്കോടതി അംഗീകരിച്ചു.

വടക്കേകളം കർഷകരെ കുടിയൊഴിപ്പിക്കാനുള്ള നീക്കത്തിനെതിരെ മലബാർ കർഷകർ ഒപ്പിട്ട ഭീമഹർജി 1995 നവംബർ 21 ന് അന്നത്തെ മുഖ്യമന്ത്രി എ.കെ. ആന്റണിക്ക് സമർപ്പിച്ചു. 1998 ജനുവരി 27 ന് കുടിയിറക്കാനായി ഒരു സംഘം പോലീസുകാരുമായി തഹസീൽദാർ സ്ഥലത്തെത്തി. കുടിയിറക്കിനെ പ്രതിരോധിക്കാൻ ഫാ. തൈത്തോട്ടത്തിന്റെ നേതൃത്വത്തിൽ നൂറുകണക്കിനാളുകൾ തയ്യാറായി വരികയും വടക്കേകുളം ഭൂമിയിലേക്ക് പോലീസിനെ കയറ്റാതിരിക്കാൻ ശ്രമിക്കുകയും ചെയ്തു. പോലീസ് പിൻവാങ്ങിയെങ്കിലും ഫാ. തൈത്തോട്ടം ഉൾപ്പെട്ട 12 പേരുടെ പേരിൽ കേസ് ചാർജ്ജു ചെയ്തു. അച്ചന്റെ പേരിൽ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചു. പിന്നീട് മൂന്നു വർഷത്തിനുശേഷം സർക്കാർ കേസ് പിൻവലിക്കുകയാണ് ചെയ്തത്.

www.malankaralibrary.com

വടക്കേകളം കുടിയിറക്കിനെതിരെ അഭിവന്ദ്യ വള്ളോപ്പള്ളി പിതാവ് തലശ്ശേരി അരമനയിലും അഭിവന്ദ്യ വലിയമറ്റം പിതാവ് കണ്ണൂർ സ്റ്റേഡിയം കോർണറിലും നിരാഹാര സത്യാഗ്രഹം നടത്തി. വടക്കേകളം കുടിയിറക്കിനെതിരെ മലയോരങ്ങൾ ഇളക്കിമറിച്ചു. ആ ജനകീയ പ്രക്ഷോഭണം നയിച്ചതും ഫാ. തൈത്തോട്ടമായിരുന്നു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കുടിയിറക്കാനായി വീണ്ടും ആയിരത്തിലധികം വരുന്ന പോലീസ് സേനയുടെ സഹായത്തോടെ 1998 മാർച്ച് 11 ന് വടക്കേകളം കൃഷിഭൂമിക്ക് സമീപം കൊളവല്ലൂർ പോലീസ് സ്റ്റേഷനിൽ തമ്പടിച്ചു. നൂറോളം വനിതാപോലീസടക്കം "കുടിയേറ്റ ജനത ഒറ്റ ജനത" എന്ന് പ്രഖ്യാപിച്ചുകൊണ്ട് 5000 ത്തോളം കർഷകർ തൈത്തോട്ടത്തിലച്ചന്റെ നേതൃത്വത്തിൽ എന്തും നേടാൻ തയ്യാറായി നിന്നിരുന്നു. ആകാംക്ഷയുടെയും ഉൽകണ്ഠയുടെയും നിമിഷങ്ങളായിരുന്നു പിന്നീട്. പ്രശ്നത്തിന്റെ നിജസ്ഥിതി മനസ്സിലാക്കിയ മുഖ്യമന്ത്രി നായനാർ "പോലീസ് സേന വടക്കേക്കളത്തേക്ക് പോകേണ്ടതില്ല." എന്ന് കണ്ണൂർ കളക്ടർക്ക് നിർദ്ദേശം നൽകി. ആ വിവരം ഫാ.തൈത്തോട്ടം അനേകായിരങ്ങളെ ഉച്ചഭാഷണിയിലൂടെ അറിയിച്ചു. കർഷകജനത ആഹ്ളാദത്തിമർപ്പിൽ നൃത്തം വച്ചു. മലബാർ കർഷകസമതി ചെയർമാൻ ഫാ. തൈത്തോട്ടത്തിന്റെ അതിസാഹസികവും ഊർജ്ജസ്വലവും സമയോചിതവുമായ നേതൃത്വം മലബാറിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായി മാറി.

മലബാറിന്റെ ആരാധ്യപുരുഷനായ ഫാ. തൈത്തോട്ടം പ്രസിദ്ധമായ മാരാമൺ കൺവൻഷനിൽ മൂന്നുപ്രാവശ്യം പ്രാസംഗികനായി ക്ഷണിക്കപ്പെടുകയുണ്ടായി. ഒരു കത്തോലിക്കാ വൈദികന് മറ്റിതരസമുദായാംഗങ്ങളുടെയിടയിൽ ലഭിച്ച അംഗീകാരമായി ഇതിനെ കാണാം. സീറോ മലബാർ സഭയുടെ പ്രഥമ അസംബ്ലിയിലും അദ്ദേഹം പങ്കെടുക്കുകയുണ്ടായി.

ആർച്ച് ബിഷപ്പിന്റെ കൺസൾട്ടന്റ്, പബ്ലിക് റിലേഷൻസ് ഓഫീസർ, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ മെമ്പർ, വൈദിക സെനറ്റ് മെമ്പർ, ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഗവേണിംഗ് ബോഡി മെമ്പർ, തലശ്ശേരി സാൻ ജോസ് മെട്രോപോലീത്തൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ ഗവേണിംഗ് ബോഡി മെമ്പർ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിക്കുന്നു.

തൈത്തോട്ടത്തിലച്ചന്റെ ബഹുവിധമായ കഴിവുകൾ കണ്ടെത്തി അദ്ദേഹത്തെ ആദരിക്കുന്നതിന് ആദ്യം തയ്യാറായത് അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് ആണ്. 1995-ൽ മികച്ച സാമൂഹ്യപ്രവർത്തകനുള്ള അവാർഡ് അദ്ദേഹത്തിന് കത്തോലിക്കാ കോൺഗ്രസ് നൽകി. മികച്ച മദ്യനിരോധന പ്രവർത്തനത്തിനുള്ള ഫാ.കുര്യാക്കോസ് പാറയ്ക്കൽ കോർ എപ്പിസ്കോപ്പ ഫൗണ്ടേഷൻ അവാർഡ് 1995 ലും, മികച്ച സാമൂഹ്യപ്രവർത്തകനുള്ള യു.എ.ഇ. ഇസ്ലാമിക് അസോസിയേഷൻ അവാർഡ് 2002 ലും മികച്ച വ്യക്തിത്വ

www.malankaralibrary.com

ത്തിനുള്ള നളന്ദ കൾച്ചറൽ സെന്റർ അവാർഡ് 2003 ലും ഫാ. തൈത്തോട്ട ത്തിന് ലഭിച്ചു.

സംഭവബഹുലമായ ഈ ജോലികൾ നിർവ്വഹിച്ചപ്പോഴും അജപാലനപരമായ തന്റെ ചുമതലകൾ നൂറുശതമാനവും ഭംഗിയായി നിർവ്വഹിച്ചുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. മദ്യവർജ്ജനത്തിന്റെ മഹാനായ മിഷനറി, കുടിയേറ്റ കർഷകരുടെ അവകാശസംരക്ഷണ പോരാട്ടത്തിലെ മുന്നണിപ്പോരാളി എന്ന നിലകളിൽ ഫാ. തൈത്തോട്ടം കേരള ജനതയുടെ സ്മരണയിൽ എന്നും നിലനിൽക്കും.

വിലാസം - ഫാ. തോമസ് തൈത്തോട്ടം സന്ദേശഭവൻ, തലശ്ശേരി

# 250

# കെ.എം. റോയി



പ്രശസ്തനായ പത്രപ്രവർത്തകൻ, ധിഷണാശാലിയായ എഴുത്തുകാരൻ എന്നീ നിലകളിൽ ലബ്ധപ്രതിഷ്ഠനായ ശ്രീ. കെ.എം. റോയി എറണാകുളത്ത് കരീത്തറ കുടുംബത്തിൽ കെ.ആർ. മാത്യുവിന്റെയും ലുദിനയുടെയും പുത്രനായി 1939 ഏപ്രിൽ രണ്ടിന് ജനിച്ചു. പിതാവ് പേരെടുത്ത ഒരു ആർക്കിടെക്റ്ററായിരുന്നു.

എറണാകുളം മഹാരാജാവ് കോളേജിൽ നിന്ന് ചരിത്രത്തിൽ ബിരുദാനന്തരബിരുദം നേടിയ റോയി തുടർന്ന് പത്രപ്രവർത്തകനായി മാറി. കേരളപ്രകാശം, ദേശബന്ധു, കേരളഭൂഷണം എന്നീ മലയാളപത്രങ്ങളുടെ പത്രാധിപസമിതിയംഗമായി പ്രവർത്തിച്ചു. പിന്നീട് ഇക്കണോമിക്ടൈംസിന്റെ റിപ്പോർട്ടറായി. തുടർന്ന് ദി ഹിന്ദു പത്രത്തിന്റെ കോട്ടയം റിപ്പോർട്ടറായും കൊച്ചിബ്യൂറോ ചീഫ് ആയും പ്രവർത്തിച്ചു. ഇതിനിടയിൽ മനോരാജ്യം വാരികയുടെ പത്രാധിപരായും സേവനം അനുഷ്ഠിച്ചു. പിന്നീട് ദേശീയ വാർത്താ ഏജൻസിയായ യുണൈറ്റഡ് ന്യൂസ് ഓഫ് ഇന്ത്യയിൽ ചേർന്നു (യു.എൻ.ഐ) അവിടെ റിപ്പോർട്ടറായി പ്രവർത്തിക്കവെ രാജിവെച്ച് മംഗളം ദിനപത്രത്തിന് രൂപം നൽകാനായി അതിന്റെ ജനറൽ എഡിറ്ററായി ചേർന്നു. ഒന്നരപതിറ്റാണ്ടുകാലം മംഗളം പത്രത്തിന്റെ ജനറൽ എഡിറ്ററായിരുന്നു. അതിനുശേഷവും അതിന്റെ കൺസൾട്ടന്റ് എഡിറ്ററാണ്.

കേരളത്തിലെ പത്രപ്രവർത്തക പ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിച്ച റോയി രണ്ടുതവണ കേരള പത്രപ്രവർത്തകയൂണിയന്റെ പ്രസിഡണ്ടായിരുന്നു. പിന്നീട് ഇന്ത്യയിലെ പത്രപ്രവർത്തകരുടെ ഏറ്റവും വലിയ സംഘടനയായ ഇന്ത്യൻ ഫെഡറേഷൻ ഓഫ് വർക്കിംഗ് ജേർണലിസ്റ്റിന്റെ

www.malankaralibrary.com

(ഐ.എഫ്.ഡബ്ളിയു.ജെ) സെക്രട്ടറി ജനറലായി. 1984 മുതൽ 88 വരെ ആ പദവിയിൽ തുടർന്നു. വിവിധ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും പ്രസംഗിക്കുന്നതിനുമായി അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, സോവിയറ്റ് യൂണിയൻ, ചൈന, ക്യാനഡ, ഗ്രീസ്, ജർമ്മനി, സ്വിറ്റ്സർലണ്ട്, പോളണ്ട്, ബൾഗേറിയ, തായ്ലണ്ട്, പാക്കിസ്ഥാൻ, ഹോളണ്ട്, കൊറിയ തുടങ്ങിയ പല രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്.

ഇപ്പോൾ കേരളത്തിലെ സർവ്വകലാശാലകളിലും മറ്റുവിവിധ സ്ഥാപനങ്ങളിലും പത്രപ്രവർത്തകകോഴ്സുകളിൽ വിസിറ്റിംഗ് ലക്ചററായി സേവനം അനുഷ്ഠിക്കുന്നു. കാലിക്കട്ട്, എം.ജി. സർവ്വകലാശാലകളിൽ ബോർഡ് ഓഫ് സ്റ്റഡീസ് അംഗമാണ്. എം.ജി.യൂണിവേഴ്സിറ്റിയിൽ അക്കാഡമിക് കൗൺസിൽ അംഗവുമായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കേരളാ സ്റ്റഡീസ് ചെയർമാൻ, കേരളാ പ്രസ്സ് അക്കാഡമി ചെയർമാൻ എന്നീ സ്ഥാനങ്ങളും റോയി വഹിച്ചിട്ടുണ്ട്.

മംഗളം വാരികയിൽ ഇരുപതുവർഷമായി ഇരുളും വെളിച്ചവും എന്ന പംക്തി മുടങ്ങാതെ എഴുതുന്നു. ന്യുയോർക്കിൽ നിന്നും പ്രസിദ്ധീകരിക്കുന്ന മലയാളം പത്രം, ഷിക്കോഗായിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന കേരള എക്സ്പ്രസ്സ്, സൗദി അറേബ്യയിൽനിന്നും പ്രസിദ്ധീകരിക്കുന്ന മലയാളം ന്യൂസ് ദിനപത്രം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലും കോളങ്ങൾ എഴുതുന്നു. മംഗളം ദിനപത്രത്തിൽ തുറന്ന മനസ്സോടെ എന്ന രാഷ്ട്രീയ വിശകലന പ്രതിവാര കോളവും എഴുതുന്നു. കേരളത്തിലെ മറ്റ് ആനുകാലികങ്ങളിലും സ്ഥിരം എഴുത്തുകാരനാണ് റോയി.

റോയിയുടെ പ്രസിദ്ധീകൃതമായ കൃതികൾ സ്വപ്ന എന്റെ ദുഃഖം, മോഹം എന്ന പക്ഷി, മനസ്സിൽ എന്നും മഞ്ഞുകാലം (മൂന്നും നോവലുകൾ) തുറന്ന മനസ്സോടെ പുതിയ ചൈനയിൽ, ആതോസ് മലയിൽ, ഷിക്കോഗയിലെ കഴുമരങ്ങൾ (ഇവ മൂന്നും യാത്രാവിവരണങ്ങളാണ്) കാലത്തിനു മുൻപേ നടന്ന മാഞ്ഞൂരാൻ (ജീവചരിത്രം) മരിച്ചവരുടെ ഓർമ്മയ്ക്ക് (സ്മരണകൾ) ഇരുളും വെളിച്ചവും (നാലുഭാഗങ്ങൾ) എന്നിവയാണ്.

റോയി രചിച്ച കാലത്തിന്മുൻപേനടന്ന മാഞ്ഞൂരാൻ എന്ന ജീവചരിത്രഗ്രന്ഥം അക്കാലഘട്ടത്തിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളുടെയും കേരളത്തിന്റെ തന്നെയും ചരിത്രമാണെന്ന് പറയുവാൻ സാധിക്കും. ഇരുളും വെളിച്ചവും എന്ന പേരിൽ മംഗളം വാരികയിൽ എഴുതുന്ന ലേഖനങ്ങൾ ഇദ്ദേഹത്തെ മലയാളികളുടെ ഏറ്റം പ്രിയങ്കരനായ ലേഖന കർത്താവാക്കി. ഈ ലേഖനങ്ങൾ വായിക്കുവാൻമാത്രം പതിനായിരങ്ങൾ ഈ വാരിക വാങ്ങിയിരുന്നു എന്നത് ഈ ബുദ്ധിജീവിക്ക് ഏറ്റം വലിയ അംഗീകാരമായിരുന്നു.

മീഡിയരംഗത്ത് ദേശീയതലത്തിൽ ശ്രദ്ധേയനായ റിസോഴ്സ് പേഴ്സണായ റോയിക്ക് നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 1993 ൽ പത്രപ്രവർത്തനരംഗത്തെ മികച്ച സംഭാവനകൾക്ക് ആൾ ഇന്ത്യാ കാത്തലിക് യൂണി

www.malankaralibrary.com


യൻ ഏർപ്പെടുത്തിയ ലൈഫ്ടൈം അവാർഡു ലഭിച്ചു. നിർഭയപത്രപ്രവർത്തകനുള്ള കെ.അയ്യപ്പൻ അവാർഡ്, കാത്തലിക് ബിഷപ്പ് കോൺഫറൻസ് മാധ്യമ അവാർഡ്, ബാബറിമസ്ജിദ് തകർത്തതിനെപ്പറ്റി മലയാള പത്രങ്ങളിൽ എഴുതപ്പെട്ട ഏറ്റം നല്ല മുഖപ്രസംഗത്തിനുള്ള (മംഗളം) മുട്ടത്തുവർക്കി ഫൗണ്ടേഷൻ അവാർഡ്, പത്രപ്രവർത്തനരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള റഹീം മേച്ചേരി അവാർഡ്, മികച്ച കോളം എഴുത്തിനുള്ള ശിവറാം അവാർഡ്, അമേരിക്കയിൽ നിന്നുള്ള ഫൊക്കാനാ അവാർഡ് എന്നിവ റോയിക്ക് ലഭിച്ചിട്ടുണ്ട്.

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെപ്പോലുള്ള ധീരരായ പത്രപ്രവർത്തകർ ഇന്നും ഉണ്ടെന്നുള്ള അഭിപ്രായക്കാരനാണ് റോയി. അങ്ങനെ ധീരനായ രാമകൃഷ്ണപിള്ളക്ക് തന്റെ വാക്കുകൾ ധൈര്യപൂർവ്വം പ്രസിദ്ധപ്പെടുത്താൻ അനുവദിച്ചത് പത്രത്തിന്റെ ഉടമയായ സ്വതന്ത്രചിന്തകനായ വക്കം അബ്ദുൾഖാദറാണ്. അദ്ദേഹത്തെപ്പോലെയുള്ള പത്രഉടമകൾ ഇന്നില്ലായെന്നതാണ് സത്യം. ഇതാണ് ഇന്നത്തെ പത്രപ്രവർത്തകരെപ്പറ്റിയുള്ള കെ.എം. റോയിയുടെ അഭിപ്രായം.

വിലാസം - കെ.എം. റോയി, കരീത്തറ, കൊച്ചി

# 251

# റവ.ഡോ. കുര്യൻ മാതോത്ത്



പത്രപ്രവർത്തകൻ, ഗ്രന്ഥകാരൻ, പ്രമുഖസംഘാടകൻ എന്നീ നിലകളിൽ അറിയപ്പെടുന്ന റവ. ഡോ. കുര്യൻ മാതോത്ത് പാലായിൽ മാടപ്പാട്ടു കുടുംബത്തിന്റെ ഒരു ശാഖയായ മാതോത്ത്, ജോസഫ് - അന്നമ്മ ദമ്പതികളുടെ പുത്രനായി 1939 ഏപ്രിൽ 23 ന് ജനിച്ചു.

കാണിയക്കാട് എൽ.പി.സ്കൂൾ, പാലാ സെന്റ് തോമസ് ഹൈസ്കൂൾ, പാലാ സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിൽ പഠിച്ച് ബി.എസ്സ്.സി. ഡിഗ്രികരസ്ഥമാക്കി. തുടർന്ന് പാലാ ഗുഡ്ഷെപ്പേർഡ് മൈനൽസെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. ആലുവായിലെ കാർമൽ ഗിരി പൊന്തിഫിക്കൽ സെമിനാരിയിൽ ഫിലോസഫിയും റോമിലെ സാൻജോസഫാത്ത്, പ്രൊപ്പഗാന്താകോളേജ് എന്നിവിടങ്ങളിൽ തിയോളജിയും പഠിച്ച് വൈദികപഠനം പൂർത്തിയാക്കി. 1968 ജൂൺ 29 ന് റോമിലെ പ്രൊപ്പഗാന്താതിരുസംഘത്തിന്റെ പ്രീഫെക്ട് കർദ്ദനാൾ ഗ്രീഗറിപീററർ അഗാജിയാനിയാൻ തിരുമേനിയിൽനിന്ന് വൈദിക പട്ടം സ്വീകരിച്ചു. തുടർന്ന് റോമിലെ പൊന്തിഫിക്കൽ ഉർബൻയൂണിവേഴ്സിററിയിൽ നിന്നും 1971 ൽ

www.malankaralibrary.com

ഡോക്ടറേറ്റ് നേടി. The development of the concept of Trimurthi in Hinduism എന്ന ഗവേഷണ പ്രബന്ധത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചത്. തീസിസ്സിന്റെ കോപ്പി ആറാം പോൾ മാർപ്പാപ്പായ്ക്ക് നേരിട്ടുസമർപ്പിച്ചു. യൂറോപ്പിലെ വിവിധരാജ്യങ്ങളും അമേരിക്കയും സന്ദർശിച്ച് 1971 ൽ നാട്ടിൽ തിരിച്ചെത്തി.

രാമപുരം ഫൊറോനാപള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യ നിയമനം. ഇടവകയിലെ 400 ഓളം ദളിത് ക്രൈസ്തവകുടുംബങ്ങളുടെ പ്രത്യേക ചുമതല ഫാ. മാതോത്തിനെയാണ് ഏല്പിച്ചത്. പള്ളിമുറിയിൽ വിശ്രമജീവിതം നയിക്കുന്ന തേവർപറമ്പിൽ കുഞ്ഞച്ചനുമായി അടുത്തബന്ധം സ്ഥാപിക്കുവാൻ ഇതോടെ അവസരം ലഭിച്ചു. പാലാ രൂപതയുടെ പ്രഥമമെത്രൻ മാർസെബാസ്റ്റ്യൻ വയലിൽ തിരുമേനിയുടെ സെക്രട്ടറിയായി 1972 ൽ നിയമിച്ചു. അതോടൊപ്പം രൂപതാമതബോധനഡയറക്ടർസ്ഥാനംകൂടി അദ്ദേഹത്തിന് ലഭിച്ചു. അതോടൊപ്പം സഹായമെത്രാനായി നിയമിതനായ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ സെക്രട്ടറി എന്ന ചാർജ്ജുകൂടിവഹിച്ചു. രൂപതയിലെ ഏതാനും യുവവൈദീകരുടെ സഹായത്തോടെ രൂപതയിലെ വൈദീകർക്കുവേണ്ടി പ്രസംഗക്കുറിപ്പുകൾ തയ്യാറാക്കി നൽകിത്തുടങ്ങി. 1982 വരെ ഇപ്രകാരം തുടർന്നു. അവ പിന്നീട് പുസ്തകരൂപത്തിൽ പ്രസംഗമഞ്ജരി എന്ന പേരിൽ പ്രസിദ്ധീകരിച്ചു.

1977ൽ സെക്രട്ടറിജോലിയിൽനിന്നുമാറി. രൂപതയിലെ മതപഠനം, മിഷൻലീഗ്, ഹരിജൻ കത്തോലിക്കാമഹാജനസഭ, ബൈബിൾ അപ്പസ്തലേററ് എന്നവയുടെ ഡയറക്ടർ ആയി നിയമിതനായി. ഈ സന്ദർഭത്തിൽ പാലായിൽ സംഘടിപ്പിച്ച അഖിലേന്ത്യാ കാററകെററിക്കൽ, മിഷൻ ആൻഡ് കൾച്ചറൽ എക്സിബിഷന് ഫാ. മാതോത്ത് മുഖ്യനേതൃത്വം നൽകി.

മിഷൻലീഗ് ദേശീയ ഡയറക്ടറായി 1987 മുതൽ 1994 വരെ അദ്ദേഹം സേവനം അനുഷ്ഠിച്ചു. കേരളത്തിനുവെളിയിൽ ഒട്ടേറെ രൂപതകൾ സന്ദർശിച്ച് മിഷൻലീഗ് സ്ഥാപിക്കാൻ പരിശ്രമിച്ചു. ദൈവദാസൻ കുഞ്ഞച്ചന്റെ നാമകരണ നടപടികളുടെ വൈസ് പോസ്ററുലേററർ ആയി രാമപുരത്ത് 1988 ൽ നിയമിതനായി. 1993 ൽ കുഞ്ഞച്ചന്റെ ജീവിതവിശുദ്ധിയെപ്പററി രൂപതാതലത്തിലുള്ള അന്വേഷണം പൂർത്തിയാക്കി രേഖകൾ റോമിലേക്കയച്ചു. കുഞ്ഞച്ചന്റെ സുകൃതജീവിതം സംബന്ധിച്ചുള്ള ആധികാരിക ഗ്രന്ഥം തയ്യാറാക്കുന്നതിനായി റോമിലേക്ക് പോയ ഫാ. മാതോത്ത് പൊസിഷ്യോപൂർത്തിയാക്കി നാമകരണത്തിനായുള്ള തിരുസംഘത്തിന് 1997 ൽ സമർപ്പിക്കുകയും ചെയ്തു. തൽഫലമായി ദൈവദാസൻകുഞ്ഞച്ചൻ ധന്യൻ എന്ന് നാമകരണം (2004) ചെയ്യപ്പെട്ടു. അദ്ദേഹം തുടർന്ന് നടത്തിയ ശ്രമഫലമായി 2006 ഏപ്രിൽ 30 ന് രാമപുരത്തുവച്ച് കുഞ്ഞച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 60 ൽപരം വൈദികമേലദ്ധ്യക്ഷന്മാരും കർദ്ദനാളന്മാരും പതിനായിരക്കണക്കിന് വിശ്വാസികളും പ്രസ്തുത ചടങ്ങിൽ പങ്കെടുത്തു.

1985 ൽ സി.ബി.സി.ഐ.യുടെ സെൻട്രൽ അഡ്വൈസറി ബോർഡ്

www.malankaralibrary.com

അംഗമായി (1986–92) തിരഞ്ഞെടുക്കപ്പെട്ടു. 1978–82 കാലഘട്ടത്തിൽ ദളിത് ക്രൈസ്തവരുടെ അവകാശങ്ങൾക്കുവേണ്ടി ആരംഭിച്ച കേരളാ ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻകൗൺസിലിന്റെ ജനറൽ കൺവീനറായിരുന്നു ഡോ. മാതോത്ത്.


സി.ജെ. മാടപ്പാട് ബൈബിൾ സാഹിത്യ അവാർഡ് കമ്മററി കൺവീനർ ആയി ഫാ. മാതോത്ത് 1999 ൽ നിയമിതനായി. എല്ലാവർഷവും ബൈബിൾ ഇതിവൃത്തങ്ങളെ ആസ്പദമാക്കി വിവിധ സാഹിത്യശാഖകളിൽ അഖിലകേരളാടിസ്ഥാനത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികൾക്ക് കാഷ് അവാർഡുകൾ നൽകി പ്രോത്സാഹിപ്പിക്കുകയും അവാർഡിനർഹമായ രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

രൂപതയിലെ പുസ്തകപരിശോധകൻ, പ്രസ്ബിററൽ കൗൺസിൽ, പാസ്ററൽ കൗൺസിൽ എന്നീ സമിതികളിലെ അംഗം, പബ്ലിക് റിലേഷൻ ഓഫീസർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ഫാ. മാതോത്ത് ദീർഘകാലം രൂപതാ ആലോചനസമിതിയംഗമായിരുന്നു. കുഞ്ഞുമിഷനറി, മതദർശനം എന്നീ പ്രസിദ്ധീകരണങ്ങളുടെ ചീഫ് എഡിററായി പ്രവർത്തിച്ച മാതോത്ത് ഇപ്പോൾ ദീപനാളം വാരികയുടെ ചീഫ് എഡിററും Little Librator ന്റെ മാനേജിംഗ് എഡിററുമായി പ്രവർത്തിക്കുന്നു. സ്വന്തമായും മററുള്ളവരുടെ സഹകരണത്തോടെയും രചിച്ച കേരളസഭയും പ്രേഷിത മുന്നേററവും, സഭാപഠനം ചോദ്യോത്തരങ്ങളിലൂടെ, പ്രബോധകൻ, മിഷൻചിന്തകൾ (രണ്ട് വാല്യം) വാഴ്ത്തപ്പെട്ടചാവറയച്ചൻ (മൂന്നുഭാഷകളിൽ) വാഴത്തപ്പെട്ട അൽഫോൻസാമ്മ (നാലുഭാഷകളിൽ) ബൈബിൾ പഠനം ചോദ്യോത്തരങ്ങളിലൂടെ, പാറേമ്മാക്കൽ ഗോവർണ്ണദോർ, ദൈവദാസൻ കുഞ്ഞച്ചൻ (8 ഭാഷകളിൽ) മാർത്തോമ്മാക്രിസ്ത്യാനികളുടെ സഭ നൂററാണ്ടുകളിലൂടെ എന്നിവയാണ്. പത്രമാസികകളുടെ ലേഖനങ്ങൾ, പ്രതികരണങ്ങൾ എന്നിവ എഴുതുന്നു. പാലാരൂപതവകയായി ക്രിസ്ത്യൻ കൾച്ചറൽ സെന്റർ എന്ന പേരിൽ ഒരു സ്ഥാപനം ഫാ. ജെയിംസ് കൈപ്പൻപ്ലാക്കലുമായി സഹകരിച്ച് 1990 ൽ സ്ഥാപിച്ചു. ആ സ്ഥാപനത്തിന്റെ പേര് ഇപ്പോൾ ഗോൾഡൻ ജൂബിലി മ്യൂസിയം എന്നു മാററി. പ്രസ്തുതമ്യൂസിയത്തിന്റെ ക്യുറേററർ ആയി ഫാ. മാതോത്ത് പ്രവർത്തിക്കുന്നു.

വിലാസം - Rev. Fr. Kurian Mathothu
St. Augustines Forane Church
Ramapuram Bazar P.O.

www.malankaralibrary.com

# 252



# ആർച്ച് ബിഷപ്പ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ

കേരള റീജയൻ ലാറ്റിൻ കാത്തലിക് ബിഷപ്സ് കൗൺസിൽ പ്രസിഡണ്ടും അതിരൂപതാ മെത്രാപ്പോലീത്തായുമായ ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ പള്ളിപ്പുറം മഞ്ഞുമാതാവിന്റെ ഇടവകയിൽഅച്ചാരുപറമ്പിൽ റോക്കി – മോനിക്കാ ദമ്പതികളുടെ മകനായി 1939 മേയ് 12–ാം തീയതി ജനിച്ചു. ദേവസി എന്നായിരുന്നു ജ്ഞാനസ്നാനപ്പേര്. പള്ളിപ്പുറം സെന്റ് റോക്കിസ് എൽ.പി.സ്കൂൾ, സെന്റ് മേരസ് യു.പി. സ്കൂൾ, ചെറായി രാമവർമ്മ ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ഫസ്റ്റ് ക്ലാസ്സിൽ ഒന്നാമനായിട്ടാണ് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്.

ഉന്നതവിജയം കരസ്ഥമാക്കിയപ്പോഴും അദ്ദേഹത്തിന് ഭാവിയെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടായിരുന്നു. ഒരു കർമ്മലീത്താ മിഷനറി ആയിരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. 1956 ൽ എറണാകുളത്ത് കർമ്മലീത്താ സെമിനാരിയിൽ ചേർന്നു. മഞ്ഞുമ്മേൽ സെമിനാരിയിൽ വൈദികപഠനം തുടർന്നു. തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾക്കുശേഷം 1966 മാർച്ച് 14–ാം തീയതി വൈദീകനായി അഭിഷിക്തനായി. പഠിക്കാനും പഠിപ്പിക്കാനും എന്നും തല്പരനായിരുന്ന ഡാനിയേൽ അച്ചൻ എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽചേർന്ന് സാമ്പത്തികശാസ്ത്രത്തിൽ ഉയർന്ന മാർക്കോടെ ബി.എ. ബിരുദം നേടി. തുടർന്ന് പൂന പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് എൽ.പി.എച്ച്. ഡിഗ്രി എടുത്തു. തുടർന്ന് വരണാസി ബനാറീസ് ഹിന്ദുയൂണിവേഴ്സിറ്റിയിൽനിന്ന് ഭാരതീയ തത്വശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം (ഉയർന്നമാർക്കോടെ സ്വർണ്ണമെഡലിനർഹനായി) നേടി. 1978 ൽ റോമിലെ സെന്റ് തോമസ് അക്വിനാസ് പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽനിന്നും ഡോക്ടറേറ്റ് എടുത്തു. നവീനഭാരതചിന്തയുടെ പ്രതീകമായ ശ്രീ അരബിന്ദോവിനെക്കുറിച്ചുള്ള തീസസ്സിനാണ് ഡോക്ടറേറ്റ് ലഭിച്ചത്.

ഉർബാനിയാന പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ 1981 ൽ പ്രൊഫസ്സറായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. ലാറ്ററൽ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിലും തെരേസിയാനും പൊന്തിഫിക്കൽ ദൈവശാസ്ത്രകലാലയത്തിലും കളമശ്ശേരി ജ്യോതിർഭവനിലും പ്രൊഫസറായിരുന്നു. ആർച്ചുബിഷപ്പ് അച്ചാരുപറമ്പിൽ തിരുമേനിയുടെ പൗരോഹിത്യ റൂബി ജൂബിലിയോടനുബന്ധിച്ച് ജീവനാദം പ്രസിദ്ധീകരണത്തിൽ ഫാ. ജേക്കബ് പട്ടരുമ

www.malankaralibrary.com

ഠത്തിൽ എഴുതിയ ലേഖനത്തിൽ അദ്ദേഹം വഹിച്ച ഉത്തരവാദിത്വമേറിയ ചുമതലകളെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "1986–88 കാലഘട്ടത്തിൽ ഉർബാനിയ യൂണിവേഴ്സിറ്റി ഫാക്കൽറ്റി ഡീനായിരുന്നു. 1988 ഒക്ടോബർ 1-ാം തീയതി ഉർബാനിയാ യൂണിവേഴ്സിറ്റിയുടെ മഹത്വമേറിയ റെക്ടറായി അവരോധിതനായി. 1991 ൽ വീണ്ടും മൂന്നു വർഷത്തേക്ക് പ്രസ്തുത പദവിയിലേക്ക് നിയോഗിക്കപ്പെട്ടു. പൊന്തിഫിക്കൽ കൗൺസിൽ ഫോർ ഇന്റർ റിലീജിയസ് ഡയലോഗിന്റെയും കോൺഗ്രിഗേഷൻ ഫോർ എവാഞ്ചലൈസേഷൻ ഓഫ് പീപ്പിളിന്റെയും ഉപദേശകാംഗമായിരുന്നു. ഹൈന്ദവദർശനങ്ങളുടെ പശ്ചാത്തലത്തിൽ നിരവധി പുസ്തകങ്ങളും ലേഖനങ്ങളും ഇറ്റാലിയനിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്."

അച്ചാരുപറമ്പിൽ തിരുമേനിയുടെ മെത്രാഭിഷേക ചടങ്ങിനോടനുബന്ധിച്ചു വരാപ്പുഴ അതിരൂപതയിലെ കാത്തലിക് അസോസിയേഷൻ പ്രസിദ്ധീകരിച്ച കർമ്മല കാണ്ഡത്തിൽ പീറ്റർ മൂഞ്ഞപ്പിള്ളി ഇപ്രകാരം എഴുതിയിരിക്കുന്നു. "ഭാരതീയ തത്വചിന്തയുടെ ഹൃദയാന്തരാളത്തിൽ ഇറങ്ങിച്ചെന്ന് വേദോപനിഷത്തുകളുടെ ആത്മാവ് കണ്ടറിഞ്ഞ്, ആ തത്വ ചിന്തകളെ ക്രിസ്തീയ കാഴ്ചപ്പാടിലൂടെ അപഗ്രഥിക്കുകയും വിലയിരുത്തുകയും ചെയ്ത ഡോ. അച്ചാരുപറമ്പിൽ പാശ്ചാത്യ പൗരസ്ത്യസംസ്കാരങ്ങളെ സമന്വയിപ്പിക്കുകയായിരുന്നു. ലത്തീനിലും ഇംഗ്ലീഷിലും ഇറ്റാലിയനിലുമായി അദ്ദേഹം രചിച്ച ഏറെ ഗ്രന്ഥങ്ങളിൽ ഹൈന്ദവതത്വചിന്തയും ക്രൈസ്തവ ആദ്ധ്യാത്മികതയും സമഞ്ജസമായി സമ്മേളിക്കുന്നു. വിവിധ വിഷയങ്ങളിൽ വിവിധ രാജ്യങ്ങളിൽനടന്നിട്ടുള്ള രാജ്യാന്തര സെമിനാറുകളിലും കോൺഫറൻസുകളിലും പ്രബന്ധാവതാരകനായിട്ട് ഡോക്ടർ അച്ചാരുപറമ്പിൽ ക്ഷണിക്കപ്പെട്ടിട്ടുണ്ട്."

മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് അവരോധിക്കുമ്പോൾ റോമിലെ ഉർബൻ യൂണിവേഴ്സിറ്റിയിൽ മിസ്സിയോളജി വിഭാഗത്തിന്റെ തലവനായിരുന്നു ഡാനിയേൽ അച്ചൻ. ഇരുപത്തനാലുവർഷം അവിടെ അദ്ധ്യാപകനായിരുന്ന ഡോ. അച്ചാരുപറമ്പിൽ ഏഴു വർഷത്തോളം രണ്ടുതവണയായി വൈസ് ചാൻസലർക്കു തുല്യമായി റെക്ടർ മത്തിഫിക്കുസ്സ് പദവിയും അലങ്കരിക്കുകയുണ്ടായി. പ്രൊപ്പഗാന്താതിരുസംഘത്തിന്റെയും മറ്റു മതങ്ങളുമായുള്ള സംവാദത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെയും കൺസൾട്ടന്റുമായിരുന്നു ഡോ. അച്ചാരുപറമ്പിൽ. 1996 ഓഗസ്റ്റ് 5-ാം തീയതി മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കപ്പെട്ടു. 1996 നവംബർ 3-ാം തീയതി വിശ്വാസ പ്രഘോഷണ തിരുസംഘം അദ്ധ്യക്ഷൻ കർദ്ദിനാൾ ജോസഫ് ടോംകൊ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്തു. അന്നുതന്നെ അധികാരത്തിന്റെ പ്രതീകമായ പാലിയവും കർദ്ദിനാൾ ജോസഫ് ടോംകൊയിൽനിന്ന് സ്വീകരിച്ചു. ഫാ. പട്ടരുമഠത്തിൽ എഴുതിയ ലേഖനത്തിലെ ഒരുഭാഗംകൂടി ഉദ്ധരിക്കട്ടെ.

"വരാപ്പുഴ അതിരൂപതയിലെ ജനങ്ങളുടെ ആത്മീയവും സാംസ്കാ

www.malankaralibrary.com

രികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ടി പദ്ധതികൾ ഒരുക്കുന്നതിനും വികസനപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നതിനും ഡാനിയേൽ പിതാവിന് കഴിഞ്ഞിട്ടുണ്ട്.

ജീർണ്ണാവസ്ഥയിലായിരുന്ന നിരവധി ദൈവാലയങ്ങൾ പുതുക്കി നിർമ്മിക്കുന്നതിനും ഇടവകകളുടെ വളർച്ചക്കുവേണ്ടി ഒരുക്കുന്ന പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനും പിതാവ് നിർലോഭം സഹായിച്ചിട്ടുണ്ട്.

പാവപ്പെട്ടവരുടെ അടിയന്തിര പ്രശ്നങ്ങൾ വളരെ പെട്ടെന്നു മനസ്സിലാക്കി ഉടനടി പരിഹാരം കണ്ടെത്താൻവേണ്ട നടപടികൾ പിതാവ് സ്വീകരിക്കാറുണ്ട്. സുനാമി മഹാദുരന്തത്തെത്തുടർന്ന് എല്ലാം നഷ്ടപ്പെട്ട പാവപ്പെട്ട മനുഷ്യർക്ക് അടിയന്തിര സഹായം എത്തിക്കുവാനും പുനരധിവസിപ്പിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ പിതാവിനു കഴിഞ്ഞു.

യുവജനങ്ങളുടെ വിദ്യാഭ്യാസ - തൊഴിൽ മേഖലകളിലെ പുത്തനുണർവ് മനസ്സിലാക്കിക്കൊണ്ടുതന്നെ ഒരു പുതിയ വിദ്യാഭ്യാസ നയരൂപീകരണം നടത്തുവാനും അവസരങ്ങളെക്കുറിച്ചും സാധ്യതകളെപറ്റിയും പഠിക്കുവാനും വിദഗ്ധോപദേശം തേടുവാനും പിതാവ് ശ്രമിക്കുന്നുണ്ട്.

കേരളത്തിലെ എല്ലാ ലത്തീൻ രൂപതകളെയും ഏകോപിപ്പിക്കുക എന്നത് ശ്രമകരമായ ഉത്തരവാദിത്വമാണ്. കെ.ആർ.എൽ.സി.സി. പ്രസിഡന്റ് എന്ന നിലയിൽ തന്റെ സേവനം സ്തുത്യർഹമായി ചെയ്യുന്നു.

ദൈവം കൈപിടിച്ചു നടത്തുന്ന നിസ്വനും നിഷ്കളങ്കനുമായ സന്യാസിയാണ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ മെത്രാപ്പോലീത്ത.

സ്വന്തമായി ഒന്നുമില്ല. അറിവും അനുഭവങ്ങളും അഗ്നിയിൽ സ്ഫുടം ചെയ്ത സ്വർണംപോലെ തിളങ്ങുന്നു. ഒരു മാണിക്യശോഭയോടെ ഇടയൻ തന്റെ യാത്ര തുടരുന്നു. സുവർണ്ണതിളക്കത്തിലേക്ക്."

കണക്കിൽ അഗ്രഗണ്യനായിരുന്ന മകനെ എഞ്ചനീയറാക്കണമെന്നായിരുന്നു പിതാവായിരുന്ന റോക്കി മാസ്റ്ററുടെ ആഗ്രഹം. ദൈവനിയോഗം മറ്റൊന്നായിരുന്നു. പക്ഷെ അതിന് കീഴ്പെട്ടു. പിതൃസഹോദരന്മാർ സ്വീകരിച്ച അതേപാതയിൽതന്നെ ദേവസിയും എത്തിച്ചേർന്നപ്പോൾ അച്ചാരുപറമ്പിൽ കുടുംബം സന്തോഷിക്കുകയാണുണ്ടായത്. പള്ളിപ്പുറത്തെ മഞ്ഞുമാതാവിന്റെ ദേവാലയത്തിനുസമീപമുള്ള അച്ചാരുപറമ്പിൽ കുടുംബത്തിൽനിന്നും രണ്ടു മെത്രാന്മാർ. ഒന്ന് തിരുവനന്തപുരം രൂപതയുടെ അജപാലകനായിരുന്ന പുണ്യചരിതനായ ഡോ.ജേക്കബ്ബ് അച്ചാരുപറമ്പിലും മറ്റൊന്ന് വരാപ്പുഴ അതിരൂപതയുടെ മെത്രാനായ ഡോ. ഡാനിയേൽ അച്ചാരുപറമ്പിലും. അതിഗഹനങ്ങളായ വിഷയങ്ങളെ ലളിതവും സരളവുമായി അവതരിപ്പിക്കുന്ന ഹൃദ്യമായ ശൈലിയാണ് അച്ചാരുപറമ്പിൽ തിരുമേനിയുടേത്. ഇന്ത്യൻ തത്വചിന്തയെ വ്യാഖ്യാനിച്ചുകൊണ്ട് നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിക്കുകയും ചെയ്തു.

www.malankaralibrary.com


അതിൽ ചിലത് ഹിന്ദുയിസമോ വീത്ത എ പെൻസീറോ, ഹിന്ദുയിസമോ ഏത്തേർണ റിസോർച്ചാ ഡെല്ലാ വേരീത്ത, ദ് ഡെസ്റ്റിനി ഓഫ് മാൻ ഇൻ ദി ഇവലൂഷനറി തോട്ട് ഓഫ് ശ്രീ അരവിദോ സ്പിരിചാലീത്ത, എമിസ്ത്തിക്ക ഇന്ദു,തുടങ്ങിയ പ്രാമാണിക രചനകൾ ഇതിൽപ്പെടുന്നു.

ഭരണനൈപുണ്യവും വിശാലമനസ്ഥിതിയും പാണ്ഡിത്യവും കർമ്മകുശലതയും എല്ലാം ഒത്തുചേർന്ന അച്ചാരുപറമ്പിൽ തിരുമേനി മെത്രാൻസ്ഥാനത്തേക്കു ഉയർത്തപ്പെട്ടിട്ട് ഒരു ദശകം മാത്രമേ ആയിട്ടുള്ളൂ. അതിനിടയിൽ അതിരൂപക്കുണ്ടായ നേട്ടങ്ങൾ നിരവധിയാണ്.

Address - Arch Bishop Dr. Daniel Acharuparambil, Latin Arch Bishops House, P.B. 2581 - Ernakulam, Cochi - 31.

# 253

# ജോസഫ് വൈറ്റില



ഉന്നത വിദ്യഭ്യാസം നേടാനായില്ലെങ്കിലും സാഹിത്യത്തിന്റെ വിവിധ ശാഖകളിൽ നിരവധി ഗ്രന്ഥങ്ങൾ രചിച്ച കഠിനാദ്ധ്വാനിയായ ജോസഫ് വൈറ്റില 1939 മെയ് 23-ന് വൈറ്റില ആയത്ത്പറമ്പിൽ പാപ്പച്ചന്റേയും പോഞ്ഞിക്കരകാരി അനത്താസിയയുടേയും പതിനൊന്ന് മക്കളിൽ എട്ടാമനായി ജനിച്ചു.

ഒരിടത്തരം കുടുംബമായിരുന്നു ജോസഫിന്റേത്. പിതാവ് ബിസിനസ്സുകാരനായിരുന്നു. ബിസിനസ്സ് തകർന്നതോടെ കുടുംബ സ്വത്തായി ഉണ്ടായിരുന്ന ഭൂമിയെല്ലാം നഷ്ടമായി.അതുകൊണ്ട് തന്നെ ജീവിതമേൽപ്പിച്ച കനത്ത പ്രഹരം ചെറുപ്പം മുതൽക്കേ നേരിടേണ്ടി വന്നു. ശരിക്കു പറഞ്ഞാൽ അദ്ദേഹത്തിന് കഷ്ടപ്പാടിന്റേയും ദുരിതത്തിന്റേയും നാളുകളായിരുന്നു.

ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയായെങ്കിലും കലാലയ വിദ്യാഭ്യാസത്തിന് സൗകര്യമുണ്ടായില്ല. ജീവിക്കാൻ തൊഴിൽ ആവശ്യമായിരുന്നത് കൊണ്ട് സാങ്കേതിക വിദ്യാഭ്യാസം നേടുവാൻ ശ്രമിച്ചു. ഐ.റ്റി.ഐ പാസ്സായി. ഐ.റ്റി.ഐ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കഥകളും മറ്റും എഴുതാൻ തുടങ്ങിയിരുന്നു. പ്രൈവറ്റ് ആയി ബി.എ പഠിക്കുവാൻ തുടങ്ങി. അന്ന് ഒരു ചെറിയ ജോലിയിൽ പ്രവേശിച്ചു. കഥ എഴുതുന്നുവെന്നു പറഞ്ഞ് അന്നുണ്ടായിരുന്ന ജോലിയിൽ നിന്നും പിരിച്ചു വിട്ടു. അക്കാഡമിക്ക് വിദ്യാഭ്യാസം അതോടെ അവസാനിച്ചു.

ജീവിത സർവ്വകലാശാലയിൽ ആണ് പഠിച്ചത്. പത്ര വിതരണക്കാരനായി, അറ്റന്ററായി, കാർപ്പന്ററായി, അച്ച് നിരത്ത്കാരന്റെ തെറ്റു തിരുത്ത്കാരനായി, പ്രസ്സ് മാനേജരായി, കൊച്ചി ഹാർബറിൽ ഗുമസ്തനായി, നാടക

www.malankaralibrary.com

മെഴുത്തുകാരനും സംവിധായകനും, നാടക കമ്പനി ഉടമയുമെക്കെ ആയി ജോലി നോക്കി. സിനിമയ്ക്ക് തിരക്കഥകളെഴുതി, സിനിമാ സഹസംവിധായകനായി. സ്വന്തമായി ദളം എന്ന സാംസ്കാരിക മാസിക നടത്തി. ദളം എന്ന മാസികയും പരാജയത്തിലാണ് അവസാനിച്ചത്. ഇപ്പോൾ ക്രിസ്ത്യൻ സർവ്വീസ് സൊസൈറ്റിയുടെ മുഖ പത്രമായ സമയത്തിന്റെ പത്രാധിപരായി ജോലി ചെയ്യുന്നു.

മൂന്ന് വർഷക്കാലം സാഹിത്യ അക്കാഡമി അംഗമായിരുന്നിട്ടുണ്ട്. ഇരുപത്തിയഞ്ച് ലക്ഷത്തോളം വരുന്ന ലത്തീൻ കത്തോലിക്കരുടെ ഉന്നമനത്തിനായി ക്രിസ്ത്യൻ സർവ്വീസ് സൊസൈറ്റിയുടെ 49-ാം ഡിവിഷൻ പ്രസിഡണ്ടായി ഇപ്പോൾ പ്രവർത്തിക്കുന്നു. കഴിഞ്ഞ നാൽപത് വർഷത്തിലേറെയായി സാഹിത്യ പ്രവർത്തനം തുടരുന്നു. അദ്ദേഹത്തിന്റെ കൃതികൾ വായിക്കാൻ ധാരാളമാളുകളുണ്ട്. എന്നാൽ അർഹിക്കുന്ന അംഗീകാരം അദ്ദേഹത്തിന് നൽകാൻ ബന്ധപ്പെട്ട സ്ഥാപനങ്ങളോ പ്രസ്ഥാനങ്ങളോ ഇന്നുവരെ തയ്യാറായിട്ടില്ല.

പതിനെട്ട് വയസ്സുള്ളപ്പോൾ മാതൃഭൂമി ആഴ്ചപ്പതിപ്പിലെ ചരമ വാർഷികം എന്ന കഥ എഴുതി കൊണ്ട് സാഹിത്യ രംഗത്തേക്ക് ജോസഫ് കടന്നു വന്നു. ആയത്ത് പറമ്പിൽ പാപ്പച്ചന്റെ മകൻ ജോസഫ് ജോസഫ് വൈറ്റില എന്ന പേരിലാണ് എഴുത്ത് തുടങ്ങിയത്. കഥകളും നോവലുകളും അടക്കം ഏറ്റവും കൂടുതൽ എഴുതിയിട്ടുള്ളതും മാതൃഭൂമി ആഴ്ച പതിപ്പിൽ തന്നെയാണ്.

ജോസഫ് വൈറ്റിലയുടെ ആദ്യ കഥാ സമാഹാരം ക്രിസ്ത്യൻ വിളക്കുകൾ ആണ്. കറന്റ് ബുക്സ് ആണ് അതു പ്രസിദ്ധീകരിച്ചത്. അമർഷത്തിന്റെ അലകൾ, വിതുമ്പി പൊട്ടുമ്പോൾ എന്നിവയാണ് പിന്നീട് പ്രസിദ്ധീകരിച്ച കഥാ സമാഹാരങ്ങൾ. എസ്സ്.പി.സി.എസ്സ് പ്രസിദ്ധീകരിച്ച നോവലുകൾ അസ്തമയം ഉദയം, പാവങ്ങളുടെ പാഞ്ചാലി, സ്വപ്ന ചക്രവർത്തി, കണ്ണുനീരോടെ, പീഡിതരുടെ സങ്കീർത്തനം എന്നിവയാണ്. പുസ്തകമായി പ്രസിദ്ധീകരിക്കാത്ത നോവലുകളാണ് നിത്യ വിസ്മയത്തോടെ, പീഠത്തിൽ കത്തുന്ന വിളക്ക്, സൃഷ്ടാവിന്റെ കണക്കു പുസ്തകം തുടങ്ങിയവ. അമ്പതിലേറെ കഥകളും ഏതാനും കഥകളും അമാവാസിയെന്ന നാടകവും ഇനി പ്രസിദ്ധീകരിക്കാനുള്ളവയാണ്. കഴിഞ്ഞ പത്ത വർഷമായി ഒരു നോവൽ രചനയിൽ ഏർപ്പെട്ടിരിക്കുകയാണ് ജോസഫ്. അതിന്റെ പണി ധൃതഗതിയിൽ നടക്കുന്നു. അവൻ പിശാചിനെ സ്നേഹിച്ചു എന്നാണ് നോവലിന്റെ പേര്.


കലയ്ക്കും നോവലിനും വേണ്ടി ഉഴിഞ്ഞു വെച്ച ജീവിതമാണ് ഇദ്ദേഹത്തിന്റേത്. കഷ്ടപാടിൽ കൂടി വളർന്ന് വന്ന ഒരു കലാകാരൻ-സാഹിത്യകാരൻ-നാടക സംവിധായകൻ-നാടക കൃത്ത് എല്ലാമാണ് ജോസഫ് വൈറ്റില.

വിലാസം - ജോസഫ് വൈറ്റില-എഡിറ്റർ, സമയം, സന്നിധി റോഡ്-
രവിപുരം.682016 കൊച്ചി.

www.malankaralibrary.com

# 254

# റവ: പ്രൊഫ. ഡോക്ടർ കെ.എസ്. മാത്യു



ഭാരത സർക്കാരിന്റെ മാനവവിഭവശേഷി വകുപ്പ് തിരഞ്ഞെടുത്ത ഭാരതത്തിലെ പ്രമുഖരായ 18 ചരിത്ര പ്രൊഫസർമാരിൽ ഒരാളായ റവ.ഡോ. കെ.എസ്സ്. മാത്യു കോട്ടയം ജില്ലയിലെ കുറുമള്ളൂരിൽ കുഴിപ്പള്ളി കുടുംബത്തിൽ സ്കറിയായുടെയും മറിയത്തിന്റെയും ഏറ്റവും ഇളയ പുത്രനായി 1939 ജൂൺ 8- ന് ജനിച്ചു. കോതനല്ലൂർ, അതിരംപുഴ എന്നിവടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. പഠനത്തിൽ അതിസമർത്ഥനായിരുന്ന മാത്യു 1957-ൽ എസ്.എസ്.എൽ.സി. വിദ്യാഭ്യാസം ഉയർന്ന ഫസ്റ്റ് ക്ലാസോടെ പൂർത്തിയാക്കി. ഹൈസ്കൂൾ വിദ്യാഭ്യാസനന്തരം പാലാ രൂപത വക ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിക്കുകയും മംഗലപ്പുഴ സെമിനാരിയിൽവച്ച് വച്ച് പൂർത്തീകരിക്കുകയും 1966-ൽ തലശ്ശേരി രൂപതയ്ക്കു വേണ്ടി തിരുപ്പട്ടം സ്വീകരിക്കുകയും ചെയ്തു.

അവിഭക്ത തലശ്ശേരി രൂപതയിലെ ഫാത്തിമാഗിരി, തേക്കുംകുറ്റി, കുന്നോത്ത് എന്നീ ഇടവകകളിൽ അജപാലന ശുശ്രൂഷ നടത്തിയ ഡോ. കെ.എസ്. മാത്യു നാടിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. മുക്കം കൂമ്പാറ റോഡിന്റെ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച കമ്മറ്റിയുടെ പ്രസിഡണ്ട് അദ്ദേഹമായിരുന്നു. കുന്നോത്ത് സെന്റ് ജൂഡിന്റെ നാമത്തിൽ ഒരു കുരിശുപള്ളിയും അദ്ദേഹം നിർമ്മിച്ചു.

പഠനത്തിൽ പ്രത്യേക താല്പര്യം പ്രദർശിപ്പിച്ചിരുന്ന അദ്ദേഹം റോമിലെ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഫിലോസഫി, ചരിത്രം, തിയോളജി എന്നീ വിഷയങ്ങളിൽ 1966-ൽ ഡിസ്റ്റിംഗ്ഷനോടു കൂടി ബിരുദം എടുത്തു. 1973-ൽ പൂനാ യൂണിവേഴ്സിറ്റിയിൽ നിന്നും എം.എ. ഡിഗ്രിയെടുത്തു. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ നിന്ന് 1975-ൽ ചരിത്രത്തിൽ എം.ഫിൽ ബിരുദവും അതേ വർഷം തന്നെ അതേ യൂണിവേഴ്സിറ്റിയിൽ നിന്നും 1975-ൽ പോർട്ടുഗീസ് ഭാഷയിൽ ഡിപ്ലോമയും 1978-ൽ ഇൻഡോ-പോർട്ടുഗീസ് ചരിത്രത്തിൽ പി.എച്ച്.ഡി.യും കരസ്ഥമാക്കി. ഡോക്ടറേറ്റിനുള്ള ഗവേഷണത്തിനായി മൂന്നു വർഷം യൂറോപ്പിലെ പുരാരേഖാശേഖരങ്ങളിൽ-പോർട്ടുഗലിൽ പ്രത്യേകിച്ചും ഗവേഷണം തുടരുകയുണ്ടായി. ബറോഡാ എം.എസ്സ്. സർവ്വകലാശാലയിൽ നിന്നും ജർമ്മൻ ഭാഷയിൽ പി.ജി. ഡിപ്ലോമയും നേടി.

www.malankaralibrary.com

17 വർഷത്തെ സേവനത്തിനുശേഷം 2003-ൽ പോണ്ടിച്ചേരി സെന്റ്റൽ യൂണിവേഴ്സിറ്റിയിൽ പ്രൊഫസർ ആൻഡ് ഫൗണ്ടർ ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് എന്ന സ്ഥാനത്തു നിന്നും ഡോ. കെ.എസ്സ്. മാത്യു റിട്ടയർ ചെയ്തു. അതിനു മുൻപ് ബറോഡയിലെ എം.എസ്സ്. യൂണിവേഴ്സിറ്റിയിൽ ചരിത്ര പ്രൊഫസർ ആയി ജോലി ചെയ്തു. പിന്നീട് ഹൈദർബാദിലെ കേന്ദ്രീയ സർവ്വകലാശാലയിൽ പ്രൊഫസറും ഹെഡും ആയിരുന്നു. അമേരിക്കയിലെ വിസ് കോൺസിൽ, കാനഡയിലെ ഒട്ടാവ, ഫ്രാൻസിലെ ബോർഡോ എന്നീ സർവ്വകലാശാലകളിൽ വിസിറ്റിംഗ് പ്രൊഫസറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഭാരത സർക്കാരന്റെ മാനവ വിഭവശേഷി വകുപ്പ് ഇന്ത്യയിലെ ഏറ്റവും പ്രമുഖരായ പതിനെട്ടു ചരിത്ര പ്രൊഫസർമാരിൽ ഒരാളായി പ്രൊഫ.ഡോ. കെ.എസ്. മാത്യുവിനെ 2002-ൽ തിരഞ്ഞെടുത്തു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസേർച്ച് ഇൻ സോഷ്യൽ സയൻസ് ആൻഡ് ഹ്യൂമാനിറ്റീസ് എന്ന സ്ഥാപനം അദ്ദേഹം ആരംഭിക്കുകയുണ്ടായി. 2004-ൽ ഒരു ഗവേഷണ സ്ഥാപനമെന്ന നിലയിൽ ഇതിന് കണ്ണൂർ സർവ്വകലാശാലയുടെ അംഗീകാരം ലഭിച്ചു. തലശ്ശേരിയിൽ Meshar എന്ന കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുന്നതിനും മുഖ്യ പങ്ക് വഹിച്ചത് ഇദ്ദേഹമാണ്. ജോലി സാദ്ധ്യതയുള്ള കോഴ്സുകളിൽ യുവജനങ്ങൾക്ക് പരിശീലനം നൽകുകയാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. നിർമ്മലഗിരി കോളേജിനോടനുബന്ധിച്ചുള്ള ഒരു ഗവേഷണ സ്ഥാപനത്തിന്റെ ഓണററി ഡയറക്ടറായും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. പി.എച്ച്.ഡി.ക്കു വേണ്ടിയുള്ള ഗവേഷണത്തിൽ വിദ്യാർത്ഥികൾക്ക് മാർഗ്ഗദർശനം നൽകുന്നതാണ് ഈ സ്ഥാപനം. റവ: ഡോ. മാത്യുവിനു പുറമേ, എം.ജി.എസ്. നാരായണൻ, കെ.കെ.എൻ കുറുപ്പ്, ഡോ. ജോയി വർക്കി, ഡോ. എം.ജെ. മാണി എന്നീ പണ്ഡിതന്മാരും ഇവിടെ ഗൈഡുകളായി പ്രവർത്തിക്കുന്നുണ്ട്.

ഡോ. മാത്യു മാർഗ്ഗദർശനം നൽകിയ പതിനഞ്ചു പ്രബന്ധങ്ങൾക്ക് ഇതുവരെ പി.എച്ച്.ഡി. ബിരുദം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ എട്ടു പേർ ഗവേഷണം നടത്തുന്നുണ്ട്.

ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിലും സൗത്ത് ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിലും ആന്ധ്രാ ഹിസ്റ്ററി കോൺഗ്രസ്സിലും, സെന്റർ ഫോർ ഡക്കാൻ സ്റ്റഡീസിലും, ബനാറസിലെ ന്യൂമിസ്മാറ്റിക് സൊസൈറ്റി ഓഫ് ഇന്ത്യയിലും, ഇന്തോ-പോർട്ടുഗീസ് ഹിസ്റ്ററി ഇന്റർനാഷണൽ കമ്മറ്റിയിലും വെസ്റ്റ് ജർമ്മനിയിലെ ഇന്തോ ജർമ്മൻ സൊസൈറ്റിയിലും ലൈഫ് മെമ്പറാണ് ഡോ. മാത്യു. ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസിന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയിലും അംഗമായ അദ്ദേഹം ബോംബെയിലെ മാരി ടൈം ഹിസ്റ്ററി സൊസൈറ്റിയിലും, കനേഡിയൻ സ്റ്റഡീസ് ഇന്ത്യൻ അസ്സോസിയേഷനിലും പോണ്ടിച്ചേരിയിലെ ഹിസ്റ്റോറിക്കൽ സൊസൈറ്റിയിലും ആയുഷ്കാലാംഗമാണ്. ഇന്ത്യയിലേക്കുള്ള കപ്പൽ മാർഗ്ഗം കണ്ടുപിടിച്ചതിന്റെ 500-ാം വാർഷികാഘോഷത്തിന്റെ അന്തർദേശീയ കമ്മറ്റിയിലെ അംഗവുമായിരുന്നു അദ്ദേഹം.

www.malankaralibrary.com

മാനവ വിഭവശേഷി വകുപ്പ് മന്ത്രാലയം നാഷണൽ ആർക്കേവിസ് ഓഫ് ഇന്ത്യയുടെ ഗ്രാന്റ്സ് ഇൻ എയ്ഡ് കമ്മറ്റിയിലേക്കും ഹിസ്റ്റോറിക്കൽ റിസേർച്ച് ഓഫ് ഇന്ത്യൻ കൗൺസിലിലേക്കും അദ്ദേഹത്തെ നോമിനേറ്റ് ചെയ്തിട്ടുണ്ട്.

പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയുടെ സോഷ്യൽ സയൻസ് ആൻഡ് ഹ്യൂമാനിറ്റിക്സിന്റെ ജേർണലിന്റെ ചീഫ് എഡിറ്റർ, Revue Historique de Pondicherry യുടെ എഡിറ്റോറിയൽ ബോർഡ് അംഗം, ഗോവയിലെ Purabhilekh puratata-ന്റെ എഡിറ്റോറിയൽ ബോർഡംഗം എന്ന നിലയിലും ഡോ. മാത്യു സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സൗത്ത് ഇന്ത്യൻ കോൺഗ്രസ്സിന്റെ പ്രസിഡണ്ടായി 1991 ലും ആന്ധ്രാഹിസ്റ്ററി കോൺഗ്രസ്സിന്റെ പ്രസിഡണ്ടായി 1992 -ലും ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിന്റെ (Medievel History) സെക്ഷണൽ പ്രസിഡണ്ടായി 1996-ലും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ഗവേഷണപരമായ 19 ഗ്രന്ഥങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ പ്രസാദവരം(1966) ഈശ്വരനും ദാർശനികരും എന്ന രണ്ട് ഗ്രന്ഥങ്ങൾ മലയാളത്തിൽ രചിച്ചിട്ടുള്ളതാണ്. Society in Medieval Malabar, Portuguese and the History of the Sultanate of Gujarat, Emergence of Cochin in the Pre Industrial Era, Ship-building and navigation in the Indian Ocean Region A.D. 1400-1800, Indo-Portuguese Trade and the Fuggers of Germany, French in India and Indian Nationalism(1700-1963 2 vols) Maritime Malabar and the Europeans(1500-1962) എന്നിവയാണ് അദ്ദേഹം രചിച്ച ഗ്രന്ഥങ്ങൾ.

• ഡോ. മാത്യു എഡിറ്റ് ചെയ്തിട്ടുള്ള ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ്.

(1) Studies in Maritime History (2) Mariners, Merchant and Oceans: Studies in Maritime History (3) Indian Ocean and Cultural Interaction A.D. 1400-1800 എന്നിവയാണ്. മാത്യു സഹ എഡിറ്ററായി പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ (1) Canada: Its Region and people (2) Indo-French Relations, (3) The Portuguese and the socio cultural changes in India 1500-1800 (4) Medievel and Modern Deccan: Felicilation Volume in honour of Profession A.R Kulkarni (5) Migration in South India (6) Four Volumes of the Pondicherry University Journal of Social Science and Humanitics.

ഇതു കൂടാതെ 92 ഗവേഷണ പ്രബന്ധങ്ങളും അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷ്, ഹിന്ദി, ലാറ്റിൻ, സംസ്കൃതം, സിറിയക്, മലയാളം, പോർട്ടുഗീസ്, ജർമ്മൻ, സ്പാനിഷ്, ഗ്രീക്ക് ഭാഷകളിൽ പാണ്ഡിത്യം നേടിയ ഡോ. മാത്യുവിന് നിരവധി അവാർഡുകളും ഫെല്ലോഷിപ്പുകളും ലഭിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.

(1) ഐ.സി.എച്ച്.ആർ.-ൽ നിന്ന് പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് (1979) (2) ലിസ്ബണിലെ ഇന്റർ നാഷണൽ സർവ്വീസ് ഓഫ് ദി ഗുൽബൻകിയാൻ ഫൗണ്ടേഷനിൽ നിന്നും പോസ്റ്റ് ഡോക്ടറൽ റിസേർച്ച് ഫെല്ലോഷിപ്പ് (1979,1983,1985) (3) അമേരിക്കയിലെ മാഡിസണിലെ വിസ് സർവ്വകലാശാലയിൽ ജോലി ചെയ്യുന്നതിനുള്ള CIES ഫെല്ലോഷിപ്പ് (1989) (4) കാന

www.malankaralibrary.com


ഡയിലെ കൽഗാരിയിലുള്ള ശാസ്ത്രീ ഇൻഡോ കനേഡിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഫാക്കൽറ്റി എൻറിച്ച്മെന്റ് ഫെല്ലോഷിപ്പ് (1950) (5) പോർട്ടുഗലിലെ ഗുൽബിഗിൽ ഇന്റർനാഷണൽ ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന്റെ റിസേർച്ച് ഫെല്ലോഷിപ്പ് (1992) (6) ഇന്തോ-ഫ്രഞ്ച് സംസ്ക്കാരിക വിനിമയ പരിപാടിയുടെ ഫെല്ലോഷിപ്പ് (1992-1993) (7) യു.ജി.സി.യുടെ വിശിഷ്ട ചരിത്ര പ്രൊഫസർമാർക്കു വേണ്ടിയുള്ള നാഷണൽ ഫെല്ലോഷിപ്പ് (1993-95) (8) യു.ജി.സി.യുടെ എമറിറ്റസ് ഫെല്ലോഷിപ്പ് (2005 മുതൽ രണ്ടു വർഷത്തേക്ക്) (9) അക്കാഡമിയഡാ മെറിഞ്ഞയുടെ (പോർട്ടുഗീസ് നേവിയുടെ സ്ഥാനം) അസ്സോഷിയേറ്റ് മെമ്പർ സ്ഥാനം.

കഠിനാദ്ധ്വാനിയും സേവന തല്പരനുമായ റവ: പ്രൊഫ ഡോ. കെ. എസ്സ്. മാത്യു ഇന്നും പ്രവർത്തന നിരതനായി കഴിയുന്നു.

Address : Rev. Dr. K.S. Mathew, Kuzhippallil, 50/81 A, Hollow way, Thalassery-670101.

# 255

# മോൺ. വർഗ്ഗീസ് പുത്തൻപുരയ്ക്കൽ



രണ്ടുദശാബ്ദക്കാലമായി ആലപ്പുഴ രൂപതയുടെ വികാരി ജനറാളായി സേവനം അനുഷ്ഠിച്ചുവരുന്ന മോൺ.ഡോ.വർഗീസ് പുത്തൻപുരയ്ക്കൽ, ഡാനിയേൽ - ജോസഫീനാ ദമ്പതികളുടെ പുത്രനായി ചേർത്തല താലൂക്കിൽ പെരിനോർമംഗലം ഗ്രാമത്തിൽ 1939 ജൂൺ 17-ാം തീയതി ജനിച്ചു.

ആലപ്പുഴ ലിയോ തേർട്ടീന്ത് ഹൈസ്കൂളിൽ നിന്ന് 1956 ൽ എസ്.എസ്.എൽ.സി. ഫസ്റ്റ് ക്ലാസ്സോടെ പാസ്സായ വർഗീസ് തുടർന്ന് ആലപ്പുഴ തിരുഹൃദയ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. പിന്നീട് ആലുവാ കാർമ്മൽഗിരി സെമിനാരിയിൽ വൈദികപഠനം തുടർന്നു. പഠനത്തിൽ ബഹുസമർത്ഥനായിരുന്ന അദ്ദേഹത്തെ ഉപരിപഠനാർത്ഥം റോമിലേക്ക് 1958 ൽ അയച്ചു. റോമിലേക്ക് കൊച്ചിയിൽ നിന്നും കപ്പൽമാർഗ്ഗമാണ് പുറപ്പെട്ടത്. റോമിൽ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം റോമിലെ പ്രൊപ്പഗാന്താ കോളേജിൽവച്ച് അത്യുന്നത കർദ്ദിനാൾ ഗ്രിഗറി അഗജ്ജീനയിൽനിന്ന് 1964 ഡിസംബർ 19-ാം തീയതി വൈദീകപട്ടം സ്വീകരിച്ചു. ഉർബൻ യൂണിവേഴ്സിറ്റിയിൽനിന്നും തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും മാസ്റ്റേഴ്സ് ബിരുദവും കാനൻനിയമത്തിൽ ഡോക്ടറേറ്റും നേടുകയുണ്ടായി. റോമിൽനിന്നും 1970 ൽ തിരിച്ചെത്തിയ അദ്ദേഹത്തെ

www.malankaralibrary.com

രൂപതാചാൻസലറായിട്ടാണ് ആദ്യനിയമനം. 1976 വരെ ആ ജോലിയിൽ തുടർന്നു. ആലപ്പുഴ മൗണ്ട് കാർമ്മൽ കത്തീഡ്രൽ വികാരിയായി 1976 ൽ നിയമിതനായി. തന്നെ ഏല്പിച്ച ജോലികളെല്ലാം വിശ്വസ്തതാപൂർവ്വം നിർവ്വഹിച്ച ഡോ.വർഗീസിന് 1984 ആഗസ്റ്റിൽ രൂപതാ വികാരി ജനറാളായി ഉയർത്തി. ഡോ. വർഗീസ് പുത്തൻപുരയെ മാർപ്പാപ്പാ ജോൺപോൾ രണ്ടാമൻ തിരുമേനി ഡൊമസ്റ്റിക് പ്രിലേറ്റ് എന്ന പേപ്പൽ ബഹുമതി നൽകി ആദരിക്കുകയുണ്ടായി. രൂപതയിൽ ഉത്തരവാദിത്വമേറിയ പല ജോലികളും അദ്ദേഹം നിർവഹിക്കുകയുണ്ടായി. ആലപ്പുഴ ഫൊറോനാവികാരി, രൂപതാലിറ്റർജി കമ്മീഷൻ സെക്രട്ടറി, കേരളാ ലാറ്റിൻ പ്രൊവിൻഷ്യൽ ലിറ്റർജി കമ്മീഷൻ മെമ്പർ, മൈനർ സെമിനാരി റെക്ടർ, ജുഡീഷ്യൽ വികാർ, രൂപതാസ്കൂൾ കോർപ്പറേറ്റ് മാനേജർ, സി.ബി.സി.ഐ. ദേശീയോപദേശകസമിതി അംഗം, സി.ബി.സി.ഐ. ക്രിസ്റ്റ്യൻ ലൈഫ് കമ്മീഷൻ മെമ്പർ എന്നീ നിലകളിൽ മോൺ വർഗീസ് നിസ്തുലസേവനം അനുഷ്ഠിച്ചിട്ടുണ്ട്. സെന്റ് വിൻസെന്റ് ഡിപോൾ സെൻട്രൽ കൗൺസിൽ, ലീജിയൻ ഓഫ് മേരി, ആലപ്പുഴ കൊമ്മീസിയം, ഐക്കഫ് എന്നിവയുടെ ആദ്ധ്യാത്മികോപദേഷ്ടാവായും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിന്റെ മാനേജരും അദ്ദേഹമായിരുന്നു. ലോകപര്യടനം തന്നെ നടത്തിയിട്ടുള്ള മോൺ.പുത്തൻപുരയ്ക്കൽ ഇറ്റലി, മാൾട്ടാ, സ്വിറ്റ്സർലണ്ട്, ജർമ്മനി, ആസ്ത്രിയ, ഡന്മാർക്ക്, ഫ്രാൻസ്, ഇംഗ്ലണ്ട്, അയർലണ്ട്, സ്പെയിൻ, യൂഗോസ്ലാവ്യാ, അമേരിക്ക, ക്യാനഡ, ഗ്രീസ് വിശുദ്ധനാടുകൾ എന്നിവയെല്ലാം സന്ദർശിച്ചിട്ടുണ്ട്.


ലോകധാർമ്മിക സാമ്രാട്ടായ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ 1986 ൽ കൊച്ചി സന്ദർശിച്ചപ്പോൾ എച്ച്.എം.റ്റി. ഗ്രൗണ്ടിൽ ദിവ്യബലിയർപ്പിക്കുകയുണ്ടായി. ലിറ്റർജി കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ പേപ്പൽ ദിവ്യബലിക്ക് മോൺ.പുത്തൻപുരയ്ക്കൽ നേതൃത്വം നൽകുകയുണ്ടായി. കെ. ആർ.എൽ.സി.സി. എക്സിക്യൂട്ടീവ് കൗൺസിൽ അംഗമാണ് മോൺസിഞ്ഞോർ പുത്തൻപുര. 1984 മുതൽ ആലപ്പുഴ രൂപതാ വികാരി ജനറാളായി സേവനം അനുഷ്ഠിച്ചുവരുന്നു.

വിലാസം - റൈറ്റ് റവ. മോൺ. ഡോ. വർഗ്ഗീസ് പുത്തൻപുരയ്ക്കൽ
ബിഷപ്സ്ഹൗസ്
ആലപ്പുഴ - 12

www.malankaralibrary.com

# 256

# ടി.കെ. ജോൺ



നടൻ, നാടകസംവിധായകൻ, മലയാളഭാഷയിലെ പ്രഥമ സിനിമാമാസികയുടെ ആരംഭകൻ എന്നിങ്ങനെ വിവിധ രംഗങ്ങളിൽ മായാത്തവ്യക്തിമുദ്ര പതിപ്പിച്ച ടി.കെ.ജോൺ വൈക്കം ഫൊറോനാ ഇടവകയിലെ പുരാതന കത്തോലിക്കാ കുടുംബമായ തുരുത്തിക്കര വീട്ടിൽ കുര്യന്റെയും കുട്ടിയമ്മയുടേയും മകനായി 1939 ജൂൺ 26 ജനിച്ചു. സാമ്പത്തികമായി ഉന്നതനിലയിലായിരുന്നു തുരുത്തിക്കര തറവാട്. വൈക്കം ഗവൺമെന്റ് ഹൈസ്ക്കൂൾ, മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്ക്കൂൾ, വടവുകോട്ട് രാജർഷി മെമ്മോറിയൽ ഹൈസ്ക്കൂൾ എന്നിവടങ്ങളിലായിരുന്നു വിദ്യാഭ്യാസം. 1958 –ൽ കോക്കമംഗലം ചേന്നോത്ത് ചാക്കോച്ചന്റെയും ത്രേസ്യാമ്മയുടെയും മകൾ ആലീസിനെ വിവാഹം ചെയ്തു. വിദ്യാഭ്യാസകാലത്തുതന്നെ കലാരംഗത്ത് പ്രവർത്തിച്ചു തുടങ്ങി. അമച്ച്വർ നാടകങ്ങളിലൂടെയാണ് നാടകരംഗത്തേക്ക് കടന്നുവന്നത്. "ചെകുത്താനും ചെങ്കടലും","ആത്മബലി" തുടങ്ങിയവയായരുന്നു ശ്രദ്ധേയമായ അമച്ച്വർ നാടകങ്ങൾ. കലയും നാടകവുമെല്ലാം നിഷിദ്ധമായി കരുതിയിരുന്ന അക്കാലത്ത് സാമ്പത്തികമായി ഉന്നതനിലവാരം പുലർത്തിയിരുന്ന ഒരു കത്തോലിക്കാ തറവാട്ടിൽനിന്നും കലാരംഗത്തേക്ക് വളരെ വിരളമായേ ആളുകൾ കടന്നുവരാറുണ്ടായിരുന്നുള്ളു. സ്വാഭാവികമായി നാടകകലാരംഗങ്ങളിലേക്ക് കടന്നുവന്ന ജോണിനും കടുത്ത എതിർപ്പുകളെ നേരിടേണ്ടി വന്നിട്ടുണ്ട്. എതിർപ്പുകൾക്കിടയിലും സഹോദരൻ ടി.കെ. ജോസഫും ഏതാനും കുടുംബാംഗങ്ങളും ജോണിന് പ്രോത്സാഹനം നൽകിയിരുന്നു. നാടകരംഗത്ത് ഉന്നതശ്രേണികളിൽ എത്തിച്ചേരാൻ ഈ പ്രോത്സാഹനങ്ങൾ ഒട്ടേറെ സഹായിച്ചു.

നാടകരംഗത്തെ പ്രശസ്തരായിരുന്ന കാലാക്കൽ കുമാരൻ, കരീത്തറ കനകാംബരൻ. തുടങ്ങിയവരുമായിട്ടുള്ള ബന്ധങ്ങൾ ജോണിനെ പ്രൊഫഷണൽ നാടകരംഗത്ത് കൊണ്ടെത്തിച്ചു. കൊല്ലം കാളിദാസകലാകേന്ദ്രത്തിന്റെ ഡോക്ടർ എന്ന നാടകമായിരുന്നു പ്രൊഫഷണൽ രംഗത്തെ ആദ്യത്തെ നാടകം. അക്കാലത്തെ പ്രശസ്തരായ പി.കെ. വിക്രമൻ നായർ, വൈക്കം ചന്ദ്രശേഖരൻ, കെ. ടി.മുഹമ്മദ്, ഒ. മാധവൻ, പറവൂർ ദേവരാജൻ. ഒ.എൻ.വി. കുറുപ്പ്, തുടങ്ങിയവരുമൊത്തുള്ള കലാരംഗത്തെ വളർച്ചക്ക് വഴി തെളിച്ചു. പിന്നീട് മലയാള സിനിമാവേദിയിൽ ഏറെ പ്രശസ്തയായി തീർന്ന കവിയൂർ പൊന്നമ്മ കാളിദാസനിലെ സഹപ്രവർത്തകയായിരുന്നു. തുടർന്ന് അൾത്താര, കടൽപാലം, മുത്തുചിപ്പി, തുടങ്ങിയ ഒട്ടേറെ

www.malankaralibrary.com

പ്രൊഫഷണൽ നാടകങ്ങളിൽ ശ്രദ്ധേയമായ നിരവധി വേഷങ്ങൾ അഭിനയിച്ചു. ഏതാണ്ട് ഒരു വ്യാഴവട്ടക്കാലം "ദേശാഭിമാനി" കായംകുളം പീപ്പിൾസ് തീയേറ്റർ, എൻ.എൻ പിള്ളയുടെ "വിശ്വകേരളകലാവേദി" തുടങ്ങിയ പ്രശസ്തമായ നാടകസമിതികളുമായി സഹകരിച്ച ജോൺ പിന്നീട് സ്വന്തം ട്രൂപ്പായ "വൈക്കം മാളിവികയ്ക്ക് "രൂപം നൽകി. "വെളിച്ചമേ നയിച്ചാലും" ആയിരുന്നു മാളിവികയുടെ ആദ്യനാടകം. അഭിനയത്തോടൊപ്പം സംവിധാനരംഗത്തും ജോൺ തന്റെ സാന്നിദ്ധ്യം മാളിവികയിലൂടെ തെളിയിച്ചു. സ്വന്തം ട്രൂപ്പിനുപുറമെ "ചേർത്തല തപസ്സ്യ" തുടങ്ങിയ അനേകം പ്രൊഫഷണൽ സമിതികളുടെ നാടകങ്ങളും ജോൺ സംവിധാനം ചെയ്തു. തിരക്കഥാകൃത്തും സിനിമാസംവിധായകനുമായി. എ. കെ. ലോഹിതദാസിനെ നാടകസിനിമാരംഗത്തേക്ക് പരിചയപ്പെടുത്തിയത് ജോണായിരുന്നു. മാളവികയുടെ മുപ്പത്തിയേഴിൽപ്പരം നാടകങ്ങൾ സംവിധാനം ചെയ്യുകയും അതിൽ അഭിനയിക്കുകയും ചെയ്ത ജോൺ കഴിഞ്ഞ അൻപതു വർഷക്കാലമായി നാടകരംഗത്ത് സജീവമാണ്.

അന്തരിച്ച സിനിമാ സംവിധായകൻ ജെ.സി.കുറ്റിക്കാട്ടുമായി സഹകരിച്ച് കൊച്ചിയിൽനിന്നും വർണ്ണശാല എന്ന പേരിൽ ഒരു സിനിമാമാസിക പ്രസിദ്ധീകരിക്കുകയുണ്ടായി. മലയാളഭാഷയിലെ ആദ്യത്തെ സിനിമാ പ്രസിദ്ധീകരണമായിരുന്നു അത്. വൈക്കത്തുവച്ചുമാളവിക തീയേറ്റേഴ്സിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഒരാഴ്ച നീണ്ട "നാടക പഠനക്യാമ്പ്" ശ്രദ്ധേയമായ ഒരുപരിപാടിയായിരുന്നു. അഭിനയം സംവിധാനം, രചന തുടങ്ങിയ വിഷയങ്ങളിൽ 20-ൽ പരം യുവകലാകാരന്മാർക്ക് അവഗാഹം നേടുവാൻ ഈ ക്യാമ്പ് സഹായകമായി. ചലച്ചിത്രരംഗത്തും നാടകരംഗത്തും ഇന്ന് പ്രഗത്ഭരായ പലരെയും മുഖ്യധാരയിലേക്ക് കൈ പിടിച്ചുയർത്താൻ ജോൺ ചെയ്ത ശ്രമങ്ങൾ പ്രത്യേകം സ്മരണീയമാണ്. ലോഹിതദാസ്, സുന്ദരൻ കല്ലായി, ചെരുന്നിയൂർ ജയപ്രസാദ്, സി.കെ. ശശി തുടങ്ങി ഒട്ടനവധിപേർ ഈ പട്ടികയിലുണ്ട്.

സ്വന്തം തട്ടകമായ നാടകരംഗത്ത് തന്നെ നിലയുറപ്പിക്കാനാണ് ജോൺ എക്കാലത്തും ആഗ്രഹിച്ചിരുന്നത്. സിനിമാ സീരിയൽ രംഗത്തോട് ഒട്ടും തന്നെ അഭിനിവേശം കാണിക്കാതിരുന്ന ജോൺ അവയിലേക്കുള്ള ക്ഷണം പലപ്പോഴും സ്നേഹപൂർവ്വം നിരസിച്ചിട്ടേയുള്ളു. എങ്കിലും കന്മദം, ബാലേട്ടൻ, അച്ചന്റെ കൊച്ചുമോൾ, തുടങ്ങിയ സിനിമകളിലും ഏതാനും ചില സീരിയലുകളിലും ചെറുതെങ്കിലും ശ്രദ്ധേയമായ വേഷങ്ങൾ ചെയ്തിട്ടുണ്ട്.

കലാരംഗത്ത് 50 വർഷങ്ങൾ പിന്നിട്ട ജോൺ ഇന്നും ആ രംഗത്ത് കർമ്മനിരതനാണ്. കലാപ്രവർത്തനം ഒരു തപസ്യയായി കരുതുന്ന അദ്ദേഹം സ്വകാര്യജീവിതത്തിൽ വ്യക്തിബന്ധത്തിന് അങ്ങേയറ്റം മുൻതൂക്കം കൊടുക്കുന്നയാളാണ്. ജീവിതസായാഹ്നത്തിൽ ഭാര്യയും, മക്കളും പേരക്കുട്ടികളുമൊത്ത് സന്തോഷ ജീവിതം നയിക്കുമ്പോഴും ജോണിന്റെ


www.malankaralibrary.com

മനസ്സ് കലയോടൊപ്പമാണ്. കൂട്ടിന് ബഹൃത്തായ ഒരു സുഹൃത്വലയവും. സതീഷ് സംഘമിത്ര, കൊച്ചിൻ ആന്റണി തുടങ്ങിയ അടുത്ത സുഹൃത്തുക്കൾക്കൊപ്പം ജോൺ തന്റെ കലാതപസ്യ തുടരുകയാണ്. മലയാളനാടകവേദിയിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച് ആ പ്രസ്ഥാനത്തിന് നൽകിയ സമഗ്ര സംഭാവനകൾ എന്നും സ്മരണീയമാണ്.

കലാരംഗത്തെ സ്തുത്യർഹമായ സേവനങ്ങൾ കണക്കിലെടുത്ത് നിരവധി കലാസാംസ്കാരിസംഘടനകൾ അവാർഡുകൾ നൽകി ശ്രീ ജോണിനെ ആദരിച്ചിട്ടുണ്ട്. നല്ല നടൻ, നല്ല സംവിധായകൻ, എന്നിവയ്ക്കുള്ള TAS അവാർഡ്, ബാംഗ്ലൂർ മലയാളി സമാജത്തിന്റെ ബസ്റ്റ് ആക്ടർ അവാർഡ്, VISWAS അവാർഡ്, ACT അവാർഡ്, കത്തോലിക്കാ കോൺഗ്രസ്സിന്റെ കലാസാംസ്കാരിക പ്രവർത്തകനുള്ള അവാർഡ്, TAS ഗോൾഡൻ ജൂബിലി അവാർഡ്, കേരളസംഗീതനാടക അക്കാദമിയുടെ ഗുരുപൂജ പുരസ്കാരം തുടങ്ങിയവ അതിൽപ്പെടുന്നു.

വിലാസം:- (1) ററി.കെ. ജോൺ, തുരുത്തിക്കര, വൈക്കം.
(2) റ്റി.കെ. ജോൺ മാളവിക തിയറ്റേഴ്സ്, ചെമ്മനാട്ടുകര പി.ഒ., വൈക്കം

# 257



# തോമസ് മുളയ്ക്കൽ ബാംഗ്ലൂർ

സഭാചരിത്രരംഗത്ത് ഗവേഷണങ്ങളിലേർപ്പെട്ടിരിക്കുന്ന തോമസ് മുളയ്ക്കൽ ചങ്ങനാശ്ശേരി കറുകക്കുളത്തിലായ മുളയ്ക്കൽ എം.എം. ജോസഫിന്റെയും തൃക്കൊടിത്താനം തേവലക്കര കുഞ്ഞമ്മയുടെയും ഏഴു സന്താനങ്ങളിൽ മൂത്ത പുത്രനായി 1939 ജൂലായ് 21-ന് ജനിച്ചു. തോമ്മാച്ചൻ എന്നായിരുന്നു വിളിപ്പേര്. പ്രൈമറി വിദ്യാഭ്യാസം ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിവകസ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം സെന്റ് ബർക്കുമാൻസിലും പൂർത്തിയാക്കി. തുടർന്ന് ബാംഗ്ലൂരിൽ എത്തി ജോലിക്കു ശ്രമിച്ചു. ബാംഗ്ലൂരിൽ അമേരിക്കൻ കൾച്ചറൽ സെന്ററിൽ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. ജോർജ് തെക്കേക്കരയുടെ ശ്രമഫലമായി തോമസ് 1959 ഇൻഡ്യൻ ടെലഫോൺ ഇൻഡസ്ട്രീസിൽ ജോലിയിൽ പ്രവേശിച്ചു.

വിദ്യാർത്ഥിയായിരുന്നകാലംമുതൽ വായനയിലും എഴുത്തിലും തോമസിന് വലിയ താല്പര്യമായിരുന്നു. കൂടുതലായും സഭാചരിത്രപഠനത്തിലാണ് ശ്രദ്ധിച്ചത്. കുമരങ്കരി കറുകക്കുളം കുടുംബത്തിലെ ഒരു പ്രമുഖ പുരോ

www.malankaralibrary.com

ഹിതനായിരുന്ന ബഹു. കറുകക്കുളത്തിൽ ഗീവർഗീസച്ചന്റെ (1895-1937) ഡയ റിക്കുറിപ്പുകൾ വായിക്കാനിടയായത് സഭാചരിത്രത്തിൽ കൂടുതൽ താല്പര്യം ജനിപ്പിച്ചു. സഭാചരിത്രരംഗത്ത് ഇതുവരെ അറിയപ്പെട്ട എല്ലാ ഗ്രന്ഥങ്ങളും തന്നെ അദ്ദേഹം വായിച്ചു. ഫാ. പ്ലാസിഡ് സി.എം.ഐ. രചിച്ച The Hierarchy of the Syro Malabar Church, മുണ്ടാടൻ സി.എം.ഐ.യുടെ History of Christaianty in India തുടങ്ങിയ സഭാചരിത്രഗ്രന്ഥങ്ങൾ വായിക്കുകയും പഠിക്കുകയും ചെയ്തതിന്റെ ഫലമായി കത്തോലിക്കാമാദ്ധ്യമങ്ങളിൽ സഭാചരിത്രവുമായി ബന്ധപ്പെട്ട പല ലേഖനങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി.

ലിറ്റർജി സംബന്ധിച്ച് സീറോ-മലബാർ സഭയിൽ നടന്ന വിവാദങ്ങളെ ആസ്പദമാക്കി മാർത്തോമ്മാ മാർഗ്ഗത്തിന്റെയും ഭാരതവൽക്കരണത്തി ന്റെയും പേരിൽ എന്ന ശീർഷകത്തിൽ ഒരു ലഘുലേഖ എഴുതി പ്രസിദ്ധീ കരിച്ചു. ബാംഗ്ലൂരിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ഡക്കാൻ ഹെറാൾഡ്, ഇന്ത്യൻ എക്സ്പ്രസ്സ് എന്നീ പത്രങ്ങളിൽ ലേഖനങ്ങളും പത്രാധിപർക്കുള്ള കത്തുകളും എഴുതി തന്റെ അഭിപ്രായങ്ങൾ ബഹുജനങ്ങളിൽ എത്തിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ആൾ ഇന്ത്യാ കാത്തലിക് യൂണിയന്റെ ഔദ്യോ ഗിക ജിഹ്വയായ Visual Jagruti, ബോംബെയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന പീപ്പിൾസ് റിപ്പോർട്ടർ എന്നിവയിലും സ്ഥിരം എഴുത്തുകാരനായിരുന്നു.

കഴിഞ്ഞകാലഘട്ടങ്ങളിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലേഖന ങ്ങളും കത്തുകളും സംഗ്രഹിച്ച് 1998 ൽ My Reflection on Public issues എന്ന ശീർഷകത്തിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റൊരു പുസ്തകം 2004 ൽ പ്രസിദ്ധീകരിച്ചു. Reflections on Ntional and International issues എന്ന പേരിലാണ് ആ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. കഴിഞ്ഞ നാലരദശാബ്ദക്കാല മായി ബാംഗ്ലൂർ താമസിക്കുന്ന തോമസ് വിവിധ കത്തോലിക്കാസംഘടന കളിൽ പ്രവർത്തിക്കുകയുണ്ടായി. രാമമൂർത്തി നഗറിലെ ഹോളി ഫാമിലി ചർച്ച്, ധർമ്മാരാമിലെ സെന്റ് തോമസ് ഫൊറാനാചർച്ച് എന്നിവയുടെ ആരം ഭകാലത്ത് പാരീഷ് കൗൺസിൽ മെമ്പറായി പ്രവർത്തിച്ചിട്ടുണ്ട്.

കോതമംഗലം നെല്ലിമറ്റം ഇടവക കോയിക്കക്കുടി റീത്തമ്മയാണ് സഹ ധർമ്മിണി.

Address - Mr. Thomas Mulackel
1459 13th Cross Sector-1-H.S.R.L. Laynet
Banglore - 34.

www.malankaralibrary.com

# 258

# സി.എഫ്. തോമസ്



"കറപുരളാത്ത പൊതുപ്രവർത്തകൻ" എന്ന് നാം പലരെയും വിശേഷിപ്പിക്കാറുണ്ട്. പലരെ സംബന്ധിച്ചിടത്തോളം അത് നൂറുശതമാനം ശരിയായിരിക്കണമെന്നില്ല. അതു നൂറുശതമാനം ശരിയായിട്ടുള്ള ഒരാളുണ്ട്. അദ്ദേഹമാണ് സി.എഫ്. തോമസ്. രാഷ്ട്രീയക്കാരനെന്ന നിലയിൽ നയാപൈസായുടെ മോഷണം നടത്തിയിട്ടില്ലെന്ന് നെഞ്ചിൽ കൈവച്ച് പറയുന്ന അപൂർവ്വം ചില രാഷ്ട്രീയക്കാരിൽ ഒരാളാണ് സി.എഫ്. തോമസ്. "സംശുദ്ധം ഈ രാഷ്ട്രീയ ജീവിതം" എന്ന ശീർഷകത്തിൽ ദീപികയിൽ ഷിബു ടി. ജോസഫ് എഴുതിയ ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "നാട്ടിൻ പുറത്തെമുതിർന്ന അദ്ധ്യാപകരെ കണ്ടിട്ടില്ലേ. മാതൃകാപരമായ ജീവിതവും എളിമയും സേവനസന്നദ്ധതയും സദാ പ്രസന്നഭാവവുമൊത്തിണങ്ങിയ ഇത്തരം മാതൃകാപുരുഷന്മാർ ഏതു നാടിന്റെയും ഐശ്വര്യമാണ്. എപ്പോഴും സേവനവസന്നദ്ധരായി നമുക്കിവരെ കാണാം നാട്ടുകാരുടെ സന്തോഷത്തിലും സങ്കടത്തിലുമെല്ലാം ഇവർ ഒപ്പം കാണും. സ്ഥാനമാനങ്ങളാഗ്രഹിക്കാതെ പ്രവർത്തിക്കുന്ന ഇവരെത്തേടി അർഹിക്കുന്ന സ്ഥാനമാനങ്ങളുമെത്തും. ഇങ്ങനെയൊരാളെ തള്ളിപ്പറയാനോ മാറ്റിനിർത്താനോ ആർക്കാണ് കഴിയുക. ജനാധിപത്യമുന്നണിയുടെ സമുന്നതനായ നേതാവ്, രാഷ്ട്രീയക്കാർക്കിടയിലെ വിനയാന്വിതനായ നേതാവ്, ജനങ്ങളിലൊരാളായി സദാസേവന സന്നദ്ധനായ ജനപ്രതിനിധി എന്നിങ്ങനെ വിശേഷണങ്ങളേറെ വേണ്ടിവരും സി.എഫ്. തോമസ് എന്ന ജനകീയനായ നേതാവിന്."

സി.എഫ്. അക്ഷരാർത്ഥത്തിൽ തന്നെ ഒരു മാതൃകാപുരുഷനാണ്. അദ്ദേഹത്തെ അറിയുന്നവരെല്ലാം അതു സമ്മതിക്കും. നീണ്ട മൂന്നു ദശാബ്ദക്കാലത്തെ രാഷ്ട്രീയജീവിതത്തിനിയടയിൽ മുള്ളും മുനയും ഏൽക്കാത്ത - ആരോപണങ്ങൾക്ക് വിധേയനാകാത്ത ഒരു വ്യക്തിയാണ് സി.എഫ്. തോമസ്. ഇന്നേവരെ അദ്ദേഹത്തിനെതിരെ ചെറിയൊരാരോപണവും ഉന്നയിച്ചിട്ടില്ലന്നറിയുമ്പോൾ ദീർഘകാലത്തെ പൊതുപ്രവർത്തനത്തിൽ അദ്ദേഹം ജീവിതത്തിലുടനീളം പുലർത്തിയ സംശുദ്ധിയുടെ ആഴം എത്ര വലുതാണെന്ന് നമുക്ക് ഊഹിക്കാം.

എല്ലാവരുടെയും പ്രിയങ്കരനായ സി.എഫ്. തോമസ് ചങ്ങനാശ്ശേരിയിലെ ചെന്നിക്കരവീട്ടിൽ സി.ടി. ഫ്രാൻസീസ് - അന്നമ്മ ദമ്പതികുടെ മകനായി 1939 ജൂലൈ 30-ന് ജനിച്ചു. ചങ്ങനാശ്ശേരി എസ്സ്.ബി. ഹൈസ്കൂളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം തുടർന്ന് എസ്.ബി. കോളേജിൽ ചേർന്ന്

www.malankaralibrary.com

ബി.എസ്.സി. ബിരുദം നേടി. ചങ്ങനാശ്ശേരി എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജിൽനിന്നും ബി.എഡ്. പാസ്സായതിനുശേഷം അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. വടിയില്ലാതെ 18 വർഷക്കാലം കുട്ടികളെ കണക്ക് പഠിപ്പിച്ച അദ്ദേഹം പതിനേഴാമത്തെ വയസ്സിൽ രാഷ്ട്രീയ പ്രവർത്തനത്തിൽ ഏർപ്പെട്ടു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ അംഗത്വമെടുത്ത സി.എഫ്. തോമസ് 1964-ൽ കേരളാ കോൺഗ്രസ്സ് രൂപീകരിച്ചതോടെ അതിന്റെ സജീവമായ പ്രവർത്തകനായിത്തീർന്നു. 1965-ൽ കേരളാ കോൺഗ്രസ്സ് ചങ്ങനാശ്ശേരി മണ്ഡലം സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. അച്ചടക്കമുള്ള പ്രവർത്തകനായി നിലകൊണ്ട തോമസ് കേരളാ കോൺഗ്രസ്സിന്റെ സംസ്ഥാനജനറൽ സെക്രട്ടറിയായും ചെയർമാനായും പ്രവർത്തിച്ചു. 2001-ൽ ശ്രീ. എ.കെ. ആന്റണി രുപീകരിച്ച മന്ത്രിസഭയിൽ കേരളാ കോൺഗ്രസ്സിന്റെ പ്രതിനിധിയായും നിയമിക്കപ്പെട്ടു. ഉന്നതപദവികളിലെത്തിയപ്പോഴും ലാളിത്യം അദ്ദേഹത്തെ വിട്ടുമാറിയില്ല. അറുപത്തിയേഴ് വയസ്സിലെത്തിയ ശ്രീ തോമസ് ഏഴാം തവണയും നിയമസഭയിലേക്ക് മത്സരിക്കുകയും വിജയം കൈവരിക്കുകയും ചെയ്തു. സാധാരണ നേതാക്കളുടെ കണക്ക് ഓരോ തെരഞ്ഞെടുപ്പിലും പുതിയ പുതിയ മണ്ഡലങ്ങൾ അന്വേഷിച്ച് പോകേണ്ട ഗതികേട് അദ്ദേഹത്തിനുണ്ടായിട്ടില്ല.

പണം ഒഴുക്കിയും ഒച്ചപ്പാട് ഉണ്ടാക്കിയും തിരഞ്ഞെടുപ്പിനെ അദ്ദേഹം ഒരിക്കലും നേരിട്ടിട്ടില്ല. മണ്ഡലത്തിലെ ഓരോ വോട്ടറെയും കൃത്യമായി പേരുവിളിക്കുവാൻ അദ്ദേഹത്തിന് സാധിക്കും. വീടുകയറിയുള്ള പ്രചരണമാണ് സി.എഫിന്റെ ശൈലി. ചങ്ങാശ്ശേരിയുടെ വികസനത്തിൽ അദ്ദേഹം നൽകിയ നേതൃത്വം എല്ലാവരും ഇന്ന് അംഗീകരിക്കുന്നുണ്ട്. അഴിമതിയുടെ കളങ്കമേൽക്കാത്ത തോമസ് സാധാരണജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് ശ്രമിച്ചത്. സർഗകൈരളി എന്ന വാരികയിൽ (2006 മാർച്ച് 24) ഇപ്രകാരം എഴുതിയിരിക്കുന്നു.

"ഗതാഗതക്കുരുക്കുമൂലം വീർപ്പുമുട്ടിയിരുന്ന ചങ്ങനാശ്ശേരി നഗരത്തിന് ആശ്വാസമായി ചങ്ങനാശ്ശേരി ബൈപാസിന്റെ ഒന്നും രണ്ടും പാലങ്ങൾ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നു കൊടുത്തു. ഏറെ എതിർപ്പുകളെയും കോടതി കേസ്സുകളെയും നേരിട്ടാണ് ഈ ബൈപാസിന്റെ രണ്ടു ഘട്ടങ്ങൾ പൂർത്തികരിച്ചത്. മൂന്നാം ഘട്ടത്തിന്റെ നിർമ്മാണവേലകൾ പുരോഗമിക്കുകയാണ്. എം.സി. റോഡിൽ പാലത്രച്ചിറയിൽ ആരംഭിച്ച് വാഴൂർ റോഡിൽ റെയിൽവേ സ്റ്റേഷൻ ജംഗ്ഷനിലെത്തുന്നതാണ് രണ്ടു ഘട്ടങ്ങൾ. വാഴൂർ റോഡിലാരംഭിച്ച് റെയിൽവേ സ്റ്റേഷനു സമീപത്തുകൂടി കവിയൂർ റോഡിലെത്തുന്നതാണ് മൂന്നാംഘട്ടം.

കവിയൂർ റോഡിലാരംഭിച്ച് എം.സി. റോഡിൽ ളായിക്കാട്ടെത്തുന്നതാണ് മൂന്നാം ഘട്ടം. ഗതാഗതക്കുരുക്കഴിക്കുന്നതോടൊപ്പം നഗരത്തിന്റെ വിപ്ലവവികസനം സാധിക്കുന്നതാണ് ഈ ബൈപാസ്.

www.malankaralibrary.com

എം.സി. റോഡിൽ പെരുന്തുരുത്തിയിൽ ആരംഭിച്ച് നാലുകോടി, കുന്നുപുറം, തെങ്ങണ, മണർകാട് ഏറ്റുമാനൂർ, സംയുക്തബൈപ്പാസ് നിർമ്മാണവും പൂർത്തിയാക്കി വരുകയാണ്.

കൂടാതെ ചങ്ങനാശ്ശേരി - വാഴൂർ റോഡ് സംസ്ഥാന പാതയുടെ നിലവാരത്തിൽ നവീകരണം നടന്നുവരുകയാണ്. ഗ്രാമീണ റോഡുകളുടെ നവീകരണ പദ്ധതിയുടെ ഭാഗമായി ടാറിംഗും കോൺക്രീറ്റും നടപ്പാക്കാൻ കഴിഞ്ഞത് ഏറെ സന്തോഷത്തോടെ കാണുന്ന കൃത്യമാണ്.

തെക്കുപടിഞ്ഞാറൻ പ്രദേശത്ത് ഒറ്റപ്പെട്ടുകിടന്ന അംബേദ്കർ ഗ്രാമത്തിലെ നാലുതുരുത്തുകളുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണം നടന്നുവരുന്നു. പടിഞ്ഞാറുഭാഗത്ത് ഒറ്റപ്പെട്ടു കിടന്ന കുറിച്ചി - കിടായിച്ചിറ റോഡ് 1.75 കോടി രൂപ ചെലവിൽ നിർമ്മാണം പൂർത്തിയായിവരുന്നു.

രണ്ടാം ശതാബ്ദി ആഘോഷിക്കുന്ന മാർക്കറ്റിന് സർക്കാർ സമ്മാനമായി കവല മാർക്കറ്റ് റോഡ് കെ.എസ്.ററി.പി.യിൽ ഉൾപ്പെടുത്തി വികസിപ്പിച്ചു. ആലപ്പുഴ റോഡിനെ മാർക്കറ്റുമായി ബന്ധിപ്പിക്കുന്ന ഇ.എം.എസ്. റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു. 45 ലക്ഷം രൂപയുടെ നിർമ്മാണം നടന്നുവരുകയാണ്.

കുറിച്ചി പഞ്ചായത്തിലെ കുരനാട്ടുവാല - ഔട്ടപോസ്റ്റ് മന്ദിരം - ഹോമിയോ കോളേജ് - കേളൻ കവല - മാളിയേക്കടവ് റോഡിന്റെ നവീകരണത്തിന് 70 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കി.

ഈ പഞ്ചായത്തിലെ കാലായിൽപ്പടി - പഞ്ചായത്തുപടി ചെമ്പുചിറ പൊക്കം - കണ്ണന്തറപ്പടി, പുളിമൂട് റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് 45 ലക്ഷം രൂപയുടെ വികസനപദ്ധതി തയ്യാറാക്കി.

തുരുത്തേൽ - വെട്ടിത്തുരുത്ത് റോഡ്, കണ്ണമ്പേരൂർ - ചെത്തിപ്പുഴ, തൃക്കൊടിത്താനം - കുന്നന്താനം പായിപ്പാട് - ചാഞ്ഞോടി - അമര - മാമ്മൂട് - പെരമ്പനച്ചി - തോട്ടയ്ക്കാട്, മോസ്കോ - ചെങ്കോട്ട, മുതുമല ചാത്തവട്ടം, ടി.ബി. റോഡുകളുടെ വികസനത്തിനായി മൂന്നരക്കോടിയുടെ പദ്ധതി നടപ്പാക്കി.

20 ലക്ഷത്തിലേറെ രൂപ മുടക്കിയാണ് കുരിശുംമൂട്, നാലുകോടി, പായിപ്പാട് ജംഗ്ഷനുകളുടെ നവീകരണം നടപ്പാക്കിയത്.

നഗരത്തിലെ കുടിവെള്ള വിതരണത്തിനായി 16 കോടിരൂപ മുടക്കി കല്ലിശ്ശേരി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പായിപ്പാട് അംബേദ്കർ ഗ്രാമത്തിൽ ആരംഭിച്ച കുടിവെള്ള പദ്ധതിക്ക് 37 ലക്ഷം രൂപ ചെലവായി. കുറിച്ചിയിൽ ചാലച്ചിറ, ഇത്തിത്താനം ജലവിതരണ പദ്ധതിയും പായിപ്പാട് കൊച്ചുപള്ളിക്കു സമീപവും മുസ്ലീംപള്ളിക്കു സമീപവും പുതിയ ഓവർ ഹെഡ്ടാങ്കുകളും സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കി.

നിയോജകമണ്ഡലത്തിലെ വൈദ്യുതിവിതരണം കാര്യക്ഷമമാക്കുന്നതിനായി തൃക്കൊടിത്താനത്ത് 110 കെ.വി. സബ്സ്റ്റേഷൻ പദ്ധതി ആരം

www.malankaralibrary.com

ഭിച്ചു. 7.14 കോടി രൂപയുടെ പദ്ധതിയാണിത്. ഊർജ്ജിത ഊർജ്ജവികസന പദ്ധതിയും ആരംഭിച്ചു.

3.47 കോടി രൂപമുടക്കുള്ള പദ്ധതിയാണിത്. ഈ രണ്ടു പദ്ധതികളും ആറുമാസത്തിനകം പ്രവർത്തനം ആരംഭിക്കും. പള്ളം ചങ്ങനാശ്ശേരി - 66 കെ.വി. ലൈൻ അലുമിനിയം കണ്ടക്ടറാക്കിയതും വൈദ്യുതി വിതരണത്തെ കാര്യക്ഷമമാക്കി. സാധാരണക്കാർ ചികിത്സക്ക് എത്തുന്ന ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിൽ വാർഡുകൾ നവീകരിച്ചു. കുട്ടികൾക്ക് വാർഡുകൾ നിർമ്മിച്ചു. എക്സ്റേ യൂണിറ്റ് സ്ഥാപിച്ചു.

മാടപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സാവിഭാഗം ആരംഭിച്ചു. മാടപ്പള്ളിയിൽ തൃക്കൊടിത്താനത്തും പുതിയ ഹോമിയോ ആശുപത്രികൾ സ്ഥാപിച്ചത് നാട്ടുകാർക്ക് ഏറെ ഉപകാരപ്രദമായി.

കാർഷികമേഖലയിൽ ലക്ഷക്കണക്കിന് രൂപ മുടക്കി 50 പാടശേഖരങ്ങൾക്ക് പുറം ബണ്ട് നിർമ്മിച്ചു. തൃക്കൊടിത്താനം കൊക്കോച്ചിറക്കുളം നവീകരിച്ചു. 25 ലക്ഷം രൂപ ഇതിനായി വിനിയോഗിച്ചു. മാടപ്പള്ളി, കുറിച്ചി പായിപ്പാട്, വാഴപ്പള്ളി, തൃക്കോടിത്താനം എന്നിവിടങ്ങളിൽ മൃഗാശുപത്രികൾ സ്ഥാപിച്ചു.

നിയോജകമണ്ഡലത്തിലെ മുഴുവൻ സ്കൂളുകളിലും കമ്പ്യൂട്ടർ നൽകി. കമ്പ്യൂട്ടർ പഠനപദ്ധതി ആരംഭിച്ചത് സംസ്ഥാനത്തെ മാതൃകാ പദ്ധതിയായി. 40 ലക്ഷംരൂപ എം.എൽ.എ. ഫണ്ടുപയോഗിച്ചാണ് പദ്ധതി നടപ്പാക്കിയത്. ഗവണ്മെന്റ് സ്കൂളുകളിൽപ്ലസ്ടു അനുവദിച്ചതും സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് സഹായകമായി.

ചങ്ങനാശ്ശേരി താലൂക്കിന്റെ ഭരണ സിരാകേന്ദ്രമായി ഉയർന്ന റവന്യൂ ടവർ നഗരത്തിനഭിമാനമാണ്. ഒരു കെട്ടിടത്തിൽ ഭരണസംവിധാന സമുച്ചയം എന്ന ഈ പദധതി ജനങ്ങൾക്ക് ഏറെ സൗകര്യപ്രദമാണ്. ഒരു താലൂക്ക് സിരാകേന്ദ്രത്തിൽ ജനത്തിനുവേണ്ടുന്ന സർക്കാർ ഓഫീസകളും ഈ ഭരണകേന്ദ്രത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കുന്നന്താനം സങ്കേതം, ആലപ്പുഴ റോഡ് പുറമ്പോക്ക് നിവാസികൾ, കുറിച്ചി എണ്ണക്കാച്ചിറ ഭാഗം, ഉഴവൂർ ഇൻഡസ്ട്രീയൽ എസ്റ്റേറ്റിലെ വ്യവസായികൾ എന്നിവർക്ക് പട്ടയം നൽകുന്ന നടപടികൾ സ്വീകരിച്ചു.

ചങ്ങനാശ്ശേരിയെ ടൂറിസം ഭൂപടത്തിലെത്തിച്ചതും വലിയ കാര്യമാണ്. മനയ്ക്കച്ചിറയിൽ ടൂറിസം പദ്ധതി, പൂർത്തിയായി വരുന്നു. ഇത് സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകളെ ആകർഷിക്കും. 50 കോടി രൂപയുടെ പദ്ധതിയാണിത്. ടൂറിസ്റ്റുമേഖലയെ പ്രോത്സാഹിപ്പിക്കുന്ന യാത്രാനിവാസും ഇവിടെ ആരംഭിച്ചിട്ടുണ്ട്.

വാട്ടർ ട്രാൻസ്പോർട്ടിംഗ് പുതിയ മേഖലാ കാര്യാലയം സ്ഥാപിച്ചു പ്രവർത്തനം തുടങ്ങി. ചരക്കു ഗതാഗതത്തിനുള്ളനിർമ്മാണ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

www.malankaralibrary.com

തൃക്കൊടിത്താനത്ത് പുതിയ പോലീസ് സ്റ്റേഷനുള്ള പദ്ധതിയും പൂർത്തിയായിട്ടുണ്ട്.

മന്ത്രിയെന്ന നിലയിൽ താൻ കൈകാര്യം ചെയ്ത വകുപ്പിനെ പരമാവധി ജനോപകാരപ്രദമാക്കാൻ സി.എഫിന് സാധിച്ചിട്ടുണ്ട്.

സത്യസന്ധനായ രാഷ്ട്രീയ പ്രവർത്തകൻ എന്ന പേരിന് അദ്ദേഹം എന്നും അർഹനായി നിലകൊള്ളും. സി.എഫ്. തോമസിന്റെ രാഷ്ട്രീയ പ്രവർത്തനങ്ങളെപ്പറ്റിയാണ് ഇതുവരെ പ്രസ്താവിച്ചത്. അദ്ദേഹം ഒരു ഉറച്ച സമുദായ സ്നേഹിയും കൂടിയാണ്. രാഷ്ട്രീയ പ്രവർത്തനത്തിലേർപ്പെടുന്നതിന് മുമ്പുതന്നെ ഭക്തസംഘടനകളിലെ സജീവ പ്രവർത്തകനായിരുന്നു അദ്ദേഹം. ചെറുപുഷ്പമിഷൻലീഗിൽ കൂടിയാണ് പൊതുപ്രവർത്തനം ആരംഭിച്ചതെന്നു പറയാം. അനവധി വർഷങ്ങളായി അദ്ദേഹം ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമായി പ്രവർത്തിച്ചു വരുന്നു. കെ. സി.എസ്.എല്ലി ന്റെ സംസ്ഥാന ജനറൽ സെക്രട്ടറി പദവും ദീർഘകാലം അദ്ദേഹം വഹിച്ചിട്ടുണ്ട്. കേരള കത്തോലിക് ടീച്ചേഴ്സ് ഗിൽഡിന്റെ സംസ്ഥാന ഭാരവാഹിയായും സി.എഫ്. പ്രവർത്തിക്കുകയുണ്ടായി. ദീപികയിൽ റെജി ജോസഫ് എഴുതിയ ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ "അംബാസിഡർകാറിൽ മാത്രം സഞ്ചരിക്കുന്ന മന്ത്രി ചങ്ങനാശ്ശേരി അങ്ങാടിയിലൂടെ സാധാരണക്കാരനായി നടക്കുന്നു. ജനപ്രതിനിധി, സ്വന്തം കാർ പാവപ്പെട്ട പെൺകുട്ടിയുടെ വിവാഹത്തിന് സൗജന്യമായി ഓടാൻ കൊടുത്ത് ഓട്ടോറിക്ഷായിൽ സമ്മേളനങ്ങളിൽ പങ്കെടുക്കുന്ന ജനകീയ എം. എൽ.എ. ..... ചെന്നിക്കര ഫ്രാൻസീസ് തോമസ് എന്ന നീതിബോധമുള്ള ജനപ്രതിനിധിയുടെ പലകാര്യങ്ങൾ ഇങ്ങനെ പലതും ചേർന്നതാണ്. ചങ്ങനാശ്ശേരിയിലെ പാരമ്പര്യകച്ചവട കുടുംബത്തിൽ നിന്നും കച്ചവടരാഷ്ട്രീയത്തിന്റെ സ്വാർത്ഥമോഹങ്ങളില്ലാതെ കോൺഗ്രസ്സിന്റെ ഖദറിട്ട മാന്യൻ! "

അധികാരത്തിനും പദവിക്കുംവേണ്ടി ഓടി നടക്കാത്ത സി.എഫ്. എന്ന വ്യക്തി കേരളത്തിന്റെ രാഷ്ട്രീയ തന്ത്രത്തിൽ മായാത്ത വ്യക്തിമുദ്രപതിപ്പിച്ചിരിക്കുന്നു. പരുവപറമ്പിൽ കുഞ്ഞമ്മയാണ് സഹധർമ്മിണി.

വിലാസം - സി.എഫ്. തോമസ് എം.എൽ.എ.<br>
ചെന്നിക്കര<br>
ചങ്ങനാശ്ശേരി.

www.malankaralibrary.com

# 259

# ജോർജ് ജെ. മാത്യു പൊട്ടംകുളം



തിരുവിതാംകൂറിലെ സ്വാതന്ത്ര്യസമരസേനാനികളിൽ പ്രമുഖനായിരുന്നു,കെ.വി മാത്യു(കൂട്ടുവാലിൽ)പൊട്ടംകുളം. പല സ്വാതന്ത്ര്യസമരസേനാനികളും സ്വാതന്ത്ര്യപ്രാപ്തിക്ക് ശേഷം അധികാരം പങ്കിടാനുള്ള വ്യഗ്രതയിലാണ് ഏർപ്പെട്ടത്. കെ.വി മാത്യുവിന്റെ പ്രവർത്തനങ്ങളെ വിലമതിച്ചവർ സ്വാതന്ത്ര്യത്തിനുശേഷം നടന്ന ആദ്യ പൊതുതിരഞ്ഞെടുപ്പിൽ പീരുമേട്-ദേവികുളം മണ്ഡലത്തിൽ നിന്നും മൽസരിക്കുവാൻ അദ്ദേഹത്തെയാണ് തിരഞ്ഞെടുത്തത്.കോൺഗ്രസ് പാർട്ടി ഏകകണ്ഠമായാണ് ആ തീരുമാനമെടുത്തത്. ഒരു ഭരണാധികാരിയാകാൻ അദ്ദേഹം ഒട്ടും ആഗ്രഹിച്ചില്ല.തനിക്ക് വെച്ചുനീട്ടിയ സീറ്റ് അദ്ദേഹം എ.കെ പാച്ചുപിള്ളയ്ക്ക് നൽകിയപ്പോൾ കുടുംബാംഗങ്ങളും നാട്ടുകാരും എതിർത്തു. പക്ഷേ മാത്യു തന്റെ നിലപാടിൽ ഉറച്ചുനിന്നു.

ജനാധിപത്യഗവൺമെന്റ് അധികാരത്തിലേറി കുറേനാൾ കഴിഞ്ഞപ്പോൾ സ്വാതന്ത്ര്യസമരസേനാനികളെ ആദരിക്കുകയും അവർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും അനുവദിക്കുകയും ചെയ്തു. താൻ സ്വാതതന്ത്ര്യസമരത്തിൽ പങ്കെടുത്തത് പ്രതിഫലനത്തിനുവേണ്ടിയല്ലെന്നും മാതൃരാജ്യത്തിനുവേണ്ടിയായിരുന്നുവെന്നും പറഞ്ഞ് ശ്രീ മാത്യു പെൻഷനും മറ്റാനുകൂല്യങ്ങളും നിരസിക്കുകയാണുണ്ടായത്. അധികാരത്തിന്റെ ഉരുക്കുമുഷ്ടികൾ അധഃസ്ഥിതർക്കെതിരെ തിരിഞ്ഞപ്പോഴെല്ലാം അധികാരവർഗ്ഗത്തിനെതിരെ പോരാടിയ ശബ്ദമായിരുന്നു മാതൃവിന്റേത്. രാഷ്ട്രീയക്കാരനായ മാത്യുവിന്റെ ജനസേവനത്തിന്റെ ബാലൻസ്ഷീറ്റിൽ കണ്ട നഷ്ടങ്ങളുടെ കണക്ക് ആരെയും ഞെട്ടിപ്പിക്കുന്നതായിരുന്നു.

ആദർശശാലിയായ കെ.വി മാത്യു പൊട്ടംകുളത്തിന്റെയും തേലമ്മ ആനത്താനത്തിന്റേയും സീമന്തപുത്രനായി 1939 ആഗസ്റ്റ് 3-ം തിയതി ജോർജ് ജെ മാത്യു ജനിച്ചു. അപ്പച്ചൻ എന്നാണ് അദ്ദേഹത്തെ ജനങ്ങൾ വിളിക്കുന്നത്.കൂട്ടിക്കൽ,വെട്ടിക്കാനം,കാഞ്ഞിരപള്ളി എന്നിവിടങ്ങളിലായിരുന്നു പ്രാഥമിക വിദ്യഭ്യാസം. സുപ്രസിദ്ധമായ ബാംഗ്ളൂർ യൂറോപ്യൻ സ്കൂളിൽ നിന്ന് കേംബ്രിഡ്ജ് സീനിയർ പരീക്ഷപാസ്സായതിനുശേഷം മദ്രാസ് ലയോള കോളേജിൽ ചേർന്ന് ബി.എസ്.സി ഡിഗ്രി യെടുത്തു. കായികരംഗത്ത് മികച്ച കഴിവ് തെളിയിച്ച അപ്പച്ചൻ ടേബിൾടെന്നീസ് ഡബിൾസ് ചാമ്പ്യനും കോളേജ് ഹോസ്റ്റൽ യൂണിയൻ ചെയർമാനുമായിരുന്നു. 1965 -ൽ വിദ്യഭ്യാസം പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം പ്ലാന്റേ

www.malankaralibrary.com

ഷൻ രംഗത്ത് ശ്രദ്ധപതിപ്പിച്ചു. എന്നാൽ അധികം താമസിയാതെ പിതാവ് നടന്ന വഴിയെ ജോർജ് ജെ മാത്യു കാലെടുത്ത് വെച്ചു. മുൻ പ്രധാനമന്ത്രി മാരും, പല മുഖ്യമന്ത്രിമാരും, മന്ത്രിമാരും രാഷ്ട്രീയനേതാക്കളും ഇന്ന് അഴി മതിയുടെ പേരിൽ കോടതികളിൽ കയറിയിറങ്ങുകയാണ്. എന്നാണവരെ കാരിരുമ്പഴികൾക്കുള്ളിൽ അടക്കപെടുന്നത് എന്ന് വ്യക്തമല്ലെന്ന് മാത്രം. പൊതുപ്രവർത്തകർ അഴിമതിയിലും കൃത്രിമരേഖ ചമക്കലിലും മറ്റിതര ഹീനപ്രവർത്തികളിലും മുങ്ങികുളിക്കുമ്പോൾ രാഷ്ട്രീയക്കാരനായ ജോർജ് ജെ. മാത്യു അതേ ആദർശശാലിയായ കെ.വി മാത്യു പൊട്ടംകുളത്തിന്റെ മകൻ അപ്പച്ചൻ - കറപുരളാത്ത കൈകളുമായി പൊതുരംഗത്ത് ഉയർന്നു നിൽക്കുന്നുവെന്നതാണ് സത്യം. പൊതുപ്രവർത്തനരംഗത്തെ തന്റെ ജോലി പണസമ്പാദനമല്ലെന്നും ജനക്ഷേമമാണെന്നും അദ്ദേഹം ആധുനിക രാഷ്ട്രീയ രംഗത്ത് നിറഞ്ഞ് നിൽക്കുമ്പോഴും വിശ്വസിക്കുന്നു.

തന്റെ പിതൃസഹോദരൻ കെ.വി കുര്യനായിരുന്നു ജോർജ് ജെ മാത്യുവിനെ രാഷ്ട്രീയ ഗോദയിലേക്ക് ഇറക്കിയത്. കേരളകോൺഗ്രസ് പ്രവർത്തകനായിട്ടാണ് രാഷ്ട്രീയ ജീവിതം ആരംഭിക്കുന്നത്. 1969-ൽ കൊക്കയാർ കൂട്ടിക്കൽ മണ്ഡലം പ്രസിഡണ്ടായും 1970-ൽ കാഞ്ഞിരപള്ളി മണ്ഡലം ട്രഷററായും 1971-ൽ സംസ്ഥാന ട്രഷററായും കേരളകോൺഗ്രസിൽ പ്രവർത്തിച്ചു. കോൺഗ്രസ്-കേരളകോൺഗ്രസ് അനുരഞ്ജന ചർച്ചയിൽ കേരളകോൺഗ്രസിനെ പ്രതിനിധികരിച്ച് പങ്കെടുത്തത് കെ.എം ജോർജ്, കെ.വി കുര്യൻ,പി.ജെ ജോസഫ്,ജോർജ് ജെ മാത്യു എന്നിവരായിരുന്നു. ശ്രീ എൽ.കെ അദ്വാനി,മൊറാർജി ദേശായി,ജഗജീവൻ റാം തുടങ്ങിയവരുമായും അദ്ദേഹം പല സന്ദർഭങ്ങളിലും അടുത്ത് ഇടപഴകിയിട്ടുണ്ട്.1974-ൽ ശ്രീമതി ഇന്ദിരാഗാന്ധിയുമായി പരിചയപ്പെട്ട അദ്ദേഹം ഇന്ദിരാഗാന്ധിയുടെ മരണം വരെ അവരുമായി സൗഹൃദം പുലർത്തിയിരുന്നു.

1977-ൽ കേരളകോൺഗ്രസ് പ്രതിനിധിയായി അദ്ദേഹം പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപെട്ടു.1979-ൽ അരുണാചൽപ്രദേശ്,സിക്കിം,ഗോവ,മേഘാലയ മുതലായ സംസ്ഥാനങ്ങളിലെ എം.പി മാരെ ഉൾപ്പെടുത്തി ഒൻപത് അംഗങ്ങളുള്ള ഒരു ഗ്രൂപ്പ് യുണൈറ്റഡ് പാർലമെന്ററി ഫ്രണ്ട് എന്ന പേരിൽ രൂപികരിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. കേന്ദ്രത്തിൽ ചരൺസിങ് മന്ത്രിസഭ രൂപികരിക്കുന്നതിന് അദ്ദേഹം പിന്തുണ നൽകി. കേന്ദ്ര ആഭ്യന്തര സഹമന്ത്രിയാകാനുള്ള ചരൺസിങ്ങിന്റെ ക്ഷണം അദ്ദേഹം നിരസിച്ചു. ചരൺസിങ് മന്ത്രിസഭയുടെ പതനത്തിനുശേഷം ജഗജീൻ റാമിനെ പ്രധാനമന്ത്രിയാക്കാനും അദ്ദേഹം ശ്രമിച്ചു. തെക്കേ ഇന്ത്യയിൽ നിന്നുള്ള 18 എം.പി മാരെ ഇക്കാര്യത്തിനായി സംഘടിപ്പിച്ചു. കേന്ദ്രമന്ത്രിസഭയിൽ പ്രാതിനിദ്ധ്യം നൽകാമെന്ന് റാം സമ്മതിക്കുകയും ചെയ്തു. പക്ഷേ രാഷ്ട്രപതി 1979 ആഗസ്റ്റ് 20-ം തിയതി പാർലമെന്റ് പിരിച്ചുവിട്ടതിനാൽ ജഗജീവൻ-റാമിന് പ്രധാനമന്ത്രിയാകാൻ സാധിച്ചില്ല.

www.malankaralibrary.com

കേരളകോൺഗ്രസിൽ പിളർപ്പ് ഒരു പുത്തരിയല്ലല്ലോ. 1983-ൽ ശ്രീ കെ.വി കുര്യനും,ജോർജ് ജെ മാത്യുവും ഉൾപ്പെടെ ആയിരങ്ങൾ കേരള കോൺഗ്രസിൽ നിന്നും രാജിവെച്ച് കോൺഗ്രസിൽ ചേർന്നു. 1987-ൽ കാഞ്ഞിരപ്പള്ളിയിൽനിന്നും നിയമസഭയിലേക്ക് സ്വതന്ത്രനായി മൽസരിച്ചു.രാജീവ്ഗാന്ധി വരെ വന്ന് പ്രസംഗിച്ചിട്ടും കോൺഗ്രസ് സ്ഥാനാർത്ഥി മൂന്നാം സ്ഥാനത്തായി.ജോർജ് ജെ മാത്യു നിസ്സാരവോട്ടിന് പരാജയപ്പെട്ടു.1991-ൽ നടന്ന തിരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷത്തിന് അദ്ദേഹം നിയമസഭയിലേക്ക് തിരഞ്ഞെടുക്കപെട്ടു.1996-ൽ എ.കെ ആന്റണിയുടെ നേതൃത്വത്തിൽ യു.ഡി.എഫ് ഭരിച്ചപ്പോൾ കെ.കരുണാകരൻ ഉൾപ്പെടെയുള്ള ദേശീയനേതാക്കൾ പരാജയപ്പെട്ടു. എൽ.ഡി.എഫ് വിജയിച്ചു.ആ തിരഞ്ഞെടുപ്പിൽ ജോർജ് ജെ മാത്യു കാഞ്ഞിരപ്പള്ളിയിൽനിന്നും ഏഴായിരത്തിൽപരം വോട്ടുകൾ ഭൂരിപക്ഷം നേടി വിജയിച്ചു.തുടർന്നു നടന്ന സ്പീക്കർ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർത്ഥിയായിരുന്നു അദ്ദേഹം.

1978-ൽ ആചാര്യ വിനോബഭാവേ ഗോവധനിരോധനത്തിനുവേണ്ടി പൗനാർ ആശ്രമത്തിൽ നിരാഹാര സത്യാഗ്രഹം നടത്തിയപ്പോൾ അതിൽ നിന്നും അദ്ദേഹത്തെ പിന്തിരിപ്പിക്കുവാൻ കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ നേതൃത്വത്തിൽ പൗനാറിലേക്ക് പോയ നിവേദകസംഘത്തിൽ അപ്പച്ചനും ഉണ്ടായിരുന്നു.ആ ദൗത്യം വിജയിക്കുകയും ചെയ്തു.

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് നിയമസഭാഗം എന്ന നിലയിൽ അദ്ദേഹം പ്രവർത്തിച്ചു.മുണ്ടക്കയം സബ്സ്റ്റേഷൻ,മുണ്ടക്കയം-എരുമേലി ഹൈവേ,ടി.വി റിലേ സ്റ്റേഷൻ,എംപ്ലോയ്മെന്റ് എക്സേഞ്ച്, കാഞ്ഞിരപ്പള്ളി ബി.എഡ്ഡ് കോളേജ്, 200 ൽ പരം അംഗൻവടികൾ,ശുദ്ധജലവിതരണ പദ്ധതികൾ,കാഞ്ഞിരപള്ളി രൂപതക്ക് വേണ്ടി മരിയൻ കോളേജ് എന്നിങ്ങനെ നിരവധി പദ്ധതികൾ അദ്ദേഹം നാടിന് നേടികൊടുത്തു. നിയമസഭാഗം ആയിരുന്ന അദ്ദേഹം പബ്ലിക്ക് അക്കണ്ട്സ് കമ്മിറ്റി മെമ്പറായും നിയമസഭ വർക്സ് കമ്മിറ്റി മെമ്പറായും പ്രിവിലേജ് കമ്മിറ്റി ചെയർമനായും പ്രവർത്തിച്ചിട്ടുണ്ട്.

റബ്ബർബേർഡിലേക്ക് വൻതോട്ടം ഉടമകളുടെ പ്രതിനിധിയായി 1974 -ൽ വമ്പിച്ച ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് പാർലമെന്റിൽ നിന്നുള്ള റബ്ബർബോർഡ് അംഗവുമായിരുന്നു. 1975-ൽ ലേബോർഡിലും പ്ലാന്റേഷൻ കമ്മിറ്റിയിലും അംഗമായിരുന്നു.

ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്ത് ഏറ്റവും അധികം വിളവ് ഉൽപാദിപ്പക്കുന്ന വ്യക്തിയാണ് അപ്പച്ചൻ. ജീവിതമാർഗ്ഗമായി കൃഷിയാണ് അദ്ദേഹം നടത്തുന്നത്. രാഷ്ട്രീയ പ്രവർത്തനം ഒരു സാമൂഹ്യപ്രവർത്തനമാണ് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ.അദ്ദേഹം ലാന്റ് ബോർഡിൽ അംഗമായിരുന്നപ്പോൾ ചെറുകിടക്കാരും വൻകിടക്കാരുമായ അനേകം കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ ശ്രമിച്ചു. രാ


www.malankaralibrary.com

ഷ്ട്രദീപികയുടെ സ്ഥാപക ബോർഡു അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. രാഷ്ട്രീയത്തിനതീതമായി വ്യക്തിബന്ധങ്ങൾ പുലർത്തുന്ന അദ്ദേഹം കമ്മ്യൂണിസ്റ്റ്കാരനായിരുന്ന ഇ.എം.എസ്സ്. മായി പോലും നല്ല ബന്ധം സ്ഥാപിച്ചിരുന്നു.

വിലാസം - ജോർജ് ജെ. മാത്യു MLA പൊട്ടംകുളം കൂട്ടിക്കൽ P.O.686514

# 260

# ബിഷപ്പ് മാർ ജോസഫ് കുന്നത്ത്



ലളിത ജീവിതവും ഉയർന്ന ചിന്തയും മുഖമുദ്രയായി മുന്നേറിയ അഡീലബാദ് രൂപതയുടെ ബിഷപ് മാർ ജോസഫ് കുന്നത്ത് സി.എം.ഐ. പാലാരൂപതയിലെ മൂന്നിലവ് ഇടവകയിൽ കുന്നത്ത് മത്തായിയുടെയും മറിയത്തിന്റെയും മകനായി 1939 സെപ്റ്റംബർ 2 ന് ഭൂജാതനായി. തന്റെ അഞ്ചാമത്തെ വയസ്സിൽ കുന്നത്തു കുടുംബം താമരശ്ശേരി രൂപതയിലെ കോടഞ്ചേരിയിലേക്ക് കുടിയേറി. കോടഞ്ചേരിയിൽനിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോസഫ്, സി.എം.ഐ. സഭയിൽ ചേർന്നു. ബാംഗ്ലൂർ ധർമ്മാരാംകോളേജിൽനിന്ന് തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ബിരുദം നേടി. ബാംഗ്ലൂർ സെന്റ് ജോസഫ് കോളേജിൽനിന്ന് 1968 ൽ ബി.എസ്.സിയും ഹൈദരാബാദ് ഉസ്മാനിയാ യൂണിവേഴ്സിറ്റിയിൽനിന്ന് 1969 ൽ ബി.എഡും. കരസ്ഥമാക്കി. 1972 ഏപ്രിൽ 24 ന് ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ കൈവയ്പു ശുശ്രൂഷവഴി ജോസഫ് പൗരോഹിത്യ പദവിയിലേക്കുയർത്തപ്പെട്ടു. വിവിധ മേഖലകളിൽ അദ്ദേഹം പൗരോഹിത്യ ശുശ്രൂഷ നിർവഹിച്ചു. വികാരിയായും ഹെഡ്മാസ്റ്റർ ആയും സി.എം.ഐ. സഭയുടെ പ്രൊവിൻഷ്യൽ കൗൺസിലർ ആയും സി.എം.ഐ. സഭയുടെ ജനറൽ കൗൺസിലറായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ലളിതജീവിതവും ഉയർന്നചിന്തയും അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. 1999 ജൂലൈ 16 ന് അഡീലാബാദ് രൂപതയുടെ മെത്രാനായി മാർ ജോസഫ് കുന്നത്ത് നിയമിക്കപ്പെട്ടു. 1999 ഒക്ടോബർ 6 ന് ആയിരുന്നു സ്ഥാനാരോഹണം.

കുന്നത്തച്ചന്റെ ശിഷ്യനായിരുന്ന കുട്ടിയച്ചൻ അമനകര, ദീപനാളം വാരികയിൽ എഴുതിയ ലേഖനത്തിൽ ഇപ്രകാരം കാണുന്നു. "സമൂഹത്തിലെയും, സഭയിലെയും ഇന്നത്തെ പ്രശ്നങ്ങളെപ്പറ്റി ചോദിച്ചപ്പോൾ എല്ലാവരുടെയും വിശ്വാസത്തെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യണമെന്നതായിരുന്നു ഉത്തരം. ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യ

www.malankaralibrary.com

മാണ് മതസൗഹാർദ്ദം. ഓരോ സഭയുടെയും തനിമ പഠിച്ച് അവയുടെ വ്യക്തിത്വം കണ്ടുപിടിക്കുമ്പോൾ സഭയിലെ ഇന്നുള്ള പല പ്രശ്നങ്ങളും താനേ അപ്രത്യക്ഷമാകും. സ്ഥാപനങ്ങൾക്കോ, പ്രസ്ഥാനങ്ങൾക്കോ അല്ല, മറിച്ച് മനുഷ്യർക്കാണ് നാം പ്രാധാന്യം കൊടുക്കേണ്ടതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

തന്നെ വൈദികജീവിതത്തിലേക്ക് ആനയിച്ചതിൽ അമനകര സി.എം.ഐ. ആശ്രമത്തിൽ അന്ത്യവിശ്രമംകൊള്ളുന്ന ദൊസിത്തേവൂസ് അച്ചന്റെ കാര്യമായ സ്ഥാനം അദ്ദേഹം അനുസ്മരിച്ചു.

ഒരു കർഷകകുടുംബമായിരുന്നു അദ്ദേഹത്തിന്റെ കുടുംബം. കുടുംബാംഗങ്ങളുടെ പ്രാർത്ഥനാജീവിതം തന്നിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ദീപനാളം ലേഖനത്തിലെ ഒരുഭാഗംകൂടി ഉദ്ധരിക്കട്ടെ. "പറയുന്നതുപോലെ പ്രവർത്തിക്കുകയും പ്രവർത്തിക്കുന്നതുപോലെ പറയുകയും ചെയ്യുന്ന ഒരു മഹത്വ്യക്തിയാണ് ബിഷപ്പ് മാർജോസഫ് കുന്നത്ത്. സാധാരണക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും അവക്കു പരിഹാരം കാണാനുമുള്ള അദ്ദേഹത്തിന്റെ കഴിവ് പ്രശംസനീയംതന്നെയാണ്. ചെയ്യുന്ന ജോലി അങ്ങേയറ്റം ആത്മാർത്ഥമായി ചെയ്യണമെന്ന് നിർബ്ബന്ധമുള്ളയാളാണ് ബിഷപ്പ് കുന്നത്ത്. നാം ചെയ്യുന്ന സേവനം അർഹിക്കുന്നവർക്കുതന്നെ ലഭിച്ചെങ്കിൽ മാത്രമേ അത് ഫലപ്രദം ആവുകയുള്ളു. അത് ആത്മാർത്ഥമാകുകയുള്ളു. കഷ്ടപ്പെടുന്ന നമ്മുടെ സഹോദരങ്ങളെ സഹായിക്കേണ്ടത് നമ്മുടെ കടമയും കർത്തവ്യവുമാണ്. നമ്മുടെ സമ്പത്തിന്റെ ഒരു ഓഹരി മറ്റുള്ളവർക്കായി നീക്കിവയ്ക്കണം. ഇതാണ് ബിഷപ്പ് മാർ ജോസഫ് കുന്നത്തിന്റെ അഭിപ്രായം.


1999 ജൂലൈ മൂന്നിന് രൂപംകൊണ്ട അദിലാബാദ് രൂപതയുടെ പ്രഥമ മെത്രാനാണ് മാർ ജോസഫ് കുന്നത്ത്. ആന്ധ്രാപ്രദേശിലെ അഡീലാബാദ് ജില്ലയാണ് രൂപതയുടെ അതിർത്തി. രൂപതയിലെ കത്തോലിക്കരുടെ ജനസംഖ്യ 10500 ആണ്. തെലുങ്ക്, മറാത്തി, ഉറുദു എന്നീ ഭാഷകൾ ആണ് അവിടുത്തെ ജനങ്ങളുടെ സംസാരഭാഷ. ട്രൈബൽ ഭാഷ സംസാരിക്കുന്നവരുമുണ്ട്. രൂപത രൂപംകൊള്ളുമ്പോൾ 20 ഓളം ഇടവകകൾ ഉണ്ടായിരുന്നു. സി.എം.ഐ., സി.എം.എഫ് സഭയിലെ വൈദികരും സി.എം.സി., സി.എസ്.സി., എസ്സ്.എച്ച്, എം.എസ്സ്, എം.ഐ. സഭകളിലെ സന്യാസിനികളും രൂപതയിൽ പ്രവർത്തിക്കുന്നുണ്ട്. സി.എസ്സ്.ടി ബ്രദേഴ്സിന്റെ സേവനവും ലഭിക്കുന്നുണ്ട്. പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളും ട്രെയിനിംഗ് സ്കൂളും രൂപതയുടെ വകയായി നടത്തുന്നുണ്ട്.

രൂപതയുടെ വളർച്ചയിൽ മാർ ജോസഫ് കുന്നത്തിന്റെ നേതൃത്വം വലിയ മുതൽക്കൂട്ടാണ്.

Address: Mar Joseph Kunnathu, Bishops House, Mancherial P.O.- 504208,
Adilabad Dt, A.P.

www.malankaralibrary.com

# 261



# ടി.വി. സ്കറിയ തയ്യിൽ

## (സെന്റ് ജോർജ് ബേബി)

ഇന്ത്യൻ കുടവ്യവസായത്തിന് രാജ്യാന്തര പെരുമ നേടിക്കൊടുത്ത പ്രവർത്തനശൈലിയുടെ ഉടമയായ സെന്റ് ജോർജ് ബേബിയെന്നറിയപ്പെടുന്ന ടി.വി. സ്കറിയ ആലപ്പുഴ തയ്യിൽ എബ്രാഹം വർഗീസിന്റെയും കുണ്ടുപറമ്പിൽ കാവാലൻ സ്കറിയായുടെ മകൾ മേരിയുടെയും 5-ാമത്തെ പുത്രനായി 1939 സെപ്റ്റംബർ 4 ന് ജനിച്ചു. ബേബി സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കി കഴിഞ്ഞപ്പോൾ ഉന്നതപഠനത്തിന്റെ പരിശീലന കളരികളേക്കാൾ ആകൃഷ്ടനായത് കുട കച്ചവടത്തിന്റെ പ്രായോഗിക മേഖലയിലേയ്ക്കാണ്.

വീട്ടിൽനിന്നും രാവിലെയിറങ്ങും സ്ക്കൂളിലേയ്ക്ക്. കൈവശം പുസ്തകത്തോടൊപ്പം അപ്പന്റെ ആലപ്പുഴ ടൗണിലെ കടയുടെ താക്കോലുമുണ്ടായിരിക്കും. കട തുറക്കുമ്പോഴേക്കും ജോലിക്കാരുമെത്തും. ഒൻപതുമണിയാകുമ്പോൾ സ്കൂളിലേയ്ക്ക് പോകും. വൈകുന്നേരം സ്ക്കൂൾവിട്ടുവന്നാലും കടയിൽത്തന്നെ സമയം ചിലവഴിക്കും. അവധിദിവസങ്ങളിൽ പൂർണ്ണമായും കടയിൽത്തന്നെ.

അപ്പൻ തയ്യിൽ എബ്രഹാം വർഗീസ് എന്ന കുടവാവച്ചൻ 1940 കളിൽ തുടങ്ങിയ കുട ബിസിനസ്സ് വ്യവസായമെന്ന നിലയിൽ ഒരു ബ്രാൻഡായി വളർത്തിയെടുത്തത് പുത്രൻ ടി.വി. സ്കറിയയാണ്. സെന്റ് ജോർജ്ജ് ബേബിയെന്നു പരക്കെ അറിയപ്പെടുന്ന സ്കറിയയുടെ വിജയത്തിനു പിന്നിൽ കൃത്യനിഷ്ഠ, അർപ്പണമനോഭാവം, ആത്മവിശ്വാസം, നിശ്ചയദാർഢ്യം, എല്ലാം ഏറ്റവും നന്നായിരിക്കണമെന്ന നിർബന്ധബുദ്ധി എന്നിവയാണ്. ദൈവാനുഗ്രഹത്തോടൊപ്പം അപ്പന്റെ ആശീർവാദവുംകൂടി ചേർന്നപ്പോൾ ബേബി കുടയുടെ കുലപതി എന്നറിയപ്പെടാൻ തുടങ്ങി. "മലയാണ്മയെ കുടചൂടിച്ച മന്നൻ" എന്നു പറഞ്ഞാലും ആ വിശേഷണം അദ്ദേഹത്തിന് ഒട്ടും അധികമാവില്ല എന്നതാണു വാസ്തവം.

ബോംബെ, കൽക്കട്ട, മദ്രാസ് തുടങ്ങിയ മഹാനഗരങ്ങളിൽ നിന്ന് കുടയുടെ വിവിധഭാഗങ്ങൾ വാങ്ങിക്കൊണ്ടുവരിക, കുട നിർമ്മിക്കുക, വില നിശ്ചയിക്കുക, മൊത്ത-ചില്ലറ വ്യാപാരം നിയന്ത്രിക്കുക, കണക്ക് എഴുതുക, കത്തിടപാടുകൾ നടത്തുക, പണം കൈകാര്യം ചെയ്യുക എന്നിവയ്ക്ക് പുറമെ തൊഴിലാളികളെ നിയമിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക, ഉത്പാദന പ്രക്രിയ കുറ്റമറ്റതാക്കി ഗുണമേന്മ ഉറപ്പാക്കുക എന്നിങ്ങനെ കുട

www.malankaralibrary.com

നിർമ്മാണത്തിന്റെ സമസ്ത മേഖലകളും കൗമാരക്കാരനായ ബേബിയുടെ പ്രവർത്തന പരിധിയിൽപ്പെട്ടിരുന്നു. കൗമാരക്കാരന്റെ വിഭ്രാന്തിയോടെയല്ല മറിച്ച് കറതീർന്ന കച്ചവടക്കാരന്റെ കൃത്യനിഷ്ഠയോടെയാണ് ബേബി അതെല്ലാം കൈകാര്യം ചെയ്തതെന്ന് പിന്നീടുള്ള വളർച്ച തെളിയിച്ചു.

ആലപ്പുഴയിൽ കുട ബിസിനസ്സ് നടത്തിയിരുന്ന പാക്കിസ്ഥാൻകാരൻ കാസിം കരീം സേട്ടിന്റെ കീഴിൽ ജോലിക്കാരനായിട്ടായിരുന്നു കുടവാവച്ചന്റെ തുടക്കം. സേട്ട് കുടക്കച്ചവടം ഉപേക്ഷിച്ച് പാക്കിസ്ഥാനിലേക്ക് മടങ്ങിയപ്പോൾ തുണിവ്യാപാരം ചെയ്തിരുന്ന കുമാരസ്വാമി റെഡ്യാരും വാവച്ചനും ചേർന്ന് സേട്ടിന്റെ സ്റ്റോക്ക് വാങ്ങി തുടങ്ങിയതാണ് – രാധാകൃഷ്ണ അംബ്രല്ലാ മാർട്ട്. പന്ത്രണ്ടുവർഷത്തെ പങ്കുവ്യാപാരത്തിനുശേഷം 1954 ൽ സ്വന്തമായി നീങ്ങുവാൻ വാവച്ചൻ തീരുമാനിച്ചു. 1954 ഓഗസ്റ്റ് 17 ന് സെന്റ് ജോർജ്ജ് അംബ്രല്ലാ മാർട്ട് എന്ന പേരിൽ കുട വ്യാപാരം തുടങ്ങി. ഒമ്പതുപേരാണ് ജോലിക്കാരായി ഉണ്ടായിരുന്നത്. ആദ്യവർഷം 500 ഡസൻ കുട നിർമ്മിച്ചുവിറ്റു. ആലപ്പുഴ ടൗണിൽ നൂറുരൂപ വാടകയ്ക്ക് ഒരു കെട്ടിടമെടുത്തായിരുന്നു തുടക്കം. ഇന്നത് അത്യാധുനിക യന്ത്രവത്കൃത സൗകര്യങ്ങളോടുകൂടിയ സ്വന്തം ഫാക്ടറിയിൽ അതിവിപുലമായി തുടരുന്നു. സെന്റ്ജോർജ്ജ് നിർത്തി പോപ്പി അംബ്രല്ലാ മാർട്ടിന് തുടക്കമിടുമ്പോൾ പേരിലെ മാറ്റത്തിലുപരി മറ്റൊന്നും മാറിയില്ല. കൃത്യമായ ഗുണനിലവാരം, ന്യായമായ വില, കുടയിലും വ്യവസായത്തിലും കാലത്തിനൊത്ത ആധുനികവത്കരണം, വിൽപ്പനയിൽ ഇന്ത്യയിൽ ഒന്നാംസ്ഥാനം എന്നിങ്ങനെ കുറഞ്ഞൊരുകാലംകൊണ്ട് കുട വ്യവസായ ലോകത്ത് മാതൃകയാകാൻ പോപ്പിക്ക് കഴിഞ്ഞതും ബേബിയുടെ പ്രയത്നം മൂലമാണ്. കുടയുടെ ഘടകവസ്തുക്കളുടെ പോരായ്മ മനസിലാക്കാനുള്ള കഴിവാണ് അദ്ദേഹത്തെ ഈ രംഗത്ത് അസൂയാർഹമായ ഉയരത്തിൽ എത്തിക്കുന്നത്.

പഠനത്തേക്കാൾ അപ്പന്റെ ബിസിനസ്സിൽ താല്പര്യം കാട്ടിയ ബേബി കുടയുടെ നിർമ്മാണം നല്ലതുപോലെ ഹൃദിസ്ഥമാക്കി. ഏറ്റവും മികച്ച കുട എന്ന സങ്കല്പം എപ്പോഴും മനസ്സിൽ കൊണ്ടുനടക്കുന്ന ബേബി പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞതോടെ പൂർണമായും ബിസിനസ്സിലേക്ക് കടന്നു. അപ്പന്റെ പ്രവർത്തനശൈലിയും സങ്കേതങ്ങളും സശ്രദ്ധം വീക്ഷിച്ചുവന്ന ബേബി 14 വയസ്സായപ്പോഴേ കുടനിർമ്മാണത്തിന്റെ വിവിധ വശങ്ങൾ സ്വായത്തമാക്കികഴിഞ്ഞിരുന്നു. തുടർന്ന് 1954 ൽ അപ്പനോടൊപ്പം കുടക്കച്ചവടത്തിൽ പ്രവേശിക്കുകയും ചെയ്തു. ബേബിയുടെ ബിസിനസ്സ് പുരോഗതിയ്ക്ക് അപ്പൻ ചെയ്തുകൊടുത്ത ഏറ്റവും വലിയ സംഭാവന "പഠനം കഴിഞ്ഞ്യുടനെ ഘട്ടം ഘട്ടമായി ഓരോ കാര്യങ്ങളും സ്വന്തമായി ചെയ്യുവാനുള്ള സ്വാതന്ത്ര്യം അനുവദിച്ചു കൊടുത്തു എന്നുള്ളതാണ്" ബേബി തറപ്പിച്ച് പറയുന്നു. ഇതുവഴി എല്ലാക്കാര്യങ്ങളും സ്വന്തമായി ചെയ്യാനുള്ള ചങ്കൂറ്റം വന്നു. ഇതുതന്നെ ബേബി തന്റെ മകൻ ഡേവീസിനും അനുവദിച്ചു കൊടു

www.malankaralibrary.com

ത്തു. ഇപ്പോൾ കാണുന്ന പോപ്പിയുടെ മുന്നേറ്റം ഡേവീസിന്റെ പരിശ്രമഫലമാണ്. ഇത് മറ്റുള്ളവർക്ക് ഒരു മാതൃക ആക്കാവുന്നതാണ്.

ഒരിക്കൽ അപ്പൻ ഒരു ചോദ്യം "നിനക്ക് ബോംബെയ്ക്കു പോകാമോടായെന്ന്." ഒട്ടും മടിച്ചില്ല. പോകാമെന്ന് പറഞ്ഞു. 18 വയസേയുള്ളു തനിക്ക്. ഒറ്റയ്ക്ക് എറണാകുളത്തുചെന്നു ട്രെയിൻ കയറി ബോംബെയിലെത്തി, ഭാഷപോലും അറിയില്ല. അവിടെ പത്തുദിവസം താമസിച്ച് കുടയ്ക്കാവശ്യമായ സാധനങ്ങളും വാങ്ങി തിരിച്ചുവന്നു. ഇതു നൽകിയ ആത്മവിശ്വാസം എത്രയോ വലുതാണെന്നു ബേബി പിന്നീട് മനസ്സിലാക്കുകയുണ്ടായി.

അപ്പൻ വിരമിച്ചതോടെ സ്വാഭാവികമായും ബിസിനസ്സിന്റെ നടത്തിപ്പു മുഴുവൻ ബേബിയുടെ ചുമലിൽ വന്നുവീണു. അന്ന് ചുമതല ഏറ്റെടുക്കുമ്പോൾ പ്രതിവർഷ ഉത്പാദനം 2500 ഡസൻ കുടയായിരുന്നു. 1995 ഓഗസ്റ്റ് 17 ന് സെന്റ് ജോർജ്ജ് അംബ്രല്ലാ മാർട്ട് ചില കാരണങ്ങളാൽ നിർത്തുമ്പോൾ കുട ഉത്പാദനം ഒരു ലക്ഷം ഡസനായി ഉയർന്നിരുന്നുവെന്ന് ചാരിതാർത്ഥ്യത്തോടെ ബേബി ഓർമ്മിക്കുന്നു. ഇന്ന് പോപ്പി രണ്ടുലക്ഷത്തിലധികം ഡസൻകുടകൾ ഉല്പാദിപ്പിച്ച് ഇന്ത്യയിലെ ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന ഗുണമേന്മയുള്ള കുടയെന്ന ബഹുമതിയുമായി മുന്നേറുന്നു.

പരസ്യത്തിലും ഉത്പന്നത്തിലും പേരിലും വ്യത്യസ്തതയും നിലവാരവും പുലർത്താൻ ബേബി പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതുതന്നെയാണ് ബേബിയുടെ സെന്റ് ജോർജ്ജ് കുടകളെ ജനങ്ങളുടെ പ്രിയങ്കരമാക്കിയത്. തുടർന്ന് പോപ്പിക്കുടകളെയും.

സെന്റ് ജോർജ്ജ് അംബ്രല്ലാമാർട്ട് നിറുത്തി പോപ്പി അംബ്രല്ലാ മാർട്ട് തുടങ്ങിയപ്പോഴും പരസ്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചു. മഴ നനഞ്ഞ് ഡാൻസ് ചെയ്ത പോപ്പിക്കുട്ടന്മാരിലൂടെ പോപ്പി ബ്രാൻഡ് കേരളീയരുടെ പ്രിയപ്പെട്ടതായി മാറി. തുടർന്നുവന്ന 'വടി കൊണ്ടു തല്ലല്ലേ സാറെ............' അതിലേറെ കുട്ടികളെ സ്വാധീനിച്ചു, കൊച്ചുകുട്ടികൾക്ക് കുടയെന്നു പറഞ്ഞാൽ പോപ്പി എന്നർത്ഥമായിരിക്കുന്നു.

എല്ലാ അർത്ഥത്തിലും സെന്റ് ജോർജ്ജ് കുടയുടെ പിൻഗാമിയായാണ് പോപ്പിക്കുടയെത്തിയത്. ഗുണനിലവാരത്തിലും വിലയുടെ കാര്യത്തിലുമെല്ലാം സെന്റ് ജോർജ്ജിന്റെ പിന്തുടർച്ചയാണ് പോപ്പിയെന്നു ബേബി പറഞ്ഞു. പേരുമാത്രമേ മാറിയുള്ളു, സെന്റ് ജോർജ്ജിലുണ്ടായിരുന്ന മുഴുവൻ ജോലിക്കാരും വിതരണക്കാരുംവരെ ബേബിയുടെ കൂടെ നിന്നു.

പോപ്പിക്കുടകളുടെ നിർമ്മാണത്തിനുള്ള ഘടക വസ്തുക്കളിൽ 85 ശതമാനവും ഇറക്കുമതി ചെയ്യുന്നവയാണ്. കുടയുടെ ശീല പ്രത്യേകം ഓർഡർ കൊടുത്ത് കേരളത്തിലെ മൺസൂണിനു യോജിച്ചവിധത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ്. തായ്‌വാനിൽ നെയ്യുന്ന തുണി ദുബായിലെ പോപ്പിയുടെ പ്ലാന്റിൽ വെട്ടി കുടശീല രൂപത്തിലാക്കി ആലപ്പുഴയിലെത്തിച്ചാണ് കുടയുണ്ടാക്കുന്നത്. കുടയുടെ വിവിധ ഭാഗങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി

www.malankaralibrary.com

രാജസ്ഥാനിലെ ഫാൽനയിലും മഹാരാഷ്ട്രയിലെ താനെയിലും തായ്‌വാൻ കമ്പനിയുടെ സഹകരണത്തോടെ പോപ്പി ഓരോ ഫാക്ടറി സ്ഥാപിച്ചിട്ടുണ്ട്. ഫ്യൂടെക്സ് സ്റ്റീൽ പ്രൈവററ് ലിമിറ്റഡ്, ഫ്യൂമാ അംബ്രല്ലാ വർക്സ് എന്നിവയാണവ. ഈ രണ്ടു ഫാക്ടറികളിലായി കുടക്കാലുകൾ, ഫ്രെയിം തുടങ്ങിയവ നിർമ്മിക്കുന്നു.

കുടയുടെ ലോകത്ത് തനതായ നിലവാരം സൃഷ്ടിച്ച് മുന്നേറിയ കുടയുടെ കുലപതിയായ സെന്റ് ജോർജ്ജ് ബേബിക്ക് ഇന്ത്യൻ കുടയുടെ നിലവാരം നിശ്ചയിക്കുന്നതിന്റെ ഖ്യാതി കൂടിയുണ്ട്. 1978 ലാണ് സംഭവം.

ഇന്ത്യൻ കുടയ്ക്ക് ISI (ഇന്ത്യൻ സ്റ്റാൻഡേർഡ് ഇൻസ്റ്റിറ്റ്യൂഷൻ) നിബന്ധനകളില്ലായിരുന്നു. ISI നിലവാരം നിശ്ചയിക്കുന്നതിനായി കേന്ദ്രഗവൺമെന്റ് കുട വ്യവസായികളുടെ യോഗം വിളിച്ചുകൂട്ടി. ആ യോഗത്തിൽ ബേബി തയ്യാറാക്കി അവതരിപ്പിച്ച നിർദ്ദേശങ്ങളാണ് ISI യുടെ കുട നിലവാരമായി ആദ്യം അച്ചടിച്ച് പ്രസിദ്ധീകരിച്ചത്. അതോടെ 1979 ൽ കുടയ്ക്ക് ISI നിബന്ധന നിലവിൽ വരികയും ബേബിയെ ISI യുടെ കുട ഗുണനിലവാര കമ്മിറ്റിയുടെ ആദ്യ ചെയർമാനായി നിയമിക്കുകയും ചെയ്തു. ഇത് ഏറ്റവും സംതൃപ്തി നൽകിയ നിമിഷങ്ങളിലൊന്നായിരുന്നുവെന്നു ബേബി സ്മരിക്കുന്നു. ഇപ്പോഴും ടി കമ്മറ്റിയുടെ ചെയർമാനായി തുടരുന്നു.

ജപ്പാനിലെ കൊയാകോട്ടാ കമ്പനിയിലുണ്ടായ ഒരനുഭവം ബേബിയുടെ സംരംഭകത്വകഴിവിന് ഉദാഹരണമാണ്. കമ്പനിയുടെ ജപ്പാനിലെ ഫാക്ടറികളൊക്കെ ചുറ്റിനടന്നുകണ്ടു. ഓർഡർ റെഡിയാക്കി നൽകി. അപ്പോഴാണ് കൊയോകോട്ടേ കമ്പനി പ്രസിഡന്റ് ഇന്ത്യൻ ഓർഡർ സ്വീകരിക്കില്ലെന്നു വ്യക്തമാക്കിയത്. ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകാമെന്നും ഗാരന്റി നൽകാമെന്നും പറഞ്ഞിട്ടും ജപ്പാൻ കമ്പനി വഴങ്ങുന്നില്ല. ഇന്ത്യൻ ഓർഡർ വിശ്വസിക്കാൻ പറ്റില്ലായെന്നാണ് കാരണമായി പറയുന്നത്. ജപ്പാനിൽ നിന്നു വെറുതെ മടങ്ങുന്ന കാര്യം ആലോചിക്കാൻ കൂടി കഴിയുന്നില്ല. കമ്പനിയുടെ പ്രസിഡന്റിനെ കാണാനും അപ്പോയ്മെന്റ് നൽകുന്നില്ല. അവസാനം പ്രസിഡന്റിനെ കാണാൻ അനുമതി കിട്ടി.

ഇന്ത്യയിൽനിന്നുമെത്തിയതാണ്. അതിൽ ഏറ്റവും തെക്കു കിടക്കുന്ന ഒരു കൊച്ചു സംസ്ഥാനത്തുനിന്ന് കുടയെക്കുറിച്ച് പഠിച്ച് ഓർഡർ നൽകാൻ വന്നതാണ് എന്നു പറഞ്ഞു. എന്നിട്ടും ഓർഡർ സ്വീകരിക്കുവാൻ തയ്യാറായില്ല. അവസാനം ISI ഗുണനിലവാരം നിശ്ചയിക്കുന്നതിനുള്ള നിബന്ധനകൾ തയ്യാറാക്കിയത് താനാണെന്നും ISI കുടനിയന്ത്രണക്കമ്മിറ്റിയുടെ ചെയർമാനാണെന്നും ഒരുതരത്തിൽ പറഞ്ഞു മനസ്സിലാക്കി. പ്രസിഡന്റിന്റെ മേശമേലിരുന്ന ISI യുടെ ബുക്ക് എടുത്ത് ബേബി സ്വന്തം പേര് ചൂണ്ടിക്കാട്ടി. കൊയോക്കോട്ടോ പ്രസിഡന്റ് എഴുന്നേറ്റ് കൈ തന്നു. ഓർഡർ അംഗീകരിച്ചതായി അപ്പോൾതന്നെ പറയുകയും ചെയ്തു. ജീവിതത്തിൽ സന്തോഷംതോന്നിയ നിമിഷങ്ങളിലൊന്നാണത്. വലിയ അംഗീകാരവും ബേബി ഓർമ്മിക്കുന്നു.

www.malankaralibrary.com

ഓരോ വർഷവും ഉപഭോക്താക്കളുടെ താത്പര്യം അറിഞ്ഞ് നിരവധിയിനം കുടകൾ നിരന്തരം പഠനത്തിലൂടെ പോപ്പിയുടെ ഗവേഷണ വികസന വിഭാഗം (R&D) വിപണിയിലിറക്കുന്നു. പോപ്പിയുടെ ആലപ്പുഴ ഷോറൂമിൽ കുട വാങ്ങാനെത്തുന്ന ഓരോ ഉപഭോക്താവിന്റെയും മുഖഭാവങ്ങൾവരെ നോക്കി പഠിക്കുന്നു. കടയിലെത്തുന്ന കുട്ടികളുടെ കുടയോടുള്ള പ്രതികരണം വളരെ സൂക്ഷ്മമായി നിരീക്ഷിക്കുന്നു. ഇതുവഴി കുടവിപണിയിലെ മാറിമാറി വരുന്ന അഭിരുചികൾ പോപ്പി സ്വായത്തമാക്കുന്നു. കുട്ടികൾക്കു ഇപ്പോൾ നീല കളർശീലയുള്ള കുടകളോടാണ് താത്പര്യം. നേരത്തെയിത് ചുവന്ന കളർകുടകളോടായിരുന്നു - ഒരു ഗവേഷകന്റെ ദൃഷ്ടിയോടെ ബേബി ചൂണ്ടിക്കാട്ടി. മഞ്ഞ, പച്ച നിറങ്ങൾ ഉള്ള കുടകൾ വിൽക്കില്ല. അങ്ങനെ ഉപഭോക്താവ് മനസ്സിൽ കാണുന്ന ഇച്ഛക്കൊത്ത കുട പോപ്പി വിപണിയിലിറക്കുന്നു.

മഴയത്ത് മാത്രം കുടയെ ആശ്രയിച്ചിരുന്ന കേരളീയർക്ക് അതികഠിനമായ ചൂടിൽനിന്ന് രക്ഷനേടാൻ അൾട്രാവയലറ്റ് റെസിസ്റ്റന്റ് കുടകൾ ആദ്യമായി ഉണ്ടാക്കിയതും ബേബിയുടെ ആലോചനപ്രകാരമാണ്. ഇന്ന് ഏത് കാലാവസ്ഥയിലും സംരക്ഷണമേകുന്ന വിവിധയിനം കുടകൾ പോപ്പി ഉത്പാദിപ്പിച്ചു വരുന്നു. അൾട്രാ വൈബ്രന്റ് കോട്ടിംഗുള്ള എ.സി. കുടകൾ, സമ്പൂർണ്ണ ജലപ്രതിരോധം സാദ്ധ്യമാക്കുന്ന WPWR കോട്ടിംഗ് കുടകൾ, കുടയ്ക്കകം പ്രകാശപൂരിതമാക്കുന്ന ലൈറ്റ് ഹൗസ് കുടകൾ, കുടയായും വാക്കിംഗ് സ്റ്റിക്കായും ഉപയോഗിക്കാവുന്ന ഗോഡ്ഫാദർ കുടകൾ, തയ്യലില്ലാത്ത ഒറ്റതുണികൊണ്ട് നിർമ്മിച്ച ജെംസ് കുടകൾ, എത്ര ശക്തമായ മഴയത്തും കുടയിൽ വെള്ളം പിടിക്കാതെ സംരക്ഷിക്കുന്ന ടെഫ്ലോൺ കുടകൾ, രാത്രിയിൽ ടോർച്ചായി ഉപയോഗിക്കാവുന്ന ടോർച്ച് കുടകൾ, ഡിസ്നി കാർട്ടൂൺ കഥാപാത്രങ്ങളുടെ രൂപത്തിലുള്ള പിടിയുള്ള കോമിക് കുടകൾ, സെല്ലുലാർ ഫോണിന്റെ വലിപ്പത്തിലുള്ള പോക്കറ്റിലിടാൻ പറ്റിയ 5 ഫോൾഡ് നോക്കിയ കുടകൾ എന്നിങ്ങനെ ഒട്ടേറെ കുടകൾ ബേബിയുടെ ആലോചനപ്രകാരം പോപ്പിയുടെ ഗവേഷണ - വികസന വിഭാഗം രൂപകൽപ്പന ചെയ്ത് വിപണിയിലിറക്കിയിട്ടുണ്ട്.

കുട്ടികൾക്കും മുതിർന്നവർക്കുമായി ഇരുന്നൂറിലധികം കുടകൾ വിപണിയിലെത്തിച്ചിട്ടുണ്ട്. 750 രൂപ വരെയുള്ള കുടകളുണ്ടെങ്കിലും ഏറ്റവും കൂടുതൽ ഡിമാൻഡ് 100 - 200 രൂപ റേഞ്ചിലുള്ള കുടകൾക്കാണ്.

25 വർഷം മുൻപ് കേരളത്തിൽ വിറ്റിരുന്ന കുടകളുടെ 50 ശതമാനവും വന്നിരുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നായിരുന്നു. ഇന്ന് ആ അവസ്ഥമാറി. മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നത് നമ്മുടെ കുടകളാണ്. കേരളത്തിലെ കുടകളുടെ ഗുണനിലവാരത്തിന് മാതൃകയായതും പോപ്പി തന്നെ. ഇന്ന് കേരള വിപണിയിൽ പോപ്പിയുടെ പ്രാതിനിധ്യം വളരെ വലുതാണ്.

www.malankaralibrary.com

പല നിറത്തിലും കുട്ടികളെ ആകർഷിക്കാനുള്ള പൊടിക്കൈകളുമൊക്കെ ചേർത്ത് ഓരോ വർഷവും കുടയുടെ മൂല്യം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നു. മൊത്തം വില്പനയുടെ 25 ശതമാനത്തോളം കുട്ടികൾക്കുള്ള കുടകളാണ്. കേരള വിപണിയിൽ 55 ശതമാനത്തോളം പോപ്പി അംബ്രല്ലാ മാർട്ടിന് വിപണി വിഹിതമുണ്ടെന്നു ബേബി അവകാശപ്പെടുന്നു.

കുടനിർമ്മാണം, വിതരണം, വില തുടങ്ങിയവയിലുമൊക്കെ പോപ്പിക്ക് സ്വന്തമായ ശൈലിയുണ്ട്. സ്വന്തമായ ഉത്പാദന യൂണിറ്റിനു പുറമേ പോപ്പിയുടെ ചുറ്റുവട്ടത്തുള്ള കുടുംബയൂണിറ്റുകളിലുമായാണ് കുട നിർമ്മിക്കുന്നത്. കുടയുടെ ഘടകങ്ങൾ നൽകി കുടനിർമ്മിച്ചെടുക്കുന്ന രീതിയാണിത്. 100 ൽ പരം കുടുംബയൂണിറ്റുകൾ പോപ്പിക്കുവേണ്ടി പ്രവർത്തിക്കുന്നു. കുടനിർമ്മാണത്തിൽ തൊഴിലാളികൾക്കു പരിശീലനവും നൽകുന്നു. പ്രധാന കാര്യങ്ങളെല്ലാം പോപ്പിയുടെ ഫാക്ടറിയിൽതന്നെ ചെയ്യുന്നു.

ഗുണനിലവാരമുള്ള മെച്ചപ്പെട്ട കുടഭാഗങ്ങൾ സ്വന്തമായി രൂപകല്പനചെയ്ത് നിർമ്മിച്ച് അനുഭവപരിജ്ഞാനമുള്ള വിദഗ്ദ്ധതൊഴിലാളികളെക്കൊണ്ട് കുട നിർമ്മിച്ച് കുട നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തിയാക്കി അടുത്തഘട്ടത്തിലേയ്ക്ക് കടക്കുന്നതിനു മുമ്പായി കടുത്ത ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കി 100% No.1 കുടകൾ മാത്രമാണെന്ന് ഓരോ കുടയിലും രേഖപ്പെടുത്തിയ കുടകൾ മാത്രം വില്പനക്കെത്തിക്കുന്നു. അങ്ങനെ 100% സമ്പൂർണ്ണത ഓരോ കുടയിലും കൈവരിക്കുന്നു. വർഷംമുഴുവൻ പ്രതിദിനം 800 ഡസൻ കുടകൾ നിർമ്മിക്കുന്നത് 1000 ഡസനായി ഉയർത്താനുള്ള പണികൾ നടന്നുവരുന്നു.

"POPY Brand" Govt. of India യുടെ Trade Mark Registry യുടെ 34 Class –കളിലും Register ചെയ്തിട്ടുള്ളതാണ്. ഇതുമൂലം മൊട്ടുസൂചി മുതൽ ഏറോപ്ലെയിൻവരെ എന്തും POPY Brand - ൽ നിർമ്മിക്കാനാകും.

വിലയുടെ കാര്യത്തിലും പോപ്പി പ്രത്യേകത നിലനിർത്തുന്നു. ഓരോ വർഷത്തേയും വില ജനുവരി ഒന്നിനു പ്രഖ്യാപിക്കുന്നു. ജനുവരി ഒന്നുമുതൽ ഡിസംബർ 31 വരെ ഇന്ത്യയിലെല്ലായിടത്തും ഈ ഒരൊറ്റവിലയായിരിക്കും. കേരളത്തിലൊട്ടാകെ 5000 ൽ പരം ഏജൻസികൾ പോപ്പിക്കുണ്ട്. ജനുവരിയിൽ അഡ്വാൻസ് നൽകി കുട ബുക്ക് ചെയ്യണം. കുട എടുക്കുമ്പോൾ മുഴുവൻ തുകയും നൽകണം. ഓരോ ഏജൻസി അപേക്ഷകനെയും ശരിക്കും പഠിച്ചശേഷമേ ഏജൻസി നൽകൂ. പോപ്പിക്കുടയുടെ സ്റ്റോക്ക് വിറ്റുതീരുന്ന മുറക്കേ മറ്റുകുടകളുടെ വ്യാപാരം ആരംഭിക്കൂ. ഏജൻസിക്കായി 8900 ൽ പരം പേർ രജിസ്റ്റർ ചെയ്തു കാത്തിരിപ്പുണ്ട്.

പോപ്പി എന്ന പേരു സ്വീകരിച്ചതിന്റെ പിന്നിലും രസകരമായ സംഗതിയുണ്ട്. സെന്റ് ജോർജ്ജ് അംബ്രല്ലാ മാർട്ട് നിർത്തുന്നതിനു മൂന്നുമാസം മുമ്പ് പത്രങ്ങളിൽ കുടയ്ക്കു നല്ല പേര് നിർദ്ദേശിക്കുന്നവർക്ക് 5001 രൂപ സമ്മാനവാഗ്ദാനത്തോടുകൂടി പരസ്യം ചെയ്തു. ഇരുപത്തിയെണ്ണായിര

www.malankaralibrary.com

ത്തിലധികം കത്തുകൾ കിട്ടി. അതിൽ നിന്നും തൃപ്തികരമായ പേരൊന്നും കിട്ടിയില്ല. ഏറ്റവും അവസാനം ഇളയപുത്രൻ ഡെന്നീസിന്റെ ഓമനപ്പേരായ 'പോപ്പി' തന്നെയാവട്ടെ പുതിയ പേരെന്നു തീർച്ചപ്പെടുത്തി. മുതിർന്നവർക്കും കൊച്ചുകുട്ടികൾക്കും ഒരേപോലെ ബുദ്ധിമുട്ടില്ലാതെ പറയാവുന്ന കൊച്ചുപേര് എന്ന നിലയിലാണ് പോപ്പി സ്വീകരിച്ചത്. അത് ക്ലിക്കു ചെയ്യുകയും ചെയ്തു. ടി.വി. പരസ്യത്തിനും റേഡിയോ പരസ്യത്തിനും ലോഗോ തയ്യാറാക്കാനും അത് യോജിച്ച പേരായി.

വെറും കുടക്കച്ചവടത്തെ മാന്യതയുള്ള കുട വ്യവസായമാക്കി മാറ്റിയെടുത്ത ബേബി തന്നെ ആ മേഖലയിൽ സംഘടന രൂപീകരിക്കുന്നതിനും നേതൃത്വം നൽകി. ആദ്യം ആൾ കേരള അംബ്രല്ലാ മാനുഫാക്ചേഴ്സ് അസോസിയേഷനും പിന്നീട് ആൾ ഇന്ത്യ അംബ്രല്ലാ ഫെഡറേഷനും രൂപീകരിക്കുന്നതിന് മുൻകൈയെടുത്തത് ബേബിയാണ്. ഈ രണ്ട് സംഘടനകളുടെയും വൈസ് പ്രസിഡന്റായി തുടരവെ 18-12-2005 ൽ ആൾ ഇന്ത്യ അംബ്രല്ലാ ഫെഡറേഷന്റെ പ്രസിഡന്റായി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. ഒരു കുടനിർമ്മാതാവിന് ഇന്ത്യയിലെ കുടനിർമ്മാതാക്കളിൽ നിന്ന് സ്നേഹപുരസരം ലഭിക്കാവുന്ന പരമോന്നത ബഹുമതി.

അംഗീകാരങ്ങളുടേയും പുരസ്ക്കാരങ്ങളുടേയും ലോകത്ത് പരിഗണിക്കപ്പെടാതിരുന്ന കുട വ്യവസായരംഗത്ത് ബേബി കൈവരിച്ച നേട്ടങ്ങളും പ്രധാനമാണ്. കേരളത്തിനകത്തും പുറത്തും വിഖ്യാതമായ ഒട്ടേറെ പുരസ്കാരങ്ങൾ ബേബിയെ തേടിയെത്തിയിട്ടുണ്ട്.

രാജീവ് ഗാന്ധി നാഷണൽ ക്വാളിറ്റി അവാർഡ് - 1999, ബിസിനസ്സ് ദീപിക ബിസിനസ്സ്മാൻ ഓഫ് കേരള - 1998, ഐ.എം.എം. സിൽവർ അവാർഡ് - 1992, 1993, 1999, ഫോർമോസ ടാഫേറ്റ ഗോൾഡ് അവാർഡ് - 1998, ബിസിനസ്സ് വാച്ച് മോസ്റ്റ് സക്സസ്സ്ഫുൾബിസിനസ്സ്മാൻ - 1997-98, ഭാരത് വികാസ് ഗോൾഡ് അവാർഡ് - 1996-97, ഭാരത് ഉദ്യോഗ് ജ്യോതി അവാർഡ് - 1993 അക്ഷയ അവാർഡ് - 1999, കേരള സ്റ്റേറ്റ് കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിൽ അവാർഡ് - 2000, എ.കെ.സി.സി. മഹാജൂബിലി അവാർഡ് - 2000 ലും ബേബിക്ക് ലഭിച്ചിട്ടുണ്ട്.

ഇന്ത്യൻ ഉത്പന്നങ്ങളുടെ പരമോന്നത ഗുണമേന്മാ മുദ്രയായ ISI മാർക്ക് നൽകുന്ന ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് അതാത് വിഭാഗത്തിൽ ഗുണനിലവാരത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഉത്പന്നങ്ങൾക്ക് വർഷംതോറും നൽകിവരുന്ന ഒരു വിശിഷ്ഠമായ ബഹുമതിയാണ് രാജീവ്ഗാന്ധി ദേശീയ ഗുണമേന്മാ ബഹുമതി. കുട വിപണിയിൽ പോപ്പി അംബ്രല്ലാ മാർട്ടിന്റെ അജയ്യമായ ഒന്നാം സ്ഥാനം കണക്കിലെടുത്ത് 1999 ൽ പോപ്പികുടകൾക്ക് ഈ അവാർഡ് സമ്മാനിക്കുകയുണ്ടായി.

ബിസിനസ്സിനപ്പുറം ബേബി ശ്രദ്ധ ചെലുത്തുന്ന മറ്റൊരു മേഖലയാണ് ജീവകാരുണ്യ പ്രവർത്തനങ്ങൾ. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ പരി

www.malankaralibrary.com

ശീലിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ആലപ്പുഴ സോഷ്യൽ വെൽഫെയർ സൊസൈറ്റിയിലെ പ്രവർത്തനം കൂടാതെ സ്വന്തം തൊഴിലാളികളുടെയും കുടുംബത്തിന്റെയും ഉന്നമനത്തിനായി ഒട്ടേറെ ക്ഷേമ പരിപാടികളും അദ്ദേഹം ആവിഷ്ക്കരിക്കാറുണ്ട്. വീട് പണി, വിവാഹം, വിദ്യാഭ്യാസം എന്നിങ്ങനെ എല്ലാത്തിലും അവർക്ക് സഹായമെത്തിക്കുവാൻ ബേബി ശ്രദ്ധിക്കാറുണ്ട്.

ലോകത്തിലാദ്യമായി ISO 9001 സർട്ടിഫിക്കേറ്റു ലഭിച്ച ആദ്യ കുട നിർമ്മാതാക്കളാണ് പോപ്പിയെന്നു ബേബി ചൂണ്ടികാട്ടി. കുട കുടുംബത്തിലെ മൂന്നാം തലമുറക്കാരനായ പുത്രൻ ഡേവീസ് തയ്യിൽ കുടനിർമ്മാണത്തെക്കുറിച്ചുള്ള തീസിസ്സ് തയ്യാറാക്കി. M.B.A എടുത്തശേഷം കുടവ്യവസായത്തിൽ കമ്പനിയെ കൂടുതൽ നവീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. കുടയുടെ ഡിസൈനിംഗിൽ കംപ്യൂട്ടർ സംവിധാനവും കുട നിർമ്മാണത്തിൽ യന്ത്രവൽക്കരണവും ഏർപ്പെടുത്തിക്കഴിഞ്ഞു. ISO 9001 സർട്ടിഫിക്കേറ്റ് മൂലം ഗുണനിലവാരം ഉറപ്പാക്കാൻ ഡേവിസ് പ്രത്യേകം ശ്രദ്ധിക്കുന്നു.

കുട വ്യവസായത്തിൽതന്നെ ഇനിയും ഒട്ടേറെ മുന്നോട്ടു പോകാനുണ്ടെന്ന് ബേബി പറഞ്ഞു. ഇപ്പോൾ പോപ്പി കുടയുടെ 90 ശതമാനവും കേരളത്തിലാണ് വിറ്റഴിയുന്നത്. കയറ്റുമതിയും, മറ്റ് സംസ്ഥാനങ്ങളിൽ വിൽപനയുമുണ്ട്. കേരളത്തിൽതന്നെ ഏജൻസിക്കായി പേരു രജിസ്റ്റർ ചെയ്തു ധാരാളം പേർ കാത്തിരിക്കുന്നു. അതിനാൽ വൈവിധ്യവത്കരണ പദ്ധതികളൊന്നും ഉടനെയില്ല. കുടയിൽതന്നെ വൻ വികസനത്തിനു സാധ്യതകളുണ്ടെന്നു ബേബി പറഞ്ഞു. ഇതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയാണ്. ബിസിനസ്സ് വിജയത്തിന് അർപ്പണബുദ്ധിയും ആത്മാർത്ഥതയും സത്യസന്ധതയും ഏറ്റവും പ്രധാനപ്പെട്ടതാണ്. ഇതിനെല്ലാമുപരിയായി ദൈവാനുഗ്രഹവും, എങ്കിൽ വിജയം സുനിശ്ചിതം - ബേബി സ്വന്തമനുഭവത്തിൽ നിന്നു പറയുന്നു. സമയംനോക്കാതെ കഠിനമായി അദ്ധ്വാനിക്കണം കുടുംബ സമാധാനവും ആരോഗ്യവുമൊക്കെ വിജയത്തിനുള്ള പ്രധാന ഘടകങ്ങളാണെന്ന് അദ്ദേഹം പറയുന്നു.


11-02-1963 ൽ പാലാ പടിഞ്ഞാറെക്കര ജോസഫിന്റെ മകൾ തങ്കമ്മയുമായി വിവാഹം നടന്നു. ഭാര്യയുടെ സഹകരണം ബിസിനസ്സ് വിജയത്തിന് വളരെ സഹായകമായി. ഓരോ ബുദ്ധിമുട്ടുകൾ തരണംചെയ്യേണ്ടി വരുമ്പോഴും വളരെ ഫലപ്രദമായ ഉപദേശവും സഹകരണവും തന്ന് എന്നെ സഹായിച്ച ഞാൻ "ആശാനെ" യെന്നു വിളിക്കുന്ന സ്നേഹിതൻ Mr. M.I. Jose എന്റെ ബിസിനസ്സ് വിജയത്തിന്റെ ഒരു ആണിക്കല്ലാണ്.

ഈ വിജയം വളർച്ച, എല്ലാം ദൈവത്തിന്റെ അനുഗ്രഹമായികാണുവാനാണ് ഈ അറുപത്തഞ്ചുകാരന് ഇഷ്ടം. ഇപ്പോഴും 25 ന്റെ ചുറുചുറുക്കോടെ നടക്കുന്ന ബേബിക്ക് ഏറ്റവുമിഷ്ടം ടെന്നീസ് കളിയാണ്. പതി

www.malankaralibrary.com

നാറാം വയസ്സിൽ തുടങ്ങിയ ടെന്നീസുകളി ഇപ്പോഴും തുടരുന്നു. ആലപ്പുഴ ടെന്നീസ് അസോസിയേഷന്റെ ജില്ലാ പ്രസിഡന്റു കൂടിയാണ് ബേബി ഇപ്പോൾ.
വിലാസം - ടി.വി. സ്കറിയ തയ്യിൽ, പോപ്പി അംബ്രെല്ലാമാർട്ട്, ആലപ്പുഴ.

# 262



# റവ. ഡോ. ജോർജ്ജ് കണിയാരകത്ത് സി.എം.ഐ.

രാമപുരത്തെ പുരാതനവും പ്രസിദ്ധവും സന്യാസമൂഹാംഗങ്ങളാൽ സമ്പന്നവും ആയ കണിയാരകത്തു കുടുംബത്തിൽ ആഗസ്തി - അന്ന ദമ്പതികളുടെ മകനായി 1939 ഒക്ടോബർ 7-ാം തീയതി ഡോ. ജോർജ്ജ് ഭൂജാതനായി. മിഡിൽ സ്കൂൾ വിദ്യാഭ്യാസംവരെ രാമപുരത്തായിരുന്നു. തുടർന്ന് മാന്നാനത്തെ യോഗാർത്ഥി ഭവനത്തിൽ ചേർന്ന് ഹൈസ്കൂൾ പഠനം നടത്തി. ഇതിനുശേഷം മാന്നാനത്തും മുത്തോലിയിലുമായി ഇംഗ്ലീഷ്, മലയാളം, ലാറ്റിൻ, സുറിയാനി ഭാഷകൾ പഠിച്ചു. ചെത്തിപ്പുഴ നവസന്യാസത്തിൽ സന്യാസത്തിന്റെ ബാലപാഠങ്ങൾ അഭ്യസിച്ചു. 1961-ൽ ആദ്യ വ്രതാനുഷ്ഠാനം നടത്തി. പിന്നീട് ബാംഗ്ളൂർ ധർമ്മാരാം കോളേജിൽ ചേർന്ന് മൂന്നുവർഷത്തെ തത്വശാസ്ത്രപഠനവും നാലുവർഷത്തെ ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി. 1968 മേയ് 20-ാം തീയതി പാലാ രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയുടെ കൈവയ്പ് വഴി തിരുപ്പട്ടം സ്വീകരിച്ചു.

ഫാ. ജോർജ്ജ് ഔദ്യോഗികജിവിതമാരംഭിക്കുന്നത് ഫാ. ഫൊർമീസ് പെരുമാലിയുടെ പത്രാധിപത്യത്തിലും നേതൃത്വത്തിലും ആലപ്പുഴയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പ്രകാശം പബ്ലിക്കേഷനിൽ സഹപത്രാധിപരായിട്ടായിരുന്നു. ഇക്കാലത്തുതന്നെ വൈദികർ, സന്യാസികൾ, സ്കൂൾവിദ്യാർത്ഥികൾ എന്നിവർക്കുവേണ്ടി ധ്യാനപ്രസംഗങ്ങൾ നടത്തിയിരുന്നു. ദൈവശാസ്ത്രപഠനകാലത്തുതന്നെ മലയാളത്തിലും ഇംഗ്ലീഷിലും രചനകൾ എഴുതി പ്രസിദ്ധീകരിച്ചിരുന്നു. 1970-ൽ പഞ്ചതന്ത്രകഥകൾ, ഒരു പുനരാഖ്യാനം എന്ന പുസ്തകം "പ്രകാശ"ത്തിൽ നിന്ന് പ്രസിദ്ധപ്പെടുത്തി. ഫാ. ജോർജ്ജിന്റെ വളർച്ചയിൽ ഫാ. ഫൊർമീസ് പെരുമാലിൽ നിർണ്ണായകമായ പങ്ക് വഹിച്ചു.

1971-ൽ റോമായിലെ പൊന്റിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ

www.malankaralibrary.com

ആരംഭിച്ച ബൈബിൾ പഠനം 1974-ൽ ബൈബിൾ ലൈസൻഷിയേറ്റ് ഡിഗ്രിയോടെ സമാപിച്ചു. 1975-ൽ യരുശലേമിലുള്ള ബിബ്ലിക്കൽ ആൻഡ് ആർക്കിയോളജിക്കൽ സ്കൂളിൽ ഒരു വർഷം ഗവേഷണപഠനം നടത്തി തിരിച്ചെത്തി. ബിബ്ലിക്കൽ ഡോക്ടറേറ്റിനുള്ള ഏകവർഷതയ്യാറെടുപ്പ് പൂർത്തിയാക്കിയിട്ട് നാട്ടിലേക്ക് മടങ്ങി. നാട്ടിലെത്തി ധർമ്മാരാം കോളേജിലും വടവാതൂർ സെമിനാരിയിലും ഏതാനും വിഷയങ്ങൾ പഠിപ്പിച്ചു. ഈ കാലത്ത് മാന്നാനത്തു നിന്നിറങ്ങിയ പുതിയ നിയമവിവർത്തനത്തിന് നേതൃത്വം നൽകി. ഓശാനബൈബിളിനെയും സഹായിച്ചു. ഇതിനിടയിൽ കുറേനാൾ ജീവധാരയുടെയും ക്രിസ്റ്റ്യൻ ഓറിയന്റിന്റെയും പത്രാധിപസമിതിയിൽ അംഗമായിരുന്നു. പല വർഷങ്ങൾക്കുശേഷം വീണ്ടും റോമായിലെത്തി. 1994-ൽ വി. തോമ്മാശ്ലീഹായുടെ വ്യക്തിത്വവും വിശ്വാസവും ( The person and faith of apostle Thomas ) എന്ന പ്രബന്ധത്തിന് ബിബ്ളിക്കൽ തിയോളജിയിൽ ഡോക്ടറേറ്റ് നേടി. പ്രസ്തുത പ്രബന്ധം. ഡൽഹിയിൽനിന്നും പുറത്തിറക്കിയിട്ടുണ്ട്. ഇതിനിടെ റോമായിലുള്ള ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് മാരിയാനിയിൽനിന്ന് ഡോക്ടർ ബിരുദവും വിശുദ്ധ പദപ്രഖ്യാപനത്തിനുള്ള കോൺഗ്രിഗേഷനിൽ നിന്ന് ഒരു സർട്ടിഫിക്കറ്റും സമ്പാദിച്ചു.

ജോൺപോൾ രണ്ടാമൻ പാപ്പാ 1986-ൽ ഇന്ത്യ സന്ദർശിച്ചപ്പോഴും പിന്നീട് ദീപികയുടെ ഔദ്യോഗിക പ്രതിനിധിയായും വത്തിക്കാനിൽ ജോലി ചെയ്തിട്ടുണ്ട്. പാപ്പായുടെ സന്ദർശനത്തോടനുബന്ധിച്ച് ഇന്ത്യൻ ഹൈരാർക്കിയുടെ സ്ഥാപനജൂബിലി ഘോഷിക്കുമെന്നുണ്ടായ പ്രസ്താവന ഉയർത്തിയ പശ്ചാത്തലത്തിൽ മാർത്തോമ്മായോഗം എന്ന പേരിൽ സഹപ്രവർത്തകരുമായി ചേർന്ന് ഒരു സംഘടന ഉണ്ടാക്കുകയും അതിന്റെ പേരിൽ നൂറുപേർ ഒപ്പിട്ട ഒരു മെമ്മോറാണ്ടം മാർപ്പാപ്പായ്ക്ക് സമർപ്പിക്കുകയും ചെയ്തു. ഹൈരാർക്കി പ്രശ്നം അങ്ങനെ അവസാനിച്ചു. ചാവറയച്ചന്റെയും അൽഫോൻസാമ്മയുടെയും വാഴ്ത്തപ്പെട്ടവർ എന്നുള്ള പ്രഖ്യാപനത്തോടനുബന്ധിച്ച് ഇന്ത്യാക്കാർ നടത്തിയ ആഘോഷമായ ദിവ്യബലിയിൽ പ്രധാന കാർമ്മികൻ ഫാ. കണിയാരകത്തായിരുന്നു.

ഫാ. കണിയാരകത്ത് റോമിൽ പഠിച്ചിരുന്ന കാലത്ത് കർമ്മല സന്ദേശത്തിൽ എഴുതിയ ഒരു കത്തിന്റെയടിസ്ഥാനത്തിലാണ് റോമിൽ സി.എം. ഐ. ക്കാരുടേതായുള്ള സെന്റർ ഫോർ ഇൻഡ്യൻ ആൻഡ് ഇന്റർ റിലീജയസ് സ്റ്റഡീസ് ആരംഭിച്ചത്. സംസ്കൃതം ക്ലാസ്സുകളും ഇന്റർനാഷണൽ സെമിനാറുകളും, ഫാ. പ്ലാസിഡ് പ്രഭാഷണങ്ങളും ഇവിടെ നടക്കുന്നുണ്ട്. റോമിൽ ആയിരുന്ന കാലത്ത് വത്തിക്കാൻ റേഡിയോയിലൂടെ പല പ്രഭാഷണങ്ങളും നടത്തിയിട്ടുണ്ട്.

ഡോക്ടർ പ്രബന്ധം ഒരുക്കുന്ന കാലത്ത് വൈയക്തികസഭകളെ വെറും റീത്താക്കി പ്രദർശിപ്പിച്ചതറിഞ്ഞ് റെജീനാ മുന്തി ഇൻസ്റ്റിറ്റ്യൂട്ടുകൾ ക്ഷണിച്ചതനുസരിച്ച് രണ്ടു വർഷം അവിടെ പൗരസ്ത്യസഭാശാസ്ത്രവും

www.malankaralibrary.com

പൗരസ്ത്യആദ്ധ്യാത്മികതയും പഠിപ്പിച്ചു. കർദ്ദനാൾ സ്ഥാനത്തേക്ക് പടിയറ പിതാവിനെ ഉയർത്തിയപ്പോൾ റോമിൽ മാർത്തോമ്മാ യോഗത്തിന്റെ അഭിമുഖ്യത്തിൽ നൽകിയ സ്വീകരണത്തിന്റെ മുഖ്യസംഘാടകൻ ഫാ. കണിയാരകത്തായിരുന്നു.


1988-ൽ റോമായിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴാണ് ഫാ. കണിയാരകത്ത് ജഗദൽപ്പൂർ മിഷനിൽ ചേർന്നത്. കോട്ടയത്ത് തന്റെ പ്രത്യേക താല്പര്യത്തിൽ രൂപീകരിച്ച എക്യൂമിനിക്കൽ ബൈബിൾ സെന്റർ നിർത്തലാക്കിയതിൽ വേദനിച്ചാണ് ഇങ്ങനെ ഒരു തീരുമാനം എടുത്തത്. ജഗദൽപ്പൂരിലെത്തിയശേഷം ഒരു വർഷം ബാംഗ്ളൂരിൽ അദ്ധ്യാപകനായും പൂനായിൽ ആദ്ധ്യാത്മിക പിതാവായും വികാരിയായും സേവനം അനുഷ്ഠിച്ചു. ആഷ്രേക്രിഫ്റ്റ് ഗേറ്റിൽ അദ്ധ്യാപകനും ആദ്ധ്യാത്മികപിതാവും ആയി നിയമിതനായി. രണ്ടു വർഷങ്ങൾക്കുശേഷം സി.എം.ഐക്കാർ ആഷ്ടാ വിട്ടപ്പോൾ ജഗദൽപ്പൂർ പ്രൊവിൻസിൽ വികാർ പ്രൊവിൻഷ്യലായി തിരഞ്ഞെടുക്കപ്പെട്ടു. വീണ്ടും പ്രൊവിൻഷ്യൽ കൗൺസിലറും രൂപതയിൽ വികാർ ജനറാളുമായി മൂന്നു കൊല്ലത്തേക്ക് നിയമിക്കപ്പെട്ടു. ഇക്കാലത്തു നടന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലും മിഷൻ അസംബ്ലിയിലും സജീവമായി പങ്കെടുത്തു. ഇപ്പോൾ ഫാ. കണിയാരകത്ത് ബാംഗ്ലൂർ ധർമ്മാരാം, ഭോപ്പാൽ സമന്വയ തിയോളജിക്കൽ കോളേജ്, സാഗർ സിൻജോസ് മേജർ സെമിനാരി, എന്നിവിടങ്ങളിൽ ബൈബിൾ പഠിപ്പിക്കുന്നു. ഇംഗ്ലീഷിലും മലയാളത്തിലും ധാരാളം ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏതാനും ലേഖനങ്ങൾ വിദേശത്തും വെളിച്ചം കണ്ടിട്ടുണ്ട്. പഞ്ചതന്ത്രകഥകൾ, ഒരു പുനരാഖ്യാനം, പുതിയനിയമത്തിനൊരാമുഖം, I love person and faith of Apostle Thomas എന്നിവയാണ് പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥങ്ങൾ. ഫാ. റോമയോ തോമസ്, ഫാ. ജോൺ കള്ളികുഴിപ്പിൽ എന്നീ സി.എം.ഐ. വൈദികരോടും മോൺ. മാത്യു വെള്ളാനിക്കൽ, ഫാ. പോൾ കല്ലുവീട്ടിൽ എന്നിവരോടും വളരെയധികം കടപ്പാട് ഫാ. കണിയാരകത്തിനുണ്ട്.

വിലാസം - ഫാ. ജി. കണിയാരകത്ത് സി.എം.ഐ.
നിർമ്മൽസദൻ
ജഗദൽപ്പൂർ - 494005
ധർമ്മപുര, Baster Dt.

www.malankaralibrary.com

# 263

# എ.ജെ. ബെൻസ്



ചരിത്രസംബന്ധമായ വിഷയങ്ങളിൽ അതീവ തല്പരൻ, പ്രമുഖവിദ്യാഭ്യാസപ്രവർത്തകൻ, സാമൂഹ്യ പ്രവർത്തകൻ, സംഘാടകൻ, ലേഖകൻ, മലയോരകർഷകപ്രക്ഷോഭ ണത്തിൽ ഫാ. ജോസഫ് വടക്കന്റെ വിശ്വസ്തപടനായകൻ എന്നീ നിലകളിൽ അറിയപ്പെടുന്ന എ.ജെ. ബൻസ് തൃശൂർ ജില്ലയിലെ ചേർപ്പിൽ, ഞാറയ്ക്കൽ ആളുക്കാരൻ ജോസഫ് റോസ ദമ്പതകളുടെ മകനായി 1939 നവംബർ 5-ാം തീയതി ഭൂജാതനായി. സ്വാതന്ത്ര്യസമരസേനാനിയുടെ തറവാട്ടിൽ, സമ്പന്നനായ ബിസിനസ്സുകാരന്റെ മകനായി ജനിച്ചെങ്കിലും സാമ്പത്തിക പരാധീനതകളിൽ പലപ്പോഴും പഠനം നിർത്തിയും വീണ്ടും പഠിച്ചും വിദ്യാഭ്യാസം പൂർത്തീകരിച്ച വ്യക്തിയാണ് എ.ജെ. ബെൻസ്.

1962 ലാണ് അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചത്. തൃശൂർ സെന്റ് തോമസ് കോളേജ് എൽ.പി. സ്കൂളിലും സെന്റ്. തോമസ് കോളേജ് എച്ച്.എസ്.ലും തോപ്പുസെന്റ് തോമസ് ഹൈസ്കൂളിലും പഠിപ്പിച്ചു. 1985 മുതൽ മരിയാപുരം മിഷൻ ഹോം എൽ.പി.എസ്.ന്റെയും തൃശൂർ മുക്കാട്ടുകര സെന്റ് ജോർജ്ജ് യു.പി. സ്കൂളിന്റെ ഹെഡ്മാസ്റ്ററായി പ്രവർത്തിച്ചു. അദ്ധ്യാപകനെന്ന നിലയിലും പ്രധാനാദ്ധ്യാപകനെന്ന നിലയിലും നൂറശതമാനം ആത്മാർത്ഥതയോടെ പ്രവർത്തിച്ച വിദ്യാഭ്യാസപ്രവർത്തകനാണ് ബൻസ്മാസ്റ്റർ. പ്രധാനാദ്ധ്യാപകനായി ജോലിചെയ്ത ഒൻപതു വർഷത്തിനിടയ്ക്ക് സ്കൂളിന് രണ്ടുപ്രാവശ്യം വിദ്യാഭ്യാസവകുപ്പിന്റെ ബെസ്റ്റ് യു.പി. സ്കൂൾ അവാർഡ് ലഭിച്ചു. 1993 ശാസ്ത്രസാഹിത്യ പരിഷത്തിന്റെ മികച്ച വിദ്യാലയത്തിനുള്ള സർട്ടിഫിക്കററും ലഭിച്ചിട്ടുണ്ട്. പല മത്സരങ്ങൾക്കും ഒന്നാം സ്ഥാനം നേടിയിട്ടുള്ള ഈ സ്കൂളിൽ പാഠ്യേതരപ്രവർത്തനങ്ങൾക്ക് മററിതരസ്കൂളുകളെയപേക്ഷിച്ച് വളരെ മുൻപന്തിയിലാണ്. സ്കൂൾ അസംബ്ലിയും മാസ്ഡ്രില്ലും ബാന്റ്സെററും എല്ലാം. കുട്ടികളുടെ എണ്ണം കുറയുന്നു, ഡിവിഷൻ പലതും ഇല്ലാതായി ത്തീരുന്നുവെന്നാണ് എവിടെനിന്നും കേൾക്കുന്ന പല്ലവി. എന്നാൽ ബൻസ് മാസ്റ്റർ ഹെഡ്മാസ്റ്ററായിരുന്ന സ്കൂളിലെ സ്ഥിതി അതല്ലായിരുന്നു. സ്ഥലപരിമിതിമൂലം വിദ്യാർത്ഥികളുടെ പ്രവേശനം നിയന്ത്രിക്കേണ്ടിവന്നു. അപ്പർഡിവിഷൻ ക്ലാസുകൾ മാത്രമേ ഈ സ്കൂളിൽ ഉണ്ടായിരുന്നുള്ളു. കുട്ടികളുടെ എണ്ണം 419 ൽ നിന്നും 740 ആയി ഉയർന്നു. ഒൻപത് ഡിവിഷൻ 12 ഡിവിഷനായി വർദ്ധിച്ചു.

ബെൻസ് മാസ്റ്ററുടെ പ്രവർത്തനംകൊണ്ട് സ്കൂളിനുണ്ടായ പുരോ

www.malankaralibrary.com

ഗതി, തങ്ങളുടെ കുട്ടികളെ ആ സ്കൂളിലേക്കയക്കുന്നതിന് രക്ഷിതാക്കൾക്കു പ്രേരണയായി. ആത്മാർത്ഥതയോടെ കഠിനപരിശ്രമം ചെയ്യുന്ന അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷാകർതൃസമിതി പ്രവർത്തകരും സ്കൂളിന്റെ പുരോഗതിക്ക് വലിയ ഘടകമായി പ്രവർത്തിച്ചു. എല്ലാ ഘടകങ്ങളെയും യോജിപ്പിച്ചുവെന്നതാണ് ബെൻസ്മാസ്റ്ററുടെ പ്രവർത്തന വിജയത്തിനു കാരണം. അദ്ധ്യാപകൻ എന്നും വിദ്യാർത്ഥിയായിരിക്കണം എന്ന പക്ഷക്കാരനാണ് ബെൻസ് മാസ്റ്റർ. അതുകൊണ്ടാണ് അദ്ധ്യാപകനായിരിക്കുമ്പോഴും നിരവധികോഴ്സുകളിൽ പങ്കെടുത്തത്. അദ്ദേഹം പങ്കെടുത്തചില കോഴ്സുകൾ താഴെ ചേർക്കുന്നു. ഡിപ്പാർട്ടുമെന്റൽ അക്കൗണ്ട്ടെസ്റ്റ്, കേരളക്രിസ്ത്യൻ ഹിസ്റ്ററി ആന്റ് കൾച്ചർ ഡിപ്ലോമ, ജേർണലിസം ട്രെയിനിംഗ് കോഴ്സ്, ഫസ്റ്റ് എയിഡ് കോഴ്സ്, ബീ കിപ്പിംഗ് ഫീൽഡുമാൻ ട്രെയിനിംഗ് കോഴ്സ്, സ്റ്റുഡന്റ്സ് ട്രെയിനിംഗ് ക്യാമ്പ്, യൂത്ത് ട്രെയിനിംഗ്, ചലച്ചിത്രാസ്വാദനപഠനക്ലാസ്സ് എന്നിവ അവയിൽ ചിലതുമാത്രമാണ്. ഈ കോഴ്സുകളിലെല്ലാം ചേർന്നത് യാതൊരു സാമ്പത്തികലാഭവും പ്രതീക്ഷിച്ചല്ലായിരുന്നു, നഷ്ടം സഹിച്ചുകൊണ്ടുതന്നെയായിരുന്നു. അറിവ് സമ്പാദിച്ച് അദ്ധ്യാപകർ പരിപൂർണ്ണനാകണമെന്ന് ബെൻസ് മാസ്റ്റർക്ക് നിർബ്ബന്ധം ഉണ്ടായിരുന്നതുകൊണ്ടാണ്. ബെൻസിന്റെ അദ്ധ്യാപന രംഗത്തെ സേവനങ്ങൾക്കുള്ള അംഗീകാരമായി 1995 ൽ സംസ്ഥാന അവാർഡ് ലഭിച്ചു.

സാമൂഹ്യസാംസ്കാരിക രംഗത്ത് എന്നും നിറഞ്ഞുനിന്നിട്ടുള്ള ബെൻസ് മാസ്ററർ, ബി.ഡി.സി. മെമ്പർ, കേരളാ ഹോം ഗാർഡ്സ് വോളണ്ടിയർ, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സ്ഥാപകസെൻട്രൽ ബോർഡ് മെമ്പർ, റേഷനിംഗ് അഡ്വൈസറി കമ്മററി മെമ്പർ, തൃശ്ശൂർ മെന്റൽ ഹോസ്പിററൽ അഡ്വൈസറി കമ്മററി മെമ്പർ, വിവിധ ഭക്തസംഘടനകളുടെ ഭാരവാഹി എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. നേതൃസ്ഥാനങ്ങളിൽ കയറിപ്പററുവാൻ ഒരിക്കലും അദ്ദേഹം ശ്രമിച്ചിട്ടില്ല. മിക്കതും ഏറെറടുക്കാൻ ആളില്ലാതെ വരുമ്പോൾ ആ ജോലി ഏറെറടുത്ത് അർപ്പണബോധത്തോടും ചിട്ടയായും ബെൻസ് മാസ്റ്റർ അത് ചെയ്യാറുണ്ട്.


ചരിത്രത്തിൽ അതീവ തല്പരനാണദ്ദേഹം. ഈ വിഷയത്തിൽ ആരെയും എങ്ങിനെയും സഹായിക്കുവാൻ സന്മനസ്സുള്ള ഒരു നല്ല ഹൃദയത്തിന്റെ ഉടമയാണ് അദ്ദേഹം. കേരളാഹിസ്റ്റോറിക്കൽ റിസേർച്ച് സൊസൈററിയുടെ വൈസ് പ്രസിഡന്റും കാൻഫെഡിന്റെയും കേരളാ ഹിസ്റ്ററികോൺഗ്രസ്സിന്റെയും ജില്ലാ ഉപഭോക്തൃസംഘടനയുടെയും സജീവ പ്രവർത്തകനാണ് ബെൻസ് മാസ്റ്റർ. മേരിവിജയം സാഹിത്യസമിതി, ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ വെൽഫയർ, ആക്സിഡന്റ് കെയർ, ട്രാൻസ്പോർട്ട് സർവ്വീസ് തുടങ്ങിയ പ്രസ്ഥാനങ്ങളിലും ബെൻസ് സജീവ പ്രവർത്തകനാണ്.

www.malankaralibrary.com

വിമോചനസമരകാലത്ത് ചേർപ്പിലെ ജനങ്ങൾക്ക് സജീവനേതൃത്വം നൽകിയ അദ്ദേഹം ഫാ. വടക്കന്റെ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളുമായി സജീവമായി സഹകരിച്ചിരുന്നു. മലയോരകർഷകപ്രക്ഷോഭണത്തിലെ ഒരു മുന്നണി പ്രവർത്തകനായിരുന്നു അദ്ദേഹം. ചേർപ്പിലാണ് ജനിച്ചതെങ്കിലും ഇപ്പോൾ അരണാട്ടുകരയിലാണ് താമസം.

വിലാസം - എ.ജെ. ബെൻസ്, ആളുക്കാരൻ, റിട്ട. ഹെഡ്മാസ്റ്റർ, അരണാട്ടുകര, ബിഗ്ബസാർ, തൃശ്ശൂർ.

# 264



# സിസിലിയാമ്മ പെരുമ്പനാനി

പ്രമുഖവിദ്യാഭ്യാസപ്രവർത്തകയും ഗ്രന്ഥകാരിയും പ്രഭാഷകയും സാമൂഹ്യപ്രവർത്തകയും സംഘാടകയുമായ സിസിലിയാമ്മ 1939 നവംബർ 21 ന് കോട്ടയം ജില്ലയിൽ നെടുംകുന്നത്ത് ജനിച്ചു. വിദ്യാഭ്യാസ ഡെപ്യൂട്ടിഡയറക്ടറായിരുന്ന കുമ്പിൾവേലിൽ ഇ.കെ.സഖറിയാസ് ആണ് പിതാവ്. പാലാക്കുന്നേൽ സാറാമ്മ ജോസഫ് മാതാവും.

നെടുംകുന്നം സെന്റ് തെരേസാസ് സ്കൂളിൽനിന്നും ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ചെറുപ്പത്തിൽത്തന്നെ വിവാഹിതയായി. വിവാഹിതയായെങ്കിലും പഠനം തുടരണമെന്ന ആഗ്രഹം സിസിലിയാമ്മയിൽ വളർന്നുവന്നു. ഭർത്താവിന്റെ പ്രോത്സാഹനം വിദ്യാഭ്യാസം തുടർന്നു നടത്തുന്നതിന് സഹായകമായി. മകൾ ജനിച്ചശേഷമാണ് മൂവാററുപുഴ നിർമ്മലാകോളേജിൽ പ്രീയൂണിവേഴ്സിററിക്ക് ചേർന്നത്. പ്രീയൂണിവേഴ്സിററിയിൽ അഭിമാനാർഹമായ വിജയം കൈവരിച്ച സിസിലിയാമ്മ ഭർത്താവുമൊത്ത് ഹൈദ്രാബാദിൽ താമസിക്കുമ്പോൾ ബിരുദവും പിന്നീട് ആംഗ്ലേയസാഹിത്യത്തിൽ ബിരുദാനന്തരബിരുദവും നേടി. മദ്രാസിൽ താമസിക്കുമ്പോൾ ലേഡി വില്ലിംഗ്ടൺ കോളേജിൽനിന്ന് ബി.എഡ്. ഡിഗ്രിയും അതിനുശേഷം കോയമ്പത്തൂർ അവിനാശലിംഗം യൂണിവേഴ്സിററിയിൽനിന്ന് എം.എഡ്. ഡിഗ്രിയും കരസ്ഥമാക്കി.

ഭാരതത്തിലെ വിവിധ സ്ഥലങ്ങളിൽ ഇംഗ്ലീഷ് അദ്ധ്യാപികയായി 31 വർഷം ജോലി നോക്കി. കോയമ്പത്തൂർ ലിസ്യു ഹയർ സെക്കൻഡറിയിൽനിന്നും വിരമിച്ചശേഷം വഴിത്തലയിൽ ഭർത്താവുമൊത്ത് ഇപ്പോൾ താമസിക്കുന്നു. ശാന്തിഗിരി കോളേജ് ഓഫ് കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ക്ലാസ്സുകൾ എടുക്കുകയും ചെയ്യുന്നു.

www.malankaralibrary.com

ചെറുപ്പം മുതൽക്കേ, സാഹിത്യത്തിൽ അഭിനിവേശമുണ്ടായിരുന്നു. പ്രൈമറിക്ലാസ്സുകളിൽവച്ച് ചെറുനാടകങ്ങളും കവിതകളും എഴുതിയിരുന്നു. ഹൈസ്ക്കൂൾ പഠനകാലത്ത് കത്തോലിക്കാ, കത്തോലിക്കേതര ആനുകാലികങ്ങളിൽ കഥകളും ലേഖനങ്ങളും എഴുതിത്തുടങ്ങി പ്രീയൂണിവേഴ്സിററിക്കു പഠിക്കുമ്പോൾ കോളേജ് വാർഷികത്തിൽ സിസിലിയാമ്മയുടെ നാടകം "കാണരുതാത്തനാടകം" അരങ്ങേറി.

ചെറുകഥകൾ കൂടാതെ ലേഖനങ്ങളും നിരൂപണങ്ങളും തുടർപംക്തിയായും അല്ലാതെയും ധാരാളമായി എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സത്യദീപം വാരികയിൽ ലേഖനങ്ങളും തുടർപംക്തികളുമുൾപ്പെടെ അനേകം രചനകൾ പ്രസിദ്ധീകരിച്ചു. ദീപിക, മംഗളം തുടങ്ങിയ ദിനപത്രങ്ങളിലും, സത്യദീപം, കന്യക, മനോരാജ്യം, ചെറുസൂനം തുടങ്ങിയ ആനുകാലികങ്ങളിലും ഹ്രസ്വവും ദീർഘവുമായ പരമ്പര വിവിധ വിഷയങ്ങളെപ്പററി എഴുതിയിട്ടുണ്ട്. കുട്ടികൾക്കുവേണ്ടി രചിച്ച ഒരു ചെറുനോവലാണ് 'മിഷേലിന്റെ കഥ' അഞ്ഞൂറിലധികം ലേഖനങ്ങൾ വിവിധ പ്രസിദ്ധീകരണങ്ങളിലൂടെ പ്രസിദ്ധീകരിച്ചു. ഈ ലേഖനങ്ങളിൽ ഭൂരിഭാഗവും കുട്ടികൾക്കുവേണ്ടിയും കുട്ടികളെപ്പററിയും എഴുതിയിട്ടുള്ളതാണ്. ഇന്ത്യയിൽ പല ഇടങ്ങളിലായി അദ്ധ്യാപനം നടത്തിയപ്പോൾ പല സംസ്ഥാനങ്ങളിലുള്ളവരും വിദേശികളുമായി അടുത്തിടപെടാനുള്ള അവസരം കിട്ടിയിട്ടുണ്ട്. ആ അനുഭവം സിസിലിയാമ്മയുടെ രചനകളെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്.

ഇംഗ്ലീഷ് ഭാഷയോട് പ്രത്യേക പ്രതിപത്തി പുലർത്തുന്ന ഈ മഹതി 'Communicative English : A Basic Course in Spoken and Written English' എന്ന ഗ്രന്ഥത്തിന്റെ സഹരചയിതാവുകൂടിയാണ്. പശ്ചിമ ആസ്ത്രേലിയായിലെ പ്രധാന പത്രമായ The West Austrelian-ൽ ഇന്ത്യയിലെ കുട്ടികളെപ്പററി എഴുതിയ ലേഖനത്തെ അനുകൂലിച്ചും പ്രതികൂലിച്ചും അന്നാട്ടുകാർ പ്രതികരിക്കുകയുണ്ടായി. ആൾ ഇന്ത്യാ റേഡിയോയിൽക്കൂടി സുഭാഷിതങ്ങൾ പ്രക്ഷേപണം ചെയ്തതും കുട്ടികളെ മുൻപിൽ കണ്ടുകൊണ്ടാണ്.

സ്ത്രീകളുടെ അസ്വസ്ഥതകൾ പുറത്തു കൊണ്ടുവരുവാനുള്ള ലക്ഷ്യത്തോടെ "മൂക്കുകയർ" എന്ന പുസ്തകത്തിന് രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണിപ്പോൾ.

ഭർത്താവിനോടൊപ്പം ഭാരതത്തിലെ പല എയർഫോഴ്സ് സ്റ്റേഷനുകളിലും നഗരങ്ങളിലും താമസിച്ചതിന്റെ ഫലമായി നമ്മുടെ രാജ്യത്തെപ്പററി വളരെയേറെ മനസ്സിലാക്കുവാൻ സിസിലിയാമ്മയ്ക്ക് സാധിച്ചിട്ടുണ്ട്. കേരളത്തിൽ വിദ്യാഭ്യാസമേഖലയിൽ നടക്കുന്ന അനീതിപരമായ നടപടികളെപ്പററിയും സഭയ്ക്കുള്ളിൽ നടക്കുന്ന മൂല്യച തിയെപ്പററിയും ലേഖനപരമ്പരകൾ തയ്യാറാക്കുവാൻ ഇവർക്ക് പ്രചോദനമേകിയത് ഈ പശ്ചാത്തലമാണ്.

സ്ത്രീകൾക്കുവേണ്ടി ധാരാളമായി എഴുതിയിട്ടുള്ള സിസിലിയാമ്മ സ്ത്രീവേദികളിലും പള്ളികളിലും നിരവധി പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്.

www.malankaralibrary.com

ഇപ്പോഴും ആ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നു.

ഇംഗ്ലണ്ട്, അമേരിക്ക, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിലെ നിരവധി വിദ്യഭ്യാസസ്ഥാപനങ്ങൾ സന്ദർശിച്ചിട്ടുള്ള സിസിലിയാമ്മ നിരവധി സെമിനാറുകളിൽ പങ്കെടുക്കുകയും നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ട്. ആസ്ട്രേലിയായിലെ പെർത്തു നഗരത്തിലുള്ള തോമസ് മൂർ ദേവാലയത്തെപ്പററി സമഗ്രമായ ഒരു ലേഖനം ശാലോം പത്രത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആ ലേഖനത്തിന്റെ ഇംഗ്ലീഷ് പരിഭാഷ അവിടുത്തെ വികാരിക്ക് ഒരു വൈദികൻ അയച്ചുകൊടുക്കുകയുണ്ടായി വികാരി മോൺ മൈക്കിൾ കീററിംഗ് എന്ന ഐറിഷ് വൈദികനെ വളരെയധികം ആ ലേഖനം ആകർഷിക്കുകയുണ്ടായി. ഹിററ്ലറിന്റെ കോൺസെൻട്രേഷൻ ക്യാമ്പിലെ ക്രൂരതകളെ അതിജീവിച്ച് ഇപ്പോൾ ആസ്ട്രേലിയായിൽ താമസിക്കുന്ന ജെനി എന്ന പോളണ്ടുകാരിയുമായി സിസിലിയാമ്മ നടത്തിയ അഭിമുഖം മൂന്നു ഖണ്ഡങ്ങളിലായി കന്യകയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.


ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിച്ചിട്ടുള്ള സിസിലിയാമ്മ പല സ്ഥലങ്ങളിലും മഹിളാസംഘടനകൾക്ക് നേതൃത്വം വഹിച്ചിട്ടുണ്ട്. കോയമ്പത്തൂർ മലയാളി സമാജം വനിതാവിഭാഗത്തിന്റെ ചെയർപേഴ്സണായി ഏഴുവർഷക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. ഈ സ്ഥാനം വഹിച്ചുകൊണ്ട് സാഹിത്യകലാവിദ്യാഭ്യാസ സെമിനാറുകളും ഇന്റർകോളേജിയേററ് മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

എയർഫോഴ്സ് ലേഡീസ് വെൽഫെയർവിംഗിലും ഭാരവാഹിത്വം വഹിച്ച സിസിലിയാമ്മ കോയമ്പത്തൂർ ലിററിൽ ഫ്ളവർ ദേവാലയത്തിൽ മാതൃസംഘം പ്രസിഡണ്ടായി ദീർഘകാലം സേവനം അനുഷ്ഠിച്ചു. നിർദ്ധനർക്ക് വിവാഹസഹായം, തൊഴിൽ പരിശീലനം, സാമ്പത്തിക പിന്തുണ തുടങ്ങിയവയായിരുന്നു ഈ സംഘടനയുടെ പ്രവർത്തനമേഖലകൾ.

കോയമ്പത്തൂർ പ്രശസ്തമായ രീതിയിൽ വൈദികർ നടത്തിവരുന്ന മതസൗഹാർദ്ദപ്രവർത്തനകേന്ദ്രമായ "ദിവ്യോദയ"യുടെ സ്ഥാപകമെമ്പേഴ്സിലൊരാളും ആരംഭകാലകമ്മിററിയിലെ അംഗവുമായിരുന്നു സിസിലിയാമ്മ. ഇപ്പോൾ സാമുദായിക, വിദ്യാഭ്യാസ മേഖലകളിൽ സെമിനാറുകളും പ്രസംഗങ്ങളും നടത്തുന്ന അവർ തൊടുപുഴ സാഹിത്യവേദിയിലും സജീവമായി പ്രവർത്തിക്കുന്നു. ജീസസ് യൂത്ത്, അദ്ധ്യാപകർ, കോളേജ് വിദ്യാർത്ഥികൾ തുടങ്ങിയവർക്ക് Communicative English -ൽ ക്ലാസ്സുകൾ നടത്തുന്നതിൽ വ്യാപൃതയായിരിക്കുന്നു സിസിലിയാമ്മ.

മാറിക പെരുമ്പനാനിയിൽ (പകലോമററം ശാഖ) പി.എ.ജോൺ ആണ് ഭർത്താവ്. സിസിലിയാമ്മയുടെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകുന്ന ജോൺ 32 വർഷം വിമാനസേനയിൽ സേവനമനുഷ്ഠിച്ച് പ്രശസ്തസേവനത്തിനുള്ള റെക്കോർഡോടെ വിരമിച്ചു. വിലാസം - സിസിലിയാമ്മ പെരുമ്പനാനി, വഴിത്തല പി.ഒ. 685583

www.malankaralibrary.com



# 265

# പ്രൊഫ.റെക്സ് കണ്ണങ്കേരി

പ്രമുഖവിദ്യാഭ്യാസപ്രവർത്തകനും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുമായ പ്രൊഫ.റെക്സ് 1939 ഡിസംബർ ഒന്നിന് കുമ്പളങ്ങിയിൽ കണ്ണങ്കേരി സെബാസ്റ്റ്യൻ മേരി ദമ്പതികളുടെ മകനായി ജനിച്ചു. കുമ്പളങ്ങി സെന്റ് പീറേറഴ്സ്, എറണാകുളം സെന്റ് ആൽബർട്ട്സ് എന്നീ സ്കൂളുകളിലും മഹാരാജാസ് കോളേജിലുമായി വിദ്യാഭ്യാസം. 1964 മുതൽ കലാലയാദ്ധ്യാപകനാണ്. സെന്റ് ആൽബർട്ട്സ് കോളേജിലാണ് ആദ്യനിയമനം. തുടർന്ന് കാസർകോഡ് ഗവൺമെന്റ് കോളേജ്, പാലക്കാട് വിക്ടോറിയ ഗോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, ചിററൂർ ഗവൺമെന്റ് കോളേജ്, പട്ടാമ്പി സംസ്കൃതകോളേജ് എന്നിവിടങ്ങളിലും ജോലി നോക്കി. തുടർന്ന് മഹാരാജാസിൽ മലയാളം പ്രൊഫസറും വകുപ്പദ്ധ്യക്ഷനുമായി. പിന്നീട് മണിമലക്കുന്ന് കോളേജിൽ പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചു.

കോഴിക്കോട്-മഹാത്മാഗാന്ധി സർവ്വകലാശാലകളിൽ പാഠപുസ്തകകമ്മിററിയംഗം, (എം.എ.പ്രീവിയസ്) പരീക്ഷാബോർഡ് ചെയർമാൻ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. താലന്ത്, ചെറുപുഷ്പം, സെന്റ് പോൾസ് പബ്ലിക്കേഷൻസ് തുടങ്ങിയവയുടെ പത്രാധിപസമിതിയംഗം കൂടിയാണ് പ്രൊഫ.റെക്സ്. കവിസമാജത്തിന്റെ കാര്യദർശിയായും മലയാളസാഹിത്യമണ്ഡലം, സാഹിത്യപരിഷത്ത്, സർഗ്ഗവേദി എന്നിവയിലും ഔദ്യോഗികസ്ഥാനം വഹിച്ചിട്ടുണ്ട്.

പ്രൊഫ.റെക്സിന്റെ കൃതികൾ താഴെപറയുന്നവയാണ് (1) നീ എന്റെ കാവ്യകുമാരി (2) അതിഥി (3) ഐഷീകം (4) തീർത്ഥം (5) ഞായറാഴ്ചക്കവിതകൾ-1 (6) ഞായറാഴ്ചക്കവിതകൾ-2 (7) ഞായറാഴ്ചക്കവിതകൾ-3 (8) ഞായറാഴ്ചക്കവിതകൾ-4 (9) ഞായറാഴ്ചക്കവിതകൾ-5 (10) കറുത്ത സൂര്യൻ (11) കല്ക്കി.

തീർത്ഥത്തിന് 91-ലെ ക്രൈസ്തവസാഹിത്യ അക്കാദമി അവാർഡും, ഐഷീകത്തിന് 1992-ലെ ചങ്ങമ്പുഴ അവാർഡും ലഭിച്ചു. ഞായറാഴ്ചക്കവിതകൾ മൂന്നാം ഭാഗത്തിന് 1995-ലെ കെ.സി.ബി.സി. അവാർഡുനേടി. ഇതുവരെയുള്ള റെക്സിന്റെ കാവ്യസംഭാവനയെ മാനിച്ച് 1999-ലെ വാമദേവൻ അവാർഡും ലഭിച്ചു. ഞായറാഴ്ചക്കവിതകൾ 5-ാം ഭാഗത്തിന് 2002-ലെ മേരിവിജയം അവാർഡും കരസ്ഥമാക്കി. 2005 ലെ വെണ്മണി സ്മാരക പുരസ്കാരവും ലഭിച്ചിട്ടുണ്ട്.


www.malankaralibrary.com

പന്തപ്പറമ്പിൽ സേവ്യർ-മേരിക്കുട്ടി ദമ്പതികളുടെ മകൾ വിന്നിയാണ് റെക്സിന്റെ ഭാര്യ.

വിലാസം - പ്രൊഫ. റെക്സ് കണ്ണങ്കേരി, രഞ്ജനം, ഇ.എസ്സ്.ഐ. റോഡ്, കൊച്ചി-18

# 266

# ഡോ. ജോർജ്ജ് അരീയ്ക്കൽ



ജർമ്മനിയുടെ സാമൂഹ്യജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുകയും യുവജനകൂട്ടായ്മ എല്ലായിടത്തും ശക്തിപ്പെടുത്തുന്നതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്ത ജോർജ്ജ് അരീയ്ക്കൽ നെടുമ്പാശ്ശേരി പഞ്ചായത്തിൽ മേയ്ക്കാട് ഗ്രാമത്തിൽ അരിയ്ക്കൽ ദേവസ്യാ - ത്രേസ്യാ ദമ്പതികളുടെ എട്ടുമക്കളിൽ എട്ടാമനായി 1939 ഡിസംബർ 30-ാം തീയതി ജനിച്ചു. മൂല്യാധിഷ്ഠിതജീവിതത്തിനും അർപ്പണ മനോഭാവത്തിനും ആദ്ധ്യാത്മിക ചൈതന്യത്തിനും നല്ല മാതൃകയായിരുന്ന മാതാപിതാക്കളുടെ സ്നേഹസംരക്ഷണയിൽ ആണ് ജോർജ്ജ് വളർന്നുവന്നത്.

മേയ്ക്കാട് പ്രൈമറി സ്കൂൾ, നെടുമ്പാശ്ശേരി മാർ അത്തനേഷ്യസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. 1959-ൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോർജ്ജ് 1959-ൽ സേക്രട്ട് ഹാർട്ട് പെറ്റിറ്റ് സെമിനാറിയിൽ ചേർന്നു. വിദ്യാർത്ഥിയായിരുന്ന കാലത്ത് സൊഡാലിറ്റിയുടെ പ്രസിഡണ്ടായും വേദോപദേശ ആദ്ധ്യാപകനായും പ്രവർത്തിച്ചിരുന്നു. ഈ പ്രവർത്തനങ്ങളാണ് ദൈവശാസ്ത്രപഠനത്തിന് പ്രേരണ നൽകിയത്. രണ്ടുവർഷത്തെ മൈനർ സെമിനാരി പഠനത്തിനു ശേഷം ഉപരിപഠനാർത്ഥം ജർമ്മനിയിലേക്ക് 1961 ജൂലൈ 8-ാം തീയതി കൊച്ചിതുറമുഖത്തുനിന്നും കപ്പൽ മാർഗ്ഗം യാത്ര തിരിച്ചു. ഇറ്റലിയിലെ, ജനോവായിൽ എത്തി അവിടെനിന്നും ആസ്ത്രിയ, മ്യൂണിച്ചു വഴി ട്രെയിനിൽ ഐഹ്സ്റ്റേറ്റ് (Eichstaett) എന്ന പഠനസ്ഥലത്ത് ജൂലായ് 24-ാം തീയതി എത്തിച്ചേർന്നു. തെക്കൻ ജർമ്മനിയിലെ ബെവേറിയൻ (Bavaria) സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന അതിമനോഹരമായ ഒരു പട്ടണമാണ് ഐഹ്സ്റ്റേറ്റ്. ഒരു കത്തോലിക്കാ രൂപതയുടെയും കത്തോലിക്കാ യൂണിവേഴ്സിറ്റിയുടെയും ആസ്ഥാനം കൂടിയാണ് ഈ സ്ഥലം. രൂപതയുടെ സകോളർഷിപ്പ് യൂണിവേഴ്സിറ്റിയിൽ ഫീസില്ലാതെ പഠിയ്ക്കാനുള്ള സൗകര്യം ഉണ്ടാക്കി.

സെമിനാരിയിലെ അന്തേവാസികൾ ബ്രദർ ജോർജ്ജിനെ സ്നേഹ

www.malankaralibrary.com

പൂർവ്വം സ്വീകരിച്ചു. ഇംഗ്ലീഷ് അറിയാൻ പാടില്ലാത്ത ആതിഥേയർ ലാറ്റനിൽ സ്വാഗത പ്രസംഗം നടത്തിയപ്പോൾ അതിഥി ഒരു പുഞ്ചിരിയിൽ മറുപടി ഒതുക്കി. ജൂലൈയിൽ ജർമ്മനിയിൽ അവധിയായിരുന്നതിനാൽ ഒരു സഹപാഠിയുടെ വീട്ടിൽ ബവേറിയൻ ഗ്രാമത്തിൽ അവധിക്കാലം കഴിച്ചുകൂട്ടി. ഭാഷ പഠിക്കുകയെന്നതായിരുന്ന പ്രധാനലക്ഷ്യം. അതിനിടയിൽ അപ്രതീക്ഷിതമായ ഒരു സംഭവം ജർമ്മനിയിൽ ഉണ്ടായി. ആഗസ്റ്റ് 13-ാം തീയതി. അന്നാണ് ജർമ്മനിയിൽ ബർലിൻ മതിൽ നിർമ്മിച്ചത്. സ്വാതന്ത്ര്യത്തിനുവേണ്ടി കിഴക്കൻ ജർമ്മനിയിൽ നിന്നും ഒളിച്ചോടുന്നവരെതടുക്കുവാനും വേണ്ടി വന്നാൽ അവരെ കൊല്ലാനും വേണ്ടി നിർമ്മിച്ച മതിൽ കമ്മ്യൂണിസത്തിന്റെ ക്രൂരതയെ തുറന്നുകാട്ടാൻ വേറെ ഒന്നുംതന്നെ വേണ്ട. മൂന്നാം ലോകമഹായുദ്ധം പൊട്ടിപുറപ്പെട്ടേക്കാമെന്ന് ഉള്ളഭയം ഗ്രാമവാസികളിൽ തെളിഞ്ഞുകിടന്നിരുന്നു. ജോർജ്ജിന്റെ ചിന്താരീതികളിലും അന്വേഷണങ്ങളിലും മനസ്സറിയാതെ സ്വാധീനിച്ചതായിരുന്നു ഈ സംഭവവികാസങ്ങൾ. കേരളത്തിലെ വിമോചന സമരകാലത്ത് കുത്തിവയ്ക്കപ്പെട്ട കമ്മ്യൂണിസ നീരസം പതിന്മടങ്ങായി വർദ്ധിക്കുന്ന ഒരു ഭീകരസംഭവമായിരുന്നു ഈ ബർളിൻ മതിലും മറ്റും. ആഗോളതലത്തിലുള്ള രാഷ്ട്രീയ സാമൂഹ്യസാമ്പത്തിക സ്ഥിതിഗതികളെപ്പറ്റി ഉണർന്ന മനസ്സോടെ ചിന്തിയ്ക്കുവാനും അവലോകനം ചെയ്യുവാനും ആദ്യമായി പ്രേരണ നൽകിയ ഒരു സംഭവമായിരുന്നു ഇത്. ഈ സംഭവവികാസങ്ങളെ വിലയിരുത്തിക്കൊണ്ട് ജോർജ്ജ് സത്യദീപത്തിൽ ഒരു ലേഖനം എഴുതി.

ഇന്ത്യയിൽ ലഭിച്ച സർട്ടിഫിക്കറ്റുകൾ, ജർമ്മൻ യൂണിവേഴ്സിറ്റിയിൽ പഠിക്കുവാനുള്ള അർഹത നേടിയിരുന്നില്ല. ബി.എ. യ്ക്കോ ബി.എഡിനോ സമാനമായ ഒരു പരീക്ഷ എഴുതി പാസ്സാകണമെന്ന് വ്യവസ്ഥ നിരാശാജനകമായിരുന്നുവെങ്കിലും 1962-ൽ തന്നെ പാസ്സാകുവാൻ ജോർജ്ജിന് സാധിച്ചു. തുടർന്ന് ഫിലോസഫി പഠനം ആരംഭിച്ചു.

രണ്ടാം വത്തിക്കാൻ സൂനഹദോസ് ആരംഭിച്ച കാലമായിരുന്നു അത്. പല പുരോഗമനാശയങ്ങളും കത്തോലിക്കാ സഭയിൽ പൊന്തി വന്നു. സഭയിൽ പ്രവർത്തിക്കുവാൻ ഉത്തേജനം നൽകുന്ന സന്ദേശങ്ങളാണ് ഈ സൂനഹദോസിൽ നിന്നും പൊന്തിവന്നത്. 1962-ൽ ഫ്രാൻസിൽ സംഘടിപ്പിയ്ക്കപ്പെട്ട പാക്സ് ക്രിസ്റ്റി (Pax Christi) യാത്രയിൽ അദ്ദേഹം പങ്കെടുത്തു. കത്തോലിക്കാ സഭയുടെ ചട്ടക്കൂട്ടിൽനിന്ന് ലോകസമാധാനത്തിനും നീതിക്കും വേണ്ടി പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് പാക്സ് ക്രിസ്റ്റി. പശ്ചിമ യൂറോപ്പിലെ എല്ലാ രാജ്യങ്ങളിൽ നിന്നും പ്രധാനമായി യുവജനങ്ങൾ രണ്ടാഴ്ച നീണ്ടുനിന്ന ഈ സമ്മേളനത്തിൽ പങ്കെടുത്തു. സഭാതലത്തിലും സമൂഹത്തിലും രാഷ്ട്രീയമായും സാമ്പത്തികമായും ബന്ധപ്പെട്ടു കിടക്കുന്ന പലവിഷയങ്ങളും ഈ യുവജനസംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടു. ഭാവി ചിന്താഗതികളെയും പ്രവർത്തനരീതികളെയും സമീപനരീതികളെയും ഗണ്യമായി

www.malankaralibrary.com

തന്നെ സ്വാധീനം ചെയ്ത ഒരു സമ്മേളനമായിരുന്നു ഇത്.

1964-ൽ ഫിലോസഫി പഠനത്തിലെ പരീക്ഷകൾ പാസ്സാകുകയും തിയോളജി പഠനം ആരംഭിക്കുവാനുള്ള സാഹചര്യം ഉടലെടുക്കുകയും ചെയ്തു. ഈ പ്രത്യേക ഘട്ടത്തിൽ തികച്ചും വ്യക്തിപരമായ കാരണങ്ങളാൽ പഠനവിഷയവും പഠനസ്ഥലവും മാറുവാൻ തീരുമാനിച്ചു. ഏത് ജീവിത അന്തസ്സിൽ ജീവിച്ചാലും സാധിക്കുംവിധം സഭയുടെ ദൗത്യം നിറവേറ്റുക എന്ന കാർഡിനൽ പാറേക്കാട്ടിൽ തിരുമേനിയുടെ ഉപദേശം സ്വീകരിച്ച് പുതിയ പഠനം ആരംഭിച്ചു.

തെക്കൻ ജർമ്മനിയിൽ ബ്ലാക്ക് ഫോറസ്റ്റിന്റെ (Black Forest) തലസ്ഥാനം എന്നറിയപ്പെടുന്ന ഫ്രൈബുർഗ് (Freiburg) പട്ടണം ആയിരുന്നു പുതിയ പഠനസ്ഥലം. ധനതത്വശാസ്ത്രം പുതിയ വിഷയവും. പഠനത്തോടൊപ്പം പാക്സ് ക്രിസ്റ്റി സംഘടനയിലും കത്തോലിക്കാ വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ സമൂഹത്തിലും സജീവമായി പ്രവർത്തിച്ചിരുന്നു. യൂണിവേഴ്സിറ്റിയിലെ ഇന്റർനാഷണൽ ക്ലബ്ബിന്റെ പ്രസിഡണ്ടും ഇൻഡോ - ജർമ്മൻ സൊസൈറ്റിയുടെ പ്രസിഡണ്ടും ആയി കുറെ വർഷങ്ങൾ പ്രവർത്തിച്ചു. പഠനം പ്രശ്നമല്ലായിരുന്നുവെങ്കിലും സാമ്പത്തികമായി ഉപജീവനമാർഗ്ഗം കണ്ടുപിടിക്കുവാൻ പ്രയാസമായിരുന്നു. പുതിയ സ്കോളർഷിപ്പ് ലഭിക്കുന്നതുവരെ ലഭിച്ച ജോലികൾ എല്ലാംതന്നെ ചെയ്തു. ഫ്രൈബുർഗ് പട്ടണത്തിലെ ട്രാം കണ്ടക്ടർ ആയി ചെയ്തിരുന്ന ജോലിയായിരുന്നു ജോർജ്ജിന് ഏറ്റവും ഇഷ്ടം.

ഇന്റർ നാഷണൽ ക്ലബിലേയും പാക്സ് ക്രിസ്റ്റിയിലെയും ചർച്ചകൾ ആഗോളതലത്തിലുള്ള സംഭവവികാസങ്ങളെപ്പറ്റി പഠിക്കുവാനും പുതിയ കാഴ്ചപ്പാടിൽ വിശകലനം ചെയ്യാനും സഹായകരമായി. അന്ന് നടന്നിരുന്ന വിയറ്റ്നാം യുദ്ധവും കോളനികളിൽ നടന്നിരുന്ന ചൂഷണങ്ങളും അന്താരാഷ്ട്രരംഗത്ത് ഉരുത്തിരിഞ്ഞുവരുന്ന അനീതികളും മറ്റും പുതിയ ചിന്തകൾക്ക് വഴി തെളിച്ചു. ആഗോളവൽക്കരണത്തിന്റെ വിവിധ വശങ്ങളെപ്പറ്റി യൂണിവേഴ്സിറ്റി പഠിപ്പിച്ചു. 1968-ൽ ഫ്രാൻസിൽ പൊട്ടിപുറപ്പെട്ടതും ജർമ്മനിയിലേക്ക് പടർന്നു പിടിച്ചതുമായ വിദ്യാർത്ഥി പ്രതിപക്ഷസമരം ഫ്രൈബുർഗ് യൂണിവേഴ്സിറ്റിയിലും ആഞ്ഞടിച്ചു. ഈ സംഭവങ്ങൾ കമ്മ്യൂണിസത്തോടുള്ള നീരസം കുറയ്ക്കുവാനും നീതിയും സമാധാനവും പുലർത്തുവാൻ ജനാധിപത്യസോഷ്യലിസത്തിന് സാധിച്ചേക്കുമെന്നുമുള്ള വിശ്വാസം പുലർത്തുവാനും ജോർജ്ജിനെ പ്രേരിപ്പിച്ചു.

1969-ൽ ധനതത്വശാസ്ത്രത്തിൽ യൂണിവേഴ്സിറ്റി ഡിഗ്രി ലഭിച്ചു. ഡവലപ്മെന്റ് എക്കണോമിക്സിൽ ഡോക്ടറേറ്റ് ചെയ്യാനുള്ള അനുവാദം ലഭിച്ചു. സാമ്പത്തിക സാമൂഹ്യവികസനതലത്തിൽ ഗവൺമെന്റിതരഏജൻസികൾ (Non Governmentel Organisation (NGOS)) എന്തെല്ലാം പങ്കുവഹിക്കുന്നു ഏതെല്ലാം സാഹചര്യത്തിൽ അവർക്ക് നന്നായി വിജയപ്രദമായി

www.malankaralibrary.com

പ്രവർത്തിക്കാം എന്നെല്ലാമായിരുന്നു ഗവേഷണത്തിൽ അന്വേഷിച്ചിരുന്ന ചോദ്യങ്ങൾ. ഇങ്ങനെയുള്ള ചർച്ചകൾ അറുപതുകളിൽ ആരംഭിച്ചിരുന്നു. അന്ന് ഗവേഷണഫലങ്ങളോ, ബുക്കുകളോ ഈ വിഷയത്തെപ്പറ്റി ഇല്ലായിരുന്നു. ഫീൽഡ് റിസേർച്ചിന്റെ ആവശ്യം മനസ്സിലാക്കി ജർമ്മൻ കത്തോലിക്കാസഭയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ വികസനസംഘടനയായ മിസേരയോർ (Misereor) സഹായം നൽകാൻ സമ്മതിച്ചു. ഫ്രൈബുർഗ് യൂണിവേഴ്സിറ്റിയുടെ അക്കാഡമിക് ഗൈഡൻസിൽ 1970 മുതൽ 1971 വരെ റാഞ്ചി ആസ്ഥാനമാക്കി ബീഹാറിൽ ഗവേഷണം ചെയ്തു. മിസേരയോർ ഒന്നിച്ചുള്ള കൂട്ടുപ്രവർത്തനം ബീഹാറിലെ ക്രിസ്ത്യൻഏജൻസികളുടെ വാതിൽ തുറക്കുവാൻ സഹായിച്ചു. ഫ്രൈബുർഗ് യൂണിവേഴ്സിറ്റിയുടെ അധീനതയിൽ ഗവേഷണം നടത്തിയതുകൊണ്ട് ഇന്ത്യൻവിദ്യാഭ്യാസസ്ഥാപനങ്ങൾ കാര്യമായി സഹായിച്ചു. 1972-ൽ ജർമ്മനിയിൽ തിരിച്ചെത്തി ഗവേഷണഫലങ്ങൾ റിപ്പോർട്ടു ചെയ്യുകയും തീസസിന്റെ പകർപ്പ് യൂണിവേഴ്സിറ്റിക്ക് സമർപ്പിക്കുകയും ചെയ്തു. 1974-ൽ തീസസ് പുസ്തകമായി പ്രസിദ്ധീകരിച്ചു.

1972 നവംബറിൽ ആദ്യമായി ജോലി ആരംഭിച്ചു. അഖില ജർമ്മൻ കത്തോലിക്കാ യൂത്തിന്റെ (Federation of German Catholic Youth) ആസ്ഥാനമായ ഡ്യൂസൽദോഫിൽ (Duesseldorf) ആയിരുന്നു കേന്ദ്ര ഓഫീസ്. ജർമ്മൻ ബിഷപ്സ് കോൺഫറൻസിന്റെ യുവജനസേവന വിഭാഗവും ഇതേ ഓഫീസിൽ തന്നെയായിരുന്നു പ്രവർത്തിച്ചിരുന്നത്. ഓഫീസർ ഇൻ ചാർജ് ഓഫ് ഡവലപ്മെന്റ് അഫയേഴ്സ് എന്നായിരുന്നു ജോലിയുടെ പേര്. വികസന വിഷയങ്ങളെപ്പറ്റി ജർമ്മൻ യുവജനങ്ങളെ ബോധവാന്മാരാക്കുകയെന്നതായിരുന്നു ഈ ജോലിയുടെ പ്രധാന കടമ. ജർമ്മൻ കത്തോലിക്കാ യുവജനങ്ങളിൽ ഒരു നല്ല വിഭാഗം 17 വിവിധതരം സംഘടനകളിൽ ഒന്നിൽ അംഗങ്ങളായിരുന്നു. കത്തോലിക്കാ ബിഷപ്സ് കോൺഫറൻസിന്റെ അംഗീകാരത്തിൽ പ്രവർത്തിച്ചിരുന്ന ഈ സംഘടനകൾ എല്ലാം 22 രൂപതകളിലും സജീവമായിരുന്നു. മിഷൻ പ്രവർത്തനം, സമാധാനം, നീതി, വികസനം എന്ന വിഷയങ്ങളെപ്പറ്റിയുള്ള ചർച്ചകളും പ്രവർത്തനങ്ങളും അറുപതുകളിൽ വളർന്നുവന്ന സാഹചര്യത്തിൽ ദേശീയതലത്തിൽ ഒരു കോർഡിനേഷൻ ആവശ്യമായി വന്നു. ഇതിനുവേണ്ടി പുതിയതായി ആരംഭിച്ച തസ്തികയിലാണ് ജോർജ് പ്രവർത്തനം ഏറ്റെടുത്തത്. ജർമ്മൻ പ്രോട്ടസ്റ്റന്റ് സഭകൾ ഒന്നിച്ചുചേർത്ത് ഇതുപോലുള്ള ഒരു പ്രവർത്തനമേഖല യുവജനങ്ങൾക്കുവേണ്ടി ആരംഭിച്ചിരുന്നു. അവരുമായി വികസനതലത്തിൽ വളരെ നല്ല ഒരു കൂട്ടുപ്രവർത്തനം ഉണ്ടായിരുന്നു.

യുവജനസംഘടനകൾ പലതരം പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നു. ജർമ്മൻ ഗവൺമെന്റും സഭകളും അവരെ സാമ്പത്തികമായി സഹായിച്ചിരുന്നു. മിസേറയോർ, മിസ്സിയോ, പേപ്പൽ മിഷൻ ഫോർ ചിൽഡ്രൻ

www.malankaralibrary.com

എന്നീ സംഘടനകൾ കാര്യമായ സഹകരണം നൽകുകയും ചെയ്തു. ധാരാളം സെമിനാറുകളും കോൺഫറൻസുകളും സംഘടിപ്പിക്കപ്പെട്ട യൂത്ത് ആക്ഷന്റെ കാലമായിരുന്നു എഴുപതുകളും എൺപതുകളും. എക്യുമിനിസം ശരിയായവിധത്തിൽ പ്രാവർത്തികമാക്കിയ ഒരു കാലഘട്ടമായിരുന്നു ഈ സമയം. കൊളോണിയത്തിന്റെ ദൂഷ്യവശങ്ങളെപ്പറ്റിയും റെയിസിസത്തിന്റെ ക്രൂരതയെപ്പറ്റിയും (Racism) ലോകസാമ്പത്തിക സ്ഥിതിയിൽ ഭരിക്കുന്ന അനീതിയെപ്പറ്റിയും, ഇതിലെല്ലാം ജർമ്മനിയുടെ കൂട്ടുത്തരവാദിത്വത്തെപ്പറ്റിയും ബോധവാന്മാരാകുവാൻ പല ആക്ഷൻസും Campaignings കളും ആവിഷ്ക്കരിക്കപ്പെട്ടു. ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ ജർമ്മൻ ഗവൺമെന്റും ജർമ്മൻ ക്രിസ്തീയ സഭകളും പ്രതിക്കൂട്ടിൽ ആയേക്കാമെന്നുള്ള അറിവ് ഉണ്ടായിരുന്നിട്ടും സഭാധികാരികളും ഗവൺമെന്റും സാമ്പത്തികമായി സഹായിച്ചു എന്നുള്ള സത്യം വിസ്മരിക്കത്തക്കതല്ല.

Angole sunday, Namitra week, South African Compaigning, Action Third world Trade, UNCTAD Campaign എന്നീ പേരുകളിൽ ആയിരുന്നു പ്രധാനപരിപാടികൾ. പശ്ചിമ ജർമ്മനിയിലെ ഇടവകകളിൽ യുവജനങ്ങൾ ഈ പ്രവർത്തനങ്ങളിൽ സജീവമായി സഹകരിച്ചു. ഇവർക്കുവേണ്ടിയുള്ള ഇൻഫർമേഷൻ ശേഖരിക്കുക, പ്രസിദ്ധീകരിക്കുക, സെമിനാറുകളും കോൺഫറൻസുകളും സംഘടിപ്പിയ്ക്കുക, ഗവൺമെന്റും സഭാനേതൃത്വവും ആയി ബന്ധപ്പെടുക, ഇതിനുവേണ്ടിയുള്ള ഫണ്ട് ശേഖരിക്കുക തുടങ്ങിയ ചുമതലകൾ സെൻട്രൽ ഓഫീസിനായിരുന്നു. പബ്ലിക് റിലേഷൻ ജോലിയും അതിൽ ഉൾപ്പെട്ടിരുന്നു. അന്ന് ആരംഭിച്ച ആക്ഷൻ തേർഡ് വേൾഡ് ട്രേഡ് ഇപ്പോൾ ഫെയർ ട്രെയിഡ് എന്ന പേരിൽ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. വികസ്വര രാജ്യങ്ങളിൽ നിർമ്മിക്കപ്പെടുന്ന പാവപ്പെട്ടവരുടെ ഉൽപന്നങ്ങൾക്ക് ലോകമാർക്കറ്റിൽ പ്രവേശിനം കൊടുക്കുകയും നീതിപരമായ വില നൽകുകയും ചെയ്യുക എന്നുള്ളതാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. യുവജനങ്ങൾ ഈ ലക്ഷ്യപ്രാപ്തിക്കായി വളരെയധികം സമയം ചിലവഴിക്കുന്നു.

1976 ൽ ജർമ്മനിയിൽ സംഘടിപ്പിക്കപ്പെട്ട UNCTAD Campaign നുവേണ്ടി കെനിയായുടെ തലസ്ഥാനമായ നെയ്റോബിയിൽ നടന്ന യുണൈറ്റഡ് നേഷൻസ് കോൺഫറൻസ് ഓൺ ട്രെയിഡ് ആൻഡ് ഡവലപ്മെന്റിൽ ജോർജ് സംബന്ധിച്ചു. പലരാജ്യങ്ങളിൽനിന്നും സന്നിഹിതരായിരുന്ന NGOs ആയി ഒന്നിച്ചു പ്രവർത്തിച്ചു. ഒരുമാസം നീണ്ടുനിന്ന ഈ കോൺഫറൻസ് കണ്ണുതുറപ്പിക്കുന്നതായിരുന്നു. ഇതേയനുഭവമായിരുന്നു ബൽഗ്രേഡിൽ നടന്ന കോൺഫറൻസിൽ നിന്നും ലഭിച്ചത്.

ജർമ്മൻ കത്തോലിക്കായുവജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചിരുന്നപ്പോൾ ധാരാളം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ധാരാളം ക്ലാസ്സുകൾ നടത്തുകയും പ്രസംഗപരമ്പരകൾ സംഘടിപ്പിക്കുകയും ചെയ്തു. അഖിലലോക കോൺഫറൻസുകളിൽ പങ്കെടുക്കാൻ ഇവയെല്ലാം സഹായകര

www.malankaralibrary.com

മായി. ജർമ്മൻ ജസ്റ്റീസ് ആൻഡ് പീസ് കമ്മീഷൻ അംഗം, മിസോയോന്റെ പല വർക്കിംഗ് കമ്മറ്റികളിലും അംഗം, പേപ്പൽ മിഷൻ ഫോർ ചിൽഡ്രൻ എന്ന സംഘടനയുടെ പ്രോജക്ട് സെലക്ഷൻ കമ്മറ്റിയിൽ അംഗം, കാത്തലിക് വോളണ്ടറി സർവ്വീസ് ആയ AGEH സംഘടനയുടെ അംഗത്വം ഇവയെല്ലാം ജോർജ്ജിന് പല അനുഭവങ്ങളും ലഭിക്കുന്നതിനിടയായി. കത്തോലിക്കാ സഭയുടെ പുറത്തും പല സംഘടനകളിലും പ്രസ്ഥാനങ്ങളിലും ജോർജ്ജ് പ്രവർത്തിച്ചിട്ടുണ്ട്. ജർമ്മൻ യുവജനസംഘടനകളുടെ പ്രതിനിധിയായി 1973 ൽ ഈസ്റ്റ് ബർലിനിൽ നടന്ന അഖില ലോക യുവജന കോൺഗ്രസ്സിൽ അദ്ദേഹം പങ്കെടുത്തു. പല വിദേശയുവജനസംഘടനകളുടെ പ്രതിനിധികളുമായി ബന്ധപ്പെടുവാനും സാധിച്ചു. 1973 മുതൽ 1986 വരെ ജർമ്മനിയിൽ സംഘടിപ്പിക്കപ്പെട്ട എല്ലാ കത്തോലിക്കാ കോൺഗ്രസ്സുകളിലും പ്രോട്ടസ്റ്റന്റ് സഭാകോൺഗ്രസ്സുകളിലും സജീവമായി പങ്കെടുക്കുന്ന ജോർജ്ജ് ഇരുസഭകളും യോജിച്ച് ആവിഷ്കരിച്ച ഡവലപ്മെന്റ് ഡയലോഗ് പ്രോഗ്രാമിലും പങ്കെടുക്കുകയുണ്ടായി. ജർമ്മൻ ട്രേഡ് യൂണിയനുമായി സഭാപ്രതിനിധികൾ വികസന ഉത്തരവാദിത്വത്തേയും സാധ്യതകളേയുംപറ്റി ധാരാളം ചർച്ചകൾ നടത്തിയിരുന്നു. ഈ പ്രോഗ്രാമുകളിൽ സഭയുടെ പ്രതിനിധികളിൽ ഒരാളായിരുന്നു ജോർജ്ജ്.

ജർമ്മൻ പാർലമെന്റിന്റെ വികസനകമ്മറ്റിയിൽ ചർച്ചക്കുവേണ്ടി ജോർജ്ജ് ക്ഷണിക്കപ്പെട്ടിട്ടുണ്ട്. 1978 ൽ മിസേരയറിനുവേണ്ടി മാനന്തവാടി രൂപതയിൽ മൂന്നുമാസം വികസനപഠനം നടത്തി. ജർമ്മൻ കത്തോലിക്കാ സഭയിൽ വികസനത്തെപ്പറ്റി നടന്നിരുന്ന പ്രധാനചർച്ചകളിൽ ജോർജ്ജ് പങ്കെടുക്കുകയുണ്ടായി. ഏഷ്യയിലെയും മദ്ധ്യഅമേരിക്കയിലെയും തെക്കേ അമേരിക്കയിലെയും ആഫ്രിക്കൻ രാജ്യങ്ങളിലെയും വിളിയും ദൗത്യവും കേൾപ്പിക്കാൻ യുവജനങ്ങൾവഴി സാധിച്ചു. തെക്കേ അമേരിക്കയിൽ വിമോചന ദൈവശാസ്ത്രം വളരെയധികം സ്വാധീനം ചെലുത്തിയിരുന്നു. ജർമ്മനിയിലെ യുവജനതയിലും വളരെയധികം സ്വാധീനം ചെലുത്തിയിരുന്നു. ബിഷപ്പ്ഡോം ഹെൽഡർക്യാമറായും മദർതെരേസായും ജർമ്മൻ സന്ദർശിച്ചപ്പോൾ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്ന കൂട്ടുത്തരവാദിത്വം ജോർജ്ജിനായിരുന്നു. 1997 ൽ സെപ്റ്റംബർ മാസം മദർതെരേസായുടെ സംസ്കാരകർമ്മം ജർമ്മൻ ടെലിവിഷനിൽ പ്രക്ഷേപിച്ച സമയം സ്റ്റുഡിയോയിൽ ഗസ്റ്റ് ആയി പങ്കെടുത്തു.

ഔദ്യോഗിക ജോലിക്കുപുറമേ ജർമ്മനിയിലെ ഇന്ത്യാക്കാരും പ്രത്യേകിച്ച് മലയാളികളുമായി ഒന്നിച്ചു പ്രവർത്തിക്കാൻ ജോർജ്ജ് സമയം കണ്ടെത്തി. അവർ ഒന്നിച്ച് സെമിനാറുകൾ സംഘടിപ്പിക്കുകയും വിസാജോലി പ്രശ്നങ്ങളിൽ പരിഹാരം കണ്ടെത്തുവാൻ സഭാധികാരികളും ഗവൺമെന്റ് ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും ചെയ്തു. സ്വന്തം രാജ്യത്തെ സഹോദരിസഹോദരങ്ങളെ സഹായിക്കുവാൻ ധാർമ്മിക കടമ

www.malankaralibrary.com

വിദേശമലയാളികൾക്കും ഉണ്ട് എന്ന വിശ്വാസത്തിൽ ഇതേരീതിയിൽചിന്തിക്കുന്ന പലരുംചേർന്ന് സെൽഫ് ഹെൽപ് ഫോർ ഇന്ത്യാ (Self help for India) എന്ന സംഘടനക്കു രൂപംകൊടുത്തു. അതിന്റെ ആദ്യത്തെ പ്രസിഡണ്ടും ജോർജ്ജ് ആയിരുന്നു. ഇന്ത്യൻ സംസ്കാരത്തിന്റെ സത്ത ജർമ്മനിയിൽ പകരുവാൻ സെൽഫ് ഹെൽപ് ഫോർ ഇന്ത്യയ്ക്കു സാധിച്ചുവെന്നുപറയാം. ഭാരതീയ സ്വയംസഹായസമാജം എന്നാണത് അറിയപ്പെടുന്നത്. 1984 ൽ മദ്ധ്യപ്രദേശിൽ ആവിഷ്കരിച്ചിരുന്ന ഒരു വികസനപദ്ധതി വിലയിരുത്തിയതിനെതുടർന്നാണ് കാറൽ ക്യൂബൻ ഫൗണ്ടേഷനു (KARL KUEBEL Foundation) മായി ബന്ധപ്പെടുന്നത്. ഈ ഫൗണ്ടേഷൻ യൂറോപ്യൻ യൂണിയന്റെ വികസന സഹായത്തോടെ സിൽവാണി എന്ന താലൂക്കിൽ കുര്യാക്കോസ് ഏലിയാസ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വികസനപദ്ധതി ആവിഷ്കരിച്ചിരുന്നു. ഈ പ്രോജക്ടിനെപ്പറ്റി പഠിക്കുന്ന സമയത്താണ് അവിടെ ജീവിക്കുന്ന ആദിവാസി കുടുംബങ്ങളുടെ ജീവിതചുറ്റുപാടുകൾ മനസ്സിലാക്കിയത്. Preferential option of the poor പ്രാവർത്തികമാക്കുവാൻ സേവനം ചെയ്യുന്ന സിസ്റ്റേഴ്സിന്റെയും വൈദികരുടെയും സമർപ്പണബോധം വളരെയധികം ഉത്തേജനവും ആശയും നൽകിയതായി ജോർജ്ജ് ഓർമ്മിക്കുന്നു. പഠിപ്പിയ്ക്കലിൽനിന്നും പ്രായോഗികതലത്തിലേക്ക് മാറുവാൻ ജോർജ്ജിന് അത് പ്രേരണയായി. 1985 ൽ കെ.കെ.എസ്സ്.ന്റെ ഡവലപ്മെന്റ് കോർപ്പറേഷൻ ഡിപ്പാർട്ടുമെന്റ് തലവനായി ജോർജ്ജ് ജോലി ആരംഭിച്ചു. രണ്ടുവർഷത്തിനുശേഷം 1987 ൽ KKS ന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി ചാർജ് ഏറ്റെടുത്തു. അന്ന് ജർമ്മനിയിലും വിദേശരാജ്യങ്ങളിലും KKS ആവിഷ്ക്കരിച്ചിരുന്ന എല്ലാ പ്രോഗ്രാമുകളുടെയും ഉത്തരവാദിത്വം വഹിക്കുക എന്നുള്ളതായിരുന്നു ജോർജ്ജിന്റെ കടമ.

കുട്ടികളുടെ വികസനത്തിനും സമുദായത്തിന്റെ സമഗ്രമായ വികസനത്തിനും കുടുംബത്തിന് വലിയകടമയും പങ്കും ഉണ്ട് എന്നുള്ള വിശ്വാസത്തിലാണ് കാറൽക്യൂബൽ എന്ന മഹാവ്യക്തി ഏകദേശം മുന്നൂറ് ദശലക്ഷം ജർമ്മൻ മാർക്ക് നിക്ഷേപിച്ച് കെ.കെ.എസ്സ്. എന്ന ഫൗണ്ടേഷൻ സ്ഥാപിച്ചത്. കുടുംബത്തെ ശക്തിപ്പെടുത്തുകയും കുടുംബത്തിന് ലഭിയ്ക്കേണ്ട അംഗീകാരം ലഭ്യമാകുകയും ചെയ്യുന്നതിനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. ജർമ്മനിയിലും റ്റാൻസാനിയായിലും കെനിയായിലും ഇൻഡ്യയിലും പിന്നീട് ഫിലിപ്പൈൻസിലും റഷ്യയിലും യൂഗോസ്ലാവിയായിലും കെ.കെ.എസ്സ്. പ്രവർത്തനങ്ങളെ സഹായിച്ചിരുന്നു. സമഗ്രവികസനത്തിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുക, കുടുംബവളർച്ചയുമായി ബന്ധപ്പെടുന്ന വ്യക്തികളേയും ഏജൻസികളേയും ബോധവാന്മാരാക്കുക, ഇതിനുവേണ്ടി വികസ്വര രാജ്യങ്ങളിൽ വികസനപ്രവർത്തനങ്ങൾ നടത്തുക, ജർമ്മനിയിൽ വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കുക, മാതൃകാപരമായി പ്രവർത്തിക്കുകയും കുടുംബവളർച്ചയെ പരിപോഷി

www.malankaralibrary.com

പ്പിക്കുകയും ചെയ്യുന്ന Parents Initiatives ൽ ഒരുലക്ഷം മാർക്ക് ഉള്ള കാറൽ ക്യൂബൽസ് അവാർഡ് ഓരോ വർഷവും നൽകുക, ഇതെല്ലാം ആയിരുന്നു ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾ.

കെ.കെ. എസ്സിന്റെ വികസനപരിപാടികളിൽ ഇന്ത്യയ്ക്ക് ഒരു പ്രത്യേകസ്ഥാനം നൽകിയിരുന്നു. ഇന്ത്യയിൽ കന്യാകുമാരി മുതൽ കാശ്മീർവരെ അനവധി വികസനപ്രോജക്ടുകൾ കെ.കെ.എസ്സ്. പ്രൊമോട്ട് ചെയ്യുന്നുണ്ട്. ജോർജ്ജ് എക്സിക്യൂട്ടിവ് ഡയറക്ടറായി ജോലിയാരംഭിച്ചപ്പോൾ ഇന്ത്യയിൽ രണ്ട് പ്രോജക്ടുകളെ മാത്രമേ കെ.കെ.എസ്സ് സഹായിച്ചിരുന്നുള്ളു. പിന്നീട് അതിന്റെ എണ്ണം ശരാശരി വർഷത്തിൽ എൺപതുമുതൽ തൊണ്ണൂറുവരെ ആയി വളർന്നു. ഇന്ത്യയിലുള്ള വികസനപ്രവർത്തനങ്ങളിൽ ക്രിസ്തീയസഭകൾക്കും വിശിഷ്യകത്തോലിക്കാസഭയ്ക്ക് വലിയ പങ്കുണ്ട്. KKS സഹായിക്കുന്ന പദ്ധതികളിലെ ഒരു നല്ലഭാഗം നയിക്കുന്നത് വൈദികരും കന്യാസ്ത്രീകളുമാണ്. ഈ പദ്ധതികളെ കോർഡിനേറ്റ് ചെയ്യുന്നത് സി.എം.ഐ. സഭ സ്ഥാപിച്ച സിറിയക്ക് ഏലിയാസ് വോളണ്ടറി അസോസിയേഷൻ ആണ്. പദ്ധതികളുടെ നടത്തിപ്പുകാർ ആരുതന്നെയായാലും ഗുണഭോക്താക്കൾ സമുദായത്തിൽ അവഗണിക്കപ്പെട്ട സമുദായങ്ങളും കുടുംബങ്ങളും ആയിരിക്കണമെന്നുള്ള തീരുമാനം ശക്തമായിരുന്നു. വികസനപ്രവർത്തനങ്ങളുടെ വിജയം സ്ഥായിയാക്കുവാനും അതുമായി ബന്ധപ്പെട്ടവർക്ക് വാല്യു ബേസിസ് ഓറിയന്റേഷൻ നൽകുവാനും വിജയം തീർച്ച ആക്കുന്ന അറിവും വിദ്യകളും പകരുവാനും വേണ്ടി കെ.കെ.എസ്സ് ഇന്ത്യയിൽ കാറൽ ക്യൂബൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡവലപ്മെന്റ് എഡ്യൂക്കേഷൻ സ്ഥാപിച്ചു. (KKID) നൂറുപേരെ താമസിപ്പിച്ച് പഠിപ്പിക്കുവാനുള്ള ഈ സ്ഥാപനം 1999 ഡിസംബർ 12-ാം തീയതി കോയമ്പത്തൂരിൽ പ്രവർത്തനം ആരംഭിച്ചു.

വിദേശരാജ്യങ്ങളിൽ വികസന പ്രവർത്തനങ്ങളെ സഹായിക്കുന്നതിനോടൊപ്പംതന്നെ നീതിപരമായ ഒരു ലോകസമുദായം കെട്ടിപ്പെടുക്കുവാനുള്ള യൂറോപ്യൻ ജനതയുടെ കൂട്ടുത്തരവാദിത്വത്തെപ്പറ്റിയുള്ള അറിവും അവേർണസും രൂപീകരിക്കുവാൻ Lobbying and Net working പ്രവർത്തനങ്ങളും ആവിഷ്കരിച്ചിരുന്നു. ജർമ്മനിയിലെ Development NGOs ന്റെ നെറ്റ് വർക്കിംഗിന്റെ ആസ്ഥാനം കെ.കെ.എസ്സിന്റെ ആസ്ഥാനം തന്നെയായിരുന്നു. അതിന്റെ കോർഡിനേറ്റർ ആയും വക്താവായും ഏറെക്കാലം ജോർജ്ജ് പ്രവർത്തിക്കുകയുണ്ടായി. ജർമ്മൻ ഗവൺമെന്റുമായും പാർലമെന്റുമായും യൂറോപ്യൻ യൂണിയനുമായും വളരെയധികം ബന്ധപ്പെടുവാൻ ജോർജിന് അവസരം ലഭിക്കുകയുണ്ടായി. കെ.കെ.എസ്സിന്റെ എക്സിക്യൂട്ടിവ് ഡയറക്ടർ എന്ന നിലയിൽ ഉള്ള പ്രവർത്തനങ്ങളിൽക്കൂടി ധാരാളം ബന്ധങ്ങൾ കെട്ടിപ്പെടുക്കുവാനും ധാരാളം രാജ്യങ്ങൾ സന്ദർശിക്കുവാനും ജോർജിന് സാധിച്ചു.

2000-ാമാണ്ടിൽ കെ.കെ. എസ്സിന്റെ പ്രതിനിധിയായി ജോർജ് ഇന്ത്യ

www.malankaralibrary.com

യിലെത്തി. KKID ന്റെ വളർച്ചയ്ക്കുവേണ്ടി പ്രോഗ്രാമുകൾ ആവിഷ്കരിക്കുന്നതിൽ സഹായിക്കുക, പേഴ്സണൽ ഡവലപ്മെന്റിൽ സഹായിക്കുക എന്നതായിരുന്നു ജോർജ്ജിന്റെ മുഖ്യചുമതല. കെ.കെ.എസ്സ്. എക്സിക്യൂട്ടീവ് ബോർഡിനെ ഉപദേശിക്കുക എന്ന ചുമതലയും ആവശ്യം വന്നാൽ പ്രത്യേക ഡ്യൂട്ടി പ്രാവർത്തിമാക്കുക എന്ന കടമയും ജോർജ്ജിനുണ്ടായിരുന്നു. സുനാമി പ്രോജക്ടിനുവേണ്ടി സഹായിച്ചതും ജർമ്മൻ ചീഫ്മിനിസ്റ്ററുടെ അകമ്പടിയോടുകൂടി വന്ന ഡലഗേറ്റിന്റെ ഇന്ത്യൻ സന്ദർശനം കോർഡിനേറ്റ് ചെയ്തതും ഈ പരസ്പരധാരണയുടെ അടിസ്ഥാനത്തിലായിരുന്നു. കാറൽ ക്യൂബൻ ഫൗണ്ടേഷന്റെ ഒരു ഡയറക്ടർ ആയി കെ.കെ.ഐ.ഡി- നു വേണ്ടിയുള്ള പ്രോഗ്രാമിൽ ആവശ്യമായ സഹായം ഇപ്പോഴും ജോർജ് നൽകിക്കൊണ്ടിരിക്കുന്നു.

ജർമ്മനിയിലുള്ള ജീവിതവും ബന്ധങ്ങളും ജോലിയും നേടിതന്ന പ്രധാനപരിചയഫലങ്ങൾ 2002 ൽ ജർമ്മൻ ഭാഷയിൽ എഴുതി ജോർജ് പ്രസിദ്ധീകരിച്ചു. Towards on world അല്ലെങ്കിൽ ഏകലോകത്തേയ്ക്കുള്ള യാത്ര എന്നതായിരുന്നു ജർമ്മൻ തലക്കെട്ടിന്റെ പരിഭാഷണം. ജർമ്മൻ ഫെഡറൽ പ്രസിഡണ്ട് യോഹന്നാസ് റാവു ഈ പുസ്തകം വായിച്ച് പ്രശംസിച്ച് കത്തെഴുതുകയും അദ്ദേഹത്തിന്റെ ഡൽഹി സന്ദർശനവേളയിൽ കാണുവാൻ ക്ഷണിക്കുകയും ചെയ്തു. ഈ പുസ്തകത്തിന്റെ ഉള്ളടക്കം കുറച്ചു വ്യത്യാസങ്ങളോടെ ഇംഗ്ലീഷ് ഭാഷയിൽ 2004 ൽ ഡൽഹിയിൽനിന്ന് പ്രസിദ്ധീകരിച്ചു. The same globe for all - sharing on encounters in East and West എന്നതാണ് ടൈറ്റിൽ. The Role of NGOs in Socil Economic development എന്നതാണ് തീസീസിനെപ്പറ്റി ബർലിനിൽ നിന്നും 1974 ൽ പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ ടൈറ്റിൽ. ഇവ കൂടാതെ ധാരാളം ലഘുലേഖകളും ലേഖനങ്ങളും ജർമ്മൻ ഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജീവിതത്തിൽ തനിക്കു ലഭിച്ച അനുഗ്രഹങ്ങൾ തനിക്കുമാത്രം ഉപയോഗിക്കുവാനുള്ളതല്ലെന്നും മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനുള്ള ധാർമ്മികകടമയുണ്ടെന്നും ഉള്ള വിശ്വാസത്തിൽ സഹധർമ്മിണിയും മക്കളും സഹോദരിസഹോദരങ്ങളും ചേർന്ന് 1996 ൽ Arickal Devassy Memorial Trust for Education (A.D. Trust) രൂപീകരിച്ചു. ഈ ട്രസ്റ്റിൽ നിക്ഷേപിച്ച പണത്തിന്റെ പലിശകൊണ്ട് കേരളത്തിൽ നഴ്സിംഗ് വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നു. ഇതിനകം 153 പേർക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. അതോടൊപ്പം അവരൊന്നിച്ച് ഏതാനും ഓറിയന്റേഷൻ സെമിനാറുകളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

നീലൂർ ഒററപ്ലാക്കൽ മൈക്കിൾ ദേവസിയുടെ മകൾ ലെയോണിയാണ് സഹധർമ്മിണി. ജർമ്മനിയിൽ ദീർഘകാലം ഗൈനക്കോളജിസ്റ്റ് ആയി പ്രവർത്തിച്ചതിനുശേഷം ജർമ്മനിയിൽ ഡി.എം.ഒ. ആയി സേവനം ചെയ്തു.


മനുഷ്യൻ സമൂഹജീവിയാണ്. കൂട്ടപ്രവർത്തനവും അംഗീകാരവും

www.malankaralibrary.com

സഹായവും ഓരോ വ്യക്തിയുടെയും സമഗ്രമായ വളർച്ചക്ക് അത്യന്താപേക്ഷിതമാണ്. നാം തമ്മിൽ കടപ്പെട്ടിരിക്കുന്നു. ഒരേ പിതാവിന്റെ ഒരേ സൃഷ്ടാവിന്റെ സൃഷ്ടി എന്ന നിലയിൽ മനുഷ്യവംശം സഹോദരിസഹോദരങ്ങളുടെ സമൂഹമാണ്. കുടുംബമാണ്. ഈ സഹോദരിസഹോദര ബന്ധത്തിന് വേർതിരിയ്ക്കുന്ന അതിർത്തികൾ ഇല്ല. ജാതി, മതം, രാഷ്ട്രം, നിറം, വർണ്ണം, പ്രായം, വിദ്യാഭ്യാസസമ്പത്ത്, ജോലി ഇവയൊന്നും മനുഷ്യബന്ധത്തെ വേർതിരിക്കുവാൻ സാദ്ധ്യമല്ല. ഈ സത്യം ഉറക്കെ പ്രഘോഷിച്ചുകൊണ്ടാണ് ജോർജ് തന്റെ ഔദ്യോഗികജോലികൾ നിർവ്വഹിച്ചത്. സാമൂഹ്യനീതി ഉറപ്പുവരുത്തുന്ന ഒരു ഏകലോകം ദർശിക്കാനാണ് അദ്ദേഹം പ്രവർത്തിച്ചത്.

വിലാസം - ഡോ. ജോർജ്ജ് അരീക്കൽ, മുരിങ്ങൂർ പി.ഒ., ചാലക്കുടി, തൃശൂർ - 680316.

# 267



## റവ.ഡോ.ജെയിംസ് ഏറത്തയിൽ സി.എം.ഐ.

പൗരോഹിത്യശുശ്രൂഷയിലൂടെ ദൈവത്തിനും ദൈവജനത്തിനും വേണ്ടി ജീവിക്കുകയാണ് തന്റെ ഏററവും സന്തോഷകരമെന്നു കരുതുകയും, സി.എം.ഐ. സഭ ഏല്പിക്കുന്ന കാര്യങ്ങൾ ആത്മാർത്ഥതയോടെ നിർവ്വഹിക്കുകവഴി ക്രിസ്തുവിന്റെ ഇഷ്ടം നിറവേററുക എന്നതാണ് ജീവിതവ്യതമെന്നും, താൻ എന്തായിരിക്കുന്നുവോ അത് ദൈവത്തിന്റെ കൃപയാലാണെന്ന് ഉറച്ചുവിശ്വസിക്കുകയും ചെയ്യുന്ന സന്യാസവൈദികനാണ് റവ.ഡോ. ജയിംസ് ഏർത്തയിൽ. അദ്ധ്യാപകൻ, വാഗ്മി, ഗ്രന്ഥകാരൻ, ഗായകൻ, മികച്ചസംഘാടകൻ, ദൈവശാസ്ത്രജ്ഞൻ, സേവനനിരതനായ ഭരണകർത്താവ് തുടങ്ങിയ ഒട്ടനവധി വിശേഷണങ്ങളിലൂടെ ജയിംസച്ചൻ ഏറെ പ്രശസ്തനാണ്. എല്ലാവർക്കും പ്രിയങ്കരനുമാണ്. സി.എം.ഐ. സഭയിലെ കോട്ടയം സെന്റ് ജോസഫ്സ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യലായി രണ്ടാം പ്രാവശ്യവും 2005 ഏപ്രിൽ മാസത്തിൽ തെരഞ്ഞെടുക്കപ്പെട്ട് ഇപ്പോൾ സേവനമനുഷ്ഠിച്ചു വരുന്നു.

കാഞ്ഞിരപ്പള്ളിയിലെ പ്രസിദ്ധമായ ഏർത്തയിൽ തറവാട്ടിൽ 1940 മാർച്ച് 3ന് അപ്രേച്ചൻ-അന്നമ്മ ദമ്പതികളുടെ ദ്വിതീയ പുത്രനായി ചാക്കോച്ചൻ ജനിച്ചു. കുന്നുംഭാഗത്ത് വീടിനുസമീപമുള്ള അന്നത്തെ

www.malankaralibrary.com

ചെറിയപള്ളി കർമ്മലീത്താ സഭയുടേതായിരുന്നു. ഞായറാഴ്ചകളിലും മററും ദിവ്യബലി അർപ്പിച്ചിരുന്നത് എസ്സ്.ബി. കോളേജിന്റെ മുൻ പ്രിൻസിപ്പലും ദീപികയുടെ എഡിററുമായിരുന്ന റവ. ഫാ. വില്യം സി.എം.ഐ. യായിരുന്നു. പള്ളിയിലെ ആദ്യത്തെ അൾത്താരബാലനായിരുന്ന ചാക്കോച്ചനിലെ ദൈവവിളി ദർശിച്ച വില്യമച്ചൻ ചാക്കോച്ചനെ ഒമ്പതാം ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ മാന്നാനത്തിനു കൊണ്ടുപോയി. 1957 ൽ മാന്നാനം കർമ്മലീത്താ ആശ്രമത്തിൽ ചേർന്ന ചാക്കോച്ചൻ 1960 മെയ് 16ന് സന്യാസസഭാവസ്ത്രം സ്വീകരിച്ചു. 1963 ൽ ബാംഗ്ലൂർ ധർമ്മരാം കോളേജിൽ ഫിലോസഫിയിലും 1964 മുതൽ 1968 വരെ പൂനാ പേപ്പൽ സെമിനാരിയിൽ തിയോളജിയിലും ബിരുദം നേടി. ബോംബെയിൽ ഒരു വർഷം ശാസ്ത്രീയസംഗീതം അഭ്യസിച്ച് ഡിപ്ലോമ നേടി. അദ്ദേഹം 1964 ലെ ബോംബെ ദിവ്യകാരുണ്യ കോൺഗ്രസിലെ ഗായകസംഘാംഗമായിരുന്നു. ഹർമോണിയം, വയലിൻ തുടങ്ങിയ സംഗീത ഉപകരണങ്ങളിലും വിദഗ്ദ്ധ പരിശീലനം നേടിയ ഗായകനും കലാകാരനുമാണ്. 1968 ഏപ്രിൽ 29ന് കാഞ്ഞിരപ്പള്ളി ഫൊറോനാ പള്ളിയിൽവെച്ച് ദൈവദാസൻ മാർ മാത്യു കാവുകാട്ടു പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. 1969-70 ൽ ആലപ്പുഴ കാർമ്മൽ ഭവനിൽ താമസിച്ച് കാത്തലിക് ടീച്ചേഴ്സ് സെന്ററിലും പ്രവർത്തന നിരതനായി. 1972 ൽ ധാർവാർ കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് എം.എ. ബിരുദമെടുത്തശേഷം ഉപരിപഠനത്തിനായി റോമിൽ ഗ്രിഗോറിയൽ യൂണിവേഴ്സിററിയിൽ ചേർന്നു. 1976 ൽ ആദ്ധ്യാത്മിക ദൈവശാസ്ത്രത്തിൽ ഡോക്ടറേററു നേടിയ ജയിംസച്ചൻ മാർത്തോമ്മാക്രിസ്ത്യാനികളുടെ ആദ്ധ്യാത്മിക ജീവിതത്തെയും പാരമ്പര്യങ്ങളെയും കുറിച്ച് ആധികാരികമായി നടത്തിയ ഗവേഷണ പഠനമാണ് "The Spiritual Heritage of St. Thomas Christian" എന്ന ഈടുററ ഗ്രന്ഥം.

1976 മാർച്ചിൽ ബാംഗ്ലൂർ ധർമ്മരാം കോളേജിൽ ഫിലോസഫി - തിയോളജി പ്രൊഫസറായും വൈദിക വിദ്യാർത്ഥികളുടെ സ്പിരിച്വൽ ഫാദറായും നിയമിക്കപ്പെട്ടു. കോളേജിന്റെ ജനറൽ അഡ്മിനിസ്ട്രേററുമായി സേവനമനുഷ്ഠിച്ചിരുന്നതോടൊപ്പം, നാഷണൽ സെന്റർ, സി.ആർ.ഐ, ബ്രദേഴ്സ് ഇൻസ്റ്റിററ്യൂട്ട് ഓഫ് ആശീർവാദ്, എം.ഒ.സി, വടവാതൂർ അപ്പസ്തോലിക് സെമിനാരി എന്നിവിടങ്ങളിലും പഠിപ്പിച്ചിട്ടുണ്ട്. വിവിധ മേജർ സെമിനാരികളിലെ വിസിററിംഗ് പ്രൊഫസറാണിപ്പോൾ. ധർമ്മരാം സോഷ്യൽ സർവീസ്, ഡി.സി.എൽ എന്നിവയുടെ ഡയറക്ടറായും പ്രവർത്തിച്ചിരുന്നു. 1978 മുതൽ സി.എം.ഐ. സഭയുടെ ഭരണസമിതിയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. ബാംഗ്ലൂരിലെ സീറോമലബാർ സഭാംഗങ്ങളായ മലയാളികളെ സംഘടിപ്പിച്ചത് പിന്നീടു വലിയ നേട്ടങ്ങൾക്കുള്ള ആരംഭമായി. ലോകമതങ്ങളെ സംബന്ധിച്ച അന്തർദേശീയ സെമിനാറിൽ പ്രബന്ധമവതരിപ്പിക്കാൻ 1979 ൽ റോമിലേക്ക് ക്ഷണിക്കപ്പെട്ടു. തുടർന്ന്

www.malankaralibrary.com

ജർമ്മനിയിൽ കർമ്മലീത്താ സഭ ആരംഭിച്ച പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ജർമ്മൻ തലസ്ഥാനമായ ബോണിൽ ഇടവക വികാരിയായി 1982 ൽ ചാർജ്ജെടുത്തു. യു.എസ്സ്.എ., കാനഡ, വിശുദ്ധ നാടുകൾ തുടങ്ങിയ സ്ഥലങ്ങൾ ഇക്കാലത്ത് സന്ദർശിച്ചു. 1986 ൽ ധർമ്മാരാം കോളേജിൽ വീണ്ടും പ്രൊഫസറായി നിയമിതനായപ്പോൾ Oriental Christian Mysticism എന്ന വിഷയത്തെക്കുറിച്ച് റോമിൽ നടന്ന അന്തർദ്ദേശീയ സെമിനാറിൽ പ്രബന്ധം അവതരിപ്പക്കാൻ ക്ഷണം ലഭിച്ചു.

തുടർന്ന് പൂന കാർമ്മൽഭവൻ റെക്ടർ, പൂന ഇടവക വികാരി, പേപ്പൽ സെമിനാരി പ്രൊഫസർ എന്നീ സ്ഥാനങ്ങളിൽ നിയമിതനായി.

1993 ൽ 25 ലക്ഷം രൂപ ചെലവ് ചെയ്ത് പുതുതായി ജയിംസച്ചൻ നേതൃത്വം നൽകി പണികഴിപ്പിച്ച പൂനാ കാർമ്മൽ ദൈവാലയം പൗരോഹിത്യ രജതജൂബിലി സ്മാരകമായി പൂനാ - വടഗോഞ്ചേരിയിൽ വിരാജിക്കുന്നു. 1993 ഏപ്രിൽ മാസത്തിൽ പൂന ഇടവകയിലും കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഇടവകയിലും പൗരോഹിത്യ രജതജൂബിലി ആഘോഷിച്ചു. പതിററാണ്ടുകൾ പഴക്കം ചെന്ന കോട്ടയം പ്രൊവിഷ്യൽ ഹൗസും, എറണാകുളം സി.എം.ഐ. സഭയുടെ പൊതുകാര്യാലയമായ ജനറാൾ ഹൗസും നവീകരിച്ച് മനോഹരമാക്കിയത് "എല്ലാം മനോഹരമായിരിക്കണ"മെന്ന് തന്റെ മനോഭാവം പ്രകടമാക്കുന്നു. തന്റെ അധികാരസീമയിൽപ്പെട്ട എല്ലാ കർമ്മലീത്താ ആശ്രമങ്ങളും ആശ്രമാംഗങ്ങളും എങ്ങനെയായിരിക്കണമെന്ന് നിരന്തരമായ സന്ദർശനങ്ങളിലൂടെയും സമ്പർക്കങ്ങളിലൂടെയും ജയിംസച്ചൻ എല്ലാവരെയും ഉത്തേജിപ്പിച്ചുകൊണ്ടിരിക്കും. പുതിയ നല്ല ആശയങ്ങളും പ്രവർത്തനപരിപാടികളുമായി തന്നെ സമീപിക്കുന്നവർക്കെല്ലാം ജയിംസച്ചൻ നല്ലയൊരു വഴികാട്ടിയും ഉപദേശങ്ങളും എല്ലാ പ്രേത്സാഹനങ്ങളും നൽകുന്ന അജപാലകനും ഭരണാധികാരിയുമാണ്. ഏതു പ്രശ്നങ്ങൾക്കും ഒരു നല്ല പരിഹാരം കണ്ടെത്താൻ ജയിംസച്ചന്റെ സഹായം എപ്പോഴും ലഭ്യമാണ്. മററുള്ളവരെ ഏതെങ്കിലും വിധത്തിൽ സഹായിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നു. നൂറുകണക്കിന് യുവാക്കൾക്ക് പഠനത്തിലും തൊഴിൽ പരിശീലനത്തിലും സൗകര്യങ്ങളൊരുക്കി വളർത്തിയെടുത്തവർ ലോകമെമ്പാടുമുണ്ട്. എക്സ്പ്രസ്സ് ഹൈവേ നിർമ്മാണത്തിനുവേണ്ടി മുഖ്യമന്ത്രി എ.കെ. ആന്റണി, മന്ത്രിമാർ, ചീഫ് സെക്രട്ടറി തുടങ്ങിയവരുമായി പലതവണ കോൺഫറൻസുകൾ നടത്തിയിരുന്നു. വൈദിക മേലദ്ധ്യക്ഷൻമാരും അഭിവന്ദ്യ പിതാക്കൻമാരുമായും ജയിംസച്ചന് നല്ല ആത്മബന്ധമാണുള്ളത്.

1993 ൽ സി.എം.ഐ. സഭയുടെ കോട്ടയം പ്രൊവിൻഷ്യലായി തെരഞ്ഞെടുക്കപ്പെട്ടു. തേനി ടൗണിൽ തന്നെ സ്ഥലം വാങ്ങുകയും ഹയർ സെക്കണ്ടറി സ്കൂളിന് ആരംഭമിടുകയും ചെയ്തത് ഇക്കാലത്താണ്. 1999 ൽ രാഷ്ട്രദീപികയുടെ ഡയറക്ടർ ബോർഡ് മെമ്പറായും തെരഞ്ഞെടു

www.malankaralibrary.com

ക്കപ്പെട്ടു. 2004 നവംബറിൽ വിരമിക്കുന്നതുവരെ മെമ്പറായും അവസാന മൂന്നരവർഷം ദീപികയുടെ ചെയർമാനായും സേവനമനുഷ്ഠിച്ചു.

1996 ൽ സി.എം.ഐ. സഭയുടെ അസിസ്റ്റന്റ് ജനറാളായി (വികാർ ജനറൽ) തെരഞ്ഞെടുക്കപ്പെട്ടു. ആറുവർഷം നീണ്ടുനിന്ന ഈ സേവന കാലഘട്ടത്തിനിടയിൽ സഭയുടെ എല്ലാ സ്ഥലങ്ങളും മേഖലകളും സന്ദർശിക്കുകയും സഭയുടെ വളർച്ചയ്ക്ക് ഈടുററ സംഭാവനകൾ നൽകുകയും ചെയ്തു. യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കയിലും പാപ്പുവാ ന്യൂഗെനിയ, പെറു തുടങ്ങിയ മിഷൻ കേന്ദ്രങ്ങളിലുമുള്ള സഭയുടെ ദൗത്യങ്ങൾക്കു നേതൃത്വം നൽകി. റോമിൽ എല്ലാ വർഷവും നടക്കുന്ന സുപ്പീരിയർ ജനറൽസ് ഇന്റർനാഷണൽ കോൺഫറൻസിൽ പങ്കെടുക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുമായി പലപ്രാവശ്യം സന്ദർശം നടത്തി. 2001 ൽ ഒക്ടോബറിൽ കലാഭവന്റെ സ്ഥാപകനായ ബഹു. ആബേലച്ചൻ നിര്യാതനായപ്പോൾ കൊച്ചിൻ കലാഭവന്റെ പ്രസിഡന്റായും കലാഭവൻ കമ്പനി ചെയർമാനായും മൂന്നരവർഷം സേവനം ചെയ്തു. കലാഭവൻ ഗ്രൂപ്പുമായി ഗൾഫുരാജ്യങ്ങളിലും സിംഗപ്പൂരിലും അമേരിക്കയിലും പര്യടന പരിപാടികൾ നടത്തി. സിംഗപ്പൂരിലും ദുബായിലും കലാഭവൻ സ്കൂളുകൾ സ്ഥാപിച്ചു. കലാഭവൻ ടാലന്റ് റെസിഡൻഷ്യൽ സ്കൂളിന്റെ ചെയർമാനായും സേവനമനുഷ്ടിക്കുന്നു.


ആദ്ധ്യാത്മിക ജീവിതത്തെ ആധാരമാക്കി ഇംഗ്ലീഷിലും മലയാളത്തിലുമായി രചിച്ച നിരവധി ഗ്രന്ഥങ്ങളും പ്രബന്ധങ്ങളും ജയിംസച്ചന്റെ ആഗാധമായ പാണ്ഡിത്യത്തെ വിളിച്ചോതുന്നു.

The Spiritual Heritage of St. Thomas Christian, Becoming Disciple - A Training Programme in Gospel Values, Contemporary Spirituality, Light from the East, Eucherist and Formation, The Pilgrims Prayer, Hinducism (German) വചനപ്രഘോഷണം - തിരുനാളുകളിൽ, വിശുദ്ധിയുടെ വഴികളിൽ, ദിവ്യകാരുണ്യവർഷം തുടങ്ങിയ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിലാസം - റവ. ഡോ. ജയിംസ് ഏറത്തയിൽ സി.എം.ഐ.
സി.എം.ഐ.,
പ്രൊവിൻഷ്യൽ ഹൗസ്,
കോട്ടയം.

www.malankaralibrary.com

# 268



# ഡോ. ജെ. എസ്. തേക്കുങ്കൽ

## സി. എം. ഐ

നന്മ ചെയ്യുക, എല്ലാവിധത്തിലും, എല്ലായിടത്തും, എല്ലാക്കാലത്തും, എല്ലാവർക്കും കഴിയുന്നിടത്തോളം നന്മചെയ്തു കടന്നുപോവുക ഇതാണ് തേക്കുങ്കലച്ചന്റെ ജീവിതദർശനം. ആ മഹനീയ ജീവിതദർശനത്തിനുടമയായ ഡോ.ജെ.എസ്. തേക്കുങ്കൽ കുറവിലങ്ങാട് ഇടവകയിലെ വാക്കാട് (കാട്ടാമ്പാക്ക്) കരയിൽ തേക്കുങ്കൽ ജോസഫിന്റെയും (പാപ്പച്ചൻ) അന്നക്കുട്ടിയുടെയും (മുത്തോലപുരം, വട്ടപ്പാറ മംഗലത്തുകുടുംബാംഗം) നാലു സന്താനങ്ങളിൽ രണ്ടാമനായി 1940 മാർച്ച് 10-ന് ജനിച്ചു. മാതാപിതാക്കളുടെ വിശ്വാസ ചൈതന്യം തേക്കുങ്കലച്ചന്റെ സ്വഭാവരൂപീകരണത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിരുന്നു. തേക്കുങ്കൽ കുടുംബം കുറവിലങ്ങാട്ടെ പുരാതനമായ ആനമല കുടുംബശാഖയിൽപ്പെട്ടതാണ്. തലമുറകൾക്കപ്പുറം മുത്തച്ഛൻ കുറവിലങ്ങാട്ടുനിന്നും കാട്ടാമ്പാക്കിലേക്ക് കുടിയേറിപ്പാർത്തു. മാമ്മോദീസാപ്പേരു് ജോസഫ് എന്നായിരുന്നുവെങ്കിലും നാട്ടിലറിയപ്പെട്ടിരുന്നത് പാപ്പച്ചൻ എന്നായിരുന്നു. സി.എം.ഐ. സഭയിൽ ചേർന്നപ്പോൾ സിൽവെസ്റ്റർ എന്നൊരു രണ്ടാംപേരു കൂടിയുണ്ടായി.

അന്ന് നാട്ടിൽ നടപ്പുണ്ടായിരുന്ന കളരി വിദ്യാഭ്യാസത്തിനുശേഷം വാക്കാട് സി.എം.എസ്.സ്കൂളിൽ പ്രൈമറി വിദ്യഭ്യാസം നടത്തി. ഹൈസ്കൂൾ പഠനം കുറവിലങ്ങാട് സെന്റ് മേരീസ് ഹൈസ്കൂളിലും. ഇന്നത്തേതുപോലെ ഫസ്റ്റ്ക്ളാസ്സ് നേടുന്നവരുടെയെണ്ണം അന്നു കുറവായിരുന്നു. ജോസഫ് ഫസ്റ്റ് ക്ളാസ്സിൽ ഉയർന്ന മാർക്കുവാങ്ങിയാണ് എസ്.എസ്.എൽ.സി. പാസ്സായത്. തുടർന്ന് 16-ാം വയസ്സിൽ 1956-ൽ മാന്നാനം മൈനർ സെമിനാരിയിൽ ചേർന്നു. മാന്നാനത്തും, മുത്തോലിയിലുമായി ലത്തീൻ, സുറിയാനി, ഭാഷകൾ പഠിച്ചു. തുടർന്ന് ചെത്തിപ്പുഴയിൽ രണ്ടു വർഷക്കാലം നവസന്യാസ കാലം കഴിച്ചു. 1959 മുതൽ 1962 വരെ ബാംഗ്ളൂർ ധർമ്മാരാം കോളേജിൽ തത്വശാസ്ത്ര പഠനം നടത്തി. തുടർന്ന് കോട്ടയം സി.എം.എസ്. കോളേജിലും ദേവഗിരി സെന്റ് ജോസഫ്സ് കോളേജിലും പഠിച്ച് സുവോളജിയിൽ ബിരുദം നേടി. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബിരുദാനന്തരബിരുദവും നേടി. ഉന്നത മാർക്കോടെയാണ് മാസ്റ്റർ ബിരുദം നേടിയത്. സമർത്ഥനായ ഒരു വിദ്യാർത്ഥിയായിരുന്നു അദ്ദേഹം. അഖിലേന്ത്യാതലത്തിൽ നാഷണൽ മെറിറ്റ് സ്കോളർഷിപ്പ്, അറ്റോമിക് എനർജി കമ്മീഷൻ സ്കോളർഷിപ്പ് എന്നിവ നേടിയാണ് ബിരുദബിരുദാ

www.malankaralibrary.com

നന്തര പഠനങ്ങൾ നടത്തിയത്. പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്കു വേണ്ടി മദ്രാസ് യൂണിവേഴ്സിറ്റി സംഘടിപ്പിച്ച സമ്മർ ഇൻസ്റ്റിറ്റ്യൂട്ടിലും അദ്ദേഹം അംഗമായിരുന്നു. പിന്നീട് ബ്രിട്ടീഷ് കൗൺസിൽ സ്കോളർഷിപ്പും ലഭിക്കുകയുണ്ടായി. ബിരുദാന്തരപഠനത്തിനു ശേഷം ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ അദ്ധ്യാപകനായിട്ടാണ് പൊതുജീവിതം ആരംഭിക്കുന്നത്.

1969 മുതൽ 1972 വരെ ബാംഗ്ളൂർ ധർമ്മാരം കോളേജിൽ ദൈവശാസ്ത്ര പഠനം നടത്തി. 1972 ഡിസംബർ മാസം 18-ാം തീയതി എറണാകുളത്ത് വച്ച് കർഡിനാൾ മാർ പാറേക്കാട്ടിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് കോട്ടയം പുതുപ്പള്ളിയിൽ ആദ്യകാല അജപാലന സേവനത്തിനായി നിയോഗിച്ചു.

1972 മുതൽ 1975 വരെ ഇംഗ്ലണ്ടിലെ പ്രസിദ്ധമായ ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ ഗവേഷണ പഠനം നടത്തി ഡോക്ടർ ബിരുദവും നേടി. സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായിരുന്ന ജോൺ ക്വോറിയുടെ കീഴിലാണ് ജോസഫ് അച്ചൻ ഗവേഷണം നടത്തിയത്. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റീയിലെ പ്രൊ.ഫ. ആർതർ പീക്കോക്കും വേണ്ട നിർദ്ദേശങ്ങൾ നൽകി സഹായിച്ചിരുന്നു. പഠനത്തോടനുബന്ധിച്ച് കേംബ്രിഡ്ജ്, റോമിലെ വത്തിക്കാൻ ലൈബ്രറി, ഗ്രിഗോറിയൻ ലൈബ്രറി തുടങ്ങിയ കോളേജുകളിലും അദ്ദേഹം ഗവേഷണം നടത്തുകയുണ്ടായി. നേരത്തെ സ്വായത്തമാക്കിയിരുന്ന ജീവചരിത്ര ശാസ്ത്ര ദർശനവും ദൈവശാസ്ത്രത്തിന്റെ അടിത്തറയും അദ്ദേഹത്തിന്റെ ഗവേഷണ പഠനത്തിന് പശ്ചാത്തലമൊരുക്കി. തെയ്യാർ ദ്ഷർദാൻ, വൈറ്റ് ഹെഡ് തുടങ്ങിയവരുടെ പരിണാമദർശനങ്ങളുടെ ചുവടുപിടിച്ച് ഒരു പ്രോസസ് തിയോളജിയെ (പാരിണാമിക ദൈവശാസ്ത്രം) ക്കുറിച്ചാണ് തേക്കുങ്കലച്ചന്റെ തീസസ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ "ജനതകളുടെ പ്രകാശം", "സഭ ആധുനികയുഗത്തിൽ" എന്നീ പ്രമാണ രേഖകളെ ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് അദ്ദേഹം അപഗ്രഥിക്കുന്നുണ്ട്.

ഡോക്ടർ ബിരുദവും നേടി ഓക്സ്ഫോർഡിൽ നിന്നും തിരിച്ചെത്തിയ തേക്കുങ്കലച്ചൻ കോട്ടയത്ത് ദീപിക ബാല സഖ്യത്തിന്റെ കൊച്ചേട്ടനായും കുട്ടികളുടെ ദീപികയുടെ എഡിറ്ററായും സ്ഥാനമേറ്റു. അക്കാലത്ത് മാന്നാനത്തു നടന്ന ബാലസഖ്യം വാർഷികക്യാമ്പ് അച്ചന്റെ സംഘടനാ പാടവം തെളിയിച്ച അവസരമായിരുന്നു. 1981-ൽ അദ്ദേഹം സി.എം.ഐ. സഭ കോട്ടയം പ്രവിശ്യയുടെ വികാർ പ്രൊവിൻഷ്യലായും പിന്നീട് പ്രൊവിൻഷ്യൽ ആയും സേവനമനുഷ്ഠിച്ചു. 1984-ൽ സി.എം.ഐ. സഭയുടെ അസിസ്റ്റന്റ് ജനറലായി തേക്കുങ്കലച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. അതോടൊപ്പം സഭയുടെ കോർപ്പറേറ്റ് സ്കൂൾ മാനേജർ, കർമ്മല സന്ദേശം മാസികയുടെ എഡിറ്റർ, ദീപിക സ്ഥാപനത്തിന്റെ സുസ്ഥിതിക്കു വേണ്ടി രൂപം കൊടുത്ത ചവറ ചാരിറ്റി ഫൗണ്ടേ

www.malankaralibrary.com

ഷൻ ചെയർമാൻ തുടങ്ങിയ ഉത്തരവാദിത്വമേറിയ തസ്തികകളും അദ്ദേഹം കൈകാര്യം ചെയ്തിട്ടുണ്ട്. 1986 ഫെബ്രുവരി മാസത്തിൽ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിൽ തേക്കുങ്കലച്ചൻ മുമ്പന്തിയിലുണ്ടായിരുന്നു. അതുപോലെ ചാവറയച്ചന്റെ സ്മാരക പോസ്റ്റൽ സ്റ്റാമ്പ് പ്രസിദ്ധീകരിക്കുന്നതിന് പിന്നണിയിൽ പ്രവർത്തിച്ചതും തിരുവനന്തപുരത്തു വച്ച് ഇന്ത്യൻ പ്രസിഡന്റ് ശ്രീ വെങ്കിട്ടരാമനെക്കൊണ്ട് സ്മാരക സ്റ്റാമ്പ് റിലീസ് ചെയ്യുന്ന പരിപാടികൾക്ക് ചുക്കാൻ പിടിച്ചതും തേക്കുങ്കലച്ചനായിരുന്നു.

നല്ലൊരു വാഗ്മിയും എഴുത്തുകാരനുമാണ് അദ്ദേഹം. പൊതു ജനങ്ങൾക്കും സിസ്റ്റേഴ്സിനും വൈദികർക്കും വേണ്ടി ധാരാളം ധ്യാന പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസിദ്ധങ്ങളായ ബൈബിൾ കൺവെൻഷൻ വേദികളിൽ അദ്ദേഹം വചന പ്രഘോഷണം നടത്തി ശ്രോതാക്കൾക്ക് ആവേശം പകർന്നിട്ടുമുണ്ട്. ദീപിക, സത്യദീപം, കർമ്മല കുസുമം, ബൈബിൾഭാഷ്യം, വചനം ബലിവേദിയിൽ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ ഈടുറ്റ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഒരു കലാഹൃദയനായ തേക്കുങ്കലച്ചന്റെ നിരവധി ഹോബികളാണ് ചിത്രരചന, ഫോട്ടോഗ്രാഫി, സ്റ്റാമ്പ് കളക്ഷൻ തുടങ്ങിയവ. 1991 മുതൽ ജർമ്മനിയിലെ ഔഗ്സ് ബുർഗ് രൂപതയിൽ അജപാലനശുശ്രൂഷയിൽ മുഴുകി കഴിയുകയാണ് തേക്കുങ്കലച്ചൻ. സഭയുടെ സാമൂഹ്യ-ജീവകരുണ്യ പ്രവർത്തനങ്ങളെ അദ്ദേഹം സഹായിച്ചുകൊണ്ടാണിരിക്കുന്നത്. ബൈബിൾ വത്സരം പ്രമാണിച്ച് തിരഞ്ഞെടുത്ത ഏതാനം ഇടവകകളിൽ "ആയിരം സമ്പൂർണ്ണ ബൈബിൾ ആയിരം കുടുംബങ്ങൾക്ക്" വിതരണം ചെയ്തത് ഒരു ചെറിയ ഉദാഹരണം മാത്രം.

Address: Rev. Dr. Joseph S. Thekkumkal C.M.I, Laub, Dortstrafie 24,
86754. Munningen, Germany.

## 269

# സിസ്റ്റർ സിബിയ എസ്.ഡി.



കേരളത്തെ ഞെട്ടിപ്പിച്ച ഒരു ദുരന്തമായിരുന്നു. 1982 ലെ വൈപ്പിൻ മദ്യദുരന്തം. ആ ദുരന്തത്തിൽ അകപ്പെട്ട പലരെയും ചികിത്സിക്കാൻ കുഴിപ്പള്ളി സെന്റ് വിൻസെന്റ് ഡിപോൾ ആശുപത്രിയിൽ എത്തിച്ചു അന്നത്തെ നിയമമനുസരിച്ച് ഒരു പ്രൈവററ് ആശുപത്രിയിൽ ഇപ്രകാരമുള്ളവരെ ചികിത്സിക്കാൻ അനുവാദമുണ്ടായിരുന്നില്ല. നിയമത്തിന്റെ നൂലാമാലകൾ നോക്കാതെ ജീവനുവേണ്ടി

www.malankaralibrary.com

പടവെട്ടുന്ന, ആ ദുരന്തത്തിന് ഇരയായവരെ ചികിത്സിക്കാൻ ധീരത കാട്ടിയ ഒരു മനുഷ്യസ്നേഹിയായിരുന്നു, ആശുപത്രി അഡ്മിനിസ്റ്ററേറ്ററായിരുന്ന സി.സിബിയ എസ്സ്.ഡി. സിസ്ററിന്റെ ആ പ്രവർത്തിമൂലം അനേകരുടെ ജീവൻ രക്ഷിക്കാൻ സാധിച്ചു. നിയമത്തേക്കാൾ കൂടുതലായി മനുഷ്യജീവന് വില കല്പിച്ച സി.സിബിയയുടെ ധീരതയും കരുണയും ആത്മധൈര്യവും എല്ലാവരാലും പ്രശംസിക്കപ്പെട്ടു. സ്വകാര്യ ആശുപത്രികളിലും അപകട ത്തിൽപെടുന്നവരെ ചികിത്സിക്കാനുള്ള അനുമതി ലഭിച്ചത് ഈ സംഭവ ത്തിനുശേഷമാണ്. അത് അനേകർക്ക് ഇന്നും ആശ്വാസം നൽകുന്നുണ്ട്.

ആതുരസേവനരംഗത്ത് ഒരു പുത്തൻ വഴിത്തിരിവിന് കളമൊരുക്കിയ സിസ്റ്റർ സിബിയ എറണാകുളം അതിരൂപതയിലെ കാഞ്ഞൂർ ഫൊറോനാ ഇടവകയിൽ പുരാതനവും പ്രസിദ്ധവുമായ കാഞ്ഞിരത്തിങ്കൽ കുടും ബത്തിൽ പാപ്പു - മറിയംകുട്ടി ദമ്പതികളുടെ എട്ടുമക്കളിൽ മൂന്നാമത്തെ കുട്ടിയായി 1940 മാർച്ച് 26ന് ജനിച്ചു. പിതാവ് ആദർശധീരനും ധ്യാനാ ത്മകമായ പ്രാർത്ഥനാജീവിതത്തിന് ഉടമയുമായിരുന്നു. മാതാവ് ഒരു മാതൃകാ കുടുംബിനിയും. നല്ല ആദ്ധ്യാത്മിക ജീവിതം നയിക്കുന്നതിന് മക്കളെ ചെറുപ്പം മുതൽ മാതാപിതാക്കൾ പരിശീലിപ്പിച്ചിരുന്നു.

കാഞ്ഞൂരിലെ സെന്റ് ജോസഫ് കോൺവെന്റ് സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും നടത്തിയത്. ചെറുപ്പംമുതൽ ഒരു കന്യാസ്ത്രീയാകണമെന്ന ചിന്തയോടെയാണ് അവൾ വളർന്നുവന്നത്. ഇവാൻജിലൈസേഷൻ ആൻഡ് കൗൺസിലിംഗ് എന്ന പേരിൽ ഒരു പുതിയ സന്യാസ സമൂഹം കെട്ടിപ്പെടുത്ത സി. ഫ്രാൻസീസ്, സിസ്റ്റർ സിബിയായുടെ അനുജത്തിയും ഫാ.സെബാസ്റ്റ്യൻ കാഞ്ഞിരത്തു ങ്കൽ സഹോദരനുമാണ്. പത്താംക്ലാസ്സിൽ പഠിക്കുന്നകാലത്തുതന്നെ എസ്സ്.ഡി. സിസ്റ്റേഴ്സുമായി ഒരു ആത്മബന്ധം സി.സിബിയ പുലർത്തി യിരുന്നു. തന്റെ വീട്ടിൽ ധർമ്മത്തിനായി വന്നിരുന്ന എസ്സ്.ഡി. സിസ്റ്റേഴ് സിന്റെ, അഗതികളോടും നിരാലംബരോടുമുള്ള കരുണാർദ്രമായ പെരു മാററം സിബിയായെ ആകർഷിച്ചിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തി യാക്കിയ സിബിയ 16-ാമത്തെ വയസ്സിൽ 1956ൽ ചുണങ്ങംവേലി എസ്സ്.ഡി. സന്യാസിനി സമൂഹത്തിൽ ചേർന്നു. 1927 ൽ ഫാ. വർഗീസ് പയ്യപ്പള്ളിയാൽ സ്ഥാപിതമായ ഈ സന്യാസിനിസമൂഹത്തിന്റെ അക്കാലഘട്ടത്തിലെ ഡയറക്ടർ മോൺ ജോർജ്ജ് വല്യാറമ്പത്തച്ചനായിരുന്നു. നോവിസ്മി സട്രസ്സ് മദർ സാവിയോയും. ഈ രണ്ടു മഹത്വ്യക്തികൾ സി.സിബി യയുടെ സന്യാസപരിശീലന കാലഘട്ടത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിരുന്നു. സന്യാസപരിശീലനകാലഘട്ടത്തിൽ അഗതികളും നിരാ ലംബരുമായ വൃദ്ധരെ ശുശ്രൂഷിക്കാൻ സി. സിബിയായ്ക്ക് അവസരം ലഭിച്ചി രുന്നു. ഈ സാഹചര്യം ഒരു മഹാഭാഗ്യമായിട്ടാണ് അവർ കണക്കാക്കിയത്. 1958 ജനുവരി 6 ന് വ്രതവാഗ്ദാനവും സഭാവസ്ത്രസ്വീകരണവും നടന്നു.

www.malankaralibrary.com

മാർജോസഫ് പാറേക്കാട്ടിൽ ആയിരുന്നു മുഖ്യകാർമ്മികൻ. നൊവീഷ്യേററ് കാലഘട്ടത്തിലെ പഠനവും ജോലിയും സന്തോഷപൂർവ്വമാണ് നിർവ്വഹിച്ചത്. 1958 സെപ്ററംബറിൽ ബാംഗ്ളൂരിൽ സെന്റ് മർത്താസിൽ നഴ്സിംഗ് പഠിക്കാൻ ചേർന്നു. ഡിസ്റ്റിംഗഷനോടുകൂടി നഴ്സിംഗ് പാസ്സായ സിബിയ 1962 ൽ ചുണങ്ങംവേലിയിൽ എത്തി. പറവൂർ ഗവൺമെന്റ് ഹോസ്പിററൽ, മൂവാററുപുഴ ഗവൺമെന്റ് ഹോസ്പിററൽ എന്നിവിടങ്ങളിൽ ലീവ് വേക്കൻസിയിൽ കുറേക്കാലം ജോലി ചെയ്തു. തുടർന്ന് മലയാററൂർ സെന്റ് തോമസ് ഹോസ്പിററലിൽ സ്റ്റാഫ് നഴ്സായി ജോലിയിൽ പ്രവേശിച്ചു. അഞ്ചുവർഷക്കാലം അവിടെ സേവനം അനുഷ്ഠിച്ചു. മലയാററൂർ തിരുനാൾ ദിനങ്ങളിലെ രോഗീശുശ്രൂഷ ഇന്നും അനുഗൃഹീതദിനങ്ങളായി സിസ്റ്റർ സ്മരിക്കുന്നു. 1967 ൽ കറുകുററി അൽഫോൽസാ ഹോസ്പിററലിൽ ഒരു വർഷം സേവനം അനുഷ്ഠിച്ചു. തുടർന്ന് 1968 മുതൽ മേലൂർ സെന്റ് തോമസ് ഹോസ്പിററലിൽ അഡ്മിനിസ്ട്രേററായി സേവനം ചെയ്തു. ആ പ്രദേശത്തെ രോഗികളുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലുവാൻ ലഭിച്ച അവസരം സിസ്റ്ററിന് ഏറെ സന്തോഷപ്രദമായിരുന്നു. 1971 ൽ പഴങ്ങനാട് സമരിററൻ ഹോസ്പിററലിൽ വാർഡ് ഇൻ ചാർജായി സ്ഥാനമേററു. സമരിററൻ ആശുപത്രി ഉയർച്ചയുടെ പടവുകൾ താണ്ടികയറുകയായിരുന്നു പിന്നീട്.

ഈ ആശുപത്രിയിൽ വരുന്ന രോഗികൾക്ക് അന്നും ഇന്നും സമരിററൻ അനുഭവം നൽകിക്കൊണ്ടാണിരിക്കുന്നത്. കേരളത്തിൽ ആദ്യമായി ഹൃദയശസ്ത്രക്രിയ (1972ൽ) നടത്തിയത് ഈ ഹോസ്പിററലിലായിരുന്നു. നൂർജഹാൻ എന്ന 14 വയസ്സുള്ള പെൺകുട്ടിക്ക് വിജയകരമായ നടത്തിയ ശസ്ത്രക്രിയ സമരിററൻ ആശുപത്രിയെ കേരളത്തിന്റെ വെല്ലൂർ എന്ന് ജനങ്ങൾ വിളിക്കുവാൻ തുടങ്ങി.

ഹോസ്പിററൽ അഡ്മിനിസ്റ്റേഷനിൽ ഡിപ്ലോമാ കോഴ്സിൽ ചേരുന്നതിനായി 1977 സെപ്ററമ്പറിൽ ഡൽഹിക്ക് സിസ്റ്റർ സിബിയ പോയി. പ്രസ്തുത കോഴ്സിൽ ഫസ്റ്ററാങ്കിൽ ഡിസ്റ്റിംഗ്ഷനോടുകൂടി പാസ്സായി. തിരിച്ച് നാട്ടിലെത്തിയ സിബിയ 1978-88 കാലഘട്ടത്തിൽ കുഴിപ്പള്ളി സെന്റ് വിൻസെന്റ് ഹോസ്പിററലിൽ അഡ്മിനിസ്റ്റേറേറർ ആയി പ്രവർത്തിച്ചു. ഇക്കാലത്താണ് വൈപ്പിൻ മദ്യദുരന്തം നടക്കുന്നത്. അവശരായ മദ്യദുരന്തത്തിൽപ്പെട്ടവരെ ചികിത്സിക്കാൻ പ്രൈവററ് ആശുപത്രികൾക്ക് അനുവാദമുണ്ടായിരുന്നില്ല. ആ നിയമത്തിന്റെ നൂലാമാലകൾ വകവയ്ക്കാതെ അവശരായി എത്തിയവരെ ചികിത്സിക്കാൻ സി. സിബിയ ധൈര്യപൂർവ്വം തയ്യാറായി. നിലവിലുണ്ടായിരുന്ന നിയമം മാററുവാൻവരെ ആ പ്രവർത്തി സർക്കാരിനെ പ്രേരിപ്പിച്ചു. സിസ്റ്റർ ചാർജ്ജെടുത്തപ്പോൾ 50 ബഡുകൾ മാത്രമുണ്ടായിരുന്ന ഹോസ്പിററലിൽ മൂന്നുബ്ലോക്കുകൾ കൂടി പണിയിച്ച് 150 ബെഡുകൾ ഉള്ള ആശുപത്രിയായി ഉയർത്തി. ആതുരാലയത്തിൽ പണി ചെയ്തിരുന്നവർക്ക് വീടുകൾ പണിയിച്ചുകൊടത്തു. 1988 ൽ കറുകുററി

www.malankaralibrary.com

അൽഫോൻസാ ഹോസ്പിററലിലേക്കായി നിയമനം. ആശുപത്രി നിർത്തലാക്കി ഒരു വൃദ്ധമന്ദിരമാക്കിയാലോ എന്ന് ചിന്തിച്ചിരുന്ന കാലഘട്ടത്തിലാണ് സിബിയ അവിടെ നിയമിതയാകുന്നത്. ഹോസ്പിററലിന്റെ വളർച്ച അതോടെ ആരംഭിക്കുകയായി. 1991 മെയ് 17 ന് നഴ്സിംഗ് സൂപ്രണ്ടായി പഴങ്ങനാട് ഗുഡ്സെമിരിററൻ ഹോസ്പിററലിൽ ചാർജ്ജെടുത്ത സിബിയ 1997 ൽ അഡ്മിനിസ്റ്റ്റേററായി. സൂററിൽ ആശുപത്രിയുടെ രജതജൂബിലിയാഘോഷിച്ചപ്പോൾ 5 വീടുകൾ പാവപ്പെട്ടവർക്ക് പണിയിച്ചു കൊടുക്കുന്നതിനും കിഴക്കമ്പലം പഞ്ചായത്തിന്റെ 24 വാർഡുകളിൽ സൗജന്യമെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും, ജൂബിലിസ്മാരകമായി മൂന്നുനിലകെട്ടിടം, കൗണ്ടർ എന്നിവ പണിയിക്കുന്നതിനും സി.സിബിയ മുഖ്യ നേതൃത്വം നൽകി. ഇൻസർനേറററർ, ശുദ്ധജലസംഭരണി തുടങ്ങിയവയും സിസ്റ്ററിന്റെ നേട്ടങ്ങളാണ്. 1997 ൽ സമിററിനിൽ സിസ്റ്റർ അഡ്മിനിസ്റ്റ്റേററർ ആയതിനുശേഷമാണ് എസ്സ്.ബി.ഐയുടെ പുതിയ കെട്ടിടം, അറുനൂറ് പേർക്കിരിക്കാവുന്ന ഓഡിറേറാറിയം, പുതിയ ബി.എസ്സ്.സി. നഴ്സിംഗ് കോളേജ് എന്നിവ പണിചെയ്തത്. കൂടാതെ വിശാലമായ ഒരു കാർപാർക്കിംഗ് സൗകര്യവും ഏർപ്പെടുത്തി. ഹൈസ്കൂളുകളിലും കോളേജുകളിലും ടെർമിനൽ കെയർക്ലാസ്സുകളും എയ്ഡ്സ് ബോധവൽക്കരണ കോഴ്സുകളും സൗജന്യമായി നടത്തുന്നുണ്ട്. ഇപ്പോൾ ഒരു വർഷം ഇരുപതുലക്ഷംരൂപാ പാവങ്ങൾക്ക് സൗജന്യചികിത്സയ്ക്കായി വിനിയോഗിക്കുന്നുണ്ട്. സാമ്പത്തികമില്ലാത്തതിന്റെ പേരിൽ ആർക്കും ചികിത്സനിഷേധിക്കരുതെന്നാണ് സി.സിബിയയുടെ ജീവിതപ്രമാണം. പാലിയേററീവ്കെയറിലൂടെ ഒരുമാസം 3000 രൂപായുടെ മോർഫിയാ ടാബ്ലററ് നിർദ്ധനകുടുംബങ്ങളിൽ കഴിയുന്ന രോഗികൾക്ക് എത്തിച്ചുകൊടുക്കുന്നു.

ഹോസ്പിററൽരംഗത്തെ സി.സിബിയായുടെ മികച്ച പ്രവർത്തനങ്ങൾ കണക്കിലെടുത്ത് അഖിലകേരള കത്തോലിക്കാകോൺഗ്രസ്സ് മഹാജൂബിലി വർഷത്തിൽ പ്രത്യേക അവാർഡ് നൽകി ആദരിക്കുകയുണ്ടായി. ഡയാലിസിസ്, നെഫ്രോളജി എന്നീ യൂണിററുകളും ഇന്ന് ആശുപത്രിയിൽ ആരംഭിച്ചിട്ടുണ്ട്. എസ്സ്.ഡി. സഹോദരിമാരുടെയും സഭാധികാരികളുടെയും ആത്മാർത്ഥമായ സ്നേഹവും സഹകരണവും സർവ്വോപരി ദൈവാനുഗ്രഹവുമാണ് തന്റെ പ്രവർത്തനവിജയത്തിന് കാരണമെന്ന് സിസ്റ്റർ വിശ്വസിക്കുന്നു.

വിലാസം – സി.സിബിയ എസ്സ്.ഡി, അഡ്മിനിസ്റ്റ്റേററർ, സമരിററൻ ഹോസ്പിററൽ പഴങ്ങനാട്.

www.malankaralibrary.com

# 270



# ഫാ. ജോൺ ക്രിസോസ്റ്റം ഒ.സി.ഡി.

കുവൈറ്റ് രൂപതയുടെ വികാർ ജനറാൾ കുവൈറ്റിലെ മലയാളി കത്തോലിക്കരുടെ ആദ്ധ്യാത്മിക പിതാവ്, കുവൈറ്റ് മലയാളി കത്തോലിക്ക് അസോസിയേഷന്റെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച പ്രതിഭാശാലി, പ്രമുഖനായ കരിസ്മാറ്റിക് ധ്യാനഗുരു എന്നിങ്ങനെ വിവിധനിലകളിൽ പ്രവർത്തിച്ച ഫാ. ജോൺ ക്രിസോസ്സ്റ്റം ഒ.സി.ഡി. പുളിക്കപ്പറമ്പിൽ വർക്കിയുടെയും മറിയാമ്മയുടെയും ഒൻപതാമത്തെ മകനായി 1940 മേയ് 31-ാം തീയതി കോട്ടയത്തു ജനിച്ചു. പുളിക്കപ്പറമ്പിൽ മൂലകുടുംബം വരാപ്പുഴയിലായിരുന്നു. വിജയപുരം രൂപത ആരംഭിച്ചപ്പോൾ ഈ കുടുംബത്തെ കോട്ടയത്തേക്ക് കൊണ്ടുവന്നതാണ്.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം മഞ്ഞുമ്മേൽ കർമ്മലീത്താ സന്യാസസഭയിൽ ചേരാനായി എറണാകുളത്തുള്ള ആസ്പിരൻസ് ഹൗസിൽ വന്നു. 1961-ൽ പോത്തന്നൂരിൽ നൊവിഷ്യേറ്റിൽ ചേർന്നു. 1962-ൽ പ്രഥമവ്രതവാഗ്ദാനം നടത്തി. പിന്നീടുള്ള 3 കൊല്ലം തത്വശാസ്ത്രവും നാലു വർഷക്കാലം ദൈവശാസ്ത്രവും പഠിച്ച്1969 ഡിസംബർ 21 ന് കോട്ടയം നല്ല ഇടയൻ ദേവാലയത്തിൽവച്ച് അഭിവന്ദ്യ അംബ്രോസ് ഒ.സി.ഡി. തിരുമേനിയിൽനിന്നും വൈദീകപട്ടം സ്വീകരിച്ചു.

വൈദീകനായതിനുശേഷം നാലരകൊല്ലം മഞ്ഞുമ്മൽ ലിറ്റിൽഫ്ളവർ പ്രസ്സിന്റെ മാനേജരായി സേവനം അനുഷ്ഠിച്ചു. പിന്നീട് മൂന്നുവർഷം മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിൽ ലൈബ്രേറിയനായി ജോലി ചെയ്തു. അതിനുശേഷം ഒരുകൊല്ലം ബോംബെയിലുള്ള ഒ.സി.ഡി. ആശ്രമത്തിൽ താമസിച്ചുകൊണ്ട് പ്രിന്റിംഗ് ടെക്നോളജിയിൽ പഠനം നടത്തി. ബോംബെയിൽനിന്നും തിരിച്ചെത്തിയ ജോണച്ചൻ കൊല്ലത്തുള്ള സെന്റ് അലോഷ്യസ് ആശ്രമത്തിൽ ആറുവർഷക്കാലം സേവനം അനുഷ്ഠിച്ചു. കാലംചെയ്ത കൊല്ലം ബിഷപ്പ് ജറോംഫെർണാണ്ടസ് തിരുമേനിയുമൊത്ത് ധ്യാനപരിപാടികളിൽ പങ്കെടുത്തു. കൊല്ലത്ത് ജോലിചെയ്തുവരവേ വിജയപുരം രൂപതവക കുട്ടിക്കാനം ഇടവകവികാരിയായി നിയമിച്ചു. ആ ഇടവകയിലെ ജനങ്ങൾ വളരെയധികം പാവപ്പെട്ടവരായിരുന്നു. ധാരാളം ആളുകൾ പെന്തക്കോസ്തുസഭാവിഭാഗത്തിലേക്ക് പൊയ്ക്കൊണ്ടിരുന്നു. ആ പാവങ്ങളുടെ സമഗ്രമോചനത്തിനായി പല കാര്യങ്ങളും ചെയ്യുവാൻ ജോണച്ചന് സാധിച്ചു. യേശുവിന്റെ വലിയ അനുഗ്രഹംകൊണ്ട് പെന്തക്കോസ്തുസഭയിലേക്കുപോയിരുന്നവരെ തിരിച്ചുകൊണ്ടുവരുവാൻ ജോണച്ചന് സാധിച്ചു. പുതിയ തിരഞ്ഞെടുപ്പിനെത്തുടർന്ന് ഉണിച്ചിറയിലുള്ള സെമിനാരിയിലെ

www.malankaralibrary.com

സുപ്പീരിയറായി നിയമിച്ചു. ആ സെമിനാരിയിലെ കുട്ടികൾ പ്രീഡിഗ്രി സ്റ്റുഡന്റ്സ് ആയിരുന്നു. അന്നത്തെ വരാപ്പുഴ ആർച്ച് ബിഷപ്പ് ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ ഉണിച്ചിറപള്ളിയുടെ ചുമതല ജോണച്ചനെ ഏല്പിച്ചു. ഉണിച്ചിറപള്ളിയെ ഒരു ഇടവകയാക്കി മാറ്റാൻ പരിശ്രമിച്ചുകൊണ്ടിരുന്നപ്പോൾ അധികാരികൾ ജോണച്ചനെ കുവൈറ്റിലേക്ക് നിയമിച്ചു. കുവൈറ്റ് ബിഷപ്പിന്റെയും സഭയുടെ റോമിലുള്ള ജനറലിന്റെയും ആവശ്യപ്രകാരമാണ് കുവൈറ്റിൽപോയത് അങ്ങനെ 1989 ആഗസ്റ്റ് മാസത്തിൽ കുവൈറ്റ് രൂപതയിൽ ജോലിയാരംഭിച്ചു. ഒരു വ്യാഴവട്ടക്കാലം അവിടെ സേവനം ചെയ്തു.

1991 ൽ സഭയുടെ സുപ്പീരിയർ ദിവംഗതനായതിനെത്തുടർന്ന് സഭാധികാരികൾ കുവൈറ്റ് മിഷന്റെ സുപ്പീരിയർ ആയി ജോണച്ചനെ നിയമിച്ചു. കുവൈറ്റിലെ ഒരു ഇടവകയുടെ വികാരിയായും ഈ സന്ദർഭത്തിൽ ജോലി നോക്കുകയുണ്ടായി. തുടർന്ന് കുവൈറ്റ് രൂപതയുടെ വികാർജനറാളായി നിയമിച്ചു. 10 വർഷം സഭയുടെ സുപ്പീരിയറായും രൂപതയുടെ വികാരി ജനറാളായും ജോണച്ചൻ സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചു. കുവൈറ്റ് ഓയിൽ കമ്പനിയുടെ പള്ളിയും അവരുടെ വീടും എല്ലാ സൗകര്യങ്ങളും ഉള്ളതായിരുന്നു. പള്ളിയുടെ ജൂബിലയാഘോഷത്തിന് നേതൃത്വം നൽകുവാൻ ജോണച്ചന് സാധിച്ചു. പള്ളിയിൽ ജനങ്ങൾക്കുവേണ്ട സൗകര്യങ്ങൾ ഒന്നും തന്നെയില്ലായിരുന്നു. ഓയിൽ കമ്പനിക്കാരുമായി പല പ്രാവശ്യം ജോണച്ചൻ നടത്തിയ ചർച്ചകളുടെയടിസ്ഥാനത്തിൽ ഒരു ഹാൾ പണിയുന്നതിന് കമ്പനിക്കാർ തയ്യാറായി. അതോടൊപ്പം പള്ളിയും പരിസരങ്ങളും മനോഹരമാക്കി. തോട്ടത്തിന് ചുറ്റും ഇരുമ്പുകമ്പികൊണ്ടുള്ള വല ഇട്ട് സുരക്ഷിതമാക്കി.

കുവൈറ്റിലെ അച്ചന്റെ പ്രവർത്തനം ഒരു വിഭാഗത്തിനോ ഗ്രൂപ്പിനോ വേണ്ടിയായിരുന്നില്ല. വൈദികൻ എല്ലാവർക്കും വേണ്ടിയാണ് എന്ന തത്വം അച്ചൻ പ്രയോഗത്തിൽ വരുത്തി. കുവൈറ്റിൽ കുടിയേറിയ മലയാളി കത്തോലിക്കരുടെ പൊതുസംഘടനയായിരുന്നു കുവൈറ്റ് മലയാളി കാത്തലിക് അസോസിയേഷൻ. ആ സംഘടനയുടെ പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹകരണം അദ്ദേഹം നൽകുകയുണ്ടായി. കുവൈറ്റ് മലയാളി കാത്തലിക് അസോസിയേഷന്റെ രജതജൂബിലി ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളോടെ വിപുലമായി തോതിൽ ആഘോഷിച്ചത് അച്ചന്റെ നേതൃത്വത്തിലാണ്. ഈ അസോസിയേഷൻ നിരവധി സാമൂഹ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. ജൂബിലിയോടനുബന്ധിച്ച് കേരളത്തിൽ എറണാകുളത്ത്വച്ച് ഒരു സമൂഹവിവാഹം സംഘടിപ്പിക്കുകയുണ്ടായി. ദമ്പതിമാരുടെ സകലചിലവും ഈ അസോസിയേഷനാണ് വഹിച്ചത്. ഈ സമൂഹ വിവാഹത്തിൽ പങ്കെടുക്കുവാൻ ജോണച്ചൻ കുവൈറ്റിൽനിന്നും കേരളത്തിൽ എത്തിച്ചേരുകയുണ്ടായി. അസോസിയേഷന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച കുവൈറ്റ് റിട്ടേണിംഗ് വെൽഫെയർ ട്രസ്റ്റ് വർഷംതോറും

www.malankaralibrary.com


രണ്ടരലക്ഷം രൂപാവീതം പഠനത്തിൽ സമർത്ഥരായ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പായി നൽകുന്നുണ്ട്. കുവൈറ്റ് മലയാളി കാത്തലിക് അസോസിയേഷന്റെയും കുവൈറ്റ് റിട്ടേണിംഗ് വെൽഫെയർ ട്രസ്റ്റിന്റെയും പ്രവർത്തനങ്ങളിൽ ജോണച്ചന്റെ സേവനം നിർണ്ണായകമാണ്.

ഒരു വ്യാഴവട്ടക്കാലത്തെ കുവൈറ്റിലെ സേവനത്തിനുശേഷം 2001 ജൂലൈ 4 ന് കേരളത്തിലേയ്ക്ക് മടങ്ങിപ്പോന്നു. നാട്ടിൽവന്ന ജോണച്ചൻ, പെരുമ്പടപ്പ് സി.ഇ.സി. ധ്യാനമന്ദിരം, കളമശ്ശേരിയിലെ ആശ്രമം, എരമല്ലൂർ ആശ്രമം എന്നിവിടങ്ങളിലാണ് സേവനം അനുഷ്ഠിച്ചത്. പുതിയ തിരഞ്ഞെടുപ്പിലൂടെ ജോണച്ചനെ ആലപ്പുഴ രൂപതാതിർത്തിയിലുള്ള യേശുഭവൻ ധ്യാനമന്ദിരത്തിന്റെ സുപ്പീരിയർ ആയി നിയമിച്ചു. ഇവിടെ എല്ലാ ശനിയാഴ്ചയും ധ്യാനപരിപാടികൾ നടക്കുന്നുണ്ട്. അവർക്കെല്ലാം യേശുവിനെ നൽകാൻ അച്ചൻ ശ്രമിക്കുന്നു. യേശുഭവനിൽ താമസിച്ച് ധ്യാനിക്കാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

വിലാസം - ഫാ.ജോൺ ക്രിസോസ്റ്റം ഒ.സി.ഡി., ഫാ. സുപ്പീരിയർ, യേശുഭവൻ, എസ്സ്.എൻ.പുരം പി.ഒ., ചേർത്തല 688582, ആലപ്പുഴ ജില്ല

# 271

# ബേബൻ വെട്ടികാടൻ



പത്രപ്രവർത്തകൻ, ലേഖകൻ, നിരൂപകൻ, വാഗ്മി, സാമൂഹിക സാംസ്കാരിക പ്രവർത്തകൻ, പ്രമുഖ സഹകാരി, ഗ്രന്ഥകർത്താവ് എന്നീ നിലകളിൽ ശ്രദ്ധേയനായ ബേബൻ വെട്ടികാടൻ ചങ്ങനാശ്ശേരിയിലെ പായിപ്പാട് വെട്ടിക്കാട് കുടുംബത്തിലെ ജോർജ്ജ്-മറിയാമ്മ ദമ്പതികളുടെ പത്തുമക്കളിൽ ഏററം ഇളയവനായി 1940 ജൂൺ 6 ന് ജനിച്ചു. പായിപ്പാട് സെന്റ് ജോസഫ്സിലും, ചങ്ങനാശ്ശേരി എസ്.ബി. ഹൈസ്കൂളിലും കൽക്കട്ടാ സെന്റ് സേവ്യേഴ്സ് കോളേജിലുമായിരുന്നു വിദ്യാഭ്യാസം. വിദ്യാർത്ഥിയായിരിക്കവേ പ്രസംഗ, സാഹിത്യവേദികളിൽ നിരവധി മെഡലുകൾ കരസ്ഥമാക്കി.

പത്രപ്രവർത്തനത്തിലും ബിസിനസ് അഡ്മിനിസ്ട്രേഷനിലും പരിശീലനം നേടി. തൂത്തുക്കുടി നൂർജഹാൻ ടീ കമ്പനിയിൽ സെയിൽസ് മാനേജരായി ജോലിയിൽ പ്രവേശിച്ചു. കലാ, സാംസ്കാരിക, സാമൂഹിക രംഗങ്ങളിലെ ആഭിമുഖ്യം മൂലം ജോലി രാജിവച്ച് നാട്ടിലെത്തി.

1961 ഡിസംബർ 10-ന് കോട്ടയം മാമ്മൻ മാപ്പിളഹാളിൽ ചേർന്ന കർഷക കൺവൻഷനിൽവച്ച് ബി.വില്ലിംഗ്ടനോടൊപ്പം മലനാട് കർഷക

www.malankaralibrary.com

യൂണിയൻ സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. എറണാകുളത്തെ സംസ്ഥാന ഓഫീസ് കേന്ദ്രീകരിച്ചായിരുന്നു പിന്നത്തെ പ്രവർത്തനങ്ങൾ. ഈ ഓഫീസിനു മുന്നിലെ സമരപ്പന്തലിലാണ് കർഷക നേതാവായ കുട്ടിശങ്കരൻനായർ 21 ദിവസം നീണ്ട സത്യാഗ്രഹം അനുഷ്ഠിച്ചത്.

ഫാ.വടക്കൻ, ജോൺ മാഞ്ഞൂരാൻ, ബി.വെല്ലിംഗ്ടൺ ഇവരുമൊത്ത് കൊട്ടിയൂർ കർഷകജാഥ, 1962 നവംബർ 24-25 തീയതികളിൽ ചുരുളി കീരിത്തോട്ടിൽ അയ്യായിരത്തിലേറെ കർഷകഭവനങ്ങൾ അഗ്നിക്കിരയാക്കിക്കൊണ്ട് അരങ്ങേറിയ കുടിയിറക്ക് ഇവയിൽ സജീവ സാന്നിദ്ധ്യമായി. അവരെ കുടിയിരുത്തിയ അമരാവതി ക്യാമ്പിൽ സാമൂഹികപ്രവർത്തകനായി ചേർന്നു.

മുൻമന്ത്രി മത്തായി മാഞ്ഞൂരാന്റെ കേരളപ്രകാശം ഫാ. വടക്കന്റെ തൊഴിലാളി എന്നീ പത്രങ്ങളുടെ പത്രാധിപസമിതി അംഗമായും ദീപികയുടെ സ്പെഷ്യൽ പ്രതിനിധിയായും പ്രവർത്തിച്ചു. വിദ്യാർത്ഥിയായിരിക്കവേ വിമോചനസമരത്തിൽ ചങ്ങനാശ്ശേരിയിൽവച്ചും പിന്നെ കർഷക പ്രക്ഷോഭണത്തിൽ എറണാകുളത്തുവച്ചും അറസ്റ്റ് വരിച്ചു.

1965 ഡിസംബർ 22-23 തീയതികളിൽ ഫാ. മാത്യു മൂഴിയിൽ എസ്.ജെ. ഓർഗനൈസറായി തേവര എസ്.എച്ച്. കോളേജിൽനടന്ന ക്രൈസ്തവ പത്രപ്രവർത്തകസെമിനാറിൽ പങ്കെടുത്തു. സെക്രട്ടറി എന്ന നിലയിൽ ചർച്ചാ രേഖകളും പ്രമേയങ്ങളും അടങ്ങിയ സ്മരണിക പ്രസിദ്ധപ്പെടുത്തി.

1966 മെയ് 30,31 തീയതികളിൽ ക്രിസ്റ്റ്യൻ കൗൺസിൽ സെക്രട്ടറി കെ.എ. മാത്യു, ഫാ. മാത്യുമൂഴിയിൽ എസ്.ജെ. എന്നിവർ ചേർന്നു കോട്ടയം മാർത്തോമ്മാ തിയോളജിക്കൽ സെമിനാരിയിൽ സംഘടിപ്പിച്ച സാഹിത്യസെമിനാറിന്റെ സെക്രട്ടറിയായിരുന്നു. തുടർന്നു രൂപംകൊണ്ട കേരള ക്രിസ്ത്യൻ റൈറേറഴ്സ് ആൻഡ് ജേർണലിസ്റ്റ്സ് ഫെലോഷിപ്പിന്റെ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. പ്രസ്തുത സെമിനാറിലെ ചർച്ചകളും പ്രബന്ധങ്ങളും പ്രമേയങ്ങളും 250 ൽപരം സാഹിത്യകാരന്മാരെപ്പററിയുള്ള വിവരങ്ങളും ഉൾപ്പെടുത്തി 1966 ൽ പ്രസിദ്ധീകരിച്ച കേരളക്രൈസ്തവ സാഹിത്യകാര ഡയറക്ടറിയുടെ എഡിററായിരുന്നു.

ഭാരതകത്തോലിക്കാ സഭയിലെ ആദ്യത്തെ അൽമായനായ രൂപതാ മതബോധനസെക്രട്ടറി എന്ന നിലയിൽ 1963 മുതൽ ആർച്ചുബിഷപ്പ് അഭിവന്ദ്യ കാവുകാട്ടുപിതാവിന്റെ നിയമനപ്രകാരം ചങ്ങനാശ്ശേരി അതിരൂപതാ മതബോധനസെക്രട്ടറിയായും കതിരൊളി ദൈവശാസ്ത്രമാസികയുടെ എഡിററുമായും 12 വർഷം പ്രവർത്തിച്ചു. അക്കാലത്താണ് ഗവേഷണരേഖയായ അദ്ധ്യയന മണ്ഡലം ബുള്ളററിനും ചങ്ങനാശ്ശേരി ടൗൺ ബുള്ളററിനും എഡിററുചെയ്തത്. തുടർന്ന് അതിരൂപതാ കോർപ്പറേററ് മാനേജ്മെന്റ് അസിസ്റ്റന്റ് സെക്രട്ടറിയായി അഞ്ചുവർഷവും അതിരൂപതയുടെ മുഖപത്രമായ മദ്ധ്യസ്ഥന്റെ ഏക അൽമായ എഡിററായി അഞ്ചുകൊ

www.malankaralibrary.com

ല്ലവും ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗമായി 15 കൊല്ലവും പ്രവർത്തിച്ചു. ഫാ. മാത്യു നടയ്ക്കലിന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരിയിൽ രൂപംകൊണ്ട അദ്ധ്യയനമണ്ഡലപ്രസ്ഥാനത്തിന്റെ സ്ഥാപകപ്രവർത്തകനും പ്രബോധക സമിതി അംഗവുമായിരുന്നു. പായിപ്പാട് സൺഡേസ്കൂളിൽ 18 വർഷം അദ്ധ്യാപകനായും പതിനഞ്ചു കൊല്ലം ഹെഡ്മാസ്റ്ററായും പ്രവർത്തിച്ചു. സൺഡേസ്കൂൾ അതിരൂപതാ പ്രമോട്ടറുമായിരുന്നു.

കേരളക്രൈസ്തവ സാഹിത്യ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ 1968 മെയ് 17, 18, 19 തീയതികളിൽ കോട്ടയം മാർ ബസേലിയോസ് കോളേജിലെ കണ്ടത്തിൽ വറുഗീസ് മാപ്പിള നഗറിൽ ചേർന്ന സാഹിത്യശിബിരത്തിന്റെ സെക്രട്ടറിയായിരുന്നു. പ്രസ്തുത ശിബിരത്തിൽവച്ച് ഫെലോഷിപ്പ് കേരളത്തിലെ സാഹിത്യനായകരായ സിസ്റ്റർ മേരിബനീഞ്ഞ, മഹാകവി പുത്തൻകാവ് മാത്തൻ തരകൻ, ഇ.എം. കോവൂർ, മാത്യു എം. കുഴിവേലി, മുട്ടത്തുവർക്കി, എം.ഒ. ജോസഫ് നെടുങ്കുന്നം ഇവർക്ക് ഒരു പവന്റെ സ്വർണ്ണമെഡലും പ്രശസ്തിപത്രവും അടങ്ങുന്ന 'സാഹിത്യതാരം' അവാർഡ് അഭിവന്ദ്യബിഷപ്പ് മാർ സെബാസ്റ്റ്യൻ വയലിലിന്റെയും ആരോഗ്യമന്ത്രി ബി.വെല്ലിംഗ്ടന്റെയും സാന്നിദ്ധ്യത്തിൽ നൽകുകയുണ്ടായി. ക്രൈസ്തവ സാഹിത്യകാരന്മാരിൽ കൗതുകമുണർത്തിയ ഒരു സംഭവമായിരുന്നു അത്. അതിനുശേഷമാണ് ക്രൈസ്തവസാഹിത്യകാരന്മാർക്കെല്ലാം മററുതലങ്ങളിൽനിന്ന് അംഗീകാരങ്ങൾ ലഭിച്ചു തുടങ്ങിയത്.

ദിനപ്പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇവകളിലായി ഇദ്ദേഹം എഴുതിയ മൂവായിരത്തിലേറെ പേജ് വരുന്ന രചനകൾ പത്തുവാല്യങ്ങളിലായി സമാഹരിക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു.

കൊണ്ടോടി - വെട്ടിക്കാട് കുടുംബയോഗം കൺവീനറും സ്ഥാപക സെക്രട്ടറിയും രണ്ട് വാല്യങ്ങളിൽ 1400 പേജ് വരുന്ന കുടുംബചരിത്രത്തിന്റെ രചയിതാവുമാണ്. സാഹിത്യമേന്മയും ചരിത്രമൂല്യവുംകൊണ്ട് 1987 ൽ എ.കെ.സി.സി. അവാർഡ് നേടിയ ആദ്യകുടുംബചരിത്രമാണത്. പായിപ്പാടു പള്ളിയുടെ നവതി, പുനർനിർമ്മാണം, ആഡിറേറാറിയം സ്മരണികകൾ, കോൺവെന്റ്, ഹൈസ്കൂൾ സുവർണ്ണജൂബിലിസ്മരണിക, സ്കൂൾ മാഗസിനുകൾ, ഗ്രാമപഞ്ചായത്ത് സമഗ്രവികസനരേഖ ഉൾപ്പെടെ നൂറിൽപ്പരം സ്മരണികകളും പഠനഗ്രന്ഥങ്ങളും എഡിററ് ചെയ്തു. നൂറിലേറെ പ്രബന്ധങ്ങളും മുന്നൂറിൽപരം വ്യക്തികളുടെ ജീവചരിത്രസംഗ്രഹങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി. 22 ഗ്രന്ഥങ്ങളുടെ രചയിതാവുമാണ്.

മതങ്ങളുടെ അഖിലലോകസംഘടനയായ വിശ്വമതപാർലെന്റംഗം കൂടിയാണദ്ദേഹം. 1970 ൽ ശാസ്താംകോട്ടയിലും 1978 ൽ കൽക്കൊത്തയിലും 1986 ൽ എറണാകുളം ചാവറകൾച്ചറൽ സെന്ററിലും, 1996 ൽ ബാംഗ്ലൂരിലും 2000 ജനുവരിയിൽ കൊച്ചിറിന്യൂവൽസെന്ററിലും നടന്ന

www.malankaralibrary.com

ലോകമതസമ്മേളനങ്ങളിൽ പങ്കെടുത്തു സംസാരിച്ചു. 1982 ൽ രൂപം പൂണ്ട ലോകാന്തരമതപാർലമെന്റിൽ അംഗവുമാണ്.

ഇപ്പോൾ ചങ്ങനാശ്ശേരി അതിരൂപത രണ്ട് വാല്യങ്ങളിൽ പ്രസിദ്ധീകരിക്കുന്ന ഡെമ്മി 1/4 2200 പേജ് വരുന്ന അതിരൂപതാ ചരിത്രത്തിന്റെ സഹരചയിതാവും ജനറൽ എഡിററും ചരിത്രക്കമ്മററി സെക്രട്ടിറിയുമായി പ്രവർത്തിക്കുന്നു.

രണ്ട് ട്രസ്റ്റുകളുടെയും മൂന്നു ഫൗണ്ടേഷനുകളുടെയും ചെയർമാൻ കൂടിയാണ് ബേബൻ. എ.കെ.സി.സി. ഉൾപ്പെടെ അഞ്ചുസംസ്ഥാന അവാർഡുകൾ, മാർത്തോമ്മാ വലിയമെത്രാപ്പോലീത്തായിൽനിന്നും പട്ടും വളയും ഉൾപ്പെടെ പത്ത് പൊന്നാടകളും പ്രശസ്തിപത്രങ്ങളും ലഭ്യമായി.

സഹധർമ്മിണി റോസ്. ടീച്ചിംഗ് അവാർഡ് നേടിയ ഹൈസ്കൂൾ അദ്ധ്യാപിക.

വിലാസം – ബേബൻ വെട്ടികാടൻ, സജിവില്ല, അൽഫോൻസാ
ഹോസ്പിററൽ റോഡ്, ചങ്ങനാശ്ശേരി.

# 272



# തോപ്പിൽ ആന്റോ

“ജീവിതംതന്നെ സംഗീതമാക്കി, സംഗീതത്തിനു വേണ്ടി സമർപ്പിത ചേതസ്സായി ജീവിച്ച പ്രശസ്ത ഗായകനായ തോപ്പിൽ ആന്റോ അറുപതിന്റെ നിറവിൽ എത്തിയിരിക്കുകയാണ്. കേരളസംഗീത നാടക അക്കാഡമിയുടെ അവാർഡ് ലഭിച്ചിട്ടുള്ള അദ്ദേഹം അയ്യായിരത്തിലേറെ വേദികളിൽ ഗാനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. സംഗീത സംവിധായകനും സംഗീത സംഘാടകനുമൊക്കെയായ തോപ്പിൽ ആന്റോ കലാഭവൻ തുടങ്ങി ഒട്ടുമിക്കഗാനമേള ഗ്രൂപ്പുകളിലും സഹകരിച്ചിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ ഗാനങ്ങൾ ആലപിച്ച് ആസ്വാദകരെ ആനന്ദസാഗരത്തിൽ ആറാടിപ്പിച്ചിട്ടുണ്ട്. ഹിന്ദുഗായകസാമ്രാട്ടായിരുന്ന മുഹമ്മദ് റാഫിയുടെ ഗാനങ്ങൾ അതേപോലെതന്നെ പാടി ശ്രോതാക്കളെ കൈയ്യിലെടുത്തിരുന്ന ആന്റോ ഇന്നും ആ മികവ് നിലനിർത്തുന്നു. ആ മഹാഗായകന്റെ ആയിരത്തിലേറെ ഗാനങ്ങൾ പഠിച്ച് ഹൃദ്യമായി ആലപിച്ചിട്ടുള്ള തോപ്പിൽ ആന്റോ ഹിന്ദിഗാനങ്ങളിൽ മാത്രം ഒതുങ്ങിനിന്നില്ല. ആലാപനത്തിന്റെ വ്യത്യസ്തത ഏതു ഭാഷയിലും പുലർത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.” 2000-ാമാണ്ട് ജൂൺലക്കം മേരിവിജയം മാസികയിൽ ഫാ.ചെറിയാൻ കുനിയന്തോടത്ത് എഴുതിയ ലേഖനത്തിലെ ഒരു ഭാഗമാണ് മുകളിൽ

www.malankaralibrary.com

ഉദ്ധരിച്ചിരിക്കുന്നത്.

സംഗീതസംവിധായകനായ തോപ്പിൽ ആന്റോ 1940 ജൂൺ ആറിന് ആണ് ജനിച്ചത്. തോപ്പിൽ ആന്റോ എന്ന കലാകാരന്റെ കുടുംബപശ്ചാത്തല ത്തെപ്പറ്റി അല്പം ഒന്ന് പ്രതിപാദിക്കുന്നത് സമുചിതമായിരിക്കും. ആന്റോ യുടെ ജന്മസ്ഥലം ഇടപ്പള്ളിയാണ്. പുരാതന ഇടത്തരം കത്തോലിക്കാകുടും ബത്തിലെ തോപ്പിൽ ജോസഫ് കുഞ്ഞാപ്പുവാണ് പിതാവ്. വരാപ്പുഴ പുളി ക്കൽ തോമ്മാ മകൾ ഏലിയാമ്മയാണ് മാതാവ്. നല്ല ശബ്ദത്തിന്റെ ഉടമയാ യിരുന്ന മാതാവ് പണ്ടത്തെ ക്രിസ്തീയഗാനങ്ങൾ നല്ലതുപോലെ പാടുമായി രുന്നു. ആന്റോയുടെ വല്യപ്പൻ (പിതാവിന്റെ പിതാവ്) തൃപ്പൂണിത്തറക്കാ രനാണ്. തുന്നൽപണികളിൽ അതിവിദഗ്ദ്ധനായിരുന്നു അദ്ദേഹം. എറണാ കുളം അരമനയിലെ കുർബാന കുപ്പായങ്ങൾ, മററുവൈദികവസ്ത്രങ്ങൾ, ഊറാല എന്നിവയെല്ലാം കൈതുന്നൽപണികൾ നടത്തുന്നതിനായി അരമനയിൽ എത്തി. അവിടെനിന്നും ഇടപ്പള്ളിയിലും തുന്നൽപണികൾ ക്കായി വന്നു. ഇടപ്പള്ളിയിൽനിന്ന് അദ്ദേഹം വിവാഹം കഴിച്ച് അവിടെ താമ സമാക്കി. അദ്ദേഹത്തിന്റെ മൂന്നാമത്തെ മകൻ കുഞ്ഞാപ്പുവാണ് ആന്റോ യുടെ പിതാവ്. ആന്റോയുടെ വല്യപ്പൻ തുന്നൽപണികൾക്കായി രാമപുരം സെന്റ് അഗസ്റ്റിൻസ് പള്ളിയിലും, തൊടുപുഴ, നാഗപ്പുഴ പള്ളികളിലും പോയി. അദ്ദേഹത്തിന്റെ അനുജനും കുടുംബവും രാമപുരത്ത് സ്ഥിരതാമ സമാക്കി. വല്യപ്പന്റെ മരണശേഷം ആന്റോയുടെ പിതാവ് ഇടപ്പള്ളിയിൽ എത്തി. തുന്നൽപണിചെയ്തിരുന്നതുകൊണ്ട് അവരെ സൂചി എന്ന പേരി ലാണ് ചിലർ വിളിച്ചിരുന്നത്. വല്യപ്പൻ ഇടപ്പള്ളിയിൽ തുന്നിയ കുപ്പായങ്ങൾ ഇടപ്പള്ളിപള്ളിയിലെ മ്യൂസിയത്തിൽ ഇന്നും സൂക്ഷിച്ചിട്ടുണ്ട്. ഇന്നത്തെ തലമുറക്ക് അവ നിശ്ചയമില്ല. എങ്കിലും പലരും ആ വസ്തുത തുറന്ന് പറയുന്നുണ്ട്.

ആന്റോ ഇടപ്പള്ളി സെന്റ് ജോർജ് മിഡിൽസ്കൂളിൽ ഏഴാംക്ലാസുവരെ പഠിച്ചു. അന്ന് സ്കൂൾ ഫീസ് ഉള്ള കാലമായിരുന്നു. സാമ്പത്തികമായി വലിയവരുമാനം ഇല്ലാതിരുന്നതുകൊണ്ടും പിതാവ് തുന്നൽപണി ഉപേക്ഷിച്ച് ചവിട്ടുനാടകം കളിച്ച് നടന്നിരുന്നതുകൊണ്ടും കുടുംബം സാമ്പത്തി കതകർച്ചയിൽ ആയി. സംഗീതവാസനയാണ് പിതാവിന്റെയും മാതാവി ന്റെയും സ്വത്തായി ആന്റോയ്ക്ക് ലഭിച്ചത്.

വിദ്യാഭ്യാസകാലത്ത് സ്കൂൾ മീററിംഗുകളിൽ ടീച്ചർമാരുടെയും സഹ പാഠികളുടെയും നിർബന്ധംകൊണ്ട് പാട്ടുകൾപാടുമായിരുന്നു. അക്കാലത്ത് ഇടപ്പള്ളിയിൽ കോമള മ്യൂസിക്കൽ ആർട്ടസ് എന്ന പേരിൽ ഒരു ക്ലാസ്സ് ആരംഭിക്കുകയുണ്ടായി. അന്നത്തെ പ്രശസ്തരായ ഭാഗതർമാർ വന്ന് ആ ക്ലബ്ബിൽ പാട്ട് പാടുമായിരുന്നു. ജോർജ്ജ് വക്കൻ ഭാഗവതർ, പാപ്പുക്കുട്ടി ഭാഗവതർ, അഗസ്റ്റിൻ ജോസഫ് ആശാൻ അങ്ങനെ പലരും വന്ന് പാടുന്ന പാട്ടുകൾ ആസ്വദിക്കാനായി ആന്റോ പോകുമായിരുന്നു. സംഗീതവും മററു

www.malankaralibrary.com

ഉപകരണങ്ങളുടെ ശബ്ദങ്ങളും കേൾക്കുമ്പോൾ എല്ലാം മറന്ന് ആന്റോ അവിടെ നിൽക്കുമായിരുന്നു. കുറേ കഴിഞ്ഞപ്പോൾ ചെറുപ്പക്കാരുടെ ഒരു രണ്ടാം നിര വളർന്നു വന്നു. അവർ പഴയ ഹിന്ദി ഗാനങ്ങളും ലളിതഗാന ങ്ങളും മലയാള സിനിമാ ഗാനങ്ങളും പാടി തുടങ്ങി. ഒട്ടു മിക്കതും ഹിന്ദി പാട്ടിന്റെ ട്യൂണിലായിരുന്നു. അന്ന് 1954-1955 കാലഘട്ടത്തിൽ ആന്റോയും ഇടപ്പള്ളിയിലും സമീപ പ്രദേശങ്ങളിലും പരിപാടികൾ നടത്തി. ക്ലബ്ബിനും ക്ലബ്ബിലെ രണ്ടാം നിരക്കാരായ അളുകൾക്കും ഒരു അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞു. ഇടപ്പള്ളി മുഹമ്മദ്, വർഗ്ഗീസ് പള്ളിപ്പാടൻ, വി.ജി തോമസ് തുടങ്ങിയവർ രണ്ടാം നിരക്കാരിൽ ഉൾപ്പെടുന്നു.

എറണാകുളം കേന്ദ്രമാക്കി ടാൻസ്സൻ മ്യൂസിക്കൽ എന്ന ഒരു സ്ഥാപനം പ്രവർത്തിച്ചിരുന്നു. അവിടെ ചിട്ടയോടുകൂടി സംഗീത ഉപക രണങ്ങൾ കൈകാര്യം ചെയ്തിരുന്ന പല കലാകാരൻമാരും എത്തിയിരുന്നു. അവിടെ നിത്യ സന്ദർശകനായിരുന്ന ആന്റോയ്ക്ക് പല കാര്യങ്ങളും മനസ്സിലാക്കാൻ കഴിഞ്ഞു. ഔദ്യോഗിക തലത്തിൽ സംഗീതം അഭ്യസി ക്കാൻ കഴിഞ്ഞില്ലെങ്കിലും മഹാൻമാരുമായിട്ടുള്ള അടുപ്പത്തിൽ കുറെ യെക്കെ വശമാക്കി. മകൻ ഒരു തൊഴിൽ വശമാക്കണമെന്നുള്ള അപ്പന്റെ ആഗ്രഹമനുസരിച്ച് മൂത്ത സഹോദരി ഭർത്താവ് തമിഴ്നാട്ടിലെ ഉട്ടുല പേട്ടയിൽ മെക്കാനിക്ക് വർക്ക്ഷോപ്പിൽ ആന്റോയെ അയച്ചു. പക്ഷേ അവിടെ ഉട്ടുമലൈയിൽ നടന്ന "നൽപൻ" എന്ന നാടകത്തിൽ പിന്നണി പാടുവാൻ അവസരം ലഭിച്ചു. കാർ മെക്കാനിക്ക് പഠിക്കുവാൻ പോയ ആന്റോ അവിടെ യുള്ള സംഗീത സംഘത്തോടു ചേർന്ന് സംഗീത രംഗത്ത് ഒരു നല്ല പേര് സമ്പാദിച്ചു. വീണ്ടും എറണാകുളത്ത് മടങ്ങിയെത്തി. വീണ്ടും കലാരംഗത്ത് ശ്രദ്ധ പതിപ്പിച്ചു. 1957-ൽ നാടകാചാര്യനായ ശ്രീ സി. ജെ തോമസിന്റെ വിഷവൃക്ഷം എന്ന നാടകത്തിൽ പിന്നണി ഗായകനാകാൻ അവസരം ലഭിച്ചു. കേന്ദ്രമന്ത്രി ശ്രീ എ. സി ജോർജ്ജാണ് അതിന് സാഹചര്യം സൃഷ്ടിച്ചത്.

ഇടപ്പള്ളി പള്ളിയിലെ ഒരു വലിയ പരിപാടിയിൽ പിന്നണി പാടുന്ന അവസരത്തിൽ എ.സി. ജോർജ്ജിന്റെ അനുജൻ എ.സി ജോണി ആ പരിപാടിയിലെ മുഖ്യകഥാപാത്രമായി അഭിനയിച്ചിരുന്നു. അദ്ദേഹമാണ് ഈ നാടകത്തിന്റെ നോട്ടീസിൽ തോപ്പിൽ ആന്റോ എന്ന് പേരിട്ട് പ്രസിദ്ധ പ്പെടുത്തിയത്. പിന്നീട് ഈ പേര് കേരളത്തിന് അകത്തും പുറത്തും പ്രസി ദ്ധമായി തീർന്നു. പിന്നീട് മാള മഹാത്മാ തീയേറ്റേഴ്സിന്റെ രക്തസാക്ഷി കൾ ഗർജ്ജിക്കുന്നു, ചാലക്കുടി സൈമാ തീയേറ്റേഴ്സിന്റെ ചരിത്ര നാടക മായ കാറൽമാൻ എമ്പ്രദോർ, ദിറോസ് എന്നീ നാടകങ്ങളിലും പിന്നണി ഗായകനായി. തുടർന്ന് തൃശ്ശൂർ ജില്ലയിലെ ഒട്ടു മിക്ക സ്ഥലങ്ങളിലും പരി പാടികൾ അവതരിപ്പിക്കൻ ആന്റോയ്ക്ക് കഴിഞ്ഞു. തൃശ്ശൂർ ജില്ലയിലെ പല സമിതികളിലും അമേച്ചർ പ്രോഗ്രാമുകളിൽ പങ്കെടുത്തു. ചേർപ്പ് ചങ്ങമ്പുഴ കലാസമിതി, തൃശ്ശൂർ നവജീവൻ, ഗുരുവായൂർ ഫ്രണ്ട്സ് തീയേറ്റേഴ്സ്

www.malankaralibrary.com

തുടങ്ങിയവ തോപ്പിൽ ആന്റോയുടെ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിച്ചു.

നാൽപ്പത്തിയഞ്ച് വർഷമായി കലാരംഗത്ത് പ്രവർത്തിക്കുന്ന ആന്റോ ഒരു ഗാനമേള ട്രൂപ്പ് നടത്തുന്നുണ്ട്. കൊച്ചിൻ ബാൻഡോർ എന്ന പേരിൽ അറിയപ്പെടുന്ന ഈ ട്രൂപ്പ് കേരളത്തിന് അകത്തുംപുറത്തും നിരവധി പ്രോഗ്രാമുകൾ അവതരിപ്പിച്ചിട്ടുണ്ട്. ഇന്നത്തെ പ്രഗൽഭരും പ്രശസ്തരുമായ നിരവധി കലാകാരൻമാരെ വളർത്തിയെടുക്കുന്നതിൽ കൊച്ചിൻ ബാൻഡോർ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. പിന്നണി ഗായകരായ യേശുദാസും ആന്റോയും സമകാലികരും ആത്മ സുഹൃത്തുക്കളുമാണ്. പ്രൊഫഷണൽ നാടക സമിതികളായിരുന്ന കോട്ടയം നാഷണൽ തീയേറേറഴ്സ്, എൻ. എൻ പിള്ളയുടെ വിശ്വകേരള കലാസമിതി, സി. ജി ഗോപിനാഥിന്റെ കായംകുളം പീപ്പിൾസ് തീയേറേറഴ്സ്, വീക്ഷണം തീയേറേറഴ്സ്, എറണാകുളം സ്റ്റേററ് ഇൻഡ്യാ എന്നീ സമിതികളിലും പിന്നീട് പ്രൊഫഷണൽ ഗാനമേള ട്രൂപ്പുകളായിരുന്ന എറണാകുളം കലാഭവൻ, കോട്ടയം ഫ്രണ്ട്സ് ഓർക്കസ്ട്ര, വോയിസ് ഓഫ് കോട്ടയം, ഡി. സി. എൽ കലാസമിതി, ശിവഗിരി ശാരദ കലാസമിതി, തിരുവനന്തപുരം ടാസ് മ്യൂസിക്ക്, കൊച്ചിൻ സാക്സ്, ഉദയഭാനുവിന്റെ ഓൾഡ് ഈസ് ഗോൾഡ്, ആലപ്പുഴ ക്ലാപ്സ് ഓർക്കസ്ട്ര മുതലായ പ്രശസ്ത ഗാനമേള ട്രൂപ്പുകളിലും തോപ്പിൽ ആന്റോ മുഖ്യ ഗായകനായിരുന്നു.

കേരളത്തിലും അതിപ്രശസ്തരായ കലാകാരൻമാരുമായി ഒന്നിച്ച് പ്രവർത്തിക്കാൻ ആന്റോയ്ക്ക് സാധിച്ചിട്ടുണ്ട്. എൻ.എൻ പിള്ള, ജോസ് പ്രകാശ്, മാവേലിക്കര പൊന്നമ്മ, കാലടി ഗോപി, പി.ജെ ആന്റണി, ടി.കെ ജോൺ, ഫാ. ആബേൽ സി. എം. ഐ, കെ. പി. എ. സി സുലോചന, ജെറി അമൽദേവ്, വൈക്കം ചന്ദ്രശേഖരൻ നായർ എന്നിവർ അവരിൽ ചിലർ മാത്രമാണ്.

കേരളത്തിലും പുറത്തും വിദേശ രാജ്യങ്ങളിലും (യു. എസ്സ്. എ-ഗൾഫ്) പല പ്രാവശ്യം സ്വന്തം ട്രൂപ്പുമായും മററ് പ്രശസ്ത ട്രൂപ്പുകളുമായി ചേർന്നും പരിപാടികൾ നടത്താൻ പോയിട്ടുണ്ട്. ആൾ ഇന്ത്യാ റേഡിയോ തൃശ്ശൂർ നിലയത്തിൽ നിന്നും ലളിതഗാനം ആലപിച്ചിട്ടുണ്ട്. ദൂരദർശൻ കേന്ദ്രം, ഏഷ്യാനെററ്, സ്വരലയം, ശാലോം, ജീവൻ ടി. വി, എ. സി. വി, അമൃത ടി.വി എന്നീ ചാനലുകളിൽ ആന്റോ ഗാനങ്ങൾ അവതരിപ്പിച്ച് കൊണ്ടിരിക്കുന്നു. ഫാ. ഡാമിയൻ, റാഗിംഗ്, അനുഭവങ്ങളേ നന്ദി, ലജ്ജാവതി, വീണപൂവ് തുടങ്ങിയ സിനിമകളിലും പിന്നണി ഗായകനായിരുന്നിട്ടുണ്ട് ആന്റോ. സംഗീത സംവിധാനം ചെയ്ത നിരവധി കാസററുകൾ ഉണ്ട്. ക്രിസ്തീയ ഭക്തി ഗാനങ്ങൾ, കുർബ്ബാന ഗീതങ്ങൾ, മാപ്പിളപ്പാട്ടുകൾ, ഓണം ഫെസ്റ്റിവൽ ഗാനങ്ങൾ, നാടൻപാട്ടുകൾ, അയ്യപ്പഭക്തി ഗാനങ്ങൾ, ഗുരുവായൂരപ്പൻ ഗാനങ്ങൾ, ചങ്ങമ്പുഴ കവിത സംഗീതാവിഷ്ക്കാരം, ലളിത ഗാനങ്ങൾ, കേരള ദർശനം, മദർ തെരേസ തുടങ്ങിയവയാണ് പ്രശസ്തമായ കാസററുകൾ.

www.malankaralibrary.com

കേരള സംഗീത നാടക അക്കാഡമി ജനറൽ കൗൺസിൽ മെമ്പർ, എക്സിക്യൂട്ടീവ് മെമ്പർ, നാടക ഓർക്കസ്ട്രാ സംവിധായകൻ എന്ന നിലയിലും ആന്റോ പ്രവർത്തിച്ചിട്ടുണ്ട്. ജീവൻ ടി. വി സംപ്രേഷണം ചെയ്യുന്ന നാടകമേ ഉലകം എന്ന പരമ്പരയുടെ പ്രോഗ്രാം കോർഡിനേററർ ആണ് തോപ്പിൽ ആന്റോ. 1950-1960 കളിൽ കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക നവോത്ഥാനത്തിന് പ്രചോദനമായ മലയാള നാടക വേദിയെ ഇന്നത്തെ യുവ തലമുറയ്ക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി ഒരുക്കുന്ന പരിപാടിയാണ് നാടകമേ ഉലകം. മലയാള നാടക വേദിയിലെ അതികായൻമാർ, നടീനടൻമാർ, നാടകാചാര്യൻമാർ, സംഗീത സംവിധായകർ, ഗാനരചയിതാക്കൾ തുടങ്ങിയവരുടെ ഓർമ്മകളിലൂടെ പ്രയാണമാരംഭിക്കുന്ന ഈ പരമ്പരയിലൂടെ മലയാളിക്ക് ഒരിക്കലും മറക്കാനാവാത്ത അനശ്വരങ്ങളായ നിരവധി ഗാനങ്ങൾ പുനരാവിഷ്ക്കരിക്കപ്പെടുന്നു.

തോപ്പിൽ ആന്റോയുടെ സേവനങ്ങൾക്ക് ആംഗീകാരമായി നിരവധി അവാർഡുകളും ലഭിച്ചിട്ടുണ്ട്. കേരള സംഗീത നാടക അക്കാഡമിയുടെ 83-ലെ ലളിത ഗായകനുള്ള അവാർഡ്, യു.എസ്സ്.എ. പ്രഭാതം പബ്ലിക്കേഷൻസിന്റെ അവാർഡ് തുടങ്ങിയവ പ്രത്യേകം എടുത്തു പറയേണ്ടതാണ്. ആലപ്പുഴ ക്ലാപ്സ് ഓർക്കസ്ട്രാ, തേവര സംഗീതസദൻ, മൂവാററുപുഴമേള, മൂവാററുപുഴ പീ കോക്ക്, ഇടപ്പള്ളി ചങ്ങമ്പുഴ കലാകേന്ദ്രം, തൃശൂർ ക്രിയേററീവ് ആർട്സ്, എറണാകുളം അതിരൂപതാ സി.എൽ.സി, സിവിൽ ലൈൻ ജെ.സി.സി. കൊച്ചിൻ തുടങ്ങിയവയും തോപ്പിൽ ആന്റോയെ ആദരിച്ചിട്ടുണ്ട്. സംഗീതം ഈശ്വരന്റെ വരദാനമാണെന്നാണ് ആന്റോയുടെ അഭിപ്രായം. ഇപ്പോഴും കലാസാംസ്കാരികരംഗത്ത് മികവോടെ പ്രവർത്തിക്കുവാൻ, നല്ലൊരുഗായകനായും സംഗീതസംവിധായകനായും നല്ലൊരു സംഘാടകനായും പിടിച്ചുനിൽക്കാൻ കഴിഞ്ഞത് വളരെ ത്യാഗങ്ങളുടെയും ഉപാസനയുടെയും ഫലമായിട്ടാണ്.

നാലുദശാബ്ദക്കാലത്തെ കലാസേവനത്തിനിടയിൽ മധുരിക്കുന്നതും കയ്പേറിയതുമായ അനുഭവങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ ഇന്നും കെടാതെ സൂക്ഷിക്കുന്നുണ്ട്.

1967 ൽ ഭാരതത്തിന്റെ സുരക്ഷാഫണ്ടിലേക്ക് ധനശേഖരണാർത്ഥം തോപ്പിൽ ആന്റോ ഗാനമേളകൾ സംഘടിപ്പിക്കുകയുണ്ടായി. 1976 ൽ കേരള സംഗീതനാടക അക്കാഡമിയുടെ മധ്യമേഖല അമച്ച്വർ നാടകമത്സരത്തിന്റെ കൺവീനറായിരുന്നു. ആന്റോ നല്ലൊരു സംഘാടകൻ കൂടിയാണ്. ഇന്ത്യൻ സംഗീതവും പാശ്ചാത്യസംഗീതവും സംയോജിപ്പിച്ചുകൊണ്ടുള്ള ഈസ്റ്റ് വെസ്റ്റ് ഹാർമണി, ജുഗൽബന്ദി പ്രോഗ്രാമുകൾ പ്രേംസാഗറുമായി ചേർന്ന് സംഘടിപ്പിക്കാറുണ്ട്. വിദേശടൂറിസ്റ്റുകളെ ഈ പരിപാടി ആകർഷിക്കുന്നു.

ആന്റോയുടെ കുടുംബം ഒരു സംഗീതകുടുംബംതന്നെയാണ്. ഭാര്യ ട്രീസ. കാഞ്ഞൂർ കിഴക്കുംഭാഗത്ത് പൈനാടത്ത് ദേവസി റോസ

www.malankaralibrary.com

ദമ്പതികളുടെ മകളാണ്. മകൻ സാഗർ അറിയപ്പെടുന്ന ഒരു സംഗീത സംവിധായകനാണ്. സ്വന്തമായി സിംഫണികൾ രചിച്ച് സാഗർ ശ്രദ്ധേയനായിരിക്കുന്നു. മറ്റൊരു മകൻ മരിയദാസ് നല്ലൊരു ഗായകനാണ്. കാസറ്റുകളിലും ഗാനമേളകളിലും മരിയദാസിന്റെ ശബ്ദം ശ്രദ്ധിക്കപ്പെടുന്നു.
വിലാസം - തോപ്പിൽ ആന്റോ, ഇടപ്പള്ളി, കൊച്ചി - 24.

# 273

# ജോൺ പെല്ലിശേരി

ജേർണലിസത്തിന് പശ്ചാത്തലമായ വൈജ്ഞാനികസരണികളിലും ജനസമൂഹങ്ങളുടെ സ്ഥലകാല വിവരണസമുച്ചയത്തിലും അരനൂറ്റാണ്ടുകാലത്തോളം കർമ്മനിരതനായ ജോൺ പെല്ലിശേരി ഭാരതീയ വിജ്ഞാന ശാഖോപശാഖകൾ അടിസ്ഥാനമാക്കി, മലയാള പഞ്ചാംഗപരമ്പരകൾ പ്രസിദ്ധപ്പെടുത്തുന്നതിൽ അഗ്രഗാമിത്വം നേടിയിരിക്കുന്നു. നേരത്തേ കേരളത്തിലെ ജാതിമതസമുദായങ്ങളുടെ ധാർമ്മികതയിലൂടെ ജനസമൂഹങ്ങളുടെ സവിശേഷതകളാണ് അദ്ദേഹം പ്രസാധനം ചെയ്ത ഗ്രന്ഥങ്ങളിൽ മുന്നിട്ടുനിന്നത്. ഇരുപത്തഞ്ച് മതസമുദായങ്ങളെ മതേതര പരിധിയിൽനിന്ന് വീക്ഷിച്ചു ബോധനാത്മകമായ പഠനങ്ങൾ ആവിഷ്ക്കരിച്ചു. ഇപ്പോൾ ഇരുപത്തഞ്ച് ഇനം സമൂഹങ്ങളുടെയും വികാസപരിണാമങ്ങൾ ദേശീയ കാഴ്ചപ്പാടിൽ രാജ്യാന്തരം സ്വീകാര്യതയോടെ തയ്യാറാക്കി അച്ചടിക്കുന്നു.

ഭാരതീയ വൈജ്ഞാനികത്തനിമയാർന്ന ഇരുപത്തഞ്ച് വിജ്ഞാനശാഖകളെ സ്ഥിതി വിശദീകരണാവലോകനങ്ങളോടെ ധാർമ്മിക മാർഗ്ഗദർശിയായ മലയാള പഞ്ചാംഗത്തിലൂടെ ഗ്രന്ഥപരമ്പരകളായി പ്രസാധനം ചെയ്തുവരുന്നു. ഇതിൽ അഞ്ഞൂറിലേറെ പേരുടെ ജീവിതചിത്രീകരണം നടത്തി. അടുത്ത അഞ്ഞൂറുപേരെ പരിചയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മലയാള സംസ്ക്കാരത്തിന്റെ ധാർമ്മിക സ്രോതസ്സായ കേരള പഞ്ചാംഗത്തിന് 150 വർഷം പിന്നിട്ടത് സംബന്ധിച്ച് ശതവർഷ-ദശവർഷ പഞ്ചാംഗങ്ങൾ അതാതിനു ചേർന്ന അറിവിന്റെ അകമ്പടിയോടെ പ്രസാധനം ചെയ്തുവരുന്നു. ഇതിലേക്ക് ആണ്ടുതോറും നൂറ്റമ്പതിലേറെ മൾട്ടികളർ പരസ്യങ്ങൾ ആയുഷ്കാലം എന്നോണം കരാർചെയ്ത് സാമ്പത്തികഭദ്രത ഉറപ്പുവരുത്തി.

ആയിരം പേജു വീതമുള്ള ഒരു ഡസനിലേറെ സാമുദായിക ചരിത്ര ഗ്രന്ഥങ്ങൾ ഗ്രന്ഥകർത്താക്കൾ എഴുതി നിർത്തിയിടം മുതൽ ഇന്നുവരെയുള്ളത് എഴുതിച്ചേർത്തു സമ്പൂരകമാക്കി പ്രസിദ്ധപ്പെടുത്തി. ഇവ ലാഭാധി

www.malankaralibrary.com

ഷ്ഠിത യത്നമല്ലെങ്കിലും മിച്ചം കുറവായതുകൊണ്ടാണ് ഭാരതീയ വൈജ്ഞാനിക ശാഖകളിലേക്ക് അന്വേഷണത്വരത നീട്ടിയത്. ഇയർ ബുക്കുകളെ മലയാളത്തിലും ഇംഗ്ലീഷിലും ലക്ഷങ്ങളാക്കുന്നതിൽ രണ്ടര പതിറ്റാണ്ടുകാലം ചെലവഴിച്ച ശ്രീ. പെല്ലിശേരി അതേ വൈജ്ഞാനിക ദാഹത്തോടും കഠിനാദ്ധ്വാനത്തോടും കൂടിയാണ് പത്രപ്രവർത്തനത്തിന്റെ മറ്റൊരു ബ്രാഞ്ചായ മലയാളപഞ്ചാംഗത്തിലേക്ക് കടന്നത്. അതിൽ 150 വർഷം മുൻപ് കോഴിക്കോട് സാമൂതിരിയുടെ വിദ്വൽസദസ്സിലെ തനിമ സർവസമ്മതിയോടുംകൂടി സ്വാംശീകരിച്ച് പഞ്ചാംഗത്തെ ധാർമ്മിക കൈപ്പുസ്തകമാക്കി മാറ്റി. ലക്ഷങ്ങൾ അച്ചടിക്കുന്ന നിലവാരത്തിലേക്ക് അതിനെ പിടിച്ചു കയറ്റുകയും ചെയ്തു. ഇതിലേക്ക് ഒന്നരപതിറ്റാണ്ടിലെ കഠിനപ്രയത്നവും അന്വേഷണസഞ്ചാരവും വേണ്ടിവന്നു. അഞ്ഞൂറു പ്രതിഭകളുടെ പ്രോത്സാഹനം നേടുകയും ചെയ്തു.

ബിരുദതലം മുതലേ വൈജ്ഞാനികപഠനത്തിലും ആവിഷ്കരണത്തിലും അതീവ താൽപര്യം പ്രകടിപ്പിച്ചു. ഇയർബുക്കുകളിലൂടെയും പഞ്ചാംഗങ്ങളിലൂടെയും മലയാളത്തിൽ പ്രസിദ്ധീകരണരംഗത്തു വ്യക്തിമുദ്ര പതിപ്പിക്കുകയും പ്രചാരണത്തിൽ റെക്കോർഡ് നേടുകയും ചെയ്തതിന്റെ ഉടമയാണ്. ഈദൃശപ്രവർത്തനം കേന്ദ്രീകൃതമാക്കിയാണ് കേരള ജനസമൂഹങ്ങളുടെ സമഗ്രമായ സ്ഥലകാല ദർശനാവലോകനങ്ങൾ മതേതര കാഴ്ചപ്പാടിൽ ഉറച്ചുനിന്നു വെളിപ്പെടുത്തിയത്. ഇത് യഥാർത്ഥത്തിൽ മൂന്നു പതിറ്റാണ്ടുകാലം നടത്തിയ പത്രപ്രവർത്തന വിജ്ഞാനത്തിന്റെ ഉപോൽപന്നങ്ങളാണ്. പരിധി ലംഘിക്കുന്ന ഇത്തരം സ്വതന്ത്രപഠനങ്ങൾ നിശ്ചിത വ്യവസ്ഥാപിത സ്ഥാപനത്തിലൂടെ പുറത്തു കൊണ്ടുവരാൻ പരിമിതികളുള്ളതുകൊണ്ടാണ് സ്വതന്ത്രമായ ധൈഷണിക പ്രവർത്തനത്തിനും പ്രസിദ്ധീകരണ വൈവിദ്ധ്യങ്ങൾക്കുമായി ചിരകാലം പ്രവർത്തിച്ചിരുന്ന പത്രസ്ഥാപനത്തിനു സമീപം തന്നെ അച്ചടിശാല ആരംഭിച്ചത്. ഔദ്യോഗികജോലിയിൽനിന്ന് നല്ല പ്രായത്തിൽതന്നെ വിരമിച്ചു മുഴുവൻ സമയ വിജ്ഞാനോപാസകനായി പരിവർത്തനം ചെയ്തതിലൂടെ സ്വന്തം നാടായ തൃശൂരിൽനിന്ന് കോട്ടയത്തു സ്ഥിരതാമസമാക്കേണ്ടിവന്നു. ഇതിനിടയിൽ കേരളം മുഴുവനും ജില്ലകളും താലൂക്കുകളുമായി സഞ്ചരിച്ച് മലയാളത്തനിമയുടെ തലപ്പുകളും അടിവേരുകളും മറ്റാരേയുംകാൾ പരിശോധിക്കാനും സമാഹരിക്കാനും കഴിഞ്ഞിട്ടുണ്ട്.

താനുൾപ്പെട്ട ക്രൈസ്തവസഭയുടെ അടരുകളും പടലങ്ങളും തിരിച്ച് തിരിച്ച് പഠിക്കാനും അവയുടെ സംഘടനകളെയും സാരഥികളെയും ദർശനങ്ങളെയും ദൈവശാസ്ത്രങ്ങളെയും സശ്രദ്ധം സമീക്ഷിച്ചു ഏറെ ഗ്രന്ഥങ്ങൾ എഴുതിയും എഴുതിച്ചും പ്രകാശനം ചെയ്യാൻ കഴിഞ്ഞെങ്കിലും സാമ്പത്തിക സന്തുലനം സാധ്യമായില്ല. ജീവിതത്തിന്റെ നാനാതുറകളിലുംപ്പെട്ട പ്രതിഭകളെയും സ്ഥാപനങ്ങളെയും പ്രത്യേകിച്ച് സമസ്ത സഭാസ്ഥാപന

www.malankaralibrary.com

ങ്ങളെയും പരിചയപ്പെടാൻ കഴിഞ്ഞത് ആരോഗ്യകരമായ കർമ്മാസൂത്രണത്തിനു വഴിയൊരുക്കികിട്ടി. മനോരമയുടെ ചരിത്രം തയ്യാറാക്കി വമ്പന്മാരുടെ പേര് ചാർത്തി പ്രസിദ്ധീകരിച്ചതുവഴി വിപുലമായ കേരളപഠനത്തിന്റെ അനുഭവം സ്വന്തമായി.

അറിവിന്റെ നാനാമാർഗ്ഗങ്ങളിലൂടെയും സ്വന്തം വിശ്വാസാചാരങ്ങൾക്ക് ഹാനി വരുത്താതെ കർമ്മനിരതനായിരിക്കുന്ന ജോൺപെല്ലിശ്ശേരി 1940 ജൂൺ 10 നു തൃശൂർജില്ലയിലെ അളഗപ്പനഗറിൽ വരാക്കരയിൽ ജനിച്ചു. പിതാവ് പെല്ലിശ്ശേരി വാറുണ്ണി. മാതാവ് ഇരിങ്ങാലക്കുട ചിറ്റിലപ്പിള്ളി താണ്ടമ്മ. പെരിയ ഇല്ലംപ്രദേശമായ തറവാട്ട് പേരിലെത്തിച്ചത് സെന്റ് തോമസ് പാലയൂരിൽ സ്ഥാപിച്ച നാലു ഇല്ലങ്ങളിൽപെട്ട കരുതുകുളങ്ങര താവഴിയോടനുബന്ധിച്ചാണ്. പാലയൂർ മുതൽ ചാലക്കുടിവരെ ആയിരക്കണക്കിനുവീട്ടുകാരുള്ള പെല്ലിശ്ശേരി കുടുംബത്തിൽ ജനിച്ച ശ്രീ. പെല്ലിശ്ശേരി ഇരിങ്ങാലക്കുട, മണ്ണംപേട്ട, വരന്തരപ്പിള്ളി, തൃശൂർ എന്നിവിടങ്ങളിലാണ് സ്കൂൾ കോളേജ് വിദ്യാഭ്യാസം നിർവ്വഹിച്ചത്. തൃശൂർ സെന്റ് തോമസ് തോപ്പ്സെമിനാരിയിൽ രണ്ടുവർഷവും ആലുവ കർമ്മലഗിരി മംഗലപ്പുഴ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ അഞ്ച് വർഷവും തത്വശാസ്ത്ര ദൈവശാസ്ത്രപഠനം നടത്തി ബി.ഡി. ബിരുദം നേടി. ഹൈന്ദവ ദർശനങ്ങളിലും പ്രത്യേകിച്ച് ചരിത്രത്തിന്റെ തത്വശാസ്ത്രത്തിലും നാഗരിക വീക്ഷണത്തോടെ വ്യാപകമായ വായനയും പഠനവും നിർവഹിച്ചു. ഇക്കാലത്ത് എസ്.എച്ച്.ലീഗ് പ്രസിന്റെയും പ്രസിദ്ധീകരണ സ്ഥാപനങ്ങളുടെയും ചുമതല വഹിച്ചിരുന്നു.

ഈ മുൻപരിചയം വച്ചാണ് വത്തിക്കാൻ കൗൺസിലിനു ശേഷമുള്ള പത്രപ്രവർത്തന വീക്ഷണം നടപ്പാക്കാൻ കോട്ടയത്തു മനോരമയിൽ 1963 ജനുവരി 1 ന് റിസേർച്ച് സ്ക്കോളറായും എഡിറ്ററുമായി നിയമനം ലഭിച്ചത്. തുടർന്ന് വൈദികപഠനം പൂർത്തിയാക്കിയില്ല. ക്രൈസ്തവവിടവുകൾ നികത്താൻ എല്ലാ രൂപതകളുടെയും സ്ഥാപനങ്ങളുടെയും സപ്ലിമെന്റുകൾ പ്രകാശനം ചെയ്യാൻ നേതൃത്വം നൽകി. ഈ രൂപകൽപന ഇതര സമുദായ സർവേകളിലേക്കും നടപ്പാക്കാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തുകയായിരുന്നു. 1988 ജനുവരി 20 വരെ മനോരമയിൽ പത്രപ്രവർത്തനത്തിന്റെ വിവിധ മണ്ഡലങ്ങളിൽ നിയുക്തനായ ശ്രീ. പെല്ലിശ്ശേരി ജനുവരി 4 ലെ ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം വിരമിച്ച് സ്വന്തം നിലയിലുള്ള വൈജ്ഞാനിക പ്രസിദ്ധീകരണ രംഗത്തേക്ക് പ്രവേശിക്കുകയായിരുന്നു. തനിക്കുപകരം സഹോദരനെ മനോരമയിൽ അവകാശിയാക്കി അദ്ധ്വാനത്തിന്റെ കർമ്മരംഗത്തേയ്ക്കു ഇറങ്ങിയത് ഒരേ സമയം മൂന്നു മക്കളെ എഞ്ചിനീയറിംഗിനു പണം കണ്ടെത്താൻ കൂടിയായിരുന്നു. 1974 ഒക്ടോബർ 28 നു മനോരമക്കു സമീപം വാങ്ങിയിരുന്ന കാലേക്കർ പുരയിടവും ഭവനസമുച്ചയവും ഇതിലേക്ക് ഒരുക്കിയിരുന്നു. 1971 ഡിസംബർ 27 ന് പാലാ മറ്റക്കര പുത്തൻപുരയിലെ കോളേജ് അദ്ധ്യാപിക വത്സമ്മയെ വിവാഹം ചെയ്തു. കോട്ട


www.malankaralibrary.com

യത്ത് മനോരമ ദിനപത്ര ബിൽഡിംഗിലും പബ്ലിക്കേഷൻ സമുച്ചയത്തിനും ഇടയ്ക്കുള്ള ബസേലിയസ് കോളജ് പിൻഗേറ്റിനും വിദ്യാധിരാജ സ്കൂളിന്റെ മുൻഗേറ്റിനും എം.ഡി. സ്കൂളിന്റെ മുമ്പിലുമായി പെല്ലിശ്ശേരി പബ്ലിക്കേഷൻസ് സ്ഥാപനം സ്ഥിതിചെയ്യുന്നു.

പല പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും പുറത്തിറക്കിയിട്ടുണ്ടെങ്കിലും മലയാളത്തിലും ഇംഗ്ലീഷിലും ഇരുപത്തഞ്ച് വീതം ഇയർബുക്കുകൾ സമാഹരിച്ച് പ്രസിദ്ധീകരിച്ച് ലക്ഷങ്ങളാക്കി ഉയർത്തിയതുതന്നെയാണ് എടുത്തുപറയത്തക്ക നേട്ടം. അതിലൊട്ടും കുറയാത്ത റെക്കോർഡാണ് മലയാള പഞ്ചാംഗത്തെ സമ്പൂരകമാക്കി പല വാല്യങ്ങളിലൂടെ അനുബന്ധ വിജ്ഞാനശാഖകൾ അവതരിപ്പിച്ചു ലക്ഷങ്ങളിൽ എത്തിക്കാൻ സാധിച്ചിട്ടുള്ളത്. അതിനും ഇതരഭാഷകളിൽ എഡീഷൻ ഏർപ്പാടു ചെയ്യുന്നു. ഇയർബുക്കും പഞ്ചാംഗവും ലോകനിലവാരത്തിലേക്കും സ്വീകാര്യതയിലേക്കും ഉയർത്തിക്കിട്ടാൻ കഴിഞ്ഞു എന്നത് കേരളത്തിൽ ശ്രീ. ജോൺ പെല്ലിശ്ശേരിയുടെ അനന്യവും അനുപമവുമായ ജീവിതനേട്ടമാണെന്ന് ഡോ. എം.ജി.എസ്. നാരായണൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സാമൂതിരി പി.കെ. എസ്. രാജായും ഷെവ.ഐ.സി. ചാക്കോയും കർദ്ദിനാൾ മാർ ആന്റണി പടിയറയും മനോരമ കെ.എം. ചെറിയാനും ശൂരനാട് കുഞ്ഞൻപിള്ളയും ശ്രീ. പെല്ലിശേരിയുടെ വിജ്ഞാനത്തെ ചെപ്പുകളിലാക്കുന്ന വൈദഗ്ദ്ധ്യത്തെ പ്രശംസിച്ചിട്ടുണ്ട്. പ്രസിദ്ധീകരണരംഗത്തെ നേട്ടങ്ങളും ചിലപ്പോൾ പരാജയങ്ങളും ഏറ്റുവാങ്ങി പിഴവുകൾ വരാത്ത വിജ്ഞാനജീവിതപ്പാതയിൽ ശ്രീ. പെല്ലിശ്ശേരി സകുടുംബം കർമ്മനിരതനായിതന്നെ അക്ഷരനഗരിയിൽ ഉറച്ചുനിൽക്കുന്നു. പുതിയ പരമ്പരകളും പ്രസിദ്ധീകരണങ്ങളും ആസൂത്രണം ചെയ്തുകൊണ്ട് ഈ അറുപത്തഞ്ചുകാരൻ ഇപ്പോഴും മുമ്പോട്ട്.

വിലാസം – ജോൺ പെല്ലിശ്ശേരി, പെല്ലിശ്ശേരി പ്രിന്റേഴ്സ് – കോട്ടയം–1

# 274



# ഫാ. ജെയിംസ് മഠത്തിക്കണ്ടം

## സി.എം.ഐ.

കാർഷികകുടുംബത്തിൽ ജനിച്ച് വളർന്ന് കേരളത്തിന്റെ സാമൂഹ്യ സാംസ്കാരികരംഗങ്ങളിൽ വിപ്ലവകരങ്ങളായ മാറ്റങ്ങൾക്കുവേണ്ടി യത്നിച്ച പ്രമുഖ വൈദികനാണ് ഫാ. ജെയിംസ് മഠത്തിക്കണ്ടം. മുതലക്കോടത്തു നിന്നും കരിമണ്ണൂർ കുടിയേറി പാർത്ത മഠത്തിക്കണ്ടം കുടുംബത്തിൽ 1940

www.malankaralibrary.com

ജൂൺ 14-ാം തീയതി ജനിച്ചു. കരിമണ്ണൂർ സ്കൂളിൽനിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജെയിംസ് സി.എം.ഐ. സഭയുടെ കളമശേരി രാജഗിരി പ്രോവിൻസിൽ ചേർന്നു. ലത്തീൻ സുറിയാനി ഭാഷകൾ പഠിച്ചതിനുശേഷം കറുകുറ്റി ക്രിസ്തുരാജാ ആശ്രമത്തിൽ നൊവിഷ്യറ്റ് നടത്തി. തുടർന്ന് ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ ഉപരിപഠനത്തിനായി ചേരുകയും B.Ph, B.D. ബിരുദങ്ങൾ നേടുകയും ചെയ്തു.

വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ മരണത്തിന്റെ 100-ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് മാന്നാനം ആശ്രമദേവാലയത്തിൽ വച്ച് 1971 ജനുവരി 3-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. കറുകുറ്റി ആശ്രമത്തിലായിരുന്നു ആദ്യനിയമനം. കറുകുറ്റിയിലും സമീപപ്രദേശങ്ങളിലും സ്കൂളിൽ പോകാതെ നടന്നിരുന്ന കുട്ടികളെ കണ്ടെത്തി വൈകുന്നേരങ്ങളിൽ ആശ്രമമുറ്റത്ത് ക്ഷണിച്ചുവരുത്തുകയും ഫുട്ബോൾ കളിയിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നതിന് ജയിംസ് അച്ചൻ ശ്രമിച്ചു. കറുകുറ്റിയിൽ അക്കാലത്ത് ഹൈസ്കൂൾ ഇല്ലാതിരുന്നതിനാൽ അനേകം കുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാകാത്തവരായി ഉണ്ടായിരുന്നു. പന്തുവാങ്ങാൻ പണമില്ലാതിരുന്നതുകൊണ്ട് ഏറ്റം പ്രായം ചെന്നവർക്ക് മാത്രം തുകൽ പന്ത് വാങ്ങി നൽകി. കുട്ടികൾക്ക് ആശ്രമമുറ്റത്ത് നിന്ന നാരകത്തിൽനിന്ന് ബംബ്ലൂസ് നാരങ്ങയും പറിച്ചു നൽകി. കുട്ടികളുടെ ശ്രമദാനംകൊണ്ട് ഒരു ബാസ്കറ്റ്ബോളും ഫുട്ബോൾ കോർട്ടും ഉണ്ടാക്കി. മഴക്കാലത്ത് ശരിക്കും പട്ടിണി അനുഭവിക്കുന്ന ധാരാളംപേർ അവിടെയുണ്ടായിരുന്നു. അവരുടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി മലയാറ്റൂർനിന്നും കപ്പവാങ്ങി കാളവണ്ടിയിൽ കൊണ്ടുവന്ന് പകുതിവിലയ്ക്ക് വിറ്റ് അവരുടെ പട്ടിണി മാറ്റാൻ ശ്രമിച്ചത് ഇന്നും പലരും ഓർമ്മിക്കുന്നുണ്ട്. നൊവിഷ്യറ്റിൽ ക്ലാസ്സ് എടുക്കുകയും ചെയ്തിരുന്നു. വൊക്കേഷൻ ഡയറക്ടർ എന്ന നിലയിലും അക്കാലത്ത് പ്രവർത്തിച്ചിരുന്നു.

കറുകുറ്റിയിൽനിന്നും വഴിത്തലയുള്ള സി.എം.ഐ. ആശ്രമത്തിന്റെ സുപ്പീരിയർ ആയി നിയമിക്കപ്പെട്ടു. മൂന്നുവർഷത്തിനുശേഷം തേവര ആശ്രമത്തിലെ വികാരിയായി ചാർജെടുത്തു. ആ കാലത്ത് കുടുംബദീപത്തിന്റെയും ജനതാബുക്ക് സ്റ്റാളിന്റെയും ജനതാപബ്ലിക്കേഷൻസിന്റെയും മാനേജർ ആയി അദ്ദേഹം സേവനം ചെയ്തു. തൊഴിലാളികളുടെയിടയിൽ കുടുംബദീപം പ്രചരിപ്പിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. തേവരയിൽനിന്നും ഉപരിപഠനത്തിനായി റോമിലേക്ക് പോയി. റോമിൽ ആൻജലിക്കും യൂണിവേഴ്സിറ്റിയിൽ ചേർന്ന് പാസ്റ്ററൽ തിയോളജിയിൽ പോസ്റ്റ് ഗ്രാജുവേറ്റ് ബിരുദം നേടി. യൂറോപ്യൻ രാജ്യങ്ങൾ മുഴുവൻ സന്ദർശിക്കുന്നതിനും വിശുദ്ധ സ്ഥലങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുന്നതിനും അദ്ദേഹത്തിന് അവസരം ലഭിച്ചു. ഫാത്തിമാ, ലൂർദ്ദ് തുടങ്ങിയ സ്ഥലങ്ങളും സന്ദർശിക്കുകയുണ്ടായി. ഇംഗ്ലണ്ടിലും ഹോളണ്ടിലും മാൾട്ടാ, ഗോസോ എന്നീ

www.malankaralibrary.com

ദ്വീപുകളും സന്ദർശിക്കുവാനും അവിടുത്തെ ജനങ്ങളെപ്പറ്റിയും സംസ്കാരങ്ങളെപ്പറ്റിയും പഠിക്കാനും അദ്ദേഹത്തിന് സാധിച്ചു. ദിവംഗതനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായെ നേരിൽകണ്ട് സംസാരിക്കുവാനും അനുഗ്രഹം തേടാനുംകഴിഞ്ഞത് ഒരു വലിയ ഭാഗ്യമായി അച്ചൻ ഇന്നും ഓർക്കുന്നു.

റോമിൽനിന്ന് തിരിച്ചെത്തിയ അദ്ദേഹം ആലുവായിൽ സെന്റ് ആന്റണീസ് ആശ്രമത്തിൽ താമസിച്ച് വികാരിയായി സേവനം അനുഷ്ഠിച്ചു. ഭക്തസംഘടനകളുടെ ഡയറക്ടർ, കാർമ്മൽ ക്ലബ് ഡയറക്ടർ, കാർമ്മൽ ആൾ ഇൻഡ്യാ ബാസ്ക്കറ്റ്ബോൾ ടൂർണമെന്റ് ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. കേരളത്തിൽ ആദ്യമായി പുതിയ അളവുകളോടെ ഒരു വലിയ ബാസ്ക്കറ്റ്ബോൾകോർട്ട് അദ്ദേഹം ആശ്രമത്തോടനുബന്ധിച്ചു നിർമ്മിച്ചു. ആറ് അഖിലേന്ത്യാ ബാസ്ക്കറ്റ്ബോൾ ടൂർണമെന്റും ഒരു ഇൻഡ്യൻ യൂഗോസ്ലാവിയൻ ബാസ്ക്കറ്റ്ബോൾ ടെസ്റ്റ്മാച്ചും ഈ കോർട്ടിൽവച്ച് നടത്തുകയുണ്ടായി.

എക്യുമെനിക്കൽ സ്വഭാവമുള്ള സത്സംഗം ആലുവായിൽ വിജയകരമായി നടത്തുവാൻ ജെയിംസ് അച്ചന് സാധിച്ചു. എല്ലാ സഭാവിഭാഗങ്ങളിലും പെട്ടവർക്ക് ഇതിൽ പങ്കെടുക്കാൻ സാധിച്ചിരുന്നു. സത്സംഗം ഡയറക്ടർ എന്ന നിലയിൽ അദ്വൈതാശ്രമത്തിലും വിവിധ മതങ്ങളുടെ സമ്മേളനങ്ങളിലും ആശയങ്ങൾ പങ്കുവയ്ക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. കാർമ്മൽ ക്ലബ്ബിന്റെയും സത്സംഗത്തിന്റെയും പ്രവർത്തനങ്ങളിൽ സാമൂഹ്യവും ജീവകാരുണ്യപരവുമായ മേഖലകൾക്ക് ഊന്നൽ കൊടുത്തിരുന്നു. കത്തോലിക്കാസഭയ്ക്ക് എവിടെയും എന്നും ആരിലും ഇറങ്ങി ചെല്ലാൻ കഴിയണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്ത.

മൂവാറ്റുപുഴയ്ക്കടുത്തുള്ള വാഴക്കുളത്തും കാർമ്മൽ ആശ്രമം ആയിരുന്നു ജെയിംസ് അച്ചന്റെ അടുത്ത പ്രവർത്തനരംഗം. ആശ്രമദേവാലയത്തിന്റെ വികാരിയും അദ്ദേഹം തന്നെയായിരുന്നു. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ തിരുനാൾ സാമൂഹ്യസാംസ്കാരിക ഘോഷയാത്രയോടുകൂടി വാഴക്കുളം ടൗണിലൂടെ നടത്തുന്നതിന് അദ്ദേഹം മുൻകൈയെടുത്തു. വാഴക്കുളത്തിന്റെ നാനാവിധമായ പുരോഗതിക്ക് ഇത് ഇടനൽകിയിട്ടുണ്ട്. ചെറിയ വഴികളുടെയും റോഡുകളുടെയും നിർമ്മാണവും വികസനവും ഇതുമൂലം നടന്നിട്ടുണ്ട്.

തൊടുപുഴയിലെ സാംസ്കാരിക കേന്ദ്രമായ ഉപാസനയുടെ ഡയറക്ടറും ഇക്കാലയളവിൽ അദ്ദേഹമായിരുന്നു. മത-സാംസ്കാരിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് തൊടുപുഴ ഇടുക്കി ജില്ലകളുടെയും കേരളത്തിന് പൊതുവെയും വലിയ വികസനത്തിന് ഉപാസന കാരണമായി. മത-ശാസ്ത്ര-സാമൂഹ്യ-സാംസ്കാരിക വിഷയങ്ങൾ ഉപാസനയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.

www.malankaralibrary.com

കുട്ടികളുടെ നേതൃത്വപരിശീലനവും വ്യക്തിത്വവികസനവും ലക്ഷ്യം വച്ച് ബാലോപാസന അദ്ദേഹം സമാരംഭിച്ചു. ബാലോപാസനയുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

1999-ൽ കൊടുവേലി ആശ്രമത്തിന്റെ പ്രിയോരായി ചാർജെടുത്തു. ഇത് ഒരു ഇടവക കൂടിയായിരുന്നു. ഇടവക വികാരിയും അദ്ദേഹം തന്നെയായിരുന്നു. 2002 മുതൽ എറണാകുളം ചാവറ കൾച്ചറൽ സെന്ററിന്റെ ഡയറക്ടർ ആയി അദ്ദേഹം പ്രവർത്തിച്ചു. ആഴ്ചയിൽ ഒരു പരിപാടി എന്ന നിലയിൽ ധാരാളം ജനോപകാര സമ്മേളനങ്ങളും സെമിനാറുകളും ചർച്ചകളും അദ്ദേഹം സംഘടിപ്പിക്കുകയുണ്ടായി. ജനജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രവർത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചു. ഇപ്പോൾ മാന്നാനത്ത് വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ നാമകരണ നടപടികളുടെ വൈസ് പോസ്റ്റുലേറ്റർ ആയി മാന്നാനത്ത് വസിക്കുന്നു.

വിലാസം - ഫാ.ജെയിംസ് മഠത്തിക്കണ്ടം സി.എം.ഐ,
സെന്റ് ജോസഫ് മൊണാസ്റ്ററി, പി.ബി. നമ്പർ 3,
മാന്നാനം പി.ഒ, 686561.

# 275



# സി.ഡോ.മേരി ജോസഫൈൻ എസ്സ്.എച്ച്.

ദരിദ്രരും വേദനയനുഭവിക്കുന്നവരും അക്ഷരജ്ഞാനം ഇല്ലാത്തവരും ആശുപത്രിയെ സമീപിക്കാൻ ഭയപ്പെടുന്നവരുമായ ആദിവാസികളുടെയിടയിൽ പ്രവർത്തിക്കാൻ ഇറങ്ങി തിരിക്കുകയും അവരുടെസംരക്ഷണയിൽ ആനന്ദംകണ്ടെത്തുകയും ചെയ്ത സി.ഡോ. ജോസഫൈൻ എറകോന്നി കുടുംബത്തിന്റെ ഒരു ശാഖയായചക്കൻകുളത്ത് കളപ്പുരയിൽ മാത്യു ജോസഫിന്റെയും ബ്രജീത്തായുടെയും നാലാമത്തെ സന്താനമായി 1940 ജൂലായ് മൂന്നാംതീയതി പാലായ്ക്കു സമീപമുള്ള മുണ്ടാങ്കൽ ഗ്രാമത്തിൽ ജനിച്ചു. അന്ന എന്നായിരുന്നു ജ്ഞാനസ്നാനപ്പേരെങ്കിലും മേരി എന്നായിരുന്നു വിളിച്ചിരുന്നത്. (തങ്ങളിൽ നിന്നും മരണം മൂലം വേർപെട്ടുപോയ മേരി എന്ന ഓമനപുത്രിയുടെ സ്മരണയ്ക്കായിട്ടാണ് മേരി എന്ന് വിളിച്ചത്)

പാവപ്പെട്ടവരുടെയും വേദനയനുഭവിക്കുന്നവരുടെയും ദുഃഖത്തിൽ പങ്കുചേർന്ന് ജീവിതം നയിച്ച പിതാവ് മാത്യു ജോസഫ്, കുട്ടികളെ മതപര

www.malankaralibrary.com

മായ കാര്യങ്ങളിൽ താല്പര്യപൂർവ്വം പങ്കെടുപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അൽമായനായ അദ്ദേഹമാണ് സെന്റ് മർത്താസ് എന്ന സന്യാസസമൂഹത്തിന്റെ സ്ഥാപകൻ. ആ സന്യാസസമൂഹം ഇന്ന് ലോകംമുഴുവൻ വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു.

മുണ്ടാങ്കൽ ലിറ്റിൽഫ്ളവർ സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. 1950 ൽ മുണ്ടാങ്കൽനിന്നും മൂലമറ്റത്തേക്ക് കുടുംബസമേതം താമസം മാറ്റിയതിനാൽ മിഡിൽസ്കൂൾ വിദ്യാഭ്യാസം അറക്കുളം സെന്റ് തോമസ് സ്കൂളിലായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം മുതലക്കോടം ഹൈസ്കൂളിലും നിർവ്വഹിച്ചു. തിരുഹൃദയ സന്യാസസഭക്കാർ സ്ഥാപിച്ച ബോർഡിംഗിൽ താമസിച്ചുകൊണ്ടാണ് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. പഠനത്തോടൊപ്പം ഡാൻസ്, സംഗീതം, നാടകം, പ്രസംഗം തുടങ്ങിയ വിവിധകലകളിൽ അസാമാന്യവൈഭവം അവൾ പ്രകടിപ്പിച്ചു. 1956 ൽ എസ്സ്.എസ്സ്.എൽ.സി. പാസ്സായി. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ നിന്നും 1957 ൽ പ്രീ യുണിവേഴ്സിറ്റിയും പാസ്സായി.

ദൈവവിളിക്കായും വൈദീകസന്യാസി സന്യാസിനികൾക്കായും എല്ലാ ദിവസവും കുടുംബത്തിൽ പ്രത്യേകം പ്രാർത്ഥനകൾ നടത്തിയിരുന്നു. മഠത്തിൽ ചേരുവാൻ ദൈവം വിളിച്ചാലോ എന്നുകരുതി ആ പ്രാർത്ഥനയിൽനിന്നും മേരി വിട്ടുനിന്നിരുന്നു. തന്റെ സഹോദരി കർമ്മലീത്താമഠത്തിൽ ചേരുകയും സഭാവസ്ത്രം സ്വീകരിക്കുകയും ചെയ്തപ്പോൾ കുർബ്ബാനമദ്ധ്യേ വൈദികൻ നടത്തിയ പ്രസംഗം മേരിയുടെ ഹൃദയത്തെ ഇളക്കിമറിക്കുകയും ഒരു സന്യാസിനിയാകണമെന്ന് തീരുമാനിക്കുകയും ചെയ്തു. ഒരു തോട്ടത്തിൽ നിൽക്കുന്ന വിവിധ തരത്തിലും വലുപ്പത്തിലുമുള്ള പുഷ്പങ്ങളിൽ ചിലതിനെ മാത്രമാണ് അൾത്താരയിൽ വയ്ക്കുവാൻ അറത്തെടുക്കുന്നതെന്നും, അതുപോലെ ഈശോ തനിക്കിഷ്ടമുള്ളവരെ തിരഞ്ഞെടുത്ത് തന്റെ ജോലിയ്ക്കായി നിയോഗിക്കുകയാണെന്നും ഈശോയുടെ ഈ വിളിയാണ് പ്രാധാന്യമേറിയതെന്നും സമർത്ഥിച്ചുകൊണ്ടുള്ള പ്രസംഗം ഹൃദയപരിവർത്തനത്തിന് കളമൊരുക്കി. മാംസവും മത്സ്യവും മുട്ടയും കൂടാതെ ഭക്ഷണം കഴിക്കാൻ വിസമ്മതിച്ചിരുന്ന മേരി, എല്ലാം വർജ്ജിച്ച് അമ്പതു നോമ്പ് അനുഷ്ഠിച്ചു.

ഇനി എങ്ങോട്ട് എന്നുള്ള ചിന്തക്ക് പെട്ടെന്നുതന്നെ ഉത്തരം കണ്ടെത്തി. തിരുഹൃദയസന്യാസിനികളുടെ ബോർഡിംഗിൽ താമസിച്ച് പഠിച്ച മേരി, ആ സന്യാസിനി സമൂഹത്തിൽ ചേരാൻതന്നെ തീരുമാനിച്ചു. 1958–ൽ സഭാവസ്ത്രം സ്വീകരിച്ചു. 1959–ൽ അനിത്യവ്രതവും 1962–ൽ നിത്യവ്രതവും അനുഷ്ഠിച്ചു. സഭയിൽ ചേർന്നപ്പോൾ മേരി ജോസഫൈൻ എന്ന പേര് സ്വീകരിക്കുകയും ചെയ്തു. സഭാധികാരികൾ ജോസഫൈനെ ഉപരിപഠനത്തിനയക്കുകയും ബി.സി.എം. കോളേജിൽ നിന്നും 1962–ൽ ബി.എസ്.സി. ഡിഗ്രി സമ്പാദിക്കുകയും ചെയ്തു. രോഗിശുശ്രൂഷാരംഗം പ്രധാനപ്രവർത്ത

www.malankaralibrary.com

നരംഗമാകണമെന്നാണ് അവൾ ആഗ്രഹിച്ചത്. ഒരു നേഴ്സോ, ഡോക്ടറോ ആകാൻ ആഗ്രഹിച്ച സി.ജോസഫൈനെ അധികാരികൾ മെഡിസിൻ പഠനത്തിന് ജർമ്മനിക്കയച്ചു. 1962-ൽ കൊച്ചിയിൽനിന്നും ജനീവായ്ക്ക് യാത്രയായി. അവിടെനിന്നും (Wursburg) എന്ന സ്ഥലത്തെത്തി. ഭാഷ വശമില്ല, കൊടുംതണുപ്പിനെ നേരിടാനുള്ള വസ്ത്രങ്ങളും ചെരുപ്പുകളും ഇല്ല, ഭക്ഷണം പോലും ചോദിച്ചുവാങ്ങാൻ സാധിക്കുന്നില്ല. എല്ലാ വെല്ലുവിളികളെയും നേരിട്ട് ജർമ്മൻ ഭാഷയും തുടർന്ന് ലത്തീൻഭാഷയും പഠിച്ചു. 1964-ൽ മെഡിസിൻ പഠനം ആരംഭിച്ചു. വ്യൂർസ്ബർഗിലെ ബൈയേൺ ജൂലിയസ് മാക്സ്മില്യൻ യൂണിവേഴ്സിറ്റിയിൽനിന്നും 1970-ൽ മെഡിസിനിൽ ക്ലാസ്സോടുകൂടി പാസ്സായി. 1971-ൽ ഹൗസ് സർജൻസി ചെയ്തുകൊണ്ടിരുന്നപ്പോൾ തീസസ് എഴുതി Doctoris Medicinac എന്ന ഡിഗ്രിയും നേടി. തുടർന്ന് ഗൈനക്കോളജിയിൽ പഠനം തുടർന്നു. 1976-ൽ ഗൈനിക്കോളജിയിൽ എം.ഡി. ബിരുദം മ്യൂൻസറ്ററിലെ ആർട്ട്സ് ക്യാമർ വെസ്റ്റ് ഫാളൻ ലീപെയിൽനിന്നും നേടി. ഏതാനും നാൾ ജർമ്മനിയിൽ സേവനം അനുഷ്ഠിച്ചതിനുശേഷം 1977 ഡിസംബറിൽ നാട്ടിൽ തിരിച്ചെത്തി. വിവിധ ഹോസ്പിറ്റലുകളിൽ സേവനം തുടങ്ങി. 1990-ൽ ബാംഗ്ലൂർ സെന്റ് ജോൺ മെഡിക്കൽ കോളേജിൽനിന്നും Welfare of Women and Fertility Awareness ന് സർട്ടിഫിക്കറ്റും തിരുവനന്തപുരത്തെ സ്റ്റേറ്റ് എയ്ഡ് സെല്ലിൽനിന്നും 1996-ൽ എയ്ഡ്സ് രോഗപരിചരണത്തിനുള്ള സർട്ടിഫിക്കറ്റും ലഭിച്ചു.

SAPIENTIA (A Psycho Pastoral Biblical Institute healing towards wholeness) മുതലക്കോടത്ത് ഒരു വർഷത്തെ പഠനത്തിനുശേഷം The Certificate in Personal Integration and Counselling Skill-ൽ ലഭിക്കുകയുണ്ടായി. ജർമ്മനിയിൽ ക്രാങ്കൻഹൗസ് (ആശുപത്രി)യിൽ ഡോക്ടർ ജറാൾഡ്സോളറിന്റെ നേതൃത്വത്തിൽ സൈക്യാട്രിക് ആൻഡ് സൈക്കോതെറാപിക്കിൽ തീസസ് തയ്യാറാക്കി ഡിഗ്രി എടുത്തു. പാലിയേറ്റീവ് മെഡിസിനിൽ ബേസിക് സർട്ടിഫിക്കറ്റ് കോഴ്സ് നേടുകയും ചെയ്തു.

അനാഥരുടെയും ആലംബഹീനരുടെയും അത്താണിയായി പ്രവർത്തിക്കുവാൻ അധികാരികളുടെ അനുഗ്രഹാശിസുകൾ നേടി പ്രവർത്തന രംഗത്തേക്ക് തിരിഞ്ഞ സി. ജോസഫൈന്റെ പിന്നീടുള്ള ജീവിതം സംഭവബഹുലമായിരുന്നു. തന്റെ ആദ്യപ്രവർത്തനരംഗം ചക്കാംപുഴ എസ്സ്. എച്ച് ഹോസ്പിറ്റലായിരുന്നു. തുടർന്ന് മൂലമറ്റം ബിഷപ്പ് വയലിൽ മെഡിക്കൽ സെന്ററിന്റെ പണി പൂർത്തിയായപ്പോൾ അവിടേക്ക് സ്ഥലം മാറി. ഗൈനക്കോളജി ഡിപ്പാർട്ടുമെന്റിൽ ജോലിയിൽ പ്രവേശിച്ചു. മൂലമറ്റത്തിന്റെ സമീപപ്രദേശങ്ങളിൽ ദരിദ്രരും വേദനയനുഭവിക്കുന്നവരും അക്ഷരജ്ഞാനമില്ലാത്തവരും ആശുപത്രിയെ സമീപിക്കാൻ ഭയപ്പെടുന്നവരുമായ അരയൻമാർ, ഊരാളികൾ തുടങ്ങിയ ആദിവാസികൾ താമസിച്ചിരുന്നു. അവരുടെ ഇടയിൽ ഇറങ്ങി പ്രവർത്തിക്കേണ്ടത് ഒരു ആവശ്യമായി കരുതി അധി

www.malankaralibrary.com

കാരികളുടെ അനുവാദത്തോടെ കുളമാവ് സേവനരംഗമായി സ്വീകരിച്ചു. ആഴ്ചയിലൊരുദിവസം മൂലമറ്റത്തുനിന്നും ആവശ്യമായ മെഡിസിനും മറ്റു സാധനങ്ങളുമായി കുളമാവിൽ എത്തി സൗജന്യ ചികിത്സ തുടങ്ങി. അക്കാലഘട്ടത്തിൽ ഇടുക്കി പ്രോജക്ടിലെ ഏതാനും ഉദ്യോഗസ്ഥൻമാർ നീക്കി മറ്റുള്ളവർ അർദ്ധനഗ്നരും അർദ്ധപട്ടിണിക്കാരുമായിരുന്നു. കൃഷിക്കാർ രാത്രികാലങ്ങളിൽ വൻ വൃക്ഷങ്ങളിൽ മാടം വച്ചായിരുന്നു (ഏറുമാടം) താമസിച്ചിരുന്നത്. ആന തുടങ്ങിയ മൃഗങ്ങളുടെ ശല്യത്തിൽ നിന്നും രക്ഷപെടുന്നതിന് രാത്രികാലങ്ങളിൽ ഉറങ്ങാതെ തീകത്തിച്ചും മാടത്തിലിരുന്ന് വെടിപൊട്ടിച്ചും വാണം കത്തിച്ചും കൃഷിക്കാർ കഴിഞ്ഞു കൂടിയിരുന്നു. അല്ലെങ്കിൽ കർഷകന്റെ ഒരു വർഷത്തെ അദ്ധ്വാനം ഒറ്റദിവസം കൊണ്ട് കാട്ടാനയും കാട്ടുപന്നിയും കരുണയില്ലാതെ നശിപ്പിച്ചു കളയുമായിരുന്നു. ആദിവാസികളുടെ ഭക്ഷണം മിക്കവാറും കാട്ടുകിഴങ്ങുകളും കാട്ടുതേനുമായിരുന്നു. ജോലിയില്ലാതെ ജോലിചെയ്യാൻ അറിവില്ലാതെ, വിദ്യാഭ്യാസമില്ലാതെ വിദ്യാഭ്യാസത്തിനായി സ്കൂളുകളില്ലാതെ, വസ്ത്രമില്ലാതെ വസ്ത്രം ധരിക്കാൻ അറിവില്ലാതെ, ആഹാരമില്ലാതെ ആഹാരം പാകം ചെയ്യുന്നത് എങ്ങിനെയെന്ന് അറിഞ്ഞുകൂടാത്ത, മരുന്നില്ലാതെ മരുന്നു കഴിക്കാൻ ഭയപ്പെട്ടിരുന്ന വിവിധ മതസ്ഥരും ഊരാളികളും അരയൻമാരും താമസിച്ചിരുന്ന പ്രദേശമായിരുന്നു കുളമാവ്. ഡാം പണിക്കായി കുളമാവിൽ എത്തിയ പലരും അവിടെതന്നെ താമസമാക്കി.

ആ ദരിദ്ര ജനങ്ങളുടെ പ്രശ്നങ്ങൾ പൂർണ്ണമായി മനസ്സിലാക്കി സ്നേഹവും കരുണയുമായി സി. ജോസഫൈൻ അവിടെയെത്തി. പോഷകാഹാരകുറവുകൊണ്ട് കണ്ണുകൾ താണ്, വയർഉന്തി, കൈകാലുകൾ ശോഷിച്ചു കിടന്ന കുട്ടികൾക്ക് സമീകൃതാഹാരവുമായി എത്തി അവരെ പുതിയ ലോകത്തിലേക്ക്നയിച്ചു. ഭവന സന്ദർശനത്തിനായി എത്തുമ്പോൾ കതകുകൾ അടച്ച് മറ്റുള്ളവരെ ഭയപ്പെട്ട് അകത്തിരുന്ന സ്ത്രീകൾ സി. ജോസഫൈന്റെ സ്നേഹവും കരുണയും ഏറ്റുവാങ്ങി കതകുകൾ തുറക്കാൻ തുടങ്ങി. ചുട്ടകാട്ടുകിഴങ്ങുകൾ പങ്കുവച്ചു. ഭക്ഷണം പാകം ചെയ്യാൻ പഠിപ്പിച്ചു. കുട്ടികളെ വിദ്യ അഭ്യസിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി. കുട്ടികളെ സ്കൂളിൽ അയക്കാൻ പ്രേരിപ്പിച്ചു. ഗർഭിണികൾക്ക് പ്രത്യേക ക്ലാസുകൾ നടത്തി. സമീകൃതാഹാരത്തെപ്പറ്റി പഠിപ്പിച്ചു. വസ്ത്രങ്ങൾ ധരിക്കുവാൻ പഠിപ്പിച്ചു. കൃഷിരീതികൾ പറഞ്ഞുമനസ്സിലാക്കി. ആദിവാസികേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ എല്ലാവരുടെയും അഭിനന്ദനങ്ങൾക്ക് അർഹമായി.

1985-ൽ മദ്ധ്യപ്രദേശിലെ ബിജാപുരിൽ എസ്സ്. എച്ച് ഹോസ്പിറ്റലിൽ സേവനം അനുഷ്ഠിച്ചു. മലേറിയ, വയറിളക്കം, അനീമിയ തുടങ്ങിയ രോഗത്താൽ വലയുന്ന രോഗികളുടെയിടയിൽ എട്ടുമാസത്തോളം പ്രവർത്തിച്ചതിനു ശേഷം 1985-ൽ തൊക്കലങ്ങാടി ക്രിസ്തുരാജാ ഹോസ്പിറ്റലിൽ

www.malankaralibrary.com

(തലശ്ശേരി രൂപത) സേവനത്തിനായി എത്തി. പിന്നീട് നാലു വർഷക്കാലം കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റൽ തന്റെ സേവനരംഗമായി തിരഞ്ഞെടുത്തു. ഒരു അസിസ്റ്റന്റിന്റെ പോലും സഹായമില്ലാതെ ഒരുദിവസം എട്ടും പത്തും പ്രസവകേസുകൾ കൈകാര്യം ചെയ്യേണ്ടി വന്നിരുന്നു. ഇന്നത്തെതുപോലെ സൗകര്യങ്ങളൊന്നുമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ രോഗികളെ മൈലുകൾക്കപ്പുറത്തുനിന്നും ചാക്കിൽ കിടത്തിയാണ് എടുത്തുകൊണ്ടുവന്നിരുന്നത്. അനേകം രോഗികളെ മരണത്തിൽ നിന്നും രക്ഷിക്കുന്നതിനും നവജാത ശിശുക്കൾക്ക് ജന്മം നല്കാൻ സഹായിച്ചതും നന്ദിയോടെയാണ് ഇന്ന് സിസ്റ്റർ സ്മരിക്കുക. തുടർന്ന് ചെങ്ങളം മേഴ്സി ഹോസ്പിറ്റൽ, മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, മുതലക്കോടം ഹോളിഫാമിലി ഹോസ്പിറ്റൽ, നെടുങ്കണ്ടം കരുണാ ഹോസ്പിറ്റൽ, എന്നിവിടങ്ങളിലും സേവനം അനുഷ്ഠിക്കുകയുണ്ടായി.

മണിപ്പൂരിലെ കാത്തലിക്മിഷൻ ഹോസ്പിറ്റലിൽ പിന്നീട് ഒരുവർഷക്കാലം സേവനം അനുഷ്ഠിച്ചു. ഇംഫാൽ രൂപതാദ്ധ്യക്ഷൻ ഡോ. ജോസഫ് മിറ്റത്താനി ആരംഭിച്ച കാത്തലിക് മിഷൻ ഹോസ്പിറ്റലിൽ അധോലോക ആൾക്കാരുടെ ശല്യം മൂലം ഡോക്ടർമാരെ ലഭിക്കാൻ പ്രയാസമായിരുന്നു. ആ വിഷമപ്രതിസന്ധിയിലാണ് അവിടെ സേവനം അനുഷ്ഠിക്കുവാൻ സിസ്റ്റർ ജോസഫൈൻ ധൈര്യസമേതം ഇറങ്ങിപ്പുറപ്പെട്ടത്.

മുതലക്കോടം ഹോളി ഫാമിലി ഹോസ്പിറ്റൽ നെടുങ്കണ്ടം കരുണാഹോസ്പിറ്റൽ എന്നിവിടങ്ങളിലും സേവനം അനുഷ്ഠിക്കുകയുണ്ടായി.

സോഷ്യൽവർക്കിൽ കൂടുതൽ പ്രാവീണ്യം നേടുന്നതിനായി 1993 ൽ സിസ്റ്റർ ജോസഫൈൻ ജർമ്മനിക്കുപോയി. പല കേന്ദ്രങ്ങളിലും ജോലി ചെയ്ത് അവിടുത്തെ പ്രവർത്തനരീതികൾ മനസ്സിലാക്കി. കുളമാവിലും സമീപപ്രദേശങ്ങളിലും കഷ്ടപ്പെടുന്നവരെ സഹായിക്കാൻ ശാന്തിസദൻ എസ്സ്.എച്ച്.ചാരിറ്റബിൾ സൊസൈറ്റിക്ക് രൂപം കൊടുക്കുവാൻ സിസ്റ്റർ തീരുമാനിച്ചു. ഇതിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനായി BENSHEIM എന്ന സ്ഥലത്തുള്ള എക്സിക്യൂട്ടീവ്ഡയറക്ടർ ഡോ. ജോർജ് അരീയ്ക്കലിനെ സമീപിച്ചു. തുടർന്ന് അതിന്റെ മറ്റധികാരികളുമായി ചർച്ചചെയ്തു. ഗൈനക്കോളജിസ്റ്റായിട്ട് 25 വർഷം തികയുവാൻ രണ്ടുവർഷം കൂടിയുണ്ടെന്നും ഇനി പാവപ്പെട്ടവരുടെയിടയിൽ അവരിൽ ഒരാളായി സേവനംചെയ്യാനാണാഗ്രഹിക്കുന്നതെന്നും സിസ്റ്റർ അവരെ ധരിപ്പിച്ചു. ഒരു പ്രോജക്ട് റിപ്പോർട്ട് അവർ ആവശ്യപ്പെട്ടതനുസരിച്ച് ഹെൽത്ത്, എഡ്യൂക്കേഷൻ, കൗൺസിലിംഗ് തുടങ്ങിയവ ഉൾപ്പെടുത്തി ആദ്യ പ്രോജക്ട് സമർപ്പിക്കുകയും ആ പ്രോജക്ട് 1994 മാർച്ച് 21 ന് അംഗീകരിച്ച് കിട്ടുകയും ചെയ്തു. കുളമാവ്, മുത്തിയുരുണ്ടയാർ, പോത്തുമറ്റം, നാടുകാണി, കരിപ്പലങ്ങാട് എന്നീ സ്ഥലങ്ങൾ തിരഞ്ഞെടുത്ത് ഓരോ സ്ഥലത്തേക്കും ഓരോ ജനപ്രതിനിധികളായി ഒരു ഹെൽത്ത് ആനിമേറ്റേഴ്സിനെ നിയമിക്കുകയും ചെയ്തു.

www.malankaralibrary.com

അവർ വീടുകൾ സന്ദർശിച്ച് ഓരോ ആളുകളുടെയും പ്രശ്നങ്ങൾ മനസ്സിലാക്കി. ഹെൽത്ത് ആനിമേറ്റേഴ്സിന് കൗൺസിലിംഗ്, ആരോഗ്യം, കൃഷി, വിവിധതൊഴിൽമാർഗ്ഗങ്ങൾ, സെക്സ് എഡ്യൂക്കേഷൻ തുടങ്ങിയ വിഷയങ്ങളെപ്പറ്റി പ്രത്യേകം ക്ലാസ്സുകൾ എടുത്ത് പരിശീലനം നൽകിയതിനുശേഷമാണ് ഗ്രാമപ്രദേശങ്ങളിലേക്ക് അവരെ നിയോഗിച്ചത്. സ്ത്രീകളുടെ സമ്മേളനങ്ങൾ വിളിച്ചുകൂട്ടുക, പ്രത്യേകം ഡോക്ടർമാരെ വിളിച്ചുവരുത്തി മെഡിക്കൽ ക്യാമ്പുകൾ നടത്തുക തുടങ്ങിയ പരിപാടികളിലൂടെ ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തുവാൻ ശ്രമിച്ചു. ഈ സ്ഥലങ്ങളിലെല്ലാം മഹിളാ മണ്ഡലങ്ങൾ ആരംഭിച്ചു.

തൊഴിൽരഹിതരായ യുവതികളെ വിവിധതൊഴിലുകൾ അഭ്യസിപ്പിച്ചു. ബോധവൽക്കരണക്ലാസ്സുകളിൽ കൂടി ഗർഭിണികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി. സമീകൃതാഹാരത്തിന്റെയും വാക്സിനേഷന്റെയും ആവശ്യകതയെപ്പറ്റിയും ശുചിത്വത്തിന്റെ പ്രധാന്യത്തെപ്പറ്റിയും ജനങ്ങളെ ബോദ്ധ്യപ്പെടുത്തി. കക്കൂസുകൾ ഇല്ലാതിരുന്നതിനാൽ പൊതുസ്ഥലങ്ങളിലായിരുന്നു മലമൂത്രവിസർജ്ജനം നടത്തിയിരുന്നത്. അത് പകർച്ചവ്യാധികൾ പിടിപെടുന്നതിനും വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ് തുടങ്ങിയ രോഗങ്ങൾ പിടിപെടുന്നതിനും ഇടയായി. ഇതിന് ഒരുപരിഹാരം കാണാൻ രണ്ടാമത്തെ പ്രോജക്ട് വഴി (1995) വിവിധസ്ഥലങ്ങളിലായി 250 കക്കൂസുകൾ പണികഴിപ്പിച്ചു. മൂന്നാമത്തെ പ്രോജക്ട്വഴി (1996) തൊഴിൽപഠനത്തിനും പരിശീലനത്തിനും എല്ലാ സെന്ററുകളിലും തയ്യൽപരിശീലനം തുടങ്ങി. പ്ലാസ്റ്റിക് കുപ്പികൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനവും നൽകി. ശാന്തിസദൻ എസ്സ്.എച്ച് ചാരിറ്റബിൾ സൊസൈറ്റിവഴി നടന്നുകൊണ്ടിരിക്കുന്ന പ്രധാനപ്രവർത്തനങ്ങൾ താഴെപറയുന്നവയാണ്.

(1) സെന്റ് ജോസഫ് ഡിസ്പെൻസറി ആന്റ് മൊബൈൽക്ലിനിക്ക് (2) മാതാപിതാക്കൾ ജോലിക്കുപോകുമ്പോൾ കുട്ടികളെ സംരക്ഷിക്കുന്ന ജ്യോതിസ് ക്രെഷ് (Jyothis Crush) (3) സെന്റ് മേരീസ് നഴ്സറി സ്കൂൾ ആന്റ് പ്ലേ സ്കൂൾ (4) ബോധവൽക്കരണ സെമിനാറുകൾ (5) വിവാഹസഹായനിധി (6) ഭവനനിർമ്മാണം – നാല്പത്തിയഞ്ചിലധികം വീടുപണിയുന്നതിന് സഹായം നൽകി. (7) വിദ്യാഭ്യാസ സഹായനിധി (8) വികലാംഗരായ ആളുകൾക്ക് ശാന്തിസദൻ പെട്ടിക്കട (9) തയ്യൽപഠിച്ചവർക്ക് ജോലി നൽകുന്നതിനായി ശാന്തി ഭവൻ ടെയ്‌ലറിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കുളമാവ് (10) തയ്യൽ പരിശീലനവും ജോലിയും നൽകുന്നതിനായി നാടുകാണിയിൽ ദീപാടെയ്‌ലറിംഗ് സെന്റർ – കെട്ടിടവും പണിയിപ്പിച്ചു നൽകി. (11) തയ്യൽ പരിശീലനവും തയ്യൽ ജോലിയും നൽകുന്ന മുത്തിമുരുണ്ടയാർ ജ്യോതിസ് ടെയ്‌ലറിംഗ് സെന്റർ (12) ശാന്തിസദൻ പ്ലാസ്റ്റിക് യൂണിറ്റ് കുളമാവ് (13) വിവിധ മഹിളാമണ്ഡലുകളും യൂത്ത് ഓർഗനൈസേഷനും അവയിൽ പ്രധാനപ്പെട്ടത് ശാന്തിസേവനാമഹിളാമണ്ഡൽ കുളമാവ്, ദീപാ

www.malankaralibrary.com

സേവനാ മഹിളാമണ്ഡൽ നാടുകാണി, ജ്യോതിസ് സേവന മഹിളാമണ്ഡൽ മുത്തിയുരുണ്ടയാർ, സുവർണ്ണമഹിളാസമാജം പുച്ച്പ്ര, ശാന്തിസദൻ ചാരിറ്റബിൾ സൊസൈറ്റി, മഹിളാമണ്ഡൽ, യൂത്ത് ഓർഗനൈസേഷൻ പൂമാല, സേവന യൂത്ത് ഓർഗനൈസേഷൻ കുളമാവ്, ശാന്തിസദൻ പ്രെയർ ഗ്രൂപ്പ് കുളമാവ് എന്നിവയാണ്. (14) മാതാപിതാക്കൾ നഷ്ടമായവരും സഹായം അർഹിക്കുന്നവരും മാതാപിതാക്കൾ ജോലിക്കു പോകുമ്പോൾ സുക്ഷിതത്വത്തിനുവേണ്ടിയും പെൺകുട്ടികളെ സൗജന്യമായി താമസിപ്പിച്ച് തൊഴിൽ പരിശീലനം നൽകുന്ന ശാന്തിസദൻ വിമൻസ് സൊസൈറ്റി കുളമാവ് (15) സ്വാന്തനാകേന്ദ്രം, ചികിത്സകൊണ്ട് പൂർണ്ണമായി ഭേദപ്പെടുത്താൻ കഴിയാത്ത രോഗങ്ങളാൽ വിഷമമനുഭവിക്കുന്ന രോഗികളുടെ സമ്പൂർണ്ണവും ക്രിയാത്മകവുമായ ചികിത്സാരീതിയാണിത്. രോഗികളുടെ ഭവനങ്ങൾ സന്ദർശിക്കുന്നു. (16) മദ്യത്തിന് അഡിറ്റ് ആയി പാലാ അഡാർട്ടിൽ എത്തുന്ന രോഗികൾക്ക് ചികിത്സയും ബോധവൽക്കരണവും നൽകി ഏതാനും വർഷം അവിടെ സേവനം ചെയ്തു. (17) സെക്സ് എഡ്യൂക്കേഷനിലൂടെ ബോധവൽക്കരണം നടത്താനുള്ള ശ്രമം (18) ജീവിതയാത്രയിലൊരു കൈവിളക്ക് എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു.


സിസ്റ്റർ ജോസഫൈനും മാതാവുംകൂടി റോം, ലൂർദ്ദ്, ജറുസലം, ഫ്രാൻസ്, ലിസ്യു തുടങ്ങിയ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. മദ്രാസിലെ സെന്റ് തോമസ് മൗണ്ടും ലിറ്റിൽ മൗണ്ടും സന്ദർശിച്ചപ്പോഴത്തെ ആനന്ദവും സംതൃപ്തിയും സിസ്റ്റർ ഇന്നും ഹൃദയത്തിൽ സൂക്ഷിക്കുന്നു. ട്രെന്റ് സൂനഹദോസ് നടന്ന ദേവാലയവും സന്ദർശിക്കാനുള്ള ഭാഗ്യം സിസ്റ്ററിന് ലഭിക്കുകയുണ്ടായി. മാർപാപ്പായുമായി ഒരു കൂടിക്കാഴ്ചയ്ക്കും അവസരം ലഭിച്ചു.

സിസ്റ്ററിന്റെ സമർപ്പിത ജീവിതത്തിൽ യേശുവിനോടൊത്ത് യേശുവിന്റെ ഇഷ്ടം അനുസരിച്ച് ജാതിമതഭേദമെന്യേ കുചേലകുബേരഭേദമെന്യേ എല്ലാവർക്കും ആദ്ധ്യാത്മികവും ശാരീരികവും സാമ്പത്തികവും ആയ സഹായം ആവശ്യപ്പെടുന്നവരെ സഹായിക്കുവാൻ ആവുന്നത്ര ശ്രമച്ചിട്ടുണ്ട്. സിസ്റ്ററിന്റെ പിതാവ് ഒരു അൽമായനാണെങ്കിലും സെന്റ് മർത്താസ് എന്ന സന്യാസസമൂഹത്തിന്റെ സ്ഥാപകനാണ്. അതിൽ സിസ്റ്റർ അഭിമാനം കൊള്ളുകയും ചെയ്യുന്നു. സിസ്റ്ററിന്റെ ജീവിതം അനേകായിരങ്ങൾക്ക് പ്രചോദനം നൽകുന്നതിനിട നൽകട്ടെ.

വിലാസം - സിസ്റ്റർ ഡോക്ടർ മേരി ജോസഫൈൻ കളപ്പുരയിൽ S.H.,
എസ്സ്.എച്ച്. കോൺവെന്റ്, കുളമാവ് പി.ഒ., ഇടുക്കി.

www.malankaralibrary.com

# 276



# റവ.ഡോ.മോൺ. ജോർജ് മഠത്തിപ്പറമ്പിൽ

പ്രമുഖ വിദ്യാഭ്യാസപ്രവർത്തകനും വാഗ്മിയും സംഘാടകനും അമേരിക്കയിലെ വാഷിംഗ്ടണിൽ സീറോ-മലബാർ കമ്മ്യൂണിറ്റി രൂപീകരിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ച പ്രതിഭാശാലിയുമായ മോൺ ജോർജ് മഠത്തിപ്പറമ്പിൽ, ആലപ്പുഴ തത്തംപള്ളിയിൽ എം.പി. ജോസഫ് അന്നമ്മ ദമ്പതികളുടെ മകനായി 1940 ആഗസ്റ്റ് 22ന് ജനിച്ചു. പ്രൈമറി വിദ്യാഭ്യാസം തത്തംപള്ളി സെന്റ് മൈക്കിൾസ് സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം ആലപ്പുഴ ലിയോ തേർട്ടീൻത് സ്കൂളിലും ആയിരുന്നു. ഹൈസ്കൂൾ വിദ്യഭ്യാസകാലത്ത് കോട്ടയത്തുനടന്ന മലബാർ കാത്തലിക് സ്റ്റുഡന്റ്സ് ലീഗിന്റെ സമ്മേളനത്തിൽ സ്വന്തം സ്കൂളിനെ പ്രതിനിധാനം ചെയ്തത് ജോർജ് മഠത്തിപ്പറമ്പിൽ ആയിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 1956 ൽ ചങ്ങനാശ്ശേരി പാറേൽ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് ചങ്ങനാശ്ശേരി സെന്റ് ബർക്ക്മാൻസ് കോളേജിൽ പഠിച്ച് 1960 ൽ ബി.എസ്.സി. പാസ്സായി. ഫിസിക്സ് ആയിരുന്നു വിഷയം. തുടർന്ന് 1961 ൽ ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ ചേർന്ന്, വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി. 1967 ഡിസംബർ 18 ന് ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത മാർ മാത്യു കാവുകാട്ടിൽനിന്ന് വൈദീകാഭിഷേകം സ്വീകരിച്ചു.

തുടർന്ന്, ഉപരിപഠനത്തിനായി കാവുകാട്ട് പിതാവിന്റെ നിർദ്ദേശപ്രകാരം, ചങ്ങനാശ്ശേരി എസ്സ്.ബി. കോളേജിൽ ചേർന്നു ഇംഗ്ലീഷിൽ എം.എ. ബിരുദം നേടി. തുടർന്ന് അതേകോളേജിൽതന്നെ ഇംഗ്ലീഷ് ലക്ചററായി ഫാ. മഠത്തിപ്പറമ്പിൽ നിയമിതനായി. 1972 ൽ എസ്സ്.ബി. കോളേജിന്റെ ജൂബിലി സ്മരണികയുടെ ചീഫ് എഡിറ്ററായി അദ്ദേഹം നിയമിക്കപ്പെട്ടു. എസ്സ്.ബി. കോളേജിലെ ആറുവർഷത്തെ അദ്ധ്യാപനത്തിനുശേഷം 1976 ൽ ഉപരിപഠനത്തിനായി അദ്ദേഹം അമേരിക്കയിലേയ്ക്ക് അയയ്ക്കപ്പെട്ടു. അവിടെ ഇൻഡ്യാനാ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽനിന്ന് അദ്ദേഹം മറ്റൊരു മാസ്റ്റർ ബിരുദം കൂടെ നേടി. പഠനത്തോടൊപ്പം അവിടെ അദ്ധ്യാപനവും ബ്ലാക്ക് അമേരിക്കൻ ലിറ്ററേച്ചർ എന്ന പ്രസിദ്ധീകരണത്തിന്റെ അസ്സോഷിയേറ്റ് എഡിറ്റർ എന്ന ചുമതലയും നിർവ്വഹിച്ചിരുന്നു. 1978 ൽ കാത്തലിക് യൂണിവേഴ്സിറ്റി ഓഫ് അമേരിക്ക എന്ന സ്ഥാപനത്തിൽചേർന്ന് പി.എച്ച്.ഡി. പഠനം നടത്തി. 1981 ൽ ഡോക്ടറേറ്റ് ലഭിച്ചു.

ഡോക്ടറേറ്റ് നേടിയതിനെത്തുടർന്ന് 1981 ൽ ഇൻഡ്യയിലെത്തി എസ്.

www.malankaralibrary.com

ബി. കോളേജിൽ അദ്ധ്യാപകനായി. അമേരിക്കയിലെ കാത്തലിക് യൂണിവേഴ്സിറ്റിയിൽ താരതമ്യസാഹിത്യവിഭാഗത്തിൽ വിസിറ്റിംഗ് പ്രൊഫസ്സറായി സേവനം തുടർന്നു. അമേരിക്കൻ സർവ്വകലാശാലകളിൽ ജോലി ചെയ്തിരുന്ന കാലത്ത് അവിടങ്ങളിലെ കാമ്പസ് മിനിസ്റ്ററിയിൽ സേവനം അനുഷ്ഠിച്ചു. ചാപ്ലെയ്ൻ എന്ന നിലയിലായിരുന്നു സേവനം.

ഫാ. മഠത്തിപ്പറമ്പിൽ ചങ്ങനാശ്ശേരി അതിരൂപതയിലെ പ്രീസ്റ്റ് സെനറ്റ് അംഗമായി ഒന്നിലധികം തവണ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അതിരൂപതയിലെ പ്രീസ്റ്റ്സ് പ്രോവിഡന്റ് ഫണ്ട് ട്രഷററായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ചങ്ങനാശ്ശേരി എസ്സ്.ബി. കോളജിൽ 26 വർഷം പഠിപ്പിച്ചു. അതിനിടെ ഹോസ്റ്റൽ വാർഡൻ, ഐക്കഫ് ചാപ്ലെയ്ൻ, കോളജ് മാഗസിൻ എഡിറ്റർ, ബർസാർ, വൈസ്പ്രിൻസിപ്പൽ എന്നീ നിലകളിലും മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സെനറ്റ് മെമ്പർ, പോസ്റ്റ്ഗ്രാഡുവേറ്റ് സ്റ്റഡീസിന്റെ ബോർഡ് മെമ്പർ എന്നീ നിലകളിലും പ്രവർത്തിച്ചു. ഡോക്ടറൽ ഗൈഡ് എന്ന നിലയിലും പ്രവർത്തിച്ചിട്ടുണ്ട്. ഏതാനും പേർക്ക് ഡോക്ടറേറ്റിന് മാർഗ്ഗദർശനം നൽകി.

1991 ൽ സെന്റ് ബർക്ക്മാൻസ് കോളജിന്റെ പ്രിൻസിപ്പലായി നിയമിതനായ ഫാ. മഠത്തിപ്പറമ്പിൽ 1996 ൽ ആ സ്ഥാനത്തുനിന്നു റിട്ടയർ ചെയ്തു. ഇന്നദ്ദേഹം ചിക്കാഗോ സീറോ മലബാർ രൂപതയുടെ വികാരി ജനറലാണ്. ആ സ്ഥാനത്തേയ്ക്കു നീങ്ങുംമുമ്പ് വാഷിംഗ്ടൺ ഡി.സി.യിലെ സെന്റ് പാട്രിക്ക്സ് ചർച്ചിന്റെ അസ്സോഷിയേറ്റ് പാസ്റ്ററായി സേവനം അനുഷ്ഠിച്ചുവന്നു. വാഷിംഗ്ടൺ പ്രദേശത്തെ സീറോ മലബാർ കത്തോലിക്കരുടെ ചുമതലയും അദ്ദേഹത്തിനുണ്ടായിരുന്നു.

എസ്.ബി. കോളജിൽ പ്രിൻസിപ്പലായിരിക്കുന്ന കാലത്ത് അവിടെ എം.ബി.എ. കോഴ്സ് സ്ഥാപിക്കാൻ അദ്ദേഹം മുൻകൈയെടുത്തു. കോളജിലെ എല്ലാ പഠനവിഷയങ്ങൾക്കും ഉപയുക്തമായ വിധത്തിൽ എസ്സ്.ബി. അക്കാഡമിക്ക് റിവ്യൂ എന്ന ആനുകാലിക പ്രസിദ്ധീകരണം ആരംഭിച്ചതും അദ്ദേഹത്തിന്റെ ഉത്സാഹത്തിലാണ്. ബർക്ക്മാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പ്യൂട്ടർ സ്റ്റഡീസ്, ബർക്ക്മാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് എന്നീ സ്ഥാപനങ്ങളും അദ്ദേഹം തുടങ്ങി. തന്റെ ഭരണകാലത്ത് എസ്സ്.ബി കോളജിനെ പഠനകാര്യങ്ങളിലും പാഠ്യേതര കാര്യങ്ങളിലും ഉന്നതനിലവാരത്തിലെത്തിക്കുവാൻ അദ്ദേഹം പരമാവധി യത്നിച്ചു. അക്കാലത്ത് കോളജ്, സ്പോർട്ട്സിലും ഗെയിംസിലും അനേകം ട്രോഫികൾ വാരിക്കൂട്ടി. സ്പോർട്ട്സിൽ പലതവണ യൂണിവേഴ്സിറ്റി ചാമ്പ്യന്മാരായി. വിദ്യാർത്ഥി സമരങ്ങളോ മറ്റുപദ്രവങ്ങളോ ഇല്ലാത്ത വിജയകരമായ ഒരു കാലഘട്ടമായിരുന്നു അതു കോളജിന്. അക്കാലത്ത് വൻതോതിലുള്ള ഒരു സയൻസ് എക്സിബിഷനും കലോത്സവവും കോളജിൽ നടന്നു. അന്ന്

www.malankaralibrary.com

അവ ദർശിക്കാൻ പതിനായിരക്കണക്കിനു വിദ്യാർത്ഥികളും നാട്ടുകാരും കോളജിലെത്തി. സയൻസ് എക്സിബിഷൻ ഉദ്ഘാടനം ചെയ്തത് അന്നു ലോകസഭാസ്പീക്കറായിരുന്ന ശ്രീ ശിവരാജ് പാട്ടീലാണ്.

ഇദ്ദേഹത്തിന്റെ ഭരണകാലത്ത് കോളജിൽ മൂന്നുനിലയുള്ള ഗവേഷണകേന്ദ്രം കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുകയും രണ്ടുനിലയുള്ള ബിസിനസ്സ് മാനേജ്മെന്റ് കെട്ടിടം നിർമ്മിക്കപ്പെടുകയും ചെയ്തു.

ഫാ. മഠത്തിപ്പറമ്പിൽ 1993 ൽ AIACHE (All India Association of Christain Higher Education) യുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. കേരളത്തിൽനിന്ന് ആദ്യമായി ആ സ്ഥാനത്തെത്തിയ കത്തോലിക്കാ പ്രിൻസിപ്പൽ അദ്ദേഹമായിരുന്നു. പ്രസ്തുത സ്ഥാനത്തിരുന്നുകൊണ്ട് തൊഴിൽ സാദ്ധ്യതയുള്ള കോഴ്സുകൾ തുടങ്ങാൻ മറ്റു കോളജുകൾക്ക് ആവുന്ന സഹായങ്ങളെല്ലാം അദ്ദേഹം നൽകി. അക്കാലത്തുതന്നെയാണ് AIACHE ഡൽഹിയിൽവച്ച് ഒരു അന്തർദ്ദേശീയ വിദ്യാഭ്യാസ കോൺഫറൻസ് സംഘടിപ്പിച്ചത്. ആ കോൺഫറൻസിൽ യൂറോപ്പിലും അമേരിക്കയിലുമുള്ള പ്രമുഖ വിദ്യാഭ്യാസ ഏജൻസികളെല്ലാം സംബന്ധിച്ചു.

1993 ൽത്തന്നെ ഫാ. മഠത്തിപ്പറമ്പിൽ കേരള പ്രിൻസിപ്പൽസ് കൗൺസിലിന്റെ പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. ആ സ്ഥാനം ഉപയോഗപ്പെടുത്തി, തൊഴിലധിഷ്ഠിത കോഴ്സുകൾ കോളേജുകളിൽ ആരംഭിക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിക്കുന്ന കാര്യത്തിൽ അദ്ദേഹം വിജയിച്ചു. കേരളത്തിലെ കോളജുകൾക്കു സ്വയംഭരണം നൽകുന്നതിന് അദ്ദേഹം പല നിവേദനങ്ങളും നൽകി.

കെ.സി.ബി.സിയുടെ വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറിയായും ഫാ. മഠത്തിപ്പറമ്പിൽ പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം ആ സ്ഥാനം ഉപയോഗിച്ചുകൊണ്ട് കേരളത്തിലെ കത്തോലിക്കാ വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്നവരെയെല്ലാം ഒരുമിച്ചുകൊണ്ടുവരുകയും കോളജുകളുടെ സ്വയംഭരണം, ന്യൂനപക്ഷാവകാശങ്ങൾ, തൊഴിലധിഷ്ഠിത കോഴ്സുകൾ മുതലായവ സംബന്ധിച്ച അനേകം കോൺഫ്രൻസുകൾ വിളിച്ചുകൂട്ടുകയും ചെയ്തു. ഇദ്ദേഹം സെക്രട്ടറിയായിരിക്കുന്ന കാലത്തായിരുന്നു പ്രിൻസിപ്പൽ നിയമനകാര്യത്തിൽ നയവ്യതിയാനം വരുത്തുവാൻ നായനാർ സർക്കാരിനെ പ്രേരിപ്പിക്കുവാൻ കെ.സി.ബി.സിയ്ക്കു സാധിച്ചത്. കത്തോലിക്കാ സഭ നടത്തുന്ന ഇംഗ്ലീഷ്മീഡിയം സ്കൂളുകളെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശകരേഖ പ്രസിദ്ധീകൃതമായതും ഇക്കാലത്തായിരുന്നു.

വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള കേരളത്തിലെ ഇന്റർ ചർച്ച് കൗൺസിലിന്റെ സെക്രട്ടറിയായും ഫാ. മഠത്തിപ്പറമ്പിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ ക്രൈസ്തവസഭാവിഭാഗങ്ങളുടെ വിദ്യാഭ്യാസ പ്രവർത്തകരുടെ പ്രതിനിധികളടങ്ങുന്നതാണ് പ്രസ്തുത കൗൺസിൽ. വിവിധ സഭാവിഭാഗങ്ങളുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളെ സംയോജിപ്പിക്കുക എന്ന

www.malankaralibrary.com

താണ് കൗൺസിലിന്റെ പ്രവർത്തനം. കേരളത്തിലെ ക്രൈസ്തവസഭകളുടെ വിദ്യാഭ്യാസ നയങ്ങൾക്കു വ്യക്തമായ രൂപം നൽകാൻ അദ്ദേഹം സജീവമായി പ്രവർത്തിച്ചു. ഇദ്ദേഹം വിദ്യാഭ്യാസത്തിനുള്ള ഇന്റർചർച്ച് കൗൺസിലിന്റെ സെക്രട്ടറിയായിരിക്കുന്ന കാലത്താണ് യു.പി. യിലെ ഗജ്റൗളയിൽ കന്യാസ്ത്രീകളുടെ നേർക്കു നടന്ന അതിക്രമങ്ങളിൽ പ്രതിഷേധിച്ച് കേരളത്തിലെ എല്ലാ ക്രൈസ്തവ വിദ്യാസ്ഥാപനങ്ങളും ഒരു ദിവസത്തേയ്ക്ക് അടച്ചിട്ടത്.

1991 ൽ ഫ്രാൻസിലെ ടുളൂസ് എന്ന സ്ഥലത്തുവച്ചുനടന്ന International council of catholic universities എന്ന സംഘടനയുടെ സമ്മേളനം അതിന്റെ കാര്യനിർവ്വാഹകസമിതിയിലെ ഏഷ്യയിൽനിന്നുള്ള അംഗമായി ഫാ. മഠത്തിപ്പറമ്പിലിനെ തെരഞ്ഞെടുത്തു. പ്രസ്തുത സമിതിയുടെ ഒരു സമ്മേളനം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരിയിൽ വച്ചുനടന്നു. ആ സമ്മേളനത്തിൽ അമേരിക്കയിലും യൂറോപ്പിലുമുള്ള വിവിധ കത്തോലിക്കാ സർവ്വകലാശാലകളുടെ അദ്ധ്യക്ഷന്മാർ സംബന്ധിച്ചു.

സെന്റ് ബർക്ക്മാൻസ് കോളജിനെ പഠനമികവിന്റെ ഉന്നതതലങ്ങളിലേയ്ക്കുയർത്താൻ ഫാ. മഠത്തിപ്പറമ്പിൽ ഉപകരണമായി. അതിന്റെ ഫലമായി 1996 ലും 1997 ലും ശങ്കർ അവാർഡ് ഈ കോളജിനു ലഭിച്ചു. പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും മികവു പുലർത്തുന്ന കോളജുകൾക്ക് കേരളസർക്കാർ നൽകുന്ന ഏറ്റവും മികച്ച അവാർഡാണിത്.

സെന്റ് ബർക്ക്മാൻസ് കോളജിൽനിന്നു വിരമിച്ചതിനുശേഷം ഫാ. മഠത്തിപ്പറമ്പിൽ ഫ്ളോറിഡയിലുള്ള മിയാമിയിലെ സെന്റ് തോമസ് യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപകനായി ജോലി ചെയ്തു. ഒരു കൊല്ലത്തിനുശേഷം ഇടവക സേവനത്തിനായി വാഷിംഗ്ടൺ സി.സി.യിലേയ്ക്കു മാറി. വാഷിംഗ്ടൺ അതിരൂപതയിലും സമീപപ്രദേശങ്ങളിലുമുള്ള സീറോമലബാർ സഭാംഗങ്ങളുടെയിടയിലായിരുന്നു സേവനം. വാഷിംഗ്ടണിലെ സെന്റ് മാത്യൂസ് കത്തീഡ്രലിൽ അസ്സോഷിയേറ്റ് പാസ്റ്ററായിരിക്കെ വാഷിംഗ്ടൺ സീറോ മലബാർ കമ്മ്യൂണിറ്റി രൂപപ്പെടുത്തുന്നതിൽ അദ്ദേഹം വിജയിച്ചു. 1798ലായിരുന്നു അത്. വാഷിംഗ്ടണിൽ ജോലിയിലായിരുന്ന സമയത്തുതന്നെയാണ് അവിടെയെത്തിയ പരിശുദ്ധ പിതാവിനെയും മദർതെരേസയെയും സന്ദർശിക്കാൻ അദ്ദേഹത്തിനു സൗകര്യം ലഭിച്ചത്.

ഫാ. മഠത്തിപ്പറമ്പിൽ വിദ്യാഭ്യാസ സംബന്ധമായ പല ലേഖനങ്ങൾ എഴുതി ദീപിക, മനോരമ എന്നീ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. "പ്രവചനം അമേരിക്കൻ കഥാസാഹിത്യത്തിൽ" എന്നൊരു പുസ്തകവും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വാഷിംഗ്ടണിൽ സേവനം ചെയ്തിരുന്ന കാലത്ത് അവിടത്തെ സെന്റ് പാട്രിക്സ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ 1997 മുതൽ 2002 വരെ അദ്ദേഹം ഒരു പ്രസംഗ പരമ്പര നടത്തി. മതപരവും സാഹിത്യപരവുമായ കാര്യങ്ങ


www.malankaralibrary.com

ളായിരുന്നു പ്രസംഗവിഷയം. ചിക്കാഗോയിലെ പുതിയ സീറോമലബാർ രൂപതയുടെ വികാർ ജനറൽ എന്ന നിലയിൽ അവിടത്തെ മെത്രാനായ മാർ ജേക്കബ് അങ്ങാടിയത്തിനോട് പൂർണ്ണമായി സഹകരിച്ചുകൊണ്ട് അദ്ദേഹം പ്രവർത്തിക്കുന്നു. അമേരിക്കയിലെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് അവിടങ്ങളിലുള്ള നമ്മുടെ ജനങ്ങളെ സീറോ മലബാർ സഭയോടടുപ്പിക്കുകയാണ് ഇപ്പോൾ നിർവ്വഹിക്കുന്ന ദൗത്യം.

Address - Rev.Dr. Mgr. George Madathiparampil, Vicar General, Catholic Diocese of Chicago, 3009 S.49th Avenue, CICERO IL 60804, U.S.A.

## 277

## മോൺ. ഫിലിപ്പ് ഞരളക്കാട്ട്



പ്രമുഖ വിദ്യാഭ്യാസപ്രവർത്തകനും യുവജനപരിശീലകനും അഡ്മിനിസ്ട്രേറ്ററും ആയ മോൺ ഫിലിപ്പ് ഞരളക്കാട്ട് പയ്യാനിത്തോട്ടം ഇടവകയിൽ ഞരളക്കാട്ട് ദേവസ്യാ-റോസ ദമ്പതികളുടെ മകനായി 1940 സെപ്റ്റംബർ 1-ാം തീയതി ജനിച്ചു. പൂഞ്ഞാർ സെന്റ് ആന്റണീസ്, എസ്.എം.വി. ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. ഒരു വൈദികനാകണമെന്ന ആഗ്രഹത്തോടെ വളർന്ന ജോർജ്ജ് പാലാ രൂപതവക ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ 1958 ൽ ചേർന്നു. തുടർന്ന് ആലുവാമംഗലപ്പുഴ സെമിനാരിയിൽ ഉപരിപഠനം നടത്തുകയും 1967 മാർച്ച് 11 ന് ബിഷപ്പ് മാർ സെബാസ്റ്റ്യൻ തിരുമേനിയിൽനിന്നും വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. പൂഞ്ഞാർപള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യനിയമനം. തുടർന്ന് തേവര എസ്സ്. എച്ച്. കോളജ്, തൃശൂർ സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിൽ പഠിച്ച് എം.എ. (ഇക്കണോമിക്സ്) ഡിഗ്രി എടുത്തു.

1972 ൽ മൈനർ സെമിനാരിയിൽ പ്രൊഫസ്സറായും 1980 മുതൽ 86 വരെ റെക്ടറായും സേവനം അനുഷ്ഠിച്ചു. ഇതേകാലയളവിൽ 1979 മുതൽ പാലാ സെന്റ് തോമസ് കോളേജിൽ ലക്ചററായും പ്രവർത്തിച്ചു. 1981 ൽ സോഷ്യൽ ആക്ഷന്റെ ഓഡിറ്ററായും രൂപതാകൺസൾട്ടറായും അഡ്മിനിസ്റ്ററേഷൻ കൗൺസിൽ മെമ്പറായും രൂപതാ എഡ്യൂക്കേഷൻ ഏജൻസിയുടെ പരിശോധകനായും ഞരളക്കാട്ടച്ചൻ പ്രവർത്തിക്കുകയുണ്ടായി.

1979 മുതൽ 91 വരെ പ്രീസ്റ്റ് സെനറ്റ് സെക്രട്ടറിയായും 1986 മുതൽ 1991 വരെ ക്രിസ്തുരാജ് ഹോസ്റ്റൽ വാർഡനായും 1988 മുതൽ 1991 വരെ സെന്റ് തോമസ് കോളേജ് വൈസ് പ്രിൻസിപ്പലായും 1991 മുതൽ 1995 വരെ

www.malankaralibrary.com

പ്രിൻസിപ്പലായും സേവനം അനുഷ്ഠിച്ചു.

1995 ൽ പാലാരൂപതാ വികാരി ജനറാളായി ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ ഞരളക്കാട്ടച്ചനെ നിയമിച്ചു. രൂപതയിലെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ചുമതല അദ്ദേഹം വഹിച്ചു. ചൂണ്ടച്ചേരിയിൽ ആരംഭിച്ച എൻജിനീയറിംഗ് കോളജിന്റെ സ്ഥാപനത്തിലും വളർച്ചയിലും അച്ചൻ നിർണ്ണായകമായ പങ്കുവഹിച്ചു. കോളേജിന്റെ ആരംഭംമുതൽ ഡയോസിഷൻ ടെക്നിക്കൽ എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ ചെയർമാനായും കോളേജിന്റെ മാനേജരായും പ്രവർത്തിച്ചു. 2005 ൽ രൂപത തുടങ്ങിയ മാർസ്ലീവാ കോളേജ് ഓഫ് നഴ്സിങ്ങിന്റെ സ്ഥാപനത്തിലും അദ്ദേഹം മുന്നിട്ടു പ്രവർത്തിച്ചു. നഴ്സിംഗ് സ്കൂളിന്റെ ആദ്യമാനേജരാണ് മോൺ. ഞരളക്കാട്ട്. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ചേർപ്പുങ്കൽ ആരംഭിച്ചിരിക്കുന്ന മെഡിക്കൽ കോംപ്ലക്സിന്റെ ചുമതലയും മോൺ ഞരളക്കാട്ട് വഹിക്കുന്നു.

1995 ൽ മാർ ജോസഫ് കല്ലറങ്ങാട്ട് വീണ്ടും രൂപതാവികാരി ജനറാളായി അദ്ദേഹത്തെ നിയമിച്ചു. രൂപതയിലുള്ള പ്രൊഫഷണൽ കോളേജുകളുടേയും സ്വാശ്രയ കോളേജുകളുടെയും ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെയും ചുമതലയാണ് പുതിയതായി അദ്ദേഹത്തെ ഏല്പിച്ചത്.

ദീർഘനാളായി കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷനിൽ മോൺ.ഞരളക്കാട്ട് അംഗമായി പ്രവർത്തിക്കുന്നു. 2005 മുതൽ കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷന്റെയും ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷന്റെയും സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിക്കുന്നു. പ്രൊഫഷണൽ കോളേജുകളോടുള്ള സർക്കാർ നയത്തിനെതിരെയുള്ള പോരാട്ടത്തിൽ മോൺ ഞരളക്കാട്ട് നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്. 1990ൽ യൂറോപ്യൻ രാജ്യങ്ങളിലും 1995 ൽ അമേരിക്കൻ ഐക്യനാടുകളിലും പര്യടനം നടത്തിയിട്ടുണ്ട്.

വിലാസം – മോൺ. ഫിലിപ്പ് ഞരളക്കാട്, മെത്രാസനമന്ദിരം, പാലാ.

# 278



## ഫാ. ജോൺ ഓലിക്കൽ സി.എസ്.റ്റി.

മുപ്പത്തിമൂന്നാമത്തെ വയസ്സിൽ സി.എസ്.റ്റി. സഭയുടെ സുപ്പീരിയർ ജനറൽ പദവിയിലേക്ക് ഉയർത്തപ്പെട്ട ഫാ. ജോൺ വാഴക്കുളത്ത് ഓലിക്കൽ ജോസഫിന്റെയും ഏലിക്കുട്ടിയുടെയും ഏഴുമക്കളിൽ ആറാമനായി 1940 സെപ്റ്റംബർ 10–ാം തീയതി ജനിച്ചു. ഭാരതക്രൈസ്തവസഭയ്ക്ക് പല പ്രഗത്ഭരായ വൈദികരെയും കന്യാസ്ത്രീക

www.malankaralibrary.com

ളെയും സംഭാവന ചെയ്തിട്ടുള്ള ഒരു കുടുംബമാണ് ഓലിക്കൽ കുടുംബം.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 1957 ജൂൺ 10-ാം തീയതി ചെറുപുഷ്പ സന്യാസ സഭയിൽ ചേർന്നു. മൈനർ സെമിനാരി പഠനം സഭയുടെ മാതൃഭവനമായ മുക്കന്നൂർ ആയിരുന്നു. തുടർന്ന് മൂക്കന്നൂർ തന്നെ നവസന്യാസപരിശീലനം പൂർത്തിയാക്കി. 1960 മെയ് 24-ന് പൂനയിലെ പേപ്പൽ സെമിനാരിയിൽ തത്വശാസ്ത്രപഠനത്തിന് ചേർന്നു. അവിടെത്തന്നെ ദൈവശാസത്രപഠനവും പൂർത്തിയാക്കി. 1968 ഒക്ടോബർ 15-ാം തീയതി അന്നത്തെ പൂനെ മെത്രാനായിരുന്ന ഡോ. വില്യംഗേമസിന്റെ കൈവയ്പ് വഴി ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ചു.

1969 ജൂൺ മുതൽ ആലുവാ ലിറ്റിൽ ഫ്ളവർ സെമിനാരിയിൽ തത്വശാസ്ത്രാദ്ധ്യാപകനായി സേവനമനുഷ്ഠിച്ചുകൊണ്ട് അച്ചൻ വൈദിക ജീവിതം ആരംഭിച്ചു. 1972 - 74 കാലയളവിൽ പൂനെ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എ. ബിരുദം കരസ്ഥമാക്കി. ഇക്കാലയളവിൽ തന്നെ 1973-ൽ മാർപാപ്പായുടെ പ്രത്യേകാനുമതിയോടെ സഭയുടെ എക്കാലത്തെയും ഏറ്റവും പ്രായം കുറഞ്ഞ സുപ്പീരിയർ ജനറലായി അച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. 1976-മെയ് വരെ ആസ്ഥാനത്ത് തുടർന്നു. ജൂബിലി വർഷമായിരുന്ന 1975 ഒക്ടോബർ 8-ാം തീയതി, റോമിൽ പോയി അന്നത്തെ മാർപാപ്പായായിരുന്ന പോൾ ആറാമൻ തിരുമേനിയെ സന്ദർശിച്ചു. സുപ്പീരിയർ ജനറൽ സ്ഥാനം ഒഴിഞ്ഞ അച്ചൻ 1976 മുതൽ 1979 വരെ ബാംഗ്ലൂരിൽ പഠനം നടത്തിക്കൊണ്ടിരുന്ന സഭാംഗങ്ങളായ സെമിനാരിക്കാരുടെ റെക്ടറായി സേവനം ചെയ്തു. 1976 മുതൽ 1978 വരെ ധർമ്മാരാം കോളേജിൽ താമസിച്ചിരുന്ന കാലഘട്ടത്തിൽ ക്രൈസ്റ്റ് കോളേജിൽ അദ്ധ്യാപകനായി സേവനം ചെയ്തു.

1979-ൽ രണ്ടാം തവണ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട അച്ചൻ 1982 വരെ തൽസ്ഥാനത്ത് തുടർന്നു. അതിനുശേഷം 1992 വരെ പാലക്കാട് രൂപതയുടെ കീഴിലുള്ള ആദിവാസി മേഖലയായ അട്ടപ്പാടിയിൽ സാമൂഹികസേവനരംഗത്ത് ജോലി ചെയ്തു.

1991-ൽ മൂന്നാം പ്രാവശ്യവും സഭയുടെ സുപ്പീരിയൽ ജനറലായി ജോണച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. 1997 വരെ സുപ്പീരിയർ ജനറളായി തുടർന്ന അച്ചന് 1996 മെയ് 6-ാം തീയതി ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ സ്വകാര്യ കപ്പേളയിൽ മറ്റ് 15 വൈദികരും മെക്സിക്കോയിലെ ഒരു മെത്രാനും ഒരുമിച്ച് മാർപാപ്പായുടെ കൂടെ സമൂഹബലിയർപ്പിക്കുവാൻ ഭാഗ്യം സിദ്ധിച്ചു. ഈ അവസരം ദൈവാനുഗ്രഹത്തിന്റെ ഭാഗ്യനിമിഷങ്ങളായി ഇന്നും അച്ചൻ സ്മരിക്കുന്നു.


സുപ്പീരിയർ ജനറൽ സ്ഥാനത്തുനിന്നും വിരമിച്ച അച്ചൻ 1997 മുതൽ 2000 വരെ ആലുവാ ലിറ്റിൽ ഫ്ളവർ സെമിനാരിയിൽ റെക്ടറായും തത്വശാസ്ത്രാദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചു. 2000-ൽ സഭയുടെ ഗോര

www.malankaralibrary.com

ഖ്പൂർ ആസ്ഥാനമായുള്ള ലിറ്റിൽ ഫ്ളവർ വൈസ് പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ ആയി തിരഞ്ഞെടുക്കപ്പെട്ടു. 2003-ൽ ലിറ്റിൽ ഫ്ളവർ വൈസ് പ്രോവിൻസ് പ്രോവിൻസായി ഉയർത്തിയപ്പോൾ അതിന്റെ ആദ്യത്തെ പ്രൊവിൻഷ്യൽ ആയി തിരഞ്ഞെടുക്കപ്പെട്ടു. ഇപ്പോഴും ആ ചുമതല വഹിച്ചുകൊണ്ട് ക്രിസ്തു കേന്ദ്രീകൃതവും സഭാബദ്ധവും, സാമൂഹികപ്രതിബദ്ധവുമായ ജീവിതം തളരാതെ നയിച്ചുകൊണ്ടിരിക്കുന്നു.

Address : Rev. Fr. John Olickal C.S.T., Little Flower Prvince, Little Flower Cogregation, Jyothibhavan, Charagawan, Gorakhpur - U.P. 273409.

# 279



## വി.എം. ചാക്കോ വെള്ളിരിങ്ങാട്ട്

ഭാരതക്രൈസ്തസഭയ്ക്ക് പല പ്രഗത്ഭരായ വൈദികരെയും സന്യാസസന്യാസിനികളെയും സംഭാവന ചെയ്തിട്ടുള്ള വെള്ളിരിങ്ങാട്ടു കുടുംബത്തിൽ മത്തായി അന്നമ്മ ദമ്പതികളുടെ 8-ാമത്തെ സന്താനമായി 1940 ഒക്ടോബർ 2ന് കരിങ്കുന്നത്ത് ജനിച്ചു. കരിങ്കുന്നത്തെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തേവര എസ്സ്.എച്ച്. കോളേജ്, പാലാ സെന്റ് തോമസ് കോളേജ്, കോട്ടയം സി.എം.എസ്സ്. കോളേജ് എന്നിവിടങ്ങളിൽ പഠിച്ചു വിദ്യാഭ്യാസം പൂർത്തിയാക്കി. സദാപ്രവർത്തന നിരതനായിരുന്ന ചാക്കോ പഠനകാലത്ത് കോളേജ് യൂണിയൻ പ്രസിഡണ്ട്, കേരളവിദ്യാർത്ഥി യൂണിയൻ ജില്ലാപ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

1957 ൽ കേരളത്തിൽ അധികാരമേറ്റെടുത്ത ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് മന്ത്രിസഭ, ഒരു ദുർഭരണമായിരുന്നു കേരളത്തിൽ നടത്തിയത്. ക്രമസമാധാനനില തകരുകയും നാട്ടിൽ സ്വൈര്യജീവിതം അസാദ്ധ്യമാകുകയും ചെയ്തു. ഈ ഭരണത്തിനെതിരെ ജനങ്ങൾ ഉണർന്ന് പ്രവർത്തിച്ചതിന്റെ ഫലമായിരുന്നു 1959 ലെ വിമോചനസമരം. ആ വിമോചനസമരത്തിന്റെ മുന്നണിപ്പോരാളിയായി 19 കാരനായ ചാക്കോ നിലയുറപ്പിച്ചു. കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് ചാക്കോയെ അറസ്റ്റു ചെയ്യുകയും 20 ദിവസം പൂജപ്പുര സെൻട്രൽ ജയിലിൽ തടവിലാക്കുകയും ചെയ്തു.

ഒരു പത്രപ്രവർത്തകനായി തീരണമെന്നുള്ള ആഗ്രഹം ചെറുപ്പംമുതലേ ചാക്കോയ്ക്കുണ്ടായിരുന്നു. സി.എം.എസ്സ് കോളേജിൽ പഠിച്ചിരുന്ന കാലത്ത് അന്ന് കോട്ടയത്തെ പ്രമുഖ സായാഹ്നപത്രമായ ഡമോക്രാറ്റിന്റെ റിപ്പോർട്ടർ ആയി പ്രവർത്തിച്ചു. സി.എം.എസ്സിലെ പഠനത്തിനുശേഷം സ്വന്തമായി ഒരു പത്രം തുടങ്ങണമെന്നാഗ്രഹിച്ചു. തന്റെ സ്നേഹിതനായ അഗ

www.malankaralibrary.com

സ്റ്റിൻ വഞ്ചിമലയുമായി ചേർന്ന് ന്യൂസ് ഇന്ത്യാ എന്ന ദിനപ്പത്രം പ്രസിദ്ധീകരിച്ചു. ഏതാനും മാസം മാത്രമേ ആ പത്രം പ്രസിദ്ധീകരിക്കുവാൻ സാധിച്ചുള്ളു. എങ്കിലും ആ രംഗത്തെ തന്റെ പ്രവർത്തനം ജീവിതത്തിലെ ഒരു വഴിത്തിരിവ് ആയിരുന്നു. പത്രപ്രവർത്തനകാലത്ത് പരിചയപ്പെട്ട അച്ചോയ് മാത്യുവിന്റെ സഹായത്താൽ 1969 ജൂണിൽ ന്യൂയോർക്കിലെ പ്രിന്റിംഗ് ട്രേഡ് സ്കൂളിൽ പ്രവേശനം ലഭിച്ചു. അക്കാലത്ത് ന്യൂയോർക്കിൽ നൂറിൽ താഴെ മലയാളകളേ ഉണ്ടായിരുന്നുള്ളു. 1971 ൽ നിക്സൺ അമേരിക്കൻ പ്രസിഡണ്ടായിരുന്ന കാലത്ത് ഇമിഗ്രേഷൻ നിയമങ്ങളിൽ മാറ്റം വരുത്തിയതിനുശേഷമാണ് അമേരിക്കയിലേയ്ക്ക് മലയാളികളുടെ പ്രവാഹം വർദ്ധിച്ചത്. ന്യൂയോർക്കിലെ പ്രിന്റിംഗ് ട്രേഡുസ്കൂളിലെ പഠനത്തിനുശേഷം ചാക്കോച്ചൻ 1971 ൽ നാട്ടിൽ തിരിച്ചെത്തി. കല്ലൂർതാഴത്തുവീട്ടിൽ റ്റി.സി. ചാക്കോയുടെ മകൾ ലിസിയെ വിവാഹം ചെയ്തു. ലിസി ആ സമയം കോട്ടയം മെഡിക്കൽ കോളേജിൽനിന്ന് പഠനം പൂർത്തിയാക്കിയിരുന്നു.

ന്യുയോർക്കിൽ വീണ്ടും എത്തിച്ചേർന്ന് ചാക്കോച്ചൻ ബിസിനസ്സ് രംഗത്താണ് ശ്രദ്ധപതിപ്പിച്ചത്. അക്കാലത്ത് ന്യൂയോർക്കിൽ നോർത്ത് ഇന്ത്യൻ റസ്റ്റോറന്റ് പലതും ഉണ്ടായിരുന്നുവെങ്കിലും സൗത്ത് ഇന്ത്യൻ റസ്റ്റോറന്റുകൾ ഒന്നുംതന്നെയില്ലായിരുന്നു. സൗത്ത് ഇന്ത്യൻ ഭക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കി 1976 നവംബറിൽ ആദ്യത്തെ സൗത്ത് ഇന്ത്യൻ റസ്റ്റോറന്റ് "മഹാറാണി" ക്യൂൻസിൽ ആരംഭിച്ചു. അക്കാലത്തെ ഇന്ത്യാക്കാരുടെ സമ്മേളനസ്ഥലമായിരുന്നു (Get together) മഹാറാണി. നാലുവർഷം റസ്റ്റോറന്റ് നടത്തിയതിനുശേഷം റിയൽ എസ്റ്റേറ്റ് ഫീൽഡിലേക്കുമാറി ഫ്ളോറിഡാ ആസ്ഥാനമാക്കിയ റിയൽ എസ്റ്റേറ്റ് കമ്പനിയായ "ജനറൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ" ടോപ്പ് സെയിൽസ്മാനുള്ള അവാർഡിന് ചാക്കോച്ചനെയാണ് തിരഞ്ഞെടുത്തത്. ബിസിനസ്സ് രംഗത്ത് ചാക്കോച്ചന് ലഭിച്ച ഒരു വലിയ അംഗീകാരമായിരുന്നു അത്.

1980 ആരംഭത്തോടെ ഇന്ത്യാക്കാരുടെ അമേരിക്കയിലേയ്ക്കുള്ള കുടിയേറ്റം വ്യാപകമായി. ആ കുടിയേറ്റക്കാർക്ക് ഒരു അത്താണിയായി നിന്നുകൊണ്ട് കമ്മ്യൂണിറ്റിയ്ക്കുവേണ്ടി ചാക്കോച്ചൻ പ്രവർത്തനം ആരംഭിച്ചു. അക്കാലഘട്ടത്തിൽ ഇന്ത്യാ കാത്തലിക് അസോസിയേഷനിലും വളരെ സജീവമായി പ്രവർത്തിക്കുകയുണ്ടായി. ഏതാനും വർഷത്തെ കമ്മ്യൂണിറ്റി പ്രവർത്തനം മനസ്സിലാക്കിയ ക്യൂൻസ് ബോറോ പ്രസിഡന്റ് ഒരു കമ്മ്യൂണിറ്റി ബോർഡ് മെമ്പർ ആയി 1995 ൽ ചാക്കോച്ചനെ നോമിനേറ്റ് ചെയ്തു. 50 ബോർഡ് മെമ്പർമാരിൽ ഏക ഇന്ത്യാക്കാരനായിരുന്നു വി.എം. ചാക്കോ.

ഹോട്ടൽ വ്യവസായത്തിൽനിന്നും കുറേനാൾ അകന്നു നിന്നതിനുശേഷം 1990 ൽ വീണ്ടും റസ്റ്റോറന്റ് വ്യവസായത്തിലേയ്ക്ക് തിരിച്ചുവന്നു. Santoor എന്നപേരിൽ ഒരു റസ്റ്റോറന്റ് ബൽറോസിൽ (Bell Rose) ൽ തുടങ്ങി. ഏറ്റവും കൂടുതൽ ഇന്ത്യാക്കാർ താമസിക്കുന്ന സ്ഥലമായിരുന്നു ബൽറോ

www.malankaralibrary.com

സ്. സമ്മേളനങ്ങളും സ്വീകരണങ്ങളും ഒരുക്കാനുള്ള ഹാൾ ഉൾപ്പെടെ 300 പേർക്ക് ഒരേസമയം ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള സ്ഥലമാണിത്. കേരളത്തിൽനിന്നും ന്യൂയോർക്കിലെത്തുന്ന വിശിഷ്ടാതിഥികളെ സൽക്കരിക്കുന്ന സ്ഥലമെന്ന നിലയിൽ ഈ Santoor പ്രസിദ്ധമാണ്.

സഹധർമ്മിണി ലിസി പീഡിയാട്രീക്സിൽ റസിഡൻസി ചെയ്തതിനുശേഷം ഫുൾടൈം പീഡിയാട്രിഷ്യൻ ആയി ജോലി ചെയ്യുന്നു. ഇവർക്ക് രണ്ടു കുട്ടികളാണുള്ളത്. ജീനയും ടോമിയും. ജീന ഭാരതത്തിന്റെ മഹത്തായ സാംസ്കാരിക പൈതൃകത്തിൽ അഭിമാനംകൊണ്ടിരുന്നു. 16-ാമത്തെ വയസ്സിൽ ആ മലയാളി പെൺകുട്ടി അമേരിക്കൻ സാമൂഹ്യജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ഉറപ്പിച്ചുകഴിഞ്ഞിരുന്നു. വെള്ളക്കാരും ജീനയുടെ കഴിവിനെ അംഗീകരിച്ചിരുന്നു. 17-ാമത്തെ വയസ്സിൽ 1991 ൽ ജീന ഒരു കാറപകടത്തിൽ നിര്യാതയായി. (ജീനയെപ്പറ്റിയുള്ള ലേഖനം കേരളസഭാരത്നങ്ങൾ ഒന്നാം ഭാഗത്തിൽ പേജ് 912 ൽ ചേർത്തിട്ടുണ്ട്)

ഏതൊരു പുരുഷന്റെയും വളർച്ചയുടെ പിന്നിൽ ഒരു സ്ത്രീയുടെ (ഭാര്യയുടെ) സമ്പൂർണ്ണസമർപ്പണം കാണുവാൻ സാധിക്കും. ചാക്കോച്ചന്റെ ജീവിതത്തിലും അത് ഒരു യാഥാർത്ഥ്യമാണ്. ജീനയുടെ മരണം ചാക്കോ-ലിസ്സി ദമ്പതികളുടെ ഹൃദയത്തെ വല്ലാതെ വേദനിപ്പിച്ചിരുന്നു. ഈ ലേഖകൻ രചിച്ച പ്രസിഡന്റിന്റെ കത്തുകൾ എന്ന ഗ്രന്ഥത്തിൽ ഇന്ത്യാക്കാരുടെ അഭിമാനഭാജനം എന്ന പേരിൽ എഴുതിയ ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ആ ദുരിതത്തിലും പ്രത്യാശ കൈവിടാതെ എല്ലാം ദൈവത്തിൽ സമർപ്പിച്ചുകൊണ്ട് ആ കുടുംബം ഇന്നും മുന്നേറുന്നു. ചാക്കോച്ചൻ പറയുകയാണ്. സംഭവിച്ചതെല്ലാം ദൈവേഷ്ടത്തിന് കീഴ്പ്പെട്ട് സഹിച്ചു. ജീവിച്ചിരിക്കുന്ന മക്കളെപ്പറ്റി ഓർത്ത് ദുഃഖിക്കുന്നവർ നിരവധിയാണ്. അവരുടെ ദുഃഖങ്ങൾ മനസ്സിലാക്കി ഈ ദുഃഖം ഞങ്ങൾ സഹിക്കുന്നു. പ്രത്യാശയോടുകൂടിയുള്ള ആ ജീവിതം ആരുടെയും ഹൃദയപരിവർത്തനത്തിന് വഴി തെളിക്കുകതന്നെചെയ്യും". പ്രസിഡന്റിന്റെ കത്തുകളിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ "ഒരുദിവസം വെള്ളിയാഴ്ച ഞങ്ങൾ ന്യൂയോർക്ക് പട്ടണത്തിലൂടെ കാറിൽ യാത്രചെയ്യുകയാണ്. സമയം മൂന്നുമണിയായി. നമുക്ക് കരുണക്കൊന്തചൊല്ലാം. ഡോ. ലിസി ചാക്കോച്ചനോടു പറഞ്ഞു. കരുണക്കൊന്ത ചൊല്ലി. ഞാനും സഹകരിച്ചു. അമേരിക്കൻ ജനത സുഖലോലുപതയിൽ മുഴുകി ജീവിക്കുമ്പോഴും പ്രാർത്ഥനയിൽ ശരണം പ്രാപിച്ചു ജീവിക്കുന്ന ചാക്കോ-ലിസി ദമ്പതികളുടെ പ്രാർത്ഥനാ ജീവിതത്തിൽ ഞാൻ അഭിമാനംകൊണ്ടു. ചാക്കോ ഒന്നാംതരം ബിസിനസ്സുകാരൻ. ലിസി ഒരു ഡോക്ടർ. ഒരു സമ്പന്നകുടുംബം തന്നെയാണവരുടേത്. ആ സമ്പത്തിലും സുഖത്തിലും അവർ പ്രാർത്ഥനാ ജീവിതം നയിക്കുകയാണ്. തന്റെ മകളുടെ വിയോഗത്തിൽ നിരാശപ്പെട്ട് ജീവിക്കുകയല്ല. പ്രത്യാശയോടുകൂടി ജീവിക്കുകയാണ്. അവരുടെ ആ ജീവിതം മാതൃകയാക്കുവാൻ നമുക്ക്

www.malankaralibrary.com

സാധിക്കുമോ? ചെറിയ സൗകര്യങ്ങളും പദവികളും ലഭിക്കുമ്പോൾ ദൈവത്തെ മറന്ന് അഹങ്കരിച്ച് നടക്കുന്നവർ ചിന്തിക്കേണ്ട പ്രശ്നമാണിത്." ചാക്കോച്ചന് ഒരു മകനും ഉണ്ട്. ടോമി. 2005-ൽ മെഡിസിൻ പാസ്സായ ടോമി ഫ്ളോറിഡായിൽ ഫെല്ലോഷിപ്പ് ചെയ്യുകയാണ്. കഴിഞ്ഞ ജൂണിൽ ഉഷയെ വിവാഹം ചെയ്തു. ഉഷ സ്കൂളിൽ പഠിപ്പിക്കുന്നു.

ചാക്കോ എന്നും സാഹസിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിൽ സന്തുഷ്ടനാണ്. പത്രപ്രവർത്തകൻ, സംഘാടകൻ, വ്യവസായി എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിക്കുമ്പോഴും ആ സാഹസികത അദ്ദേഹത്തെ വിജയത്തിലേയ്ക്ക് നയിക്കുകയുണ്ടായി.

Address - Sri. V.M. Chacko, Velliringettu, 69-36, 228 St., Bayside, Ny 11364, USA.

# 280

# ഡോ. പ്ലാസിഡ് റോഡ്രിഗ്സ്



ന്യൂക്ലിയർ മെറ്റലർജിയുടെ ആഴങ്ങൾ കണ്ടറിഞ്ഞ മികച്ച ശാസ്ത്രപ്രതിഭയായ ഡോ. പ്ലാസിഡ് റോഡ്രിഗ്സ് കൊല്ലത്തിനു സമീപമുള്ള ചവറ കുളങ്ങര ഭാഗം കരീലഴികത്ത് ജോസഫ് റോഡ്രിഗ്സ് - പോളി ദമ്പതികളുടെ രണ്ടാമത്തെ മകനായി 1940 ഒക്ടോബർ 5-ാം തീയതി ജനിച്ചു. പ്രശസ്തനായ ഒരു അഭിഭാഷകനായിരുന്നു പിതാവ്. മാതാവ് ഒരു അദ്ധ്യാപികയും. പ്ലാസിഡ് റോഡ്രിംഗ്സിന്റെ പ്രാഥമിക വിദ്യാഭ്യാസം കൊല്ലത്തെ മഞ്ചേരി പ്രൈമറി സ്കൂളിലായിരുന്നു. ഒന്നാം ക്ലാസിൽ ചേർക്കാനായി സ്കൂളിൽ കൊണ്ടുപോയപ്പോൾ ചേച്ചി പഠിക്കുന്ന മൂന്നാം ക്ലാസിൽ ഇരിക്കണമെന്ന വാശി റോഡ്രിംഗ്സിന്. അദ്ധ്യാപകർ അതനുവദിച്ചില്ല. കരച്ചിലും ബഹളവുമായി. അവസാനം കുട്ടി ജയിച്ചു. മൂന്നാം ക്ലാസിൽ ഇരിക്കാൻ അനുവാദം നൽകി. കുറെ ദിവസം കഴിഞ്ഞപ്പോൾ കുട്ടിയുടെ കഴിവ് കണ്ട് അദ്ധ്യാപകർ അത്ഭുതപ്പെട്ടു. മൂന്നാം ക്ലാസിലെ കുട്ടികളോടൊപ്പം അവരുടെ പാഠങ്ങൾ ഈ കുട്ടിയും പഠിച്ചിരിക്കുന്നു. കുട്ടിയുടെ കഴിവ് മനസ്സിലാക്കിയ അദ്ധ്യാപകർ മൂന്നാം ക്ലാസിലെ പരീക്ഷക്കിരുത്തി. ഉജ്ജ്വല വിജയം നേടി, ഒറ്റ ചാട്ടത്തിന് കുട്ടി രണ്ടു കൊല്ലം ലാഭിച്ചു. പിന്നീട് സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ ചേർന്നു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം കൊല്ലത്തെ ഫാത്തിമാ മാതാ കോളേജിൽ ബിരുദത്തിന് ചേർന്നു. ഫാത്തിമായിൽ രസതന്ത്രത്തിനുള്ള ഡിഗ്രി കോഴ്സ് തുടങ്ങിയ വർഷമായിരുന്നു അത്. അക്കാലത്ത് പ്രസംഗമത്സരങ്ങളിലും ഡിബേറ്റുകളിലും സജീവമായി പങ്കെടുത്തിരുന്നു. റോഡ്രിംഗ്സിന്റെ ബഹു

www.malankaralibrary.com

മുഖ വ്യക്തിത്വം അന്നേ മനസ്സിലാക്കിയിരുന്നു. പഠിപ്പിലെന്നപോലെ കായിക മത്സരങ്ങളിലും കലാപരിപാടികളിലും അദ്ദേഹം മുൻപന്തിയിലായിരുന്നു. അഭിനയത്തിലായിരുന്നു കൂടുതൽ താല്പര്യം. ഒരു നടനുവേണ്ട എല്ലാ യോഗ്യതകളും റോഡ്രിംഗ്സിനുണ്ട്. ഒരിക്കൽ മോക്ക് പാർലമെന്റിൽ ജവഹർലാൽ നെഹ്രുവായിവ വന്ന് നടത്തിയ പ്രകടനം തികച്ചും ഉന്നത നിലവാരം പുലർത്തുന്നതായിരുന്നു. കൽപ്പാക്കത്ത് ചെന്നതിനുശേഷവും സംഗീതത്തിനോടും നാടകത്തോടുമുള്ള താൽപര്യം കാത്തു സൂക്ഷിക്കുവാൻ അദ്ദേഹം പരമാവധി പരിശ്രമിച്ചു. പിന്നീട് പല ഇംഗ്ലീഷ് നാടകങ്ങളും അവതരിപ്പിച്ചു. മദ്രാസ് ജാസ് ക്ലബ്ബിന്റെ വൈസ് പ്രസിഡണ്ടുമായി.

ഫാത്തിമാ കോളേജിൽ രസതന്ത്രത്തിനുള്ള പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ പ്രൊഫ. കെ.സി. പപ്പു അടുത്തു വരും. "എടാ കൊച്ചനേ നിനക്കു നല്ല ബുദ്ധിയുണ്ട്. കാര്യമായി പരിശ്രമിച്ചാൽ റാങ്കു കിട്ടും. റിക്കാർഡിന്റെ മാർക്കിലും ചരിത്രം സൃഷ്ടിക്കാൻ നിനക്കു കഴിയും. ആ പ്രോത്സാഹനം ഫലമണിഞ്ഞു. രസതന്ത്രത്തിൽ യൂണിവേഴ്സിറ്റിയിൽ രണ്ടാം റാങ്കോടെ പാസ്സായി. തുടർന്ന് ബാംഗ്ലൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽനിന്ന് എഞ്ചിനീയറിംഗിൽ ബിരുദമെടുക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. അത് കൈയെത്താത്ത ഒരു മോഹമാണെന്ന് എല്ലാവരും കരുതി. ഉന്നതകുടുംബങ്ങളിലെ അതിബുദ്ധിശാലികളായ കുട്ടികൾ പഠിക്കുന്ന ആ സ്ഥാപനത്തിൽ അഡ്മിഷൻ പോലും കിട്ടുകയില്ലെന്ന് പലരും വിധിയെഴുതി. പക്ഷെ റോഡ്രിംഗ്സിന് അവിടെത്തന്നെ പ്രവേശനം ലഭിച്ചു. 1960-ൽ മെറ്റലർജിയിൽ ബി.ഇ. ഡിഗ്രി കരസ്ഥമാക്കി. പിന്നീട് മെറ്റലർജിക്കൽ എൻജിനീയറിംഗിൽ ഡോക്ടറേറ്റും നേടി. ഭാഭാ പരമാണു ഗവേഷണ കേന്ദ്രത്തിലെ ട്രെയിനിംഗ് സ്കൂളിൽനിന്ന് ന്യൂക്ലിയർ മെറ്റലർജിയിൽ ബിരുദാനന്തരബിരുദം നേടിയ റോഡ്രിഗ്സ് അവിടുത്തെ മെറ്റലർജിക്കൽ വിഭാഗത്തിൽ ചേർന്നു. ടെന്നീസി (Tennessee) യൂണിവേഴ്സിറ്റിയിൽനിന്ന് മെറ്റലർജിക്കൽ എൻജിനീയറിംഗിൽ എം.എസ്സ്. ഡിഗ്രിയും ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റിയിൽനിന്ന് (Human Resource Management) എം.ബി.എ. ബിരുദവും നേടി.

ബോംബെയിലെ ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിൽ 1961 മുതൽ 1969 വരെ മെറ്റലർജി ഡിവിഷനിൽ സയന്റിഫിക് ഓഫീസറായും 1969 മുതൽ 1974 വരെ മെറ്റലർജി ഡിവിഷനിൽ (Mechanical Properties) ഗ്രൂപ്പ് ലീഡറായും സേവനം അനുഷ്ഠിച്ചു. തുടർന്ന് കൽപ്പാക്കം ഇന്ദിരാഗാന്ധി സെന്റർ ഫോർ അറ്റോമിക് റിസേർച്ചിൽ മെറ്റലർജി ആൻഡ് മെറ്റീരിയൽസ് പ്രോഗ്രാമിൽ അതിന്റെ തലവനായും 1992 മുതൽ 2000 വരെ ഡയറക്ടർ ആയും പ്രവർത്തിക്കുകയുണ്ടായി. 2000 മുതൽ 2003 വരെ ഡിഫൻസ് റിസേർച്ച് ആൻഡ് ഡവലപ്മെന്റ് ഓർഗനൈസേഷന്റെ റിക്രൂട്ട്മെന്റ് ആൻഡ് അസസ്മെന്റ് ചെയർമാനായും സേവനം ചെയ്തു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ, മദ്രാസിൽ

www.malankaralibrary.com

ഡിസ്റ്റിംഗ്വ്യൂഷ്ഡ് വിസിറ്റിംഗ് പ്രൊഫസറായ പ്ലാസിഡ് റോഡ്രിംഗ്സ് 1963 മുതൽ 1965 വരെ അമേരിക്കയിലെ ഓക്ക്റിഡ്ജ് നാഷണൽ ലാബോറട്ടറിയിലും 1974 മുതൽ ഫ്രാൻസിലെ Techniatome CEA Saclay യിലും വിസിറ്റിംഗ് സയന്റിസ്റ്റാണ്. 2002 മുതൽ ഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലും വിസിറ്റിംഗ് പ്രൊഫസ്സാറാണ്. കേന്ദ്ര മന്ത്രിസഭയുടെ സയന്റിഫിക് അഡ്വൈസറി കമ്മറ്റിയംഗം, ശ്രീ ചിത്തിരതിരുനാൾ സയൻസ് ആൻഡ് ടെക്നോളജിയുടെ ടെക്നോളജി ട്രാൻസ്ഫർ കമ്മറ്റിയുടെ ചെയർമാൻ, റിസർച്ച് കൗൺസിൽ ചെയർമാൻ, അണ്ണാ യൂണിവേഴ്സിറ്റി ഓഫ് ഇന്ത്യയുടെ വൈസ് പ്രസിഡണ്ട്, ഐ.എൻ.എ.ഇ.യുടെ ഓണററി സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്ന അദ്ദേഹം 2003 മുതൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗിന്റെ മുൻ പ്രസിഡണ്ട് കൂടിയാണ്.

പ്ലാസിഡ് റോഡ്രിഗ്സ്, ഇന്ത്യൻ നാഷണൽ അക്കാഡമി ഓഫ് എഞ്ചിനിയറിംഗ്, ഇന്ത്യൻ അക്കാഡമി ഓഫ് സയൻസസ്, നാഷണൽ അക്കാഡമി ഓഫ് സയൻസസ് ഇന്ത്യാ, തമിഴ്നാട് അക്കാഡമി ഓഫ് സയൻസസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റൽസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ്, സൊസൈറ്റി ഫോർ ദി അഡ്വാൻസ്മെന്റ് ഓഫ് ഇലക്ട്രോ കെമിക്കൽ സയൻസസ് ആൻഡ് ടെക്നോളജി എന്നിവയിൽ ഫെല്ലോയും നോൺ ഡിസ്ട്രക്ടീവ് സൊസൈറ്റി ഓഫ് ഇന്ത്യയിൽ ഹോണററി ഫെല്ലോയുമാണ്. ഏഷ്യ - പസഫിക് ഓഫ് മെറ്റീരിയെൽസിൽ അംഗവുമാണ്.

അണുശക്തിയാണ് ലോകത്തിലേറ്റവും കുറച്ച് പരിസര മലിനീകരണം ഉണ്ടാക്കുന്ന ഊർജ്ജസ്രോതസ്സ് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. സാക്ഷരതയും കുറഞ്ഞ ശിശുമരണനിരക്കും പോലെ ഒരു രാഷ്ട്രത്തിന്റെ പുരോഗതിയുടെ മാനദണ്ഡമാണ് പ്രതിശീർഷ ഊർജ്ജോപയോഗത്തിന്റെ അളവും. അതു വെച്ചു നോക്കുമ്പോൾ ലോകത്തിൽ ഇന്ത്യയുടെ സ്ഥാനം123-ാമത് ആണെന്നാണ് റോഡ്രിഗ്സ് പറയുന്നത്. ഊർജ്ജത്തിന്റെ കാര്യത്തിൽ വികസിത രാജ്യങ്ങൾക്ക് ഒപ്പമെത്താൻ പോയിട്ട്, ലോകശരാശരിയിൽ എത്താൻതന്നെ ഇനിയും പതിറ്റാണ്ടുകളുടെ കഠിനാദ്ധ്വാനം വേണമെന്നും അതിനായി വൻതോതിൽ ആണവപദ്ധതികളെ ആശ്രയിക്കണമെന്നുമാണ് പ്ലാസിഡ് റോഡ്രിഗ്സിന്റെ അഭിപ്രായം. അണുശക്തി മാത്രമാണ് ഊർജ്ജസ്രോതസ്സ് ലഭിക്കുവാൻ ഉള്ള ഏക ആശ്രയവും. അതേപ്പറ്റി പ്ലാസിഡ് റോഡ്രിഗ്സ് 1997 മാർച്ച് 8-ാം തീയതി മാതൃഭൂമി പ്രതിനിധിയുമായി നടത്തിയ അഭിമുഖത്തിൽ പറഞ്ഞ കാര്യങ്ങൾ ഇന്നും പ്രസക്തമാണ്. ഒരു ഭാഗം താഴെ ചേർക്കുന്നു. "ആണവറിയാക്ടറുകൾ കൽക്കരി നിലയങ്ങളെപ്പോലെ നൂറുകണക്കിന് ചതുരശ്രനാഴിക പ്രദേശം ചാരത്തിലും പുകയിലും മൂടുന്നില്ല. ഡീസൽ, നാഫ്താ നിലയങ്ങളെപ്പോലെ വൻതോതിൽ കാർബൺഡയോക്സൈഡും മോണോക്സൈഡും അന്തരീക്ഷത്തിലേക്ക് വിസർജ്ജിക്കുന്നില്ല. ജല വൈദ്യുതപദ്ധതികൾക്കെന്നപോലെ വനം നശി

www.malankaralibrary.com

പ്പിക്കേണ്ട. ആയിരക്കണക്കിനാളുകളെ മാറ്റി പാർപ്പിക്കുകയും വേണ്ട. ഇതൊന്നും പോരെങ്കിൽ കൽക്കരിയും പെട്രോളിയം ഇന്ധനങ്ങളുടെ ശേഖരവും പതിറ്റാണ്ടുകളിൽ വറ്റിത്തീർന്നാലും നൂറ്റാണ്ടുകൾക്കുവേണ്ട ആണവ ഇന്ധനങ്ങൾ പിന്നെയും ലോകത്ത് ബാക്കി നിൽക്കുന്നുണ്ടാവും. ലോകത്തിന്റെ ഊർജ്ജപ്രശ്നം പരിഹരിക്കാൻ അണുശക്തിയല്ലാതെ മറ്റു പോംവഴികളില്ല."

കേരളത്തിലെ വൈദ്യുത ഉപഭോഗം പരിശോധിച്ചാൽ 65 ശതമാനം വീട്ടാവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ബാക്കി 35 ശതമാനം വ്യവസായത്തിനും മറ്റു സംസ്ഥാനങ്ങളിൽ നേരെ മറിച്ചാണ് സംഭവിക്കുന്നത്. പുതിയ വ്യവസായ സംരംഭകരെ കേരളത്തിലേക്ക് ആകർഷിക്കാൻ കഴിയാത്തതിന് ഒരു കാരണം വൈദ്യുതി രംഗത്തുള്ള ഈ പ്രതിസന്ധിയാണ്. ശാസ്ത്രജ്ഞന്മാരുടെ സാമൂഹിക പ്രതിബദ്ധതയെപ്പറ്റിയുള്ള അഭിപ്രായം ശ്രദ്ധിക്കുക. "ശാസ്ത്രജ്ഞന്മാർ അവരുടെ ജോലിയെക്കുറിച്ച് കൂടുതൽ സംസാരിക്കുന്നു. അതു മാറണം. ശാസ്ത്രസാങ്കേതിക രംഗത്തുണ്ടായ പുരോഗതിയെക്കുറിച്ചും അത് മനുഷ്യരിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും ജനത്തോട് തുറന്നു പറയുവാൻ അവർക്കാകണം. ശാസ്ത്രത്തെ തെറ്റിദ്ധരിപ്പിക്കുകയും വിമർശിക്കുകയും ചെയ്യുന്ന ഒരു വിഭാഗം നമ്മുടെയിടയിലുണ്ട്. ഇതിനെതിരെ പ്രതികരിക്കാനും അവർക്ക് ശരിയായ ഉത്തരം നൽകുവാനും ശാസ്ത്രജ്ഞന്മാർ മുന്നോട്ടു വരണം."

കൽപ്പാക്കത്തുള്ള ഇന്ദിരാഗാന്ധി അണുഗവേഷണവിഭാഗത്തിന്റെ തലവനായിരിക്കുമ്പോൾ കുങ്കുമം പ്രതിനിധിയുമായി നടത്തിയ സംഭാഷണത്തിൽ വെളിപ്പെടുത്തിയ കാര്യങ്ങൾ പ്ലാസിഡ് റോഡ്രിഗ്സിന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകളെയും അന്തർദ്ദേശീയ രംഗത്തുള്ള കാഴ്ചപ്പാടുകളെയും വെളിപ്പെടുത്തുന്നതാണ്. അതിലെ ചില പ്രസക്ത ഭാഗങ്ങൾ ഉദ്ധരിക്കട്ടെ. "സമ്പൂർണ്ണ ആണവ നിരായുധീകരണം തന്നെയാണ് ഇന്ത്യയുടെ എപ്പോഴത്തെയും ലക്ഷ്യം. ഒരു രാജ്യത്തിനും ആണവായുധങ്ങൾ പാടില്ല. അതേ സമയം ചുരുക്കം ചില രാജ്യങ്ങൾ ആണവായുധ കുത്തക നിലനിർത്തുന്നതിനോട് ഇന്ത്യ യോജിക്കുന്നില്ല. ഈ ഇടുങ്ങിയ താല്പര്യങ്ങൾ മുൻനിർത്തിയാണ് അമേരിക്കയും അവരുടെ സുഹൃദ് രാജ്യങ്ങളും എൻ.പി.ടി., സി.ടി.ബി.ടി. തുടങ്ങിയ കരാറുകൾ മറ്റു രാജ്യങ്ങൾക്കുമേൽ അടിച്ചേൽപ്പിച്ചത്. നിലവിൽ അണുവായുധശേഖരങ്ങളുള്ള രാജ്യങ്ങൾക്ക് കമ്പ്യൂട്ടർ സഹായത്തോടുകൂടിപോലും ഇനിയൊരു ടെസ്റ്റ് നടത്താമെന്നിരിക്കെ മറ്റൊരു രാജ്യവും ടെസ്റ്റ് നടത്താൻ പാടില്ലായെന്ന നയം നീതീകരിക്കാനാവില്ല. .... പഴയ സോവിയറ്റു യൂണിയന്റെ ഭാഗമായിരുന്ന ഉസ്ബെക്കിസ്ഥാൻ, ഖസാക്കിസ്ഥാൻ, ചെച്നിയ ഉൾപ്പെടെയുള്ള രാജ്യങ്ങളിലും മലേഷ്യ മുതൽ ടർക്കി വരെയുള്ള മധ്യേഷ്യൻ രാജ്യങ്ങൾക്കുമിടയിൽ ഒരു പാൻ ഇസ്ലാമിക് മൂവ്മെന്റിനുള്ള സാദ്ധ്യത ഏറെയാണ്. താലിബാനിലും കാർഗിലിലും ഇപ്പോൾ ഖണ്ഡഹാറിലും നടന്ന സംഭവവികാസങ്ങളെ ഈയൊരു പശ്ചാ

www.malankaralibrary.com

ത്തലത്തിൽനിന്നുവേണം നോക്കിക്കാണാൻ. ഇവരുടെ മുന്നേറ്റത്തെ തടുക്കാൻ ഇന്ത്യയും റഷ്യയും ചൈനയും ചേർന്ന ഒരു ധ്രുവീകരണ ശക്തി വളർന്നു വരണം. സാംസ്കാരിക വൈവിദ്ധ്യമുള്ള ഈ മൂന്നു രാജ്യങ്ങളുടെ ഒന്നിച്ചുള്ള പ്രവർത്തനത്തിലൂടെ മാത്രമേ ഇതിനെ പ്രതിരോധിക്കാൻ കഴിയൂ. ഇത് ഏറെ താമസിയാതെ തന്നെ ഉണ്ടാകും."

പൊഖ്റാൻ ടെസ്റ്റിനു ശേഷമുള്ള ഉപരോധങ്ങളെപ്പറ്റി പ്ലാസിഡ് റോഡ്രിഗ്സിന്റെ അഭിപ്രായം കേൾക്കൂ. "ഇല്ല. ഈ ഉപരോധങ്ങൾ പുതിയതല്ല. 1974-ലെ പൊഖ്റാൻ ടെസ്റ്റിനെ തുടർന്നും BARO, ISRO, DRDO തുടങ്ങിയ സ്ഥാപനങ്ങളിൽ ഉപരോധം ഏർപ്പെടുത്തിയിരുന്നു. വാസ്തവത്തിൽ ഈ ഉപരോധങ്ങൾ നമ്മെ ഈ രംഗത്ത് സ്വയംപര്യാപ്തരാക്കാൻ സഹായിക്കുകയാണ് ചെയ്തത്. കാലാവസ്ഥാപ്രവചനത്തിനും, വാർത്താവിനിമയത്തിനും വേണ്ടിയാണ് നമ്മൾ സൂപ്പർ കമ്പ്യൂട്ടറുകൾക്ക് അമേരിക്കയെ സമീപിച്ചത്. ഉപരോധത്തിന്റെ ഭാഗമെന്ന നിലയിൽ അവർ അത് നിരസിക്കുകയാണുണ്ടായത്. ഈ തിരസ്കരണത്തിൽനിന്നുമാണ് 'പരം' പോലുള്ള സൂപ്പർ കമ്പ്യൂട്ടറുകൾ വികസിപ്പിച്ചെടുക്കാൻ നമുക്ക് കഴിഞ്ഞത്. റഷ്യപോലും ക്രയോജനിക്ക് എഞ്ചിനുകൾ തരാൻ വിസമ്മതിച്ചപ്പോഴാണ് നമ്മളിവിടെ സ്വന്തമായി അത് നിർമ്മിച്ചെടുത്തത്. ആണവ ബഹിരാകാശരംഗങ്ങളിലെല്ലാം നാമിന്ന് സ്വയംപര്യാപ്തത നേടിക്കഴിഞ്ഞു.

ശാസ്ത്രരംഗത്തെ ഭാരതത്തിന്റെ നേട്ടം അഭിമാനാർഹമാണ്. കാമിനി റിയാക്ടർ വിജയിപ്പിച്ചതും റോഡ്രിഗ്സ് കൽപ്പാക്കത്ത് ചെയർമാനായിരിക്കുമ്പോഴാണ്. കാമിനി റിയാക്ടർ പദ്ധതിയിലൂടെ ഭാരതം ലോകത്ത് അമ്പരപ്പിക്കുന്ന നേട്ടങ്ങളാണ് കൈവരിച്ചിരിക്കുന്നത്. കാമിനി റിയാക്ടറുകളുടെ വരവോടെ ഭാരതം ശ്രദ്ധേയമായ നേട്ടമാണ് കൈവരിച്ചിരിക്കുന്നത്. യുറേനിയം 235, യുറേനിയം 233, പ്ലൂട്ടോണിയം 239 എന്നീ മൂന്നുതരം ഐസോട്ടോപ്പുകളും ഉപയോഗിച്ച് റഡാർ സാങ്കേതികവിദ്യയും ഊർജ്ജനിർമ്മാണവും വികസിപ്പിക്കാൻ ഇപ്പോൾ ഭാരതത്തിനാകും. ഇതിന്റെ വിജയത്തിന് പിന്നിൽ പ്രവർത്തിച്ചത് ഒരു മലയാളിയാണെന്നതിൽ നമുക്ക് അഭിമാനിക്കാം.

തമിഴ്നാട് കേരളം ഒറീസാ എന്നീ സംസ്ഥാനങ്ങളുടെ തീരത്തുള്ള സമൃദ്ധമായ തോറിയത്തിൽനിന്നുമുണ്ടാക്കുന്ന യുറേനിയം -233 ഐസോടോപ്പാണ് കാമിനിയിൽ ഉപയോഗിക്കുന്നത്. മൂന്നു ലക്ഷത്തിലധികം ടൺ തോറിയം ഇന്ത്യൻ തീരങ്ങളിലെ മോണോസൈറ്റിൽനിന്നും വേർതിരിച്ചെടുക്കാമെന്നിരിക്കെ, എട്ടുനൂറ്റാണ്ടോളം മൂന്നരലക്ഷം മെഗാവാട്ട് വൈദ്യുതി ഇത്തരം റിയാക്ടറുകളിൽനിന്ന് നമുക്ക് ഉണ്ടാക്കാമെന്നാണ് അദ്ദേഹം പറയുന്നത്. ജലവൈദ്യുത പദ്ധതികളെ മാത്രം കേരളം ആശ്രയിച്ചതാണ് ഊർജ്ജരംഗത്ത് പരാജയപ്പെടാനുള്ള കാരണമെന്ന് അദ്ദേഹം വിലയിരുത്തുന്നു. മൺസൂൺ കനിഞ്ഞില്ലെങ്കിൽ സംസ്ഥാനം ഇരുട്ടിലാകുമെന്ന അവസ്ഥയാണ് ഇന്നുള്ളത്. എല്ലാത്തരം വൈദ്യുതി പദ്ധതികളുടെയും ഒരു

www.malankaralibrary.com

മിശ്രിതമാണ് വേണ്ടത്. കേരളത്തിന്റെ പ്രത്യേകത കണക്കിലെടുത്താൽ ചെറുകിട ജലവൈദ്യുത പദ്ധതികളും കാറ്റാടിയന്ത്രങ്ങളും സൗരോർജ്ജ പരിപാടികളുമൊക്കെ അധികം ബുദ്ധിമുട്ടാതെ നടപ്പാക്കാമെന്നും അദ്ദേഹം വളരെ വർഷങ്ങളായി പറയുന്നു. ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ഉപയോഗിക്കുവാനുള്ള വ്യവസായങ്ങളും ഇവിടെ ധാരാളമായി ഉണ്ടാകണം.

ആറു ശാസ്ത്രഗ്രന്ഥങ്ങളും പത്തോളം ശാസ്ത്രഗ്രന്ഥങ്ങളിൽ പ്രബന്ധങ്ങളും 9 ടെക്നിക്കൽ റിപ്പോർട്ടുകളും മുന്നൂറിലേറെ ശാസ്ത്രപ്രബന്ധങ്ങളും വിവിധ പ്രസിദ്ധീകരണങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിരവധി ഗ്രന്ഥങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും എഡിറ്റോറിയൽ ബോർഡിലും ഈ ശാസ്ത്രപ്രതിഭ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. അടുത്തകാലത്ത് എൻസൈക്ലോപീഡിയാ ഓഫ് മെറ്റീരിയൽസ് സയൻസ് ആൻഡ് ടെക്നോളജി update ചെയ്യുന്നതിനുള്ള ഉപദേശകസമിതിയിൽ അംഗമായിരുന്നു. Elserier science എന്ന സ്ഥാപനം 2001 ൽ പ്രസിദ്ധീകരിച്ച റഫറൻസ് കൃതിയിലെ ന്യൂക്ലിയർ മിനറൽസ് ആൻഡ് ട്രെഡീഷ്യൻ ഇഫക്ട്സ് എന്ന വിഭാഗത്തിന്റെ എഡിറ്ററായിരുന്നു. പതിനൊന്നു വാല്യങ്ങളുള്ളതും വെബ്ബിലും പുറത്തുവന്ന കൃതിയായിരുന്നു അത്. മെറ്റൽസ്, മെറ്റീരിയൽസ് ആൻഡ് പ്രോസസ്സ്, ജേർണൽ ഓഫ് എൻ.ഡി.ഇ. ഓഫ് ഐ.എസ്.എൻ.റ്റി., ഇന്റർനാഷണൽ ജേർണൽ ഓഫ് പ്രഷർ വെസ്സൽസ് ആൻഡ് പൈപ്പിംഗ്, സ്റ്റീൽ ഇൻഡ്യാ, ഇൻഡ്യൻ ജേർണൽ ഓഫ് പവർ ആന്റ് റിവർവാലി ഡവലപ്മെന്റ് എന്നിവയുടെ പ്രസാധകസമിതികളിൽ അദ്ദേഹം അംഗമായിരുന്നു. 1998-2000 കാലത്ത് ഇന്ത്യൻ നാഷണൽ അക്കാഡമി ഓഫ് എൻജിനീയറിംഗിന്റെ പ്രസിദ്ധീകരണങ്ങളുടെ പ്രസാധകനായിരുന്നു. Transactions of the Indian Institute of metals ന്റെ പത്രാധിപരായും പിന്നീട് ചീഫ് എഡിറ്ററായും സേവനം ചെയ്തു. ജേർണൽ ഓഫ് ന്യൂക്ലിയർ മെറ്റീരിയൽസിന്റെയും (1980-93) ദ സയൻസ് ആന്റ് ടെക്നോളജീസ് ഓഫ് വെൽഡിംഗ് ആൻഡ് ജോയിനിംഗിന്റെയും (198 - 2001) ഇന്ത്യൻ ജേർണൽ ഓഫ് കെമിക്കൽ ടെക്നോളജിയുടെയും (1998 - 2001) എഡിറ്റോറിയൽ അഡ്വൈസറി ബോർഡിലും അദ്ദേഹം അംഗമായിരുന്നു.

ഇന്ത്യൻ നാഷണൽ അക്കാഡമി ഓഫ് എഞ്ചിനിയറിംഗ്, ഇന്ത്യൻ അക്കാഡമി ഓഫ് സയൻസസ്, നാഷണൽ അക്കാഡമി ഓഫ് സയൻസസ് ഇന്ത്യാ, തമിഴ്നാട് അക്കാഡമി ഓഫ് സയൻസസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റൽസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ്, സൊസൈറ്റി ഫോർ ദി അഡ്വാൻസ്മെന്റ് ഓഫ് ഇലക്ട്രോ കെമിക്കൽ സയൻസസ് ആൻഡ് ടെക്നോളജി എന്നിവയിൽ ഫെല്ലോയും നോൺ ഡിസ്ട്രക്ടീവ് സൊസൈറ്റി ഓഫ് ഇന്ത്യയിൽ ഹോണററി ഫെല്ലോയുമാണ്. ഏഷ്യ - പസഫിക് ഓഫ് മെറ്റീരിയെൽസിൽ അംഗവുമാണ പ്ലാസിഡ് റോഡ്രിഗ്സ്.

ഇന്ന് ശാസ്ത്രരംഗത്ത് അതിപ്രശസ്തനായ പ്ലാസിഡ് റോഡ്രിഗ്സിനെ തേടിയെത്താത്ത പുരസ്കാരങ്ങൾ ഇല്ല. 1978-ൽ നാഷണൽ മെറ്റലർജിസ്റ്റ് ഡേ

www.malankaralibrary.com

അവാർഡ് 1986ൽ കെയ്ത്ത് ഹാർട്ടിലി മെമ്മോറിയൽ അവാർഡ്, 1987-ൽ ജി. ഡി. ബിർള സ്വർണ്ണമെഡൽ, 1990-ൽ വാസ് വിക് റിസേർച്ച് അവാർഡ്, 1991-ൽ എം.ആർ.എസ്.ഐ. ലക്ചർ അവാർഡ്, 1997-ൽ എം.ആർ.എസ്.ഐ. - ഐ. സി.എസ്.സി. അവാർഡ്, 1998-ൽ സ്വദേശി ശാസ്ത്രപുരസ്കാരം, 1999-ൽ ശ്രീ. ഓം പ്രകാശ് ഭാസിൻ ഫൗണ്ടേഷൻ അവാർഡ്, 2000-ൽ നാഷണൽ മെറ്റലർജിസ്റ്റ് അവാർഡ്, 2000-2001ൽ എം.ആർ.എസ്സ്.ഐ. ഡിസ്റ്റിംഗ്യൂഷ്ഡ് ലക്ചർഷിപ്പ്, 2003-ൽ പ്ലാറ്റിനം മെഡൽ എന്നിവ അവയിൽ ചിലതു മാത്രം. പക്ഷെ അവയ്ക്കിടയിലും എളിമയും ലാളിത്യവും പുലർത്തുന്ന വ്യക്തിത്വമാണ് റോഡ്രിഗ്സിനെ ഏവരിൽനിന്നും വ്യതിരിക്തനാക്കുന്നത്. ശാസ്ത്രനിരീക്ഷണങ്ങൾ കഴിഞ്ഞാൽ നീന്തലും സംഗീതവുമാണ് അദ്ദേഹത്തിന് ഇഷ്ടം. തിരുവിതാംകൂർ നിയമസഭയിലെ അംഗമായിരുന്ന റാഫേൽ റോഡ്രിഗ്സ് ഇദ്ദേഹത്തിന്റെ വലിയപ്പനാണ്. കൽപ്പാക്കത്തിനടുത്തുതന്നെ, മാനസികവൈകല്യമുള്ള കുട്ടികൾക്കുവേണ്ടി സ്കൂൾ നടത്തുന്ന ബ്ലോസ്സമാണ് സഹധർമ്മിണി.

Address - Dr. Placid Rodrigues, Flat 2B, Adithya Apartments, 38 Balakrishna Road, Valmiki Nagar, Chennai, Tamil Nadu - India.

# 281



# സി. ബഞ്ചമിൻ മേരി

## എസ്.എ.ബി.എസ്.

മലയാള സാഹിത്യത്തിലെ പ്രഥമ യാത്രാവിവരണ ഗ്രന്ഥമായ 'വർത്തമാനപുസ്തക'ത്തിന്റെ രചയിതാവ് പാറേമ്മാക്കൽ ബ. തോമ്മാകത്തനാരുടെ ജനനം കൊണ്ട് പാവനവും പ്രസിദ്ധവുമായിത്തീർന്ന ഒരു ചെറുഗ്രാമമായ കടനാട്ടിൽ എഴുതനവയലിൽ തൊമ്മച്ചന്റെയും മറിയാമ്മയുടേയും സീമന്തപുത്രിയായി 1940 ഡിസംബർ 28-ാം തീയതി ഭൂജാതനായി. ഏലിയാമ്മ എന്നായിരുന്നു മാമ്മോദീസാ പേര്. ലില്ലി എന്ന ഓമനപ്പേരിലാണ് പൊതുവെ അറിയപ്പെട്ടിരുന്നത്. കടനാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ നിന്നും 1957 ൽ എസ്.എസ്.എൽ.സി. പാസ്സായി.

കടനാട് ആരാധനമഠത്തിലെ സിസ്റ്റേഴ്സുമായുള്ള ബന്ധം ദിവ്യകാരുണ്യ ഈശോയെ സ്വന്തമാക്കുന്നതിനും ആ സാന്നിദ്ധ്യാനുഭവത്തിൽ ജീവിക്കുന്നതിനുമുള്ള പ്രചോദനമായി. 1957 ജൂണിൽ സന്ന്യാസ ജീവിതം ആശ്ലേഷിക്കുക എന്ന ലക്ഷ്യത്തോടെ അതിരമ്പുഴ ആരാധനമഠത്തിലെത്തി. 2 വർഷത്തെ പരിശീലനത്തിനുശേഷം 1959 ഏപ്രിൽ 27-ാം തീയതി വാഴപ്പള്ളി

www.malankaralibrary.com

(ചങ്ങനാശ്ശേരി) നിത്യാരാധന ചാപ്പലിൽ വച്ചു സഭാവസ്ത്രം സ്വീകരിച്ച് സിസ്റ്റർ ബഞ്ചമിൻ മേരി എന്ന പേരിൽ പ്രഥമവ്രത വാഗ്ദാനം നടത്തി. 3 വർഷങ്ങൾക്കുശേഷം 1962 മെയ് 26-ാം തീയതി നിത്യവ്രതവാഗ്ദാനത്തിലൂടെ ദിവ്യകാരുണ്യ ഈശോയ്ക്കു സമ്പൂർണ്ണ സമർപ്പണം ചെയ്തു.

ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ നിന്നും പ്രീ - ഡിഗ്രിയും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽനിന്നും 1963 ൽ ബി.എ. ഡിഗ്രിയും ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിൽനിന്നും എം.എ. (മലയാളം) യും കൊല്ലം കാർമ്മൽ റാണി കോളേജിൽനിന്നും ബി.എഡ്. ഉം പാസ്സായി. ബാംഗ്ലൂർ ധർമ്മാരം കോളേജിലെ ഒരുവർഷത്തെ തിയോളജി ഡിപ്ലോമാ കോഴ്സിലും സംബന്ധിച്ചു.

അതിരമ്പുഴ സെന്റ്മേരീസ് ഹൈസ്കൂളിലും ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലും ഓരോ വർഷം സേവനമനുഷ്ഠിച്ചു. 16 വർഷത്തോളം വാഴപ്പള്ളി സെന്റ് തെരേസാസ് ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളിൽ അദ്ധ്യാപക ജോലി നിർവഹിച്ചു. "വിദ്യാഭ്യാസത്തിലൂടെ ഭവനങ്ങളേയും കരകളേയും രാജ്യങ്ങളേയും നവീകരിക്കുകയും ഗുണീകരിക്കുകയും ചെയ്യണ"മെന്ന ദൈവദാസൻ തോമസ് കുര്യാളശ്ശേരിയുടെ ആദർശസൂക്തം ജീവിതഗന്ധിയാക്കാനും അദ്ധ്യാപക വിദ്യാർത്ഥികൾക്കു അതിനു പ്രചോദനം നൽകാനും ഈ അവസരം വിനിയോഗിച്ചു.

തുടർന്ന് അമലഗിരി ബിഷപ്പ് കുര്യാളശ്ശേരി കോളേജിൽ (B.K. College) മലയാളം പ്രൊഫസറായി 16 വർഷത്തോളം ജോലി ചെയ്തു. ഇളംതലമുറയ്ക്കു മൂല്യബോധവും വിശ്വാസാധിഷ്ഠിത പരിശീലനവും നൽകുന്നതിനും വിദ്യാർത്ഥികളും അദ്ധ്യാപകരുമായി വ്യക്തിബന്ധം പുലർത്തുന്നതിനും ഈ കാലഘട്ടത്തിൽ സി.ബഞ്ചമിൻ മേരി ശ്രമിച്ചിട്ടുണ്ട്. അദ്ധ്യാപകവൃത്തിയോടു സ്നേഹവും അതിൽ സംതൃപ്തിയും കണ്ടെത്തുവാൻ സിസ്റ്ററിന് സാധിച്ചു. ഈ കാലഘട്ടത്തിൽ മതാദ്ധ്യാപനരംഗത്തും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ധ്യയന മണ്ഡലം പ്രബോധന സമിതിയുടെ അംഗമെന്ന നിലയിൽ ചങ്ങനാശ്ശേരി രൂപതയിലുള്ള എല്ലാ ഇടവകകളിലും മതാദ്ധ്യാപകർക്കുവേണ്ടി ക്ലാസ്സുകളും പരിശീലന പരിപാടികളും 'ശിശുമനശാസ്ത്രം' സംബന്ധിച്ച പഠനപദ്ധതികളും ആസൂത്രണം ചെയ്യാനും സി. ബഞ്ചമിൻ മേരിക്ക് അവസരമുണ്ടായിട്ടുണ്ട്. ദൈവദാനമായി ലഭിച്ച പ്രസംഗകല വളർത്തിയെടുക്കുന്നതിനുള്ള അവസരവും ലഭിച്ചു. വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർക്കു (മതാദ്ധ്യാപകർ, ഭക്തസംഘടകൾക്കു നേതൃത്വം കൊടുക്കുന്നവർ etc.) വേണ്ടിയുള്ള സെമിനാറുകൾ, കോഴ്സുകൾ തുടങ്ങിയവയ്ക്കു നേതൃത്വം കൊടുക്കുന്നതിനും അദ്ധ്യാപകപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി നടത്തുന്ന കോഴ്സുകളുടെയും കോൺഫ്രൻസുകളുടേയും Resource Person എന്ന നിലയിലും പ്രവർത്തിക്കുവാനും സാധിച്ചിട്ടുണ്ട്.

www.malankaralibrary.com

ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളും വിശുദ്ധ നാടുകളും റോം, ഇറ്റലി, ജർമ്മനി തുടങ്ങിയ യൂറോപ്യൻ രാഷ്ട്രങ്ങളും ആഫ്രിക്കയിലെ കെനിയ, ടാൻസാനിയാ എന്നീ രാജ്യങ്ങളും സന്ദർശിച്ചതിലൂടെ ലഭിച്ച അറിവും ഉൾക്കാഴ്ചകളും കുട്ടികൾക്കും സഹപ്രവർത്തകർക്കും സമൂഹാംഗങ്ങൾക്കും പങ്കുവയ്ക്കുന്നതിനും ഇടയായിട്ടുണ്ട്.

ചങ്ങനാശ്ശേരി അതിരൂപതയുടെ പാസ്റ്ററൽ കൗൺസിലിലും അതിന്റെ എക്സിക്യൂട്ടീവിലും ലിറ്റർജിക്കൽ കമ്മീഷനിലും അംഗമായി പ്രവർത്തിക്കുവാൻ സാധിച്ചു. 2000-ാം വർഷത്തിന്റെ വരവേല്പിനായി ദൈവജനത്തെ തയ്യാറാക്കുവാൻവേണ്ടി ചങ്ങനാശ്ശേരി രൂപതയിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്യാൻ രൂപവത്ക്കരിക്കപ്പെട്ട സുവിശേഷദശവർഷ സെൻട്രൽ കമ്മിറ്റിയുടെ വൈസ് ചെയർമാൻ എന്ന നിലയിലും സേവനമനുഷ്ഠിക്കുകയുണ്ടായി.

1998 ൽ (നവംബർ 9 -12) സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലും 1999 ലെ ചങ്ങനാശ്ശേരിഅതിരൂപതാ മഹായോഗത്തിലും (Archieparchial Assembly) പങ്കെടുത്തിട്ടുണ്ട്. C.R.I. യുടെ ചങ്ങനാശ്ശേരി കോട്ടയം യൂണിറ്റിന്റെ പ്രസിഡന്റായി 3 വർഷക്കാലം പ്രവർത്തിച്ചു.

വി.കുർബാനയുടെ ആരാധനാ സന്യാസിനീസമൂഹത്തിന്റെ വിവിധ മേഖലകളിൽ - ഹോസ്റ്റൽ വാർഡൻ, ജൂണിയർ മിസ്ട്രസ്, സുപ്പീരിയർ, പ്രൊവിൻഷ്യൽ കൗൺസിലർ, ജനറൽ കൗൺസിലർ- എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ആരാധനാസമൂഹത്തിന്റെ ചങ്ങനാശ്ശേരി സെന്റ് തോമസ് പ്രൊവിൻഷ്യൽ സുപ്പീരിയറായി 1988-94 വരെ 6 വർഷക്കാലം സേവനമനുഷ്ഠിക്കുകയുണ്ടായി. അഞ്ചൽ, ഊായിക്കാട്ട്, മദ്രാസ്, ഊട്ടി, ബോംബെ, ന്യൂറൻബർഗ് (ജർമ്മനി) എന്നീ സ്ഥലങ്ങളിൽ മഠങ്ങൾ സ്ഥാപിച്ചത് ഈ കാലഘട്ടത്തിലാണ്. SABS സന്ന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ ജനറൽ സിനാക്സിസുകളിൽ അംഗത്വവും ലഭിച്ചിട്ടുണ്ട്.

വി. കുർബാനയുടെ ആരാധനാ സന്ന്യാസിനി സമൂഹത്തിന്റെ സ്ഥാപകനായ ദൈവദാസൻ തോമസ് കുര്യാളശ്ശേരിയുടെ സ്നേഹപുഷ്ക്കലവും വി.കുർബാനയിൽ കേന്ദ്രീകൃതവുമായ ജീവിതത്തിന്റെ ആഴത്തിലേയ്ക്കു കടന്നു ചെല്ലുവാൻ ദൈവജനത്തെ സഹായിക്കുന്ന 'ദിവ്യകാരുണ്യ പ്രേഷിതൻ', 'മുത്തുമണികൾ', 'ദൈവദാസൻ തോമസ് കുര്യാളശ്ശേരി', 'സ്നേഹശില്പി', 'ഓർമ്മകളുടെ ഓളങ്ങളിൽ' തുടങ്ങിയ ഗ്രന്ഥങ്ങളും സമൂഹത്തിന്റെ പ്രഥമാംഗമായ ബ.മദർ ഷന്താളിനെക്കുറിച്ചുള്ള 'ധീരവനിത', 'കുരിശും കിരീടവും', കാരുണ്യസ്പർശം തുടങ്ങിയവയും ആദ്യ അംഗങ്ങളെ സംബന്ധിച്ചുള്ള 'സ്നേഹത്തിന്റെ വാനംപാടികൾ' എന്ന ഗ്രന്ഥവും രചിച്ചിട്ടുണ്ട്.

ആരാധന സന്യാസിനി സമൂഹത്തിന്റെ സ്ഥാപനവും വളർച്ചയും സമുദായ പുരോഗതിക്കുവേണ്ടി സമൂഹം ചെയ്ത കാര്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് 'കാലിത്തൊഴുത്തിൽനിന്ന് സെഹിയോനിലേയ്ക്ക്' എന്ന ചരിത്ര

www.malankaralibrary.com

ഗ്രന്ഥം പ്രകാശിപ്പിക്കുവാനും സാധിച്ചു. ആരാധന സഭയുടെ ജനനവളർച്ചയുടെ ഈ ചരിത്രത്തിൽ അന്നത്തെ സാമൂഹ്യവ്യവസ്ഥിതിയും സ്ത്രീകൾക്കു വിദ്യാഭ്യാസം ലഭ്യമല്ലാതിരുന്ന സ്ഥിതിവിശേഷവും അവ പരിഹരിക്കാൻ നടത്തിയ ശ്രമങ്ങളും വ്യക്തമാക്കപ്പെടുന്നു.

പ്രതിസന്ധികളിലും പ്രതിബന്ധങ്ങളിലും തളരാതെ തികഞ്ഞ ആത്മവിശ്വാസത്തോടും ആവേശത്തോടും മനോധൈര്യത്തോടുംകൂടി ആരാധനാസന്യാസിനികൾ ആഫ്രിക്കൻ വനാന്തരങ്ങളിൽ അർപ്പിക്കുന്ന സേവനങ്ങൾ നേരിൽകണ്ടു മനസ്സിലാക്കി. 'ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു സ്പർശിച്ചതുമായ കാര്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുന്നു.' (1യോഹ 1) എന്ന വിശുദ്ധ യോഹന്നാന്റെ വാക്കുകൾ മനോമുകുരത്തിലേയ്ക്കു കടന്നുവന്നപ്പോൾ രൂപം കൊടുത്തതാണ് 'കാരുണ്യക്കതിർ ആഫ്രിക്കയിൽ' എന്ന ഗ്രന്ഥം. ആഫ്രിക്കൻ മിഷനറിമാരുടെ ധീരോദാത്ത ജീവിതത്തിന്റെ ഒരു രൂപരേഖയാണിത്. ആഫ്രിക്കൻ ജനതയുടെ വെല്ലുവിളികളായ അജ്ഞാനാന്ധകാരവും, തൊഴിൽ രാഹിത്യവും സംസ്കാര ശൂന്യതയും നിർമ്മാർജ്ജനം ചെയ്ത് 'കാപ്പിരി'കളുടെ ഉന്നമനം സാദ്ധ്യമാക്കാൻ തങ്ങൾക്കു സ്വന്തമായവയെല്ലാം വ്യയം ചെയ്യാൻ മിഷനറിമാരെ പ്രചോദിപ്പിക്കുക എന്ന ലക്ഷ്യമാണ് ഈ ഗ്രന്ഥരചനയിലൂടെ ഉന്നംവച്ചത്. മുൻപറഞ്ഞ ഗ്രന്ഥങ്ങളുടെ രചനയിൽ സി. ജോസി SABS ന്റെ സഹായവും ലഭിക്കുകയുണ്ടായി.

സാധാരണ ജീവിത സാഹചര്യങ്ങളെ വിശുദ്ധീകരിച്ച് ഒരുമയിലേയ്ക്കും സൗഹൃദത്തിലേയ്ക്കും കുടുംബങ്ങളേയും സമൂഹങ്ങളേയും നയിക്കുവാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയിൽ ആനുകാലിക പ്രസിദ്ധീകരണങ്ങളിലും പത്രമാസികകളിലും ലേഖനങ്ങൾ പ്രസിദ്ധീകരിക്കുവാനും പൊതുവേദികളിൽ പ്രസംഗിക്കുവാനും ലഭിച്ച അവസരങ്ങൾ വിനിയോഗിക്കുകയും ചെയ്യുന്നു.

ദൈവദാസൻ തോമസ് കുര്യാളശ്ശേരിയുടെ ജീവിതത്തിലേയ്ക്കു വെളിച്ചം വീശുന്ന 'Eucharistic Flame'എന്ന പ്രസിദ്ധീകരണത്തിന്റെ ബോർഡ് അംഗമായും പ്രവർത്തിക്കുന്നുണ്ട്.

ഇപ്പോൾ ദൈവദാസൻ തോമസ് കുര്യാളശ്ശേരിയുടെ നാമകരണ പ്രവർത്തനങ്ങളുടെ വൈസ് പോസ്റ്റുലേറ്ററായി സേവനമനുഷ്ഠിച്ചു വരുന്നു. ചങ്ങനാശ്ശേരി മാർ തോമസ് കുര്യാളശ്ശേരി വികാസിലാണ് താമസം. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ഇടവകയുടെ പാരീഷ്കൗൺസിൽ അംഗമായും പ്രവർത്തിക്കുന്നു. ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളോടും സഹകരിക്കുന്നുണ്ട്. ഇടവകജനങ്ങളുടെ ആത്മീയ ജീവിതവളർച്ചയ്ക്കു സഹായകരമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതോടൊപ്പം വി.കുർബാനയിൽ അധിഷ്ഠിതമായ ജീവിതം നയിക്കാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

വിലാസം – സിസ്റ്റർ ബഞ്ചമിൻ എസ്സ്.എ.ബി. എസ്., മാർ തോമസ് കുര്യാളശ്ശേരി വികാസ്, ചങ്ങനാശ്ശേരി – 686101

www.malankaralibrary.com

# 282



# റവ.ഡോ. ജോർജ് കുരുക്കൂർ

ക്രൈസ്തവശബ്ദകോശം എന്ന ഒററ കൃതികൊണ്ട് മലയാളികളുടെയും വിശിഷ്യ ക്രൈസ്തവസമൂഹത്തിന്റെയും ആദരവുകൾ നേടിയെടുത്ത ബഹുഭാഷാപണ്ഡിതനായ ഫാ.ജോർജ് കുരുക്കൂർ മൂവാററുപുഴയ്ക്കു സമീപമുള്ള മാറാടി കരയിൽ പാലത്തുങ്കൽ കുരുക്കൂർ ഔസേപ്പ്-അന്നമ്മ ദമ്പതികളുടെ മകനായി 1941 മാർച്ച് ഒന്നിന് ജനിച്ചു. ഹൈസ്ക്കൂൾ വിദ്യാഭ്യാസാനന്തരം വൈദികപരിശീലനം നേടുകയും 1967 ൽ വൈദീകനാവുകയും ചെയ്തു.

കോതമംഗലം രൂപതയിലെ പല പള്ളികളിലും വികാരിയായി സേവനം അനുഷ്ഠിച്ച ഫാ.കുരുക്കൂർ കേരളായൂണിവേഴ്സിററിയിൽനിന്ന് 1980-ൽ മലയാളത്തിൽ എം.എ. ഫസ്റ്റ്ക്ലാസ്സോടും രണ്ടാം റാങ്കോടും കൂടി പാസ്സായി. മധുര കാമരാജ് യൂണിവേഴ്സിററിയിൽനിന്ന് 1987-ൽ ഭാഷാശാസ്ത്രത്തിൽ പി.എച്ച്.ഡി. സമ്പാദിച്ചു. മലയാളത്തിന്റെ ക്രൈസ്തവാരാധനാഭാഷയുടെ ഭാഷാശാസ്ത്രപരമായ അപഗ്രഥനം എന്ന ഗവേഷണ പ്രബന്ധത്തിനാണ് പി.എച്ച്.ഡി. ബിരുദം ലഭിച്ചത്.

മുതലക്കോടം അക്വീനാസ് ഇൻസ്റ്റിററ്യൂട്ടിൽ മലയാളം അദ്ധ്യാപകനായും പ്രിൻസിപ്പലായും സേവനം അനുഷ്ഠിക്കുകയുണ്ടായി. 1990-ൽ പി.ഒ.സി.യിൽ പി.ഒ.സി. പ്രസിദ്ധീകരണങ്ങളുടെ ജനറൽ എഡിററും റോമൻ ഡോക്കുമെന്റുകളുടെ വിവർത്തകനുമായി നിയമിക്കപ്പെട്ടു. ഇപ്പോൾ താലന്തുമാസികയുടെ ചീഫഎഡിററർ, പി.ഒ.സി.യുടെ അസിസ്റ്റന്റ് ഡയറക്ടർ, പി.ഒ.സി. പബ്ലിക്കേഷന്റെ ജനറൽ എഡിററർ എന്നീ മൂന്നു നിലകളിൽ പ്രവർത്തിക്കുന്നു. ആലുവാ പൊന്തിഫിക്കൽ ഇൻസ്റ്റിററ്യൂട്ടിലെ സംസ്കൃത ഭാഷാദ്ധ്യാപകനുമാണ്. സ്വന്തം കൃതികളും വിവർത്തനങ്ങളുമായി നാല്പതിലേറെ ഗ്രന്ഥങ്ങളും ധാരാളം ലേഖനപരമ്പരകളും പ്രസിദ്ധീകരിച്ചു. സംസ്കൃതം, ഗ്രീക്ക്, ലത്തീൻ, പാലി, പോർത്തുഗീസ്, സുറിയാനി, തമിഴ് മുതലായ ഭാഷകളിൽ ഫാ.കുരുക്കൂർ അവഗാഹം നേടിയിട്ടുണ്ട്.

ബൈബിളിന് ഒരാമുഖം (1976) പുണ്യപുരാതനമായ കുറവിലങ്ങാടു പള്ളി (1998) ചായൽ മുതൽ കാരക്കുന്നം വരെ രണ്ടു ഭാഗങ്ങൾ (2002) ഒരു വംശവും പല നാടുകളും (2002) ക്രൈസ്തവശബ്ദകോശം (2002) എന്നിവയാണ് ഫാ.കുരുക്കൂറിന്റെ സ്വന്തം കൃതികൾ.

അദ്ദേഹം വിവർത്തനം ചെയ്തിട്ടുള്ള ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ്. ദിവ്യകാരുണ്യത്തിന്റെ പ്രേഷിതൻ ഫാ.ഔറേലിയൻ ഒ.സി.ഡി. (1964) റേരും നൊവേരും മുതൽ ചെന്തേസീമൂസ് അ ആസ് വരെ (1991)

www.malankaralibrary.com

കന്യാമറിയത്തിന്റെ ജപമാല, വിശ്വാസവും യുക്തിയും, കർത്താവും ജീവദാതാവും, ജീവന്റെ സുവിശേഷം, സത്യത്തിന്റെ പ്രഭ, സമർപ്പിത ജീവിതവും സഭയിലും ലോകത്തിലുമുള്ള അതിന്റെ ധർമ്മവും, കർത്താവിന്റെ ദിവസം, നിങ്ങൾക്കു ഞാൻ അജപാലകരെ നൽകും, വൈദീകപരിശീലനം, വിശുദ്ധകുർബ്ബാന തിരുസഭയുടെ അടിസ്ഥാനവും പ്രതീകവും, കുടുംബങ്ങൾക്ക് ഒരെഴുത്ത, രോഗശാന്തി: നിഗൂഢമേഖലകൾ, അങ്ങയുടെ അരൂപി ഭൂമിയിൽ നിറഞ്ഞിരിക്കുന്നു, സ്ത്രീപുരുഷ സഹകരണം സഭയിലും ലോകത്തിലും, നാഥാ ഞങ്ങളോടുകൂടെ താമസിക്കണമെ, കുർബ്ബാനയുടെ കൂട്ടായ്മ, പരിശുദ്ധമറിയം സഭയുടെ മാതൃക, ലോകനീതി, വാർദ്ധക്യത്തിന്റെ മഹത്വം, ഏഷ്യയിലെ സഭ, കർത്താവായ യേശു, ഇന്റർനെററ്: ഉപയോഗവും ധാർമ്മികതയും, സംസ്കാരവും അജപാലന സമീപനവും, സഭയും ഇതര മതങ്ങളും, സമർപ്പിത ജീവിതം, നവസഹസ്രാബ്ദത്തിലേക്ക് എന്നിവയാണ്.

സംസ്കൃതപഠനം ഫാ.കുരുക്കൂറിന് വളരെ താല്പര്യമായിരുന്നു. ചെറുപ്പത്തിൽതന്നെ സംസ്കൃതം രഘുവംശം വരെ പഠിച്ചു. തൃശ്ശൂരുള്ള ഭാരതീയ വിദ്യാപീഠത്തിൽനിന്ന് സംസ്കൃത ഡിപ്ലോമ 1976-ൽ ഫസ്റ്റ് ക്ലാസ്സോടെ സമ്പാദിച്ചിട്ടുണ്ട്.

പി.ഒ.സി. ബൈബിളിലെ സങ്കീർത്തനങ്ങൾ, ഉത്തമഗീതം എന്നിവ 1980-ൽ അദ്ദേഹം തർജ്ജിമ ചെയ്തു. കൂടാതെ 1990 മുതലുള്ള വേദപാഠപുസ്തകങ്ങൾ എഡിററു ചെയ്തു. ഭാഷകളിലും ചരിത്രത്തിലും ഗവേഷണം നടത്തുന്ന ഫാ.കുരുക്കൂർ തയ്യാറാക്കിയിട്ടുള്ള പല ഗ്രന്ഥങ്ങളും ഇനിയും പ്രസിദ്ധീകരിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം രചിച്ച ക്രൈസ്തവശബ്ദകോശം ഗവേഷണപ്രബന്ധത്തിന്റെ അനുബന്ധമാണ്. ക്രൈസ്തവ മതസാഹിത്യത്തിലെ വിദേശപദങ്ങളുടെ നിരുക്തിപരമായ പഠനമാണ്. മലയാളത്തിൽ ഇത്തരമൊരു ഗ്രന്ഥം മുമ്പുണ്ടായിട്ടില്ല.

ക്രൈസ്തവശബ്ദകോശം എന്ന കൃതിയെ അടിസ്ഥാനമാക്കി 2003-ൽ കെ.സി.ബി.സി. മീഡിയാ അവാർഡും അതേവർഷം തന്നെ മാർ ജോസഫ് കുണ്ടുകുളം അവാർഡും കേരളാഹിസ്റ്ററി കോൺഗ്രസിന്റെ എം.ഒ. ജോസഫ് നെടുങ്കുന്നം ചരിത്രസാഹിത്യ പുരസ്കാരവും ലഭിച്ചിട്ടുണ്ട്. കൂടാതെ കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ അക്ഷരശ്രീ അവാർഡും ഈ ഗ്രന്ഥത്തിന് ലഭിച്ചിട്ടുണ്ട്. ഫാ.കുരുക്കൂർ രചിച്ച ഒരു വംശവും പല നാടുകളും എന്ന ചരിത്രഗവേഷണകൃതിയെ അടിസ്ഥാനമാക്കി കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസേർച്ചിന്റെ അവാർഡ് 2004-ലും ലഭിച്ചിട്ടുണ്ട്. ശാന്തനും പക്വമതിയുമായ ഫാ.കുരുക്കൂറിന്റെ കൈമുതൽ ലളിത ജീവിതവും ഉയർന്ന ചിന്തയും ആണ്.

വിലാസം - ഫാ.ജോർജ് കുരുക്കൂർ, പി.ഒ.സി., പാലാരിവട്ടം, കൊച്ചി

www.malankaralibrary.com

# 283



# സി. എലിസേവൂസ് വെങ്ങാലൂർ

## എഫ്.സി.സി.

പ്രമുഖ വിദ്യാഭ്യാസ പ്രവർത്തക ഗ്രന്ഥകാരി, ധ്യാനപ്രാസംഗിക, സംഘാടക എന്നീ നിലകളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച സി.എലിസേവൂസ് കോട്ടയം ഡിസ്ട്രിക്ടിൽ മറ്റക്കര ഇടവകയിൽ വെങ്ങാലൂർ പോത്തൻ തോമസ് മറിയാമ്മ എന്നീ ദമ്പതികളുടെ 8 മക്കളിൽ ഏറ്റവും ഇളയവളായി 1941 ഏപ്രിൽ 11-ാം തീയതി സി.എലിസേവൂസ് ഭൂജാതയായി. കരിമ്പാനി എം.സി.ബി.എസ്. ആശ്രമത്തിലെ റവ.ഫാ. മാത്യു ആലക്കുളം ഫാ. സിറിയക് കണിപ്പള്ളി തുടങ്ങിയ ആത്മീയപാലകരുടെ ശിക്ഷണത്തിൽ വളർന്ന മേരി മണലുങ്കൽ സെന്റ് അലോഷ്യസ് സ്കൂളിൽനിന്നും എസ്.എസ്.എൽ.സി. പാസ്സായശേഷം സന്യാസദൈവവിളി സ്വീകരിച്ചു ക്ലാരമഠത്തിൽ ചേർന്നു. 1961ൽ സഭാവസ്ത്രം സ്വീകരിച്ച സി. എലിസേവൂസ് കലാലയ വിദ്യാഭ്യാസത്തിനായി ആലപ്പുഴ സെന്റ് ജോസഫ്സ് കോളേജിൽ ചേർന്നു. അവിടെനിന്നും ചരിത്രത്തിൽ ബി.എ. നല്ല മാർക്കോടുകൂടി പാസ്സായശേഷം ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിൽ ചേർന്നു മലയാളം എം.എ. ഫസ്റ്റ്ക്ലാസ്സോടുകൂടി പാസ്സായി. 1967 ജൂലൈ മാസത്തിൽ അൽഫോൻസാ കോളേജിൽ അദ്ധ്യാപികയായി സേവനമാരംഭിച്ചു. ഏതാനും വർഷങ്ങൾക്കുള്ളിൽ ഡിപ്പാർട്ട്മെന്റ് മേധാവിയായി.

കോളേജിൽ Moral Instruction ക്ലാസ്സുകളിൽ പഠിപ്പിക്കാൻ പ്രത്യേക പാഠപുസ്തകങ്ങളൊന്നുമില്ലാതിരുന്നതിനാൽ ക്ലാസ്സെടുക്കാൻ അദ്ധ്യാപകർ അധികവും വിമുഖത കാട്ടിയിരുന്നു. അതിനാൽ രൂപതയിൽനിന്നും ഒരു പാഠപുസ്തക കമ്മറ്റിയെ നിയോഗിച്ചു. അതിൽ അംഗമായിരുന്ന സിസ്റ്റർ പ്രീഡിഗ്രി, ഡിഗ്രി ക്ലാസ്സുകളിലേക്കായി 3 പുസ്തകങ്ങൾ എഴുതി തയ്യാറാക്കി (1) വളർച്ചയുടെ വഴിത്താരയിൽ (2) സ്നേഹം പങ്കുവയ്ക്കുന്നവർ (3) യുവത്വത്തിന്റെ ഭാവങ്ങളും മോഹങ്ങളും.

'വളർച്ചയുടെ വഴിത്താരയിൽ' കുട്ടികൾക്കു അനുഭവപ്പെടുന്ന യാഥാർത്ഥ്യങ്ങളും, സ്നേഹം കൊണ്ടും കൊടുത്തും ജീവിക്കുന്നതിന്റെ ധന്യതയും യുവത്വത്തിന്റെ വിവിധ ഭാവങ്ങളും പലവിധ മോഹങ്ങളുമൊക്കെ ഹ്രസ്വമായും ലളിതമായും ഹൃദ്യമായ ഭാഷയിലും അവതരിപ്പിക്കുന്ന ആ ചെറുഗ്രന്ഥങ്ങൾ സെന്റ് തോമസ് പ്രസ്സിൽ പ്രിന്റുചെയ്ത് രൂപതയിലെ എല്ലാ കോളേജുകളിലും ഉപയോഗിച്ചു തുടങ്ങി. സ്കൂളിലെയും മറ്റു പല കോളേജിലെയും ചില അദ്ധ്യാപകർ അക്കാലത്തു അതു ഉപയോഗിച്ചിരുന്നു.

www.malankaralibrary.com

കോളേജിലെ കത്തോലിക്കാ സംഘടനകളുടെ നേതൃത്വം വഹിച്ച സിസ്റ്റർ കുട്ടികളുടെ സാഹിത്യവാസനയെ പരിപോഷിപ്പിക്കാനും നല്ല ലേഖനങ്ങളും കവിതകളും കഥകളും രചിക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി പ്രസംഗപരിശീലന ക്ലബ്ബുകളും, സാഹിത്യചർച്ചകളും സാഹിത്യകാരന്മാരുടെ സമ്മേളനങ്ങളും നടത്തുന്നതിൽ ശ്രദ്ധിച്ചിരുന്നു. ഏതാനും വർഷക്കാലം അൽഫോൻസായിൽ അദ്ധ്യാപനത്തിനെത്തിയ മഹാകവി പാലാ നാരായണൻനായരുടെ സഹായവും ഏറെ ഫലദായകമായിരുന്നു. കോളേജുമാഗസിന്റെ എഡിറ്ററായി 3 വർഷം ജോലി ചെയ്തു.

ഫ്രാൻസിസ്കൻ ക്ലാരസഭയ്ക്കു നവീകൃതവും ഏകീകൃതവുമായ ഒരു നിയമാവലി രൂപപ്പെടുത്തുന്നതിനുള്ള കമ്മറ്റിയിൽ 1970 മുതൽ പ്രവർത്തിച്ചു തുടങ്ങി. 1973ൽ നിയമാവലി പൂർത്തിയാക്കുന്നതുവരെ സജീവമായി പ്രവർത്തിച്ചു. 1973ൽ ഫ്രാൻസിസ്കൻ ക്ലാരസഭയ്ക്കു പൊതുവായി "സ്നേഹദീപ്തി" എന്ന പേരിൽ ഒരു ബുള്ളറ്റിൻ ആരംഭിച്ചു. ഇതിനു പേരും ഭാവവും രൂപവും നൽകാൻ സഹായിച്ച സിസ്റ്റർ ആരംഭം മുതൽ പത്തു വർഷത്തേക്ക് ഇതിന്റെ എഡിറ്ററായി പ്രവർത്തിക്കുകയും ധാരാളം ലേഖനങ്ങൾ എഴുതുകയും ചെയ്തിരുന്നു.

കോട്ടയം സി.ആർ.ഐ.യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ, സന്യാസജീവിതത്തിന്റെ ഉത്ഭവം, വളർച്ച, വ്രതങ്ങൾ എന്നിവയെപ്പറ്റി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥം രചിക്കുകയും, അന്ന് സി.ആർ.ഐ.യുടെ ആദ്ധ്യാത്മികോപദേഷ്ടാവായിരുന്ന ഫാ. സേവ്യർ കൂടപ്പുഴ അതു എഡിറ്റു ചെയ്ത് "സഭയും സന്യാസവും" എന്ന പേരിൽ 1972ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

1983ൽ ഒരു വർഷക്കാലം കോളേജിൽനിന്നും അവധി എടുത്ത് ബാംഗ്ലൂർ ഒ.സി.ഡി. വൈദികരുടെ സ്ഥാപനമായ ആദ്ധ്യാത്മിക വിദ്യാപീഠത്തിൽ (A.V.P.) പരിശീലനം നേടി. F.I.P. യുടെ ഭാഗമായി 1984ൽ കേരളയൂണിവേഴ്സിറ്റി (കാരിയവട്ടം)യിൽ ചേർന്ന് M.Phil ഡിഗ്രി എടുത്തു. കേരളത്തിലെ സന്യാസസഭാമേജർ സുപ്പീരിയേഴ്സിന്റെ (കെ.സി.എം.എസ്.) ബുള്ളറ്റിൻ സെക്രട്ടറിയായി 1984 മാർച്ചു മുതൽ 1989 ജൂലൈവരെ പ്രവർത്തിക്കുകയും ബുള്ളറ്റിന്റെ 12 ലക്കം പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇക്കാലത്തു ഇൻഡ്യയിലെ സന്യാസസഭകളെപ്പറ്റിയുള്ള ഒരു സ്റ്റാറ്റിസ്റ്റിക് പുസ്തകം തയ്യാറാക്കാനും സഹായിച്ചു. കൂടാതെ താഴെപറയുന്ന ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചു.

(1) "എങ്ങിനെ പ്രാർത്ഥിക്കാം": ഫാ. ഫെലിക്സ് പൊടിമറ്റം കപ്പൂച്ചിന്റെ Problems of Prayer എന്ന ഗ്രന്ഥത്തിന്റെ ഒരു സ്വതന്ത്രവിവർത്തനമായ 'എങ്ങിനെ പ്രാർത്ഥിക്കാം' എന്ന ഗ്രന്ഥം 1986ൽ പ്രസിദ്ധീകരിച്ചു. (2) "ദൈവാനുഭവത്തിന്റെ തീരങ്ങൾ തേടി" ഫാ. വിൻസെന്റ് OFM Capന്റെ Hunger and thirst for God എന്ന ഗ്രന്ഥത്തിന്റെ സ്വതന്ത്രപരിഭാഷയായ ഈ ഗ്രന്ഥം 1986ൽ പ്രസിദ്ധീകരിച്ചു. (3) അൽഫോൻസായുടെ വഴിത്താരയിൽ: കേരളസഭയുടെ ഓമനപുത്രിയും എഫ്.സി.സി.യുടെ അഭിമാനഭാജനവുമായ

www.malankaralibrary.com

ധന്യയായ അൽഫോൻസാമ്മയെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തുന്നതിന്റെ സ്മാരകമായി 1986ൽ 'അൽഫോൻസാമ്മയുടെ ജീവിത പാതയുടെ സവിശേഷതകളും സുകൃതങ്ങളും വ്യക്തമാക്കുന്ന ഈ ഗ്രന്ഥം എഡിറ്റു ചെയ്തു പ്രസിദ്ധീകരിച്ചു. (4) "സന്യാസവും പ്രാർത്ഥനയും" സന്യാസത്തിന്റെ പരുപരുത്ത പാതയിലൂടെ ദൈവോന്മുഖമായി നടത്തുന്ന പ്രയാണത്തിൽ പ്രാർത്ഥനാനുഭവത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഫാ.ഫെലിക്സ് പൊടിമറ്റം കപ്പൂച്ചിനോടു സഹകരിച്ചു നടത്തിയ രചനയാണിത്. 1988 ൽ ഇതു പ്രസിദ്ധീകൃതമായി. (5) ഫാ.ആന്റണി മണ്ണാർക്കുളം എഡിറ്റു ചെയ്തു പ്രസിദ്ധീകരിച്ച പക്വതയുടെ പാതയിൽ എന്ന ഗ്രന്ഥത്തിൽ സമർപ്പണവും സാക്ഷാത്ക്കാരവും എന്ന ലേഖനത്തിലൂടെ പങ്കു ചേർന്നു. (6) "ക്ലാരസഭ" 1888ൽ കേരളക്കരയിൽ ഉദയം ചെയ്ത ഫ്രാൻസിസ്കൻ ക്ലാരസഭയുടെ ശതാബ്ദി സ്മാരകമായി, ഇൻഡ്യ മുഴുവനും നിരവധി വിദേശരാജ്യങ്ങളിലുമായി പടർന്നു കിടക്കുന്ന സന്യാസസഭയുടെ ഹ്രസ്വവും എന്നാൽ സമ്പൂർണ്ണവുമായ ഒരു ചരിത്രം എഴുതി "ഫാ.ക്ലാരസഭ" എന്ന പേരിൽ 1988ൽ പ്രസിദ്ധീകരിച്ചു.

സീറോ മലബാർ ബിഷപ്സ് കോൺഫ്രൻസ് 1989ൽ ബിഷപ്പ് സെബാസ്റ്റ്യൻ മങ്കുഴിക്കരി ചെയർമാനായി നിയോഗിച്ച ലിറ്റർജിക്കൽ കമ്മീഷന്റെ മലയാള ഭാഷ കമ്മറ്റിയിലെ അംഗമായി കുർബ്ബാന ടെക്സ്റ്റ് പരിഷ്കരണത്തിൽ പങ്കുകൊണ്ടു. പല മാസികകളുടെയും വിശേഷാൽ പ്രതികളുടെയും എഡിറ്റോറിയൽ ബോർഡിൽ അംഗമായിരിക്കുകയും, കാർമ്മൽ, കർമ്മലകുസുമം, സമർപ്പിത, അസ്സീസി എന്നീ മാസികകളിൽ ലേഖനങ്ങൾ എഴുതുകയും കുട്ടികൾ, യുവജനങ്ങൾ, കുടുംബിനികൾ എന്നിവർക്കുവേണ്ടി നടത്തുന്ന പല കോഴ്സുകളിലും ക്ലാസ്സുകൾ എടുക്കുകയും പല വേദികളിലും പ്രസംഗങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. 30 വർഷത്തെ അദ്ധ്യാപനത്തിനുശേഷം 1997ൽ കോളേജിൽനിന്നും വിരമിച്ചു. പ്രസ്തുതവർഷംതന്നെ ഫിലിപ്പൈൻസിലെ മാനിലയിലെ ഈസ്റ്റ് ഏഷ്യൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ (E.A.P.I.) ചേർന്ന് ഏഷ്യ പസഫിക് രാജ്യങ്ങളിൽ നിന്നുള്ള 80ൽ പരം അംഗങ്ങളോടൊത്ത് ബൈബിൾ, ലിറ്റർജി, മിഷൻപ്രവർത്തനം എന്നിവയെപ്പറ്റി പഠിക്കുകയും സാംസ്കാരികാനുരൂപണത്തെപ്പറ്റി താത്വികവും പ്രായോഗികവുമായ പരിശീലനം നേടുകയും ചെയ്തു. 1998ൽ തായ്ലന്റിലെ പട്ടയ സിറ്റിയിൽ (Pattaya City) റിഡംറ്റൊറിസ്റ്റ് സെന്ററിൽ നടന്ന The Comprehensive Course on the Franciscan Mission Charism (CCMFC) പങ്കുകൊള്ളുകയും നിരവധി രാജ്യങ്ങളിൽനിന്നും എത്തിയിരുന്ന ഫ്രാൻസിസ്കൻ സഭാംഗങ്ങളെ പരിചയപ്പെടുകയും, ടൂറിസത്തിനു പേരുകേട്ട തായ്ലന്റിലെ സംസ്കാരവും അവർ നേരിടുന്ന സാമൂഹികപ്രശ്നങ്ങളും ഒട്ടൊക്കെ മനസ്സിലാക്കാൻ അവസരം ലഭിക്കുകയും ചെയ്തു.

സീറോ മലബാർ എപ്പിസ്കോപ്പൽ സഭയുടെ ആസ്ഥാനമായ സെന്റ് തോമസ് മൗണ്ടിൽവച്ച് 1998ൽ നടന്ന പ്രഥമ ആർക്കി എപ്പിസ്കോപ്പൽ അസം

www.malankaralibrary.com

ബ്ളിയിൽ, പാലാ രൂപതയിലെ സന്യാസിനികളുടെ പ്രതിനിധിയായി പങ്കെടുത്തു. “അൽഫോൻസാ പ്രോവിൻസ് ചരിത്രദൃഷ്ടിയിൽ” സുവർണ്ണജൂബിലിയിലെത്തിയ പാലാ അൽഫോൻസാ പ്രോവിൻസിന്റെ 50 വർഷത്തെ ചരിത്രം പറയുന്ന ആ ഗ്രന്ഥം എഴുതി പൂർത്തിയാക്കി 2000ൽ പ്രസിദ്ധീകരിച്ചു. “വെളിച്ചം” പ്രോവിൻസിലെ വെളിച്ചം പകരുന്ന നല്ല വാർത്തകളും ലേഖനങ്ങളും അനുഭവകഥനങ്ങളും മറ്റും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടിയുള്ള വെളിച്ച(ത്രൈമാസികം)മെന്ന ബുള്ളറ്റിന്റെ എഡിറ്ററായി 1997 മുതൽ അതിനെ അണിയിച്ചിറക്കുന്ന ഉത്തരവാദിത്വം വഹിക്കുന്നു.

ജനറൽ, പ്രൊവിൻഷ്യൽ, ആനിമേറ്റർ എന്ന നിലയിൽ സിസ്റ്റേഴ്സിനുവേണ്ടി 40 ദിവസത്തെ ധ്യാനം, പരിശുദ്ധാത്മധ്യാനം, അനുരഞ്ജനധ്യാനം എന്നിവയൊക്കെ നടത്തുന്ന റ്റീമിലെ അംഗമായി പ്രവർത്തിക്കുന്നു. സുവിശേഷപ്രഘോഷണത്തെ ലക്ഷ്യമാക്കി സഭാതലത്തിൽ രൂപം കൊണ്ട കെറിഗമ കോഴ്സിൽ പങ്കെടുക്കുകയും സിസ്റ്റേഴ്സിനുവേണ്ടി ആ കോഴ്സുകൾ നടത്തുകയും വിവിധ ഇടവകകളിൽ നടത്തുന്ന ഹോംമിഷൻ പരിപാടികളുടെ ഭാഗമായി കുടുംബ സന്ദർശനങ്ങൾ നടത്തി കുടുംബങ്ങളുടെ നവീകരണത്തിനും വിശുദ്ധീകരണത്തിനുമായി പ്രവർത്തിക്കുകയും ചെയ്യുന്നു. ജമ്മു കാഷ്മീരിൽ ബിഷപ്പായിരുന്ന അഭിവന്ദ്യ ഹിപ്പോളിറ്റസു പിതാവു രചിച്ച ഡയലോഗ് എന്ന ഇംഗ്ലീഷ് ഭാഷയിലുള്ള ഗ്രന്ഥത്തിന്റെ സ്വതന്ത്രവിവർത്തനം - മലയാളത്തിലേക്കുള്ള മൊഴിമാറ്റം 2005ൽ പ്രസിദ്ധീകരിച്ചു.

2002 മുതൽ അൽഫോൻസാ ഹോസ്റ്റലിന്റെ വാർഡനായി സേവനമനുഷ്ഠിക്കുന്ന സിസ്റ്റർ മുൻവർഷങ്ങളിൽ ഹോസ്റ്റൽ വാർഡൻ, ലോക്കൽ സുപ്പീരിയർ, പ്രൊവിൻഷ്യൽ സെക്രട്ടറി, പ്രൊവിൻഷ്യൽ കൗൺസിലർ എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വായനയും പഠനവും രചനയും തുടർന്നുകൊണ്ടിരിക്കുന്നു.

Address - Rev.Sr. Eleseus Vengaloor F.C.C, Warden, Alphonsa Hostel, Arunapuram. P.O., Pala

# 284

# ഡോ.ജോർജ് ഐസക്



1975-ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ അതിനെ ചെറുക്കുന്നതിനായി കേരളത്തിൽ നടന്ന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത മനുഷ്യാവകാശധർമ്മഭൻ, അന്താരാഷ്ട്രതലത്തിൽ പ്രശസ്തനായ സൈക്യാർട്ടിസ്റ്റ് എന്നീ നിലകളിലെല്ലാം പ്രശസ്തനായ ഡോക്ടർ ജോർജ് ഐസക് 1941 മെയ് 7-ാം തീയതി എറണാകുളത്തുള്ള ഈരാശ്ശേരി കുടുംബത്തിൽ ജനിച്ചു.

www.malankaralibrary.com

പ്രമുഖ വിദ്യാഭ്യാസപ്രവർത്തകനും കേരളം കണ്ട പ്രശസ്ത വാഗ്മികളിൽ പ്രമുഖനുമായിരുന്ന ഇ.പി. ഐസക് ആയിരുന്നു പിതാവ്. കാതറൈൻ മാതാവും.

തിരുവനന്തപുരം ഹോളി ഏഞ്ചൽസ്, എറണാകുളം സെന്റ് ജോസഫ്സ്, സെന്റ് ആൽബർട്സ് എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. തുടർന്ന് എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽനിന്നും ബി.എസ്.സി. ബിരുദവും തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് എം.ബി.ബി.എസ്. ബിരുദവും നേടി. തുടർന്ന് അമേരിക്കയിൽ എത്തി സൈക്യാട്രിയിലും ചൈൽഡ് സൈക്യാട്രിയിലും ആറുവർഷത്തെ പരിശീലനം കഴിഞ്ഞ്, പരീക്ഷകളിലൂടെ അമേരിക്കൻ ബോർഡിന്റെ സൈക്യാട്രി ചൈൽഡ് സൈക്യാട്രി സ്പെഷ്യലിസ്റ്റ് പദവികളും കാനഡായിലെ റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസിൽ നിന്ന് സൈക്യാട്രിയിൽ എഫ്.ആർ.സി.പി. ബിരുദവും നേടി. പിന്നീട് ഇന്ത്യയിൽ മടങ്ങിയെത്തി. കോലഞ്ചേരി മലങ്കരമിഷൻ ആശുപത്രിയിൽ, കേരളത്തിൽ ആദ്യത്തെ പ്രൈവറ്റ് ജനറൽ ഹോസ്പിറ്റൽ സൈക്യാട്രി ഡിപ്പാർട്ടുമെന്റ് ആരംഭിച്ചു. എറണാകുളത്ത് 1976-1978 കാലത്ത് മദർ തെരേസായുടെ പ്രവർത്തനങ്ങളിൽ വോളന്റിയർ ഡോക്ടറായും സിറ്റിയിൽ പ്രൈവറ്റ് സൈക്കായട്രിക് കൺസൾട്ടന്റായും പ്രവർത്തിച്ചു.

ഈ കാലഘട്ടത്തിലാണ് ഇന്ത്യയിൽ ഇന്ദിരാഗാന്ധിയുടെ നിർദ്ദേശാനുസരണം അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചത്. അടിയന്തിരാവസ്ഥക്കാലത്തെ മനുഷ്യാവകാശധ്വംസനങ്ങളിൽ പ്രതിഷേധിക്കുകയും അടിയന്തിരാവസ്ഥയ്ക്കെതിരെ കേരളത്തിൽനടന്ന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും ചെയ്തു. രാഷ്ട്രീയതാത്പര്യങ്ങളേക്കാൾ ഉപരിയായി മനുഷ്യാവകാശധ്വംസനങ്ങൾക്കെതിരായി പ്രവർത്തിക്കേണ്ടത് തന്റെ കടമയാണെന്ന് വൈദ്യശാസ്ത്രരംഗത്തെ കുലപതി തീരുമാനിച്ചു. സാധാരണ ഡോക്ടർമാർ ഇത്തരം കാര്യങ്ങളിൽ ഇടപെടാറില്ലെങ്കിലും ഡോ.ജോർജ് ഐസക് അവരിൽനിന്നും വ്യത്യസ്തനായി ജനാധിപത്യസംരക്ഷണത്തിനുവേണ്ടി പ്രവർത്തിച്ചു.

കഴിഞ്ഞ ഇരുപതുകൊല്ലക്കാലമായി അമേരിക്കയിലെ ന്യൂയോർക്കാണ് തന്റെ പ്രവർത്തനരംഗം. ന്യൂയോർക്കിലെ ഏറ്റവും പ്രഗത്ഭരായ ചുരുക്കം സൈക്കിയാട്രിസ്റ്റുകളിൽ ഒരാളായ ഇദ്ദേഹം തന്റെ ഗവേഷണപഠനങ്ങളിലൂടെയും പഠനങ്ങളുടെ സമർത്ഥമായ വിന്യാസത്തിലൂടെയും രാജ്യാന്തര പ്രശസ്തനായി. നിരന്തരമായ ഗവേഷണപഠനങ്ങളുടെ പിൻബലത്തോടെ കാലങ്ങളായി നിലനിന്നിരുന്ന ഒരു മനഃശാസ്ത്രസമീപനത്തെ അദ്ദേഹം പൊളിച്ചെഴുതി. 2004-ൽ പ്രസിദ്ധീകരിച്ച കേരളലത്തീൻ കത്തോലിക്കാ ഡയറക്ടറിയിൽ ഡോ.ജോർജ് ഐസകിനെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു "സ്വഭാവവൈകല്യങ്ങളും പെരുമാറ്റവൈകല്യങ്ങളും മനശാ

www.malankaralibrary.com

സ്ത്രപരമായി നിയന്ത്രണവിധേയമാക്കി വ്യക്തിയെ സാധാരണ ജീവിതാവസ്ഥയിലേക്ക് തിരിച്ചെത്തിക്കാമെന്ന ധാരണയെ ഇദ്ദേഹം ഈ ഗവേഷണപഠനത്തിലൂടെ ചോദ്യം ചെയ്തത് ലോകശ്രദ്ധയാകർഷിച്ചു. ബയോകെമിക്കൽ പ്രശ്നങ്ങളാണ് ഇതിന്റെ അടിസ്ഥാനമെന്നും ഇതിന് പരിഹാരം കണ്ടെത്താനായില്ലെങ്കിൽ അവഗണിക്കാനാവാത്ത ആളുകൾ ക്രിമിനലുകളും സ്വഭാവവൈകല്യം കൊണ്ട് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവരുമായി അമേരിക്കയിൽ രൂപം കൊള്ളുമെന്നും പ്രതിപാദിക്കുന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം ലോക ബൗദ്ധിക മേഖലയിൽ പ്രസക്തമായിക്കൊണ്ടിരിക്കുകയാണ്.


അമേരിക്കയിൽ അദ്ദേഹം രചിച്ച പുസ്തകങ്ങൾ അദ്ദേഹത്തെ രാജ്യാന്തര പ്രശസ്ത സൈക്യാട്രിസ്റ്റ് ആക്കി ഉയർത്തുകയുണ്ടായി "Bipoler not ADHD: Unrecognised ejidemic of Manic depressive illness in children" Psychiatric Evaluation of Children എന്നിവയാണ് അദ്ദേഹം രചിച്ച പുസ്തകങ്ങൾ.

ഇപ്പോൾ ന്യൂയോർക്കിലെ യെഷീവാ യൂണിവേഴ്സിറ്റിയുടെ സൈക്കായട്രി വിഭാഗത്തിൽ ഡോ.ജോർജ് ഐസക് സേവനം അനുഷ്ഠിച്ചുവരുന്നു. അമേരിക്കയിലാണ് ജോലിയും താമസവുമെങ്കിലും ഇപ്പോഴും ഇന്ത്യൻ പൗരനായിതന്നെ അദ്ദേഹം തുടരുന്നു.

വിലാസം - ഡോ.ജോർജ് ഐസക് M.D., M.R.C.P. ഫ്ളഷിംഗ്,
ന്യൂയോർക്ക്, യു.എസ്.എ.

# 285

# ജോസ് ചിററിലപ്പിള്ളി



സാഹിത്യ-സാംസ്കാരിക - മാധ്യമരംഗങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജോസ് ചിററിലപ്പിള്ളി തൃശൂർ ജില്ലയിലെ പാലയൂരിൽ ചിററിലപ്പിള്ളി ലാസർ- റോസമ്മ ദമ്പതികളുടെ പുത്രനായി 1941 മെയ് 15 ന് ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം മലയാളം വിദ്വാൻ പ്രിലിമിനറി പരീക്ഷയും കാർഷിക സാങ്കേതിക പരീക്ഷയും പാസ്സായി. 1963 ൽ സംസ്ഥാന കൃഷിവകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. 1996 ൽ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ പദവിയിലിരിക്കെ സർവ്വീസിൽനിന്നും റിട്ടയർ ചെയ്തു.

ചെറുപ്പംമുതലേ സാഹിത്യ-സാംസ്കാരിക പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. ഹൈസ്കൂൾ പഠനകാലത്തുതന്നെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ കഥകളും ലേഖനങ്ങളും എഴുതിയിരുന്നു. 1968 ൽ ആദ്യ കഥാസമാഹാരമായ 'അഭിലാഷങ്ങൾ' പ്രസിദ്ധീകരിച്ചു. അക്ഷര

www.malankaralibrary.com

ത്തെററുകൾ (കഥകൾ), പാലയൂർപള്ളി (ചരിത്രം), മാളം (നോവൽ), ആദ്യ പുഷ്പങ്ങൾ (ജീവചരിത്രം), നാട്ടുവിശേഷം (ബാലസാഹിത്യം) എന്നിവ യാണ് തുടർന്നു പ്രസിദ്ധീകരിച്ച കൃതികൾ.


തൃശൂരിൽനിന്നും പ്രസിദ്ധീകരിച്ചിരുന്ന ടെമ്പസ്റ്റ്, സന്ദേശം എന്നീ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ എഡിറേറാറിയൽ ബോർഡ് അംഗമായിരുന്നു. ഇപ്പോൾ 'വിജ്ഞാനവീഥി' മാസികയുടെ സബ് എഡിററാണ്. തൃശൂർ സഹൃദയവേദി, തൃശൂർ കലാസദൻ തുടങ്ങിയ സാംസ്കാരിക സംഘടനകളുടെ ആദ്യകാല പ്രവർത്തകനായിരുന്നു. ഇപ്പോൾ 'മേരി വിജയം' സാഹിത്യസമിതി പ്രവർത്തകനാണ്.

കാലിക്കററ് സർവ്വകലാശാലയിൽനിന്നും തിയോളജിയിൽ ഡിപ്ലോമ നേടിയിട്ടുള്ള ജോസ് ചിററിലപ്പിള്ളി കാൽനൂററാണ്ടോളമായി പാലയൂർ പള്ളി സൺഡേസ്കൂൾ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ചുവരുന്നു. തൃശൂർ അതിരൂപതാ സൺഡേസ്കൂൾ ഹെഡ്മാസ്റ്റേഴ്സ് ഫോറം ട്രഷറർ ആണ്. തൃശൂർ അതിരൂപതാ പാസ്ററൽ കൗൺസിൽ, ലിററർജി കമ്മീഷൻ, മതബോധന കമ്മീഷൻ പബ്ലിക് റിലേഷൻസ് കമ്മിററി എന്നിവയിൽ അംഗമായും പ്രവർത്തിക്കുന്നു.

റിട്ടയേർഡ് അദ്ധ്യാപിക ത്രേസ്യയാണ് ഭാര്യ.

മേൽവിലാസം - ജോസ് ചിററിലപ്പിള്ളി, പാലയൂർ, തൃശൂർജില്ല, 680506

# 286



# ഷെവ. വി.പി. തോമസ്

ഡൽഹിയിലെ സാമൂഹ്യ ജീവിതത്തിൽ നിർണ്ണാ യക സ്വാധീനം ചെലുത്തുന്ന പ്രമുഖ സമുദായ പ്രവർത്ത കനായ ഷെവ. വി.പി. തോമസ്, തിരുവനന്തപുരം അതിരൂപതയിലെ ചെന്നി ത്തല സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ പള്ളി ഇടവകയിൽ 1941 മെയ് 28-ാം തീയതി വാലുപറമ്പിൽ പാപ്പി - സോസമ്മ ദമ്പതികളുടെ പുത്ര നായി ജനിച്ചു. ചെന്നിത്തല മഹാത്മാസ്കൂളിലായിരുന്നു വിദ്യാഭ്യാസം. പഠനത്തിനുശേഷം ഡൽഹിയിൽ ഒരു ഇലക്ട്രോണിക് പ്രൈവറ്റ് കമ്പനി യിൽ ജോലിയിൽ പ്രവേശിച്ചു. പിന്നീട് വ്യവസായ സംരംഭങ്ങളിലേർപ്പെ ട്ടു. ഡൽഹിയിലെ പൊതുജീവിതത്തിൽ സജീവമായ പ്രവർത്തനം കാഴ്ച വച്ച തോമസ് 1978-ൽ ഡൽഹിയിൽ മലങ്കര കാത്തലിക് അസോസിയേ ഷൻ രൂപീകരിക്കുന്നതിന് മുൻ കൈയ്യെടുത്തു പ്രവർത്തിച്ചു. അതിന്റെ സ്ഥാപക പ്രസിഡണ്ടായി ഐക്യകണ്ഠേന തിരഞ്ഞെടുക്കപ്പെടുകയും

www.malankaralibrary.com

ചെയ്തു. 1990-വരെ ആ സ്ഥാനത്ത് തുടർന്നു. തുടർന്ന് മലങ്കര കാത്തലിക് അസോസിയേഷന്റെ പ്രസിഡണ്ടായി ഒരു വൈദികൻ നിയമിക്കപ്പെട്ടു. അതേ തുടർന്ന് 1991-മുതൽ അസോസിയേഷന്റെ വൈസ് ചെയർമാനായി തോമസ് പ്രവർത്തിച്ചു.


സി.ബി.സി.ഐ. എവാലുവേഷൻ കോർ കമ്മിറ്റി മെമ്പർ, കേരളാ കാത്തലിക് അസോസിയേഷൻ (ഡൽഹി) വൈസ് ചെയർമാൻ, ഡൽഹി അതിരൂപതാ സിനഡ് മെമ്പർ, ഡൽഹിയിലെ കേരളാ ക്രിസ്ത്യൻ അസോസിയേഷൻ വൈസ് ചെയർമാൻ എന്നീ നിലകളിൽ തോമസ് പ്രവർത്തിച്ചു വരുന്നു. ഡൽഹിയിലെ കേരളീയ സമൂഹത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു.

തോമസിന്റെ ബഹുമുഖ പ്രവർത്തനങ്ങളെ അംഗീകരിച്ച് പ. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ഷെവലിയർ സ്ഥാനം കല്പിച്ചനുവദിച്ചു. 2004 -ൽ വത്തിക്കാൻ പ്രതിനിധ ആർച്ച് ബിഷപ്പ് ലോപ്പസ് ക്വിന്താനാ തിരുവല്ലായിൽ വച്ച് ഈ ബഹുമതി മുദ്ര തോമസിന് നൽകി.

Address - Chev. V.P. Thomas, Anugraha, D-18, Greeter Kailash, Enelave - 11, NewDelhi - 110048.

## 287

# വി.വി. അഗസ്റ്റിൻ



ആയിരത്തിതൊള്ളായിരത്തി എഴുപത്തിയേഴിൽ അധികാരമേറ്റെടുത്ത മൊറാർജിദേശായിയുടെ സർക്കാരാണ് മൈനോർട്ടി കമ്മീഷൻ രൂപീകരിച്ചത്. ന്യൂനപക്ഷാവകാശങ്ങൾ കോട്ടം തട്ടാതെ സംരക്ഷിക്കുന്നതിനുള്ള ഒരു സംവിധാനമായിരുന്നു മൈനോറട്ടി കമ്മീഷൻ. പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനായ പ്രൊഫ. വി.വി. ജോൺ, ശ്രീമതി ആനി തയ്യിൽ തുടങ്ങി പലരും ആ സ്ഥാനം വഹിക്കുകയുണ്ടായി. ന്യൂനപക്ഷ കമ്മീഷന്റെ അന്തസ് നിലനിർത്തിക്കൊണ്ട് രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കുന്നതിൽ ബഹുഭൂരിപക്ഷം മെമ്പർമാരും വിജയിച്ചെങ്കിലും ചിലർ അങ്ങനെയായിരുന്നില്ല. തങ്ങളെ നിയമിച്ച സർക്കാരിന്റെ രാഷ്ട്രീയ താല്പര്യങ്ങൾ മുന്നിൽക്കണ്ട് പ്രവർത്തിച്ചവരും ഉണ്ടായിരുന്നു. അവർ ഇന്ത്യൻ സംസ്കാരത്തെയും ന്യൂനപക്ഷതാല്പര്യങ്ങളെയും വഞ്ചിക്കുകയായിരുന്നു ചെയ്തത്. ന്യൂനപക്ഷ കമ്മീഷനെപ്പറ്റി വിവാദം മുറ്റിനിന്ന കാലഘട്ടത്തിലാണ് 2003 ഫെബ്രുവരി 10ന് ശ്രീ. വി.വി. അഗസ്റ്റിൻ മൈനോറട്ടി കമ്മീഷൻ മെമ്പറായി നിയമിക്കപ്പെട്ടത്. ന്യൂനപക്ഷ കമ്മീഷന്റെ പദവിക്ക് കോട്ടംതട്ടാതെ, രാഷ്ട്രീയ താല്പര്യങ്ങൾക്ക് മുൻപിൽ ന്യൂന

www.malankaralibrary.com

പക്ഷ താല്പര്യങ്ങൾ അടിയറ വയ്ക്കാതെ, സത്യസന്ധമായി ആത്മാർത്ഥമായി പ്രവർത്തിച്ചതിനുശേഷം ഏതാനും മാസംമുൻപ് കാലാവധി പൂർത്തിയാക്കി അഗസ്റ്റിൻ ആസ്ഥാനത്തുനിന്നും പിന്മാറി. ന്യൂനപക്ഷകമ്മീഷൻ അംഗമെന്ന നിലയിൽ ഇന്ത്യയിലെ എല്ലാം സംസ്ഥാനങ്ങളിലും അദ്ദേഹം സഞ്ചരിച്ചു. ന്യൂനപക്ഷങ്ങളുടെ വിശിഷ്യ ക്രൈസ്തവന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയായിരുന്നു ലക്ഷ്യം. ക്രൈസ്തവസമൂഹങ്ങളുടെ നിലമെച്ചപ്പെടുത്തുവാനും വിവിധ ക്രൈസ്തവ വിഭാഗങ്ങൾ തമ്മിൽ ധാരണ വളർത്താനും ഭൂരിപക്ഷ സമുദായങ്ങളുമായിട്ടുള്ള തർക്കങ്ങൾ ചർച്ചിയിലൂടെ പരിഹരിക്കാനും അഗസ്റ്റിൻ ശ്രമിച്ചു. പ്രശ്നപ്രദേശങ്ങളിൽ ഓടിയെത്തി അവയ്ക്കു പരിഹാരമുണ്ടാക്കുവാൻ അഗസ്റ്റിൻ ശ്രമിച്ചു. ക്രൈസ്തവർക്കെതിരെ ഉണ്ടായ അതിക്രമങ്ങൾ മുഖ്യമന്ത്രിമാരെവരെ ഇടപെടുത്തി പരിഹരിച്ചു. ന്യൂനപക്ഷകമ്മീഷൻ അംഗങ്ങൾക്ക് ഹൈക്കോടതി ജഡ്ജിയുടെ പദവിയായിരുന്നു നൽകപ്പെട്ടിരുന്നത്.

മൈനോറട്ടി കമ്മീഷന്റെ അഭിമാനവും പദവിയും നിലനിർത്തിക്കൊണ്ട്, തന്റെ കർത്തവ്യം വളരെ മനോഹരമായി നിറവേറ്റിയ വി.വി. അഗസ്റ്റിൻ രാമപുരത്തിനുസമീപമുള്ള അമനകരയിൽ വളവനാതുരുത്തേൽ കുടുംബത്തിൽ 1941 ജൂൺ 28 ന് ജനിച്ചു.

രാമപുരത്തായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസം. വിദ്യാർത്ഥിയായിരുന്നപ്പോൾതന്നെ നേതൃത്വവാസന പ്രകടിപ്പിച്ച് അഗസ്റ്റിൻ സ്കൂൾ ലീഡറായി തിരഞ്ഞെടുക്കപ്പെട്ടു. നല്ല ഒരു പ്രസംഗകൻ എന്ന ഖ്യാതിയും നേടിയെടുത്തു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം ബോംബെയിലെത്തി. മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമാ കോഴ്സിൽ ചേരുകയും ലോയിഡ്സ് രജിസ്റ്റർ ഓഫ് ഷിപ്പിംഗിൽ നിന്ന് പ്രൊഫഷണൽ സർട്ടിഫിക്കറ്റ് നേടുകയും ചെയ്തു. തുടർന്ന് കെമിക്കൽ വ്യവസായങ്ങൾ റബ്ബർ വ്യവസായം, യന്ത്രനിർമ്മാണ വ്യവസായം, പൗവർ പ്രോജക്ടുകൾ, ഓയിൽ റിഫൈനറികൾ തുടങ്ങിയവയിൽ 30 വർഷത്തിലധികം തൊഴിൽ ചെയ്തു. ഇന്ത്യയിലും പുറത്ത് പലരാജ്യങ്ങളിലും അദ്ദേഹം ജോലി ചെയ്തു. മലേഷ്യൻ ഗവണ്മെന്റ് സർവ്വീസിലും ഇറാൻ ഗവണ്മെന്റ് സർവ്വീസിലും സേവനമനുഷ്ഠിച്ച അഗസ്റ്റിൻ അമേരിക്കൻ ഐക്യനാടുകൾ, യു.കെ., യൂറോപ്യൻ രാജ്യങ്ങൾ, ഗൾഫ് രാജ്യങ്ങൾ, ഇസ്രായേൽ, ഇറാഖ്, ഇറാൻ, തായ്ലന്റ്, മലേഷ്യ, സിംഗപ്പൂർ, ഫിലിപ്പൈൻസ്, തായ്‌വാൻ, ഹോങ്കോങ്ങ്, ജപ്പാൻ, ഹാവായ് ഐലന്റ് തുടങ്ങിയ വിദേശരാജ്യങ്ങളിൽ ബിസിനസ്സ് സംബന്ധമായ കാര്യങ്ങൾക്കുവേണ്ടി സന്ദർശിച്ചിട്ടുണ്ട്. മഹാരാഷ്ട്രയിലെ താരാപ്പൂർ, ആറ്റമിക് പവ്വർസ്റ്റേഷനിൽ ബാച്ച് ടെൽ ഇന്ത്യാലിമിറ്റഡ് കമ്പനിയിൽ സീനിയർ വെൽഡിംഗ് എൻജിനീയർ ആയി 1966 – 1970 കാലഘട്ടങ്ങളിൽ അഗസ്റ്റ്യൻ സേവനമനുഷ്ഠിച്ചു.

രാജസ്ഥാനിലെ ഡോഡ്സൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയിൽ 1970

www.malankaralibrary.com

-71 കാലഘട്ടത്തിൽ ഇൻസ്പെക്ടർ എഞ്ചിനീയറായി സേവനം അനുഷ്ഠിച്ചു. വെൽഡിംഗ് റിപ്പയറുകളുടെ പരിശോധകനായിരുന്നു അദ്ദേഹം. 1972 -ൽ മലേഷ്യാ ഗവണ്മെന്റിന് കീഴിലേക്ക് ഡെപ്യൂട്ടേഷനിൽ പോയി. ഫാബ്രിക്കേറ്റഡ് പൈപ്പ്സ് ആന്റ് പൈപ്പ് ഫിറ്റിംങ്ങ്സ് പരിശോധനയ്ക്കുവേണ്ടിയായിരുന്നു ഇത്. ഈ ജോലിയിൽ 18 മാസം തുടർന്നു. വീണ്ടും ബോംബെയിൽ എത്തി. 1973-75-ൽ മോട്രീൽ എൻജിനീയറിംഗ് ഇന്റർ നാഷണൽ ലിമിറ്റഡിൽ ഇൻസ്പെക്ടർ എൻജിനീയറായി ജോലി തുടർന്നു.

ഇറാനിലെ ഏറ്റവും വിലയ പെട്രോൾ കെമിക്കൽ കോപ്ലക്സുകളിൽ ഒന്നായ Shapoor Chemical Company, Bandar, സീനിയർ എൻ.ഡി.റ്റി. എൻജീനിയറായി 1774-76 കാലഘട്ടത്തിൽ സേവനം അനുഷ്ഠിച്ചു. ഇരുപതിൽ അധികം ഇൻസ്പെക്ടർമാരുടെയും എൻ.ഡി.റ്റി. ടെക്നീഷ്യൻമാരുടെയും മേൽനോട്ടം വഹിക്കുക എന്ന ഉത്തരവാദിത്വമുള്ള ജോലിയായിരുന്നു അത്.

1977-78-ൽ ടെഹറനിൽ ആയിരുന്നു ജോലിനോക്കിയിരുന്നത്. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള 110 ക്വാളിഫൈഡ് എൻജിനീയർമാരുടെയും 60 റേഡിയോ ഗ്രാഫർമാരുടെയും മേൽനോട്ടം വഹിക്കുന്ന ടെക്നിക്കൽ ഇൻസ്പെക്ഷൻ ആയിരുന്നു. 1978-80 കാലഘട്ടതിൽ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ, ടെക്നിക്കൽ ഡയറക്ടർ എന്നീ നിലകളിൽ ടെഹറനിൽ പ്രവർത്തിച്ചു.

വിദേശരാജ്യങ്ങളിലെ ജോലി ഉപേക്ഷിച്ച് 1980-ൽ അദ്ദേഹം കേരളത്തിൽ തിരിച്ചെത്തി. കോതമംഗലത്തെ സൺഷൈൻ റബ്ബർ കമ്പനിയിൽ ജനറൽ മാനേജരായി. ഫാൻ ബെൽറ്റ്സ്, വി. ബെൽറ്റ്സ്, ട്രഡ് റബ്ബർ, സൈക്കൾ ടയർ, ട്യൂബ്, എം.സി. ഷീറ്റ്സ്, ഹവായ് ഷീറ്റ്സ്, വിവിധതരത്തിലുള്ള റബ്ബർ ബുഷുകൾ മുതലായവ ഉത്പാദിപ്പിക്കുന്ന ഒരു വൻ കമ്പനിയായിരുന്നു അത്. തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതിലും പൊതുഭരണത്തിലും അഗസ്റ്റിൻ ആയിരുന്നു പ്രധാനി. 1986 മുതൽ 2002 വരെ റാഡോ ടയേഴ്സ് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി പ്രവർത്തിച്ചു. പത്തുകോടിരൂപയുടെ ഒരു വൻ പ്രോജക്ടായിരുന്നു ഇത്. കമ്പനിയുടെ പൊതുഭരണത്തിന്റെ നിയന്താവായിരുന്നു അഗസ്റ്റിൻ. എല്ലാ ഉയർന്ന ഉദ്യോഗസ്ഥന്മാരും നേരിട്ട് ദിനം തോറും പ്രവർത്തന റിപ്പോർട്ട് മാനേജിംഗ് ഡയറക്ടർക്ക് നൽകണമായിരുന്നു.

കേരളത്തിലെത്തിയ അഗസ്റ്റിൻ കോതമംഗലത്തെ റബ്ബർ കമ്പനിയുടെ ഉത്തരവാദിത്വം ഏറ്റെടുത്തെങ്കിലും എറണാകുളത്ത് ഇടപ്പള്ളിയിലായിരുന്നു താമസം. സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലെല്ലാം സജീവ പ്രവർത്തകനായി തീർന്നു. കൊച്ചിയുടെ പൊതു ജീവിതത്തിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ അഗസ്റ്റിന് സാധിച്ചു. സർക്കാരിന്റെ പല ഉന്നതാധികാരസമിതികളിലും അംഗമായി തുടരുവാൻ അദ്ദേഹത്തിന് സാധിച്ചു. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി കൺസൾട്ടേറ്റീവ് കമ്മറ്റിയിൽ ഒൻപതുവർഷ

www.malankaralibrary.com

ക്കാലവും, കേരളാ സ്റ്റേറ്റ് സെയിൽസ് ടാക്സ് അഡ്വൈസറികമ്മിറ്റിയിൽ രണ്ടു വർഷക്കാലവും അംഗമായി പ്രവർത്തിച്ച അഗസ്റ്റിൻ റബ്ബർ ബോർഡിൽ മൂന്നുവർഷം അംഗമായിരുന്നു.

കേരളാ സ്റ്റേറ്റ് സിക് ഇൻഡസ്ട്രീസ് അസോസിയേഷന്റെ പ്രസിഡന്റായി രണ്ടുവർഷക്കാലവും സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷൻ പ്രസിഡന്റായി നാലുവർഷക്കാലവും എറണാകുളം മർച്ചന്റ്സ് യൂണിയൻ സെക്രട്ടറിയായി രണ്ടുവർഷക്കാലവും സേവനം അനുഷ്ഠിച്ചു.

കേരളാ വ്യാപാരി വ്യവസായി ഏകോപനസമിതിയുടെ എറണാകുളം ജില്ലാ സെക്രട്ടിയായി രണ്ടുവർഷവും ജില്ലാ പ്രസിഡന്റായി നാലുവർഷവും സംസ്ഥാന വൈസ്പ്രസിഡണ്ടായി രണ്ടുവർഷവും സേവനം അനുഷ്ഠിച്ചു. കേരളാ റബ്ബർ മിക്സിംഗ് ആൻഡ് കോമ്പൗണ്ടിംഗ് അസോസിയേഷൻ പ്രസിഡണ്ടായി ഇപ്പോഴും പ്രവർത്തിക്കുന്നു.


മാക്മില്ലൻ ഫുഡ്ബോൾ ക്ലബ്ബിന്റെയും സന്തോഷ് യംഗ്മെൻ ക്ലബിന്റെയും നേതാജി ക്ലബ്ബിന്റെയും ക്രിസ്ത്യൻ കൾച്ചറൽ അസോസിയേഷന്റെയും രക്ഷാധികാരികൂടിയാണ് അഗസ്റ്റിൻ.

ചേർപ്പുങ്കൽ നെടുമ്പുറത്ത് വക്കച്ചന്റെയും ഏലിക്കുട്ടിയുടെയും മകൾ മേരിയമ്മയാണ് സഹധർമ്മിണി.

അഡ്രസ്സ് - വി.വി. അഗസ്റ്റിൻ, വളവനാതുരുത്തേൽ, ഇടപ്പള്ളി പി.ഒ., കൊച്ചി - 682 024

# 288

# ഫാ. ജോസ് ചാഴികാട്



പ്രഗത്ഭനായ പത്രാധിപർ, ദൈവവചനപ്രഘോഷകൻ, ഗ്രന്ഥകാരൻ, ദൈവശാസ്ത്രപണ്ഡിതൻ എന്നീ നിലകളിലെല്ലാം അറിയപ്പെടുന്ന ഫാ. ജോസ് ചാഴികാട് തട്ടാറുകുന്നേൽ കുര്യാച്ചന്റേയും മറിയാമ്മയുടെയും പുത്രനായി അരീക്കരയിൽ 1941 ജൂലായ് 4-ന് ജനിച്ചു. പ്രൈമറിസ്കൂൾ വിദ്യാഭ്യാസം അരീക്കരയിലും ഹൈസ്കൂൾ വിദ്യാഭ്യാസം ഉഴവൂരും കോളേജ് വിദ്യാഭ്യാസം പാലാ സെന്റ് തോമസിലും നടത്തി. പാലാ കോളേജിലെ പഠനത്തിനുശേഷം കോട്ടയത്തെ സെന്റ് സ്തനിസ്ലാവോസ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. ആലുവാ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി 1968 ഡിസംബർ 18ന് പൗരോഹിത്യം സ്വീകരിച്ചു. പിറ്റേന്ന് പ്രഥമദിവ്യബലിയർപ്പിച്ചു.

www.malankaralibrary.com

ഡയക്കനെറ്റ് ആയി എറണാകുളം അതിരൂപതയിലെ തിരുമുടിക്കുന്ന് പള്ളിയിൽ സേവനം അനുഷ്ഠിച്ചു. എറണാകുളം കത്തീഡ്രൽ ദേവാലയത്തിൽ ഏതാനും മാസം പൗരോഹിത്യ ശുശ്രൂഷ നടത്തി. തുടർന്ന് ഉന്നത പഠനത്തിൽ ഏർപ്പെട്ടു. ബി.ടെക്. ഫസ്റ്റ്ക്ലാസ്സിലും എം.ടെക് ഡിസ്റ്റിംഗ്ഷനോടുകൂടിയും ഫാ. ജോസ് ചാഴികാട് പാസ്സായി. കൗൺസിലിംഗിലും ട്രാൻസ് ആക്ഷനൽ അനാലിസിസിലും കംപ്യൂട്ടർ സയൻസിലും ഡിപ്ലോമാ കരസ്ഥമാക്കി. മലങ്കര റീത്തിനെപ്പറ്റിയുള്ള പഠനവും നടത്തി. കോട്ടഗിരിയിൽ ക്ലർജി എഡ്യുക്കേറ്റേഴ്സ് കോഴ്സിൽ ചേർന്ന് പഠിച്ചു.

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ലാറ്റിൻ, സുറിയാനി, ഹീബ്രു, ഗ്രീക്ക് എന്നീ ഭാഷകളിൽ ഫാ. ജോസ് പ്രാവീണ്യം നേടി.

ഏതാനും വർഷം മലങ്കര റീത്തിൽപ്പെട്ട മിഷൻ പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. കല്ലിശ്ശേരി, മള്ളൂശ്ശേരി, കിഴക്കേ നട്ടാശ്ശേരി, കട്ടച്ചിറ, കല്ലറ പഴയപള്ളി, അരീക്കര, ചാമക്കാല, ചെറുകര എന്നീ പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ നീറിക്കാട്ട് പള്ളി വികാരിയാണ്. മലങ്കരപ്പള്ളികളിലെ സേവനത്തിനുശേഷം സ്വന്തം രൂപതയിൽ തിരിച്ചെത്തിയ ഫാ. ജോസ് രൂപതയിൽ ഉത്തരവാദിത്വമേറിയ പല ജോലികളും നിർവ്വഹിക്കുകയുണ്ടായി. തിരുഹൃദയക്കുന്ന് മൈനർ സെമിനാരിയിൽ അദ്ധ്യാപകൻ, രൂപതയിലെ മതപഠനകേന്ദ്രത്തിന്റെ ഇൻസ്ട്രക്ടർ, രൂപതയിലെ സന്യാസസമൂഹങ്ങളുടെ ഇൻസ്ട്രക്ടർ, രൂപതാ ബൈബിൾ കമ്മീഷൻ ചെയർമാൻ, നൊവിഷ്യറ്റ്, ജൂണിയറേറ്റ് ഭവനങ്ങളിൽ അദ്ധ്യാപനം, അപ്നാദേശ് ചീഫ് എഡിറ്റർ, കാത്തലിക് മിഷൻ ട്രസ്റ്റ് മാനേജർ, ഇൻഫർമേഷൻ ബ്യൂറോയുടെയും മാരിയേജ് ബ്യൂറോയുടെയും ഡയറക്ടർ, ജില്ലാ ആശുപത്രി, സെന്റ് ആൻസ് കോൺവെന്റ് എന്നിവിടങ്ങളിൽ ചാപ്ലിൻ, ജ്യോതി ബുക്ക് ഹൗസ് മാനേജർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ ഫാദർ പ്രിഫക്ട് ആയിരുന്നു അദ്ദേഹം. ധ്യാനപ്രാസംഗികൻ, എഴുത്തുകാരൻ, പ്രസ്സ് അപ്പസ്റ്റോലേറ്റ് എന്നീ നിലകളിലും അദ്ദേഹം അറിയപ്പെടുന്നു. പാലാ ഗോസ്പൽ സൊസൈറ്റിയുടെ ഓണററി അംഗമായ അദ്ദേഹം കേരളത്തിലുടനീളം വചനപ്രേഷിതത്വത്തിൽ സഹകരിച്ചു പ്രവർത്തിക്കുന്നു. കോട്ടയം രൂപതാ വൈദിക സെനറ്റിലും പാസ്റ്ററൽ കൗൺസിലിലും ഫാ. ചാഴികാടൻ അംഗമാണ്.

ഫാ. ജോസ് ചാഴികാട്ട് രചിച്ച ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ്. പുതിയ നിയമസാഹ്യം (രണ്ട് എഡിഷൻസ്) ബൈബിൾ പ്രതിഷ്ഠ, എന്താണ് ബൈബിൾ, പ്രസംഗക്കുറിപ്പുകൾ (I, II, IIII, IV, V) വി. യോഹന്നാന്റെ സുവിശേഷം: ഒരു പഠനം, തിരുഹൃദയഭക്തി: ഒരുലഘു പഠനം, ചാഴികാട്ട് കുടുംബചരിത്രം, മ്യാലിലച്ചന്റെ ഓർമ്മക്കുറിപ്പുകൾ, സൗഖ്യ പ്രാർത്ഥന, മെത്രാൻമാർക്കുവേണ്ടി പ്രാർത്ഥന, കുടുംബയോഗങ്ങൾ എന്നിവയാണ് മലയാള ഗ്രന്ഥങ്ങൾ. ഇംഗ്ലീഷിൽ അദ്ദേഹം രചിച്ച ഗ്രന്ഥമാണ്


www.malankaralibrary.com

"Authority, Conscience, Freedom And Obedience".

നല്ല അയൽക്കാരൻ മാസികയുടെ ചീഫ് എഡിറ്ററാണ് ചാഴികാട്ടച്ചൻ. അതോടൊപ്പം നീറിക്കാട്ട് ലൂർദ്ദ് മാതാ പള്ളി വികാരിയായും പ്രവർത്തിക്കുന്നു.

വിലാസം - ഫാ. ജോസ് ചാഴികാട്ട്, സെന്റ് ജോസഫ്സ് ചർച്ച്,
പുതുവേലി - 686 641, കോട്ടയം

# 289



# ബിഷപ്പ് മാർ ആന്റണി ചിറയത്ത്

വത്തിക്കാൻ കാര്യാലയത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ട ആദ്യ ഏഷ്യാക്കാരനും സാഗർ രൂപതക്കായി പട്ടം സ്വീകരിച്ച പ്രഥമ വൈദികനും ആയ ബിഷപ്പ് മാർ ആന്റണി ചിറയത്ത് തൃശൂർ രൂപതയിലെ അരണാട്ടുകരയിൽ ചിറയത്ത്തറയിൽ മാത്യു-അന്നമ്മ ദമ്പതികളുടെ പുത്രനായി 1941- ജൂലൈ 30-ാം തീയതി ജനിച്ചു. അരണാട്ടുകര തരകൻസ് ഹൈസ്ക്കൂളിലും എൽത്തുരുത്ത് സെന്റ് അലോഷ്യസ് ഹൈസ്ക്കൂളിലുമായിട്ടായിരുന്നു സ്ക്കൂൾ വിദ്യാഭ്യാസം നിർവ്വഹിച്ചത്.

ഹൈസ്ക്കൂൾ വിദ്യാഭ്യാസാനന്തരം ജബൽപൂർ സെന്റ് അഗസ്റ്റിൻസ് മൈനർ സെമിനാരിയിൽ ചേർന്ന് 1958 -ൽ വൈദികപഠനം ആരംഭിച്ചു. ജബൽപൂർ യൂണിവേഴ്സിറ്റിയിൽ നിന്നും 1961 -ൽ ഇന്റർമീഡിയറ്റ് പരീക്ഷ പാസ്സായി. തുടർന്ന് നാഗപൂർ യൂണിവേഴ്സിറ്റിയിൽനിന്നും ഫസ്റ്റ് ക്ലാസ്സിൽ ബി.എ പരീക്ഷപാസ്സായി. ഡിഗ്രി എടുത്തതിനുശേഷം നാഗപൂർ സെന്റ് ചാൾസ് സെമിനാരിയിൽ ചേർന്ന് ഫിലോസഫിയും തിയോളജിയും പഠിച്ചു. സെമിനാരി വിദ്യാഭ്യാസകാലത്ത് സെമിനാരി മാഗസിന്റെ എഡിറ്ററായും വിദ്യാർത്ഥികളുടെ പ്രീഫക്ടും ആയി ജോലി നോക്കി. 1969 -ൽ ബാംഗ്ളൂരിൽ നടന്ന പോസ്റ്റ് കൗൺസിലർ അസംബ്ലിയിൽ വൈദികവിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് പങ്കെടുത്തു. 1970 -ൽ ദൈവശാസ്ത്രത്തിൽ ബി. ടെക് ബിരുദമെടുക്കുകയും 1970 ജനുവരി 2-ന് സാഗർ രൂപതക്കുവേണ്ടിയുള്ള ആദ്യവൈദികനായി മാർ ജോർജ് ആലപ്പാട്ടുതിരുമേനിയിൽനിന്നും വൈദികപ്പട്ടമേൽക്കുകയും ചെയ്തു.

1970 മുതൽ 1972 വരെ സാഗറിലെ പ്രഥമമെത്രാനായ മാർ ക്ലെമൻസ് തോട്ടുങ്കൽ തിരുമേനിയുടെ സെക്രട്ടറിയായും കത്തീഡ്രൽ പള്ളിവികാരിയായും സാഗർ യൂണിവേഴ്സിറ്റിയുടെ ചാപ്ലിനായും സോഷ്യൽ സർവ്വീസിന്റെ രൂപതാ ഡയറക്ടറായും സേവനം അനുഷ്ഠിച്ചു. 1972 മുതൽ 1974 വരെ

www.malankaralibrary.com

റോമിൽ ഉപരിപഠനം നടത്തി. സ്പിരിച്ച്വാലിറ്റിയിൽ ആയിരുന്നു ഉപരിപഠനം

വത്തിക്കാനിൽ യൂറോപ്പിന് പുറത്തുള്ളവരെ നിയമിക്കുന്ന പാരമ്പര്യം. അന്നുവരെയുണ്ടായിരുന്നില്ല. 1972 -ൽ വത്തിക്കാനിലേയ്ക്ക് കുടുതൽ ഉത്ത രവാദിത്വങ്ങൾ ഏറ്റെടുക്കാൻ ഫാ. ചിറയത്തിനെ ക്ഷണിച്ചു. സാഗറിൽ മിഷൻ പ്രവർത്തനത്തിലേർപ്പെടാനാണ് താൻ ആഗ്രഹിക്കുന്നതെന്നും റോമി ലേക്ക് പോകുവാൻ താല്പര്യമില്ലന്നുമുള്ള വിവരം രൂപതാദ്ധ്യക്ഷനെ ഫാ. ചിറയത്ത് അറിയിച്ചു. എന്നാൽ രൂപതാദ്ധ്യക്ഷൻ മാർ ക്ലെമൻസ് തോട്ടു ങ്കൽ നിർബന്ധിച്ച് റോമിലേക്കയക്കുകയാണുണ്ടായത്. 1972-ൽ റോമിലെത്തിയ ഫാ. ചിറയത്തിനെ വത്തിക്കാനിൽ കുടിയേറ്റക്കാരുടെയും നാടോടികളുടേയും (യാത്രികർ)ക്ഷേമത്തിനും അജപാലനത്തിനുംവേണ്ടി യുള്ള കാര്യാലയത്തിൽ (Official of the Pontifical Council for the Pastoral care of migrants and itinerant people) നിയമിതനാവുകയും 31 വർഷത്തെ തുടർച്ചയായ സേവനത്തിനുശേഷം 2003-ൽ ഈ സ്ഥാപനത്തിന്റെ മേധാവിയായും നിയ മിക്കപ്പെടുകയും സേവനം അനുഷ്ഠിക്കുകയും ചെയ്തു. 2003-ൽ വത്തി ക്കാനിലെ പ്രോട്ടോ നോട്ടറിയായും നിയമിതനായി. 1978-ൽ പോൾ രണ്ടാ മൻ മാർപാപ്പായിൽനിന്ന് മോൺസിഞ്ഞോർ സ്ഥാനവും( Papel Chemberlion) 1994 -ൽ ജോൺപോൾ രണ്ടാമൻ മാർപാപ്പായിൽനിന്ന് പ്രിലേറ്റ് ബഹുമതി യും നേടി.

ഏഷ്യൻ - ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് റോമൻ കൂരിയായിലേക്ക് നിയമിതനായ ആദ്യവൈദികനാണ് ഫാ. ആന്റണി ചിറയത്ത്. വത്തിക്കാനെ പ്രതിനിധീകരിച്ച് 45 രാജ്യങ്ങളിൽ സഞ്ചരിക്കുകയും അന്തർദ്ദേശീയ കോൺഫറൻസുകളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. സോവിയറ്റ് യൂണി യന്റെ തകർച്ചക്ക് മുമ്പും പിമ്പും റഷ്യ, യൂഗോസ്ലാവിയ, പോളണ്ട്, ഹങ്കറി, എന്നീരാജ്യങ്ങളിൽ വത്തിക്കാനെ പ്രതിനിധികരിച്ച് സഞ്ചരിക്കുകയും മെത്രാന്മാരും ജനങ്ങളുമായി ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്.

എല്ലായുറോപ്യൻ ഭാഷകളും സംസാരിക്കാൻ അറിയാവുന്ന മോൺ. ആന്റണി ചിറയത്തിന് ഹിന്ദി ഉൾപ്പെടെയുള്ള ഇന്ത്യൻഭാഷകളും അറിയാം. റോമൻ കുരിയായിൽ 34 വർഷം പോൾ ആറാമൻ, ജോൺ 23-ാമൻ, ജോൺപോൾ ഒന്നാമൻ, ജോൺപോൾ രണ്ടാമൻ, ബനഡിക്ട് പതിനാറാ മൻ എന്നീ മാർപാപ്പാമാരുടെ കാലത്ത് സേവനം അനുഷ്ഠിക്കാനുള്ള ഭാഗ്യം മോൺ ചിറയത്തിനുണ്ടായി.

വത്തിക്കാനിൽ പ്രവാസികളുടെയും തീർത്ഥാടകരുടെയും അജപാ ലനത്തിനുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ മേധാവിയായി പ്രവർത്തി ച്ചുവരുന്ന സമയത്താണ് അദ്ദേഹത്തെ സാഗർ രൂപതയുടെ മെത്രാനായി ബനഡിക്ട് 16-ാമൻ തിരുമേനി നിയമിച്ചത്. അരണാട്ടുകര സ്വദേശിയായ ബിഷപ്പ് നീലങ്കാവിലിന്റെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടതും അരണാ ട്ടുകര സ്വദേശിയായ മോൺ ആന്റണി ചിറയത്തിനെയാണ് കേരളത്തെക്കാൾ

www.malankaralibrary.com

വിസ്തൃതിയുള്ള സാഗർ രൂപതയെ നയിക്കാൻ തുടർച്ചയായി രണ്ടാം തവണയും തിരഞ്ഞെടുക്കപ്പെട്ടത് അരണാട്ടുകരക്കാരൻതന്നെയാണ്.

കേരളത്തിന് പുറത്തുള്ള സീറോ- മലബാർ സഭാമെത്രാന്മാരിൽ ആദ്യത്തെ രൂപതാമെത്രാനാണ് മാർ ആന്റണി ചിറയത്ത്. മറ്റുള്ള മെത്രാന്മാരെല്ലാം വിവിധ സന്യാസസഭകളിൽപ്പെട്ടവരാണ്. "സ്നേഹിക്കാനും സേവിക്കാനും" എന്നതാണ് മെത്രാൻസ്ഥാനമേറ്റ മാർ ആന്റണി ചിറയത്തിന്റെ കർമ്മമുദ്ര. ലിസ്യൂവിലെ വി. കൊച്ചുത്രേസ്യായുടെ സ്നേഹവും സാഗറിലെ പ്രഥമമെത്രാനായ മാർ ക്ലമൻസ് തോട്ടുങ്കലിന്റെ മുദ്രാവാക്യത്തിലെ സേവനവുമാണ് ഈ മുദ്രാവാക്യത്തിൽ ഉൾക്കൊള്ളുന്നത്. ബനഡിക്ട് പതിനാറാമൻ മാർപാപ്പാതിരുമേനിയുടെ ആദ്യചാക്രിക ലേഖനമായ "ദൈവം സ്നേഹമാകുന്നു" എന്ന ചാക്രികലേഖനവും ഈ മുദ്രാവാക്യത്തിന് പ്രചോദനമായിട്ടുണ്ട്. ഈ ചാക്രികലേഖനം പ്രസിദ്ധികരിക്കുന്നതിനടുത്ത ദിവസമാണ് മെത്രാൻസ്ഥാനം സ്വീകരിക്കുന്നതായുള്ള സമ്മതപത്രം മാർ ആന്റണി ചിറയത്ത് മാർപാപ്പാക്ക് നൽകിയത്.

മാർആന്റണി ചിറയത്തിന്റെ മെത്രാൻ സ്ഥാനിക ചിഹ്നത്തിൽ സാഗറിന്റെ പ്രത്യേകതകളായ സാഗർ തടാകത്തിലെ ഓളങ്ങളും വിടർന്ന താമരയും ചിത്രീകരിച്ചിട്ടുണ്ട്. സാഗർ തീരത്താണ് സാഗർ പട്ടണം നിലകൊള്ളുന്നത്. സാഗർ രൂപതയിൽ അഞ്ചുജില്ലകളും ആയിരത്തോളം വില്ലേജുകളും ഉണ്ട്. ജനസംഖ്യയിൽ 80 ശതമാനത്തോളം ഹിന്ദുക്കളും 14 ശതമാനത്തോളം മുസ്ലീംകളും ഉണ്ട്. ബുദ്ധമതക്കാരും ജൈനമതക്കാരും ഉണ്ട്. 45000 കത്തോലിക്കരുമുണ്ട്. സാഗർ രൂപതയിൽ 35 വൈദികരും 200 സന്യാസിനികളും സേവനമനുഷ്ഠിക്കുന്നുണ്ട്. ആയിരം വർഷങ്ങൾക്കുമുമ്പ് ഒരു ക്രൈസ്തവകേന്ദ്രമായിരുന്നു സാഗർ. അവിടെനിന്നും ലഭിച്ച ഒരു ശിലാശാസനം ഇത് സാക്ഷ്യപ്പെടുത്തുന്നു. അവിടെ ഒരു ക്രൈസ്തവരാജ്യവും ഉണ്ടായിരുന്നുവെന്ന് ശിലാശാസനം വ്യക്തമാക്കുന്നുണ്ട്. 2003 സെപ്റ്റംബറിൽ കത്തോലിക്കാസഭാ പ്രസിദ്ധികരിച്ച കാറ്റിന്റെ മക്കളുടെ ഇടയൻ എന്ന ലേഖനത്തിൽ ഇപ്രകാരം പറയുന്നു.

"മോൺ. ചിറയത്തിന്റെ അജപാലനപരിധിയിൽ പെടുന്ന നാടോടികൾ അഥവാ ജിപ്സികൾ 4 കോടികളോളം വരുന്നു. ഇവരെ "കാറ്റിന്റെ മക്കൾ എന്നാണ് വിളിക്കുക." എന്നും സഞ്ചരിക്കുന്ന ജിപ്സികൾക്ക് നിത്യത്താവളമില്ല. കാറ്റിനെപ്പോലെ ദിശയറിയാതെ ഉഴലുന്ന അവഗണിക്കപ്പെട്ട ഗണമാണ് നാടോടികൾ . ജിപ്സികൾ എന്നു വിളിക്കുന്ന യുറോപ്പിലെ നാടോടികൾ ഭാരതീയ വംശജരാണെന്നാണ് ചരിത്രഗവേഷകരിൽ പലരും കരുതുന്നത്. ആയിരം വർഷങ്ങൾക്കുമുമ്പ് ഇന്ത്യയുടെ വടക്കുപറിഞ്ഞാറൻ പ്രദേശങ്ങളിൽ നിന്ന് (സിന്ധുനദീതീരം) യുറോപ്പിലേക്ക് കുടിയേറിപ്പാർത്തവരാണെത്രെ അവർ. അവരുടെ ഭാഷ സംസ്കൃതത്തോട് വളരെ സാമ്യമുള്ളതാണ്. വസ്ത്രധാരണവും ഈവിധം ഭാരതീയ പശ്ചാത്തലമുള്ളതാണ്.

www.malankaralibrary.com

യൂറോപ്പിലും അമേരിക്കയിലുമുള്ള രണ്ടുകോടിയോളം വരുന്ന നാടോടികൾ (ജിപ്സികൾ) ബഹുഭൂരിപക്ഷവും ക്രൈസ്തവ വിശ്വാസികളാണ്. 1965 ൽ പോൾ ആറാമൻ മാർപാപ്പ ലോകത്തിലെ മുഴുവൻ നാടോടികളെയും റോമിലേക്ക് ക്ഷണിച്ചുവരുത്തുകയുണ്ടായി. ഈ ഒത്തുചേരലിന്റെ ഭാഗമായി റോമിന്റെ തെക്കുഭാഗത്ത് തമ്പടിച്ച് താമസിച്ചിരുന്ന നാടോടികളുടെ ടെന്റുകളിലേക്ക്, കടുത്ത മഴയെ അവഗണിച്ച്, മാർപാപ്പ കടന്നുചെന്ന് പ്രഖ്യാപിച്ചു."നിങ്ങൾ ദൈവമക്കളാണ്, സഭയുടെ ഹൃദയത്തിലാണ് നിങ്ങളുടെ സ്ഥാനം."

ലോകത്തിൽ ഇന്ത്യയടക്കം 26 ബിഷപ്പ്സ് കോൺഫ്രൻസുകളിൽ ഇത്തരക്കാർക്കുവേണ്ടി പ്രത്യേക കാര്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നാടോടികളിൽനിന്ന് സമർപ്പിത ജീവിതത്തിലേക്ക് ധാരാളം ദൈവവിളികൾ ഉണ്ടായിത്തുടങ്ങിയിട്ടുണ്ട്. നാടോടികളിൽ നിന്ന് 15 വൈദികരും 7 സന്യാസിനികളും ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റിൽ, വത്തിക്കാൻ മുൻകൈ എടുത്ത് നടത്തിയ നാടോടികളുടെ ലോകമഹാസമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി.

ഇന്ത്യയിൽ 10 വർഷമായി നാടോടികൾ ഉൾപ്പെടെയുള്ള വിഭാഗങ്ങൾക്കുവേണ്ടി പ്രത്യേക കാര്യാലയം സി.ബി.സി. ഐ.യുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. കേരളത്തിൽ മിക്കവാറും കാസർഗോഡ് ഭാഗത്തും തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര, ആന്ധ്രപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ മറ്റു സംസ്ഥാനങ്ങളിലുമാണ് നാടോടികൾ അധികമായിട്ടുള്ളത്. അവരുടെയിടയിലുള്ള മിഷൻ പ്രവർത്തനത്തിന് പ്രത്യേക ദിശാബോധം ആവശ്യമാണെന്ന് മോൺ. ചിറയത്ത് ഊന്നിപ്പറഞ്ഞു. മാതാപിതാക്കൾ പകൽ മുഴുവൻ പണിശാലകളിലോ, നടന്നുവില്പനയിലോ വ്യാപൃതരായിരിക്കും. അവരുടെ ടെന്റുകളിൽ കുഞ്ഞുങ്ങളെ സംരക്ഷിക്കൽ, വിദ്യാഭ്യാസം, വൈദ്യസഹായം, ശുദ്ധജലം എന്നിവ എത്തിക്കൽ, ശുചിത്വബോധവൽക്കരണം നടത്തൽ എന്നിങ്ങനെയുള്ള കർമ്മപരിപാടികളാണ് പൊന്റിഫിക്കൽ കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.


മാർചിറയത്തിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങപ്പറ്റി മനസ്സിലാക്കാൻ മേൽപറഞ്ഞ വാക്കുകൾ സഹായകരമാണ്. 2006 മാർച്ച് 25 -ന് സാഗറിൽവച്ച് മാർ ആന്റണി ചിറയത്തിന്റെ സ്ഥാനാരോഹണം നടന്നു. റോം കേന്ദ്രമാക്കിയുള്ള പ്രവർത്തനം യഥാർത്ഥത്തിൽ ഒരു മിഷനറി പ്രവർത്തനം തന്നെയായിരുന്നു. ഒരു മിഷനറിയായി പ്രവർത്തിക്കാനുള്ള ആഗ്രഹത്തോടുകൂടി സാഗറിലേക്ക് വീണ്ടും മാർ ചിറയത്ത് കടന്നുവന്നിരിക്കുന്നു. റോമിലായിരുന്നുവെങ്കിലും പലപ്പോഴും അദ്ദേഹം സാഗർ രൂപതയിൽ എത്തുമായിരുന്നു.

Address - Bishop Mar Antony Chirayath, Bishops House, Rewa Road P.O., P.B. No. 22, Satna, 485001.

www.malankaralibrary.com

# 290

# ജോർജ് ഇമ്മട്ടി



അർബുദം എന്ന മാരകരോഗം ആക്രമിച്ചിട്ടും ആത്മവിശ്വാസം കൈവിടാതെ രോഗവിമുക്തി നേടി ഡസൻ കണക്കിന് ഗ്രന്ഥങ്ങളെഴുതിയും എഡിററ് ചെയ്തും സമുദായത്തിനും സാഹിത്യത്തിനും വിശിഷ്യ, ബാലസാഹിത്യമേഖലക്കും ഉദാത്തമായ സേവനം കാഴ്ചവെച്ചുകൊണ്ടിരിക്കുന്ന പ്രതിഭാശാലിയാണ് ജോർജ് ഇമ്മട്ടി. ആമാശയാർബുദത്തിന് ചെയ്ത ശസ്ത്രക്രിയയും കീമോതെറാപ്പിയും മൂലം അവശനും ദുർബലനുമായി 1995 ൽ ഹെഡ്മാസ്റ്ററുദ്യോഗത്തിൽ നിന്ന് സ്വയം വിരമിച്ച് അദ്ദേഹം സാഹിത്യ സേവനത്തിലൂടെ അനുകരണീയമായ ഒരു പുതിയ ജീവിതം വിരചിക്കയായിരുന്നു.

1941 ആഗസ്റ്റ് 3 ന് തൃശ്ശൂർ ജില്ലയിൽ ഒല്ലൂർ ഗ്രാമത്തിൽ ഒരു സാധാരണകുടുംബത്തിലാണ് ജനിച്ചത്. പിതാവ് ഇമ്മട്ടി പാവു. മാതാവ് പ്ലമേന. ഒല്ലൂർ സെന്റ് മേരീസ് കോൺവെന്റ് സ്കൂളിലും സെന്റ് റാഫേൽസ് കോൺവെന്റ് സ്കൂളിലും ഒല്ലൂർ ഗവൺമെന്റ് ഹൈസ്ക്കൂളിലും പഠിച്ച് 1957 ൽ പത്താം ക്ലാസ്സ് പാസ്സായി. 1961 ൽ മരത്താക്കര യു.പി. സ്ക്കൂളിൽ അധ്യാപകവൃത്തി സ്വീകരിച്ചു. 1962-64 ൽ ടി.ടി.സി. പാസ്സായി.

സത്യദീപം, മേരിവിജയം, മാതൃഭൂമി വാരിക മുതലായ ആനുകാലികങ്ങളുടെയും ക്രൈസ്തവഗ്രന്ഥങ്ങളുടെയും വായനയിലൂടെ ബാല്യം മുതലേ വളർന്നുവന്ന ഇമ്മട്ടിയുടെ സാഹിത്യാഭിരുചി 1965 മുതൽ വിലപ്പെട്ട ചില ലേഖനങ്ങളിലൂടെ പുറത്തുവന്നു. സി.എൽ.സി. തുടങ്ങിയ ഭക്തസംഘടനകളിൽ ഭാരവാഹിയായി പ്രവർത്തിച്ചുവന്ന കാലത്ത് പ്രസംഗ മത്സരങ്ങളിൽ അതിരൂപതാതലത്തിൽ പുരസ്കാരങ്ങൾ പലതവണ നേടി. ലേഖനമത്സരങ്ങളിൽ ഒന്നാം സ്ഥാനത്തെത്തിയിരുന്ന ഇമ്മട്ടി ഒരു കയ്യെഴുത്തു മാസികയുടെ എഡിററർ ആയിട്ടാണ് സാഹിത്യ സേവനം ആരംഭിച്ചത്. അക്കാലത്ത് ഒല്ലൂർ ഫൊറോനപ്പള്ളിയിലെ ലൈബ്രേറിയനായി സേവനം ചെയ്തത് അദ്ദേഹത്തിന് പരന്ന വായനക്ക് സൗകര്യമൊരുക്കി.

1965 ൽ ടൈം വാരികയിൽ വന്ന ഒരു വാർത്തയെ കേന്ദ്രമാക്കിയായിരുന്നു ജോർജ്ജ് ഇമ്മട്ടിയുടെ പ്രശസ്തമായ ആദ്യ ലേഖനം. മാർക്സിസ്റ്റുകാരെ കണ്ടാൽ കത്തോലിക്കർ ഭയപ്പെടുകയും അവരെ വെറുക്കുകയും ചെയ്തിരുന്ന ആ കാലത്ത് സമൂഹനന്മയെ ലക്ഷ്യമാക്കി അവരുമായി ചേർന്ന് പ്രവർത്തിക്കാമെന്ന് സന്ദേശം നൽകുന്നതായിരുന്നു ആ ലേഖനം. 'അരിവാളും കുരിശും' എന്നായിരുന്നു മേരിവിജയത്തിൽ വന്ന ആ ലേഖനത്തിന്റെ പേര്. അത് 1965 ആഗസ്റ്റ് 1 ന് പുറത്തുവന്നു. ആഗസ്റ്റ് 4 ന് കമ്മ്യൂണിസ്റ്റ്

www.malankaralibrary.com

വിരുദ്ധമുന്നണിയുടെ പത്രമായിരുന്ന 'തൊഴിലാളി'യിൽ അത് കേരളത്തിലെ 'കൂപമണ്ഡൂകങ്ങളറിയുവാൻ' എന്ന വലിയ തലക്കെട്ടോടെ ഫാദർ വടക്കൻ വീണ്ടും പ്രസിദ്ധീകരിച്ചു. വൈകാതെ 'ജഗൽസാക്ഷി' എന്ന കമ്മ്യൂണിസ്റ്റ് പത്രവും 'അരിവാളും കുരിശും' എന്ന അതേ പേരിൽ ലേഖനം പുനഃപ്രകാശനം ചെയ്തു. ക്രിസ്ത്യാനികളുടെ രാഷ്ട്രീയ കാഴ്ചപ്പാടിൽ വലിയ മാററമുണ്ടാക്കിയ ലേഖനങ്ങളിലൊന്നായിരുന്നു അത്. പിന്നീട് വിവിധ വിഷയങ്ങളെപ്പററി ഇമ്മട്ടിയുടെ പല ലേഖനങ്ങളും പ്രസിദ്ധീകൃതമായി. ബാംഗ്ലൂരിൽ 'കഥാലോക്' പബ്ലിക്കേഷൻസിന്റെ സാരഥിയായി പ്രവർത്തിക്കുന്ന ജെ.കവാലാണ് സാഹിത്യ രചനയിൽ അന്ന് ഇമ്മട്ടിയെ നയിച്ചുകൊണ്ടിരുന്നത്.

1956 ൽ 15 വയസ്സുള്ളപ്പോഴാണ് ശ്രീ ഇമ്മട്ടിയുടെ സാഹിത്യസേവനം ആരംഭിച്ചതെന്ന് പറയാം. ഒല്ലൂരിൽ നിന്നിറങ്ങുന്ന 'കേരളവാണി' മാസികയിൽ ഒരു ഗദ്യകവിത എഴുതിയായിരുന്നു തുടക്കം. 'മേരി വിജയം' മാസികയുടെ പത്രാധിപരായിരുന്ന ഫാദർ ജേക്കബ്ബ് ചെമ്മണ്ണൂർ 1967 മെയ് മാസത്തിൽ മേരിവിജയം മാസികയുടെ പത്രാധിപസമിതി അംഗമായി ശ്രീ ജോർജ്ജ് ഇമ്മട്ടിയെ തെരഞ്ഞെടുത്തു. പിൽക്കാലത്ത് സെന്റ് പോൾ ബുക്ക് സെന്റർ, എച്ച്.ആൻഡ്.സി. പബ്ലിക്കേഷൻസ് എന്നീ പുസ്തക പ്രസിദ്ധീകരണ സ്ഥാപനങ്ങളുടെ എഡിററർ ആയി ജോലി നോക്കി.

1973 ൽ ഒല്ലൂർ ഇടവകയിൽ നിന്ന് പ്രസിദ്ധീകരിച്ച 'നാദം' മാസികയുടെ ചീഫ് എഡിറററായി. ഏതാനും യുവ സാഹിത്യകാരന്മാർക്ക് രചനാ രംഗത്ത് പ്രോത്സാഹനവും മാർഗദർശനവും നൽകുന്നതിന് അന്നദ്ദേഹത്തിന് സാധിച്ചു.

അതിനിടക്ക് 1970 ജനുവരി 19 ന് തൃശ്ശൂർ സെന്റ് ജോസഫ് കോൺവെന്റ് സ്കൂളിലെ അദ്ധ്യാപികയായിരുന്ന അന്നാകത്രീനയെ അദ്ദേഹം വിവാഹം ചെയ്തു. സാഹിത്യരചനയിൽ അവരുടെ സഹകരണം ഇമ്മട്ടിക്ക് കരുത്ത് പകർന്നു.

അക്കാലത്ത് തൃശ്ശൂർ രൂപതയിൽ ദമ്പതികൾക്ക് വിവാഹ ജീവിത പരിശീലനം നൽകാൻ തുടങ്ങിയ ഫാമിലി അപ്പസ്റ്റോലേററ് പ്രവർത്തനത്തിൽ സജീവമായി പങ്കുചേർന്നു. 'മക്കളെ വളർത്തുന്ന രീതി', 'കുടുംബത്തിലെ സാമ്പത്തിക സംവിധാനം' എന്നീ വിഷയങ്ങളെപ്പററി ഇമ്മട്ടി അവർക്ക് ക്ലാസ്സുകൾ എടുത്തു.

കെ.സി.എസ്.എൽ. എന്ന കത്തോലിക്ക സംഘടനയിലെ വിദ്യാർത്ഥികൾക്കുവേണ്ടി നിരവധി പ്രസംഗങ്ങളും ക്ലാസ്സുകളും നടത്തുകയുണ്ടായി. 1984 ൽ കെ.സി.എസ്.എൽ. മാസികയായിരുന്ന 'ബൊക്കെ'യിൽ എഡിറററായിരുന്നു. 'മേരിവിജയം' ബാലരംഗം കൈകാര്യം ചെയ്യുന്ന ആദ്യത്തെ 'കൊച്ചേട്ട'നായിരുന്നു ഇമ്മട്ടി. അങ്ങനെ സാഹിത്യരചനയിൽ നിരവധി കുട്ടികൾക്ക് വഴികാട്ടിയായി. സെമിനാരികളിൽ പ്രസംഗങ്ങൾ

www.malankaralibrary.com

നടത്തി വൈദിക വിദ്യാർത്ഥികളിൽ അദ്ദേഹം സാഹിത്യത്തിൽ അഭിനിവേശം സൃഷ്ടിച്ചുവരുന്നു. യുവാക്കളുടെ വ്യക്തിത്വവികസനത്തിനുതകുന്നവയുമാണ് ഇമ്മട്ടിയുടെ പ്രഭാഷണങ്ങൾ.

ഭാരതത്തിന്റെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി 1996 ൽ ജനകീയ പദ്ധതികൾ ആസൂത്രണം ചെയ്തപ്പോൾ ഒല്ലൂർ പഞ്ചായത്തിന്റെ വികസന രൂപരേഖ തയ്യാറാക്കുന്നതിൽ ഇമ്മട്ടിയുടെ സേവനം ശ്ലാഘനീയമായിരുന്നു. ചീരാച്ചി സഹകരണബാങ്ക്, ഒല്ലൂർ സാധുസംരക്ഷണസംഘം എന്നിവയുടെ ഡയറക്ടറായി സാമ്പത്തിക സാമൂഹ്യ രംഗങ്ങളിലും ഇമ്മട്ടി സേവനമനുഷ്ഠിച്ചിട്ടുണ്ട്. വിൻസെന്റ് ഡി പോൾ സംഘടനയിലും പ്രവർത്തിച്ചിരുന്നു.

1976 ൽ 'യുവപ്രതിഭ' എന്ന സംഘടനയുടെ പ്രസിഡണ്ടായിരുന്നു. ആകാശവാണിയുടെ തൃശ്ശൂർ നിലയത്തിലൂടെ നാടകങ്ങൾ അവതരിപ്പിക്കാൻ നല്ലൊരു അമേച്വർ നടൻ കൂടിയായ ഇമ്മട്ടിക്ക് അതുവഴി അവസരമുണ്ടായി. 'സഹൃദയവേദി' യുടെ കമ്മിററി മെമ്പറായി വളരെ കൊല്ലങ്ങൾ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1973 ൽ സ്വയം ഡിഗ്രി പഠനം ആരംഭിക്കുകയും കോഴ്സ് പൂർത്തിയാക്കുകയും ചെയ്തു. തുടർന്ന് കിട്ടാവുന്നിടത്തോളം ഭാഷാശാസ്ത്ര ഗ്രന്ഥങ്ങളും വ്യാകരണഗ്രന്ഥങ്ങളും ശേഖരിച്ച് വിപുലമായ ഒരു റഫറൻസ് ലൈബ്രറി അദ്ദേഹം സ്വന്തം വസതിയിൽ സജ്ജീകരിച്ചു. വിദ്യാർത്ഥികൾ ഉപയോഗിച്ചുവന്ന എച്ച്.ആന്റ്.സി ഗൈഡുകൾക്ക് ഉന്നതമായ ഒരു നിലവാരം ഉണ്ടാക്കാൻ അനേകം വർഷങ്ങൾ അദ്ദേഹം നേടിയ അറിവുകൾ ഉപകാരപ്രദമായി. 'മലയാള മനോരമ'യും 'ഭാഷാപോഷിണി'യും അദ്ദേഹത്തിന്റെ ഭാഷാചിന്തകൾക്ക് പ്രകാശനം നൽകുകയുണ്ടായിട്ടുണ്ട്.

സേവനം ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾക്കെതിരെ സർക്കാരുകൾ വാളോങ്ങിയപ്പോൾ തെരുവു യോഗങ്ങൾ സംഘടിപ്പിച്ച് അനേകം പ്രതിഷേധ പ്രസംഗങ്ങൾ അദ്ദേഹം നടത്തി. അതിൽ അമർഷം പൂണ്ട് രാഷ്ട്രീയക്കാർ അദ്ദേഹത്തെ സ്ക്കൂളിൽ നിന്നും മടങ്ങുമ്പോൾ തടഞ്ഞുനിർത്തി ആക്രമിക്കാനൊരുങ്ങിയ ഒരു സംഭവവും ഉണ്ടായിട്ടുണ്ട്.

1989 ലാണ് ജോർജ് ഇമ്മട്ടിയുടെ ആദ്യഗ്രന്ഥം പുറത്തുവരുന്നത്. സെന്റ് പോൾ പബ്ലിക്കേഷൻസിന്റെ മലയാളത്തിലെ ആദ്യപുസ്തകങ്ങളിലൊന്നായിരുന്നു അത്. പിന്നീട് സെന്റ് പോൾ ബുക്ക് സെന്റർ 1990 ൽ എറണാകുളത്ത് പ്രൊഫ. മാത്യു ഉലകംതറയുടെ നേതൃത്വത്തിൽ എഡിറ്റോറിയൽ ബോർഡ് ഉണ്ടാക്കിയപ്പോൾ അതിലേക്ക് ജോർജ്ജ് ഇമ്മട്ടി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. ധാരാളം നല്ല ഗ്രന്ഥങ്ങൾ എഡിററ് ചെയ്യാൻ അദ്ദേഹത്തിന് അവിടെ അവസരമുണ്ടായി.

കുട്ടികൾക്ക്വേണ്ടി "101 ഈസോപ്പു കഥകൾ" രചിച്ചുകൊണ്ടാണ്

www.malankaralibrary.com

ഇമ്മട്ടി മാസ്റ്റർ ബാലസാഹിത്യരംഗത്തേയ്ക്ക് കാലെടുത്ത് വെക്കുന്നത്. 1991 ൽ ഇമ്മട്ടി പുനസൃഷ്ടി നിർവ്വഹിച്ച "തെന്നാലിരാമൻ" കഥകൾ എന്ന കൃതി തൃശ്ശൂർ H&C പബ്ലിഷിംഗ് ഹൗസ് വഴി വായിക്കാനറിയാവുന്ന മിക്ക മലയാളികളുടേയും കൈയിലെത്തി. ലക്ഷക്കണക്കിന് കോപ്പികൾ വിററ ഴിഞ്ഞ ആ പുസ്തകത്തിന് ലഭിച്ച സ്വീകരണം ഇമ്മട്ടി മാഷുടെ സാഹിത്യ ജീവിതത്തിൽ ഒരു വഴിത്തിരിവായി.

പ്രശസ്ത കവി കുഞ്ഞുണ്ണിമാഷുടെ "കുറുങ്കവിതകൾ" ഉൾപ്പെടെ പല കൃതികൾക്കും അവതാരിക എഴുതുകയും സി.എൽ. ജോസിന്റെ നാടകങ്ങളുൾപ്പെടെ ഒട്ടനേകം പുസ്തകങ്ങൾക്ക് നിരൂപണങ്ങളെഴുതുകയും ചെയ്ത് ഉത്തമ സാഹിത്യത്തിന്റെ പ്രചാരണത്തിന് സംഭാവനകൾ നൽ കിവരുന്നു. എച്ച് ആൻഡ് സി പബ്ലിക്കേഷന്റെ എഡിററർ എന്ന നിലയിൽ നല്ല ഗ്രന്ഥങ്ങൾക്കും ഗ്രന്ഥകർത്താക്കൾക്കും പ്രോത്സാഹനം നൽകാനും സാഹിത്യത്തിലെ ദുഷ്പ്രവണതകൾക്ക് തടയിടാനും ശ്രീ ഇമ്മട്ടിക്ക് സാധിക്കുന്നുണ്ട്.

1992 ൽ ഹെഡ്മാസ്റ്ററായെങ്കിലും രണ്ടുവർഷമേ ആ സ്ഥാനത്ത് സേവനം ചെയ്യുകയുണ്ടായുള്ളു. ആരോഗ്യപ്രശ്നങ്ങൾ മൂലം 1995-ൽ വോളണ്ടറി പെൻഷൻ വാങ്ങി മുഴുവൻ സമയ സാഹിത്യപ്രവർത്തകനായി മാറി. ഇതിനകം നിരന്തരമായ തപസ്യയിലൂടെ നാൽപതോളം കൃതികൾ രചിച്ചു കഴിഞ്ഞു. അതിലേറെ ശ്രദ്ധേയമായ സംഗതി മയ്യനാട് ജോൺ രചിച്ച 'ക്രിസ്തുദേവാനുകരണം'എന്ന കൃതിയെ പ്രാചീന ശൈലിയിൽ നിന്ന് മാററി ലളിതമായി ഭാഷാന്തരപ്പെടുത്തിയതും ഇംഗ്ലീഷിൽ നിന്ന് "ബൈബിൾ കഥകൾ"തർജ്ജമ ചെയ്തതും കാൻസറിന്റെ ആരംഭത്തിൽ അസ്വാസ്ഥ്യം മൂലം ഉറക്കമില്ലാതായ രാത്രികളിലായിരുന്നു എന്നതാണ്.

സംസ്ഥാനബാലസാഹിത്യ ഇൻസ്റ്റിററ്യൂട്ട്, ബെററർ യുവേഴ്സെൽഫ് ബുക്സ്, പ്രഭാത് ബുക്സ്, ഡിവൈൻ പബ്ലിക്കേഷൻസ്, തൃശ്ശൂർ അതിരൂപതാമതബോധനകേന്ദ്രം, H&C പബ്ലിഷിംഗ് ഹൗസ് തുടങ്ങി വിവിധ പ്രസാധകർ ശ്രീ ഇമ്മട്ടിയുടെ കൃതികൾ പ്രസിദ്ധീകരിച്ച് വില്പന വിജയം കൈവരിച്ചിട്ടുണ്ട്. അതിനാൽ പ്രസാധകരുടെ ചിലവിലാണ് അദ്ദേഹത്തിന്റെ കൃതികളെല്ലാം പുറത്തിറങ്ങുന്നത്.

എല്ലാവരും ഇഷ്ടപ്പെടുന്ന ലളിത മധുരമായ 'ഇമ്മട്ടി ശൈലി' തെരഞ്ഞെടുത്ത പുരാണകഥകളുടെ അവതാരികയിൽ സാഹിത്യ അക്കാദമി മെമ്പറായ ഡോ. കെ.കെ. രാഹുലന്റെ പ്രശംസക്ക് വിഷയമായതാണ്. അക്കാദമി സെക്രട്ടറി ഡോക്ടർ പി.വി. കൃഷ്ണൻ നായർ "വ്രത വിശുദ്ധിയോടെ ബാലസാഹിത്യത്തിൽ മുഴുകിക്കഴിയുന്ന എഴുത്തുകാര"നെന്നും ഇന്ത്യയിലെതന്നെ പ്രശസ്ത നിരൂപകയായ ഡോ. എം. ലീലാവതി "കുട്ടികളെ കഥകളുടെ കാണാച്ചരടുകളിൽ കെട്ടിയിടുന്ന ബാലസാഹിത്യ കാര"നെന്നും ശ്രീ ഇമ്മട്ടിയെ വിശേഷിപ്പിക്കുന്നു.

www.malankaralibrary.com

1996 ൽ 'മേരിവിജയം' ബാലസാഹിത്യ പുരസ്ക്കാരവും അതേ വർഷം തന്നെ എ.കെ.സി.സി. സാഹിത്യ പുരസ്ക്കാരവും ശ്രീ ഇമ്മട്ടിക്ക് നൽകപ്പെടുകയുണ്ടായി. മികച്ച സാഹിത്യസേവനത്തിനുള്ള തൃശ്ശൂർ അതിരൂപതാപുരസ്ക്കാരം 2001 ലും ലഭിച്ചു.

ഇമ്മട്ടിയെസംബന്ധിച്ച് ഒരു ഡോക്യുമെന്ററി ഫിലിം 'ശാലോം ടി.വി.'ക്ക് വേണ്ടി 2005 ഏപ്രിൽ 23 ന് ഷൂട്ട് ചെയ്ത് പ്രദർശനത്തിന് തയ്യാറാക്കിയിട്ടുണ്ട്. ഇന്ത്യൻ എക്സ്പ്രസ് ഗ്രൂപ്പിന്റെ "മലയാളം" വാരിക, "സത്യദീപം"ആഴ്ചപ്പതിപ്പ്, "സൺഡേശാലോം" തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ പ്രത്യേക കോളങ്ങളിലൂടെ ശ്രീ ഇമ്മട്ടിയുടെ ജീവിത ചിന്തകൾക്ക് പ്രകാശനം നൽകിയിട്ടുണ്ട്.

"തെന്നാലിരാമൻ" കഥകൾ എന്ന അദ്ദേഹത്തിന്റെ രചന ഇംഗ്ലീഷിലും വില്പന വിജയം നേടിയതിനാൽ അതിന്റെ ജർമ്മൻ വിവർത്തനം പ്രസിദ്ധീകരണത്തിന് തയ്യാറായിരിക്കയാണ്. 2005 ൽ സിംഗപ്പൂർ സന്ദർശനം നടത്തിയ ശ്രീ ഇമ്മട്ടി ഒരു യാത്രാ വിവരണം രചിക്കാനുള്ള ശ്രമത്തിലാണ്.

പ്രതിസന്ധികളിൽ തളരാതെ ദൈവത്തിൽ ആശ്രയിച്ച് നിരന്തരം നല്ലതെന്തെങ്കിലും ചെയ്യുന്നവർക്ക് അത്ഭുതകരമായ നേട്ടങ്ങൾ കൈവരിക്കാമെന്ന് ജോർജ്ജ് ഇമ്മട്ടി തന്റെ ജീവിതംകൊണ്ട് തെളിയിക്കുകയാണ്. രോഗത്തിന്റെ പിടിയിലകപ്പെട്ട അദ്ദേഹം അതിനെ ഒരു പഴങ്കഥയാക്കി മാററി, പന്ത്രണ്ട് കൊല്ലംകൊണ്ട് രണ്ട് ഡസനിലേറെ ഗ്രന്ഥങ്ങൾ രചിച്ചു കഴിഞ്ഞു ആ തപസ്യ തുടരുന്നു.

*ഇമ്മട്ടിയുടെ പ്രധാനകൃതികൾ താഴെപ്പറയുന്നവയാണ്.*

കുടുംബജീവിതചിന്തകൾ, 101 ഈസോപ്പ് കഥകൾ, എന്ത് എങ്ങനെ എന്തുകൊണ്ട്, തെന്നാലിരാമൻ കഥകൾ, ഗ്രീക്കുപുരാണകഥകൾ, പഞ്ചതന്ത്രകഥകൾ, മോഡേൺ ക്വിസ്സ്, 201 ഒററമൂലികൾ, രസകരമായ ഉദ്ധരണികൾ, ബീർബൽ കഥകൾ, ബൈബിൾകഥകൾ (വിവർത്തനം), മലയാള പരീക്ഷ സഹായി, പ്രശസ്തശാസ്ത്രജ്ഞന്മാരുടെ കഥകൾ, വിദ്യാലയജീവിതം വിജയകരമാക്കാൻ, 101 ബൈബിൾ കഥകൾ, ഹനുമാന്റെ വിജയകഥകൾ, വേലുവും മാലുവും, കുട്ടികൾക്ക് ബൈബിൾ കഥകൾ, നമ്മുടെ കുട്ടികൾ നന്നാവണമെങ്കിൽ, സ്വാതന്ത്ര്യജൂബിലി പിന്നിട്ട ഇന്ത്യ, Stories of Tenali Raman, ജീൻവാൽജിൻ, മരിയ ഗോരേററി, ഡൊമിനിക്ക് സാവിയോ, ലിയർ രാജാവ്, 111 ബാലകഥകൾ, പഴയ നിയമ നേതാക്കൾ, കുട്ടികൾക്ക് കേരള ചരിത്രം, കുട്ടികൾക്ക് ലഘുവിജ്ഞാനകോശം, നാറാണത്ത് ഭ്രാന്തൻ, അത്ഭുതപ്രതിഭകളായ ഗണിതശാസ്ത്രജ്ഞർ, ലൈംഗിക വിജ്ഞാനം കുട്ടികൾക്ക്, തെരഞ്ഞെടുത്ത പുരാണകഥകൾ, ശ്ലീഹന്മാരുടെ കഥകൾ, 210 ഗണിത ശാസ്ത്രജ്ഞർ, വ്യക്തിത്വവികസനം കുട്ടികൾക്ക്, കഥാവർഷം എന്നിവയാണ്

വിലാസം - ജോർജ്ജ് ഇമ്മട്ടി, ശാന്തിനഗർ, ഒല്ലൂർ 680306

www.malankaralibrary.com

# 291



# ഫാ. മാത്യു വടക്കേമുറിയിൽ

ഭാരതം ഒരു കാർഷിക രാജ്യമാണ്. 85% ജനങ്ങളും കർഷകരാണ്. നാണ്യവിളകളുടെ വില തകർച്ചയും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനയും കർഷകരുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുന്നു. കാർഷിക മേഖലയിലെ സാമ്പത്തിക തകർച്ച ആത്മഹത്യയിലേക്ക് നയിക്കുന്നു. എന്നിട്ടും ഈ പ്രശ്നങ്ങളെപ്പറ്റി പഠിക്കാനും ചിന്തിക്കുവാനും സർക്കാരോ സാമൂഹ്യ സംഘടനകളോ തയ്യാറായിട്ടില്ല. ആ രംഗത്ത് കർഷക താല്പര്യ സംരക്ഷണത്തിനായി പരിശ്രമിച്ച ഒരു വ്യക്തിയാണ് ഫാ. മാത്യു വടക്കേമുറിയിൽ.

കർഷകർ ഉല്പാദിപ്പിക്കുന്ന നാണ്യവിളകൾക്ക് ന്യായമായ വില ഇന്നു ലഭിക്കുന്നില്ല. ഇടനിലക്കാരും വൻകിട വ്യവസായികളും അവരെ ചൂഷണം ചെയ്യുകയാണ്. കർഷകരുടെ ഉല്പന്നങ്ങൾ വേണ്ട വിധത്തിൽ സംസ്ക്കരിച്ച് ന്യായവില ലഭിക്കുന്നതിനു വേണ്ടി സഹകരണ സംഘങ്ങളും ചെറുകിട വ്യവസായ യൂണിറ്റുകളും ആരംഭിച്ച് കർഷകരെ സഹായിക്കുവാൻ ശ്രമിച്ച ക്രാന്തദർശിയായ ഒരു കർഷക മിത്രമാണ് ഫാ. മാത്യു വടക്കേമുറിയിൽ

ഭാരതത്തിൽ വശിഷ്യാ കേരളത്തിൽ തൊഴിലില്ലായ്മ വർദ്ധിക്കുകയാണ്. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും തൊഴിൽ പരിശീലനം നൽകുവാനും ആരും പരിശ്രമിക്കുന്നില്ല. ഇതിനൊരു പരിഹാരം കാണാൻ വ്യക്തമായ കർമ്മ പരിപാടികളുമായി ഇറങ്ങി തിരിച്ച ഒരു വൈദികനാണ് ഫാ. മാത്യു വടക്കേമുറിയിൽ.

ഒരു രാജ്യത്തിന്റെ വികസനത്തിൽ നിർണ്ണായകമായ ഘടകമാണ് യാത്രാ സൗകര്യം. വേണ്ടത്ര റോഡുകളും പാലങ്ങളും ഇന്നില്ല എല്ലാറ്റിനും സർക്കാരിനെ ആശ്രയിക്കുന്ന ഒരു സമീപനമാണ് എല്ലാവരും നല്കിയിരിക്കുന്നത്. അതിനൊരു മാറ്റം വരുത്തുവാനും ജനകീയ സഹകരണത്തിൽ റോഡുകളും പാലങ്ങളും നിർമ്മിച്ച് ഗതാഗത സൗകര്യം വർദ്ധിപ്പിക്കുവാനും ശ്രമിച്ച ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് ഫാ. മാത്യു വടക്കേമുറിയിൽ.

ഫാ. വടക്കേമുറിയുടെ പ്രവർത്തനങ്ങൾ രാഷ്ട്രത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചു കൊണ്ടുള്ളതാണ്. എല്ലാവിധത്തിലും അതിനെ സഹായിക്കുവാൻ കടപ്പെട്ട സർക്കാരും രാഷ്ട്രീയ പാർട്ടികളും അതിന് തയ്യാറാകാതെ അദ്ദേഹത്തെ കഷ്ടപ്പെടുത്തുവാനും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുവാനുമാണ് ശ്രമിക്കുന്നത്. ജനങ്ങളുടെ പിന്തുണ തങ്ങൾക്ക് കുറഞ്ഞു പോകുമെന്ന ഭയമാണ് അങ്ങനെ ചെയ്യാൻ അവരെ

www.malankaralibrary.com

പ്രേരിപ്പിക്കുന്നത്. കൂടുതൽ നന്മ ചെയ്യുന്നവരെ പ്രോത്സാഹിപ്പിച്ചാൽ ജനങ്ങളുടെ പിന്തുണ തങ്ങൾക്കുണ്ടാകുമെന്ന വസ്തുത അവർ മനസ്സിലാക്കുന്നില്ല. അതു കൊണ്ടവർ നിഷേധാത്മക നയം സ്വീകരിക്കുന്നു. കേരളത്തിന്റെ സാമൂഹ്യ പ്രവർത്തന രംഗത്ത് അത്ഭുതം സൃഷ്ടിച്ച ഫാ. മാത്യു, വടക്കേമുറിയിൽ കുടുംബത്തിൽ ജോസഫ് മറിയം ദമ്പതികളുടെ മകനായി 1941 ആഗസ്റ്റ് 15 ന് ജനിച്ചു.

കാഞ്ഞിരപ്പള്ളി ഗവൺമെന്റ് ഹൈസ്കൂളിൽ 1957 ൽ എസ്.എസ്.എൽ.സി. പാസ്സായ മാത്യു പാലാ സെന്റ്. തോമസ് കോളേജിൽ ചേർന്ന് പ്രീയൂണിവേഴ്സിറ്റി പരീക്ഷ പാസ്സായി. തുടർന്ന് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. ആലുവാ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ വൈദിക പഠനം പൂർത്തിയാക്കി. 1964 –ൽ B.Ph(Bachelor of Philosaphy) ഡിഗ്രിയെടുത്തു. 1967 ഡിസംബറിൽ വൈദികനായി അഭിഷിക്തനായി. ഇംഗ്ലീഷ്, മലയാളം, തമിഴ്, ഹിന്ദി ഭാഷകൾ നന്നായി അറിയാം.

വൈദികനെന്ന നിലയിൽ ആദ്യം ചങ്ങനാശ്ശേരി രൂപതയിലെ ആർപ്പുക്കര സെന്റ് സേവ്യേഴ്സ് പള്ളിയിൽ ജോലി ചെയ്തു. അതിനു ശേഷം 1973–77 കാലത്ത് ചങ്ങനാശ്ശേരി അതിരൂപതയിലെ സോഷ്യൽ സർവ്വീസ് ഡയറക്ടറായും ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സെക്രട്ടറിയായും പ്രവർത്തിച്ചു.

1977–2001 കാലത്ത് കാഞ്ഞിരപ്പള്ളി രൂപതയുടെ സാമൂഹ്യ സേവന പ്രസ്ഥാനമായ മലനാട് ഡവലെപ്മെന്റ് സൊസൈറ്റിയുടെ സെക്രട്ടറിയും ട്രഷററും ആയി പ്രവർത്തിച്ചു. 1993 മുതൽ കാഞ്ഞിരപ്പള്ളി പാറത്തോട്ട് ആസ്ഥാനമായ സസ്റ്റൈനബിൾ ഏജൻസിയുടെ (SDA) സ്ഥാപക ചെയർമാൻ എന്ന നിലയിൽ പ്രവർത്തിക്കുന്നു. 2003–ാമാണ്ടു മുതൽ ഇന്ത്യ ഫാർമേഴ്സ് മൂവ്മെന്റ്(ഇൻഫാം) ന്റെ ചെയർമാനാണദ്ദേഹം. മലനാട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ സെക്രട്ടറിയായിരുന്ന കാലത്ത് അതോടനുബന്ധിച്ച് പല പ്രസ്ഥാനങ്ങൾക്കും രൂപം കൊടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. തേൻ ഉല്പാദിപ്പിച്ചു സംസ്കരിച്ചു വിൽക്കുന്ന മലനാട് ഹണി ഹൗസാണ് അതിൽ ഒന്ന്. വീടുകളിൽ ഇരുന്ന് സിൽക്ക് നൂൽ ഉല്പാദിപ്പിക്കാനുള്ള ഇന്റഗ്രേറ്റഡ് ഹോം ബേസ്ഡ് സിൽക്ക് റീമിംഗ് ആണ് മറ്റൊരു പ്രസ്ഥാനം. കൈത്തറി സിൽക്ക് സാരി നെയ്ത്ത്(സിൽക്ക് വീവിംഗ്) വേപ്പെണ്ണ ഉപയോഗിച്ച് പരിസ്ഥിതി സൗഹൃദ സോപ്പു നിർമ്മാണം, വാഷിംഗ് സോപ്പ് മാനഫാക്ചറിങ്, യന്ത്ര സഹായത്താൽ തേങ്ങയും എണ്ണയും ആട്ടി എടുക്കുന്ന പദ്ധതി, തീപ്പെട്ടി നിർമ്മാണം (പാറത്തോട്ട് എം.ഡി.എസ്സ്. എന്ന കേന്ദ്രത്തിനു സമീപമുള്ള രണ്ടു ചെറിയ തീപ്പെട്ടി നിർമ്മാണ ഫാക്ടറികൾ) പിച്ചള ചെയിൻ നിർമ്മാണ യൂണിറ്റ് (45 സ്ത്രീകൾക്ക് ഈ പദ്ധതി മുഖാന്തരം തൊഴിൽ നൽകാൻ സാധിച്ചു). നിലവാരമുള്ള വൃക്ഷ തൈകൾ തയ്യാറാക്കി വിൽക്കുന്ന

www.malankaralibrary.com

കാർഷിക നേഴ്സറി തുടങ്ങിയവ ഫാ. മാത്യു വടക്കേമുറിയിൽ സ്ഥാപിച്ച പ്രസ്ഥാനങ്ങളാണ്.

മലനാട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് ഫാ. വടക്കേമുറി നേതൃത്വം നൽകുകയുണ്ടായി.

(1) ശിശു വികസന പ്രവർത്തനങ്ങൾ. 65 നഴ്സറി സ്കൂളുകൾ സ്ഥാപിച്ചു. ആ നഴ്സറി സ്കൂളുകളിൽ കുഞ്ഞുങ്ങൾക്ക് Child friendly ആയ പരിശീലനം നൽകുന്നു. (2) കൃഷി വികസനം. സുഗന്ധ വിളകൾ, റബ്ബർ, പച്ചക്കറികൾ ഇവയുടെ കൃഷിക്കു പ്രോത്സാഹനം നൽകൽ. (3) വെറ്ററിനറി ജീവനക്കാരുടെ സഹായത്തോടെ ജന്തു സംരക്ഷണ പരിശീലനം. (4) പരിസ്ഥിതി വിദ്യാഭ്യാസം. പരിസ്ഥിതി സൗഹൃദം ആധാരമാക്കി വിദ്യാർത്ഥികൾ, യുവാക്കൾ, കർഷകർ എന്നിവർക്ക് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകൽ. (5) മഴ വെള്ള സംഭരണം. ഇതിനു വേണ്ടി ഫെറോസിമിന്റ് ടെക്നോളജി പ്രചരിപ്പിച്ചു. (6) ഒരു ആരോഗ്യ സംരക്ഷണം എന്ന നിലയിൽ ന്യൂറോപ്പതി പ്രചരണം. (7) എൻ.പി. ബയോഗ്യാസു ചൂളയും. 1980 ൽ ആരംഭിച്ച ഈ പദ്ധതിയനുസരിച്ച് 56000 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു. അതിന്റെ ഫലമായി ഇന്ത്യയിൽത്തന്നെ എം.ഡി.എസ്. ബയോഗ്യാസ് പ്രവർത്തനത്തിൽ ഒന്നാമതായി. (8) തേനീച്ച വളർത്തൽ – മലനാട് ബീ കീപ്പേഴ്സ് ഫെഡറേഷന്റ കീഴിൽ തേനീച്ച കർഷകരെ സംഘടിപ്പിച്ച് തേൻ ശേഖരണം ശുദ്ധീകരണം വിപണനം എന്നീ മേഖലകളിൽ മുന്നേറി. (9) ഭവന നിർമ്മാണവും ഗ്രാമ ശുചീകരണവും : ഇന്ത്യ ഗവൺമെന്റിന്റെ ഇന്ദിരാ ആവാസ യോജനയുമായി സഹകരിച്ച് 4000 വീടുകളുടെ നിർമ്മാണത്തിനു സഹായിച്ചു. (10) ഗ്രാമീണ സഹകരണ സംഘങ്ങൾ : PRIAS, MRILL, മലനാട് ഹാൻഡി ക്രാഫ്റ്റ്സ്, WIEMENS മലനാട് ആയുർവേദ ഔഷധ നിർമ്മാണ സഹകരണ സംഘങ്ങൾ എന്നിവയും സംഘടിപ്പിച്ചു. (11) ജനസഹകരണ പദ്ധതികൾ : കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകൾ സംഗമിക്കുന്ന പമ്പാവാലിയിൽ ജനങ്ങളെ സംഘടിപ്പിച്ച് 12 കി.മീറ്റർ ദൈർഘ്യമുള്ള പാമ്പാ ലിങ്ക് റോഡിന്റെ നിർമ്മാണം നടത്തി. മൂന്നു പാലങ്ങളും 41 കലുങ്കുകളും ഉള്ളതാണ് ഈ റോഡ്. മുഴുവൻ റബ്ബറൈസ് ചെയ്തിട്ടുള്ള ഈ റോഡ് ആ വിധത്തിലുള്ള ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ റോഡാണ്. ഈ റോഡു മൂലം ശബരിമലയിലേക്കുള്ള ദൂരം 41 കിലോ മീറ്റർ കുറഞ്ഞു. അതു മൂലം ഒരു വർഷം കുറഞ്ഞത് 2 കോടി രൂപയുടെ പെട്രോളിയം നാടിന് ലാഭമുണ്ട്. (12) മലനാട് മിൽക്ക് പ്രോജക്ട് : 12000 ചെറുകിട ക്ഷീര കർഷകരെ സംഘടിപ്പിച്ച് ക്ഷീര സംഘങ്ങളുണ്ടാക്കി. അവരിൽ നിന്ന് പാൽ ശേഖരിക്കുന്നു. ഇവയെ പാറത്തോട്ടിലും അണക്കരയിലും ഉള്ളചില്ലിംഗ് പ്ലാന്റുകളിൽ സംസ്കരിക്കുന്നു. ആ പാൽ കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ വിതരണം ചെയ്യുന്നു. ദിവസം 1000

www.malankaralibrary.com

കിലോഗ്രാം പാൽപ്പൊടി തയ്യാറാക്കുന്ന ഒരു പ്ലാന്റ് പാറത്തോട്ടിൽ സ്ഥാപിക്കുകയും ചെയ്തു. എല്ലാ പാൽ സംഘങ്ങളിലും ഒരു വായ്പാ സംഘം സ്ഥാപിതമായിട്ടുണ്ട്. പാൽ കൊടുക്കുന്നവർ പാൽ വിലയുടെ 10% വീതം അവിടെ നിക്ഷേപിക്കും. (13) ഗവേഷണത്തിനും പരിശീലനത്തിനും വേണ്ടിയുള്ള കേന്ദ്രം : ചെറുകിട പാൽ ഉൽപാദകർ, സാമൂഹ്യ പ്രവർത്തകർ, തുടങ്ങിയവർക്ക് പരിശീലനം നൽകുന്ന സ്ഥാപനമാണിത്.

ഫാ. മാത്യു വടക്കേമുറി വിജ്ഞാന വിതരണ സംവിധാനങ്ങൾക്കും രൂപം നൽകിയിട്ടുണ്ട്. സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി സംയുക്ത പ്രവർത്തനങ്ങളും ഉദ്യമങ്ങളും രൂപപ്പെടുത്തുന്നതിനു വേണ്ടി കർഷകരെ സംഘടിപ്പിക്കുവാൻ അദ്ദേഹം നേതൃത്വം നൽകുന്നു. ഉത്പന്നങ്ങൾ വാങ്ങുക, പാകപ്പെടുത്തുക, വിപണനം ചെയ്യുക എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുക്കന്നെതിനുള്ള കമ്പനികൾ സ്ഥാപിക്കുന്നതിനും അദ്ദേഹം പരിശ്രമിക്കുകയാണ്. വിവിധ കാർഷികോല്പന്നങ്ങൾക്കു വില സ്ഥിരത ഉറപ്പുവരുത്തുകയാണ് ലക്ഷ്യം. ജൈവ കൃഷിയും വിള വൈവിധ്യവും പ്രോത്സാഹിക്കപ്പെടുന്നു. ആലുവായിലെ INDOCERT സെർട്ടിഫിക്കേഷൻ ഏജൻസിയുമായി സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു. കാർഷിക രംഗത്തെ ഏറ്റം നൂതനമായി അറിവുകൾ കർഷകർക്ക് പകർന്ന് കൊടുക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു.

നിരവധി സ്ഥാപനങ്ങൾക്ക് നേതൃത്വം നൽകുന്ന അച്ചൻ പല സംഘടനകളിലും അംഗവുമാണ്. (1) കേരളാ സോഷ്യൽ ഫോറത്തിലെ അംഗം (2) NAVAJEEV ന്റെ സ്ഥാപകാംഗം (3) സസ്ടെയിനമ്പിൾ ഡവലപ്മെന്റ് ഏജൻസിയുടെ ചെയർമാൻ (സയോ ഗ്യാസ് സ്ഥാപന ഏജൻസിയാണിത്) (4) ഇൻഡ്യൻ ഫാർമേഴ്സ് മൂവ്മെന്റ് (ഇൻഫാം) ന്റെ ചെയർമാൻ (5) ഇൻഫാം അഗ്രോമൂവ്മെന്റിന്റെ ഡയറ്കടർ (1952- ലെ ഇന്ത്യൻ കമ്പനീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത കമ്പനിയാണിത്) (6) ഇൻഫാം കേര കോംപ്ലക്സ് പ്രൈവറ്റ് ലിമിറ്റഡ് (കേര കർഷകരുടെ താല്പര്യം ലക്ഷ്യമാക്കിയുള്ളതാണ് ഈ കോംപ്ലക്സ്)-ന്റെ ചെയർമാൻ (7) ഇൻഫാം കുത്തിരി കമ്പിനി ലിമിറ്റിഡന്റെ ചെയർമാൻ (നെൽ കർഷകരുടെ താല്പര്യസംരക്ഷണം ആണ് ഈ കമ്പനിയുടെ ലക്ഷ്യം (8) ഇന്റഗ്രേറ്റഡ് സസ്റ്റൈനബിൾ എനർജി ആൻഡ് എക്കോളജിക്കൽ ഡെവലപ്മെന്റ് അസോസിയേഷൻ (INSEDA) ന്യൂഡൽഹി-യുടെ സ്ഥാപക ചെയർമാൻ എന്നീ നിലകളിൽ അദ്ദേഹം ഇപ്പോൾ പ്രവർത്തിക്കുന്നു.

ഫാ. വടക്കേമുറി സ്ഥാപിക്കുകയും വളർത്തുകയും ചെയ്ത സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

(1) PRIAS റബ്ബർ ഫ്ളോർ മാറ്റുകൾ ഉൽപാദിപ്പിച്ച് ജർമ്മനിയിലേക്ക് കയറ്റി അയക്കുന്നതും മുപ്പതു പേർക്ക് തൊഴിൽ നൽകുന്നതുമായ ഈ സ്ഥാപനം പുഞ്ചവയൽ റബ്ബർ ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ് സൊസൈ

www.malankaralibrary.com

റ്റിയാണ്. (2) 1982 -ൽ ആരംഭിച്ച WIMENS എന്ന സ്ഥാപനം സ്ത്രീകളുടെ ഒരു സഹകരണ സംഘമാണ്. കാർട്ടസ് ക്ലോക്കുകൾ, എലക്ട്രോണിക് ചോക്കുകൾ, എലക്ട്രോണിക് വോൾട്ടേജ് സ്റ്റെബിലൈസറുകൾ എന്നിവയാണ് ഈ സ്ഥാപനത്തിൽ നിർമ്മിക്കുന്നത്. 40 പേർക്ക് തൊഴിൽ നൽകാൻ ഈ സ്ഥാപനത്തിന് സാധിക്കുന്നു. (3) കരകൗശല വസ്തുക്കളും വസ്ത്രങ്ങളും നിർമ്മിക്കുന്ന സ്ത്രീകളുടെ സഹകരണ സംഘമാണ് മലനാട്. (4) കേരളാ കോ-ഓപ്പറേറ്റീവ് സെറികൾച്ചർ ഡവലപ്മെന്റ് പ്രോഗാമിന് കീഴിൽ പ്രവർത്തിക്കുന്ന പട്ടുനൂൽ സഹകരണ സംഘങ്ങൾ. (5) സെറികൾച്ചർ.

ജനകീയ സഹകരണത്തോടെ മാത്രം നിർമ്മിച്ച ഇന്ത്യയിലെ ഏറ്റം വലിയ റബ്ബറൈസഡ് റോഡ് ആണ് കണമല-പ്ലാപ്പള്ളിക്കുള്ളത്. ശബരിമലക്കുള്ള റോഡിന്റെ ദൂരം 41 കിലോമീറ്റർ കുറയ്ക്കാൻ ഈ റോഡ് സഹായിച്ചു. ഫാ. വടക്കേമുറിയുടെ ജനകീയ സഹകരണത്തോടെ നിർമ്മിച്ച ഈ റോഡ് ഇന്ന് ഏറ്റം പ്രധാനപ്പെട്ട റോഡുകളിൽ ഒന്നാണ്. ജനകീയ സഹകരണത്താൽ ഈ റോഡിൽ പമ്പക്കും അഴുതയ്ക്കും പാലങ്ങൾ (കോസ് വേകൾ) നിർമ്മിച്ചു. ഈ രംഗത്തുള്ള ജനങ്ങളുടെ മാതൃക ഇടപെടലുകളായിരുന്നു ഇത്.

അര ഏക്കറിനു മുകളിലുള്ള കർഷകർക്കുമാത്രം റബ്ബർ ബോർഡ് റബ്ബർ കൃഷിക്ക് സബ്സിഡി നൽകിയിരുന്നുള്ളു. ആ നിയമം മാറ്റി 10 സെന്റ് മുതൽ അര ഏക്കർ വരെയുള്ള 3500 കർഷകർക്കുകൂടി അതിന്റെ ഫലം അനുഭവിക്കാൻ ഇടയാകത്തക്ക വിധം സബ്സിഡി നൽകുന്നതിനു വേണ്ടി വടക്കേമുറി പ്രവർത്തിക്കുകയും Rubber to the poor എന്ന പദ്ധതി വിജയിപ്പിക്കുകയും ചെയ്തു. റബ്ബർ ബോർഡിന് R.P.S ഉണ്ടാക്കുവാൻ പ്രേരണ നൽകിയതും അദ്ദേഹമാണ്.

തേനീച്ച വളർത്തൽ കേരളത്തിൽ വ്യാപകമാക്കുകയും ഇന്ത്യയിലെ ഏറ്റം വലിയ തേൻ സംസ്കരണ യൂണിറ്റ് തുടങ്ങുകയും ചെയ്തു. എല്ലാ വിധ പരീക്ഷണങ്ങളും ഗവേഷണങ്ങളും അവിടെ നടക്കുന്നു.

കാറ്റാടിയന്ത്രം കേരളത്തിലെ രാമക്കൽ മേട്ടിൽ മോഡലായി സ്ഥാപിച്ചു പ്രവർത്തിച്ചതും അദ്ദേഹമാണ്. നീര ഉൽപാദനത്തിൽ ഗവൺമെന്റിൽ നിന്നും അംഗീകാരം വാങ്ങി കണ്ണൂർ ജില്ലയിലെ ചെറുപുഴയിൽ തുടങ്ങി മരച്ചീനിയിൽ നിന്ന് എത്തിനോൾ ഉൽപാദിപ്പിക്കാൻ സർക്കാർ ഇൻഫാമിന് അധികാരം നൽകി. ആറുമാസത്തിനകം തുടങ്ങുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വീട്ടിനുള്ളിൽ വയ്ക്കുന്ന ചെറിയ ബയോ ഗ്യാസ് പ്ലാന്റ് ഡിസൈൻ ചെയ്ത് പട്ടണങ്ങളിൽ പ്രചരിപ്പിച്ചതും വടക്കേമുറിയാണ്.

ഇൻഫാം ഇൻഡ്യൻ ഫാർമേഴ്സ് മൂവ്മെന്റ് ഒരു ട്രസ്റ്റാണ്. ഇൻഫാം അഗ്രോമൂവ്മെന്റ് ഒരു ചാരിറ്റബിൾ കമ്പനിയാണ്. ഇതിന്റെ രണ്ടിന്റെയും തുടക്കം മുതൽ അദ്ദേഹം ചെയർമാനാണ്. ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ പല സമരങ്ങളും നടത്തി. റബ്ബർ കയറ്റി അയച്ചതിന് സർക്കാർ സബ്സിഡി നൽകുമെന്ന വാഗ്ദാനം ലംഘിച്ചപ്പോൾ നിവേദന സമർപ്പണത്തിനായി

www.malankaralibrary.com

മന്ത്രി ഗൗരിയമ്മയെ സന്ദർശിച്ചപ്പോൾ പോലീസ് അറസ്റ്റു ചെയ്യുകയും ഇൻഫാമിന്റെ ആറ് ജില്ലാ പ്രസിഡണ്ടുമാരോടൊപ്പം മൂന്നു ദിവസം ജയിലിൽ കിടത്തുകയും ചെയ്തു. അന്ന് ഇൻഫാമിനെതിരായ ശബ്ദമുയർത്തിയ രണ്ടു മന്ത്രിമാരും കെ.ആർ. ഗൗരിയമ്മയും എം.വി. രാഘവനും 2006-ലെ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. കേരളത്തിലെ എല്ലാ ജില്ലകളിലും ഇൻഫാമിന് യൂണിറ്റുകൾ ഉണ്ട്. ഒരു ലക്ഷത്തോളം അംഗങ്ങളും. കർണ്ണാടകത്തിലും യൂണിറ്റുണ്ട്. 500 മെമ്പർമാരുമുണ്ട്.

1200 ടൺ റബ്ബർ വിദേശരാജ്യങ്ങളിലേക്ക് കയറ്റി അയച്ച് ഇന്ത്യൻ റബ്ബറിന് ഡിമാന്റ് ഉണ്ടാക്കി. അങ്കമാലിയിൽ ഇൻഫാം കേര കോംപ്ലക്സ് തുടങ്ങി എണ്ണയാട്ടു നടക്കുന്നു. ഇൻഫാം കുത്തരി കമ്പനിയും കുട്ടനാട്ടിൽ പ്രവർത്തിക്കുന്നു. ചങ്ങനാശ്ശേരിയിലാണ് കേന്ദ്ര ഓഫീസ്. ഇൻഫാമിന്റെ നേതൃത്വത്തിൽ തുടങ്ങിയ കമ്പനിയാണ് 'വാനിൽ കോ' - വാനിലാ ഇൻഡ്യാ പ്രൊഡ്യൂസർ കമ്പനി. ഇൻഡ്യയിലെ ഏറ്റവും വലിയ വാനിലാ കമ്പനിയാണിത്. 1,40,000 കിലോ വാനിലാ ബീൻസ് 2004-2005 -ൽ ശേഖരിച്ചു. അമുൽ കമ്പനിയുമായി ബന്ധപ്പെട്ട് വില്പന കോൺടാക്ട് ഉണ്ടാക്കിയിട്ടുണ്ട്. ഇൻഫാം നീരയെപ്പറ്റിയും കപ്പയിൽ നിന്നും എത്തനോൾ ഉൽപാദിപ്പിക്കുന്നതിനെപ്പറ്റിയും നേരത്തെ പ്രസ്താവിച്ചതാണ്. കപ്പയ്ക്ക് വൻ വില വർദ്ധനവിന് സഹായിക്കുന്ന പദ്ധതിയാണിത്. പെട്രോളിന്റെ കൂടെ എത്തനോൾ ചേർത്ത് വണ്ടി ഓടിക്കുവാൻ സാധിക്കും.

ചെറിയ കപ്പൽ നിർമ്മാണത്തിന് അയർലണ്ടിൽ നിന്നുള്ള റോജർ എന്ന യൂറോപ്യനും ആയി ധാരണ ഉണ്ടാക്കാനും അച്ചന് സാധിച്ചിട്ടുണ്ട്. തിരുവനന്തപുരം ലാറ്റിൻ ആർച്ച് ബിഷപ്പിന്റെ സഹകരണവും ഇക്കാര്യത്തിനുണ്ട്.


പല അന്താരാഷ്ട്ര സമ്മേളനങ്ങളിലും പങ്കെടുത്തിട്ടുള്ള വടക്കേമുറിയച്ചൻ വിയറ്റനാം, ചൈന, ശ്രീലങ്ക, എന്നിവടങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിലും പര്യടനം നടത്തിയിട്ടുണ്ട്. ഫാ. വടക്കേമുറിയുടെ വിവിധ സേവനങ്ങളെ അംഗീകരിച്ച് അദ്ദേഹത്തിന് ലഭിച്ചിട്ടുള്ള അവാർഡുകൾ താഴെ പറയുന്നവയാണ്.

(1) ഗ്രാമ വികസന പ്രവർത്തനങ്ങൾ പരിഗണിച്ച് 1991 -ൽ കേരള കത്തോലിക്കാ കോൺഗ്രസ്സ് അവാർഡ്. 2. 1993 -ൽ ചാണ്ഡിഗറിൽ നടന്ന നാഷണൽ ബീ കീപ്പിംഗ് കോൺഫറൻസിൽ നൽകപ്പെട്ട ബഹുമതി. 3. 2002 -ലെ കേരളത്തിലെ മികച്ച സാമൂഹ്യ പ്രവർത്തകൻ എന്ന നിലയിൽ ബി.എൽ.എം. നൽകിയ കേരള സഭാതാരം അവാർഡ്. 4. ഇൻഡ്യാ ഗവൺമെന്റിന്റെ നോൺ കൺസൻഷനൽ എനർജി സോഴ്സ് മിനിസ്ട്രി നൽകിയ ബസ്റ്റ് പെർഫോർമൻസ് അവാർഡ്. ബയോഗ്യാസ് പ്ലാന്റുകൾ പ്രചരിപ്പിച്ചതിന്റെ പേരിലായിരുന്നു 2001 -ലേക്കുള്ള ഈ അവാർഡ്.

വിലാസം. ഫാ. മാത്യു വടക്കേമുറി, മലനാട് ഡവലപ്മെന്റ് സൊസൈറ്റി,
പാറത്തോട് പി.ഒ., കാഞ്ഞിരപ്പള്ളി.

www.malankaralibrary.com

# 292



# സി. എച്ച്. ജോസഫ്

കുടുംബപ്രേഷിതരംഗം തന്റെ പ്രധാനപ്രവർത്തന രംഗമായി തിരഞ്ഞെടുത്ത് കഴിഞ്ഞ നാലു ദശാബ്ദക്കാലമായി പ്രവർത്തിക്കുന്ന സിയെച്ച് ജോസഫ് മീനച്ചിൽ താലൂക്കിൽ നീറന്താനം ഗ്രാമത്തിൽ 1941 ഓഗസ്റ്റ് 18–ാം തീയതി ജനിച്ചു. മങ്ങാട്ടുകാട്ടിൽ ആഗസ്തിയും ഏലിക്കുട്ടിയുമാണ് മാതാപിതാക്കൾ. തൃശൂർക്കു സമീപമുള്ള പൊന്നൂക്കരയിലേക്ക് താമസം മാറ്റി. നീറന്താനം, മതിക്കുന്ന് പുത്തൂർ, കല്ലൂർ എന്നിവിടങ്ങളിൽ ആയിരുന്നു പ്രാഥമിക വിദ്യാഭ്യാസം. ഹൈസ്കൂൾ വിദ്യാഭ്യാസം എ.എ.എച്ച്.എസ്സ്. കുട്ടനെല്ലൂരിലും നിർവ്വഹിച്ചു.

ഹോമിയോ ഡോക്ടറായ തന്റെ സഹോദരൻ ലൂയിസിനോടൊത്ത് കുടുംബസംവിധാനം എന്ത് എങ്ങനെ എന്ന് പ്രതിപാദിക്കുന്ന ഗ്രന്ഥം 1964ൽ പ്രസിദ്ധീകരിച്ചു. ദാമ്പത്യത്തിലെ ലൈംഗിക ജീവിതം, സ്വാഭാവികകുടുംബസംവിധാനം എന്നിവയെക്കുറിച്ചുള്ള സഭാത്മകകാഴ്ചപ്പാടിലുള്ള ഭാഷയിലെ പ്രഥമ കൃതിയാണിത്. അത് പ്രസിദ്ധീകരിക്കാൻ കത്തോലിക്കാ പ്രസിദ്ധീകരണശാലകൾ തയ്യാറായില്ല. 1965–ൽ മക്കൾക്ക് ലൈംഗികവിദ്യാഭ്യാസം നൽകേണ്ടതിനായി അവൻ വളരുന്നു, അവൾ വളരുന്നു എന്നീ കൃതികൾ സിയെച്ച് ജോസഫ് പുറത്തിറക്കി. ഈ വിഷയത്തെ സംബന്ധിച്ച് കേരളകത്തോലിക്കാ സഭയിൽ പ്രസിദ്ധീകരിച്ച ആദ്യഗ്രന്ഥങ്ങളാണിവ. ധാർമ്മികമായ തെറ്റുകൾ ഉണ്ട് എന്ന ആരോപണത്തോടെ അന്നത്തെ മംഗലപ്പുഴ സെമിനാരി റെക്ടർ ഈ ഗ്രന്ഥം എസ്സ്.എച്ച്. ലീഗ് ബുക്ക്സ്റ്റാളിൽനിന്ന് ബഹിഷ്കരിച്ചു. പ്രേമവും വിവാഹവും, ദാമ്പത്യജീവിതത്തിലൂടെ എന്നീ ഗ്രന്ഥങ്ങൾ തുടർന്ന് പ്രസിദ്ധീകരിച്ചു.

1967ൽ പി.ഒ.സി.യുടെ പുതിയ മതപഠന ഗ്രന്ഥങ്ങളുടെ രചനയിലും മറ്റും സഹകരിച്ചു. 1970–ൽ കുടുംബദീപം മാസികയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ തുടങ്ങി. അമ്മ, കുടുംബദീപം, കർമ്മലകുസുമം, സത്യദീപം, ദീപിക തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ ധാരാളം ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. വളർച്ചയുടെ പ്രശ്നങ്ങൾ, മാതൃത്വവും മനസ്സാക്ഷിയും, കുഞ്ഞും അമ്മിഞ്ഞയും, പ്രേമവും സമർപ്പണവും, ദമ്പതികളാകുമ്പോൾ, ദമ്പതികളും ജനനക്രമീകരണവും, കുടുംബബന്ധവിധാനം എങ്ങിനെ, സ്ത്രീയായി പിറന്നാൽ, ദാമ്പത്യജിവിതത്തിൽ, ദാമ്പത്യപ്രശ്നങ്ങളിലൂടെ, ലൈംഗികവിദ്യാഭ്യാസം എന്ത് എങ്ങിനെ, മക്കൾ വളരുമ്പോൾ, ക്രിസ്തുവിൽ വിവാഹിതരാകുമ്പോൾ എന്നിങ്ങനെ കുടുംബജീവിതസ്പർശിയായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. ഇതിൽ കുഞ്ഞും അമ്മിഞ്ഞയും എന്ന

www.malankaralibrary.com

ഗ്രന്ഥം മുലയൂട്ടലിനെക്കുറിച്ച് ഭാഷയിൽ ഇറങ്ങിയ ആദ്യത്തെ ഗ്രന്ഥമാണ്. കേരളസഭയിൽ ഈ വിഷയങ്ങൾ കൈകാര്യം ചെയ്ത ആദ്യവ്യക്തിയാണ് സിയെച്ച് ജോസഫ്. സെക്സിനെപ്പറ്റി എഴുതിയതിന്റെപേരിൽ ഒട്ടുവളരെ പ്പേരുടെ അനുമോദനവും വിമർശനവും ലഭിച്ചു. ചിലപ്പോൾ എതിർത്തിട്ടു ള്ളവർ പിൽക്കാലത്ത് സി.യെച്ചിന്റെ ലേഖനങ്ങൾ ചോദിച്ചു വാങ്ങി പ്രസി ദ്ധീകരിച്ചിട്ടുണ്ട്.

ഹൈസ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, ദമ്പതികൾ, മാതാപിതാക്കൾ എന്നിവർക്കും വേണ്ടി അനേകം ക്ലാസ്സുകളും സെമിനാറു കളും കേരളത്തിലെ എല്ലാ രൂപതകളിലും തന്നെ നടത്തിയിട്ടുണ്ട്. ഏതാനും കാലം പി.ഒ.സി.യുടെ മതാദ്ധ്യാപകർക്കുള്ള മാസികയായ താലന്തിന്റെ നിർവ്വാഹകപത്രാധിപരുമായിരുന്നു.


സിയെച്ച് ജോസഫിന്റെ കുടുംബപ്രേഷിതരംഗത്തെ സമഗ്രസംഭാവ നയുടെ പേരിൽ കർമ്മലകുസുമം അതിന്റെ നവതിയാഘോഷത്തോടനുബ ന്ധിച്ച് സഭാകുസുമം അവാർഡ് 1993-ൽ നൽകിയാദരിച്ചു.

എറണാകുളം അതിരൂപതയിൽപ്പെട്ട കീച്ചേരി ഇടവക കുന്നേൽ ആഗ സ്തിയുടെയും റോസമ്മയുടെയും മകൾ കെ.എ. റോസയാണ് ഭാര്യ.

സിയെച്ച് എന്നത് CHRIST എന്നതിന്റെ ആദ്യത്തെ രണ്ട് അക്ഷരമാണ്. തൂലികാനാമമാണത്. ജോസ് ആഗസ്തിയെന്നാണ് പേര്.

വിലാസം - സി.എച്ച്. ജോസഫ്, ടെന്റ്, തേവക്കൽ, വി.കെ.സി. പി.ഒ., കൊച്ചി- 682021

# 293



# റവ. ഡോ. അഗസ്റ്റിൻ വാലുമ്മേൽ

## ഒ.സി.ഡി.

ഒരു സന്ന്യാസ വൈദീകനെന്ന നിലയ്ക്ക് ദൈവജനത്തിന്റെ വിശേഷിച്ചും സമർപ്പിതരുടെ ആന്തരീക ജീവിതത്തെ മെച്ചപ്പെടുത്തണം, അങ്ങനെ അവർ ഗുണമേന്മയുള്ളവരായിത്തീരണം എന്ന ഉദ്ദേശത്തോടുകൂടി മൂന്നരദശാബ്ദക്കാലമായി പ്രവർത്തിക്കുന്ന ഗ്രന്ഥകാരനും ലേഖകനും പ്രഭാഷകനും അഡ്മിനിസ്റ്റ്റേററുമായ റവ.ഡേ. അഗസ്റ്റിൻ വാലുമ്മേൽ ഒ.സി.ഡി. രാമപുരത്തെ പുരാതനവും പ്രസിദ്ധവും സാംസ്കാരിക പാരമ്പര്യവുമുള്ള വാലുമ്മേൽ കുടുംബത്തിൽ റ്റി.സി. ഉലഹന്നൻ - ഏലിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ മകനായി 1941 സെപ്റ്റംബർ 21-ാം തീയതി ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം രാമപുരം സെന്റ് അഗസ്റ്റിൻ

www.malankaralibrary.com

ഹൈസ്കൂളിൽ പൂർത്തിയാക്കി. ദൈവവിളിയിൽ വളർന്നുവന്ന അഗസ്റ്റിൻ ഒരു സന്ന്യാസിയാകണമെന്നാണ് ആഗ്രഹിച്ചത്. കർമ്മലീത്താ ഒന്നാം സഭയെപ്പററി അദ്ദേഹം കൂടുതൽ മനസ്സിലാക്കി. പ്രാർത്ഥനാജീവിതം മിഷൻ പ്രവർത്തനം തുടങ്ങിയവയിൽ ഊന്നിപ്രവർത്തിക്കുന്ന വി. അമ്മ ത്രേസ്യായായാലും കുരിശിന്റെ വി.യോഹന്നാനാലും നവീകരിക്കപ്പെട്ട നിഷ്പാദുക കർമ്മലീത്താസഭയിൽ ചേരുവാനാണ് അഗസ്റ്റിൻ തീരുമാനിച്ചത്. 1964 മേയ് 31 ന് കർമ്മലീത്താ ഒന്നാംസഭ മലബാർ പ്രോവിൻസിന്റെ ഔദ്യോഗിക അംഗമായി ചേർന്നു. തിരുവനന്തപുരം കാർമ്മൽഹിൽ മൊണാസ്റ്ററിയിൽവച്ച് 1971 ഡിസംബർ 19-ാം തീയതി പൗരോഹിത്യം സ്വീകരിച്ചു.

ജേർണലിസത്തിൽ ഡിപ്ലോമായും ബാംഗ്ലൂരിലെ ധർമ്മാരം കോളേജിൽനിന്ന് ദൈവശാസ്ത്രത്തിൽ എം.ടി.എച്ച്. ബിരുദവും, മാസ്റ്റർ ബിരുദവും നേടിയ ഫാ. അഗസ്റ്റിൻ, തിയോളജിക്കൽ അന്ത്രപ്പോളോജിയിൽ റോമിൽ നിന്നും ഡോക്ടറേററ് നേടുകയും ചെയ്തു.

വൈദീകപദവയിലേക്കുയർത്തപ്പെട്ടതിനുശേഷം കർമ്മലീത്താ സഭയിൽ പല ഉന്നതസ്ഥാനങ്ങളും അദ്ദേഹം വഹിക്കുകയുണ്ടായി. സഭവക മൈനർ സെമിനാരി ഡയറക്ടറായിട്ടാണ് (ഏററുമാനൂർ ചെറുപുഷ്പാശ്രമം) ആദ്യം ഔദ്യോഗിക ചുമതല ഏറെറടുക്കുന്നത്. 1972 മുതൽ 1977 വരെ ആ ജോലി തുടർന്നു. കാർമ്മൽ ഹില്ലിൽ നിന്നും പ്രസിദ്ധീകരിക്കുന്ന കാർമ്മൽ മാസികയുടെ എഡിററർ ആയി ഈ കാലയളവിൽ പ്രവർത്തിക്കുകയുണ്ടായി. പിന്നീട് 1981 - 1983 കാലഘട്ടത്തിലും കാർമ്മെൽ മാസികയുടെ പത്രാധിപത്യം വഹിക്കുകയുണ്ടായി. സഭയുടെ പ്രൊവിൻഷ്യൽ കൗൺസിലറായി 1975-78 വർഷങ്ങളിലും സേവനം അനുഷ്ഠിച്ചു.

കർമ്മലീത്താ സഭയുടെ മേജർ സെമിനാരി റെക്ടറായി (തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിപ്പിക്കുന്ന കേന്ദ്രം) 1987 മുതൽ 1996 വരെ പ്രവർത്തിക്കുകയുണ്ടായി. തത്വശാസ്ത്രം (Carmel Hill Philosophy College Trivandrum) ദൈവശാസ്ത്രം (Carmalaram Theologe College Bangalore) പ്രൊവിൻഷ്യൽ കൗൺസിലറായി 1996 ൽ രണ്ടാംപ്രാവശ്യം തിരഞ്ഞെടുക്കപ്പെട്ട ഫാ. വാലുമ്മേൽ, 1981-1983 വർഷങ്ങളിൽ എറണാകുളത്തെ ദീപ്തി ഭവൻ സ്ഥാപക ഡയറക്ടറായും 1993-96 വർഷങ്ങളിൽ തിരുവനന്തപുരത്ത് ബെൻസിഗർ മെമ്മോറിയൽ സ്പിരിച്ചുവാലിററി സെന്റർ ഡയറക്ടറായും 1996-1999, 2002-2005 എന്നീ വർഷങ്ങളിൽ മൂവാററുപുഴ ലിസ്യുസെന്റർ സ്ഥാപന ഡയറക്ടറായും സേവനം അനുഷ്ഠിച്ചു. 1999 മുതൽ 2002 വരെ സഭയുടെ പ്രൊവിൻഷ്യാളായിരുന്നു.

സന്യാസസഭകളുടെ രൂപീകരണത്തിനുവേണ്ടിയുള്ള ശ്രമങ്ങളിൽ ഫാ. വാലുമ്മേൽ മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. മിഷനറി കോൺഗ്രിഗേഷൻ ഓഫ് ദി ഡോട്ടേഴ്സ് ഓഫ് സെന്റ് തോമസ് (ഡി.എസ്സ്.ടി) സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സ് (എസ്.എം.എസ്സ്) സിസ്റ്റേഴ്സ് ഓഫ്

www.malankaralibrary.com

സെന്റ് മർത്താസ് കോൺഗ്രിഗേഷൻ (എസ്.എം.സി) എന്നീ സമൂഹങ്ങളെ ഭക്തസംഘങ്ങളുടെ നിലവാരത്തിൽ നിന്നും കാനോനിക അംഗീകാരമുള്ള സന്യാസ സമൂഹങ്ങൾ ആക്കുന്നതിനുവേണ്ടിയുള്ള പരിശീലനവും മററു സംവിധാനങ്ങളും സൃഷ്ടിക്കുന്നതിനുവേണ്ടി അക്ഷീണം ഫാ. വാലുമ്മേൽ പരിശ്രമിക്കുകയുണ്ടായി. അതുപോലെ മററു പല സന്യാസസമൂഹങ്ങളുടെയും നിയമാവലിയും ക്രമചട്ടങ്ങലും രൂപപ്പെടുത്തികൊടുത്തു.

ഫാ. അഗസ്റ്റിൻ വാലുമ്മേൽ പല ഗ്രന്ഥങ്ങലും രചിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ്. (1) New man in the teaching of Pope John Paul II, (2) മാനസിക പ്രാർത്ഥന പഠനവും അഭ്യസനവും (3) അമ്മ ത്രേസ്യായുടെ ആദ്ധ്യാത്മികതയിലേക്ക്.

വിവിധ വിഷയങ്ങളെ കേന്ദ്രീകരിച്ച് അദ്ദേഹം നിരവധി പ്രബന്ധങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടത് താഴെപറയുന്നവയാണ്. (1) സന്യാസജീവിതം (2) ആദ്ധ്യാത്മികജീവിതം (3) മനുഷ്യന്റെ മഹത്വം (4) തൊഴിലിന്റെ ആദ്ധ്യാത്മികത തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ളതാണ്.

ഒരു സന്യാസ വൈദീകനെന്ന നിലയ്ക്ക് ദൈവജനത്തിന്റെ വിശേഷിച്ചും സമർപ്പിതരുടെ ആന്തരീക ജീവിതത്തെ മെച്ചപ്പെടുത്തണം അങ്ങനെ സമർപ്പിതർ ഗുണമേന്മയുള്ളവരായിത്തീരണം എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ കാലഘട്ടമെല്ലാം ഫാ. അഗസ്റ്റിൻ പ്രവർത്തിച്ചിട്ടുള്ളത്. ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി അദ്ദേഹം സ്വീകരിച്ചിട്ടുള്ള പ്രധാന മാർഗ്ഗങ്ങൾ താഴെപറയുന്നവയാണ്.

1. കോഴ്സുകൾ, സെമിനാറുകൾ, ധ്യാനങ്ങൾ, ക്ലാസ്സുകൾ തുടങ്ങിയവ നടത്തുക. അവർക്ക് പ്രചോദനാത്മകമായ ഒരു ജീവിതശൈലി സ്വീകരിക്കുക. 2. സമർപ്പിത സമൂഹങ്ങളിൽതന്നെ നവീകരണത്തിന് നേതൃത്വം കൊടുക്കുവാൻ കഴിവുള്ളവരെ പരിശീലിപ്പിച്ച് കർമ്മനിരതരാക്കുക 3. സമർപ്പിതരുടെ പരിശീലനത്തിനും തുടർപരിശീലനത്തിനും കഴിവുള്ള വ്യക്തികളെ രൂപപ്പെടുത്തുന്നതിനുവേണ്ടി ദീർഘകാല, ഹ്രസ്വകാല കോഴ്സുകൾ നടത്തുക. 4. സമർപ്പിത നേതൃത്വ ശുശ്രൂഷയിലേക്ക് വിളിക്കപ്പെടുന്നവർക്ക് വേണ്ട നിർദ്ദേശങ്ങളും പരിശീലനങ്ങളും കൊടുക്കുവാൻ സഹായിക്കുക. 5. സമർപ്പിതരുടെ സാമൂഹ്യ പ്രതിബദ്ധതയെക്കുറിച്ചും മിഷ്യൻ കടപ്പാടിനെക്കുറിച്ചും അവരെ ബോദ്ധ്യപ്പെടുത്തുന്നതിനുള്ള എളിയ ശ്രമങ്ങൾ നടത്തുക. 6. സമർപ്പിതരുടെ ശ്രദ്ധകേന്ദ്രീകരിക്കേണ്ട മറെറാരു മേഖലയാണ് കുടുംബങ്ങൾ. തകർച്ചയ്ക്ക് വിധേയമാകുന്ന കുടുംബങ്ങളിലേക്ക് അവർ ഇറങ്ങിച്ചെല്ലണം. കുട്ടികൾക്കും യുവാക്കൾക്കും ദമ്പതികൾക്കും മതാപിതാക്കൾക്കും കുടുംബജീവിതത്തിന്റെ ശരിയായ പൊരുൾ മനസ്സിലാക്കി കൊടുക്കണം. ആ മണ്ഡലത്തിലും ചിലതെല്ലാം ചെയ്യുവാൻ അദ്ദേഹം സഭയെ സജ്ജമാക്കുവാൻ ശ്രമിക്കുന്നുണ്ട്.

പൗലോസ്ശ്ലീഹാ കൊളേസോസുകാർക്ക് എഴുതിയ ലേഖനത്തിലെ

www.malankaralibrary.com


രണ്ടു വാചകങ്ങളാണ് ഫാ. അഗസ്റ്റിനെ നയിക്കുന്നതെന്ന് നിസ്സംശയം പറയുവാൻ സാധിക്കും. ആ രണ്ടു വാക്യങ്ങൾ ശ്രദ്ധിക്കുക. "നിങ്ങളുടെ ജോലി എന്തുതന്നെയായിരുന്നാലും, മനുഷ്യനെയല്ല, ദൈവത്തെ സേവിക്കുന്നതുപോലെ ഹൃദയപരമാർത്ഥതയോടെ ചെയ്യുവിൻ" "സമയം പൂർണ്ണമായും പ്രയോജനപ്പെടുത്തുവിൻ."

പ്രയത്നം, നിരന്തരമായ പ്രയത്നം, ഏകാഗ്രമായ പ്രയത്നം എന്നിവയാണ് ഫാ. അഗസ്റ്റിൻ വാലുമ്മേലിന്റെ പ്രവർത്തന വിജയത്തിന് നിദാനം. അതോടൊപ്പം പ്രാർത്ഥനയും കർമ്മലീത്താസഭ വിശുദ്ധമായ വി. അമ്മ ത്രേസ്യായും കുരിശിന്റെ വി. യോഹന്നാനും നൽകുന്ന പ്രാർത്ഥനയുടെയും, പ്രവർത്തനത്തിന്റെയും ഉന്നതാദർശങ്ങൾ അദ്ദേഹം മുറുകെപ്പിടിക്കുന്നു.

Address - Rev. Dr. Augustine Valummel, Mount Carmel Ashramam &
Spiruturality Centre, Peravoor P.O. - 670 673, Kannur.

# 294

# ഫാ. സിറിയക് വാഴയിൽ



ഗ്രന്ഥകാരൻ, പ്രഭാഷകൻ, മാതൃകാവികാരി എന്നിങ്ങനെ വിവിധ നിലകളിൽ അറിയപ്പെടുന്ന ഫാ. സിറിയക്, പാലാ രൂപതയിലെ തിടനാട് ഇടവകയിൽ വാഴയിൽ കുടുംബത്തിൽ തോമസ്-മേരി ദമ്പതികളുടെ മകനായി 1941 സെപ്റ്റംബർ 29-ാം തീയതി ജനിച്ചു.

തിടനാട് സ്കൂളിൽനിന്നും മിഡിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ സിറിയക്ക് അരുവിത്തുറ സെന്റ് ജോർജ് ഹൈസ്കൂളിൽ നിന്നും എസ്.എസ്.എൽ.സി. പാസ്സായി. തുടർന്ന് പാലാ സെന്റ് തോമസ് കോളേജിൽ ചേർന്ന് പ്രീ യൂണിവേഴ്സിറ്റി പാസ്സായി. തുടർന്ന് പാലാ രൂപതവക മൈനർ സെമിനാരിയിൽ, തലശ്ശേരി രൂപതക്കുവേണ്ടി വൈദീക പഠനം ആരംഭിച്ചു. മംഗലപ്പുഴ സെമിനാരിയിൽ വൈദീകപഠനം പൂർത്തിയാക്കി 1967 മാർച്ച് 13 ന് പൗരോഹിത്യം സ്വീകരിച്ചു.

യാത്രാസൗകര്യങ്ങളോ, ചികിത്സാസൗകര്യങ്ങളോ ഒന്നും ഇല്ലാതിരുന്ന കുറ്റിയാംവയൽപള്ളി വികാരിയായിട്ടായിരുന്നു ആദ്യനിയമനം. കുറ്റിയാംവയലിലെ കുടിയേറ്റക്കാരും ആദിവാസികളും സാധനങ്ങൾ വാങ്ങുവാനും വിൽക്കുവാനും തരിയോട് മാർക്കറ്റിലായിരുന്നു പൊയ്ക്കൊണ്ടിരുന്നത്. മാർക്കറ്റിൽ പോയി തിരിച്ചുവന്ന ഒരു ആദിവാസിയെ പാമ്പുകടിച്ചു. വേദനയോടെ അയാൾ ഓടുകയും തുടർന്ന് തളർന്നുവീഴുകയും ചെയ്തു. പിന്നാലെ വന്നവർ ആ ആദിവാസിയെ ഒരു ചാരുകസേരയിൽ കിടത്തി

www.malankaralibrary.com

അടുത്ത ആശുപത്രിയിൽ എത്തിച്ചു. ഡോക്ടർമാർ പരിശോധിച്ചു. സമയം വൈകിപ്പോയി എന്നായിരുന്നു ഡോക്ടറുടെ മറുപടി. അദ്ദേഹം മരിച്ചു.

റോഡും വാഹനസൗകര്യവും ഉണ്ടായിരുന്നുവെങ്കിൽ ആ മനുഷ്യ ജീവൻ രക്ഷിക്കാമായിരുന്നു. എല്ലാവരും അഭിപ്രായപ്പെട്ടു. അന്നത്തെ വികാരി-യുവ വൈദികനായിരുന്ന ഫാ. സിറിയക്ക് വാഴയിൽ - സമീപ പ്രദേശത്തെ ജനങ്ങളെ വിളിച്ചുകൂട്ടി. റോഡിന്റെ ആവശ്യകതയെപ്പറ്റി സംസാരിച്ചു. ജനം സംഘടിച്ചു. നല്ല ഒരു റോഡ് വെട്ടി. പിൽക്കാലത്ത് കുറ്റിയംവയൽ പ്രദേശത്തിന്റെ വികസനത്തിന് ഈ റോഡാണ് കാരണമായത്. രോഗികളെ ആശുപത്രിയിൽ കൊണ്ടുപോകാൻ മാത്രമല്ല ചരക്കുകൾ മാർക്കറ്റിൽ കൊണ്ടുപോകുവാനും ഈ വഴി ഉപകരിച്ചു. ജനങ്ങളുടെ നേതൃത്വത്തിൽ വെട്ടിയറോഡ് സർക്കാരിനെ ഏൽപ്പിച്ചു. റോഡ് ടാറിട്ടു. ജനങ്ങൾക്ക് ഏറെ ഉപകാരം ലഭിച്ച ഈ റോഡുവെട്ടിലൂടെ വാഴയിൽ അച്ചൻ നാട്ടുകാരുടെ പ്രിയങ്കരനായ നേതാവായിമാറി.

ആദ്യകാലത്ത് മലബാറിലെ പള്ളികളെല്ലാം താൽക്കാലിക ഷെഡ്ഡുകളിൽ ആണ് ആരംഭിച്ചത്. വാഴയിൽ അച്ചൻ പിന്നീട് വികാരിയായി എത്തിയത് വലമ്പൂർ പള്ളിയിലായിരുന്നു. ഏതു സമയവും ഇടിഞ്ഞ് വീണ് അപകടം സംഭവിക്കാമായിരുന്ന ഒരു താൽക്കാലിക ഷെഡ്ഡിലായിരുന്നു വലമ്പൂർ പള്ളിയും. പള്ളി പുതിയതായി പണിയേണ്ട ആവശ്യം ജനങ്ങളുമായി പങ്കുവച്ചു. ജനങ്ങൾ ഉത്സാഹപൂർവ്വം മുന്നോട്ടുവന്നു. കൈ തുറന്ന് സഹായം നൽകി. ചുരുങ്ങിയനാൾകൊണ്ട് പള്ളിപണിപൂർത്തിയാക്കി. നല്ല നേതൃത്വം കൊടുത്താൽ എന്തുകാര്യവും നേടാൻ സാധിക്കുമെന്ന് അച്ചൻ തെളിയിച്ചു.

ഇടവകയിൽ ആദ്ധ്യാത്മികമായ വളർച്ച ഉണ്ടാകുന്നതിനും ആരാധനാക്രമങ്ങൾ ഭക്തിനിർഭരവും ഇമ്പകരവുമാക്കുന്നതിനും സിസ്റ്റേഴ്സിന്റെ സഹായം വളരെ ആവശ്യമാണ്. പ്രത്യേകിച്ചും കുടിയേറ്റത്തിന്റെ ആദ്യകാലങ്ങളിൽ. ഈ വസ്തുത മനസ്സിലാക്കി മാലാപറമ്പ് പള്ളി വികാരിയായിരുന്നപ്പോൾ അവിടെ ഒരു സന്യാസ സമൂഹം ആരംഭിക്കുന്നതിനു ശ്രമിച്ചു. ഡി.എസ്.ടി. സിസ്റ്റേഴ്സിനെ മലാപറമ്പിലേയ്ക്ക് ക്ഷണിക്കുകയും അവർക്ക് കുറേസ്ഥലം പള്ളിയിൽനിന്ന് നൽകുകയും ചെയ്തു. ആ സന്യാസസമൂഹം പിൽക്കാലത്ത് ചെയ്ത സേവനങ്ങൾ പ്രത്യേകം എടുത്തുപറയേണ്ടതാണ്.

കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായിരുന്നു ഇടവകയിലെ ജനങ്ങളിൽ ഭൂരിഭാഗവും. അവരെ സഹായിക്കാനുള്ള കർമ്മപരിപാടികൾ ഒന്നുംതന്നെയില്ലായിരുന്നു. ഫാ. സിറിയക്ക് 1975 ൽ വിമലശ്ശേരി പള്ളിയിൽ വികാരിയായിരുന്നപ്പോൾ ആ ഇടവക ജനങ്ങളുടെ പ്രശ്നങ്ങൾ അദ്ദേഹത്തെ വേദനിപ്പിച്ചു. അവരുടെ പ്രശ്നങ്ങളിൽ അവരെ സഹായിക്കുവാനായി സെന്റ് വിൻസെന്റ് ഡിപോൾ സഖ്യം സ്ഥാപിച്ചു പ്രവർത്തിച്ചു. രൂപതയൊട്ടാകെ അത് അനുകരിക്കുന്നതിനിടയാക്കി. രൂപതയിലെ സോഷ്യൽ സർവ്വീസ് സംഘടനയുടെ ഡയറ

www.malankaralibrary.com

ക്ടർ മാടക്കശ്ശേരിയച്ചൻ, വാഴയിലച്ചനെ സഹായിക്കുവാനായി മുന്നോട്ടു വന്നു. പൂർണ്ണമായും വിജയിച്ചു.

ഇടവകവൈദീകന്റെ മദ്ധ്യസ്ഥനായ വി. ജോൺ വിയാനി മണിക്കൂറുകൾ കുമ്പസാരക്കൂട്ടിൽ ഇരുന്ന് പാപ സങ്കീർത്തനം കേട്ടിരുന്നു. പലരും ആത്മവിശുദ്ധീകരണത്തിനും ആശ്വാസത്തിനും വേണ്ടിയാണ് കുമ്പസാരക്കൂട്ടിൽ എത്തുന്നത്. അങ്ങനെയെത്തുന്ന അനേകരെ ആശ്വസിപ്പിച്ച് പാപം മോചിപ്പിച്ച് അയക്കുന്നതിൽ പ്രത്യേക താല്പര്യം അദ്ദേഹം കാട്ടിയിരുന്നു. ആത്മഹത്യയുടെ അടുത്തുവരെയെത്തിയ അനേകരെ രക്ഷിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

ചെറുപ്പംമുതലേ വായന അദ്ദേഹത്തിന് ഒരു ഹോബിയായിരുന്നു. ഇടവക ജോലിക്കിടയിൽ ലഭിച്ച സമയം ഒട്ടും നഷ്ടപ്പെടുത്താതെ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം വായിക്കുകയുണ്ടായി. തനിക്കു ലഭിക്കുന്ന പുതിയ പുതിയ ആശയങ്ങൾ ഉൾപ്പെടുത്തി ലേഖനങ്ങളും കഥകളും എഴുതി പ്രസിദ്ധീകരണങ്ങൾക്ക് നൽകുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

സാഹിത്യപ്രവർത്തനങ്ങളിൽ അദ്ദേഹം താല്പര്യപൂർവ്വം പങ്കെടുത്തിരുന്നു. സമസ്തകേരള സാഹിത്യപരിഷത്തിന്റെ കാസർകോഡുനടന്ന വാർഷികസമ്മേളനത്തിൽ ചോദ്യാവലി അവതരിപ്പിക്കുവാൻ വാഴയിലച്ചനെ ക്ഷണിക്കുകയുണ്ടായി. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, പ്രൊഫ. സുകുമാർ അഴീക്കോട്, പ്രൊഫ. കെ.എം. തരകൻ, വേളൂർ കൃഷ്ണൻകുട്ടി, പ്രൊഫ. ഉലകംതറ, ഷെവ.കെ.സി. ചാക്കോ, ബി.വെല്ലിംഗ്ടൺ തുടങ്ങിയ സാഹിത്യപ്രതിഭകളുമായി പിൽക്കാലത്ത് സുദൃഢബന്ധം സ്ഥാപിക്കുവാൻ അദ്ദേഹത്തിന് ഇടവന്നു. സാഹിത്യപരിഷത് സമ്മേളനങ്ങളും ആളൂർവച്ച് പ്രതിവർഷം നടന്ന കേരളസഭാസെമിനാറുകളുമാണ് അതിന് കളമൊരുക്കിയത്.


കേരളസഭാസെമിനാറിലും വിവിധ സാഹിത്യസമ്മേളനങ്ങളിലും പ്രബന്ധാവതാരകനായിരുന്നു ഫാ. സിറിയക് വാഴയിൽ. സാമൂഹ്യ സാംസ്കാരിക, ആദ്ധ്യാത്മിക മണ്ഡലങ്ങളിലെ വിശ്രമമില്ലാത്ത പ്രവർത്തനത്തിനിടയിൽ പല ഗ്രന്ഥങ്ങൾ രചിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. എ.ജെ. ജോൺ (ജീവചരിത്രം) കല്ലിൻമുകളിലെ കുളം, പച്ചിലക്കുടുക്ക, ചക്കരമാമ്പഴം എന്നിവയാണ് അദ്ദേഹം രചിച്ച ഗ്രന്ഥങ്ങൾ. ഇപ്പോൾ ജോർദ്ദാൻ നദിയുടെ ദുഃഖം എന്നപേരിൽ ബൈബിൾ കഥകളുടെ ഒരു സമാഹാരം എഴുതിക്കൊണ്ടിരിക്കുകയാണ്.

വിലാസം - ഫാ. സിറിയക്ക് വാഴയിൽ, ശാന്തിഭവൻ, കരുവഞ്ചാൽ പി.ഒ.,
670571, കണ്ണൂർ.

www.malankaralibrary.com

# 295

# ഡോ. ജോർജ് ഓണക്കൂർ



പ്രശസ്ത നോവലിസ്റ്റ്, കഥാകാരൻ, സാഹിത്യവിമർശകൻ, തിരക്കഥാകൃത്ത്, സഞ്ചാരസാഹിത്യകാരൻ എന്നീ നിലകളിലെല്ലാം പ്രശസ്തനായ ഡോ. ജോർജ് ഓണക്കൂർ, മൂവാറ്റുപുഴ, ഓണക്കൂറിൽ നടുവിലേത്ത് കുര്യാക്കോസ് മറിയാമ്മ ദമ്പതികളുടെ മകനായി 1941 നവംബർ 18 ന് ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം മൂവാറ്റുപുഴ നിർമ്മലാ കോളേജിൽനിന്നും ബി.എ. ബിരുദം സാമ്പത്തിക ശാസ്ത്രത്തിൽ നേടി. പിന്നീട് ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽനിന്ന് മലയള സാഹിത്യത്തിൽ എം.എ. നേടി. വിദ്യാർത്ഥിയായിരുന്ന കാലത്തു തന്നെ കലാസാഹിത്യങ്ങളിൽ മികവുകാട്ടിയിരുന്നു.

തൃക്കാക്കര ഭാരതമാതാകോളേജിൽ ഡോ.ഓണക്കൂർ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. പിന്നീട് തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ അദ്ധ്യാപകനായി. 29 വർഷക്കാലം മാർ ഇവാനിയോസിൽ ജോലി നോക്കി. പ്രൊഫസ്സറും മലയാളം വകുപ്പ് മേധാവിയുമായിരുന്നു. റിസർച്ച് ഗൈഡ് എന്ന നിലയിൽ നിരവധി വിദ്യാർത്ഥികൾക്ക് മാർഗ്ഗദർശനം നൽകി. ഇതിനിടയിൽ നിരവധി ഗ്രന്ഥങ്ങൾ രചിച്ച ഓണക്കൂർ നിരവധി ചുമതലകൾ ഏറ്റെടുക്കുകയും വിജയകരമായി പ്രവർത്തിക്കുകയും ചെയ്തു. സ്റ്റേറ്റ് റിസോഴ്സ് സെന്റർ ചെയർമാനായും, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ്, കേരളാ സാക്ഷരതാസമിതി, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ ഡയറക്ടറായും ഡോ. ഓണക്കൂർ പ്രവർത്തിച്ചു. സാഹിത്യ അക്കാഡമിയുടെയും ആശാൻസ്മാരകത്തിന്റെയും ഭരണസമിതി അംഗമായിരുന്നു അദ്ദേഹം. എസ്.പി.സി.എസ്. ഡയറക്ടർ, സെൻസർ ബോർഡ് മെമ്പർ, അനേകം അക്കാഡമിക് ബോഡികളിലെ അംഗം, കേരള ഫിലിം ക്രിട്ടിക്സ് അസോസിയേഷൻ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ച ഓണക്കൂർ, സർവ്വവിജ്ഞാനകോശം, വിശ്വവിജ്ഞാനകോശം, ബാലകൈരളി വിജ്ഞാനകോശം, സാക്ഷരതാസമിതി ഗ്രന്ഥങ്ങൾ, അക്ഷരകൈരളി പരമ്പര എന്നിവയുടെ ചീഫ് എഡിറ്ററുമായിരുന്നു. "ഗ്രന്ഥാലോക"ത്തിന്റെ ഓണററി എഡിറ്ററുമായിരുന്നു. എഡിറ്റിംഗിലും രചനയിലും മികവുകാട്ടിയ ഓണക്കൂർ നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

സണ്ടേശാലോമിലെ ക്രൈസ്തവ സാഹിത്യസൂനങ്ങൾ എന്ന പംക്തിയിൽ ഡി. ജോയിക്കുട്ടി ഇപ്രകാരം എഴുതിയിരിക്കുന്നു. ദ കൺസപ്റ്റ് ഓഫ് ഹീറോ ഇൻ മലയാളം നോവൽസ് എന്ന ഇന്ത്യൻ യൂണിവേഴ്സിറ്റികളിൽ

www.malankaralibrary.com

ഏറ്റവും മികച്ച ലിറ്ററി തീസിസിനുള്ള അവാർഡ് നേടിയ ഡോ. ഓണക്കൂർ 25ൽപരം കൃതികളുടെ കർത്താവാണ്. അദ്ദേഹത്തിന്റെ കഥകളിൽ ബൈബിൾ സ്വാധീനം ശക്തമാണ്. ശലോമി, ഊറിയാവിന്റെ കത്ത്, കായേൻ, പിതൃക്കളുടെ ഭൂമി എന്നീ കഥകൾ ചില ഉദാഹരണങ്ങൾ. സമതലങ്ങൾക്കപ്പുറം എന്ന നോവലിൽ പ്രതിസന്ധികളിൽ കൈപിടിച്ചുകൊണ്ടുപോകുന്ന അജ്ഞാതമായ കരസ്പർശം നമുക്ക് ദർശിക്കാം.

കൽത്താമര എന്ന നോവലിൽ അമ്മയും കുഞ്ഞും തമ്മിലുള്ള സ്നേഹബന്ധത്തെ എടുത്തുകാണിക്കുന്നു. 'കാമന' എന്ന നോവൽ വികലാംഗയായ പെൺകുട്ടിയുടെ ജീവിതാന്വേഷണമാണ് ചിത്രീകരിച്ചിരിക്കുന്നത്. 'ഉഴവുചാലുകൾ' എന്ന നോവലിൽ മാനവികത തിരിച്ചറിയുന്ന ഒരു സിസ്റ്ററിനെ എടുത്തുകാണിക്കുകയും ആതുരശുശ്രൂഷാരംഗത്തുള്ള മനുഷ്യസ്നേഹവുംമറ്റും വരച്ചുകാട്ടുകയുമാണ് ഡോ.ഓണക്കൂർ ചെയ്തിരിക്കുന്നത്.

എട്ടോളം സിനിമകൾക്ക് തിരക്കഥകൾ എഴുതിയിട്ടുള്ള ഡോ. ഓണക്കൂറിന് ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ അനവധിയാണ്. 'ഇല്ലം' എന്ന നോവലിന് സാഹിത്യ അക്കാദമിയുടെ അവാർഡ്, ബാലസാഹിത്യത്തിന് ജവഹർലാൽ നെഹ്റു അവാർഡ്, മേരിവിജയംമാസികയുടെ ദർശന അവാർഡ്, ഡൽഹി മലങ്കര അസോസിയേഷന്റെ ഇരുപതാംവാർഷികത്തിന്റെ അവാർഡ്, കേശവദേവ് ജന്മശതാബ്ദി പുരസ്കാരം, കാമന എന്ന നോവലിന് ലഭിച്ച മാർ ഈവാനിയോസ് കൾച്ചറൽ അവാർഡ്, സഹോദരൻ അയ്യപ്പൻ അവാർഡ്, മിലാൻ അവാർഡ് എന്നിവ ഇതിൽപ്പെടുന്നു. 33 വർഷത്തെ അദ്ധ്യാപന പരിചയമുള്ള ഡോ. ഓണക്കൂർ ഇരുപത്തിയൊമ്പത് വർഷവും മാർ ഈവാനിയോസ് കോളജ് മലയാളം വകുപ്പിന്റെ തലവനായിരുന്നു. വിവിധങ്ങളായ വിദ്യാഭ്യാസ മണ്ഡലങ്ങളുടെ ഡയറക്ടർ എന്ന നിലയിലും അംഗം എന്ന നിലയിലും അദ്ദേഹം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മരിയഗൊരേത്തി, തപോവനത്തിലെ സൂര്യൻ, ആർഷജ്ഞാനത്തിന്റെ പ്രവാചകൻ എന്നിവയും യാത്രാ വിവരണങ്ങളും ജനശ്രദ്ധയാകർഷിച്ച സാഹിത്യകൃതികൾ തന്നെയാണ്.

കഥ, നോവൽ, നിരൂപണം, ബാലസാഹിത്യം, ജീവചരിത്രം തുടങ്ങിയ ശാഖകളെ അദ്ദേഹം സമ്പന്നമാക്കി. ഭാരിച്ച ഔദ്യോഗിക കർത്തവ്യങ്ങളുടെ തിരക്കുകൾക്കിടയിലാണ് ഓണക്കൂർ ഈ ഗ്രന്ഥങ്ങളെല്ലാം രചിച്ചത്.

ഓണക്കൂറിന്റെ നോവലുകളെപ്പറ്റി ദീപനാളം വാരികയിൽ കൈനകരി ഷാജി ഇപ്രകാരം എഴുതിയിരിക്കുന്നു.

"സ്വത്വവ്യതിരിക്തതകൊണ്ട് ശ്രദ്ധയാകർഷിച്ചവയാണ് ഓണക്കൂറിന്റെ നോവലുകൾ. 'അകലെ ആകാശം' ഒരു ഗ്രാമത്തിന്റെ ഉയിർത്തെഴുന്നേല്പിന്റെ കഥ പറയുന്നു. 'എന്റെ നീലാകാശം' എന്ന പേരിൽ അത് ചലച്ചിത്രമായി. അതിലെ അഭിനയത്തിന് ശോഭയ്ക്ക് ഏറ്റവും നല്ല നടിക്കുള്ള സംസ്ഥാന പുരസ്കാരം കിട്ടി. 'ഉൾക്കടൽ' എന്ന നോവൽ അതേ പേരിൽ

www.malankaralibrary.com

ചലച്ചിത്രമായി. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ കാമ്പസ് സിനിമ അതാണ്. വേണു നാഗവള്ളി, രതീഷ് തുടങ്ങിയവരുടെ ആദ്യചിത്രവും അതുതന്നെ. പേരുപോലുമില്ലാത്ത ഒരു വികലാംഗയുടെ കദനസംഘർഷങ്ങളാണ് 'കാമന'യുടെ പ്രമേയം. 'യമനം' എന്ന പേരിൽ സിനിമയായപ്പോൾ അത് ഏറ്റവും നല്ല തീമിനുള്ള ഇന്ദിരാഗാന്ധി പുരസ്കാരത്തിന് അർഹമായി. കാർഷികബന്ധനിയമങ്ങൾ യാഥാർത്ഥ്യമായശേഷം കേരളത്തിന്റെ സമ്പദ്ഘടനയിലുണ്ടായ മാറ്റങ്ങൾ 'ഇല്ലം' എന്ന നോവലിലുണ്ട്. അതിനു സാഹിത്യ അക്കാദമി അവാർഡു ലഭിച്ചു. അത് ടെലിവിഷൻ പരമ്പരയായി. പഞ്ചാബിയിലേക്ക് വിവർത്തനം ചെയ്യപ്പെടുകയുമുണ്ടായി. ജീവിത ബന്ധങ്ങളുടെ ഇഴയടുപ്പം 'കൽത്താമര'യിൽ കാണാം. Orchild എന്ന പേരിൽ പ്രസിദ്ധീകരിച്ച അതിന്റെ ഇംഗ്ലീഷ് പരിഭാഷ അമേരിക്കയിലെ ക്ലർക്ക് അറ്റ്ലാന്റ സർവ്വകലാശാലയിൽ പഠന ഗ്രന്ഥമാണ്. 'എഴുതാപ്പുറങ്ങൾ', 'ഉഴവുചാലുകൾ' എന്നീ നോവലുകളും അനുവാചകപ്രീതി നേടി. ഉന്നത വിദ്യാഭ്യാസരംഗത്തെ പരിവർത്തനങ്ങൾക്കു കാരണമായ പോരാട്ടങ്ങളുടെ ചിത്രീകരണമാണ് ആത്മകഥാംശമുള്ള 'സമതലങ്ങൾക്കപ്പുറം' എന്ന നോവലിലുള്ളത്.

ഓണക്കൂറിന്റെ ഏറ്റവും പുതിയ നോവലായ 'ഹൃദയത്തിൽ ഒരു വാൾ' കേന്ദ്രസാംസ്കാരിക വകുപ്പുമന്ത്രി ജയ്പാൽ റെഡ്ഡി അടുത്തിടെ തിരുവനന്തപുരത്തു പ്രകാശനം ചെയ്തു. ബൈബിളിന്റെ അന്തരീക്ഷം അതിലുണ്ട്. അതിലെ കാവ്യചാരുതയാർന്ന ശൈലി ദാവീദിന്റെയും ശലോമോന്റെയും ഗീതങ്ങളെ ഓർമ്മിപ്പിക്കും. കുരിശുമരണത്തിന്റെ രാത്രിയിൽ മറിയത്തിന്റെ മനസ്സിലൂടെ കടന്നുപോകുന്ന ചിന്തകൾ വായനക്കാരുടെ മനസ്സിനെ മഥിക്കും.

നാലു പൂച്ചക്കുട്ടികൾ, ഞാൻ ഒരു കയ്യൊപ്പുമാത്രം, നാടുനീങ്ങുന്ന നേരം, സമയസൂചികകൾ നിശ്ചലം എന്നീ സമാഹാരങ്ങൾ ഓണക്കൂറിന്റെ കഥാരചനാകൗശലത്തിന് നിദർശനങ്ങളാണ്.

യാത്രാവിവരണശാഖയ്ക്ക് കനത്തസംഭാവനകൾ നൽകിയ എഴുത്തുകാരനാണ് ഡോ. ഓണക്കൂർ. ഒലിവുമരങ്ങളുടെ നാട്ടിൽ എന്ന യാത്രാവിവരണഗ്രന്ഥം മെഡിറ്ററേനിയൻ തീരത്തിലൂടെ അദ്ദേഹം നടത്തിയ സഞ്ചാരത്തിന്റെ വിവരണമാണ്. ബൈബിളിന്റെ പശ്ചാത്തല ഭൂമിയിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്ന ഈ യാത്രാവിവരണം ഏറെ പ്രസിദ്ധമാണ്.

മരുഭൂമിയുടെ ഹൃദയം തേടി എന്ന യാത്രാവിവരണഗ്രന്ഥം മനോരാജ്യം ആഴ്ചപ്പതിപ്പിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചതാണ്. സാഹിത്യ അക്കാഡമിയുടെ അവാർഡിനർഹമായ ഒരു യാത്രാവിവരണമാണ് 'അടരുന്ന ആകാശം' എന്നത്. അമേരിക്കയിലെ ഭീകരാക്രമണത്തിനുശേഷം അവിടം സന്ദർശിച്ച ഒരു ഇന്ത്യൻ എഴുത്തുകാരന്റെ പ്രതികരണമാണ് ഈ യാത്രാവിവരണഗ്രന്ഥത്തിൽ നിഴലിച്ചു കാണുന്നത്.

www.malankaralibrary.com

സഹോദരൻ അയ്യപ്പൻ അവാർഡിനർഹമായ മറ്റൊരു കൃതിയാണ് "എം.പി. പോൾ കലാപത്തിന്റെ തിരുശ്ശേഷിപ്പുകൾ" എന്നത്. എം.പി. പോൾ ഒറ്റയ്ക്ക് നടത്തിയ സമരത്തിന്റെ പോരാട്ടത്തിന്റെ ആഖ്യാനമാണ് ഈ കൃതി.

ഏറ്റവും മികച്ച ഗവേഷണ പ്രബന്ധത്തിനുള്ള പുരസ്കാരം നേടിയ ഒരു കൃതിയാണ് നായകസങ്കല്പം മലയാള നോവലിൽ എന്നുള്ളത്.

കാമനയ്ക്കും കൽത്താമരക്കും ഇംഗ്ലീഷ് പതിപ്പുണ്ടായി.

ഫ്രാൻസ്, ഇറ്റലി, ഈജിപ്ത്, ഇസ്രായേൽ, യു.എ.ഇ., ബഹ്റിൻ എന്നീ രാജ്യങ്ങൾ ഓണക്കൂർ സന്ദർശിച്ചിട്ടുണ്ട്. ഗ്രാമീണാന്തരീക്ഷത്തിലാണ് ജോർജ് ജനിച്ചതും വളർന്നതും. ആ സാഹചര്യങ്ങൾ അദ്ദേഹത്തിന്റെ വളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തി. ഗ്രാമാന്തരീക്ഷത്തിൽ വളർന്ന ജോർജിന് കഥകളിയും പാഠകവും ചാക്യാർകൂത്തും ഒക്കെ ആസ്വദിക്കുവാൻ സാധിച്ചു. കലയിലും സാഹിത്യത്തിലും താൽപര്യം വർദ്ധിക്കാൻ ഇത് കാരണമായി.

വിലാസം - ഡോ. ജോർജ് ഓണക്കൂർ, സുദർശന, നാലാഞ്ചിറ,
തിരുവനന്തപുരം - 695015.

# 296

# മദർ നോറ എം.എസ്.ജെ.



മോൺ.ജോസഫ് പഞ്ഞിക്കാരനാൽ സ്ഥാപിതമായ മെഡിക്കൽ മിഷ്യൻ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് സന്യാസിനീസമൂഹത്തിന്റെ നേതൃത്വതലങ്ങളിലും യുവതലമുറയുടെ രൂപീകരണരംഗത്തും നവീകരണമേഖലകളിലുമെല്ലാം തന്റെ സിദ്ധികളും കർമ്മശേഷിയും സമർപ്പിച്ച് സേവനനിരതയായി വ്യക്തിമുദ്രപതിപ്പിച്ചുകഴിഞ്ഞിരിക്കുന്ന മദർ നോറ എം.എസ്.ജെ, പാലായിലെ പുരാതനവും പ്രസിദ്ധവുമായ കട്ടക്കയം കുടുംബത്തിൽ, മഹാകവി ചെറിയാൻ മാപ്പിളയുടെ ദ്വിതീയപുത്രൻ സി.മാത്യു കട്ടക്കയത്തിന്റേയും അദ്ദേഹത്തിന്റെ രണ്ടാം വിവാഹത്തിലെ പത്നി എലവനാൽ ത്രേസ്യാമ്മയുടേയും 6-ാമത്തെ സന്താനമായി 1941 നവംബർ 19-ാം തീയതി ഭൂജാതനായി. ബ്രിജീറ്റ് എന്നത്രെ ജ്ഞാനസ്നാനപ്പേര്.

പാലാ സെന്റ് മേരീസ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ ബിരുദപഠനവും പൂർത്തിയാക്കിയ ബ്രിജീററ്, രോഗികൾക്കും വേദനയനുഭവിക്കുന്നവർക്കുമായി ജീവിതം അർപ്പിക്കുക എന്ന ആഗ്രഹത്തോടെ 1962 ൽ കോതമംഗലത്തുള്ള "ധർമ്മഗിരി"

www.malankaralibrary.com

എന്ന നാമത്താൽ അറിയപ്പെടുന്ന മെഡിക്കൽ മിഷ്യൻ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് സന്യാസിനീസമൂഹത്തിൽ അംഗമായി ചേർന്നു. 1964 സെപ്റ്റംബർ 8-ാം തീയതി സന്യാസവസ്ത്രം സ്വീകരിച്ച് ആദ്യവ്രതവാഗ്ദാനവും നടത്തി.

രോഗീശുശ്രൂഷാരംഗത്തായിരുന്നില്ല അധികാരികൾ സി.നോറയെ നിയോഗിച്ചത്. പ്രത്യുത, സന്യാസരൂപീകരണരംഗത്ത് തന്റെ സേവനം സംലഭ്യമാക്കാൻ കഴിയുംവിധം ദൈവശാസ്ത്രം, ലിററർജി, കൗൺസലിംഗ് എന്നിവയുടെ പഠനത്തിനായി സി. നോറ അയയ്ക്കപ്പെട്ടു. ഗോവയിലെ Mater Dei, ബാംഗ്ളൂരിലെ N.B.C.L.C. ധർമ്മാരാം, വെല്ലൂരിലെ C.C.C, പൂനയിലെ N.V.S.C. എന്നിവിടങ്ങളിൽ ലഭിച്ച പരിശീലനം, സുദീർഘമായ കാലഘട്ടം എം.എസ്.ജെ. സന്യാസിനീസമൂഹത്തിന്റെ യുവതലമുറയുടെ രൂപീകരണത്തിന് മദർ നോറയെ പ്രാപ്തയാക്കി. 20 വർഷങ്ങൾ ഈ രംഗത്ത് സേവനം അനുഷ്ഠിക്കുവാൻ മദർ നോറായ്ക്ക് കഴിഞ്ഞു എന്നത് മഹത്തായ നേട്ടമാണ്. അസുലഭമായ ദൈവനിയോഗവും.

രണ്ടാം വത്തിക്കാൻ കൗൺസിലിനെ തുടർന്ന് സന്യാസസമൂഹങ്ങളിലും പ്രത്യക്ഷമായ ഉണർവിന്റേയും ചലനാത്മകതയുടേയും പശ്ചാത്തലത്തിൽ നടത്തപ്പെട്ട പൊതുസംഘത്തിന്റെ മൂന്നു സമ്മേളനങ്ങളിലും മദർനോറ സജീവഅംഗമായിരുന്നു. എം.എസ്.ജെ. സന്യാസീസമൂഹത്തിന്റെ നിയമാവലി പരിഷ്കരണം എന്ന ശ്രമകരമായ ദൗത്യവും മദർനോറ നിർവ്വഹിച്ചു. എം.എസ്.ജെയുടെ സ്ഥാപകദർശനം, തനിമ, കാരിസം എന്നിവയുടെ പഠനം, കാലാനുസൃതമായ വളർച്ച, തലമുറകളിലേക്കുള്ള കൈമാറ്റം എന്നിവ ലക്ഷ്യമാക്കി വിവിധ കാലഘട്ടങ്ങളിൽ നടപ്പിലാക്കിയ കർമ്മപരിപാടികളിൽ മദർനോറ വഹിച്ചിട്ടുള്ള പങ്ക് വലുതാണ്. പൈതൃകമായി തനിക്കു കിട്ടിയിട്ടുള്ള സാഹിത്യവാസന ആത്മീയമേഖലകളിൽ വിന്യസിപ്പിക്കുവാൻ ദത്തശ്രദ്ധയായ മദറിന്റെ ഈശ്വരോന്മുഖതയും സമൂഹത്തോടുള്ള പ്രതിബദ്ധതയും സന്യാസസമൂഹാംഗങ്ങൾക്കായി മദർ എഴുതിയ ലേഖനങ്ങളിലും കലാവിഭവങ്ങളിലും ദൃശ്യമാണ്. 1991 ൽ പ്രസിദ്ധീകരിക്കപ്പെട്ട "നമ്മുടെ പൈതൃകം കർമ്മപഥത്തിൽ" എന്ന ഗ്രന്ഥം മദർ നോറയുടേയും സഹപ്രവർത്തക സി. ജ്യോതിസ്സിന്റേയും ദീപ്തമായ ഉൾക്കാഴ്ചയുടേയും പ്രയത്നത്തിന്റേയും ഫലമാണ്. ശരീരത്തിൽ ചെയ്യുന്ന ശുശ്രൂഷ ആത്മീയശുശ്രൂഷയുമായിരിക്കണം, ആശുപത്രികൾ ക്രിസ്തീയ ഉപവിയുടെ കേന്ദ്രമായിരിക്കണം, എന്നിങ്ങനെ സ്ഥാപകദർശനം വ്യക്തമാക്കുന്ന അടിസ്ഥാന വസ്തുതകൾക്ക് ഊന്നൽ നൽകുന്ന ഗ്രന്ഥം ആതുരശുശ്രൂഷാരംഗത്ത് സേവനമനുഷ്ഠിക്കുന്നവർക്ക് എന്നും ഒരു ഉത്തമ വഴികാട്ടിയാണ്. മദറിന്റെ ചരിത്രാവബോധത്തിന്റേയും ഉറവിടത്തോടുള്ള മാറ്റമില്ലാത്ത വിശ്വസ്തതയുടേയും സ്ഥാപക ചൈതന്യം വരുംതലമുറകൾക്ക് പകർന്നുനൽകുവാനുള്ള അഭിനിവേശത്തിന്റേയും ബഹിർസ്ഫുരണമത്രെ എം.എസ്.

www.malankaralibrary.com

ജെയുടെ ഇന്നേവരെയുള്ള ചരിത്രം ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥം തയാറാക്കണം എന്ന നിശ്ചയം. സി. ബഞ്ചമിനെ ഈ കൃത്യനിർവഹണത്തിനായി മദർ ചുമതലപ്പെടുത്തുകയും ചെയ്തു. സി.ബഞ്ചമിൻ എഴുതി തയ്യാറാക്കിയ "ധർമ്മഗിരി" എന്ന ചരിത്ര ഗ്രന്ഥത്തിന്റെ പ്രസാധനവും മദർ നിർവ്വഹിച്ചു.


പ്രൊവിൻഷ്യൽ കൗൺസിലർ, ജനറൽ കൗൺസിലർ എന്നീ നിലകളിൽ തന്റെ ശുശ്രൂഷകൾ സന്യാസസമൂഹത്തിനർപ്പിച്ച മദർനോറ 1997 ജൂലൈ 3-ാം തീയതി എം.എസ്.ജെയുടെ സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ടു. അധികാരത്തെ സ്നേഹശുശ്രൂഷയുടെ വിശുദ്ധദൗത്യമായികണ്ട മദർ സമൂഹാംഗങ്ങളുടെ സ്വപ്നങ്ങളും ഹൃദയത്തുടിപ്പുകളും ഏറ്റുവാങ്ങി, കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കി, കൃത്യമായ ദിശാബോധത്തോടെ ആത്മീയതയുടേയും വിജ്ഞാനത്തിന്റേയും മേച്ചിൽപ്പുറങ്ങളിൽ 6 വർഷക്കാലം എം.എസ്.ജെ. സമൂഹത്തെ നയിച്ചു. ധ്യാനസാധനകളിലൂടെയും പഠനപരമ്പരകളിലൂടെയും ആത്മനവീകരണയജ്ഞങ്ങളിലൂടെയും എം.എസ്.ജെയ്ക്ക് ഒരു "വീണ്ടുജനനം" നൽകാൻ മദറിനു കഴിഞ്ഞു. സുപ്പീരിയർ ജനറൽ എന്ന നിലയിൽ തന്റെ ദൗത്യം പൂർത്തിയാക്കിയ മദർ നോറ ഇന്ന് എം.എസ്.ജെയുടെ കോതമംഗലം പ്രോവിൻസിന്റെ വൈസ്പ്രൊവിൻഷ്യൽ ആയി സേവനമനുഷ്ഠിക്കുന്നു.

തന്റെ ഔദ്യോഗികകർത്തവ്യത്തിന്റെ ഭാഗമെന്ന നിലയിൽ അമേരിക്കയിലും വിശുദ്ധനാടുകളിലും ജർമ്മനി, റോം, പാരീസ് തുടങ്ങി യൂറോപ്പിലെ മിക്ക രാജ്യങ്ങളിലും പര്യടനം നടത്തുന്നതിനും ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായെ സന്ദർശിച്ച് അനുഗ്രഹാശിസ്സുകൾ വാങ്ങുന്നതിനും മദറിനു ഭാഗ്യം സിദ്ധിച്ചു.

വിലാസം - മദർനോറ എം.എസ്സ്.ജെ., സെന്റ് ജോസഫ് പ്രൊവിൻസസ്
ധർമ്മഗിരി, കോതമംഗലം.

# 297

# റവ ഡോ. ജേക്കബ്ബ് തെക്കേപ്പറമ്പിൽ



"സീരി" എന്ന ചുരുക്കപ്പേരിൽ ലോകമെങ്ങും അറിയപ്പെടുന്ന കോട്ടയത്തെ സെന്റ്.എപ്രേംസ് എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപക ഡയറക്ടറാണ് റവ. ഡോക്ടർ ജേക്കബ്ബ് തെക്കേപ്പറമ്പിൽ. യേശു

www.malankaralibrary.com

ക്രിസ്തുവിന്റെ മാതൃഭാഷയായ അരമായഭാഷയുടെ രൂപാന്തരമാണ് സുറിയാനി എന്ന തിരിച്ചറിവിൽ ആ ഭാഷയെ പുനരുജ്ജീവിപ്പിക്കാനും കേരളീയ നസ്രാണികളുടെ സുറിയാനി പാരമ്പര്യത്തെ സുദൃഢമാക്കി നിലനിർത്തുവാനും സുറിയാനിഭാഷയിലെ വിലയേറിയ സാഹിത്യ വൈജ്ഞാനിക സമ്പത്തുകൾ കണ്ടെടുത്തു പ്രചരിപ്പിക്കുവാനും സംഗീത കലാപാരമ്പര്യങ്ങളെ പോക്ഷിപ്പിക്കുവാനും നിരന്തരം ശ്രമിച്ചു പോരുന്ന ലോകത്തിലെ ഏക സ്ഥാപനമെന്ന് "സീരി"യെ വിശേഷിപ്പിച്ചു കൂടെങ്കിൽ പ്രമുഖ സ്ഥാപനമെന്ന വിശേഷണം അതിന് നേടിക്കൊടുത്തത് തെക്കേപ്പറമ്പിൽ ജേക്കബ്ബച്ചന്റെ മുപ്പതു വർഷക്കാലത്തെ മുഴുവൻ സമയ പ്രവർത്തനമാണ്. മഹാത്മഗാന്ധി സർവ്വകലാശാലയുടെ സുറിയാനി പഠനകേന്ദ്രമെന്ന നിലയിൽ ബിരുദാനന്തരബിരുദതലം വരെ വിദ്യാർത്ഥികളെ പരിശീലിപ്പിച്ചു പരീക്ഷ നടത്തി ഉത്തരങ്ങൾ പരിശോധിച്ച് സർട്ടിഫിക്കറ്റു നേടിക്കൊടുക്കുന്ന ഒരു അനുബന്ധ യൂണിവേഴ്സിറ്റിയായി കോട്ടയം നഗരമദ്ധ്യത്തിലുള്ള ബഹുനിലക്കെട്ടിടത്തിൽ തലയുയർത്തി നില്ക്കുന്ന സീരി, ജേക്കബ്ബച്ചന്റെ ശാശ്വത സ്മാരകമാണെന്നു തന്നെ പറയാം. വർഷാവർഷങ്ങളായി കോട്ടയം സീരിയിൽ നടന്നു പോരുന്ന ലോക സുറിയാനി സമ്മേളനങ്ങളുടെ അമരക്കാരനും ആതിഥേയനും അദ്ദേഹമാണ്. നിരന്തര സഞ്ചാരിയായ ജേക്കബ്ബച്ചന് ലോകമെമ്പാടുമുള്ള സുറിയാനി സഭാ കേന്ദ്രങ്ങളുമായി ബന്ധം പുലർത്തുന്നതിനും പ്രശസ്ത പണ്ഢിതന്മാരെ കോട്ടയത്തേക്കാകർഷിക്കുന്നതിനും കഴിയുന്നുണ്ടെങ്കിൽ അതിന് മറ്റൊരു കാരണം സീരിയിൽ അദ്ദേഹം സജ്ജീകരിച്ചിരിക്കുന്ന അപൂർവ്വ ഗ്രന്ഥശേഖരമാണ്.

ബേക്കർ ഹില്ലിലുള്ള സെന്റ് എഫ്രേംസ് എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിസ്റ്റൂട്ടിന്റെ സ്ഥാപകനും ശില്പിയും ഡയറക്ടറുമായ ഫാ.ജേക്കബ്ബ് തെക്കെപ്പറമ്പിൽ കോട്ടയത്തിനടുത്തുള്ള പരിയാരത്ത് അഞ്ചേരി കുടുംബ ശാഖയായ തെക്കെപ്പറമ്പിൽ എബ്രഹാം ഏലീയാമ്മ(അശ്വതി) ദമ്പതികളുടെ ഏഴു മക്കളിൽ രണ്ടാമനായി 1942 ഏപ്രിൽ 12 ന് ജനിച്ചു. അദ്ദേഹത്തിന്റെ ജന്മനാടിനും ഇപ്പോൾ അഞ്ചേരി എന്ന പേരു തന്നെ ലഭിച്ചിരിക്കുന്നു. പരിയാരം ഗവ. പ്രൈമറിസ്കൂളിലും, പുതുപ്പള്ളി ഗവ. ഇംഗ്ലീഷ് ഹൈസ്കൂളിലും പഠിച്ച് 1959-ൽ മെട്രിക്കുലേഷൻ പാസ്സായി. തിരുവല്ല മൈനർ സെമിനാരിയിൽ 1961 വരെ പരിശീലനം നേടിയശേഷം പൂന പേപ്പൽ സെമിനാരിയിൽ 1969ൽ വൈദിക പഠനം പൂർത്തിയാക്കി തിരുപ്പട്ടം സ്വീകരിച്ചു. കോഴിക്കോടിനടുത്തുള്ള താമരശ്ശേരി പ്രദേശത്തുള്ള മൈക്കാവിൽ മൂന്നു പള്ളികളുടെ ചുമതലയുള്ള വികാരിയായി നിയമിക്കപ്പെട്ടു. ഇടവകഭരണം അവിടം കൊണ്ടവസാനിപ്പിക്കുകയും ചെയ്തു. 1971 മുതൽ 76 വരെ പാരീസ് കാത്തലിക് യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തി. L.Th BTh. ബിരുദങ്ങൾ സമ്പാദിച്ചു. അവിടെ വച്ച്, ജർമ്മൻ, സുറിയാനി, സംസ്കൃതം എന്നീ ഭാഷകൾ പഠിച്ചു. ഫാ. എസ്. പൈനാടത്ത് അവിടെ

www.malankaralibrary.com

അദ്ദേഹത്തിന്റെ സഹപാഠിയായിരുന്നു. പൗരസ്ത്യ ദൈവശാസ്ത്രത്തിലും അരാധനാ ക്രമത്തിലും M.A. ബിരുദം സമ്പാദിച്ചു. ഫിലോസഫിയിലും BPh ബിരുദം നേടി. ലുവെയിൽ യൂണിവേഴ്സിറ്റിയിൽ നിന്ന് സുറിയാനിയിൽ ഉപരിപഠനം നിർവ്വഹിച്ചു ലുവയിനിലുള്ള ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രശസ്തയായ പ്രൊഫസ്സർ അന്ത്രയാഷ്മിത്തിന്റ പ്രോത്സാഹനത്തിൽ ഇന്ത്യൻ ഭാഷകളുമായി അഗാധബന്ധമുള്ള അർമേനിയൻ സാഹിത്യവുമായി ബന്ധപ്പെടുന്നതിനും, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ അന്താരാഷ്ട്രബന്ധ വകുപ്പിന്റെ പാഠ്യക്രമത്തിൽ അർമേനിയൻ ഭാഷാ വിഷയങ്ങൾ (കൊക്കാസിൻ) ഉൾപ്പെടുത്തുന്നതിന് തെക്കേപ്പറമ്പിലച്ചൻ മുൻകൈയെടുത്തത് ഈ അറിവിന്റെ പിൻബലത്തിലാണ്. പൗരസ്ത്യസഭകൾ സ്രോതസ്സുകളിലേക്കു പിന്മടങ്ങണമെന്ന് രണ്ടാം വത്തിക്കാൻ സുനഹദോസ് ആഹ്വാനം പുറപ്പെടുവിച്ചത്, ഫാ.തെക്കേപ്പറമ്പിലിന് ഉത്തേജനം നൽകി. സുറിയാനി സഭകളുടെ സ്രോതസ്സുകൾ തേടിയുള്ള അദ്ദേഹത്തിന്റെ യാത്രയാരംഭിക്കുന്നതിവിടെയാണ്. സീരിയിലൂടെ അദ്ദേഹം ഇപ്പോൾ അത് ഫലപ്രദമായി നടത്തിക്കൊണ്ടിരിക്കുകയാണ്.

ദിവംഗതനായ ഐസക് മാർ യൂഹാനോൻ തിരുമേനി തൃശ്ശൂർ കൽദായമെത്രാപ്പോലീത്ത മാർ അപ്രേമുമൊരുമിച്ച് ഗോസ്ലായിൽ വിളിച്ചുകൂട്ടിയ ലോക സുറിയാനി സമ്മേളനത്തിലാണ് കത്തോലിക്കാ സഭയിലെ സുറിയാനി റീത്തുകളും ഇതര പൗരസ്ത്യ സുറിയാനി സഭകളും ഒത്തുചേരുന്ന ഒരു എക്യൂമെനിക്കൽ സ്ഥാപനം എന്ന ആശയം രൂപം കൊണ്ടത്. കോട്ടയം സീരി അതു മുഖമുദ്രയായി സ്വീകരിച്ചു. സുറിയാനി സഭകളുടെ ഒരു സംഗമ സ്ഥാനമായി അതു മാറി. ലോക സർവ്വകലാശാലകളുമായി സുറിയാനി വിഷയങ്ങളിൽ സഹകരണ ഉടമ്പടിയുണ്ടാക്കി പ്രവർത്തിക്കുന്ന ഏക സ്ഥാപനം സീരിയാണെന്നു പറയാം.

ജേക്കബച്ചൻ സുറിയാനി ഭാഷയിൽ ഡിപ്ലോമയും പ്രാചീന സുറിയാനി രേഖാ ഗവേഷണത്തിൽ ഡോക്ടറേറ്റും നേടിയത് വിദേശ സർവ്വകലാശാലകളിൽ നിന്നാണ്. ഗോട്ടിൻജൻ, മ്യൂനിച്ച്, ബെർലിൻ എന്നീ സർവ്വകലാശാലകളിൽ അദ്ദേഹം ഗവേഷണ വിദ്യാർത്ഥിയായിരുന്നു. 1978 മുതൽ 82 വരെ ജർമ്മിനിയിലുള്ള ഗോട്ടിൻജൻ സർവ്വകലാശാലയിൽ പാശ്ചാത്യ സുറിയാനി ലിറ്റർജിയിൽ ഗവേഷണം നടത്തുകയും സുറിയാനി ബൈബിളിന്റെ പദകോശ നിർമ്മാണത്തിൽ (concordance) സഹകരിക്കുകയും ചെയ്തു.

1982 മുതൽ 84 വരെയുള്ള വർഷങ്ങളിൽ ഇന്ത്യയിലൊരു ഗവേഷണ കേന്ദ്രം തുടങ്ങുവാനാവശ്യമായ ഗ്രന്ഥങ്ങളും പകർപ്പുകളും ശേഖരിച്ചു കൊണ്ട് ഗോട്ടിൻജൻ ലൂബിൻജൻ കേന്ദ്രങ്ങളിൽ ചുറ്റിത്തിരിഞ്ഞു. 1984-ൽ തിരിച്ചെത്തി. 1985-ൽ കോട്ടയത്തെ സെന്റ് എഫ്രേംസ് ഗവേഷണ കേന്ദ്രത്തിനു തുടക്കം കുറിച്ചു. അന്നു മുതൽ ഇന്നു വരെ പ്രസ്തുത സ്ഥാപനത്തിന്റെ ജീവാത്മാവും പരമാത്മാവുമായി പ്രവർത്തിച്ചു വരുന്നു. സുറിയാനി

www.malankaralibrary.com

ഭാഷയിലും സാഹിത്യത്തിലും സർട്ടിഫിക്കറ്റു കോഴ്സു മുതൽ ഡോക്ടറേറ്റു പരിശീലനം വരെ അവിടെ നടത്തപ്പെടുന്നുണ്ട്. പ്രഗത്ഭരും പ്രശസ്തരുമായ ഡാ. ഗീവർഗീസ് പണിക്കർ, ഫാ. എബ്രഹാം കളക്കുടി മുതലായ അദ്ധ്യാപകർ സീരിയിൽത്തന്നെ താമസിച്ചും വിവിധ സഭകളിൽപ്പെട്ട പണ്ഡിതഗുരുക്കന്മാർ സന്ദർശകരായും വന്നു പരിശീലനത്തിനു നേതൃത്വം നൽകുന്നു. ഇതൊരു ദൈവശാസ്ത്ര പരിശീലന കേന്ദ്രമോ വൈദിക പരിശീലന കേന്ദ്രമോ അല്ല. എം.ജി. യൂണിവേഴ്സിറ്റിയുടെ ഭാഷാ പരിശീലന ഗവേഷണ കേന്ദ്രങ്ങളിലൊന്നാണ്. എന്നാൽ ഇത് കേവലമൊരു അക്കാദമിക് സ്ഥാപനവുമല്ല. ദൈവജന സേവനത്തിനായി സമർപ്പിതമായ ക്രൈസ്തവ സഭാ സേവന കേന്ദ്രവും കൂടിയാണിത്. പൗരസ്ത്യ സുറിയാനി സഭകളുടെയും പാശ്ചാത്യ സുറിയാനി സഭകളുടെയും സംഗമ കേന്ദ്രവും വൈജ്ഞാനിക കലവറയുമായി സീരി പ്രവർത്തിക്കുന്നത് ഫാ. ജേക്കബ് തെക്കേപ്പറമ്പിലിന്റെ സഭാ സ്നേഹവും, പാരമ്പര്യാഭിമാനവും, പാണ്ഡിത്യ സമ്പത്തും, മനുഷ്യസ്നേഹവും സ്നേഹോഷ്മളമായ പെരുമാറ്റവും കാരുണ്യാർദ്രമായ ഹൃദയ നന്മയും കൊണ്ടാണ്.

റവ.ഡാ. ഗീവർഗീസ് പണിക്കർ പറയുന്നു "ഡാ. ജേക്കബ് തെക്കേപ്പറമ്പിൽ സുറിയാനി ഭാഷയോട് പ്രേമ ബദ്ധനായ ഒരാളാണ്. ആ ഭാഷയെ മാത്രമല്ല, അതിന്റെ സാഹിത്യപരവും ദൈവശാസ്ത്രപരവുമായ പാരമ്പര്യങ്ങളെയും അദ്ദേഹം അഗധമായി സ്നേഹിക്കുന്നു. തന്റെ മോശമായ ആരോഗ്യത്തെ അവഗണിച്ചുകൊണ്ട്, യു.എസ്.എ, യു.കെ, ആസ്ട്രേലിയ, യൂറോപ്പ്, മദ്ധ്യപൗരസ്ത്യ രാജ്യങ്ങൾ എന്നിവടങ്ങളിലെല്ലാം അദ്ദേഹം സഞ്ചരിക്കുന്നത് "സീരി" എന്ന നിസ്തുലമായ സുറിയാനിപഠന കേന്ദ്രം കെട്ടിയുയർത്തുവാനാവശ്യമായ ഫണ്ടു ശേഖരിക്കുവാൻ മാത്രമല്ല. പണ്ഡിതന്മാരായ സുഹൃത്തുക്കളുമായി നിരന്തര സമ്പർക്കം പുലർത്തുവാനും, വിജ്ഞാന സമ്പാദനത്തിനും കൂടി വേണ്ടിയാണ്. അദ്ദേഹത്തിന്റെ അക്ഷീണമായ തീക്ഷ്ണതയും, ഇടമുറിയാത്ത പരിശ്രമവുമാണ് കോട്ടയത്തിന്റെ ശിരസ്സിലൊരു കിരീടം പോലെ ഇങ്ങനെയൊരു സുറിയാനി മഹാപാഠശാല ഉയർന്നു വരാൻ കാരണം".

പ്രൊഫ. മാത്യു ഉലകംതറ പറയുന്നു "ജേക്കബ് തെക്കേപ്പറമ്പിലച്ചന്റെ സുറിയാനി പ്രേമത്തെക്കാൾ എന്നെ വിസ്മയിപ്പിക്കുന്ന ഘടകങ്ങൾ വേറെ പലതുണ്ട്. അദ്ദേഹം എല്ലാ ഭാഷകളെയും സാഹിത്യത്തെയും മനുഷ്യനെയും സ്നേഹിക്കുന്നു. മറ്റുള്ളവരുടെ ചെറിയ ഗുണങ്ങളെ വലുതായി കാണുന്നു. വളർന്നു വരാനാഗ്രഹിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും രംഗമൊരുക്കിക്കൊടുക്കുകയും ചെയ്യുന്നു. മലയാള ഭാഷയോടും കവിതകളോടുമുള്ള ജേക്കബച്ചന്റെ പ്രതിപത്തി അനിതരസാധാരണമാണ്. ഒരു ലോക സുറിയാനി സമ്മേളനത്തിൽ സെന്റ് എഫ്രേമിന്റെ കവിതകൾ മലയാളഭാഷയിൽ വിവർത്തനം ചെയ്തവതരിപ്പിക്കാൻ അഞ്ചെട്ടു വർഷം മുമ്പ്

www.malankaralibrary.com

അദ്ദേഹമെന്നോടാവശ്യപ്പെട്ടത് ഒരു കണ്ടെത്തലിന്റെ തുടക്കമായിരുന്നു. മാർ അപ്രേമിന്റെ ഗീതങ്ങൾ ദ്രാവിഡ വൃത്തങ്ങളിലൂടെ മലയാളത്തിന്റെ മധുര പദാവലിയിൽ നൃത്തം വച്ചപ്പോൾ അദ്ദേഹത്തിന്റെ മനസ്സിളകി. മലയാളത്തിൽ കവിതയെഴുതാനും ചൊല്ലാനും പരിശീലനം നൽകുന്ന ഒരു കോഴ്സ് സീരി കവിതാ മണ്ഡലം ആരംഭിച്ചു. പ്രഥമ വർഷത്തിലെ വിദ്യാർത്ഥികളിലൊരാൾ സീരി ഡയറക്ടർ ഡോ. ജേക്കബ് തെക്കേപ്പറമ്പിലായിരുന്നു. മറ്റു പരിപാടികൾ മാത്രമല്ല വിദേശയാത്രകൾ പോലും കവിതക്ലാസുള്ള ദിവസങ്ങളിൽ ഒഴിവാക്കിക്കൊണ്ട് ഒരു സ്കൂൾ വിദ്യാർത്ഥിയെപ്പോലെ അദ്ദേഹം നോട്ടു പുസ്തകവും പേനയുമായി കൃത്യ സമയത്ത് ഹാജരാകുമായിരുന്നു. പരിശീലനം കഴിഞ്ഞ് വിദേശത്തു പോയപ്പോൾ ജർമ്മനിയിൽ വച്ച് ഒരു വിവാഹം ആശിർവദിച്ചു കൊണ്ടു ചെയ്ത അനുഗ്രഹ പ്രഭാഷണത്തിൽ അദ്ദേഹം ക്ലാസിൽ പഠിച്ച ഉള്ളൂർ കവിത നീട്ടിച്ചൊല്ലി ജർമ്മൻ മലയാളികളെ അമ്പരപ്പിച്ചു കളഞ്ഞു. "പാണിയോടു പാണി ചേർന്നാൽ പോര ഹൃത്തുഹൃത്തിനോടു ചേണിയന്നു ചേരുകിൽത്താൻ ദമ്പതിഭാവം" എന്ന കവിതയാണത്രേ അദ്ദേഹം ചൊല്ലിയത്. സെന്റ് എഫ്രേമിന്റെ മറിയ ഗീതങ്ങൾ, സുറിയാനി സംവാദ ഗീതങ്ങൾ എന്നിവ മലയാളത്തിൽ എന്നെക്കൊണ്ടു വിവർത്തനം ചെയ്യിച്ച് സീരിയിൽ നിന്നദ്ദേഹം അച്ചടിച്ചിറക്കി. സാറൂഗിലെ യാക്കൂബ് മല്പാന്റെ ഒരു പദ്യം നാടകരൂപത്തിലാക്കി മാർത്തോമ്മാ ശ്ലീഹായുടെ ഭാരതപ്രസ്ഥാനമെന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയതു മറ്റൊരുദാഹരണം. 2005 ഒക്ടോബിൽ ലെബനണിലെ എസ്പിരിത്തു യൂണിവേഴ്സിറ്റിയിൽ നടന്ന ലോകമത സമ്മേളനത്തിൽ ഭാരതീയ ദൈവ സങ്കല്പങ്ങളെക്കുറിച്ചു പ്രസംഗിക്കാൻ ജേക്കബ്ബച്ചൻ എന്നെ നിയോഗിച്ചതും "അവൻ വളരണം" എന്ന സുവിശേഷ സന്ദേശം പ്രാവർത്തികമാക്കാനായിരിക്കണം യേശുവിന്റെ സുവിശേഷത്തെയും പാരമ്പര്യത്തെയും ദൈവജനത്തെയുമെല്ലാം സ്വാർത്ഥലേശമില്ലാതെ സ്നേഹിക്കുന്ന ഒരു യഥാർത്ഥ പുരോഹിതനാണ് ജേക്കബ്ബ് തെക്കേപ്പറമ്പിലച്ചനെന്നു തെളിയിക്കാൻ അനേകം തെളിവുകൾ എന്റെ പക്കലുണ്ട്."

ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രൊഫസ്സറും ലോക പ്രശസ്ത സുറിയാനി പണ്ഡിതനും കവിയുമായ ഡോ. സെബാസ്റ്റ്യൻ ബ്രൂക്കു പറയുന്നത് സുദീർഘ ചരിത്രമുള്ള പാശ്ചാത്യ സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങളോടു കിടനില്ക്കുന്ന ഒരു വിശ്വ സുറിയാനി പഠന കേന്ദ്രമായി സീരിയെ ഉയർത്തിയത് അതിന്റെ സ്ഥാപക ഡയറക്ടറായ ഡോ. ജേക്കബ്ബ് തെക്കേപ്പറമ്പിൽ എന്ന ഏക വ്യക്തിയുടെ ദീർഘ വീക്ഷണവും കഠിന പരിശ്രമവുമാണെന്നതിൽ നാമദ്ദേഹത്തോടു കൃതജ്ഞതരായിരിക്കണമെന്നാണ്. സുറിയാനി പാരമ്പര്യത്തിനെന്നല്ല ക്രൈസ്തവലോകത്തിനു തന്നെ ഒരു നേട്ടമായി കരുതാവുന്ന ഈ സ്ഥാപനം കേരളത്തിന് അഭിമാനിക്കാവുന്ന ഒന്നാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 1976-ൽ തിരുവല്ലാ മെത്രാനായി

www.malankaralibrary.com

രുന്ന സക്കറിയാസ് മാർ അത്തനാസിയൂസിന്റെ ഭാവനയിലുദിച്ച ഈ ആശയത്തിന് മൂർത്ത രൂപം നല്കാൻ അദ്ദേഹം കണ്ടെത്തിയ യുവ വൈദികനായിരുന്നു ഡോ. ജേക്കബ്ബ് തെക്കേപ്പറമ്പിൽ. ആ കണ്ടെത്തലിൽ പരിശുദ്ധമാതാവിന്റെ പ്രേരണയുണ്ടായുരുന്നില്ലെങ്കിൽ സീരി എന്ന മഹാപ്രസ്ഥാനവും ഫാ. ജേക്കബ്ബ് തെക്കേപ്പറമ്പിൽ എന്ന മഹാ മനുഷ്യനും പര്യായങ്ങളായി തീരുന്നില്ല.

ഡോ. ജോസഫ് തെക്കേപ്പറമ്പിൽ സ്വന്തമായി ഒരു പുസ്തകവും പ്രസിദ്ധീകരിച്ചിട്ടില്ല. മറ്റുള്ളവരൊക്കെണ്ടെഴുതിക്കുന്നതിനാണ് അദ്ദേഹത്തിന്റെ താല്പര്യം. എങ്കിലും ലോക സുറിയാനി സമ്മേളനങ്ങളിൽ വായിച്ചവതരിപ്പിച്ച അനേകം പ്രബന്ധങ്ങളുടെ കർത്താവാണദ്ദേഹം. പ്രസ്തുത പ്രബന്ധങ്ങൾ സീരിയിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ആനുകാലികങ്ങളിൽ മുദ്രണം ചെയ്തിട്ടുണ്ട്. 1. The Harp, 2. Moran Etho 3. Blue Series 4. മദറോശോ മുതലായ സീരി പ്രസിദ്ധീകരണങ്ങൾ ലോക സർവ്വകലാശാലകളിലേക്കും ക്രൈസ്തവ ഗ്രന്ഥശാലകളിലേക്കും അയക്കപ്പെടുന്നുണ്ട്. ഭാവി ഗവേഷകരുടെ അവശ്യ സ്രോതസ്സുകളായി അവ അവശേഷിക്കുകയും ചെയ്യും. ജേക്കബ്ബച്ചന്റെ പ്രബന്ധങ്ങൾ റോമിലെ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലബനോൺ യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ സീരിയിൽ അടുത്ത കാലത്ത് ഐക്കണോഗ്രാഫി(വിശുദ്ധരേഖാചിത്ര നിർമ്മിതി) യിലും പരിശീലന പരിപാടികളാരംഭിച്ചു കഴിഞ്ഞിരിക്കുന്നു. "സീരി" ഇന്ന് അതിപ്രശസ്തമായി ഒരു ആഗോളസ്ഥാപനമായി വളർന്നിരിക്കുന്നത് അമരക്കാരനായി ജേക്കബ്ബച്ചന്റെ ആത്മാർപ്പണഫലമായിട്ടാണെന്നതിൽ സംശയമില്ല.

Address - Rev. Dr. Jacob Thekkeparambil, Director, St. Ephrem Ecuminical Research Institute, Kottayam.

# 298

# സിസ്റ്റർ ഇസബെൽ മുഴയിൽ സി.ജെ.



'കോൺഗ്രിഗേഷൻ ഓഫ് ജീസസ്' സ്ഥാപിക്കപ്പെട്ടത് 1604-ൽ ആണ്. ഒരു ഇംഗ്ളീഷ് വനിതയായ മേരി വാർഡ് ആയിരുന്നു സ്ഥാപക. ഇന്ന് അതൊരു പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടാണ്. അത് വിശുദ്ധ ഇഗ്നേഷ്യസിന്റെ ആദ്ധ്യാത്മികത പിൻതുടരുന്നു. സ്ത്രീകളുടെ സജീവവും അടച്ചുകെട്ടപ്പെടാത്തതും സ്വയം നിയന്ത്രണമുള്ളതുമായ സന്യസ്ത ജീവിതത്തിന്റെ ഒരു ആദ്യകാല പ്രവർത്തകയായിരുന്നു. മേരി വാർഡ്. അവകാശങ്ങളിൽ അവർ ഉറച്ചു വിശ്വസിച്ചിരുന്നു. 'കാല

www.malankaralibrary.com

ത്തിന്റെ തികവിൽ സ്ത്രീകൾ മഹത് കാര്യങ്ങൾ ചെയ്യും.' എന്നതായിരുന്നു അവരുടെ സ്വപ്നം. മേരിവാർഡ് സ്ത്രീകളുടെ സന്യസ്ത ജീവിതത്തിൽ ഒരു പുതിയ മാനം കൂട്ടിച്ചേർത്തു. വിദ്യാഭ്യാസത്തിന്റെ വിശാല മണ്ഡല ത്തിൽ പങ്കുചേരാൻ അവർക്ക് അവസരം നൽകി. സഭയിൽ പുതിയ പങ്കാ ളിത്തം വഹിക്കാൻ അവർ സ്ത്രീകളെ ഒരുക്കി.

കോൺഗ്രിഗേഷൻ ഓഫ് ജീസസിന്റെ ശാഖ ആദ്യമായി ഇൻഡ്യ യിൽ സ്ഥാപിക്കപ്പെട്ടത് 1853-ലാണ്. പാറ്റ്നായിലായിരുന്നു അത്. ഇന്ന് ഈ സമൂഹത്തിലെ 450 സഹോദരിമാർ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കാലാനുയോജ്യമായ വിവിധ സേവനങ്ങളിൽ അവർ ഏർപ്പെട്ടിരിക്കുന്നു - യുവജന സേവനം, ആരോഗ്യ സംരക്ഷണം, സോഷ്യൽ ആക്ഷൻ, ഇടവകകളിലെ ശുശ്രൂഷകൾ എന്നിവയിൽ. ഈ സന്യാസ സ ഭയിൽ ചേർന്ന് സഭയുടെ പ്രവർത്തനങ്ങൾക്ക് ഉജ്ജ്വലമായ നേതൃത്വം നൽകിയ സി.ഇസ്ബൽ പാലായിൽ മൂഴയിൽ കുടുംബത്തിൽ തോമസ് ചാണ്ടി- കുഞ്ഞമ്മ ചാണ്ടി ദമ്പതികളുടെ മകളായി 1942 മേയ് 24 ന് ജനിച്ചു. പാലാ സെന്റ് മേരീസ് ഹൈസ്കൂളിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാ ക്കിയ ഇസ്ബൽ ഈ സന്യാസസഭയിൽ ചേരുന്നതിനായി വടക്കേ ഇന്ത്യ യിലേക്ക് പോയി. ഈ സന്യാസ സമൂഹവുമായി സിസ്റ്ററിന് ചെറുപ്പം മുതലേ സമ്പർക്കത്തിൽ വരാൻ അവസരം ലഭിച്ചിരുന്നു. ഇസ്ബലിന്റെ ഒരു കസിൻ ഈ സഭയിൽ അംഗമായിരുന്നു. ജൂലിയാനായെന്നായിരുന്നു ആ സിസ്റ്ററിന്റെ പേര്. പാറ്റ്നായിൽ മിഷനറിയായിരുന്നു ജൂലിയാന. സിസ്റ്റർ ഇസബെൽ പ്രാരംഭിക ഒരുക്കങ്ങൾക്കും രണ്ടു കൊല്ലത്തെ നൊവിഷ്യേറ്റിനും ശേഷം 1964 - ൽ ഈ സഭയിൽ ആദ്യ വ്രതവാഗ്ദാനം നടത്തി, 1970 - ൽ നിത്യ വ്രതവാഗ്ദാനവും.

സി.ജെ. (കോൺഗ്രിഗേഷൻ ഓഫ് ജീസസ്സ്) യുടെ അംഗമെന്ന നില യിൽ സിസ്റ്റർ ഇസബെല്ലിന് താൽപര്യം തോന്നിയ മേഖലകൾ ബാലികമാ രുടെ വിദ്യാഭ്യാസവും അധഃകൃതരുടെ ഉദ്ധാരണവുമാണ്. രണ്ടും സഭാ സ്ഥാപകയായ മേരി വാർഡിന്റെ ജീവിത വീക്ഷണത്തോട് പൂർണ്ണമായി ഇണങ്ങിച്ചേരുന്നതാണല്ലോ. മതിപ്പിനതീതമായിട്ടുള്ള, മനുഷ്യ വ്യക്തിത്വ ത്തിന്റെ (സ്ത്രീയുടെയും പുരുഷന്റെയും) മൂല്യത്തെക്കുറിച്ച് ആ മഹതിയ്ക്ക് ദൃഢമായ ബോധ്യമാണുണ്ടായിരുന്നത്. ദൈവത്തിന്റെ സാദൃശത്തിൽ ൽ സൃഷ്ടിക്കപ്പെട്ടതാണല്ലോ മനുഷ്യന്റെ വ്യക്തിത്വം. അറിവും കർമ്മദക്ഷ തയും മാത്രം പ്രദാനം ചെയ്യുകയായിരുന്നില്ല അവരുടെ വീക്ഷണത്തിൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മനുഷ്യ വ്യക്തിയുടെ ആകമാനരൂപാന്തരീ കരണമാണ് അവർ ലക്ഷ്യപ്പെടുത്തിയത്. വ്യക്തിക്ക് വിജ്ഞാനവും സുകൃ തപൂർണ്ണതയും ആദ്ധ്യാത്മികാവബോധവും ഉണ്ടാകണം. സമൂഹത്തിന്റെ പുരോഗതിയിലും ആരോഗ്യത്തുടിപ്പുള്ള സഭയുടെ രൂപപ്പെടുത്തലിലും വില പ്പെട്ട പങ്കു വഹിക്കുവാൻ സ്ത്രീക്കു കഴിയുമെന്നാണ് സിസ്റ്റർ ഇസബെ

www.malankaralibrary.com

ല്ലിന്റെ ദൃഢവിശ്വാസം.

സിസ്റ്റർ മേരിവാർഡിന്റെ ചരമശിലാഫലകത്തിൽ ഇങ്ങനെ രേഖപ്പെയുത്തിയിട്ടുണ്ട്. 'പാവങ്ങളെ സ്നേഹിക്കുക, ആസ്നേഹത്തിൽ സ്ഥിരമായി നിൽക്കുക, അവരോടൊപ്പം ജീവിക്കുകയും മരിക്കുകയും ഉത്ഥാനം ചെയ്യുകയും ചെയ്യുക ഇതായിരുന്നു മേരിവാർഡിന്റെ ജീവിതലക്ഷ്യം.' ഇത് ആ മഹതിയുടെ ആദർശം വ്യക്തമാക്കുന്നുണ്ട്. ഇല്ലായ്മ വല്ലായ്മകളിൽ കഴിഞ്ഞു വന്നവരെ സഹായിക്കാനും ശക്തിപ്പെടുത്താനും ആവർ എന്നും ഉണ്ടായിരുന്നു.

അലഹാബാദ് സർവ്വകലാശാലയിലെ പഠനം കഴിഞ്ഞ് സിസ്റ്റർ ഇസബെൽ സ്കൂൾ അദ്ധ്യാപനത്തിൽ നിയുക്തയായി. തുടർന്ന്, ഹെഡ്മിസ്ട്രസ് ആയതോടുകൂടി കൂടുതൽ ചുമതലകൾ ആവരുടെ ചുമലിൽ വന്നു ചേർന്നു. പുതുതായി രൂപീകൃതമായ ഇൻഡ്യൻ പ്രോവീൻസിന്റെ പ്രോവീൻഷ്യൽ എന്ന ചുമതല വൈമനസ്യത്തോടെകൂടിയാണ് അവർ ഏറ്റെടുത്തത്. ഈചുമതല ഒൻപതുവർഷം അവർ വഹിച്ച് വിദ്യാഭ്യാസരംഗത്തെയും പാർശ്വവത്കരിക്കപ്പെട്ടവരുടെ ശാക്തീകരണത്തെയും സംബന്ധിച്ച പ്രവർത്തനങ്ങളും ഇക്കാലമത്രയും ഉത്സാഹപൂർവ്വം തന്നെ മുന്നോട്ടു കൊണ്ടുപോയി.

പുതിയ ഇൻഡ്യൻ പ്രോവീൻസ് മുകളിൽപ്പറഞ്ഞ രണ്ടു ലക്ഷ്യങ്ങളിലും ശ്രദ്ധയൂന്നിപ്രവർത്തനം ശക്തമായി മുന്നോട്ടു കൊണ്ടുപോയി. അതിനു വേണ്ടി വിവിധ വിദൂരഗ്രാമങ്ങളിലായി ഒമ്പതു പുതിയ മിഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടു. പെൺകുട്ടികളുടെ വിദ്യാഭ്യാസം, സമ്പൂർണ്ണമായ ആരോഗ്യാവബോധം, അജപാലനശുശ്രൂഷ എന്നീ കാര്യങ്ങളിൽ ഈ കേന്ദ്രങ്ങൾ ഒരോന്നും ഊന്നൽ നൽകിയിരുന്നു. വിദ്യാർത്ഥികളുടെ രൂപവത്കരണത്തിൽ ലക്ഷ്യമാക്കപ്പെട്ടത് കാലഘട്ടത്തിന്റെ ആവശ്യങ്ങളുടെ നേർക്ക് സർഗ്ഗാതമകവും വിമർശനപരവുമായ പ്രതികരണങ്ങൾ ഉളവാക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനാണ്. പ്രോവിൻഷ്യൽ എന്ന നിലയിലുള്ള സേവനം പൂർത്തിയാക്കിക്കഴിഞ്ഞപ്പോൾ സിസ്റ്റർ ഇസബെൽ യുവസിസ്ററർമാരുടെ രൂപവത്കരണത്തിൽ ശ്രദ്ധകേന്ദ്രീകരിച്ച് വ്രതവാഗ്ദാനത്തിനു മുൻപായിട്ടാണ് ഈ രൂപവത്കരണം നടക്കുന്നത്.

1993-ൽ സിസ്റ്റർ കോൺഗ്രിഗേഷന്റെ ജനറൽ അസംബ്ലിയിലെ ഒരംഗമായി തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് പ്രസ്ഥാനത്തിനു സാർവ്വലൗകീക സേവനം നൽകിക്കൊണ്ട് ഒമ്പതുകൊല്ലം റോമിൽ പ്രവർത്തിച്ചു. 2003-ൽ ഇൻഡ്യയിൽ തിരിച്ചെത്തി. തുടർന്ന് ഇഗ്നേഷ്യൻ ആദ്ധ്യാത്മികത സംബന്ധിച്ച ഒരു തീവ്രപരിശീലനത്തിൽ ഏർപ്പെട്ടു. അതുവഴി കോൺഗ്രിഗേഷന്റെ ചൈതന്യത്തിലേക്ക് ആഴത്തിൽ ഇറങ്ങി ചെല്ലാൻ കഴിഞ്ഞു, 'കർത്താവേ, അവിടുത്തെ തിരുവിഷ്ടം നിറവേറ്റാൻ ഇവിടെയിതാ ഞാൻ.' ജീസസ് കോൺഗ്രിഗേഷന്റെ കേരളത്തിലെ ആദ്യത്തെ സ്ഥാപനം 1988-ൽ സ്ഥാപിതമായ പിഴകിലെ മേരിവാർഡ് കോൺവെന്റ് ആയിരുന്നു. തുടർന്ന് നിർമ്മല

www.malankaralibrary.com

പബ്ളിക് സ്കൂൾ സ്ഥാപിതമായി.

ഇൻഡ്യയിലെ ജീസസ് കോൺഗ്രിഗേഷൻ രണ്ടു പ്രോവിൻസുകളായി വിഭജിക്കപ്പെട്ടു. അവയുടെ ആസ്ഥാനങ്ങൾ അലഹബാദും പാറ്റ്നായുമാണ്. അലഹാബാദ് പ്രൊവിൻസിന്റെ പ്രവിൻഷ്യൽ സിസ്റ്റർ സെലിൻ പീടികക്കലും പാറ്റനാ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സിസ്റ്റർ ഫെബ്രോണിയയുമാണ്.

സിസ്റ്റർ ഇസബെൽ ഇപ്പോൾ ത്സാൻസിയയിലുള്ള സെന്റ് ഫ്രാൻസീസ് കോൺവെന്റിൽ താമസിക്കുന്നു. അവിടെ സുപ്പീരിയറായ അവർ തന്റെ അറിവും ചൈതന്യവും അവിടെയുള്ള സഹോദരിമാർക്ക് പകർന്നു നൽകുന്നു.വിചിന്തനം പ്രവർത്തിയിലാക്കുക എന്നതാണ് അവരുടെ ലക്ഷ്യം.

താൻ എന്തായിരിക്കുന്നുവോ അതിനടിസ്ഥാനം ജീസസ്സ് കോൺഗ്രിഗേഷനാണ് എന്നവർ പൂർണ്ണമായി വിശ്വസിക്കുന്നു.

Address- Sr. Isbel C.J., St. Francis Convent, 67, Cantt post Box 1, Jhansi, 284001 U.P.

# 299



## പി.ജെ. ജോസഫ് (മന്ത്രി)

കേരളം കണ്ട ഏറ്റം പ്രഗത്ഭനായ പൊതുമരാമത്തു വകുപ്പു മന്ത്രിയും വിദ്യാഭ്യാസമന്ത്രിയും അരെന്നു ചോദിച്ചാൽ അതിന് ഒരേ ഒരു ഉത്തരമേയുള്ളു ശ്രീ പി.ജെ. ജോസഫ്. അന്ന് പ്രതിപക്ഷം പി.ജെ. ജോസഫിന്റെ രാജി ആവശ്യപ്പെട്ട് ബഹളം വച്ചു. പൊതുമരാമത്തു വകുപ്പിലും വിദ്യാഭ്യസ വകുപ്പിലും മാർക്സിസ്റ്റ് മുന്നണിയിൽ നിന്നു കൊണ്ട് നടത്തിയ സുധീരമായ നടപടികളെ പിന്താങ്ങാൻ തയ്യാറാകാതെ അതിനെ വിമർശിച്ചവർ പിന്നീട് അധികാരത്തിലേറിയപ്പോൾ വിദ്യഭ്യാസ രംഗത്ത് കാട്ടിക്കൂട്ടിയ വിക്രിയകൾ എത്ര ലജ്ജാകരമായിരുന്നു. എന്നിട്ടും പി.ജെ. ജോസഫ് വിദ്യാഭ്യാസമന്ത്രിയെന്ന നിലയിൽ ചെയ്ത പ്രവർത്തനങ്ങളെപ്പറ്റി ഒരു നല്ല വാക്കു പറയുവാൻ തയ്യാറായില്ലന്നതാണ് സത്യം.

ഒരു രാഷ്ട്രീയ പ്രവർത്തകൻ എന്നും ഒരു മന്ത്രിയെന്നും അറിയപ്പെടുന്നതിനെക്കാൾ കൂടുതലായി ഒരു കർഷകനെന്നറിയപ്പെടാനാണ് ശ്രീ. ജോസഫ് ആഗ്രഹിക്കുന്നത്. കാർഷിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കികൊണ്ടിരിക്കുന്ന ശ്രീ. ജോസഫ്, തൊടുപുഴ താലൂക്കിൽ പുറപ്പുഴ കരയിൽ പാലത്തിനാൽ ജോസഫ് അന്നമ്മ ദമ്പതികളുടെ ഏക മകനായി 1942 ജൂൺ 10 -ന് തൊടുപുഴയിൽ ജനിച്ചു. അന്നമ്മ വാഴയിൽ കുടും

www.malankaralibrary.com

ബാംഗമാണ്. പുറപ്പുഴ ഗവൺമെന്റ് സ്കൂളിലായിരുന്നു പ്രഥമിക വിദ്യാഭ്യാസം. കോട്ടയം സേക്രട്ട് ഹാർട്ട് സ്കൂളിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് മദ്രാസ് ലയോളാ കോളേജിൽ നിന്നും ബി.എ. ഡിഗ്രിയും തേവര സേക്രട്ട് ഹാർട്ട് കോളേജിൽ നിന്നും എം.എ. ഡിഗ്രിയും കരസ്ഥമാക്കി.

വിദ്യാർത്ഥിയായിരുന്ന കാലം മുതൽ സംഗീതത്തോട് വളരെ താല്പര്യം ഉണ്ടായിരുന്നു. ജോസഫിന്റെ പാട്ടുകൾ കേൾക്കാൻ എല്ലാവരും ഓടിക്കൂടുമായിരുന്നു. ഇന്നും സംഗീതത്തിൽ വലിയ താല്പര്യം പ്രകടിപ്പിക്കുന്നു.

വിദ്യഭ്യാസം കഴിഞ്ഞ് കൃഷിക്കാര്യങ്ങളിൽ ഏർപ്പെട്ട് പിതാവിനോടൊപ്പം പ്രവർത്തിച്ച ജോസഫിനെ രാഷ്ട്രീയം തേടിയെത്തുകയാണ് ചെയ്തത്. 1968 -ൽ കേരളാ കോൺഗ്രസിൽ ചേർന്ന് പ്രവർത്തനം ആരംഭിച്ചു. 1970 -ൽ കേരള നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ കേരളാ കോൺഗ്രസ് സ്ഥാനാർത്ഥിയായി നിന്നു മത്സരിക്കുവാൻ ജോസഫിനു മേൽ സമ്മർദ്ദം ഉണ്ടായി. തൊടുപുഴയിൽ നിന്നും വൻ ഭൂരിപക്ഷത്തിൽ ജോസഫ് ജയിച്ചു. തുടർന്ന് 1977, 80, 82, 87 വർഷങ്ങളിലും നടന്ന തിരഞ്ഞെടുപ്പുകളിൽ തൊടുപുഴ മണ്ഡലത്തിൽ നിന്നും മത്സരിച്ചു ജയിച്ചു. ഇതിനിടയിൽ 1978 -ൽ കുറേക്കാലം ആഭ്യന്തരമന്ത്രിയായും 1982 -ൽ റവന്യൂ മന്ത്രിയായും കുറേക്കാലം വിദ്യഭ്യാസമന്ത്രിയായും പ്രവർത്തിക്കുകയുണ്ടായി. 1991 -ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട ജോസഫ്, 1996 -ൽ ഇടതു മുന്നണിയിൽ ചേർന്ന് മത്സരിക്കുകയും വൻ വിജയം കരസ്ഥമാക്കുകയും ചെയ്തു. ഇടതുപക്ഷ ഗവൺമെന്റ് മുന്നണിയിൽ പൊതുമരാമത്ത്, വിദ്യാഭ്യാസ വകുപ്പുകളുടെ മന്ത്രിയെന്ന നിലയിൽ ഉജ്ജ്വല പ്രകടനമാണ് കാഴ്ച വച്ചത്.

പൊതുമരാമത്ത് വകുപ്പ് സജീവമായതും റോഡുകൾ, പാലങ്ങൾ തുടങ്ങിയവ നിർമ്മിച്ച് പൊതുമരാമത്ത് വകുപ്പിന് ഒരു പുതിയ മാനം നൽകിയതും ജോസഫ് പൊതുമരാമത്ത് വകുപ്പ് കൈകാര്യം ചെയ്തപ്പോഴാണ്. മലബാറിലും ഹൈറേഞ്ചിലും കുട്ടനാടൻ പ്രദേശങ്ങളിലും നിരവധി റോഡുകൾ വെട്ടി വളവുകളും മറ്റും നിവർത്തി ഗതാഗത സൗകര്യം വർദ്ധിപ്പിച്ചു. രാജ്യത്തുടനീളം അനേകമനേകം പാലങ്ങൾ നിർമ്മിച്ചു. ജോസഫ് അധികാരമൊഴിയുമ്പോൾ കോൺട്രാക്ടർമാർക്ക് 800 കോടി രൂപാ നൽകാനുണ്ടായിരുന്നു. 800 കോടിയുടെ ബാധ്യത ഉയർത്തിക്കാണിച്ച് ജോസഫിനെ വിമർശിക്കാനാണ് പലരും ശ്രമിച്ചത്. അതു കൊണ്ട് ഉണ്ടായ നേട്ടങ്ങളെ അംഗീകരിക്കുവാൻ ആരും തയ്യാറായില്ല. പ്രത്യേകിച്ചും പിന്നീട് വന്ന ഗവൺമെന്റ് വരുത്തിവച്ച പൊതു കടവും പൊതുമരാമത്തിലെ വികസനവും നിഷ്പക്ഷമായി തട്ടിച്ചു നോക്കുന്ന ആരും സമ്മതിക്കും ജോസഫ് ആണ് പൊതുമരാമത്ത് വകുപ്പ് കൈകാര്യം ചെയ്ത മന്ത്രിമാരിൽ ഏറ്റം സമർത്ഥൻ എന്ന്.

www.malankaralibrary.com

വിദ്യാഭ്യാസ രംഗത്തു വരുത്തിയ മാറ്റങ്ങളെപ്പറ്റി ഒന്നു ചിന്തിക്കുക തന്നെ വേണം. ജോസഫ് ഇടതുപക്ഷ മുന്നണിയിൽ നിന്നു കൊണ്ട് വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾ വരുത്തുകയാണ് ചെയ്തത്. സ്വാഭാവികമായും മാർക്സിസ്റ്റ് പാർട്ടിക്കു യോജിക്കാവുന്ന പരിപാടികൾ ആയിരുന്നില്ല ജോസഫ് ആസുത്രണം ചെയ്തത്. സ്വകാര്യ വിദ്യാഭ്യാസ മേഖലയെ തകർക്കാൻ എന്നും ശ്രമിക്കുന്ന മാർക്സിസ്റ്റ് പാർട്ടിക്ക് മുൻതുക്കമുള്ള സർക്കാരിന്റെ ഭരണ കാലത്ത് സ്വകാര്യ വിദ്യാഭ്യാസ മേഖലയേയും സർക്കാർ വിദ്യാഭ്യാസ മേഖലയേയും ഒന്നു പോലെ കണക്കാക്കി ഇരു വിഭാഗത്തോടും ഒരേ രീതിയിൽ പെരുമാറി വിദ്യാഭ്യാസമേഖലയിൽ ഒരു അഴിച്ചുപണിക്ക് ധീരമായ നേതൃത്വം നൽകാൻ ജോസഫിന് സാധിച്ചു. വിദ്യാഭ്യാസ വകുപ്പിനെപ്പറ്റി നിരവധി ആരോപണങ്ങൾ ഉന്നയിച്ച പ്രതിപക്ഷത്തിന്റ നീക്കത്തെ അവഗണിച്ചു കൊണ്ട് ജോസഫ് മുന്നേറി. കോളേജുകളിൽ നിന്ന് പ്രീ ഡിഗ്രി വേർപെടുത്തി. ഹൈസ്കൂളിനോടനുബന്ധിച്ച് പ്ലസ്ടു ആരംഭിക്കണമെന്ന അഖിലേന്ത്യാ പദ്ധതി വർഷങ്ങൾക്കു മുമ്പേ ഇതര സംസ്ഥാനങ്ങൾ നടപ്പിലാക്കിയിരുന്നു. പക്ഷേ കേരളം ഭരിച്ച ഒരു ഗവൺമെന്റും അതിനു തയ്യാറായില്ല. 1990 -ൽ ഭരണം നടത്തിയിരുന്ന എൽ.ഡി.എഫ്. ഗവൺമെന്റാണ് അതിനുള്ള നിർണ്ണായക തീരുമാനം കൈകൊണ്ടത്. ആ ഗവൺമെന്റിന്റെ ഭരണകാലത്ത് പ്ലസ്ടു അനുവദിക്കലിന്റെ ഒന്നാം ഘട്ടം പൂർത്തിയായി. തുടർന്ന് വന്ന യു.ഡി.എഫ് ഗവൺമെന്റ് ഒരു പ്ലസ്ടു പോലും അനുവദിച്ചില്ല. വീണ്ടും അധികാരത്തിലേറിയ എൽ.ഡി.എഫ് ഗവൺമെന്റ് പി.ജെ. ജോസഫിന്റെ നേതൃത്വത്തിൽ 1998 -ൽ എല്ലാ വെല്ലുവിളികളെയും അതിജീവിച്ചു കൊണ്ട് പ്രീ ഡിഗ്രി വേർപെടുത്തലും പ്ലസ്ടു അനുവദിക്കലും നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കി. ഗവൺമെന്റ് സ്കൂളുകൾക്കും സ്വകാര്യ സ്കൂളുകൾക്കും തുല്യ പരിഗണന നൽകുകയും പ്രീ ഡിഗ്രി വേർപെടുത്തിയ കോളേജുകളുടെ മാനേജ്മെന്റുകൾക്ക് പ്രത്യേക പരിഗണന നൽകുകയും ചെയ്തു. പ്രസ്തുത കോളേജുകളുടെ ഫീഡിംഗ് ഏരിയായിലുള്ള മാനേജ്മെന്റുകൾക്കും കോർപ്പറേറ്റ് മാനേജ്മെന്റുകൾക്കും അംഗീകാരം നൽകുകയും ചെയ്തു. പട്ടണങ്ങൾക്കും ഗ്രാമങ്ങൾക്കും സ്കൂളുകൾ നൽകി. എല്ലാ സമുദായ മാനേജ്മെന്റുകൾക്കും പരിഗണന നൽകുകയും ചെയ്തു.

ഈ സന്ദർഭത്തിൽ ചില സമുദായങ്ങൾ തങ്ങൾക്ക് അർഹമായ പ്രാതിനിദ്ധ്യം കിട്ടിയില്ലെന്ന പരാതിയുമായി രംഗത്തു വന്നു. കോടതിയിൽ വ്യവഹാരം ആരംഭിക്കുകയും ചെയ്തു. ജനസംഖ്യാനുപാതികമായി പ്ലസ്ടു അനുവദിക്കണമെന്നായിരുന്നു അവരുടെ ഡിമാന്റ്. അടി

www.malankaralibrary.com

സ്ഥാനപരമായി ഒരു വസ്തുത അവർ മറച്ചു വച്ചു. ഹൈസ്കൂളിന്റെ അപ്ഗ്രഡേഷനായിട്ടാണ് പ്ലസ്ടു അനുവദിച്ചത്. സ്വന്തമായി ഹൈസ്കൂൾ കുറവുള്ള മാനേജ്മെന്റുകൾക്ക് എങ്ങനെ ജനസംഖ്യാനുപാതികമായി കൂടുതൽ പ്ലസ്ടു അനുവദിക്കാൻ കഴിയും? എന്നിട്ടും ഹൈസ്കൂൾ കുറവുള്ള സമുദായമാനേജ്മെന്റുകൾക്ക് പുതുതായി ഹൈസ്കൂൾ അനുവദിക്കാനും ഗവൺമെന്റ് നടപടികൾ കൈകൊണ്ടു.

എൽ.ഡി.എഫ് ഗവൺമെന്റിൽ വിദ്യാഭ്യാസമന്ത്രിയായിരുന്ന പി. ജെ. ജോസഫിന്റെ നിശ്ചയ ദാർഢ്യത്തിന്റെയും ഭരണ പാടവത്തിന്റെയും ഏറ്റം മഹത്തായ ഒരു സംഭാവനയാണ് പ്ലസ്ടു അനുവദിക്കൽ. ജോസഫിന്റെ കരങ്ങൾ സംശുദ്ധമായിരുന്നു. മനസ്സാകട്ടെ സർവ്വ സമുദായിക മൈത്രിയിലും നീതിബോധത്തിലും അധിഷ്ഠിതവും. വിദ്യാഭ്യാസ രംഗത്ത് ക്രൈസ്തവ സമുദായത്തിന് ഏറ്റവും കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചത് ജോസഫിന്റെ ഭരണകാലത്തായിരുന്നു. എന്നാൽ പല കത്തോലിക്കാ നേതാക്കന്മാരും പ്രതിപക്ഷത്തിരുന്നു കൊണ്ട് അഴിമതിയാരോപണത്തിന്റെ പുകമറ ഉയർത്തി നീതിമാനായ ജോസഫിനെ ക്രൂശിക്കുകയായിരുന്നു. എസ്സ.എഫ്.ഐ, ഡി.വൈ.എഫ്.ഐ പ്രവർത്തകരെ ജോസഫിന്റെ വിദ്യാഭ്യാസ നയത്തിനെതിരെ പോരാടുവാൻ പ്രേരിപ്പിക്കുകയായിരുന്നു. പക്ഷെ ജോസഫിന്റെ നിശ്ചയദാർഢ്യത്തിനു മുൻപിൽ ആർക്കും ഒന്നും ചെയ്യാൻ സാധിച്ചില്ല.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ അനുവദിക്കാൻ തുടക്കം കുറിച്ചതും പി.ജെ. ജോസഫായിരുന്നു. യഥാർത്ഥത്തിൽ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾ അനുവദിച്ചതിന്റെ മുഴുവൻ ക്രെഡിറ്റും പി.ജെ. ജോസഫിനുള്ളതാണ്. വിദ്യാഭ്യാസരംഗത്ത് മാറ്റത്തിന്റെ കാഹളമൂതിയ പി.ജെ. ജോസഫിന്റെ സേവനങ്ങളെ പലരും മനസ്സുകൊണ്ട് അംഗീകരിച്ചിരുന്നു. മാർക്സിസ്റ്റ് മുന്നണിയിലായതിനാൽ പലരും അതുതുറന്നുപറയുവാൻ വിസമ്മതിച്ചിരുന്നുവെന്നുമാത്രം. മാർക്സിസ്റ്റ് മുന്നണിയിൽ നിന്നതിനാൽ ചിലർ അതൊരായുധമാക്കി ജോസഫിനെ എതിർക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു. സ്വകാര്യമേഖലയോട് എന്നും ശത്രുതാമനോഭാവം പുലർത്തുന്ന കമ്മ്യൂണിസ്റ്റുകളുടെ കൂട്ടത്തിൽ നിന്നുകൊണ്ടാണ് വിദ്യാഭ്യാസരംഗത്ത് വൻനേട്ടങ്ങൾ കൈവരിക്കുവാൻ ജോസഫ് ശ്രമിച്ചത്.

ജോസഫ് ഒരു രാഷ്ട്രീയക്കാരനാണ്. വളവും തിരിവും വിളച്ചിലും ഇല്ലാത്ത ഒരു രാഷ്ട്രീയക്കാരൻ എന്നു പറയാം. രാഷ്ട്രീയക്കാരൻ എന്നതിലുമുപരി ഒരു കർഷകൻ കൂടിയാണദ്ദേഹം. ഒരു കർഷകനെന്ന നിലയിൽ നിരവധി പരീക്ഷണങ്ങൾ നടത്തിയിട്ടുള്ള അദ്ദേഹം കർഷകരുടെ ശക്തമായ ഒരു കൂട്ടായ്മ ലക്ഷ്യം വച്ചുകൊണ്ടാണ് ഗാന്ധിജി സ്റ്റഡി സെന്റർ

www.malankaralibrary.com

രൂപീകരിച്ചത്. കേരളത്തിൽ ആദ്യമായി സംസ്ഥാനത്തെ കർഷകരെ മുഴുവൻ ഉൾപ്പെടുത്തി കാർഷിക മേള ആരംഭിച്ചത് ഗാന്ധിസ്റ്റഡീസെന്ററാണ്. കേരളത്തിലെ മുഴുവൻ കർഷകർക്കും ഒത്തുകൂടാനുള്ള ഒരു വേദിയായി കാർഷിക മേള മാറികഴിഞ്ഞു. പുഷ്പഫലസസ്യപ്രദർശനം, ശില്പശാലകൾ, വിളമത്സരം, കാളവണ്ടി ഓട്ടമത്സരം, മരമടിമത്സരം, കാർഷിക സ്പോട്സ്, കാർഷിക ക്വിസ്, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായുള്ള മത്സരങ്ങൾ സെമിനാറുകൾ എല്ലാം കാർഷികമേള സാക്ഷ്യം വഹിക്കുന്നു.

തൊടുപുഴയിൽ ഗാന്ധിജി സ്റ്റഡിസെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കാർഷികമേളയോടനുബന്ധിച്ച് 2005 ഡിസംബർ 18-ാം തീയതി ദീപികയിൽ ജോൺസൺ വേങ്ങത്തടം ഇത് ജോസഫിന്റെ മണ്ണ് എന്ന ശീർഷകത്തിൽ ഒരു ലേഖനം എഴുതിയിരുന്നു. ആ ലേഖനത്തിൽ ജോസഫ് പൂർത്തിയാക്കിയ മഴവെള്ള സംഭരണിയെപ്പറ്റിയും ഒറ്റ വൈക്കോൽ വിപ്ലവത്തെപ്പറ്റിയും പരീക്ഷണശാലയായ ജോസഫിന്റെ കൃഷിയിടത്തെപ്പറ്റിയും മറ്റും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അതിലെ ഏതാനും ഭാഗങ്ങൾ താഴെ ചേർക്കുന്നു.

"ഇപ്പോൾ തന്റെ കൃഷിയിടത്തിൽ പുതിയൊരു സ്വപ്നം പൂർത്തിയായതിന്റെ സന്തോഷത്തിലാണ് പി.ജെ. ഇരുപതുലക്ഷം ലിറ്റർ വെള്ളം കൊള്ളുന്ന മഴവെള്ള സംഭരണിയാണത്.

ഈ മഴവെള്ളസംഭരണിയെക്കുറിച്ച് കേട്ടറിഞ്ഞ് അയർലൻഡിൽ നിന്നും എത്തിയ ഡോ. മൈക്കിൾ ഷെയ്ൻ അത്ഭുതത്തോടെയാണ് മഴവെള്ള സംഭരണി കണ്ടത്. കേരളത്തിൽ തന്നെ ഏറ്റവും വലിയ മഴവെള്ള സംഭരണിയാണിത്. കാസർകോട് സ്വദേശി കുടുംതൊടിയിൽ കെ.ജെ. മത്തച്ചനാണ് മഴവെള്ള സംഭരണിയുടെ മേൽനോട്ടക്കാരൻ. അദ്ദേഹത്തിന്റെ പറമ്പിലെ മഴവെള്ള സംഭരണി കണ്ടതിനുശേഷമാണ് അതുപോലുള്ള സംഭരണി ജോസഫ് പണിയിപ്പിച്ചത്.

20 ലക്ഷം ലിറ്റർ വെള്ളം കൊള്ളുന്ന 125 അടി നീളവും 60 അടി വീതിയുമുള്ള കുളം. ഇത് 14.5 അടി താഴ്ചയിൽ ടർപോളീൻ കൊണ്ട് നിർമ്മിച്ചതാണ്. 12,000 സ്ക്വയർഫീറ്റ് ടർപോളീൻ കൊണ്ട് നൂറുശതമാനം വാട്ടർപ്രൂഫായി പണിത മഴവെള്ളസംഭരണിയിൽനിന്നും തോട്ടത്തിന്റെ മുകളിലുള്ള ടാങ്കിലേക്ക് വെള്ളം അടിച്ചുകയറ്റി ഒമ്പത് ഏക്കർ കൃഷിയിടം നനയ്ക്കാനാണ് ഈ കർഷകന്റെ തീരുമാനം. ആഴ്ചയിൽ ഒരു ദിവസം നനവ് സാധിച്ചാൽ റബറിന്റെ വളർച്ച് വർദ്ധിക്കുമെന്ന് ജോസഫിന് അറിയാം. പത്തു വർഷംവരെ സുഗമമായി വെള്ളം സംഭരിക്കാൻ സാധിക്കുമെന്ന് ജോസഫ് പറയുന്നു.

ഈ ഭൂമി പൂർണമായും ജൈവസാന്നിദ്ധ്യംകൊണ്ട് നിറഞ്ഞുനിൽക്കുന്നു. ഒറ്റവൈക്കോൽ വിപ്ലവത്തിലൂടെ പ്രകൃതിയുടെ വക്താവായ ഫുക്കുവോക്ക ചോദിച്ച ഒരു ചോദ്യമുണ്ട്. വനപ്രദേശത്ത് വൃക്ഷലതാദികൾ തഴ

www.malankaralibrary.com

ച്ചുവളരുന്നത് ആരെങ്കിലും രാസവളം പ്രയോഗിച്ചിട്ടാണോ? ദീർഘനാളത്തെ പ്രായോഗിക പരിശീലനത്തിനുശേഷം തന്റെ കണ്ടെത്തൽ പി.ജെ. ജോസഫ് പങ്കുവയ്ക്കുന്നു. മണ്ണ് ജീവനുള്ളതാണ്. ആ മണ്ണിൽ മണ്ണിരകളും സൂക്ഷ്മ ജീവികളും സ്വതന്ത്രമായി ജീവിക്കുന്നു. മണ്ണിനെ കൊല്ലാൻ മാത്രമേ രാസ വളങ്ങൾക്ക് കഴിയൂ. 98 ൽ അദ്ദേഹം ആയിരം കർഷകർക്ക് മണ്ണിരകമ്പോസ്റ്റ് ഉണ്ടാക്കി നൽകി. ഇന്ന് തൊടുപുഴയിലെ കുടുംബശ്രീകൾ ആ പരിശ്രമം തുടരുകയാണ്.

ജോസഫിന്റെ കൃഷിത്തോട്ടം പരീക്ഷണശാലതന്നെയാണ്. ജൈവ സമ്പത്ത് നിറഞ്ഞുനിൽക്കുന്ന ഭൂമിയിൽ പതിനൊന്നുമീറ്റർ ദൂരമിട്ട് റബർ വച്ചതിനുശേഷം ആറു ഇനത്തിലുള്ള ഇല്ലി, കൊടുവേലി, പതിമുഖം, നില മ്പൂർതേക്ക് (ഫാസ്റ്റ് ഗ്രോത്ത് തേക്ക്) പൈനാപ്പിൾ ഇവയും റബർത്തോട്ട ത്തിൽ തന്നെ വളർത്തുന്നു. ഇതിനിടയിൽ തന്നെ റബറിന് കുളിർമ ലഭി ക്കാൻ തോട്ടപയറും. ഇതുകൂടാതെ വിവിധ ഇനത്തിലുള്ള വാഴകൃഷി കൊണ്ട് പറമ്പ് സമ്പന്നം.

കൃഷിയിടത്തിൽ നിന്നും ഒരു തുള്ളിവെള്ളംപോലും ഒഴുകിപോകാതെ കോണ്ടൂർ ബണ്ടിംഗ് ഉണ്ടാക്കിയിരിക്കുന്നു. റബറിനു വളരാൻതക്കവിധം പ്ലാറ്റ് ഫോം നിർമിച്ചുകൊണ്ട് പച്ചപ്പ് നിറച്ചുനിർത്തുകയാണ് ഇവിടെ. ആഞ്ഞിലികൾ വളർന്നു നിൽക്കുന്നു. വാനിലക്ക് വിലയിടിയുമ്പോൾ കൊക്കോ കൃഷിയിലേക്ക് തിരിയുകയാണ് ജോസഫ്. വീടിനു ചുറ്റുമുള്ള വിശാലമായ മാന്തോപ്പ്, കൂടാതെ തലമുറകളുടെ സാക്ഷിയായി നാട്ടുമാവു കൾ. വൃക്ഷങ്ങളുടെ ചില്ലകൾ പോലും അടർത്താൻ അനുവദിക്കാത്ത അപ്പന്റെ പാരമ്പര്യം പിന്തുടരുകയാണ് ജോസഫ്. മുറ്റത്തിന്റെ മറ്റൊരതി രിൽ വിവിധയിനം ജാതികൾ, പപ്പായമരങ്ങൾ, മുരിങ്ങ, ചീര, തൊട്ടപ്പുറത്ത് പറമ്പിൽ വാഴത്തോട്ടം, അപ്പുറത്ത് കപ്പത്തോട്ടം. തേക്കുമരങ്ങൾ .......ഇതി നിടയിൽ നല്ലയിനം തെങ്ങിൻതൈകൾ ഉൽപാദിപ്പിച്ച് കേരളത്തിലെ കർഷ കർക്ക് വിതരണം ചെയ്തുവരുന്നു."

കഠിനാദ്ധ്വാനിയാണ് ജോസഫ്. തന്റെ വിശ്രമസ്ഥലങ്ങൾ കൃഷിയിട ങ്ങളാണ്. ധാരളം കന്നുകാലികളെ വളർത്തുന്ന ജോഫ് കന്നുകാലികളെ വളർത്തുന്നതിലും സംരക്ഷിക്കുന്നതിലും പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു.

വെളുപ്പിനെ കോഴികൂവുന്നതിന് മുൻപു തന്നെ തൊഴുത്തിൽ നാല രക്ക് ജോസഫ് എത്തും. ജേഴ്സി ഇനത്തിലും വിദേശ ഇനത്തിലുംപെട്ട ഇരുപതിലേറെ പശുക്കൾ തന്റെ തൊഴുത്തിലുണ്ട്. 25 ലിറ്റർ വരെ പാലുത രുന്ന പശുക്കൾ ഉണ്ട്. ഒരു ദിവസം 250 ലിറ്റർ പാലോളം ലഭിക്കും. ജോസഫ് വീട്ടിലുള്ള സമയത്ത് പശുക്കളെ കറക്കാനും അദ്ദേഹം തയ്യാറാണ്. നാലര ക്കുതന്നെ തൊഴുത്തിൽ എത്തിച്ചേരുന്നതിൽ അദ്ദേഹം മടി കാണിക്കാറില്ല.

ജോസഫിന്റെ രാവിലത്തെ പ്രവർത്തനങ്ങളെപ്പറ്റി ജോൺസൺ വേങ്ങ

www.malankaralibrary.com

ത്തടത്തിന്റെ ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"പുറപ്പുഴത്തോടിന്റെ അതിരിനിപ്പുറം തുടിച്ചു നിൽക്കുന്ന സമൃദ്ധിയുടെ പച്ചപ്പ്. കറിവേപ്പില മുതൽ ഏലം വരെ തഴച്ചുവളരുന്ന അത്ഭുതകരമായ ജൈവസാന്നിദ്ധ്യം. മൂന്നുതലമുറ വിയർപ്പൊഴുക്കിയ മണ്ണിന്റെ തുടിപ്പ്.

ബൈബിൾ വായനയിൽനിന്നും ലഭിക്കുന്ന ശക്തിയിൽ കൃഷിയിടങ്ങലിറങ്ങി മുന്തിരിവള്ളികൾ പൂവിട്ടോ എന്നും മാതള നാരകം തളിർത്തോ എന്നും തെരയുന്നവർ, കൃഷിയിലും രാഷ്ട്രീയത്തിലും തന്റേതായ വിശുദ്ധ പഥങ്ങളിലൂടെയാണ് ഇദ്ദേഹത്തിന്റെ സഞ്ചാരം. ഇദ്ദേഹത്തെ കേരളം അറിയും. കർഷകൻ അറിയും. പ്രകൃതിയും വിളകളും അറിയും. പാലത്തിനാൽ ജോസഫിന്റെ മകൻ ജോസഫ് എന്ന പി.ജെ. ജോസഫ്.

അടിസ്ഥാനപരമായി ഞാനൊരു കർഷകനാണ്. ഞാനുൾപ്പെടെ മൂന്നു തലമുറ വിയർപ്പൊഴുക്കി കനകം വിളയിച്ച മണ്ണാണ് ഇത്. അഭിമാനത്തോടെ തന്റെ മണ്ണിലേക്ക് വിരൽചൂണ്ടി പറയുന്ന ജോസഫ് ജൈവസാന്നിദ്ധ്യത്തിന്റെ വഴികാട്ടിയാകുന്നു.

പാലത്തിനാൽ വീടിന്റെ മുറ്റത്ത് നിൽക്കുന്ന നാട്ടുമാവിന്റെ ചുവട്ടിൽ സന്ദർശകർ വന്നുനിറയുന്നതിനു മുമ്പേ പുലർകാലവെളിച്ചത്തിന്റെ കൈപിടിച്ച് പി.ജെ. ജോസഫ് സ്വന്തം പറമ്പിലേക്ക് മുങ്ങും. പുതുതായി മുളയ്ക്കുന്ന കായ്കളും പൂക്കളും കണ്ട്, മഞ്ഞുതുള്ളികൾ കവിതകളെഴുതുന്ന പുൽത്തലപ്പുകൾ വകഞ്ഞുമാറ്റി, തന്റെ തോട്ടത്തിലൂടെയുള്ള പ്രഭാതസഞ്ചാരത്തിൽ നിന്ന് ഇദ്ദേഹം വീട്ടിലുള്ളപ്പോഴൊന്നും മുടക്കാറില്ല. തന്റെ കൃഷിയിടത്തിൽ നിന്നു ലഭിക്കുന്ന ഊർജം ദിവസം മുഴുവൻ തന്നോടൊപ്പം ഉണ്ടാകുമെന്നാണ് പി.ജെ. ജോസഫിന്റെ അനുഭവം."

രാഷ്ട്രീയത്തേക്കാളുപരി കൃഷിയെ സ്നേഹിക്കുന്ന കാപട്യമില്ലാത്ത ഒരു പൊതു പ്രവർത്തകനാണ് ജോസഫ്. കമ്മ്യൂണിസ്റ്റ് മുന്നണിയിലായിരുന്നപ്പോഴും നിശ്ചയദാർഢ്യത്തോടെ, തന്റെ ലക്ഷ്യങ്ങൾ നടപ്പിലാക്കാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. അതിൽ വിജയം വരിക്കുകയും ചെയ്തു.

ചെറുപ്പം മുതൽ സംഗീതത്തിൽ തല്പരനായ ജോസഫ് ഇപ്പോഴും പൊതുവേദികളിൽ സംഗീതം ആലപിക്കും. കാർഷികമേളകളിലും ജോസഫിന്റെ സംഗീതം ഉയരും. 2006 ൽ നടന്ന തിരഞ്ഞെടുപ്പിൽ വിജയം വരിച്ച ജോസഫ് ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് മന്ത്രിയായി പ്രവർത്തിക്കുന്നു.


തൃശൂർ മേനാച്ചേരി എം.പി. ആന്റണിയുടെ മകൾ ഡോ. ശാന്തയാണ് സഹധർമ്മിണി.

വിലാസം – 1. ശ്രീ. പി.ജെ. ജോസഫ്, പാലത്തിനാൽ പുറപ്പുഴ പി.ഒ., തൊടുപുഴ.

2. ശ്രീ. പി.ജെ. ജോസഫ്, മിനിസ്റ്റർ, കേരളാ ഗവണ്മെന്റ്, തിരുവനന്തപുരം

www.malankaralibrary.com

# 300



# റവ.ഡോ. സെബാസ്റ്റ്യൻ വടക്കുംപാടൻ

തന്നിൽ ഏൽപ്പിക്കുന്ന ഏതു ഉത്തരവാദിത്വവും അതെത്ര വലുതായാലും ചെറുതായാലും നിറഞ്ഞമനസ്സോടെ നിസ്വാർത്ഥതയോടെ ഏറ്റെടുത്ത് വിജയത്തിലെത്തിക്കുവാൻ ചെറു പുഞ്ചിരിയോടെ കഠിനാദ്ധ്വാനം ചെയ്യുന്ന റവ. ഡോ.സെബാസ്റ്റ്യൻ വടക്കുംപാടൻ തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ മുരിങ്ങൂർ ഗ്രാമത്തിൽ തോമസ് വടക്കുംപാടന്റെയും പനച്ചിയ്ക്കൽമറിയത്തിന്റെയും മകനായി 1942 ജൂലായ് 22-ാം തീയതി ജനിച്ചു. കൊരട്ടി മാർ അഗസ്റ്റ്യൻ മെമ്മോറിയൽ സ്കൂളിൽ നിന്നും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ സെബാസ്റ്റ്യൻ 1959 ൽ എറണാകുളം മൈനർ സെമിനാരിയിൽ ചേർന്ന് വൈദീകപഠനം ആരംഭിച്ചു. തുടർന്ന് തിരുച്ചിരപള്ളി സെമിനാരിയിൽനിന്ന് ഫിലോസഫിയും റോമിലെ അർബൻയൂണിവേഴ്സിറ്റിയിൽനിന്ന് തിയോളജിയും പഠിച്ചു. 1968 ൽ ആസ്ട്രിയയിലെ ബ്രീഗൻസിൽവച്ച് വൈദീകപട്ടം സ്വീകരിക്കുകയും പ്രഥമദിവ്യബലിയർപ്പിക്കുകയും ചെയ്തു. തുടർന്ന് റോമിലെ പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന്തന്നെ തിരുവചനത്തിൽ ഡോക്ടറേറ്റ് നേടി.

1977 ൽ കേരളത്തിലെത്തിയ ഡോ.വടക്കുംപാടൻ കെ.സി.ബി.സിയുടെ ബൈബിൾ കമ്മീഷൻ സെക്രട്ടറിയായി നിയമിതനായി. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ബൈബിളിന്റെ സമ്പൂർണ്ണ പരിഭാഷ മലയാളത്തിൽ പ്രസിദ്ധീകരിച്ചു. പാലാരിവട്ടത്തെ പി.ഒ.സി. വഴിയാണ് സമ്പൂർണ്ണ മലയാള ബൈബിൾ പ്രസിദ്ധീകരിച്ചത്. ഡോ. വടക്കുംപാടന്റെ പാണ്ഡിത്യത്തിനും സംഘടനാവൈഭവത്തിനും കാര്യശേഷിക്കും മകുടോദാഹരണമാണ് ഈ സമ്പൂർണ്ണമലയാളം ബൈബിൾ.

തന്നെ ഏല്പിച്ച ദൗത്യം വിജയകരമായി പൂർത്തിയാക്കിയ വടക്കുംപാടൻ അച്ചനെ എറണാകുളം അതിരൂപതയുടെ കീഴിൽ ഒരു പാസ്റ്റർസെന്റർ നിർമ്മിക്കാനുള്ള ചുമതല കർദ്ദിനാൾ ഡോ.ജോസഫ് പാറേക്കാട്ടിൽ ഏല്പിക്കുകയുണ്ടായി. ചുരുങ്ങിയകാലംകൊണ്ട് പാസ്റ്ററൽ സെന്ററിന്റെ പണിപൂർത്തിയാക്കി. കാർഡിനൽ പാറേക്കാട്ടിൽ റിന്യൂവൽ സെന്റർ എന്നാണ് ആ സ്ഥാപനത്തിന്റെ പേര്. അതിന്റെ പ്രഥമ ഡയറക്ടറായും അദ്ദേഹം നിയമിക്കപ്പെട്ടു.

ദൈവവചനം പ്രഘോഷിക്കുന്നതിലൂടെ മാത്രമല്ല ദൈവഹിതം മനസ്സിലാക്കി സമൂഹത്തിന്റെ ഉന്നതിക്കുവേണ്ടി പ്രയത്നിക്കുന്നതിലൂടെയാണ് ദൈവരാജ്യം വളരുന്നതെന്ന് വിശ്വസിക്കുന്നയാളാണ് അച്ചൻ. തന്റെ വൈദീകജീവിതത്തിൽ അശരണരെയും ആലംബഹീനരെയും സഹായിക്കുന്നതിൽ അച്ചൻ പ്രത്യേകം താൽപര്യം കാണിച്ചിരുന്നു. എറണാകുളത്ത് പാസ്റ്റർ

www.malankaralibrary.com

ആയിരുന്ന കാലത്ത് സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങളെയും പാവങ്ങളെയും സഹായിക്കുന്നതിനായി നിരവധിപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. കുട്ടികൾക്കായി ഒരു ക്രഷും, സ്കൂളും മുതിർന്നവർക്ക് പ്രയോജനപ്പെടുംവിധം ഒരു പ്രസ്സും തുടങ്ങിയത് ഇക്കാലത്തായിരുന്നു. ഇതിനെല്ലാം പുറമേ 1986 മുതൽ 1991 വരെ സീറോ-മലബാർ ബിഷപ്പ് കോൺഫറൻസിന്റെ ഡപ്യൂട്ടി സെക്രട്ടറിയുമായിരുന്നു.

1991ൽ ഡൽഹിയിലെ സീറോ-മലബാർ സഭയുടെ ആദ്ധ്യാത്മിക ഉന്നമനത്തിനായി പ്രവർത്തിക്കുവാൻ അച്ചനെ ഡൽഹിയിലേക്കയച്ചു. ഇടയനില്ലാതലയുന്ന ആടുകളുടെ ഇടയിലേക്ക് നൈർമല്യതയും സ്നേഹം സ്ഫുരിക്കുന്ന പുഞ്ചിരിയുമായി അച്ചൻ നടന്നടുത്തു. ഡൽഹിയിലെ സീറോ -മലബാർ സഭയുടെ ചാപ്ലിൻ എന്ന ഭാരിച്ച ഉത്തരവാദിത്വമായിരുന്നു ദൈവം അവിടെ അച്ചനായി ഒരുക്കിയിരുന്നത്. മനുഷ്യനന്മക്ക് ഏറെ വിലകൊടുക്കാത്ത, കോൺക്രീറ്റ് കൊട്ടാരങ്ങളിൽ ഉറങ്ങുന്ന ഡൽഹി നഗരത്തിൽ തന്റെ ആളുകളെ ഒരുമിച്ചുകൂട്ടുവാൻ ദൈവത്തിന്റെ എളിയവനായ വടക്കുംപാടൻ അച്ചന് ഒരുപാട് കഷ്ടതകൾ സഹിക്കേണ്ടിവന്നു. മുതലാളിത്തസംസ്കാരം ഉടുത്തൊരുങ്ങിനിൽക്കുന്ന ഡൽഹിയിൽ ഒന്നുമില്ലാത്തവൻ ഒരുനേരത്തെ ഭക്ഷണത്തിനുവേണ്ടി കഷ്ടപ്പെടുന്നകാഴ്ച അച്ചന്റെ മനസ്സലിയിച്ചു. സമ്പന്നതയുടെ നടുവിലല്ല മറിച്ച് തന്റെ മുമ്പിൽ കാണുന്ന നിരാലംബരിലും പട്ടിണിപാവങ്ങളിലുമാണ് താൻ വിശ്വസിക്കുന്ന താൻ സ്നേഹിക്കുന്ന ദൈവം ജീവിക്കുന്നതെന്ന തോന്നൽ അച്ചനെ അവരുടെ വക്താവാക്കി മാറ്റി. ദീർഘകാലത്തെ ഡൽഹിവാസം ഒരു ശക്തമായ സീറോ-മലബാർ സഭാംഗങ്ങളുടെ കൂട്ടായ്മ വളർത്തിയെടുക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. വിശ്രമമില്ലാത്ത പ്രവർത്തനമായിരുന്നു അദ്ദേഹം കാഴ്ചവച്ചത്.

വടക്കുംപാടൻ അച്ചനെ മറ്റൊരു വലിയ ഉത്തരവാദിത്വം ഏൽപ്പിക്കുവാനായി തന്റെ പഴയകർമ്മമണ്ഡലത്തിലേക്ക് അധികാരികൾ തിരിച്ചു വിളിച്ചു. 2004 ഡിസംബർ 1-ാം തീയതി അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ ആൻഡ് റിസേർച്ച് സെന്ററിന്റെ ഡയറക്ടറായി അച്ചൻ ചുമതലയേറ്റു.

വെല്ലുവിളികള നിസംഗതയോടെ ഏറ്റെടുക്കുവാനുള്ള ഒരു പ്രത്യേക വൈഭവം ദൈവം അച്ചന് നൽകിയിട്ടുണ്ട്. ദിവസത്തിന്റെ ഏറിയപങ്കും അച്ചൻ തന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി മാറ്റിവയ്ക്കുന്നു. എത്ര തിരക്കിട്ട ജോലകൾക്കിടയിലും മറ്റുള്ളവരുടെ ആവശ്യങ്ങൾ ചോദിച്ചറിഞ്ഞ് അവരെ സഹായിക്കാൻ സന്നദ്ധനാണദ്ദേഹം. സമയം ഒരു വെല്ലുവിളി ഉയർത്തുന്ന ഈ തിരക്കിട്ടജീവിതത്തിലും കൃത്യനിഷ്ഠയുടെ കാര്യത്തിൽ വിട്ടുവീഴ്ചകൾക്ക് അച്ചൻ തയ്യാറില്ല. അതാണ് അച്ചന്റെ ജീവിതവിജയത്തിന് അടിസ്ഥാനം.

വിലാസം - റവ. ഡോ. സെബാസ്റ്റ്യൻ വടക്കുംപാടൻ, ഡയറക്ടർ,
ലിറ്റിൽഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി.

www.malankaralibrary.com

# 301

# റവ.ഡോ. ജയിംസ് നരിതൂക്കിൽ



"ഹിന്ദുത്വ"മെന്നു പറയുന്ന മതമൗലികതയ്ക്ക് ഭാരതത്തിൽ ഒരു സ്ഥാനവും കല്പിക്കാൻ പാടില്ലെന്നും ഭാരതം ഒരു സെക്കുലർ രാജ്യമാണെന്ന് പറയുകയും മതഭ്രാന്തന്മാരുടെ അഴിഞ്ഞാട്ടത്തിന് ഭരണകൂടങ്ങൾ പിന്തുണ നൽകുകയും ചെയ്യുന്ന ഇന്നത്തെ വ്യവസ്ഥിതി സ്വതന്ത്രഭാരതത്തിന്റെ സുഗമമായ വളർച്ചക്ക് വിഘാതമായി തീരുമെന്നും ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്വഭാവരൂപീകരണത്തിനായി സദാചാരം, സാന്മാർഗ്ഗികത, സത്യസന്ധത, നീതിബോധം തുടങ്ങിയവയെ പഠിപ്പിക്കാനായി ഒരു നിർബന്ധിതകോഴ്സ് ഏർപ്പെടുത്തണമെന്നും ലേഖനങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും ഉറക്കെ പ്രഖ്യാപിക്കുന്ന റവ.ഡോ.ജയിംസ് നരിതൂക്കിൽ പുരാതനവും പ്രസിദ്ധവുമായ എലിക്കുളത്തെ നരിതൂക്കിൽ കുടുംബത്തിൽ മത്തായി - അന്നമ്മ ദമ്പതികളുടെ പതിനൊന്നുമക്കളിൽ മൂന്നാമനായി 1942 ആഗസ്റ്റ് 18-ന് ജനിച്ചു. നരിതൂക്കിൽ കുടുംബം വയലക്കൊമ്പു കുടുംബത്തിന്റെ ഒരു ശാഖയാണ്. ദീപികയുടെ പത്രാധിപരും പ്രമുഖ വിദ്യാഭ്യാസപ്രവർത്തകനുമായിരുന്ന വല്യപ്പന്റെ സഹോദരൻ ഫാ.ആന്റണി നരിതൂക്കിൽ സി.എം.ഐ.യുടെ ജീവിതമാതൃകയും വ്യക്തിത്വവും ജയിംസച്ചനെ സി.എം.ഐ. സഭയിലേക്കാകർഷിച്ചു. ജെയിംസിനെ വീട്ടിൽ ചെറുപ്പത്തിൽ വിളിച്ചിരുന്നത് ചാക്കോച്ചൻ എന്നായിരുന്നു.

കൊച്ചുകുട്ടിയായിരുന്നപ്പോൾ തന്നെ ചാക്കോച്ചൻ സേവനതല്പരനും കഠിനാദ്ധ്വാനിയും സാഹസികകാര്യങ്ങളിൽ ഏർപ്പെടാൻ ധൈര്യമുള്ളവനുമായിരുന്നു. ദരിദ്രരോടും രോഗികളോടും നിരാലംബരോടും ചാക്കോച്ചന് കരുണ തോന്നുകയും ചെയ്യാവുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തിരുന്നു. വീട്ടിലെ കൃഷിയിടങ്ങളിൽ ജോലി ചെയ്യുന്നവരോടൊപ്പം അദ്ധ്വാനിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. വീട്ടുജോലികൾ വീഴ്ചകൂടാതെ ചെയ്യുമ്പോഴും പഠനകാര്യത്തിൽ വീഴ്ചവരുത്തിയിരുന്നില്ല. ഇളങ്ങുളം സെന്റ്മേരീസ് ഹൈസ്ക്കൂളിൽനിന്നും 1960-ൽ എസ്സ്. എസ്സ്. എൽ. സി. പാസ്സായ ചാക്കോച്ചൻ സ്ക്കൂൾജീവിതകാലത്ത് കായികകലാസാഹിത്യവാസനകൾ പരിപോഷിച്ചിരുന്നു. സ്ക്കൂൾ സെക്രട്ടറിയായിരുന്ന അദ്ദേഹം പ്രസംഗത്തിനും സംഗീതത്തിനും സമ്മാനങ്ങൾ നേടിയിരുന്നു. ജില്ലാതലത്തിൽ ഹൈജംപിനും ഒന്നാം സ്ഥാനം നേടി.

ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയപ്പോൾ സെമിനാരിയിൽ ചേരുന്നതിന് പിതാവിനോട് അനുവാദം ചോദിച്ചെങ്കിലും കോളേജ് വിദ്യാ

www.malankaralibrary.com

ഭ്യാസത്തിനുശേഷം അക്കാര്യം ചിന്തിച്ചാൽ മതിയെന്ന് പറഞ്ഞതിന്റെ വെളിച്ചത്തിൽ പാലാ സെന്റ് തോമസ് കോളേജിൽ ചേർന്നു. പി.യു.സി. പാസ്സായപ്പോൾ സെമിനാരിയിൽ ചേരണമെന്നുള്ള ആഗ്രഹത്തിന് പിതാവ് വഴങ്ങി. 1961 ൽ ചാക്കോച്ചൻ സി.എം.ഐ. സഭയുടെ യോഗാർത്ഥിഭവനത്തിൽച്ചേർന്നു. പുതിയകൂട്ടുകാരും, പുതിയ ആചാരാനുഷ്ഠാനങ്ങളും, ഗാനാലാപനങ്ങളും എല്ലാം ചാക്കോച്ചന് ആസ്വാദ്യകരമായി അനുഭവപ്പെട്ടു. യോഗാർത്ഥികളുടെ ലീഡറായി ചാക്കോച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. സുറിയാനി, ലത്തീൻ, ഇംഗ്ലീഷ് ഭാഷകൾ പഠിച്ചു. സുറിയാനി കുർബ്ബാനയ്ക്ക് സഹായിക്കാൻ സുറിയാനി മനഃപാഠമാക്കി. രണ്ടാംവർഷം യോഗാർത്ഥിപഠനം മുത്തോലിയിലായിരുന്നു. മൂന്നാംവർഷം നവസന്യാസഭവനമായ ചെത്തിപ്പുഴയിൽ ചേർന്നു. പുറംലോകവുമായി ബന്ധപ്പെടാതെ, വീട്ടുകാർക്കുപോലും കത്തെഴുതാതെ സർവ്വസംഗപരിത്യാഗിയായി പ്രാർത്ഥനയിലും ധ്യാനത്തിലും കഴിഞ്ഞുകൂടിയ ഒരുവർഷം ആദ്ധ്യാത്മികമായി ശക്തിപ്രാപിച്ച് വളർന്നു. തുടർന്ന് 1964 മേയ് 16ന് ആദ്യവ്രതം അനുഷ്ഠിച്ചു. സന്യാസസഭാവസ്ത്രം സ്വീകരിച്ച് ചാക്കോച്ചൻ ബ്രദർ ജെയിംസ് ആയി മാറി. പഴയ മനുഷ്യനെ ഉരിഞ്ഞ്കളഞ്ഞ് പുതിയ മനുഷ്യനെ ധരിച്ച ശുഭമുഹൂർത്തമായിരുന്നു അത്. നവസന്യാസംപൂർത്തിയാക്കി അടുത്തവർഷം ചെത്തിപ്പുഴ ജൂണിയറേറ്റിൽ പരിശീലനം തുടർന്നു. 1965 ൽ തത്വശാസ്ത്രപഠനത്തിനായി ബാംഗ്ളൂർ ധർമ്മാരാം കോളേജിൽ ചേർന്നു. മൂന്നുവർഷത്തെ പഠനത്തിനുശേഷം ഫിലോസഫിയിൽ ഡിസ്റ്റിംഗ്ഷനോടെ ബിരുദം നേടി. (B.ph. Bachelor of Philosophy) 1968 ൽ ബോംബെയിൽ ഭാരതീയ സംസ്കാരം, തത്വശാസ്ത്രം, സംസ്കൃതം എന്നിവ പഠിച്ചു. അന്ന് ശിവസേന മലയാളികളെ തെരഞ്ഞുപിടിച്ച് ആക്രമിക്കുന്ന ഒരവസരമായിരുന്നു. പുറത്തുപോകുമ്പോഴൊക്കെ വളരെ സൂക്ഷിച്ച് യാത്ര ചെയ്യേണ്ടിവന്നു. 1969 ൽ വീണ്ടും ധർമ്മാരാമിലെത്തി ദൈവശാസ്ത്രപഠനം ആരംഭിച്ചു. 1972 ഏപ്രിൽ 25 ന് പൗരോഹിത്യം സ്വീകരിച്ചു. ദൈവശാസ്ത്രപഠനത്തിന്റെ അവസാനവർഷം വൈദിക വിദ്യാർത്ഥികളുടെ ലീഡറായിരുന്നു അദ്ദേഹം.

യു.പി.യിലെ അലിഗർ മുസ്ലീംയൂണിവേഴ്സിറ്റിയിൽ 1973 ൽ ചേർന്ന് ഇസ്ലാം മതത്തെപ്പറ്റി പഠനം നടത്തി. ഇസ്ലാമിക് സ്റ്റഡീസിൽ എം.എ. ബിരുദം ഒന്നാംറാങ്കിൽ 1975 ൽ പാസ്സായി. സി.എം.ഐ. സഭയിൽനിന്നും ആദ്യമായി ഈ വിഷയം പഠിച്ചത് ജെയിംസച്ചനായിരുന്നു. ഈ കാലഘട്ടത്തിൽ ആഗ്രാ അതിരൂപതയുടെ കീഴിലായിരുന്ന അലിഗഢിൽ പല തവണ സർവ്വമതസമ്മേനങ്ങൾ ജെയിംസച്ചൻ വിളിച്ചുകൂട്ടിയിട്ടുണ്ട്. ഇത് ആഗ്രാ അതിരൂപതാദ്ധ്യക്ഷന്റെ മുക്തകണ്ഠമായ പ്രശംനേടുകയുണ്ടായി. 1976 ൽ ജെയിംസച്ചൻ ഉപരിപഠനത്തിനായി ക്യാനഡായിലെ മോൺട്രിയാലിലേക്കുപോയി. അവിടെയുള്ള മക്ഗ്ഗിൽ (Mc gill) സർവ്വകലാശാലയിൽനിന്നും വീണ്ടുമൊരു എം.എ. ഡിഗ്രിയും ഇസ്ലാമിക് സ്റ്റഡീസിൽ ഡോക്ടറേറ്റും കരസ്ഥ

www.malankaralibrary.com

മാക്കി. ക്യാനഡ ഇടവകയിൽ സഹവികാരിയായും ഇക്കാലത്ത് സേവനം അനുഷ്ഠിച്ചു. ക്യാനഡാക്കാർക്ക് ജയിംസച്ചൻ പ്രിയപ്പെട്ടവനായിരുന്നു. മക്ഗ്ഗിൽ യൂണിവേഴ്സിറ്റിയിൽ പഠിച്ചിരുന്ന കാലത്ത് ന്യൂയോർക്കിൽവച്ച് നടത്തിയ ഒരു സർവ്വമതസമ്മേളനത്തിൽ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ഫാ.ജെയിംസ് പങ്കെടുത്തു.

1982ൽ പഠനം കഴിഞ്ഞ് തിരിച്ചെത്തിയ ജയിംസച്ചനെ ധർമ്മാരാം വിദ്യാർത്ഥികളുടെ പരിശീലകനും അദ്ധ്യാപകനുമായി നിയമിക്കപ്പെട്ടു. വൈദികവിദ്യാർത്ഥികളിൽ ഒരാളെപോലെ ജീവിച്ച് അവരുടെ സ്വഭാവരൂപികരണത്തിൽ വലുതായ സ്വാധീനം ചെലുത്തി. 1984 ൽ ഇസ്ലാമിക് അസോസിയേഷൻ പ്രസിഡണ്ടായി അച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ഇന്ത്യയിൽ പല ഭാഗത്തും സർവ്വമതസമ്മേളനങ്ങൾ സംഘടിപ്പിക്കുകയും പങ്കെടുക്കുകയും മതസൗഹാർദ്ദം ദൃഢപ്പെടുത്തുവാൻ പരിശ്രമിക്കുകയും ചെയ്തു. 1987 ലും 90 ലും കോട്ടയം സെന്റ് ജോസഫ്സ് പ്രോവിൻസിന്റെ പ്രൊവിൻഷ്യാൽ ആയി തിരഞ്ഞെടുക്കപ്പെട്ടു. ആറുവർഷക്കാലം പ്രൊവിൻഷ്യാൽ സ്ഥാനത്തിരുന്നുകൊണ്ട് ദീപികയെ വളർത്തുവാനായി ശ്രമിച്ചു. കോട്ടയം പ്രൊവിൻസിന്റെ വകയായിരുന്ന ദീപികയെ സി.എം.ഐ. സഭയെ മൊത്തത്തിൽ ഏല്പിക്കാനുള്ള ശ്രമം നടത്തി. അതു പരാജയപ്പെട്ടപ്പോൾ സീറോ-മലബാർ സഭയെ ഏല്പിക്കുവാനും പരിശ്രമിച്ചു. അതും പരാജയപ്പെട്ടപ്പോഴാണ് രാഷ്ട്രദീപിക കമ്പനിയുണ്ടാക്കി ദീപികയുടെ നിലനിൽപിനായി പരിശ്രമിച്ചത്. ദീപികയുടെ വികസനശ്രമങ്ങളുമായി സഹകരിച്ച നിരവധിപേരെ കോർത്തിണക്കുവാനും അദ്ദേഹം ശ്രമിച്ചു. കേരളജനതയുടെ ധാർമ്മിക, സാന്മാർഗ്ഗിക, ആദ്ധ്യാത്മിക, സാമൂഹ്യ, സാംസ്കാരിക മണ്ഡലങ്ങളിലെ ഉയർത്തെഴുന്നേൽപ്പിന് ദീപിക വഹിച്ച പങ്ക് അതുല്യമാണ്. കേരളകർഷകർക്ക് പൊതുവിലും കുടിയേററകർഷകർക്ക് പ്രത്യേകമായും ദീപിക നൽകിയ സംഭാവനകൾ വിസ്മരിക്കാവതല്ല. ദീപിക കമ്പനിയാക്കാനുള്ള ശ്രമം നടന്നപ്പോഴും അതിന് മുൻപും പ്രൊവിൻഷ്യൽ എന്ന നിലയിൽ ജെയിംസച്ചൻ ദീപികയുമായി ബന്ധപ്പെട്ട മറെറല്ലാവരുമായി സഹകരിച്ചു.

1993 ൽ ജയിംസച്ചനെ പൂനയിലുള്ള കാർമ്മൽ വിദ്യാഭവൻ റെക്ടർ ആയും കാർമ്മൽ സീറോ മലബാർ പാരീഷ് വികാരിയായും നിയമിച്ചു. ജയിംസച്ചൻ തന്റെ അജപാലനരംഗത്തെ സേവനപാടവം തെളിയിച്ച ഒരു കാലഘട്ടമായിരുന്നു ഇത്. കല്യാൺ രൂപതയിലെ പല ഇടവകകളിലും യുവജനധ്യാനങ്ങളും സെമിനാറുകളും നടത്തി ദൈവജനത്തെ പ്രബുദ്ധരാക്കി. 1996 ൽ ബാംഗ്ലൂരിലെ ധർമ്മാരം കോളേജിൽ വൈദിക വിദ്യാർത്ഥികളുടെ പരിശീലകനും അദ്ധ്യാപകനും ബാംഗ്ലൂരിലെ ബൊമ്മനഹള്ളി (Bommanahalli) ഇടവകവികാരിയുമായി നിയമിച്ചു. ബാംഗ്ലൂരിലെ സ്തുത്യർഹമായ സേവനത്തിനുശേഷം 1999 ൽ ഗുജറാത്തിലെ രാജ്കോട്ട്

www.malankaralibrary.com

രൂപതയുടെ ഭാഗമായ ഭവനഗർ (BHAVANAGAR)റീജന്റെ റീജയണൽ സുപ്പീരിയർ ആയി നിയമിതനായി. ഈ കാലഘട്ടത്തിലാണ് ലക്ഷക്കണക്കിനാളുകളുടെ മരണത്തിനിടയാക്കിയ ഭൂകമ്പം ഗുജറാത്തിലുണ്ടായത്. പിന്നീടാണ് ഗോദ്രസംഭവം - അയോദ്ധ്യയിൽ നിന്നും വിജയശ്രീലാളിതരായി വന്നവരുടെ ട്രെയിൻ ബോഗി കത്തിച്ച് നിരവധിപേരെ മരണത്തിലേയ്ക്ക് തള്ളിവിട്ടത്. ഇതിനെ തുടർന്ന് ഇന്ത്യയിലൊരിടത്തും ഇതിന് മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ ഹിന്ദു - മുസ്ലിം സംഘട്ടനമുണ്ടായി. ഈ അവസരത്തിലൊക്കെ ദുരിതമനുഭവിച്ചവരെ ആശ്വസിപ്പിക്കുവാനും മതസൗഹാർദ്ദവും സമാധാനവും കൈവരുത്തുവാനും ജയിംസച്ചൻ കഠിനാദ്ധ്വാനം ചെയ്തു.

2002 ൽ ധർമ്മാരംകോളേജ് റെക്ടറായി നിയമിതനായി. മൂന്നു വർഷത്തെ സേവനത്തിനുശേഷം 2005 ൽ വീണ്ടും ധർമ്മാരാം കോളേജ് റെക്ടറായി നിയമിച്ചു. ധർമ്മാരാം കോളേജ് സെമിനാരി, ധർമ്മാരം വിദ്യാക്ഷേത്രം, ക്രൈസ്റ്റ് - ഡിഗ്രികോളേജ്, ക്രൈസ്റ്റ് ജൂണിയർ കോളേജ് ക്രൈസ്റ്റ് റസിഡൻഷ്യൽ കോളേജ്, ക്രൈസ്റ്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ക്രിസ്തു വിദ്യാലയ കന്നഡ മീഡിയം സ്കൂൾ, സെന്റ് തോമസ് സീറോ - മലബാർ ഫൊറോനാ, ഫൊറോനായുടെ കീഴിലുള്ള 6 സീറോ - മലബാർ ഇടവകകൾ ഇവയെല്ലാം ധർമ്മാരം കോളേജ് റെക്ടറുടെ ഭരണത്തിൻ കീഴിലുള്ള സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളെല്ലാം ഒരു കുടക്കീഴിൽ വിജയകരമായി സംഘടിപ്പിച്ചുകൊണ്ടുപോകുന്നതിൽ ജയിംസച്ചൻ വിജയിച്ചു. ഈ ഭാരിച്ച ജോലികൾക്കിടയിലും വിവിധ സെമിനാരികളിൽ ഇസ്ലാംമതത്തെപ്പററിയുള്ള ക്ലാസ്സുകൾ എടുത്തിരുന്നു. വൈദികലോകത്ത് ജയിംസച്ചന് ഒരു വലിയ ശിഷ്യഗണമുണ്ട്. ശിഷ്യഗണത്തിന്റെ സ്വഭാവരൂപീകരണത്തിൽ പ്രത്യേകം ജെയിംസച്ചൻ ശ്രദ്ധിച്ചിരുന്നു.

മനുഷ്യരുടെ സ്വാർത്ഥതകൾ സ്ഥാപിതതാല്പര്യങ്ങൾ നേടുവാനുള്ള ഉപകരണമാക്കി മതങ്ങളെ തരംതാഴ്ത്തുന്നുവെന്ന അഭിപ്രായക്കാരനാണ് ജയിംസച്ചൻ. രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി നേതാവാകുവാനും, ധനാഗമ മാർഗ്ഗമായും മതങ്ങളെ ചൂഷണം ചെയ്യുന്ന നേതാക്കളുമുണ്ട്. മനുഷ്യരുടെ മൃദുലവികാരങ്ങളെ ജ്വലിപ്പിച്ച് മതഭ്രാന്തുണ്ടാക്കി കാര്യംകാണുന്ന നേതാക്കളും രാഷ്ട്രീയക്കാരും മതത്തിന്റെ ഏററം വലിയ ശത്രുക്കളും മനുഷ്യരാശിയുടെ വൈരികളുമാണെന്ന് അച്ചൻ ഉറക്കെ പറയുന്നു. മതഭ്രാന്ത്കുത്തിവച്ച് മതങ്ങളെ തമ്മിൽ അടിപ്പിച്ച് സ്വയം വളരുവാനാഗ്രഹിക്കുന്നവർ ഇന്ന് വളരെയുണ്ട്. ഫലമോ മതഭ്രാന്തും രക്തചൊരിച്ചിലും. കിട്ടുന്ന വേദികളിലും ലഭിക്കുന്ന അവസരങ്ങളിലും ഈ മതഭ്രാന്തിനെതിരായി ജയിംസച്ചൻ സ്വരമുയർത്തുന്നുണ്ട്. ലോകജനതമുഴുവൻ ദൈവത്തിന്റെ മക്കളാണ്. മതത്തിന്റെ പേരിൽ സ്വസഹോദരനെ വധിക്കുന്ന മരണത്തിന്റെ സംസ്കാരം ഇല്ലാതാകണം. ലോകരാഷ്ട്രീയവും അതിലേറെ ഭാര

www.malankaralibrary.com

തീയ രാഷ്ട്രീയവും ഒരു വലിയ പൊളിച്ചുപണിക്ക് വിധേയമാക്കണം. സത്യമോ, നീതിയോ, ധാർമ്മികതയോ, സാന്മാർഗ്ഗികബോധമോ, സമസൃഷ്ടിബഹുമാനമോ ഒന്നും ഇല്ലാത്ത ഒരു തലമുറയാണ് പൊതുവേ ഇന്ന് ഭരണചക്രം തിരിക്കുന്നത്. ഫലമോ ലോകം ഒരു ഭ്രാന്താലയമായി മാറുന്നു. സത്യസന്ധരും, നീതിബോധമുള്ളവരും, പ്രജാവത്സലരും, നിസ്വാർത്ഥസേവനമനോഭവമുള്ളവരുമായ രാഷ്ട്രമീമാംസകരെയാണ് ഇന്നിന്റെ ആവശ്യം. ക്രിമിനൽസിനെ എം.പി.മാരോ, എം.എൽ.എ. മാരോ, മന്ത്രിമാരോ ആക്കുന്നത് അപകടകരമാണ്. സെമിനാരികളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഈ ആദർശങ്ങൾ ജെയിംസച്ചൻ ശക്തമായ ഭാഷയിൽ അവതരിപ്പിക്കാറുണ്ട്.

ഭാരതത്തിൽ പൗരത്വമുള്ളവരെല്ലാം ഭാരതീയരാണ്. ആദിവാസികൾ ഒഴിച്ച് ബാക്കിയുള്ളവർ, ആര്യന്മാരും ദ്രാവിഡരും വിദേശത്തുനിന്നും ഭാരതത്തിൽ കുടിയേറി പാർത്തവരാണ്. ഈ ചരിത്രപശ്ചാത്തലത്തിൽ ഏതെങ്കിലുമൊരു വിഭാഗം മതപരമാകട്ടെ, സാംസ്കാരികമാകട്ടെ, ഭാഷാപരമാകട്ടെ ഏതെങ്കിലും പരിഗണനവച്ച് തങ്ങളാണ് യഥാർത്ഥഭാരതീയർ എന്നു പറയുന്നതിന്റെ അർത്ഥശൂന്യത ജയിംസച്ചൻ വ്യക്തമാക്കാറുണ്ട്. അങ്ങനെ ചരിത്രം പഠിക്കുമ്പോൾ ഹിന്ദുത്വം എന്നു പറയുന്ന മതമൗലികതക്ക് ഭാരതത്തിൽ ഒരു സ്ഥാനവും കല്പിക്കാൻ പാടില്ല. ഭാരതം ഒരു സെക്കുലർ രാജ്യമാണെന്ന് പറയുകയും മതഭ്രാന്തന്മാരുടെ അഴിഞ്ഞാട്ടത്തിന് ഭരണകൂടങ്ങൾ പിന്തുണനൽകുകയും ചെയ്യുന്ന ഇന്നത്തെ വ്യവസ്ഥിതി സ്വതന്ത്രഭാരതത്തിന്റെ സുഗമമായ വളർച്ചയ്ക്ക് വിഘാതമാണ്. ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്വഭാവരൂപീകരണത്തിനായി സദാചാരം, സാന്മാർഗ്ഗികത, സത്യസന്ധത, നീതിബോധം തുടങ്ങിയവയെപ്പററി പഠിപ്പിക്കുവാനായി ഒരു നിർബന്ധിതകോഴ്സ് നടത്തണം. മേൽപറഞ്ഞ യോഗ്യതയുള്ളവർ അധികാരസ്ഥാനങ്ങളിലും ഭരണകൂടത്തിലും എത്തുന്നില്ലന്നതാണ് ഒരു ദുഃഖ സത്യം. മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസവും സ്വഭാവരൂപീകരണവും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പിലാക്കണം. രാഷ്ട്രത്തിന്റെ പുരോഗതിക്കായി അവതരിപ്പിക്കുന്ന പദ്ധതികൾ പ്രതിപക്ഷംപോലും അംഗീകരിക്കുന്ന ഒരവസ്ഥ ഉണ്ടായാൽ മാത്രമേ നമ്മുടെ രാഷ്ട്രീയക്കാർക്ക് പക്വതവന്നു എന്നുപറയാൻ കഴിയൂ. ജയിംസച്ചൻ തുറന്നുപറയുന്ന കാര്യങ്ങളാണിവ. ദൃശ്യശ്രവണമാദ്ധ്യമങ്ങളെല്ലാം മനുഷ്യരാശിയുടെ നന്മക്കും സുസ്ഥിതിക്കും സന്തോഷത്തിനുമായി വിനിയോഗിക്കേണ്ടതാണെങ്കിലും പണസമ്പാദനത്തിനുള്ള അതിരുകടന്ന ആഗ്രഹത്താൽ മനുഷ്യന്റെ ബലഹീനതകളെയും അധമവികാരങ്ങളെയും ചൂഷണം ചെയ്തുകൊണ്ട് മരണസംസ്കാരത്തിന്റെ ഏജൻസികളായി അധഃപതിക്കുന്നു. ബ്ലൂഫിലിംസ്, സെക്സിന്റെ അതിപ്രസരം, അക്രമം തുടങ്ങിയ നശീകരണസ്വഭാവമുള്ള പരിപാടികൾ മാദ്ധ്യമങ്ങളിലൂടെ അവതരിപ്പിച്ച് മനുഷ്യനെ മസ്തിഷ്കപ്രക്ഷാളനം ചെയ്ത് തിന്മയിലേക്കു നയി

www.malankaralibrary.com

ക്കുന്ന വ്യവസ്ഥിതിക്കെതിരെ പോരാടുവാൻ ജയിംസച്ചൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നു. അതുപോലെതന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങളും, ധാർമ്മികതയ്ക്കും സദാചാരത്തിനും സത്യസന്ധതയ്ക്കും സന്മാർഗ്ഗത്തിനും മുൻതൂക്കം നൽകണമെന്ന അഭിപ്രായക്കാരനാണദ്ദേഹം. ജെയിംസച്ചൻ മേൽപറഞ്ഞ കാര്യങ്ങൾ സാധിക്കുവാൻ, അത് ഒരു ഉപാസനയായി കരുതി പലവിധത്തിലുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ട്. ആദ്ധ്യാത്മികരംഗത്തും അജപാലനരംഗത്തും വിദ്യാഭ്യാസരംഗത്തും പ്രസംഗങ്ങളിലൂടെയും ക്ലാസ്സുകളിലൂടെയും ഇത് നിർവ്വഹിക്കുന്നു. ഈ ലക്ഷ്യസാദ്ധ്യത്തിനായി ധാരാളം ലേഖനങ്ങളും എഴുതിയിട്ടുണ്ട്. പരിശീലനത്തിനായി തന്നെ ഏല്പിച്ചിരിക്കുന്ന വൈദികവിദ്യാർത്ഥികളെ ജീവന്റെ സംസ്കാരത്തിന്റെ പ്രവാചകരാക്കുവാൻ ജയിംസച്ചൻ സർവ്വശക്തിയുമുപയോഗിച്ച് യത്നിക്കുന്നുണ്ട്.

വിലാസം - റവ.ഡോ. ജെയിംസ് നരിതൂക്കിൽ, റെക്ടർ,
ധർമ്മാരം കോളേജ്, ബാംഗ്ലൂർ - 560029

# 302

# ജോസഫ് വട്ടോലി



നടൻ, നാടകകൃത്ത്, നാടകസംവിധായകൻ, ചലച്ചിത്രസംവിധായകൻ എന്നിങ്ങനെ വിവിധനിലകളിൽ അസാമാന്യമായ പാടവം നേടിയ ശ്രീ.ജോസഫ് വട്ടോലി ഫാ.വടക്കന്റെ തൊഴിലാളിയിലൂടെ പത്രപ്രവർത്തകനായിട്ടാണ് ഔദ്യോഗികജീവിതം ആരംഭിക്കുന്നത്. റിപ്പോർട്ടർ, പ്രൂഫ് റീഡർ, സബ്ബ് എഡിററർ തുടങ്ങിയ ജോലികൾ തൊഴിലാളിയിൽ ചെയ്തു. തൊഴിലാളി പ്രഭാതപതിപ്പ് നിർത്തിയതിനുശേഷം പ്രോഗ്രസ്സ് വാരിക, ജനറൽ ഡെയ്‌ലി എന്നീ പ്രസിദ്ധീകരണങ്ങളിൽ സഹപത്രാധിപരായി പ്രവർത്തിച്ചു.

1971 ൽ പ്രസിദ്ധ സിനിമാ സംവിധായകനായ പി.എൻ. മേനോന്റെ കൂടെ സിനിമാ സംവിധാനം പഠിക്കാൻ ചേർന്നു. പണിമുടക്ക്, ഞാവൽപ്പഴങ്ങൾ, സരിത എന്നീ ചിത്രങ്ങളിൽ അസിസ്റ്റന്റ് ഡയറക്ടറായിരുന്നു. സരിത എന്ന ചിത്രത്തിൽ ബഹദൂർ, ജഗതി എന്നിവരോടൊപ്പം അഭിനയിക്കുകയുമുണ്ടായി.

കേരള സംഗീതനാടക അക്കാദമി പ്രൊഫ.ജി.ശങ്കരപ്പിള്ളയുടെ നേതൃത്വത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് തെരഞ്ഞെടുത്ത് നടത്തിയ നാടകക്കളരിയിൽ ചേർന്ന് ആധുനിക നാടക പരിശീലനം നേടി. സ്വന്തമായി രചിച്ചതും അല്ലാത്തതുമായ നിരവധി നാടകങ്ങൾ സംവിധാനം

www.malankaralibrary.com

ചെയ്തു.

1976 ൽ പത്രപ്രവർത്തനവും നാടകവും വിട്ട് പൂർണ്ണമായും ചലച്ചിത്ര രംഗത്തു വന്നു. പ്രസിദ്ധസാഹിത്യകാരനായ എം. മുകുന്ദന്റെ "സീത" എന്ന നോവൽ പൂന ഫിലിം ഇൻസ്റ്റിററ്യൂട്ട് ബിരുദധാരിയായ പി.പി. ഗോവിന്ദൻ സംവിധാനം ചെയ്തപ്പോൾ പ്രധാന സഹസംവിധായകനായി.

1980 ൽ കുടുംബസമേതം മദ്രാസിലേക്ക് താമസം മാററി. മലയാള സിനിമയുടെ ആദ്യകാല പ്രവർത്തകരായ പി. ഭാസ്ക്കരൻ മാഷ്, ജെ.ഡി. തോട്ടാൻ, കൊന്നനാട്ട് എന്നിവരെ കൂടാതെ പുതിയ തലമുറയിലെ സംവിധായകരായ പവിത്രൻ, ഹരികുമാർ, രാജസേനൻ തുടങ്ങിയ നിരവധി സംവിധായകരോടൊപ്പം അസോസിയേററ് ഡയറക്ടറായി പ്രവർത്തിച്ചു.

ഒന്ന് രണ്ട് മൂന്ന്, കണി കാണുംനേരം, ജെഡ്ജ്മെന്റ്, തീക്കാററ്, അവരുടെ സങ്കേതം, ആദ്യമായി എന്നീ 6 ചിത്രങ്ങൾക്ക് സ്ക്രിപ്ററ് എഴുതി. ഇതിൽ അവസാനത്തെ മൂന്ന് ചിത്രങ്ങളും സ്വന്തമായി സംവിധാനം ചെയ്തു.

അസോസിയേററ് ഡയറക്ടറായി പ്രവർത്തിച്ച, വീണ്ടും ചലിക്കുന്ന ചക്രം, പുലി വരുന്നേ പുലി, മക്കൾ മാഹാത്മ്യം, ഗുഡ് ബൈ മദ്രാസ്, വാസവദത്ത, കവാടം, അനിയൻ ബാവ ചേട്ടൻ ബാവ എന്നീ സിനിമകളിൽ അഭിനയിച്ചു.

എങ്ങനെ നീ മറക്കും, അനിയൻ ബാവ ചേട്ടൻ ബാവ, ആദ്യത്തെ കൺമണി എന്നീ സിനിമകൾ നൂറിലധികം ദിവസങ്ങൾ പ്രദർശിപ്പിച്ചപ്പോൾ അസോസിയേററ് ഡയറക്ടർ എന്ന നിലയിൽ ആദരിക്കപ്പെട്ട് ഷീൽഡ് നേടുകയുണ്ടായി.

30 വർഷങ്ങൾക്കുമുൻപ് എഴുതി സംവിധാനം ചെയ്ത "ചക്കരമുത്തം" എന്ന ലഘുചിത്രം ധനികകുടുംബത്തിലെ ഒരു ബാലൻ വീട്ടിൽ വരുന്ന യാചകനിൽ യേശുവിനെ കാണുന്നതായിട്ടാണ്. അത് അവന്റെ പിതാവിന്റെ കണ്ണ് തുറപ്പിക്കുവാൻ ഇടയായി. ഈ ചിത്രം കണ്ട് "ചെമ്മീൻ" എന്ന സിനിമയുടെ ക്യാമറാമേൻ മാർക്കസ് ബട്ട്ലി അഭിനന്ദിക്കുകയുണ്ടായി.

നിരവധി ലഘുചിത്രങ്ങളും ടെലിഫിലിമുകളും സ്ക്രിപ്ററ് എഴുതി സംവിധാനം ചെയ്തു. ഈശോ സഭാംഗമായ ഫാ.മഞ്ഞിലിന്റെ യേശു വിഷന് വേണ്ടി സംവിധാനം ചെയ്ത പഴയനിയമത്തിൽ നിന്നുള്ള ജോബ്, റൂത്ത് എന്നിവ കൂടാതെ 'വിശ്വസിച്ചാൽ' (യേശു രക്തസ്രാവക്കാരിയെ സുഖപ്പെടുത്തിയ കഥ) സാമൂഹ്യ കഥകളായ ശരണം (മദ്യപാനിയുടെ മാനസാന്തരം) കടലിന്റെ മക്കൾ, ദൂരദർശൻ സംപ്രേക്ഷണം ചെയ്ത ഡെഡ് ലെററർ എന്നിവ ശ്രദ്ധിക്കപ്പെട്ടവയാണ്.

ക്രൈസ്തവമൂല്യങ്ങളും വിശ്വാസങ്ങളും സംരക്ഷിക്കുവാനും സഭയുടെ ആദർശങ്ങൾക്കും ലക്ഷ്യങ്ങൾക്കും വിരുദ്ധമായതിനെ തടയിടാനും ദൃശ്യമാദ്ധ്യമരംഗത്ത് തന്റെ സാന്നിദ്ധ്യം സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

www.malankaralibrary.com

തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ ആമ്പല്ലൂർ വില്ലേജിലെ മണ്ണംപേട്ട ദേശത്ത് വട്ടോലി ആഗസ്തി-റോസ ദമ്പതികളുടെ പുത്രനായി 1942 സെപ്തംബർ 3 ന് ജനിച്ചു. മണ്ണംപേട്ട, വെണ്ടോർ, തൃശൂർ, പുതുക്കാട് എന്നിവടങ്ങളിലായി വിദ്യാഭ്യാസം. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം ചാലക്കുടി ഐ.ടി.ഐ.യിൽ ചേർന്നു. ഹൈസ്ക്കൂൾ ജനറൽ സെക്രട്ടറി, ഐ.ടി.ഐ. ജനറൽ സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. 9-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ കഥയും, ലേഖനവും എഴുതി പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ നാടകരചന, സംവിധാനം, അഭിനയം എന്നീ മേഖലകളിൽ പ്രവർത്തിക്കാൻ തുടങ്ങി. 1963 ൽ എഴുതി സംവിധാനം ചെയ്ത് അവതരിപ്പിച്ച "നല്ല ഇടയൻ" എന്ന നാടകം പുതുക്കാട് സെന്റ് ആന്റണീസ് ദേവാലയത്തിന്റെ 200-ാം വാർഷികത്തിന് നടത്തിയ നാടക മത്സരത്തിൽ വിവിധ സമ്മാനങ്ങൾ നേടി (നല്ല നടി, നല്ല ബാലനടൻ, അവതരണം) ഐ.ടി.ഐ.യിലെ കലാഭിരുചിയുള്ള വിദ്യാർത്ഥികളെ സംഘടിപ്പിച്ച് നാടക ട്രൂപ്പുണ്ടാക്കി വിവിധ സ്ഥലങ്ങളിൽ നാടകം അവതരിപ്പിച്ചു.


1970 ൽ വിവാഹിതനായി. കാഞ്ഞൂർ ദേശത്ത് പുതുശ്ശേരി തെക്കുംപുറം ലോനപ്പൻ-റോസ്സി ദമ്പതികളുടെ മകൾ മേരിയാണ് ഭാര്യ.

അഭിനയം ക്യാമറാക്കണ്ണിൽ (സിനിമാ പഠനം) പരേതനായ കുരിശിങ്കൽ കൊച്ചുലോന (കഥകൾ) അഗതികളുടെ പിതാവ് (കാലം ചെയ്ത തൃശൂർ മെത്രാൻ മാർ. ജോസഫ് കുണ്ടുകുളം പിതാവിനെക്കുറിച്ച്) എന്നീ പുസ്തകങ്ങളുടെ കർത്താവ് കൂടിയാണ് വട്ടോലി. ഇപ്പോൾ കുടുംബം മദ്രാസിൽനിന്നും വെണ്ടോർ ചുങ്കത്തിലേക്ക് താമസം മാററി.

ഇപ്പോൾ സംവിധാന രംഗത്തുനിന്നും മാറി സീരിയലിലും സിനിമയിലും അഭിനയം തുടരുന്നതിനിടയിൽ സാഹിത്യരചനയ്ക്കും സമയം കണ്ടെത്തുന്നു. "കുട്ടികളുടെ സക്കറിയാസച്ചൻ", "മലയാള സിനിമയും ക്രിസ്ത്യാനികളും" എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനുള്ള ശ്രമത്തിലാണ്.

വിലാസം - ജോസഫ് വട്ടോലി, വെണ്ടോർ ചുങ്കം, പി.ഒ. അളഗപ്പനഗർ,
പിൻ-680 302, ഫോൺ - 0480-2757130.

# 303



# മോൺ. ജോസ്. പി. കൊട്ടാരം

ഒരു വ്യാഴവട്ടക്കാലമായി ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരി ജനറാളായി പ്രവർത്തിക്കുന്ന മോൺ. ജോസ് പി. കൊട്ടാരം 1942 സെപ്റ്റംബർ 12 ന് പുല്ലങ്ങാടി കൊട്ടാരം കുടുംബത്തിൽ ജനിച്ചു. കളരിപഠനത്തിനുശേഷം തെക്കേക്കര ഗവൺമെന്റ് എൽ.

www.malankaralibrary.com

പി.എസ്., ചമ്പക്കുളം എസ്.എച്ച്.. ഇ.എം.എസ്., എരുമേലി സെന്റ് തോമസ് എച്ച്.എസ്. എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പാറേൽ സെന്റ് തോമസ് പെറ്റി സെമിനാരി, മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിൽ വൈദിക വിദ്യാഭ്യാസം നടത്തി. 1967 ഡിസംബർ 18-ാം തീയതി മാർ കാവുകാട്ടിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. ഇതിനിടെ സംസ്കൃതം, ഫ്രഞ്ച്, സ്പാനീഷ് എന്നീ ഭാഷകളും പഠിച്ചു.

കല്ലാർ സെന്റ് മേരീസ്, ആനിക്കാട് സെന്റ് മേരീസ് എന്നീ പള്ളികളിൽ അസിസ്റ്റന്റായി സേവനം അനുഷ്ഠിച്ചു. ആനിക്കാട് ആയിരുന്നപ്പോൾ സെന്റ് തോമസ് ഹൈസ്കൂൾ നിർമ്മാണത്തിനും വല്ലോത്തിമലറോഡ് നിർമ്മാണത്തിനും മുഖ്യനേതൃത്വം നൽകി. 1972 ൽ പച്ച ലൂർദ്ദ്പള്ളി വികാരിയായി നിയമിക്കപ്പെട്ടു. ഇക്കാലത്ത് പല നിർമ്മാണപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. തകഴിറോഡ്, പുതിയലൈബ്രറിമന്ദിരം, പോസ്റ്റോഫീസ് കെട്ടിടം, ഡിസ്പെൻസറി കെട്ടിടം, വിമലബാലഭവൻ, ദീപ്തിട്രെയിനിംഗ് സെന്റർ, ആരാധനാമഠം, പുതിയ എൽ.പി.സ്കൂൾ കെട്ടിടം എന്നിവയുടെ നിർമ്മാണത്തിന് നേതൃത്വം നൽകിയതും ജോസച്ചനായിരുന്നു. ചെക്കടിക്കാട് കപ്പേള, ക്രിസ്ത്യൻ വർക്കേഴ്സ് മൂവ്മെന്റ്, യുവദീപ്തി എന്നിവ ആരംഭിച്ചതും പള്ളിയുടെ കനക ജൂബിലിയാഘോഷിച്ചതും ജോസച്ചൻ വികാരിയായിരുന്ന കാലത്താണ്.

വേഴപ്രയിൽ 1980 ൽ വികാരിയായി നിയമിതനായ ജോസച്ചൻ നാടിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയാണ് പ്രവർത്തനം ആരംഭിച്ചത്. രാമങ്കരി, വേഴപ്ര, പള്ളിക്കൂട്ടുമ്മ സർക്കുലർ റോഡ് നിർമ്മാണത്തിലൂടെ എല്ലാവിഭാഗം ജനങ്ങളുടെയും സ്നേഹാദരവുകൾ പിടിച്ചുപറ്റിയ ജോസച്ചൻ പിതൃവേദിയും മാതൃജ്യോതിയും ഇടവകയിൽ ആരംഭിച്ചു. ഏറ്റം നല്ല പ്രവർത്തനത്തിന് ഇടവകയിലെ മാതൃജ്യോതിയും സണ്ടേസ്കൂളും, മിഷൻലീഗും, യുവദീപ്തിയും അതിരൂപതാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ടു. വേഴപ്ര ഹൈസ്കൂളിനുവേണ്ടി സ്ഥലംവാങ്ങിയതും പാരീഷ്ഹാൾപണി പൂർത്തിയാക്കിയതും കൊട്ടാരം അച്ചൻതന്നെ.

ഇടവകജോലികളിൽനിന്നും മാറ്റി ഫാ. കൊട്ടാരത്തെ അതിരൂപതാ കോർപ്പറേറ്റ് മാനേജരായി ഉയർത്തി. കോർപ്പറേറ്റിന് പുതിയകെട്ടിടം സ്ഥാപിച്ച ജോസച്ചൻ മതബോധനം, മോറൽസ് എന്നിവക്ക് സ്കോളർഷിപ്പ് നൽകാൻ അതിരൂപതാടിസ്ഥാനത്തിൽ പരീക്ഷകൾ ഏർപ്പെടുത്തി. ഏറ്റവും നല്ല എൽ.പി., യു.പി. നഴ്സറി, ഹൈസ്കൂൾ എന്നിവക്ക് ട്രോഫികളും അവാർഡുകളും ഏർപ്പെടുത്തി. ഓരോവിഭാഗത്തിലെയും മികച്ച അദ്ധ്യാപകർക്കും അനദ്ധ്യാപകജീവനക്കാർക്കും അവാർഡുകൾ ഏർപ്പെടുത്തുകയും പീരിയോഡിക്കൽ ബുള്ളറ്റിനും വാർഷികബുള്ളറ്റിനും പ്രസിദ്ധീകരിക്കുകയും അദ്ധ്യാപകർക്കായി ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കു

www.malankaralibrary.com

കയും വിവിധ കേന്ദ്രങ്ങളിൽവച്ച് അദ്ധ്യാപകർക്കായി ഏകദിന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. വിവിധ വിഭാഗങ്ങളിലെ കുട്ടികൾക്കായി കായികമേളകൾ ഏർപ്പെടുത്തുകയും നിയമനം, സ്ഥലംമാറ്റം, പ്രൊമോഷൻ ഇവക്കുള്ള മാനദണ്ഡങ്ങൽ ഉണ്ടാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു.

1984 ൽ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗമായി നിയമിക്കപ്പെട്ടു. കൂടാതെ എസ്.ബി.ബോർഡിംഗ്ഹൗസ് റെക്ടർ, അതിരൂപതയിലെ വിദ്യാഭ്യാസ ഡയറക്ടർ എന്നീ ചുമതലകളും അദ്ദേഹം വഹിച്ചിട്ടുണ്ട്. 1994 ൽ കൊട്ടാരത്തിലച്ചനെ അതിരൂപതയുടെ വികാരി ജനറാളായി നിയമിച്ചു.

മോൺ കൊട്ടാരം വികാർ ജനറാളായിരുന്ന കാലത്ത് നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപതയിൽ ആരംഭിച്ചു. എയ്ഡഡ് സ്കൂളുകളും അൺഎയിഡഡ് സ്കൂളുകളും ഹയർ സെക്കണ്ടറിസ്കൂളുകളും റ്റി.റ്റി.ഐ. സ്കൂളും, പി.പി.റ്റി.റ്റി.ഐ.യു. സ്കൂളുകളും ആരംഭിക്കുകയുണ്ടായി. സി. ബി.എസ്. സ്കൂളുകളും ഐ.സി.എ.ബി. സ്കൂളുകളും ആരംഭിക്കുകയുണ്ടായി. സി.ബി.എസ്.ഇ. സ്കൂളുകളും ഐ.സി.എസ്.സി. സ്കൂളുകളും നഴ്സറി സ്കൂളുകളും ആരംഭിച്ചിട്ടുണ്ട്. എസ്.ബി. കോളേജ് പ്ലാറ്റിനും ജൂബിലിയോടനുബന്ധിച്ച് എം.ബി.എ. കോഴ്സും എം.ബി.എ. ബിൽഡിംഗും റിസർച്ച് സെന്ററും ആരംഭിച്ചു. ഇക്കാലത്താണ് ഏറ്റം നല്ല കോളേജിനുള്ള ആർ ശങ്കർ അവാർഡ്, എസ്.ബി.കോളേജിന് ലഭിച്ചത്. എസ്.ബി. കോളേജിന് പുതിയ കോഴ്സുകൾക്കുള്ള കെട്ടിടം, സ്വിമ്മിംഗ് പൂളിന് സ്ഥലം, ചാപ്പൽ നവീകരണം എന്നിവക്കും അദ്ദേഹം നേതൃത്വം നൽകി. നെടുംകുന്നത്തെ പുതിയ ട്രെയിനിംഗ് കോളേജ്, ചെത്തിപ്പുഴ നഴ്സിംഗ് കോളേജ്, സെന്റ് തോമസ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻ തുടങ്ങിയവയും ആരംഭിച്ചു.

അതിരൂപതാ ചരിത്രപ്രസിദ്ധീകരണം, നിധീരക്കൽ മാണിക്കത്തനാർ സ്മാരക മ്യൂസിയം (പാറേൽ) CICAR, CICAR ന്റെ ആഭിമുഖ്യത്തിൽ വിശുദ്ധനാട് തീർത്ഥയാത്ര, ഫാ. പ്ലാസിഡ് സ്മാരക ഗ്രന്ഥശാല മുതലായവ മോൺസിഞ്ഞോറുടെ സാംസ്കാരികരംഗത്തെ പ്രവർത്തന നേട്ടങ്ങളാണ്.

സാമൂഹിക വികസനരംഗത്തെ മോൺ. ജോസ് പി.കൊട്ടാരത്തിന്റെ നേട്ടങ്ങളാണ് Chass നും Kvs നും പുതിയ മന്ദിരങ്ങൾ, പള്ളിക്കൂട്ടുമ്മ, പള്ളം, മാമ്മൂട് എന്നിവിടങ്ങളിൽ Chass ന് പുതിയ കേന്ദ്രങ്ങൾ തുടങ്ങിയവ. ആർച്ച് ബിഷപ്പ് മാർ പവ്വത്തിൽ മെമ്മോറിയൽ ദളിത് വെൽഫയർ ഫണ്ട്, അൻപതിൽപരം ദളിതർക്ക് അദ്ധ്യാപകനിയമനം, ജീവകാരുണ്യനിധി സ്കോളർഷിപ്പ് തുടങ്ങിയവ സാമൂഹിക വികസനരംഗത്തെ പ്രധാന നേട്ടങ്ങളാണ്.

എൽ.എസ്.ഡി.പി., എ.എസ്.എം.ഐ., എന്നിവ കോൺഗ്രിഗേഷനകളായി അംഗീകരിക്കപ്പെട്ടതും പുന്നപ്രയിൽ ദനഹാലയം ആരംഭിച്ചതും എം. സി.ബി.എസ്., ഒ.സി.ഡി, വി.സി., ഒ.എഫ്.എം. എന്നീ സന്യാസ സഭകൾക്ക് അതിരൂപതാ ഹെഡ്ക്വാർട്ടേഴ്സ് ആരംഭിച്ചതും ഇക്കാലത്താണ്. അതിരൂപ

www.malankaralibrary.com

തവക ആശുപത്രികളുടെ വികസനവും, ഡിഗ്രി, പി.ജി. കോഴ്സുകൾ സഹിതം മണിപ്പാൽ സർവ്വകലാശാലയുടെ കേന്ദ്രം തുടങ്ങിയതും മോൺ. കൊട്ടാരത്തിന്റെ പ്രത്യേക ശ്രമഫലമായിട്ടാണ്. ചെങ്ങന്നൂർ, മാവേലിക്കര, അടൂർ, കൊല്ലം, നിരണം, കരവാളൂർ, കൊട്ടാരക്കര എന്നിവിടങ്ങളിൽ ഇടവകകളോ സ്റ്റേഷനുകളോ ആരംഭിക്കാനും അദ്ദേഹം നേതൃത്വം കൊടുത്തു.

ബഹു.മോൺ കൊട്ടാരം 1996-2000 കാലത്ത് എം.ജി. സർവ്വകലാശാല സെനറ്റ് അംഗമായിരുന്നു. അദ്ദേഹം വികാരിജനറാളായിരിക്കുന്ന ഇക്കാലത്ത് താഴെപറയുന്ന പ്രസിദ്ധീകരണങ്ങൾ പ്രസാധനം ചെയ്തിട്ടുണ്ട്. ടീച്ചേഴ്സിനും, കുട്ടികൾക്കും, രക്ഷകർത്താക്കൾക്കുമുള്ള ഹാൻഡ് ബുക്കുകൾ, ബുള്ളറ്റിനും കലണ്ടറും, ഡയറക്ടറി 2000, 2002, 2004, 2006 www Arch Dio-cese Changancehrry Org, Litergical Instructions 1998, 2004, Critical study of Cyriac Thaksa (2003,2005) യാമപ്രാർത്ഥനകൾ, സങ്കീർത്തനങ്ങൾ (മലയാളം)

Address - Mgr. Jose P. Kottaram, Vicar General, Arch Bishops House,
Changanacherry.

# 304



# മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

മലനാട് ജില്ലയും മലനാടു രൂപതയും കേരളീയരുടെ ഒരു സ്വപ്നമായിരുന്നു. 1967 ലെ ഇ.എം.എസ്സിന്റെ മന്ത്രിസഭ മലനാട് ജില്ല തത്വത്തിൽ അംഗീകരിക്കുകയും പിന്നീടുവന്ന ഗവൺമെന്റ് ഇടുക്കിജില്ലയെന്ന പേരിൽ കിഴക്കൻ മലയോര പ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു ജില്ല രൂപീകരിക്കുകയും ചെയ്തു. അതേസമയം കുടിയേറ്റ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു മലനാട് രൂപതക്കുള്ള ശ്രമങ്ങൾ യാഥാർത്ഥ്യമാകുവാൻ പിന്നെയും വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു. 2003 ജനുവരി 15ന് ഇടുക്കി രൂപത ഒരു യാഥാർത്ഥ്യമായി. 2003 മാർച്ച് 2 ന് ഇടുക്കു രൂപതാദ്ധ്യക്ഷന്റെ മെത്രാഭിഷേകവും രൂപതാസ്ഥാപനവും നടന്നു. ആ മഹാസംഭവത്തിന് സാക്ഷ്യംവഹിക്കുവാൻ ലക്ഷോപലക്ഷം ജനങ്ങളാണ് രൂപതാ കത്തീഡ്രൽ ദേവാലയത്തിൽ എത്തിച്ചേർന്നത്. ഇതുപോലൊരു ജനക്കൂട്ടം മലനാടിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. മലയോരവാസികളുടെ ആഹ്ലാദത്തിന്റെയും ആനന്ദത്തിന്റെയും ബാഹ്യപ്രകടനമായിരുന്നു ആ ജനക്കൂട്ടം.

ഇടുക്കി രൂപതയുടെ പ്രഥമ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട മാർ മാത്യു പാലാ രൂപതയിലെ കുരുവിനാൽ ഇടവകയിൽ ആനിക്കുഴിക്കാട്ടിൽ ലൂക്കാ ഏലി ദമ്പതികളുടെ 15 മക്കളിൽ മൂന്നാമത്തെ ആളായി 1942 സെപ്റ്റം

www.malankaralibrary.com

ബർ 23-ന് ജനിച്ചു.

1950 ൽ ലൂക്കാ കുടുംബസമേതം ഉടുമ്പൻചോല താലൂക്കിൽ പൊട്ടൻകാട് കരയിൽ സ്ഥലംവാങ്ങി താമസമാക്കി. കുഞ്ചിത്തണ്ണി ഹോളി ഫാമിലി പള്ളി ഇടവകാംഗമായി. പ്രാഥമിക വിദ്യാഭ്യാസം കടപ്ലാമറ്റത്തും കുഞ്ചിത്തണ്ണിയിലും ചിത്തിരപുരത്തുമായി പൂർത്തിയാക്കി. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 1962 ൽ കോതമംഗലം മൈനർ സെമിനാരിയിൽ ചേർന്നു. കോട്ടയം വടവാതൂർ സെമിനാരിയിൽ വൈദീകപഠനം പൂർത്തിയാക്കി. 1971 മാർച്ച് 15 ന് കോതമംഗലംരൂപതയുടെ പ്രഥമ മെത്രാൻ മാർ മാത്യു പോത്തനാംമൂഴി പിതാവിൽനിന്നും വൈദികപട്ടം സ്വീകരിച്ചു.

കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യനിയമനം. തുടർന്ന ജോസ്ഗിരി, ചുരുളി, എഴുകുംവയൽ, നെയ്യശ്ശേരി പള്ളികളിലായി 15 വർഷം വികാരിയായി സേവനം അനുഷ്ഠിച്ചു. പിന്നീട് മൂവാറ്റുപുഴ ജീവജ്യോതി ഡയറക്ടറായി നിയമിക്കപ്പെട്ടു. അതോടൊപ്പം മാർ മാത്യൂസ് പ്രസ്സിന്റെ മാനേജരുമായി ചുമതലയേറ്റു. 1985 ൽ ബൽജിയത്തിലെ ലുവെയ്ൻ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനത്തിനായി ചേർന്നു. സിസ്റ്റമാറ്റിക് തിയോളജിയിൽ ഡോക്ടറേറ്റ് എടുത്തു. ബൽജിയത്തിൽനിന്നും തിരിച്ചെത്തിയ ആനിക്കുഴിക്കാട്ടിലച്ചനെ കോതമംഗലം രൂപതാ ചാൻസലർ, ബിഷപ്പിന്റെ സെക്രട്ടറി, മൈനർ സെമിനാരി റെക്ടർ എന്നീ നിലകളിൽ നിയമിച്ചു. 15 വർഷക്കാലം കോട്ടയം മേജർ സെമിനാരിയിൽ വിസിറ്റിംഗ് പ്രൊഫസ്സറുമായിരുന്നു. മൈനർ സെമിനാരിയിൽ റെക്ടറായി തുടരുമ്പോഴാണ് മാർ മാത്യുവിനെ ഇടുക്കി രൂപതയുടെ നിയുക്തബിഷപ്പായി നിയമിക്കുന്നത്. ഇംഗ്ലീഷിലും മലയാളത്തിലുമായി അനുരഞ്ജനകൂദാശയെക്കുറിച്ച് ആധികാരികമായി രണ്ടുഗ്രന്ഥങ്ങൾ മാർ മാത്യു രചിച്ചിട്ടുണ്ട്. ഇന്ത്യയിലും പുറത്തുമുള്ള സഭാപ്രസിദ്ധീകരണങ്ങളിൽ ആദ്ധ്യാത്മിക പ്രാധാന്യമേറിയതും വിശ്വാസപരവും ചരിത്രപരവുമായ ഒട്ടേറെ ലേഖനങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോതമംഗലം എപ്പാർക്കിയെക്കുറിച്ച് തയ്യാറാക്കിയ പ്രൗഢലേഖനം ഇന്ത്യയിലും വിദേശത്തുമുള്ള സഭാകേന്ദ്രങ്ങളിൽ ഒട്ടേറെ ശ്രദ്ധപിടിച്ചുപറ്റി. ആദ്ധ്യാത്മികവും ഭൗതീകവുമായ വിഷയങ്ങളെക്കുറിച്ചുള്ള മാർ മാത്യുവിന്റെ പ്രഭാഷണശൈലി ശ്രോതാക്കൾക്ക് പ്രിയങ്കരമാണ്. രൂപതയുടെ ദൈവശാസ്ത്ര കോഴ്സ് കോർഡിനേറ്റർ, പാസ്റ്ററൽ കൗൺസിൽ അംഗം എന്നിങ്ങനെ വിവിധ നിലകളിലും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

2003 ജനുവരിയിലാണ് ഇടുക്കി രൂപത രൂപീകരിച്ചതും പ്രഥമ മെത്രാനായി മാർ മാത്യു ആനിക്കുഴിക്കാട്ടിലിനെ നിയമിക്കുന്നതും. 2003 മാർച്ച 2 ന് മെത്രാഭിഷേകവും രൂപതാസ്ഥാപനവും സ്ഥാനാരോഹണവും ലക്ഷക്കണക്കിന് വിശ്വാസികളുടെ സാന്നിദ്ധ്യത്തിൽ വാഴത്തോപ്പ് കത്തീഡ്രൽ അങ്കണത്തിൽവച്ച് നടന്നു. കഴിഞ്ഞ മൂന്നുവർഷമായി മെത്രാനെന്ന നിലയിൽ

www.malankaralibrary.com

സഭയ്ക്കും രൂപതയ്ക്കും ശുശ്രൂഷചെയ്തുകൊണ്ടിരിക്കുന്നു.

കുടിയേറ്റമേഖലയാണ് ഇടുക്കി രൂപത. ചുരുളി, ഇരട്ടയാർ, കൂമ്പൻപാറ, പാറത്തോട്, രാജാക്കാട്, വാഴത്തോപ്പ്, വെള്ളത്തൂവൽ, തങ്കമണി എന്നീ എട്ട് ഫൊറോനാകളും 126 ഇടവകപള്ളികളും രൂപതയിൽ ഉണ്ട്. മൂവായിരം ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള ഇവിടുത്തെ മൊത്തംജനസംഖ്യ ഏഴുലക്ഷത്തി അൻപതിനായിരത്തി എഴുപത്തിമൂന്നാണ്. സീറോ - മലബാർ കത്തോലിക്കർ രണ്ടുലക്ഷത്തി അൻപതിനായിരത്തി എണ്ണൂറ്റി എഴുപത്തിയഞ്ച് പേരാണ്. ലത്തീൻ റീത്തിൽപ്പെട്ടവരും (36245) മലങ്കര റീത്തിൽപ്പെട്ടവരും (12880) രൂപതാതിർത്തിയിൽ അധിവസിക്കുന്നു. 38720 കത്തോലിക്കാ കുടുംബങ്ങൾ രൂപതയിലുണ്ട്. രൂപതയിൽ 116 വൈദികർ സേവനം ചെയ്യുന്നുണ്ട്. അവരിൽ 81 പേർ ഇടവകവൈദികരാണ്. സെമിനാരിക്കാർ 105 പേരാണുള്ളത്. 718 സന്യാസിനികളും സേവനം അനുഷ്ഠിക്കുന്നുണ്ട്. ഒരു കോളേജും 1 ടെക്നിക്കൽ സ്കൂളും 8 ഹയർസെക്കണ്ടറി സ്കൂളുകളും 11 ഹൈസ്കൂളുകളും 19 യു.പി. സ്കൂളുകളും 23 എൽ.പി. സ്കൂളുകളും 5 ആശുപത്രികളും 118 മഠങ്ങളും 12 അഗതിമന്ദിരങ്ങളും 4 അനാഥശാലകളും രൂപതയിൽ പ്രവർത്തിക്കുന്നുണ്ട്.

വളരെയധികം പ്രകൃതി രമണീയമാണ് ഈ പ്രദേശം. ഇടുക്കിഡാമും, പവർഹൗസും ഇടുക്കിയിലെ ചന്ദനക്കാടുകളും, ഏലത്തോട്ടങ്ങളും, തേയില, കാപ്പി, കുരുമുളകു തോട്ടങ്ങളും എല്ലാ ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്.

ഇടുക്കി ഒരു കുടിയേറ്റ പ്രദേശമാണ്. നിരവധി കുടിയിറക്കുകളും കർഷക ദ്രോഹനടപടികളും ഇവിടെ നടന്നിട്ടുണ്ട്. ഇപ്പോഴും കുടിയിറക്കു ഭീഷണി നിലനിൽക്കുകയാണ്. ആ കർഷകദ്രോഹ നടപടികളെ നേരിടുവാൻ ആനിക്കുഴിക്കാട്ടിൽ പിതാവ് സന്നദ്ധനായി നിലകൊള്ളുന്നു. ഇടുക്കി രൂപതയുടെ ഉദ്ഘാടനവസരത്തിൽ കലാസാംസ്കാരിക വാർത്താ ദ്വൈവാരികയായ ഉൽപ്പത്തി പ്രസിദ്ധീകരണത്തിൽ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിനെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു.

"വിശ്വാസമാകുന്ന അടിസ്ഥാനശിലയിൽ അദ്ധ്വാന ശീലരും വിശ്വാസതീക്ഷ്ണരുമായ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സ്നേഹസമൃദ്ധിയിൽ പരിപാലിക്കപ്പെടുകയും ഗുരുക്കളുടെയും ശിഷ്യഗണങ്ങളുടെയും സഹവസിക്കപ്പെട്ടിട്ടുള്ള ഏവരുടെയും സ്നേഹവാത്സല്യങ്ങൾ ഏറെ ലഭിക്കുകയും ചെയ്തിട്ടുള്ള നിയുക്ത പിതാവ് വിനീതനും ക്ഷമാശീലനുമാണ്. വിനയത്തിന്റേയും എളിമയുടേയും ഇഴുകിച്ചേരലിനോടൊപ്പം ഏറ്റിട്ടുള്ള പദവികൾ കർമ്മകുശലതയോടും അർപ്പണ മനോഭാവത്തോടും കൂടി നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്.

ഇനിയും കൂടുതൽ വികസനം കാത്തു നിൽക്കുന്ന ഇടുക്കി രൂപതയുടെ ആദ്ധ്യാത്മികവും, ഭൗതികവുമായ സമഗ്ര പുരോഗതിക്ക് വേണ്ടി

www.malankaralibrary.com

തന്നിൽ അർപ്പിക്കപ്പെട്ടിട്ടുള്ള, ഉത്തരവാദിത്വം സഹവൈദീകരുടെയും സന്യാസിനികളുടെയും ഇതര സാമൂഹ്യ പ്രവർത്തകരുടേയും പരിപൂർണ്ണമായ കൂട്ടായ്മയോടെ നിർവ്വഹിക്കപ്പെടാൻ, പക്വമതിയും, വിനയാന്വിതനും, വിജ്ഞാനുതീഷ്ണനനും, കർമ്മയോഗിയുമായ അഭിവന്ദ്യപിതാവ് മാർ മാത്യു ആനിക്കുഴിക്കാട്ടിലിന് സർവ്വശക്തിയും നൽകാൻ ഈ ധന്യമൂഹൂർത്തത്തിൽ നമുക്ക് സർവ്വശക്തനോട് പ്രാർത്ഥിക്കാം."

ദൈവവിളികളുടെ വിളനിലമാണ് ആനിക്കുഴിക്കാട്ടിൽ കുടുംബം. മാർ ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ സഹോദരങ്ങളിൽ നാലുപേർ വൈദികരും നാലുപേർ സന്യാസിനികളുമാണ്.

വിലാസം - മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, ബിഷപ്പ് ഹൗസ്, കരിമ്പൻ, മണിപാറ പി.ഒ., 685602.

# 305



## ഫാ. എസ്. പൈനാടത്ത് എസ്.ജെ.

മതാന്തരബന്ധങ്ങൾ പരിപോഷിപ്പിക്കുക, ഭാരതീയാദ്ധ്യാത്മികത പകർന്നുകൊടുക്കുക എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന കാലടിയിലെ സമീക്ഷയുടെ സ്ഥാപകൻ ഫാ. എസ്സ്. പൈനാടത്ത് എസ്സ്.ജെ. 1942 നവംബർ 19 ന് കാലടിയിൽ ജനിച്ചു. തൃശ്ശിനാപ്പള്ളിയിലും തേവരയും ഇംഗ്ലീഷ് പ്രൊഫസ്സർ ആയിരുന്ന പി.ടി. ചാക്കോയാണ് പിതാവ്. വിശ്രുത കവിയും സാഹിത്യകാരനുമായിരുന്ന എടമരത്ത് സെബാസ്റ്റ്യന്റെ മകൾ തങ്കമ്മയാണ് മാതാവ്.

മുത്തച്ഛൻ എടമരത്ത് സെബാസ്റ്റ്യന്റെ ശിക്ഷണത്തിൽ ആണ് ബാല്യകാലം ചിലവഴിച്ചത്. ഫാ. പൈനാടത്തിലെ ഭാരതീയാഭിമുഖ്യം ഉണർത്താൻ ഏറെ സഹായിച്ചത് മുത്തച്ഛനാണ്. സംസ്കൃതഭാഷയിലും ഭാരതീയ ആദ്ധ്യാത്മികതയിലും താൽപര്യം ജനിപ്പിച്ചതും പിതാമഹനാണ്. നമ്പൂതിരി കുടുംബത്തിൽപിറന്ന പൈനാടത്തച്ചന് ജന്മസിദ്ധമായി കിട്ടിയ വാസനകൾ ഈശോസഭയിലെ പരിശീലനത്തിലൂടെ സമ്പുഷ്ടമായി.

ആലങ്ങാട്ടും ആലുവായിലുമായിരുന്നു സ്കൂൾ വിദ്യാഭ്യാസം. എറണാകുളത്ത് തേവരകോളേജിലും തിരുവനന്തപുരത്ത് യൂണിവേഴ്സിററി കോളേജിലും പഠിച്ച് മലയാളം ബി.എ. ഡിഗ്രിയെടുത്തു. പിന്നീട് സെമിനാരിയിൽചേർന്ന് വൈദികപഠനം ആരംഭിച്ചു.

പൂനയിൽ തത്വശാസ്ത്രപഠനവും ആസ്ട്രിയായിൽ ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി. എറണാകുളം രൂപതയ്ക്കുവേണ്ടി വൈദികപഠനം

www.malankaralibrary.com

ആരംഭിച്ച പൈനാടത്ത് 1966 ൽ ഈശോസഭയിൽ ചേർന്നു വൈദികപട്ടം സ്വീകരിച്ചു. ജർമ്മനിയിലെ ട്യൂബിഗൾ യൂണിവേഴ്സിററിയിൽനിന്ന് ദൈവശാസ്ത്രത്തിൽ ഡോക്ടറേററ് നേടി. 1973 ജൂൺ 10 ന് വൈദികനായി അഭിഷിക്തനായി. 1978, 86 വർഷങ്ങളിൽ എറണാകുളത്ത് ജ്യോതിസ് മതസംസ്കാരകേന്ദ്രത്തിൽ പ്രവർത്തിച്ചു. ഈ കാലഘട്ടത്തിൽ കലാലയങ്ങളിൽ മൂല്യാധിഷ്ഠിതബോധനത്തിനുള്ള പ്രസിദ്ധീകരണങ്ങൾ ആരംഭിച്ചു. നവചേതനയും സമന്വയപാഠാവലിയും ഇതിൽ പ്രധാനമാണ്. നിരവധി സെമിനാറുകൾ സംഘടിപ്പിക്കുകയും ധ്യാനങ്ങൾ നടത്തുകയും ക്ലാസ്സുകൾ നയിക്കുകയും ചെയ്തു.

1987 ൽ പൈനാടത്തച്ചൻ കാലടിയിൽ സമീക്ഷ എന്നപേരിൽ ഒരു ആശ്രമം സ്ഥാപിച്ചു. മതാന്തരബന്ധങ്ങൾ പരിപോഷിപ്പിക്കുക, ഭാരതീയാദ്ധ്യാത്മികത പകർന്നുകൊടുക്കുക എന്നുള്ളതാണ് സമീക്ഷയുടെ ലക്ഷ്യം. എല്ലാമതവിഭാഗങ്ങളിൽപ്പെട്ട വിശ്വാസികൾക്കും നിർഭയം കടന്നുവരാവുന്ന ഒരു സമന്വയവേദിയാണ് ഇന്ന് സമീക്ഷ. കേരളകത്തോലിക്കാബിഷപ്പുമാരുടെ ചുമതലയിൽ നടക്കുന്ന പി.ഒ.സിയുടെ പ്രസിദ്ധീകരണമായ താലന്ത് മാസികയുടെ പത്രാധിപ സമിതിയംഗമായി 1982-1986 കാലങ്ങളിൽ പ്രവർത്തിച്ചു. 1985 മുതൽ ജീവധാരമാസികയുടെ പത്രാധിപസമിതിയിലും അംഗമാണ്.

ഭാരതത്തിലും ഭാരതത്തിനുവെളിയിലും മതസമന്വയത്തെപ്പററി ക്ലാസ്സുകളും സെമിനാറുകളും നടത്തുന്ന ഫാ. പൈനാടത്ത് എല്ലാവർഷവും ജർമ്മനിയിൽ രണ്ടുമാസം മതസമന്വയത്തെപ്പററി ക്ലാസുകൾ എടുക്കും. ഇന്ത്യയിലെ വിവിധ ദൈവശാസ്ത്രപഠനക്കളരികളിലും ഗവേഷണ സെമിനാറുകളിലും പ്രഭാഷണങ്ങൾ നടത്തുന്ന ഫാ. പൈനാടത്ത് 1988 മുതൽ അഖില ഏഷ്യൻ മെത്രാൻ സമിതിയുടെ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നു. രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ചൈതന്യത്തിൽ അൽമായരെ സഭാസംബന്ധമായ കാര്യങ്ങളിൽ തല്പരനാക്കുവാൻ ദീർഘവീക്ഷണത്തോടെ ഈ ഈശോസഭാവൈദികൻ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ അൽമായരുടെ ദൈവശാസ്ത്രപരിശീലനത്തിന് ഒരു ദിവത്സരകോഴ്സ് കാലടിയിലെ സമീക്ഷയിൽ നടത്തികൊണ്ടിരിക്കുന്നു. മതസമന്വയം, ഭാരതീയാദ്ധ്യാത്മികത, പരിസ്ഥിതിയുടെ ദൈവശാസ്ത്രം, ക്രൈസ്തവമിസ്റ്റിക് പാരമ്പര്യം, ഭഗവത്ഗീത, ഉപനിഷത്തുകൾ, സുവിശേഷാധിഷ്ഠിത ക്രിസ്തുദർശനം തുടങ്ങിയ മുഖ്യവിഷയങ്ങൾ അദ്ദേഹം പഠിപ്പിക്കുന്നുണ്ട്.

മതങ്ങളെപ്പററിയും മതങ്ങളിലെ വൈവിദ്ധ്യങ്ങളെപ്പററിയും ക്രിസ്തുവിനെപ്പററിയും എല്ലാം ഫാ. പൈനാടത്തിന് ചില ദർശനങ്ങളുണ്ട്. ആ ദർശനങ്ങൾ ജനതയെ ബോദ്ധ്യപ്പെടുത്തുന്നതിനാണ് അദ്ദേഹം നിരന്തരം പരിശ്രമിക്കുന്നത്. ദൈവം എല്ലാമതങ്ങളേക്കാളും വലിയവനാണെന്നും

www.malankaralibrary.com

ഓരോ മതവും ദേശകാലബന്ധമായി വിടരുന്നുവെന്നും വിവിധ മതവിശ്വാസികൾ ഈശ്വരോന്മുഖമായി നീങ്ങുന്ന "സഹതീർത്ഥാടകർ" പോലെയാണെന്നും ഫാ. പൈനാടത്ത് വിശ്വസിക്കുകയും ആ ദർശനം മററുള്ളവരുമായി പങ്കുവയ്ക്കേണ്ടത് ആവശ്യമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു. മനുഷ്യന്റെ ആ ആത്മീയയാത്രയിൽ പരസ്പരം അറിഞ്ഞും സ്നേഹിച്ചും ആദരിച്ചും ഒന്നിച്ച് പ്രവർത്തിച്ചും നീങ്ങണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

മതങ്ങളിലെ വൈവിദ്ധ്യം ആദരിക്കുവാനും ആദ്ധ്യാത്മികതയിലെ ഏകത്വം അംഗീകരിക്കുവാനും ഏവരും തയ്യാറാകണമെന്ന് ഉപദേശിക്കുന്നു ഫാ. പൈനാടത്ത്. മതവൈവിധ്യം ഈശ്വരദാനമാണെന്നും കൃപയാണെന്നും ധന്യതയാണെന്നും അത് പരിപോഷിപ്പിക്കണമെന്നും അഭിപ്രായപ്പെടുന്നു. ആഴത്തിൽ എല്ലാ മനുഷ്യരിലും പ്രവർത്തിക്കുന്നത് ഒരേയൊരു ദിവ്യാത്മാവായതുകൊണ്ട് ആദ്ധ്യാത്മികതയിൽ ഏകത്വമുണ്ട്. അതാണ് എല്ലാവരെയും ചേർത്തിണക്കുന്നത് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ക്രിസ്തുവിലുള്ള വിശ്വാസം ഈ സമന്വയദർശനത്തിന് പ്രചോദനമാണെന്നും മതചരിത്രത്തിൽ നിന്നും അടർത്തിമാററി ഒരു മൂർത്തിയാക്കി പ്രതിഷ്ഠിക്കേണ്ടതല്ല ക്രിസ്തു എന്നും മാനവചരിത്രത്തിലുള്ള ദിവ്യതയുടെ ആത്മപ്രകാശനത്തിന്റെ രൂപമാണ് ക്രിസ്തുവിൽ തിരിച്ചറിയേണ്ടതെന്നും, ക്രിസ്തുവിലേക്ക് ഉള്ളുണർത്തുമ്പോൾ ഇതരമതങ്ങളിലെ ഈശ്വര സാന്നിദ്ധ്യത്തിലേക്ക് ഉള്ളുതുറക്കാൻ കഴിയണമെന്നുള്ള വിശാലമായ കാഴ്ചപ്പാടിനുടമയാണ് ഫാ.പൈനാടത്ത്.

ക്രിസ്തുവെറുമൊരു മതസ്ഥാപകനല്ല. ദൈവരാജ്യമാണ് ക്രിസ്തു പ്രഘോഷിച്ചത്. എല്ലാമതങ്ങളിലും അന്തർലീനവും എല്ലാമതങ്ങൾക്കും അതീതവുമായ ഈശ്വര-മനുഷ്യസമവായമാണിത്. ദൈവരാജ്യത്തിന്റെ ദർശനത്തിൽ വേണം മതവൈവിദ്ധ്യത്തിന്റെ ധന്യതകാണാൻ. അതിനു വേണ്ടിയാണ് ഫാ. പൈനാടത്ത് പ്രവർത്തിക്കുന്നത്. ഭാരതീയ ആദ്ധ്യാത്മികതയുടെ ഉദാത്തമായ ഉറവിടങ്ങളാണ് ഉപനിഷത്തുക്കളും ഭഗവദ്ഗീതയും. അവയിൽനിന്ന് പ്രചോദനമുൾക്കൊള്ളുമ്പോൾ ക്രൈസ്തവ ആദ്ധ്യാത്മികതയ്ക്ക് ഈ മണ്ണിൽ വേരോടി സമ്പുഷ്ടമാകുവാൻ സാധിക്കും. അതിനുള്ള യജ്ഞമാണ് ഫാ. പൈനാടത്തു നടത്തുന്ന ഉപനിഷദ്സമീക്ഷയും ഗീതാസാധനവും.

ദൈവശാസ്ത്രദർശനത്തിൽ ദൈവം ത്രിയേകം എന്നതാണ് അടിസ്ഥാനപ്രമേയം. മുമ്പിൽ നിൽക്കുന്ന മൂന്നു ആളുകളെയല്ല ഈ സംജ്ഞസൂചിപ്പിക്കുന്നത്, ദിവ്യതയിലെ നിരന്തരമായ ആത്മദാനപ്രക്രിയയാണ്. നിഗൂഢമായ ഉറവയിൽനിന്ന് നദി വിടരുന്നതുപോലെ ദൈവം സ്വയം നൽകുന്നു. ഈ പ്രവാഹത്തിലെ ജലകണങ്ങൾ പോലെയാണ് മനുഷ്യരായ നാമെല്ലാം.

ഫാ. പൈനാടത്ത് പ്രബുദ്ധകേരളം എന്ന ഹൈന്ദവമാസികയിൽ പതി

www.malankaralibrary.com

വായി എഴുതുന്ന ലേഖനങ്ങളിലൂടെ ക്രൈസ്തവ വിശ്വാസത്തിന്റെ തുറവിയിലുള്ള സ്വഭാവം വ്യക്തമാക്കുവാൻ ശ്രമിക്കുന്നു. മതസമന്വയത്തെപ്പററി വ്യക്തമായ ഒരു കാഴ്ചപ്പാടാണ് അച്ചനുള്ളത്. അത് ഇപ്രകാരം സമാഹരിക്കാം. "കേരളസംസ്കാരത്തിൽ ആദിപ്രഭവസ്ഥാനങ്ങളിൽ മതസമന്വയദർശനമുണ്ട്. ഇന്നും മലയാളിമനസ്സ് സമന്വയഭാവമുററതാണ്. നമ്മുടെ നാട്ടിൻപുറങ്ങളിൽ വിവിധ മതസ്ഥർ ഒരുമയിൽ കഴിയുന്നത് വലിയവരമാണ്. എന്നാൽ കുറച്ചുവർഷങ്ങളായി ചില രാഷ്ട്രീയപാർട്ടികളും കച്ചവടക്കാരും മതനേതാക്കന്മാരും സ്ഥാപിത താല്പര്യങ്ങൾ നേടാൻ മതവികാരങ്ങളെ ദുരുപയോഗിക്കുന്നതുകൊണ്ടാണ് മതവൈരത്തിന്റെ വിഷപ്പാമ്പുകൾ ഇവിടെ വളരുന്നത്. ഇതിനെതിരെ സമഭാവനയുടെ സംസ്കാരം ശക്തമാക്കാൻ എല്ലാ മതസ്ഥർക്കും ഉത്തരവാദിത്വമുണ്ട്. വിവിധ മതവിഭാഗങ്ങളും കരിസ്മാററിക് പ്രഘോഷകരും പ്രചരിപ്പിക്കുന്ന മതമൗലീക ചിന്തകളെ തൂത്തുമാററാൻ ക്രൈസ്തവസഭകൾക്ക് കടമയുണ്ട്."

അതിന് പ്രേരകമാകുന്ന സഭാദർശനമാണ് അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ ഉടനീളം പ്രത്യക്ഷപ്പെടുന്നത്.

2005 ഡിസംബർലക്കം അസ്സീസി മാസികയിൽ ഫാ. പൈനാടത്ത് എഴുതിയ ലേഖനത്തിൽ കേരള സഭ എങ്ങോട്ട് എന്ന ചോദ്യം ഉന്നയിച്ചുകൊണ്ട് എഴുതിയിരിക്കുന്നു.

"വ്യക്തിനിഷ്ഠമായെന്നതിനെക്കാൾ ആത്മനിഷ്ഠമായി ക്രിസ്തുവിനെ അനുഭവിച്ചറിയുക ഇന്നു വളരെ ആവശ്യമാണ്. കേരളക്രൈസ്തവരുടെ ചില നവീകരണപ്രസ്ഥാനങ്ങൾ ക്രിസ്തുവിനെ ആരാധനാവിഷയവും, അനുകരണീയ വ്യക്തിയും, അത്ഭുതപ്രവർത്തകനും, വ്യവസ്ഥാപിതമതത്തിന്റെ മൂർത്തിയും മററുമായി ഉയർത്തിക്കാട്ടുന്നുണ്ട്. ഏകരക്ഷകൻ, സത്യമാർഗ്ഗം, വെളിപാടിന്റെ പൂർണ്ണത എന്നീ സംജ്ഞകളെ സങ്കുചിത മതചിന്തയുടെ അച്ചിൽ വാർത്ത് അവതരിപ്പിക്കാനുള്ള ശ്രമങ്ങളും കാണാം. ഇതരമാർഗ്ഗങ്ങളിലൂടെ നീങ്ങുന്നവർക്ക് ഭീഷണിയാകുന്നവിധമാണ് പല വചനപ്രസംഗകരും ക്രിസ്തുവിനെ 'പ്രഘോഷിക്കുന്നത്'. യേശു ശിഷ്യന്മാരിൽ നിന്നാവശ്യപ്പെട്ടതു വ്യക്തിപൂജയല്ല. 'ഞാൻ പിതാവിലും പിതാവ് എന്നിലും എന്നപോലെ ഞാൻ നിങ്ങളിലും നിങ്ങൾ എന്നിലും ആയിരിക്കട്ടെ' എന്നാണ് ആശംസിച്ചത്. ക്രിസ്തുവിൽ, ക്രിസ്തുവിലേയ്ക്ക്, ദിവ്യതയിലേയ്ക്ക് വളരാനുള്ള വിളിയാണിത്. ക്രൈസ്തവാദ്ധ്യാത്മികതയുടെ ആത്മനിഷ്ഠമായ ഈ മിസ്റ്റിക് മാനം കേരളസഭയിൽ വിടരുന്നില്ലെങ്കിൽ ക്രൈസ്തവജീവിതം വ്യക്തിപൂജയിലധിഷ്ഠിതമായ പ്രകടനാത്മകതയിലും ബഹളത്തിലും ഒതുങ്ങിപ്പോകും. എവിടെയാണു ദൈവത്തെ ആരാധിക്കേണ്ടത് എന്ന ചോദ്യത്തിന് യേശു നൽകിയ ഉത്തരം ശ്രദ്ധേയമാണ്. ദേവാലയബദ്ധമായ ദൈവാരാധനയുടെ കാലം കഴിഞ്ഞു. ആത്മാവിലും സത്യത്തിലുമാണ് ദൈവത്തെ ആരാധിക്കേണ്ടത്. (യോഹ. - 4:21-23). ക്രിസത്വവ

www.malankaralibrary.com

ബോധത്തിന്റെ ഉള്ളറകളിലേക്കിറങ്ങുക, അവിടെ സിദ്ധിക്കുന്ന ദിവ്യമായ പ്രകാശത്തിൽ മനുഷ്യരെയും മതങ്ങളെയും പ്രപഞ്ചത്തെയും ജീവിതത്തെയും കാണുക. അപ്പോൾ എല്ലാം ദിവ്യമായ കാഴ്ചപ്പാടിൽ കാണാനാകും. ഈ ദർശനരീതി നമ്മെ കരുണയുള്ള മനുഷ്യരാക്കി മാററും. ആഴമായ ദൈവാവബോധത്തിൽനിന്നു വിടർന്ന അനുകമ്പാർദ്രമായ സമീപനമാണ് യേശുവിന്റെ വ്യക്തിത്വത്തെ മഹത്തരമാക്കിയത്. യേശുവിന്റെ ശിഷ്യന്മാരുടെ വഴിയും മറെറാന്നാകാൻ പാടില്ലല്ലോ.

ഫാ.പൈനാടത്ത് ഇംഗ്ലീഷ്, മലയാളം, ജർമ്മൻ ഭാഷകളിലായി 300 ലധികം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. യേശുവ്യക്തിയും ശക്തിയും എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന് മൂന്നുപതിപ്പുകൾ ഇറങ്ങിയിട്ടുണ്ട്. കൂടാതെ താഴെപറയുന്ന ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1. Dynamics of Prayer, 2. Das sonnengebet, 3. Der Geist reisst Mauern nieder, 4. Befreiung zu wahrem Laben, 5. The Spiritual Journey, 6. We are Co-pilgrims

കൂടാതെ ആശ്രമം ആദ്ധ്യാത്മികതയെപ്പററിയുള്ള Solitude and Solidarity എന്ന ഗ്രന്ഥവും ഡോ.എസ്സ്.കാപ്പന്റെ തിരഞ്ഞെടുത്ത ഇംഗ്ലീഷ് ലേഖനങ്ങളുടെ രണ്ടുവാല്യങ്ങളും അദ്ദേഹം എഡിററ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.


1983 - 85 കാലഘട്ടങ്ങളിൽ ഐക്കഫിന്റെ എറണാകുളം റീജയണൽ ചാപ്ലിൻ ആയും 1978-85 കാലത്ത് ന്യൂമാൻ അസോസിയേഷന്റെ കേരളാ ചാപ്ലിൻ ആയും 1981-86 കാലത്ത് സേവ്യർ ബോർഡ് ഓഫ് ഹയർ എഡ്യുക്കേഷന്റെ കേരളാ ആനിമേററർ ആയും പ്രവർത്തിച്ചിട്ടുണ്ട്. All India Ashram Aikaya യുടെ പ്രസിഡണ്ടായും സെന്റർ ഫോർ ഇൻഡ്യൻ സ്പിരിററാലിററിയുടെ ഡയറക്ടറായും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

കേരളാഹിസ്റ്ററി കോൺഗ്രസ്സിന്റെ 2001 ലെ അവാർഡ് ഫാ.പൈനാടത്തിന് ലഭിച്ചിട്ടുണ്ട്.

വിലാസം - ഫാ. എസ്സ്. പൈനാടത്ത്, സമീക്ഷ, കാലടി - 683574

# 306

# ഫാ. മാത്യു കണിയാംപറമ്പിൽ



ചാന്ദാരൂപതയുടെയും ചാന്ദാമിഷന്റെയും വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച, പ്രമുഖ ദൈവശാസ്ത്രജ്ഞനായ ഫാ. മാത്യു കണിയാംപറമ്പിൽ 1942 ഡിസംബർ 16-ാം തീയതി പാലാ രൂപതയിൽപ്പെട്ട വിളക്കുമാടം ഇടവകയിൽ കണിയാംപറമ്പിൽ വീട്ടിൽ മാണി-മറിയം ദമ്പതികളുടെ മകനായി ജനിച്ചു. അമ്മ കാഞ്ഞിരപ്പള്ളി

www.malankaralibrary.com

രൂപതയിലെ എലിക്കുളം ഇടവകയിലെ കോഴിമല കുടുംബാംഗമാണ്.

ഫാ. മാത്യു ഹൈസ്കൂൾവരെയുള്ള വിദ്യാഭ്യാസം നടത്തിയത് വിളക്കുമാടം സ്കൂളിലാണ്. 1960ൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ മാത്യു അതേവർഷം തന്നെ സി.എം.ഐ. സഭയിൽ പ്രവേശിച്ചു. മാന്നാനത്തായിരുന്നു ഒന്നാംവർഷ പരിശീലനം നേടിയത്. 1961 ൽ മുത്തോലിയിൽ രണ്ടാംവർഷ പരിശീലനം നേടി. ഇക്കാലയളവിൽ ലത്തീൻ, സുറിയാനി എന്നീ ഭാഷകൾപഠിച്ചു. 1962 ൽ ചെത്തിപ്പുഴ ആശ്രമത്തിൽ നൊവിഷ്യേററിൽ പ്രവേശിച്ചു. 1963 ലായിരുന്നു ആദ്യ വ്രതാനുഷ്ഠാനം നടത്തിയത്. 1967 ൽ ബാംഗ്ളൂർ ധർമ്മാരാം കോളേജിൽ ഫിലോസഫി പഠനം പൂർത്തിയാക്കി. 1969 ൽ കർണ്ണാടകകോളേജിൽനിന്ന് എം.എ. (സോഷ്യോളജി) ബിരുദാനന്തരബിരുദവും രണ്ടാം റാങ്കോടുകൂടി കരസ്ഥമാക്കി. 1971 ൽ പൂനാ പൊന്റിഫിക്കൽ അഥീനിയത്തിൽ തിയോളജി പഠനം ആരംഭിച്ചു. 1974 ൽ തിയോളജിയിൽ ബി.ഡി. ബിരുദം നേടി. 1974 ഏപ്രിൽ 25 ന് സ്വന്തം ഇടവകയായ വിളക്കുമാടത്തുവച്ച് ബിഷപ്പ് മാർജോസഫ് പള്ളിക്കാപറമ്പിലിൽ നിന്നും വൈദീകപട്ടം സ്വീകരിച്ചു. അന്നുതന്നെ പ്രഥമദിവ്യബലിയും അർപ്പിച്ചു.

വൈദീകപട്ടമേററതിനുശേഷം ചാന്ദാമിഷനിൽ പോയി ഔദ്യോഗികജീവിതത്തിന് തുടക്കം കുറിച്ചു. 1974 ൽ ചാന്ദാമിഷനിൽ കാഗസ് നഗർ എന്ന സ്ഥലത്ത് അസി. വികാരിയായി സേവനം അനുഷ്ഠിച്ചു. 1974 അവസാനം മറാഠി ഭാഷ പഠിക്കുന്നതിനായി ബോംബെയ്ക്ക് പോയി. 1975 ൽ തിരിച്ച് ചാന്ദാമിഷനിലേക്കുതന്നെ സേവനത്തിനായി എത്തി. 1975 മുതൽ 1980 വരെ വിവിധതലങ്ങളിൽ ചാന്ദാമിഷനിൽ സേവനം അനുഷ്ഠിച്ചു. ബല്ലാർഷാകത്തീഡ്രൽ പള്ളിവികാരി, ചാന്ദാരൂപതാ ചാൻസലർ, ബിഷപ്പ് ജനുവരിയൂസ് പിതാവിന്റെ സെക്രട്ടറി, ബോർഡിംഗ് റെക്ടർ എന്നീ ജോലികളെല്ലാം ഒരേസമയം അദ്ദേഹം നിർവ്വഹിച്ചു. കഠിനാദ്ധ്വാനത്തിനുള്ള നല്ലമനസ്സിന്റെ ഉടമയായിരുന്നു ഫാ. മാത്യു കണിയാംപറമ്പിൽ.

1980 ൽ ബാംഗ്ളൂർ ധർമ്മാരാം കോളേജിലേക്ക് നിയമിക്കപ്പെട്ടു. അവിടെയും അദ്ദേഹത്തെ വിവിധ ജോലികൾ അധികാരികൾ ഏൽപ്പിച്ചു. 1982 വരെ ധർമ്മാരാം കോളേജ് സെക്ഷൻ മാസ്റ്ററായി പ്രവർത്തിച്ചു. ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിററ്യൂഷൻ, പാസ്റ്ററൽ തിയോളജി എന്നീവിഷയങ്ങളിൽ അദ്ദേഹം അദ്ധ്യാപക ജോലിയും നിർവ്വഹിച്ചു. ധർമ്മാരാംപള്ളി ചാപ്ലിൻ ആയും ഇക്കാലയളവിൽ പ്രവർത്തിക്കുകയുണ്ടായി.

1982 ൽ ഉപരിപഠനത്തിനായി ഫാ. മാത്യുവിനെ അധികാരികൾ റോമിലേക്കയച്ചു. 1984 ൽ സ്പിരിച്ചൽ തിയോളജിയിൽ എസ്സ്.റി.എൽ. (Summa Cum Laude) ഡിഗ്രി പ്രശസ്തമായ നിലയിൽ കരസ്ഥമാക്കി. റോമിൽ ആയിരിക്കുമ്പോൾ ജോൺപോൾ രണ്ടാമൻ മാർപാപ്പായുമായും മദർതെരേസയുമായും വ്യക്തിപരമായി കൂടിക്കാഴ്ച നടത്താൻ സാധിച്ചിട്ടുണ്ട്.

1984 ൽ ഇന്ത്യയിൽ തിരിച്ചെത്തിയ ഫാ. കണിയാംപറമ്പിൽ ചാന്ദാ

www.malankaralibrary.com

മിഷന്റെ ആന്ധ്രപ്രദേശിലുള്ള മഞ്ചേരിയിൽ "അനുധാവന"മിഷൻ നൊവീഷ്യേററിൽ സേവനമനുഷ്ഠിക്കുകയുണ്ടായി. ഇതിൽ ആദ്യത്തെ മൂന്നുവർഷം ഇപ്പോഴത്തെ ജഗദൽപൂർ ബിഷപ്പ് സൈമൺ സ്റ്റോക്ക് പാലാത്തറ പിതാവിനോടൊത്ത് ടീം മെമ്പർ ആയും പിന്നീട് ആറുവർഷക്കാലം നോവീസ്മാസ്റ്ററായും പ്രവർത്തിച്ചു. ഉത്തരഭാരതത്തിലെ 5 പ്രോവിൻസുകളിൽ നിന്നുള്ള നോവിസസ് ആണ് അവിടെയുണ്ടായിരുന്നത്.

1993 ൽ ചാന്ദാ പ്രോവിൻസിന്റെ വികാർ പ്രൊവിൻഷ്യൽ ആയും വിദ്യാഭ്യാസവകുപ്പിന്റെ മേധാവിയായും തെരഞ്ഞെടുക്കപ്പെട്ടു. അതേസമയം തന്നെ മഹാരാഷ്ട്രയിലുള്ള ചന്ദ്രപ്പൂരിൽ ആസ്പിരൻസ് റെക്ടറായും അദ്ദേഹം നിയമിതനായി.

1996 ൽ ചാന്ദാപ്രവിശ്യയുടെ പ്രൊവിൻഷ്യലായി തിരഞ്ഞെടുക്കപ്പെട്ടു. ഈ അവസരത്തിൽ ചാന്ദാരൂപതയുടെ സെനററ് മെമ്പറായും കൺസൾട്ടേഴ്സ് ബോഡി മെമ്പറായും സേവനം അനുഷ്ഠിക്കുകയുണ്ടായി.

1999 ൽ നാഗപ്പൂർ അടുത്തുള്ള വാർദ്ധാദർശനമിഷൻ ഫിലോസഫേററിന്റെ റെക്ടറായി ഫാ. മാത്യു നിയമിതനായി. സി.എം.ഐ. സഭയിലെ 11 പ്രൊവിൻസുകളിൽനിന്നുള്ള ബ്രദേഴ്സ് അവിടെ ഫിലോസഫി പഠിച്ചിരുന്നു. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി സ്വാതന്ത്ര്യസമരകാലത്ത് വസിച്ചിരുന്ന സേവാഗ്രാം, ദർശനസെമിനാരിക്ക് അടുത്താണ്.


സി.എം.ഐ. സഭയുടെ 2002 ൽ ചേർന്ന പൊതുസംഘം ഫാ. മാത്യുവിനെ സഭയുടെ വികാരി ജനറളായും മിഷൻ അജപാലന വകുപ്പിന്റെ മേധാവിയായും തിരഞ്ഞെടുത്തു. സി–മിഷ്യൻ ഹെറാൾഡ് ഓഫ് ദ ഈസ്റ്റ് എന്നീ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരുമാണ് ഫാ.മാത്യു. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജനനത്തിന്റെ ദ്വിശതാബ്ദി വിപുലമായ തോതിൽ ആഘോഷിച്ചതിന്റെ പിൻപിൽ പ്രവർത്തിച്ച പ്രധാനകരം ഫാ. മാത്യുവിന്റേതായിരുന്നു.

വിദേശരാജ്യങ്ങളിൽ പലതവണ പര്യടനം നടത്താൻ ഫാ. മാത്യുവിന് സാധിച്ചിട്ടുണ്ട്. 1983 ൽ ഇററലി, ജർമ്മനി, ഫ്രാൻസ്, സ്വിററ്സർലണ്ട്, സ്പെയിൻ, പോർട്ടുഗൽ, ഇസ്രായേൽ എന്നീ രാജ്യങ്ങളും 1994 ൽ അമേരിക്കൻ ഐക്യനാടുകളും ഇററലിയും, ജർമ്മനിയും, 1995 ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളും, കാനഡയും, 1998 ൽ യു.എസ്സ്.എയും, ജപ്പാനും, ബൽജിയവും, ഫ്രാൻസും സന്ദർശിക്കുകയുണ്ടായി. 2003 ൽ ഫാ. തോമസ് പുളിക്കനുമൊത്ത് ഇററലി, ജർമ്മനി, ഫ്രാൻസ്, ഇസ്രായേൽ എന്നീ രാജ്യങ്ങളും സന്ദർശിച്ചു. 2005 ൽ അമേരിക്കൻ ഐക്യനാടുകളും സൗത്ത് ആഫ്രിക്കയിലെ പെറുവും സന്ദർശിച്ചു. റോമിൽ മദർതെരേസയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ച ചടങ്ങിലും അദ്ദേഹം പങ്കെടുക്കുകയുണ്ടായി.

വിലാസം – ഫാ. മാത്യു കണിയാംപറമ്പിൽ സി.എം.ഐ., സി.എം.ഐ. ജനറലേററ്, പി.ബി. നമ്പർ 1056, കൊച്ചി – 682011

www.malankaralibrary.com

# 307



# മോൺ. സെബാസ്റ്റ്യൻ കുന്നത്തൂർ

രൂപതയുടെ ശുശ്രൂഷാ സംവിധാനങ്ങളുടെ പുനർ ക്രമീകരണത്തിലൂടെ രൂപതയാകുന്ന ദൈവജനത്തെ നവ സമൂഹമായി രൂപപ്പെടുത്തുക, രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്യുന്ന ഒത്തൊരുമയും കൂട്ടുത്തരവാദിത്വവുമുള്ള പങ്കാളിത്ത സഭയാക്കി രൂപപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ നിരന്തരം പ്രവർത്തിക്കുന്ന മോൺസിഞ്ഞോർ സെബാസ്റ്റ്യൻ കുന്നത്തൂർ എറണാകുളം ജില്ലയിൽ തുരുത്തൂർ, കുന്നത്തൂർ കുടുംബത്തിൽ ചീക്കു- മറിയം ദമ്പതികളുടെ 8 മക്കളിൽ ആറാമനായി 1943 ജനുവരി 17-ാം തിയതി ജനിച്ചു. തുരുത്തൂർ സെന്റ് തോമസ് പള്ളിയായിരുന്നു ഇടവക. ഇപ്പോൾ കോട്ടപ്പുറം രൂപതയിലെ മാനാഞ്ചേരികുന്നു ഇടവകാംഗമാണ്. പൊയ്ക സെന്റ് അഫ്രേം എൽ.പി.എസ്സ് , തുരുത്തൂർ സെന്റ് തോമസ് എൽ.പി.എസ്സ്, തുരുത്തിപ്പുറം സെന്റ് ജോസഫ് യു. പി സ്കൂൾ, എറണാകുളം സെന്റ് ആൽബർട്ട്സ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം എറണാകുളം സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക വിദ്യാഭ്യാസം ആരംഭിക്കുകയും തുടർന്ന് കാർമ്മൽഗിരി, മംഗലപ്പുഴ സെമിനാരികളിൽ പഠിച്ച് 1969 ഡിസംബർ 21 ന് വൈദിക പട്ടം സ്വീകരിക്കുകയും ചെയ്തു. തുടർന്ന് സോഷ്യോളജിയിൽ എം.എ ബിരുദം നേടി.

വരാപ്പുഴ അതിരൂപതയിൽ ആരംഭിച്ച അജപാലന ശുശ്രൂഷ കോട്ടപ്പുറം രൂപതയുടെ ആരംഭത്തോടെ കോട്ടപ്പുറം രൂപതയിലേക്ക് മാറി. വരാപ്പുഴ രൂപതയിലെ ചത്ത്യാത്ത് പള്ളിയിൽ പ്രവർത്തിക്കുമ്പോൾ പാരീഷ് ബുള്ളറ്റിൻ ആരംഭിച്ചു. ഈ നിലയിൽ ചത്ത്യാത്തെ പ്രഥമ സംരഭമായിരുന്നു ഇത്. രൂപതയിൽ കാത്തലിക്ക് യൂത്ത് ഓർഗനൈസേഷൻ സംഘടിപ്പിക്കുന്നതിന് ശ്രമിച്ചു. നെട്ടൂർ പള്ളിയിൽ സേവനം അനുഷ്ഠിക്കുമ്പോൾ 1975-ൽ നെട്ടൂർ ഗ്രാമ വികസന സമിതിയുടെ കൺവീനർ ആയിരുന്നു. ഗ്രാമീണ ദ്വീപിൽ- കുടിവെള്ളം, റോഡ് വികസനം, ടെലിഫോൺ, ഇലക്ട്രിസിറ്റി, എന്നിവയ്ക്ക് വേണ്ടി പ്രവർത്തിച്ചു. ദുർബ്ബല വിഭാഗങ്ങൾക്ക് ഭവനം നിർമ്മിച്ച് കൊടുക്കുന്നതിനും സാധു പെൺകുട്ടികളുടെ സമൂഹ വിവാഹം എന്നിവയ്ക്കും നേതൃത്വം കൊടുത്തു. എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിൽ ആയിരിക്കെ കാത്തലിക്ക് കരിസ്മാറ്റിക്ക് മൂവ്മെന്റിന്റെ സജീവ പങ്കാളിയായിരുന്നു. ജീസസ്സ് യൂത്തിന്റെ ആദ്യകാല പാസ്റ്ററായിരുന്നു അദ്ദേഹം. കോളേജിന്റെ അസിസ്റ്റന്റ് മാനേജരും ബർസാറും കൂടിയായിരുന്നു അച്ചൻ. കളമശ്ശേരിയിലായിരിക്കുമ്പോൾ പയസ്സ് ടെൻത് ഹോസ്റ്റലിന്റെ

www.malankaralibrary.com

വാർഡൻ ആയും സേവനം അനുഷ്ഠിച്ചു.

1985-ൽ വടക്കൻ പറവൂരിനടുത്തുള്ള കുട്ടുകാട് ഇടവകയിൽ കുടുംബ യൂണിറ്റ് ആരംഭിച്ച് കൊണ്ട് പട്ടണങ്ങളിൽ മാത്രം ഒതുങ്ങിയിരുന്ന കുടുംബ യൂണിറ്റുകളെ ഗ്രാമാന്തരീക്ഷത്തിലേക്ക് വ്യാപിപ്പിക്കുവാൻ ശ്രമിച്ചു. മദ്യലഹരിക്കടിപ്പെട്ടിരുന്ന ജനങ്ങളെ മദ്യവിമുക്തമാക്കാനും ഇടവകയ്ക്ക് പുതിയ മുഖം കൊടുക്കാനും അദ്ദേഹത്തിന് സാധിച്ചു.

1987-ൽ വരാപ്പുഴ അതിരൂപത വിഭജിച്ച് കോട്ടപ്പുറം രൂപത ജന്മമെടുത്തപ്പോൾ, രൂപതയുടെ പ്രഥമ ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്ററായി നിയമിതനായി. പുതിയ രൂപതയുടെ അടിസ്ഥാന സൗകര്യങ്ങൾ രൂപപ്പെടുത്താൻ രൂപതാദ്ധ്യക്ഷനോടൊന്നിച്ച് സജീവമായി പ്രവർത്തിച്ചു. 1999 മുതൽ നാലു വർഷക്കാലം തൃശ്ശൂർ കേന്ദ്രമാക്കി പ്രവർത്തനം നടത്താൻ ഫാ. സെബാസ്റ്റ്യനെ നിയമിച്ചു. തൃശ്ശൂരെ തിരുഹൃദയ ലത്തീൻ പള്ളിയെ വി. അന്തോനീസിന്റെ തീർത്ഥാടന കേന്ദ്രമാക്കി ഇന്നത്തെ രൂപത്തിൽ കെട്ടിപ്പെടുക്കുന്നതിന് ദൈവം അദ്ദേഹത്തെ ഒരു ഉപകരണമാക്കി തീർത്തു. തൃശ്ശൂർ പട്ടണത്തിൽ ചിതറി കിടക്കുന്ന ഇടവക ജനങ്ങളെ കണ്ടെത്തുന്നതിനും അങ്ങനെ തൃശ്ശൂർ ലത്തീൻ സമൂഹത്തിന്റെ സാന്നിദ്ധ്യം സജീവമാക്കാനും അദ്ദേഹത്തിനു സാധിച്ചു. ലത്തീൻ ആരാധന ക്രമത്തിന്റെ മാധുര്യം മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കാൻ അച്ചനു സാധിച്ചു. തൃശ്ശൂർ കുട്ടനല്ലൂരിൽ സെന്റ് ജൂഡ് പബ്ലിക്ക് സ്കൂളിന്റെ ആരംഭത്തിന് നേതൃത്വം നൽകിയ സെബാസ്റ്റ്യൻ അച്ചൻ, പുത്തൻവേലിക്കര പ്രസന്റേഷൻ കോളേജ് ഓഫ് അപ്ലയിഡ് സയൻസിന്റെ മാനേജർ ആയും 2005 ജനുവരി മുതൽ കേരള റീജിയണൽ ലാറ്റിൻ കാത്തലിക്ക് കൗൺസിലിന്റെ സംസ്ഥാന എക്ലേസിയാസ്റ്റിക്കൽ അഡ്വൈസറായും കെ. ആർ. എൽ. സി. സിയുടെ സംസ്ഥാന രാഷ്ട്രീയ കാര്യ സമിതിയംഗമായും പ്രവർത്തിച്ചു വരുന്നു.


2003 മുതൽ രൂപതയുടെ പ്രഥമ വികാർ ജനറൽ ആയി സേവനം ചെയ്യുന്ന മോൺ സെബാസ്റ്റ്യൻ , 2012-ൽ രൂപതാ സിൽവർ ജൂബിലിക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചിരിക്കുകയാണ്. രൂപതയ്ക്ക് പുതിയ ഒരു മുഖം കൊടുക്കാനുള്ള യജ്ഞത്തിൽ അദ്ദേഹം വ്യാപൃതനാണ്. 2004-ൽ നടന്ന കോട്ടപ്പുറം രൂപതാ സിനഡിന്റെ ജനറൽ കോർ-ഡിനേറ്റർ എന്ന നിലയിൽ മഹത്തായ സേവനമാണ് അദ്ദേഹം അനുഷ്ഠിച്ചത്. രണ്ടര വർഷത്തെ ഒരുക്കത്തിനു ശേഷമാണ് സിനഡ് ചേർന്നത്. ഇപ്പോൾ സിനഡിന്റെ ഫോളോ അപ്പ് കമ്മിറ്റി കൺവീനർ ആയി പ്രവർത്തിക്കുന്നു. രൂപതയുടെ ശുശ്രൂഷാ സംവിധാനങ്ങളുടെ പുനർ ക്രമീകരണത്തിലൂടെ രൂപതയാകുന്ന ദൈവ ജനത്തെ ഒരു നവ സമൂഹമായി രൂപപ്പെടുത്തുക എന്ന മുഖ്യ ലക്ഷ്യത്തോടെ അദ്ദേഹം കഠിന പ്രവർത്തനം ചെയ്യുകയാണ്. കേരള സഭയിൽ, വിശേഷിച്ചും ലത്തീൻ സഭയിൽ പ്രചാരത്തിലുള്ള കുടുംബ പ്രാർത്ഥനാ പുസ്തകം 1981-ൽ അദ്ദേഹം ചെറിയ തോതിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. 1995 ലാണ്

www.malankaralibrary.com

ഇന്നത്തെ നിലയിൽ തയ്യാറാക്കിയത്. ഇതിനകം അതിന്റെ 10 എഡിഷനുകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. വൈദിക മേലദ്ധ്യക്ഷന്മാരുടെ മുക്ത കണ്ഠമായ പ്രശംസയ്ക്ക് ഇത് വിധേയമായിട്ടുണ്ട്.

വിലാസം - മോൺ സെബാസ്റ്റ്യൻ കുന്നത്തൂർ, വികാർ ജനറാൾ,
കോട്ടപ്പുറം രൂപതാ കോട്ടപ്പുറം, തൃശ്ശൂർ.

## 308



# തേക്കിൻകാട് ജോസഫ്

പ്രതിഭാധനനായ പത്രാധിപർ, ബാലസാഹിത്യ രചയിതാവ്, കഥാകൃത്ത്, നോവലിസ്റ്റ്, സിനിമ - കലാ നിരൂപകൻ, വാഗ്മി എന്നീ നിലകളിൽ പ്രശസ്തനായ തേക്കിൻകാട് ജോസഫ്, കേരളത്തിലെ അതിപ്രശസ്തമായ പകലോമററം തറവാട്ടിൽപെട്ട ആലപ്പാട്ടു കോട്ടയിൽ തറവാട്ടിലെ തേക്കിൻകാട്ടിൽ ദേവസ്യാ സെബാസ്റ്റ്യന്റെയും അന്നമ്മ സെബാസ്റ്റ്യന്റെയും മൂത്തപുത്രനായി 1943 ഫെബ്രുവരി 14 ന് കുറവിലങ്ങാട്ട് ജനിച്ചു. കുറവിലങ്ങാട് സെന്റ് മേരീസ് ബോയ്സ് ഹൈസ്കൂൾ, പാലാ സെന്റ് തോമസ് കോളേജ്, പാലാ സെന്റ് തോമസ് ട്രെയിനിംഗ്സ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. അരുവിത്തുറ, കുറവിലങ്ങാട്, കാഞ്ഞിരത്താനം സ്കൂളുകളിൽ അദ്ധ്യാപകനായി കുറെക്കാലം സേവനം അനുഷ്ഠിച്ചു. പിന്നീട് പ്രൈവററായി മലയാളം ഐച്ഛികമായെടുത്ത് എം.എ. ബിരുദം നേടി. 1969 ൽ ദീപികയിൽ സബ് എഡിററായി ചേർന്ന് പത്രപ്രവർത്തകനായി. ദീപിക ആഴ്ചപ്പതിപ്പ്, കുട്ടികളുടെ ദീപിക, ഇംഗ്ലീഷ് പ്രസിദ്ധീകരണമായ രാഷ്ട്രദീപിക ചിൽഡ്രൻസ് ഡൈജസ്റ്റ്, ദീപിക വാർഷികപതിപ്പുകൾ എന്നിവയുടെ എഡിററർ ഇൻചാർജായി 30 വർഷം സേവനം അനുഷ്ഠിച്ചു. ഇതിൽ രാഷ്ട്രദീപിക ചിൽഡ്രൻസ് ഡൈജസ്റ്റ് തേക്കിൻകാട്ട് ജോസഫിന്റെ പ്രോജക്ടാണ്. അതിന്റെ പ്രഥമ എഡിററർ ഇൻചാർജും അദ്ദേഹം തന്നെ. ഇന്ത്യയിൽ ഏററം അധികം വിററഴിക്കപ്പെടുന്ന ഇംഗ്ലീഷ് ബാലപ്രസിദ്ധീകരണമായി അതിനെ വളർത്തിയെടുത്തതിൽ മുഖ്യപങ്കുവഹിച്ചത് തേക്കിൻകാട് ജോസഫാണ്. ദീപിക വാർഷിക പതിപ്പിന് 1984 ൽ ദേശീയ അവാർഡ് ലഭിക്കുമ്പോൾ അതിന്റെ സഹപത്രാധിപരായിരുന്നു തേക്കിൻകാട്. 2001 മാർച്ച് ഒന്നിന് ദീപികയിൽ നിന്ന് ചീഫ് സബ് എഡിററർ പദവിയിൽ റിട്ടയർ ചെയ്തു.

പ്രതിഭാധനനായ പത്രാധിപർ എന്നതിനുപുറമേ ബാലസാഹിത്യ രചയിതാവ്, നോവലിസ്റ്റ്, ചെറുകഥാകൃത്ത്, സിനിമ-കലാ നിരൂപകൻ, വാഗ്മി

www.malankaralibrary.com

എന്നീ നിലകളിലെല്ലാം അദ്ദേഹം പ്രശസ്തനാണ്. കേരളസാഹിത്യ അക്കാഡമിയിൽ മൂന്നുവർഷം ജനറൽ കൗൺസിൽ അംഗമായും മൂന്നുവർഷം എക്സിക്യൂട്ടീവ് കമ്മററിയംഗമായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പ്രസ് അഡ്വൈസറി കൗൺസിൽ അംഗം, സതേൺ റെയിൽവേ, കെ.എസ്.ആർ. ടി.സി. എന്നിവയിൽ ഉപദേശകസമിതിയംഗം എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

2003 ലെ സംസ്ഥാന ടെലിവിഷൻ അവാർഡ് ജൂറി അംഗമായും പ്രവർത്തിച്ച തേക്കിൻകാട് ജോസഫ്, കഴിഞ്ഞ 10 വർഷമായി കേരള ഫിലിം ക്രിട്ടിക്സ് അസോസിയേഷൻ പ്രസിഡണ്ട്, കേരള ബുക്ക് സൊസൈററി സെക്രട്ടറി, കോട്ടയം ഇന്റർനാഷണൽ ബുക്ക് ഫെയർ ജനറൽ കൺവീനർ എന്നീ നിലകളിലും പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ കോട്ടയം പ്രസ് ക്ലബ് ജേർണലിസം ആൻഡ് വിഷ്വൽ കമ്മ്യൂണിക്കേഷൻ കോഴ്സ് ഡയറക്ടറാണ്.

ആത്മാവിലൊളിച്ചവർ, എത്രയെത്രസന്ധ്യകൾ, ഹൃദയം ഒരു കാതം അകലെ, സ്നേഹിച്ചുതീരാത്ത സ്ത്രീ, മഴമേഘങ്ങൾ, വെയിൽനാളങ്ങൾ, ഇഴയുന്ന ദുഃഖങ്ങൾ എന്നീ നോവലുകളും, ഗ്രീഷ്മത്തിന്റെ വേരുകൾ, അജ്ഞാതരുടെ പാപഭാരം, എനിക്കെന്റെ താവളം, പേരില്ലാപക്ഷികൾ എന്നീ കഥാസമാഹാരങ്ങളും സൂപ്പർബോയി രാമു, സൂപ്പർ ബോയ് രാമു ചൊവ്വയിൽ, രാമുവും തവളമനുഷ്യരും, രാമുവും യന്ത്രമനുഷ്യരും, രാമുവും ക്ലോണിംഗ് മനുഷ്യരും, സ്പേസ് സ്റ്റേഷൻ, ക്രിസ്തുമസ് പപ്പാ, ആലീസും അത്ഭുതലോകവും എന്നീ ബാലസാഹിത്യഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. ഇവയിൽ പലതും ഇംഗ്ലീഷ്, തമിഴ്, ഒറിയ, ഹിന്ദി ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

തേക്കിൻകാട് ജോസഫിന്റെ സാഹിത്യസേവനങ്ങളെ ആദരിച്ച് പല പുരസ്കാരങ്ങളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. പി.ഡി. ആൻഡ്രൂസ് ബുക്ക് അവാർഡ് (1990) സ്റ്റേററ് ബാങ്ക് ഓഫ് ചിൽഡ്രൻസ് ലിററേച്ചർ അവാർഡ് (1998) അക്ഷരസൂര്യഅവാർഡ് (1998) ബാലസാഹിത്യ സുവർണമുദ്ര (1999) കെ.സി.ബി.സി സാഹിത്യഅവാർഡ് (2000) നാഷണൽ ക്രിസ്റ്റ്യൻ ബുക്ക് അവാർഡ് (2001) എന്നീ അവാർഡുകളാണ് ലഭിച്ചിട്ടുള്ളത്.

1995 ൽ രൂപംകൊണ്ട കേരളത്തിലുടനീളം വിവിധ ക്രൈസ്തവസഭകളിലായി വ്യാപിച്ചു കിടക്കുന്ന 103 കുടുംബയോഗങ്ങളുടെ കേന്ദ്രസമിതിയായ പകലോമററം മഹാകുടുംബയോഗത്തിന്റെ ജനറൽസെക്രട്ടറിയാണ് ജോസഫ്. പ്രസിഡണ്ട് ഫാ.ജോസ് കോട്ടയിലുമായി സഹകരിച്ച് പകലോമററം മഹാകുടുംബസംക്ഷിപ്ത ചരിത്രം, പകലോമററം മഹാകുടുംബ ഡയറക്ടറി എന്നിവയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആർക്കദിയോക്കന്മാരുടെ തറവാടായ പകലോമററത്ത് ഒരു എക്യുമെനിക്കൽ സെന്റർ, ഓൾഡ് ഏജ് ഹോം, റിട്രീററ് സെന്റർ എന്നിവ സമാരംഭിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങളിൽ സജീവമായി ജോസഫ് ഭാഗഭാക്കാകുന്നു. ഈ ആസ്ഥാനമന്ദിരത്തിന്റെ

www.malankaralibrary.com

ശിലാസ്ഥാപനം 2005 ആഗസ്റ്റ് 13 ന് നിർവ്വഹിക്കപ്പെട്ടു.

അമേരിക്കൻ ഐക്യനാടുകൾ, ജർമ്മനി, സ്വിററ്സർലണ്ട്, ഇററലി, സിംഗപ്പൂർ, ശ്രീലങ്ക എന്നിവിടങ്ങളിൽ പഠന പര്യടനം നടത്തിയിട്ടുണ്ട്.

വിലാസം - തേക്കിൻകാട് ജോസഫ്, പ്രിയാഭവനം, കുറവിലങ്ങാട് - 686633

# 309



# റവ. സിസ്റ്റർ എമിലിൻ

## സി. എസ്. എസ്. റ്റി.

പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകയായ സിസ്റ്റർ എമിലിൻ കുട്ടനാട്ടിലെ പുളിങ്കുന്നിൽ പുരാതനവും പ്രശസ്തവുമായ കുറ്റിക്കാട്ടു കുടുംബത്തിന്റെ ശാഖയായ കൊഡൂപാടം കുടുംബത്തിൽ ശ്രീ. കെ.വി. ജോസഫിന്റെയും (അപ്പച്ചൻ) ബ്രിജിറ്റിന്റെയും (ഇത്തമ്മ) മകളായി 1943 ഫെബ്രുവരി മാസം 15-ാം തീയതി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം പുളിങ്കുന്ന് അമലോൽഭവ മാതാ സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം പുളിങ്കുന്ന് ലിറ്റിൽ ഫ്ളവർ ഗേൾസ് ഹൈസ്കൂളിലും കോളേജ് വിദ്യാഭ്യാസം എറണാകുളത്തെ പ്രശസ്തമായ സെന്റ് തെരേസാസ് കോളേജിലും ആലുവയിലെ യൂണിയൻ ക്രിസ്ത്യൻ കോളേജിലും നിർവഹിച്ച് പ്രശസ്തമായ നിലയിൽ മാത്തമാറ്റിക്സിൽ M.Sc. ബിരുദം നേടുകയുണ്ടായി. ഹൈസ്കൂൾ കോളേജ് വിദ്യാഭ്യാസകാലത്ത് മികച്ച വിജയം നേടിയ സിസ്റ്റർ എമിലിൻ ഗുജറാത്തിലെ ആനന്ദ് സർദാർ പട്ടേൽ സർവ്വകലാശാലയിൽ നിന്ന് ഉയർന്ന റാങ്കോടെ മാത്തമാറ്റിക്സിൽ M.Phil. കരസ്ഥമാക്കി. 1960 ൽ കാർമലൈറ്റ് സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസാ (CSST) എന്ന സന്യാസിനി സഭയിൽ അംഗമായി ചേർന്നു. 1962 ഏപ്രിൽ 24-ാം തീയതി പ്രഥമവ്രതവാഗ്ദാനവും 1968 മെയ് 10-ാം തീയതി നിത്യവ്രത വാഗ്ദാനവും നടത്തി. 1967 ൽ എറണാകുളം സെന്റ് തെരേസാസ് കോളേജിൽ അദ്ധ്യാപികയായി ചേർന്ന സിസ്റ്റർ എമിലിൻ 1998 വരെ 31 വർഷം സേവനം അനുഷ്ഠിച്ചു. ഈ കാലഘട്ടത്തിൽ ഓൾ ഇന്ത്യ അസോസിയേഷൻ ഓഫ് ക്രിസ്ത്യൻ ഹയർ എഡ്യൂക്കേഷൻ (AIACHE) യുടെ ബെസ്റ്റ് പ്രിൻസിപ്പൽ അവാർഡിന് സിസ്റ്റർ എമിലിൻ അർഹയായി. കൂടാതെ സിസ്റ്റർ എമിലിൻ എറണാകുളം സെന്റ് തെരേസാസ് കോളേജിന്റെ പ്രിൻസിപ്പലായിരുന്ന അവസരത്തിൽ കേരളത്തിലെ ഏറ്റവും മികച്ച കോളേജിനുള്ള "ആർ. ശങ്കർ" അവാർഡ് അത് സ്ഥാപിച്ച വർഷംതന്നെ സെന്റ് തെരേസാസ് കോളേജിന് ലഭിക്കുകയുണ്ടായി. അടുത്ത വർഷവും

www.malankaralibrary.com

സെന്റ് തെരേസാസ് കോളേജിന് തന്നെയാണ് ഈ അവാർഡ് ലഭിച്ചത്. സെന്റ് തെരേസാസ് കോളേജിന്റെ പ്രിൻസിപ്പൽ സ്ഥാനത്ത് നിന്ന് വിരമിച്ച ശേഷം 1998 മുതൽ 2001 വരെ മൂന്ന് വർഷം അബുദാബി (UAE) യിലെ സെന്റ് ജോസഫ് കോൺവെന്റിന്റെ സുപ്പീരിയർ ആയും അദ്ധ്യാപികയായും സേവനമനുഷ്ഠിച്ചു. അതിന്ശേഷം 2001 മുതൽ 2003 വരെ കാലിഫോർണിയയിലെ "മേരി ഇമ്മാക്കുലേറ്റ് ക്യൂൻ" സ്കൂളിന്റെ പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചു. 2004-2005 ൽ എറണാകുളം സെന്റ് തെരേസാസ് കോൺവെന്റിന്റെ സുപ്പീരിയർ സ്ഥാനം വഹിച്ചുകൊണ്ടിരിക്കെ 2005 ഒക്ടോബറിൽ കാർമലൈറ്റ് സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസായുടെ കേരള പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ടു. കറയറ്റ് വ്യക്തിത്വത്തിന്റെ ഉടമയും മികച്ച അദ്ധ്യാപികയുമായ സിസ്റ്റർ എമിലിൻ സേവനനിരതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

Address - Sr. Emeline CSST, St. Theresas Provincial House, Chembumukku, Thrikkakara P.O., Kochi 682201.

# 310



## ഫാ. ജെ. ബി. പുത്തൂർ സി.എം.ഐ.

അഴിക്കോട്ടെ മാർത്തോമ്മാ തീർത്ഥകേന്ദ്രത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച ഫാ.ജെ.സി. പുത്തൂർ, തൃശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിൽ പുത്തൂർ തറവാട്ടിൽ വാറുണ്ണി-റോസ ദമ്പതികളുടെ 8 മക്കളിൽ 7-ാമനായി 1943 മാർച്ച് 15 ന് ജനിച്ചു.

പ്രാദേശിക വിദ്യാലയങ്ങളിലുള്ള പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം നടത്തിയ സെക്കന്ററി വിദ്യാഭ്യാസത്തിനിടയിൽ 1959-ൽ പൊട്ടിപ്പുറപ്പെട്ട ചരിത്രപ്രസിദ്ധമായ വിമോചനസമരത്തിൽ സജീവഭാഗഭാഗിത്വം വഹിച്ചുകൊണ്ട് അറസ്റ്റ് വരിച്ച് വിയ്യൂർ സെൻട്രൽ ജയിലിൽ അടക്കപ്പെട്ട ജോസ് 10-ാം ക്ലാസ്സിൽ ഉയർന്നമാർക്കോടുകൂടിത്തന്നെ പാസ്സായി.

1960-ൽ സി.എം.ഐ. സഭയിൽ വരന്തരപ്പിള്ളിയിലെ യോഗാർത്ഥിഭവനത്തിൽച്ചേർന്നു. അവിടെ ലത്തീൻ, സുറിയാനി, ഇംഗ്ലീഷ് തുടങ്ങിയ ഭാഷാപഠനങ്ങൾക്കുശേഷം നടന്ന നവസന്യാസ പരിശീലനാനന്തരം, തത്വശാസ്ത്രപഠനങ്ങൾക്കായി ബാംഗ്ലൂർ ധർമ്മാരാം കോളേജിലേയ്ക്കയക്കപ്പെട്ടു. തത്വശാസ്ത്രവിദ്യാർത്ഥിയായിരുന്ന അവസരത്തിലാണ് മനഃശാസ്ത്രത്തിൽ അതിയായ അഭിരുചി ജനിക്കുകയും പ്രസിദ്ധമനഃശാസ്ത്രജ്ഞനായ കാറൽ കുസ്റ്റോവ് യുങിന്റെ വീക്ഷണത്തിൽ വ്യക്തിത്വ വികസനത്തെ സംബന്ധി

www.malankaralibrary.com

ച്ചുള്ള ഒരു പ്രബന്ധം തീസീസ് എന്ന നിലയിൽ രചിക്കുകയും ചെയ്തു. ഈ തീസീസാണ് പിന്നീട് മനഃശാസ്ത്രത്തിൽ ഉയർന്ന പഠനത്തിന് അദ്ദേഹത്തിന് സഹായകമായിത്തീർന്നത്.

തുടർന്നുള്ള ദൈവശാസ്ത്രപഠനം, ദൈവാവിഷ്കൃതസത്യങ്ങളെ ആസ്പദമാക്കിയുള്ള വ്യക്തിത്വവികസനത്തിന്റെ മാനങ്ങളെ സംബന്ധിച്ചുള്ള പ്രത്യേകപഠനങ്ങൾക്കാണ് അദ്ദേഹം ഊന്നൽ നൽകിയത്.

കുട്ടിക്കാലം മുതൽ ലളിതമായ രീതിയിൽ അഭിനയകലയിൽ അഭിരുചി പുലർത്തിപ്പോന്നിരുന്ന ജോസ് ഇടവകദേവാലയത്തിൽ നടന്നുവന്നിരുന്ന ഭക്തസംഘടനകളുടെ വാർഷികാഘോഷങ്ങളോടനുബന്ധിച്ചുള്ള നാടകങ്ങളിലെല്ലാംതന്നെ ഒരു ഹാസ്യകഥാപാത്രമായി വേഷം കെട്ടിയിരുന്നു. സെമിനാരി ജീവിതത്തിൽ അത് പരിപോഷിപ്പിക്കുന്നതിനുള്ള അവസരം ലഭിക്കുകയും, ഹാസ്യകഥാപാത്രത്തിനുപുറമെ നാടകത്തിന്റെ പ്രധാനകഥാപാത്രമായിട്ട് രംഗപ്രവേശനം ചെയ്യാനുള്ള അവസരം ലഭിക്കുകയും ചെയ്തു. "ദി മിറാകിൾ ഓഫ് സെന്റ് ആന്റണി" എന്ന ഇംഗ്ലീഷ് നാടകത്തിലെ സെന്റ് ആന്റണിയുടെ റോൾ ആയിരുന്നു അവസാനമായി അച്ചൻ സ്റ്റേജിൽ അവതരിപ്പിച്ചത്.

ഇക്കാലയളവിലാണ് അൽപ്പം നാടകരചനയുമായി ബന്ധപ്പെടാൻ ഇടവന്നത്. ചില ലഘുനാടകങ്ങളും "ഉണർത്തെണീററ ജീവിതങ്ങൾ" എന്ന പേരിൽ വലിയ ഒരു നാടകവും അദ്ദേഹം രചിച്ചു.

സി.എം.ഐ. സഭയുടെ സ്ഥാപകനും കേരളകത്തോലിക്കാസഭയിൽ ആദ്യമായി വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടവനുമായ ചാവറപിതാവിന്റെ നാമകരണനടപടികളുടെ ഭാഗമായി, അദ്ദേഹത്തെ സംബന്ധിച്ചുള്ള ചരിത്രരേഖകൾ ലത്തീനിലേക്ക് വിവർത്തനം ചെയ്യുന്ന ശ്രമകരമായ ജോലിയിൽ ഏർപ്പെട്ടുകൊണ്ട് ഏകദേശം 4 മാസത്തോളം ഊട്ടിയിലെ കോട്ടഗിരിയിൽ ചിലവഴിക്കാനിടവന്നത് വൈദികവിദ്യാർത്ഥി ജീവിതത്തിനിടയിലായിരുന്നു.

ധന്യയായ എവുപ്രസ്യാമ്മയുടെ നാമകരണനടപടികളോടനുബന്ധിച്ച് സിസ്റ്റർ എഴുതിയ ഏകദേശം 100–ഓളം വരുന്ന സുദീർഘമായ എഴുത്തുകൾ സസൂക്ഷ്മം പരിശോധിച്ച് വത്തിക്കാനിലേക്ക് കൊടുക്കേണ്ട റിപ്പോർട്ട് സമർപ്പിക്കാനും അച്ചനെയാണ് നിയോഗിച്ചത്.

പൗരോഹിത്യ സ്വീകരണത്തോടനുബന്ധിച്ച് അന്നേവരെ നിലവിലില്ലാതിരുന്ന, പൗരോഹിത്യത്തിന്റെ വിവിധ മാനങ്ങളെ സംബന്ധിച്ചുള്ള ദൈവശാസ്ത്രസമീപനങ്ങൾ ഉൾക്കൊള്ളുന്ന വിപുലമായ ഒരു ഗ്രന്ഥം "മൺപാത്രങ്ങൾ" എന്ന പേരിൽ പ്രകാശനം ചെയ്യുന്ന ജോലിയിൽ, പുസ്തകത്തിന്റെ എഡിററർ എന്ന നിലയിൽ ശ്രദ്ധേയമായി പ്രവർത്തിച്ചത് 1969–70 കളിൽ ആയിരുന്നു.

നവവൈദികനായി 1970 മെയ് 17–ാം തീയതി തൃശൂർ ഭദ്രാസന

www.malankaralibrary.com

ദേവാലയത്തിൽ യശഃശ്ശരീരനായ മാർ. ജോർജ്ജ് ആലപ്പാട്ട് പിതാവിൽനിന്ന് അഭിഷേകം സ്വീകരിച്ച അദ്ദേഹം ചാലക്കുടി, അമ്പഴക്കാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ദൈവശാസ്ത്ര അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. ഏകദേശം 2 വർഷക്കാലത്തെ അദ്ധ്യാപനവൃത്തിക്കുശേഷം സാമൂഹ്യശാസ്ത്രത്തിൽ ഉന്നതപരിശീലനത്തിനായി മദ്രാസിലേയ്ക്കയക്കപ്പെട്ടു. തിരിച്ചുവന്ന അദ്ദേഹം കുന്നംകുളം ഗുഡ്ഷെപ്പേർഡ് ഐ.ററി.സി.യുടെ ആക്റ്റിങ്ങ് പ്രിൻസിപ്പലായി നിയമിതനായി. ഈ കാലഘട്ടമായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏററവും ഫലപ്രദമായ അജപാലന പ്രവർത്തനങ്ങളുടെ കാലഘട്ടം. പല സ്ഥാപനങ്ങളിലുള്ള ക്ലാസ്സുകൾ, ഇടവകകളിലുള്ള ധ്യാനപ്രസംഗങ്ങൾ തുടങ്ങിയവകൊണ്ട് ഈ കാലഘട്ടം വളരെ സജീവവും, ഫലപ്രദവുമായിരുന്നു. ഇക്കാലത്താണ് അഭിവന്ദ്യ കുണ്ടുകുളം പിതാവിന്റെ പ്രത്യേകതാൽപര്യം അനുസരിച്ച് ബോംബെയിലുള്ള മലയാളികളെ ധ്യാനിപ്പിക്കുന്നതിനായി രണ്ടുമാസക്കാലത്തേക്ക് അദ്ദേഹം ബോംബെ നഗരത്തിൽ എത്തി.

അജപാലനവൃത്തികഴിഞ്ഞ് തിരിച്ചെത്തിയ അദ്ദേഹം തൃശൂർ പാട്ടുരായ്ക്കലിലുള്ള ദേവമാതാ പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ സൈക്കോ-റിലീജിയസ് സെന്റർ എന്ന പേരിൽ ഒരു തെറാപ്പ്യൂട്ടിക് കൗൺസിലിംഗ് സെന്റർ ആരംഭിച്ചു. ആ അവസരത്തിലായിരുന്നു തൃശൂർ ജൂബിലി മിഷ്യൻ ആശുപത്രിയിൽ തെറാപ്പ്യൂട്ടിക് കൗൺസിലർ എന്ന നിലയിലും തുടർന്ന് ബാംഗ്ലൂർ ധർമ്മാരാം കോളേജിലെ മനഃശ്ശാസ്ത്ര വിഭാഗത്തിൽ പ്രൊഫസറായിട്ട് അദ്ദേഹത്തെ നിയമിച്ചതും.

2-ാം വത്തിക്കാൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ സന്യസ്ഥരുടെ ഇടയിൽ ആദ്യമായി ഔപചാരികമായ റിന്യൂവൽപ്രസ്ഥാനത്തിന് രൂപം കൊടുത്ത സി.എം.ഐ. സഭയിലെ റിന്യൂവൽ ടീം അംഗം എന്ന നിലയിൽ അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയിലെ വിവിധ സി.എം.ഐ. സ്ഥാപനങ്ങളിൽ റിന്യൂവൽ പ്രോഗ്രാം അനുസരിച്ച് മനഃശാസ്ത്രക്ലാസ്സുകൾ അദ്ദേഹം നടത്തി. തുടർന്ന് പൂന യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിലും, മനഃശാസ്ത്രത്തിലും ബിരുദാനന്തരബിരുദങ്ങൾ കരസ്ഥമാക്കി. കലാലയ അന്തരീക്ഷത്തിൽ അന്ന് സജീവമായി പ്രവർത്തിച്ചിരുന്ന ഐക്കഫിന്റെ പ്രാദേശിക നേതൃത്വം ഏറ്റെടുത്തുകൊണ്ട് ഏതാനും നാളുകൾ ഐക്കഫുമായി ബന്ധപ്പെട്ടുപ്രവർത്തിച്ചു. മനഃശാസ്ത്രത്തിലും അനുബന്ധ ശാസ്ത്രമേഖലകളിലും സാങ്കേതികവും, പ്രായോഗികവുമായ പരിശീലനത്തിനായി അദ്ദേഹത്തെ അമേരിക്കയിലേക്കയച്ചത് അക്കാലത്തായിരുന്നു.

അവിടെനിന്ന് റാഷണൽ ഇമോട്ടീവ് തെറാപ്പി എന്ന ശാസ്ത്രമേഖലയിലും ക്ലിനിക്കൽ ഹിപ്നോസിസ് എന്ന സാങ്കേതികാഭ്യാസനത്തിലും, ബയോഫീഡ്ബാക് ഇൻസ്ട്രുമെന്റേഷൻ എന്ന പ്രായോഗിക പരിശീലന

www.malankaralibrary.com

ത്തിലും വൈദഗ്ദ്ധ്യം നേടിക്കൊണ്ട് 1982 ൽ അദ്ദേഹം നാട്ടിൽ തിരിച്ചെത്തി.

പിന്നീട് അദ്ദേഹത്തെ അമല കാൻസർ ആശുപത്രിയിൽ തെറാപ്യൂട്ടിക് കൗൺസിലർ എന്ന നിലയിലും, ചിയ്യാരത്ത് തുടക്കം കുറിച്ച ഗാലിലി ഇൻസ്റ്റിററ്യൂട്ട് ഓഫ് സൈക്കോളജിയുടെ സ്ഥാപക ഡയറക്ടർ എന്ന നിലയിലും നിയമിച്ചു. 1985-ൽ അഴീക്കോട് മർത്തോമ്മ തീർത്ഥ കേന്ദ്രത്തിലേക്കാണ് നിയോഗിച്ചത്.

അഴീക്കോട് മർത്തോമ്മ തീർത്ഥ കേന്ദ്രത്തിന്റെ ഉടമസ്ഥതയിലുള്ള മാർത്തോമ്മ ആശുപത്രിയിലേക്ക് അച്ചനെ നിയമിക്കുന്നത് 1985 ജൂലായ് 31-ാം തീയതിയാണ്. അച്ചന്റെ ആഗമനത്തോടുകൂടെ ആശുപത്രി പ്രവർത്ത നനിരതമാവുകയും അറിയപ്പെടുന്ന മനോരോഗ ശുശ്രൂഷാകേന്ദ്രം എന്ന നിലയിലേക്ക് അത് ഉയർന്നുവരികയും ചെയ്തു. ഈ ആശുപത്രി ഒരു കൗൺസിലിംഗ് സെന്റർ എന്നതിലുപരി രോഗനിവാരണത്തിനുവേണ്ടിയുള്ള പല ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകളും ഉപയോഗിച്ചുകൊണ്ടുള്ള ഒരു ചികിത്സാകേന്ദ്രമാണ്. അച്ചൻ ഇവിടെ പ്രധാനമായും ചെയ്യുന്നത് രോഗ നിർണ്ണയം നടത്തുക എന്ന പ്രക്രിയയാണ്. നിർണയിക്കപ്പെട്ട രോഗങ്ങൾക്ക് യഥാവിധി മരുന്നുകൾ നിശ്ചയിക്കുവാൻ പഠനയോഗ്യതയുള്ള വിദഗ്ദരുടെ സഹായം ഇവിടെ ലഭ്യമാണ്.

ഉന്മാദരോഗങ്ങൾ എന്നറിയപ്പെടുന്ന പലവിധത്തിലുള്ള സ്കിസോ ഫ്രേനിയ ബാധിച്ചവരും, ബൈപോളർ അഫക്ററീവ് ഡിസ് ഓർഡർ എന്ന വിഭാഗത്തിൽ വൈകാരികഭാവത്തോടുകൂടിയ തീവ്രമായ ആക്രമണ സ്വഭാവമുള്ള രോഗികളും, പലവിധത്തിലുള്ള ഡിപ്രഷൻ മൂലമുണ്ടാകുന്ന വിഷാദ രോഗികളും, മദ്യം, മയക്കുമരുന്ന് എന്നിവക്ക് അടിമയായവരും, പലവിധ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരും, അപസ് മാരം, ഹിസ്റ്റീരിയ തുടങ്ങിയ വിവിധതരം വിഭാഗത്തിൽപ്പെട്ട രോഗലക്ഷണം കാണിക്കുന്നവരും, മററുമാണ് മുഖ്യമായും ഇവിടെ എത്തുന്നത്.

അച്ചന്റെ 30-ലേറെ വർഷങ്ങൾ നീണ്ടുനിന്ന ഫലവത്തായ ഒരു പ്രേഷിതപ്രവർത്തനരംഗമായിട്ട് മാനസികരോഗികൾക്കുവേണ്ടിയുള്ള ഈ ശുശ്രൂഷാമണ്ഡലം നിലകൊള്ളുന്നു.

1989 ലാണ് മാർത്തോമ്മാ തീർത്ഥകേന്ദ്രത്തിന്റെ ചുമതല സഭാധികാ രികൾ അച്ചനെ ഏൽപ്പിക്കുന്നത്. അച്ചൻ ചുമതല ഏററതിനുശേഷം മാർ ത്തോമ്മാതീർത്ഥകേന്ദ്രം മുഴുവന്റെയും "ശാപമോക്ഷപ്രക്രിയ" ആരം ഭിച്ചുവെന്നുവേണമെങ്കിൽ പറയാം. ചുററുപാടുകളിൽ ദൃശ്യമാകുന്ന ആ പ്രക്രിയ മാർത്തോമ്മാ പിൽഗ്രീം റിസോർട്ട് സെന്ററിന്റെയും, മാർത്തോമ്മാ ആശ്രമത്തിന്റെയും, മാർത്തോമ്മ സന്നിധിയുടെയും, മാർത്തോമ്മ മണ്ഡപ ത്തിന്റെയും, സർവ്വോപരി മാർത്തോമ്മ സ്മൃതിതരംഗത്തിന്റെയും സാന്നിദ്ധ്യ ത്തോടെ പുഷ്കലമാകുകയായിരുന്നു. ഇന്ന് തീർത്ഥകേന്ദ്രത്തിൽ എത്തുന്ന വർക്ക് അവരുടെ പ്രാഥമിക ആവശ്യങ്ങൾക്ക് വേണ്ടിയുള്ള സൗകര്യങ്ങളും,

www.malankaralibrary.com


അഭിരുചിക്ക് ഇണങ്ങുന്ന ഭക്ഷണലഭ്യതയും, ആവശ്യത്തിന് ഉതകുന്ന ഭക്തവസ്തുക്കളുടെ ലഭ്യതയും, വിനോദത്തിനും വിജ്ഞാനത്തിനും ഉതകുന്ന ബോട്ടുയാത്രകളും, അവരുടെ പൈതൃകത്തിന്റെ അടിവേരുകളിലേക്ക് എത്തിനോക്കാനുതകുന്ന വിജ്ഞാനപ്രദമായ പ്രദർശനശാലകളും ഒക്കെ അടങ്ങുന്ന, ദേശീയതലത്തിൽത്തന്നെ അറിയപ്പെടുന്ന ഒരു തീർത്ഥാടനകേന്ദ്രമായി വളർന്നുകൊണ്ടിരിക്കുകയാണ്.

ഇതിനിടയിൽ 1994-ൽ അച്ചന്റെ രണ്ടു കണ്ണുകളുടേയും കാഴ്ച ശക്തി ക്ഷയിക്കുകയും "സെൻട്രൽ സീറസ് റെററിനോപ്പതി" എന്ന രോഗം ബാധിച്ചിരിക്കുന്നുവെന്ന നിഗമനത്തിലെത്തുകയും ചെയ്തു. ഇങ്ങനെ വർഷങ്ങളായി ഹൃദ്രോഗബാധയും, കണ്ണുകളുടെ കാഴ്ചക്കുറവും, കുടലുകളുടെ മാരകമായ സ്ഥിതിവിശേഷവും മൂലമുണ്ടാകുന്ന അസ്വസ്ഥതകൾ സന്തോഷത്തോടെ തന്നെ എടുക്കാൻ ശ്രമിച്ചുകൊണ്ട് ജീവിക്കുന്നതിനിടയിൽ "മനനത്തിൽനിന്ന് മനസ്സുകളിലേക്ക്" എന്ന പരമ്പരയിൽപ്പെടുത്തി 25 സി.ഡി. കാസെററുകൾ വിവിധങ്ങളായ ദൈവാവിഷ്കൃത സത്യങ്ങളെ ആധാരമാക്കി അച്ചൻ ഇവിടെ പ്രകാശനം ചെയ്തു.

ഇനിയും പലപദ്ധതികളും 63 കാരനായ അച്ചന്റെ ഭാവനയിൽ ഉരുത്തിരിഞ്ഞു വരുന്നുണ്ട്. സമയത്തിന്റെ പൂർത്തീകരണത്തിൽ ദൈവം ആഗ്രഹിക്കുന്നുവെന്നു വരികിൽ അവ വികസ്വരമാകും എന്നു പ്രതീക്ഷിക്കാം.

വിലാസം - ഫാ. ജെ.ബി. പുത്തൂർ, മാർത്തോമ്മാ പൊന്തിഫിക്കൽ
ഷ്റൈൻ, അഴിക്കോട് ജെട്ടി, 680 666, തൃശ്ശൂർ

# 311



# സിപ്പിപള്ളിപ്പുറം

കഴിഞ്ഞ മൂന്നുപതിററാണ്ടുകാലമായി സാഹിത്യരംഗത്തും കലാ-സാംസ്കാരിക രംഗത്തും വിദ്യാഭ്യാസ മേഖലയിലും ഒരുപോലെ പ്രവർത്തിച്ചു വരുന്ന സിപ്പി പള്ളിപ്പുറം 1943 മേയ് 18-ന് എറണാകുളം ജില്ലയിൽ വൈപ്പിൻ - പള്ളിപ്പുറത്ത് തുറയ്ക്കൽ അന്തപ്പൻ - ത്രേസ്യാ ദമ്പതികളുടെ മകനായി ജനിച്ചു. 1960 ൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1965 ൽ ടീച്ചേഴ്സ് ട്രെയിനിംഗ് പൂർത്തിയാക്കി 1966 മുതൽ പള്ളിപ്പുറം സെന്റ്മേരീസ് ഹൈസ്കൂളിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. കോട്ടപ്പുറം കുരിശുങ്കൽ റോക്കി ക്രിസ്റ്റീനാ മകൾ മേരി സെലിൻ ആണ് ഭാര്യ.

അദ്ധ്യാപക ജോലികൾക്കിടയിൽ 60 ബാലസാഹിത്യകൃതികൾ പ്രസിദ്ധീകരിച്ച സിപ്പിപള്ളിപ്പുറത്തിന് ദേശീയവും പ്രാദേശികവുമായ

www.malankaralibrary.com

നിരവധി അവാർഡുകൾക്കർഹനായിട്ടുണ്ട്.

കുട്ടികളിൽ ദേശീയോദ്ഗ്രഥനം, രാജ്യസ്നേഹം, പ്രകൃതിസ്നേഹം, ഗുരുഭക്തി മാതാപിതാക്കളോടുള്ള സ്നേഹം, കാരുണ്യശീലം, അച്ചടക്കം, അനുസരണം, ശുചിത്വം തുടങ്ങിയ സദ്ഗുണങ്ങൾ വളർത്തിയെടുക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ടാണ് സാഹിത്യരചന സിപ്പി നടത്തുന്നത്. ഇത്രയേറെ ബാലസാഹിത്യകൃതികൾ രചിക്കുകയും ഇത്രയേറെ ബഹുമതികൾ ആർജ്ജിക്കുകയും ചെയ്ത മറെറാരു അദ്ധ്യാപകൻ കേരളത്തിലില്ല. ആകാശവാണി, ദൂരദർശൻ, ഏഷ്യാനെററ്, ജീവൻ ടി.വി., ശാലോംമിഷൻ എന്നീ മാധ്യമങ്ങളിലൂടെ കുട്ടികളെ ആകർഷിക്കുന്ന തരത്തിലുള്ള മൂല്യവത്തായ നിരവധി പരിപാടികൾ അവതരിപ്പിക്കുന്ന സിപ്പി, കുട്ടികളുടെ സർഗ്ഗാത്മകവും വിദ്യാഭ്യാസപരവുമായ കഴിവുകളെ വളർത്തിയെടുക്കാനുള്ള ശില്പശാലകൾക്ക് നേതൃത്വം നൽകുകയും, നിരവധി ശില്പശാലകളിൽ ക്ലാസുകൾ എടുക്കുകയും ചെയ്തുവരുന്നു. കുട്ടികളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട സെമിനാറുകൾ സംഘടിപ്പിക്കുകയും അവയിൽ ശ്രദ്ധേയങ്ങളായ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നതിൽ സിപ്പി വളരെയേറെ താല്പര്യമെടുക്കുന്നു.

സംസ്ഥാനബാലസാഹിത്യ ഇൻസ്റ്റിററ്യൂട്ട് ഭരണസമിതിയംഗം, സമസ്തകേരള സാഹിത്യപരിഷത്ത് എക്സിക്യൂട്ടീവ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്ന അദ്ദേഹം ലക്ഷദ്വീപ് വിദ്യാഭ്യാസ ഡയറക്ടറേററിന്റെ പ്രൈമറി മലയാളം പാഠപുസ്തകകമ്മററിയിലും മററുചില നഴ്സറിസ്കൂൾ പാഠപുസ്തക കമ്മിററികളിലും അംഗവുമാണ്. മൂന്നാം പാഠം മലയാളപാഠാവലിയിലും സി.ബി.എസ്സ്.ഇ. മലയാള പാഠാവലികളിലും സിപ്പിയുടെ കവിതകളുണ്ട്. സാക്ഷരതാ പ്രവർത്തനങ്ങൾ, ബാലവാടി - അംഗൻവാടിപ്രവർത്തനങ്ങൾ കത്തോലിക്കാ സാഹിത്യ പരിപാടികൾ എന്നിവയുമായി സജീവമായി ബന്ധപ്പെടുകയും അവക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

നാട്ടിലെ വായനശാലകൾ, കലാസമിതികൾ, സാംസ്കാരിക പ്രസ്ഥാനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കന്ന സിപ്പി, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നമ്മുടെ നാടൻപാട്ടുകൾ, വായ്ത്താരികൾ, നാടോടിക്കഥകൾ, പഴഞ്ചൊല്ലുകൾ, കടംകഥകൾ തുടങ്ങിയവ ശേഖരിച്ച് ഇളംതലമുറയ്ക്കു നൽകുന്നതിൽ അതീവ ജാഗ്രതയോടെ പ്രവർത്തിച്ചുവരുന്നു. കേരളസാക്ഷരതാസമിതിക്കുവേണ്ടി ഏതാനും കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വേണ്ടിയുള്ള പഠന - വിനോദയാത്രകൾ സംഘടിപ്പിക്കുന്നതിന് മുൻനിന്നു പ്രവർത്തിക്കുന്ന അദ്ദേഹം നിരവധിയുവജനോത്സവങ്ങളുടെ സംഘാടകനായും വിധികർത്താവായും പ്രവർത്തിച്ചിട്ടുണ്ട്. മലയാളത്തിന്റെ മഹിമ മററുള്ളവരെ മനസ്സിലാക്കുവാൻ അദ്ദേഹം നിരന്തരം പ്രവർത്തിക്കുന്നുണ്ട്. യുവജനോത്സവസ്മരണി

www.malankaralibrary.com

കകൾ, സമാപനചടങ്ങിൽ വച്ചുതന്നെ പൂർണ്ണമായി പ്രസിദ്ധീകരിക്കാൻ സിപ്പിക്ക് പല വർഷവും സാധിച്ചിട്ടുണ്ട്.

ചെറുപുഷ്പം മാസിക, ദി ദിമൂസ് മാസിക, വൈ.എം.സി.എ. യുവത എന്നിവയുടെ സബ് എഡിററായ സിപ്പി 60 പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. 1985 ൽ ചെണ്ട എന്ന കൃതിക്ക് എൻ.സി.ഇ.ആർ.ടിയുടെ ദേശീയ അവാർഡും 1988 ൽ പൂരം എന്ന കൃതിക്ക് പ്രഥമ ഭീമാ അവാർഡും അതേകൃതിക്കുതന്നെ 1995 ൽ വീണ്ടും എൻ.സി.ഇ.ആർ.ടി അവാർഡും 1989 ൽ തത്തകളുടെ ഗ്രാമം എന്ന കൃതിക്ക് കൈരളിയുടെ ബുക്ക്ട്രസ്റ്റ് അവാർഡും 1990 ൽ അപ്പൂപ്പൻ താടിയുടെ സ്വർഗ്ഗയാത്രയ്ക്ക് സംസ്ഥാനബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അവാർഡും 1991 ൽ കേരളസാഹിത്യഅക്കാഡമിഅവാർഡും 1992 ൽ ഏററവും നല്ല അദ്ധ്യാപകനുള്ള ദേശീയ അവാർഡും, 1990 ൽ അപ്പൂപ്പൻതാടിയുടെ സ്വർഗ്ഗയാത്രക്ക് കെ.സി.ബി.സി. അവാർഡും, നേടിയ സിപ്പിക്ക് 1972ൽ അദ്ധ്യാപകർക്കുള്ള അഖില കേരള ഉപന്യാസ മത്സരത്തിൽ സി. മത്തായി മെമ്മോറിയൽ സ്വർണ്ണമെഡലും ലഭിച്ചിട്ടുണ്ട്. ഇവകൂടാതെ സിപ്പി പ്രസിദ്ധീകരിച്ച പ്രധാനകൃതികൾ താഴെപ്പറയുന്നവയാണ്. ശാരിക (കഥാസമാഹാരം) പപ്പടം, പഴംപായസം (കവിതകൾ) മയിലും മഴവില്ലും, കുരങ്ങാട്ടിയമ്മ, പുന്നാരക്കിണ്ണം, മാന്ത്രികകൊട്ടാരം, ചന്ദനപ്പാവ, ഗുരുഭക്തിയുടെ കഥകൾ, അപ്പമരം, കാട്ടിലെകഥകൾ, സുന്ദവനത്തിലെ അത്ഭുതം, ഉണ്ണികൾക്ക് നല്ല കഥകൾ, ഏഴുതലയുള്ള സർപ്പം, തേൻ കുറിഞ്ഞിയുടെ കല്യാണം, കഥകഥപ്പൈങ്കിളി, ഇട്ടിക്കണ്ടപ്പന്റെ മീശ, മൂക്കിനുപകരം മൂക്ക്, നെയ്യപ്പത്തിന്റെ ലോക സഞ്ചാരം, കുറുക്കൻകഥകൾ, ജന്തുസ്ഥാൻ കഥകൾ ഇവ 19 എണ്ണവും കഥകളാണ്.


അദ്ദേഹം രചിച്ച നോവലുകൾ മിന്നാമിനുങ്ങ്, സ്വർണ്ണനദിയുടെ തീരത്ത്, കുരങ്ങാട്ടിയും കള്ളനോട്ടുകാരും, എന്നിവയാണ്. അച്ചപ്പവും രണ്ടു മീനും, രണ്ടു ധീരനായകന്മാർ, പത്ത് ബൈബിൾ കഥാപ്രസംഗങ്ങൾ എന്നിവ കഥാപ്രസംഗങ്ങളുമാണ്. തപ്പുകൊട്ടുണ്ണി നമ്മുടെ നാടോടിഗാനങ്ങൾ എന്നിവ നാടോടി പാട്ടുകളുമാണ്.

ബാലസാഹിത്യത്തിന് ഇത്രമാത്രം സംഭാവന ചെയ്തിട്ടുള്ള മററൊരാൾ കേരളത്തിലുണ്ടാവുകയില്ല.

വിലാസം - സിപ്പി പള്ളിപ്പുറം,
പള്ളിപോർട്ട് – 683515,
എറണാകുളം.

www.malankaralibrary.com

# 312



# റവ. ഡോ. ആന്റണി ചിറപ്പണത്ത്

## M.A., Ph.D., DGS

മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് സിദ്ധാന്തത്തിലൂടെ ഒരു സർവ്വോദയ സമൂഹം കെട്ടിപ്പെടുക്കുവാൻ ശ്രമിക്കുന്ന പ്രഗത്ഭനായ വിദ്യ ഭ്യാസ പ്രവർത്തകൻ,സർവ്വകലാശാല ധനസഹായ കമ്മീഷന്റെ വിഷയ വിദഗ്ദ്ധൻ, ദേശീയ വിദ്യാഭ്യാസ പരിശീലനസമിതിയുടെ സീനിയർ ഉപദേ ശകൻ, ദേശീയ ഉന്നത വിദ്യാഭ്യാസ സമിതിയുടെ കൺവീനർ, ദേശീയ മാനവ വിഭവ ശേഷി വിഭാഗത്തിന്റെ ഉപദേശക സമിതിയംഗം എന്നിങ്ങനെ വിവിധ നിലകളിൽ പ്രകീർത്തനായ റവ ഡോ.ആന്റണി ചിറപ്പണത്ത് 1943 ജൂൺ 17-ാം തിയതി കവലക്കാട്ട് ചിറപ്പണത്ത് കുടുംബ ശേഖരത്തിലെ കാടുകുറ്റി ശാഖയിൽ ജനിച്ചു. ശ്രീ കൊച്ചാപ്പു ചിറപ്പണത്തും ശ്രീമതി അന്നം തേരമ്പിള്ളിയുമാണ് മാതാപിതാക്കൾ. കാടുകുറ്റിയിലെ സെന്റ് അഗസ്റ്റിൻ സ്കൂളിലും ആ നാട്ടിലെ യൂണിയൻ പബ്ലിക്ക് സ്കൂളിലും വൈന്തലയിലെ സെന്റ് മേരീസ് സ്കൂളിലുമായിരുന്നു വിദ്യാഭ്യാസം. പ്രശംസാർഹമായ രീതി യിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം എറാണാ കുളം അതിരൂപത സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾക്കു ശേഷം 1968 ഡിസംബറിൽ അത്ത്യൂന്നത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയിൽ നിന്ന് വൈദിക പട്ടം സ്വീകരിച്ചു.

1969-ൽ ഞാറക്കൽ സെന്റ് മേരീസ് പള്ളിയിൽ സഹ വികാരിയായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. ജോസഫ് പഞ്ഞിക്കാരനച്ചനായിരുന്നു അവിടുത്തെ വികാരി. അദ്ദേഹത്തോടൊന്നിച്ച് രണ്ടര വർഷക്കാലം സേവന മനുഷ്ഠിച്ചു. അവിടെ നിന്നും ശ്രീമൂല നഗരത്തിലുള്ള രാജഗിരി പള്ളിയുടെ വികാരിയായി നിയമിതനായി. രാജഗിരി പള്ളിയിൽ സേവനം അനുഷ്ഠിച്ച് വരവെ ചിറപ്പണത്തച്ചനെ ഉപരിപഠനത്തിനായി അയച്ചു.

1972-ൽ കർണ്ണാടക യൂണിവേഴ്സിറ്റിയിൽ എം.എ. പഠിക്കുവാൻ ചിറ പ്പണത്തച്ചൻ ചേർന്നു. 1974-ൽ ഫസ്റ്റ് ക്ലാസ്സും ഫസ്റ്റ് റാങ്കും നേടി എം.എ ബിരുദം നേടി. ഉടൻ തന്നെ യു.ജി.സി. യുടെ പ്രവേശന പരീക്ഷ എഴുതി. യു.ജി.സി. യുടെ ജൂനിയർ ഫെല്ലോഷിപ്പിന് അർഹത നേടി. തുടർന്ന് അതേ യൂണിവേഴ്സിറ്റിയിൽ തന്നെ പി.എച്ച്.ഡി. ബിരുദത്തിനായി രജിസ്റ്റർ ചെയ്തു. രണ്ടു വർഷത്തിനുശേഷം ജൂനിയർ ഫെല്ലോ ആയിരുന്ന ചിറപ്പണത്തച്ചനെ സീനിയർ ഫെല്ലോ ആയി ഉയർത്തി. 1979-ൽ ഗവേഷണം പൂർത്തിയാക്കി

www.malankaralibrary.com

പി.എച്ച്.ഡിക്ക് പ്രബന്ധം സമർപ്പിച്ചു. തിരികെ നാട്ടിൽ വന്ന അദ്ദേഹത്തെ പറവൂരിലെ ടൗൺ പള്ളി വികാരിയായി നിയമിതനായി. ഒരു വർഷത്തോളം അവിടെ സേവനം ചെയ്ത് കൊണ്ടിരിക്കുമ്പോൾ യു.ജി.സി യുടെ പോസ്റ്റ് ഡോകടറൽ ഫെല്ലോ ആയി തിരഞ്ഞെടുക്കപ്പെട്ടു. അതോടൊപ്പം പട്യാല യിലുള്ള പഞ്ചാബി യൂണിവേഴ്സിറ്റിയിലെ ക്രൈസ്തവ പഠന വിഭാഗത്തിലെ പ്രധാന അദ്ധ്യാപകനായും നിയമിക്കപെട്ടു. ഗവേഷണത്തിലുള്ള അതീവ താൽപര്യം മൂലം സ്ഥിരമായ ഉദ്യോഗം ഉപേക്ഷിച്ച് യു.ജി.സി യുടെ പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് സ്വീകരിച്ച് കൊണ്ട് ഉപരി ഗവേഷണം ആരംഭിച്ചു.

1980-ൽ ആരംഭിച്ച ഗവേഷണത്തിന്റെ വിഷയം മഹാത്മാ ഗാന്ധിയുടെ മതതത്വ സംഹിതയായിരുന്നു. പി.എച്ച്.ഡി ബിരുദത്തിന് നടത്തിയ മതതാരതമ്യ ശാസ്ത്രത്തിന്റെ തുടർച്ചയായിട്ടാണ് ഈ രംഗത്ത് ഗവേഷണം നടത്തിയത്. മതങ്ങൾ തമ്മിൽ താരതമ്യപെടുത്തികൊണ്ട് മതങ്ങളിലെ സമാന ചിന്തകളെ ഉയർത്തി കാട്ടി മതങ്ങൾ തമ്മിൽ സാമ്യമുണ്ടെന്ന് കാണിക്കാനുള്ള പ്രവണത ശരിയല്ലെന്നാണ് ഡോ.ചിറപ്പണത്ത് സ്ഥാപി ക്കാൻ ശ്രമിച്ചത്. ഒരോ മതസംഹിതയേയും അതിൽ തന്നെയുള്ള ഒരു പൂർണ്ണ സംഹിതയായി കണ്ടു കൊണ്ട്,മനുഷ്യന്റെ ദൈവ സാക്ഷാൽകാരത്തിനുള്ള സമീപനത്തെ അങ്ങനെ തന്നെ അംഗീകരിക്കാൻ നമുക്കെല്ലാം കഴിയണം എന്നതാണ് ഡോ. ചിറപ്പണത്തിന്റെ സിദ്ധാന്തം.അങ്ങനെ സമീപിക്കുമ്പോൾ ഒരോ മതവും പ്രശ്ന സങ്കീർണ്ണമായ മനുഷ്യ ജീവിതത്തിനുള്ള പരിഹാരവും പ്രത്യുത്തരവുമാണ്. ആകയാൽ അവയെ അവ ആയിരിക്കുന്ന രീതിയിൽ അംഗീകരിക്കുകയും അവയുടെ തനിമ പഠന വിധേയമാക്കുകയാണ് വേണ്ടത്.

ഇത്തരത്തിൽ മതത്തെ കാണുമ്പോൾ അവകൾ എല്ലാം തന്നെ സത്യാ ന്വേഷണമാണെന്നും സത്യസാക്ഷാൽകാരത്തിനുള്ള മാർഗ്ഗമാണെന്നും മനസ്സിലാക്കാൻ കഴിയും. ഈ കാഴ്ചപ്പാടിൽ എല്ലാ മതങ്ങളുടേയും ഉത്ഭവത്തിലും പ്രബോധനത്തിലും ലക്ഷ്യത്തിലും സമാനത കാണാൻ കഴിയും. അതു കൊണ്ടാണ് മഹാത്മജി, മതങ്ങൾ എല്ലാം സമാനത ഉള്ളതാ ണെന്നും സത്യാന്വേഷണമാണെന്നും ലക്ഷ്യത്തിൽ ഒന്നാണെന്നും പ്രയോഗ ത്തിൽ അപൂർണ്ണമാണെന്നും പറഞ്ഞ് വച്ചത്. ചിന്തിക്കുന്ന മനുഷ്യരെല്ലാം ഈ ചിന്താധാരയോട് യോജിക്കുന്നുണ്ട്. കാരണം മതങ്ങൾക്കെല്ലാം അവ യുടെ തനിമയും സവിശേഷതയും ഉണ്ടെങ്കിലും അവയുടെ ലക്ഷ്യം ഈ ലോകമാകുന്ന സംസാരസാഗരത്തിൽ നിന്ന് മോചനം ലഭിക്കുക എന്നതാണ്. മതവിശ്വാസങ്ങളും മതാനുഷ്ഠാനങ്ങളും അവയുടെ പെരുമാറ്റ ചട്ടങ്ങളും പ്രഥമ ദൃഷ്ട്യാ വ്യത്യസ്തങ്ങളായി തോന്നിയേക്കാമെങ്കിലും അവക്കെല്ലാം പുറകിൽ അടിസ്ഥാനപരമായി ഐക്യമുണ്ട്. ആ ഐക്യം നമ്മൾ കണ്ടെത്തേണ്ടത് അവയുടെ പെരുമാററ ചട്ടത്തിലാണ്. ഈ പെരുമാററ ചട്ടത്തിന്റെ സുവർണ്ണ നിയമമാകട്ടെ, നന്മ ചെയ്യാനുള്ള ആഹ്വാനവും.

www.malankaralibrary.com

അതു കൊണ്ടാണ് യേശു തമ്പുരാൻ പഠിപ്പിച്ചത് "മറ്റുള്ളവർ നിങ്ങളോട് എന്ത് ചെയ്യുവാൻ ആഗ്രഹിക്കുന്നുവോ അപ്രകാരം നിങ്ങളും മററുള്ളവരോട് ചെയ്യുക." ഇതാണ് എല്ലാ നിയമങ്ങളുടേയും പ്രവാചക പ്രബോധനങ്ങളുടേയും അന്തസാരം. ചുരുക്കി പറഞ്ഞാൽ ഒരു മതവും തിന്മ ചെയ്യാൻ പഠിപ്പിക്കുന്നില്ല. പ്രത്യുത മനുഷ്യനിലുള്ള സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗവും സ്വാർത്ഥതയുമാണ് തിന്മക്കടിസ്ഥാനം.

മേൽക്കാണിച്ച സിദ്ധാന്തത്തിന്റെ ആവിഷ്ക്കാരത്തിനായി ചിലവഴിച്ച ഗവേഷണ കാലഘട്ടത്തിൽ ഡോ.ചിറപ്പണത്ത്, കത്തോലിക്കാ പുരോഹിതൻ ചെന്നെത്താറില്ലാത്ത പല മണ്ഡലങ്ങളിലേക്കും എത്തി നോക്കിയിട്ടുണ്ട് അവയിൽ ചിലതാണ് ഭാഷാ പഠനം, സംഗീത പഠനം, ഭാരതീയ ശാസ്ത്ര പഠനം തുടങ്ങിയവ. ജാതക പഠനത്തിൽ ചിറപ്പണത്തച്ചൻ രണ്ടു വർഷത്തെ ഡിപ്ലോമ ഫസ്റ്റ് ക്ലാസ്സ് ഡിസ്റ്റിംഗ്ഷനോടെ രണ്ടാം റാങ്കിൽ സ്വന്തമാക്കി. ജാതക പഠനം കത്തോലിക്കാ സഭയുടെ പരമ്പരാഗത വിശ്വാസമനുസരിച്ച് നിഷിദ്ധമാണ്. എന്നാൽ ചിറപ്പണത്തച്ചന്റെ അഭിപ്രായത്തിൽ,പഠനത്തിന്റെ വെളിച്ചത്തിൽ, മനുഷ്യൻ അവന്റെ ശരീരം പഞ്ചഭൂത നിർമ്മിതമാണ്. പ്രപഞ്ചം പോലെ മനുഷ്യൻ പഞ്ചഭൂത നിർമ്മിതമായതുകൊണ്ട് പ്രപഞ്ചത്തെ മഹാപ്രപഞ്ചമെന്നും മനുഷ്യനെ ചേറു പ്രപഞ്ചമെന്നും വിളിക്കുന്നു. ഈ മഹാ പ്രപഞ്ചവും ചെറു പ്രപഞ്ചവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്.അവയ്ക്ക് പരസ്പരം സ്വാധീനവുമുണ്ട്. മഹാപ്രപഞ്ചത്തിൽ നിന്നാണ് ചെറു പ്രപഞ്ചമായ മനുഷ്യ ശരീരത്തെ വാർത്തെടുത്തിരിക്കുന്നത്. മനുഷ്യന്റെ മരണശേഷം ചെറു പ്രപഞ്ചമായ അവന്റെ ശരീരം മഹാ പ്രപഞ്ചത്തോട് ഒന്നായി ചേരുന്ന വസ്തുത ഇതിന് തെളിവാണ്. ചന്ദ്രനും അതിന്റെ ചലനത്തിനും നമ്മിലുള്ള സ്വാധീനം നിതരാം വ്യക്തമാണെല്ലോ. മനുഷ്യ ജീവന്റെ ചലനം തന്നെ നിർണ്ണയിക്കപെടുന്നത് ചന്ദ്ര ചലനത്തെ ആസ്പദമാക്കിയാണ്.മനുഷ്യന്റെ രോഗങ്ങളായ ശ്വാസം മുട്ടൽ, മാനസിക വിഭ്രാന്തി എന്നിവ വേലിയേറ്റം, വേലിയിറക്കം തുടങ്ങിയവ നിരീക്ഷിച്ചാൽ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള, വാനഗോളങ്ങളും തമ്മിലുള്ള ബന്ധം കുറച്ചെങ്കിലും വ്യക്തമാകും. എന്തിനേറെ? യേശു തമ്പുരാന്റെ ജനനം കൃത്യമായി വിളിച്ചറിയച്ചത് രക്ഷകന്റെ നക്ഷത്രമായിരുന്നു. അതു കണ്ട് മനസ്സിലാക്കൻ നമ്മൾ തുനിയാത്തത് കൊണ്ട്,അതിനായി ശ്രമിക്കാത്തത് കൊണ്ട്, ആ ശാസ്ത്രത്തെ തള്ളി പറയുന്നത് ശരിയല്ലെന്നാണ് ചിറപ്പണത്തച്ചന്റെ അഭിമതം. ഇത് പോലെ തന്നെ കൈരേഖാ ശാസ്ത്രത്തെയും ദൂത് ലക്ഷണങ്ങളെയും കുറിച്ച് അച്ചനുള്ള അഭിപ്രായം തികച്ചും വ്യത്യസ്തമാണ്. കൈരേഖാ ശാസ്ത്രം ഇന്ന് കുറ്റ ശാസ്ത്ര വിഭാഗത്തിൽ പ്രഖ്യാപിത ശാസ്ത്രമാണ്.

ഗവേഷക കാലത്ത് ഒഴിവു സമയം ഉപയോഗിച്ച് വിവിധ ഭാഷകളും ഭാരതീയ ശാസ്ത്രങ്ങളും ഗുരുമുഖത്ത് നിന്ന് പഠിക്കാൻ ശ്രമിച്ചത് കൊണ്ട്

www.malankaralibrary.com

ഇവയോടുള്ള അച്ചന്റെ സമീപനം, സഭയുടെ പരമ്പരാഗത സമീപനത്തിൽ നിന്ന് വ്യത്യസ്തമാണ്. ഭാരതം പ്രകാശത്തിന്റെ നാടാണ്.ഭാരത സംസ്കാരം അണയാതെ നിൽക്കുന്നതിന്റെ കാരണമിതാണ്. അസ്വസ്ഥരായ വിദേശികൾ, സ്വസ്ഥതയ്ക്ക് വേണ്ടി ഭാരതത്തിലേക്ക് ഓടിയെത്തുന്നത് ഇതുകൊണ്ടാണ്. ആകയാൽ ഭാരതത്തിൽ ക്രൈസ്തവ സഭ വേരുറച്ച് വളരണമെങ്കിൽ, ഭാരത സംസ്കാരത്തിന്റെ പൂർത്തീകരണമായി യേശുവിനെ അവതരിപ്പിക്കാൻ കഴിയണം. ഭാരതീയർ അന്വേഷിക്കുന്ന സത്യത്തിന്റേയും പ്രകാശത്തിന്റെയും ജീവന്റേയും സാക്ഷാത്കാരമായി യേശു അവതരിക്ക പെടണം. നവഅവതാരങ്ങളെ ദർശിച്ച ഭാരതത്തിൽ ദശാവതാരമായി യേശു പിറക്കണം. ഗ്രീസിലെ ഏതൻസിൽ അരിയോപാഗസ് ക്ഷേത്രത്തിൽ വി. പൗലോസ് ശ്ലീഹാ ഗ്രസിച്ച അജ്ഞാതദേവനെ പോലെ യേശുവിനെ ആനുകാലിക ഗ്രസക്തമായി അവതരിപ്പിക്കണം. ഇത് സാധിക്കണമെങ്കിൽ ഭാരതീയ സംസ്കാരം, ഭാരതീയ ചിന്താധാര, ഭാരതീയ അദ്ധ്യാത്മികത്വം തുടങ്ങിയവ മനസ്സിലാക്കി ആചരിക്കുന്നവരായി തീരണം നമ്മൾ. ഈ ബോദ്ധ്യത്തിൽ അടിയുറച്ച് വിശ്വസിച്ച് കൊണ്ട് ചിറപ്പണത്തച്ചൻ പല പരീക്ഷണങ്ങളും നടത്താറുണ്ട്. സർവ്വമത പ്രാർത്ഥനയും മതാന്തര സംവാദവും വിവിധ മതാനുയായികളുടെ ഒന്നിച്ചുള്ള ജീവിതവും പ്രാർത്ഥനയും പ്രവർത്തനവുമെല്ലാം കഴിഞ്ഞ 35 വർഷമായി ചിറപ്പണത്തച്ചൻ പരീക്ഷിച്ചു വരുന്ന ജീവിത ദർശനങ്ങളാണ്.

ജാതിമത ഭേദം കൂടാതെ സമൂഹത്തിന്റെ നന്മയ്ക്കായി നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാൻ കഴിയും. ജീവരക്ഷാ പ്രവർത്തനങ്ങളിൽ ഇതു പോലെ പ്രവർത്തിക്കുവാൻ കഴിയുമെന്ന് ചിറപ്പണത്തച്ചന്റെ സർവ്വകലാശാലാ പ്രവർത്തന കാലഘട്ടങ്ങളിൽ തെളിയിച്ചിട്ടുണ്ട്. സർവ്വമത പ്രാർത്ഥനകളും ഒന്നിച്ചുള്ള ജീവിതവും (live together) വഴി മത സൗഹാർദ്ദത വളർത്താൻ കഴിയും. ചിറപ്പണത്തച്ചൻ ഇപ്പോൾ വികാരിയായിരിക്കുന്ന ചൂണ്ടി പള്ളിയിൽ ഇത്തരം കാര്യങ്ങൾ നിത്യാനുഭവമാണ്. വിവിധ ജാതി മതസ്ഥർക്ക് സൃഷ്ടാവായ ദൈവത്തെ, സ്നേഹ പിതാവായ സർവ്വേശ്വരനെ ആരാധിക്കാൻ അച്ചന്റെ ദേവാലയം എന്നും തുറന്നിടാറുണ്ട്. മുസ്ലീംങ്ങൾക്ക് വേണ്ടി റംസാൻ പ്രാർത്ഥനയും ഇഫ്ത്താർ വിരുന്നും നടത്താറുണ്ട്. മകര വിളക്ക് ദിനത്തിൽ ദീപ സ്തംഭം തെളിയിച്ച് കൊണ്ട് പ്രത്യേക പ്രാർത്ഥനകൾ സംഘടിപ്പിക്കാറുണ്ട്. വിഷു ദിനത്തിൽ വിഷുകണിയും പ്രാർത്ഥനയും സാധാരണ സംഭവങ്ങളാണ്.

സാമൂഹ്യ തലത്തിലും വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് അച്ചൻ വളർത്തിയെടുത്തിട്ടുണ്ട്. മഹാത്മാഗാന്ധിയുടെ "ഗ്രാമ സ്വരാജ്" സിദ്ധാന്തത്തിലൂടെ ഒരു സർവ്വോദയ സമൂഹം കെട്ടിപടുക്കുകയെന്നത് അച്ചന്റെ സ്വപ്നമാണ്. ഇതിനു വേണ്ടി മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ ഗാന്ധിയൻ പഠന വിഭാഗത്തിന്റെ ഡയറക്ടറായിരിക്കുമ്പോൾ അൻപത് ലക്ഷം രൂപ

www.malankaralibrary.com

യുടെ പ്രൊജക്ട് അച്ചൻ പരീക്ഷിക്കുകയുണ്ടായി. സ്വയം സഹായം, ആത്മാഭിമാനം, സ്വാശ്രയ ബോധം, സ്വയം പര്യപ്തത എന്നിവ ലക്ഷ്യമിട്ട് കൊണ്ട് രൂപം കൊടുത്ത "ഗ്രാമസ്വരാജ്" പദ്ധതിയാണ് പിന്നീട് പഞ്ചായത്ത് രാജ് രൂപത്തിൽ കേരള സർക്കാർ പ്രാവർത്തികമാക്കാൻ ശ്രമിച്ച് കൊണ്ടിരിക്കുന്നത്. ജനങ്ങൾ ജനങ്ങളെ ഭരിക്കുന്ന ജനായത്ത ഭരണസമ്പ്രദായം രാഷ്ട്രീയാതീതമായി പ്രാവർത്തികമാക്കുവാൻ പരിശ്രമിച്ച അച്ചന്റെ പ്രസ്ഥാനം സർവ്വകലാശാലാ വിദ്യാർത്ഥികൾക്കും സമൂഹത്തിനും മാർഗ്ഗദീപമായിരുന്നു.

വിദ്യാഭ്യാസം മനുഷ്യന്റെ സമഗ്രമോചനത്തിനുള്ള അറിവും പരിശീലനവുമാണ്. ഈ അറിവിലൂടെയും പരിശീലനത്തിലൂടെയും സാമൂഹ്യ പരിവർത്തനം അഥവാ രൂപാന്തരം (Transformation)സംഭവിക്കണമെന്നതാണ് അച്ചന്റെ വിദ്യാഭ്യാസ വീക്ഷണം. വിദ്യാഭ്യാസം അറിവ് മാത്രമല്ല എന്ന് സാരം. അതുകൊണ്ട് തന്നെ ഉന്നത വിദ്യഭ്യാസത്തിന് യു.ജി.സി മൂന്ന് തലങ്ങൾ നിർദ്ദേശിക്കുന്നുണ്ട്: 1) പഠനതലം (Teaching), 2) ഗവേഷണ തലം (Research) 3) പ്രസരണ തലം (Extension work) ഇവ സാക്ഷാൽക്കരിക്കാതെ വിദ്യഭ്യാസം പൂർണ്ണമാകില്ല. ഭാരതീയ ചിന്തയിൽ മനുഷ്യവികസനം സാധിക്കേണ്ടത് കർമ്മമാർഗ്ഗത്തിലൂടെയും ജ്ഞാനമാർഗ്ഗത്തിലൂടെയും ഭക്തി മാർഗ്ഗത്തിലുടെയും ആണ്. അവ മൂന്നിന് തുല്യ പ്രാധാന്യമുണ്ട്. ആകയാൽ താത്വിക വിജ്ഞാന ദാനത്തോടൊപ്പം പ്രായോഗിക പരിശീലനവും അത്യന്താപേക്ഷിതമാണ്. അതിനാണ് കർമ്മമാർഗ്ഗം. മനശക്തിയെ വർദ്ധിപ്പിക്കാനും സുകുമാര വികാരങ്ങളെ ഊട്ടിയുറപ്പിക്കാനും ഈശ്വരാനുഗ്രഹം പ്രാർത്ഥിക്കാനുള്ള വഴിയാണ് ഭക്തി മാർഗ്ഗം. ഇന്ന് ഇവയെല്ലാം അവഗണിക്കപ്പെട്ടിരിക്കുകയാണ്. അവയുടെ പുനസ്ഥാപനത്തിനായി മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം വഴിയിലൂടെ അച്ചൻ ശ്രമിച്ച് വരുന്നു. പഠിപ്പിക്കുന്ന കാര്യങ്ങളും ഗവേഷണത്തിൽ കണ്ടെത്തുന്ന കാര്യങ്ങളും സാധാരണ ജനങ്ങളിലേക്ക് എത്തിക്കണം. ആ ആശയം ഇന്ന് ശക്തി പ്രാപിച്ച് 'കമ്മ്യൂണിറ്റി കോളേജ്' വരെ എത്തിയിരിക്കുന്നു.

മതങ്ങളെല്ലാം സ്നേഹവും സൗഹാർദ്ദവും സാഹോദര്യവും ഊട്ടിയുറപ്പിക്കാനുള്ള മാദ്ധ്യമങ്ങളായിട്ടാണ് ചിറപ്പണത്തടച്ചൻ വിശ്വസിക്കുന്നത്. അതുകൊണ്ട് തന്നെ അച്ചൻ എല്ലാ മതങ്ങളേയും ആദരിക്കുന്നു. ചിറപ്പണത്തച്ചനെ മതസൗഹാർദ്ദത്തിന്റെ അപ്പോസ്തലൻ എന്ന് വിളിക്കാവുന്നതാണ്. ചിറപ്പണത്തച്ചന്റെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ സേവന കാലത്ത് സർവ്വമത പ്രാർത്ഥനകളും മതാന്തര സംവാദങ്ങളും സർവ്വമത കൂട്ടായ്മാജീവിതവും ഇടയ്ക്കിടയ്ക്ക് നടത്തിയിരുന്നു. വിവിധ മതങ്ങളെ മനസ്സിലാക്കുവാനായി ആതാതു മതത്തിന്റെ ആചാര്യൻമാരെ ക്ഷണിച്ചു വരുത്തി ഒരോ മതത്തിന്റേയും അന്തസത്തയും ഉൾകാഴ്ചയും സന്ദേശവും പഠിപ്പിക്കുവാൻ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മഹാത്മജിയിൽ നിന്നും

www.malankaralibrary.com

ഉൾക്കൊണ്ട ഈ സമീപനം പ്രാവർത്തികമാക്കാൻ ചിറപ്പണത്തച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മഹാത്മജിയിൽ നിന്നും ഉൾക്കൊണ്ട ഈ സമീപനം അച്ചന്റെ ശിഷ്യൻമാരെല്ലാം സന്തോഷപൂർവ്വം ഉൾക്കൊള്ളുകയും സ്വീകരിക്കുകയും ചെയ്തിരുന്നു. ഗാന്ധിയൻ പഠന വിഭാഗത്തിലെ വിദ്യാർത്ഥി സമൂഹത്തിന് ഈ മഹത്തായ മാതൃക വിസ്മരിക്കാൻ സാധിക്കുകയില്ല.

1994-ൽ കോട്ടയം ജില്ലയിലെ വൈക്കം ടി.വി പുരത്തെ സെമിത്തേരി പ്രശ്നം പ്രത്യേകം ഓർമ്മിക്കേണ്ട ഒരനുഭവമാണ്. പ്രശ്ന സങ്കീർണ്ണവും സംഘർഷ ഭരിതവുമായ അന്തരീക്ഷത്തിൽ ആ പ്രശ്നത്തിന് പരിഹാരം കാണുവാൻ വിളിച്ചു കൂട്ടിയ അനുരഞ്ജന സമിതിയിലെ പ്രധാന നായകനായിരുന്നു ചിറപ്പണത്തച്ചൻ. അന്നത്തെ കോട്ടയം ജില്ലാ കളക്ടർ പ്രശ്ന സങ്കീർണ്ണമായ ഈ സ്ഥലത്ത് പോയി പ്രശ്ന പരിഹാരത്തിന് വേദിയൊരുക്കാൻ നിയോഗിച്ചത് ചിറപ്പണത്തച്ചനെ ആയിരുന്നു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ ഗാന്ധിയൻ പഠന വിഭാഗത്തിലെ അദ്ധ്യാപക സുഹൃത്തുക്കളേയും വിദ്യാർത്ഥികളേയും ഇതര സഹപ്രവർത്തകരേയും സാമൂഹ്യ സാംസാകാരിക നേതാക്കളേയും സംഘടിപ്പിച്ച് വൈക്കത്ത് നടത്തിയ പ്രാർത്ഥനാ യജ്ഞവും ഉപവാസവും അനുരഞ്ജന ചർച്ചകളും അന്നാട്ടുകാർക്കും അതിൽ പങ്കെടുത്തവർക്കും വലിയ മാതൃകയായിരുന്നു. ഹൈന്ദവ ക്ഷേത്രത്തിലും ക്രൈസ്തവ ദേവാലയത്തിലും മാറിമാറി നടത്തിയ പ്രാർത്ഥനയും ചർച്ചയും കേരള സംസ്ഥാനത്തിന് ചിറപ്പണത്തച്ചൻ നൽകിയ വലിയ മാതൃകയായിരുന്നു.

ചിറപ്പണത്തച്ചൻ വിവിധ രംഗങ്ങളിൽ പ്രശസ്ത സേവനം അനുഷ്ടിച്ചിട്ടുണ്ട്. കർണ്ണാടക യൂണിവേഴ്സിറ്റിയിൽ ഗാന്ധിയൻ പഠന വിഭാഗത്തിന്റെ ഡയറക്ടറായി 1983-1986 കാലഘട്ടത്തിൽ പ്രവർത്തിച്ച ചിറപ്പണത്തച്ചൻ കർണ്ണാടക യൂണിവേഴ്സിറ്റി സെനറ്റ് മെമ്പറായും (1983-1986) കർണ്ണാടക യൂണിവേഴ്സിറ്റിയിലെ അക്കാഡമിക് കൗൺസിൽ മെമ്പറായും ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനായും പരീക്ഷാ സമിതി ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ സീനിയർ പ്രൊഫസ്സറായും ഡയറക്ടറുമായി 1986 മുതൽ 2003 വരെ 17 വർഷക്കാലം അദ്ദേഹം പ്രവർത്തിച്ചു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ സാമൂഹ്യശാസ്ത്ര ഫാക്കൽറ്റിയുടെ ഡീൻ ആയും(1996-2000) യൂണിവേഴ്സിറ്റിയുടെ സെനറ്റ് മെമ്പറായും(12 വർഷം) അക്കാഡമിക് കൗൺസിൽ മെമ്പറായും പ്രവർത്തിച്ചിട്ടുണ്ട്. പ്രസ്തുത യൂണിവേഴ്സിറ്റിയിൽ രണ്ടു പ്രാവശ്യം സിൻഡിക്കേറ്റ് മെമ്പറായും അഞ്ചു വർഷം എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ബ്യൂറോ അധിപനായും നാലു വർഷം ഗ്രാമ സ്വരാജ് എക്സിക്യൂട്ടീവ് ഡയറക്ടറായും സേവനം അനുഷ്ടിച്ചു.എം.ഫിൽ, പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറൽ എന്നിവയിൽ റിസർച്ച് ഗൈഡായി 20 വർഷക്കാലം പ്രവർത്തിക്കുകയുണ്ടായി.

www.malankaralibrary.com

1983 മുതൽ യു.ജി.സി കൺസൾട്ടന്റായും 1980 മുതൽ യു.പി.എസ്.സി എക്സാമിനർ ആയും 2000 മുതൽ എൻ.സി.ആർ.റ്റി സീനിയർ അഡ്വൈസറായും 1986 മുതൽ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനായും പ്രവർത്തിച്ച് വരുന്നു. വിവിധ യൂണിവേഴ്സിറ്റികളിൽ പി.എച്ച്.ഡി എക്സാമിനർ ആയും 1980 മുതൽ സേവനം അനുഷ്ഠിക്കുന്നു.

20 വർഷക്കാലം യൂണിവേഴ്സിറ്റി ഡയറക്ടർ ആയി സേവനം ചെയ്ത ചിറപ്പണത്തച്ചന്റെ കീഴിൽ പി.എച്ച്.ഡി.ക്ക് 25 വിദ്യാർത്ഥികൾ വിജയം നേടിയിട്ടുണ്ട്. മുന്നൂറിലധികം പ്രഭാഷണങ്ങൾ വിവിധ വിഷയങ്ങളെ പറ്റി വിവിധ യൂണിവേഴ്സിറ്റികളിൽ നടത്തിയിട്ടുണ്ട്. ബാംഗ്ലൂർ ധർമ്മാരം കോളേജ്, ഷില്ലോംഗ് സേക്രട്ട് ഹാർട്ട് കോളേജ്, ബോംബെ സെന്റ് പയസ്സ് കോളേജ്, റോമിലെ സെന്റർ ഫോർ ഇൻഡ്യൻ ആന്റ് ഇന്റർ റിലീജിയസ് സ്റ്റഡീസ്, അമേരിക്കയിലെ ന്യൂജഴ്സി സെന്റ് ജോൺസ് തിയോളജിക്കൽ സെമിനാരി, കൊച്ചി പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ, കോട്ടയം മദനഹാ, ബാംഗ്ലൂർ നാഷണൽ ബ്ലിബ്ലിക്കൻ ഇൻസ്റ്റിസ്റ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളിൽ ചിറപ്പണത്തച്ചൻ വിസിറ്റിംഗ് പ്രൊഫസ്സർ കൂടിയാണ്.

ചിറപ്പണത്തച്ചന് നിരവധി ബഹുമതികളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്. 1975 യു.ജി.സി. ജൂണിയർ ഫെല്ലേഷിപ്പ്, 1977-ൽ യു.ജി.സി. സീനിയർ ഫെല്ലോഷിപ്പ്,1979-ൽ പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്. 1980 -ൽ യു.ജി.സി. അസോസിയേറ്റ്ഷിപ്പ്,1977-ൽ നെഹ്റുമെഡൽ ഫ്രം ഇന്ദിരാ ഗാന്ധി, 1979-ൽ മദർ തെരേസ അവാർഡ് ഫോർ പീസ് റിസർച്ച്, 1990-ൽ മാൻ ഓഫ് ഗ്രേറ്റ് അച്ചീവ്മെന്റ് അവാർഡ് എന്നിവയാണ് ലഭിച്ച ചില ബഹുമതികൾ.

കർണ്ണാടകയിലെ ധർവാർ ഗാന്ധി പീസ് ഫൗണ്ടേഷനിൽ 1975 മുതൽ 1985 വരെയും അംഗമായിരുന്നു. ഗാന്ധി പീസ് ഫൗണ്ടേഷൻ യൂത്ത് വിംഗ് പ്രസിഡണ്ടായി 1980 മുതൽ 1983 വരെ സേവനം അനുഷ്ഠിച്ചു. ഇൻഡ്യൻ സൊസൈറ്റി ഓഫ് ഗാന്ധിയൻ സ്റ്റഡീസിൽ 1980 മുതൽ ആയുഷ്കാല മെമ്പറാണ് ചിറപ്പണത്തച്ചൻ. ആലുവായിലെ ഗാന്ധിവിചാര പരിഷത്തിന്റെ ഫൗണ്ടർ ചെയർമാനായി 2003 മുതലും ഗാന്ധിപീസ് ഫൗണ്ടേഷൻ (കോട്ടയം) ലൈഫ് മെമ്പറായി 1990 മുതലും, വൈ.എം.സി.എ. ആലുവാ യൂണിറ്റ് മെമ്പറായി 2004 മുതലും ഇന്ത്യൻ തിയോളജിക്കൽ അസോസിയേഷൻ മെമ്പറായും പ്രവർത്തിക്കുന്ന ചിറപ്പണത്തച്ചൻ ഇൻഡ്യൻ സൊസൈറ്റി ഫോർ വേൾഡ് പീസിലും മെമ്പറാണ്. 1992 മുതൽ ഇൻഡ്യൻ നാഷണൽ കോൺഫറൻസ് ഓഫ് ഗാന്ധിയൻ സ്റ്റഡീസിന്റെ ഓർഗനൈസിംഗ് സെക്രട്ടറി,ഏറണാകുളം അതിരൂപതയിലെ പ്രസ് ബിറ്ററൽ കൗൺസിൽ മെമ്പർ,ന്യൂയോർക്കിലെ പ്രൊഫസ്സേഴ്സ് അക്കാഡമി ഫോർ വേൾഡ് പീസ് മെമ്പർ, ഗ്ലോബൽ യൂണിവേഴ്സിറ്റി ഫോർ വേൾഡ്പീസ് ആൻഡ് വാല്യു എഡ്യുക്കേഷൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് എന്നീ നിലകളിലും

www.malankaralibrary.com

പ്രവർത്തിക്കുന്നു.

വിവിധ ഭാഷാ പണ്ഡിതനായ ചിറപ്പണത്തച്ചന് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ലാറ്റിൻ, സിറിയക്ക്, ഗ്രീക്ക്, ഫ്രഞ്ച്, ജർമ്മൻ, കന്നട ഭാഷകൾ വശമാണ്. അദ്ദേഹം ഇരുപതോളം രാജ്യങ്ങളിൽ പല തവണ സന്ദർശനം നടത്തിയിട്ടുണ്ട്. കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനുമായ മാർപാപ്പാ അധിവസിക്കുന്ന റോമിൽ അഞ്ചു പ്രാവശ്യം സന്ദർശനം നടത്താൻ സാധിച്ചിട്ടുണ്ട്. അമേരിക്കൻ ഐക്യനാടുകളിലും, നെതർലാന്റിലും,സിംഗപ്പൂരിലും ഹോംങ്കോങിലും,ദുബായിലും, ഷാർജയിലും, ഇംഗ്ലണ്ടിലും മൂന്ന് പ്രാവശ്യം വീതം സന്ദർശനം നടത്തി. ജർമ്മനി, ഇസ്രയേൽ, സൗത്ത് കൊറിയ എന്നിവിടങ്ങളിൽ രണ്ട് പ്രാവശ്യം വീതവും പര്യാടനം നടത്തി. നേപ്പാൾ,പാലസ്തീൻ, കുവൈറ്റ്, ജോർദ്ദാൻ, ഈജിപ്റ്റ്, അബുദാബി, തായ്‌ലാന്റ്, സ്പെയിൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളിലും സന്ദർശനം നടത്തിയിട്ടുള്ള ചിറപ്പണത്തച്ചൻ ഇപ്പോൾ ഗോരഖ്പൂർ രൂപതയുടെ സെന്റ് ജോസഫ് കോളേജിന്റെ സ്ഥാപക പ്രിൻസിപ്പൽ കൂടിയാണ്. ആലുവായിലെ പത്താം പിയുസ് പള്ളി വികാരിയായും സേവനം അനുഷ്ഠിക്കുന്നു.

വിലാസം - റവ.ഡോ.എ.കെ ചിറപ്പണത്ത്, വികാർ, സെന്റ് മേരീസ് ചർച്ച്,
ഞാറയ്ക്കൽ, എറണാകുളം ജില്ല.

# 313

# പ്രൊഫ. ആന്റണി ഐസക്ക്



വിദ്യാഭ്യാസ, സാസ്കാരിക, സാമൂഹ്യ, രാഷ്ട്രീയ സമുദായ മേഖലകളിൽ ഗണനീയമായ സംഭവാനകൾ നൽകിക്കൊണ്ടിരിക്കുന്ന പ്രൊഫ. ആന്റണി ഐസക്ക് 1943 ജൂൺ 24-ാം തീയതി എറണാകുളത്ത് ഈരേശ്ശേരിൽ കുടുംബത്തിൽ ജനിച്ചു. പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും പ്രഭാഷകനുമായിരുന്ന ഇ.പി. ഐസക്ക് പിതാവും കാതറൈൻ മാതാവുമായിരുന്നു.

എറണാകുളം രാമവർമ്മ ഹൈസ്കൂൾ, എറണാകുളം മഹാരാജാസ് കോളേജ്, തേവര എസ്സ്.എച്ച്. കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുമ്പോൾ പ്രസംഗമത്സരത്തിൽ ജില്ലാതലത്തിലും സ്റ്റേറ്റ് തലത്തിലും സമ്മാനങ്ങൾ നേടിയിട്ടുണ്ട്. കലാരംഗത്ത് ഉന്നതനിലവാരം പുലർത്തിയിരുന്ന ആന്റണി ഗ്രൂപ്പ് ഡാൻസ്, നാടകം മത്സരങ്ങളിൽ ഒന്നാംസ്ഥാനം നേടി. മികച്ച ഒരു ഫുട്ബോൾ കളിക്കാരനായിരുന്നു അദ്ദേഹം. 400 മീറ്റർ ഓട്ടത്തിൽ സംസ്ഥാനാടിസ്ഥാന

www.malankaralibrary.com

ത്തിൽ ഒന്നാം സമ്മാനം നേടുകയും ജൂണിയർ ചാമ്പ്യനായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. സംസ്ഥാനതലത്തിൽ പഞ്ചഗുസ്തിചാമ്പ്യൻ കൂടിയായിരുന്നു അദ്ദേഹം. സീ സ്കൗട്ട്, സ്കൗട്ട്, എൻ.സി.സി. എന്നിവയിലും അംഗമായിരുന്നു. എല്ലാ മണ്ഡലങ്ങളിലും തന്റെ നേതൃത്വപാടവം പ്രകടിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

കളമശ്ശേരി സെന്റ്പോൾസ്കോളേജിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച ഇദ്ദേഹം പ്രൊഫസ്സർ, വകുപ്പ് മേധാവി, പ്രിൻസിപ്പൽ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. 11 വർഷക്കാലം പ്രിൻസിപ്പലായിരുന്നു. 2400 വിദ്യാർത്ഥികൾ പഠിച്ചിരുന്ന പ്രസ്തുത കോളേജിന്റെ വളർച്ചയിൽ അദ്ദേഹം നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്. കേരളയൂണിവേഴ്സിറ്റി സെനറ്റ് അംഗം, എം.ജി. യൂണിവേഴ്സിറ്റി ഫാക്കൽറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. കോളേജ് പ്രിൻസിപ്പൽ ആയിരിക്കെത്തന്നെ 1993 ൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായി നിയമിച്ചു. കമ്മീഷൻ അംഗമായിരിക്കെ 1997 ൽ എറണാകുളം പാർലമെന്റ് മണ്ഡലത്തിൽ സ്ഥാനാർത്ഥിയായി മത്സരിച്ചു. ആ തിരഞ്ഞെടുപ്പിൽ 51 ശതമാനം മാത്രമായിരുന്നു പോളിംഗ്. പാർലമെന്റ് മണ്ഡലങ്ങളിൽ അദ്ദേഹത്തിന് 53 ശതമാനം വോട്ടു ലഭിച്ചെങ്കിലും തിരഞ്ഞെടുപ്പിൽ നേരിയവോട്ടിന് പരാജയപ്പെട്ടു. കേരളായൂണിവേഴ്സിറ്റി സെനറ്റിലും എം.ജി. യൂണിവേഴ്സിറ്റി അക്കാഡമിക് കൗൺസിലിലും എം.ജി.യൂണിവേഴ്സിറ്റി ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസിലും അംഗമായിരുന്നു.

ട്രെയ്ഡ് യൂണിയൻ രംഗത്ത് ശക്തമായ സ്വാധീനം ചെലുത്തുന്ന പ്രൊഫ. ആന്റണി ഐസക്ക് എച്ച്.എം.റ്റി., പ്രീമിയർ ടയേഴ്സ് എന്നീ പൊതുമേഖലാസ്ഥാപനങ്ങളിലെ യൂണിയൻ ചെയർമാനായിരുന്നു. 1999 മുതൽ കൊച്ചിൻ ഷിപ്പ്യാർഡിലും 2000 മുതൽ എച്ച്.എൽ.എച്ചിന്റെയും യൂണിയൻ പ്രസിഡണ്ടാണ്. കോൺഗ്രസ്സ് പാർട്ടിയുടെ സാമ്പത്തിക നയത്തെയും ചരിത്രത്തെയും സംബന്ധിക്കുന്ന കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് കേരളത്തിലെമ്പാടും രണ്ടായിരത്തിലധികം ക്യാമ്പുകളിൽ ക്ലാസ്സുകൾ എടുത്തിട്ടുണ്ട്.

സമുദായപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത അദ്ദേഹം 1993 മുതൽ 1995 വരെ ലാറ്റിൻ കാത്തലിക് അസോസിയേഷന്റെ വരാപ്പുഴ രൂപതാപ്രസിഡണ്ടായിരുന്നു. 1997 മുതൽ 2001 വരെ ലാറ്റിൻ കാത്തലിക് അസോസിയേഷൻ സംസ്ഥാനപ്രസിഡണ്ട്, കെ.ആർ.എൽ.സി.സി. ട്രഷറർ, 2001 മുതൽ 2004 വരെ കേരളാ കാത്തലിക് ഫെഡറേഷൻ പ്രസിഡണ്ട്, സീനിയർ ക്രിസ്ത്യൻ അസോസിയേഷൻ പ്രസിഡണ്ട്, ആൾ ഇന്ത്യാ കാത്തലിക് യൂണിയൻ ലാറ്റിൻ റീജിയൻ പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

എറണാകുളത്തെ ഏറ്റം പ്രശസ്തമായ ഇന്ദിരാഗാന്ധി സഹകരണ

www.malankaralibrary.com

ആശുപത്രിയുടെ ഡയറക്ടർ ബോർഡിലേക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

ഗുസ്തി, ഹോക്കി, ഫെൻസിംഗ്, റിംഗ് ടെന്നീസ്, അത്ലറ്റിക്സ് തുടങ്ങിയ കായികങ്ങളെ സംബന്ധിക്കുന്ന വിവിധ സംഘടനകളുടെ പ്രസിഡണ്ടായും വൈസ് പ്രസിഡണ്ടായും ദീർഘകാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

വിലാസം - പ്രൊഫ. ആന്റണി ഐസക്, ഈരാശ്ശേരിൽ, വെണ്ണല,
കൊച്ചി-682028

# 314



## റവ. ഫാ. ഈപ്പൻ ഏർത്തയിൽ

## സി.എം.ഐ.

കിഴക്കൻ മലയോരങ്ങളുടെ താഴ്വരകളിലെ പ്രകൃതി മനോഹരമായ പൂഞ്ഞാർ എന്ന കൊച്ചു ഗ്രാമത്തെ കലാ-സാംസ്കാരിക കേരളത്തിന്റെ മുൻനിരയിലെത്തിയ്ക്കുവാൻ മുൻകൈ എടുത്ത റവ.ഫാ.ഈപ്പൻ ഏർത്തയിൽ സി.എം.ഐ., കാഞ്ഞിരപ്പള്ളിയിലെ പുരാതന പ്രസിദ്ധമായ ഏർത്തയിൽ കുടുംബത്തിൽ അപ്രേം-അന്ന ദമ്പതികളുടെ മൂന്നാമത്തെ പുത്രനായി 1943 ജൂൺ 29 ന് ജനിച്ചു. ആഴമായ ഈശ്വരഭക്തിയിലും അറിവിലും കലാ-സാഹിത്യ അഭിരുചികളിലും സമ്പന്നമായ ഏർത്തയിൽ, കിഴക്കേത്തലയ്ക്കലായ അയിലൂപ്പറമ്പിൽ കുടുംബാംഗങ്ങളായിരുന്നു മാതാപിതാക്കൾ. പണ്ഡിതനും ചരിത്രകാരനുമായിരുന്ന റവ.ഫാ.ജേക്കബ്ബ് ഏർത്തയിൽ ബ.ഈപ്പച്ചന്റെ പിതൃസഹോദരനും, പുണ്യശ്ലോകനായ റവ.ഡോ.എ.സി.ഈപ്പൻ അയിലൂപ്പറമ്പിൽ മാതൃസഹോദരനുമായിരുന്നു. അനുഗൃഹീത മാതാപിതാക്കളായിരുന്ന അപ്രേച്ചന്റെയും അന്നമ്മയുടെയും അഞ്ച് ആൺമക്കളിൽ നാലുപേരും വൈദികരാണ്.

കാഞ്ഞിരപ്പള്ളി ഗവ. സ്ക്കൂളിൽനിന്നും 1960 ൽ എസ്.എസ്.എൽ.സി. പാസ്സായ ഈപ്പച്ചൻ സ്കൂൾ ജീവിതകാലത്തുതന്നെ കലാ-സാഹിത്യരംഗങ്ങളിൽ ശോഭിച്ചിരുന്നു. അൾത്താര ശുശ്രൂഷയിലും ഗായകസംഘത്തിനും നേതൃത്വം കൊടുത്തിരുന്ന ഈപ്പച്ചൻ സ്കൂൾ യുവജനോത്സവങ്ങളിലൂടെ തന്റെ സംഗീത-അഭിനയ സിദ്ധികൾ പ്രകടിപ്പിച്ചിരുന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം മാന്നാനത്ത് CMI സഭയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. 1964 ൽ CMI സഭയുടെ മേജർ സെമിനാരിയായ ബാംഗ്ലൂരിലുള്ള ധർമ്മാരാം കോളേജിൽ തത്വശാസ്ത്രപഠനം ആരംഭിച്ചു. അതേ വർഷം ബോംബെയിൽ നടന്ന അന്തർദ്ദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സിൽ

www.malankaralibrary.com

പരിശുദ്ധ പോൾ ആറാമൻ മാർപാപ്പയുടെ പ്രധാന കാർമ്മികത്വത്തിൽ സീറോ മലബാർ സഭയിലെ ഡീക്കൻമാർക്ക് വൈദികപട്ടം നൽകുന്ന ശുശ്രൂഷയ്ക്കും മററു തിരുക്കർമ്മങ്ങൾക്കായും രൂപീകരിച്ച ഗായക സംഘത്തിലേയ്ക്ക് ഈപ്പച്ചനും സഹോദരൻ ജയിംസും തെരഞ്ഞെടുക്കപ്പെട്ടു. തത്വശാസ്ത്ര പഠനത്തിനുശേഷം കർണ്ണാടക യൂണിവേഴ്സിററിയിൽനിന്നും BA ബിരുദവും, കേരളാ യൂണിവേഴ്സിററിയിൽനിന്ന് B.Ed. ബിരുദവും കരസ്ഥമാക്കി. 1971 ൽ പൂഞ്ഞാർ സെന്റ് ആന്റണീസ് ഹൈസ്ക്കൂളിൽ അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ചു. തുടർന്ന് 1972 ൽ ബാംഗ്ലൂരിൽ ദൈവശാസ്ത്രം പഠനം ആരംഭിച്ച് 1974 ൽ B.Th ബിരുദത്തോടുകൂടി വൈദികപഠനം പൂർത്തിയാക്കുകയും കർദ്ദിനാൾ ആന്റണി പടിയറയിൽനിന്നും വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. ഇതേ തുടർന്ന് പൂഞ്ഞാർ സെന്റ് ആന്റണീസ് ഹൈസ്ക്കൂളിൽ സ്ഥിരാദ്ധ്യാപകനായി നിയമിതനായി.

1974 മുതൽ അദ്ധ്യാപകജോലിയോടൊപ്പം "ചെറുപുഷ്പ കലാനിലയം" എന്ന കലാസമിതി രൂപീകരിച്ച് കലാപരിശീലനവും കലാപരിപാടികളുടെ അവതരണവും ആരംഭിച്ചു. ഈപ്പച്ചൻ തന്നെ രചിച്ച് ഈണം പകർന്ന "വഴിയും സത്യവും ജീവനും നീ" എന്ന ഗാനമുൾപ്പെടെ ആറു ക്രിസ്തീയ ഭക്തിഗാനങ്ങൾ ഈ കാലയളവിൽ ഓൾ ഇന്ത്യാ റേഡിയോയിൽ പ്രക്ഷേപണം ചെയ്തത് കലാസമിതിയെ കൂടുതൽ ശ്രദ്ധേയമാക്കി. 1975 ൽ "മിശിഹാചരിത്രം" ബാലെ എന്ന ആദ്യ സംരംഭം നിരവധി വേദികളിൽ അവതരിപ്പിക്കുകയും 1976 ൽ "നവധാര" എന്ന പേരിൽ പ്രൊഫഷണൽ നാടക സമിതി രൂപീകരിച്ചുകൊണ്ട് സാമൂഹ്യനാടക അവതരണം ആരംഭിക്കുകയും ചെയ്തു.

പ്രൊഫഷണൽ സാമൂഹ്യ നാടകരംഗത്ത് സഭയുടെ അംഗീകാരത്തോടെ ഒരു വൈദികന്റെ പൂർണ്ണഉത്തരവാദിത്വത്തിലും നേതൃത്വത്തിലും ആദ്യമായി ആരംഭിച്ച ഈ പ്രസ്ഥാനം മതമൈത്രിയും സാംസ്കാരിക നവോത്ഥാനവും ദൈവികമൂല്യങ്ങളുടെ പ്രചരണവും ലക്ഷ്യം വയ്ക്കുകയും അതിൽ വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. വളരെയേറെ പ്രതിബന്ധങ്ങളും പ്രതിസന്ധികളും അതിജീവിച്ച് ബ.ഈപ്പച്ചന്റെ കഠിനാദ്ധ്വാനത്തിന്റെയും അർപ്പണബോധത്തിന്റെയും ഫലമായി മത-രാഷ്ട്രീയ-വിഭാഗീയ ചിന്തകൾക്കതീതമായി സ്നേഹവും, സൗഹൃദവും ഊട്ടി വളർത്തിയ ആയിരക്കണക്കിന് പരിപാടികൾ അവതരിപ്പിയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഇരുപത്തിയെട്ടു വർഷങ്ങളായി ഈടുററ ഇരുപത്തിയെട്ടു സാമൂഹ്യനാടകങ്ങൾ കൈരളിയ്ക്ക് കാഴ്ച വച്ചുകൊണ്ട്, നവധാര, നാടകസമിതികളുടെ മുൻനിരയിൽ എത്തി നിൽക്കുകയാണ്. ജനസമൂഹത്തിന് നവധാര നൽകിയ സന്ദേശങ്ങളും, മാനുഷിക മൂല്യങ്ങളും കണക്കിലെടുത്ത് സംസ്ഥാനഗവൺമെന്റിന്റെയും, KCBCയുടെയും, കേരള

www.malankaralibrary.com

ത്തിലെ പ്രധാന സാംസ്കാരിക സംഘടനകളുടെയും നിരവധി അവാർഡു പുരസ്കാരങ്ങൾ നവധാരയുടെ നാടകങ്ങൾക്കു ലഭിച്ചിട്ടുണ്ട്. മോചനം, വെളിച്ചം, വസന്തം, ഭരതസാഗരം, മഹത്വം, അക്ഷയമാനസം, തീരം-കാശ്മീരം, ചരിത്രരേഖ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇപ്പോൾ അവതരിപ്പിച്ചു കൊണ്ടിരിയ്ക്കുന്ന നാടകമായ "കുടുംബദീപം" ജോൺപോൾ പാപ്പയുടെ ഏററവും ശക്തമായ ആദർശമായ "ജീവന്റെ സംസ്കാരം" പ്രചരിപ്പിയ്ക്കുന്നതിൽ ജാതിമത ഭേദമെന്യേ സ്വീകാര്യമായ രീതിയിൽ അവതരിപ്പിച്ച് ജൈത്രയാത്ര തുടരുന്നു.

നാടകത്തോടൊപ്പം കേരളത്തിലെ ഏററവും മികച്ച ഗാനമേള, ബാന്റ്സെററ്, ഗായകസംഘം എന്നിവയും നടത്തിവരുന്നു. വിവിധ കലാപരിപാടികളിലൂടെയും, പരിശീലനത്തിലൂടെയും ജാതിമതഭേദമന്യേ നിരവധി പ്രതിഭകളെ വളർത്തിയെടുക്കുവാനും അതുവഴി വളരെയേറെ കുടുംബങ്ങൾക്ക് ജീവിതമാർഗ്ഗം കാണിച്ചുകൊടുക്കുവാനും നവധാരയിലൂടെ ബ.ഈപ്പച്ചനു കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ മുപ്പതു വർഷത്തെ അജപാലന, അദ്ധ്യാപക ദൗത്യത്തോ ടൊപ്പമാണ് ശ്രമകരവും, ശ്രദ്ധേയവുമായ ഈ ദൗത്യം അച്ചൻ നിർവ്വഹിച്ചു വരുന്നത്. കേരളത്തിന്റെ ജനകീയ കലയായ സാമൂഹ്യനാടക പ്രസ്ഥാന ത്തിൽ അച്ചന്റെ സജീവമായ പ്രവർത്തനവും സാന്നിദ്ധ്യവും ഹൈന്ദവ -ക്രൈസ്തവ സംസ്കാരങ്ങളെ ക്രിയാത്മകമായി സമന്വയിപ്പിച്ച് സൗഹൃദ ത്തിന്റെയും മതസഹിഷ്ണുതയുടെയും പാത തെളിയ്ക്കുവാൻ സഹായി ച്ചിട്ടുണ്ട്. ഇതിനുള്ള അംഗീകാരമായി AKCC, അഖിലകേരള അദ്ധ്യാപക കലാ സാഹിത്യ സമിതി, ചാവറജയന്തി തുടങ്ങിയ നിരവധി പുരസ്കാരങ്ങൾ ബ.ഈപ്പച്ചനു ലഭിച്ചിട്ടുണ്ട്. വൈദികരംഗത്തും, സാമൂഹ്യസാംസ്കാരിക രംഗത്തുമുള്ള അച്ചന്റെ മാതൃകാപ്രവർത്തനങ്ങൾ എല്ലാ ജനവിഭാഗ ങ്ങളുടേയും അംഗീകാരവും, ആദരവും നേടിയെടുത്തിട്ടുണ്ട്.

1994 മുതൽ 97 വരെ അമേരിയ്ക്കയിലെ ന്യൂയോർക്ക് അതിരൂപ തയിൽ അസി.വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഈ കാലയള വിൽ യൂറോപ്പിലേയും, അമേരിക്കയിലേയും പ്രസിദ്ധങ്ങളായ തീർത്ഥാ ടനകേന്ദ്രങ്ങൾ സന്ദർശിയ്ക്കുവാൻ ബ. ഈപ്പച്ചനു സാധിച്ചു. ന്യൂയോർ ക്കിലെ മലയാളികൾക്കും, കാത്തലിക് വിശ്വാസസമൂഹത്തിനും ചെയ്ത സേവനങ്ങൾ കണക്കിലെടുത്ത് ഇൻഡ്യൻ-അമേരിക്കൻ അസോ സിയേഷന്റെ പ്രത്യേകപുരസ്കാരവും ലഭിയ്ക്കുകയുണ്ടായി. വിശുദ്ധവത്സ രമായി പ്രഖ്യാപിക്കപ്പെട്ട 2000-ാമാണ്ടിൽ വാഴ്ത്തപ്പെട്ടവരായിത്തീർന്ന ഫാത്തിമായിലെ ജസീന്തയുടെയും, ഫ്രാൻസിസ്കോയുടെയും സ്മരണയ് ക്കായി ഫാ.ഈപ്പച്ചൻ "ഫാത്തിമാസംഭവം ലൂസിയുടെ വാക്കുകളിൽ" എന്ന ഗ്രന്ഥം പ്രസിദ്ധീകരിയ്ക്കുകയും 2003-04 ൽ ഫാത്തിമായിലെ പരിശുദ്ധ കന്യകാമറിയത്തിന്റെ അത്ഭുത തീർത്ഥാടന തിരുസ്വരൂപത്തിന്റെ സംസ്ഥാന


www.malankaralibrary.com

കമ്മററിയംഗമായി പ്രവർത്തിയ്ക്കുകയും, ആ ചരിത്ര സംഭവത്തിന്റെ ഓർമ്മയ്ക്കായി ഈ ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പ് പ്രസിദ്ധീകരിയ്ക്കുകയും ചെയ്തു.

1998 ൽ അദ്ധ്യാപക ജോലിയിൽനിന്നും വിരമിച്ച് അജപാലന ശുശ്രൂഷയും, കലാപ്രവർത്തനവും ഒപ്പം പൂഞ്ഞാർ ചെറുപുഷ്പ ആശ്രമം കേന്ദ്രമാക്കി ബ.ഈപ്പച്ചൻ തന്നെ ആരംഭിച്ച "നവജീവൻ" പ്രാർത്ഥനാഗ്രൂപ്പിനും, ലീജൻ ഓഫ് മേരി പൂഞ്ഞാർ കുരിയായ്ക്കും നേതൃത്വം നൽകി വരുന്നു. കലാ-സാംസ്കാരികരംഗത്ത് വിലപ്പെട്ട സേവനങ്ങൾ ചെയ്തുവരുന്ന ഈപ്പച്ചൻ സാംസ്കാരിക കേരളത്തിന് നിരവധി സംഭാവനകൾ നൽകിയ പൂഞ്ഞാറിന്റെ ചരിത്രത്തേയും സാംസ്കാരിക പൈതൃകത്തേയും ഉൾക്കൊള്ളിച്ചു കൊണ്ട് "പൂഞ്ഞാർ, ചരിത്രമുറങ്ങുന്ന പുണ്യഭൂമി" എന്ന ഗ്രന്ഥത്തിന്റെ പണിപ്പുരയിലാണ്.

വിലാസം - ഫാ. ഈപ്പൻ ഏർത്തയിൽ സി.എം.ഐ.
സെന്റ് ആന്റണീസ് മൊണാസ്ട്രി, പൂഞ്ഞാർ.

# 315



# സി. സിഫേറിയ സി.എം.സി.

Sie (Schw. Sipheria Kachirammattam) hat die Ehre und der Respekt Vonihrem Mitarbeitern als auch die deutschen Bevoelkerung verdient gemacht, durch ihre bereitschaft fuer soziales Engagement und harte arbeitsleben. Ihre Faechigkeit die schweren und bemuehsamen probleme mit freude zu bewaeltigen ist einzigartig. (സാമൂഹ്യ പ്രതിബന്ധതകൊണ്ടും കഠിനാദ്ധ്വാനം കൊണ്ടും സഹപ്രവർത്തകരുടെയും ജർമ്മൻ ജനതയുടെയും ആദരവും ബഹുമാനവും ഏറ്റുവാങ്ങിയ പ്രതിഭാശാലിയാണ് സി.സിഫേറിയ. ബദ്ധപ്പാട് നിറഞ്ഞതും പ്രശ്നസങ്കീർണ്ണവുമായ ഏതൊരു ജോലിയും സന്തോഷപൂർവ്വം നിർവ്വഹിക്കുന്നതിൽ അവൾ കാണിച്ച വൈഭവം സമാനതകളില്ലാത്തതാണ്) ജർമ്മനിയിലെ കാരിത്താസ് സംഘടനയുടെ ഡയറക്ടർ റവ. ഡോ. കാൾ ഹോൾ ബൗവ്വർ ജർമ്മൻ ഭാഷയിൽ എഴുതിയ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്.

കഴിഞ്ഞ 36 വർഷമായി ജർമ്മനിയിൽ വിവിധ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന സി. സിഫേറിയാ രാമപുരത്തെ പ്രസിദ്ധവും പുരാതനവുമായ കച്ചിറമറ്റം കുടുംബത്തിൽ ജോസഫ് - അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായി 1943 ജൂലൈ 16-ാം തീയതി ജനിച്ചു. അനുദിനം ദിവ്യബലിയിൽ സംബന്ധിക്കുകയും ചെറുപ്പം മുതൽ ഭക്ത സംഘടനകളിൽ

www.malankaralibrary.com

പ്രവർത്തിക്കുകയും ചെയ്തിരുന്ന സി. സിഫേറിയായിൽ ഒരു കന്യാസ്ത്രീയാകണമെന്ന ആഗ്രഹം ബാല്യത്തിൽ തന്നെ രൂപം കൊണ്ടിരുന്നു. അവളുടെ ജ്ഞാനസ്നാനപ്പേര് മോനിക്ക എന്നായിരുന്നു. രാമപുരത്തെ കർമ്മലീത്താ സന്യാസിനികളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സേക്രട്ട് ഹാർട്ട് സ്കൂളിലായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത് (1961-ൽ). 1962 ജൂൺ 21-ന് കർമ്മലീത്താ മഠത്തിൽ ചേരുകയും 1964 ഏപ്രിൽ 16-ന് സഭാവസ്ത്രം സ്വീകരണവും ആദ്യവ്രതവും നടത്തി സിഫോറിയാ എന്ന നാമം സ്വീകരിച്ചു. 1968 മെയ് 24-ന് നിത്യവ്രതവും നടത്തി. 1970 വരെ തുടങ്ങനാട്ട് കർമ്മലീത്താ മഠം വക റാണിഗിരി ആശുപത്രിയിൽ സേവനം അനുഷ്ഠിച്ചു.

1970 ജൂലൈ 29-ന് ജർമ്മനിയിലേക്കു പുറപ്പെട്ടു. തുടർന്ന് രണ്ടു വർഷക്കാലം Burgebrach ഹോസ്പിറ്റലിൽ താമസിച്ചുകൊണ്ട് ജർമ്മൻ ഭാഷ പഠിക്കുകയും അവിടെ വിവിധ ജോലികളിൽ ഏർപ്പെടുകയും ചെയ്തു. 1972 മുതൽ 1975 വരെ WIESBADEN ൽ നഴ്സിംഗ് പഠനം നടത്തി. തുടർന്ന് Wuenzburg ആശുപത്രിയിൽ ജോലി ചെയ്തു. വീണ്ടും രണ്ടുവർഷക്കാലം Heidalberg Uniklinik -ൽ നഴ്സിംഗ് സംബന്ധമായ ഉപരിപഠനം നടത്തി. തുടർന്നുള്ള ഏഴുവർഷക്കാലം ന്യൂറൻബർഗിൽ Slift Sankt Beneditt എന്ന സ്ഥാപനത്തിന്റെ അഡ്മിനിസ്റ്റ്രേറ്ററായി സേവനം അനുഷ്ഠിച്ചു. ഇരുനൂറോളം പേർക്ക് താമസ സൗകര്യമുള്ള ഈ സ്ഥാപനത്തിൽ തൊണ്ണൂറോളം ജോലിക്കാരുണ്ട്. അതിൽ 15 പേർ മലയാളികളാണ് സി.എം.സി. കന്യാസ്ത്രീകൾ. ആ സ്ഥാപനത്തിന്റെ ആരംഭത്തിൽ സിസ്റ്റർ സിഫേറിയാ കഠിനാദ്ധ്വാനം ചെയ്തു. ബാലാരിഷ്ടതകളിൽ നിന്നും ആ സ്ഥാപനത്തെ പടുത്തുയർത്തുവാൻ സിസ്റ്റർ ചെയ്ത സേവനങ്ങൾ പ്രശംസാർഹമാണ്. ഈ സ്ഥാപനത്തിന്റെ ചരിത്രവും സിഫേറിയാസിസ്റ്ററിന്റെ ചരിത്രവും പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്.

പതിനേഴുവർഷത്തെ സേവനത്തിനുശേഷം സി. സിഫേറിയ ഇന്ത്യയിലേക്ക് തിരികെ പോന്നു. ഒരു വർഷക്കാലം മൂന്നാനിയിൽ ആർ. ടി. മെമ്മോറിയൽ കർമ്മലാരാം എന്ന സ്ഥാപനത്തിന്റെ സ്ഥാപക മദർ സുപ്പീരിയർ ആയി സേവനം അനുഷ്ഠിച്ചു. കാരിത്താസ് ഡയറക്ടർ വീണ്ടും സിഫേറിയായുടെ സേവനം ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിലേക്ക് എഴുതി. ന്യൂറൻബർഗിൽ തന്നെ പുതിയതായി ആരംഭിച്ച 200ലധികം വൃദ്ധന്മാരെ പാർപ്പിക്കുന്ന Jacobus Von Hauck എന്ന സ്ഥാപനത്തിന്റെ അഡ്മിനിസ്റ്റ്രേറ്ററായിട്ടായിരുന്നു അടുത്ത നിയമനം. 1987 മുതൽ 1994 വരെ ആസ്ഥാപനത്തെ നയിച്ചതിനുശേഷം കേരളത്തിലേക്ക് 1994-ൽ തരിച്ചു ഒരു വർഷക്കാലം പാലായിൽ സേവനം അനുഷ്ഠിച്ചു. 1995-ൽ വീണ്ടും ജർമ്മനിക്ക് പോയി. Kandern-ൽ വൃദ്ധമന്ദിരത്തിലെ സുപ്പീരിയർ ആയി 8 വർഷക്കാലം പ്രവർത്തിച്ചു. തുടർന്ന് ഇപ്പോൾ ആശുപത്രിയിൽ ജോലി ചെയ്യുന്നു.

www.malankaralibrary.com

ഒരുപക്ഷേ കന്യാസ്ത്രീകളിൽ ഏറ്റം കൂടുതൽ കാലം ജർമ്മനിയിൽ ആതുരസേവനരംഗത്ത് പ്രവർത്തിച്ചത് സി. സിഫേറിയാ ആയിരിക്കും. സി. സിഫേറിയ അമേരിക്ക, റോം, ലണ്ടൻ, ഇസ്രായേൽ, ലൂർദ്ദ്, ഫാത്തിമ, പാദുവാ, വെനീസ് തുടങ്ങിയ സ്ഥലങ്ങളിൽ പര്യടനം നടത്തിയിട്ടുണ്ട്. സി. സിഫേറിയായുടെ രണ്ടു സഹോദരന്മാരിൽ ഒരാൾ ചെറുപ്പത്തിൽതന്നെ മരിച്ചു. ജ്യേഷ്ഠ സഹോദരൻ ഫാ. ജോൺ കച്ചിറമറ്റം തലശ്ശേരി രൂപതക്കുവേണ്ടി വൈദികനാകുകയും പിന്നീട് പാലാ രൂപതയിലേക്ക് മാറുകയും ചെയ്തു. ഇപ്പോൾ തിരുവല്ല രൂപതാ മൈനർ സെമിനാരിയിൽ സ്പീരിച്ചൽ ഡയറക്ടറാണ്. സഹോദരി സി. സാനിറ്റ, സി.എം.സി. സഭയിൽ അംഗമാണ്. ചേർപ്പുങ്കൽ നസ്രത്ത് ഭവൻ സുപ്പീരിയറാണ്.

Address - Sr. Sipheria Kachiramattam, Haus Chavara, Papier Weg - 11,
79400 Kandern, Germany

# 316

# മാത്യു കൊച്ചുപറമ്പിൽ



"ആഴമുള്ള കാഴ്ചപ്പാടുകളുടെ മനുഷ്യൻ- ആത്മാർത്ഥതയും സേവന സന്നദ്ധതയും മാത്രം കൈമുതൽ- ആദർശത്തിന്റെ രംഗത്ത് കടുകിട വിട്ടു വീഴ്ചയും മുഖം നോട്ടവുമില്ല. ഉപജീവനത്തിനു വേണ്ടി സഭാ ശുശ്രൂഷ ചെയ്ത ആളല്ല ശ്രീ മാത്യു കൊച്ചു പറമ്പിൽ. 50 രൂപ അലവൻസ് കൈപ്പറ്റുമ്പോൾ 500 രൂപ വാഗ്ദാനം കിട്ടിയിട്ടും വിട്ടുപോകാൻ തയ്യാറാകാതിരുന്നത് തന്നെ തെളിവ്. മലബാറിലെ സഭയ്ക്ക് മാത്യു സാറിനോട് തീർത്താൽ തീരാത്ത കടപ്പാടുണ്ട്. വിശ്വാസ പരിശീലന രംഗത്തും ആത്മീയ രൂപീകരണ രംഗത്തും നിർണ്ണായക പങ്ക് വഹിച്ച ഈ ആത്മീയ പ്രേഷിതന് നന്ദി പറയുന്നത് ഉചിതമാവുകയില്ല. മാത്യു സാറിന് മതബോധനം ഒരു തപസ്യയായിരുന്നു. സാറിന്റെ അദ്ധ്വാനത്തിന് പ്രതിഫലം നിശ്ചയിക്കാനാവില്ല." 2001 മാർച്ച് ലക്കം ഗിരിദീപം മാസികയിൽ തലശ്ശേരി അതിരൂപതാ ചാൻസലർ ഫാ. അബ്രഹാം പോണാട്ട് എഴുതിയ വാക്കുകളാണ് മുകളിൽ ചേർത്തിരിക്കുന്നത്.

മത ബോധനം ഒരു തപസ്യയായി കണ്ട് പ്രവർത്തിച്ച മാത്യു കൊച്ചു പറമ്പിൽ കോട്ടയം ജില്ലയിൽ ആർപ്പൂക്കര കൊച്ചുപറമ്പിൽ കുടുംബത്തിൽ ജോസഫ്- ഏലിയാമ്മ ദമ്പതികളുടെ മകനായി 1943 ജൂലൈ 18-ന് ജനിച്ചു.

ഹൈസ്കൂൾ പഠനകാലത്ത് മുടിയൂർക്കര ഇടവകയിൽ മരിയൻ സൊഡാലിറ്റിക്ക് നേതൃത്വം കൊടുത്തുകൊണ്ടായിരുന്നു മാത്യു പൊതു പ്രവർത്തനത്തിന് ആരംഭം കുറിച്ചത്. സംഘടനയുടെ പ്രീഫക്ട് ആയിരുന്നത്

www.malankaralibrary.com

കൊണ്ട് ഇടവകയിലെ കുട്ടികളുടെ അദ്ധ്യാത്മികവും കലാപരവുമായ വളർച്ചയ്ക്കുവേണ്ടി ഒട്ടേറെ പദ്ധതികൾക്ക് മാത്യു രൂപം കൊടുത്തു. സൊഡാലിറ്റി എന്ന ബാലസംഘടന ഏറെ കഴിയുന്നതിനു മുൻപ് ഇടവകയിലെ സജീവ സാന്നിധ്യമായി മാറി. സംഘടനയുടെ നേതൃത്വത്തിൽ സ്ഥാപിച്ച മരിയൻ ആർട്സ് കുട്ടികളുടെ കലാപരമായ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിച്ചു. 1960-ൽ ഈ കലാ സമിതി അവതരിപ്പിച്ച ലഘു നാടകവും 1961-ൽ അവതരിപ്പിച്ച രക്തപിശാച് എന്ന സാമൂഹ്യ സംഗീത നാടകവും മാത്യു രചിച്ച് സംവിധാനം ചെയ്തതായിരുന്നു. 1962-ൽ ഇടവകയിലെ ജനങ്ങളെ സംഘടിപ്പിച്ച് മാത്യു രൂപീകരിച്ച പ്രകാശ് ഡ്രമാറ്റിക് ക്ലബ്ബ് അദ്ദേഹത്തിന്റെ രണ്ടാമത്തെ സാമൂഹ്യ സംഗീത നാടകമായ "തകരുന്ന മണിമേട" അവതരിപ്പിച്ചു.

1962-ൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ മാത്യു സ്വന്തം ഇടവകയിൽ മതാദ്ധ്യാപകനായി പ്രവർത്തിച്ചു. മുടയൂർക്കരയിൽ ആരംഭിച്ച മതബോധനം നാടുവിടുകയും വീടുമാറുകയും വിവിധ പന്ഥാവുകളിലുടെ നടക്കുകയും പലവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുകയും ചെയ്തെങ്കിലും ഒരു വീഴ്ചയും വരുത്താതെ തുടർന്നു കൊണ്ടിരുന്നു. വിദ്യാഭ്യാസം കഴിഞ്ഞ് വീട്ടിൽ കഴിയുന്ന കാലത്താണ് ഇടവക പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തത്. അന്നത്തെ വികാരി ബഹു. മാത്യു വയലിങ്കലച്ചനായിരുന്നു. സഹവികാരിയോ, സിസ്റ്റേഴ്സോ സഹായത്തിന് ഇല്ലാതിരുന്ന അക്കാലത്ത് ഒരു അജപാലന സഹായിയായി മാത്യുവിനെ വികാരിയച്ചൻ കണ്ടു. ഇടവകയിലെ സണ്ടേസ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആരാധന ജീവിതം സജീവമാക്കുന്നതിനും മാത്യു നേതൃത്വം നൽകി. കരിസ്മാറ്റിക് പ്രാർത്ഥനാ രീതികൾ പ്രചാരത്തിലില്ലാതിരുന്ന അന്ന് ആഗമനകാലത്തും അമ്പതുനോമ്പുകാലത്തും മറ്റും ദൈവ വചനത്തിന്റെ വെളിച്ചത്തിൽ സ്വയം പ്രേരിത പ്രാർത്ഥനകൾ ഉൾകൊള്ളിച്ചുകൊണ്ട് നടത്തിയിരുന്ന പ്രാർത്ഥനാ ശുശ്രൂഷകൾ പ്രത്യേകം ജനശ്രദ്ധ നേടി. കുട്ടികളുടെ സംഘടനകൾക്ക് നേതൃത്വം നൽകുക, ആത്മസ്ഥിതി പോലെയുള്ള കുറിക്കാർഡുകളും കുടുംബരജിസ്റ്ററും തയ്യാറാക്കാൻ ശ്രമിക്കുക തുടങ്ങിയ ജോലികളിൽ മാത്യു വികാരിയച്ചനെ സഹായിച്ചുകൊണ്ടിരുന്നു. ഇടവകയിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരുന്ന മാത്യു 1970 ഒക്ടോബറിൽ മലബാറിലെ മാങ്ങോട് ഇടവകയിലേക്ക് കുടിയേറി. അവിടേയും മതാദ്ധ്യാപക ജോലി ചെയ്തു. പ്രധാനദ്ധ്യാപകനുമായി. മതബോധന ക്ലാസ്സുകളിൽ ഇടവകയിലെ എല്ലാ കുട്ടികളും പങ്കെടുത്തിരുന്നില്ല. മാത്യു എല്ലാ വീടുകളിലും കയറിയിറങ്ങി കുട്ടികളേയും മാതാപിതാക്കളേയും നേരിൽ കണ്ട് മതപഠന ക്ലാസ്സുകളിൽ എല്ലാ കുട്ടികളും എത്തിച്ചേരാൻ പ്രേരിപ്പിച്ചു. അത് നൂറുശതമാനം വിജയമായി. 1971-1972 വർഷത്തിൽ തന്നെ മേഖലയിലെ ഏറ്റവും നല്ല സൺണ്ടേ സ്കൂളായി മാങ്ങോട് ഇടവകയിലെ സണ്ടേ സ്കൂൾ ഉയർത്തപ്പെട്ടു.

www.malankaralibrary.com

1971-ൽ മാങ്ങോട് ഇടവകയുടെ ട്രസ്റ്റിമാരിൽ ഒരാളായി തിരഞ്ഞെടുക്കപ്പെട്ടു. പള്ളിയിൽ നിന്നും തിരഞ്ഞെടുത്ത ജനകീയ കമ്മിറ്റിയുടെ നേതൃത്വം വഹിച്ചുകൊണ്ട് കീഴ്പ്പള്ളി- മാങ്ങോട് റോഡ്, കോഴിയാട്ട്- തട്ട്-കുണ്ടുമാങ്ങോട് റോഡ് എന്നിവ പണിതീർന്നിട്ടുള്ളതും ദേവാലയം പണി ആരംഭിക്കുന്നതും ഈ കാലത്താണ്. ഇതോടൊപ്പം ഇടവകയിലെ യുവജനങ്ങളെ സംഘടിപ്പിക്കുകയും സി. വൈ. എൽ എന്ന സംഘടനയ്ക്ക് രൂപം കൊടുക്കുകയും ചെയ്തു. സ്ഥാപകപ്രസിഡണ്ട് എന്ന നിലയിൽ രണ്ടു വർഷം ഈ സംഘടനയ്ക്ക് നേതൃത്വം നൽകി. സണ്ടേ സ്കൂൾ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ സംഘടന മുന്നോട്ട് വന്നു. അതു പോലെ തന്നെ ഒരു കലാസമിതിയും രൂപികരിച്ചു. കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ കഷ്ടപ്പാടുകളിലും പട്ടിണിയിലും രോഗങ്ങളിലും നാട്ടിലെ പാവപ്പെട്ടവർക്ക് ഒരത്താണിയായി തീരാൻ സംഘടനയ്ക്ക് സാധിച്ചു. വർഷകാലത്ത് കാറ്റിലും മഴയിലും പെട്ടും വേനൽക്കാലത്ത് കാട്ടുതീ കയറിയും കിടപ്പാടം നശിക്കുമ്പോഴും ചികിൽസാ മാർഗ്ഗമില്ലാതെ കഷ്ടപ്പെടുമ്പോഴും അവിടെ ഓടിയെത്തുക സി. വൈ. എൽ-ന്റെ ആളുകളായിരുന്നു. വർഷക്കാലത്ത് തോടുകൾക്ക് പാലങ്ങൾ നിർമ്മിക്കുകയെന്ന ജോലിയും സംഘടന ഏറ്റെടുത്തു. മാങ്ങോട് പള്ളിക്കൽ നിന്നും ഓടക്കരി വഴി മാങ്ങോട് മലയിലേക്ക് ഇന്ന് കാണുന്ന റോഡ് വെട്ടിതുറന്നതും ഈ സംഘടനയാണ്. നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ വേണ്ടി ഒരു പ്രദേശിക രാഷ്ട്രീയ പാർട്ടിക്ക് നേതൃത്വം നൽകുവാനും മാത്യു തയ്യാറായി. സി. വൈ. എൽ-ന്റെ നേതൃത്വത്തിൽ നടന്ന എല്ലാ പ്രവർത്തനങ്ങളുടെയും മുൻപന്തിയിൽ ശ്രീ മാത്യു ഉണ്ടായിരുന്നു.

അന്ന് മതബോധന രൂപതാ ഡയറക്ടർ ബഹു. ജോർജ് വലിയമറ്റത്തച്ചനായിരുന്നു.(ഇപ്പോഴത്തെ മെത്രപ്പോലീത്താ). അദ്ദേഹത്തിന്റെയും ഇടവക വികാരി നെല്ലുവേലിൽ അച്ചന്റേയും നിർദ്ദേശാനുസരണം 1973-ജൂണിൽ ദ്വിവത്സര ദൈവശാസ്ത്ര പരിശീലനത്തിനായി പി. ഒ. സി-യിൽ ചേർന്നു. 1975-ൽ പ്രശംസനീയമായ വിധത്തിൽ വിജയം വരിച്ച മാത്യു രൂപതയിലെ മതബോധന കേന്ദ്രത്തിൽ നിയമിതനായി.

മതാദ്ധ്യാപകനായി സഭാ ശുശ്രൂഷകൾ ആരംഭിച്ച്, അദ്ധ്യാപകരുടെ അദ്ധ്യാപകനായി അധികകാലം സേവനം അനുഷ്ഠിച്ച ചരിത്രമാണ് ശ്രീ മാത്യു സാറിന്റേത്. 1976-1980 കാലഘട്ടത്തിൽ നടത്തിയ ഇടവക നവീകരണ സെമിനാറുകൾ, മതാദ്ധ്യാപകർക്കുവേണ്ടി നടത്തി വന്ന ദ്വിവാര തീവ്ര പരിശീലന കോഴ്സുകൾ(ഐ. റ്റി. സി), ചതുർദിന സെമിനാറുകൾ, ആമുഖ സെമിനാറുകൾ എന്നിവയിലൂടെയാണ് മാത്യു സാർ രൂപതയിൽ ശ്രദ്ധേയനായത്. വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യമുൾകൊണ്ട് ഇടവക അജപാലന സമിതികൾ രൂപം കൊണ്ടപ്പോൾ അവർക്ക് പരിശീലനം കൊടുക്കുന്നതിലും സാറിന്റെ സേവനം വിലപ്പെട്ടതായിരുന്നു. മതബോധന രംഗത്തെ

www.malankaralibrary.com

അതികായനെന്ന നിലയിൽ കേരളത്തിലെ ഭൂരിഭാഗം രൂപതകളിലും മാത്യു സാർ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. പല രൂപതകളിലും വൈദികർക്കും സന്യസ്തർക്കും ക്ലാസ്സുകൾ നൽകുന്നതിന് ശ്രീ മാത്യു ക്ഷണിക്കപ്പെട്ടു. നവീകരണ സെമിനാറുകൾ നടത്തുവാൻ മറ്റു രൂപതകളിലും സേവനം നൽകിയതോടൊപ്പം സംസ്ഥാനതലത്തിൽ നവീകരണ ടീമുകൾക്ക് പരിശീലനം കൊടുക്കുവാനും മാത്യു സാർ കർമ്മനിരതനായിട്ടുണ്ട്.( ഗിരിദീപം 2001മാർച്ച്).

തലശ്ശേരി അതിരൂപതയിൽ ഒരു നല്ല അൽമായ നേതൃനിരയെ കെട്ടിപ്പടുക്കുന്നതിലും മാത്യു സാർ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. മാങ്ങോട് ആരംഭിച്ച യുവജന പരിശീലനപരിപാടികൾ രൂപതയിലാകമാനം വ്യാപകമാക്കാൻ മതബോധന കേന്ദ്രത്തിലെ പ്രവർത്തനങ്ങൾ സഹായിച്ചു. രൂപതയിലും സമീപ രൂപതകളിലും ധാരാളം ഇടവകകളിൽ യുവജന ക്യാമ്പുകൾക്ക് നേതൃത്വം നൽകി. 1975-1977 കാലഘട്ടത്തിൽ നിർമ്മലഗിരി കോളേജിലെ വിദ്യാർത്ഥികൾക്ക് വേണ്ടി യേശുവിൽ ഒരു പുതിയ സമൂഹം എന്ന വിഷയത്തെ അധികരിച്ച് എല്ലാ രണ്ടാം ശനിയാഴ്ചയും രണ്ട് മണിക്കൂർ വീതം ക്ലാസ്സുകളും ചർച്ചകളും നടത്തിപ്പോന്നിരുന്നു.

ഇടവക നവീകരണ സെമിനാറിനെ തുടർന്നാണ് രൂപതയിൽ കുടുംബപ്രേഷിത പരിപാടികൾ സജീവമായത്. അന്നു മുതൽ രൂപതാ കേന്ദ്രത്തിലെ മറ്റു ടീമംഗങ്ങളോട് ചേർന്ന് രൂപതയിലെ എല്ലാ ഇടവകകളിലും കുടുംബജീവിതത്തിന്റെ വിവിധ വശങ്ങളെ കുറിച്ചുള്ള ക്ലാസ്സുകൾ ദമ്പതികൾക്കായി നടത്തിപ്പോന്നിരുന്നു. 1982-1983, 1986-87 വർഷങ്ങളിലായി എല്ലാ ഇടവകകളിലും മേഖലാ ടീമുകളുമായി ചേർന്ന് വിവാഹത്തിനൊരുക്കമായുള്ള ചതുർദിന സെമിനാറുകൾ നടത്തിയിരുന്നു.

രൂപതാ കേന്ദ്രത്തിലെ ടീമംഗങ്ങളോട് ചേർന്ന് റഗുലർ സ്കൂൾ അദ്ധ്യാപകർക്കു വേണ്ടിയും പല വിശ്വാസ ബോധവൽക്കരണ പരിപാടികളും നടത്തിപ്പോന്നിരുന്നു. രൂപതാ കേന്ദ്രത്തിൽ വെച്ച് നടത്തിപ്പോന്നിരുന്ന ഒരാഴ്ച ദീർഘിക്കുന്ന ക്രിസ്താനുഭവ സെമിനാറുകൾ ഇവയിൽ പ്രത്യേകം ശ്രദ്ധാർഹമായിരുന്നു. തലശ്ശേരി, താമരശ്ശേരി രൂപതകളിൽ സന്യാസാർത്ഥികൾക്കു വേണ്ടി നടത്തപ്പെട്ടിരുന്ന-Postulants Course- കൾക്ക് എല്ലാ വർഷവും മാത്യു സാർ ക്ലാസ്സുകൾ എടുത്തിരുന്നു. വിവിധ സന്യാസ സമൂഹങ്ങളുടെ പരിശീലന കേന്ദ്രങ്ങളിലും ക്ലാസ്സുകൾ എടുക്കുകയും ചെയ്തിരുന്നു.

പി. ഒ. സി കമ്മീഷൻ മെമ്പർ എന്ന നിലയിലും (25 വർഷം) മതബോധന ടെക്സ്റ്റ് ബുക്ക് കമ്മിറ്റി മെമ്പർ എന്ന നിലയിലും കെ. സി. ബി. സി ഫാമിലി കമ്മീഷൻ മെമ്പർ എന്ന നിലയിലും (8 വർഷം), സോഷ്യൽ സർവ്വീസ് ഫോറം കമ്മിറ്റി മേമ്പർ എന്ന നിലയിലും (3 വർഷം) മാത്യു സാർ പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ കെ. സി. വൈ. എം അതിരൂപതാ ആനിമേറ്റർ(1992-2001) TSSS ഡയറക്ടർ ബോർഡ് മെമ്പർ(1993-2001) TSSS പ്രോജക്ട് സെലക്ഷൻ കമ്മിറ്റി(DPSC) അംഗം(8 വർഷം) അതിരൂപതാ പാസ്റ്റ

www.malankaralibrary.com

റൽ കൗൺസിൽ അംഗം(30 വർഷം) സീറോ-മലബാർ സഭാ മതബോധന- സിനഡൽ കമ്മിറ്റി മെമ്പർ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മതബോധനത്തെ സംബന്ധിച്ച് 1975-ലെ അന്താരാഷ്ട്ര സമ്മേളനത്തിലേക്കുള്ള പ്രതിനിധിയായും സീറോ- മലബാർ സഭാ മിഷൻ അസംബ്ലിയിലേക്ക് ഡെലഗേറ്റായും സി. ബി.സി. ഐയെ കുറിച്ചുള്ള ഇവാലുവേഷൻ കമ്മിറ്റിയിൽ രൂപതയിൽ നിന്നുള്ള പ്രതിനിധിയായും മംഗലാപുരത്ത് നടന്ന ദേശീയ അൽമായ നേതൃത്വ സമ്മേളനത്തിലേക്കുള്ള രൂപതയുടെ പ്രതിനിധിയായും പ്രവർത്തിച്ചിട്ടുള്ള മാത്യു സാർ ദേശീയ മതബോധന സമ്മേളനത്തിലേക്കുള്ള പ്രത്യേക ക്ഷണിതാവും ആയിരുന്നു.

മർദ്ദിതർക്ക് മോചനം എന്ന അദ്ദേഹത്തിന്റെ കൃതി വിമോചന ദൈവശാസ്ത്രത്തെക്കുറിച്ച് മലയാളത്തിൽ രചിക്കപ്പെട്ട ആദ്യ പുസ്തകം ആണ് ഫാ. തോമസ് തോപ്പിൽ ഒ.എഫ്. എം, ഫാ. അബ്രഹാം പോണാട്ട് എന്നിവരോടൊത്ത് വിവാഹവേദി, കുടുംബവേദി എന്നീ ഗ്രന്ഥങ്ങളുടെ രചനയിലും എഡിറ്റിംഗിലും പങ്ക് ചേർന്നു. മോൺ തോമസ് പഴേപറമ്പിൽ രചിച്ച സ്വപ്നഭൂമിയിൽ എന്ന മലബാർ കുടിയേറ്റചരിത്രം എഡിറ്റ് ചെയ്തു. റവ. ഡോ. ജോസ് പൂവത്തികുന്നേൽ എഡിറ്റ് ചെയ്ത കുടിയേറ്റജനതയുടെ പിതാവ് എന്ന പുസ്തകത്തിൽ അൽമായരുടെ അഭിമാനം എന്ന ലേഖനം എഴുതി. കാർമ്മൽ മാസകയിൽ രണ്ടു വർഷം തുടർലേഖനങ്ങൾ എഴുതിയ മാത്യു സാർ മതവും ചിന്തയും, സത്യദീപം,പ്രേഷിത കേരളം, താലന്ത് എന്നീ മാസികകളിലും നിരന്തരം എഴുതികൊണ്ടിരുന്നു.

26 വർഷം രൂപതാ കേന്ദ്രത്തിൽ ഒരു മുഴുവൻ സമയ പ്രവർത്തകനായി സേവനം ചെയ്യാനും രൂപതയിലും പുറത്തും ദൈവവചനം പ്രഘോഷിക്കുവാനും അദ്ദേഹത്തിനും ഭാഗ്യം ലഭിച്ചു. കർണ്ണാടക മിഷൻ ബൽത്തങ്ങാടി രൂപതയായി വളരുന്നതിൽ വളരെയധികം സഹായിച്ചു എന്ന് അനുസ്മരിച്ചുകൊണ്ട് അഭിവന്ദ്യ ലോറൻസ് പിതാവിന്റേയും അവിടുത്തെ മതബോധന കേന്ദ്രത്തിന്റേയും നേതൃത്വത്തിൽ കന്നടരീതിയിൽ നൽകപ്പെട്ട സ്വീകരണവും നന്ദി പ്രകടനവും സമ്മാനങ്ങളും വലിയ ഒരു അംഗീകാരമായിട്ടാണ് മാത്യു സാർ കണക്കാക്കുന്നത്. മഹാജൂബിലി സമാപനത്തോടനുബന്ധിച്ച് 2000 നവംബറിൽ നടത്തപ്പട്ട മതാദ്ധ്യപകരുടേയും ബഹു. വികാരിയച്ചൻമാരുടേയും സംയുക്ത സംഗമത്തിൽ രോഗിയായിരുന്നിട്ടുകൂടി സംബന്ധിക്കുവാനും, ആരോഗ്യകരകമായ കാരണങ്ങളാൽ മതബോധന കേന്ദ്രത്തിൽ നിന്ന് പിരിയുവാനുള്ള തീരുമാനം അറിയിച്ച് നന്ദി പ്രകാശിപ്പിക്കുവാൻ അവസരം ലഭിച്ചതും അദ്ദേഹത്തിന്റെ ജീവിതത്തിൽ അനുസ്മരണീയമാണ്.

രൂപതയിലെ മതാദ്ധ്യാപക പരിശീലകൻ എന്ന നിലയിൽ കാൽ നൂററാണ്ടിലേറെ പ്രശംസനീയമായ സേവനം അനുഷ്ഠിച്ചതിന് പ്രത്യേകമായ പൈതൃകാശിർവ്വാദം നൽകി കൊണ്ടുള്ള പ. പിതാവ് ജോൺ പോൾ

www.malankaralibrary.com

രണ്ടാമന്റെ സന്ദേശം രേഖപ്പെടുത്തിയ അംഗീകാരപത്രം തദവസരത്തിൽ സീറോ- മലബാർ സഭാദ്ധ്യക്ഷൻ മാർ വർക്കി വിതയത്തിൽ സമ്മാനിക്കുകയുണ്ടായി.

2001 ഫെബ്രുവരി 8-ന് രൂപതാ കേന്ദ്രത്തിൽ നിന്ന് പിരിഞ്ഞെങ്കിലും രൂപതയുടടെ സുവർണ്ണ ജൂബിലി ആഘോഷവേളയിൽ മാത്യു സാറിന്റെ സേവനങ്ങളെ പ്രത്യേകം അനുസ്മരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തു. പൗരസ്ത്യ തിരുസഭാദ്ധ്യക്ഷൻ, പ്രൊനുൺഷ്യോ, അഭിവന്ദ്യ പിതാക്കൻമാർ, മുഖ്യമന്ത്രി, കേന്ദ്രസംസ്ഥാന മന്ത്രിമാർ എന്നിവരടക്കം പതിനായിരകണക്കിന് ആളുകളുടെ സാന്നിദ്ധ്യത്തിൽ കഴിഞ്ഞ ദശകങ്ങളിൽ ക്രൈസ്തവസമൂഹരൂപീകരണ രംഗത്ത് നൽകിയ അമൂല്യ സംഭാവനകൾ അനുസ്മരിച്ചുകൊണ്ടുള്ള പ്രശസ്തിഫലകവും സീറോ- മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ നിന്നും ഏററു വാങ്ങുകയുണ്ടായി.

ഫാ. ജോസ് പൂവത്തികുന്നൽ തലശ്ശേരി അതിരൂപതാ മതബോധന ഡയറക്ടർ ഗിരിദീപത്തിൽ എഴുതിയ വാക്കുകൾ ശ്രദ്ധിക്കുക. “സ്വയം മറന്ന് കഠിനാദ്ധ്വാനം ചെയ്ത ചരിത്രമാണ് മാത്യു സാറിനുള്ളത്. അഭിപ്രായ ധീരതയുടേയും ഉറച്ച ബോധ്യങ്ങളുടേയും ഉടമയായ മാത്യു സാറിന്റെ ശക്തമായ സ്വാധീനം തലശ്ശേരി അതിരൂപതയുടെ സർവ്വതോന്മുഖമായ വളർച്ചയിൽ വളരെ പ്രകടമായി കണ്ടെത്താനാകും. വളരെ തീക്ഷ്ണ മതിയായ മാത്യു സാർ മാതൃകാ സമ്പന്നനും ആദർശ ധീരനുമായ ഒരു അൽമായ പ്രേഷിതനാണ്. (ഗിരിദീപം 2001 മാർച്ച്).


മതാദ്ധ്യാപികയും യു. പി സ്കൂൾ റിട്ടയേർഡ് അദ്ധ്യാപികയുമായ ഏലിക്കുട്ടിയാണ് സഹ ധർമ്മിണി.

വിലാസം - ശ്രീ മാത്യു കൊച്ചുപറമ്പിൽ, വെളിമാനം പി. ഒ, കണ്ണൂർ ജില്ല

# 317

# ഫാ.ജോസ് ചിറ്റിലപ്പിള്ളി

## സി.എം.ഐ



സംഘാടകൻ, വാഗ്മി, ഗ്രന്ഥകാരൻ, വിദ്യാഭ്യാസ ചിന്തകൻ എന്നിങ്ങനെ വിവിധ നിലകളിൽ അറിയപ്പെടുന്ന ഫാ.ജോസ്. ചിറ്റിലപ്പിള്ളി ഇരിങ്ങാലക്കുട രൂപതയിലെ കല്ലേറ്റുംകര ഇടവകയിൽ ചിറ്റിലപ്പള്ളി തണ്ടേക്കൽ കുടുംബത്തിൽ അന്തോണി അന്നമ്മ ദമ്പതികളുടെ എട്ടു മക്കളിൽ രണ്ടാമനായി 1943 ആഗസ്റ്റ് 12-ാം തീയതി

www.malankaralibrary.com

ജനിച്ചു. കല്ലേറ്റുംകരയായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. 1958 ൽ ഒരു യോഗാർത്ഥിയായി സി.എം.ഐ. സഭയിൽ പ്രവേശിച്ച ജോസ് വരന്തരപ്പള്ളി വി. പത്താം പീയൂസിന്റെ മൈനർ സെമിനാരിയിലും അമ്പഴക്കാട് സെന്റ്. തെരേസാസ് ആശ്രമത്തിലും സന്യാസ പരിശീലനം നേടി. 1963-ൽ സി.എം.ഐ സഭയിൽ വ്രതവാഗ്ദാനം ചെയ്തു. തുടർന്ന് ബാംഗ്ളൂർ ധർമ്മരാം കോളേജിൽ തത്ത്വശാസ്ത്ര പഠനം നടത്തി. 1968-ൽ ധാർവാർ കർണ്ണാടക യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ഫസ്റ്റ് റാങ്കോടെ രാഷ്ട്രമീമാംസയിൽ ബി.എ. ബിരുദവും നേടി. 1970-ൽ കർണ്ണാടക യൂണിവേഴ്സിറ്റിയിൽനിന്ന് ഫസ്റ്റ് റാങ്കോടെ രാഷ്ട്രമീമാംസയിൽ എം.എ. ബിരുദവും സമ്പാദിച്ചു. ബി.എ.യ്ക്കും എം.എ.യ്ക്കും യൂണിവേഴ്സിറ്റി ഗോൾഡ്മെഡലിന് അർഹനായിരുന്നു ജോസ്. വീണ്ടും ധർമ്മാരാംകോളേജിൽ എത്തി ദൈവശാസ്ത്ര പഠനം പൂർത്തിയാക്കുകയും 1974 ഏപ്രിൽ 17ന് മാർ ജോസഫ് കുണ്ടുകുളം തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു.

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ അതേ വർഷം തന്നെ അദ്ധ്യാപകനായി നിയമനം ലഭിച്ചു. അദ്ധ്യാപക ജോലിക്കുപുറമേ ഹോസ്റ്റൽ വാർഡനായും ലൈബ്രറി ഡയറക്ടറായും സി.എസ്.ഐ. ഐക്കഫ് സംഘടനകളുടെ ചാപ്ലിൻ ആയും സേവനം അനുഷ്ഠിച്ചു. കൂടാതെ എൻ.എസ്.എസ്. കോർഡിനേറ്റർ, ക്രൈസ്റ്റ് ചാപ്പൽവികാരി, വൈസ്പ്രിൻസിപ്പൽ എന്നീ നിലകളിലും സേവനം ചെയ്തു. തുടർന്ന് ഉപരിപഠനാർത്ഥം റോമിൽ പോവുകയും തിയോളജിയിൽ മാസ്റ്റർ ബിരുദം നേടുകയും ചെയ്തു. റോമിലെ സലേഷ്യൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് മാധ്യമങ്ങളെപ്പറ്റി പഠനം നടത്തി. രണ്ടു വർഷത്തിനുശേഷം നാട്ടിൽ തിരിച്ചെത്തി ക്രൈസ്റ്റ് കോളേജിൽ അദ്ധ്യാപനം തുടർന്നു.

1982ൽ ഇരിങ്ങാലക്കുട കാത്തലിക് സെന്റർ ഡയറക്ടറായി നിയമിതനായപ്പോൾ യുവജന പരിശീലനത്തിൽ കൂടുതൽ ദത്തശ്രദ്ധനാകാൻ അച്ചനു കഴിഞ്ഞു. നേരായ ലക്ഷ്യബോധവും നെറിവാർന്ന പ്രവർത്തനസരണിയും യുവജനങ്ങൾക്ക് നൽകണമെന്നും അവരുടെ സർഗ്ഗശക്തിയെ പ്രയോജനപ്പെടുത്താൻ അവസരം സൃഷ്ടിക്കണമെന്നും യുവജനങ്ങൾ അപകടകാരികളാണെന്ന ചിന്താഗതി ഉപേക്ഷിച്ച് അവരോടുകൂടിയായിരിക്കുവാൻ ശ്രദ്ധിക്കണമെന്നും ഉള്ള അഭിപ്രായക്കാരനാണ് ഫാ.ചിറ്റിലപ്പിള്ളി. യുവാക്കളുമായി അടിത്തിടപഴകുവാൻ ലഭിച്ച അവസരങ്ങളാണ് ജീവിതത്തിലെ ഏറ്റവും ധന്യമായ മുഹൂർത്തങ്ങളെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. യുവജനങ്ങൾക്ക് അമിത സ്വാതന്ത്ര്യം കൊടുക്കരുതെന്നും അവരെ അമിതമായി നിയന്ത്രിക്കരുതെന്നും ഉള്ള പക്ഷക്കാരനാണ് അദ്ദേഹം.

അച്ചൻ കോളേജിൽ വൈസ് പ്രിൻസിപ്പൽ ആയിരുന്നപ്പോൾ നടപ്പിലാക്കിയ ട്യൂട്ടോറിയൽ സിസ്റ്റം നല്ലൊരു വിജയമായിരുന്നു. ക്യാമ്പസിലെ

www.malankaralibrary.com

രണ്ടായിരത്തിയഞ്ഞൂറോളം വരുന്ന വിദ്യാർത്ഥികളെ 30 ബാച്ചുകളായി തിരിച്ച് ഓരോ ട്യൂട്ടർമാരുടെ കീഴിൽ ഒരോ വിദ്യാർത്ഥിയേയും സംബന്ധിച്ച വിവരങ്ങൾ ഓരോ ഫയലുകളിലാക്കി വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളുമായി കത്തുകൾ, അഭിമുഖങ്ങൾ, രക്ഷാകതൃസമ്മേളനങ്ങൾ, ഭവനസന്ദർശനങ്ങൾ എന്നീ മാർഗ്ഗങ്ങളിലൂടെ ബന്ധം പുലർത്തി പഠനപുരോഗതിയും സ്വഭാവ രൂപീകരണവും ഉറപ്പു വരുത്തുന്ന ഒരു സംവിധാനമാണ് ട്യൂട്ടോറിയൽ സമ്പ്രദായം.

1986-ൽ ചാലക്കുടികാർമ്മൽ ഭവൻ സുപ്പിരീയറും കാർമ്മൽ ഹൈസ്കൂൾ മാനേജരുമായി അച്ചൻ ചുമതലയേറ്റു. കാർമ്മൽസ്ഥാപനങ്ങൾക്ക് ഒരുജനകീയ അടിത്തറ പാകാൻ ഇക്കാലയളവിൽ കഴിഞ്ഞു. പുൽത്തകിടി പാകിയ കാർമ്മൽസ്റ്റേഡിയം സംസ്ഥാന മൽസരങ്ങൾക്കുമാത്രമല്ല ദേശീയമൽസരങ്ങൾക്കും വേദിയായി.

1983-86 കാലയളവിൽ തൃശൂർ ദേവമാതാപ്രവിശ്യയുടെ വിദ്യാഭ്യാസ മാധ്യമ വകുപ്പ് കൗൺസിലറായും കോർപ്പറേറ്റ് മാനേജരായും ജോസച്ചൻ സേവനം ചെയ്തു. തൃശൂർ നഗരത്തിലെ ദേവമാതാ പബ്ളിക് സ്കൂൾ ആരംഭിച്ചതും ചാലക്കുടിക്കടുത്ത് പോട്ടയിൽ ചാവറ കുര്യാക്കോസ് ഏലിയാസ് സ്കൂൾ തുടങ്ങിയതും ഇക്കാലത്താണ്. പ്രവിശ്യയുടെ കീഴിലുള്ള സ്കൂളുകളിൽ ചാവറ ലൈബ്രറിയാരംഭിച്ചും മൂല്യാവബോധ പരിപാടികൾ സംഘടിപ്പിച്ചും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയും സാമൂഹ്യ സമ്പർക്ക പ്രോഗ്രാമുകൾ നടത്തിയും വിദ്യാഭ്യാസ പ്രക്രിയ മൂല്യാധിഷ്ഠിതമാക്കുവാൻ അദ്ദേഹം നേതൃത്വം നല്കി. 1984-ൽ ക്രൈസ്റ്റ് കോളേജ്പ്രിൻസിപ്പലായി സ്ഥാനമേറ്റു. 1985-ൽ പ്രിൻസിപ്പലായിരിക്കെ കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ്, അക്കാഡമിക് കൗൺസിൽ എന്നീ സമിതികളിലേക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. 1986 -ൽ കേരള സർക്കാർ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗമായി നാമനിർദ്ദേശം ചെയ്തു. ഇടപതുപക്ഷ സർക്കാർ നാമനിർദ്ദേശം ചെയ്ത സിൻഡിക്കേറ്റ് അംഗമെന്ന നിലയിൽ പ്രവർത്തന പരിമിതികളുണ്ടെങ്കിലും ക്രൈസ്റ്റ് കലാലയത്തിനും മറ്റു ക്രൈസ്തവ കലാലായങ്ങൾക്കും പല നേട്ടങ്ങളും കൈവരിക്കുവാൻ സഹായകരമായി. പുതിയ കോഴ്സുകളുടെ അംഗീകാരത്തിലും അദ്ധ്യാപകരുടെ നിയമനത്തിലും വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിലും വളരെ കാര്യങ്ങൾ ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. സ്വതന്ത്രമായ കാഴ്ചപ്പാടോടെ പ്രതികരിക്കാനും കഴിഞ്ഞു. അന്നത്തെ സിൻഡിക്കേറ്റു യോഗങ്ങളിൽ വിയോജനക്കുറിപ്പെഴുതിയ ഏക വ്യക്തിയും അദ്ദേഹമായിരുന്നു. തൃശൂർ സെന്റ് തോമസ്കോളേജിലെ വിദ്യാർത്ഥി സമരത്തിന്റെ കാര്യത്തിലായിരുന്നു വിയോജനക്കുറിപ്പെഴുതിയത്. ചില കേന്ദ്രങ്ങളിലും പത്രമാധ്യമങ്ങളിലും തെറ്റിദ്ധരിക്കപ്പെട്ടപ്പോഴും സ്വന്തം കാഴ്ചപ്പാടിൽ ഉറച്ചുനിൽക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

www.malankaralibrary.com

ബി.പി.ഇ.പ്രൊഫഷണൽ കോഴ്സ് കേരളത്തിലെ ഒരുഡിഗ്രി കോളേജിൽ ആരംഭിച്ചത് ഇക്കാലയളവിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലാണ്. എം.എസ്.സി. ഫിസിക്സ്, ബി.എസ്സ്.സി. കംമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകളും ഇക്കാലത്ത് ആരംഭിച്ചു. സ്പോർട്സ് കോംപ്ളക്സ്, ചാവറ കോൺഫറൻസ് ഹാൾ, കൗൺസിലിൽ സംവിധാനം എന്നിവ ഈ കാലയളവിലെ പ്രധാന നിർമ്മാണപ്രവർത്തനങ്ങളാണ്. കാലിക്കട്ട് യൂണിവേഴ്സിറ്റി ഡി-സോൺ മൽസരങ്ങളിൽ ഓവറോൾ ചാമ്പ്യൻ പദവിയും നാലുവർഷക്കാലം ക്രൈസ്റ്റ് നിലനിർത്തി. ബെസ്റ്റ് കോളേജിനുള്ള സിറ്റിസൺ ഫോറം അവാർഡിന് ക്രൈസ്റ്റ് അർഹയായി.

1988-ൽ തൃശൂർ ദീപിക ദിനപ്പത്രത്തിന്റെ റസിഡണ്ട് എഡിറ്ററായി ജോസച്ചൻ നിയമിതനായി. തൃശൂർ, ഇരിങ്ങാലക്കുട, പാലക്കാടു രൂപതകളിലെയും മലബാറിലെയും ഇടവകകൾതോറുമുള്ള ജനസമ്പർക്ക പരിപാടിയിലുടെ ദീപികയുടെ പ്രചാരം ഏറെ വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. ധർമ്മാരാം കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ ബാംഗ്ളൂരിലും പിന്നീട് തൃശൂരും ദീപിക ബാലസഖ്യം ഓർഗനൈസറായിരുന്ന അനുഭവവും റോമിലെ സലേഷ്യൻ ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനവും ഈ യത്നത്തിൽ വളരെ ഉപകരിക്കുകയുണ്ടായി.

1995-ൽ ഇരിങ്ങാലക്കുട രൂപതയിൽ മാപ്രാണം ഇടവകാതിർത്തിയിൽ കുഴിക്കാട്ടുകോൺ പ്രദേശത്ത് ഒരു കുരിശുപള്ളി പോലുമില്ലാതിരുന്നസ്ഥലത്ത് പുതിയൊരുദേവാലയം സ്ഥാപിക്കാൻ മുൻകൈെടുത്തതും വിമലമാതാ ഇടവകയ്ക്ക് രൂപം കൊടുക്കുകയും ചെയ്തത് ജോസച്ചനാണ്. ഇടവകയുടെ പ്രഥമ വികാരിയും അദ്ദേഹം തന്നെയായിരുന്നു.

1998-ൽ ക്രൈസ്റ്റ് കോളേജിൽ നിന്ന് പ്രിൻസിപ്പലായി വിരമിച്ചു. 1998 -ൽ പൗരോഹിത്യ രജതജൂബിലിയാഘോഷിക്കുകയുണ്ടായി. 2000-ൽ തലോർ ഇൻഫന്റ് ജീസസ് ആശ്രമപ്രയോർ, ഇടവകവികാരി എന്നീ ചുമതലകളേറ്റു. ഇക്കാലയളവിൽ ആശ്രമത്തിന്റെയും പ്രൈമറി വിദ്യാലത്തിന്റെയും പ്ളാറ്റിനം ജൂബിലിയും ഇടവകയുടെയും ഹൈസ്കൂളിന്റെയും രജതജൂബിലിയും വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. ജൂബിലി സ്മാരകമായി നിർമ്മിച്ച പാരീഷ് ഓഡിറ്റോറിയവും ദീപ്തി ഹൈസ്കൂൾ ജൂബിലി ഹാളും തലോറിന്റെ തിലകക്കുറികളായി വിരാജിക്കുന്നു. തൃശൂർ അതിരൂപതയിലെ കലാ-കായിക-സാഹിത്യ മത്സരങ്ങളിൽ പ്രഥമ സ്ഥാനത്തെത്തി. തലോറിടവക രണ്ടുവർഷം ഓവറോൾ ട്രോഫി കരസ്ഥമാക്കി. ഫാ. ചിറ്റിലപ്പിള്ളിയുടെ ഭാവനയും കഠിനാധ്വാനവും ആണ് ഇവയുടെ എല്ലാം പിന്നിൽ നമുക്ക് ദർശിക്കുവാൻ സാധിക്കുക.

2001- ഏപ്രിൽ മാസത്തിൽ ബാംഗ്ളൂർ ധർമ്മാരാമിൽ വച്ചു നടന്ന സി.എം.ഐ. സഭയുടെ ജനറൽ ചാപ്റ്ററിൽ വച്ച് കേന്ദ്ര വിദ്യാഭ്യാസ - മാധ്യമ വകുപ്പിന്റെ ജനറൽ കൗൺസിലറായി ജോസച്ചൻ തിരഞ്ഞെടുക്കപ്പെട്ടു.

www.malankaralibrary.com

ആഫ്രിക്കൻ സി.എം.ഐ. മിഷന്റെ കോർഡിനേറ്റർ, കൊച്ചിയിലെ സാംസ്കാരിക കേന്ദ്രമായ ചാവറ കൾച്ചർ സെന്ററിന്റെ ചെയർമാൻ, കാരക്കാമുറി റസിഡന്റ് അസോസിയേഷൻ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിക്കുന്നു.

ഇരിങ്ങാലക്കുട രൂപതാ സന്ന്യാസ കമ്മീഷൻ ചെയർമാൻ, രൂപതാ പാസ്റ്ററൽ കൗൺസിൽ മെമ്പർ, വൈദീകസെനറ്റ് മെമ്പർ, മതബോധന ആനിമേറ്റേഴ്സ് ടീം അംഗം എന്നീ നിലകളിലും ദീർഘകാലം പ്രവർത്തിക്കുകയുണ്ടായി. ഈ സേവനങ്ങളുടെ അംഗീകാരമായി രൂപതാ- നിർമാണ അവാർഡിനർഹനായിട്ടുണ്ട്.

യു.എസ്സ്.എ, കാനഡാ, ഇംഗ്ലണ്ട്, ഇറ്റലി, ഫ്രാൻസ്, സ്വിറ്റ്സർലണ്ട്, കെനിയ, മഡഗാസ്കർ, ടാൻസാനിയ, സൗത്ത് ആഫ്രിക്ക, എന്നീ 18 വിദേശരാജ്യങ്ങളിൽ പര്യടനം നടത്തിയിട്ടുള്ള അദ്ദേഹം ബോംബെ, പൂന, മദ്രാസ് എന്നീ നഗരങ്ങളിലും ജർമ്മനി, ഇറ്റലി എന്നീ വിദേശ രാജ്യങ്ങളിലും ധ്യാന പരിപാടികൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. വൈദീകർക്കും സമർപ്പിതർക്കും ഇടവക ജനങ്ങൾക്കുമായി 300 -ൽപ്പരം ധ്യാനങ്ങൽ നടത്തിയിട്ടുണ്ട്.

കർമ്മല മുതൽ കാൽവരി വരെ, മുക്തിസസൂക്തങ്ങൾ, വിദ്യാഭ്യാസം, ലക്ഷ്യവും മാർഗ്ഗവും, സൗഹൃദത്തിലൂടെ സായൂജ്യത്തിലേക്ക്, സുവിശേഷങ്ങൾക്കൊരു ആമുഖം എന്നീ ഗ്രന്ഥങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രമുഖ സംഘാടകനും, വാഗ്മിയും, വിദ്യാഭ്യാസ ചിന്തകനും ആയ ജോസച്ചൻ സി.എം.ഐ. സഭയുടെ കേന്ദ്ര ആസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്നു.

Address - Fr. Jose Chittileppally C.M.I., General Councillor - for Education and media of Communication, Prior General House, Ernakulam-Cochi- 682011.

# 318



## മേബൽ ലിഗോറി (ടി.ജെ. മേബൽ)

"ഞാൻ ഒരു സാധാരണ കുടുംബത്തിലെ അംഗമാണ്. ഇവിടെ എന്റെ സേവനം ഇല്ലെങ്കിലും കുഴപ്പമൊന്നും വരില്ല. എന്നാൽ എന്റെ രാജ്യത്തിന് എന്റെ സേവനം ആവശ്യമാണ്". മേബൽ ലിഗോറിയുടെ വാക്കുകളാണിവ.ഇംഗ്ലണ്ടിൽ തനിക്ക് ലഭിച്ച ഏറ്റവും വലിയ ജോലി ഉപേക്ഷിച്ച് നാട്ടിലേക്ക് പോരാൻ ഒരുങ്ങിയപ്പോൾ ലീഡ്സ് മെഡിക്കൽ സ്കൂളിന്റെ ഡീൻ മേബലിനോട് പറഞ്ഞു."നിങ്ങൾ ഒരു ധനിക കുടുംബത്തിലെ അംഗമായിരിക്കണം, അല്ലെങ്കിൽ ഇത്രയും നല്ല ജോലി ഉപേക്ഷിച്ച് ഇന്ത്യയിലേക്ക് മടങ്ങുമായിരുന്നില്ല". അതിനു മറുപടിയായി മേബൽ

www.malankaralibrary.com

പറഞ്ഞ വാക്കുകളാണ് ആദ്യം ഉദ്ധരിച്ചിരിക്കുന്നത്. ക്ലിനിക്കൽ മൈക്രോ ബയോളജിയുടെ ആക്ടിംഗ് മേധാവിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അവസരത്തിലാണ് മേബൽ ഇന്ത്യയിലേക്ക് മടങ്ങിയത്. സമ്പൽ സമൃദ്ധ മായ ജീവിതം ഉപേക്ഷിച്ച് ഇന്ത്യയിലേക്ക് മടങ്ങാൻ അവരെ പ്രേരിപ്പിച്ചത് രാജ്യസ്നേഹവും ഭാരതീയ സഹോദരങ്ങളോടുള്ള പ്രതിബദ്ധതയുംകൊണ്ടു മാത്രമാണ്.

രാജ്യസ്നേഹത്തിന് മുൻതൂക്കം നൽകി പ്രവർത്തിക്കുന്ന മേബൽ കുമ്പളങ്ങിയിൽ തൈക്കൂട്ടത്തിൽ പ്രൊഫസ്സർ ടി.ജെ ജോബിന്റേയും മറി യാമ്മയുടേയും നാലു സന്താനങ്ങളിൽ മൂന്നാമത്തെ സന്താനമായി 1943 സെപ്റ്റംബർ 18-ാം തിയതി ജനിച്ചു. അദ്ധ്വാനശീലരും സാമൂഹ്യതൽപരും ആയിരുന്നു മാതാപിതാക്കൾ. പിതാവ് മംഗലാപുരം സെന്റ് അലോഷ്യസ് കോളേജിലും എറണാകുളം സെന്റ് ആൽബർട്സ് കോളേജിലും ചരിത്രാ ദ്ധ്യാപകനായിരുന്നു. മാതാവ് മദ്രാസ് മെഡിക്കൽ സർവ്വീസിൽ ഉദ്യോഗ സ്ഥയും.

മേബലിന്റെ പ്രാഥമിക വിദ്യഭ്യാസം എറണാകുളം സെന്റ് ആന്റ ണീസ്,കുമ്പളങ്ങി സെന്റ് പീറ്റേഴ്സ് എന്നിവിടങ്ങളിലായിരുന്നു. എറണാ കുളം സെന്റ് തെരേസാസിൽനിന്ന് ഹൈസ്കൂൾ വിദ്യഭ്യാസം പൂർത്തിയാ ക്കി.പ്രീഡിഗ്രിക്ക് എറണാകുളം സെന്റ് തെരേസാസിലും പ്രീമെഡിസിന് മഹാരാജാസ് കോളേജിലുമായിരുന്നു പഠിച്ചത്. ഒരേ ഒരു സഹോദരി 18-ാ മത്തെ വയസ്സിൽ ടൈഫോയിഡ് പിടിപ്പെട്ട് മരിച്ചു. മേബലിന് ഒരു ഡോക്ട റാകാൻ പ്രേരണ നൽകിയത് സഹോദരിയുടെ മരണവും അമ്മയുടെ നിസ്വാർത്ഥ സേവനവുമാണ്.

മെഡിക്കൽ വിദ്യാർത്ഥി ആയിരുന്നപ്പോൾ ഹോസ്റ്റൽ സെക്രട്ടറി, കോ ളേജ് അസോസിയേഷൻ ജോ.സെക്രട്ടറി, കത്തോലിക്കാ വിദ്യാർത്ഥി സംഘ ടനയുടെ പ്രസിഡണ്ട്, ഹൗസ് സർജൻസ് അസോസിയേഷൻ പ്രസിഡണ്ട് എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജ് പ്രാരംഭ ദിശയിലാരുന്നതിനാൽ കലാകായികരംഗങ്ങളിൽ നിർബന്ധമായും പങ്കെടു ക്കേണ്ടി വന്നു. ഹൗസ് സർജൻ ആയിരുന്ന സമയത്ത് ആണ് ഏറ്റവും തൃപ്തികരമായി പ്രവർത്തിക്കുവാൻ മേബലിന് സാധിച്ചത്. ജനറൽ മെഡി സിൻ അദ്ധ്യാപികയാകാനായിരുന്നു താൽപര്യം. പഠനകാലത്ത് ഫാർമക്കോ ളജി വിഷയത്തോട് താൽപര്യമില്ലായിരുന്നു. ഒരു ഫിസിഷ്യൻ ആകുന്ന തിനു മുമ്പ് ഈ വിഷയത്തിൽ കുറച്ചുകൂടി അറിവ് നേടുന്നത് നല്ലതാണെന്ന് തോന്നിയതുകൊണ്ട് ആ കോളേജിൽ തന്നെ ഈ വിഭാഗത്തിൽ ട്യൂട്ടർ തസ്തികക്ക് അപേക്ഷ നൽകി. കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസി പ്പൽ ആയിരുന്ന ഭാരതത്തിലെ പ്രമുഖ മൈക്രോബയോളജിസ്റ്റ് ആയ ഡോക്ടർ ആർ അനന്തനാരായണൻ നിയമനം തന്നത് മൈക്രോബയോ ളജി ട്യൂട്ടർ ആയിട്ടായിരുന്നു, മാത്രമല്ല പുതിയ ബാച്ചിന് ആദ്യ ദിവസം

www.malankaralibrary.com

തന്നെ ലക്ചർ ക്ലാസ്സ് എടുക്കുന്നതിന് മേബലിനെ നിയോഗിച്ചു.

1969 മെയ് 29-ന് ഡോക്ടർ അൽഫോൺസ് ലിഗോറിയെ വിവാഹം ചെയ്തു. 1971-ൽ പി.എസ്സ്.സി നിയമനം ലഭിച്ചു. മൈക്രോബയോളജിയിൽ ബിരുദാനന്തര ബിരുദം 1974-ൽ കാലിക്കട്ട് സർവ്വകലാശാലയിൽ നിന്നും കരസ്ഥമാക്കി. ഉടനെ തന്നെ അസിസ്റ്റന്റ് പ്രൊഫസ്സറായി ഉദ്യോഗകയറ്റം ലഭിച്ചു. ഭർത്താവ് ഡോക്ടർ അൽഫോൺസ് ലിഗോറി 1976-ൽ ഉപരിപഠനാർത്ഥം ഇംഗ്ലണ്ടിലേക്ക് പോയി. ഏതാനും മാസങ്ങൾക്കുശേഷം മേബൽ രണ്ടു കുട്ടികളോടൊപ്പം ഇംഗ്ലണ്ടിലേക്ക് പോയി. ഉപരി പഠനാർത്ഥം അവധി നൽകി കൊണ്ട് ആര്യോഗ്യ വകുപ്പ് സെക്രട്ടറി പറഞ്ഞു "DOCTORS Like you Should come back" ഉത്തരവ് കൈപറ്റികൊണ്ട് അവർ പറഞ്ഞു,തീർച്ചയായും ഞങ്ങൾ മടങ്ങി വരും എന്ന്. ഇംഗ്ലണ്ടിൽ എത്തി ഒരു മാസം ജനറൽ ആശുപത്രി ലാബോറട്ടറിയിൽ അറ്റാച്ച്മെന്റ് ചെയ്ത് കഴിഞ്ഞപ്പോൾ മൈക്രോബയോളജിയിൽ തന്നെ ഉപരിപഠനം നടത്താൻ തീരുമാനിച്ചു. ഏറ്റവും ചുരുങ്ങിയ കാലം കൊണ്ട് മൈക്രോബയോളജി പരീക്ഷ പാസ്സായി. മെഡിക്കൽ മൈക്രോബയോളജിയിൽ റോയൽ കോളേജ് അംഗത്വം നേടി. റോയൽ കോളേജിൽ മൈക്രോബയോളജി വിഭാഗത്തിൽ അംഗത്വം ലഭിക്കുന്ന ആദ്യത്തെ ഭാരതീയ വ്യക്തിയായിരുന്നു മേബൽ. MRC Path ലഭിച്ചതോടെ ലീഡ്സ് മെഡിക്കൽ സ്കൂളിൽ ലക്ചർ ആയി. അതോടൊപ്പം ലീഡ്സ് ജനറൽ ഇൻഫോമറിയിൽ ഓണററി സീനിയർ രജിസ്ട്രാർ എന്ന തസ്തികയും ലഭിച്ചു. ടീച്ചിംഗ് ഓർഗനൈസേഷന്റെ ചുമതലയും ഇവർക്ക് നൽകി. ആദ്യമായി സർവ്വകലാശാല പരീക്ഷകൻ ആകുന്നതും അപ്പോഴാണ്. 1981-ൽ കൺസൾട്ടന്റായും ഉദ്യോഗകയറ്റം ലഭിച്ചു.

കേരളത്തിലെ ആരോഗ്യവകുപ്പു സെക്രട്ടറിയോട് ഞാൻ തിരിച്ച് വരും എന്ന വാക്ക് പാലിക്കാൻ തന്നെ മേബൽ തീരുമാനിച്ചു. 1982-ൽ നാട്ടിലേക്ക് പോരാൻ അവർ തീരുമാനിച്ചു. സ്വന്തം നാട്ടിലേക്ക് പോരാനുള്ള തീരുമാനം ലീഡ്സ് മെഡിക്കൽ സ്കൂളിന്റെ ഡീനിനെ അത്ഭുതപ്പെടുത്തി. 1983-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജോലിയിൽ പ്രവേശിച്ചു. മേബലിന്റെ താഴെയുള്ള പലരെയും അവർക്ക് മുകളിൽ നിയമിച്ചു. നിവേദനങ്ങൾ കൊണ്ട് യാതൊരു പ്രയോജനവും ലഭിച്ചില്ല. 1985-ൽ അസോസിയേറ്റ് പ്രൊഫസ്സർ ആയി നിയമനം ലഭിച്ചു.

1986-ഓടെ എയ്ഡ്സിന്റെ ഭീഷണി ഭാരതത്തിൽ മുഴങ്ങി. എയ്ഡ്സ് നിരീക്ഷണത്തിനായി ഒരോ സംസ്ഥാനത്തും നിന്ന് ഒരാളെ ഡൽഹിക്ക് പരിശീലനത്തിന് അയച്ചു. കേരളത്തിൽ നിന്നും മേബലിനെയാണ് അയച്ചത്. 1986-ൽ സെപ്റ്റംബറിൽ തിരുവന്തപുരം മെഡിക്കൽ കോളേജിൽ എയ്ഡ്സ് പരിശോധനകൾ ആരംഭിച്ചു. ഇൻഡ്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ കീഴിൽ പല പ്രോജക്ട്കളും ഏറ്റെടുത്തു. എല്ലാരോഗികൾക്കും തുടർ പരിശോധനയും കൗൺസലിംഗും അവിടെ തന്നെ അവർ നൽകി. ചി

www.malankaralibrary.com

കിൽസ ആവശ്യമുള്ളവരെ അതത് സ്പെഷ്യലിസ്റ്റ്കൾക്ക് റഫർ ചെയ്തു. 1988-ൽ പ്രൊഫസ്സർ ആയി ഉദ്യോഗകയറ്റം ലഭിച്ചു.

1989-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വിഭാഗത്തിന്റെ മേധാവിയായി. പഠനരീതി മെച്ചപ്പെടുത്താനും മെഡിക്കൽ കരിക്കുലം മാറ്റിയെടുക്കാനും മേബൽ ശ്രമിച്ചു കൊണ്ടിരുന്നു.

1991-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന മൈക്രോബയോളജി ലാബോട്ടറി സ്ഥാപിക്കുകയുണ്ടായി. മേബലിന്റെ ഏറ്റവും വലിയ നേട്ടമായിരുന്നു അത്. ആശുപത്രി ഡെവലപ്മെന്റ് സൊസൈറ്റിയുടെ ചെയർമാനായ കളക്ടർ നളിനി നെറ്റോയുടെ സഹകരണവും ഇതിന് ലഭിച്ചു. മൈക്രോബയോളജി സർവ്വീസിൽ കാര്യമായ നേട്ടമുണ്ടാക്കാൻ സാധിച്ചു. ന്യൂസ് ലെറ്റർ മുഖാന്തരം എല്ലാ മാസവും എല്ലാ യൂണിറ്റ് തലവൻമാരെയും വിവരങ്ങൾ അറിയിക്കുവാനും അവർ ശ്രമിച്ചു. മറ്റ് മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽമാർക്കും മെഡിക്കൽ സൂപ്രണ്ട്മാർക്കും ന്യൂസ് ലെറ്ററിന്റെ കോപ്പികൾ അയയ്ക്കുകയും ചെയ്തു. 1991-ൽ കേരള സർവ്വകലാശാലയിൽ മെഡിസിൻ പാസ്സ് ബോർഡ് ചെയർമാനായി മേബലിനെ നിയമിച്ചു. 1992-ൽ ആലപ്പുഴക്ക് നിയമനം ലഭിച്ചു. തന്റെ ഗവേഷണഫലങ്ങൾ വിലയിരുത്തുവാൻ ഈ സന്ദർഭം ഉപയോഗിച്ചു.1993-ൽ തിരിച്ച് തിരുവനന്തപുരത്ത് എത്തിയപ്പോൾ എയ്ഡ്സ് നിരീക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തനം നിലച്ച നിലയിലായിരുന്നു. എല്ലാ ഗവേഷണങ്ങളും നിലച്ചിരുന്നു. 24 മണിക്കൂർ പ്രവർത്തിക്കുന്ന ലാബറട്ടറിയുടെനിലയും ശോച്യാവസ്ഥയിലായിരുന്നു. അതെല്ലാം പഴയ രീതിയിലാക്കാൻ ഒന്നുരണ്ട് വർഷം വേണ്ടി വന്നു.

അക്കാഡമി ഓഫ് ക്ലിനിക്കൽ മൈക്രോബയോളജിസ്റ്റ്സ് എന്ന സംഘടനക്ക് രൂപം കൊടുക്കാൻ മേബൽ 1992-ൽ ശ്രമിച്ചിരുന്നു. 1996-ൽ അത് യാഥാർത്ഥ്യമായി, ഇപ്പോൾ ഈ സംഘടനയിൽ പല സംസ്ഥാനങ്ങളിൽ നിന്നും ഭാരതത്തിന് പുറത്ത് നിന്നുമായി 136 അംഗങ്ങൾ അംഗത്വം എടുത്തിട്ടുണ്ട്. ഈ സംഘടനയുടെ ഔദ്യോഗിക ജേർണൽ 1997-മുതൽ ആണ്ടിൽ രണ്ടു പ്രാവശ്യം പുറത്തിറക്കുന്നുണ്ട്. രാജ്യത്തെ ആരോഗ്യപരിപാലകർ ശ്രദ്ധിക്കേണ്ട പല കാര്യങ്ങളും ഈ ജേർണലിലൂടെ പ്രസിദ്ധീകരിക്കുന്നുണ്ട്. എന്നാൽ ആരോഗ്യവകുപ്പ് മേധാവികളുടെ ശ്രദ്ധയിൽ പെടുത്തിയിട്ടും യാതൊരും നടപടികളും സ്വീകരിച്ചിട്ടില്ലായെന്നത് മേബലിനെ ദുഃഖിതയാക്കുന്നു. ഒരു പ്രസിദ്ധീകരണത്തിൽ വന്ന് കഴിഞ്ഞാൽ ആർക്കും ഈ കാര്യങ്ങൾ തുടച്ച് മാറ്റാനാവില്ല. കാലത്തിന്റെ ഒപ്പം പ്രവർത്തിക്കാതിരുന്നതിന്റെ ഭവിഷ്യത്തുകളാണ് ഇന്ന് ആരോഗ്യരംഗത്ത് വിളയാടുന്നതെന്നാണ് മേബലിന്റെ അഭിപ്രായം. ആശുപത്രികളുടേയും രോഗികളുടേയും എണ്ണത്തിലും ആന്റിബയോട്ടിക്ക്കളുടെ അമിത ഉപയോഗത്തിലും കേരളം മുന്നിൽ നിൽക്കുന്നതും ഇതേ കാരണങ്ങൾ കൊണ്ടാണ്.

www.malankaralibrary.com

1999-ൽ സർവ്വീസിൽ നിന്നും വിരമിച്ച മേബൽ അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്(തൃശൂർ) എന്ന സ്ഥാപനത്തിൽ മൈക്രോ ബയോളജി മേധാവിയായി പ്രവർത്തിക്കുന്നു. തിരുവനന്തപുരം ജൂബിലി ആശുപത്രിയിൽ കൺസൾട്ടേഷൻ നൽകുന്നുണ്ട്. ശമ്പളത്തേക്കാളുപരി അണുരോഗങ്ങൾ യഥാവിധി ചികിൽസിക്കുന്നതിനും സാംക്രമികരോഗങ്ങൾ യഥാവിധി തടയുന്നതിനും മേബൽ തന്റെ കഴിവുകൾ വിനിയോഗിക്കുന്നതിൽ സംതൃപ്തി കണ്ടെത്തുന്നു. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ ഒരു പ്രൊജക്ടും അമലയിൽ മേബിൾ ചെയ്തുകഴിഞ്ഞു. നല്ല ഒരു ഗവേഷണ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞു. ഏകദേശം 55-ലധികം പ്രസിദ്ധീകരണങ്ങളിൽ 35-ഉം അക്കാഡമി ഓഫ് ക്ലിനിക്കൽ മൈക്രോബയോളജിസ്റ്റിന്റെ ജേർണലിലാണ്. അനേകം പ്രബന്ധങ്ങൾ സംസ്ഥാനതലത്തിലും ദേശീയതലത്തിലും മേബൽ അവതരിപ്പിച്ചിട്ടുണ്ട്. 200-ഓളം എയ്ഡ്സ് ബോധവൽക്കരണക്ലാസ്സുകൾ അവർ നടത്തിയിട്ടുണ്ട്. ആന്റിബയോട്ടിക്കുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് ദേശീയതലത്തിൽ സെമിനാറുകളും ശിൽപ്പശാലകളും വിജയപ്രദമായി മേബൽ സംഘടിപ്പിച്ചിട്ടുണ്ട്. മൂന്നു വർഷം കൂടുമ്പോൾ അക്കാഡമി ഒറേഷൻ പ്രഭാഷണം നടത്തുന്ന വ്യക്തിക്ക്10000 രൂപയും ശിൽപ്പവും അവാർഡായി ഡോ. മേബൽ നീക്കി വെച്ചിട്ടുണ്ട്.

തിരുവന്തപുരം മെഡിക്കൽ കോളേജിലെ അദ്ധ്യാപക രക്ഷാകർത്തൃ സംഘടനയുടെ സ്ഥാപിത ട്രഷറർ, സെക്രട്ടറി,കൗൺസിൽ അംഗം എന്നീ സ്ഥാനങ്ങൾ ഒരു ദശവർക്കാലം തുടർച്ചയായി വഹിച്ചിട്ടുണ്ട്. IMA, IMA-CGP, IMA Acadamy of medical specilists, IAMM എന്നീ സംഘടനകളിൽ ആജീവനാന്ത അംഗമാണ് മേബൽ.തിരുവന്തപുരത്തെ ഒരു ഇന്നർ വീൽ ക്ലബ്ബിന്റെ ചാർട്ടർ പ്രസിഡണ്ടും ആണ് മേബൽ.അമലയിൽ നിന്നും വിരമിച്ചതിനു ശേഷം തിരുവനന്തപുരത്ത് ഒരു മൈക്രോബയോളജി ലാബോട്ടറി ആധുനിക സംവിധാനങ്ങളോടെ രൂപപ്പെടുത്തി എടുക്കണമെന്നാണ് അവരുടെ ആഗ്രഹം. തിരുവനന്തപുരം അതിരൂപതയിലെ പോങ്ങുംമൂട്, സെന്റ് മേരീസ് ഇടവകയിൽ സജീവ അംഗമാണ് മേബൽ. നാടിനും മാനവരാശിക്കും വേണ്ടി, ഈശ്വരൻ ആയുസ്സും ആരോഗ്യവും തരുന്നയത്രയും കാലം പ്രവർത്തിക്കുവാൻ മേബൽ ആഗ്രഹിക്കുന്നു.

വിലാസം - ഡോ.മേബൽ ലിഗോറി
റെയിൻബോ
പൊങ്ങുംമൂട്
തിരുവനന്തപുരം 695011.

www.malankaralibrary.com

# 319

# മിസ് സി.സി. ആലീസുകുട്ടി



കേരളതലത്തിൽ കത്തോലിക്കാ സഭയിൽ ഏക സ്ഥരായി ജീവിക്കുന്ന സ്ത്രീകളെ കണ്ടെത്തി ഒന്നിച്ച് കൊണ്ട് വരുന്നതിനും അവരുടെ ജീവിതം തങ്ങൾക്കും കുടുംബങ്ങൾക്കും സഭയ്ക്കും സമൂഹത്തിനും ഉപകാരപ്രദവും ധന്യവുമാക്കുന്നതിനായി മരിയൻ സിംഗിൾസ് എന്ന പേരിൽ നവീകരണ രംഗത്ത് ഒരു മിനിസ്ട്രി രൂപപ്പെടുത്തുന്നതിൽ മുഖ്യ പങ്ക് വഹിച്ച മിസ് സി.സി. ആലീസുകുട്ടി 1943 ഒക്ടോബർ നാലിന് കോഴിക്കോട് ജില്ലയിള്ള ചെങ്ങരോത്ത് ഗ്രാമത്തിൽ ജനിച്ചു. 1942-ൽ ചങ്ങനാശ്ശേരി രൂപതയിൽ നിന്ന് (പുന്നവേലി-നെടുങ്കുന്നം) മലബാറിൽ കുടിയേറിയ ചാലുങ്കൽ കുടുംബത്തിൽ ചാക്കോ-മറിയം ദമ്പതികളുടെ പത്ത് മക്കളിൽ ആറാമത്തെ സന്താനമാണ് ആലീസുകുട്ടി.

പ്രൈമറി സ്കൂൾ വിദ്യഭ്യാസം ഹോളി ഫാമിലി സ്കൂളിൽ ആയിരുന്നു, തുടർന്ന് പുന്നവേലി സി.എം.എസ് സ്കൂളിലും മരുതോങ്കര സെന്റ് മേരീസ് സ്കൂളിലും പഠിച്ച് 1960-ൽ എസ്.എസ്.എൽ.സി. പാസ്സായി. മരുതോങ്കര ഹൈസ്കൂളിലെ ആദ്യബാച്ചിൽ പെട്ട ആലീസുകുട്ടി സ്കൂളിന്റെ യശസ്സ് ഉയർത്തി കൊണ്ട് ഫസ്റ്റ് ക്ലാസ്സിലാണ് വിജയം വരിച്ചത്. 1961-63 വർഷം സെന്റ് വിൻസന്റ് ട്രെയിനിംഗ് സ്കൂളിൽ നിന്ന് റ്റി.റ്റി.സി. പാസ്സായി. ആ വർഷം തന്നെ പാടത്ത്കടവ് ഹോളിഫാമിലി യു.പി. സ്കൂളിൽ അദ്ധ്യാപികയായി. തുടർന്ന് മരുതോങ്കര സ്കൂളിലും ഏതാനും മാസം അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു. മിഷൻലീഗ്, മരിയൻ സൊസൈറ്റി, മതബോധനം എന്നീ രംഗങ്ങളിലെല്ലാം ഇടവകയിൽ സജീവമായി പ്രവർത്തിച്ചു.

1967-69 വർഷം അതിരമ്പുഴ ബിഷപ്പ് കുര്യാളശ്ശേരി കോളേജ്(അമലഗിരി)-ൽ ചേർന്ന് പ്രീഡിഗ്രി ഫസ്റ്റ് ഗ്രൂപ്പെടുത്ത് പഠനം തുടർന്നു. തൃശ്ശൂർ വിമല കോളേജിൽ ഇംഗ്ലീഷ് ഭാഷയിൽ ഡിഗ്രിയും ബിരുദാനന്തര ബിരുദവും നേടി. 1976-ൽ കർമ്മലീത്ത സന്യാസ സഭയുടെ ഉടമസ്ഥതയിലുള്ള തൃശ്ശൂർ സെന്റ് മേരീസ് കോളേജിൽ അദ്ധ്യാപികയായി ചേർന്നു. തുടർന്ന് അതേ മാനേജ്മെന്റിനു കീഴിലുള്ള പാലക്കാട്ട് മേഴ്സി കോളേജിലും പഠിപ്പിച്ചു. 1999 മാർച്ചിൽ ഉദ്യോഗത്തിൽ നിന്ന് വിരമിച്ചു.

കലാശാല വിദ്യാഭ്യാസ കാലത്ത് ആൾ ഇന്ത്യാ കാത്തലിക്ക് യൂണിവേഴ്സിറ്റി ഫെഡറേഷൻ എന്ന സംഘടനയിൽ സജീവമായി പ്രവർത്തിക്കുകയുണ്ടായി. അദ്ധ്യാപികയായിരുന്ന കാലഘട്ടത്തിൽ ആ സംഘടനയുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും വിദ്യാർത്ഥികളിൽ സംഘടനാ ബോധം വളർത്തുന്നതിന് ശ്രമിക്കുകയും ചെയ്തു. 1976-ൽ കരിസ്മാ

www.malankaralibrary.com

റ്റിക്ക് നവീകരണ ധ്യാനത്തിൽ പങ്കെടുക്കാനവസരം ലഭിച്ചതിനെ തുടർന്ന് കേരളത്തിലും ദേശീയ തലത്തിലും നവീകരണ സേവന സമിതിയിലും ഉപദേശക സമിതിയിലും അംഗമായി പ്രവർത്തിക്കുവാൻ അവസരം ലഭിച്ചു. ഇന്നും പ്രാദേശിക ദേശീയ അന്തർദേശീയ തലങ്ങളിൽ സഭാ നവീകരണ പ്രവർത്തനങ്ങളിൽ ഭാഗവാക്കായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു സി.ബി. സി.ഐ. യുടെ ഉപദേശക സമിതിയിലേക്ക് സീറോ-മലബാർ സഭയുടെ അൽമായ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്യപ്പെട്ടു. ഉപദേശക സമിതി കാത്തലിക്ക് കൗൺസിൽ ഓഫ് ഇന്ത്യാ എന്ന പേരിലാണ് അറിയപ്പെടുക. ഈ സമിതിയിൽ രണ്ട് ടേം അംഗമായി പ്രവർത്തിച്ച ആലീസുകുട്ടി സി.സി. ഐയുടെ കേന്ദ്ര സമിതിയിലേക്കും തിരഞ്ഞെടുക്കപെട്ടു. പാലക്കാട്, താമരശ്ശേരി രൂപതകളിൽ പാസ്റ്ററൽ കൗൺസിൽ അംഗമായും ദീർഘകാലമായി ആലീസുകുട്ടി പ്രവർത്തിച്ചിട്ടുണ്ട്. സീറോ-മലബാർ സഭയുടെ രണ്ട് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലികളിലും പങ്കെടുക്കാൻ ആലീസുകുട്ടിയെ തിരഞ്ഞെടുക്കയുണ്ടായി. ആദ്യം പാലക്കാട് രൂപതയേയും പിന്നീട് താമരശ്ശേരി രൂപതയേയും ആണ് ആലീസുകുട്ടി പ്രതിനിധീകരിച്ചത്.

കെ.സി.ബി.സി വനിതാ കമ്മീഷൻ ജോയിന്റ് സെക്രട്ടറിയായും സി. ബി.സി.ഐയുടേയും കെ.സി.ബി.സി യുടേയും വിവിധ കമ്മീഷനുകളിലും കമ്മിറ്റികളിലും അംഗമായും ആലീസുകുട്ടി പ്രവർത്തിക്കുകയുണ്ടായി. ഇടവക-രൂപതാ-പ്രാദേശിക-ദേശീയ തലങ്ങളിലും വിവിധ രംഗങ്ങളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ആലീസുകുട്ടി 1981-ൽ വത്തിക്കാനിൽ നടന്ന അന്തർദേശീയ കരിസ്മാറ്റിക്ക് നേതൃസമ്മേളനത്തിൽ പങ്കെടുക്കയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ ഭാരതത്തിൽ നിന്നും പങ്കെടുത്ത ആറുപേരിൽ ഒരാളാണ് ആലീസുകുട്ടി.

കേരളതലത്തിൽ കത്തോലിക്കാ സഭയിൽ ഏകസ്ഥരായി ജീവിക്കുന്ന സ്ത്രീകളുടെ കൂട്ടായ്മയ്ക്ക് രൂപം കൊടുക്കുന്നതിനും വളർത്തിയെടുക്കുന്നതിനും ആലീസു കുട്ടി നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.ഏകസ്ഥരുടെ ജീവിതം തങ്ങൾക്കും കുടുംബങ്ങൾക്കും സഭയ്ക്കും സമൂഹത്തിനും ഉപകാരപ്രദവും ധന്യമാക്കുന്നതിനായി മരിയൻ സിംഗിൾസ് എന്ന പേരിൽ നവീകരണ രംഗത്ത് ഒരു മിനിസ്ട്രി രൂപപ്പെടുത്തുന്നതിന് നേതൃത്വം നൽകിയ ആലീസുകുട്ടി ആ ടീമിന്റെ സെൻട്രൽ ടീമിൽ അംഗമായി പ്രവർത്തിക്കുന്നു.

കേരളത്തിലെ കരിസ്മാറ്റിക്ക് നവീകരണത്തിലേക്ക് വന്ന യുവജനങ്ങളുടെ മിനിസ്ട്രിയായ ജീസസ് യൂത്തിന്റെ ആരംഭം, വളർച്ച, പരിശീലനം എന്നിവയിൽ നിർണ്ണായകമായ പങ്ക് ആലീസ്കുട്ടി വഹിക്കുകയുണ്ടായി. നവീകരണ രംഗത്തുള്ള സ്ത്രീകളുടെ വളർച്ചയും ഉണർവ്വും ലക്ഷ്യമാക്കി തൂവാനിസാ എന്ന ഒരു മിനിസ്ട്രിക്കും തുടക്കം കുറിക്കുന്നതിനും സുവിശേഷപ്രഘോഷണരംഗത്ത് കത്തോലിക്കാ സഭാംഗങ്ങളെ സജീവമാക്കുന്നതിനും സഹായിക്കുന്ന 10 ദിവസം നീണ്ട് നിൽക്കുന്ന പരിശീലന പരിപാടി

www.malankaralibrary.com


യായ കെറിഗ്മാകോഴ്സ് എന്ന ഫോർമേഷൻ പ്രോഗ്രാം കേരളത്തിലും കേരളത്തിന് പുറത്തും നടത്തുന്നതിനും ആലീസ് കുട്ടി മുഖ്യ നേതൃത്വം നൽകുകയുണ്ടായി. ഈ പ്രോഗ്രാമിന്റെ നടത്തിപ്പിന് വേണ്ടി ടീമുകൾ രൂപീകരിക്കുന്നതിനും ഫലപ്രദമായി കോഴ്സുകൾ നടത്തുന്നതിനും ആലീസുകുട്ടി മുൻനിരയിൽ നിന്ന് പ്രവർത്തിക്കുകയുണ്ടായി. യുവതീ-യുവാക്കൾ ഉൾപെടുന്ന അൽമായർക്കും അനേകം സിസ്റ്റേഴ്സിനും വൈദികർക്കും ഈ പരിശീലനം നൽകി വരുന്നു. ഈ പരിശീലന പരിപാടി സഭയുടെ ഉണർവ്വിനും, നേതൃത്വ വളർച്ചയ്ക്കും സുവിശേഷ പ്രഘോഷണ തീഷ്ണതതയ്ക്കും ഇടയാക്കുന്നുണ്ട്.

കലാലയ വിദ്യഭ്യാസം കഴിഞ്ഞ ജീസസ്സ് യൂത്തിനു വേണ്ടിയുള്ള ഫുൾ ടൈമേഴ്സ് ട്രയിനിംഗ് പ്രോഗ്രാമിന്റെ റിസോഴ്സ് പേഴ്സണായും 1991 മുതൽ ആലീസുകുട്ടി പ്രവർത്തിച്ച് വരുന്നു.കത്തോലിക്കാ യുവജനങ്ങളുടെയിടയിൽ പ്രേഷിത ചൈതന്യം വളർത്തുന്നതിനും പക്വതയുള്ള ദൈവവിളികൾ പ്രോൽസാഹിപ്പിക്കുന്നതിനും ആഴമുള്ള ജീവിത സമർപ്പണത്തിനും അദ്ധ്യാത്മിക പരിശീലനത്തിനും പ്രേഷിത പ്രവർത്തന പരിചയത്തിനും കത്തോലിക്കാ യുവതി-യുവാക്കളെ ഒരുക്കുന്നതിൽ ആലീസുകുട്ടി നിരന്തരം ജാഗ്രത പുലർത്തുന്നു.

വിലാസം - മിസ് ആലീസ്കുട്ടി,ചാലുങ്കൽ വീട്,ചെങ്ങരോത്ത് പി.ഒ,
പെരുവണ്ണാമുഴി-673528, കോഴിക്കോട്.
കോൺടാക്ട് അഡ്രസ്സ് - ശ്രീനിലയം, കെ.ഡി.പി. പി.ഒ, കളമശ്ശേരി,
എറണാകുളം 683109

## 320

# ഫാ. കുര്യാക്കോസ് കച്ചിറമററം



അനുഗ്രഹീതഗായകനും വചനപ്രഘോഷകനും കലാകാരനും സംഘാടകനുമായ ഫാ.കുര്യാക്കോസ് കച്ചിറമററം പുരാതനവും പ്രസിദ്ധവുമായ രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ കുര്യാക്കോസ് - കുഞ്ഞമ്മദമ്പതികളുടെ നാലാമത്തെ സന്താനമായി 1943 -ാമാണ്ട് ഒക്ടോബർ 18-ാം തീയതി ഭൂജാതനായി. പ്രാഥമികവിദ്യാഭ്യാസം രാമപുരം എസ്സ്.എച്ച്.എൽ.പി.സ്കൂളിൽ നടത്തി. പിതാവ് കുര്യാക്കോസ് കുടുംബസമേതം രാമപുരത്തുനിന്നും കോതമംഗലത്തിനടുത്തുള്ള കാരക്കുന്നം ഇടവകാതിർത്തിയിലുള്ള അകമ്പടിമുകൾ എസ്റ്റേററ് വാങ്ങി താമസം മാററിയതിനാൽ ഹൈസ്കൂൾ വിദ്യാഭ്യാസം കോതമംഗലത്തായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം

www.malankaralibrary.com

കോതമംഗലം രൂപതവകമൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. തുടർന്ന് മംഗലാപുരം സെന്റ് ജോസഫ് മേജർ സെമിനാരിയിൽ ചേർന്ന് ഫിലോസഫിയും തിയോളജിയും പഠിച്ച് 1967 ഡിസംബർ 17-ാം തീയതി പൗരോഹിത്യം സ്വീകരിച്ചു.

ഫാ.കുര്യാക്കോസ്, ബേബിച്ചൻ എന്ന പേരിലാണ് കൂടുതലായി അറിയപ്പെടുന്നത്. പൗരോഹിത്യസ്വീകരണത്തിനുശേഷം 1968 മാർച്ചിൽ കോതമംഗലം കത്തീഡ്രൽ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി പൗരോഹിത്യശുശ്രൂഷ ആരംഭിച്ചു. കല എന്നും അദ്ദേഹത്തെ കൃതാർത്ഥതയുടെ പച്ചപ്പിലേക്ക് കൂട്ടിക്കൊണ്ടുപോയിരുന്നു. ബേബിച്ചനിലെ കലാകാരന്റെ ഉൾവിളി റൈസിംഗ് സ്റ്റാർ എന്ന ക്ലബ് രൂപീകരിക്കുന്നതിന് പ്രചോദനമേകി. അതോടനുബന്ധിച്ച് ജനസമ്പർക്കമാദ്ധ്യമമായി ഒരു നാടകഗാനമേളവിംഗും ആരംഭിച്ചു. ആരാധനാക്രമ സഹായത്തിനായി ഒരു ഗായകസംഘത്തെയും അദ്ദേഹം വളർത്തിയെടുത്തു. കേരളത്തിലാദ്യമായിത്തന്നെ ക്രിസ്തുമസ് കരോൾ ടാബ്ലോസംഘം രൂപീകരിച്ച് ക്രിസ്തുമസ് രാത്രിയിൽ പരിപാടികളവതരിപ്പിച്ചു. ആ പതിവിന്നും മുടക്കമില്ലാതെ തുടരുന്നുണ്ട്. കത്തീഡ്രൽ പള്ളിയിലെ ശുശ്രൂഷാകാലഘട്ടംതന്നെയാണ് അദ്ദേഹത്തിന്റെ കലാജീവിതത്തിന് അടിത്തറപാകിയത്. ഇതോടൊപ്പം കോതമംഗലം രൂപതയിലെ മിക്കപള്ളികളിലും ആരാധനാക്രമഗാനങ്ങൾ പഠിപ്പിക്കുവാനും അദ്ദേഹത്തിന് അവസരം ലഭിച്ചു. അവിടെ കഴിഞ്ഞമൂന്നുവർഷക്കാലം ആത്മീയമായ വളർച്ചയ്ക്ക് ഏറെ സഹായിച്ചുവെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

1971 മുതൽ ഹൈറേഞ്ചിലെ നാലു ദേവാലയങ്ങളിലാണ് സേവനം അനുഷ്ഠിച്ചത്. നാട്ടുകാണിപ്പള്ളി വികാരിയായിരിക്കുമ്പോൾ സെന്റ് തോമസ് ചർച്ച് ക്വയർ എന്ന പേരിൽ 51 പേരുടെ ഒരു ഗായകസംഘം രൂപീകരിക്കുകയുണ്ടായി. ആ ഗായകസംഘത്തിന് തൃശൂർ റേഡിയോ നിലയം ഭക്തിഗാനങ്ങൾ അവതരിപ്പിക്കാൻ അവസരമേകി. 1978 വരെ ഭക്തിഗാനാലാപനം തുടർന്നു. ഇത് ഗായകസംഘത്തിന് ലഭിച്ച വലിയ ഒരു അംഗീകാരമായിരുന്നു.

1979 ലായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെതന്നെ വഴിത്തിരിവായ "എയ്ഞ്ചൽ വോയ്സ്" ന്റെ തുടക്കം. നാടുകാണിപ്പള്ളിയിലെ സെന്റ് തോമസ് ചർച്ച് ക്വയറിന് ലഭിച്ച അംഗീകാരം തൃശൂർ റേഡിയോനിലയത്തിൽ നിന്നും എയ്ഞ്ചൽ വോയിസിന് ലഭിക്കുകയുണ്ടായി. ബേബിച്ചൻ മുൻകൈയെടുത്ത് 1978 ൽ സ്ഥാപിച്ച മൂവാററുപുഴയിലെ കെ.എം. ജോർജ്ജ് മെമ്മോറിയൽ ഐ.ററി.സി.ക്ക് 1979 ൽ കേരളത്തിലെ ഏററം നല്ല ഐ.ററി.സി. എന്ന അംഗീകാരം ലഭിച്ചു.

എയ്ഞ്ചൽവോയ്സ് 1982 മുതൽ കേരളത്തിന് പുറത്ത് പരിപാടികൾ അവതരിപ്പിച്ചു തുടങ്ങി. 1988 ൽ മസ്ക്കററ് തുടങ്ങിയ ഗൾഫ് രാജ്യങ്ങളിൽ പരിപാടികളവതരിപ്പിച്ചു. 1992 ലാണ് എയ്ഞ്ചൽവോയ്സിന്റെ ആദ്യത്തെ

www.malankaralibrary.com

അമേരിക്കൻ പര്യടനം. പരിപാടികൾ ഉന്നതനിലവാരം പുലർത്തിയെന്ന തിന്റെ തെളിവായിരുന്നു തുടർച്ചയായി മൂന്നുപ്രാവശ്യം എയ്ഞ്ചൽ വോയ്സിന് ലഭിച്ച അമേരിക്കൻ പര്യടനാവസരം. എയ്ഞ്ചൽ വോയ്സിന് ലഭിച്ച അംഗീകാരങ്ങൾ നിരവധിയാണ്. കേരളത്തിലെ വിവിധ ഫൈൻ ആർട്സ് സൊസൈററികൾ എയ്ഞ്ചൽ വോയ്സിനെ തേടിയെത്തി. അവതരണത്തിൽ പുലർത്തിയ ഉന്നതനിലവാരത്തിന് ലഭിച്ച അഭിനന്ദനങ്ങളായിരുന്നു അവയെല്ലാം. കേരളത്തിലെ കലാരംഗത്തെ നിരവധി പ്രമുഖർ എയ്ഞ്ചൽ വോയ്സുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുണ്ട്. യശ.ശരീരനായ എൻ.എഫ്. വർഗീസ്, എം.ജി. ശ്രീകുമാർ, റിമി ടോമി, കെ.ജി. മാർക്കോസ്, മിൻമിനി, കുട്ടിയച്ചൻ, പൂഞ്ഞാർ വിജയൻ എന്നീ പ്രശസ്തവ്യക്തികൾ അവരിൽ ചിലർ മാത്രമാണ്.

ബേബിച്ചൻ സംഘടിപ്പിച്ച നാടകഗ്രൂപ്പുമായി സഹകരിച്ച് പ്രവർത്തിച്ച പ്രമുഖരുടെ നിര കെ.ടി.എസ്സ്. പടന്നയിൽ, എം.സി. കട്ടപ്പന, ജോസ് താനാ എന്നീ നടന സമ്രാട്ടുകളിലൂടെ നീങ്ങുന്നു. എയ്ഞ്ചൽ വോയ്സിന് ഒപ്പം അദ്ദേഹം നേതൃത്വം കൊടുത്ത് സ്ഥാപിച്ച മൂവാററുപുഴയിലെ സംഗീത വിദ്യാലയം 15 വർഷങ്ങളായി അനേകം യുവബാലപ്രതിഭകളെ വാർത്തെടുക്കുന്നുണ്ടെന്നുള്ള വസ്തുത അദ്ദേഹത്തിന്റെ മനസ്സിൽ ചാരിതാർത്ഥ്യത്തിന്റെ വേലിയേററമുണ്ടാക്കുന്നുവെന്നത് ഒരു വസ്തുതയാണ്.

ഒരു യുവശില്പിയുടെ കഴിവുകളെ വികസിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ യജ്ഞപൂർത്തീകരണമായിരുന്നു മീങ്കുന്നം പള്ളിയുടെ മുമ്പിൽ സ്ഥാപിച്ചിരിക്കുന്ന "പിയെത്താ" ഏഷ്യയിലെതന്നെ ഏറ്റം വലിയ റിയലിസ്റ്റിക് ശില്പമായ പിയെത്തായുടെ നിർമ്മാണത്തെ തുടർന്ന് പ്രശസ്തരായ ലോക നേതാക്കളുടെ ശില്പങ്ങൾ വാർത്തെടുക്കുന്നതിനും സിനിമാലോകത്തെ കലാജോലികൾ ഏറ്റെടുക്കുന്നതിനും അങ്ങനെ വളരെ തിരക്കുള്ള ഒരു ശില്പിയായി മാറുന്നതിനും ആ കലാകാരന് കഴിഞ്ഞു. ആ കലാകാരന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിക്കുവാൻ സാധിച്ചതിൽ ബേബിച്ചനുള്ള സന്തോഷം സീമാതീതമാണ്. കല്ലാർകുട്ടി ദേവാലയത്തിന്റെ മുഖവാരവും നാട്ടുകാണിപള്ളിയുടെ അൾത്താരയും അച്ചന്റെ മേൽനോട്ടത്തിൽ രൂപകല്പനചെയ്ത് നിർമ്മിച്ചവയാണ്.


പൗരോഹിത്യശുശ്രൂഷയിൽ അദ്ദേഹത്തിന് ഏറ്റം സഹായകമായ ഈ പ്രവർത്തനങ്ങളെ ദൈവത്തിന്റെ വരദാനമായിട്ടാണ് അദ്ദേഹം കാണുന്നത്. എല്ലാം അവിടുന്ന് ബേബിച്ചനിലൂടെ നിറവേറ്റുകയായിരുന്നുവെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ദൈവം നമുക്കു തരുന്നതെല്ലാം "ദൈവത്തിന്റെ പ്രവർത്തികൾ നമ്മിൽ പ്രകടമാക്കുന്നതിനുവേണ്ടിയാണ്" (യോഹന്നൻ 9:13) എന്ന് അദ്ദേഹം വിശ്വസിക്കുന്നു. അദ്ദേഹത്തെ ദൈവം ഏല്പിച്ച ഉത്തരവാദിത്വങ്ങൾ പൂർണ്ണമായി നിറവേറ്റിക്കൊണ്ട് ആ അനുഗ്രഹീതകലാകാരൻ, കലാപ്രവർത്തനങ്ങളിലൂടെയും വചനപ്രഘോഷണത്തിലൂടെയും ക്രിസ്തുവിന്

www.malankaralibrary.com

സാക്ഷ്യം വഹിച്ചു പ്രവർത്തിക്കുന്നു. ഇപ്പോൾ അദ്ദേഹം കല്ലാനിക്കൽ സെന്റ് ജോർജ്ജ് പള്ളി വികാരിയായും സേവനം അനുഷ്ഠിക്കുന്നു.

വിലാസം - ഫാ. കുര്യാക്കോസ് കച്ചിറമറ്റം,
സെന്റ് ജോർജ് ചർച്ച് കല്ലാനിക്കൽ
തെക്കുംഭാഗം, തൊടുപുഴ 685585.

# 321



# ഡോ. സിറിയക് തോമസ്

പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും, പ്രഭാഷകനും, ഗ്രന്ഥകാരനും, സാമൂഹ്യപ്രവർത്തകനുമായ ഡോ. സിറിയക് തോമസ് പാലായിൽ രാമപുരം കുടുംബത്തിൽ (ശങ്കരപുരി, ചോലപ്പള്ളി കുടുംബശാഖ) 1943 ഒക്ടോബർ 24-ന് ജനിച്ചു. സ്വാതന്ത്ര്യസമരസേനാനിയും സ്റ്റേറ്റ് കോൺഗ്രസ്സ് സ്ഥാപകനേതാവും, നിയമസഭാസ്പീക്കറും പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗവും പാലായിലെ പ്രഥമ മുൻസിപ്പൽ ചെയർമാനുമായിരുന്ന ആർ.വി. തോമസായിരുന്നു പിതാവ്. സ്വാതന്ത്ര്യസമരസേനാനിയും പാലാ മുൻസിപ്പൽ കൗൺസിലിലെ പ്രഥമ വനിതാഅംഗവും കോൺഗ്രസ്സ് നേതാവും സാമൂഹ്യപ്രവർത്തകയുമായിരുന്ന ഏലിക്കുട്ടിയാണ് മാതാവ്. മിസ്സസ് ആർ.വി. എന്നാണ് അവർ അറിയപ്പെട്ടത്.

ഹൈസ്ക്കൂൾ വിദ്യാഭ്യാസവും കോളേജ് വിദ്യാഭ്യാസവും പാലായിൽ ആയിരുന്നു. പിന്നീട് രാഷ്ട്രമീമാംസയിൽ ഡോക്ടറേറ്റും നേടി. ഡോക്ടറേറ്റിനുള്ള വിഷയം "സഭയും രാഷ്ട്രീയവും കേരളത്തിൽ" എന്നുള്ളതായിരുന്നു. 1967-ൽ യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ ഐ.പി.എസ്സ്. ആൻഡ് സെൻട്രൽ സർവ്വീസസ് എക്സാമിനേഷനിൽ വിജയിയായി. പക്ഷെ ഐ.പി.എസ്. തസ്തികയിലേയ്ക്കുള്ള ജോലി സ്വീകരിക്കാതെ തനിക്കേറ്റം ഇഷ്ടപ്പെട്ട അദ്ധ്യാപകജോലി സ്വീകരിക്കുകയാണ് ചെയ്തത്. പാലാ സെന്റ് തോമസ് കോളേജിൽ പ്രൊഫസ്സറായും ഗവേഷണവിഭാഗത്തിന്റെയും ബിരുദാനന്തരവിഭാഗത്തിന്റെയും തലവനായും അദ്ദേഹം പ്രവർത്തിച്ചു. ഡോക്ടറേറ്റ് നേടുന്നതിന് ശ്രമിക്കുന്നവർക്ക് റിസേർച്ച് ഗൈഡായിരുന്നു ഡോ. സിറിയക് തോമസ്. എട്ടുപേരെ ഡോക്ടറേറ്റ് നേടുവാൻ സഹായിച്ചു.

വിദ്യാഭ്യാസ രംഗത്ത് വിവിധനിലകളിൽ പ്രവർത്തിച്ച ഡോ.സിറിയക് തോമസ് 1998 മുതൽ 2000 വരെ കേരളായൂണിവേഴ്സിറ്റിയുടെ പ്രോ-വൈസ്ചാൻസലറായും 2000മാണ്ട് മാർച്ച് മുതൽ മെയ് വരെ ആക്ടിംഗ് വൈസ്ചാൻസലറായും 2000 മുതൽ 2004 വരെ മഹാത്മാഗാന്ധി യൂണിവേ

www.malankaralibrary.com

ഴ്സിറ്റിയുടെ വൈസ്ചാൻസലറായും സേവനം അനുഷ്ഠിച്ചു. 2004-ൽ ഏതാനും മാസക്കാലം കൊച്ചിയൂണിവേഴ്സിറ്റിയുടെ വൈസ്ചാൻസലർ സ്ഥാനവും വഹിക്കുകയുണ്ടായി.

1976 മുതൽ 1980 വരെ കേരളമദ്യനിരോധനസമിതിയുടെ ജനറൽ സെക്രട്ടറിയായും 1995-2000 വരെ റിലീജിയസ് ഫെല്ലോഷിപ്പ് ഫൗണ്ടേഷൻ സെക്രട്ടറി ജനറലായും 1992 മുതൽ 2000 വരെ ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷൻ കമ്മീഷനിലെ അംഗമായും, സി.ബി.സി.ഐ.യുടെ ഉപദേശകസമതിയായ കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യായുടെ വൈസ്പ്രസിഡന്റായും (1997-2002) സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കേരളാ പൊളിറ്റിക്കൽ സയൻസ് ഫോറത്തിന്റെ പ്രസിഡന്റ് (1997-2004) ഇന്ത്യൻ പൊളിറ്റിക്കൽ സയൻസ് അസോസിയേഷൻ ദേശീയ ജനറൽ സെക്രട്ടറി (1996-2000) വൈസ്പ്രസിഡന്റ് (2000-2003) ഇന്റർ യൂണിവേഴ്സിറ്റി കൺസൾറ്റേറ്റീവ് കൗൺസിൽ (കേരള) മെമ്പർ സെക്രട്ടറി (1998-2003) കേരളാ കോളേജ് ടീച്ചേഴ്സ് ഫാറം പ്രസിഡന്റ് (1978-83) കേരള കൗൺസിൽ ഓഫ് റിസേർച്ചേഴ്സ് ജനറൽ സെക്രട്ടറി (1981-1987) ഗാന്ധി സ്റ്റഡീസെന്റർ പാലാ പ്രസിഡന്റ് (1981-86) ഭാരതീയാർ യൂണിവേഴ്സിറ്റി അക്കാഡമിക് സ്റ്റാഫ് കോളേജ് അഡ്വൈസറി ബോർഡ് മെമ്പർ, കേരള സെന്റർ ഫോർ ഹയർ എഡ്യുക്കേഷൻ അഡ്വൈസർ റിലീജിയൻ ഫോർ റീ കൺസിലിയേഷൻ ചെയർമാൻ (2002-2004) എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഡോ.സിറിയക് തോമസ് ഇംഗ്ലീഷിലും മലയാളത്തിലും നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയും ദേശീയസെമിനാറുകളിൽ പ്രബന്ധം അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ പ്രധാന പത്രമാസികകളിൽ അദ്ദേഹത്തിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബിഷപ്പ് മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയുടെ ജീവചരിത്രമാണ് മലയാളത്തിലുള്ള ഒരു കൃതി. മറ്റൊന്ന് രാഷ്ട്രതന്ത്രം ഒന്നും രണ്ടും ഭാഗങ്ങൾ. ആലുവാ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും പ്രസിദ്ധീകരിക്കുന്ന മതവും ചിന്തയും എന്ന മാസികയിൽ 1987-ൽ എഴുതിയ രാഷ്ട്രീയം-ആദർശവും പ്രയോഗവും എന്ന ലേഖനവും 1992-ൽ എഴുതിയ രാഷ്ട്രീയമൂല്യങ്ങളിലെ പൊളിച്ചെഴുത്ത് എന്ന ലേഖനവും പാലായിൽനിന്നും പുറപ്പെടുന്ന ദീപനാളം വാരികയിൽ 1993-ൽ എഴുതിയ സ്വാതന്ത്ര്യത്തിന്റെ അടിമത്വം എന്ന ലേഖനവും 1994-ൽ എഴുതിയ ഗാന്ധിജി ചരിത്രത്തിലെ ഒരു അപൂർവ്വനക്ഷത്രം എന്ന ലേഖനവും കാഞ്ഞിരപ്പള്ളിയിൽനിന്നും പ്രസിദ്ധീകരിക്കുന്ന യുവദീപം മാസികയിൽ (1990) വിദ്യാഭ്യാസം-മാറേണ്ടത് മാനദണ്ഡം എന്ന ലേഖനവും ഭരണങ്ങാനം അസ്സീസി മാസികയിൽ അഴിമതി ഗാന്ധിജിയുടെ ദൃഷ്ടിയിൽ എന്ന ലേഖനവും എരിവ് മാസികയിൽ (2005) വിദ്യാഭ്യാസമേഖലയിലെ സുനാമി എന്ന ലേഖനവും കേരള മദ്യവർജ്ജന സമിതി പ്രസിദ്ധീകരിച്ച മദ്യവർജ്ജനത്തിനൊരു മാർഗ്ഗരേഖ എന്ന ലേഖ

www.malankaralibrary.com

നവും കെ.പി. മാധവൻനായരെപ്പറ്റി നേതാക്കന്മാരുടെ നേതാവ് എന്ന ശീർഷകത്തിൽ ദീപികയിൽ പ്രസിദ്ധീകരിച്ച ലേഖനവും (1994) മലയാളത്തിൽ അദ്ദേഹം എഴുതിയ ലേഖനങ്ങളിൽ പ്രാധാന്യമേറിയതാണ്.

Elements of Political Science ഒന്നും രണ്ടും ഭാഗങ്ങളാണ് ഇംഗ്ലീഷിൽ തയ്യാറാക്കിയ ഗ്രന്ഥം (1980). അദ്ദേഹം ഇംഗ്ലീഷിൽ അവതരിപ്പിച്ച പ്രബന്ധങ്ങൾ താഴെ പറയുന്നവയാണ്

(1) Gandhi and Eco-ethics, All India Association for Christian Higher Education Seminar Cochin - 1993 (2) Dynamics of State Politics: Kerala, Sterling Publishers New Delhi, 1986 (3) Kerala Assembly Election, 1987, Issue of a State, Issue of a Govt: Religion and Society Vol. XXXV No.4, Bangalore 1988 (4) Participatory Politics and Democratic Decentralization, The Kerala Experiment of Dist Cereneils U.G.C. Seminar, Madras 1995, University of Madras 1995 (5) The Challenges of Secularism in India: Bishop George Punnakottil Endowment Lecture, Idukki, Kerala, 2001 (6) Christian Involvement in the Building up of the Nation, K.C.B.C., Kochi.

ഡോ. സിറിയക് തോമസിന്റെ ബഹുവിധങ്ങളായ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് പല അവാർഡുകളും അദ്ദേഹത്തിന് നൽകി ആദരിച്ചിട്ടുണ്ട്. ഏറ്റം നല്ല കോളേജ് അദ്ധ്യാപകനുള്ള സെന്റ് ബർക്കുമാൻസ് അവാർഡ് 1998-ലും ഏറ്റം നല്ല മദ്യവിരുദ്ധപ്രവർത്തകനുള്ള ഫാ.പാറയ്ക്കൽ കോർ-എപ്പിസ്കോപ്പാ അവാർഡ് 1999-ലും ഡോ.കെ.എം. തരകൻ ഫൗണ്ടേഷൻ ഏർപ്പെടുത്തിയിരിക്കുന്ന ആചാര്യ അവാർഡ് 2003-ലും ആളൂർ ബറ്റർ ലൈഫ് മൂവ്മെന്റ് ഏർപ്പെടുത്തിയിരിക്കുന്ന കേരളസഭാതാരം അവാർഡ് 2004-ലും ഡോ.സിറിയക് തോമസിന് ലഭിച്ചു.

ഡോ.സിറിയക് തോമസിന്റെ സഹധർമ്മിണി ആനിയാണ്.

വിലാസം - ഡോ. സിറിയക് തോമസ്, ആർ.വി. സാൻജോസ് ഹൗസ്,
പാലാ - 686575.

# 322

# മാത്യു ജെ. ഓലിക്കൽ



അമേരിക്കൻ സാമൂഹ്യജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന മാത്യൂ ജെ.ഓലിക്കൽ പുരാതനവും പ്രസിദ്ധവുമായ വാഴക്കുളത്തെ ഓലിക്കൽ കുടുംബത്തിൽ 1943 ഒക്ടോബർ 29-ന് ജനിച്ചു. അൻപത്തിയഞ്ചുവർഷക്കാലം മതാധ്യാപന രംഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുകയും വിവിധ സാമൂഹ്യസംഘടനകളിൽ സജീവമായ നേതൃത്വം നൽകുകയും ചെയ്ത

www.malankaralibrary.com

ഒ.എം. ജോൺ ഓലിക്കൽ ആണ് പിതാവ്. മണ്ണയ്ക്കനാട് പൂവത്തോട് കുടുംബാംഗമായ ഏലിക്കുട്ടിയാണ് മാതാവ്.

വിദ്യാഭ്യാസാനന്തരം ഇന്ത്യൻ എയർഫോഴ്സിൽ 1963-1975 കാലഘട്ടത്തിൽ സേവനം അനുഷ്ഠിച്ചു. അതിനുശേഷം അമേരിക്കയിൽ കുടിയേറി പാർത്തു. അമേരിക്കയിൽ - ചിക്കാഗോയിൽ പല പ്രധാന സംഘടനകളിലെ പ്രവർത്തകനാണ്. ഇന്തോ-അമേരിക്കൻ പൊളിററിക്കൽ ഫോറം, ചിക്കാഗോയിലെ മലയാളി അസോസിയേഷൻ, എന്നിവയിൽ ഉത്തരവാദിത്വമേറിയ ജോലികൾ നിർവ്വഹിച്ചിട്ടുള്ള മാത്യു പിൽക്കാലത്ത് കേരളത്തിൽ നിന്നും അമേരിക്കയിൽ എത്തിയ മലയാളികൾക്ക് ഒരു സഹായിയായിരുന്നു.

രാഷ്ട്രീയ മേഖലയിലും മാത്യു നിർണ്ണായകമായ പങ്കുവഹിച്ചുകൊണ്ടിരിക്കുന്നു. നിരവധി ഗവണ്മെന്റ് കമ്മററികളിൽ അദ്ദേഹം അംഗമാണ്. വിദേശിയർക്ക് അമേരിക്കയിൽ ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേരുക പ്രയാസകരമാണ്. പക്ഷെ മാത്യുവിന്റെ കഠിനാദ്ധ്വാനവും അർപ്പണബോധവും ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിന് സഹായകരമായി.

1994-ൽ ഇല്ലിനോയിസ് സ്റ്റേററ് ടോൺ ഹൈവേ അഡ്വൈസറി കൗൺസിൽ അംഗമായി. 2000 മുതൽ ഏഷ്യൻ അമേരിക്കൻ അഡ്വൈസറി കൗൺസിലിലേക്ക് തിരഞ്ഞെടുത്തു. നൈൽസ് ടൗൺഷിപ്പ് റിപ്പബ്ലിക്കൻ ഓർഗനൈസേഷന്റെ ബോർഡ് മെമ്പറുമാണ് അദ്ദേഹം.

മൂന്നു ദശാബ്ദങ്ങളായി അമേരിക്കയിൽ താമസിക്കുന്ന മാത്യു അവിടുത്തെ മലയാളി കുടിയേററക്കാരിൽ സീനിയർ ആയിട്ടുള്ള വ്യക്തിയാണ്. അദ്ദേഹത്തിന്റെ രാഷ്ട്രീയ സ്വാധീനം ഇളംതലമുറക്ക് പലനേട്ടങ്ങളും കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഇളംതലമുറ അത് നന്ദിയോടെ സ്മരിക്കുന്നു.

സീറോ-മലബാർ സഭയുടെ അമേരിക്കയിലെ ആസ്ഥാനകേന്ദ്രമാണ് ചിക്കാഗോ. അവിടുത്തെ സീറോ-മലബാർ പള്ളിയുടെ ആദ്യകാല പ്രവർത്തകനും ആണ് അദ്ദേഹം. ഫിലാഡൽഫിയായിൽ 1999-ൽ നടന്ന സീറോ-മലബാർ കാത്തലിക് കൺവെൻഷനിലും 2001-ൽ ചിക്കാഗോയിൽ നടന്ന കൺവെൻഷനിലും അദ്ദേഹം പങ്കെടുക്കുകയുണ്ടായി.


ചിക്കാഗോയിൽ ഒരു പ്രൈവററ് കമ്പനിയിൽ ഇൻഡസ്ട്രിയൽ എൻജിനീയറായി സേവനം അനുഷ്ഠിക്കുന്നു. ഭാര്യ ചിന്നമ്മ രാമപുരം അഴികണ്ണിക്കൽ കുര്യച്ചൻ അന്നമ്മ ദമ്പതികളുടെ പുത്രിയാണ്.

Address - Mathew J. Olickal
4505 Keeney
Skokie
IL - 60076 U.S.A.

www.malankaralibrary.com

# 323

# മിസ്സിസ് ജോസഫൈൻ ഓസ്റ്റിൻ



വിദ്യാഭ്യാസ സാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ തിളക്കമാർന്ന സേവനം കാഴ്ചവച്ച മിസ്സിസ് ജോസഫൈൻ ഫോർട്ടുകൊച്ചിയിലെ മുണ്ടുംപറമ്പിൽ കുടംബത്തിൽ എം.സി. ഫ്രാൻസീസ് ആൻജല ദമ്പതികളുടെ മകളായി 1943 ഡിസംബർ 15-ാം തീയതി ജനിച്ചു. പിതാവ് ഫ്രാൻസീസ് ഒരു പ്രമുഖ കയർ വ്യാപാരിയായിരുന്നു. ഫോർട്ട് കൊച്ചിയിലെ സെന്റ് മേരീസ് യൂറോപ്യൻ ഹൈസ്കൂളിൽനിന്നും എസ്.എസ്.എൽ.സി. പാസ്സായി. തുടർന്ന് മഹാരാജാസ് കോളേജിൽ ചേർന്ന് പ്രീഡിഗ്രിയും, എറണാകുളം സെന്റ് തെരേസാസ് കോളേജിൽനിന്നും ബി.എസ്.സി. ബിരുദവും എറണാകുളം സെന്റ് ജോസഫ് കോളേജിൽനിന്നും ബി.എഡ്. ബിരുദവും നേടി. കേരളായൂണിവേഴ്സിറ്റിയിൽനിന്നും സോഷ്യോളജിയിൽ എം.എ. ബിരുദവും നേടി.

ഫോർട്ടുകൊച്ചിയിലെ അഴീക്കൽ കുടുംബത്തിലെ ഓസ്റ്റിൻപോളിനെ ജോസഫൈൻ വിവാഹം കഴിച്ചു.

ഫോർട്ടുകൊച്ചിയിലെ ഫാത്തിമാഗേൾസ് ഹൈസ്കൂളിൽ അദ്ധ്യാപികയായിട്ടാണ് ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത് (1964-1965). തുടർന്ന് 1966 ൽ എറണാകുളത്തെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനമായ സെന്റ് തെരേസാസ് ഹൈസ്കൂളിൽ അദ്ധ്യാപികയായി. 21 വർഷം അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു. സ്കൂളിന്റെ ശതാബ്ദിയാഘോഷം അതിവിപുലമായ തോതിൽ ആഘോഷിച്ചു. ജൂബിലിയാഘോഷാവസരത്തിലാണ് ജോസഫൈനെ സ്കൂളിന്റെ പ്രിൻസിപ്പലായി നിയമിക്കുന്നത്. സ്കൂളിന്റെ ചരിത്രത്തിലാദ്യമായാണ് ഒരു അൽമായ പ്രിൻസിപ്പലാകുന്നത്. കന്യാസ്ത്രീകളായിരുന്നു എക്കാലവും പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചിരുന്നത്. സ്കൂളിനെ പഠനത്തിലും കായികകലാരംഗങ്ങളിലും മുൻപന്തിയിലെത്തിക്കാൻ ജോസഫൈന് സാധിച്ചു.

ജോസഫൈന്റെ വിശിഷ്ടമായ സേവനങ്ങളെയാദരിച്ച് പല അവാർഡുകളും പല പ്രസ്ഥാനങ്ങളും നൽകിയാദരിച്ചിട്ടുണ്ട്. 1995 ൽ ദേശീയ അവാർഡ് ലഭിച്ചത് ഏറ്റം വലിയ അംഗീകാരമായിരുന്നു. കേരളാ പ്രൈവറ്റ് സെക്കണ്ടറി ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷന്റെ സ്റ്റേറ്റ് അവാർഡ് 1994 ലും ഗവൺമെന്റിന്റെ സ്റ്റേറ്റ് അവാർഡ് 1993 ലും ലഭിക്കുകയുണ്ടായി. റോട്ടറി ഇന്റർനാഷണൽ അവാർഡും, മികച്ച സാമൂഹ്യപ്രവർത്തകക്കുള്ള ഗ്രേറ്റർ കൊച്ചിൻ സിറ്റിസൺസ് അവാർഡും, മികച്ച ഹെഡ്മിസ്ട്രസ്സിനുള്ള റ്റി.സി. ഐസക് അവാർഡും, വെസ്റ്റ് റീജയന്റെ Best Y's Menetter President അവാർഡും

www.malankaralibrary.com

ജോസഫൈന് ലഭിച്ചിട്ടുണ്ട്.


വിദ്യാഭ്യാസരംഗത്തെ സേവനത്തോടൊപ്പം സാമൂഹ്യസാംസ്കാരിക രംഗങ്ങളിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുവാൻ മിസ്സസ് ജോസഫൈന് സാധിച്ചിട്ടുണ്ട്.

കൊച്ചിൻസൗത്ത് യംഗ് മെൻസ് ക്ലബ്ബിന്റെ പ്രസിഡണ്ടായി രണ്ടു വർഷക്കാലവും, കേരളാ പ്രൈവറ്റ് ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷന്റെ ജില്ലാ പ്രസിഡണ്ടായി ഒൻപതുവർഷക്കാലവും, പ്രവർത്തിക്കുകയുണ്ടായി. ഫോർട്ടുകൊച്ചിയിലെ സാന്റാക്രൂസ് ബസ്സിക്കാ ഇടവകയിലെ ലീജയൻ ഓഫ് മേരിയുടെ പ്രസിഡണ്ടായും Holy Eucharist unit ന്റെ ട്രഷററായും ദീർഘകാലമായി പ്രവർത്തിച്ചുവരുന്നു. ബജാജ് അലിയൻസിന്റെ ഇൻഷ്വറൻസ് കൺസൾട്ടന്റ് ആയും ഇപ്പോൾ പ്രവർത്തിക്കുന്നു.

Address - Mrs. Josaphine Austin, B.Sc., M.A., B.Ed, Azheekal House,
1/740 -B, FortCohi, Cochi 682001.

# 324

# മോൺ ജോർജ്ജ് ചൂരക്കാട്ട്



നർമ്മംതുളുമ്പുന്ന സംസാരശൈലിയും ഹൃദ്യമായ പെരുമാറ്റവുംകൊണ്ട് ഏവരുടെയും ഹൃദയംകവരുന്ന മോൺ ജോർജ് ചുരക്കാട്ട് പാലാ രൂപതയിലെ പാദുവാ ഇടവകയിൽ ചൂരക്കാട്ട് ജോസഫ് മറിയം ദമ്പതികളുടെ എട്ടുമക്കളിൽ മൂത്തവനായി 1943 ഡിസംബർ 24-ാം തീയതി ജനിച്ചു. പാദുവായിലെ പ്രൈമറി സ്കൂൾ, കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. തുടർന്ന് തൃശൂർ സെന്റ് തോമസ് കോളേജിൽ ചേർന്ന് പ്രീ യൂണിവേഴ്സിറ്റ് പരീക്ഷ പാസ്സായി. ചെറുപ്പംമുതൽ വൈദീകനാകണമെന്ന ആഗ്രഹത്തോടുകൂടി വളർന്നുവന്ന ജോർജ്ജ് പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. ആലുവാ കർമ്മലഗിരി, മംഗലപ്പുഴ സെമിനാരികളിൽ പഠിച്ച് വൈദികപഠനം പൂർത്തിയാക്കുകയും 1968 ഡിസംബർ 19-ാം തീയതി പാലാ ളാലം പഴയപള്ളിയിൽവച്ച് വൈദീകപട്ടം സ്വീകരിക്കുകയും ചെയ്തു. അന്നുതന്നെ ഇടവകപള്ളിയിൽ പ്രഥമ ദിവ്യബലിയർപ്പിച്ചു.

മണ്ണാറപ്പാറപള്ളിയിൽ അസിസ്റ്റന്റ് വികാരിയായി ഔദ്യോഗികജീവിതം ആരംഭിച്ച ചൂരക്കാട്ടച്ചൻ ആറുമാസത്തിനുശേഷം ളാലംപഴയപള്ളിയിൽ അസിസ്റ്റന്റ് വികാരിയായി. രണ്ടുവർഷത്തിനുശേഷം കെ.സി.ബി.സിയുടെ കേന്ദ്രകാര്യാലയമായ പി.ഒ.സിയിലേക്ക് സ്ഥലംമാറ്റി. പാസ്റ്ററൽ ഓറിയന്റേ

www.malankaralibrary.com

ഷന്റെ സ്ഥാപകഡയറക്ടറായിരുന്ന ഫാ. ജോസഫ് കണ്ണത്ത് അച്ചന്റെ അഭ്യർത്ഥനയനുസരിച്ചായിരുന്നു ഈ നിയമനം. ഉത്തരവാദിത്വമേറിയ പല കാര്യങ്ങളും ജോർജ്ജച്ചനെ പി.ഒ.സി.യിൽ നിന്നും ഏല്പിച്ചു. മതബോധനപുസ്തകങ്ങൾ തയ്യാറാക്കുക, ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തുക, ഓഡിയോ വിഷ്വലുകൾ നിർമ്മിക്കുക തുടങ്ങിയ കാര്യങ്ങളുടെ ചുമതലകളായിരുന്നു അച്ചനെ ഏല്പിച്ചിരുന്നത്. പി.ഒ.സി.യിലെ ഒരുവർഷത്തെ പ്രവർത്തനത്തിനുശേഷം മാസ് മീഡിയാ സംബന്ധമായ കാര്യങ്ങളിൽ ഉപരിപഠനം നടത്തുന്നതിനായി ബോംബെയിലെ സെന്റ് സേവിയേഴ്സ് കോളേജിൽ ചേർന്നു. രണ്ടുസെമസ്റ്ററുള്ള കോഴ്സിൽ പങ്കെടുത്ത് ടെലിവിഷൻ പ്രോഗ്രാമുകൾ തയ്യാറാക്കുവാനും, ദൃശ്യശ്രാവ്യ പഠനോപാധികൾ തയ്യാറാക്കാനും ഫിലിം നിരൂപണം നടത്താനും പരിശീലനം നേടി. ബോംബെയിലെ താമസത്തിനിടയിൽ ഫ്രഞ്ചുഭാഷയും പഠിക്കുകയുണ്ടായി. ഏഴുമാസത്തെ പഠനത്തിനുശേഷം വീണ്ടും പി.ഒ.സിയിൽ എത്തിച്ചേർന്നു.

1972ൽ ഉപരിപഠനത്തിനായി ബൽജിയത്തിൽ ജോർജ്ജച്ചൻ പോയി. ലുവെയ്ൻ യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ലുമെൻ വീത്തേ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിൽചേർന്നു. Catachetics and pastonal Theology എന്ന വിഷയത്തിൽ ലൈസൻഷ്യേറ്റ് എടുത്തു. തുടർന്ന് റിലീജിയസ് സ്റ്റഡീസിൽ മാസ്റ്റർ ബിരുദവും കരസ്ഥമാക്കി. അവധിക്കാലങ്ങളിൽ അമേരിക്കയിലും ജർമ്മനിയിലും പോയി പള്ളികളിൽ ജോലി ചെയ്തിരുന്നു. വിശുദ്ധനാടുകൾ സന്ദർശിക്കുന്നതിനും യൂറോപ്യൻ രാജ്യങ്ങളിലും റഷ്യയിലും പഠനപര്യടനം നടത്തുന്നതിനും അച്ചന് സാധിച്ചിട്ടുണ്ട്.

ബൽജിയത്തിലെ പഠനംകഴിഞ്ഞ് തിരിച്ചെത്തിയ അദ്ദേഹം 1976 ജനുവരിയിൽ വീണ്ടും പി.ഒ.സിയിൽ എത്തി. മതാദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാമിന്റെ ചുമതല ഏറ്റെടുത്തു. പിന്നീട് മതബോധനവകുപ്പിന്റെയും മാസ് കമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെയും സെക്രട്ടറിയായി പ്രവർത്തിച്ചു. കേരളത്തിലെ എല്ലാ രൂപതകളിലേക്കുംവേണ്ടി പി.ഒ.സി. തയ്യാറാക്കിയ വേദപാഠപുസ്തകത്തിന്റെ നിർമ്മിതിയിലും 1977 ൽ പി.ഒ.സി. പ്രസിദ്ധീകരിച്ച പുതിയ നിയമത്തിന്റെയും 1981 ൽ പ്രസിദ്ധീകരിച്ച സമ്പൂർണ്ണ ബൈബിളിന്റെയും പ്രസിദ്ധീകരണ പ്രവർത്തനങ്ങളിലും സഹകരിച്ചു. 1983-84 വർഷങ്ങളിൽ പി.ഒ.സി.യുടെ ഡയറക്ടറായും സേവനം അനുഷ്ഠിച്ചു.

ഒരു വ്യാഴവട്ടത്തിലധികംകാലം പാലാ രൂപതയ്ക്ക് വെളിയിലായിരുന്നു ജോർജ്ജച്ചന്റെ സേവനം. 1984 ൽ പാലാരൂപതയിൽ തിരികെയെത്തിയ അദ്ദേഹം ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ അദ്ധ്യാപകനായും തുടർന്ന് 1986 മുതൽ 1992 വരെ റെക്ടറായും പ്രവർത്തിച്ചു. സെമിനാരിയിലെ പ്രവർത്തനകാലത്ത് സമീപമുള്ള പരമലക്കുന്നിലെ ഡേവീസ് നഗറിൽ എത്തി സാമൂഹ്യപ്രവർത്തനം നടത്തിയിരുന്നു. ഭവനനിർമ്മാണ പ്രവർത്തനത്തിന് നേതൃത്വം നൽകുകയും കുട്ടികളുടെ വിദ്യാഭ്യാസത്തിൽ

www.malankaralibrary.com

പ്രത്യേകം താല്പര്യമെടുക്കുകയും ചെയ്തിരുന്നു. കൂടാതെ സംഘടിത പ്രവർത്തനത്തിലൂടെ അവരുടെ സാമൂഹ്യപുരോഗതിക്കുവേണ്ടി യത്നിക്കുകയും ചെയ്തു. അജപാലന ശുശ്രൂഷ അച്ചന് ഏറ്റം ഇഷ്ടപ്പെട്ട വിഷയമായിരുന്നു.

സെമിനാരിയിൽനിന്നും കത്തീഡ്രൽപള്ളി വികാരിയായിട്ടായിരുന്നു അടുത്ത നിയമനം. കത്തീഡ്രൽ ഇടവകക്ക് പിന്നീടുള്ള 8 വർഷക്കാലം വളരെയധികം സുപ്രധാനമായിരുന്നു. മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ ജന്മസ്ഥലമായ പാറപ്പള്ളിയിൽ ഒരു ചാപ്പൽ നിർമ്മിക്കുകയുണ്ടായി. ആ ചാപ്പൽ വയലിൽ പിതാവിന്റെ സ്മരണയെ നിലനിർത്തുന്നതിനുവേണ്ടിയായിരിക്കണമെന്നും തീരുമാനിച്ചു. യഥാസമയം ആ ചാപ്പൽപണി പൂർത്തീകരിക്കുകയും ചെയ്തു. ചൂരക്കാട്ടച്ചന്റെ നേട്ടമായതിനെ വിശേഷിപ്പിക്കാം. മറ്റൊന്ന് കിഴപറയാർ പള്ളിയുടെ സ്ഥാപനമാണ്. പാലാ പട്ടണത്തിന്റെ ഹൃദയഭാഗത്തുതന്നെ കിഴപറയാർപള്ളി സ്ഥാപിക്കുന്നതിന് തുടക്കം കുറിച്ചതും മോൺ-ചൂരക്കാട്ടുതന്നെയായിരുന്നു. പാലാ സെന്റ് തോമസ് ട്രെയിനിംഗ്സ്കൂൾ കത്തീഡ്രൽപള്ളിയുടെ സമീപത്ത് പുതിയ കെട്ടിടത്തിൽ മാറ്റി സ്ഥാപിച്ചതും, സെന്റ് തോമസ് അസംബ്ലിഹാൾ (ചെറിയ പാരീഷ്ഹാൾ) നിർമ്മിച്ചതും, സെന്റ് തോമസ് ഹയർസെക്കണ്ടറിസ്കൂൾ ആയി ഉയർത്തിയതും ലാബട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിച്ചതും, ലൈബ്രറി കെട്ടിടം നിർമ്മിച്ചതും എല്ലാം ചൂരക്കാട്ടച്ചന്റെ നേതൃത്വത്തിന്റെ ഫലമാണ്.


കത്തീഡ്രൽപള്ളിയിൽ നിന്നും കടത്തുരുത്തി പള്ളിയിലേക്കാണ് സ്ഥലം മാറിയത്. കടത്തുരുത്തിതാഴത്തുപള്ളി ദേവാലയനിർമ്മാണ സ്മരണികയിൽ വിനോദ് സെബാസ്റ്റ്യൻ എഴുതിയ ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. “ഇടവകജനങ്ങളെ മുഴുവൻ പേരുചൊല്ലി വിളിക്കാനറിയുന്ന അച്ചന്റെ കഴിവ് അനിതരസാധാരണമാണ്. ചൂരക്കാട്ടച്ചനെ അറിയാത്ത ഇടവകാംഗമോ അച്ചൻ അറിയാത്ത ഇടവകാംഗമോ കടുത്തുരുത്തിയിൽ ഇല്ല.” താഴത്തുപള്ളി ഇടവകക്ക് ലക്ഷക്കണക്കിന് രൂപായുടെ കടബാദ്ധ്യത ഉണ്ടായിരുന്ന സന്ദർഭത്തിലാണ് പ്രസ്തുത ദേവാലയം പുതുക്കിപണിയാൻ ചൂരക്കാട്ടച്ചൻ ധൈര്യസമേതം ഇറങ്ങിപ്പുറപ്പെട്ടത്. ദേവാലയനിർമ്മാണ മദ്ധ്യസ്ഥപ്രാർത്ഥന തയ്യാറാക്കി ഇടവകാംഗങ്ങൾക്കു നൽകിക്കൊണ്ട് ദേവാലയനിർമ്മാണപ്രവർത്തനങ്ങൾ അച്ചൻ ആരംഭിച്ചു. ഇടവകാംഗങ്ങളിൽനിന്ന് യാതൊരുവിധ നിർബന്ധപിരിവും നടത്താതെയാണ് പള്ളിപണിക്ക് ഇറങ്ങിപ്പുറപ്പെട്ടത്. പണിക്കാരെത്തുംമുമ്പ് പണിസ്ഥലത്തെത്തി അവരിൽ ഒരാളെപോലെനിന്ന് പ്രവർത്തിക്കുകയും ചെയ്ത ചൂരക്കാട്ടച്ചൻ പള്ളിപണി പൂർത്തീകരിക്കുന്നതിന് മുൻപ് പാലാ രൂപതയുടെ വികാരി ജനറാളായി പ്രൊമോഷനോടുകൂടി സ്ഥലംമാറി. എങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് അച്ചൻ തുടർന്നും നേതൃത്വം നൽകിക്കൊണ്ടിരുന്നു.

Address - Rev. Mgr. George Chorakattu, Bishops house, Pala.

www.malankaralibrary.com

# 325

# ജോസഫ് പൂങ്കുടി



അമേരിക്കയിൽ കുടിയേറി പാർത്ത മലയാളി കത്തോലിക്കരെ ഒന്നിച്ചണിനിരത്തുവാനും അവരുടെ കൂട്ടായ്മ വളർത്തിയെടുക്കാനും പരിശ്രമിച്ച് വിജയം വരിച്ച ശ്രീ. ജോസഫ് പൂങ്കുടി ആഗസ്തി ആഗസ്തി - ബ്രജീററ് ദമ്പതികളുടെ മൂത്തമകനായി 1944 ജനുവരി 5-ാം തീയതി ജനിച്ചു. മാതാവ് ബ്രജീററ് എടക്കര അഗസ്തിയുടെ മകളാണ്. മരങ്ങാട്ടിലും ഏഴാച്ചേരിയിലുമായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. രാമപുരത്ത് ഹൈസ്കൂൾ വിദ്യാഭ്യാസവും. തുടർന്ന് പാലാ സെന്റ് തോമസ് കോളേജിൽ നിന്ന് ബി.എസ്സ്.സി. ബിരുദവും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ നിന്ന് എം.എസ്.സി. ബിരുദവും സമ്പാദിച്ചു. 1971-ൽ മണിമല പനന്തോട്ടത്തിൽ ചാക്കോ ജോസഫ് ത്രേസ്യാമ്മ ദമ്പതികളുടെ ഇളയമകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു.

1971-ഡിസംബർ 20-ന് അമേരിക്കയിൽ എത്തിയ ജോസഫ് സൈറോ പതോളജിയിൻ ഉപരിപഠനം നടത്തി. ന്യൂയോർക്കിലുള്ള ബ്രുക്കുഡെയിൽ യൂണിവേഴ്സിററി ഹോസ്പിററൽ മെഡിക്കൽ സെന്ററിൽ സൈറോളജി വിഭാഗത്തിന്റെ മേധാവിയാണ് ജോസഫ്. അമേരിക്കൻ സൊസൈററി ഓഫ് സൈറോളജി, അമേരിക്കൻ സൊസൈററി ഓഫ് ക്ലിനിക്കൽ പതോളജിസ്റ്റ്, ഗ്രേററർ ന്യൂയോർക്ക് അസോസിയേഷൻ ഓഫ് സൈറോളജി എന്നീ സംഘടനകളിൽ ജോസഫ് അംഗമാണ്.

ജോസഫ് നാട്ടിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ സജീവ കോൺഗ്രസ്സ് പ്രവർത്തകൻ കൂടിയായിരുന്നു. ഇപ്പോഴത്തെ മേഘാലയാ ഗവർണ്ണർ എം.എം. ജേക്കബ്ബ് ഒന്നിച്ച് കോൺഗ്രസ്സ് പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്നു. 1971-ൽ കുടുംബസമേതം ഏഴുകടലുകടന്ന് ന്യൂയോർക്കിലേക്ക് താമസം ആക്കിയപ്പോൾ ഒരു മലയാളിയേയോ മലയാളി കുടുംബത്തെയോ കാണുന്നത് വളരെ സന്തോഷകരമായിരുന്നു. അമേരിക്കൻ കുടിയേററത്തിന്റെ പടിവാതലായ ന്യൂയോർക്ക്, ന്യൂജേഴ്സി, കണററികെട്ട്, എന്നീ ഭാഗങ്ങളിലായിരുന്നു ബഹുഭൂരിപക്ഷം മലയാളികളും താമസിച്ചിരുന്നത്. അക്കാലത്ത് ജാതിമതഭേദമെന്യേ എല്ലാ മലയാളിക്കും ഒരുമിച്ചു കൂടുവാൻ കേരള സമാജം ഓഫ് ഗ്രേററർ ന്യൂയോർക്ക് എന്ന സംഘടനരൂപീകരിച്ചു. പൂങ്കുടി കുടുംബം ഈ സംഘടനയുമായി സഹകരിക്കുകയും മലയാളികളുടെ സാമുഹ്യവും സാംസ്കാരികവുമായ കാര്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുകയും ചെയ്തു. ജോസഫും ത്രേസ്യാമ്മയും ഈ സംഘടനയുടെ പലകമ്മററികളിലും പ്രവർത്തിച്ചു. തിരുവോണം, വിഷു, ഇന്ത്യൻ റിപ്പബ്ലി

www.malankaralibrary.com

ക്ദിനം, ക്രിസ്തുമസ് ഇതൊക്കെ ആഘോഷമായി നടത്തികൊണ്ടിരുന്നു. കേരള സമാജത്തിന്റെ മുഖപത്രമായ കേരളസന്ദേശം പ്രസദ്ധീകരിക്കുന്നതിൽ പൂങ്കുടികുടുംബം ശ്രദ്ധേയമായ പങ്കുവഹിച്ചിട്ടുണ്ട്. 1981-ൽ കേരള സമാജത്തിന്റെ ജനറൽ സെക്രട്ടറിയായി ജോസഫ് പൂങ്കുടി തിരഞ്ഞെടുക്കപ്പെട്ടു.

ന്യൂയോർക്ക് സിററിക്കും പരിസരങ്ങളിലുമുള്ള ഒരു കൂട്ടം മലയാളി കത്തോലിക്കർ 1979-ൽ ന്യൂയോർക്ക് സിററിയിൽ ഒരു മലയാളം കുർബ്ബാന അർപ്പിക്കുവാനുള്ള അനുവാദം വാങ്ങി. മലയാളി വൈദികർ മലയാളം കുർബ്ബാന അർപ്പിച്ചു. പിന്നീടു നടന്ന ചർച്ചാ യോഗത്തിൽവച്ച് ഇൻഡ്യാ കത്തോലിക് അസോസിയേഷൻ ഓഫ് അമേരിക്ക എന്ന സംഘടനക്ക് രൂപം കൊടുക്കുകയും രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പിന്നീട് പലപ്പോഴും മലയാളം കുർബ്ബാനയിലും അസോസിയേഷൻ മീററിംഗിലും കേരളത്തിലെ എല്ലാ രൂപതകളിൽ നിന്നും എത്തിയിട്ടുള്ള കത്തോലിക്കർ വിഭാഗീയ ചിന്താഗതി ഇല്ലാതെ ഒത്തുകൂടുവാൻ തുടങ്ങി. അമേരിക്കയിലെത്തിയ മലയാളികൾ മാതൃഭാഷയിലുള്ള ദിവ്യബലിയിലും മററു തിരുക്കർമ്മങ്ങളിലും പങ്കെടുത്തതിൽ അതിയായ ആനന്ദം കണ്ടെത്തി. അമേരിക്കയിൽ അതാതു സമയത്ത് ഉണ്ടായിരുന്ന ബഹുമാനപ്പെട്ട മലയാളി വൈദീകരുടെ സഹായത്തോടെ അമേരിക്കൻ പള്ളികളിൽവച്ച് മലയാളം കുർബ്ബാന നടക്കുവാൻ തുടങ്ങി. ഈ സംഘടനയുമായും പൂങ്കുടികുടുംബം സഹകരിച്ചു പ്രവർത്തിച്ചു. 1984 ൽ അസോസിയേഷന്റെ ഔദ്യോഗിക പ്രസിദ്ധീകരണം കാത്തലിക് വോയിസ് എന്നപേരിൽ ആരംഭിച്ചു. ആ പ്രസിദ്ധീകരണത്തിന്റെ നടത്തിപ്പിനായി രൂപീകരിച്ച കമ്മററിയുടെ ചെയർമാനും പൂങ്കുടിയായിരുന്നു. പിന്നീട് കാത്തിലിക് വോയിസ് പ്രതിമാസം പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. ഇന്ത്യാ കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്കയുടെ വൈസ് പ്രസിഡണ്ടായി 1985 ലും പ്രസിഡണ്ടായി 1986 ലും തിരഞ്ഞെടുക്കപ്പെട്ടു. 1987 ൽ വീണ്ടും പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് അഞ്ചുവർഷം ബോർഡ് ഓഫ് ട്രസ്റ്റി മെമ്പർ ആയും പ്രവർത്തിച്ചിട്ടുണ്ട്.

1986 ൽ സെന്റ് തോമസ് ദിനം ലോകപ്രസിദ്ധമായ ന്യൂയോർക്കിലെ സെന്റ് പാട്രിക് കത്തീഡ്രലിൽ വച്ച് ആഘോഷമായി കൊണ്ടാടി ന്യൂയോർക്ക് കാർഡിനൽ ജോൺ ഒക്കോണർ, ബിഷപ്പ് മാർ ജോസ് കുണ്ടുകുളം, സി.എം.ഐ. പ്രയോർ ജനറാൾ വിജയാനന്ദ് നെടുമ്പുറം, കോർ-ബിഷപ്പ് ജോൺ മേളാംപറമ്പിൽ, മുപ്പതിൽപരം മലയാളിവൈദികർ, നാല്പതിൽപരം മലയാളി കന്യാസ്ത്രീകൾ, രണ്ടായിരത്തോളം മലയാളി കത്തോലിക്കർ എല്ലാം ആ സമ്മേളനത്തിൽ പങ്കെടുത്തു. മലയാളികളുടെ ഗായകസംഘം സെന്റ് പാട്രിക് കത്തീഡ്രലിൽ ആലപിച്ച ഗാനാലാപം വളരെ ശ്രദ്ധേയമായിരുന്നു. കുർബ്ബാനക്കുശേഷം ജോസഫ് പൂങ്കുടി എല്ലാവർക്കും

www.malankaralibrary.com

നന്ദി പറഞ്ഞു. ഇന്ത്യയുടെ അമേരിക്കയിൽനിന്നുള്ള പ്രതിനിധികളും പരിപാടികളിൽ പങ്കെടുത്തിരുന്നു. പിന്നീട് പൊതുമീറ്റിംഗും കലാപരിപാടികളും നടത്തുകയുണ്ടായി. ന്യൂയോർക്കിലെ അതിരൂപത ഈ സെന്റ് തോമസ് ദിനാചരണത്തോടെ അസോസിയേഷനെ അംഗീകരിച്ചു. മറ്റുരൂപതാധികാരികൾക്കും അസോസിയേഷനെ അംഗീകരിക്കാൻ ഇത് പ്രേരണയായി. 1986 ലെ സെന്റ് തോമസ് ദിനാചരണം വൻവിജയമാക്കുന്നതിൽ പ്രസിഡണ്ട് ജോസഫ് പൂങ്കുടി നിർണ്ണായക പങ്കുവഹിച്ചു. കാലാകാലങ്ങളിൽ ഇന്ത്യയിൽ നിന്നും യു.എസ്സ്. സന്ദർശിക്കുന്ന വൈദിക മേലദ്ധ്യക്ഷന്മാരും സാമൂഹ്യരാഷ്ട്രീയ നേതാക്കളും ഈ അസോസിയേഷൻ പരിപാടികളിൽ പങ്കെടുക്കുകയും സംഘടനയുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുകയും അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് എല്ലാവർഷവും സെന്റ് തോമസ് ദിനം സെന്റ് പാട്രിക് കത്തീഡ്രലിൽ വച്ച് മുടങ്ങാതെ ആഘോഷിച്ചുവരുന്നു.

കാത്തലിക് അസോസിയേഷന് വനിതാവിഭാഗവും യുവജനവിഭാഗവും ഉണ്ട്. അസോസിയേഷന്റെ ആഭിമുഖ്യത്തിൽ, യുവജനോത്സവങ്ങളും കലാമേളകളും കായികോത്സവങ്ങളും നടത്താറുണ്ട്. ആയിരക്കണക്കിനാളുകൾ പ്രസ്തുതപരിപാടികളിൽ പങ്കെടുക്കും. അസോസിയേഷന്റെ 10-മത് വാർഷകത്തിലെ മുഖ്യപ്രാസംഗികൻ ശ്രീ ജോൺകച്ചിറമറ്റമായിരുന്നു. അമേരിക്കയിലെ രൂപതകളിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്നത് ഈ അസോസിയേഷനാണ്.

അമേരിക്കൻ മലയാളികമ്മ്യൂണിററിയെ പലവർഷങ്ങൾ ഇന്ത്യാകാത്തലിക് അസോസിയേഷനിലൂടെ നയിച്ച് അമേരിക്കൻ രൂപതകളുമായി ബന്ധപ്പെട്ട് അവരുടെ സ്നേഹവും അംഗീകാരവും വാത്സല്യവും നമ്മുടെ സമുദായത്തിന് ലഭിക്കുന്നതിന് മുൻകൈയെടുത്ത ജോസഫ് പൂങ്കുടിയും കുടുംബാംഗങ്ങളും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നവരാണ്. ജോസഫ് എപ്പോഴും അദ്ദേഹത്തിന്റെ കൂടെ രാപകലില്ലാതെ പ്രവർത്തിച്ച വൈദീകശ്രേഷ്ഠരായ റവ.ഡോ ബനവന്തൂർ തെക്കേവീട്ടിൽ, റവ. ഡോ. അഗസ്റ്റിൻ കച്ചിറമറ്റം എന്നിവരെപ്പറ്റി പ്രത്യേകം എടുത്തുപറയാറുണ്ട്. ഇരുപത്തിയഞ്ചിലേറെകുടുംബങ്ങൾ അസോസിയേഷൻ പ്രവർത്തനങ്ങളിൽ ജോസഫിനോടൊത്ത് അക്ഷീണം പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സംഘടനയുടെ പ്രവർത്തനങ്ങളിലൂടെ നൂറുകണക്കിന് മലയാളി കുടുംബങ്ങളുമായി സ്നേഹബഹുമാനവും കൂട്ടായ്മയും ഉണ്ടായതാണ് പൂങ്കുടികുടുംബത്തിന് കിട്ടിയ വലിയ നേട്ടം എന്ന് ജോസഫ് പറയുന്നു.

ജോസഫ് ഔദ്യോഗികഭാരവാഹിയല്ലാത്തപ്പോഴും അസോസിയേഷന്റെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുമെന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. ജോസഫിനോടൊത്ത് ഭാര്യ ത്രേസ്യാമ്മയും മക്കൾ ഗീതയും പ്രീതയും സജീവംതന്നെ. ഗീത ഒരു ടേം അസോസിയേഷന്റെ യൂത്ത്വിംഗിന്റെ ചെയർപേഴ്സൺ ആയിരുന്നു. 1988 ൽ യൂത്ത് ഫോറത്തെ


www.malankaralibrary.com

നയിച്ചതും വൻതോതിൽ യുവജനോത്സവം സംഘടിപ്പിച്ചതും ഗീത ചെയർപേഴ്സൺ ആയിരുന്ന കാലത്താണ്. പ്രീത 1989 ൽ യൂത്ത് ഫാറത്തിന്റെ ചെയർപേഴ്സൺ ആയിരുന്നു. അക്കൊല്ലത്തെ യൂത്ത്ഫെസ്റ്റുവൽ നയിച്ചതും പ്രീത തന്നെ.

പൂങ്കുടി നാട്ടിലേതുപോലെതന്നെ അമേരിക്കയിലും രാഷ്ട്രീയപ്രവർത്തനം നടത്തുന്നുണ്ട്. ബിൽക്ലിന്റൺ ഡെമോക്രാറ്റിക് ക്ലബ്ബിന്റെ സജീവപ്രവർത്തകാംഗമാണ് അദ്ദേഹം.

Address -Joseph Poomkudy, 149-55 25th drive, Flushing-White stone, NewYork 11354

# 326



# റവ. ഡോ. സെബാസ്റ്റ്യൻ കാഞ്ഞിരത്തുങ്കൽ

കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ ഒരു ക്രിസ്ത്യൻ ചെയർ ആരംഭിക്കുന്നതിന് മുൻനിന്നു പ്രവർത്തിച്ച റവ. ഡോ. സെബാസ്റ്റ്യൻ എറണാകുളം - അങ്കമാലി അതിരൂപതയിലെ കാഞ്ഞൂർ ഫൊറോനാ പള്ളി ഇടവകയിൽ കാഞ്ഞിരത്തുങ്കൽ തറവാട്ടിൽ പാപ്പു (ജോസഫ്) മറിയംകുട്ടി (മേരി) ദമ്പതികളുടെ എട്ടു മക്കളിൽ ഒരുവനായി 1944 ഫെബ്രുവരി 13-ാം തീയതി ജനിച്ചു. മാമ്മോദീസാ പേരു സെബാസ്റ്റ്യൻ എന്നായിരുന്നുവെങ്കിലും ഉമ്മച്ചൻ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കാഞ്ഞൂർ സെന്റ് മേരീസ് പ്രൈമറി സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും തുടർന്ന് 8-ാം ക്ലാസ്സ് വരെ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലും പഠിച്ചു. തുടർന്ന് ഒൻപതും പത്തും ക്ലാസ്സുകളിൽ പഠിച്ചത് സി.എം.ഐ. സഭയുടെ ദേവമാതാ പ്രൊവിൻസിലെ ആസ്പരന്റ് ഹൗസിൽ അംഗമായിക്കൊണ്ട് എൽത്തുരുത്തിലുള്ള സെന്റ് അലോഷ്യസ് ഹൈസ്കൂളിലാണ്. തുടർന്ന് വരന്തരപ്പള്ളിയിലെ വി.പത്താം പീയൂസിന്റെ നാമത്തിലുള്ള മൈനർ സെമിനാരിയിൽ ചേർന്ന് സുറിയാനി, ലത്തീൻ ഭാഷകൾ പഠിച്ചു. അമ്പഴക്കാട്ടുള്ള നവസന്യാസഭവനത്തിൽ നവസന്യാസിയായി ജൂണിയേഴ്സ് കോഴ്സിലും പഠിച്ചു. 1963-ൽ സി.എം.ഐ. സഭാവസ്ത്രം സ്വീകരിച്ചു. 1964-ൽ അനിത്യവ്രതം നടത്തി. തുടർന്ന് നിത്യവ്രതവും അനുഷ്ഠിച്ചു. ദൈവശാസ്ത്രപഠനത്തിന്റെ രണ്ടാം വർഷം ഡീക്കൻ പട്ടവും സ്വീകരിച്ചു. 1972-ൽ പ്രത്യേകം അനുവാദം വാങ്ങി സി.എം.ഐ. സഭയിൽനിന്നും താൽക്കാലികമായി വിട്ടുനിന്നു. ധാർവാറിലുള്ള കർണ്ണാടകയൂണിവേഴ്സിറ്റിയിൽനിന്ന് തത്വശാസ്ത്രത്തിൽ എം.എയും അതി

www.malankaralibrary.com

നുശേഷം യു.ജി.സി. ഫെല്ലോഷിപ്പും സമ്പാദിച്ച് പി.എച്ച്.ഡി. ബിരുദം നേടി.

തത്വശാസ്ത്രത്തിലുള്ള ഗവേഷണത്തിനുശേഷം സി.എം.ഐ. സഭയോട് ഔദ്യോഗികമായി വിടവാങ്ങി കോഴിക്കോട് ലത്തീൻ രൂപതയിൽ അംഗമായി ചേർന്നു. തുടർന്നുള്ള ഒരു വർഷത്തെ സ്വകാര്യദൈവശാസ്ത്രപഠനത്തിനും മൂന്നുമാസത്തെ മംഗലാപുരത്തുള്ള സെന്റ് ജോസഫ് മേജർ സെമിനാരിയിലെ പഠനത്തിനുംശേഷം 1978 ഏപ്രിൽ 24-ാം തീയതി ബിഷപ്പ് ഡോ. ആൽദോ മരിയ പത്രോണി പിതാവിൽനിന്നും കാഞ്ഞൂർ ഫൊ. പള്ളിയിൽവച്ച് ലത്തീൻസഭാക്രമത്തിൽ വൈദികപട്ടം സ്വീകരിച്ചു. കോഴിക്കോട്ടെ കത്തീഡ്രൽ അസിസ്റ്റന്റ് വികാരിയായിട്ടാണ് ഔദ്യോഗികജീവിതം ആരംഭിക്കുന്നത്. അതോടൊപ്പംതന്നെ കോഴിക്കോട് രൂപതയിൽ ബൗദ്ധിക അപ്പസ്തോലിക പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനായി റിലീജിയസ് ഇൻഫൊർമേഷൻ സെന്റർ എന്നപേരിൽ ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനും അദ്ദേഹത്തെ ചുമതലപ്പെടുത്തി. കോഴിക്കോട് സിറ്റിയിലുള്ള വിവിധറീത്തുകളിൽപെട്ട അഭ്യസ്തവിദ്യരായ കത്തോലിക്കരെ ചേർത്ത് കാത്തലിക് ഫോറം ഫോർ കാലിക്കട്ട് എന്ന പേരിൽ ഒരു സംഘടനയുമുണ്ടാക്കി. ബൈബിൾ, ക്രിസ്തുവിജ്ഞാനീയം, സഭാവിജ്ഞാനീയം, ക്രൈസ്തവധർമ്മശാസ്ത്രം പ്രത്യേകിച്ച് ക്രൈസ്തവ വൈദ്യധർമ്മശാസ്ത്രം മറ്റുമതങ്ങളുമായുള്ള സൗഹൃദസംവാദങ്ങൾ എന്നീ മേഖലകളിൽ ചർച്ചകളും പഠനങ്ങളും സംഘടിപ്പിച്ചു. കത്തോലിക്കാ സഭയുടെ ദർശനങ്ങളെക്കുറിച്ച് അഭ്യസ്ഥവിദ്യരായ സഭാവിശ്വാസികളെ കൂടുതൽ ബോധവാന്മാരാക്കാൻ ഈ പ്രവർത്തനങ്ങൾ സഹായിച്ചു.

കത്തോലിക്കാ മതപഠനങ്ങളെക്കുറിച്ച് ബോധവാന്മാരുകുകയെന്നത് തങ്ങളുടെ ക്രൈസ്തവവികസനത്തിന്റെ ആദ്യപടി മാത്രമേ ആകുന്നുള്ളുവെന്നും ആ അറിവ് ജീവിക്കുന്ന അറിവുകളായി മാറണമെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ട്. ആ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ കാത്തലിക് ഫോറം ഫോർ കാലിക്കട്ട് എന്ന സംഘടന രൂപീകരിച്ചുകൊണ്ട് ആ സംഘടനയിലെ അംഗങ്ങളെ കൂടുതൽ സാമൂഹ്യസേവനപ്രബുദ്ധരാക്കുവാനായി സെബാസ്റ്റ്യനച്ചൻ ചില പദ്ധതികൾ അവരുടെ സഹായത്താൽ നടപ്പിലാക്കി. തൽഫലമായി ഈ സംഘടനാംഗങ്ങളുടെ സാമ്പത്തിക കഴിവും സംഘടനാചാതുരിയും ഉപയോഗിച്ച് വളർന്നുവരുന്ന യുവജനങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ജോലിയും തരപ്പെടുത്തിക്കൊടുക്കുന്നതിന് കരിയർ കൺവെൻഷൻ സെന്റർ എന്ന പേരിൽ ഒരു പ്രസ്ഥാനത്തിന് രൂപംകൊടുത്തു.

ഒട്ടേറെ വർത്തമാനപത്രങ്ങൾ, അതിലേറെ കരിയർ ഗൈഡൻസുമായി ബന്ധപ്പെട്ട വാരികകൾ, മാസികകൾ പുസ്തകങ്ങൾ എന്നിവ ശേഖരിച്ച് ഒരു കരിയർ ഗൈഡൻസ് ലൈബ്രറി ആരംഭിച്ചു. കൂടാതെ കരിയർ ഗൈഡൻസ് സെമിനാറുകൾ, സ്വയംതൊഴിൽ കണ്ടെത്തൽ സെമിനാറുകൾ,

www.malankaralibrary.com

അഭിരുചി കണ്ടെത്തൽ സെമിനാറുകൾ ഇന്റലിജെൻസ് ടെസ്റ്റുകൾ, കരിയർ ആൻഡ് ഹയർ എഡ്യുക്കേഷൻ ഇൻഫർമേഷൻ സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിച്ച് ജാതിമതഭേദമെന്യേ ആയിരക്കണക്കിന് യുവജനങ്ങളെ വളർത്തിക്കൊണ്ടുവരുന്ന ബൃഹത്തായ ഒരു പ്രസ്ഥാനമായി കരിയർ കൺസൾട്ടേഷൻ സെന്റർ വളർന്നു. തൊഴിൽനേടാൻ സാമ്പത്തിക സഹായവും ലോണും ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങളും നിർദ്ദേശിച്ചുകൊടുത്തു. ഇന്ത്യക്കകത്തും പുറത്തുമുള്ള യൂണിവേഴ്സിറ്റികളുടെയും കോളേജുകളുടെയും നൂറുകണക്കിന് പ്രോസ്പെക്ടസ് തുടർച്ചയായി വരുത്തി വിദ്യാർത്ഥികൾക്കു നൽകി. ഇന്ത്യയ്ക്ക് അകത്തും പുറത്തും നിന്ന് ലഭ്യമായ ഒരു ലക്ഷത്തി അൻപതിനായിരത്തിലേറെ സ്കോളർഷിപ്പുകളെയും അവ ലഭിക്കുന്നതനുള്ള വ്യവസ്ഥകളെയും കുറിച്ചുള്ള വസ്തുനിഷ്ഠമായ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. പല ഭാഷകൾ പഠിപ്പിക്കുന്നതിനുവേണ്ടി ഒരു ലാംഗ്വേജ് ലാബറട്ടറിയും യുവതലമുറയുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി ഒരു സൗണ്ട് റിക്കാർഡിംഗ് സ്റ്റുഡിയോയും ഫോട്ടോസ്റ്റുഡിയോയും ഈ സംഘടനയുടെ കീഴിൽ ആരംഭിച്ചു. ഇതിനുള്ള സാമ്പത്തിക ചിലവുകളെല്ലാം വഹിച്ചത് കാത്തലിക് ഫോറം ഫോർ കാലിക്കട്ട് എന്ന സംഘടനയിലെ അംഗങ്ങളാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളോടൊപ്പം റിലീജിയസ് ഇൻഫർമേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഒരു കാത്തലിക് എൻക്വയറി സെന്റർ കൂടി ആരംഭിച്ചു. അഭ്യസ്തവിദ്യരായ അക്രൈസ്തവർക്ക് ക്രൈസ്തവപഠനങ്ങളെക്കുറിച്ച് അറിവ് നൽകുന്നതിനും അവരുടെ ജീവിതത്തിൽ ഒരു ക്രൈസ്തവോന്മുഖത പകരുന്നതിനുമായി ഒരു പോസ്റ്റൽ കറസ്പോണ്ടൻസ് കോഴ്സും ആരംഭിച്ചു. ക്രിസ്തുവിജ്ഞാനീയം, കത്തോലിക്കാവിജ്ഞാനീയം, കത്തോലിക്കാ സഭാവിജ്ഞാനീയം, ക്രൈസ്തവധർമ്മശാസ്ത്രം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി മുപ്പത് ചെറുപുസ്തകങ്ങൾ അച്ചടിപ്പിച്ച് പോസ്റ്റു വഴി സൗജന്യമായി ആവശ്യക്കാർക്ക് അയച്ചുകൊടുത്തു. അവരുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നതിന് ബഹു. കന്യാസ്ത്രീകളുടെ സേവനം പ്രയോജനപ്പെടുത്തി. ഈ പദ്ധതിയിൽ നാലായിരത്തോളം ആളുകൾ പങ്കെടുക്കുകയും 54 പേർ കത്തോലിക്കരായി ജ്ഞാനസ്നാനപ്പെടുകയും ചെയ്തു.

ബഹുജനങ്ങളുമായി വിവിധതലങ്ങളിൽ കൂടുതൽ ബന്ധപ്പെടുന്നത് കന്യാസ്ത്രീകളാണല്ലോ. കത്തോലിക്കരും അകത്തോലിക്കരുമായി കൂടുതൽ ബന്ധപ്പെടുന്നതും അവർ തന്നെയാണ്. അതിനാൽ ദൈവശാസ്ത്രത്തിൽ കന്യാസ്ത്രീകൾക്ക് കൂടുതൽ അറിവു നൽകേണ്ടതാണെന്ന ബോദ്ധ്യത്താൽ കോഴിക്കോട്ടുരൂപതയിലെ 12 സന്യാസ സഭാംഗങ്ങളായ സ്ത്രീകൾക്കായി നാലു വർഷം നീണ്ടു നിൽക്കുന്ന മിനി സെമിനാരി തിയോളജി കോഴ്സ് "പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ തിയോളജി കോഴ്സ് എന്ന

www.malankaralibrary.com

പേരിൽ നടത്തി. ഈ കോഴ്സിൽ വിജയകരമായി പഠനം നടത്തിയവർ റോമിൽ ഉപരിപഠനത്തിനായി അപേക്ഷിച്ചപ്പോൾ അവിടുത്തെ നാലു വർഷ കോഴ്സ് രണ്ടു വർഷമായി ചുരുക്കി കൊടുക്കുകയുണ്ടായി. അങ്ങനെ 1970 -കളിൽ തന്നെ സമൂഹത്തിലെ പല തലങ്ങളിലും തട്ടുകളിലും ഉള്ളവർക്ക് ക്രിസ്തോന്മുഖ ദർശനം നൽകുന്ന പല സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന ഒരു ബൗദ്ധിക പ്രസ്ഥാനമായി റിലീജിയസ് ഇൻഫർമേഷൻ സെന്ററിനെ വളർത്താൻ സെബാസ്റ്റ്യൻ കാഞ്ഞിരത്തിങ്കലച്ചനിലൂടെ ദൈവം പ്രവർത്തിച്ചുവെന്നത് ഇവിടെ പ്രസ്താവ്യമാണ്.

കോഴിക്കോട് യൂണിവേഴ്സിറ്റി സ്ഥാപിച്ചത് 1970ലാണ്. യൂണിവേഴ്സിറ്റി കേന്ദ്രത്തിൽ ക്രൈസ്തവസാന്നിദ്ധ്യം വളരെ കുറവായിരുന്നു. യൂണിവേഴ്സിറ്റി ഭരണസമിതികളിലെയും അക്കാഡമിക് ബോർഡുകളിലെയും ക്രൈസ്തവസാന്നിദ്ധ്യത്തിന്റെ കുറവ് നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിന് വിഘാതം സൃഷ്ടിച്ചിരുന്നു. ക്രിസ്തുവിനെപ്പോലും കരിതേച്ചു കാണിക്കുന്ന പാഠഭാഗങ്ങളും പഠിപ്പിക്കാൻ നിർബന്ധിതരായി. യൂണിവേഴ്സിറ്റി ഭരണസമിതികളിലെ ക്രൈസ്തവപ്രാതിനിദ്ധ്യം ശക്തിപ്പെടുത്തുവാനുള്ള പല മാർഗ്ഗങ്ങളും ചിന്തിച്ചു. അദ്ദേഹം രണ്ടു സെനറ്റിലും സിൻഡിക്കേറ്റിലും യഥാക്രമം ഇരുപത്തിയെട്ടും മൂന്നും പേർ വീതം ഉണ്ടാകത്തക്കവിധത്തിൽ പദ്ധതികൾ തയ്യാറാക്കുകയും വിജയിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞവയോടൊപ്പം മറ്റുമതദർശനങ്ങളും, മാർക്സിസം പോലെയുള്ള പ്രസ്ഥാനങ്ങളുമായി രചനാത്മകസൈദ്ധാന്തികസംവാദം നടത്തി. സൗഹൃദമായ ഒരു മതാന്തരീക്ഷം സംഘടിപ്പിക്കുന്നതിനും അങ്ങനെ കേരളത്തിലെ ദൈവവിജ്ഞാനീയമേഖലകളിൽ ഒരു "കൊടുക്കൽ - വാങ്ങൽ" പ്രക്രിയയ്ക്ക് ഒരു സ്ഥിരം വേദിയുണ്ടാക്കുന്നതിനുമായി ക്രൈസ്തവമതപഠനങ്ങൾക്ക് ഒരു ഗവേഷണകേന്ദ്രമെന്ന നിലയിൽ ഒരു ക്രിസ്ത്യൻ ചെയർ കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ സ്ഥാപിക്കുന്നതിന് ഫാ. സെബാസ്റ്റ്യൻ നേതൃത്വം നൽകി. 1986-ൽ സ്ഥാപിതമായ ക്രിസ്ത്യൻ ചെയറിന്റെ ആദ്യകാല പ്രൊഫസ്സറും അദ്ദേഹമായിരുന്നു. അന്നത്തെ കോഴിക്കോട് യൂണിവേഴ്സിറ്റി അതിർത്തിയിലുള്ള എല്ലാ രൂപതാദ്ധ്യക്ഷന്മാരെയും കോളേജ് മാനേജർമാരെയും പ്രിൻസിപ്പൽമാരെയും സംഘടിപ്പിച്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്റ്റ്യൻ സ്റ്റഡീസ് എന്ന പേരിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ച് അതിന്റെ ആഭിമുഖ്യത്തിലാണ് ക്രിസ്ത്യൻ ചെയറിന് രൂപഭാവം നൽകിയത്. ഈ ചെയറിന്റെ ആഭിമുഖ്യത്തിൽ മലബാറിന്റെ പല ഭാഗങ്ങളിലും യൂണിവേഴ്സിറ്റിയിലും പല സെമിനാറുകളും ബോധവൽക്കരണ പഠനങ്ങളും മതാന്തര സംവാദങ്ങളും സംഘടിപ്പിച്ചുവരുന്നു. പലമതസ്ഥരും ഒരു കേന്ദ്രത്തിൽ ഒരുമിച്ച്താമസിച്ച് വിവിധ മതസ്ഥരുടെ ആരാധനാക്രമങ്ങളിൽ പങ്കുകൊണ്ട് വിവിധമതസ്ഥരുടെ വിശുദ്ധഗ്രന്ഥവായനയിലും അവയുടെ വ്യാഖ്യാനങ്ങളിലും എല്ലാവരും പങ്കുകൊണ്ട് ധ്യാനാത്മകമായി അഞ്ചു

www.malankaralibrary.com

ദിവസങ്ങൾ ഒരുമിച്ച് താമസിച്ച് പ്രാർത്ഥിക്കുന്ന Inter Religious Live - Together പ്രസ്ഥാനം കേരളത്തിൽ ആദ്യമായി തുടങ്ങിയതും സെബാസ്റ്റ്യനച്ചനാണ്. ഇന്ന് വിവിധ രൂപതകളിൽ നടന്നുവരുന്ന ദൈവശാസ്ത്രവിജ്ഞാനീയ പഠനങ്ങൾക്ക് ഗ്രാഡുവേറ്റ് ആൻഡ് പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമാ കോഴ്സ സർട്ടിഫിക്കറ്റുകൾ നൽകി, യൂണിവേഴ്സിറ്റിതലത്തിലുള്ള ഔദ്യോഗികാംഗീകാരം നൽകുന്നതിന് ക്രിസ്റ്റ്യൻ ചെയർ ഉപകാരപ്പെടുന്നുണ്ട്.

മതമൗലികവാദവും വിവിധ മതത്തിൽപ്പെട്ടവർ തമ്മിൽ സംഘർഷവും വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടമാണിന്ന്. ഇതിന്റെ അപകടവശങ്ങൾ സത്യാന്വേഷികൾക്ക് തുറന്നുകാണിക്കുകയെന്നതും ക്രിസ്ത്യൻ ചെയറിന്റെ പ്രവർത്തനപരിധിയിൽപ്പെടുന്നതാണ്. ഈയൊരു ലക്ഷ്യപ്രാപ്തിയ്ക്കായിട്ടാണ് കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ ഓപ്പൺ തിങ്കിംഗ്ഫോറം എന്ന പേരിൽ ഔദ്യോഗിക ഭാരവാഹികളില്ലാത്ത ഒരു തുറന്ന ചർച്ചാവേദിയ്ക്ക് കാഞ്ഞിരത്തിങ്കലച്ചൻ തുടക്കം കുറിച്ചത്. ക്രൈസ്തവഭാരതത്തിന്റെ രാഷ്ട്ര പുനർനിർമ്മാണ പ്രക്രിയയിൽ വിവിധ തലങ്ങളിൽ അനുഷ്ഠിക്കുന്ന സേവനങ്ങൾ ജനമദ്ധ്യത്തിൽ അവതരിപ്പിക്കുന്നതിനുവേണ്ടി അവയുടെയെല്ലാം സേവനങ്ങൾ വിശദീകരിച്ച് പ്രദർശിപ്പിക്കുന്നതിന് ക്രിസ്ത്യൻ ഇൻഫർമേഷൻ സെന്റർ രൂപീകരിക്കുകയും ചെയ്തു. ക്രിസ്ത്യൻ ചെയറിന്റെ സ്ഥാപകപ്രൊഫസ്സറായി നാലരവർഷക്കാലം പ്രവർത്തിച്ചതിനുശേഷം ഗവേഷണ രംഗത്തേക്ക് വീണ്ടും സെബാസ്റ്റ്യനച്ചൻ ശ്രദ്ധകേന്ദ്രീകരിച്ചു. കൂടെ പയ്യോളി പള്ളിയിൽ വികാരി സ്ഥാനവും. 1992-95 ൽ ജർമ്മനിയിൽ നിന്നും ഓരോ വർഷവും ഒരുലക്ഷം രൂപാവീതം പാരിതോഷികമായ ലഭിക്കുന്ന (മൂന്നു വർഷത്തേക്ക്) ഒരു ഗവേഷണ അവാർഡ് സെബാസ്റ്റ്യനച്ചന് ലഭിക്കുകയുണ്ടായി. (Post - Docteral Research Award) യേശുവിന്റെയും മഹാത്മാഗാന്ധിയുടെയും ദർശനങ്ങളുടെ വെളിച്ചത്തിൽ വിമോചനമെന്ന സംജ്ഞയുടെ ഭാരതീയ ക്രൈസ്തവ ഭാവങ്ങളെ വെളിച്ചത്തുകൊണ്ടുവരികയെന്നതായിരുന്നു ഈ ഗവേഷണാനന്തരഗവേഷണ പരീക്ഷണത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം.

പയ്യോളിയിൽനിന്നും 11 വർഷത്തെ സേവനത്തിനുശേഷം ഷൊർണൂർ സെന്റ് ആന്റണീസ് ഇടവകയിലേക്ക് സ്ഥലംമാറി. അവിടുത്തെ അജപാലന ശുശ്രൂഷക്കിടയിൽ അവിടെയുള്ള എപ്പിസ്കോപ്പൽ സഭകളെയെല്ലാം സംഘടിപ്പിച്ച് എക്യുമെനിക്കൽ ബൈബിൾ കൺവെൻഷൻ സംഘടിപ്പിക്കുകയുണ്ടായി. ജാതിമതഭേദമെന്യേ എല്ലാവരെയും ആകർഷിച്ച ഒരു പരിപാടിയായിരുന്നു ഇത്. ഇതോടൊപ്പം എറണാകുളത്ത് ഒരു ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടറായും നാലുവർഷക്കാലം പ്രവർത്തിച്ചു. ഷൊർണൂർനിന്നും കോഴിക്കോട് സിറ്റിയിലുള്ള സെന്റ് പാട്രിക് ഇടവകയിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. രണ്ടുവർഷമായി അവിടെത്തന്നെ പ്രവർത്തിച്ചു. ഈ സന്ദർഭത്തിൽ അച്ചൻ പറഞ്ഞവാക്കുകൾ ഉദ്ധരിക്കുവാൻ ആഗ്രഹിക്കുന്നു. "ജീവിതത്തിലെ പല

www.malankaralibrary.com

മേഖലകളിലും ക്രൈസ്തവ അജപാലനധർമ്മം അനുഷ്ഠിക്കുവാൻ ഉൾപ്രേരണയും സന്മനസ്സും കൃപകളും നൽകി അനുഗ്രഹിച്ച നല്ല ദൈവത്തിന് ഒട്ടേറെ നന്ദിയും അതിലേറെ മഹത്വവും നൽകുന്നു. പല പ്രതിസന്ധിഘട്ടങ്ങളിലും കുരിശിന്റെ രഹസ്യം ഉപദേശിച്ച് പൗരോഹിത്യമൂല്യങ്ങൾക്ക് ഊന്നൽ നൽകുവാൻ പല പരിമിതികളും ബലഹീനതകളുമുള്ള എനിക്ക് പ്രേരണനൽകി മുന്നോട്ടുനയിച്ച പരിശുദ്ധാരൂപിയുടെ സ്പന്ദനങ്ങളെ നന്ദിപൂർവ്വം ഇത്തരുണത്തിൽ അനുസ്മരിക്കുന്നു."


ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻസ്റ്റഡീസിന്റെ സ്ഥാപക സെക്രട്ടറി, റിലീജിയസ് ഇൻഫർമേഷൻ സെന്ററിന്റെ സ്ഥാപകഡയറക്ടർ, കരിയർ കൺസൾട്ടേഷൻ സെന്ററിന്റെ സ്ഥാപക പ്രസിഡണ്ട്, കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ ക്രിസ്ത്യൻ ചെയറിന്റെ സ്ഥാപക പ്രൊഫസർ, കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ സെനറ്റ് മെമ്പർ (1982-1994) കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് അംഗം (1985-1989) കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ അക്കാഡമിക് കൗൺസിൽ അംഗം (1985-89) എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള സെബാസ്റ്റ്യൻ അച്ചൻ 1987 മുതൽ യൂണിവേഴ്സിറ്റിയുടെ ഫിലോസഫിയുടെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗമായി പ്രവർത്തിച്ചുവരുന്നു.

ക്രിസ്തുവിജ്ഞാനീയം, സഭാവിജ്ഞാനീയം, ക്രൈസ്തവധർമ്മ ശാസ്ത്രം എന്നീ വിഷയങ്ങളെപ്പറ്റി പത്തു പുസ്തകങ്ങൾവീതം ആകെ മുപ്പതുപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിലാസം - റവ. ഡോ. സെബാസ്റ്റ്യൻ കാഞ്ഞിരത്തുങ്കൽ,
നിർമ്മലാ റിട്രീറ്റ് സെന്റർ, കായണ്ണ പി.ഒ., കോഴിക്കോട് ജില്ല

# 327

# ബിഷപ്പ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ



ജീവിതലാളിത്യം കൊണ്ടും പ്രാർത്ഥനാ ചൈതന്യംകൊണ്ടും എല്ലാവരുടെയും ആദരവ്പിടിച്ചു പറ്റിയ റവ. ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ പെരുന്നേർ മംഗലം സെന്റ് ആന്റണീസ് ഇടവകയിൽ 1944 മെയ് മാസം 18-ാം തീയതി ജനിച്ചു. അത്തിപ്പൊഴിയിൽ ഔസേഫും ബ്രജിറ്റുമാണ് മാതാപിതാക്കൾ. അർത്തുങ്കലിലെ സെന്റ് ഫ്രാൻസീസ് ഹൈസ്കൂൾ, ആലപ്പുഴ ലിയോതേർട്ടീന്ത് സ്കൂൾ എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാ

www.malankaralibrary.com

ഭ്യാസം. പഠനത്തിലും സ്വഭാവത്തിലും എല്ലാവരുടെയും പ്രശംസപിടിച്ചുപറ്റിയ സ്റ്റീഫൻ 1960 ജൂൺ മാസത്തിൽ ആലപ്പുഴ തിരുഹൃദയമൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. മൈനർ സെമിനാരിയിലെ പഠനശേഷം പൂനാ പേപ്പൽ സെമിനാരിയിലേക്കാണ് ഉപരിപഠനത്തിനയച്ചത്. തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ലൈസൻഷ്യേറ്റോടെ വൈദീകപഠനം പൂർത്തിയാക്കി. 1969 ഒക്ടോബർ 5-ാം തീയതി ആലപ്പുഴ രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മൈക്കിൾ ആറാട്ടുകുളം തിരുമേനിയുടെ കൈവയ്പ് വഴി ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ചു. ആലപ്പുഴ സേക്രട്ട് ഹാർട്ട് മൈനർ സെമിനാരിയുടെ പ്രീഫക്ട് ആയിട്ടാണ് ഔദ്യോഗികജീവിതം ആരംഭിക്കുന്നത്. രണ്ടുവർഷത്തെ സെമിനാരി ജോലിക്കുശേഷം ഇടവക ഭരണത്തിനാണ് സ്റ്റീഫൻ അച്ചനെ നിയോഗിച്ചത്. ഓമനപ്പുഴ സെന്റ് സേവിയേഴ്സ് ഇടവകയുടെ വികാരിയായി ഒൻപതു വർഷക്കാലം സേവനം അനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ ജീവിതലാളിത്യവും പാവങ്ങളോടുള്ള സ്നേഹപൂർവ്വമായ പെരുമാറ്റവും എല്ലാവരുടെയും സ്നേഹാദരവുകൾ പിടിച്ചുപറ്റുന്നതിന് സഹായകരമായി. ഇടവകയിലെ സാധുക്കളുടെ ഉന്നമനത്തിനായി പല പദ്ധതികളും ആസൂത്രണം ചെയ്തു. കൂടുതൽ അറിവുനേടുന്നതിൽ അദ്ദേഹം തല്പരനായിരുന്നു. 1982-ൽ കേരളാ യൂണിവേഴ്സിറ്റി കോളേജിൽ ചേർന്ന് പഠിച്ച് തത്വശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടി. തുടർന്ന് ആറുമാസക്കാലം പൊള്ളേത്തൈ തിരുകുടുംബ ഇടവകയിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.

ഫാ. സ്റ്റീഫനെ തുടർന്ന് വൈദികപരിശീലനത്തിന് നിയോഗിച്ചു. സേക്രട്ട് ഹാർട്ട് സെമിനാരിയുടെ റെക്ടറായി പ്രവർത്തിക്കുന്നതോടൊപ്പം ലിയോതേർട്ടീന്ത് ഇംഗ്ലീഷ് മീഡിയം പ്രൈമറി സ്കൂൾ പ്രിൻസിപ്പലിന്റെ ജോലിയും നിർവ്വഹിച്ചു. ലിയോതേർട്ടീന്ത് ഹൈസ്കൂൾ മാനേജരും അദ്ദേഹം തന്നെയായിരുന്നു. വീണ്ടും ഇടവകഭരണത്തിലേക്ക് ആണ് സ്റ്റീഫനച്ചനെ അഭിവന്ദ്യപിതാവ് നിയോഗിച്ചത്. 1984- ഓഗസ്റ്റിൽ തുമ്പോളി സെന്റ് തോമസ് ഇടവകയിൽ വികാരിയായി ചുമതലയേറ്റ അദ്ദേഹം അഞ്ചുവർഷം അവിടെത്തന്നെ സേവനം അനുഷ്ഠിച്ചു. ഇടവകയിലെ അജപാലന ശുശ്രൂഷയിൽ അദ്ദേഹം വളരെ തല്പരനായിരുന്നു. തുമ്പോളിയിൽ നിന്നും ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ പ്രൊഫസർ ആയിട്ടാണ് സ്ഥലം മാറുന്നത്. ഇന്ത്യൻ ഫിലോസഫി പ്രൊഫസർ, സെമിനാരി പ്രൊക്കുറേറ്റർ എന്നീ നിലകളിൽ മികച്ച സേവനം കാഴ്ചവയ്ക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ഈ കാലത്ത് ആലപ്പുഴ പ്രവർത്തിച്ചിരുന്ന മൈനർ സെമിനാരി ചേർത്തലയിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയുണ്ടായി. മൈനർ സെമിനാരിയുടെ റെക്ടറായി അദ്ദേഹം വീണ്ടും നിയമിക്കപ്പെട്ടു. രൂപതാ കൺസൾട്ടറായും അദ്ദേഹത്തെ നിയമിക്കുകയുണ്ടായി.

ആലപ്പുഴ രൂപതയിൽ പ്രവർത്തിച്ചിരുന്ന സോഷ്യൽ സർവ്വീസ്

www.malankaralibrary.com


സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായി 2000-ാമാണ്ട് ഒക്ടോബറിൽ നിയമിച്ചു. ഒരുമാസത്തിനകം നവംബർ 16-ാം തീയതി ആലപ്പുഴ രൂപതയുടെ പിൻതുടർച്ചാവകാശമുള്ള സഹായമെത്രാനായി സ്റ്റീഫനച്ചനെ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ നിയമിച്ചു. 2001 ഫെബ്രുവരി 11-ന് ആയിരുന്നു മെത്രാഭിഷേകം. അതേവർഷം ഡിസംബർ 9-ാം തീയതി അഭിവന്ദ്യ പീറ്റർ ചേനപ്പറമ്പിൽ പിതാവിൽ നിന്നും ആലപ്പുഴ രൂപതയുടെ സാരഥ്യം ഏറ്റെടുത്തു.

ആലപ്പുഴ രൂപതയിലെ പിന്നോക്കാവസ്ഥയിൽ കഴിയുന്ന ജനങ്ങളുടെ സമഗ്രപുരോഗതി ലക്ഷ്യമാക്കിയാണ് അദ്ദേഹം പിന്നീട് പ്രവർത്തനങ്ങൾക്ക് രൂപം നൽകിയത്. സുനാമി ദുരിതബാധയെ തുടർന്ന് ഭവനരഹിതരായവരെയും എല്ലാം നഷ്ടപ്പെട്ട് ദുരിതകയത്തിൽ അകപ്പെട്ടവരെയും സഹായിക്കാൻ അഭിവന്ദ്യസ്റ്റീഫൻ തിരുമേനി നൽകിയ നേതൃത്വം എല്ലാവരാലും അഭിനന്ദിക്കപ്പെട്ടു. തിരുമേനിയുടെ സാമൂഹിക കാഴ്ചപ്പാട് വ്യക്തമാക്കുന്നതായിരുന്നു അന്നത്തെ പ്രവർത്തനങ്ങൾ.

കേരളാ കാത്തലിക് ബിഷപ്സ് കോൺഫറൻസിന്റെ ദളിത് കമ്മീഷൻ ചെയർമാൻ, കരിസ്മാറ്റിക് കൺവെൻഷൻ വൈസ് ചെയർമാൻ, ജസ്റ്റീസ് ആന്റ് പീസ് കമ്മീഷൻ അംഗം എന്നീ നിലകളിലും അദ്ദേഹം സേവനം അനുഷ്ഠിക്കുന്നു. എറണാകുളം, ആലപ്പുഴ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന ആലപ്പുഴ രൂപതയിൽ ഒന്നരലക്ഷത്തോളം കത്തോലിക്കരുണ്ട്.

Address - Rt. Rev. Dr. Stephen Athipozhiyil, Bishop of Alleppey, P.B. No. 4804 - Alleppay - 688 012

# 328



# ഫാ. ആന്റണി പ്ലാക്കൽ വി. സി

ഡിപോൾ സ്മൈൽ ഗ്രാമ സ്ഥാപനത്തിലൂടെ സാമൂഹ്യപ്രവർത്തന രംഗത്ത് ഒരു പുതിയ വിപ്ലവത്തിന് വഴിയൊരുക്കിയ വിൻസെൻഷ്യൻ സഭാംഗമായ ഫാ. ആന്റണി , തൃശ്ശൂർ ജില്ലയിലെ വെണ്ണൂർ ഗ്രാമത്തിൽ പ്ലാക്കൽ കുടുംബത്തിൽ ഔസേഫ്-മറിയം ദമ്പതികളുടെ മകനായി 1944 മെയ് മാസം 20-ാം തിയതി ജനിച്ചു. ഈ കുടുംബത്തിന്റെ മുഴുവൻ പേര് ആക്കനാത്ത് പ്ലാക്കൽ എന്നാണ്. തോമ്മാശ്ലീഹാ പാലയൂരിൽ വെച്ച് ജ്ഞാനസ്നാനം നൽകിയ കാളിയക്കാട് കുടുംബത്തിന്റെ ശാഖയിൽപെട്ടതാണ് പ്ലാക്കൽ കുടുംബം.

മേലഡൂർ ഗവൺമെന്റ് പ്രൈമറി സ്കൂൾ, മേലഡൂർ മിഡിൽ സ്കൂൾ,

www.malankaralibrary.com

മാള ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യഭ്യാസം. അനുദിനം ദിവ്യ ബലിയിൽ സംബന്ധിക്കുന്നതിന് പ്രത്യേകം താൽപര്യം ആന്റണി ചെറുപ്പം മുതൽ കാണിച്ചിരുന്നു. സ്കൂൾ പഠനകാലത്ത് സ്കൂളിനു സമീപമുള്ള ദേവാലയത്തിൽ എത്തി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഫാ. ആന്റണി മാളിയേക്കൽ ആയിരുന്നു അന്ന് ഇടവക വികാരി. ആന്റണി പ്ലാക്കൽ ആൾത്താര ശുശ്രൂഷയിൽ പ്രവേശിച്ചത് ഇക്കാലഘട്ടത്തിലായിരുന്നു. അന്ന് കുർബ്ബാന അർപ്പിച്ചിരുന്നത് സുറിയാനിയിലായിരുന്നു. കുർബ്ബാനക്ക് കൂടുവാൻ അന്ന് സുറിയാനി പ്രാർത്ഥനകൾ മനപാഠമാക്കിയിരുന്നു. ഒരു വൈദികനാകണമെന്ന ആഗ്രഹത്തോടെയായിരുന്നു ആൾത്താര ശുശ്രൂഷിയായി ചേർന്നത്.

വിദ്യാർത്ഥിയായിരുന്ന കാലത്ത് സാമ്പത്തിക ഞെരുക്കം പ്ലാക്കൽ കുടുംബത്തെ ബാധിച്ചിരുന്നു. മാസം തോറും 6 രൂപ ഫീസ് കൊടുക്കാൻ സാധിക്കാത്തതിനാൽ പഠിത്തം തന്നെ നിർത്താൻ വീട്ടിൽ നിന്നും നിർദ്ദേശമുണ്ടായി. എന്നാൽ വിവരം അറിഞ്ഞ സ്നേഹനിധിയായ ഗുരുനാഥൻ എം. എൽ ആന്റണി ഫീസ് നൽകികൊള്ളാമെന്ന് പറഞ്ഞതുകൊണ്ട് ഹൈസ്കൂൾ വിദ്യഭ്യാസം പൂർത്തിയാക്കാൻ ആന്റണിക്ക് സാധിച്ചു. പകുതിഫീസ് സ്കോളർഷിപ്പും ലഭിച്ചു. ഗുരുനാഥൻ ആന്റണി മാസ്റ്ററുടെ സ്നേഹപൂർവ്വമായ പെരുമാറ്റം ഇന്നും നന്ദിയോടെ അദ്ദേഹം സ്മരിക്കുന്നു. ഇന്ന് നിർദ്ധനരായ മറ്റുള്ളവരെ സഹായിക്കാൻ പ്രേരണ നൽകുന്നതും ആ ഓർമ്മയാണ്. ഹൈസ്കൂൾ വിദ്യഭ്യാസാനന്തരം വിൻസൻഷ്യൻ സഭയിൽ ചേരുകയും വൈദിക പട്ടം സ്വീകരിക്കുകയും ചെയ്തു. അന്ന് അങ്കമാലി വികാരിയായിരുന്നത് ബഹു. ജോർജ് മാളിയേക്കലച്ചനായിരുന്നു. അവധിക്കാലത്ത് ഇടവകയിലെ പ്രവർത്തനങ്ങളിൽ ആന്റണിയെ സജീവമായി പങ്കെടുപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ആരാധനക്രമ കാര്യങ്ങളിലുള്ള അദ്ദേഹത്തിന്റെ നിഷ്ഠയും പ്രാർത്ഥനാ ചൈതന്യവും ഭക്തിയും ആന്റണിയെ വളരെയധികം സ്വാധീനിച്ചിരുന്നു. സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് വേദപഠന ക്ലാസ്സുകളിൽ പതിവായി പങ്കെടുത്തിരുന്നത് ബൈബിൾ പഠനത്തിനും കൂദാശകളെ സംബന്ധിച്ച കാര്യങ്ങൾ ഗ്രഹിക്കുന്നതിനും വളരെ സഹായിച്ചു.

സ്കൂൾ വിദ്യഭ്യാസകാലത്ത് സാഹിത്യ-കലാ-കായിക മേഖലകളിൽ പ്രത്യേകം ശ്രദ്ധചെലുത്തിയിരുന്നുവെങ്കിലും മികച്ച പ്രാവീണ്യം പ്രകടിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. സെമിനാരി പഠനകാലത്താണ് കലാസാഹിത്യ വിഷയങ്ങളിൽ കൂടുതൽ താൽപര്യം ഉണ്ടായത്. ഗെയിംസ് കാണുന്നതിൽ പ്രത്യേകം സന്തോഷം അനുഭവിക്കുകയും ചെയ്തു. സെമിനാരി പഠനകാലത്ത് പ്രസംഗത്തിലും സംഗീതത്തിലും വലിയ താല്പര്യം ഉണ്ടായിരുന്നു. ഹാർമ്മോണിയം നന്നായി വായിക്കാനും പഠിച്ചു. കഥാപ്രസംഗ കലയിൽ ആന്റണിക്ക് വലിയ കമ്പമായിരുന്നു. വൈദികനായതിന് ശേഷവും പൊതു

www.malankaralibrary.com

വേദികളിൽ കഥാപ്രസംഗം അവതരിപ്പിച്ചിട്ടുണ്ട്. 1970 ഡിസംബർ 17നായിരുന്നു വിൻസൻഷ്യൻ വൈദികനായത്. തൊടുപുഴ ടൗൺ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യ നിയമനം. ബഹു. ഐസക്ക് കപ്യാരുമലയായിരുന്നു അന്ന് വികാരി. അദ്ദേഹത്തിന്റെ കീഴിൽ ആദ്യ നിയമനം ലഭിച്ചതിൽ ആന്റണി അച്ചൻ അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്തിരുന്നു. ബഹു. ഐസക്ക് അച്ചൻ എല്ലാ ശനിയാഴ്ചകളിലും വൈകിട്ട് ഞായാറാഴ്ചയിലെ സുവിശേഷ ചിന്തകൾ പങ്ക് വെക്കുമായിരുന്നു. സുവിശേഷ പ്രസംഗം നന്നായി തയ്യാറാക്കാൻ ഈ പങ്ക്‌വെക്കൽ ആന്റണിയെ സഹായിച്ചു.

1971-72 സ്കൂൾ വർഷം തൊടുപുഴ ഡീപോൾ ഹൈസ്കൂളിലും 1972 -73 സ്കൂൾ വർഷം നസ്രത്ത് ഹിൽ (കുറവിലങ്ങാട്ട്) ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിലും സേവനം അനുഷ്ഠിച്ചു. ഈ രണ്ട് സ്കൂളുകളും വിൻസൻസഷ്യൻ സഭയുടെ മാനേജ്മെന്റിൽ ഉള്ളവയാണ്. നസ്രത്ത് ഹില്ലിൽ സെന്റ് ജോസഫ് ബാലസദന്റെ ഡയറക്ടർ ജോലിയായിരുന്നു ആന്റണിയച്ചന് നൽകപ്പെട്ടത്. ബാലസദന് വേണ്ടി പുതിയ ഒരു ഭവനം നിർമ്മിക്കാൻ അദ്ദേഹത്തിന് സാധിച്ചു. തുടർന്ന് വയനാട്ടിലെ മീനങ്ങാടിയിൽ ഉള്ള വിൻസൻഷ്യൻ സഭയുടെ നൊവിഷ്യറ്റ് ഭവനത്തിൽ നൊവിസസിന് ക്ലസ്സെടുക്കാൻ ആന്റണിയച്ചനെ നിയോഗിച്ചു. മൂന്ന് മാസം മാത്രമേ ആ ജോലിയിൽ ഇരുന്നുള്ളു. സത്നാ രൂപതാദ്ധ്യക്ഷൻ മാർ അബ്രഹാം മറ്റം സത്നാ രൂപതയിലേക്ക് പ്രവർത്തനത്തിന് അദ്ദേഹത്തെ ക്ഷണിച്ചു. മിഷൻ പ്രദേശങ്ങളിൽ ജോലി ചെയ്യുന്നതിൽ താൽപര്യം ഉണ്ടായിരുന്ന അച്ചന് ആ ക്ഷണം സ്വീകരിച്ച് 1973 ആഗസ്റ്റ് മാസത്തിൽ സത്നായിൽ എത്തിചേർന്നു.

മദ്ധ്യപ്രദേശിലെ സീധി ജില്ലയുടെ കേന്ദ്ര പട്ടണത്തിൽ മിഷൻ സ്റ്റേഷനിൽ അസിസ്റ്റന്റ് വികാരിയായി ജോലിയാരംഭിച്ചു. ആ സമയത്ത് കരിമാട്ടി എന്ന കുഗ്രാമത്തിലെ ഒരു കോൺഗ്രസ് നേതാവ് കാരിമാട്ടിയിലും പാവങ്ങളുടെയിടയിൽ പ്രവർത്തിക്കണമെന്ന് ആന്റണിയച്ചനോട് അഭ്യർത്ഥിച്ചു. ഫാ. പോൾ എടശ്ശേരിയച്ചനും ഫാ. ആന്റണി പ്ലാക്കലും കൂടി ആ സ്ഥലം സന്ദർശിക്കുകയും അവരുടെ പ്രവർത്തനം ആവശ്യമായ സ്ഥലമാണെന്ന് വിലയിരുത്തുകയും ചെയ്തു. ആദിവാസികളായ പാവങ്ങളും ജന്മിമാരായ ഠാക്കൂർമാരുമാണ് അവിടുത്തെ നിവാസികൾ. പാവപ്പെട്ടവരായ ആദിവാസികൾക്കിടയിൽ പ്രവർത്തിക്കാനുള്ള താല്പര്യത്തോടുകൂടി രൂപതാദ്ധ്യക്ഷനെ സമീപിച്ചു. യാത്രാ സൗകര്യങ്ങളില്ലാത്ത, യാതൊരു ജീവിത സൗകര്യങ്ങളുമില്ലാത്ത കരിമാട്ടിയിൽ എങ്ങനെ ജോലി ചെയ്യും എന്ന് രൂപതാദ്ധ്യക്ഷൻ ആശങ്ക പ്രകടിപ്പിച്ചു. ഇപ്രകാരമുള്ള സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നത് രൂപതയുടെ ആദർശനയങ്ങളിൽ പെടുന്നുവെങ്കിൽ ജീവിത സൗകര്യങ്ങളൊന്നും പ്രശ്നമല്ലെന്നായിരുന്നു പ്ലാക്കലച്ചന്റെ മറുപടി. പിതാവിന്റെ അനുമതിയോടെ 1974 ജൂൺ 29-ാം തിയതി ആന്റണിയച്ചൻ കരിമാട്ടിയിലെത്തി. വൈയ്ക്കോൽ

www.malankaralibrary.com

മേഞ്ഞതും മണ്ണ് കൊണ്ടുണ്ടാക്കിയ ഭിത്തികളുള്ളതുമായ ആൾവാസമില്ലാതിരുന്നതുമായ ഒരു വീട് താമസിക്കാൻ ലഭിച്ചു. ഒരു മുറി മാത്രമുള്ള കൊച്ചു വീട്ടിൽ അടുക്കളയും സ്വീകരണ മുറിയും കിടപ്പുമുറിയും ബലിയർപ്പിക്കാനുള്ള സ്ഥലവും എല്ലാം ഒരുക്കി. ലളിതമായ ജീവിതം നയിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചു.

ആന്റണിയച്ചൻ കാരിമാട്ടിയിലെ എല്ലാ വീടുകളും സന്ദർശിച്ചു. അവരുടെ കുട്ടികളെ വിദ്യയഭ്യസിപ്പിക്കണമെന്നും സാമൂഹ്യ പ്രവർത്തനങ്ങളിലൂടെ ഗ്രാമത്തിന്റെ ഉന്നതിക്കായി പ്രവർത്തിക്കുന്നതാണെന്നും അച്ചൻ അവിടെയുള്ളവരോട് പറഞ്ഞു. ജന്മികളുടെ എതിർപ്പ് രൂക്ഷമായിരുന്നു. ആ എതിർപ്പ് പരിഗണിക്കാതെ സ്കൂളുകൾ ആരംഭിച്ചു. കെട്ടിടങ്ങളില്ലാതിരുന്നതിനാൽ വൃക്ഷത്തണലുകളിലും അനുഭാവികളുടെ വീട്ടുമുറ്റത്തുമായി കുട്ടികൾ പഠനം തുടങ്ങി. അച്ചനോടൊപ്പം രണ്ട് അദ്ധ്യാപകരും ഉണ്ടായിരുന്നു. സ്കൂൾ കെട്ടിടം ഗ്രാമീണ രീതിയിൽ പണി കഴിപ്പിച്ചു. മദ്ധ്യപ്രദേശിലെ വിദ്യഭ്യാസ മന്ത്രി അർജ്ജുൻസിംഗ് അതിന്റെ ഉൽഘാടനം നിർവ്വഹിച്ചു. ഇന്നും ആ സ്കുൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. കരിമാട്ടിയിൽ സ്കൂൾ മാത്രമല്ല, ഡിസ്പെൻസറിയും ഗ്രാമീണരുടെ ഉന്നതിക്കായി പല സാമൂഹ്യ പ്രവർത്തനങ്ങളും അവർ ആരംഭിച്ചു. പാവങ്ങളുടെ പക്ഷം ചേർന്നുള്ള കരിമാട്ടിയിലെ പ്രവർത്തനം മൂന്ന് വർഷം നീണ്ടു നിന്നു.

കരിമാട്ടിയിലെ പാവങ്ങളുടെ അത്യുന്നതിക്കായി പ്രവർത്തിച്ച് കൊണ്ടിരുന്നപ്പോൾ അവർക്കുവേണ്ടി വാദിക്കാനും അവരെ അവഗണിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യുന്ന പ്രവണതയ്ക്കെതിരെ ശബ്ദമുയർത്താനും ഫാ. പ്ലാക്കലിന് സാധിച്ചു. താഴ്ന്ന ജാതിക്കാരായി ഒരു വിഭാഗം ആൾക്കാരെ തരം താഴ്ത്തുകയും അവരുടെയിടയിൽ അയിത്തം നിലനിൽക്കുകയും ചെയ്തിരുന്നു. സ്കൂളിൽ ജാതി വ്യത്യാസം കൂടാതെ കുട്ടികൾ തറയിൽ വിരിച്ച പായിൽ ഒരുമിച്ച് ഇരുന്ന് പഠിക്കുന്നത് ജന്മിമാർക്ക് തൃപ്തിയായില്ല. അവർ അതിൽ പ്രതിഷേധിച്ചു. ജന്മിമാരുടേയും മറ്റുള്ള ആദിവാസികളുടേയും കുട്ടികളെ തരംതിരിച്ച് ഇരുത്തി പഠിപ്പിക്കണമെന്ന് ജന്മിമാർ ആവശ്യപ്പെട്ടു. യേശു ക്രിസ്തുവിന്റെ നാമത്തിലാണ് ഞാനിവിടെ സേവനം ചെയ്യുന്നതെന്നും അവിടുന്നു പഠിപ്പിച്ചതുപോലെ എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളെന്ന നിലയിൽ സമന്മാരാണെന്നും അതിനാൽ കുട്ടികളെ വേർതിരിച്ച് ഇരുത്തുന്നത് പാപമാണെന്നും ആന്റണിയച്ചൻ ജന്മിമാരോട് പറഞ്ഞു. ആന്റണിയച്ചനെ ദുശ്ശാഠ്യക്കാരനെന്ന് വിശേഷിപ്പിച്ചുവെങ്കിലും അച്ചന്റെ വാദത്തിന്റെ മുൻപിൽ ജന്മി കീഴടങ്ങി. കരിമാട്ടിയിലെ കുട്ടികളെ മഹാന്മാരുടെ ജീവചരിത്രങ്ങൾ പരിചയപ്പെടുത്തികൊടുക്കുവാനും അവരിൽ സമത ബോധം വളർത്തിയെടുക്കുവാനും അച്ചൻ ശ്രമിച്ചു. സ്കൂൾ സമയം കഴിഞ്ഞ് ആദിവാസി കുട്ടികളോട് ഒന്നിച്ച് അച്ചൻ നടക്കാൻ പോകുമായിരുന്നു. പോകുന്ന വഴിക്കുള്ള പറമ്പുകൾ ആരുടേതെന്ന് അച്ചൻ അവരോട് ചോദി

www.malankaralibrary.com

ക്കും. ഏതെങ്കിലും ഒരു ജന്മിയുടേതാണ് അവർ ഉത്തരം പറയും. കുട്ടികളോട് നിങ്ങളുടെ പറമ്പ് എവിടെ എന്ന് അച്ചൻ ചോദിച്ചു. ഞങ്ങൾക്ക് പറമ്പില്ല എന്ന് അവർ ഉത്തരം നൽകി. എന്തുകൊണ്ട് എന്ന് അച്ചൻ ചോദിക്കുമ്പോൾ ഞങ്ങൾക്ക് അറിഞ്ഞ് കൂടായെന്ന് അവർ പറയുമായിരുന്നു. അന്ന് അച്ചൻ പഠിപ്പിച്ചിരുന്ന കുട്ടികൾ പിന്നീട് ഉന്നത ഉദ്യോഗങ്ങളിൽ എത്തിച്ചേർന്നു. നിങ്ങൾക്ക് എന്തുകൊണ്ട് പറമ്പില്ലായെന്ന അച്ചന്റെ ചോദ്യത്തിന് വിദ്യഭ്യാസ സമ്പന്നരായ ആദിവാസികൾ ഉത്തരം കണ്ടു പിടിച്ചു. അവർക്ക് നഷ്ടപ്പെട്ട ഭൂമികൾ പലതും അവർ വീണ്ടെടുത്തു. പ്ലാക്കലച്ചന്റെ പ്രവർത്തനഫലമായിട്ടാണ് അതിന് സാധിച്ചതെന്ന് അവർ ഇന്നും സ്മരിക്കുന്നു.

കരിമാട്ടിയിലെ വിശ്രമമില്ലാത്ത മൂന്ന് വർഷത്തെ സേവനത്തിനുശേഷം ഉപരിപഠനാർത്ഥം അദ്ദേഹത്തെ അമേരിക്കയിലേക്ക് അധികാരികൾ അയച്ചു. ജോലിയും പഠനവും ആയി 11 വർഷം ചിലവഴിച്ചു. ന്യൂയോർക്കിലെ സെന്റ് ജോൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ എം. എ ബിരുദവും അതിന് ശേഷം വാഷിംഗ്ടൺ ഡി. സിയിലെ കാത്തലിക്ക് യൂണിവേഴ്സിറ്റി ഓഫ് അമേരിക്കയിൽ നിന്ന് ബിബ്ലിക്കൻ പഠനത്തിൽ എം. എ, പി. എച്ച്. ഡി ബിരുദങ്ങളും സമ്പാദിച്ചു. വി. മത്തായി എഴുതിയ സുവിശേഷത്തിലെ അഷ്ടസൗഭാഗ്യങ്ങൾ എന്നതായിരുന്നു ഡോക്ടറേറ്റിനുള്ള വിഷയം. പാവങ്ങളെ പറ്റി യേശുവിന്റെ മനസറിയാൻ ഈ പഠനം അച്ചനെ സഹായിച്ചു. കരിമാട്ടിയിലെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ പാവങ്ങളെപ്പറ്റി യേശുവിന്റെ വെളിപ്പെടുത്തലുകൾ മനസ്സിലാക്കുവാൻ അദ്ദേഹം ശ്രമിച്ചു. പാവങ്ങളുടെ പക്ഷം ചേർന്ന യേശുവിനെ കൂടുതൽ ആഴത്തിൽ പിന്തുടരണമെന്ന തീഷ്ണത ഈ പഠനം കൊണ്ട് അച്ചന് സാധിച്ചു. അമേരിക്കയിൽ വെച്ച് മദർ തെരേസായെ സന്ദർശിക്കാൻ അച്ചന് സാധിച്ചു. പഠനം കഴിഞ്ഞാലുടൻ ഇന്ത്യയിലേക്ക് മടങ്ങണമെന്ന് മദർ അച്ചനോട് പറഞ്ഞു. അച്ചൻ മദറിന്റെ നിർദ്ദേശം അംഗീകരിക്കുകയും ചെയ്തു.

1988-ൽ കേരളത്തിൽ അച്ചൻ തിരിച്ചെത്തി. അതേ വർഷം ഡിസംബറിൽ നടന്ന സഭയുടെ സിനഡിൽ വെച്ച് ഫാ. ആന്റണിയെ സഭയുടെ മേരിമാതാ പ്രൊവിൻസിന്റെ സാമൂഹ്യ പ്രവർത്തനങ്ങളുടേയും ചാരിറ്റി പ്രവർത്തനങ്ങളുടേയും ചുമതലയുള്ള കൗൺസിലർ ആയി തിരഞ്ഞെടുത്തു. സഭയുടെ പ്രൊവിൻസ് തലത്തിൽ ചില സാമൂഹ്യപ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും കൗൺസിലർ സ്ഥാനം അവസരം നൽകി. അങ്ങനെയിരിക്കെ ആലുവാ മംഗലപ്പുഴ സെമിനാരിയിൽ The gospal of St Mathew പഠിപ്പിക്കുന്നതിനായി വിസിറ്റിംഗ് പ്രൊഫസറായി നിയമിച്ചു. മേൽപറഞ്ഞ രണ്ട് ജോലികളും നിർവ്വഹിച്ച്കൊണ്ടിരിക്കുമ്പോൾ ആലുവായിലുള്ള ഷേൺസ്റ്റാട്ട് സഭയുടെ സെമിനാരിയിൽ റെക്ടർ ആയി സേവനം ചെയ്യുന്നതിന് അച്ചൻ നിയോഗിക്കപ്പെട്ടു. അങ്ങനെ ഷേൺസ്റ്റാട്ട് സ്റ്റഡിഹൗസിൽ താമസിക്കുകയും മംഗലപ്പുഴയിൽ

www.malankaralibrary.com

പഠിപ്പിക്കുകയും ചെയ്തു. ഈ മൂന്ന് ജോലികളും 1992 മാർച്ച് വരെ തുടർന്നു.

1992-ൽ മദ്ധ്യപ്രദേശിലെ സത്നാ രൂപതയിൽ ആരംഭിച്ച ദൈവശാസ്ത്ര മേജർ സെമിനാരിയുടെ പ്രഥമ റെക്ടറായി ആന്റണിയച്ചനെ നിയമിച്ചു. സത്നാ രൂപതയിലെ മുൻകാല സേവനം പരിഗണിച്ച് കൊണ്ടായിരുന്നു ഈ നിയമനം. ആറുമാസക്കാലം ആ ജോലി തുടർന്നു. 1992 ഡിസംബർ മാസത്തിൽ നടന്ന വിൻസൻഷ്യൻ സഭയുടെ ജനറൽ സിനഡിൽ പങ്കെടുക്കുന്നതിനായി അച്ചൻ കേരളത്തിലേക്ക് പോന്നു. പ്രസ്തുത സിനഡിൽ വെച്ച് വിൻസൻഷ്യൻ സഭയുടെ സുപ്പീരിയർ ജനറലായി അച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. നാലു വർഷ കാലാവധി കഴിഞ്ഞപ്പോൾ വീണ്ടും സുപ്പീരിയർ ജനറലായിതിരഞ്ഞെടുക്കപ്പെട്ടു. 2001 ഏപ്രിൽ വരെ ആ സ്ഥാനത്ത് തുടർന്നു.

സുപ്പീരിയർ ജനറൽ എന്ന നിലയിൽ വിൻസൻഷ്യൻ സഭയിൽ വിൻസൻഷ്യൻ ചൈതന്യം ശക്തിപ്പെടുന്നതിനാണ് ശ്രമിച്ചത്. ക്രിസ്തുവിനെ വിശുദ്ധിയിലും പ്രേഷിതത്വത്തിലും അനുകരിച്ച് പാവങ്ങൾക്ക് സുവിശേഷം പ്രസംഗിക്കുകയെന്ന അടിസ്ഥാന ആദർശത്തിന്റെ ലക്ഷ്യ പ്രാപ്തിക്കായി അച്ചൻ പരിശ്രമിച്ചു. വചന പ്രഘോഷണത്താൽ പാവങ്ങളെ യേശുവിലേയ്ക്കടുപ്പിക്കുകയും വചന സന്ദേശത്തിലധിഷ്ഠിതമായി പാവങ്ങളെ ശുശ്രൂഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുവാൻ സഭാംഗങ്ങളെ അദ്ദേഹം ഉൽബോധിപ്പിച്ചു. ഫ്രാൻസിലെ പാരീസിലുള്ള വിൻസൻഷ്യൻ ഡയറക്ടറെ ക്ഷണിച്ചു വരുത്തി വിൻസൻഷ്യൻ സഭാംഗങ്ങൾക്ക് ക്ലാസ്സുകൾ സംഘടിപ്പിച്ചു. അതോടൊപ്പം തന്നെ വി. വിൻസന്റ് ഡീപോളിനെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായി സ്വീകരിച്ചിരിക്കുന്ന സമർപ്പിത സമൂഹങ്ങളുടെ പ്രതിനിധികളും വി. വിൻസന്റ് ഡീ പോൾ സഖ്യത്തിന്റെ പ്രതിനിധികളും കൂടിചേർന്ന് വിൻസൻഷ്യൽ ഫെല്ലോഷിപ്പ് എന്ന കൂട്ടായ്മ രൂപീകരിക്കുവാൻ ശ്രമിക്കുകയും വിജയത്തിലെത്തുകയും ചെയ്തു. വിൻസൻഷ്യൻ സഭാംഗങ്ങളിലും സഭാംഗങ്ങളിലൂടെ മറ്റുള്ളവരിലേക്കും വിൻസൻഷ്യൻ ചൈതന്യം ആഴപ്പെടുകയും അങ്ങനെ തിരുസഭയുടെ വിൻസൻഷ്യൻ ശുശ്രൂഷ ശക്തിപ്പെടുകയും ചെയ്യുകയെന്നതാണ് ഉദ്ദേശം.

വി. വിൻസന്റ് ഡീ. പോൾ വൈദികർക്കായി നൽകിയിരുന്ന ചൊവ്വാഴ്ച കോൺഫറൻസുകളുടെ മാതൃകയിൽ സഭയുടെ ജനറലേറ്റിൽ വെച്ച് എല്ലാ മാസത്തിന്റേയും അവസാന ചൊവ്വാഴ്ചയിൽ വൈദികർക്കായുള്ള കോൺഫറൻസ് നടത്തുന്നതിന് അച്ചൻ നേതൃത്വം നൽകി. വി. വിൻസന്റ് ഡീ പോൾ വൈദിക ശിക്ഷണത്തിനും ഇടവക വൈദികരെ അജപാലനത്തിൽ പലവിധത്തിൽ സഹായിക്കുന്നതിനും മുൻകൈയ്യെടുത്ത് പ്രവർത്തിക്കുകയുണ്ടായി. ആ ചൈതന്യത്തിലാണ് ചൊവ്വാഴ്ച കോൺഫറൻസ് വിൻസൻഷ്യൻ സഭയുടെ ആഭിമുഖ്യത്തിൽ സമാരംഭിക്കാൻ ആന്റണിയച്ചൻ പ്രേരണയും നേതൃത്വവും നൽകിയത്.

പോപ്പുലർ മിഷൻ ധ്യാനങ്ങളിലൂടെയും പോട്ട, ഡിവൈൻ മുതലായ

www.malankaralibrary.com

ധ്യാനകേന്ദ്രങ്ങളിലൂടെയും വിൻസെൻഷ്യൻ സഭയുടെ ദൗത്യ നിർവ്വഹണം ദൈവം വളർത്തുകയുണ്ടായി. പ്രവർത്തനപരമായി, വചനാധിഷ്ഠിതമായി പാവങ്ങളെ ശുശ്രൂഷിക്കുന്ന ദൗത്യഘടകം വിൻസൻഷ്യൻ സഭയിൽ കൂടുതൽ ആഴപ്പെടുകയും വളരുകയും ചെയ്യുകയെന്നത് ദൈവഹിതമാണെന്ന് മനസ്സിലാക്കിയ ആന്റണിയച്ചൻ, അതിന് സഭാംഗങ്ങളെ പ്രചോദിപ്പിക്കുന്ന ഒരു പ്രോഗ്രാം വികസിപ്പിച്ച് എടുക്കണമെന്ന് ആഗ്രഹിച്ചു. പാവങ്ങളോടും പാവങ്ങൾക്കുവേണ്ടിയും വി. ഗ്രന്ഥത്തിൽ ദൈവം വെളിപ്പെടുത്തിയ സാമൂഹ്യ സന്ദേശം അനുദിനജീവിതത്തിൽ പ്രാവർത്തികമാക്കുന്ന അനുഭവത്തിലൂടെയാണ് വചനാധിഷ്ഠിതമായി പാവങ്ങൾക്ക് യഥാർത്ഥ ശുശ്രൂഷ ചെയ്യാൻ സാധ്യമാവുകയെന്ന് എനിക്കു ബോദ്ധ്യം വന്നു. ഈ ആശയവും ആദർശവും ചേർന്ന് രൂപപ്പെടുത്തിയതാണ് Sacred Scriptures Social Message Into Living Experience (SSSMILE) ഈ ആശയം സാക്ഷാൽക്കരിക്കാൻ ആദ്യം എവിടെയെങ്കിലും പരീക്ഷിച്ച് നോക്കാൻ സഭാ നേതൃത്വം അനുവദിച്ചു. അതിന്റെ പശ്ചാത്തലത്തിൽ വിൻസൻഷ്യൻ സഭയുടെ ജനറൽ കോൺസുലേറ്റിനോടനുബന്ധിച്ച് അൽമായ സഹോദരങ്ങളെ പങ്കെടുപ്പിച്ച് SSSMILE Fellowship എന്ന ഒരു സംഘടനയ്ക്ക് രൂപം നൽകി. വിശുദ്ധ ഗ്രന്ഥത്തിലെ സാമൂഹ്യ സന്ദേശം പഠിക്കാൻ ക്ലാസ്സുകളും മീറ്റിംഗുകളും സംഘടിപ്പിച്ചു. ജനറലേറ്റിന് സമീപപ്രദേശമുള്ള പാവപ്പെട്ടവരെ സുശ്രൂഷിക്കുന്ന ദൗത്യം ആരംഭിച്ചു. അതിപ്പോഴും തുടർന്നു കൊണ്ടിരിക്കുന്നു.

SSSMILE Fellowship-ന്റെ ആശയവും ആദർശവും വിൻസൻഷ്യൻ സഭയിലെ പരിശീലന സിലബസിന്റെ ഭാഗമാക്കാൻ സഭാ നേതൃത്വം നിർദ്ദേശിച്ചു. വിൻസൻഷ്യൻ സെമിനാരികളിൽ ഇതിന്റെ യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടു. സഭയുടെ ജനറൽ സിനഡിൽ വെച്ച് ചർച്ചക്ക് ശേഷം സഭയുടെ സാമൂഹ്യ പ്രേഷിതത്വത്തിന്റെ ഒരു മാർഗ്ഗമായി SSSMILE Fellowship -നെ അംഗീകരിക്കുകയും അത് നിയമ സംഹിതയിൽ ചേർക്കുകയും ചെയ്തു. സഭയുടെ ജനറലേറ്റിന്റെ കീഴിലുള്ള ഡൽഹി സെന്ററിലും സെന്റ് തോമസ് പ്രൊവിൻസിന്റെ കീഴിലുള്ള ഡൽഹിയിലെ സെന്ററിലും SSSMILE Fellowship -ന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. പാവങ്ങൾക്കുള്ള ശുശ്രൂഷയിൽ സഭയിൽ വലിയ ചലനം സൃഷ്ടിക്കാൻ ഈ ഫെല്ലോഷിപ്പിന് സാധിക്കുമെന്നാണ് അച്ചന്റെ വിലയിരുത്തൽ.

സീറോ മലബാർ സഭയിലെ സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെ കൂട്ടായ്മയാണ് സീറോ- മലബാർ റിലീജിയസ് കോൺഫറൻസ്(SMRC). വിൻസൻഷ്യൻ സഭയുടെ സുപ്പീരിയർ ജനറൽ എന്ന നിലയിൽ ഫാ. പ്ലാക്കൽ അതിൽ അംഗമായി. അധികം താമസിയാതെ അതിന്റെ പ്രസിഡണ്ടായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ആറു വർഷക്കാലം ആ സേവനം തുടർന്നു. എസ്സ്. എം. ആർ. സി പ്രസിഡണ്ട് എന്ന നിലയിൽ സമർപ്പിത സമൂഹങ്ങളെ പ്രതിനിധീകരിച്ച് പല പ്രാവശ്യം സീറോ- മല

www.malankaralibrary.com

ബാർ സഭയുടെ ബിഷപ്പ്സ് സിനഡിൽ സംബന്ധിക്കാനും സമർപ്പിത സമൂഹങ്ങളുടെ വിവിധ പ്രശ്നങ്ങളും ആവശ്യങ്ങളും സിനഡിൽ അവതരിപ്പിക്കുവാനും അച്ചന് അവസരം ലഭിച്ചു.

സീറോ- മലബാർ സഭയുടെ പ്രഥമ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ പങ്കെടുത്ത ആന്റണിയച്ചനാണ് അസംബ്ലിയുടെ ചർച്ചാ വിഷയം തിരഞ്ഞെടുക്കാനുള്ള പ്രഥമ യോഗത്തിൽ കരടു രേഖ അവതരിപ്പിച്ചത്. സീറോ- മലബാർ സഭയും മാർത്തോമാ മാർഗ്ഗവും എന്ന വിഷയത്തെ അടിസ്ഥാനമാക്കി സഭയുടെ വളർച്ചയ്ക്ക് ആവശ്യമായ വിവധ വിഷയങ്ങൾ കരടു രേഖയിൽ അവതരിപ്പിച്ചു. പ്രാഥമിക ചർച്ചകളുടെ അടിസ്ഥാനത്തിൽ സിനഡിൽ അവതരിപ്പിക്കാനുള്ള വിഷയങ്ങൾ ക്രോഡീകരിക്കാനുള്ള കമ്മിറ്റിയിലും അദ്ദേഹം അംഗമായിരുന്നു. സീറോ- മലബാർ സഭാതലത്തിൽ പാവങ്ങൾക്കുവേണ്ടി ഒരു കമ്മീഷൻ രൂപീകരിക്കണമെന്ന നിർദ്ദേശം അച്ചൻ അവതരിപ്പിച്ചെങ്കിലും അസംബ്ലി അത് പാസ്സാക്കിയില്ല.

1998 ഏപ്രിൽ 18 മുതൽ മേയ് 14 വരെ റോമിൽ സമ്മേളിച്ചതാണ് ഏഷ്യൻ സിനഡ്. ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള സമർപ്പിത സമൂഹങ്ങളുടെ പ്രതിനിധികളായി സിനഡിലേക്ക് ക്ഷണിക്കപ്പെട്ട മേജർ സുപ്പീരിയേഴ്സിൽ ഒരാളായിരുന്നു ഫാ. പ്ലക്കിൽ. സിനഡിൽ 8 മിനിട്ട് നേരം ഒരോ അംഗത്തിനും അഭിപ്രായം പറയുവാൻ അവസരം ലഭിച്ചു. പാവങ്ങൾക്കുവേണ്ടി സഭാ ജാഗരൂകരായിരിക്കണമെന്നും അവരെ കേന്ദ്രീകരിച്ച് Asian Catechism of Social message of the sacred Scriptures രൂപീകരിക്കണമെന്നും സിനഡിൽ ഫാ. പ്ലാക്കിൽ അഭിപ്രായപ്പെട്ടു. സിനഡ് സമ്മേളനത്തിൽ എല്ലാ ദിവസവും മാർപാപ്പ സന്നിഹിതനായിരുന്നു. ഒരു ദിവസം ഉച്ചഭക്ഷണത്തിന് തന്നോടൊപ്പം ചേരുവാൻ മാർപാപ്പ ഫാ. പ്ലാക്കിലിനെ ക്ഷണിച്ചു. ആ ഉച്ചഭക്ഷണം പ. പിതാവിന്റെ സാമീപ്യത്തിൽ അങ്ങേയറ്റം അസ്വാദ്യപ്രദമായിരുന്നുവെന്നാണ് അച്ചന്റെ അഭിപ്രായം.

ആന്റണിയച്ചൻ സുപ്പീരിയർ ജനറലായിരിക്കുമ്പോൾ SSSMILE Fellowship -ന്റെ ഭാഗമായി ഒരു SSSMILE Home എടപ്പള്ളിയിൽ സംഘടിപ്പിച്ചിരുന്നു. തെരുവിലും മറ്റും അലഞ്ഞു നടക്കുന്ന കുട്ടികളെ പുനരധിവസിപ്പിക്കുകയെന്നതായിരുന്നു അതിന്റെ ഉദ്ദേശം. ഒരു വാടക വീട്ടിൽ ആണ് SSSMILE Home രൂപം കൊണ്ടത്. ഇതിന്റെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തണമെന്ന ആഗ്രഹത്തോടെ വിൻസൻഷ്യൻ സഭയുടെ ജനറൽ-പ്രൊവിൻഷ്യൻ കൗൺസിലുകളിൽ ഈ ആശയം അവതരിപ്പിച്ചു. അംഗീകാരം ലഭിച്ചതിനെ തുടർന്ന് SSSMILE Village എന്ന പേരിൽ ഡിപോൾസ്മൈൽ ഗ്രാമത്തിന് രൂപം കൊടുത്തു. മഹാജൂബിലി വർഷമായ 2000-ാം മാണ്ട് ജൂൺ 13-ാം തിയതി ഇരിങ്ങാലക്കുട രൂപതയിലെ വെട്ടിക്കുഴി എന്ന സ്ഥലത്ത് സ്മൈൽ ശുശ്രൂഷ ആരംഭിച്ചു. സെപ്റ്റംബർ 27-ാം തിയതി ഈ ഗ്രാമം കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ഔദ്യോഗികമായി ആശീർവദിച്ചു. 20

www.malankaralibrary.com


പേർ വീതം താമസിക്കുന്ന 20 വീടുകളിലായി 400 പാവപ്പെട്ട സഹോദരങ്ങൾക്ക് ഒരേ സമയം ശുശ്രൂഷ ചെയ്യുന്ന കേന്ദ്രമായിട്ടാണ് സ്മൈൽ ഗ്രാമത്തെ വിഭാവനം ചെയ്തിരിക്കുന്നത്. ഇപ്പോൾ 6 ഗ്രാമങ്ങളിലായി 120 പേർ ഈ ഗ്രാമത്തിലുണ്ട്. ഓരോ ഭവനത്തിലും കുട്ടികളും പ്രായമായവരും ഒരുമിച്ച് താമസിക്കുന്നത് എല്ലാവർക്കും സന്തോഷം നൽകുന്നതിന് സഹായിക്കുന്നു. മുതിർന്നവർ കുട്ടികളേയും കുട്ടികൾ മുതിർന്നവരേയും എല്ലാ കാര്യങ്ങളിലും സഹായിക്കുന്നു. അങ്ങനെ ഓരോ ഭവനത്തിലും ഒരു കുടുംബാന്തരീക്ഷം നിലനിൽക്കുന്നു. ഒരു സിസ്റ്ററിന്റെ നേതൃത്വത്തിലാണ് എല്ലാ പ്രവർത്തനങ്ങളും നടക്കുക. പ്രത്യേകം വേലക്കാരില്ല. എല്ലാവരും പരസ്പരം സഹായിച്ച് എല്ലാ ജോലികളും നിർവ്വഹിക്കുന്നു. ഭക്ഷണം പാകം ചെയ്യലും ശുചീകരണ പ്രവർത്തനങ്ങളും അവർ ഒരുമിച്ചു ചെയ്യുന്നു. കുട്ടികൾക്ക് ഇടവകയിൽ പോകാനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സ്മൈൽ ഗ്രാമങ്ങളിൽ വരുന്ന പാവങ്ങളിൽ പാവപ്പെട്ടവരെ ശുശ്രൂഷിക്കാനും സ്മൈൽ ഗ്രാമം പോലുള്ള ശുശ്രൂഷകൾ സംഘടിപ്പിക്കാനുമായി സിസ്റ്റേഴ്സിന്റെ ഒരു സന്യാസ സമൂഹം അഭിവന്ദ്യ മാർ ജയിംസ് പഴയാറ്റിലിന്റെ അനുമതിയോടെ ആരംഭിക്കുന്നതിനും നേതൃത്വം നൽകി. അച്ചൻ സംഘടിപ്പിച്ച സന്യാസസമൂഹത്തിന്റെ പേര് കരുണയുടെ സഹോദരിമാർ എന്നാണ്. 2004 ഏപ്രിൽ 22-ാം തിയതിയാണ് ഇതിനുള്ള അനുമതി രേഖാമൂലം നൽകിയത്. ഈ സമൂഹത്തിൽ ഇപ്പോൾ 11 അംഗങ്ങൾ ഉണ്ട്. അവർ ഇപ്പോൾ നൊവിഷ്യറ്റിൽ പ്രവേശിച്ചിരിക്കുകയാണ്.

പഴയ നിയമത്തിലും പുതിയ നിയമത്തിലും പാവങ്ങളോടും പാവങ്ങൾക്കുവേണ്ടിയും വെളിപ്പെടുത്തപ്പെട്ടിട്ടുള്ള വചനങ്ങളുടെ ശാസ്ത്രീയമായ അപഗ്രഥനവും വ്യഖ്യാനവും നൽകുന്നതിന് അച്ചൻ ബദ്ധശ്രദ്ധനായിരിക്കുകയാണ്. അതിന് വേണ്ടി A Bible Commentery on texts which contain message to and for the poor എന്ന ഒരു ഫോറം അച്ചൻ രൂപീകരിച്ചിരിക്കുന്നു. ഇതിന്റെ വളർച്ചക്കുവേണ്ടി അച്ചൻ നിരന്തരം പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യുന്നു.

വിലാസം - ഫാ. ആന്റണി പ്ലാക്കൽ വി. സി.,
ഡിറക്ടർ, ഡി പോൾ സ്മൈൽ വില്ലേജ്,
വെട്ടിക്കുഴി - ചായ്പൻകുഴി പി.ഒ.,
ചാലക്കുടി - തൃശ്ശൂർ.

www.malankaralibrary.com



## 329

# ഡോ.സി. തെരേസ് കൂട്ടിയാനിയിൽ

പ്രശ്നങ്ങളുടെ ഭാരം കൊണ്ടും മനസ്സിന്റെ ധൈര്യക്കുറവും കൊണ്ടും മനസ്സ് തളർന്ന് പ്രത്യാശ നശിച്ച് വരുന്നവർക്ക് കൗൺസിലിംഗ് വഴി ജീവനും പ്രത്യാശയും നൽകുന്ന ഡോ.സി. തെരേസ് കൂട്ടിയാനിയിൽ 1944 ജൂലൈ 11-ാം തീയതി തിടനാട് ഗ്രാമത്തിൽ കെ.റ്റി.തോമസ് - ഏലിക്കുട്ടി ദമ്പതികളുടെ ഒൻപതു മക്കളിൽ രണ്ടാമത്തെയാളായി ജനിച്ചു. തിടനാട് ഗവണ്മെന്റ് പ്രൈമറി സ്കൂളിലും അരുവിത്തുറ സെന്റ് ജോർജ് ഹൈസ്കൂളിലും പഠിച്ചു. പഠനത്തിലും കായിക-കലാരംഗങ്ങളിലും മുൻപന്തിയിൽ നിന്നിരുന്ന തെരേസ് മിഷൻലീഗ്, സൊഡാലിറ്റി തുടങ്ങിയ ഭക്തസംഘടനകളിൽ പ്രവർത്തിക്കുകയും അതിന്റെ ഔദ്യോഗിക ഭാരവാഹികയായി സേവനമനുഷ്ഠിക്കുകയും ചെയ്തു. ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുമ്പോൾ തന്നെ സമ്മർക്ലാസ്സുകളിൽ വേദപാഠം പഠിപ്പിക്കുവാൻ നിയോഗിച്ചത് തെരേസിനെ സംബന്ധിച്ചിടത്തോളം ഒരു അംഗീകാരവും ബഹുമതിയും ആയിരുന്നു. വി.ഡൊമിനിക് സാവിയോയുടെയും വി.കൊച്ചുത്രേസ്യായുടെയും ജീവചരിത്രം വായിക്കാൻ സാധിച്ചതും വി.മരിയാ ഗൊരേത്തിയുടെ ജീവിതകഥ ക്ലാസ്സിൽനിന്ന് പറഞ്ഞുകേട്ടതും തെരേസിന്റെ ജീവിതത്തെ വളരെയധികം സ്വാധീനിച്ചു.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 1961-ൽ അസംപ്ഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് സന്യാസിയാകാനാണ് തെരേസ് തീരുമാനമെടുത്തത്. 1961 ഒക്ടോബർ 21-ാം തീയതി കപ്പൽ മാർഗ്ഗം കൊച്ചിയിൽനിന്ന് ഈജിപ്ത്, ചെങ്കടൽ, സൂയസ് കനാൽ വഴിയേ സഞ്ചരിച്ച് ഇറ്റലിയിൽ എത്തുകയും ജനോവാ നഗരത്തിൽ ഒരു ദിവസം താമസിക്കുകയും ചെയ്തു. അവിടെനിന്നും പാരീസ് നഗരത്തിലേയ്ക്ക് യാത്ര പുറപ്പെട്ടു. തണുത്ത് വിറയ്ക്കുന്ന മഞ്ഞുകാലമായിരുന്നു അത്. പാരീസിലെ അസംപ്ഷൻ മദർ ഹൗസിൽ എത്തിച്ചേർന്നപ്പോൾ 21 രാജ്യങ്ങളിൽനിന്നും 16 വ്യത്യസ്തഭാഷകൾ സംസാരിക്കുന്ന 80 ഓളം അർത്ഥിനികളോടൊപ്പം ചേർന്നു. തുടർന്ന് 5 വർഷക്കാലം സന്യാസപരിശീലനത്തിലും ഭാഷാപഠനത്തിലും മതപഠനത്തിലും ഏർപ്പെട്ടു. ഇതിനിടയിൽ 1963 ഡിസംബർ 8-ന് ആദ്യവ്രതം അനുഷ്ഠിച്ചു. 1969 ഏപ്രിൽ ആയിരുന്നു നിത്യവ്രതം. പാരീസിലെ ജീവിതം അനുഭവസമ്പത്ത് നിറഞ്ഞതായിരുന്നു. കണ്ടസ്ഥലങ്ങളും കണ്ടുമുട്ടിയ ആളുകളും പഠിച്ച കാര്യങ്ങളും നേടിയെടുത്ത ബന്ധങ്ങളും സിസ്റ്ററിന്റെ വ്യക്തിത്വത്തിന് മാറ്റ് വർദ്ധിപ്പിച്ചു. തുറന്ന വീക്ഷണവും മനോഭാവവും സിസ്റ്ററിൽ ഉളവാക്കി. സന്യാസപരിശീലനവും ദൈവശാസ്ത്രപഠനവും കഴിഞ്ഞ് ലണ്ടനിൽ (1965

www.malankaralibrary.com

– 66) എത്തി ഇംഗ്ലീഷ് ഭാഷാപഠനം നടത്തി. പ്രീഡിഗ്രി കോഴ്സ് ഇംഗ്ലണ്ടിലെ റിച്ച്മണ്ടിൽ ആയിരുന്നു. ഇംഗ്ലണ്ടിൽനിന്നും ഫിലിപ്പൈൻസിൽ എത്തി (1969 – 1973) മനഃശാസ്ത്രത്തിൽ ബി.എ. ഡിഗ്രിയും തുടർന്ന് ബി.എസ്.സി., ബി.എഡും ഡിഗ്രി നേടി. മാസ്റ്റർ ഓഫ് സയൻസിൽ ഗൈഡൻസ് കൗൺസിലിംഗിന് ഫിലിപ്പൈൻസ് യൂണിവേഴ്സിറ്റിയിൽ ചേർന്നു. ഇംഗ്ലണ്ടിലെയും ഫിലിപ്പൈൻസിലെയും ജീവിതം വളരാനും വികസിക്കാനും ലഭിച്ച അവസരങ്ങളായിരുന്നു.

ഇതിനിടയിൽ ജപ്പാൻ, ചൈന, കറാച്ചി മുതലായ സ്ഥലങ്ങൾ സന്ദർശിക്കാനും ഭാഗ്യം ലഭിച്ചു. ഫിലിപ്പൈൻസിലെ പഠനം കഴിഞ്ഞ് നാട്ടിലേക്ക് തിരിച്ചു പോരുമ്പോൾ എയർ ഫ്രാൻസ് നൽകിയ ഒരു സമ്മാനം പ്രതീക്ഷിക്കാത്തതായിരുന്നു. 1975-ൽ പാരീസ് വരെ പോകാനും തിരിച്ച് ബോംബെ വരെ വിമാനത്തിൽ പോകാനുമുള്ള ഫ്രീ ടിക്കറ്റായിരുന്നു എയർഫ്രാൻസ് നൽകിയ സമ്മാനം. ആ യാത്രയിൽ ജപ്പാനിൽ താമസിക്കാനും പാരീസിൽ ഒരു അന്തർദേശീയ സമ്മേളനത്തിൽ പങ്കെടുക്കുവാനും ഭാഗ്യം സിദ്ധിച്ചു. 1990-ൽ പാരീസിൽ വച്ചു നടന്ന നാലുമാസത്തെ കോഴ്സിലും 1996-97-ൽ ഫിലിപ്പീൻസിൽ വച്ചു നടന്ന ഏഷ്യൻ എഡ്യുക്കേഷൻ സെമിനാറിലും പങ്കെടുക്കാൻ സാധിച്ചതും വിവിധ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളുമായി ബന്ധപ്പെടാൻ സാധിച്ചതും സിസ്റ്ററിന്റെ ജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഫിലിപ്പൈൻസിലെ പഠനം കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയ സിസ്റ്റർ അരുണാപുരത്തെ അസംപ്ഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വാർഡനായി ഔദ്യോഗികജീവിതം ആരംഭിച്ചു. ഇതോടൊപ്പം പാലായിൽ പാസ്റ്ററൽ സെന്ററിലും എറണാകുളത്ത് പി.ഒ.സി.യിലും തലശ്ശേരി സന്ദേശഭവനിലും ക്ലാസ്സുകൾ എടുത്തിരുന്നു. 1977-80 കാലങ്ങളിൽ പാലാ സെന്റ് തോമസ് കോളേജിൽ മോറൽ സയൻസ് ഫാക്കൽറ്റിയിൽ കുട്ടികൾക്കും എ.ഐ.സി.യു.പി. അംഗങ്ങൾ, ഗ്രാഡുവേറ്റിംഗ് സ്റ്റുഡൻസ് എന്നിവർക്കും ക്ലാസ്സുകൾ എടുത്തിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്ലാസ്സുകൾ എടുക്കാനും പ്രസംഗിക്കാനും സിസ്റ്റർ പോവുക പതിവായിരുന്നു. തുടർന്ന് പാലാ സെന്റ് മേരീസ് ഹൈസ്കൂൾ, നിലമ്പൂർ തേൾപ്പാറ എയ്ഡഡ് സ്കൂൾ എന്നിവയിൽ യഥാക്രമം അദ്ധ്യാപികയും ഹെഡ്മിസ്റ്ററസും ആയി സേവനം അനുഷ്ഠിച്ചു. 1986 മുതൽ മൂന്നു വർഷക്കാലം പൂനയിൽ സെന്റ് ക്ലേയേഴ്സ് ഹൈസ്കൂൾ ഹെഡ്മിസ്റ്ററസായി പ്രവർത്തിച്ചു. 1989-ൽ പാലായിൽ തിരിച്ചെത്തി 1991-94ൽ ഡോക്ടറേറ്റിന് ചേർന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽനിന്ന് പഠനവൈകല്യങ്ങളുള്ള വിദ്യാർത്ഥികളിൽ കൗൺസിലിംഗ് കൊണ്ടുള്ള പ്രയോജനം എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടി. കൗൺസിലിംഗ് വിഷയത്തിൽ കേരളത്തിലെ സർവ്വകലാശാലകളിൽ നിന്ന് ഡോക്ടറേറ്റ് ലഭിക്കുന്ന ആദ്യ വ്യക്തിയാണ് സിസ്റ്റർ

www.malankaralibrary.com

തെരേസ്. പിന്നീട് അഡാർട്ടിൽ കൗൺസിലർ ആയി സേവനം അനുഷ്ഠിച്ചു.

സഭാധികാരികളുടെ നിർദ്ദേശാനുസരണം 1997 ൽ കോഴിക്കോട് മലാപ്പറമ്പിൽ മരിയ യൂജിൻ സെന്റർ ഫോർ ഹ്യൂമൻ ഡെവലപ്പ്മെന്റ് എന്ന സ്ഥാപനം തുടങ്ങാൻ സിസ്റ്റർ തെരേസ് തയ്യാറായി. ഈ സ്ഥാപനത്തിന്റെ ഡയറക്ടറും ഗൈഡൻസ് കൗൺസിലറുമായി 2006 വരെ സേവനം അനുഷ്ഠിച്ചു. സൈക്കോളജിക്കൽ കൗൺസിലിംഗും സോഷ്യൽ വർക്കുമാണ് ഈ സ്ഥാപനത്തിന്റെ മുഖ്യപ്രവർത്തനങ്ങൾ. വ്യക്തിപരവും പഠനപരവും കുടുംബപരവുമായ പ്രശ്നങ്ങളുമായി ധാരാളം ആളുകൾ ഇവിടെയെത്തുക പതിവാണ്. അവരെയെല്ലാം സംതൃപ്തരാക്കി തിരിച്ചയക്കാൻ സിസ്റ്ററിന് സാധിക്കുന്നുണ്ട്.

കൗൺസിലിംഗിനു പുറമെ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിൽ പല സ്ഥാപനങ്ങളിലും സ്കൂളുകളിലും കോളേജുകളിലും സിസ്റ്റർ ക്ലാസ്സുകൾ എടുക്കുക സാധാരണമാണ്. വിവിധ ജാതിമതവിഭാഗങ്ങളിൽപ്പെട്ടവർക്കും വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർക്കും നിരന്തരം ക്ലാസ്സുകൾ എടുക്കുന്ന സിസ്റ്റർ കേരളത്തിന് പുറത്തും പ്രസംഗത്തിനും ക്ലാസ്സുകൾ എടുക്കുവാനുമായി പോകുക സാധാരണമാണ്.

മരിയ യൂജിൻ സെന്ററിന്റെ കീഴിൽ 20 സ്വാശ്രയസംഘങ്ങൾ രൂപീകരിച്ചിട്ട് അഞ്ചുവർഷങ്ങൾ കഴിഞ്ഞു. 370-ൽ പരം സ്ത്രീകൾ ഇതിൽ അംഗങ്ങളായിട്ടുണ്ട്. സ്ത്രീശാക്തീകരണം സ്വാശ്രയസംഘത്തിലൂടെ എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുക. സ്വാശ്രയസംഘത്തിന്റെ കീഴിൽ പ്രവർത്തിച്ചുവന്ന വനിതകളെ സ്വന്തം കാലിൽ നടക്കാൻ പ്രാപ്തരാക്കുകയാണിപ്പോൾ. സ്വയാവബോധം, ലീഡർഷിപ്പ് ട്രെയിനിംഗ്, സ്വയം തൊഴിൽ പരിശീലനം, സ്കിൽ ട്രെയിനിംഗ്, ബാങ്ക് ഇടപാടുകൾ, നിക്ഷേപപരിപാടികൾ തുടങ്ങിയ കാര്യങ്ങളിൽ ഒട്ടേറെ ക്ലാസ്സുകളും കോഴ്സുകളും സ്ത്രീകൾക്ക് നൽകിക്കഴിഞ്ഞു. തൊഴിലിൽ മാത്രമല്ല അറിവിലും കഴിവിലും കലാരംഗത്തും സാമൂഹ്യരംഗത്തും സംഘാംഗങ്ങൾ വളരെയേറെ പുരോഗമിച്ചിട്ടുണ്ട്. സ്വന്തം അവകാശങ്ങളും മറ്റുള്ളവരുടെ അവകാശങ്ങളും എന്താണെന്ന് മനസ്സിലാക്കി സമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കാനും, സമൂഹക്ഷേമത്തിനായി ഗവൺമെന്റ് ആനുകൂല്യങ്ങൾ നേടിയെടുക്കാനും അവർ പ്രാപ്തരായി എന്നത് അഭിമാനാർഹമാണ്.

2004-2005-ൽ സെന്ററൽ ഗവൺമെന്റിന്റെ ധനസഹായത്തോടെ 8 ദിവസത്തെ ബോധവൽക്കരണ ക്യാമ്പ് കോഴിക്കോട് ജില്ലയിൽ അഞ്ചു പ്രദേശങ്ങളിലായി സിസ്റ്റർ തെരേസിന്റെ നേതൃത്വത്തിൽ നടത്തി. സ്വാശ്രയസംഘത്തിൽ ഇല്ലാത്ത സ്ത്രീകളെ കൂടുതൽ അറിവും പ്രാപ്തിയും ഉള്ളവരാക്കുക എന്ന ലക്ഷ്യത്തിൽ എത്തിക്കാൻ സഹായിക്കുന്ന ക്ലാസ്സുകളും പരിപാടികളും നടത്തിയതോടൊപ്പം "നമ്മൾ എല്ലാം ഒന്നാണ്" "നമ്മൾ എല്ലാം ഒരു ദൈവത്തിന്റെ മക്കളാണ്" നമ്മൾ എല്ലാം സഹോദരീസഹോദന്മാരാണ്

www.malankaralibrary.com

എന്ന ചിന്താഗതി വളർത്താനും സിസ്റ്റർ ഈ ക്യാമ്പുകൾ വഴി ശ്രമിക്കുന്നു.

1981 മുതൽ സർവ്വമത സംവാദം എന്ന പ്രസ്ഥാനത്തിന്റെ (World Fellowship of Inter religious dialogue) എക്സിക്യൂട്ടീവ് കമ്മറ്റിയംഗവും ജോയിന്റ് സെക്രട്ടറിയുമാണ് സി.തെരേസ്. ഇന്റർ റിലീജിയസ് ഡയലോഗ് ഇൻ മലബാർ റീജിയന്റെ വൈസ്പ്രസിഡന്റ്, സി.ബി.സി.ഐ. കമ്മീഷൻ മെമ്പർ (ഹ്യൂമാനിസം & ഡയലോഗ്) ശാന്തിസമാതി ഫോർ പീസ് ആൻഡ് ജസ്റ്റീസ് കമ്മറ്റിയുടെ എക്സിക്യൂട്ടീവ് കമ്മറ്റി മെമ്പർ, കത്തോലിക്കാ സൈക്കോളജിസ്റ്റുകളുടെയും കൗൺസിലേഴ്സിന്റെയും നാഷണൽ കോൺഫറൻസ് മെമ്പർ, സെന്റർ ഫോർ ഇൻഫോർമേഷൻ ആൻഡ് ഗൈഡൻസ് ഇന്ത്യായുടെ എക്സിക്യൂട്ടീവ് മെമ്പർ എന്നിങ്ങനെ വിവിധ നിലകളിൽ സിസ്റ്റർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഇംഗ്ലീഷിലും മലയാളത്തിലുമായി നിരവധി ലേഖനങ്ങൾ പത്രമാസികകളിൽകൂടി എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിരവധി സമ്മേളനങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ജാതി മത വർഗ്ഗ വിഭാഗങ്ങളുടെയിടയിൽ ഏറ്റം ആദരിക്കപ്പെടുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് സിസ്റ്റർ തെരേസ്.

വായന സിസ്റ്ററിന്റെ ഹോബിയാണ്. രോഗികളെയും വൃദ്ധജനങ്ങളെയും സന്ദർശിക്കുക, ഗെയിംസ് കളിക്കുക, ക്രിക്കറ്റ് കളി കാണുക ഇവയെല്ലാം സിസ്റ്ററിന്റെ ഇഷ്ടവിനോദങ്ങളാണ്. സഭയുടെ പ്രൊവിൻഷ്യൻ സി. ജയാ, സി.തെരേസായുടെ 60-ാം ജന്മദിന വാർഷികത്തിൽ അയച്ച ഇംഗ്ലീഷ് കവിത താഴെ ചേർക്കുന്നു. സിസ്റ്റർ തെരേസയുടെ അധികാരി എഴുതിയ അഭിനന്ദന കവിത ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കുന്നു.

What a joy to have a pioneer like you
What a grace to see the dynamic life you live and share
What a creativity and beauty you bring to life around
What a blessing to have you, as my elder sister.
You are so loving, affectionate and sociable
You are cheerful, generous and optimistic
You are so intelligent, gifted, confident and faithful
You are organized, artistic and adventurous.
You have deep faith and wholehearted commitment
You have the humility to accept goodness and weakness
You have the hope and determination to build up and to witness
You have the enthusiasm to live life fully, meaningfully.
How can you be so lively, polite and be a lover of nature?
How lucky we are to have a treasure like you!
How should I thank you for the services in the M.E.Centre?
How should I thank you and God for all your services to the province?


www.malankaralibrary.com

May God bless you with ever more youthfulness,
May God grand you good health and contentment
May you cherish the unconditional love of God, every day of your life
May you experience his faithfulness ever more.

Lots of love and prayers, wishing you all the best.

വിലാസം - ഡോ.സിസ്റ്റർ തെരേസ് കൂട്ടിയാനിയിൽ,
അസംപ്ഷൻ ഇൻസ്റ്റിറ്റ്യൂട്ട്, അരുണാപുരം, പാലാ 686574.

# 330



# ആന്റണി എം. അമ്പാട്ട്

എറണാകുളം ജില്ലാ കടമക്കുടി വില്ലേജിൽ പെരിയാറിന്റെ ഓരം ചേർന്ന് കിടക്കുന്ന ചേന്നൂർ ഗ്രാമത്തിൽ അമ്പാട്ട് മിഖേൽ-അന്ന ദമ്പതികളുടെ അഞ്ചാമത് പുത്രനായി 1944ആഗസ്റ്റ് ഒന്നിനു ജനിച്ച ആന്റണി എം. അമ്പാട്ട് ഭാരതസഭയുടെ തന്നെ ചരിത്രത്തിൽ ആലേഖനം ചെയ്യപ്പെടേണ്ട നാമമാണ്. നാല് പതിറ്റാണ്ട് നീളുന്ന സമുദായ-അൽമായ പ്രവർത്തനത്തിന്റെ തുടക്കം 1965 ലാണ്. വരാപ്പുഴ അതിരൂപതയിലെ ക്രൈസ്തവ യുവജനങ്ങൾക്ക് ഒരു സമിതി രൂപീകരിച്ചു കൊണ്ടായിരുന്നു അത്, സമിതിയുടെ കൺവീനർ 21 കാരനായ ആന്റണി അമ്പാട്ടും. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പരിണിത ഫലമായി അൽമായ പ്രവർത്തനം ശക്തമാവുകയും രൂപതാതല അൽമായ സമിതികൾ രൂപീകരിക്കപ്പെടുകയും ചെയ്തതിന്റെ ഭാഗമായി 1967 ൽ വരാപ്പുഴ അതിരൂപത കാത്തലിക് അസ്സോസിയേഷന്റെ സ്ഥാപക നേതാക്കളിൽ ഒരാളാണ് അന്നത്തെ യുവജന നേതാവായിരുന്ന അമ്പാട്ട്. ലത്തീൻ രൂപതകളിലെ കാത്തലിക് അസ്സോസിയേഷനുകളെ കോർത്തിണക്കി കേരള ലാറ്റിൻ കാത്തലിക് അസ്സോസിയേഷൻ (KLCA) എന്ന സംസ്ഥാന സമിതിയുടെ രൂപീകരണത്തിൽ മുൻനിരയിൽ പ്രവർത്തിച്ചു. ഷെവ. കെ.ജെ. ബെർലി, ഷെവ. ജെ.ഡി. വേലിയത്ത്, ഫാ.ജോർജ് വെളിപ്പറമ്പിൽ, ഡോ. ഇ.പി. ആന്റണി എന്നിവരുടെ കൂടെ യുവജന നേതാവായി അമ്പാട്ട് പ്രവർത്തിച്ചു.

കേരളത്തിലെ കത്തോലിക്കാ യുവജനപ്രസ്ഥാന (KCYM) ത്തിന്റെ രൂപീകരണത്തിൽ വഹിച്ച പങ്കാണ് അമ്പാട്ടിനെ ഇതര നേതാക്കളിൽനിന്ന് വ്യതിരിക്തനാക്കുന്നത്. കേരളത്തിലെ സീറോ മലബാർ, മലങ്കര, ലത്തീൻ രൂപതകളിൽ വിവിധ പേരുകളിൽ പ്രവർത്തിച്ചിരുന്ന രൂപത യുവജനപ്രസ്ഥാനങ്ങളെ കോർത്തിണക്കി കെ.സി.വൈ.എം. എന്ന സംസ്ഥാനസമിതി 1978

www.malankaralibrary.com

ഡിസംബറിൽ രൂപീകരിക്കുമ്പോൾ ആന്റണി അമ്പാട്ട് പ്രഥമ സംസ്ഥാന പ്രസിഡന്റായി. പാലാരൂപതയിലെ ജോയി എബ്രഹാം സംസ്ഥാന ജനറൽ സെക്രട്ടറിയും. മാന്നാനം കെ.ഇ. കോളേജിൽ നടന്ന ത്രിദിന പ്രഥമ സംസ്ഥാന യോഗത്തിന് മാർഗ്ഗദർശകനായിരുന്നത് അന്നത്തെ കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ചെയർമാനും കാഞ്ഞിരപ്പള്ളി മെത്രാനും ആയിരുന്ന മാർ ജോസഫ് പൗവ്വത്തിലും ഡയറക്ടർ ഫാദർ തോമസ് മൂർ സി.എം.ഐ.യും ആയിരുന്നു. കെ.സി.വൈ.എം.ന് നിയമാവലിയും, പ്രവർത്തന ദർശനങ്ങളും രൂപീകരിക്കുന്നതിൽ ആന്റണി അമ്പാട്ട് നേതൃത്വം നൽകി.

യുവജന നേതാവായിരിക്കെ തന്നെ അമ്പാട്ട് സമുദായ സംഘടനയായ കേരള ലാറ്റിൻ കാത്തലിക് അസ്സോസിയേഷനിലും നേതൃത്വം വഹിച്ചു. വരാപ്പുഴ അതിരൂപത കാത്തലിക് അസ്സോസിയേഷൻ ജനറൽ സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലകളിലും കെ.എൽ.സി.എ.യുടെ സംസ്ഥാന ജനറൽ സെക്രട്ടറി എന്ന നിലയിലും പ്രവർത്തിച്ചു. രാജ്യത്തെ പിന്നോക്ക സമുദായങ്ങൾക്ക് കേന്ദ്രഗവൺമെന്റ് സർവ്വീസിൽ സംവരണം ശുപാർശ ചെയ്ത മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ വ്യാപകമായ പ്രവർത്തനങ്ങൾ നടത്തി. അഞ്ചു ലക്ഷം പേരുടെ ഒപ്പ് ശേഖരിച്ച് അന്നത്തെ കേന്ദ്രമന്ത്രി രാം വിലാസ് പസ്വാനെ ഡൽഹിയിൽ സന്ദർശിച്ച് നിവേദനം നൽകിയ കെ.എൽ.സി.എ. സംഘത്തെ നയിച്ചു. ഇന്ത്യയിലെ കത്തോലിക്ക അൽമായ പ്രസ്ഥാനങ്ങളുടെ ദേശീയ സംഘടനയായ ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ (AICU) ന്റെ ദേശീയ വൈസ് പ്രസിഡന്റായും, അൽമായ ഫോർമേഷൻ ചുമതലയുള്ള ദേശീയ സെക്രട്ടറിയായും ജോർജ് മേനേസിസ് ദേശീയ പ്രസിഡന്റായിരുന്ന കാലത്ത് പ്രവർത്തിച്ചു. അഖില കേരള കത്തോലിക്ക കോൺഗ്രസ്സ് പ്രസിഡന്റായിരുന്ന ജോൺ കച്ചിറമറ്റം സമാന കാലത്ത് എ.ഐ.സി.യു. ദേശീയ വൈസ് പ്രസിഡന്റായിരുന്നു.

ദേശീയ തലത്തിൽ സഭയേയും സമുദായത്തേയും ബാധിക്കുന്ന വിഷയങ്ങളിൽ ആന്റണി അമ്പാട്ട് അറിയപ്പെടുന്ന അവതാരകനായിരുന്നു. ദേശീയ, സംസ്ഥാന തലങ്ങളിൽ ഒട്ടേറെ സെമിനാറുകളിൽ പങ്കെടുത്ത് വിഷയാവതരണത്തിനും ചർച്ചകൾക്കും നേതൃത്വം നൽകി. ഭാരത മെത്രാൻ സമിതിയുടെ ദേശീയ ബൈബിൾ കേന്ദ്രമായ എൻ.ബി.സി.എൽ.സി.യിൽ അൽമായ സെമിനാറുകളുടെ ഫാക്കൽറ്റി അംഗമായും പ്രവർത്തിച്ചു. ദേശീയ മെത്രാൻ സമിതിയുടെ ദേശീയ ഉപദേശക സമിതി (NAC) യിൽ കേരള ലത്തീൻ സഭയുടെ അൽമായ പ്രതിനിധിയായിരുന്നു. ഉത്തരാഞ്ചൽ ചീഫ് ജസ്റ്റിസ് സിറിയക് ജോസഫ്, കേരള ഹൈക്കോടതി ജഡ്ജി കുര്യൻ ജോസഫ്, മുൻ കേന്ദ്രമന്ത്രി പി.സി. തോമസ് എന്നിവർ സമാനകാലത്ത് ദേശീയ സമിതി അംഗങ്ങളായിരുന്നു.

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ ഇന്ത്യ സന്ദർശനത്തിന്

www.malankaralibrary.com

ഒരുക്കങ്ങൾ നടത്തിയ കെ.സി.ബി.സി. സമിതിയിൽ നേതൃത്വം വഹിച്ചു. വരാപ്പുഴ അതിരൂപത ശതാബ്ദി ആഘോഷ-പാപ്പാ സന്ദർശന സമിതിയുടെ ജോയിന്റ് ജനറൽ കൺവീനറായിരുന്നു. ആർച്ച് ബിഷപ്പ് ജോസഫ് കേള ന്തറ ചെയർമാനും ഫാ. മാത്യു ചക്കാലയ്ക്കൽ ജനറൽ കൺവീനറുമായി രുന്നു. പാപ്പാ സന്ദർശനവേളയിൽ സംഘാടക സമിതിക്ക് മാർപ്പാപ്പാ നൽകിയ പ്രത്യേക കൂടിക്കാഴ്ചയിൽ ആന്റണി അമ്പാട്ട് പങ്കെടുക്കുകയും സേവനത്തിനുള്ള അംഗീകാരമായി മാർപ്പാപ്പാ പ്രത്യേക പേപ്പൽ മെഡൽ സമ്മാനിയ്ക്കുകയും ചെയ്തു.

അൽമായ പ്രസ്ഥാനങ്ങൾ രാഷ്ട്രീയ കെണികളിൽ വീഴുന്നതിൽ പ്രതി ഷേധിച്ച് കെ.എൽ.സി.എ.യുടെ പ്രവർത്തനത്തിൽനിന്ന് വിട്ട് നിന്നു. അൽമാ യർ, സഭയുമായി ധാരണയിൽ തന്നെ, സ്വതന്ത്രമായി സംഘടിക്കണമെന്ന ആശയം വച്ചു പുലർത്തിയ അമ്പാട്ട് 1997 ൽ കൊച്ചി കേന്ദ്രീകരിച്ച് രൂപീകൃ തമായ ക്രിസ്ത്യൻ സർവ്വീസ് സൊസൈറ്റി (CSS) യുടെ നേതൃത്വം ഏറ്റെ ടുത്ത് ഇന്ന് ജനറൽ സെക്രട്ടറിയായി സേവനം നടത്തുന്നു. 2002-ൽ എറ ണാകുളത്ത് നടന്ന രണ്ടുലക്ഷം പേരുടെ സി.എസ്.എസ്. പ്രകടനത്തിനും സമുദായ സംഗമത്തിനും നേതൃത്വം നൽകി. സി.എസ്.എസ്. പ്രസിദ്ധീക രിക്കുന്ന "സമയം" മാസികയുടെ പ്രഥമ ചീഫ് എഡിറ്ററായിരുന്നു. ഇന്ത്യ യിലെ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെയും പത്രാധിപന്മാരുടെയും പത്രപ്രവർത്തകരുടെയും ദേശീയ സംഘടനയായ UCIP ന്റെ 2002 ൽ സ്വിറ്റ്സർലന്റിലും 2005 ൽ ബാംങ്കോക്കിലും നടന്ന അന്തർദേശീയ കോൺഗ്ര സ്സുകളിൽ പങ്കെടുത്തു. ഇന്ത്യൻ കാത്തലിക് പ്രസ്സ് അസ്സോസിയേഷ (ICPA) ന്റെ ഇക്കഴിഞ്ഞ വൈസ്പ്രസിഡന്റായിരുന്നു ആന്റണി അമ്പാട്ട്. 2004 ൽ എറണാകുളത്ത് നടന്ന പ്രസ്സ് അസ്സോസിയേഷന്റെ ദേശീയ സമ്മേളന ത്തിന്റെ മുഖ്യ സംഘാടകനായിരുന്നു. കത്തോലിക്കാ പത്രപ്രവർത്തക രുടെ അന്തർദേശീയ സംഘടനയായ ബാംഗ്ലൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന SAR News എന്ന ന്യൂസ് ഏജൻസിയുടെ കൊച്ചി ലേഖകനായും പ്രവർത്തി ക്കുന്നു. കേരള ലത്തീൻ സഭയുടെ ഈയിടെ രൂപീകരിച്ച ഏകോപന സമി തിയായ 'കേരള റീജൻ ലാറ്റിൻ കാത്തലിക് കൗൺസിലി'ന്റെ സെക്രട്ടറി യായി ജൂൺ 2005 ൽ തെരഞ്ഞെടുക്കപ്പെട്ടു. ലത്തീൻ സഭയുടെ മുഖപത്ര മായി 2005 ഡിസംബറിൽ പ്രകാശനം തുടങ്ങിയ 'ജീവനാദം' വാരികയുടെ പത്രാധിപസമിതി അംഗമാണ്. നിരവധി ആനുകാലികങ്ങളിൽ ഇംഗ്ലീഷിലും മലയാളത്തിലും ലേഖനങ്ങൾ എഴുതികൊണ്ടിരിക്കുന്നു.

എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽനിന്ന് രസതന്ത്ര ത്തിൽ ബിരുദം നേടിയ ആന്റണി 1965 ൽ എച്ച്.എം.ടി.യിൽ ഉദ്യോഗസ്ഥനാ യി. ഉദ്യോഗത്തിലിരിക്കെ എൻജിനീയറിങ്ങിൽ അസ്സോസിയേറ്റ് പരീക്ഷ പാസ്സായി. തുടർന്ന് കേരള പ്രസ്സ് അക്കാദമിയിൽനിന്നും ജേർണലിസത്തിൽ പി.ജി.ഡിപ്ലോമയും, എം.ജി. യൂണിവേഴ്സിറ്റിയുടെ ഇന്ത്യൻ സ്കൂൾ ഓഫ്

www.malankaralibrary.com


ലീഗൽ തോട്ടിൽനിന്ന് നിയമ ബിരുദവും കരസ്ഥമാക്കി. എച്ച്.എം.ടി. ഉദ്യോഗത്തിലിരിക്കെ ഓഫീസർമാരുടെ ട്രേഡ് യൂണിയൻ പ്രവർത്തനത്തിൽ ഏർപ്പെട്ടു. എച്ച്.എം.ടി. ഓഫീസേഴ്സ് അസ്സോസിയേഷൻ ജനറൽ സെക്രട്ടറിയായും, കേന്ദ്ര പൊതുമേഖല ഉദ്യോഗസ്ഥരുടെ ദേശീയ സംഘടനയായ 'നാഷണൽ കോൺഫെഡറേഷൻ ഓഫ് ഓഫീസേഴ്സ് അസ്സോസിയേഷ'ന്റെ സംസ്ഥാന സെക്രട്ടറിയായും സേവനം ചെയ്തു. ഓഫീസേഴ്സ് യൂണിയൻ പ്രസിദ്ധീകരിക്കുന്ന 'കേരള ഫ്ളാഷ്' എന്ന ഇംഗ്ലീഷ് ബുള്ളറ്റിന്റെ ചീഫ് എഡിറ്ററായും സേവനം ചെയ്യുന്നു. 2000 ൽ എച്ച്.എം.ടി. ഉദ്യോഗം രാജി വച്ച് അഭിഭാഷകനായി എൻറോൾ ചെയ്ത് കേരള ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നു.

ഭാര്യ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡിൽ ഉദ്യോഗസ്ഥയായിരുന്ന ആലുവ തോട്ടപ്പിള്ളിൽ വർഗ്ഗീസ് മേരിയാണ്.

വിലാസം - ആന്റണി എം.അമ്പാട്ട്, അഡ്വക്കേറ്റ്, മങ്കുഴി റോഡ്,
ഇടപ്പള്ളി ടോൾ, കൊച്ചി-24.

# 331

# പത്മഭൂഷൺ സിസ്റ്റർ സുധാവർഗീസ്



മലയാളികളെ ലോകത്തിന്റെ ഏതുഭാഗത്തുചെന്നാലും കാണാൻ സാധിക്കും. മലയാളികൾ എത്തിപ്പെടാത്ത സ്ഥലങ്ങളില്ല. അവർ കഠിനാദ്ധ്വാനികളാണ്. സേവനതല്പരരാണ്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും മലയാളികൾ ഉണ്ട്. ആദിവാസികളുടെയും ദളിതരുടെയും ഇടയിൽ നിസ്തുലസേവനം അനുഷ്ഠിക്കുന്ന നിരവധി മിഷനറിമാർ ഉണ്ട്. അവർ വളരെയധികം കഷ്ടതകൾ അനുഭവിക്കുന്നുമുണ്ട്.

എന്നാൽ ബീഹാറിലെ ദളിതരുടെയും പിന്നോക്ക ജനവിഭാഗങ്ങളുടെയും ഇടയിൽ പ്രവർത്തിക്കുന്ന സി. സുധാവർഗീസ് എല്ലാവരുടെയും സ്നേഹവാത്സല്യങ്ങൾ ഏറ്റുവാങ്ങി സാമൂഹ്യസേവനം നടത്തുന്ന ഒരു മിഷനറിയാണ്. രാഷ്ട്രപതി പത്മശ്രീ ബഹുമതി നൽകി അവരെ ആദരിക്കുകയും ചെയ്തു.

പാലാ രൂപതയിലെ കാഞ്ഞിരത്താനം ഇടവകയിൽ ചേന്നംപറമ്പിൽ വർക്കി അബ്രാഹം - ഏലിക്കുട്ടി ദമ്പതികളുടെ മൂത്ത പുത്രനായി 1944 സെപ്റ്റംബർ 5-ാം തീയതി ജനിച്ചു. ജ്ഞാനസ്നാനപ്പേര് അന്നമ്മയെന്നു

www.malankaralibrary.com

മായിരുന്നു. കാഞ്ഞിരത്താനം സ്കൂളിലായിരുന്നു മിഡിൽ സ്കൂൾ വിദ്യാഭ്യാസം നടത്തിയത്. കുറവിലങ്ങാട് സെന്റ് മേരീസ് ബോയിസ് സ്കൂളിൽനിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ചിന്നമ്മ 1961ൽ ബീഹാറിൽ എത്തി സിസ്റ്റേഴ്സ് ഓഫ് നോട്ടർഡാം സന്യാസസഭയിൽ ചേർന്നു. സന്യാസസഭയിലെ പരിശീലനം പൂർത്തിയാക്കിയ സിസ്റ്റർ വ്രതവാഗ്ദാനാവസരത്തിൽ സുധാവർഗീസ് എന്നപേരു സ്വീകരിച്ചു. ബീഹാറിൽ നിന്ന് പ്രീഡിഗ്രിയും മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദവും ബാംഗ്ലൂർ യൂണിവേഴ്സിറ്റിയിൽനിന്ന് നിയമബിരുദവും കരസ്ഥമാക്കി.

ഒരു ഇംഗ്ലീഷ്മീഡിയം സ്കൂളിൽ അദ്ധ്യാപികയായി സിസ്റ്റർ സുധാവർഗീസിനെ അധികാരികൾ നിയമിച്ചു. ആ ജോലിയിൽ അവൾ തൃപ്തയായിരുന്നില്ല. തന്റെചുറ്റും അധിവസിക്കുന്ന ദളിതരുടെയും ആദിവാസികളുടെയും പാവങ്ങളുടെയും സമുദ്ധാരണത്തിന് വേണ്ടി പ്രവർത്തിക്കണമെന്ന ഒരു ഉൾവിളി അവർക്കുണ്ടായി. പാവങ്ങൾ അവരുടെ വാസസ്ഥലത്തെത്തി. അവർ പാവങ്ങളുടെ വാസസ്ഥലത്തും. അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ അവകാശസംരക്ഷണത്തിനുവേണ്ടി അവർ പ്രവർത്തിച്ചു. അവളുടെ സാമൂഹ്യപ്രവർത്തനത്തിന് അംഗീകാരം നൽകിക്കൊണ്ട് രാഷ്ട്രപതി പത്മശ്രീ ബഹുമതി നൽകി 2006-ൽ അവളെ ആദരിച്ചു.

പത്മശ്രീ ബഹുമതി നേടിയ സിസ്റ്റർ സുധ ഏതാനും മാസംമുമ്പ് കേരളത്തിൽ എത്തിയിരുന്നു. അന്ന് സത്യദീപം വാരികയുമായി നടത്തിയ അഭിമുഖത്തിൽ അവർ പറയുന്ന കാര്യങ്ങൾ രേഖപ്പെടുത്തിയിരുന്നു. അവ താഴെചേർക്കുന്നു.

"ജനങ്ങൾക്കിടയിൽ ഞാൻ എന്നെത്തന്നെ അവതരിപ്പിക്കുന്നത് ഒരു കന്യാസ്ത്രീയെന്ന നിലയ്ക്കല്ല; ഒരു മനുഷ്യവ്യക്തി എന്ന നിലയ്ക്കാണ്. സ്ത്രീകളോട് അവരുടെ അവകാശങ്ങളെക്കുറിച്ചും അവർക്കു ലഭിക്കേണ്ട ആദരവിനെക്കുറിച്ചുമാണ് ഞാൻ സംസാരിക്കുന്നത്. അവരുടെ മുമ്പിൽ ഒരു സിസ്റ്ററായല്ല ഞാൻ ചെല്ലുന്നത്. ജനങ്ങൾ എന്ന എപ്പോഴും ദീദി - ചേച്ചി - എന്നാണു വിളിക്കുന്നത്. ആരും എന്നെ സിസ്റ്റർ എന്നു വിളിക്കുന്നില്ല. ഒരു നിശ്ചിത കോൺഗ്രിഗേഷനിലെ നിശ്ചിത മഠത്തിലെ അംഗമായി എന്നെ അവർ തിരിച്ചറിയുന്നുണ്ടോ എന്നത് എനിക്കു വിഷയമല്ല. അത് എന്റെ ജീവിതത്തിന്റെ ഒരു ഭാഗമാണ്. പക്ഷേ, ഇപ്പോഴത്തെ എന്റെ ജോലിയിൽ ക്രിസ്തുമതപ്രഘോഷണമില്ല. ജനങ്ങൾ അന്തസ്സോടെ ജീവിക്കുന്നതുകാണാനും മനുഷ്യരെന്ന അംഗീകാരം അവർക്കോരോരുത്തർക്കും ലഭിക്കാനുമാണു പ്രഥമമായി ഞാൻ ആഗ്രഹിക്കുന്നത്. അതിനാണ് എന്റെ പോരാട്ടം. ആരാണു ക്രിസ്ത്യാനിയെന്നോ ആരെയാണു ക്രിസ്ത്യാനിയാക്കാൻ കഴിയുകയെന്നോ അല്ല ഞാൻ അറിയാൻ ശ്രമിക്കുന്നത്. മതം തെരഞ്ഞെടുക്കുക അവരുടെ അവകാശമാണ്. അത്തരം കാര്യങ്ങൾ ഞാൻ തീരെ ശ്രദ്ധിക്കാറില്ല.

www.malankaralibrary.com

എന്റെ കോൺഗ്രിഗേഷനിൽ നിന്ന് എനിക്കൊരു സഹപ്രവർത്തകയില്ല. പക്ഷേ, എനിക്കൊപ്പം കഴിയുന്ന ഒരു സമൂഹത്തെ ഞാൻ രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്. അവരാണ് എന്റെ സഹപ്രവർത്തകർ. എനിക്ക് കാര്യങ്ങൾ ചർച്ച ചെയ്യാനും എന്റെ ജീവിതം പങ്കുവയ്ക്കാനുമുള്ള എന്റെ ചിരകാലമിത്രങ്ങൾ ഈ സ്ത്രീകളാണ്. കോൺഗ്രിഗേഷൻ എന്റെയൊപ്പം രണ്ടു സിസ്റ്റർമാരെ അയയ്ക്കുന്നതു കാത്തു ഞാൻ നിന്നിരുന്നുവെങ്കിൽ എനിക്കിതൊന്നും കഴിയുമായിരുന്നില്ല. എന്താണു ചെയ്യേണ്ടതെന്ന് ഒരു വ്യക്തി തീരുമാനിച്ചുകഴിഞ്ഞാൽ, അതിനുള്ള തന്റേതായ മാർഗ്ഗങ്ങളും അയാൾ കണ്ടെത്തിക്കൊള്ളണം. പരി. പിതാവിന്റെയും ജനറാളമ്മയുടെയും ആശീർവാദത്തിനായി കാത്തിരിക്കുന്നതു വ്യർഥമാണ്. കാരണം, അവർക്കു മറ്റനേകം തിരക്കുകളുണ്ട്. അവർനിങ്ങളെത്തേടി വരുമെന്ന് പ്രതീക്ഷിക്കരുത്.

ദരിദ്രരോടുള്ള പക്ഷംചേരലിനെക്കുറിച്ചു ജനറൽ ചാപ്റ്ററുകളിൽ ആവർത്തിച്ചു പറയുമെങ്കിലും ഇത്തരം സേവനങ്ങൾക്കു മുൻഗണന നല്കുന്ന കോൺഗ്രിഗേഷനുകൾ തീരെ കുറവാണ്. ജനറൽ ചാപ്റ്ററുകളുടെ പ്രസ്താവനകൾ അവർ ഗൗരവമായിട്ടെടുത്തിരുന്നുവെങ്കിൽ ഇന്ത്യയിലെ പാവങ്ങളുടെ അവസ്ഥ ഇതിലും വളരെയധികം മെച്ചപ്പെടുമായിരുന്നു. കാരണം, സഭയ്ക്കോ സന്യാസസമൂഹങ്ങൾക്കോ പണത്തിനു കുറവില്ല. നമ്മുടെ സ്രോതസ്സുകൾ അവ യഥാർത്ഥത്തിൽ ആവശ്യമുള്ളവർക്കായി ഉപയോഗിച്ചിരുന്നുവെങ്കിൽ കാര്യങ്ങൾ തീർച്ചയായും ഇതിനെക്കാൾ മെച്ചപ്പെടുമായിരുന്നു.

ഉത്തരേന്ത്യയിൽ പ്രവർത്തിക്കുന്ന കേരളത്തിൽനിന്നുള്ള മിഷനറിമാരിലേറെയും മത-മൗലികവാദത്തെയാണു വലിയ പ്രശ്നമായി കാണുന്നതെന്ന ധാരണ ഇവിടെയുണ്ടെന്നു തോന്നുന്നു. മതമൗലികവാദം തീർച്ചയായും ഒരു പ്രശ്നംതന്നെയാണ്. പക്ഷേ, മതമൗലികവാദപദ്ധതികളുമായാണോ നിങ്ങൾ വന്നിരിക്കുന്നതെന്നതിനെക്കൂടി ആശ്രയിച്ചിരിക്കുന്നു അത്. അതായതു ജനങ്ങളെ മാമ്മോദീസാ മുക്കി അവരെ ക്രിസ്ത്യാനികളാക്കാനാണോ നിങ്ങൾ വന്നിരിക്കുന്നതെന്നതിനെ ആശ്രയിച്ചിരിക്കുന്നു. അങ്ങനെയാണെങ്കിൽ ശരിക്കും നിങ്ങൾ പ്രശ്നത്തിൽത്തന്നെയാണ്. ജനങ്ങളെ കാണാനും അവരൊടൊപ്പമായിരിക്കാനും യഥാർത്ഥ മനുഷ്യരാകുന്നതിന് അവരെ സഹായിക്കാനുമാണ് നിങ്ങൾ വന്നിരിക്കുന്നതെന്നുണ്ടെങ്കിൽ യാതൊരു പ്രശ്നവുമില്ല. ചില സ്ഥലങ്ങളിൽ 'നിങ്ങളൊരു ക്രിസ്ത്യാനിയാണ്' എന്ന് എന്നെ കുറ്റപ്പെടുത്തിയ ആളുകളുണ്ട്. ഒരു ക്രിസ്ത്യാനിയും അവിടെയെങ്ങും പാടില്ലെന്നാണ് അവർ നിശ്ചയിക്കുന്നതെങ്കിൽക്കൂടി എനിക്കതിൽ പ്രശ്നമില്ല. അവരെല്ലാവരും മനുഷ്യരാണ്. എന്നെ സംബന്ധിച്ച് അതാണു പ്രധാനം. ആളുകളെ ക്രിസ്ത്യാനികളാക്കാൻ നാമിങ്ങനെ ഉത്കണ്ഠപ്പെടുന്നതെന്തിന്? ആദ്യം അവരെ നമുക്കു മനുഷ്യരാക്കാം. മറ്റുള്ളവരെ വർഗ്ഗീയവാദികളും മൗലികവാദികളുമെന്നു നാം കുറ്റപ്പെടുത്തുന്നു.

www.malankaralibrary.com

സ്വയം ഉള്ളിലേക്കു നോക്കി ഇതേ തെറ്റുകൾ നമുക്കുണ്ടോ എന്നു നാം ആത്മപരിശോധന ചെയ്യേണ്ടതുണ്ട്.

ഞാൻ മനുഷ്യരിൽ ക്രിസ്തുവിനെ കാണുന്നയാളാണ്. ക്രിസ്തുവിനെ കണ്ടെത്താൻ ഞാനെവിടെയും അന്വേഷിക്കേണ്ടതില്ല. ക്രിസ്തു ഇന്നു ജീവിച്ചിരുന്നുവെങ്കിൽ ജാതിവിവേചനത്തിന്റെ ഇരകളുടെ ഏറ്റവും അഗതികളായ ഈ മനുഷ്യരുടെ ഇടയിലാണു നമുക്കവിടുത്തെ കണ്ടെത്താൻ കഴിയുക. ക്രിസ്തുവാണ് എനിക്കു വഴികാട്ടുന്നതെന്ന് അംഗീകരിക്കുമ്പോൾ, ഒരുപാടു പുസ്തകങ്ങളൊന്നും ഞാൻ വായിക്കേണ്ടതില്ല. ദരിദ്രർക്കും അഗതികൾക്കുമിടയിലാണ് ഞാൻ ക്രിസ്തുവിനെ കണ്ടെത്തുന്നത്. ഒരു മനുഷ്യനെന്ന നിലയിൽ ക്രിസ്തു ചെയ്തവയിൽ നാം യഥാർത്ഥത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ, അവനെ അനുഗമിക്കുക ഒട്ടും ബുദ്ധിമുട്ടുള്ള കാര്യമല്ല.

ഞാൻ സഭയുടെ ഭാഗമാണെങ്കിലും വളരെയധികം വ്യവസ്ഥാപിതവും സ്ഥാപനവത്കൃതവുമായ സഭയുടെ ഭാഗമാകാതിരിക്കാനാണു ഞാൻ ശ്രമിക്കുന്നത്. സഭ 19-ാം നൂറ്റാണ്ടിലോ 17-ാം നൂറ്റാണ്ടിലോ ജീവിക്കുന്നതുപോലെയാണു തോന്നുന്നത്. നാം ഉണരുകയും ആർക്കാണു യഥാർത്ഥത്തിൽ നമ്മെക്കൊണ്ട് ആവശ്യം എന്നു തിരിച്ചറിയുകയും വേണം. അതിനു നാം നമ്മുടെ സമീപനവും ജീവിതശൈലിയും മാറ്റേണ്ടതുണ്ട്. എന്റെ അഭിപ്രായത്തിൽ ക്രിസ്തു നമ്മോട് ആവശ്യപ്പെടുന്നത് ഇതാണ്.

എന്റെ ആധ്യാത്മികത വളരെ ലളിതമാണ്. ഞാൻ എല്ലാം ദൈവത്തിനു വിട്ടുകൊടുത്തിരിക്കുകയാണ്. ദൈവം ആളുകളോട് എങ്ങനെ സംസാരിക്കുകയും ഇടപെടുകയും ചെയ്യുമായിരുന്നോ ആ വിധത്തിൽ ഞാനും ചെയ്യുവാൻ അവിടുന്നെന്നെ നയിക്കുവാൻ ഞാൻ സ്വയം അവനു വിട്ടുകൊടുത്തിരിക്കുന്നു. എന്റെ ആധ്യാത്മികത സങ്കീർണ്ണമല്ല. ലളിതമായ കാര്യങ്ങളിലും രീതികളിലുമാണു ഞാൻ വിശ്വസിക്കുന്നത്. എനിക്കതീതമായ ഒരു ശക്തിയിൽ ഞാൻ വിശ്വസിക്കുന്നു. ആ ശക്തിയാണ് എന്നെ രൂപപ്പെടുത്തുന്നതും പ്രചോദിപ്പിക്കുന്നതും.

Address - Rev. Sr. Sudha Varghese,
Narigungam, Prerana Hostel,
Lakotti Danapur,
Dt. Patna - 801503

www.malankaralibrary.com

# 332



# റവ.ഡോ.ജോർജ് വഞ്ചിപ്പുരയ്ക്കൽ

ഒരു ദശാബ്ദക്കാലമായി ജർമൻ രൂപതകളിൽ അജപാലനശുശ്രൂഷ നടത്തിയും ആ രാജ്യത്തെ വിവിധ ക്ലരീഷ്യൻ സ്ഥാപനങ്ങളിൽ മേലധികാരിയായും പത്രപ്രവർത്തകനായും സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന റവ.ഡോ.ജോർജ് വഞ്ചിപ്പുരയ്ക്കൽ, കോട്ടയം ജില്ലയിലെ കടുത്തുരുത്തിയിൽ 1944 സെപ്റ്റംബർ 26-നു ജനിച്ചു. ലൂക്കോസ്, അന്നമ്മ എന്നിവരാണ് മാതാപിതാക്കന്മാർ. ഇവരുടെ ദാമ്പത്യവല്ലരിയിൽ മൊട്ടിട്ടത് മൊത്തം ഒമ്പത് സുമങ്ങളാണ്. ഏഴാമത്തെ സന്താനമാണ് വക്കച്ചൻ എന്ന് ചെറുപ്പത്തിൽ വിളിച്ചിരുന്ന റവ.ഡോ.വഞ്ചിപ്പുരയ്ക്കൽ. ജോർജച്ചൻ പ്രാഥമികവിദ്യാഭ്യാസം വീടിനു സമീപത്ത് സെന്റ് ആന്റണീസ് പ്രൈമറിസ്കൂളിലും തുടർന്ന് ഹൈസ്കൂൾവിദ്യാഭ്യാസം കടുത്തുരുത്തി സെന്റ് മൈക്കിൾസിലും നടത്തി. പ്രൈമറിസ്കൂളിലും, മിഡിൽസ്കൂളിലും, ഹൈസ്കൂളിലും, സ്വാഭാവശുദ്ധിയിലും ധിഷണാപാടവത്തിലും മികച്ചുനിന്നിരുന്ന "വി.എൽ. ജോർജ്" അദ്ധ്യാപകരുടെയും സതീർത്ഥ്യരുടെയും കണ്ണിലുണ്ണിയായിരുന്നു. അക്കാലത്ത് കടുത്തുരുത്തിയിൽനിന്ന് കൈയെഴുത്തു മാസിക പ്രസിദ്ധീകരിക്കാനും കുട്ടികളുടെ ദീപികയിൽ ലേഖനങ്ങൾ എഴുതാനും ജോർജിനു സാധിച്ചത് അനേകരുടെ ശ്രദ്ധ പിടിച്ചുപറ്റി. മാത്രമല്ല, ബാല്യകാലത്തുതന്നെ ദീപിക ബാലസഖ്യം കടുത്തുരുത്തി ശാഖാസ്ഥാപകനും സെക്രട്ടറിയുമായി പ്രവർത്തിച്ച് യുവതലമുറയ്ക്ക് ഉണർവും ദിശാബോധവും പകരാനുമായി. 1961-ൽ കടുത്തുരുത്തി-മുട്ടുചിറ സ്കൂളുകളിൽനിന്ന് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ചേർന്ന 160-ഓളം കുട്ടികളിൽ, ഫസ്റ്റ് ക്ലാസ്സും റാങ്കും നേടിയ വി.എൽ.ജോർജ് സ്വർണ്ണമെഡലിന് അർഹനാകുകയും ചെയ്തു.

കുട്ടിക്കാലം മുതൽ പൗരോഹിത്യജീവിതത്തിൽ തത്പരനായിരുന്ന കഥാപുരുഷന്, മാതാപിതാക്കന്മാരുടെയും മൂത്ത സഹോദരങ്ങളുടെയും മാതൃകാജീവിതവും പ്രാർത്ഥനാരൂപിയും വീട്ടിലെ നല്ല അന്തരീക്ഷവും ദൈവവിളി സ്വീകരിക്കാൻ ഉത്തേജനമായി. വന്ദ്യമാതുലൻ മോൺ.കുര്യൻ വഞ്ചിപ്പുരയ്ക്കൽ, മൂത്ത സഹോദരി സി.ഫിലോമിനാ മരിയ, ജ്യേഷ്ഠൻ റവ.ഡോ. സിറിയക്ക് വഞ്ചിപ്പുരയ്ക്കൽ തുടങ്ങിയവർ അർപ്പിതജീവിതം നയിച്ചിരുന്നതും സ്വന്തം ഉൾപ്രേരണയ്ക്ക് ആക്കംകൂട്ടി. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി 1961 ൽത്തന്നെ ജോർജ് വഞ്ചിപ്പുരയ്ക്കൽ പാലാരൂപതയ്ക്കുവേണ്ടി

www.malankaralibrary.com

സെമിനാരിയിൽ ചേർന്നു. വിശ്വവിഖ്യാതമായ ക്ലരീഷ്യൻ കോൺഗ്രിഗേഷന്റെ ഒരു സീറോ-മലബാർ ശാഖ ഇന്ത്യയിൽ സ്ഥാപിക്കണമെന്ന് തീവ്രമായി അഭിലഷിച്ചിരുന്ന അഭിവന്ദ്യ വയലിൽ പിതാവ്, തന്റെ ആഗ്രഹപൂർത്തീകരണത്തിനു കണ്ടുവച്ചിരുന്നവരിൽ ഒരാൾ ബ്രദർ ജോർജ് വഞ്ചിപ്പുരയ്ക്കലായിരുന്നു.

വയലിൽ പിതാവിന്റെ താൽപര്യ പ്രകാരം, തുടർന്നുള്ള പഠനത്തിനും വൈദിക പരിശീലനത്തിനുമായി 1962 ഒക്ടോബർ മാസം ജർമ്മനിയിൽ എത്തിയ കഥാപുരുഷൻ, ക്ലരീഷ്യൻ കോൺഗ്രിഗേഷനിൽ അംഗമായി. ജർമ്മനിയിലും ഇംഗ്ലണ്ടിലും തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ച് 1969 ജൂലൈ 26നു ഫ്രാങ്ക്ഫർട്ടിൽ വെച്ച്, ഡെൻമാർക്കിലെ രൂപതാദ്ധ്യക്ഷൻ ഡോ. ഹാൻസ് മാർറ്റെൻസ്സൻ നിന്ന് വൈദികപട്ടം സ്വീകരിച്ചു. ജർമ്മനിയിലും പഠനത്തിൽ പ്രശോഭിച്ച നവ വൈദികനെ ഉടനെ തന്നെ ഉപരി പഠനത്തിനായി മേലധികാരികൾ റോമിലേക്കയച്ചു. 1974-ൽ റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ ജർമ്മൻ ഭാഷയിൽ ഗവേഷണ പ്രബന്ധം സമർപ്പിച്ച് അദ്ദേഹം പ്രശസ്തമാംവണ്ണം ഡോക്ടർ ബിരുദം നേടി.

ഇന്ത്യയിൽ തിരിച്ചെത്തിയ വഞ്ചിപ്പുരയ്ക്കലച്ചൻ ഒരു വ്യാഴവട്ടത്തിലധികം ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് പൊന്തിഫിക്കൽ സെമിനാരിയിലും ഷില്ലോംഗിലെ ഓറിയൻസ് തിയോളജിക്കൽ കോളേജിലും പ്രൊഫസറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സഭാ പ്രബോധനങ്ങളോട് വളരെ ആദരവു പ്രകടിപ്പിച്ചും, ശിഷ്യ ഗണങ്ങളോട് കറയറ്റ സ്നേഹം കാണിച്ചുമായിരുന്നു വഞ്ചിപ്പുരയ്ക്കലച്ചന്റെ സെമിനാരിയിലെ സേവനമെന്ന് അദ്ദേഹത്തിന്റെ ശിഷ്യൻമാർ അനുസ്മരിക്കുന്നു. ബാംഗ്ലൂരിലെ ക്ലരീഷ്യൻ സെമിനാരി റെക്ടറായിരുന്ന കാലത്ത്( 1977-84, 1991-94) വൈദിക വിദ്യാർത്ഥികളുടെ സർവതോന്മുഖമായ വളർച്ചയ്ക്കും ശ്രേയസിനും വേണ്ടി അർപ്പിതമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അച്ചൻ സെമിനാരിയിൽ നിന്നു വിട വാങ്ങിയപ്പോൾ, അദ്ദേഹത്തിന്റെ നിർമ്മല സ്നേഹവും ജീവിത ലാളിത്യവും കാര്യപ്രാപ്തിയുമൊക്കെ മനസ്സിൽ സജീവ സ്മരണകളായതോടെ അന്തേവാസികളുടെ കണ്ണുകൾ ഈറനണിഞ്ഞു; പലരും കാൽപാദങ്ങൾ തൊട്ട് വന്ദിച്ചു. ഇന്ത്യയിലെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനായി നിയുക്തനായ വഞ്ചിപ്പുരയ്ക്കലച്ചൻ, 1986 മുതൽ 1991 വരെ ഷില്ലോംഗിൽ സേവനം അനുഷ്ഠിച്ചു. അവിടെ ക്ലരീഷ്യൻ സെമിനാരി റെക്ടർ, റീജിയണൽ സെമിനാരിയിൽ പ്രൊഫസർ എന്നിവയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തന രംഗങ്ങൾ. അച്ചന്റെ കഴിവുകളിലും പ്രവർത്തനങ്ങളിലും സന്തുഷ്ഠനായ ഷില്ലോംഗ് മെത്രപ്പോലീത്ത മോസ്റ്റ് റവ: ഡോ ഹ്യൂബർട്ട് റൊസാരിയോ, വടക്കു കിഴക്കൻ രൂപതകളിലെ മെത്രാൻമാരുടെ മാസധ്യാനത്തിനും മറ്റും പ്രസംഗകനായി ജോർജ്ജച്ചനെയാണ് ക്ഷണിച്ചിരുന്നത്. സാർവത്രിക സഭയുടെ മതബോധന ഗ്രന്ഥത്തിന്റെ

www.malankaralibrary.com

രൂപ രേഖ പരിശോധിച്ച് വേണ്ട തിരുത്തലുകൾ വരുത്തുവാനും അദ്ദേഹം വഞ്ചിപ്പുരയ്ക്കലച്ചനെ നിയോഗിക്കുകയുണ്ടായി. മെത്രപ്പോലീത്ത, അച്ചൻ രചിച്ച " Why the Missions ? A study on the necessity of Evangelization " എന്ന പുസ്തകത്തിന്റെ നൂറു കണക്കിന് കോപ്പികൾ വാങ്ങി അവ വടക്കു- കിഴക്കൻ സംസ്ഥാനങ്ങളിലെ വൈദികർക്കും കന്യാസ്ത്രീകൾക്കും നല്കുകയുണ്ടായി. 1990 -ൽ ഈ പുസ്തകം വത്തിക്കാന്റെ പ്രത്യേക പ്രശംസയ്ക്ക് ഇടയായ കാര്യവും ഇത്തരുണത്തിൽ പ്രസ്താവ്യമത്രേ, ഷില്ലോംഗിലെ സേവന കാലത്ത്, വൈദിക മേലദ്ധ്യക്ഷന്മാരുടെ താത്പര്യ പ്രകാരം, ജോർജ്ജച്ചൻ C.B.C.I. യുടെ മിഷൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന കമ്മിറ്റിയിൽ പ്രവർത്തിക്കാനും ഇടയായി. 1992-ൽ ക്ലരീഷ്യൻ പ്രൊവിൻഷ്യൻ കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ടതോടെ, വഞ്ചിപ്പുരയ്ക്കലച്ചൻ ഷില്ലോംഗിനോട് വിടവാങ്ങി ബാംഗ്ലൂരിലേക്ക് മടങ്ങി. അവിടെ അദ്ദേഹം മൂന്നാം തവണയും റെക്ടറായി. 1994-ൽ ജർമ്മനിയിലെ ക്ലരീഷ്യൻ പ്രൊവിൻഷ്യലായിരുന്ന ഫാ. ലോറൻസ് റൈഫൻബർഗറുടെ ക്ഷണപ്രകാരം അവിടെ എത്തിയ ജോർജ്ജച്ചൻ താമസിയാതെ WiiRZBURG ലെ ക്ലരീഷ്യൻ പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയറായി നിയമിതനായി. അക്കാലത്ത് തന്നെ അദ്ദേഹം ജർമ്മനിയിലെ ക്ലരീഷ്യൻ മാസികയുടെ സഹപത്രാധിപരായി ചാർജ്ജെടുക്കുകയും ചെയ്തു. തുടർന്നുള്ള കൊല്ലങ്ങളിൽ വൈസൻഹോണിലെ ക്ലരീഷ്യൻ സ്ഥാപനത്തിൽ സുപ്പീരിയറായും ATTENHOFEN, HEGELHOFEN എന്നീ പള്ളികളുടെ( ഔഗ്സ്ബർഗ് രൂപത) വികാരിയായിട്ടായിരുന്നു അച്ചന്റെ സേവനം. 2001-ൽ ജോർജ്ജച്ചൻ വീണ്ടും WiiRZBURG -ൽ സുപ്പീരിയറായി; 2005 -ൽ ഫ്രാങ്ക്ഫർട്ടിലെ ക്ലരീഷ്യൻ വൈദികരുടെ തലവനും.

വൈദികൻ, എഴുത്തുകാരൻ തുടങ്ങിയ നിലകളിൽ സമൂഹത്തെ ഉണർത്താനും ഉദാത്തവൽക്കരിക്കനും വഞ്ചിപ്പുരയ്ക്കലച്ചൻ നൽകിയിട്ടുള്ള സംഭാവനകൾ കുറച്ചൊന്നുമല്ല. ഒരു വൈദികൻ ദൈവത്തിനും മനുഷ്യർക്കും പ്രിയങ്കരനാകുന്നതിന്, വാക്കിലും പ്രവൃത്തിയിലും അദ്ദേഹം മാതൃകായോഗ്യനായിരിക്കണമെന്ന് ഉറച്ചു വിശ്വസിക്കുന്നു. മാതൃ സഭയോടുള്ള സ്നേഹം, സഭാധികാരികളോടുള്ള വിധേയത്വം, പ്രാർത്ഥനാരൂപി, വിനയം, മനുഷ്യ സ്നേഹം, കരുണ ഇവയൊക്കെ അച്ചന്റെ ദൃഷ്ടിയിൽ പൗരോഹിത്യ ജീവിതത്തിൽ അനുപേക്ഷണീയം തന്നെ. സഭാ സ്നേഹം ക്രിസ്തു നാഥനോടുള്ള സ്നേഹമാണ്. തന്മൂലം ഒരോ റീത്തുകാരും മറ്റുള്ളവരെ വെറുക്കാതെ സ്വന്തം സഭയെ സ്നേഹിക്കുകയും അതിന്റെ വളർച്ചയ്ക്ക് സഹായിക്കുകയും വേണം. സീറോ മലബാർ സഭയിൽ ജനിച്ചു വളർന്ന കഥാപുരുഷന്, കുട്ടിക്കാലംമുതലേ മാതൃസഭയോട് പ്രത്യേക സ്നേഹമാണ്. സ്വന്തം മാതുലൻ മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കലും സഭാചരിത്ര പണ്ഡിതനായിരുന്ന റവ. ഡോ. പ്ലാസ്സിഡ് പൊടിപ്പാറയും മറ്റു പലരും ജോർജ്ജച്ചന്റെ

www.malankaralibrary.com

മലബാർ സഭയോടുള്ള സ്നേഹത്തിൻ ഊഷ്മളത പകർന്നിട്ടുണ്ട്. മാതൃസഭാസ്നേഹത്തിൽ വേരൂന്നിയതായിരിക്കണം സെമിനാരി പരിശീലനമെന്ന് അദ്ദേഹം സ്വന്തം കൃതികളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. ക്ലരീഷ്യൻ കോൺഗ്രിഗേഷൻ നിയമാവലിയിലും പൗരസ്ത്യ റീത്തുകൾക്ക് ഉചിതമായ പരിഗണനകൾ നൽകണമെന്ന ആശയം ഉൾക്കൊള്ളിച്ചിട്ടുള്ളത് അച്ചന്റെ കൂടി ശ്രമഫലമാണ്. ബാംഗ്ലൂരിൽ റെക്ടറായിരിക്കവേ, ക്ലരീഷ്യൻ വൈദിക വിദ്യാർത്ഥികൾക്ക് സീറോ- മലബാർ റീത്തിൽ വേണ്ടത്ര പരിശീലനം നൽകുന്ന കാര്യത്തിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. ബാംഗ്ലൂരിലെ സീറോ- മലബാർ സഭാംഗങ്ങൾക്കായി ഇടവകകൾ സ്ഥാപിക്കുന്നതിൽ വഞ്ചിപ്പുരയ്ക്കലച്ചൻ മുൻകൈയെടുത്തു പ്രവർത്തിച്ചത് അവിടെത്തെ ക്രൈസ്തവർ നന്ദിപൂർവ്വം സ്മരിക്കുന്നു. ഇന്ത്യയിൽ ക്ലരീഷ്യൻ വൈദികർക്കിന്നുള്ള സീറോ- മലബാർ പ്രൊവിൻസിന്റെ രൂപീകരണത്തിനും അച്ചൻ നൽകിയ സംഭാവനകൾ കുറച്ചൊന്നുമല്ല. ഫ്രാങ്ക്ഫർട്ടിൽ സീറോ- മലബാർ ഇടവക സ്ഥാപിച്ചതിലും അദ്ദേഹത്തിന്റെ ദീർഘ വീക്ഷണവും ഉത്സാഹവും എടുത്തു പറയേണ്ടിയിരിക്കുന്നു.

എന്നാൽ വഞ്ചിപ്പുരയ്ക്കലച്ചന്റെ സഭാസ്നേഹം റീത്തുകളുടെ അതിർത്തി വരമ്പുകൾക്കുള്ളിൽ ഒതുങ്ങുന്നില്ല. നേരിട്ടുള്ള പ്രേഷിതവേലയ്ക്ക് സാധ്യതയുണ്ടായില്ലെങ്കിലും പറ്റുന്നവിധത്തിൽ മിഷൻപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചു സഹായിക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്യുന്നു. മേഘാലയത്തിലെയും ആന്ധ്രപ്രദേശിലെയും അരുണാചൽ പ്രദേശിലെയും വിവിധ രൂപതകളിൽ ഉയർന്നുവന്നിട്ടുള്ള പല ദേവാലയങ്ങളുടെയും സ്കൂളുകളുടെയും അനാഥമന്ദിരങ്ങളുടെയും ആശുപത്രികളുടെയും നിർമ്മാണത്തിൽ അച്ചനുള്ള പങ്ക് നിസാരമല്ല. ദരിദ്രരുടെ നേരെ കരുണാമയനായ അച്ചൻ, ക്രിസ്തുനാഥന്റെ മാതൃകയനുസരിച്ച്, അവരെ പാടുള്ളവിധത്തിൽ സഹായിക്കുന്നു. മാതാപിതാക്കന്മാരിൽ നിന്നു പഠിച്ച ഒരു പാഠമാണിതെന്നും, സാധുക്കളെ സഹായിച്ചതുകൊണ്ട് കുറവൊന്നും ഉണ്ടായിട്ടില്ലെന്നും അദ്ദേഹം പറയുന്നു.

ഗ്രന്ഥകാരനും ലേഖകനുമെന്ന നിലയിലും വഞ്ചിപ്പുരയ്ക്കലച്ചന്റെ സേവനങ്ങൾ ശ്രദ്ധാർഹമത്രേ. കുട്ടിക്കാലം മുതൽ ദീപികദിനപ്പത്രവും നല്ല പുസ്തകങ്ങളും ശ്രദ്ധാപൂർവ്വം വായിച്ചിരുന്ന അദ്ദേഹം, 14-ാമത്തെ വയസ്സു മുതൽ കുട്ടികളുടെ ദീപികയിൽ ലേഖനങ്ങൾ എഴുതിത്തുടങ്ങി. സാഹിത്യസപര്യ തുടർന്ന ജോർജ്ജച്ചൻ ഇതിനോടകം നൂറുകണക്കിന് ലേഖനങ്ങളും പത്ത് ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളം, ഇംഗ്ലീഷ്, ജർമൻ എന്നീ ഭാഷകളിലാണവ. മാതൃഭാഷയായ മലയാളംപോലെ അദ്ദേഹം ജർമൻ ഭാഷയും അനായാസേന കൈകാര്യം ചെയ്യുന്നു. 198 ൽ ഡൽഹിയിലെ ജർമൻ എംബസി അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തിയ ജർമൻഭാഷാപരിജ്ഞാനമത്സരത്തിൽ, ഒന്നാം സമ്മാനം വഞ്ചിപ്പുരയ്ക്കലച്ചനായിരു

www.malankaralibrary.com

ന്നു. മലയാളഭാഷയിൽ അദ്ദേഹം എഴുതിയ ലേഖനങ്ങൾ അധികവും ദീപിക, മാതൃഭൂമി, സത്യദീപം, ദീപനാളം, എന്നീ പ്രസിദ്ധീകരണങ്ങളിലാണ് വെളിച്ചം കണ്ടിട്ടുള്ളത്. ജോർജച്ചന്റെ ജർമൻ ലേഖനങ്ങൾ വായനക്കാരുടെ മുക്തകണ്ഠമായ പ്രശംസക്ക് പാത്രീഭവിച്ചിട്ടുണ്ട്. അവയിൽ ചിലത് ജർമൻ ഭരണാധികാരികളുടെ ശ്രദ്ധ പിടിച്ചുപറ്റുകയും, 1987 ൽ പ്രസിഡന്റ് റിച്ചാർഡ് വൈറ്റ്സെക്കറുടെ പ്രശംസാപത്രത്തിന് അർഹമാകുകയും ചെയ്തു. വഞ്ചിപ്പുരയ്ക്കലച്ചന്റെ ജർമൻ ലേഖനങ്ങൾ ടെലിവിഷൻകാരും ശ്രദ്ധിച്ചിരുന്നു. അതിന്റെ പശ്ചാത്തലത്തിൽ ജർമൻ ടെലിവിഷൻ അച്ചനെ അഭിമുഖസംഭാഷണത്തിനു ക്ഷണിക്കുകയും അത് സംപ്രേഷണം ചെയ്യുകയുമുണ്ടായി. ലേഖനങ്ങളിലൂടെ വായനക്കാർക്ക് വിജ്ഞാനവും നർമ്മബോധവും പകർന്ന്, അവരെ വിശ്വാസത്തിലും സന്മാർഗ്ഗജീവിതത്തിലും ഉറപ്പിക്കുകയും വിശ്വസാഹോദര്യത്തിൽ വളരാൻ പ്രേരിപ്പിക്കുകയുമാണ് തന്റെ ഉദ്ദേശ്യമെന്ന് അച്ചൻ പറയുന്നു.

തന്റെ സാഹിത്യപ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും പിന്തുണയും നൽകിയിട്ടുള്ളവരെ വഞ്ചിപ്പുരയ്ക്കലച്ചൻ നന്ദിപൂർവം അനുസ്മരിക്കുന്നു. ദീപികയുടെ സാരഥികളായിരുന്ന ബ. റോമുളൂസച്ചൻ, ബ. ആബേലച്ചൻ, ബ. കൊളംബിയറച്ചൻ, ബ.പന്തപ്ലാംതൊട്ടിയിലച്ചൻ, ബ.സെഡ്.എം. മുഴൂരച്ചൻ, ശ്രീ. ജോസഫ് തേക്കിൻകാട് എന്നിവരും, കുടുംബദീപം പത്രാധിപർ ബ. കുനിയന്തോടത്തച്ചനും പ്രസിദ്ധ സാഹിത്യകാരനായ ശ്രീ. വർഗ്ഗീസ് കാഞ്ഞിരത്തുങ്കലും ഈ ഗണത്തിൽ പെടുന്നു. വന്ദ്യ മാതുലൻ മോൺ കുര്യൻ വഞ്ചിപ്പുരയ്ക്കലും ജ്യേഷ്ഠ സഹോദരന്മാരായ ശ്രീ. ജോസഫ് ലൂക്കോസ് വഞ്ചിപ്പുരയ്ക്കലും റവ. ഡോ. സിറിയക്ക് വഞ്ചിപ്പുരയ്ക്കലും തന്റെ സാഹിത്യ പ്രവർത്തനങ്ങളെ സ്നേഹ വാത്സല്യത്തോടെ പിന്തുണച്ചിട്ടുണ്ടെന്ന് അദ്ദേഹം പറയുന്നു.

സ്ഥാനമാനങ്ങളിലും കീർത്തിപത്രങ്ങളിലും പുരസ്കാരങ്ങളിലും താത്പര്യമില്ലാത്ത വഞ്ചിപ്പുരയ്ക്കലച്ചൻ, മറ്റുള്ളവരുടെ നിർബന്ധത്തിന് വഴങ്ങി യൂറോപ്പിൽ ഇപ്പോഴും ചില പദവികൾ അലങ്കരിക്കുണ്ടെന്ന് മാത്രം. ഒരു ദശാബ്ദക്കാലമായി ജർമ്മനിയിലെ ക്ലരീഷ്യൻ വൈദികരുടെ മേലധികാരി ആയിരിക്കുന്നതും ഈ അർത്ഥത്തിൽ മനസ്സിലാക്കാവുന്നതാണ്. തന്നെ ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ ദൈവ നിശ്ചയമെന്ന് കരുതി, ആത്മാർത്ഥതയോടെ നിറവേറ്റുക, പ്രതിഫലേച്ഛ കൂടാതെ നന്മ ചെയ്യുക തുടങ്ങിയവ അച്ചന്റെ ജീവിത ദർശനങ്ങളിൽ പെടുന്നു. “ഉന്നത സ്ഥാനങ്ങൾ നേടാനോ വലിയ കാര്യങ്ങൾ ചെയ്യാനോ എല്ലാവർക്കും കഴിഞ്ഞെന്ന് വരില്ല. എന്നാൽ മറ്റുള്ളവർക്ക് നന്മ ചെയ്തും ചെറിയ കാര്യങ്ങൾ വിശ്വസ്തയോടെ നിർവ്വഹിച്ചും ആർക്കും ജീവിത സാഫല്യം നേടാനാവും”, അദ്ദേഹം പറയുന്നു.

ഡോ. വഞ്ചിപ്പുരയ്ക്കലച്ചൻ മലായാളത്തിലും ജർമ്മൻ, ഇംഗ്ലീഷ് ഭാഷ

www.malankaralibrary.com

കളിലുമായി ഇതിനകം പത്ത് പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.അവ താഴെ പറയുന്നവയാണ്. എസ്സ്.എച്ച്. ലീഗ് ആലുവാ പ്രസിദ്ധീകരിച്ച കെടാവിളക്ക്, റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റി പ്രസിദ്ധീകരിച്ചതും ജർമ്മൻ ഭാഷയിൽ രചിച്ചതുമായ DIE ABSOLUTHEIT DES CHRISTENTUMS NACH KARL BARTH, ബാംഗ്ലൂരിലെ ക്ലരീഷ്യൻ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച സി. അൽഫോൺസാ, അവർ തന്നെ പ്രസിദ്ധീകരിച്ച WAY THE MISSIONS എന്ന ഇംഗ്ലീഷ് പുസ്തകം, തേവര ജനതാ ബുക്ക് സ്റ്റാൾ പ്രസിദ്ധീകരിച്ച പ്രേഷിത പ്രസക്തി, ദീപിക ബുക്ക് ഹൗസ് പ്രസിദ്ധീകരിച്ച നർമ്മ ഭാഷണങ്ങൾ, ജർമ്മനി എന്റെ ദൃഷ്ടിയിൽ, ബാംഗ്ലൂരിലെ ക്ലരീഷ്യൻ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച Reflections on Priestly Formations, വൈദിക പരിശീലനത്തെപ്പറ്റി ചില വിചിന്തനങ്ങൾ എന്നിവയും, നമ്മുടെ കുടുംബം (കടുത്തുരുത്തി വഞ്ചിപ്പുരയ്ക്കൽ ശ്രീ ലൂക്കോസിന്റ കുടുംബ ചരിത്രം) എന്നിവയും ആണ്.

ജർമ്മനിയെപ്പറ്റി പൂർണ്ണ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്ന മലയാളികൾക്ക് ജരമ്മനി എന്റെ ദൃഷ്ടിയിൽ എന്ന ഗ്രന്ഥം ഏറെ സഹായകമാണ്.

Address - Rev. Dr. George Vanchipurackel, Claretiner Seminar,
Hiihnerweg 25, 60599- Frank furt, Germany

# 333

# മാർ മാത്യു അറയ്ക്കൽ



പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ ഡയറക്ടർ എന്ന നിലയിൽ ഹൈറേഞ്ചിന്റെയും കുടിയേറ്റ കർഷകരുടെയും പിന്നോക്ക വിഭാഗങ്ങളുടെയും പുരോഗതിക്കു വേണ്ടി നിരവധി പദ്ധതികൾ തയ്യാറാക്കി പ്രവർത്തിച്ചുവരവേ കാഞ്ഞിരപ്പള്ളി രൂപതയുടെ മൂന്നാമത്തെ മെത്രാനായി നിയമിക്കപ്പെട്ട മാർ മാത്യു അറയ്ക്കൽ 1944 ഡിസംബർ 13-ന് എരുമേലി അറയ്ക്കൽ തൊമ്മൻ മത്തായിയുടെയും ഏലിയാമ്മയുടെയും അഞ്ചു മക്കളിൽ ഇളയമകനായി ജനിച്ചു. ഹൈസ്ക്കൂൾ വിദ്യാഭ്യാസാനന്തരം ചങ്ങനാശ്ശേരി പാറേൽ മൈനർസെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ വൈദിക പഠനം പൂർത്തിയാക്കി 1971 മാർച്ച് 13- ന് കർദ്ദിനാൾ മാർ ആന്റണി പടിയറയിൽ നിന്ന് വൈദിക പട്ടം സ്വീകരിച്ചു.

അമ്പൂരിയിൽ അസി.വികാരിയായിട്ടായിരുന്നു ആദ്യ നിയമനം. അവിടുത്തെ ഗുഡ്സമരിറ്റൻ പ്രൊജക്ടിന്റെ ഡയറക്ടറും മാത്യു അച്ചനായിരുന്നു. യുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള പല പദ്ധതികളും ആസൂ

www.malankaralibrary.com

ത്രണം ചെയ്തു. ഇതേ ലക്ഷ്യം വച്ചുകൊണ്ട് പല സഹകരണസംഘ ങ്ങളും സ്ഥാപിച്ച് പ്രവർത്തിക്കുകയും ചെയ്തു. തുടർന്ന് ചങ്ങനാശ്ശേരി അരമനയിൽ അസി. പ്രൊക്യുറേറ്ററായി നിയമിതനായി. 1977-ൽ കാഞ്ഞിര പ്പള്ളി രൂപത രൂപം കൊണ്ടപ്പോൾ കാഞ്ഞിരപ്പള്ളി രൂപതയിലായി പ്രവർത്ത നം. ഏഴോ എട്ടോ കുടുംബങ്ങൾ മാത്രമുള്ള പീരുമേട്ടിലായിരുന്നു പിന്നീ ടുള്ള നിയമനം. യാതൊരു പ്രവർത്തന മേഖലയും ഇല്ലാതിരുന്നതിനാൽ അച്ചന് ദുഃഖമായി. ഒരു ദിവസം വണ്ടിപ്പെരിയാറ്റിൽ വച്ച് ഏതാനും ഗിരിവർഗ്ഗ ക്കാരെ കണ്ടുമുട്ടി. കുരുമുളകും ഏലവും മറ്റും വിറ്റിട്ട് പോകുന്നവരായി രുന്നു അവർ. അവരുമായി അച്ചൻ ബന്ധപ്പെട്ടു. കുരുമുളകും ഏലവും വാങ്ങി, ഗിരിവർഗ്ഗക്കാർക്ക് അല്പം ഉപ്പും പുകയിലയും കൊടുത്ത് അവരെ ചൂഷണം ചെയ്യുന്ന കാര്യം അച്ചന് മനസ്സിലായി. ഈ ചൂഷണത്തിനെതി രായ ബോധവൽക്കരണം നടത്താൻ അച്ചൻ മുന്നോട്ടു വന്നു. അതു പോലെ അവർക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകാനും ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താനും അച്ചൻ പരിശ്രമിച്ചു. പല സന്നദ്ധ സംഘങ്ങളും രൂപീക രിച്ച് പ്രവർത്തിക്കുകയും ചെയിതു. ഗിരിവർഗ്ഗക്കാരെ ആധുനിക കൃഷി സമ്പ്രദായങ്ങൾ പരിശീലിപ്പിച്ചു. ഇതിനൊക്കെ സർക്കാരിന്റെ സഹായം നേടുവാൻ സാധിച്ചു. കുറെ വിദേശ സഹായവും ലഭ്യമാക്കി. നല്ല കൃഷിയും വിളവുമായി. ഗിരിവർഗ്ഗക്കാരുടെ സമ്പാദ്യങ്ങൾ ആയിരവും രണ്ടായിരവു മൊക്കെയായി. ഇതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അതൊരു ബൃഹത് പദ്ധതിയാക്കി. ആ ജില്ലയിലെ ഗിരിവർഗ്ഗക്കാരുടെ കാര്യങ്ങൾ അറയ്ക്കലച്ചനെ ഏല്പിച്ചു. അത് ഒരു വലിയ നീക്കമായിരുന്നു.പതിന ഞ്ചോളം കോളനികൾ ഏറ്റെടുത്ത് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു.

ഇതോടെ ചെറുകിട കർഷകരും തൊഴിലാളികളും അച്ചനെ സമീപി ച്ചു. കാർഷികാഭിവൃദ്ധിക്കായി അന്തർദേശീയ ഏജൻസികളും സർക്കാരും അച്ചന്റെ പദ്ധതികളെ സഹായിക്കാൻ തയ്യാറായി മുന്നോട്ടു വന്നു. കുറെ ക്കൂടി ശാസ്ത്രീയമായി പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യാൻ അദ്ദേഹം തയ്യാറായി. കൂടുതൽ സ്റ്റാഫ് ആവശ്യമായി വന്നു. കൂടുതൽ വൈദികരും സഹായത്തിനെത്തി. ഇതോടെ ഒരു പുതിയ യുഗത്തിന് തുട ക്കമായി.

ആ ഘട്ടത്തിൽ ഇതേപ്പറ്റി വിശദമായ ഒരു പര്യാലോചന നടന്നു. കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ രാജ്യത്തെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നൂറിൽപ്പരം ശാസ്ത്രജ്ഞരെ കൊണ്ടുവന്ന് എങ്ങനെ നമുക്ക് ഇടുക്കി ജില്ലയെ പരിപോഷിപ്പിക്കാമെന്നും ഉയർത്തിക്കൊണ്ടുവരാമെന്നും ചിന്തിച്ചു. അഞ്ചു ദിവസം നീണ്ടു നിന്ന ചർച്ചകളിൽ പല നിർദ്ദേശങ്ങളും രൂപപ്പെട്ടു. പിന്നീടുള്ള പ്രവർത്തനങ്ങളെപ്പറ്റി സത്യദീപത്തിൽ എഴുതിയ ഒരു ലേഖന ത്തിലെ ഏതാനും ഭാഗം ഉദ്ധരിക്കാം. (അറയ്ക്കലച്ചൻ മെത്രാനായി നിയമി ക്കപ്പെട്ടതിനു ശേഷം എഴുതിയത്.)

www.malankaralibrary.com

"അതിൽ പ്രധാനം നീർമറി വികസന പരിപാടിയായിരുന്നു (Watershed Programme). അതിനു പറ്റുന്ന പദ്ധതികൾ ആവിഷ്കരിച്ചു. ജലസംരക്ഷണം, മണ്ണു സംരക്ഷണം, സസ്യപാലനം ഇങ്ങനെ പലതിലും ശ്രദ്ധ കേന്ദ്രീകരിച്ചു. ഈയവസരത്തിലാണു യൂറോപ്യൻ കമ്മീഷൻ എന്നെ നേരിട്ട് ഒരു പദ്ധതിയേല്പിച്ചത്. 'അമലഗിരി' ഇടവകയിൽ 2080 വീട്ടുകാർക്കു കുടിവെള്ളം എത്തിക്കുന്ന പദ്ധതിയായിരുന്നു അത്. വലിയൊരു പ്രോഗ്രാമായിരുന്നു, സ്ത്രീകളുടെ മുന്നേറ്റവും പങ്കാളിത്തവും ഈ പദ്ധതിയിൽ ഞാൻ പ്രയോജനപ്പെടുത്തി. മൂന്നു നാലു വർഷം കൊണ്ടു 2080 വീട്ടുകാർക്കും കുടിവെള്ളം കൊടുക്കാൻ കഴിഞ്ഞു. അതിനു മുമ്പ് എട്ടും പത്തും മൈൽ നടന്നു ചെന്നു കുടിവെള്ളം ചുമന്നുകൊണ്ടുവന്നിരുന്നവരായിരുന്നു ഇവർ. ഈ പദ്ധതിയുടെ വിജയം അന്തർദേശീയ ഏജൻസികളുടെ ശ്രദ്ധയിൽപ്പെട്ടു. കേന്ദ്രഗവൺമെൻറിനും ഇതു ബോധ്യമായി. അവർ സഹായവാഗ്ദാനവുമായി വന്നു. ഇടുക്കി ജില്ലയിൽ 12 വാട്ടർഷെഡ് പ്രോഗാമുകൾ നടത്താൻ ഞങ്ങളെ ഏല്പിച്ചു. അതോടൊപ്പം 'കപ്പാട്' എന്ന ഏജൻസി ദക്ഷിണേന്ത്യയിലെ അഞ്ചു സംസ്ഥാനങ്ങളിലെ നീർമറി വികസനപരിപാടികൾ ആസൂത്രണം ചെയ്യാനും അതിനുവേണ്ടി പ്രൊജക്ട് വർക്ക് ചെയ്യുന്ന സ്റ്റാഫിനെ പരിശീലിപ്പിക്കുവാനുമുള്ള ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടാക്കി ഞങ്ങളെ നിയമിച്ചു. ഇത് ഇന്നും നടന്നു കൊണ്ടിരിക്കുന്നു. സർക്കാരിന്റേതായാലും ഇതര സന്നദ്ധ സംഘടനകളുടേതായാലും നീർമറി വികസന പരിപാടിക്കു സർക്കാർ സഹായം കിട്ടണമെങ്കിൽ ഞങ്ങളുടെയടുക്കൽ വന്നു പരിശീലനം നടത്തിയാലെ അതു ലഭിക്കൂ.

ഇത്രയുമായപ്പോഴേക്കു ശാസ്ത്ര— സാങ്കേതിക മന്ത്രാലയം ഈ വികസന പരിപാടികൾ കുറെക്കൂടി ശാസ്ത്രീയമാക്കാൻ ഞങ്ങളോടു പറഞ്ഞു. അതിനു വേണ്ടി റിസർച്ചു നടത്താനും ശാസ്ത്രജ്ഞരെ നിയമിക്കാനും സഹായം നല്കാമെന്നവർ സമ്മതിച്ചു. നരവംശശാസ്ത്രം, ജീവിപരിചരണം, കൃഷി, ആയുർവേദം എന്നീ നാലു മേഖലകളിലും ഗവേഷണവും വികസന പരിപാടികളും നടത്താനുള്ള പരിപാടി. ഇതു വലിയ അംഗീകാരമായിരുന്നു. കേന്ദ്രസർക്കാരിന്റെ അനുമതിയുള്ള ഇത്തരം 20 ഏജൻസികളേ നിലവിലുള്ളു. അതിലെ ഏക ക്രിസ്ത്യൻ സംഘടന നമ്മുടേതു മാത്രമാണ്.

ഇതിനൊക്കെ പുറമെ ചില മൈക്രോ വാട്ടർ ഷെഡ് ഗ്രൂപ്പുകളിലൂടെ സ്ത്രീകൾക്കു തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പരിപാടികൾ നടത്തിയിരുന്നു. ബാങ്കുകൾ വഴിയാണ് അതിനുള്ള ഫണ്ടുകൾ ലഭ്യമാക്കിക്കൊണ്ടിരുന്നത്. ഈ ഘട്ടത്തിൽ വനിതാ- ശിശു ക്ഷേമമന്ത്രാലയം ഞങ്ങൾക്കു സഹായം നല്കി. രാഷ്ട്രമഹിളാഘോഷ് (R.M.K.) എന്ന പദ്ധതി ആവിഷ്കരിക്കപ്പെട്ടു. ഈ പദ്ധതി സ്ത്രീകളുടെ സമുദ്ധാരണമാണു മുഖ്യമായും ഉദ്ദേശിച്ചിരുന്നത്. അതിനായി എത്ര രൂപാ വേണമെങ്കിലും അവർ തരുമാ

www.malankaralibrary.com

യിരുന്നു. അതു തിരിച്ചടയ്ക്കുകയും വേണം. ഞങ്ങൾ 20 ലക്ഷം രൂപയെടുത്ത് ഒരു ചെറിയ പ്രോഗ്രാം തുടങ്ങി. വിജയകരമായിരുന്നു. ഇതിന്റെ വെളിച്ചത്തിൽ രാഷ്ട്രീയ മഹിളാഘോഷിന്റെ കേരളത്തിലെ എട്ടു ജില്ലകളുടെ ഉത്തരവാദിത്വം നമ്മെ ഏല്പിച്ചു. ഇതിനിടയിൽ നാഷണൽ അഗ്രികൾച്ചറൽ ബാങ്കിന്റെ അംഗീകാരവും ലഭിച്ചു.

ഇതാണു കഴിഞ്ഞ 23 വർഷത്തെ ഞങ്ങളുടെ പ്രവർത്തനങ്ങളുടെ രത്നച്ചുരുക്കം. 1977- ലാണു ഞാൻ പീരുമേട്ടിൽ ചെന്നത്. ഹൈറേഞ്ചിന്റെയും കർഷകരുടെയും പിന്നോക്ക വിഭാഗങ്ങളുടെയും വികസനത്തിനും പുരോഗതിക്കുമായി 1980 -ലാണു പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റി (പി.ഡി.എസ്.) രൂപീകരിച്ചത്. ഇരുപതു വർഷത്തെ പ്രതിബദ്ധതയാർന്ന പ്രവർത്തനം കൊണ്ടു കേരളത്തിലെ പ്രമുഖ സാമൂഹികപ്രവർത്തന പ്രസ്ഥാനമായി പി.ഡി.എസ്സിനു മാറാൻ കഴിഞ്ഞിട്ടുണ്ടെന്നു നിസ്സംശയം പറയാം. കൂട്ടായ പരിശ്രമത്തിന്റെയും പങ്കാളിത്തത്തിന്റെയും ഫലമാണിത്. ദേശീയമായും അന്തർ ദേശീയമായും പി.ഡി.എസ്. വളർന്നിട്ടുണ്ടെങ്കിൽ അതിന്റെ ഏറ്റവും അടിസ്ഥാനപരമായ കാരണം ദൈവാനുഗ്രഹമല്ലാതെ മറ്റൊന്നുമല്ല.

കാർഷികാഭിവൃദ്ധിക്കും ആരോഗ്യപാലനത്തിനും പങ്കാളിത്തത്തിന്റെ സാമൂഹ്യശൈലിക്കും രൂപം കൊടുത്തുകൊണ്ട് ഈ രംഗങ്ങളിലൊക്കെ വിജയക്കൊടി പാറിക്കാൻ ഞങ്ങൾക്കു കഴിഞ്ഞു. ആരോഗ്യപരിപാലനത്തിന്റെ കാര്യത്തിൽ, ആയുർവേദത്തിൽ വിപ്ലവകരമായ മുന്നേറ്റം നടത്താൻ സാധിച്ചിട്ടുണ്ട്. വീട്ടുമുറ്റത്തു പച്ചമരുന്നതോട്ടം നിർമ്മിക്കുന്ന പദ്ധതിക്കാണു തുടക്കമിട്ടത്. സാധാരണ രോഗങ്ങൾക്കുള്ള ചികിത്സാവിധിയായിട്ടാണിത് ആരംഭിച്ചത്. 80 ശതമാനം രോഗങ്ങളും വളരെ നിസ്സാരമായി ഇതുകൊണ്ടു മാറ്റാൻ കഴിയുന്നുണ്ട്. ആളുകൾക്ക് ഇതിൽ താത്പര്യം വർദ്ധിച്ചപ്പോൾ കൂടുതൽപേർ പച്ചമരുന്നുകൾ വളർത്താൻ തുടങ്ങി. ഞങ്ങൾ തന്നെ അവ ശേഖരിക്കുകയും അരിച്ചും ഇടിച്ചും പൊടിച്ചും മറ്റും മരുന്നാക്കി മാറ്റുകയും ചെയ്തു. അതിനായി 'സഹ്യാദ്രി ആയുർവേദിക് ഫാർമസ്യൂട്ടിക്കൽസ്" തുടങ്ങി. 236 തരം മരുന്നുകൾ ഞങ്ങളിപ്പോൾ ഉത്പാദിപ്പിക്കുന്നുണ്ട്. കേരളത്തിലൊട്ടാകെ ഇതിന്റെ വിപണനവും ഞങ്ങൾ നടത്തുന്നു. ആരോഗ്യരംഗത്തു ശ്രദ്ധ കേന്ദ്രീകരിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇതുകൊണ്ടു കഴിയുന്നു. ഇതിന്റെ കൂടെ ഗവേഷണങ്ങളും മറ്റും നടത്തുന്ന ഒരു കേന്ദ്രവും പ്രവർത്തിക്കുന്നു."

പീരുമേട് ഡവലപ്മെന്റ് സൊസൈറ്റിയിലൂടെ മഹത്തായ സേവനം അനുഷ്ഠിച്ചുവരുമ്പോൾ മാത്യു അച്ചൻ ഐക്യരാഷ്ട്രസഭ, യൂറോപ്പിലെ ഗ്രാസ് യൂണിവേഴ്സിറ്റി, അമേരിക്കയിലെ കൊളറാഡോ യൂണിവേഴ്സിറ്റി, കാരിത്താസ്, ആസ്ത്രിയ, കാരിത്താസ് ജർമ്മനി തുടങ്ങിയവയിൽ പരിസ്ഥിതി - സാമൂഹിക ശാസ്ത്രവിഷയങ്ങളിൽ അദ്ദേഹം ഗവേഷണ പ്രബ

www.malankaralibrary.com

സ്ഥങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. 2000-ാ മാണ്ടിലെ മികച്ച സാമൂഹ്യപ്രവർത്തകനുള്ള റെഡ്ക്രോസ് ഇന്റർ നാഷണൽ അവാർഡ് ഉൾപ്പെടെ നിരവധി അവാർഡുകൾ അദ്ദേഹത്തെ തേടിയെചത്തിയിട്ടുണ്ട്.

പീരുമേട്ടിലെ പള്ളിയിലെ വികാരിസ്ഥാനത്തുനിന്നും മാറിയ മാത്യു അച്ചൻ പിന്നീട് മുറിഞ്ഞപുഴ, ഏലപ്പാറ, പള്ളിക്കുന്ന് പള്ളികളിലും വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പി.ഡി.എസ്സിന്റെ ഡയറക്ടറായിരിക്കുമ്പോഴാണ് 2001 ജനുവരി 19-ാം തീയതി കാഞ്ഞിരപ്പള്ളി രൂപതയുടെ പുതിയ മെത്രാനായി നിയമിക്കപ്പെടുന്നത്. മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മാർ അറയ്ക്കൽ പറഞ്ഞു. "പീരുമേട് ഡവലപ്മെന്റ് സൊസൈറ്റിക്കുവേണ്ടി വിനിയോഗിച്ച ഊർജ്ജവും അതിൽനിന്നാർജ്ജിച്ച കരുത്തും പരിചയവും ഒക്കെത്തന്നെയാണ് ബിഷപ്പായി ചുമതലയേൽക്കുമ്പോഴും എനിക്ക് താങ്ങാകുന്നത്. നമ്മുടെ അജഗണങ്ങളിൽ പലവിധ കഴിവുകളുള്ള ധാരാളംപേരുണ്ട്. അതൊക്കെ ശരിയായി വിനിയോഗിക്കപ്പെടുന്നുണ്ടോ എന്ന് സംശയമാണ്. എത്രയധികം റിട്ടയേർഡ് സയന്റിസ്റ്റുകളാണ് സഭയിലുള്ളത്. എന്തുകൊണ്ട് അവരുടെ സേവനം നമുക്ക് ഏകോപിപ്പിച്ചുകൂടാ?

വി.കുർബാനയിൽ "സകലത്തിന്റെയും നാഥാ" എന്നുള്ള പ്രാർത്ഥന നാം ചൊല്ലുന്നുണ്ട്. ശരീരങ്ങളുടെ ഉയർപ്പും ആത്മാക്കളുടെ രക്ഷയുമാണ് നാമിവിടെ പ്രഖ്യാപിക്കുന്നത്. ഇതു രണ്ടും നല്ലവിധത്തിൽ സംഘടിപ്പിക്കുവാൻ നമുക്ക് കഴിയണം. മെത്രാനാകുമ്പോൾ ഞാൻ സ്വീകരിക്കുന്ന ആപ്തവാക്യം സൊസൈറ്റിയുടെ രൂപീകരണവേളയിൽ ഞാൻ തിരഞ്ഞെടുത്ത മുദ്രാവാക്യം തന്നെയാണ്. "ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനും" (യോഹ.10:10)

സാമൂഹ്യ പ്രവർത്തനരംഗത്ത് ഒരു കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച് പ്രവർത്തിച്ച അറയ്ക്കലച്ചന്റെ മെത്രാൻ എന്ന നിലയിലുള്ള പ്രവർത്തനങ്ങൾ എങ്ങനെയിരിക്കുമെന്ന് അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക. (2000 ജനുവരിയിൽ സത്യദീപത്തിൽ എഴുതിയത്)

"മനുഷ്യൻ ഏതെങ്കിലും വിധത്തിൽ എങ്ങനെയെങ്കിലും ജീവിക്കണമെന്നല്ല ദൈവം അഭിലഷിക്കുന്നത്. മനുഷ്യൻ മനുഷ്യനായി ജീവിക്കണം. മനുഷ്യത്വത്തിന്റെ പൂർണ്ണതയിലേക്കാണു ദൈവം കടന്നു വരുന്നത്. അത് എല്ലാ രീതിയിലും വേണം. അവന് ആത്മീയവും ഭൗതികവുമായ ഉന്നതി ഉണ്ടാകണം. ജീവിക്കാനുള്ള സംവിധാനം ഉണ്ടാകുമ്പോഴാണു ദൈവികതയിലേയ്ക്ക് അവനു യഥാർത്ഥത്തിൽ കടക്കാൻ കഴിയുക. ഈ ചിന്ത ആദ്യം മുതലേ എനിക്കുള്ളതാണ്. അതിനാൽ, പൂർണമായ ജീവിതത്തിന് എന്റെ ജനതയെ ഒരുക്കുക എന്നതായിരിക്കും എന്റെ ദൗത്യം. അതിനുവേണ്ടിയുള്ള പരിശ്രമമാണ് എന്റെ ജീവിതം.

പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടു തങ്ങളുടേതായ രീതിയിൽ ഒരു

www.malankaralibrary.com

ജീവിതം പടുത്തുയർത്താനും തന്റെ തലമുറയ്ക്കു ജീവിക്കാനുമുള്ള സംവിധാനം ഒരുക്കാനും മനുഷ്യനു കഴിയണം. നാം ഇവിടെ സൂക്ഷിപ്പുകാരാണ്. മാന്യമായി ജീവിക്കാൻ പറ്റുന്ന അന്തരീക്ഷം ലഭ്യമാകണം. പരിസ്ഥിതിയെന്നാൽ അതു നിലനിൽപുകൂടിയാണ്. നിലനില്പിനുവേണ്ടി പരിസ്ഥിതി സംരക്ഷണം അനിവാര്യമാണ്.

പങ്കാളിത്തത്തിൽ അധിഷ്ഠിതമായ ഒരു അജപാലനശുശ്രൂഷയാണു ഞാൻ വിഭാവനം ചെയ്യുന്നത്. മുകളിൽ ബിഷപ്, താഴെ വൈദികർ, വിശ്വാസികൾ......എന്നൊന്നുമില്ല. എല്ലാവരുടെയും കഴിവുകൾ കോർത്തിണക്കിക്കൊണ്ടുള്ള അജപാലനശുശ്രൂഷ. അതു വിപ്ലവകരമായ പരിവർത്തനങ്ങൾ പ്രദാനംചെയ്യും.

എന്നാൽ, ഏതാനും ചിലരുടെ കഴിവുകൾ മാത്രമേ ഇപ്പോൾ വിനിയോഗിക്കപ്പെടുന്നുള്ളു. ഇടവകയിൽ വൈദികർ ഏറെ കഷ്ടപ്പെടുന്നുണ്ട്. അവരുടെ ദൃഷ്ടിയിൽ അതാണ് ഏറ്റവും വലിയ കാര്യം. അതേസമയം ഇടവകയ്ക്കുവേണ്ടി ഒരു കെട്ടിടം പണിയുമ്പോൾ അവിടെയുള്ള ഒരു എൻജിനീയറെക്കൂടി ഉൾപ്പെടുത്തിയാൽ എന്താ തരക്കേട്? കൃഷിചെയ്യുമ്പോൾ ഇടവകയിലെ നല്ല കൃഷിക്കാരെ കൂടെക്കൂട്ടാം. എന്നാൽ, നമുക്ക് ഇത്തരമൊരു പങ്കാളിത്തത്തിന്റെ കുറവുണ്ടെന്നു തോന്നുന്നു. അതുകൊണ്ടുതന്നെ കഴിവുകളുടെ അടിസ്ഥാനത്തിൽ സഭയ്ക്കു വളരെയൊന്നും ഉയരാൻ പറ്റുന്നില്ല.

ഇന്നു വർഗീയതയെക്കുറിച്ചും മതമൗലികവാദത്തെക്കുറിച്ചും ധാരാളം കേൾക്കുന്നു. ഞാൻ വൈദികനായിട്ടു 30 വർഷമായി. എല്ലാ രംഗത്തും ഞാൻ എല്ലാവരോടും അടുത്തിടപഴകുന്നു. `കത്തോലിക്കരോടു മാത്രമല്ല എല്ലാ മതക്കാരോടും വിഭാഗക്കാരോടും ഒരുമിച്ചിടപഴകുന്നു. പങ്കാളിത്തമനോഭാവമുള്ളവരായി പ്രവർത്തിച്ചാൽ, അപരരെ ആദരിച്ചാൽ നാം ബഹുമാന്യരായിത്തീരുമെന്നാണ് എന്റെ അനുഭവം.

വളരെ കുറച്ചുമാത്രം കത്തോലിക്കരുള്ള പ്രദേശത്താണു ഞങ്ങൾ പ്രവർത്തിച്ചത്. പക്ഷേ, മറ്റു മതസ്ഥരും ഞങ്ങളോടു സഹകരിച്ചു. അവിടെയാതൊരു ടെൻഷനോ പ്രശ്നങ്ങളോ അഭിമുഖീകരിക്കേണ്ടി വന്നിട്ടില്ല. പിന്നെ നമുക്കുള്ള പ്രശ്നം അടിസ്ഥാനപരമായി പങ്കുവയ്ക്കലിന്റെ മനോഭാവം കുറവാണ് എന്നുള്ളതാണ്. പണ്ടുകാലത്ത് ഒരു മുപ്പതു നാല്പതു വർഷംമുമ്പുവരെ നമ്മുടെ നാട്ടിൽ പള്ളികൾ പണിതിരുന്നതു നമ്മുടെയാളുകളുടെ പ്രയത്നവും പണവുംകൊണ്ടാണ്. ഇന്നതിൽ മാറ്റം വന്നിരിക്കുന്നു. അതുകൊണ്ടുതന്നെ 'സ്വന്തം' എന്ന ചിന്തയും അന്യമാകുന്നു.

ഈ രംഗത്തു ഞങ്ങൾ ഒത്തിരി പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. വികസനപരിപാടികൾ എപ്പോഴും പരീക്ഷണനിരീക്ഷണങ്ങളിലൂടെയാണല്ലോ സാർത്ഥകമാക്കാൻ കഴിയുക. ജനപങ്കാളിത്തത്തോടെ രണ്ടുപാലങ്ങൾ ഞങ്ങൾ പണിതു. ഒന്നു പെരിയാറിനു കുറുകെയായിരുന്നു. ഒറ്റപ്പെട്ട തുരു

www.malankaralibrary.com

ത്തിൽ കഴിഞ്ഞിരുന്ന ജനങ്ങൾക്കു പാലം അത്യാവശ്യമായിരുന്നു. പലതരത്തിലും ശ്രമിച്ചെങ്കിലും അതു നടക്കാതെ പോയി. അവർ എന്നെ സമീപിച്ചു. നമുക്കു കൂട്ടായി പരിശ്രമിച്ചു പാലം പണിയാമെന്നു ഞാൻ പറഞ്ഞു. 10,000 രൂപ ആദ്യത്തെ സംഭാവനയും നൽകി. അവർക്കു സംശയമുണ്ടായിരുന്നു. പക്ഷേ, മുന്നൂറിലധികം കുടുംബങ്ങളുള്ള ആ പ്രദേശത്തെ ജനങ്ങൾ 28 ലക്ഷം രൂപ പിരിച്ചെടുത്തു പാലം പണികഴിപ്പിച്ചു. പിറ്റേദിവസം ഒരു ജീപ്പുകാരൻ അതിൽ കൊണ്ടവന്നുമുട്ടിച്ചു ചില്ലറ കേടുപറ്റിച്ചു. നാട്ടുകാർ തടഞ്ഞുനിർത്തി അവന്റെ കൈയിൽനിന്നും പണം വാങ്ങിച്ചിട്ടേ വിട്ടുള്ളു - കാരണം അത് അവരുടെ സ്വന്തം പാലമാണ്.

സ്വന്തമെന്ന ഈ വികാരം എല്ലാ രംഗത്തും വ്യാപിപ്പിക്കാൻ നമുക്കു കഴിയണം. വൈദികർക്ക് അതിനു സാധിക്കും. കാരണം മറ്റു ലക്ഷ്യങ്ങളില്ലാതെ സ്വാർത്ഥരഹിതമായി പ്രവർത്തിക്കാനും മറ്റുള്ളവർക്കുവേണ്ടി ജീവിക്കുവാനും വിളിക്കപ്പെട്ടവരാണല്ലോ അവർ. ഇതുപോലെ ഗിരിവർഗക്കാർ മാത്രം താമസിക്കുന്ന ഒരു കോളനിയിലും നദിക്കു കുറുകെ പാലം പണിതു. 30 ലക്ഷം രൂപ ചെലവാക്കി. സർക്കാരിൽനിന്നും നയാപൈസ കിട്ടിയില്ല ആ ഗ്രാമത്തിലെ ഒരു നഴ്സറി വിദ്യാർത്ഥിയാണു പാലം ഉദ്ഘാടനം ചെയ്തത്. ഇങ്ങനെയൊക്കെ ചെയ്യാനും അതിനു നേതൃത്വം നൽകാനും വെറുതെയിരുന്നാൽപ്പോരാ; അച്ചനായാലും ബിഷപ്പായാലും അഹോരാത്രം പണിപ്പെടണം."


മാർ. അറയ്ക്കൽ മെത്രാനായി നിയമിക്കപ്പെട്ടപ്പോൾ നടത്തിയ ഈ പ്രസ്താവന അദ്ദേഹത്തിന്റെ നയപ്രഖ്യാപനമാണെന്നുതന്നെ കണക്കാക്കാം. എന്നാൽ അദ്ദേഹം സഭയുടെ ഭാവിയെക്കുറിച്ച് അല്പം വേദനയോടുകൂടിയാണ് അഭിപ്രായം പുറപ്പെടുവിച്ചത്. "സഭയുടെ ഭാവിയെപ്പറ്റി ചിന്തിക്കുമ്പോൾ അല്പം വേദനയുണ്ട്. രാഷ്ട്രീയമായും സാമ്പത്തികമായും ഒക്കെ നാം വട്ടപ്പൂജ്യം ആയിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സമൂഹം തകരുന്ന ദയനീയ കാഴ്ചയാണുള്ളത്. പണ്ടുണ്ടായിരുന്ന അദ്ധ്വാനശീലം നമുക്കിന്നില്ല. പൂർവികർ സമ്പാദിച്ചത് തിന്നുതീർക്കുകയാണ് പുതിയ തലമുറ. കാർഷികമായും രാഷ്ട്രീയമായും നാം ഒന്നുമല്ലാതായിമാറുന്നു." അറയ്ക്കൽ പിതാവിന്റെ ഈ വാക്കുകൾ ഓരോ കത്തോലിക്കനും ചിന്തിക്കേണ്ടതാണ്. കേന്ദ്രഗവൺമെന്റ് മാർ മാത്യു അറയ്ക്കലിനെ പ്ലാനിംഗ് കമ്മീഷൻ ഉപദേശക സമിതിയിൽ അംഗമായി നിയമിക്കുകയുണ്ടായി. ഈ സമുന്നതപദവിയിൽ എത്തുന്ന പ്രഥമ ബിഷപ്പാണ് മാർ അറയ്ക്കൽ.

വളരെയധികം ദീർഘവീക്ഷണത്തോടെയാണ് മാർ മാത്യുഅറയ്ക്കൽ രൂപതാ ഭരണം ഏറ്റെടുത്തത്. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉന്നതനിലവാരത്തിൽതന്നെ സ്ഥാപിച്ച് നടത്തിയത് വളരെയധികം പ്രത്യാശയോടുകൂടിയാണ്. വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുപുറമെ രൂപതയുടെ നേതൃത്വത്തിൽ ആരംഭിച്ച അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് നൂറു

www.malankaralibrary.com

കണക്കിന് വരുന്ന ജനങ്ങൾക്ക് ആശയും ആവേശവുമായിത്തീർന്നിരിക്കുന്നു. രൂപതയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച സഹ്യാദ്രി ബാങ്കും ഒരു നൂതന സംരംഭമാണ്. രാഷ്ട്രദീപിക കമ്പിനിയുടെ ചെയർമാനുമാണദ്ദേഹം.
Address: Bishop Mar Mathew Arackel, Bishops House, Kanjirappally.

# 334



# റവ: ഡോ. ജോസ് കുറിയേടത്ത്

## സി.എം.ഐ.

ഗ്രന്ഥകാരൻ, ഗവേഷകൻ, പ്രഭാഷകൻ, എന്നീ നിലകളിൽ പ്രസിദ്ധനായ ഫാ. ജോസ് കുറിയേടത്ത് എറണാകുളം ജില്ലയിൽ കൂനമ്മാവിലുള്ള കുറിയേടത്തു ഭവനത്തിൽ ജോസഫ് മറിയാമ്മ ദമ്പതികളുടെ മകനായി 1945 ഫെബ്രുവരി 2-ന് ജനിച്ചു. കൂനമ്മാവ് സെന്റ് ഫിലോമിനാസ് സ്കൂൾ, വാഴക്കുളം ഇൻഫന്റ് ജീസസ് സ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ഹൈസ്കൂൾ വിദ്യാഭ്യാസനന്തരം സി.എം.ഐ. സഭയിൽ ചേർന്നു. ആദ്യ വ്രതവാഗ്ദാനം 1964-ൽ ആയിരുന്നു. തുടർന്ന് പൂനയിലെ പൊന്തിഫിക്കൽ അത്തീനിയത്തിൽ ചേർന്ന് പഠിച്ച് 1968-ൽ ഫിലോസഫിയിൽ ലൈസൻഷിയേറ്റ് നേടി. 1973-ൽ വൈദിക പദവിയിലേക്കുയർത്തപ്പെട്ടു. 1973-ൽ ബി.ഡി. ബിരുദം നേടി.

1975-ൽ ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്ന് ഫസ്റ്റ് റാങ്കോടെ ഫിലോസഫിയിൽ എം.എ ബിരുദവും 1978-ൽ ധാർവാർ കർണ്ണാടക യൂണിവേഴ്സിറ്റിയിൽ നിന്ന് സോഷ്യോളജിയിൽ എം.എ. ബിരുദവും നേടി. 1978-ൽ എറണാകുളത്തെ ചാവറ കൾച്ചറൽ സെന്ററിന്റെ ഡയറക്ടറായി നിയമിക്കപ്പെട്ടു. 1984 ൽ സോഷ്യോളജിയിൽ ഫുൾ ടൈം റിസേർച്ച് നടത്തുന്നതിനുള്ള യു.ജി.സി.യുടെ ടീച്ചർ ഫെല്ലോഷിപ്പ് അവാർഡ് ലഭിച്ചു. തിരുവനന്തപുരം കേരള സർവ്വകലാശാലാ കേന്ദ്രത്തിലായിരുന്നു ഗവേഷണം. Changing Patterns of Authority and Leadership in the Catholilc Community in Kerala എന്നതായിരുന്നു ഗവേഷണ വിഷയം. പ്രസ്തുതഗവേഷണത്തിന് 1998-ൽ കേരള സർവ്വകലാശാലയിൽ നിന്ന് സോഷ്യോളജിയിൽ ഡോക്ടറേറ്റ് ലഭിച്ചു. ഈ ഗവേഷണത്തിൽ ശേഖരിച്ച വിവരങ്ങളെ ആധാരമാക്കി Authority in the Catholic Community in Kerala എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. 1988-ൽതന്നെ ഡോ. കുറിയേടത്ത് തേവര കോളേജിൽ സോഷ്യോളജി വകുപ്പിന്റെ തലവനായി നിയമതനായി.

1988-ൽത്തന്നെ കേരള കാത്തലിക് ബിഷപ്പസ് കോൺഫ്രറൻസിന്റെ

www.malankaralibrary.com

എപ്പിസ്കോപ്പൽ കമ്മീഷനും കേരള വൊക്കേഷൻ ബ്യൂറോയും ചേർന്ന് അദ്ദേഹത്തെ ഒരു ഗവേഷണത്തിനു ചുമതലപ്പെടുത്തി. 'Changes in the Social Determinants of Vocations to Priest hood and Religious life in Kerala' എന്നതായിരുന്നു ഗവേഷണത്തിനുള്ള വിഷയം. ഡോ. കുറിയേടത്ത് 1990 ൽ തന്റെ കണ്ടെത്തലുകൾ എപ്പിസ്കോപ്പൽ കമ്മീഷനു സമർപ്പിച്ചു. ഈ കണ്ടെത്തലുകൾ Vocations in Kerala എന്ന പേരിൽ 1990 ൽ പ്രസിദ്ധീകൃതമായി.

അന്തോണി ഡിമെല്ലോ എന്ന ഗ്രന്ഥകാരൻ ധ്യാനത്തെക്കുറിച്ചു രചിച്ച "സാധന" എന്ന പ്രശസ്ത ഗ്രന്ഥം ഡോ. കുറിയേടത്ത് മലയാളത്തിലേക്കു തർജ്ജിമ ചെയ്തിട്ടുണ്ട്. തേവര ജനതാ സർവ്വീസസ് ബുക്ക് സ്റ്റാൾ ആണ് ആ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്.

1990-92 കാലഘട്ടത്തിൽ ഡോ.കുറിയേടത്ത് ബെൽജിയത്തിലെ ലുവെയ്ൻ കാത്തലിക്ക് യൂണിവേഴ്സിറ്റിയിൽ പോസ്ററ് ഡോക്ടറൽ റിസർച്ച് നടത്തി. Secularization and Religion-Politics relationship in Kerala എന്നതായിരുന്നു ഗവേഷണ വിഷയം. ഇതേ വിഷയത്തിൽ ഗവേഷണം നടത്തുന്ന ഒരു Visiting fellow ആയി ന്യൂയോർക്കിലെ ഫോർഡാം സർവ്വകലാശാലയിലും ആറുമാസം അദ്ദേഹം ചെലവഴിച്ചു.

1995 മുതൽ 98 വരെ ഡോ.കുറിയേടത്ത് തേവര കോളജിന്റെ പ്രിൻസിപ്പലായിരുന്നു. ആ ജോലിയിൽ നിന്നു വിരമിച്ചതിനുശേഷം 1998 ൽ അദ്ദേഹം കാനഡയിലെ ടോറന്റോ അതിരൂപതയിലുള്ള ഹോളിക്രോസ് ഇടവകയുടെ വികാരിയായി നിയമിക്കപ്പെട്ടു. അന്നുമുതൽ 2005 വരെ (ഏഴുവർഷം) ആ ഇടവകയിൽ സേവനം അനുഷ്ഠിച്ചു. 2005 ൽ അദ്ദേഹം ആലുവായിലെ 'ജീവസ്സ് കേന്ദ്ര'ത്തിന്റെ ഡയറക്ടറായി നിയമിക്കപ്പെട്ടു. ചൈതന്യവത്കരണത്തിനും സേവനത്തിനുമുള്ള ഒരു സ്ഥാപനമാണ് 'ജീവസ്സ് കേന്ദ്രം.'

മുകളിൽപ്പറഞ്ഞ രണ്ടു ഗ്രന്ഥങ്ങൾക്കു പുറമേ, വിവിധ വിഷയസ്പർശകങ്ങളായ നൂറിലേറെ ലേഖനങ്ങൾ ഇംഗ്ലീഷ്, മലയാളം ആനുകാലികങ്ങളിൽ ഡോ.കുറിയേടത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലേഖനങ്ങൾ പ്രധാനമായി മതം, സമൂഹം, മനശ്ശാസ്ത്രം എന്നിവയെ സ്പർശിക്കുന്നവയാണ്. കഴിഞ്ഞ 35 വർഷങ്ങൾക്കിടയിലാണ് ഈ ലേഖനങ്ങൾ എഴുതിയിട്ടുള്ളത്. 18 വർഷം തേവര കോളേജിലെ അദ്ധ്യാപകനായിരുന്നു. കേരളസോഷ്യോളജിക്കൽ സൊസൈറ്റി, ഇൻഡ്യൻ സോഷ്യോളജിക്കൽ സൊസൈറ്റി, ഇന്റർനാഷണൽ സൊസൈറ്റി ഫോർ സോഷ്യോളജി ഓഫ് റിലിജിയൺ എന്നിവയിൽ അംഗമാണ്. ഇവയുടെയെല്ലാം സമ്മേളനങ്ങളിൽ പതിവായി സംബന്ധിക്കുകയും പേപ്പറുകൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇന്റർനാഷണൽ സൊസൈറ്റി 1993 ൽ ബുഡാപ്പെസ്റ്റിലും 1997 ൽ ടൂളൂസിലുംവച്ചു നടത്തിയ സമ്മേളനങ്ങളിൽ ഡോ.കുറിയേടത്ത് പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

1986-88 കാലത്ത് കേരള സോഷ്യോളജിക്കൽ സൊസൈറ്റിയുടെ സെക്രട്ടറിയും 1988-90കാലത്ത് അതിന്റെ വൈസ് പ്രസിഡന്റും ആയിരുന്നി

www.malankaralibrary.com

ട്ടുണ്ട്. അദ്ദേഹം പ്രസിദ്ധീകരിച്ച ലേഖനങ്ങളിൽ ഒരു ഡസനോളം എണ്ണം ഗവേഷണാത്മക നിബന്ധങ്ങളാണ്.

Address - Rev. Fr. Jose, Kuriadath C.M.I., Director, Acharya Palackal Jeevass Kendram, Aluva, 683101.

# 335



# ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് കോച്ചേരി

"ഓരോ രാജ്യവും അതതു രാജ്യക്കാരെ അംബാസിഡർമാരായി അയക്കുമ്പോൾ വത്തിക്കാന് അതു ബാധകമാവുന്നില്ല. വത്തിക്കാൻ പ്രതിനിധി പരിശുദ്ധസിംഹാസനത്തിന്റെ അഥവാ ആഗോളസഭയുടെ പ്രതിനിധിയാണ്. ആ നിലയ്ക്ക് ചിന്തിക്കുമ്പോൾ വത്തിക്കാൻ അംബാസിഡർമാരുടെ - അപ്പസ്തോലിക് നുൺഷ്യോമാരുടെ പിറവിക്ക് എപ്പോഴും ഒരു ആകസ്മീകതയുണ്ട്. ഒരു നവചൈതന്യവും. വിവിധ ദേശക്കാർ എന്ന നിലയിൽ അവർ സാംസ്കാരിക സവിശേഷതകളുടെ സന്ദേശവാഹകരുമായിത്തീരുന്നു. ഇവിടെയിതാ മലബാർ സഭയുടെ ഒരു പ്രിയപുത്രൻ - മോൺ. ജോർജ്ജ് കോച്ചേരി ആഫ്രിക്കയിലെ ഘാനാ, ടോഗോ എന്നീ രാജ്യങ്ങളുടെ അപ്പസ്തോലിക് നുൺഷ്യോആയും ഒത്തോണ അതിരൂപതയുടെ സ്ഥാനിക മെത്രാപ്പോലീത്തായുമായി ഉയരുന്നു." ആർച്ച് ബിഷപ്പ് മാർ കോച്ചേരിയുടെ സ്ഥാനാരോഹണത്തോടനുബന്ധിച്ച് ദീപനാളം പ്രസദ്ധീകരിച്ച ലേഖനത്തിലെ ഒരു ഭാഗമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

നയതന്ത്രരംഗത്ത് കാൽനൂറ്റാണ്ടിലധികംകാലം സതുത്യർഹമായ സേവനം അനുഷ്ഠിച്ച മാർ ജോർജ്ജ് കോച്ചേരിയുടെ സ്നേഹപൂർണ്ണമായ നിഷകളങ്കഭാവം ആരെയും ആകർഷിക്കുന്നതാണ്. വലിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുമ്പോഴെല്ലാം ദൈവത്തിന്റെ നിഗൂഡപദ്ധതിയുടെ ആഴങ്ങൾകണ്ടറിഞ്ഞ കോച്ചേരി പിതാവ് ഭയാശങ്കകൾ കൂടാതെ അവയെല്ലാം ഏററുവാങ്ങുന്നു.

ചങ്ങനാശ്ശേരി അതിരൂപതാംഗമായ മാർ ജോർജ്ജ് കോച്ചേരി എടത്വായിൽ കോച്ചേരി കുടുംബത്തിൽ 1945 ഫെബ്രുവരി 4-ാം തീയതി ജനിച്ചു. പിതാവ് ഈപ്പച്ചൻ നല്ലൊരു കൃഷിക്കാരനും സമുദായപ്രവർത്തകനും. ദൃഢസ്വരത്തിൽ എ.കെ.സി.സി. പ്രതിനിധി സഭായോഗങ്ങളിൽ സംസാരിച്ചുരന്ന ഈപ്പച്ചന്റെ സമുദായബോധം അഭിമാനകരമായിരുന്നു. മാതാവ് പെണ്ണമ്മയും. മൂത്തപുത്രനായ ജോർജ്ജിന് ഏഴുവയസ്സുള്ളപ്പോൾ

www.malankaralibrary.com

കോച്ചേരി കുടുംബം ചങ്ങനാശ്ശേരിയിലേക്ക് താമസം മാറ്റി. അതോടെ പാറേൽപള്ളി ഇടവകാംഗമായി. ചങ്ങനാശ്ശേരി സെന്റ് ആൻസ് പ്രൈമറി സ്കൂൾ, സെന്റ് ബർക്കുമാൻസ് ഹൈസ്കൂൾ, സെന്റ് ബർക്കുമാൻസ് കോളേജ് എന്നിവിടങ്ങിലായിരുന്നു സ്കൂൾ കോളേജ് വിദ്യാഭ്യാസം. ഭക്തരായ മാതാപിതാക്കളുടെ ആഴത്തിൽ വേരൂന്നിയ വിശ്വാസതീഷ്ണതയും പൗരാണികവിശുദ്ധിയിൽ വിരാജിക്കുന്ന പാറേൽ പള്ളിയുടെ ആദ്ധ്യാത്മികചൈതന്യവും ജോർജ്ജിനെ ചെറുപ്പത്തിലേതന്നെ ദൈവശുശ്രൂഷയുടെ പടവുകളിലേക്ക് നയിക്കുകയുണ്ടായി. 1961-ൽ ചങ്ങനാശ്ശേരി അതിരൂപതവക പാറേൽ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് കോട്ടയം വടവാതൂർ സെമിനാരിയിൽ ചേർന്ന് തത്വശാസ്ത്രപഠനം പൂർത്തീയാക്കി. 1967-ൽ ഉപരിപഠനത്തിനായി റോമിലെ ഉർബൻ കോളേജിലേക്ക് മാർകാവുകാട്ടുതിരുമേനി അയച്ചു. 1973-ൽ പഠനം പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തിയ ബ്ര. ജോർജ്ജ് ഒരു വർഷത്തെ റീജൻസിക്കു ശേഷം 1974 ജൂൺ 26-ാം തീയതി ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ വച്ച് മാർ ആന്റണി പടിയിറതിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. പൊൻകുന്നം പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യനിയമനം. മൂന്നുവർഷക്കാലത്തെ സേവനത്തിനുശേഷം പൊൻകുന്നത്തുനിന്നും വീണ്ടും ഉപരിപഠനത്തിനായി റോമിലേക്കു പുറപ്പെട്ടു. 1974-ൽ റോമിലെ പൊന്തിഫിക്കൽ എക്ലേസിയാസ്റ്റിക്കൽ അക്കാഡമിയിൽ ഉപരിപഠനത്തിന് ചേർന്നു. ഉർബൻ യൂണിവേഴ്സിറ്റിയിൽ നിന്ന് കാനൻ നിയമത്തിൽ ഡോക്ടറേറ്റും നേടി. തുടർന്ന് 1978 മുതൽ ദക്ഷിണകൊറിയ, കൊസ്റ്റാറിക്കാ, നൈജീരിയ, വെസ്റ്റ് ഇൻഡിസ്, തായ്ലണ്ട്, സ്വിറ്റസർലണ്ട്, ഓസ്ട്രേലിയാ എന്നീ രാജ്യങ്ങളിലെ വത്തിക്കാൻ കാര്യാലയങ്ങളിൽ സേവനം അനുഷ്ഠിച്ചു. 22 വർഷത്തെ നയതന്ത്രരംഗത്തെ സേവനത്തിനുശേഷം മോൺ. കോച്ചേരിയെ 2000-ാമാണ്ട് ജൂൺ 10-ാം തീയതി ആർച്ച് ബിഷപ്പ് പദവിയിലേക്ക് ഉയർത്തുകയും നൺഷ്യോസ്ഥാനം നൽകുകയും ചെയ്തു. 2000-ാമാണ്ട് ആഗസ്റ്റ് 21-ാം തീയതി മെത്രാപ്പോലീത്തൻ പള്ളി മൈതാനത്തു നിർമ്മിച്ച എട്ടുപട്ടമണ്ഡപത്തിൽ വച്ച് മെത്രാഭിഷേകം നടന്നു. ചങ്ങനാശ്ശേരി അതിരൂപത ഇന്നലെ ഇന്ന് രണ്ടാം ഭാഗത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "കോട്ടയം വടവാതൂർ സെമിനാരിയിൽ പരിശീലനം നേടിയവരിൽ നിന്നും മെത്രാൻ പദവിയിലേക്ക് ഉയർത്തപ്പെടുന്ന ആദ്യത്തെ ആളാണ് മോൺ. കോച്ചേരി. മഹാജൂബിലിയുടെ ആഘോഷത്തിന്റെ നിറവിൽ ചങ്ങനാശ്ശേരി അതിരൂപതക്കു ലഭിച്ച ജൂബിലി സമ്മാനമായിരുന്നു അപ്പസ്തോലിക് നുൺഷ്യോ ആയുള്ള മോൺ കോച്ചേരിയുടെ നിയമനം."

മാർ കോച്ചേരി തന്റെ നാടിനെ വരെയധികം സ്നേഹിക്കുന്നുണ്ട്. കായലും നെൽപ്പാടങ്ങളും കേരവൃക്ഷങ്ങളും നിറഞ്ഞ ഗ്രാമത്തിലാണ് അദ്ദേഹം ജനിച്ചത്. അതിന്റെ ഹരിതാഭമായ ഓർമ്മ ഇന്നും അദ്ദേഹത്തിന്റെ

www.malankaralibrary.com

കൂടെയുണ്ട്. അദ്ദേഹം തിരിഞ്ഞെടുത്തിരിക്കുന്ന എംബ്ലവും ഇതിനോട് കൂറു പുലർത്തുന്നതാണ്. എംബ്ലത്തിലെ നിറപറയും നിലവിളക്കും അദ്ദേഹത്തിന്റെ നാട്ടറിവിൽ നിന്നും ലഭിച്ചതാണ്. നിറപറ സമൃദ്ധിയുടെ പ്രതികമാണെങ്കിൽ നിലവിളക്ക് നിത്യപ്രകാശമായ ക്രിസ്തുവിന്റെ പ്രതീകമാണ്. മയിലുകൾ ഭാരതത്തിന്റെ ദേശീയതയെ പ്രതിനിധീകരിക്കുന്നു. അദ്ദേഹം സ്വീകരിച്ചിരിക്കുന്ന മുദ്രാവക്യം സ്നേഹത്തിലധിഷ്ഠിതമായ ശുശ്രൂഷ എന്നതാണ് താന്റെ മാതാപിതാക്കൾ ചെറുപ്പം മുതൽ കാട്ടിത്തന്ന ശുശ്രൂഷയാണത്."

ദീപനാളം പ്രതിനിധി ജോസ് മണിമല തിരുമേനിയുമായി നടത്തിയ അഭിമുഖസംഭാഷണത്തിൽ വെളിപ്പെടുത്തിയ ഏതാനും കാര്യങ്ങൾ താഴെ ചേർക്കുന്നു. "ആഗോള സഭയുടെ പ്രതിനിധിഎന്ന നിലയിൽ ഓരോ നുൺഷ്യോമാർക്കും അതതു രാജ്യങ്ങളിലെ വിശ്വാസികളുടെ ആദ്ധ്യാത്മികവും ഭൗതീകവുമായ ക്ഷേമത്തിൽ താല്പര്യമുണ്ട്. എങ്കിലും അവരുടെ അജപാലനപരവും വിശ്വാസപരവുമായ പ്രശ്നങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. മറ്റുതലത്തിൽ നോക്കിയാൽ ഇറാൻ ഇറാക്കു യുദ്ധസമയത്തും മറ്റും വത്തിക്കാൻ പ്രതിനിധിയുടെ സേവനം ഏറ്റ ശ്ലാഘിക്കപ്പെട്ടതാണ്. സഭയിലെ ഒരു നേരിയ ചലനം പോലും മാർപാപ്പായെ അറിയിക്കാൻ നുൺഷ്യോമാർ ബാദ്ധ്യസ്ഥരാണ്. പുതിയമെത്രാന്റെ തിരഞ്ഞെടുപ്പിലും മറ്റും നിർണ്ണായക പങ്കുവഹിക്കുന്നത് അപ്പസ്തോലിക് നുൺഷ്യോമാരാണ്.

വത്തിക്കാന് രാഷ്ട്രീയ ലക്ഷ്യങ്ങളൊന്നുമില്ല. സത്യത്തിനും നീതിയ്ക്കും വേണ്ടി നിലകൊള്ളുന്നു. അതിൽ വെള്ളം ചേർക്കാൻ വത്തിക്കാൻ ആഗ്രഹിക്കുന്നില്ല. മനുഷ്യജീവനുവേണ്ടിപോരാടാൻ ഇന്ന് ഒരു മാർപ്പാപ്പായേ ഉള്ളു എന്നോർക്കുക. എന്തായാലും നിർണ്ണായകപ്രതിസന്ധികളിലെല്ലാം ലോകം കാതുകൂർപ്പിക്കുന്നത് വത്തിക്കാനിലേക്കാണ്. എല്ലാവിധ അതിക്രമങ്ങൾക്കുമെതിരെ മാർപ്പാപ്പാ അപ്പഴപ്പോൾ പ്രതികരിക്കുന്നു. രണ്ടാം ലോകമഹായുദ്ധകാലത്തെ കടങ്ങൾ എഴുതിത്തള്ളണമെന്ന മാർപ്പാപ്പായുടെ അഭ്യർത്ഥന ഒട്ടേറെ രാജ്യങ്ങൾ സ്വീകരിച്ചു കഴിഞ്ഞു. അതുപോലെതന്നെ ഭ്രൂണഹത്യ, സ്വവർഗ്ഗഭോഗം എന്നീ തിന്മകൾക്കെതിരെയുള്ള മാർപ്പാപ്പായുടെ ധാർമ്മിക ഉദ്ബോധനങ്ങൾക്ക് ഏറെ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഘാനായിൽ രണ്ടു കോടിയാണ് ജനസംഖ്യ. അതിൽ 30 ശതമാനം കത്തോലിക്കരാണ്. 25 ശതമാനം മുസ്ലീങ്ങൾ. ബാക്കിയുള്ളവർ പാരമ്പര്യ മതങ്ങളിൽപ്പെടുന്നു. പതിനെട്ടു രൂപതകളാണ് ഇവിടെയുള്ളത്. മൂന്ന് അതിരൂപതയും 15 രൂപതയും. നമ്മുടെ മലയാളി സിസ്റ്റേഴ്സ് ഇവിടെ ധാരാളമായി പ്രവർത്തിക്കുന്നു. നല്ലമണ്ണ്. തിരുക്കുടുംബസഭയുടെ രണ്ടു മഠങ്ങൾ ഇവിടെയുണ്ട്.

ഘാനായിൽ നിന്ന് മൂന്നുമണിക്കൂർ സഞ്ചരിച്ചാൽ ടോഗോയുടെ തലസ്ഥാനമായ Lome യിലെത്താം. ഇവിടെ 7 രൂപതകളാണുള്ളത്. ഒരു അതി


www.malankaralibrary.com

രൂപതയും ആറു രൂപതയും. 5 ലക്ഷമാണ് ജനസംഖ്യ. 25 ബിഷപ്പുമാർ ഇവിടെയുണ്ട്. ഘാനായിലെ ഇന്ത്യാക്കാരനായ മൂന്നാമത്തെ അപ്പസ്തോലിക് നുൺഷ്യോ ആണു ഞാൻ. ഇപ്പോഴത്തെ ബോംബെ ആർച്ചു ബിഷപ്പ് ഐവാൻ ഡയസ് ആയിരുന്നു ഒന്നാമൻ. രണ്ടാമത് കാട്ടുമനപ്പിതാവ്. മൂന്നാമതായി ഇതാ ഞാനും. അങ്ങനെ വേണമെങ്കിൽ ഇന്ത്യയുമായി ഒരു വൈകാരികബന്ധം ഘാനായ്ക്ക് അവകാശപ്പെടാം."

മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതമാണ് തന്നെ ഈ നിലയിൽ എത്തിച്ചതെന്നാണ് മാർ കോച്ചേരിയുടെ അഭിപ്രായം. മാർ കോച്ചേരി പറയുന്നു. കൊന്തയും വണക്കമാസവും കുടുംബപ്രാർത്ഥനയുമൊക്കെ വീട്ടിലെ മുടങ്ങാത്ത പതിവുകളായിരുന്നു. അതുപോലെ നിത്യവും ദിവ്യബലിയിൽ പങ്കെടുക്കാൻ ശ്രദ്ധിച്ചിരുന്നു. ചങ്ങനാശ്ശേരി പാറേൽപള്ളിയിലെ ആൾത്താരബാലനായിരുന്ന എന്നെ വൈദികനാകാൻ സഹായിച്ചത് ഈ കുടുംബസാഹചര്യമാണ്.

Address: Arch Bishop Mar George Kocherry, 8,Drake Avenne,
P.O. Box 9675, Air Port, Aeera, Ghana.

# 336



# ഫാ. അബ്രാഹം പോണാട്ട്

മലബാർ കുടിയേറ്റം ഒരു ഇതിഹാസ കഥപോലെയാണ്. 1928 കളിൽ ആരംഭം കുറിച്ചു. 1942 വരെ ഒറ്റപ്പെട്ട കുടിയേറ്റങ്ങൾ നടന്നു. രണ്ടാംലോകമഹായുദ്ധാരംഭത്തോടെ ഇത് വ്യാപകമായി. തുടർന്ന് ഓരോദിവസവും നൂറ്കണക്കിന് ആളുകളെയാണ് മലബാർ എക്സ്പ്രസ്സ് നെഞ്ചിലേറ്റി മലബാറിലേക്കു എത്തിച്ചത്. ഭാരതപ്പുഴ മുതൽ നേത്രാവതിവരേയും കർണ്ണാടകയിലെ സൗത്ത് കാനറാ, ഷിമോഗ, സാഗർ, നരസിംഹരാജപുരം, കൂർഗ് പ്രദേശങ്ങളിലും, ഗോവയിലേയും, മഹാരാഷ്ട്രയിലേയും ഉൾപ്രദേശങ്ങൾവരെയും കുടിയേറ്റക്കാരെത്തി. ഒറ്റപ്പെട്ടു നടന്ന ഈ കുടിയേറ്റക്കാരുടെ എണ്ണം ലക്ഷങ്ങളിൽനിന്ന് ദശലക്ഷങ്ങളിലേക്ക് വളർന്നു. കുടിയേറ്റക്കാരുടെ മൂന്നാം തലമുറവരെ എത്തിനിൽക്കുന്ന ഈ ജനവിഭാഗത്തെക്കുറിച്ച് വ്യാപകമായ പഠനങ്ങളൊന്നും നടന്നിട്ടില്ല. അതേസമയം അന്നന്നപ്പത്തിനുവേണ്ടി നാടും വീടും സ്വന്തബന്ധങ്ങളെയും വിട്ട് ജീവൻപോലും പണയംവെച്ച് മലമ്പനിയോടും, മലമ്പാമ്പിനോടും, കാട്ടുമൃഗങ്ങളോടും പടവെട്ടി മലബാറിൽ ഒരു സാമ്പത്തിക സാംസ്കാരിക വിപ്ലവത്തിന് നാന്ദികുറിച്ച ഈ ജനതയെക്കുറിച്ച് ആരോപണങ്ങൾ ഏറെയും സത്യമറിയാത്തതും ചരിത്രം വ്യക്തമാകാത്തതുമാണ് പ്രധാനകാരണം.

www.malankaralibrary.com

ഈ പശ്ചാത്തലത്തിൽ, കുടിയേറ്റത്തെപ്പറ്റി വ്യാപകമായ പഠനങ്ങൾ നടത്തി ഒരു ചരിത്രഗ്രന്ഥം തയ്യാറാക്കിയതാണ് ഫാ. അബ്രാഹം പോണാട്ടിന്റെ ഏറ്റം വലിയനേട്ടം.

തലശ്ശേരി അതിരൂപതാ സ്ഥാപനത്തിന്റെ സുവർണ്ണജൂബിലി ആചരണത്തിന്റെ ഭാഗമായാണ് ഇങ്ങനെ ഒരു സംരംഭം നടത്തിയത്. എല്ലാ ഇടവകകളിലും ചരിത്രകമ്മിറ്റി ഉണ്ടാക്കി ഈ കമ്മിറ്റികളെയെല്ലാം വിവിധ കേന്ദ്രങ്ങളിൽ വിളിച്ചുകൂട്ടി ബോധവൽക്കരണ ക്ലാസ്സുകൾ നൽകി. ചരിത്രരചനയെപ്പറ്റിയും, ചരിത്രപഠനത്തെപ്പറ്റിയും ഒരു മാർഗ്ഗരേഖ തയ്യാറാക്കി അച്ചടിച്ച് കമ്മറ്റി അംഗങ്ങൾക്ക് നൽകി. ചരിത്രരചനയെപ്പറ്റിയും, ചരിത്രപഠനത്തെപ്പറ്റിയും ഒരു മാർഗ്ഗരേഖ തയ്യാറാക്കി അച്ചടിച്ച് കമ്മറ്റി അംഗങ്ങൾക്ക് നൽകി. ഓരോ ഇടവകയുടെയും പൗരാണിക ചരിത്രം, ആധുനിക ചരിത്രം, കുടിയേറ്റ ചരിത്രം, ഇടവക ചരിത്രം, മത, സാംസ്കാരിക, സാമ്പത്തിക അവസ്ഥകൾ ഇവയെപ്പറ്റിയം പഠനങ്ങൾ നടത്തി.

അതോടൊപ്പം 2003 ൽ, കുടിയേറ്റങ്ങളെ സംബന്ധിച്ച് നാല് ദിവസം ദീർഘിച്ച ഒരു ദേശീയ ചരിത്ര സെമിനാറും ചരിത്രപണ്ഡിതനായ പ്രൊഫസർ ഡോ.കെ.എസ്. മാത്യുവിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു. ഇന്ത്യാഗവൺമെന്റിന്റെ വിവിധ ചരിത്രഗവേഷണവിഭാഗങ്ങളെ ഇതിൽ സഹകരിപ്പിച്ചു. ഇന്ത്യയിൽ വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ചരിത്രപണ്ഡിതന്മാർ 36 ഗവേഷണപ്രബന്ധങ്ങൾ സെമിനാറിൽ അവതരിപ്പിച്ചു പഠനവിഷയമാക്കി. ഇംഗ്ലീഷിൽ അവതരിപ്പിച്ച പ്രബന്ധങ്ങൾ "Migration in South India"എന്ന പേരിൽ പ്രസിദ്ധീകരിച്ചു. ഇന്ത്യാഗവൺമെന്റിന്റെ ചരിത്രവേഷണവിഭാഗമായ MAKAIAS ഉം IRISH (Institute for Research in Social Sciences and Humanities)ഉം ചേർന്നാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നത്. സെമിനാറിൽ അവതരിപ്പിക്കപ്പെട്ട മലയാള പ്രബന്ധങ്ങളും ഇടവക ഫൊറോന ചരിത്രകമ്മിറ്റികൾ തയ്യാറാക്കിയ ചരിത്രങ്ങളും, സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ചരിത്രവും ക്രോഡീകരിച്ച് എഡിറ്റ് ചെയ്ത് "കുടിയേറ്റത്തിന്റെ ഇതിഹാസം" എന്ന ചരിത്രഗ്രന്ഥം പുറത്തിറക്കി. നൂറുകണക്കിന് ആളുകൾ സഹകരിച്ച ഈ സംരംഭത്തിന്റെ നടുനായകത്വം വഹിച്ചത് ഫാ. അബ്രാഹം പോണാട്ടാണ്. ഈ ഒറ്റകാര്യംകൊണ്ടുതന്നെ ഫാ. പോണാട്ട് സമൂഹത്തിന്റെ കൃതജ്ഞതയർഹിക്കുന്നു.

മലബാർ കുടിയേറ്റത്തിന്റെ ചരിത്രത്തിന് രൂപഭാവം നൽകിയ ഫാ. അബ്രാഹം മീനച്ചിൽ താലൂക്കിലെ മേലുകാവ്മറ്റത്തിൽ പോണാട്ടുകുടുംബത്തിൽ ജോസഫ് ഏലിക്കുട്ടി ദമ്പതികളുടെ മകനായി 1945 ഫെബ്രുവരി 8 ന് ജനിച്ചു. മേലുകാവ്മറ്റം സെന്റ് തോമസ് എൽ.പി.സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം ആരംഭിച്ചു. 1952 ഡിസംബറിൽ കുടുംബം മലബാറിലേക്ക് കുടിയേറി. തോമ്മാപുരം (ചിറ്റാരിക്കൽ) യു.പി. സ്കൂളിൽ വിദ്യാഭ്യാസം തുടർന്നു.

www.malankaralibrary.com

1959 ൽ മദ്രാസ് യൂണിവേഴ്സിറ്റിയുടെ ഇ.എസ്.എൽ.സി. പരീക്ഷ പാസ്സായി. തോമാപുരത്ത് ഒരു ഹൈസ്കൂൾ ലഭിക്കുമെന്ന പ്രതീക്ഷയിൽ കാത്തിരുന്ന് ഒരു വർഷം വീട്ടിലിരുന്നു. 1960 ൽ പുതിയ ഹൈസ്കൂൾ അനുവദിച്ച് കിട്ടിയപ്പോൾ പ്രഥമബാച്ചിൽ അംഗമായി ഹൈസ്കൂൾ പഠനം ആരംഭിച്ചു. 1963 ൽ എസ്.എസ്.എൽ.സി. പാസ്സായി. MSFS സന്യാസ സമൂഹത്തിൽ ചേർന്ന് വിശാഖപട്ടണം മിഷനിൽ പോകുവാനുള്ള തീരുമാനത്തിൽ ഫാ. മാത്യു കുടകശ്ശേരി MSFS നോടൊപ്പം വികാരി ഫാ. ജോസഫ് കൊല്ലംപറമ്പിലിനെ സമീപിച്ചു. അച്ചൻ മിഷനിലേക്ക് അയക്കുന്നതിന് പകരം തലശ്ശേരി മൈനർ സെമിനാരിയിലേക്ക് പറഞ്ഞയച്ചു.

ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി. 1972 ഡിസംബർ 20 ന് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു.

വൈദിക വിദ്യാർത്ഥിയായിരിക്കെത്തന്നെ ആലുവ സെമിനാരിയിലെ പ്രസിദ്ധീകരണ വിഭാഗത്തിന്റെ (S.H. League) ജനറൽ സെക്രട്ടറിയായി ബ്രദർ പോണാട്ട് പ്രവർത്തിച്ചു. "മതവും ചിന്തയും" ദൈവശാസ്ത്ര മാസികയുടെ പ്രസിദ്ധീകരണം ആരംഭിക്കുന്നത് ഈ കാലഘട്ടത്തിലാണ്. മാസികയിലേക്കു ലേഖനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

വൈദികവിദ്യാഭ്യാസം പൂർത്തിയാക്കിയ വർഷമാണ് ആലുവ സെമിനാരിയിൽ ഉപരിപഠനത്തിനായുള്ള പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുക. സെമിനാരിയിൽ നിന്നുതന്നെ തെരഞ്ഞെടുത്ത പ്രകാരം പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രഥമ ബാച്ചിൽ പഠിച്ച് രണ്ടാം റാങ്കോടെ ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടി.

1974 ഒക്ടോബറിൽ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ സെക്രട്ടറിയായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1974 ഡിസംബറിൽ 'ഗിരിദീപം' വാർത്താ ബുള്ളറ്റിൻ പ്രസിദ്ധീകരണം ആരംഭിച്ചു. ഇതിന്റെ സ്ഥാപകപത്രാധിപരായി. 1976 ൽ രൂപതയിൽ ജോലിചെയ്തുകൊണ്ടുതന്നെ രണ്ടാം കടവ് ഇടവകയുടെ വികാരിയായും സേവനം അനുഷ്ഠിച്ചു. 1976 മെയ്മാസം മുതൽ ഫാമിലി അപ്പോസ്റ്റോലേറ്റിന്റെ സ്ഥാപക ഡയറക്ടറായി. ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വവും, പിതൃത്വവും, സ്വാഭാവിക കുടുംബസംവിധാന മാർഗ്ഗങ്ങൾ എന്നീ വിഷയങ്ങളെ സംബന്ധിച്ച് രൂപതയിൽ വ്യാപകമായി പരിശീലനപരിപാടികളും സെമിനാറുകളും സംഘടിപ്പിച്ചു. 1977 ൽ ബാംഗ്ലൂർ N.B.C.L.C. യിൽ ചേർന്ന് മതബോധനത്തിൽ ഡിപ്ലോമ നേടി. തുടർന്ന് രൂപത മതബോധന ടീമിൽ പ്രവർത്തിച്ചു തുടങ്ങി. 1977-78 കാലഘട്ടത്തിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ (TSSS) ഡയറക്ടറായി സേവനമനുഷ്ഠിച്ചു. (ഡയറക്ടറായിരുന്ന ബ. മാടക്കച്ചേരി അച്ചൻ കാനഡയിൽ ഉപരിപഠനത്തിന് പോയ കാലഘട്ടം) പിന്നീട് ആയിരക്കണക്കിനു കുടുംബങ്ങൾക്ക് അഭയമായിത്തീർന്ന സേവ് എ ഫാമിലി പ്ലാൻ രൂപ

www.malankaralibrary.com

തയിൽ പുനരാരംഭിച്ച് സജീവമാക്കിയത് ഈ കാലഘട്ടത്തിലാണ്.

1978 ൽ CBCI ബോംബെയിൽ നടത്തിയ Marriage Tribunel Personnel Training Course ൽ പരിശീലനം നേടിയശേഷം രൂപതാ ട്രിബ്യൂണലിൽ നോട്ടറിയായി.

1978-ൽ മദ്യവർജ്ജന പ്രസ്ഥാനത്തിന് അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് തുടക്കം കുറിച്ചപ്പോൾ രൂപത നിർവ്വാഹകസമിതിയിലെ ഖജാൻജിയായി തെരഞ്ഞെടുക്കപ്പെട്ടു. "മദ്യവർജ്ജനപ്രസ്ഥാനം വിജയിപ്പിക്കുക" എന്നൊരു ബോർഡെഴുതി മോട്ടോർ സൈക്കിളിന്റെ മുമ്പിൽ വച്ചുകെട്ടി ശ്രീ. മാത്യുകണ്ടവുമൊത്ത് ബോധവൽക്കരണ പരിപാടിയുമായി ഇടവകകളിലൂടെ യാത്ര ചെയ്തത് ഒരു പക്ഷേ മദ്യവർജ്ജന പ്രസ്ഥാനത്തിലെ ആദ്യത്തെ വാഹനപ്രചരണജാഥയായിരിക്കണം.

1978 ൽ ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം, ഫാ. ജോസഫ് തയ്യിൽ എന്നിവരുമായി സഹകരിച്ച് രൂപതാ നിയമാവലി എഴുതിയുണ്ടാക്കി പിതാവിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിച്ചു. 1978 ൽ രൂപതാ വൈദികസമിതി (Senate) യിലേക്ക് ഫാ. അബ്രാഹം തെരഞ്ഞെടുക്കപ്പെട്ടു. 1979 ഒക്ടോബറിൽ തലശ്ശേരിയിൽ നിന്ന് പുതുപ്പാടി വികാരിയായി സ്ഥലം മാറി. പുതുപ്പാടിയിലേക്കു സ്ഥലം മാറ്റിയെങ്കിലും മതബോധനകേന്ദ്രത്തിലെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരുന്നു. പ്രത്യേകിച്ചും, മതാദ്ധ്യാപക പരിശീലനം, ഇടവകനവീകരണ സെമിനാറുകൾ, ദമ്പതികൾക്കുള്ള ക്ലാസ്സുകൾ ഇവ.

1979-83 പുതുപ്പാടി, മൈലള്ളാംപാറ, താമരശ്ശേരി പള്ളികളുടെ വികാരിയായി സേവനമനുഷ്ഠിച്ചു. വള്ള്യാട്, ചിപ്പിലത്തോട് പള്ളികൾക്ക് ആരംഭം കുറിച്ചു. പുതുപ്പാടി പള്ളിയുടേയും, പള്ളിമുറിയുടേയും പണിപൂർത്തിയാക്കി. തീർത്തും അവികസിതമായിരുന്ന പുതിയ കുടിയേറ്റ കേന്ദ്രമായ മൈലള്ളാംപാറയിൽ പള്ളി പണിതു. ഒരു യു.പി. സ്കൂൾ (എയ്ഡഡ്) ആരംഭിച്ചു. പോസ്റ്റോഫീസ്, റോഡ്, ബസ് സർവ്വീസ് ഇവ ഉണ്ടാകുവാൻ നേതൃത്വം കൊടുത്തു. നാടിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു.

1983 മെയിൽ വീണ്ടും തലശ്ശേരിയിൽ എത്തി. രൂപതാ മതബോധനകേന്ദ്രത്തിന്റെയും സന്ദേശഭവന്റെയും അസിസ്റ്റന്റ് ഡയറക്ടർ, ചെറുപുഷ്പ മിഷൻ ലീഗിന്റെ രൂപതാ ഡയറക്ടർ എന്നീ സ്ഥാനങ്ങൾ ഏറ്റെടുത്തു.

രൂപതയിൽ ദൈവവിളികളുടെ കാര്യത്തിലുണ്ടായ ശുഷ്കത ചൂണ്ടിക്കാണിച്ച് മിഷൻലീഗ് ഡയറക്ടർ വൊക്കേഷൻ പ്രൊമോട്ടർ കൂടിയാണെന്ന് പറഞ്ഞുകൊണ്ടാണ് അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് മിഷൻ ലീഗിന്റെ ചുമതല ഏൽപ്പിച്ചത്. മതബോധനത്തിന്റെ ചുമതലയും കൂടി ഉണ്ടായിരുന്നതിനാൽ "മതബോധനത്തിന്റെ പ്രായോഗിക പരിശീലന വേദി മിഷൻലീഗ്" എന്ന ആശയവുമായി മിഷൻലീഗിനെ സംഘടിപ്പിച്ചു. 1990 ആയപ്പോഴേക്കും കേരളത്തിലെ ഏറ്റവും കൂടുതൽ ദൈവവിളികളുള്ള രൂപതയായി തലശ്ശേരി

www.malankaralibrary.com

വളർന്നു. ഫാ. അബ്രാഹം 1984 ഏപ്രിൽ മാസത്തിൽ ദൈവവിളി വാരം വിപുലമായി ആചരിക്കുകയും ഒരു വൊക്കേഷൻ സ്പെഷ്യൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതിൽ ദൈവവിളിയുടെ വിവിധ വശങ്ങളെക്കുറിച്ച് വിദഗ്ദ്ധർ എഴുതിയ ലേഖനങ്ങൾ ദൈവവിളി ക്യാമ്പുകൾക്കും ലൈഫ് ഗൈഡൻസ് കോഴ്സുകൾക്കും സഹായകമായി. ജീവിതമാർഗ്ഗദർശക സെമിനാറുകൾ, ഏകദിന, അർദ്ധദിന, ത്രിദിന സെമിനാറുകൾ, നേതൃത്വപരിശീലനം, പ്രസംഗപരിശീലനം, വർക്ക്&സ്റ്റഡി ക്യാമ്പുകൾ തുടങ്ങിയ വിവിധ പരിപാടികളിലൂടെ മിഷൻലീഗ് കുട്ടികൾക്ക് ആവേശകരമാക്കി. പരിശീലനം സിദ്ധിച്ച മതാദ്ധ്യാപകരുടെ നേതൃത്വം മിഷൻലീഗിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടി. ഫാ. ജോർജ്ജ് വലിയമറ്റം തുടങ്ങിവച്ച പ്രവർത്തനങ്ങളെല്ലാം പുനർജ്ജീവിപ്പിച്ചു അതിന്റെ പൂർണ്ണതയിലെത്തിക്കുന്നതിന് ഫാ. അബ്രാഹത്തിന് സാധിച്ചു.

1984 ൽ തന്നെ വിപുലമായ പരിപാടികളോടെ മിഷൻലീഗിന്റെ ജൂബിലി ആഘോഷിച്ചു. ഇതോടനുബന്ധിച്ചി നല്ല ഒരു ജൂബിലി സുവനീറും പ്രസിദ്ധീകരിച്ചു. പേരാവൂരിൽ സമാപനപരിപാടികളോടനുബന്ധിച്ചു നടത്തിയ മിഷൻ എക്സിബിഷൻ ദൈവവിളി പ്രോത്സാഹനരംഗത്തെ നാഴികക്കല്ലായി.

1984 -ൽ മിഷൻ ലീഗിന്റെ സംസ്ഥാന ഡയറക്ടറായി ഫാ. അബ്രാഹം തെരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന ഓഫീസിനെച്ചൊല്ലി ദീർഘകാലമായി നിലനിന്നിരുന്ന അസ്വസ്ഥതകൾ പരിഹരിച്ച് ഭരണങ്ങാനം ഓഫീസ് മിഷൻലീഗിന്റെ മാതൃഭവനമായി നിലനിർത്തിക്കൊണ്ട് സംസ്ഥാന ഓഫീസ് എറണാകുളത്ത് ചാവറ കൾച്ചറൽ സെന്ററിലേക്കു മാറ്റി. പിന്നീട് കെ.സി.ബി.സിയുടെ അംഗീകാരത്തോടെ P.O.C. യിലേക്കും, കേരള സംസ്ഥാനത്ത് മിഷൻലീഗ് സംഘടനയിൽ ഏറെ ചലനങ്ങൾ സൃഷ്ടിക്കുകയും, വളർച്ചയിൽ നിർണ്ണായക പങ്കുവഹിക്കുകയും ചെയ്ത പരിപാടിയായിരുന്നു "നവജീവൻ ക്യാമ്പുകൾ." ഫാ. തോമസ് നെറ്റിക്കാടൻ, ശ്രീ.പി.സി. അബ്രാഹം, അഡ്വ. (ഇപ്പോൾ ജസ്റ്റീസ്) കുര്യൻ ജോസഫ് എന്നിവർ ചേർന്നു പ്ലാൻ ചെയ്തു തയ്യാറാക്കിയ ഈ പ്രൊജക്ട് ബ. നെറ്റിക്കാടനച്ചന്റെ അകാല നിര്യാണത്തെത്തുടർന്ന് നടപ്പിലാക്കേണ്ട ഉത്തരവാദിത്വം ഫാ. അബ്രാഹം പോണാട്ടിന്റെ ചുമലിലായി.

സംഘടനാ പരിശീലനം, മിഷനുകളെക്കുറിച്ചുള്ള പഠനങ്ങൾ, നേതൃത്വപരിശീലനക്യാമ്പുകൾ, പ്രസംഗ പരിശീലന പരമ്പര, വർക്ക് & സ്റ്റഡി ക്യാമ്പുകൾ, ധ്യാനങ്ങൾ തുടങ്ങി മനുഷ്യവ്യക്തിത്വത്തിന്റെ വിവിധതലങ്ങളെ സ്പർശിച്ചുകൊണ്ട് സംഘടനാംഗങ്ങൾക്കുവേണ്ടി നടത്തിയ ഈ പരിശീലന പരിപാടി ഭൂരിഭാഗം രൂപതകളിലും വിജയകരമായി നടപ്പിലാക്കി. ഇതിനായി MISSIO യുടെ സാമ്പത്തിക സഹായവും ലഭിച്ചിരുന്നു. ശാഖ, മേഖല, രൂപത, സംസ്ഥാനതലങ്ങളിൽ നാലു ഘട്ടങ്ങളിലായി നടപ്പിലാക്കിയ പരിശീലനപരിപാടികളിൽ വിജയകരമായി പങ്കെടുത്ത 40 യുവാക്കളെ ഒരു

www.malankaralibrary.com

മാസം നീണ്ടുനിന്ന മിഷൻ പഠനാനുഭവ പരിപാടിക്കായി വടക്കേ ഇന്ത്യൻ മിഷൻ രൂപതകളിലേക്ക് നയിച്ചു. മിഷൻലീഗും മിഷൻ രൂപതകളുമായി വളരെ സുദൃഢമായ ഒരു ബന്ധം കെട്ടിപ്പടുക്കുന്നതിലേക്ക് നയിച്ച ഈ പരിപാടികൾ സീറോ മലബാർ സഭയിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മിഷൻലീഗ് പ്രവർത്തനങ്ങൾ ലത്തീൻ സീറോ മലങ്കര രൂപതകളിലേക്കു വ്യാപിപ്പിക്കുവാനും ഇടയാക്കി.

1984 ൽ തന്നെ കുടുംബ പ്രേഷിതത്വത്തിന്റെ ചുമതല വീണ്ടും പിതാവ് ഫാ. അബ്രാഹത്തെ ഏൽപ്പിച്ചു. യുവജനങ്ങൾക്കായി വിവാഹത്തിനൊരുക്കമായുള്ള സെമിനാർ ആദ്യം ഇടവക – ഫൊറോനാതലങ്ങളിലും നടത്തി. തുടർന്ന് സന്ദേശഭവനിൽ വച്ച് Marriage Guidance Course ഉം ആരംഭിച്ചു.

1987 ൽ K.C.B.C. ഫാമിലി കമ്മീഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായി നിയമിച്ചു. ബിഷപ്പ് മാർ ജോസഫ് കുണ്ടുംകുളമായിരുന്നു ചെയർമാൻ. ഫാ, തോമസ് തോപ്പിൽ OFM Cap സെക്രട്ടറിയും ആയിരുന്നു. തുടർന്നു കുടുംബ പ്രേഷിത പ്രവർത്തനങ്ങളുടെ മലബാർ റീജിയണൽ ഡയറക്ടറുമായി. കുടുംബജീവിതക്കാർക്കു സെമിനാറുകളും പഠനകോഴ്സുകളും നടത്തുവാൻ അൽമായരെ കൂടി സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ മലബാറിലെ എല്ലാ രൂപതകളിലും അൽമായർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

ഈ കാലഘട്ടത്തിലാണ് "കുടുംബവേദിയിൽ" പുസ്തകം പ്രസിദ്ധീകരിക്കുവാൻ സഹകരിക്കുന്നത്. ഫാ. തോമസ് തോപ്പിൽ ചീഫ് എഡിറ്ററായും, ഫാ. അബ്രാഹം പോണാട്ട്, ശ്രീ. മാത്യു കൊച്ചുപറമ്പിൽ എന്നിവർ എഡിറ്റേഴ്സായും തയ്യാറാക്കിയതാണ് കുടുംബവേദിയിൽ. "വിശുദ്ധരുടെ സഹപൗരര്" എന്ന ലേഖനവും എഴുതി. കേരളാ റീജിയണൽ ഫാമിലി ഡെവലപ്പ്മെന്റ് സെന്റർ (KRCDC of K.C.B.C) പ്രസിദ്ധീകരിച്ച 518 പേജുകളുള്ള ഈ പുസ്തകത്തിന്റെ 25,000 കോപ്പികൾ 1989 ൽ തന്നെ ചെലവായി.

1985 ൽ രൂപതയിലെ കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ ചുമതല അഭിവന്ദ്യപിതാവ് ഫാ. അബ്രാഹം പോണാട്ടിനെ ഏൽപ്പിച്ചു. ഫാ. ജോസഫ് മാടക്കച്ചേരി അച്ചന്റെ കാലഘട്ടത്തിൽ രൂപതയിലെ പാസ്റ്റർ സെന്ററിന്റെ കൂടി സഹകരണത്തോടെ യുവജനങ്ങൾക്ക് വേണ്ടി ആരംഭിച്ച തലശ്ശേരി കാത്തലിക് ഫെഡറേഷന്റെ പ്രവർത്തനങ്ങൾ സജീവമാക്കി. ഒരു നിയമാവലി തയ്യാറാക്കി.

1984 മുതൽ 1992 വരെ രൂപതയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആദ്ധ്യാത്മിക പിതാവായും സേവനമനുഷ്ഠിച്ചു.

1987 മുതൽ 90 വരെ വീണ്ടും മിഷൻലീഗ് സംസ്ഥാന ഡയറക്ടറായി തെരഞ്ഞെടുക്കപ്പെട്ടു. മിഷൻലീഗ് നിയമാവലിയുടെ ഇംഗ്ലീഷ് പതിപ്പ് തയ്യാറാക്കിയതും CBCI യുടെ അംഗീകാരം ലഭിച്ചതും ഈ കാലഘട്ടത്തിലാണ്. മിഷൻലീഗ് പ്രാർത്ഥനയും പുതുക്കി പ്രസിദ്ധീകരിക്കുവാൻ പോണാട്ടച്ചന്

www.malankaralibrary.com

സാധിച്ചു. 1991 ൽ ഫാ. അബ്രാഹം പൂന ഈശവാണി കേന്ദ്രത്തിൽനിന്ന് UNDA OCIC സംഘടിപ്പിച്ച Audio Visual Training Programme ൽ പങ്കെടുത്ത് ഡിപ്ലോമാ നേടി. സന്ദേശഭവനിൽ സന്ദേശവാണി എന്ന പേരിൽ Audio Visual വിഭാഗം ആരംഭിക്കുന്നതിനും ഒന്നുരണ്ട് ഓഡിയോ ഡോക്കുമെന്ററികൾ തയ്യാറാക്കുന്നതിനും അച്ചൻ തയ്യാറായി. 1992 ൽ മിഷൻ ലീഗിന്റെ രൂപതാ സംസ്ഥാന, ദേശീയവാർഷികങ്ങൾ, സംസ്ഥാന കലോത്സവറാലി, പൊതുസമ്മേളനം തുടങ്ങി വിപുലമായ പരിപാടികളോടെ ഇരിട്ടിയിൽ വച്ചു നടത്തി. 1992 ൽ പെരുമ്പുന്ന മേൽമുറിങ്ങോടി പള്ളികളുടെ വികാരിയായി സ്ഥലം മാറ്റിയെങ്കിലും മിഷൻലീഗിന്റെ ചുമതല തുടർന്നും നിർവ്വഹിക്കുകയുണ്ടായി. വാർഡ് പ്രാർത്ഥനായോഗങ്ങൾ സജീവമാക്കിക്കൊണ്ട് ഇടവകയിൽ ആത്മീയമായി ഒരു ഉണർവ്വ് ഉണ്ടാക്കുന്നതിന് അച്ചന് സാധിച്ചു. കാക്കയങ്ങാട്ട് കുരിശുപള്ളി ആരംഭിക്കുവാനും പള്ളിപണിയുവാനും പെരുമ്പുന്ന മേൽമുരങ്ങോടി പള്ളിമുറികൾ പണിയുവാനും ഇടത്തൊട്ടി ഇടവകയാക്കി ഉയർത്തുന്നതിനും അച്ചന് സാധിച്ചു. 1994 വരെ രൂപതാനോട്ടറിയായി അച്ചൻ പ്രവർത്തിച്ചിരുന്നു. കാനൻനിയമത്തിൽ ബിരുദമില്ലാതിരുന്നതുകൊണ്ട് റോമിൽനിന്നുള്ള പ്രത്യേക അനുവാദത്തോടെയാണ് 1994 ൽ രൂപതാ ട്രിബ്യൂണൽ ജഡ്ജിയായി ഫാ. അബ്രാഹത്തെ പിതാവ് നിശ്ചയിച്ചു. 1997 ൽ അതിരൂപതാ ചാൻസലറായി നിയമിക്കപ്പെട്ടു. 1997 ൽ പൗരോഹിത്യരജതജൂബിലിയുടെ ഭാഗമായി വിശുദ്ധനാടുകളും നിത്യനഗരവും മറ്റു ചില യൂറോപ്യൻ രാജ്യങ്ങളും സന്ദർശിക്കുകയുണ്ടായി, പൗരസ്ത്യകാനൻ നിയമം വന്നതിനുശേഷം മിക്കവാറും രൂപതകൾക്ക് നിയമാവലി കാലഹരണപ്പെട്ടതായി. പൗരസ്ത്യകാനൻ നിയമത്തിന്റെ വെളിച്ചത്തിൽ അതിരൂപതയ്ക്ക് ഒരു നിയമാവലി എഴുതിയുണ്ടാക്കുകയും രൂപതാസെനറ്റ് ചുമതലപ്പെടുത്തിയ കമ്മറ്റിക്ക് മുമ്പിൽ അവ സമർപ്പിക്കുകയും അംഗീകാരത്തിനുശേഷം അച്ചടിച്ച് പുറത്തിറക്കുകയും ചെയ്തു.

2003 ൽ അതിരൂപതാസുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഡോക്കുമെന്റേഷൻ കമ്മറ്റിയുടെ കൺവീനർ ആയിരുന്ന പോണാട്ടച്ചൻ 2003-2004 ൽ അതിരൂപതാ രേഖാലയം (Archiees) സജ്ജമാക്കി. 2003 ൽ ദേശീയ കുടിയേറ്റ ചരിത്രസെമിനാർ സംഘടിപ്പിക്കുകയും 2005 ൽ കുടിയേറ്റത്തിന്റെ ഇതിഹാസം എന്ന ചരിത്രഗ്രന്ഥത്തിന്റെ ചീഫ് എഡിറ്ററായി പ്രവർത്തിക്കുകയും ചെയ്തു. 1997 മുതൽ 2004 വരെ ഗിരിദീപം എഡിറ്ററുമായിരുന്നു അച്ചൻ.

നാടിന്റെ സമഗ്രവികസനം അച്ചന്റെ ലക്ഷ്യമായിരുന്നു. പെരുമ്പുന്ന പാലപ്പുഴ റോഡിന്റെ ടാറിംഗ് അച്ചന്റെ ശ്രമഫലമായിട്ടാണ് നടന്നത്. കാക്കേങ്ങാട്ട് - മണത്തണ റോഡുകളുടെ പണിപൂർത്തിയാക്കുന്നതിനും റോഡ് ടാറിംഗ് നടത്തുന്നതിനും അച്ചൻ നേതൃത്വം നൽകി. ഇരട്ടിയേയും കൊട്ടിയൂരിനെയും തമ്മിൽ കുറഞ്ഞ അകലത്തിൽ ബന്ധിപ്പിക്കുന്ന മടപ്പുറച്ചാൻ പാലത്തിന് സർക്കാർ അനുവാദം വാങ്ങുന്നതിനും പ്രാരംഭപ്രവർത്തനങ്ങൾ

www.malankaralibrary.com

നടത്തുന്നതിനും അച്ചന് സാധിച്ചു.

കരുവഞ്ചാൽ സെന്റ് ജോസഫ്സ് ആശുപത്രിയുടെയും ശാന്തിഭവൻ വൈദികമന്ദിരത്തിന്റെയും ഡയറക്ടർ, അതിരൂപതാ അജപാലനസമിതിയംഗം, അതിരൂപതാ വൈദികസമിതിയംഗം, വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ഹൈപവ്വർ കമ്മറ്റിയംഗം, മോൺ വാരികാട്ടിന്റെ നിര്യാണശേഷം വള്ളോപ്പിള്ളി പിതാവിന്റെ കുമ്പസാരക്കാരൻ എന്നീ നിലകളിലും അച്ചൻ ഇപ്പോൾ സേവനം അനുഷ്ഠിച്ചുവരുന്നു.

വിലാസം - ഫാ. അബ്രാഹം പോണാട്ട്,
സെന്റ് ജോസഫ് ഹോസ്പിറ്റൽ, കരുവഞ്ചാൽ പി.ഒ., 670571.

# 337



# റവ. ഡോ. ചെറിയാൻ കുനിയന്തോടത്ത്

കവി, ഉപന്യാസകാരൻ, നാടകകൃത്ത്, നോവലിസ്റ്റ്, ഗാനരചയിതാവ്, സംഗീതസംവിധായകൻ എന്നിങ്ങനെ ബഹുമുഖവ്യക്തിത്വത്തിനുടമയായ റവ.ഡോ. ചെറിയാൻ കുനിയന്തോടത്ത് പറവൂരിൽ തുരുത്തിപ്പുറത്ത് 1945 ഫെബ്രുവരി 16-ന് ജനിച്ചു. കെ.ജെ വർഗീസ് റോസി മാഞ്ഞൂരാൻ എന്നിവരാണ് മാതാപിതാക്കൾ. മൂത്തകുന്നം എസ്സ്. എൻ. എം. ഹൈസ്കൂളിലായിരുന്നു വിദ്യാഭ്യാസം. അവിടെ പഠിക്കുമ്പോൾ good conduct prize കിട്ടിയതറിഞ്ഞ് അദ്ദേഹത്തിന്റെ പിതൃസഹോദരനായ ഫാ. ദഫീനൂസ് സി.എം.ഐ സഭയിലേക്ക് കൂട്ടിക്കൊണ്ടു പോയി. സി.എം.ഐ സഭക്കാരുടെ വക വാഴക്കുളത്തെ ഇൻഫന്റ് ജീസസ് സ്കൂളിൽ ചേർത്ത് എസ്.എസ്.എൽ.സി. പഠനം പൂർത്തിയാക്കി. എസ്.എസ്.എൽ.സി പഠനം കഴിഞ്ഞപ്പോൾ പുരോഹിത പഠനം നീലേശ്വരം, കളമശ്ശേരി, കറുകുറ്റി എന്നീ കേന്ദ്രങ്ങളിൽ വച്ച് നടന്നു. ഫിലോസഫി പഠനത്തിനു ശേഷം തേവര കോളേജിൽ ചേർന്ന് പി.ഡി.സി യ്ക്കും ബി.എ യ്ക്കും പഠിച്ചു. ബി.എ ഡിഗ്രി എടുത്തതിനു ശേഷം ബാംഗ്ളൂർ ധർമ്മാരം കോളേജിൽ ചേർന്ന് വൈദിക പഠനം തുടർന്നു. 1975 ഡിസംബർ 19-ന് പൗരോഹിത്യം സ്വീകരിച്ചു. പിന്നീട് എറണാകുളത്തെ മഹാരാജാസ് കോളേജിൽ ചേർന്ന് എം. എ പാസ്സായി. തുടർന്ന് മലയാള ഭാഷാ ഗവേഷണത്തിന് കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് കരസ്ഥമാക്കി.

വളരെ ചെറുപ്പം മുതൽ കാവ്യരചനയിൽ ചെറിയാൻ വൈഭവം പ്രക

www.malankaralibrary.com

ടിപ്പിച്ചിരുന്നു. ബാംഗ്ളൂർ പഠിക്കുമ്പോൾ തന്നെ സാഹിത്യ രചനയിൽ ഉന്നത സ്ഥാനം കൈവരിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. എന്നാൽ അതിനും നാലു വർഷം മുൻപ് അദ്ദേഹം കവിതയെഴുതി തുടങ്ങിയിരുന്നു. സെമിനാരിയിലെ ഒരു സഹപാഠി ഒരു പ്രാവിനെ കല്ലെറിഞ്ഞു വീഴ്ത്തിയതു കണ്ട് ഹൃദയം നൊന്ത് എഴുതിയതാണ് ആദ്യ കവിത- നിണമണിഞ്ഞ കപോതം. കുടുംബ ദീപത്തിൽ 1968-ൽ 23-ാം വയസ്സിൽ ബാലസദസ്സ് കൈകാര്യം ചെയ്യുവാൻ കുനിയന്തോടത്ത് നിയുക്തനായി. പിന്നീട് കുടുംബ ദീപത്തിന്റെ സബ് എഡിറ്ററായി. വൈദികനായതിനു ശേഷം 1976 മുതൽ ചീഫ് എഡിറ്ററായും പ്രവർത്തിച്ചു. 1980-ൽ കോഴിക്കോട് ദേവഗിരി കോളേജിൽ മലയാളം വിഭാഗത്തിൽ അദ്ധ്യാപകനായിട്ടും ഒരു വർഷം കൂടി ചീഫ് എഡിറ്റർ സ്ഥാനം തുടർന്നു. ദേവഗിരി കോളേജിൽ വകുപ്പ് അദ്ധ്യക്ഷനായും വൈസ് പ്രിൻസിപ്പലായും അദ്ദേഹം സേവനം അനുഷ്ഠിച്ചു.

വായന എന്നും അദ്ദേഹത്തിന് ഒരു ഹോബിയായിരുന്നു. ധർമ്മാരാം കോളേജിലെ ജീവിതവും പഠനവും കുനിയന്തോടത്തിന്റെ കാവ്യചക്രവാളം വികസ്വരമാക്കി. അവിടുത്തെ ലൈബ്രറിയിൽനിന്നും തത്വശാസ്ത്രത്തിലും വേദശാസ്ത്രത്തിലും ഉള്ള എല്ലാ ഗ്രന്ഥങ്ങളും വായിച്ചുതീർത്തു. പ്രമുഖ സാഹിത്യകാരനും പത്രപ്രവർത്തകനുമായ ശ്രീ പോൾ മണലിൽ അറുപതു വസന്തങ്ങൾ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. മനസ്സിന്റെ ഭാവങ്ങളെ പകർത്താൻ ഒരു ഉപാധിമാത്രമാണ് അദ്ദേഹത്തിന് കവിത. കവിതയേയും അദ്ദേഹം ഒരുപോലെ സംഗീതത്തെയും സ്നേഹിക്കുന്നു. ആർദ്രമായ ഭാവങ്ങളെ അദ്ദേഹം താലോലിക്കുന്നു. സൂര്യവൃത്തം എന്ന കാവ്യസമാഹാരത്തിന് അവതാരിക എഴുതിയ എൻ.എൻ.കക്കാട് കുനിയന്തോടത്തിന്റെ കവിതകൾ വരൾച്ചയിൽ ആർദ്രതയാണെന്നാണ് വിശേഷിപ്പിക്കുന്നത്

കവിതയെഴുതി ദർശനങ്ങളിൽ ആകൃഷ്ടനായ കുനിയന്തോടത്ത് ആദ്യം പ്രസിദ്ധപ്പെടുത്തിയത് ഒരു പഠനഗ്രന്ഥമാണ്. ആശാനിലെ ദാർശനികൻ. കോളേജ് വിദ്യാഭ്യാസം തുടങ്ങുന്നതിനുമുൻപ് അദ്ദേഹം എഴുതിയ ഈ പുസ്തകം പിന്നീട് കോളേജു ക്ലാസുകളിൽ അദ്ദേഹം തന്നെ പഠിപ്പിച്ചിട്ടുണ്ട്. മഹാകവികുമാരനാശാനോടുള്ള പ്രത്യേകമമതയാണ് ഈ രചനയ്ക്ക് പിന്നിൽ.

ആത്മാവിന്റെ സംഗീതം തുടിച്ചുനിൽക്കുന്ന ഗാനങ്ങളിലൂടെ അനുഭൂതികളുടെ പുതിയതലങ്ങൾ പകർന്നുതരുന്നതിൽ, കാവ്യരചനയിലൂടെയെന്നപോലെതന്നെ ഗാനരചനയിലൂടെയും, തന്റെ വ്യക്തിത്വം വികസ്വരമാക്കുവാൻ ഡോ. ചെറിയാൻ കുനിയന്തോട്ടത്തിന് കഴിഞ്ഞിട്ടുണ്ട്. മൂവായിരത്തോളം ഗാനങ്ങൾ ഇതിനകം പുറത്തിറങ്ങിക്കഴിഞ്ഞു. ക്രിസ്തീയഭക്തിഗാനരംഗത്ത് അദ്ദേഹത്തിന് സ്വന്തമായ വ്യക്തിമുദ്രപതിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. നൂറ്റിയമ്പത് സങ്കീർത്തനങ്ങളും അദ്ദേഹം ഗാനരൂപത്തിലാക്കിയിട്ടുണ്ട്.

www.malankaralibrary.com

കൂടാതെ ക്രിസ്തുകഥാഗീത-മുന്നൂറിലേറെ ഗാനങ്ങളിലായി ശ്രീയേശുചരിതം അദ്ദേഹം പൂർത്തിയാക്കി കൊണ്ടിരിക്കുന്നു. ടാഗോർഗീതങ്ങൾ നൂറിലേറെയുണ്ട്. അത്രത്തോളംതന്നെവരും മീരാഗീതങ്ങളും കബീർഗീതങ്ങളും. സുഭാഷിതങ്ങൾ മുഴുവൻ ഗാനരൂപത്തിലാക്കുന്ന യത്നത്തിലുമാണ് അദ്ദേഹമിന്ന്.

ക്രിസ്തീയഗാനങ്ങളുടെ റിക്കോർഡിംഗ് വിരളമായിരുന്ന കാലത്ത് അദ്ദേഹം രചിച്ച് തോപ്പിൽ ആന്റോയോടൊപ്പം സംഗീതം പകർന്ന ദിവ്യദർശനം എന്ന കാസറ്റാണ് ആദ്യത്തേത്. അതേപേരിൽ പിന്നീട് പല ദിവ്യദർശനങ്ങൾ ഇറങ്ങിയിട്ടുണ്ട്. ജെറി അമൽദേവ് സംഗീതം പകർന്ന് ചിത്ര, മാർക്കോസ്, ബിനോയ് ചാക്കോ തുടങ്ങിയവർ ആലപിച്ച ദിവ്യദർശനം എന്ന കാസറ്റിലും ഡോ.ചെറിയാൻ കുനിയന്തോടത്തിന്റെ ഏതാനും രചനകൾ കേൾക്കാം. 1986 ൽ ജോൺപോൺ രണ്ടാമൻ മാർപാപ്പാ കേരളത്തിൽ വന്നപ്പോൾ എറണാകുളം, തൃശൂർ, കോട്ടയം എന്നിവിടങ്ങളിൽ മാർപാപ്പായുടെ വരവേൽപ്പിനും ദിവ്യബലിക്കും അദ്ദേഹത്തിന്റെ നിരവധി ഗാനങ്ങൾ ആലപിക്കുകയുണ്ടായി. കോട്ടയത്തുവച്ച് ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും അൽഫോൻസാമ്മയേയും വാഴ്ത്തപ്പെട്ടവരായി മാർപാപ്പാ ഉയർത്തിയപ്പോൾ ആലപിച്ച പ്രത്യേക ഗാനവും അദ്ദേഹം രചിച്ചതാണ്. 1979 ൽ തന്നെ ജോൺപോൾ മാർപാപ്പായെ റോമിൽച്ചെന്നുകണ്ട് സംഭാഷണം നടത്തുവാൻ ഭാഗ്യം ലഭിച്ച അദ്ദേഹത്തിന് 1986 ൽ സ്വാഗതഗാനങ്ങളിലൂടെ അദ്ദേഹത്തെ സ്വീകരിക്കാൻ കഴിഞ്ഞതിൽ അതീവ ചാരിതാർത്ഥ്യമുണ്ട്.

ക്രിസ്തീയ ഗാനങ്ങളും നിരവധി ലളിത ഗാനങ്ങളും കുട്ടികൾക്കുള്ള ഗാനങ്ങളും ക്രിസ്തീയ ശാസ്ത്രഗീതങ്ങളും കുനിയന്തോടത്ത് രചിച്ചിട്ടുണ്ട്. കവിത, കഥ, നോവൽ, ലേഖനം, ഗാനം, യാത്രാവിവരണം ഇവയ്ക്കുപുറമേ നാടകരചനാരംഗത്തും തനിക്കുള്ള കഴിവ് പ്രകടമാക്കാൻ കുനിയന്തോടത്തച്ചന് കഴിഞ്ഞിട്ടുണ്ട്. ഇരുപത്തിയഞ്ചുവർഷം മുൻപ് ഫാ. കുനിയന്തോടത്ത് എഴുതിയ ആദ്യനാടകം സേതുഭംഗമാണ്. തുടർന്ന് നിരവധിനാടകങ്ങൾ അദ്ദേഹം രചിച്ചു. അറുപതു വസന്തങ്ങൾ എന്ന ഗ്രന്ഥത്തിന്റെ മുഖമൊഴിയിൽ എഡിറ്റർ പ്രീമൂസ് പെരിഞ്ചേരി ഇപ്രകാരം എഴുതുന്നു. "രണ്ടുകൈകൊണ്ടും ഒരേപ്രാഗത്ഭ്യത്തിൽ അമ്പെയ്യുന്നതാണ് സവ്യസാചിത്വം. ഗദ്യത്തിലും പദ്യത്തിലും ഒരേ വൈഭവം ദീക്ഷിക്കുന്നവരെ നാം സവ്യസാചികൾ എന്ന് മതിപ്പോടെ വിളിക്കുന്നു. ഡോ. കുനിയന്തോടത്ത് ആ വകുപ്പിൽ വരുന്നു. അദ്ദേഹത്തിന്റെ ഗദ്യവും കാവ്യരചനകളും തുല്യയളവിൽ ഹൃദയാഹ്ലാദകത്വം പകരുന്നുണ്ട്. മലയാളത്തിലും ഇംഗ്ലീഷിലും ഈ പാടവം ദൃശ്യമാകുന്നുണ്ട്. അപ്പോൾ സവ്യസാചിയെന്ന വിശേഷണം വാഗർത്ഥസംവൃക്തമായ ഒന്നായി സർവ്വപ്രകാരേണയും പരിണാമംകൊള്ളുന്നുണ്ട്..... ഡോ.കുനിയന്തോടത്തിനെപോലെ ഇത്രയും അനായാസമെഴുതുന്നവർ അധികമുണ്ടാവില്ല. ഇത്രയും വേഗത്തിലെഴുതുന്നവരും ഉണ്ടാവില്ല.

www.malankaralibrary.com

ഇത്രയും അധികമെഴുതുന്നവും ഉണ്ടാവില്ല. അപ്പോഴും ഇത്രയും സ്ഖലിതരഹിതമായി എഴുതുന്നവരും അധികമുണ്ടാവുകയില്ല. അധികമുണ്ടാവാത്ത വിരള സവിശേഷജനുസ്സിൽപ്പെടുന്ന ഒരാൾ."

ഡോ.കുനിയന്തോടത്തിന്റെ കവിതകളെയും സംഭാവനകളെയും കൃത്യമായി വിലയിരുത്തിയിരിക്കുന്നത് പ്രൊഫ.എം. കൃഷ്ണൻനായരാണ്. അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു. പണ്ട് ബുദ്ധൻ ജനിച്ചു. ക്രിസ്തു ജനിച്ചു. അപ്പോഴൊക്കെ തമസ്സ് മാറിക്കിട്ടി. ഇന്ന് അതില്ല. കൂരിരുട്ട് വ്യാപിക്കുന്നതേയുള്ളു. അങ്ങനെ അഭിശപ്തമായ ഒരു കാലയളവിൽ ജീവിക്കാനുള്ള മാർഗ്ഗം കാണിച്ചുതരികയാണ് കവികൾ. എല്ലാ കവികളുമല്ല. ആദ്ധ്യാത്മികശോഭ പ്രസരിപ്പിക്കുന്ന കവികൾ മാത്രം. അവരിൽ ചെറിയാൻ കുനിയന്തോടത്തിന് പ്രമുഖമായ സ്ഥാനമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

മഹാകവി പ്രൊഫ.മാത്യു ഉലകംതറ മുന്തിരിത്തോട്ടം എന്ന ലേഖനത്തിൽ ഡോ.കുനിയന്തോടത്തിന്റെ കവിതയെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "ഫാ.കുനിയന്തോടത്തിന്റെ സത്യദർശനം ക്രിസ്തുവിലെത്തിനിൽക്കുന്നു. അസതോ മാ സത്ഗമയ എന്ന ഭാരതീയ ഋഷിപുംഗവന്മാരുടെ ആത്മവിലാപം അദ്ദേഹം കേട്ടിട്ടുണ്ട്. ഞാനാണ് സത്യമെന്നു ക്രിസ്തുവിന്റെ പ്രത്യുത്തരം അതിനേക്കാളുച്ചത്തിൽ അദ്ദേഹം കേട്ടു. ഭാരതീയ സാംസ്കാരിക പശ്ചാത്തലത്തിൽ ക്രൈസ്തവതത്വങ്ങളാവിഷ്കരിക്കുന്ന ഈ ലഘുകവിതകളുടെ അർത്ഥവും പ്രസക്തിയും ഇവിടെയാണ് നാമന്വേഷിക്കേണ്ടത്. അമർത്യത മർത്യതയെപ്പുൽകാനിറങ്ങിവരുന്ന - സ്വർഗ്ഗം ഭൂമിയിലേക്ക് പ്രവഹിക്കുന്ന - ക്രിസ്മസ് രാത്രിയിൽ അദ്ദേഹത്തിന്റെ സൗന്ദര്യ സങ്കല്പങ്ങൾ സാന്ദ്രീഭവിക്കുന്നു. ക്രിസ്മസ് അദ്ദേഹത്തിന് എഴുതിയാൽ തീരാത്ത കവിതയാണ്. പലതാളത്തിലും രാഗത്തിലും പലവട്ടം അദ്ദേഹം അതിനെക്കുറിച്ചു പാടുന്നു. പലവർഷങ്ങളായി ക്രിസ്മസ് വേളകളിൽ ആനുകാലികങ്ങൾക്കുവേണ്ടി എഴുതപ്പെട്ടു എന്നതിൽക്കവിഞ്ഞ് ആഒരു വിഷയത്തോട് കവിക്കുള്ള ആരാധനയാണ് ഞാനതിൽ തെളിഞ്ഞുകാണുന്നത്. സ്വാഭാവികമായ ചില ആശയാവർത്തനങ്ങൾ അവയിൽ കടന്നു പറ്റിയിട്ടുണ്ടെങ്കിലും ഓരോ കവിതയ്ക്കും അതിന്റെ തനതുലാവണ്യമുണ്ട്."

കുനിയന്തോടത്തച്ചന്റെ ഏതാനും കവിതകൾ ഉദ്ധരിച്ചുകൊണ്ട് പ്രൊഫ. മാത്യൂ ഉലകംതറ പറയുന്നു "കാവ്യരചനയുടെ കൊടുമുടികളെല്ലാം ഫാ. കുനിയന്തോടത്തിന് കീഴടങ്ങുമെന്ന് തെളിയിക്കാൻ ഇതുപോലെ എത്ര ഈരടികൾ വേണമെങ്കിലും ഉദ്ധരിക്കാൻ സാധിക്കും."

സ്വതസിദ്ധിയും ദർശനദീപ്തിയും ശബ്ദസിദ്ധിയും വൃത്തവൈവിധ്യവും വേണ്ടവോളമുൾക്കൊള്ളുന്ന ഒരു കവിയാണ് കുനിയന്തോടത്തച്ചൻ. വിദ്യാഭ്യാസപ്രവർത്തകൻ, സാഹിത്യസാംസ്കാരികപ്രവർത്തകൻ എന്നിങ്ങനെ വിവിധമേഖലകളിൽ വ്യാപിരിച്ചപ്പോഴും മറ്റുപലരംഗങ്ങളിലും അദ്ദേഹം തന്റെ സേവനം അർപ്പിച്ചിട്ടുണ്ട്. 1999-ൽ രാജഗിരി പ്രോവിൻസിന്റെ

www.malankaralibrary.com

വിദ്യാഭ്യാസ സെക്രട്ടറിയായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ദേവഗിരികോളേജിൽ നിന്ന് വൈസ് പ്രിൻസിപ്പലായി വിരമിച്ചശേഷം രാജഗിരി വ്യവസായസ്ഥാപനങ്ങളുടെ കോർഡിനേറ്റർ, എന്നീനിലകളിൽ ഫാ. ചെറിയാൻ കുനിയന്തോടത്ത് സേവനമനുഷ്ഠിച്ചു. തേവര എൽ.എഫ്.ഐ. ഓഫ്സെറ്റ്പ്രസ്സ്, ജനതാബുക്സ് എന്നിവയുടെ എംഡി, കലാഭവൻ ഡയറക്ടർ ബോർഡംഗം, കൊച്ചി കൾച്ചറൽ സെന്റർ സെക്രട്ടറി, സംഗീതസദൻ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ചെറിയാൻ കുനിയന്തോടത്ത് രചിച്ച ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ്. ആശാനിലെ ദാർശിനികൻ, ബിന്ദു, സൂര്യവൃത്തം, തണൽമരം, ദിവസങ്ങളുടെ സംഗീതം (രണ്ടുഭാഗം) നക്ഷത്രമാണെന്റെ ലക്ഷ്യം, ശാകുന്തളം ഒരു ഹാസ്യനാടകം, അത്യാധുനികസാഹിത്യത്തിന്റെ മുഖഭാവങ്ങൾ, സേതുഭംഗം, അസ്ത്രപഥം, ശിശിരസൂര്യൻ, മദ്ധ്യാഹ്നത്തിലെ കൊടുങ്കാറ്റ്, അകലങ്ങളിൽ മണിമുഴക്കം, താളം ജീവിതത്തിന്റെ താളം, കാൽവരിയിലേയ്ക്ക്, ദൈവസ്നേഹിയായ മനുഷ്യസ്നേഹി, നിത്യതതേടുന്ന നിമിഷങ്ങൾ, നട്ടുച്ചനേരത്ത്, നിത്യതയുടെ തീരങ്ങൾ, സ്മൃതിഗാഥ, നിത്യത എന്ന സത്യം, മുളന്തണ്ട്, മലയാളഭാഷയും ഡോ. ഹെർമൻഗുണ്ടർട്ടും, അപരാഹ്നസ്വപ്നങ്ങൾ, ഒരു ചിപ്പിയും കുറെ മുത്തുകളും, ഏഴുചിറകുള്ള പക്ഷി, പഥികസങ്കീർത്തനം, മുന്തിരിത്തോട്ടം, ഖലിൻജിബ്രാൻകഥകൾ, മദർതെരേസാ കനലിൽ നടന്ന കന്യക, സ്മൃതിയുടെ മയിൽപ്പീലികൾ, അനന്തതയുടെ ഒരു തരി, ഒരു സ്വാന്തന സ്പർശം, ഏക്സിപ്പ് ഒർ കുച്ഛ് മോത്തി Mother Teresa- a touch of solace, തേജോമയൻ, പ്രേമവിവാഹം പരാജയമോ, ടാഗോർ ഗീതാഞ്ജലി, സ്വർഗീയ വീണകൾ Beyond Words -കൂടാതെ നാനൂറോളം കാസറ്റുകളും തയ്യാറാക്കിയിട്ടുണ്ട്.

ചെറിയാൻ കുനിയന്തോടത്തച്ചന്റെ സാഹിത്യസേവനങ്ങളെ ആദരിച്ച് നിരവധി അവാർഡുകളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട് . കെ.സി.ബി.സി. സാഹിത്യഅവാർഡ് നാഷണൽ ക്രിസ്ത്യൻബുക് അവാർഡ് ,തേജസ് അവാർഡ് , ഡോ. കെ.ജോർജ് ഫൗണ്ടേഷൻ അവാർഡ്, മന്ദസ്മിതം സാഹിത്യ അവാർഡ്, പുത്തൻകാവ് മാത്തൻ തരകൻ സൗഹൃദമുദ്ര, മേരി വിജയംസാഹിത്യ അവാർഡ്, എഡിറ്റേഴ്സ് ചോയ്സ് അവാർഡ് കേരള സംഗീത നാടക അക്കാഡമി അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

വിശുദ്ധനാടുകളും യൂറോപ്യൻ രാജ്യങ്ങളും അമേരിക്കൻ ഐക്യനാടുകളും അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. വി.കൊച്ചുത്രേസ്യായുടെ ശവകുടീരത്തിലും ലൂർദ്ദിലും ഇറ്റലിയിലെ നെറ്റ്യൂണിയൻ വി. മരിയ ഗൊരേത്തിയുടെ കത്തീഡ്രലും ഡൻമാർക്കിന്റെ തലസ്ഥാനമായ കോപ്പൻഹേഗും, സ്വീഡനിലെ സ്റ്റോക് ഹോമും ജർമ്മനിയിലെ ബ്രുഹ്ഹൗസും, ഫ്രാൻസിലെ സ്ട്രാസ് ബർഗും, ഹോളണ്ടിന്റെ തലസ്ഥാനമായ ആസ്റ്റർഡാമും, ചിക്കാഗോയും, ന്യൂയോർക്കും, യൂഗോസ്ലാവിയായിലെ സാഗ്രേണിലും ഗ്രീസിലെ കല

www.malankaralibrary.com


മാറ്റയും ബാർസലോണിയയും, ബ്രസ്സൽസും, ജർമ്മനിയിലെ ബർലിൻ നഗരവും തായ്‌ലണ്ടിലെ ബാങ്കോക്കും. സ്വീഡനും , ലക്സംബർഗും, ബേത്‌ലഹവും, അമേരിക്കയിലെ ഗിറ്റസ് ബർഗും എല്ലാം സന്ദരശിക്കാൻഅദ്ദേഹത്തിന് അവസരം ലഭിക്കുകയുണ്ടായി.

സംഗീതവും സാഹിത്യവും പരസ്പരപൂരകങ്ങളാണെന്ന് വിശ്വസിക്കുന്ന ഫാ.കുനിയന്തോടത്തിന്റെ ഷഷ്ട്യബ്ദി വിപുലമായ തോതിൽ ആഘോഷിക്കുകയുണ്ടായി.

വിലാസം - റവ. ഡോ. ചെറിയാൻ കുനിയന്തോടത്ത്, ചീഫ് എഡിറ്റർ, കുടുംബദീപം, തേവര - കൊച്ചി.

# 338

# മാർ ജോർജ് ആലഞ്ചേരി



ലാളിത്യം ഒരു ജീവിതചര്യയായി സ്വീകരിക്കുകയും തന്റെ രൂപതയിലെ ജനങ്ങളെ പേരുചൊല്ലി വിളിക്കാൻ കഴിയുന്നവിധം അവരുമായി ഭവനസന്ദർശനത്തിലൂടെ ബന്ധപ്പെടുകയും ചെയ്യുന്ന ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി, ചങ്ങനാശ്ശേരി അതിരൂപതയിലെ തുരുത്തി ഇടവകയിൽ ആലഞ്ചേരി പീലിപ്പോസിന്റെയും മറിയാമ്മയുടെയും പതിനൊന്നു മക്കളിൽ ആറാമനായി 1945 ഏപ്രിൽ 19-ന് ജനിച്ചു. മാമ്മൂദീസാപ്പേര് ഗീവർഗീസ് എന്നാണെങ്കിലും വറീച്ചൻ എന്നാണ് വീട്ടുകാർ വിളിച്ചിരുന്ന ഓമനപ്പേര്. പ്രമുഖ ചരിത്രകാരനായ ഫാ. ബർണാർഡ് തോമ്മായടക്കം നിരവധി വൈദികരെ ക്രൈസ്തവസഭയ്ക്ക് സംഭാവന ചെയ്ത ഒരു കുടുംബമാണ് ആലഞ്ചേരി കുടുംബം. വറീച്ചന്റെ സഹോദരന്മാർ വൈദീകരും ഒരു സഹോദരി സന്യാസിനിയുമാണ്. കൃഷിക്കാരനായ പിതാവിന് കൊപ്രാവ്യാപാരവും ഉണ്ടായിരുന്നു.

നഴ്സറി വിദ്യാഭ്യാസം ഇല്ലാതിരുന്ന അക്കാലത്ത് കളരിയിൽ ആശാൻമാരുടെ നേതൃത്വത്തിലാണ് കുട്ടികൾ വിദ്യാഭ്യാസം നടത്തിയിരുന്നത്. ഒരുദിവസം കളരിയിൽ പോകാതെ വീട്ടിൽ ഒളിച്ചിരുന്ന വറീച്ചനെ പിതാവ് വീടുമുതൽ കളരിവരെ തല്ലികൊണ്ടുപോയി. പഠനകാര്യത്തിൽ പിന്നീട് ഒരിക്കലും വറീച്ചനെ ശാസിക്കേണ്ടിവന്നിട്ടില്ല എന്നുതന്നെയുമല്ല പഠനത്തിൽ ഒന്നാമനാകണമെന്നുള്ള ഒരുവാശിയോടുകൂടി പഠനം തുടരുകയും ചെയ്തു. തുരുത്തി സെന്റ് മേരീസ് യു.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും ചങ്ങനാശ്ശേരി എസ്.ബി.സ്കൂളിൽ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. ജോർജ് പീലിപ്പോസ് എന്നായിരുന്നു സ്കൂളിലെ

www.malankaralibrary.com

പേര്. എസ്.എസ്.എൽ.സിയ്ക്ക് സ്കൂളിൽ മൂന്നാംറാങ്കുനേടിയാണ് വിജയിച്ചത്. പള്ളിയിലും വീട്ടിലും ഒരു കൊച്ചുസന്യാസിയുടെ ലാളിത്യത്തോടെ, സ്വാഭവത്തോടെ വളർന്ന ജോർജ് പീലിപ്പോസ് പ്രസംഗത്തിലും അതിസമർത്ഥനായിരുന്നു.

എസ്.എസ്.എൽ.സി. പാസായപ്പോൾ വൈദികനാകാനുള്ള ആഗ്രഹം പിതാവിനെ അറിയിച്ചു. ചേട്ടൻ ജോസ് പട്ടത്തിന് പഠിക്കുന്നുണ്ടല്ലോയെന്ന് പറഞ്ഞ് പിതാവ് തന്റെ വിസമ്മതം പ്രകടിപ്പിച്ചു. വികാരിയുടെയടുത്തും തന്റെ അഭിലാഷം അറിയിച്ചു. ജോർജ് പീലിപ്പോസിന്റെ ദൈവവിളിശരിയാണെന്ന് തിരിച്ചറിഞ്ഞ വികാരിയച്ചൻ പീലിപ്പോസ് എന്ന കൊച്ചേട്ടനുമായി ആലോചിച്ച് ജോർജ് പീലിപ്പോസിനെ സെമിനാരിയിൽ അയയ്ക്കാൻ തീരുമാനിച്ചു. ചേട്ടൻ ഇടവകപ്പട്ടത്തിന് പഠിക്കുന്നതുകൊണ്ട് താൻ സന്യാസി വൈദീകനായേക്കാമെന്ന് ജോർജ് പീലിപ്പോസ് ചിന്തിച്ചു. കുടുംബത്തിന് സാമ്പത്തികഭാരം വരുത്തേണ്ടായെന്ന ചിന്തയാണ് ഇതിന് പ്രേരകമായത്. എന്നാൽ പുണ്യശ്ലോകനായ കാവുകാട്ട് പിതാവ് ജോർജ് പീലിപ്പോസിന് ഇടവക വൈദികനാകാനുള്ള വിളിയാണുള്ളതെന്ന് മനസ്സിലാക്കി മൈനർസെമിനാരി റെക്ടറച്ചനുമായി സാമ്പത്തികകാര്യങ്ങൾ ക്രമീകരിച്ചുകൊണ്ട് മൈനർസെമിനാരിയിൽ പ്രവേശനം നൽകി. പ്രീ യൂണിവേഴ്സിറ്റി പഠനം പൂർത്തിയാക്കിയശേഷമാണ് ജോർജ് പീലിപ്പോസ് പാറേൽ മൈനർ സെമിനാരിയിൽ ചേർന്നത്. പഠനത്തിൽ സമർത്ഥനായിരുന്ന ബ്രദർ ജോർജിനെ ബിരുദപഠനത്തിനയക്കാൻ റെക്ടറച്ചൻ ശുപാർശ ചെയ്തു. തുടർന്ന് എസ്.ബി. കോളേജിൽ പഠനം ആരംഭിച്ചു. ധനതത്വശാസ്ത്രത്തിൽ ബി.എ. പരീക്ഷയിൽ കേരളായൂണിവേഴ്സിറ്റിയിൽനിന്ന് സെക്കന്റ് റാങ്കും സ്വർണ്ണമെഡലും നേടി വിജയംവരിച്ചു. തുടർന്ന് ആലുവാമംഗലപ്പുഴ സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി. 1972 ഡിസംബർ 18ന് ഇടവകദേവാലയത്തിൽവച്ച് ആർച്ച് ബിഷപ്പ് മാർ ആന്റണി പടിയറയിൽനിന്നും വൈദികപട്ടം സ്വീകരിച്ചു.

നവവൈദികനെ ദൈവശാസ്ത്രത്തിൽ ഉന്നതപഠനത്തിനായി ആലുവാപൊന്തിഫിക്കൽ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് അയച്ചു. മാസ്റ്റർ ഓഫ് തിയോളജി പഠനത്തിൽ ഫാ. ജോർജ് ഒന്നാംറാങ്കുനേടി. 1974 ൽ ചങ്ങനാശ്ശേരിയിൽ തിരിച്ചെത്തിയ ആലഞ്ചേരിയച്ചനെ മെത്രാപ്പോലീത്തൻപള്ളിയിൽ അസിസ്റ്റന്റ് വികാരിയായി നിയമിച്ചു. 1977 മുതൽ 79 വരെ അതിരൂപതാ സണ്ടേസ്കൂളിന്റെയും സന്ദേശനിലയത്തിന്റെയും ഡയറക്ടറായി സേവനമനുഷ്ഠിച്ചു. തുടർന്ന് 1979 മുതൽ 81 വരെ എറണാകുളത്തെ പി.ഒ.സി.യിൽ സ്റ്റാഫംഗമായി. അതോടൊപ്പം കെ.സി.ബി.സി. മതബോധനകമ്മീഷൻ സെക്രട്ടറി എന്ന നിലയിലും പ്രവർത്തിച്ചു. 1981 ൽ ഫാ. ആലഞ്ചേരിയെ ഉപരിപഠനത്തിനായി പാരീസിലെ കാത്തലിക് യൂണിവേഴ്സിറ്റിയിലേക്കയച്ചു. വേദപുസ്തക ദൈവശാസ്ത്രത്തിൽ പ്രശംസനീയമായ രീതിയിൽ

www.malankaralibrary.com

അദ്ദേഹം ഡോക്ടറേറ്റ് നേടി. പൗരസ്ത്യസുറിയാനി സഭാപാരമ്പര്യത്തിൽ ക്രിസ്തുവിന്റെ മാമ്മൂദീസായുടെ ദൈവശാസ്ത്രപരമായ പ്രാധാന്യത്തെ യാണ് ഡോക്ടറേറ്റിനുള്ള പ്രബന്ധത്തിൽ അച്ചൻ വിശകലനം ചെയ്തത്. ക്രിസ്തുവിന്റെ മാമ്മോദീസാ ക്രൈസ്തവരുടെ മാമ്മോദീസായുടെ പ്രതീ കമാണെന്ന് അദ്ദേഹം വിശദീകരിച്ചു. ക്രൈസ്തവർ ക്രിസ്തുവിനെപ്പോലെ ദൈവാത്മാവിൽ നിറഞ്ഞ് പുതിയജീവിതം ആരംഭിക്കുന്നത് മാമ്മൂദീസായി ലാണെന്നും അദ്ദേഹം സമർത്ഥിച്ചു.

1986 ൽ പാരീസിൽ നിന്നും തിരിച്ചെത്തിയ ആലഞ്ചേരി ജോർജ്ജ ച്ചൻ എറണാകുളത്തെ പി.ഒ.സി.യുടെ ഡയറക്ടറായി നിയമിതനായി. അതോടൊപ്പം കെ.സി.ബി.സിയുടെ ഡപ്യൂട്ടി സെക്രട്ടറിയായും പ്രവർത്തി ച്ചു. കേരളത്തിലെ കത്തോലിക്കാ രൂപതകളെ ആഴത്തിൽ മനസ്സിലാക്കാൻ ഈയവസരം സഹായകരമായി. പി.ഒ.സിയിലെ ജോലികൾക്കിടയിൽ വട വാതൂർ സെമിനാരിയിലും ആലുവാ പൊന്തിഫിക്കൽ സെമിനാരിയിലും വിസി റ്റംഗ് പ്രൊഫസറായി സേവനം അനുഷ്ഠിച്ചു. 1992 മുതൽ 1994 വരെ വടവാ തൂർ പൗരസ്ത്യവിദ്യാപീഠത്തിൽ റസിഡണ്ട് പ്രൊഫസറായും സേവനം അനുഷ്ഠിച്ചു. വൈദീകവിദ്യാർത്ഥികൾ ആലഞ്ചേരിയച്ചന്റെ അദ്ധ്യാപന ശൈലിയെ ഇഷ്ടപ്പെടുകയും ചെയ്തു.

1994 ഫെബ്രുവരിയിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരി ജന റാളായി നിയമിതനായി. മികച്ച വാഗ്മിയും സംഘാടകനുമായ ഡോ. ആല ഞ്ചേരി സഭൈക്യസംഭാഷണങ്ങളിലും മതസൗഹാർദ്ദപ്രവർത്തനങ്ങളിലും സഭയെ പ്രതിനിധീകരിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി അതിരൂപതയിലെ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിച്ചിരുന്ന ആലഞ്ചേരിയച്ചൻ പ്രഗത്ഭനായ ഒരു ധ്യാനഗുരുവെന്ന നിലയിലും അറിയപ്പെട്ടു. കേരളത്തിലെ മിക്ക രൂപതകളിലും വൈദീകർക്കായി ധ്യാനപ്രഭാഷണം നടത്തിയിട്ടുണ്ട്. യുവജനങ്ങൾ ഡോ.ആലഞ്ചേരിയുടെ പ്രസംഗങ്ങളും ക്ലാസുകളും വളരെ യേറെ ഇഷ്ടപ്പെട്ടിരുന്നു. ധാർമ്മികത ഇന്നും നാളെയും എന്നപേരിൽ ഒരു മലയാളം പുസ്തകം അദ്ദേഹം രചിച്ചിട്ടുണ്ട്. കൂടാതെ തിയോളജി വിഷയ ങ്ങളിൽ അദ്ദേഹം എഴുതിയ നിരവധി ലേഖനങ്ങൾ ഇംഗ്ലീഷിലും മലയാള ത്തിലും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

1996 ഡിസംബർ 18ന് ആലഞ്ചേരി ജോർജച്ചന്റെ പൗരോഹിത്യരജത ജൂബിലിദിനത്തിൽ അദ്ദേഹം മെത്രാനായി നിയമിക്കപ്പെട്ടതിന്റെ പ്രഖ്യാപ നമുണ്ടായി. പൗരോഹിത്യത്തിന്റെ പൂർണ്ണതയായ മെത്രാൻ സ്ഥാനത്തേ യ്ക്കുള്ള ദൈവത്തിന്റെ പ്രത്യേകവിളിയായിരുന്നു അത്. ചങ്ങനാശ്ശേരി അതി രൂപത വിഭജിച്ച് തക്കല മിഷൻ രൂപത രൂപവൽക്കരിച്ചതായും രൂപതയുടെ മെത്രാനായി മോൺ.ഡോ. ജോർജ് ആലഞ്ചേരിയെ നിയമിച്ചതായും ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ അറിയിക്കുകയും ചെയ്തു. കന്യാകു മാരി മിഷന്റെ കേന്ദ്രമായിരുന്ന പടന്താലുംമൂട് തിരുഹൃദയദേവാലയാങ്കണ

www.malankaralibrary.com

ത്തിൽവച്ച് 1997 ഫെബ്രുവരി 2ന് തക്കല രൂപതയുടെ ഉദ്ഘാടനവും മോൺ ജോർജ് ആലഞ്ചേരിയുടെ മെത്രാഭിഷേക കർമ്മവും നടന്നു. പ്രസ്തുത കർമ്മത്തിൽ ബഹുഭാഷാപണ്ഡിതനായ മാർ ജോർജ് ആലഞ്ചേരി തമിഴ്ഭാഷയിൽതന്നെ ബലിയർപ്പണവും പ്രഭാഷണവും നടത്തി. അന്യഭാഷയേയും സംസ്കാരത്തേയും ആദരിക്കാനും ഉൾക്കൊള്ളാനുമുള്ള അദ്ദേഹത്തിന്റെ കഴിവ് എടുത്ത് പറയത്തക്കതാണ്.

ഈ സന്ദർഭത്തിൽ തക്കല രൂപതയുടെ ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം നടത്തുന്നത് ഉചിതമായിരിക്കും. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച 'ഏഴരപ്പള്ളി' കളിൽ അരപ്പള്ളിയായി കണക്കാക്കുന്നത് തിരുവിതാംകോട് ദേവാലയമാണ്. ഈ ദേവാലയത്തിലേയ്ക്കു തക്കല നഗരത്തിൽ നിന്നും രണ്ടരകിലോമീറ്റർ ദുരമേയുള്ളു. ഉദയംപേരൂർ സൂനഹദോസിന്റെ രേഖകളിൽ തിരുവിതാംകോട് ദേവാലയത്തെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. ക്രിസ്തുവർഷാരംഭ കാലഘട്ടം മുതൽതന്നെ സുറിയാനി ക്രിസ്ത്യാനികളുടെ ഒരു പ്രധാന കേന്ദ്രമായിരുന്നു കന്യാകുമാരി പ്രദേശം എന്നതിനെ സാധൂകരിക്കുന്ന നിരവധി തെളിവുകൾ ലഭ്യമായിട്ടുണ്ട്. കന്യാകുമാരി മുനമ്പിൽ നിന്നും ഏറെയകലെയല്ലാതെ സ്ഥിതി ചെയ്യുന്ന ചിന്നമുട്ട (കുമരിമുട്ടം) ത്തു പ്രാചീനകാലം മുതൽക്കെ നിലനിന്നിരുന്ന പുനിത തോമൈയാർ ആലയം തോമാശ്ലീഹാ സ്ഥാപിച്ചതാണെന്നാണ് ഇവിടുത്തുകാരുടെ വിശ്വാസം. ഈ ദേവാലയം സുറിയാനി ക്രിസ്ത്യാനികളുടേതാണെന്നുള്ള തെളിവു നൽകുന്ന രാജകീയ ശാസനം ഇന്നും പത്മനാഭപുരം കൊട്ടാര മ്യൂസിയത്തിൽ കാണാവുന്നതാണ്. വാസ്കോഡിഗാമയുടെ വരവിന് മുമ്പുള്ളതാണ് ഈ ശാസനം. എ.ഡി. ആദ്യനൂറ്റാണ്ടുകൾതൊട്ടേ പ്രസിദ്ധമായിരുന്ന കോട്ടാർ വാണിജ്യ കേന്ദ്രത്തിന്റെ സമീപ പ്രദേശങ്ങളിലും മാർത്തോമ്മാ ക്രിസ്ത്യാനികൾ താമസിച്ചിരുന്നു. നാഗർകോവിൽ പട്ടണത്തിലും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ദേവാലയം മുമ്പ് ഉണ്ടായിരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ശക്തമായ അടിത്തറയിലാണ് തക്കല രൂപത സ്ഥാപിതമായിരിക്കുന്നത്.

സീറോമലബാർസഭയുടെ പ്രവർത്തനമേഖല വടക്ക്, ഭാരതപ്പുഴയ്ക്കും തെക്ക്, പമ്പയാറിനുമിടയ്ക്കുള്ള പ്രദേശമെന്നു വ്യവസ്ഥ ചെയ്യപ്പെട്ടിരുന്ന സാഹചര്യത്തിൽ, ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാം പീയൂസ് മാർപാപ്പാ 1955 ഏപ്രിൽ 29-ാം തീയതി മുൾത്തോരും ഫിദേലിയും എന്ന ഡിക്രിവഴി ചങ്ങനാശ്ശേരി രൂപതയുടെ അധികാരസീമ കൊല്ലം, തിരുവനന്തപുരം, കോട്ടാർ എന്നീ രൂപതാ പ്രദേശങ്ങൾക്കൂടി ഉൾപ്പെടുത്തി തെക്കോട്ടു കന്യാകുമാരിവരെ വികസിപ്പിച്ചത് ചരിത്രപ്രധാനമായ ഒരു സംഭവമായിരുന്നു. പുണ്യശ്ലോകനായ മാർ മാത്യു കാവുകാട്ടു പിതാവിന്റെ കാലത്താണ് കന്യാകുമാരി മിഷന് തുടക്കം കുറിച്ചത്. ആ പ്രവർത്തനങ്ങൾക്കു രംഗസജ്ജീകരണം ചെയ്ത റവ. ഡോ. തോമസ് നങ്ങച്ചിവീട്ടിൽ, പ്രോത്സാഹനം നൽകിയ

www.malankaralibrary.com

വികാരി ജനറാൾ മോൺ. എൽ.ജെ. ചിറ്റൂർ എന്നിവർ ഇവിടെ സ്മരിക്കപ്പെടേണ്ട വ്യക്തികളാണ്. 1960 സെപ്റ്റംബർ 18ന് ഫാ. സക്കറിയാസ് കായിത്തറയാണ് നിദ്രവിളയിൽ കന്യാകുമാരിയിലെ ആദ്യത്തെ മിഷന് തുടക്കം കുറിച്ചത്. ഭാഷയും സംസ്കാരവും തീർത്ത വേലിക്കെട്ട് നീക്കിക്കൊണ്ട് പിന്നോക്കാവസ്ഥയിലായിരുന്ന ഒരു ജനവിഭാഗത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നമനം ലക്ഷ്യമാക്കി രൂപംകൊണ്ട സീറോമലബാർ കന്യാകുമാരി മിഷനാണ് തക്കല രൂപതയായി രൂപാന്തരപ്പെട്ടിരിക്കുന്നത്. കന്യാകുമാരി ജില്ലയും തിരുനെൽവേലി ജില്ലയിലെ ചെങ്കോട്ട താലൂക്കും ഉൾപ്പെട്ടതാണ് തക്കല രൂപത. സീറോ മലബാർ സഭയുടെ തമിഴ്നാട്ടിലെ ആദ്യത്തെ രൂപതയാണ് തക്കല.

ചരിത്രപ്രസിദ്ധമായ പത്മനാഭപുരം കൊട്ടാരവും കോട്ടയും, ഉദയഗിരികോട്ടയും ക്യാപ്റ്റൻ ഡിലനോയിയുടെ കല്ലറയും, ദൈവദാസൻ ദേവസഹായം പിള്ളയുടെ രക്തസാക്ഷിത്വം നടന്ന കാറ്റാടി മലയും മണിയടിക്കുന്ന അത്ഭുതപ്പാറയും, മുട്ടിടിച്ചാൻ പാറയും, ക്രിസ്തുശിഷ്യയാ തോമ്മാശ്ലീഹായാൽ സ്ഥാപിതമായ തിരുവിതാംകോട് അരപ്പള്ളിയും, സ്വദേശിയരേയും, വിദേശികളെയും എക്കാലവും ആകർഷിച്ചുപോരുന്ന മൂന്നു കടലുകളുടെ സംഗമബിന്ദുവായ കന്യാകുമാരി മുനമ്പും രൂപതയ്ക്കു ചരിത്ര പ്രസിദ്ധിയും മനോഹാരിതയും നൽകുന്നു.

ആലഞ്ചേരി പിതാവ് വന്നതിനുശേഷം തക്കലരൂപത പിന്നിട്ട പടവുകൾ ഒന്നു പരിശോധിക്കാം.

ക്രിസ്തു നന്മചെയ്തുകൊണ്ട് ചുറ്റി സഞ്ചരിച്ചു (അപ്പ 10:38) ഈ തിരുവചനം ആപ്തവാക്യമായി സ്വീകരിച്ച അഭിവന്ദ്യ ആലഞ്ചേരിപ്പിതാവിന്റെ ദീർഘവീക്ഷണവും കർമ്മോത്സുകതയും രൂപതയുടെ വളർച്ചയിലും ക്ഷേമത്തിലും ഗണ്യമായി സ്വാധീനം ചെലുത്തി. ക്രിസ്തുവിന്റെ സാർവ്വലൗകിക സന്ദേശം ജനങ്ങളുടെ ജീവിതത്തിൽ പകർത്തണമെന്ന ഹൃദയാഭിലാഷത്തോടെ അദ്ദേഹം കർമ്മപഥത്തിലിറങ്ങി. വേഗത മുഖമുദ്രയായുള്ള 21-ാം നൂറ്റാണ്ടിൽ കാര്യങ്ങൾ പെട്ടെന്ന് ഗ്രഹിച്ച്, വേഗത്തിൽ പ്രതികരിക്കാനുള്ള ആലഞ്ചേരി പിതാവിന്റെ സാമർത്ഥ്യം വിശ്വാസികൾക്കു ധീരമായ നേതൃത്വത്തിന് ഉപകരിച്ചു. ബഹുഭാഷാ പണ്ഡിതനായ ആലഞ്ചേരി പിതാവ് തമിഴ് ഭാഷയും വേഗത്തിൽ സ്വായത്തമാക്കി.

നല്ല ദൈവാലയങ്ങളില്ലാത്ത, ദൈവവിളികളില്ലാത്ത, ആഴമായ ക്രൈസ്തവവിശ്വാസം സ്വന്തമായില്ലാത്ത മക്കൾക്ക് ദൈവത്തെ പകർന്ന കൊടുക്കാൻ വിവിധ രൂപതകളിൽനിന്നും നിശ്ചിതകാലഘട്ടത്തിലേയ്ക്കു വൈദികരെ കടം വാങ്ങി. വിദേശത്തും കേരളത്തിലും അദ്ദേഹം സഞ്ചരിച്ച് ദേവാലയങ്ങളുടെ പുനരുദ്ധാരണത്തിന് സാമ്പത്തിക സഹായം ചോദിച്ചു. അങ്ങനെ പങ്കുവയ്ക്കുന്ന ക്രൈസ്തവ സ്നേഹത്തിലേയ്ക്കു മക്കളെ വളർത്തുകയും ദൈവാലയങ്ങൾ, പള്ളിമേടകൾ, പാസ്റ്ററൽ സെന്റർ, മതബോധന

www.malankaralibrary.com

കേന്ദ്രം, ഫാമിലി അപ്പസ്തോലേറ്റ് സെന്റർ, യൂത്തിന്റെയും മിഷൻ ലീഗിന്റെയും ഓഫീസുകൾ, 2 സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ എന്നിവ പണികഴിപ്പിക്കുകയും ചെയ്തു. രൂപതയുടെ തുടക്കത്തിൽത്തന്നെ ഒരു മൈനർ സെമിനാരി ആരംഭിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത് വലിയ നേട്ടമാണ്. അങ്ങനെ നല്ല പരിശീലനത്തിലൂടെ ദൈവവിളികളെ വളർത്തി. രൂപത സ്ഥാപിതമായതിനുശേഷം 6 പേർ വൈദികപട്ടം സ്വീകരിച്ചു. ഇപ്പോൾ 33 ശെമ്മാശന്മാർ മേജർ സെമിനാരിയിൽ വൈദീക പരിശീലനം നടത്തുന്നുണ്ട്. മൈനർ സെമിനാരിയിൽ 30 പേർ പഠിക്കുന്നു. രൂപതയുടെ ആരംഭത്തിൽ വെറും 21 വൈദികർ മാത്രമാണ് ഇവിടെ സേവനം ചെയ്യുവാൻ ഉണ്ടായിരുന്നത്. ഇപ്പോൾ വൈദികരുടെ എണ്ണം 53 ആയി ഉയർന്നിരിക്കുകയാണ്. ഈശോ സഭ, ബെനഡിക്ടൈൻ സഭ, വിൻസൻഷ്യൽ സഭ, സെന്റ് തോമസ് മിഷനറി സൊസൈറ്റി, സൊസൈറ്റി ഓഫ് ദി ഒബ്ലേറ്റസ് ഓഫ് ദി സെക്രട്ട് ഹാർട്ട് എന്നീ സന്യാസസഭകളെ രൂപതയിലേയ്ക്കു ക്ഷണിച്ച് അവരുടെ സേവനവും ലഭ്യമാക്കി. സി.എം.ഐ., എം.സി.ബി.എസ്. തുടങ്ങിയ സന്യാസവൈദികർ രൂപതാ സ്ഥാപനത്തിന് മുമ്പുതന്നെ ഇവിടെ പ്രവർത്തിച്ച് വരുന്നു. 9 സന്യാസിനി സമൂഹങ്ങളിൽ നിന്നായി 120 സിസ്റ്റേഴ്സാണ് ആരംഭത്തിൽ ഉണ്ടായിരുന്നത്. ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് ഡിവൈൻ പ്രൊവിഡൻസ്, ഹോളിക്രോസ് സിസ്റ്റേഴ്സ്, പട്ടുവം സിസ്റ്റേഴ്സ്, ജോസഫൈൻ സിസ്റ്റേഴ്സ് എന്നീ സന്യാസിനി സമൂഹങ്ങളെയും പുതിയതായി രൂപതയിലേയ്ക്കു കൊണ്ടുവന്നു. ഇപ്പോൾ 13 സന്യാസിനി സമൂഹങ്ങളിൽ നിന്നായി 250 ഓളം സിസ്റ്റേഴ്സ് തക്കല രൂപതയിൽ ജോലിചെയ്യുന്നുണ്ട്.

ഇക്കാലയളവിൽ 7 ദേവാലയങ്ങൾ പുതിയതായി നിർമ്മിച്ചു. 10 സ്ഥലങ്ങളിൽ മിഷൻ സെന്ററുകൾ തുടങ്ങി. കൂടാതെ വിജ്ഞാന വെളിച്ചം പകരാൻ ഹൈസ്ക്കൂളുകൾ, ഹയർസെക്കണ്ടറി സ്ക്കൂളുകളായി ഉയർത്തി. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പുതുതായി തുടങ്ങി. കൂടാതെ കമ്പ്യൂട്ടർ സെന്ററുകൾ, പ്രസ് എന്നിവ ആരംഭിച്ചു. അവശരോടും ആലംബഹീനരോടുമുള്ള അദ്ദേഹത്തിന്റെ സ്നേഹത്തിന്റെ ഫലമായി ചികിത്സയോ, പരിചരണങ്ങളോ ലഭിയ്ക്കാതെ അവഗണിക്കപ്പെട്ടിരിക്കുന്ന മാനസികരോഗികൾക്കായുള്ള ഒരു സ്ഥാപനം കാരോട് എന്ന സ്ഥലത്ത് ആരംഭിച്ചു. മന്ദബുദ്ധികളായ കുട്ടികൾക്കായി 3 സ്ഥാപനങ്ങൾ കൂടി തുടങ്ങി. അങ്ങനെ കോളനി മക്കൾക്കും വില്ലേജ് മക്കൾക്കും യേശുവിനെ പരിചയപ്പെടുത്തി. ധാരാളം ആളുകൾ ഓരോ വർഷവും ക്രൈസ്തവ വിശ്വാസത്തിലേക്ക് ചേരുന്നുണ്ട്. ഇപ്പോൾ ഏകദേശം 30000 മാണ് രൂപതയിലെ അംഗസംഖ്യ.

രൂപതയുടെ ആരംഭത്തിൽ തിരുനെൽവേലിയിലെ ചെങ്കോട്ട താലൂക്കിൽ എം.സി.ബി.എസ്. സന്യാസ സമൂഹത്തിന്റെ ഒരു ഭവനം മാത്രമാണുണ്ടായിരുന്നത്. തുടക്കത്തിൽ തന്നെ പിതാവിന്റെ പ്രത്യേക ശ്രദ്ധ ഈ മിഷൻ പ്രദേശത്തേയ്ക്കു തിരിയുകയും അവിടുത്തെ സാദ്ധ്യതകൾ മന

www.malankaralibrary.com

സ്സിലാക്കുകയും വൈദികരെ അങ്ങോട്ടേയ്ക്കു അയയ്ക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവ് ഇടയ്ക്കിടെ ചെങ്കോട്ട മിഷൻ സന്ദർശിക്കുകയും അവിടെ പ്രവർത്തിക്കുന്ന വൈദികർക്കു പ്രോത്സാഹനം നൽകുകയും വേണ്ടുന്ന സാമ്പത്തിക സഹായം സ്വരൂപിച്ച് കൊടുക്കുകയും ചെയ്തു. അത്ഭുതാവഹമായ വളർച്ചയാണ് ഇപ്പോൾ ചെങ്കോട്ട മിഷനിൽ ഉണ്ടായിരിക്കുന്നത്. ഇപ്പോൾ ഇവിടെ പുതിയ 3 മിഷൻ സെന്ററുകൾ, 3 കോൺവെന്റുകൾ, രണ്ട് ഡിസ്പെൻസറികൾ, ഒരു സോഷ്യൽ സർവ്വീസ് സൊസൈറ്റി, 6 നേഴ്സറി സ്ക്കൂളുകൾ, ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഒരു കമ്പ്യൂട്ടർ സെന്റർ, ഒരു പ്രസ് എന്നിവയുണ്ട്. വളരെ പിന്നോക്കാവസ്ഥയിലായിരുന്ന ഇവിടുത്തെ ജനങ്ങൾക്ക് ഒരു പുത്തനുണർവ് പകരുവാൻ മിഷൻ പ്രവർത്തനത്തിലൂടെ സാധിച്ചിട്ടുണ്ട്.

ജനങ്ങൾക്കുവേണ്ടി ത്യാഗങ്ങൾ സഹിക്കുന്ന, അവരെ പേരുചൊല്ലി വിളിക്കാൻ കഴിയുന്ന നല്ല ഇടയനാണ് ആലഞ്ചേരി പിതാവെന്ന് നിസ്സംശയം പറയുവാൻ കഴിയും. ഭവന സന്ദർശനം പിതാവിന്റെ മിഷൻ പ്രവർത്തനത്തിന്റെ ഒരു പ്രത്യേകതയാണ്. വി. പൗലോസ് ശ്ലീഹാ വീടുകൾതോറും ചെന്ന് സുവിശേഷം അറിയിക്കുന്നതായി നാം അപ്പസ്തോല പ്രവർത്തനത്തിൽ കാണുന്നുണ്ട്. (അപ്പ. 20, 20). രൂപത 8 വർഷങ്ങൾ പിന്നിട്ടപ്പോൾ രൂപതയിലെ ഒട്ടുമുക്കാലുമായ ഭവനങ്ങളിൽ പിതാവ് സന്ദർശനം നടത്തി കഴിഞ്ഞു. ഭവനങ്ങളിലേയ്ക്കു കടന്ന് ചെല്ലുന്ന ഈ നല്ല ഇടയൻ അവരോടൊപ്പം പ്രാർത്ഥിക്കുകയും അവരുടെ കുടുംബ പശ്ചാത്തലങ്ങൾ ചോദിച്ച് മനസ്സിലാക്കുകയും ചെയ്യുന്നു. കുടുംബപ്രശ്നങ്ങൾ ഒരുപരിധിവരെ പരിഹരിക്കുവാൻ പിതാവിന് ഈ സന്ദർശനത്തിലൂടെ കഴിയുന്നുണ്ട്. കൂടാതെ രോഗികൾ, ഭവനമില്ലാത്തവർ, സാമ്പത്തിക ബുദ്ധിമുട്ടിനാൽ വിവാഹം മുടങ്ങിക്കിടക്കുന്ന യുവതികൾ, പഠിക്കാൻ കഴിവുള്ള നിർദ്ധനരായ വിദ്യാർത്ഥികൾ ഇവർക്കെല്ലാമായി രൂപതയിൽ പ്രത്യേക സഹായ പദ്ധതികൾ ഏർപ്പെടുത്തുവാനും പിതാവിന് സാധിച്ചിട്ടുണ്ട്. രൂപതയുടെ സാമ്പത്തിക സഹായം സ്വീകരിച്ച് നിരവധി വിദ്യാർത്ഥികൾ ഇപ്പോൾ ഉന്നതവിദ്യാഭ്യാസം നടത്തുന്നുണ്ട്.

രൂപതാമക്കളെ ഒന്നിച്ചുചേർത്ത് വർഷംതോറും രൂപതാ കൺവെൻഷൻ നടത്തി വരുന്നു. കൺവെൻഷൻ ദിവസങ്ങളിൽ മുഴുവൻ സമയവും അഭിവന്ദ്യ പിതാവും സംബന്ധിക്കുകയും ഈ ദിവസങ്ങളിൽ ജനങ്ങൾ കഴിക്കുന്ന ലളിത ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്യുന്നു. എല്ലാ പള്ളികളിലും തന്നെ ദിവ്യകാരുണ്യ ആരാധനയും, കൺവെൻഷനും കൂടാതെ സന്യസ്തർക്ക് പ്രത്യേക ധ്യാനവും സംഘടിപ്പിക്കുന്നുണ്ട്. വർഷത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും ഇടവക സന്ദർശനം നടത്തുവാനും പിതാവ് ശ്രദ്ധിക്കുന്നു. അഭിവന്ദ്യപിതാവിന്റെ പ്രവർത്തനശൈലികളിലൂടെ രൂപത ഒരുകുടുംബം എന്ന നിലയിലേയ്ക്കു ഉയർന്നിരിക്കുകയാണ്. ആ

www.malankaralibrary.com

കൂട്ടായ്മയുടെ തിരതല്ലൽ തക്കല രൂപത മുഴുവനിലും ദർശിക്കാവുന്നതാണ്. ഔദ്യോഗികതവെടിഞ്ഞ് ജനത്തിന്റെ ഇടയിലേയ്ക്കിറങ്ങിചെല്ലുന്ന ആ എളിമ ആലഞ്ചേരി പിതാവിനെ വ്യത്യസ്തനാക്കുന്നു. കൊച്ചുകുട്ടികൾക്കു മുതൽ മുതിർന്നവർക്കുവരെ സംലഭ്യനാണ് അദ്ദേഹം.

ലാളിത്യം ആലഞ്ചേരി പിതാവ് ഒരു ജീവിതചര്യയായി സ്വീകരിച്ചിരിക്കുകയാണ്. അത്യാവശ്യസൗകര്യങ്ങൾ മാത്രമുള്ള ഒരു ചെറിയ വീടാണ് ബിഷപ്സ് ഹൗസ്. ഈ വീട്ടിൽ എളിയവരിൽ എളിയവനായി അത്യാധുനിക സൗകര്യങ്ങളൊന്നുമില്ലാതെ ആലഞ്ചേരി പിതാവ് താമസിക്കുന്നു. സീറോ മലബാർ സഭാസിനഡിന്റെ സെക്രട്ടറി, സഭയുടെ മതബോധന കമ്മീഷൻ ചെയർമാൻ എന്നിവയുടെ ജോലികൾക്കും മറ്റാവശ്യങ്ങൾക്കുമായി അഭിവന്ദ്യ പിതാവിന് പലപ്പോഴും യാത്രചെയ്യേണ്ടതായി വരുന്നുണ്ട്. അംബാസിഡർ കാർ ഉപയോഗിക്കുന്ന പിതാവ് പലപ്പോഴും സാധാരണക്കാരിൽ സാധാരണക്കാരനായി ഒറ്റയ്ക്കു ബസ്സിലും, ട്രെയിനിലും യാത്ര ചെയ്യാറുണ്ട്.

തക്കലയിലെ നാനാജാതിമതസ്ഥരുമായി ആലഞ്ചേരി പിതാവിന് അടുത്ത സ്നേഹബന്ധമാണുള്ളത്. എല്ലാ മതവിഭാഗങ്ങളിലുംപെട്ടവർ അംഗങ്ങളായുള്ള 'തക്കല സുഹൃത്തുക്കൾ' എന്ന സംഘടനയുടെ രക്ഷാധികാരിയാണ് അഭിവന്ദ്യ പിതാവ്. സമൂഹത്തിൽ മതസൗഹാർദ്ദവും സാഹോദര്യവും വളർത്തുക എന്ന ലക്ഷ്യത്തോടെ തക്കല കേന്ദ്രമാക്കി 1998 മുതൽ ഈ സംഘടന പ്രവർത്തിച്ചു വരുന്നു. സാമൂഹ്യപ്രവർത്തനം, കലാസാംസ്കാരിക പ്രവർത്തനങ്ങൾ, ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണം എന്നീ മേഖലകളിലും ഈ സംഘടന ശ്രദ്ധിക്കുന്നുണ്ട്. വളരെ ജനശ്രദ്ധ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഈ സംഘടന ആലഞ്ചേരി പിതാവിന്റെ ആശയത്തിൽ നിന്നും രൂപമെടുത്താതാണ്.

ആടുകളെ സ്നേഹിക്കുന്ന ഈ നല്ല ഇടയൻ നന്മകൾ ചെയ്തുകൊണ്ട് ഇനിയും ഏറെ ദൂരം മുന്നേറട്ടെയെന്ന് ആശംസിക്കുന്നു!

വിലാസം - ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി,
ബിഷപ്സ് ഹൗസ്
പി.ബി. നമ്പർ 12
തക്കല പി.ഒ.,
കെ.കെ. ഡിസ്ട്രിക്ട്-629175
തമിഴ്നാട്.

www.malankaralibrary.com

# 339



# റവ. ഡോ. സഖറിയാസ് പറനിലം

ഭാരത ക്രൈസ്തവസഭയ്ക്ക് പല പ്രഗത്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും സംഭാവന ചെയ്തിട്ടുള്ള പറനിലം കുടുംബത്തിൽ ജോസഫ് - ഏലീശ്വാ ദമ്പതികളുടെ പുത്രനായി 1945 മെയ് 21-ന് ഭൂജാതനായി. ചാലക്കുടി ഫൊറോന പള്ളി ഇടവകയിലാണ് പറനിലം കുടുംബം സ്ഥിതി ചെയ്യുന്നത്. ഫാ. സഖറിയാസിന്റെ പിതാവ് അമ്മയ്ക്ക് അവകാശമായി വൈററിലയിൽ ലഭിച്ച സ്ഥലത്തേക്ക് 60 വർഷം മുൻപ് താമസം മാററുകയാണ് ചെയ്തത്. അമ്മ തേവരയിൻ പാലയ്ക്കാപ്പള്ളി സ്കറിയായുടെ മകളാണ്. കൊച്ചി കോർപ്പറേഷനിലെ പൂണിത്തുറയാണ് ഫാ. സഖറിയാസിന്റെ ഇടവക. ചാലക്കുടിയിൽ കുടുംബാംഗങ്ങൾ സഭാ കാര്യങ്ങളിൽ തൽപരരും പ്രധാനമായി കൃഷിവലന്മാരുമായിരുന്നു. അവിഭക്ത തൃശ്ശൂർ രൂപതയിൽ പറനിലം കുടുംബക്കാരായ രണ്ടുവൈദികരുണ്ടായിരുന്നു. ഫാ. ജോസഫും ഫാ. ജേക്കബ്ബും സാമൂഹ്യവിപ്ലവകാരിയായ ഫാ. ജോസഫ് വടക്കന്റെ ദൈവവിളിക്ക് കാരണഭൂതൻ ഫാ. ജോസഫ് പറനിലമായിരുന്നുവെന്ന് വടക്കൻ തന്നെ ആത്മകഥയിൽ എഴുതിയിട്ടുണ്ട്. അന്നു വസൂരി രോഗം പലടത്തും വ്യാപിച്ചിരുന്നു. വസൂരി രോഗം പിടിപെട്ടവർക്ക് അന്ത്യകൂദാശകൾ പോലും നൽകാൻ വികാരിമാർ ധൈര്യപ്പെട്ടിരുന്നില്ല. അങ്ങനെയൊരു സാഹചര്യത്തിൽ സ്വന്തം ഇടവകയിലും സമീപ ഇടവകകളിലും കാൽനടയായി സഞ്ചരിച്ച് രോഗികളെ ആശ്വസിപ്പിക്കുകയും അവർക്ക് അന്ത്യകൂദാശകൾ നൽകുവാൻ ധൈര്യപ്പെടുകയും ചെയ്ത ഒരു വൈദികനാണ് ഫാ. ജോസഫ് പറനിലം. ആ വിശുദ്ധ ജീവിതം നയിച്ച ഫാ. ജോസഫ് പറനിലത്തെപ്പോലുള്ള വൈദീകരെ സംഭാവന ചെയ്ത കുടുംബമാണ് പറനിലം കുടുംബം.

ഫാ. സഖറിയാസ് ജനിച്ചത് വൈററിലയായിരുന്നു. പുന്നുരുത്തി സർക്കാർ എൽ.പി. സ്കൂളിലും സെന്റ് റീത്താസ് ഹൈസ്കൂളിലും ആയിരുന്നു വിദ്യാഭ്യാസം. ദൈവദാസനായ തിയോഫിനച്ചന്റെ പ്രവർത്തന കേന്ദ്രമായിരുന്ന പുന്നുരുത്തി കപ്പൂച്ചിൽ ആശ്രമം റീത്താസ് ഹൈസ്കൂളിനടുത്ത് സ്ഥാപിതമായത് സഖറിയാസ് മിഡിൽ സ്കൂളിൽ പഠിക്കുന്ന കാലത്താണ്. ഇടവക പള്ളി അകലെയായതിനാൽ ഈ ആശ്രമത്തിലാണ് വി. കുർബ്ബാനയ്ക്കും മററും പോയിരുന്നത്. പഠനത്തിലും പാഠ്യേതര പ്രവർത്തനത്തിലും സജീവമായി താൽപര്യമെടുത്തിരുന്ന സഖറിയാസ് സാഹിത്യ സമാജം സെക്രട്ടറിയായും പ്രവർത്തിച്ചു.

ഹൈസ്ക്കൂൾ വിദ്യാഭ്യാസാനന്തരം എറണാകുളം അതിരൂപതയുടെ

www.malankaralibrary.com

മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് കോട്ടയം വടവാതൂർ സെമിനാരിയിലും. തത്വശാസ്ത്രവും ദൈവശാസ്ത്രവും അവിടെത്തന്നെ പഠിച്ചു. ജനറൽ ബീഡിൽ (പ്രീഫെക്ട്)എന്നൊരു ശുശ്രൂഷ ചെയ്യുവാനും സഖറിയാസിന് അവസരം ലഭിച്ചു. 1972-ൽ പൂണിത്തുറ പള്ളിയിൽവച്ച് അത്യുന്നത കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനിയിൽനിന്നും വൈദികപട്ടം സ്വീകരിച്ചു.

ആദ്യനിയമനം ഞാറയ്ക്കൽ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു. തുടർന്ന് മഞ്ഞപ്ര പള്ളിയിലും സഹവികാരിയായി സേവനം അനുഷ്ഠിച്ചു. തുടർന്ന് ആലുവാ പൊന്തിഫിക്കൽ ഇൻസ്റ്റിററ്യൂട്ടിൽ ചേർന്നു. അവിടെ രണ്ടുവർഷത്തിലധികം താമസിച്ച് തിയോളജിയിൽ എം.ടെക് ഡിഗ്രി ഡിസ്റ്റിംഗ്ഷനോടുകൂടി പൂർത്തിയാക്കി. സീറോ-മലബാർ സഭയിൽ റീത്തുപരവും ആരാധനക്രമപരവുമായി നിലവിലുള്ള വ്യത്യസ്തങ്ങളായ ആഭിമുഖ്യങ്ങൾ അടുത്തറിയുവാൻ വടവാതൂരും ആലുവായിലും പഠിച്ചത് സഹായകമായി. മംഗലപ്പുഴയിലെ പഠനത്തിനിടയിൽ പെരിയാർ മുഖം, കീഴ്മാട് പള്ളികളിൽ ഞായറാഴ്ചകുർബ്ബാനയും മററും അർപ്പിക്കാനുള്ള ചുമതല രൂപതയിൽനിന്നും ഏല്പിച്ചിരുന്നു.

അങ്കമാലി ഫൊറോനപള്ളിയിൽ അസിസ്റ്റന്റായും ഉദയംപേരൂർ കൊച്ചുപള്ളിയിലും പിന്നീട് കരിയാംപറമ്പ് പള്ളിയിലും വികാരിയുമായി സേവനം അനുഷ്ഠിച്ചു. ഇക്കാലത്ത് അങ്കമാലി ലിററിൽ ഫ്ളവർ നഴ്സിംഗ് സ്കൂളിൽ മെഡിക്കൽ എത്തിക്സ് ക്ലാസ്സുകളെടുത്തു. യുവജനപ്രവർത്തകർക്ക് കെ.സി.വൈ.എം., സി.എം.എൽ., സി.എൽ.സി. സംഘടനകൾക്കും മററും ക്ലാസ്സുകൾ എടുക്കുന്നതിനും ഫാ.സഖറിയാസ് സമയം കണ്ടെത്തി.

മദ്ധ്യപ്രദേശിൽ സാത്നാരൂപതയിൽ സിങ്ക്രോളി സ്റ്റേഷനിൽ തുടർന്ന് സേവനം ചെയ്തു. ഭാരതദർശനത്തിനും ഇന്ത്യയിലെ സഭയെ ആകമാനമായി കണ്ടെത്താനും സഭയുടെ മിഷൻ പ്രവർത്തനത്തിൽ പങ്കാളിയാകാനും ഇത് അവസരമുണ്ടാക്കി. 3 മിഷൻ സ്റ്റേഷനുകൾ, ഡിസ്പെൻസറി, ഗ്രാമസന്ദർശനപരിപാടി, ഹൈസ്ക്കൂൾ എന്നിങ്ങനെ വ്യത്യസ്ത പ്രവർത്തനമുഖങ്ങളുള്ള ഒരു സ്റ്റേഷനായിരുന്നു സിങ്ക്രോളി. ഈ പ്രദേശം ഒരു പ്രധാന കൽക്കരിഖനനകേന്ദ്രം കൂടിയാണ്. ഇതിനിടെ ഇന്റർമീഡിയററും ഗ്രാജുവേഷനും പൂർത്തിയാക്കി. മദ്ധ്യപ്രദേശിൽനിന്നും തിരിച്ചുവന്ന് നീറിക്കോട്ട് വികാരിയായി ജോലിനോക്കുമ്പോൾ ആലുവാ യു.സി. കോളേജിൽ ചേർന്ന് എം.എ.ഡിഗ്രി എടുത്തു. തുടർന്ന് കവരപ്പറമ്പ് പള്ളി വികാരിയായി. ഇവിടുത്തെ സേവനത്തിനിടയിൽ ബഹു.മുട്ടമന ജോസഫച്ചന്റെ നിർദ്ദേശപ്രകാരം പീപ്പിൾസ് ഡയറി ഡവലപ്മെന്റ് പ്രോഗ്രാമിൽ സഹായിച്ചു. ഗ്രാമീണ സമഗ്രവികസനം ലക്ഷ്യമായിട്ടുള്ളതും വിവിധ മതക്കാർ സഹകരിച്ച് പ്രവർത്തിക്കുന്നതുമായ ഒരു മുന്നേററമാണ് അത്.

രണ്ടുവർഷത്തിനുശേഷം കെ.സി.ബി.സി. പാസ്റ്ററൽ ഓറിയന്റേഷൻ

www.malankaralibrary.com

സെന്ററിൽ പൊതുവായ കോഴ്സുകളുടെ ഡീൻ ഓഫ് സ്റ്റഡീസ് (ഇപ്പോഴത്തെ പ്രീഫെക്ട് ഓഫ് സ്റ്റഡീസ്) ആയി ശുശ്രൂഷ ആരംഭിച്ചു. അതോടൊപ്പം കെ.സി.ബി.സി. യുടെ മതബോധന കമ്മീഷന്റെ സെക്രട്ടറിയായും സേവനം ചെയ്തു. പി.ഒ.സി.യിലെ നാലരക്കൊല്ലത്തെ സേവനത്തിനു ശേഷം ബെൽജിയത്തുള്ള ലുവെയിൽ കാത്തലിക് യൂണിവേഴ്സിററിയിൽ ചേർന്ന് ദൈവശാസ്ത്രത്തിൽ ഡോക്ടറേററ് ചെയ്തു. സഭാവിജ്ഞാനീയം, മതങ്ങളോടുള്ള സഭയുടെ ബന്ധം എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള "THE PLURALITY OF RELIGIOUS AND THE TASK OF THE CHURCH" എന്നതായിരുന്നു പ്രബന്ധം.

ലുവയ്നിൽനിന്നും തിരിച്ചെത്തിയ ഫാ.സഖറിയാസ് പറനിലം ആലുവ സെമിനാരിയുൾപ്പെടെ പല ദൈവശാസ്ത്രകേന്ദ്രങ്ങളിലും ക്ലാസ്സുകളെടുക്കുകയും നായത്തോട് ഇടവകയിലും പിന്നീട് പാലാരിവട്ടം ഇടവകയിലും അജപാലനശുശ്രൂഷയിലേർപ്പെടുകയും ചെയ്തു. ഇതിനിടെ അതിരൂപതയുടെ ആനിമേഷൻ സെന്റർ ആയ കലൂരിലുള്ള റിന്യുവൽ സെന്റർ കേന്ദ്രീകരിച്ച് കുടുംബ പ്രേഷിതത്വത്തിന്റെ അതിരൂപതാ ഡയറക്ടറായി ശുശ്രൂഷ ചെയ്തു. 2002-ഡിസംബറിൽ പി.ഒ.സി. ഡയറക്ടറും, കെ.സി.ബി.സി. ഡെപ്യൂട്ടി ഡയറക്ടറുമായി കെ.സി.ബി.സി. നിയമിച്ചു. ഈ ശുശ്രൂഷയാണ് ഇപ്പോൾ ചെയ്യുന്നത്. ഇതോടൊപ്പം മതസൗഹർദ്ദമേഖലയിൽ കെ.സി.ബി.സി. കമ്മീഷൻ സെക്രട്ടറിയായും എണറാകുളം - അങ്കമാലി അതിരൂപതയുടെ മതസൗഹാർദ്ദ പ്രവർത്തനങ്ങളുടെ ഡയറക്ടറായും പ്രവർത്തിച്ചു വരുന്നു.


ഇതിനിടെ പല ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയും പലഗ്രന്ഥങ്ങളും എഡിറ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്. പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആന്റ് ഫിലോസഫി വഴി "Christian Openess to the World Religions" (1988) പ്രസിദ്ധീകരിച്ചു. കൂടാതെ പി.ഒ.സി. പ്രസിദ്ധീകരിച്ച "വിശുദ്ധ കുർബാന: ജീവിതവും അനുഷ്ഠാനവും" (2004) എഡിറ്റ് ചെയ്തിട്ടുണ്ട്. ജീവധാര, വചനധാര, കാർമൽ, താലന്ത് തുടങ്ങിയവയിലും മറ്റു ചില ആനുകാലികങ്ങളിലും ലേഖനങ്ങൾ പ്രസദ്ധീകരിക്കുന്നുണ്ട്. സഭയുടെ പൊതുവായ ശുശ്രൂഷയോടൊപ്പം സാമൂഹികവും മതാന്തരപരവുമായ പ്രവർത്തനങ്ങളിലും, മൂല്യബോധനത്തിലും, രചന തുടങ്ങിയ മേഖലകളിലും താൽപര്യപൂർവ്വം പ്രവർത്തിക്കുന്നു.

വിലാസം - റവ. ഡോ. സഖറിയാസ് പറനിലം
ഡയറക്ടർ, പി.ഒ.സി.,
പാലാരിവട്ടം - കൊച്ചി - 25

www.malankaralibrary.com

# 340

# റവ. ഡോ. എബ്രാഹം കാക്കനാട്ട്



"സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങളോടുള്ള സർക്കാർ നിലപാടിനെതിരെ ധീരമായ നടപടിയാണ് പുഷ്പഗിരി കോളേജധികൃതർ നടത്തിയത്. പുഷ്പഗിരി മെഡിക്കൽ സൊസൈറ്റി സെക്രട്ടറി റവ:ഡോ. എബ്രാഹം കാക്കനാട്ട് ഈ കാര്യത്തിൽ സ്വീകരിച്ച നടപടിയെ എത്ര പ്രശംസിച്ചാലും അധികമാവുകയില്ല. ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷങ്ങൾക്കനുവദിച്ചു തന്നിട്ടുള്ള അവകാശങ്ങൾ പലപ്പോഴും വിട്ടുവീഴ്ചയുടെ പേരിൽ പലതും ബലികഴിക്കാൻ തയ്യാറായിട്ടുണ്ട്. ആ വിട്ടുവീഴ്ച കൂടുതൽ അപകടത്തിലേക്ക് നമ്മെ നയിക്കുമെന്ന് മനസ്സിലാക്കുവാൻ പലപ്പോഴും നമുക്ക് സാധിച്ചിട്ടില്ല.

ഭരണഘടന അനുവദിച്ചുതന്നിട്ടുള്ള അവകാശങ്ങൾ സംരക്ഷിക്കുവാൻ കാക്കനാട്ടച്ചൻ സ്വീകരിച്ച നടപടികൾ ന്യൂനപക്ഷാവകാശസംരക്ഷണ പോരാട്ടത്തിന്റെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായിരിക്കും. സർക്കാർ പുഷ്പഗിരിയെ പലവിധത്തിൽ ദ്രോഹിക്കാൻ ശ്രമിച്ചു. അതിനെയെല്ലാം ധീരതയോടെ ചെറുക്കുവാൻ കാക്കനാട്ടച്ചൻ തയ്യാറായി. ഈ നടപടി സ്വീകരിച്ചതുമൂലം കാക്കനാട്ടച്ചൻ ന്യൂനപക്ഷങ്ങളുടെ പോരാളിയായി തീർന്നു. അദ്ദേഹത്തിന്റെ ധീരതയ്ക്കു മുൻപിൽ ശിരസ്സ് നമിക്കുകയും എല്ലാവിധ വിജയങ്ങൾ ആശംസിക്കുകയും ചെയ്യുന്നു" അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് പ്രസിദ്ധീകരിച്ച വിദ്യാഭ്യാസസമരചരിത്രത്തിലെ ഏതാനും വാക്കുകളാണ് മേലുദ്ധരിച്ചരിക്കുന്നത്.

ന്യൂനപക്ഷാവകാശ പോരാട്ടചരിത്രത്തിലെ ഇതിഹാസ പുരുഷനായി മാറിയ റവ: ഡോ. അബ്രാഹം കാക്കനാട്ട് പത്തനംതിട്ട ജില്ലയിൽ കല്ലൂപ്പാറയിൽ 1945 മെയ് 25-ാം തീയതി ഭൂജാതനായി. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം വൈദികപഠനത്തിനായി സെമിനാരിയിൽ ചേർന്നു. 1966-ൽ തത്വശാസ്ത്രപഠനം പൂർത്തിയാക്കിയതിനുശേഷം റോമിലെ ഉർബേനിയൻ യൂണിവേഴ്സിറ്റിയിൽ ചേർന്ന് വൈദികപഠനം പൂർത്തിയാക്കി. 1970 ഒക്ടോബർ 10-ാം തീയതി തിരുവല്ല രൂപതയ്ക്കുവേണ്ടി വൈദികപട്ടം സ്വീകരിച്ചു. കോഴിക്കോട് ജില്ലയിലെ മൈക്കാവ് (Mykavu) ഒൻജിൽ (ONJIL) എന്നീ പള്ളികളിലെ വികാരിയായിട്ടാണ് ആദ്യനിയമനം. നാരങ്ങാതോട്ട് എന്ന സ്ഥലത്ത് ഒരു മിഷ്യൻ കേന്ദ്രം സ്ഥാപിക്കാനും അദ്ദേഹത്തിനു സാധിച്ചു. പിന്നോക്ക പ്രദേശമായ ആ ഗ്രാമത്തിലെ ജനങ്ങളെ സ്വയം സഹായയൂണിറ്റുകളാക്കി മാറ്റാനും പുതിയ റോഡുകൾ നിർമ്മിക്കാനും ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുവാനും കാക്കനാട്ടച്ചൻ നേതൃത്വം നൽകി. അവിടെ ഒരു മഠവും

www.malankaralibrary.com

പ്രൈമറി സ്കൂളും സ്ഥാപിച്ചു. ആദിവാസികളുടെയിടയിൽ വിദ്യാഭ്യാസപദ്ധതി ആവിഷ്കരിച്ചു.

തിരുവല്ലാ രൂപതയുടെ പ്രൊക്യുറേറ്ററായും സാമൂഹ്യപ്രവർത്തനങ്ങളുടെ ഡയറക്ടറായും 1974 ജൂൺ മുതൽ 1979 ആഗസ്റ്റ് വരെ സേവനം അനുഷ്ഠിച്ചു. ഇക്കാലഘട്ടത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഠനത്തിൽ സമർത്ഥരായ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുവേണ്ടി പണം സ്വരൂപിക്കുന്നതിനും കുട്ടനാടൻ പ്രദേശങ്ങളിലെ സാധുക്കളായവർക്ക് ചിലവുകുറഞ്ഞ രീതിയിൽ വീടുകൾ നിർമ്മിച്ചുകൊടുക്കുന്നതിനും കാക്കനാട്ടച്ചൻ ശ്രമിച്ചു. നോർത്തു തലവടി, സൗത്ത് തലവടി, പാണ്ടങ്കരി, അമിച്ചക്കരി എന്നീ ഇടവകകളിലെ വികാരിയായും അദ്ദേഹം സേവനം അനുഷ്ഠിച്ചു. 1977-ൽ ആലപ്പുഴയിൽ സെന്റ് മേരീസ് മലങ്കര ചർച്ച് ആരംഭിച്ചതും കാക്കനാട്ടച്ചൻ തന്നെയാണ്. 1978-ൽ ആലപ്പുഴ മലങ്കരപ്പള്ളി നിർമ്മിക്കുകയും അതേവർഷം തന്നെ ആലപ്പുഴയിൽ മാതാ സെൻട്രൽ സ്കൂൾ ആരംഭിക്കുകയും സുവിശേഷപഠനം പ്രത്യേക ലക്ഷ്യമായി മലങ്കരസുവിശേഷസംഘത്തിന് നേതൃത്വം നൽകുകയും ചെയ്തു.

1979-ൽ ബൈബിൾ വിജ്ഞാനീയത്തിൽ ഉപരിപഠനം നടത്തുന്നതിനായി റോമിലെ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ കലാശാലയിൽ ചേർന്നു. പ്രസ്തുത സർവ്വകലാശാലയിൽനിന്നും Licentiate in Sacred Scripture (L.S.S.) ഡിഗ്രി എടുത്തു. 1983-84 വർഷങ്ങളിൽ ജറുസലേമിലെ ഫ്രാൻസിസ്കൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് പഠിച്ചു. സുപ്പീരിയർ സ്റ്റഡീസ് ഇൻ ബിബ്ലിക്കൽ ലാംഗേജ് ആൻഡ് ആർക്കിയോളജി എന്ന വിഷയത്തിൽ ബിബ്ലിക്കൽ ആൻഡ് ഓറിയന്റേഷൻ സയൻസസിൽ ഡിപ്ലോമ എടുത്തു. 1984 ഒക്ടോബർ മുതൽ 1987 മാർച്ചുവരെ ജർമ്മനിയിലെ ഫ്രൈബുർഗ് രൂപതയിൽ ഇടവകവികാരിയായി സേവനം അനുഷ്ഠിച്ചു. 1987-ൽ ഉർബേനിയൻ യൂണിവേഴ്സിറ്റിയിൽനിന്ന് ബിബ്ലിക്കൽ തിയോളജിയിൽ ഡോക്ടറേറ്റ് നേടി.

കേരളത്തിൽ തിരിച്ചെത്തിയ ഡോക്ടർ അബ്രാഹം കാക്കനാട്ട് തിരുവനന്തപുരത്തെ മലങ്കര സെന്റ് മേരീസ് സെമിനാരിയുടെ റെക്ടർ ആയി നിയമിതനായി. നാലാഞ്ചിറയിൽ സെമിനാരിയുടെ ഫിലോസഫി വിഭാഗത്തിനായി കെട്ടിടം നിർമ്മിക്കുകയും അതിനുവേണ്ട എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുകയും ചെയ്തു. കൂടുതൽ വിജ്ഞാനം തേടുകയെന്ന ലക്ഷ്യം അദ്ദേഹത്തെ എന്നും ഒരു വിദ്യാർത്ഥിയാക്കിത്തീർത്തു. 1990 മൈസൂർ യൂണിവേഴ്സിറ്റിയിൽനിന്നും സോഷ്യോളജിയിൽ എം.എ. ഡിഗ്രി എടുത്തു. തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ വികാരിയായിട്ടായിരുന്നു അടുത്ത നിയമനം. 1991 ജനുവരി മുതൽ 1997 മേയ് വരെ ഈ സ്ഥാനത്തു തുടർന്നു. സെന്റ് ജോൺസ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ ഇക്കാലത്ത് കാക്കനാട്ടച്ചൻ തിരുവല്ലായിൽ സ്ഥാപിച്ചു. തിരുവല്ലായിലെ തന്റെ പ്രവർത്തനം

www.malankaralibrary.com

സംഭവബഹുലം തന്നെയായിരുന്നു. തിരുവല്ലായിലും സമീപപ്രദേശങ്ങളിലുമുള്ള എല്ലാ കത്തോലിക്കാ ഇടവകകളുടെയും സഹകരണത്തോടെ നടത്തപ്പെട്ട തിരുവല്ല കാത്തലിക് കൺവെൻഷൻ, തിരുവല്ലായുടെ ചരിത്രത്തിലെ സുപ്രധാനസംഭവം തന്നെയായിരുന്നു. കൺവെൻഷന്റെ 15-ാമത് വാർഷികമായിരുന്നു അത്. വീടില്ലാത്തവർക്കും വഴിയോരങ്ങളിൽനിന്ന് ഇറക്കിവിട്ടവർക്കുമായി തിരുമൂലപുരത്തും വെമ്പാലയിലും രണ്ട് ഹൗസിംഗ്കോളനികൾ സ്ഥാപിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. 1993 മേയ് 25-ന് പാലിയേക്കര ബസീലിയൻ കോൺവന്റിന് അദ്ദേഹം ആരംഭം കുറിച്ചു. പാലിയേക്കരയും തിരുവല്ലായിലും രണ്ടു സ്ഥലങ്ങൾ വാങ്ങിക്കുകയും രണ്ടു വീടുകളും പുതുക്കിപണിയുകയും ചെയ്തു. തിരുവല്ലായിലെയും സമീപപ്രദേശങ്ങളിലേയും സ്ത്രീകൾക്ക് തൊഴിൽ കൊടുക്കുന്നതിനും തൊഴിൽ പരിശീലിപ്പിക്കുന്നതിനുംവേണ്ടി തോലശ്ശേരിയിൽ ലിറ്റിൽ ഫ്ളവർ ഗാർമെന്റ് എന്ന സ്ഥാപനം ആരംഭിച്ചു. പ്രസ്തുത സാമൂഹ്യപ്രവർത്തനകേന്ദ്രം ഇപ്പോൾ ബോധന എന്ന പേരിലാണ് അറിയപ്പെടുന്നത്.

തിരുവല്ലാ രൂപതയിലെ സ്കൂളുകളുടെ കോർപ്പറേറ്റ് മാനേജരായി 1997 മേയ് മാസത്തിൽ നിയമിച്ചു. അതോടൊപ്പം ചെങ്ങരൂർ സെന്റ് ജോർജ് ദേവാലയത്തിന്റെ വികാരി ജോലിയും നിർവ്വഹിക്കുകയുണ്ടായി. ചെങ്ങരൂർ ഒരു പുതിയ ദേവാലയം നിർമ്മിച്ചു. പൗരോഹിത്യതിരുസംഘത്തിന്റെ പ്രീഫെക്ട് അന്തിയോക്യൻ പാത്രിയാർക്കീസ് ഇഗ്നാസാമുസ്സാദാവീദ് ITHO PRISTHO (Distinguished Church) എന്ന് അതിന് നാമകരണം ചെയ്തു.

2001 ഫെബ്രുവരിയിൽ തിരുവല്ലായിലെ പുഷ്പഗിരി ഹോസ്പിറ്റലിൽ എക്സിക്യൂട്ടീവ് ഡയറക്ടർ ആയി കാക്കനാട്ടച്ചനെ നിയമിച്ചു. പുഷ്പഗിരി ഹോസ്പിറ്റലിന്റെ സുവർണ്ണകാലഘട്ടമാണ് പിന്നീട് ഉള്ള കാലമെന്ന് വിശേഷിപ്പിക്കാം. പുഷ്പഗിരി ഹോസ്പിറ്റലിനെ ആധുനികവൽക്കരിക്കുന്നതിനും പുനഃസംവിധാനം ചെയ്യുന്നതിനും കാക്കനാട്ടച്ചൻ കഠിനമായി പ്രയത്നിച്ചു. 2002 സെപ്റ്റംബറിൽ പുഷ്പഗിരി മെഡിക്കൽ കോളേജ് ആരംഭിച്ചു. 2003-ൽ പെരുന്തുരുത്തിയിൽ 60 ഏക്കർ സ്ഥലം വാങ്ങിക്കുകയും പുതിയ ക്യാമ്പസ് ആരംഭിക്കുകയും അതിന് പുഷ്പഗിരി മെഡിസിറ്റി എന്ന് നാമകരണം ചെയ്യുകയും ചെയ്തു. 2004 സെപ്റ്റംബറിൽ പുഷ്പഗിരി ഫാർമസി കോളേജ് ആരംഭിച്ചു. പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ടുകളെ ഡീംഡ് യൂണിവേഴ്സിറ്റി സ്റ്റാറ്റസിലേക്ക് 2005 ജനുവരിയിൽ ഉയർത്തി. 2005 ഏപ്രിൽ പുഷ്പഗിരി ദന്തൽ കോളേജ് ആരംഭിച്ചു.

കേരളത്തിലെ സ്വാശ്രയകോളേജുകളുടെ നയരൂപീകരണത്തിൽ കാക്കനാട്ടച്ചൻ വഹിച്ച പങ്ക് നിർണ്ണായകമാണ്. ക്രിസ്ത്യൻ ന്യൂനപക്ഷത്തിന്റെ വിദ്യാഭ്യാസപരവും ഭരണഘടനാപരവുമായ അവകാശസംരക്ഷണ പോരാട്ടത്തിന് സുധീരമായ നേതൃത്വമാണ് അദ്ദേഹം നൽകിയിട്ടുള്ളത്. അദ്ദേഹം ഇക്കാര്യത്തിനുവേണ്ടി നടത്തിയ നിയമയുദ്ധങ്ങൾ ചരിത്രത്തിൽ

www.malankaralibrary.com


തങ്കലിപികളിൽ രേഖപ്പെടുത്തുക തന്നെ ചെയ്യും. അച്ചൻ നടത്തിയ നിയമയുദ്ധത്തിൽ സഹകരിക്കേണ്ടവരുടെ കാലിടറുകയും ചെയ്ത സംഭവവും നാം കണ്ടു. കുറെയൊക്കെ വിട്ടുവീഴ്ച ചെയ്യണമെന്നും സർക്കാരുമായി ഏറ്റുമുട്ടരുതെന്നും ഉപദേശിച്ചവരും വിട്ടുവീഴ്ചയില്ലാത്ത മർക്കടമുഷ്ടിക്കാരനാണ് കാക്കനാട്ടച്ചനാണെന്ന് പറഞ്ഞ സഹപ്രവർത്തകരുമുണ്ട്. എന്ത് വിമർശനമുണ്ടായാലും സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളുമെന്ന് ദൃഢമായി അദ്ദേഹം പ്രഖ്യാപിക്കുകയാണ് ചെയ്തത്. അനീതിയുമായി അദ്ദേഹം വിട്ടുവീഴ്ചയ്ക്ക് തയ്യാറായില്ല. കേരളഗവൺമെന്റും കേരളത്തിലെ ഭരണപ്രതിപക്ഷകക്ഷികളും ഒന്നടങ്കം കാക്കനാട്ടച്ചന്റെ നടപടികൾക്കെതിരെ നീങ്ങിയപ്പോഴും അദ്ദേഹം കുലുങ്ങിയില്ല. കാക്കനാട്ടച്ചന്റെ പ്രവർത്തനങ്ങൾക്കെതിരെ വിദ്യാർത്ഥി യുവജനപ്രസ്ഥാനങ്ങളെ സംഘടിതമായി അണിനിരത്താൻ ശ്രമിച്ചപ്പോഴും പുഷ്പഗിരി കോളേജിന്റെ നേർക്ക് അക്രമം അഴിച്ചുവിട്ടപ്പോഴും ആത്മസംയമനത്തോടെ അദ്ദേഹം ധീരതയുടെ ഇതിഹാസം രചിച്ചു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം വിവിധസർക്കാരുകളും രാഷ്ട്രീയപാർട്ടികളും ന്യൂനപക്ഷാവകാശങ്ങൾ ധ്വംസിക്കാൻ പലപ്പോഴും ശ്രമിച്ചിട്ടുണ്ട്. വൻ പ്രക്ഷോഭണങ്ങൾ നടന്നിട്ടുണ്ട്. അപ്പോഴൊക്കെ സമ്മർദ്ദത്തിന്റെ പേരിലും ഭീഷണിയുടെ പേരിലും പലവിട്ടുവീഴ്ചകൾക്കും ക്രൈസ്തവനേതൃത്വം തയ്യാറായിട്ടുണ്ട്. പല സന്ദർഭങ്ങളിലെ വിട്ടുവീഴ്ചകൾ മുഖാന്തിരം നിരവധി അവകാശങ്ങൾ നമുക്ക് പലപ്പോഴായി നഷ്ടപ്പെട്ടിട്ടുണ്ട്. നഷ്ടപ്പെട്ടതും നഷ്ടപ്പെടുത്തിയതുമായ ആ അവകാശങ്ങളെപ്പറ്റി ഒരിക്കലും ദുഃഖിക്കുവാൻപോലും തയ്യാറാകാതെ ന്യൂനപക്ഷസമുദായങ്ങൾ എന്നും വിജയഭാവം നടിക്കുകയാണ് ചെയ്തത്. ഈ അപകടം ചരിത്രത്തിലൂടെ കണ്ട് മനസ്സിലാക്കിയാൽ കാക്കനാട്ടച്ചന്റെ ധീരമായ പ്രവർത്തിയിൽ ഭാവിതലമുറ അഭിമാനം കൊള്ളുകതന്നെ ചെയ്യും. സംശയമില്ല. പുഷ്പഗിരി പ്രശ്നം രൂക്ഷമായ സന്ദർഭത്തിൽ അദ്ദേഹം ഒരു ലഘുലേഖ പ്രസിദ്ധീകരിക്കുകയുണ്ടായി.

റവ.ഡോ. എബ്രാഹാം കാക്കനാട്ട് വിവിധഭാഷാപണ്ഡിതൻകൂടിയാണ് മലയാളം, ഇംഗ്ലീഷ്, ഇറ്റാലിയൻ, ജർമ്മൻ, ഫ്രഞ്ച്, സ്പാനിഷ് ഭാഷകൾ അനായാസം കൈകാര്യം ചെയ്യുവാൻ അദ്ദേഹത്തിന് സാധിക്കും. അറാമിക്, ഹീബ്രു, ഗ്രീക്ക്, ലാറ്റിൻ ഭാഷകളിലും അദ്ദേഹത്തിന് അവശ്യംവേണ്ട അറിവുണ്ട്.

നാല്പതിലേറെ രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ള അദ്ദേഹം അദ്വിതീയമായ ഒരു ലോകകാഴ്ചപ്പാട് ഉള്ള ഒരു മഹത്വ്യക്തിയാണ്. വിവിധമേഖലകളിൽ പ്രായോഗികപരിജ്ഞാനം നേടിയിട്ടുള്ള അദ്ദേഹം ഏതാനും ശാസ്ത്രീയ പ്രസിദ്ധീകരണങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിലാസം - റവ. ഡോ. എബ്രാഹം കാക്കനാട്ട്, എക്സിക്യൂട്ടീവ് ഡയറക്ടർ,
പുഷ്പഗിരി ഹോസ്പിറ്റൽ, തിരുവല്ല.

www.malankaralibrary.com



# 341

# റവ. ഡോ. ഗീവർഗീസ് ചേടിയത്ത്

പ്രമുഖദൈവശാസ്ത്രജ്ഞനും ചരിത്രകാരനും സീറോ – മലങ്കരസഭയിലെ പ്രമുഖ വൈദീകനുമായ റവ. ഡോ. ഗീവർഗീസ് ചേടിയത്ത് പത്തനംതിട്ട ജില്ലയിൽ അതിരുങ്കൽ ചേടിയത്ത് കുടുംബത്തിൽ സി.ജെ.ദാനിയേൽ – സാറാമ്മ ദമ്പതികളുടെ പത്തുമക്കളിൽ മൂത്തവനായി 1945 മേയ് 29 ന് ജനിച്ചു. അതിരുങ്കൽ മലങ്കര കത്തോലിക്കാ ഇടവകാംഗമാണ്. പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യ ഘട്ടങ്ങളിൽ തുടങ്ങിയ ഇടവകയാണിത്. ഡോക്ടർ ചേടിയത്തിന്റെ പിതാവ് അൾത്താരബാലനായി ഈ ഇടവകയിൽ ശുശ്രൂഷ ചെയ്തിരുന്നു.

ഫാ.ചേടിയത്തിന്റെ പ്രാഥമികവിദ്യാഭ്യാസം അതിരുങ്കൽ എൽ.പി. സ്കൂളിലും സി.എം.എസ്.യു.പി. സ്കൂളിലും ഹൈസ്കൂൾപഠനം കലഞ്ഞൂർ സർക്കാർ സ്കൂളിലുമായിരുന്നു. പത്താംക്ലാസ് പഠനാനന്തരം തിരുവനന്തപുരം മൈനർ സെമിനാരിയിലും മാർ ഈവാനിയോസ് കോളേജിലും പഠിച്ചു. അതിനുശേഷം വടവാതൂർ സെമിനാരിയിൽ വൈദികപഠനം നടത്തി. അക്കാലത്ത് അഭിവന്ദ്യ സിറിൾ ബസേലിയോസ് കാതോലിക്കാബാവാ, പള്ളിക്കാപ്പറമ്പിൽ പിതാവ്, ചിററിലപ്പള്ളി പിതാവ്, പുന്നക്കോട്ടിൽ പിതാവ് എന്നിവർ അവിടെ അദ്ധ്യാപകന്മാരായിരുന്നു. 1969 ഡിസംബർ 20 ന് പട്ടം കത്തീഡ്രലിൽവച്ച് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. കുറേനാൾ ഗ്രിഗോറിയോസ് തിരുമേനിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. തുടർന്ന് തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ വൈസ് റക്ടറായി ജോലിചെയ്തു (1970–1973). തുടർന്ന് ഉപരിപഠനാർഥം റോമിൽ പോയി (1973–1978). അഗസ്റ്റീനിയൻ പട്രിസ്റ്റിക് ഇൻസ്റ്റിററ്യൂട്ടിൽ നിന്ന് 1978 ൽ ഡോക്ടറേററ് എടുത്തു. പ്രശസ്തനായ പ്രൊഫസർ ഷാൻ ഗ്രിബമോ (ബനഡിക്ടൈൻ) ആയിരുന്നു ഡയറക്ടർ. വന്ദ്യനായ പ്ലാസിഡ് പൊടിപ്പാറ അച്ചൻ സി.എം.ഐ. പഠനത്തിൽ വളരെ സഹായിച്ചിട്ടുണ്ട്. മഹാനായ മാർ ബാബായിയുടെ ക്രിസ്തുശാസ്ത്രം എന്നായിരുന്നു തീസീസിന്റെ വിഷയം. ബാബായ് (553–628) പേർഷ്യൻ സഭയിൽ ജീവിച്ചിരുന്ന ഒരു സന്യാസാധ്യക്ഷനായിരുന്നു. പൗരസ്ത്യ സുറിയാനിസഭയുടെ ക്രിസ്തുശാസ്ത്രം മാർ ബാബായിയുടെ ക്രസ്തുശാസ്ത്രമാണ്. അത് ശരിയായ ക്രിസ്തുശാസ്ത്രമായി അതിനെ അംഗീകരിക്കാമെന്നും ഈ തീസീസിലുടെ ഫാ. ജി. ചേടിയത്ത് തെളിയിച്ചു. അന്ന് പലർക്കും അത് മനസ്സിലാക്കാൻ വൈഷമ്യം ഉണ്ടായിരുന്നു. എന്നാൽ 1994 ൽ പരിശുദ്ധപിതാവ് ജോൺപോൾ മാർപ്പാപ്പാ

www.malankaralibrary.com

ഈ തീസീസ് അംഗീകരിക്കുകയും അസ്സീറിയൻ (നെസ്തോറിയൻ) സഭയുമായി ക്രിസ്തുശാസ്ത്രസംബന്ധമായി ഒരു ധാരണയിലെത്തുകയും ഒരു സംയുക്തപ്രസ്താവനയിൽ ഒപ്പുവയ്ക്കുകയും ചെയ്തു. ഈ ക്രിസ്തുശാസ്ത്രസംബന്ധമായ രേഖയുടെ രൂപീകരണത്തിലും ജി.ചേടിയത്ത് സംഭാവന നൽകിയിട്ടുണ്ട്.

പ്രോ.ഓറിയന്തെ എന്നറിയപ്പെടുന്ന സഭൈക്യചർച്ചാവേദിയുടെ സുറിയാനിക്കമ്മീഷനിൽ മലങ്കരസഭയെ പ്രതിനിധീകരിച്ച് ജി.ചേടിയത്ത് 1994 മുതൽ പങ്കെടുക്കുന്നു. ലോകത്ത് ഇന്നുള്ള ഒൻപത് സുറിയാനിസഭകൾക്ക് ഒന്നിച്ചുവരാനുള്ള ഏകവേദിയാണിത്. വിയന്നാ ആർച്ചുബിഷപ്പായിരുന്ന കർദ്ദനാൾ കേണിഗാണ് ഈ ഫൗണ്ടേഷൻ തുടങ്ങിയത്. വിയന്നായാണ് ആസ്ഥാനം. സുറിയാനിസഭകളുടെ ക്രിസ്തുശാസ്ത്രം, കൂദാശകൾ, പത്രോസ് ശ്ലീഹായുടെ സഭാനേതൃത്വസംബന്ധമായ അവരുടെ വീക്ഷണങ്ങൾ എന്നിവ ഇതിനോടകം നടന്ന ഏഴ് സമ്മേളനങ്ങളിൽ ചർച്ച ചെയ്യപ്പെട്ടു. അതുപോലെ പത്രോളജി, സുറിയാനിഭാഷ എന്നിവ സംബന്ധിച്ചുള്ള അന്തർദ്ദേശീയ മീററിംഗുകളിലും ഫാ.ജി. ചേടിയത്ത് പങ്കെടുക്കുന്നു.

കാതലിക് - മലങ്കര ഓർത്തോഡോക്സ് ഡയലോഗിലും, കാത്തലിക് - മലങ്കര യാക്കോബായ (പാത്രിയർക്കീസ് വിഭാഗം) ഡയലോഗിലും മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായോടൊപ്പം ഫാ.ചേടിയത്ത് മലങ്കര കത്തോലിക്കാ സഭയെ പ്രതിനിധീകരിക്കുന്നു. 1989 മുതൽ എല്ലാവർഷവും യോഗങ്ങൾ കൂടുന്നുണ്ടെങ്കിലും സഭൈക്യ സംബന്ധമായി ഓർത്തഡോക്സ് - കാത്തലിക് ചർച്ചകളിൽ ആശാവഹമായ പുരോഗതി ഉണ്ടായിട്ടില്ല. എന്നാൽ യാക്കോബായ - കാത്തലിക് ഡയലോഗിൽ സഭാന്തരവിവാഹം സംബന്ധിച്ച് ഒരു ധാരണ ഉണ്ടാക്കിയിട്ടുണ്ട്. വിവാഹാവസരം സഭാംഗത്വം ഉപേക്ഷിക്കാതെ വിവാഹം നടത്താനുള്ള ധാരണയാണ് ഉരുത്തിരിഞ്ഞിട്ടുള്ളത്. പരിശുദ്ധപിതാവ് ജോൺപോൾ മാർപ്പാപ്പായും യാക്കോബായ പാത്രിയർക്കീസ് സക്കാ ഈവാസും കൂടി ഒപ്പുവച്ച രേഖ പ്രാബല്യത്തിൽ വന്നിട്ട് കുറേനാളായി. എന്നാൽ അത്തരമൊന്ന് മലങ്കര ഓർത്തഡോക്സുകാരും കത്തോലിക്കരും തമ്മിൽ ഇതുവരെ ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. മലങ്കര കത്തോലിക്കാസഭയെ സമയത്തും അസമയത്തും കുററപ്പെടുത്തുന്ന പഴയ എക്യുമെനിക്കൽ വിരുദ്ധ മനസ്ഥിതി വച്ചുപുലർത്തുകയും അന്തർദ്ദേശീയതലങ്ങളിൽ അതിന്റെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്ന പ്രവണത ചില ഓർത്തഡോക്സുകാരിൽ കണ്ടുവരുന്ന ഒരു തെററായ നിലപാടാണ്. കത്തോലിക്കാസഭയെപ്പററി അവർ ഇപ്പോഴും വളരെയധികം മുൻവിധികൾ വച്ചുപുലർത്തുന്നു.

സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ 1979 മുതൽ ജി.ചേടിയത്ത് അദ്ധ്യാപകനാണ്. ഇപ്പോൾ അവിടുത്തെ പൗരസ്ത്യവിദ്യാ

www.malankaralibrary.com

പീഠത്തിൽ പ്രൊഫസറാണ്. 1996 മുതൽ തിരുവനന്തപുരം, നാലാഞ്ചിറ മലങ്കര സെമിനാരിയിൽ താമസിച്ച് പഠിപ്പിക്കുന്നു. കോട്ടയത്തെ സീരി, മാങ്ങാനത്തെ എം.ഒ.സി. എന്നിവിടങ്ങളിലും പഠിപ്പിക്കുന്നു. പട്രോളജി, സഭാചരിത്രം, ക്രിസ്തുശാസ്ത്രം, എക്യുമെനിസം, പൗരസ്ത്യസഭകൾ എന്നിവയാണ് കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ. എൺപതിൽപരം പുസ്തകങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലുമായി എഴുതിയിട്ടുണ്ട്. അതുപോലെ നിരവധി ലേഖനങ്ങളും. സഭാപിതാക്കന്മാരെ മലയാള വായനക്കാർക്ക് പരിചയപ്പെടുത്താൻ അച്ചൻ കഠിനാദ്ധ്വാനം ചെയ്തിട്ടുണ്ട്. പ്രസ്തുത പരിശ്രമത്തെ ദൈവം ധാരാളമായി അനുഗ്രഹിക്കുകയും ചെയ്തു. സഭയിലെ ഉന്നതസ്തംഭങ്ങളായ ചില പിതാക്കന്മാരുടെ കൃതികൾ ഇന്നും പലർക്കും അഗ്രാഹ്യമാണ്. കൊടുമുടികണക്കെ സഭയിൽ ഉയർന്നുനിൽക്കുന്ന അവരെ സമീപിക്കാൻ ഇന്നും പലരും മടിക്കുകയും അറച്ചു നിൽക്കുകയും ചെയ്യുന്നു. അവരെ പരിചയപ്പെടാൻ ഈ കൊടുമുടികളുടെ മുകളിലേക്കു കയറി ച്ചെല്ലാൻ ദൈവം അച്ചന് ഇടവരുത്തി. മാർ ബാബയിയുടെ ഐക്യത്തിന്റെ പുസ്തകം (ലീബർ ദെ യൂണിയോണെ), തിയഡോറിന്റെ മതാധ്യാപന പ്രസംഗം, യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം, പൗരസ്ത്യസുറിയാനിസഭയുടെ സിനോഡിക്കോൺ ഓറിയെന്താലെ എന്ന കാനോനിക സമാഹാരം, ഒരിജന്റെ നാലാംസുവിശേഷഭാഷ്യം, ജറുസലേമിലെ സിറിൽ, ജോൺ ക്രിസൊസ്തോം എന്നിവരുടെ മതാധ്യാപനപ്രസംഗങ്ങൾ, ജോൺ ഡമഷീന്റെ സത്യവിശ്വാസം, മഹാനായ അഗസ്റ്റിന്റെ ക്രിസ്മസ് പ്രസംഗങ്ങൾ എന്നു തുടങ്ങി ഉന്നതഗോപുരങ്ങളെന്നു കരുതപ്പെടുന്ന പിതാക്കന്മാരുമായി സംവാദം നടത്താനിടയായത് ദൈവത്തിന്റെ മഹാകരുണയാണ്. മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രം (ഇംഗ്ലീഷ്), കേരളത്തിലെ ക്രൈസ്തവ സഭകൾ എന്നീ ഗ്രന്ഥങ്ങളും മുതൽക്കൂട്ടുകളാണ്.

ക്രിസ്ത്യൻ ഓറിയെന്റ് പ്രസിദ്ധീകരണത്തിന്റെ എക്യുമെനിസം എന്ന സെക്ഷന്റെ എഡിററാണ് ചേടിയത്തച്ചൻ. അതുപോലെ സ്തുദിയാ എക്യുമെനിക്കാ (ഒപോൾ, പോളണ്ട്) എന്ന പ്രസിദ്ധീകരണത്തിൽ അച്ചൻ ക്രമമായി ലേഖനങ്ങൾ എഴുതാറുണ്ട്. മലങ്കരകത്തോലിക്കാസഭയ്ക്ക് ഒരു പേട്രിയാർക്കേററ് വേണമെന്ന് ക്രൈസ്തവകാഹളത്തിൽ ഒരു ലേഖനത്തിലൂടെ 1969 ൽ അച്ചൻ ആവശ്യം ഉന്നയിച്ചതാണ്. പാത്രിയാർക്കീസിന്റെ സ്ഥാനസംജ്ഞ ഇല്ലെങ്കിലും കാനോനികമായും നൈയാമികമായും പാത്രിയർക്കീസിന്റെ എല്ലാ അധികാരങ്ങളും ഉള്ള മേജർ ആർച്ചുബിഷപ്പു സ്ഥാനം 2005 ഫെബ്രുവരി 10 ന് മലങ്കര കത്തോലിക്കാസഭയ്ക്ക് ലഭിച്ചതിൽ അച്ചന് അഭിമാനിക്കാൻ ഏറെ വകയുണ്ട്. സുറിയാനി - ഇൻഡ്യൻ പാരമ്പര്യം അനുസരിച്ച്, മേജർ ആർച്ചുബിഷപ്പ് കാതോലിക്കാസ് എന്ന് വിളിക്കപ്പെടും എന്ന്, പരിശുദ്ധപിതാവിന്റെ ഡിക്രി വായിച്ചുകഴിഞ്ഞ് മാർപാപ്പായുടെ പ്രതിനിധി പെദ്രോ ലോപ്പസ് ക്വിന്റാനാ അറിയിച്ചത് ഹർഷാരവത്തോ

www.malankaralibrary.com

ടുകൂടിയാണ് മലങ്കരക്കാർ സ്വീകരിച്ചത്. ഇതുപോലെ സന്തോഷപ്രദമായ ഒരന്തരീക്ഷം ഇതിനു മുമ്പൊരിക്കലും കത്തീഡ്രൽ ദേവാലയത്തിൽ കണ്ടിട്ടില്ല.

തിരുവനന്തപുരം അതിരൂപതയിലെ നിരവധി ഇടവകകളിൽ ഞായറാഴ്ചകളിൽ സഭാശുശ്രൂഷ നടത്തിയിട്ടുണ്ട്. ദൈവകൃപയാൽ ഇപ്പോഴും സഭാശുശ്രൂഷയിലാണ്. ഡോ.ചേടിയത്ത് മലയാളത്തിലും ഇംഗ്ലീഷിലുമായി 83 ഗ്രന്ഥങ്ങൾ ഇതിനകം രചിച്ചിട്ടുണ്ട്. മലയാളത്തിൽ രചിച്ച ഗ്രന്ഥങ്ങൾ താഴെപറയുന്നവയാണ്.

1. മാർ അപ്രേം സുവിശേഷഭാഷ്യം 2. മാർ അപ്രേം ഉൽപത്തി ഭാഷ്യം 3. മാർ അപ്രേം പറുദീസാ ഗീതങ്ങൾ 4. മാർ അപ്രേം കന്യാത്വഗീതങ്ങൾ 5. മാർ അപ്രേം മനുഷ്യാവതാര ഗീതങ്ങൾ 6. മാർ ഈശോദാദ് സുവിശേഷഭാഷ്യം 7. മാർ ഈശോദാദ് പുതിയനിയമഭാഷ്യം 8. സഭാപിതാക്കന്മാർ 9. സഭാപിതാക്കന്മാർ (Vol-I) 10. സഭാപിതാക്കന്മാർ (Vol II) 11. സഭാപിതാക്കന്മാർ (vol - III) 12. ജറുസലേമിലെ സിറിൽ, മതാദ്ധ്യാപനപ്രസംഗങ്ങൾ 13. തിയോഡോർ, മതാദ്ധ്യാപന പ്രസംഗങ്ങൾ 14. ജോൺ ക്രിസോസ്തം മതാദ്ധ്യാപന പ്രസംഗങ്ങൾ 15.മാർ മറുദ, കാനോനിക്കൽ 16. സുനഹദോസുകൾ 17. സിനിഡോക്കൻ ഓറിയന്താളെ 18. മാത്യൂസ് മാർ അത്തനാസിയോസിന്റെ മലങ്കര കാനോൻ (Edition) 19. പ്രാചീന സന്യാസ ചരിത്രം 20. സന്യാസത്തിന്റെ അന്തർധാര 21. പലസ്തീനായിലെ സന്യാസികൾ 22. വിശുദ്ധ ഇയുത്തിമിയാസന്റെ ജീവചരിത്രം 23. പ്രാചീനസന്യാസ നിയമങ്ങൾ 24. പൈതൃക പ്രബോധനം 25. ആദിമ സഭയുടെ സന്ദേശം 26. ആദിമസഭാപിതാക്കന്മാർ 27. ലത്തീൻ സഭാപിതാക്കന്മാർ 28. അപ്പസ്തോലിക പിതാക്കന്മാർ 29. സുറിയാനി സഭാപിതാക്കന്മാർ 30. പാട്രിസ്റ്റിക് ക്വസ് 31. കുർബ്ബാനയുടെ വ്യാഖ്യാനങ്ങൾ 32. മാർ ബാബായുടെ ക്രിസ്തുശാസ്ത്രം 33. ജറോം ജിന്നാഡിയൂസ് 34. ഗിരിപ്രഭാഷണം 35.കർതൃപ്രാർത്ഥന - നൈസിയൻ ഭാഷ്യം 36. മാർത്തോമ്മായുടെ നടപടികൾ 37. എവുസേബിയൂസ് - തിരുസഭാചരിത്രം 38. സോക്രട്ടസ് സഭാചരിത്രം 39. മാർ എബ്രായാ സഭാചരിത്രം 40. മലങ്കര സഭാചരിത്രം 41. അന്തോഖ്യൻ സഭാ - ഉദയവും വളർച്ചയും 42. സഭാചരിത്രം മലങ്കരസഭ 43. ഒരിജൻ ഉത്തമഗീതാഭാഷ്യം 44. ഒറിജൻ ലൂക്കാഭാഷ്യം 45. യോഹന്നാന്റെ സുവിശേഷം 46. ഡിഡാസ്ക്കലിയ 47.മാർ സലിബി, ആരാധനാക്രമത്തിന്റെ വ്യാഖ്യാനം 48. ജീവാമൃതം 49. ഹെർമാസിന്റെ ഇടയൻ 50. പ്രാർത്ഥന സഭയിൽ 51. പ്രാർത്ഥന സുറിയാനി സഭയിൽ 52. കൂദോശിത്തോ ഞായർ 53. മാർത്തോമ്മായുടെ ദുക്റാന 54. മലങ്കര ഗീതങ്ങൾ 55. ക്രൈസ്തവഗീതങ്ങൾ 56. ബൈബിൾ ഗീതങ്ങൾ 57. മാതൃ കീർത്തനങ്ങൾ 58. ത്രിയേക ദൈവം 59.സത്യദൈവവും സത്യാരാധനയും 60. മദ്ധ്യകാലസഭാചരിത്രം 61. പെരുനാളുകളും വേദവായനക്കുറിപ്പുകളും

www.malankaralibrary.com

62. കാതോലിക്കാ വിശ്വാസവും പെന്തക്കോസ്ത് വീക്ഷണങ്ങളും 63. എക്യുമിനിസം 64. സഭാചരിത്രപഠനങ്ങൾ 65. പൗരസ്ത്യകാതോലിക്കോസ് 66. മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ 67. കേരളത്തിലെ ക്രൈസ്തവസഭകൾ 68. യഹോവാസാക്ഷികൾ 69. ശിശുസ്നാനം വേദാനുസൃതം 70. മാർ അബ്രാഹം 71. യോഹന്നാന്റെ സുവിശേഷം - തിയോഡറിന്റെ ഭാഷ്യം 72. ഐറേനിയൂസ് - അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ് 73. വിശുദ്ധ ജോൺ ഡമസീനി, സത്യവിശ്വാസം 74. വിശുദ്ധ അഗസ്റ്റിൻ, ക്രിസ്മസ് ദനഹാ പ്രസംഗങ്ങൾ.


അദ്ദേഹം രചിച്ച ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ താഴെപ്പറയുന്നവയാണ്.

(1) Mar Babai, Some useful counsels on the Aseetical life (2) St. thomas the Apostle of India (3) Ecumenism in danger (co editior) (4) The christology of Mar Babai the great (5) Bibliographical survey (co-ed) (6) Christology (7) The malankara Catholic Church (8) Arch Bishop Mar Ivanios in his Thoughts (9) The Catholicose of the East.

ഇതിൽ പലഗ്രന്ഥങ്ങൾക്കും പല പതിപ്പുകൾ വേണ്ടി വന്നു. സഭാചരിത്രരംഗത്തെ അതികായകനായ റവ. ഡോ. ഗീവർഗീസ് ചേടിയത്ത് മലങ്കര മേജർ സെമിനാരിയിലെ പ്രൊഫസ്സറാണ്.

വിലാസം - റവ.ഡോ. ഗീവർഗീസ് ചേടിയത്ത്, മലങ്കര മേജർ സെമിനാരി,
നാലാഞ്ചിറ, തിരുവനന്തപുരം - 695015

# 342



# ഫാ. ജിയോ പയ്യപ്പിള്ളി

പ്രശസ്തസാഹിത്യകാരൻ, പ്രഗത്ഭവാഗ്മി, ദൈവശാസ്ത്രപണ്ഡിതൻ, മികച്ച സംഘാടകൻ, ദാർശനികൻ, റേഡിയോ പ്രഭാഷകൻ, അജപാലന നിപുണൻ, മതസൗഹാർദ്ദ പ്രചാരകൻ, വിദ്യാഭ്യാസ - സാംസ്കാരിക പ്രവർത്തകൻ തുടങ്ങിയ നിലകളിൽ വ്യക്തിമുദ്രപതിപ്പിച്ച ഫാ. ജിയോ പയ്യപ്പിള്ളി കേരള സി.എൽ.സി. പ്രസ്ഥാനത്തിന്റെ ജിഹ്വയും കുടുംബമാസികയുമായ മേരി വിജയത്തിന്റെ മുഖ്യ പത്രാധിപരായി 26 വർഷമായി മാധ്യമരംഗത്തു പ്രവർത്തിച്ചുവരികയാണ്. കേരളകത്തോലിക്ക മെത്രാൻ സമിതിയുടെ കുടുംബ - അല്മായ - വനിത കമ്മീഷന്റെ സെക്രട്ടറിയായി (1999 മുതൽ 2005) അദ്ദേഹം സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദക്ഷിണേന്ത്യയിലെ പുരാതനവും പ്രശസ്തവുമായ മാഹി സെന്റ് തെരേസ തീർത്ഥാടനകേന്ദ്രത്തിന്റെ വികാരിയായി ഫാ. പയ്യപ്പിള്ളി ഇപ്പോൾ ശുശ്രൂഷ ചെയ്തു വരുന്നു.

1945 സെപ്റ്റംബർ 14-ാം തീയതി എറണാകുളം ജില്ലയിലെ

www.malankaralibrary.com

എളന്തിക്കരയിൽ പയ്യപ്പള്ളി വർഗീസ് ഏലി ദമ്പതികളുടെ മകനായി ജനിച്ച അദ്ദേഹം ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നു തത്ത്വശാസ്ത്ര - ദൈവശാസ്ത്രപഠനം പൂർത്തിയാക്കി. വൈദിക കലാലയത്തിൽ പഠിക്കുമ്പോൾ തന്നെ പ്രമുഖപ്രസിദ്ധീകരണങ്ങളിൽ പ്രൗഢലേഖനങ്ങൾ എഴുതിയിരുന്നു. സത്യദീപം വാരികയിൽ ആഴ്ചതോറുമുള്ള സപ്ലിമെന്റിൽ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ലേഖനങ്ങൾ അദ്ദേഹം എഡിററു ചെയ്തിട്ടുണ്ട്. 1969 ഡിസംബർ 20 നു പുരോഹിതനായി അദ്ദേഹം അഭിഷിക്തനായി. 1970 ൽ കോഴിക്കോട്ടു രൂപത ബിഷപ്സ് ഹൗസിൽ ആരാധനക്രമ സെക്രട്ടറിയായും വരാപ്പുഴ ലത്തീൻ ആരാധനക്രമ കമ്മീഷൻ കൺവീനറുമായും നിയമിക്കപ്പെട്ടു. അന്നത്തെ കോഴിക്കോട്ടു രൂപത മെത്രാനായിരുന്ന ഡോ. ആൽദോ മരിയ പത്രോണി എസ്. ജെ. യുടെയും കമ്മീഷൻ ചെയർമാനായിരുന്ന കൊല്ലം മുൻ മെത്രാൻ ഡോ. ജെറോം ഫെർണാണ്ടസിന്റേയും മേൽനോട്ടത്തിൽ ഇന്നു ലത്തീൻ റീത്തിൽ ഉപയോഗത്തിലിരിക്കുന്ന ദിവ്യപൂജാഗ്രന്ഥം, കുട്ടികളുടെ ജ്ഞാനസ്നാനം, മുതിർന്നവരുടെ ജ്ഞാനസ്നാനം, സ്ഥൈര്യലേപനക്രമം, രോഗീലേപനതിരുക്കർമ്മം, വിവാഹാശീർവാദ കർമ്മം, മൃതസംസ്കാര ശുശ്രൂഷ, വിശുദ്ധവാരത്തിരുക്കർമ്മങ്ങൾ, വൈദിക പട്ട - മെത്രാഭിഷേകതിരുക്കർമ്മം,വേദപാഠകം (എട്ടു വാല്യങ്ങൾ) എന്നീ പതിനെട്ട് ആരാധനക്രമഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുകയും പ്രസാധനം ചെയ്യുകയും 11 ലത്തീൻ രൂപതകൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്ന ഭാരിച്ച ഉത്തരവാദിത്വം ഒരു പതിററാണ്ടുകാലം അദ്ദേഹം ഏറെറടുക്കുയുണ്ടായി.

1972 മുതൽ കാൽനൂററാണ്ടുകാലം മരിയൻ സൊഡാലിററി/ സി.എൽ.സി. പ്രസ്ഥാനത്തിന്റെ രൂപത - പ്രാദേശിക - ദേശീയ തലങ്ങളിൽ സാരഥ്യം വഹിച്ചിരുന്ന ഫാ. പയ്യപ്പിള്ളി 1976 മുതൽ 1982 വരെ കേരള സി.എൽ.സി. ഡയറക്ടറായും ദേശീയ കൺസൾട്ടറായും നിസ്തുലമായ സേവനമനുഷ്ഠിച്ചു. സി.എൽ.സി. പഠനപരിശീലനശിബിരങ്ങളിൽ അദ്ദേഹം സ്ഥിരം ക്ലാസ്സുകൾ എടുക്കുകയും സി.എൽ.സി.യുടെ നൂതനാഭിമുഖ്യങ്ങൾ മാസികയിലൂടെയും ലഘുലേഖകളിലൂടെയും അവതരിപ്പിക്കുകയും ചെയ്തിരുന്നു. 1976 ആഗസ്റ്റ് - സെപ്ററംബർ മാസങ്ങളിൽ ഫിലിപ്പൈൻസിലെ മനിലയിൽ ചേർന്ന ലോക സി.എൽ.സി. അസംബ്ലിയിലും ഗൈഡ്സ് കോഴ്സിലും ഇന്ത്യൻ പ്രതിനിധിയായി അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. 1978 ൽ റോമിൽ സംഘടിപ്പിക്കപ്പെട്ട രണ്ടു മാസത്തെ പരിശീലനകോഴ്സിലും ലോക സി.എൽ.സി. അസംബ്ലിയിലും അദ്ദേഹം സംബന്ധിച്ചിരുന്നു.

കോഴിക്കോട് ദൈവമാതാ കത്തീഡ്രൽ വെസ്റ്റ്ഹിൽ, സെന്റ് മൈക്കിൾസ് ചർച്ച്, കണ്ണൂർ ഹോളിട്രിനിററിചർച്ച് എന്നീ ഇടവകകളിൽ അതീവ സ്തുത്യർഹമായ അജപാലനശുശ്രൂഷ നിർവഹിച്ച ഫാ. പയ്യപ്പിള്ളി

www.malankaralibrary.com

കോഴിക്കോടു രൂപതയിലെ സോഷ്യൽ സർവീസ് സൊസൈററി, മത ബോധന - ബൈബിൾ കമ്മീഷൻ, കുടുംബ പ്രേഷിത വകുപ്പ് തുടങ്ങിയ വയുടെ ഡയറക്ടറായി പ്രവർത്തിച്ചിട്ടുണ്ട്. ലാററിൻ കാത്തലിക് അസോസി യേഷൻ, നേഴ്സസ് ഗിൽഡ്, സെൻ്റ് പോൾസ് മൈനർ സെമിനാരി എന്നിവ യുടെ ആദ്ധ്യാത്മികോപദേഷ്ടാവായും ഫൊറോനവികാരി, രൂപത പാസ്റ്ററൽ കൗൺസിലംഗം, രൂപതകൺസൾട്ടർ, നവജ്യോതിസ് റിന്യൂവൽ സെൻ്റർ ഡയറക്ടർ, രൂപതാബുള്ളററിൻ (സന്ദേശം) എഡിററർ എന്നീ തസ്തിക കളിലും ശ്രദ്ധേയമായ സംഭാവന അർപ്പിച്ചുകൊണ്ടിരിക്കുന്നു. കോഴിക്കോടു രൂപത പ്ലാററിനം ജൂബിലി ജനറൽ കൺവീനർ, മഹാജൂബിലിവർഷത്തിൽ കെ.സി.ബി.സി. കോഴിക്കോടു സംഘടിപ്പിച്ച മതസൗഹാർദ്ദസമ്മേളനത്തിൻ്റെ ജനറൽ കൺവീനർ, രൂപതാമെത്രാൻ്റെ അഭിഷേക കമ്മിററി ജനറൽ കൺവീനർ എന്നീ നിലകളിൽ അദ്ദേഹം തൻ്റെ സംഘാടകവൈഭവം തെളി യിച്ചിട്ടുണ്ട്.

1966 ൽ ആരംഭിച്ച കേരളദാർശനിക സമിതി സ്ഥാപകാംഗം, കോഴിക്കോടു ദാർശനിക സമിതി പ്രസിഡൻ്റ്, കാലിക്കററ് ബുക്ക് ക്ലബ്ബ് പ്രസിഡൻ്റ്, കോഴിക്കോടു ആകാശവാണി അഡൈ്വസറി ബോർഡംഗം, നിര വധി സ്മരണികകളുടെ ചീഫ് എഡിററർ എന്നീ നിലകളിലും പ്രശംസ നീയമായ സേവനം അദ്ദേഹം അനുഷ്ഠിച്ചിട്ടുണ്ട്. ആനുകാലിക പ്രസിദ്ധീ കരണങ്ങളിൽ അദ്ദേഹം തുടർച്ചയായി ലേഖനങ്ങൾ എഴുതിക്കൊണ്ടിരി ക്കുന്നു. മനുഷ്യനിലെ മനുഷ്യൻ, ഈശ്വരനും ദാർശനികരും, തിരുസഭാചരിത്രം, ജീവിതപൂർണ്ണിമ, Fullness of Life, പ്രകാശരേഖ എന്നീ പുസ്തകങ്ങളുടെ രചയിതാവാണ് അദ്ദേഹം. ഫാ. പയ്യപ്പിള്ളി മലബാറിലെ മിഷനറിമാർ എന്ന ബൃഹദ്ഗ്രന്ഥത്തിൻ്റേയും മോൺ സക്കറിയാസ് വാഴപ്പിള്ളിയുടെ ജീവചരിത്രത്തിൻ്റേയും പണിപ്പുരയിലാണ്. മധുരവും ദീപ്തവും സരളവും അതേസമയം പ്രൗഢവും ആനുകാലികവുമാണ് അദ്ദേഹത്തിൻ്റെ രചനാശൈലി. പ്രശ്നങ്ങളുടെ പക്ഷത്തല്ല, പരിഹാര ത്തിൻ്റെ പക്ഷത്താണ് അദ്ദേഹം നിലകൊള്ളുന്നത്. അറിവിൻ്റെ നിറവു പകരുന്ന സന്ദർഭോചിതമായ പത്രാധിപസന്ദേശങ്ങളാലും ലേഖനങ്ങളാലും അദ്ദേഹം അനുവാചകരെ പ്രകാശത്തിൻ്റെ നവീനചക്രവാളങ്ങളിലേക്കു നയിക്കുന്നു. സഭയുടെയും സമൂഹത്തിൻ്റെയും പ്രശ്നങ്ങളോടും പ്രതി സന്ധികളോടും ക്രിസ്തീയമായും ക്രിയാത്മകമായും പ്രതികരിച്ചുകൊണ്ട് സുവിശേഷത്തിൻ്റേയും സഭാ പ്രബോധനത്തിൻ്റേയും കാഴ്ചപ്പാടിൽ പരിഹാരം കണ്ടെത്തുന്ന നിലപാടുകളും ഇടപെടലുകളുമാണ് അദ്ദേഹ ത്തിൻ്റെ ലേഖനങ്ങളുടെ കാലികപ്രസക്തി. സമകാലീന ചുററുപാടിൽ സംഘർഷത്തിൻ്റെ കൊടുങ്കാററിരമ്പുന്ന മനസ്സിനു കുളിർകാററുപോലെ സാന്ത്വനമേകുന്നവയാണ് അദ്ദേഹത്തിൻ്റെ രചനകൾ. മാനവികതയുടേയും മതമൈത്രിയുടേയും ഭാഷയാണ് അദ്ദേഹത്തിൻ്റെ തൂലികയിലൂടെ വാർ

www.malankaralibrary.com

ന്നുവീഴുന്നത്. സഭയോടൊത്തു ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അദ്ദേഹം സഭാവിരുദ്ധമായ രചനകളെ - അവ ലേഖനമായാലും കഥകളായാലും കവിതകളായാലും - പ്രാവാചിക ധീരതയോടെ എതിർക്കുന്നതിൽ മുൻപന്തിയിലുണ്ടായിരിക്കും.

വിശ്വാസവും ജീവിതവും പ്രാർത്ഥനയും പ്രവർത്തനവും സമന്വയിപ്പിക്കുന്ന ആദ്ധ്യാത്മികതയുടെ ഉടമയാണ് ഫാ. പയ്യപ്പിള്ളി. ഇടപഴകുന്നവരോടു ഹൃദ്യവും വശ്യവുമായി പെരുമാറുന്ന അദ്ദേഹം ഏവർക്കും പ്രിയംകരനാണ്. ഉയർന്ന ചിന്തയും ലളിത ജീവിതവും കൈമുതലാക്കിയ അദ്ദേഹം സകലർക്കും റോൾ മോഡൽ ആയിത്തീർന്നിരിക്കുന്നു. സാഹിത്യകാരന്മാരേയും അൽമായനേതാക്കളേയും പ്രോത്സാഹിപ്പിക്കുന്നതിൽ അദ്ദേഹം എന്നും ഉത്സുകനത്രേ. ഏല്പിക്കപ്പെടുന്ന ഏത് ഉത്തരവാദിത്വവും അതിന്റെ പൂർണ്ണതയിൽ നിറവേററുന്ന അദ്ദേഹം അനുസ്യൂതമായ തപസ്യയിലൂടെയും കഠിനാദ്ധ്വാനത്തിലൂടെയുമാണ് വൈവിധ്യമാർന്ന മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളത്. എല്ലാ മതത്തിലും ശ്രേണിയിലുംപെട്ട വലിയ സുഹൃദ് വലയത്തിന്റെ ഉടമയാണ്.

വിലാസം - ഫാ. ജിയോ പയ്യപ്പള്ളി, വികാർ, സെന്റ് തേരേസാസ് ചർച്ച്, മാഹി - 673 310, ഫോൺ - 2332332.

# 343

# മാർജേക്കബ് അങ്ങാടിയത്ത്



മാർ ജേക്കബ് അങ്ങാടിയത്തിനെ ചിക്കാഗോ ആസ്ഥാനമായ സെന്റ് തോമസ് സീറോ-മലബാർ രൂപതയുടെ മെത്രാനായി നിയമിച്ച സംഭവം സീറോമലബാർ സഭയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. ഇന്ത്യയ്ക്കുപുറത്തു സ്ഥാപിക്കപ്പെട്ട ആദ്യത്തെ സീറോ-മലബാർ രൂപതയാണ് ചിക്കാഗോ രൂപത. യു.എസ്സി.ലേയ്ക്കും ക്യാനഡയിലേയ്ക്കും കുടിയേറിയ സീറോമലബാർ കത്തോലിക്കർക്ക് ആവശ്യകമായ ആദ്ധ്യാത്മികസേവനങ്ങൾ ലഭ്യമാക്കുകയാണ് ഈ രൂപതയുടെ ലക്ഷ്യം. ഒന്നരനൂറ്റാണ്ടുമുമ്പ് സീറോമലബാർ സഭയ്ക്ക് അതിന്റെ സ്വന്തം ഹയരാർക്കി തന്നെ ഉണ്ടായിരുന്നില്ല. അതിനുശേഷമുള്ള ചുരുങ്ങിയ സമയംകൊണ്ട് ഈ സഭ വലിയമുന്നേറ്റം നടത്തി. സ്വന്തം സന്താനങ്ങൾ ഉള്ളിടത്തെല്ലാം സ്വന്തം ഹയരാർക്കിയും വേണമെന്ന ആവശ്യത്തിന്റെ പേരിലുള്ള ദീർഘമായ അദ്ധ്വാനത്തിന്റെ ഫലപ്രാപ്തിയാണ് ഈ രൂപത.

www.malankaralibrary.com

പാലാരൂപതയിലെ പെരിയപ്പുറം ഇടവകയിലാണ് ജേക്കബ് അങ്ങാടിയത്ത് ജാതനായത്. 1945 ഒക്ടോബർ 26-ാം തീയതി. മുതുക്കുളം നാമക്കുഴി എന്നിവിടങ്ങളിലെ വിദ്യാലയങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1962 ൽ പാലായിലെ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് വടവാതൂർ സെന്റ് തോമസ് മേജർ സെമിനാരിയിൽ ചേർന്നു പഠിച്ചു. 1972 ജനുവരി അഞ്ചിന് പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടം സ്വീകരിച്ചു. പിന്നീട് കേരളസർവ്വകലാശാലയിൽനിന്നു ബി.എ. ബിരുദം നേടി.

ഇടവക ജോലിയിൽ ആദ്യം നിയുക്തനായത് കുടക്കച്ചിറപ്പള്ളിയിലെ അസിസ്റ്റന്റ് വികാരിയായിട്ടാണ്. രണ്ടുകൊല്ലത്തിനുശേഷം അരുവിത്തുറ ഫൊറോനാപ്പള്ളിയിലേയ്ക്കു സ്ഥലം മാറ്റപ്പെട്ടു. 1977 ൽ അമ്പാറനിരപ്പേൽ സെന്റ് ജോൺസ് പള്ളിയിൽ വികാരിയായി നിയമിതനായി. 1980 ൽ പാലായിലെ ഗുഡ്ഷെപ്പേഡ് മൈനർ സെമിനാരിയിലെ വൈസ് റെക്ടറായി നിയമിക്കപ്പെട്ടു. 1984 ൽ പാലാ മെത്രാൻ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, ജേക്കബ് അച്ചനെ ടെക്സാസിലെ ഡാല്ലാസിലുള്ള സീറോ മലബാർ സഭാംഗങ്ങളുടെ സേവനത്തിനായി നിയോഗിച്ചു. സീറോ മലബാർ ബിഷപ്പ്സ് കോൺഫ്രൻസിന്റെ നിർദ്ദേശമനുസരിച്ചായിരുന്നു ഇത്.

പാലാരൂപതയിൽ പ്രവർത്തിച്ചിരുന്ന കാലത്ത് ഫാ. അങ്ങാടിയത്ത് പലപ്പോഴായി യുവശക്തിയുടെ ഡയറക്ടർ, 'അസോസിയേഷൻ ഓഫ് ഡയസീഷൻ ക്ലെർജിയുടെ സെക്രട്ടറി, പ്രീസ്റ്റ്സ് സെനറ്റ് അംഗം, അരുവിത്തുറയിലെ സി.എം.എൽ. ന്റെ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ടെക്സാസിലെ ഡാല്ലസിലായിരുന്നപ്പോൾ അവിടുത്തെ സെന്റ് പയസ് ചർച്ചിന്റെ അസ്സോസിയേറ്റ് പാസ്റ്ററായി 12 വർഷം പ്രവർത്തിച്ചു. അവിടെവച്ചുതന്നെ വളരെ സജീവമായ ഒരു സീറോമലബാർ മിഷന് അടിത്തറയിട്ടു. ആ മിഷന്റെ ഡയറക്ടറായി പ്രവർത്തിച്ച്, ആ മിഷനുവേണ്ടി ഒരു പള്ളിയും റെക്ടറിയും സ്വായത്തമാക്കി.

ടെക്സാസിലെ ഗാർലൻഡിലുള്ള സെന്റ് മൈക്കിൾസ് ഇടവകയുടെ അസ്സോസിയേറ്റ് പാസ്റ്ററായും അദ്ദേഹം പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മുകളിൽപറഞ്ഞ മിഷൻ, അംഗസംഖ്യയിലും ആദ്ധ്യാത്മിക പ്രവർത്തനങ്ങളുടെ മികവിലും വൻപുരോഗതിനേടി.

അദ്ദേഹം ടെക്സാസിലെ ഡാല്ലാസ് സർവ്വകലാശാലയിൽനിന്ന് എം.റ്റി.എച്ച്. ബിരുദം നേടി.

ഫാ. അങ്ങാടിയത്തിന്റെ ഉത്സാഹത്താൽ പടുത്തുയർത്തപ്പെട്ട പള്ളിയുടെ സാങ്ച്വറി യു.എസ്സിലുള്ള സീറോ മലബാർ പള്ളികളുടെ സാങ്ച്വറികളിൽ മികച്ചതാണ്. ഈ സാങ്ച്വറിയുടെ നിർമ്മാണത്തിനു പിന്നിലെ പ്രധാന ഘടകം ഫാ. അങ്ങാടിയത്തിന്റെ പ്രയത്നമത്രേ.

ഡാല്ലസിൽ 15 വർഷത്തെ സേവനത്തിനുശേഷം 1999 ൽ ഫാ. അങ്ങാടിയത്ത് ചിക്കാഗോയിലേയ്ക്കു സ്ഥലം മാററപ്പെട്ടു. ചിക്കാഗോ മിഷന് അദ്ദേഹം

www.malankaralibrary.com

നൽകിയ അദ്ധ്യാത്മികവും സാംസ്കാരികവുമായ നേതൃത്വം അതിന് അത്ഭുതാവഹമായ വളർച്ചയാണു കൈവരുത്തിയത്. സി.സി.ഡി. ക്ലാസ്സുകളിൽ പങ്കെടുക്കുന്ന കുട്ടികളുടെ സംഖ്യ ക്രമാനുഗതമായി വർദ്ധിക്കാൻ തുടങ്ങി. ഇടവകയുടെ ആദ്ധ്യാത്മിക പുരോഗതിയ്ക്കുപയുക്തമായ പുതിയ പ്രവർത്തനങ്ങൾ നടപ്പിൽവന്നു. മിഷൻലീഗ്, അൾത്താര സേവകസംഘം തുടങ്ങിയവ വളരെ സജീവമായി. പ്രാർത്ഥനാസമ്മേളനങ്ങൾ നടത്തുന്നതിന് അൽമായ നേതാക്കൾക്കു പ്രത്യേക പരിശീലനം നൽകപ്പെട്ടു.

ഫാ.അങ്ങാടിയത്ത് ചിക്കാഗോ മിഷന്റെ ചുമതലവഹിക്കുന്ന കാലത്താണ് ആ മിഷൻ രണ്ടാംസീറോമലബാർ കാത്തലിക്ക് കൺവൻഷൻ നടത്തുന്ന ചുമതല ഏറ്റെടുത്തത്. ആ കൺവൻഷനുവേണ്ടിയുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്ന കാലത്ത് പരിശുദ്ധ പിതാവ് ചിക്കാഗോ കേന്ദ്രമാക്കി ഒരു പുതിയ സീറോ മലബാർ രൂപത സ്ഥാപിക്കുകയും മാർ ജേക്കബ് അങ്ങാടിയത്തിനെ അതിന്റെ പ്രഥമ മെത്രാനായി നിയമിക്കുകയും ചെയ്തു. ഭാഗ്യസ്മരണാർഹനായ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തിയത് 2001 മാർച്ച് 13-ാം തീയതിയായിരുന്നു. ചിക്കാഗോ മെത്രാപ്പോലീത്തായായ അത്യുന്നത കർദ്ദിനാൾ ഫ്രാൻസീസ് ജോർജ്ജ് ചിക്കാഗോ അതിരൂപതയുടെ ചാൻസറിയിൽവച്ച് പരിശുദ്ധപിതാവിനുവേണ്ടി ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തി.

മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേകം ചിക്കാഗോയിൽവച്ചുനടന്ന സീറോ മലബാർ കൺവൻഷനിടയ്ക്ക്, 2001 ജൂലൈ 1ന് നടന്നു. ഇൻഡ്യയിൽനിന്നും യു.എസ്സിൽനിന്നും എത്തിയ അനേകം മെത്രാന്മാരുടെയും കർദ്ദിനാളന്മാരുടെയും സാന്നിദ്ധ്യത്തിൽ നടന്ന ആ അഭിഷേക കർമ്മം ആദ്ധ്യാത്മികോന്നമനകരമായിരുന്നു. അഭിഷേകകർമ്മത്തിലെ പ്രധാന കാർമ്മികൻ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിലും പാലാ മെത്രാൻ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, കോട്ടയം മെത്രാൻ മാർ കുര്യാക്കോസ് കുന്നശ്ശേരി എന്നിവർ സഹകാർമ്മികരും ആയിരുന്നു.

ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത് യു.എസ്സ്. ബിഷപ്സ് കോൺഫ്രൻസിന്റെ മൈഗ്രേഷൻ കമ്മിറ്റിയുടെ കൺസൾട്ടന്റ് ആയി നിയമിക്കപ്പെട്ടു. യുണൈറ്റഡ് സ്റ്റേറ്റ്സിലെ പൗരസ്ത്യ റീത്തു മെത്രാന്മാരുടെ കോൺഫ്രൻസിലും അദ്ദേഹം അംഗമാണ്.

ചിക്കാഗോ മെത്രാനായി നിയമിക്കപ്പെട്ടതുമുതൽ, പുതിയ രൂപതയ്ക്ക് യു.എസ്സിൽ ശക്തമായ ഒരടിത്തറ കെട്ടിപ്പടുക്കാൻ മാർ അങ്ങാടിയത്ത് കഠിനപ്രയത്നം ചെയ്യുകയാണ്. പുതിയ രൂപതയ്ക്ക് ഇപ്പോൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി എട്ട് ഇടവകകളാണുള്ളത്. ബെൽവുഡിലെ മാർത്തോമ്മാശ്ലീഹാപ്പള്ളി പുതിയ രൂപതയുടെ കത്തീഡ്രൽപ്പള്ളിയായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ബെൽവുഡ് ഇടവകയിലെ ജനങ്ങൾ പുതിയ

www.malankaralibrary.com

കത്തീഡ്രൽ ഉണ്ടാക്കാനുള്ള ഉത്സാഹത്തിലാണ്. പുതിയ പള്ളിക്കെട്ടിടത്തിന്റെ ആർക്കിട്ടെക്ചറൽ ഡിസൈൻ അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. ജൂലൈ 3ന് കർദ്ദിനാൾ മാർ വർക്കി വിതയത്തിലിന്റെ സാന്നിദ്ധ്യത്തിൽ ബിഷപ്പ് അങ്ങാടിയത്ത് പള്ളിയുടെ അടിസ്ഥാനശില വെഞ്ചരിച്ചു.

രൂപതാസ്ഥാപനത്തിനുശേഷമുള്ള ആദ്യ ഇടവക കാലിഫോർണിയായിലെ ഓറഞ്ച് കൗണ്ടിയിൽ രൂപീകരിക്കപ്പെട്ടു. ഹൂസ്റ്റൺ, ഫിലാഡെൽഫിയാ, കോറൻസ്പ്രിംഗ്സ്, ഫ്ളോറിഡാ, ന്യൂയോർക്ക് എന്നിവിടങ്ങളിൽ പുതിയ ദൈവാലയങ്ങൾ നിർമ്മിക്കപ്പെട്ടു.


പുതിയ ഇടവകകളും മിഷൻ കേന്ദ്രങ്ങളും ആശീർവ്വദിക്കുന്നതിനും പ്രഥമ ദിവ്യകാരുണ്യ സ്വീകരണങ്ങളും സ്ഥിരീകരണകൂദാശകളും നടത്തുന്നതിനുംവേണ്ടി മാർ അങ്ങാടിയത്ത് കൂടെക്കൂടെ രാജ്യത്ത് തലങ്ങും വിലങ്ങും സഞ്ചരിക്കുകയാണ്.

മാർ അങ്ങാടിയത്ത് യു.എസ്സ്. ബിഷപ്പ്സ് കോൺഫ്രൻസിലും കനേഡിയൻ ബിഷപ്പ്സ് കോൺഫ്രൻസിലും സീറോ മലബാർ ബിഷപ്സ് സിനഡിലും അംഗമാണ്. കേരള ബിഷപ്സ് സിനഡിൽ അദ്ദേഹം പതിവായി പങ്കെടുക്കാറുണ്ട്.

Address - Bishop Mar Jacob Angadiath, Catholic Diocese of Chicago, 3009 S.49th Avenue, CICERO IL 60804, U.S.A.

## 344

# റവ. മോൺ. മാത്യു കീമറ്റം



നാഗാലാണ്ടിലെ ഗ്രമപ്രദേശങ്ങളിൽ കൂടി ചുറ്റി സഞ്ചരിച്ച്, ആ ഗ്രാമവാസികളുടെയിടയിൽ അവരിൽ ഒരാളായി ജീവിതം നയിച്ച, മിഷനറിയായ റവ. മോൺ. മാത്യു കീമറ്റം രാമപുരത്ത് കീമറ്റം ഭവത്തിൽ ഇട്ടിയവിരാ - മേരിക്കുട്ടി ദമ്പതികളുടെ ഇളയമകനായി 1945 ഒക്ടോബർ 30-ന് ജാതനായി.

രാമപുരം സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ നിന്ന് എസ്.എസ്.എൽ.സി. പാസ്സായതിനുശേഷം 1963-ൽ ദിബ്രുഗാർ രൂപതയ്ക്കു വേണ്ടി മൈലാപ്പൂരിലെ സെന്റ് തോമസ് മൈനർ സെമിനാരിയിൽ ചേർന്നു. അവിടുത്തെ പഠനത്തിനുശേഷം ചെന്നൈയിലെ സേക്രഡ് ഹാർട്ട് മേജർ സെമിനായിരിയിൽ പഠനം പൂർത്തിയാക്കി 1973 ഡിസംബർ 20-ന് രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനാപ്പള്ളിയിൽ വച്ച്, അന്നു പാലാ മെത്രാനായിരുന്ന അഭിവന്ദ്യ വയലിൽ പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

www.malankaralibrary.com

വൈദികനായതിനുശേഷം ആദ്യമായി ചെയ്ത സേവനം ട്യുമെൻ സാങ് രൂപതയിലെ അസിസ്റ്റന്റ് പാരിഷ് പ്രീസ്റ്റ് ആയിട്ടായിരുന്നു. 1978-ൽ കിഫയർ മിഷന്റെ ചുമതല നൽകപ്പെട്ടു. 1980-ൽ സെന്റ് തോമസ് ഇടവകയിൽ പാരീഷ് പ്രീസ്റ്റ് ആയി തിരിച്ചെത്തി. 1984-ൽ മോക്കോക്ക് ചങ്ങിലെ ക്വീൻമേരീസ് ഇടവകയിലേയ്ക്കും 1985-ൽ ഭീമാപ്പൂരിലെ ഹോളിക്രോസ്സ് ഇടവകയിലേയ്ക്കും മാറ്റം കിട്ടി. 1990-ൽ ഭീമാപ്പൂരിലെ ഗുഡ്ഷെപ്പേഡ് സെമിനാരിയുടെ റെക്ടറായി നിയമിതനായി. 1995-ൽ കാനൻ നിയമത്തിൽ ഉപരിപഠനം നടത്തുന്നതിനുവേണ്ടി ബാംഗ്ലൂരിൽ സെന്റ് പീറ്റേഴ്സ് സെമിനാരിയിലേയ്ക്ക് അയക്കപ്പെട്ടു. ഇപ്പോൾ അദ്ദേഹം കോഹിമാ രൂപതയുടെ വികാരി ജനറലും ജാക്കാങ് സെന്റ് ജോസഫ്സ് കോളജിന്റെ റെക്ടറും ആണ്.

1973-ൽ വൈദികനായതിനുശേഷമുള്ള കാലമെല്ലാം സമർപ്പിതചേതസ്സായ ഒരു മിഷനറിയായിത്തന്നെ നാഗാലാൻഡിൽ പ്രവർത്തിച്ചു വരികയായിരുന്നു ഫാ. മാത്യു. ആദ്യവർഷങ്ങളിലെ ഈ അനുഭവസമ്പത്ത് പിൽക്കാലത്തെ പ്രവർത്തനവിജയങ്ങൾക്ക് വളരെ സഹായകമായിട്ടുണ്ട്. ക്ലേശങ്ങളും പ്രയാസങ്ങളും പ്രതിരോധങ്ങളും എന്നും അദ്ദേഹത്തിനു നേരിടാനുണ്ടായിരുന്നു. റ്റ്യൂവെൽസാങ് ജില്ലയിലെ മിക്കവാറും എല്ലാ ഗ്രാമങ്ങളും അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. ആളുകളെ സന്ദർശിക്കുന്നതും അവർക്കു പറയാനുള്ളതു കേൾക്കുന്നതും അദ്ദേഹത്തിന് എന്നും സന്തോഷകരമായിരുന്നു. അദ്ദേഹത്തിനു വ്യക്തികളിലും അവരുടെ പ്രശ്നങ്ങളിലും ഉള്ള താത്പര്യം പരിചയമുള്ളവരെല്ലാം ഇന്നും ആവേശപൂർവ്വം ഓർമ്മിക്കുന്നു.

ട്യൂവെൽ സാങ് ഇടവകയിലെ അസിസ്റ്റന്റ് ആയിരിക്കുമ്പോൾ അദ്ദേഹം പ്രധാനമായി ഉത്സാഹിച്ചിരുന്നത് കിഫൈർ പ്രദേശത്തെ മിഷനറി പ്രവർത്തനങ്ങളിലാണ്. അദ്ദേഹം അനേകം ഗ്രാമങ്ങൾ സന്ദർശിക്കുകയും അനേകം യോഗങ്ങളിൽ സംബന്ധിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രയത്നഫലമായി ഫെലുഗ്രെ എന്ന സ്ഥലത്ത് ആദ്യത്തെ ക്രൈസ്തവ സമൂഹം രൂപം കൊള്ളുകയും 1975 മെയ് ഏഴിന് 30 പേർ ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു. കിഫൈറിലെ സഭ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അഭിവൃദ്ധിപ്പെട്ട് ഇപ്പോൾ പക്വതയിൽ എത്തിയിരിക്കുന്നു. ഉത്സാഹത്തുടിപ്പുള്ള ഒരു സമൂഹമാണ് ഇപ്പോൾ അവിടെയുള്ളത്.

ഹോളിക്രോസ് ഇടവക സമൂഹവും ഫാ. മാത്യുവിന്റെ സേവനത്തിൽ നിന്ന് വളരെ നന്മ ഉൾക്കൊണ്ടിട്ടുള്ളതാണ്. ആളുകളുടെ സ്വഭാവത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അനുഭവജ്ഞാനം നല്ലൊരിടയനും വഴികാട്ടിയും ആയിരിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. വിവിധ വിഷയങ്ങളിൽ അദ്ദേഹത്തിന്റെ ഉപദേശം സ്വീകരിക്കാൻ വിവിധ ഗ്രാമങ്ങളിൽ നിന്ന് ആളുകൾ അദ്ദേഹത്തെ സമീപിക്കാറുണ്ട്. അദ്ദേഹം സ്നേഹത്തോടും ധാരണയോടും പരിഗണനയോടുംകൂടെ എല്ലാവരോടും സംസാരിക്കുകയും അവർക്കു പറയാനുള്ളതുകേൾക്കുകയും ചെയ്യുന്നു. സ്നേഹപൂർണ്ണവും പിതൃതുല്യവു

www.malankaralibrary.com

മായ സമീപനം കൊണ്ട് അദ്ദേഹം വിശ്വാസികളുടെ ഹൃദയങ്ങളെ വശത്താക്കുകയും പ്രാർത്ഥനയിലൂടെ അവരെ ദൈവത്തിങ്കലേയ്ക്കു നയിക്കുകയും ചെയ്യുന്നു.

ഗുഡ്ഷെപ്പേഡ് സെമിനാരിയുടെ റെക്ടർ എന്ന നിലയിൽ പ്രവർത്തിച്ചിരുന്നകാലത്ത് ഫാ. മാത്യു ഏറ്റവും ശ്രദ്ധിച്ചിരുന്നത് യുവാക്കളായ സെമിനാരി വിദ്യാർത്ഥികളുടെ വ്യക്തിത്വത്തിന്റെ വളർച്ചയിലാണ്. ആത്മാർത്ഥമായ സ്നേഹവും പിതൃതുല്യമായ സംരക്ഷണതാത്പര്യവുംകൊണ്ട് അദ്ദേഹം വിദ്യാർത്ഥികളെ ആവരണം ചെയ്തിരുന്നു. അതുകൊണ്ടാണ് അന്ന് അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്ന വൈദികർ വലിയ ഹൃദയമുള്ള ഒരു പിതാവായി അദ്ദേഹത്തെ അനുസ്മരിക്കുന്നത്. സ്ഥലകാലങ്ങളുടെ സവിശേഷതകൾ പരിഗണിച്ചുകൊണ്ട് ഒരു പ്രേഷിതന്റെ ജീവിതം വിജയകരമാക്കുന്നതിനുള്ള പരിശീലനം അദ്ദേഹം അവർക്കു നൽകി.

കഴിഞ്ഞ 33 വർഷങ്ങളായി ഫാ. മാത്യു ഉത്സാഹത്തോടും ധീരതയോടും കൂടി നാഗാലാൻഡിലെ ജനങ്ങൾക്കു സേവനം അർപ്പിച്ചു വരുന്നു. അദ്ദേഹം നാഗന്മാരുടെയും അവരുടെ സംസ്കാരത്തെയും ആചാരങ്ങളെയും സ്നേഹിച്ചു. നാഗാലാൻഡ് അദ്ദേഹത്തിന്റെ സ്വന്തം സ്ഥലമായി കണക്കാക്കുന്നു. നാഗാലാൻഡിലെ ജനങ്ങൾക്ക് അദ്ദേഹം വഴി വളരെ അനുഗ്രഹങ്ങൾ ലഭിക്കുമാറാകട്ടെ.

Address : Rev. Mgr. Mathew Keemattam, Vicar General Kohime Diocere,
Bishops House P.B. 3, Dimapur, Nagaland - 797112

# 345



# ഫാ. ചെറിയാൻ തലക്കുളം

## സി.എം.ഐ.

പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും യുവജനസംഘാടകനും പ്രഭാഷകനുമായ ഫാ.ചെറിയാൻ തലക്കുളം സി.എം.ഐ., 1946 മാർച്ച്മാസം 18-ാം തീയതി ചങ്ങനാശ്ശേരി അതിരൂപതയിലെ കടയനിക്കാട്ട് ഇടവകയിൽ തലക്കുളം കുടുംബത്തിൽ തോമസ്-അന്നക്കുട്ടി ദമ്പതികളുടെ മൂത്ത പുത്രനായി ജനിച്ചു. കടയനിക്കാട്ട് സ്കൂളിലായിരുന്നു പ്രാഥമികവിദ്യാഭ്യാസം. ഇളങ്ങുളത്ത് പൂർത്തിയാക്കി. (ഇളങ്ങുളം അമ്മയുടെ നാടായിരുന്നു. അവിടെനിന്നാണ് പഠിച്ചത്)

ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം 1962 ജൂൺ മാസം 5-ാം തീയതി സി.എം.ഐ. സഭയിൽ മാന്നാനം ആശ്രമത്തിൽ

www.malankaralibrary.com

ചേർന്നു. മാന്നാനം, മുത്തോലി, ചെത്തിപ്പുഴ എന്നീ ആശ്രമങ്ങളിലെ പരിശീലനത്തിനുശേഷം പൂനാസെമിനാരിയിൽ ഫിലോസഫി പഠനം നടത്തി. തുടർന്ന് ധാർവാർ യൂണിവേഴ്സിററിയിൽ നിന്ന് ഹിസ്റ്ററിയിൽ രണ്ടാംറാങ്കോടെ മാസ്റ്റർ ബിരുദം നേടി. കെ.ഇ. കോളേജിൽ തുടർന്ന് അദ്ധ്യാപകനായി ചേർന്നു. അതേസമയത്തുതന്നെ മാന്നാനം സെന്റ് അലോഷ്യസ് ബോർഡിംഗ് ഹൗസിലെ വാർഡനായും സേവനം ചെയ്തു.

മൂന്നുവർഷത്തെ കോളേജ് അധ്യാപനത്തിനുശേഷം തിയോളജി പഠനത്തിനായി 1974 ൽ ധർമ്മാരംകോളേജിൽ അദ്ധ്യാപനം തുടർന്നു. ഈ കാലഘട്ടത്തിൽ പോപ്പ് ജോൺ ഹോസ്റ്റൽ വാർഡനും തലക്കുളം അച്ചനായിരുന്നു. കോളേജിൽ മദ്യവർജ്ജവിമോചന പ്രസ്ഥാനത്തിനുവേണ്ടി ശക്തിയായി പ്രവർത്തിച്ചു. അതിന്റെ ഡയറക്ടറും അദ്ദേഹമായിരുന്നു. മദ്യാപാനത്തിന്റെ ദൂഷ്യങ്ങളെപ്പറ്റിയും മദ്യവർജ്ജനത്തിന്റെ ആവശ്യകതയെപ്പറ്റിയും നിരവധി യോഗങ്ങളിൽ പ്രസംഗിക്കുകയും കോളേജുവിദ്യാർത്ഥികളിൽ ഒരു അവബോധം സൃഷ്ടിക്കുവാൻ ശ്രമിക്കുകയും ചെയ്തു. കോളേജിലെ കത്തോലിക്കാ വിദ്യാർത്ഥികളുടെ സംഘടനയുടെ കോട്ടയം റീജയണൽ ഡയറക്ടറും അദ്ദേഹമായിരുന്നു. ആദ്ധ്യാത്മിക കാര്യങ്ങളിൽ വിദ്യാർത്ഥികളെ കൂടുതൽ സജീവമാക്കുന്നതിനും കത്തോലിക്കാവിദ്യാർത്ഥികളുടെ സുശക്തസംഘടനയ്ക്ക് രൂപം കൊടുക്കുന്നതിനും ഫാ. ചെറിയാൻ പരിശ്രമിച്ചു.

പത്രപ്രവർത്തനരംഗത്തും അദ്ദേഹം നിസ്തുല സേവനം അർപ്പിക്കുകയുണ്ടായി. ദീപികപത്രം തൃശൂർ എഡിഷൻ ആരംഭിച്ച് കുറെക്കഴിഞ്ഞപ്പോൾ അതിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തേണ്ടി വന്നു. ദീപിക തൃശൂർ എഡിഷൻ പുനരാരംഭിക്കുന്നതിനായി സി.എം.ഐ സഭാനേതൃത്വം ഫാ. തലക്കുളത്തെ നിയോഗിച്ചു. തൃശൂർ ദീപികയുടെ റസിഡണ്ട് എഡിറ്ററായി മൂന്നുവർഷക്കാലം സേവനം അനുഷ്ഠിച്ചു. തൃശൂരും സമീപപ്രദേശങ്ങളിലും ദീപിക പ്രചരിപ്പിക്കുന്നതിനും തൃശൂർ എഡിഷൻ ഭംഗിയായി പ്രസിദ്ധീകരിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. മൂന്നു കൊല്ലം മാത്രമായിരുന്നു തൃശൂർ ദീപികയിൽ സേവനം അനുഷ്ഠിച്ചത്.

1989 ൽ കെ.ഇ. കോളേജിൽ വീണ്ടും അദ്ധ്യാപകനായി ചേർന്നു. 1991 ൽ എം.ഫിൽ. പഠനത്തിനായി പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയിൽ ചേർന്നു. 1992 ൽ എം.ഫിൽ ഒന്നാം റാങ്കിൽ പാസ്സായി, കെ.ഇ. കോളേജിൽ തിരിച്ചെത്തി.

ഫാ. ചെറിയാൻ ഇതിനകം പ്രമുഖനായ ഒരു വിദ്യാഭ്യാസപ്രവർത്തകനായി പരക്കെ അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ സേവനം പല കോളേജ് അധികൃതരും ആവശ്യപ്പെട്ടു. 1992 ൽ ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിലിന്റെ ക്ഷണം സ്വീകരിച്ച് ചങ്ങനാശ്ശേരി അതിരൂപതവക എടത്വാ സെന്റ് അലോഷ്യസ് കോളേജ് പ്രിൻസിപ്പലായി ചാർജ്ജെടുത്തു. 1996 ൽ ഫാ. തലക്കുളത്തിന്റെ സേവനം കാഞ്ഞിര


www.malankaralibrary.com

പ്പള്ളി രൂപത ആവശ്യപ്പെട്ടു. തുടർന്ന് കാഞ്ഞിരപ്പള്ളി സെന്റ് ഡൊമനിക് കോളേജിന്റെ പ്രിൻസിപ്പലായി അദ്ദേഹം ചാർജ്ജെടുത്തു. ഈ കാലയളവിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സെനറ്റ് മെമ്പറായും NAAC ടീം അംഗമായും പ്രവർത്തിക്കുകയുണ്ടായി.

കേരളത്തിലെ വിവിധ കോളേജുകളിൽ അദ്ധ്യാപകനായും പ്രിൻസിപ്പാളായും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ഫാ. തലക്കുളം 2001 മാർച്ച് 31-ന് റിട്ടയർ ചെയ്തു. ഇപ്പോൾ ഫാ. തലക്കുളം അമേരിക്കയിലെ ചാൾസ്ടൺ രൂപതയിലെ നോർത്ത് അഗസ്റ്റയിലെ സെന്റ് എഡ്വേർഡ് പള്ളിയിൽ വികാരിയായി സേവനം അനുഷ്ഠിക്കുന്നു.

Address - Rev. Fr. Charian Thalakulam, St.Edward Church, 1370, Edgefield Road, P.O. Box 6140, North Augusta, S.C.-29861- USA

# 346



# പ്രൊഫ. കെ.വി. തോമസ്

വിദ്യാഭ്യാസ, രാഷ്ട്രീയ മേഖലകളിൽ സ്വന്തമായൊരു വ്യക്തിമുദ്രപതിപ്പിച്ച പ്രൊഫ. കെ.വി. തോമസ് 1946 മേയ് 10-ാം തീയതി തോപ്പുംപടിയിൽ കുറുപ്പശ്ശേരി കുടുംബത്തിൽ ദേവസി വർക്കി റോസ് ദമ്പതികളുടെ മകനായി ജനിച്ചു.

കുമ്പളങ്ങി ഹൈസ്കൂളിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കിയ തോമസ് തേവര സേക്രട്ട് ഹാർട്ട് കോളേജിൽനിന്നും കെമിസ്ട്രിയിൽ ബി.എസ്.സി., എം.എസ്.സി. ബിരുദങ്ങൾ കരസ്ഥമാക്കി. വിദ്യാർത്ഥിയായിരുന്നകാലത്തുതന്നെ പ്രസംഗത്തിലും പൊതുപ്രവർത്തനത്തിലും മികവുകാട്ടിയിരുന്നു.

തേവര സേക്രട്ട് ഹാർട്ട് കോളേജിൽ രസതന്ത്ര അദ്ധ്യാപകനായിട്ടാണ് ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. 33 വർഷക്കാലം ആ രംഗത്ത് പ്രവർത്തിച്ച തോമസ്, പ്രൊഫസ്സർ, വകുപ്പ് മേധാവി എന്നീ സ്ഥാനങ്ങളും വഹിച്ചു. ജവഹർലാൽ യൂണിവേഴ്സിറ്റിയിലും പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയിലും പ്രൊഫ. തോമസ് മെമ്പർ ഓഫ് കോർട്ട് ആയിരുന്നിട്ടുണ്ട്.

വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ രാഷ്ട്രീയ രംഗത്ത് സജീവമായി പ്രവർത്തിച്ച തോമസ് 1978-87 എന്നീ കലഘട്ടങ്ങളിൽ എറണാകുളം ഡി.സി.സി. ജനറൽ സെക്രട്ടറിയായും, 1987 - 2001 കാലത്ത് ഡി.സി.സി. പ്രസിഡണ്ടായും പ്രവർത്തിക്കുകയുണ്ടായി. അതോടെ തോമസ് സംസ്ഥാന രാഷ്ട്രീയത്തിൽ അറിയപ്പെടുന്ന ഒരു വ്യക്തിയായി മാറി. കെ.പി.സി.സി. ട്രഷറർ ആയിരുന്നു തോമസ്. 1977 മുതൽ കെ.പി.സി.സിയിലും 1982 മുതൽ എ.ഐ.സി.സിയിലും, 1986 മുതൽ കേരളാപ്രദേശ് കോൺഗ്രസ്സിന്റെ തിരഞ്ഞെടുപ്പ്

www.malankaralibrary.com

സമിതിയിലും അദ്ദേഹം അംഗമായിരുന്നു. ട്രേഡ് യൂണിയൻ രംഗത്ത് സജീവ മായി നേതൃത്വം നൽകിയ തോമസ് 1984 മുതൽ 1993 വരെ ഐ.എൻ.ടി.യു. സി. സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്നു. അതിന് മുൻപ് ആറുവർഷ ക്കാലം ഐ.എൻ.ടി.യു. സിയുടെ സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറിയാ യിരുന്നു.

തമിഴ്നാട്, ആന്ധ്രപ്രദേശ്, കർണ്ണാടക, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ എ.ഐ.സി.സി. നിരീക്ഷകനായിരുന്നു.

കൊച്ചിയിലെ ഇന്ദിരാഗാന്ധി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ചെയർമാൻ, കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ഡയറക്ടർ, മറൈൻ പ്രൊഡക്ട്ഡ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറട്ടി ഡയറക്ടർ എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

1984 മുതൽ 13 വർഷക്കാലം ഇന്ത്യൻ പാർലമെന്റിൽ അദ്ദേഹം അംഗ മായിരുന്നു. ഇതേ കാലയളവിൽ സിവിൽ ഏവിയേഷൻ, ഡിഫൻസ്, ഔദ്യോ ഗികഭാഷ എന്നിവയുടെ കൺസൾട്ടേറ്റീവ് കമ്മറ്റിയിൽ അംഗവുമായിരുന്നു. 2001-ൽ കേരളനിയമസഭയിലേക്ക് എറണാകുളം മണ്ഡലത്തിൽ നിന്നും തോമസ് തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് എ.കെ. ആന്റണി മന്ത്രിസഭയിൽ ഫിഷറീസ്, ടൂറിസം വകുപ്പുകളുടെ മന്ത്രിയായി നിയോഗിക്കപ്പെട്ടു. രണ്ടര വർഷത്തെ പ്രവർത്തനംകൊണ്ട് കേരള മന്ത്രിസഭയിലെ മികച്ച മന്ത്രിയെന്ന അംഗീകാരം നേടി. പിന്നീട് മന്ത്രിസഭ പുനസംഘടിപ്പിച്ചപ്പോൾ എക്സൈസ് വകുപ്പിന്റെ ചുമതലയേറ്റെടുത്തു.

കോൺഗ്രസ്സിൽ ഗ്രൂപ്പുകളുടെ പ്രളയമാണല്ലോ. തോമസ് കരുണാകര ഗ്രൂപ്പിലെ അറിയപ്പെടുന്ന നേതാവായിരുന്നു. പാർലമെന്റ് മെമ്പർ, നിയമസ ഭാംഗം, മന്ത്രി എന്നീ നിലകളിലുള്ള പ്രവർത്തനം ഗ്രൂപ്പുകൾക്കതീതമായി രാജ്യ ത്തിന്റെ വിശാല താല്പര്യം കണക്കിലെടുത്തുകൊണ്ടായിരുന്നു. മന്ത്രിസ്ഥാ നത്തിരുന്നപ്പോൾ ഗ്രൂപ്പിന്റെ വക്താവായി പെരുമാറണമെന്ന ചിലരുടെ താല്പ ര്യത്തോട് യോജിക്കുവാൻ തോമസിന് സാധിച്ചില്ല. നിഷ്പക്ഷവും സത്യസ ന്ധവുമായി ഭരണം നിർവ്വഹിക്കണമെന്ന താല്പര്യക്കാരനായിരുന്നു അദ്ദേഹം. ഗ്രൂപ്പ് രാഷ്ട്രീയത്തിന്റെ വക്താക്കൾക്കത് സ്വീകാര്യമാവുകയില്ലല്ലോ. എ. കെ. ആന്റണി മുഖ്യമന്ത്രിസ്ഥാനം രാജിവയ്ക്കുകയും ഉമ്മൻചാണ്ടി മുഖ്യമന്ത്രി സ്ഥാനം ഏറ്റെടുക്കുകയും ചെയ്തതിനെ തുടർന്ന് തോമസ് മന്ത്രിസ്ഥാനത്തു നിന്നും മാറേണ്ടി വന്നു. കുമ്പളങ്ങിയിലെ വാർഡു കമ്മിറ്റിയിൽ നിന്നും രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച തോമസ് വിശ്രമമെന്തെന്നറിയാത്ത ഒരു പൊതുപ്രവർത്തകനായിരുന്നു. രാഷ്ട്രീയക്കാർ സാധാരണ പുസ്തകവായന യിലും പഠനത്തിലും തല്പരരല്ലെന്നാണല്ലോ ചൊല്ല്. എന്നാൽ തോമസിനെ സംബന്ധിച്ചിടത്തോളം ഒരു പുസ്തക പ്രേമിതന്നെയാണ്.

മന്ത്രിസ്ഥാനത്തുനിന്നും മാറിയ തോമസ് പുസ്തകരചനയിലും പുസ്തക വായനയിലും കൂടുതലായി ശ്രദ്ധിക്കുകയാണ്. പ്രൊഫ. തോമസിന്റെ സാഹി

www.malankaralibrary.com

ത്യപ്രവർത്തനങ്ങളെപ്പറ്റി ദീപനാളം വാരികയിൽ കൈനകരി ഷാജി ഇപ്രകാരം എഴുതിയിരിക്കുന്നു. "എന്റെ കുമ്പളങ്ങിയാണ്" പ്രൊഫ. കെ.വി. തോമസ് ആദ്യം പ്രസിദ്ധീകരിച്ച പുസ്തകം. അത് ഹിറ്റായി. ചിരപരിചിതമായ ജന്മനാടിനെ കേന്ദ്രീകരിച്ചുള്ള രസകരമായ കഥകൾ അതിലുണ്ട്. തോമസ് മാഷിന്റെ നർമ്മബോധം അവയെ തിളക്കമുള്ളതാക്കുന്നു. കുമ്പളങ്ങിയുടെ മനസ്സ് വായിച്ചറിയുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തം. കുമ്പളങ്ങിയെപ്പറ്റി പ്രൊഫസർ തോമസ് പറയുന്നത് ഇങ്ങനെ. "കുമ്പളങ്ങിക്കാർക്ക് ഒരു സവിശേഷതയുണ്ട്. അവർക്ക് ആരോടും പകയോ സ്ഥിരവൈരാഗ്യമോ ഇല്ല. ആ ഗ്രാമത്തിന്റെ സന്തതിയാണ് ഞാനും. കുമ്പളങ്ങിയുടെ പ്രത്യേകതകൾ എന്റെ രചനയിലും പ്രതിഫലിച്ചിട്ടുണ്ട്. ആരെയും ഞാൻ മുറിവേൽപ്പിക്കുവാൻ ശ്രമിച്ചിട്ടില്ല - എന്നെ ദ്രോഹിക്കാൻ ശ്രമിച്ചവരെപ്പോലും. സഹൃദയ പ്രീതി നേടിയ എന്റെ കുമ്പളങ്ങി ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കാൻ തോമസ് ആഗ്രഹിക്കുന്നു. കൂടുതൽ വായനക്കാരെ ആകർഷിക്കാൻ അത് സഹായകരമാകും. ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ നിയന്ത്രിക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ച രാജീവ്ഗാന്ധിയുടെ കുടുംബവുമായി ദീർഘകാലത്തെ അടുപ്പം തോമസ് മാഷിനുണ്ട്. സോണിയാഗാന്ധിയെപ്പറ്റി ഒരു പുസ്തകം എഴുതുന്നതിനുള്ള തയ്യാറെടുപ്പിലാണ് അദ്ദേഹം. സോണിയാഗാന്ധി എഴുതിയ ചില സ്വകാര്യ കത്തുകളും ഈ ഗ്രന്ഥത്തിന്റെ രചനയിൽ ഉപയോഗപ്പെടുത്തും." 2006 ൽ നടന്ന തെരഞ്ഞെടുപ്പിലും തോമസ് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. യു.ഡി. എഫ്. തകർന്ന ഇലക്ഷനിലും തോമസ് ജയിച്ചു വെന്നത് അഭിനന്ദനാർഹമാണ്.

പ്രൊഫ. തോമസിന്റെ രാഷ്ട്രീയ ജീവിതത്തിലെ ജീവിതഗന്ധിയായ ചില സംഭവങ്ങൾ ഉൾപ്പെടുത്തി രചിച്ച ഒരു ഗ്രന്ഥവും തോമസ് മാഷിന്റേതായിട്ടുണ്ട്. തിരഞ്ഞെടുത്ത 75 സംഭവങ്ങൾ അടങ്ങുന്ന പുസ്തകത്തിന് 100 ഓളം പേജുകൾ ഉണ്ട്. പാർട്ടി ആവശ്യങ്ങൾക്കായി പിരിവിന് പോകേണ്ടി വന്നപ്പോഴുണ്ടായ രസകരമായ അനുഭവങ്ങളാണ് ഈ പുസ്തകത്തിന്റെ മറ്റൊരു ആകർഷക ഘടകം. രാഷ്ട്രീയാനുഭവങ്ങളെ ആവിഷ്കരിക്കുന്ന ഈ പുസ്തകം പ്രസിദ്ധീകരിച്ചത് ഡി.സി. ബുക്സാണ്. സുപ്രസിദ്ധ പത്ര പ്രവർത്തകൻ കെ.എം. റോയിയാണ് അവതാരിക എഴുതിയിരിക്കുന്നത്.

വേളാങ്കണ്ണി മാതാവിന്റെ ഭക്തനാണ് പ്രൊഫ.കെ.വി. തോമസ്. മികച്ച സംഘാടകനും വാഗ്മിയായുമായ പ്രൊഫ. തോമസ്, സ്പെയിൻ, ഇറ്റലി, ചെക്കോസ്ലാവക്യ, ഇംഗ്ലണ്ട്, ഫ്രാൻസ്, യു.എ.ഇ., കുവൈറ്റ്, ഒമാൻ, സിംഗപ്പൂർ, ജപ്പാൻ, മലേഷ്യ, നേപ്പാൾ, ജർമ്മനി, ശ്രീലങ്ക, വത്തിക്കാൻ തുടങ്ങിയ രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്.

പ്രൊഫ. തോമസിന്റെ സഹധർമ്മിണി ഷേർളിയാണ്.

വിലാസം - പ്രൊഫ. കെ.വി. തോമസ്, കുറുപ്പശ്ശേരി, കൊച്ചുപള്ളി റോഡ്,
തോപ്പുംപടി - കൊച്ചി.

www.malankaralibrary.com

# 347

# പ്രൊഫ. വി. പി. ജോൺസ്



വിദ്യാഭ്യാസപ്രവർത്തകൻ, സാമൂഹ്യപ്രവർത്തകൻ, ഗ്രന്ഥകാരൻ, സംഘാടകൻ, സഹകാരി എന്നിങ്ങനെ വിവിധ നിലകളിൽ അറിയപ്പെടുന്ന പ്രൊഫ. വി.പി. ജോൺസ് തൃശൂരിനടുത്ത് വടുക്കരയിൽ വലപ്പാട്ടുകുറ്റിക്കാടൻ വീട്ടിൽ ലോനപ്പൻ പൊറിഞ്ചു-മാത്തിരി (അരങ്ങാട്ടുകര ചക്കാലക്കൽ അല്ലേശ് മകൾ മാത്തിരി- മാർത്ത സി. എ) ദമ്പതികളുടെ മകനായി 1946 മെയ് 29 -ന് ജനിച്ചു. കൂർക്കഞ്ചേരി ജെ. പി. ഇ. ഹൈസ്ക്കൂൾ, ട്രെയിനിംഗ് സ്ക്കൂൾ, കേരളായൂണിവേഴ്സിററി, കോഴിക്കോട് യൂണിവേഴ്സിററി, മധുരകാമരാജ് യൂണിവേഴ്സിററി, എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. എം.എ., എം.ഫിൽ ഡിഗ്രികൾ കരസ്ഥമാക്കി.

എൽത്തുരുത്ത് സെന്റ് അലോഷ്യസ് സ്ക്കൂൾ അദ്ധ്യാപകനായും തൃശൂർ സെന്റ് തോമസ് കോളേജ് ചരിത്രവകുപ്പദ്ധ്യക്ഷനായും സേവനം അനുഷ്ഠിച്ചിട്ടുള്ള വി.പി. ജോൺസ് കോഴിക്കോട് സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. സംസ്ഥാനസ്ക്കൂൾ യുവജനോത്സവത്തിലും ഗാന്ധിജിസർവ്വകലാശാല, കാർഷികസർവ്വകലാശാലാ യുവജനോത്സവത്തിലും ജഡ്ജായി പ്രവർത്തിച്ചിട്ടുണ്ട്. തൃശൂരിന്റെ സാംസ്കാരികരംഗത്ത് വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിക്കുന്ന സഹൃദയവേദിയുടെയും സാംസ്കാരികസദസ്സിന്റെയും സ്ഥാപകാംഗമായ ജോൺസ് പ്രസ്തുതപ്രസ്ഥാനങ്ങളുടെ ഭാരവാഹിത്വവും വഹിച്ചിട്ടുണ്ട്.

ഉപഭോക്തൃപ്രസ്ഥാനം, സഹകരണപ്രസ്ഥാനം, ഗ്രന്ഥശാലപ്രസ്ഥാനം എന്നിങ്ങനെ നേതൃത്വപരമായപങ്കുവഹിച്ച അദ്ദേഹം മേരിവിജയം സാഹിത്യസമിതിയുടെ സ്ഥാപകനേതാക്കളിൽ ഒരാളും കൂടിയാണ്. അദ്ധ്യാപകസംഘടനാരംഗത്തും സജീവമായ നേതൃത്വം വഹിച്ചിട്ടുണ്ട്. മാതൃഭൂമി, ഭാഷാപോഷിണി, കുങ്കുമം, ദീപിക, വീക്ഷണം, കേരളടൈംസ്, കലാകൗമുദി, കുടുംബദീപം, മേരിവിജയം തുടങ്ങിയ ആനുകാലികപ്രസിദ്ധീകരണങ്ങളിലും വാരികകളിലും മാസികകളിലും കഥ, കവിത, ലേഖനം, പുസ്തകനിരൂപണം എന്നിവ എഴുതിക്കൊണ്ടിരിക്കുന്നു. ആകാശവാണിയിലും സർഗ്ഗസൃഷ്ടികൾ അനവധി തവണ പ്രക്ഷേപണം ചെയ്തിട്ടുണ്ട്. പത്രപ്രവർത്തനരംഗത്തും സേവനം അനുഷ്ഠിച്ചിട്ടുള്ള ജോൺസ് സ്വകാര്യ സിവിൽ സർവ്വീസ് പരിശീലന ഇൻസ്റ്റിറ്റൂട്ടിൽ അദ്ധ്യാപകനായും പ്രവർത്തിച്ചിട്ടുണ്ട്. കേരളാ പി.എസ്സ്.സി. കോളേജദ്ധ്യാപകർക്കായി നടത്തിയ മത്സര പരീക്ഷയിൽ ഒന്നാം റാങ്ക് ലഭിച്ചെങ്കിലും തൃശൂർ സെന്റ് തോമസ് കോളേജിൽ ചേർന്നതിനാൽ സർക്കാർസർവ്വീസിൽ പ്രവേശിച്ചില്ല.

www.malankaralibrary.com


ഇംഗ്ലീഷിലും മലയാളത്തിലുമായി എട്ട് ഗ്രന്ഥങ്ങൾ ജോൺസ് എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിഷേധഗാഥ, അനശ്വരതയ്ക്കൊരാമുഖം തേടി, അഴിയാമൊഴികൾ എന്നീ മൂന്ന് ഗ്രന്ഥങ്ങൾ ആഖ്യായികകളാണ്. ചിത്രശലഭത്തിന്റെ ചിരി, ഭൂമിയുടെ മറുക് എന്നീ രണ്ടു ഗ്രന്ഥങ്ങളും കഥാസമാഹാരങ്ങളാണ്. സി.പി. ശ്രീധരനും മലയാളസാഹിത്യവും എന്നഗ്രന്ഥം ഒരു സാഹിത്യപഠനമാണ്. കേരളസാഹിത്യഅക്കാദമിയുടെ സ്കോളർഷിപ്പ് ഉപയോഗിച്ചുനടത്തിയ ഗവേഷണഫലമാണ് ഈ ഗ്രന്ഥം. അക്കാദമിയാണ് ഇത് പ്രസിദ്ധീകരിച്ചത്. ഇംഗ്ലീഷിൽ രചിച്ച ഇന്ത്യാചരിത്രമാണ് മററൊരു കൃതി. ആഫ്രിക്കൻചരിത്രം എന്ന ഇംഗ്ലീഷ് കൃതിയുടെ സഹരചിതാവു കൂടിയാണ് ജോൺസ്.

സാമൂഹ്യ പ്രവർത്തകയും തൃശ്ശൂർ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറിയും മദ്യവിരുദ്ധസമിതി അദ്ധ്യക്ഷയും വിമലാ കോളേജ് ഫിസിക്സ് വകുപ്പ് മേധാവിയുമായ പ്രൊഫ. ആനി ജോൺസ് ആണ് സഹധർമ്മിണി.

വിലാസം : പ്രൊഫ. വി. പി ജോൺസ്, ആരതി, സഹകരണനഗർ,
ചെമ്പൂക്കാവ്, തൃശ്ശൂർ 680020

# 348

# സി. ഡോ. ജോവാൻ ചുങ്കപ്പുര



സാമൂഹ്യസേവനം ജീവിതവ്രതമായെടുക്കുകയും മദ്യപാനശീലത്തിനെതിരെ സന്ധിയില്ലാസമരം നടത്തുകയും ചെയ്യുന്ന സി. ഡോ. ജോവാൻ ചുങ്കപ്പുര, 1946 ജൂൺ 2-ാം തീയതി തിരുവനന്തപുരത്ത് ഭൂജാതയായി. മീനച്ചിൽ താലൂക്കിലെ വാകക്കാട് ഗ്രാമത്തിലെ പുരാതനവും പ്രസിദ്ധവുമായ ചുങ്കപ്പുരകുടുംബത്തിലെ സി.ററി. മാത്യു പിതാവും കവീക്കുന്ന കദളിക്കാട്ടിൽ ത്രേസ്യാമ്മ മാതാവും ആണ്. വാകക്കാട് അൽഫോൻസാ സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. 1965 ൽ സൊസൈററി ഓഫ് കാത്തലിക് മിഷൻ സിസ്റ്റേഴ്സ് എന്ന സന്യാസസമൂഹത്തിൽ ചേർന്നു.

തന്റെ സഭാസമൂഹം നടത്തുന്ന ഭരണങ്ങാനം മേരിഗിരിസ്കൂളിൽ ട്യൂട്ടർ ആയി സേവനം അനുഷ്ഠിച്ചശേഷം 1971 മുതൽ 1974 വരെ കെനിയായിലും ഈസ്റ്റ് ആഫ്രിക്കയിലുമായി അസിസ്റ്റന്റ് മേട്രൺ ആയി ജോലി നോക്കി. തുടർന്ന് കേരളത്തിലെത്തിയ സിസ്റ്റർ 1975 മുതൽ മൂന്നുവർഷക്കാലം ചെത്തിപ്പുഴ ആശുപത്രിയിൽ നഴ്സിംഗ്സൂപ്രണ്ടായി

www.malankaralibrary.com

പ്രവർത്തിച്ചു. 1979 മുതൽ 86 വരെയുള്ള കാലയളവുകളിലായി എം.എ. പാസ്സായ സിസ്റ്റർ ക്ലിനിക്കൽ സൈക്കോളജിയിൽ ഡൽഹിസർവ്വകലാശാലയിൽ നിന്നും ഡോക്ടറേററ് കരസ്ഥമാക്കി. സഭയ്ക്കും സമൂഹത്തിനും അപ്രാപ്യമായിരുന്ന വിവിധ മേഖലകൾ കണ്ടെത്തി നാടിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് ഊടുംപാവും നെയ്യുവാൻ ഇതെല്ലാം സിസ്റ്ററിന് സഹായകമായി. പലരും കാലെടുത്ത് വയ്ക്കുവാൻ ധൈര്യപ്പെടാതിരുന്ന ലഹരിയാശ്രിതരെ രക്ഷപെടുത്താനുതകുന്ന സംവിധാനങ്ങൾ രൂപപ്പെടുത്തുവാൻ സിസ്റ്റർ ഏറെ ആഗ്രഹിച്ചു.

ഏതൊരുലഹരിഉപയോഗവും അസുഖമാണെന്ന് വെളിപ്പെടുത്തിക്കൊണ്ട് ലഹരിചികിത്സയെക്കുറിച്ചും ലഹരിയുടെ മാനസികവും ശാരീരികവും ശാസ്ത്രീയവുമായ കാരണങ്ങൾ വിശദീകരിച്ചുകൊണ്ടും ആധികാരികമായൊരു ഗ്രന്ഥം ലഹരിയെന്നപേരിൽ സിസ്റ്റർ പ്രസിദ്ധീകരിച്ചു. ഇതോടൊപ്പംതന്നെ കൗൺസിലിംഗ്, മാനസികാരോഗ്യം ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട മറെറാരു പുസ്തകവും രചിച്ചു. ഈ മേഖലയിൽ പുസ്തകങ്ങൾ പലതും രചിച്ചിട്ടുണ്ടെങ്കിലും മലയാളികൾക്കായി ഈ രണ്ടുതലങ്ങളിലും അറിവും നെറിവും ഊർജ്ജവും കൂടുതൽ പകർന്നുകൊടുക്കുവാൻ സാധ്യമായത് ഈ രണ്ടു ഗ്രന്ഥങ്ങളിലൂടെയാണ്. സാധാരണജനങ്ങൾക്ക് ഏറെ പ്രയോജനകരവുമായിരുന്നു ഈ ഗ്രന്ഥങ്ങൾ. ലഹരിക്കടിപ്പെട്ടവരെ രക്ഷപെടുത്തുവാനുള്ള ഉദ്യമത്തോടൊപ്പം മനോരോഗികൾ അനുഭവിക്കുന്ന മാനസിക അസ്വസ്ഥതകളും അവർ മുഖാന്തിരം മററുള്ളവർ നേരിടുന്ന വിഷമതകളും പരിഹരിക്കുവാൻ എന്തുചെയ്യണമെന്ന ചിന്ത സിസ്റ്ററിനെ അലട്ടിയിരുന്നു. ഇക്കാര്യത്തിനായി സമയവും സാന്നിദ്ധ്യവും കൗൺസിലിംഗ് വൈഭവവും സമന്വയിപ്പിച്ച് ഒരു സംയുക്ത സംരഭത്തിന് തുടക്കം കുറിക്കാൻ റവ. ഡോ. ആന്റണി മണ്ണാർകുളവുമായി സഹകരിക്കുവാൻ സിസ്റ്റർ സന്നദ്ധയായി. കേരളത്തിലാദ്യമായി മനോരോഗികൾക്കായി സജീവിനി എന്ന പുനരധിവാസകേന്ദ്രം നെടുങ്കുന്നത്ത് സ്ഥാപിക്കുവാൻ സിസ്റ്ററിന് സാധിച്ചു. ഇക്കാര്യത്തിൽ ഡോ. വി.കെ. രാധാകൃഷ്ണന്റെ സഹകരണവും ഏറെ തുണയായി. അതേസമയം തിരുവനന്തപുരം രൂപത കേന്ദ്രമാക്കി എയ്ഡ്സിനെതിരെ ബോധവൽക്കരണവുമായി ഡോ. ജോർജ്ജ് കോലത്ത്, സി. മേഴ്സി കൂട്ടിയാനി MMS എന്നിവരോട് ചേർന്ന് തിരുവനന്തപുരത്ത് ഹിൽ ഇന്ത്യ എന്ന സ്ഥാപനത്തിന് നേതൃത്വം നൽകിയത് സിസ്റ്ററാണ്. തുടർന്ന് അഖിലകേരള സംയുക്തക്രൈസ്തവ മദ്യവർജ്ജനസമിതിയുടെ പ്രസ്ഥാനമായി 1987 ൽ കോട്ടയത്ത് ട്രാഡാ എന്ന സ്ഥാപനത്തിന് തുടക്കം കുറിച്ചു. ലഹരിചികിത്സാരംഗത്ത് ഏറെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാനും അനേകം കുടുംബങ്ങളെ മദ്യലഹരിയിൽ നിന്ന് കരകയററുവാനും ട്രാഡായ്ക്ക് സാധിച്ചു. ഡോ. ജോർജ്ജ് കോലത്ത്, ജോസഫ് വി. കൈനടി, മെഡിക്കൽമിഷൻസഭാംഗങ്ങളായ സി. ലൂയീസ് മേരി, സി. കാർമ്മൽ

www.malankaralibrary.com

എന്നിവരുടെ സേവനവും സഭാപങ്കാളിത്തവും ട്രാഡായുടെ വളർച്ചയ്ക്ക് വലിയ സംഭാവനയായി. ഇതോടൊപ്പം കാഞ്ഞിരപ്പള്ളി രൂപതക്കുവേണ്ടി ഫാ. എബ്രാഹം പറമ്പിലുമായി ചേർന്ന് ഡെയൽ എന്ന ലഹരി ചികിത്സാ കേന്ദ്രവും പാലാരൂപതയ്ക്കുവേണ്ടി ഫാ. സെബാസ്റ്റ്യൻ പാട്ടത്തിലുമായി സഹകരിച്ച് അഡാർട്ട് എന്ന സ്ഥാപനവും ചങ്ങനാശ്ശേരി രൂപതയ്ക്കുവേണ്ടി ഫാ. ഫിലിപ്പ് വൈക്കത്തുകാരനുമായി ചേർന്ന് അക്സെപ്റ്റ് എന്ന സ്ഥാപനം പുന്നപ്രയിലും തുടക്കം കുറിക്കുന്നതിന് സിസ്റ്ററിന് സാധിച്ചു. ഭരണങ്ങാനം മേരിഗിരി ആശുപത്രിയിൽ ലഹരി ചികിത്സാകൗൺസിലിംഗ് സെന്ററിന് തുടക്കമിട്ടതും സിസ്റ്റർ തന്നെ. സി. മൈക്കിൾ തകിടിയേൽ, സി. വിക്ടോറിയാ കരിമററം, സി. റോസ്‌ലി പുക്കിടിയിൽ, സി.ആർ കയ ത്തിൻകര എന്നിവരുടെ സഹകരണം പ്രത്യേകം എടുത്തുപറയേണ്ടതാണ്. ഈ സ്ഥാപനത്തോട് ചേർന്ന് കേരളത്തിൽ ആദ്യമായി ലഹരി മോചിതർക്ക് വിട്ടുനിൽക്കുവാൻ അവരെ ഏററം സഹായിക്കുന്ന ആൽക്കഹോളിക് അനോണിമസ് (എ.എ.) കൂട്ടായ്മയ്ക്ക് തുടക്കം കുറിക്കാനും കഴിഞ്ഞു. മററു പല സ്ഥലങ്ങളിലും ഗ്രൂപ്പ് തുടങ്ങുവാനും ഇത് സഹായകമായി. അഡ്വ. കെ.സി. മാത്യു ഈ സംരംഭത്തിൽ പങ്കാളിയായിരുന്നു. മാർ ജോസഫ് പള്ളിക്കാപ്പറമ്പിലിന്റെ ക്ഷണമനുസരിച്ച് 1980 ൽ പാസ്റ്റർ വർക്കി ന്റെ ഭാഗമായി കേരളത്തിലാദ്യമായി വൈദികർക്ക് പാസ്റ്ററൽ കൗൺസിലിംഗ് നൽകുവാനും സിസ്റ്ററിന് സാധിച്ചു. 1998 ൽ ട്രാഡായോട് ചേർന്ന് അനേകരെ കൗൺസിലിംഗ് തലത്തിലേക്ക് വളർത്തിയെടുക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെയും സാമൂഹി കനീതി മന്ത്രാലയത്തിന്റെയും സഹകരണത്തോടെ വിവിധങ്ങളായ കോഴ്സുകൾക്ക് തുടക്കം കുറിച്ചുകൊണ്ട് ട്രാഡാ നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് എന്ന സ്ഥാപനവും പ്രവർത്തനമാരംഭിച്ചു. ഒട്ടേറെ വ്യക്തികൾ വിവിധ ബാച്ചുകളിലായി ഈ സ്ഥാപനത്തിൽനിന്നും മികച്ച വിജയം കരസ്ഥമാക്കി. അവർ ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനം അനുഷ്ഠിക്കുന്നു. കൗൺസിലിംഗിൽ പി.ജി. ഡിപ്ലോമാ കോഴ്സുകൾ ഇവിടെ നടന്നുവരുന്നത് വിവിധ യൂണിവേഴ്സിററികളുടെ സഹക രണത്തോടെ നടത്തുന്ന എം.എസ്സ്.സി. എം.എസ്.ഡബ്ളിയു കൗൺസിലിംഗ് കോഴ്സുകളും ഇതിൽ ഉൾപ്പെടുന്നു. ഒട്ടേറെ രാജ്യങ്ങളിൽ ഇന്ത്യയെ പ്രതി നിധീകരിച്ച് വിവിധസമ്മേളനങ്ങളിലും ക്ലാസുകളിലും സിസ്ററർ ജോവൻ പങ്കെടുത്തിട്ടുണ്ട്.

മികച്ച പ്രഭാഷകയായ സിസ്റ്ററിന്റെ വിലപ്പെട്ട സേവനങ്ങൾക്ക് അംഗീ കാരമായി ആളൂർ ബററർ ലൈഫ് മൂവ്മെന്റ് നൽകിവരുന്ന കേരള സഭാതാരം അവാർഡ്, കത്തോലിക്കാകോൺഗ്രസ്സ് അവാർഡ്, ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫെയ്ത്ത് പബ്ളിക്കേഷൻസിന്റെ ഫെയ്ത്ത് അവാർഡ് തുടങ്ങിയവയും ലഭിച്ചിട്ടുണ്ട്.


www.malankaralibrary.com

ലഹരിചികിത്സയെക്കുറിച്ചും മാനസികാരോഗ്യത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഒരു ഡസനോളം ഗ്രന്ഥങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലുമായി സി. രചിച്ചിട്ടുണ്ട്. ലഹരി, മയക്കുമരുന്നിന്റെ മായാവലയം, ലഹരിചികിത്സ 12 പടികളിലൂടെ, കൗൺസിലിംഗും മാനസികാരോഗ്യവും, കുടുംബങ്ങൽക്കൊരു കൗൺസിലിംഗ് ജാലകം, സൈക്കോതെറാപ്പീസ്, കൗൺസിലിംഗ്, ട്രീററ്മെന്റ് മോഡൽ ഇൻ അഡിക്ഷൻ, ദൈനംദിനമനനം തുടങ്ങിയവ ഇതിൽ ചിലതുമാത്രമാണ്.

ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യാ ( CMAI) കാത്തലിക് ഹോസ്പിററൽ അസോസിയേഷൻ ഓഫ് ഇന്ത്യാ (CHAI) എന്നിവയിൽ സജീവ പങ്കാളിത്തം വഹിക്കുന്ന സിസ്റ്റർ ഇപ്പോൾ കോട്ടയം ട്രാഡായുടെ ഡയറക്ടറായും നാഷണൽ ഇൻസ്റ്റിററ്യൂട്ട് പ്രിൻസിപ്പലായും സജീവനിയുടെ ജോ. ഡയറക്ടറായും പ്രവർത്തിക്കുന്നു.

വിലാസം - സി.ഡോ. ജോവൻ ചുങ്കപ്പുര, ഡയറക്ടർ, ട്രാഡാ
മാങ്ങാനം പി.ഒ. കോട്ടയം - 686018

# 349



## കൊമൊഡോർ എ.പി.എ. റോബിൻ

ഇന്ത്യൻ നേവിയിൽ വിദ്യാഭ്യാസ വകുപ്പിൽ ഒരാൾക്ക് ലഭിക്കാവുന്ന ഏററം ഉയർന്ന റാങ്കിൽ എത്തിച്ചേർന്ന കൊമൊഡോർ അലോഷ്യസ് പോൾ ആൻഡ്രേസ് റോബിൻ, കൊല്ലത്തെ അഴീക്കൽ എന്ന സ്ഥലത്ത് റോബിൻ ആൻഡ്രേസിന്റെയും ജോസഫിന്റേയും മൂത്തമകനായി 1946 ജൂൺ 20 ന് ജനിച്ചു. സ്കൂൾ പഠനം കൊല്ലത്തെ സെന്റ് അലോഷ്യസ് ഹൈസ്കൂളിലും കോളേജ് വിദ്യാഭ്യാസം ഫാത്തിമാമാതാ നാഷണൽ കോളേജിലും പൂർത്തിയാക്കി. 1969 ൽ കൊല്ലത്തെ ഫാത്തിമാമാതാ നാഷണൽ കോളേജിൽ ഫിസിക്സ് ഡിപ്പാർട്ടുമെന്റിൽ ലക്ചററായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. ഒരു വർഷത്തിനുശേഷം 1970 ഏപ്രിലിൽ ഇന്ത്യൻ നേവിയിൽ ഓഫീസറായി പട്ടാള ജീവിതം ആരംഭിച്ചു. 34 വർഷത്തെ സുദീർഘമായ സർവ്വീസിൽനിന്ന് ഇന്ത്യൻ നേവിയുടെ വിദ്യാഭ്യാസ വകുപ്പിൽ ഏററം ഉയർന്ന പ്രൊമോഷനായ കൊമഡോർ റാങ്കിൽ വിരമിച്ചു. ഈ സുദീർഘമായ കാലയളവിൽ നേടിയ അംഗീകാരങ്ങളും അനുഷ്ഠിച്ച പദവികളും നിരവധിയാണ്.

ഇന്ത്യൻ നേവിയുടെ കൊച്ചി ആസ്ഥാനത്തുള്ള നാവിഗേഷൻ ആന്റ് ഡയറക്ഷൻ സ്കൂളിൽ നിന്നും അഡ്വാൻസ് നാവിഗേഷൻ കോഴ്സ്

www.malankaralibrary.com

പൂർത്തിയാക്കിയ അദ്ദേഹം നാവിക അക്കാഡമിയിൽ അസ്ട്രോ നാവിഗേഷൻ ആൻഡ് ടൈഡ്സ് (Astro Navigation and Tides) പഠിപ്പിക്കുന്ന ചുമതലയേററു. ജൂണിയർ ഓഫീസർമാരെ പരിശീലിപ്പിക്കുന്ന കപ്പലായ കാവേരിയിലും അതേ നിലതുടർന്നശേഷം 1976 ൽ പൂനയിലെ ഇന്ത്യാ മെററിരിയോളിക്കൽ ഡിപ്പാർട്ടുമെന്റിൽ (IMD) ആധുനിക കാലാവസ്ഥാ നിരീക്ഷണ പഠനത്തിന് ചേർന്നു. തുടർന്ന് കൊച്ചിൻ സർവ്വകലാശാലയിലെ മറൈൻ സയൻസ് ഡിപ്പാർട്ടുമെന്റിൽ ഓഷ്യനോഗ്രാഫിയിൽ കോഴ്സ് പൂർത്തീകരിച്ചു. ഇതിനുശേഷം ഇന്ത്യൻ നേവിയുടെ ഈ വിഷയങ്ങൾ പഠിപ്പിക്കുന്ന സ്കൂളിൽ പ്രാധാനാദ്ധ്യാപകനായി. തുടർന്ന് ഡെറാഡൂണിലെ നേവൽ ഹൈഡ്രോഗ്രാഫിക് ഓഫീസിലെ മറൈൻ സയൻസിൽ സൂപ്രണ്ടായി. 1981 മുതൽ 86 വരെ പ്രവർത്തിച്ചു. ഗോവയുടെ നാവികാസ്ഥാനത്തിൽ ഡപ്യൂട്ടിഗൈഡായും സേവനം അനുഷ്ഠിച്ച അദ്ദേഹം കാലാവസ്ഥാ ആസ്ഥാനത്ത് പ്രമുഖനായിരുന്നു. ഈ സമയം അന്റാർട്ടിക്കിൽ പോകുന്ന സയന്റിഫിക് എക്സ്പടിഷൻ ടീമിൽ പ്രത്യേക അംഗമായി സെലക്ഷൻകിട്ടി. അവിടെ നടത്തിയ സ്തുത്യർഹമായ സേവനത്തിനും ഗവേഷണത്തിനുമായി രാഷ്ട്രപതിയിൽ നിന്നും നാവികസേനാമെഡൽ നേടി. തുടർന്നുള്ള അഞ്ചുവർഷക്കാലം കൊച്ചിയിലുള്ള എൻ.പി.ഒ.എൽ. (naval Physical/Occanoglephy Laboratory) ൽ Occan Acoustics Division ൽ തലവനായി സേവനം അനുഷ്ഠിച്ചു. ഈ കാലയളവിൽ ആഴക്കടലിലെ സംഭവവികാസങ്ങൾ സസൂക്ഷ്മം പഠിക്കുകയും അന്വേഷിക്കുകയും ചെയ്യുന്ന സംഘത്തിന്റെ തലവനുമായിരുന്നു.

1991 ൽ വിമാനവാഹിനികപ്പലായ വിക്രാന്തിൽ മെററിരിയോളജിയുടെയും വിദ്യാഭ്യാസത്തിന്റെയും തലവനായും ഇന്ത്യൻ നേവിയുടെ എഡ്യൂക്കേഷൻ ട്രെയിനിംഗ് സെന്റർ ആയ NIETT യുടെ തലവനായും സേവനം അനുഷ്ഠിച്ചു. 1994 മുതൽ തിരുവനന്തപുരം കഴക്കൂട്ടത്തുള്ള സൈനീക സ്കൂളിന്റെ പ്രൻസിപ്പലായിരുന്നു. പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള പതിനേഴ് റസിഡൻഷ്യൽ സ്കൂളുകളിൽ ഒന്നാണിത്. ആറുമുതൽ 11 വരെ മാത്രം ക്ലാസ്സുള്ള സി.ബി.എസ്സ്.ഇ. സിലബസിൽ നടക്കുന്ന ഈ വിദ്യാലയത്തിൽ 600 വിദ്യാർത്ഥികളും 200 ജീവനക്കാരും ഉണ്ട്. ഈ സ്കൂളിന്റെ ചരിത്രത്തിൽ ഏററം കൂടുതൽ കാലം പ്രിൻസിപ്പൽ ആയി സേവനം അനുഷ്ഠിക്കുവാൻ സാധിച്ചത് റോബിനാണ്.

1999 മുതൽ കൊച്ചിയിലെ നാവിക ആസ്ഥാനമുഖ്യാലയത്തിൽ എഡ്യൂക്കേഷൻ ആൻഡ് വെൽഫെയർ ആക്ടിവിററിയുടെ തലവനായിരുന്നു. ഈ കാലയളവിൽ IGNOV യുടെ ഒരു സെന്റർ നാവികസേനയിലെ ഉദ്യോഗസ്ഥർക്കും അവരുടെ ആശ്രിതർക്കും വേണ്ടി തുറക്കുകയും അതിന്റെ തലവനായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. ഈ കാലയളവിൽ തന്നെ മെട്രോളജിയുടെയും ഓഷ്യാനോഗ്രാഫിയുടെയും ഒരു കേന്ദ്രം

www.malankaralibrary.com

കൊച്ചിയിൽ തുറക്കുവാനുള്ള ചുമതല ആഭ്യന്തരമന്ത്രാലയം റോബിനെ ഏല്പിക്കുകയും റെക്കോർഡ് സമയത്തിനുള്ളിൽ തീർക്കുകയും അതിന്റെ ചുമതലകൂടി അഡീഷനലായി നോക്കുകയും ചെയ്തിരുന്നു.

ഇന്റർ നാഷണൽ ഓർഗനൈസേഷൻ ഓഫ് സ്റ്റാൻഡാർഡൈസേഷന്റെ (ISO 9000) ആഡിറേറഴ്സ് കോഴ്സ്, ഇന്റർനാഷണൽ രജിസ്ട്രേഷൻ ഓഫ് സർട്ടിഫിക്കേററഡ് ആഡിറേറഴ്സ് (IRCA) ൽ ചെയ്യുകയും നാവികാസ്ഥാന മുഖ്യാലയത്തിൽ തലവനായി പ്രവർത്തിക്കുകയും ചെയ്തു. ഭാരതനാവികസേനക്കുവേണ്ടി നാവികസേനയിലും NPOL ലും സൈനിക വിദ്യാലയത്തിലും മനുഷ്യവിഭവ വികസനത്തിന്റെ ധാരാളം വെല്ലുവിളികളുള്ള ഉത്തരവാദിത്വങ്ങൾ ഏറെറടുക്കുകയും ചെയ്തിരുന്നു.


പ്രമുഖനാവികഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സമുദ്രോപരിതല സമുദ്രാന്തരഗവേഷണത്തിലും അത്യാധുനിക സാങ്കേതികോപകരണങ്ങൾ വിന്യസിക്കുന്നതിലും അനുബന്ധ വിവരശേഖരണത്തിലും സജീവപങ്കാളിയായിരുന്നു. ഒട്ടേറെ കായികമത്സരങ്ങളിൽ താൽപര്യമുള്ള കൊമൊഡോർ (റിട്ട) എ.പി.എ. റോബിൻ ഫുട്ബോൾ കളിയിൽ അതിസമർത്ഥനായിരുന്നു. ഫുട്ബോളിൽ നേവിയുടെ വിവിധ തലങ്ങളിൽ കളിച്ചിട്ടുണ്ട്. കോളേജ് ജീവിതകാലത്ത് എൻ.സി.സി.യിൽ അദ്ദേഹം സജീവമായിരുന്നു.

ഇപ്പോൾ ഇൻഡ്യൻ നേവിയും കുസാററും സമ്മിശ്രമായി നടത്തുന്ന നേവൽ സ്ട്രാററജിക് സെന്ററിൽ (CTESS) ഡയറക്ടർ ആയി സേവനം അനുഷ്ഠിക്കുന്നു. ഭാര്യ മായമ്മ റോബിൻ ബി.എ. ആണ്.

വിലാസം – കൊമഡോർ എ.പി.എ. റോബിൻ, ഫ്ളാററ് നമ്പർ ഇ.51,
ജൽവായുവിഹാർ, മുണ്ടംവേലി, കൊച്ചി – 682507

# 350

# മോൺ.ജോർജ് ഞരളക്കാട്ട്



വയനാട്ടിലെ കുടിയേറ്റക്കാരുടെയും ആദിവാസികളുടെയുമിടയിൽ കഴിഞ്ഞ മൂന്നരദശാബ്ദക്കാലമായി വിവിധതലങ്ങളിൽ അർപ്പണബോധത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മോൺ.ജോർജ് ഞരളക്കാട്ട് തൊഴുപുഴക്കു സമീപമുള്ള കലയന്താനിയിൽ ഞരളക്കാട്ട് വർക്കി- മേരി ദമ്പതികളുടെ പ്രഥമസന്താനമായി 1946 ജൂൺ 23-ാം തിയതി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം ആരക്കുഴ സെന്റ് ജോസഫ് എൽ.പി. സ്ക്കുളിലും മിഡിൽ സ്ക്കുൾ വിദ്യാഭ്യാസം ആരക്കുഴ സെന്റ്

www.malankaralibrary.com

മേരീസ് യു.പി.സ്ക്കൂളിലും നിർവ്വഹിച്ചു. 1960-ൽ ഞരളക്കാട്ട് കുടുംബം വയനാട്ടിലെ നടവയൽ എന്ന സ്ഥലത്തേക്ക് കുടിയേറി. തുടർന്ന് നടവയൽ സെന്റ് തോമസ് സെക്കണ്ടറി സ്ക്കൂളിൽ ഹൈസ്ക്കുൾ വിദ്യാഭ്യാസം പൂർത്തിയാക്കി.

1963-ജൂൺ മാസത്തിൽ തലശ്ശേരിരൂപതവക മൈനർ സെമിനാരിയിൽ ചേർന്നു. തത്വശാസ്ത്രവും ദൈവശാസ്ത്രവും മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ പഠിച്ചു. പ്രസ്തുത സെമിനാരിയിൽ നിന്നും ബി.ഡി.ഡിഗ്രിയും കരസ്ഥമാക്കി. 1971 ഡിസംബർ 20-ാം തീയതി തലശ്ശേരി ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനിയിൽനിന്നും ഗുരുപട്ടം സ്വീകരിച്ചു.

കണിച്ചൂർപ്പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യ നിയമനം (1972- 1973) തുടർന്ന് അരിഞ്ചേരിമല സെന്റ് തോമസ് പള്ളിയിലും കണിയാംപെട്ട സെന്റ് മേരീസ് പള്ളിയിലും വികാരിയായി 1973-1975 കാലഘട്ടത്തിൽ സേവനം അനുഷ്ഠിച്ചു. പുതുശ്ശേരി സെന്റ് മേരീസ് ദേവാലയത്തിന്റെയും വഞ്ഞോട്ട് സെന്റ് ജോസഫ് ദേവാലയത്തിലും (1975- 1977) ആയിരുന്നു തുടർന്ന് പ്രവർത്തിച്ചത്. ഇടവകഭരണത്തിൽനിന്നും രൂപതയിലെ മറ്റുപ്രവർത്തനങ്ങളിലാണ് പിന്നീട് ഞരളക്കാട്ടച്ചന്റെ സേവനം രൂപതാധികാരികൾ പ്രയോജനപ്പെടുത്തിയത് . ഭാരതത്തിലെ ഏറ്റംവലിയ മിഷൻ സംഘടനയായ ചെറുപുഷ്പ മിഷൻലീഗിന്റെ രൂപതാ ഡയറക്ടറായും വിശ്വാസപരശീലനകേന്ദ്രത്തിന്റെ രൂപതയിലെ അസിസ്റ്റന്റ് ഡയറക്ടറായും ജോർജച്ചനെ ബിഷപ്പ് മാർജേക്കബ്ബ് തൂങ്കുഴി നിയമിച്ചു. മിഷൻലീഗിന്റെ ശാഖകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കുന്നതിനും വിശ്വാസപരിശീലനത്തിന് ഒരു കേന്ദ്രീകൃത പദ്ധതിക്ക് രൂപം കൊടുക്കുന്നതിനും (1977 മുതൽ 1983 വരെ) ഞരളക്കാട്ടച്ചൻ കഠിനാദ്ധ്വാനം ചെയ്തു. ഇതിനിടയിൽ മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ചരിത്രത്തിൽ ബി.എ.ഡിഗ്രി കരസ്ഥമാക്കി. തുടർന്ന് ഉപരിപഠനത്തിന് റോമിലേക്കയച്ചു. റോമിലെ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽ 1983 മുതൽ 1986-വരെ പഠിക്കുകയും 1986-ൽ Catechetics - ൽ ലൈസൻഷിയേറ്റ് കരസ്ഥമാക്കുകയും ചെയ്തു.

റോമിൽ നിന്നും തിരിച്ചെത്തിയ ഞരളക്കാട്ടച്ചനെ രൂപതയിലെ വിശ്വാസപരിശീലനകേന്ദ്രത്തിന്റെയും പാസ്റ്ററൽ സെന്ററിന്റെയും ഡയറക്ടറായി നിയമിച്ചു. 1987 മുതൽ 1994 വരെ ആ ജോലി നിർവ്വഹിച്ചു. അതേ സമയം എപ്പാർക്കിയൽ കൺസൾട്ടിംഗ് ബോഡി മെമ്പറായും പ്രവർത്തിച്ചു. ആ സ്ഥാനത്ത് ഇപ്പോഴും തുടരുന്നു. 1994മെയ് മാസത്തിൽ രൂപതയുടെ പ്രൊക്യുറേറ്ററായി മാർ ജേക്കബ്ബ് തൂങ്കുഴി ഞരളക്കാട്ടച്ചനെ നിയമിച്ചു. അതേ സമയം ആരാട്ടുതറ സെന്റ് തോമസ് ദേവാലയത്തിന്റെ വികാരിയായും പ്രവർത്തിക്കുകയുണ്ടായി. മാർ ജേക്കബ്ബ് തൂങ്കുഴിക്കുശേഷം മാനന്തവാടി രൂപതയുടെ മെത്രാനായി അഭിഷിക്തനായ മാർ എമ്മാനുവൽ

www.malankaralibrary.com

പോത്തനാംകുഴി രൂപതയുടെ വികാരിജനറാളായി 1997-ൽ നിയമിച്ചു. 2003 എപ്രിൽ മാസത്തിൽ പോത്തനാംമുഴി തിരുമേനിയുടെ നിര്യാണത്തെതുടർന്ന് രൂപത അഡ്മിനിസ്ട്രേറ്ററായി ഞരളക്കാട്ടച്ചനെ നിയമിച്ചു. മാർ ജോസഫ് പൊരുന്നേടം മാനന്തവാടി രുപതയുടെ ഭരണം ഏറ്റെടുക്കുന്നതുവരെ ആ സ്ഥാനത്ത് തുടർന്നു. മാർ പൊരുന്നേടം വികാരി ജനറാളായി വീണ്ടും നിയമിക്കുകയുണ്ടായി. ആസ്ഥാനത്ത് അദ്ദേഹം ഇപ്പോഴും തുടരുന്നു. മാനന്തവാടി മേരിമാതാ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ മാനേജരായി 1997 മുതൽ പ്രവർത്തിച്ചുവരുന്നു.

ഇവ കൂടാതെ വൊക്കേഷൻ ബ്യൂറോയുടെ രൂപതാഡയറക്ടറായും കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ രൂപതാ ഡയറക്ടറായും Holy Childhoodന്റെ ഡയറക്ടറായും വിവിധ കമ്മറ്റികളിലെ അംഗമായും കൽപ്പറ്റയിലെ ഡിപോൾ പബ്ലിക്സ്ക്കൂൾ ഗവേണിംഗ്ബോഡിയുടെ ചെയർമാനായും മോൺ.ജോർജ് ഞരളക്കാട്ട് പ്രവർത്തിച്ചിട്ടുണ്ട്.

2006 ഫാമിലി വർഷം ആയി പ്രഖ്യാപിച്ചിരിക്കുകയാണ്. അതിനുവേണ്ട പരിപാടികൾക്ക് രൂപം കൊടുക്കാൻ നിയുക്തമായ കമ്മറ്റിയുടെ ചെയർമാനായി മോൺസിഞ്ഞോർ ഞരളക്കാട്ടിനെയാണ് ചുമതലപ്പെടുത്തിരിയിരിക്കുന്നത്. എപ്പാർക്കിയൽ ബിൽഡിംഗ് കമ്മറ്റി ചെ.യർമാൻ, എപ്പാർക്കിയൻ എമർജൻസി മാനേജ്മെന്റ് ടീം കൺവീനർ, എപ്പാർക്കിയൽ ഫൈനാൻസ് കൗൺസിൽ മെമ്പർ, രൂപതാ വിദ്യാഭ്യാസകൗൺസിൽ ബോർഡ് മെമ്പർ എന്നിങ്ങനെ വിവിധ നിലകളിൽ അദ്ദേഹം ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.


സീറോ-മലബാർസഭയെ മേജർആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തിയിരിക്കുകയാണല്ലോ. സീറോ-മലബാർ സിനഡൽ അസംബ്ലി അഞ്ചുവർഷത്തിലൊരിക്കൽ കൂടേണ്ടതാണ്. ആദ്യ അസംബ്ലി 1998-ലും ദ്വിതീയ അസംബ്ലി 2004-ലും കാക്കനാട്ട് സെന്റ് തോമസ് മൗണ്ടിൽ വച്ച് ചേരുകയുണ്ടായി. ഈ രണ്ട് അസംബ്ലികളിലും മോൺസിഞ്ഞോർ ഞരളക്കാട്ട് സജീവമായി പങ്കെടുക്കുകയുണ്ടായി. വയനാട്ടിലെ കുടിയേറ്റ ജനത ഇന്ന് നാണ്യവിളകളുടെ വിലയിടിവിനെ തുടർന്ന് സാമ്പത്തികമായി പ്രയാസപ്പെടുകയാണ്. ആത്മഹത്യകൾ വർദ്ധിക്കുന്നു. വയനാട്ടിലെ കുടിയേറ്റ കർഷകർ നടത്തുന്ന സമരത്തിന് സമ്പൂർണ്ണ പിന്തുണ മോൺ. ഞരളക്കാട്ട് നൽകിക്കൊണ്ടാണിരിക്കുന്നത്.

വിലാസം - മോൺ.ജോർജ് ഞരളക്കാട്ട്,
വികാരി ജനറാൾ,
ബിഷപ്പ്സ് ഹൗസ്
മാനന്തവാടി . പി.ഒ.
വയനാട് ജില്ല.

www.malankaralibrary.com

# 351

# ജോസഫ് പനയ്ക്കൽ



നിരവധി ഗ്രന്ഥങ്ങളുടെ കർത്താവും വിദ്യാഭ്യാസ പ്രവർത്തകനുമായ ജോസഫ് പനയ്ക്കൽ 1946 ജൂലായ് 28-ന് എറണാകുളം ജില്ലയിൽ വൈപ്പിൻകരയിലെ പള്ളിപ്പുറത്ത് ജനിച്ചു. പുരാതന കുടുംബമായ പനയ്ക്കൽ ഡൊമിനിക്-അന്ന എന്നിവരായിരുന്നു മാതാപിതാക്കൾ.

വിദ്യാഭ്യാസാനന്തരം പള്ളിപ്പുറത്തെ എസ്.എസ്. അരയസ്ക്കൂളിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. 2001-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. മാതൃകാഅദ്ധ്യാപകനായിരുന്ന പനയ്ക്കൽ സാഹിത്യപ്രവർത്തന രംഗത്ത് സജീവമായി ഏർപ്പെട്ടു. സർവ്വീസിലിരിക്കെ തന്നെ മാതൃഭൂമി ആഴ്ച പ്പതിപ്പ്, ദേശാഭിമാനി വാരിക, സത്യദീപം വാരിക, കുങ്കുമം വാരിക, അന്വേ ഷണം, ജയകേരളം, കുടുംബദീപം, മനോരമ, മേരിവിജയം, ദീപിക വാരാ ന്ത്യപതിപ്പ്, കേരളാടൈംസ്, വിവേകോദയം തുടങ്ങി മലയാളത്തിലെ ഒട്ടു മിക്ക പ്രസിദ്ധീകരണങ്ങളിലും കഥകൾ, ബാലസാഹിത്യം, നോവൽ, ലേഖ നങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചുവന്നു.

സാഹിത്യരചനയും അദ്ധ്യാപകജോലിയും മാത്രമല്ല പൊതുപ്രവർത്ത നങ്ങളിലും ജോസഫ് പനയ്ക്കൽ തന്റെ സജീവസാന്നിദ്ധ്യം പ്രകടമാക്കി. സഹോദരൻ അയ്യപ്പൻ സ്മാരകകമ്മിറ്റിയംഗം, കെ.എ.പി.റ്റി. യൂണിയൻ ജില്ലാ സെക്രട്ടറി, സംസ്ഥാനകമ്മിറ്റി അംഗം, കെ.എൽ.സി.എ. (കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ) രൂപതാ പ്രസിഡന്റ്, സംസ്ഥാന മാനേ ജിംഗ് കമ്മറ്റിയംഗം, സർഗ്ഗവേദി സാംസ്കാരിക കൺവീനർ എന്നീ നിലക ളിലും അദ്ദേഹം സജീവമായി പ്രവർത്തിക്കുകയുണ്ടായി.


അദ്ദേഹത്തിന്റെ പ്രധാനകൃതികൾ കൃഷ്ണപ്പരുന്തിന്റെ വിലാപം, ചുവന്ന പ്രഭാതം, കല്ലുടയ്ക്കുന്നവർ, കടൽക്കാക്കകൾ, മുറിവുകൾ, സ്വപ്ന ങ്ങൾ, നീലപ്പക്ഷിയുടെ പാട്ട്, മാണിക്കൻ മലമുകളിലെ പക്ഷി, പക്ഷിക്കു ഞ്ഞുങ്ങൾ, അഴകിക്കുറുനരി, ഉൾമുറിവുകൾ, ഗുൽഗുൽ, ഇണ്ടനും ഇണ്ടി യും, നിഴലുകളുടെ ഭൂമി, വലംപിരിശംഖ് എന്നിവയാണ്.

ജോസഫ് പനയ്ക്കന്റെ സാഹിത്യസേവനങ്ങളെ അംഗീകരിച്ച് പല പുരസ്കാരങ്ങളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. കുടുംബദീപം അവാർഡ്, കൃഷ്ണസ്വാമി സ്മാരക കുങ്കുമം സാഹിത്യ അവാർഡ്, കെ.സി.വൈ.എം. സംസ്ഥാന സാഹിത്യഅവാർഡ്, ദർശന അവാർഡ് (മേരിവിജയം) അദ്ധ്യാ പക കലാസാഹിത്യസമിതി അവാർഡ്, മാതൃഭൂമി സ്റ്റഡിസർക്കിൾ സംസ്ഥാ നസാഹിത്യ അവാർഡ്, എസ്സ്.ബി.റ്റി. മലയാള സാഹിത്യ അവാർഡ് എന്നി

www.malankaralibrary.com

വയാണ് അദ്ദേഹത്തിന് ലഭിച്ച അവാർഡുകൾ.
വിലാസം - ജോസഫ് പനയ്ക്കൽ, പള്ളിപ്പുറം, കൊച്ചി.

# 352



# സിസ്റ്റർ ജെയ്സി കാർമ്മൽ സി.എം.സി.

നിശബ്ദമായ സാമൂഹ്യപ്രവർത്തനത്തിലൂടെ ഒരു സാമൂഹ്യവിപ്ലവത്തിന് കളമൊരുക്കിയ സിസ്റ്റർ ജയ്സികാർമ്മൽ ആർപ്പൂക്കര വില്ലൂന്നിയിൽ പുരാതനവും പ്രസിദ്ധവുമായ പൊടിപാറകുടുംബത്തിൽ മാണി മേരിക്കുട്ടി ദമ്പതികളുടെ മൂത്തമകളായി 1946 ആഗസ്റ്റ് 11-ാം തീയതി ജനിച്ചു. മാതാവ് മേരിക്കുട്ടി കൊണ്ടോടിക്കൽ കുടുംബാംഗമാണ്. കേരളസഭയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയ റവ.ഫാ. പ്ലാസിഡ് പൊടിപ്പാറ സി.എം.ഐ, കേരള രാഷ്ട്രീയത്തിലെ അതിപ്രഗത്ഭനായ ജോർജ് ജോസഫ് പൊടിപാറ തുടങ്ങിയ മഹൽവ്യക്തികൾക്ക് ജന്മംകൊടുത്ത കുടുംബമാണ് പൊടിപാറകുടുംബം. ഒരു സമ്പന്നകുടുംബത്തിലാണ് സിസ്റ്റർ ജനിച്ചതെങ്കിലും ചെറുപ്പംമുതലേ ലാളിത്യത്തിന് ഊന്നൽനൽകിയാണ് ജീവിച്ചത്.

മാമ്മോദീസാപേര് മറിയം എന്നായിരുന്നുവെങ്കിലും വല്യപ്പൻ കൊച്ചുവർക്കി വിളിപ്പേരായി "പഞ്ചി" എന്ന പേരും ഇട്ടു. പഞ്ചി എല്ലാവരുടെയും സ്നേഹം ഏറ്റുവാങ്ങിക്കൊണ്ട് വളർന്നു. അവശരുടെയും അധഃസ്ഥിതരുടെയും ദുരിതങ്ങളെ ആരാഞ്ഞറിയുവാനും ചെറിയ ചെറിയ സഹായങ്ങൾ അവർക്കെത്തിക്കുവാനും ചെറുപ്പം മുതൽ താൽപര്യമെടുത്തിരുന്ന പഞ്ചി എന്ന പൈങ്കിളി വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ എല്ലാവരുടെയും ശ്രദ്ധാകേന്ദ്രമായി മാറിയിരുന്നു.

മനുഷ്യരെയും പ്രകൃതിയേയും ജീവന്റെ തുടിപ്പുകളെയും ആദരവോടെ കാണുന്ന ഒരു പ്രകൃതക്കാരിയായിരുന്നു പഞ്ചി. കർമ്മധീരതയും ക്രാന്തദർശനികതയും തീരുമാനങ്ങൾ അതിവേഗം എടുക്കുവാനുള്ള കഴിവും പഞ്ചിയുടെ പ്രത്യേകതകളായിരുന്നു. ഒരു പെൺകുട്ടി എന്നതിനപ്പുറം ഒരു ആൺകുട്ടിയ്ക്കൊപ്പം എല്ലാ കാര്യങ്ങളും ചെയ്യുവാനുള്ള പ്രാപ്തി, സഹപാഠികൾക്കും സഹോദരങ്ങൾക്കും ആവേശവും ആത്മധൈര്യവും പകരുന്നവയായിരുന്നു. യുക്തിസഹജമായും സുവ്യക്തമായും ചിന്തിക്കുവാനും സംസാരിക്കുവാനും ഇടപെടുന്നവരോടും ഇടപെടുന്ന കാര്യങ്ങളോടും അങ്ങേയറ്റം കൂറും ആത്മാർത്ഥതയും കാണിക്കുവാനും പ്രത്യേകവൈഭവം

www.malankaralibrary.com

അവൾക്കുണ്ടായിരുന്നു. പ്രായത്തിൽ മുതിർന്നവരോടും അധികാരികളോടും ഉള്ള മാന്യമായ പെരുമാറ്റം, അടുക്കും ചിട്ടയുമായ ജീവിതം, ഔദാര്യമനോഭാവം, അച്ചടക്കം, വിനയം തുടങ്ങിയവ അവളുടെ സ്വഭാവസവിശേഷതകളായിരുന്നു. കുടുംബാന്തരീക്ഷത്തിൽനിന്നും പഞ്ചിക്കു ലഭിച്ച നേട്ടങ്ങളായിരുന്നു ഇവയെല്ലാം.

അക്കാലത്ത് നിലനിന്നിരുന്ന വേദപാഠപഠനക്ലാസ്സുകളിൽ പഞ്ചിയേയോ സഹോദരങ്ങളെയോ അയക്കുവാൻ പിതാവ് തല്പരനല്ലായിരുന്നു. പകരം ബൈബിളിലെ യേശുവിനെ ജനകീയമായി വിമോചനാത്മകമായി കാണുവാനുള്ള പരിശീലനം വീട്ടിൽവച്ച് നൽകിയിരുന്നു. ഭാരതസംസ്കാരത്തിൽ ക്രൈസ്തവികതയുടെ ഒരു പാലം ദർശിക്കുവാൻ കുട്ടികളെ പിതാവ് ഒരുക്കിയിരുന്നു.

ഏകാന്തതയോടെ ഏറെനേരം പ്രകൃതിയുമായി താദാത്മ്യപ്പെട്ട് ഇരിക്കുകയെന്നത് ചെറുപ്പം മുതലേ അവൾ ശീലിച്ചിരുന്നു. ഏറെനേരം മേഘങ്ങളെനോക്കിയിരിക്കുക, അവൾക്ക് ആത്മനിർവൃതി നൽകിയിരുന്നു. പ്രശാന്തമായ പാടങ്ങൾ, തോട്, കേവ് വള്ളങ്ങളുടെ പോക്ക്, പാടശേഖരങ്ങളിൽ വെള്ളം വറ്റിക്കുന്ന എഞ്ചിന്റെ ശബ്ദം ഉഴവുകാളകളെക്കൊണ്ട് നിലം ഉഴുതുമ്പോൾ മനുഷ്യൻ ഉണ്ടാക്കുന്ന ശബ്ദം കിളികളുടെ ആരവം ഇവയെല്ലാം കണ്ടും കേട്ടും ദീർഘനേരം ഏകാന്തമായി ഇരിക്കുമ്പോൾ അവളുടെ ഹൃദയത്തിന് ഒരു നിറവ് അനുഭവപ്പെട്ടിരുന്നു. ആ നിറവിൽ ആഴമേറിയ ഒരു വിജ്ഞാനം - അറിവ് അവൾ നേടിയിരുന്നു. അന്നത്തെ ആ ഏകാന്തതയോടെയുള്ള ഇരിപ്പ് ഇന്ന് പ്രാർത്ഥനയായി അവൾ കാണുകയാണ്.

തന്റെ ജീവിതം ഒരു കുടുംബത്തിൽമാത്രം ഒതുക്കിനിർത്താതെ കുറെ ഏറെ പേർക്കായി പങ്കുവയ്ക്കണം എന്ന തീവ്രമായ ഉൾപ്രേരണയാൽ പഞ്ചി ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഉടനെ 1964 ൽ ഏകാന്തതയും പ്രാർത്ഥനയും പ്രവർത്തനവും ഉള്ള കർമ്മലീത്താമഠത്തിൽചേർന്നു. 1966 ഏപ്രിൽ 14 ന് ആദ്യവ്രതവും 1971 മെയ് 6 ന് നിത്യവ്രതവും ചെയ്തു. സന്യാസസഭയിൽ ചേർന്നപ്പോൾ സ്വീകരിച്ച പേരാണ് ജെയ്സികാർമ്മൽ.

മഠത്തിൽചേർന്നതിനുശേഷം ദൈവസ്നേഹം, പ്രാർത്ഥന, വ്യക്തിത്വവികസനം, മനഃശാസ്ത്രം, സ്ത്രീത്വം തുടങ്ങിയവിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന പുസ്തകങ്ങൾ വായിക്കുകയും പുതിയ അന്വേഷണങ്ങളിൽ ഏർപ്പെടുകയും ചെയ്തു. അവളുടെ ആദ്ധ്യാത്മികചിന്ത തെറ്റോ ശരിയോ എന്നൊന്നും വ്യക്തമായി അവൾക്ക് അക്കാലത്ത് മനസ്സിലായില്ലായിരുന്നു. സിസ്റ്റർ ജെയ്സിയുടെ ആഗ്രഹവും ആശയവും ഒരു ഞെരിപ്പോടിൽവച്ച് ഊതി ഊതി തെളിച്ചെടുക്കുന്നരീതിയിൽ വർഷങ്ങളോളം കൊണ്ടുനടന്നു.

ഇതിനിടയിൽ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ ഡിഗ്രിക്ക് പഠനം ആരംഭിച്ചു. എന്നാൽ അതിലും അവൾ സംതൃപ്തികണ്ടെത്തിയില്ല. അന്നത്തെ സന്യാസസഭയുടെ പരിമിതമായ സാഹചര്യത്തിൽ ആശുപത്രി

www.malankaralibrary.com

യിൽ എങ്കിലും ജോലിചെയ്ത് കുറെ പാവപ്പെട്ടവർക്ക് എങ്കിലും തന്റെ ജീവിതം പ്രയോജനപ്പെടണമെന്ന ആഗ്രഹത്തോടുകൂടി അധികാരികളുടെ അനുവാദത്തോടെ ഫാർമസി പഠനം ആരംഭിച്ചു. മണിപ്പാലിലും വെല്ലൂരിലുമായി പഠനം ആരംഭിച്ചു. തിരിച്ച് നാട്ടിൽ എത്തിയതിനുശേഷം പല വലിയ ആശുപത്രികളിലും നിയമിക്കപ്പെട്ടു. പക്ഷെ അവിടെയൊന്നും "ജോലി പ്രാർത്ഥന" എന്നതിനപ്പുറം അവൾ ആഗ്രഹിച്ച ഒരു യഥാർത്ഥസന്യാസിയായി തീരുവാൻ സാധിച്ചില്ല. തുടർന്ന് പ്രൊവിൻഷ്യൽസുപ്പീരിയർമാർ മാറിമാറിവരുമ്പോഴെല്ലാം അവളുടെ മനസ്സിലെ ആഗ്രഹം അവരെ അറിയിച്ചുകൊണ്ടിരുന്നു. സിസ്റ്ററിന്റെ നിരന്തരമായ അഭ്യർത്ഥനപരിഗണിച്ച് 1986 ൽ ആശുപത്രിയിൽനിന്നും അവളെ വിടുതലാക്കി. ഇഷ്ടമുള്ള ജോലിചെയ്യുവാനുള്ള അനുമതിയും പ്രൊവിൻഷ്യൽ രേഖാമൂലം നൽകി. തുടർന്ന് തെരവ് കുട്ടികളുടെയിടയിലും ചുമട്ടുതൊഴിലാളികളുടെയിടയിലും നാഷണൽ സർവ്വീസ് സ്കീമിനോട് ചേർന്ന് പ്രവർത്തിച്ചു. വീടുവയ്ക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. തെരുവുബാലന്മാരെ ദത്തെടുത്തു.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം കർമ്മലീത്താമഠത്തിൽ ചേർന്നപ്പോൾ അവളുടെ മനസ്സിൽ ഒരു സ്വപ്നം ഉണ്ടായിരുന്നു. കുടിലുകളിൽ സൂക്ഷിച്ചു വയ്ക്കുവാൻ ഒന്നുമില്ലാതെ ജീവിതം നയിക്കുന്ന അനേകരുടെയിടയിൽ അവരുടേതുപോലെയുള്ള ഒരു കുടിലിൽ ജീവിക്കുന്ന ഒരു സന്യാസിനിയുടെ ജീവിതമാണ് അവൾ സ്വപ്നം കണ്ടിരുന്നത്. അതിനുവേണ്ടി വർഷങ്ങൾ കാത്തിരുന്ന സി. ജെയ്സിയെ കൊണ്ടുപോയി എത്തിച്ചത് മോർക്കുളങ്ങര റെയിൽവേ പുറമ്പോക്കിലാണ്. എഴുപത് കുടിലുകളിലായി താമസിച്ചിരുന്ന ഒരു തുരുത്തിലെ ജനങ്ങളുടെയിടയിലേക്ക്. 1987 ൽ സിസ്റ്റർ അവരുടെ ഇടയിലേക്ക് തനിയേ ചെന്നു. അവരുടെയിടയിൽ നല്ല സ്വീകരണമാണ് സിസ്റ്ററിന് ലഭിച്ചത്. ചിലർ സംശയിച്ചു. എല്ലാ സംശയങ്ങളും പെട്ടന്നു നീങ്ങി. സിസ്റ്റർ അവരുടെ സ്വന്തവും അവർ സിസ്റ്ററിന് സ്വന്തവുമായി തീർന്നു. ഈ സന്ദർഭത്തിൽ സിസ്റ്ററിന്റെ താമസം ഹോളിക്യൂൻസ് പ്രൊവിൻഷ്യൽ ഹൗസിലായിരുന്നു. അവരുടെ അടിസ്ഥാന ആവശ്യം ഒരു തുണ്ടുഭൂമിയും ഒരു നല്ലവീടും മാത്രമായിരുന്നു. അതിനായി സിസ്റ്ററും അവരും എം.ജി. യൂണിവേഴ്സിറ്റി എൻ.എസ്സ്.എസ്സ്. ബാനറിലും, എസ്സ്.ബി. കോളേജ് എൻ.എസ്സ്.എസ്സ്. യൂണിറ്റിന്റെ ബാനറിലും ഒത്തുചേർന്ന് ശ്രമങ്ങൾ നടത്തി. 1987 മുതൽ 1993 വരെയുള്ള നിരന്തരമായ യജ്ഞം - സിസ്റ്ററിന്റെ ഒരു ഒറ്റയാൻ സമരം - ആ സമരത്തിലൂടെ സർക്കാരിനെക്കൊണ്ട് പദ്ധതി ഇല്ലാതിരിക്കെ - ഒരു പദ്ധതിക്ക് രൂപം കൊടുപ്പിച്ച് നടത്തി എടുപ്പിച്ചു. 1992 - 93 വർഷങ്ങളിൽ രണ്ടുപദ്ധതിപ്രകാരം ഇവരുടെ പുനരധിവാസത്തിനായി 3.79 ഏക്കർ സ്ഥലം കുന്നന്താനത്ത് വാങ്ങിപ്പിച്ചു. 1996-ാം മാണ്ടു കൊണ്ട് ഭാരതത്തിൽ തന്നെ ഒരു മാതൃകാപുനരധിവാസഗ്രാമം എന്ന പേരിൽ ലക്ഷ്യോദയഗ്രാമം നിർമ്മിച്ചു. സഹകരിച്ച് എല്ലാ കുടുംബങ്ങളും അവിടെ

www.malankaralibrary.com

താമസമാക്കി.

സിസ്റ്റർ സ്വപ്നം കണ്ടിരുന്ന ആശ്രമം കോട്ടയത്ത് കോടിമതനദീതീരത്തായിരുന്നു. ചില പ്രത്യേകകാരണങ്ങളാൽ അതു നടന്നില്ല. മോർക്കുളങ്ങര കോളനിവാസികളുടെ പുനരധിവാസത്തിന് എടുത്ത സ്ഥലത്തോട് ചേർന്നുകിടക്കുന്നസ്ഥലം സിസ്റ്റർ ആശ്രമത്തിനായി വാങ്ങി. 1993 നവംബർ 23 ന് സങ്കേതം ആശ്രമത്തിന് തുടക്കംകുറിച്ചു. ആ സ്ഥലത്ത് സിസ്റ്റർ ജെയ്സിയുടെ സാമൂഹ്യപ്രവർത്തനത്തിന്റെ ഓഫീസ് പ്രവർത്തിക്കുന്നതിന് സഭാധികാരികൾ അംഗീകാരം നൽകി. എന്നാൽ ഭാരതത്തിൽ ഋഷിമാരും മുനിമാരും താമസിച്ചിരുന്നതുപോലെ സ്ഥലകാലസാഹചര്യങ്ങൾക്കും സി. എം. സി. സന്യാസിനി സഭയുടെ കാരിസത്തിനും അനുസരിച്ചുള്ള ഒരു 'ദർശന' വീട് – ആശ്രമമായിതന്നെ മനസ്സിൽ രൂപപ്പെടുത്തി സിസ്റ്റർ സംരക്ഷിച്ചുപോന്നു. ബൃഹത്തായ ലക്ഷ്യോദയഗ്രാമനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ രാഷ്ട്രീയക്കാരുടെയും ഗുണ്ടകളുടെയും അതിക്രമങ്ങൾക്ക് സാക്ഷ്യംവഹിച്ചും ചേരിനിവാസികളെമാറ്റി പാർപ്പിക്കുന്നതിലുള്ള നാട്ടുകാരുടെ (അയൽക്കാരുടെ) മാനസികക്ലേശത്തിന്റെ ഭാഗമായിട്ടുള്ള എതിർപ്പുകളെ അതിജീവിച്ചും, ഗുണഭോക്താക്കൾപോലും ഏല്പിച്ച മാനസിക പീഡനങ്ങളെ അതിജീവിച്ചും ലക്ഷ്യോദയഗ്രാമം ഒരു യാഥാർത്ഥ്യമായിത്തീർന്നു. (എങ്കിലും ആശ്രമ സങ്കല്പം പിന്നെയും നീണ്ടുപോയി) സി.എം.സി. പ്രോവിൻസിൽനിന്ന് ഈ സംരംഭത്തോട് താല്പര്യമുള്ള ആരെയെങ്കിലും കൂട്ടുപ്രവർത്തനത്തിന് ലഭിക്കുമെന്ന് സിസ്റ്റർ പ്രതീക്ഷിച്ചു. അത് ലഭിക്കാതായപ്പോൾ ആശ്രമത്തിൽ ഒറ്റയ്ക്ക് ജീവിക്കാനുള്ള ഒദ്യോഗിക അനുമതിയുംകാത്ത് ആശ്രമസങ്കല്പം പിന്നെയും വിദൂരത്തിലേക്ക് പോയി.

ലക്ഷ്യോദയഗ്രാമം സിസ്റ്ററിന്റെ ഭാവന പൂർണ്ണമായും യാഥാർത്ഥ്യമാകുവാൻ പല പദ്ധതികളും ആസൂത്രണം ചെയ്തു. മോർക്കുളങ്ങര റെയിൽവേ പുറമ്പോക്കിൽ പ്രവർത്തനങ്ങളാരംഭിച്ചപ്പോൾ വനിതാസമാജം രൂപവൽക്കരിച്ചു. വനിതകളുടെ സാമൂഹ്യപുരോഗതിലക്ഷ്യമാക്കിയുള്ള പ്രവർത്തനം സൽഫലം നേടുകയുണ്ടായി. കുട്ടികൾക്കും പുരുഷന്മാർക്കും വേണ്ടിയുള്ള സംഘടനകൾ രൂപീകരിച്ചു. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചും സാമൂഹ്യതിന്മകൾക്കെതിരെയുള്ള പ്രചരണങ്ങൾ സംഘടിപ്പിച്ചും പാവങ്ങളുടെയും തൊഴിലാളികളുടെയും ഇടയിൽ ഒരു പുതിയ ആകാശവും ഒരു പുതിയ ഭൂമിയും സൃഷ്ടിച്ചു.

ഭവനനിർമ്മാണ – പുനരധിവാസ പ്രവർത്തനരംഗത്ത് ഇന്ത്യയിൽ ഈ സംരംഭം ഒരു പുതിയ ആശയമാണ് കാഴ്ചവച്ചത്. സർക്കാർ സഹായത്തോടെ സമ്പാദിച്ച ഭൂമിയിൽ സമ്പൂർണ്ണ സ്വാശ്രയ ഗ്രാമമായി "ലക്ഷ്യോദയ" ഗ്രാമത്തിന് രൂപംകൊടുത്തു. 1997 ൽ പൂർത്തിയായ ഈ ഗ്രാമത്തിൽ 24 മണിക്കൂറും വീടുകളിൽ കുടിവെള്ളം, പൊതുസ്ഥലം, കുട്ടികളുടെ പാർക്ക് തുടങ്ങിയവയെല്ലാം ഈ ഗ്രാമത്തിന്റെ പ്രത്യേകതയാണ്. ഓരോരുത്തരു

www.malankaralibrary.com

ടെയും ആവശ്യമനുസരിച്ചുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി. പുകയില്ലാത്ത അടുപ്പുകൾ ഓരോ വീട്ടിലും ഏർപ്പെടുത്തി. ശരിയായ അർത്ഥത്തിൽത ന്നെ, എല്ലാഘട്ടങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ശ്രമം വിജ യകരമായി ഇതിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോ കുവാൻ പൊതുപ്രവർത്തകർ, അദ്ധ്യാപകർ, കോളേജ് വിദ്യാർത്ഥികൾ, ഡോക്ടർമാർ, അഭിഭാഷകർ തുടങ്ങി വിവിധമേഖലകളിലുള്ളയാളുകളെ ചേർത്ത് ഒരു സൗഹൃദസമിതിക്കും രൂപം കൊടുത്തു. അവശതയനുഭവി ക്കുന്ന സ്ത്രീകൾക്കുവേണ്ടി ഒരു അഭയകേന്ദ്രവും സ്ഥാപിച്ചു.

സിസ്റ്ററിന്റെ ഭാവനയിലുള്ള ആശ്രമത്തിനുവേണ്ടിയുള്ള അന്വേഷണം തുടർന്നുകൊണ്ടിരുന്നു. കോളനിപ്രവർത്തനം ആരംഭിച്ച അന്നുമുതൽ എസ്. ബി. കോളേജിലെ നാഷണൽ സർവ്വീസ് സ്കീമിലെ ഒരാളായ അന്നത്തെ ഫസ്റ്റ് ഇയർ ബി.എ. വിദ്യാർത്ഥി വർഗീസ് ആന്റണി അമ്പാട്ട് സിസ്റ്ററിന്റെ പ്രവർത്തനങ്ങൾക്ക് തുണയായി എത്തി. പദ്ധതികളുടെ വിജയത്തിനു വേണ്ടിയുള്ള യത്നത്തിൽ ശാരീരികപീഡനങ്ങളും മാനസികപീഡനങ്ങളും ആ ചെറുപ്പക്കാരൻ ഏറ്റുവാങ്ങുകയുണ്ടായി. സിസ്റ്റർക്ക് എന്ന് ഒറ്റയ്ക്ക് ഇത് ഓടിച്ചുകൊണ്ടുപോകാൻ സാധിക്കുമോ അന്ന് ഞാൻ ഇതിൽനിന്നും പിന്മാറും എന്ന് ആ യുവാവ് പറഞ്ഞവാക്കുകൾ ഇന്നും സിസ്റ്റർ നന്ദിയോ ടെയാണ് സ്മരിക്കുന്നത്. 2001 – 2003 വരെ ഒരു സോഷ്യൽ ഹൗസിംഗ് പ്രോജക്ട് കൂടി ചെയ്തു തീർത്തു. 2000–ാമാണ്ടുമുതൽ രണ്ടാമത്തെ പദ്ധ തിയുടെ കാര്യങ്ങൾക്കായി മിക്കവാറും ദിവസങ്ങളിൽ സങ്കേതത്തിൽതന്നെ സ്ഥിരതാമസമാക്കി. വല്ലപ്പോഴും പ്രൊവിൻഷ്യൽ ഹൗസിൽപോകും മിക്ക ദിവസങ്ങളിലും സിസ്റ്റർ നവീന കരോട്ടുപുലിക്കുന്നേൽ സി.എം.സി. ഇത്തി ത്താനം മഠത്തിൽനിന്നും അനുവാദംവാങ്ങി, സങ്കേതത്തിൽവന്ന് താമസി ക്കാൻ തുടങ്ങി നാലുവർഷക്കാലമായി ഇവിടുത്തെ ജീവിതശൈലിയിലും ആത്മീയ അന്വേഷണത്തിലും സിസ്റ്റർ നവീന പങ്കുകൊണ്ടിരുന്നു. 2004 ജൂലൈ മാസത്തിൽ സി.നവീനാ പൂർണ്ണമായും സങ്കേതത്തിലെത്തി. അതോടെ ഒരു പുതിയ ആശ്രമശൈലിക്ക് ഇരുവരുമൊരുമിച്ച് രൂപരേഖ തയ്യാ റാക്കുകയാണ്. എല്ലാ ജാതിമതസ്ഥർക്കും, അഭയംതേടിവരുന്ന എല്ലാ വർക്കും സ്വന്തമെന്നോർത്ത് വരാനുള്ള ഒരു ഇടമാണ് സങ്കേതം. ജീവിത ത്തിന്റെ ഏറ്റംതാഴത്തെതട്ടിൽ നിലകൊള്ളുന്നവർക്കും, മനുഷ്യപുരോഗതി യിൽ വിശ്വാസമർപ്പിക്കുന്ന എല്ലാവർക്കും, ബുദ്ധിജീവികൾക്കും, സന്യാസ ജീവിതംപൊതുധാരയിൽനിന്നുള്ള ഒളിച്ചോട്ടമല്ല എന്നു കരുതുന്ന സഭാശു ശ്രൂഷികൾക്കും ഒന്നിച്ചുകൂടി ആലോചിച്ച് പ്രവർത്തിക്കാനുള്ള ഒരു കേന്ദ്ര മാണ് സങ്കേതം. ഇവിടെയുള്ള എല്ലാ ജീവന്റെ തുടിപ്പുകളേയും ആദരവോ ടെയാണ് സിസ്റ്റർ കാണുക. ജീവന്റെ സംരക്ഷണത്തിന്റെ ഭാഗമായി പ്രകൃതി സംരക്ഷണത്തിന് സിസ്റ്റർ ഊന്നൽനൽകുന്നു. കുരുമുളക്, കൃഷി, പച്ചമരുന്ന്, പച്ചക്കറികൾ തുടങ്ങിയവ നടത്തുകയും സംരക്ഷിക്കുകയും

www.malankaralibrary.com

ചെയ്യുന്നു. ആട്, കോഴി, തേനീച്ചവളർത്തൽ ഇവയെല്ലാം പ്രത്യേകം സങ്കേതത്തിൽ സംരക്ഷിക്കുന്നു.

സങ്കേതം ആശ്രമത്തിന്റെ (ദർശനവീട്) ജീവിതശൈലി പ്രത്യേകം എടുത്തു പറയേണ്ട ഒന്നാണ്. ധ്യാനാത്മകതയിൽനിന്ന് ഉരുത്തിരിഞ്ഞ കർമ്മോത്സുകതയ്ക്ക് പുതിയ രൂപവും ഭാവവും പകർന്നുകൊണ്ട് നടത്തുന്ന ഒരു ആത്മീയ അന്വേഷണകേന്ദ്രമാണ് സങ്കേതം ആശ്രമം. ജനങ്ങളുടെ പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രഉന്നമനത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതും സി.എം.സി. സന്യാസിനി സമൂഹത്തിന്റെ പ്രമാണരേഖയിൽ ഉൾച്ചേർന്നു പ്രാദേശികസഭയോട് സജീവബന്ധവും സഹകരണവും പുലർത്തിയും പട്ടണഗ്രാമപ്രദേശങ്ങളിലെ ദരിദ്രജനവിഭാഗങ്ങൾക്കുവേണ്ടി അവരുടേതായി, അവരുടെയിടയിൽ അവരോടുകൂടി നിന്ന് ജീവിക്കുന്ന ഒരു സന്യാസാശ്രമം.

ബലി ജീവിതം അനുഷ്ഠിച്ചും യാമപ്രാർത്ഥന, ധ്യാനം, കൂട്ടായ്മപങ്കുവയ്ക്കൽ, പ്രാർത്ഥനാപൂർവ്വമായ വിലയിരുത്തലുകൾ, സ്നേഹപൂർവ്വകമായ തിരുത്തലുകൾ, ആദ്ധ്യാത്മികഉന്നമനത്തിനുതകുന്ന പുസ്തകങ്ങളുടെ നിഷ്ഠയായ പാരായണം എന്നിവയിലൂടെ വളർത്തിയെടുക്കുന്ന ആദ്ധ്യാത്മികതസ്വായത്തമാക്കി, സമകാലികപ്രശ്നങ്ങളെ കണക്കിലെടുത്ത്, ജീവിതസാക്ഷ്യം, പരിചരണം, പങ്കുവയ്ക്കൽ, ബോധവൽക്കരണശ്രമങ്ങൾ, മാനവമൈത്രി എന്നിവയിലൂടെ ത്യാഗത്തിലൂടെയും സ്നേഹത്തിലൂടെയും ആവിഷ്ക്കരിക്കപ്പെടുന്ന ജീവിതശൈലിയാണ് സങ്കേതം ആശ്രമവാസികളുടേത്.

ദിരദ്രരുടെ സ്നേഹിതനായ യേശുവിനോട് നമുക്കുള്ള സാധർമ്മ്യം വഴി നാം പ്രത്യേകവിധം ദരിദ്രരുടെ സ്വന്തമാണെന്ന് ജനങ്ങൾക്ക് തോന്നാൻ ഇടയാകത്തക്കവിധത്തിലും അവർ ശാന്തരായി ജോലി ചെയ്ത് അപ്പം ഭക്ഷിക്കട്ടെ (2 tes. 3/12) എന്ന അപ്പസ്തോലന്റെ വാക്കുകളെ മുൻനിർത്തിയും ആശ്രമാംഗങ്ങൾ തനിച്ചോ കൂട്ടായോ ജനപങ്കാളിത്തത്തോടെയോ അദ്ധ്വാനത്തിന്റേതായ ജീവിതം നയിക്കുന്നു.

സൂര്യോദയം, കാർമേഘങ്ങൾ, ചെടികൾ, വൃക്ഷങ്ങൾ, പക്ഷികൾ, മൃഗങ്ങൾ തുടങ്ങി ജീവന്റെ ഓരോ തുടിപ്പും പ്രാർത്ഥനാനുഭവത്തിലേക്കും ദൈവസാന്നിദ്ധ്യത്തിലേക്കും നയിക്കുന്നു. അങ്ങനെ പ്രകൃതിയേയും മാനവരാശിയേയും തഴുകിനിൽക്കുന്നു. ഒരു ആത്മീയത രൂപപ്പെടുത്തിയെടുക്കുന്ന ശൈലിയാണ് ഇവിടെയുള്ളത്. (Ecospirituality) മേൽപറഞ്ഞ രീതിയിലുള്ള ജീവിതശൈലിക്ക് തയ്യാറായിവരുന്നവർ ഇവിടെ ഇടയ്ക്കിടെവരുകയും താമസിക്കുകയും ചെയ്ത് ജീവിക്കുവാൻ പറ്റുമോ എന്ന് തിരിച്ചറിഞ്ഞ് സ്വയം ചോദിച്ച് ആശ്രമാംഗത്വം സ്വീകരിക്കാവുന്നതാണ്.

സി.ജയ്സി കാർമ്മലിന്റെ സേവനവും പുതിയ ആശ്രമശൈലിയും മനസ്സിലാക്കിയ അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് 1998 ൽ മികച്ച


www.malankaralibrary.com

സാമൂഹ്യപ്രവർത്തകയ്ക്കുള്ള അവാർഡ് നൽകിയാദരിച്ചു. കൂടാതെ ഇടത്തുംപറമ്പിൽ കുടുംബയോഗത്തിന്റെ അവാർഡും സിസ്റ്ററിന് ലഭിക്കുകയുണ്ടായി. സിസ്റ്ററിന്റെ പ്രവർത്തനങ്ങൾ ഒരു പുതുയുഗപ്പിറവിക്ക് ഇടയാകട്ടെ.

വിലാസം - സി. ജെയ്സി കാർമ്മൽ സി.എം.സി., സങ്കേതം ആശ്രമം, ചങ്ങനാശ്ശേരി - 6, കോട്ടയം.

# 353

# ഫാ. ജോസ് ജെ. കളീയ്ക്കൽ



ആയിരത്തി തൊള്ളായിരത്തി എഴുപതുകൾ ലോകമെമ്പാടും ഒരു ഉണർവിന്റെ കാലഘട്ടമായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ഉയർത്തിവിട്ട കൊടുങ്കാറ്റ് കത്തോലിക്കാ സഭയെ ലോകത്താകമാനം പരിവർത്തിപ്പിച്ച ഒരു കാലയളവ്, കേരളത്തിലും അതിന്റെ ചലനങ്ങൾ ശക്തമായി പ്രതിഫലിപ്പിക്കുകയുണ്ടായി. അതിന്റെ ഏറ്റം ക്രിസ്തീയം എന്ന് വിശേഷിയ്ക്കപ്പെടാവുന്നത് വിമോചന ദൈവശാസ്ത്രത്തിന്റെ തനതാവിഷ്ക്കാരമായി മാറിയ മത്സ്യത്തൊഴിലാളി സമരവും അതിൽ കേരളത്തിലെ ഏതാനും വൈദിക-സന്യസ്ത-അൽമായർ കൊടുത്ത നേതൃത്വവും ആയിരുന്നു. 1969-കളിൽ അലയടിച്ചുയർന്ന കേരളത്തിലെ മത്സ്യബന്ധന തൊഴിലാളി മുന്നേറ്റം അതിന്റെ ഏറ്റം ഉച്ചാവസ്തയിലെത്തിയത് 1984-ലെ ലോക പ്രശസ്തമായ മത്സ്യത്തൊഴിലാളി സമരത്തോടുകൂടിയായിരുന്നു. കേരളത്തിന്റെ പ്രശസ്തി ലോകാന്തരമായത് ഒരു പിടി സംഭവങ്ങളിലൂടെയാണ്. ലോകത്താദ്യമായി ബാലറ്റ് പെട്ടിയിലൂടെ കമ്മ്യൂണിസ്റ്റുകൾ അധികാരത്തിലേറിയതാണ് അതിലൊന്ന്. അതിനെതിരെ കേരള ജനത നടത്തിയ വിമോചന സമരമായിരുന്നു മറ്റൊന്ന്. കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുടെ സ്ഥാപക നേതാവ് ഫാ. വടക്കൻ മലയോര കർഷക സമരത്തിന് നേതൃത്വം കൊടുത്തുകൊണ്ട് കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ച് പ്രവർത്തിച്ചതും കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ച് മന്ത്രിസഭയുണ്ടാക്കിയതും മറ്റൊന്ന്. 84 കളിൽ ഒരു കൊടുങ്കാറ്റു പോലെ ആഞ്ഞടിച്ച് ലോക ശ്രദ്ധയാകർഷിച്ച മത്സ്യ തൊഴിലാളി സമരം വെറൊന്ന്. ഇതിന് നേതൃത്വം നല്കിയവരിൽ പ്രമുഖനായിരുന്നു ഫാ. ജോസ്.ജെ. കളീയ്ക്കൽ. 1969 മുതൽ തുടങ്ങി കേരളത്തിലെ കടലോര, കായലോര, തീരമേഖലകളിലെ അന്തരീക്ഷം കലുഷിതമായിക്കൊണ്ടിരുന്നു. കാറും കോളും കലക്കവും മത്സ്യബന്ധനമേഖലയിൽ ധാരാളം ആയിരുന്നു. സ്വാതന്ത്ര്യ സമ്പാദ

www.malankaralibrary.com

നത്തിനു ശേഷം ഹരിത-ധവള-നീല വിപ്ലവങ്ങൾ നടത്തി മുന്നേറി വന്ന സാഹചര്യമായിരുന്നു അത്. എല്ലാ മേഖലകളെയും പൊറുതി മുട്ടിക്കുന്ന വികസന നയങ്ങൾ സർക്കാർ ആവിഷ്ക്കരിച്ചു വന്നിടത്ത് മണ്ണും മരവും മനുഷ്യനും ജലവും ജീവനും വായുവും ആയുസ്സും അറ്റു പോകുന്ന ദൃശ്യം അനുഭവപ്പെട്ടുകൊണ്ടിരുന്നു. ജീവന്റെ ഉറവയായ ജലം ഏറ്റം അധികം ഞെരുക്കപ്പെട്ടു. ഇന്നതിന്റെ മൂർദ്ധന്യാവസ്ഥ നമ്മൾ കണ്ടിരിക്കുമ്പോൾ കാര്യങ്ങൾക്ക് വ്യക്തത ഏറെയുണ്ട്. സുനാമിയും കത്രീനയും വെള്ളം അടിച്ചു കയറ്റി ജീവനെ വിഴുങ്ങിയത് നമ്മൾ നോക്കിയിരുന്നു. ശുദ്ധജലം വറ്റിയതു കാരണം തൊണ്ട വരണ്ട് വേഴാമ്പലുകൾ പോലെ നിലവിളിച്ച് മഴ കാത്തിരിക്കുന്ന മനുഷ്യരുടെ നിര വിപുലപ്പെടുന്നു. ജലം മലിനമായതിന്റെ പേരിൽ മത്സ്യം രോഗാധീനമാകുന്നു. ചത്തുപോകുന്ന മത്സ്യസമ്പത്തും പ്രപഞ്ചത്തിന്റെ ഭീഷണാവസ്ഥയെ വെളിപ്പെടുത്തുന്നു. പ്രാപഞ്ചികതയുടെ 2006-ാം ആണ്ടിൽനിന്ന് ഈ വക ക്രൂരസത്യങ്ങളെ നോക്കികാണുമ്പോൾ 1984 ൽ കേരളത്തെ പിടിച്ചുകുലുക്കിയ മത്സ്യത്തൊഴിലാളി സമരം ഉണർത്തി വിട്ട ചോദ്യങ്ങളുടെ പ്രസക്തിക്ക് വ്യക്തത ഏറുന്നു. കേരളത്തിലെ മത്സ്യ ത്തൊഴിലാളി സമരം ഉണർത്തിവിട്ട ആവശ്യങ്ങൾ പലതായിരുന്നു. 'ഒന്ന് തീരം പട്ടിണിയാകുന്നു' എന്നതായിരുന്നു. വേറൊന്ന് ജലംസംരക്ഷിയ്ക്കൂ ജീവൻ രക്ഷിക്കൂ എന്നതും. നീതിശാസ്ത്രത്തിന്റെ കാഴ്ചപ്പാടുകൾ പ്രകൃ തിയുടെയും മനുഷ്യജീവന്റെയും സംരക്ഷണ സാഹചര്യത്തിൽ ഏറ്റം പ്രസ്പഷ്ടമാക്കിയ മറ്റൊരു സംഭവം കേരള ചരിത്രത്തിലുണ്ടോയെന്ന് സംശ യമാണ്. മത്സ്യത്തൊഴിലാളിയുടെ പട്ടിണിയും മത്സ്യജാലങ്ങളുടെ രോഗവും ഏറ്റ്പിടിച്ച് സമരവും ശാസ്ത്രാവലോകനവും മുന്നോട്ടുവച്ച ചരിത്രമാണ് മത്സ്യത്തൊഴിലാളി സമരത്തിന്റേത്. 1984 ൽ സന്യാസിനികളടക്കം ഒരു പിടി കർമ്മസാക്ഷികളെ കേരളത്തിന്റെ രാഷ്ട്രീയ നഭസ്സിലിറക്കി നക്ഷത്രം തെളിച്ചും 1992 ൽ മത്സ്യരോഗത്തിന്റെ പേരിൽ സെക്രട്ടറിയേറ്റ് നടയിലും മെഡിക്കൽ കോളേജാശുപത്രിക്കകത്തും നിരാഹാര സമരം നടത്തി ഇടതും വലതുമായ രാഷ്ട്രീയക്കാരോട് വിലപേശിയ സ്വതന്ത്രട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ആദ്യകാല സംഘാടകരിൽ ഒരുവനും 1984 ലെ വിഖ്യാത സമരത്തിന്റെ സംസ്ഥാന നേതൃത്വം കൈകാര്യം ചെയ്യുകയും ചെയ്ത ഫാ. ജോസ് ജെ.കളീയ്ക്കൽ കൊല്ലം രൂപതയിലെ വലിയ പെരുമ്പുഴ ഇടവക യിൽ 1946 സെപ്റ്റംബർ നാലിന് ജനിച്ചു. പിതാവ് യോഹന്നാനും അമ്മ മറിയക്കുട്ടിയും. അമ്മ പഠിപ്പിച്ചിരുന്ന ആഞ്ഞിലിപ്രായിൽ സ്കൂളിലായി രുന്നു വിദ്യാഭ്യാസം. സെന്റ് അലോഷ്യസ് ഐറിഷ് ക്രിസ്ത്യൻ ബ്രദേ ഴ്സിന്റെ സ്കൂളിൽ ആയിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസം.

ഒരു വൈദികനാകണമെന്ന ആഗ്രഹം ചെറുപ്പംമുതലേ ജോസിൽ നില നിന്നിരുന്നു. അമ്മ ആയിരുന്നു ആ ആഗ്രഹത്തിന് പ്രചോദനം നൽകിയ ത്. സെമിനാരി പ്രവേശത്തിനു ചെല്ലുമ്പോൾ ചോദിക്കാവുന്ന ചോദ്യങ്ങൾക്ക്

www.malankaralibrary.com

ഉത്തരവും പറഞ്ഞു പഠിപ്പിച്ചാണ് അമ്മ ജോസിനെ അയച്ചത്. മൂന്നുപെങ്ങ ന്മാർക്ക് ഒരൊറ്റ ആങ്ങളമാത്രം. അവൻ വൈദികനാകുമ്പോൾ വീട്ടുകാര്യ ങ്ങൾ എങ്ങനെ നടക്കും എന്ന മെത്രാനച്ചന്റെ ചോദ്യം വരുമ്പോൾ "അതു ദൈവം നോക്കും" എന്ന് പറയാൻ പഠിപ്പിച്ച് വിട്ടത് അമ്മ തന്നെയായിരു ന്നു. ദൈവം കാവലും കരുതലും ആണെന്ന് ഉള്ള വിശ്വാസം അങ്കുരിപ്പി ച്ചത് അമ്മതന്നെ. ആ വിശ്വാസം ആണ് കർമ്മവഴികളിലൊക്കെ പിന്തിരിഞ്ഞ് നോക്കാതെ മുന്നേറുവാൻ ജോസിനെ ഇടയാക്കിയത്.

കൊല്ലത്തെ സെന്റ് റഫേൽസ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. തത്വശാസ്ത്ര പഠനം കാർമ്മൽ ഗിരിയിലും ദൈവശാസ്ത്ര പഠനം മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിലും പൂർത്തി യാക്കി. 1969 ഡിസംബർ 20 -ന് കൊല്ലം ബിഷപ്പ് ഡോ. ജറോം ഫെർണാണ്ട സിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. 1974-ൽ ബാംഗ്ളൂർ ഇൻഡ്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ മൂന്നുമാസ കോഴ്സ് സാമൂഹ്യാവ ബോധ പരിശീലനമായിരുന്നു. വൈദിക ജീവിതത്തിൽ ഒരു മാതൃകാസ്ഥാനം ഇടവകയിലെ വികാരി ഫാ. ചാൾസ് എം. ഫെർണാണ്ടസിന്റേതായിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവശുദ്ധിയും വിനയവും സർവ്വരോടുമുള്ള ആദരവും പ്രാർത്ഥനയും ഫ. ജോസിനെ ആകർഷിച്ചു. 1970 -ൽ ഫാ. മത്തിയാസിന്റെ (പിന്നീട് പുനലൂർ മെത്രാൻ) അസിസ്റ്റന്റായി ശാസ്താം കോട്ട പള്ളിയിൽ സേവനം അനുഷ്ഠിച്ചു. പിന്നീട് കൊഴുവല്ലൂർ, ചെറിയനാട്, പുത്തൂർ, കട മ്പനാട് എന്നിവിടങ്ങളിൽ വികാരി. 2001 മുതൽ 2005 വരെ അവധിയിൽ ഇരുന്ന് വിദേശത്തും നാട്ടിലും പഠന ധ്യാന പരിപാടികൾ. 2005 അവസാനം മുതൽ ഔദ്യോഗികമായി റിട്ടയർ മെന്റ് എടുത്ത് പുത്തൂർ മുക്കിലുള്ള ADES കേന്ദ്രമാക്കി ദളിത് മേഖലയിൽ പഠന-പരിശീലന-വികസന പ്രവർത്തന ങ്ങൾ ലക്ഷ്യം വച്ചു നീങ്ങുന്നു. അച്ചൻകോവിലാറിന്റെ തീരത്ത് കളിയ്ക്കൽ വീട്ടിൽ ജനിച്ച ഫാ. ജോസ് മത്സ്യ മേഖലയിൽ പ്രവർത്തിക്കുവാൻ തുട ങ്ങുന്നത് തികച്ചും യാദൃച്ഛികമാണ്. ആദ്യകാലത്ത് കൊല്ലം രൂപതയുടെ വിസ്തൃതി വടക്ക് പമ്പാ നദി മുതൽ തെക്ക് കന്യാകുമാരി വരെയായിരു ന്നു. കോട്ടാർ, തിരുവനന്തപുരം, നെയ്യാറ്റിൻകര, പുനലൂർ എന്നിങ്ങനെ ഇന്ന് വിസ്തൃതപ്പെട്ടിരിക്കുന്ന നാലു രൂപതകൾ കൂടി ചേർന്നതായിരുന്ന കൊല്ലം രൂപത. കടൽ, കായൽ, മലയോരം, ആറ്റുതീരം എന്നിങ്ങനെ വ്യത്യാ സപ്പെട്ട പ്രകൃതികൾ കൊല്ലത്തിന്റെ പ്രത്യേകതകൾ ആയിരുന്നു. അതിൽ ശ്രദ്ധിക്കപ്പെടാതെ കിടന്ന പ്രദേശമായിരുന്നു വടക്കേയറ്റത്ത് ആലപ്പുഴ ജില്ല യിൽ ഉൾപ്പെട്ടിരുന്ന ആറ്റുതീരപ്രദേശങ്ങൾ. എഴുപതുകളിൽ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ വഴി സാമൂഹ്യപ്രവർത്തനം ക്രോഡീകരിയ്ക്ക പ്പെട്ടു വന്നപ്പോഴും കൊല്ലം രൂപതയുടെ ആലപ്പുഴ ജില്ലയിലെ ഇടവകകൾ ശ്രദ്ധിക്കപ്പെട്ടിരുന്നില്ല. വടക്കൻ മേഖല കേന്ദ്രീകരിച്ച് സാമുഹ്യപ്രവർത്ത നങ്ങൾ സജീവമാക്കുവാൻ വേണ്ടി Quilon Social service society ക്ക്ഒരു ആല

www.malankaralibrary.com

പ്പുഴ സോൺ രൂപീകരിച്ച് പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും അതിന്റെ ഓഫീസ് ചുമതല ഫാ. ജോസ് കളീയ്ക്കലിനെ ഏല്പിക്കുകയും ചെയ്തു, ഇന്ദിരാഗാന്ധിയുടെ ഡി.ആർ.ഐ.സ്കീം മുകളിൽ ഉൾപ്പെട്ട 30 യൂണിറ്റുകളിൽ വിപുലമായ വായ്പാ പദ്ധതികളടക്കം കൂപ്പുകൃഷിയും, സാമൂഹ്യാരോഗ്യാ പദ്ധതിയും നേതൃത്വ പരിശീലന പരിപാടിയുമൊക്കെ ക്രമമായി നടത്തി വന്നിരുന്നു. ഒരവസരത്തിൽ ആലപ്പുഴ ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയന്റെ വാർഷിക സമ്മേളത്തിൽ QSSS -ന്റെ പ്രവർത്തന പരിപാടികൾ മത്സ്യബന്ധന മേഖലയിൽ വിപുലപ്പെടുത്തുന്നതിനെപ്പറ്റി ചർച്ച ചെയ്യാൻ ഫാ. ജോസ് അവിടെയെത്തി. അപ്പോഴാണ് ജോസച്ചന്റെ നേതൃത്വം അവർ ആവശ്യപ്പെട്ടത്. പിന്നെ പുറകോട്ട് പിന്തിരിയാതെ ട്രേഡ് യൂണിയൻ പ്രവർത്തനത്തിൽ മുന്നോട്ടടിവച്ചു നീങ്ങി. 1984-ലെ പ്രസിദ്ധമായ മത്സ്യത്തൊഴിലാളി സമരത്തിൽ ചുക്കാൻ പിടിക്കുന്നിടം വരെയും, 1992-ൽ മത്സ്യരോഗസമരത്തിൽ സമരപ്പന്തലിൽ നിന്ന് അറസ്റ്റു ചെയ്തു നീക്കപ്പെട്ട ശേഷവും ആശുപത്രിയിൽ നിരാഹാരം തുടർന്ന് ഡിമാന്റ് അംഗീകരിക്കുന്നിടം വരെയും സമരം നിലനിർത്തിയ ചരിത്രം ഉൾപ്പെടെ ഒരു പിടി സംഭവങ്ങൾക്ക് അദ്ദേഹം പ്രയോക്താവായി.

ട്രേഡ് യൂണിയൻ രംഗത്തുള്ള പ്രവർത്തനങ്ങൾ പ്രകൃതി സംരക്ഷണം, വികസന നയം സാമൂഹ്യനീതി എന്നിവയുടെ വിശ്വാസമാനങ്ങളെ വെളിവാക്കുന്നവയായിരുന്നു എന്നതുകൊണ്ട് ട്രേഡ് യുണിയൻ രംഗത്തെ പൗരോഹിത്യ വഴികളുടെ വിശദീകരണമായിരുന്നു അത്. ഫ്രാൻസിലെ വർക്കേഴ്സ് പ്രീസ്റ്റ് പോലെയോ ലാറ്റിനമേരിക്കയിലെ വിമോചന ദൈവശാസ്ത്രാവതാരകരെപ്പോലെയോ വിശദീകരിക്കപ്പെടേണ്ട പ്രതിഭാസമാണ് കേരളത്തിലെ മത്സ്യത്തൊഴിലാളി സമരം. കർമ്മ മുഖങ്ങൾ വ്യത്യാസപ്പെട്ടു വരുന്നത് സ്വാഭാവികം മാത്രം.

Food for work -ൽ ഉൾപ്പെടുത്തി ദരിദ്ര വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതികൾ, കമ്മ്യൂണിറ്റി ഹെൽത്ത് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 33 പ്രദേശങ്ങളിൽ ആരോഗ്യ വികസന പരിപാടികൾ, DRI പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഗ്രാമങ്ങളിലാകെ വള്ളത്തിനും വലയ്ക്കുമൊക്കെ ബാങ്കു വായ്പകൾ എന്നിങ്ങനെ വിവിധ പരിപാടികൾ വളരെ വിജയകരമായി നീങ്ങിയെന്ന് സങ്കല്പിച്ചിരിക്കുമ്പോൾ തൊഴിൽ മേഖലയാകെ സ്തംഭനത്തിൽ. തൊഴിൽ മേഖലയിൽ വായ്പയെടുത്ത് നിക്ഷേപങ്ങൾ നടത്തുമ്പോൾ മത്സ്യ മേഖല ചുരുങ്ങുന്നു. മത്സ്യ സമ്പത്തിന്റെ അവകാശികൾ കർഷക ജന്മികളിലാകുന്നു. പൊതു ജലാശയങ്ങളും ജലക്കെട്ടുകളും അടങ്ങുന്ന പ്രദേശത്ത് മീൻ പിടിയ്ക്കാനുള്ള അവകാശം ലൈസൻസുള്ള മത്സ്യത്തൊഴിലാളിയ്ക്കെന്നത് ചോദ്യം ചെയ്യപ്പെട്ടു. പാടശേഖരങ്ങളിൽ തടകെട്ടി മീൻ പിടിക്കുന്നതിനവകാശം കർഷകപ്രഭുക്കൾക്ക് ലേലം ചെയ്ത് കൊടുത്ത് മത്സ്യത്തൊഴിലാളികളെ കൂലിക്കാരാക്കി വിളിക്കുന്ന രീതി ആദ്യമായി ചെന്നിത്തല പാടശേഖ

www.malankaralibrary.com

രങ്ങളിലും പിന്നീട് ഹരിപ്പാട് പ്രദേശങ്ങളിലും ആവിഷ്ക്കരിച്ചു. തഴക്കര പ്രദേശങ്ങളിൽ മീൻ വളർത്തുന്ന ചാലുകൾ പഞ്ചായത്തുകൾ നേരിട്ട് മത്സ്യാവകാശം ലേലം വിളിക്കുന്ന പ്രകൃതവും വന്നു. ജന്മി പ്രഭുത്വങ്ങളും ഭരണക്കാരും കൈകോർത്ത് മത്സ്യത്തൊഴിലാളികളെ ഞെരുക്കുന്നു. ഈ അവസ്ഥ മത്സ്യത്തൊഴിലാളികളെ ഞെരുക്കി. വലിയ മീൻപിടുത്തം ലക്ഷ്യം കണ്ട് വായ്പയെടുത്ത് വലയും വള്ളവും ഇറക്കിയ തൊഴിലാളികളെ പിന്നെയും ഞരുക്കുന്ന അവസ്ഥകളുണ്ടായി. കായംകുളം കായൽ നികത്തി കൃഷിയിടവും പിൽക്കാലത്ത് തെർമൽ പ്ലാന്റും ആക്കി. കായലരുകിലുള്ള തൊണ്ടു തല്ലു കേന്ദ്രങ്ങളിൽ നിന്ന് തൊണ്ടു തല്ലി ചകിരിച്ചോറും കായലിലറക്കി മലിനപ്പെടുത്തുകയും കായൽ നികത്തുകയും ചെയ്യുന്ന രീതി വന്നു. കായലരികത്ത് മീൻ കുളങ്ങൾ പണിത് തീറ്റയിട്ട് ചെമ്മീൻ പിടിയ്ക്കുന്നതിന്റെ പേരിൽ ആ പ്രദേശങ്ങളിൽ ഒന്നും വലയിടാൻ അനുവദിക്കാതെയും വള്ളമടിപ്പിക്കുന്നവരെ പിടിച്ചു വച്ചു തല്ലുന്നതുമായ നിരവധി അനുഭവങ്ങളുണ്ടായി. പട്ടിണിയും പരിവട്ടവുമായി കഷ്ടപ്പെടുന്നവരെ തല്ലുകകൂടി ചെയ്തപ്പോൾ പ്രതികരിക്കാതെ വഴിയില്ലെന്നായി. പഞ്ചായത്തുകളുടെ മുൻപിൽ ധർണ്ണയും പ്രകടനങ്ങളും പരാതി സമർപ്പിക്കലും പിക്കറ്റിംഗും ഒക്കെ ആയി. ഫലമില്ലന്ന് കണ്ടപ്പോൾ തൊഴിലാളികൾ സംഘടിച്ചു വന്ന് തടസ്സപ്പെട്ടയിടങ്ങളിൽ കൂട്ടമായി കയറി വല നിവർക്കുന്ന അനുഭവം വന്നു. പത്തും നൂറും വള്ളങ്ങൾ ഒരുമിച്ച് പാടശേഖരങ്ങളിൽ കയറ്റിയിട്ട് മീൻ പിടിച്ചുമാറുന്ന സമരരീതിയാണ് ആദ്യ സമരാനുഭവം. പാടത്തിന്റെ വരമ്പുകളിൽ കർഷക ഉടമകളും പോലീസും. വള്ളങ്ങളിൽ മത്സ്യത്തൊഴിലാളികളും അവർക്കു ചേർന്ന് യൂണിയൻ നേതാക്കളും. ചില നേരങ്ങളിൽ വലിച്ചു നീട്ടിയ വലയുടെ ഒരറ്റത്ത് പഞ്ചായത്തധികൃതരും മറ്റേയറ്റത്ത് തൊഴിലാളികളും നേതാക്കളും. അവസാനം ഇരുകൂട്ടരും തൊണ്ടിസാധനമായ വലയോടു കൂടെ പോലീസ് സ്റ്റേഷനിലും. അങ്ങനെയാണ് സമര മുഖം പരിചയിച്ചത്. ചില നേരങ്ങളിൽ രാത്രി മുഴുവൻ മകരമാസത്തിലെ മഞ്ഞും കൊണ്ട് ജലാശയത്തിന്റെ തീരത്ത് മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് കാവലിരുന്ന അനുഭവവുമുണ്ടായിട്ടുണ്ട്. അങ്ങനെ കഴിഞ്ഞ നാളുകളിലെ ധ്യാന മനനങ്ങളാണ് ഗലീലാക്കടൽ തീരത്ത് മത്സ്യബന്ധനപ്പടവുകളിൽ കയറി നടന്ന വലിയ മുക്കുവനെയും സംഘത്തിനെയും രൂപീകരിച്ച യേശുവിനെ അടുത്തറിയാനിടയാക്കിയത്. അവിടെ മാറ്റി വല വീശാനും കടലിനെ നോക്കി ശാന്തമായിരിക്കൂ എന്നു പറയുവാനും നിങ്ങൾ പിടിച്ച മീൻ കൊണ്ടുവരൂ എന്ന് പറഞ്ഞ് അത് ചുട്ടെടുക്കാനും ഒക്കെ പരചയിച്ച യേശുവിന്റെ നല്ല അനുഭവങ്ങളുടെ ഏറെയേറെ അനുരണനങ്ങൾ അനുഭവിച്ച നാളുകൾ എന്ന് ഫാ. കളീയ്ക്കൽ അവയെ ഓർക്കുന്നു.

അങ്ങനെ ആറ്റു തീര മേഖലകളിൽ സംഘാടന പ്രവർത്തനങ്ങളിൽ പണിയെടുക്കുമ്പോഴാണ് ഒരു നാൾ കോച്ചേരിയച്ചന്റെ നേതൃത്വത്തിൽ തിരു

www.malankaralibrary.com

വനന്തപുരം അഞ്ചു തെങ്ങ് ഫൊറോനായിലുള്ള എല്ലാ പള്ളികളിലും ഒരുമിച്ച് ഒരു ധ്യാന സഹവാസം നടന്നത്. കടലോരത്ത് ജോസച്ചൻ ആദ്യമായി അപ്പോൾ ഇറങ്ങുകയായിരുന്നു. ധ്യാനനേരങ്ങൾ രാവിലെയും വൈകിട്ടും. അതു കഴിഞ്ഞ് ധ്യാന ഗുരുക്കന്മാർ കടപ്പുറത്തേക്കിറങ്ങും. വീടുകളിലും ചാളകളിലും മരക്കൂട്ടങ്ങളിലുമൊക്കെ പോയി മത്സ്യത്തൊഴിലാളികളോട് സംവദിയ്ക്കുമായിരുന്നു. അവിടെയും അനുഭവങ്ങൾ മുതൽ ക്കൂട്ടുവാൻ സാധിച്ചു. ഒരു ചെറുപ്പക്കാരൻ ഉച്ച നേരത്ത് കടൽപ്പുറത്ത് മണ്ണുകുഴിച്ച് ആ മണ്ണിൽ വയർപൊത്തിക്കിടക്കുന്നു. കാരണം ചോദിച്ചപ്പോൾ വിശപ്പു സഹിക്കാൻ വയ്യാഞ്ഞിട്ട് ശമനം നേടുകയാണെന്നായിരുന്നു മറുപടി. ശരിയാണ് ആ രണ്ട് ആഴ്ച കടൽ ശൂന്യം ആയിരുന്നു. അപ്പോഴും ഓരോ നേരം മരങ്ങൾ ചുമന്ന് കടലിലിറക്കി പച്ചവെള്ളം നിറച്ച മൊന്ത അണിയത്തു വച്ച് മീൻ പിടിക്കാനായി അവർ പോകുമായിരുന്നു. അവർ മടങ്ങി വരുന്നതും നോക്കി അമ്മമാരും കുഞ്ഞുങ്ങളും തീരത്ത് വിശന്നിരിയ്ക്കുമായിരുന്നു. തിരിച്ചു വരുമ്പോൾ വള്ളത്തിൽ ഒന്നും തന്നെ ഉണ്ടാവില്ല. അഥവാ ചെറു മീനോ മറ്റോ ഉണ്ടെങ്കിൽ അത് വള്ളം ഉടമ എടുത്തുകൊണ്ട് പോയിരിക്കും. പണിയെടുത്ത തൊഴിലാളിയും ഭാര്യയും കുഞ്ഞുങ്ങളും പട്ടിണിയിൽ. പണിയെടുത്താലും പട്ടിണി മാത്രം മിച്ചം അവകാശപ്പെടുന്ന, സഹനത്തിന്റെ കുരിശെന്ന കട്ടമരവും ചുമന്ന് പുരുഷനും സഹനത്തിന്റെ മുൾമുടിയാകുന്ന പൊളിഞ്ഞ മീൻകുട്ടയും തലയിലേന്തി നടക്കുന്ന മത്സ്യവിപണന സ്ത്രീയും. വീണ്ടും ക്രിസ്തു ദൃശ്യമായതു പോലെ ഫാ. കളീയ്ക്കലിന് അനുഭവപ്പെട്ടു. "നിങ്ങൾ അവർക്ക് ഭക്ഷിക്കാൻ കൊടുക്കുകയെന്ന അവന്റെ കർശന നിർദ്ദേശം മനസ്സിൽ തറച്ചു. ആ ധ്യാനത്തിന്റെ സമാപനത്തിൽ മെത്രാനച്ചനെ ഓശാനപാടി ആനയിച്ച് കടപ്പുറത്ത് സമൂഹബലിയർപ്പിച്ച് നിന്നനേരവും കടലിനെ നോക്കിനിന്നുകൊണ്ട് സുവിശേഷം വ്യാഖ്യാനിച്ച സന്ദർഭവും ഇന്നും ജോസച്ചന്റെ മനസ്സിൽ പച്ചപിടിച്ച് കിടക്കുന്നു. ജനത്തിന് ഭക്ഷിക്കാൻ കൊടുക്കൂ എന്ന കല്പന ആ നേരങ്ങളിൽ ശിരസ്സാവഹിച്ചതാണ്. അന്നന്നയപ്പം തരണമേയെന്ന പ്രാർത്ഥനയുടെ വ്യാവിശ്രാനുഭവങ്ങളാണ് പിന്നെ നടന്ന ഓരോ സമരവും. സമരമുഖങ്ങളിൽ എല്ലാത്തരം പ്രക്രിയകളും അരങ്ങേറിയിട്ടുണ്ട്. കേരളത്തിലെ മറ്റൊരു തൊഴിലാളി വർഗ്ഗവും കാട്ടിയിട്ടില്ലാത്ത ആവേശത്തോടെ മത്സ്യത്തൊഴിലാളികൾ സമരമുഖങ്ങളിൽ നിരന്നിട്ടുണ്ട്. ആദ്യഘട്ടങ്ങൾ ആശയ ക്രമീകരണങ്ങളായിരുന്നു. മത്സ്യത്തൊഴിലാളികളുമൊത്ത് കടപ്പുറത്തും കുടിലിലും ഇരുന്ന് പ്രശ്നങ്ങൾ സാകല്യം ചെയ്ത് എടുക്കുമായിരുന്നു. പിന്നെ ആശയപ്രചരണമായിരുന്നു. കാൽനടജാഥ, ജീപ്പുജാഥ, കലാജാഥ, തെരുവുനാടകജാഥ, പാവക്കൂത്ത് ജാഥ എന്നിങ്ങനെ പലതും പരീക്ഷിച്ചിട്ടുണ്ട്. കേരളത്തിന്റ വടക്കേയറ്റം തുടങ്ങി സെക്രട്ടറിയേറ്റുവരെയും പാറശാലവരെയും എത്രയെത്ര ജാഥകൾ. അതിലെ ഒരു തീവ്രാനുഭവം കേൾക്കൂ. ആദ്യമായി കൊച്ചികടപ്പുറത്തു

www.malankaralibrary.com

നിന്ന് ബോട്ടിടിച്ചുകൊന്ന ബാബുവിന്റെ വള്ളത്തിന്റെ അവശിഷ്ടവും ജീപ്പിന്റെ ബോണറ്റിൽ കെട്ടിവച്ച് ബാബുവിന്റെ അച്ഛനെയുംകൂട്ടി തിരുവനന്തപുരത്തേക്ക് അറയ്ക്കലച്ചന്റെ നേതൃത്വത്തിൽ നടന്ന ജീപ്പുജാഥയാണ്. ആദ്യമായി മത്സ്യത്തൊഴിലാളി പ്രസ്ഥാനത്തിന്റെ പേരിൽ ഒരു ഇടവക വൈദികൻ അരങ്ങേറിയ സമരമായിരുന്നു അത്. അന്നത്തെ ആഭ്യന്തര മന്ത്രിയുടെ വസതിക്കുമുൻപിൽ നിരാഹാരമിരിക്കാൻ അറയ്ക്കലച്ചനെ ഒരുക്കി ആനയിച്ച ആദ്യസമരജാഥ. കൊച്ചിയിൽനിന്നും രണ്ടാഴ്ചവട്ടം തിരവനന്തപുരത്തെത്തിച്ചേരാൻ. അതിനിടയിൽ തൊഴിലാളികൾ കാണിച്ച ആവേശം പറയുവാൻ വാക്കുകളില്ല. ജോസ് കളിയ്ക്കലച്ചനടക്കം ഒരുപിടിപേർ വൈദികരും അവൈദികരും ആദ്യമായി നിരാഹാരമനുഷ്ഠിച്ച സമരത്തിനുശേഷം, അവരുടെ കൂട്ടത്തിലെ ഒരു സഹകാരി എഴുതിയ കത്ത്.

Nobody regrets a minute of those days of action, which have brought to light so many positive things which prove that only real involvement can build the revolutionry consciousness in the true sense of the term.

It is a sign of hope that we can enter the liberation struggle supported by our faith and our institutions. Nobody's faith or hope or committment was shattered.

The struggle has proved that this is the church - where the fast was not symbolic, where the places of worship and sacrement were, where the people were, the shed, the police camp, under the burning sun at the rail road, the airport, the secretariate.

This is the new life, faith and the new church. It was to be alive to the face the struggle, that still awaits us....................Nalini Nayak

നിരാഹാരപ്പന്തലിൽ കോച്ചേരിയും ജോയിച്ചനും ആദ്യക്കാരായിരുന്നു. സന്യാസികളിൽ ആലീസ് ലൂക്കോസ് ആദ്യക്കാരി, ഫിലോമിൻ മേരി ഏറ്റവും നീണ്ട നിരാഹാരി. പ്രായംചെന്ന എം.സി. ജോസഫച്ചനും ആൻഡ്രൂസ് ചേട്ടനും അടക്കം എത്രയെത്രപേർ.

നിരാഹാരസമരരംഗത്ത് ഒരുപിടി ധർമ്മബോദ്ധ്യങ്ങൾ കളിയ്ക്കലച്ചനുണ്ടായിട്ടുണ്ട്. ജനങ്ങളോടുള്ള ബദ്ധതയുടെ ഉച്ചസ്ഥായിയായ അനുഭവമായാണ് ജോസച്ചൻ അവയെ നോക്കിക്കണ്ടത്. കുർബ്ബാന അർപ്പണത്തിന്റെ ഉദാത്തമായ അനുഭവം Breaking bread - Breaking body എന്ന ക്രിസ്തുസങ്കല്പത്തിന്റെ ഉദാരാനുഭവമായിരുന്നു അത്. കോച്ചേരിയച്ചൻ ആദ്യമായി നിരാഹാരമനുഷ്ഠിച്ചുകിടന്ന ജൂലൈ 3 ന് തോമ്മാശ്ലീഹായുടെ തിരുന്നാളിൽ ഫാ. തോമസ് കോച്ചേരി കുർബ്ബാന അർപ്പിയ്ക്കാതെ നിരാഹാരപ്പന്തലിൽ കിടക്കുന്നതിന്റെ ന്യായാന്യായങ്ങൾ വിശകലനം ചെയ്ത് കളീയ്ക്കലച്ചൻ അർപ്പിച്ച ബലിയുടെ നേരത്ത് അപ്പമെടുത്ത് വാഴ്ത്തി വിഭജിച്ച് ശിഷ്യർക്കു കൊടുത്തുകൊണ്ട് അരുളിയ വാക്കുകൾ ജോസച്ചനെ വികാരഭരിതനാക്കി. നിങ്ങൾക്കുവേണ്ടി അർപ്പിക്കപ്പെടുന്ന ശരീരം എന്ന വാക്ക് അതിന്റെ നല്ലയർത്ഥത്തിൽ നിവർത്തിക്കുന്ന ഒരു കാര്യമായി അച്ചൻ അതിനെ തിരിച്ചറിഞ്ഞു. അന്നുതുടങ്ങി അപ്പം മുറിയ്ക്കൽ ശുശ്രൂഷയ്ക്ക് അദ്ദേഹം നൽകിയ

www.malankaralibrary.com

ഭാവർത്ഥം വളരെ വലുതം വ്യത്യസ്ഥവുമാണ്. അതാണ് ഇടവക ശുശ്രൂഷകൾ മാറ്റിവച്ച് മൂന്നുപ്രാവശ്യം നിരാഹാരം അനുഷ്ഠിക്കാൻ അദ്ദേഹം തയ്യാറായത്. പാവപ്പെട്ട തൊഴിലാളിക്ക് പ്രയോജനം ലഭിക്കുന്ന കാര്യമെങ്കിൽ പോയി നിരാഹാരം കിടക്കൂ എന്ന വത്സലമാതാവിന്റെ നിർദ്ദേശം സ്വീകരിച്ചാണ് അച്ചൻ നിരാഹാര പന്തലിലേക്ക് പോയത്. മൂന്നാംപ്രാവശ്യം നിരാഹാരം കിടന്നപ്പോൾ 14-ാം ദിവസം അച്ചനെ ആശുപത്രിയിലേക്ക് അറസ്റ്റു ചെയ്തുമാറ്റി. നിർബന്ധിച്ച് ഗ്ലൂക്കോസ് കയറ്റാൻ ശ്രമിച്ചതിനെ എതിർത്തു. ഡിമാന്റുകൾ അംഗീകരിക്കുംവരെ നിരാഹാരം തുടരുമെന്ന് അച്ചൻ പ്രഖ്യാപിച്ചു. ബസിൽ യാത്രചെയ്ത് നിരാഹാരപന്തലിലും മെഡിക്കൽ കോളേജിലും എത്തിയ വത്സലമാതാവിന്റെ സാന്നിദ്ധ്യം അച്ചന് ആത്മധൈര്യം നൽകി.

നിരാഹാരരംഗത്ത് ചരിത്രം സൃഷ്ടിച്ചവരാണ് ആലീസ് ലൂക്കോസും ഫിലോമിൻമേരിയും. സന്യാസികളിൽ നിന്ന് ആദ്യമായി നിരാഹാരം കിടന്ന ആലീസ് സന്യാസത്തിന്റെ പുതിയ പ്രേരണയും ശ്രോതസ്സും ആണ്. തൊഴിലാളിക്കുവേണ്ടി മരിക്കാൻ തയ്യാറായ സിസ്റ്ററിന്റെ ഉൾവിളി സമൂഹം ശരിയായി ഗ്രഹിച്ചില്ലന്നതാണ് യാഥാർത്ഥ്യം. സിസ്റ്റർ ആലീസ് ലൂക്കോസിന്റെയും സി. ഫിലോമിൻ മേരിയുടെയും നിരാഹാര സമരം ഇതിഹാസമാണ്. മരിച്ചാലും വേണ്ടില്ല മത്സ്യത്തൊഴിലാളിയുടെ അവകാശം നേടിയെടുക്കുമെന്ന് പറഞ്ഞ് മരണം എത്തുംവരെ നിരാഹാരം അനുഷ്ഠിച്ച ഫിലോമിൻമേരി മുന്നോട്ടുവച്ചതും സന്യാസത്തിന്റെ നൂതനമുഖം ആയിരുന്നു.

ഈ സന്ദർഭത്തിലാണ് ബോട്ടുകത്തിക്കൽ നടന്നത്. സഹനസമരത്തിന്റെ വക്താക്കൾ അക്രമകാരികളാണെന്ന് വ്യാഖ്യാനിക്കപ്പെട്ടു. പൊതുമുതൽ നശിപ്പിക്കാനുള്ള യാതൊരു പരിപാടിയും സമരസമിതിക്കില്ലായിരുന്നു. കേരളത്തിലെ പത്തുലക്ഷത്തിലധികം വരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വിശപ്പ്-അവരുടെ വിശപ്പിന് കാരണമായ സാഹചര്യങ്ങളെ സംവിധാനങ്ങളെ, വികസന പ്രക്രിയകളെ ഒക്കെ നേരിടുക അവരുടെ പ്രവർത്തനമേഖലയെ സംരക്ഷിക്കുക. ഇതായിരുന്നു ലക്ഷ്യം.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അസംഘടിതരായിരുന്നു. ധീവരനും, മുസൽമാനും, ലത്തീൻ ക്രിസ്ത്യാനിയും അടങ്ങിയ മത്സ്യത്തൊഴിലാളി വിഭാഗം 'സഭ'യുടെ കെട്ടിലായിരുന്നു കഴിഞ്ഞിരുന്നത്. സഭയുടെ ശക്തമായ മേഖലകളെ തള്ളിമാറ്റി കമ്മ്യൂണിസ്റ്റുകൾക്ക് പ്രവർത്തിക്കാൻ സാധിയ്ക്കാത്ത ഒരു മേഖലയായിരുന്നു അത്. വികസനത്തിന്റെ പേരുപറഞ്ഞ് യന്ത്രവത്ക്കരണവും ട്രോളിംഗും പഴ്സിനിംഗും ഒക്കെ വന്നപ്പോൾ തൊഴിലാളികൾ ഒന്നും ഇല്ലാത്താവരായി മാറി. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളെ സംഘടിപ്പിക്കേണ്ടത് ആവശ്യമായിവന്നു. മത്സ്യമേഖലയുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അതിനുവേണ്ടി പടനീക്കം നടത്തിയവരിലെ പ്രമുഖനാണ് ഫാ. ജോസ് കളിയ്ക്കൽ. അദ്ദേഹം നേതൃത്വം

www.malankaralibrary.com


കൊടുത്ത് നടത്തിയ സമരം ഒട്ടേറെ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് ഇടയാക്കി. കടലിൽ മരണമടഞ്ഞാൽ നഷ്ടപരിഹാരം, വാർദ്ധക്യപെൻഷൻ, കുട്ടികൾക്ക് ലംപ്സംഗ്രാന്റ്, ഭവന-ഉപകരണ വായ്പകൾ, 45 ദിവസത്തേക്ക് ട്രോളിംഗ് നിരോധനം, കടലിൽ ബോട്ടുകൾക്കും വള്ളങ്ങൾക്കും സ്ഥലപരിധി നിർണ്ണയം, അപകടങ്ങളിൽ അന്വേഷണസംവിധാനം എന്നിങ്ങനെ ഒരു പിടിനേട്ടങ്ങൾ കൈവരിക്കാൻ ഈ സമരംകൊണ്ട് സാധിച്ചു. അതിലുമൊക്കെ പ്രധാനം തൊഴിലാളിക്ക് മേൽവിലാസവും ആത്മബോധവും ഉണ്ടായി എന്നതാണ്. തൊഴിലാളി എന്ന അംഗീകാരം തന്നെ ഏറ്റം വലുതാണ്. മീൻകുട്ടയും മറ്റും തലചുമടുമായി പോകുന്ന അമ്മമാർക്ക് ബസിൽ കയറാൻ അനുവാദം ഇല്ലായിരുന്നു. അതിന് പരിഹാരം കാണാൻ ഈ സമരം പ്രയോജനപ്പെട്ടു. അവർക്ക് പ്രത്യേകമായി ബസുകൾ ക്രമീകരിച്ചുകിട്ടി. ചന്തയിൽ നിയമക്രമീകരണങ്ങൾ വരുത്താനും സ്ത്രീകളുടെ പ്രകൃതിയാവശ്യങ്ങൾക്ക് സൗകര്യമുണ്ടാക്കുവാനും സാധിച്ചത് ഈ സമരത്തിന്റെ ഫലമായാണ്. ഇൻഷ്വറൻസ്വരെയുള്ള നടപടികളും അവർക്കു ലഭിച്ചു.

കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ നടന്ന വഴികളിൽ ഒക്കെ എന്നും എക്കാലവും പ്രശ്നം സൃഷ്ടിച്ചത് രാഷ്ട്രീയപാർട്ടികളും സഭയും ആണെന്നാണ് ഫാ. ജോസ് കളിയ്ക്കലിന്റെ അഭിപ്രായം. രണ്ടിനെയും സമദൂരത്തിൽ നിർത്തി തൊഴിലാളികളെ അവരുടെ വർഗ്ഗാടിസ്ഥാനത്തിൽ സ്വതന്ത്രമായി നടന്നുനീങ്ങാൻ സാഹചര്യം ജനിപ്പിച്ചത് ജോസച്ചനും സംഘവും നേതൃത്വം നൽകിയ മത്സ്യത്തൊഴിലാളി ഫെഡറേഷൻ ആണെന്നുപറയാം.

വിലാസം - ഫാ. ജോസ് കളിയ്ക്കൽ, കളിയ്ക്കൽ വീട്,
തട്ടാരമ്പലം പി.ഒ., മാവേലിക്കര - 690103

# 354

# റവ. ഡോ. ഇസഡ്. എം. മുഴൂർ



വിളക്കു കൊളുത്തി കട്ടിലിന്റെ കീഴിലോ പറയുടെ ഉള്ളിലോ വയ്ക്കരുത്. ദീപം ദീപപീഠത്തിൽത്തന്നെ വയ്ക്കണം. എങ്കിലേ വീട്ടിലുള്ള എല്ലാവർക്കും അത് വെളിച്ചം കൊടുക്കുകയുള്ളൂ. ഇത് യേശുക്രിസ്തു ഏതൊരു ക്രിസ്ത്യാനിക്കും നൽകുന്ന കല്പന ആണെങ്കിലും ഒരു ക്രൈസ്തവ പുരോഹിതന് തീർച്ചയായും ദീപം പോലെ പ്രകാശം പ്രസരിപ്പിക്കാൻ കടമയുണ്ട്. കലാസാഹിത്യമാധ്യമങ്ങളിലൂടെ പ്രത്യക്ഷമായും പരോക്ഷമായും ക്രൈസ്തവാശയങ്ങളുടെ പ്രകാശനത്തിനു അശ്രാന്തയത്നം ചെയ്യുന്ന ആളാണ്, ഫാദർ മുഴൂർ.

www.malankaralibrary.com

കോട്ടയം ജില്ലയിലെ മുഴൂർ ഗ്രാമത്തിൽ മൂങ്ങാമാക്കൽ ജോസഫി ന്റെയും അന്നമ്മയുടെയും പുത്രനായി സഖറിയാസ് 1946 സെപ്ററംബർ 9ന് ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം സി.എം.ഐ.സഭയിൽ ചേർന്ന് 1976ൽ വൈദികനായി. സെമിനാരിയിൽനിന്ന് ബി.പി.എച്ച്, ബി.ററി. എച്ച്, ബിരുദങ്ങളും തിരുവനന്തപുരം യൂണിവേഴ്സിററി കോളേജിൽനിന്ന് എം.എ. ബിരുദവും നേടി.

കവിതയിലൂടെയാണ് സാഹിത്യരംഗത്തേക്ക് മുഴൂരച്ചൻ കടന്നു വരുന്നത്. മലയാളം പരീക്ഷയിൽ കാവ്യലിംഗം അലങ്കാരത്തിന്റെ ലക്ഷണം എഴുതാൻ ഓർത്തിട്ടു കിട്ടിയില്ല. ആശയം മനസ്സിൽ. സ്വന്തമായി ഒരു കവിത ഹൃദയത്തിൽ വിരിഞ്ഞു.

കാര്യമതാദ്യമുരയ്ക്കണം പിന്നതിൻ
കാരണം ചൊല്ലണം, കാവ്യലിംഗത്തിന്.

സാഹിത്യാസ്വാദകനായ അദ്ധ്യാപകൻ ഉത്തരക്കടലാസ് വിതരണം ചെയ്തവേളയിൽ നൽകിയ പ്രശംസയാണ് ഫാ. മുഴൂരിന്റെ സാഹിത്യ പ്രവേശനത്തിന് അടിസ്ഥാനമായത്.

പ്രീഡിഗ്രിക്കാലത്ത് മഹാകവി ജിയുടെ ആശംസയോടും എസ്. ഗുപ്തൻനായരുടെ അവതാരികയോടുംകൂടി ആദ്യഗ്രന്ഥം - "അജ്ഞാത ഗായകൻ " പ്രസിദ്ധീകരിച്ചു. തുടർന്നും ചില കവിതാസമാഹാരങ്ങളും ഖണ്ഡകാവ്യവും പ്രസിദ്ധീകരിച്ചെങ്കിലും പ്രവർത്തനം സാഹിത്യത്തിന്റെ മററു ശാഖകളിലേയ്ക്കു നീങ്ങി.

"ഒലിവുപൂക്കും താഴ്‌വര" ക്രൈസ്തവസാഹിത്യസമിതിയുടെ അവാർഡ് നേടിയ നോവലാണ്. പഴയ വീഞ്ഞ് പുതിയ തോല്ക്കുടങ്ങളിൽ എന്ന ചെറുകഥാസമാഹാരം ഇംഗ്ലീഷിലും വിവിധ ഭാരതീയ ഭാഷകളിലും വിവർത്തനം ചെയ്തിട്ടുണ്ട്. ബാലസാഹിത്യത്തിൽ സ്നേഹനീർച്ചോല ഏറെ പ്രശസ്തമാണ്. ആകെ തൊണ്ണൂറോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

വിജ്ഞാനസാഹിത്യത്തിൽത്തന്നെ രണ്ടു ഡസനോളം ഗ്രന്ഥങ്ങൾ കാഴ്ച വെച്ചു. ദീർഘകാലം ദീപികയിൽ പ്രസിദ്ധപ്പെടുത്തിയ ചിന്താവി ഷയങ്ങൾ പ്രത്യാശയുടെ സങ്കീർത്തനം ജീവിതയാത്രയിൽ വെളിച്ചം വിത റുന്ന കൃതിയാണ്. മലയാളത്തിൽ മിത്തോളജി ശാഖയിലെ സുപ്രധാന ഗ്രന്ഥമാണ് ആയിരത്തിലധികം പേജുകളിൽ മുഴൂർ രചിച്ച ഗ്രീക്കുപുരാണ കഥാസാഗരം. ചാവറ കുരിയാക്കോസ് ഏലിയാസച്ചന്റെ സമ്പൂർണ്ണകൃതിക ളുടെ സംശോധിതപ്പതിപ്പ് നാലു വാല്യമായി പ്രസിദ്ധീകരിക്കാൻ നേതൃത്വം നൽകിയ മുഴൂരച്ചൻ ചാവറയച്ചനെപ്പററി ഇംഗ്ലീഷിലും മലയാളത്തിലും നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

മാന്നാനം ബൈബിൾ വിവർത്തനസമിതിയുടെ കോ-ഓർഡിനേറ്റ റായി ജോലി ചെയ്ത ഇദ്ദേഹം നിരവധി ഗ്രന്ഥങ്ങൾ ബൈബിൾ സംബന്ധ മായി എഴുതിയിട്ടുണ്ട്.

www.malankaralibrary.com

ക്രിസ്തുവിന്റെ ജനനസ്മരണ ആഘോഷിച്ച രണ്ടായിരാമാണ്ടിൽ ബൈബിൾ വിജ്ഞാനകോശം ഉൾപ്പെടെ പത്ത് ബൃഹദ്ഗ്രന്ഥങ്ങൾ ഫാ. മുഴൂർ എഴുതി പ്രസിദ്ധപ്പെടുത്തി. ബൈബിൾ വിജ്ഞാനകോശത്തിന് എ.കെ.സി.സി., മേരിവിജയം അവാർഡുകൾ കിട്ടിയിട്ടുണ്ട്.

ദീപിക സൺഡേപ്പതിപ്പിന്റെ എഡിററർ, ആഴ്ചപ്പതിപ്പ് ചീഫ് എഡിററർ എന്നീ നിലകളിൽ ദീർഘകാലം സേവനം അനുഷ്ഠിച്ചു. 'മലയാള സാഹിത്യവും നസ്രാണിദീപികയും' എന്ന കൃതി മഹാത്മാഗാന്ധി യൂണിവേഴ്സിററിയിൽനിന്ന് ഡോക്ടറേററ് അദ്ദേഹത്തിന് നേടിക്കൊടുത്തു.

മൂലമററം കോളേജ് അദ്ധ്യാപകനായിരിക്കെ ഫാ. മുഴൂർ ആരംഭിച്ച ആരാമം സെന്റർ ഡസൻകണക്കിന് വിശിഷ്ടഗ്രന്ഥങ്ങളും ടെലിഫിലിമുകളും ഓഡിയോകാസററുകളും, സി.ഡി.കളും നമ്മുടെ സാംസ്കാരിക വേദിയ്ക്ക് സംഭാവന ചെയ്തിട്ടുണ്ട്. അക്കാഡേമിക് റിലീജിയസ് ഈസ്തെററിക് മീഡിയാ ആനിമേഷൻ, മെന്റോറിയം എന്നീ വാക്കുകളുടെ ആദ്യാക്ഷരം ചേർന്നാണ് ആരാമം എന്ന പദം ഉണ്ടായിട്ടുള്ളത്. ഇപ്പോൾ പാലാ നഗരത്തിൽ ആരാമം പ്രവർത്തിക്കുന്നു. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെയും അൽഫോൻസാമ്മയുടെയും ജീവിതം ആസ്പദമാക്കി നിർമ്മിച്ച അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ, ഈ സാന്ത്വനതീരത്ത് എന്നീ ടെലിഫിലിമുകൾ ഉയർന്ന നിലവാരം പുലർത്തുന്നവയാണ്.


ധാരാളം ജീവചരിത്രഗ്രന്ഥങ്ങളും ഫാ.മുഴൂരിന്റെ തൂലികയിൽനിന്നു വിരിഞ്ഞിട്ടുണ്ട്. ജോൺ പോൾ മാർപ്പാപ്പാ, വാഴ്ത്തപ്പെട്ട ചാവറയച്ചൻ തുടങ്ങിയവയാണ് പ്രധാനപ്പെട്ടവ.

രചനയ്ക്കുവേണ്ടിയുള്ള രചനയും കലയ്ക്കുവേണ്ടിയുള്ള കലയും സാഹിത്യവും മനുഷ്യനെ നന്മയുടെ വഴികളിലൂടെ നയിക്കുന്നതും കൂരിരുളിൽ പ്രകാശം പരത്തുന്നതും ആയിരിക്കണമെന്നു ചിന്തിക്കുന്നു.

വിലാസം - റവ. ഡോ. ഇസഡ്. എം. മുഴൂർ,
സെന്റ് വിൻസന്റ് മൊണെറ്ററി, പാലാ.

# 355

# റവ. ഡോ. കുര്യൻ മറ്റം



പൗരോഹിത്യ ശ്രുശ്രൂഷയോടൊപ്പം വിദ്യാഭ്യാസ പ്രവർത്തകൻ, കോളേജ് പ്രിൻസിപ്പൽ, ഗ്രന്ഥകാരൻ, ധ്യാനഗുരു, കരിസ്മാറ്റിക് നവീകരണപ്രവർത്തകൻ, ആത്മീയനിയന്താവ് എന്നിങ്ങനെ വിത്യസ്തനിലകളിൽ കേരളത്തിനകത്തും പുറത്തും വിദേശങ്ങളിലും പ്രവർത്തിച്ച് ജനങ്ങളുടെ ആദരവും അംഗീകാരവും നേടിയ വ്യക്തി

www.malankaralibrary.com

യാണ് റവ. ഡോ. കുര്യൻ മറ്റം. കോളേജ് അദ്ധ്യാപനവും ഹോസ്റ്റൽവാർഡൻ സ്ഥാനവും പ്രിൻസിപ്പൽ ജോലിയുമൊക്കെ ആദ്ധ്യാത്മിക നേതൃത്വത്തിനും ആത്മീയപരിശീലനത്തിനും കൂടി പ്രയോജനപ്പെടണം എന്നു വിശ്വസിക്കുകയും തെളിയിക്കുകയും ചെയ്ത ആത്മീയ നേതാവാണ് മറ്റത്തിലച്ചൻ. മലയാളത്തിലും ഇംഗ്ലീഷിലും പ്രാഗത്ഭ്യമുള്ള മറ്റത്തിലച്ചൻ അനേകം പുസ്തകങ്ങളുടെ രചയിതാവ് എന്ന നിലയിലും പാലാ സെന്റ് തോമസ് കോളേജിന്റെ ഏറ്റം സുസമ്മതനായ പ്രിൻസിപ്പാൽ (1995-2001) പഞ്ചാബിലെ ജലന്തർ ട്രിനിറ്റി കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പൽ (2002-2005) എന്നീ നിലകളിലും ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയ വ്യക്തിയാണ്. പതിനെട്ടിൽ അധികം രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ള മറ്റത്തിലച്ചൻ തന്റെ അറിവും അനുഭവങ്ങളും ദീപിക, ദീപനാളം, ഷാലോംടൈംസ്, ഇന്ത്യൻ കറന്റ്സ് എന്നീ പത്ര മാസികകളിലൂടെ പങ്കുവച്ച് അവയുടെ വായനക്കാർക്കും സുപരിചിതനാണ്. ജീവിതാനുഭവങ്ങളും സാരോപദേശകഥകളും ചിന്തോദ്ദീപകമായ ജീവിതദർശനങ്ങളും കൊണ്ട് ധന്യമായ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ പലപതിപ്പുകളിലുടെ ഇന്നും വിലമതിക്കപ്പെടുന്നു. ഏല്പിക്കപ്പെടുന്ന ജോലിയോടുള്ള തികഞ്ഞ വിശ്വസ്തതയും ജീവിതലാളിത്യവും ആർജ്ജവത്വവും ഒപ്പം സ്നേഹപ്രകൃതിയും ഔദാര്യമനസ്ഥിതിയും മറ്റത്തിലച്ചനെ ഏവർക്കും പ്രയങ്കരനും സ്വീകാര്യനുമാക്കുന്നു.

കൊഴുവനാൽ ഇടവകയിൽ മറ്റത്തിൽ ജോൺ - അന്നക്കുട്ടി ദമ്പതികളുടെ മൂത്തപുത്രനായി 1946 ഡിസംബർ 26-ന് കുര്യച്ചൻ ജനിച്ചു. കൊഴുവനാൽ ഗവ. LP സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസവും, സെന്റ് ജോൺസ് നെപുംസ്യാൻസ് സ്കൂളിൽ മിഡിൽസ്കൂൾ പഠനവും മുത്തോലി സെന്റ് ആന്റണീസ് സ്കൂളിൽ ഹൈസ്കൂൾ പഠനവും നിർവഹിച്ചു. 1963-ൽ SSLC പാസ്സായശേഷം പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വൈദികാർത്ഥിയായി ചേർന്നു. 1964-ൽ പാലാ സെന്റ് തോമസ് കോളേജിൽ ചേർന്ന് പ്രി യൂണിവേഴ്സിറ്റി പാസ്സായി. മൂന്ന് വർഷത്തെ മൈനർ സെമിനാരി പരിശീലനത്തിനു ശേഷം 1966-ൽ കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ചേർന്ന് മേജർ സെമിനാരി പഠനം നിർവഹിച്ചു. മൂന്നു പരിശീലന വേദികളിലും - മൈനർ സെമിനാരി, ഫിലോസഫി, തിയോളജി- ജനറൽ പ്രിഫെക്ട് ആയി തിരഞ്ഞെടുക്കപ്പെട്ടു. മേജർ സെമിനാരി പഠനത്തോടൊപ്പം കേരളയൂണിവേഴ്സിറ്റിയിൽ നിന്ന് മലയാളം വിദ്വാനും കാലിക്കറ്റ് യുണിവേഴ്സിറ്റിയിൽ നിന്ന് ബി. എ.യും പാസ്സായി. 1972-ൽ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

1973-1975 കാലഘട്ടങ്ങളിൽ പൂവരണി പള്ളിയിൽ അസ്തേന്തിയായി മറ്റത്തിലച്ചൻ നിയോഗിക്കപ്പെട്ടു. 1975 മുതൽ 1977വരെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പഠിച്ച് ഇംഗ്ലീഷ് സാഹിത്യത്തിൽ ഫസ്റ്റ്

www.malankaralibrary.com

ക്ലാസോടെ എം. എ. പാസ്സായി. തുടർന്ന് സ്കൂൾ വേദപാഠപുസ്തക രചനയിൽ സഹകരിച്ച് 'പ്രകാശത്തിന്റെ പാതകൾ' എന്ന ടെക്സ്റ്റുബുക്കുകൾ പ്രസിദ്ധീകരിക്കുന്നതിൽ സുപ്രധാന പങ്കു വഹിച്ചു. 1977 മുതൽ 1981 വരെ K.C.S.L. ന്റെ പാലാ രൂപതാ ഡിറക്ടറായി പ്രവർത്തിക്കുകയുണ്ടായി. 1978-79 കാലഘട്ടത്തിൽ 'ദീപനാളം' വാരികയുടെ മാനേജിംഗ് എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. 1979 ഫെബ്രു. 1-മുതൽ പാലാ സെന്റ് തോമസ് കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. 1981 മുതൽ 1986 വരെ ഫാത്തിമാ ഹോസ്റ്റലിന്റെ അസി.വാർഡനായും, 1980 മുതൽ 1986 വരെ കോളേജിന്റെ ആത്മീയപിതാവായും, 1982 മുതൽ 1986 വരെ കോളേജിലെ ഐക്കഫ് സംഘടനയുടെ ഡിറക്ടറായും പ്രവർത്തിച്ചു. 1986-ൽ ഡോക്ടറേറ്റ് പഠനത്തിനായി ഫിലിപ്പിൻസിലേക്കു പുറപ്പെട്ടു. മനിലായിലെ കാത്തലിക് യൂണിവേഴ്സിറ്റിയായ സാന്തോ തോമസ് യൂണിവേഴ്സിറ്റിയിൽ ഗവേഷണപഠനം നടത്തി. 1991-ൽ മറ്റത്തിലച്ചൻ ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടി. "ഷേക്സ്പിയർ നാടകങ്ങളിലെ പാപവിചിന്തനം" (The Concept of Sin in the Shakespearean Tragedies) എന്നതായിരുന്നു ഗവേഷണ വിഷയം.

ഉപരിപഠനത്തിനുശേഷം 1991-ൽ വീണ്ടും കോളേജിൽ ലക്ചറർ ആയി ജോലിയിൽ പ്രവേശിച്ചു. ഒപ്പം ക്രിസ്തുരാജ് ഹോസ്റ്റലിന്റെ വാർഡനുമായി ചാർജ്ജെടുത്തു. ഹോസ്റ്റൽ വിദ്യാർത്ഥികൾക്കുവേണ്ടി പ്രാർത്ഥനാകൂട്ടായ്മകളും നവീകരണ ധ്യാനങ്ങളും ബൈബിൾ ക്ലാസ്സുകളും ഒക്കെ നടത്തി ഹോസ്റ്റലിനെ ഒരു ആദ്ധ്യാത്മിക വിദ്യാലയം കൂടി ആക്കാൻ അച്ചനു കഴിഞ്ഞു. 1995 മുതൽ 2001 വരെ പാലാ സെന്റ് തോമസ് കോളേജിന്റെ പ്രിൻസിപ്പലായി അച്ചൻ പ്രവർത്തിച്ചു. കോളേജിലും ആദ്ധ്യാത്മിക അന്തരീക്ഷം സൃഷ്ടിക്കാനും സ്നേഹം കൊണ്ട് അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും കീഴടക്കാനും മറ്റത്തിലച്ചനു സാധിച്ചിരുന്നു. ഈ കാലഘട്ടത്തിൽ മറ്റത്തിലച്ചൻ ജീസസ് യൂത്തിന്റെ പാലാ സോൺ കോ-ഓർഡിനേറ്ററായും സേവനം ചെയ്തു. കോളേജിലെ ജീസസ് യൂത്തിന്റെ സാന്നിദ്ധ്യം കോളേജിന് ഒരു പുതിയ മുഖം പകരാൻ കാരണമായി. അച്ചന്റെ നേതൃത്വത്തിൽ അദ്ധ്യാപക പ്രതിനിധികളും ജീസസ് യൂത്ത് വിദ്യാർത്ഥികളും ചേർന്ന് സായാഹ്നസമയങ്ങളിൽ കോളേജ് കാമ്പസിലൂടെ നടത്തിയ ജറീക്കോ പ്രാർത്ഥനാശുശ്രൂഷകൾ കോളേജിൽ സമാധാനാന്തരീക്ഷം നിലനിറുത്താൻ കാരണമായി എന്നാണ് അച്ചന്റെ ബോധ്യം. 2000-ാമാണ്ടിൽ മറ്റത്തിലച്ചന്റെ നേതൃത്വത്തിൽ സെന്റ് തോമസ് കോളേജിന്റെ സുവർണ്ണജൂബിലി വർണ്ണശമ്പളമായി ആഘോഷിച്ചു. പത്തുദിവസത്തെ ശാസ്ത്ര-ചരിത്ര-സാംസ്കാരിക പ്രദർശനവും (Millennium Expo) പത്തു ദിവസം നീണ്ടുനിന്ന കലാസാംസ്കാരിക പരിപാടികളും മറ്റത്തിലച്ചന്റെ നേതൃത്വപാടവത്തിന്റെ തെളിവുകളാണ്. മറ്റത്തിലച്ചന്റെ കാലത്താണ് ജൂബിലിസ്മാരകമായ കോളേജ്

www.malankaralibrary.com

ലൈബ്രറി മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചതും എഴുപത്തഞ്ചുശതമാനം പൂർത്തിയായതും. 1991 മുതൽ 2001 വരെ അദ്ദേഹം പാലാ സെന്റ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ ഞായറാഴ്ചകളിൽ നടന്നു വരുന്ന പ്രാർത്ഥനാകൂട്ടായ്മയുടെ (Bible Preachers Society) ഡിറക്ടറായും പ്രവർത്തിച്ചു. 2001-ൽ അച്ചൻ പാലാ സെന്റ് തോമസ് കോളേജിനോടു വിട പറഞ്ഞു.


2001-ൽ അച്ചൻ അമേരിക്കയിൽ ന്യൂയോർക്കിലെ ബാബിലോൺ എന്ന സ്ഥലത്തുള്ള ഇടവകയിൽ ഏതാനും മാസങ്ങൾ ശുശ്രൂഷ ചെയ്തു. 2002 മുതൽ 2005 വരെ അച്ചന്റെ പ്രവർത്തനരംഗം പഞ്ചാബായിരുന്നു. ജലന്തറിലുള്ള ട്രിനിറ്റി കോളേജിന്റെ പ്രഥമ പ്രിൻസിപ്പലായി മൂന്നുവർഷം പ്രവർത്തിച്ചു. അവിടെ അക്രൈസ്തവരുടെ ഇടയിൽ തന്റെ ആത്മീയ വീക്ഷണങ്ങളും ബോധ്യങ്ങളും പങ്കുവയ്ക്കാൻ അച്ചന് അവസരങ്ങൾ നല്കി. ഈ കാലഘട്ടത്തിൽ ജലന്തറിലുള്ള ഹോളിട്രിനിറ്റി മേജർ സെമിനാരിയിൽ അച്ചൻ ആത്മീയനിയന്താവായും സേവനം ചെയ്തിട്ടുണ്ട്.

മറ്റത്തിലച്ചൻ അറിയപ്പെടുന്ന ഒരു ഗ്രന്ഥകാരൻ കൂടിയാണ്. 'വസന്തം വിടരുമ്പോൾ', 'ചിന്താതരംഗങ്ങൾ', 'വചനം തിരുവചനനം, 'വചനപ്രകാശം, 'തേനും പാലും', 'The Unweeded Garden' എന്നിവയാണ് ഏറെ ശ്രദ്ധിക്കപ്പെട്ട ഗ്രന്ഥങ്ങൾ.

വിലാസം - റവ. ഡോ. കുര്യൻമറ്റം, ഷാലോംപാസ്റ്ററൽ സെന്റർ, പാലാ.

# 356

## ജസ്റ്റീസ് സിറിയക്ക് ജോസഫ്



പ്രമുഖ സംഘാടകൻ, പ്രഭാഷകൻ, യുവജന പരിശീലകൻ, സാമൂഹ്യപരിഷ്കർത്താവ് എന്നിങ്ങനെ വിവിധ നിലകളിൽ പ്രകീർത്തിതനായ സിറിയക്ക് ജോസഫ് ഒരു കാലത്ത് വിദ്യാർത്ഥികൾക്കും പിന്നീട് യുവജനങ്ങൾക്കും ആശയും ആവേശവുമായിരുന്നു. കോട്ടയം രൂപതയിലെ കൈപ്പുഴ ഇടവകയിൽ കാരക്കാട്ട് കുടുംബത്തിൽ ജോസഫ് കുര്യൻ - അന്നമ്മ ദമ്പതികളുടെ മകനായി 1947 ജനുവരി 18-ന് ജനിച്ചു. കൈപ്പുഴ മാർഗരറ്റ് സ്കൂൾ, പാലാ സെന്റ് തോമസ് കോളേജ്, ചങ്ങനാശ്ശേരി എസ്.ബി. കോളേജ്, തിരുവനന്തപുരം ലോകോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. വിദ്യാർത്ഥിയായിരുന്ന കാലത്തു തന്നെ നേതൃത്വവാസന സിറിയക് ജോസഫിന്റെ പ്രത്യേകതയായിരുന്നു. നല്ല ഒരു പ്രാസംഗികനുമായിരുന്നു. വിദ്യാർത്ഥിയായിരിക്കുമ്പോൾ കെ.സി.എസ്.എൽ., ഐക്കഫ് തുടങ്ങിയ സംഘടനകളിൽ പ്രവർത്തിച്ചിരു

www.malankaralibrary.com

ന്നു. 1967–68–ൽ ഐക്കഫിന്റെ നാഷണൽ വൈസ് പ്രസിഡണ്ടായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

വിദ്യാഭ്യാസാനന്തരം 1968–ൽ കേരളാ ഹൈക്കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് ആരംഭിച്ചു. വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലൂടെ വളർന്നുവന്ന സിറിയക്ക് ജോസഫ് ചെറുപ്പത്തിൽ തന്നെ കേരളമാകെ അറിയപ്പെടുന്ന ഒരു നേതാവായി മാറികഴിഞ്ഞിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങൾ കേരളസഭയിൽ എങ്ങനെ നടപ്പിലാക്കാം എന്നതിനെപ്പറ്റി ചർച്ച ചെയ്യാൻ ആലുവായിൽ ചേർന്ന ഇന്നത്തെ ഇന്ത്യയിലെ സഭ എന്ന റീജയണൽ സെമിനാറിൽ സിറിയക്ക് ജോസഫ് പങ്കെടുക്കുകയും ഏവരുടെയും ശ്രദ്ധപിടിച്ചുപറ്റുകയും ചെയ്തു.

ഐക്കഫിലൂടെയും മറ്റും വളർന്നു വന്ന സിറിയക് ജോസഫ് കോട്ടയം രൂപതയിലെ യുവജനങ്ങളെ പ്രത്യേകം സംഘടിപ്പിക്കുന്നതിനും അവർക്ക് നേതൃത്വപരിശീലനം നൽകുന്നതിനും തീരുമാനിച്ചു. കോട്ടയം രൂപതാ പ്ലാറ്റിനം ജൂബിലിസ്മരണികയിൽ (പേജ് 344) കാത്തലിക് യൂത്ത് ലീഗിനെപ്പറ്റിയുള്ള ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "കത്തോലിക്കാ വിദ്യാർത്ഥി പ്രവർത്തനരംഗത്ത് അംഗീകാരം സിദ്ധിച്ച അഡ്വ. സിറിയക്ക് ജോസഫ് 1969–ൽ അന്ന് കോട്ടയം രൂപതാദ്ധ്യക്ഷനായിരുന്ന മാർ തോമസ് തറയിൽ പിതാവിന്റെയും സഹായ മെത്രാനായിരുന്ന മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിന്റെയും മുമ്പാകെ ഒരു നിർദ്ദേശം സമർപ്പിച്ചു. മതാത്മക പഠനത്തോടൊപ്പം നേതൃത്വപരിശീലനവും സ്വർഗ്ഗപ്രതിഭക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുന്ന പരിശീലന ക്യാമ്പുകൾ യുവജനങ്ങൾക്കുവേണ്ടി സംഘടിപ്പിക്കുണമെന്നതായിരുന്നു നിർദ്ദേശം. പ്രസ്തുത നിർദ്ദേശം വളരെ സന്തോഷത്തോടുകൂടി അഭിവന്ദ്യപിതാക്കന്മാർ സ്വീകരിക്കുകയും പ്രഥമ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് ഫാ. ജോസഫ് കരോട്ടുകുന്നേലിനെ ചാപ്ലയിനായും അഡ്വ. സിറിയക്ക് ജോസഫിനെ ഡയറക്ടറായും നിയമിച്ചു. അങ്ങനെ 1969 മെയ് 8 മുതൽ 13 വരെ തീയതികളിൽ കോട്ടയത്ത് എസ്.എച്ച്. മൗണ്ട് ഹൈസ്കൂളിൽ കോട്ടയം രൂപതയിലെ സർവ്വകലാശാലാ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കുവേണ്ടി ആദ്യത്തെ പരിശീലന ക്യാമ്പ് നടന്നു. സഭയിൽ യുവജനങ്ങളുടെ ദൗത്യം എന്നതായിരുന്നു 122 പേർ പങ്കെടുത്ത ക്യാമ്പിന്റെ മുഖ്യ പഠനവിഷയം. ഈ ക്യാമ്പാണ് കെ.സി.വൈ.എൽ. (ക്നാനായ കാത്തലിക് യൂത്ത് ലീഗി)ന്റെ ജന്മത്തിന് കളമൊരുക്കിയത്."

ഈ ക്യാമ്പിൽ പങ്കെടുത്തവർ തങ്ങളുടെ ഇടവകകളിൽ ഇതുപോലുള്ള യോഗങ്ങൾ വിളിച്ചുകൂട്ടി. കൈപ്പുഴ ഇടവകയിലെ യുവജനങ്ങൾ സമ്മേളിച്ച് ഒരു സംഘടനക്ക് രൂപം കൊടുക്കുവാൻ തീരുമാനിച്ചു. ഒരു കമ്മറ്റിയേയും തിരഞ്ഞെടുത്തു. കാത്തലിക് അസോസിയേഷൻ ഓഫ് യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് (CAUS) എന്ന പേരാണ് സംഘടനക്ക് നൽകി

www.malankaralibrary.com

യത്. ഇതിന്റെ ഡയറക്ടർ അഡ്വ. സിറിയക്ക് ജോസഫ് ആയിരുന്നു. മറ്റിട വകകളിലേക്കും സംഘടനാ പ്രവർത്തനം വ്യാപിപ്പിച്ചു. വിവിധ ഇടവകക ളിലെ പ്രതിനിധികൾ 1969-നവംബർ 16-ന് കോട്ടയം ബി.സി.എം. കോളേജ് ഓഡിറ്റോറിയത്തിൽ ചേർന്ന് പ്രസ്തുത സമ്മേളനത്തിൽ വച്ച് ഈ സംഘ ടനയെ രൂപതാ സംഘടനയായി അംഗീകരിച്ചുകൊണ്ടും ഔപചാരികമായി സംഘടനയുടെ ഉൽഘാടനം നിർവ്വഹിച്ചുകൊണ്ടും അഭിവന്ദ്യ തറയിൽ പിതാവ് പ്രസംഗിച്ചു. രൂപതാ ഡയറക്ടറായി അഡ്വ. സിറിയക്ക് ജോസ ഫിനെ നിയമിക്കുകയും ചെയ്തു. ഈ സമ്മേളനം ആണ് ക്നാനായ കാത്ത ലിക് യൂത്ത് ലീഗ് എന്ന പേര് സ്വീകരിച്ചത്. രൂപതാ സംഘടനയുടെ ഡയ റക്ടറായി ഒരു അൽമായനെ - അതും ഒരു യുവാവിനെ നിയമിച്ച ചരിത്രം കേരള ചരിത്രത്തിൽ ആദ്യത്തേതായിരിക്കും. വളരെ ചെറുപ്പത്തിലെ ഈ പദവി ലഭിച്ചതിൽ നിന്നും അദ്ദേഹം രൂപതാധികാരികൾക്ക് ഏറ്റം പ്രിയപ്പെ ട്ടവനായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാം.

അഡ്വ. സിറിയക്ക് ജോസഫ് ക്നാനായ കാത്തലിക് കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു. യുവജനങ്ങളെ സമു ദായസംഘടനയിലേക്ക് കൂടുതലായി ആകർഷിച്ചതും സംഘടനയ്ക്ക് പുതു ജീവൻ നൽകിയതും സിറിയക്ക് ജോസഫ് ജനറൽ സെക്രട്ടറിയായിരുന്ന കാലത്താണ്.

ന്യൂമൻ അസോസിയേഷന്റെ നാഷണൽ ജനറൽ സെക്രട്ടറിയായി 1972 മുതൽ 1980 വരെ അഡ്വ. സിറിയക്ക് ജോസഫ് പ്രവർത്തിക്കുകയുണ്ടാ യി. കേരളാ കാത്തലിക് സ്റ്റുഡന്റ്സ് ലീഗിന്റെ പ്രസിഡണ്ടായി 1976-1988 കാലഘട്ടത്തിൽ അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. സാധാരണ കോളേജദ്ധ്യാപകരും ഹൈസ്കൂൾ അദ്ധ്യാപകരും ആണ് ഈ സ്ഥാനം വഹിക്കുക. ഒരു അഭിഭാഷകനായ സിറിയക് ജോസഫിനെ തിരഞ്ഞെടു ത്തത് അദ്ദേഹത്തിന്റെ സംഘടനാപ്രവർത്തനത്തിലുള്ള കഴിവ് വ്യക്തമാ ക്കുന്നതാണ്. 1973-75 കാലഘട്ടത്തിൽ Pax Romana യുടെ എക്സിക്യൂട്ടീവ് കമ്മറ്റിയിലെ ഏഷ്യൻ പ്രതിനിധിയുമായിരുന്നു അഡ്വ. സിറിയക്ക് ജോസ ഫ്.

വിവിധ സമ്മേളനങ്ങളിൽ പങ്കെടുക്കുവാനായി സിറിയക്ക് ജോസഫ് വിവിധ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. തൊടുപുഴ പച്ചിക്കര കുടുംബാംഗ മായ ബിബിയെയാണ് സിറിയക്ക് ജോസഫ് വിവാഹം കഴിച്ചത്. ആ വിവാ ഹത്തിനും ഒരു പ്രത്യേകയുണ്ടായിരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒമ്പത് വധുവരന്മാർക്ക് സാമ്പത്തിക സഹായം നൽകികൊണ്ട് ഒരു സമൂഹവിവാമായിരുന്നു അദ്ദേഹം നടത്തിയത്. മദ്യത്തിനും സാമൂ ഹ്യതിന്മയക്കുമെതിരെ പ്രവർത്തിക്കുന്ന ഒരു സാമൂഹ്യ പരിഷ്കർത്താവു കൂടിയാണ് അദ്ദേഹം.

പ്രമുഖനായ അഭിഭാഷകൻ എന്ന നിലയിൽ പേരെടുത്ത സിറിയക്ക്

www.malankaralibrary.com

ജോസഫ് 1976 മുതൽ 1987 വരെ ഗവണ്മെന്റ് പ്ലീഡർ ആയിരുന്നു. 1991–1994 വരെ അഡിഷണൽ അഡ്വക്കേറ്റ് ജനറലുമായിരുന്നു. കോ-ഓപ്പറേറ്റീവ് നിയമങ്ങളെപ്പറ്റി ആധികാരികമായി അഭിപ്രായം പ്രകടിപ്പിക്കുവാൻ കഴിവുള്ളയാളാണദ്ദേഹം. നിയമസഭാംഗമല്ലാതിരുന്ന സിറിയക്ക് ജോസഫിനെ നിയമസഭയിൽ ഒരു നിയമോപദേശം നൽകുന്നതിനായി സ്പീക്കർ ക്ഷണിക്കുകയുണ്ടായി. അഡ്വ. ജനറലിന്റെ അഭാവത്തിൽ അഡിഷണൽ അഡ്വക്കേറ്റ് ജനറൽ എന്ന നിലയിലാണ് നിയമസഭയിൽ നിയമോപദേശം നൽകുന്നതിനായി എത്തിയത്. 1994 ജൂലൈ 6–ന് ഹൈക്കോർട്ട് ജഡ്ജിയായി സത്യപ്രതിജ്ഞ നടത്തി. 1994 ഓഗസ്റ്റ് 5–ന് ഡൽഹി ഹൈക്കോർട്ട് ജഡ്ജിയായും സ്ഥാനമേറ്റു. ഇപ്പോൾ കർണ്ണാടക സംസ്ഥാനത്തിലെ ചീഫ് ജസ്റ്റീസാണ് സിറിയക്ക് ജോസഫ്.


സഭാപരവും സാമൂഹ്യപരവുമായ ഏതു പരിപാടികളിലും പങ്കെടുക്കുന്നതിന് തല്പരനാണദ്ദേഹം. സി.ബി.സി.ഐ. ദേശീയ ഉപദേശകസമതിയിലെ അംഗമായും അതിന്റെ വൈസ് പ്രസിഡണ്ടായും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

സഭക്കും സമുദായത്തിനും അഡ്വ. സിറിയക് ജോസഫ് നൽകിയ സംഭാവനകൾ കണക്കിലെടുത്ത് പ. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 1988–ൽ പ്രോ. എക്ലേസിയ എത് പൊന്തിഫിച്ചേ എന്ന ബഹുമതി നൽകി ആദരിച്ചിട്ടുണ്ട്.

Address - Justice Cyriac Joseph, High Court, Bangalore, Karnataka

# 357

# മാർ ജേക്കബ്ബ് മനത്തോടത്ത്



ക്രൈസ്തവ ചൈതന്യം കൊണ്ടു നിറഞ്ഞ ഒരു പാലക്കാട് രൂപതയുടെ വളർച്ചയ്ക്കുവേണ്ടി നിരന്തരം പരിശ്രമിക്കുന്ന പാലക്കാട് രൂപതയുടെ ദ്വിതീയ മെത്രാനായ മാർ ജേക്കബ്ബ് മനത്തോടത്ത് എറണാകുളം അതിരൂപതയിലെ കോടംതുരുത്തിൽ മനത്തോടത്ത് കുര്യൻ- കത്രീന ദമ്പതികളുടെ മൂത്തമകനായി 1947 ഫെബ്രുവരി 22 –ന് ജനിച്ചു. കോടംതുരുത്ത് എൽ. പി സ്കൂളിൽ പ്രാഥമിക വിദ്യഭ്യാസവും കുത്തിയതോട് ഇ. സി. ഇ. കെ സ്കൂളിൽ ഹൈസ്കൂൾ വിദ്യഭ്യാസവും പൂർത്തിയാക്കി. ജേക്കബ്ബ് ഒരു മാതൃകാ വിദ്യാർത്ഥിയായിരുന്നു. ഒരു വൈദികനായി തീരണമെന്നുള്ള ചിന്ത ചെറുപ്പം മുതലേ അദ്ദേഹത്തിൽ വളർന്നുകൊണ്ടിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം എറണാകുളം അതിരൂ

www.malankaralibrary.com

പതവക സേക്രട്ട് ഹാർട്ട് മൈനർസെമിനാരിയിൽ വൈദിക വിദ്യാർത്ഥിയായി ചേർന്നു. മൈനർ സെമിനാരിയിലെ രണ്ടു വർഷത്തെ പഠനത്തിനുശേഷം പൂനായിലെ പേപ്പൽ സെമിനാരിയിലേക്ക് പഠനത്തിനയച്ചു. പ്രസ്തുത സെമിനാരിയിൽ നിന്നും തത്വശാസ്ത്ര പഠനവും ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കി. 1972 നവംബർ 4-ാം തിയതി പുരോഹിതനായി അഭിഷിക്തനായി.

എറണാകുളത്തെ സെന്റ് മേരീസ് ബസലിക്കായിൽ അസിസ്റ്റന്റ് വികാരിയായിട്ടാണ് ഔദ്യോഗിക പ്രവർത്തനം ആരംഭിക്കുന്നത്. അധികം താമസിയാതെ അഭിവന്ദ്യ കാർഡിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ പ്രൈവറ്റ് സെക്രട്ടറിയായി നിയമിതനായി. 1979-ൽ ഉപരിപഠനത്തിനായി റോമിലേക്കയച്ചു. 1984-ൽ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി തിരിച്ചെത്തി. പിന്നീട് രൂപതയിൽ ഉത്തരവാദിത്വമേറിയ പല ജോലികളിലും മനത്തോടത്തച്ചനെ നിയമിച്ചു. അതിരൂപത സെക്രട്ടറിയായിട്ടാണ് നിയമിച്ചത്. അഭിവന്ദ്യ കർഡിനാൾ മാർ ആന്റണി പടിയറയുടെ സെക്രട്ടറി, പ്രൊമോട്ടർ ഓഫ് ജസ്റ്റീസ്, ഡിഫൻഡർ ഓഫ് ബോൺണ്ട്., ചാൻസലർ എന്നീ നിലകളിൽ കർഡിനാൾ ഹൗസിൽ ജോലി നോക്കി. എളമക്കര, ചെമ്പ് എന്നീ ഇടവകകളിൽ വികാരിയായും എപ്പാർക്കിയൽ കൺസൾട്ടർ ആയും എറണാകുളം അതിരൂപതായുടെ ഔദ്യോഗിക ജിഹ്വയായ മിസ്സത്തിന്റെ എഡിറ്റർ ആയും പ്രവർത്തിച്ചു. സേവ്. എം. ഫാമലിപ്ലാൻ ഇന്ത്യ യുടെ എക്സിക്യൂട്ടീവ് സെക്രട്ടറിയായും മനത്തോടത്തച്ചൻ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. 1990-ൽ ആലുവാ സെന്റ് ജോസഫ് പൊന്റിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര വിഭാഗത്തിൽ പ്രൊഫസ്സറായി നിയമിതനായി.

1992 സെപ്റ്റംബർ 6-ാം തിയതി പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പാ അബിദുസിന്റെ സ്ഥാനിക മെത്രാനും എറണാകുളം അതിരൂപതായുടെ സഹായ മെത്രാനുമായി നിയമിച്ചു. 1992 നവംബർ 28-ാം തിയതി മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. നാലു വർഷക്കാലം സഹായ മെത്രാനും വികാരി ജനറലുമായി സേവനം അനുഷ്ഠിച്ച മാർ ജേക്കബ്ബ് മനത്തോടത്തിനെ 1996 നവംബർ 11-ാം തിയതി പാലക്കാട് രൂപതയുടെ മെത്രാനായി നിയമിക്കപ്പെടുകയും 1997 ഫെബ്രുവരി 1-ാം തിയതി സ്ഥാനമേൽക്കുകയും ചെയ്തു.

പാലക്കാടിന് ഒരു പ്രത്യേക ചരിത്രമുണ്ട്. മാർ ജേക്കബ്ബ് മനത്തോടത്തിന്റെ മെത്രാഭിഷേകത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സത്യദീപത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. " തെങ്ങുകൃഷി അതിവിരളമായിരുന്ന പാലക്കാട് പ്രദേശത്തുള്ള അമ്പലങ്ങളിലെ ദീപാരാധനയ്ക്കും അഗ്രഹാരങ്ങളിലെ ഉപയോഗങ്ങൾക്കും ആവശ്യമായിരുന്ന ശുദ്ധമായ വെളിച്ചെണ്ണയുമായി ഏകദേശം ഒരു നൂറ്റാണ്ടിനുമുൻപേ അറുപത് മൈൽ കാൽനടയായി യാത്ര ചെയ്ത് കോട്ടപ്പടിയിൽ നിന്നും പാലക്കാട് കച്ചവടത്തിന് എത്തിയ സുറിയാനി കത്തോലിക്കർക്ക് ചിലപ്പോഴക്കെ ദിവസങ്ങൾ തന്നെ പാലക്കാട് അങ്ങാടിയിൽ താമസിക്കേണ്ടി വരുമായിരുന്നു. എങ്കിലും അവരുടെ അനു

www.malankaralibrary.com


ദിന സുകൃത കൃത്യങ്ങൾക്ക് ഒട്ടും തന്നെ കോട്ടം വരുത്തിയിരുന്നില്ല. ഈ വ്യാപാരികൾ പാലക്കാട് അങ്ങാടിയിൽ അനുഭവിക്കേണ്ടി വന്ന കഷ്ടപ്പാടുകൾ കേട്ടറിഞ്ഞ് കോട്ടപ്പടി ഇടവക മുപ്പത്തിയാറു പണം വിലകൊടുത്ത് പാലക്കാട് അങ്ങാടിയിൽ ഒരു സ്ഥലം വാങ്ങുകയും അവിടെ ഏഴു മുറി പീടികകളുള്ള ഒരു രണ്ടു നില കെട്ടിടം നിർമ്മിക്കുകയും കോട്ടപ്പടി വ്യാപാരികളുടെ ഉപയോഗത്തിന് വിട്ടുകൊടുക്കുകയും ചെയ്തു. ഈ പീടിക പിന്നീട് എണ്ണക്കൊട്ടിൽ എന്നറിയപ്പെടുകയും ഈ എണ്ണക്കൊട്ടിൽ പിന്നീട് മനോഹരമായ സെന്റ് റാഫേൽ ഇടവകയുടെ ഈറ്റില്ലമായി തീരുകയും ചെയ്തു. ഇന്ന് ഈ ദേവാലയം നിർമ്മിച്ചിരിക്കുന്നത് ഒല്ലൂർ ഇടവക ദാനമായി കൊടുത്ത സ്ഥലത്താണ്. പാലക്കാട് രൂപതയ്ക്ക് ഒരു കുടിയേറ്റ ചരിത്രമുണ്ട്. പാലാ, കോട്ടയം, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ നിന്ന് എത്തി അദ്ധ്വാനത്തിന്റെ മഹനീയ മാതൃക നൽകിയ ചേട്ടന്മാരുടെ കുടിയേറ്റത്തിന്റെ കഥ."

കുടിയേറ്റ പ്രദേശമായ പാലക്കാട് കേന്ദ്രമാക്കി രൂപം കൊണ്ട പാലക്കാട് രൂപതയുടെ പ്രഥമ മെത്രാനായി 1974 സെപ്റ്റംബർ 8-ാം തിയതി മാർ ജോസഫ് ഇരുമ്പൻ അഭിഷിക്തനായി. മാർ ജോസഫ് ഇരിമ്പൻ എല്ലാ അർത്ഥത്തിലും ലാളിത്യത്തിന്റെ പിതാവായിരുന്നു. ലോക വ്യാപാരങ്ങളിൽ നിന്ന് വളരെ അകന്ന് പ്രാർത്ഥനയുടേയും തപസ്സിന്റേയും ജീവിത ശൈലി സ്വന്തമാക്കികൊണ്ട് അത്മീയതയുടെ പടികൾ ഓരോ ദിവസവും നടന്ന് കയറുന്ന പിതാവിന്റെ ജീവിതം പാലക്കാട് രൂപതയുടെ വളർച്ചയ്ക്ക് ഉതകി. ഇരമ്പൻ പിതാവ് നട്ടുവളർത്തിയ രൂപതയാകുന്ന ഈ ചെടിയുടെ വേരുകൾ ആഴമായ അദ്ധ്യാത്മികതയിൽ വേരോടിയിരിക്കുന്നു. ആഴത്തിൽ വേരോടിയ വൃക്ഷത്തിന്റെ ശിഖരങ്ങളിൽ ഫലങ്ങൾ കാത്തിരിക്കുന്ന ജനങ്ങളുടെ ആഗ്രഹങ്ങൾ സഫലീകരിക്കാൻ, വീണ്ടും ശക്തിയും ഉണർവ്വും നൽകാനാണ് മാർ ജോസഫ് മനത്തോടത്തിന്റെ ഇന്നത്തെ ശ്രമം. ദൈവ തിരുമനസ്സിന് പൂർണ്ണമായി വിട്ടുകൊടുത്തുകൊണ്ട് വിജയപരാജയങ്ങളെ കുറിച്ച് ഉൽക്കണ്ഠയില്ലാതെ സേവനത്തിനായി മാറ്റിവെച്ചിരിക്കുന്ന ജീവിതമാണ് മനത്തോടത്ത് പിതാവിന്റേത്. പിതാവിന്റെ ആദർശവാക്യം To do What please Him എന്നതാണ്. പാലക്കാട് ആകെ രണ്ടു ശതമാനം മാത്രമാണ് കത്തോലിക്കരുള്ളത്. അവരുടെയിടയിൽ മാത്രമല്ല അക്രൈസ്തവരുടെ ഇടയിലെ സുവിശേഷവൽക്കരണത്തിന്റെ ആവശ്യകതയും അതിനായുള്ള പദ്ധതികളും ആവിഷ്ക്കരിക്കപ്പെട്ട് പ്രവർത്തിപഥത്തിൽ എത്തിയിരിക്കുകയാണ് തിരുമേനി. ക്രൈസ്തവ ചൈതന്യം കൊണ്ട് നിറഞ്ഞ ഒരു പാലക്കാട് രൂപതയുടെ വളർച്ചയ്ക്ക് രൂപം നൽകാൻ ഉള്ള കഠിന പ്രയത്നത്തിലാണ് മാർ മനത്തോടത്തു തിരുമേനി. കുടിയേറ്റ ജനതയുടെ ആശയാഭിലാഷങ്ങൾക്ക് രൂപം നൽകാൻ പിതാവിന് സാധിക്കുമാറാകട്ടെ.

വിലാസം - ബിഷപ്പ് മാർജേക്കബ്ബ് മനത്തോടത്ത്,<br>
ബിഷപ്പ് ഹൗസ്, പാലക്കാട്.

www.malankaralibrary.com

# 358



# അഡ്വ. സെബാസ്റ്റ്യൻ പോൾ എം.പി.

പത്രപ്രവർത്തകൻ, തൊഴിലാളി നേതാവ്, ടി.വി. പ്രഭാഷകൻ, മികച്ച പാർലമെന്റേറിയൻ എന്നിങ്ങനെ വിവിധ നിലകളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച അഡ്വ. സെബാസ്റ്റ്യൻ പോൾ എറണാകുളത്ത് മൂഞ്ഞപ്പള്ളി കുടുംബത്തിൽ പോൾ - അന്നമ്മ ദമ്പതികളുടെ പുത്രനായി. 1947 മേയ് ഒന്നിന് ജനിച്ചു.

ഇംഗ്ലീഷിലും പൊളിറ്റിക്സിലും എം.എ. ബിരുദവും നിയമത്തിൽ എൽ.എൽ.എം. ബിരുദവും ജേർണലിസത്തിൽ ഡിപ്ലോമായും കരസ്ഥമാക്കിയിട്ടുണ്ട്. നിയമബിരുദം എടുത്തതിനുശേഷം അഭിഭാഷകനായി എൻറോൾ ചെയ്തു. കുറെക്കാലം കേരളാടൈംസിലും ഇന്ത്യൻ എക്സ്പ്രസ്സിലും പത്രാധിപരായി ജോലി ചെയ്തു. ലാവണ്യ എന്ന ശ്രദ്ധേയമായ ഒരു വാരിക കുറച്ചുകാലം നടത്തിയിരുന്നു. നിയമത്തിൽ ഡോക്ടറേറ്റും നേടുകയുണ്ടായി. അദ്ധ്യാപകൻ, ഗ്രന്ഥകാരൻ, പത്രപ്രവർത്തകൻ എന്നീ മേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ച സെബാസ്റ്റ്യൻപോൾ മാദ്ധ്യമരംഗത്തെ അറിയപ്പെടുന്ന ഫാക്കൽറ്റിയാണ്. രാഷ്ട്രീയരംഗത്തെ സജീവസാന്നിദ്ധ്യമായ സെബാസ്റ്റ്യൻ പോൾ 1997-ൽ നടന്ന ഉപതിരഞ്ഞെടുപ്പിലൂടെ ആദ്യമായി ലോകസഭാംഗമായി തിരഞ്ഞെടുക്കുപ്പെട്ടു.

1999-ൽ നിയമസഭാംഗമായും തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. 2003 -ൽ എറണാകുളം പാർലമെന്റ് സീറ്റിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിലൂടെ വീണ്ടും ലോകസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. 2004-ൽ നടന്ന പൊതു തിരഞ്ഞെടുപ്പിൽ വീണ്ടും ലോകസഭാംഗമായി.

ഇന്ത്യൻ എക്സ്പ്രസ്സ്, കേരളാ ടൈംസ് പത്രങ്ങളുടെ തൊഴിലാളി യൂണിയനുകളുടെ പ്രസിഡണ്ട്, ഹിന്ദു പത്രത്തിന്റെ നിയമകാര്യലേഖകൻ, കേരള എക്സ്പ്രസ് അക്കാഡമിയിൽ ലക്ചറർ എന്നീ നിലകളിലും ഇദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ദേശീയവും അന്തർദ്ദേശീയവുമായ വിവിധ വിഷയങ്ങളിൽ പരിജ്ഞാനമുള്ള ഇദ്ദേഹം പ്രമുഖ പത്രങ്ങളിലെല്ലാം ശ്രദ്ധേയമായ ലേഖനങ്ങൾ എഴുതാറുണ്ട്. വ്യക്തിത്വമുള്ളതും പ്രൗഢസുന്ദരവുമായ ഒരു ഭാഷാശൈലിയുടെ ഉടമയാണ് അഡ്വ. സെബാസ്റ്റ്യൻ പോൾ. നിയമകാര്യങ്ങളിലും രാഷ്ട്രീയകാര്യങ്ങളിലും തെളിഞ്ഞ അവബോധമുള്ള ഒരു പൊതുപ്രവർത്തകൻ.

കൈരളി ടി.വി. ചാനലിലൂടെ നടത്തുന്ന മാധ്യമവിചാരം പംക്തി ഏറെ ശ്രദ്ധേയമായി മാറിക്കഴിഞ്ഞു. നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. മദർ തെരേസാ, ജോൺ പോൾ മാർപ്പാപ്പാ(ജീവചരിത്രങ്ങൾ) ബെനലക്സ്

www.malankaralibrary.com

- ആൽപൈൻ രാജ്യങ്ങൾ, ഇസ്രയേലും അയൽരാജ്യങ്ങളും (പൊതുവിജ്ഞാനം) ലോകസംഘടനകൾ, മനുഷ്യനും തൊഴിലും, ഷെർലക്ഹോംസ് കഥകൾ, പരേതന്റെ തിരിച്ചുവരവ് (തർജ്ജമ) ജാക് ലണ്ടന്റെ കാടിന്റെ വിളി (പുനരാഖ്യാനം) എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. എറണാകുളം മുൻസിഫായിരുന്ന ലിസമ്മയാണ് സഹധർമ്മിണി.

വിലാസം - അഡ്വ. സെബാസ്റ്റ്യൻ പോൾ എം.പി., മൂഞ്ഞപ്പിള്ളി,
സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് റോഡ്,
കലൂർ - കൊച്ചി - 682018.

# 359

# തോമസ് ചക്യാത്ത്



ഇൻഡോ-ജർമ്മൻ സംഭാഷണ മണ്ഡലം രൂപീകരിച്ചുകൊണ്ട് ഭാരതീയ സംസ്കാരത്തിന്റെയും സാമൂഹിക പ്രശ്നങ്ങളുടെയും വിവിധവശങ്ങൾ ചർച്ചചെയ്യുകയും ഭാരതീയരായ ജർമ്മൻ പ്രവാസികളുടെ പ്രശ്നപരിഹാരത്തിനായി ശ്രമിക്കുകയും ചെയ്യുന്ന തോമസ് ചക്യത്ത് വരാപ്പുഴ പഞ്ചായത്തിലെ മണ്ണുംതുരുത്തിൽ ചക്യാത്ത് ഭവനത്തിൽ ഇട്ടീരാ - റോസമ്മ ദമ്പതികളുടെ ഏഴാമത്തെ സന്താനമായി 1947 മെയ് മൂന്നിന് ജനിച്ചു. മണ്ണംതുരുത്ത് സെന്റ് ജോർജ്ജ് പ്രൈമറി സ്കൂൾ, പുത്തൻപള്ളി സെന്റ് ജോർജ്ജ് മിഡിൽസ്കൂൾ, കൂനമ്മാവ് സെന്റ് ഫിലോമിനാസ് ഹൈസ്കൂൾ, എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ്, ചങ്ങനാശ്ശേരി എസ്.ബി.കോളേജ് എന്നിവിടങ്ങളിൽ പഠിച്ച് 1970-ൽ ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ. ബിരുദം നേടി. ബി.എസ്സ്.സി. ബിരുദം കരസ്ഥമാക്കിയത് കെമിസ്ട്രിയിലായിരുന്നു.

മാല്യങ്കര എസ്.എൻ. കോളേജിലും രാജസ്ഥാനിൽ രജ ഹൈസ്കൂളുകളിലും അദ്ധ്യാപകൻ ആയി സേവനം അനുഷ്ഠിച്ചു.

വടക്കൻ പറവൂർകാരിയായ ലില്ലി മഴുവൻചേരിയെ 1974-ൽ വിവാഹം ചെയ്തു. അക്കൊല്ലം തന്നെ ജർമ്മനിയിലെത്തി. കൊളോൺ സർവ്വകലാശാലയിൽ സാഹിത്യവും ഭാഷാശാസ്ത്രവും പഠിച്ചു. ജർമ്മനിയിൽ ലെവർകുസൻ എന്ന സ്ഥലത്തെ ഗവണ്മെന്റ് സ്കൂളിൽ അദ്ധ്യാപകനായി. (വിഷയങ്ങൾ - ഇംഗ്ലീഷും രസതന്ത്രവും)

1979-ൽ സെഗുസ്സാ ഹൂവെൽസ് എന്ന ജർമ്മൻ കെമിക്കൽ കമ്പനിയിൽ ഉദ്യോഗസ്ഥനായി. പ്ലാസ്റ്റിക്ക് പ്രോസസിംഗ് ടെക്നോളജിയും മാനേജ്മെന്റും സംബന്ധിച്ച സായാഹ്നക്ലാസ്സുകളിൽ പഠിച്ചു.

www.malankaralibrary.com

കമ്പനിയിലെ ഉദ്യോഗങ്ങളിൽ പടിപടിയായി ഉയർന്നു. ഇന്ന് ഡെഗുസ്സാ ഹ്യുവൽസ് കമ്പനിയുടെ കിഴക്കൻ യൂറോപ്പ്, സ്പെയിൻ, പോർട്ടുഗൽ, ഗ്രീസ് എന്നീ രാജ്യങ്ങളിലെ വില്പനയുടെ മേൽനോട്ടം വഹിക്കുന്നു.

ജർമ്മനിയിലുള്ള ഭാരതീയരുടെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ ഇടപെട്ടു പ്രവർത്തിക്കുന്നു. ഏതെങ്കിലും സംഘടനയിലെ അംഗമല്ല.

ഭാരതീയരായ ജർമ്മൻ പ്രവാസികളുടെ പ്രശ്നങ്ങളടക്കം വിവിധ വിഷയങ്ങളെക്കുറിച്ച് മലയാളത്തിലും ജർമ്മൻ ഭാഷയിലും ലേഖനങ്ങൾ എഴുതി ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചു വരുന്നു. 1983-ൽ പ്രസിദ്ധീകൃതമായ "എന്റെ ലോകം" എന്ന വാരികയുടെ ജൂബിലി വിശേഷാൽ പ്രതിയുടെ സ്പെഷ്യൽ എഡിറ്ററായിരുന്നു. "ഇൻഡോ-ജർമ്മൻ സംഭാഷണ മണ്ഡലം" രൂപീകരിക്കാൻ മുൻകയ്യെടുത്തു. ഭാരതീയ സംസ്കാരത്തിന്റെയും സാമൂഹികപ്രശ്നങ്ങളുടെയും വിവിധ വശങ്ങൾ ചർച്ച ചെയ്യുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിച്ചു. ജർമ്മനിയിൽ ജോലി ചെയ്യുന്ന മലയാളികൾക്കുവേണ്ടി മലയാളത്തിൽ പല പ്രസംഗങ്ങൾ നടത്തി.

കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ താത്പര്യപ്പെടുന്ന ജർമ്മൻ യുവജനങ്ങൾക്കുവേണ്ടി മലയാളം ക്ലാസ്സുകൾ എടുക്കുന്നതിന് ജർമ്മൻ ഗവണ്മെന്റിനു കീഴിലുള്ള 'ജെർമ്മൻ ഫൗണ്ടേഷൻ ഫോർ ഇന്റർ നാഷണൽ ഡവലപ്പ്മെന്റി'നാൽ പലതവണ ക്ഷണിക്കപ്പെട്ടു. ഇതേ ആവശ്യത്തിനുവേണ്ടി A Handbook of Malayalam Grammar എഴുതാൻ നിയുക്തനായി. ഇ പുസ്തകത്തിനു നല്ല പ്രചാരം ലഭിച്ചു.

രണ്ടു ദശകത്തോളമായി Meine Wrlt (My World) എന്ന ആനുകാലികത്തിന്റെ അസ്സോഷിയേറ്റ് എഡിറ്ററാണ്. ഇൻഡോ - ജർമ്മൻ സഹകരണം വർദ്ധിപ്പിക്കാൻവേണ്ടി ജർമ്മനിയിലെ സഭ നടത്തുന്ന ജർമ്മൻഭാഷയിലുള്ള പ്രസിദ്ധീകരണമാണിത്. ഈ പ്രസിദ്ധീകരണത്തിന് പ്രവർത്തനമികവിലുള്ള ജർമ്മൻ പ്രസിഡന്റിന്റെ പ്രത്യേക അവാർഡ് ലഭിച്ചു. ഈ ആനുകാലികത്തിൽ ശ്രീ തോമസ് സ്വന്തം ലേഖനങ്ങൾക്കു പുറമേ, മലയളത്തിലും ഇംഗ്ലീഷിലും നിന്ന് ജർമ്മൻ ഭാഷയിലേയ്ക്കു വിവർത്തനം ചെയ്ത ഭാഗങ്ങളും പ്രസിദ്ധീകരിക്കാറുണ്ട്.

ജർമ്മനിയിലെ ഇന്ത്യൻ കത്തോലിക്കാ കമ്മ്യൂണിറ്റി എന്ന പ്രസ്ഥാനത്തിന്റെ വക പാരീഷ് ബുള്ളറ്റിന്റെ പത്രാധിപത്യം 15 വർഷമായി ഇദ്ദേഹം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ വകയായിട്ടുള്ള വിശേഷാൽപ്പതിപ്പുകളുടെയും സോവനീറുകളുടെയും പ്രസാധനവും ഇദ്ദേഹം തന്നെയാണു നിർവഹിച്ചുപോരുന്നത്.

സാഹിത്യ താത്പര്യമുള്ള ഏതാനും സുഹൃത്തുക്കളോടൊത്ത് 'രശ്മി' എന്ന ദ്വൈമാസീകം 1996 മുതൽ നടത്തിപ്പോരുന്നു. പ്രവാസിമലയാളികൾക്കുവേണ്ടിയുള്ള പ്രസിദ്ധീകരണമാണിത്. വിജ്ഞാനവും വിനോദവും ലക്ഷ്യമായിട്ടുള്ളതാണ്. ഈ ദ്വൈമാസിക കേരളത്തിന്റെയും ഭാരതത്തിന്റെയും

www.malankaralibrary.com

പ്രശ്നങ്ങളുടെ വിശകലനങ്ങൾ, മതപരവും ദാർശനികവുമായ വിഷയങ്ങളെ സംബന്ധിച്ചലേഖനങ്ങൾ, പ്രവാസി മലയാളികളുടെ നീറുന്ന പ്രശ്നങ്ങൾ, യൂറോപ്പിലുള്ള കേരളീയരെ സംബന്ധിച്ച വാർത്തകൾ, ചെറുകഥകൾ, കവിതകൾ തുടങ്ങിയവയെല്ലാം ഇതിൽ പ്രസിദ്ധീകരിക്കപ്പെടുന്നു.


യൂറോപ്പിലുള്ള മലയാളികൾക്കുവേണ്ടി ജർമ്മനിയിൽ നിന്നു പുറപ്പെടുന്ന ഒരു മലയാളം പ്രസിദ്ധീകരണം ഉണ്ടാകണമെന്ന ആഗ്രഹമായിരുന്നു 'രശ്മി'യുടെ ആവിർഭാവ്തിനു പിന്നിലെ പ്രചോദകശക്തി. പരിപൂർണ്ണമായവീക്ഷണ സ്വാതന്ത്ര്യവും നിഷ്പക്ഷതയും പുലർത്തുന്നതോടൊപ്പം ക്രൈസ്തവ ദർശനങ്ങളോടു പൂർണ്ണമായ ആദരവും 'രശ്മി' പുലർത്തുന്നു. പ്രസിദ്ധീകരണത്തിൽ ഉന്നതമായ സാങ്കേതിക നിലവാരവും 'രശ്മി' പുലർത്തുന്നുണ്ട്. ലോകത്തെമ്പാടുമുള്ള മലയാളികളെ തമ്മിലിണക്കുന്ന ഒരു കണ്ണിയായി വർത്തിക്കാൻ രശ്മി നിരന്തരമായും വിജയകരമായും ശ്രമിച്ചിട്ടുണ്ട്. ലോകമെമ്പാടുമുള്ള മലയാളികളിൽ നിന്ന് രശ്മിക്ക് ഹാർദ്ദമായ പ്രോത്സാഹനം ലഭിച്ചിട്ടുണ്ട്. 1997-ൽ പ്രിന്റിംഗിനും ലേ ഔട്ടിനുമുള്ള കേരള ഗവണ്മെന്റിന്റെ അവാർഡ് 'രശ്മിക്ക്' ലഭിക്കുകയുണ്ടായി.

രശ്മിയുടെ സ്പോൺസർമാരായ 'ഇൻഡോ-ജർമ്മൻ കൾച്ചറൽ അസ്സോസിയേഷൻ', സെക്കൻഡ് ഹാൻഡ് എങ്കിലും നല്ലനിലയിൽ പ്രവർത്തിക്കുന്ന 13 ഡയാലിസീസ് യന്ത്രങ്ങൾ കേരളത്തിലെ വിവിധ ആശുപത്രികൾക്കും സംഭാവനചെയ്തു. അവ വളരെ താത്പര്യപൂർവ്വം സ്വീകരിക്കപ്പെട്ടതിനാൽ ഇതുപോലുള്ള മറ്റു പ്രവർത്തനങ്ങളും നടപ്പിലാക്കാൻ രശ്മിയുടെ ആഭിമുഖ്യത്തിൽ ഉദ്യമങ്ങൾ നടക്കുകയാണ്.

ശ്രീ. തോമസ് ചക്യാത്ത് തന്റെ ഇടവകയിലെ പാരിഷ് കൗൺസിൽ അംഗമാണ്. കുർബാനക്കിടയിലെ ബൈബിൾ വായനയിലും ദിവ്യകാരുണ്യ വിതരണത്തിലും സഹകരിച്ചു വരുന്നു.

മേൽവിലാസം - Thomas Chakkiath, Novalissse Strasse 45, 51147, Koeln, Germany

# 360



# ഡോ. സ്കറിയ സക്കറിയ കരിക്കമ്പള്ളി

1997 മുതൽ ശ്രീ ശങ്കരാചാര്യസംസ്കൃത സർവ്വകലാശാലയിലെ മലയാളം പ്രഫസറും വകുപ്പദ്ധ്യക്ഷനും ആയ സ്കറിയ സ്ക്കറിയ 1994-ൽ സർവ്വകലാശാലയിൽ ചേരുന്നതിനുമുമ്പ് 25 വർഷം (1969-1994) ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിൽ അദ്ധ്യാപകനായിരുന്നു. മലയാ

www.malankaralibrary.com

ളപഠനം, ഭാഷാശാസ്ത്രം, വ്യാകരണം, സംസ്കാരപഠനം, ഫോക്‌ലോർ, വാമൊഴിചരിത്രം, ജനപ്രിയസംസ്കാരം, സമുദായചരിത്രം, പ്രാദേശികചരിത്രം, ബൈബിൾ, തർജമപഠനം, സാഹിത്യചരിത്രവിജ്ഞാനം, സാഹിത്യസിദ്ധാന്തം, താരതമ്യസാഹിത്യം, ആഖ്യാനശാസ്ത്രം എന്നീ മേഖലകളിൽ വിപുലമായ പഠനഗവേഷണങ്ങൾ നടത്തി. വിവിധ വിജ്ഞാനശാഖകളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള അന്തർവിജ്ഞാനപരമായ (interdiciplinary) സമീപനവും സമകാലിക സംസ്കാരസിദ്ധാന്തങ്ങളിലുള്ള പരിചയവും പുരോഗമനോന്മുഖമായ സാമൂഹിക പ്രതിബദ്ധതയുമാണ് പഠനങ്ങളുടെ മുഖമുദ്ര. എല്ലാ വിഷയങ്ങളും സമൂഹപ്രക്രിയയുമായി ബന്ധപ്പെടുത്തി പഠിക്കുക എന്നതാണു പൊതുരീതിശാസ്ത്രം. മലയാളം, ഇംഗ്ലീഷ്, ജർമൻ, ഹീബ്രു എന്നീ ഭാഷകളിലായി അമ്പതോളം ഗവേഷണഗ്രന്ഥങ്ങളും നൂറോളം ഗവേഷണപ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മലയാളം പ്രഫസർ എന്ന നിലയിൽ മലയാളപഠനങ്ങളെ സംസ്കാരപഠനങ്ങളാക്കി വികസിപ്പിക്കാൻ പാഠ്യപദ്ധതിയിലും പഠനക്രമത്തിലും മൂല്യനിർണ്ണയത്തിലും പലവിധ പരിഷ്കാരങ്ങൾ വരുത്താൻ വിവിധ സമിതികളിലും വിവിധ നിലകളിലും പ്രവർത്തിച്ചു. ക്രഡിറ്റ്-സെമസ്റ്റർ സമ്പ്രദായം, ഇന്റേണൽ അസസ്മെന്റ്, സെമിനാർ അവതരണം, പ്രോജക്റ്റ് വർക്ക് എന്നിവ മലയാളപഠനത്തിന്റെ ഭാഗമാക്കാൻ മുന്നിട്ടു നിന്നു പ്രവർത്തിച്ചു. ഇത്തരം സമ്പ്രദായങ്ങൾ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത വർദ്ധിപ്പിക്കും എന്നും ക്ഷേമത്തം തിട്ടപ്പെടുത്താൻ കുറേക്കൂടി ശാസ്ത്രീയമായ വഴികൾ തുറന്നു തരുമെന്നും കരുതുന്നു. ഗവേഷണതലത്തിൽ സിദ്ധാന്തങ്ങളും രീതിശാസ്ത്രങ്ങളും നിലപാടുകളും പൊരുത്തപ്പെടുത്തി കൊണ്ടുപോകണം എന്നും അവയിൽ ഏതെങ്കിലും ഒരു ഘടകം അവഗണിച്ചുകളഞ്ഞാൽ ഗവേഷണം ദുർബലമായിപ്പോകും എന്നും വിശ്വസിക്കുന്നു. ഇത്തരം പഠനത്തിൽ അറിവിന്റെ ജനകീയ അടിത്തറയും രാഷ്ട്രീയവും വെളിപ്പെടുത്തുന്ന വീണ്ടുവിചാരം കൂടിയേ തീരൂ. അനേകം യുവഗവേഷകരെ ഈ വഴിക്കു പ്രേരിപ്പിക്കുന്ന മാർഗ്ഗദർശിയാണ് ഡോ.സ്കറിയ.

കുട്ടനാട്ടിലെ തകഴി പഞ്ചായത്തിൽ ചെക്കിടിക്കാട് കരയിൽ കരിക്കമ്പള്ളി കുടുംബത്തിൽ 1947 മേയ് 15-ന് ജനിച്ചു. പിതാവ് കറിയാച്ചൻ. അമ്മ നീലികാട്ടു കുടുംബത്തിലെ ക്ലാരമ്മ. അഞ്ചു സഹോദരന്മാർ. ഒരു സഹോദരി. ചെറിയ കർഷകകുടുംബത്തിൽ ദാരിദ്ര്യമറിയാതെ വളർന്നു. കുട്ടനാടൻ കർഷകജീവിതത്തിന്റെ എല്ലാ തലങ്ങളിലും ബാല്യത്തിൽ ഇടപെടാൻ കഴിഞ്ഞു. അതിന്റെ നൊമ്പരങ്ങളും സന്തോഷങ്ങളും ജീവിതത്തിന്റെ മുതൽക്കൂട്ടായി. ജാതിമതഭേദമില്ലാത്ത കൂട്ടുകെട്ടുകൾ, കായികാദ്ധ്വാനത്തോടുള്ള മതിപ്പ്, നിരന്തരം പിന്തുടരുന്ന പ്രളയബോധത്തിനും ആപൽശങ്കയ്ക്കുമിടയിൽ പിടിച്ചുനിൽക്കാൻ കുട്ടനാടൻ കൃഷിക്കാരനു ഉപകരിക്കുന്ന കൂട്ടായ്മബോധം. മതഭേദങ്ങൾക്ക് അതീതവും യുക്തിവിരുദ്ധവുമല്ലാത്ത ആത്മീ

www.malankaralibrary.com

യത, പാരിസ്ഥിതികാവബോധത്തിൽ അടിയുറച്ച സമത്വബോധം ഇവയെല്ലാം ബാല്യത്തിലെ കാർഷികജീവിതത്തിൽനിന്നു ലഭിച്ചതാണ്.

വിദ്യാഭ്യാസത്തോടു മാതാപിതാക്കൾക്കുണ്ടായിരുന്ന മതിപ്പ് മക്കൾക്കു പഠിപ്പിൽ ഉത്സാഹം പകർന്നു. പച്ച സെന്റ് സേവ്യേഴ്സ് സ്കൂൾ, എടത്വാ സെന്റ് അലോഷ്യസ് എന്നിവിടങ്ങളിൽ പഠിച്ചു. ഒന്നാം ക്ലാസ്സോടെ എസ്.എസ്.എൽ.സി. ജയിച്ചു. ചങ്ങനാശ്ശേരി എസ്.ബി.കോളേജിലായിരുന്നു സർവകലാശാലാ വിദ്യാഭ്യാസം. 1969-ൽ ഫസ്റ്റ് ക്ലാസ്സോടുകൂടി എം.എ.(മലയാളം) പരീക്ഷ പാസ്സായി. ആ വർഷം തന്നെ മാതൃകലാലയത്തിൽ ലക്ചററായി നിയമനം ലഭിച്ചു.

കോളേജിൽ പല സേവനസംഘടനകളിലും പ്രവർത്തിച്ചിരുന്നു. ഹോസ്റ്റലിൽ താമസിച്ചിരുന്നപ്പോൾ ഫാദർ ജോസഫ് പവ്വത്തിലാ(പിന്നീട് ആർച്ചുബിഷപ്പ്)യിരുന്നു വാർഡൻ. അദ്ദേഹത്തിന്റെ പ്രോത്സാഹനത്തിൽ വിദ്യാർത്ഥി പ്രതിനിധിഎന്ന നിലയിൽ ചർച്ച് ഇൻ കേരള, ചർച്ച് ഇൻ ഇൻഡ്യ എന്നീ സംസ്ഥാന, ദേശീയ സമ്മേളനങ്ങളിൽ പങ്കെടുത്തു. പിൽക്കാലത്തു മതകാര്യങ്ങളിൽ മനസ്സാക്ഷിയനുസരിച്ചു ശക്തമായ നിലപാടുകളെടുക്കാനും പഠനഗവേഷണങ്ങളിൽ ഏർപ്പെടാനും പ്രചോദനമായത് ഈ സമ്മേളനങ്ങളാണ്. കത്തോലിക്കാസഭയ്ക്കുള്ളിൽ നിലനിൽക്കുന്ന അഭിപ്രായ ഭേദങ്ങളെക്കുറിച്ചും അവയുടെ ഏറ്റുമുട്ടലിലൂടെയാണ് സഭയും സമുദായവും വളരുന്നതെന്നും മനസ്സിലാക്കി. സ്വന്തം തിരിച്ചറിവുകൾ മുഖം നോക്കാതെ തുറന്നു പറയാനും അതിനുള്ള പ്രതിഫലം പകയില്ലാതെ ഏറ്റുവാങ്ങാനും അതിന്റെ ചെറിയ ചെറിയ നൊമ്പരങ്ങൾ വളർച്ചയായി തിരിച്ചറിയാനും ശീലിച്ചു. ജോസഫ് പുലിക്കുന്നേൽ, ഡി.സി.കിഴക്കേമുറി, ഡോ.എം.വി. പൈലി തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന പല ചർച്ചകളിലും സമ്മേളനങ്ങളിലും പ്രഭാഷകനായി പങ്കെടുത്തു. ഓശാന ബൈബിളിന്റെ പ്രസിദ്ധീകരണത്തിൽ പുലിക്കുന്നേലുമായി നാലുവർഷം സഹകരിച്ചു പ്രവർത്തിച്ചു. എൻ.വി. കൃഷ്ണവാരിയരോടൊപ്പം മലയാളം ബൈബിളിന്റെ ഭാഷാപരിശോധന നടത്തിയ നാലു വർഷങ്ങൾ ഏറ്റവും നല്ല പരിശീലനകാലമായിരുന്നു. അറിവും അഭിരുചിയും ലോകബോധവും ഏറെ പരിണമിച്ച ഘട്ടം. ഓശാനസ്ഥാപനങ്ങളുടെ ഭരണസമിതിയിൽ ഏതാനും വർഷങ്ങൾ അംഗമായിരുന്നു. ട്രഷറർ എന്ന നിലയിലും കുറച്ചുകാലം പ്രവർത്തിച്ചു. മൂന്നു പുസ്തകങ്ങൾ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ് വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ (ഇംഗ്ലീഷ്, മലയാളം), മറ്റൊന്ന് ഓറിയന്റിലസത്തിന്റെ മുഷ്ക്- നസ്രാണികളുടെ സ്വത്വത്തെക്കുറിച്ചുള്ള വിവാദങ്ങൾ സൈദ്ധാന്തികമായി വിലയിരുത്തുന്നത്. ഇവയിൽ ചിലതിന് ഒന്നിലേറെ പതിപ്പുകളുണ്ടായി.

പ്രാചീന മലയാള ഗദ്യത്തിന്റെ വ്യാകരണ വിശകലനത്തിനു ഡോ. ഏ.പി. ആൻഡ്രൂസുകുട്ടിയുടെ മാർഗ്ഗ ദർശനത്തിൽ കേരള സർവകലാശാല

www.malankaralibrary.com

ഭാഷാശാസ്ത്ര വകുപ്പിൽ നിന്ന് ഡോക്ടർ ബിരുദം നേടി. ഇതിന്റെ ഭാഗമായി ഉദയംപേരൂർ സുന്നഹദോസിന്റെ മലയാളം കാനോനകൾ (1599) അനേകം കൈയെഴുത്തുകൾ പരിശോധിച്ച് പാഠസംസ്കരണം നടത്തി പ്രസിദ്ധീകരിച്ചു. പതിനേഴാം നൂറ്റാണ്ടിലെ റോസിന്റെ നിയമാവലി, മിലാൻ രേഖകൾ എന്നിവയും ആദ്യമായി കണ്ടെടുത്തു പ്രസിദ്ധീകരിച്ചു. ഇങ്ങനെയൊരു പഠന വിഷയം തിരഞ്ഞെടുക്കാൻ നിർബന്ധിച്ചത് അന്നു ഭാഷാശാസ്ത്ര വകുപ്പു പ്രൊഫസറും പിൽക്കാലത്ത് തമിഴ് സർവകലാശാല വൈസ് ചാൻസലറുമായിരുന്ന ഡോ. വി. ഐ സുബ്രഹ്മണ്യമാണ്. 2005-ൽ ഇന്റർനാഷണൽ സ്കൂളിന്റെ ഓണററി ഡയറക്ടർ എന്ന നിലയിൽ അദ്ദേഹം തന്നെയാണ് മികച്ച ദ്രാവിഡ ഭാഷാ ഗവേഷണ ഗ്രന്ഥത്തിനുള്ള യെശോറാം അവാർഡ്, ഹീബ്രൂ സർവ്വകലാശാല (ഇസ്രയേൽ ) പ്രസിദ്ധീകരിച്ച കാർക്കുഴലി- യെഫേഫിയ്യ എന്ന ഗ്രന്ഥം മുൻനിർത്തി ഡോ. സ്കറിയായ്ക്കു നൽകിയത്. ഗവേഷണ മാർഗ്ഗദർശിയായിരുന്ന ഡോ. ആൻഡ്രൂസ്കുട്ടി, മലയാള പഠനത്തിൽ വഴികാട്ടിയ പി.വി ഉലഹന്നാൻ മാപ്പിള, കെ. വി രാമചന്ദ്ര പൈ, എം. എം ജോസഫ് (എം.പി), ജോസഫ് അഞ്ചനാട്ട്, ജോസഫ് വലിയ വീട്ടിൽ എന്നിവരുടെയെല്ലാം പ്രോത്സാഹനവും അംഗീകാരവും കോളേജ് ജീവിത കാലത്തെ വളർച്ചയ്ക്ക് ഏറെ ഉപകരിച്ചു. എസ്. ബി കോളേജിലെ ഇംഗ്ലീഷ് പ്രൊഫസറൻമാരായിരുന്ന എ. ഇ അഗസ്റ്റിൻ, കെ. ടി സെബാസ്റ്റ്യൻ, കെ. വി ജോസഫ് എന്നിവരുടെ നിർദ്ദേശോപദേശങ്ങളും ഏറെ ഉപകരിച്ചിട്ടുണ്ട്. സഹപ്രവർത്തകരോടും വിദ്യാർത്ഥികളോടും പരിധിയറ്റ സ്നേഹത്തോടെ, എന്നാൽ തത്ത്വനിഷ്ഠമായി ഇടപെടുന്ന സൗഹാർദ്ദസമീപനം ഗുരുനാഥന്മാരിൽ നിന്ന് ലഭിച്ചതായിരിക്കണം. കേരള ഡൈജസ്റ്റിന്റെ പത്രാധിപരായിരുന്ന പൈ സാറിന്റെ വ്യാകരണവും ജീവിത ശൈലിയുമാണ് തന്നെ ഏറ്റവും സ്വാധീനിച്ചതെന്നു ഡോ. സ്കറിയാ കരുതുന്നു. മറ്റുള്ളവർ അത് അംഗീകരിച്ചുകൊള്ളണമെന്നില്ല.

ജർമ്മനിയിലെ ട്യൂബിങ്ങൻ സർവകലാശാല ലൈബ്രറിയിൽ ഹെർമൻ ഗുണ്ടർട്ടിന്റെ മലയാളഗ്രന്ഥശേഖരം കണ്ടെത്തി (1999) മലയാളിക്കു പേരുകൊണ്ടുമാത്രം പരിചിതമായിരുന്ന പയ്യന്നൂർപ്പാട്ട്, തച്ചോളിപ്പാട്ടുകൾ, തലശേരി രേഖകൾ, അഞ്ചടി, ഓണപ്പാട്ടുകൾ തുടങ്ങിയവ ട്യൂബിങ്ങൻ സർവകലാശാലയിൽനിന്നു കണ്ടെടുത്ത് ട്യൂബിങ്ങൻ സർവകലാശാലാ മലയാളം കൈയെഴുത്തുഗ്രന്ഥപരമ്പര (Tulms 1993-96) എന്ന പേരിൽ കേരളത്തിൽ പ്രസിദ്ധീകരിച്ചു. (ഏകദേശം 1000 പുറം). ജർമനിയിലെ ബർലിനിൽ നടന്ന ലോകമലയാളസമ്മേളനത്തിൽ പങ്കെടുത്തപ്പോഴാണ് ഇങ്ങനെയൊരു പഠനത്തിനു തുടക്കമിട്ടത്. പ്രസ്തുത സമ്മേളനത്തിലേക്കു ഡോ.സ്കറിയായെ നിർബന്ധപൂർവ്വം കൂട്ടിക്കൊണ്ടു പോയതു രണ്ടു പൂർവവിദ്യാർത്ഥികളാണ് - അഡ്വ. ബാബു വറുഗീസും, കെ.എഫ്. വറുഗീസും.

www.malankaralibrary.com

ഹെർമൻ ഗുണ്ടർട്ടിന്റെ ചരമശതാബ്ദിയോടനുബന്ധിച്ച് ഗുണ്ടർട്ടിന്റെ പ്രധാനപ്പെട്ട കൃതികളെല്ലാം ഹെർമൻ ഗുണ്ടർട്ട് പരമ്പര (HGS 1990 - 93) എന്ന പേരിൽ വിപുലമായ ആമുഖപഠനങ്ങളോടും കുറിപ്പുകളോടുംകൂടി പ്രസിദ്ധീകരിച്ചു. (ഏകദേശം 6000 പുറം). ഇംഗ്ലീഷ് ജർമൻ മലയാളഭാഷ കളിലുള്ള ജീവചരിത്രങ്ങളും ഇവയിൽ ഉൾപ്പെടും.

ജർമ്മനിയിലെ ഹുംബോൾട്ട് ഫൗണ്ടേഷൻ (AvH) പ്രത്യേക ഫെലോ ഷിപ്പ് നൽകി ആദരിച്ചു. അവരുടെ ക്ഷണമനുസരിച്ച് ജർമനിയിലെയും സ്വിറ്റ്സർലണ്ടിലെയും ഹസ്തലിഖിതഗ്രന്ഥാലയങ്ങളിലും സർവകലാശാല ലൈബ്രറികളിലും ഗവേഷണപഠനങ്ങൾ നടത്തി. പ്രശസ്ത ജർമൻ ഇൻഡോളജിസ്റ്റ് ഡോ. ആൽബ്രെഷ്ട് ഫ്രൻസുമായി സഹകരിച്ചു ഗുണ്ടർട്ടി നെക്കുറിച്ചു നടത്തിയ പഠനങ്ങൾ ജർമൻ, ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ ഗ്രന്ഥങ്ങളായി പ്രസിദ്ധീകരിച്ചു. ഗവേഷണപഠനത്തിനിടയിൽ കണ്ടുകിട്ടിയ പല ഗ്രന്ഥങ്ങളും രേഖകളും പുസ്തകരൂപത്തിലും ലേഖനരൂപത്തിലും പുനഃപ്രസിദ്ധീകരിച്ചു. നോവൽരൂപത്തിൽ മലയാളത്തിലുണ്ടായ പ്രഥമ കൃതി എന്ന വിശേഷണത്തോടെ അവതരിപ്പിച്ച ഫുൽമോനിയുടെയും കോരു ണയുടെയും കഥ ഇക്കൂട്ടത്തിൽ ഏറ്റം ശ്രദ്ധേയമാണ്. ഇക്കാലത്തെ ഗവേ ഷണഫലങ്ങൾ ഉൾക്കൊള്ളിച്ചു രചിച്ച ദീർഘമായ പഠനം (200 പുറം), ഡോ പി.ജെ. തോമസിന്റെ മലയാളസാഹിത്യവും ക്രിസ്ത്യാനികളും എന്ന ഗ്രന്ഥ ത്തിൽ (ഡിസിബി പതിപ്പ് 1989) 'ചർച്ചയും പൂരണവും' എന്ന പേരിൽ അനു ബന്ധമായി ചേർത്തിട്ടുണ്ട്.

കേരളപഠനത്തെക്കുറിച്ചു കേരളത്തിനു പുറത്തുനടന്ന ഏറ്റവും വലി യ അക്കാദമിക് സംരംഭമായിരുന്നു 1993ൽ ജർമനിയിലെ സ്റ്റുട്ട്ഗാർട്ടിൽ നടന്ന കേരളപഠനസമ്മേളനം. കേരളത്തിൽനിന്നു നൂറോളം പ്രമുഖർ പങ്കെടുത്ത ഈ അക്കാദമിക് സമ്മേളനത്തിന്റെ മുഖ്യസംഘാടകൻ ഡോ.സ്കറിയാ സക്കറിയ ആയിരുന്നു.

ഗുണ്ടർട്ടിന്റെ കൊച്ചുമകനും നോബൽ സമ്മാനജേതാവുമായ ഹെർമൻ ഹെസ്സേയുടെ ജന്മശതാബ്ദി പ്രമാണിച്ച് അദ്ദേഹത്തിന്റെ ജന്മന ഗരമായ കാൽവിലും ബർലിനിലും തലശ്ശേരിയിലും നടന്ന (2002) അക്കാദ മിക് സമ്മേളനങ്ങളിൽ മുഖ്യപ്രഭാഷകനായിരുന്നു. ഹെസ്സേയുടെ രചന കൾ സമകാലിക കേരളത്തിന്റെ ആശയാവലികൾ ഉപയോഗിച്ച് പുനർപാ രായണം നടത്തുന്നവയായിരുന്നു ഈ പ്രഭാഷണങ്ങൾ. ഈ പ്രഭാഷണ ങ്ങൾ ഇംഗ്ലീഷിലും ജർമനിലും കാൽവ് നഗരസഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സംസ്കൃത സർവകലാശാലയിൽ സംസ്കാരപഠനവിഭാഗത്തിന്റെ ചുമതല ലഭിച്ചതോടുകൂടി (1997) ആ രംഗത്തു പഠനഗവേഷണങ്ങൾ തുട ങ്ങി. ഡോ.എൻ.പി. ഉണ്ണി, ഡോ.എൻ.വി.പി. ഉണിത്തിരി, ഡോ. കെ.ജി. പൗലോസ്, പി. ഗോവിന്ദപിള്ള ഊർജസ്വലരായ യുവസഹപ്രവർത്തകർ എന്നിവരുടെ സഹകരണത്തിൽ ഈ വഴിക്കു മുന്നോട്ടുപോയി.

www.malankaralibrary.com

1999 മുതൽ ജൂതരുടെ മലയാളം പെൺപാട്ടുകളെക്കുറിച്ചുള്ള ഒരു അന്തർദ്ദേശീയ ഗവേഷണപദ്ധതിക്കു നേതൃത്വം നൽകുന്നു. ഇസ്രായേലിലെ ഹീബ്രു സർവകലാശാലയിൽ ബെൻസ്വി ഇൻസ്റ്റിറ്റ്യൂട്ടിൽ (Ben Zvi Institure) അമേരിക്കൻ നരവംശാസ്ത്രജ്ഞനായ ഡോ. ബാർബറാ ജോൺസൺ, ഹീബ്രു സർവകലാശാലയിലെ ഭാരതീയപഠനവകുപ്പദ്ധ്യക്ഷൻ ഡോ.ഡേവിഡ് ഷൂൽമാൻ. അതേ സർവകലാശാലയിലെ ഗവേഷക ഒഫീറ ഗംലിയേൽ, അതേ സർവകലാശാലയിലെ വംശീവകുപ്പദ്ധ്യക്ഷൻ ഡോ. എഡ്വവിൻ സെറൂസി എന്നിവരുടെ പങ്കാളിത്തത്തോടെ ജൂതരുടെ ഇരുന്നൂറോളം പെൺപാട്ടുകൾ വിശകലനം ചെയ്തു പഠിക്കുന്നു. ഇതിന്റെ ഭാഗമായി ഇരുപതോളം കൈയെഴുത്തുഗ്രന്ഥങ്ങളും പല ശബ്ദലേഖനങ്ങളും ഉപയോഗിച്ച് അമ്പതോളം പാട്ടുകൾ പ്രസിദ്ധീകരണത്തിനു തയ്യാറാക്കി. ഇവ ഹീബ്രു, ജർമൻ, ഇംഗ്ലീഷ് ഭാഷകളിലേക്കു തർജമ ചെയ്തു. ജർമൻ തർജമയിൽ മുഖ്യസഹകാരി ജർമൻ ഇൻഡോളജിസ്റ്റായ ആൽബ്രഷ്ട് ഫ്രൻസാണ്. ഈ ഗ്രന്ഥം 2003 ൽ ജർമനിയിൽ പ്രസിദ്ധീകരിച്ചു. ഇംഗ്ലീഷ് തർജമയും പാട്ടുകളുടെ സി.ഡി.യും ജറുസലേമിൽ ഇസ്രായേലിലെ നാഷണൽ മ്യൂസിക് ആർക്കൈവ്സ് 2005 ജനുവരിയിൽ പ്രസിദ്ധീകരിച്ചു. മലയാളമൂലവും ഹീബ്രു തർജമയും വ്യാഖ്യാനവും നാനൂറോളം പുറങ്ങളുള്ള ഒറ്റവാല്യമായി 2005 ജനുവരിയിൽ ജറുസലേമിൽ പ്രസിദ്ധീകരിച്ചു. ജൂതപ്പാട്ടുകളെക്കുറിച്ചു 2002 ൽ ഓക്സ്ഫോർഡ് സർവകലാശാലയിൽ നടന്ന സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധം അമേരിക്കയിലെ ഫ്ളോറിഡ സർവകലാശാല പ്രസിദ്ധീകരിക്കുന്ന ഇൻഡോ-ജൂഡായിക് ജേർണിലിൽ അച്ചടിച്ചുവന്നിട്ടുണ്ട്. ഇസ്രായേലിൽ നടന്ന വിവിധ പഠനസമ്മേളനങ്ങളിലും കേരളത്തിൽനിന്നു കുടിയേറിയ ജൂതരുടെ യോഗങ്ങളിലും പങ്കെടുത്തു. ജൂതരുടെ സഹകരണത്തിന് ജൂതരുടെ മാർഗ്ഗദർശനത്തിൽ ഇസ്രായേലിൽ പലവട്ടം പഠനയാത്രകൾ നടത്തി.

ഗവേഷണത്തിനും ഗവേഷണപ്രസിദ്ധീകരണത്തിലും ഇരുപത്തഞ്ചോളം യുവഗവേഷകരുമായി സഹകരിച്ചിട്ടുണ്ട്. മുതിർന്ന പണ്ഡിതന്മാരും യുവഗവേഷകരുമായുള്ള സംവാദം ഊർജ്ജിതപ്പെടുത്താൻ 1995 ൽ ഡോ. എം.വി. പൈലി അദ്ധ്യക്ഷനായി ആരംഭിച്ച 'താരതമ്യപഠനസംഘ'ത്തിന്റെ സ്ഥാപകസെക്രട്ടറിയാണ്. താപസം എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന സംഘത്തിന്റെ വാർഷികസമ്മേളനങ്ങൾ അന്തർ വിജ്ഞാനീയപരമായ സമകാലിക ഗവേഷണരീതിശാസ്ത്രം പ്രചരിപ്പിക്കാൻ ശ്രമിക്കുന്നു. സംഘത്തിന്റെ 500 വർഷത്തെ കേരളം എന്ന ഗ്രന്ഥം ഇത്തരം ലേഖനങ്ങളുടെ സമാഹാരമാണ്. അത് ഇപ്പോൾ മൂന്നാം പതിപ്പിൽ എത്തിയിരിക്കുന്നു. സംഘത്തിന്റെ പത്താംവാർഷികത്തോടനുബന്ധിച്ച് 'താപസം' എന്ന പേരിൽ ഒരു ത്രൈമാസിക മലയാളം - ഇംഗ്ലീഷ് ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നു. അതിന്റെ എഡിറ്ററാണ് ഡോ.സ്കറിയാ.

www.malankaralibrary.com

അമേരിക്കയിലെ ടെക്സാസ് സർവകലാശാലയിൽ പ്രഫസർ റോഡ്നി മോഗിന്റെ ക്ഷണമനുസരിച്ചു മലയാളപാഠപദ്ധതി നവീകരണത്തിൽ പങ്കാളിയായി. അവിടെ സമകാലിക മലയാളസാഹിത്യത്തെക്കുറിച്ചു പ്രബന്ധം അവതരിപ്പിച്ചു. ഓക്സ്ഫോർഡ് സർവകലാശാലയിൽ ജൂതരുടെ നാടോടിസാഹിത്യമായിരുന്നു പ്രഭാഷണവിഷയം. ജർമനിയിലെ ട്യൂബിങ്ങൻ, ഹൈഡൽബർഗ് എന്നീ സർവകലാശാലകളിലും കാൽവിലെ പുതിയ സർവകലാശാലയിലും സ്വിറ്റ്സർലണ്ടിലെ ബാസൽ സർവകലാശാലയിലും ക്ഷണമനുസരിച്ചു പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഹീബ്രു സർവകലാശാലയിൽ കേരളീയജീവിതം, ജൂതരുടെ മലയാള പാരമ്പര്യങ്ങൾ എന്നിവയായിരുന്നു പ്രഭാഷണ വിഷയങ്ങൾ. ബർലിനിലെ അന്തർദ്ദേശീയ കൾച്ചറൽ സെന്ററിൽ ഹെസ്സേയുടെ കൃതികൾ മുൻനിർത്തി തർജമപഠനത്തെക്കുറിച്ചു പ്രസംഗിച്ചു. ഇന്ത്യയിൽ ഡൽഹി, മദിരാശി എന്നീ സർവകലാശാലകളിൽ പല സെമിനാറുകളിലും കേരളസംസ്കാരസംബന്ധമായ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കോഴിക്കോട്, കേരള, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകളിൽ കേന്ദ്രസാഹിത്യ അക്കാദമി, മലയാളം-ഇംഗ്ലീഷ്-ഭാഷാശാസ്ത്രം - സംസ്കൃതം- വകുപ്പുകൾ വിവിധ അക്കാദമിക് സ്റ്റാഫ് കോളേജുകൾ തുടങ്ങിയവർ സംഘടിപ്പിച്ച സെമിനാറുകളിലും റിഫ്രഷർ കോഴ്സുകളിലും വിവിധ വിഷയങ്ങളെക്കുറിച്ചു പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. നൂറോളം അക്കാദമിക് പ്രബന്ധങ്ങൾ മിനുക്കുപണികൾക്കുവേണ്ടി മാറ്റി വച്ചിരിക്കുകയാണ്.

താരതമ്യപഠനസംഘം (Association for Comparative Studies) പ്രസിദ്ധീകരിക്കുന്ന താപസം/ (TAPASAM) എന്ന ത്രൈമാസികത്തിന്റെ എഡിറ്റർ. ഇന്റർനാഷനൽ ജേർണൽ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സിന്റെ ഡെപ്യൂട്ടി എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

1985-90 ഘട്ടത്തിൽ ഡി.സി.ബുക്സിന്റെ ഓരോ വർഷത്തെയും ചെറുകഥാസമാഹാരം എഡിറ്റുചെയ്ത് ആമുഖപഠനത്തോടുകൂടി പ്രസിദ്ധീകരിച്ചിരുന്നു. ഭാഷാപോഷിണി, മാതൃഭൂമി, സാഹിത്യലോകം, ദീപിക, ദേശാഭിമാനി, വർത്തമാനം തുടങ്ങിയവയിൽ പല ലേഖനങ്ങളും പ്രസിദ്ധീകരിച്ചു. 1983-ൽ ഓശാന പ്രസിദ്ധീകരിച്ച മലയാളം ബൈബിളിന്റെ ഭാഷാ എഡിറ്റർ എന്ന നിലയിൽ നാലുവർഷത്തോളം എൻ.വി.കൃഷ്ണവാരിയരുമായി സഹകരിച്ചു പ്രവർത്തിച്ചു. ബൈബിളിന്റെ വിവിധ പരിഭാഷകൾ, വ്യാഖ്യാനങ്ങൾ, വിവർത്തനത്തിന്റെ ചരിത്രം, സിദ്ധാന്തങ്ങൾ എന്നിവയെല്ലാം വിശദമായി പഠിക്കാൻ ഇക്കാലത്ത് അവസരമുണ്ടായി.

എസ്.ബി. കോളജിൽ നാഷണൽ സർവീസ് സ്കീമിന്റെ പ്രഥമ പ്രോഗ്രാം ഓഫീസറായിരുന്നു.

കേരളസർവകലാശാലയിൽ 1972-ൽ ആദ്യമായി ഇന്റർ കൊളേജിയറ്റ് നാഷണൽ സർവീസ് ക്യാമ്പ് സംഘടപ്പിച്ചു. നൂറ്റമ്പതോളം വിദ്യാർത്ഥി

www.malankaralibrary.com


കളെ പങ്കെടുപ്പിച്ച് ഹൈറേഞ്ചിലെ ഉപ്പുതറയിലും മന്തിപ്പാറയിലും നടത്തിയ നാഷണൽ സർവീസ് ക്യാമ്പുകളിലൂടെ പണി പൂർത്തിയായ റോഡുകൾ ഇപ്പോൾ ടാറിട്ട പബ്ലിക് റോഡുകളായി മാറിയിരിക്കുന്നു.

ചങ്ങനാശ്ശേരി അതിരൂപതയുടെ പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ അല്മായ സെക്രട്ടറി എന്ന നിലയിലും പ്രവർത്തിച്ചിട്ടുണ്ട്. അന്നത്തെ പാസ്റ്ററൽ കൗൺസിലിൽ അതിരൂപതയുടെ മുഴുവൻ കണക്കുകളും അവതരിപ്പിച്ചു. ഒരു വർഷം വാർഷികബജറ്റ് തയ്യാറാക്കി. ആർച്ചുബിഷപ്പ് ആന്റണി പടിയറ, മോൺസിഞ്ഞോർ ജോസഫ് കരിമ്പാലിൽ എന്നിവരുടെ സാഹസികതീരുമാനം സഭാചരിത്രത്തിൽ ഒരു അവിസ്മരണീയ സംഭവമാണ്. എസ്.ബി. കോളജ് മാനേജിംഗ് ബോർഡംഗം, ചങ്ങനാശ്ശേരി ക്ലബ് വൈസ്പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു.

1968-ൽ കേരള സർവ്വകലാശാലയിൽനിന്ന് സചിവോത്തമ ഷഷ്ട്യബ്ദപൂർത്തി ഗോൾഡ് മെഡൽ നേടി. 1990-ൽ ഐയാഷേ (AIACHE) യുടെ മികച്ച കോളേജധ്യാപകനുള്ള അവാർഡ് എന്നിവ ലഭിച്ചു. പ്രാദേശികചരിത്രരചനയിൽ മാർഗ്ഗദർശകം എന്നു വിശേഷിപ്പിക്കാവുന്ന 'ചങ്ങനാശേരി 99' എന്ന ഗ്രന്ഥത്തിന്റെ (400 പുറം) കർത്താവാണ്. രേഖകളും വാമൊഴിയും ഉപയോഗിച്ച് രചിച്ച ഈ നാട്ടു ചരിത്രം വിദേശമലയാളി സംഘടനകളുടെ അവാർഡ് നേടി. 2004-ൽ മികച്ച സർവ്വകലാശാലാ മലയാള അദ്ധ്യാപകനുള്ള പ്രഥമ പ്രഫസർ പി.കെ.ബി. അവാർഡും 2005-ൽ ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സ് അസോസിയേഷന്റെ വാർഷികസമ്മേളനത്തിൽ മികച്ച ദ്രാവിഡ ഭാഷാ ഗവേഷണഗ്രന്ഥത്തിനുള്ള യശോറാം അവാർഡും ലഭിച്ചു.

ചേർപ്പുങ്കൽ കദലിക്കാട്ടിൽ കുടുംബാംഗമായ മേരിക്കുട്ടിയാണ് ഭാര്യ. മേരിക്കുട്ടി സിൻഡിക്കേറ്റ് ബാങ്കിൽ ഉദ്യോഗസ്ഥയായിരുന്നു.
വിലാസം: ഡോ. സ്കറിയ സഖറിയ, കരിക്കമ്പള്ളി - പെരുന്ന 686102.

# 361



# റവ. ഡോ. മാത്യു ഏർത്തയിൽ എസ്. ജെ.

ദേശീയ-അന്തർദേശീയ തലങ്ങളിൽ സാമൂഹ്യരംഗത്ത് ഗവേഷണങ്ങളും പരിശീലനങ്ങളും നടത്തുന്ന ബാംഗ്ലൂരിലെ പ്രശസ്തമായ ഇൻഡ്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറാണ് റവ. ഡോ. മാത്യു ഏർത്തയിൽ എസ്. ജെ. അതിനു മുൻപ് മൂന്ന് വർഷം ഈ സ്ഥാപനത്തിന്റെ ട്രെയി

www.malankaralibrary.com

നിംഗ് കോ- ഓർഡിനേറ്ററും, ജസ്വീറ്റ് ഹൗസ് സുപ്പീരിയറുമായി സേവനമനുഷ്ടിച്ചിരുന്നു. സൗത്ത് ഇൻഡ്യയിലും കേരളത്തിന്റെതന്നെ വിവിധ ഭാഗങ്ങളിലും നടത്തപ്പെടുന്ന വിവിധ സെമിനാർ ക്ലാസ്സുകൾ, വർക്ക് ഷോപ്പ്, മറ്റു നിരവധിയായ പരിശീലന പരിപാടികൾ എന്നിവക്കും നേതൃത്വം നൽകുന്നു. സാമൂഹിക പ്രവർത്തകൻ, അദ്ധ്യാപകൻ, കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ എക്സിക്യൂട്ടീവ് മെമ്പർ, പ്രഭാഷകൻ, ഗ്രന്ഥകാരൻ, ഗവേഷകൻ എന്നീ നിലകളിലും ഫാ. മാത്യു ഏർത്തയിൽ ശ്രദ്ധേയനാണ്. കേരളത്തിലെ തീരദേശ-ഉൾനാടൻ മത്സ്യതൊഴിലാളികളും, മത്സ്യതൊഴിലാളി പ്രസ്ഥാനങ്ങളുമായി ഏകദേശം ഇരുപത്തിയഞ്ചു വർഷത്തെ സേവന ചരിത്രമാണ് അച്ചനുള്ളത്. മത്സ്യ തൊഴിലാളികൾ, അധഃസ്ഥിതരായ ദളിതർ, ആദിവാസികൾ തുടങ്ങിയ സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങളും, ബോധവൽക്കരണ പരിശീലന പരിപാടികളുമാണ് ഈ സാമൂഹ്യ പരിഷ് കർത്താവിന്റെ ജീവിത ലക്ഷ്യം എന്ന് തന്നെ പറയാം. കേന്ദ്ര സംസ്ഥാന സർക്കാർ, വിവിധ സന്നദ്ധ സംഘടനകൾ, യൂണിവേഴ്സിറ്റികൾ, ദേശീയ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയെല്ലാം ഏകോപിച്ച് കൊണ്ടാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

1985-ൽ മൺസൂൺക്കാലത്തെ യന്ത്രവൽകൃത ട്രോളിംഗ് നിരോധനം ഏർപ്പെടുത്തണം എന്ന് ആവശ്യപ്പെട്ട് കൊണ്ട് ആലപ്പുഴ കളക്ട്രേറ്റു പടിക്കൽ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹമനുഷ്ഠിച്ച ഈ പുരോഹിതനെ പത്താം ദിവസം പോലീസ് അറസ്റ്റ് ചെയ്ത് ആശുപത്രിയിലാക്കിയ സംഭവം മാധ്യമങ്ങളിലും ദേശീയ തലത്തിലും ചർച്ചചെയ്യപ്പെട്ടു. മത്സ്യതൊഴിലാളികളുടെ നീതിക്കും സമഗ്രപുരോഗതിക്കും വേണ്ടിയുള്ള പ്രക്ഷോഭണം അല്ലെങ്കിൽ, സമരം എന്ന വാക്കിന് ബോധവൽക്കരണം, പഠനം, പരിശീലനം, ശാസ്ത്രീയ വിജ്ഞാന വ്യാപനം എന്നീ അർത്ഥതലങ്ങൾക്കൂടി സമൂഹത്തിൽ വ്യാപകമായി അച്ചൻ പ്രചരിപ്പിച്ചു. വമ്പിച്ച ജനപിന്തുണയോടെയും സമുദായ സാമൂഹ്യ-സാംസ്കാരിക സംഘടനാനേതാക്കളുടേയും, ഭാരത്തിലെ മത മേലദ്ധ്യക്ഷൻമാരുടേയും വിവിധ സന്യാസിനി-സന്യാസിമാരുടേയും പിന്തുണയോടെ സംസ്ഥാന ദേശീയ തലങ്ങളിൽ നടത്തപ്പെട്ട മത്സ്യതൊഴിലാളി പ്രക്ഷോഭങ്ങളുടെ പരമ്പര പത്തു വർഷത്തിലധികം നീണ്ടുനിന്നു. ഈ കാലയളവിൽ നടന്ന പിക്കറ്റിംഗുകളിലും സത്യാഗ്രഹ സമരങ്ങളിലും പങ്കെടുത്ത് നിരവധി തവണ അറസ്റ്റ് വരിക്കുകയുണ്ടായി. ഇതിന്റെ ഫലമായി നിയമസഭ പാസ്സാക്കിയ മത്സ്യതൊഴിലാളി ക്ഷേമ നിധി ബില്ലിലൂടെ, കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, ശാരീരിക വൈകല്യമുള്ളവർക്ക് തൊഴിലവസരങ്ങൾ, വിവാഹം, മരണം തുടങ്ങിയ അടിയന്തരാവശ്യങ്ങൾക്ക് വായ്പ, ജോലി ചെയ്യാനാവത്തവർക്ക് സാമ്പത്തിക സഹായം തുടങ്ങി നിരവധി ആനുകൂല്യങ്ങൾ നേടിയെടുത്തു. മൺസൂൺ കാല ട്രോളിംഗ് നിരോ

www.malankaralibrary.com

ധനമാണ് ഏറ്റവും പ്രധാനപ്പെട്ട നേട്ടമായത്.

തിരയടങ്ങാത്ത കടലിന്റെ മാറിൽ കട്ടമരങ്ങളും, കൊച്ചു വള്ളങ്ങളും കൊണ്ടു മാത്രം അന്നത്തെ അപ്പംമാത്രം കണ്ടെത്താൻ വിധിക്കപ്പെട്ട പരമ്പരാഗത മത്സ്യ തൊഴിലാളികളായ മുക്കുവരുടെ ജീവിത രീതികളും, ദുരിതങ്ങളും, പട്ടിണിയും നേരിൽ കണ്ട് പഠിച്ച ഫാ. മാത്യു തന്റെ പ്രവർത്തനങ്ങളെയെല്ലാം ഒരു ദൈവ നിയോഗമായി കാണുന്നു. കോഴിക്കോട് ക്രൈസ്റ്റ് ഹാളിൽ ഈശോ സഭാംഗമായി ചേർന്ന അവസരമായിരുന്നു അത്. അതുപോലെ തന്നെ കേരളത്തിലെ ദളിത്-ആദിവാസി വിഭാഗങ്ങൾക്കു വേണ്ടിയും ശാസ്ത്രീയ പഠന-പരിശീലനവേദികളും ധാരാളമായി ഫാ. മാത്യു നടത്തിവരുന്നു. കഴിഞ്ഞ ഓരോ വർഷങ്ങളിലേയും ഇൻഡ്യൻ സോഷ്യൽ ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ പ്രോഗ്രാം കലണ്ടർ പരിശോധിക്കുമ്പോഴാണ് ബൃഹത്തായ ഈ പദ്ധതികളെ കുറിച്ച് മനസ്സിലാകുന്നത്. Effect of Globalisation on the Tribals in Kerala എന്ന വിഷയത്തെ സംബന്ധിച്ച് ഗവേഷണ പഠനവും പൂർത്തിയാക്കി വരുന്നു. കേരള മത്സ്യ തൊഴിലാളികളുടെ ബൈബിൾ എന്നും മാഗ്നാ കാർട്ടാ എന്നും വിശേഷിക്കപ്പെടുന്ന Fish workers movement in Kerala എന്ന ഗവേഷണ പഠനത്തിലൂടെ പൂന യൂണിവേഴ്സിറ്റിയിൽ നിന്നും മാത്യു അച്ചൻ ഡോക്ടറേറ്റ് നേടി. ഈ വിശിഷ്ട ഗ്രന്ഥം ഡൽഹിയിൽ നിന്നും ഇംഗ്ലീഷിലും, കേരളത്തിലെ മത്സ്യ തൊഴിലാളി പ്രസ്ഥാനം- സാമൂഹിക ശാസ്ത്രപരമായ ഒരു വിശകലനം എന്ന പേരിൽ ഡി. സി ബുക്സ് മലയാളത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1947 ജൂലൈ 25ന് കാഞ്ഞിരപ്പള്ളിയിലെ ഏർത്തയിൽ കുടുംബത്തിൽ അപ്രേച്ചൻ - അന്നമ്മ ദമ്പതികളുടെ ഏഴാമത്തെ മകനായി ജനിച്ചു. ഹൈസ്കൂൾ വിദ്യഭ്യാസത്തിനു ശേഷം 1963-ൽ ഈശോ സഭയിൽ ചേർന്നു. 1971-ൽ കോഴിക്കോട് സെന്റ് ജോസഫ് കോളേജിൽ നിന്നും ബി. എ ഡിഗ്രിയും, കൊടൈക്കനാലിലെ ഷെമ്പകന്നൂരിൽ നിന്നും ഫിലോസഫിയിലും തിയോളജിയിലും ബിരുദവും നേടി. 1976-ൽ ബോംബെ സെന്റ് സേവ്യേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ബി. എഡ്ഡ് പാസ്സായി. 1992-ൽ കേരള യൂണിവേഴ്സിറ്റിയിൽ നിന്നും എം. എ ഡിഗ്രിയും 1993-ൽ ബോംബെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ നിന്നും Research Methedology-യിലും പഠനം പൂർത്തിയാക്കി. 1997-ൽ പൂന യൂണിവേഴ്സിറ്റിയിൽ നിന്നും P.hd ബിരുദവും നേടി.

1975-ൽ കാഞ്ഞിരപള്ളി ആർച്ച് ബിഷപ്പ് കാവുകാട്ടു ജൂബിലി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിലും 1977-ൽ തിരുവന്തപുരം ലയോള പബ്ലിക്ക് സ്കൂളിലും അദ്ധ്യാപകനായിരുന്നു. 1979-ൽ കണ്ണൂരിലുള്ള മാട്ടൂൾ ഇടവക വികാരിയായും സേവനമനുഷ്ഠിച്ചു. 1980-1985-ൽ Beach Blossom Project ന്റെ ഡയറക്ടറും കോഴിക്കോട് എസ്. ആർ. സി യുടെ അസോസിയേറ്റ് ഡയറക്ടറും ആയി നിയമിതനായി. തീരദേശ മത്സ്യ തൊഴിലാളികൾക്ക്

www.malankaralibrary.com

സാക്ഷരതയും സമ്പാദ്യ ശീലവും, തൊഴിൽ പരിശീലനങ്ങൾ തുടങ്ങിയുള്ള നിരവധി പദ്ധതികൾ ഇക്കാലത്ത് നടപ്പിലാക്കി. മരയ്ക്കാൻമാർ, മുക്കുവൻമാർ എന്നറിയപ്പെട്ടിരുന്നവരെ മത്സ്യ തൊഴിലാളികൾ എന്ന് അഭിമാനത്തോടെ അറിയപ്പെടാനും, അവരുടെ അവകാശങ്ങളേയും കടമകളേയും കുറിച്ച് പരിശീലിപ്പിക്കുവാനും ഈ സേവന രംഗം സാദ്ധ്യമാക്കി. 1986 മുതൽ 1992 വരെ കോഴിക്കോട് സോഷ്യോ- റിലീജിയസ് സെന്ററിന്റെ (S.R.C) ഡയറക്ടറായി സേവനം അനുഷ്ഠിച്ചു. 1995-1998 -ൽ തിരുവന്തപുരം ബിഷപ്പ് സൂറെസ്യ തിരുമേനിയുടെ പ്രത്യേക ക്ഷണ പ്രകാരം മത്സ്യ തൊഴിലാളികൾ ഏറ്റവുമധികം വസിക്കുന്ന ഇടവകളിലൊന്നായ അഞ്ചു തെങ്ങ് ഫൊറോനാ പള്ളിയുടെ വികാരിയായും സേവനമനുഷ്ഠിച്ചു. ഇടവകക്ക് സമഗ്രമായ ഒരു നവോത്ഥാനത്തിന്റെ കാലഘട്ടമായിരുന്നു അത്. മൂന്ന് വർഷത്തെ സേവനത്തിനു ശേഷം 1998-ൽ ബാംഗ്ലൂരിൽ I.S.I-യിൽ നിയമിതനായി.

ഈശോ സഭാ നേതൃത്വത്തിൽ നിന്നും ഏൽപ്പിക്കപെട്ടിരുന്ന ഏത് ഉത്തരവാദിത്വങ്ങളും വളരെ പെട്ടെന്നും ചിട്ടയായും, കൃത്യമായും, ആർക്കും പരാതി ഇല്ലാതെയും ചെയ്ത് തീർക്കുന്ന പ്രവർത്തന ശൈലിയാണ് മാത്യു അച്ചനുള്ളത്. ഏത് പ്രശ്നങ്ങളേയും ശാസ്ത്രീയമായ വിശകലനങ്ങളിലൂടെയും, പ്രായോഗികമായ നടപടികളിലൂടെയും, വസ്തുനിഷ്ഠമായി പഠിച്ചും രാപകൽ അദ്ധ്വാനിച്ചും നിരന്തരം പ്രവർത്തന നിരതനായ ഒരു മാതൃകാ വൈദികനെയാണ് മാത്യു അച്ചനിൽ നാം കാണുന്നത്. പ്രത്യേകിച്ചും സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളോടുള്ള മനോഭാവം അച്ചനെ ഏവർക്കും പ്രിയങ്കരനാക്കുന്നു.സുനാമി ദുരന്തത്തിൽ പെട്ടവരെ സഹായിക്കുവാനും വളരെയധികം കഠിനാദ്ധ്വാനം ചെയ്യുകയുണ്ടായി.


മലയാളത്തിലും, ഇംഗ്ലീഷിലും മികച്ച പ്രഭാഷകനും, എഴുത്തുകാരനുമായ മാത്യു അച്ചന്റെ വിവിധ വിഷയങ്ങളെ കുറിച്ചുള്ള ഈടുറ്റ ലേഖനങ്ങളും പ്രബന്ധങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടത് ദേശീയ തലങ്ങളിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. മത്സ്യതൊഴിലാളി-ആദിവാസി-ദളിത്- സംഘടനകളുടെ മൂന്ന് ദിവസം നീണ്ടുനിന്ന നേതൃസംഗമവും സെമിനാറും നവംബർ 10-11-12 തിയതികളിൽ എറണാകുളത്ത് വെച്ച് അച്ചന്റെ നേതൃത്വത്തിൽ വിജയകരമായി സംഘടിപ്പിക്കപ്പെട്ടത് ഇദംപ്രദമമായ ഒരു സംരഭമായിരുന്നു.

സംഭവബഹുലമായ ശുശ്രൂഷാ പൗരോഹിത്യത്തിൽ 25 വർഷങ്ങൾ പൂർത്തിയാക്കിയ മാത്യു അച്ചന്റെ പ്രവർത്തനങ്ങൾ സഭയുടെ സാമൂഹ്യ പ്രവർത്തന രംഗത്ത് ഏറെ വിലപ്പെട്ടതാണ്.

വിലാസം - റവ: ഡോ. മാത്യു ഏർത്തയിൽ എസ്സ്.ജെ,<br>
ഡയറക്ടർ, ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട്<br>
ബാംഗ്ലൂർ.

www.malankaralibrary.com

# 362



# ഫ്രാൻസിസ് തങ്കശ്ശേരി

ഗ്രന്ഥകാരനും വിവിധ ഭാഷാ പണ്ഡിതനും പത്ര പ്രവർത്തകനുമായ ഫ്രാൻസിസ് തങ്കശ്ശേരി (പൂർണ്ണനാമം ഫ്രാൻസിസ് ജോസഫ് ഫെർണാണ്ടസ്) 1947 ഒക്ടോബർ 14-ന് തങ്കശ്ശേരിയിൽ മാമുപറമ്പിൽ ജോസഫിന്റേയും ആനിയമ്മയുടേയും നാലാമത്തെ മകനായി ജനിച്ചു. ഐറിഷ് ക്രിസ്ത്യൻ ബ്രദേഴ്സ് പ്രശസ്തമായ രീതിയിൽ നടത്തിയിരുന്ന സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ നിന്നും എസ്. എസ്. എൽ. സി പാസ്സായതിനുശേഷം അന്ന് നടപ്പിലുണ്ടായിരുന്ന രീതിയിൽ ഹയർടൈപ്പ്റൈറ്റിംഗ്, ഷോർട്ട് ഹാന്റ് തുടങ്ങിയ പരീക്ഷകൾ പാസ്സായി. തുടർന്ന് ഉദ്യോഗം തേടി ബോംബെയിൽ എത്തി. ഒരടുത്ത ബന്ധുവായ ഏഞ്ചൽ റോച്ചിന്റെ സംരക്ഷണയിൽ ഒരു വർഷത്തോളം കല്ല്യാണിൽ താമസിച്ചു. ശ്രീറാം കോട്ടൺ മിൽസ്, മെസ്സേഴ്സ് കെ. പി കപ്പാഡിയ എന്നീ കമ്പനികളിൽ ഏതാനും നാൾ ജോലി നോക്കി. തുടർന്ന് പത്രപ്രവർത്തനത്തിലേക്ക് തിരിഞ്ഞ ഫ്രാൻസിസ് ഇൻഡ്യൻ എക്സ്പ്രസ്സ് പത്രത്തിൽ എഡിറ്റോറിയൽ സ്റ്റാഫായി ചേർന്നു. 10 വർഷത്തോളം ആ സേവനം തുടർന്നു.

ഇന്ത്യൻ എക്സ്പ്രസ്സ് കൊച്ചിയിൽ എഡിഷൻ ആരംഭിച്ചപ്പോൾ ഫോർട്ട് കൊച്ചിയിലെത്തി. അവിടെ ഇന്ത്യൻ എക്സ്പ്രസ്സ് എംപ്ലോയീസ് യൂണിയൻ സ്ഥാപിക്കുന്നതിന് മുൻകൈയ്യെടുത്തു. 1980-ൽ ഉണ്ടായ ലോക്കൗട്ടിനെ തുടർന്ന് ഗൾഫ് നാടുകളിൽ ജോലി തേടിപ്പോയി. പല കമ്പനികളിലും ജോലി നോക്കിയതിനുശേഷം മെസ്സേഴ്സ് ജോൺ ബ്രൗൻ എൻജിനിയറിംഗ്(സ്കോട്ട്ലാന്റ്) കമ്പനിയിൽ സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചു. രണ്ടു വർഷത്തെ ആ കമ്പനിയിലെ ജോലിയുടെ ഫലമായി നല്ല ഒരു വില്ല നിർമ്മിച്ചു. ആരോഗ്യപരമായ കാരണങ്ങളാൽ ഗൾഫിൽ നിന്ന് തിരിച്ചെത്തി കേരളടൈംസ് ദിന പത്രത്തിൽ ജോലിയിൽ പ്രവേശിച്ചു. പിന്നീട് ഡോൺ ബോസ്ക്കോ പ്രസ്സിൽ ഏതാനും നാൾ സേവനം അനുഷ്ഠിച്ചു.

വീണ്ടും അബുദാബിയിലെത്തി ഒയാസിസ് കുടിവെള്ള കമ്പനിയിൽ (National Food Products & Co) കമ്പ്യൂട്ടർ ഓപ്പറേറ്ററായി സേവനം അനുഷ്ഠിച്ചു. പിന്നീട് സൗദിയിലുള്ള RAJAB AND SILSILAH എന്ന പ്രശസ്ത കമ്പനിയിൽ സേവനം ചെയ്തു. സൗദിയിലെ പല പട്ടണങ്ങളിലും പര്യാടനം നടത്തുവാനും ഇസ്ലാം മതത്തെപ്പറ്റി കൂടുതൽ അറിയുവാനും ഈ പ്രവാസിവാസം സഹായകകരമായി. 1996-ൽ ഒരു വാഹനാപകടത്തെ തുടർന്ന് കേരളത്തിൽ തിരിച്ചെത്തി. ഇപ്പോൾ മുഴുവൻ സമയവും പോർട്ടുഗീസ്- ഡച്ച് കാലഘട്ടത്തിലെ ക്രിസ്ത്യാനികളെപ്പറ്റി പഠനം നടത്തുകയാണ്. പ്രാചീന

www.malankaralibrary.com

കേരളത്തെപ്പറ്റിയുള്ള പഠനവും സ്റ്റാമ്പ് നാണയ ശേഖരങ്ങളും വ്യത്യസ്തങ്ങളായ കുരിശുകളുടെ ശേഖരവും ആണ് ഫ്രാൻസിസിന്റെ ഹോബികൾ. പഴയ ഗ്രന്ഥങ്ങളും ശേഖരിക്കുന്നതിൽ തൽപരനാണ്. കന്യാകുമാരി മുതൽ ദില്ലി വരെയുള്ള എല്ലാ സ്ഥലങ്ങളിലും സൗദി അറേബ്യ, യു. എ. ഇ തുടങ്ങിയ സ്ഥലങ്ങളിലും ചുറ്റി സഞ്ചരിക്കാൻ സാധിച്ചിട്ടുണ്ട്.

തങ്കശ്ശേരി സി. വൈ. എം. എസ്സിന്റെ കീഴിലുള്ള ബാല സമാജം സംഘടനയുടെ സെക്രട്ടറി, വിൻസന്റ് ഡീ പോൾ സംഘടനയുടെ പ്രവർത്തകൻ, വാടി സി. വൈ. എം. എസ്സ് ലൈബ്രറിയുടെ പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പൊതുതാല്പര്യം പ്രമാണിച്ച് പല പരാതികളും കേന്ദ്രം സംസ്ഥാന ഗവർമെന്റുകൾക്ക് സമർപ്പിക്കുന്നതിൽ നിതാന്ത ജാഗ്രത പുലർത്തിപ്പോരുന്നു.

ഫ്രാൻസീസിന്റെ പ്രധാന ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ്. 1) ചരിത്ര സ്പന്ദനം, 2) ചരിത്ര സുരഭി, 3) പഴയ ഗ്രന്ഥങ്ങൾ പുതിയ തന്ത്രങ്ങൾ, 4)ചരിത്രം തിരുത്തിയ കേരളം, 5) ഗാമായും പ്രാചീന കേരളവും, 6) ഡച്ചു ശക്തിയുടെ വളർച്ചയും തകർച്ചയും എന്നിവയാണ്. സഹധർമ്മിണി മോളി റോച്ച് ആണ്.

തങ്കശ്ശേരിയിലെ പ്രശസ്തമായ മാമൂ വീട്ടിലെ ഫെർണാണ്ടസുമാരാണ് ഫ്രാൻസിസിന്റെ പൂർവ്വികർ. ഡച്ചുകാരുടെ കാലത്ത് അവർ തലപ്പണം സ്വീകരിച്ചിരുന്ന അച്ചന്മാരായിരുന്നു. 1950 വരെ തമിഴായിരുന്നു ഈ കുടുംബങ്ങളുടെ പ്രാർത്ഥനാ ഭാഷാ.

ധാരാളം തമിഴ് ഗ്രന്ഥങ്ങൾ ഭവനത്തിൽ ഉണ്ടായിരുന്നു. ഈശോസഭാക്കാർ തൃശ്ശിനാപ്പള്ളിയിൽ പ്രകാശനം ചെയ്ത പഞ്ച ഗ്രന്ഥി ഈ കുടുംബത്തിൽ ഉണ്ടായിരുന്നു.

വിലാസം - ഫ്രാൻസിസ് തങ്കശ്ശേരി, പെപ്പി ഹൗസ്, ജ്യോതിസ് നഗർ -20, കൈക്കുളങ്ങര, കൊല്ലം. 691013

# 363



# സി. ജെസ്സി മരിയ എസ്.എ.ബി.എസ്.

വിദ്യാഭ്യാസത്തെ ക്ലാസുമുറികളുടെ പരിമിതികളിൽനിന്നും മോചിപ്പിച്ച് പുതിയ മാനം കണ്ടെത്തിയ സി. ജെസി മരിയ അന്തീനാട് ഇടവക പാമ്പയ്ക്കൽ കുടുംബത്തിൽ തോമസ്-റോസമ്മ (മരങ്ങാട്ടുപള്ളി പുളിക്കൽ കുടുംബം) ദമ്പതികളുടെ മകളായി 1947 ഒക്ടോബർ 17-ന് ജനിച്ചു. അന്തീനാട് ഗവൺമെന്റ് എൽ.പി. സ്കൂൾ, കടനാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ, പാലാ സെന്റ് തോമസ്

www.malankaralibrary.com

കോളേജ് (വനിതാ വിഭാഗം) എന്നീ സ്ഥാപനങ്ങളിലായിരുന്നു വിദ്യാഭ്യാസം. ഒരു സന്യാസിനിയാകണമെന്ന ആഗ്രഹം ചെറുപ്പം മുതൽ കാത്തുസൂക്ഷിച്ച ജസ്സി മരിയ ആരാധനാസഭയുടെ പാലാ ക്രിസ്തുരാജ് പ്രോവിൻസിൽ ചേരുകയും 1966 ഏപ്രിൽ 19-ന് സഭാവസ്ത്രം സ്വീകരിച്ച് വ്രതവാഗ്ദാനം നടത്തുകയും ചെയ്തു.

1966 ജൂൺ മാസത്തിൽ മൈസൂർ സെന്റ് ഫിലോമിനാസ് കോളേജിൽ ചേർന്ന് ഇംഗ്ലീഷ് സാഹിത്യവും ഇക്കണോമിക്സും ഐഛികവിഷയങ്ങളായെടുത്ത് ബിരുദപഠനം ആരംഭിച്ചു. ഇംഗ്ലീഷിന് യൂണിവേഴ്സിറ്റിയിൽനിന്ന് ഫസ്റ്റ് റാങ്കും സ്വർണ്ണമെഡലും ഇക്കണോമിക്സിന് ഫാ.തോമസ് മെമ്മോറിയൽ സ്വർണ്ണമെഡലും നേടിക്കൊണ്ടാണ് 1969-ൽ സിസ്റ്റർ ബിരുദപഠനം പൂർത്തിയാക്കിയത്. തുടർന്ന് മൈസൂർ യൂണിവേഴ്സിറ്റിയിലെ ബിരുദാനന്തര ഗവേഷണവിഭാഗമായ മാനസ ഗംഗോത്രിയിൽനിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ഉയർന്ന റാങ്കോടെ എം.എ. ബിരുദം നേടി.

1972-73 കാലഘട്ടത്തിൽ പാലാ അൽഫോൻസാ കോളേജിൽ അദ്ധ്യാപികയായി ജോലി ആരംഭിച്ച സിസ്റ്ററിന് തന്റെ ഇഷ്ടവിഷയത്തിലുള്ള ആഴമായ പരിജ്ഞാനം കൊണ്ടും അദ്ധ്യാപനകലയിലുള്ള പ്രാവീണ്യംകൊണ്ടും വിദ്യാർത്ഥികളുടെ സ്നേഹബഹുമാനങ്ങൾ ആർജിച്ചെടുക്കുവാൻ ചുരുങ്ങിയകാലംകൊണ്ടു സാധിച്ചു. 1973-74 ൽ പാലാരിവട്ടത്തുള്ള പി.ഒ.സി.യിൽ ഒരു വർഷത്തെ ദൈവശാസ്ത്രമതബോധന കേന്ദ്രത്തിൽ അദ്ധ്യാപനപരിശീലനസംബന്ധമായ കാര്യങ്ങളിൽ സഹായിക്കുകയും മതദർശനമാസികയുടെ എഡിറ്റോറിയൽ ബോർഡ്അംഗമായി പ്രവർത്തിക്കുകയും ചെയ്തു. 1974 മുതൽ വീണ്ടും അൽഫോൻസാ കോളേജിൽ അദ്ധ്യാപികയായി ജോലി തുടർന്നു. 1979-81 കാലയളവിൽ ഉപരിപഠനത്തിനായി ഹൈദ്രാബാദിലുള്ള Central Institute of English & Foreign Languages എന്ന സ്ഥാപനത്തിൽ ചേരുകയും ഒരു വർഷത്തിനുശേഷം തുടർന്നുള്ള പഠനത്തിന് എം.ലിറ്റ് ഡിഗ്രി ഇവയും പ്രശസ്തമായ രീതിയിൽ നേടുകയും ചെയ്തു. തന്റെ വിദ്യാർത്ഥിനികളുടെ കഴിവുകളും സിദ്ധികളും കണ്ടറിഞ്ഞ് പഠന-പാഠ്യേതര രംഗങ്ങളിൽ അവരെ പ്രോത്സാഹിപ്പിക്കുകയും അനുയോജ്യമായ പ്രവർത്തനമണ്ഡങ്ങളിലേക്ക് അവരെ നയിക്കുകയും ചെയ്തുകൊണ്ട് അദ്ധ്യാപക ജോലിയുടെ മഹത്വത്തെയും സാദ്ധ്യതകളെയും സ്വന്തം ജീവിതത്തിലൂടെ അനുഭവിച്ചറിഞ്ഞ ഒരു ഗുരുവാണ് സിസ്റ്റർ. ഇംഗ്ലീഷ് ഭാഷാപഠനം ഒരു ബുദ്ധിമുട്ടായി അനുഭവപ്പെട്ടിരുന്ന ധാരാളം കുട്ടികൾ സിസ്റ്ററിന്റെ ക്ലാസ്സുകളെ ഇന്നും നന്ദിയോടെയാണ് സ്മരിക്കുന്നത്. സാഹിത്യപ്രേമികളായ വിദ്യാർത്ഥിനികൾക്ക് സിസ്റ്ററിന്റെ ക്ലാസ്സുകൾ ഒരേസമയം വിജ്ഞാനപ്രദവും ഭാവിയിലെ അവരുടെ ഉപരിപഠനങ്ങൾക്ക് നല്ലൊരു അടിത്തറയുമായിരുന്നു. മൈസൂർ സെന്റ് ഫിലോമിനാസിലെയും മാനസ ഗംഗോത്രിയിലെയും പ്രഗത്ഭരായ പല അദ്ധ്യാപകരുടെയും ശിഷ്യയായിരിക്കാൻ സാധിച്ചത് ഒരു വലിയ ഭാഗ്യ

www.malankaralibrary.com

മായി സിസ്റ്റർ കരുതുന്നു. ഫ്രഞ്ചുകാരനും സെന്റ് ഫിലോമിനാസിന്റെ പ്രിൻസിപ്പലും ഇംഗ്ലീഷ് പ്രൊഫസറും ആയിരുന്നു റവ.ഫാ.ആൻഡ്രൂപ്ലേറി അറിയപ്പെടുന്ന പണ്ഡിതനായിരുന്നു. പ്രൊഫ.സി.ഡി. നരസിംഹയ്യാ, പ്രൊഫ.യു.ആർ.അനന്തമൂർത്തി തുടങ്ങിയവരെ ഇന്നും ഏറെ കൃതജ്ഞതയോടെ ഓർക്കുന്നു.

അദ്ധ്യാപനജോലിയോടൊപ്പം ഉത്തരവാദിത്വമേറിയ മറ്റുപലജോലികളും സിസ്റ്റർ നിർവ്വഹിക്കുകയുണ്ടായി. അൽഫോൻസാ കോളേജിനോടനുബന്ധിച്ചുള്ള അഡറോഷൻ ഹോസ്റ്റൽ വാർഡനായി 4 വർഷവും കോളേജിലെ സന്യാസസഭാ മേജർ സുപ്പീരിയേഴ്സിന്റെ സംഘടനയായ കെ.സി.എം.എസ്സിന്റെ ബുള്ളറ്റിൻ എഡിറ്റർ എന്ന നിലയിൽ 3 വർഷവും ആരാധനാസഭയുടെ ഔദ്യോഗികജിഹ്വയായ എസ്.എ.ബി.എസ്. ബുള്ളറ്റിന്റെ ചീഫ് എഡിറ്റർ ആയി 6 വർഷവും പ്രൊവിൻഷ്യൽ സെക്രട്ടറിയായി 3 വർഷവും സിസ്റ്റർ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ക്രിസ്തുരാജ് പ്രോവിൻസ് സുവർണ്ണ ജൂബിലി സ്മരണികയുടെ ചീഫ്എഡിറ്ററും സിസ്റ്റർ തന്നെ ആയിരുന്നു.

കാലാനുസൃതമായ വിജ്ഞാനം സമ്പാദിക്കുന്നതിലും വളരുന്ന തലമുറക്ക് അത് അർപ്പണബോധത്തോടെ പകർന്നുകൊടുക്കുന്നതിലും സിസ്റ്റർ എന്നും പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. 1990 ജൂണിൽ അൽഫോൻസാ കോളേജിന്റെ വൈസ്പ്രിൻസിപ്പലായി സിസ്റ്റർ നിയമിതയായി. അതോടൊപ്പം ഈ കാലയളവിൽ ഗവേഷണപഠനം ആരംഭിക്കുകയും 1994-ൽ മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽനിന്നും പി.എച്ച്.ഡി. ബിരുദം നേടുകയും ചെയ്തു. കൊളോണിയലിസത്തിനുശേഷം കോമൺവെൽത്തു രാജ്യങ്ങളിൽ രൂപമെടുത്ത് വികസിച്ച ഏതാനും ഇംഗ്ലീഷ് നോവലുകളെ ആധാരമാക്കി ഗവേഷണം നടത്തിയ സി.ജസ്സി മരിയ, കോമൺവെൽത്ത് സാഹിത്യത്തിൽ എം.ജി.യൂണിവേഴ്സിറ്റിയുടെ കീഴിൽ റിസേർച്ച് ഗൈഡും, ഇംഗ്ലീഷ് അദ്ധ്യാപകർക്കുവേണ്ടിയുള്ള റിഫ്രഷർ കോഴ്സുകളിൽ Resource person-ം ആണ്.

1995 ജൂണിൽ അൽഫോൻസാ കോളേജിന്റെ പ്രിൻസിപ്പലായി സിസ്റ്റർ നിയമിതയായി. തുടർന്നുള്ള 5 വർഷം കോളേജിന്റെ നാനാവിധമായ വളർച്ചക്കുവേണ്ടി അക്ഷീണം പരിശ്രമിച്ചു. ഒരു നൂറ്റാണ്ടിൽനിന്നും മറ്റൊരു നൂറ്റാണ്ടിലേക്ക് അൽഫോൻസാ കോളേജിനെ സമർത്ഥമായി നയിച്ചു. ഈ കാലഘട്ടത്തിൽ കോളേജിന്റെ സാമൂഹ്യസേവന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി, ഏറ്റവും മികച്ച നാഷണൽ സർവ്വീസ് സ്കീം യൂണിറ്റിനുള്ള കേരളാഗവൺമെന്റിന്റെ അവാർഡ് അൽഫോൻസാ കോളേജിന് ലഭിച്ചു. കായികരംഗത്ത് ഒരു പുതിയ ഉണർവിനും മുന്നേറ്റത്തിനും സിസ്റ്ററിന്റെ ഊർജ്ജസ്വലമായ നേതൃത്വവും ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളും വഴിയൊരുക്കി. അദ്ധ്യാപകർക്ക് സെമിനാറുകളും മറ്റും നടത്താൻ പര്യാപ്തമായ രീതിയിൽ ഒരു കോൺഫറൻസ്ഹാൾ പുതിയതായി നിർമ്മിച്ചു.

കോളേജിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി തൊഴിലധിഷ്ഠിത

www.malankaralibrary.com

കോഴ്സുകൾ ആരംഭിക്കുവാൻ സിസ്റ്റർ ശ്രമിക്കുകയുണ്ടായി. ഗ്രാമീണമേഖലയിലെ പെൺകുട്ടികൾക്കും കുടുംബിനികൾക്കും ഏറെ തൊഴിൽ അവസരങ്ങൾ നൽകുന്ന ഡിപ്ലോമാ ഇൻ ഫാഷൻ ടെക്നോളജി ആൻഡ് ഗാർമെന്റ് ഡിസൈനിംഗ് എന്ന ഏക വത്സര കോഴ്സ്, മംഗലാപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി എന്ന സ്ഥാപനവുമായി സഹകരിച്ച് ആരംഭിച്ചത് കേരളത്തിൽതന്നെ ഈ രംഗത്തെ ഒരു പുതിയ തുടക്കമായിരുന്നു. പെൺകുട്ടികൾക്ക് ധാരാളം ജോലിസാദ്ധ്യതകളുള്ള ക്ലിനിക്കൽ ന്യൂട്രീഷ്യൻ ആൻഡ് ഡയറ്റിക്സ്, എന്ന ഡിഗ്രി കോഴ്സ് യു.ജി.സി. ധനസഹായത്തോടെ ആരംഭിക്കുകയുണ്ടായി. അൽഫോൻസാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പ്യൂട്ടർ സ്റ്റഡീസ് സ്ഥാപിച്ച് കുട്ടികൾക്ക് താരതമ്യേന കുറഞ്ഞ ചെലവിൽ കമ്പ്യൂട്ടർ ഒ-ലെവൽ, മറ്റു കോഴ്സുകൾ ഇവ പഠിക്കാൻ കോളേജിൽ സൗകര്യമുണ്ടാക്കിയതും സി.ജെസ്സി മരിയയുടെ ശ്രമഫലമായിട്ടാണ്.

അദ്ധ്യാപകർക്ക് ഉപരിപഠനത്തിനും ഗവേഷണത്തിനും യു.ജി.സി. നൽകുന്ന എല്ലാ അവസരങ്ങളും പരമാവധി പ്രയോജനപ്പെടുത്തുവാൻ സിസ്റ്റർ ജെസി മരിയ നൽകിയ പ്രോത്സാഹനം പ്രത്യേകം എടുത്തു പറയേണ്ടതാണ്. സിസ്റ്റർ നൽകിയ പ്രോത്സാഹനത്തിന്റെ ഫലമായി പല അദ്ധ്യാപികമാരും ഈ കാലഘട്ടത്തിൽ ഗവേഷണരംഗത്തേക്ക് കടന്നുവരികയുണ്ടായി. എം.ജി.യൂണിവേഴ്സിറ്റിയുടെ കീഴിൽ ആദ്യഘട്ടത്തിൽ തന്നെ NAAC (National Assessment and Accreditation Council - അഖിലേന്ത്യാതലത്തിൽ കോളേജുകളുടെ പ്രവർത്തനത്തെ വിലയിരുത്തി ഗ്രേഡു നൽകുന്ന സമിതി) അംഗീകാരം ലഭിച്ച കോളേജുകളിൽ ഒന്നാണ് അൽഫോൻസാ കോളേജ്. ഈ കൗൺസിലിന്റെ വിലയിരുത്തലിനായി കോളേജിനെയും അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, പൂർവ്വവിദ്യാർത്ഥികൾ തുടങ്ങിയവരെയെല്ലാം സജ്ജമാക്കുക, കോളേജിന്റെ ആരംഭം, ലക്ഷ്യം, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനങ്ങൾ, സൗകര്യങ്ങൾ ഇവയെപ്പറ്റിയെല്ലാം വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുക തുടങ്ങി ഏറെ ശ്രമകരമായ ജോലികളെല്ലാം തന്റെ സഹപ്രവർത്തകരായ അദ്ധ്യാപകരുടെ നിർല്ലോഭമായ സഹകരണത്തോടെ ഏറ്റം ഭംഗിയായി നിർവ്വഹിക്കാൻ സിസ്റ്റർ ജസ്സി മരിയായ്ക്കു സാധിക്കുകയുണ്ടായി.

NAAC -ന്റെ കോളേജുകളിലെ പ്രവർത്തനശൈലിയെ വിലയിരുത്തുവാൻ ആൾ ഇന്ത്യാ റേഡിയോ തിരുവനന്തപുരത്ത് വച്ച് നടത്തിയ പ്രക്ഷേപണപരിപാടിയിൽ പങ്കെടുക്കാൻ സിസ്റ്റർ ജെസ്സി മരിയായെ ക്ഷണിച്ചിരുന്നു എന്നത് വിദ്യാഭ്യാസരംഗത്തെ സിസ്റ്ററിന്റെ നേതൃത്വപാടവത്തിന് ലഭിച്ച ഒരു അംഗീകാരമാണ്.

ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവർക്കായി കേന്ദ്രമാനവശേഷി വികസനവകുപ്പ് 1997 നവംബറിൽ ഡൽഹിയിൽവച്ച് നടത്തിയ Educational Planning and Adminstration എന്ന 3 ആഴ്ചദീർഘിച്ച പരിശീലന പരിപാ

www.malankaralibrary.com

ടിയിൽ പങ്കെടുക്കാൻ എം.ജി.യൂണിവേഴ്സിറ്റി സിസ്റ്റർ ജെസ്സി മരിയായെ അയയ്ക്കുകയുണ്ടായി.

കായികരംഗത്ത് ഉന്നതമായ നിലവാരം പുലർത്തിയിരുന്ന അൽഫോൻസാ കോളേജിന്റെ പാരമ്പര്യം നിലനിർത്താനും മെച്ചപ്പെടുത്താനും സിസ്റ്ററിന് സാധിച്ചു. ഒരു കുതിച്ചുചാട്ടമാണ് അൽഫോൻസ ഈ കാലഘട്ടത്തിൽ നടത്തിയത്. അത്‌ലറ്റിക്സിൽ ലോകക്രോസ്കൺട്രി മത്സരത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് ഹോങ്കോംഗ്, പോർച്ചുഗൽ എന്നിവിടങ്ങളിൽ നടന്ന മത്സരങ്ങളിൽ പങ്കെടുക്കാനും, ഏഷ്യ-പസഫിക് സ്വിമ്മിംഗ് ചാമ്പ്യൻഷിപ്പിലും സാഫ് ഗയിംസിലും ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടുവാനും അൽഫോൻസയുടെ താരങ്ങൾക്കു കഴിഞ്ഞു. ഈ കാലഘട്ടത്തിൽ യൂണിവേഴ്സിറ്റി മത്സരങ്ങളിൽ ക്രോസ്കൺട്രി, അക്വാറ്റിക്സ്, ഹാൻഡ്ബോൾ, വോളിബോൾ ഇനങ്ങളിൽ ചാമ്പ്യൻഷിപ്പുകൾ കരസ്ഥമാക്കുവാനും അൽഫോൻസായ്ക്കു കഴിഞ്ഞു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് അൽഫോൻസായിലേക്ക് മടക്കിക്കൊണ്ടുവരുവാനും സിസ്റ്ററിന്റെ നേതൃത്വത്തിനു കഴിഞ്ഞു. റെഡ്ക്രോസ്, നേച്ചർ ക്ലബ്ബ്, ക്വിസ് ക്ലബ്ബ്, ഡിബേറ്റിംഗ് സൊസൈറ്റി, സി.എസ്.എം., കരിയർ ക്ലബ്ബ്, അഡ്വഞ്ചർ ക്ലബ്ബ് തുടങ്ങിയവയുടെ പ്രവർത്തനം കോളേജിലെ വിദ്യാർത്ഥികളുടെ വ്യക്തിത്വവികസനത്തിന് പുതിയമാനങ്ങൾ നൽകുകയുണ്ടായി. പ്രീഡിഗ്രി, ഡിഗ്രി, പോസ്റ്റുഗ്രാജ്വേഷൻ പരീക്ഷകളിൽ നിരവധി റാങ്കുകൾ സ്വന്തമാക്കാനും ഈ കാലയളവിൽ കോളേജിന് സാധിച്ചിട്ടുണ്ട്.

2000 ജൂൺ മാസത്തിൽ 5 വർഷത്തെ കാലാവധി പൂർത്തിയാക്കിയ സിസ്റ്റർ അതിനുശേഷം ഒരു വർഷം നാഗാലാന്റിൽ കോഹിമാ രൂപതയുടെ കീഴിലുള്ള സെന്റ് ജോസഫ്സ് കോളേജിൽ അദ്ധ്യാപികയായി ജോലി ചെയ്തു. ഇപ്പോൾ മുട്ടം ഷന്താൾ ജ്യോതി പബ്ളിക് സ്കൂളിൽ പ്രിൻസിപ്പലായി സേവനം അനുഷ്ഠിക്കുന്നു. ഇടുക്കി ജില്ലയിലെ പ്രശസ്തമായ ഒരു വിദ്യാഭ്യാസ സ്ഥാപനമാണിത്.

വിദ്യാഭ്യാസമേഖലയിലെ നൂതന പരീക്ഷണങ്ങളെ സസൂക്ഷ്മം വീക്ഷിക്കുകയും സമൂഹത്തിന്റെ പുരോഗതിക്കുവേണ്ടിയുള്ള എല്ലാ സംരംഭങ്ങളിലും താല്പര്യപൂർവ്വം സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന സി. ജെസ്സി മരിയ ശ്രദ്ധേയമായ നിരവധി സേവനങ്ങൾ കാഴ്ചവച്ചിട്ടുണ്ട്.

വിലാസം - സിസ്റ്റർ ഡോ. ജെസ്സി മരിയ എസ്.എ.ബി.എസ്.,
പ്രിൻസിപ്പൽ, ഷന്താൾ ജ്യോതി പബ്ലിക് സ്കൂൾ,
മുട്ടം പി.ഒ., തൊടുപുഴ

www.malankaralibrary.com

# 364

# പ്രൊഫ. മോനമ്മ കോക്കാട്



കേരളത്തിലെ പൊതു സ്ഥലങ്ങളിൽ പുകവലി നിരോധിക്കുന്നതിന് ഹൈക്കോടതിയെ സമീപിച്ച് സുപ്രധാന വിധി നേടിയെടുത്ത പ്രൊഫ. മോനമ്മ കോക്കാട് മല്ലപ്പള്ളി വാളക്കുഴി കുടുംബത്തിൽ കുട്ടപ്പൻ സാർ എന്നറിയപ്പെട്ടിരുന്ന വി.വി ഐപ്പിന്റേയും മറിയക്കുട്ടിയുടേയും മകളായി 1947 ഒക്ടോബർ 28-ാം തിയതി ജനിച്ചു. കാലം ചെയ്ത വാളക്കുഴി ജോസഫ് മാർ സെവരിയോസ് തിരുമേനിയുടെ ജ്യേഷ്ഠന്റെ മകനായ ശ്രീ ഐപ്പിന്റെ ആറു മക്കളിൽ ഏറ്റവും മൂത്തയാളാണ് മോനമ്മ. അമ്മ മറിയക്കുട്ടി എടത്വാ വെട്ടുതോട്ടുങ്കൽ കുടുംബാംഗമാണ്.

ആനിക്കാട് സെന്റ് മേരീസ് ഹൈസ്കൂളിലാണ് മോനമ്മ 10-ാം ക്ലാസ്സു വരെ പഠിച്ചത്. പത്താം ക്ലാസ്സിൽ ക്ലാസ്സിലെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി പാസ്സായ മോനമ്മ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ ചേർന്ന് കെമിസ്ട്രി ഐച്ഛിക വിഷയമായി എടുത്ത് പ്രശസ്തമായ നിലയിൽ ഡിഗ്രി കരസ്ഥമാക്കി. ഇംഗ്ലീഷ് ഭാഷയോടും സാഹിത്യത്തോടുമുള്ള അഭിനിവേശം കൊണ്ട് ഇംഗ്ലീഷ് ഐച്ഛിക വിഷയമായി എടുത്ത് പാലാ സെന്റ് തോമസ് കോളേജിൽ എം.എയ്ക്ക് ചേർന്നു. ഉന്നത നിലയിൽ വിജയം വരിച്ച മോനമ്മ അദ്ധ്യാപനം മാത്രമേ തൊഴിലായി സ്വീകരിക്കുകയുള്ളുവെന്ന് നിശ്ചയിച്ചുറപ്പിച്ചിരുന്നു. എം.എ പരീക്ഷയിൽ വിജയിച്ച മോനമ്മ ആലപ്പുഴ സെന്റ് ജോസഫ് കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപികയായി 1968-ൽ ജോലിയിൽ പ്രവേശിച്ചു. കുറേക്കൂടി വീടിനു സമീപമുള്ള കോട്ടയം ബി.സി.എം കോളേജിൽ ജോലി ലഭിച്ചപ്പോൾ അത് സ്വീകരിച്ചു. ആലപ്പുഴക്ക് അന്ന് മൂന്ന് കടത്തുകൾ കടന്നു മാത്രമേ പോകുവാൻ സാധിക്കുമായിരുന്നുള്ളു. യാത്ര വളരെ ദുഷ്ക്കരമായിരുന്നു താനും.

1969-ൽ ബി.സി.എമ്മിൽ ജോലിക്കു പ്രവേശിച്ച മോനമ്മ 2000 വരെ ആ ജോലിയിൽ തുടർന്നു. കോളേജിൽ മിസ്.മോനമ്മ എന്നറിയപ്പെട്ടിരുന്ന ഈ അദ്ധ്യാപിക വിദ്യാർത്ഥികൾക്ക് ഏറെ പ്രിയങ്കരിയായിരുന്നു. അദ്ധ്യാപനത്തോടൊപ്പം കോളേജിലെ പാഠ്യേതര പ്രവർത്തനങ്ങളിലും മോനമ്മ സജീവമായി പങ്കെടുത്തിരുന്നു.

1973-ൽ എൻജിനീയറും ബിസിനസ്സുകാരനുമായ ജോസ് ആന്റണി കോക്കാട്ടിനെ മോനമ്മ വിവാഹം ചെയ്തു. അന്നു വരെ മോനമ്മ ഐപ്പ് എന്നറിയപ്പെട്ടിരുന്ന ആൾ വിവാഹത്തോടെ മോനമ്മ കോക്കാട്ട് ആയി. ഭർത്താവ് എറണാകുളത്ത് സ്ഥിരതാമസമാക്കിയിരുന്നതുകൊണ്ട് കോട്ടയത്തെ ജോലി ഉപേക്ഷിച്ച് എറണണാകുളത്ത് ജോലി തേടേണ്ട അവസ്ഥ

www.malankaralibrary.com

യിൽ എത്തി ചേർന്നെങ്കിലും ബി.സി.എം കോളേജുമായുള്ള ആത്മബന്ധം ഉപേക്ഷിക്കുവാൻ മോനമ്മ തയ്യാറായില്ല. എറണാകുളത്ത് നിന്നും ദിവസവും യാത്ര ചെയ്ത് കോട്ടയത്ത് ബി.സി.എം കോളേജിൽ ജോലി തുടരുവാൻ തന്നെ തീരുമാനിച്ചു. ആദ്യകാലത്ത് കോട്ടയം എറണാകുളം യാത്രയ്ക്ക് രണ്ടര മണിക്കൂർ എടുത്തിരുന്നു.

രാവിലെ 6.30 ന് യാത്ര തിരിച്ച് രാത്രി 8.30 ന് മാത്രം തിരിച്ചെത്തുന്ന അനുഭവത്തിലൂടെ വർഷങ്ങൾ കടന്നുപോയെങ്കിലും ഈ തീവണ്ടി യാത്രകളാണ് ഭാവിയിൽ പുകവലിക്കെതിരെ കോടതിയെ സമീപിക്കുവാൻ മോനമ്മയെ പ്രേരിപ്പിച്ചത്.

1998-ലാണ് മോനമ്മ കോക്കാട് പൊതുസ്ഥലങ്ങളിലെ പുകവലിക്കെതിരേ ഹൈക്കോടതിയെ സമീപിച്ചത്. ട്രെയിൻ കംപാർട്ട്മെന്റുകളിൽ പുരുഷൻമാർ പുകവലിക്കുമ്പോൾ സമീപത്തിരിക്കുന്ന സ്ത്രീകളെല്ലാം പുകവലിക്കാൻ നിർബന്ധിതരാകുന്ന അനുഭവമാണ് പൊതുസ്ഥലത്തെ പുകവലിക്കെതിരേ പരാതിപ്പെടുവാൻ കാരണമായത്. ഒരു വർഷത്തിനു ശേഷം 1999 ജൂലൈ മാസമാണ് ചരിത്ര പ്രധാനമായ ഹൈക്കോടതി വിധി വന്നത്. കേരളത്തിലെ പൊതു സ്ഥലങ്ങളിൽ പുകവലി നിരോധിച്ചുകൊണ്ട് ജസ്റ്റീസ് നാരായണകുറുപ്പ് വിധി പ്രഖ്യാപിച്ചപ്പോൾ മോനമ്മ കോക്കാട്ടും ആ വിധിയും ചരിത്രത്തിന്റെ ഭാഗമായി. ഇന്ത്യയിൽ ആദ്യമായാണ് ഇങ്ങനെ ഒരു വിധി ഉണ്ടായത്. തുടർന്ന് മറ്റ് പല സംസ്ഥാനങ്ങളും പുകവലി നിരോധിക്കുകയും അവസാനം സുപ്രീം കോടതി ഇന്ത്യയൊട്ടാകെ ഈ നിരോധനം നടപ്പിലാക്കുകയും ചെയ്തു. ഈ വിധിയെ തുടർന്ന് ഇന്ത്യയ്ക്കകത്തുനിന്നും വിദേശത്തുനിന്നും അഭിനന്ദനങ്ങളുടെ വൻ പ്രവാഹമാണുണ്ടായത്.

2000-ൽ വാശിയേറിയ ഒരു ഇലക്ഷനിലൂടെ മോനമ്മ കോക്കാട് എം.ജി യൂണിവേഴ്സിറ്റി സെനറ്റ് മെമ്പറായി. പ്രൈവറ്റ് കോളേജുകളിൽ നിന്നും ഒരു അദ്ധ്യാപിക പോലും ഇലക്ഷനിലൂടെ അന്നുവരെ സെനറ്റിൽ അംഗമായിട്ടില്ല. ആ വർഷം സെനറ്റിലേക്കുള്ള മൽസരത്തിൽ ഏറ്റവും കൂടുതൽ വോട്ട് നേടിയാണ് മോനമ്മ വിജയിച്ചത്.

2001-ൽ അന്ന് കേരളം ഭരിച്ചിരുന്ന എൽ.ഡി.എഫ് ഗവൺമെന്റ് മോനമ്മ കോക്കാടിനെ ജസ്റ്റീസ് ശ്രീ ദേവി ചെയർപേഴ്സണായുള്ള കേരള സംസ്ഥാന വനിതാ കമ്മീഷനിൽ അംഗമായി നിയമിച്ചു. അഞ്ചു വർഷത്തേക്കുള്ള നിയമനമായിരുന്നതുകൊണ്ടും കോളേജിൽ രണ്ടു വർഷത്തെ സർവ്വീസ് മാത്രം ബാക്കി ഉണ്ടായിരുന്നതുകൊണ്ടും വോളന്ററി റിട്ടയർ എടുത്താണ് വനിതാ കമ്മീഷനിൽ അംഗമായി ചേർന്നത്. പക്ഷേ ഒരു വർഷം കഴിഞ്ഞപ്പോൾ യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വരുകയും വനിതാ കമ്മീഷൻ പിരിച്ചുവിടുകയും ചെയ്തു.

മോനമ്മ ഇപ്പോൾ മുഴുവൻ സമയം സാമൂഹ്യപ്രവർത്തനത്തിൽ ഏർപ്പെട്ട് കൊണ്ടിരിക്കുന്നു. എറണാകുളം-അങ്കമാലി അതിരൂപതാ പാസ്റ്റ

www.malankaralibrary.com


റൽ കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം, ഭാരതമാതാ കോളേജ് ഗവേണിംഗ് കമ്മിറ്റിയംഗം, ലയൺസ് ക്ലബ് റീജിയൻ ചെയർപേഴ്സൺ, കൊച്ചിൻ ജിംഖാന ഗവേണിംഗ് കമ്മിറ്റിയംഗം, ഫാമലി അപ്പസ്റ്റലേറ്റ് ഫാക്കൽറ്റി മെമ്പർ, റിസോഴ്സ് പേഴ്സൺ ഓഫ് ലയൺസ് ക്വസ്റ്റ് പ്രോഗ്രാം തുടങ്ങിയ വിവിധ നിലകളിൽ പ്രവർത്തിക്കുന്നു. സീറോ മലബാർ സഭയുടെ 2005-ലെ സിനഡൽ, അസംബ്ലിയിൽ കുടുംബം എന്ന വിഷയത്തെപ്പറ്റി പ്രബന്ധം അവതരിപ്പിക്കുവാൻ സിനഡ് ചുമതലപ്പെടുത്തിയത് മോനമ്മ കോക്കാടിനെയായിരുന്നു. സഭാ തലത്തിൽ മോനമ്മയ്ക്ക് ലഭിച്ച വലിയ ഒരു ബഹുമതിയായിരുന്നു ഇത്.

കേരളത്തിലെ അറിയപ്പെടുന്ന ഒരു പ്രസംഗികയാണ് പ്രൊഫ.മോനമ്മ കോക്കാട്. സാമൂഹ്യ-സാംസ്കാരിക മതമേഖലകളിൽ ഏറെ സ്വാധീനം ചെലുത്തുന്ന വാക് ചാതുര്യത്തിന്റെ ഉടമയായി ഈ റിട്ടയേർഡ് കോളേജ് അദ്ധ്യാപിക മാറി കഴിഞ്ഞു. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ധാരാളം ലേഖനം എഴുതുന്ന വ്യക്തിയാണ് മോനമ്മ. ഇംഗ്ലീഷിലും മലയാളത്തിലും ഒരുപോലെ എഴുതാനും പ്രസംഗിക്കാനും കഴിയുന്ന വ്യക്തിയാണ് ഈ പ്രൊഫസ്സർ. ഇതിനോടകം അനവധി അവാർഡുകളും ബഹുമതികളും പ്രൊഫസ്സർ മോനമ്മ കോക്കാടിനെ തേടിയെത്തിയിട്ടുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഏറ്റവും നല്ല കോളേജ് അദ്ധ്യാപകർക്ക് അയാഷേ കൊടുക്കുന്ന ദേശീയ അവാർഡാണ്. ഹഡ്സൺവാലി (അമേരിക്ക) മലയാളി അസോസിയേഷന്റെ എക്സലൻസ് അവാർഡ്, കാൻസർ കെയർ സൊസൈറ്റിയുടെ ബെസ്റ്റ് സോഷ്യൽ വർക്കർ അവാർഡ്, ലയൺസ് ബെസ്റ്റ് സോഷ്യൽ വർക്കർ അവാർഡ്, ബെസ്റ്റ് ലയൺ പ്രസിഡണ്ട് അവാർഡ് എല്ലാം മോനമ്മ കോക്കാടിന് ലഭിച്ചിട്ടുണ്ട്.

സൗഭാഗ്യകരമായ ഒരു കുടുംബ ജീവിതം നയിക്കുന്ന മോനമ്മ എറണാകുളത്ത് വൈറ്റിലയിൽ താമസിക്കുന്നു.

വിലാസം - പ്രൊഫ. മോനമ്മ കോക്കാട്, കോക്കാട് ഹൗസ്,
അമ്പിലിപ്പാടം റോഡ്,കൊച്ചി-19

# 365



## റവ. സി. മേരി ജയിൻ എസ്സ്.ഡി.

എസ്സ്.ഡി. സന്ന്യാസ സമൂഹത്തിന്റെ അഭിമാന ഭാജനവും അനുഗൃഹീത തൂലികയുടെ ഉടമയുമായ സി. മേരി ജയിൻ, പാലാ രൂപതയിലെ കടനാട് ഇടവകയിൽ 1947 നവംബർ 14-ാം തീയതി പൂവേലിൽ ജോസഫ് - ഏലിയാമ്മ ദമ്പതികളുടെ മകളായി ജനിച്ചു.

www.malankaralibrary.com

വീട്ടിലെ പേര് മേരി ജോസഫ്.

ഹൈസ്കൂൾ വിദ്യാഭ്യാസം കടനാട്ടിലും പി.ഡി.സി. പാലാ അൽഫോൻസാ കോളേജിലും നടത്തി. യു.പി. ക്ലാസ്സിൽ വെച്ച് സംഗീതം, പദ്യം ചൊല്ലൽ, ഫാൻസിഡ്രസ് എന്നിവകൾക്കും ഹൈസ്കൂൾ ക്ലാസ്സിൽവെച്ച് സ്പോർട്ട്സിനും സമ്മാനങ്ങൾ ലഭിച്ചിരുന്നു. സത്യദീപത്തിൽ സംശയങ്ങൾക്കു മറുപടി എന്ന കോളത്തിൽ ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് സാഹിത്യരചന ആരംഭിച്ച മേരി ജോസഫ് 9-ാം ക്ലാസ്സിൽ വച്ച് കുമാരനാശാനുമായി ഒരു സാങ്കല്പിക സംഭാഷണം രചിച്ചു. അതിന് സമ്മാനവും ലഭിച്ചു. പി.ഡി.സി. വിദ്യാഭ്യാസാനന്തരം ആലുവാ ചുണങ്ങംവേലിയിലുള്ള അഗതികളുടെ സഹോദരിമാരുടെ സന്ന്യാസ സമൂഹത്തിൽ ചേർന്ന് 1971-ൽ സഭാവസ്ത്രം സ്വീകരിച്ച് ആദ്യവ്രത വാഗ്ദാനം ചെയ്തു.

1973- മുതൽ 78വരെ തുടർന്നുള്ള പഠനകാലമായിരുന്നു. ബി.എ. മലയാളം ഐശ്ചികമായി എടുത്തു. എറണാകുളം മഹാരാജാസ് കോളേജിൽ പഠനം ആരംഭിച്ചു. എം.കെ. സാനു, എം. അച്യുതൻ, ഡി. വിനയചന്ദ്രൻ, എം. തോമസ് മാത്യു തുടങ്ങിയവരുടെ ക്ലാസ്സുകൾ വിശ്വസാഹോദര്യത്തിന്റെയും ഭാരതസംസ്കാരത്തിന്റെയും ഉള്ളറകളിലേക്ക് സിസ്റ്ററിനെ നയിച്ചു. കോളേജിൽവെച്ച് നിത്യ ചൈതന്യയതിയുമായി പരിചയപ്പെട്ടു. അദ്ദേഹത്തിന്റെ സമാധിവരെ ആ സൗഹൃദം തുടർന്നു.

എറണാകുളം സെന്റ് ജോസഫ് കോളേജിലായിരുന്നു ബി.എഡ്. പഠനം. കോളേജ് മാഗസിൻ ചീഫ് എഡിററായിരുന്നു സിസ്റ്റർ. 1979 മുതൽ അദ്ധ്യാപകരംഗത്ത് ഔദ്യോഗിക ജീവിതം ആരംഭിച്ചു. വൈപ്പിൻകര, കുഴിപ്പിള്ളി, വടക്കൻ പറവൂർ, പെരുമാനൂർ സ്കൂളുകളിൽ ജോലി നോക്കി. പാലാ സെന്റ് മേരീസ് ഹൈസ്കൂളിലും പ്ലാശനാൽ സെന്റ് ആന്റണീസിലും. 2003-ൽ റിട്ടയർ ചെയ്തു. അദ്ധ്യാപക ജോലിക്കിടയിൽ മററു പല കോഴ്സുകളിലും സിസ്റ്റർ പങ്കെടുക്കുകയുണ്ടായി. അത് ദൈവശാസ്ത്രകോഴ്സുകൾ, കൗൺസിലിംഗിൽ ഡിപ്ലോമകൾ, ഹൊളിസ്റ്റിക് ചികിത്സാവിധികൾ(മാസ്റ്റർ ബിരുദം) ഹിപ്പ്നോട്ടിസം, ഡിപ്ലോമ മുതലായവയാണ്.

1980 മുതൽ വോയ്സ് ഓഫ് എസ്സ്.ഡി. (സഭാ ബുള്ളററിൻ)യിൽ സ്ഥിരം എഴുതിക്കൊണ്ടിരുന്നു. 1984 മുതൽ അതിന്റെ ചീഫ് എഡിറ്ററായി 15 വർഷക്കാലം സേവനം അനുഷ്ഠിച്ചു. ഇപ്പോൾ അതിന്റെ എഡിറേറാറിയൽ ബോർഡിൽ അംഗമാണ്. അതിനിടയിൽ ആനുകാലിക പ്രസദ്ധീകരണങ്ങളിൽ എഴുതിപ്പോരുന്നു. ആ രചനകൾക്ക് വായനക്കാർ നൽകിയ പ്രോത്സാഹനമാണ് ഗ്രന്ഥരചനയിലേക്ക് സിസ്റ്ററിനെ നയിച്ചത്. 1990-ൽ ആണ് സിസ്റ്ററിന്റെ ആദ്യ കൃതി പുറത്തിറങ്ങുന്നത്. ആർദ്രസ്മൃതികൾ. പ്രൊഫ. മാത്യു ഉലകംതറ ആ ഗ്രന്ഥത്തെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "ഉത്തമഗദ്യശൈലിക്ക് എം.പി.പോൾ നിർദ്ദേശിച്ച ആത്മാർത്ഥത ഈ കൃതിയുടെ പ്രതിപാദനത്തിൽ തെളിഞ്ഞു കാണുന്നു. താൻ പുലർത്തുന്ന വിശ്വാസ

www.malankaralibrary.com

ത്തിനുവേണ്ടി സ്വയം സമർപ്പിക്കുന്ന ഒരാത്മാവിന്റെ ചിത്രം രചനകളിൽ തെളിഞ്ഞുകാണാം. ചെറുകഥയെന്നോ ആത്മകഥയെന്നോ വിശേഷിപ്പിക്കാനാവാത്ത അത്യപൂർവ്വമായ ഒരു സാഹിത്യമേഖലയെ ആർദ്രസ്മൃതികൾ സ്പർശിക്കുന്നു." സുവിശേഷ സാക്ഷ്യമെന്ന നിലയിൽപോലും അതിന് അപൂർവ്വതയുണ്ട്. അനേകം കഥകൾക്ക് വിഷയമൊരുക്കുന്ന പച്ച മനുഷ്യർ ഇതിൽ നിറഞ്ഞുനിൽക്കുന്നു.

വ്യത്യസ്തങ്ങളായ ജീവിത സാഹചര്യങ്ങളും പ്രശ്നങ്ങളുമുള്ള വിദ്യാർത്ഥികളിൽ സൂക്ഷ്മനിരീക്ഷണം നടത്തുന്ന ഒരു അദ്ധ്യാപികയുടെ കണ്ടെത്തലുകളാണ് സിസ്റ്ററിന്റെ വിദ്യാരാമം എന്ന ഗ്രന്ഥത്തിൽ ഉള്ളത്. ഓരോ അദ്ധ്യായവും കഥാരൂപത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. കുഞ്ഞുങ്ങളുടെ ഉന്നതി ആഗ്രഹിക്കുന്ന ആർക്കും സംശയംകൂടാതെ ഈ പുസ്തകം തെരഞ്ഞെടുക്കാം. ശുഭാപ്തി വിശ്വാസിയായ ഒരു എഴുത്തുകാരി, തന്റെ ജീവിതാനുഭവങ്ങളിൽ നിന്ന് കോർത്തിണക്കിയെടുത്ത നന്മനിറഞ്ഞ 143 ആലോചനാക്കുറിപ്പുകളാണ് വെളിച്ചം പിന്നെയും വെളിച്ചം എന്ന സിസ്റ്ററിന്റെ മൂന്നാമത്തെ കൃതി. തന്റെ രചനകളെ സമൂഹത്തിന്റെ ജീവൽസ്പന്ദങ്ങളായി പരിണമിപ്പിക്കുവാൻ സിസ്റ്ററിന് കഴിഞ്ഞിട്ടുണ്ട്. അതിലളിതമാണ് സിസ്റ്റർ അവതരിപ്പിക്കുന്ന അനുഭവക്കുറിപ്പുകൾ മിക്കവയും.

2002 ലെ ക്രൈസ്തവസാഹിത്യഅക്കാഡമി അവാർഡ് നേടിയ ഹൃദയസ്പന്ദനങ്ങൾ എന്ന കൃതിയെപ്പററി മാർ ജോസഫ് പള്ളിക്കാപറമ്പിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "മനുഷ്യന്റെ ഏററവും മധുരമായ ഗാനങ്ങളിൽ മിക്കതും ദുഃഖത്തിന്റേതാണ്. ജീവിതയാത്രക്കിടയിൽ കണ്ടുമുട്ടിയ ചോരയും നീരുമുള്ള പച്ചയായ കുറെ മനുഷ്യരുടെ കരളലിയിപ്പിക്കുന്ന ചിത്രങ്ങൾ വരച്ചുകാട്ടി നമ്മെ കാരുണ്യത്തിന്റെയും സഹാനുഭൂതിയുടെയും പരസ്പരസ്നേഹത്തിന്റെയും പുതിയൊരു മേഖലയിലേക്ക് നയിക്കുകയാണ് സി. മേരിജയിൻ. ഹൃദയസ്പന്ദനങ്ങൾ എന്ന കൃതിയിലൂടെ ആത്മാവിഷ്കാരം മുററി നിൽക്കുന്ന ഈ കൃതിക്ക് ചെറുകഥാസമാഹാരത്തിന്റെ ചാരുതയുണ്ട്. പല സംഭവങ്ങളും മനസ്സിൽ ഇടിത്തീപോലെ ആഴ്ന്നിറങ്ങുന്നു. വാസ്തവത്തിൽ മററുള്ളവരുടെ ദുഃഖങ്ങളിൽ പങ്കുചേരുമ്പോഴും അവരുടെ യാതനകൾ കുറയ്ക്കാനുള്ള യത്നങ്ങളിൽ സഹകരിക്കുമ്പോഴുമാണ് മനുഷ്യജീവിതം ധന്യമാകുന്നത്. മനുഷ്യമനസ്സിനെ കാരുണ്യത്തിന്റെയും സഹാനുഭൂതിയുടെയും ദൈവിക മേഖലയിലേക്ക് ഉയർത്തുന്ന ഈ ഗ്രന്ഥം രചിച്ച സി. മേരിജയിൻ അനുമോദനം അർഹിക്കുന്നു."

എസ്.ഡി. സന്യാസ സമൂഹത്തിന്റെ പ്ലാററിനം ജൂബിലിയോടനുബന്ധിച്ച് സഭാസ്ഥാപക പിതാവായ ഫാ. വർഗ്ഗീസ് പയ്യപ്പള്ളിയുടെ കർമ്മചൈതന്യം വിവരിക്കുന്ന ഒരു ഗ്രന്ഥമാണ് "ഒരു സ്മൃതിഭാവന" എന്ന കൃതി. നേർക്കാഴ്ചകൾ, തീർത്ഥവഴിയിലെ വിരുന്നൂട്ടുകൾ എന്ന രണ്ടുകൃതികളും സിസ്റ്റർ രചിച്ചിട്ടുണ്ട്. He and French Lady's Dairy (mysticism) എന്ന

www.malankaralibrary.com


ഗ്രന്ഥത്തിന്റെ പണിപ്പുരയിലാണ് സിസ്റ്റർ.

സിസ്റ്ററിന്റെ സാഹിത്യസേവനങ്ങളെ ആദരിച്ച് പല അവാർഡുകളും സിസ്റ്ററിന് ലഭിച്ചിട്ടുണ്ട്. അവ താഴെപ്പറയുന്നവയാണ്. ക്രൈസ്തവ സാഹിത്യ അക്കാഡമി അവാർഡ്, കേന്ദ്രപരിസ്ഥിതിവകുപ്പ് കാര്യാലയത്തിന്റെ സമ്മാനം, സി.എം.സി. കോർപ്പറേറ്റ് ഏജൻസിയുടെ സമ്മാനം, കെ.സി.ബി.സി.യുടെ 4 പുരസ്കാരങ്ങൾ എ.കെ.സി.സി. സാഹിത്യവേദിയുടെ ദേവസ്യാ അഞ്ഞൂററിമംഗലത്തിന്റെ പേരിലുള്ള അവാർഡ്.

വിലാസം - സി.മേരി ജെയിൻ, എസ്സ്.ഡി. കോൺവെന്റ് പാലാ.

# 366

# ബിഷപ്പ് ഡോ.ജോൺ തോമസ് കാട്ടർകുടിയിൽ



ശാന്തഗംഭീരവും വിനീതവുമായ ജീവിതശൈലി, ദൈവപരിപാലനയിലുള്ള അചഞ്ചലമായ വിശ്വാസം, ആത്മാർത്ഥതനിറഞ്ഞ വ്യക്തിബന്ധങ്ങൾ, പ്രതിസന്ധികളുടെയും വെല്ലുവിളികളുടെയും മുൻപിൽ പതറാത്ത് മനസ്സ്, ദീർഘവീക്ഷണത്തോടും കൃത്യതയോടുംകൂടിയ കാര്യനിർവ്വഹണം, തുടങ്ങിയ സവിശേഷഗുണങ്ങളുടെ ഉടമയായ ബിഷപ്പ് ഡോ. ജോൺ തോമസ് കാട്ടർകുടിയിൽ എറണാകുളം ജില്ലയിൽ കടവൂർ ഗ്രാമത്തിൽ കാട്ടറുകുടിയിൽ കുടുംബത്തിൽ തോമസ് - മേരി ദമ്പതികളുടെ ഏഴാമത്തെ സന്താനമായി 1948 ജനുവരി 18 ന് ജനിച്ചു. ദൈവഭക്തിയും ചിട്ടയും നിഷ്ഠയുമുള്ള കുടുംബത്തിൽ വളർന്നുവന്ന ജോണിന് ചെറുപ്പംമുതലേ ഒരു മിഷനറി വൈദികനാകണമെന്നുള്ള ആഗ്രഹമുണ്ടായിരുന്നു. നാട്ടിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോൺ, ഇൻഡ്യയുടെ വടക്കുകിഴക്കുള്ള ആസാമിലെ ടെസ്പൂർ രൂപതയിൽ ചേർന്നു.

പ്രാരംഭ വൈദിക പരിശീലനം ഷില്ലോംഗിലെ സെന്റ്പോൾസ് മൈനർ സെമിനാരിയിലും ഫിലോസഫി പഠനം ബാറാക്ക്പൂരിലെ മോണിംഗ്സ്റ്റാർ കോളേജിലും തിയോളജി പഠനം പൂനമലയിലെ സേക്രട്ട്ഹാർട്ട് സെമിനാരിയിലും വിജയകരമായി പൂർത്തിയാക്കി. 1975 ഫെബ്രുവരി 3-ാം തീയതി പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. Dhekiajuli ഇടവകയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യനിയമനം. തന്റെ വൈദിക ജീവിതാദർശങ്ങളും വൈദികജീവിതവിശ്വസ്തതയും മനസ്സിലാക്കിയ രൂപതാധികാരികൾ ടെസ്പൂരിലെ മുക്തിദാന ജൂണിയർ സെമിനാരിയിൽ റെക്ടറായി

www.malankaralibrary.com

അദ്ദേഹത്തെ നിയോഗിച്ചു. 1981 മുതൽ 1985 വരെ റോമിൽ Sacred Scripture പഠിക്കാനായി ജോണച്ചനെ അയക്കുകയും അതിൽ ലൈസൻഷിയേറ്റ് പൂർത്തിയാക്കി തിരിച്ചെത്തുകയും ചെയ്തു. വീണ്ടും സെമിനാരി റെക്ടറായി തുടർന്ന ജോണച്ചൻ 1987 മുതൽ 1992 വരെ ഷില്ലോംഗിലെ ഓറിയൻസ് ഇന്റർ ഡയോസിഷ്യൻ തിയോളജിക്കൽ കോളേജിന്റെ റെക്ടറായി പ്രവർത്തിച്ചു. വീണ്ടും ബിബ്ലിക്കൻ തിയോളജിയിൽ ഡോക്ടറേറ്റ് എടുക്കുവാൻ റോമിലേക്ക് പോയി. റോമിൽ ഡോക്ടറേറ്റ് പഠനത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ 1994 ജൂൺ 24ന് ഡിഫു രൂപതയുടെ മെത്രാനായി ജോൺ പോൾ രണ്ടാമൻ മാർപാപ്പാ നിയമിച്ചു. ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായിരുന്ന ഭൃത്യനെ വലിയ കാര്യങ്ങൾ ഏല്പിച്ചുകൊടുത്തു.

ഡിഫു രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മത്തായി കൊച്ചുപറമ്പിൽ പിതാവിന്റെ ആകസ്മിക മരണത്തെ തുടർന്ന് ഡിഫു രൂപതയുടെ ഭരണം ഏറ്റെടുത്ത കാട്ടറുകുടിയിൽ പിതാവ് ടെസ്പൂർ രൂപതയോട് വിടപറഞ്ഞ് ഡിഫു രൂപതയുടെ വളർച്ച മുന്നിൽകണ്ട് പ്രവർത്തനം ആരംഭിച്ചു. 1994 സെപ്റ്റംബർ 8 ന് ആയിരുന്നു മെത്രാഭിഷേകം.

കാർബി ആഗ്ലോംഗ്, നോർത്ത് കാച്ചാർ ഹിൽസ് ഉൾപ്പെടുന്ന ഡിഫു രൂപത വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കമായിരുന്നു. പ്രതിസന്ധികളെയും എതിർപ്പുകളെയും നേരിട്ടുകൊണ്ട് രൂപതയുടെ പലഭാഗങ്ങളിലും സ്കൂളുകളും മിഷ്യൻ സെന്റേഴ്സും തുടങ്ങുവാൻ കാണിച്ച ധീരത പ്രത്യേകം എടുത്തുപറയേണ്ടതാണ്. പല സ്കൂളുകളിൽ നിന്നും drop outs ആയ കുട്ടികൾക്കായി ഓപ്പൺ സ്കൂൾ (NOS) തുടങ്ങിയത് യുവജനങ്ങൾക്ക് ഒരു വഴിത്തിരിവായി. രൂപതയിലെ ഭൂരിഭാഗം ജനങ്ങളും കൃഷിക്കാരായതിനാൽ അവരുടെ സമുദ്ധാരണത്തിനായി അഗ്രികൾച്ചറൽ ട്രെയിനിംഗ് സെന്റർ ആരംഭിച്ചു. കാട്ടറുകുടിയിൽ പിതാവിന്റെ ദീർഘവീക്ഷണത്തിനും കർമ്മകുശലതക്കും മകുടോദാഹരണമാണ് ഈ സംരംഭം. മാരകമായ മലേറിയാ രോഗത്തോട് മല്ലിട്ടു കഴിയുന്നവർക്കായി - പ്രത്യേകിച്ചും വൈദ്യസഹായം ലഭിക്കാതെ ഉൾപ്രദേശങ്ങളിൽ മരണമടയുന്നവരുടെ രക്ഷക്കായി പ്രവർത്തിക്കുന്നതിന് രൂപതയുടെ വക ആശുപത്രിയിൽ ഒരു ടീമിനെ പരിശീലിപ്പിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. അതിനായി രണ്ടുവർഷത്തെ നഴ്സിംഗ് അസിസ്റ്റന്റ് ട്രെയിനിംഗ് പരിപാടി ആരംഭിച്ചു. ആ പരിശീലനം നേടിയവർ മലേറിയ ബാധിച്ച പ്രദേശങ്ങളിൽ പ്രവർത്തിച്ചതിനാൽ മലേറിയ മൂലമുള്ള മരണനിരക്കു കുറക്കുവാൻ സാധിച്ചു.

അടുത്തനാളിൽ തുടക്കംകുറിച്ച ഫാമിലി ബുക്കുസെന്റർവഴി രൂപതയിലെ അധികഭാഗം കത്തോലിക്കാ കുടുംബങ്ങളിലും ക്രിസ്തു സ്വരൂപങ്ങളും, ബൈബിളും ഭക്തസാധനങ്ങളും ക്രിസ്തീയ പുസ്തകങ്ങളും പ്രാർത്ഥനാപുസ്തകങ്ങളും എത്തിച്ചുകൊടുക്കുവാൻ സാധിച്ചു. രൂപതയുടെ

www.malankaralibrary.com


വളർച്ചക്കായി പിതാവ് നൽകിയ വലിയ സംഭാവനയാണിത്.

ഡിഫു രൂപതയിൽ 17 ഇടവകകളും 16 മിഷൻ സെന്റേഴ്സുകളും ഉണ്ട്. 47 വൈദികരും (26 രൂപതാ വൈദികർ) 133 സിസ്റ്റേഴ്സും നാല് റിലീജിയസ് ബ്രദേഴ്സും രൂപതയിൽ പ്രവർത്തിക്കുന്നുണ്ട്. 20 സ്കൂളുകളും രണ്ട് ആതുരാലയങ്ങളും 13 ഡിസ്പെൻസറികളും ഒരു കൈത്തറിസെന്ററും ഒരു അഗ്രികൾച്ചറൽ ട്രെയിനിംഗ് സെന്ററും ഒരു എസ്.എഫ്.എസ്. ടെക്നിക്കൽ സെന്ററുമാണ് ഇന്ന് രൂപതയിലുള്ളത്. യാത്രാ സൗകര്യങ്ങൾ കുറവായ എല്ലാ പ്രദേശങ്ങളിലും നടന്നുകയറി തന്റെ അജഗണങ്ങളുടെ ക്ഷേമം അന്വേഷിക്കുന്നതിൽ കാട്ടറുകുടിയിൽ പിതാവ് വളരെയധികം ശ്രദ്ധപതിപ്പിച്ചു. പതിനൊന്നരവർഷക്കാലം ഡിഫു രൂപതയുടെ വളർച്ചക്കുവേണ്ടി ഏറെ സഹനങ്ങളും, വേദനകളും സ്വയം ഏറ്റെടുത്തുകൊണ്ട് രൂപതയെ ഇപ്പോഴത്തെ അവസ്ഥയിലേക്ക് വളർത്തിയ പിതാവിനെ, 2005 ഡിസംബർ ഏഴിന് പുതിയതായി രൂപംകൊണ്ട അരുണാചലിലെ ഇറ്റാനഗർ രൂപതയുടെ ഇടയനായി ബനഡിക്ട് പതിനാറാമൻ തിരുമേനി നിയമിക്കുകയുണ്ടായി. ഏറെ ത്യാഗങ്ങളും സഹിഷ്ണുതയും ആവശ്യപ്പെടുന്ന പുതിയ മിഷൻ രൂപതുയടെ പ്രഥമമെത്രാനായിരിക്കുവാനുള്ള പാപ്പായുടെ വിളിയെ, കാട്ടറുകുടിയിൽ പിതാവ് സസന്തോഷം സ്വീകരിച്ചു. മനുഷ്യന് അസാദ്ധ്യമായത് ദൈവത്തിന് സാധിക്കും എന്ന് ഉറച്ച് വിശ്വസിച്ച് 2006 മാർച്ച് 8 ന് ആ ഇടയൻ തനിക്ക് പുതിയതായി കിട്ടിയ മേച്ചിൽപ്പുറം ലക്ഷ്യമാക്കി യാത്രതിരിക്കുകയും 2006 മാർച്ച് 12 ഇറ്റാനഗർ രൂപതയുടെ മേലദ്ധ്യക്ഷസ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. കാട്ടറുകുടിയിൽ പിതാവിന് ഇനിയും സുവിശേഷം പ്രസംഗിക്കാനുള്ളത് ഇറ്റാനഗറിലെ മലകളും താഴ്വരകളും കയറിയിറങ്ങിക്കൊണ്ടാണ്. "അങ്ങയുടെ വചനങ്ങൾ എന്റെ പാദങ്ങൾക്ക് വിളക്കും വഴികളിൽ പ്രകാശവുമാകുന്നു." എന്ന സങ്കീർത്തകന്റെ മനോഭാവത്തോടെ തന്റെ സാഹസിക യാത്ര തുടരുന്ന അഭിവന്ദ്യപിതാവിനെ ഡിഫു രൂപതയിലെ ദൈവജനം എല്ലാവിധഭാവുകങ്ങളും ആശംസിച്ചാണ് ഇറ്റാനഗറിലേക്ക് യാത്രയാക്കിയത്.

Address - Bisho John Thomas Kattarkuduyil,
Bishops House, Itanagar,
Arunachalpredesh.

www.malankaralibrary.com

# 367



# ഡോ.ജോൺ പുൽപ്പറമ്പിൽ

വിവിധ തലങ്ങളിലുള്ള സർക്കാർ ഉദ്യോഗസ്ഥൻ മാർക്ക് മാനേജ്മെന്റ് പരിശീലനം കൊടുക്കുകയും തെര ഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങളിൽ ഭരണനവീകരണ പരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്ന പ്രഗൽഭനായ ഡോ.ജോൺ പുൽപ്പറമ്പിൽ കല്ലൂർകാട്ട് പുൽപ്പറമ്പിൽ (എടവനകളത്തിൽ) പി.സി കുര്യാക്കോസ്-മറിയാമ്മ ദമ്പതി കളുടെ എട്ടാമത്തെ സന്താനമായി 1948 മെയ് ഒന്നാം തിയതി ജനിച്ചു.ക ല്ലൂർക്കാട്ട് സെന്റ് അഗസ്റ്റിൻ സ്കൂളിൽ ഹൈസ്കൂൾ വിദ്യഭ്യാസം പൂർത്തി യാക്കിയ ജോൺ കൊടൈക്കനാൽ എച്ച്.എച്ച് കോളേജിൽ നിന്ന് ഫിലോ സഫി പഠനം പൂർത്തിയാക്കി.

ബറോഡയിലെ എം.എസ്സ് യൂണിവേഴ്സിറ്റിയിൽ നിന്നും എം. എ,ന്യൂ ഡൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ നിന്നും എം.ഫിൽ,പി.എച്ച്.ഡി,ഇംഗ്ലണ്ടിലെ ലീഡ് യൂണിവേഴ്സിറ്റിയിൽ നിന്നും എം. ബി.എ,ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ട് നഗരത്തിലുള്ള മീവമ്പ് എന്ന സ്ഥാപന ത്തിൽ നിന്നും ഈ.കെ.എസ് ഡിപ്ലോമ എന്നിവ ജോൺ പ്രശസ്ത വിജയ ത്തോടെ നേടിയിരുന്നു.പരിശീലന മേഖലയിൽ വിദഗ്ദ്ധരെ വാർത്തെടു ക്കുന്നതിനുള്ള TQM(Total Qualitty management), DTS(Direct training skills), TNA (Training needs Analysis) ,DOT (Designing of training), MOT (Management of training) , EOT (Evaluation of training) എന്നിങ്ങനെ ഭാരതസർക്കാരും ഇംഗ്ലണ്ടിലെ സിവിൽ സർവ്വീസ് കോളേജ്, തെയിംസ് വാലി യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളും ചേർന്ന് നടത്തുന്ന പരിശീലന കോഴ്സ്കൾ പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയിട്ടുണ്ട്.

1976-ൽ ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ അസോഷിയേറ്റ് ഫെല്ലോ (അസിസ്റ്റന്റ് പ്രൊഫസ്സർ)ആയി ഔദ്യോഗിക ജീവിതം ആരംഭിച്ച ജോൺ 1979-ൽ അവിടെ നിന്നും സൗത്ത് ഗുജറാത്ത് സർവ്വകലാശാലയിൽ അസോസിയേറ്റ് പ്രൊഫസ്സർ ആയി പോവുകയും ചെയ്തു.1982 വരെ അവിടെ തുടർന്ന് ജോലി ചെയ്തു.

നേതൃത്വപരിശീലനത്തെ പറ്റി തമിഴിൽ മൂന്നു പുസ്തകങ്ങളും (1969 -1970)പിന്നീട് 1974 മുതൽ പൊതുഭരണം,മാനേജ്മെന്റ് വിദ്യഭ്യാസഭരണം, ,പരിശീലനം, മനുഷ്യശേഷി വികസനം, മുതലായ വിഷയങ്ങളെ പറ്റി ഇംഗ്ലീ ഷിൽ പത്തിലധികം പുസ്തകങ്ങളും പൊതുഭരണത്തെ പറ്റി മലയാളത്തിൽ അഞ്ചു പുസ്തകങ്ങളും ഇതേപറ്റി ഇംഗ്ലീഷിലും മലയാളത്തിലും ആയി നൂറിലധികം ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

www.malankaralibrary.com

1972-ൽ ശ്രീ അരവിന്ദൻ ജന്മശതാബ്ദിയോടനുബന്ധിച്ച് ദീൻദയാൽ റിസർച്ച് ഇൻസ്റ്റിസ്റ്റ്യൂട്ട് രാജ്യവ്യാപകമായി നടത്തിയ ശ്രീ അരവിന്ദന്റെ ദർശനങ്ങളെ പറ്റിയുള്ള തത്വശാസ്ത്ര പ്രബന്ധ മൽസരത്തിൽ ഡോ.ജോൺ ഒന്നാം സമ്മാനം (പ്രശസ്തിപത്രവും പുരസ്കാരവും) നേടി.

മനുഷ്യശേഷി വികസനം, വിദ്യഭ്യാസ ഭരണം, ക്വാളിറ്റി സർക്കിൾ പ്രവർത്തനം, ഭരണനവീകരണം, ഭരണവികേന്ദ്രീകരണം എന്നിവയാണ് പ്രധാന പ്രവർത്തന മണ്ഡലങ്ങൾ. പൊതുസ്ഥാപനങ്ങളുടെ രോഗങ്ങളും പ്രതിവിധികളും എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ച് ഇൻസ്റ്റിറ്റ്യൂഷണൽ പാത്തോളജി എന്നൊരു പുതിയ ഗവേഷണ രംഗം വികസിപ്പിച്ച് വരികയും ചെയ്യുന്നുണ്ട്.

തിരുവന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ പ്രൊഫസ്സറായി ഡോ.ജോൺ ജോലി നോക്കുകയാണ്.എല്ലാ തട്ടുകളിലുമുള്ള സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് മാനേജ്മെന്റ് പരിശീലനം കൊടുക്കുകയും തെരഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങളിൽ ഭരണനവീകരണ പരീക്ഷണങ്ങൾ നടത്തുകയും പൊതുഭരണരംഗത്തെ പറ്റി വ്യാപകമായ ഗവേഷണങ്ങൾ നടത്തുകയും ചെയ്യുന്ന ജോൺ 31 പുസ്തകങ്ങൾ തമിഴിലും ഇംഗ്ലീഷിലും മലയാളത്തിലുമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. തലൈരാകത്തികഴ വേണ്ടാമോ(1969)യാർ തലൈവൻ(1970), നിനൈവിൽ നിർക(1970) എന്നിവയാണ് തമിഴിൽ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ.പതിനെട്ട് ഗ്രന്ഥങ്ങൾ ഇംഗ്ലീഷിൽ രചിച്ചിട്ടുണ്ട്. (1)Models of nation building(1975), (2)Political Analysis Shifting trends and questinable Assumptions(1976),(3)The Indian political System(Edited volume-1976),(4)Nation building from below(1977),(5)Science and Society-A Perspectives on the frontiers of Science policy(1978),(6)Training Effectiveness(An Indian cess study(1989)),(7)Case studies in Educational Administration (1991),(8)Planning and campus provement(Booklet)(1993),(9)Planning and campus developement (Booklet (1993)),(10)Perspectiveness on the educational system (1993),(11)Management connects from Science Technics(1993),(12) Management of colleges in india(1995),(13)Managing Qualitty of Service(1999),(14)Managing Educational Excellence(2000),(15)Hand book on Management developement(2001),(16)Training for performance improvement (2000),(17)Forest management:An HRD Approach(2002),18(Behaviour aspects of TQM and quality (2005).

മലയാളത്തിൽ രചിച്ച ഗ്രന്ഥങ്ങൾ (1)ഭരണ നവീകരണം-ഒരു മാനേജ്മെന്റ് സമീപനം(1993) (2)കേരളത്തിലെ ഭരണ സംസ്കാരം (1993), (3) ക്വാളിറ്റി സർക്കിൾ പ്രവർത്തനം(1993), (4)ഭരണസംസ്കാരവും പൊതുജന സംതൃപ്തിയും(1994), (5)പഞ്ചായത്ത് രാജ്-ഒരു മാനേജ്മെന്റ് സമീപനം(1994), (6)മാനേജ്മെന്റ് ഇൻ ഗവൺമെന്റ്(1994), (7)ഭരണം നന്നാവാൻ1995), (8)സേവന വിജയത്തിന് ഒരു മാനേജ്മെന്റ് വിദ്യ(2004), (9)സൽഭരണത്തിന് ഒരു മാനേജ്മെന്റ് സമീപനം(2005), (10)സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് വേണ്ടിയുള്ള ക്വാളിറ്റി സർക്കിൾ പുസ്തകം (2005)

www.malankaralibrary.com

നവഭാരതസൃഷ്ടിയിൽ ഡോ ജോൺ പുൽപ്പറമ്പിൽ നിസ്തുല സേവനമാണ് അനുഷ്ഠിക്കുന്നത്.

വിലാസം - ഡോ. ജോൺ പുൽപ്പറമ്പിൽ, 63 ഗംഗാനഗർ റസിഡൻഷ്യൽ അസ്സോസിയേഷൻ, വള്ളക്കടവ് പി.ഒ, തിരുവനന്തപുരം 695008

## 368

# പ്രൊഫ. കെ.വി. പീറ്റർ



ഹോർട്ടികൾച്ചറിസ്റ്റും, പ്ലാന്റ് ബ്രീഡറും കേരള കാർഷികസർവ്വകലാശാലയുടെ വൈസ്ചാൻസലറുമായിരിക്കുന്ന പ്രൊഫ. കെ.വി. പീറ്റർ ഭാരതത്തിലെ ഏറ്റവും പ്രമുഖരായ കാർഷികഗവേഷകന്മാരിലൊരാളാണ്. തോട്ടകൃഷിയിലും ചെടികൾ വളർത്തലിലും വിദഗ്ദ്ധനായ സർവ്വകലാശാലാ അദ്ധ്യാപകനും സസ്യഗവേഷണങ്ങൾക്ക് നേതൃത്വം നൽകുന്നതിൽ പരിചയസമ്പന്നനുമാണദ്ദേഹം. 1975-1999 കാലത്ത് അദ്ദേഹം ജി.ബി. പന്ത് കാർഷികസർവ്വകലാശാലയിൽ വെജിറ്റബിൾ ബ്രീഡർ ആയിരുന്നു. പിന്നീടദ്ദേഹം കേരളസർവ്വകലാശാലയിലെത്തി. അവിടുത്തെ ഗവേഷണങ്ങളുടെ ഫലമായി രോഗപ്രതിരോധശക്തിയും വിളസമൃദ്ധിയുമുള്ള മുളക്, വഴുതന, തക്കാളി, പാവൽ എന്നിവ അദ്ദേഹം രൂപപ്പെടുത്തിയെടുത്തു. കൃഷി ശാസ്ത്രത്തിൽ അമ്പതിലധികം എം.എസ്സ്.സിക്കാരുടെയും പി.എച്ച്.ഡിക്കാരുടെയും പരിശീലനത്തിന് അദ്ദേഹം നേതൃത്വം നൽകി. കൽക്കട്ടയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഏഫ് സ്പൈസസ് റിസർച്ചിൽ സ്പൈൽസ് ബയോടെക്നോളജിക്കുള്ള സൗകര്യം അദ്ദേഹം ഏർപ്പെടുത്തി. 32 തരം സുഗന്ധവ്യഞ്ജനങ്ങളുടെ അതിവേഗത്തിലുള്ള വർദ്ധനയ്ക്കുവേണ്ട തന്ത്രങ്ങൾ അവിടുത്തെ ശാസ്ത്രജ്ഞന്മാർ വികസിപ്പിച്ചെടുത്തു. പ്രസ്തുത വ്യഞ്ജനങ്ങളുടെ കൂട്ടത്തിൽ കുരുമുളകും ഏലവും പെടും.

കോഴിക്കോട്ടുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓപ് സ്പൈൽസ് റിസർച്ച് (IISR) എന്ന സ്ഥാപനത്തിന് ഇദ്ദേഹം ഫലപ്രദമായ മാനേജീരിയൽ പിന്തുണ നൽകി. തത്ഫലമായി അതിന് കുരുമുളകിന്റെയും ഏലത്തിന്റെയും ജെംപ്ലാസത്തിൽ ലോകത്തിലെ ഏറ്റവും വലിയ ശേഖരം കരഗതമായിരിക്കുന്നു. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ കൃഷിവിദഗ്ദ്ധന്മാരുടെ ഒരു സംഘം നടത്തിയ കണ്ടെത്തലുകളുടെ ഫലമായി ഏലത്തിന്റെ ഉല്പാദനക്ഷമത 1993 ൽ ഹെക്ടറിന് 70 കിലോ ആയിരുന്നത് 1998 ൽ 149 കിലോ ആയി വർദ്ധിച്ചു. ഇതേ കാലത്ത് കുരുമുളകിന്റേത് 268 കിലോയിൽനിന്ന് 311 കിലോ ആയി വർദ്ധിച്ചു. ഇവർ വികസിപ്പിച്ച സാങ്കേതിക വിദ്യമൂലം

www.malankaralibrary.com

ആണ്ടുവട്ടത്തിൽ എപ്പോഴും കുരുമുളക് ഉത്പാദനം സാദ്ധ്യമാണ് എന്നും വന്നു. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ശാസ്ത്രജ്ഞന്മാർ വികസിപ്പിച്ച വേരു ചീയൽ പ്രതിരോധതന്ത്രം 68000 ഹെക്ടറിൽ പ്രയുക്തമായി.

പ്രൊഫ. കെ.വി. പീറ്റർ എഴുതുകയോ പ്രസാധനം ചെയ്യുകയോ ചെയ്ത ഗ്രന്ഥങ്ങൾ 12 ആണ്. അദ്ദേഹം 15 ഗ്രന്ഥങ്ങളുടെ സഹകർത്താവും കൂടിയാണ്. ഇത്തരത്തിൽ 126 റിസേർച്ച് പേപ്പേഴ്സും ഉണ്ട്. ഇദ്ദേഹം തയ്യാറാക്കിയ Hand book of Hearbs and spices എന്ന രണ്ടു വാല്യങ്ങളുള്ള ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയത് ഇംഗ്ലണ്ടിലെ wood head publishing company ആണ്. ഇദ്ദേഹം സഹഗ്രന്ഥകാരനായ Handbook of Industrial crops അമേരിക്കയിലെ Howarth Press പ്രസിദ്ധീകരിച്ചു. ഇദ്ദേഹത്തിന്റെ Plantation crops എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചത് നാഷണൽ ബുക്ക്ട്രസ്റ്റ് ഓഫ് ഇൻഡ്യ ആണ്.

ഇദ്ദേഹം ഡയറക്ടറായ വെള്ളാനിക്കര കാർഷിക സർവ്വകലാശാലയുടെ ഗവേഷണവിഭാഗം 800 ശാസ്ത്രജ്ഞന്മാർക്ക് ഗവേഷണ മാർഗ്ഗദർശനം നൽകി. കോഴിക്കോട് കേന്ദ്രമായ ഇൻഡ്യൻ സൊസൈറ്റി ഓഫ് സ്പൈസസിന് 1992 – 93 ൽ പ്രൊഫ. പീറ്റർ അദ്ധ്യക്ഷനായിരുന്നു. വരണാസികേന്ദ്രമായ ഇന്ത്യൻ സൊസൈറ്റി ഓഫ് വെജിറ്റബിൾ സയൻസിന്റെ ഉപാദ്ധ്യക്ഷനായും ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ന്യൂഡൽഹിയിലെ നാഷണൽ അക്കാഡമി ഓഫ് അഗ്രികൾച്ചറൽ സയൻസിൽ ഇദ്ദേഹം ഫെല്ലോ ആണ്. ഈ സ്ഥാപനത്തിന്റെ റാഫി അഹമ്മദ് കിദ്വായി അവാർഡും 2000–ാമാണ്ടിലെ റെക്കഗ്നിഷൻ അവാർഡും ലഭിച്ചിട്ടുണ്ട്. ബാംഗ്ലൂർ കാർഷിക സർവ്വകലാശാലയുടെ എം.എച്ച്. മാരിഗൗഡാ അവാർഡും വരണാസിയിലെ ഇന്ത്യൻ സൊസൈറ്റി ഓഫ് വെജിറ്റബിൾ സയൻസിന്റെ രജതജൂബിലി മെഡലും പ്രൊഫ. കെ.വി. പീററിന് ലഭിച്ചിട്ടുണ്ട്.

കാർഷികഗവേഷണം സംബന്ധിച്ച് അനേകം ഉന്നതസമിതികളിൽ അദ്ദേഹം അംഗമാണ്.

പ്രൊഫ. പീറ്റർ 1948 മേയ് 17ന് കുമ്പളങ്ങിയിൽ കുറുപ്പശ്ശേരി ഭവനത്തിൽ ദേവസ്യാവർക്കി–റോസ് ദമ്പതികളുടെ മകനായി ജനിച്ചു. കുമ്പളങ്ങിസെന്റ് പീറ്റേഴ്സ് ഹൈസ്കൂളിലെയും എറണാകുളം മഹാരാജാസ് കോളേജിലെയും പഠനത്തിനുശേഷം വെള്ളായണി കാർഷിക കോളേജിൽനിന്ന് അഗ്രികൾച്ചറൽ ബി.എസ്സ്.സി. പാസ്സായി. പന്ത് നഗർ ജി.ബി. പന്ത് കാർഷികസർവ്വകലാശാലയിൽനിന്ന് ഡോക്ടറേറ്റ് നേടി. പോസ്റ്റ് ഡോക്ടറൽ പരിശീലനം അമേരിക്കയിൽ മേരിലാൻഡിലുള്ള USDA, BARC-W എന്ന സ്ഥാപനത്തിൽ ആയിരുന്നു. ബംഗ്ലാദേശ്, തായ്വാൻ, ഗ്യാഡലോപ്പ്, യു.എസ്സ്.എ. തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന ശാസ്ത്രകാരന്മാരുടെ സമ്മേളനങ്ങളിൽ പങ്കെടുത്തു. ഭാരതസർക്കാരിന്റെ ബയോടെക്നോളജി വകുപ്പിന്റെ കീഴിലുള്ള രണ്ട് ഗവേഷണപ്രസ്ഥാനങ്ങളുടെ കോ–ഓർഡിനേറ്റർ കൂടിയാണദ്ദേഹം. ഇദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള റിസർച്ച് ടീമിന്


www.malankaralibrary.com

പ്രോസസിംഗ് ആൻഡ് പ്രോഡക്ട് ഡവലപ്മെന്റിനുള്ള 2002-2003 ലെ ഭാരതസർക്കാരിന്റെ ദേശീയ അവാർഡ് ലഭിച്ചു.

പ്രൊഫ. പീറ്റർ വൈസ് ചാൻസലറായിരിക്കെ കേരള കാർഷിക സർവ്വകലാശാല 2000-2001 ലും 2001-2002 ലും പ്രവർത്തനമികവിൽ ഇന്ത്യൻ കാർഷിക സർവ്വകലാശാലകളിൽ ഒന്നാംസ്ഥാനത്തെത്തി. ന്യൂഡൽഹിയിലെ ICAR എന്ന സ്ഥാപനമാണ് ഈ അംഗീകാരം നൽകിയത്. ഇന്ന് വെള്ളാനിക്കര സർവ്വകലാശാലയുടെ കീഴിൽ കേരളത്തിൽ നാലുകൃഷി വിജ്ഞാന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സഹധർമ്മിണി വിമലാപീറ്റർ.

Address - Prof. K.V. Peter, Kuruppasserry House, Mullookkara P.O., Mannuthy, Trichur - 680656

## 369



# ഫാ. ജിയോ പുളിക്കൽ

ഫാ.ജിയോ പുളിക്കൽ എന്ന പേരിൽ അറിയപ്പെടുന്ന പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും പ്രഭാഷകനും, ഭരണാധികാരിയുമായ ഫാ. ജോർജ്ജ് പുളിക്കൽ തലശ്ശേരി അതിരൂപതയിലെ ഒരു പ്രമുഖ വൈദികനാണ്.

പാലായിൽ നിന്ന് പത്തുകിലോമീററർ അകലെയുള്ള കുറുമണ്ണ് എന്ന ഗ്രാമത്തിൽ 1948 ജൂൺ 7ന് പുളിക്കൽ ജോസഫ് മറിയം ദമ്പതികളുടെ ഏഴാമത്തെ സന്താനമായി ജനിച്ചു. കുറുമണ്ണ് യു.പി. സ്കൂൾ, മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്ക്കൂൾ, നീലൂർ സെന്റ് ജോസഫ്സ് ഹൈസ്കൂൾ എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തിയാക്കി. 1964 ൽ തലശ്ശേരി മൈനർ സെമിനാരിയിൽ വൈദിക പരിശീലനത്തിന് ചേർന്നു. തുടർന്ന് കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ പഠിച്ച് 1974 ഡിസംബർ 19 -ന് തലശ്ശേരി രൂപതയ്ക്കുവേണ്ടി വൈദികനായി അഭിഷിക്തനായി. കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ. ബിരുദവും കോഴിക്കോട് സർവകലാശാലയിൽനിന്ന് മലയാളത്തിൽ എം.എ., എം.ഫിൽ ബിരുദവും കരസ്ഥമാക്കി. "ആധുനിക മലയാളകവിതയിലെ ബൈബിൾ ഇമേജുകൾ" എന്ന വിഷയമാണ് എം.ഫിൽ ഗവേഷണപ്രബന്ധം.

1975 ൽ കോടഞ്ചേരി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായിട്ടാണ് വൈദികശുശ്രൂഷ ആരംഭിച്ചത്. പിന്നീട് റയരോം, വാഴമല, നിർമ്മലഗിരി, പെരിങ്കിരി എന്നീ ഇടവകകളിലും സേവനമനുഷ്ഠിച്ചു.

1976 ൽ കേരള കാത്തലിക് ബിഷപ്പ് കോൺഫ്രൻസിന്റെ എറണാ

www.malankaralibrary.com

കുളത്തെ പി.ഒ.സിയിൽ സ്റ്റാഫ് മെമ്പറായി നിയമിതനായ അദ്ദേഹം പി.ഒ.സി. ബൈബിളിന്റെ പുതിയ നിയമ വിവർത്തനത്തിൽ സജീവമായി പങ്കുവഹിച്ചു. 1977 ൽ തലശ്ശേരി രൂപതയിലെ മതബോധന കേന്ദ്രത്തിൽ നിയമിക്കപ്പെട്ടു. ഫാ. ജോർജ്ജ് വലിയമററത്തിന്റെ (ഇന്നത്തെ ആർച്ചു ബിഷപ്പ്) നേതൃത്വത്തിൽ ഇടവകകളെ മുഴുവൻ ആത്മീയ നവോത്ഥാനത്തിന്റെ പാതിയിലേക്കു നയിക്കുവാൻ നടത്തിയ ഇടവക നവീകരണ സെമിനാറുകൾ, മതാദ്ധ്യാപകർക്കായുള്ള ചതുർദിന സെമിനാറുകൾ, ഏകദിന സെമിനാറുകൾ, തീവ്രപരിശീലന കോഴ്സുകൾ എന്നിവയ്ക്കെല്ലാം നേതൃത്വം നൽകുവാൻ സഹായിച്ചു. 150-ഓളം ഇടവകകളിൽ നടത്തിയ നവീകരണ സെമിനാറുകൾ വലിയ വിജയം തന്നെയായിരുന്നു.

1977 മുതൽ 1983 വരെ തലശ്ശേരി മൈനർ സെമിനാരിയിൽ പ്രൊഫസ്സറായും വൈസ് റെക്ടറായും സേവനമനുഷ്ഠിച്ചു.

1983 ൽ തലശ്ശേരി രൂപതയുടെ ഉന്നതവിദ്യാഭ്യാസ കേന്ദ്രമായ നിർമ്മലഗിരി കോളേജിൽ മലയാളം അദ്ധ്യാപകനായി നിയമിതനായ ഫാ. ജിയോ പുളിക്കൽ 1995-1997 വരെ വൈസ്പ്രിൻസിപ്പലായും 1997 മുതൽ 2003 വരെ കോളേജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ചു. സ്റ്റാഫംഗങ്ങളുടെ വിവിധ കമ്മിററികളുണ്ടാക്കി കോളേജിന്റെ സമഗ്രമായ വളർച്ചയ്ക്കും വികാസത്തിനും വേണ്ടി യത്നിച്ചു. കൂടുതൽ ബിരുദ കോഴ്സുകളും ബിരുദാനന്തര കോഴ്സുകളും ആരംഭിച്ചു. മികച്ച പഠന നിലവാരത്തിനും അച്ചടക്കത്തിനും പേരുകേട്ട നിർമ്മലഗിരി കോളേജിനെതിരെ 1999 ൽ രാഷ്ട്രീയ ഗുണ്ടകളുടെ ആക്രമണമുണ്ടായപ്പോൾ അതിനെതിരെ കോളേജിലെ സ്റ്റാഫിനെയും രൂപതാസമൂഹത്തെയും വിദ്യാർത്ഥികളെയും രക്ഷാകർതൃസമിതിയേയും ഒരുമിച്ചു നിർത്തി അദ്ദേഹം ധീരമായി പടപൊരുതി. കോളേജിനെതിരേയുണ്ടായ ആക്രമണങ്ങളെക്കുറിച്ച് ഇടതുപക്ഷ ഗവൺമെന്റിനെക്കൊണ്ട് ജുഡീഷ്യൽ അന്വേഷണംവരെ നടത്തിക്കുവാൻ കഴിഞ്ഞു എന്നത് വലിയ നേട്ടമാണ്. ജുഡീഷ്യൽ അന്വേഷണകമ്മീഷൻ ദീർഘനാളത്തെ തെളിവെടുപ്പിനുശേഷം പ്രിൻസിപ്പലിന്റെ നടപടികളെ ശ്ലാഘിച്ചുകൊണ്ടും അക്രമ രാഷ്ട്രീയക്കാരുടെ അതിക്രമങ്ങളെ അപലപിച്ചുകൊണ്ടും നടത്തിയ വിധി പ്രസ്താവനയിലൂടെ സത്യം പുറത്തുകൊണ്ടുവരുവാനും വിദ്യാഭ്യാസമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുവാനും സാധിച്ചു. ഭീഷണികളെ വകവയ്ക്കാതെ വിദ്യാഭ്യാസ മൂല്യങ്ങൾക്കവേണ്ടി പടപൊരുതിയതിന്റെ പേരിൽ ന്യൂഡൽഹി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇൻഡ്യാ ഇന്റർനാഷണൽ ഫ്രണ്ട്ഷിപ്പ് സൊസൈററിയുടെ "ശിക്ഷാരത്തൻ അവാർഡും" ഇന്റർ നാഷണൽ പബ്ലീഷിംഗ് ഹൗസിന്റെ "ഗുഡ് സിററിസൺസ് ഓഫ് ഇൻഡ്യാ" അവാർഡും ഫാ. ജിയോ പുളിക്കലിനെ തേടിയെത്തി.

കോഴിക്കോട് സർവകലാശാലയുടെ സെനററ് മെമ്പർ, കണ്ണൂർ സർവകലാശാലയുടെ സെനററ് മെമ്പർ, അക്കാഡമിക് കൗൺസിൽ മെമ്പർ,

www.malankaralibrary.com

അക്കാഡമിക് കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിററി മെമ്പർ, കണ്ണൂർ നവോദയ സ്കൂൾ ഡയറക്ടർ ബോർഡ് മെമ്പർ, രൂപതയിലെ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് ഉപദേശകസമിതിയംഗം, ആൾ ഇൻഡ്യ അസോസിയേഷൻ ഫോർ ക്രിസ്റ്റ്യൻ ഹയർ എഡ്യൂക്കേഷന്റെ കേരള ഘടകം നിർവാഹക സമിതിയംഗം, എന്നീ നിലകളിലും വിദ്യാഭ്യാസ രംഗത്ത് അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

രൂപതയുടെ അജപാലന വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന പാസ്റ്ററൽ കൗൺസിൽ, പ്രിസ് ബിറേറാറിയൽ കൗൺസിൽ, ആർച്ചു ബിഷപ്പിന്റെ ഉപദേശകസമിതി എന്നിവയിലും വർഷങ്ങളോളം അംഗമായിരുന്ന് സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മലബാർ മേഖലയാകമാനം അറിയപ്പെടുന്ന പ്രഗത്ഭനായ വാഗ്മിയാണ് ഫാ. ജിയോ പുളിക്കൽ. കോളേജിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തു തന്നെ കോഴിക്കോട് സർവകലാശാലയിൽ പ്രസംഗമത്സരത്തിൽ ഒന്നാം സ്ഥാനം നേടുകയുണ്ടായി. ഇന്ന് മലബാറിന്റെ സാംസ്കാരികരംഗത്ത് സജീവ സാന്നിദ്ധ്യമായി അദ്ദേഹം നിലകൊള്ളുന്നു. മുസ്ലീം ഹൈന്ദവ സഹോദരങ്ങളുടെ മതസ്ഥാപനങ്ങളോടനുബന്ധിച്ച് നടത്താറുള്ള സാംസ്കാരിക, മതസൗഹാർദ്ദ സമ്മേളനങ്ങളിൽ പ്രിയങ്കരനായ പ്രഭാഷകനാണ് അദ്ദേഹം. യുവജനസെമിനാറുകൾ, വ്യക്തിത്വ വികസന സെമിനാറുകൾ, അദ്ധ്യാപകപരിശീലന വേദികൾ, പ്രസംഗ പരിശീലന ക്യാമ്പുകൾ തുടങ്ങിയ വിദ്യാഭ്യാസ, സാംസ്കാരിക പരിപാടികളിലെല്ലാം അദ്ദേഹത്തിന്റെ സംഭാവന വിലപ്പെട്ടതാണ്. വിവിധ പ്രസിദ്ധീകരണങ്ങളിൽ കവിതകളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുലാവർഷം (കവിത), ക്രിസ്മസ് ചിന്തകൾ (ലേഖനങ്ങൾ) എന്ന രണ്ടു പുസ്തകങ്ങളും അദ്ദേഹത്തിന്റേതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.


ഇപ്പോൾ സീറോ മലബാർ സഭയുടെ മൂന്നാമത്തെ മേജർ സെമിനാരിയായ കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ റെക്ടറായി ഫാ. ജിയോ പുളിക്കൽ സേവനമനുഷ്ഠിക്കുന്നു. സീറോ മലബാർ സഭയിലെ രൂപതകൾക്കുവേണ്ടി 2001 ൽ മലബാറിലെ ഇരിട്ടിക്കടുത്തുള്ള കുന്നോത്ത് ആരംഭിച്ച ഈ മേജർ സെമിനാരിയിൽ 2008 ഓടുകൂടിയേ മുഴുവൻ ബാച്ചുകളും പൂർത്തിയാവുകയുള്ളു. 200 വൈദിക വിദ്യാർത്ഥികൾക്കു പരിശീലനം നൽകുവാൻ ഉദ്ദേശിക്കപ്പെടുന്ന സെമിനാരിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കുടുംബാന്തരീക്ഷം, വ്യക്തിപരമായ പരിശീലനം, അജപാലനാഭിമുഖ്യം, പൗരസ്ത്യാരാധനക്രമത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികത, ജീവികാരുണ്യോന്മുഖത എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ഈ സെമിനാരിയിൽ വിവിധ രൂപതകളിൽനിന്നായി നൂറിലേറെ വൈദിക വിദ്യാർത്ഥികൾ വിവിധ ബാച്ചുകളിലായി ഇപ്പോൾ ഫാ. ജിയോ പുളിക്കലിന്റെ സാരഥ്യത്തിൽ പരിശീലനം നേടുന്നുണ്ട്.

www.malankaralibrary.com

വൈദിക വിദ്യാഭ്യാസരംഗത്ത് നിസ്തുലമായ സേവനമാണ് ഫാദർ ജിയോ പുളിക്കൻ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്.

വിലാസം - ഫാ.ജിയോ പുളിക്കൻ, ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി, കുന്നോത്ത്, കിളിയന്തറ പി.ഒ. - 670706, കണ്ണൂർ.

# 370



# മാർ ജോസഫ് പെരുന്തോട്ടം

ശാന്തനും പക്വമതിയും മഹാപണ്ഡിതനും ദൈവശാസ്ത്രജ്ഞനും ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാനുമായ മാർ ജോസഫ് പെരുന്തോട്ടം കോട്ടയം ജില്ലയിൽ പുന്നത്തുറ കൊങ്ങാണ്ടൂരിൽ പെരുന്തോട്ടം വീട്ടിൽ ജോസഫ് അന്നമ്മ ദമ്പതികളുടെ ഏറ്റവും ഇളയ മകനായി 1948 ജൂലൈ മാസം 5-ാം തിയതി ജനിച്ചു. ബേബിച്ചൻ എന്നായിരുന്നു ബാല്യകാലപേര് സ്കൂളിൽ റ്റി.ജെ. ജോസഫ് എന്നറിയപ്പെട്ടിരുന്നു. കൊങ്ങാണ്ടൂർ സെന്റ്. ജോസഫ് എൽ.പി. സ്കൂളിലും പുന്നത്തുറ സെന്റ് ജോസഫ് ഹൈസ്കൂളിലും ആയിരുന്നു വിദ്യാഭ്യാസം. ചെറുപ്പകാലത്ത് നിത്യവും പള്ളിയിൽ പോയിരുന്ന ബേബിച്ചൻ ഒരു അൾത്താര ബാലൻ കൂടിയായിരുന്നു. പ്രാർത്ഥനയോടുള്ള ആഭിമുഖ്യം ചെറുപ്പം മുതലേ അദ്ദേഹത്തിൽ പ്രകടമായിരുന്നു. ശാന്ത പ്രകൃതക്കാരനായിരുന്ന റ്റി. ജെ ജോസഫ് അദ്ധ്യാപകർക്കും സഹപാഠികൾക്കും ഏറ്റം പ്രിയങ്കരനായിരുന്നു.

ഹൈസ്കൂൾ വിദ്യാഭ്യാസനന്തരം 1964-ൽ രൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനത്തിന് തുടക്കം കുറിച്ചു. പുണ്യശ്ലോകനായ മാർ മാത്യുകാവുകാട്ട് തിരുമേനിയാണ് മൈനർ സെമിനാരിയിലേക്ക് ജോസഫിനെ സ്വീകരിച്ചത്. മൈനർ സെമിനാരിയിലെ പഠനത്തിനുശേഷം വടവാതൂർ സെമിനാരിയിൽ ചേർന്ന് തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. 1974 ഡിസംബർ 18 ന് അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു.

കൈനകരി പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യ നിയമനം. തുടർന്ന് പുളിങ്കുന്ന് പള്ളിയിലും അസിസ്റ്റന്റ് ആയി സേവനം ചെയ്തു. പെരുന്തോട്ടത്തിലച്ചന്റെ നേതൃപാടവം നേരിട്ടറിഞ്ഞ ആർച്ച് ബിഷപ്പ് മാർ ആന്റണി പടിയറ കൂടുതൽ ഉത്തരവാദിത്വങ്ങൾ അദ്ദേഹത്തെ ഏല്പിച്ചു. ചങ്ങനാശ്ശേരി രൂപത ഇന്നലെ ഇന്ന് രണ്ടാം ഭാഗങ്ങളിൽ ഡോ. പി.സി. അനിയൻ കുഞ്ഞ് ഇപ്രകാരം എഴുതിയിരിക്കുന്നു. "1979 മേയിൽ

www.malankaralibrary.com

ബഹു. പെരുന്തോട്ടത്തിലച്ചനെ അതിരൂപതാ മതബോധനഡയറക്ടറായി നിയമിച്ചു. ഇക്കാലയളവിൽ മതാദ്ധ്യാപകരുടെ പരിശീലനത്തിലും ദൃശ്യ ശ്രാവ്യ മധ്യമങ്ങൾ ഉപയോഗിച്ചുള്ള മതബോധന രീതി ആസൂത്രണം ചെയ്യുന്നതിലും മതബോധനം കുടുതൽ ഏകീകൃതമാക്കുന്നതിലും അദ്ദേഹം ശ്രദ്ധേയമായ കാര്യങ്ങൾ ചെയ്യുകയുണ്ടായി. ഇതോടൊപ്പം കാത്തലിക് വർക്കേഴസ് മൂവ്മെന്റിന്റെ ഡയറക്ടറായിരുന്നു കൊണ്ട് വിവിധ ഇടവകളിൽ തൊഴിലാളികൾക്ക് ക്രൈസ്തവ പരിശീലനത്തിനും കൂട്ടായ ചിന്തയ്ക്കും വേദിയൊരുക്കി".

നാലുവർഷക്കാലം മതബോധന ഡയറക്ടറായി സ്തത്യർഹമായ സേവനം അനുഷ്ഠിച്ച പെരുന്തോട്ടത്തിലച്ചനെ ഉപരിപഠനത്തിനായി റോമിലേക്കയച്ചു. റോമിലെ ഗ്രീഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും സഭാചരിത്രത്തിൽ അദ്ദേഹം ഡോക്ടറേറ്റ് സമ്പാദിച്ചു. റോമിലെ പഠനകാലത്ത് റോമിൽ അധിവസിക്കുന്ന സീറോ-മലബാർ സഭാംഗങ്ങളുടെ കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ചെയ്തിരുന്നു. അക്കാലത്ത് റോമിൽ സീറോ -മലങ്കര, സീറോ-മലബാർ സഭാംഗങ്ങൾ ചേർന്ന് രൂപീകരിച്ച ഒരു പ്രസ്ഥാനമായിരുന്നു മാർത്തോമയോഗം. അതിന്റെ മുഖ്യ സംഘാടകനായിരുന്നു ഫാ. പെരുന്തോട്ടം.

ഉപരിപഠനം കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയ പെരുന്തോട്ടത്തിലച്ചനെ സുവിശേഷവത്കരണദശകത്തിന്റെ അതിരൂപതാ കോർഡിനേറ്ററായും പാസ്റ്റൽ സെന്റർഡയറക്ടറായും കൊടിനാട്ടുകുന്ന് പള്ളി വികാരിയായും ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ നിയമിച്ചു. അൽമായർക്കുള്ള ഉന്നത ദൈവശാസ്ത്ര പഠനകേന്ദ്രമായ മാർത്തോമാ വിദ്യാനികേതൻ ആരംഭിക്കുന്നതിനുള്ള ചുമതല അദ്ദേഹത്തെ ഏല്പിച്ചിരുന്നു. 1990 ജൂലൈ 3-ന് മാർത്തോമാ വിദ്യാനികേതന് ആരംഭം കുറിച്ചു. അതിന്റെ സ്ഥാപക ഡയറക്ടറായ പെരുന്തോട്ടത്തിലച്ചൻ അശ്രാന്തപരിശ്രമത്തിലൂടെ അഭിമാനകരമായ നേട്ടങ്ങൾ കൊയ്തു. 1991-ൽ ഈ സ്ഥാപനത്തിന് വത്തിക്കാന്റെ അംഗീകാരവും ലഭിച്ചു. ഈ പ്രസ്ഥാനത്തിൽ നിന്നും നിരവധി അൽമായർ ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടി. വിദ്യാനികേതൻ ഡയറക്ടറായി സേവനം ചെയ്യുന്നതോടൊപ്പം പൊങ്ങ മാർസ്ലീബാപള്ളി വികാരിയായും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലും മാങ്ങാനം മിഷിനറി ഓറിയന്റേഷൻ സെന്ററിലും പ്രൊഫസറായും സേവനം അനുഷ്ഠിച്ചിരുന്നു. പ്രൊഫ. അനിയൻ കുഞ്ഞിന്റെ ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. "സഭാചരിത്രം, ലിറ്റർജി, തുടങ്ങിയ വിഷയങ്ങളിൽ ഒട്ടേറെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. സീറോ - മലബാർ സഭയുടെ ലിറ്റർജിക്കൽ റിസർച്ച് സെന്റർ (എൽ.ആർ.സി) ഡയറക്ടർ ബോർഡ് അംഗം അതിരൂപത ലിറ്റർജിക്കൽ കമ്മീഷൻ അംഗം സീറോ-മലബാർ സഭയുടെ ലിറ്റർജി കമ്മീഷൻ അംഗം തുടങ്ങിയ വിവിധ നിലകളിലും ശ്രദ്ധേയമായ നേതൃത്വവും ശുശ്രൂ

www.malankaralibrary.com

ക്ഷയും അദ്ദേഹം നല്കിയിട്ടുണ്ട്. കുടുംബ കൂട്ടായ്മ അതിരൂപതാസമിതിയംഗമായിരുന്നുകൊണ്ട് കൂട്ടായ്മാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹത്തിന്റെ വിലയേറിയ ഉപദേശവും സഹകരണവും ഏറെ ഫലം കണ്ടു. അതിരൂപതാ പ്രസ് ബിറ്ററൽ കൗൺസിൽ(വൈദിക സമിതി) സെക്രട്ടറിയായും അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്.

വിവിധ രംഗങ്ങളിൽ വിലപ്പെട്ട സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കവേയാണ് 2002 ഏപ്രിൽ മാസം 24-ാം തിയതി ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായ മെത്രാനായും നുമീദിയായിലെ തൂക്കാ രൂപതയുടെ സ്ഥാനികമെത്രാനായും നിയമിച്ചു കൊണ്ടുള്ള കല്പന റോമിൽ നിന്നും എത്തിയത്. ചങ്ങനാശ്ശേരി അതിരൂപതയുടെ 116-ാം ജന്മദിനത്തിലാണ് മാർ പെരുന്തോട്ടം മെത്രാനായി അഭിഷിക്തനാകുന്നത്. മെത്രാപ്പോലീത്തൻ പള്ളി മൈതാനിയിൽ തയ്യാറാക്കിയരുന്ന എട്ടുപട്ട മണ്ഡപത്തിൽ വച്ചാണ് മെത്രാഭിഷേകകർമ്മം നടന്നത്.

മാർ പെരുന്തോട്ടം മെത്രാനായ സന്ദർഭത്തിൽ സത്യദീപത്തിന്റെ പ്രതിനിധി നടത്തിയ അഭിമുഖത്തിൽ പറഞ്ഞ ഏതാനം കാര്യങ്ങൾ സത്യദീപത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിലെ ഏതാനം ഭാഗങ്ങൾ താഴെ ചേർക്കുന്നു. സീറോ-മലബാർ സഭയുടെ തനിമയെക്കുറിച്ചും മറ്റുള്ള വിവാദങ്ങളെപ്പറ്റിയും ആണ് പ്രതിനിധി ചോദിച്ചത്. അതിന് മാർപെരുന്തോട്ടം നൽകിയ മറുപടി അദ്ദേഹത്തിന്റെ ചരിത്രാവബോധത്തിനും പക്വമായ പ്രവർത്തനങ്ങൾക്കും തെളിവാണ്. അവ താഴെ ചേർക്കുന്നു.

ഈ വിവാദങ്ങൾ വാസ്തവത്തിൽ അജ്ഞതകൊണ്ടുണ്ടാകുന്നതാണെന്നാണ് എന്റെ നിഗമനം. കാര്യങ്ങൾ ശരിയായി മനസ്സിലാക്കിയാൽ ഒരു വിവാദവും ഉണ്ടാകേണ്ട കാര്യമില്ല. കാരണം വൈവിദ്ധ്യം എന്നത് ഒരു യഥാർത്ഥ്യമാണ്. നാനത്വത്തിൽ ഏകത്വം എന്നതാണു സഭയുടെ സ്വഭാവം. ഇതേക്കുറിച്ചു വ്യക്തമായ ധാരണയുണ്ടെങ്കിൽ ഈ വിവാദങ്ങൾ ഇല്ലാതാക്കാം.

ശ്ലീഹന്മാരുടെ കാലം മുതലേ വൈവിദ്ധ്യത്തിന്റെ സ്വഭാവം നമുക്കു കാണാം. സഭ വാസ്തവത്തിൽ ജന്മംകൊണ്ടതുതന്നെ വൈവിദ്ധ്യത്തിലാണ്. നാലു സുവിശേഷങ്ങൾ ഉണ്ടായതു തന്നെ വൈവിദ്ധ്യത്തിന്റെ ഉദാഹരണമാണ്. ദൈവരഹസ്യം അഗാധവും അപരിമേയമായ യഥാർത്ഥ്യവും ആയതുകൊണ്ട് ഒരു പ്രത്യേകശൈലിയിലും രൂപത്തിലും അതിനെ പ്രകാശിപ്പിക്കാൻ സാധിക്കല്ല. അതുകൊണ്ട്, അതിനു പല പ്രകാശിതരൂപങ്ങളുണ്ടാകും. അത് പരസ്പര ബന്ധിതമാണ്; വിരുദ്ധങ്ങളല്ല. ദൈവിക വെളിപാടിന്റെ അപാരതയാണ് ഈ വൈവിദ്ധ്യത്തിന്റെ അടിസ്ഥാനമെന്നു പറയുന്നത്. അത് ജീവിതത്തിന്റെ എല്ലാ തലങ്ങളിലും കാണാൻ സാധിക്കും. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് നാലു പേർ ലേഖനമെഴുതിയാൽ നാലും വ്യത്യസ്തമായിരിക്കും. അതൊന്നും വൈരുദ്ധ്യമാകണമെന്നില്ല. ഈ വൈവിദ്ധ്യം

www.malankaralibrary.com

റീത്തുകൾ, സഭകൾ എന്നൊക്കെയുള്ളതു ദൈവിക രഹസ്യത്തിന്റെ പൂർണ്ണത സംരക്ഷിക്കാൻ വേണ്ടിയുള്ളതാണ്. അതിനെ വൈരാഗ്യബുദ്ധി യോടെ കാണേണ്ടതില്ല.

ഞാൻ സൂചിപ്പിച്ചതു പോലെ പൗരസ്ത്യ സഭയിൽ ആചാരങ്ങൾ വിശ്വാസത്തിന്റെ പ്രതിഫലനങ്ങളാണ്. പൗരസ്ത്യ ആരാധനക്രമത്തിന് ആ ഒരു മാനമുണ്ട്. നാം കിഴക്കോട്ടു തിരിയുന്നു എന്നതിന്റെ ആഴമായ അർത്ഥങ്ങൾ എടുത്തില്ലെങ്കിൽ അതു വെറുതെ ബാലിശമായി മാത്രമേ തോന്നുകയുള്ളൂ. ഇതു സഭയുടെ ആദ്യ കാലം മുതലുള്ള പാരമ്പര്യമായി പഠിപ്പിക്കുന്നതാണ്. ക്രിസ്തു കേന്ദ്രീകൃതമായ പ്രാർത്ഥനയുടെ അർത്ഥമാണിതിനുള്ളത്.

നാം ഈ ലോകത്തിലായിരിക്കുമ്പോൾ നമുക്കു ചില അടയാളങ്ങളും ചിഹ്നങ്ങളും ആവശ്യമാണ്. അങ്ങനെയുള്ള ചില തത്വങ്ങൾ ഇതിനു പിന്നിലുണ്ട്. അതു മനസ്സിലാക്കിയാൽ വഴക്കുകൾക്കു പ്രസക്തിയുണ്ടാവില്ല. എന്നാൽ വെറുതെ വാശിയുടെയും അഭിമാനത്തിന്റെയും പേരിൽ ചില പ്രശ്നങ്ങൾ ഉടലെടുത്തിട്ടുണ്ട്. അതിനെല്ലാമുപരി ഇവ ദൈവികരഹസ്യങ്ങൾ നമുക്ക് അനുഭവവേദ്യമാക്കുന്ന ചില അടയാളങ്ങളാണ് എന്ന രീതിയിൽ കണ്ടാൽ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകും.

അടയാളങ്ങളുടെ അന്തസ്സത്തയ്ക്കു കുഴപ്പം പറ്റാതെ മാറ്റാൻ കഴിയുന്നതാണെങ്കിൽ മാറ്റണം. പക്ഷേ ചിലതു സഭയുടെ ശ്ലൈഹിക കാലം മുതൽ തന്നെ നിലനല്ക്കുന്ന അടിസ്ഥാന പരമായ അടയാളങ്ങളാകാം. അതിന്റെ പ്രസക്തി മനസ്സിലാക്കാത്തതുകൊണ്ടു കൂടുതൽ ആകർഷകങ്ങളായ ആചാരങ്ങളിക്കേു പോകുന്നതു ശരിയായ പ്രവണതയല്ല. നമുക്കുള്ള അടയാളങ്ങളുടെ പ്രസക്തി ആഴത്തിൽ മനസ്സിലാക്കാൻ ശ്രമിക്കുകയാണു വേണ്ടത്.

മാർ ജോസഫ് പെരുന്തോട്ടം മെത്രാൻസ്ഥാനത്തേക്കുയർത്തപ്പെട്ടപ്പോൾ സ്വീകരിച്ച Moto (മുദ്രാവാക്യം) ആത്മാവിലും സത്യത്തിലും (Jn. 4.23) എന്നതാണ്.


നിരവധി പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ എഴുതിയിട്ടുള്ള മാർ പെരുന്തോട്ടം പത്ത് ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവ താഴെപറയുന്നവയാണ്. 1. ആരാധനാക്രമത്തിന് ഒരു ആമുഖം, 2. വിശുദ്ധ കുർബ്ബാന ഒരു ലഘുപഠനം 3.A period of Decline of the MarThomma Christians 4. മാർത്തോമ്മാ നസ്രാണിസഭ പ്രതിസന്ധികളിലൂടെ 5. മാർപാപ്പാമാരും പൗരസ്ത്യസഭകളും 6. വിശുദ്ധകുർബ്ബാന, കൂട്ടായ്മയുടെ ശക്തിയും സ്രോതസ്സും (നാല് വാക്യം) 7. Bride at the feet of the Bridegroom (Co-Editor) 8. വിശുദ്ധകുർബ്ബാന ചിത്രങ്ങളിലൂടെ 9. ആരാധക്രമ നവീകരണം സീറോ - മലബാർ സഭയിൽ 10. മിശിഹാനുഭവം ആരാധനാവത്സരത്തിലൂടെ. മെത്രാനായതിനുശേഷവും നിരവധി ലേഖനങ്ങൾ എഴുതിക്കൊണ്ടിരിക്കുന്നു.

Address: Bishop Mar Joseph Perunthottam, Arch Bishops House, Changanecherry.

www.malankaralibrary.com

# 371

# മാഗി ജോസ് മേനാംപറമ്പിൽ



കത്തോലിക്കാ കോൺഗ്രസ്സ് വനിതാഫോറം പ്രസിഡണ്ട്, പാലാ രൂപതയിലെ മാതൃജ്യോതി സംഘടനയുടെ പ്രസിഡണ്ട്, കെ.സി.വൈ.എം.ന്റെ ആദ്യകാല ഭാരവാഹി, പ്രമുഖ പ്രഭാഷക എന്നീ നിലകളിലെല്ലാം കേരളത്തിലുടനീളം അറിയപ്പെടുന്ന മാഗി ജോസ് മേനാംപറമ്പിൽ പാലായ്ക്ക് സമീപം വെള്ളിയേപ്പള്ളി എന്ന ഗ്രാമത്തിൽ 1948 ജൂലൈ 10-ാം തീയതി ജനിച്ചു. മാതാപിതാക്കൾ രണ്ടുപേരും വൈദ്യകലാനിധികളായിരുന്നു. പിതാവ് ജോസഫ് കോര പനയ്ക്കൽ. മാതാവ് മാർഗരറ്റ് കോര പനയ്ക്കൽ. ഇവർ ഇരുവരും തിരുവനന്തപുരം ആയുർവ്വേദകോളേജിൽനിന്നും ബിരുദം നേടിയവരാണ്.

ചെറുപ്പം മുതൽ തന്നെ മാഗി വളരെ നേതൃപാടവമുള്ള ആളായിരുന്നു. ഒന്നാം ക്ലാസ്സുമുതൽ ബിരുദതലംവരെയുള്ള എല്ലാ ക്ലാസ്സുകളിലും മാഗി ക്ലാസ്സ് ലീഡറായിരുന്നു. സ്കൂൾ വിദ്യാഭ്യാസം മുത്തോലി ഗേൾസ് സ്കൂളിലായിരുന്നു. മിഡിൽ സ്കൂൾ പഠനകാലത്ത് രൂപതയിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്. പഠനത്തിൽ അതിസമർത്ഥയായിരുന്ന മാഗി പത്താം ക്ലാസ്സിൽ സ്കൂളിലെ ഒന്നാം റാങ്കുകാരിയായതിന്റെ റിക്കാർഡ് (Roll of Honour) ഒന്നാമതായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്കൂൾതലത്തിൽവെച്ചുതന്നെ പ്രസംഗമത്സരത്തിനും ഉപന്യാസത്തിനും നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കുകയുണ്ടായി.

പ്രീഡിഗ്രി വിദ്യാഭ്യാസം പാലാ അൽഫോൻസാ കോളേജിലായിരുന്നു. അൽഫോൻസാ കോളേജിലെ ആദ്യത്തെ ചെയർപേഴ്സൺ എന്ന ബഹുമതിയും മാഗിക്കുള്ളതാണ്. ഫസ്റ്റ് ക്ലാസ്സോടെ പ്രീഡിഗ്രി പാസ്സായ മാഗി ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ ചേർന്ന് ഡിഗ്രി എടുത്തു. അവിടെയും പഠനത്തിനും പ്രസംഗത്തിനും നിരവധി സമ്മാനങ്ങൾ വാങ്ങിക്കൂട്ടുകയുണ്ടായി. തുടർന്ന് പഠിക്കണമെന്നും നല്ല ജോലിയിൽ പ്രവേശിക്കണമെന്നും ആഗ്രഹമുണ്ടായിരുന്നുവെങ്കിലും സാധിച്ചില്ല. അക്കാലങ്ങളിൽ ജോലിക്ക് പോകുന്നതിനോട് വലിയ താല്പര്യം പലരും പ്രകടിപ്പിച്ചിരുന്നില്ല. അതിനാൽ ഉടൻതന്നെ വിവാഹിതയായി. വെള്ളിയേപ്പള്ളിൽ മേനാംപറമ്പിൽ പാപ്പച്ചന്റെ മകൻ ജോയിച്ചനാണ് മാഗിയുടെ ഭർത്താവ്.

പ്രസംഗത്തിലും പഠനത്തിലും എന്നും ഉന്നതനിലവാരം പുലർത്തിയിരുന്ന മാഗിക്ക് വിവാഹത്തിനുശേഷവും പ്രസംഗപരിപാടികളിലും സംഘടനാപ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്നതിന് ഭർത്താവും കുടുംബവും എല്ലാവിധ പ്രോത്സാഹനവും നൽകിക്കൊണ്ടിരുന്നു. മാഗിയുടെ

www.malankaralibrary.com

കഴിവ് സമൂഹത്തിന് വേണ്ടി വിനിയോഗിക്കുന്നതിന് തുടർന്നും സാധിച്ചു. വിവാഹത്തിനുശേഷം മാഗി ഹോംസയൻസിൽ പല ഡിപ്ലോമാ കോഴ്സുകളിലും പങ്കെടുത്തു. തുടർന്ന് പാലാ രൂപതയുടെ മഡോണ എന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫിന്റെ പ്രിൻസിപ്പൽ ആയി എട്ടുവർഷം സേവനം അനുഷ്ഠിച്ചു. കഴിഞ്ഞ പതിനെട്ടു വർഷമായി പാലായിൽ മാഗി ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ ഡയറക്ടർ കൂടിയാണ് മാഗി. പെൺകുട്ടികൾക്ക് ഈ സ്ഥാപനത്തിൽനിന്നും തയ്യൽ പരിശീലനം, ഫ്ളവർ അറേഞ്ച്മെന്റ്, ഫ്ളവർ മേക്കിംഗ്, യോഗ, ബ്യൂട്ടീഷ്യൻ കോഴ്സ്, ആധുനിക പാചകം എന്നിവയിൽ പരിശീലനം നൽകുന്നു. കൂടാതെ കുടുംബവിജ്ഞാനീയ ക്ലാസ്സുകൾ, വ്യക്തിത്വ വികസന ക്ലാസ്സുകൾ, എന്നിവയിലൂടെ പെൺകുട്ടികൾക്ക് വിവാഹത്തിനു മുൻപ് നല്ല ഒരുക്കം നൽകുന്നതിനു ഈ സ്ഥാപനം പരിശ്രമിക്കുന്നു. ധാരാളം വീട്ടമ്മമാർക്ക് ഇവിടെനിന്നും വിവിധ കോഴ്സുകളിൽ പരിശീലനം നൽകുന്നുണ്ട്. മാഗിയുടെ കീഴിൽ നിരവധി ജോലിക്കാരും ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നുണ്ട്. "പാചകം പാവനം" എന്ന ഒരു പാചകഗ്രന്ഥത്തിന്റെ കർത്താവും കൂടിയാണ് മാഗി. ഈ ഗ്രന്ഥം പാചക കലയിൽ പെൺകുട്ടികൾക്ക് ഒരു ഗൈഡാണ്.

പാലാ രൂപതയിൽ സ്ഥാപിതമായ യുവശക്തിയുടെ പ്രാരംഭകാല പ്രവർത്തകയായിരുന്നു മാഗി. പിന്നീട് യുവശക്തി കെ.സി.വൈ.എം. ആയി മാറി. ആറു വർഷക്കാലം കെ.സി.വൈ.എം.ൽ പ്രവർത്തിച്ചു. കെ.സി.വൈ.എം. സിൻഡിക്കേറ്റ് മെമ്പർ, രൂപതാ വൈസ് പ്രസിഡന്റ്, ട്രഷറർ എന്നീ ഔദ്യോഗിക സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. തുടർന്ന് രൂപതയിലെ വനിതാക്ഷേമസംഘടനയുടെ രൂപതാ സെക്രട്ടറിയായി ആറു വർഷം സേവനം അനുഷ്ഠിച്ചു. മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ ആയിരുന്നു വനിതാക്ഷേമസംഘടനയുടെ ഡയറക്ടർ. വനിതാക്ഷേമസംഘടനയുടെ ഒരു തുടർച്ച എന്ന നിലയിൽ രൂപതയിൽ മാതാക്കൾക്കുവേണ്ടി 'മാതൃജ്യോതി' എന്ന സംഘടന സ്ഥാപിതമായി. അതിന്റെ ആദ്യത്തെ പ്രസിഡണ്ട് മാഗിയായിരുന്നു. രണ്ടു ടേമുകളിലായി നാലരവർഷം ആ സ്ഥാനത്ത് തുടർന്നു. മാതൃജ്യോതിയുടെ ശാഖാപ്രസിഡണ്ട്, മേഖലാ പ്രസിഡണ്ട് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. നാലു വർഷമായി ഇപ്പോഴും മാതൃജ്യോതിയുടെ രൂപതാ പ്രസിഡണ്ടാണ് മാഗി.

എ.കെ.സി.സി. വർക്കിംഗ് കമ്മറ്റിയിൽ പത്തുവർഷക്കാലം അംഗമായി പ്രവർത്തിച്ച മാഗി എ.കെ.സി.സി. ബുള്ളറ്റിൻ അഡൈ്വസർ ബോർഡിലും അംഗമായിരുന്നു. മാഗി എ.കെ.സി.സി. വനിതാ ഫോറത്തിന്റെ പ്രസിഡണ്ടായി 1996-ൽ കോട്ടയത്തു ചേർന്ന വനിതാ കൺവെൻഷനിൽ വെച്ച് ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെട്ടു. മാഗി പ്രസിഡണ്ടായിരുന്ന കാലത്താണ് സ്ത്രീപീഡനത്തിനെതിരായി മനുഷ്യമനസാക്ഷിയെ അണിനിരത്താനും

www.malankaralibrary.com

ഗവൺമെന്റിന്റെ കുറ്റകരമായ അനാസ്ഥയെ പ്രതിഷേധിക്കുവാനുമായി തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് നടയിൽ പിക്കറ്റിംഗും ധർണയും നടത്തിയത്. കേരള സർക്കാരിന്റെ മദ്യനയത്തിനെതിരായി വനിതാഫോറത്തിന്റെ നേതൃത്വത്തിൽ നടന്ന കളക്ട്രേറ്റ് ധർണയും ഉപവാസവും തിരുനക്കരമൈതാനത്ത് നടത്തിയ കൂട്ടധർണയുമെല്ലാം മാഗിയുടെ സംഘടനാവൈഭവത്തിന്റെ തെളിവുകളാണ്.

പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സിയോൻ അൽമായ ദൈവശാസ്ത്രസെന്ററിൽ എം.എ. തിയോളജിക്ക് അഞ്ചാം വർഷ വിദ്യാർത്ഥിനിയാണ് മാഗി. ജറുസലേമിലെ ബാത്റ്റോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പഞ്ചഗ്രന്ഥിയിലെ ലേവ്യർ പുസ്തകത്തിന്റെ ഉപരിപഠനത്തിനായി സ്കോളർഷിപ്പോടുകൂടി ജറുസലേമിൽ ഒന്നരമാസക്കാലം താമസിക്കുകയും വിശുദ്ധസ്ഥലങ്ങളെല്ലാം സന്ദർശിക്കുകയും ചെയ്തു. പാലാ കേന്ദ്രമാക്കിയുള്ള ബാത്റ്റോൾ സെന്ററിന്റെ സെക്രട്ടറി കൂടിയാണ് മാഗി.

പാലാ രൂപതയിലെ പാസ്റ്ററൽ കൗൺസിലിൽ ദീർഘകാലമായി അംഗമായി പ്രവർത്തിക്കുന്ന മാഗി, ബൈബിൾ സൊസൈറ്റിയിലും അംഗമാണ്. സീറോ മലബാർ സഭാ മേജർ ആർക്കി എപ്പസ്കോപ്പൽ അസംബ്ലിയിൽ (2005) പാലാ രൂപതയെ പ്രതിനിധീകരിച്ച് പങ്കെടുത്ത മാഗി പല അഖിലേന്ത്യാ സമ്മേളനങ്ങളിലും സംസ്ഥാന നേതൃസമ്മേളനങ്ങളിലും പങ്കെടുത്തിട്ടുണ്ട്.

കേരളത്തിലുടനീളം പള്ളികളോടനുബന്ധിച്ചു നടക്കുന്ന സമ്മേളനങ്ങളിലും വനിതാ-യുവജനസമ്മേളനങ്ങളിലും ക്ലാസ്സുകൾ എടുക്കുന്ന മാഗി, നല്ലൊരു ബൈബിൾപ്രഭാഷകയും കൂടിയാണ്. ചങ്ങനാശ്ശേരി ട്രാഡായുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കൗൺസിലിംഗ് കോഴ്സിന്റെ ഡിപ്ലോമാ കോഴ്സിൽ ചേർന്ന് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുണ്ട്. രൂപതയിലെ അഡാർട്ടിൽ ഒന്നരവർഷക്കാലം കൗൺസിലർ ആയി ജോലി നോക്കിയിട്ടുണ്ട്. രൂപതയിലെ ഫാമലി അപ്പസ്തൊലേറ്റിന്റെ സജീവപ്രവർത്തകയായി 22 വർഷക്കാലമായി മാഗി സേവനം അനുഷ്ഠിച്ചു വരുന്നു. 1994-ലെ കുടുംബവർഷത്തിൽ രൂപതയിലെ മിക്ക ഇടവകകളിലും ക്ലാസ്സെടുത്ത വ്യക്തിയാണ് മാഗി. മറ്റാരും അത്രയും ഇടവകകളിൽ ക്ലാസ്സുകൾ എടുത്തിട്ടില്ല.

കേരളത്തിലെ നല്ലൊരു പാചക വിദഗ്ദ്ധയാണ് ശ്രീമതി മാഗി. സ്വന്തം സ്ഥാപനത്തിലും പുറത്തും ധാരാളം പഠനക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. പുഷ്പാലങ്കാരം മാഗിയുടെ ഒരു ഹോബിയാണ്.


രണ്ടു വർഷം മുൻപ് മുത്തോലി ഗേൾസ് ഹൈസ്കൂളിന്റെ സുവർണ്ണ ജൂബിലിയാഘോഷിച്ചപ്പോൾ മാഗിയെ വിളിച്ച് ആദരിക്കുകയുണ്ടായി. ഒരു മുഴുവൻ സമയ പൊതുപ്രവർത്തകയാണ് മാഗി. ആർച്ച് ബിഷപ്പ് ഡോ. തോമസ് മേനാംപറമ്പിൽ മാഗിയുടെ ഭർത്തൃ സഹോദരനാണ്.

വിലാസം : ശ്രീമതി മാഗി ജോസ് മേനാംപറമ്പിൽ, പാലാ.

www.malankaralibrary.com

# 372

# ബിഷപ്പ് മാർ ജോസ് മുകാല



"ഇന്ത്യയുടെ അങ്ങേയറ്റത്തുപോയി പ്രേഷിതപ്രവർത്തനം നടത്തുവാൻ ഞാൻ എന്തുകൊണ്ട് തീരുമാനമെടുത്തു എന്ന് നിങ്ങളിൽ പലരും ചോദിച്ചേക്കാം. വല്ലപ്പോഴും നാട്ടിൽ എത്തുമ്പോൾ ഇടവകക്കാരായ കവീക്കുന്നക്കാർ ഈ ചോദ്യം ആവർത്തിച്ച് എന്നോട് ചോദിക്കാറുണ്ട്. ഞാൻ കവീക്കുന്ന് വിട്ടിട്ട് 30 വർഷം കഴിഞ്ഞിരിക്കുന്നു. ഹൈസ്കൂൾ പഠനത്തിനുശേഷം 1965 ലാണ് ഞാൻ ഡിബ്രൂഗാർ രൂപതയിൽ ചേർന്നത്. അന്നൊക്കെ ഈ പ്രദേശത്തെ മിഷനറിമാരുടെ ധീരേതിഹാസങ്ങൾ എന്നെ കോൾമയിൽകൊള്ളിച്ചിരുന്നു. ദൈവരാജ്യം പരത്തുവാൻ ധീരതയോടെ പ്രവർത്തിക്കുന്ന പ്രേഷിതരിൽ ഒരാളായിമാറുവാൻ മിഷനറിമാരുടെ ജീവിതകഥകൾ എനിക്കുനൽകിയ ഉത്തേജനം കുറച്ചൊന്നുമല്ല." ബിഷപ്പ് മാർ ജോസ്മുകാല മെത്രാൻ സ്ഥാനത്തേക്കുയർത്തപ്പെട്ടപ്പോൾ 1998 മാർച്ച് 12 ലെ ദീപനാളത്തിൽ എഴുതിയ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്.

കോഹിമാരൂപതയുടെ ദ്വിതീയ ബിഷപ്പായി പ്രവർത്തിക്കുന്ന മാർ ജോസ് മുകാല പാലാ രൂപതയിലെ കവീക്കുന്ന് ഇടവകയിൽ മുകാല തോമസ് റോസ ദമ്പതികളുടെ സീമന്തപുത്രനായി 1948 ആഗസ്റ്റ് 19 ന് ജനിച്ചു. കവീക്കുന്ന് സെന്റ് എഫ്രേംസ് യു.പി. സ്കൂളിലും പാലാ സെന്റ് തോമസ് ഹൈസ്കൂളിലുമായിരുന്നു വിദ്യാഭ്യാസം. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ആസാമിലുള്ള ഡിബ്രുഗാർ രൂപതയിലെ മൈനർ സെമിനാരിയിൽ ചേർന്ന് വൈദീകപഠനം ആരംഭിച്ചു. 1974ൽ മദ്രാസിലുള്ള പൂനമല സേക്രട്ട്ഹാർട്ട് സെമിനാരിയിൽ വൈദീകപഠനം പൂർത്തിയാക്കി. 1978 ഏപ്രിൽ 10-ാം തീയതി കവീക്കുന്ന് സെന്റ് എഫ്രേം ദേവാലയത്തിൽവച്ച് കാന്തവാ രൂപതയുടെ അഭിവന്ദ്യമെത്രാൻ റൈറ്റ് റവ.ഡോക്ടർ എബ്രാഹം വിരുത്തിക്കുളങ്ങരയിൽനിന്ന് ഗുരുപ്പട്ടം സ്വീകരിച്ചു. അന്നുതന്നെ പ്രഥമദിവ്യബലിയും അർപ്പിച്ചു. പാലാ രൂപതാമെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി മംഗളാശംസകൾ അർപ്പിച്ചു പ്രസംഗിച്ചു.

മണിപ്പൂർ സ്റ്റേറ്റിലുള്ള 'പാല്ലേൽ' സെന്റ് പോൾസ് പള്ളിയുടെ അസി. വികാരിയായിട്ടായിരുന്നു ആദ്യനിയമനം. രണ്ടുവർഷത്തെ ഇടവക ഭരണത്തിനുശേഷം ഡിമാപ്പൂർ ഗുഡ്ഷേപ്പേർഡ് സെമിനാരി അഡ്മിനിസ്റ്ററേറ്റർ ആയും തുടർന്ന് റെക്ടറായും നിയമിക്കപ്പെട്ടു. 1980 ൽ രൂപതാദ്ധ്യക്ഷൻ മാർ എബ്രാഹം ഇലഞ്ഞിമറ്റത്തിന്റെ നിർദ്ദേശമനുസരിച്ച് ലിറ്റർജിയൻ ലൈസൻഷിയേറ്റ് എടുക്കുന്നതിന് വേണ്ടി റോമിലേയ്ക്കു പോയി.

www.malankaralibrary.com

റോമിൽനിന്നും പഠനം പൂർത്തിയാക്കി തിരിച്ചെത്തിയ ജോസച്ചനെ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി റെക്ടറായി വീണ്ടും നിയമിച്ചു. 1984 മുതൽ 1989 വരെ ആ സ്ഥാനത്തു തുടർന്നു. കോഹിമാരൂപതയുടെ ലിറ്റർജിക്കൽ അപ്പസ്തലേറ്റിന്റെ ഡയറക്ടറായും അദ്ദേഹം പ്രവർത്തിച്ചു. 1989 ൽ കോഹിമാ കത്തീഡ്രൽ പള്ളിയുടെ വികാരിയായും തുടർന്ന് കോഹിമാ രൂപതയുടെ വികാരി ജനറാളായും നിയമിക്കപ്പെട്ടു. അഭിവന്ദ്യ ഇലഞ്ഞിമറ്റം മെത്രാൻ ദേഹാസ്വാസ്ഥ്യംമൂലം ഔദ്യോഗിക സ്ഥാനത്തുനിന്നു വിരമിച്ചതിനെത്തുടർന്ന് ബഹു. ജോസച്ചൻ അഡ്മിനിസ്റ്ററേറ്ററായി ചുമതലയേറ്റു. തുടർന്ന് 1997 ഡിസംബർ 9-ാം തീയതി കോഹിമാ രൂപതയുടെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള ബൂളാ മാർപ്പാപ്പാ തിരുമേനിയിൽനിന്നും ലഭിച്ചു.

മോൺ ജോസഫ് മുകാലയുടെ എപ്പിസ്കോപ്പൽ ഓർഡിനേഷൻ ഇംഫാൽ അതിരൂപതയുടെ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ജോസഫ് മിറ്റത്താനിയുടെ പ്രധാന കാർമ്മികത്വത്തിൽ 1998 മാർച്ച് 15ന് കോഹിമാ കത്തീഡ്രലിൽവച്ച്നടന്നു. മെത്രാഭിഷേകകർമ്മത്തിൽ ഗോഹട്ടി അതിരൂപതയുടെ മെത്രാപ്പോലീത്താ മോസ്റ്റ് റവ. തോമസ് മേനാംപറമ്പിൽ, പാലാ രൂപതാ മെത്രാൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ഷില്ലോംഗ് അതിരൂപതയുടെ മെത്രാപ്പോലീത്താ മോസ്റ്റ് റവ.ഡോ. പാംറാങ്ങ് ടാർസിഷ്യസ് റെസ്റ്റോ എസ്സ്. ഡി.ബി. എന്നിവർ സഹകാർമ്മികരായിരുന്നു. നാഗാലാണ്ടിലെ പ്രവർത്തനങ്ങളെപ്പറ്റി മാർ ജോസ് മുകാല ദീപനാളത്തിൽ എഴുതിയതിലെ ഒരുഭാഗം കൂടി ഉദ്ധരിക്കാം. "നാഗാലാന്റിൽ 15ൽപരം വംശങ്ങളായി ആളുകൾ വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോ വംശത്തിനും അവരവരുടേതായ ഭാഷയും രീതികളുമുണ്ട്. അതിനാൽ നമ്മുടെ സ്ഥാപനങ്ങളിൽ അദ്ധ്യയനഭാഷ ഇംഗ്ലീഷായിരിക്കുകയെന്നതേ കരണീയമായിട്ടുള്ളു. നാഗന്മാർ പ്രകൃതിശക്തികൾക്ക് ദൈവികത കല്പിക്കുന്നവരാണ്. സാധാരണയായി മലമുകളിലാണ് ഇവരുടെ ഗ്രാമങ്ങൾ സ്ഥിതി ചെയ്യുന്നത്. കൃഷികൾക്കും മറ്റുമായി ദിവസേന പലതവണ ഈ കുന്ന് അവർ രാത്രിയും പകലും കയറിയിറങ്ങുന്നു. നമുക്കാകട്ടെ ഈ മലമുകളിൽ കയറിപ്പറ്റുക പ്രായേണ ദുഷ്ക്കരമാണ്. നെല്ലും മെയ്സുമാണ് പ്രധാനകൃഷി.

1850 വരെ ഇവരുടെയിടയിൽ കാര്യമായ പ്രേഷിതപ്രവർത്തനമൊന്നും നിലവിലില്ലായിരുന്നു. ബാപ്റ്റിസ്റ്റ് മിഷനറിമാരാണ് ആദ്യമായി കടന്നുവന്നത്. അവർ പ്രാദേശികഭാഷകളിൽ വി. ഗ്രന്ഥതർജ്ജിമകൾ ഉണ്ടാക്കി എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. തർജ്ജമകൾ അത്ര സത്യമാണെന്ന് പറഞ്ഞുകൂടാ.

ഗ്രാമങ്ങളിലേക്ക് നമ്മൽ കടന്നുചെന്നാൽ ഗ്രാമീണജനത നമ്മെ വളരെ ഊഷ്മളമായി സ്വീകരിക്കും എന്നതാണ് എന്റെ അനുഭവം. അവർ ശുദ്ധഗതിക്കാരായ നല്ല മനുഷ്യരാണ്. മാമ്മൂദീസായ്ക്കും കുമ്പസാരത്തിനും വി. കുർബാനക്കുമായി ജനങ്ങളെ ഒരുക്കുക എന്നതാണ് അന്നത്തെജോലി.

www.malankaralibrary.com

പിറ്റേദിവസം രാവിലെ വിശുദ്ധകുർബ്ബാന അർപ്പിക്കും. ഒരുക്കമുള്ളവർക്ക് മാമ്മൂദീസായും നൽകും. ഒരു വൈദികൻ ഗ്രാമത്തിലേക്കുകടന്നുചെന്നാൽ അവർക്ക് അതുവലിയ ആഘോഷത്തിന് കാരണമാണ്. എത്ര താല്പര്യത്തോടെയാണ് അവർ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നത്. അവരുടെ വിശ്വാസത്തെ എത്ര പ്രകീർത്തിച്ചാലും അധികമാവുകയില്ല. വിശ്വാസത്തെപ്പറ്റി കൂടുതൽ അറിയണമെന്ന് താല്പര്യമുള്ള ഒരു ജനതയാണ് ഈ പ്രദേശത്തുള്ളത്. അച്ചന്മാരെയും സിസ്റ്റേഴ്സിനെയും വരുത്തി ഇടയ്ക്കിടെ കോൺഫറൻസുകൾ നടത്താൻ അൽമായർ നേതൃത്വം കൊടുക്കുന്നു. നാഗന്മാരിൽ നിന്നും ഇതിനോടകം നാലുവൈദീകർ ഞങ്ങളുടെ രൂപതയിലുണ്ട്. അനേകം സിസ്റ്റേഴ്സും ദൈവവിളി സ്വീകരിച്ച് സേവനരംഗത്തുണ്ട്. ഗ്രാമങ്ങളിൽ ചെല്ലുമ്പോൾ അവിടെയുള്ള ഭവനങ്ങൾ എല്ലാംതന്നെ സന്ദർശിക്കാൻ ഞങ്ങൾ ശ്രമിക്കാറുണ്ട്. ഗ്രാമവാസികളെ പരിചയപ്പെടുവാനും അവരുമായുള്ള സ്നേഹബന്ധം ആഴപ്പെടുത്തുവാനും ഇത്തരം സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തുന്നു.

മാർ ജോസഫ് മുകാല തിരുമേനിയുടെ മേലുദ്ധരിച്ച വാക്കുകളിൽനിന്നും അവിടുത്തെ മിഷൻ പ്രവർത്തനങ്ങളെപ്പറ്റി ഒരു ഗ്രാഹ്യം നമുക്ക് ഉണ്ടാകും. ആ വളക്കൂറുള്ള മണ്ണിൽ മാർ ജോസഫ് മുകാല നല്ലവിളവ് കൊയ്യുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

വടക്കുകിഴക്കേ ഇന്ത്യയിലെ കത്തോലിക്കാസമൂഹങ്ങളെപ്പറ്റി ദീപനാളത്തിൽ വന്ന റിപ്പോർട്ട് ആ പ്രദേശത്തെപ്പറ്റി കൂടുതൽ അറിയുന്നതിന് സഹായകരമാകും അതിനാൽ ആ റിപ്പോർട്ട് താഴെച്ചേർക്കുന്നു. കത്തോലിക്കാ സ്ഥാപനങ്ങലും ആശുപത്രികളിലും ഇതര സ്ഥാപനങ്ങളും കത്തോലിക്കാ സഭയെ ഈ പ്രദേശത്ത് ഏറെ അറിയപ്പെടാൻ ഇടയാക്കിയിട്ടുണ്ട്. മാർ ജോസഫ് മുകാലയുടെ കോഹിമാരൂപതയിൽ 38506 കത്തോലിക്കരും 43 വൈദികരും 32 ഇടവകകളുമുണ്ടെന്നാണ് 1997 ലെ കണക്ക് വ്യക്തമാക്കുന്നത്.

അരുണാചൽപ്രദേശ്, ആസ്സാം, മണിപ്പൂർ, മേഘാലയാ, മിസ്സോറാം, നാഗാലാന്റ്, ത്രിപുര എന്നീ ഏഴു സഹോദരസംസ്ഥാനങ്ങൾ ഒന്നുചേരുന്ന വടക്കുകിഴക്കേ ഇന്ത്യയിൽ സഭ വളരെവേഗം വളർന്നുവരുന്നു. നമ്മുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് ഏറെ വളക്കൂറുള്ള മണ്ണാണ് ഇതെന്ന് ഇതിനോടകം വ്യക്തമായിക്കഴിഞ്ഞു.

255057 ച.കി. മീറ്ററാണ് ഈ പ്രദേശത്തിന്റെ വിസ്തീർണ്ണം. ജനസംഖ്യ 81,547,314. ഓരോ സംസ്ഥാനവുമെടുത്താൽ ആസ്സാം 22,417,322 ത്രിപുര 2757205, മണിപ്പൂർ 1837149, മേഘാലയാ 1774778, നാഗാലാന്റ് 1209546, അരുണാചൽപ്രദേശ് 864558, മിസോറാം 689756.

വിവിധ ക്രൈസ്തവവിഭാഗത്തിൽപ്പെട്ടവർ കർമ്മനിരതരായിരിക്കുന്നതുകൊണ്ട് വടക്കുകിഴക്കേ ഇന്ത്യയെ ഒരു ക്രൈസ്തവപ്രദേശമായിട്ടാണ്

www.malankaralibrary.com

പരിഗണിക്കാറ്. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, ഉപവിപ്രവർത്തനങ്ങൾ, ആരോഗ്യ പ്രവർത്തനങ്ങൾ, വികസനരംഗങ്ങൾ എന്നീ മേഖലകളിൽ ക്രൈസ്തവരുടെ പ്രവർത്തനങ്ങൾ ഏറെ മുന്നിട്ടു നിൽക്കുന്നു. ഈ പ്രദേശത്തെ ക്രൈസ്തവജനസംഖ്യ മുപ്പതുലക്ഷത്തിലധികമാണ്.

ഇവിടത്തെ കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങൾക്ക് ഒരു നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. ഷില്ലോങ്ങ്, ഐസ്വോൾ ടൂറാ, അഗർത്തല, ഗോഹട്ടി ഡിബ്രുഗാർ, ടെസ്പൂർ, ഡിപു, ഇംഫാൽ, കോഹിമ എന്നിങ്ങനെ പത്തു രൂപതകളിലായി ഇവിടുത്തെ സഭ വ്യാപിച്ചുകിടക്കുന്നു.

ഈ പത്തു രൂപതകളിലുംകൂടി 339 ഇടവകവൈദികർക്കു പുറമേ 457 സന്യാസവൈദികരും ദൈവജനത്തിനു നേതൃത്വം നൽകിവരുന്നു. അഗർത്തലയിൽ ഇതുവരെ ഇടവക വൈദികരുണ്ടായിട്ടില്ല. സലേഷ്യൻ സഭയിൽപ്പെട്ട 283 വൈദികരും MSFS ൽപ്പെട്ട 70 വൈദികരും ഇവിടെ സേവനം ചെയ്യുന്നു.

38 സന്യാസിനീസഭകളിൽപ്പെട്ട 2000 സിസ്റ്റേഴ്സ് പ്രേഷിതപ്രവർത്തനത്തിനായി ഈ പ്രദേശത്തുവന്നു വസിക്കുന്നു.

മണിപ്പൂർ മിഷനിൽ ആദ്യമായി സേവനത്തിനെത്തിയ ഇന്ത്യാക്കാരായ കത്തോലിക്കാവൈദികൻ ഫാ.ജോസഫ് കച്ചിറമറ്റമാണ്. 1958 മുതൽ അദ്ദേഹം അവിടെ സേവനം ചെയ്തുവരുന്നു. 1955 മുതൽ മണിപ്പൂർ അതിരൂപതയായി ഉയർത്തപ്പെട്ടിട്ടുണ്ട്.

Address - Rt. Rev. Dr. Jose Mukala, Bishops House, P.B. 3 - Dimapur, Nagaland 797112.

# 373



# സി.ഡോ. എലിസബത്ത് വില്യംസ്

## സി.എം.സി.

ഒറീസയിലെ ബാലസോർ രൂപതയിലെ ആദ്യത്തെ മിഷനറിമാരിൽ ഒരാളും പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകയും ആയ സി.ഡോ.എലിസബത്ത് വില്യംസ് കാഞ്ഞിരപ്പള്ളി രൂപതയിലെ ഇഞ്ചിയാനി ഇടവകയിൽ വാതല്ലൂർ കുടുംബത്തിൽ വി.ഇസഡ് സഖറിയ അന്നമ്മ ദമ്പതികളുടെ മകളായി 1948 ഡിസംബർ 8-ാം തീയതി ജനിച്ചു. മാതാവ് അന്നമ്മ കൊഴുവനാൽ മൈലാടിയിൽ കുടുംബാംഗമാണ്. ഇളങ്ങുളത്തുനിന്ന് ഇഞ്ചിയാനിയിൽ താമസാക്കിയ ഒരു കർഷകകുടുംബത്തിലെ അംഗമായിരുന്നു പിതാവ്.

പ്രാഥമിക വിദ്യാഭ്യാസം ഇഞ്ചിയാനി ഹോളിഫാമിലി അപ്പർപ്രൈമറി സ്കൂളിൽ ആയിരുന്നു. ചെറുപ്പംമുതലേ ക്രിസ്തീയ വിശ്വാസത്തിൽ

www.malankaralibrary.com

വളർന്ന എലിസബത്ത് അനുദിനം ദിവ്യബലിയിൽ പങ്കെടുക്കുകയും ഭക്ത സംഘടനകളിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്തു. സൊഡാലിറ്റി, മിഷൻലീഗ്, ദീപിക ബാലജനസഖ്യം എന്നിവയിലെ ജീവകാരുണ്യപ്രവർത്തകയുമായിരുന്നു. 1959 ലെ വിമോചനസമരകാലത്ത് വിദ്യാർത്ഥിസമരത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിക്കുകയും ജയിലിൽ കഴിയുകയും ചെയ്തിട്ടുണ്ട്. മുണ്ടക്കയം സി.എം.എസ്. ഹൈസ്കൂളിൽനിന്നും 1964 ൽ ഉയർന്ന മാർക്കോടെ എസ്സ്.എസ്സ്.എൽ.സി പാസ്സായി. തുടർന്ന് സി.എം.സി. സഭയിൽ ചേർന്നു. ചങ്ങനാശ്ശേരി ഹോളിക്യൂൻസ് പ്രോവിൻസിന്റെ കീഴിലുള്ള ചങ്ങനാശ്ശേരി മഠത്തിൽ ആസ്പിരൻസിയും ഇത്തിത്താനം ലിസ്യുമഠത്തിൽ പോസ്റ്റലൻസിയും നൊവീഷ്യറ്റും കഴിച്ചു. 1966 ഏപ്രിൽ 14ന് ഇത്തിത്താനത്തുവച്ച് സഭാവസ്ത്രസ്വീകരണവും ആദ്യവ്രതവാഗ്ദാനവും നടത്തി.

1966 ൽ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ പ്രീഡിഗ്രിക്കു ചേർന്നു. തുടർന്ന് കെമിസ്ട്രി ഐച്ഛികവിഷയമായെടുത്ത് ബി.എസ്സ്.സി. ഡിഗ്രി കരസ്ഥമാക്കി. നിത്യവ്രതവാഗ്ദാനശേഷം 1972 ൽ സി.എം.സി. സഭയുടെ മിഷൻ പ്രവർത്തനങ്ങൾ ഒറീസയിലെ ബാലസോർ രൂപതയിൽ ആരംഭിച്ചപ്പോൾ ആദ്യത്തെ നാലംഗങ്ങളിൽ ഒരാളായി മിഷൻ സേവത്തിലേർപ്പെട്ടു. അവിടെ സെന്റ് വിൻസെന്റ് കോൺവെന്റ് സ്കൂളിൽ ആദ്ധ്യാപികയായി പ്രവർത്തിച്ചു. അതോടൊപ്പം ഒറിയഭാഷപഠിച്ച് വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും ഏറെ പിന്നിലായിരുന്ന ആദിവാസികളുടെയിടയിൽ പ്രവർത്തിച്ചു. രൂപതയുടെ ഇതര മിഷൻ സെന്ററുകളിൽ ബാരിപദ, ജാലേശ്വർ, കുസുടിയാ തുടങ്ങിയ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിച്ചു. ആദിവാസികളുടെ മാമ്മൂദീസാ സ്വീകരണത്തിന് സഹായിക്കുന്നതിനും ദിവ്യബലിക്കും മതകർമ്മങ്ങൾക്കും കൂദാശസ്വീകരണങ്ങൾക്കും സഹായിക്കുവാനും അവധി ദിനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി. ബാലസോറിൽ ആ നാളുകളിൽ ധാരാളം ആദിവാസികൾ ക്രിസ്തുമതം സ്വീകരിച്ചിരുന്നു. അന്ന് മോൺ.ജേക്കബ്ബ് വടക്കേവീട്ടിലായിരുന്നു ബാലസോർ പ്രീഫെക്ടിന്റെ അഡ്മിനിസ്റ്ററേറ്റർ.

1976 ൽ ഭുവനേശ്വരത്തുള്ള സെൻട്രൽ ഗവൺമെന്റ് സ്ഥാപനമായ റീജണൽ കോളേജ് ഓഫ് എഡ്യൂക്കേഷനിൽനിന്നും ബി.എഡ്. റാങ്കോടെ പാസ്സായി. 1977-78 വർഷത്തിൽ ഭോപ്പാൽ കാർമ്മൽ കോൺവെന്റിൽ സേവനം ചെയ്തു. അദ്ധ്യാപനത്തോടൊപ്പം കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കുന്നതിനും ചേരിപ്രദേശങ്ങളിലെ കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്നതിനും താല്പര്യമെടുത്തു. 1978 ൽ മൈസൂർ റീജനൽ കോളേജിൽ ചേർന്ന് 1980 ൽ കെമിസ്ട്രിയിൽ ബിരുദാനന്തരബിരുദം നേടി. അക്കൊല്ലം തന്നെ തേവര എസ്സ്.എച്ച്. കോളേജിൽ കെമിസ്ട്രി വിഭാഗം അദ്ധ്യാപികയായി നിയമിക്കപ്പെട്ടു. അന്ന് അവിടെ മറ്റൊരു സിസ്റ്റർ കൂടി അദ്ധ്യാപികയായി ഉണ്ടായിരുന്നു. 1986 മുതൽ 1992 വരെ കോളേജിലെ ഏക വനിതാ

www.malankaralibrary.com

അദ്ധ്യാപികയായിരുന്നു എലിസബത്ത് വില്യംസ്.

കോളേജിലെ എൻ.എസ്സ്.എസ്സ്. യൂണിറ്റുമായി സഹകരിച്ച് വിദ്യാർത്ഥികളുടെ ദശദിനക്യാമ്പുകളിലും ഇതര പ്രവർത്തനങ്ങളിലും സി.എലിസബത്ത് സജീവമായി പ്രവർത്തിച്ചിരുന്നു. പിന്നീട് ഐക്കഫിന്റെ സ്റ്റാഫ് അഡ്വൈസറായും പ്രവർത്തിച്ചു. തുടർന്ന ജീസസ് യൂത്തിന് ആരംഭം കുറിച്ചു. എല്ലാ തിങ്കളാഴ്ചകളിലും 75ൽ പരം കുട്ടികൾ ജീസസ് യൂത്തംഗങ്ങൾ - കോളേജിൽ പ്രാർത്ഥനായോഗങ്ങളിൽ സംബന്ധിച്ചു പോന്നു. അഖില കേരളാടിസ്ഥാനത്തിലുള്ള വിവിധ ക്യാമ്പുകൾക്കും മറ്റും കുട്ടികളെ അയച്ചു. ഇത് വിദ്യാർത്ഥികളുടെയിടയിൽ അച്ചടക്കത്തിനും സ്വഭാവമേന്മയ്ക്കും കാരണമായതുകൂടാതെ ധാരാളം കുട്ടികൾ പ്രാർത്ഥനയിലും ദിവ്യബലിയിലും മതപഠനത്തിലും താല്പര്യമുള്ളവരായി. എൻ.എസ്സ്.എസ്സ്. ക്യാമ്പുകളും ജീസസ് യൂത്ത്, ഐക്കഫ് പ്രസ്ഥാനങ്ങളും വിദ്യാർത്ഥികളോട് അടുത്തിടപെടാൻ അവസരമായി. അവരുടെ പ്രശ്നങ്ങൽ കേൾക്കുവാനും മനസ്സിലാക്കുവാനും ഈയവസരങ്ങൾ ഏറെ സഹായകമായി.

1986 – 87 വർഷത്തിൽ യു.ജി.സിയുടെ ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം സ്കീമിലൂടെ മദ്രാസ് ലയോളാ കോളേജിൽചേർന്ന് പഠിച്ച് കെമിസ്ട്രിയിൽ എം.ഫിൽ ബിരുദം നേടി. പെൺകുട്ടികളുടെ നേതൃത്വവാസന പരിപോഷിപ്പിക്കുന്നതിനുള്ള ശ്രമങ്ങളിൽ ഏർപ്പെട്ടു. സ്ത്രീകളുടെ ഉന്നമനത്തിനായി സ്ത്രീകൾ തന്നെ മുന്നിട്ടിറങ്ങണമെന്ന ചാവറ പിതാവിന്റെ ഉപദേശത്തിൽ ഉൾപ്രേരിതയായി സത്രീകൾക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് ആഗ്രഹം സി.എലിസബത്ത് വില്യംസിനുണ്ടായി. കോളേജിലെ രാഷ്ട്രീയാന്തരീക്ഷവും പെൺകുട്ടികൾക്ക് സാഹചര്യകുറവുകളുമാണ് ഈ വഴിക്ക് ചിന്തിക്കുവാൻ സിസ്റ്ററിനെ പ്രേരിപ്പിച്ചത്. കോളേജിലെ രാഷ്ട്രീയാന്തരീക്ഷത്തിൽ പെൺകുട്ടികൾ കേവലം വോട്ടുബാങ്കുകൾ മാത്രമായിരുന്നു. കേവലം ഒരു വൈസ്ചെയർമാൻസ്ഥാനംകൊണ്ട് തൃപ്തിപ്പെടേണ്ടിയിരുന്ന ഒരു സമൂഹമായിരുന്നു പെൺകുട്ടികൾ. അവരെ സംബന്ധിച്ചിടത്തോളം റാങ്ക് വാരിക്കൂട്ടമെങ്കിലും ഭംഗിയായി ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനോ, അഭിപ്രായ പ്രകടനം നടത്തുവനോ കഴിവില്ലാത്തവരായിരുന്നു അധികം പേരും. ഇതിനൊരു പരിഹാരം കാണണമെന്ന് സിസ്റ്റർ തീരുമാനിച്ചു. സ്ത്രീകളെ സമൂഹത്തോട് പ്രതിബദ്ധതയുള്ളവരായി വളർത്താനും, നല്ല കുടുംബിനികളെ വാർത്തെടുക്കുവാനും, എന്തെങ്കിലും ചെയ്യണമെന്ന ലക്ഷ്യത്തോടുകൂടി Womens Cell പെൺകുട്ടികളുടെ ഒരു സംഘടനയ്ക്ക് രൂപം കൊടുത്തു. ഇങ്ങിനെയൊരു സംവിധാനത്തിന്റെ ആവശ്യകതയെപ്പറ്റി ബോദ്ധ്യപ്പെട്ട പെൺകുട്ടികൾ നിർല്ലോഭമായ സഹകരണം നൽകി. അങ്ങനെ പ്രിൻസിപ്പലായിരുന്ന ഡാൻ തോട്ടക്കരയച്ചന്റെ പ്രോത്സാഹനവും ലഭിച്ചു. പെൺകുട്ടികൾക്കുവേണ്ടി കോളേജുതലത്തിലും ഇന്റർകോളേജ് തലത്തിലും സംസ്ഥാനതലത്തിലും രണ്ടും മൂന്നും ദിവസം നീണ്ടുനിൽക്കുന്ന

www.malankaralibrary.com

ക്യാമ്പുകളും സെമിനാറുകളും സിമ്പോസിയങ്ങളും, Out Search Programme കളും സംഘടിപ്പിച്ചു. കൈയ്യെഴുത്തുമാസികകളും മെഡിക്കൽ ക്യാമ്പുകളും നടത്തി ഒട്ടേറെ കുട്ടികളെ നേതൃനിരയിലേക്ക് കൊണ്ടുവരുവാനും അവബോധമുള്ളവരാക്കുവാനും സിസ്റ്ററിന് സാധിച്ചു. ആൾ ഇന്ത്യാ അസോസിയേഷൻ ഫോർ ക്രിസ്ത്യൻ ഹയർ എഡ്യൂക്കേഷന്റെ വിവിധ പരിപാടികളിൽ സഹകരിച്ചു പ്രവർത്തിക്കാനും ഇത് സഹായകമായി. അടുത്തുള്ള ഗ്രാമങ്ങളിൽ നിർദ്ധനരായ സ്ത്രീകൾക്കുവേണ്ടി കുടനിർമ്മാണം, സോപ്പു നിർമ്മാണം, സ്ക്വാഷ് ഉണ്ടാക്കൽ മുതലായ പദ്ധതികൾ ആരംഭിച്ചു. വയോധികർക്കുവേണ്ടി തിമിരശസ്ത്രക്രിയാക്യാമ്പുകൾ നടത്തി. ഇവയ്ക്കെല്ലാം സഹായകമായി പ്രവർത്തിച്ചത് കോളേജിലെ വിമൻസ് സെൽ പെൺകുട്ടികളായിരുന്നു. 2004 ൽ റിട്ടയർ ചെയ്യുന്നതുവരെ ഈ വക പ്രവർത്തനങ്ങൾ തുടർന്നു.

1996 ൽ പാർട്ട് ടൈം ആയി പഠിച്ച് കാലിക്കററ് യൂണിവേഴ്സിററിയിൽ നിന്നും കെമിസ്ട്രിയിൽ ഡോക്ടറേററ് നേടി. 2000 ൽ ഗാന്ധിയൂണിവേഴ്സിററിയുടെ കീഴിലുള്ള റിസേർച്ച് ഡിപ്പാർട്ട്മെന്റ്, തേവര കെമിസ്ട്രി വിഭാഗത്തിൽ അനുവദിക്കുകയും റിസേർച്ച് ഗൈഡ് ആയി സിസ്റ്ററിനെ അംഗീകരിക്കുകയും ചെയ്തു. 2004 ൽ റീഡറായി റിട്ടയർ ചെയ്തു. റിട്ടയർമെന്റിനുശേഷം ഹരീദാബാദിൽ സെന്റ് പീറേറഴ്സ് സ്കൂളിലെ പ്രിൻസിപ്പലായി പ്രവർത്തിച്ചു. 2000 ത്തോളം കുട്ടികൾ പഠിക്കുന്ന ഒരു വലിയ വിദ്യാലയമാണിത്. സാധാരണക്കാരായ കുട്ടികളുടെ സമഗ്രമോചനം ലക്ഷ്യമാക്കി പഠനപരിപാടികളും സംഘടിപ്പിക്കുകയും ഇടവക പ്രവർത്തനങ്ങളിലും സജീവമായി പങ്കുചേരുകയും ചെയ്തു.

ചെറുപ്പം മുതലേ സ്കൂൾ കോളേജ് തലങ്ങളിൽ പ്രസംഗലേഖന മത്സരങ്ങളിൽ പങ്കെടുത്ത് ഒട്ടേറെ സമ്മാനങ്ങൾ വാങ്ങിയിട്ടുണ്ട്. കെ.സി.ബി.സി.സിസ്റ്റേഴ്സിനായി നടത്തിയ ലേഖനമത്സരങ്ങളിൽ തുടർച്ചയായി മൂന്നു വർഷം ഒന്നാം സമ്മാനം നേടി. കാർമ്മലിൽ ഒട്ടേറെ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ഏതാനും റിസേർച്ച് പേപ്പേഴ്സും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സിസ്റ്റർ എഡിററ് ചെയ്ത് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ താഴെപറയുന്നവയാണ്. (1) Mary in the thoughts of blessed charare (Eng) (2) Evangelisation towards the third millenium, (3) Impact of globallisation on Indian Women (4) ധ്യാനം ബൈബിളിലൂടെ ഒന്നാംവാല്യം (ഇത് ഒരു തർജ്ജിമയാണ്.)

അമല പ്രൊവിൻസ് (കാഞ്ഞിരപ്പള്ളി) ൽ പ്രൊവിൻഷ്യൽ കൗൺസിലർ ഫോർ മിഷൻ അംഗമായി (1997-2000) പ്രവർത്തിച്ചു. ആലുവായിൽ മൗണ്ട്കാർമ്മൽ ജനറലേററിൽ വിദ്യാഭ്യാസ വകുപ്പിൽ കൺസൾട്ടന്റ് മെമ്പറായി (1993-96) സേവനം അനുഷ്ഠിച്ചു. എസ്സ്.എച്ച്. കോളേജിലെ വിമൻസ് സെൽ കോ-ഓർഡിനേററായും (1990-2004) ഐക്കഫ് അഡ്വൈസറായും പ്രവർത്തിക്കുകയുണ്ടായി.

www.malankaralibrary.com

സിസ്റ്ററിന്റെ ബഹുവിധ സേവനങ്ങൾ കണക്കിലെടുത്ത് പല അവാർഡുകളും നൽകി സിസ്റ്ററിനെ ആദരിച്ചിട്ടുണ്ട്. ആൾ ഇന്ത്യാ അസോസിയേഷൻ ഫോർ ക്രിസ്ത്യൻ ഹയർ എഡ്യൂക്കേഷൻ ഏർപ്പെടുത്തിയ ഫാ. തിയോമത്തിയാസ് എസ്.ജെ. യുടെ പേരിലുള്ള നാഷണൽ അവാർഡ് 2001 ലും ഡൽഹിയിലെ ഇന്ത്യൻ സോളിഡാരിററി കൗൺസിൽ ഏർപ്പെടുത്തിയ ഇന്ദിരാഗാന്ധി എക്സലൻസ് അവാർഡ് 2005 ലും സിസ്റ്ററിന് ലഭിച്ചു. ഡൽഹിയിലെ ഇന്റർ നാഷണൽ ബിസിനസ്സ് ഏർപ്പെടുത്തിയിരിക്കുന്ന നാഷണൽ മഹിളാ രത്നം അവാർഡും ഇന്റർ നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ മാനേജ്മെന്റ് ഏർപ്പെടുത്തിയിരിക്കുന്ന ജൂവൽ ഓഫ് ഇന്ത്യാ അവാർഡും 2004 ൽ സിസ്റ്ററിന് നൽകി. 2004 ൽ തന്നെ ഡൽഹി എൻവയറോൺമെന്റൽ എഡ്യൂക്കേഷൻ ഡീഡാക്ടിസ് (Deed) അവാർഡും 2005 ൽ അവന്റിക ഭാരതീയ സാഹിത്യ സമ്മാനവും സിസ്റ്ററിന് ലഭിച്ചിട്ടുണ്ട്.

2006 ഏപ്രിൽ മുതൽ ആഫ്രിക്കയിലെ മലാഹ എന്ന രാജ്യത്ത് ഒരു ററി.ററി.സി. സ്ഥാപനത്തിന്റെ പ്രിൻസിപ്പലായി ജോലി നോക്കുന്നു.

Address - (Dr.) Elizebath William, Principal, St. Joseph's T.T.I., Bembike, Dedza Diocese, Malavi, Centred Afria.

# 374

# റവ.ഡോ. അഗസ്റ്റിൻ വല്ലൂരാൻ



ലക്ഷക്കണക്കിന് വിശ്വാസികളുടെ ആശാകേന്ദ്രമായ മുരിങ്ങൂർ ഡിവൈൻ കേന്ദ്രത്തിന്റെ വളർച്ചയിൽ തന്റെ പ്രവർത്തനംകൊണ്ട് നിർണ്ണായകമായ പങ്കുവഹിച്ച റവ.ഡോ. അഗസ്റ്റിൻ കൊരട്ടി തിരുമുടിക്കുന്നിലുള്ള വല്ലൂരാൻ കുടംബത്തിൽ 1949 ജനുവരി 4 ന് ജനിച്ചു.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം വിൻസെൻഷ്യൽ സഭയിൽ ചേർന്നു. പൂനയിലെ പേപ്പൽ സെമിനാരിയിൽ വൈദീക വിദ്യാഭ്യാസം പൂർത്തിയാക്കി. 1974 ഒക്ടോബർ 26 ന് വിൻസെൻഷ്യൽ കോൺഗ്രഗേഷനുവേണ്ടി വൈദികനായി അഭിഷിക്തനായി. തുടർന്ന് പൂനയിലെ പൊന്തിഫിക്കൽ അത്തീനിയത്തിൽ നിന്ന് ദൈവശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം നേടി. ഇറ്റലിയിലെ ഗ്രീഗോറിയൻ സർവ്വകലാശാലയിൽനിന്ന് തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റും സമ്പാദിച്ചു.

വൈദിക പരിശീലനത്തിലും വചനപ്രഘോഷണത്തിലും തല്പരനായ വല്ലൂരാൻ അച്ചൻ 1983 മുതൽ ഇന്നുവരെ ആലുവാ, മംഗലപ്പുഴ പൊന്തിഫി

www.malankaralibrary.com

ക്കൽ സെമിനാരിയിൽ തത്ത്വശാസ്ത്ര പ്രൊഫസ്സറായി പ്രവർത്തിക്കുന്നു.

ഏറെ തിരക്കിനിടയിലും സെമിനാരി റെക്ടറായും വിൻസെൻഷ്യൻ സഭയുടെ മേരിമാതാ പ്രോവിൻസിന്റെ വൈസ് പ്രോവിൻഷ്യലായും വല്ലൂരാനച്ചൻ സേവനമനുഷ്ഠിക്കുകയുണ്ടായി. സെമിനാരി പ്രൊഫസറായി തുടർന്നുകൊണ്ടുതന്നെ 1933 ൽ അദ്ദേഹം ഡിവൈൻ ധ്യാനകേന്ദ്രത്തിന്റെ ഇംഗ്ലീഷ് കാമ്പസിന്റെ ഭരണസാരഥ്യവും ഏറ്റെടുത്തു. ഇതദ്ദേഹത്തിന്റെ ആത്മീയ - പൗരോഹിത്യ ജീവിതത്തിന്റെ വളർച്ചയിൽ പ്രധാന വഴിത്തിരിവായി. ശക്തമായ വാഗ്മിത്തവും, മലയാള, ഇംഗ്ലീഷ് ഭാഷാ നൈപുണ്യവും അദ്ദേഹത്തെ പ്രബലനായ ഒരു ദൈവവചനപ്രഘോഷകനാക്കുകയായിരുന്നു. ഡിവൈൻ ധ്യാനകേന്ദ്രം അതിന് ഒരു ഈടുറ്റ വേദിയുമായി.

വർഷത്തിൽ 365 ദിവസവും ഇടവിടാതെ, ഒഴിവില്ലാതെ ധ്യാനം നടക്കുന്ന, ആഴ്ചയിൽ പതിനായിരത്തിലേറെ ജനങ്ങൾ ഒരേസമയം പങ്കെടുക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ധ്യാനകേന്ദ്രമേതെന്ന ചോദ്യത്തിന് ഒരേ ഒരു ഉത്തരമേയുള്ളൂ. 'ഡിവൈൻ ധ്യാനകേന്ദ്രം മുരിങ്ങൂർ' ആദ്യകാലങ്ങളിൽ ഇവിടെ മലയാളത്തിലും തമിഴിലും മാത്രമെ ധ്യാനങ്ങൾ ഉണ്ടായിരുന്നുള്ളൂ. ബ. വല്ലൂരാനച്ചന്റെ ശ്രമഫലമായിട്ടാണ് ആദ്യം ഇംഗ്ലീഷ് ഭാഷയിലും പിന്നീട് കന്നട, കൊങ്കിണി, തെലുങ്ക്, ഹിന്ദി എന്നീ ഭാഷകളിലും ധ്യാനം തുടങ്ങിയത്. ഇംഗ്ലീഷ് അടക്കം ഈ ഭാഷകളിലെ ധ്യാന ഡയറക്ടറാണ് ബ. വല്ലൂരാനച്ചൻ. ആകെ 7 ഭാഷകളിൽ ധ്യാനം നടക്കുന്ന ഡിവൈൻ ധ്യാനകേന്ദ്രത്തിന്റെ അസോസിയേറ്റ് ഡയറക്ടർ കൂടിയാണദ്ദേഹം.

യുവജനങ്ങൾക്ക് ധ്യാനം അത്യന്താപേക്ഷിതമാണെന്നുള്ള വലിയ ദൈവീക ഉൾക്കാഴ്ചയുടെ വെളിച്ചത്തിൽ അച്ചന്റെ പരിശ്രമഫലമായി ഡിവൈൻ ഇംഗ്ലീഷ് കാമ്പസിൽ വർഷത്തിൽ രണ്ടുതവണ - മേയ് മാസത്തിലും ഡിസംബർ മാസത്തിലും - യുവ ജനങ്ങൾക്കായി ഇംഗ്ലീഷ് ഭാഷയിൽ പ്രത്യേകം ധ്യാനം നടത്തുന്നുണ്ട്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും, ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നും നിരവധി യുവജനങ്ങൾ ഇതിനകം പലതവണ ഈ ധ്യാനത്തിൽ പങ്കെടുത്തിരുന്നു.

സമയവും സന്ദർഭവും അനുവദിക്കുന്നതനുസരിച്ച് ദൈവദത്തമായ തന്റെ കഴിവുകളും ധന്യമായ തന്റെ വ്യക്തിത്വ ഗുണവുംകൊണ്ട് നേടിയെടുത്ത ന്യായമായ സ്വാധീനങ്ങളും അനുകൂലമാക്കി, കേരളംവിട്ട് ഇന്ത്യയിലെ സംസ്ഥാനങ്ങളിലും ജർമ്മനി, കാനഡ, അമേരിക്കൻ ഐക്യനാടുകൾ, ഫിലിപ്പിയൻ, സിംഗപ്പൂർ തുടങ്ങിയ വിദേശരാജ്യങ്ങളിലും ദൈവരാജ്യം പ്രഘോഷിക്കുവാൻ യാത്രയാകുന്നു ഈ വന്ദ്യപുരോഹിതൻ. ചിലപ്പോഴൊക്കെ ഡിവൈൻ ടീമും വിദേശയാത്രയിൽ കൂടെയുണ്ടാകും.

ആദ്യകാലത്തു ജീവൻ ടി.വി.യുടെ വൈസ് ചെയർമാനായിരുന്നു ബ. വല്ലൂരാനച്ചൻ. ജീവൻ ടി.വിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി അദ്ദേഹം ചിലവഴിച്ച സമയത്തിനും അതിന്റെ വിജയത്തിനായി അദ്ദേഹം അർപ്പിച്ച

www.malankaralibrary.com


യത്നങ്ങൾക്കും കണക്കില്ല. ദിനംപ്രതി രാവിലെ 6.30 മുതൽ 7 വരെയും ഉച്ചകഴിഞ്ഞ് 12.30 മുതൽ 1 മണിവരെയും ഒരുമണിക്കൂർ ഡിവൈൻ ധ്യാന കേന്ദ്രത്തിന്റെവക ആത്മീയ - സുവിശേഷ പ്രോഗ്രാമുകൾ ജീവൻ ടി.വി. യിലൂടെ നടത്തുന്നുണ്ട്. ബ. വല്ലൂരാനച്ചൻ ഇപ്പോൾ ജീവൻ ടി.വി. യുടെ Co- Chairman (കൊ - ചെയർമാനാണ്).

കത്തോലിക്കാസഭ തുടങ്ങാൻ മടിച്ച, ഇപ്പോഴും മടിച്ചു നിൽക്കുന്ന ഒരു വേദിയാണ് ആത്മീയ - സുവിശേഷ ചാനൽ. സഭാപിതാക്കന്മാരുടെ അനുവാദത്തോടും അനുഗ്രഹത്തോടും സഹകരണത്തോടുംകൂടി ഇത്തരം ഒരു "സ്വന്തം" ചാനൽ നടത്തുകയാണ് വല്ലൂരാനച്ചന്റെ ഇപ്പോഴത്തെ യഞ്ജം. സ്വപ്നവും. 'ഡിവൈൻ ടെലിവിഷൻ മിനിസ്ട്രി' - അതിനായി അർപ്പിക്കപ്പെട്ടിരിക്കുകയാണ്. അഹോരാത്രം ഇതിനായി പ്രയത്നിക്കുക യാണ് വല്ലൂരാനച്ചനിപ്പോൾ. ഒപ്പം വേണ്ടപ്പെട്ട അധികാരികളുടെ അനുവാ ദവും കാത്തിരിക്കുന്നു, ഈ മിനിസ്ട്രിയുടെയും അധിപനായ ബ. വല്ലൂരാന ച്ചൻ.

വിശ്രമമെന്തെന്നറിയാത്ത ഫാ. വല്ലൂരാൻ വിവിധ ഭാഷകളിൽ അഗാധ പണ്ഡിതനാണ്.

Address - Rev. Dr. Augustine Vallooran V.C., Divine Retreet Centre, Muringoor P.O., Chalakudy.

# 375



# ബിഷപ്പ് ഡോ. ചാക്കോ തോട്ടുമാരിക്കൽ

ദൈവവചനസഭ ഇൻഡോർ പ്രോവിൻസിന്റെ മുൻപ്രൊവിൻഷ്യാലും പ്രമുഖ സാമൂഹ്യപ്രവർത്തകനും ജാമ്പുവാമെത്രാനുമായ ഡോ. ചാക്കോ തോട്ടുമാരിക്കൽ തൊടുപുഴക്കടുത്തുള്ള കല്ലൂർക്കാട് കുടുംബത്തിൽ തോട്ടു മാരിക്കൽ ജോസഫിന്റെയും ഏലിക്കുട്ടിയുടെയും മൂത്തമകനായി 1949 ജനു വരി 7-ാം തീയതി ജനിച്ചു. കുടുംബത്തിലെ ഏറ്റം മൂത്തകുട്ടിയായ ചാക്കോ തന്റെ സഹോദരങ്ങൾക്ക് മാതൃകയായി ഒരു സന്യാസി മിഷനറി വൈദിക നാകാനാണ് ആഗ്രഹിച്ചത്. വിദ്യാഭ്യാസാനന്തരം 1964 ൽ ചങ്ങനാശ്ശേരി എസ്.വി.ഡി. സെന്റ് ജോൺസ് മിഷ്യൻ സെമിനാരിയിൽ ചേർന്നു. അവി ടെനിന്നും ഇൻഡോറിലെ കാത്തലിക് ആശ്രമത്തിലെത്തി പഠനം തുടർന്നു. പാൽദയിൽ ജൂണിയേറ്ററും ഖുർദയിൽ നോവിഷ്യേറ്റും കഴിഞ്ഞ് പൂനയിലെ മേജർ സെമിനാരിയിൽ ഫിലോസഫിയും തിയോളജിയും പഠിച്ച് 1979 മേയ്

www.malankaralibrary.com

11 ന് പുരോഹിതപട്ടം സ്വീകരിച്ചു.

മദ്ധ്യപ്രദേശിലെ ജാംബുവാ ജില്ലയിലെ ആദിവാസികളുടെയിടയിലായിരുന്നു ആദ്യകാല പ്രവർത്തനങ്ങൾ. വിദ്യാഭ്യാസത്തിലും സാമ്പത്തികത്തിലും പിന്നോക്കം നിൽക്കുന്ന ജനങ്ങളുടെയിടയിലെ പ്രവർത്തനം ദുഷ്കരമായിരുന്നുവെങ്കിലും വളരെ സന്തോഷത്തോടെ ആ ജോലി അദ്ദേഹം നിർവ്വഹിക്കുകയുണ്ടായി. സാമൂഹ്യനീതി കൈവരിക്കുന്നതിനായി അദ്ദേഹം നടത്തിയ ശ്രമങ്ങൾ പ്രത്യേകം ശ്രദ്ധാർഹങ്ങളായിരുന്നു. നല്ലൊരു കലാകാരനും ഫോട്ടോഗ്രാഫറുമായിരുന്നു ഫാ. ചാക്കോ.

ജാംബുവായിൽനിന്നും ഉപരപഠനാർത്ഥം ഫാ. ചാക്കോയെ ഐർലണ്ടിലേക്ക് അധികാരികൾ അയച്ചു. ഐർലണ്ടിൽനിന്നും കമ്മ്യൂണിക്കേഷനിൽ എം.എ. ബിരുദം നേടി വീണ്ടും ഇന്ദോറിൽ തിരിച്ചെത്തി. 1989 ൽ സത്പ്രചാർ പ്രസ്സിന്റെ മാനേജരായി നിയമിതനായി.

സഹൃദയനും മിതഭാഷിയും സുസ്മേരവദനനുമായ ചാക്കോച്ചൻ ഒരു കരിസ്മാറ്റിക് ലീഡർ കൂടിയാണ്. എല്ലാവർക്കും പ്രിയങ്കരനായിരുന്നു അദ്ദേഹം. എട്ടുവർഷത്തോളം സത്പ്രചാർ പ്രസിന്റെ മാനേജർ ആയി ജോലി ചെയ്ത് ആ സ്ഥാപനത്തെ ആധുനിക പ്രസ്സുകളിൽ ഒന്നാക്കി വളർത്തിയെടുത്തു.

1996 ൽ നടന്ന തിരഞ്ഞെടുപ്പിൽ ഫാ. ചാക്കോയെ ദൈവവചനസഭയുടെ ഇൻഡോർ പ്രോവിൻസിന്റെ 14–ാമത്തെ പ്രൊവിൻഷ്യാളായി തിരഞ്ഞെടുത്തു. സഭയുടെ വളർച്ചയ്ക്കും വികസനത്തിനും വലിയ സംഭാവനകൾ നൽകാൻ അച്ചന് സാധിച്ചു. 2002 ൽ ഇൻഡോർ അതിരൂപത വിഭജിച്ച് ജാമ്പുവാ രൂപത രൂപീകരിച്ചപ്പോൾ അതിന്റെ പ്രഥമ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടത് ഫാ. ചാക്കോ തോട്ടുമാരിക്കലിനെയായിരുന്നു. വളരെയധികം പ്രവർത്തനസാദ്ധ്യതകളുള്ള ജാമ്പുവാ രൂപതയിൽ 50 ഓളം രൂപതാ സന്യാസ – വൈദികരും ഇരുന്നൂറോളം കന്യാസ്ത്രീകളും സേവനം അനുഷ്ഠിക്കുന്നുണ്ട്.

ഹിന്ദുതീവ്രവാദം ഏററം വർദ്ധിച്ചിരിക്കുന്ന ഒരു കേന്ദ്രമാണ് ജാംബുവ. നിരവധി മിഷനറിമാരെ ദ്രോഹിക്കുകയും വധിക്കുകയും ചെയ്ത വാർത്തകൾ പത്രത്തിൽ സ്ഥലം പിടിച്ചിട്ടുണ്ട്. തീവ്രവാദികളുമായി നിരന്തരം സംഭാഷണത്തിലേർപ്പെട്ട് അവരുടെ സംശയങ്ങൾ ദുരീകരിക്കുകയെന്നതാണ് ബിഷപ് ചാക്കോയുടെ ലക്ഷ്യം. എത്രമാത്രം വിജയിക്കുമെന്ന് പ്രവചിക്കുക സാദ്ധ്യമല്ല.

നിരവധി വർഗ്ഗീയവാദസംഘടനകൾ ജാംബുവായിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. അവരുടെ പ്രധാനലക്ഷ്യം ജനങ്ങളുടെ വികസനമല്ല, സഭയുമായി മത്സരിക്കുക എന്നത് മാത്രമാണ്. ജനങ്ങൾ, സഭയുടെ സേവനകേന്ദ്രങ്ങളിലേക്ക് വരാതിരിക്കാനുള്ള ബദൽ രീതികളുണ്ടാക്കുകയാണ് വാസ്തവത്തിൽ അവർ ചെയ്യുന്നത്. സഭ സ്കൂളുകൾ നടത്തുന്നിടത്തുതന്നെ അവർ സ്കൂളുകൾ നടത്തും ആശുപത്രികൾ നടത്തുന്നിടത്ത്

www.malankaralibrary.com


വേറെ ആശുപത്രി സ്ഥാപിക്കും. ഇതാണ് അവരുടെ പ്രവർത്തനശൈലി.

സത്യത്തിൽ എല്ലാവർക്കും സേവനം ചെയ്യാനുള്ള ധാരാളം മേഖലകൾ ഇന്ന് ഉത്തരേന്ത്യയിൽ ഉണ്ട്. മത്സരത്തിന്റെ യാതൊരു കാര്യവുമില്ല. താത്പര്യമുള്ളവരെല്ലാവരും ജനസേവനരംഗത്തേക്ക്വരട്ടെയെന്നാണ് സഭയുടെയും ആഗ്രഹം. ആ വിവരം ഹിന്ദുസഹോദരങ്ങളെ പിതാവ് അറിയിച്ചിട്ടുമുണ്ട്. സേവനത്തിന് ആരും എത്തിനോക്കാത്ത സ്ഥലങ്ങളിൽ സ്കൂളുകളും ആശുപത്രികളും സ്ഥാപിക്കാനും സഭ സന്നദ്ധമാണെന്ന ബിഷപ് ചാക്കോയുടെ നിർദ്ദേശം അവർ എത്രത്തോളം പ്രാവർത്തികമാക്കുമെന്നറിയില്ല. ആദിവാസികളുടെയും അധഃസ്ഥിതരുടെയും ഉയർത്തെഴുന്നേൽപ്പ് ലക്ഷ്യമാക്കി വിശ്രമമില്ലാത്ത പ്രവർത്തനങ്ങളാണ് തിരുമേനി നേതൃത്വം നൽകി സംഘടിപ്പിക്കുന്നത്.

Address - Bishop Dr. Chacko Thottumarickel, Bishop of Jhabua, Bishops House, Meghnagar - 457779, Madhyapradesh.

# 376

# ഡൊമനിക് പ്രസന്റേഷൻ



വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിൽ പ്രവേശിച്ച് സംസ്ഥാനമന്ത്രിപദംവരെയെത്തിയ ഡൊമനിക് പ്രസന്റേഷൻ എളംകുളത്ത് വലിയതയ്യിൽ ഫെലിക്സ് പ്രസന്റേഷന്റെ മകനായി 1949 ഫെബ്രുവരി 19 ന് ജനിച്ചു.

ഡൊമനിക് പ്രസന്റേഷൻ ചെറുപ്പം മുതലേ മികച്ച സംഘാടകനായിരുന്നു. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ് രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നത്. 1970 ൽ കേരളയൂണിവേഴ്സിറ്റി യൂണിയൻ എക്സിക്യൂട്ടീവ് അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. 1973 ൽ എൻ.എസ്.യു. നാഷണൽ കൗൺസിൽ അംഗമായും തിരഞ്ഞെടുക്കപ്പെട്ട ഡൊമനിക് പ്രസന്റേഷൻ യൂത്ത് കോൺഗ്രസ്സ് ജില്ലാ ജനറൽ സെക്രട്ടറി, ഡി.സി.സി. ജനറൽ സെക്രട്ടറി എന്നീ പദവികളും വഹിച്ചിട്ടുണ്ട്. 1988 ൽ കൊച്ചി കോർപ്പറേഷൻ കൗൺസിലർ ആയി തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം കൗൺസിലർ കോൺഗ്രസ്സിന്റെ പാർലമെന്ററി പാർട്ടി ലീഡറായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1987 മുതൽ ഗ്രേറ്റർ കൊച്ചിൻ ഡവലപ്മെന്റ് അതോറട്ടിയുടെ ജനറൽ കൗൺസിൽ അംഗമായിരുന്നു. എറണാകുളം ജില്ലാ കബഡി അസോസിയേഷൻ. ജില്ലാ സ്പോർട്സ് കൗൺസിൽ എന്നിവയിൽ എക്സിക്യൂട്ടീവ് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

കോൺഗ്രസ്സ് പാർട്ടിയിലും ജനഹൃദയങ്ങളിലും സ്ഥാനംപിടിച്ച ഡൊമ

www.malankaralibrary.com

നിക് പ്രസന്റേഷൻ 1991 ൽ പള്ളുരുത്തി നിയോജകമണ്ഡലത്തിൽ നിന്നും നിയമസഭയിലേക്ക് മത്സരിക്കുകയുണ്ടായി. അതിനുമുൻപ് മൂന്നുതവണയും 1980, 82, 87 വർഷങ്ങളിൽ നടന്ന നിയമസഭാതിരഞ്ഞെടുപ്പിൽ വിജയിച്ച ഇട തുപക്ഷ സ്ഥാനാർത്ഥി ടി.പി. പീതാംബരനെയാണ് ഡൊമനിക് പ്രസന്റേഷൻ നേരിട്ടത്. ഈ തിരഞ്ഞെടുപ്പിൽ വൻ വിജയം കൈവരിക്കാൻ അദ്ദേ ഹത്തിന് സാധിച്ചു. തുടർന്ന് 1996 ലും 2001 ലും നടന്ന തിരഞ്ഞെടുപ്പുക ളിൽ പള്ളുരുത്തിയിൽനന്നും ഡൊമനിക്ക് പ്രസന്റേഷൻ മത്സരിക്കുകയും വിജയം വരിക്കുകയും ചെയ്തു. ലത്തീൻ കത്തോലിക്കർക്ക് നിർണ്ണായക സാന്നിദ്ധ്യമുള്ള മണ്ഡലമാണ് പള്ളുരുത്തി. ലത്തീൻ കത്തോലിക്കർക്കു പുറമേ ഈഴവരും മത്സ്യത്തൊഴിലാളികളുമടക്കം സംസ്ഥാനത്തെ ഏറ്റവും കൂടുതൽ സംവരണ സമുദായക്കാരുള്ള മണ്ഡലമെന്ന നിലയിലും പള്ളു രുത്തിക്ക് പ്രത്യേക സ്ഥാനം ഉണ്ട്. തീരദേശമണ്ഡലമായതിനാൽ കുടി വെള്ളപ്രശ്നവും കടൽഭിത്തി നിർമ്മാണവും മണ്ഡലത്തിലെ പ്രധാന പ്രശ്നങ്ങൾ ആണ്. ഇവ രണ്ടും പരിഹരിക്കുന്നതിൽ ഡൊമനിക് പരമാ വധി ശ്രമിച്ചിട്ടുണ്ട്.

2001-ൽ മുഖ്യമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ട എ.കെ.ആന്റണി ആ സ്ഥാനം രാജിവയ്ക്കുകയും ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി ചാർജ്ജെടുക്കു കയും ചെയ്തപ്പോൾ ഉമ്മൻചാണ്ടി മന്ത്രിസഭയിൽ ഡൊമനിക് പ്രസന്റേ ഷൻ അംഗമായി. ഒന്നര പതിറ്റാണ്ട് പള്ളുരുത്തിയുടെ ശബ്ദമായി മാറിയ ഡൊമനിക് പ്രസന്റേഷൻ മന്ത്രിയായിരുന്ന ചുരുങ്ങിയ കാലംകൊണ്ട് പല വികസന പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചു. സ്പോർട്സ് മന്ത്രിയെന്ന നിലയിൽ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും ചുരുങ്ങിയ സമയംകൊണ്ട് തന്റെ സാന്നിദ്ധ്യം അറിയിക്കാനും അദ്ദേഹത്തിന് സാധിച്ചു. പി.ടി. ഉഷയ്ക്ക് സ്കൂൾ ആരംഭിക്കാൻ സ്ഥലം അനുവദിച്ചതും ഇരുപത് മാസത്തിനുള്ളിൽ 180 കായികതാരങ്ങൾക്ക് ജോലി നൽകിയതും എറണാകുളത്ത് സിന്തറ്റിക് ട്രാക്ക് ആരംഭിച്ചതും ഡൊമനിക്കിന്റെ പ്രധാന നേട്ടങ്ങളാണ്.

കായിക പ്രേമികളുടെ പ്രിയങ്കരനായ മന്ത്രിയായാണ് ഡൊമനിക് അറി യപ്പെടുന്നത്. കഠിനദ്ധ്വാനവും സേവന തല്പരതയും അദ്ദേത്തിന്റെ നേട്ട ങ്ങളുടെ പിൻപിൽ ദൃശ്യമാണ്.

യു.എ.ഇ., ഖത്തർ, ഒമാൻ തുടങ്ങിയ പല രാജ്യങ്ങളും അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്.


സഹധർമ്മിണി ഡോ. മേരി എബ്രാഹം ആണ്.

വിലാസം - ഡൊമനിക് പ്രസന്റേഷൻ, വലിയതയ്യിൽ, എളംകുളം,
കൊച്ചി - 682020.

www.malankaralibrary.com

# 377

# ഡോക്ടർ ജെയിംസ് വടക്കുംചേരി



കുററകൃത്യശാസ്ത്രജ്ഞൻ, അദ്ധ്യാപകൻ, ഗവേഷകൻ, ഗ്രന്ഥകർത്താവ്, മനുഷ്യാവകാശവാദി, കേരള സർക്കാർ പോലീസ് ഡിപ്പാർട്ട്മെന്റിൽ ആദ്യത്തെ ക്രിമിനോളജിസ്റ്റ് എന്നിങ്ങനെ വിവിധതലങ്ങളിൽ അസാമാന്യ വൈഭവം പ്രകടിപ്പിച്ച ഒരു പ്രതിഭാശാലിയാണ് ഡോക്ടർ ജെയിംസ് വടക്കുംചേരി. അൻപതിലേറെ ആധികാരികഗ്രന്ഥങ്ങളും 600-ലേറെ ലേഖനങ്ങളും പ്രസിദ്ധീകരിച്ച ജെയിംസ് കുററകൃത്യശാസ്ത്രം, മനുഷ്യാവകാശം, ലിംഗനീതി, ശിക്ഷാശാസ്ത്രം, തുല്യനീതി, മാനുഷികമൂല്യങ്ങൾ എന്നീ മേഖലകളിൽ ക്രിസ്തീയതത്വങ്ങളും ക്രിസ്തു പഠിപ്പിച്ച കാര്യങ്ങളും ഇടകലർത്തി സാമൂഹ്യപ്രതിബദ്ധതയ്ക്കൂന്നൽ നൽകിയുള്ള രചനകളാണ് നിർവ്വഹിച്ചിട്ടുള്ളത്. അന്തർദേശീയ തലത്തിൽ നൽകിയിട്ടുള്ള സമഗ്രസംഭാവന വിലയിരുത്തി 2003-ലെ ഡിസ്റ്റിഗുഷ്ഡ് ഇന്റർനാഷണൽ സ്കോളർ (D.I.C.Award) അവാർഡ് നൽകി അമേരിക്കൻ സൊസൈററി ഓഫ് ക്രിമനോളജി ജെയിംസ് വടക്കുംചേരിയെ ആദരിച്ചു. പ്രസ്തുത അന്തർദേശീയ സംഘടനയുടെ പുരസ്കാരം നേടിയ ആദ്യത്തെ ഇന്ത്യാക്കാരൻ എന്ന ബഹുമതിക്ക് അദ്ദേഹം അർഹനായി. 2004-ൽ ചങ്ങനാശ്ശേരി അതിരൂപത എക്സലൻസ് അവാർഡ് നൽകിയും ജെയിംസിനെ ബഹുമാനിച്ചു.

എറണാകുളം - അങ്കമാലി അതിരൂപതയിലുൾപ്പെട്ട മഞ്ഞപ്ര ഫൊറോനപള്ളി ഇടവകയിലെ വടക്കുംചേരി കുടുംബത്തിൽ പൌലോ ജേക്കബിന്റെയും മാണിക്കമംഗലം കോലഞ്ചേരി പാപ്പുമകൾ മറിയാമ്മയുടെയും എട്ടു മക്കളിൽ മൂന്നാമനായി 1949 മാർച്ച് 17-ന് ആണ് ഡോ.ജെയിംസ് ജനിച്ചത്. കൊടുങ്ങല്ലൂർ പട്ടണത്തിലെ (മഹാതേവർ) വടക്കേചേരിയിൽ വസിച്ചിരുന്നവർ പലപ്പോഴും മഹമ്മദീയരുടെ ആക്രമണത്തിന് വിധേയരായിരുന്നു. അവരുടെ ഉപദ്രവം സഹിക്കവയ്യാതെ അവിടംവിട്ടുപോന്ന മാർത്തോമ്മാ ക്രിസ്ത്യാനികളിൽ ഒരു കൂട്ടർ മഞ്ഞപ്ര വന്ന് താമസിച്ചു. "മഹാതേവർ പട്ടണത്തിൽ കുടിയിരുന്ത്" എന്ന് ഈ കുടുംബാംഗങ്ങളുടെ പുരാതനരേഖകളിൽ കാണുന്നുണ്ട്. വടക്കേചേരിയിൽ വസിച്ചിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾ കാലക്രമത്തിൽ വടക്കുംചേരികൾ ആയി അറിയപ്പെട്ടു.

മഞ്ഞപ്ര പള്ളി സ്ഥാപിതമാകുന്നത് 1401-ൽ ആണ്. പ്രസ്തുത പള്ളി വയ്ക്കുന്നതിനുള്ള സ്ഥലവും വിളക്ക് വയ്പിന് നിലവും കരമൊഴിവാക്കി നൽകിയത് വടക്കുംചേരി കുടുംബത്തിലെ ഇട്ടിയച്ചന്റെ പേരിലായിരുന്നു.

www.malankaralibrary.com

1865-ൽ പണിപൂർത്തിയാക്കിയ ഇപ്പോഴുള്ള പള്ളിയും പണിയിപ്പിക്കുന്നതിൽ മുൻനിന്ന് പ്രവർത്തിച്ചത് ഈ കുടുംബാംഗമായ വർക്കി ഔസേപ്പായിരുന്നു. 19-ാം നൂററാണ്ടിലും ഇരുപതാം നൂററാണ്ടിലും ഈ കുടുംബാംഗങ്ങളായ നിരവധി വൈദികർ സഭയ്ക്കുവേണ്ടി നിസ്തുല സേവനം അനുഷ്ഠിച്ചിരുന്നു. അവരുടെ പ്രവർത്തനഫലമായി പള്ളികൾ, സ്കൂളുകൾ, കപ്പേളകൾ, മററു കെട്ടിടങ്ങൾ, ആശുപത്രികൾ എന്നിവയെല്ലാം അവിടെ സ്ഥാപിതമായി. ഈ കുടുംബത്തിൽനിന്നും 50 ലേറെ കന്യാസ്ത്രികൾ ഇപ്പോൾ സഭാസേവനം നിർവ്വഹിക്കുന്നുണ്ട്.

ജെയിംസിന്റെ പിതാവ് പൌലോ ഒരു പൊതുകാര്യപ്രവർത്തകനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് വർക്കി ഔസേഫും പൊതുപ്രവർത്തകനും മലയാളം, തമിഴ്, ഇംഗ്ലീഷ്, സുറിയാനി ഭാഷകളിൽ പണ്ഡിതനുമായിരുന്നു. അദ്ദേഹം ചെയ്ത സേവനങ്ങളെ അംഗീകരിച്ച് 1912-ൽ പഴേപറമ്പിൽ ളൂയീസ് മെത്രാൻ 5784-ാം നമ്പറായി പുറപ്പെടുവിച്ച കല്പനയിൽ അദ്ദേഹത്തിന് വാഴ്വ് നൽകുകയും ശവസംസ്കാരം പള്ളിയിൽ നടത്തുന്നതിനും കുഴിക്കാണം ഇളവുചെയ്യുന്നതിനും അനുവദിക്കുകയും ചെയ്തു.

ഈ കുടുംബപശ്ചാത്തലത്തിൽ ജനിച്ച ഡോക്ടർ ജെയിംസ് വടക്കുംചേരിയുടെ പ്രാഥമിക വിദ്യാഭ്യാസം മഞ്ഞപ്രപ്പള്ളി വക സെന്റ്മേരീസ് സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം മാണിക്കമംഗലം എൻ.എസ്.എസ്. സ്കൂളിലും ആയിരുന്നു. 1965-ൽ എസ്.എസ്.എൽ.സി. ഉയർന്ന ഫസ്റ്റ് ക്ലാസ്സോടെ വിജയിച്ചു. തുടർന്ന് എറണാകുളം സെന്റ് ആൽബർട്ട് കോളേജിൽനിന്നും പ്രീഡിഗ്രി ഉയർന്ന ഫസ്റ്റ് ക്ലാസ്സോടെ പാസ്സായി. ക്രിമിനോളജി (കുററകൃത്യശാസ്ത്രം)യിൽ ബി.എ. കർണ്ണാടക സർവ്വകലാശാലയിൽനിന്നും ഫസ്റ്റ്ക്ലാസ്സിൽ ഫസ്റ്റ് റാങ്കോടെ നേടി. തുടർന്ന് ക്രിമിനോളജിയിൽ തന്നെ എം.എ.യും നിയമത്തിൽ എൽ.എൽ.ബി.യും സാഗർ സർവ്വകലാശാലയിൽനിന്നും കരസ്ഥമാക്കി. എം.എ. പരീക്ഷയിൽ ഫസ്റ്റ് ക്ലാസ്സിൽ ഒന്നാം റാങ്കും നിയമത്തിൽ ഫസ്റ്റ് ക്ലാസ്സിൽ രണ്ടാം റാങ്കും നേടി. അതിനിടയിൽ ഫിലോസഫിയിൽ മൂന്നുവർഷം പഠിച്ച് പ്രസ്തുത വിഷയത്തിൽ ഡിഗ്രിക്ക് തുല്യമായൊരു ഡിപ്ലോമ ഫസ്റ്റ് ക്ലാസ്സിൽ രണ്ടാം റാങ്കോടെ പാസ്സായി. 1976-ൽ കേരള സർക്കാർ സർവ്വീസിൽ ക്രിമിനോളജിസ്റ്റായി ചേർന്ന് 1983-ൽ കേരള സർവ്വകലാശാലയിൽനിന്നും കുററനീതിയിൽ പി.എച്ച്.ഡി. ബിരുദം നേടി. 1977 നവംബർ 20 ന് കോതമംഗലം രൂപതയിലെ കരിമണ്ണൂർ ഫൊറോനപള്ളി ഇടവകയിൽ പാറത്താഴത്ത് (നെല്ലിക്കുന്നേൽ) ആഗസ്തി മിഖായേലിന്റെയും ബ്രജീത്തയുടെയും മകൾ മേരിയെ വിവാഹം ചെയ്തു. ഭാര്യ തിരുവനന്തപുരം കൺകോർഡിയ ഹൈസ്കൂളിൽ അദ്ധ്യാപികയാണ്.

ഔദ്യോഗിക ജോലിക്കിടയിൽ ഡോക്ടർ ജെയിംസ് വടക്കുംചേരി ഗവേഷണത്തിൽ വ്യാപൃതനായിരുന്നു. ഇൻഡ്യൻ റിസർവ്വ് ബാങ്ക്, നാഷ

www.malankaralibrary.com

ണൽ ജുഡീഷ്യൽ അക്കാഡമി, നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് ക്രിമിനോളജി, നാഷണൽ ലോ സ്ക്കൂൾ, നാഷണൽ പോലീസ് അക്കാഡമി, സർവ്വകലാശാലകൾ, ജയിൽ ഭരണപരിശീലന കേന്ദ്രങ്ങൾ തുടങ്ങി പല സ്ഥാപനങ്ങളിലും വിസിററിംഗ് പ്രൊഫസറായും കർണാടക, സാഗർ സർവ്വകലാശാലകളിൽ ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പറായും പ്രവർത്തിച്ചു. സഭയുടെ നേതൃത്വത്തിലും അല്ലാതെയും നിലവിൽ ഉള്ള പ്രസ്ഥാനങ്ങളിൽ പോയി ക്ലാസ്സുകൾ എടുത്തും ശില്പശാലകൾ സംഘടിപ്പിച്ചും മൂല്യബോധം സൃഷ്ടിക്കാനുള്ള ശുശ്രൂഷയിൽ വ്യാപൃതനായിരുന്നു. ടെലിവിഷനിലൂടെയും റേഡിയോവിലൂടെയും മാധ്യമങ്ങളിലൂടെയും മൂല്യബോധ വളർച്ചയ്ക്കായി പ്രത്യേകം പരിശ്രമിച്ചു. ക്രിസ്തീയ മൂല്യങ്ങൾക്ക് ഊന്നൽ നൽകി ശുശ്രൂഷയിലേർപ്പെട്ടിരിക്കുന്ന ഡോക്ടർ ജെയിംസ് വടക്കുംചേരിയും കുടുംബവും അവരുടെ പ്രവർത്തനങ്ങളിലും തികഞ്ഞ കത്തോലിക്കാ വിശ്വാസം പുലർത്തി ജീവിക്കുന്നവരാണ്.

2004 മാർച്ച് 31-ന് സർക്കാർ സർവ്വീസിൽനിന്നും റിട്ടയർ ചെയ്തു. അതിന്ശേഷം അഭിഭാഷകനായും നിയമോപദേഷ്ടാവായും പ്രവർത്തിക്കുന്നു. കേരളാ പ്രിസൺ റിവ്യൂ കമ്മററി അംഗമാണിപ്പോൾ. എട്ടുവർഷം ജയിൽവാസം അനുഭവിച്ച ജീവപര്യന്തം ശിക്ഷ അനുഭവിക്കുന്നവരെ വിടുതൽ ചെയ്യാൻ നിയമിതമായ പ്രസ്തുത കമ്മററി ജയിൽവാസികളുടെ പുനരുദ്ധാരണത്തിനായി പ്രവർത്തിക്കുന്നു. കത്തോലിക്കാ സഭയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പ്രിസൺ ഫെല്ലോഷിപ്പ്, ജീസസ്സ് ഫ്രട്ടേർണിററി തുടങ്ങിയ പ്രസ്ഥാനങ്ങളിൽ തല്പരനാണ്. അവർക്കായി സെമിനാറുകളും ശില്പശാലകളും നടത്താറുണ്ട്. ജയിൽവാസികളുടെ പുനരുദ്ധാരണത്തിനായി ഗവേഷണങ്ങൾ നടത്തി പ്രസിദ്ധീകരിക്കുന്ന ത്രൈമാസികയുടെ എഡിറേറാറിയൽ ബോർഡ് അംഗമായും പ്രവർത്തിക്കുന്നു. സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തശേഷം 'സ്മരണകൾ' Memories of a Criminologist എന്ന ശീർഷകത്തിൽ പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. "Thou shalt teach them to thy sons and to thy grand sons."(Deut: 4, 9) എന്ന വേദപുസ്തകവാക്യം സഫലീകരിക്കാൻ ഡോ.ജെയിംസ് വടക്കുംചേരിയുടെ ലേഖനങ്ങൾക്കും പുസ്തകങ്ങൾക്കും കഴിയുന്നു.

ഇതിനകം ഡോ.വടക്കുംചേരി അൻപത്തിയൊന്ന് പുസ്തകങ്ങളും 600 ലധികം ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹം രചിച്ച പുസ്തകങ്ങൾ താഴെ പറയുന്നവയാണ്.

1. Police Criminology and Crimes, 2. Society, Police and Crimes: Tasks and Challenges 3. Policing the Police: A Nations's Cry, 4. Indian Police and Nexus Crime, 5. Crime and Society: Current Issues and Trends, 6. Crime, Police and Correction, 7. Indian Police and Miscarriage of Justice, 8. Police, Victim and Victim Justice, 9. Police, Women and Gender Justice, 10. The Police and Delinquency in India, 11. Misguiding Philosophies and Millennium Police, 12. Sociology of Policing India: 2000 and Beyond,

www.malankaralibrary.com


13. Wounded Justice and the Story of Indian Police, 14. Indian Police and Equal Justice Under Law, 15. The Police, the Court and Injustice, 16. Human Behaviour and Law Enforcement, 17. Crime, Law and Police Science, 18. Police Morality, 19. Policing the Largest Democracy: 50 Years and After, 20. Human Rights and the Police in India, 21. Police Enforcement Crimes and Injustice, 22. Departmental Inquiries and Injustice, 23. Indian Police 2001: What Went Wrong Here?, 24. Police Leadership: The Inside Story, 25. National Police Commission: Issues for Rethinking, 26. The Police, The Accused and Criminal Injustice, 27. Management Thouhts on Police Administration, 28. Police Interrogation: DOs which the police do not Do, 29. Why I am not a policeman, 30. Criminology and Penology, 31. Banker's Safety: Methods and Techniques, 32. Professional Police Witness Interviewing, 33. Human Relations in Banking: How to get along better with people?, 34. Public Relations at the Cutting Edge Level: Case-study materials, 35. Human Rights Friendly Police: A Myth or Reality? 36. Police and Human Rights, 37. Police and the Society, 38. Human Values and Police Behaviour, Bureau of Police Research and Development 39. Child Labour 40. Juvenile Delinquency, 41. United Nations and Indian Mysticism: Parallels on Human Rights and Police, 42. India's Supreme Court and Police: Consensus and Conflicts, 43. Road Users' Guide, 44. Values and God's Commandments, 45. Acquittals in Administration of Justice, Ph.D. Thesis, 46. Activism, Accountability and Justice, 47. The Police, The People and Criminal Justice, 48. Police and the People, 49. Third Millennium Police: Take off Trends in India, 50. The Justice Less Administered51. Goodbye, Police: Memories of a Criminologist (To be released)

ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ഇപ്പോഴും ലേഖനങ്ങൾ എഴുതിക്കൊണ്ടിരിക്കുന്ന വടക്കുംചേരിയുടെ പുസ്തകങ്ങൾ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധയർഹിക്കുന്നതാണ്.

Address - James Vadakkumcheril, M.A. (Crim) Dph, LLB, Phd, Tc 22/1427,
VRA-3, Ashram Road, Mannammoode, Peroorkadu, Trivandrum, 695005.

# 378

# പി.യു. തോമസ്



കേരളം കണ്ട ഏറ്റവും വലിയ സാമൂഹ്യ പ്രവർത്തകനാണ് പി.യു.തോമസ്. തെരുവിൽ അലയുന്നവർക്കായി കേരളത്തിൽ ആദ്യമായി ഒരു അഭയകേന്ദ്രം സ്ഥാപിച്ച പി.യു. തോമസ് ഒരു സമ്പന്നനല്ല, സമ്പന്ന കുടുംബത്തിൽ ജനിച്ചവനുമല്ല. ഒരു പാവപ്പെട്ട കുടുംബത്തിൽ ജനിച്ച സാധാരണക്കാരിൽ സാധാരണക്കാരനാണ്. വലിയ വിദ്യാഭ്യാസമൊന്നും അദ്ദേഹം നേടിയിട്ടില്ല. വെറും ഏഴാംക്ലാസു മാത്രം . എങ്കിലും വേദനിക്കുന്നവരുടെയും പരിത്യക്തരുടെയും ഇടയിൽ ജീവിച്ച്,

www.malankaralibrary.com

അവരിൽ ഒരുവനായി വളർന്ന്, അവരുടെ ഇടയിലെ ജീവിതം കൊണ്ട് സാമൂഹ്യ ജീവിയായ മനുഷ്യന്റെ ദൗത്യത്തെപ്പറ്റി വലിയ ജ്ഞാനം കൈവരിച്ച ഒരു വലിയ മനുഷ്യസ്നേഹിയാണ് തോമസ്. സാമൂഹ്യ പ്രവർത്തനത്തിൽ ഡിപ്ളോമകളും ഡിഗ്രികളും, ഡോക്ടറേറ്റും എടുത്തിട്ടുള്ളവരേക്കാൾ സമൂഹത്തിന് പ്രയോജനം ലഭിച്ചത് ഏഴാം ക്ളാസ്സുകാരനായ പി.യു. തോമസിൽ നിന്നാണ്.

വലിയ ഒരു സംഘടനയുടെ മേൽവിലാസമോ ബാനറോ ഇല്ലാതെ കഴിഞ്ഞ നാലു ദശാബ്ദകാലമായി സാമൂഹ്യ രംഗത്ത് പ്രവർത്തിക്കുന്ന ഒരു അത്ഭുത മനുഷ്യനാണ് പി.യു തോമസ്. ആരാലും അറിയപ്പെടാനും അദരിക്കപ്പെടുവാനും ആഗ്രഹിക്കാതെ എളിയ ജീവിതം നയിച്ച തോമസ് എന്ന അത്ഭുത മനുഷ്യൻ ഇന്ന് കേരള ജനതയുടെ മുഴുവൻ ശ്രദ്ധാകേന്ദ്രമായിതീർന്നിരിക്കുകയാണ്.

"ചിലർ മഹാന്മാരായി ജനിക്കുന്നു, ചിലർ മഹത്വം നേടിയെടുക്കുന്നു. ചിലരുടെമേൽ മഹത്വം കെട്ടിയേല്പിക്കപ്പെടുന്നു. മഹാനായ ഷെയ്ക്സ്പീയറുടെ വാക്കുകളാണിവ. ദരിദ്രരും, പരിത്യക്തരും, നിരാശ്രയരുമായ ആയിരക്കണക്കിനു രോഗികൾക്ക് പ്രത്യാശയും സ്നേഹവും പ്രദാനം ചെയ്ത് മഹത്വം നേടിയെടുത്ത വ്യക്തിയാണു പി.യു.തോമസ്. മഹത്വം നേടിയെടുക്കുകയെന്നത് തോമസിന്റെ ചിന്തയിൽ ഉണ്ടായിരുന്നില്ല. ആ മഹത്വം അദ്ദേഹത്തിന്റെ പ്രവർത്തനം കണ്ട കേരള ജനത കെട്ടിയേല്പിച്ചതാണ്. എഴുപത്തിരണ്ടിൽപരം അവാർഡുകളാണ് തോമസിന് ഇതിനകം ലഭിച്ചത്.

മദ്രാസ് സ്റ്റേറ്റിലെ ഒരു ഓഫീസർ തൂത്തുക്കുടി കുഷ്ഠരോഗാശുപത്രി സന്ദർശിക്കുന്നതിനായി എത്തി. രോഗം പകരുമോ എന്ന ഭയം അദ്ദേഹത്തിനുണ്ടായിരുന്നു. കുഷ്ഠരോഗികളുടെ വ്രണങ്ങൾ കഴുകി വൃത്തിയാക്കി ശുശ്രൂഷിച്ചുകൊണ്ടു നിന്നിരുന്ന ഒരു സിസ്റ്ററിനോട് അദ്ദേഹം പറഞ്ഞു. 'സിസ്റ്ററെ ഒരു ലക്ഷം രൂപ തന്നാലും ഞാൻ ഈ ജോലിക്കു പോവുകയില്ല.' ആ സിസ്റ്റർ ഉടനെ കൂട്ടിച്ചേർത്തു. സാറേ, എനിക്ക് ഒരുകോടി രൂപ തന്നാലും ഞാൻ ഈ ജോലിക്കു പോവുകയില്ല.' ഇത് പണത്തിനു വേണ്ടിയല്ല, ഈ വ്യക്തിയിൽ ഞാൻ കാണുന്നത് എന്റെ ദൈവത്തെയാണ്. ഇത് ഞങ്ങളുടെ മതം ഞങ്ങളെ പഠിപ്പിക്കുന്ന കാര്യമാണ്. 'ഈ ചെറിയവരിൽ ഒരുവന് ചെയ്യുന്നത് നിങ്ങൾ എനിക്കു തന്നെയാണ് ചെയ്യുന്നത്.'

' ശ്രീ. പി.യു. തോമസും ഇതു കൊണ്ടാണ് ഈ പ്രവർത്തനങ്ങളിൽ – രോഗികളെ ശുശ്രൂഷിക്കുക, അശുപത്രിയിലെത്തിക്കുക, മരുന്നുവാങ്ങി കൊടുക്കുക, പുനരധിവസിപ്പിക്കുക – തുടങ്ങിയ ജോലികളിൽ വ്യാപൃതനായിരിക്കുന്നത്.

1965 ൽ 16–മത്തെ വയസ്സിൽ ഒരു രോഗിയായിട്ടാണ് തോമസ്സ് കോട്ടയത്തെ മെഡിക്കൽ കോളേജിൽ എത്തുന്നത്. വിവിധ രോഗങ്ങൾ ബാധിച്ച്

www.malankaralibrary.com

നിരാശ്രയരായി അവിടെകിടക്കുന്ന പലരോഗികളെയും അദ്ദേഹം കണ്ടു. ആശുപത്രി പരിസരത്ത് തമ്പടിച്ചിരുന്ന പല രോഗികൾക്കും ഒരുനേരത്തെ ഭക്ഷണത്തിനു വകയില്ലാതെ കഷ്ടപ്പെടുന്ന ദയനീയ ചിത്രം അദ്ദേഹം മന സ്സിലാക്കി. ദരിദ്രരായ രോഗികൾക്ക് മരുന്നും ഭക്ഷണവും അതിലുപരിയായി സ്നേഹവും നൽകേണ്ടതെങ്ങനെയെന്ന് തോമസ് ആലോചിച്ചു. 'ഈ ചെറിയ വരിൽ ഒരുവന് ചെയ്യുന്നത് നിങ്ങൾ എനിക്കു തന്നെയാണ് ചെയ്യുന്നത്.' എന്ന വാക്യം അദ്ദേഹത്തെ ചൈതന്യവത്താക്കി. ആ യുവാവ് തന്റെ കയ്യിൽ നിന്നും പണം മുടക്കി കുറെയൊക്കെ സഹായിച്ചു. അന്നു മുതൽ അദ്ദേഹം തുടരെത്തുടരെ മെഡിക്കൽ കോളേജാശുപത്രിയിൽ എത്തുകയും ദരിദ്രരും പരിത്യക്തരുമായ രോഗികളുമായി ബന്ധപ്പെടുകയും അവരുടെ ആവശ്യ ങ്ങൾ നിർവ്വഹിക്കുവാൻ തന്നാലാവതു ചെയ്യുകയും ചെയ്തു. തോമസിന്റെ പ്രവർത്തനം മൂന്നു നാലു വർഷം തുടർന്നു. അദ്ദേഹത്തിന്റെ പ്രവർത്തന ങ്ങൾ മെഡിക്കൽകോളേജധികൃതരുടെ ശ്രദ്ധയിൽപ്പെട്ടു. യാതൊരു പ്രതി ഭലവും ഇച്ഛിക്കാതെ ആരുടെയും അംഗീകാരം ആഗ്രഹിക്കാതെ സ്വയം കഷ്ടപ്പെട്ട്, ഈ പാവങ്ങളെ സഹായിക്കുന്ന യുവാവിന്റെ ആത്മാർത്ഥത - ആശുപത്രി പരിസരത്തുകൂടി അലഞ്ഞുതിരിയുന്ന പാവങ്ങളുമായി നിര ന്തര ബന്ധം പുലർത്തുന്ന യുവാവിന്റെ സേവന മനസ്ഥിതി - മെഡി ക്കൽ കോളേജധികൃതരിൽ ജിജ്ഞാസ വളർത്തി. തോമസിനെ എങ്ങിനെ സഹായിക്കണമെന്ന് അവർ ആലോചിച്ചു. തോമസിനെ മെഡിക്കൽ കോളേ ജാശുപത്രിയിൽ മെൻസ് ഹോസ്റ്റലിൽ താൽക്കാലിക ജീവനക്കാരനായി അധികൃതർ നിയമിച്ചു. അന്നു തുടങ്ങി തന്റെ പ്രവർത്തനം കുടുതൽ വ്യാപ കമാക്കാനുള്ള ശ്രമം തുടർന്നു. തനിക്കു ശമ്പള ദിനത്തിൽ ലഭിക്കുന്ന തുകയും പാവങ്ങളുടെ കൈയിൽ എത്തിക്കുന്നതിന് യാതൊരു മടിയും അദ്ദേഹം കാണിച്ചില്ല.

1965 – ൽ ആരംഭിച്ച പ്രവർത്തനം കൂടുതൽ വ്യപകമാക്കിയത് ജോലി ലഭിച്ചതോടെയാണ്. 1970 മുതൽ കോട്ടയം മെഡിക്കൽ കോളേജാശുപത്രി യിൽപാവപ്പെട്ട രോഗികളെ സംരക്ഷിക്കുന്ന ഉത്തരവാദിത്വം സ്വയം ഏറ്റെടു ത്തു. തുടർന്നുള്ള മൂന്നു ദശാബ്ദക്കാലത്തെ തോമസിന്റെ ജീവിതം ആലം ബഹീനർക്കായി ഉഴിഞ്ഞുവയ്ക്കപ്പെട്ടതായിരുന്നു. മെഡിക്കൽകോളേജിലെ ഏതാനും മെഡിക്കൽ വിദ്യാർത്ഥികളുടെയും സഹപ്രവർത്തകരുടെയും സഹായത്തോടെ ആ പ്രവർത്തനം ഊർജ്ജിതമാക്കി. ആ എളിയ പ്രവർത്ത നമാണ് നവജീവൻ എന്ന ബ്രഹത്പ്രസ്ഥാനമായി രൂപപ്പെട്ടത്. 2005 ഒക്ടോബർ 8 –ം തീയതിയിലെ ദീപികയിൽ ഇപ്രകാരം എഴുതിയിരിക്കു ന്നു. "നിർദ്ധനരായ രോഗികൾക്ക് മരുന്ന്, ഭക്ഷണം എന്നിവക്കു പുറമേ ദൂരദിക്കിൽ നിന്നുമെത്തുന്ന രോഗികൾക്ക് വീട്ടിൽ ചെന്നെത്താനുള്ള യാത്ര പ്പടിയും പി.യു. തോമസ് നൽകിവന്നു."

ഇദ്ദേഹത്തിന്റെ സേവനം മെഡിക്കൽ കോളേജാശുപത്രിയിൽ മാത്രം

www.malankaralibrary.com

ഒതുങ്ങുന്നതായിരുന്നില്ല. ബസ്സ്റ്റാന്റുകളിലും റെയിൽവേ സ്റ്റേഷനുകളിലും തെരുവിലും അലഞ്ഞുതിരിഞ്ഞ ആലംബഹീനർക്കും, മാനസിക രോഗികൾക്കും അദ്ദേഹം അത്താണിയായി. ആദ്യകാലത്ത് രോഗികളെ വാടക കെട്ടിടത്തിൽ പാർപ്പിച്ചാണ് സംരക്ഷിച്ചുവന്നത്. എന്നാൽ പിന്നീട് ആർപ്പൂക്കര വില്ലേജിലെ വില്ലൂന്നിയിൽ സ്ഥലവും കെട്ടിടവുമുണ്ടായി. പുനരധിവസിച്ചവർക്കായി ഒരു വലിയ പ്രാർത്ഥനാലയവും പ്രവർത്തിക്കുന്നുണ്ട്. ആലംബഹീനരായ രോഗികളെ പാർപ്പിച്ചിട്ടുള്ള സ്ഥാപനത്തിന് നവജീവൻ എന്ന് നാമകരണം ചെയ്തു.

കേരളത്തിലും സംസ്ഥാനത്തിനു പുറത്തു നിന്നുമായി 1500 – ഓളം മാനസികരോഗികളെ പുനരധിവസിപ്പിച്ച് വീടുകളിലെത്തിച്ചിട്ടുണ്ട്. വീട്ടുകാർ സ്വീകരിക്കാൻ വിസമ്മതിച്ചവരെ തിരികെ നവജീവനിൽ ഏറ്റെടുത്ത് സംരക്ഷിച്ചു വരുന്നു. ഇപ്പോൾ 200 ലധികം ആളുകളെ നവജീവനിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്. മെഡിക്കൽകോളേജാശുപത്രി, കുട്ടികളുടെ ആശുപത്രി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിലായി പ്രതിദിനം രണ്ടായിരത്തിലധികം പേർക്കു മുടങ്ങാതെ ഭക്ഷണം വിതരണം നടത്തുന്നുണ്ട്. മെഡിക്കൽകോളേജുകളിലെ ഡോക്ടർമാർ, മെഡിക്കൽ വിദ്യാർത്ഥികൾ, ജീവനക്കാർ തുടങ്ങിയ വ്യക്തികളിൽ നിന്നും സമാഹരിക്കുന്ന തുകകളാണ് നവജീവന്റെ പ്രവർത്തനത്തിനുതകുന്നത്. കൂടാതെ ബിസിനസ്സുകാരും മറ്റുമായി ഈ സംരംഭത്തെ സഹായിക്കുവാൻ ഉദാരമതികളുടെ ഒരു നല്ല സമൂഹംതന്നെ രൂപപ്പെട്ടിട്ടുണ്ട്. സ്നേഹനിധികളും സന്മനസ്സുമുള്ളവരുമായ ഒരു സംഘം സേവനനിരതർ ഈ സംഘത്തിന്റെ പ്രവർത്തനത്തെ സഹായിക്കാൻ സദാസന്നദ്ധരായിട്ടുണ്ട്.

കൃത്യനിഷ്ഠയോടെയുള്ള ഔദ്യോഗിക ജീവിതത്തിന് കോട്ടംവരാതെ തന്നെ ആലംബഹീനരെ സഹായിക്കുവാൻ സമയവും സന്മനസ്സും കണ്ടെത്തുന്ന പി.യു തോമസിന് 2002 -ൽ ഗുഡ്സർവ്വീസ് എൻട്രി നൽകിയാദരിച്ചു. മദർ തെരേസാ, മുൻമുഖ്യമന്ത്രി എ. കെ ആന്റണി തുടങ്ങിയവർ ഇദ്ദേഹത്തിന്റെ സേവനത്തെ പ്രകീർത്തിച്ചുകൊണ്ട് അഭിനന്ദന കത്തുകൾ അയച്ചിട്ടുണ്ട്. മരിച്ച അമ്മയുടെ മൃതദേഹം സംസ്കരിക്കാതെ ദിവസങ്ങളോളം മൃതദേഹത്തിന് കാവലിരുന്ന മാനസിക രോഗികളായ സഹോദരങ്ങളുടെ കഥ മാധ്യമങ്ങൾ പ്രസിദ്ധപ്പെടുത്തിയത് എല്ലാവരിലും അത്ഭുതത്തിനിടയാക്കിയിരുന്നല്ലോ.

അമ്മയുടെ മൃതദേഹം യഥാസമയം സംസ്കാരിക്കാൻ മറന്ന മാനസികവസ്ഥയുടെ ഉടമകൾക്കും നവജീവൻ ആശ്രയമായി. നവജീനിൽ കഴിഞ്ഞ മാനസിക രോഗികളായ കുമരകം സഹോദരങ്ങളെ അന്നത്തെ മുഖ്യമന്ത്രി എ.കെ ആന്റണി സന്ദർശിക്കുകയുണ്ടായി. ഈ സന്ദർശന വേളയിലാണ് മുഖ്യമന്ത്രി നവജീവന്റെ വില തീരാത്ത പ്രവർത്തനത്തെ അഭിനന്ദിച്ചുകൊണ്ട് പി.യു. തോമസിന് കത്തയച്ചത്.

www.malankaralibrary.com

രണ്ടായിരത്തിയഞ്ഞൂറിലധികം പേർക്ക് ഭക്ഷണം തയ്യാറാക്കുക, നവജീവൻ മക്കളെ കുളിപ്പിക്കുക, ഭക്ഷണവും മരുന്നും നൽകുക, വസ്ത്രങ്ങൾ അലക്കുക, ആശുപത്രികളിൽ അനാഥരോഗികളെ കൂടെനിന്ന് ശുശ്രൂഷിക്കുക, സുഖം പ്രാപിച്ചവരെ പുനരധിവസിപ്പിക്കുക തുടങ്ങിയ ശുശ്രൂഷകൾ മുപ്പതിലധികം വോളണ്ടിയേഴ്സാണ് നിർവ്വഹിക്കുന്നത്. പ്രതിദിനം ഇരുപത്തയ്യായിരത്തോളം രൂപ ചിലവാകും എന്നാണ് ഏകദേശം കണക്ക്.

2004 മേയ് 31-ാം തീയതി പെൻഷൻ പറ്റേണ്ടിയിരുന്ന പി.യു. തോമസിനെ സംസ്ഥാന സർക്കാർ ഒരു വർഷംകൂടി ജോലിയിൽ തുടരാൻ അനുവദിച്ചു. തോമസിന്റെ സേവനങ്ങൾക്കുള്ള അംഗീകാരമായിട്ടാണ് സർവീസ് കാലാവധി നീട്ടിക്കൊടുത്തത്. നീട്ടിക്കിട്ടിയ ഒരു വർഷക്കാലം പി.യു. തോമസ് തന്റെ പ്രവർത്തനമണ്ഡലം കൂടുതൽ വ്യാപിപ്പിക്കുകയാണ് ചെയ്തത്. പിന്നീടുള്ള പ്രവർത്തനങ്ങളെപ്പറ്റി ദീപിക റിപ്പോർട്ട് ചെയ്തിരിക്കുന്നത് ശ്രദ്ധിക്കുക. "അറ്റൻഡർ ജോലി നവജീവൻ പ്രവർത്തനം എന്നിവക്കു പുറമേ മെഡിക്കൽ കോളേജാശുപത്രി വാർഡുകളുടെ നവീകരണവും നടത്തുകയുണ്ടായി. വാർഡുകൾ, ടോയ്‌ലറ്റുകൾ എന്നിവയുടെ നവീകരണത്തിന്റെ ഭാഗമായി വാർഡുകളിലുടനീളം പെയിന്റിംഗും വൈറ്റ് വാഷിംഗും നടത്തി. കാലാകാലങ്ങളിൽ മാറി മാറി ഭരിച്ച സർക്കാരുകൾക്ക് അസാദ്ധ്യമായ കാര്യങ്ങളാണ് പി.യു. തോമസ് അനായാസം പൂർത്തിയാക്കിയത്. മെഡിക്കൽ വിദ്യാർത്ഥികൾ, ഡോക്ടർമാർ, ആശുപത്രി ജീവനക്കാർ പൊതുജനങ്ങൾ, വ്യാപാരികൾ എന്നിവർക്കു പുറമേ രോഗികളുടെ ആശ്രിതരും വാർഡുകൾ ശുചീകരിക്കുവാൻ പി.യു. തോമസിനെ ആത്മാർത്ഥമായി സഹായിച്ചു. ആശുപത്രി വാർഡുകൾ മാലിന്യാവസ്ഥയിൽനിന്നും സംരക്ഷിക്കപ്പെട്ടതിൽ സംസ്ഥാന സർക്കാരിന് ലക്ഷങ്ങളുടെ നേട്ടമാണ് ഉണ്ടായിട്ടുള്ളത്. ആശുപത്രിക്ക്ചുറ്റും പുഷ്പഫലസസ്യങ്ങളും ഔഷധചെടികളും നട്ടുവളർത്തിക്കൊണ്ടിരിക്കുന്നു. നിരാലംബരുടെയും പാവപ്പെട്ടവരുടെയും അത്താണിയായ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ എല്ലാ മേഖലയിലും വെളിച്ചം പകരട്ടെ."

ഒരു വർഷം സർവീസ് നീട്ടിക്കിട്ടിയ തോമസിന്റെ കാലാവധി 2005 ഒക്ടോബർ 8-ാം തീയതി മെഡിക്കൽ കോളേജ് ആശുപത്രി ലക്ചർ ഹാളിൽ അതിഗംഭീരമായ യാത്രയയപ്പു നൽകി. മെഡിക്കൽ കോളേജിലെ അഡ്മിഷൻ ആൻഡ് ഇൻഫർമേഷൻ കോ- ഓർഡിനേറ്റർ അലക്സാണ്ടർ ജോസഫും, കെ.എം.എ സലിം കൂടിയാണ് യാത്രയയപ്പു സമ്മേളനത്തിന്റെ നേതൃത്വം വഹിച്ചത്.

ഔദ്യോഗികമായി തോമസ് മെഡിക്കൽ കോളേജിൽ നിന്നു വിരമിച്ചെങ്കിലും ഇന്നും മെഡിക്കൽകോളേജാശുപത്രിയിലെത്തി വോളണ്ടറി സേവനം അനുഷ്ഠിച്ചു വരുന്നു.

തോമസിന്റെ വിവിധങ്ങളായ സേവനങ്ങളെ പരിഗണിച്ച് വിവിധ

www.malankaralibrary.com

പ്രസ്ഥാനങ്ങൾ അവാർഡുകൾ നല്കിയാദരിച്ചിട്ടുണ്ട്. ഇതിനകം 72-ഓളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്. അമേരിക്കയിലെ ഷെയർ - കെയർ അവാർഡ്, സർവ്വോദയം കുര്യൻ അവാർഡ്, ഫ്രാൻസിസ്കൻ സെന്റർ ഫോർ പീസ് അവാർഡ്, ഡയലോഗിന്റെ ദി സ്പിരിറ്റ് ഓഫ് അസ്സീസി നാഷണൽ അവാർഡ്, എൻ. ഗോവിന്ദമേനോൻ ട്രസ്റ്റ് അവാർഡ്, മദർ തെരേസാ പീസ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയിരിക്കുന്ന മദർ തെരേസാ അവാർഡ്, കേരളാ കാത്തലിക് യൂത്ത് മൂവ്മെന്റ് ഏർപ്പെടുത്തിയിരിക്കുന്ന മദർ തെരേസാ അവാർഡ്, തുടങ്ങിയവ ഇതിൽ ചിലത് മാത്രമാണ്. നോവുന്നവർക്കു നവ ജീവൻ നൽകുന്ന നല്ല സമറായൻ, മലയാളത്തിന്റെ മദർ തെരേസാ, മറ്റൊരു ക്രിസ്തു മലയാളക്കരയിലൂടെ എന്നൊക്കെയാണ് അവാർഡിനൊപ്പം നൽകിയ പ്രശംസാ പത്രത്തിൽ കെ.സി.വൈ.എം. തോമസിനെ വിശേഷി പ്പിച്ചിരിക്കുന്നത്.

തെരുവിൽ അലയുന്നവർക്കായി കേരളത്തിലെ ആദ്യത്തെ അഭയ കേന്ദ്രം ആരംഭിച്ച്, ധാരാളം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അഗതിപ രിപാലനമേഖലയിൽ ആവേശം പകർന്ന 'മുമ്പേ പറന്ന പക്ഷിയാണ് പി. യു.തോമസെന്നും, നിരവധി സാധുജന സംരക്ഷണ പുനരധിവാസ പ്രവർത്തനങ്ങളുടെ തുടക്കാരനാണ് തോമസ് എന്നും കെ.സി.വൈ.എം വിലയിരുത്തുകയുണ്ടായി. ഡോക്ടർമാർ നേഴ്സുമാർ മെഡിക്കൽ വിദ്യാർ ത്ഥികൾ രാഷ്ട്രീയ സന്നദ്ധ പ്രവർത്തകർ സർക്കാർ ജീവനക്കാർ എന്നിവ രെയെല്ലാം ഒരുമിച്ചുചേർത്ത് ഒരു ടീമായി പ്രവർത്തിക്കുന്ന തോമസ് നേതൃ പാടവത്തിന്റെയും ഉദാത്തമായ ഒരു മാതൃകയാണെന്നും പ്രാർത്ഥിക്കുക സേവനം ചെയ്യുക എന്ന മോട്ടോയാണ് യുവജനങ്ങൾ ഈ വലിയ വ്യക്തി യിൽനിന്നും പഠിക്കേണ്ടതെന്നും കെ.സി.വൈ.എം. വിലയിരുത്തുകയുണ്ടാ യി. പി.യു.തോമസ് അർപ്പണ മനോഭാവത്തോടെയാണ് പ്രവർത്തിക്കുക. നിസ്വാർത്ഥവും നിശബ്ദവുമായ പ്രവർത്തനം. അദ്ദേഹത്തിന്റെ ജീവിതം തന്നെ ഒരു സന്ദേശമാണ്. ആസന്ദേശത്തിൽനിന്നും ചൈതന്യം ഉൾക്കൊ ള്ളാൻ നമുക്ക് കഴിയണം. അപ്പോൾ നമ്മുടെയും ജീവിതം ധന്യമാകും.

സാമൂഹ്യപ്രവർത്തന രംഗത്ത് ഒരു നൂതന അദ്ധ്യായം എഴുതിച്ചേർത്ത ശ്രീ പി.യു തോമസ് ഒരു പാവപ്പെട്ട കുടുംബത്തിൽ 1949 മേയ്മാസം 5-ാം തീയതി ജനിച്ചു. പാക്കത്തുകുന്നേൽ ഉലഹന്നൻ പിതാവും അന്നമ്മ മാതാവും.

അതിരമ്പുഴ സെന്റ് അലോഷ്യസ് സ്കൂളിൽ 7-ാം ക്ളാസ്സു വരെ പഠിച്ചു. 16-ാമത്തെ വയസ്സിൽ മെഡിക്കൽ കോളേജിൽ ചികിൽസക്കായി എത്തിയ തോമസ് ദരിദ്രരെയും പരിത്യക്തരായവരെയും അവിടെവച്ചു കണ്ടു മുട്ടി. അവരിൽ അലിവു തോന്നിയ തോമസ് സാമൂഹ്യ പ്രവർത്തനത്തിന് ഒരു പുതിയ മാനം കണ്ടെത്തുകയും ഒരു സാമൂഹ്യ വിപ്ളവത്തിന് തുടക്കം കുറിക്കുകയും ചെയ്തു. വൻ ബിരുദങ്ങളും ഡോക്ടറേറ്റും നേടിയവരേ

www.malankaralibrary.com

ക്കാൾ സാമൂഹ്യ പ്രവർത്തന മേഖലയിൽ ഒരു വലിയ വിപ്ളവം സൃഷ്ടിക്കുവാൻ തോമസിന് സാധിച്ചു.

വിലാസം - പി.യു.തോമസ്, നവജീവൻ ട്രസ്റ്റ്, വില്ലൂന്നി. പി.ഒ., കോട്ടയം- 686008.

## 379



# റവ.ഡോ.മാണി പുതിയിടം

പ്രമുഖസംഘടനാപ്രവർത്തകനും പ്രഭാഷകനും ബൈബിൾപണ്ഡിതനും ആയ റവ. ഡോ മാണി പുതിയിടം 1949 മെയ് 16-ന് പങ്ങടയിലെ പുതിയിടം കുടുംബത്തിൽ മത്തായി ഏലി ദമ്പതികളുടെ മകനായി ജനിച്ചു. മാതാപിതാക്കളുടെ ആറ് മക്കളിൽ ഏറ്റം ഇളയവനായിരുന്നു ഇദ്ദേഹം. പങ്ങട ഗവ.എൽ.പി. സ്കൂൾ, പാമ്പാടി എം.ജി.എം.എച്ച്.എസ്. എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. കോട്ടയം സി.എം.എസ്. കോളേജിൽ പ്രീഡിഗ്രിപഠനം പൂർത്തിയാക്കിയതിനുശേഷം പാറേൽ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. ജന്മസ്ഥലത്തിന്റെയും സി.എം.എസ്. കോളേജിന്റെയും അകത്തോലിക്കാ അന്തരീക്ഷം മാതൃസഭയെക്കുറിച്ച് പഠിക്കാൻ കാരണമായി. സി.എം.എസ്. കോളേജിലെ അനുഭവങ്ങളും എസ്സ്.ബി.കോളേജ് പ്രിൻസിപ്പലായിരുന്ന ബഹു.വില്യം നേര്യംപറമ്പിലച്ചന്റെ സ്വാധീനവും മാണിയെ വൈദിക ജീവിതത്തിലേക്കാകർഷിച്ചു.

പാറേൽ മൈനർ സെമിനാരിയിലെ പഠനശേഷം വടവാതൂർ മേജർ സെമിനാരിയിൽനിന്ന് 1974 ഡിസംബറിൽ വൈദികപഠനം പൂർത്തിയാക്കി ഡിസംബർ 21 ന് പങ്ങട തിരുഹൃദയ ദേവാലയത്തിൽവച്ച് അന്നത്തെ സഹായമെത്രാൻ മാർ ജോസഫ് പവ്വത്തിൽ പിതാവിൽനിന്നും വൈദികപട്ടം സ്വീകരിച്ചു.

അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപള്ളിയിൽ അസിസ്റ്റന്റു വികാരിയായി ആദ്യനിയമനം ലഭിച്ചു. അജപാലനത്തിൽ യുവജനരംഗത്ത് കൂടുതൽ മുഴുകുവാനിടയായി. 1977 മെയ് 30 ന് അതിരൂപതയിലെ മിഷൻലീഗ്, യുവദീപ്തി, കെ.സി.എസ്.എൽ. വൊക്കേഷൻ ബ്യൂറോ എന്നിവകളുടെ ഡയറക്ടറായി അദ്ദേഹം ചാർജ്ജെടുത്തു.

രൂപതയിലെ ഇടവകകളിൽ ക്ലബുകളും ഒറ്റപ്പെട്ട സംഘടനകളുമായിക്കിടന്ന യുവജനങ്ങളെ ഏകോപിപ്പിച്ച് അതിരൂപതയിലെ ഏക യുവജന പ്രസ്ഥാനമായി യുവദീപ്തിയെ മാണിയച്ചൻ മാറ്റിയെടുത്തു. അക്കാലത്ത്

www.malankaralibrary.com

ആരംഭമിട്ട യുവജനപ്രേഷിത പദ്ധതികൾ ഇന്നും തുടരുന്നു.

യുവജനങ്ങൾക്കുവേണ്ടി നാലു ദിവസം വീതം താമസിച്ചു നടത്തുന്ന പ്രാർത്ഥനാ പഠന ക്യാമ്പുകൾക്കു രൂപം നൽകി. ആ പദ്ധതി ഇന്നും തുടരുന്നു. ക്യാമ്പിൽ സംബന്ധിച്ച യുവജനങ്ങളെ ഏകോപിപ്പിച്ച് ഒക്ടോബർ 2 -ാം തീയതി നടത്തിവന്ന ഉപവാസയജ്ഞവും ഇന്നും തുടരുന്നു.

യുവദീപ്തി പ്രസ്ഥാനത്തിന്റെ നിയമാവലി പ്രകാരമുള്ള ആദ്യതെരഞ്ഞെടുപ്പു നടത്തി. ആദ്യഭാരവാഹികൾ നിലവിൽ വന്നതോടെ അത്മായ ഭാഗഭാഗിത്വം അതിരൂപതയൊട്ടാകെ വർദ്ധിച്ചു. അന്നത്തെ യുവജനഭാരവാഹികൾ പിന്നീട് അറിയപ്പെടുന്ന അത്മായ പ്രേഷിതരായി മാറി. പ്രൊഫ. പി.സി. അനിയൻ കുഞ്ഞ്, പ്രൊഫ. ജയിംസ് സെബാസ്റ്റ്യൻ തുടങ്ങിയവർ അവരിൽ ചിലരാണ്.

യുവജനം ശക്തമായതോടെ ഇടവകകളിൽ അവരുടെ ഭാഗഭാഗിത്വം വർദ്ധിച്ചു. വി. കുർബ്ബാനയുടെ ഭാഗഭാഗിത്വം, തിരുനാൾ നടത്തിപ്പുകൾ, ബൈബിൾ കൺവെൻഷനുകൾ തുടങ്ങിയവക്കു യുവദീപ്തി പ്രവർത്തകർ നേതൃത്വം നൽകി. അനേകം യുവതീയുവാക്കൾക്കു നല്ല വാഗ്മികളായിത്തീരാനുള്ള പരിശീലനം നൽകി. ആത്മീയ ആഭിമുഖ്യമുള്ള യുവജനപ്രസ്ഥാനത്തിനു രൂപം നൽകുന്നതിൽ ഏറെക്കുറെ അദ്ദേഹം വിജയിച്ചു.

1980 ഫെബ്രുവരിയിൽ സ്വയം തോന്നിയ ഉൾപ്രേരണയിൽ സ്ഥലം മാറ്റം വാങ്ങി എടത്വാ ഫൊറോനായിലെ തായങ്കരി ഇടവകയിൽ വികാരിയായി. 1980 ആഗസ്റ്റ് 26 വരെയുണ്ടായ ചുരുങ്ങിയ കാലയളവിൽ തായങ്കരിയിലെ കുടുംബങ്ങൾക്ക് ആദ്ധ്യാത്മിക നവോത്ഥാനം കൈവരുത്തുന്നതിന് അക്ഷീണം പ്രയത്നിച്ചു.

ഇടവക ദേവാലയത്തെ കേന്ദ്രീകരിച്ചുള്ള കുട്ടികളുടെ പരിശീലന ക്യാമ്പ് പരീക്ഷിച്ചത് തായങ്കരിയിലാണ്. പന്തക്കുസ്താ ദിനത്തിൽ കുഞ്ഞുങ്ങളെ നിലത്തെഴുത്തിനിരുത്തുന്ന രീതി ആദ്യമായി ആരംഭിച്ചതും തായങ്കരിയിൽ മാണിയച്ചനാണ്. ചുരുങ്ങിയ കാലയളവിൽ തായങ്കരി ഇടവകയ്ക്കുണ്ടായ മാറ്റം കുടുംബങ്ങൾക്ക് ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കു കാരണമായി. തായങ്കരി സെന്റ് ആന്റണീസ് ദേവാലയവും ഇടവകയും ആത്മാവിൽ ഇന്നും നിറഞ്ഞുനിൽക്കുന്നു.

1980 സെപ്റ്റംബർ ഒന്നാം തീയതി ബൈബിൾ പഠനാർത്ഥം അഭിവന്ദ്യ മാർ ആന്റണി പടിയറ പിതാവ് മാണിയച്ചനെ റോമിലേയ്ക്കയച്ചു. റോമിലെ ബിബ്ളിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും വേദപുസ്തകത്തിൽ ലൈസൻഷ്യേറ്റും, ഗ്രിഗോറിയൻയൂണിവേഴ്സിറ്റിയിൽ നിന്നും ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റും സമ്പാദിച്ചു. ഇക്കാലയളവിൽതന്നെ ഇസ്രായേലിൽ ജറൂസലേമിൽ താമസിച്ച് വിശുദ്ധനാടിന്റെ ആർക്കിയോളജി ജോഗ്രഫി എന്നിവയിൽ സർട്ടിഫിക്കറ്റു കരസ്ഥമാക്കി. പാരീസിലെ കാത്തലിക് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഫ്രഞ്ചിലും ജർമ്മിനിയിലെ ഗഥെ ഇൻസ്റ്റിറ്റ്യൂ

www.malankaralibrary.com

ട്ടിൽ നിന്നും ജർമ്മനിലും ഡിപ്ലോമകൾ ലഭിച്ചു.

റോമിൽ പഠിച്ചിരുന്ന കാലയളവിലാണ് 1986 ൽ പരിശുദ്ധ പിതാവിന്റെ ഇൻഡ്യാ സന്ദർശനവും വന്ദ്യ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും അൽഫോൻസാമ്മയുടെയും വാഴ്ത്തപ്പെട്ടവരെന്ന പ്രഖ്യാപനവും നടന്നത്. പ്രസ്തുത ചടങ്ങ് റോമിലെ ഒസ്സർവത്തോരെ റോമാനോയിലിരുന്നു ശ്രവിച്ച് റിപ്പോർട്ടു നൽകുന്നതിനുള്ള ഭാഗ്യമുണ്ടായി.

റോമിൽ കുറെക്കാലത്തേയ്ക്ക് വത്തിക്കാൻ റേഡിയോയിൽ മലയാള പരിപാടി പ്രക്ഷേപണം ചെയ്യുന്നതിനുള്ള ചുമതല മാണിയച്ചന് ലഭിച്ചു. പഠനം കൂടുതൽ സമയം ആവശ്യപ്പെട്ടപ്പോൾ പ്രസ്തുത ജോലി അന്നു റോമിലെത്തിയ ശ്രീ കോശി പാറപ്പാട്ടിനു നൽകി. ഇന്നദ്ദേഹം ഷെവലിയാറാണ്. പിന്നീട് റവ.സി. ആൻസി എസ്.എ.ബി.എസ്. നെയും വത്തിക്കാൻ റേഡിയോയിൽ നിയോഗിക്കാൻ കാരണക്കാരനായി.

വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെയും ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും ബഹുമാനാർത്ഥം റോമിൽ ഇൻഡ്യൻ യൂണിയന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സമൂഹബലിയിൽ അത്യുന്നത കർദ്ദിനാൾ ലൂർദ്ദുസ്വാമി പ്രധാന കാർമ്മികത്വം വഹിച്ചപ്പോൾ പ്രസംഗം പറയുന്നതിനുള്ള അവസരവും അദ്ദേഹത്തിനുലഭിച്ചു.

റോമിലായിരുന്നപ്പോൾ സി.എം.ഐ. സഭാംഗമായ ബ.. കണിയാരകത്തു അച്ചനോടുകൂടി രൂപം നൽകിയതാണ് ഇന്ന് റോമിൽ അറിയപ്പെടുന്ന സെന്റ് തോമസ് ഫെലോഷിപ്പ്. പരിശുദ്ധ പിതാവു ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ 1985 ൽ ആദ്യമായി വിളിച്ചുകൂട്ടിയ അഖിലലോകയുവജന സമ്മേളനത്തിന്റെ ദിവ്യബലിയിൽ വത്തിക്കാൻ റേഡിയോയിലൂടെ മലയാള വ്യാഖ്യാനം നൽകുന്നതിനുള്ള അവസരവും മാണിയച്ചന് ലഭിച്ചു.

1987 ജനുവരി മൂന്നിനു റോമിൽ നിന്നു തിരിച്ചെത്തി. ജനുവരി മൂന്നു മുതൽ സ്വന്തം ഇടവകയുടെ പ്രത്യേക സാഹചര്യത്തിൽ വാക്കാൽ ചാർത്തിലൂടെ ഇടവക വികാരിയായി ജനുവരി 20 വരെ പ്രവർത്തിച്ചു. ജനുവരി 21-ാം തീയതി സന്ദേശനിലയം ഡയറക്ടറായി ചാർജ്ജെടുത്തു.

സന്ദേശനിലയത്തിൽ സൺഡേസ്കൂൾ, മിഷൻലീഗ്, വൊക്കേഷൻ എന്നിവകളുടെ ഡയറക്ടറായി. മുതിർന്നവർക്കുവേണ്ടി തിയോളജിക്കൽ ഫോറമാരംഭിച്ചു. മർത്തോമ്മ വിദ്യാനികേതന് തിയോളജിക്കൽ ഫോറം പിന്നീട് വഴിമാറുകയാണ് ചെയ്തത്.

സന്ദേശനിലയത്തിലെ പ്രവർത്തന കാലഘട്ടത്തിൽ അതിരൂപതാ വൈദിക സെനറ്റിന്റെ സെക്രട്ടറിയായി മൂന്നുവർഷം പ്രവർത്തിച്ചു. മിഷൻലീഗിന്റെ സംസ്ഥാന ഡയറക്ടറായി മൂന്നുവർഷവും, മിഷൻ ലീഗ് ദേശീയ ഡയറക്ടറായി പിന്നീടു മൂന്നുവർഷവും പ്രവർത്തിച്ചു.

സന്ദേശനിലയം പ്രവർത്തനകാലഘട്ടത്തിലാണ് കുടമാളൂർ അൽഫോൻസാ ജന്മഗൃഹത്തിലേയ്ക്കുള്ള അതിരൂപതാ മിഷൻലീഗിന്റെ ആഭി

www.malankaralibrary.com

മുഖ്യത്തിലുള്ള തീർത്ഥാടനം ആരംഭിച്ചത്. 17 വർഷമായി ഇന്നും തീർത്ഥാടനം നടന്നുകൊണ്ടിരിക്കുന്നു.

മതബോധന രംഗത്ത് ഏറ്റം കൂടുതൽ ശ്രദ്ധിച്ചത് മതാദ്ധ്യാപക പരിശീലനമായിരുന്നു. നൂറുകണക്കിനു ധ്യാനങ്ങൾ, ക്യാമ്പുകൾ തുടങ്ങിയവ നടത്തി. മാതൃസഭയുടെ ദൈവശാസ്ത്രത്തിനനുസൃതമായ ടെക്സ്റ്റുബുക്കുകളുണ്ടാവണമെന്ന താല്പര്യം ഉയർന്നപ്പോൾ "ദൈവം നമ്മോടുകൂടെ" എന്ന ടെക്സ്റ്റ് ബുക്ക് സീരീസിന് ജന്മം നൽകുവാൻ ജനറൽ എഡിറ്ററായി പ്രവർത്തിച്ചു. പ്രസ്തുത സീരീസ് ഇന്നും കാഞ്ഞിരപ്പള്ളി പാലാ ചങ്ങനാശ്ശേരി രൂപതകളിൽ തുടരുന്നു.

വ്യക്തിസഭകൾക്ക് അനുസൃതമായ ടെക്സ്റ്റുബുക്കുവേണമെന്ന ആശയം ആരംഭത്തിൽ അനേകം എതിർപ്പുകൾ വിളിച്ചു വരുത്തിയെങ്കിലും പിന്നീട് അംഗീകരിക്കപ്പെട്ടു. ഇപ്പോൾ മാർ ജോർജ് ആലഞ്ചേരിയുടെ നേതൃത്വത്തിൽ സഭയ്ക്കു മുഴുവനായുള്ള ടെക്സ്റ്റു ബുക്കുകൾ രൂപംകൊണ്ടുവരുന്നു.

സന്ദേശനിലയം ഡയറക്ടറായിരിക്കേ വടവാതൂർ സെമിനാരിയിൽ വി. ഗ്രന്ഥത്തിന്റെ അദ്ധ്യാപകനായി സേവനം തുടർന്നത് ഇന്നും തുടരുന്നു. വി. പൗലോസ് ശ്ലീഹായിലാണ് ഡോക്ടറേറ്റു ചെയ്തത്. സെമിനാരിയിൽ അസോഷിയേറ്റ് പ്രൊഫസറായി ജോലി ചെയ്യുന്നു. മാർത്തോമ്മാ വിദ്യാനികേതൻ, എം.ഒ.സി. എന്നിവിടങ്ങളിലും പഠിപ്പിക്കുന്നു. മദ്ധ്യപ്രദേശിലെ സത്നാ സെമിനാരിയിൽ വിസിറ്റിംഗ് പ്രൊഫസറായും അദ്ധ്യാപനം നടത്തി.

1998 ഏപ്രിൽ 21-ാം തീയതി ലൂർദ്ദു ഫൊറോനാ പള്ളിയുടെ വികാരിയായി ചാർജ്ജെടുത്തു. ഇപ്പോൾ ഏഴുവർഷം കഴിഞ്ഞിരിക്കുന്നു.

കോട്ടയത്ത് എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ സെക്രട്ടറിയായും, കോട്ടയം കാത്തലിക് മൂവ്മെന്റിന്റെ പ്രസിഡന്റായും പ്രവർത്തിയ്ക്കുന്നു.

ലൂർദ്ദ് ഇടവകയുടെ പ്രവർത്തനങ്ങളെ ക്രോഡീകരിയ്ക്കുന്നതിനുള്ള പരിശ്രമത്തിൽ മുഴുകിയിരിക്കുന്നു. "അമല"യെന്ന പേരിലുള്ള ഇടവക ബുള്ളറ്റിൻ മാസംതോറും പ്രസിദ്ധീകരിക്കുന്നു. കഴിഞ്ഞ സെപ്തംബറിൽ അമലയുടെ 8-ാം ജന്മദിനപ്പതിപ്പ് പുറത്തിറങ്ങി. ഇപ്പോൾ 84 പതിപ്പുകൾ പ്രസിദ്ധീകരിച്ചു.

പാരീഷ് ബുള്ളറ്റിൻ തികച്ചും പ്രബോധനപരവും അജപാലനപരവുമായിരിക്കാൻ ശ്രദ്ധിക്കുന്നു. പരസ്യങ്ങൾ കൊടുക്കാത്ത ബുള്ളറ്റിനാണ് അമല.

ഇടവകയിലെ അജപാലനം കൃത്യമായ പദ്ധതികളോടുകൂടി നിർവ്വഹിക്കുന്നു. ജൂലൈ 3 മുതൽ എല്ലാ വർഷവും ഭവനസന്ദർശനം, വെഞ്ചരിപ്പ് തുടർന്ന് വാർഡു കൺവെൻഷനുകൾ. ഡിസംബർ 25-ന് സമാപിക്കും. ജനുവരി മുതൽ വിവിധ വയോവിഭാഗങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ. ജനുവരി കുട്ടികൾ, ഫെബ്രുവരി പ്രായമുള്ളവർ, മാർച്ച് പരീക്ഷക്കാലം, ഏപ്രിൽ അമ്മമാർ, മെയ് അപ്പന്മാർ, ജൂൺ യുവജനം എന്നിവർക്ക്

www.malankaralibrary.com

പ്രത്യേക പരിപാടികൾ. പന്തക്കുസ്താദിനം വിപുലമായ രീതിയിൽ ഇടവകദിനാചരണം. ഇടവകപ്രവർത്തനത്തിൽ ജീവകാരുണ്യത്തിനു മുഖ്യപ്രാധാന്യം. ദിവ്യകാരുണ്യ സമൂഹം ജീവകാരുണ്യസമൂഹമായിരിക്കണം. ഒരു വർഷം പതിനഞ്ചു ലക്ഷം രൂപയോളം സാധുജനഉന്നമനത്തിനായി ഇടവക വിനിയോഗിക്കുന്നു. നാനാ ജാതി മതസ്ഥർക്കായി.

പന്തക്കുസ്തായിൽ വിപുലമായ പന്തലിൽ ഒരു ദിവ്യബലി മാത്രം. എല്ലാ ഇടവകാംഗങ്ങളും ഒറ്റബലിയിൽ! തുടർന്ന് ഇടവക ജീവിതവിശകലനം. ആദരിക്കൽ കർമ്മങ്ങൾ, അർഹതപ്പെട്ടവർക്ക്. ഒന്നിച്ചുള്ള ഭക്ഷണം, കുട്ടികളുടെ കലാവിരുന്ന്. രാവിലെ 9 ന് ആരംഭിച്ച് വൈകിട്ട് 6 നു സമാപിക്കുന്നു. ഇടവക ഒരു കുടുംബം!

പൗരോഹിത്യ ശുശ്രൂഷയിൽ ഇപ്പോൾ മുപ്പത്തൊന്നാം വർഷംമാണിത്.

Address - Rev. Dr. Mani Puthiyidom, Vicar, Lourd Church, Kottayam.

# 380



## സി. ജിയോമരിയ എഫ്.സി.സി.

അനർവചനീയമായ പ്രതിഭാവിലാസത്തിലൂടെയും അനിതര സാധാരണമായ സ്നേഹശൈലിയിലൂടെയും ജനമനസ്സുകൾ കീഴടക്കിയ പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകയായ സി. ജിയോമരിയ. കാഞ്ഞിരപ്പള്ളി ആനക്കല്ല് മാരൂരായ പടിഞ്ഞാററയിൽ കുടുംബത്തിൽ പി.ററി.മാത്യു ത്രേസ്യാമ്മ ദമ്പതികളുടെ പുത്രിയായി 1949 സെപ്ററംബർ 18 നു ജനിച്ചു. ആനക്കല്ലു ഗവൺമെന്റ് പ്രൈമറി സ്കൂൾ, കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഹൈസ്ക്കൂൾ എന്നീ വിദ്യാലയങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പ്രശംസനീയമാം വിധം പൂർത്തിയാക്കി. മതപഠന ക്ലാസ്സുകളിലും ഒന്നാംസ്ഥാനത്തുതന്നെ ആയിരുന്നു. 6, 7 ക്ലാസ്സുകളിൽ അതിരൂപതാ മത്സരപ്പരീക്ഷയിൽ ഇടവകയിൽനിന്ന് ആദ്യമായി സമ്മാനം കരസ്ഥമാക്കാനുള്ള ഭാഗ്യം ഉണ്ടായി. ചങ്ങനാശ്ശേരി അരമനയിൽ വന്ന് അഭിവന്ദ്യ കാവുകാട്ടുപിതാവിന്റെ ഫീസ്റ്റുദിനത്തിൽ സമ്മാനം ഏററുവാങ്ങിയത് ത്രസിപ്പിക്കുന്ന അനുഭവമായിരുന്നുവെന്നാണ് സിസ്റ്റർ പറയുന്നത്. മിഷൻലീഗ് തുടങ്ങിയ സംഘടനകളിൽ നേതൃസ്ഥാനം വഹിക്കാനും ഇടയായിട്ടുണ്ട്.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 1966 ജൂൺ മാസത്തിൽ ചങ്ങനാശ്ശേരി ഫ്രാൻസിസ്കൻ ക്ലാരിസ്റ്റുകോൺഗ്രിഗേഷനിൽ അർത്ഥിനിയായി പ്രവേശിച്ചു. ഏറെ പ്രതിബന്ധങ്ങളും വിലക്കുകളും തരണം ചെയ്ത് പ്രാർ

www.malankaralibrary.com

ത്ഥനയും തപസ്സും വഴി ദൈവവിളിയെ പിന്തുടർന്നു. 1968 ൽ മെയ് 15നു പ്രഥമവ്രതവാഗ്ദാനം നടത്തി. വ്രതവാഗ്ദാനത്തിനുശേഷം കോളേജു പഠനം ആരംഭിച്ചു. അസംപ്ഷൻ കോളേജിൽനിന്നു ഫസ്റ്റ് ഗ്രൂപ്പെടുത്തു പി.ഡി.സി.യും പിന്നീട് ഇംഗ്ലീഷ് ഭാഷാസാഹിത്യത്തിൽ ബി.എ. ബിരുദവും പാസ്സായി. (1973) ഏററവും നല്ല വിദ്യാർത്ഥിനിയ്ക്കുള്ള രണ്ടു ഗോൾഡു മെഡലുകളും കരസ്ഥമാക്കി. പഠനകാലത്ത് പ്രസംഗം, ഉപന്യാസം തുടങ്ങിയവയിലും പഠനത്തിനും പല സമ്മാനങ്ങളും നേടുവാൻ കഴിഞ്ഞിട്ടുണ്ട്. ബി.എ.യ്ക്കു ശേഷം തിരുവനന്തപുരം ലയോളാകോളേജിൽനിന്ന് എം.എസ്. ഡബ്ല്യു.വും മൗണ്ട് കാർമ്മൽ ട്രെയിനിംഗ് കോളേജിൽനിന്ന് ബി.എഡും. പാസ്സായി. എസ്.ബി. കോളേജിൽനിന്ന് മലയാളം എം.എ.യും പിന്നീട് മദ്രാസ് യൂണിവേഴ്സിററിയിൽ നിന്ന് M.Phil ബിരുദവും കരസ്ഥമാക്കി.

1978 ൽ ചങ്ങനാശ്ശേരി അസംപ്ഷൻകോളേജിൽ അദ്ധ്യാപികയായി ഔദ്യോഗികജീവിതം ആരംഭിച്ചു. കോളേജിലെ പാഠ്യപാഠ്യേതരരംഗങ്ങളിൽ എക്കാലവും സജീവമായി സേവനം കാഴ്ചവെക്കുവാൻ സാധിച്ചു. N.S.S. പ്രോഗ്രാം ഓഫീസർ, കോളേജ് യൂണിയൻ അഡ്വൈസർ, മാഗസിൻ എഡിററർ എന്നീ നിലകളിലും ഹോസ്റ്റൽ വാർഡനായും സേവനം ചെയ്തു. N.S.S. പ്രോഗ്രാം ഓഫീസർ ആയിരുന്ന കാലത്ത് 1994 ലെ വെള്ളപ്പൊക്കത്തിൽ ഭവനരഹിതരായ കടമാഞ്ചിറയിലെ 7 കുടുംബങ്ങൾക്ക് സ്വന്തം ശ്രമഫലമായി ഫണ്ടു സ്വരൂപിച്ചു വീടുകൾ നിർമ്മിച്ചു കൊടുക്കുവാൻ സാധിച്ചത് ചാരിതാർത്ഥ്യത്തോടെ സിസ്റ്റർ ഇന്നും അനുസ്മരിക്കുന്നു. അസംപ്ഷൻ സ്നേഹാരാമം എന്ന പേരിൽ കോളണിയെ ദത്തുഗ്രാമമായി ഏറെറടുക്കുകയും ചെയ്തു. കേരളാ, മഹാത്മാഗാന്ധി സർവ്വകലാശാലകളിലെ NSS വോളണ്ടിയേഴ്സിന്റെ നേതൃത്വം വഹിച്ച് ഗോവയിലും മററും നാഷണൽ ക്യാമ്പുകളിൽ പങ്കെടുക്കാനുള്ള അവസരങ്ങൾ, ലക്ഷദ്വീപിലെ കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം തുടങ്ങിയവ അനുഭവസമ്പന്നമായിരുന്നു.

2000 ഏപ്രിൽ 1-ാം തീയതി കോളേജിന്റെ പ്രിൻസിപ്പലായി ചാർജ്ജെടുത്തു. ഗോൾഡൻ ജൂബിലി ആഘോഷമായിരുന്നു ആദ്യത്തെ പ്രധാന സംഭവം. അതു തുടങ്ങി കഴിഞ്ഞ അഞ്ചുവർഷക്കാലം നല്ലൊരു ജൈത്രയാത്ര തന്നെ നടത്തുവാൻ ദൈവം അനുഗ്രഹിച്ചു. കോളേജിന്റെ ഗോൾഡൻ യുഗമെന്നൊക്കെ പലരും വിശേഷിപ്പിച്ചു. കോളജ്, ഇന്റർകൊളേജിയേററ്, സ്റ്റേററ്, നാഷണൽ, ഇന്റർനാഷണൽ തലത്തിലുള്ള വൈവിധ്യമാർന്ന സെമിനാറുകളും വർക്കുഷോപ്പുകളും, എക്സിബിഷൻ, ക്യാമ്പ് തുടങ്ങിയ അനേകം പരിപാടികൾ കോളജിൽ നടന്നു. പല വിദ്യാർത്ഥിനികളും സർവ്വകലാശാലാ റാങ്കുകൾ കരസ്ഥമാക്കി. യൂത്ത് പാർലമെന്റ് കോമ്പററീഷൻ, ഡിബേററ് കോമ്പററീഷൻ, പ്രസംഗം, ക്വിസ് തുടങ്ങിയ മത്സരങ്ങൾ എന്നിവയിലും സംസ്ഥാന, ദേശീയ പുരസ്കാരങ്ങൾ ലഭ്യമായി. ഇന്ത്യയിൽ ആദ്യ

www.malankaralibrary.com

മായി എല്ലാ വിദ്യാർത്ഥികളെയും എൻ.എസ്.എസിൽ ചേർത്ത് ഓപ്പൺ എൻ.എസ്.എസ്. എന്ന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് അസംപ്ഷൻ Arts and Science കോളേജ് അസംപ്ഷൻ ആണ്.

സ്പോർട്ട്സ് രംഗത്താണ് ഏററവും കൂടുതൽ അംഗീകാരം നേടിയത്. കായികരംഗത്ത് ഏററവും മികവു പുലർത്തുന്ന കോളേജിന് കേരള സർക്കാർ ഏർപ്പെടുത്തിയ പ്രഥമ പുരസ്കാരം നേടാൻ അസംപ്ഷൻ കോളേജിനു കഴിഞ്ഞു. കേരള സ്പോർട്ട്സ് കൗൺസിൽ ഏർപ്പെടുത്തിയിട്ടുള്ള കോളജ് ഗയിംസിൽ രണ്ടുതവണ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി രാജീവ് ഗാന്ധി ഗോൾഡ് ട്രോഫി ഏററുവാങ്ങുവാൻ കഴിഞ്ഞു. ചിത്രാ കെ. സോമൻ എന്ന വിദ്യാർത്ഥിനിയിലൂടെ ഇന്ത്യയിൽ നിന്നാദ്യമായി ഒരു കോളേജ് വിദ്യാർത്ഥിനിയെ ഒളിംപിക്സിൽ എത്തിച്ച ഒളിമ്പ്യൻ കോളേജായി ഉയരാൻ അസംപ്ഷനു ഭാഗ്യം സിദ്ധിച്ചു. അത്ലററിക്സിലും ഗയിംസിലും യൂണിവേഴ്സിററി ചാമ്പ്യൻഷിപ്പുകളും അസംപ്ഷൻ സ്വന്തമാക്കി.

പല ബിരുദബിരുദാനന്തര കോഴ്സുകളും അസംപ്ഷനിൽ ആരംഭിക്കാൻ സാധിച്ചതും സിസ്റ്ററിന്റെ നേട്ടമാണ്. ഫാഷൻ ടെക്നോളജിയിൽ ഉന്നതനിലവാരത്തിലുള്ള ഡിഗ്രികോഴ്സ് അസംപ്ഷനിൽ ആരംഭിച്ചതും 5 ബിരുദാനന്തരകോഴ്സുകളും 2 ബിരുദകോഴ്സുകളും തുടങ്ങിയതും കോളേജിന്റെ നിലവാരം ഉയർത്തുവാൻ ഇടയാക്കിയിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് സെന്റർ എന്ന നിലയിൽ പല ബിരുദ ബിരുദാനന്തര കോഴ്സുകൾ ഇവിടെ ആരംഭിച്ചിട്ടുണ്ട്. കേരളാ ഗവൺമെന്റിന്റെ അംഗീകാരമുള്ള കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ സബ്സെന്ററായും പല തൊഴിലധിഷ്ഠിത കോഴ്സുകൾ നൽകിവരുന്നു. കോളേജ് ക്യാമ്പസ്സ് മുഴുവൻ നെററുവർക്കു സംവിധാനത്തിലാക്കിയിട്ടുണ്ട്. പ്ലെയ്സ്മെന്റ് സ്ഥാപിച്ച് കരിയർ ഗൈഡൻസ് പ്രോഗ്രാം കൂടുതൽ ശക്തമാക്കി.

ഉന്നതവിദ്യാഭ്യാസരംഗത്തെ ഒരു നൂതന സംരംഭമായ കമ്മ്യൂണിററി കോളേജിനു ജന്മം കൊടുക്കുവാൻ സാധിച്ചു. 2000 ൽ മൊട്ടിട്ട കമ്മ്യൂണിററി കോളേജ് സ്വപ്നത്തിന്റെ ആദ്യപടിയായി ആരംഭിച്ചത് AITECH എന്നറിയപ്പെടുന്ന അസംപ്ഷൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് ടെക്നോളജിയാണ്. ഉന്നത വിദ്യാഭ്യാസത്തിന്റെ കാലോചിത സങ്കല്പത്തിന്റെ സാക്ഷാത്ക്കാരമായി 2005 ഫെബ്രുവരി 11-ാം തീയതി അപ്പസ്തോലിക് ന്യൂൺഷിയോ ആർച്ചു ബിഷപ്പ് പെദ്രോ ലോപ്പസ് ക്വിന്താനാ അസംപ്ഷൻ കമ്മ്യൂണിററി കോളജ് ഉദ്ഘാടനം ചെയ്തു. കേരളത്തിലാദ്യമായി നടപ്പാക്കുന്ന ഈ പ്രസ്ഥാനത്തിന്റെ കീഴിൽ 9 സെന്ററുകളും അവയോടനുബന്ധിച്ച് ഡിപ്ലോമ, സർട്ടിഫിക്കററ് കോഴ്സുകളും മററു സേവനസംരംഭങ്ങളും നടത്തുന്നതാണ്.

2001 ൽ മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേററിലേക്കു കേരള ഗവൺമെന്റ് നാമനിർദ്ദേശം ചെയ്തപ്പോൾ കേരളത്തിൽ ആദ്യമായി യൂണിവേഴ്സിററി സിൻഡിക്കേറ്റിലേക്ക് ഒരു സമർപ്പിത കടന്നുവരികയായി

www.malankaralibrary.com

രുന്നു. സിൻഡിക്കേററംഗം എന്ന നിലയിൽ നിഷ്പക്ഷമായും സത്യസന്ധമായും പ്രവർത്തിക്കുവാൻ സിസ്റ്റർ ധീരത കാണിച്ചുവെന്നത് പ്രശംസാർഹമാണ്.

കലാലയത്തിനുവേണ്ടി നിസ്വാർത്ഥമായി ശുശ്രൂഷചെയ്തതിന്റെ അംഗീകാരമെന്നവണ്ണം ചില പുരസ്കാരങ്ങൾ സ്വീകരിക്കുവാൻ ഇടയായിട്ടുണ്ട്. ജേസീസ് ജൂണിയർ ചേംബറിന്റെ Best Academican Award, 2005 ൽ Lion International President AP Singh ൽ നിന്നു ലഭിച്ച Lions International Best Academican and Administrator Award, അമേരിക്കൻ മലയാളികളുടെ പ്രതിഭാ അവാർഡ്, ദോഹ ഖത്തർ പൂർവ്വവിദ്യാർത്ഥി സമതിയുടെ അവാർഡ് തുടങ്ങിയവ സിസ്റ്ററിന് ലഭിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ സാമൂഹ്യസാംസ്ക്കാരിക മേഖലകളിലുള്ള അനേകം പ്രശസ്തവ്യക്തികളുമായി പരിചയപ്പെടുവാനും സുഹൃത്ബന്ധം സ്ഥാപിക്കുവാനും അവ കോളേജിന്റെ നേട്ടത്തിന് ഉപകരിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

ജീവിതയാത്രയുടെ ഭാഗമായി ഏറെ രാജ്യരാജ്യാന്തര യാത്രകൾ നടത്തുവാനും പല ജനവിഭാഗങ്ങളും സംസ്ക്കാരങ്ങളുമായും പരിചയപ്പെടുവാനും സാധിച്ചു എന്നതും അനുഗ്രഹങ്ങളുടെ പട്ടികയിൽപ്പെടുന്നു. 1996 ൽ ജർമ്മനി, സ്വിററ്സർലണ്ട്, റോമാ, അസ്സീസി, ഇസ്രായേൽ എന്നിവിടങ്ങളിലും 2000 ൽ പപ്പുവാ ന്യൂഗിനിയായിലും സന്ദർശനം നടത്തി. 2004 ൽ അമേരിക്കയിലെ പല സ്റ്റേററുകളും സന്ദർശിച്ച് പൂർവ്വവിദ്യാർത്ഥിസമ്മേളനത്തിൽ പങ്കെടുത്തു. ദുബായിലുള്ള മലയാളി സുഹൃത്തുക്കളെയും കോളേജിലെ പൂർവ്വവിദ്യാർത്ഥിനികളെയും കാണുവാൻ കഴിഞ്ഞു. 2005 ൽ നടത്തിയ ദോഹ-ഖത്തർ യാത്രയും അവിസ്മരണീയമാണ്.

സമർപ്പിത ജീവിതത്തിന്റെ ത്യാഗവീഥിയാണ് ഔദ്യോഗിക ജീവിതത്തിന്റെ പെരുവഴികളിൽ നിർബാധം ചരിക്കുവാൻ ഉൾക്കരുത്തും പ്രചോദനവും പകർന്നു നൽകിയത്. ദൈവികസ്വരം ശ്രവിക്കാനും ദൈവ തിരുമനസ്സിനു വിധേയമായി കർമ്മമണ്ഡലത്തെ കരുപ്പിടിപ്പിക്കുവാനും സമ്പൂർണ്ണസമർപ്പണത്തിന്റെ പാഠങ്ങൾ മാർഗ്ഗദർശനമരുളി. ഉദ്യോഗ കാലത്തുതന്നെ 3 വർഷക്കാലം ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റു കോൺഗ്രിഗേഷൻ ചങ്ങനാശ്ശേരി ദേവമാതാ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ കൗൺസിലറായും 6 വർഷക്കാലം പ്രൊവിൻഷ്യൽ സുപ്പീരിയറായും സേവനം അനുഷ്ഠിക്കുവാൻ ദൈവനിയോഗം ഉണ്ടായി. പ്രൊവിൻഷ്യൽ ശുശ്രൂഷയും പ്രിൻസിപ്പൽ ജോലിയും ഒന്നിച്ചു വഹിച്ചുകൊണ്ടുപോയ ഒരു വർഷവും സേവന ചരിത്രത്തിലുണ്ട്. ദൈവകൃപയാൽ അനായാസം മുമ്പോട്ടുപോയി.

ചങ്ങനാശ്ശേരി അതിരൂപതയിൽ മാതൃജ്യോതിസ്സ് പ്രസ്ഥാനത്തിന്റെ അതിരൂപതാ ആനിമേററർ ആയി 4 വർഷവും ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈററി ബോർഡ് മെമ്പറായി 6 വർഷവും പ്രവർത്തിച്ചിട്ടുണ്ട്.

www.malankaralibrary.com

സർവ്വീസിൽനിന്നും വിരമിക്കുമ്പോൾ ചങ്ങനാശ്ശേരി പൗരാവലി തയ്യാറാക്കിയ അക്ഷരവന്ദനം എന്ന പ്രസിദ്ധീകരണത്തിൽ അഡ്വ. ടോമി കണയംപ്ലാവൻ ഇപ്രകാരം എഴുതിയിരിക്കുന്നു.

"സിസ്റ്റർ ജിയോമരിയ നന്മയുടെ പ്രതീകമാണ്. അടുത്തറിയുന്നവരും അകലെനിന്ന് വീക്ഷിക്കുന്നവരും ഇക്കാര്യത്തിൽ ഒരേ അഭിപ്രായക്കാർ. നന്മചെയ്യുന്നവർ മനുഷ്യമനസ്സുകളിൽ ജീവിക്കുന്നു. കാലങ്ങൾ തെളിയിച്ച ആ സത്യം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ സിസ്റ്ററിനു കഴിഞ്ഞു. അധികാരങ്ങളും സ്ഥാനമാനങ്ങളും ഇന്ന് നിക്ഷിപ്ത താല്പര്യങ്ങൾക്കു വേണ്ടി വിനിയോഗിക്കപ്പെടുന്നു. സമൂഹത്തിന്റെ ആഗ്രഹങ്ങൾക്ക് വിരുദ്ധ മാണ് ഈ താൽപര്യങ്ങൾ. അറിഞ്ഞോ അറിയാതെയോ സ്വാർത്ഥത യ്ക്കുവേണ്ടി നിലനിൽക്കുമ്പോഴാണ് അങ്ങനെയുള്ളവർ ജനങ്ങളിൽ നിന്നും അകന്നു പോകാറുള്ളത്. ഈ ആനുകാലിക പ്രത്യേകതകൾക്ക് ഒരു അപവാദമായിരുന്നു സിസ്റ്റർ ജിയോ മരിയായുടെ പ്രവർത്തനം."

എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ട് എല്ലാവരുടെയും നന്മ ലക്ഷ്യ മാക്കി പ്രവർത്തിച്ചു. പ്രിൻസിപ്പൽ പദവിയും എം.ജി. സിൻഡിക്കേററിലെ അംഗത്വവും പുത്തൻ തലമുറയുടെ അക്കാഡമിക് ഉയർച്ചയ്ക്കുവേണ്ടിയുള്ള സ്ഥാനമാനങ്ങളായി അവർ കരുതി. വനിതകൾക്കായി പുതുമ നിറഞ്ഞ കോഴ്സുകൾ. പരമ്പരാഗത കലാലയത്തിന്റെ ഇടനാഴികളിൽ പ്രഫഷണ ലിസത്തിന്റെ തിളക്കം. പഠനമുറികളിൽ അത്യാധുനികങ്ങളായ സാങ്കേ തികത്വം. അക്ഷരങ്ങളുടെ അങ്കണത്തിൽ ജനകീയ പരിപാടികൾ വനിത കൾക്ക് അറിവിന്റെ ശക്തിനേടാൻ സമൂഹവിദ്യാലയം. ഇങ്ങനെ നീളുന്നു സിസ്റ്റർ ജിയോ മരിയായുടെ നേട്ടങ്ങളുടെ തലക്കെട്ടുകൾ.

വിദ്യയുടെ അങ്കണത്തിൽ എത്തുന്ന ദരിദ്രർക്കും രോഗികൾക്കും പാവപ്പെട്ടവർക്കും സിസ്റ്റർ സഹായഹസ്തമായിരുന്നു. കണ്ണുനിറഞ്ഞു വന്ന വരെല്ലാം സന്തോഷത്തോടെ മടങ്ങിപ്പോയി. ഇക്കാര്യത്തിൽ അഭിപ്രായം പറയുവാൻ നൂറുകണക്കിനാളുകൾ ചങ്ങനാശ്ശേരിയിലുണ്ട്. ആരെയും മാററിനിർത്താതെ പ്രവർത്തിച്ചുവെന്നതാണ് സിസ്റ്റർ ജിയോമരിയായുടെ മറെറാരു കർമ്മസിദ്ധി. എല്ലാവരെയും ഒന്നായി കണ്ടുകൊണ്ട് ക്ലാരസഭയുടെ സ്നേഹചൈതന്യത്തിന് സിസ്റ്റർ മാതൃകയായി."

2005 മാർച്ചു 31-ാം തീയതി ഔദ്യോഗിക ജീവിതത്തിൽനിന്നു വിരമിച്ചു. ഇപ്പോൾ, പുതിയതായി രൂപം കൊണ്ട ആർച്ചുബിഷപ്പ് പൗവ്വത്തിൽ അസംപ് ഷൻ കമ്മ്യൂണിററി കോളേജിന്റെ ഡയറക്ടർ ആയി സേവനം ചെയ്യുന്നു.

Address - Rev. Sr. Geo Maria F.C.C., Director,
Arch Bishop Mar Joseph Powathil Assumption
Community College, Changanacherry.

www.malankaralibrary.com

# 381



# സിസ്റ്റർ സിസിലി തോണക്കര

## എഫ്.സി.സി.

മൂന്നു ദശാബ്ദത്തിലധികം കാലം വിദ്യഭ്യാസ രംഗത്ത് സ്തുത്യർഹമായ സേവനം കാഴ്ചവെയ്ക്കുകയും കുട്ടികളുടെ സമഗ്രപുരോഗതിക്കു വേണ്ടി യത്നിക്കുകയും നിരവധി അവാർഡുകൾക്ക് അർഹയായി തീരുകയും ചെയ്ത സിസ്റ്റർ സിസിലി വേനപ്പാറ എന്ന ഗ്രാമത്തിൽ തോണക്കര വർക്കി - അന്നമ്മ ദമ്പതികളുടെ എട്ടു മക്കളിൽ ഏറ്റം ഇളയവളായി 1950 ജനുവരി 8-ന് ജനിച്ചു. (1948-ൽ പാലാ രൂപതയിലെ കൊഴുവനാലിൽ നിന്നും മലബാറിലേക്ക് കുടിയേറി പാർത്ത കുടുംബമാണ് തോണക്കര കുടുംബം). നീലേശ്വരം സെന്റ് തോമസ് എൽ. പി. എസ്സ്, വേനപ്പാറ ലിറ്റിൽ ഫ്ളവർ യു.പി സ്കൂൾ, തിരുവമ്പാടി സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യഭ്യാസം. 1967-ൽ എസ്സ്. എസ്സ്. എൽ. സി പാസ്സായ സിസിലി 1967 ജൂൺ 10-ാം തിയതി ക്ലാരസഭയിൽ അർത്ഥനിയായി ചേർന്നു. സന്യാസ പരിശീലനത്തിനും പഠനത്തിനും ശേഷം 1969-ൽ വ്രതവാഗ്ദാനവും 1975 -ൽ നിത്യവ്രതവാഗ്ദാനവും നടത്തി. 1970-1972-ൽ മലാപ്പറമ്പ് പ്രൊവിഡൻസ് വനിതാ കോളേജിൽ ചേർന്ന് പി. ഡി. സി പാസ്സായി. 1972-74-ൽ മാനന്തവാടിയിലെ ട്രെയിനിംഗ് സ്കൂളിൽ നിന്ന് അദ്ധ്യാപക പരിശീലനവും പൂർത്തിയാക്കി.

കൊമ്മയാട് യു. പി സ്കൂളിൽ താൽക്കാലിക അദ്ധ്യാപികയായി 1974 -ൽ ജോലിയിൽ പ്രവേശിച്ചു. തുടർന്നുള്ള 30 വർഷക്കാലം അദ്ധ്യാപികയായും സേവനം അനുഷ്ഠിച്ചു. വെള്ളരിക്കുണ്ട് നിർമ്മലഗിരി, കുന്നോത്ത്, കരിക്കോട്ടക്കരി, കുടിയാന്മല, ചെമ്പൻതൊട്ടി, ചെമ്പേരി എന്നിവിടങ്ങളിലെ യു. പി സ്കൂളുകളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു. പുലിക്കുരുമ്പ, വെളിമാനം, കരുവുള്ളടുക്കം, വെള്ളരിക്കുണ്ട് എന്നീ യു. പി സ്കൂളുകളിൽ പ്രധാനാദ്ധ്യാപികയായും പ്രവർത്തിച്ചു.

ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ വിസ്ഫോടനാത്മകമായ മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ ഒരു സമർപ്പിത അദ്ധ്യാപികയ്ക്ക് പലതിനും സാക്ഷ്യം വഹിക്കാൻ കഴിയും. പഠന മനനങ്ങളിലൂടെ ആർജ്ജിച്ച വിജ്ഞാനം ദൈവികജ്ഞാനവുമായി സംയോജിപ്പിച്ച് വിദ്യാർത്ഥികളിലേക്ക് പകർന്ന് അറിവിലും നെറിവിലും മികവിലും സംസ്കാരത്തിലും സർവ്വോപരി ദൈവഭയത്തിലുള്ള ഒരു വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് സിസ്റ്റർ തന്റെ അദ്ധ്യാപന ജോലി നിർവ്വഹി

www.malankaralibrary.com

ച്ചത്. ജീവിതത്തിന്റെ വൈവിധ്യമാർന്ന മേഖലകളിൽ സദാചാരം, ശുചിത്വ ബോധം, നിസ്വാർത്ഥത,സഹിഷ്ണത, ധാർമ്മിക മൂല്യം എന്നിവ ശിഷ്യഗ ണങ്ങളിൽ രൂഢമൂലമാക്കാനും, അഴിമതിയും കരിഞ്ചന്തയും കൈക്കൂലിയും അരങ്ങ് തകർക്കുന്ന ആധുനിക ലോകത്തിൽ സത്യത്തിനും ധർമ്മത്തിനും സ്നേഹത്തിനും ഐക്യത്തിനും പ്രാമുഖ്യം നൽകുന്ന പുതിയ തലമുറയെ രൂപപ്പെടുത്തുവാനും സിസ്റ്റർ സിസിലി പരിശ്രമിച്ചു.

വിദ്യാർത്ഥികളിലെ അനന്തസാദ്ധ്യതകൾ - വ്യക്തി വൈഭവങ്ങൾ, കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും സഹായകമാംവിധം പാഠ്യേ തര പ്രവർത്തനങ്ങൾ നടപ്പിലാക്കി. നേതൃത്വ പരിശീലന പദ്ധതിയും സഹ വാസ ക്യാമ്പുകളും പ്രാർത്ഥനാ4സെമിനാറുകളും ധ്യാനപരിപാടികളും സംഘടിപ്പിച്ച് പ്രവർത്തിച്ചും നേതൃത്വഗുണമുള്ള പെൺകുട്ടികളെ വളർ ത്തുക എന്ന ലക്ഷ്യത്തോടെ Learn and Earn ട്രെയിനിംഗ് പ്രോഗ്രാം സംഘ ടിപ്പിച്ചും സൽഫലങ്ങൾ ഉളവാക്കി. സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവി ക്കുന്ന കുട്ടികളെ സഹായിക്കുന്നതിനായി ഒരു സോഷ്യൽ സർവ്വീസ് ക്ലബ്ബ് ആരംഭിക്കുകയും എടുത്തുപറയത്തക്ക നേട്ടങ്ങൾ കാഴ്ചവെയ്ക്കുന്ന കുട്ടി കളെ പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി എൻഡോവ്മെന്റ്കൾ ഏർ പ്പെടുത്തുകയും ചെയ്തു. മാനേജ്മെന്റിന്റേയും രക്ഷാകർത്താക്കളുടേയും സഹകരണത്തോടെ നിരവധി വികസന പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കി.

ഉത്തമ പൗരൻമാരെ വളർത്തുക എന്ന ലക്ഷ്യത്തോടെ പ്രവർ ത്തിക്കുന്ന ഭാരത് സ്കൗട്ട് ഗൈഡ് പ്രസ്ഥാനത്തിൽ ലഭിച്ച ഉന്നത പരിശീ ലനം ഒരു ഗൈഡ് ക്യാപ്റ്റൻ എന്ന നിലയിൽ ഏറെ കുട്ടികളെ രാഷ്ട്രപതി അവാർഡിന് അർഹരാക്കുവാൻ സിസ്റ്ററിന് സാധിച്ചിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ്, തലശ്ശേരി വിദ്യഭ്യാസ ജില്ലകളിൽ ഗൈഡ് ക്യാപ്റ്റൻ ആയും ട്രെയിനിംഗ് കമ്മീഷണറായും സേവനം അനുഷ്ഠിച്ചു. സിസ്റ്ററിന്റെ ഈ വിധ മുള്ള സേവനങ്ങളെ കണക്കിലെടുത്ത് സംസ്ഥാന തലത്തിൽ മെഡൽ ഓഫ് മെറിറ്റഡ് അവാർഡും ലോംഗ് സർവ്വീസ് അവാർഡും സിസ്റ്ററിന് ലഭിക്കുക യുണ്ടായി. സിസ്റ്റർ പ്രധാന അദ്ധ്യാപികയായിരുന്ന സെന്റ് ജോസഫ് വെള്ള രിക്കുണ്ട് കലാ-കായിക-സാഹിത്യ വേദികളിൽ എന്നും മുൻപന്തിയിലായി രുന്നു. കായിക രംഗത്ത് 18 തവണ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടുവാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്. സ്കൂളിനു മുൻപിൽ തയ്യാറാക്കിയ പൂന്തോട്ടവും പച്ചക്കറി തോട്ടവും, ഔഷധസസ്യശേഖരവും നാട്ടുകാരുടേയും അദ്ധ്യാപ കരുടേയും കുട്ടികളുടേയും കൂട്ടായ്മയുടെ ഫലമായിരുന്നു. നല്ല വായനാശീലം കുട്ടികളിൽ വളർത്തുക, മഹാത്മാക്കളെ വഴികാട്ടിയായി സ്വീകരിക്കുവാനുള്ള വഴിയൊരുക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ധാരാളം പുസ്തകങ്ങളടങ്ങുന്ന നല്ലൊരു സ്കൂൾ ലൈബ്രറി സജ്ജമാക്കാനും പ്രധാനാദ്ധ്യാപിക എന്ന നിലയിൽ സിസ്റ്ററിന് സാധിച്ചു.

www.malankaralibrary.com


ധീരതയോടെ വെല്ലുവിളികൾ തരണം ചെയത് സ്വജീവിതം കരുപ്പിടിപ്പിക്കുന്നതിനും തന്നിലെ അനന്തസാദ്ധ്യതകളെകണ്ടെത്തുന്നതിനും അന്യമായിക്കൊണ്ടിരിക്കുന്ന കുടുംബബന്ധങ്ങളെ അരക്കിട്ടുറപ്പിക്കുവാനും സ്റ്റുഡന്റ് കൗൺസിലർ എന്ന നിലയിലുള്ള സിസ്റ്ററിന്റെ പ്രവർത്തനം ഏറെ ഫലപ്രാപ്തിയുളവാക്കി. സാക്ഷരത - കേരളീയവനിതകളെ എങ്ങും എത്തിച്ചിട്ടില്ലായെന്ന യാഥാർത്ഥ്യം മനസ്സിലാക്കി സ്ത്രീ ശാക്തീകരണരംഗത്ത് പ്രവർത്തിക്കുവാൻ ഏറെ സമയം കണ്ടെത്തി. മാതൃവേദി, മഹിളാസമാജങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ തുടങ്ങിയ വനിതാസംഘടനകൾക്ക് നേതൃത്വം നൽകുവാനും ബോധവൽക്കരണസെമിനാറുകളും ക്ലാസ്സുകളും നൽകാനും ഇടവക, പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ ലഭ്യമായ അവസരങ്ങൾ സിസ്റ്റർ പ്രയോജനപ്പെടുത്തി.

പാലാരിവട്ടം പി.ഒ.സിയിൽ നിന്നും ലഭിച്ച ഒരു വർഷത്തെ തീവ്രപരിശീലനം - തലശ്ശേരി അതിരൂപതാ മതബോധനരംഗത്തുള്ള പ്രവർത്തനങ്ങൾക്ക് ആധികാരികത പകർന്നു. മതാദ്ധ്യാപക പരിശീലന രംഗത്ത് കഴിഞ്ഞ 30 വർഷക്കാലമായി സ്തുത്യർഹമായ സേവനങ്ങളാണ് സിസ്റ്റർ കാഴ്ചവച്ചിട്ടുള്ളത്. തലശ്ശേരി അതിരൂപതയിലെ വൊക്കേഷൻ ബ്യൂറോ അംഗമെന്ന നിലയിൽ സിസ്റ്ററിന്റെ സേവനങ്ങൾ മഹത്തരങ്ങളാണ്. വിളിയിൽ ആഴപ്പെടുന്നതിനും സന്യാസ, സമർപ്പണ പൗരോഹിത്യ ജീവിതാന്തസ്സുകളിലേയ്ക്ക് ഒത്തിരി യുവതീയുവാക്കളെ നയിക്കുവാനും ഇതുവഴി സിസ്റ്ററിന് സാധിച്ചിട്ടുണ്ട്. ദൈവവിളിക്യാമ്പുകൾ, ലൈഫ് ഗൈഡൻസ് ക്ലാസ്സുകൾ ഇവവഴി കൗമാരപ്രായക്കാരെ ദൈവത്തിലേക്ക് അടുപ്പിക്കുവാനും ജീവിതമൂല്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുവാനും കഠിനാദ്ധ്വാനം ചെയ്തു. യൂത്ത് ആനിമേറ്റർ എന്ന നിലയിൽ ഇടവക ഫൊറോനാ - രൂപതാതലങ്ങളിൽ വിലപ്പെട്ട സേവനം സിസ്റ്റർ കാഴ്ചവച്ചിട്ടുണ്ട്. ഗാർഹിക സഭയായ കുടുംബത്തിന്റെ നവീകരണം അത്യന്താപേക്ഷിതമായ ഒരു വസ്തുതയാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കി അതിരൂപത തുടങ്ങിവച്ച കുടുംബനവീകരണരംഗത്ത് ശക്തമായ പ്രവർത്തനം ആണ് സിസ്റ്റർ കാഴ്ചവച്ചത്.

സി.സിസിലി തോണക്കരയുടെ വിദ്യാഭ്യാസരംഗത്തെ മകച്ച സേവനത്തിനുള്ള അംഗീകാരമായി അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡ് ലഭിക്കുകയുണ്ടായി. മികച്ച സാമൂഹ്യപ്രവർത്തക, മതാദ്ധ്യാപിക, അദ്ധ്യാപിക എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിച്ച് സർവ്വീസിൽനിന്നും 2005 മാർച്ചിൽ റിട്ടയർ ചെയ്തു. ഇപ്പോൾ പുഷ്പഗിരി സെന്റ് ജോസഫ് ഹൈസ്കൂളിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു.

വിലാസം - സിസ്റ്റർ സിസിലി തോണക്കര എഫ്.സി.സി., എഫ്.സി. കോൺവെന്റ്, പുഷ്പഗിരി, തളിപ്പറമ്പ് 670141, കണ്ണൂർ.

www.malankaralibrary.com



# 382

# ബിഷപ്പ് മാർ തോമസ് ഇലവനാൽ

മഹാരാഷ്ട്രയിൽ ഒരു ലക്ഷത്തിനാല്പത്തി അയ്യായരത്തി അറുനൂറ്റി അറുപത്തിമൂന്ന് ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ളതും ഒരു ലക്ഷത്തിലധികം സീറോ- മലബാർ കത്തോലിക്കർ അധിവസിക്കുന്നതുമായ ബോംബെയിൽ കല്യാൺ രൂപതാ 1988-ൽ ആണ് സ്ഥാപിതമായത്. മറാത്തി, ഹിന്ദി, മലയാളം .ഇംഗ്ലീഷ്, ഭാഷകൾ സംസാരിക്കുന്ന നാലുകോടി എൺപത്തിയഞ്ചുലക്ഷത്തി എഴുപതിനായിരത്തി എണ്ണൂറ്റിനാല്പത്തിനാല് ജനങ്ങൾ തിങ്ങിപാർക്കുന്ന ഈ രൂപതയിൽ 15 ജില്ലകൾ ഉൾപ്പെടുന്നു. സീറോ- മലബാർ സഭാംഗങ്ങൾക്കായി ഒരു രൂപത സ്ഥാപിച്ചു കിട്ടാനുള്ള പരിശ്രമങ്ങൾക്ക് അനേക വർഷത്തെ ചരിത്രമുണ്ട്. കേരളത്തിന് വെളിയിലുള്ള സീറോ- മലബാർ രൂപതകളിൽ പലതുകൊണ്ടും പ്രാധാന്യം അർഹിക്കുന്ന രൂപതയാണ് കല്യാൺ.

കല്യാൺ രൂപതയുടെ ദ്വിതീയ ബിഷപ്പാണ് മാർ തോമസ് ഇലവനാൽ. പാലാ രൂപതയിലെ മുത്തോലിയിൽ മുഴൂർ ഇടവകയിൽ 1950 മാർച്ച് 28-ന് മാർ തോമസ് ജനിച്ചു. സഖറിയാസ്, തെയ്യാമ്മ എന്നിവരാണ് മാതാപിതാക്കൾ. ആകെ ഒൻപതുമക്കളിൽ രണ്ടുപേർ വൈദികരും രണ്ടുപേർ കന്യാസ്ത്രീകളുമാണ്. 1955-ൽ ഇലവനാൽ കുടുംബം മലബാറിൽ കുറ്റ്യാടിക്കു സമീപമുള്ള ചാത്തങ്കോട്ടുനട എന്ന സ്ഥലത്തേക്ക് കുടിയേറിപാർത്തു. എങ്കിലും 1947-ൽ പിതാവ് സഖറിയ ഇവിടെ സ്ഥലം എടുത്തിരുന്നു. മലബാറിലെ ആദ്യത്തെ കുടുയേറ്റക്കാരിൽ ഒരാളാണ് സഖറായാസ്.

മാർ തോമസ് ഇലവനാൽ ചെറുപ്പത്തിൽ തോമ്മാച്ചൻ എന്നാണ് വിളിക്കപ്പെട്ടിരുന്നത്. ചെമ്പനോട, ആനക്കുളം, മരുതോങ്കര എന്നീ സ്ഥലങ്ങളിൽ ആണ് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. പഠനത്തിൽ സമർത്ഥനായ തോമ്മാച്ചൻ ചെറുപ്പത്തിൽ മാതൃകാപരമായ ജീവിതമാണ് നയിച്ചിരുന്നത്. എല്ലാവർക്കും പ്രിയങ്കരനായ തോമ്മാച്ചൻ 1966-ജൂണിൽ എം. സി. ബി. എസ്. സഭയിൽ ചേരുകയും അതിരംപുഴയിലെ മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിക്കുകയും ചെയ്തു . തുടർന്ന് മംഗലപ്പുഴ സെമിനാരിയിൽ ഫിലോസഫിയും തിയോളജിയും പഠിച്ചു. 1975 ഡിസംബർ 22-ാം തീയതി അഭിവന്ദ്യ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. സ്ക്കുൾ വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ എല്ലാദിവസവും ദിവ്യബലിയിൽ സംബന്ധിക്കുകയും കുർബ്ബാനക്ക് ശുശ്രൂഷിയായി സഹായിക്കുകയും ചെയ്തിരുന്നു.

1976-ൽ കോട്ടയത്തിനടുത്ത് കടുവാക്കുളത്തുള്ള എം. സി. ബി. എസ്

www.malankaralibrary.com

മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ നിയോഗിക്കപ്പെട്ടു. 78 വരെ ആ ജോലി തുടർന്ന് 1978 മുതൽ അഞ്ചു വർഷക്കാലം റോമിൽ ഉപരി പഠനം നടത്തി. പോന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിസ്റ്റ്യൂട്ടിൽ നിന്ന് ലൈസഷേറ്റം അൻജിലിക്കും യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റും സമ്പാദിച്ചു. അതിനു ശേഷം അമേരിക്കയിലെ കാത്തലിക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും ഉപരിപഠനം നടത്തി.

1984-ൽ നാട്ടിൽ തിരിച്ചെത്തിയ ഫാ. തോമസ് ഇലവനാൽ എം. സി. ബി. എസ് സെമിനാരി റെക്ടറായും ആലുവായിലെ സെന്റ് ജോസഫ് സെമിനാരിയിലും വടവാതൂർ സെന്റ് തോമസ് അപ്പോസ്തലിക് സെമിനാരിയിലും പ്രൊഫസറായും സേവനം അനുഷ്ഠിച്ചു. 1989-ൽ എം. സി. ബി. എസ് സഭയുടെ അസിസ്റ്റന്റ് ജനറലായും 1995-ൽ സഭയുടെ സുപ്പീരിയർ ജനറലായും തെരഞ്ഞെടുക്കപ്പെട്ടു. സുപ്പീരിയർ ജനറലായിരിക്കെ 1996 നവംബർ 11-ാം തിയതി പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇദ്ദേഹത്തെ കല്ല്യാൺ രൂപതയുടെ മെത്രാനായി നിയമിച്ചു. 1997 ഫെബ്രുവരി 7-ാം തിയതി മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു.

Memorial celebration എന്ന പേരിൽ വി. കുർബ്ബാനയെക്കുറിച്ച് ഒരു ഇംഗ്ലീഷ് പുസ്തകം അദ്ദേഹം രചിച്ചിട്ടുണ്ട്. ഇംഗ്ലീഷിലും മലയാളത്തിലും ഒട്ടേറെ ലേഖനങ്ങളും പിതാവ് എഴുതിയിട്ടുണ്ട്. വിദ്യഭ്യാസ സാമൂഹിക മണ്ഡലങ്ങളിൽ രൂപത വളരെയേറെ സേവനം ചെയ്തു വരുന്നു. കഴിഞ്ഞ പതിനേഴു വർഷങ്ങൾക്കുള്ളിൽ രൂപത പല രംഗങ്ങളിലും വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്. ആകെ 142 സെന്ററുകളും 22 സബ് സെന്ററുകളും. 138 വൈദികർ രൂപതയിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. 63 കന്യാസ്ത്രീമഠങ്ങളും 267 കന്യാസ്ത്രീകളും രൂപതയിൽ പ്രവർത്തിക്കുന്നു.

വായിക്കാൻ പഠിച്ചകാലം മുതൽ അൾത്താര ശുശ്രൂഷ ചെയ്തിരുന്ന തോമസ് ചെറുപ്പത്തിലെ തന്നെ അച്ചനാകണമെന്ന ആഗ്രഹത്തോടെയാണ് വളർന്നത്. വീടിന്റെ തൊട്ടടുത്തായിരുന്നു മരുതോങ്കരയിലെ എം. സി. ബി. എസ്. ആശ്രമം. അവിടുത്തെ അച്ചന്മാരുമായി ചെറുപ്പത്തിൽ തന്നെ ഉണ്ടായ പരിചയമാണ് ഈ സന്യാസ സഭയിൽ ചേരാൻ പ്രേരിപ്പിച്ചത്. 1997 ജനുവരി 29-ലെ സത്യദീപത്തിൽ മാർ തോമസ് ഇലവനാലുമായി നടത്തിയ അഭിമുഖത്തിലെ ഏതാനും കാര്യങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ ഒരു ഭാഗം ഉദ്ധരിക്കാം. "മെത്രാൻ സ്ഥാനത്തേക്ക് നിയമിക്കുന്നു എന്നറിഞ്ഞപ്പോൾ വലിയ ഉൽക്കണ്ഠയും ഭയപ്പാടുമാണ് തോന്നിയത്. കാരണം ഞാനോ എന്റെ സഭയോ ഇതൊരിക്കലും പ്രതീക്ഷിച്ചിരുന്നതല്ല. മിഷൻ പ്രവർത്തനത്തിന് ഞങ്ങളെ ഏൽപ്പിച്ചിരുന്ന ഷിമോഗ രൂപതയാക്കുകയും അവിടെ ഞങ്ങളുടെ സഭയിൽ നിന്നും മെത്രാനെ നിയമിക്കുകയും ചെയ്തേക്കുമെന്നേ പരമാവധി ഞങ്ങൾ പ്രതീക്ഷിച്ചിരുന്നുള്ളു." തികച്ചും അപ്രതീക്ഷിതമായിരുന്നു മെത്രാൻ നിയമന വാർത്ത. മാർ തോമസ് ഇലവനാൽ ഒരു

www.malankaralibrary.com

അനുരഞ്ജനത്തിന്റെ വ്യക്തിയായിട്ടാണ് പരക്കെ അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ സഭയിലെ പ്രതിസന്ധഘട്ടത്തിലും ഐക്യത്തിന്റെ ശക്തിയായി നിലകൊള്ളാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്. ഇന്ന് നമ്മുടെ സഭയിലെ ഒരു വിവാദ പ്രശ്നം ലിറ്റർജിയാണല്ലോ. അതേപ്പറ്റി മാർ തോമസ് ഇലവനാൽ ഇപ്രകാരമാണ് പ്രസ്താവിച്ചത്: "മെത്രാൻ നിയമനമറിഞ്ഞയുടൻ ഏതു പക്ഷമാണ് എന്ന് എന്നോട് ചോദിച്ചവരുണ്ട്?. ഞാൻ ഏതെങ്കിലും പക്ഷത്താണെന്ന് ഞാൻ ലിറ്റർജി പഠിപ്പിച്ച ഒരു വിദ്യാർത്ഥിയും ഇന്നുവരെ പറഞ്ഞിട്ടില്ല. ഞാൻ എന്റെ ആശയങ്ങൾ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചിട്ടില്ല. സെമിനാരിയിൽ വിദ്യാർത്ഥികളോട് ഞാൻ കാര്യങ്ങൾ വിശദീകരിക്കുകയേ ചെയ്യാറുള്ളു. ലിറ്റർജിയിലെ പ്രതീകങ്ങളേയും അവയ്ക്കു പുറകിലെ ദൈവശാസ്ത്രത്തേയും കുറിച്ച് പറഞ്ഞിട്ട് നിങ്ങൾക്ക് എന്തു തോന്നുന്നുവെന്ന് ചോദിക്കുകയാണ് എന്റെ പതിവ്. അവരുടെ അഭിപ്രായങ്ങൾക്കനുസരിച്ച് സ്വന്തം ആശയം രൂപപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ട്. മെത്രാനായി കഴിയുമ്പോൾ അവരുടെ അഭിപ്രായങ്ങൾക്ക് പ്രാധാന്യം നൽകും. അവിടെയും എന്റെ തീരുമാനങ്ങൾ അടിച്ചേൽപ്പിക്കുകയില്ല."

വൈദികനായതിനു ശേഷം സഭയുടെ താൽപര്യപ്രകാരമാണ് റോമിൽ ലിറ്റർജി പഠിക്കാൻ പോയത്. അവിടെ ഓറിയന്റൽ ഇൻസ്റ്റിസ്റ്റ്യൂട്ടിൽ നിന്നും ലിറ്റർജിയിൽ ലൈസൻഷിയേറ്റ് എടുത്തു. അതിനുശേഷം ലിറ്റർജി പഠിക്കാൻ തുടങ്ങി. ആരാധന ക്രമത്തിന്റെ ദൈവശാസ്ത്രപരമായ അർത്ഥം പഠിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. സീറോ- മലബാർ കുർബ്ബാനയിലെ ദിവ്യകാരുണ്യ ശുശ്രൂഷയുടെ ദൈവശാസ്ത്രപരമായ വിശദീകരണം എന്നതായിരുന്നു ഗവേഷണ പ്രബന്ധത്തിന്റെ വിഷയം.മാർ ഇലവനാലിന്റെ ഏതാനും അഭിപ്രായം കൂടി ശ്രദ്ധിയ്ക്കാം. " ഞങ്ങളുടേത് ദിവ്യകാരുണ്യ പ്രേഷിത സഭയാണ്. കേവലമായ ആരാധന മാത്രമല്ല ദിവ്യ കാരുണ്യ പ്രേഷിതത്വം കൊണ്ട് അർത്ഥമാക്കുന്നത്. അതിന് ഒരു സാമൂഹിക മാനം കൂടിയുണ്ട്. ദിവ്യകാരുണ്യത്തിലൂടെ ഈശോയുടെ സ്നേഹത്തിന്റെ സാക്ഷികളാവുക എന്ന വിശാലമായ അർത്ഥമാണ് അതിനുള്ളത്. ദിവ്യകാരുണ്യ സ്നേഹം വളരെ ചലനാത്മകമാണ്.അതിനൊരു വിപ്ലവാത്മകത പോലുമുണ്ട്. കാരുണ്യം തോന്നിയപ്പോഴാണല്ലോ ഈശോ ദിവ്യകാരുണ്യം സ്ഥാപിച്ചത്. അപ്പം വർദ്ധിപ്പിച്ചത്. കാരുണ്യത്തിന്റെ തലത്തിൽ, അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ഒരു ദിവ്യകാരുണ്യ പ്രേഷിതന് എന്തൊക്കെ ചെയ്യാനുണ്ട്. സാമൂഹിക സേവനം എല്ലാ അർത്ഥത്തിലും ഏറ്റെടുക്കേണ്ടതുണ്ട്. ദിവ്യകാരുണ്യ പ്രേഷിതത്വത്തിന്റെ ഈ സാമൂഹിക മാനത്തിന്റെ അവ ബോധം എനിക്കും ഒട്ടും കുറവല്ല. ഞങ്ങളുടെ സഭ ഭിക്ഷാടകർക്കുവേണ്ടി ചെയ്യുന്ന സേവന പ്രവർത്തനങ്ങളിൽ ഞാൻ സജീവമായി പ്രവർത്തിച്ചിരുന്നു. രൂപതയിൽ ചെല്ലുമ്പോഴും ഞാൻ സാമൂഹ്യ പ്രവർത്തനത്തിന് ആവശ്യമായ


www.malankaralibrary.com

പ്രാധാന്യം കൊടുക്കും.

രൂപതയിലെ കത്തോലിക്കാ സമൂഹത്തെ സംബന്ധിച്ചു പറഞ്ഞാൽ അവിടുത്തെ വിശ്വാസ സമൂഹത്തിന്റെ രൂപീകരണത്തിനാണ് ഞാൻ പ്രഥമ പരിഗണന നൽകുക. ദൈവ ജനത്തെ രൂപപ്പെടുത്തുകയാണ് പ്രാഥമിക മായി ചെയ്യാനുള്ളത്. യുവാക്കളെയും അവിടെ ജോലി ചെയ്യുന്ന നേഴ്സുമാരെയും ക്രിസ്തീയ ജനത്തെയും അവരുടെ വിശ്വാസത്തിൽ ഉറ പ്പിച്ച് നിർത്തുകയാണ് ഏറ്റവും പ്രധാനം. പള്ളി പണിയും മറ്റും അതു കഴിഞ്ഞേ വരുന്നുള്ളു. ഈ ലക്ഷ്യ സാദ്ധ്യത്തിനായി മാർ തോമസ് ഇലവ നാൽ തിരഞ്ഞെടുത്തിരിക്കുന്ന മുദ്രാവാക്യം. " യേശുവിൽ ജീവിക്കുക, യേശുവിലേക്ക് നയിക്കുക എന്നതാണ്, കഴിഞ്ഞ 8 വർഷമായി ഈ ലക്ഷ്യ ത്തോടെ കല്ല്യാൺ രൂപതയെ നയിച്ചുകൊണ്ടിരിക്കുകയാണ് തിരുമേനി.

Address - Bishop Mar Thomas Elavanal, Bishop House, Plot No B/38 Powai, H.T. P.O., Mumbai - 400076

# 383



## ഡോ. കുര്യാസ് കുമ്പളക്കുഴി

പ്രഭാഷകൻ, വിദ്യാഭ്യാസചിന്തകൻ, ഗ്രന്ഥകർ ത്താവ്, സംഘാടകൻ എന്നിങ്ങനെ വിവിധനിലകളിൽ ശ്രദ്ധേയനായ ഡോ. കുര്യാസ് കുറവിലങ്ങാട് മാപ്പിളപറമ്പിൽ കുടുംബത്തി ന്റെ ശാഖകളിലൊന്നായ കുമ്പളക്കുഴിയിൽ 1950 ഏപ്രിൽ 2 നു ജനിച്ചു. പിതാവ് ചുമ്മാർ മാതാവ് അന്നമ്മ.

കുറവിലങ്ങാട് സെന്റ് മേരീസ് എൽ. പി. സ്ക്കൂളിലും സെന്റ് മേരീസ് ഹൈസ്ക്കൂളിലും സ്ക്കൂൾ വിദ്യാഭ്യാസം. മലയാളഭാഷയോടും സാഹി ത്യത്തോടും ഉള്ള അമിതതാത്പര്യം കൊണ്ട് കേരളസർവ്വകലാശാലയുടെ മലയാളം വിദ്വാൻ പരീക്ഷയും തുടർന്ന് ലാംഗേജ് ടീച്ചേഴ്സ് ട്രെയിനിംഗും പാസ്സായി. തുടങ്ങനാട്, തീക്കോയി, മരങ്ങാട്ടുപള്ളി, കാഞ്ഞിരത്താനം, കുറ വിലങ്ങാട്, രാമപുരം എന്നീ ഹൈസ്ക്കൂളുകളിൽ അദ്ധ്യാപകനായി ജോലി ചെയ്തു.

കേരളാസർവ്വകലാശാലയുടെ ബി.എ. പരീക്ഷകൾ സ്വയം പഠിച്ച് പാസ്സാവുകയും തുടർന്ന് മൂവാറ്റുപുഴ നിർമ്മലാകോളേജിൽ 1980-ൽ ലക്ച റായി ജോലിസ്വീകരിക്കുകയും ചെയ്തു. 1982-ൽ കുറവിലങ്ങാട് ദേവമാ താകോളേജിൽ ലക്ചററായി.

കേരളാസർവ്വകലാശാലയിൽനിന്ന് ഡോ.സി.ബഞ്ചമിന്റെ ശിക്ഷണ ത്തിൽ തയ്യാറാക്കിയ മൃത്യുബോധം മലയാള കാല്പനിക കവിതയിൽ എന്ന

www.malankaralibrary.com

ഗവേഷണ ബന്ധത്തിന് 1985-ൽ ഡോക്ടറേറ്റ് ലഭിച്ചു. സാഹിത്യകൃതികളിലെയോ എഴുത്തുകാരന്റെയോ ഏതെങ്കിലുമൊരു ദർശനം അവലംബമാക്കി മലയാളത്തിൽ ഗവേഷണ പഠനം നടത്തുന്ന രീതിക്കുതുടക്കം കുറിച്ചത് കുര്യാസിന്റെ ഗവേഷണ സംരംഭമായിരുന്നു.

1989-ൽ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്ക്കൂൾഓഫ് ലെറ്റേഴ്സിൽ സീനിയർ ലക്ചററായി ചേർന്നു. 1992-ൽ സംസ്ഥാനബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി നിയമിക്കപ്പെട്ടു. 1996 ൽ വീണ്ടും സർവ്വകലാശാലാ സർവ്വീസ്സിൽ തിരിച്ചെത്തി.

ഇപ്പോൾ മലയാളം വിഭാഗം പ്രൊഫസറും വകുപ്പ് മേധാവിയുമാണ്. ഫാക്കൽറ്റി ഡീൻ, പോസ്റ്റ് ഗ്രാജ്വേറ്റ് ബോർഡ് ചെയർമാൻ, ഡോക്ടറൽ കമ്മറ്റി ചെയർമാൻ, സിൻഡിക്കേറ്റ് മെമ്പർ, പരീക്ഷാസമിതി കൺവീനർ, എന്നീനിലകളിലും പ്രവർത്തിക്കുന്നു. കേരളത്തിലെ മറ്റുസർവ്വകലാശാലകളുടെ പരീക്ഷാബോർഡുകളിലും അംഗമാണ്.

കേരളത്തിലെ അറിയപ്പെടുന്ന പ്രഭാഷകരിലൊരാളാണ്. വിദ്യാഭ്യാസചിന്തകനും പ്രവർത്തകനും എന്നനിലയിലും ഏറെ ശ്രദ്ധിക്കപ്പെടുന്നു. മികച്ചസംഘാടകൻകൂടിയായ ഡോ. കുര്യാസ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ആയിരിക്കെ കേരളത്തിന്റെ എല്ലാഭാഗങ്ങളിലും ബാലസാഹിത്യ സെമിനാറുകളും പഠനക്കളരികളും സംഘടിപ്പിക്കുകയുണ്ടായി.

ബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ടിന്റെ മികച്ച സംരംഭങ്ങളായ തളിര് മാസികയും തളിര് സ്കോളർഷിപ്പും ആരംഭിക്കുന്നതു കുര്യാസ് ഡയറക്ടറായിരിക്കുമ്പോഴാണ്. ശാസ്ത്രകൈരളി, വിശ്വകൈരളി, തുടങ്ങിയ ശീർഷകങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തുകൊണ്ടുവന്ന ഗ്രന്ഥങ്ങൾ ജനശ്രദ്ധ പിടിച്ചുപറ്റി. വൈജ്ഞാനികഗ്രന്ഥങ്ങൾക്കുള്ള മാത്യു എം.കുഴിവേലി അവാർഡ്, പരിഭാഷകൾക്കുള്ള മാലി അവാർഡ്, നാടകത്തിനുള്ള ഏബ്രഹാം ജോസഫ് അവാർഡ്, മികച്ച ഇല്ലസ്ട്രേഷനുള്ള അവാർഡ്, സമഗ്രസംഭാവനയ്ക്കുള്ള അവാർഡ് എന്നിവ ബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ആരംഭിച്ചതും ഇദ്ദേഹം ഡയറക്ടറായിരിക്കുന്ന കാലത്താണ്.

1999 ൽ ബാബുചാഴിക്കാടൻഫൗണ്ടേഷൻ സംഘടിപ്പിച്ച കേരളചരിത്രദേശീയ സെമിനാറിന്റെ ചീഫ് കോർഡിനേറ്ററായിരുന്നതു ഡോ. കുര്യാസാണ്. 101 പ്രബന്ധങ്ങൾ അവതരിപ്പിച്ച ഈ സെമിനാർ ഇത്തരത്തിൽ കേരളത്തിൽ സംഘടിപ്പിച്ചിട്ടുള്ള ഏറ്റവും വലിയ സംരംഭമായിരുന്നു.

ഒൻപതാംക്ലാസ് വിദ്യാർത്ഥി ആയിരിക്കുമ്പോൾതന്നെ കേരളധ്വനി, സത്യദീപം എന്നിവയുടെ ബാലപംക്തികളിൽ കുര്യാസിന്റെ രചനകൾ പ്രസിദ്ധീകരിച്ചിരുന്നു. കവിതയിൽ തുടങ്ങിയ സാഹിത്യജീവിതം പിന്നീടു നിരൂപണത്തിലേക്കും ഗവേഷണങ്ങളിലേക്കും വഴിമാറി.

1979 ൽ പ്രസിദ്ധീകരിച്ച ഗംഗയിലൊരു പ്രഭാതം എന്ന കവിതാസമാഹാരമാണ് ആദ്യഗ്രന്ഥം. മററൊരു കവിതാസമാഹാരം കൂടിയേ പ്രസി

www.malankaralibrary.com

ദ്ധീകരിച്ചിട്ടുള്ളു. എനിക്കും ഒരു മുഖംമൂടി വേണം, 1988 ൽ. അതിനുശേഷം കവിതാരംഗത്തു തുടരുകയുണ്ടായില്ല.

ക്രൈസ്തവസാഹിത്യരംഗത്താണു കുര്യാസിന്റെ ഗവേഷണ പഠനങ്ങൾ ശ്രദ്ധകേന്ദ്രീകരിച്ചത്. 1984 മുതൽ നടത്തിയ തീവ്രപരിശ്രമത്തിന്റെ ഫലമാണ് 1988 ൽ പുറത്തുവന്ന 'കട്ടക്കയം കൃതികൾ'. കഴിഞ്ഞ തലമുറയിലെ പ്രശസ്തകവികളിലൊരാളായ കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ സമ്പൂർണ്ണ കൃതികളുടെ സമാഹാരമാണത്. 1936 ൽ അന്തരിച്ച ചെറിയാൻ മാപ്പിളയുടെ കൃതികളൊന്നുംതന്നെ പിൽക്കാലത്തു പുനഃപ്രസിദ്ധീകരിക്കപ്പെട്ടില്ല. അമ്പതുവർഷം പിന്നിട്ടപ്പോൾ അദ്ദേഹത്തിന്റെ ഒരു കൃതിയും ലഭ്യമല്ലാത്ത സാഹചര്യമുണ്ടായി. ഇതിൽ മനംനൊന്താണ് കട്ടക്കയം കൃതികൾ സമാഹരിയ്ക്കാനുള്ള സാഹസികയത്നം കുര്യാസ് ഏറെറടുത്തത്. 1988 ൽ തിരുവനന്തപുരം കാർമ്മൽ പബ്ലീഷിംഗ് സെന്ററാണ് 1200 ലധികം പുറങ്ങളുള്ള ഈ ബൃഹത്ഗ്രന്ഥം പ്രസാധനം ചെയ്തത്.

1997 ൽ സിസ്റ്റർ മേരിബനീഞ്ഞായുടെ സമ്പൂർണ്ണ കവിതാസമാഹാരമായ 'ബനീഞ്ഞാക്കവിതകൾ' സമാഹരിച്ച് എഡിററു ചെയ്ത വിശദമായ ആമുഖപഠനത്തോടെ ഡോ.കുര്യാസ് പ്രസിദ്ധീകരിച്ചു. 1200 പേജുകളുള്ള ഈ ബൃഹത്ഗ്രന്ഥം കർമ്മലീത്താസഭയുടെ സഹകരണത്തോടെ പ്രസാധനം ചെയ്തതു ഡി.സി. ബുക്സ് ആണ്.

1701 ൽ കേരളത്തിലെ മലയാളവും സംസ്കൃതവും പഠിച്ച് മിഷൻ പ്രവർത്തനത്തോടൊപ്പം സാഹിത്യ പ്രവർത്തനവുംകൂടി നടത്തി 1736 ൽ ചരമമടഞ്ഞ ജർമ്മൻ മിഷണറി വൈദികൻ അർണോസ് പാതിരി കേരളീയർക്കു സുപരിചിതനെങ്കിലും അദ്ദേഹത്തിന്റെ കൃതികൾ ഏതൊക്കെയാണെന്നു പലർക്കും അറിഞ്ഞുകൂടായിരുന്നു. ഈ കുറവു പരിഹരിക്കാനാണു കുര്യാസ് 'അർണോസു പാതിരിയുടെ കാവ്യങ്ങൾ' എന്ന മറെറാരു ബൃഹത്ഗ്രന്ഥം കൂടി 2002 ൽ പ്രസിദ്ധീകരിച്ചത്. പാതിരിയുടെ എല്ലാ കൃതികളും വ്യാഖ്യാനസഹിതം ഉൾക്കൊള്ളുന്ന ഈ സമാഹാരത്തിന്റെ സംവിധാനത്തിൽ ഡോ.ഡി. ബഞ്ചമിൻ, ഡോ.എൻ. സാം എന്നിവരുടെ സഹകരണവും ഉണ്ടായിരുന്നു.

അർണോസുപാതിരിയുടെ കാവ്യങ്ങളുടെ ആമുഖപഠനമായ 'കുരിശിൽ വിടർന്ന കവിത' ഒട്ടേറെ പുതിയവിവരങ്ങൾ ഉള്ളടക്കുന്നു. മലയാളത്തിലെ ആദ്യവിലാപകാവ്യം പാതിരിയുടെ ഉമ്മാടെ ദുഃഖമാണെന്നും ആദ്യഖണ്ഡകാവ്യം പാതിരിയുടെ ജനോവാപർവമാണെന്നും ബൈബിൾ വിഷയമാക്കി മലയാളത്തിലുണ്ടായ ആദ്യകാവ്യം പാതിരിയുടെ പുത്തൻപാനയാണെന്നും ഡോ.കുര്യാസ് സമർത്ഥിക്കുന്നു.

അർണോസ് പാതിരിയോടു ബന്ധപ്പെട്ട പലരേഖകളും ഉൾപ്പെടുത്തി 'അർണോസ് പാതിരിയുടെ വിലാപകാവ്യങ്ങൾ' എന്ന ഗവേഷണപ്രധാനമായ ഒരു ഗ്രന്ഥവും കുര്യാസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

www.malankaralibrary.com

അതിരുകളില്ലാതെ ആശാൻകവിത (1997) കലയുടെ ആത്മാവ് (1994), നിന്ദിതർക്കും പീഡിതർക്കും വേണ്ടി (1989), ആർഷരത്നങ്ങൾ (1989) ഗൃഹസ്ഥാശ്രമം (1987), പ്രസംഗിക്കുക പ്രാസംഗികനാവുക (1992), ഇന്ദ്രപ്രസ്ഥത്തിലെ ദാർശനികൻ (1991), കട്ടക്കയം കവിയും മനുഷ്യനും (1996), നിധീരി ജോൺ വക്കീൽ (1998) എന്നിവയാണ് മററു കൃതികൾ.

ടാഗോറിന്റെ ഗീതാഞ്ജലിയും സെന്റ് ജോൺ ഏഫ് ദി ക്രോസിന്റെ മിസ്റ്റിക് കാവ്യങ്ങളും പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

കലയുടെ ആത്മാവിന് 1997 ലെ കെ.സി.ബി.സി. സാഹിത്യഅവാർഡും അതിരുകളില്ലാത്ത ആശാൻകവിതയ്ക്ക് 2000 ലെ മില്ലേനിയം അവാർഡും പ്രഥമബനീഞ്ഞാ പുരസ്കാരവും ലഭിച്ചു. വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിലെ സമഗ്രസംഭാവനയ്ക്കുള്ള ചങ്ങനാശ്ശേരി അതിരൂപതയുടെ 2005 ലെ ഐ.സി.ചാക്കോ അവാർഡ് കുര്യാസിനാണു ലഭിച്ചത്. കട്ടക്കയം കൃതികൾക്ക് കേരളസാഹിത്യഅക്കാദമിയുടെ പ്രത്യേക പാരിതോഷികങ്ങളും കട്ടക്കയം സ്മാരകസമിതിയുടെ 2000 ലെ കട്ടക്കയം പുരസ്കാരവും കട്ടക്കയം കവിസദസ്സിന്റെ സ്വർണമെഡലും ലഭിക്കുകയുണ്ടായി. ഗവേഷണരംഗത്തെ സംഭാവനകൾ മുൻനിർത്തി പുത്തൻകാവു മാത്തൻതരകൻ ഫൗണ്ടേഷൻ 1998 ൽ ഫെലോഷിപ്പു നൽകി ബഹുമാനിച്ചു.


ഇപ്പോൾ 'ഭാരതക്രൈസ്തവ വിജ്ഞാനകോശ'ത്തിന്റെ ചീഫ് എഡിററായി പ്രവർത്തിക്കുന്നു.

കോതനെല്ലൂർ ഇമ്മാനുവൽസ് ഹൈസ്കൂൾ അദ്ധ്യാപിക ഏലമ്മയാണു ഭാര്യ.

വിലാസം - ഡോ. കുര്യാസ്, കുമ്പാളക്കുഴി, ഏറ്റുമാനൂർ പി.ഒ.

# 384

# ജോസ് മുള്ളൻകുഴി



സഭാചരിത്രഗവേഷകനും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുമായ ജോസ് ചങ്ങനാശ്ശേരി അതിരൂപതയിൽ നെടുംകുന്നം ഇടവകയിൽ മുള്ളൻകുഴിയിൽ ചാക്കോ ക്ലാര ദമ്പതികളുടെ രണ്ടാമത്തെ മകനായി 1950 മേയ് ആറാം തീയതി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം നെടുങ്കുന്നം സെന്റ് ജോൺസ് സ്കൂളിലും കോളേജ് വിദ്യാഭ്യാസം ചങ്ങനാശ്ശേരി എസ്സ്.ബി. കോളേജിലും ആയിരുന്നു. തുടർന്ന് ബോംബെ ബ്രിട്ടീഷ് ലൈബ്രറിയിൽ ദീർഘകാലം പ്രവർത്തിക്കുകയുണ്ടായി. തുടർന്ന് അൽമായർക്കുള്ള ഉന്നത ദൈവശാസ്ത്രപീഠമായ ചങ്ങനാശ്ശേരിയിലെ

www.malankaralibrary.com

മാർത്തോമ്മാ വിദ്യാനികേതനിൽ അഞ്ചുവർഷം ദൈവശാസ്ത്രപഠനം നടത്തി. കോട്ടയത്തെ പൗരസ്ത്യവിദ്യാപീഠത്തിൽ നിന്നും 2000 ൽ റീലീജയിസ് സയൻസിൽ ബിരുദാനന്തരബിരുദം ഫസ്റ്റ് ക്ലാസ്സിൽ റാങ്കോടെ പാസ്സായി. എം.എ.ആർ.എസ്സ്.സി. ബിരുദം നേടി.

വിദ്യാനികേതന്റെ പഞ്ചവത്സര ദൈവശാസ്ത്രകറസ്പോണ്ടൻസ് കോഴ്സിന്റെ ഫെസിലിറ്റേറ്ററായി ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. കോഴ്സിന്റെ ടെക്സ്റ്റ് ബുക്ക് കമ്മറ്റിയിലും, വിവിധ രൂപതാ കേന്ദ്രങ്ങളിൽ നടത്തുന്ന കോണ്ടാക്ട് ക്ലാസുകളിലും സജീവമായി പ്രവർത്തിച്ചുവരുന്നു. കാക്കനാട്ടെ സീറോ മലബാർ ആസ്ഥാന കേന്ദ്രമായ സെന്റ് തോമസ് മൗണ്ടിൽ പ്രവർത്തിക്കുന്ന ലിറ്റർജിക്കൽ റിസേർച്ച് സെന്ററിൽ തുടക്കം മുതൽ അദ്ദേഹം അംഗമാണ്. സഭാപൈതൃകങ്ങളെയും പാരമ്പര്യങ്ങളെയുപറ്റിയുള്ള ചർച്ചകളിൽ സജീവമായി പങ്കെടുക്കുന്നു. ഈസ്റ്റേൺ തിയോളജിക്കൽ അസോസിയേഷന്റെ ആരംഭകാലം മുതൽ അതിന്റെനിർവ്വാഹക സമിതിയിൽ ജോസ് അംഗമാണ്. ഇൻഡ്യൻ ഇൻസ്റ്റിസ്റ്റ്യൂട്ട് ഫോർ ഈസ്റ്റേൺ തിയോളജിക്കൽ റിസേർച്ച് (IIETR) സെന്ററിലും ജോസ് അംഗമായി പ്രവർത്തിക്കുന്നു. വിവിധ ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ദൈവശാസ്ത്രമാസികകളിൽ സ്ഥിരമായി ലേഖനങ്ങൾ എഴുതാറുള്ള ജോസ് കതിരൊളി മാസികയിൽ രണ്ടുവർഷമായി തുടർച്ചയായി പ്രസിദ്ധീകരിച്ചുവന്ന സംഘകാല സമസ്യകൾ എന്ന ലേഖനപരമ്പര കാഞ്ഞിരപ്പള്ളിയിലെ വിമല പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. പെന്തക്കോസ്തു വാദമുഖങ്ങളിലെ പാളിച്ചകലെക്കുറിച്ചുള്ള പുസ്തകം കഴിഞ്ഞവർഷം പുറത്തുവന്നു. ഈ പുസ്തകം എഡിറ്റ് ചെയ്തത് റവ. ഡോ. ജോസ് കൊച്ചുപറമ്പിലാണ്. "നിലയ്ക്കൽ താവളം ഒരു പുരാതന ക്രൈസ്തവനാഗരികത" ശ്രീ ജോസ് രചിച്ച മറ്റൊരു ഗ്രന്ഥമാണ്.

സംഘകാല സാഹിത്യത്തെ ആധാരമാക്കി മാർത്തോമ്മാ ശ്ലീഹായുടെ ഭാർതപ്രവേശനത്തെക്കുറിച്ചുള്ള സമഗ്രപഠനം ചരിത്രത്തിൽ ലഭ്യമായ തെളിവുകൾ മുൻനിറുത്തി നടത്തിയിട്ടുള്ള ഒരു പുനർവായനയാണ്. മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനം ഒരു മിഥ്യയാണെന്ന് നിഷേധിക്കാൻ ശ്രമിക്കുന്ന ആധുനിക ചരിത്രകാരന്മാർക്ക് തിരിച്ചടി നൽകുന്ന ഒരു ചരിത്രവിശകലനം ആണ് സംഘകാല ക്രൈസ്തവർ എന്ന ജോസ് മുള്ളൻകുഴിയുടെ ഗ്രന്ഥം.

ലീലാമ്മയാണ് സഹധർമ്മിണി

വിലാസം - ജോസ് മുള്ളൻകുഴി എം.എ, ആർ എസ്.സി., ഇടയ്ക്കാടാതി
പി.ഒ., കാഞ്ഞിരപ്പള്ളി പി.ഒ. - 686510.

www.malankaralibrary.com

# 385

# ജോഷ്വാ മാർ ഇഗ്നാത്തിയോസ്



പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകൻ, പ്രഭാഷകൻ, സാമൂഹ്യപ്രവർത്തകൻ എന്നീ നിലകളിൽ അറിയപ്പെടുന്ന തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രാൻ മോസ്റ്റ് റവ: ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് കൊട്ടാരക്കരയിലെ കിഴക്കേ വീട്ടിൽ 1950 മേയ് 24-ാം തിയതി ജനിച്ചു. കോശി വർഗ്ഗീസ് എന്നായിരുന്നു പേര്. പിതാവ് കെ.ഒ. വർഗ്ഗീസും മാതാവ് അന്നമ്മയും കിഴക്കേത്തെരുവ് സെന്റ് മേരീസ് ഹൈസ്കൂൾ, കൊട്ടാരക്കര ബോയിസ് സ്കൂൾ എന്നിവടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ഒരു വൈദികനാകണമെന്ന ആഗ്രഹത്തോടെ വളർന്നു വന്ന കോശി വർഗ്ഗീസ് തിരുവനന്തപുരം അതി രൂപത വക പട്ടത്തുള്ള സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിൽ ചേർന്ന് വൈദിക പഠനം പൂർത്തിയാക്കി. 1978 ഏപ്രൽ 20-ാം തിയതി വൈദികപട്ടം സ്വീകരിച്ചു.

കന്യാകുമാരി ജില്ലയിലെ കിറാത്തൂർ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യനിയമനം. തുടർന്ന് വിമലപുരം, സുസൈപുരം, മദ്രാസ് മിഷൻ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിക്കുകകയുണ്ടായി.

റോമിലെ ഉർബൻ യൂണിവേഴ്സിറ്റിയിൽ നിന്നും ബി. ടെക് ബിരുദവും മദ്രാസിലെ കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നും എം.എ, എം.എസ് ബിരുദങ്ങളും നേടി. എഡ്യൂക്കേഷൻ അഡ്മിനിസ്റ്ററേഷനിൽ ഡോക്ടറേറ്റ് ബിരുദവും സമ്പാദിച്ച കോശി വർഗ്ഗീസ് അച്ചൻ മദ്രാസിലെ സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ പ്രിൻസിപ്പലായി 1982 മുതൽ 1996 വരെ സേവനം അനുഷ്ഠിച്ചു. പ്രസ്തുത സ്കൂളിനെ മദ്രാസിലെ ഉന്നത നിലവരമുള്ള സ്കൂളായി ഉയർത്തുവാൻ അച്ചന് സാധിച്ചു. മദ്രാസിലെ പാടി മലങ്കര കത്തോലിക്ക പള്ളിയിലെ വികാരിയായും അച്ചൻ പ്രവർത്തിക്കുകയുണ്ടായി. വിവിധ മണ്ഡലങ്ങളിൽ വിശിഷ്ടമായ സേവനം കാഴ്ച വച്ച കോശി വർഗ്ഗീസച്ചനനെ 1997 മാർച്ച് 10-ന് കോർ എപ്പിസ്കോപ്പാ സ്ഥാനം നൽകി ആദരിക്കുകയുണ്ടായി. 1998 ഏപ്രിൽ 15 ന് ഫാ. കോശി വർഗ്ഗീസിനെ ജോഷ്വാ മാർ ഇഗ്നാത്തിയോസ് എന്ന പേരിൽ തിരുവനന്തപുരം അതി ഭദ്രാസത്തിന്റെ സഹായ മെത്രാനായി വാഴിച്ചു. 1998 ജൂൺ 29 ന് മെത്രാഭിഷേകവും നടന്നു. 1996 മുതൽ തിരുവനന്തപുരം അതിരൂപതയുടെ മുഖ്യ വികാരി ജനറളായി സേവനം അനുഷ്ഠിച്ചു വരുന്നു.

കേരള കത്തലിക് ബിഷപ്പ്സ് കൗൺസിലിന്റെ സെക്രട്ടറിയായി 2001

www.malankaralibrary.com

മുതൽ 2004 വരെ പ്രവർത്തിക്കുകയുണ്ടായി. കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ ലേബർ കമ്മീഷൻ ചെയർമാനായും മലങ്കര കാത്തലിക് ബിഷപ്പ്സ് കൗൺസിലിന്റെ വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനായും ആൾ ഇന്ത്യ ക്രിസ്ത്യൻ കൗൺസിലിന്റെ രക്ഷാധികാരിയായും ആൾ ഇന്ത്യ ക്രിസ്ത്യൻ കൗൺസിൽ കേരളാ റീജിയന്റെ ചെയർമാനായും ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി പ്രവർത്തിക്കുന്നു.

കെ.സി.ബി.സി മദ്യ വിരുദ്ധ സമിതിയുടെ ചെയർമാൻ കൂടിയാണ് ജോഷ്വാ തിരുമേനി. മദ്യ വിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാനും പ്രവർത്തനത്തിന് പുതിയ രൂപവും ഭാവവും നൽകാനും തിരുമേനിക്ക് സാധിച്ചിട്ടുണ്ട്. 2006-ൽ കേരളവ്യാപകമായി നടത്തിയ മദ്യവിരുദ്ധ പ്രചരണ ജാഥ പ്രത്യേകം പ്രശംസാർഹമാണ്. മദ്യ വിരുദ്ധപ്രവർത്തകർക്കിടയിൽ ഈ പ്രശ്നം സംബന്ധിച്ച് ഒരു അവബോധം സൃഷ്ടിക്കുവാനും സമൂഹത്തിന് ഒരു പുത്തൻ ദർശനം നൽകുവാനും ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ നേതൃത്വം സാധിച്ചിട്ടുണ്ട്.

Address :- Most Rev. Dr. Joshua Mar Ignathios, Arch Bishops House, Pattom, Trivandrum.

# 386

# ബിഷപ്പ് ഡോ. ജോൺ തട്ടുങ്കൽ



ബുദ്ധിമുട്ടുകളുടേയും പ്രാരാബ്ദങ്ങളുടേയും മദ്ധ്യേ വളർന്ന് ക്രിസ്തുവിലുള്ള ഗാഢമായ വിശ്വാസത്തിലും, ആ വിശ്വാസത്തിലടിയുറച്ച നിസ്തരുമായ കർമ്മത്തിലും അധിഷ്ഠിതമായ ഒരു സഫല ജീവിതത്തിന് ഉടമയായി തീർന്ന കൊച്ചി രൂപതയുടെ മൂന്നാമത്തെ എതദ്ദേശീയ മെത്രാൻ റൈറ്റ് റവ. ഡോ. ജോൺ തട്ടുങ്കൽ. 1950 ജൂൺ മാസം 23-ാം തിയതി ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ കുത്തിയതോട് പഞ്ചായത്തിലെ തഴുപ്പ എന്ന സ്ഥലത്ത് ജനിച്ചു. തട്ടുങ്കൽ പാപ്പുവിന്റേയും മേരിയുടേയും ആറു മക്കളിൽ രണ്ടാമനായിരുന്നു ജോൺ. തട്ടുങ്കൽ കുടുംബം ഒരു നിർദ്ധന കുടുംബമായിരുന്നു. കൈവേലകൾ ചെയ്താണ് പിതാവ് നിർദ്ധന കുടുംബത്തെ സംരക്ഷിച്ച് പോന്നത്. മാതാവ് വെറും ഒരു സാധാരണ വീട്ടമ്മയും.

കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു ജോണിന്റെ ബാല്യകാല ജീവിതം. ആ കഷ്ടപ്പാടുകൾ ഭാവിയിൽ ദൃഢവും സാരവത്തുമായ ഒരു ജീവിത വീക്ഷണ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിരിക്കണം. എഴുപുന്ന ചകരം എൽ. പി സ്കൂൾ, തുറവൂർ ടി. സി. എച്ച്. എസ്സ്, അർത്തുങ്കൽ

www.malankaralibrary.com

സെന്റ് ഫ്രാൻസിസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യഭ്യാസം. മാതൃഗൃഹത്തിൽ താമസിച്ചുകൊണ്ട് വിദ്യഭ്യാസം നടത്തിയ കാലഘട്ടത്തിൽ അർത്തുങ്കൾ പള്ളിയിൽ നിത്യേന തിരുകർമ്മങ്ങളിൽ പങ്ക് കൊള്ളുകയും വിവിധ സംഘടനകളിൽ പ്രവർത്തിക്കുകയും ചെയ്തിരുന്നു.

കൊച്ചി രൂപതയിൽ ഒരു വൈദികനാകണമെന്നതായിരുന്നു ജോണിന്റെ ചെറുപ്പം മുതലുള്ള ആഗ്രഹം. 1966-ൽ ഫോർട്ട് കൊച്ചി മൗണ്ട് കാർമ്മൽ പെറ്റിറ്റ് സെമിനാരിയിൽ ചേർന്നു. 1962-ൽ സെമിനാരി റെക്ടറായിരുന്ന ഫാ. ജോസ് കുരീത്തറ(പിന്നീട് മെത്രാൻ) യുടെ പ്രത്യേക ശുപാർശയുടെ അടിസ്ഥാനത്തിൽ കൊച്ചി മെത്രാൻ ഡോ. അലക്സാണ്ടർ ഏടേഴ്ത്ത് തിരുമേനി ജോൺ തട്ടുങ്കലിനെ തത്വശാസ്ത്രവും ദൈവ ശാസ്ത്രവും പഠിക്കാനായി റോമിലേക്ക് അയച്ചു. വത്തിക്കാനിലെ പ്രൊപ്പഗാന്ത കോളേജിലെ ഉപരി പഠനത്തിന് പ്രത്യേക സ്കോളർഷിപ്പും ജോണിന് ലഭിച്ചു. റോമിലെ പൊന്തിഫിക്കൽ ഊർബ്ബൻ സർവ്വകലാശാലയിൽ നിന്ന് തത്വശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ദൈവ ശാസ്ത്രത്തിൽ ബിരുദവും സമ്പാദിച്ചു. റോമിൽ താമസിക്കുന്ന കാലത്ത് ടൂറിനിലെ കൊത്തലെംഗോ സന്യാസ സമൂഹത്തിന്റെ ദീനദയാലുത്വം നിറഞ്ഞ സേവന ജീവിതവും പ്രാർത്ഥനകളും ജോൺ തട്ടുങ്കലിനെ ഹർദ്ദാ ആകർഷിച്ചു. അവശർക്കും അശരണർക്കും സേവനം അനുഷ്ഠിച്ച് കൊണ്ട് വൈദിക വൃത്തിയിലേർപ്പെടാനാണ് അദ്ദേഹം നിശ്ചയിച്ചത്. ഈ അഭിലാഷം ഫാ. കുരീത്തറയെ അറിയിച്ചപ്പോൾ കൊച്ചി രൂപതയിൽ നിന്നും ഉപരി പഠനത്തിന് അയച്ച അയക്കപ്പെട്ട ആളെന്ന നിലയിൽ ഒരു രൂപത വൈദികനായി തുടരണമെന്ന് ഉപദേശിച്ചു. അത് ജോൺ അംഗീകരിച്ചു. റോമിൽ നിന്നും തിരിച്ചെത്തിയ ജോൺ സ്വന്തം ഇടവകയായ എരമല്ലൂർ സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളിയിൽ വെച്ച് 1979 ഓഗസ്റ്റ് 3-ന് ബിഷപ്പ് അലക്സാണ്ടർ തിനുമേനിയിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. പ്രസ്തുത അഭിഷേക ചടങ്ങിൽ കൊത്തലെംഗോ വൈദിക സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ റവ. ഫാ. ലൂയുജി ബേസെറ്റല്ലി, കൊത്തലെംഗോ സിസ്റ്റേഴ്സിന്റെ സുപ്പീയർ ജനറൽ മദർ ജിയോ വന്ന ഫോർമെന്തി, ഇന്ത്യയിൽ പ്രവർത്തിക്കുന്ന കൊത്തലെംഗോയിലെ മറ്റു കന്യാസ്ത്രീകൾ തുടങ്ങിയവരും എത്തിയിരുന്നു.

പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ട വർഷം വീണ്ടും ഉപരി പഠനത്തിനായി റോമിലേക്ക് ജോൺ തട്ടുങ്കലച്ചനെ അയച്ചു. റോമിലെ പൊന്തിഫിക്കൽ ലാറ്ററൻ സർവ്വകലാശാലയിൽ നിന്നും സിവിൽ നിയമത്തിലും കാനൻ നിയമത്തിലും ഡോക്ടറേറ്റ് നേടി. പഠനകാലത്ത് കൊത്തലെംഗോ ഭവനം അദ്ദേഹം പലപ്പോഴും സന്ദർശിക്കുമായിരുന്നു. റോമിലെ സെന്റ് പോൾസ് കോളേജിൽ അംഗവുമായിരുന്നു. ഡോക്ടറേറ്റിന് അദ്ദേഹം തിരഞ്ഞെടുത്ത വിഷയം ജാതീയ സമ്പ്രദായവും ഭാരതത്തിലെ കത്തോലിക്കാ സഭയും എന്നതായിരുന്നു. ഈ തിസ്സീസ് പുസ്തക രൂപത്തിൽ സർവ്വ

www.malankaralibrary.com

കലാശാല 1983-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഫാ. ജോൺ തട്ടുങ്കലിന്റെ മെത്രാഭിഷേക വിശേഷാൽ പതിപ്പിൽ ഫാ. പോൾ പുന്നക്കാട്ട്ശ്ശേരി കൊത്ത ലെംഗോ സഭാംഗം ഇങ്ങനെ എഴുതിയിരിക്കുന്നു. "ഉപരി പഠനത്തിന് ശേഷം കൊച്ചിയിലേക്ക് അഭിവന്ദ്യനായ ഡോ. ജോസഫ് കുരീത്തറ കൊച്ചി മെത്രാനായി സ്ഥാനോരഹണം ചെയ്ത് കഴിഞ്ഞിരുന്നു. തിരുമേനിയുടെ വാത്സല്യത്തിനും വിശ്വാസത്തിനും പ്രത്യേക പാത്രമായ ജോൺ തട്ടുങ്കലിനെ ഒന്നിനു പിന്നാലെ മറ്റൊന്ന് എന്ന നിലയിൽ നിരവധി ചുമതലകൾ ഏൽപ്പിച്ച് കൊടുക്കുകയുണ്ടായി. 1980 ജനുവരി മൂന്നിന് കൊച്ചി രൂപതയുടെ പ്രോ-ചാൻസലർ, ഫോർട്ട് കൊച്ചി സാന്റാക്രൂസ് ഇടവകയുടെ സഹ വികാരി, 1980 ഫെബ്രുവരി 8-ന് കൊച്ചി രൂപതാ കൺസൾട്ടർ, അതേ വർഷം മാർച്ച് 22 ന് മെമ്പർ ഓഫ് കൗൺസിൽ ഓഫ് അഡ്മിനിസ്ട്രേറ്റർ, ജൂൺ 30-ന് കൊച്ചി രൂപതാ ചാൻസലർ, ജൂലൈ 5-ന് മതപഠനങ്ങൾക്കായി ഫോർട്ട് കൊച്ചിയിലുള്ള ലൂക്സ് മുന്തി കോളേജിന്റെ റെക്ടർ, 1981 ഒക്ടോബർ 19 -ന് രൂപതാ പ്രൊക്യുറേറ്റർ, അതേ ദിവസം തന്നെ ചുള്ളിക്കൽ ഇടവകയുടെ കീഴിലുള്ള പനയപ്പള്ളിയിലെ തിരുഹൃദയ ഭക്താലയത്തിന്റെ ചാപ്ലിൻ, 1984 മാർച്ച് 19-ന് രൂപതയിലെ ന്യൂമാൻ അസോസിയേഷന്റെ ചാപ്ലിൻ, 1985 ഫെബ്രുവരി 12-ന് രൂപതയുടെ അസോസിയേറ്റ് ജുഡീഷ്യൽ വികാരി, അന്നേ ദിവസം തന്നെ കൊച്ചി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അഡ്വൈസറി കമ്മിറ്റി മെമ്പർ, 1985 ഫെബ്രുവരി 9-ന് കൾട്ടസിന്റെ പ്രോജക്ട് കമ്മിറ്റി മെമ്പർ, ജൂൺ 10-ന് പാഷനിസ്റ്റ് കോൺഗ്രിഗേഷൻ ഓഫ് ഇന്ത്യയുടെ പ്രൊക്യുറേറ്റർ, ലീഗൽ റെപ്രസെന്റേറ്റീവ്, 1986 മെയ് 23-ന് വിവാഹ കേസുകൾ തീർപ്പാക്കുന്ന രൂപതാ കോടതിയുടെ അസോസിയേറ്റ് ജഡ്ജി എന്നീ നിലകളിൽ വിശ്രമ രഹിതമായ കർമ്മജീവിതമാണ് അഭിവന്ദ്യ ജോൺ തട്ടുങ്കൽ നയിച്ചിരുന്നത്. 1985-1986, 1986-1987 എന്നീ വിദ്യാലയ വർഷങ്ങളിൽ മംഗലപ്പുഴ സെന്റ്ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ കാനൻ നിയമത്തിന്റെ വിസിറ്റിംഗ് പ്രൊഫസറായി സേവനം അനുഷ്ഠിച്ചിരുന്ന അദ്ദേഹം "കൊച്ചി രൂപത 1557- 1985" എന്ന ബൃഹത് ചരിത്ര ഗ്രന്ഥത്തിന്റെ രചനയിലും ഭാഗഭാഗിത്വം വഹിച്ചിട്ടുണ്ട് .

ഫാ. ജോൺ തട്ടുങ്കലിനെ ഉത്തരവാദിത്വമേറിയ നിരവധി ജോലികളാണ് രൂപതാദ്ധ്യക്ഷൻ, ഏൽപ്പിച്ചത്. അതെല്ലാം ഭംഗിയായി നിർവഹിക്കുകയും ചെയ്തു. റോമിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ ടൂറിനിലെ കൊത്തലെംഗോ സന്യാസ സമൂഹത്തിൽ അംഗമായി ചേരുന്നതിന് അഭിലക്ഷിച്ചിരുന്നു. എന്നാൽ അത് സാധിച്ചില്ല. ആ ആഗ്രഹം ഹൃദയത്തിൽ സൂക്ഷിച്ച് വെച്ചിരുന്നു. അഭിവന്ദ്യ കൂരീത്തറ പിതാവിന്റെ അനുഗ്രഹത്തോടും അനുമതിയോടും കൂടി 1987-ൽ ജോണച്ചൻ കൊത്തലെംഗോ സഭയിൽ ചേർന്നു. തുടർന്ന് പ്രാഥമിക സന്യാസപരിശീലനം ഒരു വർഷം നടന്നു. 1988 നവംബർ 15ന് താൽക്കാലിക വ്രത വാഗ്ദാനവും 1991 ഒക്ടോബർ 7ന്

www.malankaralibrary.com

നിത്യവ്രതവും നടത്തി. 1988-ൽ റോമിലെ പ്രൊപ്പഗാന്ത കോളേജിൽ വൈസ് റെക്ടറായി ചുമതലയേറ്റു. താൻ പഠിച്ച വിദ്യാലയത്തിലെ റെക്ടറാകുന്നത് അഭിമാനകരമായിരുന്നു. നാലു വർഷക്കാലം ആ ജോലി തുടർന്നു. അതേ സമയം വത്തിക്കാനിലെ ഉർബ്ബാനി സർവ്വകലാശാലയിൽ വിസിറ്റിംഗ് പ്രൊഫസറായിരുന്നു തട്ടുങ്കലച്ചൻ. ഇപ്പോഴത്തെ വാരാപ്പുഴ ആർച്ച് ബിഷപ്പ് ഡോ. ഡാനിയേൽ അച്ചാരു പറമ്പിലായിരുന്നു പ്രൊപ്പഗാന്ത കോളേജിന്റെ റെക്ടർ.

കേരളത്തിൽ കൊത്തലെംഗോ സന്യാസ സമൂഹം സ്ഥാപിക്കാനുള്ള ശ്രമത്തിൽ അദ്ദേഹം 1993-ൽ കൊച്ചിയിൽ എത്തി. നിരവധി അന്വേഷണങ്ങൾക്കു ശേഷം കോട്ടപ്പുറം രൂപതയുടെ കീഴിൽ വടക്കൻ പറവൂരിൽ കൊത്തലെംഗോ സന്യാസ സമൂഹത്തിന് രൂപം നൽകി. ആശ്രമത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച സെമിനാരിയുടെ പ്രഥമ റെക്ടറായി ജോൺ തട്ടുങ്കലച്ചനെ നിയമിച്ചു. അതേ സമയം കോട്ടപ്പുറം രൂപതയുടെ കൺസൾട്ടറുമായി നിയമിച്ചു. പറവൂരിലെ സെന്റ് ജോസഫ് കൊത്തലെംഗോ ഇടവകയുടെ പ്രഥമ വികാരിയായും അദ്ദേഹം നിയമിതനായി. അതോടൊപ്പം കോട്ടപ്പുറം രൂപതയുടെ വിവാഹക്കോടതി ജുഡീഷ്യൽ വികാരിയായും കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ഭരണകാര്യ കൗൺസിൽ മെമ്പർ എന്നീ നിലകളിലും കോട്ടപ്പുറം മെത്രാൻ അദ്ദേഹത്തെ നിയമിച്ചു.

1994 മുതൽ തോട്ടമുഖം തിരുഹൃദയ തത്വശാസ്ത്ര കോളേജിൽ മനുഷ്യന്റെ തത്വശാസ്ത്രം, ദൈവത്തിന്റെ തത്വശാസ്ത്രം എന്നിവയും കളമശ്ശേരിയിലെ ജ്യോതിർ ഭവൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി സ്പിരിച്ചുവാലിറ്റി എന്ന സ്ഥാപനത്തിൽ കാനൻ നിയമവും 1997 മുതൽ കർമ്മലഗിരി സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ ഫിലോസഫി ഓഫ് ഗോഡ്, ഫിലോസഫി ഓഫ് മാൻ എന്നീ വിഷയങ്ങളും പഠിപ്പിച്ചു. വടക്കൻ പറവൂരിലെ മതപഠന വിദ്യാലയത്തിൽ അദ്ധ്യാപകനായും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. ഒരു നല്ല ധ്യാന പ്രസംഗകൻ കൂടിയാണ് തട്ടുങ്കലച്ചൻ. നിരവധി ധ്യാന കേന്ദ്രങ്ങളിൽ ധ്യാനഗുരുവായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം വൈദികർക്കായുള്ള വാർഷിക ധ്യാനങ്ങളും നയിച്ചിട്ടുണ്ട്.

അഭിവന്ദ്യ ജോസഫ് കുരീത്തറ പിതാവിന്റെ നിര്യാണത്തിനുശേഷം കൊച്ചി രൂപതയുടെ ഭരണ സാരഥ്യം ഏറ്റെടുക്കാൻ ജോൺ തട്ടുങ്കൽ അച്ചനെയാണ് റോമിൽ നിന്നും നിയമിച്ചത്. തന്റെ വൈദിക ജീവിതത്തിന്റെ ആദ്യകാലഘട്ടം മുതൽ കൊച്ചി രൂപതയിൽ പല ഉന്നത സ്ഥാനങ്ങളും വഹിച്ച തട്ടുങ്കലച്ചൻ പുതിയ ഉത്തരവാദിത്വം വിനയത്തോടെ ഏറ്റെടുക്കുകയുണ്ടായി. 2000-ാം മാണ്ട് മെയ് 23-ന് ആണ് കൊച്ചി രൂപതാ മെത്രാനായി വിളംബരം ചെയ്യപ്പെട്ടത്. ജൂൺ 25-ന് മെത്രാഭിഷേക കർമ്മം നടന്നു. പിറ്റേന്ന് മെത്രാൻ സ്ഥാനം ഏറ്റെടുത്തു. നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള കൊച്ചി രൂപതയുടെ ഭരണാധിപനായി തട്ടുങ്കലച്ചനെ തിരഞ്ഞെടുത്തപ്പോൾ ആർച്ച് ബിഷപ്പ് ഡാനിയൽ അച്ചാരുപറമ്പിൽ നൽകിയ സന്ദേശത്തിൽ ഇപ്രകാരം

www.malankaralibrary.com

പറഞ്ഞിരിക്കുന്നു. "കൊച്ചി രൂപതയുടെ പൈതൃകം ഉൾക്കൊണ്ട് വളരുകയും റോമിൽ ദീർഘകാലത്തെ പരിശീലനം ലഭിക്കുകയും ചെയ്ത പുരോഹിതനാണ് തട്ടുങ്കലച്ചൻ. രൂപതാ വൈദികൻ എന്ന നിലയിലും സന്യാസ വൈദികൻ എന്ന നിലയിലും നാട്ടിലും വിദേശത്തും നിന്നും നേടിയ വൈവിധ്യമാർന്ന ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ സമ്പന്നമാണ് അദ്ദേഹത്തിന്റെ വ്യക്തിത്വം. മാനുഷികവും, ബുദ്ധിപരവും, അദ്ധ്യാത്മികവും സാമൂഹികവും സാംസ്കാരികവുമായ മേഖലകളിലാകെ മികവുറ്റ വ്യക്തിത്വത്തിന്റെ ഉടമയായ ബഹുമാനപ്പെട്ട തട്ടുങ്കൽ പിതാവിന്റെ സാരഥ്യം കൊച്ചി രൂപതയ്ക്ക് മാത്രമല്ല, കേരള സഭയ്ക്കും അതിനു പുറത്തും വലിയ അനുഗ്രഹമായിരിക്കുമെന്നത് വലിയ തീർച്ചയാണ്."

അറബിക്കടലിന്റെ റാണി എന്നറിയപ്പെടുന്നതും ചരിത്രസ്മരണകൾ ഉണർത്തുന്നതുമായ കൊച്ചി നഗരം ആസ്ഥാനമാക്കി നാലര നൂറ്റാണ്ട് മുൻപ് രൂപം കൊണ്ട കൊച്ചി രൂപതയുടെ മൂന്നാമത്തെ ഏതദ്ദേശീയ മെത്രാനായി വാഴ്ചയേറ്റ തട്ടുങ്കൽ പിതാവിന്റെ ഭരണത്തെ ജനങ്ങൾ പ്രതീക്ഷ പൂർവ്വം ആണ് നോക്കി കണ്ടത്. കൊച്ചി രൂപത വിസ്തീർണ്ണത്തിൽ വളരെ ചെറുതാണെങ്കിലും ചരിത്രപരമായി വളരെ പ്രാധാന്യമുള്ളതാണ്. അദ്ധ്യാത്മിക, സാംസ്കാരിക, വിദ്യഭ്യാസ രംഗങ്ങളിൽ ഒരു വലിയ പുരോഗതിയാണ് തട്ടുങ്കൽ പിതാവിന്റെ നേതൃത്വത്തിൽ കൈവരിച്ചുകൊണ്ടിരിക്കുന്നത്. സ്ഥാനമാനങ്ങൾക്കായി,ഓടി നടക്കാതെ പകരം സന്യാസ ജീവിതമാശ്ലേഷിച്ച് ജീവിച്ച് പ്രവർത്തിച്ച തട്ടുങ്കലച്ചനെ മെത്രാൻ പദവി തേടിയെത്തുകയായിരുന്നു. വിശുദ്ധിയിലും വിജ്ഞാനത്തിലും വിവേകത്തിലും എളിമയിലും ലാളിത്യത്തിലും ബുദ്ധി വൈഭവത്തിലും ഉന്നതനായ തട്ടുങ്കൽ പിതാവിന്റെ നേതൃത്വത്തിൽ രൂപതയ്ക്ക് ഉണ്ടായികൊണ്ടിരിക്കുന്ന നേട്ടങ്ങൾ പ്രശംസനീയമാണ്.

മലയാളം, ഇംഗ്ലീഷ്, ഇറ്റാലിയൻ, ജർമ്മൻ, ഹിന്ദി, തമിഴ്, ലത്തീൻ, ഫ്രഞ്ച്, സ്പാനിഷ്, പോർട്ടുഗീസ് ഭാഷകളിൽ നല്ല പാണ്ഡിത്യം കൈവരിക്കാനും തിരുമേനിക്ക് സാധിച്ചിട്ടുണ്ട്.

വിലാസം - ബിഷപ്പ് ജോൺ തട്ടുങ്കൽ
ബിഷപ്പ് ഹൗസ്
കൊച്ചിൻ- 682001

www.malankaralibrary.com

# 387



# ഫാ. ജോസ് കോട്ടയിൽ

കേരളത്തിലെ കുടുംബപ്രേഷിതപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തി അനേകവർഷങ്ങളായി പ്രവർത്തിക്കുന്ന ഫാ. ജോസ് കോട്ടയിൽ കോട്ടയം ജില്ലയിലെ കുറവിലങ്ങാട് പകലോമറ്റം ആലപ്പാട്ട് കോട്ടയിൽ കുടുംബത്തിൽ കുര്യാക്കോസ് റോസമ്മ ദമ്പതികളുടെ 12 മക്കളിൽ ഒരുവനായി 1950 ആഗസ്റ്റ് 27ന് ഭൂജാതനായി. അർക്കദിയാക്കോന്മാരുടെ മൂലത്തറവാട് ഈ കുടുംബത്തിന്റേതായിരുന്നു. പാലയൂരിന്റെ മെത്രാനായി നിയുക്തനായ ക്രിസ്തുവിന്റെ ഗീവർഗീസ് അർക്കദിയാക്കോന്റെയും അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ മകനായിരുന്ന കുരിശിന്റെ ഗീവർഗീസ് അർക്കദിയാക്കോന്റെയും കുടുംബമായിരുന്നു പകലോമറ്റം മൂലകുടുംബം.

പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും കുറവിലങ്ങാട് സെന്റ് മേരീസ് സ്കൂളിലാണ് നിർവ്വഹിച്ചത്. പാലാ സെന്റ് തോമസ് കോളേജിൽനിന്ന് പി.ഡി.സി., ബി.എ. എന്നീ പരീക്ഷകൾ പാസ്സായി. അനന്തരം പാലാ രൂപത വക കരൂർ ഉള്ള ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികവിദ്യാഭ്യാസം ആരംഭിച്ചു. ആലുവായിലെ കർമ്മൽഗിരി, മംഗലപ്പുഴ, സെമിനാരികളിൽ പഠിച്ച് വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി. 1975 ഡിസംബർ 21ന് വൈദികപട്ടം സ്വീകരിച്ചു. ബി.റ്റി.എച്ച്. ബിരുദവും കരസ്ഥമാക്കി.

വൈദികപട്ടമേറ്റ ഫാ. കോട്ടയിൽ ചെമ്മലമറ്റം പള്ളി അസിസ്റ്റന്റ് വികാരിയായിട്ടാണ് ആദ്യം നിയമിക്കപ്പെടുന്നത്. ഒരു വർഷത്തെ സേവനത്തിനു ശേഷം ളാലം പഴയപള്ളി അസിസ്റ്റന്റ് വികാരിയായി നിയമിക്കപ്പെട്ടു. 1981 വരെ ആ സ്ഥാനത്തു തുടർന്നു. ഇതിനകം ഒരു സംഘാടകനെന്ന നിലയിലും എഴുത്തുകാരനെന്ന നിലയിലും പ്രഭാഷകനെന്ന നിലയിലും ഫാ. ജോസ് രൂപതയൊട്ടാകെ അറിയപ്പെട്ടു. ബാലികാ ബാലന്മാരെയും യുവജനങ്ങളെയും നയിക്കുവാനായിട്ടാണ് രൂപതാധികാരികൾ പിന്നീട് ഫാ. കോട്ടയിലിനെ നിയോഗിച്ചത്.

കേരളാ കാത്തലിക് സ്റ്റുഡന്റ്സ് ലീഗിന്റെയും കേരളാ കാത്തലിക് യൂത്ത് മൂവ്മെന്റിന്റെയും രൂപതാ ഡയറക്ടറായും ഫാ. കോട്ടയിലിനെ നിയമിച്ചു. കെ.സി.എസ്സ്.എല്ലിന്റെ പ്രവർത്തനത്തിന് ഒരു പുതിയ ശൈലിക്ക് രൂപംകൊടുക്കുവാനും കുട്ടികളുടെ കലാകായിക കഴിവുകൾ വികസിപ്പിക്കുവാനും നിരവധി പ്രവർത്തനങ്ങൾ അദ്ദേഹം ആവിഷ്കരിച്ചു. കേരളാ

www.malankaralibrary.com

കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ ഡയറക്ടർ എന്ന നിലയിൽ ബഹുവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പാലാ രൂപതയിലെ എല്ലാ ഇടവകകളിലുംതന്നെ അദ്ദേഹം കെ.സി.വൈ.എം.ന്റെ ശാഖകൾ സ്ഥാപിച്ചു. യുവജനനേതൃസമ്മേളനങ്ങളും ക്യാമ്പുകളും സ്മരണിക പ്രകാശനങ്ങളും യുവാക്കളെ കെ.സി.വൈ.എം.ലേക്ക് ആകർഷിച്ചു. 1977 മുതൽ 81 വരെ പാലാ രൂപതയിലെ സെന്റ് വിൻസന്റ് ഡിപോൾ സൊസൈറ്റിയുടെ ആദ്ധ്യാത്മിക ഉപദേഷ്ടാവായും പ്രവർത്തിച്ചു.

ഫാ. ജോസ് കോട്ടയിലിനെ 1985-ൽ ഉപരിപഠനത്തിനായി റോമിലേക്കയച്ചു. റോമിലെ വിശ്വവിശ്രുതമായ സെന്റ് ജോൺ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ ചേർന്ന് പഠനമാരംഭിച്ചു. വിവാഹവും കുടുംബവും എന്നതായിരുന്നു വിഷയം. യൂണിവേഴ്സിറ്റിയിൽനിന്ന് S.T.L. ഡിഗ്രി കരസ്ഥമാക്കി.

കേരളത്തിൽ തിരിച്ചെത്തിയ ഫാ. കോട്ടയിലിനെ രൂപതയിൽ ഉത്തരവാദത്വമേറിയ പല ജോലികളും രൂപതാദ്ധ്യക്ഷൻ ഏല്പിക്കുകയുണ്ടായി. ഫാമിലി അപ്പസ്തോലേറ്റിന്റെ രൂപതാ ഡയറക്ടറായി 1993-2005 വരെ പ്രവർത്തിക്കുകയുണ്ടായി. ക്രിസ്തീയ ചൈതന്യത്താൽ കുടുംബങ്ങളെ നവീകരിക്കുക എന്ന ലക്ഷ്യത്തോടെ ഫാമിലി അപ്പസ്തൊലേറ്റിന്റെ പ്രവർത്തനം രൂപതയിൽ സജീവമാക്കുവാൻ അദ്ദേഹം ശ്രമിച്ചു. വിവാഹഒരുക്ക സെമിനാർ എല്ലാ വിവാഹാർത്ഥികൾക്കും നിർബന്ധിതമാക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ദമ്പതികൾക്കുവേണ്ടി ഇടവകസെമിനാറുകൾ നടത്തിയും, സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോംമിഷൻ പരിപാടി സജീവമാക്കിയും വിവാഹ ജൂബിലിയേറിയന്മാർക്കുള്ള ധ്യാനം സംഘടിപ്പിച്ചും ഫാമിലി അപ്പസ്തൊലേററിന്റെ പ്രവർത്തനം രൂപതയിൽ സജീവമാക്കാൻ കോട്ടയിലച്ചന് സാധിച്ചു. മദ്യത്തിനും മയക്കുമരുന്നിനും പുകവലിക്കും അടിമകളായവരെ ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ തലങ്ങളിലെ ചികിത്സവഴി പുനരധിവസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന അഡാർട്ടിന്റെ ഡയറക്ടറായി 1993 മുതൽ 1995 വരെ ഫാ. കോട്ടയിൽ പ്രവർത്തിക്കുകയുണ്ടായി.

വിവാഹം കുടുംബജീവിതം, ഹോംസയൻസ് എന്നിവയോടു ബന്ധപ്പെട്ട സമഗ്രവും നൂതനവുമായ പഠനങ്ങൾ നൽകി യുവതികളെ ഉത്തമകുടുംബിനികളാക്കുവാൻ സ്ഥാപിച്ച മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ് എന്ന പ്രസ്ഥാനത്തിന്റെ ഡയറക്ടറായി 1993 മുതൽ 12 വർഷക്കാലം കോട്ടയിലച്ചൻ പ്രവർത്തിക്കുകയുണ്ടായി.

രൂപതാ ഫാമിലി അപ്പസ്തൊലേറ്റിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ട സംഘടനയാണ് മാതൃജ്യോതി. അതിന്റെ സ്ഥാപകഡയറക്ടർകൂടിയാണ് അദ്ദേഹം. അമ്മമാരുടെ സാമൂഹികവും സാംസ്കാരികവുമായ അഭിവൃദ്ധിയോടൊപ്പം ഉത്തരവാദിത്വത്തെപ്പറ്റിയുള്ള ബോധ്യത്തോടെ പ്രവർത്തിക്കുവാൻ വേണ്ട പരിശീലനം നൽകുന്നതിനും മിക്ക ഇടവകകളിലും യൂണിറ്റു

www.malankaralibrary.com

കൾ സ്ഥാപിക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചു. മാതൃജ്യോതിയുടെ ആരംഭംമുതൽ (1994-2005) 11 വർഷക്കാലം അതിന്റെ ഡയറക്ടറായി പ്രവർത്തച്ചു. 2002ൽ പിതൃജ്യോതി രൂപതയിൽ സ്ഥാപിക്കുകയും അതിന്റെ സ്ഥാപക ഡയറക്ടറായി 2005വരെ പ്രവർത്തിക്കുകയും ചെയ്തു.

ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ട് കാനാ ചങ്ങനാശ്ശേരിയിലെ ആദ്യ ഡീൻ ഓഫ് സ്റ്റഡീസ് (1999-2002) ആണ് അദ്ദേഹം. ഇപ്പോൾ അവിടെ പ്രൊഫസ്സർ ആയി സേവനം അനുഷ്ഠിക്കുന്നു. സത്നായിലെ സെന്റ് എംഫ്രേംസ് സെമിനാരിയിൽ വിസിറ്റിംഗ് പ്രൊഫസ്സർ കൂടിയാണ് കോട്ടയിലച്ചൻ.

പാലാ രൂപതയിൽ കരിസ്മാറ്റിക് നവീകരണത്തിന് തുടക്കം കുറിച്ചത് അദ്ദേഹമാണ്. കുടുംബം, വിവാഹം, സ്ത്രീത്വദർശനം എന്നീ വിഷയങ്ങളെക്കുറിച്ച് കേരളത്തിലെ എല്ലാ രൂപതകളിലും കോട്ടയിലച്ചന്റെ നേതൃത്വത്തിൽ സെമിനാറുകൾ നടത്തുന്നുണ്ട്. 1977 മുതൽ പാലാ രൂപതയിലെ പ്രസിബിറ്ററൽ കൗൺസിലിലും പാസ്റ്ററൽ കൗൺസിലിലും അദ്ദേഹം അംഗമാണ്.

കെ.സി.ബി.സി ഫാമിലി കമ്മീഷന്റെ ഫുൾടൈം സെക്രട്ടറിയായ പ്രവർത്തിക്കുന്ന കോട്ടയിലച്ചൻ കേരള കാത്തലിക് ഫെഡറേഷന്റെ ആദ്ധ്യാത്മിക ഉപദേഷ്ടാവും കൂടിയാണ്. കരിസ്മാറ്റിക് നവീകരണത്തിലെ സ്ത്രീകൾക്കുവേണ്ടിയുള്ള പ്രസ്ഥാനമായ തൂവാനീസയുടെ ആദ്ധ്യാത്മിക അനിമേറ്റർ കൂടിയാണ് കോട്ടയിലച്ചൻ. അമേരിക്കയിലെ മലയാളി പത്രമായ സംഗമത്തിൽ സ്ഥിരം കുടുംബപംക്തി എഴുതുന്ന അദ്ദേഹം ഇതിനകം 500ലധികം ലേഖനങ്ങൾ വിവിധ പ്രസിദ്ധീകരണങ്ങളിൽ എഴുതിയിട്ടുണ്ട്. കളരി, മാതൃവചസ്സ് എന്നീ പ്രസിദ്ധീകരണങ്ങൾക്ക് തുടക്കം കുറിച്ചതും കോട്ടയിലച്ചനാണ്.

പകലോമറ്റം മഹാകുടുംബയോഗത്തിന്റെ സ്ഥാപക പ്രസിഡണ്ടു കൂടിയാണദ്ദേഹം. 1995ൽ സ്ഥാപിതമായ കുടുംബയോഗം 110 കുടുംബങ്ങളുടെ കൂട്ടായ്മയാണ്.

ഇതിനകം 14 ഗ്രന്ഥങ്ങൾ ഫാ. കോട്ടയിൽ രചിച്ചിട്ടുണ്ട്. പ്രധാനമായും കുടുംബത്തെ സംബന്ധിക്കുന്ന ഗ്രന്ഥങ്ങളാണ് അവയെല്ലാം. എല്ലാ ഗ്രന്ഥങ്ങളുടെയുംതന്നെ ആയിരക്കണക്കിന് കോപ്പികൾ വിറ്റഴിഞ്ഞിട്ടുണ്ട്. ഫാമിലി അപ്പസ്തൊലേറ്റ് പ്രസിദ്ധീകരിച്ച ദാമ്പത്യധാർമ്മികത എന്ന ഗ്രന്ഥത്തിന്റെ മുപ്പതിനായിരം കോപ്പികൾ വിറ്റഴിഞ്ഞു. സ്ത്രീകളുടെ രക്ഷകനായ ഈശോ(5000 കോപ്പി), സ്ത്രീകളുടെ സുവിശേഷം (3000 കോപ്പി) സാഫല്യജീവിതം (5000 കോപ്പി) ജീവന്റെ പാത(8000 കോപ്പി) കുടുംബജീവിതം കുറെ വിജയമന്ത്രങ്ങൾ(15000 കോപ്പി), കുടുംബത്തിന്റെ സുവിശേഷം(7000 കോപ്പി), വിവാഹത്തിന്റെ സുവിശേഷം(7000 കോപ്പി) എന്നീ ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. എസ്സ്.എച്ച് ലീഗിൽനിന്നും പ്രസിദ്ധീകരിച്ച സചിത്രകഥകൾ എട്ട് വാല്യങ്ങൾ പ്രത്യേകം പ്രാധാന്യമർഹിക്കുന്നവയാ

www.malankaralibrary.com

ണ്. വിശുദ്ധരും ബൈബിൾ കഥാപാത്രങ്ങളുമാണ് സചിത്രകഥകളുടെ ഉള്ളടക്കം. ഇവ കൂടാതെ പകലോമറ്റം മഹാകുടുംബയോഗത്തിന്റെ സംക്ഷിപ്തചരിത്രവും, പകലോമറ്റം കുടുംബചരിത്രവും അദ്ദേഹം രചിച്ച് പ്രസിദ്ധികരിച്ചിട്ടുണ്ട്. രണ്ടു മാതൃജ്യോതി സുവനീറുകളും തയ്യാറാക്കിയിട്ടുണ്ട്.

കുടുംബജീവിതം കുറെ വിജയമന്ത്രങ്ങൾ എന്ന ജോസ് കോട്ടയിലിന്റെ ഗ്രന്ഥത്തിന് അവതാരിക എഴുതിയ പ്രൊഫ. എം.കെ.സാനു ഇപ്രകാരം എഴുതിയിരിക്കുന്നു. "ഇന്ന് കുടുംബക്കോടതികളിൽ എത്തിച്ചേരുന്ന വിവാഹമോചനക്കേസുകൾ അമ്പരപ്പിക്കുംവിധം വർദ്ധിച്ചിരിക്കുന്നു. പുതുതായി ദാമ്പത്യബന്ധത്തിൽ ഏർപ്പെട്ടവർപോലും പരസ്പരം കലഹിക്കുകയും വേർപിരിയുവാൻ വ്യഗ്രതകാട്ടുകയും ചെയ്യുന്നു. പലകുടുംബങ്ങളിലും ഭാര്യാഭർത്താക്കന്മാർ സംഘർഷത്തിന്റെ അന്തരീക്ഷത്തിലാണ് കഴിയുന്നത്. നിരന്തരം കലഹം തുടരുന്നു. വേർപിരിയാൻ കഴിയാത്തത് ഏതോ ശാപത്തിന്റെ ഫലമാണെന്ന് കരുതുന്നവരും കുറവല്ല. ഇപ്രകാരം കുടുംബഭദ്രത ശിഥിലമാവാൻ തുടരുന്നഘട്ടത്തിലാണ് ഫാ.ജോസ് കോട്ടയിൽ ഏറെ ശ്രദ്ധയോടുകൂടി ഈ പുസ്തകം നമ്മുടെ മുമ്പാകെ അവതരിപ്പിക്കുന്നത്.


സുശിക്ഷിതനും പ്രതിജ്ഞാബദ്ധനുമായ ഒരു പുരോഹിതൻ എന്ന നിലയിൽ ഫാ. ജോസ് കോട്ടയിൽ, കുടുംബജീവിതത്തകർച്ചയുടെ ദാരുണ ചിത്രങ്ങൾ കണ്ട് വ്യഥിത ഹൃദയനായിത്തീർന്നു. ഈ അവസ്ഥക്ക് എങ്ങിനെയും പരിഹാരമുണ്ടാക്കണമെന്ന ചിന്തയാണ് അദ്ദേഹത്തെ ഗ്രന്ഥരചനക്ക് പ്രേരിപ്പിച്ചത്. നിരീക്ഷണം, പഠനം, ആത്മീയവിശ്വാസം എന്നിവ മൂന്നും സംയോജിപ്പിച്ചുകൊണ്ട് തികച്ചും രചനാത്മകമായ ഒരു വീക്ഷമത്തോടുകൂടിയാണ് ഫാ. ജോസ് കോട്ടയിൽ ഈ ഗ്രന്ഥം രചിച്ചിരിക്കുന്നത്.

പ്രമേയങ്ങൾ ശാസ്ത്രീയമായി ക്രമീകരിക്കുന്നതിൽ അദ്ദേഹം നിഷ്കർഷിച്ചിട്ടുണ്ട്. അതുകൊണ്ട് ദമ്പതികൾക്ക് തങ്ങളെ അലട്ടുന്ന പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ പ്രസക്തഭാഗംകണ്ടെത്തുകയും അടിയന്തരമായ പ്രശ്നപരിഹാരത്തിലേക്ക് നീങ്ങുകയും ചെയ്യാൻ കഴിയുമെന്ന് ഞാൻ മനസ്സിലാക്കുന്നു. അതിനുശേഷം ഗ്രന്ഥം മൊത്തത്തിൽ വായിക്കുമ്പോൾ തങ്ങളുടെ ശിഥിലബന്ധങ്ങൾ നേരെയാകുന്നതിനും കുടുംബജീവിതത്തെ സംഗീതംപോലെ മധുരമാക്കുന്നതിനും അവർക്ക് കഴിയാതിരിക്കുകയില്ല." സാനുമാസ്റ്ററുടെ ഈ അഭിപ്രായം നൂറുശതമാനം ശരിയാണ്. ഫാമിലികമ്മീഷന്റെ സെക്രട്ടറി ഈ വിഷയത്തിൽ എന്തുമാത്രം ശ്രദ്ധാലുവാണെന്ന് ഈ ഗ്രന്ഥം കാണിക്കുന്നു.

വിലാസം - ഫാ. ജോസ് കോട്ടയിൽ,<br>
പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ,<br>
കൊച്ചി.

www.malankaralibrary.com

# 388



# സ്ഫടികം ജോർജ്ജ് –

## (ജോർജ്ജ്തുരുത്തേൽ)

സിനിമ സീരിയൽ ഷൂട്ടിംഗിനുപോകുമ്പോൾ പോലും ബൈബിൾ കയ്യിലേന്തിനടക്കുകയും ഒഴിവുവേളകളിൽ ബൈബിൾ പാരായണത്തിനും വചനം പങ്കുവയ്ക്കലിനുമായി സമയം കണ്ടെത്തുകയും ചെയ്യുന്ന സ്ഫടികം ജോർജ്ജ് 1950 ഡിസംബർ 30ന് കോട്ടയത്ത് തുരുത്തേൽ ആന്റണി-മറിയാമ്മ ദമ്പതികളുടെ ആറുമക്കളിൽ രണ്ടാമനായി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം കോട്ടയത്തും കോളേജ് വിദ്യാഭ്യാസം ചങ്ങനാശ്ശേരിയിലുമാണ് നടത്തിയത്. വിദ്യാഭ്യാസകാലത്ത് നല്ലൊരു കലാകാരനായി എല്ലാവരുടെയും ശ്രദ്ധയെ ആകർഷിച്ചിരുന്നു.

വിദ്യാഭ്യാസാനന്തരം എയർ ഇന്ത്യയിൽ ഉദ്യോഗസ്ഥനായി പതിനാലുവർഷക്കാലം ഗൾഫിൽ പ്രവർത്തിച്ചു. കോട്ടയത്ത് മുല്ലശ്ശേരിയിൽ കുടുംബാംഗമായ ത്രേസ്യാമ്മയെ ജോർജ്ജ് വിവാഹം ചെയ്തു.

ഗൾഫ്ജീവിതകാലത്ത് ഉദ്യോഗത്തിനുപുറമേ കൂട്ടുകാരുമായി പങ്കുചേർന്ന് ബിസിനസ്സ് നടത്തുകയുണ്ടായി. ബിസിനസ്സ് പരാജയമായി. വലിയ സാമ്പത്തികനഷ്ടം നേരിട്ടു. ജീവിത നൈരാശ്യം ജോർജിനെ ആത്മഹത്യയിലേക്കു നയിച്ചു. പക്ഷെ ആ അപകടത്തിൽ നിന്നും അദ്ദേഹം ദൈവാനുഗ്രഹത്താൽ രക്ഷപ്പെട്ടു. സ്വയം മരണത്തെ വരിക്കാനുള്ള ശ്രമങ്ങളുപേക്ഷിച്ച് ഒരു പുതിയ മനസ്സിന്റെ ഉടമയായി പുതിയ മനുഷ്യനായി ജോർജ്ജ് മാറി. വിദ്യാഭ്യാസകാലത്തുണ്ടായിരുന്ന കലാഭിരുചി ജീവിക്കാനുള്ള വഴി ദൈവം തുറന്നുകൊടുത്തു. അതേ തുടർന്ന് കന്യാകുമാരിയിലെ കവിത എന്ന സിനിമയിലും പിന്നീട് ചെങ്കോൽ എന്ന സിനിമയിലും അഭിനയിക്കാനവസരം ലഭിച്ചു. ജോർജ്ജ് അഭിനയിച്ച മൂന്നാമത്തെ ചിത്രമായിരുന്നു സ്ഫടികം. ഈ ചിത്രമാണ് അദ്ദേഹത്തിന് സ്ഫടികം ജോർജ്ജ് എന്ന പേര് നേടിക്കൊടുത്തത്. പിന്നീട് 150 ൽപരം ചിത്രങ്ങളിൽ അഭിനയിക്കുവാൻ അവസരം ലഭിച്ചു. ജോർജ്ജിന് നിരവധി സീരിയലുകളുമുണ്ട്.

ആറടിയിലധികം ഉയരവും അതിനൊത്ത വണ്ണവുമുള്ള ശ്രീ ജോർജ്ജിന് കാഴ്ചയിൽ ഒരു വില്ലൻ പ്രകൃതമായതിനാൽ വില്ലൻ കഥാപാത്രങ്ങളാണ് സിനിമയിലും സീരിയലിലും ലഭിക്കുന്നത്. മുരടൻ സ്വഭാവം അഭിനയത്തിൽ മാത്രമേയുള്ളു. കലാപ്രേമികൾ വില്ലനായി കാണുന്ന സ്ഫടികം ജോർജ്ജ് ഇന്നൊരു വചനപ്രഘോഷകൻകൂടിയാണെന്ന വസ്തുത അധികമാരും മനസ്സിലാക്കാത്ത രഹസ്യമാണ്. സിനിമാ സീരിയൽ ഷൂട്ടിംഗിന്

www.malankaralibrary.com

പോകുമ്പോൾ ബൈബിൾ കൈയ്യിൽ കരുതും. ഒഴിവുവേളകളിൽ ബൈബിൾ പാരായണത്തിനും വചനം പങ്കുവയ്ക്കലിനുമായി വിനിയോഗിക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യം കണക്കിലെടുത്ത് ഇപ്പോൾ കുടുംബം ബാംഗ്ലൂരിലാണ് താമസം. അഭിനയജീവിതത്തിനിടയിൽ മതപരമായ ചില ദൃശ്യവിഭവങ്ങളൊരുക്കുന്ന ഉദ്യമത്തിനും ഈ കലാകാരൻ നേതൃത്വം നൽകുന്നു.


സ്ഥിരം വില്ലൻ വേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഈ കലാകാരൻ മൃദുലമായ മനസ്സിന്റെ ഉടമയാണ്. കുട്ടികളെപ്പോലെ നിഷ്കളങ്കൻ. ജീവിതനൈരാശ്യം മൂലം മനസ്സ് കടൽപോലെ പ്രക്ഷുബ്ധമായപ്പോൾ ആത്മഹത്യയ്ക്ക് ശ്രമിച്ചത് വലിയ അപരാധമായെന്ന തോന്നൽ മനസ്സിനെ ഇപ്പോൾ പീഡിപ്പിക്കുന്നുണ്ട്. വചനങ്ങളുമായി അടുത്തപ്പോൾ മനസ് ശാന്തമായെന്നാണ് ഈ കലാകാരന്റെ മനസ് ഇപ്പോൾ മന്ത്രിക്കുന്നത്.

മറ്റുള്ളവരെ വചനങ്ങളുമായി അടുപ്പിക്കുവാൻ കഴിയുന്നതും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത് പശ്ചാത്താപം കൊണ്ടാണ്. ആത്മഹത്യാജ്വരം നൈമിഷികമായുണ്ടാകുന്ന പ്രേരണയാണ്. ജീവിതം ദാനം ചെയ്ത ദൈവത്തിനുമാത്രമേ ജീവിതം തിരിച്ചെടുക്കാനധികാരമുള്ളുവെന്നും ജീവിതം സ്വയം നശിപ്പിക്കുവാൻ ഒരു വ്യക്തിയും തുനിയരുതെന്നുമാണ് ജോർജിന്റെ വിശ്വാസപ്രമാണം.

വിലാസം - ജോർജ് ആന്റണി, നമ്പർ 5 - അഞ്ചനപ്പലേഔട്ട്, 3 ക്രോസ്, ഹോറമാമ്പു, ബാൻസുവാടി, ബാംഗ്ലൂർ-560043.

# 389

# പി. സി തോമസ് എം. പി



കേരളത്തിന്റെ സമഗ്രമായ പുരോഗതിക്കുവേണ്ടി പാർലമെന്റിനകത്തും പുറത്തും വീറോടെ വാദിക്കുകയും അധികാരികളുടെ ശ്രദ്ധപിടിച്ചുപറ്റി പല നല്ല പദ്ധതികളും നടപ്പിലാക്കുകയും ചെയ്ത അഡ്വ. പി.സി തോമസ് എം.പി, കേരളത്തിലെ അതിപ്രശസ്തനായിരുന്ന ആഭ്യന്തരമന്ത്രി പി.ടി.ചാക്കോയുടെയും ഭാര്യ മറിയാമ്മയുടെയും മകനായി 1950 ഒക്ടോബർ 31-ന് ഭൂജാതനായി. വാഴൂർ ചാമംപതാലിൽ പുള്ളോലിൽ കുടുംബത്തിലാണ് ജനനം. സ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിൽ നിന്നും ബിരുദം നേടി. തിരുവന്തപുരം ലോകോളേജിൽനിന്ന് എൽ.എൽ.ബി ബിരുദവും നേടി അഭിഭാഷകനായി ജോലിയാരംഭിച്ചു.

അഭിഭാഷകവൃത്തിയിലേക്ക് തിരിഞ്ഞപ്പോൾ സമ്പാദ്യം കാലിയായ

www.malankaralibrary.com

പോക്കറ്റായിരുന്നു. അധികം താമസിക്കാതെ കോട്ടയത്തെ പ്രമുഖനായ ഒരു അഭിഭാഷകനായി തോമസ് മാറി. തൊഴുപുഴയിലേക്ക് അധികം താമസിയാതെ പ്രാക്ടീസ് മാറ്റി. അഭിഭാഷകരംഗത്ത് പ്രശസ്തിയിലേക്കുയർന്ന തോമസിനൊപ്പം ഒന്നര ഡസനോളം അഭിഭാഷകർ ജൂണിയേഴ്സായി ഉണ്ടായിരുന്നു. ഇതിനകം സാമൂഹ്യപ്രവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചു. 1977-ൽ അഖിലകേരളകത്തോലിക്കാ കോൺഗ്രസ്സ് ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. അതേതുടർന്ന് എ,.കെ.സി.സി ബുള്ളറ്റിന്റെ ചീഫ് എഡിറ്ററായി. 1980-ൽ നായനാർ മന്ത്രിസഭയുടെ കാലത്ത് ക്രമസമാധാനനില തകരാറിലായപ്പോൾ, അതേപ്പറ്റി പഠിക്കാൻ ഒരു കമ്മറ്റിയെ എ.കെ.സി.സി നിയോഗിച്ചു. ആ കമ്മറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോൺഗ്രസ്സ് ചെയ്ത നടപടികൾ ശ്ലാഘനീയമായിരുന്നു. മൂന്നുവർഷത്തിനുശേഷം എ,കെ.സി.സി. യൂത്ത് കമ്മീഷൻ ചെയർമാനായും കോതമഗലം രൂപതാപ്രസിഡന്റായും ശ്രീ. തോമസ് പ്രവർത്തിച്ചു.

നിയമപുസ്തകവും കേസുമായി മുന്നോട്ടുനീങ്ങിയ തോമസിനെ 1987-ൽ വാഴൂർനിന്നും നിയമസഭയിലേക്ക് മത്സരിക്കാൻ കേരളാകോൺഗ്രസ്സ് (എം) നിയോഗിച്ചു. ആ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. 1989-ൽ പാർലമെന്റിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ മുവാറ്റുപുഴ മണ്ഡലത്തിൽ നിന്നും പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. റിക്കാർഡ് ഭൂരിപക്ഷത്തിലാണ് പിന്നീട് നടന്ന തിരഞ്ഞെടുപ്പുകളിൽ മുവാറ്റുപുഴനിന്നും പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. കഴിഞ്ഞ 5 തവണയും യാതൊരുവിധ ആശങ്കകളും കൂടാതെ തിരഞ്ഞെടുപ്പിനെ നേരിട്ടു. 1999-ലെ തിരഞ്ഞെടുപ്പിൽ വമ്പിച്ച ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ട തോമസിനെ കേരളാകോൺഗ്രസ്സിൽ നിന്നും(എം) പുറംതള്ളി. തോമസ് ഐ.എഫ്.ഡിപി. എന്ന പാർട്ടി രൂപീകരിക്കുകയും പിന്നീട് വാജ്പേയ് മന്ത്രിസഭയിൽ സഹമന്ത്രിയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഇതിനിടയിൽ കേരള ബാർ കൗൺസിൽ അംഗം, ടൂറിസം കൺസൾട്ടേറ്റീവ് കമ്മറ്റിയംഗം, റബ്ബർബോർഡ് അംഗം, സ്പൈസസ് ബോർഡ് അംഗം, വ്യവസായ കൺസൾട്ടേറ്റീവ് അംഗം, നാഷണൽ ഷിപ്പിംഗ് ബോർഡംഗം, പാർലമെന്റ് എസ്റ്റിമേറ്റ് കമ്മറ്റിയംഗം, കമ്മ്യൂണിക്കേഷൻ കമ്മറ്റിയംഗം, വ്യോമയാന കമ്മറ്റിയംഗം, തുടങ്ങിയ വൈവിധ്യമാർന്ന സേവന മേഖലകളിൽ തോമസ് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

2004 മെയ് 7-ാം തീയതി മംഗളംപത്രത്തിൽ പ്രത്യേക ലേഖകൻ ഇപ്രകാരം എഴുതി. "ഒന്നര പതിറ്റാണ്ടു നീണ്ട പാർലമെന്ററി പ്രവർത്തനം കേരളം കണ്ട ഏറ്റവും ജനപ്രിയനായ എം.പി എന്ന വിശേഷണമാണ് തോമസിന് നേടിക്കൊടുത്തത്. കേരളത്തിന്റെ കാർഷികമേഖലയ്ക്കുവേണ്ടി ലോക്സഭയിൽ ഇത്രയേറെ ശബ്ദമുയർത്തിയ മറ്റൊരു ജനപ്രതിനിധിയും കേരള ചരിത്രത്തിലുണ്ടായിട്ടില്ല. പാർലമെന്റിനകത്തും പുറത്തും തോമസ് നടത്തിയ ഒറ്റയാൻ പോരാട്ടങ്ങൾ മിക്കവയും ഫലപ്രാപ്തിയിലെത്തുകയും

www.malankaralibrary.com

ചെയ്തു.

ഒന്നര പതിറ്റാണ്ടുകളിലെ പി.സി. തോമസിന്റെ പാർലമെന്ററി ജീവിതത്തിന്റെ ആകെ ചരിത്രമെന്നത് കർഷകർക്കുവേണ്ടിയുള്ള പോരാട്ടങ്ങളുടെ ചരിത്രമായിരുന്നു. കർഷകർക്കുവേണ്ടി കേന്ദ്രം പ്രഖ്യാപിച്ച 500 കോടിയുടെ ബൃഹത് പദ്ധതി പി.സി.യുടെ കഠിനപ്രയത്നത്തിന്റെ ഫലംതന്നെയായിരുന്നു. റബർ, കാപ്പി, തേയില, മറ്റ് നാണ്യവിളകൾ എന്നിവയ്ക്ക് വിലത്തകർച്ചയുണ്ടായപ്പോൾ മൗനം പാലിച്ച കേരള എം.പി.മാരിൽ നിന്നും വ്യത്യസ്തനായിരുന്നു പി.സി. ആർക്കൊക്കെ അനിഷ്ടങ്ങളുണ്ടായാലും കർഷകരുടെ ഭാഗത്തുനിന്നും അണുവിട വ്യതിചലിക്കില്ലെന്ന ദൃഢനിശ്ചയത്തോടെ പി.സി. നടത്തിയ ഒറ്റയാൻ പോരാട്ടങ്ങളുടെ അനന്തരഫലം തന്നെയായിരുന്നു കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് താങ്ങായി മാറിയ 500 കോടിയുടെ കേന്ദ്രപദ്ധതി.

റബറിനുവേണ്ടിയുള്ള സമരം പാർലമെന്റംഗമായതുമുതൽ ആരംഭിച്ചതാണ് പി.സി. അദ്ദേഹം ആദ്യമായി തെരഞ്ഞെടുക്കപ്പെടുന്ന കാലത്തും റബർവില ഇരുപതിനോടടുത്ത നിലയിലായിരുന്നു. റബർ കണ്ടിട്ടില്ലാത്ത ഭരണാധികാരികൾക്കു മുൻപിലേക്ക് റബർഷീറ്റുമായി ചെന്നാണ് അദ്ദേഹം റബറിനുവേണ്ടി വാദിച്ചത്. പാർലമെന്റിനു മുൻപിലും അകത്തളങ്ങളിലും സമരം നീണ്ടു. അങ്ങനെയാണ് റബർ ഇറക്കുമതിക്ക് നിയന്ത്രണമേർപ്പെടുത്തുവാൻ കേന്ദ്രം സമ്മതിച്ചത്. കയറ്റുമതിക്ക് പ്രോത്സാഹനമായി സബ്സിഡിയും കേന്ദ്രം ഏർപ്പെടുത്തി. ഇറക്കുമതി കുറയുകയും കയറ്റുമതി വർദ്ധിക്കുകയും ചെയ്തതോടെ റബർവില കുത്തനെ ഉയരാൻ തുടങ്ങി. കഴിഞ്ഞ ഒന്നര വർഷത്തോളമായി ഇടിവില്ലാതെ ഈ വില തുടരുകയും ചെയ്യുന്നു.

റബറിന് ഭാവിയിലും വിലയിടിവുണ്ടാകരുതെന്ന് കരുതിയാണ് റബറിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ പി.സി. ആരംഭിച്ചത്. റോഡ് റബറൈസേഷനായിരുന്നു ഇതിനുവേണ്ടി പി.സി. കണ്ടെത്തിയ മാർഗ്ഗം. കേരളത്തിൽ പരീക്ഷിച്ച് വിജയംകണ്ട റോഡ് റബറൈസേഷൻ കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനും അദ്ദേഹത്തിനുകഴിഞ്ഞു. രാജ്യമെമ്പാടും ഇപ്പോൾ റബറൈസ്ഡ് റോഡുകൾ അംഗീകരിക്കപ്പെട്ടതോടെ ഭാവിയിലെങ്ങും റബർവില കർഷകർക്കെതിരാകില്ലെന്ന നില വന്നു.

കാർഷികകെടുതിയിൽപ്പെട്ട് നട്ടംതിരിഞ്ഞ കർഷരുടെ വായ്പകൾക്ക് പലിശ ഒഴിവാക്കിക്കൊണ്ട് ഇടപാട് തീർക്കുവാൻ കേന്ദ്രത്തെക്കൊണ്ട് നിലപാടെടുപ്പിച്ചതിനു പിന്നിലും പി.സി.യായിരുന്നു. 50000 വരെയുള്ള കാർഷിക കടങ്ങൾക്കും 25000 വരെയുള്ള ചെറുകിട കടങ്ങൾക്കും പലിശ പൂർണമായും ഒഴിവാക്കാനായിരുന്നു കേന്ദ്രനിർദ്ദേശം. സഹകരണ ബാങ്കുകൾക്കുകൂടി ഇത് ബാധകമാക്കണമെന്നാവശ്യപ്പെട്ട് പി.സി. നടത്തിയ സമ്മർദ്ദവും ഫലപ്രാപ്തിയിലെത്തി. വായ്പകൾമൂലം നട്ടം തിരിയുന്ന കർഷകരെ സഹായിക്കുന്നതിനായി കേന്ദ്ര ബജറ്റിൽ സഹകരണ മേഖലയ്ക്ക് 15000 കോടി

www.malankaralibrary.com

മാറ്റിവച്ചതും ഇദ്ദേഹത്തിന്റെ സമ്മർദ്ദഫലമായിരുന്നു.

നാളികേരത്തിന്റെ പ്രാധാന്യം ഭാരതമെമ്പാടും എത്തിച്ച് കേരളത്തിലെ നാളികേര കർഷകരെ രക്ഷിക്കുന്നതിന് ഡൽഹിയിൽ തോമസ് സംഘടിപ്പിച്ച കോക്കനട്ട് മാർച്ച് രാജ്യശ്രദ്ധ ആകർഷിച്ചു. 47 എം.പി. മാരടക്കം നൂറുകണക്കിന് പ്രമുഖരാണ് മാർച്ചിൽ പങ്കെടുത്തത്. കേരളത്തിലെ കാർഷിക വിളകൾ കേടുകൂടാതെ അതത് സമയങ്ങളിൽ ഡൽഹിയിൽ എത്തിക്കുന്നതിനായി ട്രെയിനുകളിൽ പ്രത്യേക ശീതീകരണ സംവിധാനമുള്ള ബോഗി അനുവദിക്കണമെന്ന ആവശ്യവും കേന്ദ്രം അനുവദിച്ചു.

നാടിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പി.സി. തോമസിന് കഴിഞ്ഞു. കാഞ്ഞിരപ്പള്ളിയിലൂടെ ഒരു ദേശീയപാത എന്നത് നാട്ടുകാരുടെ വിദൂരസ്വപ്നം മാത്രമായിരുന്നു. എന്നിട്ടും കൊല്ലം - തേനി ദേശീയപാത നേടിയെടുക്കുന്നതിനും അതിന്റെ നിർമ്മാണം ആരംഭിക്കുന്നതിനും കഴിഞ്ഞത് പി.സി. തോമസിന്റെ ഏറ്റവും ശ്രദ്ധേയമായ നേട്ടങ്ങളാണ്. മൂവാറ്റുപുഴ, കോതമംഗലം, പിറവം, കുന്നത്തുനാട് എന്നീ നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന എൻ.എച്ച്. 49 എന്ന കൊച്ചി - മധുര ദേശീയപാതയുടെ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനും ഇദ്ദേഹത്തിന്റെ ശ്രമങ്ങൾക്ക് കഴിഞ്ഞു. മൂവാറ്റുപുഴ മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ വികസനത്തിനായി മാത്രം പ്രധാനമന്ത്രിയുടെ ഗ്രാമവിഥി പദ്ധതിയിൽനിന്നും 20 കോടി രൂപയാണ് പി.സി. നേടിയെടുത്തത്. ഇപ്പോൾ കിലോമീറ്ററിന് മൂന്നോ നാലോ ലക്ഷം മാത്രം ചെലവഴിക്കുന്ന കേരളത്തിലെ പൊതുമരാമത്ത് റോഡുകളുടെ സ്ഥാനത്ത് കിലോമീറ്ററിന് 20 ലക്ഷം രൂപ മുടക്കി നിർമ്മിക്കുന്ന ഈ റോഡുകൾ ഗ്രാമങ്ങളുടെ മുഖഛായതന്നെ മാറ്റും. യാത്രാസൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യും.

ക്രിസ്ത്യൻ തീർത്ഥാടന കേന്ദ്രമായ വേളാങ്കണ്ണിയിലേയ്ക്കും മുസ്ലീം തീർത്ഥാടന കേന്ദ്രമായ നാഗൂരിലേക്കും പോകുവാൻ പ്രയോജനം ചെയ്യത്തക്കവിധം വേളാങ്കണ്ണിയിലേയ്ക്ക് 5 കോടി രൂപയുടെ പുതിയ റെയിൽപാത വാജ്പേയ് സർക്കാരിനെക്കൊണ്ട് അനുവദിപ്പിക്കുവാൻ തോമസിന്റെ ശ്രമങ്ങൾക്ക് കഴിഞ്ഞു.

മലയാളികൾക്ക് പ്രയോജനം ചെയ്യപ്പെടുന്നവിധം ഡൽഹിയിലേയ്ക്ക് മംഗളാ എക്സ്പ്രസ് എന്ന ട്രെയിൻകൂടി അനുവദിച്ചത് തോമസിന്റെ ശ്രമഫലമായിട്ടായിരുന്നു. ഇതിനായി കേന്ദ്രശ്രദ്ധയാകർഷിക്കുന്നതിന് 10 ലക്ഷം പേർ ഒപ്പിട്ട നിവേദനം നൽകുകയും ഡൽഹിയിൽ ട്രെയിൻ കഴുകി മാതൃകാപരമായ സമരം നടത്തുകയും ചെയ്തു. മൂവാറ്റുപുഴ ലോക്സഭാ മണ്ഡലത്തിന്റെ എല്ലാ താലൂക്കുകളെയും ബന്ധിപ്പിക്കുന്ന അങ്കമാലി - ശബരിമല റെയിൽപാത തോമസിന്റെ കഠിനപ്രയത്നത്തിന്റെ ഫലം തന്നെയായിരുന്നു. എരുമേലിയിലും പാലായിലും റെയിൽവേ റിസർവേഷൻ കേന്ദ്രം അനുവദിപ്പിക്കുന്നതിനും തോമ

www.malankaralibrary.com

സിന് സാധിച്ചു. രൂക്ഷമായി കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ കേന്ദ്രപദ്ധതിയായ സ്വജലധാര കുടിവെള്ളപദ്ധതി പാർലമെന്റ് മണ്ഡലത്തിന്റെ വിവിധഭാഗങ്ങളിൽ നേടിയെടുക്കുന്നതിനും തോമസിന് സാധിച്ചു. മൂവാറ്റുപുഴ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ ടെലഫോൺ എക്സ്ചേഞ്ചുകൾ അനുവദിപ്പിക്കുന്നതിനും പ്രധാനകേന്ദ്രങ്ങളിൽ സ്റ്റേഡിയങ്ങൾ അനുവദിപ്പിക്കുന്നതിനും തോമസിന് കഴിഞ്ഞു. എം.പി. ഫണ്ടുവഴി വികസനപ്രവർത്തനങ്ങൾ വിപുലമായ തോതിൽ നടത്തി. ആയിരക്കണക്കിന് നിർദ്ധനരായ രോഗികൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാസഹായങ്ങൾ നേടിയെടുക്കാനും സാധിച്ചു. 8 കോടിയിൽപരം രൂപാ ഈയിനത്തിൽ കേരളത്തിലേയ്ക്ക് വിതരണം ചെയ്തു. മദർതെരേസായെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ കേന്ദ്രഗവൺമെന്റിനെ പ്രതിനിധീകരിച്ച് പി.സി. തോമസ് പങ്കെടുക്കുകയുണ്ടായി. മതന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഡൽഹിയിൽ തോമസ് ഒരു ഉറ്റ സുഹൃത്തായിരുന്നു. മദ്രസകൾക്ക് കേന്ദ്രസഹായം ലഭ്യമാക്കുന്നതിനും ക്രിസ്ത്യൻ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനും ഹജ്ജ് തീർത്ഥാടകർക്കുള്ള സബ്സിഡി നിർത്തലാക്കുവാനുള്ള ശ്രമങ്ങൾ തടയുന്നതിനും ശ്രീ തോമസ് ചെയ്ത ശ്രമങ്ങൾ പ്രശംസാർഹമാണ്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള മൗലാനാ ആസാദ് ട്രസ്റ്റ് കൂടുതൽ ശക്തമാക്കുവാൻ ശ്രമിച്ചതും തോമസ്തന്നെ.

ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ ആരാധനാലയങ്ങളോട് ചേർന്നുള്ള ഊട്ടുപുര മദ്രസ, പാരീഷ്ഹാൾ തുടങ്ങിയവർക്ക് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ സേവന നികുതി പിൻവലിപ്പിക്കുവാനും തോമസിന് സാധിച്ചു. എരുമേലിയിലെ ടൂറിസം കോംപ്ലക്സും മാറാംപള്ളിയിലെ എം.ഇ.എസ്. കോളേജ് അങ്കണത്തിൽ ഹജ്ജ് തീർത്ഥാടകർക്കായി 10 ലക്ഷം രൂപാ മുടക്കി സ്ഥാപിച്ച കോപ്ലക്സും തോമസിന്റെ നേട്ടങ്ങളാണ്. കേന്ദ്രനിയമസഹമന്ത്രിയായിരുന്നപ്പോൾ ചുരുങ്ങിയ സമയംകൊണ്ട് 11 അതിവേഗ കോടതികൾ പ്രവർത്തനസജ്ജമാക്കുവാൻ തോമസിന് സാധിച്ചു. കേരളഹൈക്കോടതിക്ക് കെട്ടിടം പണിയാൻ 10 കോടി അനുവദിച്ചതും കോടതികൾക്കായി കേരളം സമർപ്പിച്ച 23 കോടിയുടെ പദ്ധതിക്ക് അംഗീകാരം നേടുവാനും തോമസിന് സാധിച്ചു.


തോമസിന്റെ അനുപമമായ കർമ്മശേഷിയും ഹൃദയ നൈർമ്മല്യമുള്ള പെരുമാറ്റവും വിനയം കലർന്ന വാക്കുകളും പ്രവർത്തിയും ശ്രീ തോമസിനെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തനാക്കുന്നു. ആ വ്യത്യസ്തതയാണ് 2004 ൽ നടന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഇടതുമുന്നണിയേയും വലതുമുന്നണിയേയും നേരിട്ട് വിജയം വരിക്കാൻ തോമസിനെ സഹായിച്ചത്. ഇപ്പോഴും പാർലമെന്റ് മെമ്പർ എന്ന നിലയിൽ തോമസ് സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നു.

തോമസിന്റെ സഹധർമ്മിണി ഇടയാടിയിൽ മേരിക്കുട്ടിയാണ്.

Address: Sri. P.C. Thomas M.P., Kumaranasan Road, Kadavanthara, Ernakulam

www.malankaralibrary.com

# 390



# റവ. ഡോ. മാത്യു മലേപ്പറമ്പിൽ

അദ്ധ്യാപകൻ, ഗവേഷകൻ, ശാസ്ത്രജ്ഞൻ, ഭരണകർത്താവ് എന്നിങ്ങനെ വിവിധ നിലകളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ഡോ. മാത്യു മലേപ്പറമ്പിൽ ഏഴാച്ചേരി ഇടവകയിൽ മത്തായി മറിയം ദമ്പതികളുടെ മകനായി 1951 ഫെബ്രുവരി 4-ാം തീയതി ജനിച്ചു. പ്രൈമറി വിദ്യാഭ്യാസം ഏഴാച്ചേരി സെന്റ് ജോൺ പ്രൈമറി സ്കൂളിലും മിഡിൽ സ്കൂൾ വിദ്യാഭ്യാസം ഏഴാച്ചേരി ഗോവിന്ദവിലാസം സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം രാമപുരം സെന്റ് അഗസ്റ്റിൻസ് സ്കൂളിലുമായിരുന്നു. തുടർന്ന് പാലാ രൂപതയ്ക്കുവേണ്ടി ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്നു. പ്രീഡിഗ്രി വിദ്യാഭ്യാസവും മൈനർ സെമിനാരി പഠനത്തോടൊപ്പം നടന്നു. ആലുവാ മംഗലപ്പുഴ സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ബ്രദർ മാത്യു 1975 ഡിസംബർ 21-ാം തീയതി മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

തുടർന്ന് പാലാ സെന്റ് തോമസ് കോളേജിൽ ചേർന്ന് 1981 ൽ ബി.എസ്.സി. ബിരുദവും 1983 ൽ എം.എസ്.സി. ബിരുദവും നേടി. 1984 ൽ കുറവിലങ്ങാട് ദേവമാതാ കോളേജിൽ ബോട്ടണി വിഭാഗം അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. 1989 ൽ പാലാ സെന്റ് തോമസ് കോളേജിൽ അദ്ധ്യാപകനായി ചേർന്നു. 1990 ൽ കോഴിക്കോട് യൂണിവേഴ്സിറ്റിയിൽനിന്നും എം.ഫിൽ. കരസ്ഥമാക്കി. 1999 ൽ ബയോടെക്നോളജി ഡിപ്പാർട്ടുമെന്റിൽ നിന്നും (കോഴിക്കോട് യൂണിവേഴ്സിറ്റി) ഡോക്ടറേറ്റ് നേടി.

2001 ഏപ്രിലിൽ പാലാ സെന്റ് തോമസ് കോളേജിൽ പ്രിൻസിപ്പലായി ചുമതലയേറ്റു. ഒരേസമയം അദ്ധ്യാപകനായും ഗവേഷകനായും ശാസ്ത്രജ്ഞനായും ഭരണകർത്താവായും അദ്ദേഹം പ്രവർത്തിച്ചു. ഫാ.മാത്യു റിട്ടയർ ചെയ്തപ്പോൾ ഡോ. ഡേവിഡ് സേവ്യർ ദീപനാളത്തിൽ ഇപ്രകാരം എഴുതി.

"ഭരണാധിപൻ എന്ന നിലയിലുള്ള മലേപ്പറമ്പിലച്ചന്റെ വൈഭവമാണ് കോളേജിന്റെ വികസനത്തെ ത്വരിതപ്പെടുത്തിയത്. ബിരുദത്തിലും ബിരുദാനന്തരതലത്തിലും മുടങ്ങാതെ നടത്തുന്ന കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ, മത്സരപ്പരീക്ഷകൾക്കായി ഏർപ്പെടുത്തിയ കോച്ചിംഗ് ക്ലാസുകൾ വിവിധ ഫണ്ടിംഗ് ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കിയ പദ്ധതികൾ എന്നിവ അവയിൽ ചിലതുമാത്രം.

വിദ്യാഭ്യാസസംബന്ധിയായ കോളേജ് പ്രവർത്തനങ്ങൾ സമൂഹത്തിന് പ്രയോജനപ്പെടണം എന്ന ലക്ഷ്യംവച്ച് ഫാ. മാത്യു രൂപീകരിച്ച 'റാക്സെൽ

www.malankaralibrary.com

കേരളത്തിലെ പ്രൈവറ്റ് കോളജിലെ തന്നെ ആദ്യസംരംഭമാണ്. ടിഷ്യു കൾച്ചിനെപ്പറ്റി മലേപ്പറമ്പിലച്ചൻ നിർമ്മിച്ച രണ്ട് പ്രോഗ്രാമുകൾ ദൂര ദർശൻകേന്ദ്രം സംപ്രേഷണം ചെയ്തിരുന്നു. സമീപവാസികളായ കർഷ കരുമായി ചേർന്ന് അവർക്ക് പ്രയോജനകരങ്ങളായ പല പദ്ധതികളും അച്ചൻ ആസൂത്രണം ചെയ്തിരുന്നു. ഈ സദുദ്യമത്തിന്റെ പേരിൽ കൃഷിവകുപ്പ് പൊന്നാട നൽകി അച്ചനെ ആദരിച്ചു.

2005 മുതൽ യു.ജി.സിയുടെ ധനസഹായത്തോടെ ബിരുദ വിദ്യാർത്ഥി കൾക്കായി ആരംഭിച്ച ആഡോൺ കോഴ്സുകൾ, എം.എസ്.സി. ബയോ സ്റ്റാറ്റിസ്റ്റിക്സ്, എം.എസ്.സി. ബയോടെക്നോളജി ബി.എ. കമ്മ്യൂണിക്കേ റ്റീവ് ഇംഗ്ലീഷ്, ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മൂന്ന് കമ്പ്യൂട്ടർ ലാബുകൾ മുതലായവ സെന്റ് തോമസ് കോളേജിന്റെ ചരിത്രവഴികളിൽ നാഴികക്കല്ലുകളായിത്തീർന്നു.

2006 മാർച്ച് 16 ന് ഉദ്ഘാടനം ചെയ്ത എല്ലാവിധ ആധുനിക സൗക ര്യങ്ങളുമുള്ള ലൈബ്രറി കാലഘട്ടത്തിന്റെ ആവശ്യം തൃപ്തിപ്പെടുത്താൻ ഇന്ന് സജ്ജമാണ്.

പ്രൈവറ്റ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ സെക്രട്ടറി എന്ന നിലയിൽ മലേപ്പറമ്പിലച്ചൻ നടത്തിയ പ്രവർത്തനങ്ങൾ കേരളത്തിന്റെ മുഴു വൻ ശ്രദ്ധപിടിച്ചുപറ്റുകയുണ്ടായി. കോളേജു ക്യാമ്പസുകളിലെ രാഷ്ട്രീയ നിരോധനം അച്ചന്റെ ശ്രമഫലമായി നേടിയെടുത്തതാണ്. അച്ചൻ കോട തിയെ ആശ്രയിച്ചില്ലായിരുന്നുവെങ്കിൽ ക്യാമ്പസ് രാഷ്ട്രീയം നിരോധിക്കു കയില്ലായിരുന്നു. കോളേജുകളിൽ ഇന്നും അക്രമങ്ങളും രാഷ്ട്രീയ പ്രേരി തമായ സംഘട്ടനങ്ങളും തുടരുമായിരുന്നു. ഈ വിധിയോടുകൂടി കേരള ത്തിലെ മാതാപിതാക്കളുടെ മനസ്സിൽ അച്ചൻ സ്ഥാനംപിടിച്ചിരിക്കുകയാ ണ്. അച്ചന്റെ വ്യക്തിപരവും ഭരണപരവുമായ മികവിന് ലഭിച്ച അംഗീകാര മായി ഈ വിധിയെ കണക്കാക്കാവുന്നതാണ്. തന്റെ കഴിവുകളെ ഒന്നു പോലും മരവിപ്പിക്കാതെ കോളേജിനുവേണ്ടി പ്രവർത്തിച്ചതിന്റെ ഫലമായി ഇന്ത്യയിലെ ഏറ്റവും നല്ല പ്രിൻസിപ്പലിനുള്ള ഹിഗിൻബോദാം അവാർഡ് മലേപറമ്പിലച്ചന് ലഭിക്കുകയുണ്ടായി.

ഡോ. ഡേവീസ് സേവ്യറിന്റെ ലേഖനത്തിലെ ഒരുഭാഗംകൂടി ഉദ്ധരിക്കാം.

സ്വന്തം നിലപാടുതറയിൽ ഉറച്ചുനിന്നുകൊണ്ട്, നീരക്ഷീരങ്ങളെ വേർതിരിക്കുന്ന ഹംസവൈഭവത്തോടെ പ്രവർത്തിച്ചതാകാം ഓരോ വിജ യത്തിന്റെയും പിന്നിലെ മൗലിക രഹസ്യം. പാലാ സെന്റ് തോമസ് കോള ജിന്റെ ചരിത്രപഥങ്ങളിൽ ഏറ്റവും തിളക്കമാർന്ന കാലഘട്ടം ഏതെന്ന ചോദ്യ ത്തിന് ഒരുപക്ഷേ, കാലം നൽകുന്ന ഉത്തരം മലേപ്പറമ്പിലച്ചന്റെ കാലം എന്നാവാം. ഇങ്ങനെ കാലത്തിന്റെ കയ്യൊപ്പു പതിപ്പിച്ച് കൃതർത്ഥതയോടെ തിരിഞ്ഞുനടക്കുമ്പോൾ, തന്റെ ഇന്നലെകളിലെ ഓരോ നിമിഷത്തെയും ഓർത്ത് ആ ശ്രേഷ്ഠവൈദികന് അഭിമാനിക്കാതിരിക്കാനാവില്ല. ഒപ്പം

www.malankaralibrary.com


അതിന്റെ ഗുണഭോക്താക്കൾക്കും.

ഒരു ശാസ്ത്രജ്ഞൻ എന്ന നിലയിൽ ഡോ. മാത്യു മലേപ്പറമ്പിൽ കൈവരിച്ച നേട്ടങ്ങൾ പ്രശംസാർഹമാണ്.

Address - Rev. Dr. Mathew Maleparambil, Principal,
Bishop Vayalil Holy Cross College, Cherpumkal, 686574.

# 391

# ജോസ് മാവേലി



"നാളത്തെ ലോകത്തെ രൂപപ്പെടുത്തേണ്ടത് ഇന്നത്തെ കുട്ടികളാണ്. ഇന്നത്തെ കുട്ടികളുടെ കരങ്ങളിലാണ് നാളത്തെ ലോകത്തിന്റെ ഭാവി സ്ഥിതി ചെയ്യുന്നത്. പല നേതാക്കന്മാരും പ്രസംഗിക്കുമ്പോൾ പറഞ്ഞുകേൾക്കുന്ന വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചത്. നാളത്തെ ലോകത്തെ രൂപപ്പെടുത്തേണ്ട കുട്ടികളുടെ ഇന്നത്തെ സ്ഥിതി എന്താണ്? പ്രസംഗിക്കുന്നവരും കേൾക്കുന്നവരും ചിന്തിക്കുന്നില്ല.

പതിനാല് വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും നിർബന്ധിത വിദ്യാഭ്യാസം നൽകണമെന്നാണ് നിയമം. എന്നാൽ പതിനാല് വയസ്സിൽ താഴെയുള്ള കുട്ടികൾ വെടിമരുന്നുശാലകളിലും ഇഷ്ടികക്കളങ്ങളിലും വൻകിട ഹോട്ടലുകളിലും തൊഴിൽശാലകളിലും കഠിനമായ ജോലിചെയ്ത്കഴിയുന്നു. അതേസമയം അനേകം കുട്ടികൾ തെരുവിൽ അലഞ്ഞു തിരിയുന്നു. പലകുട്ടികളെയും ഭിക്ഷാടനത്തിനായി ഉപയോഗിക്കുന്നു. ഇതൊക്കെ കാണുന്ന ജനങ്ങൾ അതോടൊന്നും പ്രതികരിക്കാതെ നിസംഗതാമനോഭാവം പുലർത്തുന്നു. നാളത്തെ ലോകത്തിന്റെ ഭാവി നോക്കേണ്ട ഇന്നത്തെ കുട്ടികളുടെ കരളലിയിക്കുന്ന കഥകൾ കേൾക്കാനോ കാണാനോ നാമാരും തയ്യാറല്ല. എല്ലാവരും അങ്ങനെയല്ല. ഒറ്റപ്പെട്ട ചില മനുഷ്യസ്നേഹികൾ - കുട്ടികളോട് സ്നേഹമുള്ളവർ കണ്ടെന്നു വരാം. അത്തരത്തിൽ ചിന്തിക്കുന്ന ഒരു മനുഷ്യസ്നേഹിയാണ് ജോസ് മാവേലി.

തെരുവിൽ അലയുന്ന കുട്ടികളെ കണ്ട് കണ്ണീർ പൊഴിച്ച ജോസ് മാവേലി, ബാലഭിക്ഷാടനം കണ്ട് ഹൃദയം വേദനിച്ച ജോസ് മാവേലി, ഇന്ന് ചെയ്യുന്ന ബൃഹത്തായ സേവനങ്ങളെപ്പറ്റി അധികമാരും അറിയുന്നില്ല. അദ്ദേഹത്തെപ്പോലെയുള്ള ആയിരക്കണക്കിന് മാവേലിമാർ ഇന്ന് നമ്മുടെ രാജ്യത്തിന് ആവശ്യമാണ്. തെരുവിൽ അലയുന്ന കുട്ടികളെ രക്ഷപെടുത്തുന്നതിനും ബാലഭിക്ഷാടന നിർമ്മാർജ്ജനത്തിനുമായി തീവ്രശ്രമം നടത്തുന്ന ജോസ് മാവേലി ഇപ്പോൾ മുഴുവൻ സമയവും സാമൂഹ്യസേവന പ്രവർത്തനത്തിലാണ്. ആ സാമൂഹ്യസേവനസാരഥി ജനസേവാ ശിശുഭവൻ രൂപീ

www.malankaralibrary.com

കരിച്ചുകൊണ്ടാണ് പ്രവർത്തനത്തിലേക്ക് ഇറങ്ങി തിരിച്ചത്. ആലുവാ യു.സി. കോളേജിന് സമീപമാണ് ജനസേവാശിശുഭവന്റെ പ്രഥമകേന്ദ്രം. ആ കേന്ദ്രത്തിന്റെ തുടക്കം മുതൽ സ്ഥാപകഡയറക്ടറുമാണ് മാവേലി. ഭിക്ഷാടനത്തിൽനിന്നും രക്ഷപെടുത്തിയവരടക്കം അനാഥരും നിരാലംബരുമായ മുന്നൂറോളം കുട്ടികളെ ജനസേവാശിശുഭവനിൽ സംരക്ഷിക്കുന്നു. 1996-ലാണ് ഈ ശ്രമം ആരംഭിക്കുന്നത്.

തെരുവിൽനിന്ന് രക്ഷപെടുത്തിയ കുട്ടികൾക്ക് ഭക്ഷണവും താമസ സൗകര്യങ്ങളും കൊടുത്താൽ പോരന്നും അവർക്ക് ശരിയായ വിദ്യാഭ്യാസം നൽകണമെന്നും ജോസിന് നിർബന്ധമുണ്ട്. അവർക്ക് വിദ്യാഭ്യാസം നൽകുന്നതിനായി ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും ജോസ് ആരംഭിച്ചു. ജനസേവാ ഇംഗ്ലീഷ്മീഡിയം സ്കൂൾ എന്നാണ് ആ സ്ഥാപനത്തിന്റെ പേര്.

ആലുവായിലും പരിസരങ്ങളിലും ഉള്ള മൂന്ന് ഹൈസ്ക്കൂളുകളിലുമായി നിർദ്ധനരായ അഞ്ഞൂറോളം കുട്ടികൾക്ക് എട്ടുവർഷമായി ഉച്ചഭക്ഷണം സൗജന്യമായി നൽകിവരുന്നു. അപകടത്തിൽപെടുന്നവർക്ക് സഹായം എത്തിക്കുക, രക്തദാനം, നേത്രദാനം തുടങ്ങിയവയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുക, പ്രഥമ ശുശ്രൂഷാ പരിശീലനക്ലാസുകൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ സജീവമായി നടപ്പിലാക്കിവരുന്ന കേരള ആക്ഷൻ ഫോഴ്സ് എന്ന സംഘടനയുടെ സ്ഥാപക വൈസ്പ്രസിഡണ്ടും ഇപ്പോഴത്തെ എക്സിക്യൂട്ടീവ് കമ്മറ്റിയംഗവുമാണ് ജോസ് മാവേലി.


സാമൂഹ്യസേവനരംഗത്ത് ജോസ് മാവേലിയുടെ നേതൃത്വത്തിൽ ജനസേവാ ശിശുഭവൻ നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ച് ജോസ് മാവേലിക്ക് ജനസേവാ ശിശുഭവനും നിരവധി അവാർഡുകളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്. സർവ്വോദയ കുര്യൻ അവാർഡ്, ഇന്ത്യൻ റെഡ്ക്രോസ് എറണാകുളം ജില്ലാ ഘടകത്തിന്റെ അവാർഡ്, ആൾ ഇന്ത്യാ കാത്തലിക് യൂണിയന്റെ 2005 ലെ മികച്ച സാമൂഹ്യപ്രവർത്തകനുള്ള അവാർഡ്, ആൾ കേരള പേരന്റ് ടീച്ചേഴ്സ് അസോസിയേഷൻ അവാർഡ് മദർ തെരേസാ അവാർഡ് മുതലായവയാണ് ജോസിന് ലഭിച്ച അവാർഡുകൾ.

പ്രമുഖ സാമൂഹ്യപ്രവർത്തകനായ ജോസ്, കറുകുറ്റിയിൽ മാവേലി കുടുംബത്തിൽ തോമസ് - ഏലിയാമ്മ ദമ്പതികളുടെ മകനായി 1951 ഫെബ്രുവരി 9-ാം തീയതി ജനിച്ചു. പ്രൈമറി വിദ്യാഭ്യാസം എടക്കുന്ന് സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം ആലപ്പുഴ ലിയോ തേർട്ടീന്ത് ഹൈസ്കൂളിലുമായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം കളമശ്ശേരി ഗവൺമെന്റ് ഐ.റ്റി.ഐ. സ്കൂളിൽ പഠിച്ചു. വിദ്യാഭ്യാസത്തിനുശേഷം ആലുവായിൽ എത്തി അരി പലചരക്ക് കച്ചവടം ആരംഭിച്ചു. ഇപ്പോൾ കമ്പനിപ്പടിയിൽ പെരിയാർ ഹെർമിട്ടേജിൽ താമസിക്കുന്നു. ഭാര്യ റോസി.

വിലാസം - ജോസ് മാവേലി, ഡയറക്ടർ, ജനസേവാശിശുഭവൻ, പി.ബി. നമ്പർ 107 ആലുവ.

www.malankaralibrary.com

# 392



# ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ സി.എം.ഐ.

"രാവിലെ ജോലി തുടങ്ങുന്നതിനു മുമ്പ് ഞാൻ അവ വായിക്കുന്നു. എന്റെ മനസ്സിൽ അവ ആനന്ദകരമായ ചിന്തകളുണർത്തുന്നു..." - ബഹ്റിനിൽനിന്ന് ഒരു യുവാവിന്റെ കത്ത്.

"മനസ്സിൽ വിഷാദം നിറയുമ്പോൾ ഞാനീ പുസ്തകം തുറന്ന് കുറച്ചു ദിവസത്തെ ലേഖനങ്ങൾ വായിക്കും. അതുകഴിഞ്ഞാൽ മനസിന് അല്പം ആശ്വാസം തോന്നും. മററുള്ളവരെക്കുറിച്ച് ഞാൻ ചിന്തിക്കും..." - സൗദി അറേബ്യയിൽനിന്ന് ഒരു ജോണിയുടെ ഇ-മെയിൽ.

"... ഈ വാക്കുകൾ ദൈവത്തിൽനിന്നാണെന്നു ഞാൻ കരുതുന്നു. ഇവ എനിക്കുവേണ്ടി ദൈവം തന്നതാണ്..." - (ഇന്ത്യയിലെവിടെയോ നിന്ന്) ഒരു മിസിസ് ശ്രീകല.

"... അതിലെ പല കഥകളും വായിച്ചശേഷം എന്റെ ജീവിതശൈലി വളരെ മാറി ..." - യു.എ.ഇയിൽ നിന്ന് ഒരു ബിജു.

"... ജനുവരി 8-ലേക്കുള്ള ലേഖനം വായിച്ചു ഞാൻ കരഞ്ഞു... ഒരാൾക്കെങ്കിലും പുതിയൊരു ജീവിതദർശനം നൽകാൻ കഴിഞ്ഞുവെന്ന് താങ്കൾക്ക് സന്തോഷിക്കാം. ഒരു ലേഖനം വായിച്ചുതുടങ്ങിയാൽപ്പിന്നെ നിർത്താനാവില്ല. ഒന്നിൽനിന്ന് മറെറാന്നിലേക്ക്, അതിൽനിന്ന് അടുത്തതിലേക്ക്. ഓരോന്നും മുമ്പത്തേതിനെക്കാൾ മെച്ചം ..." - അമേരിക്കയിൽ നിന്ന് ജയ്.

"ഖുറാൻ, ബൈബിൾ എന്നിവപോലെ 'ജീവിതവിജയ'വും ദൈവത്തിന്റെ സമ്മാനമാണെന്നു ഞാൻ കരുതുന്നു." - ഇന്ത്യയിൽ എവിടെനിന്നോ ഒരു ഷമീർ പാലത്ത്.

'ജീവിതവിജയം' എന്ന പുസ്തകത്തെക്കുറിച്ചോ അതിൽനിന്നു ദീപിക ഡോട്ട് കോമിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെക്കുറിച്ചോ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു ദിവസവും ഇ-മെയിലിൽ എത്തുന്ന കത്തുകളിൽ ചിലതാണ് മേൽകൊടുത്തിരിക്കുന്നത്.

'ജീവിതവിജയം' എന്ന ഗ്രന്ഥത്തിന് ഇന്നു മലയാളികൾക്കിടയിൽ ഒരു പരിചയപ്പെടുത്തലിന്റെ ആവശ്യമില്ല. അത്രയേറെ പ്രചരിച്ചിരിക്കുന്നു പ്രചോദനാത്മകലേഖനങ്ങളുടെ ഈ കനപ്പെട്ട സമാഹാരം. കേരളത്തിൽ മാത്രമല്ല, മലയാളികളുള്ള മിക്കയിടങ്ങളിലും എത്തിച്ചേർന്നിരിക്കുന്നു എന്നതിനേക്കാൾ, അനേകം പേരുടെ അനുദിന ജീവിതത്തിന്റെ ഭാഗമായിരിക്കുന്നു ഈ പുസ്തകം എന്നതാണ് പ്രധാനം. വില്പനയിൽ 'ജീവിത

www.malankaralibrary.com

വിജയ'ത്തേക്കാൾ വിജയിച്ച ചുരുക്കം മലയാള പുസ്തകങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ നാനാജാതി മതസ്ഥരായ ആളുകളുടെ അനുദിനജീവിതത്തിന്റെ ഭാഗമാകാൻ അവയ്ക്കൊന്നും കഴിഞ്ഞിട്ടുണ്ടാവില്ല. ഈ അസാധാരണത്വം 'ജീവിതവിജയ'ത്തിന്റെ ധന്യമായ വിജയമാണ്.

ദീപികയുടെ ചീഫ്എഡിററർ എന്നതുപോലെതന്നെ 'ജീവിതവിജയ'ത്തിന്റെ രചയിതാവ് എന്ന നിലയിലുമായിരിക്കാം ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ സി.എം.ഐ.യെ ഇന്നു പലരും അറിയുക. എന്നാൽ പല തിരികളുള്ള നിലവിളക്കിന്റെ ഒരു തിരി മാത്രമാണ് 'ജീവിതവിജയ'വും ആ ശ്രേണിയിൽപ്പെട്ട അദ്ദേഹത്തിന്റെ മററു രചനകളും. ആ നിലവിളക്കിനെ മൊത്തത്തിലൊന്നു നോക്കിക്കാണാനുള്ള ചെറിയൊരു ശ്രമമാണീ ലേഖനം.

1951 ഫെബ്രുവരി 27-ന് കോട്ടയം ജില്ലയിലെ കുറവിലങ്ങാട്ട് പന്തപ്ലാംതൊട്ടിയിൽ പി.ഡി.ജോസഫിന്റെയും ഏലിക്കുട്ടിയുടെയും എട്ടു മക്കളിൽ രണ്ടാമനായി ജനിച്ച ജോസിന്റെ ആദ്യകാല വിദ്യാഭ്യാസം കുറവിലങ്ങാട്ടുതന്നെയായിരുന്നു. നാലാം ക്ലാസ്സിൽ പഠനമാരംഭിച്ച ജോസ് ക്ലാസ്സിൽ ഏററവും പ്രായം കുറഞ്ഞ വിദ്യാർത്ഥിയായിരുന്നു.

1965-ൽ, അതായത് 14-ാം വയസ്സിൽ കുറവിലങ്ങാട്ട് സെന്റ് മേരീസ് ബോയ്സ് സ്കൂളിൽ ഹൈസ്ക്കൂൾ പഠനം പൂർത്തിയാക്കുമ്പോഴേക്കും തന്റെ ദൈവവിളിയെക്കുറിച്ച് ജോസിനു ബോധ്യമായിക്കഴിഞ്ഞിരുന്നു. സന്യാസവൈദികനാകണമെന്നായിരുന്നു ആഗ്രഹം. അങ്ങനെ സി.എം.ഐ. സഭയിൽ ചേർന്നു സെമിനാരി വിദ്യാഭ്യാസം ആരംഭിച്ചു.

1966-68 ൽ മാന്നാനം കെ.ഇ. കോളജിൽ പ്രീഡിഗ്രി പഠനവും 1968-70 ൽ ചെത്തിപ്പുഴ കൊവേന്തയിൽ സന്യാസപരിശീലനവും നടത്തിയ ജോസ് 1970-73 ൽ പൂന ജ്ഞാനദ്വീപയിൽ തത്ത്വശാസ്ത്ര പഠനവും 1974-76 ൽ അവിടെത്തന്നെ ദൈവശാസ്ത്രപഠനവും നടത്തി ബി.പി.എച്ച്, ബി.ടി.എച്ച്. ബിരുദങ്ങൾ നേടി.

1975 ഡിസംബർ 17-നാണ് ജോസിന്റെ ജീവിതത്തിലെ ഏററവും പ്രധാനപ്പെട്ട ദിനം. അന്നാണ് അദ്ദേഹം പൗരോഹിത്യത്തിലേക്കുയർന്നത്. അന്ന് വയസ് 24.

എന്നും അതിസമർത്ഥനായ വിദ്യാർത്ഥിയായിരുന്ന ഫാ.ജോസിന് സി.എം.ഐ. സഭ ഉപരിപഠനത്തിനുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുത്തു. അങ്ങനെയാണ് നാട്ടിലെ വിദ്യാഭ്യാസത്തിന്റെ ചക്രവാളങ്ങൾക്കപ്പുറത്തേക്ക് അദ്ദേഹം പറന്നത്. അമേരിക്കയിലെ പ്രശസ്തമായ നോട്ടർഡാം യൂണിവേഴ്സിററിയിൽ സ്കോളർഷിപ്പോടെ പഠിച്ച് (1977-79) ഇന്റർനാഷണൽ സ്റ്റഡീസിൽ മാസ്റ്റർ ബിരുദമെടുത്തതിനു തൊട്ടുപിന്നാലെ (1979-81) യൂണിവേഴ്സിററി ഓഫ് ഇല്ലിനോയിയിൽനിന്ന് ജേർണലിസത്തിൽ സ്കോളർഷിപ്പോടെ മാസ്റ്റർ ബിരുദമെടുത്തു. അക്കാലത്ത് ഇല്ലിനോയി യൂണിവേഴ്സിററിയുടെ ന്യൂമൻ ഫൗണ്ടേഷനിൽ അസിസ്റ്റന്റ് ചാപ്ലിനായും

www.malankaralibrary.com

ലക്ചററായും സേവനമനുഷ്ഠിച്ചിരുന്നു.

1981-ൽ 'ദീപിക' ദിനപത്രത്തിന്റെ എക്സിക്യൂട്ടീവ് എഡിറററായി നിയമിതനായ ഫാ. ജോസ് 1987 വരെ ആ ജോലിയിൽ തുടർന്നു. ഇക്കാലത്ത് പത്രത്തിൽ പ്രഫഷണലിസം കൊണ്ടുവരാൻ കഴിഞ്ഞുവെന്നത് അദ്ദേഹത്തിന്റെ നേട്ടമാണ്. അടുക്കും ചിട്ടയുമുള്ള പത്രമെന്ന പേരും നേടിയെടുക്കാൻ ദീപികയ്ക്ക് കഴിഞ്ഞത് അക്കാലത്താണ്. 'ദ ബെസ്റ്റ് എഡിററഡ് ന്യൂസ്പേപ്പർ ഇൻ മലയാളം' എന്നു പി.ഗോവിന്ദപ്പിള്ള ദീപികയെക്കുറിച്ച് അന്നു പറഞ്ഞത് ഇവിടെ അനുസ്മരിക്കാം. ഫാ.ജോസ് പരിശീലനം നൽകി ദീപിക പത്രാധിപസമിതിയിലേക്ക് ചേർത്ത ധാരാളംപേർ മലയാള പത്രപ്രവർത്തന രംഗത്ത് കീർത്തിമാന്മാരായി.

മലയാളത്തിൽ റൂറൽ റിപ്പോർട്ടിംഗിന് പ്രാധാന്യം കൈവന്നത് ഫാ.ജോസ് ദീപികയിൽ അതിനു പ്രാമുഖ്യം കൊടുത്തതിനെത്തുടർന്നാണ്. അദ്ദേഹം അവതരിപ്പിച്ച 'ഗ്രാമദർശനം' ഇന്ത്യൻ പത്രപ്രവർത്തനരംഗത്ത് പുതുമയാർന്ന പംക്തിയായിരുന്നു. അക്ഷരങ്ങളും ചിത്രങ്ങളും ചേർന്ന് കാവ്യാത്മകമായ ഒരു കാഴ്ചപ്പാടിൽ കേരളത്തിലെ അനേകം ഗ്രാമങ്ങളെ ആ പംക്തി വായനക്കാരുടെ മുന്നിലെത്തിച്ചു.

കൊൽക്കത്തയിലെ 'സ്റ്റേററ്സ്മാൻ' പത്രം അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന റൂറൽ റിപ്പോർട്ടിംഗ് മത്സരത്തിൽ ദീപികയിലെ ജേർണലിസ്റ്റുകൾ അവാർഡു നേടാൻ തുടങ്ങിയത് ഫാ.ജോസിന്റെ കാലത്താണ്. പിന്നീട് ദീപികയ്ക്ക് സ്റ്റേററ്സ്മാൻ അവാർഡ് പതിവായി.

അതുപോലെ, സംസ്ഥാനത്തെയും രാജ്യത്തെയും പ്രധാന ജേർണലിസം അവാർഡുകളെല്ലാം ദീപികയെ തേടിയെത്താൻ തുടങ്ങിയതും അദ്ദേഹത്തിന്റെ കാലത്തുതന്നെ. അടുക്കോടും ചിട്ടയോടും കൂടി വസ്തുനിഷ്ഠമായും സമഗ്രമായും റിപ്പോർട്ടുകൾ തയ്യാറാക്കാൻ ഫാ.ജോസിൽനിന്ന് പരിശീലനം സിദ്ധിച്ച യുവപത്രപ്രവർത്തകർക്ക് അവാർഡുകൾ എന്നും കയ്യെത്തുന്ന ദൂരത്തായിരുന്നു. പരമ്പരകളും മററും എഴുതാൻ സബ്എഡിററർമാർക്കും റിപ്പോർട്ടർമാർക്കും വേണ്ടത്ര സ്വാതന്ത്ര്യവും സമയവും സൗകര്യങ്ങളും അദ്ദേഹം നൽകിയതും ദീപികയ്ക്ക് അവാർഡുകൾ പതിവാകുന്നതിന് കാരണമായി.

കേരള യൂണിവേഴ്സിററിയുടെ ജേർണലിസം വകുപ്പിൽ എക്സേറണൽ എക്സാമിനറായിരുന്നിട്ടുള്ള ഫാ.ജോസ് 1984 മുതൽ 85 വരെ ഗാന്ധിജി സർവ്വകലാശാലയുടെ ഇന്റർനാഷണൽ സ്റ്റഡീസ് വകുപ്പിൽ വിസിററിംഗ് ലക്ചററായും സേവനം ചെയ്തു.

1986 ജനുവരിയിലാണ് അദ്ദേഹം ദീപിക വാരാന്തപ്പതിപ്പിനുവേണ്ടി 'ചിന്താവിഷയം' പംക്തിയിലേക്കു ലേഖനങ്ങൾ എഴുതാൻ തുടങ്ങിയത്. അതിനുശേഷം ലോകത്തിലും ഫാ.ജോസിന്റെ ജീവിതത്തിലും ദീപികയിലും അനേകം മാററങ്ങൾ വന്നുവെങ്കിലും അദ്ദേഹം ചിന്താവിഷയം എഴു

www.malankaralibrary.com

തുന്നതിന് ഇന്നുവരെ മുടക്കം വന്നിട്ടില്ല (2003-ൽ ഒരു മാററത്തിനുവേണ്ടി മററൊരാളെ ആ പംക്തി ഏല്പിച്ചെങ്കിലും വായനക്കാരുടെ സമ്മർദ്ദത്തെത്തുടർന്ന് ഒന്നരമാസത്തെ ഇടവേളയ്ക്കുശേഷം ഫാ.ജോസിന് ആ പംക്തി തുടരേണ്ടിവന്നു). ഫാ.ജോസ് എഴുതിയിട്ടുള്ള ചിന്താവിഷയങ്ങളുടെ ഒമ്പതുസമാഹാരങ്ങൾ ഇതിനകം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജീവിതവിജയം നിങ്ങൾക്ക്, ഈ വഴിയിൽ വെളിച്ചം, വെളിച്ചം വിതറിയ വഴികൾ, ഇതു വിജയവീഥി, സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ, ജീവിതത്തിന്റെ മാററുകൂട്ടാൻ, ജീവിതവിജയം, ചിന്താരത്നങ്ങൾ, റെയിൻബോസ് എന്നീ പുസ്തകങ്ങൾ ബെസ്റ്റ്സെല്ലറുകളാണ്. ഇവയിൽ ജീവിതവിജയം നിങ്ങൾക്ക്, ഈ വഴിയിൽ വെളിച്ചം എന്നിവയുടെ ഹിന്ദി പരിഭാഷയും പുറത്തിറങ്ങിയിട്ടുണ്ട്.

1988-ൽ ദീപികയുടെ ചീഫ്എഡിററായി നിയമിതനായ അദ്ദേഹം പ്രസ് അക്കാദമി മെംബറും സ്വിററ്സർലൻഡ് ആസ്ഥാനമായുള്ള ഇന്റർനാഷണൽ യൂണിയൻ ഓഫ് ദ കാത്തലിക് പ്രസിന്റെ എക്സിക്യൂട്ടീവ് കൗൺസിലംഗവുമായിത്തീർന്നു. 1990-ൽ ദീപികയിലെ ജോലിയിൽനിന്നു വിരമിച്ച് അദ്ദേഹം അമേരിക്കയിലെ ഒഹായോവിലുള്ള സാൻഡസ്കിയിൽ സെന്റ് പീററർ ആൻഡ് പോൾ ചർച്ചിൽ അസോസിയേററ് പാസ്റ്ററുടെ ജോലി ഏറെറടുത്തു.

1991-ൽ ഇന്ത്യയിൽ മടങ്ങിയെത്തി ബാംഗ്ലൂരിലെ ക്രൈസ്റ്റ് കോളേജിൽ ജേർണലിസം വകുപ്പ് മേധാവിയായും പൊളിററിക്കൽ സയൻസ് ലക്ചററായും ജോലി സ്വീകരിച്ചു. 1993-ൽ ക്രൈസ്റ്റ് കോളജിന്റെ വൈസ പ്രിൻസിപ്പലായി നിയമിതനായി.

വിജ്ഞാനദാഹം വീണ്ടും അദ്ദേഹത്തെ അമേരിക്കയിലെത്തിച്ചു. 1994 ഓഗസ്റ്റിൽ അവിടെ വിസ്കോൺസിൻ സംസ്ഥാനത്ത് മർക്കററ് യൂണിവേഴ്സിററിയിൽ ജേർണലിസത്തിൽ പി.എച്ച്.ഡി. ഗവേഷണം ആരംഭിച്ച ഫാ.ജോസ് അക്കാലത്തുതന്നെ മർക്കററ് സർവ്വകലാശാലയുടെ ജേർണലിസം ഡിപ്പാർട്ടുമെന്റിൽ പാർട്ട്-ടൈം ഫാക്കൽററി മെംബറായി സേവനമനുഷ്ഠിക്കുകയും ചെയ്തു. ഗവേഷണം തുടരുമ്പോൾതന്നെ 1997 മാർച്ചിൽ ഫ്ളോറിഡയിലെ പാം കോസ്റ്റിലുള്ള മദർ സീററൺ ചർച്ചിൽ അസോസിയേററ് പാസ്റ്ററായി സേവനം ചെയ്തുപോന്നു.

ഇക്കാലമെല്ലാം ദീപികയ്ക്കുവേണ്ടി ചിന്താവിഷയവും ലേഖനങ്ങളും അഭംഗുരം എഴുതിക്കൊണ്ടിരുന്നുവെന്നതും ഓർക്കുക. ഇത്രയേറെ വൈവിധ്യമുള്ള മേഖലകളിൽ കർമനിരതമായിരിക്കുക എന്നത് അത്ഭുതകരമായി തോന്നുന്നുണ്ടോ? വിവിധ മേഖലകളിൽ സജീവമായി വ്യാപരിക്കുന്ന മററു ചിലരെ ചൂണ്ടിക്കാട്ടാനുണ്ടാവും. എന്നാൽ വ്യാപരിക്കുന്ന മേഖലകളിലെല്ലാം ഫാ.ജോസിനെപ്പോലെ അതിയായി ശോഭിക്കാൻ കഴിഞ്ഞിട്ടുള്ളവർ എത്രയുണ്ടാവും? തീരെ ചുരുക്കം.

www.malankaralibrary.com

അമേരിക്കയിൽ വിദ്യാഭ്യാസം നടത്തുമ്പോൾ "മിക്ക വിദ്യാസമ്പന്ന രായ അമേരിക്കക്കാരെയുംകാൾ നന്നായി നിങ്ങൾ ഇംഗ്ലീഷ് എഴുതുന്നു" എന്നു പ്രഫസറുടെ അഭിനന്ദനം. അമേരിക്കൻ സർവകലാശാലകളുടെ ബിരുദാനന്തരബിരുദ പരീക്ഷകളിൽ പ്രശസ്തമായ വിജയം. ജനപ്രീതി നേടിയ എഴുത്തുകാരൻ എന്നതിനോടൊപ്പം മികച്ച പ്രാസംഗികൻ എന്ന അംഗീകാരം. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള അദ്ദേഹത്തിന്റെ പ്രസംഗ ങ്ങൾ സദസുകളെ പിടിച്ചടക്കിയവയാണ്. അധ്യാപകൻ എന്ന നിലയിൽ അതുല്യവിജയങ്ങൾ. ബാംഗ്ലൂർ ക്രൈസ്റ്റ് കോളേജിൽ പഠിപ്പിക്കുമ്പോൾ ആദ്യവർഷം തന്നെ ഏററവും നല്ല അദ്ധ്യാപകനായി വിദ്യാർത്ഥികൾ തെരഞ്ഞെടുത്തത് ഫാ.ജോസിനെയാണ്. കോട്ടയം എം.ജി. സർവകലാ ശാലയിലും അദ്ദേഹം വിദ്യാർത്ഥികൾക്കു പ്രിയപ്പെട്ട അദ്ധ്യാപകനായിരുന്നു.

പക്ഷേ, ഇതിലെല്ലാമുപരിയായി അദ്ദേഹം വിലമതിക്കുന്നത് വൈദികനെന്ന നിലയിൽ തനിക്കു നേടാൻ കഴിഞ്ഞിട്ടുള്ള ജനപ്രീതി യെയാണ്. എല്ലാ ഇടവകകളിലും അദ്ദേഹം ഇടവക ജനങ്ങളുടെയും മേലധി കാരികളുടെയും സ്നേഹഭാജനമായിരുന്നു. സാൻഡസ്കിയിലെ സെന്റ്പീററർ ആൻഡ് പോൾ ചർച്ചിൽനിന്ന് വിരമിച്ച് ഇന്ത്യയിലേക്ക് മടങ്ങുമ്പോൾ ആ പ്രദേശത്തെ പ്രധാന കത്തോലിക്കാ പത്രമായ 'കാത്ത ലിക് ക്രോണിക്കിളി'ൽ വന്ന ലേഖനത്തിന്റെ തലക്കെട്ട് 'അനേകം ജീവിത ങ്ങളെ സ്പർശിച്ച് അദ്ദേഹം മടങ്ങുന്നു' എന്നായിരുന്നു. ഇടവകജനങ്ങളിൽ പലരും അദ്ദേഹത്തെക്കുറിച്ച് പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളിൽ രണ്ടോ മൂന്നോ എണ്ണം മാത്രം ഇവിടെ ഉദ്ധരിക്കാം. "വളരെ ചുരുങ്ങിയ കാലത്തി നുള്ളിൽ അദ്ദേഹം നമ്മിലൊരാളായി മാറി. വളരെ പെട്ടെന്ന് നമ്മെ സ്വന്തം ഹൃദയത്തിലേക്ക് അദ്ദേഹം കൊണ്ടുപോകുന്നു." - ഇടവക സെക്രട്ടറി മാർ സിയ ഹപ്. "അദ്ദേഹം എന്റെയും നമ്മുടെ ആളുകളിൽ പലരുടെയും ജീവി തത്തെ സമ്പന്നമാക്കി." - ഫാ.ഫ്രാങ്ക് കേരസ്. "വ്യക്തിയെന്ന നിലയിലും വൈദികനെന്ന നിലയിലും അദ്ദേഹമൊരു അത്ഭുതമാണ്." പാരീഷ് സെക്രട്ടറി ഗ്ലോറിയ ഹെർസോഗ്.

പാം കോസ്റ്റിലെ മദർ സീററൺ പള്ളിയിൽനിന്നു വിടവാങ്ങുമ്പോഴും ഇതേ തരത്തിലുള്ള പ്രതികരണങ്ങളുണ്ടായി. പാരീഷ് ബുള്ളററിനിൽ നിന്നുള്ള ഏതാനും വാക്യങ്ങൾ:

"........ (ഫാ. ജോസിനെപ്പോലെ) ഇത്ര സൗമ്യനും ആളുകളുമായി ചേർന്നുപോകുന്നവനും പ്രാർത്ഥനാനിർഭരനുമായ മററൊരാളുടെകൂടെ ജീവിക്കാൻ ഞങ്ങൾക്കു സാധിച്ചിട്ടില്ലെന്ന കാര്യത്തിൽ ഞാനും ഫാ.എഡ്ഡും യോജിക്കുന്നു......" (വികാരി ഫാ.ഫ്രെഡിന്റെ കുറിപ്പിൽനിന്ന്)

"........ ഇത്രയേറെ ആളുകളെ ഇത്രമേൽ സ്പർശിച്ച മററൊരു വൈദികൻ ഉണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തെ വിശേഷിപ്പിക്കാൻ വാക്കുകൾ പലതുണ്ട് - സൗമ്യൻ, വിനീതൻ, ശ്രദ്ധാലു, സഹായമനസ്കൻ,

www.malankaralibrary.com

സർഗശാലി എന്നിങ്ങനെ ...... എന്നാൽ ആ വ്യക്തിത്വത്തെക്കുറിച്ചു പറയുമ്പോൾ ഏററവും ശ്രദ്ധേയമായ വാക്ക് ഇതാണ് - വിശുദ്ധി. മദർ സീററണിൽ മറെറാരു വൈദികനും കഴിഞ്ഞിട്ടില്ലാത്തത്രയേറെ ഹൃദയങ്ങളെ തന്റെ പ്രാർത്ഥനാനിർഭരമായ വിശുദ്ധികൊണ്ട് അസാധാരണമായി സ്പർശിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു ...." (ഫാ.ഫ്രെഡ്).

"... ഞങ്ങളെല്ലാവരും അദ്ദേഹത്തിൽ നിന്ന് ഏറെ പഠിച്ചിട്ടുണ്ട്... വലിയൊരു പത്രത്തിന്റെ എഡിററർ എന്ന നിലയിൽ ദൈവം അദ്ദേഹത്തെ സുഖസന്തോഷങ്ങളിൽ നിലനിർത്തട്ടെ. ആ പദവിക്ക് അദ്ദേഹം എല്ലാവിധത്തിലും യോഗ്യനാണെങ്കിലും അദ്ദേഹത്തിന്റെ ആത്മീയദാനം വേദനിക്കുന്നവർക്കും അദ്ദേഹത്തിന്റെ സ്പർശം ആവശ്യമായവർക്കും വേണ്ടിയുള്ള അജപാലന ജോലിക്കുള്ളതാണെന്നു ഞാൻ കരുതുന്നു. പത്രാധിപരെന്ന നിലയിലും മാനേജർ എന്ന നിലയിലുമുള്ള അദ്ദേഹത്തിന്റെ സിദ്ധികളെ വെല്ലുന്നതാണ് അദ്ദേഹത്തിന്റെ ആത്മീയ സിദ്ധികൾ. എന്നെങ്കിലും അജപാലനത്തിലേക്കു മടങ്ങിവരാൻ അദ്ദേഹത്തിന് കഴിയട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു." (ഫാ.ഫ്രെഡ്).

ദീപിക ദിനപത്രത്തിന്റെയും അനുബന്ധപ്രസിദ്ധീകരണങ്ങളുടെയും ചീഫ് എഡിററർ പദവി ഒരിക്കൽക്കൂടി ഏറെറടുക്കാൻ മേലധികാരികൾ നിർബന്ധിച്ചപ്പോഴാണ് അദ്ദേഹം ഗവേഷണപഠനവും തന്നെ അത്യധികമായി സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന അമേരിക്കൻ ഇടവകകളിലെ സേവനവും വൈമനസ്യത്തോടെയെങ്കിലും നിർത്തിവച്ച് നാട്ടിലേക്കു മടങ്ങിയത്. അങ്ങനെ 1998 മാർച്ചിൽ ദീപികയിൽ അദ്ദേഹത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചു.

താമസിയാതെ അമേരിക്കയിലേക്കു മടങ്ങി ഗവേഷണം പൂർത്തിയാക്കാമെന്ന പ്രതീക്ഷ മെല്ലെ മെല്ലെ അകന്നുകൊണ്ടിരുന്നു. കാരണം, ദീപികയ്ക്ക് അദ്ദേഹത്തെ അത്രയേറെ ആവശ്യമായിരുന്നു. മററു പല പത്രങ്ങളുടെയും ചീഫ്എഡിററർമാർക്ക് ആ പദവി വെറുമൊരു അലങ്കാരമാണെങ്കിൽ ഫാ.ജോസിന് അത് ഇരുപത്തിനാലു മണിക്കൂർ ജോലിയായിരുന്നു. ഏറെറടുക്കുന്ന ജോലി അങ്ങേയററം സമർപ്പണബുദ്ധിയോടെ നിർവ്വഹിക്കുക എന്ന അദ്ദേഹത്തിന്റെ സ്വഭാവം ദീപികയുടെ വളർച്ചയ്ക്കു വഴി തെളിച്ചു. പത്രപ്രവർത്തനത്തിന്റെ നാനാവശങ്ങളും പഠിച്ചുകഴിഞ്ഞിരുന്ന അദ്ദേഹം തന്റെ പത്രത്തിന്റെ നയം മുതൽ അച്ചടിമഷിയുടെ സാന്ദ്രതവരെയുള്ള കാര്യങ്ങളിൽ ഓരോ ദിവസവും ശ്രദ്ധിച്ചു. നേരത്തെ അദ്ദേഹം ചീഫ് എഡിറററായിരുന്ന കാലത്താണ് ദീപിക വാരാന്ത്യപ്പതിപ്പ് മൾട്ടികളറിൽ അച്ചടിക്കാൻ തുടങ്ങിയത്. ഒരു മലയാളപത്രത്തിൽ മൾട്ടികളർ പ്രിന്റിംഗ് അതാദ്യമായിരുന്നു. പത്രപ്രവർത്തനത്തിന്റെ സാങ്കേതികവിദ്യാപരമായ വളർച്ചയ്ക്കൊപ്പം ദീപികയെ കൊണ്ടുപോകാൻ ലോകത്തിലെ ഏററവും പുതിയ പത്രപ്രവർത്തന സങ്കേതങ്ങൾ പഠിച്ചിറങ്ങിയ ഫാ.ജോസിന് വിഷമ

www.malankaralibrary.com

മുണ്ടായില്ല.

ദീപിക പുതിയ സാങ്കേതിക വിദ്യകൾ ആർജ്ജിച്ചുകൊണ്ടിരുന്ന കാലത്താണ് അദ്ദേഹം രണ്ടാംവട്ടം അതിന്റെ മുഖ്യപത്രാധിപരാകുന്നത്. ഫാ.ജോസിനെപ്പോലെ അത്യന്താധുനിക പത്രപ്രവർത്തനത്തിൽ സൈദ്ധാന്തികവും ഒപ്പം പ്രായോഗികവുമായ അറിവുള്ള മറ്റൊരു ചീഫ്എഡിറ്റർ അക്കാലത്ത് ഏതെങ്കിലും മലയാളപത്രത്തിന് ഉണ്ടായിരുന്നില്ല. കംപ്യൂട്ടർവത്കരണവും മറ്റും ദീപികയിൽ വിജയിക്കുന്നതിൽ ഫാ.ജോസിന്റെ അമേരിക്കൻ പത്രപ്രവർത്തന പരിജ്ഞാനം വഹിച്ച പങ്ക് കുറച്ചൊന്നുമല്ല. അദ്ദേഹത്തിന്റെ കഴിവുകൾക്കൊപ്പം പോകാൻ ദീപികയുടെ സാമ്പത്തിക ശേഷിക്കു കഴിഞ്ഞില്ലെന്നു മാത്രം.

അനേകം രാജ്യങ്ങളിൽ സഞ്ചരിച്ചിട്ടുള്ള ഫാ.ജോസ് ഏതു രാജ്യത്തു ചെന്നാലും അവിടത്തെ ഏറ്റവും മികച്ച പത്രങ്ങളുടെ ഓഫീസുകൾ സന്ദർശിക്കുകയും അവിടെനിന്നു സ്വീകരിക്കാവുന്നത്ര പ്രായോഗികമായ അറിവുകളും സാമ്പിളുകളും സമ്പാദിക്കുകയും ചെയ്തിരുന്നു. ഇതെല്ലാം ദീപികയ്ക്ക് മുതൽക്കൂട്ടായി. ലേ-ഔട്ടിലെയും ഉള്ളടക്കത്തിലെയും പരീക്ഷണങ്ങൾ, പുതിയ പംക്തികൾ, വ്യത്യസ്തമായ ഫീച്ചറുകൾ തുടങ്ങിയവയിലൂടെ മലയാള പത്രരംഗത്തെ 'ട്രെൻഡ്സെറ്റർ' എന്ന പേര് ദീപികയ്ക്ക് നേടിക്കൊടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

രാഷ്ട്രീയമോ വർഗീയമോ ആയ പക്ഷപാതങ്ങളില്ലാത്ത പത്രം എന്ന കീർത്തിയും അദ്ദേഹം ദീപികയ്ക്ക് സമ്പാദിച്ചുകൊടുത്തു. അന്തർദേശീയ സംഘടനയായ ഇകിറ്റർ നടത്തിയ വിലയിരുത്തലിൽ മലയാളത്തിൽ ഏറ്റവും വിശ്വസനീയതയുള്ള പത്രമായി ദീപിക തെരഞ്ഞെടുക്കപ്പെട്ടത് (top credibility rating) ഇക്കാലത്താണ്.

വിശ്വമാനവികതയിലും ധാർമികതയിലും അടിയുറച്ചതായിരുന്നു അദ്ദേഹത്തിന്റെ എഡിറ്റോറിയൽ പോളിസി. പാവങ്ങളോടും അദ്ധ്വാനിക്കുന്നവരോടുമൊപ്പം അദ്ദേഹം പത്രത്തെ നിലനിർത്തി. ദരിദ്രരുടെയും സമൂഹത്തിൽ അവഗണന അനുഭവിക്കുന്നവരുടെയും പ്രശ്നങ്ങൾ അവതരിപ്പിക്കാൻ ഓരോ വർഷവും നിശ്ചിത എണ്ണം മുഖപ്രസംഗങ്ങൾ അദ്ദേഹം എഴുതിപ്പിച്ചു. ദീപിക ജന്മം നൽകിയ 'മാനവോദയ' എന്ന മനുഷ്യാവകാശ സംഘടനയുടെ സ്ഥാപക പ്രസിഡന്റാണ് അദ്ദേഹം. അതുപോലെതന്നെ, കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിലിന്റെ രക്ഷാധികാരികളിൽ ഒരാളുമാണദ്ദേഹം.

ദീപിക കാർഷികമേഖലയ്ക്ക് എന്നും കൊടുത്തിരുന്ന പിന്തുണ ഫാ.ജോസ് കൂടുതൽ ശക്തമാക്കി. കൊക്ക കോളയും പെപ്സി കോളയും അടക്കി വാണിരുന്ന കേരളത്തിൽ സംഭവിച്ച കരിക്ക് വിപ്ലവത്തിന് പിന്നിൽ ദീപികയാണുണ്ടായിരുന്നതെങ്കിൽ അതിനു പിന്നിലെ വ്യക്തി ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ ആയിരുന്നു. കരിക്ക് വിപ്ലവം എന്ന ആശയം അവതരി

www.malankaralibrary.com

പ്പിച്ചതും അതിനായി ദീപികയിലൂടെ ശക്തമായ തൂലിക ചലിപ്പിച്ചതും ഫാ.ജോസാണെന്ന് അറിഞ്ഞപ്പോൾ അദ്ദേഹത്തിന് സ്വീകരണം നൽകി ആദരിക്കാൻ ചില സംഘടനകൾ മുന്നോട്ടു വന്നതാണ്. എന്നാൽ, നിശബ്ദ മായി തന്റെ സേവനം തുടരാനാണ് അദ്ദേഹം ശ്രമിച്ചത്. ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ദീപിക എഴുതിയ അനേകം ലേഖനങ്ങൾക്കും റിപ്പോർട്ടുകൾക്കും പിന്നിൽ അദ്ദേഹമുണ്ടായിരുന്നു.

മദ്യവിമുക്ത കേരളത്തിനുവേണ്ടി ദീപിക നടത്തിയ പ്രയത്നങ്ങൾ, കുടിവെള്ള പ്രശ്ന പരിഹാരത്തിനുവേണ്ടിയുള്ള പോരാട്ടങ്ങൾ, അവയവ ദാനത്തിന് പ്രത്യേകിച്ചു നേത്രദാനത്തിനുവേണ്ടിയും നടത്തിയ പ്രചാര ണങ്ങൾ, വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രത്യേകിച്ച്, സ്വാശ്ര യകോളജ്, പ്രശ്നത്തിലും മററും സ്വീകരിച്ച ഉറച്ച നിലപാട് തുടങ്ങിയവയ് ക്കെല്ലാം പിന്നിൽ ഫാ.ജോസിന്റെ സാമൂഹിക പ്രതിബദ്ധത ഉണ്ടായിരുന്നു.

വായനക്കാരുടെ മനസിനെ കലുഷമാക്കുന്ന വാർത്തകൾകൊണ്ട് പത്രങ്ങൾ നിറഞ്ഞിരുന്ന കാലത്താണ് ഫാ.ജോസ് ദീപികയിൽ ഗുഡ്ന്യൂസ് റിപ്പോർട്ടിംഗിനു പ്രാമുഖ്യം നൽകിയത്. 1998-ൽ ദീപികയുടെ ചീഫ് എഡിററ റായി ചാർജെടുത്തശേഷം ഫാ.ജോസ് തയ്യാറാക്കി നൽകിയ എഡിറേറാ റിയൽ മാർഗരേഖയിൽ ഇക്കാര്യം പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. മനസി നു സന്തോഷം പകരുന്നതും മനുഷ്യനന്മയ്ക്ക് ഉദാഹരണങ്ങളാകുന്നതുമായ വാർത്തകൾ ശേഖരിക്കുന്നതിന് അദ്ദേഹം ദീപികയുടെ റിപ്പോർട്ടർമാരെ പ്രോത്സാഹിപ്പിച്ചു. പിന്നീട് അവയ്ക്കുവേണ്ടി ചില സ്ഥിരം പംക്തികൾ തന്നെ അദ്ദേഹം തുടങ്ങി. മലയാള പത്രരംഗത്ത് പുതുമയുള്ളതായിരുന്നു ആ പംക്തികൾ.

ആത്മഹത്യയ്ക്കെതിരെ ഇത്രയേറെ പ്രചാരണം നടത്തിയിട്ടുള്ള മറെറാരു പത്രമുണ്ടാവില്ല. ആത്മഹത്യ സംബന്ധിച്ച റിപ്പോർട്ടുകൾ പ്രസി ദ്ധീകരിക്കുന്നതിൽ സംയമനം സ്വീകരിക്കുകയും പ്രത്യേകമാനദണ്ഡങ്ങൾ നിഷ്കർഷിക്കുകയുമാണ് ഫാ.ജോസ് ആദ്യം ചെയ്തത്. പിന്നീടത് ആത്മ ഹത്യയ്ക്കെതിരായ ഫീച്ചറുകൾ, പരമ്പരകൾ തുടങ്ങിയവയിലേക്ക് വളർന്നു. ഫാ.ജോസ് തന്നെ ഈ വിഷയത്തെക്കുറിച്ച് ചിന്താവിഷയങ്ങളും ലേഖന ങ്ങളും എഴുതി. യഥാർത്ഥത്തിൽ മനുഷ്യജീവന്റെ മഹത്വം ഇത്രയേറെ ഉയർത്തിപ്പിടിച്ചിട്ടുള്ള മറെറാരു ഇന്ത്യൻ പത്രപ്രവർത്തകനില്ല. ഇതൊന്നും സ്വന്തം പേര് ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ അല്ലാതിരുന്ന തിനാൽ അവയുടെ പേരിൽ അദ്ദേഹം അറിയപ്പെടുകയോ അവാർഡുകളോ അംഗീകാരങ്ങളോ അദ്ദേഹത്തിന് ലഭിക്കുകയോ ചെയ്തില്ല.

പക്ഷേ, ഫാ.ജോസ് ചീഫ് എഡിററായിരുന്ന കാലത്ത് ദീപികയിലെ പത്രപ്രവർത്തകർക്ക് അവാർഡുകൾ ഏതാണ്ടൊരു നിത്യസംഭവമായി. ദീപികപോലെ അവാർഡുകൾ വാങ്ങിക്കൂട്ടുന്ന ഒരു പത്രവും അക്കാലത്തു ണ്ടായിരുന്നില്ല. ജോസച്ചന്റെ പരിശീലനം, അല്ലെങ്കിൽ പ്രചോദനം, അല്ലെ

www.malankaralibrary.com

ങ്കിൽ പ്രോത്സാഹനമാണ് ഈ പത്രപ്രവർത്തകരെ അവാർഡുകളിൽ എത്തിച്ചതെന്നതിന് സംശയമില്ല. അദ്ദേഹത്തിന്റെ കീഴിൽ പരിശീലനം ലഭിച്ച ശേഷം മററു പത്രങ്ങളിൽ എത്തിയവരും അംഗീകാരങ്ങളും അവാർഡുകളും വാങ്ങുകയോ പ്രാഗത്ഭ്യം തെളിയിക്കുകയോ ചെയ്തുകൊണ്ടിരിക്കുന്നു.

ദീപികയിലെ പത്രപ്രവർത്തകർ നേടിയ അവാർഡുകൾ, നിഷ്പക്ഷവും സമഗ്രവുമായ പത്രം എന്ന അംഗീകാരം, പ്രത്യേകാവസരങ്ങളിൽ മറേറതൊരു മലയാള പത്രത്തെയുംകാൾ മികച്ച ലേ-ഔട്ടും ഉള്ളടക്കവും 'ക്ലീൻ' പത്രം എന്ന ഇമേജ്, സർവോപരി വിശ്വാസ്യതയും അന്തസും ഇങ്ങനെ ദീപികയെ മലയാള പത്രങ്ങളുടെ മുൻനിരയിൽ നിർത്താൻ ഫാ.ജോസിനു കഴിഞ്ഞു. സാമ്പത്തികശേഷി കുറഞ്ഞ ദീപികയുടെ പരിമിതമായ വിഭവശേഷി ഉപയോഗിച്ചാണ് അദ്ദേഹം ഈ നേട്ടങ്ങൾ ഉണ്ടാക്കിയതെന്ന് ഓർക്കണം. എഡിറേറാറിയൽ സ്റ്റാഫിന്റെ വിശ്വാസവും സഹകരണവും അങ്ങേയററം ആർജിക്കാൻ ഫാ.ജോസിനു കഴിഞ്ഞുവെന്നതാണ് ഈ നേട്ടത്തിന്റെ നിദാനം.

ഓരോ സ്റ്റാഫംഗത്തിന്റെയും കഴിവുകളും പ്രശ്നങ്ങളും മനസ്സിലാക്കി അതനുസരിച്ചുള്ള ജോലികളിൽ അവരെ നിയോഗിക്കുക - ഒരുപക്ഷേ ഒരു മുഖ്യപത്രാധിപർ ഏററവും ശ്രദ്ധചെലുത്തേണ്ടതും എന്നാൽ സാധാരണയായി അവഗണിക്കപ്പെടുന്നതുമായ ഒരു ഘടകമാണത്. ഫാ.ജോസിന് ആ വീഴ്ചയുണ്ടായില്ല. അദ്ദേഹം പത്രത്തിനുവേണ്ടി നേടിയ വിജയത്തിന്റെ ഒരു ഘടകമതാണ്. ഓരോരുത്തരുടെയും കഴിവുകളെ പരമാവധി ചൂഷണം ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ദീപികയ്ക്കുവേണ്ടി ഫാ.ജോസ് ഉണ്ടാക്കിയ അനവധിയായ എഡിറേറാറിയൽ നേട്ടങ്ങൾ ദീപികയുടെ സാമ്പത്തികവിജയമായി പരിണമിപ്പിക്കാൻ കഴിഞ്ഞില്ല. ദീപികയുടെ അനുബന്ധപ്രസിദ്ധീകരണങ്ങളുടെയും (സിനിമാവാരികയൊഴികെ) ചീഫ് എഡിററർ അദ്ദേഹമായിരുന്നു. ഓരോ പ്രസിദ്ധീകരണത്തിന്റെയും ഓരോ അക്ഷരങ്ങളിലും കടന്നുചെല്ലുന്നതായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ. തന്റെ പ്രസിദ്ധീകരണങ്ങൾ ഉന്നതനിലവാരം പുലർത്തുന്നവയായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. അതിനാൽ ഓരോ പ്രസിദ്ധീകരണത്തിന്റെയും ഓരോ ഘടകത്തിലും അദ്ദേഹത്തിന്റെ സൂക്ഷ്മശ്രദ്ധ ഇറങ്ങിച്ചെന്നു. അതുകൊണ്ടുതന്നെ അവ ആഢ്യതയുള്ള പ്രസിദ്ധീകരണങ്ങളും ഒരിക്കൽ വൻ സാമ്പത്തിക വിജയങ്ങളുമായിരുന്നു. പിൽക്കാലത്ത് അവയുടെ സാമ്പത്തിക നേട്ടം കുറഞ്ഞപ്പോഴും അവയുടെ നിലവാരം താഴാൻ അദ്ദേഹം അനുവദിച്ചില്ല.

രണ്ടായിരാമാണ്ടിനു ദീപികയുടെ പ്രത്യേക സംഭാവന എന്തെങ്കിലും നൽകണമെന്നു ഫാ.ജോസിന് ആഗ്രഹമുണ്ടായിരുന്നു. അപ്പോഴാണ് ഇന്ത്യയിലെ എല്ലാ ക്രൈസ്തവസഭകളെക്കുറിച്ച് ഒരു ഡയറക്ടറി എന്ന ആശയം ഒരു സ്റ്റാഫംഗം മുന്നോട്ടുവയ്ക്കുകയും അന്നത്തെ മാനേജിംഗ്

www.malankaralibrary.com

ഡയറക്ടറും മാനേജിംഗ് എഡിററററുമായിരുന്ന വി.ജെ.പാപ്പു അത് അംഗീകരിക്കുകയും ചെയ്തത്. അങ്ങനെയാണ് 'ഇന്ത്യൻ ക്രിസ്ത്യൻ ഡയറക്ടറി' എന്ന ബൃഹത്തും സമഗ്രവുമായ റെഫറൻസ് ഗ്രന്ഥത്തിനു വേണ്ടി ഫാ.ജോസ് ദീപികയെ സന്നദ്ധമാക്കിയത്. സാഹസികമായ ഈ ഉദ്യമത്തെ പലരും പരിഹസിക്കുകയും അതു പരാജയപ്പെടുകയേ ഉള്ളൂവെന്ന് പ്രവചിക്കുകയും ചെയ്തു. എന്നാൽ അന്തർദേശീയ നിലവാരത്തിലുള്ള ഡയറക്ടറി ആയിരിക്കണം അതെന്നു ഫാ.ജോസ് നിശ്ചയിച്ചു കഴിഞ്ഞിരുന്നു. തന്റെ കഴിവിന്റെ മാററ് അദ്ദേഹം തെളിയിക്കുകയും ചെയ്തു. മാനേജിംഗ് ഡയറക്ടറുടെ നിർലോപമായ പിന്തുണയോടെയും എഡിററർ-ഇൻ-ചാർജായിരുന്ന ദേവപ്രസാദിന്റെ സഹകരണത്തോടും ഒരുവർഷത്തിലേറെയുള്ള പരിശ്രമത്തിൽനിന്ന് അദ്ദേഹം 'ഇന്ത്യൻ ക്രിസ്ത്യൻ ഡയറക്ടറി' സൃഷ്ടിക്കുകയും ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ വത്തിക്കാനിൽ അതിന്റെ പ്രകാശനം നിർവഹിക്കുകയും ചെയ്തു. അന്തർദേശീയ നിലവാരം പുലർത്തിയ ആ ഗ്രന്ഥം വിദേശങ്ങളിലെ ലൈബ്രറികളിലും വിലപ്പെട്ട റഫറൻസ് ഗ്രന്ഥമായി സ്ഥാനം നേടി.

ദീപിക ലോകമെങ്ങും അറിയപ്പെടുന്ന പത്രമായി മാറിയതും ഫാ.ജോസ് പന്തപ്ലാംതൊട്ടിയിലിന്റെ കാലത്താണ്. മലയാളത്തിൽ ആദ്യത്തെ ഓൺലൈൻ പത്രം ദീപികയാണ്. അങ്ങനെ ലോകത്തുള്ള എല്ലാ മലയാളികൾക്കും അന്നന്ന് വായിക്കാവുന്ന പത്രമായി ദീപിക മാറി. പിന്നീട് മററു പല പത്രങ്ങൾക്കും ഓൺലൈൻ എഡീഷനുകൾ ഉണ്ടായെങ്കിലും ഇന്ന് ഏററവും കൂടുതൽ വായനക്കാരുടെ മലയാളം ഓൺലൈൻ പത്രം ദീപിക ഡോട്ട് കോമാണ്. ഇക്കാര്യത്തിൽ മലയാളത്തിലെ എല്ലാ പ്രമുഖ പത്രങ്ങളെയും ബഹുദൂരം പിന്തള്ളിയിരിക്കുകയാണ് ദീപിക. ഇതിന്റെ ക്രെഡിററ് അദ്ദേഹം കൊടുക്കുന്നത് ദീപികയുടെ മുൻ മാനേജിംഗ് എഡിറററും ദുബായിലെ ജേക്കബ്സൺ സോഫ്ററിന്റെ മേധാവിയുമായ ജോർജ്ജ് ജേക്കബ് മണ്ണംപ്ലാക്കലിന് ആണെങ്കിലും ഓൺലൈൻ പത്രത്തിന്റെ നിലവാരം നിലനിർത്തുന്നതിൽ ഫാ. ജോസ് വഹിച്ചിട്ടുള്ള പങ്ക് സ്തുത്യർഹമാണ്. ദീപിക ഗ്ലോബൽ റേഡിയോയ്ക്കും ചീഫ് എഡിററർ എന്ന നിലയിൽ അദ്ദേഹത്തിന്റെ വലിയ സംഭാവനകൾ ലഭിച്ചിട്ടുണ്ട്. ദീപിക ഡോട്ട് കോമിനൊപ്പം ഗ്ലോബൽ റേഡിയോയ്ക്കും അദ്ദേഹത്തിന്റെ ചിന്താവിഷയങ്ങൾ ഒഴിവാക്കാനാവാത്തതായിത്തീർന്നിട്ടുണ്ട്. രണ്ടിന്റെയും വിജയത്തിൽ ഈ ചിന്താവിഷയങ്ങൾക്കുള്ള പങ്ക് അനിഷേധ്യമാണുതാനും.

ദുബായിൽനിന്നുള്ള 'ഗൾഫ് ദീപിക' ദിനപത്രവും ഇംഗ്ലണ്ടിൽ നിന്നുള്ള 'ദീപിക യൂറോപ്പ്' വാരികയും ഫാ. ജോസിന്റെ കാലത്ത് തുടങ്ങിയവയാണ്. രണ്ടിലും അദ്ദേഹത്തിന്റെ ചിന്താവിഷയങ്ങൾ എല്ലാ ലക്കങ്ങളിലും വന്നുകൊണ്ടിരുന്നു.

ഒരു സാധാരണ ചീഫ് എഡിററർ ചെയ്യുന്നതിന്റെ അനേകമടങ്ങ്

www.malankaralibrary.com

ജോലി ആ നിലയിൽ നിർവഹിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെയാണ് ദീപിക സൺഡേ പതിപ്പിനു പുറമേ 'സ്ത്രീധനം' മാസിക, രാഷ്ട്രദീപിക ആഴ്ചപ്പതിപ്പ്, ചിൽഡ്രൻസ് ഡൈജസ്റ്റ് എന്നിവയിൽ അദ്ദേഹം സ്ഥിരം പംക്തി എഴുതിക്കൊണ്ടിരുന്നു. സൺഡേ ദീപികയിലെ 'ചിന്താവിഷയം' പംക്തിക്ക് തുല്യമായി ആഴ്ചപ്പതിപ്പിൽ 'ചിന്താരത്നങ്ങ'ളും 'സ്ത്രീധന'ത്തിൽ 'ചിന്താപൗർണമി'യും 'ചിൽഡ്രൻസ് ഡൈജസ്റ്റി'ൽ 'റെയിൻബോസും' എഴുതിപ്പോന്നു എന്നതല്ല, മുടക്കംകൂടാതെ എഴുതിക്കൊണ്ടിരുന്നു എന്നതാണ് എടുത്തുപറയേണ്ടത്. ഇംഗ്ലീഷിലും മലയാളത്തിലും ഒരുപോലെ വിജയപ്രദമായി പംക്തികൾ എഴുതുന്നവർ അപൂർവമാണെന്നുള്ളത് ഫാ. ജോസിന്റെ യശഃസിന് മാററുകൂട്ടുന്നു.

സൺഡേദീപികയിൽ ഫാ.ജോസിന്റെ 'ചിന്താവിഷയം' ഇരുപതാം വർഷത്തിൽ എത്തിയിരിക്കുകയാണ്. ഇതിലേറെ നീണ്ട കാലയളവിൽ മുടക്കമില്ലാതെ തുടരുന്ന മറെറാരു പ്രതിവാര പംക്തി മലയാളത്തിൽ പ്രഫ. എം. കൃഷ്ണൻനായരുടെ 'സാഹിത്യവാരഫലം' മാത്രമേ ഉണ്ടാവൂ.

ഇവയ്ക്കുപുറമേ ദേശീയതലത്തിലും അന്തർദേശീയ തലത്തിലുമുള്ള അനേകം സെമിനാറുകളിൽ ഫാ. ജോസ് അവതരിപ്പിച്ചിട്ടുള്ള പ്രബന്ധങ്ങൾ ഓരോ വിഷയത്തെയും അദ്ദേഹം എത്ര സമഗ്രമായും ആഴത്തിലും ഉൾക്കൊള്ളുന്നുവെന്നതിന്റെ ഉദാഹരണങ്ങളാണ്. 'എഡിറേറഴ്സ് ഫോറം കേരള'യുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഫാ. ജോസ് സ്വിററ്സർലൻഡ് ആസ്ഥാനമായുള്ള ഇന്റർനാഷണൽ കമ്യൂണിക്കേഷൻ ടീച്ചേഴ്സ് അസോസിയേഷന്റെ വൈസ്പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1991-ൽ അമേരിക്കയിലെ സാൻഡസ്കിയിലുള്ള സെന്റ്സ് പീററർ ആൻഡ് പോൾ ചർച്ചിൽ നിന്ന് ഫാ. ജോസ് വിടവാങ്ങുന്ന വേളയിൽ ഒരു ഇടവകക്കാരൻ പ്രാദേശിക പത്രത്തോട് അദ്ദേഹത്തെക്കുറിച്ചു പറഞ്ഞ വാക്കുകളോടെ ഈ ലേഖനം അവസാനിപ്പിക്കാം. "എന്താണ് പറയുക?.... അദ്ദേഹം ഈ ഭൂമിക്കൊരു വലിയ ആസ്തിയാണ്."


ഫാ. പന്തപ്ലാംതൊട്ടി ഇപ്പോൾ അമേരിക്കയിലാണ്

Address - Rev.Fr. Jose Panthplamthottiyil CMI,
Holy Family Church, 21 - Nassau, Ave.
Brooklyn, N.Y - 11222 - U.S.A.

www.malankaralibrary.com

# 393

# ഡോ. വി.എ. ജോസഫ് വടക്കേക്കര



ഏഴരപതിററാണ്ട് പിന്നിടുന്ന കേരളത്തിലെ മുൻനിര ബാങ്കുകളിലൊന്നായ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ചെയർമാനും എക്സിക്യൂട്ടീവ് ഓഫീസറുമായി ചുമതലയേററ ഡോ.വി.എ. ജോസഫ് കോട്ടയം ജില്ലയിൽ കുറവിലങ്ങാട് വടക്കേക്കര വി.ജി. ആന്റണിയുടെയും മിസ്സിസ് ആലീസ് ആന്റണിയുടെയും രണ്ടാമത്തെ പുത്രനായി 1951 മേയ് 24-ാം തീയതി ജനിച്ചു. ജോസഫിന്റെ പിതാമഹൻ പ്രമുഖചരിത്രാകാരനും സഭാസ്നേഹിയും അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെയും കേരളഹിസ്റ്ററി കോൺഗ്രസ്സിന്റെയും പ്രസിഡണ്ടുമായിരുന്ന ഷെവ.വി.സി. ജോർജ്ജാണ്. കുറവിലങ്ങാട് ദേവാമാതാകോളേജിൽനിന്നും ഒന്നാമതായി പ്രീഡിഗ്രിയും തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽനിന്നും റാങ്കോടുകൂടി ബി.കോമും പാസ്സായശേഷം ബാങ്കിംഗ് ഐച്ഛികമായെടുത്ത് തിരുവനന്തപുരം എം.ജി. കോളേജിൽനിന്നും എം.കോം മികച്ച രീതിയിൽ പൂർത്തിയാക്കി. പൂന സർവ്വകലാശാലയിൽനിന്നും എൽ.എൽ.ബി. ഫസ്റ്റ്ക്ലാസിലും പേഴ്സണൽ മാനേജുമെന്റിൽ മാസ്റ്റേഴ്സ് ബിരുദം ഡിസ്റ്റിംഗ്ഷനോടുകൂടിയും കരസ്ഥമാക്കിയിട്ടുള്ള ഇദ്ദേഹം സി.എ.ഐ.ഐ. ബിയും പാസ്സായി. മനുഷ്യവിഭവശേഷി വികസനത്തിൽ പൂനാ സർവ്വകലാശാലയിൽനിന്നും ഡോക്ടറേററ് നേടിയിട്ടുള്ള അപൂർവ്വം ബാങ്കർമാരിൽ ഒരാളാണ് ഡോ.ജോസഫ്.

കുറവിലങ്ങാട് കോളേജിൽ പഠിക്കുമ്പോൾ ഇംഗ്ലീഷ് പ്രൊഫസ്സറാകണമെന്നാണ് ആഗ്രഹിച്ചത്. അതിന് വഴിവച്ചത് കോളേജിൽ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്ന അലക്സാണ്ടർ തോമസിന്റെ സരസമായ ക്ലാസ്സുകളാണ്. ദൈവനിശ്ചയം മറെറാന്നായി. ബാസ്ക്കററ്ബോളും, സംഗീതവുമായിരുന്നു വിനോദം. പഴയകാലഗാനങ്ങളുടെ ആരാധകനായ ജോസഫ് സിനിമാനടൻ ബാബു നമ്പൂതിരിക്കൊപ്പം കോളേജ് ഗ്രൂപ്പിൽ പാടി പേരെടുത്തിരുന്നു.

1972 ൽ സിൻഡിക്കേററ് ബാങ്കിൽ പ്രൊബേഷണറി ഓഫീസറായി ഔദ്യോഗിക ജീവിതം ആരംഭിച്ച ഡോ. ജോസഫ് കൊച്ചി, തിരുവനന്തപുരം, പൂനാ തുടങ്ങി വിവിധ ശാഖകളിൽ മാനേജർ, സീനിയർ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഗോവ റീജയണൽ മാനേജരായും ഡൽഹി, അഹമ്മദാബാദ്, മുംബൈ എന്നിവിടങ്ങളിൽ ഡെപ്യൂട്ടി ജനറൽമാനേജരായും സേവനമനുഷ്ഠിച്ചിട്ടുള്ള ഡോ. ജോസഫ് മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളുടെ പരിപൂർണ്ണ ചുമതലയുള്ള

www.malankaralibrary.com

മുംബൈസോണിന്റെ ജനറൽ മാനേജരായിരിക്കെയാണ് 2003 ഡിസംബറിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ആദ്യഎക്സിക്യൂട്ടീവ് ഡയറക്ടറായി അവരോധിക്കപ്പെട്ടത്. ഉഡുപ്പി സിൻഡിക്കേറ്റ് ബാങ്ക് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ, മണിപ്പാൽ ഹെഡ് ഓഫീസിൽ "മനുഷ്യവിഭവശേഷി വികസന" വിഭാഗത്തിന്റെ തലവൻ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഐ.ഐ.എം. അഹമ്മദാബാദ്, ബി.ടി.സി. മുംബൈ, എൻ.ഐ.ബി.എം. പൂന, അഡ്മിനിസ്റ്ററേറ്റ് സ്റ്റാഫ് ട്രെയിനിംഗ് കോളേജ് ഹൈദ്രബാദ് എന്നിവിടങ്ങളിൽനിന്നും വിദഗ്ദ്ധപരിശീലനം നേടിയിട്ടുള്ള ഡോ.ജോസഫ്, 1997 ൽ കേംബ്രിഡ്ജിൽ നടന്ന ഇന്റർനാഷണൽ ബാങ്കിംഗ് സമ്മർസ്കൂളിലും പങ്കെടുത്തിട്ടുണ്ട്. ഗുജറാത്തിലെ ഭൂകമ്പസമയത്ത് അഹമ്മദബാദിലെ ഡെപ്യൂട്ടി ജനറൽമാനേജരായിരുന്ന ജോസഫ് റിക്കാർഡ് സമയംകൊണ്ട് ബാങ്കിന്റെ ഗുജറാത്തിലെ എല്ലാ ബ്രാഞ്ചുകളെയും പ്രവർത്തനക്ഷമമാക്കി മികവ് തെളിയിച്ചിരുന്നു.

ബാങ്കിംഗ് രംഗത്തെ അതുല്യപ്രതിഭയായ ഡോ.വി.എ. ജോസഫിനെപ്പററി 2005 ഡിസംബർ 11 ലെ ദീപിക വാരാന്ത്യപ്പതിപ്പിൽ ലിപ്സൺ ജോസഫ് എഴുതിയ മുഖ്യലേഖനത്തിലെ ഏതാനും ഭാഗം ഉദ്ധരിക്കട്ടെ.

"സദാപ്രസന്നമായ ഭാവം, ശബ്ദഘോഷങ്ങളില്ലാത്ത വാക്കുകൾ, സൗമ്യവും ദീപ്തവുമായ ഈ വ്യക്തിത്വം കണ്ടുമുട്ടുന്നവരെ എളുപ്പം കീഴടക്കും. അധികം മുഖവുരയില്ലാതെ പറയട്ടെ ഇത് സൗത്ത് ഇന്ത്യൻ ബാങ്ക് ചെയർമാൻ ഡോ.വി.എ.ജോസഫ്. തന്നിൽ ഭാരമേൽപ്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങൾ എല്ലാം ദൈവനിയോഗമെന്ന് വിശേഷിപ്പിക്കുമ്പോഴും അവ പരമാവധി ഭംഗിയായി നിർവ്വഹിക്കാൻ ഡോ. ജോസഫിന് മടിയില്ല. നിക്ഷേപവും വായ്പയുമായി 16000 കോടിരൂപായുടെ ബിസിനസ്സാണ് 2005-2006 ൽ അദ്ദേഹത്തിന്റെ ലക്ഷ്യം. 2008 ൽ 25000 കോടിയും. സഹസ്രകോടികളുടെ ഫണ്ട് കൈകാര്യം ചെയ്യുമ്പോഴും ഡോ. ജോസഫിന്റെ മുഖത്ത് താപസസമാനമായ പ്രശാന്തത."

രണ്ടുവർഷം മുൻപുവരെ ബാങ്കിംഗ് മേഖലയ്ക്ക് പുറത്ത് അധികമാരും അദ്ദേഹത്തെ അറിഞ്ഞിരുന്നില്ല. 2003 ഡിസംബർ നാലിന് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ആദ്യത്തെ എക്സിക്യൂട്ടീവ് ഡയറക്ടറായി ഡോ.വി.എ. ജോസഫ് ചുമതലയേററപ്പോൾ സംശയാലുക്കൾ ചോദിച്ചു. സൗത്ത് ഇന്ത്യൻ ബാങ്കിൽ ജോസഫ് എന്തു ചെയ്യും? പഴയതലമുറയിലെ സ്വകാര്യ ബാങ്കുകളിൽ (എട്ട് ന്യൂ ജനറേഷൻ ബാങ്കുകൾ ഒഴികെ) അഖിലേന്ത്യാതലത്തിൽ അഞ്ചാംസ്ഥാനത്തേക്ക് സൗത്ത് ഇന്ത്യൻ ബാങ്കിനെ ഉയർത്തിക്കൊണ്ട് രണ്ടുതലമുറകളുടെ ബാങ്കിംഗ് പാരമ്പര്യം കൈമുതലായുള്ള ജോസഫ് മറുപടി നൽകി.

2005 ജൂണിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പത്താമത് ചെയർമാനായപ്പോൾ ഊർജ്ജസ്വലമായ ഈ വ്യക്തിത്വം കേരളം തിരിച്ചറിഞ്ഞു.

www.malankaralibrary.com

പുതുവർഷത്തിൽ സെൻട്രലൈസ്ഡ് കോർബാങ്കിംഗ് പൂർത്തീകരിക്കുന്നത് ഉൾപ്പെടെ വിപ്ലവകരമായ വികസന പദ്ധതികളാണ് ഡോ. ജോസഫ് വിഭാവന ചെയ്യുന്നത്...... അർപ്പണബുദ്ധിയോടെയുള്ള പ്രവർത്തനമാണ് തുടക്കംമുതലേ ഡോ. ജോസഫ് കാഴ്ചവച്ചത്. ഗുജറാത്തിൽ ഭൂകമ്പമുണ്ടായപ്പോൾ നാശംനേരിട്ട സിൻഡിക്കേററ് ബാങ്കിന്റെ നാലുശാഖകളുടെ പ്രവർത്തനം ചുരുങ്ങിയ സമയത്തിനുള്ളിൽ പുനരാരംഭിക്കുവാൻ കഴിഞ്ഞതാണ് ഡപ്യൂട്ടി ജനറൽ മാനേജരായിരുന്ന ഡോ. വി.എ. ജോസഫിന്റെ തിളക്കമാർന്ന നേട്ടം.

33 വർഷത്തെ ബാങ്കിംഗ് സേവനത്തിനിടെ ഏററവും സംതൃപ്തി ലഭിച്ചത് ബ്രാഞ്ച്മാനേജരായിരിക്കെയാണെന്ന് ഡോ. വി.എ. ജോസഫ് പറയുന്നു. ഉയർന്നപദവികൾ അലങ്കരിക്കുമ്പോൾ ജനങ്ങളുമായി നേരിട്ടിടപഴകാനുള്ള അവസരം നഷ്ടമാകുമെന്നത് അദ്ദേഹത്തിന്റെ സ്വകാര്യദുഃഖം. ബാങ്കിന്റെ ഇടപാടുകാരെ നേരിട്ടുകാണാൻ ലഭിക്കുന്ന ഒരവസരവും അദ്ദേഹം ഇപ്പോഴും പാഴാക്കാറില്ല.

മുംബൈ സോണൽ ഓഫീസിൽ ജനറൽ മാനേജരായിരിക്കെയാണ് കേരളത്തിലേക്കുള്ള മടക്കം. 77 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള സൗത്ത് ഇന്ത്യൻ ബാങ്കിലേക്ക് തുറന്ന സമീപനവുമായി ജോസഫ് കടന്നുവന്നു. ആർക്കും എപ്പോഴും പ്രാപ്യനായ ചെയർമാന്റെ ഫയലുകൾ ബാക്കിവയ്ക്കാത്ത പ്രവർത്തനശൈലി - ജോസഫിന്റെ നേതൃത്വത്തിൽ സ്വകാര്യ ബാങ്കുകളുടെ മുൻനിരയിലേക്ക് സൗത്ത് ഇന്ത്യൻബാങ്ക് കുതിക്കാൻ അധികകാലം വേണ്ടിവന്നില്ല. ചെയർമാൻസ്ഥാനം ഏറെറടുത്ത ഉടനെ ബിസിനസ്സിലെ കാലതാമസം ഒഴിവാക്കാൻ അധികാര വികേന്ദ്രീകരണത്തിന് മുൻഗണന നൽകി. റീജയണൽ ഓഫീസുകളുടെ ചുമതല ഡപ്യൂട്ടി ജനറൽ മാനേജർമാരെ ഏൽപ്പിച്ചു.

മികച്ച പ്രവർത്തനം കാഴ്ചവച്ച ജീവനക്കാരെ ഈ വർഷം ഗോവയിൽ നടന്ന ചടങ്ങിൽ ടോപ്പ് പെർഫോർമേഴ്സ് അവാർഡ് നൽകിയാദരിച്ചു. സഹപ്രവർത്തകർക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ നിയമനം നൽകി. കാര്യക്ഷമത വർദ്ധിപ്പിക്കുവാനും ശ്രദ്ധവച്ചു. ഒപ്പം ബാങ്കിന്റെ മൂലധന പര്യാപ്തത 9.73 ശതമാനത്തിൽനിന്ന് 10.3 ശതമാനമാക്കി. പുതുവർഷത്തിൽ 150 കോടിയുടെ പബ്ലിക് ഇഷ്യു കഴിയുന്നതോടെ ബാങ്കിന്റെ മൂലധന പര്യാപ്തത 13.5 ശതമാനമായി മാറും. അടുത്തവർഷം പോർട്ട്ഫോളിയോ സർവ്വീസും ആരംഭിക്കും.

വിജയത്തിലേക്കുള്ള ഓരോ ചുവടുവയ്പിലും ദൈവം തനിക്ക് കൂട്ടുണ്ടെന്ന് ഡോ. ജോസഫിന് ഉറച്ചവിശ്വാസമുണ്ട്. നല്ല ചിന്തകളുണ്ടെങ്കിൽ നല്ല തീരുമാനങ്ങൾ എടുക്കുവാൻ സാധിക്കും. ഒരു കാര്യത്തെക്കുറിച്ചും ടെൻഷൻ അടിക്കാറില്ല. ദിവസവും വളരെയധികം സമയം ജോലി നോക്കുന്ന ഡോ. ജോസഫിന് കരുത്ത് പകരുന്നത് അതിരാവിലെയുള്ള

www.malankaralibrary.com

പ്രാർത്ഥനയാണ്. സാധാരണഗതിയിൽ മുടക്കം വരുത്താത്ത ആറുകിലോ മീററർ പ്രഭാതനടത്തം പ്രവർത്തനശൈലിയെച്ചടുലമാക്കും. ദീപികയിലെ ഈ ലേഖനത്തിൽനിന്നും ഡോ. വി.എ. ജോസഫിന്റെ പ്രവർത്തനശൈലി നമുക്ക് മനസ്സിലാക്കാം.

സീറോ- മലബാർ സഭാ ബിഷപ്പുമാരുടെ സിനഡിൽ ധനകാര്യകൗൺസിൽ ചെയർമാനായി 5 വർഷത്തേക്ക് ഡോ. ജോസഫിനെ നിയമിച്ചിട്ടുണ്ട്.

കുട്ടനാട് കാഞ്ഞുപ്പറമ്പിൽ കുടുംബാംഗം റോസിയാണ് ഡോ. വി.എ. ജോസഫിന്റെ സഹധർമ്മിണി.

വിലാസം - ഡോ.വി.എ. ജോസഫ്, ചെയർമാൻ, സൗത്ത് ഇന്ത്യൻ ബാങ്ക്,
രജി.ഓഫീസ്, തൃശൂർ.

# 394

# മാർ ലോറൻസ് മുക്കുഴി



കുടിയേറ്റകർഷകകേന്ദ്രമായ ബൽത്തങ്ങാടി ആസ്ഥാനമാക്കി സീറോ - മലബാർ സഭയ്ക്ക് ഒരു രൂപതയാരംഭിക്കുന്നതും രൂപതാദ്ധ്യക്ഷനായി മാർ ലോറൻസ് മുക്കുഴി നിയമിതനാകുന്നതും 1999 ൽ ആണ്. ദക്ഷിണകന്നട, ഉടുപ്പി, കൂർഗ് ജില്ലകളാണ് രൂപതാതിർത്തിക്കുള്ളിൽ ഉള്ളത്. വിവിധ ഭാഷകൾ സംസാരിക്കുന്ന ജനങ്ങളാണിവിടെയുള്ളത്. ഈ പുതിയ രൂപതയിൽ ആകെ ഇരുപതിനായിരം കത്തോലിക്കർ. നാലായിരം കുടുംബങ്ങൾ എന്ന് ഏതാണ്ട് കണക്കുകൂട്ടാം. ബൽത്തങ്ങാടി രൂപതയിലെ കുടിയേറ്റ കർഷകരും തദ്ദേശവാസികളും ഉൾപ്പെടെ 1,12,584 കുടുംബങ്ങലെ കുടിയിറക്കാനുള്ള നീക്കമാണ് രൂപത ഉദയംകൊണ്ട് അധികനാളുകൾ കഴിയുംമുമ്പേ കർണ്ണാടകയിൽ ആരംഭിച്ചത്. ജനസംഖ്യയിൽ കത്തോലിക്കർ വളരെ കുറവാണെങ്കിലും മറ്റിതരസമുദായത്തിൽപ്പെട്ടവരാണ് കൂടുതലെങ്കിലും ജാതിമതവിഭാഗങ്ങളുടെ കണക്കെടുക്കാതെ കർഷകന്റെ മണ്ണിലുള്ള അവകാശ സംരക്ഷണ പോരാട്ടത്തിന് നേതൃത്വം കൊടുക്കേണ്ട നിയോഗമാണ് മാർ ലോറൻ മുക്കുഴിക്ക് ലഭിച്ചത്. പള്ളിക്കും പള്ളിക്കൂടത്തിനും ഇളക്കം തട്ടുമ്പോൾ മാത്രം ഇളകിവശാകുന്ന ഒരു സമൂഹമല്ല ക്രൈസ്തവസമൂഹമെന്നും സകലജനങ്ങളുടെയും അവകാശസംരക്ഷണത്തിന് വേണ്ടിയുള്ള പോരാട്ടത്തിന് നേതൃത്വം കൊടുക്കാൻ ക്രൈസ്തവസമുദായം പ്രതിജ്ഞാബദ്ധമാണെന്നും ചുരുങ്ങിയ നാളുകൾകൊണ്ട് മാർ ലോറൻസ് മുക്കുഴി തെളിയിച്ചു. രണ്ടരസെന്റു മുതൽ ഉള്ള കൃഷിക്കാരെയാണ് കുടിയിറക്കപ്പെടുന്നത്. ഇതിനെതിരെ സംസ്ഥാന

www.malankaralibrary.com

തലത്തിൽ ഉള്ള പ്രക്ഷോഭണങ്ങൾക്ക് നേതൃത്വം നൽകിയത് കത്തോലിക്കരാണ്. ലോറൻസ് മുക്കുഴി പിതാവിന്റെ നിശ്ചയദാർഢ്യം ഇതിന്റെ പിന്നിൽ കാണാം. ഗൂഡല്ലൂർ കുടിയിറക്കിന്റെയും ഷിമോഗാ കുടിയിറക്കിന്റെയും കഥകൾ കേട്ടറിഞ്ഞ പിതാവ് ഇക്കാര്യത്തിൽ എടുത്ത നിലപാട് സുധീരമാണ്.

കർണ്ണാടകയിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ പടത്തലവനായി മാറിയ മാർ ലോറൻസ് 1951 ആഗസ്റ്റ് 31-ാം തീയതി ദക്ഷിണ കർണാടകയിലെ ഹോസമാതാ (Hosmata) യിൽ മുക്കുഴി കുടുംബത്തിൽ തോമസ് - റോസ ദമ്പതികളുടെ മകനായി ജനിച്ചു. ആറൻതോട് ബോർഡ് ഹയർ എലമെന്ററി സ്കൂളിൽ ആയിരുന്നു പ്രൈമറി സ്കൂൾ വിദ്യാഭ്യാസം. സുള്ളിയായിലെ ബോർഡ് ഹൈസ്കൂളിൽ (ഇംഗ്ലീഷ്മീഡിയം സ്കൂൾ) നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുകയും തുടർന്ന് കൂത്തുപറമ്പ് നിർമ്മിലഗിരി കോളേജിൽനിന്നും പ്രീ-ഡിഗ്രി പരീക്ഷ പാസാകുകയും ചെയ്തു. തുടർന്ന് തലശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക വിദ്യാഭ്യാസം ആരംഭിച്ചു. ആലുവാ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും ഫിലോസഫിയിലും തിയോളജിയിലും പഠനം പൂർത്തിയാക്കി 1978 ഡിസംബർ 27 ന് വൈദികപട്ടം സ്വീകരിച്ചു. മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് ലിറ്ററേച്ചറിൽ മാസ്റ്റേഴ്സ് ഡിഗ്രിയും കരസ്ഥമാക്കി.

തുടർന്ന് ഉദാനി (Udane) നെല്ലിയാടി, ഷീരാടി, അഢോല (Adhole) എന്നിവിടങ്ങളിൽ അസിസ്റ്റന്റ് വികാരിയായി ജോലിനോക്കി. പിന്നീട് ഗാൻഡിബാഗിലു, കുത്രുപാടി, ഗുത്തിഗർ, ബൽത്തങ്ങാടി, മാലാച്ചോവ് കാമുണ്ടാജി, ചന്ദനക്കാംപാറ, മംഗലാപുരം കട്ടിപ്പാള എന്നിവിടങ്ങളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.

1997 മുതൽ 1999 വരെ സൗത്ത് കാനറാമിഷനിൽ എപ്പിസ്കോപ്പൽ വികാരിയായി സേവനം അനുഷ്ഠിച്ചു. മറ്റു പല മണ്ഡലങ്ങളിലും രൂപതയിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1979 – 88 വരെ സൗത്ത് കാനറാമിഷനിൽ മതപഠനത്തിന്റെ ഡയറക്ടറായിരുന്നു. രൂപതാ പ്രസ്ബെറ്ററി കൗൺസിൽ, രൂപതാ കോളേജ് ഓഫ് കൺസൾട്ടേഴ്സ് എന്നീ സമിതികളിൽ അദ്ദേഹം അംഗമായിരുന്നു. ദക്ഷിണ കന്നട റൂറൽ ഡവലപ്മെന്റ് സൊസൈറ്റിയുടെയും കർണ്ണാടക കാത്തലിക് എഡ്യൂക്കേഷണൽ ചാരിറ്റബിൾ സൊസൈറ്റിയുടെയും പ്രസിഡണ്ടായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

സെന്റ് തോമസ് ഹൈസ്കൂൾ ഗാൻഡിബാഗിലു, സെന്റ് മേരീസ് ചർച്ച് കൂട്രുപാഡി, ബൽത്തങ്ങാടി സെന്റ് തോമസ് മൈനർ സെമിനാരി, ചന്ദനക്കാംപാറ ലിറ്റിൽ ഫ്ളവർ സ്കൂൾ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചു.

കന്നട, തുലു, കൊങ്കണി, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ നന്നായി കൈകാര്യം ചെയ്യാനറിയാം. കന്നടയിലും മലയാളത്തിലും ഇംഗ്ലീ

www.malankaralibrary.com

ഷിലും നല്ല പ്രാസംഗികനാണ് തിരുമേനി.

1999 ഏപ്രിൽ 24-ാം തീയതി ജോൺപോൾ രണ്ടാമൻ മാർപാപ്പാ തിരുമേനി ബൽത്തങ്ങാടി രൂപതയുടെ പ്രഥമ ബിഷപ്പായി നിയമിച്ചു. ബൽത്തങ്ങാടിയിൽവച്ച് അതിവിപുലമായ തോതിൽ മെത്രാഭിഷേകം 1999 ആഗസ്റ്റ് 4-ാം തീയതിയും നടന്നു. മെത്രാഭിഷേക ചടങ്ങിനുശേഷം നടന്ന അനുമോദനയോഗത്തിൽ നന്ദി പ്രകടനാവസരത്തിൽ അദ്ദേഹം പറഞ്ഞ വാക്കുകൾ അങ്ങേയറ്റം ശ്രദ്ധേയമാണ്. ആ വാക്കുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് അദ്ദേഹം തന്റെ പ്രവർത്തനങ്ങൾ നയിച്ചുകൊണ്ടിരിക്കുന്നത്. ആ മറുപടി പ്രസംഗത്തിലെ ഏതാനും ഭാഗങ്ങൾ താഴെ ചേർക്കുന്നു.

"ഇന്നു ബൽത്തങ്ങാടി രൂപതയുടെ മെത്രാനായി ഞാൻ അഭിഷിക്തനായി. എന്റെ കൊച്ചുജീവിതം ബൽത്തങ്ങാടി രൂപതയ്ക്കുവേണ്ടി ഞാൻ അർപ്പിക്കുന്നു. നിങ്ങൾക്ക് എന്നെ അറിയാം, എനിക്കു നിങ്ങളേയും. നിങ്ങളുടെ സഹായം ഉണ്ടെങ്കിലേ എന്തെങ്കിലു എനിക്കു ചെയ്യാൻ കഴിയൂ. നിങ്ങൾ എന്നെ സഹായിക്കണം. നിങ്ങളുടെ സുഖദുഃഖങ്ങൾ ഈശോയ്ക്കു സമർപ്പിക്കുകയും അവിടുത്തെ അനുഗ്രഹങ്ങൾ നിങ്ങൾക്ക് എന്നും ലഭിക്കാനായി എളിമയോടെ പ്രാർത്ഥിക്കുകയും ചെയ്യാം.

എനിക്ക് വലിയ വാഗ്ദാനങ്ങൾ നൽകാനില്ല. പക്ഷേ, ഒന്നു ഞാൻ പറയാം, ദൈവനിശ്ചയപ്രകാരം സഭ ഇന്ന് എന്റെ കഴുത്തിൽ കുരിശും മാലയും അണിയിച്ചു. കൈയിൽ മോതിരമണിയിച്ചു. ഇതിന്റെ അർത്ഥം തിരുക്കർമങ്ങൾക്കിടിയിൽ നിങ്ങൾ വിവരിച്ചു കേട്ടു. ഇതു സഭയെ വധുവായി സ്വീകരിച്ചതിന്റെ അടയാളമാണ്. വിവാഹസമ്മാനമായി തരാൻ എന്റെ കൈയിൽ ഒന്നുമില്ല. പക്ഷേ, ഒന്നു പറയാം, എന്റെ അരയിൽ കഴിഞ്ഞ മേയ് 26-ാം തീയതി, ദൈവനിശ്ചയപ്രകാരം സഭയുടെ അനുവാദത്തോടുകൂടി അഭിവന്ദ്യവലിയമറ്റം പിതാവു ചുവപ്പ് കെട്ടി, കഴുത്തിൽ മാലയണിയിച്ചു. ചുവന്ന കരയും ചുവന്ന ബട്ടൻസുമുള്ള ളോവ അണിയിച്ചു. ഇത് ഈശോയുടെയും ധീര രക്തസാക്ഷികളുടെയും മാതൃകയനുസരിച്ച് ഈശോയ്ക്കുവേണ്ടിയും സഭയ്ക്കുവേണ്ടിയും ജനങ്ങൾക്കുവേണ്ടിയും എന്റെ ജീവിതം സമർപ്പിക്കാനാണ്. ഇതാണ് എന്റെ വിവാഹ സമ്മാനം. ഞാനിതു നിങ്ങൾക്കു തരുന്നു."

ഈ അരയിൽ കെട്ടിയിരിക്കുന്ന ചുവന്ന ഡ്രസ്സ്, രക്തസാക്ഷികളുടെ മാതൃക പിന്തുടരുവാനും ജീവൻ സമർപ്പിക്കാനും വേണ്ടിയിട്ടാണ്. ഞാൻ പറയട്ടെ, അവസാനശ്വാസംവരെ എന്റെ ജീവിതം നിങ്ങൾക്കായി തരുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.


പിതാവിന്റെ ഈ വാക്കുകൾ ഹൃദയസ്പർശമാണ്. രൂപതയിലെ ജനങ്ങൾക്കുവേണ്ടി മാത്രമല്ല, സകലജനങ്ങളുടെയും താൽപര്യസംരക്ഷണത്തിനു വേണ്ടിയാണ് തിരുമേനി എന്നും പ്രവർത്തിക്കുന്നത്. നാൽപത്തിയഞ്ചിലധികം ഇടവക പള്ളികളിലായി 49 വൈദികരും 151 സിസ്റ്റേഴ്സും വിവിധ

www.malankaralibrary.com

മണ്ഡലങ്ങളിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. വൃദ്ധമന്ദിരം, ഓർഫനേജ്, ക്ലിനിക്കുകൾ, ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയവയും രൂപതയിൽ പ്രവർത്തിക്കുന്നുണ്ട്.

വിലാസം - ബിഷപ്പ് മാർ ലോറൻസ് മുക്കുഴി, ബിഷപ്സ് ഹൗസ്,
ഉദയനഗർ, കോർട്ട് റോഡ് ബൽത്തങ്ങാടി പി.ഒ.,
ദക്ഷിണകന്നട.

# 395



# മാർ ആൻഡ്രൂസ് താഴത്ത്

ഭാരതത്തിലെ അറിയപ്പെടുന്ന കാനൻ നിയമവിദഗ്ധനും തൃശ്ശൂർ അതിരൂപതയുടെ സഹായമെത്രാനുമായ മാർ ആൻഡ്രൂസ് താഴത്ത് പുതുക്കാട് ഇടവകയിൽ താഴത്ത് അന്തപ്പായി റോസ ദമ്പതികളുടെ മകനായി 1951 ഡിസംബർ 13-ന് ജനിച്ചു. പുതുക്കാട് സെന്റ് ആന്റണീസ് ഹൈസ്കൂൾ തൃശ്ശൂർ സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 1967 -ൽ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ചേർന്ന ആൻഡ്രൂസ് സെമിനാരി ജീവിതകാലത്തുതന്നെയാണ് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ ചേർന്ന് പ്രീഡിഗ്രി പഠിച്ചത്. 1970-ൽ ആലുവാ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം പൂർത്തിയാക്കി. 1977 മാർച്ച് 17-ന് ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം തിരുമേനിയിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. ഒല്ലൂർ സെന്റ് ആന്റണീസ് ദേവാലയത്തിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യ നിയമനം. ഒന്നരവർഷത്തിനു ശേഷം 1987-ൽ ഉപരിപഠനത്തിനായി ആൻഡ്രൂസച്ചനെ റോമിലേക്കയച്ചു. പൗരസ്ത്യകാനൻ നിയമത്തിൽ പഠനം നടത്തി ഗവേഷണബിരുദം നേടി 1983-ൽ നാട്ടിൽ തിരിച്ചെത്തി. തുടർന്ന് രണ്ടുവർഷക്കാലം സെന്റ്. മേരീസ് മൈനർ സെമിനാരിയിൽ ഫാദർ പ്രീഫക്ടും പ്രൊഫസ്സറും ആയി നിയമിതനായി. അതോടൊപ്പം എപ്പാർക്കിയൽ ട്രൈബ്യൂണൽ നോട്ടറിയായും പ്രവർത്തിച്ചു. (1983-1987) രൂപതയുടെ വൈസ്ചാൻസലറും സെക്രട്ടറിയുമായുമായിട്ടായിരുന്നു അടുത്ത നിയമനം (1985-1988). 1987-ൽ എപ്പാർക്കിയൽ ട്രൈബ്യൂണൽ ജഡ്ജായിരുന്നു. തുടർന്ന് ഒരു വർഷക്കാലം ചേവൂർ സെന്റ് ഫ്രാൻസീസ് പള്ളിയിൽ ആക്ടിംഗ് വികാരിയായും അതോടൊപ്പം ജൂഡീഷ്യൽ വികാർ ആയും തൃശ്ശൂർ വെസ്റ്റ് ഫോർട്ടിലെ സെന്റ് ആൻ ചർച്ചിൽ സഹായിയായും പ്രവർത്തിച്ചു.

www.malankaralibrary.com

1988 മുതൽ 1995 വരെ രൂപതാ ചാൻസലർ ആയി സേവനം അനുഷ്ഠിച്ച ആൻഡ്രൂസ് അച്ചൻ ഇതിനിടയിൽ ഒരു വർഷക്കാലം കണ്ണംകുളങ്ങര ക്രൈസ്റ്റ് ദ കിംഗ് ചർച്ചിന്റെ വികാരിയായും പ്രവർത്തിക്കുകയുണ്ടായി. പിന്നീട് ഒരു ദശവർഷക്കാലം സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൻ ട്രൈബ്യൂണലിന്റെ പ്രസിഡണ്ടും ജഡ്ജിയുമായി പ്രവർത്തിച്ചു. ഇതിനിടയിൽ 1995 മുതൽ സൊസൈറ്റി ഓഫ് ലേഡീസ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സഭയുടെ ഡയറക്ടറായും അയ്യന്തോൾ അംസപ്ഷൻ ദേവാലയത്തിലെ വികാരിയായും (1995–1997) തുടർന്ന് തൃശ്ശൂർ ബസ്ളിക്കാദേവാലയത്തിന്റെ വികാരിയായും റെക്ടറായും (1997–2003) സേവനം അനുഷ്ഠിച്ചു. 2003 ജനുവരി 13-ന് അതിരൂപതാ വികാരി ജനറാളായി നിയമിച്ചു. സെന്റ് തോമസ് കോളേജ് മാനേജർ, ദേശീയകാനൻ നിയമം സൊസൈറ്റി വൈസ് പ്രസിഡണ്ട്, പൗരസ്ത്യകാനൽ നിയമ് സൊസൈറ്റി പ്രസിഡണ്ട്, ജീവൻ ടിവി മാനേജിംഗ് ഡയറക്ടർ എന്നിങ്ങനെ വിവിധനിലകളിലും ഇക്കാലയളവിൽ മോൺ ആൻഡ്രൂസ് താഴത്ത് സേവനം അനുഷ്ഠിക്കുകയുണ്ടായി. ആലുവാ മംഗലപ്പുഴ സെമിനാരി, ബാംഗ്ലൂർ ധർമ്മാരംഭവിദ്യാക്ഷേത്രം, തൃശ്ശൂർമേരി മാതാ മേജർ സെമിനാരി എന്നിവിടങ്ങളിലും കാനൻ നിയമപ്രൊഫസ്സരായി അദ്ദേഹം സേവനം അനുഷ്ഠിച്ചിരുന്നു. കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ മെമ്പർ, ലിറ്റർജിക്കൽ റിസേർച്ച് സെന്റർ ചെയർമാൻ, ഈസ്റ്റേൺ ലീഗൽ തോട്ടിന്റെ ചീഫ് എഡിറ്റർ, വത്തിക്കാന്റെ നേതൃത്വത്തിൽ പൗരസ്ത്യ കാനൻ നിയമത്തെപ്പറ്റി നടത്തിയ അന്തർദ്ദേശീയ സമ്മേളനത്തിന്റെ തയ്യാറെടുപ്പിനുവേണ്ടിയുള്ള കമ്മറ്റിയിലെ അംഗം, ധന്യയായ എവുപ്രാസിയാമ്മയുടെയും വാഴ്ത്തപ്പെട്ട മറിയം ത്രേസ്യാ ധന്യവതിയുടെയും നാമകരണ നടപടികൾക്കായി രൂപികരിച്ച സമതിയിലെ പ്രൊമോട്ടർ ഓഫ് ജസ്റ്റീസ് എന്നിങ്ങിനെ വിവിധ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

മോൺ. ആൻഡ്രൂസ് താഴത്ത് മലയാളത്തിലും ഇംഗ്ലീഷിലുമായി നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കാനൻ ലോയെ സംബന്ധിച്ചും സഭാചരിത്രത്തെ സംബന്ധിച്ചും നിരവധിലേഖനങ്ങൾ എഴുതി പ്രസദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം രചിച്ച ഗ്രന്ഥങ്ങൾ താഴെപറയുന്നവയാണ്. കാനൻ നിയമം, സഭാചരിത്രം, തൃശ്ശൂർ രൂപതാ ചരിത്രാവലോകനം, പൗരസ്ത്യസഭകളുടെ കാനോനിക സംഹിത, തോമ്മായുടെ മാർഗം, തനിമക്കുവേണ്ടിയുള്ള അന്വേഷണം, പാവങ്ങളുടെ പിതാവ്, സീറോമലബാർ സഭചരിത്രത്തിലൂടെ എന്നിവയാണ്. ബസ്ലിക്കാ പ്ലാറ്റിനം ജൂബിലി സ്മരണിക അദ്ദേഹം എഡിറ്റു ചെയ്തിട്ടുണ്ട്. മാർ ആൻഡ്രൂസ് താഴത്ത് രചിച്ച പ്രധാന ലേഖനങ്ങൾ താഴെപറയുന്നവയാണ്. 1. The superior and ordinary Tribunels of suiuris Eastern Catholic Church, in studia Canonica 2. Two codes: A comparitive study 3. Penal process in the church, in canonical students 4. Rights of the laity and their limitations in

www.malankaralibrary.com

economical studies 5. CIC and CCEO 6. Administration of justice in the Syro Malabar Church 7. From church to rite: The Dynamics of growth towards identity among the Syro Malabar Catholics, in Tanima 8. The Syro Malabar chruch - A church on transition എന്നിവയാണ്.


മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഏറ്റം പുരാതന രൂപതകളിലൊന്നായ തൃശ്ശൂർ അതിരൂപതയുടെ സഹായമെത്രാനായി 2004-മാർച്ച് 19-ാം തീയതി മോൺ ആൻഡ്രൂസ് താഴത്തിനെ നിയമിച്ചു. അദ്ദേഹത്തിന്റെ സ്ഥാനാരോഹണം 2004 മെയ് 1-ന് നടന്നു. മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട മാർ ആൻഡ്രൂസ് താഴത്ത് സ്വീകരിച്ചിരിക്കുന്ന മുദ്രാവാക്യം 'അവിടുത്തോടൊപ്പം ആയിരിക്കാനും അയക്കപ്പെടാനും (M.K. - 3.15)' എന്നതാണ്. ശിഷ്യനും പ്രേഷിതനുമാകാനുള്ള വിളിയാണിത്. യേശുവിനോടുകൂടി ആയിരുന്ന് യേശുവിന്റെ വ്യക്തിത്വം സ്വന്തമാക്കുന്നവനാണ് യഥാർത്ഥ ശിഷ്യൻ. അതുപോലെ വചനം പ്രസംഗിക്കാനും തിന്മയെ അകറ്റാനും മനുഷ്യർക്ക് ആശ്വാസത്തിന്റെ സന്ദേശം നൽകാനും അയക്കപ്പെടുന്ന പ്രേഷിതനാണവൻ.

മെത്രാൻ സ്ഥാനത്തേക്കുയർത്തപ്പെട്ടപ്പോൾ കത്തോലിക്കാ സഭ മാസികയുമായി നടത്തിയ അഭിമുഖത്തിൽ തൃശ്ശൂർ അതിരൂപതയപ്പറ്റിയും കാനനിസ്റ്റിന്റെ ദൗത്യത്തെപ്പറ്റിയും ഇപ്രകാരം പറയുകയുണ്ടായി "പൗരസ്ത്യവും ഭാരതീയവുമായ മാനങ്ങൾ സീറോ - മലബാർ സഭക്കുണ്ട്. അവയെ സമഞ്ജസമായി സംയോജിപ്പിക്കുകയെന്ന സംരംഭത്തിന് തൃശ്ശൂർ അതിരൂപത നേതൃത്വം കൊടുക്കണം. വിശ്വാസവും അത് അവതരിപ്പിക്കുന്ന വിധവും രണ്ടും രണ്ടാണ്. വിശ്വാസത്തിന് പ്രാധാന്യം കൊടുക്കണം. അത് അവതരിപ്പിക്കപ്പെടുന്ന വിധത്തിനല്ല ഒന്നാം സ്ഥാനം. കർമ്മവിധികൾ വിശ്വാസ ഐക്യത്തെ തകർക്കരുത്. വ്യക്തിയുടെയും സമൂഹത്തിന്റെയും നന്മയെ അടിസ്ഥാനമാക്കിയാണ് കാനൻ നിയമം വ്യാഖ്യാനിക്കുന്നത്. സ്വാധീനങ്ങളോ സ്വാർത്ഥ താല്പര്യങ്ങളോ ഇതിൽ കടന്നു വരരുത്. സഭയുടെ ദർശനം വ്യക്തമായി അവതരിപ്പിക്കുകയാണ് കാനനസ്റ്റിന്റെ ദൗത്യം."

വിലാസം - മോൺ ആൻഡ്രൂസ് താഴത്ത്,
ആർച്ച് ബിഷപ്പ്സ് ഹൗസ്
തൃശ്ശൂർ 680005.

www.malankaralibrary.com

# 396



# ഫാ. ജോൺ മേലേപ്പുറം

## (തെക്കേക്കര)

അമേരിക്കൻ സാമൂഹ്യജീവിതത്തിലും അമേരിക്കയിലെ സീറോ-മലബാർ സമൂഹത്തിലും നിർണ്ണായകമായ സ്വാധീനം ചെലുത്തി, സീറോ-മലബാർ സഭാംഗങ്ങളുടെ ശക്തമായ ഒരു കൂട്ടായ്മ പടുത്തുയർത്തുവാൻ അക്ഷീണം യത്നിച്ച് വിജയം വരിച്ച ഫാ.ജോൺ മേലേപ്പുറം (തെക്കേക്കര) ഇരിങ്ങാലക്കുട രൂപതയിലെ പോട്ട ഇടവകയിൽ മേലേപ്പുറം കുടുംബത്തിൽ പൊറിഞ്ചു - കുഞ്ഞന്നം ദമ്പതികളുടെ മകനായി 1952 ഫെബ്രുവരി 26-ാം തീയതി ജനിച്ചു. പോട്ട എൽ.പി. സ്കൂൾ, ചാലക്കുടി ഗവൺമെന്റ് ഹൈസ്കൂൾ എന്നിവിടങ്ങളിലെ പഠനത്തിനുശേഷം 1969-ൽ തൃശ്ശൂർ രൂപതയിലെ തോപ്പ് മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ചേർന്ന് വൈദികപഠനം പൂർത്തിയാക്കി. 1978 ഡിസംബർ 27-ാം തീയതി ഇടവക പള്ളിയായ പോട്ട ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ വച്ച് മാർ ജയിംസ് പഴയാറ്റിൽ തിരുമേനിയിൽനിന്നും ഗുരുപ്പട്ടം സ്വീകരിക്കുകയും അന്നേദിവസം തന്നെ പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു. ഇരിങ്ങാലക്കുട രൂപതയിലെ ആദ്യബാച്ചിൽ പൗരോഹിത്യം സ്വീകരിച്ച എട്ടുവൈദികരിൽ ഒരാളായിരുന്നു ജോണച്ചൻ. തൃശൂർ സെന്റ് തോമസ് കോളേജ്, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് എന്നിവിടങ്ങളിലായിരുന്നു കോളേജ് വിദ്യാഭ്യാസം. കോഴിക്കോട് യൂണിവേഴ്സിറ്റിയിൽനിന്നും ഇക്കണോമിക്സിൽ ബിരുദം നേടി.

വൈദികപദവിയിലേക്കുയർത്തപ്പെട്ടതിനുശേഷം പറപ്പൂക്കര സെന്റ് ജോൺസ് ഫൊറോനപള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടാണ് ഔദ്യോഗികജീവിതം ആരംഭിക്കുന്നത്. രണ്ടുമാസത്തിനുശേഷം ഇരിങ്ങാലക്കുട കത്തീഡ്രൽപള്ളി അസി.വികാരിയായി നിയമിതനായി (1979 - 81). തുടർന്ന് കൊടുങ്ങ, ആമ്പനോളി, ചൊക്കാന എന്നീ പള്ളികളുടെ വികാരിയായി (1981 - 1985) സേവനം അനുഷ്ഠിച്ചു. പുത്തൻചിറ ഈസ്റ്റ് സെന്റ് ജോസഫ് ചർച്ച് (1985 - 87) കൊടകര സെന്റ് ജോസഫ് ചർച്ച് (1987 - 1989) എന്നിവിടങ്ങളിൽ വികാരിയായി. 15 വർഷക്കാലം ഇരിങ്ങാലക്കുട രൂപതയിലെ പല ഔദ്യോഗികപദവികളിലും ഉത്തരവാദിത്വമേറിയ ചുമതലകൾ നിർവ്വഹിക്കുവാൻ അച്ചന് അവസരം ലഭിച്ചു. ലിറ്റർജിക്കൽ കമ്മീഷന്റെ രൂപതാ കൺവീനർ (5 വർഷം) സെൻട്രൽ ലിറ്റർജിക്കൽ കമ്മീഷൻ രൂപതാ പ്രതിനിധി (7 വർഷം) തിരുബാലസഖ്യം രൂപതാ ഡയറക്ടർ (3 വർഷം) ഫാമിലി അപ്പ

www.malankaralibrary.com

സ്റ്റോലേറ്റ് രൂപതാ ഡയറക്ടർ (5 വർഷം) ആളൂർ ബെറ്റർ ലൈഫ് മൂവ്മെന്റ് അസിസ്റ്റന്റ് ഡയറക്ടർ (4.5 വർഷം) ആളൂർ മിഷൻ ട്രെയിനിംഗ് സെമിനാരി അസി.റെക്ടർ (3 വർഷം) രൂപതാ വൈദികസമിതി സെക്രട്ടറി (3 വർഷം) രൂപതാ പാസ്റ്ററൽ കൗൺസിൽ മെമ്പർ (15 വർഷം) എന്നീ നിലകളിൽ പ്രവർത്തിക്കുകയുണ്ടായി.

ആളൂരിലെ നവചൈതന്യ ഡി അഡിക്ഷൻ സെന്റർ തുടങ്ങിയത് ജോണച്ചനായിരുന്നു. രൂപതയിലെ വിവിധ സന്യാസ ഭവനങ്ങളുടെ സഹകരണത്തോടെയും ശുശ്രൂഷകളിലൂടെയും അനേകം മദ്യപാനികൾക്ക് മോചനവേദിയായി ജോണച്ചൻ സ്ഥാപിച്ച ആ സ്ഥാപനം ഇന്നും നിലകൊള്ളുന്നു. ഫാമിലി അപ്പസ്റ്റോലേറ്റിന്റെ കീഴിൽ ഇരിങ്ങാലക്കുട രൂപതയിലെ പ്രീ-കാനാ കോഴ്സിന് നിയതമായ പ്ലാനും പദ്ധതിയും ഉണ്ടാക്കിയതും ജോണച്ചൻ തന്നെ. രൂപതയിലെ എല്ലാ ഇടവകകളിലും വിവാഹത്തിന് ഒരുക്കമായുള്ള സെമിനാർ സംഘടിപ്പിച്ച് 25000 - ലധികം കുട്ടികൾക്ക് സർട്ടിഫിക്കറ്റ് കൊടുത്ത് ഒരുക്കി വിട്ടിരുന്നു. ആളൂർ ബറ്റർ ലൈഫ് സെന്ററിന്റെ സ്ഥാപകൻ ഫാ.ജോസ് അക്കരക്കാരന്റെ ആകസ്മികമായ നിര്യാണത്തെത്തുടർന്ന് പ്രസ്തുത സെന്ററിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ പഴയാറ്റിൽ പിതാവ് നിയോഗിച്ചതും ജോണച്ചനെ തന്നെയാണ്. ബി.എൽ.എം.ൽ നിന്നും പ്രസിദ്ധീകരിച്ച കേരളസഭാമാസികയുടെ പത്രാധിപർ എന്ന നിലയിൽ പ്രസ്തുത മാസികയ്ക്ക് സമൂഹത്തിൽ ഒരു ഉന്നതസ്ഥാനം നേടിയെടുക്കുവാനും അദ്ദേഹത്തിന് സാധിച്ചു. രൂപതകൾക്കും പ്രാദേശികതക്കും അതീതമായി കേരളകത്തോലിക്കരുടെ ഒരു കൂട്ടായ്മയായി കേരളസഭാ സെമിനാർ വിജയകരമായി നടത്തുവാനും വിവിധ വിഷയങ്ങളെപ്പറ്റി - കേരളസഭയെ ഒന്നായികണ്ട് -ചർച്ചകൾ നടത്തുവാനും ജോണച്ചൻ നേതൃത്വം നൽകി. സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിക്കുന്ന മഹത് വ്യക്തികളെ ആദരിക്കാനായി ബി.എൽ.എം. ഏർപ്പെടുത്തിയ കേരളസഭാ താരം അവാർഡുകൾ മുടങ്ങാതെ നടത്തുവാനും അദ്ദേഹം മുൻകൈയെടുത്തു. ബറ്റർലൈഫ് സെന്ററിനെ കേരള കത്തോലിക്കരുടെ ഒരു ആകർഷണകേന്ദ്രമായി വളർത്തിയെടുക്കുവാനും അദ്ദേഹത്തിന് സാധിച്ചു. യുവജനങ്ങളുടെ ആശയും ആവേശവുമായി കോൾപിംഗ് സൊസൈറ്റിയെ വളർത്തുവാനും അദ്ദേഹം തയ്യാറായി. രൂപതയിലെങ്ങും നിറഞ്ഞുനിന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ജോണച്ചൻ. 15 വർഷക്കാലം കഠിനാദ്ധ്വാനം ചെയ്തു തന്നെ ഏല്പിച്ച ജോലികൾ സ്തുത്യർഹമായവിധം നിർവ്വഹിച്ചു.

ഇരിങ്ങാലക്കുട രൂപതയിലെ രാപകലില്ലാത്ത ജോലികൾക്കുശേഷം കുറച്ചുകാലത്തെ ഒരു വിശ്രമമെന്ന നിലയിൽ 1993-ൽ അമേരിക്കയിലെത്തി. ഒരു വർഷത്തെ ഇടവേളയ്ക്കുശേഷം അമേരിക്കയിലെ സീറോ-മലബാർ സമൂഹങ്ങളിൽ സജീവമായി പ്രവർത്തിക്കുവാൻ ദൈവം അച്ചനെ നിയോഗിച്ചു. 1994 മുതൽ ഡിട്രോയിറ്റ്, ഡാളസ്, ഫ്ളോറിഡാ എന്നീ മൂന്നു സ്ഥല

www.malankaralibrary.com

ങ്ങളിൽ സീറോ-മലബാർ സഭാംഗങ്ങൾക്ക് നേതൃത്വം നൽകാൻ അച്ചൻ ഉപകരണമായി. ആ മൂന്നു സ്ഥലങ്ങളിലും സീറോ-മലബാർ സമൂഹങ്ങൾ വളർന്നു വന്നത് അച്ചന്റെ പ്രവർത്തനകാലഘട്ടത്തിലാണ്.

1994 വരെ ഒരു അൽമായ സംഘടനയായിരുന്ന ഡിട്രോയിറ്റിലെ സമൂഹത്തെ ഡിട്രോയിറ്റ് അതിരൂപതയുടെ കീഴിൽ 1995-ൽ ഒരു സീറോ-മലബാർ മിഷനാക്കി മാറ്റുകയും നീണ്ട അഞ്ചുവർഷക്കാലം അതിന്റെ അഡ്മിനിസ്റ്ററേറ്ററായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. 1995-ൽ ഭാഗ്യസ്മരണാർഹനായ കർദ്ദിനാൾ മാർ ആന്റണി പടിയറ തിരുമേനി, ഡിട്രോയിറ്റ് ആർച്ച്ബിഷപ്പ് കാർഡിനൽ മാർ ആഡം മൈഡ തിരുമേനി, ദിവംഗതനായ തൃശൂർ ആർച്ച് ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം, അമേരിക്കയിലെ ഏക കൽദായ ബിഷപ്പ് ഇബ്രാഹിം മാർ ഇബ്രാഹിം, ബിഷപ്പ് ഷെയ്നർ എന്നീ പിതാക്കന്മാരുടെ സാന്നിദ്ധ്യത്തിലാണ് ഡിട്രോയിറ്റ് മിഷൻ ഔദ്യോഗികമായി ഉൽഘാടനം ചെയ്യപ്പെട്ടത്. അന്നുമുതൽ രൂപം കൊടുത്ത കാര്യങ്ങളാണ് ഇന്നും ആ മിഷനിൽ തുടർന്നുകൊണ്ടുപോകുന്നത്.

1999-ൽ ഡാളസ് പള്ളിയിലേക്ക് സ്ഥലം മാറി. അന്ന് അവിടുത്തെ സീറോ-മലബാർ സമൂഹം ഡാളസ് രൂപതയിലെ ഒരു മിഷനായിരുന്നു. 1999 ജൂലായ് 1-നാണ് ആ മിഷനെ ഒരു സ്വതന്ത്ര സീറോ-മലബാർ ഇടവകയായി ഉയർത്തിയത് ജോണച്ചന്റെ പരിശ്രമഫലമായിട്ടാണ്. അതിന്റെ പ്രഥമവികാരിയായി നിയമിച്ചതും ജോണച്ചനെയായിരുന്നു. ഇന്നത്തെ ചിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്ത് (അന്ന് ഫാ.ജേക്കബ്) അവിടുത്തെ ഒരു അമേരിക്കൻ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി ശുശ്രൂഷ ചെയ്യുകയും അതോടൊപ്പം സീറോ-മലബാർ മിഷന്റെ ഉത്തരവാദിത്വവും ശുശ്രൂഷകളും നിർവ്വഹിക്കുകയും ചെയ്തിരുന്നു. നീണ്ട പതിനഞ്ചരവർഷക്കാലം അദ്ദേഹം അവിടെ സേവനം അനുഷ്ഠിച്ചിരുന്നു. അദ്ദേഹം 1999 ജൂലായ് 1-ാം തീയതി ചിക്കാഗോ ഇടവകയിലേയ്ക്ക് സ്ഥലം മാറിപ്പോയപ്പോഴാണ് ജോണച്ചൻ ഡാളസിൽ നിയമിതനാകുന്നത്. നീണ്ട നാലരവർഷക്കാലത്തെ രാപകലില്ലാത്ത പരിശ്രമത്തിന്റെ ഫലമായി ഡാളസ് സീറോ-മലബാർ ഇടവകയ്ക്ക് പുതിയ രൂപവും ഭാവവും നൽകാൻ അദ്ദേഹത്തിന് സാധിച്ചു. ഡാളസ് ഇടവകയുടെ ഇന്നുകാണുന്ന പുരോഗതിക്ക് അടിസ്ഥാനമിട്ടത് ജോണച്ചൻ തന്നെയാണ്. വേദപാഠത്തിന് 115 കുട്ടികളും 6 അദ്ധ്യാപകരുമായിരുന്നു ഡാളസ് ഇടവകയിൽ അന്നുണ്ടായിരുന്നത്. ജോണച്ചൻ അവിടെനിന്നും സ്ഥലംമാറി പോരുമ്പോൾ 280 കുട്ടികളും 28 വേദപാഠാദ്ധ്യാപകരും ഉണ്ടായിരുന്നു. നിയതമായ പാഠ്യപദ്ധതികളും ക്രമീകരിച്ച വേദപാഠസ്കൂളും മലയാളം സ്കൂളും ഡാളസ് ഇടവകയ്ക്ക് എന്നും അഭിമാനിക്കാവുന്ന വിധത്തിൽ ജോണച്ചൻ പടുത്തുയർത്തി. 2000-ാമാണ്ടു മുതൽ സീറോ-മലബാർ കുർബ്ബാനക്രമം അമേരിക്കൻ ഇംഗ്ലീഷിലേയ്ക്ക് തർജിമ ചെയ്ത് അവിടുത്തെ യുവജനങ്ങളെ സീറോ-മലബാർ കുർബ്ബാന

www.malankaralibrary.com

യിലേക്ക് അടുപ്പിക്കാൻ കഴിഞ്ഞു.

വെറും 250 വീട്ടുകാർ മാത്രമായിരുന്നു ഡാള്ളസ് ഇടവകയിൽ ഉണ്ടായിരുന്നത്. ആ ഇടവകയിൽ ഒരു പാരീഷ് സെന്റർ (മൾട്ടി പർപ്പസ് ബിൽഡിംഗ്) നിർമ്മിക്കുക അസാദ്ധ്യമെന്ന് പലരും കരുതി. എന്നാൽ 1.6 മില്യൻ ഡോളർ (ഏകദേശം 8 കോടി രൂപ) ചിലവാക്കി ഒരു മൾട്ടി പർപ്പസ് ബിൽഡിംഗ് മനോഹരമായ രീതിയിൽ പണി കഴിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ഈ സെന്റർ ഡാള്ളസ് ഇടവകയുടെ മാത്രമല്ല ചിക്കാഗോ രൂപതയുടെ മൊത്തം അഭിമാനമായി ഇന്നും നിലകൊള്ളുന്നു. 1500 ഓളം പേർക്ക് ഒന്നിച്ച് ബലിയിൽ പങ്കെടുക്കാം പൊതുസമ്മേളനം നടത്താം. വളരെ ചിട്ടയായി ക്രമീകരിച്ച 12 ക്ലാസ്സുമുറികളിൽ 300ലധികം കുട്ടികൾ ഇന്ന് വേദപാഠം പഠിക്കുന്നു. അതിലുമുപരി അവരെയെല്ലാം ഒന്നിപ്പിച്ച് ഒരു വലിയ സമൂഹമാക്കുവാൻ അച്ചന് സാധിച്ചു. കഴിഞ്ഞ സീറോ-മലബാർ നാഷണൽ കൺവെൻഷൻ ഡാള്ളസ് സമൂഹമാണ് നേതൃത്വം കൊടുത്ത് നടത്തിയത്. ഇന്ന് വിവിധ പ്രസ്ഥാനങ്ങളും അവിടെ പ്രവർത്തിക്കുന്നു. മാതൃസംഘം, പിതൃസംഘം, യുവജനസംഘടന തുടങ്ങിയവ. ഡാള്ളസ് ഇടവകയുടെ വളർച്ചയുടെ പിമ്പിൽ ജോണച്ചന്റെ കരങ്ങളാണ് മുഖ്യമായും പ്രവർത്തിച്ചത്.

ഫ്ളോറിഡാ സീറോ-മലബാർ സമൂഹത്തിന്റെ തുടക്കം 1984-ൽ ആണ്. ബഹു.ഫാ.ജെയിംസ് പറപ്പിള്ളി അച്ചനായിരുന്നു 1984 മുതൽ 2003 ഡിസംബർ വരെ അതിന്റെ ആത്മീയശുശ്രൂഷകൾ നടത്തിയിരുന്നത്. 1984 മുതൽ 2003 വരെ ഈ സമൂഹം ഇന്ത്യാകാത്തലിക് അസോസിയേഷനായി തുടർന്നു. 2003 ഡിസംബർ 6-ാം തീയതി മുതൽ ഈ സമൂഹത്തെ ചിക്കാഗോ രൂപതയുടെ കീഴിൽ ഒരു ഇടവകയായി ഉയർത്തുകയും അതിന്റെ പ്രഥമ വികാരിയായി അഭിവന്ദ്യ അങ്ങാടിയത്ത് പിതാവ് ഫാ.ജോൺ മേലേപ്പുറം അച്ചനെ നിയമിക്കുകയും ചെയ്തു. പറപ്പിള്ളി അച്ചൻ മയാമി അതിരൂപതയിൽ ജോലി ചെയ്യുകയും ഒപ്പം മലയാളികളുടെ കാര്യങ്ങൾ നോക്കുകയും ചെയ്തിരുന്നു. ആഴ്ചയിലൊരിക്കൽ ഒന്നിച്ചുള്ള മലയാളം കുർബ്ബാന മാത്രമായിരുന്നു അന്നത്തെ പ്രവർത്തനം. എങ്കിലും മലയാളികൾ എല്ലാവരും ചേർന്ന് മയാമി അതിരൂപതയുടെ സഹകരണത്തോടെ ഒരു ബാപ്റ്റിസ്റ്റ് പള്ളി 2002 ജൂലായ് മാസത്തിൽ വാങ്ങിയിരുന്നെങ്കിലും 2004 വരെ ആ പള്ളി ബാപ്റ്റിസ്റ്റ് പള്ളിക്കാർ തന്നെ വാടകയ്ക്ക് ഉപയോഗിക്കുകയായിരുന്നു. 2004 ആരംഭത്തിൽ ആ പള്ളി ഫ്ളോറിഡാ സീറോ-മലബാർ പള്ളിയുടെ കൈവശം വന്നു. ആ പള്ളിയെ കത്തോലിക്കാപള്ളിയുടെ മാതൃകയിൽ മദ്ബഹായും മറ്റും ക്രമീകരിച്ച് ക്രമപ്പെടുത്തുവാൻ ജോണച്ചന് സാധിച്ചു. 2004 മേയ് 30-ാം തീയതി മയാമി അതിരൂപതാ മെത്രാപ്പോലീത്തായും ചിക്കാഗോ സീറോ-മലബാർ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തും കൂടി ആശീർവ്വദിച്ച് സമർപ്പിച്ചു. അന്നു മുതൽ നിയതമായ പ്രവർത്തനങ്ങളുമായി ഈ സമൂഹം മുന്നോട്ടു

www.malankaralibrary.com

പോകുന്നു.

ഫ്ളോറിഡാ ഇടവകയുടെ ആരംഭത്തിൽ 93 വീട്ടുകാരാണ് ഈ ഇടവകയിൽ രജിസ്റ്റർ ചെയ്തിരുന്നത്. എന്നാൽ ഇന്ന് 230 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. 35 കുട്ടികളോടെ ആരംഭിച്ച വേദപാഠസ്കൂളിൽ ഇന്ന് 125 കുട്ടികളും 21 അദ്ധ്യാപകരും ഉണ്ട്. നിയതമായ വേദപാഠപദ്ധതികൾ ഉൾക്കൊള്ളുന്ന ഒരു നല്ല വേദപാഠസ്കൂളായി ഇന്ന് അത് ഉയർന്നുകഴിഞ്ഞിരിക്കുന്നു. മാതൃസംഘം, യുവജനസംഘടന, അൽമായ സംഘടന, അൾത്താരസംഘം, ബൈബിൾ വായനാഗ്രൂപ്പ് തുടങ്ങിയ നിരവധി പ്രവർത്തനങ്ങളുമായി വളരെ കാര്യമായ വിധത്തിൽ വളർന്നുകൊണ്ടിരിക്കുന്നു. എല്ലാ ഞായറാഴ്ചയും മലയാളത്തിലും ഇംഗ്ലീഷിലും കുർബ്ബാന അർപ്പിക്കുന്നുണ്ട്. മുതിർന്നവരുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും ഗായകസംഘങ്ങൾ ഇടവകയെ സജീവമാക്കുന്നു. വർഷത്തിലൊരിക്കൽ ഇടവകാംഗങ്ങൾ ഒന്നിച്ച് നടത്തുന്ന ഇടവക ആഘോഷങ്ങൾ, ക്രിസ്മസ് ആഘോഷങ്ങൾ എന്നിവ ഇടവകയിൽ കൂട്ടായ്മ ശക്തിപ്പെടുത്തുന്നു.

നോർത്ത് അമേരിക്കൻ ഭൂഖണ്ഡം മുഴുവൻ വ്യാപിച്ചു കിടക്കുന്ന അമേരിക്കയിലെ സീറോ-മലബാർ രൂപതയുടെ കീഴിൽ രണ്ടുവർഷത്തിൽ ഒരിക്കൽ നടക്കുന്ന നാഷണൽ സീറോ-മലബാർ കൺവെൻഷന് 2007-ൽ ആതിഥ്യമരുളുവാൻ ഭാഗ്യം ലഭിച്ചിരിക്കുന്നത് ഫ്ളോറിഡാ ഇടവകയ്ക്കാണ്. ആയതിനുള്ള വിപുലമായ കർമ്മപരിപാടികളോടെ 60-ഓളം കമ്മിറ്റികൾ സജീവമായി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

ആത്മീയമായും സാമുദായികമായും സാംസ്കാരികമായും സാമ്പത്തികമായും വളരെയേറെ നേട്ടങ്ങൾ കൈവരിക്കുവാൻ ഇതിനോടകം ഈ ഇടവക സമൂഹത്തിന് കഴിഞ്ഞിട്ടുണ്ട്. ആരംഭഘട്ടമായതുകൊണ്ട് അതിന്റേതായ ബാലരിഷ്ടതകളും ഉണ്ട്.

അമേരിക്ക എല്ലാത്തിനും സ്വാതന്ത്ര്യവും എല്ലാവിധ അവസരങ്ങളുമുള്ള സ്ഥലമാണ്. സംഘടനകളിൽനിന്ന് മിഷനും, മിഷനിൽനിന്ന് ഇടവകകളിലേയ്ക്കുമുള്ള വ്യതിയാനം പല സ്ഥലത്തും പലപ്പോഴും ഒത്തിരിയേറെ അസ്വസ്ഥതകൾക്ക് കാരണമാകാറുണ്ട്. തന്നെയുമല്ല ബാലാരിഷ്ടതകൾ തരണം ചെയ്യാനുള്ള വെല്ലുവിളി അത്ര എളുപ്പവുമല്ല. അമേരിക്കയിലെ ഇടവകകൾ കേരളത്തിലെപോലെയല്ല. ഇടവകാംഗങ്ങൾ പലർക്കും പള്ളിയിൽ വരണമെങ്കിൽ അറുപത് എൺപത് കിലോമീറ്റർ ദൂരം വണ്ടി ഓടിക്കണം. തിരക്കേറിയ ജീവിത ക്രമത്തിൽ നിന്നു വേണം ഇവരെയെല്ലാം ഒന്നിച്ച് കൂട്ടാൻ. തന്നെയുമല്ല കേരളത്തിന്റെ വടക്കേഅറ്റം മുതൽ തെക്കേയറ്റം വരെയുള്ള പ്രദേശങ്ങളിൽ നിന്നും കുടിയേറി പാർത്തവരാണ് ഇവിടുത്തെ ഇടവകക്കാർ. അവരുടെ ഭാഷയും ശൈലിയും, അഭിരുചിയും ആഭിമുഖ്യങ്ങളുമെല്ലാം വ്യത്യസ്തമാണ്. ഇവരെയെല്ലാം ഒന്നിച്ച് കൊണ്ട്പോവുക അത്ര എളുപ്പമല്ല. മുതിർന്നവർക്ക് മലയാളത്തിലും, കുട്ടികൾക്ക് ഇംഗ്ലീഷിലും

www.malankaralibrary.com

പ്രാർത്ഥന വേണം. പ്രാർത്ഥനയിൽ താൽപ്പര്യം ഉള്ളവരും ഇല്ലാത്തവരും ധാരാളം. പലർക്കും വിശ്വാസത്തിന്റെ ബാലപാഠങ്ങൾ തൊട്ട് തുടങ്ങേണ്ട അവസ്ഥയാണുള്ളത്.

അമേരിക്കയിൽ സീറോ- മലബാർ സമൂഹത്തിൽ ഏറ്റവും കൂടുതൽ കാലം സേവനം അനുഷ്ഠിച്ചിട്ടുള്ളത് ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത് പിതാവാണ്. അദ്ദേഹം 1984 മുതൽ അമേരിക്കയിൽ സേവനം അനുഷ്ഠിച്ച് വരുന്നു. അദ്ദേഹം കഴിഞ്ഞാൽ ഈ രൂപതയിലെ അച്ചൻമാരിൽ ഏറ്റവും കൂടുതൽ കാലം (1994 മുതൽ) ഇവിടുത്തെ രൂപതയിൽ പ്രവർത്തിക്കുവാനും പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാനും സാധിച്ചത് ജോണച്ചനാണ്. ഈ രൂപതയിലെ ആലോചനാ സംഘത്തിലെ അംഗം, മയാമിയിലെ ആരോഗ്യമാതാ പള്ളിയുടെ വികാരി, 2007 ലെ സീറോ- മലബാർ കൺവെൻഷന്റെ കൺവീനർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

ഇരിങ്ങാലക്കുട രൂപതയിലെ ചൊക്കാന ഇടവക, ഇരിങ്ങാലക്കുട രൂപതയിലെ മദ്യപാനികളെ ശുശ്രൂഷിക്കുന്ന പ്രസ്ഥാനമായ നവ ചൈതന്യ, നിയതമായ പ്രീ കാനം പ്രോഗ്രാം, അമേരിക്കയിലെ ഡിട്രോയിറ്റ് മിഷന്റെ പ്രഥമ അഡ്മിനിസ്ട്രേറ്റർ, ഡള്ളാസ് ഇടവകയുടെ പ്രഥമ വികാരി, ഫ്ളോറിഡാ ഇടവകയുടെ പ്രഥമ വികാരി എന്നീ നിലകളിൽ പല പ്രസ്ഥാനങ്ങളും ഇടവകകളും തുടങ്ങാൻ ജോണച്ചനെ ദൈവം ഒരു ഉപകരണമാക്കി. അമേരിക്കൻ സാമൂഹ്യ ജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്താൻ അച്ചന് സാധിച്ചിട്ടുണ്ട്. അമേരിക്കയിലെ സീറോ- മലബാർ സഭയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിക്കാനും അച്ചന് സാധിച്ചു.

Address - Rev Fr. John Melepuram, Our lady of health, Syro Malabar catholic church, 201- N University Drive, CORAL Springs, Fl- 33071-USA

# 397

# റൈറ്റ് റവ.ഡോ. ജോസഫ് മാർ തോമസ്



തിരുവനന്തപുരം മലങ്കര അതിരൂപതയുടെ സഹായമെത്രാനും അമേരിക്കയിലെയും യൂറോപ്പിലെയും മലങ്കര കത്തോലിക്കരുടെ അപ്പസ്തോലിക് വിസിറ്ററുമായ റൈറ്റ് റവ.ഡോ. ജോസഫ് മാർ തോമസ് പത്തനതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമത്തിൽ കോനോത്ത് കുടുംബത്തിൽ 1952 ഏപ്രിൽ 20ന് ജാതനായി. പിതാവ് കെ.സി. തോമസും മാതാവ് ശോശാമ്മ തോമ

www.malankaralibrary.com

സും. വടശ്ശേരിക്കര ഗവൺമെന്റ് എൽ.പി.സ്കൂളിലും ഹൈസ്കൂളിലും ആയിരുന്നു വിദ്യാഭ്യാസം. 1968 ൽ സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ പഠിച്ച് പ്രീഡിഗ്രി പാസ്സായി. പിന്നീട് ആലുവാപൊന്തിഫിക്കൽ സെമിനാരി, കർമ്മലഗിരി സെമിനാരി എന്നിവിടങ്ങളിൽ പഠിച്ച് തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്താ ബനഡിക്ട് മാർ ഗ്രീഗോറിയോസിന്റെ കൈകളിൽ നിന്നും 1978 ഡിസംബർ 23ന് വൈദികപട്ടം സ്വീകരിച്ചു. വടശ്ശേരിക്കര സെന്റ് ആന്റണീസ് പള്ളിയിൽവച്ചായിരുന്നു പൗരോഹിത്യസ്വീകരണവും പ്രഥമദിവ്യബലിയും. തുടർന്ന് തട്ട, അടൂർ, ആനാടപ്പള്ളി, പറക്കോട്ട്, എളമണ്ണൂർ, കാലായിപുരം തുടങ്ങിയ ഇടവകകളിൽ അജപാലനശുശ്രൂഷ നിർവഹിച്ചു.

1979 ൽ കൊല്ലം കടപ്പാക്കട സെന്റ് തോമസ് മലങ്കര കത്തോലിക്കാ പള്ളിയുടെ റസിഡണ്ട് വികാരിയായി നിയമിക്കപ്പെട്ടു. സമീപത്തുള്ള ഏതാനും മലങ്കര ഇടവകകളുടെ ചുമതലയും അദ്ദേഹത്തിന് നൽകപ്പെട്ടു. ഇക്കാലത്ത് കൊല്ലം ഫാത്തിമാമാതാ നാഷണൽ കോളേജിൽചേർന്ന് ധനതത്വശാസ്ത്രവിഷയത്തിൽ പ്രശസ്തമായവിധം ബിരുദംനേടി. 1982 ൽ ഫാ. തോമസിനെ സർവ്വോദയ സ്കൂളിന്റെയും സെന്റ് ജോൺസ് ഹൈസ്കൂളിന്റെയും ലോക്കൽ മാനേജരും സർവ്വോദയ സ്കൂളിന്റെ ബോർഡിംഗ് റെക്ടറുമായി നിയമിക്കപ്പെട്ടു. ഇക്കാലത്ത് നാലഞ്ചിറ എസ്.എച്ച്. കോൺവെന്റിന്റെ ചാപ്ലിൻ, തിരുവനന്തപുരം ജില്ലയിലെ ചാലയ്, കല്ലായം, കാരക്കുളം എന്നീ മിഷൻ കേന്ദ്രങ്ങളുടെ വികാരി എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചു. ഈ ബഹുമുഖ ജോലികൾക്കിടയിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റികോളേജിൽ ചേർന്ന് ധനശാസ്ത്രത്തിൽ എം.എ. ബിരുദം നേടുകയും ചെയ്തു. തുടർന്ന് ബി.എഡ്., എം.എഡ്. എന്നീ ബിരുദങ്ങളും കരസ്ഥമാക്കി. ബി.എഡിന്. ഐച്ഛികവിഷയം ഇംഗ്ലീഷായിരുന്നു.

തിരുവനന്തപുരം മൈനർ സെമിനാരിയുടെ റെക്ടറായി നിയമിക്കപ്പെട്ട ഫാ. തോമസ്, അതേസമയം ആലുവാപൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെനറ്റുമെമ്പറായും സേവനം അനുഷ്ഠിച്ചു. ഗൈഡൻസ്, കൗൺസിലിംഗ് എന്നീ വിഷയങ്ങളിൽ കൊടയ്ക്കനാലിൽനിന്നും ഒരു ഡിപ്ലോമായും അദ്ദേഹം കരസ്ഥമാക്കുകയുണ്ടായി.

തിരുവനന്തപുരം അതിരൂപതയുടെ വൊക്കേഷൻ പ്രൊമോട്ടർ, അഖിലകേരള വൊക്കേഷൻ പ്രൊമോഷൻ കൗൺസിൽ അംഗം എന്നീ നിലകളിലും ഇക്കാലത്ത് അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി.

1986 മുതൽ മാർ ഇവാനിയോസ് കോളേജിൽ ധനശാസ്ത്രാദ്ധ്യാപകനായി. മൈനർ സെമിനാരിയിലെ ആറുവർഷത്തെ സേവനത്തിനുശേഷം ഫാ. തോമസ് തിരുവനന്തപുരം എക്ലേഷ്യാസ്റ്റിക്കൽ ഡിസ്ട്രിക്ടിലെയും പട്ടം സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിലെയും വികാരിയായി നിയമിക്കപ്പെട്ടു. 1997 ൽ വിദ്യാഭ്യാസത്തിന്റെ ധനശാസ്ത്രം എന്ന പ്രബന്ധ

www.malankaralibrary.com

ത്തിന്റെയടിസ്ഥാനത്തിൽ കേരളസർവ്വകലാശാല ഫാ. തോമസിന് ഡോക്ടർ ബിരുദം നൽകി. 1996 ൽ മാർ തിയോഫിലസ് ട്രെയിനിംഗ് കോളേജിൽ അദ്ധ്യാപകനായി ചേർന്ന അദ്ദേഹം അടുത്തവർഷം ട്രെയിനിംഗ് കോളേജിന്റെ പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. അദ്ദേഹം ബി.എഡിന് പഠിച്ചത് ഇതേ കോളേജിൽ തന്നെയായിരുന്നു.

1998 ൽ കോളേജദ്ധ്യാപകരുടെ കോൺസ്റ്റിറ്റ്യുവൻസിയിൽ നിന്നും മത്സരിച്ച് ജയിച്ച് ഇദ്ദേഹം കേരളസർവ്വകലാശാലയിലെ സെനറ്റ് അംഗമായി. 1999 ൽ അതേസർവ്വകലാശാലയിൽ വിദ്യാഭ്യാസവിഷയത്തിലെ ബോർഡ് ഓഫ് സ്റ്റഡീസിലും ഫാക്കൽറ്റിയിലും അംഗമായി. 2000-ാമാണ്ടിൽ കേരള വിദ്യാഭ്യാസമന്ത്രി ചെയർമാനായ സ്കൂൾ കരിക്കുലം കമ്മറ്റിയിൽ അംഗമായി ഇദ്ദേഹം നിയമിക്കപ്പെട്ടു. അടുത്തകാലത്തായി ബാംഗ്ലൂർ ആസ്ഥാനമായ എൻ.സി.ടി.ഇ. സൗത്ത്സോൺ വിദഗ്ദ്ധസമിതിയുടെ അംഗമായി പ്രവർത്തിച്ചുവരികയായിരുന്നു. കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ വൈസ്പ്രസിഡണ്ട് (CTE) മലങ്കര കാറ്റക്കിസം ടെക്സ്റ്റ് ബുക്ക് കമ്മറ്റി ചെയർമാൻ, കേരള പ്രിൻസിപ്പൽ കൗൺസിലിന്റെ കമ്മറ്റി മെമ്പർ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചുവന്നു.


ദൈവശാസ്ത്രജ്ഞൻ, വികാരി, പ്രൊഫസർ, പ്രിൻസിപ്പൽ എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ചുവന്ന സന്ദർഭങ്ങളിലും അച്ചടി മാദ്ധ്യമങ്ങൾക്കുവേണ്ടി നിരന്തരമായി എഴുതുന്ന രീതി ഫാ. തോമസ് പിന്തുടർന്നുപോന്നു. ധനതത്വശാസ്ത്രം വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പല ഗവേഷണപ്രബന്ധങ്ങളും ഗ്രന്ഥങ്ങലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2005 ജനുവരി 5-ാം തീയതി ഡോ. തോമസിനെ തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനും അമേരിക്കയിലെയും യൂറോപ്പിലെയും മലങ്കരക്കാരുടെ അപ്പസ്തോലിക്‌വിസിറ്റുമായി ജോൺപോൾ രണ്ടാമൻ മാർപാപ്പാ നിയമിച്ചു. തിരുവനന്തപുരം സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയിൽവച്ച് 2005 ഫെബ്രുവരി 19-ാം തീയതി മെത്രാഭിഷേകവും നടന്നു. അഗാധപണ്ഡിതനും സഭാസ്നേഹിയുമായ ബിഷപ്പ് തോമസ് അമേരിക്കയിൽ പല പ്രാവശ്യം എത്തി അവിടത്തെ മലങ്കര മക്കളുടെ ക്ഷേമം അന്വേഷിച്ചു വരുന്നു.

Address - Rt. Rev. Dr. Joseph Mar Thomas
Arch Bishop House
Pattom
Trivandrum

www.malankaralibrary.com

# 398



## ഫാ. മാത്യു പൈകട O.F.M. Cap.

കാലഘട്ടത്തിന്റെവെല്ലുവിളികളെ സമർത്ഥമായി നേരിടുവാൻ എന്നും നൂതന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ അസാമാന്യമായ പാടവം പ്രകടിപ്പിക്കുന്ന ഫാ. മാത്യു ഇടമറുകിൽ പൈകട കുടുംബത്തിൽ വർക്കി - ഏലിയാമ്മ ദമ്പതികളുടെ മകനായി 1952 സെപ്റ്റംബർ 12-ന് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1969-ൽ ഭരണങ്ങാനത്ത് അസ്സീസി സെമിനാരിയിൽ പ്രവേശിച്ചു. 1976 ജൂൺ 13-ന് ഫ്രാൻസിസ്കൻ കപ്പൂച്ചിയൻ സഭയിൽ അംഗമായി വ്രതവാഗ്ദാനം ചെയ്തു. വൈദിക പരിശീലനകാലത്ത് തൃശ്ശൂർ കാൽവരി ഫിലോസഫിക്കൽ കോളേജിൽ തത്വശാസ്ത്രപഠനം നടത്തുകയും കോഴിക്കോട് യൂണിവേഴ്സിററിയിൽ നിന്ന് ധനതത്വശാസ്ത്രത്തിലും പൂനയിലെ ജ്ഞാനദ്വീപം വിദ്യാപീഠത്തിൽ നിന്ന് ദൈവശാസ്ത്രത്തിലും ബിരുദങ്ങൾ നേടുകയുമുണ്ടായി. 1979 ഏപ്രിൽ 30-ന് അഭിവന്ദ്യ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയിൽ നിന്നും സ്വന്തം ഇടവകയിൽ വെച്ച് വൈദിക പട്ടം സ്വീകരിച്ചു.

കാൽവരി ഫിലോസഫിക്കൽ കോളേജിൽ അദ്ധ്യാപകനായിട്ടാണ് (1979-1980) ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. തുടർന്ന് ജർമ്മനിയിൽ ഉപരിപഠനത്തിന് പോയി. ജർമ്മനിയിലെ വെസ്റ്റ് ഫാലിയ വിൽഹെൽമ്സ് യൂണിവേഴ്സിററിയിൽ (West Phalia Winhelms University) പഠിച്ച് (1980-1988) ദൈവശാസ്ത്രത്തിൽ ഡോക്ടറേററ് ബിരുദം നേടി. ഇതിനായി വിമോചന ദൈവശാസ്ത്രത്തിലും ഭാരതീയ മത സംസ്കാരിക പാരമ്പര്യങ്ങളിലും ഗവേഷണം നടത്തി. ഭാരതിയ വിമോചന ദൈവശാസ്ത്രമെന്ന പ്രബന്ധം അവതരിപ്പിച്ചു. ഈ പ്രബന്ധത്തിന്റെ പരിഷ്കരിച്ച പതിപ്പ് 2000-ൽ ഡൽഹിയിലുള്ള ഇന്റർ കൾച്ചറൽ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1990 മുതൽ1996 വരെ തെള്ളകം കപ്പൂച്ചിയൻ വിദ്യാഭവനിൽ (St. Francis Theological College) അദ്ധ്യാപകനായിരിക്കത്തന്നെ ഭരണങ്ങാനത്തുനിന്നു പ്രസിദ്ധീകരിക്കുന്ന അസ്സീസി മാസികയുടെ മുഖ്യപത്രാധിപരായി ജോലി നിർവഹിച്ചു. ഈ കാലത്ത് വൈദിക സന്യാസ പരിശീലനത്തിൽ കാതലായ മാററങ്ങൾ വരുത്താനായി യത്നിച്ചു. വൈദിക വിദ്യാർത്ഥികൾ ഒരു വർഷം മുഴുവനും സാധാരണ ജനങ്ങളുടെയിടയിൽ, പ്രത്യേകിച്ച് ദരിദ്രരുടെയും ആദിവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും ഇടയിൽ അവരുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ട് അവരുടെ ജോലികളിൽ സഹായിച്ച് അവരുടെ വീടുകളിൽ താമസിച്ച് ജീവിതപരിചയം നേടുകയെന്നത് സന്യാസ

www.malankaralibrary.com

പരിശീലന പദ്ധതിയുടെ ഭാഗമാക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഇതേസമയം കെ.സി.ബി.സി.യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സോഷ്യൽ അവേർണസ് ആക്ഷൻ സെല്ലിലും, ഫോറം ഓഫ് ദ റിലീജിയസ് ഫോർ ജസ്റ്റീസ്, പീസ് ആന്റ് ഇക്കോളജിയിലും സജീവമായി പ്രവർത്തിച്ചു.

1990 മുതൽ 1996 വരെ കപ്പൂച്ചിയൻ സെന്റ് ജോസഫ് പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ കൗൺസിലറായും 1996-മുതൽ 2002 വരെ പ്രൊവിൻഷ്യലായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആഫ്രിക്കയിലെ മലാവി മിഷനും ജമ്മുകാശ്മീർ, പഞ്ചാബ്, ഉത്തർപ്രദേശ്, രാജസ്ഥാൻ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന ക്രിസ്തു ജ്യോതി വൈസ് പ്രോവിൻസും ആസ്സാം മേഘാലയ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന വടക്കുകിഴക്കു കപ്പൂച്ചിയൻ മിഷൻ റീജിയനും ആന്ധ്ര, ഒറീസ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന മേരിമാതാ വൈസ് പ്രോവിൻസും കേരളത്തിലെ സീറോ-മലബാർ സീറോ മലങ്കര രൂപതകളും ഈ പ്രോവിൻസിന്റെ പ്രവർത്തന മേഖലകളായിരുന്നു. 1999-ൽ ഈ പ്രോവിൻസ് സെന്റ് ജോസഫ് നോർത്ത് - സൗത്ത് കേരളാ പ്രോവിൻസ്, സെന്റ് തോമസ് സെൻട്രൽ കേരളാ പ്രോവിൻസ്, ക്രിസ്തു ജ്യോതി ജനറൽ വൈസ് പ്രോവിൻസ് എന്നിങ്ങനെ മൂന്നായി വിഭജിക്കുകയുണ്ടായി. പ്രോവൻഷ്യൽ എന്ന നിലയിൽ ഹൈറേഞ്ചിലും കണ്ണൂരിലുമായി ആകാശ പറവുകൾക്കും എയ്ഡ്സ് രോഗികൾക്കുമായി നിരവധി സ്ഥാപനങ്ങൾ തുടങ്ങുന്നതിന് നേതൃത്വം നൽകുകയുണ്ടായി. കാലഘട്ടത്തിന്റെ വെല്ലുവിളികളെ സമർത്ഥമായി നേരിടുന്നതിന് എന്നും നൂതന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് അദ്ദേഹം അസാമാന്യ വൈഭവും പ്രകടിപ്പിച്ചു. മിഷൻ പ്രവർത്തന സാധ്യതാപഠനത്തിനായി ഉക്രയിൻ, സാംബിയ, നമീബിയ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ യൂറോപ്യൻ രാജ്യങ്ങളും ഫിലപ്പൈൻസ്, ഇന്തോനേഷ്യാ മലേഷ്യ, സിംഗപ്പൂർ, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളും സന്ദർശിക്കുകയുണ്ടായി.

1990 മുതൽ ജീവധാര ദൈവശാസ്ത്ര മാസികയുടെ സെക്ഷണൽ എഡിററായും 1992 മുതൽ ഹോളണ്ടിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന CONCILIUM ദൈവശാസ്ത്രമാസികയുടെ ആലോചനാസമിതി അംഗമായും പ്രവർത്തിക്കുന്നു. 1990 മുതൽ ഇന്ത്യൻ തിയോളജിക്കൽ അസോസിയേഷന്റെ അംഗമാണ്. വാർഷികയോഗത്തിൽ ദളിത് ക്രസ്ത്യൻ തിയോളജിയെപ്പററി ഒരു പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി. ഇന്ത്യയിലെയും ജർമ്മനിയിലെയും സ്വിററ്സർലണ്ടിലെയും ചില ദൈവശാസ്ത്രമാസികകളിൽ ലേഖനങ്ങൾ ധാരാളമായി എഴുതികൊണ്ടിരിക്കുന്നു. കൂടാതെ വിവിധ സന്യാസ സഭകളിലെ സുപ്പീരിയേഴ്സിനും സന്യാസ പരിശീലകർക്കും ഫോർമേഷൻ ആനിമേഷൻ, ലീഡർഷിപ്പ് തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുക്കാറുണ്ട്.

2002 ജൂൺ മുതൽ തെള്ളകം കപ്പൂച്ചിൻ വിദ്യാഭവനിൽ റെക്ടറും


www.malankaralibrary.com

സുപ്പീരിയറുമായി സേവനം അനുഷ്ഠിക്കുന്നു. കൂടാതെ വിജ്ഞാനനിലയം ഏലൂർ (A.P.) ഹോളി ട്രിനിററി സെമിനാരി ജലന്ധർ, ബോധി ഇൻസ്റ്റിററ്യൂട്ട് ഓഫ് തിയോളജി കൊല്ലം, കാൽവരി ഫിലോസഫിക്കൽ കോളേജ് തൃശ്ശൂർ തുടങ്ങിയ സെമിനാരികളിലും മററു സന്യാസ പരിശീലന കേന്ദ്രങ്ങളിലും വിസിററിംഗ് പ്രൊഫസറായി സേവനം അനുഷ്ഠിക്കുന്നു. ഇപ്പോൾ ദിളിത് ദൈവശാസ്ത്രവിഷയത്തിൽ കൂടുതൽ പഠനങ്ങൾ നടത്തിവരുന്നു.

വിലാസം - ഫാ. മാത്യു പൈകട, റെക്ടർ, കപ്പൂച്ചിൻ വിദ്യാഭവൻ, തെള്ളകം, പി.ഒ. - 686 016, കാരിത്താസ്, കോട്ടയം.

## 399

# ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ



അഭിഷക്തരുടേയും അർപ്പിതരുടെയും അൽമായവിശ്വാസികളുടേയും സമ്പൂർണ്ണപങ്കാളിത്തമാണ് രൂപതകളുടെയും ഇടവകകളുടെയും സമൂഹത്തിന്റേയും നവീകരണത്തിനും പുരോഗതിക്കും അനുപേക്ഷണീയമെന്ന ഉറച്ചവിശ്വാസത്തോടുകൂടി കോഴിക്കോടു രൂപതയെ ഭരിക്കുന്ന ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ വരാപ്പുഴ അതിരൂപതയിലെ വടുതല ഇടവകയിൽ അവിരാ-ത്രേസ്യാ ദമ്പതികളുടെ അഞ്ചു മക്കളിൽ രണ്ടാമനായി 1952 ഒക്ടോബർ 6-ാം തിയതി ജനിച്ചു. ദൈവിക ഭക്തിയും പ്രാർത്ഥനാ ചൈതന്യവും പ്രേഷിത തീഷ്ണതയുമുള്ള കുടുംബാന്തരീഷത്തിൽ വളർന്ന ജോസഫിന് പൗരോഹിത്യത്തോടുള്ള ആദരവും ആഭിമുഖ്യവും ചെറുപ്പം മുതലേ ഉണ്ടായിരുന്നു. ഹൈസ്കൂൾ വിദ്യഭ്യാസാനന്തരം 1965-ൽ വരാപ്പുഴ അതിരൂപത മൈനർ സെമിനാരിയിൽ വൈദികാർത്ഥിയായി ചേർന്നു. തുടർന്ന് തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് മേജർ സെമിനാരിയിലും മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിലും തത്വശാസ്ത്ര ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി 1978 മാർച്ച് 13-ന് ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കേളന്തറയിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. ഫാ. ജിയോ പയ്യപ്പള്ളി രൂപതാ ബുള്ളറ്റിനിൽ എഴുതിയ ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "പൗരോഹിത്യത്തിന്റെ ശ്രേഷ്ഠതയേയും പാവനതയേയും കുറിച്ച് തികച്ചും ബോധ്യമുള്ള മോൺസിഞ്ഞോർ കളത്തിപ്പറമ്പിൽ ഒരോ ദിവസവും ആരംഭിക്കുന്നത് തനിക്ക് ലഭിച്ച ജീവന്റേയും സ്നേഹത്തിന്റേയും പൗരോഹത്യത്തിന്റേയും മഹത്തായ ദാനങ്ങൾക്ക് സർവ്വേശ്വരന് നന്ദി പ്രകാശിപ്പിച്ചുകൊ

www.malankaralibrary.com

ണ്ടാണ്. എറണാകുളത്തെ സെന്റ് ഫ്രാൻസീസ് അസ്സീസ്സി കത്തീഡ്രലിൽ രണ്ടു വർഷം സഹവികാരിയായി സേവനം ചെയ്തപ്പോൾ യഥാർത്ഥ അജപാലകന്റെ ജീവിത ശൈലി സ്വായത്തമാക്കുകയുണ്ടായി. പ്രാർത്ഥനയുടേയും ദൈവാനുഭവത്തിന്റേയും ഉടമയായ അദ്ദേഹം സ്നേഹ സമ്പന്നനും സൗമ്യനും ശാന്തശീലനുമാണ്. സർവർക്കും സദാ അഭിഗമ്യനും സംലഭ്യനുമായ അദ്ദേഹം മറ്റുള്ളവരുടെ ആവശ്യങ്ങൾ മുൻകൂട്ടി കണ്ട് അവരോട് കരുതലും കാരുണ്യവും കാണിക്കാൻ എപ്പോഴും സന്നദ്ധനത്രേ. സുസ്മരവദനനായി നർമ്മബോധത്തോടെ സകലരോടും ഇടപെടാനുള്ള സിദ്ധി അദ്ദേഹത്തിനുണ്ട്. പ്രശ്നങ്ങളിലും പ്രതിസന്ധികളിലും മനസ്സ് പതറാതെ അക്ഷോഭ്യനായി അവയെ നേരിടുവാൻ അദ്ദേഹത്തിന് സാധിക്കും. പ്രത്യേകിച്ച് ഭരണനിർവ്വഹണത്തിൽ നേരിടുന്ന കടുത്ത വിമർശനങ്ങളെ സമചിത്തതയോടെയാണ് അദ്ദേഹം അഭിമുഖീകരിച്ചിരുന്നത്".

വരാപ്പുഴ അതിരൂപതയിലെ ആദ്യ സേവനത്തിനുശേഷം റോമിലേക്ക് കാനൻ ലോയിൽ ഉപരിപഠനം നടത്തുന്നതിനായി കളത്തിപറമ്പിലച്ചനെ അയച്ചു. 1984-ൽ കാനൻ ലോയിൽ ഡിഗ്രി എടുത്ത അച്ചനെ റോമിലെ സെന്റ് പോൾസ് കോളേജിൽ വൈസ് റെക്ടറായി നിയമിച്ചു. അഞ്ചു വർഷക്കാലം പ്രസ്തുത ജോലി സ്തുത്യർഹമായവിധം നിർവ്വഹിച്ച അച്ചനെ അതിരൂപതാ ചാൻസലറായി 1989-ൽ നിയമിച്ചു. ഏഴ് വർഷം ആ സ്ഥാനത്ത് തുടർന്ന അച്ചനെ 1996-ൽ വരാപ്പുഴ അതിരൂപതാ വികാർ ജനറലായി ഉയർത്തി. ഭരണനിർവ്വഹണ രംഗത്ത് ഉന്നതനിലവാരം പുലർത്തിയ കളത്തിപ്പറമ്പിലച്ചനെ 2001 ജനുവരി 31-ന് മോൺസിഞ്ഞോർ സ്ഥാനം നൽകി പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പ ആദരിച്ചു.

1923-ലാണ് കോഴിക്കോട് രൂപത സ്ഥാപിതമാകുന്നത്. അന്നു മുതൽ രൂപതയെ ഭരിച്ച പ്രഥമ മെത്രാൻ ഡോ. പോൾ പെരിനി എസ്സ്. ജെ, വിദ്യഭ്യാസ വിചക്ഷണനനും പ്രഗത്ഭ വാഗ്മിയുമായിരുന്ന ഡോ. ലിയോ. പ്രൊസർപ്പിയോ എസ്സ്. ജെ, ഡോ. അൽദോമരിയ പത്രോണി എസ്സ്. ജെ എന്നിവർ വിദേശികളായ മെത്രാൻമാരായിരുന്നു. പണ്ഡിതനും പ്രഗത്ഭ വാഗ്മിയുമായ മാക്സ്വെൽ നൊറോന തിരുമേനിയാണ് കോഴിക്കോട് രൂപതയുടെ പ്രഥമ ഏതദ്ദേശീയ മെത്രാൻ. അദ്ദഹത്തിന്റെ പിൻഗാമിയായി വരാപ്പുഴ അതിരൂപതയുടെ വികാർ ജനറലായി സേവനം അനുഷ്ഠിച്ചു വന്ന ഡോ. ജോസഫ് കളത്തിപറമ്പിലച്ചനെ 2002 മെയ് 19-ാം തിയതി നിയമിച്ചു. കേരള ലത്തീൻ ഹയരാർക്കി തലവനായ ഡോ. ദാനിയേൽ അച്ചാരുപറമ്പിൽ തിരുമേനിയാണ് കളത്തിൽ പറമ്പിൽ പിതാവിന്റെ അഭിഷേക കർമ്മത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചത്. കോഴിക്കോട് ദേവമാതാ കത്തീഡ്രലിൽ വെച്ചാണ് അഭിഷേക കർമ്മം നിർവ്വഹിച്ചത്. പുതിയ സഹസ്രാബ്ദത്തിന്റെ ആരംഭത്തിൽ രൂപതയെ പ്രേഷിത മുന്നണി മേഖലകളിലേക്ക് നയിക്കുവാൻ പര്യാപ്തമായ ദീർഘ വീക്ഷണവും ഭരണപാടവും സംഘാടക

www.malankaralibrary.com

വൈഭവും അജപാലന തീക്ഷ്ണതയും ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിലിന് ലഭ്യമായിട്ടുണ്ട്. റോമിലെ സെന്റ് പോൾസ് കോളേജിന്റെ വൈസ് റെക്ടർ, വരാപ്പുഴ അതിരൂപതയിലെ ചാൻസലർ, വികാരി ജനറൽ എന്നിങ്ങനെ വിവിധ തലങ്ങളിൽ സേവനം ചെയ്തിരുന്ന കളത്തിപ്പറമ്പിലച്ചന് ഭരണനിർവ്വഹണത്തിൽ നൈപുണ്യം ആർജ്ജിക്കുവാൻ സാധിച്ചിരുന്നു.

രൂപതാദ്ധ്യക്ഷൻ ദൈവിക സത്യങ്ങളുടെ വിശ്വസ്ത പ്രബോധകനും ആരാധന ക്രമങ്ങളുടെ വിശുദ്ധ പുരോഹിതനും സ്നേഹ സമ്പന്നനായ അജപാലകനും നിപുണനായ ഭരണകർത്താവും ആയിരിക്കണം. ബിഷപ്പ് ജോസഫ് കളത്തിപറമ്പിൽ തന്റെ ശുശ്രൂഷയിൽ പ്രാമുഖ്യം നൽകുന്നത് ദൈവജനത്തിന്റെ വിശ്വാസ പരിശീലനത്തിനും വിശുദ്ധീകരണത്തിനുമാണ്. സുവിശേഷവൽക്കരണത്തിന്റെയും മതബോധനത്തിന്റെയും അജപാലനത്തിന്റെയും ആത്യന്തിക ലക്ഷ്യം വിശുദ്ധീകരണവും നവീകരണവുമാണ്. എല്ലാ വയോഗ്രൂപ്പുകൾക്കും സ്ഥായിയും തീവ്രവുമായ വിശ്വാസ ബോധനം നൽകുന്നതിന് രൂപതയിൽ നിലവിലുള്ള മതബോധനവേദികളും ബൈബിൾ പഠന കളരികളും കുടുംബ യൂണിറ്റുകളും നവീകരണ മുന്നേറ്റങ്ങളും വിവിധ സംഘടനാ സംവിധാനങ്ങളും ഊർജ്ജസ്വലമാക്കുവാനും കാര്യക്ഷമമാക്കുവാനും ബിഷപ്പ് കളത്തിപറമ്പിൽ ഇന്ന് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നു. ആരാധന ക്രമവും പ്രാർത്ഥനാ രീതികളും അർത്ഥപൂർണ്ണവും ഹൃദയസ്പർശിയും പ്രസ്ക്തവുമാക്കുവാൻ വേണ്ട നിർദ്ദേശങ്ങളും തീരുമാനങ്ങളും ചർച്ചകൾ വഴി ആവിഷ്ക്കരിക്കുവാൻ അദ്ദേഹം ശ്രമിക്കുന്നു. പ്രത്യേകിച്ച് സഭയിൽ വളർന്നുകൊണ്ടിരിക്കുന്ന നവീകരണ പ്രസ്ഥാനങ്ങളിലെ അപാകതകൾ നികത്തി, ആഴമേറിയ ആത്മീയതയിലേക്ക് എല്ലാവരേയും നയിക്കുവാനുള്ള കർമ്മപദ്ധതികളും കൂട്ടായ സംവാദത്തിലൂടെ കണ്ടെത്തുന്നുണ്ട്. അഭിഷിക്തരുടേയും അർപ്പിതരുടേയും അൽമായ വിശ്വാസികളുടേയും സമ്പൂർണ്ണമായ പങ്കാളിത്തമാണ് രൂപതകളുടേയും ഇടവകകളുടേയും സമൂഹത്തിന്റേയും നവീകരണത്തിനും പുരോഗതിക്കും അനുപേക്ഷണിയമെന്ന ഉറച്ച ബോദ്ധ്യം കളത്തിപറമ്പിൽ പിതാവിനുണ്ട്. അതുകൊണ്ട് മുകളിൽ നിന്നും എല്ലാം അടിച്ചേൽപ്പിക്കുകയല്ല, എല്ലാവരുമായി കൂടിയാലോചിച്ച് സമവായത്തിലെത്തിച്ചേരുവാൻ അദ്ദേഹം ശ്രമിക്കുന്നു. ദൈവജനം മുഴുവന്റേയും പങ്കാളിത്തം ഉറപ്പു വരുത്തുവാൻ സഭാ നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഘടനകളും സംവിധാനങ്ങളുമായ ഇടവക അജപാലന സമിതി, രൂപതാ അജപാലന സമിതി, ഇടവക-രൂപതാ അജപാലന സമിതി, രൂപതാ അജപാലന സമിതി, ഇടവക-രൂപതാ ധനകാര്യ സമിതി, രൂപതാ സിനഡ്, അടിസ്ഥാന ക്രിസ്തീയ സമൂഹങ്ങൾ തുടങ്ങിയവ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുവാൻ കളത്തിപറമ്പിൽ പിതാവ് നടപടി സ്വീകരിക്കുകയുണ്ടായി. അൽമായ പങ്കാളിത്തത്തിന് പ്രാധാന്യം ലഭിക്കുന്നതിന് സമുദായിക സംഘടനകളും ക്രിസ്തീയ പ്രസ്ഥാനങ്ങളും ഇടവ

www.malankaralibrary.com

ക- രൂപതാ തലങ്ങളിൽ ശക്തിപ്പെടുത്തുവാൻ അദ്ദേഹവും പ്രോത്സാഹനവും പിന്തുണയും നൽകികൊണ്ടിരിക്കുന്നു. മലബാറിലെ വിവിധ കത്തോലിക്കാ റീത്തുകളുമായും വ്യത്യസ്ത ക്രൈസ്തവ സഭാ വിഭാഗങ്ങളുമായും കൂട്ടായ്മയും സഹവർത്തിത്വവും സഹകരണവും പരിപോഷിപ്പിക്കുവാൻ സാർവത്രിക വീക്ഷണമുള്ള പിതാവിന് സാധിക്കുന്നുണ്ട്. കൂടാതെ മതാന്തര- സംഭാഷണ- സഹകരണ രംഗത്തും ഉത്തരകേരളത്തിൽ നേതൃത്വം നൽകുവാനും പിതാവ് മുൻകൈയ്യെടുത്ത് പ്രവർത്തിക്കുന്നുണ്ട്.

സാമ്പത്തികവും വിദ്യഭ്യാസപരവും സാമൂഹ്യവുമായി പിന്നോക്കാവസ്ഥയിലുള്ള രൂപതയിലെ ക്രൈസ്തവരുടെ പ്രത്യേകിച്ച് , ദളിത് ആദിവാസി ക്രൈസ്തവരുടെ സവ്വതോന്മുഖമായ വിമോചനത്തിനും പുരോഗതിക്കും വേണ്ടി നൂതന പദ്ധതികൾ ബഹുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ കളത്തിപറമ്പിൽ പിതാവ് അഹോരാത്രം പരിശ്രമിക്കുന്നുണ്ട്. ഉത്തരകേരളത്തിലെ സാംസ്കാരിക തലസ്ഥാനമായ കോഴിക്കോട് ആസ്ഥാനമായുള്ള രൂപതയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ സമൂഹത്തിന്റെ സമസ്ത മേഖലകളിലും നിർണ്ണായകമായ സ്വാധീനം അദ്ദേഹം ചെലുത്തികൊണ്ടിരിക്കുന്നു. റോമിലെ ഉപരിപഠനകാലത്തും സെന്റ് പോൾസ് കോളേജ് വൈസ് റെക്ടറായിരുന്നപ്പോഴും വിവിധ രാജ്യങ്ങളിലെ ഒട്ടേറെ പേരെ പരിചയപ്പെടുവാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. വിദേശരാജ്യങ്ങൾ പലതവണ സന്ദർശിച്ചിട്ടുമുണ്ട്. തൽഫലമായി വിപുലമായ ഒരു സൃഹൃദ് വലയവും അദ്ദേഹത്തിനുണ്ട്. ഈ വിശാലമനോഭാവം സാർവ്വത്രിക സഭയോടൊത്ത് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും അദ്ദേഹത്തിന് സാധിക്കുന്നുവെന്നത് ഏറെ ശ്ലാഘനീയമാണ്.


ഫാ. ജിയോ പയ്യപ്പള്ളിയുടെ ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. "മെത്രാന്റെ സ്ഥാനിക ചിഹ്നത്തിലെ ആപ്ത വാക്യം "സ്നേഹം സർവോത്കൃഷ്ടം" (1 കൊറി 13:13) എന്നതാണ് വി. പൗലോസ് അപ്പസ്തോലൻ വർണ്ണിക്കുന്ന സ്നേഹത്തിന്റെ സവിശേഷതകൾ സ്വാംശീകരിച്ചുകൊണ്ട് എല്ലാവരോടും സഹിഷ്ണതയും സൗമ്യതയും ദീർഘക്ഷമതയും പുലർത്തുവാനുള്ള കഴിവ് അദ്ദേഹത്തിൽ അന്തർലീനമായിട്ടുണ്ട്. അതുകൊണ്ട് തന്നെ രൂപതയിലെയും ദേശത്തിലെയും എല്ലാവരെയും നേരിട്ട് പരിചയപ്പെട്ട്, സംഭാഷണത്തിന്റേയും തുറവിയുടേയും പാതയാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്. വരാപ്പുഴ അതിരൂപതയിലെ പ്രഥമ ഏതദ്ദേശീയ മെത്രാപ്പോലീത്തയായിരുന്ന ഡോ. ജോസഫ് അട്ടിപ്പേട്ടി ഔദ്യോഗിമായി ഇടവക സന്ദർശനം നടത്തുമ്പോൾ എല്ലാ കുടുംബങ്ങളിലും ചെന്ന് അവരുടെ പ്രശ്നങ്ങളും പ്രതീക്ഷകളും മനസ്സിലാക്കാൻ ശ്രമിച്ച മഹത്തായ പാരമ്പര്യം തുടരുവാൻ മെത്രാൻ അഭിലക്ഷിക്കുന്നുണ്ട്". ഈ അഭിലാഷം പൂവണിയുമ്പോൾ കോഴിക്കോട് രൂപത കേരള സഭയ്ക്ക് പുതിയ ഒരു വെളിച്ചം നൽകുക തന്നെ ചെയ്യും.

www.malankaralibrary.com

കോഴിക്കോട് രൂപതയിൽ 53 രൂപതാ വൈദികരും 68 സന്യാസ വൈദികരും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 43 സെമിനാരിയിൻസും 16 ബ്രദേഴ്സും ഉണ്ട്. 61 കോൺവെന്റുകളിലായി 719 സിസ്റ്റേഴ്സും രൂപതയിൽ പ്രവർത്തിക്കുന്നുണ്ട്. മൂന്ന് വികാരിയാത്തുകളും 41 ഇടവകകളും 25 സബ്സ്റ്റേഷൻസും രൂപതയിൽ ഉണ്ട്. രൂപതയിൽ കോളേജുകളും ഹയർസെക്കണ്ടറി സ്കൂളുകളും ഹൈസ്കൂൾ, അപ്പർ, ലോവർ പ്രൈമറി സ്കൂളുകളും ഉണ്ട്. നഴ്സിംഗ് സ്കൂളുകളും ഹോസ്റ്റൽസും അനാഥശാലകളും വൃദ്ധ മന്ദിരങ്ങളും ആശുപത്രികളും ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാം കോർത്തിണക്കി പ്രവർത്തിപ്പിക്കുന്നതിൽ കളത്തിപറമ്പിൽ പിതാവ് വിജയം വരിക്കുന്നുണ്ട്.

വിലാസം : റൈറ്റ് റവ. ഡോ. ജോസഫ് കളത്തിപറമ്പിൽ, ബിഷപ്സ് ഹൗസ്, മലാപറമ്പ്, കോഴിക്കോട് 673009

## 400



# ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ വടക്കേൽ

നാല്പത്തിനാലായിരത്തിമുന്നൂറ് കി.മീറ്റർ വിസ്തീർണ്ണമുള്ള മദ്ധ്യപ്രദേശ് ഇന്ത്യയിലെ ഏറ്റംവലിയ സംസ്ഥാനമാണ്. ഏഴ് ലത്തീൻ രൂപതകളും നാല് സീറോ-മലബാർ രൂപതകളും മറ്റു മൂന്നു രൂപതകളുടെ ഏതാനും ഭാഗങ്ങളും ചേർന്നതാണ് മദ്ധ്യപ്രദേശ് എന്നു പറയാം. ഹിന്ദുമതത്തിന്റെ ഒരു സുപ്രധാന കേന്ദ്രവും നാലായിരം വർഷത്തെ ചരിത്രമുറങ്ങുന്ന ഒരു സാംസ്കാരികകേന്ദ്രവുമാണ് ഉജ്ജൈൻ.

ഉജ്ജൈനിൽ സീറോമലബാർ സഭയ്ക്ക് ഒരു എക്സാർക്കേറ്റ് അനുവദിച്ചുകിട്ടിയത് 1968 ജൂലൈ 28 ന് ആണ്. 1977 ഫെബ്രുവരി 26 ന് എക്സാർക്കേറ്റിനെ ഒരു രൂപതയാക്കി പോൾ ആറാമൻ മാർപാപ്പാ ഉയർത്തി. പ്രഥമ ബിഷപ്പ് മാർ ജോൺ പെരുമറ്റം തിരുമേനിയായിരുന്നു. പെരുമറ്റം തിരുമേനിയുടെ റിട്ടയർമെന്റിനെത്തുടർന്ന് രൂപതയുടെ രണ്ടാമത്തെ ബിഷപ്പായി മാർ സെബാസ്റ്റ്യൻ വടക്കേലിനെയാണ് നിയമിച്ചത്. ബിഷപ്പ് മാർ സെബാസ്റ്റ്യൻ പാലാ രൂപതയിൽ വിളക്കുമാടം ഇടവകയിൽ വടക്കേൽ ദേവസ്യാ-മേരി ദമ്പതികളുടെ പുത്രനായി 1952 ഒക്ടോബർ 7ന് ജനിച്ചു. വിളക്കുമാടം സ്കൂളിലെ വിദ്യാഭ്യാസംകഴിഞ്ഞ് 1969 ൽ സെന്റ് തോമസ് മിഷനറി സൊസൈറ്റിയുടെ മൈനർ സെമിനാരിയായ ദീപ്തി കോളേജിൽ ചേർന്നു.

www.malankaralibrary.com

മംഗലാപുരം സെന്റ് ജോസഫ് സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി. 1979 ഏപ്രിൽ 19 ന് വിളക്കുമാടത്തുവച്ച് മാർ ജോൺ പെരുമറ്റത്തിൽ നിന്നു പൗരോഹിത്യം സ്വീകരിച്ചു.

മൂന്നുവർഷം ദീപ്തികോളേജിന്റെ റെക്ടറായി സേവനം അനുഷ്ഠിച്ചു. 1982 മുതൽ 1987 വരെ റോമിൽ പൗരസ്ത്യ കാനൻ നിയമത്തിൽ ഉപരി പഠനം നടത്തി. തിരിച്ച് നാട്ടിൽ എത്തിയ ഫാ. സെബാസ്റ്റ്യനെ ഷാജാപൂരിൽ അസിസ്റ്റന്റായും ഉജ്ജെയിനിൽ കത്തീഡ്രൽ വികാരിയായും നിയമിച്ചു. ഹിന്ദി ഭാഷയിൽ മാസ്റ്റർ ബിരുദം നേടി. അദ്ദേഹം 1998 മേയ് 18 വരെ എം. എസ്.റ്റിയുടെ ഡയറക്ടർ ജനറലായി പ്രവർത്തിച്ചു. ആ സേവനത്തിൽ തുടരവേയാണ് 1998 ജൂൺ 5 ന് ഉജ്ജൈൻ രൂപതയുടെ ബിഷപ്പായി ജോൺപോൾ രണ്ടാമൻ നിയമിച്ചത്. 1998 സെപ്റ്റംബർ 8–ാം തീയതി മെത്രാഭിഷേകം നടന്നു.

വിളക്കുമാടം പള്ളിയുടെ തൊട്ടടുത്ത് താമസിച്ചിരുന്ന വടക്കേൽ കുടുംബം പള്ളിയോട് എല്ലാ കാര്യത്തിലും സഹകരിച്ചു പ്രവർത്തിച്ചിരുന്നു. ചെറുപ്പം മുതൽ അൾത്താരബാലനായി പ്രവർത്തിച്ച മാർ വടക്കേൽ ഒരു ശാന്ത സ്വഭാവക്കാരനായിരുന്നു. സ്വന്തം ഇടവകയേയും ഇടവകജനങ്ങളേയും അകമഴിഞ്ഞ് സ്നേഹിക്കുന്ന പിതാവ് ഇടവകയിൽ ഏതൊരാവശ്യങ്ങൾക്കും എപ്പോഴും എത്താറുണ്ട്.

മാർ സെബാസ്റ്റ്യൻ വടക്കേൽ മെത്രാനായി അവരോധിക്കപ്പെട്ടപ്പോൾ ദീപനാളം പത്രാധിപർ ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിലുമായി നടത്തിയ അഭിമുഖത്തിൽ പറഞ്ഞ ചിലകാര്യങ്ങൾ ഉദ്ധരിക്കട്ടെ. “പിതാവിന്റെ ദൈവവിളിയെക്കുറിച്ചുള്ള അഭിപ്രായം പറഞ്ഞത് ഇങ്ങനെയാണ്. എനിക്ക് അർപ്പിത ജീവിതത്തിലേക്കുള്ള ദൈവവിളി ലഭിച്ചത് ഇടവക കേന്ദ്രീകൃതമായ ജീവിതത്തിൽ നിന്നാണെന്നാണ് എന്റെ വിശ്വാസം. എന്റെ കുടുംബത്തിലുള്ളവരെല്ലാം ഇടവക ജീവിതത്തിൽ സജീവമായി പങ്കുചേരുന്നുണ്ടായിരുന്നു. ചെറുപ്പംമുതൽ അത് എനിക്ക് ഒരു മാതൃകയായിരുന്നു. അൾത്താര ശുശ്രൂഷയായിത്തീരുന്നതിനും ചെറുപുഷ്പമിഷൻ ലീഗിലും സണ്ടേ സ്കൂളിലും സജീവമായി പ്രവർത്തിക്കുന്നതിനും അവസരമുണ്ടായി. സർവ്വോപരി ഇടവകയിലെ വികാരിമാരുടെ സന്മാതൃകകൾ എന്നെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്.

ദൈവവിളികൾ കുറയുന്നതിനെപ്പറ്റിയുള്ള പിതാവിന്റെ അഭിപ്രായം ശ്രദ്ധിക്കുക. “അതിനുള്ള പ്രധാന പരിഹാരമായി എനിക്കു പറയാനുള്ളത് ഇടവകജീവിതം സജീവമാക്കുക എന്നതാണ്. ദൈവജനം ഒന്നായി നല്ല ക്രൈസ്തവ ജീവിതം നയിക്കുകയും അതിനായി വേദിയൊരുക്കുകയും ചെയ്താൽ അർപ്പിത ജീവിതത്തിലേയ്ക്ക് ധാരാളം യുവതീയുവാക്കൾ കടന്നുവന്നുകൊള്ളും. വൈദീകർക്കും, അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും ഈ വിഷയത്തിൽ പ്രത്യേകം ഉത്തരവാദിത്വമുണ്ട്.” പ്രേഷിതപ്രവർത്തന

www.malankaralibrary.com

ത്തിലുള്ള സഭയുടെ പൊതുവായ ദൗത്യത്തെപ്പറ്റിയും സീറോ-മലബാർ സഭയിൽ ഇന്നുള്ള പ്രശ്നങ്ങളെക്കുറിച്ചും ഉള്ള അഭിപ്രായം താഴെപറയുന്നു.

അതുപറയുമ്പോൾ ഒരു കാര്യം എടുത്തുപറയുവാൻ ഞാനാഗ്രഹിക്കുന്നു. മിഷനറിമാർക്ക് തങ്ങൾ മാതൃസഭയുടെ വക്താക്കളാണെന്ന ബോദ്ധ്യം വേണം. സഭയുടെ വ്യക്തിത്വം നിലനിർത്തിക്കൊണ്ടാവണം പ്രേഷിതജോലി നിർവ്വഹിക്കേണ്ടത്. അല്ലെങ്കിൽ അത് അപ്രസക്തമാകും. ഞാനംഗമായിരിക്കുന്ന സെന്റ് തോമസ് മിഷനറി സൊസൈറ്റിതന്നെ സീറോ മലബാർ സഭയുടെ ശൈലിയിൽ പ്രേഷിത പ്രവർത്തനം നടത്താൻ സ്ഥാപിതമായതാണ്. സഭയുടെ സ്വഭാവത്തിൽനിന്നു വ്യത്യസ്തമായ പ്രവർത്തനത്തിലേർപ്പെടുമ്പോഴാണ് സഭയിൽ പ്രശ്നങ്ങളുണ്ടാകുന്നത്.

ഇന്നത്തെ പല വിവാദങ്ങളും അർത്ഥരഹിതങ്ങളാണ്. നമുക്ക് നാമാകാതെ വയ്യ. സീറോമലബാർ സഭയിൽ അംഗമായിരിക്കുന്നതിൽ നാം അഭിമാനിക്കണം. ശരിയായ പഠനം മാത്രമാണ് പ്രശ്നങ്ങൾക്കുള്ള പരിഹാരം. പഠിച്ചവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുവാൻ എല്ലാവരും തയ്യാറാവുകയും വേണം. ഇന്നത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സീറോ മലബാർ സഭാംഗങ്ങൾ ചെയ്യേണ്ട പ്രധാനപ്പെട്ട കാര്യം നമ്മുടെ പ്രേഷിതദൗത്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ്. അതു ചെയ്താൽ നമ്മുടെ തനിമയെക്കുറിച്ച് നമുക്കു ബോദ്ധ്യമുണ്ടാകും. നമ്മുടേതായ രീതിയിൽ ഭാരതത്തിൽ പ്രേഷിതവേല നടത്തുവാൻ നാം ഇറങ്ങിത്തിരിക്കുമ്പോൾ നമ്മുടെ പൈതൃകങ്ങൾ നാം തേടിപ്പോകേണ്ടിവരും. പുറത്തേക്കു നമ്മൾ ശ്രദ്ധ തിരിക്കുമ്പോൾ ആന്തരികപ്രശ്നങ്ങൾ പലതും താനേ വഴിമാറും. കൂടുതൽ ദൈവാനുഗ്രഹവും നമുക്കുണ്ടാവും. പ്രേഷിത ദൗത്യമെന്നത് സീറോ മലബാർ സഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതായിരുന്നുവെന്ന് ചരിത്രം സാക്ഷിക്കുന്നു. മലബാർസഭയുടെ പൈതൃകം ഈ പ്രേഷിതചൈതന്യമാണെന്നോർക്കുക.

തോമ്മാശ്ലീഹായുടെ പ്രേഷിതതീക്ഷണതയും പൗരസ്ത്യ സുറിയാനി സഭയുടെ പ്രേഷിത ചൈതന്യവും നമുക്കു കൈമുതലായി ലഭിച്ചിട്ടുണ്ട്. A church on fire എന്നു പറയാൻ മാത്രം പ്രേഷിത തീക്ഷ്ണത നമ്മുടെ പൂർവ്വികർക്കുണ്ടായിരുന്നു. ചൈനയുൾപ്പെടെയുള്ള നമ്മുടെ അയൽരാജ്യങ്ങൾ നമ്മുടെ പ്രേഷിത പ്രവർത്തനങ്ങളുടെ ഫലമനുഭവിച്ച സ്ഥലങ്ങളാണ്. ലഡാക്കിലും മറ്റും നമ്മുടെ കുരിശുകൾ കണ്ടെത്തിയിട്ടുണ്ട്. അങ്ങനെ ഭാരതവും വിട്ടുമുന്നേറിയ ആ പ്രേഷിത ചൈതന്യം സ്വന്തമാക്കി ആ പാരമ്പര്യം തുടരേണ്ടവരാണ് നമ്മൾ. നമ്മൾ മിഷൻ ടെറിട്ടറികൾ ഏറ്റെടുത്ത ആ കാലഘട്ടം നമ്മുടെ സഭ വളരെപ്പെട്ടെന്നു വളർന്ന ഒരു കാലഘട്ടമാണെന്നോർക്കുക. "നമ്മുടെ മിഷൻ" എന്നും മിഷൻപ്രവർത്തനം നമ്മുടെ ഒന്നാമത്തെ ദൗത്യമാണ് എന്നും ഉള്ള ചിന്തകൾ അന്ന് വളരെ ശക്തമായിരുന്നു. ഈ സഭാത്മക ചിന്ത കൈമോശം വരാതെ ഒന്നുകൂടി വളർത്തിയെ

www.malankaralibrary.com

ടുക്കേണ്ട സമയമാണിത്. അങ്ങനെയായാൽ സഭയിൽ കൂടുതൽ ഐക്യവും സഭയ്ക്ക് ഒരു ലക്ഷ്യബോധവും കൈവരും. ഇന്ന് ഭാരതംമുഴുവനും വിവിധ ലത്തീൻ രൂപതകളിൽ ഉൾപ്പെടുന്ന സ്ഥിതിവിശേഷമുള്ളതിനാൽ അവിടെ പ്രവർത്തിക്കുമ്പോഴും പട്ടണങ്ങളിലും ഇതര രാജ്യങ്ങളിലുമുള്ള സീറോ മലബാർ മക്കൾക്ക് അജപാലന ശുശ്രൂഷ നൽകുമ്പോഴും നമ്മുടേതായ രീതിയിൽ, നമ്മുടെ സഭാത്മക ശൈലിയിൽ നാം പ്രവർത്തിക്കുന്നില്ലെങ്കിൽ ആ പ്രവർത്തനങ്ങൾ അപ്രസക്തങ്ങളാവും. നമ്മുടേതായ വ്യക്തിത്വത്തോടു കൂടിയ പ്രവർത്തനങ്ങൾക്കേ പ്രസക്തിയുണ്ടായിരിക്കുകയുള്ളു."

ഈ വാക്കുകളിൽ നിന്നും പിതാവിന്റെ ചരിത്രാവബോധവും സഭാ സ്നേഹവും പക്വതയാർന്ന പ്രവർത്തനശൈലിയും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും.

ഉജ്ജൈൻ രൂപതയുടെ വളർച്ചയ്ക്ക് നിദാനം മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി രൂപംകൊടുത്ത സെന്റ് തോമസ് മിഷനറി സൊസൈറ്റിയായിരുന്നു.

മൈനർ സെമിനാരി സ്ഥാപിച്ച് രൂപതാ വൈദികരെയും അവിടെനിന്ന് സജ്ജമാക്കുവാൻ രൂപതാദ്ധ്യക്ഷൻ മാർ പെരുമറ്റം ശ്രദ്ധിച്ചിരുന്നു. പന്ത്രണ്ടോളം സന്യാസിനീ സമൂഹങ്ങൾ ഇന്ന് ഉജ്ജൈൻ രൂപതയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവരിൽ പലരും തങ്ങളുടെ അർത്ഥിനികളുടെ രൂപീകരണവും മിഷൻ സാഹചര്യത്തിൽ ഇവിടത്തന്നെ നടത്തിവരുന്നുവെന്നത് ശ്രദ്ധേയമാണ്.

സാമൂഹ്യപ്രവർത്തനങ്ങൾക്ക് വളരെ പ്രാധാന്യമുള്ള പ്രദേശമാണിത്. ദാരിദ്ര്യവും അനീതിയും അടിച്ചമർത്തലും തരംതിരിവുകളുമൊക്കെ ധാരാളമുള്ള ഈ പ്രദേശത്ത് സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ അടിയന്തരാവശ്യമാണ്. ഇത്തരം പ്രവർത്തനങ്ങളെ സമന്വയിപ്പിക്കാൻ ഒരു സോഷ്യൽ വെൽഫയർ സെന്ററുണ്ട്. ജനങ്ങളെ കേന്ദ്രീകരിച്ചുള്ളതും സ്ഥാപനങ്ങൾ കേന്ദ്രമാക്കിയുള്ളതും ഉപവിയെ കരുതിയുള്ളതുമായ വിവിധ വികസന പ്രവർത്തനങ്ങൾ ഇന്ന് രൂപതയ്ക്കുണ്ട്. മൂല്യബോധമുള്ള വിദ്യാഭ്യാസം നൽകുന്നതിന് എല്ലാ പട്ടണങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപതയാരംഭിച്ചിട്ടുണ്ട്. ആരോഗ്യപരിപാലനരംഗത്തും രൂപതയുടെ സേവനം അഭിമാനകരമാണ്.

ദൈവതിരുമുമ്പിൽ ഭാരിച്ച ഉത്തരവാദിത്വമാണ് ഏറ്റെടുത്തിരിക്കുന്നത് എന്ന ബോദ്ധ്യത്തിലാണ് തിരുമേനി പ്രവർത്തനം നടത്തുന്നത്. "എന്നെ ശക്തനാക്കുന്നവനിൽ വലിയ കാര്യങ്ങൾ ചെയ്യാൻ എനിക്കു കഴിയും" എന്ന വാക്യമാണ് തിരുമേനിയുടെ മുദ്രാവാക്യമായി സ്വീകരിച്ചിരിക്കുന്നത്" കേരളത്തിനുപുറത്തുള്ള മറ്റു രൂപതകൾ ആരുമില്ലാത്തിടത്ത് സഭ സ്ഥാപിക്കുക എന്നു കുറേക്കൂടി ക്ലേശകരമായ ദൗത്യമാണ് ഏറ്റെടുത്തിരിക്കുന്നത്. നമ്മുടെ മിഷൻ എന്ന ചിന്തയോടെ സീറോ - മലബാർ സഭ എല്ലാ സാദ്ധ്യ

www.malankaralibrary.com

തകളും ശ്രദ്ധയും അങ്ങോട്ട് തിരിച്ചെങ്കിലേ ഭാരതത്തെ മിശിഹായ്ക്കുവേണ്ടി നേടിയെടുക്കുവാൻ നമുക്കാവുകയുള്ളു. ഇന്ന് സീറോ-മലബാർ സഭയ്ക്ക് ഈ പ്രേഷിത ശ്രദ്ധ അങ്ങേയറ്റം ആവശ്യമാണ്." മാർ വടക്കേൽ തിരുമേനിയുടെ വാക്കുകളാണിവ. സീറോ-മലബാർ സഭയെ സ്നേഹിക്കുകയും അതിന്റെ വളർച്ചയ്ക്കുവേണ്ടി നിരന്തരം പ്രവർത്തിക്കുകയും ചെയ്യുന്ന പക്വമതിയായ വടക്കേൽ പിതാവ് ഉജ്ജെയിൻ രൂപതയിലൂടെ സഭയ്ക്ക് നൽകുന്ന സേവനം അഭിമാനാർഹമാണ്.

Address - Mar Sebastian Vadakkel M.S.T., Bishop's House P.B. No. 234, Ujjain - 456010 (M.P)

# 401

# ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കൽ



ലളിതമായ ജീവിതശൈലിയിലും ഉന്നതമായ ജീവിതാദർശങ്ങളിലും അടിയുറച്ച ദൈവസ്നേഹത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും ഉദാത്തമാതൃക നൽകിയ വ്യക്തിത്വത്തിന്റെ ഉടമയായ ബിഷപ്പ് ഡോ.വർഗീസ് ചക്കാലയ്ക്കൽ 1953 ഫെബ്രുവരി ഏഴിന് തൃശൂർ ജില്ലയിൽ കോട്ടപ്പുറം രൂപതയിൽ മാള പള്ളിപ്പുറം സെന്റ് ആന്റണീസ് ഇടവകയിൽ ജനിച്ചു. ചക്കാലയ്ക്കൽ ഔസേപ്പ് പിതാവും മറിയം മാതാവുമായിരുന്നു. മാള സെന്റ് ആന്റണീസ് ഹൈസ്ക്കൂളിലായിരുന്നു വിദ്യാഭ്യാസം. തുടർന്ന് മംഗലാപുരം സെന്റ് അലോഷ്യസ് സ്കൂളിൽ ബിരുദപഠനം നടത്തി. മംഗലാപുരം സെന്റ് ജോസഫ്സ് സെമിനാരിയിലായിരുന്നു വൈദിക വിദ്യാഭ്യാസം. 1981 ഏപ്രിൽ രണ്ടിന് കോഴിക്കോടു രൂപതാ ഭദ്രാസന ദേവാലയമായ 'മാത്തർദേയി' കത്തീഡ്രലിൽ വച്ച് ബിഷപ്പ് ഡോ.മാക്സ്വെൽ നൊറോണയിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു. വർഗീസ് ചക്കാലയ്ക്കൽ കോഴിക്കോട് രൂപതയ്ക്ക് വേണ്ടിയാണ് പൗരോഹിത്യം സ്വീകരിച്ചത്. വൈദികനായതിനുശേഷം മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിൽനിന്നും ദൈവശാസ്ത്രത്തിലും അദ്ദേഹം മാസ്റ്റേഴ്സ് ബിരുദം സമ്പാദിച്ചു.

പൗരോഹിത്യസ്വീകരണശേഷം വയനാട്ടിലെ പ്രസിദ്ധമായ പള്ളിക്കുന്ന് ഇടവക സഹവികാരിയായിട്ടായിരുന്നു അദ്യ നിയമനം. തുടർന്ന് പാക്കം, ചാലിൽ, വെസ്റ്റ്ഹിൽ, ഏഴിമല, പെരിന്തൽമണ്ണ എന്നീ ഇടവകകളിൽ സഹവികാരിയായും ആക്ടിംഗ് വികാരിയായും സേവനം അനുഷ്ഠിച്ചു. സെമിനാരി വിദ്യാഭ്യാസകാലത്ത് കർണ്ണാടക സംഗീതം അഭ്യസിച്ച വർഗീസ്

www.malankaralibrary.com

അച്ചൻ ദിവ്യബലി സംഗീതസാന്ദ്രമാക്കാൻ ശ്രദ്ധിച്ചിരുന്നു. ഭക്തിയും സ്വരമാധുര്യവും നിറഞ്ഞു തുളുമ്പുന്ന ദിവ്യബലി അർപ്പണം, ശക്തമായ ദൈവവചന പ്രഘോഷണം എന്നിവയാണ് വർഗീസച്ചനെ ശ്രദ്ധേയനാക്കിയ മറ്റുഘടകങ്ങൾ.

വർഗീസച്ചനെ 1987-ൽ ഉപരിപഠനത്തിനായി റോമിലേക്കയച്ചു. പൊന്തിഫിക്കൽ ഊർബൻ സർവ്വകലാശാലയിൽ പഠിച്ച് സഭാനിയമത്തിൽ ഡോക്ടറേറ്റ് നേടി. 1991-ൽ തിരിച്ചെത്തി. തുടർന്ന് മംഗലാപുരം സെമിനാരിയിൽ സഭാനിയമം, മൗലിക ദൈവശാസ്ത്രം, ധാർമ്മിക ദൈവവിജ്ഞാനീയം എന്നിവ പഠിപ്പിക്കുന്ന പ്രൊഫസറായി നിയമിച്ചു. 1996-ൽ അതേ സെമിനാരിയിലെ ഡീൻ ഓഫ് സ്റ്റഡീസ് ആയി നിയമിതനായി. ഈ പദവിയിലിരിക്കെയാണ് കോഴിക്കോട് രൂപത വിഭജിച്ച് കണ്ണൂർ രൂപത സ്ഥാപിക്കുന്നത്. രൂപതയുടെ പ്രഥമ മെത്രാനായി റവ.ഡോ. ചക്കാലയ്ക്കൽ വർഗീസിനെ നിയമിക്കുകയും ചെയ്തു.

1999 ഫെബ്രുവരി 7-ന് കണ്ണൂർ കളക്ടറേറ്റ് മൈതാനിയിൽ തിങ്ങിനിറഞ്ഞ പതിനായിരങ്ങളെ സാക്ഷി നിർത്തി ആർച്ച്ബിഷപ്പ് ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ നിന്നും മെത്രാഭിഷേകം സ്വീകരിച്ചു. പിറ്റേന്ന് കണ്ണൂർ ബർണ്ണശ്ശേരി ഹോളി ട്രിനിറ്റി കത്തീഡ്രലിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ രൂപതാഭരണം ഔദ്യോഗികമായി ഏറ്റുവാങ്ങി. മെത്രാനായതിനുശേഷമുള്ള പ്രവർത്തനങ്ങളെപ്പറ്റി 2006 ഫെബ്രുവരി 26-ലെ സണ്ടേശാലോമിൽ ഫാ.റോയി നെടുന്താനം എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. “തുടർന്നുള്ള ദിവസങ്ങളിൽ കണ്ണൂർ രൂപതയിലെ ക്രൈസ്തവ സമൂഹത്തിന്റെ പുരോഗതിക്കും ആത്മീയ വളർച്ചയ്ക്കും വേണ്ടി നടപ്പിലാക്കേണ്ട വിവിധ ദൗത്യങ്ങളെക്കുറിച്ച് അദ്ദേഹം വൈദികസമിതിയുമായും അല്മായ സമൂഹവുമായും ചർച്ചകൾ നടത്തി. രൂപതയ്ക്കായി ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകി. 2003 ഫെബ്രുവരിയിൽ കണ്ണൂർ ചൊവ്വയിൽ മനോഹരമായ ഒരു മെത്രാസനമന്ദിരം (ബിഷപ്സ് ഹൗസ്) ഉദ്ഘാടനം ചെയ്യപ്പെട്ടു. രൂപതാദ്ധ്യക്ഷനായി സ്ഥാനമേറ്റ നിമിഷം മുതൽ തന്റെ രൂപതയെക്കുറിച്ചും രൂപതയിലെ ജനസമൂഹത്തെക്കുറിച്ചും ബോധവാനായിരുന്ന ബിഷപ്പ് ചക്കാലയ്ക്കൽ, രൂപതയുടെ ഓരോ മുക്കിലും മൂലയിലും ചെന്ന് ജനങ്ങളുമായും വൈദികരുമായും ഇടപഴകിക്കൊണ്ട് ഒരു ‘ജനകീയ പിതാവ്’ എന്ന ബഹുമതി നേടിയെടുത്തു.”

ഏഴു വർഷത്തിനകം പരിമിതികളേറെയുണ്ടായിരുന്നിട്ടും രൂപത നേടിയ വളർച്ചയ്ക്കും വികസനങ്ങൾക്കും ചക്കാലയ്ക്കൽ പിതാവിന്റെ തീവ്ര പരിശ്രമവും നിശ്ചയദാർഢ്യവുമാണ് കാരണമായി ഭവിച്ചത്. ഒട്ടേറെ പുതിയ ദേവാലയങ്ങൾ നിർമ്മിക്കുകയും ചിലത് നവീകരിക്കുകയും ചെയ്തു. പല വൈദികമന്ദിരങ്ങളും നവീകരിക്കപ്പെട്ടു. പുതിയ കപ്പേളകൾ ആശീർവദിക്കപ്പെട്ടു. രൂപതയിലെ വൈദികർക്കായുള്ള വിശ്രമമന്ദിരവും തളിപ്പറമ്പിൽ

www.malankaralibrary.com

രൂപതയുടെ താൽക്കാലിക പാസ്റ്ററൽ സെന്ററും നിർമ്മിച്ചു. കണ്ണൂർ, മട്ട ന്നൂർ റൂട്ടിൽ വട്ടപ്പൊയിലിൽ തെരുവുകുട്ടികൾക്കായുള്ള സംരക്ഷണ കേന്ദ്രം – 'സാന്ത്വനം' ആരംഭിച്ചു. പിലാത്തറ ആസ്ഥാനമായി ഒരു കോളജ് – സെന്റ് ജോസഫ്സ് കോളജ് – പ്രവർത്തനമാരംഭിച്ചു. രൂപതയിൽ പല ഇടവകക ളിലും ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ആരംഭിച്ചു. നൂറുകണക്കിന് നിർദ്ധ നവിദ്യാർത്ഥികൾക്ക് പഠനസഹായവും രോഗികൾക്ക് ചികിത്സാസഹായവും നൽകി. നിർദ്ധനകുടുംബങ്ങളിൽനിന്നുള്ള യുവതികൾക്ക് വിവാഹച്ചിലവു കൾക്ക് സാമ്പത്തിക സഹായവും ഭവന രഹിതർക്ക് സഹായങ്ങളും നൽകി. രൂപതയുടെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ കേന്ദ്രമായ കയ്റോസ് വഴി ആയിരക്കണക്കിന് പാവപ്പെട്ടവർക്ക് ജീവിതത്തിന് ലക്ഷ്യബോധവും അർത്ഥവും ഉണ്ടാക്കി. രൂപതയിലെ വിവിധ പ്രേക്ഷിതവിഭാഗങ്ങളെ പ്രോത്സാ ഹിപ്പിച്ചുകൊണ്ട് ആധ്യാത്മിക നവീകരണത്തിന് കളമൊരുക്കി. രൂപതയിലെ എല്ലാ ഇടവകകളിലും നേരിട്ടു ചെന്ന് അല്മായ സമൂഹത്തിന്റെ ജീവിതാവസ്ഥ നേരിട്ടു വിലയിരുത്തി. വൈദികരോടും സന്യസ്തരോടുമുള്ള ഊഷ്മളമായ സൗഹൃദം നിലനിർത്തിക്കൊണ്ട് രൂപതയുടെ വളർച്ചയെ അക്ഷരാർത്ഥ ത്തിൽ ത്വരിതപ്പെടുത്തിത്തി.

ബിഷപ്പ് ചക്കാലയ്ക്കൽ കണ്ണൂർ രൂപതയുടെ അജപാലകൻ മാത്ര മല്ല കേരളത്തിലെ മിക്കവാറും എല്ലാ രൂപതകളിലും വൈദികർക്കും, സന്യ സ്തർക്കും അൽമായർക്കും സുപരിചിതനും പ്രിയങ്കരനുമാണ് കെ. സി.ബി.സി യുടെ സെക്രട്ടറികൂടിയായ അദ്ദേഹം കെ.സി.ബി.സിയുടെ പലകമ്മീഷനിലും അംഗവുമാണ്.

പിതാവിന്റെ പൗരോഹിത്യ രജതജൂബിലി വളരെ വിപുലമായ തോതിൽ 2006 ഫെബ്രുവരിയിൽ ആഘോഷിക്കുകയുണ്ടായി.

ഏറെ ജനകീയനായ ഇടയനാണ് ചക്കാലക്കൽ പിതാവ്. ഇവിടുത്തെ ഹിന്ദുക്കൾക്കും മുസ്ലീംങ്ങൾക്കുമെല്ലാം പ്രിയങ്കരനാണദ്ദേഹം. ഏതു മത വിഭാഗക്കാരുടെയും പൊതുപരിപാടികളിൽ അദ്ദേഹത്തെ പങ്കെടുപ്പിക്കുവാൻ മറ്റു മതസ്ഥർക്ക് താല്പര്യമാണ്. മെത്രാനായതിനുശേഷമുള്ള വ്യക്തിപര മായ പ്രവർത്തനങ്ങളെപ്പറ്റി സണ്ടേശാലോമിൽ എഴുതിയ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. 'എല്ലാം അവിടുത്തെ ഇഷ്ടം പോലെ' എന്ന ആപ്തവാക്യം ജിവിതത്തിലും പ്രവർത്തനമേഖലകളിലും സ്വീകരിച്ചിട്ടുള്ള അദ്ദേഹത്തിന് മെത്രാനായി തനിക്കു ലഭ്യമായ സ്ഥാനലബ്ദിയും 'അവിടുത്തെ ഇഷ്ട ത്തിന്റെ പൂർത്തീകരണവും അയോഗ്യരെ നയിക്കാനുള്ള അയോഗ്യനായു ള്ളൊരാളുടെ തെരഞ്ഞെടുപ്പും' മാത്രം. അതിനപ്പുറം സ്ഥാനമാനങ്ങളെയോ പദവികളെയോ വിലമതിക്കാത്ത അദ്ദേഹം വിശ്വാസികൾക്കു മുമ്പിൽ ആടു കളെ ലക്ഷ്യത്തിലേക്കു നയിക്കുന്ന നല്ല ഇടയനായും ജനങ്ങളിലേക്കിറ ങ്ങിച്ചെല്ലുന്ന ജനകീയ ബിഷപ്പായും മാറുന്നു. താൻ കാണുന്നവരിലോ, തന്നെ കാണുന്നവരിലോ, വലുപ്പച്ചെറുപ്പം കണ്ടെത്താൻ ശ്രമിക്കാതെ എല്ലാ

www.malankaralibrary.com

വരെയും ഒന്നായിക്കണ്ട്, സഹായം തേടിയെത്തുന്നവരെ മാറോടു ചേർത്തണയ്ക്കുന്ന എളിമ. 'അരമനയുടെ പകിട്ടി'നുള്ളിൽ നിന്ന് പൂമുഖത്തെത്തി സന്ദർശകരെ കരം പിടിച്ചാനയിക്കുകയും ചെയ്യുമ്പോൾ ഒരു മെത്രാനുണ്ടായിരിക്കണമെന്നു ചിലരെങ്കിലും കരുതുന്ന അനാവശ്യ ജാഡകളും പത്രാസും ഇവിടെ അന്യമാകുന്നു. പകരം യേശുവിന്റെ പങ്കുവയ്ക്കുന്ന സ്നേഹം വിശ്വാസ സമൂഹത്തോട് പ്രഘോഷിക്കുന്നതിനൊപ്പം അതെങ്ങനെയായിരിക്കണമെന്ന് കാണിച്ചുകൊടുക്കുകയും ചെയ്യുന്നു.

ഒരു ജനകീയ ബിഷപ്പെന്ന നിലയിൽ ചുരുങ്ങിയ കാലം കൊണ്ട് പ്രഖ്യാതനായി തീർന്ന ബിഷപ്പ് ചക്കാലക്കൽ തിരുമേനി രൂപതയിലെ ക്രൈസ്തവരുടെ മാത്രമല്ല എല്ലാ ജനവിഭാഗത്തിന്റെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി പരിശ്രമിക്കുന്ന ഒരു മനുഷ്യ സ്നേഹിയാണ്.

വിലാസം - റൈറ്റ് റവ: ഡോ. വർഗീസ് ചക്കാലക്കൽ, കണ്ണൂർ ബിഷപ്,
ബിഷപ് ഹൗസ്, ചൊവ്വ(CHOWA) കണ്ണൂർ 670006

# 402



# ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്

വൈദികൻ, അദ്ധ്യാപകൻ, വികാരി, സന്യാസി തുടങ്ങിയ വൈവിധ്യമാർന്നതലങ്ങളിൽ സമർപ്പിത ശുശ്രൂഷയർപ്പിച്ചശേഷം കോട്ടയം രൂപതയുടെ വൈദികശ്രേഷ്ഠനായും അതിരൂപതയുടെ ആർച്ചു ബിഷപ്പുമായി തെരഞ്ഞെടുക്കപ്പെട്ട മാർ മാത്യു മൂലക്കാട്ട് 1953 ഫെബ്രുവരി 27-ാം തീയതി ഉഴവൂർ ഇടവകയിൽ മൂലക്കാട്ട് ജോൺ - അന്നമ്മദമ്പതികളുടെ 8 മക്കളിൽ രണ്ടാമത്തെ മകനായി ജനിച്ചു. ഉഴവൂർ ഒ. എൽ.എൽ സ്ക്കൂളിലും ഉഴവൂർ സെന്റ് സ്റ്റീഫൻ കോളേജിലുമായിരുന്നു വിദ്യാഭ്യാസം. എല്ലാ പരീക്ഷകളിലും ഫസ്റ്റ് ക്ലാസ്സിൽ പാസ്സായ മാത്യു ജോൺ, അന്ന് സമൂഹത്തിൽ ലഭിക്കുമായിരുന്ന ഉന്നതപദവികളെല്ലാം ഉപേക്ഷിച്ച് വൈദികവൃത്തി സ്വീകരിക്കുവാൻ തയ്യാറാവുകയാണ് ചെയ്തത്. കോട്ടയം രൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. തുടർന്ന് ആലുവാ കാർമ്മൽഗിരി സെമിനാരിയിൽ തത്വശാസ്ത്രവും മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിൽ ദൈവശാസ്ത്രവും പഠിച്ചു. 1978 ഡിസംബർ 27ന് ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

ചുള്ളിയോട്, പാലാത്തുരുത്ത്, ചക്കുപള്ളം, റാന്നി, ഇടവകകളിൽ

www.malankaralibrary.com

വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അജപാലന ശുശ്രൂഷയ്ക്കൊപ്പം മാന്നാനം ട്രെയിനിംഗ് കോളേജിൽ നിന്ന് ബി.എഡ്. ബിരുദവും സ്വകാര്യപഠനത്തിലൂടെ സാമൂഹ്യശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും നേടി. ഉഴവൂർ സ്ക്കൂളിൽ അദ്ധ്യാപകനായും പീരുമേട് മരിയഗിരി ഹൈസ്ക്കൂളിൽ പ്രഥമാദ്ധ്യാപകനായും പ്രവർത്തിച്ചു. ഉപരിപഠനാർത്ഥം റോമിൽ എത്തി ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും പൗരസ്ത്യകാനൻ നിയമത്തിൽ ഡോക്ടറേറ്റ് ബിരുദം സമ്പാദിച്ചു. ചങ്ങനാശ്ശേരി വികാരിയാത്തിന്റെ പ്രഥമ മെത്രാനായും കോട്ടയം രൂപതാസ്ഥാപനത്തിനായി അക്ഷീണം പരിശ്രമം ചെയ്ത മഹത്വ്യക്തിയുമായ മാർ മത്തായി മാക്കീൽ പിതാവ് രചിച്ച "ദെക്രേത്തും" പുസ്തകത്തെപ്പറ്റി ഗവേഷണം നടത്തി കാനൻ നിയമത്തിൽ ആണ് ഡോക്ടറേറ്റ് നേടിയത്. റോമൻ റോട്ടായിൽ കാനൻ നിയമ അഭിഭാഷകർക്കായുള്ള പ്രത്യേക കോഴ്സും നടത്തുകയുണ്ടായി. റോമിൽനിന്നും തിരിച്ചെത്തിയ മൂലക്കാട്ടച്ചനെ മാർ കുര്യാക്കോസ് കുന്നശ്ശേരിയുടെ സെക്രട്ടറിയായും അഡീഷണൽ ചാൻസലറായും നിയമിച്ചു.

ഒരു സന്യാസിയാകണമെന്ന ആഗ്രഹം ചെറുപ്പം മുതലേ അദ്ദേഹത്തിനുണ്ടായിരുന്നു. ആ ആഗ്രഹം സഫലീകൃതമാകുന്നത് 1994 -ൽ ആണ്. സന്യാസജീവിതത്താൽ പ്രേരിതനായി ഇറ്റലിയിലെ വല്ലം ബ്രോസൻ ബനഡിക് ടൈൻ സന്യാസസമൂഹത്തിൽ ചേർന്നു. 1998 ഡിസംബർ 5 ന് സഭാംഗമായി നിത്യവ്രതം ചെയ്തു. അവിടെ ഒരു സന്യാസിയായി പ്രവർത്തിച്ചുവരവേ കോട്ടയം രൂപതയുടെ സഹായമെത്രാനായി 1998 ഡിസംബർ എട്ടിന് നിയമിക്കപ്പെട്ടു. 2000-ാമാണ്ട് ജനുവരി ആറിന് റോമിലെ സെന്റ് പീറ്റേഴ്സ് ബസ്ലിക്കായിൽ വച്ച് ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ കൈവയ്പുവഴി മെത്രാനായി അഭിഷിക്തനായി. 2003 ഓഗസ്റ്റ് 15 ന് കോട്ടയം രൂപതായുടെ പിന്തുടർച്ചാവകാശമുള്ള മെത്രാനായി മാർ മൂലക്കാട്ടിനെ പ്രഖ്യാപിച്ചു. 2005 - ഡിസംബർ എട്ടിന് കോട്ടയം രൂപതയുടെ ആർച്ച്ബിഷപ്പിന്റെ പൗരോഹിത്യസുവർണ്ണ ജൂബിലിയാഘോഷിച്ചപ്പോഴാണ് കുന്നശ്ശേരി തിരുമേനി വിരമിക്കുന്ന കാര്യം ഔദ്യോഗികമായി പ്രഖ്യാപിച്ചത്. കോട്ടയം അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി മാർ മാത്യു മൂലക്കാട്ട് 2006 ജനുവരി 14 ന് അഭിഷിക്തനാകുമെന്നും അന്ന് പ്രഖ്യാപനം ഉണ്ടായി. കോട്ടയം ക്രിസ്തുരാജാ കത്തീഡ്രലിൽ നടന്ന മഹാചടങ്ങിൽവച്ച് സ്ഥാനാരോഹണവും നടന്നു. മൂന്നാം സഹസ്രാബ്ദത്തിലേയ്ക്ക് സഭയെ നയിക്കുവാൻ മാർ മൂലക്കാട്ട് നിയുക്തനായി. മാർ മൂലക്കാട്ടിന്റെ സ്ഥാനാരോഹണ സപ്ലിമെന്റ് (മനോരമ ജനുവരി 14-2006 )ൽ പ്രൊഫ. ബാബു പൂഴിക്കുന്നേൽ എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ "മഹാരഥന്മാരായ ആത്മീയാചാര്യന്മാരുടെ പാതയിൽ സർവ്വഥായോഗ്യനായ ഒരു പിൻഗാമിയെയാണ് മാർ മാത്യു മൂലക്കാട്ട് പതാവിലൂടെ ക്നാനായ മക്കൾക്ക് ലഭിച്ചിരിക്കുന്നത്. ചുറുചുറുക്കും കാര്യക്ഷമതയും കൈമുതലുള്ള പുതിയ ഇടയൻ മൂന്നാം

www.malankaralibrary.com

സഹസ്രാബ്ദത്തിൽ കോട്ടയം അതിരൂപതയെ പുതിയ മേച്ചിൽപ്പുറങ്ങളിലേയ്ക്കു നയിക്കുമെന്ന് ഉറപ്പാണ്. "ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്" എന്ന തിരുവചനം ആദർശവാക്യമായി സ്വീകരിച്ചിട്ടുള്ള മൂലക്കാട്ട് പിതാവ് അജഗണങ്ങൾക്കുവേണ്ടി എല്ലാം നൽകുന്ന ഒരിടയന്റെ സ്വപ്നമാണ് നൽകുന്നത്. മൂലക്കാട്ട് പിതാവ് സന്യാസിയായ ഒരു മെത്രാനാണ്. ഇറ്റലിയിലെ മൊന്തെനേരോ ആശ്രമത്തിൽ സ്ഫുടപാകം ചെയ്ത സന്യാസജിവിതത്തിന്റെ രത്നകാന്തി മൂലക്കാട്ടു പിതാവിന്റെ അജപാലനസംരംഭങ്ങളിൽ ഒളിമിന്നുന്ന സവിശേഷതയാണ്. വല്ലംബ്രോസൻ സന്യാസചൈതന്യത്തിലൂടെ നേടിയജീവിത വിശുദ്ധിയും ആത്മീയാനുഭവങ്ങളും അജഗണങ്ങളെ അടിയുറച്ച കത്തോലിക്കാവിശ്വാസത്തിൽ നയിക്കാൻ മൂലക്കാട്ട് പിതാവിന് സഹായകരമാകുമെന്നതിൽ സംശമില്ല. ലാളിത്യം, വിനയം, ആത്മാർത്ഥത, സത്യസന്ധത, ദൈവവിശ്വാസം എന്നീഗുണങ്ങളുടെ വിളനിലമാണ് പുതിയ ഇടയൻ.

ഭാരതസഭയിലെ ഏറ്റവും പ്രായം കുറഞ്ഞ മെത്രാപ്പോലീത്തായായി മൂലക്കാട്ട് പിതാവ് അഭിഷിക്തനാകുമ്പോൾ ക്നാനായ ജനത വളരെ പ്രതീക്ഷകളോടെ ഈ ഇടയനെ ഉറ്റു നോക്കുന്നു. മൂലക്കാട്ട് പിതാവ് ദൈവാനുഗ്രഹത്താൽ വളരെ വളരെ ഭാഗ്യമുള്ള ഒരു മെത്രാപ്പോലീത്തായാണ്. ലോകത്തെമ്പാടുമുള്ള ക്നാനായ ജനതയുടെ സ്നേഹവും വാത്സല്യവും സഹകരണവും പ്രാർത്ഥനയും അദ്ദേഹത്തിന് ലഭിക്കുന്നു. രണ്ടുറീത്തുകളുടെ രൂപതയാണ് കോട്ടയം രൂപത. സീറോ-മലങ്കര റീത്തും സീറോ- മലബാർ റീത്തും, അതനുസരിച്ചുള്ള ആരാധനാക്രമവും വിശ്വാസജീവിതവും നയിക്കുന്ന വിശ്വാസികളെ നയിക്കുന്ന ഇടയൻ എന്ന പ്രത്യേകതയും കോട്ടയം രൂപതാദ്ധ്യക്ഷനവകാശപ്പെട്ടതാണ്.

ദീപിക പ്രതിനിധി മാർമാത്യു മൂലക്കാട്ട് പിതാവുമായി നടത്തിയ അഭിമുഖത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ. പ്രതിനിധി റെജി ജോസഫ് പിതാവിനോട് ഒരു ചോദ്യം ചോദിച്ചു. അത് ഇതാണ് " സഭയ്ക്ക് ഒരു മെഡിക്കൽ കോളേജും എൻജിനീയറിംഗ് കോളേജുമൊക്കെ വേണമെന്ന് മോഹമുണ്ടോ.? അതിനുള്ള മറുപടിയായി മൂലക്കാട്ട് പിതാവ് ഇപ്രകാരം പറഞ്ഞു. "സഭ എൻജിനീയറിംഗ് കോളേജും, മെഡിക്കൽ കോളേജുമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇതില്ലാത്തതുകൊണ്ട് ക്നാനായ സഭയ്ക്ക് യാതൊരു കുറവുമില്ല. അതിന്റെ പേരിൽ ആശങ്കയുമില്ല. സർവ്വശക്തനായ ദൈവത്തിന് ഇല്ലായ്മകളിൽനിന്ന് സൃഷ്ടികൾ നടത്തുവാൻ എന്തു പ്രയാസം. അതെ, വേണ്ടതൊക്കെ വേണ്ടപ്പോൾ ദൈവം തരും. വിശ്വാസത്തിലെ ചൈതന്യമാണ് സഭയുടെ ശക്തി. സഭ പുറത്തേക്ക് വളരുന്നതിലല്ല, ഹൃദയത്തിനകത്തേയ്ക്ക് വളരുന്നതിലാണർത്ഥം.

ക്നാനായസഭയുടെ ഭൗതികപരിമിതികളെപ്പറ്റി മാർ മൂലക്കാട്ട് മറ്റൊരു ചോദ്യത്തിനുത്തരമായി പറഞ്ഞത് ഇപ്രകാരമാണ്. "ക്നാനായ സഭ ഇന്ന്

www.malankaralibrary.com

ലോകമെങ്ങും വിസ്തൃതമാണ്. കോട്ടയത്തുമാത്രമുള്ള ഭരണതലത്തിൽ പരിമിതിയുണ്ട്. അമേരിക്കയിൽതന്നെ 3000 കുടുംബങ്ങളുണ്ട്. കണ്ണൂർ ഉൾപ്പെടെ പുതിയ രൂപതകളും ഇതര പശ്ചാത്തലവുമുണ്ടാകണം. ഇതിനായി കെ.സി.ബി.സി.യിലും സിനഡിലും റോമിലും താല്പര്യങ്ങൾ വച്ചിട്ടുണ്ട്. അനുവാദങ്ങൾ കിട്ടുമെന്നാണ് പ്രതീക്ഷ.

ധിഷാണ വിലാസം കൊണ്ടും നേതൃപാടവംകൊണ്ടും തന്റെ ജനങ്ങളോടുള്ള വാത്സല്യംകൊണ്ടും വ്യക്തികൾക്ക് കൊടുക്കുന്ന പ്രധാന്യം കൊണ്ടും നന്മയും മൂല്യബോധമുള്ളവരെയും തിരിച്ചറിയാനുള്ള അസാമാന്യമായ കഴിവുകൊണ്ടും ഭാരതസഭയ്ക്കുതന്നെ അഭിമാനമായി വിളങ്ങുന്ന ഒരുവലിയ ഇടയനായി മാത്യുമൂലക്കാട്ട് ശോഭിക്കുകതന്നെ ചെയ്യും.

സീറോ- മലബാർ സഭയുടെ സിനഡിന്റെ സ്ഥിരാംഗം കൂടിയാണ് മാർ മൂലക്കാട്ട് തിരുമേനി.

കോട്ടയം രൂപതയുടെ ചാൻസലർ റവ : ഡോ. തോമസ് എം. കോട്ടൂർ എഴുതിയ ലേഖനത്തിലെ ഒരു ഭാഗം വളരെ പ്രസക്തമാണ്. "ദൈവഹിതത്തിന് കാതോർക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന കൊച്ചു മെത്രാൻ എല്ലാവിജ്ഞാനമേഖലകളിലും ഔൽസുക്യം പ്രദർശിപ്പിക്കാറുണ്ട്. അത് രൂപതയ്ക്ക് മാത്രമല്ല ഭാരതീയ കത്തോലിക്കാ സഭയ്ക്കാകെ ഒരു വിജ്ഞാനാന്തരീക്ഷം പ്രദാനം ചെയ്യും. പൗരോഹിത്യത്തോട് പൂർണ്ണമായും അനുരഞ്ജിതമായ മനസ്സ് ആഴമായ വിശ്വാസാനുഭവങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുന്നുണ്ട്. അടിയുറച്ച ആത്മീയതയുടെ ഉടമയായ മൂലക്കാട്ട് മെത്രാൻ യേശുക്രിസ്തുവാകുന്ന പാറമേൽ പാദങ്ങൾ ഉറപ്പിച്ചിരുന്നതുകൊണ്ടാവണം സഭാസംവിധാനങ്ങളുടെ ഭാഗമായിനിന്നുകൊണ്ടുതന്നെ സഭയിലും സമുദായത്തിലും ഉണ്ടാകേണ്ട മാറ്റങ്ങളെക്കുറിച്ച് സ്വപ്നങ്ങൾ നെയ്യുന്നത് - പുതിയ ആകാശങ്ങൾ കണ്ടെത്താൻ കഴിയുന്ന ഭാവനയും ചിന്തയുമുള്ള കൊച്ചുതിരുമേനി മറ്റുള്ളവരെയും സ്വപ്നങ്ങൾ കാണാൻ പ്രേരിപ്പിക്കാറുണ്ട്. ഡോക്മകളും നിയമങ്ങളും മുറുകെപിടിക്കുമ്പോഴും ഹൃദയത്തിന്റെ ആഴങ്ങളിൽ മാനുഷികതയുടെ ഉറവകൾക്കൂടി കണ്ടെത്താൻ അദ്ദേഹം ശ്രമിക്കാറുണ്ട്. ഊഷ്മളതയും ഉത്സാഹവും സ്വതസിദ്ധമായിട്ടുള്ള മൂലക്കാട്ട് ബിഷപ്പിന്റെ ഇടയശുശ്രൂഷ നൂറ്റാണ്ടുകളുടെ പൈതൃകം സൂക്ഷിക്കുന്ന ഒരു ജനതയ്ക്ക് കരുത്തും ആത്മവിശ്വാസവും പ്രതീക്ഷയും നൽകുമെന്ന് ന്യായമായും കരുതാം." കോട്ടൂരച്ചന്റെ ഈ നിഗമനം നൂറുശതമാനം ശരിയാണ്.

ലാളിത്യം, വിനയം, ആത്മാർത്ഥത, സത്യസന്ധത, ദൈവവിശ്വാസം എന്നീഗുണങ്ങളുടെ വിളനിലമാണ് മാർ മൂലക്കാട്ട് തിരുമേനി. വിനയവും സമചിത്തതയും കൈവെടിയാതെ സഭയുടെയും സമുദായത്തിന്റെയും ഉന്നതനേതൃത്വത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ ഹൃദയത്തിൽ സ്വാന്തനമായി ഉയരുന്നത് ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട് എന്ന തിരുവചനമാണ്.


www.malankaralibrary.com

സമുദായാംഗങ്ങളെ സഭാത്മകചൈതന്യത്തിൽ ഒന്നിപ്പിക്കാനും അഭിവന്ദ്യ പിതാവിന് സാധിക്കുകതന്നെ ചെയ്യും.

ആത്മീയജീവിതത്തിൽ കലർപ്പും ഇടർച്ചയുമില്ലാതെ പ്രാർത്ഥനയും അദ്ധ്വാനവും മുഖമുദ്രയാക്കിയ മഹനീയ വ്യക്തിത്വമാണ് മൂലക്കാട്ട് പിതാവിനെ ജനഹൃദയങ്ങളിൽ ആരാധ്യനാക്കുന്നത്. ഇന്ന് ലോകത്തിന്റെ അതിർത്തികളോളം വിസ്തൃതമാണ് ക്നാനായസമൂഹം. വിശ്വാസത്തിലും അനുഷ്ഠാനങ്ങളിലും തനതുപാരമ്പര്യമുള്ള ക്നാനായക്കാരുടെ വളർച്ചയിൽ കൂടുതൽ മേച്ചിൽപ്പുറങ്ങൾ കണ്ടെത്തുവാൻ കൊച്ചുതിരുമേനിക്ക് സാധിക്കട്ടെ. മൂന്നാം സഹസ്രാബ്ദത്തിൽ ക്നാനായ മക്കളെ നയിക്കാൻ നിയുക്തനായിരിക്കുന്ന മൂലക്കാട്ട് പിതാവിന് ആശംസകൾ

വിലാസം - ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്, ആർച്ച് ബിഷപ്പ്സ് ഹൗസ്, കെ.കെ. റോഡ്- കോട്ടയം.

# 403



# ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ

കാനൻ നിയമപണ്ഡിതൻ, പ്രമുഖ സാമൂഹ്യ പ്രവർത്തകൻ, മികച്ച ഭരണാധികാരി എന്നീ നിലകളിലെല്ലാം പ്രസിദ്ധനായ വിജയപുരം രൂപതയുടെ നിയുക്ത മെത്രാൻ മോൺ ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ കല്ലിശ്ശേരിക്കു സമീപമുള്ള പ്രയാറിൽ ദേവസ്യാ - മറിയക്കുട്ടി ദമ്പതികളുടെ ഏഴുമക്കളിൽ മൂന്നാമനായി 1954 ജൂലൈ 30-ന് ജനിച്ചു. പ്രയാർ ജെ.സി.എസ്സിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് കോട്ടയം ഹോളി ഫാമിലി ഹൈസ്കൂളിലും മാന്നാനം കെ.ഇ. കോളേജിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി.

വിജയപുരം രൂപതാ മൈനർ സെമിനാരിയിലും ആലുവാ മംഗലപ്പുഴ സെമിനാരിയിലും വൈദിക വിദ്യാഭ്യാസം നടത്തി. 1980 ഡിസംബർ 18-ന് അഭിവന്ദ്യ കൊർണേലിയസ് ഇലഞ്ഞിക്കൽ പിതാവിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. തുടർന്ന് വിജയപുരം ബിഷപ്പിന്റെ സെക്രട്ടറിയായി നിയമിതനായി. പിന്നീട് റോമിൽ ഉപരിപഠനത്തിനായി പോവുകയും ഉർബൻ സർവ്വകലാശാലയിൽ നിന്ന് കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടുകയും ചെയ്തു. റോമിൽ നിന്നും തിരിച്ചെത്തിയ സെബാസ്റ്റ്യൻ അച്ചനെ സോഷ്യൽ സർവ്വീസ് ഡയറക്ടറായി നിയമിച്ചു. പത്തുവർഷക്കാലം ആ രംഗത്ത്

www.malankaralibrary.com

സേവനം അനുഷ്ഠിച്ചു. ദളിത് ക്രൈസ്തവർ ഏറ്റം കൂടുതലുള്ള രൂപത യാണ് വിജയപുരം രൂപത. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും ധാരാളമുണ്ട്. അവരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പലപദ്ധതികളും അദ്ദേഹം ആസൂത്രണം ചെയ്തു. ഇക്കാലയളവിൽ കുടുംബപ്രേഷിതത്വ വിഭാഗത്തിന്റെ ഡയറക്ടറുമായിരുന്നു മോൺ. സെബാസ്റ്റ്യൻ.

പിന്നീട് രൂപതാ ചാൻസലറായി സേവനം അനുഷ്ഠിച്ചു. തുടർന്ന് രൂപതാ വികാർ ജനറാളായും ജുഡീഷൻ വികാരിയായും നിയമിതനായി. 2005 വരെ വികാരി ജനറാളായി സേവനം അനുഷ്ഠിച്ചു. 2005 നവംബറിൽ സമാപിച്ച വിജയപുരം രൂപതയുടെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളുടെ ജനറൽ കൺവീനറായിരുന്നു മോൺ. സെബാസ്റ്റ്യൻ. ജൂബിലിയാഘോഷ ത്തോടനുബന്ധിച്ച് രൂപം കൊടുത്ത സാമൂഹ്യ പ്രവർത്തനങ്ങളും ആദ്ധ്യാത്മിക നവീകരണപരിപാടികളും രൂപതയൊട്ടുക്ക് ഒരു നവോന്മേഷം നൽകുന്നതിനിടനൽകി. മോൺ സെബാസ്റ്റ്യന്റെ ഭാവനാ വിലാസം ജൂബിലിയാഘോഷ പരിപാടികളിൽ തെളിഞ്ഞു കാണാം.

രൂപതയിൽ ഔദ്യോഗികചുമതലകൾ ഏറ്റെടുക്കുന്നതിന് മുൻപ് വിവിധ ദേവാലയങ്ങളിൽ വികാരിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഹൈറേഞ്ച് അദ്ദേഹത്തിന്റെ പ്രധാന പ്രവർത്തനരംഗമായിരുന്നു. ക്ലേശകരമായ ഹൈറേഞ്ചു ജീവിതം സന്തോഷത്തോടും സംതൃപ്തിയോടും കൂടി അദ്ദേഹം നിർവ്വഹിക്കുകയുണ്ടായി. ഹൈറേഞ്ചിലെ വിവിധ പള്ളികളിലും ചങ്ങനാശ്ശേരി, വടവാതൂർ, അമയന്നൂർ തുടങ്ങിയ ഇടവകകളിലും വൈദിക ശുശ്രൂഷ നടത്തിയിട്ടുണ്ട്.

2005-ൽ വികാർ ജനറാൾ സ്ഥാനത്തു നിന്നും വിരമിച്ച മോൺ. സെബാസ്റ്റ്യൻ ജർമ്മനിയിൽ വ്യുഡ് ബർഗ് രൂപതയിൽ പൗരോഹിത്യ ശുശ്രൂഷ കഴിഞ്ഞ അഞ്ചുമാസമായി നടത്തിവരികയായിരുന്നു. അതിനിടെയാണ് 2006 മെയ് 8-ാം തീയതി ബനഡിക്ട് പതിനാറാമൻ തിരുമേനി മെത്രാൻ സ്ഥാനത്തേക്ക് സെബാസ്റ്റ്യൻ അച്ചനെ ഉയർത്തിയത്. മെത്രാഭിഷേക കർമ്മത്തിന്റെ തീയതി നിയുക്ത മെത്രാൻ ജർമ്മനിയിൽ നിന്നും തിരിച്ചെത്തിയശേഷം തീരുമാനിക്കും.

സെബാസ്റ്റ്യൻ അച്ചൻ മെത്രാനായി നിയമിക്കപ്പെട്ട വാർത്ത അദ്ദേഹത്തിന്റെ ഇടവക ആഹ്ലാദത്തോടും അഭിമാനത്തോടും കൂടി സ്വീകരിച്ചു. വിജയപുരം രൂപതയുടെ തെക്കേയറ്റമായ വനവാതുക്കര ലിറ്റിൽ ഫ്ളവർ പള്ളിയാണ് നിയുക്ത ബിഷപ്പിന്റെ ഇടവക.

വിലാസം - ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ
വിജയപുരം ബിഷപ്സ് ഹൗസ്
പി.ബി. നമ്പർ 82
കോട്ടയം - 686 001.

www.malankaralibrary.com

# 404



# മാർ ജോസഫ് കല്ലറങ്ങാട്ട്

ദൈവശാസ്ത്രത്തിലും സഭാശാസ്ത്രത്തിലും അഗാധപണ്ഡിതനും ഗ്രന്ഥകർത്താവും കഠിനാദ്ധ്വാനിയും ആയ മാർ ജോസഫ് കല്ലറങ്ങാട്ട് പാലാ രൂപതയിലെ കയ്യൂർ ഇടവകയിൽ കല്ലറങ്ങാട്ട് കുടുംബത്തിൽ മാത്യു-ത്രേസ്യാ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായി 1956 ജനുവരി 27 ന് ജനിച്ചു. ജോസുകുട്ടി എന്നായിരുന്നു ഓമനപ്പേര്. പഠനത്തിൽ സമർത്ഥനും സൽസ്വഭാവിയുമായ ജോസുകുട്ടി കയ്യൂരിലും ഇടമറുകിലും പ്ലാശനാലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ജോസുകുട്ടി 1972 ൽ പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്നു. വടവാതൂർ സെമിനാരിയിലായിരുന്നു വൈദിക വിദ്യാഭ്യാസം. 1982 ജനുവരി 2-ാം തീയതി സ്വന്തം ഇടവകയായ കയ്യൂരിൽവച്ച് പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ കൈവയ്പ് വഴി ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ചു.

അരുവിത്തുറ സെന്റ് ജോർജ്ജ് ഫൊറോനാപള്ളിയിലായിരുന്നു ആദ്യ നിയമനം. അസിസ്റ്റന്റ് വികാരിയായി. അധികം താമസിയാതെ രാമപുരം ഫൊ.പള്ളി അസിസ്റ്റന്റ് വികാരിയായി നിയമിതനായി. ഈ രണ്ടു പള്ളികളിലും സ്തുത്യർഹമാംവിധം സേവനം കാഴ്ചവക്കുവാൻ ഫാ. കല്ലറങ്ങാട്ടിന് സാധിച്ചു. രാമപുരത്ത് അദ്ദേഹം അസിസ്റ്റന്റ് വികാരിയായിരുന്നപ്പോഴാണ് രാഷ്ട്രപതി സെയിൽസിംഗ് രാമപുരത്തെത്തുന്നത്. അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ അതിവിപുലമായ തോതിൽ രാമപുരത്തുവച്ച് നടത്തപ്പെട്ട മാർകരിയാറ്റി മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷം ഉദ്ഘാടനം ചെയ്യാനാണ് രാഷ്ട്രപതി രാമപുരത്ത് എത്തിയത്. അന്നു രാമപുരം ഫൊ.പള്ളിവികാരി ഫാ. എമ്മാനുവൽ ചെറുകരക്കുന്നേലച്ചനായിരുന്നു. അദ്ദേഹത്തോടൊത്തുനിന്ന് ആ ആഘോഷപരിപാടികൾ വിജയപ്രദമാക്കുവാൻ കല്ലറങ്ങാട്ടച്ചൻ ചെയ്ത സേവനങ്ങൾ ഒരിക്കലും വിസ്മരിക്കാവതല്ല. മാർകരിയാറ്റിയുടെയും പാറേമ്മാക്കൽ തോമ്മാകത്തനാരുടെയും ഛായാചിത്രങ്ങൾ വഹിച്ചുകൊണ്ട് ആലങ്ങാട്ടുനിന്നും പുറപ്പെട്ട ഛായാചിത്രവാഹനജാഥയുടെ തുടക്കം മുതൽ അവസാനംവരെ കല്ലറങ്ങാട്ടച്ചൻ പങ്കെടുക്കുകയും വിവിധസ്ഥലങ്ങളിൽ നടന്ന സ്വീകരണയോഗങ്ങളിൽ പ്രസംഗിക്കുകയും ചെയ്തു. രാഷ്ട്രപതിക്ക് സ്വീകരണം നൽകുന്നതിനും ലക്ഷക്കണക്കിനാളുകൾ പങ്കെടുത്ത മഹായോഗം വൻവിജയമാക്കുന്നതിനും അദ്ദേഹം ആത്മാർത്ഥമായി ശ്രമിക്കുകയും വിജയിക്കുകയും ചെയ്തു. ഒരിക്കലും മുന്നിൽ കയറിനിൽക്കാൻ ആഗ്രഹിക്കാതെ

www.malankaralibrary.com

പിന്നിൽനിന്ന് പ്രവർത്തിക്കുന്നതിൽ സന്തോഷം കണ്ടെത്തിയ അദ്ദേഹം മറ്റുള്ളവർക്ക് ഒരു മാതൃകയും കൂടിയായിരുന്നു. ഏതാനും മാസങ്ങൾക്കുശേഷം അദ്ദേഹം ഉപരിപഠനത്തിനായി റോമിലേക്ക് പുറപ്പെട്ടു. അപ്പോൾത്തന്നെ ജനം കല്ലറങ്ങാട്ടച്ചനിൽ ഒരു മെത്രാനെ ദർശിച്ചു. ഉപരിപഠനം കഴിഞ്ഞ് തിരിച്ചെത്തി രൂപതാഭരണത്തിൽ നേതൃത്വം നൽകുവാൻ കല്ലറങ്ങാട്ടച്ചനെ ദൈവം അനുഗ്രഹിക്കട്ടെയെന്ന് ഈ ലേഖകൻ ആശംസകൾ അർപ്പിച്ചുകൊണ്ട് യാത്രയയപ്പുസമ്മേളനത്തിൽ പ്രസംഗിക്കുകയും ചെയ്തു. ഒരിക്കലും പാഴ്‌വാക്ക് പറയുകയില്ലാത്ത ഒരു കൊച്ചച്ചൻ-ഓരോ വാക്കുകളും സൂക്ഷിച്ചുപയോഗിക്കുന്ന പക്വതവന്ന ഒരു വൈദികൻ എന്നാണ് വികാരി ഫാ.ചെറുകരക്കുന്നേൽ കല്ലറങ്ങാട്ടച്ചനെപ്പറ്റി അഭിപ്രായപ്പെട്ടത്.

റോമിലെത്തി ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ പ്രവേശിച്ച കല്ലറങ്ങാട്ടച്ചൻ സഭാവിജ്ഞാനീയത്തിലാണ് ഉപരിപഠനം നടത്തിയത്. ആ വിഷയത്തിൽ വലിയ പ്രാഗത്ഭ്യം നേടുകയും ചെയ്തു. ഫാ.കല്ലറങ്ങാട്ട് മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ ദീപനാളം വാരികയിലെഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം. "ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനായ പാരീസിലെ ഇവ്സ് കൊംഗാറിനെയും സഭാശാസ്ത്രവിശാരദനായ നിക്കോസ് നിസ്സിയോട്ടിസിനെയും ആഴത്തിൽ പഠിക്കുകയാണ് അദ്ദേഹം ചെയ്തത്. അക്കാലത്ത് പാരീസിലെത്തി അന്ന് ശയ്യാവലംബിയായിരുന്ന കൊംഗാറിനെ നേരിൽക്കണ്ട് ഏതാനും സംശയങ്ങൾ ദുരീകരിച്ച സംഭവം വളരെ സന്തോഷത്തോടെ കല്ലറങ്ങാട്ടച്ചൻ ഇന്നും അനുസ്മരിക്കുന്നു." ഉന്നത നിലവാരത്തിൽ ഡോക്ടറേറ്റ് പൂർത്തിയാക്കിയ കല്ലറങ്ങാട്ടച്ചൻ തന്റെ മാതൃസ്ഥാപനമായ വടവാതൂർ സെമിനാരിയിൽത്തന്നെ പ്രൊഫസറായി നിയമിക്കപ്പെട്ടു. വടവാതൂർ സെമിനാരിയിലെ മിക്ക പ്രൊഫസർമാരും അന്ന് കല്ലറങ്ങാട്ടച്ചന്റെ ഗുരുക്കന്മാരായിരുന്നു. അദ്ദേഹത്തിന്റെ ക്ലാസ്സുകളെപ്പറ്റി ഫാ.കൊല്ലംപറമ്പിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "കല്ലറങ്ങാട്ടച്ചന്റെ ക്ലാസുകൾ വിദ്യാർത്ഥികളിൽ വലിയ മതിപ്പുളവാക്കി. ഇവന് ഈ വിജ്ഞാനമെല്ലാം എവിടെനിന്നു കിട്ടി എന്ന് സിനഗോഗിൽ ബാലനായ ഈശോയെക്കുറിച്ച് യഹൂദപണ്ഡിതന്മാർ അത്ഭുതപ്പെട്ടതിന് സമാനമായ ഒരു സ്ഥിതിവിശേഷം. ദൈവശാസ്ത്രം, സഭാശാസ്ത്രം എന്നുവേണ്ട ദിവസം ഒരു മണിക്കൂർപോലും വിശ്രമത്തിനില്ലാത്തവിധം ക്ലാസുകൾ അച്ചൻ ഏറ്റെടുത്തു. നല്ല ക്ലാസും നല്ല പെരുമാറ്റവുമാണ് കല്ലറങ്ങാട്ടച്ചനെ വൈദികവിദ്യാർത്ഥികളുടെ മനസ്സിൽ കൂടുകൂട്ടുവാൻ സഹായിച്ചത്. ഏവർക്കും മതിപ്പുള്ള ഒരു വ്യക്തിത്വത്തിന്റെ ഉടമയായി കല്ലറങ്ങാട്ടച്ചൻ വളരുകയായിരുന്നു."

വടവാതൂർ സെമിനാരി സ്ഥാപിതമായ കാലംമുതൽ അതിനെ ഒരു വിദ്യാപീഠമായി ഉയർത്തണമെന്ന് നമ്മുടെ മെത്രാന്മാർ ആഗ്രഹിച്ചിരുന്നു. അത് സാക്ഷാത്ക്കരിക്കപ്പെട്ടത് മാർ ജോസഫ് പള്ളിക്കാപറമ്പിൽ സെമി

www.malankaralibrary.com

നാരി കമ്മീഷൻ ചെയർമാനായിരുന്ന കാലത്താണ്. മാർകറിയാറ്റി മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷം ഉദ്ഘാടനം ചെയ്യാൻ രാമപുരത്ത് എത്തിച്ചേർന്ന രാഷ്ട്രപതി ഗ്യാനിസെയിൽസിംഗിന്റെ മറ്റൊരുപരിപാടിയായിരുന്നു വിദ്യാപീഠം ഉത്ഘാടനം ചെയ്യുകയെന്നത്. ആ വിദ്യാപീഠം പൗരസ്ത്യവിദ്യാപീഠം എന്നാണ് അറിയപ്പെട്ടത്. വിദ്യാപീഠത്തിന്റെ വൈസ്പ്രസിഡന്റായും പ്രസിഡന്റായും അച്ചൻ നിയമിതനായി. പ്രസിഡന്റായിരിക്കുമ്പോഴാണ് മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്.

വിജ്ഞാനിയായ ഒരു എഴുത്തുകാരൻ ആണ് കല്ലറങ്ങാട്ടച്ചൻ "വിളക്കുകത്തിച്ച് പീഠത്തിന്മേലാണ് വയ്ക്കുക എന്ന് ഈശോ പറഞ്ഞു. തന്റെ അറിവ് സഭയ്ക്ക് പ്രയോജനപ്പെടണമെന്ന് ഉള്ളിലുറച്ച അദ്ദേഹം മുപ്പതിൽപ്പരം ഈടുറ്റ ഗ്രന്ഥങ്ങളുടെ രചയിതാവാണ്. ദീപനാളം, ക്രിസ്ത്യൻ ഓറിയന്റ്, മതദർശനം, കതിരൊളി, ദുക്റാന തുടങ്ങി ഒട്ടേറെ ആനുകാലിക പ്രസിദ്ധീകരണങ്ങൾ അദ്ദേഹത്തിന്റെ ധാരാളം ലേഖനങ്ങളാൽ ധന്യമായതാണ്."

ഒരു ഗ്രന്ഥകാരൻ എന്ന നിലയിലും തന്റെ അനന്യത പ്രകടിപ്പിക്കാൻ കല്ലറങ്ങാട്ടച്ചന് കഴിഞ്ഞു. സഭാസമൂഹത്തിൽ ഏറ്റം പ്രസക്തമായ വിഷയങ്ങളാണ് അദ്ദേഹം തിരഞ്ഞെടുത്തിട്ടുള്ളത്. 'ദൈവശാസ്ത്രത്തിന് ഒരു ആമുഖം' മുതൽ സഭപിതാക്കന്മാരും പരിസ്ഥിതി വിജ്ഞാനീയവുംവരെയുള്ള വിവിധ വിഷയങ്ങൾ ഗ്രന്ഥരൂപം പ്രാപിച്ചു. പുതിയ എഴുത്തുകാരെ വളർത്തിയെടുക്കുവാൻവേണ്ടി വൈദികർ, സെമിനാരിവിദ്യാർത്ഥികൾ, അൽമായർ തുടങ്ങി പലരുമായി ചേർന്നാണ് പല ഗ്രന്ഥങ്ങളും എഴുതുകയോ എഡിറ്റുചെയ്യുകയോ അദ്ദേഹം ചെയ്തിട്ടുള്ളത്.

പാശ്ചാത്യലോകത്തായിരിക്കുമ്പോൾ സുറിയാനി ഭാഷയിലുള്ള അമൂല്യനിക്ഷേപങ്ങൾ കണ്ടെത്തുവാൻ അവർ നടത്തുന്ന ശ്രമങ്ങൾ കല്ലറങ്ങാട്ടച്ചനെയും സ്വാധീനിച്ചു. ആ നിക്ഷേപങ്ങൾ കണ്ടെത്തുവാനും ഈ സുറിയാനിസഭയ്ക്ക് അവയെ മനസ്സിലാക്കികൊടുക്കുവാനുംവേണ്ടി ആദ്യം അദ്ദേഹം ചെയ്തത് സുറിയാനി നന്നായി പഠിക്കുകയാണ്. കേരളസഭയിലുള്ള സുറിയാനി മൽപാന്മാരുടെയെല്ലാം സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തിയ അദ്ദേഹം ഇന്ന് സുറിയാനിഭാഷയിൽ ആധികാരികത അവകാശപ്പെടുവാൻ സാധിക്കുന്ന വ്യക്തിയാണ്. പല സുറിയാനി മാനുസ്ക്രിപ്റ്റുകളും അദ്ദേഹം മലയാളത്തിലാക്കിയിട്ടുണ്ട്.

മലയാളത്തിൽ ആദ്യമായി ഒരു ദൈവശാസ്ത്രനിഘണ്ടു പ്രസിദ്ധീകരിച്ചതും രണ്ടാംവത്തിക്കാൻ സൂനഹദോസ് പ്രമാണരേഖകൾക്ക് വ്യാഖ്യാനഗ്രന്ഥം രചിച്ചതും എക്യുമിനിസം, ബസ്പുർക്കാനാ പാരമ്പര്യം തുടങ്ങിയ സാങ്കേതിക വിഷയങ്ങളിൽ ഗ്രന്ഥരചന നടത്തിയതും മലയാള സാഹിത്യത്തിനും ക്രൈസ്തവസഭകൾക്കും തിളക്കമാർന്ന സംഭാവനകളായി മാറി. കല്ലറങ്ങാട്ടച്ചന്റെ സമഗ്രസംഭാവനകൾ കണക്കിലെടുത്ത് അഖിലകേരള

www.malankaralibrary.com

കത്തോലിക്കാ കോൺഗ്രസ്സ് 1998 ൽ അവാർഡ് നൽകിയാദരിക്കുകയുണ്ടായി. ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിലാണ് കല്ലറങ്ങാട്ടച്ചന് അവാർഡ് സമ്മാനിച്ചത്.

വടവാതൂർ സെമിനാരിയിലും പൗരസ്ത്യവിദ്യാപീഠത്തിലും ഉത്തരവാദിത്വമേറിയ ജോലികൾ നിർവ്വഹിച്ചിരുന്നപ്പോഴും പല രൂപതകളിലും ക്ലാസ്സുകൾ എടുക്കുവാനും സെമിനാറുകൾ നയിക്കുവാനും കല്ലറങ്ങാട്ടച്ചൻ സമയം കണ്ടെത്തിയിരുന്നു. മെത്രാന്മാരുടെ സിനഡിലും പല അന്താരാഷ്ട്ര സിമ്പോസിയങ്ങളിലും ഗഹനമായ പല വിഷയങ്ങളും പഠിച്ച് അനായാസേന പ്രബന്ധമവതരിപ്പിക്കാൻ കല്ലറങ്ങാട്ടച്ചന് പലതവണ അവസരം ലഭിച്ചിട്ടുണ്ട്. കല്ലറങ്ങാട്ടച്ചൻ പൗരസ്ത്യവിദ്യാപീഠത്തിന്റെ തലവനായിരിക്കുമ്പോൾ വിദ്യാപീഠത്തിന് ഒരു ഭരണനിർവ്വഹണ കേന്ദ്രവും ലൈബ്രറിയും പൂർത്തിയാക്കുവാൻ ശ്രമിക്കുകയുണ്ടായി. അതിനുവേണ്ടി ഇടവകകളും ഭവനങ്ങളും കയറിയിറങ്ങി സംഭാവന ശേഖരിക്കുകയും ചെയ്തു. ആ ശ്രമത്തിനിടയിലാണ് മെത്രാൻ പദവിയിലേക്ക് കല്ലറങ്ങാട്ടച്ചൻ ഉയർത്തപ്പെടുന്നത്.

മാർ ജോസഫ് കല്ലറങ്ങാട്ട് മെത്രാൻ സ്ഥാനത്തേക്കുയർത്തപ്പെട്ടപ്പോൾ ദീപനാളം പ്രതിനിധിയുമായി നടത്തിയ അഭിമുഖത്തിൽ ഇപ്രകാരം പറയുകയുണ്ടായി. "മെത്രാൻ എന്ന നിലയിൽ അജപാലന ശുശ്രൂഷയ്ക്കാണ് മുൻതൂക്കം നൽകേണ്ടത്. മെത്രാൻ ധരിക്കുന്ന ചിഹ്നമാണ് അജപാലനശുശ്രൂഷ. രൂപതാംഗങ്ങൾ എല്ലാവരും തമ്മിലുള്ള ആഴമായ ഐക്യവും കൂട്ടായ്മയും ജനിപ്പിക്കുകയും വളർത്തുകയും ചെയ്യുക എന്നതാണ് മെത്രാന്റെ പ്രഥമ ദൗത്യം. വൈദീകർക്കും സന്യസ്തർക്കും വേദപുസ്തകം കുറേക്കൂടി ആഴത്തിൽ പഠിക്കന്നതിനുള്ള സൗകര്യം ക്രമീകരിക്കണമെന്ന ചിന്ത മനസ്സിലുണ്ട്. വി. ഗ്രന്ഥം പ്രത്യേകിച്ച് സുവിശേഷങ്ങൾ എല്ലാ വൈദീകരും ശരിയായവിധം പഠിച്ചിരിക്കണം. ആരാധനയുടെയും ആദ്ധ്യാത്മികതയുടെയും അടിത്തറ അവിടെയാണ്. കുടുംബങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു നവീകരണം ഇന്നാവശ്യമാണ്. ക്രിസ്തീയമൂല്യങ്ങൾക്ക് മുൻഗണന കൊടുക്കുന്ന കുടുംബങ്ങളാണ് ഒരു രൂപതയുടെ ഏറ്റവും വലിയ സമ്പത്ത്."

സഭയിൽ അൽമായരുടെ സ്ഥാനവും ദൗത്യവും എന്നതിനെപ്പറ്റി കല്ലറങ്ങാട്ട് പിതാവ് പറഞ്ഞത് ഇപ്രകാരമാണ്. "സഭയിൽ അൽമായർക്ക് നിർണ്ണായകസ്ഥാനമുണ്ട്. പൗരസ്ത്യസഭകൾ എന്നും അൽമായ പങ്കാളിത്തത്തെക്കുറിച്ച് ശ്രദ്ധയുള്ളവരായിരുന്നു. വൈദീകരും അൽമായരും എന്ന തിരിവ് അതിരുകടക്കാൻ പാടില്ല. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ കാതലായ പ്രബോധനങ്ങളിലൊന്ന് അൽമായരെക്കുറിച്ചുള്ള ദൈവശാസ്ത്ര വീക്ഷണം തന്നെയത്രെ. അൽമായർ രണ്ടാംതരം ക്രൈസ്തവരല്ല. വിശ്വാസികൾ എല്ലാവരും തമ്മിലുള്ള കൂട്ടായ്മയ്ക്കാണ് കൗൺസിൽ പ്രാധാന്യം കൊടുത്തത്. വൈദീകരെ സഹായിക്കുന്നവർ എന്ന ശൈലി മാറി ഒരു LAY APSTOLATE തന്നെ കൗൺസിൽ വിഭാവന ചെയ്തു. മാർത്തോമ്മാ

www.malankaralibrary.com

നസ്രാണികളുടെ പാരമ്പര്യത്തിൽ അൽമായർക്ക് കേന്ദ്രസ്ഥാനം തന്നെയുണ്ടായിരുന്നു. സഭാകാര്യങ്ങളിലെല്ലാം അൽമായ പങ്കാളിത്തം, സവിശേഷമായ രീതിയിൽ കാത്തുസൂക്ഷിച്ച ഒരു സഭാസമൂഹമാണ് നമ്മൾ. ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രവർത്തിക്കുന്നവർ അൽമായരാണ്. തന്മൂലം അൽമായരെക്കുറിച്ചുള്ള സഭാത്മക വീക്ഷണം ഏറെ നിർണ്ണായകമായ ഒരു കാര്യമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭാവിജ്ഞാനീയം ഇനിയും നാം പഠിക്കുകയും മനസ്സിലാക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ട കാര്യമാണ്." ദീപനാളത്തിലെ അഭിമുഖം മാർ കല്ലറങ്ങാട്ടിന്റെ വീക്ഷണമെന്തെന്ന് മനസ്സിലാക്കുവാൻ സാധിക്കും.

2004 മെയ് മാസത്തിലാണ് കല്ലറങ്ങാട്ട് പിതാവ് രൂപതാഭരണഭാരം ഏറ്റെടുക്കുന്നത്. മാർ വയലിൽ തിരുമേനിയുടെയും മാർ പള്ളിക്കാപറമ്പിൽ തിരുമേനിയുടെയും കാലടികളെ പിന്തുടർന്ന് രൂപതാഭരണം നിർവ്വഹിക്കുമെന്നാണ് കല്ലറങ്ങാട്ട് പിതാവ് പ്രഖ്യാപിച്ചത്. അവർ കാത്തുസൂക്ഷിച്ച സഭാത്മകമൂല്യങ്ങൾക്ക് ഒരു കുറവും വരാതെ കാത്തുസൂക്ഷിക്കുമെന്നാണ് തിരുമേനി അഭിപ്രായപ്പെട്ടത്. സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ സാങ്കേതിക രംഗങ്ങളിൽ പാലാ രൂപത നിലനിർത്തിപ്പോന്ന പാരമ്പര്യം കൈമോശം വരാതെ രൂപതയെ മുന്നോട്ട് നയിക്കുകതന്നെ ചെയ്യും.

സാങ്കേതികവിദ്യാഭ്യാസരംഗത്ത് ഒരു പുതിയ കാഴ്ചപ്പാടാണ് കല്ലറങ്ങാട്ട് പിതാവിനുള്ളത്. അതുകൊണ്ടാണല്ലോ മറ്റാരും കൈവയ്ക്കാൻ മടിച്ച മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ധീരതയോടെ ഇറങ്ങിപ്പുറപ്പെടുവാൻ തീരുമാനിച്ചത്. ചേർപ്പുങ്കൽ മെഡിക്കൽ കോളേജ് കല്ലറങ്ങാട്ട് പിതാവിന്റെ ദീർഘവീക്ഷണത്തിന് മകുടോദാഹരണമാണ്. സുനാമിദുരന്തം ഭാരതത്തെതന്നെ ഞെട്ടിപ്പിച്ച ഒരു സംഭവമാണ്. പാലാ രൂപതാതിർത്തിക്കുള്ളിൽ സുനാമി ദുരന്തത്തിന്റെ ഭീകരതയൊന്നും ഉണ്ടായില്ലെങ്കിലും കേരളീയരുടെ പൊതുവികാരത്തോട് യോജിച്ച് അവരെ സഹായിക്കുവാൻ രൂപതയെ തയ്യാറാക്കുകയാണ് കല്ലറങ്ങാട്ട് പിതാവ് ചെയ്തത്. രൂപതയുടെ നേതൃത്വത്തിൽ ഒരു ഗ്രാമമോ ഒന്നും ഏറ്റെടുത്തില്ലെങ്കിലും ഏതു രൂപതയും ശേഖരിച്ചതിൽകൂടുതൽ തുക ഇക്കാര്യത്തിനുവേണ്ടി ശേഖരിക്കുവാൻ പാലാരൂപതക്ക് സാധിച്ചുവെന്നത് അഭിമാനകരമാണ്. സുനാമിബാധിതപ്രദേശങ്ങളിൽ ഏതാനും ഭവനങ്ങൾ നിർമ്മിച്ചുകൊടുത്ത് ജനശ്രദ്ധയാകർഷിക്കാൻ കല്ലറങ്ങാട്ട് പിതാവ് ശ്രമിച്ചില്ലെന്നത് അദ്ദേഹത്തിന്റെ വ്യക്തിത്വം വെളിവാക്കുന്ന കാര്യമാണ്.

പാലായിൽ കോതമംഗലം രൂപതയിൽപ്പെട്ട ഏതാനും ആളുകൾ - ഒരു കുടുംബത്തിലെ അംഗങ്ങൾ മുഴുവൻ വെള്ളത്തിൽവീണ് മൃത്യു കൈവരിച്ചപ്പോൾ അവരുടെ ഭവനങ്ങളിൽ ഓടിയെത്തി പ്രാർത്ഥിച്ചതും അവരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചതും കല്ലറങ്ങാട്ട് പിതാവിന്റെ സാമൂഹ്യവീക്ഷണത്തിനുള്ള തെളിവാണ്. രൂപതാഭരണത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പി

www.malankaralibrary.com

ക്കുന്ന കല്ലറങ്ങാട്ടച്ചന്റെ നേതൃത്വത്തിൽ രൂപത ഒന്നടങ്കം പുരോഗമിക്കുക യാണ്. അതിനായി പാസ്റ്ററൽ കോർഡിനേറ്ററെയും പ്രത്യേകം വിഷയങ്ങൾ കൈകാര്യം ചെയ്യുവാൻ വികാരി ജനറാളന്മാരെയും നിയമിച്ചു. ചേർപ്പുങ്കൽ ആരംഭിച്ച മെഡിക്കൽ കോളേജ് അദ്ദേഹത്തിന്റെ ഭാവനാ വിലാസത്തിന് തെളിവാണ്.

വിലാസം - മാർ ജോസഫ് കല്ലറങ്ങാട്ട്, ബിഷപ്സ് ഹൗസ് പാലാ.

# 405



# മാർ ജോസഫ് പൊരുന്നേടം

"ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കുവാൻ" എന്ന വിശുദ്ധ ഗ്രന്ഥ വാക്യം ആദർശ വാക്യമായി സ്വീകരിച്ചു കൊണ്ട് കുടിയേറ്റ ജനതയുടെ - മാനന്തവാടി രൂപതയുടെ മെത്രാനായി അധികാരമേറ്റെടുത്ത മാർ ജോസഫ് പൊരുന്നേടം 1956 മാർച്ച് 13-ാം തിയതി പൊരുന്നേടത്ത് ജോസഫ്- ത്രേസ്യാ ദമ്പതികളുടെ രണ്ടാമത്തെ മകനായി ഇടുക്കി ജില്ലയിൽ വെട്ടിമറ്റം എന്ന സ്ഥലത്ത് ജനിച്ചു. മാതാവ് ത്രേസ്യാ 1965-ൽ മരണമടഞ്ഞതിനെ തുടർന്ന് പിതാവ് രണ്ടാമത് വിവാഹം ചെയ്തു. ക്രൈസ്തവാന്തരീക്ഷത്തിൽ ആണ് കുടുംബാംഗങ്ങൾ വളർന്ന് വന്നത്.

വെട്ടിമറ്റം പഞ്ചായത്ത് സ്കൂളിൽ ആയിരുന്നു പ്രാഥമിക വിദ്യഭ്യാസം. ഹൈസ്കൂൾ വിദ്യഭ്യാസം കലയന്താനി സെന്റ് ജോർജ് ഹൈസ്കൂളിൽ ആരംഭിച്ചെങ്കിലും കുടുംബം തലശ്ശേരി രൂപതയിൽപ്പെട്ട മാലോത്തേക്ക് കുടിയേറിയതിനാൽ പൂർത്തിയാക്കാൻ സാധിച്ചില്ല. ആറാം ക്ലാസ്സ് പഠനത്തിനുശേഷം മാലോത്ത് സർക്കാർ സ്കൂളിൽ ഏഴാം ക്ലാസ്സിൽ ചേർന്നു. ഏഴാം ക്ലാസ്സ് ജയിച്ചപ്പോൾ സമീപത്തെങ്ങും ഹൈസ്കൂൾ ഇല്ലാതിരുന്നതിനാൽ പഠനം നിർത്തി. ഒരു വർഷത്തിനു ശേഷം വീണ്ടും കലയന്താനി സ്കൂളിൽ ചേർന്നു. മാതൃകുടുംബമായ അഞ്ചിരി എന്ന സ്ഥലത്ത് മണ്ണാത്ത് നിന്ന് ഹൈസ്കൂൾ പഠനം പൂർത്തിയാക്കി. 1972-ൽ ഹൈസ്കൂൾ വിദ്യഭ്യാസം പൂർത്തിയാക്കിയ ജോസ് തലശ്ശേരി രൂപതയിലെ സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ ചേർന്നു. കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിൽ നിന്നും 1975-ൽ പി. ഡി. സി പാസ്സായി. മൈനർ സെമിനാരിയിലെ ജീവിത കാലത്താണ് പി. ഡി. സി പഠനവും നടത്തിയത്.

1975-ൽ ആലുവായിലെ പൊന്തിഫിക്കൽ സെമിനാരിയിൽ ചേർന്ന് തത്വശാസ്ത്രത്തിൽ പഠനം ആരംഭിക്കുകയും 1978-ൽ പഠനം പൂർത്തിയാക്കുകയും ചെയ്തു. തുടർന്ന് ഒരു വർഷത്തിലേറെക്കാലം വയനാട്ടിലെ തിരു

www.malankaralibrary.com

നെല്ലി എന്ന സ്ഥലത്ത് ആദിവാസി കോളനികളിൽ സാമൂഹിക പ്രവർത്തനം നടത്തി. ഉപരിപഠനത്തിനായി ജോസഫിനെ റോമിലെ ഊർബൻ യൂണിവേഴ്സിറ്റിയിലേക്കയച്ചു. (1979-1982) ദൈവശാസ്ത്രത്തിൽ വിജയകരമായി പഠനം പൂർത്തിയാക്കിയ അദ്ദേഹം 1982-ൽ ഇന്ത്യയിൽ തിരിച്ചെത്തി. 1982 ഡിസംബർ 22-ന് സ്വന്തം ഇടവകയായ മാലോത്ത് വെച്ച് മാർ ജേക്കബ്ബ് തൂങ്കുഴിയിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. മെത്രാൻ പദവിയിലേക്ക് ഉയർത്തപ്പെട്ടപ്പോൾ ദീപനാളം പത്രാധിപർ ഫാ. അടപ്പശ്ശേരിയുമായി നടത്തിയ അഭിമുഖത്തിൽ മാർ പൊരുന്നേടം ഇപ്രകാരം പറഞ്ഞു. "വീട്ടിൽ മാതാപിതാക്കളുടെ ജീവിതചര്യകളിലുള്ള കാർക്കശ്യവും പിന്നീട് മൈനർ സെമിനാരി റെക്ടറായിരുന്ന അഭിവന്ദ്യ പിതാവിന്റെ ലാളിത്യവും വിശാല മനസ്ഥിതിയും ഔദ്യോഗികത കുറഞ്ഞ പെരുമാറ്റ ശൈലിയും അദ്ധ്യാത്മിക പിതാവായിരുന്ന തോണിപ്പാറ അബ്രഹാം അച്ചന്റെ ലളിത ജീവിതവും എന്നെ സ്വാധീനിച്ചിട്ടുണ്ട്. ആലുവാ മേജർ സെമിനാരിയിൽ മലയാളം അദ്ധ്യാപകരായിരുന്ന ബഹുമാനപ്പെട്ട കുന്നപ്പള്ളി ജോണച്ചന്റെ പഠനശീലവും എന്റെ സ്വഭാവരൂപീകരണത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്". റോമിലെ വൈദിക വിദ്യഭ്യാസത്തെപ്പറ്റി മാർ പോരുന്നേടം ഇപ്രകാരം പറഞ്ഞു." റോമിൽ ഉർബാനോ കോളേജിൽ താമസിച്ചുകൊണ്ട് ഉർബർ യൂണിവേഴ്സിറ്റിയിലാണ് ഞാൻ ദൈവശാസ്ത്ര പഠനം നടത്തിയത്.പ്രൊപ്പഗാന്ത കോളേജ് എന്നറിയപ്പെടുന്ന വിശ്വവിഖ്യാതമായ ആ സ്ഥാപനത്തിൽ താമസിച്ച് പഠിക്കുവാൻ അവസരം കിട്ടിയത് വലിയ ഒരു ഭാഗ്യമാണ്. മാർപാപ്പയുടെ വത്തിക്കാൻ കൊട്ടാരത്തിന്റെ നേരെ എതിർ വശത്തായിരുന്നു ഞങ്ങൾ താമസിച്ചിരുന്നത്. മാർപാപ്പ തന്റെ മുറിയിൽ ലൈറ്റിടുന്നതും പഠനമുറിയുടെ ജനാല തുറന്ന് തീർത്ഥാടകർക്ക് ദർശനം കൊടുക്കുന്നതും എനിക്ക് മുറിയിൽ ഇരുന്നാൽ കാണാമായിരുന്നു. പ്രൊപ്പഗാന്ത കോളേജിലെ താമസം സഭയുടെ സാർവത്രികത്വവും സാർവ്വദേശീയതയും കൂടുതൽ അടുത്തറിയാൻ എന്നെ സഹായിച്ചു. മുപ്പതിലേറെ രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ അന്നവിടെ താമസിച്ചിരുന്നു. അതുപോലെ തന്നെ ഏറെ സ്വാതന്ത്ര്യം അനുവദിച്ചിരുന്ന അവിടുത്തെ ജീവിതം സ്വന്തം ഉത്തരവാദിത്വത്തിൽ വൈദിക ജീവിതം എങ്ങനെ നയിക്കണം എന്നും എന്നെ പഠിപ്പിച്ചു".

സഭയുടെ സാർവ്വത്രികത്വവും സാർവ്വദേശീയതയും കൂടുതൽ അടുത്തറിഞ്ഞ് വൈദിക വിദ്യഭ്യാസം പൂർത്തിയാക്കിയ പൊരുന്നേടത്തച്ചൻ ഉത്തരവാദിത്വമേറിയ പല ജോലികളും പിന്നീട് നിവ്വഹിക്കുകയുണ്ടായി. കൊട്ടിയൂർ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും ശാന്തിഗിരി ഇടവകയുടെ വികാരിയായും ഔദ്യോഗിക ജീവിതം ആരംഭിച്ചു. തുടർന്ന് പിതാവിന്റെ സെക്രട്ടറിയായും രൂപതാ ചാൻസലറായും നിയമിതനായി. അതൊടൊപ്പം പുതുശ്ശേരിക്കടവ് , തൃശ്ശിലേരി എന്നീ ഇടവകകളിൽ വികാരിയായും സേവനം ചെയ്തു.

www.malankaralibrary.com

1986-ൽ കാനൻ നിയമത്തിൽ ഉപരിപഠനത്തിനായി ഫാ. പോരുന്നേടം റോമിലേക്കയക്കപ്പെട്ടു. അവിടെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിസ്റ്റ്യൂട്ടിൽ നിന്നും ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും നേടി. 1991-ൽ ഇന്ത്യയിൽ തിരിച്ചെത്തി. വീണ്ടും രൂപതാ ചാൻസലറും വിവാഹക്കോടതി ജഡ്ജിയുമായി ചാർജ്ജെടുത്തു. രൂപതാ ബുള്ളറ്റിൻ എഡിറ്ററായും ഇടവക വികാരിയായും അതോടൊപ്പം ജോലി ചെയ്തു. 1992-ൽ ഫാ. പൊരുന്നേടം മേജർ ആർക്കിഎപ്പിസ്കോപ്പൽ കുരിയായുടെ ചാൻസലറായി നിയമിതനായി. കുരിയ ചാൻസലർ എന്നതിനു പുറമേ കോട്ടയം സെന്റ് തോമസ് അപ്പോസ്തലിക് സെമിനാരി , ബാംഗ്ലൂർ ധർമ്മാരം കോളേജ് എന്നിവിടങ്ങളിൽ അദ്ധ്യാപകനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

കുരിയാ ചാൻസലർ എന്ന നിലയിലുള്ള പ്രവർത്തനം വിശ്രമമില്ലാത്ത ജോലിയായിരുന്നു. കുരിയായിൽ ഏറെയും രേഖകളുമായി ബന്ധപ്പെട്ട ജോലികളായിരുന്നു ഫാ. പൊരുന്നേടത്തിന് നിർവ്വഹിക്കാനുണ്ടായിരുന്നത്. ശ്രേഷ്ഠ മെത്രാപ്പോലീത്തൻ തലത്തിൽ പരി. സിംഹാസനവുമായും രൂപതകളുമായും സമർപ്പിത സമൂഹങ്ങളുമായും എല്ലാവിധ എഴുത്തുകുത്തുകളുടേയും ചുമതല ഫാ. പൊരുന്നേടത്തിനായിരുന്നു. കൂടാതെ മെത്രാൻ സിനഡിന്റെ അസിസ്റ്റന്റ് സെക്രട്ടറി, സ്ഥിരം സിനഡിന്റെ സെക്രട്ടറി എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചു. സിനഡ് സമ്മേളനങ്ങളിൽ പങ്കെടുത്ത് റിപ്പോർട്ടുകൾ തയ്യാറാക്കുക, അവതക്ക സമയത്ത് ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുക തുടങ്ങിയ പല ജോലികളും ചാൻസലറിന്റെ ചുമതലയിൽപ്പെട്ടതായിരുന്നു. ഇതിനും പുറമെ രൂപതകളിൽ നിന്നും സമർപ്പിത സമൂഹങ്ങളിൽ നിന്നും മറ്റും വരുന്ന നിയമ സംബന്ധിയായ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും ഉത്തരം കൊടുക്കേണ്ടതും ഫാ. പൊരുന്നേടത്തിന്റെ ചുമതലയായിരുന്നു.

2004 മാർച്ചിൽ ഫാ. പൊരുന്നേടം മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. മാനന്തവാടി രൂപതയുടെ മൂന്നാമത്തെ ബിഷപ്പാണ് അദ്ദേഹം. കുടിയേറ്റ ഭൂമിയുടെ സ്പന്ദനങ്ങൾ തൊട്ടറിഞ്ഞിട്ടുള്ള പൊരുന്നേടം പിതാവിന്റെ മാനന്തവാടി രൂപതയുടെ അദ്ധ്യാത്മിക പൈതൃകത്തെ കുറിച്ചുള്ള അഭിപ്രായവും ദീപനാളത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അതു താഴെ പറയുന്നവയാണ്. "പല രൂപതയിൽ നിന്നും കുടിയേറിയവരാണ് മാനന്തവാടിയിലെ ദൈവജനം. ഒരു പക്ഷേ പ്രാദേശികമായ ചില വ്യത്യാസങ്ങൾ അവർ പുലർത്തുന്നുണ്ടെങ്കിലും എല്ലാവരിലും കുടിയേറ്റക്കാരുടെ ഒരു അദ്ധ്യാത്മികത കാണാൻ കഴിയും. ഈ പൈതൃകമായിരിക്കും അവിടെ വേരു പിടിക്കുന്നതും. സാധാരണ കർഷക ഗ്രാമീണ ജനതയുടെ ദൈവവിശ്വാസവും ലാളിത്യവും എല്ലാം അതിൽ കണ്ടെത്താം. കാലക്രമത്തിൽ അതിനും മാറ്റം വന്നെന്നു വരാം, എന്നതും വസ്തുതയാണ്.

ഏതൊരു രൂപതയുടേയും പ്രാഥമിക ദൗത്യം അവിടുത്തെ ദൈവജ

www.malankaralibrary.com

നത്തെ ദൈവോന്മുഖമാക്കി വളർത്തുകയും മാന്യമായി ജീവിക്കാൻ അവസരം ഉണ്ടാക്കികൊടുക്കുകയുമാണെന്ന് ഞങ്ങൾ കരുതുന്നു. അതിന് ഏറ്റവും ആവശ്യം ആഴത്തിലുള്ള ദൈവാശ്രയബോധവും സ്വന്തം ദൗത്യത്തോട് പ്രതിബദ്ധതയുമുള്ള വൈദികരും സമർപ്പിതരും അത്മായ പ്രേഷിതരുമാണ് ഉണ്ടാകേണ്ടത്. അവരിലേക്കാണ് എന്റെ ചിന്ത ആദ്യമായി തിരിയുന്നത്. ഇടവക കൂട്ടായ്മകൾ ആഴപ്പെടുന്നതിലേക്കാണ് രണ്ടാമതായി എന്റെ ശ്രദ്ധ പോകുന്നത്. മൂന്നാമതായി സാമൂഹിക നീതിയും വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുവാൻ ആഗ്രഹിക്കുന്നു. ഇവ മൂന്നും ഒന്നിച്ചു കൊണ്ടു പോകേണ്ട കാര്യങ്ങൾ തന്നെയാണ്".

പൊരുന്നേടം പിതാവിന്റെ മേലുദ്ധരിച്ച വാക്യങ്ങൾ വെറും ഭംഗി വാക്കുകളല്ല. ഇക്കഴിഞ്ഞ രണ്ട് വർഷത്തെ തിരുമേനിയുടെ പ്രവർത്തനം മാനന്തവാടി രൂപതയിലെ ജനങ്ങളെ മാന്യമായി ജീവിക്കാൻ അവസരമുണ്ടാക്കികൊടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു. വയനാടൻ മേഖലയിൽ 150-ൽ പരം കർഷകരാണ് ഇതിനകം കടക്കെണി മൂലം ആത്മഹത്യ ചെയ്തത്. ആ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നും കാർഷിക ഉൽപന്നങ്ങളുടെ വിലയിടിവ് തടയാൻ ശ്രമിക്കണമെന്നും കർഷകരുടെ കടങ്ങൾ എഴുതി തള്ളണമെന്നും രൂപതയും രൂപതയിലെ യുവജന പ്രസ്ഥാനങ്ങളും ശക്തിയായി ആവശ്യപ്പെടുകയുണ്ടായി. അതിനുവേണ്ടി കളക്ടറേറ്റ് പിക്കറ്റിംഗുകളും പൊതുയോഗങ്ങളും സംഘടിപ്പിച്ചു. അത് രാഷ്ട്രീയക്കാരെ അസംതൃപ്തരാക്കി. കോൺഗ്രസ്സ് ഡി. സി. സി, മാനന്തവാടി രൂപത നൽകിയ നേതൃത്വത്തെ സർവ്വശക്തിയുമുപയോഗിച്ച് എതിർക്കുകയുണ്ടായി. ആ എതിർപ്പിനെ തൃണവൽഗണിച്ച് രൂപത കർഷകർക്ക് നൽകിയ നേതൃത്വം അഭിമാനകരമാണ്. മാനന്തവാടി രൂപതാദ്ധ്യക്ഷന്റെ നീക്കങ്ങൾ രാഷ്ട്രീയക്കാർ എതിർത്തെങ്കിലും വെച്ചകാൽ പിന്നോട്ട് പിൻവലിക്കാതെ മുൻപോട്ട് തന്നെ നീക്കുകയാണ് ചെയ്തത്.

ക്രൈസ്തവ സമൂഹത്തിൽ വർദ്ധിച്ച് വരുന്ന കുടുംബ തകർച്ചകളും വിവാഹ തകർച്ചകളും പിതാവിനെ ഉൾക്കണ്ഠാകുലനാക്കുന്നുണ്ടെങ്കിലും അവയെല്ലാം പരിഹരിക്കാനുള്ള കൂട്ടായ യത്നത്തിന് തിരുമേനി നേതൃത്വം നൽകുന്നു.

വിലാസം - ബിഷപ്പ് മാർ ജോസഫ് പൊരുന്നേടം
ബിഷപ്പ്സ് ഹൗസ്
മാനന്തവാടി പി. ഒ.
വയനാട് ജില്ല.

www.malankaralibrary.com

# 406

# സി. മെർളി സി.എം.സി.



മലയാളികൾ ഭാരതത്തിന്റെ വിവിധഭാഗങ്ങളിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും വിവിധ മണ്ഡലങ്ങളിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. കഠിനാദ്ധ്വാനികളും സേവനസന്നദ്ധരുമായ മലയാളികളുടെ പ്രവർത്തനങ്ങളെ വിദേശത്തുള്ളവർ മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്യും. എങ്കിലും വിദേശങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഭരണചുമതല നിർവ്വഹിക്കുവാൻ ചുരുക്കം ചിലർക്കേ സാധിച്ചിട്ടുള്ളു. ജർമ്മനിയിലെ ഒരു പ്രശസ്തസ്ഥാപനമായ Jacobs Van hauk Stiff Nurnberg എന്ന വയോജന കേന്ദ്രത്തിന്റെ അഡ്മിനിസ്റ്ററേറ്ററാണ് സി.എം.സി. സഭാംഗവും പ്രവിത്താനം ഇടവകാംഗവുമായ സി.മേർളി സി. എം.സി. വരിക്കമൊക്കൽ കുടുംബത്തിൽ അവിരാ - ബ്രജീത്താ ദമ്പതികളുടെ മകളായി 1956 മേയ് 10-ാം തീയതി സി. മേർളി ജനിച്ചു. മേരി എന്നായിരുന്നു മാമ്മൂദീസാ പേര്.

പ്രവിത്താനത്തായിരുന്നു സ്കൂൾ വിദ്യാഭ്യാസം. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം 1975 ജൂൺ 20-ാം തീയതി സി.എം. സി. സഭയിൽചേർന്നു. ആസ്പരൻസിയും പോസ്റ്റുലൻസിയും പാലായിൽ പ്രൊവിൻഷ്യാൽ ഹൗസിലായിരുന്നു. 1976 - 77 കാലഘട്ടത്തിൽ കരൂർ സി.എം.സി. ഭവനത്തിൽവച്ച് നൊവിഷ്യറ്റ് നടന്നു. 1977 ഡിസംബറിൽ ആദ്യവ്രതം നടത്തിയ മേരി, സി.മേർളി എന്ന പേരു സ്വീകരിച്ചു.

1979 - 82 കാലത്ത് പാലായിൽ ചെറുപുഷ്പം ഹോസ്പിറ്റലിൽ കൗണ്ടർ ആയി ജോലി ചെയ്തു. 1982 ഡിസംബർ 2 ന് ജർമ്മനിയിൽ എത്തിച്ചേർന്നു. അവിടെ വൃദ്ധന്മാരെ സംരക്ഷിക്കുന്ന ഒരു സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചു. 1985 ജൂൺ 8 നായിരുന്നു നിത്യവ്രതം. 1985 ഒക്ടോബറിൽ ജർമ്മനിയിൽ നഴ്സിംഗ് പഠനം ആരംഭിച്ചു. നഴ്സിംഗിൽ ഉന്നത വിജയം കരസ്ഥമാക്കിയ സി.മെർളി നഴ്സായി ജർമ്മനിയിൽ തന്നെ സേവനം അനുഷ്ഠിച്ചു. 1996 മുതൽ 1999 വരെ നഴ്സിംഗ് ജോലിക്കുപുറമേ സി.എം. സി. ജർമ്മനിയിലെ യൂണിറ്റിന്റെ സൂപ്പീരിയർ പദവിയും വഹിച്ചു. പിന്നീട് ഒരു വർഷക്കാലം വാർഡ് ഇൻ ചാർജ് കോഴ്സിൽ ചേർന്ന് പഠിച്ചു. 2000 മുതൽ 2003 വരെ ജർമ്മനിയിലെ ചില പ്രത്യേക കാര്യങ്ങളുടെ ചുമതലകൾക്കായിട്ടാണ് റീജയണൽ സുപ്പീരിയറെ നിയമിച്ചത്. തുടർന്ന് അഡ്മിനിസ്ട്രേഷൻ കോഴ്സ് പഠിച്ചു.

2004 ൽ സി.മെർളി Jacobs Von Hauk Stift Nurnberg എന്ന വലിയ വൃദ്ധമന്ദിരത്തിന്റെ അഡ്മിനിസ്റ്റേറ്ററായി നിയമിതയായി. ആ സ്ഥാനത്ത് ഇപ്പോഴും

www.malankaralibrary.com


പ്രവർത്തിക്കുന്നു. 150 ഓളം അന്തേവാസികളുള്ള ഈ സ്ഥാപനത്തിൽ നൂറിലധികം ജോലിക്കാരുണ്ട്.

വ്യത്യസ്ത സാംസ്കാരിക പശ്ചാത്തലമുള്ള ജർമ്മനിയിലെ ജനങ്ങളുടെയിടയിൽ യാതൊരു പരാതിക്കും ഇടകൊടുക്കാതെ ആ സ്ഥാപനത്തെ സമർത്ഥമായ നയിക്കുന്ന സി.മെർളിയുടെ സേവനസന്നദ്ധത അങ്ങേയറ്റം പ്രശംസാർഹമാണ്.

Address - Sr. Merly CMC, Jacobs Von Hauk Stift Herbart, Str. 42 - A, 8500, Nurenburg, 40, Germany.

# 407

# പ്രൊഫ. ജോൺ ജോസഫ് പുത്തൻകളം എസ്.ജെ.



കേരളസഭയ്ക്ക് പ്രശസ്തരായ നിരവധി വൈദികരെയും കന്യാസ്ത്രീകളെയും സംഭാവന ചെയ്തിട്ടുള്ള കുട്ടനാട്ടിലെ കണ്ണാടി ഇടവകയിലെ പുത്തൻകുളം കുടുംബത്തിൽ ശൗരിയർ ജോണിന്റെയും അന്നമ്മ ജോണിന്റെയും മകനായി 1956 ജൂൺ മാസം 30-ാം തീയതി പ്രൊഫ. ജോൺ ജോസഫ് എസ്.ജെ. ജനിച്ചു. കുടുംബപാരമ്പര്യത്തോടൊപ്പം വിശുദ്ധിയിലും സുകൃതാഭ്യസനത്തിലും മക്കളെ വളർത്തുന്നതിൽ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധചെലുത്തിയിരുന്നു. ഈ കുടുംബപശ്ചാത്തലമാണ് ജോൺ ജോസഫിന്റെ ദൈവവിളിക്കടിസ്ഥാനം. പുളിങ്കുന്ന് സെന്റ് ജോസഫ് സ്കൂളിലെ പഠനത്തിനുശേഷം 1974-ൽ ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ ചേർന്ന് പ്രീഡിഗ്രി പഠിച്ചു.

1976-ൽ പ്രൊഫ. ജോൺ ജോസഫ് എസ്.ജെ. ഈശോസഭ (സൊസൈറ്റി ഓഫ് ജീസസ്)യിൽ സന്ന്യാസഅർത്ഥിയായി പ്രവേശിച്ചു. സന്ന്യാസസഭയിലെ പ്രാഥമികവിദ്യാഭ്യാസം (Novitiate - Juniorate) ബാംഗ്ലൂരിൽ പൂർത്തിയാക്കിയ അദ്ദേഹം കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ നിന്ന് 1982-ൽ ഇക്കണോമിക്സിൽ ബിരുദം നേടി. 1984-ൽ ത്രിച്ചിയിലെ ഭാരതി ദാസൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇതേ വിഷയത്തിൽ ബിരുദാനന്തരബിരുദവും നേടി. ഇത് ഫസ്റ്റ് ക്ലാസ്സിൽ ഒന്നാം റാങ്കോടുകൂടി തന്നെയാണ് എന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു. 1986-ൽ മദ്രാസിലെ സത്യനിലയത്തിലെ പഠനത്തിലൂടെ ഫിലോസഫിയിൽ ബിരുദം നേടിയ അദ്ദേഹം 1986-ൽ ജപ്പാൻ പ്രൊവിൻസിലേയ്ക്ക് അയയ്ക്കപ്പെട്ടു. അവിടെ 1986 മുതൽ 88 വരെ ജാപ്പനീസ് ഭാഷാ പഠനത്തിനായി ചെലവിട്ട അദ്ദേഹം 1989-93 കാലയളവിൽ

www.malankaralibrary.com

ടോക്കിയോയിലെ സോഫിയാ യൂണിവേഴ്സിറ്റിയിൽ നിന്ന് തിയോളജിയിൽ ബിരുദവും ബിരുദാനന്തരബിരുദവും നേടി. ഇതോടൊപ്പം തന്നെ ഇതേ യൂണിവേഴ്സിറ്റിയിൽ ബി.എഡ്. പഠനവും പൂർത്തിയാക്കി. 1992-ൽ തന്റെ ഇടവക പള്ളിയിൽ വച്ച് ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

അതിനുശേഷം ബ്രിട്ടണിലേക്ക് പോയ പ്രൊഫ. ജോൺ ജോസഫ് എസ്.ജെ. 1993 മുതൽ 96 വരെ അവിടെ ഗ്ലാസ്ഗോ യൂണിവേഴ്സിറ്റിയിൽ ഇക്കണോമിക്സിൽ ബിരുദാനന്തരബിരുദം നേടുന്നതിനും ഗവേഷണം നടത്തുന്നതിനുമായി വിനിയോഗിച്ചു. 1996-ൽ ഇക്കണോമിക്സിൽ ഡോക്ടറേറ്റ് നേടിയ അദ്ദേഹം അവിടെനിന്ന് ഫിലിപ്പീൻസിലേക്ക് പോയി. അവിടെ ഈശോ സഭാവൈദികരുടെ മേൽനോട്ടത്തിലുള്ള ഈസ്റ്റ് ഏഷ്യൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ (ഇ.എ.പി.ഐ.) അധ്യാപകനായി പ്രവർത്തനം ആരംഭിച്ചു. അതോടൊപ്പം തന്നെ അത്തെനെയോ ഡി (Ateneo De) മനില യൂണിവേഴ്സിറ്റിയിലും മനിലയിലെ മേരിഹിൽ സ്കൂൾ ഓഫ് തിയോളജിയിലും അധ്യാപകനായിരുന്നു. 1998-ൽ ടോക്കിയോയിലെ സോഫിയ യൂണിവേഴ്സിറ്റിയിൽ അസോഷിയേറ്റ് പ്രൊഫസറായി ജോലിയിൽ പ്രവേശിച്ച അദ്ദേഹം അവിടെ ധനതത്വശാസ്ത്രം, വാണിജ്യം, പരിസ്ഥിതി സംരക്ഷണം, തത്വചിന്ത, മതപഠനം, ധാർമ്മികത ഇവയോട് ബന്ധപ്പെട്ട വിഷയങ്ങൾ പഠിപ്പിക്കുന്നു. 2005-ൽ പ്രൊഫസറായി സ്ഥാനക്കയറ്റം ലഭിച്ച അദ്ദേഹം ഗ്ലോബൽ എൺവയൺമെന്റൽ സ്റ്റഡീസിലെ (Global Environmental Studies) ബിരുദവിഭാഗത്തിലെ പ്രൊഫസർ ആയി നിയമിതനായി. അവിടെ ബിരുദ, ബിരുദാനന്തരബിരുദ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനോടൊപ്പം തന്നെ ഗവേഷണ വിദ്യാർത്ഥികുടെ ഗൈഡ് ആയും പ്രവർത്തിക്കുന്നു.

പ്രൊഫ. ജോൺ ജോസഫ് പുത്തൻകുളം എസ്.ജെ. ധാരാളം പുസ്തകങ്ങളും ലേഖനങ്ങളും എഴുതുകയും അവ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ദി കോംപ്രിഹെൻഷൽ ഓഫ് ഫ്രീഡം (The Comrehension of Freedom) എന്ന പുസ്തകത്തിന് 1992-ലും ദി കൊളീഷൻ ഓഫ് കൾച്ചേഴ്സ് (The Collision of Cultures) എന്ന പുസ്തകത്തിന് 1998-ലും സ്വിറ്റ്സർലന്റ് ആസ്ഥാനമായ സ്ട്രാനിയാക് ഫൗണ്ടേഷന്റെ (Straniak Foundation) ഫിലോസഫി പുരസ്കാരം ലഭിച്ചു. ഇതുകൂടാതെ ജർമ്മനിയിലെ ബോൺ യൂണിവേഴ്സിറ്റി വിശിഷ്ഠാംഗത്വം നല്കി അദ്ദേഹത്തെ ആദരിച്ചു. ഒരു പുസ്തകത്തിന്റെ രചനയുമായി ബന്ധപ്പെട്ട് പണ്ഡിതന്മാരുടെ അന്താരാഷ്ട്രസംഘത്തോടൊപ്പം അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ജാപ്പനീസ് ഭാഷയിലും അദ്ദേഹം പുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുഖ്യ അന്തർദേശീയ സമ്മേളനങ്ങളിൽ അദ്ദേഹം പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും അന്താരഷ്ട്രപത്രങ്ങളിൽ അദ്ദേഹത്തിന്റെ ഇംഗ്ലീഷിലും ജാപ്പനീസിലുമുള്ള ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും സാമൂഹിക അജപാലന പ്രവർത്ത

www.malankaralibrary.com

നങ്ങൾക്കുമായി അദ്ദേഹം ഏഷ്യാ - പസഫിക് ആഫ്രിക്ക, അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെ വിവിധ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

സോഫിയ യൂണിവേഴ്സിറ്റിയിൽ അദ്ദേഹം വിദ്യാർത്ഥികളുടെ ഗവണ്മെന്റിതര സംഘടനയായ MEGUKO യുടെ ഒരു ഉപദേശകനാണ്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നു എന്ന കാരണത്താൽ സ്കൂൾ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട കുട്ടികൾക്ക് സഹായകമാവുക എന്നതാണ് ഈ സംഘടനയുടെ മുഖ്യഉദ്ദേശ്യം. ഇവർ പിന്തുണയ്ക്കുന്ന ഇന്ത്യയിലെയും ഫിലിപ്പീൻസിലെയും വിദ്യാഭ്യാസസ്ഥാപനങ്ങൾ വർഷം തോറും ഇവർ സന്ദർശിക്കാറുമുണ്ട്. ഇന്ത്യയിൽ പ്രധാനമായും ഗുജറാത്തിലെയും മഹാരാഷ്ട്രയിലെയും ഗോത്രവർഗ്ഗങ്ങളുടെ ഇടയിലാണ് ഇവരുടെ പ്രവർത്തനം. ഇന്ത്യൻ സംസ്കാരവും ജീവിത രീതിയും ജാപ്പനീസ് വിദ്യാർത്ഥികൾക്ക് വെളിപ്പെടുത്തികൊടുക്കുന്നതിനൊടൊപ്പം തന്നെ ഇന്ത്യയെ മറ്റൊരു വീക്ഷണത്തിലൂടെ നോക്കിക്കാണാനുള്ള ഒരവസരം കൂടിയാണ് അദ്ദേഹത്തിന്റേത്. ഇന്ത്യൻ അനുഭവങ്ങളാൽ സംപുഷ്ടമാക്കപ്പെട്ടാണ് ജാപ്പനീസ് വിദ്യാർത്ഥികൾ മടങ്ങിപ്പോകുന്നത് എന്നത് അദ്ദേഹത്തിന് ആത്മസംതൃപ്തി നല്കുന്നു.

ഒരു ഈശോസഭാ വൈദികനായി ജപ്പാനിൽ പ്രവർത്തിക്കുക എന്നത് യഥാർത്ഥത്തിൽ ഒരു വെല്ലുവിളി തന്നെയാണ്. വി. ഫ്രാൻസീസ് സേവ്യറാണ് ജപ്പാനിൽ ക്രിസ്തീയതയുടെ വിത്തുകൾ പാകിയത്. (വിശുദ്ധന്റെ 500-ാമത് ജന്മവാർഷികം നാം ഈ വർഷം ആഘോഷിക്കുന്നു.) ഇന്ത്യയിലെ ഗോവയിൽ നിന്നാണ് വിശുദ്ധൻ ജപ്പാനിലെ കഗോഷിമ (Kagoshima) യിലെത്തിയത്. വളരെ ചെറിയ ശതമാനം ആളുകൾ മാത്രമെ ഇവിടെ ക്രിസ്ത്യാനികളായുള്ളു. അതുകൊണ്ടുതന്നെ ഒരു പ്രേഷിതൻ എന്ന നിലയിലുള്ള പ്രൊഫ. ജോൺ ജോസഫ് എസ്.ജെ.യുടെ കടമകളും വളരെയേറെയാണ്. അദ്ദേഹം മുതർന്നവർക്കായി മതപഠനക്ലാസ്സുകൾ നടത്തുകയും അദ്ദേഹത്തിന്റെ ഇടവകയിലെത്തുന്ന വിദേശികൾക്ക് അജപാലകൻ എന്ന നിലയിലുള്ള തന്റെ ശുശ്രൂഷ ലഭ്യമാക്കുകയും ചെയ്യുന്നു.

ജപ്പാനിലെ ഈശോ സഭാ വൈദികരുടെ മേൽനോട്ടത്തിലുള്ള അതിപ്രശസ്തമായ ഒരു യൂണിവേഴ്സിറ്റിയാണ് സോഫിയാ യൂണിവേഴ്സിറ്റി. അവിടെ ആൺകുട്ടികളും പെൺകുട്ടികളുമായി ഏകദേശം 12000-ഓളം വിദ്യാർത്ഥികളുണ്ട്. തന്റെ അധ്യാപനമാധ്യമം ജാപ്പനീസ് ഭാഷയാക്കുക വഴി ജാപ്പനീസ് സംസ്കാരവുമായി കൂടുതൽ ഇഴകിച്ചേരാൻ അദ്ദേഹത്തിന് കഴിയുന്നു. എൻ.ജി.ഒ. സംഘടനവഴിയായി കുട്ടികളുമായുള്ള പ്രൊഫ. ജോൺ ജോസഫ് എസ്.ജെ.യുടെ സാമൂഹിക ഇടപെടൽ അവരുമായി കൂടുതൽ സ്വതന്ത്രമായി ഇടപെടുന്നതിനും അവരുടെ ഹൃദയവും മനസ്സും ബുദ്ധിപരമായും ആത്മീയമായും രൂപപ്പെടുത്തുന്നതിനുമുള്ള ഒരു അവസരമാണ്. ഇതൊക്കെയാണെങ്കിലും എല്ലാറ്റിനുമുപരിയായി ദൈവത്തിന്റെ ഏറ്റവും വലിയ കൃപയായി അദ്ദേഹം കരുതുന്നത് തന്റെ മതപഠനക്ലാസ്സുകൾ വഴി

www.malankaralibrary.com

യായി മുതിർന്നവരെ ദൈവത്തിലേയ്ക്ക് നയിക്കാൻ ദൈവം തനിക്കു നല്കുന്ന അവസരത്തെയാണ്. ദൈവം എങ്ങനെയാണ് തന്റെ സൃഷ്ടിയെ തന്നിലേയ്ക്കടുപ്പിക്കുന്നത് എന്ന് അടുത്തറിയുന്ന അദ്ദേഹത്തിന് ഇത്തര ത്തിലുള്ള ഓരോ അവസരവും ഹൃദ്യമായ അനുഭവം തന്നെയാണ് സമ്മാ നിക്കുന്നത്.

1991-സെപ്റ്റംബർ 12, 13 തീയതികളിൽ ലണ്ടനിലെ സ്ട്രോബർഗ്ഹി ല്ലിലുള്ള സെന്റ് മേരീസ് കോളേജിൽ വച്ച് ജപ്പാൻ സംസ്കാരത്തിന് ക്രിസ്ത്യാനികളുടെ സംഭാവന എന്ന വിഷയത്തെ അധികരിച്ച് നടത്തിയ സെമിനാറിൽ ജോൺ ജോസഫ് അച്ചൻ ക്രിസ്ത്യാനികളുടെ സാമൂഹ്യപ്ര വർത്തനം ആധുനിക ജപ്പാനിൽ എന്ന പ്രബന്ധം അവതരിപ്പിക്കുകയു ണ്ടായി. ജപ്പാൻ ജനതയുടെ സാമൂഹ്യഘടന, ന്യൂനപക്ഷസംബന്ധമായ പ്രശ്നങ്ങൾ പോലുള്ള മറ്റിതര കാര്യങ്ങൾ, കുടിയേറ്റ തൊഴിലാളികൾ, പരി സ്ഥിതി പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങളുടെ പ്രത്യേകതകളാണ് ഈ പ്രബ ന്ധത്തിലെ പ്രതിപാദ്യവിഷയം. ജപ്പാന്റെ സാമൂഹ്യപ്രശ്നങ്ങൾ മൂന്നാം ലോകരാഷ്ട്രങ്ങളുടേതിൽ നിന്നും വ്യത്യസ്തമാണെങ്കിലും ജപ്പാന്റെ സാമൂ ഹ്യഘടന ആഴത്തിൽ വിശകലനം ചെയ്യുമ്പോൾ അവിടെ പലസാമൂഹ്യപ്ര ശ്നങ്ങൾ ഉള്ളതായി അദ്ദേഹം ഈ പ്രബന്ധത്തിൽ വിവരിക്കുകയുണ്ടായി.

സാമ്പത്തിക പുരോഗതി, ആഗോളവത്ക്കരണം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹം ഇംഗ്ലീഷിലും, ജാപ്പനീസിലും ധാരാളം പുസ്ത കങ്ങളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്. അവയിൽ ചില പുസ്തകങ്ങളുടെ പേര് താഴെകൊടുക്കുന്നു.

1995-ൽ ലണ്ടനിൽ പ്രസിദ്ധീകരിച്ച "ദി കോം പ്രവൊൻഷൻ ഓഫ് ഫ്രീഡം" ഈസ്റ്റേൺ & വെസ്റ്റേൺ വോയ്സ് ഓഫ് തിങ്കിംഗ് എന്നതാണ് ആദ്യപുസ്തകം. 1998-ൽ മാനിലായിൽ പ്രസിദ്ധീകരിച്ച ഇന്റഗ്രേറ്റിംഗ് ഫ്രീഡം, ഡമോക്രസി, ആൻഡ് ഹ്യൂമൻറൈറ്റ്സ് ഇന്റു തിയറീസ് ഓഫ് ഇക്കണോമി ക്സ്, ഗ്രോത്ത് എന്നതാണ് രണ്ടാമത്തെ പുസ്തകം. 2000-ാമാണ്ട് ജപ്പാനിലെ ടോകിയോയിൽ നിന്ന് പ്രസദ്ധികരിച്ച തിയീസ് ഓഫ് ഇക്കണോമിക് ഗ്രോത്ത് എന്ന ഗ്രന്ഥം മൂന്നുവാല്യങ്ങളായിട്ടാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇതിൽ ഒന്നാം വാല്യം ക്യാപ്പറ്റലിസ്റ്റ് ഗ്രോത്ത് പാത്തിനെപ്പറ്റിയും രണ്ടാം വാല്യം സോഷ്യലിസ്റ്റ് ഗ്രോത്ത് പാത്തിനെപ്പറ്റിയും മൂന്നാംവാല്യം ഗ്രോത്ത് പാത് ഓഫ് ഇക്കണോമിസ് ഇൻട്രാൻസിഷ്യറനെപ്പറ്റിയുമാണ് പ്രതിപാദിച്ചിരിക്കുന്നത്.

2001-ൽ ജർമ്മനിയിൽ നിന്നും ദി കൊളിഷൻ ഓഫ് കൾച്ചേഴ്സ് ഡയ ലോഗ് ബിറ്റുവിൻ ഗ്ലോബലസേഷൻ ആൻഡ് കൾച്ചറൽ ഐഡന്റിറ്റി എന്ന ഗ്രന്ഥവും 2002-ൽ ടോക്കിയോയിൽ നിന്നും എത്തിക്കൽ അനാലിസഡ് ഓഫ് സോഷ്യൽ ഇക്കണോമിക്സ്, ആൻഡ് ബിസിനസ് പ്രിൻസിപ്പൽസ് എന്ന ഗ്രന്ഥവും 2003-ൽ ടോക്കിയോയിൽ നിന്നും ഗ്ലോബലൈസേഷൻ ദി ന്യൂ വേൾഡ് ഏക്കണോമിക്സ് ഓർഡർ എന്ന ഗ്രന്ഥവും 2004-ൽ ഫ്രം ഇക്ക

www.malankaralibrary.com

ണോമിക് ഡവലപ്മെന്റ് റ്റു ഹ്യൂമൻ ഡവലപ്പമെന്റ് തോട്ട് ആൻഡ് റിയാലിറ്റി ഓപ് ഇക്കണോമിക്ക് ഡവലപ്പമെന്റ് എന്ന ഗ്രന്ഥവും പ്രസിദ്ധീകരിച്ചു. 2004-ൽ ഡൽഹിയിൽ നിന്ന് Human Development Stratergy for Proverty Alleviation എന്ന ഗ്രന്ഥവും പ്രസിദ്ധീകരിച്ചു.

Address - Fr. John Joseph Puthenkulam, S.J. House, Sophia Unversity, Kioi-Cho 7-1, Chiyoda - ku, Tokyo - 102-8571

# 408

# സിറിൽ ജോൺ



കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ സമുന്നതനേതാവായ സിറിൽ ജോൺ കുറവിലങ്ങാടിനടുത്തുള്ള കോഴയിലെ തുണ്ടത്തിൽ കുടുംബത്തിൽ ഉലഹന്നൻ മേരി ദമ്പതികളുടെ മകനായി 1957 ജനുവരി 22-ന് ജനിച്ചു. കുറവിലങ്ങാട്ട് സെന്റ് മേരീസിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ സിറിൽ ജോൺ, കാൺപൂർ സർവ്വകലാശാലയിൽ നിന്ന് ബിരുദവും പഞ്ചാബ് സർവ്വകലാശാലയിൽ നിന്ന് ബിരുദാനന്തരബിരുദവും നേടി. 1982-ൽ ദില്ലിയില ലോക്സഭാ സെക്രട്ടിയേറ്റിൽ ജോലി ലഭിച്ചു. ഇപ്പോൾ ഡെപ്യൂട്ടി സെക്രട്ടറിയാണ്.

1982-ൽ ന്യുഡൽഹിയിലെ കത്തീഡ്രൽ ഇടവകയിൽ വച്ചു നടന്ന ഒരു കരിസ്മാറ്റിക് ധ്യാനത്തിന്റെ സന്ദർഭത്തിൽ സിറിലിന് അസാധാരണമായ ഒരു ദൈവാനുഭവമുണ്ടായി. തുടർന്ന് 1992 മുതൽ പ്രെയർ ഗ്രൂപ്പുകളിൽ അദ്ദേഹം നിരന്തരം പങ്കെടുക്കാൻ തുടങ്ങി. 1993-ൽ മുവാറ്റുപുഴ ജിവജ്യോതിയിൽ ഒരു ധ്യാനത്തിൽ സംന്ധിക്കുമ്പോൾ കർത്താവിന്റെ ശക്തമായ ഒരു അഭിഷേകം മൂലം അദ്ദേഹം നേതൃത്വത്തിലേക്ക് വിളിക്കപ്പെട്ടു. 1993 ആഗസ്റ്റിൽ അദ്ദേഹം ന്യുഡൽഹി സേക്രട്ട് ഹാർട്ട് കത്തീഡ്രൽ പ്രെയർ ഗ്രൂപ്പിന്റെ ലീഡറായും 1994-ഡിസംബറിൽ ഡൽഹി സർവ്വീസ് ടീമിന്റെ ചെയർമാനായും തിരഞ്ഞെടുക്കപ്പെട്ടു. ചെയർമാനായിരിക്കുമ്പോൾ, ഡൽഹി, ക്രുസേഡേഴ്സ് (Diocesan Intercession Ministry) ഡൽഹി റിട്രീറ്റ് ടീം ഡൽഹി ജീസസ് യൂത്ത് (യൂത്ത് മിനിസ്ട്രി ക്രിസ്റ്റീൻ) എന്നിവയെല്ലാം ഡൽഹി സർവ്വീസ് ടീമിന്റെ കുടക്കീഴിൽ അണിനിരത്താൻ ഉത്സാഹിച്ചു. അന്നത്തെ ഡൽഹിമെത്രാപ്പോലീത്ത മോസ്റ്റ്. റവ. അലൻ ഡിലാസ്റ്റിക്കിന്റെ അനുമതിയോടെ ഇബ്രാഹിംപുർ എന്ന സ്ഥലത്ത് ഡൽഹിസർവ്വീസ് ടീമിന് ഒരു ധ്യാനകേന്ദ്രം സ്ഥാപിക്കുന്നതിനായി അഞ്ചേക്കർ സ്ഥലം അദ്ദേഹം വാങ്ങി.

1995 മേയിൽ ശ്രീ സിറിൽ നാഷണൽ സർവ്വീസ് ടീമിന്റെ (NST) അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. സി.ബി.സി.ഐ.യുടെ നിയന്ത്രണത്തിന് കീഴുള്ളതും കാത്തലിക് കരിസ്മാറ്റിക് നവീകരണത്തിന് പ്രോത്സാഹനം നൽകു

www.malankaralibrary.com

ന്നതുമായ ഒരു ഉന്നതതലസംഘമാണ് എൻ.എസ്.ടി. ഒരു ദേശീയ മാദ്ധ്യസ്ഥ്യ പ്രവർത്തന ശൃംഖല (Natanol Intercessory Net Work) സ്ഥാപിക്കാൻ അദ്ദേഹം സഹായിച്ചു. ആ ശൃംഖലയിൽ ഇപ്പോൾ 10000-ത്തിലധികം പ്രവർത്തകരും നാടെങ്ങും പ്രാദേശിക യൂണിറ്റുകളും ഉണ്ട്. 1998-ൽ സിറിൽ, എൻ.എ.റ്റിയുടെ വൈസ് ചെയർമാനായും 2001-ൽ ചെയർമാനായും തിരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ 25 വർഷങ്ങൾക്കു ശേഷം രാജ്യത്തെ നവീകരണ പ്രസ്ഥാനത്തിന്റെ തലപ്പത്ത് ഒരു അൽമായൻ പ്രതിഷ്ഠിതനായിരിക്കുന്നു.

മദ്ധ്യസ്ഥതാ സേവനത്തിന്റെ ശക്തനായ വക്താവായ ശ്രീ സിറിൽ മദ്ധ്യസ്ഥതാ സേവനം ആരംഭിച്ചത് ഡൽഹി അതിരൂപതയുടെ ദിവ്യകാരുണ്യത്തിന്റെ സന്നിധിയിൽ വച്ചായിരുന്നു. ന്യൂഡൽഹിയിലെ ടാഗോർ ഗാർഡനിൽ ഡൽഹി ക്രുസേഡേഴ്സിന്റെയും നിത്യാരാധനാ സഖ്യത്തിന്റെയും ആഭിമുഖ്യത്തിൽ നാഷണൽ കരിസ്മാറ്റിക്ക് ഓഫീസിൽ വച്ച്, ഡൽഹിയിൽ പ്രവർത്തിക്കുന്ന നാഷണൽ കരിസ്മാറ്റിക്ക് ഓഫിസിനുവേണ്ടി ടാഗോർ ഗാർഡനിൽ ഒരു നാലുനിലകെട്ടിടം അദ്ദേഹം വാങ്ങി.

ഡൽഹിയിൽനിന്നും പ്രസദ്ധീകരിക്കുന്ന 'കാരിസ് ഇൻഡ്യാ' എന്ന ഇംഗ്ലീഷ് കരിസ്മാറ്റിക് മാസികയുടെ പബ്ലിഷറും ശ്രീ. സിറിൽ ആണ്. 2004-ന് അദ്ദേഹം Catholic Charismatic Renewal Services (ICCRS)-ന്റെ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. വത്തിക്കാനിലെ അൽമായർക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണിത്.

ശ്രീ. സിറിൽ അനേകം അന്തർദേശീയ സമ്മേളനങ്ങളിലും രൂപീകരണ പരിപാടികളിലും (Formations Programmes) പങ്കെടുത്തിട്ടുണ്ട്. ഹോളണ്ടിലെ ഹേഗിൽ വച്ച് 1995 ഏപ്രിൽ, മെയ് മാസങ്ങളിൽ നടന്ന International School of Evangelisation ഇറ്റലിയിലെ ഫുയിജ്ജി (FUIGGI) യിൽ വച്ച് 1998 ഒക്ടോബറിൽ നടന്ന International Charismatic Leaders Coference, 2003 സെപ്റ്റംബറിൽ റോമിലെ കാസ്റ്റൽ ഗൊൺഡോൾ ഫോയിൽ വച്ചു നടന്ന സമ്മേളനം, 2005 മെയിൽ മാനിലായിൽ വച്ചു നടന്ന ഏഷ്യാ - ഓഷാനിയ CCR ലിഡേഴ്സ് കോൺഫറൻസ് എന്നിവ അതിൽ ചിലതാണ്.


അൽമായർക്കുവേണ്ടിയുള്ള റോമിലെ പൊന്തിഫിക്കൽ കൗൺസിൽ സംഘടിപ്പിക്കുന്ന അൽമേയ പ്രസ്ഥാനങ്ങൾക്കുവേണ്ടിയുള്ള സമ്മേളനത്തിലേക്ക് ക്ഷണിക്കപ്പെട്ടിട്ടുള്ള ആറ് അന്തർദ്ദേശീയ കരിസ്മാറ്റിക് നവീകരണ നേതാക്കളിൽ ഒരാൾ ശ്രീ. സിറിൽ ജോണാണ്. 2006-മേയിൽ നടന്ന സമ്മേളനം 2006-ജൂൺ 3-ന് ബനഡിക് പതിനാറാമൻ പാപ്പായോടൊപ്പം റോമിൽ പെന്തക്കോസ്റ്റ് ജാഗരണത്തിൽ പങ്കെടുക്കാനുള്ള ഭാഗ്യവും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

Address - Cyril John - G - 202, Kaveri Apartments, Plot - 4, Section 6, Dwaraka,
New Delhi - 110 075.

www.malankaralibrary.com

# 409

# മോൺ. ആന്റണി കൊല്ലംപറമ്പിൽ



ആരാധനക്രമ സംബന്ധവും ദൈവശാസ്ത്രപരവുമായ നിരവധി ഗ്രന്ഥങ്ങൾ വിവിധ ഭാഷകളിൽ രചിച്ച് പ്രസിദ്ധീകരിച്ച മോൺ. ആന്റണി ജോർജ് കൊല്ലംപറമ്പിൽ ചമ്പക്കുളം കല്ലൂർക്കാട്ട് ഇടവകയിൽ പുല്ലങ്ങടി എന്ന സ്ഥലത്ത് പടിഞ്ഞാറേക്കൂറ്റ് കുടുംബത്തിൽ കൊല്ലംപറമ്പിൽ വീട്ടീൽ ഔസേഫ് വർക്കി- ത്രേസ്യാമ്മ ദമ്പതികളുടെ ഏഴുമക്കളിൽ അഞ്ചാമനായി 1957 മാർച്ച് 20-നു ജനിച്ചു. മാതാവ് ത്രേസ്യാമ്മ എടത്വാ ഇടവകയിൽ ചങ്ങങ്കരി കറുകത്തറ കുടുംബത്തിൽ തെള്ളിയിൽ വീട്ടിലെ അംഗമാണ്. രാജു എന്ന ഓമനപേരിൽ വിളിച്ചിരുന്ന അച്ചന്റെ ജ്ഞാനസ്നാനപേര് ആന്റണി എന്നായിരുന്നു. കളരി വിദ്യഭ്യാസത്തിനുശേഷം തകഴി പഞ്ചായത്തിലെ ചിറയകം ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ, ചമ്പക്കുളം സെന്റ് മേരീസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠിച്ച് 1972-ൽ എസ്. എസ്. എൽ. സി. പരീക്ഷ പ്രശംസനീയമായ നിലയിൽ പാസ്സായി. പഠനത്തിലും സ്വഭാവവൈശിഷ്ട്യത്തിലും മികച്ചുനിന്ന ആന്റണി സ്കൂൾ ജീവിത കാലത്തുതന്നെ അദ്ധ്യാപകരുടേയും സഹപാഠികളുടെയും സ്നേഹത്തിന് പാത്രീഭൂതനായി. പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിലും മികവു പുലർത്തിയ ആന്റണി തന്റെ ഇടവകയിൽ മതബോധനത്തിലും പ്രേഷിതപ്രവർത്തനങ്ങളിലും അൾത്താരശുശ്രൂഷയിലും ഏറെ തൽപരനായിരുന്നു. പ്രസംഗ പാടവും അഭിനയചാതുര്യവും ഏവരുടേയും ശ്രദ്ധയെ ആകർഷിക്കുന്നവയായിരുന്നു. മിഡിൽ സ്കൂൾ വിദ്യഭ്യാസം പൂർത്തിയാക്കിയപ്പോൾ തന്നെ വൈദികനാകാനുള്ള ആഗ്രഹം ആന്റണിയിൽ മുന്നിട്ടു നിന്നു. മാതാപിതാക്കന്മാരുടെ മാതൃകയും ശിക്ഷണവും കുടുംബത്തിലെ പ്രാർത്ഥനാന്തരീക്ഷവും ഇടവകയിലെ പ്രവർത്തനങ്ങളിലുള്ള സജീവ പങ്കാളിത്തവുമാണ് വൈദികനാകണമെന്ന ആഗ്രഹം ആന്റണിയിൽ വളർത്തിയത്.

ഹൈസ്കൂൾ വിദ്യഭ്യാസാനന്തരം ചങ്ങനാശ്ശേരിയിലെ പാറേൽ പെറ്റി സെമിനാരിയിൽ ചേർന്നു. കുറിച്ചിയിലേക്ക് മൈനർ സെമിനാരി മാറ്റി സ്ഥാപിച്ചപ്പോൾ അവിടെയെത്തി വൈദിക പഠനത്തിലെ ആദ്യഭാഗം പൂർത്തിയാക്കി. തുടർന്ന് തത്വശാസ്ത്ര പഠനത്തിനായി 1974-ൽ നാഗ്പൂർ സെന്റ് ചാൾസ് സെമിനാരിയിലേക്ക് അയക്കപ്പെട്ടു. അയർലെണ്ടിൽ നിന്നുള്ള ഡൊമിനിക്കൻ സഭാംഗങ്ങളുടെ കീഴിൽ ത്രിവൽസര തത്വശാസ്ത്ര പഠനം പൂർത്തിയാക്കുകയും റീജൻസിക്കായി തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലേക്ക് നിയോഗിക്കപ്പെടുകയും കന്യാകുമാരി മിഷനിലെ നിത്തിരവിള എന്ന സ്ഥലത്ത്

www.malankaralibrary.com

താമസിച്ച് സാമൂഹ്യ പ്രവർത്തനങ്ങളിലും യുവജന ശുശ്രൂഷയിലും സഹായിക്കുകയും പരിശീലനം നേടുകയും ചെയ്തു. തുടർന്ന് 1978-ൽ വടവാതൂർ സെമിനാരിയിൽ ദൈവശാസ്ത്രപഠനത്തിനായി പ്രവേശിച്ചു. 1981 ഡിസംബറിൽ പഠനം പൂർത്തിയാക്കി മാർ ആന്റണി പടിയറ തിരുമേനിയിൽ നിന്നും പുല്ലങ്ങടി തിരുകുടുംബ ദേവാലയത്തിൽ വെച്ച് വൈദികപട്ടം സ്വീകരിക്കുകയും തുടർന്ന് പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു. കുട്ടനാട്ടിലെ നർബ്ബോനപുരം, വെരൂർ ഇടവകകളിൽ താൽക്കാലികവും ഹ്രസ്വവുമായ ശുശ്രൂഷ നിർവ്വഹിച്ച ശേഷം മെത്രാപ്പോലീത്തൻ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി 1982 ഫെബ്രുവരി 1-ന് നിയമിതനായി. അജപാലന ശുശ്രൂഷയുടെ എല്ലാ മേഖലകളിലും തീഷ്ണമായി പ്രവർത്തിച്ച ആന്റണിയച്ചൻ ഇടവകാംഗങ്ങൾ ഓരോരുത്തരേയും പേരുവിളിച്ച് വ്യക്തിപരമായി അറിഞ്ഞിരുന്നതിനാൽ എല്ലാവരുടേയും സ്നേഹ ബഹുമാനാദരവുകൾ നേടി. രാജു അച്ചൻ യുവജനങ്ങളുടെ പ്രിയങ്കരനായി മാറി. 1984-ൽ ആലപ്പുഴ മാർ സ്ലീവാ ഫൊറാനാ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി നിയമിതനായി. വിശ്വാസജീവിതപരിശീലനത്തെ പുത്തൻ ഉൾകാഴ്ചയോടെ ആവിഷ്കരിക്കാൻ ശ്രമിച്ച രാജുഅച്ചൻ മതബോധന രംഗത്തും യുവജനപ്രേഷിതരംഗത്തും ഏറെ ശ്രദ്ധ പതിപ്പിച്ചു. 1986 ജനുവരി 16-ന് യുവദീപ്തിയുടെ അതിരൂപതാ ജോയിന്റ് ഡയറക്ടറായും അതിരൂപതയിലെ സാമൂഹ്യ പ്രവർത്തനങ്ങളുടെ അസിസ്റ്റന്റ് ഡയറക്ടറായും ചുമതലയേറ്റു. 1985-ലെ അന്തരാഷ്ട്ര യുവജനവത്സരത്തോടനുബന്ധിച്ച് അതിരൂപതയിലെ യുവജന പ്രസ്ഥാനത്തെ കൂടുതൽ ശക്തമാക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചു. ആഗ്രാമിഷനിലെ ഫത്തേഗഡ് സെന്റ് ആന്റണീസ് സ്കൂളിന്റെ പ്രിൻസിപ്പലായും അവിടുത്തെ മിഷൻ പ്രവർത്തനങ്ങളുടെ ചുമതലക്കാരനായും 1985 ജൂലൈ 31-ന് ഫാ. ആന്റണി കൊല്ലംപറമ്പിൽ നിയോഗിക്കപ്പെട്ടു.

ആന്റണിയച്ചന്റെ ബൗദ്ധികസിദ്ധികളും കർമ്മശേഷിയും മറ്റു ബഹുമുഖ കഴിവുകളും മനസ്സിലാക്കിയ മേലധികാരികൾ 1986 ജൂലൈ മാസം ഉപരി പഠനത്തിനായി റോമിലേക്കയച്ചു. പിന്നീടങ്ങോട്ട് അച്ചന്റെ ബഹുമുഖ കഴിവുകൾ അണപൊട്ടിയൊഴുകുന്ന കാഴ്ചയാണ് കാണുന്നത്. ലാളിത്യമാർന്ന സ്വാഭാവ വൈശിഷ്ട്യം വീണ്ടും വീണ്ടും അറിവു നേടാനുള്ള ത്വര, മികച്ച സംഘാടകത്വം, ആത്മാർത്ഥതനിറഞ്ഞ പ്രവർത്തനം തുടങ്ങിയവ അച്ചന്റെ പ്രവർത്തനങ്ങളെ വിജയത്തിലേക്ക് നയിച്ചു.

റോം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന അച്ചന്റെ വിവിധ മേഖലകളിലെ പഠനങ്ങളും ഗവേഷണങ്ങളും അംഗീകരിച്ച് 1986 ൽ അച്ചന്റെ ശുശ്രൂഷ ആഗോളസഭയുടെ കേന്ദ്രമായ വത്തിക്കാനിലേക്ക് ആവശ്യപ്പെടുകയുണ്ടായി. വത്തിക്കാനിൽ പൗരസ്ത്യസഭകൾക്കായുള്ള സംഘം 1994-95 കാലയളവിൽ സീറോ-മലബാർ സഭയുടെ ആരാധനക്രമത്തിന് വേണ്ടി നിയോഗിച്ച ഏഴംഗകമ്മീഷനിൽ അംഗമായും അതിന്റെ സെക്രട്ടറിയായും അച്ചനെ നിയ

www.malankaralibrary.com

മിച്ചു. 1996 മുതൽ വത്തിക്കാനിൽ ആരാധന ക്രമത്തിന് വേണ്ടിയുള്ള സംഘത്തിൽ ഭാഗികമായി സേവനം ചെയ്ത ആന്റണിയച്ചനെ 1999 മാർച്ച് ഒന്നു മുതൽ അതേസംഘത്തിൽ മുഴുവൻസമയ ശുശ്രൂഷയ്ക്കായി നിയമിച്ചു. ആ ശുശ്രൂഷ ഇന്നും തുടരുന്നു. അച്ചൻ സഭയ്ക്ക് നൽകികൊണ്ടിരിക്കുന്ന സേവനങ്ങൾക്കുള്ള അംഗീകാരമായി ജോൺ പോൾ രണ്ടാമൻ മാർപാപ്പ 2005 മാർച്ച് 21-ന് മോൺസിഞ്ഞോർ പദവി നൽകി ആദരിച്ചു.

പഠനത്തെ എന്നും തപസ്യയായി കാണുകയും അതിനായി സ്വയം സമർപ്പിക്കുകയും ചെയ്ത ചരിത്രം കൂടിയാണ് അച്ചന്റെ കഴിഞ്ഞകാല ജീവിതം. അച്ചന്റെ വിദ്യാർത്ഥിജീവിതം ഇനിയും അവസാനിച്ചിട്ടില്ല. 1974-ൽ കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും പീഡിഗ്രിയും 1977-ൽ നാഗ്പൂർ സർവ്വകലാശാലയിൽ നിന്നും ഇംഗ്ലീഷ് ലിറ്ററേച്ചർ, ഹിസ്റ്ററി, ഫിലോസഫി എന്നീ ഐച്ഛിക വിഷയങ്ങളെടുത്ത് ബി. എ. ബിരുദവും റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ അഫിലിയേറ്റ് ചെയ്തിരുന്ന വടവാതൂർ സെമിനാരിയിൽ നിന്നും പൗരസ്ത്യദൈവശാസ്ത്ര വിഷയങ്ങളിൽ ബാച്ച്ലർ ബിരുദവും സമ്പാദിച്ചു. തിരക്കിട്ട അജപാലനശുശ്രൂഷകൾക്കിടയിൽ 1985 -ൽ കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും ചരിത്രത്തിൽ എം. എ. ബിരുദവും നേടി. 1989-ൽ റോമിലെ പൊന്തിഫിക്കൽ ലിറ്റർജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ആരാധനക്രമത്തിൽ L.S.L. എന്ന ലൈസൻഷ്യേറ്റു ബിരുദവും 1990-1991-ൽ ജർമ്മനിയിലെ മാർബുർഗ് യൂണിവേഴ്സിറ്റിയിൽ നിന്നും സുറിയാനി ഭാഷയിലും സുറിയാനി സാഹിത്യത്തിലും ഡിപ്ലോമയും സമ്പാദിച്ചു.

റോമിലെ പൊന്തിഫിക്കൽ ലിറ്റർജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ആരാധന ക്രമത്തിൽ S. L. D എന്ന ഡോക്ടറേറ്റു ബിരുദം വളരെ പ്രശസ്തമായ നിലയിൽ നേടി. പിന്നീട് റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും 1996-ൽ കാനൻനിയമത്തിൽ L. C. L എന്ന ലൈസൻഷ്യേറ്റു ബിരുദവും 1996-97-ൽ റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ ആരംഭിച്ച ബിബ്ലിക്കൻതിയോളജിയുടെ പഠനം 1998 ഒക്ടോബർ മാസം റോമിലെ അഞ്ചേലിക്കും എന്ന സെന്റ് തോമസ് അക്വിനാസ് യൂണിവേഴ്സിറ്റിയിൽ പൂർത്തിയാക്കി L.Th എന്ന ലൈസൻഷ്യേറ്റ്ബിരുദവും സമ്പാദിച്ചു. 2003 ജൂണിൽ ഹൈദ്രാബാദിലെ ഉസ്മാനിയ യൂണിവേഴ്സിറ്റിയിൽ നിന്നും ഫിലോസഫിയിൽ 2-ാം റാങ്കോടു കൂടി എം. എ. ബിരുദവും അതിനുശേഷം റോമിലെ പൊന്തിഫിക്കൽ ആർക്കിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ക്രിസ്ത്യൻആർക്കിയോളജിയിൽ പഠനം നടത്തി 2005-ൽ ഡിപ്ലോമയും കരസ്ഥമാക്കി. ന്യൂഡൽഹിയിലെ Ministry of Human Resource Developmentനു കീഴിലുള്ള National Sanskrit Institute ന്റെ ആഭിമുഖ്യത്തിൽ സംസ്കൃതഭാഷാ പഠനത്തിൽ ഏർപ്പെട്ടിരിക്കുന്നതിനോടൊപ്പം കാനൻ നിയമ(canan law)ത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കാനുള്ള ഗവേഷണം പൂർത്തിയാക്കികൊണ്ടിരിക്കുകയുമാണ്.

www.malankaralibrary.com

പഠനത്തിന്റെ മേഖലയിൽ അസാമാന്യമായ ശ്രദ്ധ പുലർത്തുകയും അദ്ധ്വാനിക്കുകയും ചെയ്യുന്നതോടൊപ്പം വിവിധ ഭാഷകൾ പഠിച്ചെടുക്കുവാനും അവഗാഹം നേടിയെടുക്കുവാനുമുള്ള അച്ചന്റെ ശ്രമം ശ്ലാഘനീയം തന്നെ. ഭാഷകൾ ഓരോ ജനതയെയും അവരുടെ സമ്പന്നമായ സംസ്കാരത്തേയും പ്രതിനിധാനം ചെയ്യുന്നു എന്ന ബോദ്ധ്യമാണ് വിവിധ ഭാഷകൾ പഠിച്ചെടുക്കുവാൻ അച്ചനെ പ്രേരിപ്പിക്കുന്നത്. ഓരോ ജനതയേയും അവരുടെ സംസ്കാരത്തേയും അറിയുവാനും സ്നേഹിക്കുവാനുമുള്ള അച്ചന്റെ അദമ്യമായ ആഗ്രഹമാണ് ഭാഷാപഠനത്തിലെത്തിനിൽക്കുന്നത്. നാഗ്പൂരിലെ പഠനത്തിനിടയിൽ ഹിന്ദിയും തമിഴ്നാട്ടിലെ ജീവിതത്തിനിടയിൽ തമിഴും പഠിക്കുന്നതിന് പ്രത്യേകം ശ്രദ്ധിച്ചു. ഇറ്റലിയിലെ പെറുജ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇറ്റാലിയൻ ഭാഷയും ജർമ്മനിയിലെ ബോണിലുള്ള ഭാഷാഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പിന്നീട് മാർബുർഗ് യൂണിവേഴ്സിറ്റിയിൽ നിന്നും ജർമ്മൻ ഭാഷയും റോമിലെ ഫ്രഞ്ച് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പാരീസിലുള്ള കാത്തലിക് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ നിന്നും ഫ്രഞ്ച്ഭാഷയും റോമിലെ ബിബ്ലിക്കൻ ഇൻസ്റ്റിറ്റ്യൂട്ടിലും ജർമ്മനിയിലെ മാർബുർഗ് യൂണിവേഴ്സിറ്റിയിലും നിന്ന് സുറിയാനി ഭാഷയിലും അവഗാഹം നേടി. കൂടാതെ ജർമ്മനിയിലെ മാർബുർഗ് യൂണിവേഴ്സിറ്റിയിൽ നിന്ന് സ്പാനീഷ്, പോർച്ചുഗീസ്, അറബി ഭാഷകളും റോമിലെ ഗ്രിഗോറിയൻയൂണിവേഴ്സിറ്റിയിൽ നിന്ന് ഹീബ്രു, ഗ്രീക്ക്, ലത്തീൻ ഭാഷകളും പഠിച്ചു. ചുരുങ്ങിയ ഏതാനും വർഷങ്ങൾക്കുള്ളിൽ ഇത്രയേറെ ഭാഷകളിൽ നൈപുണ്യം നേടാൻ അച്ചൻ നടത്തിയ കഠിന പരിശ്രമവും പ്രദർശിപ്പിച്ച അഭിവാഞ്ചയും തീർച്ചയായും ശ്ലാഘനീയംതന്നെ.

ബിരുദാനന്തര പഠനങ്ങൾക്കും ഭാഷാപഠനങ്ങൾക്കും സമയം കണ്ടെത്തുന്നതുപോലെ തന്നെ ഗവേഷണ പഠനങ്ങളും മറ്റും പ്രസിദ്ധീകരിക്കുന്നതിനും ആന്റണിഅച്ചൻ പ്രത്യേക നിഷ്ഠ വയ്ക്കുന്നു. തൽഫലമായി അമ്പതോളം ഈടുറ്റ പ്രസിദ്ധീകരണങ്ങൾ, ലേഖനങ്ങളും പുസ്തകങ്ങളുമായി വിവിധ ഭാഷകളിൽ ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'Orbis Liturgicus'(Liturgical World) എന്ന പേരിൽ റോമിൽ നിന്നും പ്രസിദ്ധീകരിച്ച ആരാധനക്രമപണ്ഢിതരുടെ പട്ടികയിൽ ആന്റണിയച്ചന് സ്ഥാനം നൽകി ആദരിച്ചിട്ടുണ്ട്. ആരാധനക്രമവുമായി ബന്ധപ്പെട്ട് ദൈവാരാധനയുടെ ദൈവശാസ്ത്രം, ആരാധനവത്സരം, വിശുദ്ധവാരം, കൂദാശകളോടു ബന്ധപ്പെട്ട കാനോനികനിയമം, സുറിയാനി സഭാപിതാക്കന്മാരുടെ പഠനങ്ങൾ എന്നിവ അച്ചന്റെ ഗവേഷണ മേഖലകളാണ്. വേദപുസ്കത്തിന്റെ പശ്ചാത്തലത്തിൽ സഭാ പിതാക്കന്മാരുടെ ചിന്തകൾ സ്വാംശീകരിച്ച് സഭയുടെ ആരാധനയിൽ അലിഞ്ഞുചേരുന്ന അനുഭവത്തിന്റെ തലത്തിലേക്ക് ഇറങ്ങിവരുന്ന ദൈവശാസ്ത്രപഠനങ്ങൾ ഭാരതപശ്ചാത്തലത്തിൽ കൂടുതലുണ്ടാവണമെന്ന് ഇദ്ദേഹം ഏറെ ആഗ്രഹിക്കുന്നു. ഈ ലക്ഷ്യം വച്ചുകൊണ്ടാണ് 1997-ൽ

www.malankaralibrary.com

Catholic Theological Studies of India, എന്ന ദൈവശാസ്ത്ര പ്രസിദ്ധീകരണ ശാഖയ്ക്ക് നേതൃത്വം കൊടുത്തത്. ക്രൈസ്തവദൈവശാസ്ത്രം രൂപം പ്രാപിക്കുന്നത് സ്വർഗ്ഗത്തിൽ നിന്ന് ആരംഭിച്ച് ഭൂമിയിൽ ഒന്നു ചേരുന്നതിലൂടെയാണെന്നും, ഈ ലോകത്തിന്റെ യഥാർത്ഥ്യങ്ങളും അനുഭവങ്ങളും ദൈവശാസ്ത്രചിന്തയുടെ ഭാഗമായിതീരുന്നതോടൊപ്പം സ്വർഗ്ഗോന്മുഖമായ നിത്യതയ്ക്കായി ദൈവശാസ്ത്രചിന്തകൾ രൂപാന്തരപ്പെടണമെന്നും അച്ചൻ വ്യക്തമാക്കുന്നു. സ്വർഗ്ഗത്തിൽ നിന്നുള്ള ഉത്ഭവവും ഈ ലോകത്തിന്റെ കിതപ്പും നെടുവീർപ്പും നിത്യതയിലേക്കുള്ള കുതിപ്പുമെല്ലാം, ആരാധനയുടെ സ്തുതിപ്പും വിലാപവും കൃതജ്ഞതയും പ്രത്യാശയുമെല്ലാം, ത്രിതൈക ദൈവത്തിന് അർപ്പിക്കുമ്പോൾ സഭയുടെ ആരാധന രൂപം പ്രാപിക്കുന്നുവെന്നും അച്ചൻ കരുതുന്നു.

റോമിലെ തിരക്കേറിയ ജീവിതത്തിനിടയിലും അജപാലനശുശ്രൂഷയിലൂടെ സാധാരണജനങ്ങളുമായി അടുത്തിടപഴകാനും വിശ്വാസജീവിത പരിശീലനത്തിൽ അവരെ സഹായിക്കുവാനും കൊല്ലംപറമ്പിലച്ചൻ പ്രത്യേകം ശ്രദ്ധിക്കുന്നു. വാരാന്ത്യത്തിൽ ഇടവകയിലെത്തി അജപാലന ശുശ്രൂഷയിലേർപ്പെടുവാനും സകലർക്കും സഹായിയും വഴികാട്ടിയുമായിത്തീരുവാനും അച്ചൻ ശ്രമിക്കുന്നു.

റോമിലെ ദീർഘകാലത്തെ താമസവും അതിലുപരി ചരിത്രത്തോടുള്ള അച്ചന്റെ പ്രത്യേക താല്പര്യവും പുരാതന റോമിനെക്കുറിച്ചും ആധുനിക റോമിനെക്കുറിച്ചും ആഴമായ അറിവുനേടാൻ അദ്ദേഹത്തെ സഹായിച്ചു. റോമിൽ സന്ദർശനത്തിനും പഠനത്തിനും ഗവേഷണത്തിനും എത്തുന്നവർക്ക് ഈ അറിവു പകർന്നുനല്കുന്നതിനും അവർക്ക് ഒരു നല്ല വഴികാട്ടിയാകുന്നതിനും അച്ചൻ പ്രത്യേക താല്പര്യമെടുക്കുന്നു. റോമാ സന്ദർശകർക്കായി അച്ചൻ തയ്യാറാക്കിയ A Pilgrim and a Tourist in the Eternal City എന്ന ലഘു ഗ്രന്ഥം റോമിനെക്കുറിച്ചുള്ള അച്ചന്റെ ചരിത്രപരവും ആത്മീയമായിട്ടുള്ള അറിവും ഉൾക്കാഴ്ചയും വിളിച്ചറിയിക്കുന്നു. ജീസസ് യൂത്ത് ഇന്റർനാഷണൽ എന്ന യുവജന പ്രസ്ഥാനം സംഘടിപ്പിക്കുന്ന എല്ലാ തീർത്ഥാടനങ്ങളുടെയും കോർഡിനേറ്റർ സ്ഥാനത്ത് അച്ചനെയാണ് നിയോഗിച്ച്വരുന്നത്. അമേരിക്കയിൽ അടുത്തുവരുന്ന സീറോ- മലബാർ കാത്തലിക്ക് കൺവെൻഷന്റെ റോമിലെ പരിപാടികളുടെ മുഖ്യ സംഘാടകനായി അച്ചനെ ചുമതലപ്പെടുത്തിയിരിക്കുന്നതും അദ്ദേഹത്തിന്റെ സംഘാടകവൈഭവം കൊണ്ടുതന്നെ. റോമിൽ ചെന്നെത്തുന്നവരുടെ വഴികാട്ടിയായി നിന്നു സഹായിക്കുവാനും, തയ്യാറെങ്കിൽ സൈക്കിൾ സവാരിക്ക് കൂട്ടികൊണ്ടു പോകുവാനും അച്ചൻ തയ്യാറാകും. നാട്ടിൽ നിന്നെത്തുന്ന വൈദികർക്കും അൽമായർക്കും ഈ നിലയ്ക്ക് നല്ലൊരു വഴികാട്ടിയാണ് റോമൻ കൂരിയായിലെ ഉദ്യോഗസ്ഥനായ ഈ അച്ചൻ. റോമിന്റെ ഓരോ മുക്കും മൂലയും നിശ്ചയമാണ്. ഓരോ ചരിത്രസ്മാരകത്തിന്റേയും ചരിത്രം ഹൃദിസ്ഥമാണ്.

www.malankaralibrary.com

പൗരോഹിത്യ ജീവിതത്തിന്റെ രജതജൂബിലി വത്സരത്തിലൂടെ കടന്നുപോകുന്ന ആന്റണി കൊല്ലംപറമ്പിലച്ചന് തന്റെ മാതൃരാഷ്ട്രമായ ഭാരതത്തെകുറിച്ച് തനതായ സ്വപ്നങ്ങളുണ്ട്. ആത്മീയതയും സംസ്കാരവും മനുഷ്യസമ്പത്തും ബൗദ്ധികസമ്പത്തുമെല്ലാം ഒത്തുചേർന്നിരിക്കുന്ന ഭാരതത്തിന് ലോകത്തിൽ അർഹിക്കുന്ന സ്ഥാനവും സ്വാധീനവും നേതൃത്വവും വളർത്തിയെടുക്കാൻ കഴിയണം. ആ ലക്ഷ്യം പ്രാപിക്കുന്നതിന് നല്ലൊരു നേതൃനിരയെ രൂപപ്പെടുത്തുവാനുള്ള ശ്രമങ്ങളും പദ്ധതികളും പ്രസ്ഥാനങ്ങളും ഉണ്ടാകണം. ഭാവിതലമുറ ലക്ഷ്യബോധത്തോടെയും ധാർമ്മിക മൂല്യങ്ങളോടെയും വളർന്ന്വരുവാൻ അനുയോജ്യമായ സാഹചര്യത്തിന് മത, രാഷ്ട്രീയ, സാംസ്കാരിക, സാഹിത്യ പ്രതിഭകൾ അവസരമൊരുക്കണം. ഭാരതം സാമ്പത്തികവളർച്ച നേടിയാൽ മാത്രംപോരാ, നന്മയിലും സത്യത്തിലും അധിഷ്ഠിതമായി സകലരംഗങ്ങളിലും പുരോഗതിയുണ്ടാകണം. എന്തുചെയ്യുമ്പോഴും അത് ഭാരതത്തിലെ ബഹുഭൂരിപക്ഷം വരുന്ന ദരിദ്രജനങ്ങൾക്ക് സഹായകരമായിരിക്കും എന്ന് ഉറപ്പു വരുത്തുവാനുള്ള ബാദ്ധ്യത ബന്ധപ്പെട്ടവർ ഏറ്റെടുക്കണം. ആധുനികതയുടെ കുതിച്ചുചാട്ടത്തിൽ തകർന്നുപോകാത്ത സമഗ്രമായ ഒരു വിദ്യാഭ്യാസപദ്ധതിക്ക് രൂപം കൊടുക്കുവാനും അതിലൂടെ നവഭാരതസൃഷ്ടിക്കായി മൂല്യബോധവും ലക്ഷ്യബോധവുമുള്ള നല്ലൊരു നേതൃനിരയെ വളർത്തിയെടുക്കുവാനും കഴിയണം. ഈ ലക്ഷ്യസാധ്യത്തിനായി സമാനചിന്താഗതിയുള്ള വ്യക്തികളുമായും പ്രസ്ഥാനങ്ങളുമായും സഹകരിക്കുവാനും ഫാ. ആന്റണി ആഗ്രഹിക്കുന്നു.


തിരുസഭാഗാത്രത്തിന്റെ വളർച്ചയ്ക്കുവേണ്ടി ദൈവം നൽകിയ താലന്തുകളെ പ്രയോജനപ്പെടുത്തി താൻ നിയോഗിക്കപ്പെടുന്ന പ്രവർത്തനങ്ങളിൽ പൂർണ്ണമായും വിജയം കണ്ടെത്താൻ അദ്ദേഹം പരിശ്രമിക്കുകയാണ്. വേദനിക്കുന്നവരോടും പാവങ്ങളോടുമുള്ള ദീനാനുകമ്പയും ഉള്ളലിവും സാത്മീഭാവവും അച്ചനെ കൂടുതൽ കർമ്മനിരതനാക്കുന്നു. അദ്ദേഹത്തിന്റെ വ്യക്തി പ്രഭാവവും സർഗാത്മകതയും പാണ്ഡിത്യവും വരും വർഷങ്ങളിൽ സഭയ്ക്കും ദൈവജനത്തിനും നിരവധി സേവനസരണികൾ തുറക്കുക തന്നെ ചെയ്യും.

Address: Mgr. Antony Kollamparambil,
Congregaration Divine Worship,
00120, Vatican city State,
Vatican, Rome.

www.malankaralibrary.com

# 410

# മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്



"അതിരൂപതയിൽ ഏതു തീരുമാനമെടുക്കുമ്പോഴും നാം ചോദിക്കണം. ഇത് പാവങ്ങളെ എങ്ങനെ ബാധിക്കും. സ്വന്തം ജീവിതശൈലിയെ സംബന്ധിച്ച് തീരുമാനമെടുക്കുമ്പോൾ എല്ലാ കുടുംബാംഗങ്ങളും ഈ ചോദ്യം ഉന്നയിക്കണം" എറണാകുളം അതിരൂപതയുടെ സഹായ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട മാർ സെബാസ്റ്റ്യൻ എടയന്ത്രത്തുമായി സത്യദീപം പ്രതിനിധി നടത്തിയ അഭിമുഖത്തിൽ പ്രസ്താവിച്ച കാര്യമാണ് മുകളിൽ ചേർത്തിരിക്കുന്നത്. എടയന്ത്രത്തു പിതാവിന്റെ ഈ പ്രസ്താവനയിൽനിന്നും പാവങ്ങളോട് അദ്ദേഹത്തിനുള്ള മനോഭാവം എന്താണെന്ന് നമുക്കു മനസ്സിലാക്കാം. സാധാരണക്കാരും പാവപ്പെട്ടവരുമായി ചെറുപ്പംമുതലേ ഇടപെട്ടുപ്രവർത്തിക്കുകയും സെമിനാരി വിദ്യാർത്ഥിയായിരുന്ന കാലത്ത് ചേരിപ്രദേശങ്ങളിൽ പോയി പ്രവർത്തിച്ച് അവരുടെ ദുരിതങ്ങൾ കണ്ട് മനസ്സിലാക്കുകയും ചെയ്ത മാർ സെബാസ്റ്റ്യൻ എന്നും എപ്പോഴും പാവങ്ങളുടെ പക്ഷത്താണ് നിലയുറപ്പിച്ചത്. മെത്രാൻ സ്ഥാനത്തേക്കുയർത്തപ്പെട്ടപ്പോഴും അദ്ദേഹം പാവങ്ങളെപ്പറ്റിയാണ് ചിന്തിച്ചതും ചിന്തിക്കുന്നതും.

സേവ് എ. ഫാമിലി പ്രവർത്തനങ്ങളിലൂടെ അനേകർക്ക് താങ്ങും തണലുമായിത്തീർന്ന മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് വൈക്കത്ത് എടയന്ത്രത്ത് കുടുംബത്തിൽ ഔസേഫ് ചാക്കോ ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1957 ഏപ്രിൽ 5-ാം തീയതി ജനിച്ചു. വൈക്കത്തെ സെന്റ് ജോസഫ്സ് എൽ.പി.സ്കൂളിലും, സെന്റ് തെരേസാസ് ഹൈസ്കൂളിലുമായിരുന്നു വിദ്യാഭ്യാസം. 1973 ൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ സെബാസ്റ്റ്യൻ അതേവർഷംതന്നെ അതിരൂപതവക സേക്രട്ട്ഹാർട്ട് മൈനർ സെമിനാരിയിൽ ചേർന്നു. മൈനർ സെമിനാരിയിലെ പഠനകാലത്തുതന്നെ കേരളായൂണിവേഴ്സിറ്റിയിൽനിന്നും പ്രീഡിഗ്രി പാസ്സായി. തുടർന്ന് 1976 - 1979 കാലത്ത് പൂനയിലെ ജ്ഞാനദീപവിദ്യാപീഠം (പൊന്തിഫിക്കൽ അത്തേനിയം) ത്തിൽ ചേർന്ന് ഫിലോസഫി പഠനം നടത്തി. പിന്നീട് ഒരുവർഷക്കാലം കളമശ്ശേരിയിലെ സോഷ്യൽ വെൽഫെയർ ഇൻസ്റ്റിറ്റ്യൂട്ടിലും സോഷ്യൽ സെന്ററിലും റീജൻസി നടത്തി. ഇക്കാലത്ത് ചേരിപ്രദേശങ്ങളിലെത്തി അവരുടെ പ്രശ്നങ്ങൾ പഠിക്കാൻ ശ്രമിച്ചു. ഒരു ജീവിത പരിവർത്തനത്തിനുതന്നെ ആ പ്രവർത്തനം കളമൊരുക്കി. 1980 - 1983 ൽ വീണ്ടും പൂനയിലെ പൊന്തിഫിക്കൽ അത്തേനിയത്തിൽ എത്തി ദൈവശാസ്ത്രപഠനം പൂർത്തിയാക്കി. 1983 ഡിസംബർ 18-ാം തീയതി ബിഷപ് മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി

www.malankaralibrary.com

യിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു. വൈദികനായതിനുശേഷവും പൂന യിൽതന്നെ പഠിക്കുകയും മാസ്റ്റേഴ്സ് ഡിഗ്രി കരസ്ഥമാക്കുകയും ചെയ്തു. തുടർന്ന് അതിരൂപതയിലെ പല പള്ളികളിലും അജപാലനശുശ്രൂഷ നിർവ്വ ഹിച്ചു. കാർഡിനൻ മാർ ആന്റണി പടിയറ തിരുമേനിയുടെ സെക്രട്ടറി യായും സേവ് എ ഫാമിലിയുടെ കേരളത്തിലെ എക്സിക്യൂട്ടീവ് ഡയറക്ട റായും സേവനമനുഷ്ഠിച്ചു. തുടർന്ന് 13 വർഷക്കാലം സേവ് എ ഫാമിലി യുടെ എക്സിക്യൂട്ടീവ് ഡയറക്ടറായി ക്യാനഡായിൽ പ്രവർത്തിച്ചു. കേര ളത്തിലെ അനേകായിരം പാവങ്ങളുടെ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുവാ നുള്ള സന്ദർഭമായിരുന്നു ഇത്. 2002 ഫെബ്രുവരി 4-ാം തീയതി എറണാ കുളം അങ്കമാലി അതിരൂപതയുടെ സഹായമെത്രാനായും മക്രയാനാ മജോ റിയുടെ സ്ഥാനിക മെത്രാനായും ജോൺപോൾ രണ്ടാമൻ മാർപാപ്പാ അദ്ദേ ഹത്തെ നിയമിച്ചു. ആത്മാർത്ഥതയോടും അർപ്പണബോധത്തോടെയും ഉള്ള എടയന്ത്രത്തിന്റെ പ്രവർത്തനങ്ങൾ എല്ലാവരുടെയും അംഗീകാരം നേടുക യുണ്ടായി.

സത്യദീപം പ്രതിനിധിയുമായി നടത്തിയ അഭിമുഖത്തിലെ ഏതാനും കാര്യങ്ങൾ താഴെച്ചേർക്കുന്നു.

"എന്റെ മെത്രാൻ ശുശ്രൂഷ, ജനങ്ങൾക്ക് എന്റെ ജീവിതം മാത്രം പങ്കുവയ്ക്കാനുള്ളതല്ല. ഇതേ പ്രക്രിയ ഇതേ രീതിയിൽ ചെയ്യാൻ സാദ്ധ്യ മായ എല്ലാ സംവിധാനങ്ങളെയും പ്രേരിപ്പിക്കുവാനുള്ളതാണ്. ഈ ലക്ഷ്യം മുൻനിർത്തി എല്ലാ ക്രൈസ്തവരുമൊത്തു പ്രവർത്തിക്കാൻ ഞാനാഗ്രഹി ക്കുന്നു. വിശേഷിച്ചും, എറണാകുളം അതിരൂപതാംഗങ്ങളുമൊത്ത്.

ഒടുവിലായി, സമൂഹത്തിലെ ശബ്ദമില്ലാത്തവരിൽ വിശേഷിച്ചും, വിഭ ജിക്കപ്പെട്ട ക്രിസ്തുവിന്റെ മുഖം ഞാൻ ദർശിക്കുന്നു. ക്രിസ്തുവിന്റെ ആ മുഖവുമായി എന്നെത്തന്നെ ശക്തമായി ബന്ധിപ്പിക്കാമെന്നു ഞാൻ പ്രത്യാ ശിക്കുന്നു. ഏതുതരം നേതൃശൈലിയായിരിക്കും പിതാവ് സ്വീകരിക്കുക യെന്ന ചോദ്യത്തിന് തിരുമേനി നൽകിയ ഉത്തരം പ്രസക്തമാണ്. അത് താഴെചേർക്കുന്നു.

"ചർച്ചകളും സംഭാഷണവും ഉൾച്ചേർക്കുന്ന ഒരു നേതൃത്വം, ഉത്തര വാദിത്വവും സുതാര്യതയും പ്രോത്സാഹിപ്പിക്കുന്ന നേതൃത്വം. പ്രശ്ന ങ്ങൾക്കു താത്കാലിക പരിഹാരങ്ങൾ തേടുന്നതിനേക്കാൾ, അവയുടെ മൂല കാരണങ്ങൾ കണ്ടെത്തുവാൻ പരിശ്രമിക്കുന്ന നേതൃത്വം. പ്രതികരിക്കുന്ന തിനേക്കാൾ പ്രവർത്തിക്കുന്ന നേതൃത്വം.

ഇതുമൂലം, നമ്മുടെ ദൗത്യത്തിന്റെ വിവിധ ആഭിമുഖ്യങ്ങളെ സംബ ന്ധിച്ച്, ഹ്രസ്വകാല - ദീർഘകാല ആസൂത്രണങ്ങൾ ആവശ്യമായി വരും.

നമ്മുടെ ദൗത്യത്തെ സംബന്ധിച്ചും വ്യക്തതയുണ്ടാകണം. ഏല്പി ക്കപ്പെടുന്ന ദൗത്യം നിറവേറ്റാൻ നമ്മുടെ മനുഷ്യശേഷിയും വിഭവങ്ങളും ചെലവഴിക്കേണ്ട മേഖലകൾ ഏതെക്കെയാണെന്നതിനെ സംബന്ധിച്ചും

www.malankaralibrary.com

വ്യക്തമായ അവബോധമുണ്ടാകണം.

അതിവേഗം മുന്നോട്ടു കുതിക്കുന്നതും സങ്കീർണവും മാറിക്കൊണ്ടിരിക്കുന്നതുമായ ഒരു സമൂഹത്തിനു നടുവിൽ, നവസഹസ്രാബ്ദത്തിന്റെ ആരംഭത്തിലാണു നാം. നാം എവിടെ നിൽക്കുന്നുവെന്നതിനെ വലുതായി സ്വാധീനിക്കുന്ന ഒരു രാഷ്ടത്തിന്റെയും ലോകത്തിന്റെയും ഭാഗമാണു നമ്മുടെ രൂപതയെന്നത് ഓർമിക്കുക സുപ്രധാനമാണ്. ലോകത്തിൽനിന്നു നീങ്ങിനിൽക്കാൻ നാം ആഗ്രഹിക്കരുത്, മറിച്ച്, മുഴുവൻ ലോകത്തിന്റെയും സഹോദരങ്ങളായി നമ്മെത്തന്നെ കാണണം.

അൽമായരെപ്പറ്റിയുള്ള കാഴ്ചപ്പാടു പ്രത്യേകം ശ്രദ്ധേയമാണ്. മാർ എടയന്ത്രത്ത് പറയുന്നത് ശ്രദ്ധിക്കുക. "രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം നാം നമ്മുടെ ജ്ഞാനസ്നാനപ്രതിബദ്ധതയെക്കുറിച്ച്, ആഴമേറിയ അവബോധത്തിലേക്കുവന്നു. ലോകത്തിന്റെ ദീപവും ഭൂമിയുടെ ഉപ്പുമാകുകയെന്ന യേശുക്രിസ്തുവിന്റെ ദൗത്യനിർവഹണത്തിന്റെ അവിഭാജ്യഘടകമാണു തങ്ങളെന്ന് അല്മായർ ഇന്നു മനസ്സിലാക്കുന്നു. പങ്കാളിത്തഭരണശൈലിയെന്നതിന്റെ അർത്ഥം, ഇടവകജീവിതത്തിലൂടെയും രൂപതാസംഘടനകളിലൂടെയും അൽമായരെ സഭാദൗത്യത്തിൽ പങ്കാളികളാക്കണമെന്നതാണ്."

സമകാലീന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിലും അദ്ദേഹം ശ്രദ്ധ ചെലുത്തുന്നുണ്ട്.

സീറോ - മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ (2004) മുഖ്യചുമതല മാർ സെബാസ്റ്റ്യൻ എടയന്ത്രത്തിനായിരുന്നു. അതുപോലെതന്നെ ചാവറജയന്തിയും നിധീരിക്കൽ മാണിക്കത്തനാർ ചരമശതാബ്ദിയും സീറോ - മലബാർ സഭയുടെ ആഭിമുഖ്യത്തിൽ എറണാകുളത്തുവച്ച് വിപുലമായ തോതിൽ ആഘോഷിച്ചതിന്റെയും പൂർണ്ണചുമതല എടയന്ത്രത്ത് പിതാവിനായിരുന്നു. മികച്ച ഒരു സംഘാടകനെന്ന നിലയിൽ ആ സമ്മേളനങ്ങളിലൂടെ തന്റെ കരുത്ത് തെളിയിക്കാൻ അദ്ദേഹത്തിന് സാധിച്ചു.


ഏതു കാര്യങ്ങളും സമചിത്തതയോടെ കൈകാര്യം ചെയ്യാനുള്ള തിരുമേനിയുടെ വൈഭവം പ്രത്യേകം എടുത്തുപറയേണ്ടതാണ്.

Address - Mar Sebastian Adayanthrath
Cardinal House
Eranakulam.

www.malankaralibrary.com

# 411

# ബിഷപ്പ് തോമസ് മാർ കൂറിലോസ്



ആർക്കും എപ്പോഴും ഏതവസരത്തിലും സമീപിക്കാവുന്ന ഒരു ബിഷപ്പാണ് മുവാറ്റുപുഴ രൂപതയുടെ അധിപനായ തോമസ് മാർ കൂറിലോസ് തിരുമേനി. സ്നേഹപൂർവ്വമായ പെരുമാറ്റം കൊണ്ടും വാക്കുകൾ കൊണ്ടും ഏവരുടെയും ആദരവുകൾ പിടിച്ചുപറ്റുന്ന ഒരു സ്നേഹ സമ്പന്നനാണദ്ദേഹം. മലങ്കരസഭയുടെ ഏറ്റം പുതിയ രൂപതയായ മുവാറ്റുപുഴ രൂപതയെ ദൈവമാതാവിന് സമർപ്പിച്ചുകൊണ്ടാണ് തോമസ് മാർ കൂറിലോസ് രൂപതയുടെ ഭരണഭാരം ഏറ്റെടുത്തത്. "അവൻ പറയുന്നത് നിങ്ങൾ ചെയ്യുവിൻ" എന്ന പ: കന്യകാ മറിയത്തിന്റെ വാക്കുകൾ ആണ്, അനുസരണ ബലിയേക്കാൾ ശ്രേഷ്ഠമെന്നു കരുതുന്ന തോമസ് മാർ കൂറിലോസ് തിരുമേനി മുദ്രാവാക്യമായി സ്വീകരിച്ചത്.

യൗവനത്തിന്റെ പ്രസരിപ്പോടെ മേൽപ്പെട്ട സ്ഥാനത്തേക്കുയർത്തപ്പെടുവാൻ ഭാഗ്യം സിദ്ധിച്ച അപൂർവ്വം ചില വ്യക്തികളിൽ ഒരാളാണ് തിരുമേനി. അദ്ദേഹം തിരുവല്ലാ രൂപതയുടെ സഹായ മെത്രാനായി നിയമിതനാകുമ്പോൾ ഭാരതത്തിലെ കത്തോലിക്കാ മെത്രാന്മാരിൽ ഏറ്റം പ്രായം കുറഞ്ഞ "കൊച്ചു തിരുമേനി" യായിരുന്നു. ഇന്നും അദ്ദേഹം പ്രായക്കുറവിന്റെ കാര്യത്തിൽ കേരളത്തിലെ മെത്രാന്മാരിൽ രണ്ടാമനാണ്.

സീറോ-മലബാർ സഭയെ ഉയരങ്ങളിലേക്ക് നയിക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ചുകൊണ്ടിരിക്കുന്ന തോമസ് മാർ കൂറീലോസ് തിരുമേനി 1958 ഒക്ടോബർ 19 -ന് മാന്നാർ പനക്കമറ്റത്ത് ചക്കാലപ്പടിക്കൽ നൈനാൻ-ഏലിയാമ്മ ദമ്പതികളുടെ നാലാമത്തെ മകനായി ജനിച്ചു. ബേബിച്ചൻ എന്നായിരുന്നു ബാല്യത്തിൽ അദ്ദേഹത്തെ വിളിച്ചിരുന്നത്. തോമസ് എന്നായിരുന്നു ജ്ഞാനസ്നാനപ്പേര് (മാമ്മൻ). തേവർകുഴി സെന്റ്. തോമസ് യു.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തിയ തോമസ് തുടർന്ന് കടപ്ര-മാന്നാർ എം.എസ്.എം. യു.പി. സ്കൂൾ, നിരണം സെന്റ് മേരീസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠിച്ചു. 1973 - ൽ എസ്.എസ്.എൽ.സി. പാസ്സായി പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടം തുടങ്ങി വൈദികനാകാനുള്ള മോഹവുമായിട്ടാണ് തോമസ് വളർന്നു വന്നത്.

വൈദികനാകാനുള്ള മോഹവുമായി തിരുവല്ലാ രൂപതാ മൈനർ സെമിനാരിയിൽ തോമസ് ചേർന്നു. സെമിനാരിയിൽ പ്രവേശനം നൽകുമ്പോൾ റെക്ടർ പിന്നീട് മെത്രാനായ ഗീവർഗീസ് മാർ തീമോത്തിയോസ് തിരുമേനിയായിരുന്നു. മൈനർ സെമിനാരിയിലെ പഠനകാലത്തു തന്നെ ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിൽ പ്രീഡിഗ്രി പഠനവും നടത്തി.

www.malankaralibrary.com

പഠനത്തിൽ സമർത്ഥനായിരുന്ന ബ്ര. തോമസിനെ പ്രീഡിഗ്രി പഠനത്തിനു ശേഷം ഉപരിപഠനത്തിനായി പൂന പേപ്പൽ സെമിനാരിയിലേക്കയച്ചു. സെമിനാരി പഠനം വിജയകരമായി പൂർത്തിയാക്കിയ ബ്രദർ തോമസ് 1985 ഡിസംബർ 30 - ന് വൈദികപട്ടം തിരുവല്ലാ രൂപതാദ്ധ്യക്ഷനായിരുന്ന ഐസക് മാർ യൂഹന്നോൻ തിരുമേനിയിൽ നിന്നും സ്വീകരിച്ചു.

ഹൈറേഞ്ചിലും നിരണത്തുമായിരുന്നു അജപാലന ശുശ്രൂഷക്കായി ഫാ. തോമസിനെ ആദ്യം നിയമിച്ചത്. പിന്നീട് സഭയുടെ ബാഹ്യ-കേരളാ മിഷനുകളായ ഡൽഹി, ഫരീദാബാദ് മേഖലകളിൽ വൈദിക ശുശ്രൂഷ ചെയ്തു. രൂപതാദ്ധ്യക്ഷൻ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ ആദ്യത്തെ സെക്രട്ടറിയായി നിയമിക്കപ്പെട്ടതും ഫാ. തോമസായിരുന്നു. ആറു വർഷത്തെ അജപാലന ശുശ്രൂഷയ്ക്കു ശേഷം 1991 - ൽ ഉപരിപഠനത്തിനായി ഫാ. തോമസിനെ റോമിലേക്ക് അയച്ചു. 1995 - ൽ സഭാനിയമത്തിൽ ഡോക്ടറേറ്റ് നേടി.

കേരളത്തിൽ തിരിച്ചെത്തിയ ഫാ. തോമസിനെ ഉത്തരവാദിത്വമേറിയ പല ജോലികളും ഏൽപ്പിച്ചു. രൂപതാ ചാൻസലർ, തിരുവല്ലാ ഭദ്രാസനകോടതിയുടെ പ്രധാന ജഡ്ജി, ആലന്തുരത്തി സെന്റ് മേരീസ് പള്ളി വികാരി എന്നീ നിലകളിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചു. 1997 മേയ് 26 - ന് തിരുവല്ലാ രൂപതയുടെ സഹായ മെത്രാനായി ഫാ. തോമസ് നിയമിക്കപ്പെട്ടു. കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ഇടയനായിരുന്നു അദ്ദേഹം. 1997 ജൂലൈ 17 ന് മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. മെത്രാഭിഷേകത്തിന് മുന്നോടിയായി ഫാ. തോമസ് 1997 ജൂൺ 5 - ന് കടപ്ര-മാന്നാർ സെന്റ് കാതറൈൻ ദേവാലയത്തിൽ വച്ച് റമ്പാൻ സ്ഥാനം സ്വീകരിച്ചു. 1997 ജൂലൈ 17ന് മെത്രാഭിഷേകത്തോടനുബന്ധിച്ച് ദീപികയിൽ ജയ്സൺ കെ. മാത്യു എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"അജപാലനദൗത്യത്തിനായി തന്നെ തെരഞ്ഞെടുത്ത ദൈവകൃപയെ വിനയാന്വിതനായി സ്വീകരിക്കുന്നുവെന്ന് നിയുക്ത മെത്രാൻ പറഞ്ഞു. "പത്രോസിന് അജപാലനാധികാരം കൊടുക്കുന്നതിനു മുമ്പ് കർത്താവ് ഒരു കാര്യമേ ചോദിച്ചുള്ളു. നീ ഇവരേക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്ന്. ഒരു ഇടയന്റെ യോഗ്യത ഇതാണ്. എല്ലാറ്റിനും ഉപരിയായി കർത്താവിനെ സ്നേഹിക്കുക." നിയമന ഉത്തരവ് അറിഞ്ഞ ഉടനേ നിയുക്തമെത്രാൻ പറഞ്ഞു.

സദാ സ്നേഹവും പാണ്ഡിത്യവും എളിമയും ഇതിലുപരിയായി ദൈവസ്നേഹവും പ്രാർത്ഥനാജീവിതവുമാണ് അദ്ദേഹത്തെ ഈ പദവിയിലേക്കുയർത്തിയത്. നാലുമക്കൾ നഷ്ടമായശേഷം ദൈവം നൽകിയ ആൺമക്കളിൽ ഒരാളെ ദൈവത്തിനുവേണ്ടി നൽകണമെന്ന് അദ്ദേഹത്തിന്റെ മാതാപിതാക്കൾ ആഗ്രഹിച്ചു.

മെത്രാൻപദവിയിലേക്കുയർന്നതിന്റെ തലേന്നും തന്റെ വീട്ടിലെത്തി

www.malankaralibrary.com

മാതാപിതാക്കളുമായി കുറേനേരം സംസാരിച്ചു. എഴുപതുകാരിയായ അമ്മയുടെ മടിയിൽ തലവച്ച് അൽപനേരം ഉറങ്ങി. മാതാപിതാക്കളോടുള്ള അദ്ദേഹത്തിന്റെ നിസ്സീമമായ സ്നേഹത്തിന്റെയും നിഷ്ക്കളങ്കമായ വാത്സല്യത്തിന്റെയും അടയാളമാണിത്. മടങ്ങാൻ നേരം രണ്ടുപേരോടുമൊന്നിച്ച് കുറച്ചുനേരം പ്രാർത്ഥിച്ചു. മാതാപിതാക്കളുടെ അനുഗ്രഹവും വാങ്ങി"

2003 ൽ മാർ കൂറിലോസ് തിരുമേനിയെ മൂവാറ്റുപുഴ രൂപത സ്ഥാപിച്ചപ്പോൾ അതിന്റെ ഇടയനായി നിയമിച്ചു. മൂവാറ്റുപുഴ രൂപതയുടെ സ്ഥാപനം താൻ സഹായമെത്രാനായപ്പോൾ തുടങ്ങി ചിന്തിച്ചിരുന്നതാണ്. ഐക്യദീപം മാസിക 2003 ഫെബ്രുവരി ലക്കത്തിൽ മാർ കൂറിലോസ് തിരുമേനിയുമായി ഫാ. വർഗ്ഗീസ് മണ്ണഞ്ചേരി നടത്തിയ അഭിമുഖം പ്രസിദ്ധീകരിച്ചിരുന്നു. അതിൽ ഒരുഭാഗം ഉദ്ധരിക്കാം.

"ഞാൻ മെത്രാനായി ഏതാണ്ട് ആറുമാസം കഴിഞ്ഞപ്പോൾ അഭിവന്ദ്യപിതാവിനോട് ഒരു കാര്യം അഭ്യർത്ഥിച്ചിരുന്നു. നമ്മുടെ മൂവാറ്റുപുഴ കേന്ദ്രമാക്കി പ്രവർത്തനങ്ങൾ നടത്താനായി ഒരു രൂപതയായിക്കൊണ്ടുതന്നെ, അല്പംകൂടി ശ്രദ്ധ കേന്ദ്രീകരിക്കാനായി പിതാവുതന്നെ ചില ക്രമീകരണങ്ങൾ ചെയ്താൽ നന്നായിരിക്കും. പിതാവ് എന്നെ എങ്ങോട്ടുവിട്ടാലും ഞാൻ അവിടെപ്പോയി പ്രവർത്തിച്ചുകൊള്ളാം. ഇവിടെ രണ്ടു പിതാക്കന്മാർ കുറെക്കൂടി കൂടുതൽ പരിപാടികളിൽ സംബന്ധിച്ച് ദൈവജനത്തെ തൃപ്തിപ്പെടുത്താം എങ്കിൽപ്പോലും കുറച്ചുകൂടി തീവ്രമായ മിഷൻ പ്രവർത്തനം സാധിക്കുമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു, പറഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ അക്കാര്യം വലിയ ഇടയനാൽ നിയോഗിക്കപ്പെടുന്നു. ഞാൻ ഏറെ താത്പര്യത്തോടും പ്രത്യാശയോടുംകൂടെയാണ് അതിനെ സ്വീകരിച്ചത്. തീർച്ചയായും ഓരോ തീരുമാനത്തിനും സമ്മതം മൂളുമ്പോഴും അതിന്റേതായ ത്യാഗങ്ങൾ ഉണ്ട്. മനസ്സിൽ അതിന്റേതായ പ്രയാസങ്ങൾ ഉണ്ടാകാം. എന്നാൽ, എന്നെ ശക്തിപ്പെടുത്തിയ ഒരു കാര്യം കർത്താവു ചോദിക്കുന്ന അവസരങ്ങളിൽ അവനൊന്നും നിഷേധിക്കാൻ പാടുള്ളതല്ല എന്നതാണ്. എല്ലായിടവും നമുക്ക് സ്വന്ത ഇടമാണ്. അതെന്നെ ധൈര്യപ്പെടുത്തി. അപ്പസ്തോലനടപടികളിൽ പറയുന്നതുപോലെ പരിശുദ്ധാത്മാവിനാൽ നിയമിതനായി ഞാൻ ജറൂസലേമിലേക്കു പോകുന്നു. അവിടെ എന്നെ കാത്തിരിക്കുന്നത് എന്താണെന്ന് എനിക്കറിയില്ല. എന്നാൽ എന്റെ ജീവൻ ഏതെങ്കിലും രീതിയിൽ വിലപ്പെട്ടതായി ഞാൻ കരുതുന്നില്ല. എന്നെ ഭാരമേൽപിച്ച ദൗത്യം ദൈവത്തിന്റെ മഹാരാജ്യം, അതു സ്ഥാപിതമായിക്കാണണമെന്നതു മാത്രമാണ്, അതുമാത്രമാണ് എന്റെ ആഗ്രഹവും."

കൂറിലോസ് തിരുമേനിയുടെ ഈ വാക്കുകൾ ഏറെ ശ്രദ്ധേയമാണ്. സഭയെ മൊത്തത്തിൽ വിലയിരുത്തുന്ന തിരുമേനി മെത്രാന്മാരും വൈദികരും അൽമായരും ഓരോ മേഖലയിലും വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങൾ ഉള്ളവരാണെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. ഇതിൽ ഏതെങ്കിലും

www.malankaralibrary.com

ഘടകത്തിന് പ്രാധാന്യം വർദ്ധിച്ചു പോയാൽ അത് മറ്റു ഘടകങ്ങൾക്കുണ്ടാകുന്ന ക്ഷീണത്തിന് കാരണമാകുമെന്നും ഈ ഘടകങ്ങളിൽ ഏതെങ്കിലുമൊന്ന് കൂടുതൽ പ്രാധാന്യമുള്ളതാണെന്ന് ചിന്തിക്കുന്നതുതന്നെ ക്രിസ്തീയമല്ലെന്നും തറപ്പിച്ചുപറയുന്ന ഒരു സഭാസ്നേഹിയാണ് മാർ കൂറിലോസ്.

മൂവാറ്റുപുഴ രൂപതയെപ്പറ്റി തിരുമേനി പറയുന്നതു ശ്രദ്ധിക്കുക. മലങ്കരസഭയുടെ ഹൃദയം എന്ന് വിശേഷിപ്പിക്കാവുന്ന മേഖലയാണ് മൂവാറ്റുപുഴയും അതിനോട് ചേർന്നുള്ള പ്രദേശങ്ങളും. മലങ്കരസഭയുടെ ചരിത്രത്തിലെ പ്രധാന സ്ഥലങ്ങളെല്ലാം ഇവിടെയാണ്. ഇവിടെ വേറൊരു സഭയായി തുടരാനല്ല മലങ്കര കത്തോലിക്കാ സഭ കൂടുതലായി ആഗ്രഹിക്കുന്നത്. എന്നാൽ ഈ സഭയുടെ പ്രത്യേകമായ ദൗത്യം ആത്യന്തികമായി യേശുക്രിസ്തുവിന്റെ പ്രാർത്ഥന – എല്ലാവരും ഒന്നായിത്തീരണമെന്ന ആ പ്രാർത്ഥന സഫലീകൃതമാക്കുകയെന്നതാണ്. അത് നമ്മുടെ പ്രാർത്ഥനയിലൂടെയും കൂട്ടായ യത്നത്തിലൂടെയും കൈവരേണ്ടതാണ്. ചരിത്രം ഇതിൽ ഒരു പ്രധാനപ്പെട്ട ഭാഗമാണ്. നമ്മൾ സത്യാന്വേഷികളായിരിക്കുക എന്നതാണ് ഇതിൽ ഏറ്റം പ്രധാനമായ കാര്യം." കൂറിലോസ് തിരുമേനിയുടെ ഈ വാക്കുകളിൽനിന്നും അദ്ദേഹത്തിന്റെ പ്രവർത്തനശൈലിയെപ്പറ്റി നമുക്ക് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും.

ചരിത്രപരമായി വളരെയധികം പ്രാധാന്യം അർഹിക്കുന്ന പ്രദേശങ്ങൾ ഉൾപ്പെടുന്ന മൂവാറ്റുപുഴ രൂപതയുടെ പ്രഥമ സാരഥിയായി നിയമിച്ചിരിക്കുന്നത് ചെറുപ്പക്കാരനായ മാർ കൂറിലോസ് തിരുമേനിയെയാണ്. ആ പ്രദേശങ്ങളെപ്പറ്റി പീറ്റർ കീയ്യാലിൻ ഇപ്രകാരം എഴുതിയിരിക്കുന്നു.

പുരാതനകാലംമുതൽ ക്രൈസ്തവ വിശ്വാസത്തിന്റെ ശക്തികേന്ദ്രങ്ങളും മലങ്കര സഭാചരിത്രത്തിലെ പല സുപ്രധാന സംഭവ വികാസങ്ങൾക്ക് വേദികളുമായിത്തീർന്നിട്ടുള്ള സ്ഥലങ്ങൾ ഉൾക്കൊള്ളുന്നതാണ് പുതിയ രൂപത. എ.ഡി. 52 ൽ ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹ സുവിശേഷപ്രചാരണാർത്ഥം കപ്പലിൽ വന്നിറങ്ങിയ കൊടുങ്ങല്ലൂരിന് അടുത്തുള്ള മാല്യങ്കര, അദ്ദേഹം സ്ഥാപിച്ച ഏഴു പള്ളികളിൽ കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ, (കോട്ടയ്ക്കാവ്), കോക്കമംഗലം തുടങ്ങിയ പുണ്യസ്ഥലങ്ങൾ, മാർത്തോമ്മാശ്ലീഹായുടെ പുണ്യപാദസ്പർശമേറ്റതെന്ന് വിശ്വസിക്കപ്പെടുന്ന വലിയ തീർത്ഥാടനകേന്ദ്രമായ മലയാറ്റൂർ, പശ്ചിമേഷ്യയിൽനിന്ന് ക്നായിത്തൊമ്മൻ എന്ന കച്ചവടപ്രമാണിയുടെ നേതൃത്വത്തിൽ വന്ന സമൂഹം കുടിയേറിപ്പാർത്ത കൊടുങ്ങല്ലൂർ, മാല്യാങ്കരയ്ക്കു തെക്കുഭാഗം, ഉദയംപേരൂർ കേന്ദ്രമാക്കി ഭരിച്ചിരുന്ന ഒരു ക്രിസ്തീയ നാട്ടുരാജ്യമായിരുന്ന വില്ലാർവട്ടത്തിന്റെ ആസ്ഥാനം, 1599 ൽ മാർത്തോമ്മാ നസ്രാണികളുടെ സഭാജീവിതത്തിലാകമാനം പരിവർത്തനം വരുത്തിയ ഗോവ മെത്രാപ്പോലീത്ത അലെക്സിസ് ഡോം മെനേസിസ് വിളിച്ചുകൂട്ടിയ സൂനഹദോസ് നടന്ന ഉദയംപേരൂർ, 1600 ൽ മലങ്കര നസ്രാണികളെ ഭരണത്തിൻകീഴിൽ കൊണ്ടുവന്ന ആദ്യത്തെ ലത്തീൻ പാദ്രവാദോ രൂപതയുടെ ആസ്ഥാനമായ അങ്കമാലി, 1653

www.malankaralibrary.com


ജനുവരി 3-ാം തീയതി വെള്ളിയാഴ്ച നടന്ന ചരിത്രപ്രസിദ്ധമായ കൂനൻ കുരിശു സത്യം നടന്ന മട്ടാഞ്ചേരി, 1653 മെയ് 22-ാം തീയതി പെന്തക്കോസ്തി ദിവസം പുത്തൻകൂർ വിഭാഗത്തിലെ 12 വൈദികർ കൂടി മലങ്കര നസ്രാണി സമൂഹത്തിന്റെ നേതാവായിരുന്ന(ജാതിക്കു കർത്തവ്യൻ) തോമ്മാ അർക്കദിയാക്കോനെ (ആർച്ചുഡീക്കൻ) മാർത്തോമ്മ എന്ന പേരിൽ 'മെത്രാനായി' വാഴിച്ച കൊച്ചിക്കു സമീപമുള്ള ആലങ്ങാട്ടുപള്ളി, പുരാതന ജസ്വിട്ട് സെമിനാരി സ്ഥിതിചെയ്തിരുന്ന വൈപ്പിൻകോട്ട, നാലാം മാർതോമ്മാ കബറടങ്ങിയിരിക്കുന്ന കണ്ടനാട്, 1685 ൽ മലങ്കരയിലെത്തിയ യൽദോ മാർ ബസ്സേലിയോസ്സ് മഫ്രിയാന കബറടങ്ങയിരിക്കുന്ന കോതമംഗലം ചെറിയപള്ളി, ആറാം മാർതോമ്മായായിരുന്ന വലിയ മാർ ദീവന്ന്യാസിയോസ്, അഥവാ ദിവന്നാസിയോസ് ഒന്നാമന്റെ കാലത്ത് 1772 ൽ ആരംഭിച്ച തൊഴിയൂർ സഭയുടെ ആസ്ഥാനമായ അഞ്ഞൂർ, ഒൻപതാം മാർതോമ്മ കബറടങ്ങിയിരിക്കുന്ന കടമറ്റം പള്ളി, 1876 ൽ മാർ പത്രോസ് മൂന്നാമൻ എന്ന യാക്കോബായ പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ മലങ്കര പുത്തൻകൂർ സമുദായത്തിൽ നിന്ന് കൽദായ സുറിയാനി പാരമ്പര്യവും ആരാധനക്രമവും പൂർണ്ണമായും നീക്കംചെയ്ത് അന്ത്യോഖ്യൻ സുറിയാനി ആരാധനാക്രമം നടപ്പിൽ വരുത്തുവാൻ തീരുമാനമെടുത്ത സൂനഹദോസ് കൂടിയ മുളന്തുരുത്തി, 2002 ജൂലൈ 6 ന് യാക്കോബായ പാത്രയർക്കീസ് വിഭാഗം പള്ളി പ്രതിനിധികളുടെ യോഗം ചേർന്ന് തോമസ് മാർ ദിവന്നാസിയോസിനെ അവരുടെ കാതോലിക്കായായും മലങ്കര മെത്രാപ്പോലീത്താ ആയും തിരഞ്ഞെടുത്ത പുത്തൻകുരിശ് ......അങ്ങനെ പുത്തൻകൂർ വിഭാഗത്തിനിടയിൽ എത്രയെത്ര നിർണ്ണായക സംഭവ വികാസങ്ങൾക്ക് രൂപംകൊടുത്തസ്ഥലങ്ങൾ.......

ഇല്ലായ്മയിൽനിന്നുമാണ് മാർ കൂറിലോസ് രൂപതയെ പടുത്തുയർത്തുന്നത്. വളരെയധികം മിഷൻ പ്രവർത്തന സാദ്ധ്യതയുള്ള ഒരു ഭൂവിഭാഗമാണ് മുവാറ്റുപുഴ രൂപത ഉൾക്കൊള്ളുന്ന പ്രദേശങ്ങൾ. ഈ പ്രദേശം പുത്തൻകൂർ, പഴയകൂർ സമുദായങ്ങളുടെ ഹൃദയഭാഗങ്ങളും പല സംഭവ വികാസങ്ങളുടെയും ഈറ്റില്ലങ്ങളുമാണ്. ആ രൂപതയെ വിജയകരമായി നയിക്കുന്നതിന് തോമസ് മാർ കൂറിലോസ് തിരുമേനിയുടെ നിശ്ചയദാർഢ്യവും കഠിനാദ്ധ്വാനവും സഹായകരമായിത്തീരുമെന്ന് നമുക്ക് ഉറച്ചു വിശ്വസിക്കാം. തിരുവല്ലാ രൂപതയുടെ സഹായമെത്രാനെന്ന നിലയിൽ ദീർഘനാളത്തെ സേവന അജപാലനാനുഭവങ്ങൾ സ്വന്തമാക്കിയ, മലങ്കര കത്തോലിക്കാസഭയുടെ പാരമ്പര്യങ്ങളെയും രീതികളെയും ഹൃദയത്തിൽ അലിയിച്ചു ചേർത്ത, സഭാനിയമത്തിൽ അഗാധപാണ്ഡിത്യമുള്ള തോമസ് മാർ കൂറിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ മൂവാറ്റുപുഴ രൂപതാ വളർന്ന് വികസിച്ചുകൊണ്ടിരിക്കുന്നു.

Address : Thomas Mar Koorilos, Bishop of Muvattupuzha,
St. Joseph Catholic Church, Vazhappally, Mudavoor - P.O.
Pin:-686669, Muvattupuzha

www.malankaralibrary.com

# 412



# ആർച്ച് ബിഷപ്പ് ഐസക് മാർ ക്ലീമ്മിസ്

തിരുവല്ലാ രൂപതയിൽ ജനിച്ച് ബത്തേരി രൂപതക്കുവേണ്ടി വൈദികനായി, തിരുവനന്തപുരം അതിരൂപതയിൽ സഹായമെത്രാനായും വടക്കേ അമേരിക്കയിലെയും യൂറോപ്പിലെയും അപ്പസ്തോലിക് വിസിറ്ററായും അഡ്മിനിസ്റ്റ്രേറ്ററായും പ്രവർത്തിച്ച മലങ്കരസഭാമക്കളുടെ ഏറ്റം പ്രിയങ്കരനായ ബിഷപ്പ് ഐസക്ക് മാർ ക്ലീമ്മിസ് 1959 ജൂൺ 15-ാം തീയതി പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളിക്കു സമീപമുള്ള മുക്കൂർ ഇടവകയിൽ പൗവ്വത്തിക്കുന്നേൽ തോട്ടുങ്കൽ കുടുംബത്തിൽ മാത്യു- അന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രനായി ജനിച്ചു. മാർത്തോമ്മാശ്ലീഹായിൽനിന്നും സുവിശേഷവെളിച്ചം സ്വീകരിച്ച പകലോമറ്റം വംശപരമ്പരയിൽപെട്ടതാണ്, പൗവ്വത്തിക്കുന്നേൽ തോട്ടുങ്കൽ കുടുംബം.

കുന്നന്താനം ഗവൺമെന്റ് യു.പി. സ്കൂൾ, ആനിക്കാട് സെന്റ് മേരീസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ചെറുപ്പം മുതൽ ദേവാലയശുശ്രൂഷകളിൽ പങ്കെടുക്കുകയും വിശ്വാസതീക്ഷ്ണതയിലും പ്രാർത്ഥനാരൂപിയിലും വളർന്നുവരികയും ചെയ്ത ഐസക്ക് ഒരു വൈദികനാകാൻ ആഗ്രഹിച്ചിരുന്നു. തിരുവല്ലാ രൂപതയിലെ പാസ്റ്ററൽ കൗൺസിൽ അംഗം, വേദപാഠാദ്ധ്യാപകൻ, ഇടവകട്രസ്റ്റി, ഭക്തസംഘടനാ ഭാരവാഹി എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ച പിതാവിന്റെ സഭാതല്പരതയും മാതാവിന്റെ പ്രാർത്ഥനാജീവിതവും ഐസക്കിന്റെ ദൈവവിളിയിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 1976 ജൂൺ 10 ന് തിരുവല്ല സെന്റ്മേരീസ് മൈനർ സെമിനാരിയിൽ ചേർന്നു. ബിഷപ്പ് സഖറിയാസ് മാർ അത്തനാഷ്യസ് തിരുമേനിയാണ് ഐസക്കിനെ സെമിനാരിയിലേക്ക് ചേർത്തത്. ബഹു. ജോർജ്ജ് ചുണ്ടേവാലിൽ അച്ചനായിരുന്നു മൈനർ സെമിനാരി റെക്ടർ. ഇവർ ഇരുവരുടെയും ആത്മീയജീവിതസാക്ഷ്യം ഐസക്കിനെ വളരെയധികം സ്വാധീനിച്ചു. മൂന്നു വർഷത്തെ മൈനർ സെമിനാരി ജീവിതം സന്തോഷപ്രദമായിരുന്നു. മൈനർ സെമിനാരി ജീവിതകാലത്ത് ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിൽ ചേർന്ന് പ്രീഡിഗ്രി പാസ്സാകുകയും ചെയ്തു.

1978 - ഒക്ടോബറിലാണ് തിരുവല്ലാ രൂപത വിഭജിച്ച് ബത്തേരി രൂപത സ്ഥാപിതമാകുന്നത്. ബത്തേരി രൂപതയിൽ വൈദികരുടെ വിരളത മനസ്സിലാക്കിയ ബ്രദർ ഐസക്ക് 1979-ൽ ബത്തേരി രൂപതയിൽ ചേർന്നു. കുടി

www.malankaralibrary.com

യേറ്റ കേന്ദ്രവും താരതമ്യേന ജീവിതസൗകര്യം കുറഞ്ഞതുമായ ബത്തേരി രൂപതയിൽ പ്രവർത്തിക്കുവാൻ തയ്യാറായത് അദ്ദേഹത്തിൽ നിറഞ്ഞുനിന്നിരുന്ന സുവിശേഷ ചൈതന്യംകൊണ്ടു മാത്രമാണ്. ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ ഫിലോസഫി പഠനം പൂർത്തിയാക്കിയ ബ്രദർ ഐസക്ക് പൂനയിലെ പേപ്പൽ സെമിനാരിയിൽനിന്നും തിയോളജിപഠനം പൂർത്തിയാക്കി. 1986 മാർച്ച് 22-ന് പൂനാ ബിഷപ്പ് മോസ്റ്റ് റവ. വലേറിയൻ ഡിസൂസായിൽനിന്നും ഡീക്കൻപട്ടം സ്വീകരിച്ച ബ്രദർ ഐസക്ക് 1986 ജൂൺ 11-ന് സ്വന്തം ഇടവകയായ മുക്കൂർ വച്ച് സിറിൽ മാർ ബസേലിയോസ് തിരുമേനിയിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. തുടർന്നു ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ ചേർന്ന് ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തുകയും എം. എ. ബിരുദം കരസ്ഥമാക്കുകയും ചെയ്തു. അതേസമയം ബാംഗ്ലൂർ മലങ്കര കത്തോലിക്കാ ഇടവകയുടെ സ്ഥാപകവികാരിയായും ഫാ. ഐസക്ക് പൗരോഹിത്യശുശ്രൂഷ ചെയ്തു. ബാംഗ്ലൂരിലെ ഐസക്കച്ചന്റെ പ്രവർത്തനങ്ങളെപ്പറ്റി ബാബു എബ്രാഹം പെരുമന ഐക്യദീപം സ്ഥാനാരോഹണ സ്പെഷ്യലിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "എൺപതുകളിൽ ഇവിടെ സ്വന്തമായി ആരാധനാസ്ഥലമോ മറ്റ് സൗകര്യങ്ങളോ ഇല്ലാതിരുന്ന അവസ്ഥയിൽ ധർമ്മാരാം സി.എം.ഐ. ചാപ്പലിൽ മാസത്തിൽ ഒരു തവണ കുർബ്ബാന മാത്രമായിരുന്നു ഏക ആശ്വാസം. ഈ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിയ അച്ചൻ ധർമ്മാരാമിൽ താമസിച്ചുകൊണ്ട് ഉപരിപഠനത്തോടൊപ്പം ബാംഗ്ലൂർ സിറ്റിയിൽ ചിന്നിച്ചിതറിക്കിടന്നിരുന്ന മലങ്കരമക്കളെ കണ്ടുപിടിച്ച് വീടുകളിൽ കയറിയിറങ്ങി വിശ്വാസികളെ സംഘടിപ്പിച്ചു. കർമ്മകുശലനായ ആ യുവവൈദികന്റെ നേതൃത്വത്തിൽ ഇവിടുത്തെ മലങ്കരസമൂഹം അണിനിരന്നു. ധർമ്മാരാം ചാപ്പലിലും സി.ആർ.ഐ. ബ്രദേഴ്സിന്റെ അൾസൂർ റോഡിലുള്ള ഹൗസിലും മത്തിക്കരയിലുമൊക്കെ മാറിമാറി ശുശ്രൂഷകൾ നടത്തിക്കൊണ്ടിരുന്നുവെങ്കിലും സ്വന്തമായി ഒരു ആരാധനാലയം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹത്തിന് തികഞ്ഞ ബോദ്ധ്യമുണ്ടായിരുന്നു. തൽഫലമായി അഭിവന്ദ്യബസേലിയോസ് തിരുമേനിയുടെ അനുഗ്രഹാശ്ശിസ്സുകളോടെ മത്തിക്കരയിൽ പള്ളിക്കുള്ള സ്ഥലം വാങ്ങുന്നതിന് സാധിച്ചു. അതിന് മുൻപുതന്നെ അഭിവന്ദ്യപിതാവ് രക്ഷാധികാരിയായുള്ള ബാംഗ്ലൂർ മലങ്കര കാത്തലിക് അസോസിയേഷന് അച്ചൻ രൂപം നൽകിയിരുന്നു. പള്ളിപണിക്കുള്ള ധനശേഖരണാർത്ഥം ഒരു സുവനീർ പ്രകാശനം ചെയ്യുകയും ആലപ്പിതീയേറ്റേഴ്സിനെ വരുത്തി രണ്ട് ബൈബിൾ നാടകങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ഇവ ആദ്യസംരംഭങ്ങളായിരുന്നതിനാൽ സാമ്പത്തിക നേട്ടങ്ങളേക്കാൾ ഉപരിമലങ്കര കത്തോലിക്കരെപ്പറ്റി ബാംഗ്ലൂരിലുള്ള ഇതരജനവിഭാഗങ്ങളുടെയിടയിൽ അറിവും നല്ലമതിപ്പും ഉണ്ടാകുന്നതിനിടയായി. 1991 ഏപ്രിൽ 16-ാം തീയതി വി. യൗസേപ്പ് പിതാവിന്റെ നാമധേയത്തിൽ പള്ളിപണി പൂർത്തിയാക്കി കൂദാശ നിർവഹിച്ചു.

www.malankaralibrary.com

ബത്തേരിരൂപതയുടെ മൈനർസെമിനാരിയുടെ വൈസ്റെക്ടറായും തുടർന്ന് റെക്ടറായും ഐസക്കച്ചൻ പ്രവർത്തിച്ചു. ഇക്കാലയളവിൽ ബത്തേരിസെന്റ് തോമസ് കത്തീഡ്രൽ ഇടവകയുടെയും മൂന്നാം മൈൽ സെന്റ് തോമസ് ഇടവകയുടെയും വികാരിയായി സേവനം ചെയ്തു. തുടർന്ന് ഉപരിപഠനത്തിനായി റോമിലേക്കയച്ചു. 1997 ൽ റോമിലെ സെന്റ് തോമസ് അക്വിനാസ് പൊന്തിഫിക്കൽ സർവ്വകലാശാലയിൽനിന്നും സഭൈക്യ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. ആ സമയത്ത് റോമിലെ സെന്റ് തോമസ് ഫെല്ലോഷിപ്പിന്റെ (മാർത്തോമ്മായോഗം) സെക്രട്ടറിയായും ഐസക്ക് അച്ചൻ പ്രവർത്തിക്കുകയുണ്ടായി.

ഉപരിപഠനം കഴിഞ്ഞ് ബത്തേരിയിൽ തിരിച്ചെത്തിയ ഐസക്കച്ചനെ രൂപതയിൽ ഉത്തരവാദിത്വമേറിയ പല ജോലികളിലും നിയമിക്കുകയുണ്ടായി. രൂപതയുടെ ചാൻസലർ, ഗുരുകുലം മൈനർ സെമിനാരിയിലെ ആദ്ധ്യാത്മികോപദേഷ്ടാവ് എന്നീ നിലകളിൽ പ്രവർത്തിച്ചു. അതോടൊപ്പം ഈങ്ങാപ്പുഴ, ചെതലയം, ചെറ്റപ്പാലം, മലങ്കര ഇടവകകളിൽ വികാരിയായും ശുശ്രൂഷ ചെയ്തു. രൂപതാ പ്രസ്ബറ്ററിയൽ കൗൺസിൽ അംഗം, എപ്പാർക്കിയൽ കൗൺസിൽ മെമ്പർ, പാസ്റ്ററൽ കൗൺസിലിന്റെയും വൈദിക സമിതിയുടെയും സെക്രട്ടറി എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ഐസക്കച്ചനെ 1998 ആഗസ്റ്റ് 17ന് രൂപതയുടെ വികാരി ജനറാളായി ബിഷപ്പ് മാർ ദിവന്നാസിയോസ് തിരുമേനി നിയമിക്കുകയുണ്ടായി. വയനാട് ബിഷപ്പ് കൗൺസിലിന്റെയും ബത്തേരി എക്യുമിനിക്കൽ ഫോറത്തിന്റെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചു. 1999 ൽ നടന്ന പുനരൈക്യവാർഷികാഘോഷവും ബത്തേരി എക്യുമിനിക്കൽ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന മഹാജൂബിലിയാഘോഷവും മോൺസിഞ്ഞോർ തോട്ടുങ്കലിന്റെ സംഘടനാവൈഭവത്തിന്റെ തെളിവുകളാണ്.

വയനാടിന്റെ സമഗ്ര മോചനം ലക്ഷ്യമാക്കി നിരവധി പ്രവർത്തനങ്ങൾ കാഴ്ചവച്ച മോൺസിഞ്ഞോർ അച്ചനെ 2001 ജൂൺ 18 ന് മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 2001 ആഗസ്റ്റ് 2-ാം തീയതി ബത്തേരി കത്തീഡ്രലിൽവച്ച് സിറിൽ മാർ ബസേലിയോസ് തിരുമേനി റമ്പാൻ സ്ഥാനം നൽകുകയും ആഗസ്റ്റ് 15ന് തിരുവല്ലായിലെ തിരുമൂലപുരത്തുവച്ച് മെത്രാഭിഷേകം അതിവിപുലമായ തോതിൽ നടത്തുകയും ചെയ്തു. തിരുവനന്തപുരം അതിരൂപതയിൽ സഹായമെത്രാനായും അമേരിക്കയിലെയും യൂറോപ്പിലെയും അപ്പസ്തോലിക് വിസിറ്ററായും അഡ്മിനിസ്റ്ററേറ്ററായും നിയമിച്ചു. അലക്സാണ്ട്രിയായിലെ വി. ക്ലമന്റിന്റെ നാമം സ്വീകരിച്ച തിരുമേനി "എല്ലാവരെയും ഒന്നിപ്പിക്കുവാൻ" എന്ന മുദ്രാവാക്യമാണ് സ്വീകരിച്ചത്.

പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാനായി 2001 ഒക്ടോബർ 23 ന് അമേരിക്കയിൽ എത്തി. മലങ്കര സഭാംഗങ്ങളുടെ ശക്തമായ കൂട്ടായ്മ വളർത്തിയെടുക്കുന്നതിന് മാർ ക്ലീമിസ് പരിശ്രമിച്ചു. ഇന്ത്യൻ ക്രിസ്റ്റ്യൻ

www.malankaralibrary.com

ഫാറം, സെന്റ് തോമസ് എക്യുമിനിക്കൽ ഫെഡറേഷൻ ഓഫ് ഇന്ത്യാ തുടങ്ങിയ സംഘടനകൾ സ്ഥാപിച്ചു. മെത്രാഭിഷേക സപ്ലിമെന്റിൽ ഫാ. സജി മുക്കാട്ടുമണ്ണിൽ ന്യൂയോർക്ക് ഇപ്രകാരം എഴുതി. "ഇടയൻ ആടുകളെ പേരുചൊല്ലി വിളിക്കുന്നു" എന്ന വേദവാക്യം ക്ലീമിസ് പിതാവ് അന്വർത്ഥമാക്കി. അദ്ദേഹം അമേരിക്കയിൽ കാലുകുത്തിയ ആദ്യദിവസം ലോങ്ങ് ഐലന്റ് തിരുനാളിൽ, ആദ്യ കുർബ്ബാന സ്വീകരിച്ച ആറു കുട്ടികളെയും പേരുചൊല്ലി അഭിസംബോധനചെയ്തത് എല്ലാവരെയും അതിശയിപ്പിച്ചു. അഭിവന്ദ്യ മക്കാറിയോസ് തിരുമേനി കൺവെൻഷനിൽ സംബന്ധിച്ചപ്പോൾ പറഞ്ഞത് ചുരുങ്ങിയ കാലത്തെ പരിചയമേ എനിക്ക് ക്ലിമിസ് തിരുമേനിയുമായിട്ടുള്ളു. ആരോടും സ്നേഹത്തോടും സൗഹൃദത്തോടും സമീപിക്കുന്ന ഒരു വ്യക്തിയാണ് തിരുമേനിയെന്ന് ഈ സമയംകൊണ്ട് നേരിട്ടും ജനങ്ങളിൽ നിന്നും മനസ്സിലാക്കാൻ എനിക്കുകഴിഞ്ഞു.....ന്യൂയോർക്കിൽ ഭവനം വാങ്ങുന്നസമയത്ത് പൊതുമീറ്റിംഗുകളും ഇടയലേഖനങ്ങളും കൂടാതെ വ്യക്തിപരമായി ഓരോ കുടുംബത്തിനും അദ്ദേഹം കത്തെഴുതി. വ്യക്തിബന്ധങ്ങളിലൂടെ സഭയെ നയിക്കുന്ന മെത്രാൻ എന്ന ഖ്യാതി ഐസക് മാർ ക്ലമിസ് തിരുമേനിക്കുള്ളതാണ്.

ആരുടെയെങ്കിലും സന്മനസ്സിൽമാത്രം ദീർഘകാലം തുടരുന്നത് സഭയുടെ വളർച്ചക്ക് ഗുണകരമാവില്ലന്ന് മനസ്സിലാക്കിയ മാത്രയിൽ സ്വന്തമായ ഒരു ഭവനം എന്ന ആശയത്തിൽ തിരുമേനി എത്തിച്ചേർന്നു. ഇടവകകളുടെ പരിധിയിൽനിന്നും ദൂരത്തായി ഒരു വീട് നിലവിലുണ്ടെങ്കിലും സഭാമക്കളോട് അടുത്തുനിന്ന് പ്രവർത്തിക്കുവാൻ ആഗ്രഹിച്ചതുകൊണ്ടാണ് മലങ്കര മക്കൾ താമസിക്കുന്ന പ്രദേശത്ത് അദ്ദേഹം പുതിയ ഭവനം കണ്ടെത്തിയത്. വിമാനത്താവളം, പ്രധാനപാതകൾ, പ്രാദേശിക രൂപതയുമായുള്ള ബന്ധം, മാദ്ധ്യമങ്ങൾ, എക്യുമിനിക്കൽ പ്രവർത്തനസാദ്ധ്യതകൾ എന്നീ സൗകര്യങ്ങളെല്ലാം സംലഭ്യമായ സ്ഥലത്താണ് മെത്രാസന മന്ദിരം.

എന്റെ ഹൃദയത്തിൽ ഒരാൾക്കുകൂടി ഇടംകൊടുക്കാനാകുമെങ്കിൽ അത്രത്തോളം ഞാൻ വളർന്നിട്ടുണ്ട്. ആരെയെങ്കിലും ഉൾക്കൊള്ളാൻ എനിക്കു സാധിക്കുന്നില്ലെങ്കിൽ അത്രത്തോളമേ ഞാൻ വളർന്നിട്ടുള്ളു. എന്നിങ്ങനെ ക്ലീമ്മിസ് തിരുമേനി പലസമയത്തും ആവർത്തിച്ചിട്ടുണ്ട്. തന്നെ മനസ്സിലാക്കാത്തവരെയും തെറ്റിദ്ധാരണയോടെ സമീപിക്കുന്നവരെയുംകൂടി ഉൾക്കൊള്ളാൻ തക്കവണ്ണം വിശാലമാണ് ആ ഹൃദയം. സ്വന്തമായി വരുമാനമില്ലാത്തപ്പോഴും വ്യക്തിപരമായി ലഭിച്ച സംഭാവനകൾ ജീവകാരുണ്യപ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിച്ച തുറന്ന മനസ്സിന്റെ ഉടമയാണദ്ദേഹം........ഏതുവിഷയവും തുറന്നു സംസാരിക്കുവാൻ തക്ക വിശ്വാസ്യത ജനങ്ങൾക്ക് തിരുമേനിയിലുണ്ട്. കുടുംബപ്രശ്നങ്ങൾ, കുട്ടികളെപ്പറ്റിയുള്ള ആകുലത തുടങ്ങിയ ഒട്ടേറെ അസ്വസ്ഥതകളിലൂടെ കടന്നുപോകുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും തിരുമേനി കൗൺസലറും ആദ്ധ്യാത്മികപി

www.malankaralibrary.com

താവും വഴികാട്ടിയുമാണ്.

അമേരിക്കയിലെ മലങ്കര മക്കളെ ഏകീകരിക്കാനും വളർത്താനും ഉള്ള ശ്രമം നടന്നുകൊണ്ടിരിക്കേ 2003 സെപ്റ്റംബർ 11-ാം തീയതി മാർ ക്ലീമിസിനെ തിരുവല്ലാ രൂപതയുടെ അദ്ധ്യക്ഷനായി നിയമിച്ചുകൊണ്ട് റോമിൽനിന്നു പ്രഖ്യാപനമുണ്ടായി. ഒക്ടോബർ 2 ന് സ്ഥാനാരോഹണവും നടന്നു. തിരുവല്ലായിൽ ജനിച്ച് ബത്തേരിയിൽ വൈദികശുശ്രൂഷ നിർവ്വഹിച്ച് തിരുവനന്തപുരം അതിരൂപതയുടെ അപ്പസ്തോലിക് വിസിറ്ററും ബാഹ്യഅഡ്മിനിസ്റ്ററേറ്ററുമായ മാർ ക്ലമിസ് തിരുമേനിയുടെ തിരുവല്ലായിലേക്കുള്ള തിരിച്ചുവരവ് ഏറ്റം സന്തോഷത്തോടെയാണ് മലങ്കരമക്കൾ സ്വീകരിച്ചത്.

ക്രൈസ്തവസഭകളുടെ ഐക്യം പിതാവിന്റെ ഏറ്റം പ്രിയപ്പെട്ട സ്വപ്നമാണ്. ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ ഏതാനും വാക്കുകൾ കൂടി ഉദ്ധരിക്കട്ടെ. "തിരുവല്ലായിൽ സ്ഥാനമേൽക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ മെത്രാനാണ് ക്ലിമ്മീസ് പിതാവ്. അദ്ദേഹം യുവമെത്രാനായി ചാർജ്ജെടുക്കുമ്പോൾ അദ്ദേഹത്തിന്റെ വലിയകഴിവുകൾ മുഴുവൻ സഭയ്ക്കു പ്രയോജനപ്പെടും എന്നെനിക്കുറപ്പുണ്ട്. സഭയെ മുഴുവൻ രൂപതകൾക്കതീതമായി വിശാലമായി കാണാനുള്ള വിശാലമായ വീക്ഷണമുണ്ട്. തിരുവല്ലായിൽ അദ്ദേഹം സേവനം ചെയ്തിട്ടില്ലെങ്കിലും സ്വന്തം സ്ഥലമായ തിരുവല്ലായോട് പ്രത്യേകമായ ഒരു സ്നേഹമുള്ളതായി പലപ്പോഴും എനിക്കുതോന്നിയിട്ടുണ്ട്. സഭകളുടെ ഐക്യം അദ്ദേഹത്തിന്റെ വലിയ ഒരാഗ്രഹമാണ്. അദ്ദേഹത്തിന്റെ മെത്രാഭിഷേകം കഴിഞ്ഞയുടനെ അദ്ദേഹം വളരെ വികാരനിർഭരനായി ഒരു കാര്യംപറഞ്ഞത് "കത്തോലിക്കാബാവായും ഞാനുമെല്ലാം ഒരുമിച്ചുനിന്നുകൊണ്ട് ഒരു വിശുദ്ധകുർബ്ബാന അർപ്പിക്കുവാൻ സാധിക്കുന്ന ദിവസം എത്രയും പെട്ടെന്ന് വരാൻവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" എന്നാണ്. ഇത് അദ്ദേഹത്തിന്റെ ഉള്ളിൽനിന്ന് വന്നതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇവിടെ (ബത്തേരിയിൽ) വി.ജി. ആയിരുന്നപ്പോൾ ഒരു എക്യുമിനിക്കൽ ഫോറത്തിന് അദ്ദേഹം രൂപം കൊടുക്കുകയും നന്നായി കൊണ്ടുപോവുകയും ചെയ്തു. എക്യുമിനിസത്തിന് കൂടുതൽ പ്രസക്തിയുള്ള തിരുവല്ലായിൽ പിതാവിന് നന്നായി ശോഭിക്കുവാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു."

അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് കത്തീഡ്രൽപള്ളി പുതുക്കിപണി ആരംഭിച്ചിരുന്നു. അത് പൂർത്തീകരിച്ചത് മാർ ക്ലീമ്മീസിന്റെ കാലത്താണ്. ബ്രഹ്മാണ്ഡവും മനോഹരവുമായ ആ ദേവാലയത്തിന്റെ വെഞ്ചിരിപ്പിനോടനുബന്ധിച്ച് നിരവധി ഭവനരഹിതർക്ക് ഭവനം നിർമ്മിച്ചുകൊടുക്കുകയും സാമൂഹ്യപ്രവർത്തനങ്ങൾക്കായി നല്ല ഒരു തുക ചിലവഴിക്കുകയും ചെയ്തു. മാർ ക്ലീമ്മിസ് തിരുമേനിയുടെ സാമൂഹ്യവീക്ഷണം ഇതിൽനിന്നും വ്യക്തമാകുമല്ലോ.

തിരുവല്ലാ രൂപതവക സെന്റ് ജോൺസ് മെഡിക്കൽ കോളേജിനെതിരെ സർക്കാരും വിവിധ രാഷ്ട്രീയകക്ഷികളും സമരങ്ങളും കുപ്രചരണ

www.malankaralibrary.com

ങ്ങളും നടത്തിയപ്പോൾ അതിനെ സമചിത്തതയോടെയും അതേസമയം ധീരതയോടെയും നേരിട്ട ക്ലീമ്മീസ് പിതാവിന്റെ നേതൃത്വം ആരെയും ആവേശം കൊള്ളിക്കുന്നതാണ്.

അൽമായരെ ഏറ്റം സ്നേഹിക്കുകയും അവരെ അംഗീകരിക്കുകയും ചെയ്യുന്നതിൽ പ്രത്യേകം ശ്രദ്ധാലുവാണ് മാർക്ലീമ്മിസ്. തന്റെ രൂപതയിലെ സഭാപ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നവരെ ആദരിക്കാനും അദ്ദേഹം തയ്യാറായിട്ടുണ്ട്. രൂപതയിലെ പ്രമുഖ അൽമായനും മലങ്കര കാത്തലിക് അസോസിയേഷന്റെയും കേരള കാത്തലിക് ഫെഡറേഷന്റെയും പ്രഥമ പ്രസിഡന്റുമായ വർഗീസ് കരിപ്പായിലിന് ഷെവ. സ്ഥാനം നൽകി ആദരിച്ചത് തിരുമേനിയുടെ അൽമായരോടുള്ള സമീപനത്തിന് മുഖ്യതെളിവാണ്.

സീറോ-മലങ്കര സഭയുടെ സിനഡിന്റെ സെക്രട്ടറിയായ മാർ ക്ലീമ്മിസ്, കെ.സി.ബി.സിയുടെ പല കമ്മീഷനുകളിലും അംഗമാണ്. 2004 ൽ തിരുമേനി നൽകിയ ക്രിസ്മസ് ദൂത് പ്രത്യേകം ശ്രദ്ധാർഹമാണ്. അത് താഴെ ചേർക്കുന്നു. "സ്നേഹത്തിന്റെ മൂർത്തീഭാവമായ ദൈവം, തന്റെ സ്നേഹം മനുഷ്യനുമായി പങ്കുവയ്ക്കുവാൻ താഴേക്കിറങ്ങിവന്ന മഹദ് സംഭവത്തിന്റെ അനുസ്മരണമാണ് ക്രിസ്തുമസ്. ദൈവം നമ്മെ അനന്തമായി സ്നേഹിക്കുന്നവനാണ്. നമ്മോടൊത്ത് വസിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. നാമുമായി അലിഞ്ഞു ചേരുവാനും ദൈവത്തിന് ഇഷ്ടമുണ്ട്.

അതേപോലെ നാമും മറ്റുള്ളവർക്കുവേണ്ടി ജീവിക്കുവാൻ തയ്യാറാകണം. നമുക്കുള്ളത് പരസ്പരം പങ്കുവയ്ക്കുക. സ്നേഹത്തിന്റെയും നന്മയുടെയും വക്താക്കളായി സ്വയം സമർപ്പിക്കുവാൻ ക്രിസ്തുമസ് ആഘോഷങ്ങൾ വഴിയൊരുക്കണം. ക്രിസ്തുവിന്റെ അനുഭവങ്ങളാണ് നമ്മിലൂടെ ക്രിസ്തുമസ് ആഘോഷങ്ങൾ മുഖേന പ്രതിഫലിക്കേണ്ടത്.

ഇത് ആർഭാടത്തിന്റെ ഉത്സവമല്ല, ആന്തരികമായി രൂപാന്തരമുണ്ടാകേണ്ട ദിവസങ്ങളാണ്. ക്രിസ്തുവിന്റെ ജനനത്തിലൂടെ ലോകത്തിനുണ്ടായ സന്തോഷം നമ്മിലുടെ പകരുവാൻ ഇടയാകണം. ക്രിസ്തുമസിന്റെ എല്ലാ നന്മകളും ലോകർക്ക് വാഗ്ദാനം ചെയ്യപ്പെടുന്നത് ഇതിലൂടെയാണ്". ഇതാണ് ഐസക്ക് മാർ ക്ലമ്മിസിന്റെ ക്രിസ്തുമസ് സന്ദേശം. തന്റെ അനുദിന ജീവിതത്തിൽ തിരുമേനി പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നതും ഇതു തന്നെയാണ്. മലങ്കരസഭയ്ക്ക് അഭിമാനിക്കാൻ വക നൽകുന്ന ഒന്നാണ് തിരുവല്ലാ രൂപതയെ അതിരൂപതയാക്കി ഉയർത്തിയ സംഭവം. അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തായായി മാർ ക്ലിമ്മിസിനെ നിയമിക്കുകയും ചെയ്തു. മലങ്കര സഭയുടെ ഈ വളർച്ചയിൽ ഏവർക്കും അഭിമാനിക്കാം.

2006 ജൂൺ 10ന് തിരുമേനി ആർച്ചുബിഷപ്പായി അവരോധിതനാകും.

Address: Arch Bishop Isaac Mar Cleemis, Mary Giri Bishops House, Tiruvalla.

www.malankaralibrary.com

MALANKARA
LIBRARY
www.malankaralibrary.com



# കേരളസഭാപ്രതിഭകൾ

## ഒന്നാം ഭാഗം

ഇരുപതാം നൂറ്റാണ്ടിന്റെ അന്തിമ ദശകങ്ങളിലും ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആദിമ ദശകങ്ങളിലുമുള്ള കേരളകത്തോലിക്ക സമുദായത്തിന്റെ ചരിത്രം എഴുതപ്പെടാൻ പോകുന്നത് ശ്രീ ജോൺ കച്ചിറമറ്റത്തിലൂടെയായിരിക്കും. ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യസമരത്തിലും തുടർന്നുള്ള ജനാധിപത്യ ഭരണത്തിന്റെ ബാല്യദശയിലും ഇവിടത്തെ ക്രൈസ്തവർ വഹിച്ച പങ്ക് എന്തായിരുന്നു എന്നു സൂക്ഷ്മമായറിയാൻ അദ്ദേഹത്തിന്റെ 'ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും' എന്ന ഗ്രന്ഥത്തെ ആശ്രയിക്കാതെ ഭാവി ചരിത്രകാരന്മാർക്ക് മറ്റൊരു മാർഗ്ഗമില്ല. സ്വതന്ത്രഭാരത ചരിത്രത്തിലെ ആദ്യത്തെ അറുപതു കൊല്ലത്തിനുള്ളിൽ കേരള ക്രൈസ്തവർ നേരിട്ട കാർഷിക വിദ്യാഭ്യാസ രാഷ്ട്രീയ പ്രതിസന്ധികളെ ആഴത്തിലപഗ്രഥിക്കുന്നതിന് സ്വാനുഭവനിഷ്ഠമായി അദ്ദേഹമെഴുതിവച്ച മുഖപ്രസംഗങ്ങളുടെയും കത്തുകളുടെയും മറ്റും സമാഹാരങ്ങൾ വായിക്കേണ്ടി വരും. കത്തോലിക്ക സമുദായാഭ്യുന്നതിക്കും ദേശീയാഭിവൃദ്ധിക്കും വേണ്ടി ജീവിതം ഹോമിച്ച പൂർവ്വ സൂരികളുടെ ചരിത്രവും സംഭാവനകളുമറിയാൻ ശ്രീ കച്ചിറമറ്റത്തിന്റെ കേരള സഭാരത്നങ്ങൾ എന്ന ബൃഹദ്ഗ്രന്ഥമല്ലാതെ മറ്റൊരവലംബമില്ല. സമുദായം ആക്രമിക്കപ്പെടുകയോ അധിക്ഷേപിക്കപ്പെടുകയോ ചെയ്ത സമരമുഖങ്ങളിലെല്ലാം പ്രതിരോധസജ്ജനായി മുൻനിരയിൽത്തന്നെ കച്ചിറമറ്റം ഉണ്ടായിരുന്നു. കത്തോലിക്ക യുവജനസംഘടനയുടെയോ കർഷകത്തൊഴിലാളി പാർട്ടിയുടെ കത്തോലിക്കാ കോൺഗ്രസ്സിന്റെയോ നേതൃസ്ഥാനം വഹിച്ചുകൊണ്ടോ അല്ലാതെയോ അദ്ദേഹം സാമൂഹ്യനീതിക്കുവേണ്ടി സ്വരമുയർത്തിപ്പോന്നു. കഴിഞ്ഞ അരനൂറ്റാണ്ടു കാലത്തെ കത്തോലിക്കാ പത്ര പ്രവർത്തന ചരിത്രമോ കലാസാംസ്കാരിക പ്രവർത്തന രംഗങ്ങളോ അദ്ദേഹത്തിന്റെ കരസ്പർശമേൽക്കാതിരുന്നിട്ടില്ല.

നിസ്വാർത്ഥവും നിരന്തരവുമായ പ്രയത്നവും സാമ്പത്തിക ലാഭനഷ്ടങ്ങൾ പരിഗണിക്കാതെയുള്ള സേവന വ്രതവും ആദർശ നിഷ്ഠയും ശ്രീ ജോൺ കച്ചിറമറ്റത്തെ സമകാലിക വ്യക്തികളിൽ നിന്നു വേർതിരിച്ചു നിർത്തുന്നു. സമീപനങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും ഇതേലക്ഷ്യങ്ങളോടു കൂടി പ്രവർത്തിക്കുന്നവർ വേറെയും കത്തോലിക്കരുടെയിടയിലുണ്ട്. വൈദികരും അവൈദികരും സന്യാസികളും കർഷകരും വ്യവസായികളും കലാകാരന്മാരുമൊക്കെ അക്കൂട്ടത്തിലുണ്ടാകാം. മൺമറഞ്ഞു പോയവരെ അനുസ്മരിക്കാൻ ഒരു കച്ചിറമറ്റമുണ്ടായെങ്കിൽ ജീവിച്ചിരിക്കുന്നവരെക്കുറിച്ച് എഴുതിവയ്ക്കാൻ അടുത്ത തലമുറയിൽ ഇങ്ങനെയൊരാൾ ഉണ്ടാകണമെന്നില്ല. ഉണ്ടാവാതിരിക്കാനാണ് സാധ്യത കൂടുതലെന്ന് അനുഭവം പറയുന്നു. അതുകൊണ്ട് ഇന്ന് ജീവിച്ചിരിപ്പുള്ള സമുദായ സ്നേഹികളുടെ ലഘുജീവചരിത്രങ്ങളടങ്ങുന്ന ഒരു പുസതകം കൂടി എഴുതുവാൻ കച്ചിറമറ്റം തയ്യാറായത് അഭിനന്ദനാർഹമാണ്

പ്രൊഫ. മാത്യു ഉലകംതറ

---

*വിതരണം*
*ദീപിക ബുക്കുഹൗസ്, കോട്ടയം.*

www.malankaralibrary.com